തിരുവിതാംകോട്ടു നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൭-ാമാണ്ടത്തെ ഒന്നാമത്തെ യോഗം.

ചൊവ്വാഴ്ച, ൧൯൩൨ ജനുവരി ൨൫-ാംതീയതി. / ൧൧൦൭ മകരം ൧൨-ാംതീയതി

സഭായോഗം വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ, ൧൯൩൨ ജനുവരി ൨൫-ാംതീയതിക്കു, ൧൧൦൭ മകരം ൧൨-ാംതീയതി ചൊവ്വാഴ്ച മണി ൧൧ അടിച്ചു ൩൦ മിനിട്ടായപ്പോൾ കൂടി. പ്രസിഡണ്ട് രാ. രാ. രാ. വി. എസ്. സുബ്രഹ്മണ്യയ്യർ അവർകൾ ആദ്ധ്യക്ഷ്യം വഹിച്ചു.

താഴെപ്പറയുന്ന മെംബർമാർ ഹാജരില്ലായിരുന്നു.

മി: കെ. സി. കരുണാകരൻ

മി: എൻ. ആർ. കൃഷ്ണൻ

മിസ്സസ് എലിസബെത്ത് കുരുവിള

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ

വിശ്രുതസന്ദർശകന്മാർ.

൧. ഏ. എൽ. എൻ. കേഡറൻ എസ്ക്വയർ സി. ഐ. ഇ., ഐ. സി. എസ്. മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ട നാട്ടുരാജ്യങ്ങളിൽ ഗവർണർ ജനറലിന്റെ ഏജന്റ്.

൨. നവാബ് സാദാ മീർസയ്യദ് ആലംഖാൻ എം. ഏ., ബാരിസ്റ്റർ അററ് ലാ., മദ്രാസ് സംസ്ഥാനത്തിലുൾപ്പെട്ട നാട്ടുരാജ്യങ്ങളിൽ ഗവർണർ ജനറലിന്റെ അസിസ്റ്റന്റ ഏജന്റ്.

പുതിയ മെമ്പർമാർ.

ജന്മികുടിയാൻ റഗുലേഷൻ ഭേദഗതി ബില്ലിന്റെയും തിരുവിതാംകോട്ടു നമ്പൂതിരി ബില്ലിന്റെയും ആവശ്യത്തിലേക്കു കൂട്ടത്തിലായി ചേർക്കപ്പെട്ടവരായ താഴെ പറയുന്ന പുതിയ മെമ്പർമാർ പ്രതിജ്ഞാവാചകംചൊല്ലി നിയമിതരായി.

൧. മി: നാരായണൻ നമ്പൂതിരിപ്പാട് ജാതവേദൻ നമ്പൂതിരിപ്പാട്

൨. മി: നാരായണൻ നമ്പൂതിരിപ്പാട് ഇട്ട്യപ്പൻ നമ്പൂതിരിപ്പാട്

ചോദ്യങ്ങളും മറുപടികളും.

മീനച്ചൽ താലൂക്കിൽ ഉള്ള ഡിപ്പാർട്ടുമെൻറുവക നാട്ടുഭാഷാ പള്ളിക്കൂടങ്ങൾ.

൧. മി: എ. സി. കയ്യാലക്കാസ് (മീനച്ചലും-ദേവികുളവും): (എ) മീനച്ചൽ താലൂക്കിലുള്ള ഗവർമ്മെൻറു നാട്ടുഭാഷാ പള്ളിക്കൂടങ്ങളുടെ എണ്ണം എത്ര എന്നും,

(ബി) ഇവയിൽ എത്ര എണ്ണം ഗവർമ്മെൻറ നേരെ പണി കഴിപ്പിച്ചിട്ടുണ്ട് എന്നും ഗവർമ്മെൻറ സദയം പറയുമോ?

മി: കെ. ജാർജ് (ഗവർമ്മെൻറ ചീഫ് സെക്രട്ടറി): (എ) ആൺപള്ളിക്കൂടങ്ങളും പെൺപള്ളിക്കൂടങ്ങളും ഉൾപ്പെടെ ൩൬.

(ബി) ഒന്നും ഇല്ല.

മി: എ. സി. കയ്യാലക്കാസ് (മീനച്ചലും-ദേവികുളവും): ഇതിൽ (ബി) ഭാഗം ൩൬ പള്ളിക്കൂടങ്ങൾ ഉണ്ടായിട്ടു ഗവർമ്മെൻറ ഒന്നുംതന്നെ പണി കഴിപ്പിച്ചിട്ടില്ല എന്നു പറയുന്നു. അപ്പോൾ ആ കെട്ടിടങ്ങൾ അവിടെ എങ്ങിനെയാണുണ്ടായതു?

മി: കെ. ജാർജ് (ഗവർമ്മെൻറ ചീഫ് സെക്രട്ടറി): പൊതുജനങ്ങളുടെ സഹായം കൊണ്ടായിരിക്കാം.

മി: എ. സി. കയ്യാലക്കാസ് (മീനച്ചലും- ദേവികുളവും): പൊതുജനങ്ങളുടെ സഹായംകൊണ്ടാണ് എന്നു ഗവർമ്മെൻറിനു വിശ്വാസമുണ്ടോ?

മി: കെ. ജാർജ് (ഗവർമ്മെൻറ ചീഫ് സെക്രട്ടറി): അതാണല്ലോ പറഞ്ഞതു്.

പാലായിൽ ഒരു പാലത്തിന്റെ പണി.

൨. മി: എ. സി. കയ്യാലക്കാസ് (മീനച്ചലും-ദേവികുളവും): (എ) പാലായിൽ ഒരു പാലത്തിന്റെ പണി ആരംഭിച്ചിട്ടു എത്ര വർഷങ്ങളായി എന്നും,

(ബി) ആദ്യഅടങ്കൽപ്രകാരം ഈ പാലത്തിനു അനുവദിച്ചിട്ടുള്ള തുക എത്ര എന്നും,

(സി) ആ തുക മുഴുവനും ചെലവായിട്ടുണ്ടോ എന്നും,

(ഡി) ആദ്യം അനുവദിച്ച തുകയിൽ കൂടുതലായിട്ടു പിന്നിടു ഇതിലേക്കു് അനുവദിച്ചിട്ടുണ്ടോ എന്നും,

(ഇ) ഈ പണി എത്രത്തോളം നടന്നിട്ടുണ്ട് എന്നും, ഗവർമ്മെൻറ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറ സെക്രട്ടറി): (എ) നാലു വർഷങ്ങളായി.

(ബി) ൩൩,൨൦൦ ഉറുപ്പിക.

(സി) അതെ.

(ഡി) പാലത്തിൽ വഴിക്കു വീതി കൂട്ടുന്നതിലേക്കു ൨,൦൦൦ രൂപായും ഗവർമ്മെൻറനുവാദം ലഭിച്ചിട്ടുണ്ട്.

(ഇ) ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ ആററിലെ വെള്ളം [illegible] ഓളം പൊങ്ങി പാലം നേരെ വെള്ളത്തിനടിയിൽ ആയി. അനേകം തടികളും ഒഴുകിപ്പോകുന്ന മരങ്ങളും പാലത്തിന്റെ തൂണുകളിന്മേൽ വന്നടിയുകയാൽ പാലം മുഴുവൻ ചരിഞ്ഞുപോകുന്നതിനിടയായി എന്നു ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തു. സാമാനങ്ങൾക്കു കേടൊന്നും വരുന്നതിനിടയായിട്ടില്ലെങ്കിലും പാലം മുഴുവനും അഴിച്ചു വീണ്ടും പണികഴിപ്പിക്കാതെ അതിനെ നേരെയാക്കാൻ കഴിയുന്നതല്ല. അപ്രകാരം പാലം അഴിക്കുന്നതിനു ആജ്ഞാപിക്കുക

G. P. T. 37 150. 30 11-1107

യും സ്ഥലത്തെ ആവശ്യമനുസരിച്ചുള്ള ഒരു പാലം പണി കഴിപ്പിക്കുന്നതിനു വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനു ചീഫ് എഞ്ചിനിയറോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

 മൂലം—കടുക്കച്ചിറ—ഉഴവൂർ റോഡ്.

൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): മൂലം-കടുക്കച്ചിറ-ഉഴവൂർ റോഡു പൂർത്തിയാക്കുന്നതു സംബന്ധിച്ചു അവർ വല്ല നടപടിയും തുടങ്ങിയിട്ടുണ്ടോ എന്നു ഗവർമ്മെന്റു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഇല്ല. മൂലം കടുക്കച്ചിറ-ഉഴവൂർ റോഡ് ഒരു കുടിവക റോഡാണ്. അതിലേക്കു കുടിവക റോഡുകളെപ്പറ്റിയുള്ള ചട്ടങ്ങളിൻപ്രകാരം വേണ്ട പൂർണ്ണമായ വീതിക്കുള്ള ഭൂമി ജനങ്ങൾ വിട്ടുകൊടുത്തിട്ടില്ല. ഇതു ചെയ്തതിൽ പിന്നീടു മാത്രമേ ആവശ്യപ്പെട്ട നടപടി തുടങ്ങാൻ സാധിക്കയുള്ളു.

വർണ്ണാക്യുലർ ഹയർ പരീക്ഷ ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാർ.

൪. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): (എ) വർണ്ണാക്യുലർ ഹയർ പരീക്ഷ ആദ്യമായിട്ടു ഏർപ്പെടുത്തിയ കൊല്ലം ഏതെന്നും,

(ബി) ഈ പരീക്ഷ തുടർച്ചയായി ഏതു വർഷംവരെയും നടത്തിവന്നു എന്നും,

(സി) ൧൦൯൬-ാമാണ്ടുവരെ ഹയർ പരീക്ഷ ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ പട്ടികകൾ ആവശ്യപ്പെടുന്ന ഒരു സർക്കുലർ ചീഫ് വർണ്ണാക്യുലർ ഇൻസ്പെക്ടർ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും,

(ഡി) (സി) ഭാഗത്തിനു മറുപടി അനുവാദരൂപത്തിലാണെങ്കിൽ, ൧൦൯൭-ലും, ൧൦൯൮-ലും ൧൦൯൯-ലും ഹയർ പരീക്ഷ ജയിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ പേരുകൾ പ്രസ്തുത പട്ടികകളിലുൾപ്പെടുത്താതിരിക്കുന്നതിനു കാരണം എന്തു് എന്നും, ഗവർമ്മെന്റു സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവർമ്മെന്റ് ചീഫ് സെക്രട്ടറി): (എ) ൧൦൮൬-ാമാണ്ടിൽ.

(ബി) ൧൦൯൮-ാമാണ്ടുവരെ.

(സി) ഉവ്വ, എന്നാൽ അതിൽ പിന്നീടു ൧൦൯൭ മുതൽ ൧൦൯൯വരെയുള്ള കൊല്ലങ്ങളിൽ പഴയ ഹയർ പരീക്ഷ ജയിച്ച അദ്ധ്യാപകന്മാരുടെ പേരുകളടങ്ങിയ ഒരു സപ്ലിമെന്ററി ലിസ്റ്റുകൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) (സി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടിയെ പരിഗണിച്ചു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

പീരുമേടു, ദേവികുളം, തൊടുപുഴ എന്നീ താലൂക്കുകളിൽ കൈവശമുള്ള ഭൂമികളുടെ (പേരിൽ) പതിവ്.

൫. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): പീരുമേടു, ദേവികുളം, തൊടുപുഴ എന്നീ താലൂക്കുകളിൽ തിരുവിതാംകോട്ടുകാരായ കൃഷിക്കാരെ, തങ്ങൾ നന്നാക്കി, തങ്ങളുടെ കൈവശത്തിലും അനുഭവത്തിലും ഇരിക്കുന്ന സർക്കാർ തരിശുഭൂമികളിൽനിന്നും മനഃപൂർവ്വമായി ഇറക്കി അവകളെ യൂറോപ്യൻ തോട്ടക്കാർക്കും സ്ഥലത്തെ ധനികന്മാർക്കും പതിച്ചുകൊടുക്കുന്നതിനുള്ള വല്ല നടപടികളും നടത്തിവരുന്നതായി അറിക്കിയാമോ എന്നു ഗവർമ്മെന്റു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അങ്ങിനെയുള്ള നടപടികൾ യാതൊന്നും നടത്തിവരുന്നില്ല.

തോട്ടക്കാർക്കു പതിച്ചുകൊടുക്കാനുദ്ദേശിക്കുന്ന ഭൂമികളിൽനിന്നും സ്ഥലത്തെ കൃഷിക്കാരെ ഇറക്കിവിടുന്നതു്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): പീരുമേട്ടിലുള്ള തോട്ടക്കാർക്ക് വിസ്തൃതപ്രദേശങ്ങളായി പതിച്ചുകൊടുക്കുന്നതിലേക്കു റവന്യൂ ഉദ്യോഗസ്ഥന്മാർ സ്ഥിരമായി അധിവസിച്ചുവരുന്ന സ്ഥലത്തെ പാവപ്പെട്ട കൃഷിക്കാരെ മനഃപൂർവ്വമായി ഇറക്കിവിടുന്നതിനുള്ള നടപടികൾ നടത്തിവരുന്നുണ്ടോ എന്നും, ഇങ്ങനെ ചെയ്തുവരുന്നതു ഗവർമ്മെന്റുത്തരവുകൾപ്രകാരമാണോ എന്നും ഗവർമ്മെന്റിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അങ്ങിനെയുള്ള യാതൊരു നടപടിയും എടുത്തുവരുന്നില്ല.

പീരുമേട്ട് താലൂക്കിൽ തരിശു ഭൂമികൾ ലേലത്തിൽ വില്ക്കുന്നതു്.

൬. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): പീരുമേട്ടതാലൂക്കിലുള്ള തരിശുഭൂമികൾ സ്ഥിരമായ ദേഹണ്ഡവും കൈവശവുമുള്ള കുടികളുടെ അവകാശങ്ങളെ അവഗണിച്ചുകൊണ്ടു, പീരുമേട്ട് താലൂക്കിലുള്ള ധനികന്മാരായ തോട്ടക്കാർക്ക് ലേലത്തിൽ വില്ക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി വല്ല നടപടികളും നടത്തീട്ടുള്ളതായി ഗവർമ്മെന്റിനു അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): പീരുമേട്ട് താലൂക്കിലുള്ള ഏതാനും തരിശുഭൂമികളെ എല്ലാവർക്കും ഒരുപോലെ അവസരം കിട്ടുന്നതിലേക്കു പരസ്യമായി ലേലത്തിൽ വില്ക്കുന്നതിനു ഉത്തരവുചെയ്തിട്ടുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): കൈവശക്കാരായ സാധുക്കളുടെ അനുഭവം വിടുർത്തി ഭൂമി ലേലംചെയ്തുകൊടുക്കുന്നതിന് ഗവർമ്മെന്റ് നടപടിനടത്തുകയുണ്ടായോ എന്ന ചോദ്യത്തിനു മറുപടി അവിടെ എല്ലാവർക്കും സൌകര്യമായിട്ടു ഭൂമി കിട്ടത്തക്കവണ്ണം ഏതാനും സ്ഥലം ലേലംചെയ്തുകൊടുക്കുന്നതിന് ഗവർമ്മെന്റു നിശ്ചയിച്ചിട്ടുണ്ടെന്നാണ്. ഇതു് എന്റെ ചോദ്യത്തിന് ശരിയായ മറുപടിയല്ല.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് സെക്രട്ടറി): അതായതു് പെരിയാർ, പീരുമേട്, ഈ പകുതികളിൽ ഏതാനും സ്ഥലം സർവ്വേ ചെയ്തു ചെറിയ ബ്ലോക്കുകളായിട്ടു തിരിച്ചു്, ലേലംചെയ്തു വില്ക്കുന്നതിനു ഗവർമ്മെന്റ് പൊതുവെ ഒരു ഉത്തരവുകൊടുത്തു. അതിൽ അൽപസ്വല്പം പ്രവേശനം ഉള്ളതായിട്ടു ക-

ങ്ങളും ഗവൺമെൻറ് ഉത്തരവു അനുസരിച്ചു നടത്തുന്നതിനുവേണ്ടി ആക്രമണങ്ങളെ മാററി ചെലവുചെയ്യുന്നതായി വന്നുകൂടാനും മതി.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): രണ്ടും, മൂന്നും, നാലും വർഷത്തെ സ്ഥിര മഹസൂലുള്ള വസ്തുക്കളെ കൈവശക്കാർക്ക് പതിച്ചുകൊടുക്കരുതോ?

മി: ടി. പി. രാമസ്വാമിഅയ്യർ (ഗവൺമെൻറുസെക്രട്ടറി): അങ്ങിനെ ബലമായ മഹസൂലുകൾ വല്ലതും ചെയ്തിട്ടുണ്ടെങ്കിൽ സ്ഥലത്തെ ഉദ്യോഗസ്ഥന്മാർ ആലോചിച്ചു അതേപ്പററി ഗവൺമെൻറിലേക്ക വീണ്ടും എഴുതി അയക്കേണ്ടതാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അതിനെപ്പററി സ്ഥലം ഉദ്യോഗസ്ഥന്മാർ ഗവൺമെൻറിലേക്ക റിപ്പോർട്ടുചെയ്യുന്നതിനു വേണ്ട വ്യവസ്ഥചെയ്യുകയും ആ തരം ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള ഉത്തരവിനെ ഭേദപ്പെടുത്തി കൈവശക്കാർക്ക അവകാശമായ വസ്തു അവർക്കുതന്നെ പതിച്ചുകൊടുക്കുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്കയും ചെയ്യാമോ?

മി: ടി. പി. രാമസ്വാമിഅയ്യർ (ഗവൺമെൻറുസെക്രട്ടറി): ഈ ചോദ്യോത്തരങ്ങൾ ലാൻറ്റവന്യു കമ്മീഷണർക്കയച്ചുകൊടുക്കാം.

മീനച്ചിലാററിലെ പാലം.

൭. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (എ) പാലായിൽ മീനച്ചിലാററിൽ പണിയിച്ചിട്ടുള്ള പാലം ആ സ്ഥലത്തിനു യോജിച്ചതല്ലെന്നും, സ്ഥലത്തിനു യോജിക്കുന്നതും അധികം നല്ലതുമായ വേറൊരു പാലം അനുവദിക്കേണ്ടതാണെന്നും ജനപ്രതിനിധികൾ അവരുടെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നും,

ഇങ്ങിനെ ഗവൺമെൻറു വിദഗ്ദ്ധന്മാർ തങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തിട്ടില്ലയോ എന്നും ആ പാലത്തിൻെറ പണി നിറുത്തലാക്കിയതിൻെറ മൂലകൾ പൊളിച്ചുകളഞ്ഞില്ലയോ എന്നും,

(സി) പാലം അപകടകരമാണെന്നും, അതിനാൽ അതിലേക്ക ചെലവാക്കിയ പണം അസ്ഥാനത്തിലാണെന്നും അവർക്ക ബോദ്ധ്യമായിട്ടുണ്ടോ എന്നും,

(ഡി) ആ പാലം അതേസ്ഥലത്തുതന്നെ പണിയിക്കുന്നതിനു വീണ്ടും അനുവദിക്കുന്നതിനുള്ള കാരണം എന്താണെന്നും,

(ഇ) പണികഴിച്ചിട്ടുള്ളിടത്തോളം പാലത്തിൻെറഭാഗം ഇക്കഴിഞ്ഞ വെള്ളപ്പൊക്കത്തിൽ നഷ്ടമായിപ്പോയി എന്നും പാലംപണി പൂർത്തിയാക്കുന്നതിനു സാധിക്കാത്തവണ്ണം അതു അത്ര ശിഥിലമായിരിക്കുന്നു എന്നും അവർക്ക് അറിയാമോ എന്നും,

(എഫ്) യോജ്യമല്ലാത്ത ഈ പാലംനിമിത്തമുണ്ടായിട്ടുള്ള നഷ്ടത്തിന് ഉത്തരവാദിയായ വല്ലവരും ഉണ്ടോ എന്നും,

(ജി) ഈ പാലം സംബന്ധിച്ച് അവരുടെ അനന്തരനടപടി എന്തായിരിക്കുമെന്നും, ഗവൺമെൻറു സദയം പറയുമോ?

മി: ടി. പി. രാമസ്വാമിഅയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) അതെ. (ബി) ഇല്ല. മി: ബാസ്റ്റോ ചീഫ് എഞ്ചിനീയരായിരിക്കുമ്പോൾ പരിതസ്ഥിതികളെ സൂക്ഷ്മമായി ആലോചിച്ചിട്ട് വെള്ളത്തിനടിയിൽ നിൽക്കാവുന്ന ഒരു പാലമാണ് സ്ഥലത്തിനു യോജിച്ചതെന്നു ശിപാർശചെയ്തിരുന്നു. എന്നാൽ പാലംപണി വാസ്തവത്തിലാരംഭിച്ചപ്പോൾ വെള്ളംതൊടാത്ത ഒരു പാലം പണിയിപ്പിക്കയോ, അതല്ലെങ്കിൽ പാലത്തിൻെറ സ്ഥാനം ആററിൽനിന്നും അധികം താഴെയായി ഒരു സ്ഥലത്തു പണികഴിപ്പിക്കയോ വേണ്ടതാണെന്നു പൊതുജനങ്ങൾ ബഹളംകൂട്ടാൻ തുടങ്ങി. അതിനാൽ പാലത്തിൻെറ പണി കുറെക്കാലത്തേക്ക നിറുത്തിവച്ചു, അന്വേഷണം കഴിച്ചതിൽപിന്നെ, അതേസ്ഥലത്തുതന്നെ വെള്ളത്തിനടിയിൽ നിൽക്കാവുന്ന ഒരു പാലം പണിയിക്കണമെന്നു ഗവൺമെൻറു തീർച്ചപ്പെടുത്തി.

(സി)-യും, (ഡി)-യും (ബി) ഭാഗത്തിനു കൊടുത്തിട്ടുള്ള മറുപടിയെ പരിഗണിച്ചും ഈ ചോദ്യം ഉദിക്കുന്നില്ല.

(ഇ) അതെ.

(എഫ്)-ഉം, (ജി)-യും, ൫-ാംചോദ്യം (ബി) ഭാഗത്തിനുകൊടുത്തിട്ടുള്ള മറുപടി മെമ്പർ നോക്കണം.

ചേർത്തലത്തോട്.

൮. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) ചേർത്തല തോടിൻെറ കുഴിച്ചിട്ടുള്ളിടത്തോളം ദൈർഘ്യം. (ബി) പ്രതിവർഷം അതിൻെറ അററകുററപ്പണിയ്ക്കുള്ള ചെലവ്. (സി) ൧൧൦൫, ൧൧൦൬, ൧൧൦൭ എന്നീ കൊല്ലങ്ങളിൽ ജനങ്ങൾ തോട്ടിൽനിന്നു മണൽ നീക്കിയവകയിൽ ആണ്ടൊന്നുക്കീടായ തുക ഈ വിവരങ്ങൾ ഗവൺമെൻറു സദയം നൽകുമോ?

മി: ടി. പി. രാമസ്വാമിഅയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) ൫ മൈൽസ് ൪ ഫർ ൧൫൦ അടി, (ബി) മൈൽ ഒന്നുക്ക് രൂപാ ൩൦൦. (സി) ൧൦൯൯-൧൧൦൧ വരെയും യാതൊരു തുകയും വസൂലായിട്ടില്ല. ൧൦൯൯-൧൧൦൫ മുതൽ ഒരു കൊല്ലത്തേക്ക ഈടായ തുക ൧൨൫ രൂപാ ൪ ചക്രം ആയിരുന്നു. ൧൦൯൯-൧൧൦൭ മുതൽ ൧൧൦൯ വരെ അതായതു ഒരു കൊല്ലത്തേക്ക ഈടായ തുക ൩൩൩ രൂപാ ൨൫ ചക്രം ൩ കാശ് ആയിരുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ഈ തോട്ടുസംബന്ധിച്ച ഇപ്പോൾ വല്ല വേലയും ചെയ്യുവരുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ചോദ്യത്തിന മുന്നറിവു തരേണ്ടിയിരിക്കുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): അറ്റകുറ്റപ്പണിക്കുവേണ്ടി ഈ കൊല്ലത്തിൽ വല്ല തുകയും ചെലവാക്കീട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): എനിക്ക് മുന്നറിവു വേണ്ടിയിരിക്കുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): കഴിഞ്ഞ കൊല്ലത്തിൽ വല്ല തുകയും ചെലവാക്കിയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതു് ഒരു പുതിയ ചോദ്യമാണ്. മുന്നറിവു വേണ്ടിയിരിക്കുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ഈ തോട്ട് നീട്ടുന്നതിന ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): മുന്നറിവു വേണ്ടിയിരിക്കുന്നു.

മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): പ്രസ്തുത തോടിന ആവശ്യമുള്ള ഭൂമിക്ക് ഗവണ്മെൻറ് പ്രതിഫലം കൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ഇതു ന്യായമായി ഒരു ഉപചോദ്യമായി ഉത്ഭവിക്കുന്നില്ല. അതിനാൽ എനിക്കു മുന്നറിവ് ആവശ്യമുണ്ട്.

ആലപ്പുഴയിൽ ഗതാഗത നിയന്ത്രണം.

൧൦. മി: പി. എസ്സ്. മഹമ്മദ് (നിയമിതമെംബർ): (എ) ആലപ്പുഴയിൽ പോലീസ് സൈന്യത്തിൻെറ എണ്ണം അവിടെ ഗതാഗതം തൃപ്തികരമായി നിർവഹിക്കുന്നതിന പോലും മതിയാകുന്നില്ലെന്നും,

(ബി) പട്ടണത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ കുറഞ്ഞപക്ഷം ഒരു കാൺസ്റ്റബ്ളിനെ ഏർപ്പെടുത്തുന്നതിന മതിയാകാത്തവണ്ണം പോലീസ് കാൺസ്റ്റബിൾമാരുടെ എണ്ണം പോരാതെയിരിക്കുന്നു എന്നും ഗവണ്മെൻറിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ)യും, (ബി)യും, മറുപടി നിഷേധരൂപത്തിലാണ്. ആലപ്പുഴ പട്ടണത്തിലേക്കു വേണ്ടിടത്തോളം കാൺസ്റ്റബിൾമാരെ ഏർപ്പെടുത്തുന്ന സംഗതി പോലീസ് സൈന്യത്തിൻെറ പുനർ വ്യവസ്ഥാനത്തിനുള്ള നിർദ്ദേശങ്ങളോടൊന്നിച്ച് ആലോചിക്കുന്നതായിരിക്കും.

കന്നിക്കോട്ട് അഞ്ചൽ റോഡ്.

൧൧. മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): കന്നിക്കോട്ട അഞ്ചൽ റോഡിൻെറ വേല മുമ്പോട്ടു പോകുന്നുണ്ടോ എന്നു ഗവണ്മെൻറ് സദയം പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): ആ വേല ആരംഭിച്ചിട്ടില്ല.

മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും). കന്നിക്കോട്ട അഞ്ചൽറോഡ് തീർക്കുന്നതിന എത്രകാലം വേണ്ടിവരുമെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതിലേക്കു ഒരു അടങ്കൽ ഡിവിഷനാഫീസിൽ നിന്നും ചീഫ് എൻജിനീയർക്ക് അയച്ചു. അതിനെപ്പറ്റി ഗവണ്മെൻറ് ചില കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടു. ആ വിവരങ്ങൾ വന്നു എസ്റ്റിമേറ്റ് ഗവണ്മെൻറ് പരിശോധിച്ചശേഷം മാത്രമേ തീർച്ചപ്പെടുത്താൻ സാധിക്കുകയുള്ളു.

മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): എങ്കിലും എത്രകൊല്ലം വേണ്ടിവരുമെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി): അതു പറയാൻ നിവൃത്തിയില്ല.

പന്നിവാഴ്ക്കൽപാലം.

൧൨. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൨൪ കർക്കടകം ൨൩-ാം തിയ്യതി കൂടിയ സമ്മേളനത്തിൽ ഞാൻ ചോദിച്ചിട്ടുള്ള ചോദ്യത്തിന തന്നിട്ടുള്ള മറുപടിക്കുശേഷം രാജാക്കമംഗലം പന്നിവാഴ്ക്കൽപാലത്തിൻെറ പണി എത്രത്തോളം മുമ്പോട്ടുപോയിട്ടുണ്ടെന്നു ഗവണ്മെൻറ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): ൧൧൨൪ കർക്കടകം ൨൩-ാം തിയ്യതിക്കു ശേഷം ഇടത്തുവശത്തെ ഊന്നുതൂണിനും പക്കകൾക്കും കാൺക്രീററ് അസ്തിവാരങ്ങൾ ഇട്ടിട്ടുള്ളതല്ലാതെ ഈ അടുത്തകാലംവരെ, വർഷംനിമിത്തം കൂടുതൽജോലിചെയ്യാൻ സാധിച്ചിട്ടില്ലഎന്നു റിപ്പോർട്ടുകിട്ടീട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം) വർഷംനിമിത്തമുണ്ടായതടസ്സം ഈ പ്രത്യേകവേലയെ സംബന്ധിച്ചിടത്തോളം എന്തായിരുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ സെക്രട്ടറി): "വർഷംതുടങ്ങിയതിനാൽ ഈ അടുത്തകാലംവരെ കൂടുതൽജോലി സാധിക്കാതെയിരുന്നു" എന്നു ചീഫ്എഞ്ചിനിയർപറയുന്നു. എന്നാൽ ഇപ്പോൾ ജോലി വീണ്ടും ആരംഭിച്ചിട്ടുണ്ട്. വർഷംനിമിത്തമുണ്ടായതടസ്സത്തിൻെറ ശരിയായസ്വഭാവം പറയുന്നതിന് എനിക്ക് ഇപ്പോൾകഴിയുന്നതല്ല.

മി: ഡി. സി. ജോസഫ് (അഗസ്ത്യീശ്വരം): അധികാരികൾ—

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): അവർ വീണ്ടുംവേല തുടങ്ങിയിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്ത്യീശ്വരം): ഈ വേലപൂർത്തിയാക്കുന്നതിനു അധികൃതന്മാർക്കു ഇനിയും എത്രകാലം വേണ്ടിവരും?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) ജോലി ഊർജ്ജിതമായി നടത്തിവരുന്നു. അത്രമാത്രമേ എനിക്കുപറയാൻ കഴിയൂ.

സംസ്ഥാനത്തിൽ ജലസേചനവേലകളുടെ പരിഷ്കാരം

൧൩. മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ). സംസ്ഥാനത്തുള്ള ജലസേചനവേലകളെ പരിഷ്കരിക്കുന്നതിനു അവർക്കുവല്ലപദ്ധതിയുമുണ്ടോ എന്നും.

(ബി) (എ) ഭാഗത്തിനുമറുപടി അനുവാദരൂപത്തിലാണെങ്കിൽ അതു് ഇപ്പോൾ (൨൭-൪-൧൧൨൦) ഏതു് പതനത്തിൽ എത്തിട്ടുണ്ടു് എന്നും ഗവണ്മെൻറുസദയംപറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) ഉണ്ടു. (ബി) ആ പദ്ധതിഗവണ്മെൻറിൻെറ ശ്രദ്ധയിലിരിക്കയാണു്.

മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (ബി) ഭാഗത്തെസംബന്ധിച്ചു് ജലസേചനപദ്ധതി ഗവണ്മെൻറിൻെറ ശ്രദ്ധയിലിരുന്നകാലം എത്ര എന്നു എന്നെഅറിയിക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): ഒരുവർഷത്തിലധികം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പദ്ധതി ആദ്യമായി രൂപീകരിച്ചതു് എപ്പോഴായിരുന്നു എന്നു എന്നെഅറിയിക്കാമോ

മി: ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറു് സെക്രട്ടറി): ഒരുകാൺഫറൻസിൽ ഏതാനും നിർദ്ദേശങ്ങളെപ്പറ്റി ആലോചിച്ചു.

മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ കാൺഫറൻസിൻെറ തീയതിഎന്നെഅറിയിക്കാമോ

മി: ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറുസെക്രട്ടറി) തീയതിപറയാൻ പ്രയാസമാണു്. അതെപ്പറ്റി ഇപ്പോൾപരിശോധനയിലിരിക്കുന്നു.

മി: ഏ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരുകൊല്ലത്തിലധികമായി ആലോചനയിലിരുന്നിട്ടും, ആ പദ്ധതിയെ സംബന്ധിച്ചു് ഗവണ്മെൻറു ഇതുവരെയാതൊരു തീർച്ചയിലും എത്താതിരിക്കുന്നതിനുകാരണം എന്നെഅറിയിക്കാമോ?

മി. ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറുസെക്രട്ടറി): മാറിപ്പോയദിവാൻെറകാലത്തു് അതു് ആലോചനയിലിരുന്നു. നിർദ്ദേശങ്ങളെ ഇപ്പോഴത്തെദിവാൻ പരിശോധിക്കാനുണ്ടായിരുന്നു. അതു് ഇപ്പോൾ അദ്ദേഹത്തിൻെറആലോചനയിലിരിക്കയാണു്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഈ നിർദ്ദേശങ്ങളെ ആലോചിക്കുന്നവിഷയത്തിൽ ദിവാൻ ചീഫ്എഞ്ചിനിയരുടെ ഉപദേശമനുസരിച്ചു പ്രവർത്തിക്കയില്ലയോ എന്നുഎന്നെ അറിയിക്കാമോ?

മി: ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറു സെക്രട്ടറി): അതു എനിക്കുപറയാൻകഴികയില്ല.

മി: ഏ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയുംകാർത്തികപ്പള്ളിയും): ഈ പദ്ധതികൾ സംബന്ധിച്ചു ഒരുവിഷയത്തിൽ മാററമുണ്ടാകുന്നെങ്കിൽ, പിന്നെയും താമസമുണ്ടാകുമോ എന്നുപറയുമോ?

മി. ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറുസെക്രട്ടറി): കുറച്ചുതാമസമുണ്ടാകുന്നതു അനിവാര്യമാണു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) ഈ വിഷയത്തിൽ ഗവണ്മെൻറു ഒരു തീർച്ചയിലെത്തുന്നതിനു പ്രാപ്തരാകാൻ ഉദ്ദേശംഎത്രകാലം വേണ്ടിവരുമെന്നുപറയുമോ?

മി. ടി. പി. രാമസുബ്ബഅയ്യർ (ഗവണ്മെൻറുസെക്രട്ടറി) എനിക്കുപറയാൻകഴിയുന്നതു സംഗതിഗവണ്മെൻറിൻെറ ആലോചനയിലിരിക്കുന്നുഎന്നു മാത്രമാണു.

മി: എ. എസ. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പദ്ധതിയുടെ ഒരു പ്രതിഗവണ്മെൻറു സദയംമേശപ്പുറത്തുവക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി). അതു് ആലോചിക്കേണ്ടിയിരിക്കുന്നു.

നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളവർദ്ധന

൧൪. മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) (എ) സംസ്ഥാനത്തുള്ള നാട്ടുഭാഷാ പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിലേക്കു് ഈ സഭ അതിൻെറ ൧൧൨൦ വൃശ്ചികം യോഗത്തിൽ അനുവദിച്ച രണ്ടുലക്ഷം രൂപായുടെ തുക വിനിയോഗിക്കുന്നതിനു വേണ്ടി വല്ലനടപടിയും അവർ നടത്തിട്ടുണ്ടോ എന്നും,

(ബി) ഏതുമാസംമുതൽക്കാണു അദ്ധ്യാപകന്മാർക്കു് ഈശമ്പളക്കൂടുതൽ അനുവദിക്കാൻ പോകുന്നതു് എന്നും

(സി) ഈവിഷയംസംബന്ധിച്ചു അവരുടെ തീർച്ചയെ വെളിപ്പെടുത്തുന്നതായ വ്യക്തമായ ഒരു പ്രസ്താവന ചെയ്യുന്നതിനുള്ള നിലയിലാണോഅവർ എത്തിട്ടുള്ളതു് എന്നും ഗവണ്മെൻറു സദയം പറയുമോ?

മി: കെ. ജാജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി) (എ) അതെ (ബി) ൧-൧-൧൧൨൦ (സി) ചോദ്യം വ്യക്തമായിരിക്കുന്നില്ല.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) അദ്ധ്യാപകന്മാരുടെശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ളപണം അനുവദിച്ചു ഒന്നരകൊല്ലമായിട്ടും ഇതുവരെ കൊടുക്കാതിരിക്കുന്നതിനു കാരണമെന്താണെന്നു പറയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനെപ്പററി തീരുമാനിച്ച് വേഗത്തിൽ കൊടുത്തുതീർക്കുന്നതിനു ഡയറക്ടരുടെ ആഫീസിൽ ഇപ്പോൾ ഒരു പ്രത്യേക സ്റ്റാഫ് ഏർപ്പെടുത്തിട്ടുണ്ട്.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഇപ്പോൾ ഒന്നരക്കൊല്ലമായില്ലേ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഒന്നരക്കൊല്ലമായിട്ടില്ല.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) കഴിഞ്ഞ വൃശ്ചികത്തിലല്ലെ പണം അനുവദിച്ചത്?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): കഴിഞ്ഞമേടത്തിലാണ് പരിഷ്കാരം അനുവദിച്ചതു ഒരുകൊല്ലമേ ആയിട്ടുള്ളു.

പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകളിൽ നിന്നുള്ള ഭൂനികുതി.

൧൬. മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകളിൽനിന്നും കഴിഞ്ഞരണ്ടുകൊല്ലങ്ങളിൽ (൧൧൨൬-ം ൧൧൨൭-ം ഭൂനികുതി ഡിപ്പാർട്ടുമെന്റിലേക്ക ലഭിച്ചിട്ടുള്ളആദായം എത്ര എന്നു ഗവണ്മെന്റ സദയം പറയുമോ?

മി: ടി. പി. രാജസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ചെങ്കോട്ടയും പത്തനാപുരവും താലൂക്കുകളിൽ ൧൧൨൬, ൧൧൨൭ എന്നീ കൊല്ലങ്ങളിലേക്ക തന്നാണ്ടു റവന്യൂവും കുടിശ്ശികയും ഇനങ്ങളിൽ ഉള്ള നികുതി പിരിവുകൾ താഴെ കൊടുത്തിരിക്കുന്നു.

താലൂക്ക	൧൧൨൬ രൂപാ	൧൧൨൭ രൂപാ
ചെങ്കോട്ട	൮൧,൮൯൯	൮൫,൪൯൮
പത്തനാപുരം	൩൭ ൨൬൬	൩൪ ൧൭൮

മേൽ പറഞ്ഞിട്ടുള്ളതുകൂടാതെ ഈ താലൂക്കുകളിൽ മുഖ്യധനമുതലെടുപ്പിൽ കൊള്ളിച്ചിട്ടുള്ള ഭൂമിയിലെ കിട്ടിയ തുകകൾ ൧൧൨൭-ാം മാണ്ടത്തേക്ക യഥാക്രമം ൧,൭൧൪ രൂപായും ൨൧,൭൬൯ രൂപായും ൧൧൨൬-ാം മാണ്ടത്തേക്ക് യഥാക്രമം൮൩൧ രൂപായും ൨൬,൧൮൨ രൂപായും ആയിരുന്നു.

പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകളിൽ നെൽകൃഷി ചെയ്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം

൧൭. മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): പത്തനാപുരവും ചെങ്കോട്ടയും താലൂക്കുകളിൽ നെൽകൃഷിക്ക എത്ര ഏക്കർ ഭൂമി ഉപയോഗപ്പെടുത്തിയിരുന്നു എന്നു ഗവണ്മെന്റ സദയം പറയുമോ?

മി: ടി. പി. രാജസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

പത്തനാപുരം താലൂക്കിൽ		൧൦,൩൪൨ ഏക്കർ
ചെങ്കോട്ട	,,	൮,൭൪൮ ,,

ഏതാനും സ്ഥലങ്ങളിൽ സ്റ്റേഷണറി മജിസ്ട്രേട്ടുകോടതികൾ ഏർപ്പെടുത്തുന്നതു.

൧൮. മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): കൊല്ലച്ചിലും, തിരുവട്ടാററും, ഭൂതപ്പാണ്ടിയിലും സ്റ്റേഷണറി മജിസ്ട്രേട്ടുകോർട്ടുകൾ ആവശ്യമാണെന്നു ഗവണ്മെന്റിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): മറുപടി നിഷേധരൂപത്തിലാണ്.

ചങ്ങനാശേരി—വാഴൂർറോഡിൽ മോട്ടാർ വാഹനങ്ങളുടെ ഗതാഗതസൗകര്യം.

൧൯. മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും, വടക്ക്): (എ) ചങ്ങനാശേരി—വാഴൂർറോഡു മോട്ടാർ വാഹനഗതാഗതത്തിനു യോജിച്ചതാണോ എന്നും,

(ബി) തിരുവല്ലായ്ക്കും ബോണോമിതോട്ടത്തിനും മദ്ധ്യേ ചങ്ങനാശേരി-വാഴൂർറോഡുവഴിയായി ഗതാഗതംചെയ്യുന്ന മോട്ടാർ ബസ്സുകളുടെ എണ്ണം എത്ര എന്നും,

(സി) മേല്പറഞ്ഞ റോഡിൽക്കൂടെ ൧൬മുതൽ ൨൦വരെ യാത്രക്കാരെ കൊണ്ടുപോകുന്നതിനു ലൈസൻസു കൊടുത്തിട്ടുള്ളകാറുകളുടെ ടി. വി. ആർ. നംബരുകൾ ഏവ എന്നും, ഗവണ്മെന്റ സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ) അതെ.

(ബി) ൩.

(സി) ടി. വി. ആർ. ൨൨൩൨ ൨൪ യാത്രക്കാരെ കൊണ്ടുപോകാം.

ടി	൨൭൨൧	൨൦	ടി
ടി	൩൨൩൦	൧൬	ടി

പകർത്തികച്ചേരി ശിപായിമാരുടെ ശമ്പളവർദ്ധന.

൨൦. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) കഴിഞ്ഞ (൧൧൨൭)കൊല്ലത്തിൽ പകർത്തികച്ചേരി ശിപായിമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു വല്ല നിർദ്ദേശവും ഉണ്ടായിട്ടുണ്ടോ എന്നും,

(ബി) അങ്ങിനെയാണെങ്കിൽ ആ നിർദ്ദേശം എന്തായിരുന്നു എന്നും,

(സി) അതിനെ ഉപേക്ഷിച്ചതിനു കാരണം എന്തായിരുന്നു എന്നും, ഗവണ്മെന്റ സദയം പറയുമോ?

മി: ടി. പി. രാജസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) അതെ.

(ബി) പകർത്തിശിപായിമാരുടെ ശമ്പളം പ്രതിമാസം രൂപായിൽനിന്നു ൩-൧/൩-൧൧ ആയി വർദ്ധിപ്പിക്കുന്നതിനായിരുന്നു നിർദ്ദേശം.

(സി) നിർദ്ദേശം ഉപേക്ഷിക്കപ്പെട്ടിട്ടില്ല. ധനവിഷയമായ കാരണത്താൽ അതു തല്ക്കാലത്തേക്കു നീട്ടിവച്ചിട്ടേയുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കഴിഞ്ഞ കൊല്ലത്തിൽ ഈ സംഗതി ധനകാര്യകമ്മിററിക്ക ആലോചനാവിഷയമായിരുന്നോ എന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ധനകാര്യകമ്മററി അനുവദിച്ചതായ മററു വല്ല സംഗതിയും പിന്നീട്ട ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടോ എന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): എനിക്ക മുന്നറിവു വേണ്ടിയിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ശിപായിമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിലേക്ക ആവശ്യമുള്ള തുക എത്ര എന്ന ഗവൺമെൻറു തീർച്ചപ്പെടുത്തിയോ എന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അതെ. അപ്പോഠം ഗവൺമെൻറിൻെറ മുമ്പിൽ ഉണ്ടായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ സംഗതി എത്ര നാളത്തേക്ക ഗവൺമെൻറിൻെറ ആലോചനയിൽ ഇരിക്കുമെന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഈ സംഗതി ഈക്കൊല്ലത്തിലും ആലോചനയ്ക്ക എടുക്കാനിടയുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മുൻപു ഈ സംഗതി ഗവൺമെൻറിൻെറ ആലോചനയിൽ ഇരുന്നിട്ടുള്ളത് എത്ര കാലത്തേക്കാണെന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): കഴിഞ്ഞ കൊല്ലത്തിൽ മാത്രമെ ഇതു ബഡ്ജററു സംബന്ധിച്ച ആദ്യമായി ആലോചനയ്ക്ക വന്നിട്ടുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇതു ഗവൺമെൻറിൻെറ മുമ്പാകെ കൊണ്ടുവന്നിട്ടുള്ളതു ശ്രീമൂലം പ്രജാസഭാസാമാജികന്മാരോ നിയമസഭാസാമാജികന്മാരോ എന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): അത് ഇപ്പോഠം പറയുന്നതിനു എനിക്കു സാധിക്കയില്ല.

കൊട്ടിച്ചിറപ്പാടം കടത്തുമുതൽ ആലുവാ—പറവൂർ റോഡുവരെയുള്ള റോഡ്.

൨൦. മി: എ. ജി. മേനോൻ (പറവൂർ): കൊട്ടിച്ചിറപ്പാടം കടത്തും പറവൂർ ശ്രീമൂലം ക്ലബ്ബിന്റെ സമീപത്ത് ആലുവാ-പറവൂർ റോഡും തമ്മിൽ ഘടിപ്പിക്കുന്ന ഒരു റോഡുവെട്ടുന്നതിൻെറ ആവശ്യകതയെപ്പററി പറവൂർ നഗരത്തിലും സമീപസ്ഥലങ്ങളിലുമുള്ള ജനങ്ങളിൽനിന്നു വല്ല നിവേദനവും ഗവൺമെൻറിനു കിട്ടീട്ടുണ്ടോ എന്നു ഗവൺമെൻറു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഉണ്ട്. ഈ സംഗതിയെ സംബന്ധിച്ച ഒരു ഹർജി കിട്ടീട്ടുണ്ടെന്നു ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്യുന്നു.

യോഗം നിറുത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങഠം.

[പൊതുക്കാര്യസംബന്ധമായി അടിയന്തിരപ്രാധാന്യമുള്ള ഒരു നിയതകാര്യത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനായിട്ട യോഗനടപടികഠം നിറുത്തിവയ്ക്കണമെന്നുള്ള ഉപക്ഷേപത്തിൻെറ ഒരു നോട്ടീസ് മിസ്റ്റർ എ. താണുപിള്ള പ്രസിഡണ്ടിൻെറ പക്കൽ സമർപ്പിച്ചു.]

പ്രസിഡൻറു: പൊതുക്കാര്യസംബന്ധമായി അടിയന്തിരമായ ഒരു സംഗതിയെക്കുറിച്ച്—അതായതു നവീകൃതസഭ ഏർപ്പെടുത്തപ്പെട്ടകാലം മുതൽക്കു എപ്പോഴും വ്യത്യാസംകൂടാതെ അനുവർത്തിച്ചുപോന്നിട്ടുള്ള പതിവിൻപ്രകാരം ഈ കൊല്ലത്തിൽ നിയമസഭായോഗങ്ങഠം വിളിച്ചുകൂട്ടുന്നതിലുണ്ടായിട്ടുള്ള കാലതാമസത്തെക്കുറിച്ചു വാദപ്രതിവാദം ചെയ്യുന്നതിലേക്ക യോഗനടപടികഠം നിറുത്തിവയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം കൊണ്ടുവരുന്നതിനു അനുവാദം ചോദിക്കുന്നതായ ഒരു സ്റ്റേററുമെൻറ് മി: താണുപിള്ള എൻെറ കൈയിൽ തന്നിരിക്കുന്നു.

നിയമസഭയുടെ അവകാശങ്ങളെയോ അധികാരങ്ങളെയോ വല്ലവിധത്തിലും തടസ്സം ചെയ്യുന്നതിനുള്ള ആഗ്രഹവും എനിക്കില്ല, അങ്ങിനെ ഉണ്ടായിട്ടുമില്ല, എന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. ഇക്കഴിഞ്ഞ കൊല്ലങ്ങളിലുണ്ടായിരുന്ന പതിവുപോലെ ഈ കൊല്ലത്തിലും സഭയുടെ മൂന്നു യോഗങ്ങഠം കൂട്ടുവാനാണ എൻെറ നിശ്ചയം എന്നു ഞാൻ സഭയോട്ട ഉറപ്പു പറയുന്നു. വാസ്തവത്തിൽ ദീർഘമായ താമസമുണ്ടായിട്ടില്ല. സഭായോഗങ്ങളുടെ എണ്ണവും അങ്ങിനെയുള്ള യോഗങ്ങഠം കൂടേണ്ട സമയവും എന്ന വിഷയം റഗുലേഷനും ചട്ടങ്ങളും അനുസരിച്ചു ദിവാൻെറ സമീക്ഷണത്തിനു പൂർണ്ണമായി വിട്ടുകൊടുത്തിരിക്കുന്ന ഒന്നാണ്. അങ്ങിനെയിരിക്കെ, സംഗതിയെ സഭയിൽ വാദപ്രതിവാദത്തിനു വിഷയമാക്കുന്നതിനു ഞാൻ അനുവദിക്കുന്നതല്ല. അതിനാൽ ഈ ഉപക്ഷേപം ക്രമരഹിതമാണെന്നു ഞാൻ നിർണ്ണയിക്കേണ്ടിയിരിക്കുന്നു. ഞാൻ അതു അനുവദിക്കുന്നതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, എനിക്ക് വേറൊരു ഉപക്ഷേപമുണ്ട്.

[ഈ ഉപക്ഷേപത്തെക്കുറിച്ചു അദ്ദേഹം ഒരു നോട്ടീസ് സമർപ്പിച്ചു.]

പ്രസിഡൻറ്: പൊതുകാര്യസംബന്ധമായി അടിയന്തിരമായ ഒരു നിയതകാര്യം വാദപ്രതിവാദം ചെയ്യുന്നതിനായിട്ട യോഗനടപടികഠം നിറുത്തിവയ്ക്കണമെന്ന് ഉപക്ഷേപം കൊണ്ടുവരുന്നതിനു മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അനുവാദം ചോദിക്കുന്നു, അതായത്, "പബ്ലിക്ക് സർവീസിലുള്ളവരുടെ മനസ്സമാധാനത്തിനും നീലകണ്ഠപ്പിള്ള ... ഭരണവിഷയത്തിൽ വൈകല്യത്തിനും ജനസാമാന്യത്തിനു വിഷമങ്ങഠംക്കും കാരണമായി തീർന്നിരിക്കുന്ന ഗവൺമെൻറു സർവീസിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിൽ ആഠം നിയമിക്കുന്ന കാര്യത്തിൽ വന്നിട്ടുള്ള സീമാതീതമായ കാലതാമസത്തെക്കുറിച്ചുതന്നെ." അദ്ദേഹം അതോടൊന്നിച്ചു ഒരു സ്റ്റേററുമെൻറ് എന്നു പറയുന്നതിനെ അനുബന്ധിച്ചിരിക്കുന്നു.

ഇങ്ങിനെയുള്ള ഉപക്ഷേപങ്ങൾ അനുവദിക്കപ്പെടുന്നതിനുമുമ്പായി അനുഷ്ഠേയങ്ങളായ ഏതാനും വ്യവസ്ഥകൾ പൊതുക്കാര്യസംബന്ധമായി അടിയന്തിരമായ നിയതസംഗതി വാദപ്രതിവാദത്തിനെടുക്കുന്നതിനായിട്ട സഭാനടപടികൾ നിറുത്തിവയ്ക്കുന്നതിനെ സംബന്ധിക്കുന്ന ചട്ടത്തിൽ കാണുന്നു. ഉപക്ഷേപം ഒരു നിശ്ചിതസംഗതിയെപ്പററി ആയിരിക്കണം. അതായതു ജനസാമാന്യത്തിനു വലുതായ സങ്കടത്തെ ദൂരീകരിക്കുന്നതിലേക്ക് അടിയന്തിരപ്രതിവിധിയുണ്ടാക്കുന്നതിനാവശ്യപ്പെടുന്ന ഒരു പതനത്തിനു ഹേതുവായിത്തീർന്നിട്ടുള്ള പ്രത്യഗ്രമായ ഒരു നിശ്ചിതസംഭവത്തെപ്പററി ആയിരിക്കണം. എന്റെ കയ്യിൽ മി: കെ. പി. നീലകണ്ഠപ്പിള്ള തന്നിട്ടുള്ള ഈ ഉപക്ഷേപത്തിൽ ഒരു നിശ്ചിതസംഭവത്തെപ്പററി പറഞ്ഞിട്ടില്ല. അതു ഒഴിവുകളിൽ ആറ്റൾ നിയമിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസത്തെപ്പററി അപരിഛിന്നമായി പറയുന്നതേയുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ഉപക്ഷേപത്തെക്കുറിച്ചുള്ള നോട്ടീസിൽ അനുബന്ധിച്ചിട്ടുള്ള സ്റ്റേറ്റുമെന്റിൽ നിർദ്ദിഷ്ടസംഗതികൾ ചേർത്തിട്ടുണ്ട്.

പ്രസിഡന്റ്. സ്റ്റേററുമെന്റിൽ പല ഉദ്ധാന്തങ്ങൾ കൊടുത്തിട്ടുണ്ട്. അതെനിക്ക കാണ്മാൻകഴിയും; എന്നാൽ ഞാൻ പറയുന്നതു ഉപക്ഷേപത്തിൽ പ്രത്യഗ്രമായ ഒരു സംഭവത്തെപ്പററി പരിഛിന്നമായി പറയാത്തതുകൊണ്ട് അതു അപരിഛിന്നമാകുന്നു എന്നത്രെ. ഒരു സ്റ്റേററുമെന്റു ഉണ്ട് എന്നു മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്നു. എന്നാൽ അതു പല സംഭവങ്ങളെ കുറിക്കുന്നു. ചട്ടങ്ങളനുസരിച്ച ഇങ്ങിനെയുള്ള ഒരു ഉപക്ഷേപത്തിൽ പരിഛിന്നമായ ഒരു സംഭവത്തെപ്പററി മാത്രമെ പാടയാവൂ. അതിനാൽ പരിഛിന്നമായ ഒരു സംഗതിയെപ്പററി പ്രസ്താവിക്കാത്തതിനാൽ അവ്യക്തമായതുകൊണ്ടോ, ഇങ്ങനെയുള്ള ഒരു ഉപക്ഷേപം പരിഛിന്നമായ ഒരു ഒററ സംഗതിയെപ്പററിമാത്രം പറയാവൂ എന്നുള്ള ചട്ടത്തിനു വിപരീതമായതുകൊണ്ടോ ഈ ഉപക്ഷേപം ക്രമാനുസരണമായിട്ടുള്ളതല്ല. ഇക്കാരണങ്ങളാൽ ഈ ഉപക്ഷേപത്തെ ഞാൻ തള്ളുന്നു.

മി. ടി. സി. കേശവപിള്ള (കല്ലുമലയും വിളവങ്കോടും): സർ, എനിക്ക വേറൊരു ഉപക്ഷേപംകൂടിയുണ്ട്.

(അദ്ദേഹംതന്റെ ഉപക്ഷേപത്തെക്കുറിച്ചുള്ള നോട്ടീസ് പ്രസിഡന്റിനെ ഏൽപിച്ചു)

പ്രസിഡന്റ്. പൊതുക്കാര്യസംബന്ധമായി അടിയന്തിരമായ ഒരു സംഗതിയെപ്പററി വാദപ്രതിവാദം ചെയ്യുന്നതിനായിട്ട സഭാനടപടി നിറുത്തിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നതായ ഒരു ഉപക്ഷേപം മിസ്റ്റർ കേശവപിള്ള എന്റെപക്കൽ തന്നിരിക്കുന്നു. അതായത്, പ്രസിഡന്റു ഇടയാക്കീട്ടുള്ള ഒരു പതനത്തെയും, പബ്ലിക്കസർവീസിൽ തന്റെ സ്വന്തജാതിക്കാരെ അഥവാ തങ്ങളുടെ സംഖ്യയ്ക്കും പ്രാധാന്യത്തിനും വളരെ കവിഞ്ഞു ഇതുവരെ സർവീസിൽ അതിരുകവിഞ്ഞ പ്രാതിനിധ്യം വഹിക്കുന്ന ബ്രാഹ്മണരെ നിയമിക്കുന്നതിലും ഉദ്യോഗക്കയററം കൊടുക്കുന്നതിലും ദിവാൻ കാണിച്ചിട്ടുള്ള തുടർച്ചയായ പ്രവൃത്തിയേയും കുറിച്ചുതന്നെ.

"ഈ ഉപക്ഷേപത്താൽ ഉദ്ദേശിക്കുന്നതു് സഭയുടെ കഴിഞ്ഞ യോഗത്തിനുശേഷമായി സർവീസിൽ ഇതുവരെ അത്യധികമായി പ്രാതിനിധ്യം വഹിച്ചുപോരുന്ന സ്വജാതിക്കാരായ ആളുകളിൽനിന്നും ദിവാൻ ചെയ്തിട്ടുള്ള അനേകം നിയമനങ്ങളെയും കയററങ്ങളെയുംപററി ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന നീരസഭാവത്തെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാകുന്നു. സംസ്ഥാനത്തൊട്ടുക്ക് ഇപ്പോൾ ൩൦൦ മേൽതരം ഉദ്യോഗങ്ങൾമാത്രമുണ്ടായിരിക്കെ, അങ്ങനെയുള്ള ഉദ്യോഗങ്ങളിൽ ൨൦൦-ൽ മേൽ ൪൦ ലക്ഷത്തിചില്വാനത്തിൽ ൩൫,൦൦൦ മാത്രം ജനസംഖ്യയുള്ള ബ്രാഹ്മണരാണ് ഇപ്പോൾ വഹിച്ചുവരുന്നതു്. ഇത്ര ഭീമമായ ആ തുകയെ കുറയ്ക്കുവാനും അങ്ങിനെയുള്ള ഉദ്യോഗങ്ങളെ പ്രാതിനിധ്യമില്ലാത്തതും പ്രാതിനിധ്യം കുറഞ്ഞതുമായ സമുദായങ്ങളിൽ യോഗ്യതയുള്ളവർക്ക് വീതിച്ചുകൊടുക്കുന്നതിനു ശ്രമിക്കാതെ, ദിവാൻ ബ്രാഹ്മണരെ സർവീസിൽ തുടർച്ചയായി നിയമിച്ചുവരുന്നതിനാൽ ഇതു അധികമായിരുന്ന തുകയെ പിന്നെയും വർദ്ധിപ്പിച്ചിരിക്കുന്നു. ജനങ്ങളുടെ ഇടയിൽ ഇതുനിമിത്തം അതൃപ്തി വളരെയുണ്ട്. അതിനാൽ എത്രയുംവേഗത്തിൽ ഈ ഗതിയെപ്പററി സഭ അതിന്റെ അസന്ദിഗ്ദ്ധമായ പ്രതിഷേധനം പ്രകടിപ്പിച്ചില്ലെങ്കിൽ ചെയ്യപ്പെടുന്ന സാമുദായിക അനീതിനിമിത്തം രാജ്യത്തിലെ സ്ഥിതി ഭയങ്കരമായി തീരുന്നതാണ്. അതിനാൽ ഇതു പൊതുക്കാര്യസംബന്ധമായി അടിയന്തിരമായ ഒരു പരിഛിന്ന സംഗതിയാണ്. ഉപക്ഷേപം സ്വീകരിക്കുകയും വാദപ്രതിവാദത്തിനായി എടുക്കുകയും ചെയ്യുമ്പോൾ, നിയമനങ്ങളുടെ വിവരങ്ങൾ സഭ മുമ്പാകെ സമർപ്പിക്കപ്പെടുന്നതാണ്."

പ്രസ്താവിതങ്ങളായ ഏതാനും സംഭവങ്ങളാൽ രാജ്യത്തിലുണ്ടായിരിക്കുന്ന ഒരവസ്ഥയെപ്പററി ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്നു. വാസ്തവത്തിൽ അങ്ങിനെ ഒരു പതനം വന്നുചേർന്നിട്ടില്ല എന്നു ഞാൻ പറയാം. അതിനാൽ, ഉപക്ഷേപത്തിനു ഹേതുവായിരിക്കുന്നതു് ഒരു തെററിദ്ധാരണയത്രെ. കൂടാതെയും അതു് പൊതുക്കാര്യം സംബന്ധിച്ച അടിയന്തിരമായ പ്രത്യഗ്രസംഭവത്തെക്കുറിച്ചു പരിഛിന്നമായി പറയുന്നതുമില്ല. അതു് പരിഛിന്നമായ ഒരു ഒററ സംഭവത്തെ മാത്രമാക്കാതെ ഏതാനും നടപടികളെക്കുറിച്ച് അപരിഛിന്നമായി പറയുന്നതേയുള്ളു. അതിനാൽ ഈ ഉപക്ഷേപം നിയമസഭാചട്ടങ്ങളിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളെ അനുസരിച്ചിട്ടില്ല. ഇതുനിമിത്തം ഞാൻ ഉപക്ഷേപം തള്ളേണ്ടിയിരിക്കുന്നു.

മേശപ്പുറത്തു വച്ചിരിക്കുന്ന സ്റ്റേററുമെന്റ്.

മി: വി. എസ്. വെങ്കിട്ടരമണഅയ്യർ (ആക്ടിംഗ് ഗവർമ്മെന്റ ധനകാര്യസെക്രട്ടറി): സർ, നിയമസഭാചട്ടങ്ങളിൽ ൭൨-ാം ചട്ടമനുസരിച്ച് ൧൦൮൯-ാമാണ്ടത്തെ ൨-ാം നമ്പരായ നിയമസഭാ റെഗുലേഷൻ ൩൯ (൩) വകുപ്പിൻപ്രകാരം ഗവർമ്മെന്റിനാൽ അധികാരപ്പെടുത്തപ്പെട്ട താഴെ പറയുന്ന വ്യയധനനസ്റ്റേററുമെന്റ് ഞാൻ മേശപ്പുറത്തു വച്ചുകൊള്ളുന്നു.

അപേക്ഷ നമ്പർ	തുക	വിവരങ്ങൾ
	രൂപാ	
൧൩. വൈദ്യവും ആരോഗ്യരക്ഷയും	൨,൦൦൦	പ്ലേഗ് നിവാരണമാർഗ്ഗം സംബന്ധിച്ചുള്ള ചെലവിലേക്ക്
രാസപരീക്ഷകൻ, സ്ഥാപനങ്ങൾക്കു ഗ്രാന്റും വൈദ്യന്മാർക്കും പാരിതോഷികങ്ങളും ഉൾപ്പെടെ ആയുർവേദ ഡിപ്പാർട്ടുമെന്റ്, സാനിട്ടറി ഡിപ്പാർട്ടുമെന്റ്		
൧൭. ടി ടി	൭൯൪	൧-൩-൧൧൦൭ മുതൽ കഴിത്തുറയിൽ കൂടുതലായി ഒരു സാനിട്ടറി സർക്കിൾ ഏർപ്പെടുത്തുന്നതിനു
൧൮. ടി ടി	൭൨൮	മേല്പറഞ്ഞ സാനിട്ടറി സർക്കിളിലേക്കു സഞ്ചാരപ്പടിക്കും തപ്പാലിനുംവേണ്ടി
൧൯. ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ പരസ്പരസഹായഡിപ്പാർട്ടുമെന്റ് ഒഴിച്ചു	൩൭൭	൧൧൦൮-ാമാണ്ടത്തേക്കു ധനപരിശോധന ബോർഡിന്റെ അംഗങ്ങൾക്കു സഞ്ചാരപ്പടിവകയ്ക്കു
൨൧. പലവക	൨,൮൫൭	ബാങ്കു സ്ഥാപനങ്ങളുടെ പര്യവേക്ഷണം സംബന്ധിച്ചുള്ള ചെലവ്

കൂടുതൽ തുകകൾക്കുവേണ്ടി അപേക്ഷകൾ.

൧൯-ാം അപേക്ഷ—ശാസ്ത്രീയവും പലവകയും

ഡിപ്പാർട്ടുമെന്റുകൾ.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾക്കുവേണ്ടി ൧൯-ാം അപേക്ഷയനുസരിച്ചു ൩,൩൭൭ രൂപായിൽ കവിയാതെയുള്ള ഒരു തുക ഞാൻ അപേക്ഷിക്കുന്നു.

അടുത്ത ജനസംഖ്യകണക്കു ൧൧൧൬-ാമാണ്ടിന്റെ ആരംഭത്തിൽ എടുക്കുന്നതാകുന്നു എന്നും തിരുവിതാംകോട്ടേയ്ക്കു സെൻസസ് കമ്മീഷണറെ നിയമിച്ചിരിക്കുന്നു എന്നും സഭയ്ക്കു അറിയാമല്ലോ. ജോലി നിർവഹണത്തിനുവേണ്ടി അദ്ദേഹത്തിന് ഇപ്പോൾ ആഫീസ് സിൽബന്തികളെ ആവശ്യമുണ്ട്. ഞാൻ ഇപ്പോൾ അപേക്ഷിക്കുന്ന തുക ഈ ആഫീസ് സിൽബന്തികളുടെ ശമ്പളത്തിലേക്കായിട്ടാണ്. താഴെ പറയുന്ന സിൽബന്തികളെ നിയമിക്കണമെന്നാലോചിച്ചിരിക്കുന്നു.

൧	മാനേജർ	൧൨൫ രൂപാശമ്പളത്തിൽ
൪	ക്ലാർക്കുമാർ	൧ (൬൦ രൂപാ), ൧ (൪൦ രൂപാ), ൨ (൩൦ രൂപാ)വീതം
൧	ഷോർട്ട്ഹാൻഡ് ടൈപ്പിസ്റ്റ്	൫൦ രൂപാ ശമ്പളത്തിൽ
൧	ഡഫേദാർ	൧൨ രൂപാ ,,
൪	പ്യൂൺമാർ	൯ രൂപാവീതം ,,

വരുന്ന കുംഭംമുതൽ ഈ സിൽബന്തികളെ നിയമിക്കണമെന്നു ആലോചിച്ചിട്ടുമുണ്ട്. ൩,൩൭൭ രൂപാ കൊള്ളിച്ചിട്ടുള്ളതു് ഈ സിൽബന്തികളുടെ അഞ്ചുമാസത്തേക്കുള്ള ശമ്പളവും പല ഇനം തപ്പാലു വകയ്ക്കു് മൊത്തതുകയായി ൧,൬൦൦ രൂപായും ഉൾപ്പെടുത്തിയാണ്.

(മെസ്സർസ് കെ. പി. നീലകണ്ഠപിള്ളയും എ. എസ്. ദാമോദരൻ ആശാനും ഒരേ സമയത്തുതന്നെ ഡാക്ടർ കുഞ്ഞൻപിള്ളയോടു ചോദ്യംതുടങ്ങി)

പ്രസിഡന്റ്: ദയവുചെയ്തു ഓരോരുത്തരും തവണ അനുസരിച്ചുവേണം സംസാരിക്കാൻ.

മി: കെ. പി നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വരുന്ന കാനീഷുകണക്കു സംബന്ധിച്ച് ചെയ്യാനുദ്ദേശിക്കുന്ന ജോലി മുന്നവസരത്തിൽ ചെയ്തിട്ടുള്ളതുപോലെതന്നെയോ എന്നു ഞാൻ പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അല്ല; വരുന്ന കാനീഷുകണക്കെടുക്കലിൽ സ്വല്പം കൂടുതലായ ജോലി ചെയ്യുന്നതിനു ശ്രമിക്കുന്നതാണ്. കാനീഷുകണക്ക് എടുക്കുന്ന അവസരത്തെ ജനങ്ങളുടെ ധനസ്ഥിതി സംബന്ധിച്ചു ഏതാനും വിവരങ്ങൾ ശേഖരിക്കുന്നതിനുംകൂടെ ഉപയോഗിക്കുന്നതിനാണ് ആലോചന.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വരുന്ന കാനീഷ് കണക്കെടുക്കലിനോടൊന്നിച്ചു നടത്തണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്ന ധനകാര്യനിരീക്ഷണത്തിന്റെ ഒരു ഏകദേശരൂപമെങ്കിലും ഈ പതനത്തിൽ മെംബർക്ക് നൽകാൻ കഴിയുമോ എന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ ചോദ്യത്തിനു മറുപടിതരാൻ ഇപ്പോൾ എനിക്കു സാധിക്കുകയില്ല. ഈ അവസരത്തെ ജനങ്ങളുടെ ധനസ്ഥിതി സംബന്ധിച്ചുള്ള ചില വിവരങ്ങൾ ശേഖരിക്കുന്നതിനു ഉപയോഗപ്പെടുത്തണമെന്നു ഗവർമെന്റു എന്നോടു ആവശ്യപ്പെട്ടിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശേഖരിക്കാനുള്ള വിവരങ്ങളുടെ സ്വഭാവമെന്തെന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ ചോദ്യത്തിനു മറുപടി പറയുന്നതിനു ഇപ്പോൾ എനിക്കു സാധിക്കുകയില്ല. ഫാറങ്ങൾ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഒട്ടുവളരെ പ്രാരംഭജോലി നടത്താനുണ്ട്. അപ്പോൾമാത്രമെ ശേഖരിക്കാനുള്ള വിവരങ്ങൾ എങ്ങിനെയുള്ളവ എന്നു തീർച്ചപ്പെടുത്താൻ കഴികയുള്ളു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിവരങ്ങൾ ശേഖരിക്കുന്നതിലേക്ക് ഈ അഭ്യർത്ഥനയിൽ ഉൾപ്പെടുത്തിട്ടുള്ള പണത്തുക എത്ര അല്ലെങ്കിൽ സിൽബന്തികൾ എത്ര?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): നാലു ക്ലാർക്കുമാർ നിയമിക്കപ്പെടും. കഴിഞ്ഞ കാനീഷ് കണക്കെടുക്കലിൽ മാനേജരെ കൂടാതെ രണ്ടു ക്ലാർക്കുമാർ മാത്രമെ നിയമിക്കപ്പെട്ടുള്ളു. അതിനാൽ ഈ കൊല്ലത്തിൽ നിയമിക്കപ്പെടാൻപോകുന്ന രണ്ടു കൂടുതൽ ക്ലാർക്കുമാർ ധനകാര്യക്കണക്കുകൾ ശേഖരിക്കുന്നതു സംബന്ധിച്ചുള്ള ജോലിയെ ഉദ്ദേശിച്ചാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആവശ്യപ്പെടുന്ന തുക എത്രയാണ്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഈ ജോലിക്ക് ഏതു ക്ലാക്കിനെ നിയമിക്കണമെന്നു ഞാൻ തീർച്ചയാക്കിട്ടില്ല. നാലു ക്ലാർക്കുമാരുണ്ട്; ഒന്നു ൩൦ രൂപാവീതവും, വേറൊന്നു ൪൦ രൂപാവീതവും രണ്ടു ൨൦ രൂപാവീതവും. ഈ പ്രത്യേക ജോലിക്കു ഏതു രണ്ടു ക്ലാർക്കുമാരെ നിയോഗിക്കണമെന്ന് എനിക്കു പറയാൻ സാധിക്കുകയില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശേഖരിക്കാനുള്ള വിവരങ്ങളുടെ പരിമാണത്തെപ്പററി യാതൊരു രൂപവുമില്ലാതിരിക്കെ, ഈ വിവരങ്ങൾ എങ്ങിനെ ശേഖരിക്കണമെന്നാണ് ഗവർന്മെൻറ് നിശ്ചയിച്ചിട്ടുള്ളതെന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതിനെപ്പററി ഗവർന്മെൻറിനു ഏകദേശമായ ഒരു ജ്ഞാനമുണ്ട്; ജനങ്ങളുടെ ധനസ്ഥിതിയെപ്പററി ഏതാനും കണക്കുകൾ ശേഖരിക്കാനുണ്ട്; ഗവർന്മെൻറ് ഇതു തീർച്ചയാക്കീട്ടുണ്ട്. ആ ജോലി നിർവഹിക്കുന്നതിനായിട്ടു ഏതാനും ക്ലാർക്കുമാരേയും ഞങ്ങൾക്കാവശ്യമുണ്ട്. ഏതാനും പ്രാരംഭജോലി ചെയ്യാനുള്ളതുകൊണ്ട് ശേഖരിക്കാനുള്ള വിവരങ്ങളുടെ സ്വഭാവത്തെപ്പററി പിന്നീടു തീർച്ചപ്പെടുത്തുന്നതായിരിക്കും.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രാരംഭജോലിയുടെ പരിമാണത്തെപ്പററി അവക്കു യാതൊരു രൂപവുമില്ലാതിരിക്കെ, രണ്ടു ക്ലാർക്കുമാരെ നിയമിക്കണമെന്നു തീർച്ചയാക്കിയത് എന്തിനാണെന്നു പറയാമൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഏതാനും പ്രാരംഭജോലി നടത്താനുണ്ട് ഇതിനായിട്ടു ഗവർന്മെൻറ് രണ്ടു ക്ലാർക്കുമാരെ നിയമിച്ചിട്ടുമുണ്ട്. ഈ രണ്ടു ക്ലാർക്കുമാരും ഫാറങ്ങൾ തയ്യാറാക്കുകയും ആ വിഷയത്തെ സംബന്ധിച്ച പുസ്തകങ്ങൾ വായിക്കുകയും സെൻസസ് കമ്മീഷണരെ തനിക്കു ചെയ്യാനുള്ള ജോലിയിൽ സഹായിക്കുകയും ചെയ്യാനുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ക്ലാർക്കുമാർ സെൻസസ് സംബന്ധിച്ച പുസ്തകങ്ങൾ വായിക്കണമെന്നുദ്ദേശിച്ചിട്ടുണ്ടൊ എന്നു പറയാമൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ), അതു് ചെയ്യും കുറിപ്പുകൾ തയ്യാറാക്കുകയും ഏതേതു ഫാറങ്ങൾ സ്വീകരിക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തുന്നതിൽ കമ്മീഷണരെ സഹായിക്കുകയും കൂടാതെ, രജിസ്ട്രേഷൻ ഡയറക്ടർ മുതലായ പല ഡിപ്പാർട്ടുമെൻറു മേലധ്യക്ഷന്മാരുമായി എഴുത്തുകുത്തുകൾ നടത്തുകയുംകൂടെ അവക്കു ചെയ്യാനുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചെയ്തുതീർക്കാനുള്ള ജോലിയെപ്പററി വല്ല രൂപവും, അതായത്, വല്ല സ്പഷ്ടമായ ജ്ഞാനവും ഗവർന്മെൻറിനുണ്ടൊ എന്നു പറയാമൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ പറഞ്ഞപോലെ ഏതാനും ജോലിചെയ്യേണ്ടതായിരിക്കും ആ ജോലിയുടെ ശരിയായ സ്വഭാവം ഫാറങ്ങൾ തയ്യാറാക്കുന്ന ജോലി തുടങ്ങുമ്പോൾ മാത്രമേ തീർച്ചപ്പെടുത്തുവാൻ കഴികയുള്ളു. ജോലിയുടെ ശരിയായ സ്വഭാവം എന്തായിരിക്കുമെന്ന് ഇപ്പോൾ തീർച്ചയാക്കാൻപാടില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ അഭ്യർത്ഥനയിൽ ഉൾപ്പെടുന്ന തുകയെ സംബന്ധിച്ച ൧൧൨൦ കുംഭമാസത്തെ ബഡ്ജറ്റ് തയ്യാറാക്കിയപ്പോൾ കാനീഷുകണക്കു ൧൧൨൧-ൽ ആരംഭിക്കുന്നതായിരിക്കുമെന്നു ഗവർന്മെൻറിനു അറിയാമായിരുന്നോ എന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ ചോദ്യത്തിനു മറുപടി പറയാൻ എനിക്കു സാധിക്കുകയില്ല. സർ, ഗവർന്മെൻറിൻെറ മനസ്സിൽ അപ്പോൾ ഉണ്ടായിരുന്നത് എന്തായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർ ഗവർന്മെൻറിനു വേണ്ടിയാണൊ സംസാരിക്കുന്നത് എന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ), ഞാൻ തുക അഭ്യർത്ഥിച്ചിട്ടുള്ളതു ഗവർന്മെൻറിനു വേണ്ടിയാണ്. എന്നാൽ ചോദ്യങ്ങൾക്കു മറുപടി പറയുന്നതിനു എന്നോടാവശ്യപ്പെടുമ്പോൾ ഗവർന്മെൻറിൻെറപേക്കു മറുപടി പറയുന്നതിനു എനിക്കു കഴിയുന്നതല്ല. എൻെറപേക്ക് മാത്രമെ അവയ്ക്കു മറുപടിപറയാൻ എനിക്കുകഴിയൂ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എൻെറ ചോദ്യത്തിനു ഗവർന്മെൻറിനു മറുപടി തയ്യാറില്ല എന്നു ഞാൻ അനുമാനിക്കണമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആ ചോദ്യത്തിനു മറുപടി ഗവൺമെൻറിൻെറപേരിൽ പറയുന്നതിനു എനിക്കു സാധിക്കുകയില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ വിവരം എനിക്കു എവിടെനിന്നും കിട്ടുന്നതിനുകഴിയും എന്നു പറയാമോ?

പ്രസിഡൻറ്: നിങ്ങൾ ആവശ്യപ്പെടുന്ന വിവരം വ്യക്തമായിട്ടു എന്താണ്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൯൩൧-ലെ ബഡ്ജററു തയ്യാറാക്കിയപ്പോൾ ൧൯൪൧-ൽ കാനേഷ് കണക്കെടുക്കുക ആരംഭിക്കേണ്ടതാണെന്നും അതിലേക്ക് ഏതാണ്ടു ഒരു തുക ചെലവാക്കേണ്ടിവരുമെന്നും ഗവൺമെൻറു അറിഞ്ഞിട്ടുണ്ടായിരുന്നുവോ എന്നു പറയാമോ?

പ്രസിഡൻറ്: നിങ്ങൾ ഡാക്ടർ കുഞ്ഞൻപിള്ളയോടു ചോദ്യങ്ങൾ ചോദിക്കയും അദ്ദേഹം അവയ്ക്കു മറുപടി നൽകുന്നതിനു കഴിയാതിരിക്കുകയും ചെയ്തതിനാൽ, അതു ഞാൻ പറയാം. തീർച്ചയായിട്ടും പത്തുവർഷങ്ങൾ ചെല്ലുമ്പോൾ സാധാരണയായി കാനേഷ് കണക്കെടുക്കുന്നതാണെന്ന് എല്ലാവർക്കുമറിയാം. ൧൯൩൦-൧൯൩൧-ൽ കാനേഷ് കണക്കെടുക്കേണ്ടതായിരിക്കുമെന്നു ഗവൺമെൻറും ആ സമയത്ത് അറിഞ്ഞിരിക്കണം. എന്നാൽ കാനേഷ് കണക്ക് ഒരു പ്രത്യേകദിവസത്തിൽ നടത്തേണ്ടതാണെന്ന് ഈ ചെല്ലത്തിനിടയ്ക്കു മാത്രമെ അവർ വ്യക്തമായി അറിഞ്ഞിട്ടുള്ളു. ആണ്ടാരംഭത്തിനുമുമ്പുതന്നെ പണംകൊള്ളിക്കുന്നതും ആണ്ടിനിടയ്ക്കു ഒരു സപ്ലിമെൻട്രിയായി ഗവൺമെൻറു അഭ്യർത്ഥിക്കുന്നതും തമ്മിലുള്ള അന്തരം അതുതന്നെയാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവൺമെൻറ് ഈ അഭ്യർത്ഥന കൗൺസിലിൽ കൊണ്ടുവന്നതു ബ്രിട്ടീഷ് ഗവൺമെൻറിൽനിന്നും വല്ല ഉത്തരവുകളോ നിർദ്ദേശങ്ങളോ കിട്ടിയതിൽപിന്നെയാണെന്നു ഞാൻ മനസ്സിലാക്കണമോ?

പ്രസിഡൻറ്: ഞാൻ പറഞ്ഞതു നിങ്ങൾ നല്ലപോലെ ഗ്രഹിച്ചു എന്നു ഞാൻ വിചാരിക്കുന്നില്ല. കാനേഷ്കണക്ക് തിരുവിതാംകോടു ഒരു ദിവസത്തിലും ബ്രിട്ടീഷ് ഗവൺമെൻറ് വേറൊരു ദിവസത്തിലും എടുക്കുന്ന ഒരു വിഷയമല്ല ഇത്. കാനേഷ്കണക്ക ഇന്ത്യയിൽ എല്ലായിടത്തും ഒരു പ്രത്യേകദിവസത്തിൽ എടുക്കേണ്ടതാണ്. ആ ദിവസം തീർച്ചപ്പെടുത്തേണ്ടത് ഇന്ത്യാഗവൺമെൻറാണ്, തിരുവിതാംകോട്ടെ ഗവൺമെൻറ് മാത്രമല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): സംസ്ഥാനത്തെ ധനസ്ഥിതിയെപ്പററി കണക്കുകൾ ശേഖരിക്കുന്നതു സംബന്ധിച്ചുള്ള വല്ല റിപ്പോർട്ടോ നിർദ്ദേശങ്ങളോ സെൻസസ് കമ്മീഷണർ സമർപ്പിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കട്ടെയോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും കമ്മീഷണർ): ഏതാനും നിർദ്ദേശങ്ങൾ ഞാൻ ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. അവയിന്മേൽ ഉത്തരവുകൾ ഒന്നും ഗവൺമെൻറു ഇതുവരെയായി പുറപ്പെടുവിച്ചിട്ടില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കഴിഞ്ഞ അവസരത്തെക്കാൾ ഇത്തവണ കാനേഷ് കണക്കെടുക്കുന്നതിനുള്ള ജോലിയുടെ വലിപ്പം കൂടുതലായിരിക്കുമെന്നു മെമ്പർ പ്രതീക്ഷിക്കുന്നുവൊ എന്നു ഞാൻ ചോദിക്കട്ടെയോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കഴിഞ്ഞ കാനേഷ് കണക്കെടുത്തപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ ഇത്തവണ ജോലിക്കു വലിപ്പം കൂടുതലായിരിക്കത്തക്കവണ്ണം ചില പ്രത്യേക ജോലിചെയ്യാനുണ്ടെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലൊ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ജനസംഖ്യയുടെ തോതുമായ കാനേഷ്കുമാരി എടുക്കുന്ന ജോലി കൂടുതലാകുമോ എന്നു മെമ്പറോടു ഞാൻ ചോദിക്കട്ടെയോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ). ജനസംഖ്യ വർദ്ധിച്ചിരിക്കണം അതിനാൽ കഴിഞ്ഞ കാനേഷ് കണക്കെടുത്തതിനെക്കാൾ കൂടുതൽ ജോലി ചെയ്യാനുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനു കൂടുതൽ ജോലിക്കാർ ആവശ്യമായിരിക്കുമോ എന്നു പറയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കൂടുതൽ എന്യൂമറേറർമാരെ നിയമിക്കണം. കഴിഞ്ഞതവണ ജനസംഖ്യ ൫൦ ലക്ഷം ആയിരുന്നു. ഇത്തവണ അതു ൬൦ ലക്ഷമായി വർദ്ധിച്ചിരിക്കാം. കഴിഞ്ഞതവണ ൩൦൦൦ എന്യൂമറേററർമാരുണ്ടായിരുന്നു. ഇത്തവണ കൂടുതൽ ജോലിചെയ്യാനുള്ളതുകൊണ്ട് ൪൦൦൦ വേണ്ടിവരും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : ഈ സംഗതിയെ സംബന്ധിച്ച് ശുപാർശകൾ ഒന്നു നിയമസഭയിൽ നിന്നും, മറേറതു ധനപരിപോഷണ ബോർഡിൽ നിന്നും-ഇപ്പോൾ ഗവൺമെൻറിൻെറ മുമ്പാകെ തീർച്ചചെയ്യാതെ കിടക്കുന്നുവൊ എന്നു ഞാൻ കൃഷി ഡയറക്ടരോട് ചോദിക്കട്ടെയോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഒരേ സംഗതി സംബന്ധിച്ച രണ്ടു നിർദ്ദേശങ്ങളുണ്ടെന്ന് എനിക്കറിവില്ല. എനിക്കറിയാവുന്നതു ധനപരിപോഷണ ബോർഡും നിയമസഭയും ഏതാനും ശിപാർശകൾ ചെയ്തിട്ടുണ്ടെന്നു മാത്രമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : കണക്കുകൾ ശേഖരിക്കുന്നകാര്യം ഈ ശിപാർശകളിൽ ഏതിൻെറയും പരിധിയിലുൾപ്പെടുമോ? അതൊ അതു അവയിൽ നിന്നും തീരെ വ്യത്യസ്തമാണൊ എന്നു മെമ്പർ എന്നോടു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഗവൺമെൻറ് ഇതുവരെയായിട്ടും ധനപരിപോഷണ ബോർഡിൻെറയൊ നിയമസഭയുടെയൊ ശിപാർശകളിന്മേൽ

ഉത്തരവ് ഒന്നും ചെയ്തിട്ടില്ലാത്തതിനാൽ ആ ചോദ്യത്തിനു മറുപടിതരുന്നതിന് എനിക്കു സാധിക്കയില്ല. എന്നാൽഇതിനിടയ്ക്കു ജനങ്ങളുടെ ധനസ്ഥിതിയെപ്പററി ഏതാനും വിവരങ്ങൾ ശേഖരിക്കുന്നതിനു തീർച്ചയാക്കിയിരിക്കുന്നു. ആയതു് ധനപരിശോധന ബോർഡിൻെറയോ നിയമസഭയുടെയോ ശിപാർശ അനുസരിച്ചാണോ, ഈ ശിപാർശകൾക്കു പുറമെയാണോ, എന്നു പറയാൻ എനിക്കു കഴിവില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : താൻ ചെയ്യാൻ പോകുന്നതിനെപ്പററി തനിക്കു യാതൊരു രൂപവുമില്ലെന്നാണോ മെംബർ പറയുന്നതു്? (ചിരി)

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : എനിക്ക് ഏതാണ്ടു ജ്ഞാനമുണ്ട്. ജനങ്ങളുടെ ധനസ്ഥിതിയെപ്പററി ചില വിവരങ്ങൾ ഞാൻ ശേഖരിക്കാൻ പോകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും) : ഇപ്പോൾ ഗവണ്മെൻറിൻെറ മുമ്പിൽ ഇരിക്കുന്ന ശിപാർശകളെപ്പററി മെംബർക്കറിയാം എന്നു ഞാൻ ഊഹിക്കുന്നു. അവയെ അദ്ദേഹം വായിച്ചിട്ടുമുണ്ടെന്നു ഞാൻ വിശ്വസിക്കയും ചെയ്യുന്നു. അദ്ദേഹത്തിനു വല്ല രൂപവുമുണ്ടെങ്കിൽ ഇപ്പോഴത്തെ അന്വേഷണം ആ ശിപാർശകളിൽ ഏതിനെ എങ്കിലുമനുകരിച്ചാണോ അവയ്ക്കു പുറമെയാണോ എന്നു അദ്ദേഹം എന്നോടു പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഈ പറഞ്ഞ ശിപാർശകളിൽ ഒന്നിനേയുമനുകരിച്ചല്ല എന്നോടു ചെയ്വാൻ ആവശ്യപ്പെട്ടിരിക്കുന്നതു. അതു് അവയിൽ നിന്നു വ്യത്യസ്തമായിരിക്കും. ഞാൻ ചെയ്വാൻ പോകുന്നതു നിയമസഭയും ധനപരിശോധന ബോർഡും ശിപാർശ ചെയ്തിട്ടുള്ള ധനസ്ഥിതി പര്യവേക്ഷണത്തിനു പ്രാരംഭമായി ഏതാനും വിവരങ്ങൾ ശേഖരിക്കുന്ന ജോലിമാത്രമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : അദ്ദേഹം ഇപ്പോൾ ചെയ്വാൻ പോകുന്നതിനെപ്പററി അദ്ദേഹത്തിനു വല്ല രൂപവുമുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഞാൻ ചെയ്വാൻ വിചാരിക്കുന്നതു് ഇന്നതാണെന്നു ചുരുക്കത്തിൽ പറയാം. കാനീഷുമാരി പട്ടികകളിൽ ഏതാനും കാളങ്ങളുണ്ട്; തൊഴിൽ എന്നൊരു കാളമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതിൽ എന്തുമാത്രം ആളുകളുടെ തൊഴിൽ കൃഷിയോ, വ്യവസായമോ എന്നു ചേർക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിചെയ്യുവരുന്ന ഭൂമിയുടെ വിസ്തൃതി, അതിൽ നിന്നും ലഭിച്ചുവരുന്ന ആദായം ആദായംചെലവുകൾക്കു മതിയാകുമോ, കൃഷിക്കാരൻ പണം കടം വാങ്ങുന്നുണ്ടോ, സ്വത്തു് മതിയാകുന്നിടത്തോളം വരവുചെലവുകളെ സന്ധിക്കുന്ന ഒന്നാണോ, ഇത്യാദി വിവരങ്ങൾ കാണിക്കുന്ന കാളങ്ങളും ചേർക്കുന്നതു് സാദ്ധ്യമായിരിക്കും. ഈ വഴികളായി വിവരങ്ങൾ ശേഖരിക്കാൻ കഴിയുമെന്ന് ഞാൻ വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : ഈ വിഷയത്തെ സംബന്ധിച്ചു ഗവണ്മെൻറിൽ നിന്നും അദ്ദേഹത്തിന് കിട്ടീട്ടുള്ള ഉത്തരവ് ഈ സഭയിൽ വായിച്ചു കേൾപ്പിക്കുന്നതിന് അദ്ദേഹത്തിന് വല്ല വിരോധവുമുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഈ വിഷയത്തെപ്പററി ഗവണ്മെൻറിൻെറ ഉത്തരവ് സഭയിൽ വായിക്കുന്നതിന് എതിർക്കേണ്ടവാദമുണ്ടോ എന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ ധനസ്ഥിതിയെ സംബന്ധിച്ച വേലയെപ്പററിയിടത്തോളം ആ ഉത്തരവിൻെറ സ്വഭാവം ഞാൻ വിശദീകരിച്ചു കഴിഞ്ഞു എന്നു മെംബരോടു ഞാൻ ഉറപ്പു പറയാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : അതു സാമ്പത്തികസർവെയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതെന്തുകൊണ്ടാണ്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : സാമ്പത്തിക് സർവെയെപ്പററി ഈ സഭയിൽ ഏതാണ്ട് ദീർഘമായി വിമർശനം ചെയ്തിട്ടുണ്ട്. അതിൻെറ സ്വഭാവത്തെയും വിസ്തൃതിയേയും പററി പൂർണ്ണമായി മെംബർമാർക്കറിയാവുന്നതാണ്. ഇപ്പോൾ ചെയ്വാൻ ഭാവിക്കുന്നതു് പൂർണ്ണമായിട്ടുള്ള സർവേയല്ല. കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി, അതിൽ നിന്നും ലഭിക്കുന്ന ആദായം, എന്നിങ്ങനെയുള്ള ജനങ്ങളുടെ ധനസ്ഥിതിയെപ്പററിയുള്ള ഏതാനും വിവരങ്ങൾ ശേഖരിക്കുകമാത്രമാണ്. സാമ്പത്തിക സർവ്വേ എന്നു പറയുന്നതു അതധികം വ്യാപകമായിട്ടുള്ള ജോലിയാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) : ഈ പറഞ്ഞവ വാസ്തവത്തിൽ സാമ്പത്തിക പര്യവേക്ഷണത്തിൽ ഉൾപ്പെടുന്നില്ലഎന്നു മെംബർ വാദിക്കുന്നുവോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : അവ സർവെയിൽ ഉൾപ്പെടുന്നവയാണ്. എന്നാൽ സർവെയിൽ ഇതു മാത്രമല്ല ഉൾപ്പെടുന്നതു്. ഇപ്പോൾ ചെയ്വാൻ ആലോചിക്കുന്നജോലി സാമ്പത്തികസർവെയുടെ പ്രാരംഭ നടപടിമാത്രമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): അതു് ധനപരിശോധനസർവേയ്ക്കു സഹായിക്കുന്നതായിരിക്കുമെന്നെങ്കിലും മെംബർ വിചാരിക്കുന്നുവോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : അതു പിന്നീടു നടത്താനിരിക്കുന്ന വിപുലമായ സാമ്പത്തികസർവ്വെയെ വളരെ സഹായിക്കുന്നതാണ്.

മി: ഡി. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) : അതു് സാമ്പത്തികസർവേയുടെ ആദ്യത്തെ പടിയാണോ അതോ സാമ്പത്തികസർവേയുടെ ഭാഗമായ പ്രവൃത്തിയാണോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ) : ഗവണ്മെൻറിനുമാത്രം മറുപടി പറയാൻ കഴിയുന്ന ഒരു ചോദ്യമാണിതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രാരംഭ ജോലിയെപ്പററി ഒരു രൂപവുമില്ലാതെ ഈ കണക്കുകൾ ശേഖരിക്കുന്നതിൽ ഗവണ്മെൻറിൻെറ ഉദ്ദേശമെന്താണെന്നു പറയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ജനങ്ങളുടെ വരവുചെലവുകൾ ഇന്നതാണെന്നും അവർ കടത്തിലകപ്പെട്ടവരായിത്തീരുന്നോ എന്നും ഇങ്ങനെയുള്ള ജനങ്ങളുടെ ധനസ്ഥിതിയെപ്പററി ഏതാണ്ട് അറിയുന്നതു് ഗവണ്മെൻറിനും ജനങ്ങൾക്കും ഒരു പോലെ പ്രയോജനമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വിവരങ്ങൾ ശരിയായും പൂർണ്ണമായും കിട്ടാതെ വരുന്നപക്ഷം അതു് ജനങ്ങളെ വഴിതെററിക്കുന്നതിനായി വരുമെന്നു ഗവണ്മെൻറിനറിയാമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കഴിവുള്ളിടത്തോളം ശരിയായ വിവരം ശേഖരിക്കുന്നതിന് ഞങ്ങൾ യഥാശക്തി ശ്രമിക്കുന്നതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശരിയായ വിവരം നൽകുന്നതിനു ജനങ്ങളെ നിർബന്ധിക്കുന്നതായ വല്ല നിയമവുമുണ്ടൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): തല്ക്കാലം നിയമമൊന്നുമില്ല. എന്നാൽ കാനീഷ് സംബന്ധിച്ച് ഒരു റെഗുലേഷൻ നടപ്പാക്കപ്പെടുന്നതും ആ റെഗുലേഷനിൽ തങ്ങളുടെ ധനസ്ഥിതിയെപ്പററി ശരിയായ വിവരം നൽകുന്നതിനു ജനങ്ങളോടു് ആവശ്യപ്പെടുന്ന എന്തെങ്കിലും വ്യവസ്ഥ റെഗുലേഷനിൽ ഉൾപ്പെടുത്തുന്നതു് സാദ്ധ്യമായിരിക്കുന്നതുമാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ശരിയായ വിവരം ശേഖരിക്കുന്നതിനു തനിക്കു കഴിവുണ്ടാകത്തക്കവണ്ണം നിയമമുണ്ടാക്കുന്നതിന് ഏർപ്പാടു ചെയ്യാൻ സെൻസസ് കമ്മീഷണർ ഗവണ്മെൻറിനെ നിർബന്ധിച്ചിട്ടുണ്ടോ എന്നു പറയാമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സെൻസസ് റെഗുലേഷൻ നടപ്പാക്കുന്നതിലേക്കു ഞാൻ ശിപാർശ ചെയ്തിട്ടുണ്ട്. ആവശ്യമെങ്കിൽ കണക്കുകൾ മുതലായവ ശേഖരിക്കുന്നതിനെക്കുറിച്ചുള്ള വ്യവസ്ഥയുംകൂടി അതിലുൾപ്പെടുത്തിക്കൊള്ളാവുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ജോലികൾ ഒരേ സമയത്തുതന്നെ നടത്തപ്പെടാൻകഴിയുമൊ എന്നു പറയാമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞങ്ങൾ ഒരു സാമ്പത്തികസർവേ നടത്തുവാനുദ്ദേശിക്കുന്നില്ല. ഞങ്ങൾ ഏതാനും വിവരങ്ങൾ ശേഖരിക്കുകമാത്രമേ ചെയ്യുന്നുള്ളു. ഇതും കാനീഷ് കണക്കും ഇവരണ്ടും ഒന്നിച്ചുതന്നെ നടത്തപ്പെടാമെന്നു ഞാൻ വിചാരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സാമ്പത്തികസർവേ നടത്തുന്നതിനു ഇപ്പോഴുള്ള ജോലിക്കാർ മതിയാകുമോ എന്നു പറയാമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, ഇല്ല. ഇപ്പോഴുള്ള രണ്ടു ക്ലാർക്കുമാർ എന്നെ എഴുത്തുകുത്തു ജോലിയിൽ സഹായിക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതാണ്; പിന്നീടു കാനീഷ് കണക്കെടുക്കാൻ ഞങ്ങൾ എന്യൂമെറേറർമാരെ ഏർപ്പെടുത്തും, ഈ എന്യൂമെറേറർമാരോടു ജനങ്ങളുടെ ധനസ്ഥിതിയെപ്പററിയുള്ള വിവരം ശേഖരിക്കുന്നതിനും ആവശ്യപ്പെടുന്നതായിരിക്കും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ജനങ്ങളുടെ ധനസ്ഥിതിയെ നിർണ്ണയിക്കുന്നതിനു വിദഗ്ദ്ധന്മാരെ ആവശ്യപ്പെടുമൊ എന്നു പറയാമൊ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞങ്ങൾ ഉദ്ദേശിക്കുന്നവിവരം ശേഖരിക്കുന്നതിലേക്കു വിദഗ്ദ്ധന്മാർ ആവശ്യമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ വിദഗ്ദ്ധജ്ഞാനം ലഭ്യമാണെങ്കിൽ ഞങ്ങൾ അതിനെ ഉപയോഗപ്പെടുത്തുന്നതായിരിക്കും.

ഞാൻ അഭ്യർത്ഥിച്ചിട്ടുള്ള ലീവു സഭ അനുവദിക്കുമെന്നു ഞാൻ ആശിക്കുന്നു.

പ്രസിഡൻറ്: സഭ ലീവു അനുവദിക്കുന്നു എന്നു ഞാൻ മനസ്സിലാക്കട്ടെയൊ?

ലീവു അനുവദിക്കപ്പെട്ടു.

നിയമനിർമ്മാണജോലി.

തിരുവിതാംകോട്ടു മരണപത്രസ്ഥാപനലക്ഷ്യവും ഭരണാധികാരവും ബില്ലിൻെറ അവസാനവായന.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, തിരുവിതാംകോട്ടു മരണപത്രസ്ഥാപനലക്ഷ്യവും ഭരണാധികാരവും ബിൽ മൂന്നാമതായി വായിക്കുന്നതിനു ഞാൻ അനുവാദം ചോദിക്കുന്നു. എന്നാൽ ആ പ്രമേയം അവതരിപ്പിക്കുന്നതിനു മുമ്പായി സഭ തീരുമാനം ചെയ്തിട്ടുള്ളതനുസരിച്ചുള്ള ബില്ലിൻെറ വിധ്യന്തരൂപമായ രണ്ടു ഭേദഗതികൾ ഞാൻ പ്രയോഗിക്കേണ്ടതായിട്ടുണ്ട്. ഒന്നാമത്തേതു് ൯൩-ാം ഖണ്ഡത്തെ സംബന്ധിക്കുന്നതാണ്. അതിനെ സംബന്ധിച്ചു ഞാൻ നിർദ്ദേശിക്കുന്നതു്, ഉപഖണ്ഡം ൨ (എ)-യുടെ അവസാനത്തിൽ കാണുന്ന "ഉം" എന്നതിനെ തള്ളി, ഉപഖണ്ഡിക ൨ (ബി)-യുടെ അവസാനത്തിൽ ഒരു "ഉം" ചേർത്തുകൊള്ളണം എന്നാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭേദഗതി പാസാക്കപ്പെട്ടു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ നിർദ്ദേശിക്കുന്നതിന് അനുവാദം ചോദിക്കുന്ന പിന്നത്തെ ഭേദഗതി ൧൩൬-ാം ഖണ്ഡത്തെ സംബന്ധിച്ചാണ്. അതുസംബന്ധിച്ചു ഞാൻ നിർദ്ദേശിക്കുന്നതു് 'ഒന്നാമത്തെ വാചകം' എന്ന വാക്കുകൾക്കു പിൻപിൽ "തി" എന്നു ചേർക്കണം എന്നാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഭേദഗതി പാസ്സാക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ റെഗുലേഷൻ എന്നു മുതൽ പ്രവൎത്തനത്തിൽ വരുന്ന ഒരു തീയതിയെ സഭ നിശ്ചയിക്കേണ്ടതായിരിക്കുന്നു. ൧൧൦൯ ചിങ്ങം ൧-ാം തീയതി അതിന്റെ പ്രവൎത്തനം ആരംഭിക്കണമെന്നു ഞാൻ നിർദ്ദേശിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ അതു പിൻതാങ്ങുന്നു.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): റെഗുലേഷന്റെ ചുരുക്കപ്പേരു സംബന്ധിച്ച്, ൧൧൦ എന്നുള്ള അക്കങ്ങൾക്കു പിമ്പായി ൭ എന്ന അക്കം ചേർക്കേണ്ടതാണെന്നും കൂടി ഞാൻ നിർദ്ദേശിക്കുന്നു. അവിടെ കുറച്ചു സ്ഥലം വിട്ടിട്ടുണ്ട്.

പ്രസിഡന്റ്: അതിനെ ൧൧൦൭ എന്നു വരുത്താൻവേണ്ടി.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): തിരുവിതാംകോട്ടു മരണപത്രസ്ഥാപനലക്ഷ്യവും ഭരണാധികാരവും ബിൽ ഈ സഭയാൽ ഭേദപ്പെടുത്തപ്പെട്ട രൂപത്തിൽ അവസാനമായി പാസാക്കപ്പെടണമെന്നു ഞാൻ വിധ്യന്തരൂപമായി ഇപ്പോൾ അഭിപ്രായപ്പെടുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

ഉപക്ഷേപം സ്വീകരിക്കപ്പെടുകയും ബിൽ പാസാക്കപ്പെടുകയും ചെയ്തു.

ഭൂസംരക്ഷണ റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഭൂസംരക്ഷണ റെഗുലേഷൻ ഭേദഗതി ബില്ലിന്മേൽ സിലക്ട്കമ്മിററിയുടെ റിപ്പോർട്ട് ഞാൻ സമർപ്പിച്ചുകൊള്ളുന്നു. റിപ്പോർട്ടിൻപ്രകാരമുള്ള ബിൽ ആലോചനയ്ക്കായി എടുക്കപ്പെടണമെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സിലക്ട്കമ്മിററി റിപ്പോർട്ടു ചെയ്തിട്ടുള്ളപ്രകാരം ബില്ലിനു ഭേദഗതികൾ ഒന്നും വരുത്തീട്ടില്ല. അതിനാൽ ബിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളപ്രകാരവും സഭയിൽ ഇന്ന് അനുവദിച്ചിട്ടുള്ളപ്രകാരവും ഇനിയുമൊരു ദിവസത്തിൽ എടുക്കപ്പെടുകയും പാസാക്കപ്പെടുകയും ചെയ്യണമെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

റവന്യൂ സമൺസ് റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ റവന്യൂസമൺസ് റെഗുലേഷൻ ഭേദഗതി ബില്ലിന്മേൽ സിലക്ട്കമ്മിററിയുടെ റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുകയും റിപ്പോർട്ടിൻപ്രകാരമുള്ള ബിൽ ആലോചനയ്ക്കായി എടുക്കേണ്ടതാണെന്ന് ഉപക്ഷേപം ഹാജരാക്കുകയും ചെയ്യുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഭേദഗതികൾ ഒന്നുമില്ല. അതിനാൽ കമ്മിററിറിപ്പോർട്ടു ചെയ്തിട്ടുള്ള പ്രകാരവും ഇന്നു സഭ അനുവദിച്ചിട്ടുള്ള പ്രകാരവും, ബിൽ ഇനിയുമൊരു ദിവസം എടുക്കപ്പെടുകയും പാസാക്കപ്പെടുകയും വേണ്ടതാണെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

ജന്മികുടിയാൻ റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): സർ, ൧൦൯൨-ാമാണ്ടത്തെ ൫-ാം റെഗുലേഷനായ ജന്മികുടിയാൻ റെഗുലേഷനെ ഭേദപ്പെടുത്തുന്നതായ ഒരു ബിൽ അവതരിപ്പിക്കുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു. ബിൽ ഉദ്ദേശങ്ങളോടും കാരണങ്ങളോടും കൂടി ഗസററിൽ പരസ്യപ്പെടുത്തിയിരിക്കുന്നു. ബിൽ ഇപ്പോൾ സഭയിൽ വായിക്കപ്പെടണമെന്നു ഞാൻ ഉപക്ഷേപം ഹാജരാക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രിട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ ഭേദഗതിബില്ലിൽ അന്തർഭവിച്ചിട്ടുള്ള സാമാന്യതത്വങ്ങളെ വിശദപ്പെടുത്തുവാൻ ഞാൻ ഇപ്പോൾ ആരംഭിക്കുന്നു. പക്ഷെ, മുഖപുരയായിട്ടു, ഈ ബിൽ തയ്യാറാക്കുന്നതിനു കാരണമായിത്തീർന്നിട്ടുള്ള സംഗതികളുടെ ഒരു ചുരുക്കം ഞാൻ പറയാം. കാണംതാലൂക്കിന്മേൽ പഴക്കമുള്ള ഈ റെഗുലേഷനിൽ ഏതാനും ഭേദഗതികൾ വരുത്തുന്നത് ആവശ്യമായിരുന്നു. ഗവർമ്മെന്റ് ഈ സംഗതിയെപ്പററി കുറെക്കാലമായിട്ട് ആലോചിക്കയുമായിരുന്നു. വാസ്തവത്തിൽ ൧൧൦൬-ാമാണ്ടിൽ ഈ സഭയിൽ അവതരിപ്പിക്കുന്നതിനായി ഒരു ഭേദഗതി ബിൽ തയ്യാറാക്കി ഗസററിൽ പരസ്യപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. എന്നാൽ ജന്മിമാരും കുടിയാന്മാരും ബില്ലിനെ സംബന്ധിച്ചു പരാതിയുണ്ടായിരുന്ന എന്ന യോഗത്തിൽ ഒരുമിച്ചുകൂടുകയും ഒരു സന്ധിയിലെത്തുന്നതിനു കഴിയുന്നതല്ലെ എന്നാലോചിക്കുന്നതിനു ഗവർമ്മെന്റ കുറെകാലം ചെലവാക്കുകയും ചെയ്തിട്ടുണ്ട്. കാരണം ഗവർമ്മെന്റ വിശ്വസിക്കുന്നതു ഇരുഭാഗക്കാരുടെയും സഹകരണത്തോടുകൂടി അവർ പ്രവർത്തിക്കുന്നതു വളരെപ്രധാനമായിട്ടുള്ളതാണ് എന്നാണ്. അതിനാൽ സംഗതി തീരുമാനിക്കുന്നതിലേക്ക് എല്ലാകക്ഷികളും ഇടപ്പെടുന്നതായ ഒരു സൗഹാർദ്ദസമ്മേളനം നടത്തണമെന്നു ഗവർമ്മെന്റ വിചാരിച്ചു. ആ വിഷയം ആലോചിച്ചുകൊണ്ടിരിക്ക-

എന്നാൽ സഭയ്ക്കു അറിയാവുന്നതുപോലെ, ഈ സഭയിൽ ഈ വിഷയത്തെപ്പററിതന്നെ ഒരു ബിൽ അവതരിപ്പിക്കുന്നതിലേയ്ക്കു സാമാജികനായ മി: എ. ജി. മേനോൻ സഭയുടെ അനുവാദം ചോദിക്കയുണ്ടായി.

കാൺഫറൻസിന്റെ ഘടനയും അവസാനമായി തീർച്ചപ്പെടുത്തി, ഈ സഭയിലെ അനൌദ്യോഗസ്ഥ സാമാജികന്മാരോടു കാൺഫറൻസിലേക്കു രണ്ടുപേരെ തിരഞ്ഞെടുക്കണമെന്നു ആജ്ഞാപിക്കുകയും ചെയ്തു. ജന്മിമണ്ഡലവും കാൺഫറൻസിലേക്കു രണ്ടുപേരെ തിരഞ്ഞെടുക്കുന്നതിനു ആജ്ഞാപിക്കപ്പെട്ടു. യോഗങ്ങൾ ഏഴുദിവസത്തേക്കു ദീർഘമായ ആലോചന നടത്തിക്കൊണ്ടുമിരുന്നു. ഏകാഭിപ്രായമായ ഏതാനും തീർച്ചകളിലെത്തുകയും ചെയ്തു. അവയുടെ പ്രതികരം ഇപ്പോൾ മെമ്പറന്മാരുടെ കൈയ്യിലുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബിൽ തയ്യാറാക്കി സഭയുടെ മുമ്പാകെ വയ്ക്കുന്നതിലുള്ള എന്റെ യത്നം കാൺഫറൻസിന്റെ തീർച്ചകളെ സാദരം നിർവഹിക്കുന്നതിലേക്കാത്രേ. ഈ ബില്ലിൽ ഞാൻ ഏതാനും ആനുഷംഗികമായ മാററങ്ങളെ ഫലിപ്പിക്കുന്നതിനോ ഭാഷയിൽ ചില ഭേദങ്ങൾ വരുത്തുന്നതിനോ അല്ലാതെ വേറെയാതൊന്നും ഉൾപ്പെടുത്തിട്ടില്ല. ഈ ബിൽ ഒരു ഭേദഗതിബിൽ ആണെങ്കിലും, പല മാററങ്ങളുമുണ്ടാക്കുന്നതാണ്. സഭയിലെ എല്ലാമെമ്പർമാർക്കും കാൺഫറൻസിന്റെ തീർച്ചകൾ കൈവശമുള്ളതുകൊണ്ടു. ഈ മാററങ്ങളെക്കുറിച്ചു ഇന്നു പ്രതിപാദിക്കുന്നതിനു പ്രത്യേക ആവശ്യമില്ലായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാൺഫറൻസിൽ കുടിയാന്മാരുടെ പ്രതിനിധികളുണ്ടായിരുന്നോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ടായിരുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ആരെല്ലാം?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). ജന്മിമാരെ കൂടാതെയുള്ള അനൌദ്യോഗസ്ഥ മെമ്പർമാർ രണ്ടു പേർ സഭ തിരഞ്ഞെടുത്തതും, ഗവണ്മെന്റു നിയമിച്ച മിസ്റ്റർ എ. ജി. മേനോനും, ഇങ്ങിനെ മൂന്നു പ്രതിനിധികളുണ്ടായിരുന്നു. ജന്മിമാരെപ്പോലെ കുടിയാന്മാരെയും പക്ഷെ, പ്രതിനിധീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ ഈ സഭയാൽ തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാർ കുടിയാന്മാരുടെ ക്ഷേമത്തെപ്പററി വാദിച്ചു എന്നു ഞാൻ വിചാരിക്കുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ആ അനുമാനം മെമ്പർക്കു ലഭ്യമാകുന്നതെങ്ങിനെ എന്നു പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാർ കുടിയാന്മാരുടെ ക്ഷേമത്തെപ്പററി വാദിച്ചു എന്നു വാസ്തവമായി എനിക്കറിയാവുന്നതുകൊണ്ടു ഞാൻ കാൺഫറൻസിൽ സന്നിഹിതനായിരുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). അദ്ദേഹം കുടിയാന്മാരുടെ പക്ഷം വാദിച്ചുവോ എന്നു പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). ഞാൻ ഗവണ്മെന്റിനെ പ്രതിനിധീകരിച്ചു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ചാരമെമ്പർ പ്രസ്താവിച്ചതു ജന്മിമാരെ ഒഴിച്ചു എല്ലാ സാമാജികന്മാരും കുടിയാന്മാരുടെ ക്ഷേമത്തെ പ്രതിനിധീകരിച്ചു എന്നാണ്. കുടിയാന്മാരെ പ്രതിനിധീകരിച്ചു സാമാജികന്മാരുടെ പേരുകൾ പ്രത്യേകം പറയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). ജന്മിമാരെ ഒഴിച്ചുള്ള തിരഞ്ഞെടുക്കപ്പെട്ട എല്ലാ സാമാജികന്മാരും കുടിയാന്മാരെ പ്രതിനിധീകരിച്ചു. പക്ഷെ സാമാജികന്മാർ പ്രതിനിധീകരിച്ച പ്രത്യേക ജനവിഭാഗത്തെ നിർണ്ണയിക്കുന്നതു സാദ്ധ്യമല്ലായിരിക്കാം. വാസ്തവം ഇങ്ങിനെയാണ്. ജന്മിമാർ തങ്ങളുടെ ക്ഷേമത്തെ പ്രതിനിധീകരിക്കുന്നതിലേക്കു രണ്ടു പേരെ തിരഞ്ഞെടുക്കുന്നതിനാജ്ഞാപിക്കപ്പെട്ടു. ഈ സഭയും കാൺഫറൻസിലേക്കു രണ്ടുപേരെ തിരഞ്ഞെടുക്കുന്നതിനാജ്ഞാപിക്കപ്പെട്ടു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). തിരുവിതാംകോട്ടെ ജനങ്ങളിൽ ജന്മിമാരും കുടിയാന്മാരും മാത്രം ഉൾപ്പെട്ടതല്ല എന്നു ഞാൻ മനസ്സിലാക്കണമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). വസ്തു ഉടമസ്ഥത ഇല്ലാത്ത യാതൊരുത്തരും പ്രതിനിധീകരിക്കപ്പെട്ടില്ല എന്നു പറയാത്ത പക്ഷം അപ്രകാരമായിരിക്കാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ജന്മിമാരുടെ വസ്തു എന്നു അദ്ദേഹം ഉദ്ദേശിക്കുന്നുവോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). ഏതെങ്കിലും വസ്തു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). സംസ്ഥാനത്തിന്റെ വിസ്തൃതിയിൽ ഏവ ശതമാനം മാത്രമേ ജന്മവസ്തുക്കളായിട്ടുള്ളു എന്നു ആ മെമ്പർക്കു അറിയാമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ). ഇപ്പോൾ എനിക്കു പറയാൻ സാധിക്കയില്ല. അതിൽ കൂടുതലായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) മെമ്പറുടെ ശ്രദ്ധയെ ഞാൻ കുറെച്ചു നേരത്തേയ്ക്കു ...

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): വേണ്ടാ, ആവശ്യമില്ല. തല്ക്കാലത്തേയ്ക്കു ഞാൻ മെമ്പറുടെ ഉറപ്പിനെ സ്വീകരിക്കുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തീർച്ചപ്പെടുത്തേണ്ടുന്നതു ഞാൻ ആഗ്രഹിക്കുന്നതു ഈ സഭയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാർ കുടിയാന്മാരെ പ്രതിനിധീകരിച്ചുവോ എന്നാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സഭ കുടിയാന്മാരെ പ്രതിനിധീകരിക്കുന്നു എന്നു ഞാൻ പറയുന്നില്ല. രണ്ടു പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനു ഈ സഭയോടാജ്ഞാ

ച്ചു. സമ്മതിദായകന്മാർ ജന്മിമാരെയും കുടിയാന്മാരെയും പ്രതിനിധീകരിച്ചു എങ്കിലും അവർ കുടിയാന്മാരെ പ്രതിനിധീകരിച്ചു എന്നാണ് എന്റെ വിശ്വാസം. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കുടിയാന്മാരെ പ്രതിനിധീകരിച്ചു എന്നുള്ളതു അനിഷേധ്യമാണ്. നിയമേന അവർ പക്ഷേ ജന്മിമാരെയും കുടിയാന്മാരെയും പ്രതിനിധീകരിച്ചു എന്നുവരാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിയാന്മാരുടെ ക്ഷേമത്തെ പ്രതിനിധീകരിക്കുന്നതിനു ഈ സഭയിൽ നിന്നു രണ്ടു സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിൽ ഗവണ്മെന്റിനുണ്ടായിരുന്ന കാരണങ്ങളെന്തായിരുന്നു എന്നു പറയാമോ?

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു പറയുന്നതിനു എനിക്കു കഴിയുന്നതല്ല. സംബന്ധിച്ച എഴുത്തുകുത്തുകൾ ഇപ്പോൾ എന്റെ പക്കൽ ഇല്ല. വിമർശനവിഷയത്തിനു അതു ആവശ്യവുമില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ഈ കാൺഫറൻസിൽ കുടിയാന്മാരെ പ്രതിനിധീകരിക്കേണ്ടതാണെന്നു ചില ആളുകളിൽ നിന്നു നിവേദനങ്ങൾ ഗവണ്മെന്റിനു കിട്ടീട്ടുണ്ടോ എന്നു പറയാമോ?

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ), എനിക്കു പറയാൻ സാധിക്കയില്ല. പക്ഷേ അങ്ങിനെ ചെയ്തിരിക്കാം. പക്ഷേ അങ്ങിനെ ചെയ്തിട്ടില്ലായിരിക്കാം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും). ഈ കാൺഫറൻസിൽ മുമ്പേ തന്നെ ഒരു ജന്മി സാമാജികനുണ്ടായിരിക്കെ ജന്മിമാരിൽ നിന്നും രണ്ടു സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനു കാരണമെന്തായിരുന്നു എന്നു പറയാമോ?

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ), ആ വിവരം എന്റെ പക്കലില്ലാത്തതിനാൽ ഇപ്പോൾ എനിക്കു അതു പറയാൻ സാധിക്കയില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും), അതു പോലെ തന്നെ കാൺഫറൻസിൽ ഏതാനും കുടിയാന്മാരും പ്രതിനിധികളായിരിക്കേണ്ടതായിരുന്നു. അങ്ങിനെ ചെയ്തിട്ടില്ല.

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ), സഭയുടെ സ്വീകരണത്തിനായി ഞാൻ ഒരു ബിൽ അവതരിപ്പിക്കുന്നു. വാദപ്രതിവാദം ഇപ്പോൾ സൌഹാർദ്ദസമ്മേളനത്തിന്റെ ഘടനയെ പരിവർത്തിക്കുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), കാൺഫറൻസിൽ എടുത്തിട്ടുള്ള തീർച്ചകളെ സംബന്ധിച്ചു ലാ മെമ്പർ ഇത്ര ബലപ്പെടുത്തി സംസാരിക്കുന്നതു എന്തു കൊണ്ടാണെന്നു പറയാമോ?

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ), അതു ബിൽ രൂപീകരിക്കുന്നതിനു പ്രാരംഭമായിരുന്നതു കൊണ്ടു, അതായിരുന്നു ബില്ലിന്റെ അടുത്തതായ കാരണം. ബിൽ കാൺഫറൻസിന്റെ തീർച്ചകളെ ആശ്രയിച്ചാണ് ഇരിക്കുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും), സഭയുടെ ഈ വശത്തു വസ്തു ഉടമസ്ഥതയില്ലാത്ത മെമ്പർമാരുള്ളതു മെമ്പർ അറിയുമോ എന്നു പറയാമോ?

മി. കല്ലുവാതുക്കൽ പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ), ആ ചോദ്യത്തിനു മറുപടി പറയാൻ ഞാൻ തയ്യാറില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും), വസ്തു ഉടമസ്ഥതയുള്ള മെമ്പർമാരുള്ളതു മെമ്പർ അറിയുമോ എന്നു പറയാമോ?

പ്രസിഡെന്റ്, കാൺഫറൻസിലേക്കു തിരഞ്ഞെടുക്കപ്പെട്ട രണ്ടു സാമാജികന്മാർ കുടിയാന്മാരെയും ജന്മിമാരെയും ഒരു പോലെ പ്രതിനിധീകരിക്കുന്നതിനായിരുന്നു എന്നു വിദ്വാനായ ലാമെമ്പർ പറഞ്ഞപ്പോൾ അദ്ദേഹം ചോദ്യത്തിനു ശരിയായി മറുപടി കൊടുത്തു എന്നു ഞാൻ വിചാരിക്കുന്നില്ല. രണ്ടു കുടിയാന്മാരെ കാൺഫറൻസിൽ സംബന്ധിക്കുന്നതിനു തിരഞ്ഞെടുക്കണമെന്നു കൌൺസിൽ ആജ്ഞാപിക്കപ്പെട്ടു. കഴിഞ്ഞ ഡിസംബർ ൭-ാം തീയതി കൂടിയ സമ്മേളനത്തിൽ ഇതായിരുന്നു പ്രസിഡന്റ് പ്രസ്താവിച്ചതു,

"അതിനാൽ നിങ്ങൾ ഡിപ്പൂട്ടിപ്രസിഡന്റിന്റെ ആദ്ധ്യക്ഷ്യത്തിൽ ഈ കാൺഫറൻസിൽ സംബന്ധിക്കുന്നതിനായി രണ്ടു കുടിയാന്മാരെ തിരഞ്ഞെടുക്കുന്നതിനായി കൂടണമെന്നു ഞാൻ ആജ്ഞാപിക്കുന്നു".

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ഈ ബിൽ കാൺഫറൻസിലെ തീർച്ചകളുടെ ഫലമാണ്. പക്ഷെ, ഈ ഭേദഗതി ബില്ലിനാൽ ഉൾപ്പെടുത്തപ്പെട്ട അനേകങ്ങളായ ഭേദഗതികളെ പരാമർശിക്കുന്നതു ആവശ്യമല്ലാതെയിരിക്കാം. എന്നാൽ പ്രധാനങ്ങളായ ചില ഭേദഗതികളെപ്പറ്റി ഞാൻ പറയാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), ഈ കൌൺസിലിനു രണ്ടു കുടിയാന്മാരെ തിരഞ്ഞെടുക്കുന്നതിനുള്ള അവകാശമുണ്ടെന്നു ലാമെമ്പർക്കു അഭിപ്രായമുണ്ടോ;

പ്രസിഡന്റ്: ദയവുചെയ്തു കൂടക്കൂടെ ലാമെമ്പറെ തടസ്സം ചെയ്യാതിരിക്കണം.

മി. കല്ലുവാതുക്കൽ പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ബില്ലുമൂലം ഉളവാക്കുന്ന പ്രധാനമാററങ്ങളിലൊന്നു ഇതാണ്. നിലവിലിരിക്കുന്ന നിയമപ്രകാരം ചില കാരണങ്ങളാൽ ഒരു കുടിയാനെ ഒഴിപ്പിക്കുന്നതിനു ഒരു ജന്മിക്കു സ്വാതന്ത്ര്യമുണ്ട്. ഏതാനും സംഗതികളിൽ തന്റെ വസ്തു ഒഴിഞ്ഞുകൊടുക്കുന്നതിനു കുടിയാനു സ്വാതന്ത്ര്യമുണ്ട്; ഈ അവകാശവും—ജന്മിക്കു ഒഴിപ്പിക്കാനുള്ള അവകാശവും, കുടിയാനു ഒഴിഞ്ഞുകൊടുക്കാനുള്ള അവകാശവും—മുഴുവനായി ഇല്ലാതായിത്തീരുന്നു. ബില്ല് ഉളവാക്കിച്ചിട്ടുള്ള പ്രധാന മാററങ്ങളിൽ ഒന്നു ഇതാണ്. എന്നാൽ ഒരു കുടിയാനെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം അയാൾ ഒടുക്കേണ്ടതുകയെ കണിശമായി ഒടുക്കുന്നതിനു അയാളെ നിഷ്കർഷിക്കുന്നതിനു ഒരു ശക്തിയായ ആയുധമാണെന്നു അനുഭവപ്പെട്ടിരിക്കുന്നു. അതിനാൽ അതിനുപകരമായി അയാളുടെ കുടിശ്ശികയിൽ ഒരു ചുരുങ്ങിയ ശതമാനം നഷ്ടം ആവശ്യപ്പെടുന്നതിനുള്ള അവകാശം ജന്മിക്കു കൊടുത്തിരിക്കുന്നു. ബില്ല് ഉളവാക്കുന്ന പ്രധാ

നമായ വേറൊരു മാററം കുടിയാനു തന്റെ വസ്തു അനുഭവിക്കുന്ന വിഷയത്തിൽ പൂർണ്ണസ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു എന്നുള്ളതാണ്. അയാൾ പറമ്പുകളെ വയലുകളായും, വയലുകളെ പറമ്പുകളായും മാററുന്നതിനും തന്റെ വസ്തുവിൽ തനിക്കു ബോധിച്ചപ്രകാരം എന്തും ചെയ്തുകൊള്ളുന്നതിനും അനുവദിക്കപ്പെട്ടിരിക്കുന്നു. വസ്തു അനുഭവിക്കുന്നതിലുള്ള പൂർണ്ണസ്വാതന്ത്ര്യത്തിന്റെ ഭാഗമായിട്ടു വൃക്ഷങ്ങൾ വെട്ടുന്നതിനുള്ള അവകാശം അയാൾക്കു കൊടുത്തിരിക്കുന്നു. ഇപ്പോഴുള്ള വൃക്ഷങ്ങളുടെ കാര്യത്തിൽ വൃക്ഷങ്ങൾ വെട്ടുന്നതിനുള്ള അവകാശം കുടിയാന്മാർക്കു കൊടുത്തിരിക്കുന്നു എങ്കിലും തടിവിലയെ സംബന്ധിച്ചിടത്തോളം നിലവിലിരിക്കുന്ന നിയമപ്രകാരം അവ ജന്മിമാർക്കുള്ളതാകയാൽ, തടിവിലയിൽ ൩-ൽ ൧ ഭാഗം ജന്മിമാർക്കും വൃക്ഷങ്ങളെ വളർത്തി സൂക്ഷിക്കുന്നതിനുള്ള വിലയ്ക്കു ശിഷ്ടമായ ൨ ഭാഗം കുടിയാന്മാർക്കും കൊടുക്കേണ്ടതാണ്.

വസ്തുവിൽ മേലാൽ വളരാവുന്ന വൃക്ഷങ്ങളുടെ കാര്യത്തിൽ അവയെ വെട്ടുന്നതിനും അവ്യവസ്ഥിതമായി കൈവശപ്പെടുത്തുന്നതിനുമുള്ള അവകാശം കുടിയാനു വിട്ടുകൊടുത്തിരിക്കുന്നു. എന്നാൽ നിലവിലിരിക്കുന്ന നിയമപ്രകാരം ജന്മിമാർക്കു വൃക്ഷങ്ങളിന്മേൽ അവകാശമുള്ളതുകൊണ്ടു ഫലവൃക്ഷങ്ങളുടെമേൽ കരം ചുമത്തുന്നതുപോലെ ഓരോ തരം വൃക്ഷത്തിന്മേലും ചുരുങ്ങിയ ഒരു കരം ചുമത്തുന്നതിനു ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഇവയത്രെ വസ്തു അനുഭവക്കാരന്റെ കാര്യത്തിൽ ഈ ബില്ലിനാൽ വരുത്തണമെന്നുദ്ദേശിച്ചിട്ടുള്ള സർവപ്രധാനങ്ങളായ മാററങ്ങൾ. ജന്മിഭോഗം അതായതു ജന്മിമാർക്കു ചെല്ലേണ്ടുന്ന തുകകളെ സംബന്ധിച്ചു വരുത്തിട്ടുള്ള സർവപ്രധാനമായ മാററം പൊളിച്ചെഴുത്തുഫീസും പതിവായ ഭോഗങ്ങളും സംബന്ധിക്കുന്നവയാണ്. നിലവിലിരിക്കുന്ന നിയമപ്രകാരം പൊളിച്ചെഴുത്തുഫീസ് ൧൨ വർഷത്തിലൊരിക്കൽ ഒന്നായി കൊടുക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഉദ്ദേശിക്കുന്നതു ഈ സംഖ്യയെ വർഷാന്തതുകകളായി വിഭജിക്കുന്നതിനും പൊളിച്ചെഴുത്തുഫീസിനെ ഓരോവർഷത്തിലും മിച്ചവാരത്തോടുകൂടെ കൊടുക്കത്തക്കവണ്ണം വിഭജിക്കുന്നതിനുമാണ്. അങ്ങിനെതന്നെ പതിവായ ഭോഗങ്ങളും മേലാൽ മിച്ചവാരത്തോടുകൂടി കൊടുക്കത്തക്കവണ്ണം വർഷാന്തസംഖ്യകളായി വിഭജിക്കപ്പെടണമെന്നുദ്ദേശിച്ചിട്ടുണ്ട്. കുടിയാൻ കൊടുക്കേണ്ടിയതുകയിൽ ഒരു നിശ്ചിതഭാഗം വർഷംതോറും കൊടുക്കുന്നതിനല്ലാതെ പന്ത്രണ്ടുവർഷങ്ങളുടെ അവസാനത്തിലോ മററു വല്ല ക്ലിപ്തകാലാവധിയുടെ ശേഷമൊ മൊത്തതുകയായി കൊടുക്കുന്നതിനു അയാളോടു ആവശ്യപ്പെടുന്നതല്ല.

മിക്കവാറും ഇതിന്റെ ഒരു ഫലമായി കുടിയാന്റെ അനുഭവത്തെ സംബന്ധിച്ച വ്യവസ്ഥകളെ പുതുക്കുന്നതിനുള്ള കാലാവധിയുടെ സംഗതിയെപ്പററി ആലോചിക്കുന്നതിനുള്ള ആവശ്യം നേരിട്ടു. ഇപ്പോൾ പതിവും വാസ്തവത്തിൽ നിയമവും മിച്ചവാരം കൂട്ടിയോ കുറച്ചോ പുതുക്കുന്നതു പന്ത്രണ്ടുവർഷത്തിലൊരിക്കൽ ആവാം എന്നാണ്. ഈ ബില്ലിൽ ഉദ്ദേശിക്കുന്നതു ആ കാലാവധി നീട്ടുന്നതിനും അതു ഇരുപതു വർഷത്തിലൊരിക്കൽ മാത്രമെ ആകാവു എന്നും നിയമമുണ്ടാക്കുന്നതിനാണ്; അതിനാൽ ജന്മിക്കു കൂട്ടുതലിനും കുടിയാനു കുറവിനും അവകാശപ്പെടുന്നതിനു ൨൦ വർഷങ്ങൾക്കുശേഷം മാത്രമെ കഴിവുണ്ടാകയുള്ളു.

സാരമായ വേറൊരുമാററം വരുത്തിട്ടുള്ളതു തേയിലയും റബ്ബറും കൃഷിചെയ്യുന്ന ഭൂമികളെ സംബന്ധിക്കുന്നതാണ്. നിലവിലിരിക്കുന്ന നിയമപ്രകാരം തേയിലച്ചെടിയും റബ്ബർവൃക്ഷങ്ങളും യാതൊരു നികുതിഭോഗത്തിനും അധീനമല്ല. എന്നാൽ ഭൂമികളുടെ വമ്പിച്ചഭാഗങ്ങളിൽ ഇപ്പോൾ തേയിലയും റബ്ബറും കൃഷിനടത്തിവരുന്നതിനാൽ ഈ നിബന്ധനയാൽ ജന്മിക്കു അങ്ങിനെയുള്ള ഭൂമികളിൽ ഏക്കർ ഒന്നിനു ഒരു ചെറിയ നികുതികൊടുക്കേണ്ടതാണെന്നു ഉദ്ദേശിച്ചിട്ടുണ്ട്. അടയ്ക്കേണ്ടിയ തുകകളെ വസൂൽചെയ്യുന്ന സമ്പ്രദായം സംബന്ധിച്ചു തുകകളെ വേഗത്തിലും കണിശമായും ഈടാക്കുന്നതിനു സൗകര്യമുണ്ടാകത്തക്കവണ്ണം കുടിശ്ശിക ഒരു വർഷത്തിലധികമുള്ളതല്ല. അതായതു ചുരുക്കത്തിൽ പറയുമ്പോൾ തന്നാണ്ടു കുടിശ്ശികയാണ് എങ്കിൽ അവയെ കരമിടാക്കുന്ന രീതിയനുസരിച്ചു വസൂൽചെയ്യാവുന്നതാണെന്നു ഉദ്ദേശിച്ചിരിക്കുന്നു. ഒരു വർഷത്തിലധികം പഴക്കമുള്ള കുടിശ്ശികതുകകളെ ജന്മി ഒരു നീതിന്യായകോർട്ടിൽ വ്യവഹാരം നടത്തി ഈടാക്കിക്കൊള്ളേണ്ടതുമാകുന്നു. കാലഹരണാവധി ഇതുവരെ ൧൨ വർഷങ്ങളായിരുന്നതിനെ ൩ വർഷങ്ങളാക്കി കുറക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. തന്മൂലം കുടിശ്ശികതുകകൾ കുമിഞ്ഞുവരുന്നതിനിടയാകാതെ വേഗത്തിൽ അവയെ പിരിച്ചെടുക്കുന്നതിനു ജന്മിക്കു പ്രോത്സാഹനമുണ്ടാകുന്നു.

പിന്നെയും രണ്ടു നടപടിക്രമത്തിന്റെ സംഗതികളിലും ചില മാററങ്ങൾ വരുത്താൻ ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടുണ്ട്. നായർ, ഈഴവ റെഗുലേഷനുകൾ നടപ്പായതിൽപിന്നെ മിക്കപ്പോഴും സംഭവിക്കാവുന്നതുപോലെ ഒരു വസ്തു ഭാഗം ചെയ്യപ്പെടുമ്പോൾ വസ്തുവിന്മേൽ ചുമത്തിട്ടുള്ള മിച്ചവാരവും കാണയർത്ഥവും വിഭജിക്കേണ്ടതെങ്ങിനെ എന്നു ഒരു ചോദ്യമുണ്ടാകുന്നു. നിലവിലിരിക്കുന്ന നിയമപ്രകാരം ജന്മിഭോഗത്തെയോ കാണയർത്ഥത്തെയോ വിഭജിക്കുന്നതിനു ജന്മിയേയോ കുടിയാനെയോ നിർബന്ധിക്കുന്നതു സാദ്ധ്യമല്ല. പുതിയ നിബന്ധനയിൽ ആവശ്യമുള്ളപക്ഷം ഒരു നീതിന്യായകോർട്ടിൽ വ്യവഹാരപ്പെടുന്നതിനാൽ വസ്തുക്കളിന്മേൽ ചുമത്തിട്ടുള്ള മിച്ചവാരത്തേയോ കാണയർത്ഥത്തെയോ വിഭജിക്കുന്നതിനോ വീതിക്കുന്നതിനോ നിർബന്ധിക്കുന്നതു സാദ്ധ്യമായിരിക്കണമെന്നുദ്ദേശിച്ചിട്ടുണ്ട്.

പൊന്നുംവില റെഗുലേഷൻപ്രകാരം ഗവർമ്മെന്റു ഭൂമി കൈവശപ്പെടുത്തുമ്പോൾ കൊടുക്കുന്ന പ്രതിഫലത്തുകയെസംബന്ധിച്ചു, ആ പണം ഏതുവിധത്തിൽ വിഭജിക്കപ്പെടണമെന്നു ഒരു ഹൈക്കോർട്ടുവിധിയുള്ളതിൽ ഇപ്പോൾതന്നെ ഒരു വിധമായ വ്യവസ്ഥയുണ്ട്. അതിലുള്ള തത്വത്തിനു ഈ ഭേദഗതിബില്ലിൽ നിയമസാധുത്വം നൽകീട്ടുണ്ട്.

സർ, ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ള സർവപ്രധാനങ്ങളായ മാററങ്ങൾ ഇവയാണ്.

ബില്ലിലെ വിവരങ്ങളെ പാരായണംചെയ്തു സഭയുടെ സമയം നഷ്ടപ്പെടുത്തണമെന്നു എനിക്കാഗ്രഹമില്ല. പരക്കെ കൂലങ്കഷമായ ഒരു വിമർശനവും ഒരു സിലക്ട്കമ്മിററിയുടെ നവീകരണവും അതിനാവശ്യമായിരിക്കാം. ഞാൻ ചെയ്തിട്ടുള്ളതെല്ലാം തത്വാനുസൃതങ്ങളായ മാററങ്ങളെന്നു പറയാവുന്ന മാററങ്ങളെപ്പററി സംസാരിക്കമാത്രമാണ്. അതിനാൽ വിഷയം പൂർണ്ണമായി വാദപ്രതിവാദം ചെയ്തു സവിസ്തരം വിമർശനം നടത്തീട്ടുള്ള ഒരു കോൺഫറൻസിന്റെ അഭിപ്രായത്തോടുകൂടി വരുന്നതിനാൽ ഈ നിയമം സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ 'മല എലിയെ പെററു' എന്നും വളരെ ഉപദ്രവകരമായ ഒന്നിനെയാണ് എന്ന ഒരു വാചകത്തിലാണ് ഈ നിയമനിർമ്മാണത്തിന്റെ ചരിത്രത്തെ എനിക്കു സംക്ഷേപിക്കാൻ കഴിയുന്നത്. ൧൦൭൧-ാമാണ്ടത്തെ ജന്മികുടിയാൻ റെഗുലേഷൻ കുടിയാന്മാൎക്ക് വളരെ വലുതായസങ്കടമുണ്ടാക്കിക്കൊണ്ടാണിരുന്നത്. ആ റെഗുലേഷൻ പ്രസിദ്ധംചെയ്ത തീയതിക്കുപിമ്പ് പത്തുവർഷങ്ങൾക്കുള്ളിൽ ഈ സംഗതിയെപ്പററി ഗവണ്മെൻറിലേക്ക് നിവേദനം ചെയ്യുകയുണ്ടായി. ശ്രീമൂലം പ്രജാസഭയുടെ രണ്ടാംയോഗം മുതല്ക്കു കൂടിയും പരേതനായ മി: പി. കെ. കേശവപിള്ളയെപ്പോലെയുള്ളമഹാശയന്മാർ ന്യായത്തെയും നീതിനടപ്പിനെയും മുൻനിർത്തി ജന്മിമാൎക്കും കുടിയാന്മാൎക്കും തമ്മിലുള്ള വഴക്കുകളെ അവസാനിപ്പിക്കുന്നതിലേക്കു കുടിയാന്മാരുടെ വാദത്തെ താങ്ങിക്കൊണ്ടിരുന്നിട്ടുണ്ട്. അനേകവർഷത്തെ പ്രക്ഷോഭണത്തിന്റെശേഷം ഒരു അന്വേഷകസമിതിയെ ഏർപ്പെടുത്തി. ആ കമ്മിഷൻ വളരെ പണം ചെലവാക്കിയതിൽപിന്നെ ഒരു റിപ്പോർട്ടു സമർപ്പിക്കയും അതു ഗവണ്മെൻറിന്റെ അലമാരികളിൽ പല വർഷങ്ങളോളം കിടന്നുപോകയുംചെയ്തു. സർ, കൌൺസിലിലും പുറമേയും ഉണ്ടാകുന്നപ്രക്ഷോഭണങ്ങളെ താല്ക്കാലികമായി ശമിപ്പിക്കുന്നതിനുള്ള വളരെ എളുപ്പമായ വഴിയാണ് ഒരു കമ്മിഷൻ ഏർപ്പെടുത്തുക എന്നുള്ളത്; അതിനാൽ ആ വഴിയാണ് പ്രയോഗിച്ചത്.

ലാമെംബർ പ്രസ്താവിച്ചപ്രകാരം അഞ്ചുവർഷങ്ങൾക്കുമുമ്പു ഒരു ബിൽ ഗസററിൽ പരസ്യപ്പെടുത്തി എങ്കിലും അതു സംബന്ധമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ല. അതിൽപിന്നെ കമ്മിഷൻ രൂപീകരിച്ചതായ ബില്ലിനെ അടിസ്ഥാനപ്പെടുത്തിട്ടുള്ള ഒരു ബിൽ പ്രയോഗിക്കുന്നതിനായി എന്റെ സ്നേഹിതൻ മി: കെ. ജി. മേനോൻ യത്നിക്കയുണ്ടായി. ആ ബിൽ കുടിയാന്മാരുടെ അവകാശങ്ങളെ വേണ്ടവോളം സംരക്ഷിക്കുന്നതെന്നു വിചാരിച്ചുകൂടാത്തതാണ്.

ഈ കൗൺസിൽ അതിനെ മുഴുവനായി അനുകൂലിക്കുന്നതിനു സന്നദ്ധരായിരുന്നു. മി: എ. ജി. മേനോൻ ആ ബിൽ തയ്യാറാക്കിക്കഴിഞ്ഞപ്പോൾ, അതിനെ സിലക്റ്റ് കമ്മിററിയിലോ, കൌൺസിലിൽ നടക്കുന്നവിമർശനവേളയിലോ പരിഷ്കരിച്ചുകൊള്ളുകയോ, മതിയായപരിഷ്കാരങ്ങൾ വരുത്തുവാൻ കഴിയാത്തപക്ഷം അതിനെതള്ളുകയോ ചെയ്യാവുന്നതാണെന്നു ഞങ്ങൾ വിചാരിച്ചു. ഗവണ്മെൻറു അതിനെ എതിൎക്കുന്നതിനുശ്രമിച്ചു. എതിർത്തുണ്ടായശേഷം ഒരു സൗഹാർദ്ദസമ്മേളനം വിളിച്ചുകൂട്ടി. ലാമെംബറോടുചോദ്യങ്ങൾ ചോദിച്ചു സങ്കടബോദ്ധ്യംവരുത്തുവാൻ ഞാൻ ശ്രമിച്ചതുപോലെ, കുടിയാന്മാരുടെ പ്രാതിനിധ്യം ആ കാൺഫറൻസിൽ ഇല്ലായിരുന്നു. രണ്ടു കുടിയാന്മാരെ തിരഞ്ഞെടുക്കേണ്ടിയിരുന്നു എന്നുള്ള പ്രസിഡൻറിന്റെ പ്രസ്താവന, നിശ്ചയമായിട്ടും, നമുക്കുണ്ട്. ആ ദിവസംതന്നെ ഈ സഭക്കു കുടിയാന്മാരെ തിരഞ്ഞെടുക്കുന്നതിന് അവകാശമുണ്ടോ എന്നു എനിക്കു സംശയമുണ്ടായിരുന്നു. ഈ സഭയിലേക്കു ഞാൻ തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു ജന്മിമാരുടേയും കുടിയാന്മാരുടേയും വോട്ടുകൾമൂലമാണ്. കുടിയാന്മാരുടെ പ്രതിനിധികളെതിരഞ്ഞെടുക്കുന്നതിന് എനിക്കവകാശമില്ല. ജന്മിമാൎക്ക് പ്രതികൂലമായി കുടിയാന്മാരെ താങ്ങുന്നതിനല്ല ഞാൻ ഇവിടെ മെംബറായിരിക്കുന്നതു., ഞാൻ ഇവിടെ മെംബറായിരിക്കുന്നതു കൃഷി തങ്ങളുടെതൊഴിൽ ആയിരിക്കുന്ന ഒരു വമ്പിച്ച ജനസമൂഹത്തിനു നീതിനടത്തപ്പെടുന്നുണ്ടെന്നു നോക്കുന്നതിനു മാത്രമാണ്.

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കുടിയാന്മാരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിനു മെംബർക്കു യോഗ്യതയുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ സ്വന്തം നിലയിൽ എനിക്കു അങ്ങിനെചെയ്യാൻകഴിയും. എന്നാൽ സാമാന്യനിയോജകമണ്ഡലത്തിലെ ഒരംഗമെന്നനിലയ്ക്കു വോട്ടുചെയ്യണമെന്ന് എന്നോടാവശ്യപ്പെടുന്നെങ്കിൽ എനിക്കു അങ്ങിനെ ചെയ്യാമെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ); നിയമസഭാമെമ്പർ എന്നനിലയിൽ ഒരുകുടിയാനെ തിരഞ്ഞെടുക്കുന്നതിനു മെംബർക്കു യോഗ്യതയുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമസഭാമെംബർ എന്നനിലക്കു ഒരുകുടിയാനെതിരഞ്ഞെടുക്കുന്നതിനു എനിക്കു യോഗ്യതയില്ല. ഞാൻ ഇവിടെ മെംബർ ആയിരിക്കുന്നതു കുടിയാന്മാരുടെ അവകാശങ്ങളെ പിൻ താങ്ങുന്നതിനല്ല. അവർക്കു നീതിനടത്തപ്പെടുന്നുണ്ടെന്നു നോക്കുന്നതിനുമാത്രമാണ ഞാൻ ഇവിടെ മെംബർ ആയിരിക്കുന്നതു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): അദ്ദേഹത്തിന്റെ അഭിപ്രായം ഇതായിരുന്നെങ്കിൽ കുടിയാന്മാരുടെ അവകാശത്തെ പ്രതിനിധീകരിക്കുന്നതിനു ഈ സഭയിൽനിന്നു രണ്ടു പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന അവസരത്തിൽ അദ്ദേഹം തന്റെ വോട്ടവകാശം പ്രയോഗിച്ചതെന്തുകൊണ്ടായിരുന്നു എന്ന് പറയാമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇവിടെ വായിച്ചപ്രസ്താവനയിൽ ഇത്രമാത്രമെ അടങ്ങിയിട്ടുള്ളു, 'ഡിപ്യൂട്ടിപ്രസിഡൻറിന്റെ ആദ്ധ്യക്ഷ്യത്തിൽ നിങ്ങൾ കൂടി കാൺഫറൻസിൽ സംബന്ധിക്കുന്നതിനുവേണ്ടി രണ്ടു കുടിയാന്മാരെ തിരഞ്ഞെടുക്കണമെന്നു ഞാൻ നിങ്ങളോടാവശ്യപ്പെടുന്നു'. എനിക്കു തീർച്ചയാക്കുവാനുണ്ടായിരുന്നതു ഞാൻ വോട്ടുചെയ്ത ആളുകൾ കുടിയാന്മാരാണെന്നു നോക്കുന്നതിനു മാത്രമായിരുന്നു.

എനിക്കു സമർപ്പിക്കാനുള്ളതു ദിവാൻ ആദ്ധ്യക്ഷ്യം വഹിക്കുകയും ഗവണ്മെൻറു നിയമിച്ചവരായ ഏതാനും സാമാജികന്മാരുണ്ടായിരിക്കയുംചെയ്ത കാൺഫറൻസിൽ കുടിയാന്മാരുടെപ്രതിനിധികൾ ആരും ഇല്ലായിരുന്നു എന്നാണ്. ജന്മിമാരുടെ നിയോജകമണ്ഡലത്തിൽനിന്നു പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജന്മിപ്രതിനിധികളുണ്ടായിരുന്നു. ഈ ബിൽ, ഇപ്പോൾ അതു ഇരിക്കുന്നരൂപത്തിൽ പാസാക്കപ്പെടുന്നതിനനുവദിക്കുകയാണെങ്കിൽ അതു കുടിയാന്മാർക്കു വലുതായ ഒരുനീതികേടുചെയ്യുന്നതായിരിക്കും.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): കാൺഫറൻസിൽ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുണ്ടായിരുന്നെന്നു സമ്മതിക്കുന്നതിനു അദ്ദേഹം തയ്യാറുണ്ടോ.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഉണ്ട്. നിയമസഭയിലെ മെമ്പർമാരിൽ വച്ചു പലരെയും ചേർന്നുള്ള സഭ തിരഞ്ഞെടുത്തു അതിനാൽ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുണ്ട്. ജന്മിമാരിൽ രണ്ടു പേരെ അവരുടെ വാദം പ്രബലമാക്കുന്നതിനും അവരുടെ അവകാശങ്ങൾ സുരക്ഷിതമായിരിക്കുന്നു എന്നും നോക്കുന്നതിനും ആയിട്ടു തിരഞ്ഞെടുത്തപ്പോൾ കുടിയാന്മാർക്കുവേണ്ടി വാദിപ്പാൻ ഒരു പ്രതിനിധിയുമില്ലായിരുന്നു

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): കുടിയാനുവേണ്ടി വാദിക്കാൻ സഭ്യൂക്കുയോഗ്യതയുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): രണ്ടുപക്ഷക്കാർക്കും വേണ്ടിവാദിക്കാൻ അതിനുയോഗ്യതയുണ്ട്. ഞാൻ കുടിയാന്മാർക്കുവേണ്ടി വാദിക്കുന്നില്ല. അവരുടെ സ്ഥിതിയെ കാൺഫറൻസിന്റെ മുമ്പാകെ കൊണ്ടുവരുന്നതിനു അവർക്കു അവസരം കൊടുത്തിട്ടില്ലെന്നും, അതിനാൽ കാൺഫറൻസിന്റെ തീർച്ചകൾ വേണ്ടുവോളം നീതിപരമായിരിക്കുമെന്നു ഗ്രഹിച്ചുകൂടാ എന്നും മാത്രമെ ഞാൻ പറയുന്നുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിൽ തീർച്ചചെയ്യപ്പെടുന്നസംഗതികളെപ്പററിവല്ല ആശങ്കയും മെമ്പർക്കുണ്ടോ എന്നു പറയാമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതു അവസാനതീർച്ചയല്ലെന്നും നാം അതിനാൽ നിബന്ധരാകുന്നില്ലെന്നും ഉള്ള ധാരണയെ ദൂരീകരിക്കുന്നതിനു മാത്രമെ ഞാൻ ആഗ്രഹിക്കുന്നുള്ളു. എനിക്കുപറയാനുള്ളതെല്ലാം അത്രമാത്രമാണ്. പിന്നെയും ഈ സഭയിലെ മെമ്പർമാരുടെ മനസ്സുകളിൽ ശക്തിയായിപതിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നതു. മി: എ. ജി. മേനോന്റെ ബിൽ ഈ സംഗതിയെ ഉദ്ദേശിച്ചു അവസാനനിയമമല്ലായിരുന്നു എന്നും അതിനു ഈ സഭയുടെ പൂർണ്ണമായ സമ്മതി ഇല്ലായിരുന്നു എന്നും കാൺഫ്റൻസിൽ കുടിയാന്മാരുടെ കാര്യം പ്രതിനിധീകരിച്ചിട്ടില്ലായിരുന്നു എന്നും ആണ്.

ഈ പ്രസ്താവനകളിൽ ആരംഭിച്ചിട്ട്, ഈ ബില്ലിൽ ഉൾപ്പെട്ടിരിക്കുന്ന വാചകങ്ങളെ ഓരോന്നായി നിരീക്ഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ആ കാര്യത്തിലും എന്റെ ശ്രമം ഓരോവാചകത്തേയും വിവരമായി പരിശോധിക്കുന്നതിനല്ല, എന്നാൽ പ്രകടിതങ്ങളായ തത്വങ്ങളെ എത്രത്തോളം ബില്ലിലെവ്യവസ്ഥകൾ നിറവേററുന്നു എന്നറിയാൻ മാത്രമാണ്. അതുമാത്രമെയുള്ളു. കുടിയാന്മാരുടെ വാദം അവർ ജന്മിമാരിൽനിന്നും വലുതായ വിഷമങ്ങൾ അനുഭവിച്ചു വന്നു എന്നും ജന്മികുടിയാൻ റഗുലേഷൻ തങ്ങളുടെ അവകാശങ്ങളെ സംരക്ഷിച്ചിട്ടില്ലഎന്നും അതിനാൽ ഈ വിഷമങ്ങൾ ദൂരീകരിക്കപ്പെടണമെന്നും അവരുടെ ഇപ്പോഴത്തെ സ്ഥിതി നന്നാക്കപ്പെടണമെന്നും ആണ്. രണ്ടാമതു് ജന്മിമാർക്ക് തങ്ങളുടെ ഭോഗങ്ങളെ കണിശമായി വസൂലാക്കുന്നതിനു കഴിവുണ്ടായിരിക്കണം. ഈ പറഞ്ഞ രണ്ടുനിലകളെയും ഞാൻ സമ്മതിക്കുന്നു, സർ, വിദ്വാനായ മാമെമ്പർക്ക് അതേപ്പററി നല്ല നിശ്ചയമില്ലാതിരുന്നെങ്കിലും തിരുവിതാംകോട്ടിൽ ഉദ്ദേശം ചതുരശ്രമൈൽസോളം ജന്മം ഭൂമികൾ ആണ്. അതായതു കൊച്ചിസംസ്ഥാനത്തു കൃഷിചെയ്യപ്പെടുന്ന ഭൂമിയുടെ പകുതിയോളം വരും. ഇതു ഒരു വമ്പിച്ച ജനവിഭാഗത്തെ ബാധിക്കുന്ന വളരെ പ്രധാനമായ ഒരു നിയമമാണ്. അതിനാൽ ഏതാനും സംഗതികളെപ്പററി നാം ഒരു തീർച്ചയിലെത്തുന്നതിനു മുമ്പായി അതിനെ കൂലങ്കഷമായിപര്യാലോചിച്ചു അന്വേഷണം കഴിക്കേണ്ടതാണ്.

കുടിയാൻ ഭൂമി കൃഷിചെയ്യുന്നവനും തന്റെ നെററിയിലെ വിയർപ്പുകൊണ്ടു ജന്മിയും മററുള്ളവരും വലുതായ ഗുണമനുഭവിക്കുന്നതും ആകുന്നു. അതിനാൽ അയാളുടെ വാദം പ്രാതിനിധ്യമില്ലാതെ വന്നുകൂടാത്തതാണ്. അയാളെ പ്രതിനിധീകരിച്ചിട്ടില്ലാത്തതുകൊണ്ടു അയാൾക്കു ദോഷം നേരിടുന്നില്ലെന്ന് ഈ സഭയിലെ മെമ്പർമാർക്കു പറയാൻ അർഹതയില്ല.

മാമെമ്പർ പറഞ്ഞതു കുടിയാനു വലുതായി സഹായിക്കുന്ന വളരെ പ്രധാനമായ ഒരു വ്യവസ്ഥ ഒഴിപ്പിക്കലിനേയും ഒഴിഞ്ഞുകൊടുക്കലിനേയും സംബന്ധിക്കുന്ന ഒരു വ്യവസ്ഥയെ ഇല്ലാക്കുന്നതാണ് എന്നാകുന്നു. അതു നടപ്പിലിരിക്കുന്ന ഒരു വ്യവസ്ഥയാണ്. ൧൦൯൬-ാമാണ്ടത്തെ റെഗുലേഷൻ ൩൦ വർഷങ്ങൾക്കു മുമ്പു നടപ്പിൽവന്നു എങ്കിലും ജന്മി ഈ അവകാശത്തെ പ്രവൃത്തിമാർഗ്ഗത്തെ ബാക്കിയതായി ഒരുദൃഷ്ടാന്തവുമുണ്ടായിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. റെഗുലേഷനിലെ ൭-ാംഖണ്ഡിക ഒഴിപ്പിക്കലിനെ എതിർക്കുന്നതായ മതിയായ രക്ഷാമാർഗ്ഗങ്ങളെ കാണുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). നിയമം ഇപ്പോളിരിക്കുന്ന പ്രകാരം കുടിയാനെ ഒഴിപ്പിക്കുന്നതിനു ജന്മിക്ക് അവകാശം നൽകീട്ടുണ്ടോ എന്നു മെമ്പറിൽ നിന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): റെഗുലേഷനിലെ ൭-ാം ഖണ്ഡം കുടിയാനു മതിയായ രക്ഷാമാർഗ്ഗം കരുതിയിട്ടുണ്ട്.

മി. മാത്തുമുരിക്കൻ (വൈക്കം): ഈ ബിൽ വല്ലവിധത്തിലും ദോഷംചെയ്യുന്നതു കുടിയാനെയൊ ജന്മിയെയൊ ആണെന്നു മെമ്പർ പറയാമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും_കാർത്തികപ്പള്ളിയും): ഞാൻ പറയുന്നതു മുഴുവനും എന്റെ സ്നേഹിതൻ കേൾക്കുമെങ്കിൽ എന്റെ നില അദ്ദേഹത്തിനു സ്പഷ്ടമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

പഴയ റഗുലേഷൻപ്രകാരം ഒരു ജന്മവസ്തു മതിയാകുന്നിടത്തോളം അനുഭവം തരാതേയോ ആ വസ്തുവിന്റെ ഉടമസ്ഥനു സാരമായ നഷ്ടത്തിനിടയാക്കുകയും ചെയ്യുന്നപക്ഷം ഒരു കുടിയാനു അതിനെ ഒഴിഞ്ഞുകൊടു

ണമായിരുന്നു. ഇപ്പോൾ ആ അവകാശം എടുത്തുകളയപ്പെട്ടിരിക്കുന്നു. അതു കുറെ ദോഷരഹിതമാണെന്നു ഞാൻ സമ്മതിക്കുന്നു.

സർ, ഇപ്പോൾ ഉദ്ദേശങ്ങളും കാരണങ്ങളും പ്രസ്താവിക്കുന്നിടത്തു പറഞ്ഞിരിക്കുന്നതിൻപ്രകാരമാണ്. ഒരു കുടിയാനെ കാണവസ്തുവിൽ നിന്നൊഴിപ്പിക്കുന്നതിനു ജന്മിക്കുള്ള അവകാശവും ആ വസ്തുവിനെ ജന്മിക്കു ഒഴിഞ്ഞുകൊടുക്കുന്നതിനു കുടിയാനുള്ള അവകാശവും എടുത്തുകളയാൻ പോകുന്നു എന്നും ജന്മിക്കു മിച്ചവാരപലിശയ്ക്കു പുറമെ കുടിശ്ശികകൾ ഒടുക്കാതിരിക്കുന്ന ഓരോ വർഷത്തേക്കും ആദ്യത്തെ ൩ വർഷങ്ങൾക്കുശേഷം തനിക്കു കൊടുക്കേണ്ടും തുകകളിൽ വല്ലതും ൩ വർഷങ്ങൾക്കുമേൽ കുടിശ്ശികയാക്കിയിട്ടുന്നപക്ഷം ൧൨½ ശതമാനം വീതം ഒരു പിഴയും ആവശ്യപ്പെടുന്നതിനുള്ള അവകാശം ജന്മിക്കു കൊടുക്കാനും ഭാവിച്ചിരിക്കുന്നു.

ഞാൻ സമർപ്പിച്ചതുപോലെ ഒഴിപ്പിക്കുന്നതിനുള്ള അവകാശം പ്രവൃത്തിമാർഗ്ഗത്തിൽ കൊണ്ടുവന്നിട്ടില്ലായിരുന്നു. അതു നിയമപുസ്തകത്തിൽ ഉണ്ടായിരുന്ന ഒരു അവകാശം മാത്രമായിരുന്നു. ആ അവകാശത്തെ എടുത്തുകളഞ്ഞിട്ട് കുടിയാൻ ൧൨½ ശതമാനംവീതം ഒരു പിഴകൊടുക്കേണ്ടിയിരിക്കുന്നു. നെല്ലിന്റെ സംഗതിയിൽ ൧൮ ശതമാനം പലിശയും ൩ വർഷങ്ങൾ കഴിഞ്ഞാൽ ൧൨½ ശതമാനം പലിശയും അയാൾ കൊടുക്കേണ്ടിവരുന്നു. ഈ വർഷത്തിൽ ൧൦൦ പറ നെല്ലുകൊടുക്കുന്നതിനു കുടിയാൻ വീഴ്ചവരുത്തിയാൽ ൩ വർഷങ്ങൾ കഴിയുമ്പോൾ പലിശയും പിഴയുമുൾപ്പെടെ ൧൬൭½ പറനെല്ലു കൊടുക്കേണ്ടിവരും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൦൦ പറ കുടിശ്ശികയായി വീഴ്ച വരുത്തുന്നെങ്കിൽ ൩ വർഷങ്ങൾക്കുശേഷം പലിശയുൾപ്പെടെ കുടിയാൻ എന്തു കൊടുക്കേണ്ടിവരുമെന്നു പറയാമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പലിശയായ ൧൦൦ പറ ഉൾപ്പെടെ അയാൾ ൨൦൦ പറ കൊടുക്കേണ്ടിവരും. പിഴയായി കൊടുക്കുന്ന ൩൭½ പറ മിലയാളുകൾക്ക് ഒരു വലിയ തുക അല്ലായിരിക്കാമെങ്കിലും തുഛമായ ആദായംമാത്രം കിട്ടിവരുന്ന കുടിയാന്റെ സംഗതിയിൽ അതു വളരെ വമ്പിച്ച ഒരു തുകയാണ്.

ഒന്നോ രണ്ടോ വർഷങ്ങൾക്കുള്ളിൽ ഒരു ക്ഷാമമുണ്ടായി എന്നു വിചാരിക്കാം. ക്ഷാമംനിമിത്തം കുടിയാൻ പിഴ ഒടുക്കേണ്ടിവരും. ഈ പിരിവിന്റെ ന്യായമെന്താണ്? ബ്രിട്ടീഷിന്ത്യയിലെ നിയമത്തിൽ ഇതുപോലെയുള്ള വല്ല വ്യവസ്ഥയുമുണ്ടോ എന്നു ഓമെമ്പറിൽനിന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നു. ജന്മിമാർ സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽപോലും അങ്ങിനെ ഒരു പിഴ അവർ ആവശ്യപ്പെടുന്നില്ല. ഒഴിപ്പിക്കുന്നതിനും ഒഴിഞ്ഞുകൊടുക്കുന്നതിനും ഉള്ള അവകാശത്തെ സൌഹാർദ്ദസമ്മേളനത്തിൽ വാദപ്രതിവാദത്തിനെടുത്തപ്പോൾ ജന്മിപ്രതിനിധികൾ അതിയായസാമർത്ഥ്യംകാണിച്ചു എന്നു ഞാൻ സമർപ്പിക്കേണ്ടിയിരിക്കുന്നു.

പിന്നെയും ഈ ഒഴിപ്പിക്കലിനെ സംബന്ധിച്ചു.....

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഒഴിപ്പിക്കുന്നതിനുള്ള അവകാശം ജന്മിമാർക്കു കൊടുക്കുന്നവിഷയത്തിൽ മെമ്പർ അനുകൂലിയായിരിക്കുമോ എന്നു മെമ്പറിൽനിന്നു അറിയേണ്ടിയിരിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നെ സംബന്ധിച്ചിടത്തോളം ഇപ്പോഴത്തെ വകുപ്പിൻപ്രകാരം പഴയ ൭-ാംവകുപ്പു നിലനിർത്തുന്നതിനാണ ഞാൻ ആഗ്രഹിക്കുന്നത്.

[ഈ ഘട്ടത്തിൽ ഗവർണർ ജനറലിന്റെ ഏജന്റും അസിസ്റ്റന്റ് ഏജന്റും ഹാൾ വിട്ടുപോയി. പ്രസിഡന്റു തന്റെ സ്ഥാനംവിടുകയും ഡിപ്യൂട്ടിപ്രസിഡന്റ് അവിടെ ഉപവിഷ്ടനാകയും ചെയ്തു]

ഓമെമ്പർ സംസാരിച്ചുകൊണ്ടിരുന്ന പിന്നത്തെവിഷയം പൊളിച്ചെഴുത്തുഫീസും പതിവവകാശങ്ങളും എന്നായിരുന്നു. ൧൨ വർഷങ്ങൾക്കുശേഷം കുടിയാൻ പൊളിച്ചെഴുത്തുഫീസു കൊടുക്കേണ്ടതായിട്ടുണ്ട്. അതിനെ ഇടനാകൊണ്ടുപോകുന്നതു നീതിവിരുദ്ധമാണെന്നും ൧൨ വർഷങ്ങളിൽ കവിയുന്ന കാലാവധിക്കുശേഷം ഒരു പൊളിച്ചെഴുത്തുഫീസു കൊടുക്കുന്നതിനു നിർബന്ധിക്കുന്നതിനു തക്ക കാരണമില്ലന്നും ഉള്ള അടിസ്ഥാനത്തിന്മേൽ അതിനെ നിറുത്തൽചെയ്യണമെന്നു പ്രക്ഷോഭണം നടത്തിക്കൊണ്ടിരിക്കയായിരുന്നു. എന്നാൽ ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നതു അതിനെ രൂപാന്തരപ്പെടുത്തി വർഷംതോറും ഒരു ചെറിയതുക കൊടുക്കുന്നതിനു കുടിയാനോടാവശ്യപ്പെടണം എന്നാണ്.

ഒരു കുടിയാനോടു വർഷംതോറും ൧ രൂപാവീതം ൧൨ വർഷത്തേക്കു കൊടുക്കാൻ ആവശ്യപ്പെട്ടു എന്നിരിക്കട്ടെ. അപ്പോൾ അതു ൧൨ രൂപയാണ് ഈ ൧ രൂപയിൽനിന്നും കിട്ടാവുന്ന പലിശ പ്രതിവർഷം ൩ ശതമാനമായിരിക്കുമെന്നു കാണുന്നു. ഒരു കുടിയാൻ പലിശവഴിയായി ആദായമുണ്ടാകുമെന്നു കണക്കറിവിചാരിച്ചു എന്നിരുന്നാലും. ഇപ്രകാരം കണക്കാക്കപ്പെട്ട ൩ ശതമാനം വെറുംപലിശക്കാണ് എന്നുകൂടെ ഞാൻപറയാം. എന്നാൽ സേവിങ്സ്ബാങ്കുകൾ കൂട്ടുപലിശയാണ് കൊടുത്തുവരുന്നത്. തന്റെ പണം സേവിങ്സ്ബാങ്കിൽ നിക്ഷേപിക്കത്തക്കവണ്ണം ധനവാനാണോ കുടിയാൻ. അതുകൂടാതെ ഒരു കുടിയാനു കുടിശ്ശികയുണ്ടാകുമ്പോൾ പൊളിച്ചെഴുത്തു ഫീസിന്മേൽ പിഴകൊടുക്കേണ്ടിവരുന്നു. എങ്ങിനെയെന്നാൽ അവസാനത്തെ പൊളിച്ചെഴുത്തുകഴിഞ്ഞ ൧൨ വർഷങ്ങൾക്കുള്ളിലായിരുന്നെങ്കിൽ കടന്നുപോയ കാലാവധിയുടെ ക്ലിപ്തത്തിനനുസരണമായ ഒരു മൊത്തത്തുക അയാൾ കൊടുക്കേണ്ടിവരുന്നു. ഒരു പാവപ്പെട്ട കുടിയാനെ സംബന്ധിക്കുന്നടത്തോളം ഇതു വളരെ ദോഷകരമായ വ്യവസ്ഥയാണ്.

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (കൂട്ടത്തിലായി ചേർക്കപ്പെട്ട മെമ്പർ): പൊളിച്ചെഴുത്തവകാശം വീതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചുള്ള അഭിപ്രായമാണ് ഇപ്പോൾ പറഞ്ഞതെന്നു വിചാരിക്കുന്നു:

ഡിപ്യൂട്ടിപ്രസിഡന്റ്: മിങ്ങൾ തമ്മിൽ സ്വകാര്യമായിട്ടു പറഞ്ഞാൽ റെക്കാർഡിൽ ചേർക്കാൻ സാധിക്കയില്ല.

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽ ചേർക്കപ്പെട്ട മെമ്പർ): വീതിച്ചുകൊടുക്കുന്ന അവകാശങ്ങളെല്ലാം ഒന്നിച്ചുകൊടുക്കുന്നതു സമ്മതമാണോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പൊളിച്ചെഴുത്തവകാശം കൊടുപ്പിക്കത്തക്കതല്ലന്നാണ എന്റെ അഭിപ്രായം. വാസ്തവത്തിൽ അതിനു ജന്മിക്കു അവകാശമില്ല. അധ..

യാ അതുകൊടുക്കണമെന്നതന്നെ പറയുന്നുണ്ടെങ്കിൽ ഇങ്ങിനെ കൊടുക്കുന്നതിനേക്കാൾ ൧൨ കൊല്ലത്തിലൊരിക്കൽ ഒന്നിച്ചുകൊടുക്കുന്നതാണ് നല്ലത്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): ആണ്ടുതോറും കൊടുത്താൽ ലാഭം ആർക്കാണ്? ജന്മിക്കൊ കുടിയാനവനോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ കണക്കനുസരിച്ചു ജന്മിക്കു വളരെ വളരെ ലാഭമുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): തുക കൂടുകയും എന്നു വിചാരിക്കുന്നപക്ഷമോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അപ്പോൾ ആ സംഗതി ആലോചിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു.

ഇതുകൂടാതെയും ഞാൻ സമർപ്പിച്ചുകൊള്ളുന്നതു ഒരു കുടിയാൻ ൩ വർഷത്തിനുമുമ്പു കാണപ്പാട്ടയാധാരം പൊളിച്ചെഴുതിച്ചിട്ടുണ്ടെങ്കിൽ അതു ൯ വർഷം കഴിയുമ്പോൾ പൊളിച്ചെഴുതിക്കാവുന്നതാണ് എന്നാകുന്നു. ഈ നിയമപ്രകാരം ഞാൻ കൊടുക്കേണ്ടിയ പൊളിച്ചെഴുത്തുഫീസ് ൨൦൦ രൂപയാണെങ്കിൽ ൮൩ രൂപാ ഞാൻ ഒരാക്കം കൊടുക്കേണ്ടിയിരിക്കുന്നു. കമ്മററിയുടെ ദയവുകൊണ്ട് ആ ൮൩ രൂപക്കു രണ്ടുവർഷത്തേക്കു പലിശയില്ല. രണ്ടുവർഷം കഴിഞ്ഞാൽ പലിശയുണ്ട്. ൩ വർഷങ്ങൾ കഴിഞ്ഞാൽ ഒരു പിഴയും കൊടുക്കാനുണ്ട്. ൧൨ വർഷങ്ങൾക്കുശേഷം ഞാൻ ൪൦൦ രൂപ കൊടുക്കാനുണ്ടെങ്കിൽ ഇപ്പോഴത്തെ ബില്ലിൻപ്രകാരം പിഴയും പലിശയും മററും കണക്കാക്കി ഞാൻ ജന്മിക്കു ൯൪൦ രൂപാ കൊടുക്കേണ്ടതായിരിക്കും. ഇതു കുടിയാനുക്കു എത്രത്തോളം സഹായമായിരിക്കുമെന്നു എനിക്കു അറിയാൻ കഴിയുന്നില്ല.

പിന്നത്തെ സംഗതി ചെല്ലേണ്ട തുകകളെ കണക്കാക്കുന്നതിനെ സംബന്ധിച്ചാണ്.

ഡിപ്യൂട്ടിപ്രസിഡൻറ്: ഈ വിഷമം തീർക്കുന്നതിനു നിങ്ങൾ കൊണ്ടുവരുന്ന സൃഷ്ടിപരമായ നിർദ്ദേശമെന്താണ്?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഗഡുക്കളായി ഒടുക്കുന്ന ഈ സമ്പ്രദായമൊ?

ഡിപ്യൂട്ടിപ്രസിഡൻറ്: അതെ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും). ഇതു കുടിയാൻ കൊടുക്കേണ്ടതാണെന്നു സഭയുടെ അഭിപ്രായമാണെങ്കിൽ അയാൾ വർഷംതോറും കൊടുക്കുന്ന പണത്തിനു ന്യായമായ പലിശ അയാൾക്കും കിട്ടേണ്ടതാണെന്നാണു ഞാൻ സമർപ്പിക്കുന്നത്.

ഡിപ്യൂട്ടിപ്രസിഡൻറ്: ശരിതന്നെ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): എന്തുപലിശ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ന്യായമായ പലിശ അതു നൂറ്റുക്കു ൩ ശതമാനം വെറും പലിശയല്ല. ഒരുപക്ഷെ ഗതികെട്ട ഒരു കുടിയാൻ ബാങ്കിൽനിന്നു ൧൨ ശതമാനം പലിശക്കു പണം കടംവാങ്ങേണ്ടി ഇരിക്കും.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ). ന്യായമായ പലിശ ബഹുമാനപ്പെട്ട മെമ്പറിന്റെ അഭിപ്രായത്തിൽ എന്തായിരിക്കുമെന്നു മിസ്റ്റർ ദാമോദരനാശാനിൽനിന്നു എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും), ൧൨ ശതമാനമൊ ൯ ശതമാനമൊ?

ഡിപ്യൂട്ടിപ്രസിഡൻറ്: അതുമിച്ചവർക്കമിട്ടിലിരുന്നും നിങ്ങൾ അനുവദിക്കും അല്ലെ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞങ്ങൾ അതു അനുവദിച്ചുകഴിഞ്ഞു. അതവിടെയുണ്ട്. അതു ൧൨½ ശതമാനം എന്നു വച്ചിരിക്കുന്നു. ഓലപ്പണം, പുറപ്പാട് എന്നീ പൊളിച്ചെഴുത്തു ഫീസിന്റെ മററിനങ്ങളെ സംബന്ധിച്ചിടത്തോളം ജസ്റ്റിസ് കുഞ്ഞിരാമൻനായർ അദ്ധ്യക്ഷനായിരുന്ന ജന്മികമ്മീഷൻ കൂടിപറയുന്നതു അതു പണ്ടുകാലത്തു മുഖ്യമായി അച്ചടി ഓലയുടെ വിലയും പൂർവ്വകാലങ്ങളിൽ ജന്മിയുടേയൊ തന്റെ സ്ഥാനികന്റെയൊ ചുമതലയായിരുന്ന ആധാരം എഴുതിയുണ്ടാക്കുന്നതിന്റെ ചെലവും ഉൾപ്പെടുന്നതിനു ഉദ്ദേശിച്ചിട്ടുള്ള ഒരു തുകയാണ് എന്നത്രെ.

രെജിസ്ത്രേഷൻ റെഗുലേഷൻ നടപ്പാക്കിയതിൽ പിന്നെ ഈ ആധാരങ്ങളുടെ സാധുകരണത്തിനുള്ള ചെലവും കുടിയാൻ കൊടുക്കേണ്ടിവന്നിരിക്കുന്നു. ഞാൻ ചോദിക്കുന്നതു ഓലപ്പണവും ഒപ്പുസൂചിയും കുടിയാൻ കൊടുക്കുന്നതിന്റെ ന്യായം എന്താണ് എന്നത്രെ. ആ അവകാശത്തിന്റെ അടിസ്ഥാനമെന്താണെന്നു പറയാമോ? അതു എനിക്കു നല്ലപോലെ ഗ്രാഹ്യമല്ല. ജന്മികുടിയാൻ റെഗുലേഷനിൽ, കൊടുക്കുന്നതിനു വ്യവസ്ഥയുള്ളിടത്തെല്ലാം കൊടുക്കേണ്ടതാണെന്നു പ്രസ്താവിച്ചിരുന്നു. ഈ വ്യവസ്ഥയ്ക്കു ഇപ്പോൾ അനുദ്യോഗസ്ഥഭൂരിപക്ഷമുള്ള ഒരു നിയമസഭയിൽ വാദപ്രതിവാദത്തിനു ശേഷം നിയമസിഷ്കർഷ നൽകപ്പെട്ടിരിക്കുന്നു. എനിക്കു സമർപ്പിക്കാനുള്ളതു ഓലപ്പണവും പുറപ്പാടും കൊടുക്കുന്നതിൽ യാതൊരർത്ഥവുമില്ലെന്നാണ്. ജന്മിയുടെ അവകാശത്തിന്റെ അടിസ്ഥാനമെന്താണെന്ന് എനിക്കു ഗ്രഹിക്കുന്നതിനു തീരെ കഴിയുന്നില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): കക്ഷികൾ തമ്മിൽ അങ്ങിനെ കരാറുണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടത്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) ൧൦൯൬-ാം മാണ്ടത്തെ റെഗുലേഷന്റെയും ൧൦൪൨-ാമാണ്ടത്തെ വിളംബരത്തിന്റെയും ശേഷമാണ് കക്ഷികൾ തമ്മിലുള്ള ഉടമ്പടിയുണ്ടായിട്ടുള്ളത്. അതിനെ എതിർക്കുന്നതിനു അനുദ്യോഗസ്ഥർക്ക് അവസരമില്ലായിരുന്നു. ഒപ്പുസൂചിയെയും മററും സംബന്ധിച്ചു തർക്കിക്കുന്നതിനു ആദ്യമായി ഞങ്ങൾക്കവസരം ലഭിച്ചതു ഇപ്പോഴാണ്. കമ്മീഷൻ പറയുന്നതിപ്രകാരമാണ് :—"അതു പണ്ടുകാലങ്ങളിൽ അച്ചടിഓലയുടെ വിലയും ജന്മിയൊ അധികാരിയ

തന്റെ സ്ഥാനക്കണക്കനൊ ചുമതലപ്പെട്ടവരായ ആധാരമെഴുത്തു ചെലവും ഉൾപ്പെടുന്നതിനു അധികമായും ഉദ്ദേശിച്ചിട്ടുള്ള ഒരു തുകയാണ്. ഇതു ജന്മിയുടെ അവകാശമല്ലെന്നുള്ളതു റിക്കാർട്ടിലിരിക്കുന്ന പഴയ അടുക്ക വഴി പറമ്പിട്ടുകളിൽ ഒടുക്കീട്ടുള്ള അടുക്കുവഴും മററു വിവരങ്ങളെയും പററി പറഞ്ഞിട്ടുണ്ടെങ്കിലും തക്കത്തിലിരിക്കുന്നഫീസിനെപ്പററി യാതൊന്നും പ്രസ്താവിച്ചിട്ടില്ല എന്നുള്ളതിൽ നിന്നും കമ്മിഷന്റെ മുമ്പാകെയിരിക്കുന്ന പഴയ കണക്കുകളിൽ ചിലതിൽനിന്നും കാണാവുന്നതുപോലെ ഈ ഫീസു ജന്മിമാരുടെ കണക്കുകളിൽ സാധാരണയായി ചേർത്തുവരാറില്ല എന്നുള്ളതിൽനിന്നും കാണാവുന്നതാണ്. ഈ ഫീസിൽ ഒപ്പുവയ്ക്കുന്നതിനു ജന്മിക്കു ചെല്ലേണ്ടുംഫീസും ഉൾപ്പെടുന്നതാണ്. എന്നാൽ ആധുനികകാലങ്ങളിൽ ജന്മിമാർ മിക്കവരും മുഴുവൻ തുകയും തങ്ങളുടെ സ്വന്ത ഉപയോഗത്തിനായി കരസ്ഥമാക്കുകയും ചെയ്യുന്നു." ഞാൻ പറയുന്നതു ഈ രണ്ടു തുകകളെയും അനുവദിച്ചുകൊടുക്കുന്നതിൽ യാതൊരർത്ഥവുമില്ല എന്നാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെ വാദങ്ങൾ എല്ലാംവിഷയത്തെ സ്പർശിക്കാതെയാണിരിക്കുന്നതു. ഓലപ്പണം പൊളിച്ചെഴുത്തുഫീസിൽ ഉൾപ്പെടുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതുപൊളിച്ചെഴുത്തു ഫീസിൽ ഉൾപ്പെടുന്നതായാലും പതിവുഭോഗങ്ങളിലുൾപ്പെടുന്നതായാലും ബില്ലിൽ അങ്ങിനെ ഒരു വ്യവസ്ഥയുണ്ടാകുന്നതു അനീതിയാണ്. അതിനെ എടുത്തുകളയേണ്ടതാണ്.

ഭോഗങ്ങളെ പിരിക്കുന്നതു സംബന്ധിച്ചു ഇവിടെ വ്യവസ്ഥയിൽ പറയുന്നതു എപ്പോഴെങ്കിലും ഭോഗങ്ങളെ പിരിക്കണമെന്നു വിചാരിക്കുമ്പോൾ ജന്മിക്കുകരംപിരിവുറെഗുലേഷൻ പ്രകാരം അതുവസൂൽ ചെയ്യാമെന്നുള്ളതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: ഒരുവർഷത്തേക്കുമാത്രം.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) അതു ഒരുക്ഷാമം ബാധിച്ചവർഷമാണെന്നും ജന്മി തന്റെ പണത്തെ കരം പിരിവുറെഗുലേഷൻ പ്രകാരം ഒരു കുടിയാനിൽനിന്നും ഈടാക്കുന്നതിനു തുനിയുന്നു എന്നും വിചാരിക്കാം. അതുകുടിയാനു സങ്കടമായിട്ടുള്ളതല്ലെ? ക്ഷാമകാലത്തു ഒരു കുടിയാനിൽനിന്നും തുകകൾ ഈടാക്കുന്ന വിഷയത്തിൽ ഗവണ്മെന്റു സൂക്ഷ്മമായ ആലോചന ചെയ്യേണ്ടതാണ്. എനിക്കുപറയാനുള്ളതെല്ലാം തുകകൾ ഈടാക്കുന്ന വിഷയത്തിൽ തന്റെ പക്കൽനിന്നു പണം ഈടാക്കുന്നതിനു മതിയായ മുന്നറിവു കുടിയാനു കൊടുക്കേണ്ടതാണ് എന്നത്രെ. ഇപ്പോഴത്തെ ബില്ലിൻപ്രകാരം ഒരു കുടിയാനിൽ നിന്നു പണം ഈടാക്കുന്നതിനുള്ള നടപടികൾ തുകകളുടെ അവധിക്കു മുമ്പായിട്ടുതന്നെ തുലാമാസത്തിൽ തുടങ്ങാവുന്നതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ) ബില്ലിലെ വാസ്തവത്തിലുള്ള വ്യവസ്ഥകളിൽ നിന്നും പണംകുടിശ്ശികയായതിൽ പിന്നെമാത്രമെ ഒരു ജന്മിക്കു തുക ഈടാക്കികിട്ടുന്നതിനു തഹശീൽദാരോടു ആവശ്യപ്പെടാവു എന്നു മെംബർക്കു കാണ്മാൻ കഴിയുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങളുടെ നിർദ്ദേശം കുടിയാൻ വലുതായ വിഷമങ്ങളിലകപ്പെട്ടിരിക്കുമ്പോൾ ജന്മിമാർ കുടിയാന്മാർക്കു മതിയായ മുന്നറിവു കൊടുക്കേണ്ടതും അതിന്റെശേഷം മാത്രം അവരിൽനിന്നു പണം ഈടാക്കേണ്ടതും ആകുന്നു എന്നാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ക്ഷാമകാലങ്ങളിൽ കുടിയാന്മാരുടെ വസ്തുക്കൾ മിച്ചവാരവും മററും ഈടാക്കുന്നതിലേക്കു വെന്ത്യു കേസുകളായികൊണ്ടു വരാനിടയുണ്ടാകാവുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: അങ്ങിനെയുള്ള സന്ദർഭങ്ങളിൽ സിവിൽകോർട്ടുകളിൽ നിന്നു ഡിക്രികൾ നടത്തുന്നതിനെപ്പററി നിങ്ങൾ എന്തുപറയുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അങ്ങിനെയുള്ള നടപടികൾ ഒരുദിവസത്തിനുള്ളിൽ വന്നുചേരുന്നതല്ല. ഒരു സിവിൽകോർട്ടിൽ ഒരു കക്ഷി ഒരുകേസ് ആരംഭിക്കയും ഒരു ഡിക്രി സമ്പാദിക്കുകയും പിന്നീടു കക്ഷികൾക്കു നോട്ടീസു അയക്കയും, അതിൽപിന്നെതുടർന്നു പോകയും വേണ്ടതാണ്. ധാരാളം സമയമുണ്ട്. അതുകൂടാതെ കക്ഷികൾ പലിശയുകൾ മാത്രമെകൊടുക്കേണ്ടതായിരിക്കു. ഈ ബില്ലിലെ പ്രത്യേകവ്യവസ്ഥപ്രകാരം അതെ നടപടി അനുകരണീയമല്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): നിയമവിളംബകമ്മിഷണരുടെ നിയമനത്തിനുശേഷം പക്ഷസംഗതികൾ നന്നായി വരുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: 'ഒഴിപ്പിക്കലിന്റെ സംഗതിയിൽ കുടിയാന്മാരെ അസഹ്യപ്പെടുത്തിക്കൂടാ എന്നു നിങ്ങൾ നിർദ്ദേശിക്കുന്നുവോ?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) കുടിയാന്മാരെ അനാവശ്യമായിവിഷമിപ്പിച്ചുകൂടാ. ഈഘട്ടത്തിൽ എനിക്കു അത്രമാത്രമെ പറയാനുള്ളു.

ഭാഗം സംബന്ധിച്ചു വേറൊരു പ്രയാസമുണ്ടു, എന്തെന്നാൽ ഇപ്പോൾ ഇവിടെ ചേർത്തിരിക്കുന്ന വ്യവസ്ഥയിൽ ജന്മിയുടെസമ്മതപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അല്ലാതെ ഒരു കുടിയായ്മവസ്തുവിന്റെ ഭാഗം അദ്ദേഹത്തെ ബാധിക്കുന്നതല്ല എന്നു പറഞ്ഞിരിക്കുന്നു. ഈ ബില്ലിൻപ്രകാരം ഒരു ഭാഗപത്രം നടപ്പിൽ വരുത്തുന്നതിനു മുമ്പായി ജന്മിക്കു നോട്ടീസു കൊടുക്കേണ്ടതാണ്. അദ്ദേഹം സമ്മതിക്കുന്നില്ലെങ്കിൽ, മറെറല്ലാ അംശങ്ങളും ഒന്നിച്ചു ഭാഗപത്രത്തെ അനുകൂലിക്കുന്നതായിരുന്നാലും ഒരുകേസ് ആരംഭിക്കേണ്ടതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അങ്ങിനെ ഒരു വ്യവസ്ഥയില്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: ഒരു കുടിയാന്റെ കുടുംബത്തിൽ ഭാഗം നടക്കുമ്പോഴും കടങ്ങളുള്ളപ്പോഴും ഈ സന്ദർഭങ്ങളിൽ മാത്രമെ ഒരുഭാഗം അദ്ദേഹത്തിന്റെ സമ്മതത്തോടു കൂടിയല്ലെങ്കിൽ ഒരു ജന്മിയെ ബാധിക്കുന്നതല്ലാതെയിരിക്കൂ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു കുടിയാനു തന്റെ വസ്തുക്കളെ ദാനംചെയ്യുന്നതിനു അവകാശമുണ്ടായിരിക്കേണ്ടതും കുടിയാന്മാർക്കു മതിയായ നോട്ടീസു കൊടുക്കാതെ കുടിയാന്മാരുടെ കൈവശത്തിലിരിക്കുന്ന വസ്തുക്കളിൽ കൈകടത്തിക്കൂടാത്തതുമാകുന്നു.

ഡിപ്പ്യൂട്ടിപ്രസിഡന്റ്: ജന്മിയുടെ ദാവിയെപ്പറ്റി ഒരു കുടിയാൻ തീർച്ചചെയ്യണമെന്നു നിങ്ങൾ ആവശ്യപ്പെടുന്നോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്റെ വാദം സൂക്ഷ്മത്തിൽ അതല്ല. ഒരു ജന്മി ഒരു കുടിയാനിൽനിന്നു പണം ഈടാക്കുന്ന കാര്യത്തിൽ വല്ല വിഷമവുമുള്ളതായി കാണപ്പെടുന്നെങ്കിൽ തന്റെ അവകാശങ്ങളെ തീർച്ചചെയ്യുന്നതിനു തങ്ങളുടെ ഉദ്യോഗസ്ഥന്മാരിൽ ഒരാളെ നിയോഗിക്കണമെന്നു ഗവണ്മെന്റിനോടാവശ്യപ്പെടുന്നതിനേക്കാൾ ഒരു കോർട്ടിൽ വ്യവഹാരപ്പെട്ടു തന്റെ വാദം സാധൂകരിക്കുന്നതാണ് ഏറ്റം നല്ലത്. ഇപ്പോഴത്തെ റെഗുലേഷനിൽ പറയുന്നത് തുകകൾ വൃശ്ചികമാസത്തിൽ ഒടുക്കേണ്ടതാണെന്നും ഈ മാസം മുതൽക്കു ഈ പണത്തിനു പലിശ കണക്കാക്കേണ്ടതാണെന്നും, എന്നാൽ ഇപ്പോൾ നിലവിലിരിക്കുന്ന റെഗുലേഷൻ പ്രകാരം പലിശ വർഷാന്തം മുതല്ക്കുമാത്രമേ കൂട്ടേണ്ടതുള്ള എന്നും ആകുന്നു. ഇപ്പോഴത്തെ ബില്ലിൻ പ്രകാരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളത് എന്തിനായിട്ടാണെന്ന് എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല.

പിന്നെ, ജന്മവസ്തുക്കളിൽ നിൽക്കുന്ന തടിവൃക്ഷങ്ങളെപ്പറ്റി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ഇപ്പോൾ നാലു ജില്ലയിൽ കൂടുതൽ വണ്ണമുള്ള തടിവൃക്ഷങ്ങളൊഴിച്ച് കുടിയായ്മ വസ്തുവിൽ നിൽക്കുന്ന എല്ലാ വൃക്ഷങ്ങളേയും വെട്ടുന്നതിനും സ്വന്തമാക്കുന്നതിനും കുടിയാനു അവകാശം കൊടുത്തിരിക്കുന്നു. ഈ തടിവൃക്ഷങ്ങളിൽ നിന്നു കുടിയാന് യാതൊരാദായവും കിട്ടുന്നില്ല. എന്നാൽ ഈ വൃക്ഷങ്ങളെ വെട്ടുന്നതിനു അയാൾ പ്രതിവർഷം ജന്മിക്കു ഒരു തുക കൊടുക്കേണ്ടതായിട്ടുമുണ്ട്. ആ ചുമതലയുടെ ന്യായം എനിക്കു സുഗ്രാഹ്യമല്ല. അങ്ങിനെയുള്ള ഒരു വ്യവസ്ഥ ഇരിക്കുന്നതു നീതിവിരുദ്ധമാണ്.

[ഈ ഘട്ടത്തിൽ പ്രസിഡന്റു ഹാളിൽ പ്രവേശിച്ച് അഗ്രാസനസ്ഥനായി.]

പിന്നെയും തടിവൃക്ഷങ്ങൾ എന്ന നിർദ്ദേശത്തിൽ ഏതെല്ലാം വൃക്ഷങ്ങളുൾപ്പെടുന്നു എന്ന് എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല. ഈ വിഷയത്തിൽ വിവേകബുദ്ധിയുപയോഗിക്കുന്നതു ഗവണ്മെന്റുതന്നെയാണ്. അങ്ങിനെ ആയിരിക്കരുത്. ആ അധികാരം ഗവണ്മെന്റിനു വിട്ടുകൊടുക്കുന്നതിൽ ഗുണമൊന്നുമില്ല. വിശ്രുതന്മാരായ നിയമനിർമ്മാതാക്കൾ തന്നെയും നിരീക്ഷിച്ചിരിക്കുന്നതു നിയമസഭ അതിന്റെ അധികാരങ്ങളെ ഗവണ്മെന്റിനു വിട്ടുകൊടുക്കരുത് എന്നാണ്.

വ്യവസ്ഥകളിൽ ചിലതു സഭയുടെ ശ്രദ്ധയെ അവയിലേക്കു ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നവയാണ്. ഭേദഗതി പ്രയോഗിച്ചിരിക്കുന്നതിന്റെ തത്വം സ്വീകാര്യമല്ലെന്നു ഞാൻ പറയുന്നില്ല. ഉദ്ദേശം കുടിയാന്റെ സ്ഥിതിയെ നന്നാക്കുന്നതാണ്. അതിന്റെ നിർവഹണം സാധിക്കുന്നതിലേക്ക് തത്വത്തെ മാററാതെ ചില വ്യവസ്ഥകളെ ഭേദപ്പെടുത്തേണ്ടിയിരിക്കാം. ആവശ്യമായ ഭേദഗതി വരുത്തുന്നതിനു സിലക്ട്കമ്മിററിക്ക് ഏതു പതനത്തിലും അവകാശമുണ്ടായിരിക്കുന്നതാണ്. അതിനാൽ ഈ ഘട്ടത്തിൽ ബിൽ പ്രയോഗിക്കുന്നതിനെ ഞാൻ എതിർക്കുന്നില്ല. സിലക്ട്കമ്മിററിക്കു അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനു സഹായിക്കുന്നതിനായിട്ട് ഞാൻ എന്റെ നിർദ്ദേശങ്ങൾ കൊടുത്തിരിക്കുന്നു. ഇതു എത്രയും പ്രധാനമായ ഒരു നിയമവിധാനമാണ്. അതിനാൽ ഉദ്ദേശിച്ചിരിക്കുന്ന സിലക്ട്കമ്മിററി മതിയാകുന്നിടത്തോളം സാർവത്രികമായിരിക്കണം. ഞാൻ നിർദ്ദേശിക്കാൻ ആഗ്രഹിക്കുന്നതു സഭ ഒന്നാകെ ഒരു സിലക്ട്കമ്മിററിയായി രൂപാന്തരീകരിച്ച്, ബില്ലിന്റെ രണ്ടാമത്തെ വായന മതിയായ വേഗത്തിൽ നടക്കുന്നതിലേക്ക്, അതിൽ വിഷയത്തെ വിമർശനംചെയ്യണമെന്നും ആണിയാണ്. അപ്പോൾ ഒരു പ്രത്യേകയോഗം വിളിച്ചുകൂട്ടുന്നതിനുള്ള ആവശ്യവും നേരിടുന്നതല്ല. സിലക്ട് കമ്മിററിക്കു അതിന്റെ ജോലി മിക്കവാറും അവിടെത്തന്നെ ചെയ്യാൻ കഴിയും. ഇതര രാജ്യങ്ങളിൽ ഇത്ര പ്രാധാന്യതയുള്ള നിയമവിധാനത്തിലേക്കു സഭ ഒന്നാകെ സിലക്ട്കമ്മിററിയായി രൂപാന്തരപ്പെടുന്നതു അസാധാരണ സംഭവമല്ല.

അവസാനമായി സഭയുടെ ഈ വശത്തുള്ള മെംബർമാരോടു ഞാൻ നിർബന്ധിക്കുന്നത്, ബിൽ ഈ രൂപത്തിൽ പാസാക്കപ്പെടുന്നെങ്കിൽ 'നിയമനിർമ്മാണത്തിൽ നിന്ന് ഞങ്ങളെ രക്ഷിക്ക' എന്നുള്ള നിലവിളി രാജ്യത്തെങ്ങും മുഴങ്ങുന്നതായിരിക്കും. അങ്ങിനെയുള്ള സന്ദർഭത്തിനിടയാക്കരുതു. ഈ അഭിപ്രായങ്ങളോടുകൂടി ബില്ലിന്റെ അവതരണത്തെ ഞാൻ പിൻതാങ്ങുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂമവും-വിളവംകോടും): മലയാളത്തിൽ പ്രസംഗംചെയ്യുന്നതിനു ഞാൻ അനുവാദം അപേക്ഷിച്ചുകൊള്ളുന്നു.

പ്രസിഡന്റ്: എനിക്കു വിരോധമില്ല.

മി: ടി. സി. കേശവപിള്ള (കല്ലൂമവും-വിളവംകോടും): സർ, ജന്മി കുടിയാൻ റെഗുലേഷൻ തിരുവിതാംകൂറിൽ എവിടെയും പ്രാധാന്യമുള്ള ഒന്നാണ്. അനേകം നൂററാണ്ടുകൾക്കുമുമ്പ് തിരുവിതാംകൂറിലുള്ള ഭൂമികളെ അവിടവിടെയായി കെട്ടുപെടുത്തി ഓരോ പ്രഭുക്കന്മാരുടെ കൈവശത്തിൽ ഏല്പിച്ചിരുന്ന അവസരത്തിൽ തിരുവിതാംകൂറിലുള്ള മഹാരാജാക്കന്മാരും പാണ്ടിയിൽ നിന്നുംവന്നിട്ടുള്ള ചക്രവർത്തിമാരും കരം പിരിക്കുന്നതിനുള്ള സൌകര്യത്തെ മാത്രം ഉദ്ദേശിച്ച് ആ ഭൂമികളെ മിക്കവാറും ബ്രാഹ്മണർക്കായി വിട്ടുകൊടുക്കയാണു ചെയ്തിട്ടുള്ളത്. മുൻ കാലങ്ങളിൽ ദൈവീകമായ ഒരാദരവ് ബ്രാഹ്മണരുടെമേൽ ഇവിടത്തെ ജനങ്ങൾക്കു ഉണ്ടായിരുന്നു. അതിനാൽ ബ്രാഹ്മണരുടെയും ക്ഷേത്രങ്ങളിലേയും മുതൽ അപഹരിക്കയില്ലെന്നുള്ള വിശ്വാസത്താൽ അന്നുണ്ടായിരുന്ന ഏതാനും ഇടപ്രഭുക്കന്മാരെയെല്ലാം വെട്ടിക്കൊന്ന മലബാറിൽനിന്നും ബ്രാഹ്മണരെ വരുത്തി ഈ വസ്തുക്കളെ അവരെ ഏല്പിച്ചു എന്നാണ് എന്റെ അറിവു. ഇതിനെ, വെണ്ണുമാസവല്ലിലെ ചില ഭാഗങ്ങളും, പഴയ ചില ആധാരങ്ങളും തെളിയിക്കുന്നുണ്ട്.

ഈ ജന്മികുടിയാൻ റഗുലേഷൻ ഈ നാട്ടിൽ ശാശ്വതമായി ബന്ധിക്കുന്നതിനുള്ള കാരണമെന്ത്? ജന്മി കുടിയാൻ ബില്ലിനു ആസ്പദമായ ഭൂമി ഏത്? അവക്ക് ഇടപ്രഭുക്കന്മാരൊ ഉഴവന്മാരൊ എന്തെങ്കിലും ചെയ്തുകൊടുത്തുകൊണ്ടിരുന്നോ? ജന്മിമാർ ബ്രാഹ്മണരൊ അബ്രാഹ്മണരൊ? ആരുതന്നെയായിരുന്നാലും ഇതൊക്കെ ഈ അവസരത്തിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. ഇതിനെ ഒന്നുകൂടി നിരൂപണംചെയ്യാം. സാധാരണ കരിവുവരുന്ന കാലത്ത് കളംവെട്ടിക്ക മുതലായ ജോലികൾ മറ്റംവക വസ്തുക്കൾ കിടക്കുന്ന സ്ഥലങ്ങളിൽ ചെയ്യിക്കുന്നതിനു ജന്മികളെ ബന്ധിക്കുന്നുണ്ട്. ഈ സംഗതിയെപ്പറ്റി ഈ ബില്ലിൽ നിർദ്ദേശിച്ചുകാണുന്നില്ല. എന്നാൽ ഇപ്പോൾ ഉത്തരവാദിത്വമുള്ള ഒരു ബിൽ പാസ്സാക്കാൻ പോവുകയാണ്. ഈ സമയത്തെങ്കിലും ഇതിനെപ്പറ്റി വേണ്ടവിധം ആലോചിച്ചുചെയ്യണമെന്നു ഞാൻ അറിയിച്ചുകൊള്ളട്ടെ.

രണ്ടാമതായി ജന്മിമാരും കുടിയാന്മാരും ഇവിടെ എന്നും ഉണ്ടായിരിക്കണമെന്ന ഒരു മനഃപൂർവ്വമായ ഉദ്ദേശം ഗവർമ്മെന്റിനു ഉണ്ടായിരിക്കുന്നതായി തോന്നിപ്പോകുന്നു. ജന്മിമാർ ഗവർമ്മെന്റിനു ധനം ചെയ്യുന്നുണ്ടെങ്കിലും തഹശീൽദാർമാരെ വിട്ടുകൊടുക്ക മുൻസിഫന്മാരെ വിട്ടുകൊടുക്ക എന്നിങ്ങനെയുള്ള സംഗതികൾ നിത്യമായികാണാം. അതിലേയ്ക്കു ജന്മിമാർ പ്രത്യേകം ശമ്പളംകൊടുക്കുന്നുണ്ടോ? ജന്മിമാർക്കു ലഭിക്കുന്ന കരത്തിൽ വല്ല അംശവും ഗവർമ്മെന്റിനു കിട്ടുന്നുണ്ടോ? അതൊന്നുമില്ല. ആയതുകൊണ്ട് അവരെയും കുടിയാന്മാരെയും തമ്മിലടിപ്പിച്ചു കോർട്ടുഫീസ് മുതലായ മാറ്റിനങ്ങളിൽ വലുതായ ഒരു സംഖ്യ ഗവർമ്മെന്റിനു ലഭിക്കുന്നതിനാണ് ഈ ബന്ധം ഇങ്ങനെ നിലനിർത്തിക്കൊണ്ടുപോകുന്നതെന്നു തോന്നിപ്പോകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇവിടെ മാത്രമെ അതൊള്ളോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവംകോടും): മറ്റു സ്ഥലങ്ങളിൽ വ്യത്യാസമുണ്ട്. അവിടെ കാണുന്നതിൽനിന്നും വളരെ വ്യത്യസ്തമായിട്ട ഇവിടെ കാണുന്നുണ്ട്. അതിനാൽ ഞാൻ പറയുന്നത് ഇവിടെ ചിലഭൂമികൾ പണ്ടാരപ്പാട്ടമായിട്ടുള്ളതുപോലെ ജന്മിമാരുടെ ഭൂമികളെയും കരുതണമെന്നുള്ളതാണ്. ഇവിടെ വലുതായ ഒരു തുക ബഡ്ജറ്റിൽ മിച്ചമുണ്ട്. ആകെമൊത്തം എത്ര ജന്മം ഭൂമികളുണ്ടെന്നു കണക്കാക്കണം. പന്ത്രണ്ടുവർഷം കണക്കാക്കി ജന്മിമാർക്ക് എന്തു ആദായംകിട്ടുമൊ അതിനനുസരണമായി ബ്രിട്ടീഷിന്ത്യയിലും മറ്റു ജമിൻദാർമാർക്കു പെൻഷൻ കൊടുക്കുന്നതുപോലെ അവർക്കു ആയിരമൊ രണ്ടായിരമൊ രൂപാ കൊടുത്തു ജന്മബാദ്ധ്യതയൊഴിപ്പിച്ചു ജന്മം വസ്തുക്കളെല്ലാം പണ്ടാരവസ്തുക്കളാക്കിയിരിക്കുന്നതായ ഒരു തിരുവെഴുത്തു വിളംബരമുണ്ടാക്കി സാധുജനങ്ങളെ രക്ഷിക്കണമെന്ന് ഈ വസ്തുതകളെപ്പറ്റി നല്ലപോലെ അറിവുള്ളദിവാൻ പ്രസിഡന്റിനോട് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

വസ്തു ഒഴിപ്പിക്ക, വിട്ടുകൊടുക്കുക, മിച്ചവാരം എപ്പോഴാണ് കൊടുക്കേണ്ടത്, എങ്ങിനെയാണു ആ പണം പിരിച്ചുകൊടുക്കേണ്ടത്, ബാക്കികാലത്തു എങ്ങിനെയാണ് നടത്തേണ്ടത് എന്നിങ്ങനെയുള്ള പ്രധാനസംഗതികളെപ്പറ്റിയാണ് ഖാത മെമ്പർ ഒരു ഭേദഗതിബിൽ നമ്മുടെ മുമ്പാകെ ഹാജരാക്കിയിട്ടുള്ളത്. മി. എ. ജി. മേനോന്റെ ബിൽ ഹാജരാക്കിയപ്പോൾ മുമ്പിലത്തെ പ്രസിഡന്റു മി. വാട്ട്സ് രണ്ടുപേരെ റൌണ്ടുടേബിൾ കാൺഫറൻസിനു തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. അതനുസരിച്ചു രണ്ടുപേരെ എടുത്തു എന്നേയുള്ളു. അല്ലാതെ അവർ കുടിയാന്മാരുടെ പ്രതിനിധികളല്ല. എനിക്കു ജന്മിമാരുടെ വസ്തുക്കൾ അനുഭവവുമില്ല. എതിർക്കാവുന്ന മെമ്പറന്മാർക്കും ജന്മിമാരുടെ വസ്തുക്കളില്ല. അതിനാൽ ഈ കൗൺസിലിലെ മെമ്പർ എന്ന നിലയിൽ ജന്മിക്കൊ കുടിയാനൊ ദോഷമില്ലാതെ കാര്യങ്ങൾ നടത്തണമെന്നേയുള്ളു. അതായതു നാട്ടിനു ഗുണംവരണമെന്ന അഭിപ്രായമേയുള്ളു. ഉഴവർക്കുമാത്രം ഗുണപ്രദമായ സംഗതിയെപ്പറ്റി ഇവിടെ പ്രസ്താവിക്കുന്നില്ല.

പണ്ടാരവക വസ്തുക്കളെ ഭാഗിച്ചാലും ആ ഭാഗത്തെപ്പറ്റി ഗവർമ്മെന്റിനെ അറിയിക്കണമെന്നു നിർബന്ധമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): പണ്ടാരവക വസ്തുക്കൾ ഭാഗിച്ചാൽ പോക്കുവരവുഫാറം പകുതിക്കച്ചേരിയിലേക്ക് അയച്ചുവരുന്നുണ്ടെന്ന് അറിയാമൊ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): അറിയാം.

മി: ആർ. രാമൻപിള്ള (കോട്ടയം): അതുപോലെ ഇനിയും ഭാഗാധാരത്തിന്റെ ഒരു പകർപ്പ് ജന്മിക്കു കൊടുക്കണമെന്നു വച്ചിരിക്കുന്നതിൽ വിരോധമുണ്ടോ?

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ആയതുകൊണ്ടു ഇങ്ങനെയുള്ള നിഷ്കർഷകളൊക്കെ വച്ചാൽ നിശ്ചയമായിട്ടും സാധിക്കയില്ല. Transfer of Property Act. വസ്തുകൈമാറ്റ ആക്ടിൽ Registration is notice (രജിസ്റ്റർ ചെയ്യുന്നതു നോട്ടീസിനു തുല്യമാണ്) എന്നുള്ളതുകൊണ്ടു ആധാരം പതിഞ്ഞാൽ കക്ഷികൾ അറിഞ്ഞു എന്നൂഹിക്കണം. ആയതുകൊണ്ട് അപ്രകാരമുള്ള ഒരു വ്യവസ്ഥ ആവശ്യമില്ലെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

അതുപോലെ തന്നെ കരംപിരിക്കുന്ന വിഷയത്തെ സംബന്ധിച്ചു പറയാനുണ്ട്. ഇപ്പോൾതന്നെ പല സ്ഥലങ്ങളിലും ഉഴവന്മാരുടെ കൈവശമിരിക്കുന്ന വസ്തുക്കളെ ചുമത്തപ്പെടുത്തിയിരിക്കുന്ന വളരെ ദൂരത്തിലിരിക്കുന്ന പട്ടാദാരന്മാരുടെ അവകാശത്തിൽ കൃത്രിമികളായ പാർശ്വകരന്മാരുടെ പ്രവൃത്തികളാൽ പല കുഴപ്പങ്ങളുംഉണ്ടാകുന്നുണ്ട്. ഇക്കാലത്തു ഇങ്ങനെ ഒരു അവകാശം കൂടി കൊടുക്കുന്നപക്ഷം തീർച്ചയായിട്ടും ഉഴവന്മാർക്ക വസ്തു കാണുകയില്ല. ആയതുകൊണ്ട് ഇങ്ങനെയുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം സിലക്ട് കമ്മറ്റി മുഖമായിട്ട ഗവർമ്മെന്റിനോടു നിർദ്ദേശിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇനി ഒരു സംഗതികൂടി പറയാനുണ്ട്. പയറമ്പാട്ടം ജന്മംവസ്തുക്കൾ തെക്കൻതിരുവിതാംകൂറിലും ധാരാളമുണ്ട്. മണ്ണു കുന്നിടും മുൾച്ചെടികളും നിറഞ്ഞിരിക്കുന്ന ഭൂമികളെ വളരെ പണം ചെലവാക്കി നന്നാക്കി ആ വസ്തുക്കളിൽ കൃഷിചെയ്തു കൃഷിക്കാർ നെററിവിയർത്തുണ്ടാക്കുന്ന പണത്തിന്റെ ഒരുവീതം ജന്മിക്കു കൊടുക്കണമെന്നു പറയുന്നുണ്ട്. ഈ സംഗതിയിൽ തെക്കൻതിരുവിതാംകൂറിനെ മറന്നിട്ടാണ് ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെന്നുമാത്രമെ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർക്കപ്പെട്ടമെമ്പർ), ഇപ്പോൾ പറഞ്ഞിട്ടുള്ളത് കൃഷിക്കാരെ ഉദ്ദേശിച്ചാണൊ അതല്ല കുടിയാന്മാരെ ഉദ്ദേശിച്ചൊ?

മി: ടി. സി. കേശവപിള്ള (കല്ലുകുളവും വിളവങ്കോടും). കൃഷിക്കാരെ ഉദ്ദേശിച്ചാണ്.

തേയിലയ്ക്കും റബ്ബറിനും ഇപ്പോൾതന്നെ ഗവൺമെന്റിൽനിന്നും പ്രത്യേകം കരം ചുമത്തിട്ടുണ്ട്. എനിക്കു തേയിലകൃഷിയും റബ്ബർകൃഷിയുമില്ല. ഇപ്പോഴത്തെ ബില്ലനുസരിച്ച് അവയ്ക്കും രണ്ടുതരമായ നികുതിവരുന്നുണ്ട്. അതു ഒട്ടും ന്യായമല്ല. ആകമൊത്തം നോക്കിയാൽ ഞാൻ മുമ്പുപറഞ്ഞതുപോലെ പുരാതനമായിട്ടു ചിലരൊ പ്രഭുക്കന്മാരുടേയും മാടമ്പിമാരുടേയും കൈകവശമിരുന്ന വസ്തുക്കളെല്ലാം പിടിച്ചടക്കി ബുദ്ധിമാന്മാരായ മഹാരാജക്കന്മാർ ബ്രാഹ്മണർക്കായിട്ട് ദത്തംചെയ്തു. ഇപ്പോൾതന്നെ നാട്ടിൽ ഒരുചൊല്ലുണ്ട്. അതായതു ബ്രാഹ്മണരുടെവസ്തു അനുഭവിക്കുന്നതു കുഷ്ഠരോഗികളുമായിട്ടുള്ള സംസർഗ്ഗംപോലെ അപകടമാണെന്നാണ്. ആയതുകൊണ്ട് ഈ ജന്മം വസ്തുക്കളെല്ലാം കണ്ടുകെട്ടി അവയെ പണ്ടാരവക ഇനമായി മാറുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഈ ഭേദഗതിബില്ലിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മിമാർ): സർ, ഈ ബില്ലിനെ എതിർക്കുന്നതിനായി ഞാൻ എഴുന്നേല്ക്കുന്നു. ജന്മിമാരുടെപക്ഷം പ്രതിനിധീകരിക്കുന്നതുകൊണ്ട് അതിനു ദോഷത്തെയുണ്ടാക്കുന്ന ഏതൊരു വിയമവിധാനത്തെയും ഞാൻ എതിർക്കുന്നില്ലെങ്കിൽ എന്റെ കൃത്യം നിർവഹിക്കാതെയിരിക്കുന്നതാണ്. ഈ സഭയുടെ പര്യാലോചനയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്ന ഇപ്പോഴത്തെ ജന്മികുടിയാൻ ബിൽ ഓർമ്മ എത്താത്തകാലം മുതല്ക്കു തങ്ങൾ അനുഭവിച്ചുവന്നിരുന്നതായ അവകാശങ്ങളിലും പദവികളിലും മിക്കതിനെയും അതു സ്പഷ്ടമായി എടുത്തുകളയുന്നതിനാൽ അതു എല്ലാപ്രകാരത്തിലും ജന്മിമാരുടെ നന്മയ്ക്കും ക്ഷേമത്തിനും ദോഷം ചെയ്യുന്നതാണ്.

സർ, ഇപ്പോഴത്തെ ബില്ലിന്റെ പലദോഷവശങ്ങളെയും ചൂണ്ടിക്കാണിക്കുന്നതിനു ഞാൻ ആരംഭിക്കുന്നതിനുമുമ്പായിട്ടു തിരുവിതാംകോട്ടിലെ കുടിയായ്മക്കാര്യത്തിന്റെ മുൻചരിത്രം സംക്ഷേപിച്ചുപ്രസ്താവിക്കുന്നതു അസ്ഥാനത്തല്ലായിരിക്കും. എന്നാൽ തിരുവിതാംകോട്ടിലെ കുടിയായ്മയുടെ ഉത്ഭവത്തെയും പുരാതനത്വത്തെയും പററി വിവരമായി പ്രസ്താവിക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. ജന്മിമാർക്കും കുടിയാന്മാർക്കും ഒരുപോലെ അഭിവൃദ്ധിയുണ്ടാക്കികൊണ്ട് ആ പുരാതനകാലങ്ങളിൽ ഈ പദ്ധതി പ്രയോഗത്തിലിരുന്നു എന്നു ചൂണ്ടിക്കാണിക്കുന്നതിനും ഞാൻ ഒരുങ്ങുന്നില്ല. നമ്മുടെ ഇപ്പോഴത്തെ ആവശ്യത്തിനു, ഒരു ശതാബ്ദം പിമ്പോട്ടു പോയാൽ മതിയാകും. കാരണം അതിനുമുമ്പു രണ്ടുകൂട്ടരും തമ്മിലുള്ള സംസർഗ്ഗം വിരുദ്ധമായിരുന്നില്ല എന്നുതന്നെയല്ല കുടിയാന്മാർ തങ്ങളുടെ സ്ഥിതിയെപ്പററി അതൃപ്തിയുള്ളവരായിരുന്നു എന്നുള്ളതിനു യാതൊരു ലക്ഷ്യവുമില്ലായിരുന്നു. കൃത്യമായി ഒരു ശതാബ്ദത്തിനു മുമ്പ്, ൧൦൦൮-ാമാണ്ട് ആയിരുന്നു ജന്മിമാരുടെ ഏതാനും അവകാശങ്ങൾ എടുത്തുകളഞ്ഞും കൂടുതൽ അവകാശങ്ങൾ കുടിയാന്മാരിൽ സ്ഥാപിച്ചുമായ ഒരു രാജകീയ വിളംബരത്താലേ ജന്മിമാർക്കു ഒന്നാമത്തെ ക്ഷതം ഉണ്ടാക്കിയതു. ഈ രാജകീയവിളംബരം കുറെക്കാലത്തേക്കു കുടിയാന്മാർക്കു സന്തോഷത്തെ പ്രദാനം ചെയ്തിരുന്നു എന്നുതോന്നുന്നു. അഥവാ ചുരുക്കിപ്പറഞ്ഞാൽ, ഉദ്ദേശം ഒരു അർദ്ധശതാബ്ദത്തോളം അവർ സന്തുഷ്ടന്മാരും തൃപ്തന്മാരുമായിരുന്നു. ജന്മിമാരും കൂടുതലായി നഷ്ടം സഹിക്കേണ്ടിവരികയില്ലെന്നുള്ള പ്രതീക്ഷയിൽ തങ്ങളെതന്നെ സമാശ്വസിപ്പിച്ചു

എന്നാൽ ബൃഹത്തരമായ ഒരാപത്തു അവർക്കു പതുങ്ങി നിക്ഷിപ്തമായികിടന്നിരുന്നു. ൧൦൮൨-ാമാണ്ട് മുന്നവസരത്തിൽ ലഭിച്ച വിജയത്താൽ പ്രേരിതരായിട്ടു, കുടിയാന്മാർ കൂടുതൽ സ്വാതന്ത്ര്യങ്ങൾക്കായി മുറവിളിക്കുകയും ഗവൺമെന്റു അവർക്കുവശ്യമാവുകയും ചെയ്തു. ആയതിന്റെ ഫലമായി ജന്മിമാർക്കു പിന്നെയുമുണ്ടായിരുന്ന അവകാശങ്ങളിൽ മിക്കതും അവർക്കു നഷ്ടമായിത്തീർന്നു. കാൽശതാബ്ദം കഴിഞ്ഞപ്പോൾ പഴയകഥവീണ്ടും ആവർത്തിച്ചു, കാരണം ൧൦൭൧-ാമാണ്ട് ഇപ്പോൾ നിലവിലിരിക്കുന്നതായ ഒരു റെഗുലേഷൻ നടപ്പാക്കി. തൽഫലമായി മൂന്നാമതു ശതാബ്ദാപത്യംകൂടി ജന്മിമാർ തങ്ങളുടെ അവകാശങ്ങളിൽപലതും നഷ്ടമാക്കേണ്ടിവന്നു. അതു കുടിയാന്മാർക്കു അവിതർക്കിതമായ ഒരു വിജയവും ജന്മിമാർക്കു കഠിനമായ തോല്‌വിയുമായിരുന്നു. എന്നാൽ അതിശയമെന്നപോലെ, അതിനു കുടിയാന്മാരെ സമാധാനപ്പെടുത്തുന്നതിനു ശക്തിയില്ലാതെയിരുന്നു. കാര്യത്തിന്റെ അപകടനില ജന്മിമാർക്ക് അനുഭവപ്പെട്ടു എന്നുതോന്നുന്നു, കാരണം അവർ തങ്ങളുടെ നഷ്ടപ്പെട്ട നിലയെ വീണ്ടും ലഭിക്കുന്നതിനായി ശക്തിയായ പ്രക്ഷോഭണം വളരെ കാര്യമായി ആരംഭിക്കയും തുടർന്നുപോകയും ചെയ്തു. ശ്രീമൂലം പ്രജാസഭ സ്ഥാപിതമായതോടുകൂടി ഇരുകക്ഷികളും തങ്ങളുടെ സങ്കടങ്ങളെ വെളിപ്പെടുത്തുന്നതിനുവേണ്ടി അതിനെ ഉപയോഗമാക്കി. ഹർജികളും മെമ്മോറിയലുകളും സമർപ്പിക്കപ്പെടുകയുണ്ടായി. തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനുവേണ്ടി ഇരുകൂട്ടരും രാജ്യത്തിലെല്ലാം യോഗങ്ങളും എതിർയോഗങ്ങളും നടത്തി. ഈ പ്രക്ഷോഭണങ്ങളുടെ ഫലമായി ഈ വിഷയത്തിൽ വല്ലതും പ്രവർത്തിക്കേണ്ടസമയം അടുത്തിരിക്കുന്നു എന്നു ഗവൺമെന്റും വിചാരിച്ചു അതു ഹേതുവായി ൧൦൯൧-ാമാണ്ട് ഒരു കമ്മിററി നിയമിക്കപ്പെടുകയും, അതു് സംസ്ഥാനത്തു പലപ്രധാനസ്ഥലങ്ങളെയും സന്ദർശിക്കയും, അന്വേഷണങ്ങൾ നടത്തുകയും, ഒടുവിലായി ഒരു റിപ്പോർട്ടു സമർപ്പിക്കയും ഉണ്ടായി. എന്നാൽ അതു കക്ഷികളിൽ ഒന്നിനേയും തൃപ്തിയാക്കാതെ, ഗവൺമെൻ[illegible] ഉപേക്ഷിച്ചു. നിയമസഭയിൽ ജന്മിയൊ കുടിയാനൊ അവതരിപ്പിക്കുന്ന ഒരുബിൽ എതിർ കക്ഷിക്കു [illegible]കരമായിരിക്കുമെന്നുള്ളതിനാൽ, ഗവൺമെന്റ് ഈകാര്യത്തിൽ സൌഹാർദ്ദമായ ഒരു തീരുമാനമുണ്ടാക്കുന്നതിലേക്ക് ജന്മിമാരുടേയും കുടിയാന്മാരുടേയും പ്രതിനിധികളുൾപ്പെട്ട ഒരു സൌഹാർദ്ദസമ്മേളനം വിളിച്ചുകൂട്ടുന്നതു ഏററ യുക്തിപൂർവമായിരിക്കുമെന്നു വിചാരിച്ചു. അതിനാൽ കാൺഫറൻസിൽ ജന്മിമാരും കുടിയാന്മാരും 'ദാനസ്വീകരണ' നയം അനുകരിക്കുമെന്നു പ്രതീക്ഷിച്ചിരുന്നു. കാൺഫറൻസിൽ എത്തീട്ടുള്ള തീരുമാനങ്ങളിൽനിന്നു അങ്ങനെയുള്ള ഒരു നയം കൃത്യമായി അനുകരിച്ചിരുന്നു എന്നു സ്പഷ്ടമാണ്. എന്നാൽ ഈ വ്യത്യാസമുണ്ടായിരുന്നുഎന്നു പറയാം; ദാനമെല്ലാം ജന്മിമാരുടെ പക്ഷത്തും സ്വീകരണമെല്ലാം കുടിയാന്മാരുടെ പക്ഷത്തും ആയിരുന്നു. ഞാൻ അതിശയോക്തി പ്രയോഗിക്കുന്നില്ലെന്നും അവാസ്തവമായ യാതൊരു പ്രസ്താവനയും ചെയ്യുന്നില്ലെന്നും താഴെപറയുന്ന ഉദാഹരണം സ്പഷ്ടമായി ചൂണ്ടിക്കാണിക്കുന്നു.

൪-ാം ഖണ്ഡത്തിൽ കാണപ്പാട്ടം വീണ്ടെടുക്കാൻ കഴിയാതെയാക്കിയിരിക്കുന്നു. അതായതു, കാണക്കുടിയായ്മയുടെ പൂർണ്ണയുടമസ്ഥത കുടിയാന്മാർക്ക് കൊടുത്തിരിക്കുന്നു. ഇതുവരെ ഉടമസ്ഥരായിരുന്നു എന്നു വിചാരിക്ക

പ്പെട്ടിരുന്ന ജന്മിമാരുടെ പക്ഷത്തുനിന്നു നോക്കുന്നെങ്കിൽ ഇതു് അവരുടെ അവകാശസ്വാതന്ത്ര്യങ്ങൾക്കു വലുതായ ഒരു നഷ്ടമാണു്.

൭-ാം ഖണ്ഡത്തിൽ പറയുന്നതു വസ്തുക്കളിൽ നില്ക്കുന്ന തടിവൃക്ഷങ്ങളിന്മേൽ ജന്മിമാൎക്കു് അവകാശമില്ല എന്നാണു്. നിലവിലിരിക്കുന്ന റെഗുലേഷൻപ്രകാരം, തനിയെ വളരുന്നവൃക്ഷങ്ങളിന്മേൽ പൂൎണ്ണാവകാശവും കുടിയാന്മാർ നട്ടുണ്ടാക്കിയ വൃക്ഷങ്ങളിന്മേൽ മുക്കാൽ അവകാശവും ജന്മിമാൎക്കുള്ളതാണു്. വൃക്ഷങ്ങളിന്മേൽ ജന്മിമാൎക്കുള്ള അവകാശത്തെ പുതിയബില്ലിൽ പൂൎണ്ണമായി എടുത്തുകളയുന്നു. ൧൭-ാം ഖണ്ഡത്തിന്റെ ഉപഖണ്ഡം (൨)-ൽ പറയുന്നതു മേലാൽ പൊളിച്ചെഴുത്തിനുള്ള ഇപ്പോഴത്തെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനു് ജന്മിമാൎക്കു് അവകാശമുണ്ടായിരിക്കുകയില്ലെന്നാണു്.

പൊളിച്ചെഴുത്തുഫീസു മററു ഭോഗങ്ങളും, ഇപ്പോൾ ഒരു മൊത്തതുകയായി പൊളിച്ചെഴുതുന്ന അവസരത്തിൽ കൊടുത്തുവരുന്നതിനെ ഭാഗിച്ചു പ്രതിവർഷ ഗഡുക്കളാക്കി കൊടുക്കേണ്ടതായിരിക്കുന്നു. ഇതു ജന്മിമാൎക്കു് വലിയ നഷ്ടമാണു്.

പിന്നെയും, ഭേദഗതിബില്ലിൽ പറയുന്നതു ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷനിൽ കാണുന്നപ്രകാരം ൧൨ വർഷത്തിലൊരിക്കൽ പൊളിച്ചെഴുതാൻ അവകാശമുണ്ടായിരിക്കെ, അതു് ൨൦ വർഷത്തിലൊരിക്കൽമാത്രമേ പാടുള്ളുവെന്നാണു്. ഇങ്ങനെതന്നെ മിച്ചവാരക്കുടിശ്ശികയുടെ കാലഹരണാവധി ൧൨ വർഷത്തിൽനിന്നും ൩ വർഷമായി കുറച്ചിരിക്കുന്നു. ഭേദഗതിയിൽ ഏററവും ദോഷകരമായ വ്യവസ്ഥ ജന്മിപാട്ടത്തെക്കുറിച്ചുള്ളതാണു്. ഇപ്പോഴത്തെ റെഗുലേഷൻപ്രകാരം ജന്മിപാട്ടം ആകെവിളവിൽ നാലിലൊന്നാകുന്നു. എന്നാൽ ഭേദഗതിബില്ലിൻപ്രകാരം, നെൽകൃഷിയുടെ സംഗതിയിൽ അതു ചിലവുനീക്കിയുള്ള ബാക്കിയിൽ മൂന്നിലൊന്നും മററിനം ഭൂമികളുടെ വിഷയത്തിൽ നാലിലൊന്നും ആകുന്നു. എന്നാൽ ബാക്കിവിളവു് എന്നുപറയുന്നതു ആവശ്യമുള്ള സകലചെലവും നീക്കിയുള്ള വിളവു് ആകയാലും ആവശ്യമായ ചെലവിനു് ഒരതിരുവച്ചിട്ടില്ലാത്തതിനാലും ബാക്കിവിളവു് എന്നുപറയുന്നതു നിസ്സാരമായതുകയായി കുറയുന്നതും അതിൽ മൂന്നിലൊന്നു് എന്നുപറഞ്ഞാൽ പ്രായോഗികമായി ശൂന്യമായി വരുന്നതുമായിരിക്കാം. ഇതു ജന്മിമാൎക്കു് കഠിനമായ നഷ്ടത്തിനു ഹേതുവാകുന്നു. കൂടാതെ, ജന്മിമാരുടെ അവകാശങ്ങൾക്കു ദോഷകരമായ മററും പല വ്യവസ്ഥകളുണ്ടു്.

സർ, ഇരുപക്ഷക്കാൎക്കും ഐക്യമായ ഒരു തീരുമാനത്തിൽ എത്തുന്നതിലേക്കു് ഗവൺമെന്റു നന്നാ വിഷമിക്കുന്നുണ്ടെന്നു് എനിക്കറിയാം. കുടിയാന്മാരാണു് ബലമേറിയവർ—സംഖ്യാബലത്തെപ്പററിയാണു ഞാൻ പറയുന്നതു—അതിനാൽ പൊതുജനങ്ങൾക്കു് അവരോടു അനുകമ്പയുണ്ടാവാമെന്നു് എനിക്കു ബോധമുണ്ടു്. എന്നാൽ ഈ സംഖ്യാബലമോ അവരുടെ പ്രക്ഷോഭണത്തിന്റെ ശക്തിയോ അല്ല കക്ഷികളുടെ സങ്കടങ്ങൾക്കു ശരിയായ മാനദണ്ഡു് ആയിരിക്കുന്നതു്, വാസ്തവത്തിൽ ജന്മിമാരുടെ നിസ്സഹായതയാണു് ഗവൺമെന്റു സഹായത്തെ അപേക്ഷിക്കുന്നതു്. കാരണം, അവരുടെ സങ്കടം കുടിയാന്മാരുടേതിനേക്കാൾ ലവലേശം ലഘുതരമായിട്ടുള്ളതല്ല. അതിനാൽ ജന്മിമാരുടെ അവകാശങ്ങളെ സുരക്ഷിതമായി സൂക്ഷിക്കേണ്ടതു ഗവൺമെന്റിന്റെ നിർബന്ധമായ കടമയാണു്. തങ്ങൾക്കു കൂടുതൽ ദോഷത്തിനു കാരണമാകാതെ യാതൊരുഭേദഗതിയും സാധിക്കുന്നതല്ലെന്നു ജന്മിമാൎക്കു് നല്ല നിശ്ചയമുള്ളതുകൊണ്ടു് ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷൻകൊണ്ടു് അവർ തൃപ്തിപ്പെടുന്നു. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിന്റെ അഭിപ്രായത്തെ പ്രസ്താവിച്ചുകൊണ്ടു ഞാൻ ബില്ലിനെ എതിർക്കുന്നു.

മി: ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി). സർ, നടപ്പിലിരിക്കുന്ന നിയമത്തിൽ ഒരു ഭേദഗതിവരുത്തുന്നതിനു, കുറഞ്ഞപക്ഷം, യത്നിച്ചതിനുവേണ്ടി ഗവൺമെന്റിനെ അഭിനന്ദിക്കുന്നതിനു ഞാൻ മാൎഗ്ഗം കാണുന്നില്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന കുടിയായ്മനിയമസമ്പ്രദായത്തെപ്പററി പ്രതിപാദിക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നില്ല. ജന്മിമാൎക്കും കുടിയാന്മാൎക്കും തമ്മിൽ സമനില പാലിക്കുന്നതിലേക്കു ഗവൺമെന്റു അനുകരിച്ചിട്ടുള്ള നിയമവിഷയമായും ഭരണവിഷയമായും പല ഉപായങ്ങളെപ്പററിയും പ്രതിപാദിക്കുന്നതിനും ഞാൻ ഉദ്ദേശിക്കുന്നില്ല. എന്നെ അതിശയിപ്പിക്കുന്നതു് നമ്മുടെ മുമ്പാകെ ഇരിക്കുന്ന ബില്ലിലെ വ്യവസ്ഥകൾ ജന്മിമാരും കുടിയാന്മാരും ആയ ഇരുകക്ഷികളുടേയും പ്രതിനിധികളടങ്ങിയ വട്ടമേശ കാൺഫറൻസിൽ എത്തിയിട്ടുള്ള തീർച്ചകളുടെ ക്രോഡീകരണമാണല്ലോ എന്നുള്ളതാണു്.

കുടിയാന്മാരെ പ്രതിനിധീകരിച്ചിട്ടില്ല എന്നു കുടിയാന്മാർ എത്രതന്നെതക്കം കൊണ്ടുവന്നാലും കുടിയാന്മാരെ ഈ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട രണ്ടു മെംബർമാർ പ്രതിനിധീകരിച്ചിട്ടുണ്ടു് എന്നുള്ളതു വാസ്തവമായ സംഗതിയാണു്. ഈ സഭ അവരെ ചുമതലപ്പെടുത്തിയ കൃത്യങ്ങളെ അവർ ശരിയായി നിർവഹിച്ചില്ല എന്നു നിരീക്ഷിക്കുന്നതിൽ എനിക്കു വ്യസനമുണ്ടു്. പുരോഗമിക്കുന്ന ലോകം അവഗണിച്ചു പിമ്പിൽ തള്ളിക്കളഞ്ഞതായ ഗതയുഗത്തിന്റെ പുരാണശിഷ്ടങ്ങളായ പഴയ അടിയായ്മ സമ്പ്രദായത്തിന്റെ ലുപ്തങ്ങളായ വ്യവസ്ഥകളും വിലക്ഷണങ്ങളായ അവശിഷ്ടങ്ങളും നിരുത്തലാക്കപ്പെടണമെന്നാണു് ഞങ്ങൾ ആവശ്യപ്പെടുന്നതു്. ആപാദചൂഡം നിങ്ങൾക്കു കാണാവുന്നതു് അടിയായ്മയുഗത്തിനെ സംബന്ധിക്കുന്ന ഈ പ്രാചീന സമ്പ്രദായത്തിന്റെ എല്ലാചടങ്ങുകളെയും നിലനിറുത്തുന്നതിനുള്ള യത്നം നടത്തിപ്പോന്നു എന്നതാണു്. ഈ ഭേദഗതിബില്ലിനാൽ ഇപ്പോൾ എടുത്തുകളയപ്പെട്ട ഒഴിപ്പിക്കുന്നതിനുള്ള അവകാശം ഒരു വിലയേറിയ അവകാശമല്ല എന്നു ഞാൻ പറയുന്നില്ല. എന്നാൽ മി. ആശാൻ പ്രസ്താവിച്ചതുപോലെ അപൂർവസന്ദർഭങ്ങളിൽ മാത്രമേ ജന്മി ഈ ഒഴിപ്പിക്കുന്ന അവകാശത്തെ പ്രയോഗിച്ചിട്ടുള്ളു. കാരണം ഈ നടപടി പ്രയോഗിക്കുന്നതു തന്റെ സ്വന്ത നിലയ്ക്കും കൂടി ഹാനികരമായിരുന്നു. അതിനു പരിഹാരമായി ഒഴിഞ്ഞുകൊടുക്കുന്നതിനുള്ള അവകാശവും കുടിയാനിൽ നിന്നു എടുത്തുകളയപ്പെട്ടു.

ശ്രീ. ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും). അദ്ദേഹം ബില്ലിനെ അനുകൂലിക്കുകയാണോ എതിർക്കുകയാണോ ചെയ്യുന്നതു്?

മി. ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി). എന്റെ പ്രസംഗം ശ്രദ്ധിച്ചുകേൾക്കുമെങ്കിൽ മെംബൎക്കു ഗ്രഹിക്കാൻ കഴിയുന്നതാണു്. അദ്ദേഹം വിഷമിക്കേണ്ട ആവശ്യമില്ല. അദ്ദേഹം ഞാൻ പറയുന്നതു

കേട്ടശേഷം ഞാൻ ബില്ലിനെ അനുകൂലിക്കയാണൊ എതിർക്കയാണൊ എന്നു മനസ്സിലാക്കിക്കൊള്ളട്ടെ.

ഒഴിപ്പിക്കുന്നതിനു ജന്മിക്കുള്ള അവകാശം എടുത്തു കളഞ്ഞു. ഈ നിയമവിധാനത്തിൽ അതിനു പരിഹാരമായി ഒരു പിഴ ചുമത്തുന്നതിനു വ്യവസ്ഥയുണ്ട്. മൂന്നുവർഷത്തേക്കുള്ള തുകകൾ കുടിശ്ശികയായി തീർന്നാൽ കുടിയാനിൽ നിന്നു പലിശയ്ക്കു പുറമെ ൧൨½ ശതമാനവും, നാലുവർഷത്തിനു ശേഷം ൨൫ ശതമാനവും അഞ്ചുവർഷത്തിനു ശേഷം ൩൭½ ശതമാനവും പിഴയായിട്ടും വസൂൽ ചെയ്യുന്നതിനു വ്യവസ്ഥചെയ്തിട്ടുണ്ട്. പിഴ എന്നു പറയുന്നതു നമ്മുടെ സന്മാർഗ്ഗവൃത്തിക്കു ആക്ഷേപകരമാണെന്നു നമ്മുടെ വിഖ്യാതനായ ലാമെംബർ തന്നെയും നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. നിയമങ്ങളിൽ അതിനെ അതൃപ്തിയായിട്ടാണു കരുതിവരുന്നത്. വട്ടമേശ കാൺഫറൻസിൽ സന്നിഹിതരായിരുന്ന മററു അഭിഭാഷകന്മാരും ബില്ലിന്റെ വ്യവസ്ഥകളിൽ പിഴ ചുമത്തുന്ന ഖണ്ഡിക ചേർക്കുന്നതിനു സമ്മതിച്ചതു എങ്ങിനെയായിരുന്നു എന്നു എനിക്കു ഗ്രഹിക്കാൻ കഴിയുന്നില്ല. മനഃസ്സാക്ഷിവിചാരമുള്ള യാതൊരു മനുഷ്യനും പിഴചുമത്തുന്ന ഖണ്ഡം ഈ ബില്ലിൽ സ്ഥലം പിടിക്കുന്നതിനു സമ്മതിക്കയില്ലായിരുന്നു. നിയമപുസ്തകത്തിൽ ഈ ഖണ്ഡം വച്ചുകൊണ്ടിരിക്കുന്നതിനു അനുവദിക്കുകയാണെങ്കിൽ തീർച്ചയായിട്ടും ഭാവിതലമുറകൾ നമ്മെ ശപിക്കുന്നതായിരിക്കും. സാധാരണ പലിശയായ ൧൦ ശതമാനം തന്നെ മതിയാകുന്നതാണ്, കുടിയാനിൽ നിന്നു കുടിശിഖയിന്മേൽ ൧൦ ശതമാനം വസൂലാക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. തനിക്കു ചെല്ലേണ്ടും തുകകളെ എല്ലാം വസൂൽ ചെയ്യുന്നതിലേക്കു ജന്മിയുടെ ആയുധപ്പുരയിൽ പിഴചുമത്തുക എന്നൊരായുധവുംകൂടി ചേർക്കുന്നതെന്തിനാണെന്നു ഞാൻ ഗ്രഹിക്കുന്നില്ല. കുടിശിഖ ഒരു വർഷത്തിലധികം കാലത്തേക്കായാൽ അതു വസൂൽ ചെയ്യുന്നതിലേക്കു വസ്തുക്കൾ കിടക്കുന്ന താലൂക്കു തഹശീൽദാരോടു ആവശ്യപ്പെടാവുന്നതാണെന്നും ഈ ബില്ലിൽ വ്യവസ്ഥയുണ്ട്. അതിനു വ്യവസ്ഥയുണ്ടാക്കിയാൽ, ജന്മിക്കു അങ്ങിനെ ചെയ്യണമെന്നുണ്ടായിരുന്നാൽ തന്റെ ബാക്കികളെ വളരെ എളുപ്പത്തിലും ശീഘ്രത്തിലും വസൂൽ ചെയ്യുന്നതിനു കഴിയുന്നതാണ്. ഈ ശിക്ഷാഖണ്ഡം ഇരിക്കുന്നിടത്തോളം ആ ഖണ്ഡത്തിലെ വ്യവസ്ഥകളെ പ്രയോഗിക്കുന്നതിനു യാതൊരു ജന്മിയും തുനിയുകയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ട്.

മി. വി. ചെല്ലംപിള്ള (തോവാള): പിഴചുമത്തലിനെ സംബന്ധിച്ച ഖണ്ഡം കുടിയാൻ കുടിശിഖ തീർക്കുന്നതിനു വല്ലവിധത്തിലും അയാളെ പ്രോത്സാഹിപ്പിക്കുമൊ എന്നു മെംബറിൽ നിന്നു അറിഞ്ഞാൽകൊള്ളാം.

മി. ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി): പിഴചുമത്തുന്നതിനെ സംബന്ധിച്ച ഖണ്ഡം എന്തായാലും പിഴചുമത്തുന്നതിനുള്ള ഒരു ഖണ്ഡംതന്നെയാണ്. അയാളെ തടവിലാക്കണമെന്നും കുടിശിഖ ഒടുക്കാത്ത കുററത്തിനു ശിക്ഷിക്കണമെന്നും കൂടി നിങ്ങൾക്കു പറയാം. അതും കൂടെ അത്ര കഠിനമായിരിക്കുന്നതല്ല. പിഴ ചുമത്തലിനെ സംബന്ധിച്ച ഖണ്ഡം ഒരിക്കലും നിയമപുസ്തകത്തിൽ സ്ഥലം പിടിക്കുന്നതിനു അനുവദിച്ചുകൂട.

പിന്നെയും, ഇവിടെ പ്രസ്താവിച്ചിട്ടുള്ളതും കുടിയാനു അനുവദിച്ചിട്ടുള്ളതും ആയ മറെറാരു പരിഹാരം അല്ലെങ്കിൽ നിവൃത്തിമാർഗ്ഗം ഒരുകാലാവധിക്കുശേഷം വസൂൽ ചെയ്യപ്പെടുന്ന പൊളിച്ചെഴുത്തു ഫീസ് ഇപ്പോൾ പ്രസർപ്പിതമാക്കിയിരിക്കുന്നു എന്നും അതു നടപ്പുവിധയനുസരിച്ചാണ് എന്നും ആകുന്നു. ഉദ്ദേശങ്ങളേയും കാരണങ്ങളേയും പ്രസ്താവിക്കുന്നിടത്തു "പൊളിച്ചെഴുത്തു സമയത്തു മൊത്തമായി കൊടുക്കേണ്ടും പൊളിച്ചെഴുത്തുഫീസ് പ്രസർപ്പണം ചെയ്തു നടപ്പുവിധയനുസരിച്ചു പ്രതിവർഷം കൊടുക്കത്തക്കവണ്ണം മാററുന്നതിനുദ്ദേശിച്ചിട്ടുണ്ട്" എന്നു പറയുന്നു. നടപ്പുവില എത്രശതമാനം കണക്കാക്കിയിരിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ. ഇവിടെ പറഞ്ഞിരിക്കുന്നതു പൊളിച്ചെഴുത്തു ഫീസ് ൧൦ വർഷത്തിനുശേഷം കൊടുക്കേണ്ടിയിരുന്നാൽ ൭ ശതമാനം വസൂൽ ചെയ്യപ്പെടുമെന്നാണ്. കണക്കു കൂട്ടിനോക്കുമ്പോൾ, ഞാൻ കാണുന്നതു ൧൦ വർഷത്തിനു ശേഷം നൂറു പണം കൊടുക്കേണ്ടിയിരുന്നാൽ മുതലിൽ നിന്നു ൭൦ പണം ൧൦ ഗഡുക്കളായി കൊടുക്കേണ്ടതാണെന്നും അതിനു കുടിയാനു ൩൦ പണം മാത്രം പലിശയായി കിട്ടുന്നു. അതായതു, താൻ മുൻകൂറായികൊടുത്തിട്ടുള്ള പണത്തിന്മേൽ ഉദ്ദേശം ൩൩ ശതമാനം കിട്ടുന്നു എന്നും ആണ്. നേരെമറിച്ചു കുടിയാൻ തന്റെ കുടിശിഖയിന്മേൽ കൊടുക്കേണ്ടപലിശ ൧൦ ശതമാനമാണ്. ഇപ്രകാരം നാം കാണുന്നതു താൻ മുൻകൂറായി കൊടുക്കുന്നപണത്തിനു ൩. ൩൪/൭ ശതമാനം മാത്രം പലിശകിട്ടുന്നു, എന്നാൽ ജന്മിക്കു അയാൾ ൧൦ ശതമാനം പലിശ കൊടുക്കേണ്ടതായിരിക്കുന്നു. അതാണു കുടിയാന്റെ അദൃഷ്ടം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കുടിയാൻ ഇനിമേൽ കൂടി ഒരു പലിശ കൊടുക്കേണ്ടിയിരിക്കുന്നു എന്നു മെംബർക്കറിയാമോ?

മി. ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി), അതെ, കുടിശിഖ ആകുന്നെങ്കിൽ

ഇതു കുടിയാന്മാരെ പ്രതിനിധീകരിച്ച മെംബർമാർ കണ്ടിട്ടില്ല എന്നു ഞാൻ വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ മനുഷ്യബുദ്ധിയുള്ള ഏതൊരാളും കുടിയാൻ മുൻകൂറായി ജന്മിക്കു കൊടുക്കുന്നപണത്തിനു ൩൩ ശതമാനം പലിശയും എന്നാൽ താൻതന്നെ ൧൦ ശതമാനം പലിശയും കൊടുക്കുന്നതിനു ഒരിക്കലും അനുവദിക്കുകയില്ലായിരുന്നു. വിവരണമായി ഭേദഗതി ബില്ലിൽ ഞാൻ ഇപ്രകാരം കാണുന്നു:—

"ഒരുകാണപ്പാട്ടം പുരുഷാന്തര പൊളിച്ചെഴുത്തിനൊ (ജന്മിയുടേയൊ കുടിയാന്റെയൊ മരണകാലത്തുണ്ടാകുന്ന പൊളിച്ചെഴുത്തു) അല്ലെങ്കിൽ ഒരുക്ഷേത്രം പൊളിച്ചു പണിയുന്നകാലത്തോ, പൊളിച്ചെഴുത്തു നിർബന്ധിക്കാവുന്ന കാലാവധിയുടെ ദൈർഘ്യത്തെപ്പററി ആധാരത്തിലെ വാചകം സന്ദേഹത്തിനിടയാക്കുമ്പോഴൊ ഉള്ള പൊളിച്ചെഴുത്തിനൊ വ്യവസ്ഥചെയ്തിരിക്കുമ്പോൾ കക്ഷികൾ ഉദ്ദേശിച്ചതും സമ്മതിച്ചതും മുപ്പത്താറുവർഷത്തിനു ശേഷമുള്ളതാണെന്നു ഗണിക്കപ്പെടുന്നതായിരിക്കും".

ഇപ്രകാരം, തീർച്ചപ്പെടുത്തിട്ടുള്ള കാലം ൩൬ വർഷമാണെന്നു നാം കാണുന്നു. അതു സാധാരണയുള്ള പൊളിച്ചെഴുത്തു കാലത്തിനു പുറമയാണൊ? സാധാരണയായി കാണപ്പാട്ടത്തിന്റെ പൊളിച്ചെഴുത്തിനു ൧൦-ാം, ൧൨-ാം, ൧൫-ാം വർഷങ്ങൾ അതിൽ വ്യവസ്ഥ ചെയ്തിരിക്കും, അതു കൂടാതെ ചില കാണപ്പാട്ടത്തിൽ നവീകരണ സമയത്തു പൊളിച്ചെഴുത്തിനെപ്പററി വ്യവസ്ഥ ചെയ്തിരിക്കാം. അങ്ങിനെ എങ്കിൽ അതു വ്യാവർത്തകമാണെന്നു ഉദ്ദേശിച്ചിട്ടുണ്ടൊ? ഒന്നു മററതിനെ ഉൾപ്പെടുത്തുന്നുവൊ? ജന്മിയുടേയൊ കുടിയാന്റെ

യോ മരണത്തിങ്കൽമാത്രം ഉണ്ടാകണമെന്ന വ്യവസ്ഥ ചെയ്തിട്ടുള്ള ഒരു കാണപ്പാട്ടമുണ്ടായിരിക്കാൻ പാടില്ല, അതു അങ്ങിനെയാണെങ്കിൽ എനിക്ക വിരോധമില്ല, എന്നാൽ അതു മററതിനെ ഒഴിച്ച് ഉള്ളതാണോ?

പ്രസിഡെൻറ്: അത് അങ്ങനെയാണെന്ന ഞാൻ വിശ്വസിക്കുന്നു, അതാണ് ഉദ്ദേശിച്ചിട്ടുള്ളത്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു കാണപ്പാട്ടം പുരുഷാന്തരപൊളിച്ചെഴുത്തിനു മാത്രവും മററൊരു തരത്തിലുള്ള പൊളിച്ചെഴുത്തിനും അല്ലാതെയും വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അപ്പോൾ അതു പരസ്പരം ബാധകമാണ്. അതു എനിക്ക സ്പഷ്ടമായിരുന്നില്ല. അതിനാൽ എനിക്ക വിരോധമില്ല.

പിന്നെ, ജന്മിഭോഗങ്ങളെപ്പററി, ജന്മിഭോഗങ്ങൾ, ഓണക്കാഴ്ച, പഞ്ചഫലം എന്നിങ്ങനെ വിളിച്ചുവരുന്നവയാണ്. ഇവയെല്ലാം അടിയായ്മയുഗത്തിൻെറ പുരാണ ശിഷ്ടങ്ങളാണ്. കുടിയാന്മാർ സൌഹാർദ്ദബന്ധത്തിൽ നിന്ന ജന്മിമാക്ക് സമ്മാനങ്ങളായി കൊടുത്തുവന്നതിന യാതൊരു പരിഷ്കൃത ഗവണ്മെൻറും നിയമബലം നൽകുമെന്ന ഞാൻ വിചാരിക്കുന്നില്ല. ഈ ജന്മി ഭോഗങ്ങൾ നിന്നപോയിരിക്കുന്നു (ലുപ്തങ്ങളായിരിക്കുന്നു.) അവയിൽ ചിലതു പ്രതിവർഷവും, ചിലതു കാലാകാലം ക്ലിപ്തതിയതികളിലും കൊടുത്തുവരുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇവയെപ്പററി നടപ്പിലിരിക്കുന്ന റെഗുലേഷനിൽ വ്യവസ്ഥ ചെയ്തിട്ടില്ലേ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതെ. എന്നാൽ നടപ്പിലിരിക്കുന്നനിയമം ഞങ്ങൾക്ക ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. കുടിയാന്മാർക്ക കൊടുത്തിട്ടുള്ള പേരൊരുപരിഹാരം ഈ ജന്മിഭോഗങ്ങളെല്ലാം ഇപ്പോൾ വിപര്യാസം ചെയ്യപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഇതു ഏതു തത്വത്തിന്മേൽ പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു എന്നു എനിക്കറിഞ്ഞുകൂടാ, ഭേദഗതി ബില്ലിൽ പറഞ്ഞിരിക്കുന്ന ആചാരങ്ങളിൽ പലതും നിശ്ചിത സമയങ്ങളിലൊ കാലങ്ങളിലൊ ആചരിക്കപ്പെടുന്നില്ല. ഒരു ശുദ്ധീകരണകർമ്മമായ കലശം ൧൦൦-ാം, ൧൫൦-ാം വർഷങ്ങളിലൊരിക്കൽ മാത്രമെ നടക്കുന്നുള്ളു. കലശവരി എന്നതു വളരെ അപൂർവമായിട്ടും ദീർഘകാലാവധികളിലും നടക്കുന്ന ക്ഷേത്രശുദ്ധീകരണകർമ്മം സംബന്ധിച്ചു കൊടുത്തുവരുന്നതാണ്. ഭേദഗതിബില്ലിൻപ്രകാരം ജന്മിഭോഗങ്ങളിൽ ൫ ശതമാനം കുടിയാൻ ജന്മിക്ക കൊടുക്കേണ്ടിവരുന്നു. അതിനാൽ ഓരോ ക്ഷേത്രത്തിലും ൨൦ വർഷത്തിലൊരിക്കൽ കലശം നടക്കുമെന്ന ഏറ്റുകൊള്ളേണ്ടിയിരിക്കുന്നു. എന്നാൽ അതു അസാധാരണ ദീർഘകാലങ്ങളിൽ മാത്രമെ നടക്കുന്നുള്ളൂ. ഈ കലശവരിയിൽ, ൫ ശതമാനം കൊടുക്കുന്നതിനാൽ, കുടിയാൻ നഷ്ടം സഹിക്കേണ്ടിവരുന്നു, കാരണം, ൧൦൬൭-ലെ റെഗുലേഷൻപ്രകാരം ഈ കലശവരി അയാൾ തൻെറ ആയുസ്സിൽ കൂടിയപക്ഷം ഒരു പ്രാവശ്യം മാത്രമെ കൊടുക്കേണ്ടിവരുമായിരുന്നുള്ളു.

പിന്നെയും അടിയന്തിരം അല്ലെങ്കിൽ ആറുകാഴ്ചക്കുള്ള വ്യവസ്ഥ സംബന്ധിച്ചു ഇവിടെയും ബില്ലിൻെറ വിധാതായ പ്രയോക്താവ് അല്ലെങ്കിൽ വട്ടമേശകാൺഫറൻസ വിചാരിച്ചത് ഈ അടിയന്തിരം കൂടക്കൂടെ നടക്കുന്നുണ്ടെന്നാണ്. ഞാൻ നിരുത്തരവാദിയായിരുന്നെങ്കിൽ, ഈ വ്യവസ്ഥകളുണ്ടാക്കിയപ്പോൾ 'സോൾമൻഗ്രണ്ടി' എന്ന പഴയ ശിശുഗാനപ്രാസം അവരുടെ തലയ്ക്കുള്ളിൽ മുഴങ്ങിക്കൊണ്ടിരുന്നു എന്ന ഞാൻ പറയുമായിരുന്നു. എന്തുകൊണ്ടെന്നാൽ അടിയന്തിരത്തിനും ആറുകാഴ്ചയ്ക്കും ൧൬ ശതമാനം ഭോഗമാണ കുടിയാൻ പ്രതിവർഷം ജന്മിക്ക കൊടുക്കേണ്ടതു; അങ്ങിനെ ൧൬ ശതമാനം പലിശയ്ക്കു കണക്കാക്കിയാൽ അതു അഞ്ചാറുവർഷക്കാലാവധികളിൽ നടക്കുന്നതായിതോന്നും. അടിയന്തിരങ്ങൾ എന്ന പറയുന്നതു ജാതകർമ്മം, നാമകരണം, അന്നപ്രാശനം, ചൌളം, ഉപനയനം, സമാവർത്തനം ഇന്നിവയാണ്. ഈ ഭോഗങ്ങൾ കൊടുക്കുന്നതു മൂപ്പുചെന്ന പുരുഷനെയും അദ്ദേഹത്തിൻെറ മൂത്തപുത്രനെയും, മൂത്തപുത്രൻെറ മൂത്ത പുത്രനെയും സംബന്ധിക്കുന്നതാകുന്നു. കുടിയാൻ ഭോഗങ്ങൾ കൊടുക്കുന്നതു എല്ലാ ജാതകർമ്മങ്ങൾക്കുമല്ല, എന്നാൽ മൂത്തപുത്രൻെറ കർമ്മങ്ങളെ സംബന്ധിച്ചത്രെ.

പ്രസിഡൻറ്: മി. നീലകണ്ഠപ്പിള്ളെ, ശരാശരി ആറുകർമ്മങ്ങളുണ്ടായിരിക്കും. തീർച്ചയായിട്ടും ഈ പ്രസ്താവിച്ച എല്ലാ കാലാവധികളും ശരാശരി എന്ന പ്രമാണത്തെ അടിസ്ഥാനമാക്കി കണക്കാക്കിയവയാണ്. ഒരു പുരുഷാന്തരത്തിൽ ആറുകർമ്മങ്ങളുണ്ടായിരിക്കും. ഓരോ പുരുഷാന്തരത്തിലും ഒരു മൂപ്പുചെന്ന പുരുഷാംശംവേണം, അല്ലേ?

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): തീർച്ചയായിട്ടും, ഈ ആറുകർമ്മങ്ങൾ എല്ലാം നടക്കുന്നെങ്കിൽ അതു വളരെ ശരിയാണ്.

പിന്നെ ൧൬ ശതമാനം പലിശയുടെ സംഗതിയുണ്ട്, ഈ ൧൬ ശതമാനം പലിശ എന്തുകൊണ്ടാണ് കുടിയാൻ പൊളിച്ചെഴുത്തു ഫീസിനു കുടിയാൻ മുൻകൂറായി കൊടുക്കുന്ന പണത്തിന്മേൽ ചുമത്തുന്നതിനു അനുവദിക്കാത്തതു എന്നാണ് ഞാൻ ചോദിക്കുന്നത്. അതാണ് എനിക്ക് മനസ്സിലാക്കാൻ കഴിയാത്തത്. ബില്ലിൻെറ വിധാതായ കർത്താവും ഈ അവസാനതീർച്ചകൾ രൂപീകരിച്ച വട്ടമേശകാൺഫറൻസും ഈ സംഗതികളിൽ ശാസ്ത്രീയമായ സൂക്ഷ്മതയിലെത്തുന്നതിന് ശ്രമിച്ചിട്ടില്ല. കുടിയാന്മാരുടേയും ജന്മിമാരുടേയും ക്ഷേമത്തിനു ഒരുപോലെ വളരെ ദോഷമായ വേറൊരു വ്യവസ്ഥഭാഗത്തെ സംബന്ധിക്കുന്നതാണ്.

പ്രസിഡൻറ്: സഭ ഇപ്പോൾ പിരിയുന്നതും ഉച്ചയ്ക്കുമേൽ ൨-൩൦-ന വീണ്ടും കൂടുന്നതും ആണ്.

ലഘുഭക്ഷണത്തിനായി സഭ ഉച്ചയ്ക്കുമേൽ ൨-൫-ന പിരിഞ്ഞു. ഡിപ്യൂട്ടിപ്രസിഡൻറിൻെറ അദ്ധ്യക്ഷത്തിൽ ൨-൩൫-ന വീണ്ടും കൂടി.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): വേറൊരു വ്യവസ്ഥയുണ്ടാക്കുന്നതിനുദ്ദേശിച്ചിട്ടുള്ളതു വസ്തുവിനെ ഭാഗം ചെയ്യുമ്പോൾ ജന്മികരം കൊടുക്കുന്നതിനെ സംബന്ധിക്കുന്നതാണ്. ഭാഗംചെയ്യുന്ന സംഗതികളിൽ സംബന്ധപ്പെട്ട കക്ഷികൾക്ക കുടിയാനൊ ജന്മിയൊ നോട്ടീസയക്കണമെന്നും, ഒരു ക്ലിപ്തകാലത്തിനുള്ളിൽ തർക്കമൊന്നും കൊണ്ടുവരപ്പെടുന്നില്ലെങ്കിൽ ഭാഗത്തിൻെറ സംഗതി ജന്മിയൊ കുടിയാനൊ സമ്മതിക്കുന്നതല്ലെന്നും വ്യവസ്ഥയുണ്ട്. ഞാൻ സമർപ്പിക്കുന്നതു നടപടി വളരെ ക്ലേശകരമാണെന്നാണ്. കാ

രണം വ്യത്യസ്തമായ വ്യക്തികൾ തമ്മിൽ ഒരേർപ്പാടുണ്ടാവുമ്പോൾ എതിർവശം തെളിയിക്കുന്നതുവരെ ഉത്തമ വിശ്വാസമുണ്ടെന്ന ധരിച്ചുകൊള്ളേണ്ടതാണ്. അതിനാൽ കുറ്റാരോപണം ചെയ്യുന്ന കക്ഷി സങ്കടമുള്ള കക്ഷിയുടെ അടുക്കലല്ല, കോർട്ടിലാണ് പോകേണ്ടത്. ഇവിടെ സങ്കടമുള്ള കക്ഷിയാണ് കോർട്ടിൽ പോയി ഭോഗത്തിന്റെ ഉത്തമവിശ്വാസ്യതയെ സ്ഥാപിക്കുന്നതിനാവശ്യപ്പെട്ടിരിക്കുന്നത്. തന്റെ ഭോഗങ്ങളെ വസൂൽ ചെയ്യുന്നതിന കുടിശ്ശിക ഒരു വർഷത്തിലധികം പഴക്കമില്ലെങ്കിൽ, ജന്മിക്ക തഹശീൽദാരോടാവശ്യപ്പെടാം. എന്നാൽ ഭോഗങ്ങളെ വസൂൽചെയ്യുന്നതിന, കുടിയാന്റെ സംഗതിയിൽ, അസ്സൾ ഡിസ്ത്രിക്ട് മുൻസിഫിന്റെ മുമ്പാകെ ഹാജരായി ദീർഘകാല നടപടികൾ എടുക്കേണ്ടിവരുന്നു. ഭോഗങ്ങളെ തഹശീൽദാരുടെ പക്കൽ ഏൽപിക്കയും തഹശീൽദാർവഴിയായി ജന്മിക്കുകൊടുക്കയും, ജന്മിക്ക അതേപ്പററി തർക്കമുണ്ടെങ്കിൽ അതിലേക്ക് ഒരു വ്യവഹാരം നടത്തുകയും പണംകൊടുത്തതു ശരിയായതല്ല എന്ന സ്ഥാപിക്കയും ചെയ്യാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് എനിക്ക മനസ്സിലാകുന്നില്ല.

തടിവൃക്ഷങ്ങൾ സംബന്ധിച്ച വ്യവസ്ഥയുണ്ടാക്കീട്ടുള്ളതു നന്ന് ഇണ്ടു വർഷത്തിൽ കൂടുതലുള്ള തടികൾ വെട്ടുമ്പോൾ അവയുടെ കാൽ ഓഹരി, അവയെ കുടിയാൻതന്നെനട്ടു വളർത്തിയതാണെങ്കിലും, കുടിയാനും, മുക്കാൽ ഓഹരി ജന്മിക്കും കൊടുക്കണമെന്നാണ്. ഇങ്ങനെയുള്ള സംഗതികളിൽ കുടിയാനു വിലയിൽ മുക്കാൽ ഓഹരി പ്രതിഫലമായി കൊടുക്കേണ്ടതാണ്. അല്ലാത്ത പക്ഷം വളരെ കഷ്ടമാണ്. അയാൾ വൃക്ഷങ്ങളെ നടുന്നതിനോ വളർത്തുന്നതിനോ യാതൊരു പ്രോത്സാഹനവുമില്ലാതെയിരിക്കുന്നതുമാണ്. തടിവൃക്ഷങ്ങൾക്ക വിലയിടിയിക്കുന്നതിനെപ്പററിയുള്ള വ്യവസ്ഥകളും തീരെ അതൃപ്തികരങ്ങളാണ്. തടിവൃക്ഷങ്ങൾക്ക് ഒരു ക്ലിപ്തവില മാത്രമേ കിട്ടുകയുള്ളൂ. ഫലവൃക്ഷങ്ങളെപ്പോലെ ആവർത്തിച്ചു ആദായം കിട്ടുന്നതല്ല. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമം ഈ ബില്ലിൽ ചേർക്കുന്നതിനുദ്ദേശിച്ചിട്ടുള്ള ഇപ്പോഴത്തെ ഭേദഗതിയെക്കാൾ കുടിയാനു ഏറെ ഗുണകരമാണ്. വളരെ ക്ലേശകരങ്ങളും ബാലിശങ്ങളുമാണെന്ന് എനിക്ക തോന്നുന്ന മററുപല വ്യവസ്ഥകളും ഇവിടെ പ്രകടിതങ്ങളായിട്ടുണ്ട്. അഞ്ചൽവഴി രജിസ്റ്റർ ചെയ്യുന്നെങ്കിൽ എന്തൊരുദ്ദേശമാണുള്ളതെന്നപോലെ, അഞ്ചൽ വഴി രജിസ്റ്റർചെയ്യുന്നതിനെപ്പററി വളരെ ശ്രദ്ധയോ പക്ഷപാതമോ കാണിച്ചിട്ടുണ്ട്. സൂക്ഷ്മമായ വികൃതമോ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. തീർച്ചയായിട്ടും ബില്ലിന്റെ തത്വത്തെ ഞാൻ എതിർക്കുമായിരുന്നു. എന്നാൽ കുടിയാന് ഇതിനാൽ കിട്ടാവുന്ന വല്ല ഗുണവും, തത്വത്തിന്റെ എതിർപ്പിനു ശക്തിയേറിക്കുന്നപക്ഷം, നഷ്ടമായേക്കുമെന്നുള്ള ഭയത്താൽ ഞാൻ അതിനെ എതിർക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മലയാളത്തിൽ ഒരു കടം കഥയുണ്ട്, എന്റെ അമ്മ എനിക്കൊരു ഉരുളതന്നു, അതു കയ്യാനുംവയ്യ, തിന്നാനുംവയ്യ.

ജന്മികുടിയാൻ റെഗുലേഷൻ ഭേദഗതിബിൽ ആ ഉരുളപോലെതന്നെ ഇരിക്കുന്നു. ഈ ബില്ലിന്റെ തത്വത്തെ എനിക്ക അനുകൂലിക്കാനോ എതിർക്കാനോ കഴിയുന്നില്ല. ഞാൻ ഈ ബില്ലിനെ എതിർക്കയും എന്റെ സ്നേഹിതന്മാർ അതിനെ തള്ളിക്കളയുന്നതിന ഒരുമ്പെടുകയും ചെയ്യുന്നെങ്കിൽ, പക്ഷെ ദീർഘകാലത്തേക്ക നമുക്ക വേറൊരു ബിൽ കിട്ടാതെവന്നേക്കാം. അതിനാൽ വല്ലതെങ്കിലും കിട്ടുന്നത് ഒന്നും കിട്ടാതിരിക്കുന്നതിനെക്കാൾ ഏറെ നല്ലതാണ്; സിലക്ട് കമ്മിററിയിലും, ബില്ലിന്റെ വേറെയുള്ള പടികളിലും കൂടുതൽ മാററങ്ങളുണ്ടാക്കുന്നതിന നമുക്ക സാധിക്കുമെങ്കിൽ, അതിനെ കഴിയുന്നിടത്തോളം നന്നാക്കുന്നതിന് ആ അവസരത്തെ നമുക്ക് ഉപയോഗപ്പെടുത്തണം. ഈ ബില്ലിന്റെ രചകന്മാരുടെ ദൃഷ്ടിയിൽ വെച്ചുകാണുന്ന രണ്ടു പ്രധാന ആശയങ്ങൾ ജന്മിക്ക തന്റെ കുടിശ്ശികകൾ കഴിയുന്നവേഗത്തിലും കഴിയുന്ന കാര്യക്ഷമതയോടും ഈടാക്കുന്നതിന് എല്ലാ സൌകര്യങ്ങളും ഉണ്ടാക്കികൊടുക്കണമെന്നായിരുന്നു. ഇതിന വേണ്ടി തന്റെ കുടിശ്ശിക പിരിച്ചുകിട്ടുന്നതിന തഹശീൽദാരോടു അപേക്ഷിക്കുന്നതിനുള്ള അവകാശം ജന്മിക്ക കൊടുക്കുന്ന ഒരു വ്യവസ്ഥ അവർ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ വളരെ സങ്കടമാണ്. രാജാങ്കത്തിലേക്ക ചെല്ലാനുള്ള കുടിശ്ശിക ഈടാക്കുന്നതിനുവേണ്ടിയാണ് കരമീടാക്കൽ റെഗുലേഷൻ പ്രയോഗിക്കുന്നത്. രാജ്യഭരണം നടത്തുന്നതിലേക്ക കുടിശ്ശിക വസൂൽ ചെയ്യുന്നതിനുള്ള ഉദ്ദേശത്തോടുകൂടി രാജാവ് ഊർജ്ജിതപ്പെടുത്തുന്നതാണ് അത്. കരം പിരിവു റെഗുലേഷനെ എല്ലാ സംഗതിക്കും ഗവർമെന്റ് പ്രയോഗിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ, അതുപ്രയോഗിക്കുന്നതിനുള്ള അവകാശം കൂടുതൽ ആളുകൾക്ക കൊടുക്കുന്നതിന അധികമായ ആവശ്യങ്ങൾ നേരിടുന്നതായി അവർ കാണും. നാളെ ഞാൻ വന്നു ഗവർമെന്റിനോടു പറയും, "എനിക്ക പാട്ടക്കുടിശ്ശിക പിരിഞ്ഞുകിട്ടാനുണ്ട്. എന്റെ പാട്ടക്കാർ അതു എനിക്ക തരുന്നില്ല, അതിനാൽ ആ പാട്ടക്കുടിശ്ശികയെ കരം പിരിവു റെഗുലേഷൻ പ്രയോഗിച്ച് ഈടാക്കുന്നതിന ഗവർമെന്റു നോക്കട്ടെ." ഞാൻ പറയുന്നത് ഈ കരംപിരിവു റെഗുലേഷൻ തൊട്ടതിനൊക്കെ ഉപയോഗിക്കേണ്ടുന്ന ഒരു ഉപായമല്ല എന്നാണ്. ആ പരിഹാരമാർഗ്ഗം ഗവർമെന്റാവശ്യങ്ങൾക്കുമാത്രം സൂക്ഷിക്കേണ്ടതാണ്. അതിനാൽ ഞാൻ കഴിയുന്ന ശക്തിയോടുംകൂടി പറയുന്നത് കരം പിരിവുറെഗുലേഷനെ സംബന്ധിക്കുന്ന ഈ വ്യവസ്ഥയെ ഈ ഭേദഗതി ബില്ലിൽനിന്നും എടുത്തുകളയേണ്ടതാണ് എന്നാണ്. നമുക്ക കോർട്ടുകളുണ്ട്. എല്ലാദേയങ്ങളെയും വസൂൽ ചെയ്യുന്നതിനും അവയ്ക്ക് അവകാശമുള്ള ആളുകൾക്ക് കൊടുക്കുന്നതിനും ആണ കോർട്ടുകൾ ഉള്ളത്. അവയെ കൂടുതൽ കാര്യക്ഷമങ്ങളാക്കി തീർക്കുന്നെങ്കിൽ, അതു ജന്മിമാരുടെ ആവശ്യങ്ങൾക്ക നിവൃത്തിയുണ്ടാക്കുന്നതാണ്. ഇപ്പോൾ കോർട്ടുകളുടെ പ്രവൃത്തിയത്തിൽ ഉപേക്ഷയുണ്ടെന്ന ഗവർമെന്റിനുതന്നെയും ബോദ്ധ്യമായിട്ടുണ്ട്. അവയെ കൂടുതൽ കാര്യക്ഷമമാക്കി തീർക്കണം. അങ്ങനെചെയ്യുന്നതിനുപകരം, സംസ്ഥാനത്തെ പൌരന്മാരെ സംബന്ധിക്കുന്ന ഏതുകാര്യത്തിനും കരംപിരിവു റെഗുലേഷന്റെ തത്വങ്ങളെ പ്രയോഗിക്കരുതാത്തതാണ്.

ഞാൻ പറയാൻ ആഗ്രഹിക്കുന്ന രണ്ടാമത്തെ സംഗതി കുടിശ്ശിക ഈടാക്കുന്നവിഷയത്തിൽ ചുമത്തിട്ടുള്ള പിഴയെസംബന്ധിച്ചിട്ടുള്ളതാണ്. ഉദ്ദേശിച്ചിരിക്കുന്ന നിയമം വളരെ കഠിനമാണ്. തന്റെ പണം വർദ്ധിപ്പിക്കുന്നതിന കാലതാമസത്തെ ജന്മിക്ക ഒരുപായമായി പ്രയോഗിക്കാൻ കഴിയുന്നതാണ്. ഏതൊരാൾക്കും പണം വർദ്ധിപ്പിക്കണമെന്നാഗ്രഹിക്കുന്നെങ്കിൽ, അങ്ങിനെ ചെയ്യുന്നതിന ഏററവും നല്ലതായമാർഗ്ഗം ജന്മവസ്തുക്കളിന്മേലുള്ള മിച്ചവാരം വിലയ്ക്കു വാങ്ങിക്കയും ഈ മിച്ചവാരം കുടിശ്ശികയാകുന്നതിനിടയാക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അയാൾക്ക ഒരു വലിയ ശതമാനം പലിശകിട്ടാൻ കഴിയുന്നതാണ്. തിരുവിതാംകോട്ടിലെ കുടിയാന്മാർ മിച്ചവാരം കണിശമായി ഒടുക്കുന്നതിൽവളരെ വൈമുഖ്യമുള്ളവരാണെന്നു നമുക്കറിയാം. അതു അവരുടെ സാമ്പത്തികമായ കേവലദാരിദ്ര്യം നിമിത്തമത്രെ. അതിനാൽ 'കുടിയാനിൽനിന്ന

പലിശ ഈടാക്കി ജന്മിയുടെ പണം ന്യായവും അവകാശവും കൂടാതെ വർദ്ധിപ്പിക്കുന്നതിലേക്ക ഒരായുധമായി ഇതിനെ അനുവദിച്ചുകൂടാത്തതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): കുടിയാൻ പിഴകൊടുക്കുന്നത് നാവശ്യപ്പെടുന്നതിനുമുമ്പായി, തന്റെ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിൽനിന്ന് അയാളെ നിരോധിക്കുന്നതായി വല്ലതെങ്കിലും പ്രവൃത്തിക്കുന്നുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒന്നുമില്ല. കുടിശ്ശിക തീർക്കുന്നതിനു അയാളുടെ അനിവാര്യമായ അപ്രാപ്തിനിമിത്തമാണ്.

മി: ടി. സി. കേശവപിള്ള (കരുനാഗപ്പള്ളിയും വിളവങ്കോടും): സ്ഥാവരവസ്തുക്കളുടെ ജപ്തിയേയും ഡിസ്ട്രെസ്സ്നോട്ടീസയക്കുന്നതിനേയുംപറ്റി ഈ സഭയിൽ വല്ല പരാതിയുമുണ്ടായിട്ടുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): നാം ഇപ്പോൾ വിമർശിക്കുന്ന വിഷയവുമായി അതിനു യാതൊരു ചേർച്ചയുമില്ല. അതിനാൽ ആ ചോദ്യത്തിനു ഞാൻ മറുപടി പറയുന്നില്ല.

പിന്നെ, എന്റെ സ്നേഹിതന്മാർ വിമർശിച്ചുകൊണ്ടിരുന്ന വിഷയങ്ങളിൽ ചിലതിനെ പറ്റി, ഞാൻ മിച്ചവാരത്തെ പണമായി ഒടുക്കുന്നതിലേക്ക മാറേറണ്ട ആവശ്യത്തെപ്പററിമാത്രം പറയാൻ പോകുന്നു. തിരുവിതാംകോട്ടിലെല്ലാടത്തും കുടിയാന്മാർ മാററത്തിന്റെ ആവശ്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ട് കോൺഫറൻസുകൾ വിളിച്ചുകൂട്ടുകയും നിശ്ചയങ്ങൾ പാസ്സാക്കുകയും അവയെ ഗവണ്മെന്റിനും നിയമസഭാ മെംബർമാർക്കും അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. കണ്ടുകൃഷി കരങ്ങൾ പണമായി കൊടുക്കാൻ നമുക്ക ഭാഗ്യവശാൽ സാധിക്കുന്നുണ്ട്. അതുപോലെതന്നെ മിച്ചവാരവും പണമായി മാറേറണ്ടിയിരിക്കുന്നു. അപ്പോൾ അതു കുടിയാന്മാരുടെ ഇപ്പോഴത്തെ നിലയെ നന്നാക്കുന്നതിനു അവരെ വളരെ സഹായിക്കുന്നതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: അതു പണമായിട്ടുമാത്രമേ വസൂൽ ചെയ്യപ്പെടുകയുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതുസംബന്ധിച്ച ജന്മിമാർക്ക ഒണ്ടാവാൻ കഴിവുള്ള ഒരു മറ്റൊ തടസ്സം തങ്ങളുടെ ചെലവിനുവേണ്ടുന്ന നെല്ല് അവർക്ക കിട്ടാൻ വിഷമമുണ്ടാകുമെന്നാണ്. ആ തടസ്സം നീക്കുന്നതിനു, ആവശ്യമുള്ളപക്ഷം, ഏതാനുംഭാഗം നെല്ലായിട്ടു കൊടുക്കുന്നതിനും സമ്മതിക്കാം. അതിനാൽ അതിനെ ഈ ബില്ലിന്റെ ഖണ്ഡികകളിൽ ചിലതായിചേർക്കയൊ ഭേദപ്പെടുത്തുകൊണ്ടു ഭാരികയായൊ ചെയ്യുന്നെങ്കിൽ, അതു കുടിയാന്മാരുടെ പക്ഷത്തിനു വലുതായി സഹായിക്കുന്നതാണ്.

വേറെ ഒരു മുഖ്യസംഗതിയെപ്പററി, അതായതു പറയുടെ ഐകരൂപ്യത്തെപ്പററി എന്റെ സ്നേഹിതന്മാരിൽ ഒരുത്തരും പറഞ്ഞിട്ടില്ല. പലസ്ഥലങ്ങളിലും വ്യത്യാസപ്പെട്ട കോൾകൊള്ളുന്ന വ്യത്യാസപ്പെട്ട പറകളുണ്ടല്ലോ. അവയെസംബന്ധിച്ച ഐകരൂപ്യമില്ല. നാമിപ്പോൾ ഉപയോഗിച്ചുവരുന്ന സെററിൽമെന്റ് പറയുമായി ഈ പറകൾക്ക യാതൊരു ചേർച്ചയുമില്ല. അതിനാൽ പറയെ സംസ്ഥാനത്തിലെല്ലാടത്തും ഐകരൂപമാക്കണം. ഇതിന്റെ അഭാവം നിമിത്തം ജന്മിമാരുടെ മാനേജർമാരും വിചാരിപ്പുകാരും ഇപ്പോൾ കുടിയാന്മാരിൽനിന്നു കഴിയുന്നത്ര ഞെക്കിപ്പിഴിഞ്ഞെടുക്കാൻ ശ്രമിച്ചുവരുന്നു. അവരിപ്പോൾ ജന്മിമാരിൽനിന്നുള്ളതിനേക്കാൾ അധികമായി വിചാരിപ്പുകാരിൽനിന്നാണ് ഹിംസകളും പീഡകളുമനുഭവിക്കുന്നത്. ഈ ബില്ലിൽ സിലക്ട്കമ്മിററി ആലോചിക്കുമ്പോൾ ഈ സഭ ശ്രദ്ധിക്കേണ്ട ഒരു സംഗതിയായിട്ട് ഇതിനെ കരുതേണ്ടതാണ്.

ഈ സഭയുടെ ശ്രദ്ധയെ ക്ഷണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന പിന്നത്തെ സംഗതി, ജന്മിയും കുടിയാനും തമ്മിലും, പട്ടാരരും പാട്ടക്കാരനും തമ്മിലും ഏർപ്പാടുള്ള മററസംഗതികളിൽ പഞ്ഞവും ദാരിദ്ര്യവുമുള്ള കാലങ്ങളിൽ ഞങ്ങൾക്ക ഏതാനും ഉപശാന്തികൾ കിട്ടുന്നുണ്ട് എന്നുള്ളതാണ്. നമ്മുടെ മുമ്പാകെ ഇപ്പോൾ ഹാജരാക്കപ്പെട്ട ബില്ലിൽ, മിച്ചവാരമൊടുക്കിൽ ഇളവുചെയ്തുകൊടുക്കുന്നതിനു യാതൊരു വ്യവസ്ഥയുമില്ല.

ഡിപ്യൂട്ടിപ്രസിഡന്റ്: ഭൂനികുതി സംബന്ധിച്ചിടത്തോളം, ഗവണ്മെന്റ് കരമിളവു ചെയ്തുകൊടുക്കുന്നുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ദാരിദ്ര്യമുള്ള കാലങ്ങളിൽ അങ്ങിനെ ചെയ്യുന്നുണ്ട്.

മി: എ. ജി. മേനോൻ (പറവൂർ): അടുത്തകാലത്തു ഒരിക്കൽ ഗവണ്മെന്റ് അങ്ങിനെ ചെയ്തുകൊടുത്തിട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡന്റ്: അത് ഒരു അവകാശത്തിന്റെ സംഗതിയല്ല. അതു സൌജന്യമായി ചെയ്തതെ ആയിരിക്കയുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതെ, പട്ടാരരും പാട്ടക്കാരനും തമ്മിലുള്ള ഉടമ്പടികളുടെ സംഗതിയിൽ എല്ലായ്പോഴും ഇടുക്കുന്നതിനു വ്യവസ്ഥയുണ്ട്. എന്നാൽ പഞ്ഞകാലങ്ങളിൽ ഇളവുചെയ്തുകൊടുക്കുന്നുണ്ട്; ഹൈക്കോർട്ടുവിധികളിൽ പഞ്ഞവും ദാരിദ്ര്യവുമുള്ള കാലങ്ങളിൽ ഇളവ് ഒരവകാശമായിട്ടു അനുവദിക്കേണ്ടതാണെന്നു കാണുന്ന വ്യവസ്ഥയുമുണ്ട്. പാട്ടക്കാരൻ ഉടമ്പടിചെയ്യപ്പോൾ അയാൾക്ക മുൻകൂട്ടികാണ്മാൻ കഴിയാഞ്ഞ ഒരു കാര്യത്തെ നിറവേററുന്നതു അസാദ്ധ്യമാണെന്നു അയാൾ കാണുന്നു എന്നു വെളിപ്പെടുത്തുന്ന ഒരു വിഷയമാണിത്. ഭേദഗതിരെഗുലേഷനിലും ഇങ്ങനെ ഒരു വ്യവസ്ഥ ചേർക്കേണ്ടതാണ്.

എന്റെ സ്നേഹിതൻ മി: നമ്പൂരിപ്പാടു ബില്ലിനെ എതിർക്കുമ്പോൾ, പറഞ്ഞതു കോൺഫറൻസിൽ ജന്മിമെംബർമാർക്കു ചെയ്യാനുണ്ടായിരുന്നതു സകലതും ഉപേക്ഷിക്കയും ഒന്നും സ്വീകരിക്കാതിരിക്കയും ആയിരുന്നു എന്നാണ്. എന്റെ സ്നേഹിതൻ മി: നമ്പൂരിപ്പാടു പിഴയൊടുക്കിനെപ്പററിയുള്ള ഖണ്ഡത്തെ ശരിയായി നോക്കുന്നെങ്കിൽ അങ്ങിനെയുള്ള വ്യവസ്ഥ അവർക്ക കിട്ടുന്നേടത്തോളം പലിശയെ ക്രമത്തിലധികം വർദ്ധിപ്പിക്കുന്നു എന്നു അദ്ദേഹത്തിനു കാണാവുന്നതാണ്. അതിനാൽ ഈ ബിൽ അവർക്ക യാതൊന്നും കൊടുക്കുന്നില്ലെന്നു തീർത്തു പറയാൻ കഴിയുന്നതല്ല. ചെലവുചീർത്തുള്ള ശരാശരിവിളവിനെ നിർണയിക്കുന്നതിനെപ്പററി അദ്ദേഹം പറയുന്നെങ്കിൽ പഴയരെഗുലേഷൻപ്രകാരം ചെലവുചീർത്തുള്ള വിളവ് പത്തു വർഷത്തെ ശരാശരി എടുത്തു

നിർണ്ണയിച്ചു എന്നു അദ്ദേഹത്തിനു കാണാൻ കഴിയും. ഇപ്പോൾ അവർ പന്ത്രണ്ടുവർഷത്തെ ശരാശരിപ്രകാരമെടുത്തു കേവലം പുനിക്കിയുള്ള വിളവിനെ കണക്കാക്കുന്നു. അങ്ങിനെ അതു വിചാരിച്ചാലും അവർക്ക് ലാഭമല്ലാതെ നഷ്ടമില്ല.

തന്നെ വളരുന്ന തടികളുടെ കാര്യത്തിൽ, അവകാശമായിട്ടോ അധികാരമായിട്ടോ ഈ വൃക്ഷങ്ങളുടെമേൽ പൂർണ്ണാവകാശം അനുഭവിക്കുന്നതിനുള്ള സ്വാതന്ത്ര്യം കുടിയാന്മാർക്കു കൊടുക്കേണ്ടതാണ്. ഇപ്പോൾ ഭാഗമായിട്ടുള്ള ഈ ആദായത്തിനുകൂടി അധികാരം ജന്മിക്കു കൊടുക്കേണ്ടിയിരിക്കുന്നു. അതു അനധികൃതമായിട്ടുള്ളതാണ്. അതിനാൽ തന്നെ വളരുന്ന വൃക്ഷങ്ങളിൽനിന്നുള്ള ആദായം മുഴുവനും കുടിയാനുവിട്ടുകൊടുക്കേണ്ടതാണെന്നു ഞാൻ ബലമായി വാദിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: അതാണോ ഇപ്പോഴുള്ള നിയമം?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോഴത്തെ നിയമം അതല്ല. ഞാൻ മാറ്റങ്ങൾ നിർദ്ദേശിക്കയാണ്.

കാലഹരണത്തെ സംബന്ധിക്കുന്നതിനായി, വേറൊരു സംഗതി കാലാവധി ആറുവർഷമായി കുറച്ചിരിക്കുന്നു എന്നുള്ളതാണ്. കാലാവധി കുറച്ചിട്ടുള്ളതിനാൽ അതും കുടിയാന്റെ ഗുണത്തിനു ഒരു വിധത്തിൽ ഹാനികരമാണ്. കാലഹരണത്തിന്റെ കാലാവധി കുറവായിരിക്കുന്നതിനാൽ കോർട്ടുകളിൽ ഹാജരാക്കുന്ന കേസുകളുടെ എണ്ണവും വർദ്ധിക്കാനിടയുണ്ട്. തന്റെ വ്യവഹാരം തടസ്സപ്പെടാതെ രക്ഷിക്കുന്നതിനുവേണ്ടി ജന്മി എപ്പോഴും കോർട്ടിനെ ആശ്രയിക്കുന്നതായിരിക്കും. ഇതിൽനിന്നുളവാക്കുന്ന ദോഷം കുടിയാന് ഇപ്പോൾകൊടുത്തുവരുന്നതിലധികമായ ചെലവുകൾ കൊടുക്കേണ്ടിവരുമെന്നുള്ളതാണ്.

ഡിപ്യൂട്ടിപ്രസിഡന്റ്: അതിൽ, നിങ്ങൾ പറയുന്നതിനെ ഞാൻ നല്ലവണ്ണം ഗ്രഹിക്കുന്നില്ല. ഭേദഗതിബില്ലിൽ കാലഹരണാവധി ൧൨ വർഷത്തിൽനിന്നു ൬ വർഷമായി കുറച്ചിരിക്കുന്നു. ആ നിയമവിധാനമാറ്റത്താൽ കുടിയാന്റെ ഭാരം വർദ്ധിക്കുന്നതായിരിക്കുമെന്നാണോ നിങ്ങൾ പറയുന്നതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതെ, കേസുകൾ വർദ്ധിക്കയും കുടിയാനു ഇപ്പോഴത്തെക്കാൾ കൂടുതൽ ചെലവുകൾ എന്ന ഇനത്തിൽ കൊടുക്കേണ്ടിവരികയും ചെയ്യും.

മി: മാത്തുമുരിക്കൻ (വൈക്കം): എന്റെ സ്നേഹിതൻ കാലഹരണാവധി ൧൨ വർഷമാകണമെന്നു നിർദ്ദേശിക്കുന്നുവോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൧൨ വർഷത്തെക്കാൾ ൬ വർഷം എനിക്കു ഏറെ ഇഷ്ടമാണ്. ബില്ലിൽ ഈ മാറ്റം സിലക്ട്കമ്മിറ്റിയിൽ ചെയ്യാവുന്നതാണെന്നു ഞാൻ ഉപദേശിക്കുന്നു.

മി: മാത്തുമുരിക്കൻ (വൈക്കം): സർ, ഈ സഭയിലെ ഒരു മെംബറായിട്ടു, ഈ സർവ്വപ്രധാനമായ സംഗതിയെപ്പറ്റി വിശേഷാൽ തിരുവിതാംകോട്ടു കുടിയാന്മാരെപ്പറ്റി, എന്റെ അഭിപ്രായത്തെ വെളിപ്പെടുത്തുന്നില്ലെങ്കിൽ, ഞാൻ എന്റെ കർത്തവ്യംചെയ്യുന്നതിൽ വീഴ്ചക്കാരനായിരിക്കുന്നതാണ്. ഞാൻ വടക്കൻതിരുവിതാംകോട്ടു കുടിയാന്മാരെ പ്രത്യേകമായി ഉദ്ദേശിച്ചുപറയുന്നതിൽ എന്റെ സ്നേഹിതന്മാർക്ക് എന്നോടു വഴക്കില്ലായിരിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): തെക്കൻ തിരുവിതാംകോട്ടിലും ജന്മിമാരും കുടിയാന്മാരും ഉണ്ടെന്നു എന്റെ സ്നേഹിതൻ അറിയുന്നുവോ?

മി: മാത്തുമുരിക്കൻ (വൈക്കം): അതും അതിൽകൂടുതലും എനിക്കറിയാം.

ഈ ബിൽ രൂപീകരിച്ച രീതിയിൽനിന്നു വടക്കൻതിരുവിതാംകോട്ടിലെ കുടിയാന്മാരനുഭവിക്കുന്ന കഠിനമായ വിഷമതകളിൽ ചിലതിന്മേൽ ദൃഷ്ടി പതിച്ചിട്ടില്ലായിരുന്നു എന്നു തോന്നുന്നു. ഇതുകൊണ്ടാണ് ഈയവസരത്തിൽ ഈ വിഷയത്തെപ്പറ്റി, വിശേഷാൽ വടക്കൻതിരുവിതാംകോട്ടിലെ സ്ഥിതിയെപ്പറ്റി പ്രതിവാദിക്കുന്നതിൽ നക്കൽ ബില്ലിൽ വീഴ്ചവരുത്തിട്ടുണ്ട് എന്നുള്ളതിനെപ്പറ്റി എന്റെ അഭിപ്രായം പ്രകടിപ്പിച്ചില്ലെങ്കിൽ ഞാൻ വീഴ്ചക്കാരനായി തീരുമെന്നു ഞാൻ ആദ്യംതന്നെ പ്രസ്താവിച്ചതു്. സർ, ഈ ബില്ലിനെപ്പറ്റി നാം ആലോചിക്കുമ്പോൾ രണ്ടു പ്രധാനവിധികളിന്മേൽ നമ്മുടെ വിമർശനങ്ങളെ അടിസ്ഥാനപ്പെടുത്തി അതിനെപ്പറ്റി ആലോചിക്കേണ്ടതാണ്. ഒന്നാമത്തേതു ജന്മികുടിയാന്മാർ തമ്മിലുള്ള ഭിന്നതകളെ ശരിപ്പെടുത്തുന്നതിൽ ഈ ഭേദഗതി ബില്ലിന്റെ അവതരണത്താൽ നാം എത്രത്തോളം വിജയികളായിട്ടുണ്ട് എന്നുള്ളതാണ്. രണ്ടാമത്തേതു തീർച്ചകളിലെത്തുന്നതിനു ശാസ്ത്രീയമായ ഒരു ആലംബമുപയോഗിച്ചതിൽ നാം വിജയികളായി എന്നു പറയുന്നതിൽ നാം എത്രത്തോളം നീതീകരിക്കപ്പെടുന്നു എന്നുള്ളതാണ്. സർ, ഈ ബില്ലിന്റെ കർത്താക്കൾ അതു രൂപീകരിച്ചപ്പോൾ അവർ ശാസ്ത്രീയമായ വല്ല പദ്ധതികളും അനുകരിച്ചിരുന്നുവോ എന്നു ഞാൻ ചോദിക്കുന്നു. ഇപ്പോൾ വിമർശനത്തിലിരിക്കുന്ന ബില്ലിനെപ്പറ്റി ആലോചിക്കുമ്പോൾ നാം പ്രയോഗിക്കേണ്ട രണ്ടു വിധികൾ ഇവയാണ്. സർ, വിദ്വാനായ എന്റെ സ്നേഹിതൻ ജന്മികളുടെ വിശ്വസ്തപ്രതിനിധിയായ മി: നമ്പൂരിപ്പാട്ട് ബിൽ ജന്മിമാരുടെ ചിരകാലസമ്പാദിതമായ അധികാരങ്ങളെ അതിക്രമിക്കുന്നു എന്നും, അതു യാതൊരുവിധത്തിലും ജന്മിമാർക്ക് അധികം ഗുണം ചെയ്യുന്നില്ല എന്നുമുള്ള രണ്ടു കാരണങ്ങളാൽ ബില്ലിനെ എതിർക്കുന്നു എന്നു പറഞ്ഞു. ബിൽ ജന്മിമാർക്ക് അധികം ആനുകൂല്യം ചെയ്യുന്നില്ലെങ്കിൽ അതേപ്പറ്റി ഞാൻ വ്യസനിക്കുന്നു. എന്നാൽ വിദ്വാനായ എന്റെ സ്നേഹിതനോടു, നീതിയെ സംബന്ധിക്കുന്ന തീർച്ചകളിലെത്തുന്നതിൽ ഞങ്ങളോടുകൂടി സഹകരിക്കാതിരിക്കുന്നതിനു അദ്ദേഹത്തിന് യാതൊരു ഒഴികഴിവുകളുമില്ല എന്നു പറയുന്നതിന് ഞാൻ നിർബന്ധിക്കപ്പെടുന്നു. നാം ഇവിടെ കൂടിവന്നിരിക്കുന്നതു യാതൊരുത്തരേയും പ്രീതിപ്പെടുത്തുന്നതിനല്ല. കുടിയാനാണോ ജന്മിക്കാണോ ഗുണമുണ്ടാകുന്നതു എന്നോ ഞാൻ കാര്യമാക്കുന്നില്ല. പൊതുജനപ്രതിനിധിയെന്ന നിലയിൽ പൊതുജനത്തിനു നീതിചെയ്യണമെന്നുഞാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു. അതു മാത്രമാണ് എന്റെ ഉദ്ദേശം. കുടിയാനു ദോഷമുണ്ടാകുന്നു എന്നു ഞാൻ കാണുന്നെങ്കിൽ അയാൾക്കു സഹായിക്കാൻ ഞാൻ ശ്രമിക്കും. ജന്മിക്കു ദോഷം വരുന്നെങ്കിൽ അയാൾക്കു സഹാ-

യിക്കാൻ ഞാൻ ഒരുങ്ങും, അതായിരിക്കണം നമ്മുടെ ആദർശവാക്യം. അതു നമ്മുടെ ആദർശവാക്യമായിരിക്കുന്നില്ലെങ്കിൽ, നമ്മുടെ കർത്തവ്യം ചെയ്യുന്നതിൽ നാം വീഴ്ചക്കാരായിരിക്കും. അതിനാൽ ജന്മിമാർക്കു യാതൊരുദ്ദോഷവും ഈ ബില്ലിനാൽ ഉണ്ടാകുന്നില്ല എന്നുള്ള എന്റെ സ്നേഹിതന്റെ പ്രസ്താവന ഈ വിഷയത്തെ സംബന്ധിച്ചുള്ള നിയമവിധാനത്തെ പരിഷ്കരിക്കുന്ന സംഗതിയിൽ നമ്മോടു അദ്ദേഹം സഹകരിക്കാതിരിക്കുന്നതിനു ഒരു ഒഴികഴിവുമില്ല.

സർ, ഞാൻ ആരംഭിക്കുന്നു. വടക്കൻതിരുവിതാംകോട്ടെ കുടിയാന്മാർ അനുഭവിക്കുന്ന സങ്കടങ്ങളെല്ല വട്ടമേശകാൺഫറൻസിലെ വിദ്വാന്മാരായ സാമാജികന്മാരുടെ ദൃഷ്ടിയിൽ വന്നിട്ടില്ല. ഉദ്ദേശങ്ങളുടേയും കാരണങ്ങളുടേയും പ്രസ്താവനയിൽ "അതിനാൽ കഴിയുമെങ്കിൽ ഭിന്നതകളെ ശരിപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളെ ആലോചിക്കുന്നതിന് ഗവണ്മെന്റ സമയം ചെലവാക്കി" എന്നു പറഞ്ഞിരിക്കുന്നു. പിന്നെയും പറഞ്ഞിരിക്കുന്നതു "കാൺഫറൻസിൽ ഐകകണ്ഠ്യമായ തീർച്ചകളിലെത്തുന്നതിന് സാധിച്ചു എന്നുപറയുന്നതിൽ ഗവണ്മെന്റിനു സന്തോഷമാണ്" എന്നാണ്. ഈ രണ്ടു പ്രസ്താവനകളുമാണ് ഗവണ്മെന്റിന്റെ പ്രധാനയത്നം ജന്മികുടിയാൻ തമ്മിലുള്ള അസമത്വങ്ങളെ ശരിപ്പെടുത്തുന്നതിനും ഐകകണ്ഠ്യമായ തീർച്ചകളുണ്ടാക്കുന്നതിനും ആയിരുന്നു എന്നു സ്പഷ്ടമായി കാണിക്കുന്നതു. വട്ടമേശകാൺഫറൻസിന്റെ ഘടനയെപ്പറ്റി ഗവണ്മെന്റിനോട് എനിക്കു വഴക്കില്ല, കാരണം കാൺഫറൻസിലെ സാമാജികന്മാരിൽ ചിലരെ അവർ കുടിയാന്മാരുടേതാണ്. ഈ സഭയാണ തിരഞ്ഞെടുത്തിട്ടുള്ളതു. ഒന്നാമതു അവർ മനുഷ്യജീവികളാണ്. കൂടാതെ അവർ കുടിയാന്മാരും നിയമസഭാമെമ്പർമാരുമാണ്. ഈ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ നീതിബോധത്തോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്ന് എനിക്ക് ഉറപ്പുതരാമെങ്കിൽ, ഞാൻ നല്ല തൃപ്തിയായിരുന്നുകൊള്ളാം. ഈ ഭേദഗതി പാരായണം ചെയ്യുമ്പോൾ എനിക്കു തോന്നിട്ടുള്ളതു തീർച്ചകളിലെത്തുന്ന വിഷയത്തിൽ അവരുടെ ഭാവനാശക്തി തിരുവിതാംകോട്ടിന്റെ എല്ലാഭാഗത്തേക്കും സഞ്ചരിച്ചില്ല എന്നാണ്. അല്ലെങ്കിൽ ഈ ബില്ലിലെ ഉൽസർഗ്ഗങ്ങളിൽ ചിലതിന് കാരണമില്ല. ഉത്സർഗ്ഗങ്ങളെ ഓരോന്നായി ഞാൻ എടുത്തുപറയാം.

ഒന്നാമത്തേതു് തിരുവിതാംകോട്ടിൽ പറക്കു ഐകരൂപ്യം വരുത്തുന്നതിന് ഒരു വ്യവസ്ഥയുമില്ല. ജന്മിമാരുടെ എണ്ണത്തോളം പറകളുമുണ്ടെന്നുള്ളതു തിരുവിതാംകോട്ടിൽ ദീർഘകാലമായിട്ടുള്ള ഒരു വിഷമതയാണ്. വടക്കൻതിരുവിതാംകോട്ടിൽ നൂറുതരായി പറകളുണ്ടെന്ന് എനിക്കു നല്ല നിശ്ചയമുണ്ട്. ഈ ദോഷത്തെ പരിഹരിക്കുന്നതിലേക്കു വട്ടമേശകാൺഫറൻസ് എന്താണ് ചെയ്തിട്ടുള്ളതു്? പറ എന്നതിന്റെ നിർവചനം ഉണ്ടാക്കുന്നതിന് അവർ യത്നിച്ചിരുന്നെങ്കിൽ ധാരാളം മതിയായിരുന്നു. അതു വിഷമതയെ നീക്കുമായിരുന്നു. വിഷമതയിൽ സിംഹഭാഗത്തെ ഇല്ലായ്മചെയ്തു എന്നുപറഞ്ഞു അവർക്ക് തങ്ങളെത്തന്നെ അഭിമാനിക്കുകയും ചെയ്യാമായിരുന്നു. അതാണ് പരിഹരിക്കാനുള്ള ഒന്നാമത്തെ ദോഷം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): പറയെ ക്രമപ്പെടുത്തുന്നതു സിലക്ററുകമ്മിററിയുടെ അധികാരസീമയിലുൾപ്പെടുന്നതായിരിക്കയില്ലേ?

മി: മാത്തുമുരിക്കൻ (വൈക്കം): ഞാൻ ഇപ്പോൾ പറയുന്നതു്, കേൾക്കുന്നതിനും പ്രവർത്തിക്കുന്നതിനും വേണ്ടിയാണ്. അതു സിലക്ററുകമ്മററിയുടെ അധികാരസീമയിലുൾപ്പെട്ടതാകണമെന്നെനിക്കറിയാം. ഞാൻ സംസാരിക്കുന്നതു യഥാവസരമായിട്ടാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നെല്ലായിട്ടുകൊടുക്കുന്നതു തന്നെ നിറുത്തൽചെയ്താൽ എന്റെ സ്നേഹിതന് തൃപ്തിവരുമോ?

മി: മാത്തുമുരിക്കൻ (വൈക്കം): അതു ഇവിടെ ഉദ്ദേശിച്ചിട്ടില്ല. എന്റെ സ്നേഹിതൻ വിഷമംനീക്കുന്നതിന് വേറൊരുവഴി നിർദ്ദേശിക്കമാത്രമാണു ചെയ്യുന്നതു്. എനിക്കു അതിൽ നല്ല തൃപ്തിയുണ്ട്. ഉദ്ദേശം സാധിക്കുന്നതിന് പല വഴികളുമുണ്ടായിരിക്കാം. എനിക്കുള്ള ഒരാഗ്രഹം നമുക്ക് ഉദ്ദേശം സാധിക്കണമെന്നാണ്. വഴിയെപ്പററി എനിക്കു തർക്കമില്ല.

വിദ്വാനായ ലാമെമ്പർ ബിൽ പ്രയോഗിച്ചപ്പോൾ പറഞ്ഞതു് പൊളിച്ചെഴുത്തു ഫീസുനിമിത്തമുള്ള വിഷമത്തെ, അതിന്നെ കാണത്തിന്റെ ൨൫ ശതമാനം പരമസംഖ്യയായി ക്ലിപ്തപ്പെടുത്തിയതിനാൽ, ഇല്ലാതാക്കുന്നതിന് അദ്ദേഹത്തിനു സാധിച്ചു എന്നായിരുന്നു. ഇവിടെയും നാം ഇരുട്ടിൽ തപ്പിനടക്കയാണു ചെയ്യുന്നതു്. അതിനെപ്പററി ഒരു മിഥ്യാജ്ഞാനമുള്ളതുകൊണ്ടാണ്, ഇരുട്ടിൽ തപ്പിനടക്കുന്നു എന്നു ഞാൻ പറയുന്നതു്. വടക്കൻതിരുവിതാംകോട്ടു ഉൾപ്രദേശത്തുള്ള ഒരു ഗ്രാമത്തിൽ ഒരേന്നിലും വ്യത്യാസമില്ലാതെ രണ്ടേക്കർ അല്ലെങ്കിൽ വ്യാപ്തി വിസ്താരമുള്ള (എ) എന്നും (ബി) എന്നും രണ്ടു ജന്മിമാർക്കുള്ള—അല്ലെങ്കിൽ ഒരേ ജന്മിക്കെന്നിരിക്കട്ടെ—രണ്ടു വസ്തുക്കളുണ്ടെന്നു വാദത്തിനായി നമുക്ക് ഊഹിക്കാം. ഒന്നിന്റെ കാണം ൨൦൦ പുത്തൻ അല്ലെങ്കിൽ ൨൦൦ രൂപായും മറേറതിന്റെ കാണം ൭൦൦൦ പുത്തൻ അല്ലെങ്കിൽ ൭൦൦൦ രൂപായും ആണ്. അങ്ങിനെയുള്ള ദൃഷ്ടാന്തങ്ങൾ വളരെ സാധാരണമാണ്. ഇപ്പോൾ പൊളിച്ചെഴുത്തു ഫീസു നിർണ്ണയിക്കുന്ന ആവശ്യം നേരിടുമ്പോൾ, അനുപാതം പാട്ടത്തോടല്ല കാണത്തോടാണ് എടുക്കേണ്ടതു്. ഇതെന്തൊരു ക്രമക്കേടാണ്? ഈ വിഷമം നീക്കുന്നതിന് ഭേദഗതിബില്ലിൽ എന്തു ഏർപ്പാടുചെയ്തിട്ടുണ്ടെന്ന് എനിക്കറിഞ്ഞുകൂടാ.

മി: കണ്ണാലും പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): യാതൊരു പൊളിച്ചെഴുത്തുഫീസും വർദ്ധിപ്പിക്കുകയില്ലെന്നു എന്റെ സ്നേഹിതനോടു ഞാൻ പറയട്ടെയോ?

മി: മാത്തുമുരിക്കൻ (വൈക്കം): അതു വളരെ ഇടറമായ പരിഹാരമാണ്. അതു വളരെ കൃത്രിമമായി തോന്നുന്നു. നമുക്കു നിർഗമിക്കാൻ മാർഗ്ഗമില്ലാത്ത ഒരു പതനത്തിൽ നാം ആയിരിക്കുന്നു എന്നാണ് അതിന്റെ അർത്ഥം. ഞാൻ പറയുന്നതു് അങ്ങനെയുള്ള നിയമവിധാനം ശാസ്ത്രീയമായ അടിസ്ഥാനത്തിന്മേൽ ആയിരിക്കണം എന്നാണ്. പാദസ്പഷ്ടമാർഗത്തിൽനിന്നു തെററുന്നതിന് സാധിക്കയില്ലെന്നു നാം വിചാരിക്കുന്നതാണ്. ശാസ്ത്രീയമായ പ്രമാണങ്ങൾ നമുക്കു മാർഗ്ഗദർശികളായിരിക്കണം.

മി: എം. താണുപിള്ള (തിരുവനന്തപുരം): പൊളിച്ചെഴുത്തു ഫീസിനെ വച്ചുകൊണ്ടിരിക്കുന്നതിന് വല്ല ശാസ്ത്രീയന്യായവുമുണ്ടായിരിക്കാവുന്നതാണോ-എന്ന് എന്റെ സ്നേഹിതനിൽനിന്ന് എനിക്കറിഞ്ഞാൽ കൊള്ളാം.

മി: മാത്തുമുരിക്കൻ (വൈക്കം): തീർച്ചയായിട്ടും, ഇത് മുഴുവൻ നിറവേറ്റൽ ചെയ്യുന്നത് എനിക്ക് വളരെ തൃപ്തിയായിരിക്കും. എന്നാൽ അതു നയത്തിനും ന്യായത്തിനും അനുയോജ്യമായ വേറെ ഒരു സംഗതിയാണ്. നീതിക്ക് ചേരാത്ത യാതൊരു നിയമവ്യവസ്ഥയും ഞാൻ അനുകൂലിക്കുകയില്ല എന്നു ഞാൻ ആദ്യംതന്നെ പറഞ്ഞുവല്ലോ. കുടിയാന്മാരുടെയോ ജന്മിമാരുടെയോ പക്ഷത്തുനിന്നും എതിർകക്ഷിക്ക് ദോഷം തട്ടത്തക്കവണ്ണം ഞാൻ വാദിക്കുകയാണെന്ന് എന്റെ സ്നേഹിതന്മാർ വിചാരിക്കരുത്. ഒരു കക്ഷിയും മററു കക്ഷിയെ വഞ്ചിച്ചു ഗുണം നേടണമെന്നെനിക്കാഗ്രഹമില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): കക്ഷികൾ തമ്മിലുള്ള ഉടമ്പടിയെ ബഹുമാനിക്കണമെന്നുള്ളത് ശാസ്ത്രീയമാണെന്നു മെമ്പർ വിചാരിക്കുന്നുവോ?

മി: മാത്തുമുരിക്കൻ (വൈക്കം): ഈ കക്ഷികൾ തമ്മിലുള്ള ഉടമ്പടിയെപ്പററി വളരെ പറയുന്നുണ്ട്. ഈ കുടിയാന്മാരിൽ മിക്കപേരും അക്ഷരജ്ഞാനമില്ലാത്തവരാണെന്നും അവരുടെ സ്വാതന്ത്ര്യമായ സമ്മതംകൂടാതെ കഠിനമായ വ്യവസ്ഥകൾ അവരുടെമേൽ ജന്മിമാരോ അവരുടെ കാര്യക്കാരന്മാരോ ചുമത്തീട്ടുള്ളതാണെന്നും നിയമം എന്ന ഉൽകൃഷ്ടവൃത്തിയിൽപെട്ട വിദ്വാനായ മെമ്പർ അറിവാനിടവന്നിട്ടുണ്ടായിരിക്കണം എന്ന് എനിക്കു നിശ്ചയമുണ്ട്. അതിനാൽ 'ഉടമ്പടികൾ' എന്നു വിളിക്കുന്നതു് അസംഗതസംജ്ഞയത്രെ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഏതെങ്കിലും കുടിയാനു ഒരു നീതിന്യായകോർട്ടിൽ വല്ല ഉടമ്പടിക്കും തന്റെ സ്വാതന്ത്ര്യമായ സമ്മതമില്ലായിരുന്നു എന്നു തെളിയിക്കാൻ കഴിയുമെങ്കിൽ ആ ഉടമ്പടി റദ്ദുചെയ്യുന്നതിന് അയാൾക്ക് സാധിക്കും എന്നുള്ള സംഗതിയിലേക്ക് എന്റെ സ്നേഹിതന്റെ ശ്രദ്ധയെ ക്ഷണിക്കട്ടെയോ?

മി: മാത്തുമുരിക്കൻ (വൈക്കം): രജിസ്റ്റർ ചെയ്യപ്പെട്ട പ്രമാണങ്ങൾ മൂലം ഏർപ്പെടുന്ന ഉടമ്പടികളെ നീതിന്യായകോർട്ടുകളിൽ എളുപ്പത്തിൽ റദ്ദാക്കുന്നതിന് കഴിയുന്നതല്ലെന്നു വിദ്വാനായ എന്റെ സ്നേഹിതന് എന്നെക്കാൾ കൂടുതലായി അറിയാമെന്ന് എനിക്കു നിശ്ചയമുണ്ട്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിനാൽ, ഒരു കുടിയാന് ഒരു നീതിന്യായകോർട്ടിൽ വച്ചു ഒരു പ്രത്യേകയുടമ്പടിക്ക് തന്റെ സ്വാതന്ത്ര്യമായ സമ്മതമില്ലായിരുന്നു എന്നു തെളിയിപ്പാൻ കഴിയുന്നില്ലെങ്കിൽ, ഉടമ്പടിക്കു സ്വാതന്ത്ര്യമായ സമ്മതമില്ലായിരുന്നു എന്നു അയാൾ പറയുമ്പോൾ അതു് ഒരു വെറും പ്രസ്താവന മാത്രമാണെന്നർത്ഥമാകുന്നില്ലേ?

മി: മാത്തുമുരിക്കൻ (വൈക്കം): അതു് ഒരു നീതിന്യായകോർട്ടിൽ തെളിയിക്കുന്നതിന് കുടിയാന് കഴികയില്ലായിരിക്കാം. കർക്കശങ്ങളായ വാസ്തവങ്ങളെപ്പററിയാണ്, നീതിന്യായകോർട്ടുകളിലെ വക്രതകളെപ്പററിയല്ല ഞാൻ ഇപ്പോൾ പറയുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മിസ്റ്റർ എൻ. ആർ. കൃഷ്ണന്റെ 'കുടിയാന്മാരുടെ ആറാഴ്ച പ്രതിഫലബില്ലി'നെ എതിർത്തപ്പോൾ അന്യോന്യം ഉടമ്പടികളുടെ പവിത്രത ബഹുമാനിക്കപ്പെടണമെന്നു താൻ പറഞ്ഞ ആ പ്രസംഗത്തെക്കുറിച്ചു ഞാൻ എന്റെ സ്നേഹിതനെ ഓർമ്മപ്പെടുത്തട്ടെയോ?

മി: മാത്തുമുരിക്കൻ (വൈക്കം). ആ ബില്ലിനെപ്പററി ഞാൻ പ്രസംഗിച്ചപ്പോൾ എന്റെ വാദങ്ങൾ എന്തെല്ലാമായിരുന്നു എന്ന് എനിക്കറിഞ്ഞുകൂടാ. എന്റെ സ്നേഹിതന്റെ ചോദ്യം വളരെ രസകരമാണ്: അതു വളരെ നേരമ്പോക്കായിട്ടുള്ളതുമാണ്. അന്നു ഞാൻ വാദിച്ചതും ഇപ്പോഴത്തെ വിഷയവും ആയിട്ടു യാതൊരു സംബന്ധവുമില്ല. ഓരോ വിഷയത്തിനും അതാതിന്റെ വിശേഷഗുണങ്ങളുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കക്ഷികൾ തമ്മിലുള്ള ഉടമ്പടികളെ നീതിന്യായകോർട്ടുകൾ മുമ്പു വ്യാഖ്യാനിച്ചതിൽ നിന്നു വ്യത്യാസമായിട്ടു ഇപ്പോൾ വ്യാഖ്യാനിക്കത്തക്കവണ്ണം ഇക്കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ സംഗതികൾ അത്രയ്ക്കു മാറിപ്പോയിരുന്നാണോ എന്റെ സ്നേഹിതന്റെ അഭിപ്രായം?

മിസ്റ്റർ മാത്തുമുരിക്കൻ (വൈക്കം): എന്റെ സ്നേഹിതൻ എന്നെ തെററിദ്ധരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നു. ഉടമ്പടികൾ, അവയ്ക്കു് ആവശ്യമായ എല്ലാ കാര്യങ്ങളും ഉള്ളപ്പോൾ വാസ്തവമായി വളരെ ഗൌരവമായിട്ടുള്ളതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഈ ബിൽ സംബന്ധിച്ചിടത്തോളം ഉടമ്പടികൾ എല്ലാം റദ്ദാക്കപ്പെടണമെന്നാണോ എന്റെ സ്നേഹിതന്റെ അഭിപ്രായം?

മി: മാത്തുമുരിക്കൻ (വൈക്കം): ഉടമ്പടികൾ എന്ന വിഷയത്തെപ്പററി ആ മെമ്പർ പ്രസ്താവിച്ചതിനാൽ ഞാൻ അദ്ദേഹത്തിനു മറുപടി പറഞ്ഞു, അതുമാത്രമേയുള്ളു. ഈ ബില്ലിനെമാത്രം പ്രത്യേകമായി സംബന്ധിക്കുന്ന ഉടമ്പടികളെപ്പററി ഒന്നും ഞാൻ പറഞ്ഞില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു നീതിന്യായകോർട്ടിൽ ഉപപാദിക്കാൻ കഴിയാത്തപക്ഷം അതു് ഒരു വെറും പ്രസ്താവനമാത്രമായി തീരുന്നതാണെന്നു ഞാൻ വീണ്ടും എന്റെ സ്നേഹിതനെ ചൂണ്ടിക്കാണിക്കട്ടെയോ?

മി: മാത്തുമുരിക്കൻ (വൈക്കം): നീതിന്യായകോർട്ടുകളിൽ സാക്ഷിവഴിയായി തെളിവു ആവശ്യപ്പെടുന്നു. ഈ കുടിയാന്മാരിൽ മിക്കപേർക്കും അങ്ങിനെയുള്ള തെളിവു കൊടുക്കുന്നതിനു സാധിക്കാതെ വരാം. എന്നാൽ വാസ്തവത്തിൽ അക്ഷരജ്ഞാനമില്ലാത്ത കുടിയാന്മാരുടെ മേൽ അവരുടെ സ്വാതന്ത്ര്യമായ സമ്മതം കൂടാതെ കഠിനവ്യവസ്ഥകൾ ചുമത്തപ്പെടുന്ന ദൃഷ്ടാന്തങ്ങൾ ആയിരക്കണക്കിനുണ്ട്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): നീതിന്യായകോർട്ടുകൾ വഴിയായി പരിഹാരങ്ങൾ നേടുന്നതിനു എന്റെ സ്നേഹിതനെ ഞാൻ ഉപദേശിക്കട്ടെയോ?

ഡിപ്പ്യൂട്ടിപ്രസിഡണ്ട്: ഈ ഉടമ്പടികളെ സംബന്ധിച്ചു നിങ്ങൾ ആവശ്യപ്പെടുന്നതെന്താണ്?

മി: മാത്തുമുരിക്കൻ (വൈക്കം): എന്റെ ഉദ്ദേശം ഇതാണ്. എന്റെ സ്നേഹിതൻ ആ മെമ്പർ ഉടമ്പടി എന്ന സംഗതിയെ ബലപ്പെടുത്തിപ്പറയുമ്പോൾ മററു കാര്യങ്ങളിൽ ശരിയായിരിക്കുന്നു എന്ന് അദ്ദേഹം അർത്ഥമാക്കുന്നു എന്ന് ഞാൻ വിചാരിക്കുന്നു. എല്ലാകക്ഷികളും ഒരുപോലെ അക്ഷരജ്ഞാനമുള്ളവരും, ഒരുപോലെ ബുദ്ധിയുള്ളവരുമല്ല, അങ്ങിനെയുള്ള വൃത്തികളിലാണ് ഉടമ്പടികൾ ദൂഷിതങ്ങളായിതീർന്നിട്ടുള്ളതു്. അതാണ് എന്റെ വാദം.

ഈ വിഷയം നിർണ്ണയിക്കുന്നതിനു രണ്ടാമതായി ഞാൻ നിർദ്ദേശിക്കുന്നത് പൊളിച്ചെഴുത്തുഫീസിൻെറ ശതമാനം നിർണ്ണയിക്കുമ്പോൾ എന്തു ഇനത്തെ അടിസ്ഥാനമാക്കിയാണ് പൊളിച്ചെഴുത്തുഫീസു ഏർപ്പെടുത്തേണ്ടതു്. പാട്ടത്തെ അടിസ്ഥാനമാക്കിയോ, കാണത്തെ അടിസ്ഥാനമാക്കിയോ, ഒരു വർഷത്തെ പാട്ടത്തെ അടിസ്ഥാനമാക്കിയോ രണ്ടു വർഷത്തെ പാട്ടം അടിസ്ഥാനമാക്കിയോ എന്നു നാം വെളിവായി സൂക്ഷ്മതകാണിക്കണം. ഈ എല്ലാ സംഗതികളും സിലക്ട് കമ്മിററിയുടെ ശ്രദ്ധയ്ക്കു വിഷയമാകുമെന്നു എനിക്കു നിശ്ചയമുണ്ട്.

ഇത്രയും, ഭേദഗതി ബില്ലിൻെറ രചകന്മാർ വരുത്തീട്ടുള്ള വർജ്ജനങ്ങളെപ്പററിയാണ്. പിന്നെ, ശാസ്ത്രീയമായ അടിസ്ഥാനത്തെപ്പററി, വിദ്വാനായ എൻെറ സ്നേഹിതനോടു സമ്പൂർണ്ണമായും ഞാൻ യോജിക്കുന്നു. ബിൽ ശാസ്ത്രീയമായ ഒരടിസ്ഥാനത്തിന്മേൽ മുഴുവനായി രൂപീകൃതമായിട്ടില്ല എന്നു് അദ്ദേഹം സമ്മതിക്കുമെന്നാണ്. അതിനെപ്പററി എനിക്കുള്ള അഭിപ്രായത്തെ ഞാൻ വിശദമാക്കാൻ പോകുന്നു. ജന്മികളുടെ ഭോഗങ്ങളുടെ കുടിശ്ശിക പിരിവു നടപടിപ്രകാരം വസൂൽ ചെയ്തുകൊള്ളുന്നതിനുള്ള ഒരു ഖണ്ഡം 'ബില്ലിലുണ്ട്.' പിഴ ചുമത്തുന്ന ഒരു ഖണ്ഡവുമുണ്ട്. പിഴ ചുമത്തുന്ന വ്യവസ്ഥ തീരെ നിരുപദ്രവകരമാണെന്നു ചിലർക്കു തോന്നിയേക്കാം. 'നിങ്ങൾ കുടിശ്ശികക്കാരനായി തീർന്നെങ്കിൽ മാത്രമേ പിഴ ഒടുക്കേണ്ടതായിവരൂ. നിങ്ങൾ ഭോഗങ്ങളെ ശരിയായും ക്രമമായും ഒടുക്കുന്നെങ്കിൽ പിഴ ഒടുക്കേണ്ടിവരികയില്ല' എന്നു അവർ പറയുമായിരിക്കും. എന്നാൽ സംഗതിയുടെ ഈവശമുണ്ട്. ജന്മിക്കുള്ള ഭോഗങ്ങളെ ഈടാക്കുന്നതിനു തന്നാൽ കഴിയുന്ന യത്നിക്കുമെന്നുള്ള ഉറപ്പ് എവിടെ? ഈ പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥ വളരെ ദോഷമുള്ള ഒരേർപ്പാടാണെന്നു കരുതിക്കൊണ്ട് കുടിശ്ശികകൾ കുമിയുന്നതിനു വേണ്ടി ഒന്നും ചെയ്യാതെ വിട്ടേക്കാം. ഇപ്പോൾ ഇരിക്കുന്ന സ്ഥിതിക്കു തൻെറ ഭോഗങ്ങളെ ഈടാക്കുന്നതിനു തന്നാൽ കഴിയുന്നത്ര യത്നിക്കുന്നതിനു ജന്മിക്കു യാതൊരു പ്രേരണയുമില്ല. കുടിശ്ശികകൾ അനേക വർഷങ്ങളായി കുമിഞ്ഞുവരുന്നതിനിടയാക്കിയെങ്കിൽ മാത്രമേ പിഴ കൊടുക്കേണ്ടിവരികയുള്ളു എന്ന ധാരണയോടു കൂടിയിരുന്നേക്കാവുന്ന മുൻകരുതലില്ലാത്ത കുടിയാന്മാരുടെ സംഗതിയിൽ ഈ വ്യവസ്ഥ വല്ലാതായ വിഷമത്തെ ഉണ്ടാക്കിത്തീർക്കുന്നതാണ്. ഈ കുടിയാന്മാരിൽ മിക്കപേരും മുൻകരുതലില്ലാത്തവരാണ്. അങ്ങനെയുള്ള ആളുകളുടെ താല്പര്യവും പരിരക്ഷിക്കേണ്ടതു നിയമനിർമ്മാണ സഭയുടെ ചുമതലയാണ്. പിഴയെ സംബന്ധിച്ചുള്ള ഖണ്ഡത്തിനു ശാസ്ത്രീയമായ ആധാരമുണ്ടെന്നു് എനിക്കു സമ്മതിക്കാൻ കഴിയുന്നില്ല. അതിനാൽ, ഇതും ശ്രദ്ധ പതിക്കേണ്ട ഒരു വഴിയാണ്.

എൻെറ സ്നേഹിതൻ മി: ജി. പി. നീലകണ്ഠപ്പിള്ള പറഞ്ഞതു പരിഷ്കൃതമന്ത്രിയോടും ക്രമികാശയങ്ങളോടും കൂടി ബില്ലിനെ നിരീക്ഷിക്കുമ്പോൾ, നാം ഒട്ടും മുന്നോട്ടു പോകാതെ, ഇനിയും പുരാതന അടിമയുഗത്തിൽതന്നെ ഇരിക്കുന്നു എന്നു നമുക്കു കാണാമെന്നാണ്. ഈ ബിൽ രചിച്ചവർക്ക് ഈ പവിത്രങ്ങളായ പതിവു ഭോഗങ്ങളെ ഒഴിച്ചുവിടുന്നതു് അസാദ്ധ്യമാണെന്നു കണ്ടിരിക്കുന്നു. ഈ ഭോഗങ്ങൾ എങ്ങിനെ ഉത്ഭവിച്ചു എന്നു വിശദമാക്കുവാനല്ല ഞാൻ ഇവിടെ സന്നിഹിതനായിരിക്കുന്നതു്. ഈ ഭോഗങ്ങളെ എങ്ങിനെ നിർത്തൽ ചെയ്യാമെന്നു പറയാൻ ഞാൻ പോകുന്നുമില്ല. എന്നാൽ ബില്ലിൻെറ രചകന്മാർ ഈ ഭോഗങ്ങളോടു വല്ലാത്ത പക്ഷപാതം കാണിക്കുന്നുണ്ടെന്നു ഞാൻ പറയേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തമായിട്ടു വൈക്കം താലൂക്കിൽ നിങ്ങൾക്കു വിചാരിക്കാവുന്നിടത്തോളം പതിവുഭോഗങ്ങളുണ്ട്; ബില്ലിൻെറ രചകന്മാർ ഈ ഭോഗങ്ങളെ നിർത്തൽ ചെയ്യുന്നതു സാദ്ധ്യമാണെന്നു കണ്ടിട്ടില്ല.

മി: കല്ലായി പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): പതിവുഭോഗങ്ങൾ ഉടമ്പടിയാൽ വ്യവസ്ഥപ്പെടുത്തീട്ടില്ലേ?

മി: മാത്തുമുരിക്കൻ (വൈക്കം): ഇവിടെയും ഉടമ്പടിവാദത്തെ എതിർക്കുന്ന എൻെറ മുൻപിലത്തെ വാദം സാധുവായിരിക്കും.

കാലഹരണാവധി പത്തു വർഷമായി വർദ്ധിപ്പിക്കണമെന്ന് എൻെറ സ്നേഹിതൻ മി: കേശവപിള്ള പറഞ്ഞു. ആ സംഗതിയിൽ ഞാൻ അദ്ദേഹത്തോടു പൂർണ്ണമായി വിസമ്മതിക്കുന്നു. കാലഹരണാവധി മൂന്നു വർഷമാക്കി കുറച്ചതിനുവേണ്ടി ഞാൻ ബില്ലിൻെറ രചകന്മാരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈ സംഗതിയിൽ പൊതുജനങ്ങളുടെ ആവർത്തിച്ചുള്ള നിർദ്ദേശങ്ങളെ പ്രയോഗപഥത്തിലാക്കിയിട്ടുള്ളതിൽ എനിക്കു സന്തോഷമാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കാലഹരണാവധി മൂ. വർഷമാക്കി കുറക്കുന്നതിൽ മെമ്പർക്കു വല്ല വിരോധവുമുണ്ടോ?

മി: മാത്തുമുരിക്കൻ (വൈക്കം): നാം ആ കണക്കിനു പോയാൽ ഭേദഗതി ചെയ്യുന്നതിനു വളരെ വളരെ സംഗതികൾ കാണും. അതിനെപ്പററി ഒന്നും പറയുന്നതിനു ഞാൻ ഇപ്പോൾ ഒരുങ്ങുന്നില്ല. അതു സിലക്ട് കമ്മിററിക്കു പോകട്ടെ.

മി: മുളവേലിൽ പപ്പുപിള്ള (ചേർത്തല): സർ, ജന്മിമാരും കുടിയാന്മാരും തമ്മിൽ വളരെക്കാലമായി നടന്നുകൊണ്ടിരുന്ന തർക്കത്തിൻെറ ഫലമായി അതിനൊരു നിവൃത്തിയുണ്ടാക്കുവാൻ വേണ്ടിയാണ് 1071-ലെ അഞ്ചാം റെഗുലേഷൻ, അതായതു്, ഇപ്പോൾ നടപ്പിലിരിക്കുന്ന ജന്മികുടിയാൻ റെഗുലേഷൻ ഉണ്ടാക്കിയതു്. അതിനുശേഷവും ജന്മിമാരും കുടിയാന്മാരും തമ്മിൽ അവരവരുടെ അവകാശങ്ങളെപ്പററി തുടരെ വലിയവാദങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നതിനാൽ അതിനെ നിർത്തലാക്കാൻ വേണ്ടി ഇടക്കാലത്തു് അതിനെപ്പററി അന്വേഷിക്കുന്നതിന് ഒരു കമ്മിററിയെ ഗവണ്മെൻറിൽനിന്നും നിയമിച്ചു. ആ കമ്മിററി രാജ്യത്തിൽ ചുററി സഞ്ചരിച്ച് ജന്മിമാരിലും കുടിയാന്മാരിലും അനേകം ആളുകളിൽ നിന്നും മൊഴിയെടുപ്പിച്ചതിനുശേഷം അതിനെ ആസ്പദമാക്കി ഒരു റിപ്പോർട്ടു തയ്യാറാക്കുകയും ഒരു നക്കൽ ബിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ആ നക്കൽ ബിൽ അനുസരിച്ചു പിന്നീട് യാതൊന്നും തന്നെ നടത്തിയില്ല. അതിനുശേഷമാണ് ഈ കൗൺസിലിൽ ഒരു പ്രൈവററ്ബിൽ ഹാജരാക്കുന്നതിന് അനുവാദം കിട്ടാൻ മി: എ. ജി. മേനോൻ അപേക്ഷിച്ചതു്. അങ്ങിനെ ഒരു ബിൽ ഹാജരാക്കുന്നതിന് അനുവാദം കൊടുക്കുകയും അതിനുശേഷം ആയത് അജൻഡായിൽ ചേർക്കുകയും ചെയ്തിരുന്നു എങ്കിലും അതിനുമതിയായ മുന്നറിവു് കൊടുത്തിരുന്നില്ലെന്നുള്ള കാരണത്തിന്മേൽ, ബിൽ ഹാജരാക്കുവാൻ അനുവദിക്കാതിരിക്കുകയാണ് ഉണ്ടായതു്. അതിൽ പിന്നെ ജന

പ്രതിനിധികളിൽ പലരുടേയും പ്രത്യേകമായ അപേക്ഷപ്രകാരം അതിനടുത്ത കൌൺസിലിനുമുമ്പായി ഈ ബിൽ ഹാജരാക്കുന്നതിനുമാത്രമായി ഒരു കൌൺസിൽ വിളിച്ചു കൂട്ടാമെന്ന് അന്നത്തെ അദ്ധ്യക്ഷൻ വാഗ്ദാനം ചെയ്തിരുന്നു. അപ്രകാരം കൌൺസിൽ കൂടുകയുണ്ടായില്ല. എന്നാൽ മുറപ്രകാരം പിന്നീടു കൂടിയ കൌൺസിലിൽ കാണപ്പാട്ടം ബിൽ ഇൻട്രഡ്യൂസ് ചെയ്യുന്നതിന് അനുവദിച്ചു. ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള തർക്കം നിവൃത്തിയുള്ളിടത്തോളം അവരുടെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു റൌണ്ടടേബിൾ കാൺഫറൻസിൽ വച്ചു തീർത്തതിനു ശേഷം ബിൽ രൂപീകരിച്ചു ഹാജരാക്കുന്നതു നന്നായിരിക്കുമെന്നു കരുതി അപ്രകാരം ഒരു കാൺഫറൻസു ഇതിനിടയിൽ നടന്നു. മിസ്റ്റർ എ. ജി. മേനോൻ ഹാജരാക്കിയ കാണപ്പാട്ടബില്ലിനെ നിരൂപണം ചെയ്യാനാണ് റൌണ്ടടേബിൾ കാൺഫറൻസ് കൂടണമെന്നു നിശ്ചയിച്ചത്. എന്നാൽ ഇപ്പോൾ ഞങ്ങളുടെ കയ്യിൽ കിട്ടിയിരിക്കുന്ന ബിൽ വായിച്ചു നോക്കിയതിൽ 1083-ലെ 3-ാം റെഗുലേഷനെ ഭേദഗതിവരുത്താനായിട്ടാണ് റൌണ്ട്ടേബിൾ കാൺഫറൻസിൽ ആലോചന നടത്തിയതു എന്നു കാണുന്നു. കാണപ്പാട്ട ബില്ലിനെ ഭേദപ്പെടുത്തി ജന്മികുടിയാൻ എന്നുള്ള പേർ തന്നെ നല്കിക്കാൻ ഉണ്ടായകാരണം എന്തെന്നു മനസ്സിലാകുന്നില്ല. ഇതിൽ നിന്നു ജന്മികുടിയാൻ എന്നുള്ള പേരിനെ ഭേദപ്പെടുത്താതെ ആ ബില്ലിനെ ഇനിയും നിലനിറുത്തിക്കൊണ്ടു പോകണമെന്നു ഉദ്ദേശമുള്ളതുപോലെ കാണുന്നു. ജന്മികുടിയാൻ ബില്ലായാലും കാണപ്പാട്ട ബില്ലായാലും അതിനെ റൌണ്ട്ടേബിൾ കാൺഫറൻസിൽ അതിനെപ്പറ്റി നിരൂപണം ചെയ്യുന്നതിനും അതിന്റെ ഗുണദോഷങ്ങളെപ്പറ്റി ചിന്തിക്കുന്നതിനും ഞങ്ങൾ തിരഞ്ഞെടുത്തയച്ച രണ്ടു മെംബറന്മാരും ഗവണ്മെന്റിൽ നിന്നു നിയമിച്ച മിസ്റ്റർ എ. ജി. മേനോനും ജന്മിപ്രതിനിധികളും ഉണ്ടായിരുന്നു. കാൺഫറൻസിൽ പ്രസിഡന്റ ഉൾപ്പെടെ [illegible] പേർ ഉണ്ടായിരുന്നു. അവരിൽ കുടിയാന്മാരുടെ പ്രതിനിധികൾ ആരെന്നോ ജന്മികളുടെ പ്രതിനിധികൾ ആരെന്നോ കുടിയാന്മാരുടെയും ജന്മികളുടേയും പക്ഷത്തിൽ ചേരാത്തവർ ആരാണെന്നോ ഈ ബില്ലിനോടു ചേരാതെ നിഷ്പക്ഷനിലയിൽ ഇരുന്നവർ ആരെന്നോ അവരുടെ മനഃസ്ഥിതി ഏതു വിധത്തിലായിരുന്നെന്നോ അറിയാൻ ഒരു നിവൃത്തിയുമില്ല. ഇതിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതു നോക്കിയതിൽ ഇതെല്ലാം ഐകകണ്ഠ്യേന പാസ്സാക്കിക്കഴിഞ്ഞതാണെന്നു തോന്നുന്നു. അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ അങ്ങിനെ രണ്ടു കക്ഷികളും യോജിച്ചു പാസാക്കിയതിൽ ഗവണ്മെന്റിനു വളരെ സന്തോഷമുണ്ടെന്നു പ്രസ്താവിച്ചും കാണുന്നു.

ഞങ്ങൾ തിരഞ്ഞെടുത്തയച്ച രണ്ടു പ്രതിനിധികൾ ഏതെല്ലാം സംഗതികളിൽ—

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, വിശദീകരിക്കുന്നതിനു വേണ്ടി ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ബിൽ കാൺഫറൻസിൽ സമർപ്പിച്ചിട്ടില്ലായിരുന്നു എന്ന് ഈ സന്ദർഭത്തിൽ മെംബർമാരെ അറിയിക്കേണ്ടിയിരിക്കുന്നു. - അത് 1083-ാമാണ്ടത്തെ റെഗുലേഷന്റെ ഭേദഗതിബിൽ ആയിരിക്കണമെന്നു കാൺഫറൻസിന്റെ തീർപ്പല്ല. ബില്ലിന്റെ വാചകരചനയ്ക്കു കാൺഫറൻസ് ഉത്തരവാദിയല്ല. ഇവയെല്ലാം ലാമെംബർ പൂർണ്ണമായ ഉത്തരവാദിത്വം വഹിക്കുന്നതായി വിചാരിക്കപ്പെടണം. (കേൾപ്പിൻ, കേൾപ്പിൻ).

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങിനെ അവിടെ എല്ലാവരും അനുകൂലാഭിപ്രായം പുറപ്പെടുവിച്ചശേഷം ഈ ബിൽ ഇവിടെ കൊണ്ടുവന്നിരുന്നു എങ്കിൽ ജന്മിമാർക്ക അവർ വിചാരിക്കുന്നതു പോലെ ദോഷകരമായ ഭാഗങ്ങൾ ബില്ലിൽ കാണുന്നു എന്നോ കുടിയാന്മാർക്ക അവർ പറയുന്നതു പോലെ പല ദോഷാംശവും കാണുന്നു എന്നോ പറയുന്നതിനു ഇട വരികയില്ലായിരുന്നു. ഞങ്ങൾ തിരഞ്ഞെടുത്തയക്കപ്പെട്ട പ്രതിനിധികളുടെ നില എന്തായിരുന്നു. അവരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരമാണോ ഈ ബിൽ രൂപീകരിച്ചിട്ടുള്ളതു എന്നൊന്നും മനസ്സിലാകുന്നില്ല. അപ്രകാരം ഐകകണ്ഠ്യേനയുള്ള അഭിപ്രായം അനുസരിച്ചു ഡ്രാഫ്റ്റ ചെയ്ത ബില്ലാണെങ്കിലും അതിനെ ജന്മിപ്രതിനിധിയായ മിസ്റ്റർ കേശവൻ നമ്പൂതിരി എതിർക്കുന്നു. ഐകകണ്ഠ്യേന രണ്ടു കക്ഷികളും കൂടി യോജിച്ചുണ്ടായ നിശ്ചയത്തെ ആസ്പദമാക്കി രൂപീകരിച്ചിട്ടുള്ള ബില്ലാണെന്നു പണ്ഡിതനായ ലാ മെംബരും പറഞ്ഞു. ഇങ്ങിനെ അഭിപ്രായ വ്യത്യാസമുള്ള ഒരു ബില്ലിനെ അതേ രൂപത്തിൽ ഈ പതനത്തിൽ സ്വീകരിക്കുന്നതിനു നിവൃത്തിയില്ല. അതിനാൽ ബില്ലിനെപ്പറ്റി സ്വാതന്ത്ര്യമായി വാദപ്രതിവാദം ചെയ്യുന്നതിനു സൌകര്യമുള്ള ഒരു സമയം ഞങ്ങൾക്കു അനുവദിച്ചു തരണം.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾക്കു ബില്ലിനെ മുറുകെ പിടിച്ചു വിമർശനം നടത്തുന്നതിനു അവകാശമുണ്ട്. എന്നാൽ നക്കൽ ബിൽ കാൺഫറൻസിന്റെ ഐകകണ്ഠ്യമായ തീർച്ചകളെ ആസ്പദമാക്കി തയ്യാറാക്കിയിട്ടുള്ളതാണെന്നുള്ള ലാ മെംബറിന്റെ നിർദ്ദേശത്തെ സ്വീകരിക്കുന്നതിനു നിങ്ങൾ നിർബന്ധിതരാണ്. അതിനെ നിങ്ങൾക്ക നിഷേധിക്കാൻ വഹിയാ.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ബില്ലിൽ പല കാര്യങ്ങളും പ്രത്യേകം ആലോചിച്ചതായി കാണുന്നില്ല. പ്രധാനമായി ജന്മിമാരുടെ വസ്തുക്കളെപ്പറ്റിയാണ്. തിരുവെഴുത്തു വിളംബരത്തിൽ ഉൾപ്പെട്ട ജന്മിമാർ അല്ലാതെയുള്ളവരുടെ ഏതാനും വസ്തുക്കൾ കരപ്പുറത്തുണ്ട്. അങ്ങിനെയുള്ള തോട്ടവസ്തുക്കൾക്ക് 5/8 ആണ്ടു കരം. ആ തോട്ടവസ്തുക്കൾ ഇരുപത്തഞ്ചു കൊല്ലമായി ഉടമസ്ഥന്റെ പക്കൽ നിന്നു ആ ഉടമസ്ഥൻ തിരുവെഴുത്തു വിളംബരത്തിൽ ഉൾപ്പെട്ട ജന്മിയായിരിക്കണമെന്നു നിർബന്ധമില്ല—കാണപ്പാട്ടമായി വാങ്ങി കുടിയാൻ അനുഭവിക്കുകയാണെങ്കിൽ ആ വസ്തു ഒഴിപ്പിക്കുന്നതിന് ഉടമസ്ഥന് അവകാശമില്ല. അങ്ങിനെയുള്ളിടത്തോളം ഇപ്പോൾ നടപ്പിലിരിക്കുന്ന ജന്മികുടിയാൻ റെഗുലേഷനിൽ വ്യവസ്ഥയുണ്ട്. അതിനെ സ്ഥാപിച്ചു ഹൈക്കോടതിയിൽ വിധിയും ഉണ്ടായിട്ടുണ്ട്. ജന്മി വസ്തുക്കളെ ഈ മാതിരി കൂടി ഈ റെഗുലേഷന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഡിപ്യൂട്ടിപ്രസിഡണ്ട്: 'ജന്മവസ്തുക്കൾ' എന്നതിന്റെ നിർവചനം പഴയ റെഗുലേഷനിലുള്ളതിനെ ഭേദപ്പെടുത്തീട്ടില്ല എന്നുള്ള സംഗതിയിലേക്ക ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കട്ടെ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) : ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ബില്ലിൽ അവയെ കുറച്ചുകൂടി വ്യക്തപ്പെടുത്തി സന്നിഗ്ദ്ധമല്ലാത്ത നിലയിൽ ചേർക്കേണ്ടതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ വിവരണത്തെ ഭേദപ്പെടുത്താൻ ഈ കൌൺസിലിനു അധികാരം ഉണ്ടോ ഇല്ലയോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) : ഈ കൌൺസിലിനു അതിന് അധികാരമുണ്ട്.

ഇനി പലിശയേയും പിഴയേയും സംബന്ധിച്ചാണ് പറയാനുള്ളത്. ജന്മിക്കു കൊടുക്കേണ്ട കരം മൂന്നു വർഷം കുടിശ്ശിക കിടക്കുന്നപക്ഷം അതിനുള്ള ന്യായമായ പലിശക്കും പുറമെ ഒരു പിഴക്കൂടി ഈടാക്കണമെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു് അനുവദിച്ചുകൊടുക്കുന്നതിന്റെ സാധുത്വം തീരെ മനസ്സിലാകുന്നില്ല. ഇതനുസരിച്ചു് മൂന്നു കൊല്ലം കഴിഞ്ഞുവരുന്ന കുടിശ്ശികക്കു നൂറിനു പത്തു വീതം ആറു കൊല്ലത്തിനകം പലിശക്കു പുറമെ [illegible] രൂപാ പിഴക്കൂടി കൊടുക്കേണ്ടിയിരിക്കുന്നു. ആറു കൊല്ലത്തെ കുടിശ്ശികക്കു പലിശ അറുപതു രൂപാ വരുന്നു. ഈ കണക്കിന് നൂറു രൂപാ മുടക്കുന്ന ഒരു കുടിയാൻ ആറാമത്തെ കൊല്ലത്തിൽ ജന്മിക്കു നൂറ്റിഇരുപതു രൂപാ കൊടുക്കേണ്ടിവരുന്നു. നൂറു രൂപാമാത്രം കൊടുക്കേണ്ടതിനു പകരം ഇരുപതു രൂപാ കൂടുതൽ കൊടുക്കണം. ഇതും കുടിയാനവന് വലിയ നഷ്ടമാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): [illegible] എന്താണെന്നു പറയാമോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) : നെല്ലിനു പറ ഒന്നിനു പത്തു വീതം ഒരു കൊല്ലത്തിൽ ഈടാക്കും.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽ ചേർക്കപ്പെട്ട മെംബർ) : ഇപ്രകാരം കുടിശ്ശിക ഇടയാകാതിരിക്കയാണെങ്കിൽ ഇത്രവലിയ സംഖ്യ കൊടുക്കേണ്ടിവരുമോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) : കുടിശ്ശികയില്ലെങ്കിൽ കൊടുക്കേണ്ടിവരികയില്ല. ഈ ഉടമ്പടി [illegible] വിചാരിക്കുന്നതാണ്. പക്ഷേ അങ്ങിനെ കൊടുക്കാൻ ഇടവരാതെ പോകുന്നതു ജന്മിയെ ഉപദ്രവിക്കാനോ കഷ്ടപ്പെടുത്താനോ വേണ്ടിയല്ല. കുടിയാന്റെ പരിതസ്ഥിതി അനുസരിച്ചു അയാൾക്കു കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടുമാത്രം അപ്പോഴപ്പോൾ കൊടുക്കാതിരിക്കുന്നതാണ്.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽ ചേർക്കപ്പെട്ട മെംബർ): അങ്ങിനെ കൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണെങ്കിലും ജന്മിക്കു അതിൽ സങ്കടമുണ്ടോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതുകൊണ്ടു ജന്മിക്കു യാതൊരു സങ്കടവുമില്ല. അതിൽ അവർക്കു പലിശകൂടി കിട്ടുന്നുണ്ട്. അതിനു പുറമെ പിഴക്കൂടിവച്ചിരിക്കുന്നതു് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഭൂസ്വത്തുജാമ്യത്തിന്മേലും സ്റ്റേറ്റ് എയിഡഡ് ബാങ്കും കൊണ്ടു് ഉദ്ദേശിക്കുന്ന ഗുണം കൃഷിക്കാർക്കു് ഇപ്പോൾ കിട്ടുന്നില്ല. അതിനാൽ ചുരുങ്ങിയ പലിശക്കു പണം കടം കിട്ടത്തക്കവണ്ണം ഒരു ഭൂസ്വത്തുജാമ്യബാങ്ക് ഇവിടെ സ്ഥാപിക്കണമെന്നു കൃഷിക്കാർ മുറവിളികൂട്ടുന്നു; ഈ സന്ദർഭത്തിൽ കുടിയാനവന്റെ മേൽ പലിശയും പിഴയും മറ്റും ചുമത്തുന്നതു് വലിയ അന്യായമാണ്. നിവൃത്തിയില്ലാത്തതുകൊണ്ടു മാത്രം കുടിയാനവൻ കുടിശ്ശികകൊടുക്കാത്തതാണെന്നു നാം പ്രത്യേകം ഓർമ്മിക്കണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിശ്ശിക ഇടയാതിരുന്നാൽ ഈ ബില്ലിന്റെ ആവശ്യം തന്നെഇല്ല. അല്ലേ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല); അതുപറയണമെന്നില്ല. ഇതുനിമിത്തം കുടിയാനവനു സങ്കടനിവൃത്തിയുണ്ടാകുന്നില്ല. ഈ ബിൽ തവളകൾക്കു് രണ്ടാമതൊരു രാജാവിനെകിട്ടിയതുപോലെയാണ്. ഈ ബില്ലിന്റെ ഏതൊരുഭാഗവും കുടിയാനെ വളരെ സങ്കടപ്പെടുത്തുന്നവയാണ്. അതിനാൽ ഇതേരീതിയിൽ ഈ ബിൽ ഒരിക്കലും പാസാക്കുവാൻ പാടില്ല. നാം മുന്നോട്ടുപോകുകയാണ് പുറകോട്ട് അല്ല. ലോകത്തിലും മുന്നോട്ട് ആണ്. കുടിയാന്മാർക്കു നിവൃത്തിയുള്ളടത്തോളം രക്ഷകിട്ടണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തിരുന്നു എങ്കിൽ കുടിയാനു ചുമക്കാൻ പാടില്ലാത്ത ഭാരമെല്ലാം ചുമലിൽ കയറ്റിവയ്ക്കുന്നതിനു നിശ്ചയമായിട്ടും സാഹസപ്പെടുകയില്ലായിരുന്നു. പിഴകൊടുക്കുന്നു എങ്കിലും വസ്തു അവർക്കു ഒഴിഞ്ഞുകൊടുക്കേണ്ടിവരുന്നില്ലല്ലോ എന്നാണ് അതിനു സമാധാനം പറയുന്നതു്. ഇപ്പോഴത്തെ നടപ്പനുസരിച്ചു നോക്കിയാൽ കുടിയാനവനു് ഈ വ്യവസ്ഥ അനുഭവത്തിൽ വലിയ കാര്യമായിട്ടുള്ളതല്ല. ജന്മികൾക്കുതന്നെ ഇപ്പോൾ അവരുടെ വസ്തുക്കളെ കുടിയാന്മാരുടെ പക്കൽനിന്നും പെട്ടെന്നു എടുത്തുകൊണ്ടുപോകാൻ സാധിക്കുകയില്ല. വളരെക്കാലമായി കുടിയാന്മാർ ദേഹണ്ഡിച്ചു അതിൽ പുരയും വച്ചു താമസിച്ചുവരുന്ന അനേകം സ്ഥലങ്ങളുണ്ട്. അവരുടെ ദേഹണ്ഡവും മറ്റുവിധ പ്രയത്നങ്ങളും ഉണ്ടെങ്കിൽ അതിന്റെയും വില തിട്ടപ്പെടുത്തി പണം കൊടുക്കാതെ കുടിയാന്മാരിൽ ഇരിക്കുന്ന വസ്തുക്കളെ ജന്മിക്ക് ഒഴിപ്പിച്ചെടുത്തുകൊണ്ടുപോകുവാൻ സാധിക്കുകയില്ല. അതുകൊണ്ട് ഒഴിപ്പിച്ചെടുക്കുകയില്ല എന്നസംഗതിമാത്രംകൊണ്ടു് സന്തോഷിക്കാൻ നിവൃത്തിയില്ല. ചിലപ്പോൾ അവർ വിചാരിച്ചാലും കുടിയാന്മാരുടെ കയ്യിലിരിക്കുന്ന വസ്തുക്കൾ ഒഴിപ്പിക്കുവാൻ സാധിക്കുകയില്ലെന്നേക്കാം. അതിനാൽ വസ്തു ഒഴിപ്പിക്കാതിരിക്കുന്നതുകൊണ്ടാണു പിഴചുമത്തിക്കുന്നതു് എന്നുപറയുന്നതിൽ വലിയ അർത്ഥമില്ലെന്നു ജന്മിക്കു കാണാം.

ഡിപ്പ്യൂട്ടിപ്രസിഡന്റ്; നിങ്ങൾ ഇരിക്കുന്നതിനുമുമ്പായി ഒരു ചോദ്യം നിങ്ങളോടു ചോദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. ഒഴിപ്പിക്കുന്നതിനുള്ള അവകാശം അനാവശ്യമാണെന്നു നിങ്ങൾ പറയുന്നു. ജന്മികുടിയാനെ ഒഴിപ്പിക്കുന്നതിനെ സമ്മതിക്കാൻ നിങ്ങൾ ഒരുക്കമാണോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങിനെ ഞാൻ പറയുന്നില്ല. ഈ ഭേദഗതികൊണ്ട് ഇപ്പോഴത്തെ നടപ്പനുസരിച്ചു് അവർക്കു കൂടുതൽ പ്രയോജനം സിദ്ധിക്കാനില്ലെന്നാണു് ഞാൻ പറയുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ നടപ്പിലിരിക്കുന്ന [illegible] കൊണ്ടു് വസ്തു ഒഴിപ്പിക്കുന്നതിനു ജന്മിമാർ വ്യവഹാരപ്പെട്ടാൽ ഒഴിഞ്ഞുകൊടുക്കണ്ടേ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): വേണം, വസ്തു ഒഴിപ്പിക്കാൻ പാടില്ലെന്നു സമ്മതിക്കുന്നതിനു മുമ്പായി മനോധർമ്മംപോലെ പിഴകൂടി വസൂലാകുന്നതു വലിയ ദ്രോഹമല്ലേ?

മി: രേവതിതിരുനാൾ രാമവർമ്മരാജാ (എടവക): മിസ്റ്റർ പാച്ചുപിള്ള പറയുന്നതു ഗൗരവമായും കുടിയാന്മാർതന്നെ ഗുണം കിട്ടണമെന്നാണോ? അതുപോലെ ജന്മിക്കും ഗുണം കിട്ടണമെന്നു അദ്ദേഹം വിചാരിക്കാൻ പാടില്ലേ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതു നിശ്ചയമായിട്ടും വേണം. എന്നാൽ കുടിയാന് എടുക്കാൻ പാടില്ലാത്ത ഭാരം ചുമലിൽ വയ്ക്കുകയും അവരെക്കൊണ്ടു പിഴ ചെയ്യിക്കയും ചെയ്തിട്ട് ജന്മിമാരെ ഗുണപ്പെടുത്തണമെന്നുള്ള ഒരു വ്യവസ്ഥ ഒരിക്കലും പാടുള്ളതല്ല.

മി: രേവതിതിരുനാൾ രാമവർമ്മരാജാ (എടവക): ഇപ്പോഴത്തെ ജന്മിമാരെ നശിപ്പിച്ചിട്ടു കുടിയാന് ഗുണം വേണമെന്നാണോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരിക്കലും ഇല്ല.

കുടിയാന് താങ്ങാൻ പാടില്ലാത്ത ഭാരം ചുമലിൽവച്ചിട്ടു ജന്മിമാരെ ഗുണപ്പെടുത്തണമെന്നുള്ള വ്യവസ്ഥ പാടില്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

മി: സി. എൻ. കുപ്പൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്ത മെംബർ): ജന്മികുടിയാൻ റെഗുലേഷൻ പ്രാബല്യത്തിൽ വന്നതിനുശേഷം ഉണ്ടായ ഓരോ ഭേദഗതി കൊണ്ടും ദോഷം കൂടുതലായിട്ടുള്ളതു ജന്മിക്കോ കുടിയാനോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ദോഷം നിശ്ചയമായിട്ടും കുടിയാന്തന്നെ. ഇപ്പോഴത്തെ ഭേദഗതികൊണ്ട് സാരമായ ദോഷം ജന്മിക്കില്ല. സാരമായ ഗുണം കുടിയാനുമില്ല. ആകപ്പാടെ നോക്കിയാൽ കുടിയാനു കൂടുതൽ ദോഷമുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ഭേദഗതികളെ മാറ്റം ചെയ്യാതെ അതേ രീതിയിൽ വിടുകയല്ലേ നല്ലത്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ വ്യവസ്ഥകളെ പാസ്സാക്കുന്നതിനേക്കാൾ അതേ നിലയിൽ വിടുന്നതാണ് നല്ലത്.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഇത്രയും കാലം ജന്മവസ്തുക്കളിൽ കുടിയാന്മാർ വേലചെയ്തതുകൊണ്ടല്ലേ ഈ ആദായം ഉണ്ടായത്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതെ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പണം കൊടുത്താൽ ഒഴിപ്പിക്കാമെന്നു നിയമമുണ്ടോ?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഉണ്ട്

മി: സി. എൻ. കുപ്പൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽ ചേർത്ത മെംബർ): വേല ചെയ്യുന്ന ആളിൽ നിന്നും വസ്തു വീണ്ടെടുക്കാൻ പാടില്ലെന്നാണോ അഭിപ്രായപ്പെടുന്നത്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഇപ്പോഴത്തെ നടപ്പനുസരിച്ചും കോടതിവിധിയനുസരിച്ചും മര്യാദ മുതലായവ ന്യായമനുസരിച്ചു കൊടുത്താൽ ഒഴിപ്പിക്കാം.

മി: സി. എൻ. കുപ്പൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്ത മെംബർ): ജന്മവസ്തുക്കൾ കൃഷിചെയ്യുന്ന ആളുകളിൽ നിന്നും അതിനെ ഒരിക്കലും തിരിയെ എടുക്കാൻ പാടില്ല എന്നാണോ അഭിപ്രായം ഉള്ളത്?

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അതെ. നിവൃത്തിയുള്ളിടത്തോളം പാടില്ല: ബില്ലിലെ മറ്റൊരു ദോഷം കുടിശിഖ റവന്യൂറിക്കവറി റെഗുലേഷൻ പ്രകാരം ഈടാക്കാം എന്നുള്ളതാണ്. ഇതും ഉപദ്രവകരമായ ഒരു വ്യവസ്ഥയാണ്. ആധാരങ്ങളിൽ മിച്ചവാരം ആറാംമാസം കൂടുമ്പോൾ രണ്ടു ഇൻസ്റ്റാൾമെന്റായി കൊടുക്കണം എന്നു വ്യവസ്ഥചെയ്താൽ എല്ലാ കുടിശിഖയും റവന്യൂറിക്കവറി റെഗുലേഷൻ പ്രകാരം വസൂലാക്കാം. കുടിശിഖ ഒരു കൊല്ലത്തിൽ കവിയാതെ ഇരുന്നാൽ റവന്യൂറിക്കവറി റെഗുലേഷൻ പ്രകാരം കുടിശിഖ ഈടാക്കുന്നതിനുള്ള അവകാശം ജന്മിക്കു ലഭിക്കുന്നു. ജന്മവസ്തുക്കൾ അധികമുള്ള താലൂക്കുകളിൽ ഒരു തഹശീൽദാരെ കൊണ്ടുമാത്രം ഇതു സാധിക്കുകയില്ല. അങ്ങിനെയുള്ള സ്ഥലങ്ങളിൽ ഓരോ ജന്മിതഹശീൽദാരെ കൂടി നിയമിക്കേണ്ടിവരും. ജന്മിയും കുടിയാനും തമ്മിലുള്ള തർക്കങ്ങൾ തീർക്കുന്നതിനു പറ്റിയതു സിവിൽ കോടതിയാണ്. കുടിശിഖക്കേസു കൊടുക്കുമ്പോൾ വല്ല സംഖ്യയും തട്ടിക്കിഴിക്കാനുണ്ടെങ്കിൽ അങ്ങിനെ ചെയ്യാം. അതിനു പത്രിക സ്വീകരിച്ചു പായിന്റു ഏർപ്പെടുത്തി തെളിവു വാങ്ങി ന്യായമായ ഒരു തീരുമാനം ചെയ്യുന്നതിനു റവന്യൂകോടതിയേക്കാൾ സിവിൽ കോടതിയാണു സൗകര്യം. അതിനാൽ ഈ ബില്ലിലെ പുതിയ വ്യവസ്ഥ കുഴപ്പത്തിനു കാരണമാകുന്നതാണ്. ഇപ്പോൾ ഗവണ്മെന്റു ഭരണത്തിലിരിക്കുന്ന ദേവസ്വങ്ങളുടെ കുടിശിഖപോലും മുമ്പു ഈടാക്കിവന്നിരുന്നതു സിവിൽ കോടതികൾ മുഖാന്തിരമാണ്. തണ്ണീർമുക്കം ദേവസ്വം, ഇടവൂർ, തിരുമല ദേവസ്വം ഇടപ്പള്ളിസ്വരൂപം ഇവയെല്ലാം സിവിൽ കോടതികൾ മുഖാന്തിരമാണ് പാട്ടക്കുടിശിഖകൾ ഇപ്പോഴും ഈടാക്കിവരുന്നത്. ഇതിനൊക്കെയും വിപരീതമായി ഒരു സൗജന്യം ജന്മികളോടുകാണിക്കേണ്ട യാതൊരാവശ്യവുമില്ല. ഇതിൽവച്ചു റവന്യൂ ഉദ്യോഗസ്ഥന്മാർ ജോലി അധികമാകും. കുടിയാനു ശരിയായ സംഗതികളെ വാദിക്കുന്നതിന് അവസരം കിട്ടുകയില്ല. അതിനാൽ ഈ വ്യവസ്ഥ കുടിയാനു വളരെ ദോഷമായിട്ടുള്ളതാണ്.

പിന്നീട് തടിവിലയെ സംബന്ധിച്ചാണു പറയാനുള്ളത്. ഇതു ജന്മിക്കു വളരെ ആദായകരമാണ്. ഇപ്പോഴുള്ള തടിയുടെ നാലിലൊന്നു കുടിയാനും നാലിൽമൂന്നു ജന്മിക്കും കൊടുക്കണമെന്നാണ് ബില്ലിലെ വ്യവസ്ഥ. ജന്മിയുടെ സമ്മതംകൂടാതെ കുടിയാൻ ഒരു വൃക്ഷം മുറിക്കുകയാണെങ്കിൽ അതു പീനൽ കോഡിൻ പ്രകാരം കുറ്റമാണ്. അതിനു മജിസ്ട്രേട്ടിൽ നിന്നും ശിക്ഷിക്കുകയുംചെയ്യുന്നു; അതുകൊണ്ടു തടികളെല്ലാം അതേ വിധത്തിൽ സൂക്ഷിച്ചുവരുന്നു. വലിയ വൃക്ഷങ്ങളായ ആഞ്ഞിലി, മാവു മുതലായ പാഴ്വൃക്ഷങ്ങൾ പടർന്നു നിൽക്കു

ന്ന സ്ഥലമുള്ള കൈവശക്കാരനാണെങ്കിൽ അയാൾക്ക് അതിന്റെ മേഹണ്ഡപില എങ്കിലും കിട്ടുന്നതാണ്. ഈ ആദായം നഷ്ടപ്പെട്ടും ഇത്രയും കാലം അതിനെ പോഷിപ്പിച്ചു കൊണ്ടുവന്ന കുടിയാനവന് കാൽഭാഗംമാത്രവും ജന്മിക്കു മുക്കാൽ ഭാഗവും കൊടുക്കണമെന്നു പറയുന്നതും വളരെ സാഹസമാണ്. മേലിൽ ഉണ്ടാകുന്ന വൃക്ഷങ്ങൾ നന്നു ഇളയിൽ കവിഞ്ഞുവരുന്ന കാലത്തു അതിനെയും പാട്ടത്തിൽ കൊള്ളിക്കണമെന്നു പറയുന്നു. ഇതു കുടിയാനവർ ചെയ്യുന്ന മേഹണ്ഡത്തിനു ഒരു ശിക്ഷയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പാഴ്വൃക്ഷങ്ങൾ എന്നും ടിമ്പർ ട്രീസ് (തടിവൃക്ഷങ്ങൾ) എന്നും പറയുന്നതു ഏതാണ്?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ടിമ്പർ ട്രീസ് ഏതല്ലേ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഗവൺമെന്റിൽനിന്നും നിശ്ചയിക്കുന്നതല്ലാം അതിൽ ഉൾപ്പെട്ടും; ആഞ്ഞിലിയും മാവും ഉൾപ്പെട്ടും.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഞാൻ പാഴ്വൃക്ഷങ്ങൾ എന്നു പറഞ്ഞിട്ടുള്ളതു ഈ വൃക്ഷങ്ങളെ ഉദ്ദേശിച്ചാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആഞ്ഞിലിവൃക്ഷങ്ങൾക്ക പാട്ടം നിശ്ചയിക്കുന്നതു ആദായം കൊണ്ടാണെന്നു പറഞ്ഞു. ആഞ്ഞിലിയിൽ നിന്നും ആദായം എന്തു കിട്ടുമെന്നു മെമ്പറിനു പറയാമോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ആഞ്ഞിലിയിൽ നിന്നു പറയത്തക്ക ആദായവും കിട്ടുന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവൺമെന്റുമേലാൽ എന്തൊക്കെ മേലെപ്പെടുത്താൻ പോകുന്നു എന്നു ആർക്കെങ്കിലും അറിയാമോ?

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അറിയാൻ പാടില്ല. അതിനാൽ ഇപ്പോഴത്തെ തീർവിലയിൽ ഒന്നു പകുതിയും ഇനിമേലുള്ള മുഴുവനും കുടിയാനു കൊടുക്കണം.

ഇതുപോലെ പല മാററങ്ങളും ഭേദഗതികളും ഈ ബില്ലിൽ വരുത്താനുണ്ട്. രണ്ടുകക്ഷികൾക്കും വേണ്ടി ഇടപ്പെടത്തക്ക നിലയെ ഭേദപ്പെടുത്തണം. ഈ ബില്ലിന്റെ മൂലതത്വത്തോടു കൂടി ഞാൻ യോജിക്കുന്നു. അതുകൊണ്ടു ഈ ബില്ലിനെ നല്ലപോലെ സൂക്ഷ്മനിരൂപണം ചെയ്തു ആവശ്യമുള്ള സകല ഭേദഗതികളും വരുത്തുന്നതിനു സിലക്ട് കമ്മിററിയിലേക്ക് അയക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): സർ, ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള മത്സരം അല്ലെങ്കിൽ വാദപ്രതിവാദം എന്റെ സ്നേഹിതൻ മി: പാച്ചുപിള്ള പറഞ്ഞിട്ടുള്ളതു പോലെ വളരെ കുഴപ്പമുള്ള ഒന്നാണ്. അതിനെ പരിഹരിക്കുന്നതിനു വേണ്ടി ഗവൺമെന്റ പലപ്രകാരത്തിൽ പ്രവർത്തിച്ചിട്ടുണ്ട് എങ്കിലും തൃപ്തികരമായ വിധത്തിൽ അവരുടെ അവകാശങ്ങളെ ശരിപ്പെടുത്തുന്നതിനു സാധിച്ചില്ല. അതിനുവേണ്ടി റൗണ്ട്ടേബിൾ കാൺഫറൻസു കൂടുകയും അവിടെ വച്ചു തീർച്ചപ്പെടുത്തതനുസരിച്ചു ലാമെമ്പർ ഇവിടെ ഒരു ബിൽ അവതരിപ്പിക്കുകയും ചെയ്തു. അതിന്റെ പേരിനെ സംബന്ധിച്ചിടത്തോളം മുമ്പുപറഞ്ഞമാതിരി ലാമെമ്പർതന്നെയാണ് ഉത്തരവാദി. ആബില്ലിനെ സംബന്ധിച്ചും അതിലടങ്ങിയിരിക്കുന്ന സംഗതികളെ സംബന്ധിച്ചും ലാമെമ്പർ തന്നെയാണ് ഉത്തരവാദി എന്നുപറയുന്നതിനു മുമ്പു റൗണ്ട്ടേബിൾകാൺഫറൻസ് റിപ്പോർട്ടുവായിച്ചിരിക്കേണ്ടതാണ്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അതു എങ്ങിനെയാണെന്നു മനസ്സിലാകുന്നില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ലാമെമ്പർ ഉത്തരവാദി എന്നു പറയണമെങ്കിൽ അതു ആപേരിനെ സംബന്ധിച്ചു മാത്രമാണ്. ബാക്കി അധികം ഭാഗവും റൗണ്ട്ടേബിൾ കാൺഫറൻസിലെ തീർച്ചയാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മെമ്പർ റൗണ്ട്ടേബിൾ കാൺഫറൻസിൽ മെമ്പറായി ഇരുന്നുവോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഞാൻ അതിൽ മെമ്പർ ആയിരുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതിൽ ഹാജരായിരുന്നോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഇല്ല. എന്നാൽ അവിടെ നടന്ന സംഗതികളുടെ ഒഫിഷ്യൽ റിപ്പോർട്ടു എനിക്കു കിട്ടാൻ സാധിച്ചിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതു ഞങ്ങൾക്കു കിട്ടിയതുപോലെയാണോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഒരു കവറിലിട്ടാണ് എനിക്കു കിട്ടിയതു; അതിനെ എങ്ങിനെ അർത്ഥമാക്കിയാലും തരക്കേടില്ല.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ വസ്തുക്കൾ ജന്മാവകാശം കിട്ടിയതിനു ഒന്നു രണ്ടു കാരണങ്ങൾ പറയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കുറെകാലത്തിനു മുമ്പു അതായതു ജനങ്ങൾക്കു അത്രമാത്രം വിദ്യാഭ്യാസവും ജ്ഞാനവും ഇല്ലാതിരുന്നകാലത്തു മൃഗങ്ങളെപ്പോലെ ജീവിച്ചുവന്നകാലത്തു ബുദ്ധിമാന്മാരായ ചില ആളുകൾ ഒരു വലിയ ഭാഗം സ്ഥലത്തെ അവരുടെ കൈവശം ആക്കി മററുള്ളവരെക്കൊണ്ടു മൃഗങ്ങളെപ്പോലെ ജോലി ചെയ്യിച്ചുവന്നു. ഈ ബുദ്ധിമാന്മാർ കൂടുതൽ സ്വാതന്ത്ര്യവും സ്വാധീനശക്തിയും ഉപയോഗിച്ചു ജനങ്ങളിൽ ഒരു വലിയഭാഗം ആളുകളെ അടിമകളാക്കിത്തീർത്തിട്ടുണ്ട് എന്നുള്ളതു നാം ഒരിക്കലും മറക്കാൻ പാടില്ലാത്തതാകുന്നു.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ പ്രമാണം അനുസരിച്ചാണോ അവർ ഇപ്പോൾ ജന്മികളായിത്തീർന്നതു?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അങ്ങിനെ അല്ലാതിരിക്കാൻ സാധ്യമല്ലെന്നാണ് എന്റെ അഭിപ്രായം.

ഡിപ്യൂട്ടിപ്രസിഡന്റ്: ആ ചോദ്യത്തിനു മറുപടി പറയുന്നതു നിങ്ങൾക്കു വിഷമമായിരിക്കും. അല്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഈ സ്ഥിതി അനുസരിച്ചു നടന്നുവരവെ കുടിയാന്മാക്കു അവരുടെ അവകാശങ്ങളെപ്പററി കൂടുതൽ ബോധം വരികയും കൂടുതൽ വിദ്യാഭ്യാസം ഉണ്ടാകുകയും ചെയ്തതോടുകൂടി അവർക്കു അവരുടെ അവകാശങ്ങൾ വേണമെന്നു വാദിച്ചുതുടങ്ങി. ഈ സ്ഥിതിയിൽ കാലക്രമേണ അവരുടെ ശരിയായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനു പരിശ്രമിക്കുന്നതു സാധാരണമാണ്. ഇതു ജന്മിയുടെ നേർക്കുമാത്രമല്ല ഗവമെന്റിന്റെനേർക്കും നാം ചെയ്യുന്നതാണ്. അപരാധിക്കുള്ള അവകാശം കിട്ടുന്നതിനുവേണ്ടി ഓരോ സന്ദർഭങ്ങളിൽ ന്യായമായ പന്ഥാവിൽകൂടി പ്രവർത്തിക്കുകയും ജനങ്ങൾ അവരോടു സഹകരിക്കുകയും ചെയ്തതിന്റെ ഫലമായി ജന്മികൾക്കു അല്പമായ ദോഷം ഉണ്ടായിട്ടുണ്ടെങ്കിൽ അതു ക്ഷമിയാനുള്ള പണിമാത്രമാണ്. ഇതിലേക്കു ജന്മികൾ അല്പമായ കഷ്ടതകൾ അനുഭവിക്കേണ്ടതു് അത്യാവശ്യമാണ്. കുടിയാന്മാർക്കു ന്യായമായ അവകാശങ്ങൾ ലഭിക്കുന്നതുവരെ ജന്മികൾ നഷ്ടപ്പെടാതെ ഗത്യന്തരമില്ല. ഈ സ്ഥിതിയെ ആശ്രയിച്ചിരിക്കണം ഇന്നു കുടിയാന്മാർക്കു അവരുടെ അവകാശങ്ങൾ കൂടുതലായി വേണമെന്നു ആഗ്രഹിക്കുന്നതു്. വസ്തു ഒഴിപ്പിക്കുന്നതിനുള്ള അവകാശമാണ് പ്രധാനമായിനോക്കേണ്ടതു്. ഈ എവിക്ഷൻ ഇല്ലാതാകുന്നതുകൊണ്ടു് ജന്മിക്കു കൂടുതൽ നഷ്ടം ഉണ്ടാകുന്നില്ല. കുടിയാന്മാരെ കൂടുതലായി ഉപദ്രവിക്കുന്നതിനുള്ള ഔദ്ധത്യം അവർ കളഞ്ഞു എന്നല്ലാതെ അവർക്കു കിട്ടേണ്ടസംഖ്യയ്ക്കോ അല്ലെങ്കിൽ മററു വിധത്തിൽ അവർക്കു ലഭിക്കേണ്ട അവകാശങ്ങൾക്കോ വലുതായ ദോഷമൊന്നും ഉണ്ടാകുകയില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അവർക്കു കിട്ടേണ്ട സംഖ്യക്കു കുടിയാന്റെ കാണവും ദേഹണ്ഡവും ഉൾപ്പെടെയുള്ള ജന്മബാദ്ധ്യതയെ ജപ്തിചെയ്തുകൂടെ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അങ്ങനെയും ചെയ്യാം.

ജന്മിക്കു അല്പം അസൗകര്യം ഉണ്ടാകാമെങ്കിലും കുടിയാനെ വസ്തുവിൽനിന്നു ഒഴിപ്പിക്കുന്നതുകൊണ്ടു ഗുണമുണ്ടാകുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കുടിയാന്മാരുടെ നിലയിൽ അവർ ഒടുക്കേണ്ട കാണാർത്ഥവും ദേഹണ്ഡവും കിട്ടണമെന്നു നമ്പർ പതിച്ചു വിധിയാക്കിയാൽ ജന്മിയുടെ മററും കൂടി ജപ്തിചെയ്യാൻ സാധിക്കുകയില്ലേ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കുടിയാന്മാരെല്ലാവരും അതിനുശക്തിയുള്ളവരല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അങ്ങനെ ആണെങ്കിൽ ജന്മിമാർ സമത്തിനു പണം കൊടുക്കാൻ സാധിക്കുന്നവരാണോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): പണം ജന്മിമാരോടു ആരും ചോദിക്കുകയില്ല.

ഇതുകൊണ്ടെല്ലാതെ, ജന്മവസ്തുക്കളിൽ പൂർണ്ണസ്വാതന്ത്ര്യം സിദ്ധിക്കുന്നെങ്കിലല്ലാതെ രാജ്യത്തു പൊതുവെ ഗുണമുണ്ടാകുകയില്ല. അതിനാൽ രാജ്യം പൊതുവെ നന്നാകുന്നതിനു സൗകര്യം കൊടുക്കേണ്ടതു് എല്ലാംകൊണ്ടും നല്ലതുതന്നെ. പക്ഷെ അതു് ജന്മിക്കും ദോഷമില്ലാത്ത നിലയിലായിരിക്കണം. ഒഴിപ്പിക്കുന്നതുകൊണ്ടു അവർക്കു വലിയ ദോഷം ഉണ്ടാകുകയുമില്ല. അവർക്കു ആദായം കിട്ടുന്നുണ്ടു്. ഒഴിപ്പിക്കുന്നതിനുള്ള അധികാരമില്ലെങ്കിൽ അവരുടെ സംഖ്യ പിരിച്ചെടുക്കുന്നതിനു അസൗകര്യമാകും എന്നു പറയുന്നു. സംഖ്യ പിരിച്ചുകൊടുക്കുന്നതിനു ഗവമെന്റിൽനിന്നും ശമ്പളം കൊടുത്തു തഹശീൽദാരെ വച്ചിട്ടുണ്ടു്. റവന്യൂഡിപ്പാർട്ടുമെന്റിൽനിന്നും പല സൗകര്യവും ചെയ്തുകൊടുത്തിരിക്കുന്നു. പിന്നീടും ഒരു പിഴ വച്ചിരിക്കുന്നതു വളരെ സങ്കടമാണ്. അങ്ങനെയുള്ള ഒരു പിഴ ഈ ധർമ്മരാജ്യത്തിന്റെ സ്ഥിതിക്കു യോജിച്ചതല്ല. റഗുലേഷൻകൊണ്ടു് ആളുകളെ മർദ്ദിക്കുന്നതു നല്ലതല്ല. അതിനുമേൽ പലിശയും വച്ചിരിക്കുന്നു. ഇതിൽ ചില കരാറുകൾ എല്ലാം രജിസ്റ്റർചെയ്തുവച്ചിരിക്കുന്നതല്ലാതെ അതു വകവയ്ക്കാൻപാടില്ല. ബഹുമെമ്പർ പറയുന്നതു കുടിയാന്മാരുമായുള്ള കരാറനുസരിച്ചാണു പ്രവർത്തിക്കുന്നതു എന്നാണ്. ഈ കരാറിന്റെ ഉത്ഭവത്തെക്കുറിച്ചു് ആലോചിച്ചാൽ ഇതിനു വിലയൊന്നുമില്ല. ഇന്നു ഇതു പലരും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. കുടിയാൻ ബില്ല് എന്റെ സ്നേഹിതൻ മി: കൃഷ്ണൻ ഇവിടെ കൊണ്ടുവന്നു. അന്നു ഇതു സമ്മതിക്കുന്നതിന് ഇവരിൽപലർക്കും മനസ്സുണ്ടായില്ല.

മി: വി. ചെല്ലംപിള്ള (തോവാള): പരസ്പരസഹായസംഘ ചട്ടങ്ങളിൽ പിഴ അനുവദിച്ചിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): പിഴയെ സംബന്ധിച്ച ഖണ്ഡം ആദായനികുതിയിലും പരസ്പരസഹായസംഘങ്ങളിലും ഉണ്ട്. ഇങ്ങനെയുള്ള എല്ലാ സംഗതികൾക്കും വേണ്ടി പൊതുവെ തിരുവിതാംകൂറിലെ നീതിന്യായ ചട്ടങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കിതീർക്കുന്നതു ഒരിക്കലും ബുദ്ധിപൂർവമായിട്ടുള്ളതല്ല.

മി: വി. ചെല്ലംപിള്ള (തോവാള): ഇതുകൊണ്ടു് കുടിശിഖ പിരിക്കാൻ എളുപ്പമുണ്ടെന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): കുടിശിഖ ഇതുകൊണ്ടല്ല തീർക്കേണ്ടതു്.

മി: വി. ചെല്ലംപിള്ള (തോവാള): ഈ ശിക്ഷയെ സംബന്ധിച്ചഖണ്ഡംകൊണ്ടു എന്തെങ്കിലും പ്രയോജനമുണ്ടോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ആളുകളെ ഉപദ്രവിക്കുന്നതിനു ധാരാളം പ്രയോജനമുണ്ട്. ഇതു ബുദ്ധിമുട്ടും നഷ്ടവും ഉണ്ടാക്കാൻവേണ്ടി മാത്രമാണ്.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ശിക്ഷയെ സംബന്ധിച്ച ഖണ്ഡമുള്ള പരസ്പരസഹായസംഘങ്ങൾ എത്രവരുമെന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അനേകം ഉണ്ട്.

അതുസൌജന്യമായി വച്ചിരിക്കുകയാണ്.

മി: മുറുവേലിൽപാച്ചുപിള്ള (ചേർത്തല): അങ്ങനെ കോവാപ്പറേറിവ് സംഘങ്ങളിൽനിന്നു പിഴ വസൂലാക്കുന്നതു് സംഘത്തിൽനിന്നും വായ്പകൊടുത്ത സംഖ്യകൾക്ക് ആകുന്നെന്ന് അറിയാമോ?

മി: പി. എസ്. മുഹമ്മദ് (നിയമിതമെമ്പർ): അറിയാം. അവിടെ നടക്കുന്നതു സൌജന്യംകൊണ്ടാണ്. റവന്യൂഡിപ്പാർട്ടുമെന്റ മുഖേന പിരിക്കാൻ ഉള്ള സൌകര്യം കൊടുത്തിരിക്കുന്നതുകൊണ്ട് ഒഴിപ്പിക്കുന്നതുസംബന്ധിച്ചുള്ള അവകാശം മാററിച്ചതുകൊണ്ടും തരക്കേടില്ല. മതിയായ പ്രതിഫലമാണു കിട്ടുന്നത്. അതിനു പുറമെ പലിശയും കിട്ടുന്നു. അതുകൊണ്ട് ഈ പിഴ ഈടാക്കാൻ ഒരിക്കലും പാടില്ല.

പിന്നെ പലിശയെ സംബന്ധിച്ചാണ് പറയാനുള്ളത്. അതു രണ്ടു കൂട്ടർക്കും ഒരുപോലെയിരിക്കണം. ഒരുകൂട്ടർക്കു കൂടുതലും മററുള്ളവർക്കു കുറച്ചും വയ്ക്കാൻ പാടില്ല. പരമാർത്ഥത്തിൽ പണമുള്ളവർ കൂടുതൽ പലിശ കൊടുത്താൽ തരക്കേടില്ല. പണമില്ലാത്തവർക്കു പലിശ കുറച്ചുകൊടുക്കേണ്ടതാണ്. ഇതിൽ നേരെ മറിച്ചാണ്. ഒരുകൂട്ടർക്ക് ആറു ശതമാനം പലിശ വയ്ക്കുകയാണെങ്കിൽ, മററുകൂട്ടർക്കും അതേവിധത്തിലുള്ള പലിശതന്നെ വയ്ക്കണം. ഈ പ്രസ്താവനകളോടുകൂടി ബില്ലിനെ സെലക്ട് കമ്മിററിയിലേക്കു സമർപ്പിക്കണമെന്ന് അഭിപ്രായപ്പെടുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ൧൦൭൧-ാമാണ്ടത്തെ തണ്ടാപ്പേർ റെഗുലേഷനായ ജന്മികുടിയാൻ റെഗുലേഷനിലെ കുടിയാനവന്മാരെപ്പററിയുള്ള നിയമസംബന്ധമായ സങ്കടങ്ങളെപ്പററി വളരെക്കാലമായി കുടികൾ മുറവിളികൂട്ടിയതിന്റെ ഫലമായിട്ടാണ് ഇപ്പോൾ ഈ ജന്മികുടിയാൻ ഭേദഗതിബിൽ ഇവിടെ കാണാനിടയായതു്. എന്നാൽ ഈ ബില്ലിന്റെ പലഭാഗങ്ങളും നോക്കിയതിൽ ഈ കൊല്ലംവരെ മുറവിളികൂട്ടിക്കൊണ്ടിരുന്നു. എങ്കിലും ഇനിമേൽ മുറവിളികൂട്ടേണ്ടതായിട്ടാണ് ഈ ബില്ലിൽനിന്നും മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ഈ സംഗതിയെപ്പററി പറയുന്നതിനുമുമ്പ് എനിക്കു ഒന്നു പറയാനുള്ളതു് ഉദ്ദേശം അമ്പതു് അറുപതു് വർഷങ്ങൾക്കുമുമ്പ് ജന്മിമാരും കുടിയാന്മാരും തമ്മിൽ വളരെ മൈത്രിയിലാണ് കഴിഞ്ഞുവന്നിരുന്നതു്. അതിനുള്ള കാരണം ആ കാലത്തു കരം പതിവില്ലാതെയുള്ളതും ഉള്ളതായും ഉള്ള വളരെ ഭൂമികൾ കുടികളുടെ കൈവശമുണ്ടായിരുന്നു. അഞ്ചോ ആറോ ഇടങ്ങഴി നെല്ലുവിററാൽ മാത്രമെ ഒരു ചക്രം കിട്ടുകയുള്ളു. കരം കൊടുത്തില്ലെങ്കിൽ അക്കാലത്തെ പാർവ്വത്യകാരന്മാർ ആളുകളെ കുനിച്ചു നിറുത്തി മുതുകിൽ കല്ലുകയററുക, വെയിലത്തു നിറുത്തുക മുതലായ ക്രൂരകൃത്യങ്ങൾ ചെയ്തു് കരം വാങ്ങിക്കുന്ന ഒരു സമ്പ്രദായം അക്കാലത്തുണ്ടായിരുന്നു. അങ്ങനെയുള്ള നിഷ്ഠൂരകൃത്യങ്ങളെ ഭയന്ന് കരം പതിവില്ലാത്തതായ വസ്തുക്കളെ ജന്മിമാർക്കായി പ്രമാണം സൃഷ്ടിച്ചു കൊടുത്തിരുന്നു. ഇങ്ങനെ ചെയ്തുവന്നിരുന്നതു് കരം കൊടുക്കണ്ടല്ലോ എന്നു ഉദ്ദേശിച്ചുമാത്രമാണ്. വസ്തുക്കളെ ജന്മിമാരുടെ അധീനതയിൽ വിട്ടുകൊടുത്തിരുന്നതു്. ഇക്കാരണങ്ങളാൽ അക്കാലത്തുള്ള ജന്മിമാരും കുടികളോടു വളരെ ദയവായി പെരുമാറിവന്നിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ആ നിലയെല്ലാം മാറി വളരെ ദയനീയമായ നിലയിലാണ് ഓരോ ജന്മിയും കുടിയാന്മാരോടു് പെരുമാറുന്നതെന്ന് അനുഭവസ്ഥനായ എനിക്കു ധൈര്യസമേതം പറയാൻ കഴിയും.

മി: സി. എൻ. ഇട്ടൂപ്പൻ നമ്പൂതിരിപ്പാട (കൂടുതൽ ചേർക്കപ്പെട്ട മെമ്പർ): ഗവണ്മെന്റിലേക്ക് കരം കൊടുക്കാനുള്ള മടികൊണ്ടാണോ ഇപ്രകാരം ചെയ്തതു്?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): മടികൊണ്ടല്ല, കരം കൊടുക്കുന്നതിനുള്ള അസ്വാതന്ത്ര്യവും ബുദ്ധിമുട്ടുംകൊണ്ടാണ് കുടികളുടെ പേരിലുള്ള വസ്തുക്കൾ ജന്മികളുടെപേരിൽ ആക്കികൊടുത്തതു്. ജന്മികൾക്കു അവകാശങ്ങൾ ഒപ്പുസൂചി ആററവകാശം മുതലായതു് കൊടുക്കുന്നതു് വളരെ സങ്കടകരമായിട്ടുള്ളതാണ്. സാധാരണമായി കുടികൾ ജന്മിയുടെ പക്കൽ നെല്ലു അളക്കുന്നതിന് കൊണ്ടുപോയാൽ പറയ്ക്കു് അളവുകൊടുക്കണമെന്നല്ലാതെ മറെറാന്നും ചെയ്യണമെന്നില്ല. എന്നാൽ ഇപ്പോൾ അങ്ങിനെയല്ല. നെല്ലു ഒരു കൊട്ടയിൽ വാരി വളരെ പൊക്കത്തിൽ പിടിച്ചു കീഴ്പോട്ടു കുറച്ചുകുറച്ചായി തറയിൽ ഇടുകയും പിന്നീടു ഒററ കൂമ്പാരമാക്കി ഒന്നിച്ചിടുകയും പറക്കുള്ളിൽ കൊള്ളുന്നതും കൊള്ളാത്തതുംകൂടി കുത്തിച്ചെലുത്തിയാണ് അളവു എടുത്തുവരുന്നതു്. ഇങ്ങനെ ചെയ്യുന്നില്ലെന്നു ഇവിടെ ഇരിക്കുന്ന ജന്മിമാരിൽ ആരെങ്കിലും പറയുകയാണെങ്കിൽ ഞാൻ എന്റെ കാണവസ്തുക്കളെ മുഴുവൻ അതാതു ജന്മികൾക്കായി വിട്ടുകൊടുക്കാം. അത്ര നിർദ്ദയമായിട്ടാണ് ഇന്നത്തെ ജന്മികൾ പെരുമാറിവരുന്നതു്.

മി: സി. എൻ. ഇട്ടൂപ്പൻനമ്പൂതിരിപ്പാട (കൂടുതൽ ചേർക്കപ്പെട്ട മെമ്പർ): എന്റെ നാട്ടിൽ അപ്രകാരം ചെയ്യുന്നില്ലെന്ന് എനിക്കു ധൈര്യമായി പറയാം.

മി: എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ നാട്ടുകാർ എന്നു പറയുന്നതെല്ലാം തിരുവിതാംകൂറിനകത്തല്ലേ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്). എന്റെ നാടു വടക്കെഅററത്താണ്. കുന്നത്തുനാട താലൂക്കാണ്. ഈ സങ്കടം ഈ ഭേദഗതി ബില്ലുകൊണ്ടു നീങ്ങുന്നില്ല.

ഇനി മറെറാരു സംഗതി പറയാനുള്ളതു് പറയെ സംബന്ധിച്ചാണ്. അളവുകളേയും തൂക്കങ്ങളേയും കൃത്യപ്പെടുത്തിയിരിക്കുന്ന തിരുവിതാംകൂറിൽ ഈ കാലത്തു ദേവസ്വത്തിലേയും ബ്രഹ്മസ്വത്തിലേയും പറയെ നോക്കുകയാണെങ്കിൽ പല സ്ഥലങ്ങളിൽ വ്യത്യാസമായിക്കാണാം. ഈ വ്യത്യാസവും ഈ ബില്ലുകൊണ്ടു നീങ്ങിക്കാണുന്നില്ല. ഗവണ്മെന്റു ചട്ടമനുസരിച്ച് അളവുകൾ എല്ലാം തിരുവിതാംകൂറിന്റെ തെക്കെ അററം മുതൽ വടക്കെഅററംവരെ ഒന്നുപോലെയിരിക്കണം. ജന്മിക്കു ഒരുതരം അളവും കുടിയാനു മറെറാരുതരം അളവും ആയിരിക്കുന്നതു് വളരെ സങ്കടകരമാണ്. അതുകൊണ്ടു് ആ വ്യത്യാസങ്ങളേയും ഈ ബില്ലുകൊണ്ടു് ശരിപ്പെടുത്തണം. ഇനിയും വൃക്ഷങ്ങളെ സംബന്ധിച്ചാണ്. കുടിയാൻ ഒരു പ്ലാവോ, തെങ്ങോ വച്ചു പിടിപ്പിച്ച് വെള്ളംകോരി നനച്ച് പലവിധത്തിലുള്ള കഷ്ടതകളും സഹിച്ച് വളർത്തിയാൽ അവന്റെ പുര പണിയുന്നതിനൊ പ്രേത സംസ്കാരത്തിനോ മററാവശ്യത്തിനോ ആയിട്ടു മുറിക്കേണ്ടിവരുമ്പോൾ കുടികൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന എല്ലാ വൃക്ഷങ്ങളുടേയും നാലിൽ ഒരു ഭാഗം ഈ ഭേദഗതിബില്ലുകൊണ്ടു ജന്മിക്കു പോകുന്നു. അതു് കുടിയാനു് വളരെ സങ്കടമാണ്. ഈ സംഗതി ഈ ബില്ലിൽനിന്നും നീക്കികളയേണ്ടതാണ്. ഇങ്ങിനെയുള്ള ഓരോ സംഗതികളെപ്പററി വിശദമായി പറയുകയാണെങ്കിൽ എന്റെ മാന്യസ്നേഹിതന്മാർക്കു സുഖകരമായിരിക്കയില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഈ ബില്ലിനെ സിലക്ട് കമ്മിററിക്കു അയച്ചു് അതിന്റെ തീരുമാനപ്രകാരം നടപടി നടത്തണമെന്ന് അഭിപ്രായപ്പെട്ടുകൊണ്ടു് എന്റെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര). ഈ ബിൽ അവതരിപ്പിച്ചതിനു ഗവമ്മെൻറിനെ അഭിനന്ദിക്കുന്നതിനു മാർഗ്ഗം താൻ കാണുന്നില്ലെന്നു മി. ജി. പി. നീലകണ്ഠപ്പിള്ള പറഞ്ഞു. അതു അദ്ദേഹത്തിന്റെ അഭിപ്രായമാണ്. ജന്മിമാരും കുടിയാന്മാരും തമ്മിൽ ദീർഘകാലമായി നിന്നു പോന്ന വഴക്കു ഇത്ര വളരെ ദീർഘ വർഷങ്ങൾക്കുശേഷം ഒടുവിൽ ഒരു ബില്ലിന്റെ ആകൃതിയിൽ ഒന്നു അവതരിപ്പിച്ചതിനു നാം ഗവമ്മെൻറിനു നന്ദിപറയാനുള്ളതാണെന്നു എനിക്കു തോന്നുന്നു. ഇതോടുകൂടിതന്നെ ഭേദഗതി ബില്ലിലടങ്ങിയിരിക്കുന്ന വ്യവസ്ഥകളുടെ പൂർണ്ണമായ അർത്ഥം വിലമതിക്കുന്നതിനു കഴിയാതിരിക്കത്തക്കവണ്ണം, ഈ ബില്ലു പരസ്യം ചെയ്തതിനെപ്പററിയുള്ള നോട്ടീസിന്റെ വളരെ ചുരുങ്ങിയസമയം നിമിത്തം ഞങ്ങൾക്കു സാരമായ തടസ്സം നേരിട്ടിട്ടുണ്ടെന്നു പറയുന്നതിനു ഞാൻ നിർബന്ധിതനാകുന്നു. ദൃഷ്ടാന്തമായിട്ടു എന്റെ സ്നേഹിതൻ മി: ആശാൻ ജന്മിമാർക്കു ഭോഗങ്ങളെ അംശമായി കൊടുക്കുന്ന രീതിയെ പ്രത്യേകം ചൂണ്ടികാണിക്കയും ഇപ്പോഴത്തെ വ്യവസ്ഥ കുടിയാന്മാർക്കു ദോഷം ചെയ്യുന്നതാണെന്നു കാണിക്കുന്നതിനു ശ്രമിക്കയും ചെയ്തു. കുടിയാന്മാരോടു പൊതുവായി ആലോചിക്കുന്നതിനു മതിയായ അവസരങ്ങൾ ലഭിച്ചുകിട്ടില്ലാതെ, അതിനെ സാമാന്യക്കാരനായ ഒരു കുടിയാനു സൌകര്യമായ സമ്പ്രദായമാണോ അല്ലയോ എന്നു നിർണ്ണയിക്കാൻ കഴിയുന്നതല്ല. ഇങ്ങിനെയുള്ള അവസരം ഞങ്ങൾക്കു തന്നിട്ടില്ല. ബിൽ പരസ്യം ചെയ്തതിനെപ്പററിയും എനിക്കു ഒരു വാക്കു പറയാനുണ്ട്. ലാ മെംബർ സ്വീകരിച്ച രീതിയെക്കുറിച്ചു അദ്ദേഹത്തെ അനുമോദിക്കാൻ വഴിയില്ല. ഇപ്പോൾ നിലവിലിരിക്കുന്ന റെഗുലേഷനിലുള്ള വ്യവസ്ഥകളിൽ പലതിനെയും ഉദ്ധരണം ചെയ്യുന്നതിനും പുതിയ മാററങ്ങളെ ഉൾപ്പെടുത്തുന്നതിനും അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. ഈ സംഗമായ മാററങ്ങളെ ഖണ്ഡമായ ഭേദഗതികൾകൊണ്ടു സാധിക്കാൻ അദ്ദേഹം ഉദ്ദേശിക്കുന്നു. ഞാൻ സമർപ്പിക്കുന്നതു റെഗുലേഷൻ ആസകലം പുതുക്കി ഒരു നക്കൽ ബിൽ തയ്യാറാക്കിയിരുന്നെങ്കിൽ അതു ശരിയായിരിക്കുമായിരുന്നു എന്നാണ്. അധികം സൂക്ഷ്മമായ ഗ്രഹണത്തിനും അധികം നല്ല ക്രോഡീകരണത്തിനും അതു സഹായമായിരിക്കുമായിരുന്നു.

വേറൊരു സംഗതി ഉദ്ദേശിച്ചിരിക്കുന്ന ഭേദഗതികളുടെ തത്വപ്രഖ്യാപനത്താൽ ഇപ്പോഴത്തെ ഭേദഗതികൾ ബാധിക്കുന്ന നിലവിലിരിക്കുന്ന റെഗുലേഷനിലെ പല വ്യവസ്ഥകളിന്മേലും വല്ല ഭേദഗതികളും ഉണ്ടാക്കുന്നതിനുള്ള നിലയിൽ ഈ സഭ ആയിരിക്കുമോ എന്നുള്ളതു സംശയാസ്പദമാണ് എന്നത്രെ.

ഡിപ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ ഉദ്ദേശിക്കുന്നതു ആനുഷംഗികമായ ഭേദഗതികളാണോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര): തീർച്ചയായിട്ടും അതും ഞാൻ ഉദ്ദേശിക്കുന്നുണ്ട്. ആ സംഗതിയെപ്പററി ഉറപ്പുതരുന്നതിനു ലാ മെംബറോടു അപേക്ഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: വാസ്തവത്തിൽ, വല്ല മാററവുമുണ്ടെങ്കിൽ, റെഗുലേഷന്റെ ആ ഭാഗത്തുള്ള ഭേദഗതി സഭമുമ്പാകെ വന്നിട്ടില്ല. വേണ്ട മാററങ്ങളുണ്ടാക്കുന്നതിനുള്ള അധികാരം സിലക്ട് കമ്മിററിക്ക് ഉണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര): പിന്നെ ഇപ്പോഴത്തെ ഭേദഗതികളാൽ ബാധിതങ്ങളായിട്ടില്ലാത്ത വ്യവസ്ഥകളെപ്പററി,

ഡിപ്യൂട്ടിപ്രസിഡന്റ്: ബില്ലിൽ നിങ്ങൾ സ്വീകരിക്കുന്ന ഏതു ഭേദഗതിയും വഴിയായിട്ടു ഇപ്പോൾ സഭമുമ്പാകെ ഇരിക്കുന്ന ബില്ലിന്റെ ശേഷമുള്ള ഭാഗങ്ങളിലും, അതു ആനുഷംഗികമായിരുന്നാൽ, ആവശ്യപ്പെടുന്ന ഭേദഗതിയുണ്ടാക്കാൻ നിങ്ങൾക്കു കഴിയുന്നതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര): ആനുഷംഗികമായ ഭേദഗതികൾ ഉദ്ദേശിക്കുന്ന ഭേദഗതി ബില്ലിലെ വ്യവസ്ഥകളോടു ഒരുവിധം സംബന്ധമുള്ളതായിരിക്കണമെന്നു ഞാൻ മനസ്സിലാക്കട്ടെയോ?

ഡിപ്യൂട്ടിപ്രസിഡന്റ്: അതെ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര): അങ്ങിനെയുള്ള ഒരു ഭേദഗതിബില്ലിന്റെ പ്രകാശനത്താൽ പൊതുജനങ്ങൾക്കു ദോഷമായ ഫലമുണ്ടായിട്ടുണ്ട്. എന്നെ സംബന്ധിച്ചിടത്തോളം ബിൽ ഒരു സിലക്ട് കമ്മിററിയെ ഏല്പിക്കുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല. എങ്കിലും ഭേദഗതികളുണ്ടാക്കുന്നതിലും സ്വാതന്ത്ര്യമായ വാദപ്രതിവാദത്തിലും സിലക്ട്കമ്മിററിയുടെ അധികാരസീമയെപ്പററി ഒരു പ്രഖ്യാപനം ചെയ്യണമെന്നു ലാമെംബറോടു അപേക്ഷിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു. സിലക്ട്കമ്മിററിയിൽ യഥേഷ്ടം വാദപ്രതിവാദം നടത്താവുന്നതാണെന്നു അദ്ദേഹം മുമ്പുതന്നെ പറഞ്ഞിട്ടുണ്ട്. ഡിപ്യൂട്ടിപ്രസിഡന്റിന്റെ പ്രസ്താവനകളെ പരിഗണിച്ചു ഇപ്പോഴത്തെ ഭേദഗതികൾ സ്പർശിച്ചിട്ടില്ലാത്ത റെഗുലേഷന്റെ മററു വ്യവസ്ഥകളെപ്പററി യഥേഷ്ടം വാദപ്രതിവാദം നടത്തുന്നതിനു ഞങ്ങൾക്കു അനുവാദമുണ്ടോ എന്നു ഒരിക്കൽകൂടി ചോദിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു.

ഡിപ്യൂട്ടിപ്രസിഡന്റ്: ലാ മെംബർ കൊടുക്കുന്ന ഏതുത്തരം ഉറപ്പും നിയമസഭാചട്ടങ്ങൾക്കും സ്റ്റാൻഡിംഗ് ആർഡർകൾക്കും അധീനമായിരിക്കുന്നതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുകര): ഈ നിരീക്ഷണങ്ങളോടുകൂടി ഭേദഗതിബില്ലിലടങ്ങിയിരിക്കുന്ന തത്വത്തെ അനുവദിക്കുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): മനുഷ്യസമുദായം രാജാവു അല്ലെങ്കിൽ സക്കാരെന്നും കുടികളെന്നും രണ്ടായി പിരിഞ്ഞതു പോലെ ജന്മി എന്നും കുടിയാനെന്നും രണ്ടു ഭാഗമായി പിരിഞ്ഞതു ഏതു വിധമാണെന്നു ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഏതെങ്കിലും പ്രകാരത്തിൽ ഭൂസ്വത്തു കരസ്ഥമാക്കുന്നതിനോ അല്ലെങ്കിൽ അതിന്റെ അവകാശം സ്വീകരിക്കുന്നതിനോ ബുദ്ധിമാന്മാരും സമർത്ഥന്മാരുമായ ആളുകൾക്കു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. അങ്ങിനെ അനേകം വസ്തുക്കളുടെ ജന്മാവകാശം ഒരു വർഗ്ഗക്കാർക്കു ലഭിച്ചു എങ്കിലും അതിൽ പ്രാധാന്യം കൊടുക്കേണ്ടതു ആ വസ്തുക്കളെ ഫലഭൂയിഷ്ഠമാക്കുന്നതിനു ആരു പരിശ്രമിച്ചുവോ അവക്കാണ്. കുടിയാന്മാർ ജന്മിമാരുടെ വസ്തുക്കളെ കൈവശപ്പെടുത്തി ദേഹണ്ഡിക്കുന്നതുവരെ ആ ഭൂമിയാതൊരു വിധത്തിലുമുള്ള ആദായമില്ലാതെ നിഷ്പ്രയോജനമായിട്ടാണ് കരുതപ്പെട്ടിരുന്നതു. അങ്ങിനെ കുടിയാന്മാർ രാപ്പകൽ പ്രയത്നിച്ചു ആദായകരമാക്കിത്തീർക്കുകയും ആ വസ്തു യാതൊരു പരിശ്രമവും കൂടാതെ സാമർത്ഥ്യം കൊണ്ടുമാത്രം അതിന്റെ ജന്മാവകാശം സിദ്ധിക്കുകയും ചെയ്യുന്നതിനാൽ ഈ ജന്മിമാർ എല്ലായ്പ്പോഴും കുടിയാന്മാരോടു ദാക്ഷിണ്യം കാണിക്കണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ ഭേദ

ഗതിയിൽ ഒരു പോലെ നോക്കുന്ന പക്ഷം കുടിയാന്മാരുടെ അവസ്ഥയെ വളരെ ശോച്യമായ വിധത്തിലാണു കരുതിയിരുന്നതെന്ന് കാണാവുന്നതാണ്. ഇതിന്റെ ഓരോ വകുപ്പും ഭയങ്കരമായിട്ടാണിരിക്കുന്നത്. വൃക്ഷങ്ങളെ മുറിക്കുന്ന കാര്യത്തിൽ അവയെ വച്ചുണ്ടാക്കി വളർത്തി അതിനെ ആദായകരമായ വിധത്തിൽ ആക്കിക്കൊണ്ടു വന്ന ശേഷം അതിനെ മുറിക്കുന്ന അവസരത്തിൽ ആ വസ്തു ഉടമസ്ഥൻ കേവലം നിലയെ പ്രാപിച്ചിരുന്ന ആ ജന്മിക്കു നാലിൽ മൂന്നു ഭാഗം കൊടുക്കണമെന്നു ഈ ബില്ലിന്റെ ഒരു വകുപ്പിൽ പറഞ്ഞിരിക്കുന്നു. അതു കൂടാതെ കൂടുതലായിട്ടുള്ള പലിശയും ഒരു കൊല്ലത്തിൽ കൂടുതലാകുന്നെങ്കിൽ കരക്കുടിശിഖ റെഗുലേഷൻ അനുസരിച്ചു ഈടാക്കുന്നതിനുള്ള സൗകര്യവുമാണ് കൊടുത്തിരിക്കുന്നത്. ഇതിൽ കൂടുതലായ ഒരു അനുകൂലം ജന്മിക്കും പ്രതികൂലം കുടിയാനും ഈ ബില്ലിൽ വരുത്താനില്ല. എന്റെ സ്നേഹിതൻ പറഞ്ഞതു പോലെ നെല്ലിന്റെ അളവിലും പറയുടെ സ്റ്റാൻഡാർഡ് നിശ്ചയിക്കുന്ന സംഗതിയിലും ഉള്ള കാര്യം പരമാർത്ഥമാണ്. അതിനെ പണം ആക്കുന്ന കാര്യം ആലോചിക്കാതിരിക്കുന്നിടത്തോളം അതിനെപ്പറ്റി എന്തെങ്കിലും വ്യവസ്ഥ ചെയ്യാതിരുന്നാൽ കുടിയാനു വളരെ നഷ്ടവും ബുദ്ധിമുട്ടും ഉണ്ടാകുന്നതാണ്. ഇപ്പോഴും ജന്മിയുടെ വസ്തുക്കൾ അനുഭവിക്കുന്ന കുടിയാന്മാരുടെ കാര്യം ആലോചിച്ചാൽ രണ്ടു യജമാനന്മാരെ ഒരവസരത്തിൽ ഒരാളിനു സേവിക്കേണ്ടിവരുന്നതു പോലെയുള്ള അവസ്ഥയാണ്. അതു ബുദ്ധിമുട്ടാണ് കുടിയാനുള്ളത്. ഗവണ്മെന്റിനെ ഒരു വിധത്തിൽ പ്രീതിപ്പെടുത്തണം. ജന്മിയുമായിട്ടു വസ്തു നേരിട്ടു അനുഭവിക്കുന്നതു കൊണ്ട് അവരുടെ അപ്രീതി ഒരു കാലത്തും വരുത്താൻ പാടില്ല. ഗവണ്മെന്റു ഈ വസ്തുക്കളെ ഗവണ്മെന്റിന്റെ അധീനത്തിൽ വരുത്തുന്നതിനു ഒരു കാലത്തു ശ്രമിച്ചു എങ്കിലും ജന്മിമാരുടെ മേൽക്കോയ്മയേക്കാൾ ഭയങ്കരമാണ് സർക്കാർ മേൽക്കോയ്മ എന്നു വിചാരിച്ചു ഭയന്നിട്ടായിരിക്കണം ഈ വസ്തുക്കളിൽ അധികം ഭാഗവും ജന്മിമാരുടെ പേരിൽ ആക്കിത്തീർത്തത്.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മിമാർ): നല്ലതായിട്ടുള്ളത് ഗവണ്മെന്റോ അതല്ല ജന്മിയാണോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അക്കാലത്തുള്ളവർ ഭ്രമിച്ചിട്ടായിരിക്കണം അപ്രകാരം ചെയ്തതു, സർക്കാരിനേക്കാൾ ജന്മിയുടെ പേരിൽ ആക്കിയാൽ രക്ഷകിട്ടുമെന്നു ആ കാലത്തുള്ളവർ തെറ്റായി വിചാരിച്ചതാണെന്നു തോന്നുന്നു.

മി: എ. സി. കുറിയാക്കോസ് (മീനച്ചിലും ദേവികുളവും): ഈ കാലത്തു ജന്മിമാർ നല്ലവരാണെന്നു ഏതെങ്കിലും കുടിയാൻ വിചാരിക്കുന്നുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഉണ്ടെന്നു തോന്നുന്നില്ല.

ജന്മവസ്തു അനുഭവിക്കുന്ന ഉപദ്രവം ഉണ്ടായിരുന്നു, അതു സർക്കാരിനെ തന്നെ ഏല്പിക്കേണ്ടിയിരുന്നു അങ്ങിനെ ചെയ്യാതിരുന്നതു കൊണ്ടു നമ്മുടെ പൂർവികന്മാർ പശ്ചാത്തപിച്ചിരിക്കുമെന്നാണ് എന്റെ വിശ്വാസം.

മി: സി. എൻ. ഇട്ടൂപ്പൻ നംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): ജന്മവസ്തുക്കൾ അനുഭവോല്ലാതിരുന്നാൽ നികുതി കൊടുക്കേണ്ട ഏർപ്പാടുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): നികുതി കൊടുക്കാതെ കരം ഒഴിവായി വസ്തുക്കൾ ഉള്ളതായി അറിയാം.

മി: സി. എൻ. ഇട്ടൂപ്പൻ നംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെംബർ): നികുതി ചുമത്തിട്ടുള്ള വസ്തുക്കൾ കരം കൂടാതെ സിദ്ധിക്കുമോ?

മ: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): കിട്ടുകയില്ല.

മി: സി. എൻ. ഇട്ടൂപ്പൻ നംപൂതിരിപ്പാട് (കൂടുതൽ ചേർത്തു മെമ്പർ): കരകുടിശിഖവന്നു കഴിഞ്ഞാൽ അതു എങ്ങിനെ ഈടാക്കും?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): കരം പിരിവു റെഗുലേഷൻ പ്രകാരം ഈടാക്കാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഗവണ്മെന്റു വച്ചതായ കരം ജന്മികൾക്കു ഭേദഗതി ചെയ്യാൻ അധികാരമുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): കുടികളുടെ രക്ഷയ്ക്കു വേണ്ടി അപ്പോഴപ്പോൾ അതിനെ ഗവണ്മെന്റിനു ഭേദപ്പെടുത്താവുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജന്മിക്കു ഒരു പറനെല്ലിനു പതിനൊന്നു ചക്രം കൊടുത്താൽ മതിയാകയില്ലയോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): അതു മതിയാകുന്നതാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പിന്നെ ഈ പാട്ടങ്ങളുടെ ഇപ്പോഴത്തെ കാര്യങ്ങൾക്കായി അതിനെ മാറേണ്ട ആവശ്യവുമില്ലല്ലോ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): പിന്നെ മാറേണ്ട ആവശ്യമില്ല.

മി: സി. എൻ. ഇട്ടൂപ്പൻനംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): വൃക്ഷങ്ങളുടെ പ്രകൃതി അവകാശം ഗവണ്മെന്റിന് ഇപ്പോഴും ഉണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): രാജകീയ വൃക്ഷങ്ങൾക്കു അങ്ങിനെ തിരിച്ചിട്ടുണ്ട്. അതു തന്നെയും കുറെ അന്യായമാണെന്നും ഒരു പരിഷ്കൃത ഗവണ്മെന്റിനു യോജിച്ചതല്ലെന്നും അതിനാൽ ആ വൃക്ഷങ്ങളുടെ അവകാശവും ഗവണ്മെന്റു ഒഴിയണമെന്നു ഈ കൌൺസിലിൽ നിശ്ചയം പാസ്സാക്കീട്ടുള്ളതായി മെമ്പറിനു അറിയാമോ?

ഈ ഭേദഗതി ബില്ലിനെപ്പറ്റി ആലോചിച്ചാൽ അതിനെ സിലക്ട് കമ്മിറ്റിയിൽ ഏല്പിച്ചാലും അതിനെ കേവലം സാധാരണ രീതിയിൽ മാത്രമെ കരുതുകയുള്ളു എന്നാണ് എന്റെ വിശ്വാസം. ഇത്ര ഗൌരവമേറിയ ഒരു റെഗുലേഷൻ തിരുവിതാംകൂർ ജനങ്ങൾക്കു കിട്ടാനില്ല. ഈ ജന്മികുടിയാൻ റെഗുലേഷൻ അനേകം കാലമായി ജനങ്ങൾക്കു കൊടുക്കയും ഏതാണ്ടു ഭാഗം അതിന്റെ പൂർവരംഗമായി നടത്തി പിന്നെയും അതേ കിടപ്പിൽ ഇടുകയുമാണ് ചെയ്തിട്ടുള്ളത്. ഈ രണ്ടു കൂട്ടരും അനുഭവിക്കുന്ന അസ്വാസ്ഥതകൾ

വളരെ കൂടുതൽ ആകയാൽ അതിലേയ്ക്കു ഒരു ഭേദഗതി ബില്ല് അത്യാവശ്യമാണെന്നു ഏകകണ്ഠേന എല്ലാവരും സമ്മതിക്കുന്നതാണ്. ജന്മിമാർക്കു അസൗകര്യമോ കഷ്ടതയോ ബുദ്ധിമുട്ടോ വരുത്തണം എന്നുള്ള പക്ഷക്കാരനല്ലാ ഞാൻ. ഇനിമേൽ കുടിയാന്മാർക്കു ഒരു വക ഉപദ്രവങ്ങളും വരാൻ പാടില്ല എന്നു മാത്രമേ എനിക്കു അഭിപ്രായമുള്ളു. ഇപ്പോഴത്തെ രീതി അനുസരിച്ചു നോക്കിയാൽ ന്യായമായിട്ടുള്ള ഒരു വസ്തുവിന്റെ ഉടമസ്ഥാവകാശമോ ജന്മാവകാശമോ സാമർത്ഥ്യമുള്ള ഒരു സമുദായത്തിനു കരസ്ഥമാക്കാൻ കഴിയുന്നതാണ്. അതിൽ പ്രാധാന്യം കൊടുക്കേണ്ടതു ആ വസ്തുവിനെ ശരീരപ്രയത്നം ചെയ്തു ഫലഭൂയിഷ്ഠമാക്കിത്തീർത്ത കുടിയാനാണ്. അവർ വളരെ ബുദ്ധിമുട്ടു അനുഭവിക്കുന്നവരാണ്. അവർ വേണ്ട പോലെ പ്രയത്നിച്ചു ഫലപുഷ്ടമാക്കിത്തീർക്കുമ്പോൾ ജന്മിക്കു അതിൽ പല വിധത്തിലുള്ള അവകാശവും കൊടുക്കണം. പൊളിച്ചെഴുത്തു വേണം. ഇങ്ങനെയുള്ള വിഷമങ്ങളാൽ കാണപ്പാട്ട ആധാരം ഒരു കാലത്തും വീണ്ടെടുക്കാൻ പാടില്ലെന്നു ഒരു നിശ്ചയം ചെയ്യാതിരിക്കുന്നതു കൊണ്ടു വലിയ കുഴപ്പം ഉണ്ടാകുന്നു. അതിനാൽ ഒന്നുകിൽ ഇതിനെ വച്ചൊഴിഞ്ഞു പോകണം, അല്ലെങ്കിൽ ഐകമത്യത്തോടുകൂടി യോജിച്ചു പോകണം. ഒരു വസ്തുവിനു ഇന്ന ആദായം കിട്ടും, അതിനു പലിശ എന്താണ്, അർത്ഥം എത്ര, ഇത്ര ഏക്കർ, എന്നു വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ജന്മികളുടെ വസ്തുവിന് അങ്ങിനെയില്ല. ഒരു കുടിയാന്റെ കയ്യിൽ ഒരേക്കർ സ്ഥലമിരുന്നാൽ അതിൽ ഏതെങ്കിലും വൃക്ഷം നട്ടു പിടിപ്പിച്ചു മററു പല പ്രകാരത്തിലും ആദായമുണ്ടാക്കിത്തീർത്താലും അതിനൊക്കെ അവകാശം ജന്മിക്കു കൊടുക്കണം. പൊളിച്ചെഴുത്തു എപ്പോഴും വരുമെന്നു നോക്കിക്കൊണ്ടിരിക്കുന്നു. പന്ത്രണ്ടു വർഷത്തിലൊരിക്കൽ പൊളിച്ചെഴുതണം. അപ്പോൾ കൂടുതൽ കാണവും കൊടുക്കണം. മററു അവകാശങ്ങളും കൊടുക്കണം. ഈ പൊളിച്ചെഴുത്തിൽ ഓലക്കാണം എന്നൊരു വ്യവസ്ഥയുണ്ട്. ഓല നിർത്തിയിട്ടു തന്നെ എത്രയോ കാലമായി. പൊളിച്ചെഴുതുന്നതിനുള്ള ഓല കുടിയാന്റെ പണം കൊടുത്തു വാങ്ങിക്കണം. ഓലയിൽ എഴുതിയ ശേഷം ഒപ്പിടുന്നതിനു ഒപ്പു സൂചി എന്നൊന്നു വച്ചിരിക്കുന്നു. അതായതു ഒപ്പിടുന്ന നാരായത്തിനും കൂടി അവകാശം കൊടുക്കണം.

മി: സി. എൻ. ഇട്ട്യൻനമ്പൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): പൊന്നുംവിലയും എന്നൊരേർപ്പാടു ഇപ്പോഴും ഇരിക്കുന്നതായി അറിയാമോ?

മി: പി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അറിയാം. പക്ഷെ അതിനും ഇതിനും സംബന്ധമില്ലെന്നെ ഉള്ളു. ഇങ്ങിനെയുള്ള പല അവകാശങ്ങളും കൂടുതൽ കാണവും കൊടുക്കണം. ഇങ്ങിനെ അമ്പതു കൊല്ലം പൊളിച്ചെഴുതി കഴിഞ്ഞു എന്നു വിചാരിക്കുകയാണെങ്കിൽ ആ കുടിയാനിൽ നിന്നും എത്ര മാത്രം ആദായം ജന്മിക്കു ചെല്ലുന്നു എന്നു മനസ്സിലാക്കാവുന്നതാണ്.

ഇങ്ങിനെയുള്ള കഷ്ടതകളും ബുദ്ധിമുട്ടുകളും ഉള്ളതുകൊണ്ട് ഈ വസ്തു അനുഭവം വിട്ടുകളയാം എന്നു തോന്നാതിരിക്കുന്നതു വളരെക്കാലമായി കൈവശംവച്ചുകൊണ്ടിരിക്കുന്നതിനെ എങ്ങിനെയാണ് വിടുന്നതു എന്നു തോന്നീട്ടാണ്. "പാമ്പും പഴകിയാൽ നന്ന്" എന്നല്ലെ പറയുന്നതു. വാസ്തവത്തിൽ, വിട്ടുകൊടുക്കുന്നതു വളരെ സൌകര്യമാണെന്നാണ് പലരും പറയുന്നതു. എങ്കിലും സ്വസ്വാതന്ത്ര്യമായി അനുഭവിക്കുന്ന വസ്തുക്കളിലെ വൃക്ഷങ്ങൾക്കു ജന്മിക്കു യാതൊരു അവകാശവും കൊടുക്കാൻ പാടില്ല. വൃക്ഷങ്ങൾ വളർന്നുവരാൻ അനുവദിക്കാതെ അതിനെ പിഴുതുകളഞ്ഞിരുന്നു എങ്കിൽ ജന്മിക്കു മുക്കാൽ അവകാശവും വേണ്ട ഒന്നുംവേണ്ട. അതു ചെയ്യുന്നില്ല. ജന്മിയോടു കുടിയാനു തീർച്ചയായും അനുകമ്പ ഉണ്ടായിരിക്കും. എങ്കിലും ക്രമത്തിലധികം ഉപദ്രവിക്കുമ്പോൾ അതു ചിലപ്പോൾ മാറിപ്പോയി എന്നുവരാം. ഈ ജന്മി കുടിയാൻ റെഗുലേഷൻ ഭേദഗതി ബിൽ അത്യാവശ്യമാണ്. ഇപ്പോൾ നടപ്പിലിരിക്കുന്ന ഓരോ കാര്യവും നല്ലപോലെ അറിഞ്ഞിട്ടുള്ളവർ ഈ റെഗുലേഷന്റെ പ്രാധാന്യതയെപ്പററി ഒരുകാലത്തും നിഷേധിക്കുകയില്ല. ഇതിൽ വേണ്ട ഭേദഗതി ചെയ്തു ബുദ്ധിമുട്ടും അസൌകര്യവും കുടിയാന്മാർ അനുഭവിക്കുന്നു എങ്കിൽ അതും ജന്മികൾക്കു ആവക ഉപദ്രവം വല്ലതും ഉണ്ടെങ്കിൽ അതും ഭേദപ്പെടുത്തത്തക്കവിധത്തിൽ വേണ്ടപോലെ ആലോചിച്ചു ഒരു ഭേദഗതി കൊണ്ടുവരുന്നതിനു ഈ കൌൺസിലിൽനിന്നും ഏർപ്പാടുചെയ്യണമെന്നുള്ള അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): സർ, ഇന്നു ഇവിടെ അവതരിപ്പിച്ചിട്ടുള്ള ജന്മികുടിയാൻ നിയമത്തിന്റെ ഭേദഗതിബില്ലിലെ മൂലതത്വത്തോടു ഞാനും യോജിക്കുന്നു. എന്നാൽ ഈ ഭേദഗതിബില്ലിനെ മി: കേശവൻ നമ്പൂതിരിപ്പാട് എതിർക്കയുണ്ടായി. ഇതുകൊണ്ട് ഈ ബിൽ കുടിയാന്മാർക്കു പ്രത്യേകമായ ഏതോ ചില ആനുകൂല്യങ്ങൾ ചെയ്യുന്നതായിട്ടു ജന്മിമാരെ അല്ലെങ്കിൽ ജന്മിപ്രതിനിധിയെ ധരിപ്പിച്ചിരിക്കുന്നതായി ഊഹിക്കേണ്ടിയിരിക്കുന്നു. ബില്ലിന്റെ ഓരോ ഭാഗത്തെ സംബന്ധിച്ചും, താല്ക്കാലികമായിട്ടെങ്കിലും, എന്റെ മാന്യസ്നേഹിതന്മാർ പലരും ഇവിടെ പ്രസ്താവിക്കയുണ്ടായി. ഞങ്ങൾ (മെമ്പർമാർ) ഇവിടെ പറഞ്ഞിട്ടുള്ളതു കുടിയാന്മാർക്കനുകൂലമായ ഒരു ഭേദഗതിബില്ലല്ല. ഇപ്പോൾ ഇവിടെ ഹാജരാക്കിട്ടുള്ളതു എന്നാണ്. ൧൦൭൧-ൽ മഹാരാജാവു തിരുമനസ്സിലെ കാരുണ്യാതിരേകത്താൽ കല്പിച്ചനുവദിക്കപ്പെട്ട ഒരു ചട്ടമാണ് ഇപ്പോൾ ജന്മികുടിയാൻ റെഗുലേഷനായിട്ടു നിലവിലിരിക്കുന്നതു. അതിൽ പിന്നീടു പൊതുജനപ്രതിനിധി സ്ഥാപനമായി ഒരു പ്രജാസഭയുണ്ടായി. പ്രജാസഭ തുടങ്ങിട്ടു കൊല്ലം കഴിഞ്ഞിട്ടുണ്ട്. ഈ കാലയളവിൽ ജനപ്രതിനിധികൾ ഇവിടെ വന്നു ജനങ്ങളുടെ സങ്കടാവസ്ഥകളെപ്പററി ധാരാളമായിട്ടു പറയാറുണ്ടു. മിക്ക അവസരങ്ങളിലും കുടിയാന്മാർക്കു അനുകൂലമല്ലാത്ത ഒരു നിയമം ഉണ്ടാക്കണമെന്നു ജനപ്രതിനിധികൾ വാദിച്ചുപോരുന്നു. മററു മെമ്പറന്മാരുടെ കൂട്ടത്തിൽ ജന്മിമെമ്പർമാരും ഉണ്ടല്ലോ. അവരാകട്ടെ, അവർക്കു ഇപ്പോഴത്തെ നിയമത്തിൽ വല്ല സങ്കടത്തിനു വകയുണ്ടു, അതുകൊണ്ടു ജന്മിമാർക്കനുകൂലമായ ഒരു നിയമം ഉണ്ടാക്കിക്കൊടുക്കണമെന്ന അർത്ഥത്തിലാണു പ്രായേണ വാദിച്ചുകണ്ടിട്ടുള്ളതു. ഇതിൽ ഗവണ്മെന്റു വേണ്ടവിധം ശ്രദ്ധപതിച്ചു ഇതുവരെ പ്രവർത്തിച്ചിട്ടില്ല. ജനങ്ങളും, ജനപ്രതിനിധികളും ഇത്രയും ശക്തിയായിട്ടു വാദിക്കുന്ന ഒരു കാര്യത്തിൽ സാരമായ സങ്കടം അവർക്കു തട്ടിട്ടുണ്ടെന്നും തട്ടുന്നതാണെന്നും അവർ കരുതുന്നു എന്നാണ് വിശ്വസിക്കേണ്ടതു. ജന്മികുടിയാൻ റെഗുലേഷൻ നടപ്പിലായിട്ടു ൪൫ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ആ റെഗുലേഷൻ നടപ്പിൽവന്നതിനു ശേഷമുള്ള അനുഭവങ്ങളെ ആസ്പദമാക്കിയത്രെ നിയമത്തിന്റെ ഭേദഗതികൾക്കായുള്ള അഭ്യർത്ഥനകൾ നടന്നുപോരുന്നതു. ജനങ്ങൾ ഇങ്ങനെ അവരുടെ സങ്കടങ്ങൾ ഇട

സ്വപറഞ്ഞുകൊണ്ടുപോന്നു. അതിന്മേൽ ഗവണ്മെന്റു ഒരു വിശദമായ അന്വേഷണം നടത്തുന്നതിനു ഏർപ്പാടുചെയ്തു. ഗവണ്മെന്റുദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമായിട്ടു വളരെ ഉത്തരവാദിത്വബോധമുള്ള മാന്യന്മാരടങ്ങിയ ഒരു കമ്മിറ്റി ഏർപ്പെടുത്തി, ആ കമ്മിറ്റിക്കാർ രാജ്യത്തിൽ ഒട്ടുക്ക് സഞ്ചരിച്ചു ഒരു റിപ്പോർട്ടുണ്ടാക്കി ഗവണ്മെന്റിലേക്കു സമർപ്പിച്ചു. ആ റിപ്പോർട്ടുവന്നപ്പോൾ ഇരുകൂട്ടരും, ജന്മിമാരും കുടിയാന്മാരും, തർക്കിച്ചുവരുന്നു. അതുകൊണ്ടു്. റിപ്പോർട്ടിനോടു അനുബന്ധിച്ചിരുന്ന ബില്ലിനെപ്പോലും ആക്ഷേപംപറഞ്ഞു തള്ളിക്കളഞ്ഞു. വളരെക്കാലം ഗവണ്മെന്റിനോടു സങ്കടം പറഞ്ഞു ഗവണ്മെന്റു വാസ്തവത്തിൽ ജനങ്ങൾ സങ്കടം അനുഭവിക്കുന്നു എന്നു മനസ്സിലാക്കി, അതിനെ പരിഹരിക്കുന്നതിനുവേണ്ടി ഗവണ്മെന്റുതന്നെ ചുമതലയുള്ള ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും ഒരുമിച്ചുചേർത്തുവച്ചു് ഒരു കമ്മിറ്റി ഉണ്ടാക്കി ആ കമ്മിറ്റി രാജ്യംമുഴുവനും ചുറ്റിനടന്നു തെളിവുശേഖരിച്ചു റിപ്പോർട്ടു തയ്യാർചെയ്തു് അതിനെ അനുബന്ധിച്ചു ഒരു ബിൽ ഉണ്ടാക്കികൊണ്ടുവന്ന അവസരത്തിൽ അതു ജന്മിമാർക്കു വേണ്ടാ എന്നു ജന്മിമാരും, കുടിയാന്മാർക്കു വേണ്ടാ എന്നു കുടിയാന്മാരും പറഞ്ഞു് അതിനെ നിഷേധിക്കുവാനിടയായതു് എന്നാണ് ഇപ്പോൾ പറയുന്നതു്. ഇതു് എന്തുകൊണ്ടു് നിഷേധിക്കപ്പെട്ടിട്ടുള്ളതായിരുന്നാലും ഗവണ്മെന്റു ദീർഘകാലംകൊണ്ടു സാധിച്ച അന്വേഷണപരിണാമം അനാശാസ്യമായിട്ടുതന്നെയാണു് കണ്ടതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ബില്ലിനെപ്പറ്റിയല്ല തർക്കമുണ്ടായതു്. ഗസറ്റിൽ പരസ്യംചെയ്ത റിപ്പോർട്ടിനെപ്പറ്റിയാണെന്നറിയാമോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അതെ, ഞാൻ ചുരുക്കമായി പറയുകയാണ്. ആ റിപ്പോർട്ടിന്മേലുള്ള അഭിപ്രായാന്തരത്തെ ആസ്പദമാക്കി ദീർഘകാലത്തെ പ്രാർത്ഥനയുടെ ഫലമായുണ്ടായ ബില്ലുതന്നെ തള്ളിക്കളയുകയായിരുന്നു ചെയ്തിട്ടുള്ളതെന്നു ഞാൻ മനസ്സിലാക്കിയിട്ടുണ്ടു്.

പ്രജാസഭയിൽ ജനങ്ങളുടെ സങ്കടങ്ങളെപ്പറ്റി പറഞ്ഞതിനുശേഷം വെൽക്കംനിർത്തൽചെയ്തു. വിരുത്തിപാട്ടംകെട്ടിക്കൊടുത്തു് മററനേകതരത്തിൽ ജനങ്ങൾക്കു അതിൽനിന്നു ആനുകൂല്യങ്ങൾ സിദ്ധിക്കുവാൻ ഇടയായി. മഹാരാജാവുതിരുമനസ്സുകൊണ്ടു് ഇങ്ങനെ ജനക്ഷേമത്തിനു പര്യാപ്തമായി പലതും യത്നിക്കുവാനും നിർവഹിക്കുവാനും ഇടയാകത്തക്കവണ്ണമുള്ള പ്രതിനിധിസ്ഥാപനം ഏർപ്പെടുത്തി അതിൽ പ്രതിനിധികളുടെ നിവേദനങ്ങളെ ശ്രദ്ധിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നിട്ടുള്ളതിന്റെ ഫലമായിട്ടാണ് പരിഷ്കരിച്ച ഈ കൌൺസിൽതന്നെയും നമുക്കു സിദ്ധിച്ചിരിക്കുന്നതു്. ഇങ്ങനെയുള്ള ഈ കൌൺസിലിൽതന്നെയും ഈ കാര്യത്തിൽ ഒരു പരിഹാരത്തിനായിട്ടുതന്നുള്ളനിലയിൽ കൊണ്ടുവരുന്ന ബില്ലിനെ എതിർത്തു ത്യജിക്കുകയുണ്ടായിട്ടുണ്ടു്. പിന്നീടാണു മിസ്റ്റർ എ. ജി. മേനവൻ കാണപ്പാട്ടബിൽ കൌൺസിലിൽ അവതരിപ്പിച്ചതു്. അതിന്റെ ഫലമായിട്ടാണു സൌഹാർദ്ദസമ്മേളനത്തിനായി ഒരു വ്യവസ്ഥയുണ്ടായിട്ടുള്ളതു് എന്നു സ്പഷ്ടമാണ്. അനന്തരം ജന്മിമാരുടെ പ്രതിനിധികളുടേയും ഈ സഭയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ടവരായ ജനപ്രതിനിധികളുടേയും, ഗവണ്മെന്റു നേരിട്ടുനിയമിച്ച മെംബർമാരുടേയും ആലോചനയിൽനിന്നു പ്രകാശിതമായ ആശയങ്ങളുടെ ഗതിയെപ്പറ്റി ആലോചിച്ചു തയ്യാറാക്കിട്ടുള്ള ഈ ഭേദഗതിബിൽ ജന്മിമാർക്കു തൃപ്തികരമല്ലാ എന്നു് ഇതാ ഇവിടെ ജന്മിമെംബർ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. എന്നാൽ മറ്റു സ്നേഹിതന്മാരാകട്ടെ "ഞങ്ങൾക്കു ഇതിലെ തത്വത്തോടുവളരെ യോജിപ്പുണ്ടു്" എന്നുമാത്രമാണ് സ്വതന്ത്രമായ ഒരു അഭിപ്രായമുള്ളതു്. ൨൫ കൊല്ലമായിട്ടു ഇടവിടാതെ ജനങ്ങളും ജനപ്രതിനിധികളും സങ്കടംപറഞ്ഞതിന്റെ ഫലമായിട്ടാണ് ഇവിടെ ഇന്നു് ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളതു് എന്നു സ്പഷ്ടമാകുന്നു. ജന്മിമാർക്കു് എന്തെങ്കിലും സങ്കടമുണ്ടെങ്കിൽ അതിനെപ്പററിയും നന്നായി ആലോചിക്കത്തക്കവണ്ണം വേണ്ടിടത്തോളംസാവകാശമുണ്ടായിരിക്കത്തക്കവണ്ണവും ആലോചനയും നടക്കത്തക്കവണ്ണവും സൌകര്യംകൊടുത്തു് ഒരു സിലക്ട്കമ്മിററിക്കു ഈ ബിൽ ഏല്പിച്ചുകൊടുത്തു്! അവരുടെ ആലോചനയുടെ ഫലമായിട്ടു ശരിയായ ഒരു ഭേദഗതിബിൽ രൂപീകരിക്കുന്നതിനു തക്ക അവസരം ഉണ്ടാക്കിത്തീർക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നതു്. (മി: ദാമോദരനാശാൻ: ഹീയർ, ഹീയർ)

തിരുവിതാംകൂറിലെ ജനങ്ങൾക്കു നീതി നടത്തികൊടുക്കണമെന്നു് അവരുടെ പ്രതിനിധികളായ ഞങ്ങൾ അപേക്ഷിക്കുന്നു. ഇവിടെ കുടിയാന്മാരുടെ പ്രതിനിധികൾ ആരുംതന്നെയില്ല. ജന്മിമാരുടേയും കുടിയാന്മാരുടേയും പ്രതിനിധികൾ എന്നു ന്യായമായി സമർത്ഥിക്കാവുന്ന പൊതുജനപ്രതിനിധികളാണ് ഇവിടെ ഉള്ളതു്. തിരുവിതാംകൂറിലെ ൫൦ ലക്ഷം ജനങ്ങളുടേയും പ്രതിനിധികളായിട്ടാണ് ഞങ്ങൾ ഇവിടെ വന്നിരിക്കുന്നതു് എന്നാണ് ഞാൻ പറയുന്നതിൽനിന്നു് അർത്ഥമാക്കേണ്ടതു്. ഞങ്ങളിൽ ജന്മിമാരുടെ ഭൂമി അനുഭവമില്ലാത്തവരായി അനേകം പേരുണ്ടു്. ഓരോ ദേശങ്ങളിലേയും അനുഭവങ്ങൾ ഓരോതരത്തിലായിരിക്കും. തെക്കൻതിരുവിതാംകൂറിൽ ഒരുതരത്തിലായിരുന്നാൽ ഉത്തരതിരുവിതാംകൂറിൽ മറെറാരുതരത്തിലായിരിക്കും വസ്തു അനുഭവസ്ഥിതി. മദ്ധ്യതിരുവിതാംകൂറിലെ അവസ്ഥ വേറൊരുതരത്തിലായിട്ടുംവരാം. വസ്തുക്കൾ വെറുംപാട്ടമായി അനുഭവിച്ചുവരുന്നവരുണ്ടു്. മുപ്പതും അമ്പതും കൊല്ലം കൈവശാനുഭവത്തിലിരിക്കുന്ന ഈ തരം വസ്തുക്കളെ ജന്മിമാർ ഒഴിപ്പിക്കുന്നുണ്ടു്. അതു കേവലം പാടില്ലാത്തതാണു്. ഇങ്ങനെ ഓരോതരത്തിലാണ് ജന്മികുടിയാൻ വസ്തു അനുഭവത്തിലുള്ള സങ്കടങ്ങളും, പരാതികളും കുഴപ്പങ്ങളും എന്നമാത്രത്തിൽ പറയാനേ സാധിക്കുകയുള്ളു. ജന്മിമാർ പറയുന്നസങ്കടം സങ്കടമാണെങ്കിൽ അവരുടെ സങ്കടവും പരിഹരിക്കപ്പെടണം, കുടിയാന്മാരെ ഒരിക്കലും സങ്കടപ്പെടുത്തിക്കൂടാ എന്നുള്ളതും നിർബന്ധമാണ്. മഹാരാജാവുതിരുമനസ്സിലെ പ്രജകൾ എന്ന നിലയിൽ ജന്മിമാരും കുടിയാന്മാരും തിരുവിതാംകൂറിലെ പൌരാവലികളിൽ ന്യായമായ അവകാശങ്ങൾ ലഭിക്കുവാൻ തുല്യമായ അർഹതയുള്ളവരാണ്. അവർക്കു നീതിപൂർവമായി സങ്കടനിവൃത്തിയുണ്ടാക്കി കൊടുക്കണമെന്നു മാത്രമെ ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾക്കു പറയാനുള്ളു. ഈ ൨൫ സംവത്സരക്കാലമായിട്ടു് അനുഭവിച്ചുവരുന്ന സങ്കടങ്ങളെപ്പറ്റി ഏഴുദിവസം കുടിയാന്മാരുടെ പ്രതിനിധി എന്നു പറയത്തക്കവണ്ണം അനുഭവസ്ഥന്മാരായി ആരുമില്ലായിരുന്നുവെങ്കിലും ഏതാനും ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥമെംബർമാരും അടങ്ങിയ ഒരു കാൺഫറൻസിൽ ദീർഘമായിട്ടാലോചിച്ചു് അതിലെ ഭേ-

ങ്ങളും പൂർണ്ണമായി സമ്മതിച്ചുഭാഗങ്ങളുള്ള ബിൽ തൃപ്തിയോടെ ഇവിടെ ഹാജരാക്കിയിരിക്കുന്നു എന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ജന്മിമാരുടെ സങ്കടങ്ങൾ തീരുന്നില്ലെന്നും കുടിയാന്മാരുടെ സങ്കടങ്ങൾ ഇപ്പോൾ തീർന്ന പോകുമെന്നുള്ള ഭാവനയിലുമാണ് ഇവിടെ നടപടി നടത്തുന്നതെങ്കിൽ കുടിയാന്മാരും ജന്മിമാരും പ്രതിനിധിസഭാപാംങ്ങളും ഉള്ളിടത്തോളം കാലം അവരുടെതായ ആ... സങ്കടങ്ങളും തീരാതായി ബില്ലുകളും ഉണ്ടാക്കേണ്ടതായിത്തന്നെയിരിക്കുന്നതാണ്. അതിനാൽ പ്രയോജനമുള്ള ഈ സമയത്തെ ദുരുപയോഗപ്പെടുത്താതെ ഇതിനെപ്പറ്റി ഗാഢമായി ആലോചിച്ചു ശരിയായ ഒരു ബിൽ സിലക്ട് കമ്മിറ്റി കൌൺസിലിൽ ഹാജരാക്കത്തക്ക വിധത്തിൽ ഈ ബില്ലിനെ കമ്മിററിക്ക ഏല്പിക്കേണ്ടതാണ് എന്നാകുന്നു എന്റെ അഭിപ്രായം.

മി: കെ. പി. നീലകണ്ഠപിള്ള. (ചിറയിങ്കീഴ്): സർ, ൧൦൭൧-ാം മാണ്ടത്തെ റെഗുലേഷന്റെ ഭേദഗതി ബിൽ അവതരിപ്പിച്ചതിനുവേണ്ടി സഭയുടെ മുമ്പാകെ ഇരിക്കുന്ന ഉപക്ഷേപത്തെ അനുകൂലിക്കുന്നതോടുകൂടി, വട്ടമേശകാൺഫറൻസിൽ നടന്ന ആലോചനകളെ ഒരു വിധം സ്പഷ്ടമാക്കുന്നതിനായിട്ടുമാത്രമല്ല, ഈ ബില്ലിനെ സിലക്ട്കമ്മിറ്റിക്കയക്കുന്നതിനുമുമ്പായി ഈ സഭയിലെ മെംബർമാരുടെ മുമ്പിൽ കൊണ്ടുവരേണ്ടതായ ഏതാനും നിരീക്ഷണങ്ങളെ ഉണ്ടാക്കുന്നതിനായിട്ടും കൂടി ചില പ്രസ്താവനകൾ ഞാൻ ചെയ്യേണ്ടിയിരിക്കുന്നു. ൧൦൭൧-ാം മാണ്ടത്തെ റെഗുലേഷനെ ഭേദപ്പെടുത്തുന്ന ഒരു ബിൽ കൊണ്ടുവരുന്നതിനുവേണ്ടി രാജ്യത്തു് നടത്തിക്കൊണ്ടിരുന്ന പ്രക്ഷോഭണത്തിന്റെ ചരിത്രത്തിലേക്ക തിരിഞ്ഞുപോകുന്നതു ഇത്രവൈകിയ ഈ സമയത്തു് ആവശ്യമില്ലാത്തതാണ്. ഇതോടുകൂടി കഴിഞ്ഞ ൧൦ വർഷങ്ങളായിട്ട നടത്തിക്കൊണ്ടിരുന്ന പ്രക്ഷോഭണത്തിന്റെ ചരിത്രത്തിൽ ചുരുങ്ങിയപക്ഷം ചില പ്രധാനസംഗതികളെ ആലോചിക്കുന്നതു് ഈ സഭയിലെ മെംബർമാർക്ക് ഒരു സഹായമാർഗ്ഗമായിരിക്കും. ഇപ്പോൾ നടപ്പിലിരിക്കുന്ന റെഗുലേഷൻ അതായതു് ൧൦൭൧-ാം മാണ്ടത്തെ റെഗുലേഷൻ പാസ്സാക്കിയതിൽ പിന്നീടും, ജന്മിമാർക്കോ കുടിയാന്മാർക്കോ ആ റെഗുലേഷനെപ്പറ്റി തൃപ്തിയുണ്ടായിരുന്നു എന്നു പറയാൻ കഴിയുന്നതല്ല. എന്നിട്ടും ഇരുകക്ഷികളും അതൃപ്തരായിട്ട കൂടുതൽ ശക്തിയായ പ്രക്ഷോഭണം രാജ്യത്തു നടത്തിക്കൊണ്ടിരുന്നു. നമ്മുടെ ഗവർമ്മെന്റു തന്നെയും പ്രക്ഷോഭണത്തിന്റെ പരമാർത്ഥതയെപ്പറ്റി ബോദ്ധ്യപ്പെട്ടിട്ടു് മി: പി. രാമൻതമ്പിയുടെ അദ്ധ്യക്ഷത്തിൽ ഒരു കമ്മിററി ഏർപ്പെടുത്തി, ആ കമ്മററിയുടെ ആലോചനയുടെ ഫലമായി പൊതുജനങ്ങളുടെ അറിവിനായി പരസ്യപ്പെടുത്തിട്ടുള്ള ഒരു ബിൽ ഉണ്ടായിതീർന്നു. മി: രാമൻതമ്പിയുടെ നക്കൽ ബിൽ, വിഷയത്തെപ്പററി സർവതോമുഖങ്ങളായ അന്വേഷണങ്ങൾ നടത്തിയതിൽ പിന്നെ തയ്യാറാക്കിട്ടുള്ളതാണെന്നുകൂടി പറയേണ്ടിയിരിക്കുന്നു, പ്രായോഗികമായി ആ ബിൽ തന്നെയാണ് മി: എ. ജി. മേനോൻ ഈ സഭയിൽ ഹാജരാക്കുന്നതിനു നോട്ടീസ് കൊടുത്തിട്ടുള്ളതു്. സർ, ഈ സംഗതികളെപ്പററി ഞാൻ പറയുന്നതു് ഗവർമ്മെന്റ് ഏർപ്പെടുത്തിയ കമ്മററിയാൽ തയ്യാറാക്കപ്പെട്ട ബിൽ ആകട്ടെ, മി: എ. ജി. മേനോൻ നോട്ടീസുകൊടുത്ത ബിൽ ആകട്ടെ, ഈ രാജ്യത്തെ കുടിയാന്മാർക്കോ ജന്മിമാർക്കോ സ്വീകാര്യമായില്ല എന്നു ഈ സഭ ബോദ്ധ്യപ്പെടുത്താൻ വേണ്ടിമാത്രമാണ്. അതിനാൽ, എന്റെ നില മി: രാമൻതമ്പി തൃപ്തികരിച്ച ബില്ലോ, മി: എ. ജി. മേനോന്റെ ബില്ലോ ഈ രാജ്യത്തിലെ സർവപ്രധാനമായ കാർഷികനിയമവിധാനത്തിൽ അവസാനമായ വാക്കല്ല എന്ന് ഈ സന്ദർഭത്തിൽ പറയാൻ പാടില്ല എന്നാണ്, തന്നിമിത്തം അവതരിപ്പിക്കപ്പെട്ട നക്കൽ ബില്ലിനെപ്പററിയോ, അതാതു സംഗതികളിൽ കുടിയാന്മാരുടേയോ ജന്മിമാരുടേയോ സ്ഥിതി നന്നാക്കുന്നതിലേക്ക നമ്മുടെ കല്പനാശക്തിയുടെ പ്രസരണത്താൽ അവതരിപ്പിക്കപ്പെടാവുന്ന ബില്ലിനെയോ മെംബർമാർ വിമർശിക്കുമ്പോൾ അവരുടെ അഭിപ്രായം അതാതു ആയിരിക്കണം, അതും ഈ സർവപ്രധാനമായ നിയമവിധാനത്തെപ്പററിയുള്ള അവസാനവാക്ക് ആയേക്കാമോ ആയിരിപ്പാൻ കഴിയുന്നതോ അല്ല. അതിനാൽ ഈ വിഷയത്തിൽ ഈ സഭയിൽ നടത്തിക്കൊണ്ടിരുന്ന വാദപ്രതിവാദങ്ങളുടെ ഗതിയിൽ നിന്നും അനുമാനിക്കാവുന്നതു് പരമകോടികൾ — ജന്മിമെംബർ ഈ ബിൽ ജന്മിമാരുടെ നന്മയ്ക്കു അപകടമാണെന്നും, സഭയുടെ ഇതരപക്ഷത്തിരുന്നു വാദിച്ചമെംബർമാർ അതു കുടിയാന്മാർക്ക അത്യധികം ദോഷകരമാണെന്നും — ഇതാണു പരമകോടികൾ സംബന്ധമാണ്.

മി: മാത്യുമുരിക്കൻ (മെവക്കം): സംസാരിച്ചമെംബർമാരുടെ അഭിപ്രായങ്ങളെ താൻ ശരിയായി പ്രകാശിപ്പിക്കുന്നു, എന്നു മെംബർ വിചാരിക്കുന്നുവോ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്): ചുരുക്കിപ്പറയുന്നെങ്കിൽ ഇതിനെയഥാർത്ഥമായ സമീക്ഷണം.

മി: മാത്യുമുരിക്കൻ (മെവക്കം): മെംബർമാരുടെ വാക്കുകൾ തന്നെയാണോ മെംബർ ഉപയോഗിക്കുന്നതു്?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിങ്കീഴ്). എന്റെ സ്വന്തവാക്കുകളിലാണു ഞാൻ അതു പറയുന്നതു്

ചുരുക്കിപറയുന്നെങ്കിൽ, രണ്ടു അഗ്രങ്ങളായ അഭിപ്രായങ്ങളുണ്ട്. ഇന്നു ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും എനിക്കുണ്ടായിട്ടുള്ള ബോധം അതാണ്. ഒരററത്തു് തിരുവിതാംകോട്ടിൽ ജന്മാവകാശം സംസ്ഥാനത്തിലെ പ്രജാക്ഷേമത്തിനു ദോഷകാരണമാണ് എന്നും അതിനാൽ അവരെ ന്യായമായോ അന്യായമായോ ഉള്ള ഉപായങ്ങളാൽ ഉന്മൂലനം ചെയ്യേണ്ടതാണ് എന്നും, അതാണ് ഒരു പക്ഷം; മറെറ അററത്തു്, തങ്ങളുടെ വ്യാവസ്ഥികമായ ഒരു കൂട്ടം കുടിയാന്മാരെ വായ്മൂടക്കാൻ സമ്മതിക്കരുതു്, കഴിയുമെങ്കിൽ അവരുടെ മേൽ എല്ലാത്തരം കഠിനവ്യവസ്ഥകളും ചുമത്തി, അവരുടെ വസ്തുക്കളെ എടുത്തുകളികയും ആവശ്യമെന്നു തോന്നുന്നെങ്കിൽ ആൻഡമൻ ദ്വീപങ്ങളിലേക്ക് നാടുകടത്തുകയു ചെയ്യേണ്ടതാണ്, അതാണ് എതിർപക്ഷം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും); മെംബർമാർക്കുണ്ടായിരുന്ന അഭിപ്രായം ഇവയാണു എന്നു മെംബർക്കു നിശ്ചയമുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു് എന്റെ സ്വന്ത അഭിപ്രായമാണ്. ജന്മിമാർക്കും കുടിയാന്മാർക്കും ഉണ്ടായിരിക്കാവുന്ന ഏററവും സ്തബ്ധങ്ങളും ഏററവും അനാക്രമികങ്ങളും ആയ അഭിപ്രായങ്ങളെ ഞാൻ വിശ്ലേഷണം ചെയ്കയാണ്. അതാണ് ഞാൻ പറയുന്നതു്. അതിനാൽ എന്റെ ആശയം ഇതാണ്. സർ, ഈ രണ്ടു പരമാഭിപ്രായങ്ങളും രാജ്യത്തിൽ എതിരിട്ടിരിക്കുന്ന വൈഷമ്യാവസ്ഥയെ ദൂരീകരിക്കുന്നതിനു സഹായിക്കുകയില്ല. ഈ ബുദ്ധിയോടുകൂടിയാണ് വട്ടമേശ കാൺഫറൻസിലെ സാമാജികന്മാർ ആലോചന നടത്തിയതു്. അവിടെ അവരുടെ ഉദ്ദേശം ലാമെംബർ സമർപ്പിച്ചിട്ടുള്ളതുപോലെ ജന്മിമാർക്കും കുടിയാന്മാർക്കും ഒരുപോലെ സ്വീകാര്യമായി വരുന്ന ഒരു നക്കൽ ബില്ലോ, ഭേദഗതിബില്ലോ സഭമുമ്പാകെ ഹാജരാക്കുന്നതല്ലായിരുന്നു, അവരുടെ മുഖ്യഉദ്ദേശം ജന്മിമാരും കുടിയാന്മാരും തമ്മിൽ ഉണ്ടാക്കാൻ കഴിയുമായിരുന്ന പരമാവധിയുള്ള സമ്മതങ്ങളെയും ഏതാനും തീർച്ചകളെ പ്രദർശിപ്പിക്കുന്നതായിരുന്നു. വട്ടമേശ കാൺഫറൻസിൽ യതിച്ചിട്ടുള്ളതു അതുമാത്രമായിരുന്നു. കാൺഫറൻസിൽ എത്താൻ സാധിച്ചിട്ടുള്ള സമ്മതങ്ങൾ രണ്ടഭിപ്രായങ്ങളും തമ്മിൽ ഏത്തുന്നതിനു സാധിച്ച സമ്മതത്തിന്റെ പരമമായ അളവിനെ കുറിക്കുന്നു. അതിനാൽ, എന്റെ വാദം, വട്ടമേശകാൺഫറൻസിൽ എത്തിയിട്ടുള്ള സമ്മതങ്ങളെയോ തീർച്ചകളെക്കൂടി അവിതർക്കിതങ്ങളാണെന്നു വിചാരിക്കാൻ മാർഗ്ഗമില്ല എന്നാണ്.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഈ സഭയിലെ മെമ്പർ എന്ന നിലയിൽ അദ്ദേഹം ആ ഒടുവിൽ ഭേദഗതിയെ എതിർക്കയോ അനുകൂലിക്കയോ ആണ് ചെയ്യുന്നതു എന്നു മെമ്പറിൽ നിന്നു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ബില്ലിനെ അനുകൂലിച്ചുകൊണ്ടു പ്രസംഗമാരംഭിച്ചു. മെമ്പർ അതു കേട്ടുകാണുമായിരിക്കും.

കാൺഫറൻസിന്റെ വിജയം അതിന്മേൽമാത്രം ആശ്രയിച്ചിരുന്ന ഒരു മാനസീകരണബുദ്ധിയോടുകൂടി ഞങ്ങൾ കാൺഫറൻസിൽ പ്രവർത്തിച്ചു, കാൺഫറൻസിൽ സംബന്ധിച്ച എല്ലാവരും ഈ ബുദ്ധിതന്നെ പ്രദർശിപ്പിച്ചു എന്നു ഞാൻ ആശിക്കയുംചെയ്യുന്നു. നമുക്ക് ആലോചിക്കാനുള്ളതു ഇതാണ്. ഇതു ഒരു വിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ തീർക്കേണ്ട ഒരു രാഷ്ട്രീയമായ തർക്കവിഷയമല്ല, എന്നാൽ മുഖ്യമായി കാർഷികമോ ധനവിഷയമോ ആയ ഒരു തർക്കമാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): ധനവിഷയമായ ഒരു പ്രശ്നത്തെ രാഷ്ട്രീയകാര്യത്തിൽനിന്നു വിയോജിപ്പിക്കുന്നതിനു അദ്ദേഹത്തിനു കഴിയുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തീർച്ചയായിട്ടും.

മി. മാത്യു മുരിക്കൻ (വൈക്കം): മുഴുവനായിട്ടുമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ.

ഇതു മുഴുവനായി ധനവിഷയമായ ഒരു പ്രശ്നമാണ്. ഈ അതൃപ്തി തുടരുന്നതിന് അനുവദിക്കുന്നെങ്കിൽ അതു് ഒരു രാഷ്ട്രീയപ്രശ്നമായി രൂപാന്തരപ്പെടാൻ ഇടയുണ്ട്. എന്നാൽ ഇപ്പോഴത്തെസ്ഥിതിക്കു ജന്മികുടിയാൻ പ്രശ്നം മുഖ്യമായ കാർഷികമോ ധനവിഷയമോ ആയ ഒരു പ്രശ്നമാണ്. അതിനാൽ അടിസ്ഥാനതത്വങ്ങൾ — കാൺഫറൻസിൽ സംബന്ധിച്ചവരെപ്പററിയല്ല, ഞാൻപറയുന്നതു എന്നെസംബന്ധിച്ചുപറകയാണ് — വട്ടമേശകാൺഫറൻസിൽ ഞാൻ പങ്കെടുത്തപ്പോൾ എന്റെ മനസ്സിൽ വച്ചുകൊണ്ടിരുന്ന അടിസ്ഥാനതത്വങ്ങൾ പ്രധാനമായി ഇവയാണ്. ഇവ ഒരു പക്ഷത്തു ജന്മിമാരും മറുപക്ഷത്തു കുടിയാന്മാരും അനുഭവിച്ച സങ്കടങ്ങളാണെന്നു ഞാൻ വിചാരിക്കയും ചെയ്യുന്നു. ജന്മിമാരുടെ സങ്കടങ്ങൾ ഇവയായിരുന്നു. നടപ്പിലിരിക്കുന്ന റെഗുലേഷൻ ഉണ്ടായിരുന്നിട്ടും കുടിയാന്മാർ കൊടുക്കുന്നതിനു കടപ്പെട്ടിരിക്കുന്ന പാട്ടഭോഗങ്ങളും വാസ്തവമായിവസൂൽ ചെയ്യുന്നകാര്യത്തിൽ വലുതായവിഷമം അവർ അനുഭവിച്ചുവന്നു. ഇപ്പോൾ ജന്മിമാർക്കു കൊടുത്തുവരുന്ന പലവകയായഭോഗങ്ങളെ നീതീകരിക്കുന്നതിനുള്ളയത്നങ്ങളെപ്പററി വീണ്ടും വാദപ്രതിവാദം ഞാൻ തുടങ്ങുന്നില്ല. അതു പരാതിക്കുകാരണമാണെന്നു നിരീക്ഷിക്കാവുന്നതാണ്. സർവ്വപ്രധാനമായ ഡൊമിനിയൻ ഭരണനില'യെപ്പററിയുള്ള വിളംബരം പ്രസിദ്ധമാക്കിയപ്പോൾ മഹാശയനായ [illegible] പറഞ്ഞതുപോലെ സംഗതികളെ അവ ഇരിക്കുംപ്രകാരമാണ് സ്വീകരിക്കേണ്ടതു്, ഇരിക്കേണ്ടും പ്രകാരമല്ല. [illegible]. ഈഭോഗങ്ങളെ മാമൂൽ അനുവദിച്ചിട്ടുള്ളവയും കോടതികളും ജന്മിമാരും നിർബന്ധിക്കുന്നവയും ആണ്. ആ നിലയെ ഞങ്ങൾ നീതീകരിക്കേണ്ട ആവശ്യമില്ല. അവർ ഈ മാമൂൽ ഭോഗങ്ങളെ നിഷ്കർഷിക്കുന്നു. നേരെമറിച്ചുകുടിയാന്മാർ ആനിലയെ അനുവദിക്കുന്നില്ല, അതിനാൽ ആ ഭോഗങ്ങളെ നിറുത്തലാക്കുന്നതിനു വേണ്ടി അവർ പ്രക്ഷോഭണം നടത്തുന്നു. ഇരുഭാഗത്തേയും വളരെ പറയാൻ കഴിയും. എങ്ങിനെഎങ്കിലും കുടിയാന്മാരിൽനിന്നും ഈ ഭോഗങ്ങളെ വസൂൽ ചെയ്യുന്നസംഗതിയിൽ ജന്മിമാർക്കു വലുതായ പ്രയാസംനേരിടുന്നു. തങ്ങൾക്കുള്ള ഭോഗങ്ങളെ വസൂൽചെയ്യുന്നതിനു പര്യാപ്തമായ വല്ല ഏജൻസിയും സൃഷ്ടിക്കുകയോ വല്ലഏർപ്പാടും ഉണ്ടാക്കുകയോ വേണ്ടതാണ്. ഒരു പക്ഷത്തു് അതായിരുന്നു ജന്മിമാർ അനുഭവിച്ച പ്രധാനവിഷമം. അതുപോലെതന്നെ, ജന്മിമാർ കുടിയാന്മാരുടെമേൽ അനേകകാലങ്ങളിൽ ചുമത്തിയിട്ടുള്ളതും അവയെ നിർവഹിക്കുന്നതിനു അവരാൽ അസാദ്ധ്യമായിരുന്നതും ആയ ഈ എല്ലാക്ലേശാവഹങ്ങളായ കാര്യങ്ങളേയും നിറുത്തലാക്കേണ്ടതാണെന്നും ജന്മിമാർക്കു തങ്ങൾകൊടുക്കേണ്ടുന്നതുകകളെ ക്ലിപ്തപ്പെടുത്തേണ്ടതാണെന്നും കഴിയുന്നിടത്തോളം ജന്മിമാരുടെ ഭോഗങ്ങൾ അവർക്ക് ഉണ്ടാകുന്ന ഭാരത്തെ ദൂരീകരിക്കേണ്ടതാണെന്നും കുടിയാന്മാരുടെ അഭിപ്രായമാണ്. ഞാൻ ഈ തത്വങ്ങളെ മനസ്സിൽ കരുതിക്കൊള്ളുകയും, ഈ തത്വങ്ങളനുസരിച്ചു വട്ടമേശകാൺഫറൻസിലെ ആലോചനകളിൽ പങ്കെടുക്കുകയും ചെയ്തു. ഈ സഭയിൽ ഹാജരാക്കിയിട്ടുള്ള നക്കൽബില്ലിൽ ഓരോപക്ഷത്തും ഉള്ള വിഷമതകളെ പരിഹരിക്കുന്നതിനുവേണ്ടി പരമാർത്ഥമായ യത്നം ചെയ്തിട്ടുണ്ടെന്നു കാണിക്കുകയും ചെയ്യും. കുടിയാന്മാരുടെ സ്ഥിതിനന്നാക്കുന്നതിനു വേറൊരുയത്നവും കഴിച്ചിട്ടുണ്ട്. ഭൂസ്വത്തുടമസ്ഥന്മാർ പാശ്ചാത്യരാജ്യങ്ങളിലും പൌരസ്ത്യരാജ്യങ്ങളിലും സാമാന്യേന അപകൃഷ്ടന്മാരും വാണിജ്യപരന്മാരും ആയിതീർന്നിട്ടുണ്ടെന്നു കേൾവിയുണ്ട്. അങ്ങിനെ ആണെങ്കിൽ അവരെപററി ഉപേക്ഷവിചാരിക്കാത്തതും രാജ്യം ഒട്ടുക്കുള്ള അഭിവൃദ്ധിക്കു അവർ തട

സ്ഥമായിരിക്കുന്നതിനു അനുവദിക്കയില്ലാത്തതും ആണ്. നേരെമറിച്ച്, വേലക്കാരായ കുടിയാന്മാരിൽ നിന്നും ചാർത്തിനുള്ള മാർഗ്ഗമൊ, ഈ ജന്മവസ്തുക്കളിൽ അവരുണ്ടാക്കുന്ന ദേഹണ്ഡങ്ങളുടെ വിലയൊ അവർക്കു നഷ്ടമായിത്തീരുന്നതിനു് ഇടവരുത്തുന്നതും ആണ്. രണ്ടുകൂട്ടർക്കും ആദായമാർഗ്ഗമുണ്ടായിരിക്കുന്നതിനു സഹായിക്കേണ്ടതും ജീവിതത്തിൽ ധനസ്ഥിതിയുടെ തോതു നന്നാക്കേണ്ടതും ആണ്. ഇവയും മനസ്സിൽ കരുതീട്ടുണ്ടായിരുന്നു. ഈ രണ്ടുകാര്യങ്ങളേയും ഒരുവിധം തൃപ്തിയാക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിൽ ഉണ്ട്. അതുകൂടാതെ വേറൊരു യത്നവും ചെയ്തിട്ടുണ്ട്, തൽഫലമായി സഭയുടെ ഈ വശത്തുള്ള മെമ്പർമാർ ഒരുവിധം ഗൗരവമായ വിമർശനം നടത്തുന്നതിനിടയാകയും ചെയ്തു. കുടിയാന തന്റെ വസ്തുവിനേയും വിളവുകളേയും യഥേഷ്ടം കൈകാര്യം ചെയ്യുന്നതിനുള്ള എല്ലാ സ്വാതന്ത്ര്യവും കൊടുത്തിട്ടുണ്ടെങ്കിലും, ജന്മി ഇപ്പോൾ കാണിച്ചുവരുന്നതിലും അധികമായിട്ടു തന്റെ ചുമതലയേയും കൃത്യബോധത്തെയും പററി അയാളെ ഉൽബോധിപ്പിക്കുന്നതിനായിട്ടുള്ള യത്നവും ചെയ്തിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ കുടിയാൻ ഈ കാര്യം ഉപേക്ഷയായി വിചാരിക്കുന്നതിനൊ, അല്ലെങ്കിൽ അലസനായിരിക്കുന്നതിനൊ അനുവദിച്ചുകൂടാ, ഒരു നിശ്ചിതസീമയിലെത്തുമ്പോൾ കുടിശ്ശികകൾ കൊടുത്തുതീർക്കുന്നതിനു ആയാൾക്കു സാധിക്കാതെ വരത്തക്കവണ്ണം കുടിശ്ശികകൾ കൂടിവരുന്നതിനു ഇടയാക്കാതിരിക്കുന്നതിനു കുടിയാനെ പ്രേരിപ്പിക്കുന്നതിലേക്കാണു പിഴചുമത്തുന്ന വകുപ്പു ചേർത്തിട്ടുള്ളതു്. ഈ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട സാമാജികന്മാർ അതിനെ സാരമായി എതിർക്കുകയുണ്ടായി. ഏതായാലും സഭയുടെ ഈ വശത്തുള്ള മെമ്പർമാർ മുമ്പുതന്നെ പ്രകടിപ്പിച്ചതുപോലെ, ആ സംഗതിയാൽ കാൺഫറൻസു പിരിച്ചുവിടുന്നതിനു ഞങ്ങൾക്കു മനസ്സില്ലായിരുന്നു. ഈ നിയമവിധാനം സാധിക്കണമെന്നു ഞങ്ങൾക്കു് ആഗ്രഹം വളരെ കലശലായി ഉണ്ടായിരുന്നു. അതിനാൽ കാൺഫറൻസു പിരിച്ചുവിടുന്നതിനും, പിന്നെയും ജനങ്ങളോടു കാൺഫറൻസു പിരിഞ്ഞുപോയി എന്നും ഈ സഭയിൽ ഒരു ബിൽ കൊണ്ടുവരുന്നതിനു ഇനിയും വേറെ പന്ത്രണ്ടു് വർഷം കഴിയണം എന്നും പറയുന്നതിനു ഞങ്ങൾക്കു് ഒരുക്കമില്ലായിരുന്നു. ഞങ്ങളുടെ അഭിപ്രായം ഈ ബിൽ വളരെ തൃപ്തികരമായ ഒരു നിയമവിധാനം എന്നു വിചാരിക്കപ്പെടുകയില്ല എന്നും, വിചാരിക്കാൻ പാടില്ലാത്തതാണ് എന്നും ആയിരുന്നു. മാററങ്ങൾ ആവശ്യമാണ്. മാററങ്ങൾ ഉണ്ടാകുകയും വേണം. ജന്മിമാർക്കും കുടിയാന്മാർക്കും സഹായമായിരിക്കുന്ന മാററങ്ങൾ ഉണ്ടാക്കുന്നതിനു ഈ സഭ ശ്രമിക്കേണ്ടതാണ് (കേൾപ്പിൻ, കേൾപ്പിൻ), പിന്നെയും, കാൺഫറൻസിൽ ജന്മിമാരും കുടിയാന്മാരും തമ്മിൽ ഭിന്നാഭിപ്രായമുള്ള പ്രധാനസംഗതികൾ മാത്രമെ ആലോചിക്കേണ്ടതുള്ളു എന്നു വിചാരിച്ചിരുന്നു. ഇരുഭാഗക്കാരുടേയും അടിസ്ഥാനങ്ങളുടെയ ഭിന്നതകളെ മററും സംബന്ധിക്കുന്ന പല വിവരങ്ങളും കാൺഫറൻസിൽ തീർച്ചപ്പെടുത്തീട്ടില്ലതന്നെ. ഉദ്ദേശിച്ചിരിക്കുന്ന ഈ നിയമവിധാനം ൧൦൭൧-ാമാണ്ടത്തെ റെഗുലേഷന്റെ ഒരു ഭേദഗതി ബില്ലിന്റെ രൂപത്തിൽ ആയിരിക്കണമെന്നു കാൺഫറൻസിന്റെ അഭിപ്രായമല്ലായിരുന്നു. ഇതു വളരെ സംഗതികളുടെ നിർവ്വചനങ്ങളെ പ്രതിപാദിക്കുന്ന മുഖവുരയായ അദ്ധ്യായം വട്ടമേശകാൺഫറൻസിൽ ആലോചിച്ചതല്ല. നക്കൽബില്ലിൽ കൊടുത്തിട്ടുള്ള ഉദ്ദേശങ്ങളും കാരണങ്ങളും അതിലടങ്ങിയിരിക്കുന്ന ആശയങ്ങളും കാൺഫറൻസിൽ ആലോചിച്ചതല്ല. അതും കൂടാതെ—ഈ സഭയിൽ ഞാൻ വെളിപ്പെടുത്തുന്നതു ശരിയായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു—ബിൽ അവസാനമായി രൂപീകരിക്കുന്നതിനു മുമ്പായിട്ട് അതിനെപ്പററി വിമർശനം നടത്തുന്നതിനു കാൺഫറൻസിനു ഇനിയും ഒരവസരം നൽകുന്നതായിരിക്കുമെന്നു മനസ്സിലാക്കിയുമിരുന്നു. കാൺഫറൻസ് അവസാനത്തെ ദിവസം പിരിഞ്ഞുപോയപ്പോൾ അങ്ങിനെയായിരുന്നു ധരിച്ചിരുന്നതു്, സഭയുടെ ഈ വശത്തുള്ള മെമ്പർമാരെപോലെതന്നെ നക്കൽബില്ലിനെപ്പററി ആലോചിക്കുന്നതിനു കാൺഫറൻസിനു് ഒരവസരവും കൊടുത്തിട്ടില്ല എന്നു കണ്ടതിൽ ഞങ്ങൾക്കും ആശ്ചര്യംതോന്നി. അതിനാൽ സഭ തിരഞ്ഞെടുത്തിട്ടുള്ള മെമ്പർമാരുടെമേൽ, വന്നിട്ടുള്ള ആ ഉപേക്ഷ ചുമത്തിക്കൂടാ. ലാമെമ്പർതന്നെ എല്ലാ ഉപേക്ഷയുടേയും ഭാരം താങ്ങുന്നതിനു തക്ക ധൈര്യമുള്ളവനായിരിക്കണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സഭയുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതിൻ പ്രകാരമുള്ള ഒരു ഭേദഗതി ബിൽ ഒരു നക്കൽ ബില്ലിന്റെ ഉദ്ദേശം സാധിപ്പിക്കുമൊ എന്നു മെമ്പറിൽനിന്നു അറിയാമൊ?

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ചോദ്യം എനിക്കു മനസ്സിലാകുന്നില്ല. തീർച്ചയായിട്ടും ഇല്ല, നേരെമറിച്ചു മി: എ. ജി. മേനോനും ഞങ്ങളും തീർച്ചയാക്കിയതു അതു അശേഷം വ്യത്യസ്തമായ ഒരു റെഗുലേഷൻ ആയിരിക്കണം എന്നായിരുന്നു. അതു നിലവിലിരിക്കുന്ന റെഗുലേഷനെ ഖണ്ഡമായി ഭേദഗതിചെയ്യുന്നതിനു ശ്രമിക്കുന്ന ഒരു ബിൽ ആയിരിക്കരുതെന്നുള്ള സംഗതിയെ ഞാൻ പ്രകടിതമാക്കിട്ടുണ്ട്. അതു ഒരു ജന്മികുടിയാൻ ബിൽ ആയിരിക്കരുതു എന്നും എന്നാൽ അതു തീരെ വ്യത്യസ്തമായ ഒരു ബിൽ ആയിരിക്കണമെന്നും മി: എ. ജി. മേനോൻ ഏകദേശമായ ഒരാശയം പ്രകടിപ്പിക്കയുണ്ടായി. അതാണ് അദ്ദേഹം പറഞ്ഞതെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ ആ സംഗതികൾക്കെല്ലാം ഞങ്ങൾ ഉത്തരവാദികളാകുന്നില്ല. ഈ നക്കൽ ബില്ലിനെ തിരായി കൊണ്ടുവന്നിട്ടുള്ള ആക്ഷേപങ്ങളെ ആലോചിച്ചും ഈ പിഴകളെ ചുമത്തുന്നതു സാക്ഷാൽ സങ്കടഹേതുകമാകുന്നു എന്നു സഭയുടെ ഈ വശത്തുള്ള മെമ്പർമാരോടുയോജിച്ചുംകൊണ്ടു് ഞാൻ ബില്ലിനെ അനുകൂലിക്കേണ്ടിയിരിക്കുന്നു.

പിന്നെയും—ഞാൻ ശരിയാണെന്നു വിചാരിക്കുന്ന കാൺഫറൻസിന്റെ ആലോചനകൾ നടന്നുകൊണ്ടിരിക്കവെ, വളരെ സന്തോഷകരമല്ലാത്ത ഒന്നുരണ്ടു സംഗതികൾ ഉണ്ടായി എന്നറിയുന്നതു് മെമ്പർമാർക്കു നന്നായിരിക്കും. ഒരു മാരാപ്പിലയെപ്പോലെ ഒരു നില അവിടെ കാണുന്നതിനിടയായി. പിന്നെയും ഞങ്ങൾ മാനസ്വീകരണ ന്യായമനുസരിച്ചു ഞങ്ങൾ യോജിക്കയുണ്ടായി. ഞങ്ങൾ അവയെസമ്മതിക്കേണ്ടിവരികയും ബിൽ ഉത്ഭവിക്കയുംചെയ്തു. ആവശ്യമുള്ള എല്ലാമാററങ്ങളും സിലക്ട് കമ്മിററിയിൽ വരുത്താവുന്നതാണു. കഠിനവകുപ്പുകൾ എടുത്തുകളകയോ ഭേദപ്പെടുത്തുകയോ ചെയ്യുകയും കഠിനമായ വാചകങ്ങളുണ്ടെങ്കിൽ അവയെ ശരിപ്പെടുത്തുന്നതിനു ശ്രമിക്കയും ചെയ്യാവുന്നതാണ്: ഈ എല്ലാകാര്യങ്ങളും സിലക്ട് കമ്മററിയിൽ ചെയ്യാവുന്നതാണ്. ഈ വിഷയത്തെപ്പററി കൂടുതലായി പറവാൻ എനിക്കു ആഗ്രഹമില്ല. ഈ വാക്കുകളാൽ ബിൽ ഒരു സിലക്ട് കമ്മററിക്കു് അയക്കുന്നതിനുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പുതിയ ഭേദഗതിബില്ലിനാൽ ഭേദപ്പെടുത്തീട്ടില്ലാത്ത നിലവിലിരിക്കുന്ന റെഗുലേഷന്റെ സ്വതന്ത്ര്യവകുപ്പുകളെ ഭേദപ്പെടുത്തുന്നതിനു സാധിക്കുമൊ എന്നു മെമ്പറിൽ നിന്നു അറിഞ്ഞാൽകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിദ്വാനായ ഡിപ്യൂട്ടി പ്രസിഡന്റു ഈ വിഷയത്തെപ്പറ്റി തന്റെ സമീക്ഷിതമായ അഭിപ്രായം പറഞ്ഞു. അങ്ങിനെയുള്ള ഭേദഗതികൾ ഈ ബില്ലിൽ ചേർക്കുന്നതിനു സിലക്ട് കമ്മറ്റിയുടെ അധികാരാതിർത്തിയിലുൾപ്പെടുന്നതായാൽ അതു ചെയ്യാവുന്നതാണെന്നും ഈ ബില്ലിൽ വേറെ ഏതെങ്കിലും ഭേദഗതിയുണ്ടാകേണ്ടിവന്നാൽ അതു സിലക്ട് കമ്മറ്റിയുടെ അധികാരാതിർത്തിയിലും ഉൾപ്പെടുന്നതാണെന്നും എന്നാൽ പറയാതെ തന്നെ ഭരണതിയും പാടില്ലാത്തതാണെന്നും ആണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. ഈ ബില്ലിനെപ്പറ്റി എനിക്കു യാതൊരു തീർച്ചയായ അഭിപ്രായം പറ്റിയില്ല. അതു ഒരു നൂതനമായ ബില്ലിന്റെ രൂപത്തിൽ വരേണ്ടതായിരുന്നു എന്നാണ് എന്റെ തീർച്ചയായ അഭിപ്രായം. ഞാൻ ഇതിനെ നീതികരിക്കുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മെമ്പറേപ്പോലെ അഭിപ്രായമുണ്ടായിരുന്ന ട്രേഡ്യോകാൺഫറൻസിലെ മററു മെമ്പർമാർ വല്ലവരും ഉള്ളതായി മെമ്പർക്കറിയാമോ എന്നു ഞാൻ ചോദിക്കട്ടെയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെല്ലാം വെളിപ്പെടുത്തുന്നതായാൽ എന്റെ അവകാശങ്ങൾക്കുള്ളിൽ ഞാൻ പ്രവർത്തിക്കുന്നു എന്നു വിചാരിക്കുന്നില്ല. ഈ ഭേദഗതിബില്ലിനെ വാദപ്രതിവാദം ചെയ്യുന്നതിനു എനിക്കു വെളിപ്പെടുത്തുവാൻ കഴിയുന്നതു് എല്ലാം ഇതിനകമായി ഞാൻ പറഞ്ഞിട്ടുണ്ടു്. ഞാൻ തന്നിട്ടുള്ള വിവരം ധാരാളം മതിയാകുമെന്നു ഞാൻ വിചാരിക്കുന്നു.

ഉച്ചയ്ക്കുമേൽ മണി ൪ അടിച്ചു കഴിഞ്ഞിട്ടായപ്പോൾ സഭ പിരിഞ്ഞു.

ടി. പി. രാമസുബ്രഹ്മണ്യയ്യർ,
നിയമസഭാസെക്രിട്ടറി.

അനുബന്ധം എ

തിരുവിതാംകൂർ ഭൂമിസംരക്ഷണ റെഗുലേഷൻ ഭേദഗതിബില്ലിനെ സംബന്ധിച്ചുള്ള
സെലക്ട് കമ്മററിയുടെ റിപ്പോർട്ട്.

ഭൂമി സംരക്ഷണറെഗുലേഷൻ ഭേദഗതി ബില്ലിനെപ്പററി പര്യാലോചിക്കുന്നതിനു നിയമിച്ചിട്ടുള്ള സെലക്ട് കമ്മററിയിലെ താഴെ ഒപ്പുവെച്ചിട്ടുള്ള അംഗങ്ങളായ ഞങ്ങൾ, ഞങ്ങളാൽ ഭേദപ്പെടുത്തപ്പെട്ട ബിൽ അനുബന്ധമായി ചേർത്തുകൊണ്ടു് താഴെ പറയുന്ന റിപ്പോർട്ടിനെ സമർപ്പിച്ചുകൊള്ളുന്നു.

അനുബന്ധം ബി.

ഭൂമിസംരക്ഷണ റെഗുലേഷൻ ഭേദഗതിബിൽ,
സെലക്ട് കമ്മിററി ഭേദപ്പെടുത്തിയതു്
൧൧൧൬-ലെ ൪-ാം നമ്പരായ ഭൂമിസംരക്ഷണ റെഗുലേഷൻ
ഭേദപ്പെടുത്താനുള്ള ഒരു ബില്ല്.

൧൧൧൬-ലെ ഭൂമിസംരക്ഷണറെഗുലേഷൻ (൧൧൧൬-ലെ ൪-ാം നമ്പർ) താഴെപറയുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും.

൧. (൧) ഈ റെഗുലേഷൻ ൧൧൨ -ലെ ഭൂമിസംരക്ഷണ (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കപ്പെടാവുന്നതാണ്.

(൨) ഇതു ൧-ാംനു നടപ്പിൽ വരുന്നതാകുന്നു.

൧൪-ാമത്തെ വകുപ്പിനു പകരം പുതിയവകുപ്പു ചേർക്കുക.

൨. ൧൧൧൬-ലെ ഭൂമിസംരക്ഷണ റെഗുലേഷനിൽ (൧൧൧൬-ലെ ൪-ാംനമ്പർ) ൧൪-ാമത്തെ വകുപ്പിനു പകരം താഴെപറയുന്നതു ചേർക്കേണ്ടതാകുന്നു:—

അപ്പീലും പരിശോധനയും.

"൧൪. (൧) ഈ റെഗുലേഷൻപ്രകാരം ഒരു ഡിവിഷൻപേഷ്കാർ ചെയ്തിട്ടുള്ള ഏതെങ്കിലും തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഭൂമികൃതിയും ആദായനികുതിയും കമ്മീഷണരുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു.

(൨) ൧൩-ാം വകുപ്പിൻപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥന്റെ തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഉള്ള ഒരു അപ്പീൽ ഡിവിഷൻപേഷ്കാരുടെ മുമ്പാകെ ബോധിപ്പിക്കാവുന്നതാണെന്നു നമ്മുടെ ഗവണ്മെന്റുഗസററിൽ പരസ്യം ചെയ്തു നമ്മുടെ ഗവണ്മെന്റിനു നിർദ്ദേശിക്കാവുന്നതാണു.

(൩) ഒരു അപ്പീലുത്തരവു് ബാധിക്കുന്ന കക്ഷിയെ മുൻകൂട്ടി അറിയിക്കാതെ അപ്രകാരമുള്ള യാതൊരു ഉത്തരവും ചെയ്യാൻ പാടുള്ളതല്ല.

(൪) ഭൂനികുതിയും ആദായനികുതിയും കമ്മിഷണരുടേയോ ഒരു ഡിവിഷൻപേഷ്കാരുടേയോ അപ്പീൽ തീരുമാനത്തിന്മേലൊ അപ്പീലുത്തരവിന്മേലൊ യാതൊരപ്പീലും ചെയ്യാൻ പാടുള്ളതല്ല.

(൫) ഈ റെഗുലേഷൻപ്രകാരം ഏതെങ്കിലുമൊരു കീഴുദ്യോഗസ്ഥൻ ചെയ്തിട്ടുള്ള വല്ല തീരുമാനത്തെയോ ഉത്തരവിനേയോ ഭിവാനോ ഭൂനികുതിയും ആദായനികുതിയും കമ്മിഷണരോ പരിശോധിക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്".

എന്നാൽ കീഴുദ്യോഗസ്ഥന്റെ തീരുമാനത്തെയോ ഉത്തരവിനെയോ നിരാകരിക്കുന്നതോ ഭേദപ്പെടുത്തുന്നതോ ആയ യാതൊരുത്തരവും ആ ഉത്തരവുബാധിക്കുന്ന കക്ഷിക്കുമുൻകൂട്ടിയുള്ള അറിയിപ്പു കൊടുക്കാതെ ചെയ്യാവുന്നതല്ല.

"വിവരണം:—ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ ഏതെങ്കിലും തീർച്ചയോ ഉത്തരവോ കൂടി റിവിഷൻ പരിശോധിക്കാവുന്നതാകുന്നു,,

(൩) ഈ റെഗുലേഷൻ അനുസരിച്ചുള്ള ഏതെങ്കിലും അപ്പീലോ പരിശോധനാഹർജിയോ തീരുമാനിക്കുന്നതുവരെ എതിരായി അപ്പീൽ ചെയ്യപ്പെട്ടതോ, ഹർജി അയക്കപ്പെട്ടതോ ആയ ഉത്തരവു നടത്തുന്നതിനെ കാര്യത്തിന്റെ അവസ്ഥപോലെ, അപ്പീൽമേലധികാരിക്കോ പരിശോധനാധികാരിക്കോ നിറുത്തിവയ്ക്കാവുന്നതാണ്"

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

അനുബന്ധം സി.

തിരുവിതാംകൂർ റെവന്യൂസമൺസ് റെഗുലേഷൻ ഭേദഗതി ബിൽ സംബന്ധിച്ചുള്ള
സെലക്ട് കമ്മിററിയുടെ റിപ്പോർട്ട്.

റെവന്യൂസമൺസ് റെഗുലേഷൻ ഭേദഗതി ബില്ലിനെപ്പററി പര്യാലോചനചെയ്യുന്നതിന് നിയമിച്ചിട്ടുള്ള സെലക്ട് കമ്മിററിയിലെ താഴെ ഒപ്പുകൾ ഇട്ടിട്ടുള്ള അംഗങ്ങളായ ഞങ്ങൾ താഴെ പറയുന്ന റിപ്പോർട്ടിനെ സമർപ്പിച്ചുകൊള്ളുന്നു.

൧. ഞങ്ങൾ ബില്ലിനെപ്പററി പര്യാലോചനചെയ്തു നിർദ്ദേശിക്കുന്നതിനു ഞങ്ങൾക്ക യാതൊരു ഭേദഗതിയും ഇല്ല. ബിൽ പാസാക്കുന്നതിനു ഞങ്ങൾ ശിപാർശചെയ്യുന്നു.

൨. ബിൽ വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ട ആവശ്യമില്ല.

എസ്. സി. എച്ച്. റാബിൻസൺ	(ഒപ്പ്)	മാത്യു മുരിക്കൻ	(ഒപ്പ്)
ആർ. രാമൻപിള്ള	(ഒപ്പ്)	എ. താണുപിള്ള	(ഒപ്പ്)
എൻ. ആർ. കൃഷ്ണൻ	(ഒപ്പ്)	കെ. പരമേശ്വരൻപിള്ള	(ഒപ്പ്)
ജി. പി. നീലകണ്ഠപ്പിള്ള	(ഒപ്പ്)	ടി. പി. രാമസുബ്ബയ്യർ	(ഒപ്പ്)

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൨൯ ജൂലായി ൧൯-നു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

അനുബന്ധം ഡി.

റെവന്യൂസമൻസ് റെഗുലേഷൻ ഭേദഗതി ബിൽ.
[സിലക്ട് കമ്മിററി ഭേദപ്പെടുത്തിയത്.]

൧൦൯൪-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൨-ലെ ൫-ാം നമ്പരായ റെവന്യൂസമൻസ് റെഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരുബിൽ.

പീഠിക. ൧൦൯൪-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൨-ലെ ൫-ാം നമ്പരായ റെവന്യൂസമൻസ് റെഗുലേഷനെ താഴെപ്രസ്താവിക്കുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട്, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും. ൧. (എ) ഈ റെഗുലേഷനെ ൧൧൦൫-ലെ റെവന്യൂസമൻസ് (ഭേദഗതി) റെഗുലേഷൻ എന്നുവിളിക്കുന്നതും,

(ബി) ഇതു ഉടൻതന്നെ നടപ്പിൽവരുന്നതും ആകുന്നു.

൭-ാംവകുപ്പിന്റെ ഭേദഗതി. ൨. (എ) ൧൦൯൪-ലെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൨-ലെ ൫-ാംനമ്പരായ റെവന്യൂസമൻസ് റെഗുലേഷനിലെ (ഇനിമേൽ മേല്പടിറെഗുലേഷൻ എന്നു പറയപ്പെടും) ൭-ാം വകുപ്പിനെ ൭-ാംവകുപ്പിന്റെ (൧)-ാംഉപവകുപ്പായി വീണ്ടും നമ്പരിടുകയും,

(ബി) ഇപ്പോൾ ഉള്ള വിവരണത്തിനു പകരം താഴെപറയുന്നതിനെ (൨)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യണം.

അതായതു:—

"(൨). (൧)-ാംഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഉത്തരവിട്ട ഉദ്യോഗസ്ഥന്റെ അടുത്തമേലധികാരി ഇന്നാരാണെന്നു നമ്മുടെ ഗവർമ്മെന്റിനു പ്രഖ്യാപനം ചെയ്യാവുന്നതും, അപ്രകാരം യാതൊരു പ്രഖ്യാപനവും ചെയ്യാത്തപക്ഷം, തഹശീൽദാർ, ഡിവിഷൻപേഷ്കാർ, ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ എന്നിവരെ സംബന്ധിച്ചിടത്തോളം, തഹശീൽദാർ ഡിവിഷൻപേഷ്കാരുടെ അടുത്തു താഴെയും, ഡിവിഷൻ പേഷ്കാർ ഭൂനികുതിയും ആദായനികുതിയും കമ്മിഷണരുടെ അടുത്തുതാഴെയും ആയി ഗണിക്കേണ്ടതും ആകുന്നു.

൧൦-ാം വകുപ്പിന്റെ ഭേദഗതി. ൩. (എ) മേല്പടി റെഗുലേഷൻ ൧൦-ാം വകുപ്പിലെ രണ്ടാമത്തെവാചകം വിട്ടുകളയുകയും,

(ബി) താഴെ പറയുന്നതിനെ ഒരു "വിവരണ"മായി ചേർക്കുകയും ചെയ്യണം; അതായതു:—

"വിവരണം—അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകളിന്മേലുള്ള അപ്പീലുകളെ സംബന്ധിച്ചു അപ്പീൽ മേലധികാരികളുടെ വിഷയത്തിൽ ൭-ാം വകുപ്പിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതാണ്".

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാ സെക്രട്ടറി.

അനുബന്ധം ഇ.

൧൦൭൧-ലെ ൫-ാം റെഗുലേഷനായ ൧൦൭൧-ലെ തിരുവിതാംകൂർ ജന്മികുടിയാൻ റെഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

൧൦൭൧-ലെ ൫-ാം റെഗുലേഷനായ ൧൦൭൧-ലെ തിരുവിതാംകൂർ ജന്മികുടിയാൻ റെഗുലേഷനെ താഴെ പ്രസ്താവിക്കുന്ന സംഗതികൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട് ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

I. (എ) "൧൧൦൮-ലെ തിരുവിതാംകൂർ ജന്മികുടിയാൻ (ഭേദഗതി) റെഗുലേഷൻ" എന്ന ഈ റെഗുലേഷനെ വിളിക്കപ്പെടാവുന്നതാണ്.

(ബി) ഇതു് ഉടൻതന്നെ നടപ്പിൽ വരുന്നതാകുന്നു.

II. ൧൦൭൧-ലെ ൫-ാം റെഗുലേഷനായ ൧൦൭൧-ലെ തിരുവിതാംകൂർ ജന്മികുടിയാൻ റെഗുലേഷൻ, ഇതിനു താഴെ മേൽപറഞ്ഞ റെഗുലേഷൻ എന്നു പറയുന്നതാണ്. ൧-ാം വകുപ്പിലെ ക്ലിപ്തത്തിൽ വരുന്ന "൭-ാംവകുപ്പിലെ ൨-ാം ഖണ്ഡിക" എന്ന വാക്കുകളും അക്കങ്ങളും വിട്ടുകളയണം.

III. മേല്പറഞ്ഞ റെഗുലേഷനിലെ ൨-ാം വകുപ്പിൽ—

(എ) ൧-ാം ഖണ്ഡത്തിൽ വരുന്ന "അതാതുകാലത്തിൽ അവകാശം പൊളിച്ചെഴുതികിട്ടുന്നതിനും" എന്ന വാക്കുകൾ വിട്ടുകളയണം.

(ബി) ൯-ാംഖണ്ഡത്തിൽ വരുന്ന "കൊള്ളിച്ചിട്ടുള്ള" 'കരം എന്നീവാക്കുകളുടെ മദ്ധ്യേ "ആണ്ടേക്കുള്ള" എന്ന വാക്കു ചേർക്കണം.

(സി) ൧൦-ാംഖണ്ഡത്തിൽ വരുന്ന 'ആണ്ടുതോറും' എന്ന വാക്ക വിട്ടുകളയണം.

(ഡി) ൧൧-ാ ഖണ്ഡത്തിനു പകരം താഴെ പറയുന്നതു് ചേർക്കണം, അതായതു്:—

(൧൧) 'പൊളിച്ചെഴുത്തുഫീസ്' എന്നാൽ കാണപ്പാട്ടം പൊളിച്ചെഴുതേണ്ട കാലങ്ങളിൽ അതാതു കാലത്തേക്കു ജന്മിക്ക് കുടിയാൻ കൊടുക്കാമെന്നു കരാറു ചെയ്തിട്ടുള്ള അടുക്കുവച്ചു്, സാക്ഷി, ഒപ്പുതുശി അല്ലെങ്കിൽ ഇതുപോലെയുള്ളഫീസ് എന്നർത്ഥമാകുന്നതും ഓരോ പന്ത്രണ്ടു കൊല്ലത്തിന്റെയും അവസാനത്തിൽ ചെല്ലേണ്ടതായ പൊളിച്ചെഴുത്തുഫീസിന്റെ മൊത്തംവിലയുടേയോ തുകയുടേയോ ഏഴുശതമാനം വീതം ഭേദഗതി റെഗുലേഷൻ നടപ്പാകുന്നതിൽ പിന്നീടു ആണ്ടുതോറുമുള്ള തവണകളിലേയോ ഇതിനേക്കാൾ ക്ലുപ്തമായി വല്ല കാലാവധിയും കഴിയുമ്പോൾ പൊളിച്ചെഴുതണമെന്നു കാണപ്പാട്ടത്തിൽ വ്യവസ്ഥചെയ്തിരിക്കുമ്പോൾ അതിന്നനുരൂപമായി കുറഞ്ഞതാതമാനത്തിൽ ആണ്ടുതോറുമുള്ള തവണകളിലായോ കൊടുക്കേണ്ടിവരുന്ന അംശമായിട്ടുള്ളഫീസു ഉൾപ്പെടുന്നതും ആകുന്നു. 'ആണ്ടംശമായികൊടുക്കുന്നഫീസ്' കാര്യത്തിന്റെ അവസ്ഥപോലെ, ഓരോ പന്ത്രണ്ടു കൊല്ലമോ അതിനേക്കാൾ ദീർഘതരമായ കാലാവധിയോ അവസാനിക്കുമ്പോൾ കൊടുക്കേണ്ട പൊളിച്ചെഴുത്തു ഫീസിനു പകരമായ തുകയായി ഗണിക്കേണ്ടതും ആകുന്നു.

വിവരണം:—ഒരു പുത്തൻ അന്തരപ്പൊളിച്ചെഴുത്തിനായോ (ജന്മിയോ കുടിയാനോ മരിച്ചതിന്മേൽ നടത്തുന്നപൊളിച്ചെഴുത്തു്) ഒരു ക്ഷേത്രത്തെ നവീകരിക്കുമ്പോൾ പൊളിച്ചെഴുതുന്നതിനായോ കാണപ്പാട്ടത്തിൽ വ്യവസ്ഥചെയ്തിരിക്കുമ്പോൾ ആകട്ടെ ഏതുകാലാവധി അവസാനിക്കുമ്പോൾ പൊളിച്ചെഴുത്തു നടത്തിക്കേണമെന്നു ആ കാലാവധിയുടെ ദൈർഘ്യത്തെപ്പറ്റി ന്യായമായ സംശയം ആ ആധാരത്തിലെ വാചകത്തിൽ നിന്നു ജനിക്കുമ്പോൾ ആകട്ടെ ഓരോ മുപ്പത്താറുകൊല്ലം അവസാനിക്കുമ്പോൾ പൊളിച്ചെഴുതണമെന്നു കക്ഷികൾ ഉദ്ദേശിച്ചിരിക്കുന്നതായും കരാർചെയ്തിരിക്കുന്നതായും ഗണിക്കേണ്ടതാകുന്നു.

(ഇ) ൧൨-ാം ഖണ്ഡത്തിനുപകരം താഴെ പറയുന്നതു ചേർക്കണം, അതായതു്:—

(൧൨) 'നടപ്പവകാശങ്ങൾ' എന്നാൽ ഒരു കാണപ്പാട്ടത്തിലെ വ്യവസ്ഥകൾ അനുസരിച്ചു കുടിയാൻ ജന്മിക്കു വരികളും വിശേഷാദായങ്ങളും കൊടുക്കേണ്ടതായിട്ടുള്ളപ്പോൾ (i) ഓണക്കാഴ്ച, പണ്ടാരഫലം, ഉത്സവക്കോപ്പു്, അല്ലെങ്കിൽ അതുപോലെ ആണ്ടുതോറുമോ നിശ്ചിതതീയതികളിലായി കാലന്തോറുമോ ചെല്ലേണ്ടതായുള്ളവയും (ii) ആറുകാഴ്ച, കലശവരി, എന്നതുപോലെ നിയതകാലന്തോറും ചെല്ലേണ്ടതും എന്നാൽ ക്ലിപ്തമായിട്ടുള്ളതെന്നോ വരികിലും മുൻകൂട്ടി ഇത്രയാണെന്നു നിശ്ചയിക്കാൻ പാടില്ലാത്തവയും ആയ അവകാശങ്ങൾ ഉൾപ്പെടുന്നതായ വരികളോ വിശേഷാദായങ്ങളോ എന്നർത്ഥമാകുന്നു.

"വിലത്തരമാവരി" എന്നാൽ ഈ ഭേദഗതിറെഗുലേഷൻ നടപ്പായതിൽപിന്നീടു ജന്മി ആണ്ടുതോറും അവകാശപ്പെടാവുന്നതായി താഴെ വിവരിച്ചിരിക്കുന്നവിധത്തിൽ കണക്കുകൂട്ടി നിർണ്ണയിച്ചിട്ടുള്ള വല്ല നടപ്പവകാശങ്ങളുടേയും പണമാക്കപ്പെട്ടിട്ടുള്ള വില എന്നു അർത്ഥം ആകുന്നു, അതായതു്:

(i) ഒരു ജന്മിക്കു കലശവരിക്കു് അവകാശം ഉണ്ടായിരിക്കുമ്പോൾ, ഒരു കലശവരിയുടെ അഞ്ചു ശതമാനത്തിനു ആണ്ടുതോറും അയാൾക്കു് അവകാശമുണ്ടു്, എന്നു വിചാരിക്കേണ്ടതാകുന്നു;

(ii) ഒരു ജന്മിക്കു ആറുകാഴ്ചയ്ക്കു് അവകാശം ഉള്ളപ്പോൾ, ഒരു ആറുകാഴ്ചയുടെ ൧൬ ശതമാനത്തിനു ആണ്ടുതോറും അയാൾക്കു അവകാശമുണ്ടു് എന്നു വിചാരിക്കേണ്ടതാകുന്നു;

(iii) ഒരു ജന്മിക്കു മററു അവകാശങ്ങളോ വരികളോ അവകാശപ്പെടാമെന്നുള്ളപ്പോൾ അപ്രകാരമുള്ള അവകാശങ്ങളുടേയോ വരികളുടേയോ ആണ്ടേക്കുള്ള വില കണക്കുകൂട്ടി നിർണ്ണയിക്കേണ്ടതാകുന്നു;

(iv) ഇങ്ങനെയായി കൊടുക്കേണ്ടതായ വല്ല അവകാശത്തിന്റെയോ വരിയുടേയോ വില നിശ്ചയിക്കുന്നതിൽ കാണപ്പാട്ടക്കരാറിൽ വിവരിച്ചിരിക്കുന്നതോ അതാതു സ്ഥലത്തുള്ള പതിവുനിരക്കിനു യോജിച്ചതാണെന്നു കണ്ടെത്തപ്പെട്ടിട്ടുള്ളതോ ആയ വിലത്തരത്തിൽ ഏതു കുറഞ്ഞതോ അതിനെ പ്രമാണമായി സ്വീകരിക്കേണ്ടതാകുന്നു;

(v) (i) മുതൽ (iv) വരെ ഖണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രകാരം കണക്കുകൂട്ടിയതിൽ ജന്മിക്കു ആണ്ടുതോറും ചെല്ലേണ്ടതായി നിർണ്ണയിച്ചിട്ടുള്ള അവകാശങ്ങളുടെ ആകട്ടെ വരികളുടെ ആകട്ടെ വിലകളുടേയോ തുകകളുടേയോ ആകത്തുകയെ ഒരു നിർണ്ണിഷ്ടസംഖ്യയിൽ 'വിലത്തരമായി' ഗണിക്കേണ്ടതാകുന്നു,

(എഫ്) ൧൪-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡങ്ങളെ ചേർക്കണം, അതായതു്:

(൧൫) 'ജന്മിക്കരം' എന്നാൽ അംശമായി കൊടുക്കുന്നഫീസ്, വിലത്തരം, മിച്ചവാരം എന്ന ഇനങ്ങളിലായി ജന്മിക്കു അവകാശപ്പെടാവുന്ന എല്ലാമോ വല്ലതുമോ എന്നർത്ഥമാകുന്നതും അവ ഉൾപ്പെടുന്നതും ആകുന്നു.

(൧൬) 'ചിലവുനീക്കിയുള്ള വിളവു്' എന്നാൽ വല്ല ഭൂമിയിലേയും മൊത്തം വിളവിൽനിന്നു കൃഷിച്ചിലവിനും ആ ഭൂമിയിൽ ചുമത്തിയിട്ടുള്ള സർക്കാർകരമൊ വരികളോ വല്ലതുമുണ്ടെങ്കിൽ അവയ്ക്കും, തുല്യമായി വിലയുള്ള ഓഹരി കുറച്ചതിന്റെശേഷം ബാക്കിവരുന്നതു് എന്നർത്ഥമാകുന്നതും അപ്രകാരമുള്ള ബാക്കിയുടെ വില അതിൽ ഉൾപ്പെടുന്നതും ആകുന്നു.

(൧൭) 'ചിലവുനീക്കി ആണ്ടേക്കുള്ള ശരാശരി-വിളവു്' എന്നാൽ ആ വിളവു നിർണ്ണയിക്കുന്നതിനുള്ള തീയതിക്കു് അടുത്ത മുമ്പിലുള്ള പത്തു കൊല്ലത്തിൽ കുറയാത്ത കാലത്തേക്കു ഓരോ ആണ്ടിലേയും ചിലവു നീക്കിയുള്ള വിളവു കണക്കുകൂട്ടി ഒരാണ്ടേക്കു ശരാശരി കിട്ടുന്ന ചിലവു നീക്കിയുള്ള വിളവു് എന്നു് അർത്ഥമാകുന്നു,

(൧൮) 'ആദായത്തിന്റെ ഏററവും കുറഞ്ഞ അതിര്' എന്ന പദം ഒരു കുടിയാനേയും അയാളുടെ കാണവസ്തുവിനേയും സംബന്ധിച്ച് പ്രയോഗിക്കുമ്പോൾ അയാളുടെ വസ്തുവിൽനിന്ന് ആണ്ടേക്കുള്ള ചിലവുനീക്കി കിട്ടുന്ന ശരാശരി കുറഞ്ഞ ആദായത്തിൽനിന്ന് കുടിയാനു അവകാശപ്പെടാവുന്നതായ ഭാഗം എന്ന് അർത്ഥമാകുന്നതും ആ ഭാഗം വസ്തു നിലമായിരിക്കുമ്പോൾ അപ്രകാരമുള്ള ആണ്ടേക്കുള്ള ചിലവുനീക്കികിട്ടുന്ന ശരാശരി വിളവിന്റെ അൻപത്തിഅഞ്ചു ശതമാനമോ അല്ലെങ്കിൽ, ആ വസ്തു മററുവല്ല വിധത്തിലായിരിക്കുമ്പോൾ അപ്രകാരമുള്ള ആണ്ടേക്കുള്ള ചിലവുനീക്കിക്കിട്ടുന്ന ശരാശരി വിളവിന്റെ അറുപതു ശതമാനമോ ആയിരിക്കുന്നതും ആകുന്നു.

(൧൯) 'തടിവൃക്ഷങ്ങൾ' എന്നാൽ നമ്മുടെ സർക്കാർ ഗസററിൽ പരസ്യംചെയ്തു നമ്മുടെ ഗവണ്മെൻറ് അതാതുകാലം തടിവൃക്ഷങ്ങളായി നിശ്ചയിച്ചിരിക്കുന്ന വൃക്ഷങ്ങൾ എന്ന് അർത്ഥമാകുന്നു.

(൨൦) 'നിശ്ചയിച്ച' എന്നതിനു നമ്മുടെ സർക്കാർ ഗസററിൽ പരസ്യംചെയ്തു നമ്മുടെ ഗവണ്മെൻറ് അതാതുകാലം നിശ്ചയിച്ച എന്ന് അർത്ഥമാകുന്നു.

(൨൧) 'ഭേദഗതി റഗുലേഷൻ' എന്നാൽ ൧൧൦൦-ലെ തിരുവിതാംകൂർ ജന്മികുടിയാൻ (ഭേദഗതി) റഗുലേഷൻ എന്ന് അർത്ഥമാകുന്നു.

IV. മേല്പറഞ്ഞ റഗുലേഷന്റെ ൬ മുതൽ ൧൪ വരെയുള്ള വകുപ്പുകൾക്കു പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കണം, അതായതു്:—

൬. വിപരീതമായ വല്ല നടപ്പോ കരാറോ ഉണ്ടായിരുന്നാലും, യാതൊരു കുടിയാൻ അയാളുടെ വസ്തുവിനേയോ അതിന്റെ ഒരു അംശത്തേയോ വിട്ടൊഴിയുന്നതിനോ വിട്ടൊഴിയുന്നതിന് അനുവാദത്തിനായി അപേക്ഷിക്കുന്നതിനോ അവകാശം ഇല്ലാത്തതും ഒരു കുടിയാനെ അയാളുടെ വസ്തുവിലോ അതിൽ വല്ല അംശത്തിലൊ നിന്ന് ഒഴിപ്പിക്കുന്നതിനോ ഒഴിപ്പിക്കുന്നതിനായി വ്യവഹാരപ്പെടുന്നതിനൊ യാതൊരു ജന്മിക്കും അവകാശമില്ലാത്തതും ആകുന്നു.

എന്നാൽ ഈ ഭേദഗതി റഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപു് ൧൦൯൬-ാമാണ്ടത്തെ ൪-ാം റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു കൊടുത്ത അപേക്ഷയിന്മേലൊ വ്യവഹാരത്തിന്മേലൊ ഉണ്ടായ വല്ല ഉത്തരവിനേയോ വിധിയേയോ ഈ നിരോധനം ബാധിക്കുന്നതല്ല.

൭. ഒരു വസ്തുവിലെ എല്ലാ ഭൂമിയിലുമുള്ള ജന്മിയുടെ അവകാശവും അതുപോലെതന്നെ അതിലെ കുടിയാന്റെ അവകാശവും പിൽതുടർച്ചയായി ചെല്ലുന്നതായി മാത്രമല്ലാ വില്പനയാലോ ദാനത്താലൊ മററു വിധത്തിലൊ കൈമാററം ചെയ്യാവുന്നതായും ഉള്ള സ്ഥാവരവസ്തുവായി ഗണിക്കേണ്ടതാകുന്നു.

൮. (എ) വിരുദ്ധമായി വല്ല നടപ്പും കരാറൊ ഉണ്ടായിരുന്നാലും, ജന്മിയോടു അഭിപ്രായം ചോദിക്കാതേയും അയാൾ ഇടപെടാതേയും ഓരോ കുടിയാനും അയാളുടെ വസ്തുവിലുള്ള ഭൂമി ഏതുതരത്തിൽ ഉപയോഗിക്കുന്നതിനും, നിലം പുരയിടമായി മാററിയോ പുരയിടം നിലമായി മാററിയൊ അല്ലെങ്കിൽ മററുവല്ല വിധത്തിലൊ അതിന്റെ സ്വഭാവത്തെ മാററുന്നതിനും, അടുത്തു പറയുന്നതായ ക്ലിപ്തത്തിനുൾപ്പെട്ടു് അതിൽ നിൽക്കുന്ന വൃക്ഷങ്ങൾ വെട്ടി എടുത്തുകൊള്ളുന്നതിനും, അതിനെ സംബന്ധിച്ചുള്ള കൃഷിയുടെ സമ്പ്രദായത്തെ മാററുന്നതിനും, ചുരുക്കിപ്പറയുന്നതായാൽ, ആ ഭൂമിയിൽ വല്ലതും ചെയ്യുകയോ ചെയ്യിക്കാൻ സമ്മതിക്കുകയോ ചെയ്യുന്നതിനും അവകാശം ഉണ്ട്.

എന്നാൽ ജന്മിയുടെ സമ്മതം കൂടാതേയോ അല്ലെങ്കിൽ അങ്ങനെയുള്ള സമ്മതം ഇല്ലാതിരിക്കുമ്പോൾ അയൽവാസ്സും ജന്മിക്കു ൧൫ ദിവസത്തിനുമുൻപു് രജിസ്റ്റർ നോട്ടീസ് കൊടുക്കാതേയൊ ഭേദഗതി റഗുലേഷൻ നടപ്പിലാകുന്ന തീയതി വസ്തുവിൽ നിൽക്കുന്നതും നന്നുഇഞ്ചിൽ കുറയാതെ വണ്ണമുള്ളതും ആയ തടി വൃക്ഷങ്ങൾ കുടിയാൻ മുറിക്കുവാൻ പാടില്ലാത്തതും അങ്ങനെയുള്ള ഏതെങ്കിലും വൃക്ഷം കുടിയാൻ മുറിക്കുന്നതായാൽ മുറിക്കുന്നതിനുള്ള ചിലവുനീക്കി വൃക്ഷത്തിന്റെ വില, നാലിൽ മൂന്നുഭാഗം ജന്മിക്കും നാലിൽ ഒരുഭാഗം കുടിയാനും എന്ന കണക്കനുസരിച്ച ജന്മിയുടേതും കുടിയാന്റേതുമായിരിക്കും.

വിവരണം—൧. ജന്മിക്കു മേലാൽ വസ്തുവിൽ നില്ക്കുന്നതായ യാതൊരു വൃക്ഷങ്ങളും മുറിക്കുന്നതിന് അവകാശമില്ലാത്തതാകുന്നു.

വിവരണം—൨. മേല്പറഞ്ഞ കണ്ഡത്തിൽ ഉദ്ദേശിച്ചിരിക്കുന്നതായ ഏതെങ്കിലും തടി വൃക്ഷം മുറിക്കുമ്പോൾ, തടിയോ അതിന്റെ വിലയോ ഭാഗിക്കുന്ന കാര്യത്തിൽ ജന്മിയും കുടിയാനും യോജിക്കാതെ വരുന്നുഎങ്കിൽ അവർതമ്മിൽ ജന്മിയോ കുടിയാനോ ആരാണ് കൂടുതൽ വിലകൊടുക്കാൻ തയ്യാറാകുന്നതു് ആ കക്ഷിക്കു തടി എടുക്കാവുന്നതും മററകക്ഷിക്കു ആ വിലയിൽ അയാളുടെ ഭാഗം പണമായിട്ടു കൊടുക്കേണ്ടതുമാകുന്നു.

൯. വിപരീതമായി വല്ല നടപ്പോ കരാറൊ ഉണ്ടായിരുന്നാലും, ജന്മിയുടെ അഭിപ്രായം ചോദിക്കാതേയും അയാൾ ഇടപെടാതേയും ഓരോ കുടിയാനും അയാളുടെ വസ്തുവിനെ സംബന്ധിച്ച് ഏതുവിധം മെഹന്ദും ചെയ്യുന്നതിനും അവകാശം ഉള്ളതും അപ്രകാരം ചെയ്യുന്നതു നിമിത്തം വിളവിൽ വല്ല കൂടുതലൊ വിളയിക്കുന്ന സാധനത്തിന്റെ തരത്തിൽ വല്ല മാററമൊ ഉണ്ടാകുന്നതുകൊണ്ടു മുമ്പിലത്തേക്കാൾ കൂടുതൽ മിച്ചവാരം കൊടുക്കുന്നതിന്, ഈ റഗുലേഷനിൽ മററുവിധത്തിൽ വ്യക്തമായി വ്യവസ്ഥചെയ്തിട്ടുള്ളേടത്തോളം ഒഴികെ, യാതൊരുകുടിയാനും ബാദ്ധ്യസ്ഥനായിരിക്കുന്നതും അല്ല.

എന്നാൽ തരിശുഭൂമിയൊ അല്ലെങ്കിൽ പയററുപാട്ടം മാത്രം പാട്ടമുള്ളതായ ഭൂമിയൊ നിലമാക്കിയാൽ കൃഷിചെയ്യുന്ന വസ്തുവിന്റെ വിസ്തീർണ്ണതയിൽ കൂടുതൽ ഉണ്ടായിരുന്നാൽ എങ്ങനെയൊ അതുപോലെ പാട്ടംവർദ്ധിപ്പിക്കുന്നതിന് അത് ഒരു കാരണമായിരിക്കും.

൧൦. ഒരു വസ്തുവിന്റെ ജന്മികരം, അതു കുടിശികയാകുമ്പോൾ ചെല്ലേണ്ടതായിവരുന്ന പലിശയും പിഴ ഉണ്ടെങ്കിൽ അതുംകൂടി, ജന്മിക്ക് അവകാശപ്പെടാവുന്നതും, നമ്മുടെ ഗവണ്മെൻറിന്റെ അവകാശങ്ങൾക്കുള്ള മുന്നവകാശത്തിനുൾപ്പെട്ട കുടിയാന്റെ വസ്തുവിന്മേലുള്ള ഒന്നാമത്തെ കടബാദ്ധ്യതയായിരിക്കുന്നതും ആകുന്നു.

൧൦. (൧) വല്ല വസ്തുവിലും ജന്മിക്കുള്ള അവകാശത്തെ വില്പനയാലൊ ദാനത്താലൊ മറവല്ലവിധത്തിലൊ കുടിയാന്റെ സമ്മതംകൂടാതെ കൈമാറിയിരിക്കുമ്പോൾ കൈമാറിക്കൊടുത്തവനൊ കൈമാറിക്കിട്ടിയവനൊ കൈമാററത്തിന്റെ വിവരത്തിനു ജന്മിക്കരം കൊടുക്കുന്നതിനുമുമ്പെ കുടിയാനെ അറിയിച്ചിട്ടില്ലെങ്കിൽ ആ കൈമാററത്തിന് പിന്നീട് കൊടുക്കേണ്ടതായി വരുന്നതും ഏതു ജന്മിയുടെ അവകാശം കൈമാററം ചെയ്യപ്പെട്ടുവോ ആ ജന്മിക്കു കൊടുത്തതും ആയ ജന്മികരത്തിന് യാതൊരു കാണക്കാരനും കൈമാറിക്കിട്ടിയവന് ബാദ്ധ്യതപ്പെട്ടവനാകുന്നതല്ല.

(൨) ഏതു ജന്മിയുടെ അവകാശം കൈമാററം ചെയ്യപ്പെട്ടിരിക്കുന്നുവൊ ആ ജന്മിക്കു ജന്മിക്കരംകൊടുക്കുന്നവരായി ഒന്നിലധികം കുടിയാന്മാർ ഉള്ളപ്പോൾ നിശ്ചയിച്ചിരിക്കുന്ന വിധത്തിൽ ഒരു പൊതുവായ അറിയിപ്പ് കൈമാറിക്കൊടുത്തവനൊ കൈമാറിക്കിട്ടിയവനൊ കുടിയാനെ ചെയ്യപ്പെടുത്തുന്നതായി പ്രസിദ്ധപ്പെടുത്തുന്നത് ഈ വകുപ്പിലെ കാര്യങ്ങൾക്കായി മതിയായ അറിയിപ്പായിരിക്കുന്നതാകുന്നു.

൧൧. ഒരു കുടിയാന്റെ വസ്തു ജന്മിയുടെ സമ്മതം കൂടാതെ വില്പനയായൊ ദാനത്താലൊ മററുവിധത്തിലൊ കൈമാററം ചെയ്തിരിക്കുമ്പോൾ, കൈമാററം ചെയ്ത വിവരത്തിന് അറിയിപ്പ് കൈമാറിക്കൊടുത്തവനൊ അല്ലെങ്കിൽ കൈമാറിക്കിട്ടിയവനൊ ജന്മിക്കു കൊടുത്താലല്ലാതെയും കൊടുക്കുന്നതുവരെയും, ആ കൈമാററം കഴിഞ്ഞതിൽപിന്നീട് ചെല്ലേണ്ടതായി വരുന്ന എല്ലാ ജന്മിക്കരത്തിനും കുടിയാൻ മേലും ബാദ്ധ്യതപ്പെട്ടവനായിരിക്കുന്നതാണ്.

൧൨. (൧) ഒരു വസ്തു വിഭജിക്കുകയൊ അതിന്മേൽ സ്ഥാപിച്ചിട്ടുള്ള കാണമൊ ജന്മിക്കരമൊ വീതിക്കുകയൊ ചെയ്യുന്നതു ജന്മിയുടെ സമ്മതത്തോടുകൂടിയല്ലാതെ ചെയ്യുതാണെങ്കിൽ, അപ്രകാരമുള്ള വിഭജനമൊ വീതിക്കലൊ ജന്മിയെ ബന്ധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള സമ്മതം കൂടാതെ വസ്തുവിഭജനമൊ വീതിക്കലൊ നടന്നതിൽപിന്നീട് ചെല്ലേണ്ടതായി വരുന്ന എല്ലാജന്മിക്കരവും മേലും ആ വസ്തുവിന്റെ ഓരോ അംശത്തിന്മേലും ഉള്ള കടബാദ്ധ്യതയായിത്തന്നെ ഇരിക്കുന്നതും, കാര്യത്തിന്റെ അവസ്ഥപോലെ, അപ്രകാരമുള്ളവസ്തു വിഭജനത്തിനൊ ജന്മിക്കരം വീതിക്കലിനൊ മുമ്പായി ജന്മിക്കരം കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവനായ കുടിയാനിൽനിന്ന് ഈടാക്കാവുന്നതും ആകുന്നു.

വിവരണം:—വിഭജനത്തെയൊ വീതിക്കലിനെയൊ സംബന്ധിച്ചുള്ള വിവരങ്ങൾ വല്ല കുടിയാനും അഞ്ചൽമാർഗ്ഗമായി രജിസ്റ്റർനോട്ടീസുമൂലം ജന്മിയെ ബോദ്ധ്യപ്പെടുത്തുകയും ജന്മിനോട്ടീസുകിട്ടി ഇരുപത്തിഒന്നുദിവസത്തിനകം പ്രസ്താവിച്ചിട്ടുള്ള കാരണത്താൽ അയാളുടെ അവകാശത്തെ സംബന്ധിച്ചിടത്തോളം വീതിക്കൽ അനുചിതവും അന്യായവും ആണെന്ന് അയാൾ വിചാരിക്കുന്നു എന്നും അതിനാൽ അയാൾ അതിനെ സമ്മതിക്കുന്നില്ലെന്നും കാണിച്ചു മറുപടി അഞ്ചൽമാർഗ്ഗം രജിസ്റ്റർചെയ്തു അയക്കാതിരുന്നാൽ തെറ്റപ്പെടുത്തിയിട്ടുള്ള വിഭജനവും വീതിക്കലും അയാൾ സമ്മതിച്ചതായി വിചാരിക്കേണ്ടതാണ്.

(൨) ഏതെങ്കിലും വസ്തുവിൽ ജന്മിക്കുള്ള അവകാശത്തിന്റെ വിഭജനമൊ അയാൾക്കുചെല്ലേണ്ടതായ ജന്മിക്കരത്തിന്റെ വീതിക്കലൊ ആ വസ്തുവിന്റെ കുടിയാന്റെ സമ്മതത്തോടുകൂടി ചെയ്തില്ലെങ്കിൽ ആ കുടിയാനെ ബന്ധിക്കുന്നതല്ലാത്തതും അപ്രകാരമുള്ള സമ്മതം കൂടാതെ വിഭജനംനടത്തിയതിനു പിന്നീട് കൊടുക്കേണ്ടതായിവരുന്ന ജന്മിക്കരം അപ്രകാരം വിഭജനം നടക്കുന്നതിന് മുമ്പിൽ ജന്മിക്കരം വാങ്ങുന്നതിന് അർഹനായിരുന്ന ജന്മിക്കു കൊടുക്കാവുന്നതും ആകുന്നു.

വിവരണം:—വിഭജനത്തെയൊ വീതിക്കലിനെയൊ സംബന്ധിച്ചുള്ള വിവരങ്ങൾ വല്ല ജന്മിയും അഞ്ചൽമാർഗ്ഗമായി രജിസ്റ്റർ നോട്ടീസുമൂലം കുടിയാനെ ബോദ്ധ്യപ്പെടുത്തുകയും കുടിയാൻ നോട്ടീസുകിട്ടി ൨൧ ദിവസത്തിനകം പ്രസ്താവിച്ചിട്ടുള്ള കാരണങ്ങളാൽ അയാളുടെ അവകാശത്തെ സംബന്ധിച്ചിടത്തോളം വീതിക്കൽ അനുചിതവും അന്യായവും ആണെന്ന് അയാൾ വിചാരിക്കുന്നു എന്നും അതിനാൽ അയാൾ അതിനെ സമ്മതിക്കുന്നില്ലെന്നും കാണിച്ചു മറുപടി അയക്കാതിരുന്നാൽ തെറ്റപ്പെടുത്തിയിട്ടുള്ള വിഭജനവും വീതിക്കലും അയാൾ സമ്മതിച്ചതായി വിചാരിക്കേണ്ടതാണ്.

(൩) കാര്യത്തിന്റെ അവസ്ഥപോലെ ജന്മിയൊ കുടിയാനൊ സമ്മതിക്കാതിരിക്കുമ്പോൾ സങ്കടമുള്ള കക്ഷിക്കു ന്യായവും ഉചിതവുമായി കാണവും ജന്മിക്കരവും വീതിക്കുന്നതിനെയും വിഭജിക്കുന്നതിനെയും അംഗീകരിക്കാൻ അധികാരമുള്ള ഒരു സിവിൽകോടതിയിൽ ഒരു ശരിയായ വ്യവഹാരം കൊടുക്കാവുന്നതാകുന്നു.

വിവരണം:—"ഉചിതവും ന്യായവും ആയ വിധത്തിൽ" എന്നാൽ ജന്മിയുടെയൊ കുടിയാന്റെയൊ അവകാശങ്ങൾക്കു ദോഷം വരാത്തവിധത്തിൽ എന്ന് അർത്ഥമാകുന്നു.

൧൩. വിപരീതമായി വല്ല നടപ്പൊ അല്ലെങ്കിൽ കരാറൊ ഉണ്ടായിരുന്നാലും, ഈ റെഗുലേഷൻ നടപ്പാകുന്നതിനു മുൻപൊ നടപ്പാകുന്നതുമുതൽ മൂന്നുവർഷങ്ങൾക്കുള്ളിലൊ കൊടുത്ത വ്യവഹാരത്തിൽ അധികാരമുള്ള ഒരു സിവിൽകോടതിയുടെ വിധിനടത്തുന്ന കാര്യത്തിൽ അല്ലാതെ, ഒരു കാണപ്പാട്ടക്കാരനെ ജന്മി പൊളിച്ചെഴുതണമെന്നൊ അല്ലെങ്കിൽ കുടിയാൻ പൊളിച്ചെഴുതിനെ സ്വീകരിക്കണമെന്നൊ ഈ റെഗുലേഷൻ നടപ്പാകുന്നതുമുതൽ മൂന്നുകൊല്ലം കഴിഞ്ഞതിൽപിന്നീട് എപ്പോഴായാലും നിർബന്ധമില്ലാത്തതാകുന്നു.

൧൪. (൧) ൩-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ക്ലിപ്തങ്ങൾക്കും വ്യവസ്ഥകൾക്കും ഉൾപ്പെട്ട ഓരോ ജന്മിയും ഒരു കുടിയാൻ കൊടുക്കേണ്ടതായ മിച്ചവാരത്തെ

(എ) വസ്തുവിന്മേലുള്ള പാട്ടത്തുകയെ വർദ്ധിപ്പിച്ചോ, അല്ലെങ്കിൽ

(ബി) കാണത്തിനു കുടിയാനു അനുവദിച്ചുകൊടുത്തിട്ടുള്ള പലിശക്രമം അതേപ്രകൃതിയിൽ കാണപ്പാട്ടവസ്തുക്കൾക്കു കുടിയാന്മാർക്കു സാധാരണമായി അനുവദിച്ചു കൊടുത്തുവരുന്ന പലിശക്രമത്തെക്കാൾ കൂടുതലാണെങ്കിൽ ആ പലിശക്രമത്തെ കുറച്ചിട്ടൊ, അല്ലെങ്കിൽ

(സി) (എ), (ബി) എന്നീ രണ്ടുവിധവും ചേർത്തിട്ടൊ, കൂട്ടാവുന്നതാകുന്നു.

എന്നാൽ മേലുദ്ധരിച്ച (ബി) യും (സി) യും പ്രകാരമുള്ള വിധങ്ങൾ ജന്മിക്ക് ഒരിക്കൽമാത്രം ഉപയോഗപ്പെടുത്താവുന്നതും അങ്ങിനെ ചെയ്യുന്നതു ഭേദഗതിറഗുലേഷൻ നടപ്പാകുന്നതുമുതൽ ൧൨ കൊല്ലങ്ങൾക്കുള്ളിൽ വേണ്ടതും ആകുന്നു.

വിവരണം:—ഭേദഗതിറഗുലേഷൻ നടപ്പായതിനു ശേഷം യാതൊരു ജന്മിയും ഏറ്റവും ചുമത്താൻ പാടില്ലാത്തതാകുന്നു.

(൨) ൧൫-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്ന ക്രമങ്ങൾക്കും വ്യവസ്ഥകൾക്കും ഉൾപ്പെട്ട് ഓരോ കുടിയാനും വസ്തുവിന്റെ പാട്ടം കുറച്ച് മിച്ചവാരം കുറയ്ക്കാവുന്നതാകുന്നു.

V. മേലുദ്ധരിച്ച റഗുലേഷനിലെ ൧൫-ാം അദ്ധ്യായത്തിൽ ൨ ഭാഗത്തിന്റെ തലക്കെട്ടിനു പകരം താഴെ പറയുന്നതു ചേർക്കണം, അതായതു്:—

“൨ ഭാഗം—ജന്മിഭോഗവും മിച്ചവാരം കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിനെ സംബന്ധിച്ച്”

VI. മേലുദ്ധരിച്ച റഗുലേഷനിലെ ൯൭-ാം വകുപ്പ്, ൧-ാം ഉപവകുപ്പിനുപകരം താഴെപ്പറയുന്നതു ചേർക്കണം, അതായതു്:—

“(൧) ഭേദഗതിറഗുലേഷൻ നടപ്പായതിനുശേഷം ഉണ്ടാകുന്നതോ അല്ലെങ്കിൽ പുതുക്കുന്നതോ ആയ ഓരോ കാണപ്പാട്ടക്കരാറും, മറ്റുള്ള വിവരങ്ങൾക്കു പുറമെ, താഴെപ്പറയുന്നവ വ്യക്തമായി വിവരിച്ചിരിക്കണം:—

(എ) വസ്തുവിനു പേരുണ്ടെങ്കിൽ പേരും, വിവരണവും വിസ്തീർണ്ണവും;

(ബി) വസ്തുവിലുള്ള നിലത്തിന്റെയും പുരയിടത്തിന്റെയും എല്ലാ വിഭാഗങ്ങൾക്കും ചുമത്തിയിട്ടുള്ള പാട്ടവും പുരയിടത്തെ സംബന്ധിച്ച് അതിൽ വൃക്ഷങ്ങൾ ഉണ്ടെങ്കിൽ കരം ചുമത്താവുന്ന വൃക്ഷങ്ങളുടെ എണ്ണവും;—

(സി) കാണത്തിന്റെ തുകയും അതിന്റെ ഉഭയവും;

(ഡി) മിച്ചവാരം;

(ഇ) നടപ്പവകാശങ്ങൾ ഉണ്ടെങ്കിൽ അവയുടെ തുകയും അല്ലെങ്കിൽ അവയുടെ വിവരവും, നടപ്പവകാശങ്ങൾക്കുപകരം ആണ്ടുതോറും കൊടുക്കേണ്ടതായ വരിയും;

(എഫ്) സമ്മതിച്ച പൊളിച്ചെഴുത്തുഫീസിന്റെ തുകയും അല്ലെങ്കിൽ വിവരവും അപ്രകാരമുള്ള പൊളിച്ചെഴുത്തുഫീസിനു പകരം ആണ്ടുതോറും അംശമായിക്കൊടുക്കുന്ന ഫീസായി കൊടുക്കേണ്ടതിന്റെ ശതമാനവും.

VII. മേൽപറഞ്ഞ റഗുലേഷനിലെ ൧൩ മുതൽ ൧൭ വരെയുള്ള വകുപ്പുകൾക്കുപകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാകുന്നു; അതായതു്:—

൧൩. പൊളിച്ചെഴുത്തുഫീസിനേയോ നടപ്പവകാശങ്ങളേയോ അടിസ്ഥാനപ്പെടുത്തിയുള്ള അംശമായിട്ടുള്ള ഫീസിനെയോ നടപ്പവകാശങ്ങളെയോപറ്റി, കാലത്തിന്റെ അവസ്ഥപോലെ, മരിയായവിധം രജിസ്റ്റർചെയ്തിട്ടുള്ള കാണപ്പാട്ടത്തിലൊ അതിന്റെ എതിർകരണത്തിലൊ അല്ലെങ്കിൽ ജന്മിയും കുടിയാനുംതമ്മിൽ ക്രമപ്രകാരം നടത്തിയിട്ടുള്ള ഒരു വ്യവഹാരം അനുസരിച്ചു സിദ്ധിച്ചിട്ടുള്ള ഒരു സിവിൽകോടതി ഡിക്രിയിലൊ വ്യക്തമായി വിവരിച്ചിട്ടില്ലാത്തപക്ഷം, ഏതെങ്കിലും അംശമായിട്ടുള്ള ഫീസൊ വിലത്തരമൊ വസൂലാക്കുന്നതിനെസംബന്ധിച്ച നടത്തുവാനുള്ള യാതൊരു അവകാശമൊ (സമരിവ്യവഹാരമൊ) കോടതികൾ ഈ റഗുലേഷൻപ്രകാരം സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു.

൧൪. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കു അനുസരണമായി, ജന്മിക്കരത്തിന്റെ പല ഇനങ്ങളും കുടിയാനവന്റെ എല്ലാം വസ്തുക്കളെയുംസംബന്ധിച്ച് ഓരോ ജന്മിക്കും വാങ്ങുന്നതിന് അർഹതയുണ്ടായിരിക്കുന്നതും എല്ലാകുടിയാനും കൊടുക്കുന്നതിന് ചുമതലപ്പെട്ടിരിക്കുന്നതും ആകുന്നു. ഒരു കാണപ്പാട്ടക്കരാറിൽ വിവരിച്ചിട്ടില്ലാത്തതൊ, അല്ലെങ്കിൽ അപ്രകാരമുള്ള ഒരു കരാറിനെ അടിസ്ഥാനപ്പെടുത്തിയൊ അല്ലെങ്കിൽ ഭേദപ്പെടുത്തിയൊ ഉണ്ടായിട്ടുള്ള കോടതിഡിക്രിയിൽ വിവരിച്ചിട്ടില്ലാത്തതൊ ആയ യാതൊരു അവകാശങ്ങളൊ അല്ലെങ്കിൽ വരികളൊ ജന്മിക്ക് അവകാശപ്പെടാവുന്നതൊ കുടിയാനവൻ കൊടുക്കേണ്ടതൊ അല്ല.

(൨) വിപരീതമായ വല്ല നടപ്പൊ കരാറൊ ഉണ്ടായിരുന്നാലും, ഇനിമേൽ പൊളിച്ചെഴുത്തുഫീസിന്റെ ഇപ്പോൾ നടപ്പിലിരിക്കുന്ന നിരക്ക കൂട്ടുകയോ, അല്ലെങ്കിൽ ഏതെങ്കിലും സംഗതിയിൽ കാണത്തിന്റെ ഇരുപത്തഞ്ചുശതമാനത്തിൽ കവിയുന്ന ഏതെങ്കിലും തുക പൊളിച്ചെഴുത്തുഫീസായി അവകാശപ്പെടുകയൊ ചെയ്യുന്നതു ന്യായമായിരിക്കുന്നതല്ല.

(൩) വിപരീതമായ വല്ല നടപ്പൊ കരാറൊ ഉണ്ടായിരുന്നാലും, ഈ ഭേദഗതിറഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപൊ അതിനു ശേഷമൊ ഉണ്ടാക്കിയതൊ പൊളിച്ചെഴുതിയതൊ ആയ ഒരു കാണപ്പാട്ടക്കരാറിലെ നിബന്ധനകൾ അനുസരിച്ചു പൊളിച്ചെഴുത്തുഫീസൊ നടപ്പവകാശങ്ങളൊ കൊടുക്കേണ്ടതായിരിക്കുമ്പോൾ ഈ ഭേദഗതിറഗുലേഷൻ നടപ്പിൽ വരുന്നതിനു മുൻപായി കുടിശികയായിത്തീർന്നിട്ടുള്ള പൊളിച്ചെഴുത്തുഫീസൊ നടപ്പവകാശങ്ങളൊ സംബന്ധിച്ചുള്ളവയൊഴികെ, ഓരോ ആണ്ടും അവസാനിക്കുന്നതിനുമുൻപ് അപ്രകാരമുള്ള ഫീസൊ നടപ്പവകാശങ്ങളൊ ആണ്ടുതോറുമുള്ള വരികളായി കാലത്തിന്റെ അവസ്ഥപോലെ അംശമാക്കപ്പെട്ട ഫീസായൊ വിലത്തരമായൊ കൊടുക്കുന്നതിനു കുടിയാൻ ചുമതലപ്പെട്ടവനും അവകാശമുള്ളവനും ആകുന്നു.

എന്നാൽ ഏതെങ്കിലും കാണപ്പാട്ടക്കരാറിലെ വ്യവസ്ഥയനുസരിച്ച് ഒരു നിശ്ചിതകാലാവധിയുടെ അവസാനത്തിൽ പൊളിച്ചെഴുത്തുഫീസ കൊടുക്കേണ്ടതായിരിക്കുകയും ഈ ഭേദഗതിറഗുലേഷൻ നടപ്പിൽ വരുന്നതിനുമുൻപ് അപ്രകാരമുള്ള കാലാവധിയുടെ ഒരു അംശംമാത്രം കഴിഞ്ഞിരിക്കുകയും ചെയ്യുമ്പോൾ, കരാറിൽ വിവരിച്ചിട്ടുള്ള മുഴുവൻ കാലത്തിനും ഫീസ് ആനുപൂർവ്യമായിട്ടാണൊ കഴിഞ്ഞകാലംവരുന്നതു്

അതനുസരിച്ച് അപ്രകാരമുള്ള പൊളിച്ചെഴുതിയ ഫീസിന്റെ മുഴുവൻ തുകയോടോ അല്ലെങ്കിൽ പിഴയോടൊ അതാത അനുപാതത്തിലുള്ള ഒരു തുക ഈ ഭേദഗതിറഗുലേഷൻ നടപ്പിൽ വരുന്നതുമുതൽ മൂന്നുകൊല്ലങ്ങളിനകം പലിശകൂടാതെയും അല്ലെങ്കിൽ അതിനുശേഷം മൂന്നുകൊല്ലത്തിനുള്ളിൽ ആണ്ടൊന്നുക്ക് നൂറിന് ആറുവീതം പലിശയോടുകൂടിയും കുടിയാൻ ജന്മിക്കു കൊടുക്കേണ്ടതും അപ്രകാരമുള്ള പൊളിച്ചെഴുതിയ ഫീസിന്റെ ശിഷ്ടംഭാഗം അംശമാക്കപ്പെട്ട ഫീസായി ആണ്ടുതോറുമുള്ള തവണകളിലായി കൊടുക്കേണ്ടതും ആകുന്നു.

(൭) കരാറനുസരിച്ച തവണകളിലായോ, അല്ലെങ്കിൽ കരാറില്ലാതിരിക്കുമ്പോൾ നമ്മുടെ ഗവണ്മെന്റ് ഈ റഗുലേഷൻ അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിശ്ചയിക്കുന്ന തവണകളിലും തീയതികളിലുമോ, അല്ലെങ്കിൽ അപ്രകാരമുള്ള ചട്ടങ്ങളും കരാറോ ഇല്ലാതിരിക്കുമ്പോൾ, വൃശ്ചികമാസവും ഇടവമാസവും അവസാനിക്കുന്നതിനു മുൻപു രണ്ടു തുല്യ അർദ്ധവർഷത്തവണകളിലായോ മിച്ചവാരം യഥാക്രമം കൊടുക്കേണ്ടതാകുന്നു.

(൮) ഏതെങ്കിലും ആണ്ടിന്റെ അവസാനത്തിനുമുൻപ് കൊടുക്കേണ്ടതായ അംശമാക്കപ്പെട്ട ഫീസിന്റെയോ വിലത്തരത്തിന്റെയോ ഒരു തവണ അപ്രകാരം അടയ്ക്കാതിരുന്നാൽ, അടുത്ത വർഷത്തിലെ പ്രഥമദിവസം അതു കുടിശ്ശികയായിത്തീരുന്നതാകുന്നു.

(൯) മിച്ചവാരത്തിന്റെ ഒരു തവണ കൊടുക്കേണ്ടതായ ദിവസം കൊടുക്കാതിരുന്നാൽ അടുത്തദിവസം അതു കുടിശ്ശികയാകുന്നതാണ്.

൧൦ (എ) പണമായി കൊടുക്കേണ്ടിയിരിക്കുമ്പോൾ കുടിശ്ശികയ്ക്കു കൊല്ലത്തിൽ പന്ത്രണ്ടു ശതമാനവും നെല്ലായി കൊടുക്കേണ്ടിയിരിക്കുമ്പോൾ കൊല്ലത്തിൽ പതിനെട്ടുശതമാനവും നിരക്കിനു വെച്ചു പലിശ ഉണ്ടായിരിക്കുന്നതാണ്.

(ബി) തുടർച്ചയായിട്ടുള്ള മൂന്നുകൊല്ലത്തേയ്ക്ക് ഏതെങ്കിലും കുടിശ്ശിക കൊടുക്കാതിരിക്കുമ്പോൾ, പലിശക്കുപുറമെ, അതു കൊടുക്കാതിരിക്കുന്ന നാലാംകൊല്ലത്തിൽ കുടിശ്ശികയുടെ പന്ത്രണ്ടരശതമാനത്തിനു തുല്യമായ ഒരു തുകയും, അതു കൊടുക്കാതിരിക്കുന്ന അഞ്ചാംകൊല്ലത്തിൽ കുടിശ്ശികയുടെ പന്ത്രണ്ടര ശതമാനം വരുന്ന മറ്റൊരു തുകയും, അതു കൊടുക്കാതിരിക്കുന്ന ആറാംകൊല്ലത്തിൽ കുടിശ്ശികയുടെ പന്ത്രണ്ടര ശതമാനംവരുന്ന മറ്റൊരു തുകയും ഒരു പിഴയായി കൊടുക്കുന്നതിനു കുടിയാൻ ബാദ്ധ്യതക്കാരനായിരിക്കുന്നതാണ്.

എന്നാൽ ഈ ഭേദഗതിറഗുലേഷൻ നടപ്പിൽ വരുന്നതുമുതൽ രണ്ടുകൊല്ലം അവസാനിക്കുന്നതിനുമുൻപ് ഇപ്പോഴുള്ള ഏതെങ്കിലും കുടിശ്ശികകൊടുത്തു തീർക്കുന്നപക്ഷം ഇതിനെസംബന്ധിച്ച മേൽപ്പറഞ്ഞ പ്രകാരമുള്ള യാതൊരു പിഴയും കൊടുക്കേണ്ടതല്ല.

൧൧ (൧) വസ്തു സ്ഥിതിചെയ്യുന്ന പകുതിയിൽ ജന്മിയുടെ ഏതെങ്കിലും വാസസ്ഥലമൊ നെൽപ്പുരയോ ഉണ്ടായിരിക്കുമ്പോൾ നെല്ലായികൊടുക്കേണ്ട ജന്മികരം അവിടെ കൊടുക്കേണ്ടതാകുന്നു.

(൨) പ്രസ്തുത പകുതിയിൽ ജന്മിക്കു വാസസ്ഥലമൊ നെൽപ്പുരയോ ഇല്ലാതിരിക്കുന്നപക്ഷം ആ പകുതിയിലുള്ള ഏതെങ്കിലും കൃത്യസ്ഥലത്തു ക്ലിപ്തസമയങ്ങളിൽ ക്ലിപ്തതീയതികളിൽ നെല്ലു അളവു കൊടുക്കുന്നതിനു ഹാജരാകാവുന്നതാണെന്നു കാണിക്കുന്ന അറിയിപ്പ് ആ പകുതിയിലുള്ള വസ്തുക്കളെ സംബന്ധിച്ചു കുടിയാന്മാർക്കു നൽകാവുന്നതും, അങ്ങനെയുള്ള സംഗതിയിൽ കുടിയാൻ അവിടെ നെല്ലു കൊടുക്കേണ്ടതുമാകുന്നു. അപ്രകാരമുള്ള ഏതെങ്കിലും അറിയിപ്പു ഇല്ലാതിരിക്കയോ അറിയിപ്പു നൽകപ്പെട്ട സ്ഥലത്തും സമയത്തും കൊടുക്കുന്നതിനു ഹാജരാക്കിയ ഏതെങ്കിലും നെല്ലു ഏററു വാങ്ങുന്നതിനു യാതൊരുത്തനും ഇല്ലാതിരിക്കുകയോ ചെയ്യുന്നതായാൽ ഭേദം നെല്ലായികൊടുക്കുന്നതിനു കുടിയാൻ ചുമതലക്കാരനായിരിക്കുന്നതല്ല.

(൩) ഏതെങ്കിലും ജന്മികരം നെല്ലായികൊടുക്കുന്നതിനു കുടിയാൻ ചുമതലക്കാരനല്ലാത്തപക്ഷം, ഈനമായി കൊടുക്കേണ്ട ജന്മികരത്തിന്റെ ഏതെങ്കിലും അംശത്തിനു അപ്പോൾ നടപ്പിലിരിക്കുന്ന കമ്മോളനിരക്കിനുള്ള വില ഉൾപ്പെടെ, ജന്മികരത്തിന്റെ തുക പണമായി ജന്മിക്ക് നേരിട്ടോ അയാളുടെ ഏജന്റിന്റെ പക്കലൊ കുടിയാനു കൊടുക്കാവുന്നതും, അല്ലെങ്കിൽ അഞ്ചൽഹുണ്ടിയായോ തപാൽ മണിയോർഡർ ആയോ അയാൾക്ക് ജന്മിയുടെ പേർക്ക് അയച്ചുകൊടുക്കാവുന്നതുമാകുന്നു.

VIII. മേൽപ്പറഞ്ഞ റഗുലേഷനിലെ ൧൯-ാം വകുപ്പിലുള്ള "മിച്ചവാരം അല്ലെങ്കിൽ നടപ്പുവകാശം" എന്നവാക്കുകൾക്കുപകരം "ഏതെങ്കിലും ജന്മികരം" എന്ന വാക്കുകൾ ചേർക്കണം.

IX. മേൽപ്പറഞ്ഞ റഗുലേഷനിലെ ൨൦ മുതൽ ൨൭ വരെയുള്ള വകുപ്പുകൾക്കു പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കണം, അതായത്: —

൨൦. "ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ചു മിച്ചവാരം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്തു നടത്തുന്ന എല്ലാമിച്ചവാരം പുതുക്കലും ജന്മിയും കുടിയാനും തമ്മിൽ എഴുത്തുമൂലം ക്രമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കരാറനുസരിച്ചോ, അല്ലെങ്കിൽ അവർ തമ്മിൽ യോജിക്കാത്തപക്ഷം അധികാരമുള്ള ഒരു സിവിൽകോടതിയിൽ ക്രമപ്രകാരം നടത്തപ്പെട്ട ഒരു വ്യവഹാരംമൂലമോ ചെയ്യേണ്ടതാകുന്നു.

എന്നാൽ വ്യവഹാരം കൊടുക്കുന്നതിനു മുൻപുള്ള ഇരുപതു കൊല്ലത്തിനകം,

(എ) ഈ ഭേദഗതിറഗുലേഷൻ പാസാക്കുന്നതിനു മുൻപൊ അതിനുശേഷമൊ കാണപ്പാട്ടക്കരാറു ചെയ്തിരിക്കയോ അല്ലെങ്കിൽ പൊളിച്ചെഴുതിയിരിക്കയൊ, അല്ലെങ്കിൽ

(ബി) ഈ ഭേദഗതിറഗുലേഷൻപാസാക്കുന്നതിനുമുൻപൊ അതിനുശേഷമൊ, കരാറുമൂലമൊ അല്ലെങ്കിൽ അധികാരമുള്ള ഒരു സിവിൽകോടതിയുടെ ഡിക്രിപ്രകാരമൊ, മിച്ചവാരം ഏതെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ, അല്ലെങ്കിൽ

(സി) മിച്ചവാരം കൂട്ടുന്നതിന വ്യവഹാരപ്പെട്ടിരിക്കുന്ന സംഗതിയിൽ അധികാരമുള്ള ഒരു സിവിൽ കോടതി മിച്ചവാരം കൂട്ടുന്നതിന നിഷേധിച്ചിരിക്കയോ, മിച്ചവാരം കുറയ്ക്കുന്നതിന വ്യവഹാരപ്പെട്ടിരിക്കുന്ന സംഗതിയിൽ മിച്ചവാരം കുറയ്ക്കുന്നതിന നിഷേധിച്ചിരിക്കയോ ചെയ്തിരുന്നാൽ ആകട്ടെ അപ്രകാരമുള്ള വ്യവഹാരംകൊടുക്കാൻ പാടില്ലാത്തതാകുന്നു.

൨൫. (൧) താഴെപ്പറയുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ കാരണങ്ങൾപ്രകാരമല്ലാതെ ഒരു വസ്തുവിന്ന നിർണ്ണയിച്ചിട്ടുള്ള പാട്ടം വർദ്ധിപ്പിച്ച മിച്ചവാരം കൂട്ടുവാൻ അവകാശപ്പെടുന്നതിന് അതിന്റെ ജന്മിക്ക അർഹതയുണ്ടായിരിക്കുന്നതല്ല, അതായത്:

(എ) നെൽകൃഷിചെയ്യുന്ന ഭൂമികളുടെ സംഗതിയിൽ,

(i) യഥാർത്ഥത്തിൽ കൃഷിചെയ്തുവരുന്ന വസ്തുവിന്റെ വിസ്തീർണ്ണം മുമ്പു പാട്ടം നിർണ്ണയിച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തേക്കാൾ കൂടുതലായിരിക്കുക;

(ii) കേവലം താൽക്കാലികമായതോ ആകസ്മികമായതോ ആയ കാരണങ്ങൾപ്രകാരമല്ലാതെ നടപ്പിലിരിക്കുന്ന പാട്ടം നിർണ്ണയിച്ച അവസരത്തിൽ പ്രസ്തുത വസ്തുവിൽപ്പെട്ട ഭൂമിക്കുണ്ടായിരുന്ന ഉൽപാദനശക്തിയെ അപേക്ഷിച്ച് പ്രസ്തുതശക്തി കൂടിയിരിക്കുക;

(iii) ഈ റഗുലേഷൻ നടപ്പിൽവന്നതിനുശേഷം, കുടിയാൻ ൩-ാം വകുപ്പ് ൧൪-ാം ഖണ്ഡത്തിലുള്ള ൧-ാം വിവരണം ( ) ഭാഗത്തിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങളല്ലാത്ത വ്യവസായശാലകളോ, കടകളോ, മററു കെട്ടിടങ്ങളോ കെട്ടുകയും തന്മൂലം ആ വസ്തുവിന്റെ പാട്ടവില കൂടുകയും ചെയ്യുക;

(ബി) മററു ഭൂമികളുടെ സംഗതിയിൽ, മുൻപറഞ്ഞ കാരണങ്ങൾക്ക പുറമെ,

(i) വസ്തുവിലുള്ള പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുടെ സംഖ്യ വർദ്ധിച്ചിരിക്കുക;

(ii) പ്രസ്തുത വൃക്ഷങ്ങളുടെ ഉൽപന്നങ്ങൾക്ക സ്ഥലത്തുള്ള ശരാശരിവില സാരമായി വർദ്ധിക്കുക;

എന്നാൽ

(എ) പാട്ടവസ്തുവിൽ ഉൾപ്പെടാത്തതായ ഭൂമിയിൽനിന്നും കുടിയാന്റെ ചിലവിന്മേൽ ഏതെങ്കിലും ഭൂമി നികത്തി എടുക്കുകയോ മററേതെങ്കിലും വിധത്തിൽ കൂടുതലായി ചേർക്കുകയോ ചെയ്യുന്നതുനിമിത്തം കൃഷിചെയ്യപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിക്കുന്നതായാൽ വസ്തുവിന്റെ പാട്ടം കൂട്ടുന്നതിന അതു ഒരു കാരണമായി ഗണിക്കാൻ പാടില്ലാത്തതാകുന്നു.

(ബി) ഭൂമിയുടെ ഉല്പാദനശക്തി വർദ്ധിച്ചിട്ടുള്ളതു കുടിയാന്റെ ചിലവിന്മേൽ ഭൂമി നികത്തി എടുക്കുന്നതിന ചെയ്തിട്ടുള്ള ഏതെങ്കിലും പണികളോ അല്ലെങ്കിൽ മറേറതെങ്കിലും ദേഹണ്ഡപ്പണികളോ നിമിത്തമാകുന്നെങ്കിൽ വസ്തുവിന്റെ പാട്ടം കൂട്ടുന്നതിന് അതു ഒരു കാരണമായിരിക്കുന്നതല്ല.

(൨) കുടിയാന്റെ ചിലവിന്മേൽ ഏതെങ്കിലും ഭൂമി നികത്തി എടുത്തതുമൂലമോ അല്ലെങ്കിൽ മററു സ്ഥിരദേഹണ്ഡപ്പണികൾ ചെയ്തതുമൂലമോ കൃഷിചെയ്തുവരുന്ന ഭൂമിയുടെ വിസ്തീർണ്ണം വർദ്ധിക്കുകയും പ്രസ്തുതകാരണത്താൽ പാട്ടം കൂടുന്നതിന ഇടയാകുകയും ചെയ്യുന്നെങ്കിൽ, അപ്രകാരമുള്ള നികത്തലിനോ മററു ദേഹണ്ഡപ്പണികൾക്കോ ഉണ്ടായിട്ടുള്ള മൂലധനച്ചിലവു കണക്കാക്കുകയും, കാണപ്പാട്ടപ്രകാരം കാണാർത്ഥത്തിന കുടിയാന അനുവദിച്ചുകൊടുത്തിരിക്കുന്ന പലിശനിരക്കിന തുല്യമായി അപ്രകാരം കണക്കാക്കപ്പെടുന്ന മൂലധനച്ചിലവിന്റെ പലിശ കണക്കാക്കി, ചുമത്തിയിട്ടുള്ള പഴയ പാട്ടവും പുതിയപാട്ടവും തമ്മിലുള്ള വ്യത്യാസത്തിൽനിന്നും കുറയ്ക്കുകയും കുടിയാന അനുവദിച്ചുകൊടുക്കുകയും വേണ്ടതാകുന്നു.

(൩) പുരയിടങ്ങൾക്ക മിച്ചവാരം കൂട്ടുന്നതിന് അവകാശപ്പെടുമ്പോൾ, ജന്മിയും കുടിയാനും തമ്മിൽ സമ്മതിച്ചിട്ടുള്ള നിരക്കിനും, അപ്രകാരമുള്ള കരാറില്ലാതിരിക്കുമ്പോൾ ഭൂമി സ്ഥിതിചെയ്യുന്ന പകുതിയിലെ സാധാരണ നടപ്പു നിരക്കിനും നടവുകൂറ്, അല്ലെങ്കിൽ പാട്ടം ചുമത്തുന്നതിനനുഗ്രഹിക്കുന്ന വൃക്ഷങ്ങൾ നടുകയും വളർത്തുകയും ചെയ്യുന്നതിനുള്ള ചിലവിനുള്ള കൂറ്, കുടിയാന് അനുവദിച്ചുകൊടുക്കേണ്ടതാകുന്നു.

(൪) (൧)-ാം ഉപവകുപ്പ് (iii) (എ) ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഏതെങ്കിലും വ്യവസായശാലകളോ കടകളോ മററു കെട്ടിടങ്ങളോ കെട്ടിയിട്ടുള്ള കാരണത്താൽ മിച്ചവാരം ഏതെങ്കിലും കൂട്ടുന്നതിന് അവകാശപ്പെടുമ്പോൾ, സമീപത്തിലുള്ള സാധാരണ നിരക്കുകൾപ്രകാരം കെട്ടിടത്തിന് ആണ്ടേയ്ക്കുള്ള പാട്ടത്തിൽനിന്നും, കെട്ടിടത്തിന് വിനിയോഗിച്ചിട്ടുള്ള മൂലധനത്തുകയ്ക്ക് ആണ്ടൊന്നുക്ക ഒൻപതു ശതമാനം പലിശയും, മരാമത്തുചിലവിന് പ്രസ്തുത തുകയുടെ അഞ്ചു ശതമാനവും, ആണ്ടേയ്ക്കുള്ള പാട്ടത്തിന്റെ ആറിലൊന്നു കണക്കിന് സംരക്ഷണച്ചിലവും കഴിച്ചുള്ള തുക കെട്ടിടത്തിന്റെ പാട്ടത്തുകയായിരിക്കുന്നതാണ്.

൨൬. (൧) നെൽ കൃഷിചെയ്യുന്ന ഭൂമികൾക്കുള്ള പാട്ടം ചിലവുനീക്കി ആണ്ടേയ്ക്കുള്ള ശരാശരി റിക്കൂവിന്റെ മൂന്നിലൊരംശത്തിൽ കവിഞ്ഞിരിക്കാൻ പാടില്ലാത്തതാകുന്നു.

(൨) (എ) മററു ഭൂമികൾക്കുള്ള പാട്ടം പ്രസ്തുത ഭൂമികളിലുള്ള വൃക്ഷങ്ങളിൽനിന്നു ചെലവുകഴിച്ച് ആണ്ടേയ്ക്കു കണക്കാക്കപ്പെടുന്ന ശരാശരി വിളവുകൾ, ശരാശരി കമ്പോളവിലപ്രകാരം, വിലത്തരമാക്കിയതിന്റെ നാലിൽ ഒന്നിൽ കവിയാൻ പാടില്ലാത്തതും ശരാശരി വില കഴിഞ്ഞ പത്തുകൊല്ലങ്ങളിൽ പലതരത്തിലുള്ള മുഖ്യ വിളവുകൾക്കുണ്ടായിരുന്ന കമ്പോളവിലകളെ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതും ആകുന്നു. പാട്ടം ചുമത്താവുന്ന വൃക്ഷങ്ങൾ ഇല്ലെങ്കിൽ പാട്ടം ആ പകുതിയിൽ നടപ്പുള്ള പയററുപാട്ടത്തിന തുല്യമായിരിക്കുമെന്നു ഗണിക്കേണ്ടതാകുന്നു.

(ബി) ഈ ദേശത്തിൽ റഗുലേഷൻ നടപ്പിൽവരുന്ന ദിവസം തടിവൃക്ഷങ്ങൾ ഇല്ലാതിരിക്കയും അല്ലെങ്കിൽ ഉണ്ടായിരുന്നാൽതന്നെയും അവയ്ക്കു മുപ്പത്തിരണ്ടു ഇഞ്ചു വണ്ണം വച്ചിട്ടില്ലാതിരിക്കയും, അതിനുശേഷം അവയ്ക്കു മുപ്പത്തിരണ്ടു ഇഞ്ചിൽ കുറയാത്തവണ്ണം വയ്ക്കുകയും വസ്തുവിൽ തുടർന്നിരിക്കുകയും ചെയ്യുന്നതായാൽ ഈ റഗുലേഷന്റെ ആവശ്യങ്ങളെ സംബന്ധിച്ചേടത്തോളം പ്രസ്തുതവൃക്ഷങ്ങൾക്ക പാട്ടം ചുമത്താവുന്നതാണെന്നു ഗണിക്കേണ്ടതാണ്; പാട്ടം നിർണ്ണയിക്കുന്നതിനെസംബന്ധിച്ച ഓരോതരത്തിലുള്ള തടിവൃക്ഷത്തിൽനിന്നു

ചെലവുകഴിച്ച് ആണ്ടുതോറും കിട്ടുന്ന ശരാശരി അനുഭവത്തിന്റെ വില ഗവൺമെണ്ട് ഈ സംഗതിയിൽ അപ്പപ്പോൾ നിശ്ചയിക്കുന്ന വിധമായിരിക്കുന്നതാണ്.

(ങ) പാട്ടം ചുമത്താവുന്ന കെട്ടിടങ്ങൾക്കുള്ള പാട്ടം കെട്ടിടത്തിന്റെ പാട്ടവിലയുടെ ഒന്നു പകുതിയിൽ കവിയാൻ പാടില്ലാത്തതാകുന്നു.

(ച) കാണത്തിന്മേലുള്ള പലിശനിമിത്തം പാട്ടം കുറഞ്ഞുപോകുന്നതിനിടയുള്ളതും, എന്നാൽ വിളവിൽ തനിക്കുള്ള ഓഹരിയിൽനിന്നു കുടിയാൻ കൊടുക്കേണ്ടതായ നിശ്ചയിച്ചിരിക്കുന്ന സർക്കാർ കരമോ, നടപ്പുവകാശങ്ങളോ, പൊളിച്ചെഴുത്തുഫീസോ, ഏതെങ്കിലും വിലത്തരമോ, അംശമായുള്ള ഫീസിനത്തിലോ അതു കുറവിനാധീനമായിരിക്കുന്നതല്ലാത്തതുമാകുന്നു.

൯. (ക), (ഖ), (ങ) ഈ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, നിശ്ചയിച്ചിരിക്കുന്ന പാട്ടം പ്രസ്തുത ഉപവകുപ്പുകൾ പ്രകാരം നിർണ്ണയിച്ചിട്ടുള്ള ന്യായപാട്ടത്തിനേക്കാൾ കൂടിയിരിക്കയോ കുറഞ്ഞിരിക്കയോ ചെയ്യുന്നു എന്നുള്ള കാരണത്താൽമാത്രം ഭേദപ്പെടുത്തുവാൻ പാടില്ലാത്തതാകുന്നു.

൧൦. (ക) ജന്മികളുടെ ഏതെങ്കിലും പ്രവൃത്തിനിമിത്തം ഉൽപാദനശക്തി വർദ്ധിച്ചിരിക്കുന്നു എന്നുള്ള കാരണത്താൽ മിച്ചവാരം കൂട്ടുന്നതിന് അവകാശപ്പെടുമ്പോൾ,

(ഖ) കേവലം താൽക്കാലികമായോ യാദൃച്ഛികമായോ ഉള്ള ഏതെങ്കിലും വർദ്ധനവിനെപ്പറ്റി കോടതി ഗണിക്കാൻ പാടില്ലാത്തതാകുന്നു,

(ഗ) കോടതിക്കു ന്യായമാണെന്നും ധർമ്മാനുസൃതമാണെന്നും തോന്നുന്നിടത്തോളവും എന്നാൽ ഭൂമി പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുള്ള പുരയിടം ആയിരിക്കുമ്പോൾ, വസ്തുവിന്മേൽനിന്നും ആണ്ടുതോറും ചെലവുനീക്കിയുള്ള ശരാശരി വിളവിൽ കൂടുതലായിട്ടുള്ളതിന്റെ വിലയുടെ നാലിൽ ഒരംശത്തിൽ കവിഞ്ഞോ, വസ്തു നിലമായിരിക്കുമ്പോൾ അതിൽനിന്നും ശരാശരി ആണ്ടിൽ ചെലവുനീക്കിയുള്ള വിളവിൽ കൂടുതലായിട്ടുള്ളതിന്റെ വിലയുടെ മൂന്നിൽ ഒരംശത്തിൽ കവിഞ്ഞോ, വസ്തു മേൽപറഞ്ഞ രണ്ടുതരത്തിലും പെട്ടതല്ലാതിരിക്കുമ്പോൾ ആ വസ്തുവിനു ചുമത്താവുന്ന പരമാവധി പാട്ടത്തിൽ കവിഞ്ഞോ ഉയർന്നു കിട്ടാതിരിക്കത്തക്കവിധത്തിലും കോടതിക്കു മിച്ചവാരം കൂട്ടാവുന്നതാകുന്നു.

(ഘ) ഒടുവിലത്തെതവണ ചുമത്തിയിട്ടുള്ള പാട്ടത്തിനെ അപേക്ഷിച്ച്, ഏതെങ്കിലും വസ്തുവിലുള്ള പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുടെ എണ്ണം കൂടിയിരിക്കുന്നു എന്നുള്ള കാരണത്താൽ മിച്ചവാരം കൂട്ടുന്നതിനു അവകാശപ്പെടുമ്പോൾ, പാട്ടം ചുമത്തിയിട്ടുള്ള വൃക്ഷങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതുനിമിത്തം ആണ്ടുതോറും ചെലവുകഴിച്ച് ഭൂമിയിൽനിന്നും കിട്ടുന്ന ശരാശരി വിളവിലുള്ള കൂടുതലിന്റെ നാലിൽ ഒരംശത്തിൽ കവിയത്തക്ക വിധത്തിൽ മിച്ചവാരം കൂട്ടുന്നതിനു യാതൊരു കോടതിയും വിധികല്പിക്കാൻ പാടില്ലാത്തതും മേൽപറഞ്ഞതിനു പ്രസ്തുതഭൂമിയിലുള്ള ഏറ്റവും പ്രായം കുറഞ്ഞ വൃക്ഷങ്ങളെ കൂടുതലായിട്ടുണ്ടായിട്ടുള്ള വൃക്ഷങ്ങളായി ഗണിക്കുന്നതും ആകുന്നു.

(ങ) വില വർദ്ധിച്ചിരിക്കുന്നു എന്നുള്ള കാരണത്തിന്മേൽ മിച്ചവാരം കൂട്ടുന്നതിനു അവകാശപ്പെടുമ്പോൾ,

(ക) വ്യവഹാരം കൊടുക്കുന്നതിന് അടുത്തു മുൻപുള്ള പത്തുകൊല്ലത്തിനിടയിൽ ഉള്ള ശരാശരി വിലകളെ അതിന് അടുത്തു മുൻപിലത്തെ പത്തുകൊല്ലത്തിലുള്ള ശരാശരി വിലയുമായി കോടതി താരതമ്യപ്പെടുത്തി നോക്കേണ്ടതും, അപ്രകാരം താരതമ്യപ്പെടുത്തി നോക്കുന്നതിലേക്കായി രണ്ടു ദശവർഷങ്ങൾ എടുക്കുന്നതു സാദ്ധ്യമല്ലാതിരുന്നാൽ കോടതിക്കു ആവശ്യാനുസരണം അതിൽ കുറഞ്ഞ കാലങ്ങൾ എടുക്കാവുന്നതും ആകുന്നു,

(ഖ) കോടതിക്കു മാർഗ്ഗദർശകമായിരിക്കേണ്ടതായ ശരാശരി വിലകൾ നമ്മുടെ ഗവൺമെണ്ടിന്റെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്ന ശരാശരി വിലകൾ ഏതെങ്കിലും ഉള്ളപക്ഷം അവ ആയിരിക്കേണ്ടതും അപ്രകാരമുള്ള സംഗതികളിൽ ഈ റെഗുലേഷൻ പാസാക്കുന്നതിൽ പിന്നീടുള്ള വല്ല ആണ്ടിലേക്കും തയ്യാറാക്കുന്ന പട്ടികകളിൽ കാണിച്ചിരിക്കുന്ന വിലകൾ ശരിയായവയാണെന്നു കോടതി ഊഹിക്കേണ്ടതും ഈ റെഗുലേഷൻ പാസാക്കുന്നതിനു മുൻപുള്ള വല്ല ആണ്ടിലേക്കും തയ്യാറാക്കിയിട്ടുള്ള പട്ടികകളിൽ കാണിച്ചിരിക്കുന്ന വിലകൾ, അവ ശരിയല്ലെന്നു തെളിയിച്ചാൽ അല്ലാതെയും തെളിയിക്കുന്നതുവരെയും, ശരിയായവയാണെന്നു കോടതി ഊഹിക്കാവുന്നതും ആകുന്നു.

(ഗ) വല്ല പ്രദേശത്തെ സംബന്ധിച്ചും ക്ഷാമവർഷങ്ങളാണെന്നോ ആയിരുന്നു എന്നോ നമ്മുടെ ഗവൺമെണ്ട് പ്രസിദ്ധപ്പെടുത്താവുന്ന എല്ലാ ആണ്ടുകളെയും, ശരാശരി വിലകളെ താരതമ്യപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന എല്ലാ കാലങ്ങളിൽനിന്നും ഒഴിക്കേണ്ടതാകുന്നു;

(ഘ) ഒടുവിലത്തെ പത്തുകൊല്ലത്തിലോ അതിൽ കുറഞ്ഞ കാലത്തിലോ ഉള്ള ശരാശരി വിലയും താരതമ്യപ്പെടുത്തി നോക്കുന്ന കാര്യത്തിലേക്കായി സ്വീകരിച്ചിട്ടുള്ള അതിനു മുമ്പിലത്തെ പത്തുകൊല്ലത്തിലോ അതിൽ കുറഞ്ഞ കാലത്തിലോ ഉണ്ടായിരുന്ന ശരാശരി വിലയും തമ്മിലുള്ള അനുപാതം തന്നെ കൂട്ടുവാൻ കഴിയുന്ന മിച്ചവാരവും മുമ്പിലുണ്ടായിരുന്ന മിച്ചവാരവും തമ്മിൽ ഉണ്ടായിരിക്കേണ്ടതാകുന്നു;

എന്നാൽ ഈ അനുപാതം കണക്കുകൂട്ടുന്നതിൽ, രണ്ടാമത്തെ കാലത്തിലുള്ള ശരാശരി വിലകളിൽനിന്ന് ആ വിലകൾ ആദ്യത്തെ കാലത്തിലുള്ള ശരാശരി വിലകളേക്കാൾ എത്രത്തോളം കൂടിയിരിക്കുന്നുവോ ആ കൂടുതൽസംഖ്യയുടെ മൂന്നിൽ ഒരംശത്തെ കുറയ്ക്കേണ്ടതാകുന്നു.

൧൧. ജന്മിയും കുടിയാനും തമ്മിൽ മുമ്പുണ്ടായിട്ടുള്ള കരാറിൽ നിർണ്ണയിച്ചിട്ടുള്ള മിച്ചവാരം ഏക്കറൊന്നിന് ൨ ബ്രിട്ടീഷ് രൂപയിൽ കൂടുതലായിരിക്കുന്ന സംഗതിയൊഴികെ, ഈ റെഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ച് ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ച മിച്ചവാരം പുതുക്കുന്നതായാൽ റബ്ബർ വൃക്ഷങ്ങളോ തേയിലച്ചെടികളോ നട്ടിട്ടുള്ള ഭൂമികൾക്കു ഏക്കറൊന്നിന് ൨ ബ്രിട്ടീഷ് രൂപ നിരക്കിൽ ജന്മിക്കു കൊടുക്കേണ്ടതായ ഒരു പ്രത്യേക മിച്ചവാരം ചുമത്തേണ്ടതാകുന്നു. ഈ പ്രത്യേക മിച്ചവാരം, മേൽപ്പറഞ്ഞ വ്യവസ്ഥകൾക്കനുസരണമായി ചുമത്താവുന്ന ഏതെങ്കിലും മിച്ചവാരം ഉള്ളപക്ഷം, അവയ്ക്കു പുറമെ ഉള്ളതായിരിക്കുന്നതാണ്.

വിവരണം:...(എ) ഒരുത്തരിൽ ഏതെങ്കിലും ഒരു വസ്തുവിൽ അന്യോന്യം എത്രതന്നെ അകലത്തിൽ നിന്നാലും അവ റബ്ബർ നട്ടിട്ടുള്ള ഒരേക്കർ ഭൂമിക്കു തുല്യമായി ഗണിക്കേണ്ടതാണ്.

(ബി) "റബ്ബർ വൃക്ഷങ്ങൾ" എന്നുള്ളതിൽ കറ എടുക്കാവുന്ന പ്രായത്തിൽ എത്തീട്ടില്ലാത്ത റബ്ബർ വൃക്ഷങ്ങൾ ഉൾപ്പെടുന്നതല്ല.

൨൯. കുടിയാന്റെ ഏററവും കുറഞ്ഞ ആദായ അതിരിൽ കുറവു വരത്തക്ക വിധത്തിൽ യാതൊരു സംഗതിയിലും ഏതെങ്കിലും ഒരു വസ്തുവിനെ സംബന്ധിച്ചു മിച്ചവാരം കൂട്ടുന്നതിന് യാതൊരു കോടതിയും വിധിക്കുന്നതിനു പാടില്ലാത്തതാകുന്നു.

വിവരണം:...ഈ വ്യവസ്ഥ ഇതിന് മുൻപു മുതൽക്കു തന്നെ നടപ്പിലിരിക്കുന്ന ഏതെങ്കിലും മിച്ചവാരം കുറയ്ക്കുന്നതിന് കാരണമാകുന്നതല്ല.

൩൦. താഴെപ്പറയുന്ന ഏതെങ്കിലും ഒന്നോ അതിലധികമോ കാരണങ്ങൾ പ്രകാരമല്ലാതെ, ഒരു വസ്തുവിന് നിശ്ചയിച്ചിട്ടുള്ള പാട്ടം കുറച്ചു മിച്ചവാരം കുറയ്ക്കുന്നതിന് അവകാശപ്പെടുന്നതിന് ആ വസ്തുവിന്റെ കുടിയാന് അർഹതയുണ്ടായിരിക്കുന്നതല്ല, അതായത്:...

(i) കുടിയാന്റെ ഏതെങ്കിലും വീഴ്ച കൂടാതെ, യഥാർത്ഥത്തിൽ കൃഷി ചെയ്യപ്പെടുന്ന വസ്തുവിന്റെ വിസ്തീർണ്ണം മുൻപു പാട്ടം നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിനേക്കാൾ കുറയുക,

(ii) കുടിയാന്റെ ഏതെങ്കിലും വീഴ്ച കൂടാതെ, മണൽവന്നു മൂടിയോ അല്ലെങ്കിൽ പൊട്ടുന്നവയെയോ ക്രമേണയോ ഉള്ള മററു പ്രത്യേക കാരണത്താലോ വസ്തുവിലെ മണ്ണ് സ്ഥിരമായി ദോഷപ്പെട്ടുപോകുക,

(iii) മുൻപു പാട്ടം ചുമത്തിയിട്ടുള്ള ഏതെങ്കിലും വസ്തു ഇപ്പോൾ ഇല്ലാതിരിക്കയും തന്മൂലം വസ്തുവിന്റെ പാട്ടവില കുറയുകയും ചെയ്യുക,

(iv) നിലങ്ങളല്ലാത്ത ഭൂമിയുടെ കാര്യത്തിൽ പാട്ടം ചുമത്താവുന്ന വസ്തുവിലുള്ള വൃക്ഷങ്ങളുടെ എണ്ണം കുടിയാന്റെ അധീനത്തിലല്ലാത്ത കാരണങ്ങളാൽ സാരമായി കുറഞ്ഞു പോയിട്ടുണ്ടെങ്കിൽ,

(v) നിലങ്ങളല്ലാത്ത ഭൂമിയുടെ കാര്യത്തിൽ വസ്തുവിലുള്ള പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുടെ ഉൽപന്നങ്ങൾക്കുള്ള സ്ഥലത്തെ ശരാശരി വിലയിൽ, തൽക്കാലത്തേക്കുള്ള കാരണം നിമിത്തമല്ലാതെ, വസ്തുവിടപ്പെടുന്ന പകുതിയിൽ ഇപ്പോഴത്തെ പാട്ടം നിലവിലിരിക്കുന്നകാലത്തു ഇടിവുവന്നിട്ടുണ്ടെങ്കിൽ

X. മേൽപ്പറഞ്ഞ റഗുലേഷനിലെ ൧൪-ാം അദ്ധ്യായത്തിലെ ൩൨ ഭാഗമായി ഭേദഗതിചെയ്തിട്ടുള്ള ൩൦-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാകുന്നു, അതായത്....

൩൦ എ. (എ) ഏതെങ്കിലും നദിയുടെ പ്രവൃത്തിമൂലം മണ്ണിന് ഹാനിസംഭവിച്ചിരിക്കുന്നു എന്ന കാരണത്തിന്മേൽ മിച്ചവാരം കുറയ്ക്കണമെന്നവകാശപ്പെടുമ്പോൾ,

(എ) താൽക്കാലികമോ യാദൃച്ഛികമോ മാത്രം ആയിട്ടുള്ള ഏതെങ്കിലും പാട്ടത്തിന്റെ കുറവു കോടതി പരിഗണിക്കാൻ പാടില്ലാത്തതും,

(ബി) ഭൂമി പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുള്ള പുരയിടമായിരിക്കുമ്പോൾ അതിൽനിന്നു കിട്ടുന്ന ചെലവുകഴിച്ചു ആണ്ടേയ്ക്കുള്ള ശരാശരി വിളവിന്റെ കുറവിൽ നാലിൽ ഒരംശത്തിൽ കവിയാതെയും, അതു നിലമായിരിക്കുമ്പോൾ ആണ്ടേയ്ക്കുള്ള ശരാശരി വിളവിന്റെ കുറവിൽ മൂന്നിൽ ഒരംശത്തിൽ കവിയാതെയും, ഭൂമി മേൽപ്രസ്താവിച്ച രണ്ടിനങ്ങളിലും പെടാതിരിക്കുമ്പോൾ അതിന്മേൽ ചുമത്താവുന്ന പാട്ടത്തിൽ കുറയാതെയും ഉള്ള വിധത്തിൽ കോടതിക്കു ന്യായവും ധർമ്മാനുരൂപവും ആണെന്നു തോന്നുന്നതുപോലെ ഒരു സംഖ്യ ആയി മിച്ചവാരം കുറയ്ക്കാവുന്നതാകുന്നു.

(൨) പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുടെ എണ്ണത്തിൽ കുറവുണ്ടെന്നുള്ള കാരണത്താൽ മിച്ചവാരം കുറയ്ക്കണമെന്നവകാശപ്പെടുമ്പോൾ, പാട്ടം ചുമത്താവുന്ന വൃക്ഷങ്ങളുടെ എണ്ണത്തിൽ കുറവുള്ളതുമൂലം ഭൂമിയുടെ ആണ്ടേയ്ക്കുള്ള ചെലവുകഴിച്ചുള്ള ശരാശരി വിളവിൽ ഉണ്ടാകുന്ന കുറവിന്റെ നാലിൽ ഒരംശത്തിൽ കവിഞ്ഞു മിച്ചവാരം കുറയത്തക്കവണ്ണം കോടതി യാതൊരു കുറയ്ക്കലും വിധിച്ചു കൊടുക്കാൻ പാടുള്ളതല്ല.

(൩) വൃക്ഷങ്ങളുടെ വിളവിന്റെ വിലയ്ക്കു ഇടിവുതട്ടിയിട്ടുണ്ടെന്നുള്ള കാരണത്തിന്മേൽ മിച്ചവാരം കുറയ്ക്കണമെന്നവകാശപ്പെടുമ്പോൾ,

(എ) വ്യവഹാരം കൊടുക്കുന്നതിനു അടുത്തു മുമ്പുള്ള പത്തുവർഷക്കാലത്തെ ശരാശരി വിലയും പ്രസ്തുത കാലത്തിനു അടുത്തു മുമ്പുള്ള പത്തു വർഷക്കാലത്തെ ശരാശരി വിലയും തമ്മിൽ കോടതി ഒത്തുനോക്കേണ്ടതും അല്ലെങ്കിൽ താരതമ്യപ്പെടുത്തി നോക്കുന്നതിനായി അപ്രകാരമുള്ള രണ്ടു ദശവർഷക്കാലങ്ങൾ എടുക്കുന്നതു പ്രായോഗികമല്ലെങ്കിൽ കോടതിക്കു അവയ്ക്കു പകരം അതിൽ കുറഞ്ഞ കാലങ്ങൾ എടുക്കാവുന്നതും ആകുന്നു.

(ബി) കോടതിക്കു മാർഗ്ഗദർശകമായിരിക്കേണ്ട ശരാശരി വിലകൾ നമ്മുടെ ഗവൺമെന്റിന്റെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തീട്ടുള്ളവ, അപ്രകാരം വല്ലവയുമുണ്ടെങ്കിൽ, ആയിരിക്കേണ്ടതും, അപ്രകാരമുള്ള സംഗതികളിൽ ഭേദഗതി റഗുലേഷൻ പാസ്സാക്കിയതിൽ പിന്നീടുള്ള ഏതെങ്കിലും വർഷത്തിലേക്കായി തയ്യാറാക്കിയിട്ടുള്ള പട്ടികകളിൽ കാണിച്ചിരിക്കുന്ന വിലകൾ ശരിയാണെന്നു വിചാരിക്കേണ്ടതും, ഭേദഗതി റഗുലേഷൻ പാസ്സാക്കിയതിനു മുമ്പുള്ള ഏതെങ്കിലും വർഷത്തേക്കായി തയ്യാറാക്കിയിട്ടുള്ള പട്ടികകളിൽ കാണിച്ചിരിക്കുന്നവിലകൾ, അവ തെററാണെന്നു തെളിയിച്ചാലല്ലാതേയും തെളിയിക്കുന്നതുവരേയും, ശരിയാണെന്നു വിചാരിക്കേണ്ടതും ആകുന്നു,

(സി) ഏതെങ്കിലും സ്ഥലത്തെ സംബന്ധിച്ചിടത്തോളം ക്ഷാമവർഷങ്ങളായോ ക്ഷാമവർഷങ്ങളായിരുന്നതായോ നമ്മുടെ ഗവൺമെന്റു പരസ്യം ചെയ്തിട്ടുള്ള എല്ലാ വർഷങ്ങളും ശരാശരി വിലകൾ ഒത്തുനോക്കുന്നതിനായി എടുത്തിട്ടുള്ള കാലങ്ങളിൽനിന്നു തള്ളേണ്ടതാകുന്നു.

(ഡി) കുറച്ച മിച്ചവാരവും മുമ്പിലത്തെ മിച്ചവാരവും തമ്മിലുള്ള അനുപാതവും ഒടുവിലത്തെ പത്തുവർഷക്കാലത്തെയോ അതിൽകുറഞ്ഞകാലത്തെയോ ശരാശരി വിലകളും മുമ്പിലത്തെ പത്തുവർഷക്കാലത്തെയോ അതിൽകുറഞ്ഞ കാലത്തെയോ ശരാശരി വിലകളും തമ്മിലുള്ള അനുപാതവും ഒരുപോലെ ഇരിക്കേണ്ടതാകുന്നു.

എന്നാൽ ഈ ആനുകൂല്യം കണക്കാക്കുന്നതിൽ ആദ്യകാലത്തുള്ള ശരാശരിവിലകളും പിന്നീടുള്ള കാലത്തെ ശരാശരിവിലകളും തമ്മിലുള്ള കുറവിന്റെ മൂന്നിൽ ഒരംശം ആദ്യകാലത്തെ വിലയിൽനിന്ന കുറയ്ക്കേണ്ടതാകുന്നു.

൨൩ ബി. മുൻപറഞ്ഞ വകുപ്പുകളിൽ എന്തുതന്നെഅടങ്ങിയിരുന്നാലും കാര്യത്തിന്റെ അവസ്ഥയ്ക്ക് അനുചിതമൊ അന്യായമൊ ആയി മിച്ചവാരം കൂട്ടിയൊ കുറച്ചൊ യാതൊരു സംഗതിയിലും കോടതി വിധിച്ചുകൂടാത്തതാകുന്നു.

XI. മേൽപറഞ്ഞ റഗുലേഷന്റെ ൩-ാം അദ്ധ്യായത്തിലെ ബി. ഭാഗത്തിന്റെ തലക്കെട്ടിനു പകരം താഴെപ്പറയുന്നതു ചേർക്കേണ്ടതാണ്, അതായത്:—

"ബി. ഭാഗം. സമരിയായി ഈടാക്കലും ജന്മിക്കരം കെട്ടിവയ്ക്കലും.

XII. മേൽപ്പറഞ്ഞ റഗുലേഷൻ ൩-ാം അദ്ധ്യായം ബി. ഭാഗത്തു ൨൭-ാം വകുപ്പിന്മുമ്പിൽ താഴെപ്പറയുന്ന വകുപ്പു ചേർക്കേണ്ടതാകുന്നു. അതായതു്:-

൨൬ സി. (൧) ഏതെങ്കിലും വസ്തുവിന്റെ ജന്മിക്ക അയാൾക്കുണ്ടാകാവുന്ന വ്യവഹാരത്തിനുള്ള മററു ഏതെങ്കിലും അവകാശത്തിന് ഹാനികൂടാതെ ആ വസ്തുവിനെ സംബന്ധിച്ചുള്ള ഏതെങ്കിലും ജന്മിക്കരത്തിന്റെ കുടിശിക ഈടാക്കുന്നതിന് വസ്തുകിടക്കുന്ന താലൂക്കിലെ തഹശീൽദാരുടെ അടുക്കൽ അപേക്ഷിക്കുന്നതിന് അധികാരമുള്ളതാകുന്നു.

എന്നാൽ അപേക്ഷിക്കുന്ന തീയതിയിൽ കുടിശിക രണ്ടുകൊല്ലത്തേക്കാൾ കൂടുതൽ പഴക്കമുള്ളതായിരിക്കരുതു്.

(൨) അപേക്ഷ നമ്മുടെ ഗവൺമെന്റ നിശ്ചയിച്ചിട്ടുള്ള രൂപത്തിലും നിശ്ചയിച്ചിട്ടുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ളതും ആയിരിക്കേണ്ടതും അന്യായങ്ങൾ ഒപ്പിടുന്നതിനും ഒത്തുനോക്കുന്നതിനും ൧൧൦൦-ലെ സിവിൽ നടപടിനിയമത്തിൽ വ്യവസ്ഥചെയ്തിട്ടുള്ളതുപോലെ ജന്മി ഒപ്പിട്ടിട്ടുള്ളതും ഒത്തുനോക്കിയിട്ടുള്ളതും ആയിരിക്കേണ്ടതും ആകുന്നു.

(൩) കുടിശിക ഈടാക്കുന്നതിനു ആവശ്യമായേക്കാവുന്ന അനേകം ചടങ്ങുകൾക്കുവേണ്ടി നമ്മുടെ ഗവൺമെന്റ നിശ്ചയിച്ചിട്ടുള്ള ഫീസ് തഹശീൽദാർക്ക് അപേക്ഷകൻ അതാതുസമയം കൊടുക്കേണ്ടതാകുന്നു. നടപടികൾ അവസാനിക്കുമ്പോൾ അപ്രകാരമുള്ള ഫീസിന്റെ ഏതെങ്കിലും അംശം ചെലവാകാതെ കിടപ്പുണ്ടെങ്കിൽ അതു തിരിച്ചു വാങ്ങുന്നതിന് അപേക്ഷകനു അവകാശമുള്ളതാകുന്നു.

(൪) അപേക്ഷ യഥാക്രമം ഹാജരാക്കിയിട്ടുള്ളതാണെന്നും കുടിയാന്റെപക്കൽനിന്നു കുടിശിക ഈടാക്കേണ്ടതാണെന്നും, അതു ഈടാക്കുന്നതിനു അപേക്ഷകനു അവകാശമുണ്ടെന്നും, അതു അപേക്ഷ അയച്ചതീയതി രണ്ടുകൊല്ലത്തേക്കാൾ കൂടുതൽ പഴക്കമില്ലാത്തതാണെന്നും തഹശീൽദാർക്ക് ബോദ്ധ്യമാകുന്നപക്ഷം കുടിശികസംഖ്യയും പലിശയും, അപേക്ഷകൻ (൩)-ാം ഉപവകുപ്പിൻപ്രകാരം അടച്ചിട്ടുള്ളഫീസും, അവ നമ്മുടെ ഗവൺമെന്റിനു ഈടാക്കേണ്ടതായ പൊതുക്കരത്തിന്റെ ഒരു കുടിശികയാണെങ്കിൽ ഏതുപ്രകാരമൊ അപ്രകാരം അവ ഈടാക്കുന്നതിനു അദ്ദേഹം നടപടിനടത്തേണ്ടതും (൧൦൫൭-ലെ ൩-ം, ൧൦൮൪-ലെ ൫-ം ൧൦൭൭-ലെ ൧൦-ം, ൧൦൯൯-ലെ ൨-ം റഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട) ൧൦൫൫-ലെ ൧-ാംനമ്പരായ കരംപിരിവുറഗുലേഷനിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടുകൂടി എല്ലാ നടപടികളേയും സംബന്ധിക്കുന്നതും ആകുന്നു.

(൫) (എ) കഴിയുന്നതും ൧൯-ാംവകുപ്പിൽ ഉദ്ദേശിച്ചിട്ടുള്ള രൂപത്തിൽ അപേക്ഷകന്റെപക്കൽനിന്നു ഒരു പറച്ചീട്ടു വാങ്ങിക്കൊണ്ടു തഹശീൽദാർ പിരിഞ്ഞുകിട്ടിയസംഖ്യ അയാൾക്കു കൊടുക്കേണ്ടതാകുന്നു.

(ബി) കുടിയാൻ അപേക്ഷിക്കുന്നപക്ഷം യാതൊരു ചെലവുംകൂടാതെ തഹശീൽദാരുടെ ഒപ്പോടുകൂടി പറച്ചീട്ടിന്റെ ഒരു പ്രതി അയാൾക്കു കൊടുക്കേണ്ടതാകുന്നു.

വിവരണം:—ഏതെങ്കിലും സങ്കടമുള്ള കക്ഷിക്കു സിവിൽവ്യവഹാരത്തിനു നിയമപ്രകാരമുള്ള അധികാരം ഈ വകുപ്പിലെ യാതൊന്നും തടയുന്നതായി ഗണിച്ചുകൂടാത്തതാകുന്നു.

XIII. മേൽപ്പറഞ്ഞ റഗുലേഷൻ ൨൭-ാംവകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പു ചേർക്കണം, അതായതു്:—

"൨൭. (എ) കുടിയാൻ കൊടുത്ത ജന്മിക്കരത്തിന്റെ ഏതെങ്കിലും തവണ കൈപ്പററാതെ ജന്മി നിഷേധിക്കുമ്പോൾ ആകട്ടെ, അല്ലെങ്കിൽ,

(ബി) ഏതെങ്കിലും സംഗതിയിൽ ജന്മിക്കരം വാങ്ങുന്നതിന് അവകാശമുള്ള ആളെ സംബന്ധിച്ചു കുടിയാനു സംശയമുള്ളപ്പോൾ ആകട്ടെ,

(സി) വസ്തുവിനെസംബന്ധിച്ചു നാളതുവരെ കൊടുക്കേണ്ടതായ മുഴുവൻ ജന്മിക്കരവും, പലിശയും, റഗുലേഷൻപ്രകാരം വല്ല ഫീസും കൊടുക്കേണ്ടതുണ്ടെങ്കിൽ അതും കോടതിയിൽ കെട്ടിവയ്ക്കുന്നതിനായി കുടിയാനു വസ്തുവോ അതിന്റെ ഏതെങ്കിലും അംശമൊ ഏതു കോടതിയുടെ അധികാരാതിർത്തിയിൽ സ്ഥിതിചെയ്യുന്നുവോ ആ കോടതിയിലേക്ക്, അപേക്ഷിക്കാവുന്നതാകുന്നു.

XIV. മേൽപ്പറഞ്ഞ റഗുലേഷൻ ൨൮-ാം വകുപ്പു (ഡി) ഖണ്ഡത്തിനു പകരം താഴെപ്പറയുന്നതു ചേർക്കണം, അതായതു്:—

"(ഡി) ചെല്ലേണ്ടതായ ജന്മിക്കരത്തിന്റെ മുഴുവൻസംഖ്യയും നാളതുവരെയുള്ള പലിശയും ഫീസു വല്ലതുമുണ്ടെങ്കിൽ അതും ഇനമായി കൊടുക്കേണ്ട സാധനങ്ങളുടെ നടപ്പുനിരക്കിലുള്ള കമ്പോളവിലയും."

XV. മേൽപ്പറഞ്ഞ റഗുലേഷൻ ൨൯-ാം വകുപ്പിൽ.

(എ) "മിച്ചവാരത്തിന്റെയോ" എന്നും "മിച്ചവാരമായിട്ടൊ" എന്നും ഉള്ള വാക്കുകൾക്കു പകരം "ജന്മിക്കരത്തിന്റെയോ" എന്നും "ജന്മിക്കരമായിട്ടൊ" എന്നും ഉള്ള വാക്കുകൾ ചേർക്കണം,

(ബി) "കരമൊഴികെ" എന്ന വാക്കിന്റെ മുമ്പിൽ അപ്പോഴുള്ള എന്ന വാക്ക ചേൎക്കണം.

XVI. മേൽപ്പറഞ്ഞ റഗുലേഷനിലെ ൧൦-ം, ൧൭-ം വകുപ്പുകൾക്കു പകരം താഴെപ്പറയുന്ന വകുപ്പുകൾ ചേൎക്കേണ്ടതാകുന്നു, അതായതു്:—

൧൦. (൧) മേൽപ്രസ്താവിച്ചപ്രകാരം അപേക്ഷ കൊടുത്തിരിക്കുന്ന സംഗതിയിൽ അപേക്ഷക്കാരനെ വിസ്തരിക്കുമ്പോൾ, ന്യായമായ കാരണങ്ങൾകൂടാതെ അപേക്ഷിച്ചതാണെന്നു കാണുകയോ അല്ലെങ്കിൽ ഇനിമേൽ പ്രസ്താവിക്കുന്ന നോട്ടീസ് അയക്കുന്നതിലേക്കായി വല്ല ഫീസും ചുമത്തിയിട്ടുണ്ടെങ്കിൽ ആ ഫീസും അടയ്ക്കാൻ ഒരുക്കിയിട്ടില്ലെന്നു കാണുകയോ ചെയ്യാത്തപക്ഷം അപേക്ഷിച്ചിട്ടുള്ള അനുവാദം കോടതി കൊടുക്കേണ്ടതും കെട്ടിവച്ച തുക കോടതി സ്വീകരിക്കേണ്ടതും ആകുന്നു.

(൨) കെട്ടിവച്ച തുക സ്വീകരിക്കുന്ന കോടതിയിൽനിന്നു് ഒരു രസീതു കിട്ടുന്നതിനു അപേക്ഷക്കാരനു് അവകാശമുള്ളതും കെട്ടിവച്ച തുക ജന്മിക്കായോ അല്ലെങ്കിൽ കുടിശ്ശികവകയ്ക്കായി ജന്മിക്കു് കുടിയാൻ കൊടുത്തതായോ വിചാരിക്കേണ്ടതും ആകുന്നു.

൧൧. (൧) കെട്ടിവച്ച തുക സ്വീകരിക്കുന്ന കോടതി കെട്ടിവച്ച തുക പറ്റുന്നതിനു് അവകാശമുള്ളതോ അല്ലെങ്കിൽ അവകാശപ്പെടുന്നതോ ആയി ന്യായമായി വിശ്വസിക്കപ്പെട്ടിരിക്കുന്ന എല്ലാ ആളുകൾക്കും നോട്ടീസ് കൊടുക്കേണ്ടതും കോടതിയിൽ ഹാജരായേക്കാവുന്ന അപ്രകാരമുള്ള ആളുകൾക്കു പറയാനുള്ളതു കേട്ടതിന്റെശേഷം കെട്ടിവച്ച തുക പറ്റുന്നതിനു അൎഹതയുള്ളവൻ ആരെന്നു കോടതിക്കു തോന്നുന്നു ഏതെങ്കിലും ആളിനു കെട്ടിവച്ച തുക കൊടുക്കുകയോ ഹുണ്ടി കമ്മീഷനോ അല്ലെങ്കിൽ മണിയാർഡർ കമ്മീഷനോ കുറച്ചു ശിഷ്ടം തുക അഞ്ചൽഹുണ്ടിയായോ തപാൽ മണിയാർഡർ ആയോ അയച്ചുകൊടുക്കുകയോ ചെയ്യാവുന്നതും അല്ലെങ്കിൽ ആ കോടതി വിധിക്കുമെന്നു വിചാരിക്കുന്നപക്ഷം ആരാണു് ആ തുകയ്ക്കു അൎഹതയുള്ള ആൾ എന്നു് അധികാരമുള്ള ഒരു സിവിൽകോടതി തീരുമാനിക്കുന്നതുവരെ കെട്ടിവച്ച തുക വച്ചുകൊള്ളാവുന്നതും ആകുന്നു.

(൨) (൧)-ാം ഉപവകുപ്പിൻപ്രകാരം കൊടുത്തിട്ടുള്ളതോ അയച്ചിട്ടുള്ളതോ ആയ പണത്തെയോ ചെയ്ത ഉത്തരവിനെയോ സംബന്ധിച്ചു തക്കിക്കുന്നതിനോ (൧)-ാം ഉപവകുപ്പനുസരിച്ചു ഏതെങ്കിലും കക്ഷിക്കു പണം കൊടുക്കുകയോ അയക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതു തിരിച്ചുവാങ്ങുന്നതിനോ അധികാരമുള്ള ഒരു സിവിൽ കോടതിയിൽ ക്രമമായ ഒരു വ്യവഹാരം കൊടുക്കുന്നതിനു ഏതെങ്കിലും കക്ഷിക്കുള്ള അവകാശത്തെ ഈ വകുപ്പിലെ യാതൊന്നും ബാധിക്കുന്നതല്ല; എന്നാൽ കുടിയാനെസംബന്ധിച്ചിടത്തോളം ൧൦-ാം വകുപ്പു (൨)-ാം ഉപവകുപ്പിൻപ്രകാരം നൽകിയിട്ടുള്ള രസീതിനു പണം വാങ്ങുന്നതിനു ന്യായമായി അൎഹതയുള്ള ഒരാൾ നൽകുന്ന രസീതിനോടൊപ്പംതന്നെ പ്രാബല്യവും ഫലവും ഉള്ളതും രസീതിൻപടിയുള്ള സംഖ്യയെ സംബന്ധിച്ചും അതിനു പൂൎണ്ണമായ ബാദ്ധ്യതാപരിഹാരം ഉള്ളതായി വിചാരിക്കേണ്ടതും ആകുന്നു.

XVII. മേൽപ്പറഞ്ഞ റഗുലേഷൻ ൩-ാം അദ്ധ്യായത്തിൽ സി. ഭാഗത്തിന്റെ തലക്കെട്ടിനു പകരം താഴെപ്പറയുന്നതു ചേൎക്കണം, അതായതു്:—

"സി ഭാഗം.—ജന്മികരം സംബന്ധിച്ച ചില്ലറ അവകാശങ്ങളുടെ കാൎയ്യത്തിൽ കോടതികൾക്കുള്ള അധികാരം."

XVIII. മേല്പറഞ്ഞ റഗുലേഷനിൽ ൧൩-ാം വകുപ്പിൽ "മിച്ചവാരം, പൊളിച്ചെഴുത്തുഫീസ്, അല്ലെങ്കിൽ നടപ്പനുസരിച്ചുള്ള ജന്മിഭോഗങ്ങൾ" എന്ന വാക്കുകൾക്കുപകരം "ജന്മികരം" എന്നവാക്ക ചേൎക്കണം.

XIX. മേൽപ്പറഞ്ഞ റഗുലേഷൻ ൧൪-ാം വകുപ്പു (൧)-ാം ഉപവകുപ്പിലുള്ള "മിച്ചവാരമൊ പൊളിച്ചെഴുത്തുഫീസൊ നടപ്പനുസരിച്ചുള്ള ജന്മിഭോഗമൊ" എന്ന വാക്കുകൾക്കു പകരം "ജന്മികരം" എന്ന വാക്ക ചേൎക്കണം.

XX. മേൽപ്പറഞ്ഞ റഗുലേഷൻ ൨൦-ാം വകുപ്പിലുള്ള "൧൦൮൪-ാമാണ്ടത്തെ ൨-ാം റഗുലേഷനായ സിവിൽനടപടിറഗുലേഷൻ ൧൫൪-ാം" എന്ന അക്കങ്ങൾക്കും വാക്കുകൾക്കും പകരം താഴെപ്പറയുന്നതു ചേൎക്കണം, അതായതു്:—

"൧൧൦൦-ലെ സിവിൽ നടപടി നിയമം ൧൫൪-ാം" എന്നു്

XXI. മേൽപ്പറഞ്ഞ റഗുലേഷൻ ൨൦-ാം വകുപ്പിനുശേഷം താഴെപ്പറയുന്നതു ഒരു തലക്കെട്ടായി ചേൎക്കേണ്ടതാണു്, അതായതു്:—

"൪-ാം അദ്ധ്യായം.—പലവക"

XXII. ടി റഗുലേഷൻ ൨൧-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേൎക്കേണ്ടതാകുന്നു, അതായതു:—

൨൨. ഏതെങ്കിലും പാട്ടവസ്തുവിലുൾപ്പെട്ട ഏതെങ്കിലും ഭൂമിയോ അതിന്റെ അംശമൊ പൊന്നുംവിലറഗുലേഷൻപ്രകാരം ഒഴിപ്പിച്ചെടുത്തതിനു നൽകപ്പെട്ടതോ നൽകപ്പെടാവുന്നതോ ആയ പ്രതിഫലത്തുക തങ്ങളിൽ വീതിക്കുന്നതിനെസംബന്ധിച്ചു ജന്മിയും കുടിയാനും തമ്മിൽ യോജിക്കാൻ നിവൃത്തിയില്ലാത്തപ്പോൾ താഴെക്കാണിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു ഓരോരുത്തൎക്കുമുള്ള വീതം നിശ്ചയിക്കേണ്ടതാകുന്നു.

(എ) പ്രതിഫലത്തുകയിൽ, ഏതെങ്കിലും കെട്ടിടങ്ങൾക്കൊ പാട്ടം ചുമത്താൻ പാടില്ലാത്ത ഏതെങ്കിലും ദേഹണ്ഡങ്ങൾക്കൊ ഉള്ള ഭാഗം മുഴുവനും കുടിയാനു ചെല്ലേണ്ടതാകുന്നു.

(ബി) പ്രതിഫലത്തുകയിൽനിന്നു (എ)-ാം ചട്ടത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം കഴിച്ചുള്ള ബാക്കിത്തുക അപ്രകാരമുള്ള ഭൂമിയിലോ അതിന്റെ അംശത്തിലോ ചുമത്തിയിട്ടുള്ളതോ ചുമത്താവുന്നതോ ആയ കാണത്തുകയും ആ ഭൂമിയിലോ അതിന്റെ അംശത്തിലോ ചുമത്തിയിട്ടുള്ളതോ ചുമത്താവുന്നതോ ആയ ജന്മികരത്തിന്റെ മൊത്തവിലയ്ക്കും മതിയാകുന്നപക്ഷം, ടി മൊത്തവിലയ്ക്കു തുല്യമായ ഒരു തുക ജന്മിക്കും ശേഷമുള്ളതെല്ലാം കുടിയാനും ചെല്ലേണ്ടതാണു്;

(സി) ടി ബാക്കിത്തുക അങ്ങനെ മതിയാകാത്തപക്ഷം, ആ ഭൂമിയിൽ നിന്നോ അംശത്തിൽ നിന്നോ ഓരോരുത്തൎക്കും കിട്ടാവുന്ന ആദായത്തിന്റെ അനുപാതം അനുസരിച്ചു ആ തുക അവൎക്കു രണ്ടുപേൎക്കും (ജന്മിക്കും കുടിയാനും) ചെല്ലേണ്ടതാകുന്നു. ജന്മിക്കു കിട്ടാവുന്ന ആദായം ആ ഭൂമിയിലോ അതിന്റെ

അംശത്തിലോ ചുമത്തിയിട്ടുള്ളതോ ചുമത്താവുന്നതോ ആയ ജന്മിക്കരവും, കുടിയാനു കിട്ടാവുന്ന ആദായം കാര്യത്തിന്റെ അവസ്ഥപോലെ ആ ഭൂമിയുടെയോ അതിന്റെ അംശത്തിന്റെയോ ചിലവുനീക്കി ആണ്ടേക്കുള്ള ശരാശരി വിളവിൽനിന്നു ടി ജന്മിക്കരം കഴിച്ചുള്ളതും ആയിരിക്കുന്നതാണ്.

(ബി) ഒരു പാട്ടവസ്തുവിലുൾപ്പെട്ട ഏതെങ്കിലും ഭൂമിയുടെ ഒരു ഭാഗംമാത്രമേ ഒഴിപ്പിച്ചെടുക്കുന്നുള്ളുവെങ്കിൽ, ആ വിഭാഗത്തെ സംബന്ധിച്ച ചുമത്താവുന്ന കാണവും ജന്മിക്കരവും, കുടിയാൻ ആ ഭാഗം നമ്മുടെ ഗവണ്മെന്റിനു ഏല്പിക്കൊടുത്തിരുന്നാൽ എങ്ങനെയോ ആ രീതിയിൽ അതിന്മേൽ ന്യായമായും ധർമ്മാനുരൂപമായും ചുമത്താവുന്ന വീതംതന്നെ ആയിരിക്കേണ്ടതാണ്.

വിവരണം — ൧. ഏതെങ്കിലും ജന്മിക്കരത്തിന്റെ മൊത്തവില'' എന്നാൽ ആ ജന്മിക്കരത്തിന്റെ തുകയുടെ ഇരുപതിരട്ടിക്കു തുല്യമായ ഒരു തുകയെന്നർത്ഥമാകുന്നു.

൨. ഈ വകുപ്പിന്റെ കാര്യത്തെസംബന്ധിച്ചിടത്തോളം, ജന്മിക്കരം'' എന്നതിൽ, കെട്ടിടങ്ങളെ സംബന്ധിച്ച ചുമത്തിയിട്ടുള്ള യാതൊരു മിച്ചവാരവും ഉൾപ്പെടുന്നതല്ല.

൪൩. ഒരു വസ്തുവിലുൾപ്പെട്ട ഏതെങ്കിലും ഭൂമിയിൽ ജന്മിക്കാണുള്ള കുടിയാനുകൂട്ട ഉള്ള അവകാശം നമ്മുടെ ഗവണ്മെന്റിലേക്കു കൈമാററം ചെയ്യപ്പെടുകയോ നമ്മുടെ ഗവണ്മെന്റിനു മററുപ്രകാരത്തിൽ സിദ്ധിക്കുകയോ ചെയ്യുമ്പോൾ, ആ കൈമാററമാകട്ടെ അങ്ങനെ മററുപ്രകാരത്തിൽ സിദ്ധിക്കുന്നതാകട്ടെ അതേ നിലയിൽ ആ ഭൂമിയിൽ മറേറാളിനുള്ള — അതായതു, കാര്യത്തിന്റെ അവസ്ഥപോലെ, കുടിയാനോ ജന്മിക്കോ ഉള്ള — അവകാശത്തെ ബാധിക്കുന്നതല്ല.

എന്നാൽ അപ്രകാരമുള്ള ഏതെങ്കിലും സംഗതിയിൽ, ആ ആളിന്റെ അവകാശത്തെ ഈ പാട്ടംവില റഗുലേഷനിലെ വ്യവസ്ഥകൾ അനുസരിച്ചു, നിർബന്ധമായി ഒഴിപ്പിക്കുന്നതിനോ, പ്രസ്തുതഭൂമിയെ ജന്മംവകയിൽ നിന്നു പണ്ടാരവകയായി മാററുകയും അതിനെസംബന്ധിച്ച ആ ആളിനുള്ള അവകാശങ്ങളെ കഴിവുള്ളിടത്തോളം ബലപ്പെടുത്തി സംരക്ഷിക്കുകയും ചെയ്യത്തക്കവണ്ണം ഏതെങ്കിലും ശാശ്വതമായ ഏർപ്പാടു ചെയ്യുന്നതിനോ നമ്മുടെ ഗവണ്മെന്റിനു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

൪൭. (൧) ഈ റഗുലേഷനിലെ ആവശ്യങ്ങൾക്കായും നിർണ്ണയിക്കപ്പെട്ടിട്ടുള്ള നടപടിനടത്തിയതിനു ശേഷവും, നമ്മുടെ ഗവണ്മെന്റിൽനിന്നു, കുടിയാൻ ഏല്പിക്കേണ്ടതായ നെല്ലു മുതലായ സാധനങ്ങളുടെ വിലത്തരം നിശ്ചയിക്കുകയും അതു നമ്മുടെ ഗവണ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

(൨) അപ്രകാരമുള്ള നിരക്കുകൾ അങ്ങനെ പ്രസിദ്ധപ്പെടുത്തുന്ന തിയതിക്കു അടുത്തു മുൻപുള്ള മൂന്നു കൊല്ലത്തെ ശരാശരി വിലയായി നിശ്ചയിക്കേണ്ടതും അവ ആ പ്രസിദ്ധീകരണത്തീയതിമുതൽ മൂന്നുകൊല്ലത്തേക്കു നടപ്പിലിരിക്കുന്നതുമാകുന്നു.

(൩) (൧)-ാം ഉപവകുപ്പിൻപ്രകാരം നിശ്ചയിക്കപ്പെടുന്ന നിരക്കുകൾ തിരുവിതാംകൂറിനൊട്ടുക്കു ഒന്നുപോലെയോ പ്രത്യേക പ്രദേശങ്ങൾക്കു പ്രത്യേകമോ ആയിരിക്കാവുന്നതാകുന്നു.

൪൮. (൧) തിരുവിതാംകോട്ടു കാലഹരണ റഗുലേഷനോടു അനുബന്ധിച്ചിട്ടുള്ള ഒന്നാം പട്ടികയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ജന്മിക്കരത്തിന്റേയോ അതിന്മേലുള്ള പലിശയുടേയോ പിഴയുടേയോ വല്ല കുടിശ്ശികയുമായുള്ള യാതൊരു വ്യവഹാരവും ആ ജന്മിക്കരം കുടിശ്ശികയായ തീയതിമുതൽ ആറു കൊല്ലത്തിനകം ബോധിപ്പിച്ചാലല്ലാതെ യാതൊരു സിവിൽക്കോടതിയും സ്വീകരിച്ചുകൂടുന്നതല്ല.

എന്നാൽ മേൽപടി റഗുലേഷൻ നടപ്പിൽവരുന്ന തീയതി ടി വ്യവസ്ഥകൊണ്ടുമാത്രം കാലഹരണം വരുന്നതും ജന്മിക്കരത്തിനായുള്ളതുമായ വ്യവഹാരങ്ങൾ ആ തീയതിമുതൽ രണ്ടുകൊല്ലത്തിനകം ബോധിപ്പിക്കാവുന്നതാണ്.

(൨) തിരുവിതാംകോട്ടു കാലഹരണ റഗുലേഷന്റെ ഒന്നാം പട്ടികയിലെ ൧൧൯-ാം വകുപ്പിന്റെ വിവരണം റദ്ദുചെയ്തിരിക്കുന്നതായി ഗണിക്കേണ്ടതാകുന്നു.

ഉദ്ദേശ കാരണ വിവരം

൧൦൯൧-ാമാണ്ടത്തെ ൪-ാം നമ്പരായ ജന്മികുടിയാൻ റഗുലേഷനെ ഭേദപ്പെടുത്തുന്ന കാര്യം കുറെ അധികം കാലമായി ഗവണ്മെൻറു ആലോചിച്ചുവരികയാണ്. നിയമസഭയിൽ അവതരിപ്പിക്കുന്നതിനായി ൧൯൨൫ മാർച്ച് ൨൪-ാംനു-ലെ ഗസററിൽ ഒരു ഭേദഗതിബില്ലും യഥാർത്ഥത്തിൽ പ്രസിദ്ധപ്പെടുത്തി. എന്നാൽ ആ ബിൽ ജന്മിമാർക്കാകട്ടെ കുടിയാന്മാർക്കാകട്ടെ തൃപ്തികരമായില്ലെന്നും ആ രണ്ടു കക്ഷികൾക്കുംതമ്മിൽ തീഷ്ണമായ അഭിപ്രായവ്യത്യാസമുണ്ടെന്നും താമസിയാതെ മനസ്സിലായി. അതിനാൽ കഴിയുന്നപക്ഷം ആ അഭിപ്രായവ്യത്യാസം പരിഹരിക്കാനുള്ള മാർഗ്ഗം കണ്ടുപിടിക്കാൻ ഗവണ്മെൻറു കുറച്ചുസമയം ചെലവാക്കി. എല്ലാകക്ഷികളുടേയും പ്രാതിനിധ്യമുള്ള ഒരുപ്രത്യേകയോഗത്തിൽ വച്ചുസ്വാതന്ത്ര്യവും ആചാരപരമല്ലാത്തതും ആയ ഒരു വാദപ്രതിവാദം നടത്തുന്നതു ഏററവും അഭിലഷണീയമായ ഒരു മാർഗ്ഗമാണെന്നു കരുതുകയും അപ്രകാരമുള്ള ഒരു കാര്യാലോചനയോഗം നടത്താൻ തീരുമാനിക്കുകയും അതു ദിവാന്റെ അദ്ധ്യക്ഷതയിൽ നടത്തുകയുംചെയ്തു. ഈ യോഗത്തിൽ ഐകകണ്ഠ്യേനയുള്ള തീരുമാനങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നു ഗവണ്മെൻറു സന്തോഷസമേതം പ്രസ്താവിച്ചുകൊള്ളട്ടെ. ആ തീരുമാനങ്ങൾ നടപ്പിൽവരുത്തുന്നതിനാണ് ഈ ഭേദഗതി ബിൽ രൂപീകരിച്ചിട്ടുള്ളത്. ഈ ബില്ലുകൊണ്ടു നിർദ്ദേശിച്ചിട്ടുള്ള സാരമുള്ള ഭേദഗതികൾ താഴെ ചേർക്കുന്നു:

(൧) ഒരു കുടിയാനെ കാണവസ്തുവിൽനിന്നു ഒഴിപ്പിക്കാൻ ചില അവസരങ്ങളിൽ ജന്മിക്കുള്ള അവകാശത്തെയും വസ്തു വിട്ടൊഴിയാൻ കുടിയാനുള്ള അവകാശത്തെയും എടുത്തുകളയണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. മേലാൽ യാതൊരു കാരണവശാലാകട്ടെ യാതൊരവസരത്തിലാകട്ടെ കുടിയാനിൽ നിന്നു വസ്തു ഒഴിപ്പിക്കുകയും കുടിയാൻ വസ്തു ഒഴിയുകയും ചെയ്യാൻ പാടില്ലാത്തതാകുന്നു. (ബില്ലിന്റെ ൪-ാം ഖണ്ഡത്തിൽ നിർദ്ദേശിച്ചിട്ടുള്ള പുതിയ ൪-ാം വകുപ്പു നോക്കുക).

(൨) വസ്തു ഒഴിപ്പിക്കാൻ ജന്മിക്കുള്ള അവകാശം, ജന്മിഭോഗങ്ങൾ ഈടാക്കുന്നതിനുള്ള ഒരു ആയുധമാണ്. അതിപ്പോൾ എടുത്തുകളയുന്നതുകൊണ്ട് അതിനുപകരം, തനിക്കു കിട്ടാനുള്ള ജന്മിഭോഗങ്ങൾ ഏതെങ്കിലും മൂന്നുകൊല്ലത്തിൽ കൂടുതൽ കുടിശ്ശികയിട്ടുന്നപക്ഷം ന്യായമായ പലിശയ്ക്കുപുറമെ ഒരു പിഴകൂടി ആവശ്യപ്പെടാനുള്ള അവകാശം ജന്മിക്കു കൊടുക്കുന്നതാണെന്നു നിർദ്ദേശിക്കുന്നു. ആദ്യത്തെ മൂന്നുകൊല്ലത്തിനു ശേഷം എത്ര കൊല്ലം കൊടുക്കാതിരിക്കുന്നുവോ ആ ഓരോ കൊല്ലത്തേക്കും കുടിശ്ശികയുടെ ൧൨½ ശതമാനം ജന്മിക്കു കൊടുക്കണമെന്നുള്ളതാണ് നിർദ്ദിഷ്ടമായ പിഴ. (൭-ാം ഖണ്ഡത്തിലുള്ള പുതിയ ൧൭ (എ) (ബി) വകുപ്പു നോക്കുക). ജന്മിഭോഗങ്ങൾക്കുള്ള വ്യവഹാരങ്ങളുടെ കാലഹരണം ആറുകൊല്ലമായി കുറയ്ക്കാൻ ഉദ്ദേശിച്ചിരിക്കുന്നതിനാൽ, ഒരു കുടിയാൻ കൊടുക്കേണ്ടതായി വരാവുന്ന പിഴയുടെ പരമാവധി ൩൭½ ശതമാനമാകുന്നു.

(൩) കാണവസ്തുവിനേയും അതിലുള്ള സകലതിനേയും ഇഷ്ടംപോലെ ഏതെങ്കിലും തരത്തിൽ വിനിയോഗിക്കുന്നതിനു കുടിയാനുള്ള അവകാശത്തെ പ്രത്യക്ഷമായി പ്രസ്താവിച്ചിട്ടുണ്ട്. ഈ അവകാശത്തിന്റെ ഒരംശമായി, തടിവൃക്ഷങ്ങളുൾപ്പെടെ പാട്ടവസ്തുക്കളിൽ നിൽക്കുന്നതോ വളരുന്നതോ ആയ സകലവൃക്ഷങ്ങളും വെട്ടിമുറിച്ചു ഉപയോഗിക്കുന്നതിനുള്ള അവകാശം കൂടി കുടിയാനുണ്ടാകിയിരിക്കുന്നു. ഇതിന് ഒരു വ്യത്യാസം മാത്രമേയുള്ളു. ഒരു നൂറു ഇഞ്ചു വണ്ണത്തിൽ കുറയാത്തതും ഈ റഗുലേഷന്റെ ആരംഭകാലത്തു പാട്ടവസ്തുക്കളിൽ നിൽക്കുന്നതും ആയ തടിവൃക്ഷങ്ങളെ സംബന്ധിച്ചാണ്. ആ വകവൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം, കുടിയാൻ അവയെ മുറിക്കാമെങ്കിലും ജന്മിയുടെ സമ്മതത്തോടുകൂടിയോ ജന്മിക്കു നോട്ടീസു കൊടുത്തതിനുശേഷമോ ആയാൾ അങ്ങനെ ചെയ്യേണ്ടതാണെന്നും വൃക്ഷങ്ങൾ മുറിച്ചാൽ അവയുടെ വിലയിൽ മുക്കാൽഭാഗം ജന്മിക്കു കൊടുക്കുകയും ശേഷമുള്ള കാൽഭാഗം കുടിയാൻ എടുത്തുകൊള്ളുകയും ചെയ്യേണ്ടതാണെന്നും വ്യവസ്ഥചെയ്തിരിക്കുന്നു. (൪-ാംഖണ്ഡത്തിലുള്ള പുതിയ ൭-ം ൮-ം വകുപ്പുകൾ നോക്കുക). മേറ്റ തടിവൃക്ഷങ്ങളെ സംബന്ധിച്ച ജന്മിക്കുള്ള അവകാശത്തെ പൂർണ്ണമായി എടുത്തുകളഞ്ഞിരിക്കുന്നതിനാൽ, അതിനുപകരം, ആ വക വൃക്ഷങ്ങൾക്കു നൂറു ഇഞ്ചിൽ കുറയാത്ത വണ്ണമുണ്ടാകുന്നപക്ഷവും അപ്രകാരമുണ്ടാകുമ്പോഴും അവയിൽ ഓരോന്നിനും, ഫല വൃക്ഷങ്ങൾക്കു പാട്ടംചുമത്തുന്ന രീതിയിൽതന്നെ ക്ലിപ്തമായ ഒരു പാട്ടം ചുമത്തുന്നതിനുള്ള അവകാശം ആയാൾക്കു കൊടുക്കുന്നതാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. (൯-ാം ഖണ്ഡത്തിലുള്ള പുതിയ ൨൨ (൨) (ബി) വകുപ്പു നോക്കുക).

(൪) ഏതെങ്കിലും കാണവസ്തുവിൽ ജന്മിക്കോ കുടിയാനോ ഉള്ള അവകാശങ്ങൾ ഭാഗം നിമിത്തമോ സ്വാധീനം നിമിത്തമോ മററു പ്രകാരത്തിലോ വിഭജിക്കപ്പെടുമ്പോൾ, തന്റെ അവകാശങ്ങളേയോ ബാദ്ധ്യതകളേയോ ന്യായവും ധർമ്മാനുരൂപവും ആയ രീതിയിൽ വിഭജിക്കാൻ ജന്മിക്കാകട്ടെ കുടിയാനാകട്ടെ അവകാശമുണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. (൪-ാം ഖണ്ഡത്തിലുള്ള പുതിയ ൧൨-ാം വകുപ്പു നോക്കുക).

(൫) എല്ലാ കാണവസ്തുവിനെ സംബന്ധിച്ചും കാലന്തോറും (സാധാരണമായി ൧൨ കൊല്ലത്തിലൊരിക്കൽ) ഉള്ള പൊളിച്ചെഴുത്തു നിറുത്തലാക്കണമെന്നും (൪) ാം ഖണ്ഡത്തിലുള്ള പുതിയ ൧൩-ാം വകുപ്പ്) പൊളിച്ചെഴുത്തുകാലത്തു ഒന്നായി കൊടുക്കേണ്ടതായ പൊളിച്ചെഴുത്തു ഫീസ് വിഭജിച്ചു അവയുടെ ഇപ്പോഴത്തെ വിലയെ ആസ്പദമാക്കി ആണ്ടുതോറുമുള്ള തവണകളായി രൂപാന്തരപ്പെടുത്തണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഒരു കുടിയാൻ കൊടുക്കേണ്ടതായ നടപ്പവകാശങ്ങളെ സംബന്ധിച്ചും ഇതുപോലെതന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. (൭-ാം ഖണ്ഡത്തിലുള്ള പുതിയ ൧൭ (൩) വകുപ്പു നോക്കുക).

(൬) പൊളിച്ചെഴുത്തുഫീസു യാതൊരുകാരണവശാലും കൂട്ടാൻ പാടില്ലെന്നും ഇപ്പോൾ അതു കാണത്തുകയുടെ ൨൫ ശതമാനത്തിൽ കവിഞ്ഞിരിക്കുന്നടത്തെല്ലാം കാണത്തുകയുടെ ൨൫ ശതമാനമായി കുറയ്ക്കണമെന്നും നിയമപ്പെടുത്താൻ ഉദ്ദേശിച്ചിരിക്കുന്നു. (൭-ാംഖണ്ഡത്തിലുള്ള പുതിയ ൧൭ (൨)- വകുപ്പു നോക്കുക).

(൭) നെല്ലായി കൊടുക്കേണ്ട ജന്മിഭോഗങ്ങൾ ഏല്പിക്കുന്നതിനെ സംബന്ധിച്ചാകട്ടെ, അപ്രകാരം ഏല്പിക്കുന്നതിനുള്ള ഒരു സ്ഥലം വസ്തുകിടക്കുന്ന പകുതിയിൽ ജന്മി ഏർപ്പെടുത്തണമെന്നു നിയമപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. അതില്ലാത്തപക്ഷം ആ വക നെല്ലിന്റെ വില മണിയോർഡറായി അയക്കാവുന്നതും എല്ലാ സംഗതികളിലുമുള്ള മററവകാശങ്ങളെ സംബന്ധിച്ചും അങ്ങനെ ചെയ്യാവുന്നതുമാകുന്നു. (൭-ാംഖണ്ഡത്തിലുള്ള പുതിയ ൧൮-ാംവകുപ്പു നോക്കുക).

(൮) ഇപ്പോഴത്തെ റഗുലേഷൻപ്രകാരം ൧൨ കൊല്ലത്തിലൊരിക്കൽ കാണപ്പാട്ടത്തിന്റെ നിബന്ധനകൾ പുതുക്കി മിച്ചവാരം കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. (൧൧-ം, ൧൪-ാം ൨൦-ം, ൨൪-ം വകുപ്പുകൾ നോക്കുക). മേലാൽ ൨൦ കൊല്ലത്തിലൊരിക്കൽ മാത്രമേ അപ്രകാരം പുതുക്കാൻ പാടുള്ളുവെന്നു നിർദ്ദേശിച്ചിരിക്കുന്നു. (൯-ാം ഖണ്ഡത്തിലുള്ള പുതിയ ൨൦-ാം വകുപ്പുനോക്കുക).

(൯) മിച്ചവാരം കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിനുള്ള ചട്ടങ്ങൾ വിവരമായി ൯-ം, ൧൦-ഖണ്ഡത്തിലുള്ള പുതിയ ൨൧-ം, ൨൨-ം, ൨൩-ം, ൨൬-ം, ൨൬-എയും വകുപ്പുകളിൽ കൊള്ളിച്ചിരിക്കുന്നു. ജന്മിപ്പാട്ടം നിലങ്ങളെ സംബന്ധിച്ചേടത്തോളം കിഴിവു നീക്കിയുള്ള വിളവിന്റെ മൂന്നിലൊരുഭാഗമായും മററു ഭൂമികളെ സംബന്ധിച്ചിടത്തോളം ചിലവുനീക്കിയുള്ള വിളവിന്റെ നാലിലൊരുഭാഗമായും ക്ലിപ്തപ്പെടുത്തിട്ടുള്ളതും മേലാൽ നൂറു ഇഞ്ചു വണ്ണമുണ്ടാകുന്ന തടിവൃക്ഷങ്ങളെ സംബന്ധിച്ചുമേൽപ്പറഞ്ഞതുപോലെ ജന്മിപ്പാട്ടം ചുമത്താൻ അനുവദിച്ചിട്ടുള്ളതുമാണ്. ഈ ചട്ടങ്ങൾക്കുണ്ടുവരുത്തിയിട്ടുള്ള ചില പ്രധാന ഭേദഗതികൾ, ഒരു

പാട്ടവസ്തുവിലുൾപ്പെട്ട ഏതെങ്കിലും ഭൂമിയുടെ ഉല്പാദനശക്തി കുടിയാന്റെ പ്രയത്നമോ ദേഹണ്ഡമോ മൂലം വർദ്ധിച്ചിട്ടുള്ള പക്ഷമാകട്ടെ അപ്പോഴുള്ള പാട്ടത്തിന്റെ നിരക്ക് ആ പ്രദേശത്ത് അതുപോലെയുള്ള ഭൂമികളെ സംബന്ധിച്ചു നടപ്പിലിരിക്കുന്ന നിരക്കിൽ കുറവാണെന്നുള്ള കാരണത്താലാകട്ടെ യാതൊരു സംഗതിവശാലും കുടിയാന്റെ ആദായപരിമാണത്തെ കുറയ്ക്കത്തക്കവണ്ണമുള്ള ഒരു രീതിയിലാകട്ടെ മിച്ചവാരം വർദ്ധിപ്പിക്കാൻ അനുവദിക്കുന്നതുമല്ല. (പുതിയ ൨൭-ാംവകുപ്പ്). കുടിയാന്റെ ആദായപരിമാണം, നിലത്തെ സംബന്ധിച്ചിടത്തോളം ചിലവുനീക്കി ശേഷിക്കുന്ന ശരാശരി വിളവിന്റെ ൩൦ ശതമാനമായും മറ്റു ഭൂമികളെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള വിളവിന്റെ ൩൦ ശതമാനമായും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. (൩-ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന ആദായ പരിമാണത്തിന്റെ നിർവ്വചനം നോക്കുക.)

(൧൦) തേയിലയും റബ്ബറും കൃഷിചെയ്യുന്ന ഭൂമികൾക്ക് ഇപ്പോൾ ജന്മിപ്പാട്ടം ചുമത്താൻ പാടില്ലാതെയാകുന്നു. എന്തുകൊണ്ടെന്നാൽ തേയിലയും റബ്ബറും കരം ചുമത്താവുന്ന വൃക്ഷങ്ങളല്ല. അതിനാൽ കുടിയാൻ ജന്മിക്കു കൊടുക്കേണ്ടതായി, ആവക ഭൂമികളെസംബന്ധിച്ച് ഏക്കറൊന്നിനു ൧ ബ്രി. രൂപ വീതമുള്ള ഒരു വിശേഷാൽ മിച്ചവാരം ചുമത്തണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. (൧൦-ാം ഖണ്ഡത്തിലുള്ള പുതിയ ൨൮-ാംവകുപ്പു നോക്കുക.)

(൧൧) ജന്മിഭോഗങ്ങൾ പിരിക്കാനുള്ള ഒരു എളുപ്പവഴിയായി, ഒരു കൊല്ലത്തിലധികം കൂടുതൽ പഴക്കമുള്ളവയാണെങ്കിൽ അവയെ തഹശീൽദാർമുഖാന്തരം കരം പിരിവുനടപടി അനുസരിച്ചു പിരിക്കാൻ അനുവദിക്കണമെന്നുദ്ദേശിച്ചിരിക്കുന്നു. (൧൨-ാംഖണ്ഡത്തിലുള്ള പുതിയ ൨൯-ാംവകുപ്പുനോക്കുക).

(൧൨) ജന്മിഭോഗങ്ങൾ ജന്മിയുടെ പേർക്കു മുൻസിപ്പുകോടതിയിൽ കെട്ടിവയ്ക്കാൻ ഒരു കുടിയാനെ അനുവദിക്കുന്നതിനു പുതുക്കിയ ചട്ടങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള കെട്ടിവയ്പു പ്രത്യക്ഷത്തിൽ സാധുവാണെങ്കിൽ, അതിനെ സ്വീകരിച്ചു കുടിയാനെ ആ ബാധ്യതയിൽനിന്നു പൂർണ്ണമായി ഒഴിവാക്കുന്നതായിരിക്കും. (൧൩-ാം ഖണ്ഡത്തിലെ പുതിയ ൨൭-ാംവകുപ്പും ൧൫-ാം ഖണ്ഡത്തിലെ പുതിയ ൩൦-ം, ൩൧-ം വകുപ്പുകളും നോക്കുക).

(൧൩) ഒരു പാട്ടവസ്തുവിലുൾപ്പെട്ട ഏതെങ്കിലും ഭൂമി പൊന്നുംവില റെഗുലേഷൻപ്രകാരം ഗവണ്മെന്റിൽനിന്ന് ഒഴിപ്പിച്ചെടുക്കുമ്പോൾ നൽകപ്പെടുന്ന പ്രതിഫലം ജന്മിയും കുടിയാനും തമ്മിൽ വീതിക്കുന്നതിനുള്ള ചട്ടങ്ങൾ ൨൦-ാം ഖണ്ഡത്തിലുള്ള പുതിയ ൪൫-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ ചട്ടങ്ങൾ അനുസരിച്ച്, ഏതെങ്കിലും കെട്ടിടത്തിന്റെയോ ജന്മിപ്പാട്ടം ചുമത്താൻ പാടില്ലാത്ത ദേഹണ്ഡത്തിന്റെയോ വിലമുഴുവനും കുടിയാനു കിട്ടുന്നതായിരിക്കും. ബാക്കിയുള്ളതിൽനിന്ന്, ആ ഭൂമിയിൽ തനിക്കുള്ള അവകാശങ്ങളുടെ മൊത്തവില ജന്മിക്കും അതിൽ പുറത്തിയിട്ടുള്ള കാണത്തിന്റെ തുക കുടിയാനും കിട്ടുന്നതാണ്. ഇതിനുശേഷം പിന്നെയും ബാക്കിവല്ലതുമുണ്ടെങ്കിൽ അതും കുടിയാനു ചെല്ലുന്നതായിരിക്കും. എന്നാൽ ബാക്കിയുള്ള തുക ജന്മിഭോഗങ്ങളുടെ മൊത്തവിലയും കാണപ്പണവും കൊടുക്കാൻ മതിയാകാത്തപക്ഷം, ആ ഭൂമിയിൽനിന്നു ഓരോ കക്ഷിക്കും കിട്ടാവുന്ന ആദായത്തിന്റെ അനുപാതം അനുസരിച്ചു ജന്മിയും കുടിയാനുംതമ്മിൽ അതിനെ വിഭജിച്ചെടുക്കേണ്ടതാകുന്നു. മൊത്തവില അപ്രകാരം തരംമാറേണ്ടതായ അവകാശങ്ങളുടെ ഇരുപത്തഞ്ചിരട്ടിയായി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

(൧൪) ഒരു ജന്മിയുടെയോ കുടിയാന്റെയോ അവകാശം ഗവണ്മെന്റിലേക്കു കൈമാറ്റം ചെയ്യപ്പെടുകയോ മറ്റുപ്രകാരത്തിൽ ഗവണ്മെന്റിനു സിദ്ധിക്കുകയോ ചെയ്യുമ്പോൾ, മറ്റേ കക്ഷിയുടെ അവകാശം മുഴുവൻ പ്രതിഫലംകൊടുത്തു ഒഴിപ്പിച്ചെടുക്കുകയോ, അല്ലാത്തപക്ഷം ആ കക്ഷിയുടെ അവകാശങ്ങൾക്കു ഹാനി കൂടാതെ ആ ഭൂമിയെ പണ്ടാരവക ഭൂമിയായി മാറ്റുകയോ ഗവണ്മെന്റിനു ചെയ്യാവുന്നതാണെന്നുള്ളതിനു വ്യവസ്ഥ ചെയ്തിരിക്കുന്നു. (൨൨-ാം ഖണ്ഡത്തിലെ പുതിയ ൪൬-ാം വകുപ്പു നോക്കുക).

(൧൫) കുടിയാൻ ജന്മിക്കു കൊടുക്കാനുള്ള ചെല്ലുതലായത്തിന്റെ വിലത്തരം നിശ്ചയിക്കാനുള്ള അധികാരം ഗവണ്മെന്റിനുണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു (൨൨-ാം ഖണ്ഡത്തിലെ പുതിയ ൪൭-ാംവകുപ്പു നോക്കുക)

(൧൬) അവസാനമായി, ജന്മിവക വ്യവഹാരങ്ങളുടെ കാലഹരണം ഇപ്പോൾ ൧൨ കൊല്ലം ആയിരിക്കുന്നതു ൬ കൊല്ലമായി കുറയ്ക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്നു. (൨൨-ാം ഖണ്ഡത്തിലെ പുതിയ ൪൮-ാം വകുപ്പുനോക്കുക).

അനുബന്ധം എഫ്.

തിരുവിതാംകോട്ടു നിയമസഭ
സ്ഥിരം ധനകാര്യക്കമ്മിറ്റി ൧൧൦൫

൧൯൩൦ ജനുവരി ൧൬-ാംതീയതിക്കു ൧൧൦൫ മകരം
൩-ാംതീയതി വ്യാഴാഴ്ച.

നിയമസഭയുടെ ൧൧൦൫-ാമാണ്ടത്തെ സ്ഥിരം ധനകാര്യക്കമ്മിറ്റിയുടെ ഒന്നാമത്തെയോഗം പുത്തൻകച്ചേരിയിൽ ദിവാന്റെ ആഫീസിൽ ൧൯൩൦ ജനുവരി ൧൬-ാംതീയതിക്കു ൧൧൦൫ മകരം ൩-ാംതീയതി വ്യാഴാഴ്ച ഉച്ചയ്ക്കുമേൽ ൨-മണിക്കു കൂടി

താഴെപറയുന്ന മെംബറന്മാർ ഹാജരുണ്ടായിരുന്നു:—

വി. എസ്. സുബ്രഹ്മണ്യഅയ്യർ എസ്ക്വയർ ബി. എ., ബി. എൽ. ദിവാൻ പ്രസിഡന്റ്.
എ. താണുപിള്ള എസ്ക്വയർ ബി. എ., ബി. എൽ.
ജി. പി. നീലകണ്ഠപ്പിള്ള എസ്ക്വയർ ബി. എ., ബി. എൽ.
മാത്യുമുരിക്കൻ എസ്ക്വയർ ബി. എ., ബി. എൽ.
കെ. ജാർജ് എസ്ക്വയർ ബി. എ.

എസ്. വെങ്കട്ടരമണൈയ്യർ എസ്ക്വയർ ബി. എ.

ടി. പി. രാമസുബ്ബയ്യർ എസ്ക്വയർ ബി. എ. സംയോജകൻ.

സെൻസസ് കമ്മീഷണരുടെ ആഫീസിൽ ൧൦൮൯ കുംഭം ൧-ാം തീയതിമുതൽക്ക് താഴെ പറഞ്ഞിരിക്കുന്നവരാകുന്ന സിൽബന്ധികളെ നിയമിക്കുന്നതിനുള്ള പ്രമേയം ആലോചനയ്ക്കായി എടുത്തു.

മാനേജർ പ്രതിമാസം ൧൨൫ രൂപാ ശമ്പളം.

ക്ലാർക്കന്മാർ (൪) ൧ (൫൦ രൂപാ), ൧ (൪൦ രൂപാ), ൨ (൩൦ രൂപാ) ഓരോരുത്തനും പ്രതിമാസം.

[illegible]മാർ പ്രതിമാസം ൧൨ രൂപാ ശമ്പളം.

ചുരുക്കെഴുത്ത് ടൈപ്പിസ്റ്റ് പ്രതിമാസം ൫൦ രൂപാ ശമ്പളം പ്യൂൺമാർ (൪) ഓരോരുത്തനും പ്രതിമാസം ൭ രൂപാവീതം ശമ്പളം.

സെൻസസ് എടുക്കുന്നതോടുകൂടി ജനങ്ങളുടെ ധനസ്ഥിതിയെപ്പറ്റിയുള്ള കണക്കുകൾ എടുക്കുന്നതിനുവേണ്ടി രണ്ട് കൂടുതൽ ക്ലാർക്കന്മാരെ നിയമിക്കുന്നതിനു സെൻസസ് കമ്മീഷണർ ആവശ്യപ്പെട്ടിരിക്കുന്നതിനാൽ, മി: മാത്യുമുരിക്കനും മി: താണുപിള്ളയും ഒരു നിയമസഭ ശിപാർശചെയ്തിട്ടുള്ള സാമ്പത്തികപര്യവേക്ഷണത്തിനു പകരമായിട്ടുള്ളതാണോ എന്ന് അറിയുന്നതിനു ആവശ്യപ്പെട്ടു. അങ്ങിനെയല്ല എന്നു പ്രസിഡന്റ് വിശദപ്പെടുത്തി, ചെയ്യാനുദ്ദേശിച്ചിട്ടുള്ളതു ജനങ്ങളുടെ ധനസ്ഥിതിയെപ്പറ്റി ഏകദേശം ഒരു ജ്ഞാനം നൽകുന്നതായ ഏതാനും കൂടുതൽ കണക്കുകളെ ശേഖരിക്കുകമാത്രമാണ് അതു എന്നുകൂടി പറകയുംചെയ്തു. അവസാനമായി കമ്മിററി ശിപാർശയെ സ്വീകരിക്കുകയും തന്നാണ്ടത്തെക്കുള്ള ബഡ്ജററിൽ ൧൫-ാം അക്കൗണ്ട (ശാസ്ത്രീയവും പലവകയും ഡിപ്പാർട്ടുമെന്റുകൾ) എന്ന ഇനത്തിൽ ൧൦൮൯ കുംഭം ൧-ാം തീയതിമുതൽക്ക് ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനായി [illegible] രൂപാ കൊള്ളിക്കുന്നതിനു സമ്മതിക്കയും ചെയ്തു.

പിന്നീട് കമ്മിററി ൧൦൮൯ കുംഭം ൧-ാം തീയതിമുതൽക്ക് വർഷാവസാനംവരെ താല്ക്കാലികമായി മെഡിക്കൽ സർവീസുകളുടെ മരണബോർഡിന്റെ ആഫീസിൽ ൪൦-൫/൨-൧൦ രൂപയിൽ ഒന്നും ൨൫-൫/൨-൩൦ രൂപായിൽ വേറൊന്നും, ഇങ്ങിനെ കൂടുതൽ രണ്ട് ക്ലാർക്കന്മാരെ നിയമിക്കുന്നതിനുള്ള ശിപാർശയെ ആലോചനക്കെടുത്തു. നിയമസഭയുടെ ആഗ്രഹങ്ങൾക്കെതിരായി മെഡിക്കൽ സർവീസുകളുടെ മരണബോർഡിനെ നടത്തിക്കൊണ്ടിരിക്കുന്നു എന്നുള്ള കാരണത്താൽ മി: മാത്യുമുരിക്കൻ ശിപാർശയെ എതിർത്തു. ഈ സംഗതി വരുംകൊല്ലത്തെക്കുള്ള ബഡ്ജററിൽ കൊണ്ടുവന്നാൽ മതിയാകയില്ലയോ എന്നു മി: ജി. പി. നീലകണ്ഠപ്പിള്ള ചോദിച്ചു. ഇപ്പോൾ യഥാർത്ഥവും അടിയന്തിരവും ആയിട്ടുള്ള ആവശ്യമുണ്ടെന്നും ആ ആഫീസിൽ ജോലി വളരെ വർദ്ധിച്ചിട്ടുള്ളതിനാൽ കഴിഞ്ഞ കുറെക്കാലമായി ഇതിനായിട്ടു ബോർഡ് നിർബന്ധിക്കുന്നുണ്ടായിരുന്നു എന്നും മി: ജാർജ് വിശദപ്പെടുത്തിപ്പറഞ്ഞു. ഈ കൊല്ലത്തിൽ ബാക്കിയുള്ള മാസങ്ങളിൽ ആവശ്യമുള്ള തുക ഇനം മാററത്താൽ ലഭിക്കുന്നതിനു കഴിവുള്ളതിനാൽ ഇതിലേക്കു കൂടുതലായി തുക കരുതേണ്ട ആവശ്യമില്ല എന്നുകൂടി അദ്ദേഹം പറകയും ചെയ്തു. അതിന്മേൽ മി: മാത്യുമുരിക്കൻ തന്റെ വാദം പിൻവലിച്ചു. കമ്മിററി ശിപാർശ സ്വീകരിക്കയും ഇനം മാററുന്നതിനു അനുവദിക്കയും ചെയ്തു.

ഉച്ചയ്ക്കുമേൽ ൨-൪൫ നു കമ്മിററി പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
സംയോജകൻ,
സ്ഥിരം ധനകാര്യ കമ്മിററി

(A True translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

ശ്രീമൂലം സഭ.

൧൧൦൮-ാമാണ്ടത്തെ ഒന്നാമത്തെ യോഗം.
(അഫിഷ്യൽ റിപ്പോർട്ട്).

൧൯൩൩ ജനുവരി ൨൫-ാംനു ൧൧൦൮ മകരം ൧൩-ാംനു ബുധനാഴ്ച.

൧൯൩൩ ജനുവരി ൨൫-ാംനു ൧൧൦൮ മകരം ൧൩-ാംനു ബുധനാഴ്ച പകൽ ൧൧ മണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ സഭ വീണ്ടുംകൂടി, പ്രസിഡണ്ടു അഗ്രാസനാധിപത്യം വഹിച്ചു.

താഴെപ്പറയുന്നവരൊഴികെയുള്ള എല്ലാ മെമ്പർമാരും ഹാജരുണ്ടായിരുന്നു.

മിസ്സസ് എലിസബെത്തു് കുരുവിള, മിസ്റ്റർ കെ. മാധവൻപിള്ള, മിസ്റ്റർ കെ. സി. കരുണാകരൻ, മിസ്റ്റർ കെ. ജി. പരമേശ്വരൻപിള്ള.

മി. എസ്. പരമേശ്വരയ്യരും പഴയ മലയാളഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും.

൨൧. മി. എ. സി. കണ്ണാരക്കാസ് (മീനച്ചിലും ദേവികുളവും): പുരാതന നാട്ടുഭാഷാഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധംചെയ്യുന്നതിനു ഈ സംസ്ഥാനത്തു ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റു രൂപീകരിച്ചുസമയം അതു് സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുന്ന ക്യൂറേറററുടെ അധിനത്തിൽ വെക്കാതെ മി. ഉള്ളൂർ എസ്. പരമേശ്വരയ്യരുടെകീഴിൽ വെക്കാത്തതിനു വല്ല പ്രത്യേകകാരണവും ഉണ്ടോ എന്നു ഗവൺമെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രിട്ടറി): മലയാളഗ്രന്ഥപ്രസിദ്ധീകരണ ഡിപ്പാർട്ടുമെന്റും സംസ്കൃതഗ്രന്ഥ പ്രസിദ്ധീകരണഡിപ്പാർട്ടുമെന്റും വേർതിരിച്ചപ്പോളുണ്ടായിരുന്ന അതു് തൽക്കാലത്തേക്കു മി. ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ അധീനത്തിൽവച്ചതു്. മി. പരമേശ്വരയ്യർ ആ ജോലി നടത്താൻ യോഗ്യനാണെന്നു വിചാരിച്ചതല്ലാതെ അദ്ദേഹത്തിന്റെ അധീനതയിൽ വെച്ചതിനു പ്രത്യേക കാരണമൊന്നുമില്ല.

മി. സാംബശിവശാസ്ത്രിയുടെ നാട്ടുഭാഷാ ഗ്രന്ഥപ്രസിദ്ധീകരണം.

൨൨. മി. എ. സി. കണ്ണാരക്കാസ് (മീനച്ചിലും ദേവികുളവും): നാട്ടുഭാഷാഗ്രന്ഥപ്രസിദ്ധീകരണക്യൂറേറററായി മി. സാംബശിവശാസ്ത്രിയെ നിയമിച്ചശേഷം മലയാളഭാഷാ ഗ്രന്ഥപ്രസിദ്ധീകരണം ഡിപ്പാർട്ടുമെന്റു പ്രസിദ്ധംചെയ്തിട്ടുള്ള അപൂർവ്വനാട്ടുഭാഷാ ഗ്രന്ഥങ്ങളുടേയും പ്രസിദ്ധംചെയ്യാൻ തയ്യാറാക്കീട്ടുള്ള ഗ്രന്ഥങ്ങളുടേയും പേരുകൾ വിവരിക്കുന്ന ഒരു പട്ടിക ഗവൺമെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രിട്ടറി): മി. സാംബശിവശാസ്ത്രിയെ നാട്ടുഭാഷാഗ്രന്ഥപ്രസിദ്ധീകരണം ഡിപ്പാർട്ടുമെന്റു ക്യൂറേറററായി നിയമിച്ചശേഷം പുസ്തകങ്ങളൊന്നും യഥാർത്ഥത്തിൽ പ്രസിദ്ധം ചെയ്തിട്ടില്ല. എന്നാൽ താഴെപ്പറയുന്ന അഞ്ചുപുസ്തകങ്ങൾ അച്ചടിച്ചു തീർന്നിട്ടുണ്ടു്. അവയുടെ മുഖപത്രവും മറ്റുകടലാസ്സുകളും അച്ചടിക്കാൻ തയ്യാറാക്കിവരുന്നു.

൧. വിഷ്ണുഗീത
൨. തത്വമസിവ്യാഖ്യാനം.
൩. തത്വമസി മഹാവാക്യക്കുമ്മി.
൪. പ്രശ്നസാരം.
൫. ബ്രഹ്മാനന്ദവിവേകസമുച്ചയം.

താഴെപ്പറയുന്ന ഗ്രന്ഥങ്ങൾ അച്ചടിക്കാൻ തയ്യാറാക്കി.

നമ്പർ	ഗ്രന്ഥത്തിന്റെ പേരു്	ഗ്രന്ഥങ്ങളുടെ എണ്ണം	റിമാർക്കസ്
൧	പ്രഹ്ളാദചരിതം	൧൧൭൦	
൨	പാലാഴിമഥനം	൧൦൧൭	
൩	കൌടലീയം (ഒന്നാംഭാഗം)	൨൨൨൫	ഒരു പഴയ മലയാള ഗ്രന്ഥം
൪	പരമാത്ഥസാരം	൧൦൦	

൧൧൦൮-ാമാണ്ടു അമ്പലപ്പുഴതാലൂക്കിൽ കന്നികൃഷിപ്പിഴ.

൨൩. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെപ്പറയുന്ന സംഗതികൾ ഗവൺമെന്റു ദയവായി പറയുമോ?

(എ) ൧൧൦൪ മിഥുനമാസത്തിലെ വലിയ വെള്ളപ്പൊക്കംനിമിത്തം അമ്പലപ്പുഴത്താലൂക്കിലെ കന്നികൃഷിക്കു എത്രത്തോളം നഷ്ടം സംഭവിച്ചിട്ടുണ്ടെന്നു നിർണ്ണയപ്പെടുത്തിയോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉവ്വ് എന്നാണെങ്കിൽ നഷ്ടംസംഭവിച്ച കൃഷിക്കെങ്കിലും നികുതിക്കു കരമിളവുചെയ്തു കൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു സെക്രിട്ടറി): (എ) ലാണ്ടുറവന്യൂവും ആദായനികുതിയും കമ്മീഷണരുടെ ഒരു തൽക്കാലറിപ്പോർട്ടു കിട്ടീട്ടുണ്ടു്. അവസാനറിപ്പോർട്ടു പ്രതീക്ഷിച്ചിരിക്കുന്നു.

(ബി) ഇല്ല. ലാണ്ടുറവന്യൂകമ്മീഷണരുടെ അവസാനറിപ്പോർട്ടു കിട്ടിയശേഷം കരമിളവു ചെയ്തുകൊടുക്കുന്ന കാര്യത്തെപ്പററി ആലോചിക്കും.

അമ്പലപ്പുഴതാലൂക്കിൽ ൧൦ ഏക്കറിലധികം വിസ്തീർണ്ണമുള്ള ഭൂമികൾ പതിച്ചുകൊടുത്തതിന്റെ വിവരം.

൨൪. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): അമ്പലപ്പുഴതാലൂക്കിൽ ൧൧൦൩-ാമാണ്ടും ൧൧൦൪-ാമാണ്ടും ൧൦ ഏക്കറിലധികം വിസ്തീർണ്ണമുള്ള പുതുവൽ പതിച്ചുകൊടുത്ത ഭൂമികളുടെ വിസ്തീർണ്ണം, പതിച്ചുവാങ്ങിയ ആൾ, പതിച്ചുകൊടുത്ത തീയതി, ഓരോന്നിനും നിശ്ചയിച്ച തറവില എന്നിവിവരങ്ങൾ അടങ്ങിയ ഒരുപട്ടിക ഗവൺമെന്റു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു

അമ്പലപ്പുഴ താലൂക്കിലെ പുഞ്ചവൽഭൂമിയിന്മേലുള്ള കയ്യേറ്റം കാണിക്കുന്ന പട്ടിക.

൨൫. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ൧൧൨൮, ൧൧൨൯, ൧൧൩൦ എന്നീ കൊല്ലങ്ങളിൽ അമ്പലപ്പുഴ താലൂക്കിലെ പുഞ്ചവൽഭൂമികളിൽ ൧൦ ഏക്കറിലധികം വിസ്തീർണ്ണമുള്ള കയ്യേറ്റങ്ങളുടെ വിസ്തീർണ്ണവും, കയ്യേറ്റം ചെയ്തവരുടെ പേരും കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ആവശ്യപ്പെട്ട വിവരം കാണിക്കുന്ന ഒരു പട്ടിക *മേശപ്പുറത്തു വച്ചിരിക്കുന്നു.

ആലപ്പുഴ പൊലീസ്സ്റ്റേഷനിലെ ജലസൂത്രം.

൨൬. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറ ദയവായി പറയുമോ?

(എ) ആലപ്പുഴ പൊലീസ്സ്റ്റേഷനിൽ ഒരു ജലസൂത്രം സൂക്ഷിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു ഉപയോഗ്യമാണോ?

(സി) പൊലീസ്സ്റ്റേഷനിൽ ജലസൂത്രം സൂക്ഷിക്കുന്നതിന്റെ ഉദ്ദേശമോ ഉദ്ദേശങ്ങളോ എന്ത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (എ) ആലപ്പുഴ പൊലീസ്സ്റ്റേഷനിൽ രണ്ടു ജലസൂത്രങ്ങൾ സൂക്ഷിക്കുന്നുണ്ട്.

(ബി) അല്ല.

(സി) തീപിടിത്തം ഉണ്ടായാൽ ഉപയോഗിക്കുന്നതിനാണ് പൊലീസ്സ്റ്റേഷനിൽ ജലസൂത്രങ്ങൾ സൂക്ഷിക്കുന്നത്.

അമ്പലപ്പുഴത്താലൂക്കിലെ അധഃകൃതവർഗ്ഗക്കാർക്ക് പതിച്ചുകൊടുത്ത ഭൂമികളുടെ വിവരംപട്ടിക.

൨൭. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (I) താഴെചേർത്തിട്ടുള്ള വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ) അമ്പലപ്പുഴതാലൂക്കിൽ അധഃകൃതവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കാനുള്ള ഭൂമികളുടെ വിസ്തീർണ്ണം.

(ബി) ൧൧൨൦ മുതൽ ൧൧൨൯ വരെ അധഃകൃതവർഗ്ഗക്കാർക്ക് പതിച്ചുകൊടുത്തിട്ടുള്ള ഭൂമികളുടെ വിസ്തീർണ്ണം.

(സി) അധഃകൃതവർഗ്ഗക്കാർക്ക് പ്രത്യേകമായി ഒഴിച്ചുവെച്ചിട്ടുള്ള ഭൂമികളിൽ അന്യർ കയ്യേറ്റംചെയ്തിട്ടുണ്ടെന്ന എപ്പോഴെങ്കിലും ഗവൺമെൻറിന്റെ അറിവിൽപെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): (൧) (എ) ൧൬൭൪൯ ഏക്കർ.

(ബി) ൩൦൦൩ ഏക്കർ ഇതിൽ ൩൭൬൭ ഏക്കർ അധഃകൃതവർഗ്ഗക്കാർക്കായി ഒഴിച്ചുവെച്ചിട്ടുള്ളതിൽനിന്നും ൩൬൩൬ ഏക്കർ അതിന്നുപുറമെനിന്നുമാകുന്നു.

(സി) അധഃകൃതർക്കായി ഒഴിച്ചുവെച്ചിട്ടുള്ള ഭൂമിയിൽ കയ്യേറ്റംചെയ്തിട്ടുള്ളതിന്റെ കേസ്സുകളുണ്ട്. അവയെ കണ്ടുപിടിച്ചാലുടനെ വേണ്ടുംപ്രകാരമുള്ള നടപടികൾ എടുക്കും.

വൈദ്യന്മാരുടെ നിയന്ത്രണം.

൨൮. മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഈ സംസ്ഥാനത്തു ചികിത്സകൾ നടത്തിവരുന്ന വൈദ്യന്മാരുടെമേൽ ഗവൺമെൻറിന്ന നിയന്ത്രണാധികാരം ഇല്ലാത്തതിനാൽ പൌരന്മാർ, പ്രത്യേകമായി വിദ്യാഭ്യാസമില്ലാത്തവർ, മുറിവൈദ്യന്മാരാലും ഔഷധവ്യാപാരികളാലും വഞ്ചിക്കപ്പെട്ടിട്ട പൊതുജനാരോഗ്യത്തിന ഹാനിവരുത്തുന്നു എന്ന ഗവൺമെൻറിന്ന അറിവുണ്ടോ?

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ് സെക്രട്ടറി): ഉണ്ട്, ഗവൺമെൻറിന്നറിവുണ്ട്. തിരുവിതാംകൂറിൽ ഒരു മെഡിക്കൽ രജിസ്ട്രേഷൻ നിയമം ഉണ്ടാക്കണമെന്ന ബോർഡു ശിപാർശചെയ്തിട്ടുണ്ട്. ഈവിഷയം ആലോചനയിൽ ഇരിക്കുന്നു.

പന്തളത്തുവെച്ച് പോലീസിൻസ്പെക്ടരും കാൺസ്റ്റബിളും തമ്മിൽ അടിപിടി.

൨൯. മി. രേവതിനാൾ രാമവർമ്മരാജാ (എടവക): (എ) പന്തളംമുക്കിൽവെച്ച് ൧൧൨൯ ചിങ്ങം ൨൪-ാംരാത്രിയും പിന്നീട്ട പന്തളംസ്റ്റേഷനിൽവെച്ചും ഒരു പോലീസിൻസ്പെക്ടരും ഒരു കാൺസ്റ്റബിളും തമ്മിൽ ഒരു അടിപിടി ഉണ്ടായവിവരം ഗവൺമെൻറിന്ന അറിയാമോ?

(ബി) കുററക്കാരെ ശിക്ഷിക്കുന്നതിന എന്തു നടപടിനടത്തിഎന്നും പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (എ) ഉണ്ട്.

(ബി) കാര്യം ഡിപ്പാർട്ടുമെൻറവക അന്വേഷണത്തിൽ ഇരിക്കുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഈ കൃത്യം ഉണ്ടായിട്ട എത്രനാളായി?

മി. പി. എൻ കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): കുറച്ചുനാളായിട്ടുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ൧൧൨൯ ചിങ്ങം ൨൪-എന്ന ചോദ്യത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ,

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ചിങ്ങം ൨൪-എന്നുപറഞ്ഞിട്ടുണ്ട്. റിപ്പോർട്ടിൽ തീയതി കാണിച്ചിട്ടില്ല. അതിനെപ്പററി വേണ്ട നടപടിനടത്തി കുററക്കാരെ ശിക്ഷിച്ചുഎന്നും റിപ്പോർട്ടു വന്നിട്ടുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): എന്തുശിക്ഷയാണ് കൊടുത്തതെന്നു പറയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): അതിനെപ്പററി വിവരമായിട്ട പറഞ്ഞിട്ടില്ല.

---

*അനുബന്ധം ൧ നോക്കുക.

*അനുബന്ധം ൨ നോക്കുക.

കന്നുകാലിമേച്ചൽ ചട്ടങ്ങളുടെ വ്യാഖ്യാനം.

൩൦. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) വനംഡിപ്പാർട്ടുമെന്റവക കാലിമേച്ചൽ ചട്ടങ്ങളിൽ ആടും മാടും തമ്മിൽ വല്ല വ്യത്യാസവും ഉണ്ടാക്കീട്ടുണ്ടോ?

(ബി) കാലി എന്ന പദത്തിൽ ആടുകൾ ഉൾപ്പെടുമോ?

(സി) വനംവക കാലിമേച്ചൽ ചട്ടങ്ങളിൽ "വളർത്തുന്ന മൃഗങ്ങൾ" എന്ന പദത്തിൽ ആടുകൾ ഉൾപ്പെടുമോ?

മി. കെ. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) ഉണ്ട്.

(ബി) ൧൦൯൨-ാമാണ്ടത്തെ രണ്ടാം നമ്പർ വനംറഗുലേഷനിൽ കാലികൾ എന്ന പദത്തിൽ ആടുകൾ ഉൾപ്പെടും എന്നു വിവരിച്ചിട്ടുണ്ട്.

(സി) കാലിമേച്ചൽ ചട്ടങ്ങളിൽ "വളർത്തുന്ന മൃഗങ്ങൾ" എന്നു പറയുന്നതു "പശുക്കൾ, കാളകൾ, പോത്തുകൾ" എന്നിവയെപ്പറ്റിയാകുന്നു.

൧൧൦൩-ലും ൧൧൦൪-ലും മോട്ടോർബസ്സും കാറും പരിശോധന.

൩൧. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): പൊതുമരാമത്തിലെ ഓരോ ഡിവിഷ്യൻ ഉദ്യോഗസ്ഥനും ൧൧൦൩-ലും ൧൧൦൪-ലും പരിശോധിച്ച ബസ്സുകളുടെ എണ്ണവും അതിനു ഓരോരുത്തനും വസൂൽചെയ്ത ഫീസും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ ദയവായി മേശപ്പുറത്തു വെയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.*

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മേശപ്പുറത്തുവെച്ചിട്ടുള്ള പട്ടികയെസംബന്ധിച്ച് ഡിവിഷൻ ഉദ്യോഗസ്ഥന്മാർ വസൂൽചെയ്യുന്ന ഫീസ് ഗവണ്മെന്റിലേക്കാണോ ചെല്ലുന്നതെന്നു മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ഡിവിഷ്യൻ ഉദ്യോഗസ്ഥന്മാർ സംഖ്യ മുഴുവനും ഗവണ്മെന്റിൽ ഒടുക്കും. പിന്നെ അതിന്റെ ഒരംശം പോലീസ്കമ്മീഷണർ മേലൊപ്പുവെച്ച റിഫണ്ട് ഓർഡർ പ്രകാരം അവർക്കുതന്നെ മടക്കിക്കൊടുക്കും.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സംഖ്യ മുഴുവനും ഗവണ്മെന്റിനാണോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അല്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവണ്മെന്റിനു കിട്ടുന്ന ശരാശരി എത്രയാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): പാതിയാണെന്നു തോന്നുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഫീസ് വസൂലിയിൽ പകുതി അവർക്കായി എടുക്കാൻ ഡിവിഷ്യൻ ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തിയതു ആരാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): അതിനെപ്പറ്റി ഒരു ഗവണ്മെന്റുത്തരവുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ഉത്തരവിന്റെ സ്വഭാവം എന്താണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ആ ഉത്തരവു ഇപ്പോൾ എന്റെ കൈവശം ഇല്ല.

പോലീസ് ഇൻസ്പെക്ടർമാരുടെ പട്രോൾ (പരിശോധന സഞ്ചാരം) നിറുത്തിയ ഉത്തരവ്.

൩൨. മി. പി. എസ്. മഹമ്മത് (ഗവണ്മെന്റ നിയമനം): (൧) താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ഇൻസ്പെക്ടർമാരുടെ രാത്രിയുള്ള പരിശോധനാ സഞ്ചാരം നിറുത്തിക്കളയുവാൻ ആജ്ഞാപിക്കുന്ന ഒരു ഉത്തരവു ഇപ്പോഴത്തെ പോലീസ്കമ്മീഷണർ അയച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ.

(൨) ആലപ്പുഴയെപ്പോലെ ജനത്തിരക്കുള്ള പട്ടണത്തിന്റെ രക്ഷയ്ക്കു പോലീസിന്റെ രാത്രിസഞ്ചാരം അത്യാവശ്യമാണെന്നു ഗവണ്മെന്റിനു അറിവുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (൧) (എ) മറുപടി നിഷേധത്തിലാണ്.

(ബി) (൧) (എ) യുടെ മറുപടികൊണ്ട് ഈ ചോദ്യത്തിനു അവകാശമില്ല.

(൨) ഇതൊരു അഭിപ്രായസംഗതിയാണ്.

ആലപ്പുഴ ഒരു പ്രത്യേക ടൌൺ പോലീസ്സ്റ്റേഷന്റെ ആവശ്യകത.

൩൩. മി. പി. എസ്. മഹമ്മത് (ഗവണ്മെന്റ നിയമനം): ആലപ്പുഴ നഗരത്തിന്റെ അഭിവൃദ്ധി ആലോചിച്ചാൽ അവിടെ കൊല്ലത്തെപ്പോലെ ഒരു ടൌൺ പോലീസ്സ്റ്റേഷൻ ആവശ്യമാണെന്നു ഗവണ്മെന്റിനു അറിവുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ആലപ്പുഴ നഗരത്തിന്റെ വിസ്തീർണ്ണം ആലോചിച്ചാൽ അവിടെയുള്ള പോലീസ്സ്റ്റേഷൻ ഒരു ടൌൺ പോലീസ്സ്റ്റേഷനാകുന്നു എന്നു പറയാം. ആലപ്പുഴയ്ക്കു ചുറ്റുമുള്ള നാട്ടുംപുറങ്ങൾ അമ്പലപ്പുഴ അതിർത്തികൾക്കുള്ളിലാണ്. ഈ സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥന്മാരുടെ എണ്ണം വർദ്ധിപ്പിക്കയോ അധികാരാതിർത്തികൾ മാറ്റുകയോ ചെയ്യുന്ന കാര്യം ആലോചനയിലിരിക്കുന്നു എന്നു പോലീസ്കമ്മീഷണർ പറയുന്നു.

ആയിക്കുടിയിലും സാമ്പൂർവടകരയിലും ഉള്ള ഹനുമാനദിപ്പാലം.

൩൪. മി. എച്ച്. എസ്. മഹമ്മദ്റാവുത്തർ (പത്തനാപുരവും—ചെങ്കോട്ടയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ആയിക്കുടിയിലും സാമ്പൂർവടകരയിലും ഉള്ള ഹനുമാനദിക്കുമേലെ പാലത്തിന്റെ പണി തീർന്നോ അല്ലെങ്കിൽ ഇപ്പോഴും നടക്കുന്നുണ്ടോ?

(ബി) നടക്കുന്നുണ്ടെങ്കിൽ പണി എത്രത്തോളമായി?

---

* അനുബന്ധം ൩ നോക്കുക.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) ആ പണിക്കുള്ള എസ്റ്റിമേറ്റുകൾ അനുവദിച്ചിട്ടില്ല.

൧൯൭൪-ലെ അകാലവർഷംകൊണ്ടു പുഞ്ചകൃഷിക്കാരുടെ നഷ്ടം.

൬. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) ൧൯൭൪-മാണ്ടത്തെ അകാലവർഷംകൊണ്ടു മാവേലിക്കരയും കാർത്തികപ്പള്ളിയും താലൂക്കുകളിലെ പുഞ്ചകൃഷിക്കാർക്കുണ്ടായ നഷ്ടങ്ങളെപ്പററി ലാൻഡ്റവന്യൂകമ്മീഷണർ വല്ലറിപ്പോർട്ടും തെയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉവ്വെന്നാണെങ്കിൽ അതിന്മേൽ എന്തുത്തരവിട്ടു?

(സി) കൃഷിക്കാരുടെ സങ്കടനിവാരണത്തിനു ൧൯൭൪ കർക്കടകം ൨൧-നു അവതരിപ്പിച്ചപ്രമേയത്തെപ്പററിയുള്ള വാദപ്രതിവാദത്തിൽ അനദ്യോഗസ്ഥമെംബർമാരുടെ സൂചനകൾപ്രകാരം വല്ലതും പ്രവർത്തിച്ചോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): (എ) ലാൻഡ്റവന്യൂവും ആദായനികുതിയുംകമ്മീഷണർ ഒരു തൽക്കാലറിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്.

(ബി) അദ്ദേഹം അയക്കുമെന്നുപറഞ്ഞ അവസാനറിപ്പോർട്ടു പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

(സി) (എ)യും (ബി)യും മറുപടിയിൽപറഞ്ഞ റിപ്പോർട്ടു സമർപ്പിക്കുമ്പോൾ മെംബർമാരുടെ സൂചനകളെപ്പററിയും ആലോചിക്കണമെന്നു ലാൻഡ്റവന്യൂകമ്മീഷണരോടു ആജ്ഞാപിച്ചിട്ടുണ്ട്. വെള്ളപ്പൊക്കം നിമിത്തം റോഡുകൾക്കും കലുങ്കുകൾക്കും ഉണ്ടായ കേടുകളെല്ലാം തീർന്നുകഴിഞ്ഞു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (എ) ഭാഗത്തിന്റെ മറുപടി സംബന്ധിച്ചു പുഞ്ചകൃഷിക്കുണ്ടായനഷ്ടങ്ങളെപ്പററി കൂടുതലായി എന്തുവിവരങ്ങളാണ് ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണരോടു ആവശ്യപ്പെട്ടതെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): കരമിളവുചെയ്തുകൊടുക്കണമെങ്കിൽ എത്രയാണെന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ലാൻഡ്റവന്യൂവുംആദായനികുതിയും കമ്മീഷണർ കരമിളവുശിപാർശചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അക്കാര്യം അദ്ദേഹവും പേഷ്കാരന്മാരും എഴുതുകുത്തിയിരിക്കുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തൽക്കാലറിപ്പോർട്ടിൽ എന്താണടങ്ങിയിരുന്നതെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): തൽക്കാലറിപ്പോർട്ടു നഷ്ടംസംഭവിച്ചസ്ഥലത്തിന്റെ വിസ്തീർണ്ണത്തെപ്പററിയും നഷ്ടത്തിന്റെ സ്വഭാവത്തെപ്പററിയും ആയിരുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ സാധുകൃഷിക്കാരെ അവരുടെ ഇപ്പോഴത്തെ സ്ഥിതിയിൽനിന്നു ഉദ്ധരിക്കാൻ എന്തുചെയ്യണമെന്നു വല്ല സൂചനയും ആ റിപ്പോർട്ടിൽ ഉണ്ടായിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അക്കാര്യം പേഷ്കാരന്മാരുമായി എഴുതുകുത്തിൽ ഇരിക്കുന്നു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തൽക്കാലറിപ്പോർട്ടിനെന്നു പറഞ്ഞതിൽ വല്ല സൂചനയും ഉണ്ടായിരുന്നോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): റവന്യൂകമ്മീഷണർ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: —

"കൊയ്ത്തുകഴിഞ്ഞ നിലങ്ങളുടെ ഇഴയാണ്ടത്തെകരം ഇളവുചെയ്തുകൊടുക്കണമെന്നു തഹശീൽദാർ ശിപാർശചെയ്യുന്നു. വരുന്നകൊല്ലം കൃഷിചെയ്യുന്നതിനു നഷ്ടംവരുന്ന കൃഷിക്കാർക്കു കൃഷിവായ്പകൾ കൊടുക്കണമെന്നും അദ്ദേഹം ശിപാർശചെയ്തിട്ടുണ്ട്. നഷ്ടംസംഭവിച്ച കൃഷിക്കാർക്കു എന്തുസഹായം ചെയ്യണമെന്നു കണ്ടുമായ റിപ്പോർട്ടുകൾ സമർപ്പിക്കാൻ കൊല്ലവും കോട്ടയവും പേഷ്കാരന്മാരോടു ഞാൻ ആജ്ഞാപിച്ചിട്ടുണ്ട്. അവരുടെ റിപ്പോർട്ടുകൾ ഇതുവരെകിട്ടീട്ടില്ല."

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തഹശീൽദാരന്മാർ അവരുടെ ശിപാർശകൾ ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണർക്കു നേരിട്ടു അയക്കയാണു ചെയ്യുന്നതെന്നാകുന്നുവോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അല്ല. പേഷ്കാർമുഖാന്തരമാണു അയച്ചതു?

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റിപ്പോർട്ടുകൾ ഗവണ്മെന്റിലേക്കയച്ചില്ലയോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റിനു ശിപാർശകൾ കിട്ടേണ്ടതു ലാൻഡ്റവന്യൂവും ആദായനികുതിയും കമ്മീഷണരിൽനിന്നാണ്. തഹശീൽദാരന്മാരുടേയും ദിവാൻപേഷ്കാരന്മാരുടേയും റിപ്പോർട്ടുകൾ ഉള്ളടക്കങ്ങളായി ചിലപ്പോൾ അയക്കാറുണ്ട്. ചിലപ്പോൾ അയക്കയില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൂടുതൽ വിവരങ്ങൾ അയക്കണമെന്നു ലാൻഡ്റവന്യൂ കമ്മീഷണർ ദിവാൻപേഷ്കാരന്മാരോടു ആവശ്യപ്പെട്ടതു എപ്പോഴാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): താൻ പേഷ്കാരന്മാർക്കു എഴുതിഅയച്ചിട്ടുണ്ടെന്നു ലാൻഡ്റവന്യൂ കമ്മീഷണർ ൧൯൭൪ ചിങ്ങമായി ൨൪-നു റിപ്പോർട്ടുചെയ്തു. എപ്പോഴാണു പേഷ്കാരന്മാർക്കു എഴുതിഅയച്ചതെന്നു എനിക്കറിവില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബാൻഡുറവന്യൂ കമ്മീഷണർക്ക അപേക്ഷക്കാരന്മാരുടെ ശിപാർശകൾ കിട്ടിയോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): എനിക്കറിഞ്ഞുകൂടാ. ബാൻഡുറവന്യൂവും ആരായനികുതിയും കമ്മീഷണരുടെ അവസാനറിപ്പോർട്ട ഗവർമ്മെന്റിനു കിട്ടീട്ടില്ല. അപേക്ഷക്കാരന്മാർ അവരുടെ റിപ്പോർട്ടുകൾ ബാൻഡുറവന്യൂവും ആദായനികുതിയും കമ്മീഷണർക്ക അയച്ചിട്ടുണ്ടോ എന്നു ഗവർമ്മെന്റിനു അറിവില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മറുപടിയുടെ (സി) ഭാഗത്തിൽ വെള്ളപ്പൊക്കംനിമിത്തം റോഡുകൾക്കും കലുങ്കുകൾക്കും ഉണ്ടായ കേടുകൾ തീർത്തിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നു. കഴിഞ്ഞ കർക്കടകം ... ഉണ്ടായ പ്രാദപ്രതിപാദത്തിൽ കൃഷിക്കാർക്ക വലിയനഷ്ടം സംഭവിച്ചു എന്നും അതു പരിഹരിക്കാൻ നിവൃത്തിയില്ലാതായിരിക്കുന്നു എന്നും ഇവിടെ പ്രത്യേകമായി പറഞ്ഞ സംഗതി ഗവർമ്മെന്റിനു അറിവുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഉണ്ടായിരിക്കാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ചിറകളുടെ കേടു തീർക്കാൻ വല്ലതും ചെയ്യുമോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): റിപ്പോർട്ട റോഡുകളെയും കലുങ്കുകളെയുംപറ്റിയാണു. ചിറകളെപ്പറ്റി വിവരം വേണമെങ്കിൽ എഴുതിച്ചോദിക്കണം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേൽപ്പറഞ്ഞ വെച്ചിട്ടുള്ള വിവരം റോഡുകളെയും കലുങ്കുകളെയുംപറ്റിയാണെന്നു എനിക്കറിയാം. വെള്ളപ്പൊക്കംനിമിത്തം സാധുകൃഷിക്കാർക്കുണ്ടായിട്ടുള്ള നഷ്ടകഷ്ടങ്ങളെ ചിറകൾ നന്നാക്കി പരിഹാരമുണ്ടാക്കാൻ ഗവർമ്മെന്റു വല്ലതും ചെയ്യുമോ എന്നറിവാൻ ആഗ്രഹിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ആ വിവരം ചീഫ് എൻജിനീയരുടെ പക്കൽനിന്നു കിട്ടേണ്ടതാണു. ആ വിവരം ഇപ്പോൾ ഗവർമ്മെന്റിന്റെ മുമ്പാകെ ഇല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചേർത്തല നെല്ലൂരിന്റെ സമീപത്തും മറ്റുള്ളടങ്ങളിലും ഉള്ള ചിറകൾ മുറിഞ്ഞതു നന്നാക്കിയോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ആ പേരുകൾ കുറിച്ചെടുത്തു ചീഫ് എൻജിനീയരോടു ചോദിക്കാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സാധു കൃഷിക്കാർക്ക കൃഷിവായ്പകൾ കൊടുക്കാൻ വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതു ക്രമപ്രകാരം ചെയ്തുവരുന്നുണ്ട്. ൫൦൦൦ രൂപവരെയുള്ള കൃഷിവായ്പകൾ കൊടുക്കാൻ ബാൻഡുറവന്യൂ കമ്മീഷണർക്ക അധികാരമുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവർമ്മെന്റിനു ഇപ്പോൾ വല്ല വിവരവും അറിവുണ്ടോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ൫൦൦൦ രൂപയിൽ കവിഞ്ഞ വായ്പകളെ ഗവർമ്മെന്റിന്റെ അറിവിൽ പെടേണ്ടതുള്ള അതുകൊണ്ട് വിവരമൊന്നുമില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബാൻഡുറവന്യൂ കമ്മീഷണരുടെ അവസാനറിപ്പോർട്ട പ്രതീക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞുവല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതു കാലതാമസം ചെയ്യുന്നതിനെപ്പറ്റിയാണു.

പ്രെസിഡെന്റ്: മിസ്റ്റർ ദാമോദരൻ ആശാനേ, കൃഷിവായ്പകൾ കൊടുക്കുന്നതിനായി കുറെത്തോളം തുകസംഖ്യ ... നിങ്ങൾക്ക് അറിയാമല്ലോ. അപേക്ഷക്കാർ ഉണ്ടാകുമ്പോൾ കമ്മീഷണർ തന്നെ ഈ കടങ്ങൾ കൊടുക്കുന്നു. പണമില്ലാഞ്ഞിട്ട് ഏതെങ്കിലും ഒരു അപേക്ഷകാര്യത്തിൽ കടം കൊടുത്തില്ലെന്നു നിങ്ങൾക്ക അറിവുണ്ടോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിയാന്മാർക്ക വലിയ നഷ്ടങ്ങൾ സംഭവിച്ചിട്ടുള്ളതുകൊണ്ട് അവർക്ക കൃഷിവായ്പകൾ കൊടുക്കാൻ ഗവർമ്മെന്റു വല്ല നടപടിയും എടുത്തിട്ടുണ്ടോ എന്നു പറയുമോ? പല അപേക്ഷകന്മാർക്കും വായ്പ കിട്ടീട്ടില്ലെന്നു എനിക്കറിയാം.

പ്രെസിഡെന്റ്: എന്നാൽ അവരവരുടെ കാര്യം ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ പ്രത്യേകമായി കൊണ്ടുവരണം.

വിദ്യാഭ്യാസവകുപ്പിൽ അക്കൗണ്ട് അദ്ധ്യാപകന്മാരെ നിയമിക്കുന്നതിനെപ്പറ്റി ഉത്തരവ്.

ബഹു. മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമനം): വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ, നാട്ടുഭാഷാവകുപ്പിൽ നിയമനങ്ങളുടെ കാര്യത്തിൽ അക്കൗണ്ട് ചെയ്തവരെത്തന്നെ നിയമിക്കണമെന്നുള്ള ഇപ്പോഴത്തെ നയം പിന്നോക്കംകിടക്കുന്ന സമുദായങ്ങൾക്ക പ്രതികൂലമാണെന്നു ഗവർമ്മെന്റിനു അറിയാമോ?

മി. കെ. ജാർജ്ജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): അക്കൗണ്ട് ചെയ്തിട്ടില്ലാത്തവർ പിന്നോക്കം കിടക്കുന്ന സമുദായങ്ങളിൽപെട്ടവരായിരുന്നാലും അവരെക്കാൾ അധികം അവകാശമുള്ളത് അക്കൗണ്ട് ചെയ്തിട്ടുള്ളവർക്കാണ്.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമനം): അക്കൗണ്ട് നോക്കിയവരെ എല്ലാപേരേയും ഉദ്യോഗത്തിൽ നിയമിച്ചതിനുശേഷംമാത്രമേ അസമത്വസമുദായത്തിൽപെട്ടവരെ ഉദ്യോഗങ്ങളിൽ പ്രവേശിപ്പിക്കാൻ പാടുള്ളു എന്നാണോ ഗവർമ്മെന്റു വിചാരിക്കുന്നതു?

മി. കെ. ജാർജ്ജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): പകരം ജോലിനോക്കിയവരുടെ അവകാശത്തെ വിസ്മരിക്കാൻ നിവൃത്തിയില്ലെന്നാണു ഗവർമ്മെന്റിന്റെ അഭിപ്രായം.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമനം): ഇന്നത്തെസ്ഥിതിക്ക വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ജോലിചെയ്തിട്ടുള്ള ആളുകളുടെ ഒരു ലിസ്റ്റ് എടുത്തു ഒഴിവിൽ നിയമിക്കുന്നവരെയെല്ലാം നിയമിക്കുന്നതുവരെ അസമത്വസമുദായക്കാർ കാത്തിരിക്കണമെന്നാണോ ഗവർമ്മെന്റു പറയുന്നതു?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): അതാണെന്റെ അഭിപ്രായം എന്നാണു ഗവർമ്മെന്റിന്റെ അഭിപ്രായം.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റുനിയമനം): അതിലേക്ക എത്ര കൊല്ലം പിടിക്കും?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമനം): ഇനിയുംഎത്രനാൾ അവർ കാത്തിരിക്കണം?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): അതറിഞ്ഞുകൂടാ. ഈ പ്രകാരംയോഗ്യതയുള്ളവരുടെ കൂട്ടത്തിൽ അസമത്വസമുദായക്കാരേയും കാണും.

മി. പി. എസ്. മഹമ്മദ് (ഗവർമ്മെന്റു നിയമനം): അങ്ങനെ പ്രകാരംയോഗ്യതയുള്ള അസമത്വസമുദായക്കാർ ഉദ്ദേശം എത്രപേർ കാണുമെന്നു പറയാമോ?

മി. കെ. ജോർജ് (ഗവർമ്മെന്റു ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

കൽക്കുളവും വിളവംകോട്ടം താലൂക്കിൽ പൊതുമരാമത്തുവക ജലാശയോദ്ധാരണ

വകുപ്പിന്റെ ചെലവു.

൩൭. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): കൽക്കുളവും വിളവംകോട്ടംതാലൂക്കുകളിലുള്ള ജലാശയങ്ങളുടെ ഉദ്ധാരണം സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾ ഗവർമ്മെന്റു ദയവായി പറയുമോ?

(എ) ഓരോ താലൂക്കിലും ജലാശയോദ്ധാരണവകുപ്പു ഏർപ്പെടുത്തിയ ആണ്ടു

(ബി) ജലാശയോദ്ധാരണവകുപ്പിന്റെ സംഘടന മുതൽ ൧൧൨൭ വരെ തൻചെലവുൾപ്പെടെ ആണ്ടുതോറുമുള്ള ആകെ ചെലവും

(സി) കൽക്കുളവും വിളവംകോട്ടം ഉള്ള ജലാശയങ്ങളുടെ ഉദ്ധാരണത്തിനു ആണ്ടുതോറും അനുവദിച്ചിട്ടുള്ള സംഖ്യ ഓരോ താലൂക്കിലും വെവ്വേറാക്കി.

(ഡി) ൧൧൨൭ വരെ അങ്ങനെയുള്ള ഉദ്ധാരണത്തിനു ആണ്ടുതോറും ചെലവായ യഥാർത്ഥസംഖ്യ.

(ഇ) ൧൧൨൭ വരെ ആണ്ടുതോറും ചെലവാക്കാതെ ബാക്കിവന്ന സംഖ്യ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): (എ) ൧൦൯൯-മാണ്ടു.

(ബി) മുതൽ (ഇ) വരെ ആവശ്യപ്പെട്ട വിവരം കാണിക്കുന്ന ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): ജലാശയോദ്ധാരണം സംബന്ധിച്ചു ആണ്ടുതോറും ചില സംഖ്യകൾ ചെലവാക്കാതെ ബാക്കിവന്നു എന്നു പറഞ്ഞിരിക്കുന്നു. സിൽബന്തികളുടെ വകയിനത്തിലുള്ള സംഖ്യകളിൽ വല്ല ഭാഗവും ചെലവാകാതെ ബാക്കിവന്നോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): വന്നായിരിക്കാം. എനിക്കു നിശ്ചയമില്ല. സിൽബന്തികൾക്കുള്ള ൧൧൨൦ രൂപയിൽ വല്ല സംഖ്യയും ചെലവാകാതെ ബാക്കി വന്നിട്ടുണ്ടായിരിക്കാം

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോട്ടം): ൧൧൨൦, ൯൪൩൭, ൧൯൩൭ എന്നൊക്കെ കാണുന്നുണ്ട്. അതുപോലെ മടമ്പറി സ്റ്റാഫിന്റെ ശമ്പളത്തിൽ ഏതെങ്കിലും ലാപ്സായിപ്പോയിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി). അതിനെപ്പറ്റി ചീഫ് എൻജിനീയരോടു ചോദിച്ചുവേണം പറയുവാൻ.

മി. ടി. സി. കേശവപിള്ള(കൽക്കുളവും വിളവംകോട്ടം): കൃഷിമരാമത്തു വേലകൾക്കല്ലാതെ മററുവേലകൾക്കും ഇതുമാതിരി ലാപ്സ് ചെയ്യുന്ന പതിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി); മററു വേലകൾക്കും ചിലപ്പോൾ ലാപ്സ്വരുന്നുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവുംവിളവംകോട്ടം): കഴിഞ്ഞ ഏതാനും ആണ്ടുകളിൽ വലുതായ തുകകൾ ലാപ്സ് ചെയ്തതായി ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): എവിടെ ലാപ്സാക്കി എന്നാണു മെമ്പർ പറയുന്നതു?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): കൃഷിമരാമത്തുവേലകൾക്കനുവദിക്കുന്നതുക മുഴുവനും അതാതാണ്ടിൽ ചെലവാക്കുന്നില്ല എന്നുള്ള സംഗതി ഗവർമ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): അതു സ്റ്റേറ്റുമെന്റിൽനിന്നുതന്നെ കാണാമല്ലോ.

ചിററാർ പദ്ധതി.

൩൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടം): താഴെ പറയുന്ന സംഗതികൾ ഗവർമ്മെന്റു ദയവായി പറയുമോ?

(എ) ഒരു ജലസേചനപദ്ധതി നിർമ്മിക്കുന്നതിനെസംബന്ധിച്ചു ചീഫ്എൻജിനീയർ വിളവംകോട്ടു ള്ള ചിററാർ തീരങ്ങളെ സന്ദർശിച്ചിട്ടുണ്ടോ?

(ബി) ചിററാർപദ്ധതിയെ സംബന്ധിച്ചു ഒരു റിപ്പോർട്ടും എസ്റ്റിമേററും അദ്ദേഹത്തിന്റെ പക്കൽ ഉണ്ടോ?

(സി) ആ പദ്ധതിയെ സംബന്ധിച്ചു പരിശോധനകൾ നടത്തുന്നതിനു ചില പ്രത്യേകഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു അദ്ദേഹം ഗവർമ്മെന്റിനോടു അനുവാദം ചോദിച്ചിട്ടുണ്ടോ?

(ഡി) (സി) ഭാഗത്തിന്റെ മറുപടി ഉവ്വെന്നാണെങ്കിൽ അങ്ങനെ ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനു ഗവർമ്മെന്റു അനുവദിച്ചിട്ടുണ്ടോ?

---

* അനുബന്ധം ൧ നോക്കുക.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ചീഫ്എൻജിനീയരുടെ പക്കൽ ചിററാർപദ്ധതിയെസംബന്ധിച്ച റിപ്പോർട്ടോ എസ്റ്റിമേററാ ഇല്ല. പദ്ധതിയെ സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനു എത്ര പ്രത്യേക ഉദ്യോഗസ്ഥന്മാർവേണമെന്നു റിപ്പോർട്ടു ചെയ്വാൻ അദ്ദേഹം നാഗർകോവിൽ ഡിവിഷൻ ഉദ്യോഗസ്ഥനോടു ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയെസംബന്ധിച്ച പരിശോധനകൾ നടത്തിയ ശേഷമേ എസ്റ്റിമേററു തയ്യാറാക്കാൻ സാധിക്കയുള്ളു.

(സി) ഇല്ല.

(ഡി) (സി) ഭാഗം മറുപടികൊണ്ടു ഈ ചോദ്യത്തിനവകാശമില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): പ്രാരംഭമായിട്ടെങ്കിലും ചിററാർ സ്കീമിനെപ്പററിയുള്ള ഒരു റിപ്പോർട്ടു ചീഫ്എൻജിനീയരുടെ കൈവശമില്ലെന്നു മറുപടി പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ഉണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും). ജലസേചനത്തെ സംബന്ധിച്ചിടത്തോളം ഒരു പദ്ധതി ഗവൺമെൻറിൻെറ മുമ്പാകെ ചീഫ്എൻജിനീയർ ഹാജരാക്കിയിട്ടില്ലെന്നും ഗവൺമെൻറു മറുപടിപറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ചോദ്യം ചിററാർ സ്കീമിനെപ്പററിയാണു.

പ്രസിഡൻറു: ആ ചോദ്യം ആ രൂപത്തിൽ ചോദിക്കരുതു. നിങ്ങൾ അദ്ദേഹത്തെ ക്രാസ്വിസ്താരം ചെയ്യുകയല്ലല്ലോ. അങ്ങിനെ ഒരു സ്കീം ഉണ്ടോ എന്നു നിങ്ങൾക്കു ചോദിക്കാം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): ചിററാർ സ്കീമിനു ഒരു ടെമ്പററി സ്റ്റാഫ് വേണമെന്നു പരസ്യമായി മറുപടിയിൽ കാണുന്നു.

പ്രസിഡൻറു: അതു അതു ശരിയാണോ എന്നു ചോദിച്ചാൽ മതിയല്ലോ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): അതു ശരിയാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ശരിയാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): ഏതെങ്കിലും സ്കീമിനെ സംബന്ധിച്ച സ്റ്റാഫ് വേണമെന്നു അപേക്ഷിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഈ മറുപടി ചിററാർസ്കീമിനെ സംബന്ധിച്ചാണ്. ചിററാർസ്കീമിനെ സംബന്ധിച്ചിടത്തോളം സ്റ്റാഫ് വേണമെന്നു ചോദിച്ചിട്ടില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): ഏതെങ്കിലും ജലസേചനപദ്ധതിക്കു സ്റ്റാഫ് വേണമെന്നു ചോദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഇതൊരു പുതിയ ചോദ്യമാകയാൽ നോട്ടീസ് കിട്ടണം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): ചിററാർസ്കീമിൻെറ പരിശോധന എപ്പോൾ തുടങ്ങി എന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതു യഥാർത്ഥത്തിൽ തുടങ്ങിയതു എപ്പോഴാണെന്നു എനിക്കറിഞ്ഞുകൂടാ. ചീഫ്എൻജിനീയർ കഴിഞ്ഞ കൊല്ലം ആ സ്ഥലം സന്ദർശിച്ചതായി കാണുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): ഇതു കോതയാർപ്രാജക്ടിൽ ഉൾപ്പെട്ടതാണെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): കോതയാർപ്രാജക്ടിൽതന്നെ ചേർത്തു ഉൾപ്പെടുത്തിട്ടുണ്ടോ എന്നറിവാൻ പാടില്ല.

അഞ്ചൽമാസ്റ്റർക്കു പാർപ്പിടത്തോടുകൂടിയ അഞ്ചലാഫീസുകൾ.

൧൯. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) അഞ്ചൽമാസ്റ്റർമാർക്കുള്ള പാർപ്പിടസ്ഥലമുള്ള അഞ്ചലാഫീസുകളുടെ എണ്ണം.

(ബി) പാർപ്പിടസ്ഥലമുള്ള അധികം ആഫീസുകൾ ആവശ്യമാണെന്നു ഗവൺമെൻറിനു ബോദ്ധ്യമായിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) ൧൩.

(ബി) ഉണ്ട്.

ചിററാർപദ്ധതി.

൨൦. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) ചിററാർ ജലാശയപദ്ധതി എന്നൊരു ജലസേചനപദ്ധതി ചീഫ്എൻജിനീയരുടെ പക്കൽ ഉണ്ടോ?

(ബി) (എ) ഭാഗത്തിനുത്തരം ഉണ്ടെന്നാണെങ്കിൽ ചീഫ്എൻജിനീയരിൻെറ പക്കൽ അതിനെപ്പററിവല്ല റിപ്പോർട്ടോ എസ്റ്റിമേററോ തീർച്ചയാക്കാതെ കിടപ്പുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി) പദ്ധതിയെസംബന്ധിച്ച പരിശോധനകൾ നടത്തുന്നതിനു ആവശ്യമുള്ള പ്രത്യേക ഉദ്യോഗസ്ഥന്മാരെപ്പററി റിപ്പോർട്ടുചെയ്യുന്നതിനു നാഗർകോവിൽ ഡിവിഷൻ ഉദ്യോഗസ്ഥനോടു ചീഫ്എൻജിനീയർ ആജ്ഞാപിച്ചിട്ടുണ്ട്. വിവരമായ പരിശോധന കഴിഞ്ഞിട്ടേ എസ്റ്റിമേററു തയ്യാറാക്കാൻ കഴികയുള്ളു.

പോലീസ് കീഴുദ്യോഗസ്ഥന്മാരെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നകാര്യം.

൨൧. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോട്ടും): താഴെപ്പറയുന്ന സംഗതികൾ ഗവൺമെൻറു ദയവായി പറയുമോ?

(എ) പോലീസ് കീഴുദ്യോഗസ്ഥന്മാരെ ഇൻസ്പെക്ടർമാരായി നിയമിക്കുന്നകാര്യത്തിൽ വല്ല കൃത്യമായ തത്വങ്ങൾ അനുസരിക്കാറുണ്ടോ?

(ബി) (എ) ഖണ്ഡത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ ആ തത്വങ്ങൾ എന്താണ്?

(സി) പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ടന്മാരുടെ പ്രവൃത്തികളിൽ ഇടപെടാൻ പോലീസ് കമ്മീഷണർക്കധികാരമുണ്ടോ?

(ഡി) ഏതെങ്കിലും പോലീസ് ഡിസ്ട്രിക്ട് സൂപ്രണ്ട് ഈ തത്വങ്ങൾക്കെതിരായി പ്രവർത്തിച്ചിട്ട് അദ്ദേഹം അതു തിരുത്തപ്പെടുത്തിയതിന്റെ വല്ല ഉദാഹരണവുമുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): (എ)-യും (ബി)-യും. ഉദ്യോഗയോഗ്യതയുള്ള ഹെഡ്കാൺസ്റ്റബിൾമാരെ ഇൻസ്പെക്ടർമാരായി നിയമിക്കാം. എന്നാൽ അങ്ങനെയുള്ള നിയമനങ്ങൾ ഒഴിവുകളുടെ ൨൫ ശതമാനത്തിൽ അധികമാവുകയില്ല.

(സി)-യും (ഡി)-യും. ഒന്നാം ഗ്രേഡ് ഇൻസ്പെക്ടർമാരെ നിയമിക്കുന്നതിനുള്ള അധികാരം പോലീസ് കമ്മീഷണർക്കാകുന്നു. അതുകൊണ്ടു ഈ ചോദ്യങ്ങൾക്കവകാശമില്ല.

കാളേജുകളിലെ അധഃകൃതവിദ്യാർത്ഥികൾ.

൨൨. മി. കെ. മാധവൻ (ഗവണ്മെന്റ നിയമനം): ഈ സംസ്ഥാനത്തെ കാളേജുകളിൽ പഠിക്കുന്ന അധഃകൃതവിദ്യാർത്ഥികളുടെ ആകെ എണ്ണവും അവർ പഠിക്കുന്ന കാളേജുകളുടെ പേരുകളും ഓരോന്നിൽ പഠിക്കുന്ന ആകെ വിദ്യാർത്ഥികളുടെ എണ്ണവും ഗവണ്മെന്റ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്‌സെക്രട്ടറി): ഫീസിളവിനെസംബന്ധിച്ച ൧൧-൧-൧൧൨൪-ലെ ൨൩൨-ാം ഗവണ്മെന്റുത്തരവിൻപ്രകാരം അധഃകൃതവർഗ്ഗക്കാരെന്നു ഗണിച്ചുവരുന്ന വർഗ്ഗങ്ങളിൽപെട്ട ഒരു വിദ്യാർത്ഥി നാഗർകോവിൽ സ്കോട്ട്ക്രിസ്ത്യൻകാളേജിൽ പഠിക്കുന്നുണ്ട്.

പോലീസുദ്യോഗസ്ഥന്മാരുടെ യാത്രഅയപ്പുയോഗങ്ങൾ.

൨൩. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൨൦-൧൧൨൬ കൊല്ലങ്ങളിൽ പൊതുജനങ്ങൾ നടത്തിയ പോലീസുദ്യോഗസ്ഥന്മാരുടെ യാത്രഅയപ്പുയോഗങ്ങളുടെ സ്വഭാവവും എണ്ണവും ഗവണ്മെന്റ ദയവായി അന്വേഷിച്ചുവിവരം പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): ഇതിനെസംബന്ധിച്ച യാതൊരുകണക്കും വെച്ചുവരുന്നില്ലെന്നു പോലീസ്‌കമ്മീഷണർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

ഡിസ്ട്രിക്ട്ജഡ്ജിമാരുടെ സ്ഥിരഒഴിവുകളിൽ ആളെ നിയമിക്കുന്നകാര്യം.

൨൪. മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): (എ) ഡിസ്ട്രിക്ട്ജഡ്ജിമാരുടെ ഇതുവരെ (൧൫-൫-൧൧൨൪) സ്ഥിരം നിയമനങ്ങൾ ചെയ്തിട്ടില്ലാത്ത ഒഴിവുകളുടെ എണ്ണവും ഓരോഒഴിവും എത്രകാലം ദീർഘമായിട്ടുള്ളതാണെന്നും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ ദയവായിമേശപ്പുറത്തുവെയ്ക്കുമോ?

(ബി) ഈ സ്ഥിരം ഒഴിവുകളിൽ സ്ഥിരമായി ആളെ നിയമിക്കാത്തതിനുള്ള കാരണങ്ങളും ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റസെക്രട്ടറി): (എ) ൧൧൨൪ ധനു ൧൫-നു ആളെ നിയമിക്കാത്ത ഡിസ്ട്രിക്ട്ജഡ്ജിമാരുടെ യാതൊരൊഴിവും ഉണ്ടായിരുന്നില്ല.

(ബി) എ-ഖണ്ഡത്തിന്റെ മറുപടിയെ ഉത്തു ഈ ചോദ്യത്തിനു അവകാശമില്ല.

ഓരോരോ സമുദായക്കാർ കൊടുക്കുന്ന ഭൂനികുതിയുടെതുക.

൨൫. മി. താമരപ്പള്ളിൽ കൊച്ചുകൊച്ചൻ (പത്തനംതിട്ട): മലയാളബ്രാഹ്മണർ, പരദേശബ്രാഹ്മണർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ, മഹമ്മദീയർ എന്നിങ്ങനെയുള്ള ഈ സംസ്ഥാനത്തിലെ പ്രധാന സമുദായങ്ങൾ ഗവണ്മെന്റിലേക്കുകൊടുക്കുന്ന ഭൂനികുതികാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ ദയവായി മേശപ്പുറത്തുവെയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): സംസ്ഥാനത്തെ ഓരോസമുദായങ്ങൾ കൊടുക്കുന്ന ഭൂനികുതിയുടെ ഒരു പ്രത്യേകകണക്കുവെച്ചിട്ടില്ലാത്തതിനാൽ ആവിവരംതരാൻ സാധിക്കയില്ല.

അധഃകൃതവർഗ്ഗക്കാരുടെ സംരക്ഷകൻ.

൨൬. മി. കെ. മാധവൻ (ഗവണ്മെന്റനിയമനം): അധഃകൃതവർഗ്ഗക്കാരുടെ ഒരു സംരക്ഷകനെ നിയമിക്കാത്തതിനുള്ള കാരണം ഗവണ്മെന്റ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റ ചീഫ്‌സെക്രട്ടറി): ഇപ്പോൾ അധഃകൃതവർഗ്ഗക്കാരുടെ ഒരു സംരക്ഷകൻ ഉണ്ട്. ഒരു പ്രത്യേക സംരക്ഷകനെ നിയമിക്കുന്നകാര്യം ആലോചനയിലിരിക്കുന്നു.

റവന്യൂഡിപ്പാർട്ടുമെന്റിലെ പകർപ്പെഴുത്തുകാർ.

൨൭. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഈ സംസ്ഥാനത്തെ റവന്യൂപകർപ്പെഴുത്തുകാർക്ക് സ്ഥിരശമ്പളം കൊടുക്കാത്തതുകൊണ്ടു അവർക്ക് വളരെസങ്കടമുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ വിഷയത്തെസംബന്ധിച്ച മി. വി. എസ്. കൃഷ്ണപിള്ള ൧൧൨൩ ഏപ്രിൽ ൨൭-നു ചോദിച്ച ൨൭൨-ാംനമ്പർ ചോദ്യത്തിനു കൊടുത്ത മറുപടി കൌൺസിൽനടപടികൾ ൧൭-ാംവാല്യം ൭-ാംനമ്പർ ൧൨൭-ാംപുറത്തു പ്രസിദ്ധംചെയ്തിട്ടുള്ളതു മെമ്പർ വായിച്ചുനോക്കണം. പകർപ്പെഴുത്തുകാർ ജോലി സ്വീകരിക്കുന്നതു പെൻഷൻകിട്ടുകയില്ലെന്നുള്ള അറിവോടുകൂടെയാകയാൽ സങ്കടത്തിനു കാരണമില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): തങ്ങളുടെ ഉദ്യോഗം സ്ഥിരമാക്കണമെന്നും പെൻഷൻ കിട്ടാൻ അവകാശമുള്ളതാക്കണമെന്നും റവന്യൂപകർപ്പെഴുത്തുകാർ ലാൻഡ്‌റവന്യൂകമ്മീഷണർക്ക് ഒരു ഹർജിബോധിപ്പിട്ടില്ലയോ എന്നു മെമ്പർ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ഉണ്ടായിരിക്കാം. ഈ കാര്യം ഗവണ്മെന്റിന്റെ മുമ്പാകെ വന്നിട്ട് ആലോചനകൾകഴിച്ചശേഷമാണ് തീർച്ചയാക്കിയത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഈ പകർപ്പെഴുത്തുകാരെ സ്ഥിരംജോലിക്കാരാക്കണമെന്നു കമ്മീഷണർ ശിപാർശചെയ്തിരുന്നോ എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അതുപറയാൻ കഴികയില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): അങ്ങനെ ഒരു ശിപാർശ കമ്മീഷണർ ചെയ്തിരുന്നു എന്നാണ് എനിക്കു കിട്ടിയ അറിവ്. ഞാൻ തെറ്റിദ്ധരിച്ചതായിരിക്കാം.

പ്രസിഡന്റ്: ഗവണ്മെന്റിന്റെ ഒരു കീഴുദ്യോഗസ്ഥൻ എന്തു ശിപാർശയാണു ചെയ്തതെന്നറിവാൻ നിങ്ങൾക്കവകാശമില്ലായിരിക്കാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റു ഈ വിവരം തരാതെ എനിക്കു വാദം തുടരാൻ സാധിക്കയില്ല.

അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാരെ ഗവണ്മെന്റുസ്കൂളുകളിൽ നിയമിക്കുന്നകാര്യം.

*൭൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) ഡിപ്പാർട്ടുമെന്റുവക ഇംഗ്ലീഷും നാട്ടുഭാഷയും സ്കൂളുകളിലെ അക്റ്റിംഗ് അദ്ധ്യാപകന്മാരുടെ സെർവീസ് കാണിക്കുന്ന ഒരു പട്ടിക വിദ്യാഭ്യാസഡയറക്ടർ സൂക്ഷിച്ചുവരുന്നുണ്ടോ?

(ബി) ഇംഗ്ലീഷും നാട്ടുഭാഷയും അംഗീകൃതപാഠശാലകളിലെ അദ്ധ്യാപകന്മാരുടെ ഒരു ലിസ്റ്റും അദ്ദേഹം വെച്ചുവരുന്നുണ്ടോ?

(സി) ഗവണ്മെന്റുസ്കൂളുകളിൽ ഒഴിവുകളുണ്ടാകുമ്പോൾ അംഗീകൃതസ്കൂളുകളിലെ അദ്ധ്യാപകന്മാരുടെ അവകാശം അദ്ദേഹം നോക്കാറുണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ഇൻസ്പെക്റ്റിംഗ് ഉദ്യോഗസ്ഥന്മാർക്കു നിയമിക്കാൻ അധികാരമുള്ള നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരെ ഒഴിച്ചുള്ള ഒരു ലിസ്റ്റ് വെച്ചുവരുന്നുണ്ട്.

(ബി) ഇല്ല.

(സി) അംഗീകൃതസ്കൂളുകളിലെ അദ്ധ്യാപകന്മാരിൽനിന്നു യോഗ്യതയുള്ള അപേക്ഷകന്മാരുണ്ടെങ്കിൽ അവരുടെ അവകാശം ആലോചിക്കാറുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അംഗീകൃതപാഠശാലകളിലെ വല്ലവന്മാർക്കു സർക്കാർപള്ളിക്കൂടങ്ങളിൽ ജോലികൊടുത്തതായിട്ടു ഗവണ്മെന്റിനറിയാമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): നിശ്ചയമില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): "ആലോചിക്കാറുണ്ട്" എന്നു പറയുന്നു. ഇതുവരെയും അതു ആലോചിച്ചുവരുന്നേയുള്ളോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഡയറക്ടർ അതിനെപ്പറ്റി ആലോചിച്ചു എന്നാണു പറയുന്നത്. ഗവണ്മെന്റിനു വിവരമായ അറിവില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അങ്ങനെ "ആലോചന" ചെയ്തു എണ്ണം എത്രയുണ്ടെന്നു പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഗവണ്മെന്റിനു വിവരമായ അറിവില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിലെ നിയമനങ്ങളുടെ ജാതിവിവരം പട്ടിക.

൭൯. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കഴിഞ്ഞ ഏഴുവർഷക്കാലത്തു (൧൦൯൬—൧൧൦൨) വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ചെയ്തിട്ടുള്ള നിയമനങ്ങളുടെ ഒരു ജാതിവിവരം പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

മി. കെ. ജാർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഇതിനുവേണ്ടുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന ഗുണത്തിനു കേവലം അനുരൂപമല്ലാത്തതിനാൽ അവയെ ശേഖരിക്കാൻ ഗവണ്മെന്റു വിചാരിക്കുന്നില്ല.

പത്തനാപുരംതാലൂക്കിൽ ഭൂമികൾ പതിച്ചുകിട്ടാനുള്ള അപേക്ഷകൾ.

൮൦. മി. എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): താഴെകാണുന്ന വിവരങ്ങളടങ്ങിയ ഒരു പട്ടിക ഗവണ്മെന്റു ദയവായി മേശപ്പുറത്തുവയ്ക്കുമോ?

(എ) ൧൧൦൨, ൧൧൦൩ (വൃ-൩-൧൧൦൩ വരെ) എന്നീ ആണ്ടുകളിൽ പത്തനാപുരംതാലൂക്കിൽ ഭൂമി പതിച്ചുകിട്ടാൻ അപേക്ഷിച്ചിട്ടുള്ളവരുടെ പേരുകളും അപേക്ഷകളുടെ തീയതിയും.

(ബി) ഈ അപേക്ഷകൾപ്രകാരം പതിച്ചുകൊടുത്ത ഭൂമികളുടെ വിസ്തീർണ്ണം.

(സി) പതിച്ചുകൊടുക്കാൻ ബാക്കിയുള്ള ഭൂമികളുടെ വിസ്തീർണ്ണം.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) ൧൧൦൨-ാമാണ്ടും ൧൧൦൩-ാമാണ്ടു ആദ്യത്തെ ൪ മാസവുംകൂടി അപേക്ഷകന്മാരുടെ എണ്ണം ൧൬൨൭ ആകുന്നു. ഈ എല്ലാ അപേക്ഷകന്മാരുടെ പേരുകളും അപേക്ഷകളുടെ തീയതിയുംചേർത്തു ഒരു പട്ടിക തയ്യാറാക്കാൻ വേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുണ്ടാകാവുന്ന ഗുണത്തിനു കേവലം അനനുരൂപമെന്നു ഗവണ്മെന്റു വിചാരിക്കുന്നു.

(ബി) ൧൧൦൨-ാമാണ്ടും ൧൧൦൩-ാമാണ്ടു ആദ്യത്തെ ൪ മാസവുംകൂടി ൧൦൯൪ ഏക്കർ.

(സി) റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അധികം സമയവും അദ്ധ്വാനവും നഷ്ടപ്പെടുത്താതെ ആവശ്യപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ സാധിക്കയില്ല.

അനുബന്ധം ൧.

൨൮-ാംനമ്പർ ചോദ്യത്തിന്റെ മറുപടിക്കനുബന്ധം.

൧൦൯൯-ാമാണ്ടും ൧൧൦൨-ാമാണ്ടും അമ്പലപ്പുഴതാലൂക്കിൽ ൧൦ ഏക്കറിലധികം വിസ്തീർണ്ണമുള്ള ഭൂമികൾ പതിച്ചുകൊടുത്തതിന്റെ വിവരംകാണിക്കുന്ന പട്ടിക.

ആണ്ടു	വിസ്തീർണ്ണം ഏക്കർ	രജിസ്റ്റർചെയ്തുവാങ്ങിയ ആളിന്റെ പേര്	രജിസ്റ്റർചെയ്ത തീയതി	തറവിലനിശ്ചയിച്ചുള്ളത്		
				രൂ.	ച.	കാ.
൧൦൯൯, ൧൧൦൨.	[illegible]	കാവാലം തെക്കുംഭാഗം നിയ്യച്ചേരി ചാലയിൽ എരവി കുഞ്ഞൻപണിക്കർ പൂജ്യം	൨൩-൩-൧൦൯൯	൧൬൬൪	൧൪	൦

അനുബന്ധം ൨.

൨൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടി.

അമ്പലപ്പുഴ താലൂക്കിൽ പുറമ്പോക്കുകളിലെ കയ്യേറ്റങ്ങളെ കാണിക്കുന്ന പട്ടിക.

നമ്പർ	കയ്യേറ്റം ചെയ്ത ആണ്ട്	പകുതി	വിസ്തീർണ്ണം	കക്ഷിയുടെ പേര്
	൧൧൦൨			
൧	ടി	തകഴി	൧൭.൩൭	രാമൻപിള്ള കുഞ്ഞൻപിള്ള
൨	ടി	പുറക്കാട്	൧൮.൩൨	ശങ്കരൻ കൊച്ചു
൩	ടി	ടി	൧൬.൪൮	ജോസഫ് തൊമ്മി
൪	ടി	ടി	൧൨.൭൨	പി. വി. ഫിലിപ്പ്
൫	ടി	ടി	൧൮.൬൭	തോമസ് അന്തോനി
൬	ടി	ടി	൫൬.൫൮	വർക്കി ഫിലിപ്പോസ്
൭	ടി	ടി	൧൬.൪൧	പെരുമാൾ ചാക്കോ
൮	ടി	ടി	൧൧.൫൦	ചാക്കോ ചാണ്ടപ്പിള്ള
൯	ടി	ടി	൪൯.൭൦	മത്തായി മത്തായി മുതൽപേർ
൧൦	ടി	ടി	൨൬.൫൩	മത്തായി മത്തായി
൧൧	ടി	ടി	൩൯.൬൭	ഏലിയാസ് തോമസ് മുതൽപേർ
൧൨	ടി	തകഴി	൨.൧൬൭	ആറുമുഖൻ എളയകൊച്ചു
	൧൧൦൩	പൂജ്യം	...	...
	൧൧൦൪	ടി	...	...

അനുബന്ധം ൩.

൩൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടി.

ബസ്സുകളും കാറുകളും പരിശോധിക്കുന്നതിനു അധികാരപ്പെടുത്തപ്പെട്ടിട്ടുള്ള പൊതുമരാമത്തു ഡിവിഷൻ ഉദ്യോഗസ്ഥന്മാർ ൧൧൦൩, ൧൧൦൪ എന്നീ വർഷങ്ങളിൽ പരിശോധിച്ച ബസ്സുകളുടെയും കാറുകളുടെയും എണ്ണവും അവർ വസൂലാക്കിയ ഫീസും കാണിക്കുന്ന പട്ടിക.

ഉദ്യോഗസ്ഥന്റെ പേര്	ആണ്ട്	കാറുകളുടെ എണ്ണം	ബസ്സുകളുടെ എണ്ണം	വസൂൽ ചെയ്ത ഫീസ്		
				രൂ.	ച.	കാ.
ബി. അരുണാചലമയ്യർ	൧൧൦൩	...	൯൮	൧൬൨൫	...	...
എം. പി. മാണി	ടി	...	൧൦	൧൭൫	...	...
ജോർജ് ഫിലിപ്പ് കോട്ടയം ആക്ടിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ	ടി	...	൫൧	൮൩൫	...	...
എച്ച്. ഇ. പാറോറ്	ടി	...	൧	൨൦	...	...
എസ്. എസ്. കൃഷ്ണയ്യങ്കാർ	ടി	...	൧൨	൧൬൫	...	...
ബി. ഹരിഹരയ്യർ	ടി	...	൫	൮൫	...	...
ബി. അരുണാചലയ്യർ	൧൧൦൪	...	൫	൮൫	...	...
ജോർജ് ഫിലിപ്പ് കോട്ടയം ആക്ടിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ	ടി	...	൧൬൫	൨൬൯൦	...	...
എച്ച്. ഇ. പാറോറ്	ടി	...	൧	൧൫	...	...
എസ്. എസ്. കൃഷ്ണയ്യങ്കാർ	ടി	...	൧൩൪	൨൪൧൦	...	...
ബി. ഹരിഹരയ്യർ	ടി	...	൩൬	൬൩൫	...	...
എൽ. എച്ച്. ജേക്കബ്	ടി	...	൧	൨൦	...	...
ഐ. സി. ചാക്കോ, നാഗർകോവിൽ ആക്ടിംഗ് എക്സിക്യൂട്ടീവ് എൻജിനീയർ	ടി	...	൫൬	൯൫൫	...	...

അനുബന്ധം ൮.

൩൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

കൽക്കുളവും വിളവങ്കോട്ടും താലൂക്കുകളിൽ പൊതുമരാമത്തു ജലാശയോദ്ധാരണ വകുപ്പിന്റെ ചെലവുകാണിക്കുന്ന പട്ടിക.

കൊല്ലം	ജലാശയോദ്ധാരണവകുപ്പു സിൽബന്തികളുടെ പ്രതിവർഷച്ചെലവു				ജലാശയോദ്ധാരണത്തിനു കൽക്കുളവും വിളവങ്കോട്ടും പ്രതിവർഷം അനുവദിച്ച സംഖ്യ**	ജലാശയോദ്ധാരണത്തിനു പ്രതിവർഷം ചെലവായ സംഖ്യ	പ്രതിവർഷം ലാഭ സംഖ്യ	റിമാർക്സ്
	തൽക്കാലസിൽബന്തികൾ ശമ്പളം	തൽക്കാലസിൽബന്തികൾ ടിഎ	സ്ഥിരജോലിക്കാരുടെ ബത്തകൾ*	ആകെ				
	രൂപ	രൂപ	രൂപ	രൂപ	രൂപ	രൂപ	രൂപ	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	* പ്രസ്താവിച്ച കാല ചെലവിന്റെ പകരം അന്വേഷണത്തിനുള്ള സിൽബന്തിവകച്ചെലവുകാണിച്ചിരിക്കുന്നു.
[illegible]	[illegible]	...	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	** ജലാശയോദ്ധാരണത്തിനു അനുവദിച്ച സംഖ്യ തിരുവിതാംകൂറിനു മുഴുവനായി ആണു. കൽക്കുളവും വിളവങ്കോട്ടും താലൂക്കുകൾക്ക് മാത്രമായി കാണിച്ചിരിക്കുന്ന ഇനം കൊല്ലം രണ്ടു താലൂക്കുകൾക്കും വെവ്വേറെ കാണിക്കാൻ നിവൃത്തിയില്ല.
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	
[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	[illegible]	

പ്രസിഡന്റ്: നാളെ ഇനി ജന്മികുടിയാൻറഗുലേഷൻ ഭേദഗതി ബില്ലിനെസംബന്ധിച്ചുള്ള വാദപ്രതിവാദം തുടരുന്നതായിരിക്കും.

മി. സി. എൻ. കുഞ്ഞൻനമ്പൂരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു) : നിയമത്തെ സംബന്ധിച്ചു ഇന്നു നടപ്പിലിരിക്കുന്ന റഗുലേഷനെ ഭേദഗതിചെയ്യുന്നതിനായി കൂടിയ കാൺഫറൻസിൽ നിന്നും തയ്യാറാക്കീട്ടുള്ള നക്കൽബില്ല് എനിക്കു കാണാൻ ഇടയായിട്ടുണ്ടു. കാൺഫറൻസിൽ ഞാനും ഒരംഗമായിരുന്നു. അവിടത്തെ നടപടികളെ കഴിയുന്നത്ര ഞാൻ പരിശോധിച്ചു. അവിടത്തെ തീരുമാനം ജന്മിമാരുടെ സകല സങ്കടങ്ങളേയും പരിഹരിച്ചിട്ടുള്ളതാണു എന്നുപറവാൻ ഞാൻ ഒരിക്കലും ഒരുങ്ങുന്നില്ല. എന്നാൽ ഞാനും കൂടി കാൺഫറൻസിലെ ഐകമത്യേന സമ്മതിച്ചിട്ടുള്ള ഒരുതരം ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ ഞാൻ അതിനെ സമ്മതിക്കുന്നതിനു മറ്റുചില കാരണങ്ങളുണ്ട്.

ഇപ്പോൾ ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള തർക്കം വളരെക്കാലമായി ഇടഞ്ഞിരിക്കയാണ്. അതിനെ പരിഹരിക്കുന്നതിനു ഗവൺമെന്റും മറ്റുജനങ്ങളും പരിശ്രമിച്ചതിന്റെ ഫലമായിട്ട് അതാതുകാലത്തുള്ള സ്ഥലം ചില പരിഹാരങ്ങൾമാത്രം ചെയ്തുകൊണ്ടാണ് പോന്നത്. എന്നാൽ ഈ പരിഹാരങ്ങൾ ചെയ്യുന്ന അവസരങ്ങളിലെല്ലാം ജന്മിമാരുടെ സങ്കടം ഏററവും വർദ്ധിക്കുന്ന രീതിയിലാണ് തീർന്നിട്ടുള്ളതു.

മി. പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : കുടിയാന്മാരുടെ സങ്കടങ്ങളെല്ലാം പരിഹരിക്കപ്പെട്ടു എന്നാണോ മെമ്പറുടെ അഭിപ്രായം?

മി. സി. എൻ. കുഞ്ഞൻ നമ്പൂരിപ്പാട് (മെമ്പർമാർതിരഞ്ഞെടുത്തതു) : ഇങ്ങനെ ഓരോപരിഹാരങ്ങളും ചെയ്യുന്ന കാലത്തു കുടിയാന്മാർക്ക് ഗുണമുണ്ടായിട്ടുണ്ടെന്നുള്ളതിന് അക്കാലത്തുള്ള കുടിയാന്മാരുടെ അനുമോദനലേഖകൾ കാണുന്നുണ്ട്.

മി. പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : രേഖകൾ എവിടെകാണുന്നു?

മി. സി. എൻ. കുഞ്ഞൻനമ്പൂരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു) : കുടിയാന്മാർ കൊടുത്തിട്ടുള്ള അനുമോദനപ്പത്രങ്ങൾ പഴയഅച്ചുകളിൽ ഇന്നുകാണുന്നുണ്ട്.

മി. വി. കെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : അന്നത്തേമനപത്രം ആർക്കകൊടുത്തു?

മി. സി. എൻ. ഇപ്പൻനമ്പൂരിപ്പാട (മെമ്പർമാർ തിരഞ്ഞെടുത്തതു): ഗവണ്മെൻറിനാണ കൊടുത്തതു്. അന്ന കൌൺസിലും മററും ഇല്ലല്ലൊ.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുടിയാന്മാർ എല്ലാപേരും കൂടിച്ചേർന്നാണൊ അന്നത്തേമനപത്രം കൊടുത്തിട്ടുള്ളതു്?

മി. സി. എൻ. ഇപ്പൻനമ്പൂരിപ്പാട് (മെമ്പർതിരഞ്ഞെടുത്തതു്) : കുടിയാന്മാരുടെകണക്ക ഞാൻഎടുത്തുനോക്കീട്ടില്ല. കുടിയാന്മാരുടെ ഭാഗത്തുനിന്നും കൊടുത്തതായി രേഖകളുണ്ടു്.

മി. എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും) : കുടിയാന്മാർക്ക തീരെ ആനുകൂല്യമല്ലാതെയിരിക്കുമ്പോൾ അല്പം വല്ല ആനുകൂല്യവും കിട്ടുന്നതായാൽ അവർ ആഹ്ലാദം പ്രദർശിപ്പിച്ചു എന്നുവരരുതേ?

മി. സി. എൻ. ഇപ്പൻനമ്പൂരിപ്പാട (മെമ്പർമാർതിരഞ്ഞെടുത്തതു): കൂടുതൽ ആനുകൂല്യം കിട്ടണമെന്ന ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ സ്വല്പംവല്ലതും കിട്ടിയാൽ അതു സന്തോഷംതന്നെയായിരിക്കും.

ഇങ്ങനെയാണ് ജന്മികുടിയാൻ കാര്യങ്ങൾ ഇവിടെ തുടർന്നുവന്നിട്ടുള്ളതു്, ഇതിൽപ്രധാനമായിട്ടുനില്ക്കുന്നതു ആദായമാണ്. ജന്മിയായാലും കുടിയാനായാലും ഇരുകൂട്ടർക്കും അവരവർക്ക കൂടുതൽ ആദായം കിട്ടണമെന്ന വിചാരിക്കുന്നതു സ്വാഭാവികമാണല്ലൊ. കുടിയാൻ പ്രയത്നംചെയ്തു ഉണ്ടാക്കുന്നഫലങ്ങൾക്ക കൂടുതൽ ആദായം കിട്ടണമെന്ന വിചാരിക്കുന്നതിൽ കുടിയാനേയൊ ജന്മവസ്തുക്കളിൽ തങ്ങൾക്ക കൂടുതൽ ആദായം കിട്ടണമെന്ന വിചാരിക്കുന്നതിൽ ജന്മിയേയൊ കുററപ്പെടുത്താനില്ല. ഇതിനെ ഒന്ന ക്രമീകരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഒരു കോൺഫറൻസു വിളിച്ചുകൂട്ടുകയും ഒരു ബിൽ ഉണ്ടാക്കുകയും ചെയ്തു. എന്നാൽ ഈ ബില്ലിൽ ജന്മിമാരുടെ സങ്കടം ലവലേശം പരിഹരിച്ചിട്ടില്ല എന്നാണ ഞാൻവിശ്വസിക്കുന്നതു്. കഴിയുന്നത്ര യോജിച്ചു പോകണമെന്നുള്ള ഉദ്ദേശത്തൊടുകൂടിയാണ് ജന്മിമാർ ഈ നിലവിലിരിക്കുന്ന പല അവകാശങ്ങളേയും വിട്ടുകൊടുത്തു് ഇതിൽ സമ്മതിക്കേണ്ടിവന്നതു്. അതിൽ ചെറുപ്പമുള്ള ജന്മിമാർ ഞങ്ങളെ കുററപ്പെടുത്തുന്നുണ്ടു്.

"നിങ്ങൾ ഇചന്ന സമ്മതിച്ചിട്ട വന്നതുകൊണ്ടാണ് ഈ തെററാക്കെവന്നതു്. നിങ്ങൾക്ക ഇംഗ്ലീഷ് അറിഞ്ഞുകൂടാ. ഇങ്ങനെ സാധിക്കാത്തകാര്യങ്ങളിൽ എന്തിനാണ വഴിഞ്ഞിഴഞ്ഞുപോയതു്?" എന്നൊക്കെ ചെറുജന്മിമാർ ഞങ്ങളെ കുററപ്പെടുത്തിവരുന്നുണ്ടു്. അതിലേക്ക ഞങ്ങൾ അവരോടു സമാധാനംപറഞ്ഞതു് ഇതുകൊണ്ടു നിങ്ങളുടെ ആദായത്തിന കുറെ നഷ്ടം വന്നിട്ടുണ്ടെങ്കിലും ഒരു വലിയ തർക്കം തീർക്കുന്നതു നന്നായിരിക്കയില്ലേ എന്നാണ്. ഇതുകൊണ്ടു് കുടിയാന്മാർ തൃപ്തിപ്പെട്ടുവോ എന്ന അവർ ചോദിച്ചു. അവർ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ഉള്ള നിബന്ധനകളൊന്നും ബില്ലിലില്ല. അതുകൊണ്ടു അവരും തൃപ്തിപ്പെട്ടുവെന്ന ഞാൻ വിചാരിക്കുന്നില്ലെന്നും ഞാൻ സമാധാനം പറകയുണ്ടായി.

ഇന്നുതന്നെ നിലവിലിരിക്കുന്ന റഗുലേഷനേയും ജന്മിമാരുടെ ഒരു ൧൦൦ വർഷത്തിനുമുമ്പുള്ള സ്ഥിതികളേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ജന്മിമാർ വളരെ താണുകൊണ്ടാണ് വരുന്നതെന്ന കാണാൻ പ്രയാസമില്ല. പിന്നെ കുടിയാന്മാരുടെ ഭാഗത്തുള്ള വാദവും പരമാർത്ഥമായ ഒന്നാണെന്ന് എനിക്കറിയാം.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട): ജന്മിമാർക്കും കുടിയാന്മാർക്കും ഉള്ള സങ്കടത്തിൽ ഈ ബില്ലുകൊണ്ടു ഏതിനാണ് പ്രാധാന്യം കല്പിക്കുന്നതു?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തെരഞ്ഞെടുത്തതു): ആദായംശരിയായി ജന്മിമാർക്ക കൊടുക്കണമെന്നു ഉദ്ദേശിക്കുന്ന കുടിയാന്മാർക്ക യാതൊരു ദോഷവുമുള്ളതായിട്ട ഞാൻ വിചാരിക്കുന്നില്ല.

ജന്മിമാർ കുടിയാന്മാരെ പലപ്രകാരത്തിൽ ഉപദ്രവിക്കുന്ന എന്ന ഒരഭിപ്രായം മറെറാരു ഭാഗത്തിൽനിന്നും പുറപ്പെടുവിക്കയുണ്ടായി. അതു കേവലം ഒരു പ്ലാററ്ഫാറത്തിൽ നിന്നോ അല്ലെങ്കിൽ പേപ്പറിലോ പറയാമെന്നല്ലാതെ യഥാർത്ഥത്തിൽ അത്രകണ്ടു ഉണ്ടെന്ന ഞാൻ വിചാരിക്കുന്നില്ല. റഗുലേഷനിൽ ഉപദ്രവകരമായ വല്ല സംഗതികളും കണ്ടെത്താമെന്നല്ലാതെ ജന്മിമാർ ഉപദ്രവിക്കുന്ന എന്ന പറയുന്നതിനോടു ഞാൻ അനുകൂലിക്കുന്നില്ല. നിയമപ്രകാരം ഉള്ളതിൽ കൂടുതലായിട്ട ഒരു ജന്മിയും ചോദിക്കുകയില്ല. ചോദിച്ചാൽ കിട്ടുകയുമില്ല. എന്നാൽ ഇന്ന നിലവിലിരിക്കുന്ന നിയമത്തിൽനിന്നും പല ദാക്ഷിണ്യങ്ങളും കുടിയാന്മാർക്ക ചെയ്തിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ഭേദഗതിയിൽ എന്താണ് ദാക്ഷിണ്യം ചെയ്തിട്ടുള്ളതെന്നു പറയാമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തതു): ഇന്നു നിലവിലിരിക്കുന്ന നിയമത്തേയും ഈ ഭേദഗതി ബില്ലിനേയും നോക്കുന്നപക്ഷം കുടിയാന്മാർക്ക പല ദാക്ഷിണ്യങ്ങളും ചെയ്തിട്ടുണ്ടെന്നു കാണാം. ഇത്രത്തോളം അവകാശമാണ് ജന്മിമാർക്കും, കുടിയാന്മാർക്കുമുള്ളതെന്ന് പ്രത്യേകമായി നിയമം ചെയ്യാതിരിക്കുന്നിടത്തോളം കാലം ഇന്നത്തെ നിയമംതന്നെ പ്രത്യേകം ദാക്ഷിണ്യമാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല;

ഇന്നത്തെ റഗുലേഷൻപ്രകാരം ജന്മിമാർക്ക വസ്തു ഒഴിപ്പിക്കുന്നതിനു നാലുകാരണങ്ങളുണ്ട്. വസ്തു ഒഴിപ്പിച്ചുകൊണ്ടുപോണമെന്നുള്ള ആഗ്രഹം സാധാരണ ജന്മിമാർക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അപൂർവം ചില കഠോരന്മാരായ ജന്മിമാരും കണ്ടേയ്ക്കാം. ഈ നാലു കാരണങ്ങൾകൊണ്ടു വസ്തു ഒഴിപ്പിച്ചതു എത്രയാണെന്നു നോക്കുന്നപക്ഷവും വളരെ ചുരുക്കമായിട്ടേകാണുകയുള്ളു. ഞാൻ കഴിഞ്ഞ കൌൺസിലിൽ മെംബർ ആയിരുന്നപ്പോൾ ഇതിനെപ്പററി ഒരു ചോദ്യംചോദിച്ചിട്ടുണ്ടായിരുന്നു. അതിനു ഗവണ്മെൻറു നൽകിയ മറുപടി തിരുവെഴുത്തു വിളംബരം പാസ്സായശേഷം നാല്പത്തിനാലോ നാല്പത്തിഅഞ്ചോ കേസ്സുകൾ മാത്രമാണ് വസ്തു ഒഴിപ്പിക്കാനുണ്ടായിട്ടുള്ളതെന്നാണ്. ൧൦൨ കൊല്ലം ശേഖരമായിട്ടു മിച്ചവാരക്കുടിശ്ശികയുണ്ടായിരുന്നാൽ മാത്രമേ ജന്മിക്ക വസ്തു ഒഴിപ്പിക്കാൻ സാധിക്കയുള്ളു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട): ജന്മിമാർ സാധാരണ വസ്തു ഒഴിപ്പിച്ചു മററാരാൾക്ക പാട്ടത്തിനു കൊടുക്കുന്നതാണോ, അതല്ല ജന്മിമാർതന്നെ അനുഭവിക്കയാണോ ചെയ്യുന്നതു്?

മി. സി. എൻ. ഇപ്പൻ നംപൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): പഴയകാലത്തു മററെല്ലാറ്റിനേക്കാൾ പാട്ടത്തിനു കൊടുത്തുവന്നിരുന്നു. എന്നാൽ ഇക്കാലത്തു വസ്തു ഒഴിപ്പിച്ചു എടുത്തുകഴിഞ്ഞാൽ സ്വന്തം മേഹഞ്ഞ ത്തിന്നു ഉപയോഗിക്കുമെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ സ്വന്തമായി കൃഷി ചെയ്യണമെന്നുള്ള മനസ്ഥിതി ജന്മിമാരുടെ ഇടയിൽ ധാരാളമായിട്ട വന്നിട്ടുണ്ട്. എന്നാൽ വസ്തു ഞങ്ങൾക്കു കിട്ടുന്നില്ല. സർക്കാരിൽനിന്നും പതിച്ചുകൊടുക്കുന്ന ഭൂമികളും ഞങ്ങൾക്കു കിട്ടുന്നില്ല. ഈ നിലയിൽ ഞങ്ങൾക്കു കൃഷിമാറ്റും അടഞ്ഞുതന്നെയാണ് ഇരിക്കുന്നത്.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട): മെമ്പർക്കു സ്വന്തമായിട്ട കൃഷിയുണ്ടോ?

മി. സി. എൻ. ഇപ്പൻ നംപൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): ഉണ്ട്.

മി. ആർ. രാമൻപിള്ള (കോട്ടയം): രഹസ്യം പറയുന്നതുപോലെ സംസാരിച്ചാൽ ഇവിടെ കേൾക്കുൻ നിവൃത്തിയില്ല.

പ്രസിഡണ്ട്: നിങ്ങൾ പറയുന്നതു ഇവിടെ ആർക്കും കേൾക്കുന്നില്ലെന്നു ഒരു പരാതിയുണ്ട്. അതുകൊണ്ടു പറയുന്നതു ഉറക്കെ ആയിരിക്കണം.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട): വെറും പാട്ടവസ്തുക്കൾ ഒഴിപ്പിച്ചു കൃഷിചെയ്യരുതോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): വിരോധമില്ല. എന്നാൽ വെറുംപാട്ടവസ്തുക്കൾ ഒഴിപ്പിക്കുന്നതിനു കുടിയാനവന്മാർക്കു വളരെ സങ്കടമുണ്ടെന്നു എനിക്കു വിശ്വാസമുണ്ട്.

മി. ഇട്ടൂപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട): വെറുംപാട്ടവസ്തുക്കൾ ജന്മിമാർ ഇന്നു ഒഴിപ്പിക്കുന്നില്ലയോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്). ഉണ്ട്; എന്നാൽ അതിനു പ്രത്യേകമായിട്ട ചില കാരണങ്ങളും ഉണ്ടായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നതു. സാധാരണ പണ്ടവ ക വസ്തുക്കൾ അനുഭവിക്കുന്ന ആളുകൾ ഭൂമിയും പാട്ടക്കാരിൽനിന്നും വസ്തു ഒഴിപ്പിച്ചു കൃഷിചെയ്യുന്നുണ്ട്. യഥാർത്ഥമായി കൃഷിചെയ്യുന്ന ആളുകൾക്കു വസ്തുവിൽ സ്ഥിരാവകാശമുണ്ടായിരിക്കണമെന്നുള്ള തത്വം ഞാൻ പൂർണ്ണമായി സമ്മതിച്ചിരിക്കുന്ന ഒന്നാണ്. അതു ധനശാസ്ത്രതത്വത്തിൻറയും ഒരു പ്രധാനവശമാണ്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): കാണപാട്ടവസ്തുക്കൾ ഒഴികെ മററു വസ്തുക്കളുണ്ടല്ലോ. ഈ വക വസ്തുക്കൾ ഒഴിപ്പിച്ചുകൂടാ എന്നു ഇപ്പോഴത്തെ ഭേദഗതികൊണ്ടു വരുന്നില്ലേ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): കാണപ്പാട്ടവസ്തുക്കളെ മാത്രമേ ഈ ഭേദഗതി ബാധിക്കുന്നുള്ളു.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മേലാൽ അവയെക്കൂടി ഉൾപ്പെടുത്തുന്നതിൽ വല്ല തടസ്സവുമുണ്ടോ?

മി. സി. എൻ ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): അങ്ങിനെയുള്ള ജന്മംവസ്തുക്കൾ തനിച്ചു അതിൽ ഉൾപ്പെടുത്താൻ പാടില്ല. ജന്മിമാരുടെ വസ്തു ഒരു കുടിയാൻ കാണം ചാർത്തി വാങ്ങിച്ചുകൊണ്ടു മൂന്നാമതു ഒരാളിനു ആ വസ്തു പാട്ടത്തിനു കൊടുത്തുവരുന്ന പതിവു സാധാരണയുണ്ട്. എന്നാൽ ഇതിൽനിന്നും വരുന്നതെന്തെന്നാൽ ഉടമസ്ഥാവകാശക്കാരനായ ജന്മിക്കോ വേലചെയ്യുന്ന കൃഷിക്കാരനോ കാര്യമായ വല്ലതും ആദായം കിട്ടുമെന്നല്ലാതെ ബാക്കിയുള്ള മുഴുവൻ ഈ ഇടയ്ക്കു നില്ക്കുന്ന ആൾ കൊണ്ടുപോകുന്നുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വസ്തു പാട്ടത്തിനു നല്കാത്തപക്ഷം ധാരാളമല്ലേ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): യഥാർത്ഥത്തിൽ കൃഷിചെയ്യുന്നവരുമുണ്ട്. പാട്ടത്തിനു കൊടുക്കുന്നവരുമുണ്ട്. കൃഷിക്കാരനു ഭൂമിയിൽ സ്ഥിരാവകാശം ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ പൂർണ്ണമായിട്ട യോജിക്കുന്നുണ്ട്. എന്നാൽ ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിനെപ്പററി കുടിയാന്മാരുടെ ഭാഗത്തുനിന്നും തന്നെ തൃപ്തികരമല്ലാത്ത അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. ജന്മിമെമ്പരുടെ അഭിപ്രായവും തൃപ്തികരമായ നിലയിലല്ല. ഇതുവരെയായിട്ടും ഇരുകൂട്ടർക്കും തൃപ്തികരമായ ഒരു ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു പ്രത്യക്ഷമാണ്. അതും കുറെ പ്രയാസമായിട്ടുണ്ട് ഇരിക്കുന്നത്. അതായതു ഏതെങ്കിലും ഒരു ഭാഗത്തു ഗുണം വരണമെങ്കിൽ മറുഭാഗത്തു ചില്ലറ നഷ്ടവും അവകാശഭംഗവും ഉണ്ടാകാതെ സാധിക്കുന്നതല്ലല്ലോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റവന്യൂ റിക്കവറി റഗുലേഷൻ അനുസരിച്ചു ജന്മിമാരുടെ മിച്ചവാരക്കുടിശിഖ ഈടാക്കുന്നതിനു വ്യവസ്ഥചെയ്താൽ അതു ജന്മിമാർക്കു ഗുണമോ ദോഷമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): അതു സിവിൽകോർട്ടിൽനിന്നും കിട്ടുന്ന ആനുകൂല്യത്തേക്കാൾ കൂടുതൽ ഗുണമാണ് എന്നു എനിക്കു തോന്നുന്നില്ല. എന്നാൽ ഇതിനു മുമ്പു പല അവസരങ്ങളിലും ഉണ്ടായിട്ടുള്ള കമ്മിററി വിചാരണയിലും കമ്മീഷൻെറ റിപ്പോർട്ടിലും റവന്യൂവായിട്ട ഈടാക്കുന്നതു നന്നായിരിക്കുമെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ധാരാളം പേർ കുടിയാന്മാർക്കും അതു നല്ലതാണെന്നു അഭിപ്രായമുണ്ട്. ഗവർമെൻറു റവന്യൂ പിരിക്കുന്നതിനു ചുമതലപ്പെട്ടിരിക്കുന്നവരുടെ മേൽ ഈ ഒരു ഭാരംകൂടി ചുമത്തിയാൽ കാര്യനടത്തിപ്പിനു ഹാനി സംഭവിക്കയില്ലയോ എന്നു സംശയവുമുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സിവിൽകോർട്ടുമുഖാന്തിരം ഈടാക്കുന്നതിനേക്കാൾ റവന്യൂറിക്കവറി റഗുലേഷൻ അനുസരിച്ചു ഈടാക്കുന്നതായാൽ എളുപ്പം ഈടാക്കുമെന്നറിയാമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): ഈടാകും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അപ്പോൾ അതു ജന്മിമാർക്കു ഒരു ഗുണമല്ലയോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): എളുപ്പം ഈടാക്കി കിട്ടുമെന്നൊരു ഗുണവുമുണ്ട്. എന്നാൽ ഇന്നത്തെ ചട്ടമനുസരിച്ചു നോക്കിയാൽ പ്രവർത്തിക്കാരന്മാരെക്കൊണ്ടു ഈടാക്കുന്നതു കുറെ ബുദ്ധിമുട്ടിനിടയാകും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സാധാരണ സിവിൽകോർട്ടുമുഖാന്തിരം ഈടാക്കുന്നതായാൽ എന്തു കാലതാമസം വേണ്ടിവരും?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): കാലം നിർണ്ണയിക്കാൻ തരമില്ല. ഹൈക്കോടതിയിൽതന്നെ പത്തുകൊല്ലമായിട്ടും തീരാത്ത കേസുകളുണ്ട്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): റവന്യൂ കോർട്ടു മുഖാന്തിരം ഇതുണ്ടാക്കുന്നതായാൽ അത്ര കാലതാമസം വേണ്ടിവരുമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): വേണ്ടിവരികയില്ല.

മി. ടി. സി. കേശവപിള്ള (ചെങ്ങന്നൂരും തിരുവല്ലയും): ഈ വകുപ്പിനെ നക്കൽ ബില്ലിൽനിന്നും എടുത്തുകളയുന്നതുകൊണ്ടു വിരോധമുണ്ടോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഇപ്പോൾ കുടിശിക ധാരാളം ഉള്ളതുകൊണ്ടു കഷ്ടപ്പാടിനിടവരുന്നുണ്ട്. അതിനെ എളുപ്പം പിരിച്ചെടുക്കുന്നതിനു വേണ്ട വ്യവസ്ഥചെയ്യുന്ന പക്ഷം ആ വകുപ്പു എടുത്തുകളയുന്നതിൽ വിരോധമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ന വർഷത്തിൽ കൂടാതെ പിച്ചുവാരം കുടിശിക വരുത്തിയാൽ പലിശ കൊടുക്കുന്നതുകൂടാതെ ഒരു പെനൽട്ടിയും വച്ചിട്ടുണ്ട്. അതിനെപ്പറ്റി എന്താണ് പറയുന്നത്?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ജന്മിമാർക്കുള്ള നിലവിലിരിക്കുന്ന പല അവകാശങ്ങളും വിട്ടുകൊടുത്തിട്ടുണ്ട്. അത്യാവശ്യ വസ്തു ഒഴിപ്പിക്കാനുള്ള നാലു കാരണങ്ങളേയും ജന്മിമാർ ഉപേക്ഷിച്ചിരിക്കയാണ്. ഒരു വസ്തു തീറു എഴുതിക്കൊടുക്കയാണെങ്കിലും ഒരു പ്രതിഫലം വാങ്ങിക്കാറില്ലേ? അങ്ങിനെ ജന്മികളുടെ അവകാശം വിട്ടുകൊടുത്തതിനുള്ള പ്രതിഫലമാണ് ഈ പിഴ. ഇങ്ങനെ ഒരു പിഴ നിശ്ചയിക്കുന്നതുകൊണ്ടു പിച്ചുവാരം നേരത്തുതന്നെ കൊടുക്കാൻ കുടിയാന്മാർ ജാഗ്രതയുള്ളവരാകും. മൂന്നു കൊല്ലം ശേഖരമായി പിച്ചുവാരം കുടിശിക വരുത്തുന്ന ആളുകളെ മാത്രമേ ഇതു ബാധിക്കയുള്ളൂ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു സാധാരണ പലിശയേക്കാൾ കൂടുതൽ വേണമെന്നുണ്ടോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): അതു പലിശയല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): കൂടുതലായിട്ടു ഒരോതരം കിട്ടുന്നതുമെന്നു സമ്മതിക്കുന്നുണ്ടല്ലോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഉണ്ട്.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും വടക്ക): മാമ്പഴങ്ങ, ഉപ്പുമാങ്ങ, ഓണക്കാഴ്ച ഇതെല്ലാം കേവലവും വച്ചുകൊണ്ടിരിക്കണമെന്നു അഭിപ്രായമുണ്ടോ?

പ്രസിഡന്റു: മിസ്റ്റർ ഉമ്മൻ, ബില്ലിലെ വ്യവസ്ഥകളെ ഓരോന്നോരോന്നായി സവിസ്തരം വിമർശനം ചെയ്യേണ്ടാവശ്യമില്ല. റൗണ്ട് ടേബിൾ കാൺഫറൻസിൽ തീർച്ചപ്പെടുത്തിയ ഓരോ സംഗതിയേയും സംബന്ധിച്ചു നിങ്ങൾ ചോദ്യംചെയ്യുന്നു. ഇപ്പോഴല്ലാ അതിനുള്ള അവസരം. മി. നമ്പൂതിരിപ്പാടിനു നിങ്ങൾക്കു പറയാനുള്ളതു പറയുക.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ജന്മിയും കുടിയാനും തമ്മിൽ യോജിക്കണമെന്നുള്ള ഒരു തത്വമാണ് കാൺഫറൻസ് സ്വീകരിച്ചിരുന്നത്. അതിന് ഇരുകൂട്ടരും അവരവരുടെ അവകാശങ്ങളെ കുറേശ്ശെ വിട്ടുകൊടുത്തിട്ടുണ്ട്. എന്നാൽ ഈ റെഗുലേഷൻ ബില്ലുകൊണ്ടും ജന്മിമാർക്കും കുടിയാന്മാർക്കും സങ്കടം തീരില്ലെന്നു കാണുന്നതുകൊണ്ടു ഇതിനെ ഒരു സിലക്ട് കമ്മിറ്റിയിൽ അയച്ചു വേണ്ട ഭേദഗതി ചെയ്തു ഒരു നല്ല ബിൽ വരുത്താമെന്നു പല മെമ്പർമാരും ഇവിടെ അഭിപ്രായപ്പെട്ടു. അങ്ങിനെ വരുമ്പോൾ സിലക്ട് കമ്മിറ്റിയിൽ ഒരു ഭാഗംകൂടി നല്ലവണ്ണം ആലോചിക്കണം. സിലക്ട് കമ്മിറ്റിയിലുള്ള ജന്മികളും കുടിയാന്മാരുമായ അംഗങ്ങൾ തുല്യമായിരിക്കണം. നിഷ്പക്ഷനിലയിലുള്ള ഒരു പ്രസിഡന്റും ഉണ്ടായിരിക്കണം. ഇതു പറയുമ്പോൾ ഒരു കാര്യംകൂടി എന്റെ ഓർമ്മയിൽ വരുന്നു. കാൺഫറൻസിൽ കുടിയാൻ മെമ്പർമാർ കുറവായിരുന്നു എന്നും ജന്മി മെമ്പർമാർ കൂടുതലായിരുന്നു എന്നും ഒരു അഭിപ്രായം ഇവിടെ പറയുകയുണ്ടായി. ഈ കൗൺസിലിലും ഒരു ജന്മിമെമ്പർ ഉണ്ട്. ഇവിടെ നടക്കുന്ന നടപടി നോക്കിയാൽ കുടിയാൻപക്ഷത്തു വാദിക്കുന്ന ആളുകൾ ധാരാളമുണ്ടെന്നു കാണാം. അതുകൊണ്ടു കാൺഫറൻസിൽ ഉണ്ടായിരുന്ന മെമ്പർമാർ അധികവും കുടിയാൻപക്ഷത്തുള്ളവരായിരുന്നു എന്നു ഓർമ്മിച്ചുകൊള്ളാം. ഒരു കാൺഫറൻസു കൂടണമെന്നും അതിൽനിന്നും ഒരു ജന്മികുടിയാൻ ബിൽ രൂപീകരിക്കണമെന്നും അന്നത്തെ നിയമസഭാദ്ധ്യക്ഷൻ ആവശ്യപ്പെട്ടപ്പോൾ കുടിയാൻ മെമ്പർമാരെ ഈ കൗൺസിലിൽനിന്നുതന്നെ തിരഞ്ഞെടുത്തുകൊള്ളാമെന്നു പ്രസ്താവിച്ചു. അതുപോലെ രണ്ടു ജന്മിമെമ്പർമാരെക്കൂടി ഈ കൗൺസിലിൽനിന്നുതന്നെ തിരഞ്ഞെടുക്കണമായിരുന്നു. എന്നാൽ ഇവിടെ ഒരു ജന്മി മെമ്പർ മാത്രമേയുള്ളൂ. അതുകൊണ്ട് അതു സാധിക്കാതെയാണ് വന്നത്.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അത് ഈ കൗൺസിലിന്റെ കുറവാണെന്നാണോ മെമ്പർ വിചാരിക്കുന്നത്?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): അതു കൗൺസിലിന്റെ കുറവല്ല. കൗൺസിൽ ഒരുവേള അനുവദിച്ചാൽതന്നെയും ജന്മിമെമ്പറെ കിട്ടാൻ സാധിക്കയില്ല.

മി. എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കൗൺസിലിനു പുറത്തുനിന്നും ആളുകളെ തിരഞ്ഞെടുക്കാൻ അധികാരം കൊടുത്തിട്ടുണ്ടെന്നറിയാമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഉണ്ട്. അതനുസരിച്ചു തിരഞ്ഞെടുക്കയും ചെയ്തിട്ടുണ്ട്. നിവൃത്തിയുള്ളിടത്തോളം നിഷ്പക്ഷമായ നിലയിൽ ഉള്ള ഒരു സിലക്ട്കമ്മിറ്റി ഏർപ്പെടുത്തി ഈ സംഗതിയെപ്പറ്റി ആലോചിക്കുന്നതു നന്നായിരിക്കുമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

ഈ സമയം പ്രസിഡന്റു യോഗം വിട്ടുപോകയും ഡിപ്യൂട്ടിപ്രസിഡന്റു അഗ്രാസനാധിപത്യം വഹിക്കയുംചെയ്തു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ജന്മികുടിയാൻ ഭേദഗതിബിൽ വായിച്ചുനോക്കിയതിൽ, കണ്ണേപ്പാട്ടംവഴി ജന്മിയും കുടിയാനുമായിട്ടുള്ള ബന്ധത്തെ

മാത്രം കാണിക്കുന്ന ഒന്നാകയാൽ ഇതിനു ജന്മികുടിയാൻ കാണപ്പാട്ടബില്ല് എന്നു പ്രത്യേകമായി നാമകരണം ചെയ്യേണ്ടിയിരിക്കുന്നു എന്നു തോന്നുന്നു. കാണം, കുഴിക്കാണം, അടിമ, തിരുവിളം മുതലായ ജന്മി വസ്തുക്കളെ സംബന്ധിച്ചു കുടിയാന്മാരുള്ള ബന്ധങ്ങളെപ്പറ്റി യാതൊന്നും ഈ ബില്ലിൽ പ്രസ്താവിച്ചുകാണുന്നില്ല.

ബില്ലിൽ ൪-ാം അദ്ധ്യായം ൧൩-ാം വകുപ്പിൽ ചേർത്തിരിക്കുന്ന വിവരണത്തിൻപടി വിഭജിച്ചു അന്യകൈവശത്തിൽ പോയിട്ടുള്ള വസ്തുക്കളുടെ ജന്മികരം മുൻകൈവശക്കാരിൽനിന്നും ഈടാക്കാൻ ജന്മിക്കു അവകാശം കൊടുക്കുന്ന മസൂദ ഒട്ടും കുടിയാന്മാർ പക്ഷത്തിൽ ഉപകാരപ്രദമായിരിക്കുമെന്നു കാരണമാണ്. നായർ റഗുലേഷൻ, ഈഴവ റഗുലേഷൻ മുതലായവകൊണ്ടു മറ്റും വസ്തു വിഭജനം സാധാരണമായിത്തീർന്നിരിക്കുന്ന ഇക്കാലത്ത്, ജന്മവസ്തുക്കളുടെ വിഭജനത്തിൽ ജന്മിമാർക്ക് ഒരു നിയന്ത്രണംവെയ്ക്കുന്നതു കുടിയാന്മാർക്ക് ശാശ്വതമായ കഷ്ടനഷ്ടങ്ങൾക്കിടയാക്കുന്നതാണ്.

൪-ാം അദ്ധ്യായം ൧൪-ാം വകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ പൊളിച്ചെഴുതിപ്പിക്കുന്നതിനും ജന്മി റഗുലേഷൻ പ്രകാരം മുതൽകൊടുക്കുന്നതിനും ഒരു വ്യവഹാരംകൊണ്ടുതന്നെ ഡിക്രിയിൽ കുടിയാൻ നിർബന്ധിതനായിരിക്കുന്നു. ഒരു കുടിയാന് പല ജന്മിമാരുടേയും കാണവസ്തുക്കൾ അനുഭവമുള്ളതിനാൽ ഒരേസമയത്ത് പല വ്യവഹാരങ്ങളിൽ ഉൾപ്പെടുന്നതിന് ഇടയാകുന്നു. ഓരോ അനുഭവിക്കുന്ന മിക്ക പുരയിടങ്ങളും നിലങ്ങളും ഒന്നിലധികം ജന്മിമാരുടെ വകയായിട്ടു ധാരാളം കണ്ടുവരുന്നുണ്ട്. ഈ സ്ഥിതിക്കു ഒരേസമയത്ത് പല വ്യവഹാരങ്ങൾ ഒരാളിന്മേൽ ഉണ്ടാകുന്നതു സാധാരണമല്ലയോ. കുടിയാന്മാരെ നശിപ്പിക്കുന്നതിനു പര്യാപ്തമായിത്തീരുന്നതാണ്.

ഏഴാം അദ്ധ്യായം ൨൭-ാം വകുപ്പു ൨-ാം ഉപവകുപ്പുപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്ന പിഴ അതിരുകടന്നതായിട്ടുള്ളതാകുന്നു. കുടിശ്ശികകളുള്ള പലിശയോടുകൂടി പിഴയും ചേർത്തുകൊടുക്കണമെന്നുള്ള വ്യവസ്ഥ കുടിയാന്മാർക്കു സങ്കടത്തിനും നഷ്ടത്തിനും ഇടയാക്കും. സർക്കാർ കരക്കുടിശ്ശികവന്നാൽതന്നെയും ഡിമാൻഡ്നോട്ടീസ്പടി ൪ ചക്രമേ ചുമത്തുന്നുള്ളു. അതുകൊണ്ട് പലിശ ചുമത്തുകയല്ലാതെ പിഴ വിധിക്കരുത്.

മി. സി. എൻ. ഇട്ട്യൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): പിഴ എന്നുള്ള പദം എടുത്തു ജന്മിമാരുടെ അവകാശങ്ങൾ കുടിയാന്മാർ വിട്ടുകൊടുത്തതിന് ഒരു പ്രതിഫലമായുള്ള ഒരു മാർഗ്ഗം എന്നു ചേർക്കുന്നതു സമ്മതമാണോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർക്കാർ കരം കൊടുക്കാതിരുന്നാൽ ൪ ചക്രമേ ഡിമാൻഡ്നോട്ടീസ്പടി ചുമത്തുന്നുള്ളു. അതുകൊണ്ട് മിച്ചവാരത്തിനും പലിശയും അധികമായ പിഴ ചുമത്തുന്നതു ശരിയല്ല.

മി. സി. എൻ. ഇട്ട്യൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഈ ഭേദഗതി ബില്ലനുസരിച്ചു ജന്മിമാരുടെ വസ്തു കുടിയാന്മാർക്ക് ഫീസ് എന്നുള്ളനിലയിൽ വിട്ടുകൊടുക്കുന്നതാണെന്നറിയാമോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതിന്റെ പ്രതിഫലമായിട്ടാണോ ഈ പിഴ വച്ചിരിക്കുന്നതു?

മി. സി. എൻ. ഇട്ട്യൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): അതെ. അതുകൊണ്ട് ഈ പിഴ എന്നുള്ള പദം മാറ്റി പ്രതിഫലം എന്നാക്കുന്നതുകൊണ്ടു വിരോധമുണ്ടോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): മിച്ചവാരക്കുടിശ്ശികക്കുതന്നെ പലിശ ൧൩-ാം ൧൪-ാം വച്ചിട്ടുണ്ടല്ലോ.

വൃക്ഷങ്ങളുടെ അവകാശം ജന്മിക്കുതന്നെ വച്ചിരിക്കുന്നതു ഒരിക്കലും ന്യായമല്ല. ൧൦൮൨-ലെ തിരുവെഴുത്തുവിളംബരത്തിലോ ൧൦൮൫-ലെ ജന്മികുടിയാൻ റഗുലേഷനിലോ ജന്മിക്കു വൃക്ഷത്തിന്മേലുള്ള അവകാശം ഇതുതന്നെ പറഞ്ഞിട്ടില്ല. വിദേശീയരായിട്ടും തിരുവിതാംകൂറിലെ സ്ഥിതിഗതികളെ ആരാഞ്ഞറിയാതെയും ഹൈക്കോടതിയിലിരുന്നിട്ടുള്ള ചില ജഡ്ജിമാരുടെ അഭിപ്രായപ്രകാരം ഓരോ വിധികളിലെയും ആയതു ഒരു അതാർട്ടി (authority) ആയി വൃക്ഷങ്ങളിന്മേൽ ജന്മിമാർക്ക് അവകാശം സിദ്ധിച്ചിട്ടുള്ളതാകുന്നു. ഹൈക്കോടതിയിലെ വിധികൾ മാറാവുന്നതാണ് എന്നുള്ളതിന് അടുത്തകാലത്ത് തിരുവിതാംകൂർ ഹൈക്കോടതിയിൽനടന്ന വട്ടിപ്പണക്കേസിലെ വിധിതന്നെ സാക്ഷ്യം വഹിക്കുന്നതാണ്. ഫലവൃക്ഷങ്ങൾ ഒക്കെ കരവും മിച്ചവാരവും കൊടുത്തുവരുന്നുണ്ട്. തെങ്ങ്, മാവ്, പ്ലാവ്, അഞ്ഞിലി മുതലായ വൃക്ഷങ്ങൾ കുടിയാൻ വളർത്തുന്നതാണെന്നു ഒരു പഴമൊഴിയുണ്ട്. മുൻകാലത്തു ജനസംഖ്യ കുറവായിരുന്നതുകൊണ്ടു കൃഷിചെയ്യാതെ കാടുകിടപ്പും തരിശുമായി ഭൂമി ധാരാളം കിടന്നിരുന്നു. ഇക്കാലത്തെ ജനങ്ങളുടെ കൃഷിയിലുള്ള അഭിരുചി വസ്തുക്കളുടെ ക്കുടക്കൂടെയുള്ള വിഭജനം, ഭവനങ്ങൾ ധാരാളം ഉണ്ടാകുന്ന സ്വഭാവം മുതലായവകൊണ്ടു പുരയിടങ്ങളിൽ കുടിയാന്മാർ വൃക്ഷങ്ങൾ പ്രത്യേകമായി നട്ടുപിടിപ്പിച്ചെങ്കിലല്ലാതെ അവകൾ ഉണ്ടാകുന്നില്ല. അങ്ങിനെ നട്ടുപിടിപ്പിച്ചുണ്ടാകുന്ന വൃക്ഷങ്ങളുടെ വില ജന്മിക്കു കൊടുക്കണമെന്നു പറയുന്നതു സങ്കടകരമാണ്. ജന്മി ഒരിക്കലും വൃക്ഷങ്ങൾ കുടിയാന്റെ പുരയിടങ്ങളിൽ നട്ടുപിടിപ്പിക്കയൊ സൂക്ഷിക്കയോ ചെയ്യുന്നില്ല.

മി. സി. എൻ. ഇട്ട്യൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഇന്നത്തെ നിയമത്തിൽ ഈ വൃക്ഷങ്ങളുടെ അവകാശം എങ്ങനെയാണു ക്ലിപ്തം ചെയ്തിട്ടുള്ളതു?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): വിശേഷമായിട്ടു ഒന്നും കല്പിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

ഈ വൃക്ഷങ്ങൾ കുടിയാൻ നട്ടുപിടിപ്പിക്കുന്നില്ലെന്നുതന്നെ വിചാരിക്കുക. അവകളെ സൂക്ഷിച്ചു രക്ഷിച്ചു വളർത്തിക്കൊണ്ടുവരേണ്ടതു കുടിയാൻതന്നെയല്ലയോ? ഇവകളെ നശിപ്പിച്ചു ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചാൽ ആദായത്തിനും പുറമെ തടിവെട്ടിഎടുക്കാനുള്ള സ്വാതന്ത്ര്യംകൂടി കിട്ടും. അതിനാൽ വൃക്ഷത്തിന്മേലുള്ള അവകാശം പണ്ടേപ്പോലെ വസ്തുക്കളിലുള്ളതുപോലെ കുടിയാനുതന്നെ കൊടുക്കേണ്ടതാണ്.

ഞാൻ ഈ ഭേദഗതി ബില്ലിനോടു യോജിച്ചുകൊള്ളുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): സർ, പണ്ഡിതനായ ഒരു മെമ്പർ ഇവിടെ ഹാജരാക്കിയിരിക്കുന്ന ജന്മികുടിയാൻ ഭേദഗതിബില്ലിനെ സംബന്ധിച്ചു രണ്ടുവാക്കു പറയണമെന്നു ഞാനും വിചാരിക്കുന്നു. ആദ്യമായി ഈ ബില്ലിൽ അടങ്ങിയിരിക്കുന്ന മുഖ്യതത്വങ്ങളെ ഞാൻ ബലമായി പിന്താങ്ങിക്കൊള്ളുന്നു. എന്നാൽ

റവന്യൂ ടേബിൾ കാൺഫറൻസിന്റെ ഘടനയേയോ ബഹു. മെമ്പർ ഈ ബില്ലിൽ തയ്യാറാക്കിയിരിക്കുന്ന രീതിയേയോ അതിലെ ഓരോ നിർദ്ദേശങ്ങളേയോ പററി വിമർശനം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. റവന്യൂ ടേബിൾ കാൺഫറൻസും ഗവണ്മെന്റും കുടിയാനവന്മാർക്ക് അവരാൽ കഴിയുന്ന സഹായങ്ങൾ ചെയ്തുതരേണ്ടതാണ് എന്റെ ബോദ്ധ്യം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും–കാർത്തികപ്പള്ളിയും): എവിടെനിന്നാണ് ആ ബോധമുണ്ടായത്?

മി. ആർ. രാമൻപിള്ള (കോട്ടയം): ഈ കൌൺസിലിൽനിന്നും തിരഞ്ഞെടുത്തിട്ടുള്ള പ്രതിനിധികൾ കുടിയാൻ മെമ്പർമാരാണ്. എന്നാൽ അവർ ജന്മിമാരുടേയും പ്രതിനിധികളല്ലയോ എന്നു ചോദിക്കുമായിരിക്കും. ജന്മിമാരുടേയും പ്രതിനിധികൾതന്നെ. എന്നാൽ മനുഷ്യർ മനുഷ്യർതന്നെയാകുന്നെന്നും അവർക്കു സ്വാഭാവികമായ ചില സഹജഗുണങ്ങൾ അവരിൽ പ്രതിഫലിച്ചുകാണുമെന്നും ആ നിലയിൽ നോക്കുമ്പോൾ അവർ കുടിയാൻ പ്രതിനിധികളുമെന്നും ഊഹിക്കാം.

മി. എ. സി. കുഞ്ഞാക്കോസ് (മീനച്ചിലും–ദേവികുളവും): ജന്മിമാർക്കു സ്വാർത്ഥതയില്ലെന്നാണോ പറയുന്നത്?

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ അങ്ങനെ പറഞ്ഞില്ല. മനുഷ്യർ മനുഷ്യരാണെന്നും അവരുടെ സഹജഗുണങ്ങൾ ഉള്ളിൽ എങ്കിലും കാണുമെന്നുമാണു പറഞ്ഞത്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും–കാർത്തികപ്പള്ളിയും): മെമ്പർ കുടിയാൻ മെമ്പറോ, ജന്മി മെമ്പറോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഞാൻ കുടിയാനവൻ എന്നപോലെതന്നെ ഒരു ജന്മിയുമാകുന്നു. ൨൦൦–ൽപരം ഏക്കർ ഭൂമിയുടെ ജന്മിയും ൧൫–ൽപരം ഏക്കർ ഭൂമിയുടെ കുടിയാനുമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെമ്പർക്കു വോട്ടുചെയ്തവരെല്ലാം കുടിയാൻമെമ്പർമാരെ തിരഞ്ഞെടുത്തതല്ലേ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതേ.

ഒന്നാമതായിട്ട് എനിക്കു പറയാനുള്ളതു ഈ വസ്തുക്കളെല്ലാം ജന്മിമാർക്കു ഉടമസ്ഥാവകാശമുള്ളതാണെന്നും കുടിയാനവനു യാതൊരവകാശവും ഇല്ലാത്തതായിരുന്നു എന്നുമുള്ള നിലയിലാണ് ഈ വിഷയത്തിലെ നിയമങ്ങളെല്ലാം ഉണ്ടാക്കീട്ടുള്ളതു എന്നാണ്. തിരുവിതാംകൂറിൽ ഈ വിഷയത്തെപ്പററി അന്വേഷിക്കുന്നതിന് ഒരു കമ്മീഷൻ ഏർപ്പെടുത്തീട്ട് ഇപ്പോൾ ൧൫ കൊല്ലമായി എന്നു തോന്നുന്നു. ആ വിചാരണയിൽ ഒരു സ്റ്റേറ്റുമെന്റു കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ൨൦൦-ാമാണ്ടു മുതൽ ൧൦൦൦-ാമാണ്ടുവരെയുള്ള പല പല ജന്മിമാരുടെ പഴയപ്രമാണങ്ങൾ പരിശോധിച്ചു. അവയിൽനിന്നും ഒരു സ്റ്റേറ്റുമെന്റു തയ്യാറാക്കീട്ടുണ്ടായിരുന്നു. ൮൦൦ കൊല്ലത്തെസംബന്ധിച്ചുള്ള എന്റെ ചരിത്രാന്വേഷണത്തിൽ ജന്മവസ്തു ഒഴിപ്പിക്കുന്നതിനു താല്പര്യമുള്ളവരും കുടിയാന്മാരെ ഉപദ്രവിക്കുന്നവരുമായ ജന്മിമാർ ഒന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നാണു എന്റെ അഭിപ്രായം. അക്കാലത്തു ബ്രാഹ്മണർ നല്ല വിദ്യാഭ്യാസമുള്ളവരും ഔദാര്യനിധികളും ആശ്രിതവാത്സല്യമുള്ളവരുമായിരുന്നു. അന്നത്തെ ജനങ്ങളാകട്ടെ ബ്രാഹ്മണഭക്തി നിറഞ്ഞവരായിരുന്നു. ഉദാരബുദ്ധികളായ നായന്മാർ ഈ ബ്രാഹ്മണരെ പൂജിച്ചുവന്നിരുന്നു. അവരോടുചേർന്ന് ഇതരസമുദായക്കാരും ബ്രാഹ്മണരെ ആദരിച്ചുവന്നു. മുൻകാലത്തു സർക്കാർപകുതികളിൽ കുടിയാനവന്മാർക്കു യാതൊരു സ്ഥിരമായ അവകാശവും ഉണ്ടായിരുന്നില്ല. അക്കാലത്തു ഓരോ ദേശങ്ങളിലും ഓരോ ദേശസംഘവും ഓരോ ദേവസ്വവും ഉണ്ടായിരുന്നു. ആ സംഘത്തലവന്മാർ ഓരോ ദേശത്തുമുള്ള ഭൂമികളെ ഭരിക്കയും കൃഷിസ്ഥലങ്ങളെ അവർ ജനങ്ങൾക്കു വീതിച്ചുകൊടുത്തു കൃഷിചെയ്യിക്കയും ചെയ്തുവന്നിരുന്നു. അങ്ങനെ ഇരിക്കെ വിശിഷ്ടരായ ബ്രാഹ്മണർ ഏതോ സംഗതിവശാൽ കേരളത്തിൽ ക്ഷത്രിയപ്രഭാവം നിമിത്തമോ മറ്റോ വന്നുചേരുകയുണ്ടായി. അതിലേക്കു പല ലക്ഷ്യങ്ങളുമുണ്ട്. ഈ ബ്രാഹ്മണരുടെ വിശിഷ്ടസ്വഭാവം കണ്ട് ഔദാര്യശീലന്മാരായ നായന്മാർ അവരെ അനുകൂലിച്ച് അവരെ സഹായിച്ചുവന്നിരുന്നു. അക്കാലത്താണ് തിരുവിതാംകൂറിൽ ചെറിയ ചെറിയ രാജ്യങ്ങളും രാജാക്കന്മാരും ഉണ്ടായിരുന്നതു്. ബ്രാഹ്മണർ മന്ത്രിമാരായും രാജഗുരുക്കളുമായിരുന്നു.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): ബ്രാഹ്മണർ എന്നു പറയുന്നതു മലയാളബ്രാഹ്മണരെ ഉദ്ദേശിച്ചാണോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ജന്മികുടിയാൻപ്രശ്നത്തെസംബന്ധിച്ചു ബ്രാഹ്മണർ, അതായതു മലയാളബ്രാഹ്മണർ. മററുസംഗതിയിൽ ബ്രാഹ്മണർ വേറെയുമുണ്ട്. ബ്രാഹ്മണർ അനുഭവിക്കുന്ന വസ്തുക്കൾക്കു രാജാക്കന്മാർ യാതൊരു കരവും ചുമത്തിയിരുന്നില്ല. തിരുമേനിയുടെ അടുക്കൽ ചെന്നുപറഞ്ഞാൽ സർക്കാർ ഉപദ്രവിക്കാനിടയാകാതെ ജീവിക്കാമെന്നു വിശ്വസിച്ചു ബ്രാഹ്മണരുടെ അടുക്കൽ എത്തി ഒരു പുകയിലയും രണ്ടു പാക്കായും പത്തു വെററിലയും തിരുമുൽകാഴ്ചവച്ചു വസ്തു എഴുതിമേടിച്ചിട്ടുള്ള പലരും ഉണ്ടായിരുന്നു. അങ്ങിനെ സമ്പാദിച്ചവസ്തു എനിക്കു ഇപ്പോഴുമുണ്ട്. എന്നാൽ കാലാന്തരത്തിൽ സ്ഥിതിഗതികളെല്ലാം മാറി ബ്രാഹ്മണർ സ്വാർത്ഥതല്പരരായി അധികാരശക്തി ഉപയോഗിച്ചുതുടങ്ങി. മിച്ചവാരം കഴിയുന്നത്ര കൂടുതൽ കിട്ടണമെന്നായി, പിരിവിന്റെ രീതിതന്നെ വർദ്ധിച്ചു. ജന്മിമാരുടെ കാര്യസ്ഥന്മാർക്കു കൈക്കൂലികൊടുത്തു് അന്യർ കൈവശമിരിക്കുന്ന വസ്തുക്കൾ തനിക്കു കൈവശപ്പെടുത്തണമെന്നു സ്വാർത്ഥപരരായ ചില കുടിയാനവന്മാരും വിചാരിച്ചുതുടങ്ങി. ഈ കാര്യസ്ഥന്മാരുടെ ദുരാലോചനകൊണ്ടു ഒരാൾക്കു കൊടുത്തവസ്തു മററൊരാൾക്കു മേൽചാർത്തുകൊടുക്കുന്നതിനും ജന്മിമാർ നിർബന്ധിതരായിത്തീർന്നു. ഇങ്ങനെ ജന്മിമാരുടേയും കുടിയാന്മാരുടേയും ഇടയിൽ വഴക്കും ദ്വേഷവും ആരംഭിച്ചു. അതിന്റെ ഫലമായി ൧൦൦൮-ാമാണ്ടോ ൧൦൦൯-ാമാണ്ടോ ഒരു തിരുവെഴുത്തുവിളംബരമുണ്ടായി. എന്നാൽ ഞാൻ രണ്ടു താലൂക്കിലെ ആധാരങ്ങളെ പരിശോധിച്ചുനോക്കിയതിൽ ജന്മിമാർ വസ്തുഒഴിപ്പിച്ചതായി അതിനുമുമ്പ് ഒരു ലക്ഷ്യവുംതന്നെ കണ്ടിട്ടില്ല. അങ്ങിനെ വസ്തു ഒഴിപ്പിച്ചിട്ടുണ്ടെന്നായിട്ട് ഒരു ജന്മിയും ജന്മികുടിയാൻകമ്മററിയിൽ തെളിവും കൊടുത്തിട്ടില്ല. വസ്തു അവകാശത്തെ സംബന്ധിച്ചു ജന്മിയും കുടിയാനുംതമ്മിൽ തർക്കമുണ്ടാകയും അതുനിമിത്തം ഓരോവിധത്തിൽ നിയമങ്ങൾ ഉണ്ടാവുകയുംചെയ്തു. ഇന്നും ബ്രാഹ്മണരുടെ അനുകൂലികളാണല്ലൊ രാജാക്കന്മാർ, വിശേ-

ഷിച്ചും ബ്രാഹ്മണരെക്കൊണ്ടു നിറഞ്ഞിരിക്കുന്ന നമ്മുടെ രാജസ്വരൂപത്തിൽ നിന്നും ബ്രാഹ്മണരെ എല്ലാകാലത്തും വളരെ ഭക്തിയോടുകൂടി ആദരിച്ചു വന്നിരുന്നു. ബ്രാഹ്മണരുടെ അഭിപ്രായത്തെയും ആലോചനയേയും എത്രത്തോളം ബഹുമാനിക്കുന്നതിനു നമ്മുടെ മഹാരാജാക്കന്മാർ ശക്തന്മാരല്ലായിരുന്നു. അന്ന് ഹൈക്കോടതിയെ അലങ്കരിച്ചിരുന്ന ജഡ്ജിമാരും പരമയോഗ്യന്മാർതന്നെ ആയിരുന്നു. എങ്കിലും അവർ തിരുവിതാംകൂറിലെ ചരിത്രങ്ങളും വസ്തുക്കളുടെ സ്ഥിതിയും അറിയാതെ മലബാറിലെ തീർപ്പുവച്ചുകൊണ്ട് വിധിഎഴുതി പല ഉപദ്രവങ്ങളും കുടിയാന്മാർക്ക് ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. ദിവാൻ സർ, ടി. മാധവറാവുവിൻറെ കാലത്തു ഒരു തിരുവെഴുത്തു വിളംബരം പുറപ്പെടുവിക്കാൻ അദ്ദേഹം വച്ച ചട്ടയിൽ അന്നത്തെ ഹൈക്കോടതി ജഡ്ജിമാർ മലബാറിലെ തീർപ്പുവച്ചുകൊണ്ട് കുടിയാന്മാർക്ക് എതിരായി പ്രവർത്തിച്ചു എന്ന് റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ജന്മികുടിയാൻ ബന്ധത്തെ ക്രമീകരിക്കുന്നതിനു പ്രവൃത്തി പൂർത്തിപ്പെട്ട രാജാക്കന്മാരുടെ കാലത്തിലും ജന്മികളുടെ ശക്തിവർദ്ധിച്ചും കുടിയാന്മാരുടെ അവകാശങ്ങൾക്കു പ്രാബല്യം കുറഞ്ഞും വന്നു. അതിൻറെ ഫലമായി പിന്നെയും പ്രക്ഷോഭണം ഉണ്ടാകേണ്ടതായിരുന്നു. ജന്മിമാർ വസ്തു കൈവശം കിട്ടണം, മിച്ചവാരം കൂട്ടിക്കിട്ടണം എന്നെല്ലാം അപേക്ഷിക്കുന്നുണ്ട്. അതിൻറെ ഫലമാണ് ൧൦൭൧-ലെ റെഗുലേഷൻ ഉണ്ടായതു. അതിനെക്കാൾ നല്ലതാണ് ഇപ്പോഴത്തെ ബില്ലിൽ എന്നു ചില മെമ്പർമാർ അഭിപ്രായപ്പെടുന്നുണ്ട്. എനിക്കു അതിനോടു യോജിക്കാൻ യാതൊരു നിവൃത്തിയുമില്ല. ഗവൺമെൻറിനു വിശ്വസ്തരായിരുന്ന ഹൈക്കോടതി ജഡ്ജിമാരായിരുന്ന രണ്ടു മഹാന്മാരും വളരെ യോഗ്യന്മാരാണ് എന്നതിൽ പക്ഷാന്തരമില്ല. തുല്യന്മാരായ മഹാന്മാരും ഉണ്ടായിരുന്നു. എങ്കിലും അവർ കണക്ക ശരിയായി നോക്കിഎന്നുപറയുവാൻ നിവൃത്തിയില്ല. പൊളിച്ചെഴുത്തവകാശം ൧ ശതമാനം കൊടുക്കണമെന്നുപറഞ്ഞാൽ ൧൦൦-നു ഒന്നര പലിശയായി. എന്നാൽ അരക്കാൽ ശതമാനം എന്നാക്കിയാൽ ഒരുവിധം ന്യായമായിരിക്കും. കുഴിക്കൂറിന് ൧ ശതമാനം വച്ചിരിക്കുന്നതും കൂടുതലാണ്. ... ഫലം നുരകൊള്ളത്തക്ക ചാരിക്കൽ തന്നെയുമുണ്ടാകുന്നില്ല.

൧൦൭൧-ലെ റെഗുലേഷനനുസരിച്ചു ജന്മിക്കു വസ്തു ഒഴിപ്പിക്കുന്നതിനു സ്ഥിരമായ അവകാശം ഉണ്ടെന്നുകാണുന്നുണ്ട്. എന്നാൽ അതു അക്ഷരത്തിലല്ലാതെ അർത്ഥത്തിൽ ഇല്ലാത്തതാണ്. ഒരു നാമമാത്രമായ അവകാശമെന്നേ ഞാൻ കരുതുന്നുള്ളു. ജന്മിവിചാരിച്ചാൽ വസ്തു ഒഴിപ്പിക്കാൻ സാധിക്കയില്ല. മിച്ചവാരക്കുടിശ്ശിഖയ്ക്കു അന്യായംകൊടുക്കുമ്പോൾ ആദ്യവിചാരണദിവസം കോർട്ടിൽ പണംകെട്ടിവച്ചാൽ എങ്ങിനെയാണ് വസ്തുഒഴിപ്പിക്കുന്നതു? ജന്മിനിഷേധക്കാരിൽനിന്നു ഒഴിപ്പിക്കേണ്ടതല്ലയൊ?

റവന്യൂരിക്കവറി റെഗുലേഷൻപ്രകാരം മിച്ചവാരംപിരിക്കാൻ പാടില്ല എന്ന് ഇവിടെപ്രസ്താവിക്കയുണ്ടായി. അതു ജന്മിമാരെ മനഃപൂർവം ദ്രോഹിക്കാൻ പറയുകയാണ്. കരംകൊടുക്കാതെയിരുന്നാൽ ഓരോരോ ഉദ്യോഗസ്ഥന്മാരും പ്രത്യേകം നോട്ടീസ്സുകൊടുത്തു നടപടിനടത്തി സർക്കാർ ഈടാക്കുന്നുണ്ട്. അതുകൊണ്ട് രാജ്യം മുടിയുന്നില്ല. ആ നിയമമനുസരിച്ചു മിച്ചവാരം ഈടാക്കുന്നതുകൊണ്ട് കുടിയാന്മാർക്ക എന്തുനാശമാണ് നേരിടാൻപോകുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ഒരുകൊല്ലത്തെ മിച്ചവാരം സമയത്തു കോടതിയിൽ കെട്ടിവയ്ക്കാൻ അവകാശമുണ്ട്. എന്നാൽ രണ്ടുകൊല്ലം കൊടുക്കാതെ ബാക്കി ഇട്ടേച്ചാൽ പണം കോർട്ടിൽ കെട്ടിവയ്ക്കുന്നതിനു വഴിയില്ല.

ഇതിനു മുമ്പിരുന്ന ചീഫ് സെക്രട്ടറി റവന്യൂമാനുവൽ എഴുതിയപ്പോൾ വിള്ളക്കരത്തിൽ കാലാനുസരിച്ചു കൂടുതൽ ഉൾപ്പെടുത്തി എഴുതിയിരുന്നതായും അതിനെ ഗവൺമെൻറ് ഭേദപ്പെടുത്തിയതായും കേട്ടിട്ടുണ്ട്. അതു ശരിയാണെങ്കിൽ അതിനുമുമ്പായിട്ട ഇങ്ങനെ ഒരു കൂട്ട് മെമ്പർമാർ ഇതിൽ ചേർക്കേണ്ടതാണ് എന്നുവിചാരിച്ചുകളയാഞ്ഞതിൽ സന്തോഷിക്കുന്നു. കരംപിരിക്കുന്നതുപോലെതന്നെ മിച്ചവാരം ഈടാക്കാനുള്ള അവകാശവും റവന്യൂ റിക്കവറിറെഗുലേഷൻ പ്രകാരം ഉണ്ടായിരിക്കുന്നതു ഉത്തമമാണ്. റവന്യൂ റിക്കവറിറെഗുലേഷൻപ്രകാരമുള്ള ചിലവിൽ ഇടുക്കിന് കുടിയാനവനിൽ നിന്നു ഈടാക്കേണ്ടതു.

മി. എ. എസ്സ്. രാമകൃഷ്ണ അയ്യർ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതുജന്മിക്കു തോന്നുന്ന അവസരങ്ങളിൽ ഉപയോഗിക്കാമെന്നാണോ?

മി. ആർ. രാമൻപിള്ള (കോട്ടയം): മിച്ചവാരം മുടങ്ങുന്ന കുടിശ്ശിഖയിട്ടാൽ അങ്ങിനെ ഈടാക്കാനുള്ള അവകാശം കൊടുക്കണം.

സർക്കാർകരം എങ്ങിനെ ഈടാക്കുന്നുവോ അതനുസരിച്ചു മിച്ചവാരവും ഈടാക്കിക്കൊള്ളട്ടെ. അതുകൊണ്ട് ഒരുകുടിയാനവൻ നശിച്ചുപോകയില്ല. ഇവിടെ വന്നിരിക്കുന്ന ജന്മിമാരെല്ലാം മിച്ചവാരം കിട്ടിയില്ലെങ്കിലും കഴിക്കാവുന്നവരാണ്. എന്നാൽമിച്ചവാരം കിട്ടിയില്ലെങ്കിൽ പട്ടിണികിടക്കുന്ന ജന്മിമാരും ഉണ്ട്. അവർക്ക മിച്ചവാരം ശരിയായിട്ട ഈടാക്കാനുള്ള അവകാശം ഉണ്ടായിരിക്കേണ്ടതാണ്. അങ്ങിനെ ഈടാക്കാനുള്ള ചിലവു ഗവൺമെൻറിൽ ഒടുക്കിയാൽ അതനുസരിച്ചു ഈടാക്കികൊടുക്കാമെന്നേ വ്യവസ്ഥവച്ചിരിക്കുന്നു. ഒരു തുക ഒടുക്കിയാൽ എന്നുള്ളവ്യവസ്ഥ ശരിയല്ല. റവന്യൂ റിക്കവറി റെഗുലേഷൻപ്രകാരമുള്ള ചിലവുകളെ അതിക്രമിക്കാൻപാടില്ല.

ഇനി തർക്കവിഷയങ്ങളെപ്പറ്റിയാണ് പറയാനുള്ളത്. ൧൦൭൧-ലെ റെഗുലേഷനിൽ അന്തരാർത്ഥമായിട്ട് താഴെപ്പറയുന്ന വൃക്ഷങ്ങൾക്ക എന്തെങ്കിലും അവകാശം ജന്മിമാർക്കുണ്ടായി എന്നുകാണുന്നു. സൂക്ഷ്മമായി അങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നില്ല. ഹൈക്കോർട്ടുവിധികളാൽ കിട്ടിയിട്ടുള്ള അവകാശം തടികളിന്മേൽ ജന്മിമാർക്ക നിസ്സാരമായ അവകാശപ്രദാനം ചെയ്യുന്നതായി ഞാൻ കരുതുന്നില്ല. വിധികൊടുക്കേണ്ട അവസരത്തിൽ അതിൻറെവിലയിൽ ഒരംശം ജന്മിക്കു കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. മലബാറിൽനിന്നു ഇവിടെ വന്നിട്ടുള്ള ജഡ്ജിമാർ അവിടത്തെ ചരിത്രം വച്ചുകൊണ്ടു ഓരോ തരത്തിൽ വിധിഎഴുതിതുടങ്ങി. വിധികൊണ്ടു ശക്തിയും ഉണ്ടായി. ഈ വിധി എളുപ്പം മാറും. മരിക്കൽ അന്യായപ്രകാരം വിധിക്കപ്പെടാവുന്ന കേസ് അടുത്ത റി. എൽ. ജെ. പുറത്താകുന്നതിനുമുമ്പു വിധിക്കപ്പെട്ടില്ലെങ്കിൽ അന്യായംതള്ളി വിധിക്കപ്പെടും. ഇതു ഞാൻപറയുന്നതു അപകടമാണ്. വരുന്നതുവരട്ടെ. സത്യംപറയാതിരിക്കാൻ നിവൃത്തിയില്ല. കുടിയാനവൻ മനഃപൂർവം വിചാരിക്കയാണെങ്കിൽ ഒരു വൃക്ഷംപോലും തടിക്കയോഗ്യമായവിധം വളരുകയില്ല. അതു അവൻറെ വസ്തുവിൽ വളർന്നതു ജന്മിക്കു കൊണ്ടുപോകാൻ സാധിക്കയില്ല. ഇതിലേക്കു കുടിപുരയിടങ്ങളിലെ രാജകീയവൃക്ഷങ്ങളുടെ കഥ ആലോചിച്ചാൽ മതി. എൻറെ ചെറുപ്പകാലത്തു പത്തും ഇരുപതും തടി

കൾ ഓരോ പുരയിടത്തിലും ഉണ്ടായിരുന്നു. എന്നാൽ രാജകീയവൃക്ഷങ്ങൾക്കു ഗവണ്മെന്റിൽനിന്നും പകുതി വിലകൊടുക്കണമെന്നും വ്യവസ്ഥയുണ്ട്. കുടിയാനവൻ ആവശ്യപ്പെട്ടാൽ സർക്കാരിലേയ്ക്കു വെട്ടിയെടുക്കയും ചെയ്യും. ഇങ്ങിനെ ഇരുന്നിട്ടുപോലും ഒരൊററ തേക്കുതൈപോലും കുടിയാനവന്റെ പുരയിടത്തിൽ കാണാനില്ല. ചേരിക്കലിൽ തടികൾ വളരും എന്നിവിടെ പ്രസ്താവിക്കയുണ്ടായി. അങ്ങിനെ പറയുന്നവർ ചേരിക്കൽ ഭൂമി കണ്ടിട്ടില്ലാത്തവരായിരിക്കണം. ആറും ഏഴും കൊല്ലം കഴിയുമ്പോൾ വെട്ടിച്ചുട്ടു കൃഷിചെയ്യുന്ന ചേരിക്കൽ ഭൂമികളിൽ തടി ഉണ്ടായിരുന്നാലും അതു [illegible] കൊള്ളുകയില്ല. ഒരിയ്ക്കൽ കിട്ടണമെങ്കിൽ കുറ്റി വെട്ടിമാററിച്ചുടണം. അവശേഷിക്കുന്ന തടികളിൽ പകുതി അവകാശം വേണമെന്നു ജന്മിമെമ്പർ പ്രസ്താവിച്ചതിൽ എനിക്കതിയായ മനസ്താപമുണ്ട്. കുടിയാന്മാരുടെ അവസ്ഥ ഏററവും അറിയാവുന്ന ഒരാളാണ് [illegible] ചെയ്തിരിക്കുന്ന മെമ്പർ. അദ്ദേഹം സംഗതികളെല്ലാം മനസ്സിലാക്കിയിട്ടുണ്ടെങ്കിലും അതു കാണിക്കാതെ കൌശലത്തിൽ മാത്രം പറഞ്ഞതാണ്. എന്നാൽ ജന്മികൾക്കും സംഗതികൾ സകലതും അറിയാം. അദ്ദേഹം ജന്മിമാരുടെ പ്രതിനിധിയെന്ന നിലയിൽ പറഞ്ഞു എന്നല്ലാതെ അദ്ദേഹത്തിന്റെ സ്വന്തം അഭിപ്രായമായി ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഈ വൃക്ഷങ്ങളിന്മേൽ ജന്മിമാർക്കുള്ള അവകാശം രാജകീയവൃക്ഷങ്ങളിൽ സർക്കാരിനുള്ള അവകാശങ്ങൾക്കു തുല്യമായിരിക്കും. ഇപ്പോഴത്തെ ഈ ബിൽ പാസ്സാവുകയാണെങ്കിൽ മേലാൽ ഒരു വൃക്ഷവും കുടിയാനവന്റെ പുരയിടത്തിൽ കാണുകയില്ല. അതു ധനശാസ്ത്രമനുസരിച്ചു നോക്കിയാലും രാജ്യത്തിനു നാശകരമായിട്ടു വരുന്നതാണ്.

പിന്നീടു ഈ തടികൾക്കു അസസ്സ് ചെയ്യണമെന്നു ഇവിടെ പറകയുണ്ടായി. ഫലമില്ലാത്തവൃക്ഷങ്ങളെ എങ്ങിനെയാണു അസസ്സ് ചെയ്യുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ആഞ്ഞിലിവൃക്ഷം തന്നെ ഉദാഹരണമായി എടുത്തുനോക്കാം. ആഞ്ഞിലിയിലുള്ള ചക്കപറിച്ചു [illegible] കുടിയാനവനു ആദായം ഉണ്ടാക്കിക്കൊടുക്കുന്നതിനു് ഗവണ്മെന്റു തയ്യാറുള്ളപക്ഷം അസസ്സ് ചെയ്യുന്നതിനു ഒരു വിരോധവുമില്ല. തെങ്ങ്, കമുക്, പ്ലാവ്, ഈ മൂന്നുവൃക്ഷങ്ങളും അസസ്സ് ചെയ്യുന്നുണ്ട്.

ഈ സിലക്ട്കമ്മിററി പ്രധാനമായിട്ട് ആലോചിക്കാനുള്ളവയെ നിർദ്ദേശിക്കുന്നു. റൌണ്ടുടേബിൾ കോൺഫറൻസ് സമ്മതിച്ച രീതിയിൽ, റബ്ബർ ഇവ കൃഷിചെയ്യപ്പെടുന്ന ഭൂമികൾക്ക് കരം നിശ്ചയിച്ചതിനെപ്പററിയാണ്. ൨൫൦ റബ്ബർവൃക്ഷം നിൽക്കുന്നതിനെ ഒരേക്കറായിട്ടു കണക്കാക്കണമെന്നു പറയുന്നു. അതിനെ [illegible] ജന്മികളെല്ലാവരും നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ റബ്ബർ ൨൦൦ വൃക്ഷം ഒരേക്കറിൽ വയ്ക്കാം. ചില യൂറോപ്യൻ തോട്ടങ്ങളിൽ ഏതാണ്ട് ൧൫൦ വൃക്ഷങ്ങൾ വച്ചിരിക്കുന്നതു കാണാം. എന്നാൽക്രമേണ കാലാന്തരത്തിൽ വെട്ടി [illegible] ചെയ്തുവരുന്നു. തിരുവിതാംകൂർകാരുടെ തോട്ടങ്ങളിൽ ഏക്കറിനു ൨൦൦ വൃക്ഷങ്ങളിൽ കുറഞ്ഞു ഒരു സ്ഥലത്തും കാണുകയില്ല. എനിക്കു പല തോട്ടങ്ങളിലെയും സ്ഥിതി നല്ലവണ്ണം അറിയാം. എനിക്കു റബ്ബർ കൃഷിയുണ്ട്. എന്റെ തോട്ടത്തിൽ ഏക്കറിനു ഇരുനൂറ്റിമുപ്പതു മരങ്ങളുണ്ട് വച്ചിട്ടുള്ളതു്.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ടാപ്പ് ചെയ്യാൻ തുടങ്ങിയാൽപിന്നെ ൨൦൦ കാണുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ടാപ്പുചെയ്തു ൧൫ കൊല്ലംകഴിഞ്ഞാൽ ൨൦൦ ഉണ്ടെന്നു ബോദ്ധ്യപ്പെടുത്തിത്തരാം. ഞാൻ എന്തോകാര്യം സാധിക്കാൻവേണ്ടി പറയുകയാണെന്നു നിങ്ങളാരും വിചാരിച്ചുപോകരുതു്.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എത്ര അടി അകലത്തിലാണു് വച്ചിരിക്കുന്നതു്?

മി. ആർ. രാമൻപിള്ള (കോട്ടയം): ൧൫ ലിങ്ക്സും, ൧൨ ലിങ്ക്സും, ൨൦ ലിങ്ക്സും ൧൫ ലിങ്ക്സും ഇങ്ങനെ പലതരത്തിലും വച്ചിട്ടുണ്ട്. ൨൦ അടിയകലത്തിലാണെങ്കിൽ നന്നായിരിക്കുമെന്നാണ് വിദഗ്ദ്ധന്മാർ പറയുന്നതു്. [illegible] ലിങ്ക്സ് [illegible] ഞാൻ പ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ലല്ലോ.

മി. സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട (മെമ്പർമാരാൽ തെരഞ്ഞെടുത്തതു): ഒരേക്കർസ്ഥലത്തു് എത്ര തെങ്ങ് നിൽക്കാം?

മി. ആർ. രാമൻപിള്ള (കോട്ടയം): ൭൫-ം ൮൦-ം വയ്ക്കുന്നതായാൽ നന്നായിരിക്കും. കൃഷിഡയറക്ടർ ൫൦-ം ൬൦-ം വയ്ക്കാമെന്നു പറയും. കൃത്രിമവളങ്ങൾ മററും ഉപയോഗിച്ചാൽ [illegible] ഫലം കിട്ടിയേക്കാം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി മത്സ്യവ്യവസായഡയറക്ടർ): സാധാരണ തിരുവിതാംകൂറിൽ ഒരേക്കറിൽ എത്ര തെങ്ങാണു വയ്ക്കുന്നതു്?

മി. ആർ. രാമൻപിള്ള (കോട്ടയം): നൂറിലധികം വയ്ക്കുന്ന സ്ഥലങ്ങളുമുണ്ട്. ഞങ്ങളുടെ മലമ്പ്രദേശങ്ങളിൽ സാധാരണമായിട്ടു വയ്ക്കുന്നതു് ൪ ബന്ധു അകലത്തിലാണ്. അപൂർവം ചിലദിക്കിൽ മൂന്നു ബന്ധു അകലത്തിലും വയ്ക്കുന്നുണ്ട്. എന്നാൽ അതിൽനിന്നും കിട്ടുന്ന ആദായം നാലുബന്ധു അകലത്തിൽ വച്ചിരിക്കുന്നതിൽ നിന്നു കിട്ടുന്നതിനെക്കാൾ കുറവാണ്. ഇവിടെ കൃത്രിമവളവും മററും ഉപയോഗിക്കുന്നതിനെ ശക്തിയായി നാട്ടുകാർ [illegible]. ഗവണ്മെന്റ് ഫാറമായിട്ടു [illegible] ഏക്കറോ [illegible] കൃഷിക്കുവേണ്ടി [illegible] ബുദ്ധിമുട്ടിക്കാതെ [illegible] അധികം [illegible] കാണുകയില്ലെന്നു കൃഷിഡയറക്ടർക്കു് അറിയാവുന്നതാണല്ലോ. [illegible] ചിലപ്പോൾ ആദായം കൂടിയേക്കാം. Tenants' Improvements Bill ഇവിടെ വാദപ്രതിവാദം നടന്നസമയത്തു് ഒരേക്കറിൽ ൧൦൦ തെങ്ങുവയ്ക്കാം എന്നു ഇവിടെ പ്രസ്താവിക്കയുണ്ടായി. സർക്കാർ കരം ചുമത്തുന്നവിഷയത്തിൽ ഒരു തെങ്ങിനു ഒരു സെന്റു സ്ഥലംവീതം [illegible] നിശ്ചയിക്കണമെന്നുവച്ചതു് [illegible] അടിസ്ഥാനമാക്കി ഏക്കറിൽ ൧൦൦ തെങ്ങു വയ്ക്കാമെന്നുപറയുന്നതു ശരിയല്ല. [illegible] കൂടുതൽ വയ്ക്കാൻ സാധിക്കയില്ലെന്നുള്ളതു നിശ്ചയമാണ്. കായൽ [illegible] പുരയിടങ്ങളിൽ തെങ്ങു തിങ്ങിവച്ചാൽ കായ്ക്കുമായിരിക്കാം. എന്നാൽ [illegible]. വള്ളംവഴി യാത്രചെയ്യുമ്പോൾ ഈ സംഗതി ഞാൻ [illegible] അനുഭവിച്ചിട്ടുണ്ട്.

കൂടാതെ റബ്ബറിന് ഇപ്പോൾ വിലകിട്ടുന്നില്ല. അതുകൊണ്ടു മിക്കവാറും ആളുകൾ ടാപ്പിംഗ് നിറുത്തിക്കളഞ്ഞു. ചില യൂറോപ്യൻകമ്പനിക്കാർ അവർക്കു ഭാരിച്ച ധനം ഉള്ളതുകൊണ്ടു അതു നടത്തിക്കൊണ്ടുപോകുന്നു എന്നേയുള്ളു. അവരും ജനുവരി ഫെബ്രുവരി മാസം ടാപ്പിങ്ങ് നടത്തിയിട്ട് നിറുത്തിക്കളയുന്നു. ഇപ്പോൾ വെട്ടീട്ട് പ്രയോജനമൊന്നുമില്ല. പാശ്ചാത്യരാജ്യങ്ങളിൽനിന്നുംവരുന്ന വർത്തമാനപത്രങ്ങളിൽ കാണുന്ന സ്ഥിതി ആലോചിക്കുമ്പോൾ ഈ റബ്ബറിൽനിന്നും ആദായം കിട്ടുമെന്നുള്ളതു അസ്ഥാനത്തിലാണെന്നു ബോധ്യപ്പെടും.

തേയിലകൃഷിയെസംബന്ധിച്ചു പറയുകയാണെങ്കിൽ മിക്കവാറും ശോചനീയമായ ഒരവസ്ഥയാണുള്ളത്. വളരെ ധനവ്യയം ചെയ്യാതെ തേയിലകൃഷി നടത്താൻ സാധിക്കയില്ല എന്നും അഭിപ്രായമാണ്. അതിനു കരം കുറച്ചുവച്ചിരിക്കുന്നതെന്നും റവന്യൂസെക്രട്ടറി മിസ്റ്റർ മുമ്പു ഇവിടെ പ്രസ്താവിക്കയുണ്ടായിട്ടുണ്ട്. അങ്ങിനെ വളരെ ധനവ്യയംചെയ്തു നടത്തേണ്ട തേയിലതോട്ടങ്ങൾക്കു സർക്കാർ ഒരു രൂപായേ കരം നിശ്ചയിച്ചിട്ടുള്ളു. തേയിലക്കു കരം കൂട്ടണമെന്നുള്ളതുകൊണ്ട് എനിക്കു വിരോധമില്ല. ആ സ്ഥിതിക്കു ജന്മിമാർക്കു രണ്ടു രൂപാ കൊടുക്കണമെന്നു പറഞ്ഞാൽ വലിയ സങ്കടമായിത്തീരും. തേയിലകൃഷി മറ്റുനാട്ടുകളിൽ നന്നാകുന്നതുകൊണ്ടു ഈ രാജ്യത്തിലെ [illegible] അഭിവൃദ്ധിയുണ്ടായിട്ടുണ്ട്. അങ്ങനെ സഹായിക്കുന്ന വ്യവസായികളെ ഉപദ്രവിക്കുന്നതു ഉചിതമല്ല. വസ്തുക്കളെല്ലാം പരശുരാമൻ ദാനം ചെയ്തതാണെന്നു ഒരൈതിഹ്യമുണ്ട്. ഞാൻ ഒരു [illegible] വിശ്വാസിയാണെങ്കിലും ഇതിനെ വിശ്വസിപ്പാൻ എനിക്കു നിവൃത്തിയില്ല. പരശുരാമൻ [illegible] യഥാസ്ഥിതികബുദ്ധിയും ബ്രാഹ്മണരിൽ അസാമാന്യമായ ഭക്തിയുമുള്ള നമ്മുടെ മഹാരാജാക്കന്മാരാൽ ഭരിക്കപ്പെടുന്ന ഈ രാജ്യത്തിൽ പണ്ടാരപകുതി സ്ഥാപിക്കുവാൻപോലും കഴിയുമായിരുന്നില്ല.

ഇനി എനിക്കു പറയാനുള്ളത് സിലക്ട്കമ്മിറ്റിക്കു കൊടുക്കാനുള്ള ചില നിർദ്ദേശങ്ങളാണ്. ജന്മിമാർക്കു കൊടുക്കുന്ന അവകാശം [illegible] ഇപ്പോൾ [illegible] രൂപാ കൊടുക്കേണ്ടതായ [illegible] കൊല്ലംകഴിയുമ്പോൾ [illegible] രൂപാ കൊടുക്കേണ്ടതാണ്. ഇതു കുടിയാന്മാരുടെ വലിയ നഷ്ടമാണ്. [illegible] കൊല്ലമാകണം. ബ്രാഹ്മണർ [illegible] സ്വസ്ഥമനസ്കരായി [illegible] കൃത്യങ്ങളെല്ലാം നടത്തിക്കൊണ്ടിരിക്കുന്നവരാകയാൽ [illegible] വയസ്സിനുമുമ്പേ മരിക്കുന്നവർ വളരെ ചുരുക്കമാണ്. ആ സ്ഥിതിക്കു ഈ പ്രാവശ്യത്തെ ബില്ലനുസരിച്ചു [illegible] ഒരു പുരുഷായുസ്സിൽ [illegible] അതിനെ [illegible] ജന്മിപ്രതിനിധി പറഞ്ഞതു ശരിയായി വിശ്വസിപ്പിക്കുന്നപക്ഷം അതനുസരിച്ചുകൊടുക്കുന്നതിനു എനിക്കു വിരോധമില്ല. സാധാരണ [illegible] നിവൃത്തിയില്ലാതെ വരുന്ന സന്ദർഭങ്ങളിൽ അതായതു ക്ഷേത്രങ്ങൾ [illegible] പണികഴിക്കയും മറ്റും ചെയ്യുമ്പോൾ മാത്രമേ നടത്താറുള്ളു. കാരണം അതു [illegible] ചിലവുള്ള ഒരു സംഗതിയാകയാലാണ്. അതുകൊണ്ടു സിലക്ട്കമ്മിറ്റി ഇതിനെപ്പറ്റി പ്രത്യേകം ആലോചിക്കേണ്ടതാണ്. എനിക്കു സിലക്ട്കമ്മിറ്റിയിൽ വരാൻ സാധിക്കാത്തതിനാൽ എന്റെ നിർദ്ദേശങ്ങൾ എഴുതിഅയച്ചു സഹായിച്ചുകൊള്ളാം.

നിലം പുരയിടമാക്കുന്നതോ പുരയിടം നിലമാക്കുന്നതോ അനുവദിക്കരുത്. [illegible] നിലം [illegible] നികത്തി പുരയിടമാക്കുന്നതിനെ നിരോധിക്കണം. പുരയിടത്തിൽനിന്നും കൂടുതൽ ആദായം ലഭിക്കുമായിരിക്കാം. എന്നാൽ അതിനെമാത്രം നോക്കിയാൽ പോരാ. നാം ആഹാരസാധനങ്ങൾക്കുവേണ്ടി അന്യരാജ്യക്കാരെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതിനാൽ ആഹാരസാധനങ്ങൾ വിളയുന്ന ഭൂമിയുടെ വിസ്തീർണ്ണം കുറയ്ക്കാൻ പാടില്ല. നമ്മുടെ നാളികേരങ്ങളെ സീമയിൽ അയച്ചാൽ നല്ല ആദായം കിട്ടുന്നുണ്ടെങ്കിലും അധികം പണം നാം നമ്മുടെ ആഹാരസാധനങ്ങൾക്കുവേണ്ടി അന്യരാജ്യക്കാർക്കു കൊടുക്കേണ്ടിവരുന്നു. അതുകൊണ്ടു നെല്ലുണ്ടാകുന്ന ഭൂമിയെ ഒരിക്കലും പുരയിടമാക്കാൻ അനുവദിക്കരുത്.

പണ്ടാരപ്പാട്ടം എന്നു പറയുന്നതു അതിനെപ്പറ്റി ഇതിൽ വിവരിച്ചിട്ടില്ല. ഈ സംഗതി സിവിൽ കോർട്ടിൽ പല തർക്കത്തിനും ഇടയായിരിക്കുന്നു. പണ്ടാരപ്പാട്ടം എന്നുപേരും എഴുതിയിരിക്കുന്ന ഓലയുള്ള [illegible] ഇപ്പോൾ വളരെ ചുരുക്കമാണ്. പണ്ടാരപ്പാട്ടം എന്നു പറയുന്നതു ഗവർമെന്റു സെറ്റിൽമെന്റിൽ വച്ചിരിക്കുന്ന പാട്ടമല്ലയോ എന്നു സംശയത്തോടുകൂടി ചില ജഡ്ജിമാർ വിധികൊടുക്കുന്നുണ്ട്. അതുകൊണ്ടു പണ്ടാരപ്പാട്ടം എന്നുള്ളതു എന്താണെന്നു ശരിയായി വിവരിക്കണം. പണ്ടാരപ്പാട്ടം [illegible] ഒരു ചക്രംമുതൽ [illegible] ചക്രംവരെയുണ്ട്. അതിനെ ശരാശരി [illegible] ചക്രം എന്നാക്കണം.

ജന്മിമാരുടെ വസ്തു അവർ കൈമാറ്റംചെയ്യുമ്പോൾ ജന്മിക്കരം കൊടുക്കുന്നതിനെപ്പറ്റി വ്യവസ്ഥ ചെയ്യപ്പെട്ടതായിരിക്കുന്നു. മിച്ചവാരം കൊടുക്കുന്നതിനു യാതൊരാക്ഷേപവുമില്ല. [illegible] അതുപോലെതന്നെ കൊടുക്കാം. എന്നാൽ ജന്മിക്കരം അതുപോലെയല്ല. ബ്രാഹ്മണരുടെ ആത്മാഭിമാനത്തെ ധ്വംസിച്ചു ജന്മിക്കരം ഇതരന്മാർക്കു കൊടുക്കേണ്ടിവരുന്നു. ജന്മിക്കരത്തിന്റെ അർത്ഥം മനസ്സിലായാൽ ഇപ്രകാരംചെയ്യാൻ അവർ സമ്മതിക്കയില്ല. ജന്മിക്കരത്തിൽ ചില അംശങ്ങൾ പ്രത്യേകം ഒരു ജാതിക്കുള്ളതാണ്. അല്ലാതെ വസ്തുവിനുള്ളതല്ല.

ഓണപ്പണം, ഒപ്പുസ്ഥാനി ഇതൊക്കെ പല ആധാരങ്ങളിലും ഉണ്ടെങ്കിലും ഇപ്പോൾ അവയൊന്നും നടപ്പില്ല. തിരുവിതാംകൂറിന്റെ തെക്കേഅറ്റംമുതൽ വടക്കേ കൊച്ചി സീമവരെയുള്ള ജന്മിമാരുടെ സ്ഥിതിയെപ്പറ്റി Co-opted മെമ്പർ പറഞ്ഞതു പരമാർത്ഥമാണ്. ജന്മിമാർ കുടിയാന്മാരെ ഉപദ്രവിക്കണമെന്നു വിചാരമില്ലെന്നു അദ്ദേഹം പറഞ്ഞു. എന്നാൽ Co opted മെമ്പറെപ്പോലെയുള്ള സാത്വികജന്മിമാർ കുടിയാനവന്മാരെ ഉപദ്രവിക്കയില്ല. ആലങ്ങാട്ട്, പറവൂർ മുതലായ സ്ഥലങ്ങളിൽ കടന്നുചെന്നാൽ ജന്മിമാരുടെ ഉപദ്രവം കാണാം. [illegible] വാങ്ങിക്കുന്നുണ്ട്.

വസ്തുക്കളെ കൈമാറ്റംചെയ്യുമ്പോൾ നോട്ടീസു കൊടുക്കണമെന്നു പറയുന്നു. അതു [illegible] പറ്റിയതല്ല. അതിനാൽ ആധാരത്തിന്റെ ഡ്യൂപ്ലിക്കേറ്റു രജിസ്ട്രാർ [illegible] കൊടുക്കണമെന്നു വ്യവസ്ഥചെയ്യേണ്ടതായിരിക്കും.

പിന്നീട ആധാരം എഴുതുമ്പോൾ Extent എന്ന കോളത്തിൽ പറഞ്ഞിട്ടുണ്ട്. ആ സർവേനമ്പരും വിസ്തീർണ്ണവുമാണോ? അതുപോലെ തന്നെ അളവ്. ഇതിനു പലവ്യത്യാസങ്ങളുണ്ട്. ഇന്നു പല അളവുകളും ഉണ്ട്. അഗ്രശാലപറ, കല്ലുക്കാടൻപറ എന്നിങ്ങനെ ഏതാനും പറകളുണ്ട്. അതിനെ ക്ലിപ്തപ്പെടുത്തി ഒരു സ്റ്റാൻഡേർഡു പറയാക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാൻഡേർഡുപറ തിരുവിതാംകൂറിലെ കുടിയാനവർക്കെല്ലാം സൗകര്യമായിരിക്കുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അസൗകര്യമായിരിക്കയില്ലെന്നാണ് എന്റെ അഭിപ്രായം. അല്ലാതെ ജന്മിക്കൊ‌ടുക്കുവരെ, കുടിയാനവരെ പറയേണ്ട എന്നു പറയാൻ പാടില്ല.

മി. മാത്യു മുരിക്കൻ (പാലാ): എല്ലാവർക്കും ഒരുപോലെ പറയാക്കാൻ ഗവൺമെന്റിനു സാധിക്കുമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): സാധിക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്റ്റാൻഡേർഡുപറ എത്രഇടങ്ങഴിയാണ്?

മി. ആർ. രാമൻപിള്ള (കോട്ടയം) ഇടങ്ങഴി ഏതാണെന്നുപറഞ്ഞാൽപറയാം. ഈ പറപോലെ ഇടങ്ങഴിക്കും വ്യത്യാസമുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കല്ലുക്കാടൻപറ എത്രഇടങ്ങഴിയാണ്?

മി. ആർ. രാമൻപിള്ള (കോട്ടയം): ഇടങ്ങഴി, ഏതാണെന്നു പറഞ്ഞാലേ പറയൂ. ഇടങ്ങഴിപറയാൻ നിവൃത്തിയില്ല. കുലിഇടങ്ങഴി, നാരായഇടങ്ങഴി, അഴിവൻഇടങ്ങഴി, കല്ലുക്കാടൻഇടങ്ങഴി, ഉതിയമേത്രക്കത്തഇടങ്ങഴി മുതലായ പല ഇടങ്ങഴികളുമുണ്ട്.

അതുകൊണ്ട് ഏക്കർ, സെന്റ്, പറ ഇവകളെല്ലാം ആധാരത്തിൽ നിർദ്ദേശിക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): പറയപ്പറ്റി മെമ്പർ പറഞ്ഞുവല്ലോ, ഓരോ ആധാരങ്ങളിൽ ഇന്നപറഎന്നു വച്ചുകാണുകയില്ലേ?

മി. ആർ. രാമൻപിള്ള (കോട്ടയം): അതെല്ലാം സർക്കാർപറയാക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ചോദ്യം അതല്ല, ആധാരങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്ന പറ ഏതായിരുന്നാലും ഇപ്പോഴുള്ളതിനെ ശരിപ്പെടുത്തിഎഴുതിയാൽപോരെ.

മി. ആർ. രാമൻപിള്ള (കോട്ടയം): അങ്ങനെ ശരിപ്പെടുത്തി എഴുതിയാൽമതി. ആളുകൾക്കു എളുപ്പം തന്നെയായിരിക്കണമെന്നാണ് എന്റെ അഭിപ്രായം. ഒരു വലിയപറവെച്ചു മേശപ്പുറത്തുനിന്നു വെള്ളിട്ട ആളുകളുണ്ട്. അതിൽ അനുഭവസ്ഥരുണ്ടാകും.

മി. സി. എൻ. കൃഷ്ണൻനമ്പൂതിരിപ്പാട്ട (മെമ്പർമാർ തിരഞ്ഞെടുത്തത്): ആധാരങ്ങളിൽ സ്റ്റാൻഡേർഡുപറ എന്നു വ്യവസ്ഥചെയ്തിരിക്കുമെന്നു മെമ്പർക്കു അറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഉണ്ടായിരിക്കാം. എന്നാൽ അളക്കുന്നപറ മുദ്രവച്ചതായിരിക്കണം.

പാട്ടം, കിഴിവാരം, കസ്റ്റമറിഡ്യൂസ്, ഇവയെല്ലാം പ്രത്യേകം പ്രത്യേകം വിവരിച്ചുപറയണമെന്നുവച്ചിട്ടുണ്ട്. പാട്ടവും കിഴിവാരവും തിരിച്ചുപറയുകയും, ബാക്കിയുള്ള Other dues എന്നു പറയുകയും ചെയ്യാവുന്നതാണ്.

പൊളിച്ചെഴുത്തുപ്രതിഫലം (Renewal fees) സംബന്ധിച്ച് ശാസ്ത്രീയമായി നോക്കിയാൽ അതു കൊടുക്കപ്പെടേണ്ടതുള്ളതല്ല എന്നു പലരും വാദിക്കുകയുണ്ടായി. എന്നാൽ പഴയകാലത്തു ഇതിന്റെ ഉത്ഭവം എങ്ങനെയാണ് എന്നു എനിക്കു ചില ആളുകളിൽനിന്നും ചില അറിവുകൾ കിട്ടിയിട്ടുണ്ട്. ജന്മിമാരുടെ അടുക്കൽ ചെന്നു അടുക്കലുവരുന്നു ആധാരം പിടിച്ചു കൊണ്ടുപോകയാണു പണ്ടു നടന്നിട്ടുള്ളത്. അവരുടെ അടുക്കൽ പോകുമ്പോൾ കൊണ്ടുചെല്ലേണ്ടതാണ് ഈ കാഴ്ചകൾ. ആവശ്യംവന്നപ്പോൾ അതിനെ ഇരട്ടിപ്പിച്ചു. ഇതു അന്യായമായ ഇടപാടാണെങ്കിലും പ്രമാണം കീഴ്നടപ്പു അതിലംഘിക്കുന്നതിനു യാതൊരു നിവൃത്തിയുമില്ലാത്തതുകൊണ്ടു ഒരു തുക കൊടുക്കേണ്ടതാണു എന്നാണ് എന്റെ അഭിപ്രായം.

ഇനി എനിക്കുള്ള നിർദ്ദേശമുള്ളതു ഈ കൗൺസിലിലും ജന്മിമാരും സമ്മതിക്കുമെന്നു വിശ്വസിക്കുന്ന പണ്ടു സർക്കാരിലേക്കുള്ള ചെല്ലേണ്ട കരം കല്ലു ഇപ്പോൾ പണമാക്കിയിരിക്കുന്നു. ജന്മിമാരും ഒരുതരം കൊച്ചുരാജാക്കന്മാർ തന്നെയാണ്. അവരുടെ കുടിയാന്മാരുടെ രക്ഷയെ അവർ നോക്കണം. പതിവുകൾക്ക് ഈ നെല്ലിനു അന്നത്തെ നിരക്കുവില ക്രമത്തിനുള്ളപണം കൊടുത്താൽമതിഎന്നുവ്യവസ്ഥചെയ്യണം. നിരക്കുവില [illegible] ണം. ഇതു ജന്മിമാർ സമ്മതിച്ചാൽ വലിയരക്ഷയായിരിക്കും.

മി. സി. എൻ. കൃഷ്ണൻനമ്പൂതിരിപ്പാട്ട (മെമ്പർമാർതിരഞ്ഞെടുത്തത്): നെല്ലിനു നിരക്കുവില വാങ്ങിക്കണമെന്നു പറഞ്ഞുവല്ലോ, എന്നാൽ ജന്മി പണംകിട്ടിയാൽ മതിഎന്നുപറഞ്ഞിട്ടും അതുവേണ്ട നെല്ലുതന്നെ കൊണ്ടുപോകണമെന്നു പറയുന്ന കുടിയാന്മാരും ഉണ്ടെന്നറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): ഉണ്ട്. പണം തരികയില്ല നെല്ലുതന്നെ കൊണ്ടുപോകണമെന്നു പറയുന്ന കുടിയാന്മാരും, പണമേവേണ്ടാ നെല്ലുതന്നെ വേണമെന്നു നിർബന്ധിക്കുന്ന ജന്മിമാരും ഉണ്ടായിരുന്നു. എന്നാൽ പണമാക്കുന്നതാണ് രണ്ടുകൂട്ടർക്കും രക്ഷ.

ഇനി അടുത്തതായി എനിക്കു പറയാനുള്ളതു പാട്ടം കൂട്ടുന്ന കാലാവധി നാം പരിഷ്ക്കരിക്കേണ്ടതുണ്ടു. സർക്കാരിൽനിന്നും തന്നെ പത്തുകൊല്ലത്തിലൊരിക്കലേ നടത്താവൂ എന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഈ ഏർപ്പാട് ജന്മിമാരും സ്വീകരിക്കുന്നപക്ഷം അതു ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ഇരിപ്പിനു വളരെ യോജിച്ചതായിരിക്കും. ഇതിനു ജന്മികൾക്കു നഷ്ടമുണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. ഒരു തെങ്ങുവച്ചാൽ അതിൽ ശരിയായ ആദായം കിട്ടുന്നതിനു പത്തുകൊല്ലം വേണ്ടിവരും. ഇതിനെ ആലോചിക്കുമ്പോൾ ജന്മിമാരും ഈ നിലവിപരീതം പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല.

നിലങ്ങളെ സംബന്ധിച്ചിടത്തോളം മിച്ചവാരത്തിന്റെ മൂന്നിലൊന്നായിരിക്കണം ജന്മിപാട്ടം എന്നു പറയുന്നുണ്ട്. ഈ നിലങ്ങളെല്ലാം ഒരിക്കൽ കുറിക്കൂട്ടപ്പെട്ടുകഴിഞ്ഞിരുന്നവയാണ്. അവയെ ഒരു മുല

കഷ്ടതയാൽ കുടിയാന്മാർക്ക് ജന്മിമാർ കൊടുത്തതാക്കി എന്നല്ലാതെ ജന്മിമാർ അതിൽ ഒന്നും ചെയ്തിട്ടില്ല കുടിയാനവൻ കാടുകളെയെല്ലാം വൃത്തിയാക്കി നിലമാക്കിയതാണ്. ജന്മിക്കതിൽ ഒരു കാശുപോലും ചിലവായിട്ടില്ല. എന്നാൽ പുരയിടത്തിൽ കാണുന്നതുപോലെയുള്ള പ്രയത്നവും പണച്ചിലവും നിലങ്ങളിലാകുമ്പോൾ പ്രത്യക്ഷത്തിൽ കാണാൻ കഴിയുകയില്ല. പ്രയത്നം പുരയിടമായാലും നിലമായാലും ഒന്നുപോലെ ആയതിനാൽ നിലങ്ങൾക്കും പുരയിടങ്ങൾക്കുംപോലെ തന്നെ നാലിൽ ഒന്നാക്കണം ജന്മിപാട്ടം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൃഷിച്ചിലവു മുമ്പിലത്തേക്കാൾ ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ?

മി. ആർ. രാമൻപിള്ള (കോട്ടയം): അറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അതുകൊണ്ട്, ഗ്രോസ് പ്രൊഡിയൂസ്

മി. ആർ. രാമൻപിള്ള (കോട്ടയം): ഗ്രോസ് പ്രൊഡിയൂസ് എന്നു ഈ ബില്ലിൽ ഇല്ലാത്തതുകൊണ്ട് വ്യക്തപ്പെടുത്തിപറയാത്തതാണ്.

മിച്ചവാരം കൂടുകയിൽ നാലിൽ ഒന്നിൽ കൂടുവാൻ പാടില്ല എന്നൊരു ക്ലാസ് കാണുന്നുണ്ട്. ഇതു സ്പഷ്ടമല്ലാതെയിരിക്കുന്നോ എന്നു സംശയമുണ്ട്. ആകെക്കൂടെയുള്ള ശിഷ്ടാദായത്തിന്റെ നാലിൽ ഒന്നിൽ കൂടുതൽ മിച്ചവാരം വസൂലാക്കരുതെന്ന് മുൻവാചകത്തിൽ തന്നെ കൊടുത്താൽ ഈ തരക്കേട് വരികയില്ല. തെയില, റബ്ബർ ഇവകൾക്കുള്ള മിച്ചവാരവും പഴയപാട്ടത്തിൽ കവിയരുത്.

വ. ൭. എ-യിൽ "Any instalment" എന്നു പറയുന്നുണ്ട്. സിവിൽകോർട്ടിലാണെങ്കിൽ ജന്മിക്കു ചെല്ലേണ്ട മിച്ചവാരം കുടിയാനവൻ കെട്ടിവയ്ക്കാൻ സൗകര്യം കൊടുത്തിട്ടുണ്ട്. അതുപോലെ റവന്യൂ കോർട്ടിലും പണം കെട്ടിവയ്ക്കുന്നതിനു അനുവാദം കൊടുക്കണം. Any instalment or instalments എന്നാക്കണം.

പിഴ ചുമത്തിയിരിക്കുന്നതും ശരിയല്ല. വസ്തു ഒഴിപ്പിക്കുന്നതിനു അധികാരം ഉണ്ടായിരുന്നാലും അതു സഹ്യമാണ്. എന്നാൽ ഈ പിഴ അങ്ങിനെയല്ല.

ജന്മി കുടിയാനവന് കൊടുക്കുന്ന പലിശ ൬ ശതമാനത്തിൽ കുറവേയുള്ളു. അതിൽ കൂടുതലായിട്ടു പലിശ ജന്മിക്കു കൊടുക്കേണ്ട ആവശ്യമില്ല.

ഭൂമി കാണുടയത്തിന് പലിശ കുറച്ചു മിച്ചവാരം കൂട്ടാമെന്ന് ഒരു വകുപ്പുണ്ട്. കാണ ഉടയത്തിന്റെ പലിശ ൬ ശതമാനത്തിൽ കുറവാണെങ്കിൽ അതു കുറച്ചു മിച്ചവാരം കൂട്ടാൻ പാടില്ല.

കുടിയാനവനിൽനിന്നും വളരെ കുറഞ്ഞ പലിശയാണ് ജന്മിമാർ ഈടാക്കുന്നത് എന്നു co-opted മെംബർ ഇവിടെ പ്രസ്താവിച്ചു. എന്നാൽ ആയിരമോ പതിനായിരമോ പറ നെല്ലു ശരിയായ ഉറപ്പു തരുന്നപക്ഷം ൬ ശതമാനം പലിശയ്ക്കു ഞാൻ മേടിച്ചുകൊടുക്കാം. അങ്ങിനിപ്പോൾ ൬ ശതമാനം വച്ചിട്ടുണ്ട്. അതു ൬ ശതമാനത്തിൽ ഒട്ടും കവിയരുത്.

ഇത്രയും സംഗതികൾ സിലക്ട് കമ്മറ്റി പര്യാലോചിക്കണമെന്നുള്ള നിർദ്ദേശത്തോടുകൂടി ഞാൻ വിരമിക്കുന്നു.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): സർ, ഈ കൗൺസിലിന്റെ ആലോചനയ്ക്കു വിഷയീഭവിച്ചിരിക്കുന്ന ഈ ബിൽ തിരുവിതാംകൂറിലെ പൊതുജനങ്ങളുടെ ശ്രദ്ധയെ ആകമാനം ആകർഷിച്ചിരിക്കുന്ന ഒന്നാണ്. തിരുവിതാംകൂർ നിവാസികളായ ജന്മിമാരും കുടിയാന്മാരും സൗഹാർദ്ദതയോടുകൂടി കഴിച്ചുകൂട്ടണമെന്നുള്ളത് രാജ്യക്ഷേമത്തിനു അത്യാവശ്യമായ ഒരു സംഗതിയാണ്. ഇരുകൂട്ടർക്കും ദോഷമില്ലാത്ത നിലയിലല്ല ഈ ബിൽ തയ്യാറാക്കിയിരിക്കുന്നതെന്നും, ജന്മിമാർക്ക് ഇപ്പോഴത്തെ ബില്ലിൽ പല ദോഷങ്ങളും ദോഷമായിത്തീർന്നിട്ടുണ്ടെന്നും മി. ഇപ്പൻനമ്പൂതിരി ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ഏതെല്ലാം കാര്യങ്ങളാണ് ദോഷമായിട്ടുള്ളതെന്നു പ്രത്യേകം പ്രത്യേകം എടുത്തു അദ്ദേഹം പ്രസ്താവിച്ചുകണ്ടില്ല. നേരേമറിച്ചു കുടിയാന്മാർക്കു ദോഷമുള്ള കാര്യങ്ങൾ തന്നെയാണ് ഇപ്പോഴത്തെ ബില്ലിലും ചേർത്തിട്ടുള്ളതെന്നാണ് എന്റെ അഭിപ്രായം. ജന്മിമാർ കാണപ്പാട്ടമായിട്ടും വെറുംപാട്ടമായിട്ടും കുടിയാന്മാരുടെ അനുഭവത്തിനു വിട്ടുകൊടുത്തിരിക്കുന്ന വസ്തുക്കളെ.—

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): ഇപ്പോൾ നിലവിലിരിക്കുന്ന റഗുലേഷനനുസരിച്ചു ജന്മിമാർക്കുണ്ടായിരുന്ന അവകാശങ്ങൾക്കു ഇപ്പോഴത്തെ ഭേദഗതിബില്ലനുസരിച്ചു കുറവുണ്ടെന്നു മെംബർ വിശ്വസിക്കുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): വ്യത്യാസമുള്ളതായിട്ടു തോന്നുന്നില്ല.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): ജന്മിമാർക്കു വല്ലതും കൂടുതൽ കിട്ടുന്നുണ്ടെന്നു തോന്നുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): കൂടുതലായിട്ടുണ്ട്, ഇപ്പോൾ മിച്ചവാരക്കുടിശികയ്ക്കു മൂന്നുവർഷം കഴിഞ്ഞുള്ള ഓരോ വർഷത്തേയ്ക്കും പ്രത്യേകം കൂടുതൽ കൂടുതലായ പിഴ നിശ്ചയിച്ചിട്ടുണ്ട്. ഇതു ജന്മിമാർക്കു കൂടുതൽ ആദായകരമാണെന്നുള്ളതിനു ഒരു തർക്കവുമില്ല.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): ജന്മിമാരുടെ സകല അവകാശങ്ങളും പോയി എന്നു ഓർമ്മിക്കുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): എല്ലാ അവകാശവും പോയി എന്ന് എനിക്കു തോന്നുന്നില്ല.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): തടിയുടെ പൂർണ്ണാവകാശം ഇന്നത്തെ നിയമപ്രകാരം ആർക്കാണ്?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): കൃഷിക്കാരന്റെ മറ്റാവശ്യങ്ങളും ഉൾക്കപ്പെടുത്തിയാണ് വൃക്ഷങ്ങൾ സംരക്ഷിച്ചുവരുന്നത്. ഈ കാര്യം ജന്മിമാർ നല്ലവണ്ണം ഓർക്കേണ്ടതാണ്.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): ൧൨ എ-യിലെ റഗുലേഷൻ അനുസരിച്ചു ആ വൃക്ഷങ്ങളുടെ അവകാശം ആർക്കാണ്?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : അതു ജന്മിമാർക്കു തന്നെയാണ്.

ഡിപ്യൂട്ടിപ്രസിഡൻറ: നിങ്ങൾക്കു വല്ലതും ചോദിക്കാനുണ്ടെങ്കിൽ അതു മി. ഉമ്മനോടല്ല ചോദിക്കേണ്ടത്. പ്രസിഡൻറു മുഖാന്തിരം വേണം ചോദിക്കാൻ.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : സർ, മുൻ കാലങ്ങളിൽ കുടിയാനവന്മാരുടെ കൈവശം ധാരാളം വസ്തുക്കൾ ഉണ്ടായിരുന്നു. കരം കൊടുക്കുന്നതിലുള്ള വിഷമംകൊണ്ടും ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ മർദ്ദനം ഭയപ്പെട്ടും കുടിയാന്മാർ അന്ന് സ്വാധീനശക്തിയുള്ള ജന്മിമാരെ അഭയം പ്രാപിച്ചു. അവർ പറയുന്നതുപോലെ ആധാരം എഴുതിക്കൊടുത്തു വസ്തു ജന്മിമാരുടെ പേരിൽ ആക്കിത്തീർക്കയാണ് ചെയ്തിട്ടുള്ളത് എന്നു സംഗതിയെപ്പറ്റി പഴമ പരിചയമുള്ള ആളുകളിൽനിന്നും ഞാൻ ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ ഓരോ സ്ഥലങ്ങളിലും പ്രദേശങ്ങളിലും ഇരുപത്തിരണ്ടോ ഇരുപത്തിയഞ്ചോ കൊല്ലങ്ങൾക്കു മുമ്പുണ്ടായിരുന്ന വിളവും ഇന്നത്തെ വിളവുംകൂടി താരതമ്യപ്പെടുത്തി നോക്കുന്നപക്ഷം ഇന്നത്തെ ഭൂമിയുടെ വില്പന വളരെ കുറവാണെന്നുള്ളത് ജന്മിമാരും സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. മിച്ചവാരമാകട്ടെ നൂറോ ഇരുനൂറോ കൊല്ലത്തിനു മുമ്പ് എഴുതിക്കൊടുത്തിട്ടുള്ളതനുസരിച്ചു തന്നെ ഇന്നും കൊടുക്കേണ്ടിയിരിക്കുന്നു. കൃഷിച്ചിലവും അനിതരസാധാരണമായി വർദ്ധിച്ചിരിക്കുന്നു. ൨ ചക്രം ൩ ചക്രം ഒരു കൂലിക്കാരനുണ്ടായിരുന്നത് ഇപ്പോൾ ൫൨ ചക്രം വരെ കൊടുക്കേണ്ടിയിരിക്കുന്നു.

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു) : സാധനങ്ങളുടെ വിലയും ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടെന്നറിയാമോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : കൂലിച്ചിലവുപോലെ തന്നെ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടില്ല. അതുകൊണ്ടു മിച്ചവാരം കണക്കാക്കുന്നതു വിളവിൻെറ മൂന്നിലൊന്നായിരിക്കണമെന്നുവച്ചിരിക്കുന്നതു ഒരിക്കലും ശരിയല്ല എന്നാണ് എൻെറ അഭിപ്രായം. ഒരു പറ വിത്തിനു ൫൦ മേനി വീതം കിട്ടുന്ന ൫൦൦ പറ നിലം പാട്ടത്തിനു കൊടുത്തിരിക്കുന്ന ഒരാളിനു കിട്ടുന്ന ആദായം ൫൦൦൦ പറ നെല്ലാണ്. അതിൽ കൃഷിക്കുള്ള ചെലവ് ൭൦൦ പറ നെല്ലു നീക്കി വസ്തുഉടമസ്ഥനു കിട്ടുന്നതു ൩൦൦ പറ നെല്ലാണ്. അതിൽ ജന്മിക്കു മൂന്നുപാട്ടം, നാലുപാട്ടം കൊടുക്കയും വേണം. ൪ പാട്ടം ആകുമ്പോൾ ൭൦൦ പറ നെല്ലുവരും. പിന്നെ മിച്ചംവരുന്നതു ൫൦൦ പറ നെല്ലാണ്. അതിൽനിന്നും കരം തീർക്കിയാൽ കിട്ടുന്നതുക എന്താണെന്നു കണക്കുനോക്കിയാൽ ഒരേക്കർ ഭൂമിപോലും കുടിയാനവനു ആദായമായി അനുഭവിച്ചുകൊണ്ടുപോകാൻ സാധിക്കയില്ലാ എന്നു കാണാം. അതുദുഃഖമാണ്. നാലിൽ ഒന്നുതന്നെ കൊടുക്കുന്നതു പ്രയാസമായിരിക്കുമ്പോൾ മൂന്നിലൊന്നു കൊടുക്കണമെന്നു പറയുന്നതു വലിയ വിഷമമാണ്. പിന്നീട് എൻെറ ഒരു മാന്യസ്നേഹിതൻ പറഞ്ഞതുപോലെ വളരെ നാളായിട്ട് താമസിച്ചു കൃഷിചെയ്തും താമസിച്ചുവരുന്ന സ്ഥലങ്ങളെ വിട്ടിട്ടുപോകുന്നതിനു വൈമനസ്യം ആർക്കും ഉണ്ടാകും. അല്ലാത്തപക്ഷം ഈ നിലങ്ങളെല്ലാം ജന്മിമാർതന്നെ തിരിച്ചു എടുക്കേണ്ടിവരുമായിരുന്നു. മിച്ചവാരം നാലിൽ ഒന്നിൽ കൂടുതൽ ഒരിക്കലും വയ്ക്കരുത്. കാണാർത്ഥം മുതലായവ ഒരു അഡ്വാൻസായിട്ടാണ് കരുതേണ്ടത്. പണ്ടത്തെ അൻപതു കൊല്ലത്തിനു മുമ്പു ഒരു കുടിയാനവൻ ൫൦൦ രൂപായും മറ്റൊരു കുടിയാനവൻ ൭൦൦ രൂപായും കാണാർത്ഥം കൊടുത്തിട്ടുണ്ടെങ്കിൽ കൂടുതൽ പണം കൊടുത്ത ആൾ പൊളിച്ചെഴുത്തുസമയത്തു കൂടുതൽ പിഴ കൊടുക്കണമെന്നാണ് ഇപ്പോഴത്തെ വ്യവസ്ഥ. ൫൦൦ രൂപാ കാണം കൊടുത്ത ആൾ ൨൫ രൂപാ കൊടുത്താൽമതി, ൭൦൦ രൂപാ അഡ്വാൻസ് കൊടുത്തവൻ ൫൨ രൂപായും കൊടുക്കണമെന്നു പറയുന്നതു ഒരിക്കലും സാധാരണനീതിക്കു യോജിച്ചതല്ല. അതുപോലെതന്നെ പൊളിച്ചെഴുത്ത് എന്നുള്ളതും ൭൦ കൊല്ലത്തിൽ ഒരിക്കലേ പാടുള്ളു. അതുകൊണ്ട് അപ്രകാരം ക്ലിപ്തപ്പെടുത്തണം.

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു). കേവലം അഡ്വാൻസായിട്ടു മാത്രമല്ല അതിലേക്കു ഒരു സ്ഥിരാവകാശംകൂടിയുണ്ടെന്നു അറിയാമോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): മിച്ചവാരം നെല്ലായിട്ടു കൊടുക്കുന്നതുകൊണ്ട് പല ഉപദ്രവങ്ങളുമുണ്ട്. വളരെ ദൂരത്തായി താമസിക്കുന്ന ജന്മിമാരും കുടിയാന്മാരുമുണ്ട്. അവരുടെ വാസസ്ഥലങ്ങളിൽ നെല്ലു കൊണ്ടുകൊടുത്തു രസീതുവാങ്ങിക്ക എന്നുള്ളതു വളരെ വിഷമമാണ്. അതിനാൽ അതാതുസമയം ഗവൺമെൻറിൽനിന്നും നിശ്ചയിക്കുന്ന താരിപ്പുവില അനുസരിച്ചോ അല്ലെങ്കിൽ എന്നേക്കുമായി ഒരു പറനെല്ലിനു ഇത്രചക്രമെന്നു ക്ലിപ്തപ്പെടുത്തിയോ പണമായിട്ടു ജന്മിമാർക്കു കൊടുക്കണമെന്നു വ്യവസ്ഥ ചെയ്താൽ ഇതുകൂട്ടർക്കും ഉപദ്രവമില്ല. കൂടാതെ എൻെറ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ നെല്ല് അളവു കൊടുക്കുന്നതും വളരെ പ്രയാസമാണ്. ഇതിന് കാരണം ജന്മിമാരുടെ കാര്യസ്ഥന്മാരുടെ സ്വാർത്ഥ[illegible]യാണ്.

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തതു): ഈമാതിരി അളവ് കച്ചവടക്കാരുടെയിടയിലുമില്ലയോ?

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): ഇവിടെ ജന്മിമാരുടെ കാര്യത്തെപ്പറ്റിമാത്രമാണ് പറയുന്നത്. അതുകൊണ്ടു ആ വിഷയംമാത്രം ആലോചിച്ചാൽമതി. അതുകൊണ്ടു മിച്ചവാരം പണമായികൊടുക്കാൻ വേണ്ട വ്യവസ്ഥ ചെയ്യണം.

കൂടാതെ കസ്റ്റമറിഡ്യൂസ് ഇതുവരെയും ഒരുകാലത്തു സമ്മതിച്ചു എഴുതിക്കൊടുത്തതുതന്നെയാണ്. എന്നാൽ ഇപ്പോഴത്തെ പരിഷ്കാരത്തിന് ഓലയും നാരായവുംപോയി കടലാസും പേനായും ആയിരിക്കുന്നതിനാൽ ഇപ്പോഴും ഈവക ഓലപ്പുണം, എഴുത്തുകൂലി മുതലായ ഇനങ്ങൾക്കു ജന്മിമാർക്കുള്ള അവകാശം അവർ സ്വമനസ്സാലെ ഉപേക്ഷിക്കണം. സർവ്വ ആളുകളും പരിഷ്കാരത്തിൽ അഭിരുചി കാണിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് യഥാസ്ഥിതികന്മാരാണ് ജന്മിമാർ എന്നു സാധാരണ പറയുന്നുണ്ടെങ്കിലും അവരിൽ പലരും ഉൽപതിഷ്ണുക്കളായിതീർന്നിരിക്കുന്ന സ്ഥിതിക്കു കാലാനുസൃതമല്ലാത്ത ഈ കസ്റ്റമറിഡ്യൂസിനെ അവരുംകൂടി സമ്മതിച്ചു ബില്ലിൽനിന്നും ആ വകുപ്പുകൾ എടുത്തുകളയണമെന്നാണ് എൻെറ അഭിപ്രായം.

സർ, പലിശ്ശപ്പുറമേ പെനൽട്ടികൂടി കൊടുക്കണമെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതു അനീതിയാകുന്നു എന്ന് ഇതിനു മുമ്പു ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു.

കുടിയാനവന്റെ പുരയിടങ്ങളിൽനിൽക്കുന്ന തടിയുടെ അധികാരത്തിൽ മുക്കാൽഭാഗം ജന്മിക്കും കാൽഭാഗം കുടിയാനവനും ആണെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. ഇങ്ങനെ ഒരു വ്യവസ്ഥ നടപ്പിൽവരുന്നപക്ഷം ചിലപ്പോഴായിട്ടും കുടിയാനവന്മാർ ഈതരത്തിലുള്ള വൃക്ഷങ്ങൾ വളർത്തുകയില്ലെന്നു ജന്മിമാർക്കുതന്നെ അറിയാം. ഇതു രാജ്യത്തിനുകൂടി ദോഷമായ ഒരു സംഗതിയാണ്. മുക്കാൽഭാഗം ജന്മിക്കു മുക്കാൽഭാഗം കുടിയാനവനു ലഭിക്കുന്നതിനു വ്യവസ്ഥചെയ്തതു നന്നായിട്ടില്ല. കൃഷിയും മററു ആദായനഷ്ടവും സഹിച്ചാണ് കുടിയാനവന്മാർ ഈ വൃക്ഷങ്ങളെ വളർത്തുന്നത്. അതിനാൽ തടികളുടെ വിലയിൽ മുക്കാൽഭാഗവും കുടിയാനവനുതന്നെ കിട്ടേണ്ടതാണ്.

നിലംനികത്തി പുരയിടമാക്കുന്നതു ശരിയല്ലെന്നാണ് എന്റെ ബഹുമാന്യസ്നേഹിതൻ മി. രാമൻപിള്ള പറയുകയുണ്ടായി. ആ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. നദീതീരങ്ങളിലുള്ള വയലുകളിൽ മടപൊട്ടി മണ്ണുകയറി നെൽകൃഷിക്കുപയോഗമില്ലാതെ കിടക്കുന്നുണ്ട്. പിന്നീട് അതിനെ നിലമാക്കണമെങ്കിൽ വളരെ പണം ചിലവുചെയ്യണം. അങ്ങിനെയുള്ളപ്പോൾ ആ നിലങ്ങളിൽ തെങ്ങും മററും വച്ചുപിടിപ്പിക്കാനെ തരമുള്ളു.

മി. സി. എൻ. ശ്രീധരൻനമ്പൂതിരിപ്പാട് (മെമ്പർമാർ തിരഞ്ഞെടുത്തത്): ഇങ്ങനെയുള്ള സ്ഥലങ്ങളെ പുരയിടമാക്കുന്നതിനു കുടിയാനവനു വലിയ ബുദ്ധിമുട്ടും പണച്ചിലവുമില്ലെന്ന് അറിയാമോ?

മി. പി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): നികത്തുന്നതിനു ധാരാളം പണച്ചിലവുണ്ട്. എന്നാൽ ഇങ്ങിനെ അവിചാരിതമായുണ്ടാകുന്ന സംഭവങ്ങൾകൊണ്ടു നിലത്തിൽ മണ്ണുകയറിയാൽ അതിനെ വീണ്ടും നിലമാക്കുന്നതിനുള്ള പണച്ചിലവിനേക്കാൾ പുരയിടമാക്കുന്നതിനു കുറച്ചു കുറഞ്ഞിരിക്കും.

ഇതു ജന്മിമാർ സ്വമനസ്സാലെ കുടിയാനവനു സമ്മതിച്ചുകൊടുക്കേണ്ട ഒരു സംഗതിയാണ്. ജന്മിമാർക്ക കിട്ടാനുള്ള ആദായം അവർക്ക് കിട്ടണമെന്നല്ലാതെ വസ്തുക്കളെ കൃഷിക്കാരുടെ ഇഷ്ടംപോലെ നിലമാക്കുന്നതിനോ പുരയിടമാക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം അവർക്കുതന്നെ വിട്ടുകൊടുക്കണം.

ഇനി ചില ദേവസ്വംവസ്തുക്കളുണ്ട്. ദേവസ്വം പല ഊരാണ്മക്കാരുടെയും അധീനത്തിലായിരിക്കും. അവർ എല്ലാപേരുംകൂടി ആലോചിച്ചു ഒരു കാര്യം നടത്തുക എന്നുള്ളതു വളരെ പ്രയാസമുള്ളതാണ്. അതിനാൽ ഊരാണ്മക്ഷേത്രങ്ങളെ സംബന്ധിച്ചടത്തോളമുള്ള ഭരണം ഗവമെന്റുതന്നെ കയ്യേററു നടത്തണമെന്നാണ് എന്റെ അഭിപ്രായം.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, സഭ മുമ്പാകെ ഇപ്പോൾ ഹാജരാക്കീട്ടുള്ള ബില്ലിലെ വ്യവസ്ഥകൾക്ക ഉത്തരവാദിയായ യോഗത്തിൽ ഞാനും ഒരു മെമ്പറായിരുന്നു. ഈ സഭയിലെ അനൗദ്യോഗസ്ഥമെമ്പർമാർ തിരഞ്ഞെടുത്ത ആ യോഗത്തിലെ മെമ്പർ ഇന്നു ഒരു വിഷമസ്ഥിതിയിലാണിരിക്കുന്നത്. ആ യോഗത്തിൽ ഞാൻ ഹാജരായപ്പോൾ ഞങ്ങൾക്കു വല്ല പ്രാതിനിധ്യനിലയും ഉണ്ടായിരുന്നോ എന്നുതന്നെ ചിലർ സംശയിക്കുന്നു. അവരുടെ പ്രതിനിധികൾ ഞങ്ങളുടെ ധർമ്മശരിയായി അനുഷ്ഠിച്ചില്ലെന്നുപോലും ചില അനൗദ്യോഗസ്ഥമെമ്പർമാർ നിഷ്കർഷയായി പറഞ്ഞിട്ടുണ്ട്. ഞങ്ങൾക്ക മാനുഷവികാരങ്ങൾ ഇല്ലെന്നു കൂടെ ചിലർ പ്രസ്താവിച്ചു. വിഷയത്തിന്റെ സത്യാവസ്ഥയെ അറിയുമ്പോൾ ഇതിനെല്ലാം സമാധാനമുണ്ടാകും. ഈ വിഷയത്തെസംബന്ധിച്ചു ഇത്രയധികം അഭിപ്രായവ്യത്യാസം ഉണ്ടാകാനുള്ള കാരണങ്ങൾ തിരുവിതാംകൂറിലെ കുടിയാൻ നിയമത്തിന്റെ ചരിത്രത്തിൽനിന്നു സ്പഷ്ടമാകും. പ്രത്യക്ഷത്തിൽ കുടിയാന്മാരുടെ പ്രതിനിധികളായി ഈ സഭയിലെ അനൗദ്യോഗസ്ഥ മെമ്പർമാർ തിരഞ്ഞെടുത്ത സാമാജികന്മാരും ജന്മിമാർതന്നെ തങ്ങളുടെ പ്രതിനിധികളായിതിരഞ്ഞെടുത്തസാമാജികന്മാരുംഗവമെന്റുനിയമിച്ചിട്ടുള്ളസാമാജികന്മാരും ഉണ്ടായിരുന്ന ആ യോഗത്തിന്റെ തീർച്ചകൾ അനുസരിച്ചാകുന്നു ബിൽ രചിച്ചിട്ടുള്ളതെങ്കിലും ജന്മിമാരുടെപ്രതിനിധി ബില്ലിനെ കേവലം എതിർക്കയാണു ചെയ്തിട്ടുള്ളതു. അദ്ദേഹത്തിന്റെ നില എത്ര ആശ്ചര്യപ്പെടുത്തിയെങ്കിലും ഞങ്ങളോടുകൂടെ ആ യോഗത്തിലിരുന്ന എന്റെ ഒരു ജന്മി സ്നേഹിതൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നതുകൊണ്ടു എനിക്ക സന്തോഷമുണ്ട്.

ജന്മിമാർ ഈ ബില്ലിനെ എതിർക്കുന്നതുകൊണ്ടു ഭയപ്പെടാനില്ല. എങ്കിലും ജന്മി മെമ്പറിന്റെ നില ഈ കാര്യത്തിൽ ജന്മിമാർ എത്ര ഭ്രമിച്ചുവരായിട്ടുണ്ടെന്നു കാണിക്കുന്നു. ഈ നിലതന്നെയാണോ ഈ സഭയിലെ അനൗദ്യോഗസ്ഥമെമ്പന്മാരിൽ പലരും സ്വീകരിച്ചിട്ടുള്ളതെന്നു കാണുന്നു. അതുകൊണ്ടു ഈ അഭിപ്രായവ്യത്യാസത്തിനുള്ള കാരണം ജന്മിമാരുടെയും കുടിയാന്മാരുടെയും യഥാർത്ഥമനസ്ഥിതിയാകുന്നു. അതുകൊണ്ടു യോഗത്തിന്റെ ആലോചനയ്ക്കു കൊടുത്ത വിഷയം എത്ര പ്രയാസവും വിഷമവും ആയിരുന്നു എന്നു സ്പഷ്ടമാകുന്നുണ്ട്. ഞാൻ ആ യോഗത്തിലെ ഒരു മെമ്പർ ആയിരുന്നു എങ്കിലും ആ യോഗത്തിന്റെ അദ്ധ്യക്ഷനായിരുന്ന ... അതിനെ ന്ദിക്കപ്പെട്ടിട്ടില്ല എന്നു ഞാൻ പറഞ്ഞാൽ ആരും എന്നെ തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഞങ്ങളുടെ തീർച്ചകൾ ന്യൂനതയില്ലാത്തവയല്ലേണോ പരിതസ്ഥിതികൾ ആലോചിച്ചാൽ അവയെക്കാൾ ഉത്തമമായ തീർച്ചകൾ ഉണ്ടാകാൻ പാടില്ലേന്നോ ഞാൻ പറയുന്നില്ല. എന്നാൽ ആ യോഗത്തിലെ സാമാജികന്മാരെല്ലാം കഴിവുള്ളേടത്തോളം തൃപ്തികരമായ ഒരു ബിൽ രചിക്കുവാൻ തക്കതായ തീർച്ചകൾ ഉണ്ടാക്കണമെന്നുള്ള ഏകോദ്ദേശ്യത്തെ ഉണ്ടായിരുന്നുള്ളു എന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. നിവൃത്തിയുള്ളപക്ഷം യാതൊരു കാരണവശാലും യോഗം പിണങ്ങിപ്പിരിയരുതെന്നും ഞങ്ങൾ ആഗ്രഹിച്ചു. കുടിയാനവന്മാരുടെ പ്രതിനിധികളായി എന്നെയും എന്റെ ഒരു സ്നേഹിതനേയും തിരഞ്ഞെടുത്ത അനൗദ്യോഗസ്ഥമെമ്പർമാരോടു ഈ ബില്ലിലെ ചില വ്യവസ്ഥകൾ ഞങ്ങൾക്കുതന്നെ തൃപ്തികരമില്ല എന്നുള്ള സംഗതിയും ഞാൻ പറഞ്ഞുകൊള്ളുന്നു. ബില്ലിൽ ചേർക്കാവുന്ന തീർച്ചകൾ ഉണ്ടാക്കേണമെന്ന വിചാരിച്ചുകൊണ്ടു ഞങ്ങൾ സമ്മതിക്കേണ്ടിവന്ന ഏതാനുമുള്ള. ഇതുകൊണ്ടു ഞങ്ങളുടെ തീർച്ചകൾ അവസാനതീർച്ചകളാണെന്നു സങ്കല്പിക്കരുതു. അവയെ തൽക്കാലത്തേക്കെങ്കിലും അവസാനതീർച്ചകളായി സ്വീകരിക്കപ്പെടുകയില്ലെന്നു ഈ സഭയിലെ വാദപ്രതിവാദങ്ങളിൽനിന്നു തന്നെ സ്പഷ്ടമാകുന്നു. ബിൽ സിലക്ട് കമ്മിററിക്ക അയക്കയും ആ കമ്മിററിമെമ്പറന്മാരുടെ പരിജ്ഞാനം അനുസരിച്ചും അവിടെയുണ്ടാകുന്ന വാദങ്ങൾ അനുസരിച്ചും ഭേദപ്പെടുത്തപ്പെടുകയും ചെയ്യും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാണപ്പാട്ടവക ഭൂമി വക അല്ലാതെ വേറെ അവകാശങ്ങൾപ്രകാരം കുടിയാന്മാർ അനുഭവിക്കുന്ന ജന്മിവക വസ്തുക്കളെയും ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു യോഗത്തിൽ വല്ലവരും അപേക്ഷിച്ചുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയൊരപേക്ഷ ഉണ്ടായിട്ടില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ സംഗതിയും ഉൾപ്പെടുത്തണമെന്നു എന്റെ സ്നേഹിതൻ ആവശ്യപ്പെട്ടുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): കാണപ്പാട്ടത്തെസംബന്ധിച്ചു ഒരു ബിൽ അവതരിപ്പിക്കാൻ മി. എ. ജി. മേനോൻ അനുവാദംചോദിച്ചു ജന്മികളുടെയും കുടിയാന്മാരുടെയും പ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടിയശേഷം തങ്ങൾ തന്നെ അതിനെസംബന്ധിച്ചു ഒരു ബിൽ അവതരിപ്പിക്കണമെന്നു ഗവർമ്മെണ്ട് വിചാരിച്ചു. അതുകൊണ്ടു കാണപ്പാട്ടത്തെസംബന്ധിച്ചു ആലോചിക്കണമെന്നു മാത്രമേ ഞങ്ങളോടു ആവശ്യപ്പെട്ടുള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): യോഗം വിളിച്ചുകൂട്ടിയപ്പോൾ യോഗം ഇന്നതെല്ലാം ചെയ്യണമെന്നു ആജ്ഞാപിച്ചിരുന്നുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ സ്നേഹിതൻ പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാണപ്പാട്ടത്തെപ്പററിമാത്രമേ ആലോചിക്കേണ്ടതുള്ളു എന്നു വല്ല ആജ്ഞയും ഉണ്ടായിരുന്നുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കങ്ങനെയാണു മനസ്സിലായതു്. ആ വിഷയത്തെസംബന്ധിച്ചാണു യോഗം വിളിച്ചുകൂട്ടിയതു്. രണ്ടു മെമ്പർമാരെ തിരഞ്ഞെടുക്കണമെന്നു ഈ സഭയോടു അന്നത്തെ പ്രസിഡന്റു ആവശ്യപ്പെട്ടപ്പോൾ കാണപ്പാട്ടത്തിന്റെ കാര്യം ആലോചിക്കാനാണെന്നും അതിന്നായി രണ്ടു മെമ്പർമാരെ തിരഞ്ഞെടുക്കണമെന്നും ആകുന്നു പറഞ്ഞതു.

മി. മാത്യു മുരിക്കൻ (വൈക്കം): യോഗം വിളിച്ചുകൂട്ടിയതു മി. എ. ജി. മേനോന്റെ ബില്ലിനെപ്പററി ആലോചിക്കാനായിരുന്നുഎന്നാണോ മെമ്പർ പറയുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ജന്മിമാരുടേയും കുടിയാന്മാരുടെയും അവകാശതർക്കങ്ങൾ തീർക്കാൻഅല്ലായിരുന്നോയോഗംവിളിച്ചുകൂട്ടിയതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതേ; കാണപ്പാട്ടത്തെസംബന്ധിച്ചു അങ്ങനെയായിരുന്നു എനിക്കു മനസ്സിലായതു്. ഞാൻ പറയുന്നതു സ്പഷ്ടമാണെന്നു വിചാരിക്കുന്നു. മെമ്പർമാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പങ്കെടുത്ത മിസ്റ്റർ ദാമോദരൻ ആശാൻപോലും ഏതെല്ലാം വിഷയങ്ങളാണു യോഗത്തിന്റെ ആലോചനാ വ്യാപ്തിയിൽപെട്ടതെന്നു യാതൊന്നും പറഞ്ഞില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പറവാൻ ഞങ്ങൾക്കു അവസരം തന്നിരുന്നുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ യഥാർത്ഥത്തിൽ സംഭവിച്ചതുമാത്രമാണു് പറയുന്നതു്.

മി. എസ്. പിറവിപ്പെരുമാൾപിള്ള (വ്യാപാരവും വ്യവസായവും മറ്റും): അവരെ തിരഞ്ഞെടുത്തവർ അവർ ഇന്ന പ്രകാരം പ്രവർത്തിക്കണമെന്നു ആജ്ഞാപിച്ചുവോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മി. എ. ജി. മേനോൻ ഈ ബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നതിനു വിഘാതമായിരിക്കത്തക്കവണ്ണം യോഗാംഗങ്ങൾതമ്മിൽ യോജിപ്പില്ലായ്മ ഉണ്ടായിരുന്നോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): യോഗാംഗങ്ങളുടെഇടയിൽ യാതൊരുതീർച്ചയും ഉണ്ടാക്കാൻ കഴിയാത്തവണ്ണം ഗണ്യമായ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരുന്നുഎങ്കിൽ യോഗം പിരിഞ്ഞുപോകയും മി. എ. ജി. മേനോൻ അദ്ദേഹത്തിന്റെ ബിൽ അവതരിപ്പിക്കയും ചെയ്യുമേ. വിഷയം വളരെ പ്രയാസവും കുഴപ്പമുള്ളതും ആകുന്നു. വിഷയം എത്രവിഷമമാണെന്നു തിരുവിതാംകൂറിലെ കുടിയാൻനിയമത്തിന്റെ ചരിത്രത്തിൽനിന്നുതന്നെ അറിയാം. ൧൦൭൦-ലെ റെഗുലേഷൻ ഭേദപ്പെടുത്തികിട്ടാൻ ജനങ്ങൾ വളരെ കാലമായി ശ്രമിച്ചുവരുന്നു. ൧൦൯൦-ാമാണ്ടോടടുത്തു നമ്മുടെ ഒരു വിഖ്യാതനായ ജഡ്ജിയുടെ അഗ്രാസനാധിപത്യത്തിൽ ഒരു അന്വേഷണക്കമ്മററിയെ ഗവർമ്മെണ്ട് നിയമിച്ചു. ദീർഘമായ അന്വേഷണത്തിനുശേഷം ആ കമ്മററി ഒരു നക്കൽനിയമം സമർപ്പിച്ചു. ആ ബില്ലിന്റെ വിധി എന്തായിരുന്നുഎന്നു നമുക്കറിയാമല്ലോ. ക്ഷോഭം പിന്നെയും നടന്നുകൊണ്ടിരുന്നു. ഗവർമ്മെണ്ടുതന്നെ പിന്നെയൊരു നക്കൽനിയമം എഴുതിഉണ്ടാക്കി ഗസററിൽ പ്രസിദ്ധംചെയ്തു. അതു ജന്മിമാർക്കും കുടിയാന്മാർക്കും സ്വീകാര്യമായിരുന്നില്ല. പിന്നെയും ജനങ്ങൾ ക്ഷോഭിച്ചുകൊണ്ടിരുന്നതിനാൽ ഇങ്ങനെ കാര്യം നീട്ടിക്കൊണ്ടിരിക്കാൻ സാധിക്കയില്ലെന്നും മി. എ. ജി. മേനോൻ ഒരു ബിൽ അവതരിപ്പിക്കാൻ ഭാവിക്കുന്നുഎന്നും ഗവർമ്മെണ്ടു കണ്ടപ്പോൾ അവർ ഈ യോഗം വിളിച്ചുകൂട്ടി. ഈ വാദം എങ്ങനെഎങ്കിലും അവസാനിപ്പിക്കണമെന്നു യോഗാംഗങ്ങൾക്കും അതികാംക്ഷയുണ്ടായിരുന്നു. യോഗത്തിൽ നടന്ന വാദപ്രതിവാദങ്ങളനുസരിച്ചും ഇരുഭാഗത്തുനിന്നും ചെയ്ത വിട്ടുവീഴ്ചകൾനിമിത്തവും ഈ വ്യവസ്ഥകൾ ഉണ്ടാക്കാൻസാധിച്ചു. ആ വ്യവസ്ഥകൾ ഇപ്പോൾസഭാമുമ്പാകെയുണ്ടു്. അവ സ്വീകാര്യമോ അല്ലയോ എന്നു പറയേണ്ടതു മെമ്പർമാർ ആകുന്നു. എന്നാൽ ഈ ബില്ലിനു ചിലവിരോധങ്ങൾ പറവാനുണ്ടെന്നുവച്ചു അതിനെ ഉപേക്ഷിക്കുന്നതു അവിവേകമായിരിക്കും.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോഴത്തെ ബിൽ ഈ രൂപത്തിൽ രചിച്ചതു മെമ്പറുടെ ആലോചനയോടുകൂടെ ആയിരുന്നോ?

ഡിപ്യൂട്ടിപ്രസിഡൻറ്. ആ ചോദ്യത്തിൻെറ മറുപടി മുമ്പുതന്നെ പറഞ്ഞിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എൻെറ സ്നേഹിതനു ഒരു മറുപടിവേണമെന്നാണെങ്കിൽ പറയാം. യോഗത്തിൻെറ ഒരു സമ്മേളനം കൂടെ ഉണ്ടായിരിക്കുമെന്നും ആ ബിൽ സഭാമുമ്പാകെ അവതരിപ്പിക്കുന്നതിനുമുമ്പായി യോഗാംഗങ്ങൾ അതിനെ പരിശോധിക്കുമെന്നും ആയിരുന്നു പ്രതീക്ഷ. എന്നാൽ എന്തുകാരണത്താൽ ബിൽ സമയത്തിനു തയ്യാറാക്കാൻ ഗവണ്മെൻറിനു കഴിഞ്ഞില്ലെന്നാണു കാണുന്നതു. അതുകൊണ്ടു ബില്ലിൻെറ രൂപത്തിനു യോഗാംഗങ്ങൾ ഉത്തരവാദികളല്ല, അതിനുത്തരവാദി ഗവണ്മെൻറാകുന്നു. ബില്ലിൻെറ രൂപം ആകമാനമായി നോക്കുന്നതായാലും അഭിലഷണീയം ആയിട്ടില്ലെന്നാണ് എൻെറ സ്വന്ത അഭിപ്രായം. റഗുലേഷൻെറ മിക്കവകുപ്പുകളിലും ഭേദഗതികൾ വരുത്തീട്ടുള്ള അവസ്ഥയ്ക്കു ഈ വ്യവസ്ഥകൾ എല്ലാം അടങ്ങിയ ഒരു പുതിയബിൽ അവതരിപ്പിക്കയും നടപ്പിലിരിക്കുന്ന റഗുലേഷൻദുർബ്ബലമാക്കുകയും ചെയ്യേണ്ടതായിരുന്നു. ബഹുമെമ്പർ സ്വീകരിച്ച നയത്തിനു എന്താണു കാരണമെന്നു എനിക്കു മനസ്സിലാകുന്നില്ല. വകുപ്പുകൾ ഓരോന്നോരോന്നായി പരിശോധിച്ചുനോക്കിയാൽ ഇപ്പോഴത്തെ റഗുലേഷനിലെ മിക്കവ്യവസ്ഥകളും ഗണ്യമായവിധത്തിൽ ഭേദപ്പെടുത്തീട്ടുണ്ടെന്നു കാണാം. എല്ലാവ്യവസ്ഥകളും ഭേദപ്പെടുത്തീട്ടുണ്ടെന്നുതന്നെപറയാം. എന്നാലും അദ്ദേഹം ഇപ്പോഴത്തെ റഗുലേഷൻതന്നെ വച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ പലവ്യവസ്ഥകൾക്കുംപകരം പുതിയവ്യവസ്ഥകൾ ഉണ്ടാക്കീട്ടുള്ളതായികാണാം. ൩ മുതൽ ൧൫ വരെ വകുപ്പുകൾക്കു പകരം പുതിയവകുപ്പുകളാണു ചേർത്തിട്ടുള്ളതു്. ൧൬ മുതൽ ൧൯ വരെവകുപ്പുകൾക്കും പുതിയവകുപ്പുകളാണു ചേർത്തിട്ടുള്ളതു്. ൨൦ മുതൽ ൨൬ വരെയുള്ള വകുപ്പുകൾക്കുപകരം പുതിയവകുപ്പുകൾ ചേർത്തിരിക്കുന്നു. ൨൭-ാംവകുപ്പിൽ കാര്യമായ ഭേദഗതിയും വരുത്തീട്ടുണ്ട്.

ഡിപ്യൂട്ടിപ്രസിഡൻറ്. നിങ്ങൾ പറയുന്നതു ശരിയാണെന്നു സങ്കല്പിക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): യഥാർത്ഥത്തിൽ ഇതു കേവലം ഒരു പുതിയബില്ലാണ്. നടപ്പിലിരിക്കുന്ന റഗുലേഷൻദുർബ്ബലമാക്കാതിരിക്കാൻ അതിനെന്താണു വൈശിഷ്ട്യമുള്ളതെന്നു എനിക്കു ഗ്രഹിപ്പാൻ കഴിയുന്നില്ല. ജന്മികുടിയാൻ റഗുലേഷൻ എന്നപേരുമാററി കാണപ്പാട്ടറഗുലേഷൻ എന്നാക്കണമെന്നും ഒരു അഭിപ്രായം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): ഓരോ കാലങ്ങളിൽ കൊടുക്കേണ്ടുന്ന പൊളിച്ചെഴുത്തുഫീസു ആണ്ടുതോറും തവണവച്ചുകൊടുക്കണമെന്നു നിബന്ധനചെയ്യുന്നതിൻെറ ഉദ്ദേശമെന്താണെന്നുപറയുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ ഭേദഗതിയുടെ ഉദ്ദേശം കുടിയാന്മാർ കൊടുക്കേണ്ടുന്നപണം ക്രമമായി കൊടുക്കാൻ അവർ പ്രാപ്തരാകണമെന്നാണ്.

മി. വി. ചെല്ലംപിള്ള (തോവാള): കുടിയാന്മാൎക്കു അതു തവണയായി കൊടുക്കാൻ പ്രാപ്തിയുണ്ടെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): കുടിയാന്മാർക്കു പണം ഒന്നായികൊടുക്കുന്നതിനേക്കാൾ എളുപ്പം പലതവണയായി കൊടുക്കയാണെന്നു യോഗാംഗങ്ങൾ വിചാരിച്ചു. ജന്മിമാർക്കും അവരുടെപണം ക്രമമായും വേഗവും വസൂൽചെയ്യുന്നതിനു അതാണ് എളുപ്പമാൎഗ്ഗമെന്നും അവർ വിചാരിച്ചു. ഇങ്ങനെ അവർ തീർച്ചചെയ്തതു ജന്മിയുടേയും കുടിയാൻെറയും ഗുണം ആലോചിച്ചാണ്.

മി. വി. ചെല്ലംപിള്ള (തോവാള): കുടിയാന്മാൎക്കിപ്പോൾ വല്ല മിച്ചവും കെട്ടിവയ്ക്കാനുണ്ടെന്നാണോ വിചാരിക്കുന്നതു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ കുടിയാന്മാരുടെ സാമ്പത്തികനില വളരെമോശമാണെന്നു എനിക്കറിയാം. അതുതന്നെയാണു ഈപ്രയാസങ്ങളുടെഎല്ലാം ഉത്ഭവം. അവൎക്കു ഈപണങ്ങളെല്ലാം ക്രമമായികൊടുക്കാൻ സാധിക്കയില്ല. അവരുടെസാമ്പത്തികസ്ഥിതി വളരെമോശംതന്നെയാകുന്നു, പണം ൧൨ വൎഷംകഴിഞ്ഞാണു ചോദിക്കുന്നതെങ്കിൽ കുടിയാന്മാൎക്കു വലിയപ്രയാസമായിരിക്കും. കാര്യവിവരമുള്ള കുടിയാനു പണം ആണ്ടുതോറും തവണയായി കൊടുക്കുന്നതായിരിക്കും പ്രയാസംകുറഞ്ഞമാൎഗ്ഗം.

മി. വി. ചെല്ലംപിള്ള (തോവാള): ഒരാണ്ടിൽ കുടിയാനു പണംകൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ അതു കുടിശ്ശികയായിരിക്കയില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): തീർച്ചയായിട്ടും അങ്ങനെയായിരിക്കും. കുടിശ്ശികയാകാതിരിക്കാൻ കുടിയാൻ കരുതിക്കൊള്ളണം.

സർ, ഈചോദ്യങ്ങൾനിമിത്തം ഞാൻ വിഷയംവിട്ടു സംസാരിക്കേണ്ടിവന്നു. യോഗാംഗങ്ങളെപ്പററി ആക്ഷേപംപറഞ്ഞമെമ്പർമാരിൽ ചിലർ കുടിയാന്മാൎക്കു് അനുകൂലമായി ബില്ലിൽഉള്ള വ്യവസ്ഥകളെ വിസ്മരിച്ചുകളഞ്ഞിരിക്കുന്നു എന്നുള്ളതാണു ഇനി എനിക്കു സഭയുടെശ്രദ്ധയിൽപെടുത്തേണ്ടുന്ന ഒരുസംഗതി. ഗുണകരമായിട്ടുള്ളതെല്ലാംവിസ്മരിച്ചിട്ടു കുടിയാന്മാരുടെ അഭിപ്രായത്തിൽ തങ്ങൾക്കനുകൂലമല്ലാത്ത വ്യവസ്ഥകളെ മാത്രം നോക്കരുതു.

നടപ്പിലിരിക്കുന്ന റഗുലേഷനിൽ ചിലസന്ദർഭങ്ങളിൽ കുടിയാനെ ഒഴിപ്പിക്കാനുള്ളവ്യവസ്ഥകൾ ഉണ്ടു. ഈബില്ലിൽ ഒഴിപ്പിക്കാനുള്ളഅവകാശം കേവലം എടുത്തുകളഞ്ഞിരിക്കുന്നു. ഇക്കാലത്തു പരാശ്രയം ആൎക്കും ഇഷ്ടമല്ല. കുടിയാന്മാൎക്കു ജന്മിമാരെ ആശ്രയിച്ചുജീവിക്കാൻ ഇഷ്ടമില്ല. കുടിയാൻെറഗുണത്തിനും രാജ്യത്തിൻെറ പൊതുവെയുള്ളഗുണത്തിനും ഇവിടെ സൂചിപ്പിക്കപ്പെട്ടപ്രകാരം കൃഷിക്കുന്ന അവൻെറകൈവശമുള്ള ഭൂമിമേൽ ഉടമസ്ഥാവകാശം ഉണ്ടാക്കികൊടുക്കേണ്ടതു നമ്മുടെധൎമ്മമാകുന്നു. ഇപ്പോഴുള്ള റഗുലേഷൻപ്രകാരംചില അപൂൎവ്വസന്ദർഭങ്ങളിൽ മാത്രമേ കുടിയാനെഒഴിപ്പിക്കാൻ ജന്മിക്കു വകുപ്പുള്ളു, എങ്കിലും ആ അവകാശമുണ്ടു. എന്നാൽ ഈബില്ലിൽ ആ അവകാശം കേവലം എടുത്തുകളയുന്നു. ഇതൊരു കഥയില്ലാത്തവ്യവസ്ഥയാണെന്നോ തനിക്കു ഗുണകരമല്ലെന്നോ ഒരുകുടിയാൻ വിചാരിക്കുമെന്നു എനിക്കുതോന്നുന്നില്ല. കുടിയാൻെറവാസ്തവം പണ്ടാരവകപാട്ടമായാലും കുടിയാൻ കൊടുക്കാനുള്ളപണങ്ങൾ ക്രമമായികൊടുത്തുകൊണ്ടാൽ മതി. കുടിയാനു വളരെ ഗുണകരമായ വേറൊരുവ്യവസ്ഥ മേലാൽ ജന്മിക്കു കുടിയാൻെറകൈവശമുള്ളസ്ഥലത്തു ഒരുവൃക്ഷംമുറിക്കാൻപോലും പ്രവേശിക്കാൻ പാടില്ലെന്നുള്ളതാണ്. ഇപ്പോഴുള്ള പടുവൃക്ഷങ്ങളെ വെട്ടുമ്പോൾ അതിൻെറവിലയ്ക്കു അവൎക്കുള്ളഅവകാശം അവൎക്കുണ്ടായിരിക്കും. ഇതുമാത്രമേ ജന്മിക്കുകൊടുത്തിട്ടുള്ളു.

ഇപ്പോഴുള്ളവൃക്ഷങ്ങളുടെവിലയും ജന്മിക്കും കുടിയാനും നിശ്ചയിച്ചിട്ടുള്ള ഭൂനികുതിയാണെന്ന തോതിന് വിരോധംപറയേണ്ടതായിരിക്കാം, ആവാദത്തിന് ബലമുണ്ട്, എന്നാൽ അതു സിലക്ട്കമ്മററിയിൽ ശരിയാക്കാവുന്ന ഒരു കാര്യമാണ്, മേലാവുണ്ടാകുന്നവൃക്ഷങ്ങൾക്ക ഒരുകരംവയ്ക്കണമെന്ന ആലോചനയുണ്ട്' എന്നാൽ അവയുടെവിലയിൽ ഒരംശത്തിനും ജന്മിക്കവകാശംഇല്ല, കരം എപ്പോൾ എങ്ങനെനിശ്ചയിക്കണമെന്നുള്ളകാര്യം സിലക്ട്കമ്മററിയുടെ ആലോചനാവിഷയമാകുന്നതാണ്,

ഏതെല്ലാം പട്ടവൃക്ഷങ്ങൾക്കാണ കരംകൊടുക്കേണ്ടതെന്നും എങ്ങനെയാണ കൊടുക്കേണ്ടതെന്നും തീർച്ചയാക്കാനുള്ള അധികാരം ഈബിൽ ഗവണ്മെൻറിനകൊടുത്തിരിക്കുന്നു. അതു ബഹു മെമ്പർ സ്വയേച്ഛപ്രകാരം ചേർത്തതാണ്, അതുയതു രീതിയിൽ അങ്ങനെയൊരു വ്യവസ്ഥചെയ്യണമെന്നു പറഞ്ഞിട്ടുള്ളതല്ല. അതുവിധത്തിൽ തീർച്ചയാക്കാൻവെച്ചിരുന്ന ഒരുകാര്യമായിരുന്നുഎന്ന ഞാൻസന്തോഷത്തോടു പറഞ്ഞുകൊള്ളുന്നു. കരംചുമത്തുകയാണെങ്കിൽ അതു ഇതാമമാത്രമായിരിക്കണമെന്നാകുന്നു ഞാൻ അഭിപ്രായപ്പെടുന്നു. ബില്ലിലെവ്യവസ്ഥക്കു വിരോധംപറവാനുണ്ട്, ഇപ്പോൾജന്മിമാർക്കു വൃക്ഷങ്ങളിന്മേലുള്ള അവകാശം എടുത്തുകളയുന്നതിനു പ്രതിഫലമായി മുഖ്യമായൊരുകരം ചുമത്തണമെന്നായിരുന്നു അഭിപ്രായം. എന്നാൽ ബഹുമെമ്പർ തൻെറഉദ്ദേശ്യനിലയിൽ കരംനിശ്ചയിക്കുന്നതിനുള്ളഅധികാരം ഗവണ്മെൻറിനുള്ളതായി ഒരുവ്യവസ്ഥചെയ്തു. അതു സെലക്ട്കമ്മററിയിൽ ശരിയാക്കേണ്ടുന്ന ഒരുന്യൂനതയാകുന്നു. പട്ടവൃക്ഷങ്ങൾക്ക കരംചുമത്തുന്നതിനുള്ള വിരോധവും ഞാൻഗ്രഹിക്കുന്നു, കുടിയാന്മാർക്കനുകൂലമായ വേറൊരുവ്യവസ്ഥ പൊളിച്ചെഴുത്തവകാശം പലതവണയായി കൊടുക്കാമെന്നുള്ളതാണ ഞാൻമുമ്പുപറഞ്ഞപ്രകാരം ആവ്യവസ്ഥ ജന്മിമാർക്കും കുടിയാന്മാർക്കും ഗുണകരമായിരിക്കുമെന്നാണ പ്രതീക്ഷ, കുടിയാന തൻെറവസ്തുകൊണ്ടു ഇഷ്ടംപോലെ എന്തെങ്കിലുംചെയ്യാം, ഇവയാണ കുടിയാന്മാർക്ക് അനുകൂലമായിട്ടുള്ള ചിലവ്യവസ്ഥകൾ.

മി. ആർ. കേശവപിള്ള(കൊല്ലാരക്കരയും കുന്നത്തൂരും): ജന്മികൾക്കു ഗുണകരമായ വല്ലവ്യവസ്ഥകളുമുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്, ജന്മികൾക്കുംകൂടെ ഗുണമില്ലാതെ ഇങ്ങനെയൊരു ബില്ലുണ്ടാക്കുന്നകാര്യം ചിന്തിപ്പാൻകഴികയില്ല, ഞാൻ മുമ്പുപ്രസ്താവിച്ചപ്രകാരം ദേവസ്വം തെയിലയും കൃഷിചെയ്യുന്ന വിസ്തീർണ്ണഭൂമികൾക്ക ജന്മിമാർക്ക്ഇപ്പോൾ യാതൊന്നുംകിട്ടുന്നില്ല, ആവക ഭൂമികൾക്കു ഏക്കർതോറും ഏക്കറൊന്നിനു രണ്ടുരൂപവീതം കൊടുക്കണമെന്ന ബില്ലിൽ വ്യവസ്ഥചെയ്തിട്ടുണ്ട്, അതുജന്മിമാർക്ക് ഒരുപ്രത്യക്ഷമായ അവകാശമാകുന്നു, ജന്മികൾക്ക ആദായകരമായ വേറെയുംവ്യവസ്ഥകളുണ്ട്. ജന്മിക്കുകിട്ടാനുള്ളപണം ക്രമമായി കിട്ടും, നികുതിവസൂൽ നിയമത്തിലെ വ്യവസ്ഥകൾപ്രകാരം പ്രവർത്തിക്കാൻ ബിൽ ജന്മിമാരെ അധികാരപ്പെടുത്തുന്നുണ്ട്, അവർവസൂലാക്കുന്നതു തങ്ങൾതന്നെയല്ല റെവന്യൂഉദ്യോഗസ്ഥന്മാർമുഖാന്തരമാകുന്നു. ജന്മികളെ സംബന്ധിച്ചിടത്തോളം അതു നിശ്ചയമായിട്ടും ഒരു ഗുണമാണ്. സാധാരണയായി ആറഗുലേഷൻപ്രകാരംനികുതിവസൂലാക്കാൻ രാജാവിനെഅധികാരമുള്ളു. പ്രജകൾക്ക ആനിയമപ്രകാരം പ്രവർത്തിക്കാൻ അവകാശമില്ല. ജന്മി തഹശീൽദാർക്കൊരു അപേക്ഷ അയച്ചാൽതഹസിൽദാർ സർക്കാർകരംപോലെ വസൂലാക്കി ജന്മിക്കു കൊടുക്കും, അപേക്ഷ അതിൻെറതീയതിക്കു മുമ്പിലത്തെ വർഷത്തിൽ കിട്ടാനുള്ള പണത്തിനായിരിക്കണം എന്നൊരുനിബന്ധനയുള്ളു,

മി. വി. ചെല്ലംപിള്ള (തോവാള): ക്ഷാമകാലത്തു കുടിയാനുംപണംകൊടുക്കാൻ കഴിവില്ലാതെവന്നാൽ കുടിയാനസഹായിക്കുന്നതിനു വല്ലവ്യവസ്ഥയും ഉണ്ടാക്കീട്ടുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം); ഈബില്ലിൽ ഒന്നുമില്ല, വല്ലവ്യവസ്ഥയും ആവശ്യമുണ്ടെങ്കിൽഅതു സെലക്ട്കമ്മററിയിൽ ചെയ്യാവുന്നതാണ്,

നികുതിവസൂൽനിയമപ്രകാരം പ്രവൃത്തിക്കാൻകൊടുത്തിട്ടുള്ള അധികാരം ജന്മിമാർക്ക് ഈബില്ലിൻപ്രകാരം സിദ്ധിക്കുന്ന ഒരു വലിയഅവകാശമാണ്, വിവേകമുള്ള ജന്മിക്കു തനിക്കുകിട്ടാനുള്ളപണം അതാതുസമയത്തു വസൂലാക്കാൻ യാതൊരുപ്രയാസവും മേലാൽഉണ്ടാകയില്ല. നികുതിവസൂൽ റെഗുലേഷൻപ്രകാരം പ്രവൃത്തിക്കാൻ അധികാരംകിട്ടീട്ടും തനിക്കുകിട്ടാനുള്ളപണം വസൂലാകാതെപോയാൽ കുററം ആജന്മിയുടെതുതന്നെ ആയിരിക്കും കുടിശികവർദ്ധിപ്പിച്ചിട്ടു മുഴുവൻസംഖ്യയും ഒന്നായിവസൂലാക്കി ജന്മികൾ കുടിയാന്മാരെ ഉപദ്രവിക്കുന്നുഎന്നുള്ളപരാതിക്ക അതൊരുതക്കതായപരിഹാരമായിരിക്കും.

മി. വി. ചെല്ലംപിള്ള (തോവാള): കുടിശിക റെവന്യൂഉദ്യോഗസ്ഥന്മാർമുഖാന്തരം വസൂലാക്കുന്നതിനുള്ളവ്യവസ്ഥ കുടിയാന്മാർക്കും ഗുണകരമായിരിക്കുന്നതെങ്ങനെയാണ?

മി. എ. താണുപിള്ള(തിരുവനന്തപുരം): കുടിയാന്മാർ അവർകൊടുക്കാനുള്ളതു ക്രമപ്രകാരംകൊടുക്കും, അതിനാൽ നഷ്ടത്തിനിടയാകയില്ല. കുടിയാന്മാർ കൊടുക്കാനുള്ളതുകൊടുക്കാതെ കുടിശികയിട്ടു പിന്നീടുകൊടുക്കാൻ കഴിവില്ലാത്തവരായി ഭവിക്കയുമില്ല.

മി. ഇട്ടപ്പുഇട്ടിച്ചൻ (കുന്നത്തുനാട്): കുടിശികവന്നാൽ സിവിൽകോർട്ടുമുഖാന്തരം ഈടാക്കിയാൽ പോരയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതു കുറെക്കൂടി വേഗത്തിൽ ഈടാക്കാനുള്ള വഴിയാണെന്നു വിചാരിച്ചു ഇങ്ങനെചെയ്തു എന്നേയുള്ളു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഗവണ്മെൻറിനു ഒടുക്കുന്നപണം മുഴുവനുംതന്നെ കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അതുപോലെ ജന്മിമാർക്കു കൊടുക്കുന്നപണം മുഴുവൻ തിരികെകിട്ടുന്നില്ല.

ഡിപ്യൂട്ടിപ്രസിഡൻറ: നിങ്ങൾ പ്രസംഗിക്കയാണ ചോദ്യം ചോദിക്കയല്ല ചെയ്യുന്നതു. മി. കൊച്ചുതൊമ്മൻ,

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു ജന്മിക്കു ഗുണമുണ്ടാകുമെന്നു ഉദ്ദേശിച്ചിട്ടുള്ളതു ഇങ്ങനെയെല്ലാമാണ്, ജന്മിമാരും കുടിയാന്മാരും തമ്മിലുള്ളബന്ധം ഹിതകരമാക്കുന്നതിനു ഉതകുമെന്നു പ്രതീക്ഷിക്കുന്ന ചിലവ്യവസ്ഥകളും ബില്ലിൽഉണ്ട്. ജന്മിഭൂമികൾ ഗവണ്മെൻറിലേക്കെടുക്കുന്നതിനെ സംബന്ധിച്ചും ചിലവ്യവസ്ഥകൾ ചെയ്തിട്ടുണ്ട്, പ്രതിഫലം അംശിക്കുന്നതിനെപ്പററിയും ജന്മിമാരും കുടിയാന്മാരും വസ്തുക്കൾ കയ്മാററം ചെയ്യുന്നതിനെപ്പററിയും ദാനംചെയ്യുന്നതിനെപ്പററിയും ഇതിൽ വ്യവസ്ഥകൾ ഉണ്ട്. ഈ വ്യവസ്ഥകൾ ന്യൂനതകൾ ഇല്ലാത്തവ അല്ലായിരിക്കാം, എന്നാൽ ഉള്ളന്യൂനതകൾ

സിലക്ട് കമ്മിററിയിൽ തീർക്കാമല്ലോ. നാഗരികത്വം ഉള്ള രാജ്യങ്ങളിലെല്ലാം ജന്മികുടിയാൻ നിയമങ്ങൾ കുടിയാനു അതായതു കൃഷിചെയ്യുന്നവനു, ഏറെക്കുറെ അനുകൂലമുള്ളതായിട്ടാണു നാം കാണുന്നതു്. തിരുവിതാംകൂറിലും ഇതു അവസാന ജന്മികുടിയാൻ നിയമമായിരിക്കുമെന്നു പറവാൻ നിവൃത്തിയില്ല. കാലം ചെല്ലുന്തോറും ജനങ്ങളുടെ അഭിപ്രായങ്ങൾ മാറും. അപ്പോൾ നിയമത്തിലും ഭേദഗതികൾ ചെയ്യേണ്ടിവരും. എന്നാൽ ഇതിൽ കാലത്തേക്കു ജന്മിമാരുടെയും കുടിയാന്മാരുടെയും അവകാശങ്ങൾ ചിലമേൽ മറിക്കാതെ ഞങ്ങൾ ചില തർച്ചകളുണ്ടാക്കി അവയെ ഈ ബില്ലിൽ ചേർത്തിരിക്കുന്നു.

പൊളിച്ചെഴുത്തുവകാശം തവണയായി കൊടുക്കുന്ന കാര്യത്തിൽ പ്രതിവർഷം ൭ ശതമാനം കൊടുക്കുന്നതു കുടിയാന്മാർക്കു വലിയനഷ്ടമാണെന്നു ഇവിടെ ബലമായി വാദിക്കയുണ്ടായി. അതു ൧൫-ാം വർഷത്തിന്റെ അവസാനത്തിൽ കൊടുക്കേണ്ട സംഖ്യയുടെ ൧൪൦ ശതമാനത്തോളം വരും. ഇതും സിലക്ട് കമ്മിററിയിൽ ശരിയാക്കാവുന്ന ഒരു കാര്യമാണ്. ജന്മിക്കു കൊടുക്കാനുള്ള പണങ്ങൾക്കു അനുവദിച്ചിട്ടുള്ള പലിശ കുടിയാനു കൊടുക്കാൻ അനുവദിച്ചിട്ടുള്ളതിൽ എത്രയോ അധികമാണ്. ഈ അസമത്വം ഇല്ലാതാക്കിയാൽ നന്നായിരിക്കും. അനൌദ്യോഗസ്ഥമെമ്പർമാർ കർശനമായി പ്രതിഷേധിച്ചിട്ടുള്ള ചിലവ്യവസ്ഥകളും ബില്ലിൽ ഉണ്ട്. അവയും സിലക്ട് കമ്മിററിയിൽ ആലോചിച്ചു ശരിപ്പെടുത്താൻ മാത്രമേയുള്ളു എന്നു ഞാൻ വിചാരിക്കുന്നു.

സർ, ഈ കാര്യംസംബന്ധിച്ചു ഈ സഭയുടെ സമയം അധികം വ്യയം ചെയ്വാൻ ഞാൻ വിചാരിക്കുന്നില്ല. ഇവിടത്തെ വാദത്തിൽ കൊണ്ടുവന്ന ചില സംഗതികളെ സംബന്ധിച്ചു എന്റെ നില എന്താണെന്നു സ്പഷ്ടമാക്കണമെന്നേ എനിക്കു ആവശ്യമുണ്ടായിരുന്നുള്ളു. ഇപ്പോൾ ഈ സഭമുമ്പാകെ ഒരു ബിൽ അവതരിപ്പിച്ചിട്ടുണ്ട്. ഈ കാര്യത്തെസംബന്ധിച്ചു ഇതിനുമുമ്പുവരെ ഗവണ്മെന്റിന്റെ നില എന്തായിരുന്നു എന്നാലോചിച്ചാൽ ഇതു തന്നെ ഒരു വലിയകാര്യമാണ്. അതുകൊണ്ടു നമുക്കു നല്ല കാര്യം സാധിപ്പിക്കുവാൻ കഴിയുമെന്നു ഓർക്കണം. അനേകവർഷമായി ജന്മിമാരുടേയും കുടിയാന്മാരുടേയും ഇടയിലുള്ള ക്ഷോഭത്തിനു ഈ ബിൽ നിമിത്തം തൽക്കാലത്തേക്കെങ്കിലും ഒരു ശമനം ഉണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിൽനിന്നു നടപ്പിലിരിക്കുന്ന നിയമത്തെക്കാൾ ഉത്തമമായ ഒരു നിയമം രൂപീകരിക്കാൻ ഈ സഭയ്ക്കു കഴിയുമെന്നു ഞാൻ പ്രത്യാശിക്കയും ചെയ്യുന്നു.

സഭ ലഘുഭക്ഷണത്തിനായി ൧ മണിക്കു പിരിയുകയും ൨ മണിക്കു വീണ്ടും കൂടുകയും ചെയ്തു. ഡിപ്പ്യൂട്ടിപ്രസിഡന്റ് അഗ്രാസനാധിപത്യം വഹിച്ചു.

മി. എ. ജി. മേനോൻ (പറവൂർ): പല അനൌദ്യോഗസ്ഥമെമ്പർമാരും ഈ വിഷയത്തെപ്പററി ദീർഘമായി പ്രസംഗിച്ചിട്ടുള്ളതിനാൽ ബില്ലിലെ വ്യവസ്ഥകളെപ്പററി ഞാൻ സവിസ്തരം പ്രസംഗിച്ചു സമയം കളയണമെന്നില്ല. ബില്ലിനെസംബന്ധിച്ചു എന്റെ നില എന്താണെന്നു സ്പഷ്ടമാക്കാൻ അല്പം ചില വാക്കുകൾ പറയണമെന്നേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ഈ വിഷയത്തെസംബന്ധിച്ചു ഒരു നക്കൽബില്ലുണ്ടാക്കി ഒരു റിപ്പോർട്ടു സമർപ്പിച്ചു. രാമൻതമ്പി കമ്മിററിയിൽ ഞാനും ഒരംഗമായിരുന്നു എന്നു നിങ്ങളിൽ പലർക്കും അറിയാമായിരിക്കുമല്ലോ. ആ റിപ്പോർട്ടു സമർപ്പിച്ചശേഷം ആ ബില്ലിനെപ്പററിയോ അതിലെ നിബന്ധനകളെപ്പററിയോ ജന്മിസാമാജികന്മാരുടെ എതിർ റിപ്പോർട്ടല്ലാതെ യാതൊരാക്ഷേപവും ഉണ്ടായിരുന്നില്ല. ചില്ലറക്കാര്യങ്ങളെപ്പററി ആക്ഷേപങ്ങളുണ്ടായിരുന്നു. എന്നാൽ ബില്ലിലെ വ്യവസ്ഥകളെപ്പററി ഇതുവരെ യാതൊരാക്ഷേപവും ഉണ്ടായിട്ടില്ല. ആ റിപ്പോർട്ടു സമർപ്പിച്ചശേഷം ഞാൻ ഈ സഭയിൽ രണ്ടുപ്രാവശ്യം മെമ്പറായിരുന്നു. ഗവണ്മെന്റിനെക്കൊണ്ടു ഒരു ബിൽ അവതരിപ്പിക്കാൻ ഞാൻ കഴിയുന്ന ശ്രമമെല്ലാം ചെയ്യുകയും ചെയ്തു. ഞങ്ങളിലാരെങ്കിലും ഒരു ബിൽ അവതരിപ്പിച്ചാൽ അതിനു വേണ്ടുന്ന വിഘ്നങ്ങളുണ്ടാക്കാൻ ഗവണ്മെന്റിനു പല മാർഗ്ഗങ്ങളുമുണ്ടല്ലോ. കമ്മിററിയുടെ ശിപാർശകൾ ഫലത്തിൽ കൊണ്ടുവരുന്നതിനു വേറെ മാർഗ്ഗവുമില്ലെന്നു കണ്ടപ്പോഴാണ് സഭമുമ്പാകെയുള്ള കാണപ്പാട്ടബിൽ ഞാൻ അവതരിപ്പിച്ചതു്. ഗവണ്മെന്റിന്റെ അപ്പോഴത്തെ ഭാവംകണ്ടു ഗവണ്മെന്റിന്റെ മനഃസ്ഥിതി അപ്പോഴും ൧൫, ൧൬ വർഷം മുമ്പുണ്ടായിരുന്നതുതന്നെയാണെന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുമല്ലോ. കമ്മിററിയുടെ നക്കൽബിൽ അടിസ്ഥാനമാക്കി ഒരു ബിൽ അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ വിഫലീഭവിപ്പിക്കാനായിരിക്കാം ഒരു റൌണ്ട്ടേബിൾ കാൺഫറൻസ് വിളിച്ചുകൂട്ടണമെന്നു—

ഡിപ്പ്യൂട്ടിപ്രസിഡന്റ്: നിങ്ങൾ പറയുന്നതു നടപടിക്രമാനുസരണമല്ല.

മി. എ. ജി. മേനോൻ (പറവൂർ): അങ്ങനെയായിരുന്നു അന്നെനിക്കു തോന്നിയതു്. പ്രസിഡണ്ടിന്റെ ഉദ്ദേശം ഉത്തമവിശ്വാസ്യമായിരുന്നു എന്നു പിന്നീടെനിക്കു മനസ്സിലായി. ഈ വിഷയത്തെസംബന്ധിച്ചു ബർക്കൻ ഹെഡ് ആക്ട് വായിക്കാൻ അദ്ദേഹം എന്നെ ഉപദേശിച്ചു. അദ്ദേഹം ഇവിടെ ഇപ്പോഴുണ്ടായിരുന്നെങ്കിൽ ഈ ബില്ലിനെസംബന്ധിച്ചുള്ള വാദപ്രതിവാദം വേറൊരുവിധത്തിലായിരുന്നേനെ. എങ്ങനെയെങ്കിലും റൌണ്ട്ടേബിൾ കാൺഫറൻസ് രൂപീകരിക്കപ്പെടുകയും പലവിധതാമസങ്ങൾ നേരിട്ടശേഷം ഞങ്ങളുടെ സമ്മേളനം നടക്കുകയും ചെയ്തു. എന്നെ ഈ സഭ തിരഞ്ഞെടുത്തില്ല എങ്കിലും എന്നെ ഒഴിക്കാൻ പാടില്ലെന്നു വിചാരിച്ചായിരിക്കാം സമ്മേളനത്തിനു ക്ഷണിച്ചു. യോഗത്തിന്റെ തീർച്ചകൾ തൃപ്തികരമല്ലെങ്കിൽ എന്റെ ഇഷ്ടംപോലെ പ്രവർത്തിപ്പാൻ എനിക്കു സ്വാതന്ത്ര്യം ഉണ്ടായിരിക്കുമെന്നുള്ള നിബന്ധനയോടുകൂടെ ഞാനും യോഗത്തിൽ ചേർന്നു. ജന്മികളും കുടിയാന്മാരും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ചുള്ള ചില പ്രധാന സംഗതികളായിരുന്നു യോഗത്തിന്റെ ആലോചനാവിഷയമായതു്. യോഗത്തിൽ തീർച്ചയാക്കിയതു ഒരു പുതിയ ബില്ലിൽ ഗവണ്മെന്റിനു യുക്തമെന്നു തോന്നുന്ന ഭേദഗതികളോടുകൂടെ അവതരിപ്പിക്കണമെന്നായിരുന്നു എന്നു കണ്ടു എനിക്കു മനസ്സിലായതു്. എന്റെ ബില്ലിന്റെ പ്രാരംഭ അദ്ധ്യായത്തിൽ വലിയ ഭേദങ്ങളൊന്നും ഉണ്ടാകയില്ലെന്നു ഞാൻ വിചാരിച്ചു. ആ അദ്ധ്യായത്തിൽ ജന്മം, കാണപ്പാട്ടം എന്നുള്ള പദങ്ങളുടെയും മററു പദങ്ങളുടെയും വിവരണം ആയിരുന്നു. ജന്മം, കാണപ്പാട്ടം എന്നീ പദങ്ങളെ സംബന്ധിച്ചു പലവിധികളും ചിലപ്പോൾ പരസ്പരവിരുദ്ധമായ വിധികൾ ഉണ്ടായിട്ടുണ്ട്. എന്റെ ബില്ലിൽ കൊടുത്ത വിവരണം അങ്ങനെ തന്നെ വെച്ചുകൊണ്ടിരിക്കേണ്ടതു സർവ്വപ്രധാനമായ ഒരു സംഗതി ആയിരുന്നു. അവയെ ഭേദപ്പെടുത്താൻ നമുക്കൊരവസരം കിട്ടുമോ എന്നു എനിക്കറിഞ്ഞുകൂടാ. ബില്ലിനെ വേണ്ടപോലെയെല്ലാം പരിശോധിച്ചു ഭേദഗതികൾ ചെയ്യുന്നതിനുള്ള അവകാശം ഗവണ്മെന്റു നമുക്കു തരുമെന്നു ഞാൻ വിശ്വസിക്കുന്നു. കഴിഞ്ഞ പലസംഭവങ്ങൾക്കുശേഷം ഈ ബിൽ കുടിയാന്മാർക്കോ ജന്മിക്കാർക്കോ അനുകൂലമെന്നു പറവാൻ ഞാൻ വിചാരിക്കുന്നില്ല

ജന്മിയുടേയും കുടിയാന്റേയും ദൃഷ്ടിപഥത്തിൽനിന്നു അതിനെപ്പറ്റി ഈ സഭയിൽ വേണ്ടുവോളം വാദപ്രതിവാദം നടന്നുവല്ലോ.

എന്തായാലും നമ്മുടെമുമ്പാകെ ഒരു ബില്ല് അവതരിപ്പിച്ചിട്ടുണ്ട്. അത് മുമ്പോട്ടു കൊണ്ടുപോകേണ്ടത് നമ്മുടെ ധർമ്മമാകുന്നു. ജന്മികളുടെ കൈവശമുള്ള ഭൂമികളെ സംബന്ധിച്ച ബില്ലിൽ യാതൊന്നും പ്രസ്താവിച്ചിട്ടില്ലെന്നു ഒരു പരാതിയുണ്ട്. ഞാൻ മുമ്പുപറഞ്ഞ അന്വേഷണവും റിപ്പോർട്ടിൽ അതിനെപ്പറ്റി പ്രസ്താവമൊന്നുമില്ലാതിരുന്നതിനാലാകുന്നു അതിനുണ്ടായ പ്രയാസം. ഭൂമി ജന്മികൈവശങ്ങളെന്നുള്ളതുകൊണ്ട് ഇതൊരു തർക്കമാണെന്നു കരുതി പ്രവർത്തിക്കരുത്. റൗണ്ട്ടേബിൾ യോഗത്തിൽവെച്ചുണ്ടാക്കിയ തീർച്ചകൾ ഓരോവ്യക്തികളുടെ തീർച്ചയല്ല. ചില പ്രധാന സംഗതികളിൽ ഞാൻ അവയോടു യോജിക്കുന്നില്ലെന്നു ഞാൻ ഇവിടെ പ്രസ്താവിക്കാൻ മടിക്കുന്നില്ല. ഈ ബില്ലിന്റെ ന്യൂനതകൾ എന്തെല്ലാമായിരുന്നാലും അത് മുമ്പോട്ടു കൊണ്ടുപോകയാണ് വേണ്ടതെന്നു ഞാൻ എന്റെ സഹപ്രവർത്തകന്മാരെ ഉപദേശിച്ചുകൊള്ളുന്നു. ഗവണ്മെന്റുതന്നെ ഈ ബിൽ അവതരിപ്പിച്ചതു നമ്മുടെ ഭാഗ്യമാണ്. ഗവണ്മെന്റിന്റെ കഴിഞ്ഞ ... കൊല്ലത്തെ ഭാവം ആലോചിച്ചാൽ, ഇപ്പോഴിങ്ങനെയൊരു ബിൽ കിട്ടിയതു നാം ഉപേക്ഷിക്കുന്നതു ബുദ്ധിപൂർവ്വമായി ചെയ്യുന്ന ഒരു കാര്യമല്ല. എന്റെ ബിൽ സഭയിൽ അവതരിപ്പിച്ചപ്പോൾ അതിനെന്തുസംഭവിച്ചു എന്നു നിങ്ങൾക്കറിയാമല്ലോ. ഞാൻ മുമ്പു പ്രസ്താവിച്ചപ്രകാരം ഒരു നിയമമുണ്ടാക്കാനുള്ള പരിശ്രമത്തെ വിഫലീകരിക്കാൻ ഗവണ്മെന്റിനു പല മാർഗ്ഗങ്ങളുമുണ്ട്. അതുകൊണ്ടു സഭാമുമ്പാകെയുള്ള പ്രമേയത്തിന്നനുകൂലമായി വോട്ടുചെയ്യണമെന്നു ഞാൻ എന്റെ സ്നേഹിതന്മാരോടു താല്പര്യമായി അപേക്ഷിച്ചുകൊള്ളുന്നു.

മി. കെ. മാധവൻ (ഗവണ്മെന്റു നിയമനം): ഉത്തരതിരുവിതാംകൂർ ജന്മികുടിയാന്മാരുടെ അഭിപ്രായങ്ങളെ ഇവിടെ പല മെമ്പർമാർ പ്രസ്താവിക്കയുണ്ടായി. എന്നാൽ അവരിൽ ചിലർമാത്രമേ ദക്ഷിണ തിരുവിതാംകൂർകാരുടെ സ്ഥിതിയെപ്പറ്റി സംസാരിച്ചുള്ളു. അതെപ്രകാരമാണെന്നു എന്നോടു ചോദിക്കയുണ്ടായി. ഉത്തരതിരുവിതാംകൂറിനും ദക്ഷിണതിരുവിതാംകൂറിനും പല വ്യത്യാസങ്ങൾ ഉണ്ട്. ഒന്നാമതു ദക്ഷിണതിരുവിതാംകൂറിനും ഉത്തരതിരുവിതാംകൂറിനും ഉള്ള വ്യത്യാസങ്ങളെപ്പറ്റി പറയാം. ദക്ഷിണതിരുവിതാംകൂറിൽ വൃക്ഷങ്ങൾ നടുന്ന കുടിയാന്മാർ വളരെ കഷ്ടപ്പെടണം. ഉത്തരതിരുവിതാംകൂറിൽ വൃക്ഷങ്ങൾ താനെവളരും. ദക്ഷിണതിരുവിതാംകൂറിൽ ഒരു വൃക്ഷം നട്ടുവളർത്തണമെങ്കിൽ ആ കുടിയാൻ ഒന്നോ രണ്ടോ മൂന്നോ നാഴിക ദൂരത്തുപോയി വെള്ളംകൊണ്ടുവന്നു ഒഴിച്ചുവളർത്തണം. ഇങ്ങനെ കഷ്ടപ്പെട്ടു വളർത്തിയാലും കുടിയാനു അതുകൊണ്ടു പ്രയോജനമൊന്നുമില്ല. ഇതിനുംപുറമേ ദക്ഷിണതിരുവിതാംകൂർ കുടിയാൻ ജന്മിമാർക്കും ഉത്തരതിരുവിതാംകൂർ ജന്മികുടിയാന്മാർക്കും ധാരാളം വ്യത്യാസമുണ്ട്. ഇവിടെ എല്ലാകാര്യത്തിലും ജന്മിമാരുടെ അഭിപ്രായപ്രകാരമല്ലാതെ കുടിയാന്മാരുടെ അഭിപ്രായപ്രകാരം ഒന്നുംചെയ്യാൻ കഴികയില്ല. അതുകൊണ്ടു ആർക്കും ഇതിനെതിരായി അഭിപ്രായംപറയാൻ കഴികയില്ല. ചില സ്ഥലങ്ങളിൽ കുടിയാന്മാർ വൃക്ഷങ്ങൾ നട്ടുവളർത്തിട്ടുണ്ട്, മരങ്ങൾ നട്ടുവളർത്തിയകാരണത്താൽ സെന്റിനു പത്തുരൂപ വിലകിട്ടുമെങ്കിൽ മരങ്ങൾ ഇല്ലാത്തസ്ഥലങ്ങൾക്കു സെന്റിനു കാൽരൂപ പോലും വിലമതിക്കയില്ല. കുടിയാന്മാർ ഓരോവർഷവും പലവിധകഷ്ടങ്ങൾ അനുഭവിച്ചുവരുന്നുണ്ടെന്നു ഈ സിലക്ട്കമ്മിറ്റിക്കു അറിയാമെന്നു വിശ്വസിക്കുന്നു. ജന്മികളുടെ നിലങ്ങൾ കുടിയാന്മാർ ധാരാളം പണം കടംവാങ്ങി ചെലവുചെയ്തു കൃഷിചെയ്യാൻ തക്കസ്ഥിതിയിലാക്കിക്കൊണ്ടുവന്നാലും കുടിയാനവന്മാർക്കു വളരെ കുറഞ്ഞ ഒരു ആദായമേ കിട്ടുകയുള്ളു. ഇതിനു അധികം പാട്ടവും കൊടുക്കണം. കൂടുതൽപാട്ടം കൊടുക്കേണ്ടിവരുന്നതിനാൽ കുടിയാന്മാർ സ്ഥലംവിട്ടുപോകേണ്ടിവരുന്നു. ഉത്തരതിരുവിതാംകൂറിൽ മഴ ധാരാളം ഉണ്ട്. ദക്ഷിണതിരുവിതാംകൂറിൽ മഴകുറവാണ്. വടക്കൻ തിരുവിതാംകൂറിൽ നിലം സമമാക്കാതെ എല്ലാകൃഷിയും ചെയ്യാം. തെക്കൻതിരുവിതാംകൂറിൽ അങ്ങനെയല്ല. നിലം സമമാക്കിയിട്ടേ എല്ലായ്പോഴും കൃഷിചെയ്യാൻ സാധിക്കയുള്ളു. തെക്കൻതിരുവിതാംകൂറിൽ ഇങ്ങനെ കഷ്ടപ്പെട്ടു നിലത്തെ അഭിവൃദ്ധിപ്പെടുത്തിയാലും ചിലപ്പോൾ ജന്മിക്കുകൊടുക്കേണ്ടുന്ന പാട്ടം വരുമാനത്തേക്കാൾ അധികമാകുന്നു. അതുകൊണ്ടു സിലക്ട്കമ്മിറ്റിക്കാർ വടക്കൻതിരുവിതാംകൂറിലെ ഭൂമികളുടെ സ്ഥിതിയും ആദായവും മനസ്സിൽവച്ചുകൊണ്ടു ഒന്നുംചെയ്യരുത്. തെക്കൻതിരുവിതാംകൂറിന്റെ സ്ഥിതിയും ആലോചിച്ചു അവിടത്തെനിലം പുരയിടങ്ങൾക്കു ജന്മിക്കു കുറഞ്ഞരീതിയിൽ പാട്ടം കൊടുത്താൽ മതിയെന്നു അവർ തീരുമാനിക്കേണ്ടതാകുന്നു. ചില സ്ഥലങ്ങളിൽ ജന്മിക്കുകൊടുക്കാനുള്ളതു കൊടുക്കാൻ മതിയായവരുമാനം ഇല്ലാത്തതിനാൽ അങ്ങനെയുള്ള സ്ഥലങ്ങൾ വിട്ടുകളയാനാണു ആലോചിക്കുന്നതു.

തെക്കൻതിരുവിതാംകൂറിൽ പുഞ്ചനിലത്തിന്റെ ആദായത്തേക്കാൾ വളരെ കുറവാണു നഞ്ചനിലത്തിന്റെ വരവു. ചിലസ്ഥലങ്ങളിൽ നഞ്ചനിലങ്ങൾ കൃഷിചെയ്യുന്നതിനുള്ള ചിലവുതന്നെ ആദായത്തേക്കാൾ അധികമാകുന്നു. ചിലകാലങ്ങളിൽ ഈ നിലങ്ങളിൽ വിളവൊന്നും ഉണ്ടാകാതെതന്നെപോകും. അക്കാലങ്ങളിൽ സർക്കാർകരം കുറയ്ക്കണം. മറ്റുവകപാട്ടം കുറച്ചുകിട്ടുകയില്ല.

മരങ്ങൾ ഒരുകാലത്തു വെള്ളംകൊണ്ടുവന്നു ഒഴിച്ചുവളർത്തിയവയാകുന്നു. ഇപ്പോൾ പേച്ചിപ്പാറ അണയിലെ വെള്ളംവന്നതുകൊണ്ടു മരങ്ങൾ വേരുകൾ കെട്ടു ഉണങ്ങിപ്പോകുന്നു. ചിലമരങ്ങൾ വേരോടെ പിഴുതുവീണുപോകുന്നു. ഇങ്ങനെയുള്ള മരങ്ങളുടെ ഒരു കൊമ്പുപോലും ജന്മിയുടെ അനുവാദമില്ലാതെ മുറിക്കാൻപാടില്ല.

ഇതുകൂടാതെ ദക്ഷിണതിരുവിതാംകൂറിൽ ഉത്തരതിരുവിതാംകൂറിലെപ്പോലെ ഫലവൃക്ഷങ്ങൾ ഇല്ല. അതുകൊണ്ടു വൃക്ഷങ്ങളിൽനിന്നു അധികമായ വരുമാനം ഇല്ല.

മേൽവിവരിച്ച പല കാരണങ്ങളാൽ തെക്കൻതിരുവിതാംകൂറിലെ ഭൂമികളുടെ ആദായം ഉത്തരതിരുവിതാംകൂറിലെ ഭൂമികളുടെ ആദായത്തേക്കാൾ കുറവായതുകൊണ്ടു സിലക്ട്കമ്മിറ്റി തെക്കൻതിരുവിതാംകൂറിലെ കൃഷിയുടെ ആവശ്യക്കൂടുതലും കുറവും ആലോചിച്ചു പ്രവൃത്തിക്കണമെന്നു കാണിക്കുന്ന എന്റെ അഭിപ്രായത്തെ കമ്മിറ്റി മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. ഇങ്ങനെ എന്റെ അഭിപ്രായപ്രകടനം അവസാനിപ്പിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഈ ബില്ല് സിലക്ട് കമ്മിറ്റിക്കു ആലോചനയ്ക്കു കൊടുക്കേണ്ടതാണെന്നു ഈ സഭയിൽ പൊതുവായി അഭിപ്രായമുണ്ടെന്നു സ്പഷ്ടമാ

യികാണുന്നുണ്ട്. ആ സ്ഥിതിക്കു ജന്മിഭാഗത്തുനിന്നും കുടിയാൻഭാഗത്തുനിന്നും പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങൾക്കു ഞാൻ സവിസ്തരംസമാധാനം പറയണമെന്നില്ല. കുടിയാന്മാർ ആഗ്രഹിച്ചതോ പ്രതീക്ഷിച്ചതോ എല്ലാം അവർക്കു കിട്ടിട്ടില്ലെന്നു അവരെപ്പോലെ എനിക്കും ബോധമുണ്ടു. ബില്ലിൽ ചേർത്തിട്ടുള്ള തീർച്ചകൾ കൊണ്ടു ജന്മിമാരുടെ ആവശ്യങ്ങളെല്ലാം നിവൃത്തിച്ചിട്ടില്ലെന്നു, അല്ലെങ്കിൽ മി. ഇട്ടൻനമ്പൂതിരിപ്പാടു പ്രസ്താവിച്ചപ്രകാരം അവരുടെ സങ്കടങ്ങൾക്കെല്ലാം പരിഹാരം ഉണ്ടാക്കീട്ടില്ലെന്നു ജന്മിമാർ വിചാരിക്കുമ്പോലെ ഞാനും വിചാരിക്കുന്നു. എന്നാൽ ഇതു ഒരു ഭാഗത്തു ഗവൺമെന്റും മറുഭാഗത്തു ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ഒരു ഉടമ്പാടു അല്ലെന്നും ഗവൺമെന്റിന്റെ ദൃഷ്ടിയിൽ സമന്മാരായ ജന്മിമാരും കുടിയാന്മാരും തമ്മിലുള്ള ഒരിടപാടാണെന്നും കുടിയാന്മാരും ജന്മിമാരും ഗ്രഹിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. അതുകൊണ്ടു തമ്മിൽ യോജിച്ചിട്ടു എന്തെല്ലാം കാര്യങ്ങൾ ഇരുകക്ഷികൾക്കും സാദ്ധ്യമാക്കാൻ കഴിയുമോ അതെല്ലാം ഈ ബില്ലുകൊണ്ടു സാധിക്കണം എന്നാണു ഞാൻ നോക്കേണ്ടിയിരുന്നതു. അനുദ്യോഗസ്ഥമെമ്പർമാരിൽ ചിലർ ഉദാഹരണമായി മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചപ്രകാരം യോഗത്തിന്റെ തീർച്ചകൾ യോജിപ്പിനാൽ സാധിക്കാവുന്ന എല്ലാ കാര്യങ്ങളിലുമുള്ള തീർച്ചകളാണ്. ആ തീർച്ചകളെല്ലാം ഈ ബില്ലിൽ വിശ്വസ്തതയോടെ ഉൾപ്പെടുത്തിട്ടുമുണ്ടു. തീർച്ചകളെല്ലാം ഉൾപ്പെടുത്തീട്ടുള്ളതു ഒരു ഭേദഗതി ബില്ലിലായാലും ഒരു പുതിയ ബില്ലിലായാലും ഈ ബില്ലിൽ അങ്ങനെയുള്ള തീർച്ചകളെല്ലാം ഉൾപ്പെടുത്തീട്ടുണ്ടെന്നുള്ളതു നിഷേധിക്കാൻ കഴികയില്ല. ഏതെങ്കിലും ഒരു തീർച്ച ഉൾപ്പെടുത്തീട്ടില്ലാത്തതായും ആർക്കും ചൂണ്ടിക്കാണിക്കാനും സാധിക്കയില്ല. വാചകങ്ങളുടെ രചനയിൽ വല്ല വ്യത്യാസങ്ങളും വന്നിട്ടുണ്ടായിരിക്കാം. യോഗത്തിൽ ഉണ്ടാക്കിയ ഏതെങ്കിലും തീർച്ചകൾ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബില്ലിൽ ചേർക്കാതെ വിട്ടുകളഞ്ഞിട്ടുണ്ടെന്നു ആരും ഇന്നു പ്രസ്താവിച്ചിട്ടില്ലാത്തതിനാൽ അതൊരു വലിയ കാര്യമായി വിചാരിക്കാനില്ല.

സഭയുടെ ആലോചനയ്ക്കു വേറൊരു സംഗതിയും പറയാനുണ്ട്. ബില്ലിൻപ്രകാരം അനേകം ഭേദഗതികൾ ചെയ്യാനുണ്ട്. ഇവ അന്യോന്യയോജിപ്പനുസരിച്ചു ഉണ്ടാക്കുന്നതാകയാൽ പ്രതിനിധികളെ തിരഞ്ഞെടുത്ത ഈ സഭയേയും ജന്മിപ്രതിനിധികളെ തിരഞ്ഞെടുത്ത ജന്മിനിയോജകമണ്ഡലത്തെയും ഹൃദയപൂർവം അനുമോദിക്കേണ്ടതാകുന്നു എന്നു എനിക്കു തോന്നുന്നു. ഇരുകക്ഷികളും ആഗ്രഹിക്കുന്നിടത്തോളം അവർക്കു സാദ്ധ്യമായിട്ടില്ല. എങ്കിലും അവർ പലകാര്യങ്ങൾ സാദ്ധ്യമാക്കീട്ടുണ്ടു. അതു സാധിച്ചതു അവർ യോജിച്ചതുമൂലമാകുന്നു. അതുകൊണ്ടു ഇരുകക്ഷികളുടെയും പ്രതിനിധികൾ പൊതുക്ഷേമത്തിനു ഗുണകരമായ ഒരു വലിയ കാര്യമല്ലേ നിവൃത്തിച്ചതു?

അവരുടെ പ്രവൃത്തിയെ നിസ്സാരമാക്കുന്നതു പശ്ചാത്താപംകൊണ്ടു തീരാത്ത മഹാപാപം ആയിരിക്കും. വളരെ വിഷമമായ ഒരു സന്ദർഭത്തിൽ ഇരുകക്ഷികളും വലിയ ഉത്സാഹവും ക്ഷമയും പ്രദർശിപ്പിച്ചു എന്നു എനിക്കുതന്നെ സാക്ഷ്യം പറവാൻ കഴിയും. ഈ ബിൽ അന്യോന്യയോജിപ്പിന്റെ ഫലമാകയാൽ അതു പ്രസാദത്തോടെ സ്വീകരിക്കേണ്ടതാകുന്നു, എന്തെന്നാൽ ഇതു ഏറ്റവും വൈഷമ്യമുള്ള ഒരു വിഷയത്തിന്റെ പ്രായോഗികമായ ഉത്തമപരിഹാരമാകുന്നു. ബിൽ പരിശോധിച്ചു അങ്ങുമിങ്ങും ഭേദിവരുത്താനുണ്ടായിരിക്കാം. എന്നാൽ ഈ ബില്ലിലെ വ്യവസ്ഥകൾക്കപ്പുറം ഇരുകക്ഷികളും സമ്മതിക്കയോ അവർക്കു ലഭിക്കയോ ചെയ്കയില്ല. ഈ ബില്ലാകുന്നു ഉടനെ കിട്ടാവുന്ന നിവൃത്തി എന്നുവെച്ചു സ്വീകരിക്കേണ്ടതാകുന്നു. അവരവരുടെ ആഗ്രഹനിവൃത്തിക്കു ജന്മികളും കുടിയാന്മാരും മേലാലും ക്ഷോഭം നടത്തിക്കൊണ്ടിരിക്കാനിടയുണ്ടു. ഭാവിയിൽ വേറെ ബില്ലുകളും അവതരിപ്പിച്ചു എന്നും വരാം. എന്നാലിപ്പോൾ യോഗം സാധിപ്പിച്ചതിനെ ഉത്തമമായ രീതിയിൽ സഭ പ്രയോജനപ്പെടുത്തണം.

ഡിപ്യൂട്ടി പ്രസിഡന്റ്: ഈ പ്രമേയം സഭയുടെ വോട്ടിനു വെയ്ക്കുന്നതിനു മുമ്പായി അല്പം ചില വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. കുടിയാൻനിയമം ലോകത്തൊട്ടുക്കു വലിയ കലഹങ്ങൾക്കു കാരണമായിരുന്നിരിക്കെ തിരുവിതാംകൂറിൽ അനേകവർഷങ്ങളായി കാണഭൂമികളിന്മേൽ കുടിയാന്മാർക്കുള്ള അവകാശം ഒരുവിധം അവർക്കു സ്ഥിരമായി ലഭിച്ചിട്ടുണ്ടെന്നുള്ള സംഗതി ആദ്യമായി നാം സ്മരിക്കേണ്ടതാകുന്നു. മലബാറിലെ കുടിയാന്മാർ അവരുടെ ഉദ്ദിഷ്ടഫലം ലഭിക്കാതെ ഇപ്പോഴും പൊരുതുന്നതേയുള്ളൂ. കന്യാകുമാരിയിൽനിന്നു മലബാറിലേക്കു സഞ്ചരിച്ചാൽ വടക്കോട്ടു പോകുന്തോറും കുടിയാന്മാർ ബുദ്ധിസാമർത്ഥ്യത്തിൽ കുറഞ്ഞു കുറഞ്ഞാണു കാണുന്നതെന്നു ഒരു മാന്യൻ ഒരു സംഭാഷണത്തിൽ എന്നോടു പറകയുണ്ടായി. അതായതു മലബാറിലെ കുടിയാന്മാർ അവരുടെ ബുദ്ധിയും പരിഷ്കാരവും സ്വാധീനശക്തിയും ഉള്ള കുലീനന്മാരായ ജന്മിമാരുടെ സന്നിധിയിൽ ഗതിഹീനന്മാരാണു. എന്നാൽ തെക്കുള്ള കുടിയാന്മാർ അവരുടെ ബുദ്ധിസാമർത്ഥ്യവും ഐകമത്യശക്തിയുംകൊണ്ടാണ് ഇത്രത്തോളം വിജയികളായി തീർന്നിട്ടുള്ളതു എന്നു പറഞ്ഞു അദ്ദേഹം അവരെ അഭിനന്ദിച്ചു. ജനസംഖ്യയുടെ വർദ്ധനവോടുകൂടി കുടിയാന്മാർ തങ്ങളുടെ കൈവശമുള്ള ഭൂമികളെസംബന്ധിച്ചു പണവും അദ്ധ്വാനവും വ്യയം ചെയ്യണമെങ്കിൽ തങ്ങളുടെ അവകാശം സ്ഥിരമാകണമെന്നു വിചാരിച്ചുവരുന്നു. മുൻകാലങ്ങളിൽ ഗവൺമെന്റുകൾ, പൊതുഗുണത്തിനുവേണ്ടി ഉടമ്പടികൾമൂലം ഉണ്ടായിട്ടുള്ള അവകാശങ്ങളെ നിയമംമൂലം അവസാനിപ്പിച്ചിട്ടുണ്ട്. കുറെക്കാലം മുമ്പു കുടിയാൻ പ്രതിഫലബിൽ ഈ സഭയിൽ ആലോചനയ്ക്കു വന്നപ്പോൾ ഒന്നുരണ്ടു പേരൊഴിച്ചു മി. നീലകണ്ഠപ്പിള്ള എപ്പോഴും ഒരേ അഭിപ്രായക്കാരനായിരുന്നു. സാമാന്യം എല്ലാ മെമ്പർമാരും ഉടമ്പടികളെ ഏതു നിലയിലും ബഹുമാനിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിരുന്നു. മേലാൽ നിയമങ്ങൾ നിർമ്മിക്കുമ്പോൾ ആ അഭിപ്രായം മനസ്സിൽ വെച്ചിരിക്കേണ്ടതാകുന്നു. അങ്ങനെ വരുമ്പോൾ രാജ്യത്തിന്റെ പൊതുവേയുള്ള ഗുണത്തിനു കൃഷിക്കാർക്കും കുടിയാന്മാർക്കും ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കണമെന്നുവന്നാൽ ജന്മിമാർക്കു ഉടമ്പടിമൂലം സിദ്ധിച്ചിട്ടുള്ള അവകാശങ്ങൾ അവർക്കു ശാശ്വതമായി കൊടുക്കേണ്ടതാണോ എന്നൊരു ചോദ്യം ഉത്ഭവിക്കുന്നു. ദീർഘകാലത്തെ ഉടമ്പടികളെ ബഹുമാനിക്കേണ്ടതു അലംഘനീയമാണെന്നു നിങ്ങൾ വിചാരിക്കയും എന്നാൽ കുടിയാന്മാർക്കു ചില ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിനു ആ ഉടമ്പടികളുടെ വ്യാപ്തിയിൽനിന്നു ചില അവകാശങ്ങൾ എടുത്തുകളയുന്നതു പൊതുഗുണത്തിനു ആവശ്യമാണെന്നു നിങ്ങൾക്കു തോന്നുകയും ചെയ്താൽ സ്വീകാര്യമായി രണ്ടു മാർഗ്ഗങ്ങളേയുള്ളൂ. ഒന്നുകിൽ സോവിയറ്റ് റഷ്യയിലെപ്പോലെ—അതാണു സമുദായഗുണവാദികളുടെ പരമോദ്ദേശം—സ്വത്തുക്കൾ കണ്ടുകെട്ടി പൊതുസ്വത്താക്കണം; അല്ലെങ്കിൽ മതിയായ പ്രതിഫലം കൊടുത്തു ആ അ

വകാശങ്ങളെ തീരുവാങ്ങണം. ഭേദഗതിയെക്കാൾ ദോഷം കുറഞ്ഞ മാർഗ്ഗം. അയർലണ്ടിൽ കുടിയാന്മാർ കലഹമുണ്ടാക്കിയപ്പോൾ ബ്രിട്ടീഷ് ഗവണ്മെന്റ സ്വീകരിച്ച നയം ഇതാകുന്നു. മററു രാജ്യങ്ങളിലും കുടിയാന്മാർ തങ്ങളുടെ അവകാശം സ്ഥിരമാക്കണമെന്നും ജന്മിമാർക്കു പ്രവേശനം ഇല്ലാതാക്കണമെന്നും ശഠിച്ചപ്പോൾ ഈ നയംതന്നെയാകുന്നു ഗവണ്മെന്റുകൾ സ്വീകരിച്ചതു. ഇവിടേയും ഇപ്പോൾ ആ ചോദ്യംതന്നെയാണുള്ളത്. "ഈ രാജ്യത്തിന്റെ പൂർവ്വചരിത്രം നോക്കിയാൽ കുടിയാനാണ ജന്മി, ജന്മിയെ ഒരിടത്തും കാണുകയില്ല" എന്നു നിങ്ങളിൽ പലരും പറഞ്ഞു. നിർഭാഗ്യവശാൽ ഉണ്ടായ ആ തെററാകുന്നു കുടിയാൻ നിയമം നിർമ്മിക്കുന്നതിനുണ്ടായ താമസത്തിനു കാരണം എന്നു പഴയ കമ്മിററിയോടുള്ള എന്റെ ബഹുമാനത്തിനു ഒട്ടും കുറവുവരാതെ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഒരു ശതവർഷത്തിനു മുമ്പുണ്ടായ ഒരു സംഭവത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു കുടിയാനാണ ജന്മി എന്നു പറയുന്നതുകൊണ്ടു യാതൊരു പ്രയോജനവുമില്ല. 'ജന്മിയാണു ഉടമസ്ഥൻ, കാണപ്പാട്ടകുടിയാൻ വെറും കുടിയാനാണ' എന്നു സമ്മതിച്ചുകൊണ്ടാണു നാം ഒരു ശതവർഷത്തിലധികം പ്രവർത്തിച്ചിട്ടുള്ളതും കുടിയാനു ഒരു സ്ഥിരാവകാശം കൊടുക്കുന്നതിനു ജന്മിക്കു ചില അവകാശങ്ങളുണ്ടെന്നു സമ്മതിച്ചിട്ടുള്ളതും. തനിക്കു കിട്ടാനുള്ള പണങ്ങൾ വസൂലാക്കാൻ ജന്മിയെ സഹായിക്കുന്നതെങ്ങിനെ? ഉത്തരവാദിത്വബോധമില്ലാത്ത ജന്മിമാർ അനാവശ്യമായി ഉപദ്രവിക്കാതിരിക്കത്തക്കവണ്ണം കുടിയാന്മാരുടെ സ്ഥിതി നന്നാക്കുന്നതെങ്ങിനെ? ഇവമാത്രമാകുന്നു സഭയുടെമുമ്പാകെയുള്ള ചോദ്യങ്ങൾ. തിരുവിതാംകൂർകാരുടെ മനഃസ്ഥിതി കേവലം മറിഞ്ഞുപോയിട്ടില്ലെങ്കിൽ നിങ്ങളിപ്പോൾ എല്ലാം പുറകോട്ടു തിരിച്ചുമറിക്കാൻ പുറപ്പെട്ടിരിക്കയാണെന്ന് എനിക്കു വിശ്വസിപ്പാൻ കഴികയില്ല. കുടിയാന്മാർക്കു സങ്കടങ്ങളുണ്ടെങ്കിൽ ആ സങ്കടങ്ങൾക്കു നിവാരണം ഉണ്ടാക്കേണ്ടതു നിയമസഭയുടെ ധർമ്മമാകുന്നു. മിസ്റ്റർ ആർ. ശങ്കരനും വേറൊരു മെമ്പറും തങ്ങൾ കുടിയാന്മാരുടെമാത്രമല്ല ജന്മിമാരുടെയും പ്രതിനിധികളാകുന്നു എന്നു പറകയുണ്ടായി. തത്വശാസ്ത്രദൃഷ്ട്യാ അതു ശരിയാണ്. എന്നാൽ നിയമസഭയ്ക്കു പ്രതിനിധികളെ അയക്കാനുള്ള കഴിവുനോക്കിയാൽ ജന്മിമാർ യഥാർത്ഥത്തിൽ ന്യൂനപക്ഷക്കാരാണ്. ഒരു നിയമസഭയുടെ സ്ഥാപനത്തിനു നീതീകരണവും അതിൽ മനുഷ്യർക്കു വിശ്വാസവും വേണമെങ്കിൽ അതു ന്യൂനപക്ഷക്കാരുടെ ഗുണവും നോക്കുന്നതായിരിക്കണം. കുറെ ജന്മിമാരെ കൂടെ നിയമസഭയിൽ നിയമിച്ചാലും ഒരു കാര്യം തീർച്ചയാക്കുന്നതിനു വോട്ടിടുമ്പോൾ ജന്മിമാരെ ഒരിടത്തും കാണുകയില്ല. നാം മദ്ധ്യമവർഗ്ഗക്കാരാണ്. അതുകൊണ്ടു കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു യാതൊന്നും ചെയ്യാതെ കയ്യടക്കുമ്പോൾ വിളവിന്റെ അധികഭാഗവും എടുത്തുകൊണ്ടുപോകുന്ന ജന്മിമാരെപ്പററി നമുക്കു വിപരീതാഭിപ്രായം സ്വാഭാവികമായി ഉണ്ടാകാം. അതുകൊണ്ടു കാര്യങ്ങൾ വോട്ടിന്റെ ബലംകൊണ്ടു തീർച്ചയാക്കേണ്ടിവരുമ്പോൾ സഭയുടെ ഈ ഭാഗത്തുള്ളവർ മദ്ധ്യമവർഗ്ഗക്കാരിൽപെട്ടവരാണെങ്കിലും ന്യൂനപക്ഷക്കാരുടെ ഗുണം നോക്കാൻ കടപ്പെട്ടവരാകുന്നു. അതിനാൽ മിസ്റ്റർ ദാമോദരൻ ആശാനും അവിടെയിരിക്കുന്ന വേറൊരു സ്നേഹിതനും അവർ ഇവിടെ വന്നിരിക്കുന്നതു ജന്മിക്കും കുടിയാനും നീതിചെയ്യാനാണെന്നും അവർ കുടിയാന്മാരുടെ പ്രതിനിധികൾമാത്രമല്ലെന്നും പറഞ്ഞതു എനിക്കു വളരെ ഹൃദ്യമായിരിക്കുന്നു. അതു രാജ്യത്തിനു ശുഭമായ ഒരു ഭാവിയെ സൂചിപ്പിക്കുന്നു.

എന്നാൽ മി. താണുപിള്ളയേയും മി. കെ. പി. നീലകണ്ഠപിള്ളയേയും ഈ സഭ തിരഞ്ഞെടുത്തയച്ചതു കുടിയാന്മാരുടെ പ്രതിനിധികളായിട്ടല്ലെന്നു മി. ആശാൻ പ്രസ്താവിച്ചതു കേവലം അനഭിലഷണീയമായിട്ട് എനിക്കു തോന്നി. അതു അത്ഭുതമായ തെററുതന്നെയായിരുന്നു. റൌണ്ട് ടേബിൾ കാൺഫറൻസിന്റെ ശിപാർശകളെ വകവയ്ക്കാതിരിക്കാൻ ഈ സഭയ്ക്കു അധികാരമുണ്ട്. എന്നാൽ ഒരു റൌണ്ട് ടേബിൾ കാൺഫറൻസിൽ ആളുകൾ ചുരുക്കവും മനസ്ഥിതി അധികം സമാധാനപരവും ആണെന്നു നാം ഓർമ്മിക്കണം. തങ്ങളുടെ ഓഹരിവാങ്ങീട്ടേ പോകയുള്ളൂ എന്നുള്ള നിർണ്ണയത്തോടുകൂടെയല്ല മനുഷ്യർ അങ്ങനെയുള്ള യോഗങ്ങളിൽ ഹാജരാകുന്നതു. ചിലതെല്ലാം നേടിക്കാനും ചിലതെല്ലാം വിട്ടുകൊടുക്കാനും അവർ തയ്യാറായിരിക്കും. നിയമനിർമ്മാണം ഉൾപ്പെടെ എല്ലാത്തരം പ്രവൃത്തികളിലും സ്വരച്ചേർച്ച ഇതാവശ്യമാകുന്നു. ഇത്രയധികം വിവാദത്തിനു വഴിയുള്ള ഈ ബിൽ ഒരു യോഗംവിളിച്ചുകൂട്ടി തീർച്ചയാക്കുന്നതിനു ഗവണ്മെന്റു ഒരു യോഗം വിളിച്ചുകൂട്ടിയതു എത്രയോ ബുദ്ധിപൂർവ്വകമാണെന്ന് എനിക്കു തോന്നുന്നു. എനിക്കും ആ യോഗത്തിൽ ഹാജരായിരിക്കാനുള്ള ഭാഗ്യം ഉണ്ടായി. കുടിയാന്മാരുടെ ഭാഗം വാദിപ്പാൻ മി. താണുപിള്ളയേയും മി. നീലകണ്ഠപിള്ളയേയുംകാൾ സാമർത്ഥ്യവും പരിചയവും ബുദ്ധിയുമുള്ള വേറെ രണ്ടുപേരെ തിരഞ്ഞെടുത്തയക്കാൻ ഈ സഭയ്ക്കു കഴികയില്ലായിരുന്നു എന്നാണ് എനിക്കു തോന്നിയതു. സഭ ആ പ്രതിനിധികളോട് ആജ്ഞാപിച്ചയച്ചതെന്തായിരുന്നു. ആ ആജ്ഞയുടെ സാരം "ന്യായബോധത്തോടെ പെരുമാറണം" എന്നായിരുന്നു. കുടിയാന്മാർക്കുവേണ്ടി അവർ പോരാടിയവിധവും അവർ പ്രദർശിപ്പിച്ച ന്യായബോധവും മനോഹരമായിരുന്നു. ചില കാര്യങ്ങൾ വിട്ടുകൊടുത്തില്ലെങ്കിൽ കാര്യങ്ങൾ മുമ്പോട്ടുപോകയില്ലെന്നു കണ്ടപ്പോൾ അവർ വിട്ടുകൊടുത്തു. ഈ സഭയിൽനിന്നു തങ്ങളെ തിരഞ്ഞെടുത്തവർ അവർ യോഗത്തിൽചെയ്ത വേലയെ അഭിനന്ദിച്ചില്ലെങ്കിൽ അവർ അശേഷം അതൃപ്തിപ്പെട്ടിട്ടാവശ്യം ഇല്ലെന്നു ഞാൻ എന്റെ ആ സ്നേഹിതന്മാരോടു പറഞ്ഞുകൊള്ളുന്നു. പൊതുജനത്തിനുവേണ്ടി ചെയ്യുന്ന ജോലിക്കു ആരും കൃതജ്ഞതപ്രദർശിപ്പിക്കാറില്ല. പൊതുജനത്തിനുവേണ്ടി വേലചെയ്യാൻ പുറപ്പെടുന്നവർ അവരുടെ കൃതജ്ഞതയെ പ്രതീക്ഷിച്ചുകൊണ്ടു വേലചെയ്താൽ മിക്കപ്പോഴും ഇച്ഛാഭംഗവും അതൃപ്തിയും ആയിരിക്കും ഫലം. അതുകൊണ്ട് അങ്ങനെയുള്ള വേലയിൽനിന്നു പിന്മാറിക്കളയാൻ അവർക്കു തോന്നും. എന്നാൽ നിങ്ങൾ നിങ്ങളുടെ ശക്തിക്കൊത്തവണ്ണം വേലചെയ്യണം. മുമ്പോട്ടുപോകാൻ നിവൃത്തിയില്ലാത്ത ഒരു സന്ദർഭം ഉണ്ടായാൽ നിങ്ങൾ വെട്ടിമുറിച്ചു കടന്നുപോകയല്ല ന്യായമായ രാജിയുണ്ടാക്കുകയാണ വേണ്ടതു. അപ്പോൾ നിങ്ങളുടെ പൊതുജനസേവ വിജയമായിരിക്കും. തർക്കമുള്ള കാര്യങ്ങൾ രാജിയായി തീരുകയാകുന്നു, മോർളിപ്രഭു പറഞ്ഞപ്രകാരം, ജീവിതത്തിൽ വിജയത്തിന്റെ രഹസ്യം. നിങ്ങൾ ഏതുകാര്യത്തിൽ ഏർപ്പെട്ടാലും അതിനു രണ്ടുവശം ഉണ്ടായിരിക്കുമെന്നും മറുവശത്തും ന്യായങ്ങൾ പറവാനുണ്ടാകുമെന്നും നിങ്ങൾക്കു ഓർമ്മവേണം. "തോററാലും വാദം നിറുത്താത്ത" പ്രതിനിധികളെ അയക്കണമെന്നുണ്ടായിരുന്നെങ്കിൽ നിങ്ങൾക്കു അങ്ങനെ ചെയ്യാമായിരുന്നു. എന്തായാലും ഇതിനെക്കുറിച്ചു ഞാൻ ഇതിലധികം പറവാൻ വിചാരിക്കുന്നില്ല. നിങ്ങളെ ഒരുസംഘമായിപ്രതിനിധീകരിക്കാൻ ആളെ അയക്കുമ്പോൾ അതൊരു ലോകാചാരം മാത്രമായി വിചാരിക്കേണ്ടതാകുന്നു.

ഇങ്ങനെയുള്ള യോഗങ്ങളിലെക്ക അയക്കുന്നതു നിങ്ങളുടെ സംഘത്തിലെ ഉത്തമന്മാരും, സമർത്ഥന്മാരും, നയശാലികളും നിങ്ങളുടെ കാര്യം ന്യായമായി പറഞ്ഞു ജയം നേടുവാൻ കഴിവുള്ളവരും ആയ ആളുകളായിരിക്കുമെന്നാണ് സങ്കല്പം. അങ്ങനെയാണു പ്രതീക്ഷയെങ്കിൽ നിങ്ങളു അനുമോദിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ പ്രതീക്ഷ അതിലധികമായിരുന്നെങ്കിൽ കുറ്റം അവരുടെ അല്ല. അവരെ തെരഞ്ഞെടുത്തയച്ചവരുടേതാണ്. അവർ അവരുടെ ധർമ്മം ന്യായമായി അനുഷ്ഠിച്ചു. ഇങ്ങനെ ഞാൻ പറഞ്ഞതുകൊണ്ടു യോഗത്തിന്റെ ശിപാർശകൾക്ക അപ്പുറം പോകാൻ സഭയ്ക്കു അവകാശം ഇല്ലെന്നു ഞാൻ പറയുന്നതായി വിചാരിക്കരുത്. ഈ സംഗതി നിങ്ങൾ പ്രത്യേകം ഓർക്കണം. നീതിയെയും അനീതിയെയും പറ്റി നമുക്കുള്ള അഭിപ്രായപ്രകാരം ശിപാർശകൾ നമുക്ക തൃപ്തികരമാണെന്നു തീർച്ചപ്പെടുത്തേണ്ടതായിരിക്കും. എന്നാൽ റൌണ്ടു ടേബിൾ കൺഫറൻസുകൊണ്ടു സാധ്യമാകുന്നതും അതല്ല. നിങ്ങളുടെ അവകാശം നിങ്ങളുടെ ഗ്രഹപ്രകാരം സ്ഥാപിച്ചുകിട്ടാൻ അവസാനംവരെ മുറുകെപ്പിടിച്ചു പോരാടുന്നതിനെക്കാൾ രാജ്യത്തിന്റെ അഭിവൃദ്ധിക്ക ഗുണകരമായിട്ടുള്ളതു വിട്ടുവീഴ്ചചെയ്തു പ്രായോഗികമായ തീർച്ചകൾ ഉണ്ടാക്കുകയാകുന്നു. തങ്ങൾ നീതിക്കായി പോരാടുകയാണെന്നു ചില മെമ്പറന്മാർ പറകയുണ്ടായി. നീതി എന്താണെന്നു നിങ്ങൾ വിചാരിക്കുന്നതല്ലായിരിക്കാം ഞാൻ വിചാരിക്കുന്നതു. സ്വതന്ത്രന്മാരും സമർത്ഥന്മാരുമായ ആളുകളുടെ ഒരു യോഗത്തിൽ ഭൂരിപക്ഷം ആളുകൾക്ക ഉചിതമായി തോന്നുന്നതു നീതിയാണെന്നു ഞാൻ വിചാരിക്കുന്നു. ന്യായത്തിനും നിയമത്തിനും വിരുദ്ധമായി വല്ലതും കാണാത്തപക്ഷം ഒരു തീർച്ചയുണ്ടാകണമെന്നുള്ള നിർണ്ണയത്തോടുകൂടെ ആരംഭിക്ക, ഇവർക്കവേണ്ട പരിജ്ഞാനം ഇല്ലായിരുന്നെന്നോ അവർ ... ഉപേക്ഷകാണിച്ചു എന്നോ ആണു നിങ്ങളുടെ വിചാരമെങ്കിൽ ഈ ബിൽ തള്ളിക്കളവാൻ നിങ്ങൾക്ക പൂർണ്ണസ്വാതന്ത്ര്യം ഉണ്ടു. ഇതു സംഭവ്യമായ പ്രയാസങ്ങൾ ആകുന്നു. അതുകൊണ്ടു മി. ... പിള്ളയും മി. നീലകണ്ഠപിള്ളയും പറഞ്ഞതുപോലെ ഇതു കുറയാൻ നിയമനിർമ്മാണത്തിന്റെ ... അനേകശതവർഷത്തെ ലോകപരിചയമുള്ള ഞാൻ പറയുന്നു. ഇപ്പോൾ നിങ്ങൾ എന്തു ... എന്നു ... ഇനിയൊരിക്കൽ ... ഒരു ... കഴിഞ്ഞു എന്നു ... കിട്ടുമായിരിക്കും. അക്ഷമന്മാരാകുന്നതെന്തിന്? ശാശ്വതമായി നിലനിൽക്കേണ്ടുന്ന കാര്യങ്ങൾ മൂന്നുസംവത്സരംകൊണ്ടു സാധിക്കാമെന്നോ നിങ്ങൾ വിചാരിക്കുന്നതു്.

നിങ്ങളുടെ സമയം ഇത്രയധികം എടുക്കേണ്ടിവന്നതിനെപ്പറ്റി ഞാൻ വ്യസനിക്കുന്നു. സമുദായസംബന്ധമായുള്ള നിയമത്തിന്റെ പ്രാധാന്യവും സഭയുടെ പ്രതിനിധികളെപ്പറ്റി മിക്കവാറും അപൂർവമായി ഇവിടെ ചെയ്ത പ്രസ്താവനകളും നിമിത്തം ഈ വിഷയം എത്രപ്രധാനവും ... ആണെന്നു ... നിങ്ങളുടെ സമയത്തിൽ കുറെഭാഗം ചിലവാക്കുന്നതു അന്യായമായിരിക്കയില്ലെന്നു ഞാൻ വിചാരിച്ചു. ഈ അവസരം നഷ്ടപ്പെടുത്തരുത്. മി. മേനോൻ ബുദ്ധിയോടെ ഉപന്യസിച്ച പ്രകാരം ന്യൂനതകൾ എന്തെല്ലാമായാലും ഞാൻ ഈ ബിൽ ഉപേക്ഷിക്കണമെന്നുള്ള പക്ഷക്കാരനല്ല."

ഞാനിപ്പോൾ ഈ പ്രമേയം സഭയുടെ വോട്ടിനുവെക്കുന്നു.

പ്രമേയം സഭ സ്വീകരിച്ചു.

അനന്തരം സെക്രട്ടറി ബില്ലിന്റെ തലവാചകം വായിച്ചു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ ബിൽ ആലോചനയ്ക്കും റിപ്പോർട്ടിനുമായി താഴെ പേരുപറയുന്നവരടങ്ങിയ ഒരു സിലക്ട് കമ്മററിയെ ഏല്പിക്കണമെന്നു ഞാൻ ... പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ റാവുബഹദൂർ കെ. എം. കുഞ്ഞുണ്ണിനായർ
,, കെ. എൻ. കേശവൻനമ്പൂതിരിപ്പാട
,, ജാതവേദൻ നമ്പൂതിരിപ്പാട
,, ഇട്ട്യൻനമ്പൂതിരിപ്പാട
,, എ. താണുപിള്ള
,, കെ. പി. നീലകണ്ഠപിള്ള
,, എം. ജി. മേനോൻ
,, എ. എസ്. ദാമോദരൻആശാൻ
,, ജി. പി. നീലകണ്ഠപിള്ള
,, ഇട്ടൂപ്പ് ഇട്ടീച്ചൻ
,, മാത്യു മുരിക്കൻ
,, പി. എസ്. മഹമ്മദ്
,, മുതവേലിൽ പാച്ചുപിള്ള
,, വി. എസ്. കൃഷ്ണപിള്ള
,, രേവതിനാൾ രാമവർമ്മരാജാ
,, വി. ചെല്ലംപിള്ള
,, തമ്പുരാട്ടിയുടെ കൊച്ചുകുഞ്ഞമ്മ
,, ആർ. രാമൻപിള്ള

ഉദ്യോഗസ്ഥമെമ്പർമാർ മി. ജി. പി. രാമസുബ്ബയ്യരും, റാവുസാഹിബ് ഡാക്ടർ ... കുഞ്ഞൻപിള്ളയും മി. ഐ. സി. ചാക്കോയും ഞാനും ആയിരിക്കും.

ഞാനും ആയിരിക്കും.

മെമ്പർമാരുടെ എണ്ണം അധികമാകുന്നു. വിഷയത്തിന്റെ പ്രാധാന്യവും ... കക്ഷികളും മാത്രമല്ല കഴിവുള്ളിടത്തോളം അധികം മെമ്പർമാർ ഉണ്ടായിരിക്കുന്നതു ... എന്നു ഞാൻ വിചാരിക്കുന്നു.

ഡിപ്പ്യൂട്ടിപ്രെസിഡണ്ട്: കമ്മിററിമെമ്പർമാരുടെ ആകെസംഖ്യ എത്രയായിരിക്കും?

മി. കല്ലുമലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഏഴെന്നുള്ള സംഖ്യ മതിയാകുമെന്നു തോന്നുന്നു.

പ്രമേയം സഭ സ്വീകരിച്ചു.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കമ്മിററി ന മാസത്തിനുള്ളിൽ അവരുടെ റിപ്പോർട്ടു സമർപ്പിക്കണം. ഡിപ്പ്യൂട്ടിപ്രസിഡൻറു കമ്മിററിയുടെ അഗ്രാസനാധിപത്യം വഹിക്കും.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ആ സമയം മതിയാകയില്ല. സമയം ക്ലിപ്തപ്പെടുത്തണമെന്നുണ്ടോ?

മി. കല്ലുമലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സ്റ്റാൻഡിങ്ങ് ആർഡർ നം (൪)-ാം വകുപ്പുപ്രകാരം സഭ "ഒരു കമ്മിററിയെ നിയമിക്കയും അവരുടെ റിപ്പോർട്ടു ഒരു ക്ലിപ്തസമയത്തിനുള്ളിൽ സമർപ്പിക്കണമെന്നു ആജ്ഞാപിക്കയും ചെയ്യാം"

സമയം വളരെക്കുറഞ്ഞുപോയി എന്നു കാണുമ്പോൾ വിചാരിക്കുന്നപക്ഷം ഒരു ദീർഘകാലത്തെ അവധി കൊടുക്കാം.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: കാലം നീട്ടികിട്ടുവാൻ ഞങ്ങൾ അപേക്ഷിച്ചുകൊള്ളാം. കമ്മിററി മൂന്നുമാസത്തിനുള്ളിൽ അവരുടെ റിപ്പോർട്ടു സമർപ്പിക്കണം. ഡിപ്പ്യൂട്ടിപ്രസിഡൻറു കമ്മിററിയുടെ ചെയർമാൻ ആയിരിക്കും.

തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷൻ ഭേദഗതിബിൽ.

മി. കല്ലുമലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, തിരുവിതാംകൂർ രജിസ്ട്രേഷൻ റഗുലേഷനെ ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ബിൽ കാര്യകാരണസഹിതം ഗസററിൽ പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. അതിപ്പോൾ സഭയിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. ടി. പി. രാമസ്വാമയ്യർ (ഗവർണ്മെൻറുസെക്രട്ടറി): ഞാൻ അനുകൂലിക്കുന്നു.

മി. കല്ലുമലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ബില്ലിൽ അടങ്ങിയിരിക്കുന്ന പ്രധാന തത്വങ്ങളെപ്പററി അല്പം പ്രസ്താവിക്കാം. ഇപ്പോഴത്തെ രജിസ്ട്രേഷൻ നിയമപ്രകാരം ഒന്നിലധികം കൊല്ലത്തേക്കുള്ള പാട്ടയാധാരങ്ങൾ രജിസ്റ്റർചെയ്യണമെന്നു നിർബന്ധമാണ്. പുറമ്പോക്കു ഭൂമികളുടേയും പുറമ്പോക്കു ഭൂമികളിൽ നില്ക്കുന്ന വൃക്ഷങ്ങളുടേയും ഗവണ്മെൻറുവക മററു ഭൂമികളുടേയും കുത്തകപ്പാട്ടം പോലെ ഗവണ്മെൻറുവക ഭൂമികൾ പാട്ടത്തിനു ഏല്പിക്കുന്നകാര്യങ്ങളിൽ നിയമത്തിലെ ഈ വ്യവസ്ഥ കക്ഷികൾക്കും ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകൾക്കും വളരെ അസൌകര്യങ്ങൾ ഉണ്ടാക്കുന്നുണ്ടെന്നു അനുഭവംകൊണ്ടറിഞ്ഞിട്ടുള്ളതാകുന്നു. അങ്ങനെയുള്ള കാര്യത്തിൽ പാട്ടസംഖ്യ സാധാരണയായി നാലോ അഞ്ചോ ചക്രമോ ഒന്നരണ്ടു രൂപയോ ആയിരിക്കും. ഈ കാര്യങ്ങളിലെല്ലാം കാലാവധി ഒരു വർഷത്തിലധികമാണെങ്കിൽ— സാധാരണയായി ഒരു വർഷത്തിലധികമായിരിക്കും—ആധാരം രജിസ്റ്റർചെയ്യണം. പാട്ടക്കാരൻ അതു രജിസ്ട്രാഫീസിൽ കൊണ്ടുപോയി രജിസ്റ്റർചെയ്യിട്ടു ഗവണ്മെൻറു ഡിപ്പാർട്ടുമെൻറു മുമ്പാകെ ഹാജരാക്കണം. ഇതു കക്ഷികൾക്കും ഡിപ്പാർട്ടുമെൻറിനും അനാവശ്യങ്ങളായ അസൌകര്യങ്ങൾ ഉണ്ടാക്കുകയാകുന്നു. സ്വകാര്യഭൂമികളുടെ കാര്യത്തിലെപോലെ ഗവണ്മെൻറു ഭൂമികളുടെ കാര്യത്തിൽ ഇങ്ങനെയുള്ള ആധാരങ്ങൾ രജിസ്റ്റർചെയ്യാൻ ആവശ്യമില്ല. എന്തെന്നാൽ ഒന്നാമതു ഇങ്ങനെയുള്ള ആധാരങ്ങൾ കള്ളവായി നിർമ്മിക്കാൻ ആരേയും പ്രേരിപ്പിക്കാൻ ഒന്നുമില്ല. രണ്ടാമതു ഇങ്ങനെയുള്ള ആധാരങ്ങളും അവയെസംബന്ധിച്ച കടലാസുകളും ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിൽതന്നെ ഉണ്ടായിരിക്കും. അതുകൊണ്ടു സ്വകാര്യഭൂമികളുടെ സംഗതിയിലെപ്പോലെ അവയെ രജിസ്ട്രാഫീസിൽ കൊണ്ടുപോയി രജിസ്റ്റർ ചെയ്യിട്ടാവശ്യമില്ല. അതുകൊണ്ടു ൫൦ രൂപായിൽകുറഞ്ഞ പാട്ടത്തിനോ ൫ വർഷത്തേക്കോ അതിൽകുറഞ്ഞകാലത്തേക്കോ ഗവണ്മെൻറോ ഗവണ്മെൻറിലേക്കോ ഗവണ്മെൻറു ഡിപ്പാർട്ടുമെൻറുകളിലേക്കോ എഴുതികൊടുക്കുന്ന പാട്ടയാധാരങ്ങളെ നിർബന്ധരജിസ്റ്ററിൽനിന്നു ഒഴിവാക്കുകയാകുന്നു ഈ ബില്ലിൻെറ ഉദ്ദേശം.

ഇതോടുകൂടെ വേറൊരു ഭേദഗതിയും ആലോചിക്കുന്നുണ്ട്. കേരള ഗവണ്മെൻറിൽനിന്നു ഭൂമികൾ പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചാകുന്നു—പുതുവൽ മുതലായ അനേകം ഭൂമികൾ ഗവണ്മെൻറിൻെറ വകയായിട്ടുണ്ടെന്നു ഈ സഭയ്ക്കു അറിയാമല്ലോ. ഈ ഭൂമികൾ പതിച്ചുകൊടുക്കുമ്പോൾ ചിലപ്പോൾ പട്ടയവും ചിലപ്പോൾ ആധാരവും കൊടുക്കും. നിയമപ്രകാരം മരണപത്രങ്ങൾ ഒഴിച്ചു സ്ഥാവരവസ്തുക്കളിന്മേൽ ഒരവകാശം നിർമ്മിക്കുന്ന എല്ലാ ആധാരങ്ങളും രജിസ്റ്റർചെയ്യണമെന്നു നിർബന്ധമാകുന്നു. എന്നാൽ മെമ്പർമാർ അറിയുംപ്രകാരം ഈ വക പട്ടയങ്ങളും ആധാരങ്ങളും എല്ലായ്പ്പോഴും രജിസ്റ്റർചെയ്യാറില്ല. ഈ നടപടി നിയമാനുസരണം ആക്കുന്നതിനു ഗവണ്മെൻറു കൊടുക്കുന്ന ആധാരങ്ങളെ ഒഴിവാക്കാൻ ഗവണ്മെൻറിനു അധികാരം കൊടുക്കാനും ആലോചിക്കുന്നുണ്ട്.

ഈ ഭേദഗതികൾ സഭയ്ക്കു സ്വീകാര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ഈ രണ്ടുസംഗതികളും ഒരേസമയത്തുണ്ടാകുമെന്നു വിചാരിക്കുന്നുണ്ടോ?

മി. കല്ലുമലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ ബില്ലുകൊണ്ടു രണ്ടുഭേദഗതികൾ വരുത്താനാണു ആലോചിക്കുന്നതു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡിപ്പ്യൂട്ടിപ്രസിഡൻറ്: ബില്ലിൻെറ തത്വത്തെ സഭ സമ്മതിക്കുന്നു എന്നു സങ്കല്പിക്കാമോ?

പ്രമേയം സഭ സ്വീകരിച്ചു.

അനന്തരം സെക്രട്ടറി ബില്ലിൻെറ തലവാചകം വായിച്ചു.

മി. കല്ലുമലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ ബിൽ താഴെ പറയുന്ന ആളുകളടങ്ങിയ ഒരു സിലക്ട്കമ്മിററിയെ ആലോചനയ്ക്കു ഏല്പിക്കണമെന്നും അവർ അവരുടെ റിപ്പോർട്ടു മൂന്നുമാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ എൻ. കെ. കൃഷ്ണപിള്ള.
,, ആർ. കേശവപിള്ള.
,, എ. ജി. മേനോൻ,
,, മഹമ്മദുരാവുത്തർ.
,, എ. താണുപിള്ള.
,, ടി. പി. രാമസുബ്ബയ്യർ.
,, എസ്. സി. എച്ച്. റാബിൻസൺ,
,, കെ. പരമേശ്വരൻപിള്ള.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ഞാൻ പ്രമേയത്തെ അനുകൂലിക്കുന്നു.

പ്രമേയം സഭ സ്വീകരിച്ചു.

ഡിപ്യൂട്ടിപ്രസിഡൻറു: മി. ശൂരനാട്ട് പരമേശ്വരൻപിള്ള കമ്മിററിയുടെ ചെയർമാൻ ആയിരിക്കും.

സഭ ഇപ്പോൾ പിരിഞ്ഞു, നാളെ പകൽ ൧൧-൩൦ മണിക്കു വീണ്ടും കൂടും.

പിറേറദിവസം പകൽ ൧൧-൩൦ മണിക്കു വീണ്ടും കൂടുന്നതിനായി സഭ വൈകുന്നേരം ൪ മണിക്കു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ, (ഒപ്പ്).
നിയമസഭാസെക്രട്ടറി.

൧൯൨൫ ഒക്ടോബർ ൨—ന്-ലെ നിയമസഭാചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം,
താഴെചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം
ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൩൦ ജനുവരി ൧൮-ന്,

കെ. ജോർജ്,
ഗവർമ്മെൻറു ചീഫ് സെക്രട്ടറി.

തിരുവിതാംകോട്ടു രജിസ്ട്രേഷൻറെഗുലേഷൻ ഭേദഗതിബിൽ.

൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻറെഗുലേഷനെ (൧൦൯൮-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാംറെഗുലേഷൻ) വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

പീഠിക.

൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷനെ (൧൦൯൮-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ) താഴെക്കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും.

൧. (എ) ഈ റെഗുലേഷനെ ൧൧൦൫-ാമാണ്ടത്തെ ... -ാംനമ്പരായ തിരുവിതാംകോട്ടു രജിസ്ട്രേഷൻ (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

(ബി) ഇതു ഉടൻതന്നെ നടപ്പിൽവരുന്നതാകുന്നു.

൧൭-ാം വകുപ്പിന്റെ ഭേദഗതി.

൨. (എ) ഇതിനുതാഴെ മി റെഗുലേഷൻ എന്നു പറഞ്ഞിരിക്കുന്ന ൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷൻറെ (൧൦൯൮-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ) ൧൭-ാം വകുപ്പിലെ (൨)-ാം ഉപവകുപ്പിൽ "(എ)-(ബി) ഈ ഖണ്ഡങ്ങളിൽ" എന്നതിനു പകരം താഴെപ്പറയുന്നതു ചേർക്കണം, അതായതു:—

"(൧)-ാം ഉപവകുപ്പിൽ" ബി (v)-ാം ഖണ്ഡത്തിനുശേഷം "സംബന്ധിക്കുകയും ഇല്ലാ" എന്നതിനു മുൻപായി, താഴെക്കാണുന്ന ഖണ്ഡങ്ങൾ ചേർക്കണം, അതായതു:—

"(vi) പന്ത്രണ്ടുകൊല്ലത്തിൽകവിയാത്ത ഏതെങ്കിലും കാലത്തേക്കും ആണ്ടേയ്ക്കു അൻപതുരൂപയിൽ കവിയാത്ത ഏതെങ്കിലുംപാട്ടം നിരത്തിവച്ചും സ്ഥാവരവസ്തുവിനെ സംബന്ധിച്ചു നമ്മുടെ ഗവർമ്മെൻറിനുവേണ്ടിയോ, നമ്മുടെ ഗവർമ്മെൻറിൻറെ പേർക്കോ എഴുതിക്കൊടുത്തിട്ടുള്ള പാട്ടച്ചീട്ടുകൾക്കും,

"(vii) സ്ഥാവരവസ്തുവിനെ സംബന്ധിച്ചോ സ്ഥാവരവസ്തുവിലുള്ള ഏതെങ്കിലുംഅവകാശത്തെ സംബന്ധിച്ചോ നമ്മുടെ ഗവർമ്മെൻറുകൊടുക്കുന്നതും ഈ കാര്യത്തിനുവേണ്ടി നമ്മുടെ ഗവർമ്മെൻറു പരസ്യംചെയ്യുന്നതും ആയ ദാനങ്ങൾക്കോ ദാനങ്ങളുടെ തരങ്ങൾക്കോ ആകട്ടെ"

൧൮-ാം വകുപ്പിന്റെ ഭേദഗതി.

൩. മി റെഗുലേഷനിലെ ൧൮-ാം വകുപ്പിന്റെ (ബി) ഖണ്ഡത്തിൽ അവസാനഭാഗത്തു "പാട്ടച്ചീട്ടുകൾ;" എന്നതിനുപകരം, താഴെക്കാണുന്നതു ചേർക്കണം, അതായതു:—

"പാട്ടച്ചീട്ടുകളും, രജിസ്റ്റർചെയ്യുന്നതിനെ ൧൭-ാം വകുപ്പിനാൽ ആവശ്യപ്പെട്ടിട്ടില്ലാത്ത മററു പാട്ടച്ചീട്ടുകളും;"

ഉദ്ദേശകാരണവിവരം.

ഗവൎമ്മെന്റു ഡിപ്പാൎട്ടുമെന്റുകളോ അവയുടെ പേൎക്കോ എഴുതിക്കൊടുക്കുന്ന പാട്ടച്ചീട്ടുകൾ (ഉദാഹരണമായി കുത്തകപ്പാട്ടത്തിനുള്ള പാട്ടച്ചീട്ടുകൾ) എത്രതന്നെ കുറഞ്ഞ പാട്ടത്തിനായിരുന്നാലും അവയിൽ നിശ്ചയിച്ചിട്ടുള്ള കാലാവധി ഒരുകൊല്ലത്തിൽ കവിയുന്നപക്ഷം, അവയെ ഇപ്പോഴത്തെ രജിസ്ത്രേഷൻറെഗുലേഷൻപ്രകാരം ൧൭ (ഫ)ാം വകുപ്പു രജിസ്തർചെയ്യേണ്ടതാണെന്നും ഈനിമിത്തം ആ ഡിപ്പാൎട്ടുമെന്റുകൾക്കും മറുകക്ഷികൾക്കും ആവശ്യമില്ലാത്ത അസൌകൎയ്യവും ഉപദ്രവവും നേരിട്ടുപോരുന്നുവെന്നും ഗവൎമ്മെന്റിനു അറിവായിരിക്കുന്നു, റെഗുലേഷനിലെ വ്യവസ്ഥകൾ നിഷ്കൃഷ്ടമായി നോക്കുന്നതായാൽ, ഗവൎമ്മെന്റു ഭൂമി ദാനംചെയ്യുന്നതിനും പതിച്ചുകൊടുക്കുന്നതിനും ഉള്ള കരണങ്ങൾ അവയിൽ ചിലതു യഥാൎത്ഥത്തിൽ രജിസ്തർ ചെയ്യുന്നില്ലെങ്കിലും രജിസ്തർചെയ്യേണ്ടതു ആവശ്യമാകുന്നു എന്നു ഈ അവസരത്തിൽ ഗ്രഹിച്ചിട്ടുണ്ടു. അങ്ങനെയുള്ള പാട്ടങ്ങളുടേയും ദാനങ്ങളുടേയും ഭൂമിപതിപ്പിന്റേയും റിക്കാൎഡുകൾ ഗവൎമ്മെന്റു ആഫീസുകളിൽ എല്ലായ്പോഴും സുലഭങ്ങളും അവിടെ ഭദ്രമായി സൂക്ഷിച്ചുവച്ചിട്ടുള്ളവയുമാകുന്നു, അവയെ രജിസ്തർകച്ചേരികളിൽ രജിസ്തർചെയ്യേണ്ടതായ ആവശ്യമില്ലെന്നു ഗവൎമ്മെന്റു വിചാരിക്കുന്നു. അതിനാൽ ഗവൎമ്മെന്റു എഴുതിക്കൊടുക്കുന്നതോ ഗവൎമ്മെന്റിലേക്കു എഴുതപ്പെടുന്നതോ ആയ പാട്ടച്ചീട്ടുകളിൽ നിശ്ചയിച്ചിട്ടുള്ള പാട്ടം ആണ്ടൊന്നുക്കു അൻപതുരൂപയിൽ കവിയാതിരിക്കയും കാലാവധി പന്ത്രണ്ടുകൊല്ലത്തിൽ കവിയാതിരിക്കയും ചെയ്യുന്നപക്ഷം അവയെ ഒഴിവാക്കേണമെന്നും, ഗവൎമ്മെന്റു ചെയ്യുന്ന ഏതെങ്കിലും ദാനങ്ങളെ ഒഴിവാക്കാൻ ഗവൎമ്മെന്റിനു അധികാരം സിദ്ധിക്കേണമെന്നും ഈ ബില്ലുകൊണ്ടു നിൎദ്ദേശിച്ചിരിക്കുന്നു.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

ഒന്നാമത്തെ യോഗം, ൧൧൦൫.

(അഫിഷ്യൽ റിപ്പോർട്ട്.)

൧൯൩൦ ജനുവരി ൨൩-ാം൹/൧൧൦൫ മകരം ൧൦-ാം൹ വ്യാഴാഴ്ച.

പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ പതിനൊന്നുമണിക്കു വിക്ടോറിയാ ജൂബിലി ടൗൺഹാളിൽ സഭ വീണ്ടും കൂടി.

ഹാജരാകാത്ത മെമ്പറന്മാർ.

൧. മി. കെ. സി. കരുണാകരൻ.
൨. മി. എൻ. എ. ലാമ്പേർഡ്.
൩. മി. കെ. ജി. പരമേശ്വരൻപിള്ള.
൪. മിസ്സസ്. എലിസബത്ത് കുരുവിള.

ചോദ്യങ്ങളും ഉത്തരങ്ങളും.

സംസ്ഥാനത്തു പാർവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടിക.

൫൧. മി. വി. ജെ. ഉമ്മൻ (കരുവാറ്റയും വ്യവസായവും വടക്ക്): ഇപ്പോൾ (൨൫-൧൧-൧൧൦൪) സംസ്ഥാനത്തുള്ള പാർവ്വത്യകാരന്മാരിൽ ബ്രാഹ്മണർ, നായന്മാർ, കത്തോലിക്കർ, യാക്കോബായക്കാർ, മാർതോമക്രിസ്ത്യാനികൾ, പ്രാടസ്റ്റന്റുകാർ, ഈഴവർ, മഹമ്മദീയർ, വെള്ളാളർ, മുതലായ സമുദായംതിരിച്ചുള്ള ഒരു പട്ടിക ഗവണ്മെന്റ ദയവായി മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു. *

മി. വി. ജെ. ഉമ്മൻ (കരുവാറ്റയും വ്യവസായവും വടക്ക്): ഇവിടെ തന്നിരിക്കുന്ന പട്ടികയിൽ ൪൦൫ പാർവ്വത്യകാരന്മാരുള്ളതിൽ നാലു ക്രിസ്ത്യാനികൾ മാത്രമേ പാർവ്വത്യകാരന്മാരായി കാണുന്നുള്ളു. വേറെ ക്രിസ്ത്യാനികളുടെ അപേക്ഷ കിട്ടാത്തതുകൊണ്ടാണൊ കൂടുതലായി നിയമിക്കാത്തതു്?

മി. ടി. പി. രാമസുബ്ബയ്യർ: അതിനു നോട്ടീസു വേണം.

മധയൻതോട്.

൫൨-(എ) മി. കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ): നിർദ്ദേശിക്കപ്പെട്ട മധയൻതോട്ട സംബന്ധിച്ചു ഈ ൧൧൦൫-ൽതന്നെ എന്തെങ്കിലും ജോലി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും,

(ബി) ഇപ്പോൾ ഈ തോട്ടുവഴി പൊതുജനങ്ങൾ മണ്ണുകൊണ്ടുപോകുന്നതിനു ഗവണ്മെന്റ സൗകര്യം നല്കുന്നുണ്ടോയെന്നും,

(സി) ഇല്ലാത്തപക്ഷം എന്തു കാരണത്താലാണെന്നും ഗവണ്മെന്റ ദയവായിപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ,

(എ) ഇല്ലെന്നാണ, ഉത്തരം.

(ബി) നിവൃത്തിയുള്ളേടത്തോളം.

(സി) (ബി) ഭാഗം ഉത്തരംകൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല.

൫൩. മി. എച്ച്. ബി. മഹമ്മദറാവുത്തർ (പത്തനാപുരവും പാലക്കോട്ടയും): (എ) പുനലൂർ പാലത്തിനരികെ മുസാവരിബംഗ്ലാവിന്റെയും കൊട്ടാരത്തിന്റെയും മുൻവശത്തുള്ള ആററുവക്കിലുള്ള കടത്തുകടവിൽ കൽപടകെട്ടുന്നതിനു പണം അനുവദിക്കപ്പെട്ടിട്ടുണ്ടോയെന്നും

(ബി) (എ) ഭാഗത്തിന്റെ ഉത്തരം ഇല്ലെന്നാണെങ്കിൽ പണം അനുവദിക്കപ്പെടുമോയെന്നും ഗവണ്മെന്റ ദയവായിപറയുമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): (എ) ഉത്തരം ഇല്ലെന്നാണ്.

(ബി) ആസ്ഥലത്തു നാലായിരം രൂപാ ചിലവുചെയ്തു ഒരു കടവുകെട്ടിക്കാൻ അനുവാദ ഉത്തരവു കൊടുത്തിട്ടുണ്ട്. അതിലേക്ക വിവരമായിട്ടുള്ള അടങ്കൽ തയാറാക്കിവരുന്നു.

ശ്രീമൂലംപ്രജാസഭയിലേക്ക സ്ത്രീ മെമ്പർ.

൫൪. മി. എച്ച്. ബി. മഹമ്മദറാവുത്തർ (പത്തനാപുരവും പാലക്കോട്ടയും): (എ) ശ്രീമൂലംപ്രജാസഭയിൽ സ്ത്രീവർഗ്ഗത്തിൽപ്പെട്ടവർ മെമ്പറായിട്ടുണ്ടോയെന്നും,

(ബി) ഇല്ലാത്തപക്ഷം ഗവണ്മെന്റ സ്ത്രീകളേയുംകൂടെ മെമ്പറായി നിയമിക്കുന്നതിന്റെ സാധ്യതയെപ്പററി ആലോചിക്കുന്നുണ്ടോയെന്നും ഗവണ്മെന്റ ദയവായി പറയുമൊ?

മി. കെ. ജോർജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) ഇല്ലെന്നാണ് ഉത്തരം.

(ബി) ശ്രീമൂലംപ്രജാസഭയുടെ ഘടനയേയും നടത്തിപ്പിനേയും സംബന്ധിച്ചുള്ള ചട്ടങ്ങളിൽ VIII-ാംചട്ടം (ബി) പിരിവുപ്രകാരം സ്ത്രീവർഗ്ഗത്തിലുള്ള യാതൊരാളേയും മെമ്പറായി അയക്കുവാനൊ നിയോഗിക്കുവാനൊ പാടില്ലെന്നുണ്ട്.

പെരുമ്പള്ളിത്തുറയിൽ ഒരു കടത്തുബോട്ടിന്റെ ആവശ്യം.

൭൭. മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (എ) കായംകുളംകായലിൽ പെരുമ്പള്ളിത്തുറയിൽ ഒരു സർക്കാർ കടത്തു സ്ഥാപിക്കുന്നതിനു ചീഫ് ഇഞ്ചിനിയർ ശുപാർശ ചെയ്തിട്ടുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനു ഉത്തരം ഉണ്ടെന്നാണെങ്കിൽ ശുപാർശ ചെയ്ത തീയതിയും അതിന്മേൽ പാസാക്കിയ ഉത്തരവും ഗവന്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ൧൧-൧൦-൧൧൦൯. ഈ കാര്യം ആലോചനയിൽ ഇരിക്കയാണ്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചീഫ് ഇഞ്ചിനിയരുടെ റിപ്പോർട്ടുകൂടി വേറെ വല്ലകാര്യവും ആവശ്യമാകുന്നുണ്ടോ എന്നും അതെ റിപ്പോർട്ടുമാത്രംവച്ചു ഗവന്മെന്റു ആലോചിക്കുന്നു എന്നും പറയുവാൻ സാധിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റു സെക്രട്ടറി): എനിക്കു ചോദ്യം മനസ്സിലായില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കടത്തുബോട്ടു ഏർപ്പെടുത്തുന്നതുസംബന്ധിച്ചു ചീഫ് ഇഞ്ചിനിയരുടെ റിപ്പോർട്ടിനോട് യോജിപ്പിക്കപ്പെടാത്ത മററുവല്ലസംഗതിയേയും ആസ്പദമാക്കി ഗവന്മെന്റു ആലോചിച്ചുവരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): ചീഫ് ഇഞ്ചിനിയരുടെ റിപ്പോർട്ടിനുശേഷം ലാൻറുറവന്യൂകമ്മീഷണരോട് ഈ കടത്തിന്റെ ആവശ്യത്തെപ്പററി റിപ്പോർട്ടുചെയ്വാൻ ഗവന്മെന്റു ആവശ്യപ്പെട്ടിട്ടുണ്ട്. ഈ റിപ്പോർട്ടു കിട്ടിയതിൽപിന്നെ കാര്യം അവസാനമായി തീരുമാനിക്കും.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഏതുസംഗതികളെ സംബന്ധിച്ചാണു ലാൻറുറവന്യൂകമ്മീഷണരോടു റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളത്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): അവിടെ ഒരു കടത്തുകടവിന്റെ ആവശ്യത്തെപ്പററി റിപ്പോർട്ടുചെയ്യാനാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ കാര്യത്തിൽ അഭിപ്രായം പറയുന്നതിനു ചീഫ് ഇഞ്ചിനിയരേക്കാൾ ലാൻറുറവന്യൂ കമ്മീഷണർക്കാണു കൂടുതൽ ജ്ഞാനം എന്നു ഗവന്മെന്റു വിചാരിക്കാൻ കാരണം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): ചില കേസ്സുകളിൽ ഗവന്മെന്റു രണ്ടു ഡിപ്പാർട്ടുമെന്റിനോടും ആലോചിക്കുന്നുണ്ട്. ചിലപ്പോൾ ചീഫ് ഇഞ്ചിനിയർ ഒരു ജോലി ആവശ്യമില്ലെന്നു പറയുന്നു. എന്നാൽ ലാൻറുറവന്യൂകമ്മീഷണർ അതു ഉടനടി തുടരേണ്ടതാണെന്നു അഭിപ്രായപ്പെടുന്നു. അതുകൊണ്ടു രണ്ടുപേരോടും ആലോചിക്കാറുണ്ട്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാൻറുറവന്യൂകമ്മീഷണരോടു റിപ്പോർട്ടിനായി ആവശ്യപ്പെട്ടതു എന്നാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): ൧൧൦൯ ആഗസ്റ്റ് ൧൪-ാം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ലാൻറുറവന്യൂ കമ്മീഷണർക്കു റിമൈൻഡർ അയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): ഉണ്ട്.

എം. സി. റോഡു നൂറനാട്ടുമൈൽമുതൽ മാവേലിപ്പുഞ്ചയ്ക്കുള്ള റോഡ്.

൭൮. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എം. സി. റോഡ് നൂറനാട്ടുമൈൽതൊട്ട് മാവേലിപ്പുഞ്ചവരെ ഒരു പുതിയ റോഡുണ്ടാക്കണമെന്നുള്ള ഒരു നിർദ്ദേശമുണ്ടോ എന്നും

(ബി) (എ) ഭാഗത്തിനുള്ള ഉത്തരം ഉണ്ട് എന്നാണെങ്കിൽ അതു ഇപ്പോൾ (൧-൪-൧൧൦൯) ഏതു നിലയിൽ ഇരിക്കുന്നു എന്നും

(സി) പ്രസ്തുതറോഡിനു വേണ്ടിവരുന്നസ്ഥലം പ്രതിഫലംകൂടാതെ വിട്ടുതരാൻ സമ്മതമില്ലാത്ത വസ്തുഉടമസ്ഥർക്കുവേണ്ടി പെരുമ്പുഴിക്കൽ എന്നൻ ൯-ാംനമ്പർ പരസ്പരസഹായസംഘക്കാർ അതിലേക്കുള്ള തുക ഡിപ്പോസിററു ചെയ്യാൻ സമ്മതിച്ചിട്ടുണ്ടോ എന്നും ഗവന്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): (എ) ഉണ്ട്.

(ബി) ചീഫ് ഇഞ്ചിനിയരുടെ ഒരു റിപ്പോർട്ടുകിട്ടിയതിൽ ഈ ജോലി ഉടനടി തുടങ്ങേണ്ടതായ അത്ര അത്യാവശ്യമില്ലെന്നു കാണുന്നു. ഇതിനുംപുറമെ നിർദ്ദേശിക്കപ്പെട്ട വഴിയെ ഒരു റോഡുവെട്ടേണ്ട ആവശ്യമില്ലെന്നു ഒരുപക്ഷം ജനങ്ങളും ഉണ്ട്. റിപ്പോർട്ടുകൊണ്ടു പ്രസ്തുതറോഡു പുഞ്ചയിലേക്ക് ഉരം കൊണ്ടുപോകാൻ ഏതാണ്ടും കൃഷിക്കാർക്കുമാത്രമേ ഉപകാരപ്പെടുന്നുള്ളു. എന്നാൽ കുളക്കടയാററിലേക്കുള്ള തോട്ടിൽ വള്ളംവഴി ഉരം കൊണ്ടുപോകാമെന്നുള്ളതുകൊണ്ടു ഈ ആവശ്യം നിറവേററാവുന്നതാണ്.

താമരക്കുളം-ഓച്ചിററോഡ്.

൭൯. മി. എ. എസ്സ്, ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): താമരക്കുളം-ഓച്ചിററോഡിനെപ്പററി ൧൧൦൪ മേടം ൧൨-ാം സഭയിൽ ചോദിക്കപ്പെട്ട ൨൪൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിസംബന്ധിച്ചു ഗവന്മെന്റു നോട്ടുചെയ്ത വിവരത്തെ ആസ്പദമാക്കി പ്രസ്തുതറോഡുസംബന്ധിച്ചു എന്തെങ്കിലും പ്രവൃത്തിച്ചോ എന്നു ഗവന്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): കാര്യം ആലോചനയിൽ ഇരിക്കയാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രസ്തുതറോഡു നന്നാക്കുന്നതിലേക്കു ൧൧൦൪ മേടം ൧൨-ാംശേഷം ഗവന്മെന്റു ഏതെങ്കിലും നടപടിനടത്തിയോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവന്മെന്റുസെക്രട്ടറി): പ്രസ്തുതറോഡു നാലുഖണ്ഡമായി തിരിച്ചു ജോലിനടത്തണോ എന്നു ആലോചിച്ചുകഴിഞ്ഞു. അവയിൽ ഒന്നിൽ ജോലിതീർന്നു. ശിഷ്ടം ഖണ്ഡങ്ങളെസംബന്ധിച്ചവ ആലോചനയിൽ ഇരിക്കയാണ്.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സംഗതിയെപ്പററി ചീഫ്ഇഞ്ചിനീയരോടോ മററോ ആലോചിച്ചതിനുശേഷമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതെ, ഗവണ്മെൻറിലേക്കുള്ള ചീഫ്ഇഞ്ചിനീയരുടെ റിപ്പോർട്ടുണ്ട്.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും). ചീഫ് ഇഞ്ചിനീയരുടെ റിപ്പോർട്ട് ഏതുപ്രകാരമെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഈ ഖണ്ഡങ്ങളിൽ ഏതിലെങ്കിലും ജോലിതുടങ്ങണം എന്നു ഗവണ്മെൻറുത്തരവു ആവശ്യപ്പെട്ടിട്ടുണ്ട്.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചീഫ്ഇഞ്ചിനീയരുടെ അഭിപ്രായത്തിൽ റോഡ് ആവശ്യമുള്ളതായിട്ടാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അദ്ദേഹത്തിന്റെ റിപ്പോർട്ടു പരിശോധിച്ചുവരുന്നു.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അറിവാൻ ആവശ്യപ്പെടുന്നതു ആ റിപ്പോർട്ട് ഏതുപ്രകാരമാണെന്നാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അദ്ദേഹം ഗവണ്മെൻറുത്തരവു ആവശ്യപ്പെട്ടിരിക്കുന്നു.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എനിക്കു അറിയേണ്ടതു ചീഫ്എഞ്ചിനീയരുടെ അഭിപ്രായത്തിൽ ഒരു ഖണ്ഡം തീർന്നാൽ മററുഖണ്ഡങ്ങളിൽ ജോലി തുടങ്ങാമെന്നാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതുതന്നെയാണ് പരിശോധിക്കേണ്ടിയിരിക്കുന്നതു. ഉടനെ ജോലി തുടങ്ങണോ എന്നാണ് ആലോചിക്കേണ്ടതായസംഗതി. കൃഷിസൂചനകളുടെ പുനരുദ്ധാരണം ചെയ്യുന്നതിലേക്ക അടങ്കൽ തയ്യാറാക്കൽ.

൭വ്യ. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (എ) പൊതുമരാമത്തുഡിപ്പാർട്ടുമെൻറിൽനിന്നും കൃഷിസേചനകുളങ്ങളെ നന്നാക്കുന്നവകയ്ക്കു അടങ്കൽ തയാറാക്കുമ്പോൾ ആയക്കെട്ടുംപടി ഏക്കറിനു ൨൦൦ രൂപയിൽകവിയാതെ അടങ്കൽ തയാറാക്കിക്കൊള്ളണമെന്നു ഡിപ്പാർട്ടുമെൻറിലേക്കു ആജ്ഞ നൽകിയിട്ടുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കിൽ അതു എല്ലാത്തരം കുളങ്ങളെയും നന്നാക്കുന്നതിനു മതിയാകുമോ എന്നും.

(സി) അപ്രകാരം ആജ്ഞകൾ മററു വേറെ കുളങ്ങളെസംബന്ധിച്ചും കൊടുത്തിട്ടുണ്ടോ എന്നും,

(ഡി) അങ്ങനെയുള്ളവയ്ക്കു ൨൦൦ രൂപയിൽകവിഞ്ഞിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആകെ വന്നതുക എത്രയെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ഇല്ല.

(ബി)—യും (സി)—യും (എ) ഭാഗത്തിന്റെ ഉത്തരംകൊണ്ടു ഈ ചോദ്യങ്ങൾക്കു ആവശ്യമില്ല.

(ഡി) ഉണ്ട്. ഒരു കുളത്തിനു ഏക്കറിനു ൩൨൦ രൂപയോളം ചിലവുവന്നിട്ടുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കൽക്കുളം വിളവങ്കോടുതാലൂക്കിൽ കൃഷിമരാമത്തുവകയ്ക്കു ഏക്കർ ഒന്നിനു ൨൦൦ രൂപയിൽ കവിയാൻപാടില്ലാഎന്നു ഗവണ്മെൻറു നിദേശം കൊടുത്തിട്ടില്ലെന്നു മറുപടിയിൽ കാണുന്നു. എന്നാൽ ചീഫ്എഞ്ചിനീയർ നാഗർകോവിൽ ഡിവിഷനെ സംബന്ധിച്ചിടത്തോളം അങ്ങിനെ ഒരു നിദേശം കൊടുത്തിട്ടുള്ളതായിട്ടു അറിയാമോ?

പ്രസിഡൻറ്. ആ ചോദ്യത്തിനു അവകാശമില്ല. നിങ്ങൾ ചോദിച്ചതു ഗവണ്മെൻറായിട്ടു ഏതെങ്കിലും ആജ്ഞ കൊടുത്തിട്ടുണ്ടോ എന്നാണ്. നിങ്ങൾ ഇപ്പോൾ ചോദിക്കുന്നതു ചീഫ്എഞ്ചിനീയർ ആജ്ഞ കൊടുത്തതായി അദ്ദേഹത്തിനു അറിയാമോ എന്നാണ്. അതുകൊണ്ടു ആ ചോദ്യം അതിൽനിന്നും ഉത്ഭവിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ചീഫ്എഞ്ചിനീയർ ഇങ്ങനെ ആജ്ഞ കൊടുക്കുന്നതു എന്നറിയാമോ?

പ്രസിഡൻറ്. അതു നിങ്ങളുടെ ചോദ്യം കൊണ്ടുവരുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കുളം വെട്ടുന്നതിനെസംബന്ധിച്ചു ഏക്കറിൽ ൨൦൦ രൂപായിൽ കവിയാൻപാടില്ലെന്നു ആജ്ഞകൊടുത്തിട്ടില്ലാത്തസ്ഥിതിക്കു ചീഫ്എഞ്ചിനീയർ അങ്ങനെ ആജ്ഞ കൊടുക്കുന്നതിനുള്ള കാരണം ദയവായിട്ടു പറയുമോ?

പ്രസിഡൻറ്. നിങ്ങൾക്കു ആ ചോദ്യം ചോദിക്കാൻ അർഹതയില്ല. അതു ഒരു സങ്കല്പിത ചോദ്യമാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ ഉപചോദ്യം അതിൽനിന്നും വരുന്നുണ്ട്.

പ്രസിഡൻറ്. അതില്ലെന്നു ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും) ഏക്കർ ഒന്നിനു ഏററവുംകൂടുതലായിട്ടു ൩൨൦ രൂപാവരെ ചിലവായിട്ടുണ്ടെന്നു കാണുന്നു. ചില കുളങ്ങൾക്കു ൨൦൦ രൂപായും ചിലവാകുന്നുണ്ട്. ഈ വ്യത്യാസത്തിനു കാരണമെന്താണെന്നു പറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): കുളം നന്നാക്കുന്നതിനു ചിലവിനെസംബന്ധിച്ചു ക്ലിപ്തമായ ഒരു ചട്ടമില്ലാത്തതുകൊണ്ടു അതാതിനു ആവശ്യമുള്ളതുപോലെ ചിലവു ചെയ്യും. ചിലകുളങ്ങൾക്കു ൨൫ രൂപായേ ആകയുള്ളു. ചിലതിനു ൩൦൦—൩൦൦ രൂപാ ചിലവാകും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): വനചിലവു അധികം ചിലവായകുളങ്ങൾക്കു കൂടുതലും അധികം ചിലവാകാത്തകുളങ്ങൾക്കു കുറവുമായിരിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ആവശ്യമനുസരിച്ചു ചിലവാക്കും.

മി. ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഇതേക്കറിനു ഇത്രരൂപയോളം വേണമെന്നു വല്ല തോതുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കുളത്തിനു എത്രപണം ആവശ്യമുണ്ടോ അത്രയും പണം ചിലവുചെയ്തു വേലനടത്തിക്കും എന്നല്ലാതെ ഒരേക്കറിനു ഇന്നതുക വേണം എന്നു ഒന്നുമില്ല.

കണ്ടുകൃഷിവസ്തുസംബന്ധിച്ചഭാഗം.

൩൯. മി. താമരപ്പള്ളിൽകൊച്ചുതൊമ്മൻ (പത്തനംതിട്ട): (എ) ൧൧൦൦-ലെ നായർറെഗുലേഷൻ പാസായതിനുശേഷം തറവാട്ടിലുള്ള കണ്ടുകൃഷിവസ്തുക്കളേയുംചേർത്തു ഭാഗവ്യവഹാരം കൊടുക്കുന്നതിലേക്ക ഗവണ്മെന്റ അനുവാദത്തിനായി കാർത്തികപ്പള്ളി, അമ്പലപ്പുഴ, ചങ്ങനാശേരി, കോട്ടയം ഈ താലൂക്കുകളിൽ ഉൾപ്പെട്ട നായർ തറവാട്ടംഗങ്ങൾ അയച്ചിട്ടുള്ള അപേക്ഷകൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോയെന്നും,

(ബി) ഉണ്ടെങ്കിൽ എത്ര അപേക്ഷകളുണ്ടെന്നും,

സി. (i) ഇളമുറക്കാരുടെ ഭാഗവ്യവഹാരത്തിൽ തറവാട്ടുകാരണവന്മാർ കണ്ടുകൃഷിവസ്തുക്കൾ അവരുടെ സ്വന്തമാണെന്നും കൈവശാനുഭവവും അനുഭവവും അവർക്കു മാത്രമുള്ളതാണെന്നും ഒരുപോലെ എല്ലാകേസിലും തക്കംപുറപ്പെടുവിച്ചതായും,

(ii) ൧൧൦൦-നുമുമ്പു നായർതറവാടുകളിൽ എഴുതിപിടിച്ചിട്ടുള്ള അനവധിനിശ്ചയപത്രങ്ങളിൽ ഈ കണ്ടുകൃഷിവസ്തുക്കൾകൂടി ശാഖകൾക്കു ഭാഗിച്ചുകൊടുത്തു കൈവശം ഒന്നിനൊന്നു മാറീട്ടുള്ളതായും,

(iii) കണ്ടുകൃഷിവസ്തുക്കളെമാത്രം ഭക്ഷാഭാരി ആദായം കിട്ടിവരുന്ന കുട്ടനാട്ടിലെ വളരെ കുടുംബക്കാർക്കു കാരണവന്മാരുടെ ഈ വിധം തക്കം ഇളമുറക്കാരെ സംബന്ധിച്ചിടത്തോളം കഠിനമായി കഷ്ടനഷ്ടത്തിനിടവരുത്തുന്നതായും ഗവണ്മെന്റിന്റെ അറിവിൽപെട്ടോയെന്നും,

(ഡി) ഗവണ്മെന്റ ഈ കാര്യത്തിൽ കൂടുതൽ താമസത്തിനിടവരുത്താതെ ഗൗരവമായി ഗാഢാലോചനചെയ്തു തീരുമാനം ഉണ്ടാക്കിത്തരുമോയെന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ൧൧.

(സി) (i) ഗവണ്മെന്റിനു അറിഞ്ഞുകൂടാ.

(ii) അറിയാം.

(iii) ചോദ്യത്തിലെ ആദ്യഭാഗത്തിലെ വിവരത്തെ ഗവണ്മെന്റ നോട്ടുചെയ്യുന്നുണ്ട്. രണ്ടാമത്തെഭാഗത്തിനു (i) ഭാഗം ഉത്തരംകൊണ്ടു ഉത്തരം ആവശ്യമില്ല.

(ഡി) ഈ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽപെടുകയും കണ്ടുകൃഷിവസ്തുക്കളുടെ പുന്നരക്ഷയെ ഉദ്ദേശിച്ചു അവ ഭാഗിക്കത്തക്കതല്ലെന്നു തീരുമാനിക്കയുംചെയ്തു.

കാണപ്പാട്ടംബിൽ.

൪൦. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൮ കർക്കടകം ൨൮-നുകൂടിയ സഭയിൽ കാണപ്പാട്ടബില്ലിനെസംബന്ധിച്ചുള്ള എന്റെ ചോദ്യത്തിനുള്ള ഉത്തരത്തെ സ്പഷ്ടമാക്കി, കാണപ്പാട്ടബിൽ പാസാക്കുന്നതിനു ഗവണ്മെന്റ എന്തു നടപടിനടത്തി എന്നു ദയവായി പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇതിനെസംബന്ധിച്ച ഒരു സെലക്ട കമ്മിറ്റി യോഗം ൧൧൦൮ കർക്കടകം ൨൮-നു കൂടി ൧൧൦൯ ആഗസ്റ്റ് ൧൯൩൩-ലെ ഒട്ടവില ത്തെ മീറ്റിംഗോടുകൂടി ജന്മികുടിയാൻനക്കൽബിൽ വേണ്ടപോലെ രൂപീകരിച്ചു. സമ്മേളനത്തിലെ തീരുമാനങ്ങളെ ആസ്പദമാക്കിയ ജന്മികുടിയാൻ ഭേദഗതിബിൽ തയാറാക്കി, ൧൧൦൯ ജനുവരി ൧൯൩൪-ലെ ഗസററിൽ പ്രസിദ്ധീകരിക്കയും ഈ സമ്മേളനത്തിലെ പരിപാടിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതൽ.

൪൧. മി. ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട മെമ്പർ):

(എ) ഗവണ്മെന്റ അനുവദിച്ചതായ മലയാളംസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളക്കൂടുതൽ നടപ്പിൽ വരുത്തപ്പെട്ടോയെന്നും,

(ബി) ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണമെന്തെന്നും,

(സി) (എ) ഭാഗം ചോദ്യത്തിനു മറുപടിഇല്ല എന്നാണെങ്കിൽ, ൧൧൦൮-ൽ പെൻഷൻപറ്റിപിരിഞ്ഞുപോയ അദ്ധ്യാപകന്മാർക്കു ഗവണ്മെന്റ അനുവദിച്ച തീയതിമുതൽ അവർ ജോലിചെയ്തടത്തോളംഉള്ള കാലത്തെ കൂടുതൽ ശമ്പളത്തിനു അർഹതയുണ്ടോയെന്നും,

(ഡി) അദ്ധ്യാപകന്മാരിൽ ൧൧൦൮-ൽ മരിച്ചുപോയവരുണ്ടെങ്കിൽ അവർ ജോലിനോക്കിയടത്തോളംകാലത്തെ ശമ്പളം അവർക്കു ലഭിക്കത്തക്കതാണോയെന്നും ഗവണ്മെന്റ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി):

(എ)-ം (ബി)-ം ശമ്പളക്കൂടുതൽ ൧൦-൧-൧൧൦൮ മുതൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ ചില്ലറജോലികൾ ശരിപ്പെടുത്താതെ ശമ്പളക്കൂടുതൽ നടപ്പിൽവരുത്താൻ അസാദ്ധ്യമായിരുന്നുകൊണ്ടു ഒരു വിശേഷാൽ സ്റ്റാഫിനെ അതിലേക്കായി നിയോഗിച്ചിട്ടുണ്ട്. വിശേഷാൽസ്റ്റാഫിനു അനുവാദം നൽകി ഇപ്പോൾ അവർ ജോലിതുടങ്ങിയതിനാൽ ശമ്പളപരിഷ്കാരം ൧-൧-൧൧൦൮ മുതൽ കണക്കാക്കി കഴിയുന്നതും വേഗത്തിൽ നടപ്പിൽ വരുത്തുന്നതാണ്.

(സി) ഉണ്ട്.

(ഡി) അതെ.

മി. ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട മെമ്പർ):

(ബി) ചോദ്യത്തിന്റെ ഉത്തരംസംബന്ധിച്ച വിശേഷാൽ സ്റ്റാഫിന്റെ ജോലി എത്രമാസത്തോളം വേണ്ടുന്നതാണ്?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): ഒന്നുകൂടി പറയണം.

മി. ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട മെമ്പർ):

(ബി) ചോദ്യം ഉത്തരപ്രകാരം വിശേഷാൽസ്റ്റാഫ്. അവരുടെ ജോലി എത്രമാസത്തിനകം തീരുന്നതാണ്.?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): വിശേഷാൽ സ്റ്റാഫിനെ അഞ്ചുമാസത്തേക്കാണു അനുവദിച്ചിരിക്കുന്നതു ഇപ്പോൾ രണ്ടുമാസംകഴിഞ്ഞിരിക്കുന്നു. ജോലി മൂന്നുമാസത്തിനുള്ളിൽ തീരുമെന്നാണു ആശിക്കുന്നതു.

മി. ഡി. ഫ്രാൻസിസ്സ് (നിയമിക്കപ്പെട്ട മെമ്പർ): ശമ്പളക്കൂടുതൽ നടപ്പിൽവരുന്നതു എന്നുമുതലാണ്.?

മി. കെ. ജാർജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): അതു ൧൧൦൯ ചിങ്ങം ൧-നു-മുതൽ.

കോട്ടയം കുമരകം ചാൽ റോഡ്.

൬൨. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്):

(൧) (എ) കോട്ടയം കുമരകംചാൽറോഡിന്റെ മൊത്തം നീളം എത്രമൈലാണെന്നും,

(ബി) ഈ റോഡു മോട്ടാർ ഗതാഗതത്തിനു സൌകര്യപ്പെട്ടതാണോ എന്നും.

(സി) (ബി) ചോദ്യത്തിന്റെ ഉത്തരം അല്ലെന്നാണെങ്കിൽ മോട്ടാർ ഗതാഗതത്തിനു ഉപയുക്തമല്ലാത്ത റോഡിന്റെ നീളം എത്രദൂരമാണെന്നും.

(ഡി) ആ റോഡിൽ മോട്ടാർ ഓടിക്കാൻ പാടില്ലാത്ത പാലങ്ങൾ എത്രയുണ്ടെന്നും.

(ഇ) തോട്ടക്കാമിനുസമീപം റോഡിന്റെ കുറെഭാഗം നന്നാക്കുന്നപക്ഷം റോഡു മുഴുവനും മോട്ടാർ ഗതാഗതത്തിനു ഉപയുക്തമായി വരുന്നതാണെന്നു ഗവൺമെന്റിനു അറിയാമോ എന്നും ഗവൺമെന്റ ദയവായി പറയുമോ?.

മി ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി):

൧. (എ) ൧൦½ മൈൽ.

(ബി) അല്ല.

(സി) ആദ്യത്തെ മൂന്നു മൈൽ ഒഴികെ റോഡിന്റെ ശേഷംഭാഗം മുഴുവനും മോട്ടാർ ഗതാഗതത്തിനു ഉപയുക്തമല്ല.

(ഡി) രണ്ടു.

(ഇ) രണ്ടു പാലത്തിനുസമീപമുള്ള ഭാഗങ്ങൾ നന്നാക്കുന്നതായാൽ റോഡിൽക്കൂടി അപ്പാസഞ്ചർ കാറിനു മാത്രം ഗതാഗതത്തിനു സൌകര്യപ്പെടുന്നതാണു. ഭാരമേറിയ മററു മോട്ടാർവാഹനങ്ങൾ പോകാൻ സാധിക്കുന്നതല്ല. ആ ഭാഗങ്ങളിൽ അററകുററപ്പണികൾ നടന്നുകൊണ്ടിരിക്കുന്നു.

മാവേലിക്കര—തിരുവല്ലറോഡിൽ ആറാട്ടുകടവു പാലത്തിനുള്ള തുക.

൬൩. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും):

(എ) മാവേലിക്കര—തിരുവല്ലാ റോഡിൽ ആറാട്ടുകടവു പാലത്തിനായി ൧൧൦൮-ലെ ഫെബ്രുവരി മാസത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതായ ൧൦,൦൦൦ രൂപാ മററുകാര്യങ്ങൾക്കായി മാററിവെക്കപ്പെട്ടുപോയോ എന്നും.

(ബി) (എ) ചോദ്യത്തിനുള്ള ഉത്തരം അനുസരണരൂപത്തിലാണെന്നുവരുകിൽ, അതിനുള്ള കാരണമെന്തെന്നും,

(സി) (എ) ചോദ്യത്തിനുത്തരം ഇല്ലെന്നാണെങ്കിൽ ജോലി തുടങ്ങാനായി ഉത്തരവുകൊടുത്തോ എന്നും ഗവൺമെന്റ ദയവായി പറയുമോ?.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി):

(എ) ഉള്ളതാണ്.

(ബി) പ്രസ്തുതജോലി അത്ര അടിയന്തിരത്തിൽ നടത്തേണ്ടതല്ലാത്തതുകൊണ്ടും ആ ജോലിക്കു ൧൧൦൯-ാമാണ്ടത്തെ ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുള്ളതുകൊണ്ടും.

(സി) (എ) ചോദ്യത്തിന്റെ ഉത്തരംകൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ജോലി അടിയന്തരമായി ചെയ്യേണ്ട ആവശ്യമില്ലെന്നു ഗവൺമെന്റ എന്നാണ് മനസ്സിലാക്കിയതു?.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ സെക്രട്ടറി): അടങ്കൽ അനുവദിച്ചതോടുകൂടി ഈ ജോലി അടിയന്തരമായി ചെയ്യേണ്ടതല്ലാത്തതും പിന്നീട് ചെയ്യുകയാവുന്നതാണെന്നും ഗവൺമെന്റ ചീഫ് എഞ്ചിനിയർക്കു ആജ്ഞ നൽകിട്ടുണ്ട്. ഇതു ൭-൧൨-൧൧൦൮-ൽ-ആണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൭-൧൨-൧൧൦൮-ൽ-ആണോ ഈ ജോലി അത്ര അടിയന്തിരമായി ചെയ്യേണ്ടതല്ലെന്നു കണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റസെക്രട്ടറി): അതു ഉത്തരവുകൊടുത്ത തീയതിയാണു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൯-ലെ ബഡ്ജററിൽ ഇതിലേക്കു തുകകൊള്ളിച്ചതായി ഗവൺമെന്റിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ(ഗവൺമെന്റസെക്രട്ടറി): ഞാൻ അതു നോട്ടുചെയ്തുകൊള്ളുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തുക അനുവദിച്ചതിനു ശേഷമാണോ ജോലി അടിയന്തിരമായി ചെയ്യേണ്ടതില്ലെന്നുകണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): പല കാരണങ്ങൾകൊണ്ടു് അനുവദിച്ചതുക ഉപയോഗിക്കാൻ സാധിക്കാതെവരും. ചിലപ്പോൾ അടങ്കൽ തയാറായി കാണുകയില്ല ചിലപ്പോൾ മറ്റുപണികൾക്കു കൂടുതൽ അത്യാവശ്യംകൊണ്ടു് ഉദ്ദേശിച്ചപണി നടത്തപ്പെടാതെവരും.

മി. എം. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും:) ൧൧൨൪ ൧൧൨൫ കളിലെ ബഡ്ജറ്റുകളിൽ പ്രസ്തുതപണിക്കുപണം തിരിച്ചുവയ്ക്കപ്പെട്ടില്ലേ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അതിലേക്കു തിരിച്ചുവച്ചിരിക്കാം.

മി. എ. എസ്. ദാമോദരനാശാൻ) മാവേലിക്കരയും കാർത്തികപ്പള്ളിയും): അടിയന്തിരമായി ചെയ്യേണ്ടപണിയല്ലെന്നു പിന്നീടു ഗവണ്മെൻറിനു തോന്നാനുള്ള കൂടുതൽ കാരണമെന്താണു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): മറ്റുള്ളപണികളെ അപേക്ഷിച്ചു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇനംമാറി ചെലവാക്കിയ മറ്റേ അടിയന്തിരമായി ചെയ്യേണ്ടിവന്ന ജോലി ഏതാണെന്നുപറയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി. എ. എസ്. ദാമോദരനാശാൻ(മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ വകമാറി ചെലവാക്കിയതിൻെറ പെട്ടെന്നുണ്ടായകാരണം എനിക്കറിയേണ്ടതായിട്ടില്ലാ എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): പ്രസ്തുതപണി അടിയന്തിരമല്ലാത്തതിനാൽ അതുതൽക്കാലം നീക്കിവയ്ക്കാമെന്നു ഉത്തരവുണ്ടായി.

മി. എം. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൨൪ കർക്കടകത്തിനു മുമ്പേ അടിയന്തിരമായി തോന്നാത്ത മറ്റുജോലി ഏതാണു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): പ്രസ്തുതപണം ചെലവാക്കപ്പെട്ടതു ഏതു അത്യാവശ്യസംഗതിക്കാണെന്നു പറയാൻ എനിക്കു നിവൃത്തിയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ ചോദിക്കുന്നതു ഈ വകമാറി ചെലവാക്കിയതിൻെറ കാരണമാണു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി); ഞാൻ അതിനെപ്പററി പറഞ്ഞുകഴിഞ്ഞു.

പ്രസിഡൻറു. കാരണം പറഞ്ഞുകഴിഞ്ഞല്ലോ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ജോലിയുടെ പണം ചെലവാക്കാൻ പാടില്ലാത്തവിധം മറേറതുജോലിയാണു അടിയന്തിരമായി കരുതിയതു എന്നാണ് ഞാൻ ചോദിക്കുന്നതു.

പ്രസിഡൻറു. ഉദ്യോഗസ്ഥമെമ്പർ ആ വിവരം നിങ്ങളെ ധരിപ്പിക്കാൻ സാധിക്കുന്നതല്ലെന്നു മറുപടിതന്നിരിക്കെ നോട്ടീസ് കൂടാതെ അതു പറയാൻ നിവൃത്തിയില്ല.

അഞ്ചൽപെട്ടി ശേഖരിക്കുന്നതിനുള്ള കൺട്രാക്ട്.

൩൪. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും):

(എ) ഈ ആണ്ടായ ൧൧൨൫-ം കഴിഞ്ഞആണ്ടായ ൧൧൨൪-ലും അഞ്ചൽപെട്ടികൾ കൺട്രാക്ട് കൊടുത്തതു ആർക്കാണെന്നും,

(ബി) വ്യവസായ ഡിപ്പാർട്ടുമെൻറിൽനിന്നും ഏതെങ്കിലും ടെൻഡർ ഉണ്ടായോ എന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ൧൧൨൪-ൽ പെട്ടികൾ കാൺപൂരിലുള്ള ഡൽഹിക്ലാത്ത് ആൻറു ജനറൽ മിൽസ് കമ്പനിയിൽനിന്നും വാങ്ങപ്പെട്ടു. ഈയാണ്ടിലും നെയ്യൂർ നെയ്ത്തുശാലയിൽ അവ വാങ്ങിവരുന്നു.

(ബി) ഇല്ലാ.

കരിമ്പിമ്പുഴ പാലത്തിനു അടങ്കൽ.

൩൫. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും):

(എ) കുന്നത്തൂരിൽ കല്ലടയാററിലെ കരിമ്പിമ്പുഴപാലത്തിനുള്ള അടങ്കൽ തയാറാക്കപ്പെട്ടോ എന്നും,

(ബി) ഈ പാലത്തിനു അടങ്കൽ തയാറാക്കാൻ എത്രകാലം വേണ്ടിവരുമെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി):

(എ) ഇല്ല.

(ബി) അടങ്കൽ തയാറാക്കിയതിൽപിന്നെ ഇതറിയാൻ പാടുള്ളു. അടങ്കൽ തയാറാക്കിത്തുടങ്ങിയിട്ടു ഇപ്പോൾ രണ്ടുകൊല്ലമായി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ പാലത്തിൻെറ അടങ്കൽ തയാറാക്കുന്നതിനു ഗവണ്മെൻറിനു ഇനി എത്രസമയംകൂടി വേണ്ടിവരും?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): ഉത്തരം പറഞ്ഞുകഴിഞ്ഞു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇതിനെപ്പററി പോയവൃശ്ചികത്തിൽ സഭയിൽ ചോദ്യം ഉണ്ടായതിനുശേഷം ഗവണ്മെൻറു എന്തെങ്കിലും നടപടി എടുക്കയുണ്ടായോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): അടങ്കൽ പൂർത്തിയാക്കാൻ കൂടുതൽവിവരം ശേഖരിച്ചു.

ആലുവാ പറവൂർ കടത്തുങ്ങൽ ഒരു പാലം പണിസംബന്ധിച്ച്.

൬. മി. എ. ജി. മേനോൻ (പറവൂർ): ഇതിനുമുമ്പു ഒരു അവസരത്തിൽ ഈ കൌൺസിലിൽ ഉണ്ടായ എന്റെ ചോദ്യത്തിനുള്ള മറുപടിയെ ആസ്പദമാക്കി നീണ്ടകരപ്പാലം പൂർത്തിയായതിനുശേഷം പെരിയാറിന്റെ തെക്കേ കൈവഴിയിൽ ആലുവാ പറവൂർ കടത്തുകടവിൽ ഒരു പാലം പണിചെയ്യുന്നതിനെ സംബന്ധിച്ച് എന്തു നടപടി നടത്തിയെന്നോ നടത്താൻ അഭിപ്രായപ്പെടുന്നു എന്നോ ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): നീണ്ടകരപ്പാലം പണി പൂർത്തിയായതിന്റെശേഷം ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ഒരു കൃഷിസേചനകുളം പൂർത്തിയായി പുനരുദ്ധാരണം ചെയ്യാൻ വേണ്ടിവന്നസമയം.

൭. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കൽക്കുളം വിളവങ്കോടു താലൂക്കുകളിൽ ഒരു കൃഷിസേചനക്കുളം പൂർത്തിയായി നന്നാക്കുന്നതിനു ആവശ്യപ്പെട്ട കൂടുതൽസമയവും കുറഞ്ഞകാലവും ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): കൂടുതൽ ൪ മുതൽ ൫ കൊല്ലവും കുറഞ്ഞതു മൂന്നു മാസവും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സാധാരണ കുളംവെട്ടുന്നതിനു കൂടുതൽവേണ്ടിവരുന്നകാലം ൫ വർഷവും കുറഞ്ഞകാലം ൩ മാസവും വേണമെന്നു മറുപടിയിൽകാണുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): വേഗത്തിൽ തീരുന്ന വേലകളാണെങ്കിൽ ൩ മാസം മതിയാകും. വലിയവേലകളുടെ കാര്യത്തിൽ കൂടുതൽ ൫ വർഷവും വേണ്ടിവന്നിട്ടുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതിനിടയ്ക്കുള്ളകാലത്തു കൃഷിക്കാർ വെള്ളത്തിനു എന്തുചെയ്യും?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): ഇവിടെ വേലയെപ്പറ്റിയല്ല പറയുന്നതു. ഏതാനുംവേലകൾ ൩ മാസത്തിൽതീരും. ചിലവേലകൾക്കു ൫ വർഷവും വേണ്ടിവന്നേക്കും. അതിനിടക്കു വെള്ളം ആവശ്യമുണ്ടെങ്കിൽ വേലക്കായിഎടുക്കാത്ത കുളങ്ങളുംകാണുമല്ലോ. ചിലപ്പോൾ കുളം വെട്ടുന്നതിനു സ്ഥലം പൊന്നുംവിലകൊടുത്തു എടുക്കേണ്ടി വരും. അതിലേക്കാവശ്യമുള്ള സമയംകൂടാതെ കഴിക്കാൻ തരമില്ലാ.

മലംപ്രദേശങ്ങളിൽ ജോലിചെയ്യുന്ന പൊതുമരാമത്തു കീഴ്ജീവനക്കാർ.

൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) കോതയാർ ഡിവിഷനിലെ മലവാരങ്ങളിൽ ജോലിചെയ്യുന്നതായി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റു കീഴ്സിൽബന്തികൾ ഉണ്ടോയെന്നും

(ബി) (എ) യുടെ ഉത്തരം ഉണ്ടെന്നാണെങ്കിൽ അവർ സ്ഥിരപ്പെട്ടോ താൽക്കാലികരോ എന്നും ഗവണ്മെന്റു ദയവായിപറയുമോ.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി):

(എ) ഉണ്ടു.

(ബി) സ്ഥിരവും താൽക്കാലികവും.

പത്തനാപുരം കൊട്ടാരക്കര കുന്നത്തൂർ താലൂക്കുകളിൽ സൌജന്യനിരക്കിൽ സ്ഥലം പതിച്ചുകൊടുപ്പു.

൯. മി. കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ): പത്തനാപുരം, കൊട്ടാരക്കര, കുന്നത്തൂർ താലൂക്കുകളിൽ അധഃകൃതവർഗ്ഗക്കാരിൽപ്പെട്ട അംഗങ്ങളുടെപേരിൽ എത്രഏക്കർ സ്ഥലമാണു പ്രതിഫലംകൂടാതെപതിച്ചുകൊടുത്തതെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരം താഴെ കാണിക്കുന്നു

താലൂക്കിന്റെപേർ	പതിച്ചസ്ഥലത്തിന്റെഅളവു	
	ഏക്കർ	സെന്റു
കുന്നത്തൂർ	൨.൭൬	൪൩
കൊട്ടാരക്കര	൨.൩൦	൫൦
പത്തനാപുരം	൧൦൧	൯൨

നാഗർകോവിൽ മുൻസിപ്പാലിറ്റിയിലെ അധഃകൃതവർഗ്ഗക്കാർ.

൧൦. മി. കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ)

(എ) നാഗർകോവിൽ മുൻസിപ്പാലിറ്റിയിലുൾപ്പെട്ട സാമ്പവരുടെ ഗ്രാമങ്ങളുടെ എണ്ണം എത്രയുണ്ടെന്നും,

(ബി) അധഃകൃതവർഗ്ഗക്കാരിൽനിന്നു നാഗർകോവിൽ മുൻസിപ്പാലിറ്റി സിൽബന്തികളായി എത്രപേർ ഉണ്ടെന്നും,

(സി) മുൻസിപ്പാലിറ്റി അതൃത്തികളിൽ അധഃകൃതർക്കു വേണ്ടി ചെയ്തിട്ടുള്ള ഏർപ്പാടുകൾ എന്തെന്നും,

(ഡി) മുൻസിപ്പൽ ഡിപ്പാർട്ടുമെന്റിൽ നിന്നും അധഃകൃതവർഗ്ഗക്കാരുടെ ഉന്നമനത്തിനു ചിലവാക്കിയ സംഖ്യ എത്രയാണെന്നും,

(ഇ) ഗ്രാമങ്ങളിൽ ശിശുസംരക്ഷണ പദ്ധതി സംബന്ധിച്ചുചെയ്ത ഏർപ്പാടുകൾ എന്തെന്നും ഗവണ്മെന്റു ദയവായി പറയുമോ?

(എ) ൭. മി. കെ. ജാര്‍ജ് (ഗവണ്മെന്‍റ് ചീഫ്സെക്രട്ടറി):

(ബി) ഇപ്രകാരം വന്ന, സ്കാവന്‍ചര്‍സ് ൮൨, വിളക്കുവയ്പുകാര്‍ ൨, ശിപായി ൧ ആകെ എണ്ണം ൯൧.

(സി) ഇപ്പോഴും വിളക്കുവയ്പും പിന്നീട് കൗണ്‍സിലിലെ കൈവശമുള്ള ക്ലിപ്തങ്ങളനുസരിച്ചു ചില്ലറ ജോലികളും ഏര്‍പ്പെടുത്തിട്ടുണ്ട്.

(ഡി) വ്യക്തമല്ലെങ്കില്‍ ഇതുവരെ ഒന്നുമില്ല.

(ഇ) കൌണ്‍സില്‍ ഒരു മാതൃശിശുസംരക്ഷണകേന്ദ്രം ഏര്‍പ്പെടുത്തീട്ടുണ്ട്. കൌണ്‍സിലിനാല്‍ നിയോഗിക്കപ്പെട്ട ജനാരോഗ്യ സന്ദര്‍ശകന്മാര്‍ ഗ്രാമങ്ങളെ സന്ദര്‍ശിച്ചു പ്രസവം സമീപിച്ച സ്ത്രീകളെയും അവരെ ഒടെനോപിതാക്കന്മാരേയും ശുചിയായിരിക്കുന്നതിനെ പറ്റി ഉപദേശിക്കയും അവര്‍ക്കു സുഖക്കേടുള്ളപ്പോള്‍ സംരക്ഷണകേന്ദ്രത്തില്‍ അവരെ അയക്കുന്നതിനു ഉപദേശിക്കയും ചെയ്യുന്നുണ്ട്. കുട്ടികളെ ശരിയായി ആഹാരം കൊടുക്കുന്നതിനും അവര്‍ മാതാപിതാക്കന്മാരെ ഉപദേശിക്കുന്നു.

൨൫. മി. കെ. മാധവന്‍ (നിയമിക്കപ്പെട്ടമെമ്പര്‍): ചെങ്കോട്ട മുന്‍സിപ്പാലിററിയില്‍ അയക്കരവര്‍ഗ്ഗങ്ങളില്‍ എത്രപേര്‍ ജോലിയില്‍ നിയമിക്കപ്പെട്ടിട്ടുണ്ടെന്ന ഗവണ്മെന്‍റ ദയവായി പറയുമോ?

മി. കെ. ജാര്‍ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): ൨൬.

വിദ്യാര്‍ത്ഥികളുടെ ആരോഗ്യപരിശോധന.

൨൬. മി. ഇട്ടൂപ്പ് ഇട്ടിച്ചന്‍ (കുന്നത്തുനാട്): (എ) മെഡിക്കല്‍ ഡിഗ്രിക്കുശേഷം ആശുപത്രിചാര്‍ജ് വഹിച്ചോ ആശുപത്രിയില്‍ ജോലിപരിചയിച്ചോ രോഗികളെ ചികിത്സിച്ചോ ചികിത്സാപരിചയം വരാത്തതായി കാളേജ് വിദ്യാര്‍ത്ഥികളുടെ ദേഹപരിശോധനാര്‍ത്ഥം നിയോഗിക്കപ്പെട്ട മെഡിക്കല്‍ ഉദ്യോഗസ്ഥന്മാരില്‍ ആരെങ്കിലും ഉണ്ടോയെന്നും,

(ബി) (എ) ഭാഗത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കില്‍ അവര്‍ ആരാണെന്നും,

(സി) അപ്രകാരമുള്ളവരെ നിയോഗിക്കാനുള്ള കാരണമെന്തെന്നും,

(ഡി) ഓരോവിദ്യാര്‍ത്ഥിയേയും പരിശോധിക്കുന്നതിനു ഫീസ്സ് എന്തെന്നും,

(ഇ) ൧൦൭ ഒന്ന ൮-നുവരെ ജോലിക്കു നിയോഗിക്കപ്പെട്ടവരുടെ പേരുവിവരവും ഗവണ്മെന്‍റ ദയവായി പറയുമോ?

മി. കെ. ജാര്‍ജ്ജ് (ഗവണ്മെന്‍റ ചീഫ്സെക്രട്ടറി): (എ) ആരുമില്ല.

(ബി), (സി), (ഡി), (എ) ഭാഗത്തിന്‍റെ ഉത്തരംകൊണ്ടു ഇതിലേക്കു ഉത്തരം ആവശ്യമില്ല.

(ഇ) (൧) ഡപ്യൂട്ടിസര്‍ജ്ജന്‍—എന്‍. കെ. കൃഷ്ണപിള്ള.

(൨) അസിസ്റ്റന്‍റസര്‍ജ്ജന്‍—മിസ്സ് ഐ. തോമസ്സ്.

(൩) ടി ജാണ്‍ ഹില്‍ക്കസ്സ്.

(൪) ടി കെ. ഐ. തോമസ്സ്.

(൫) ടി എസ്സ്. ജാണ്‍.

(൬) ടി ആര്‍. രാഘവപുതുവാള്‍.

(൭) ടി ഏ. ഒ. ജേക്കബ്.

(൮) ടി എ. കൃഷ്ണന്‍തമ്പി.

(൯) എന്‍. കൃഷ്ണന്‍തമ്പി തിരുവനന്തപുരം മുന്‍സിപ്പാലിററി-ഹെല്‍ത്താഫീസര്‍.

പെരുമ്പിടിപാലം.

൨൭. മി. ആര്‍. രാമന്‍പിള്ള (കോട്ടയം): ൧൯൨൯ ആഗസ്റ്റ് ൧൦-നു-ഉണ്ടായകൌണ്‍സില്‍ യോഗത്തില്‍ പെരുമ്പിടിപാലത്തെ പറ്റി ൧൭൪-ാംനമ്പരായി ഉണ്ടായ ചോദ്യത്തിനു നല്‍കിയമറുപടിപ്രകാരം (കൌണ്‍സില്‍ നടപടി വാല്യം XV പേജ് ൬൬൦) ചീഫ് ഇഞ്ചിനീയര്‍ക്കു അതിനെസംബന്ധിച്ച അടങ്കല്‍ കിട്ടിയോയെന്ന ഗവണ്മെന്‍റ ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യര്‍ (ഗവണ്മെന്‍റ സെക്രട്ടറി): ഉത്തരം ഇല്ലെന്നാണ.

മി. ആര്‍. രാമന്‍പിള്ള (കോട്ടയം): "അടങ്കല്‍ ആവശ്യപ്പെട്ടിട്ടുണ്ട്" എന്നൊരുമറുപടിപറഞ്ഞിട്ട നൂമാസത്തിനമേലായി. ഇനിയും എത്രമാസത്തിനകം അടങ്കല്‍ കിട്ടും എന്നുള്ളതിനെപ്പററി വല്ലവിവരവും ഗവണ്മെന്‍റിനുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യര്‍ (ഗവണ്മെന്‍റസെക്രട്ടറി): എത്രകാലം വേണ്ടിവരുമെന്ന പറയാന്‍ നിവൃത്തിയില്ല. എസ്റ്റിമേററ വന്ന അനുവദിച്ചാല്‍ വേല തുടങ്ങാം.

മി. ആര്‍. രാമന്‍പിള്ള (കോട്ടയം): ഈ പാലം സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിലെ ഭൂനികുതി ഗവണ്മെന്‍റിനു കിട്ടുന്നില്ല, എന്ന ഗവണ്മെന്‍റിനു അറിയാമോ?

മി. ടി. പി. രാമസുബ്ബയ്യര്‍ (ഗവണ്മെന്‍റസെക്രട്ടറി): അറിയാന്‍പാടില്ല.

മി. ആര്‍. രാമന്‍പിള്ള (കോട്ടയം): ഈസ്ഥലത്തെ ഭൂനികുതി ഇളങ്ങല്ലൂര്‍ സ്വരൂപത്തില്‍ നിന്നുമാണുഈടാക്കിവരുന്നതെന്ന് ഞാന്‍പറയുന്നതായാല്‍ ഗവണ്മെന്‍റ അതുവിശ്വസിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യര്‍ (ഗവണ്മെന്‍റസെക്രട്ടറി): അതു നോട്ടുചെയ്തിരിക്കുന്നു.

മി. ആര്‍. രാമന്‍പിള്ള (കോട്ടയം): ആ സ്ഥലത്തുനിന്നും പിരിക്കുന്ന ഭൂനികുതിയുടെ ഒരംശം ആ ദേശത്തിലെ ജനങ്ങള്‍ക്കുവേണ്ടി ചിലവുചെയ്യേണ്ടതു ആവശ്യമല്ലയോ?

മി. ടി. പി. രാമസുബ്ബയ്യര്‍ (ഗവണ്മെന്‍റസെക്രട്ടറി): അതുകൊണ്ടാണ എസ്റ്റിമേററ ആവശ്യപ്പെട്ടിരിക്കുന്നതു.

മി. ആര്‍. രാമന്‍പിള്ള (കോട്ടയം): കല്ലൂപ്പാറ പകുതിയിലെ കരം ഈടാക്കുന്നതു ഇളങ്ങല്ലൂര്‍സ്വരൂപത്തില്‍ നിന്നുമായതുകൊണ്ടു അതില്‍ ഒരംശം ആ സ്വരൂപത്തില്‍നിന്നുതന്നെ ചിലവുചെയ്യുന്നതിന ഗവണ്മെന്‍റ വേണ്ടവ്യവസ്ഥ ചെയ്യുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെൻറസെക്രട്ടറി): ആലോചിക്കാം.

സർക്കാർ രക്ഷാഭോഗപദ്ധതി.

൧൪. മി. എസ്സ്. പിറവിപെരുമാൾപിള്ള (വ്യവസായവും കച്ചവടവും, തെക്ക): ൧൧൦൮ ധനു ൪-ാം നടന്ന കൌൺസിൽ യോഗത്തിൽ സർക്കാർരക്ഷാഭോഗപദ്ധതി സംബന്ധിച്ചുണ്ടായ ചോദ്യത്തിനു നൽകിയ മറുപടിപ്രകാരം (വാള്യം X വശം ൧൧൦ കൌൺസിൽനടപടി) പ്രസ്തുത പദ്ധതി ഇപ്പോഴും (൧൧൦൯-ൽ) എന്തുനിലയിൽ ഇരിക്കുന്നു എന്നു ഗവണ്മെൻറ ദയവായി മറുപടിപറയുമോ?

മി. എസ്സ്. വെങ്കിട്ടരാമയ്യർ (ആ. ഗവണ്മെൻറ ഫിനാൻഷ്യൽസെക്രട്ടറി): സർക്കാർജോലിക്കാർക്ക വേണ്ടിയുള്ള രക്ഷാഭോഗ പദ്ധതി ആലോചനക്കുട്ടത്തിൽ നടപ്പിലിരിക്കുന്ന പദ്ധതിയുടെ അനുഭവം കൊല്ലങ്ങളിലെ ആകമാനഫലപരിശോധന നടത്തേണ്ടതു ആവശ്യമെന്നുതോന്നി. ൧൧൦൮-ൽ തിരുവനന്തപുരത്തുവന്ന രക്ഷാഭോഗകണക്കപരിശോധകനോട്ട ആലോചിക്കയുണ്ടായി. ഈ കാര്യത്തിൽ വേണ്ടതുപോലെ പരിശോധിച്ചതിന്റെ ഫലമായി അദ്ദേഹത്താൽ നിർദ്ദേശിക്കപ്പെട്ട കുറിപ്പുകളും ഭേദഗതികളും ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

സെൻസസ്സ് കമ്മീഷണരായി ഡാക്ടർ കുഞ്ഞൻപിള്ളയുടെ നിയമനം.

൧൫. മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): (എ) മററുസ്വന്തജോലികൾക്ക വിഘ്നംകൂടാതെ സെൻസസ്സ്കമ്മീഷണരായി നിയോഗിക്കപ്പെട്ട ഡാക്ടർ കുഞ്ഞൻപിള്ളയുടെ നിയമനം സെൻസസ്സ്കഴിയുന്നതുവരെ സ്ഥിരമോ താൽക്കാലികമോ എന്നും,

(ബി) കഴിഞ്ഞ സെൻസസ്സിനു മുഴുവൻ സമയവും ജോലിചെയ്യുന്ന ഉദ്യോഗസ്ഥനെ നിയമിച്ചോ എന്നും,

(സി) ഡാക്ടർ കുഞ്ഞൻപിള്ളയുടെ നിയമനം സ്ഥിരമാണെന്നുള്ളപക്ഷം ഇത്തവണമാത്രം രണ്ടുപ്രധാനഡിപ്പാർട്ടുമെൻറുകളുടെ മേലാവിനെ നിയമിച്ചാൽ മതിയാകുമെന്നുദ്ദേശിക്കാൻ കാരണമെന്തെന്നും ഗവണ്മെൻറ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) സ്വന്തജോലിക്ക വിഘ്നം കൂടാതെയുള്ള ഡാക്ടർ കുഞ്ഞൻപിള്ളയുടെ സെൻസസ്സ് കമ്മീഷണർ നിയമനം താൽക്കാലികമാണ്. അദ്ദേഹം മുഴുവൻ സമയവും ജോലിചെയ്യുന്ന സെൻസസ്സ് കമ്മീഷണരായിരിക്കേണ്ട കാര്യം ക്ലിപ്തപ്പെടുത്തിയിട്ടില്ല.

(ബി) നിയമിച്ചു. ൧൧൦൬-ലെ സെൻസസ്സിനായി നിയമിക്കപ്പെട്ട സെൻസസ്സ് കമ്മീഷണർ മുഴുസമയം ജോലിചെയ്യുന്ന സെൻസസ്സ് കമ്മീഷണരായി നിയമിക്കപ്പെട്ടതിനുമുമ്പു ഏതാനും മാസകാലം സ്വന്തജോലിക്ക തടസ്സം കൂടാതെ ഈ ജോലികൂടി വഹിച്ചുവന്നു.

(സി) (എ), (ബി) ഭാഗങ്ങളിലെ ഉത്തരംകൊണ്ടു ഈ ചോദ്യത്തിനവകാശമില്ല.

അസിസ്റ്റൻറ സർജ്ജൻ ഡാക്ടർ ജാണിന്റെ പ്രൊമോഷൻ.

൧൬. മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): (എ) മെഡിക്കൽ സർവീസ് ബോർഡിൽനിന്നും ജനറൽ ആശുപത്രിയിൽ അസിസ്റ്റൻറ സർജ്ജനായ ഡാക്ടർ എസ്സ്. ജാണിനെ ഒരു ഡെപ്യൂട്ടി സർജ്ജനായി ശുപാർശചെയ്തിട്ടുണ്ടോ എന്നും,

(ബി) സിവിൽലിസ്ററുപ്രകാരം അദ്ദേഹം അസിസ്റ്റൻറ സർജ്ജന്മാരുടെ സ്ഥാനത്തു മുറകൊണ്ടു ൧൫-ാമനാണെന്നും,

(സി) അദ്ദേഹത്തെ കവിഞ്ഞു നിൽക്കുന്ന ൧൪ അസിസ്റ്റൻറ സർജ്ജന്മാരുടെ അവകാശത്തെ വിഗണിച്ചു അദ്ദേഹത്തെ ഡെപ്യൂട്ടിസർജ്ജനായി ബോർഡു ശുപാർശചെയ്തതിന്റെ കാരണമെന്തെന്നും ഗവണ്മെൻറ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി):

(എ) ഉണ്ട്.

(ബി) ഡാക്ടർ ജാൺ അന്യനാട്ടിൽപോയി നടത്തിയ ഉന്നതവിദ്യാഭ്യാസംകൊണ്ടും വൈദ്യശാസ്ത്രത്തിൽ വിശേഷാൽ ബിരുദങ്ങൾകൊണ്ടും ബോർഡു അപ്രകാരം ശുപാർശചെയ്തു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): പാർട്ട് സി. ഡാക്ടർ ജാണിനു ഹയർ ഇംഗ്ലീഷ് സ്റ്റഡി (ഉപരിപഠനം) ഉണ്ടായിരുന്നതുകൊണ്ടാണ് ഡിപ്യൂട്ടിസർജൻ സ്ഥാനത്തേക്ക ശുപാർശചെയ്തതു എന്നു പറയുന്നു. ഈ ഹയർ ഇംഗ്ലീഷ് സ്റ്റഡി എന്താണ്?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എൽ. എം. ആൻഡ് എസ്സ്., എൽ. . ബി. സി. എസ്സ്. ഇ, എൽ. ആർ. എഫ്. എസ്സ്. (ഗ്ലാസ്ഗോ), എം. ആർ. സി. പി. (എഡിൻ), ഡി. ടി. എം. ആൻഡ് എച്ച്. (എഡിൻ) ഇതൊക്കെയുണ്ട്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): മദ്രാസ് യൂണിവേർസിററിയിൽനിന്നും എം. ബി. സി. എം. ജയിച്ചാൽ അതു ഈ ഡിഗ്രിയെക്കാൾ വലുതൊ, ചെറുതൊ, അതല്ലാ തുല്യമാണൊ എങ്ങനെയാണ വകവയ്ക്കുന്നത്?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതറിഞ്ഞുകൂടാ. ഇംഗ്ലീഷ് ഡിഗ്രിയാണ വലുതു എന്നാണ് സാധാരണയുള്ളവയ്പ്, ഗവണ്മെൻറും അങ്ങനെയാണ ധരിച്ചിരിക്കുന്നത്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഡാക്ടർ ജാൺ സ്റ്റേററ്സർവീസിൽ പ്രവേശിച്ചപ്പോൾ ഈ ഡിഗ്രി ഉണ്ടായിരുന്നോ?

മി. കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എല്ലാം ഇല്ലായിരുന്നു. എം. ബി. സി. എം. ഉണ്ടായിരുന്നു എന്നു തോന്നുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സ്റ്റഡിലീവു അദ്ദേഹത്തിനു അനുവദിച്ചുകൊടുത്തതോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതെ.

മി. രേവതിനാൾ രാമവൎമ്മരാജാ (ഇടവക): അങ്ങനെ ആവശ്യപ്പെട്ടവൎക്കെല്ലാം കൊടുത്തിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഇങ്ങനെ ഒരാൾ പഠിച്ചുവന്നാൽ ഉപയോഗമുണ്ടെന്നു ഗവണ്മെന്റിനു തോന്നുന്ന അവസരങ്ങളിലെല്ലാം അങ്ങനെ കൊടുക്കാറുണ്ട്.

മി. രേവതിനാൾ രാമവൎമ്മരാജാ (ഇടവക): മെഡിക്കൽഡിപ്പാർട്ടുമെന്റിൽ മററുവല്ലവൎക്കും കൊടുത്തിട്ടുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): എല്ലാവൎക്കും കൊടുക്കുകയില്ല. ചിലരെല്ലാം ആവശ്യപ്പെട്ടും, അതിൽ ഗവണ്മെന്റിനു യുക്തമെന്നു തോന്നുന്നവൎക്കു കൊടുക്കുന്നുണ്ട്.

മി. രേവതിനാൾ രാമവൎമ്മരാജാ (ഇടവക): ഗവണ്മെന്റിന്റെ യുക്തം എന്നതിന്റെ അൎത്ഥം എന്തെന്നു ഒന്നു മനസ്സിലാക്കാമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അതിലേക്കു റി. എസ്സ്. ആർ.ൽ പ്രത്യേകം ചട്ടങ്ങളുണ്ട്.

മി. രേവതിനാൾ രാമവൎമ്മരാജാ (ഇടവക): അങ്ങനെ ഇംഗ്ലണ്ടിൽപോയി പഠിച്ചു യോഗ്യന്മാരായി വരുന്നവൎക്കു മററുള്ളവരുടെ അവകാശത്തെ ഗണിക്കാതെ പ്രമോഷൻകൊടുക്കുന്നതു സാധാരണ പതിവുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): അങ്ങനെ പതിവുള്ളതായിട്ടു പറയുന്നില്ല. ബോർഡു ശുപാർശചെയ്തു.

മി. രേവതിനാൾ രാമവൎമ്മരാജാ (ഇടവക): ബോർഡു ഇങ്ങനെ ശുപാർശചെയ്യുന്നതിനു പ്രത്യേക കാരണം വല്ലതുമുണ്ടോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി). ബോർഡ് ഇങ്ങനെ പലപ്പോഴും ശുപാർശ ചെയ്തിട്ടുണ്ട്, അതുപോലെ ഇക്കാൎയ്യത്തിലും ശുപാർശചെയ്തു എന്നേയുള്ളു. അതിനു കാരണം മറുപടിയിൽതന്നെ പറഞ്ഞിട്ടുണ്ട്.

൧൭. കൽക്കുളം വിളവംകോടുതാലൂക്കുകളിലെ കൃഷിസേചനകുളങ്ങളെ ചീഫ് ഇഞ്ചിനീയരുടെ പരിശോധന.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലായി (൧൧൨൨—൧൧൨൪) കൽക്കുളം വിളവംകോടുതാലൂക്കുകളിലെ കൃഷിസേചനകുളങ്ങൾ ഇപ്പോഴത്തെ ചീഫ് ഇഞ്ചിനീയരോ അദ്ദേഹത്തിന്റെ മുൻഗാമിയോ മൂന്നുകൊല്ലത്തിനുമേലാരിക്കലല്ലാതെ പരിശോധിച്ചിട്ടുള്ള കുളങ്ങൾ എത്രയുണ്ടെന്നും ഓരോന്നിന്റെയും പരിശോധനത്തീയതികളും ഗവണ്മെന്റ ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഈ വിവരം കിട്ടിയിട്ടില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ചീഫ്ഇഞ്ചിനീയർ ഇൻസ്പെക്ഷൻ നോട്ട്സു സാധാരണ ഗവണ്മെന്റിലേക്കു അയയ്ക്കുന്ന പതിവുണ്ടോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഇല്ല.

൧൮. സംസ്ഥാനത്തുള്ള പാൎവ്വത്യകാരന്മാർ.

മി. വി. ജെ. ഉമ്മൻ (കല്ലുവടവും വ്യവസായവും വടക്ക): (൧൮—൩—൧൧൨൩) തീയതിയിൽ സംസ്ഥാനത്തുള്ള പാൎവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറുമെന്റ ഗവണ്മെന്റ ദയവായി മേശമേൽ വെയ്ക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): ൧൧൨൪ മിഥുനം ൨൩-നുയുള്ള പാൎവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറുമെന്റ ഇന്നേദിവസം ൩൧-ാംനമ്പർ ചോദ്യത്തിനുത്തരമായി നൽകിയിട്ടുള്ളതിനെ മെമ്പർ നോക്കുക. ൧൧൨൩ ധനു ൧൮-നുയുള്ള കണക്കു മാൎച്ചുറവന്യൂ ആന്റ ഇൻകംടാക്സ് കമ്മീഷണരോടു അയക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

൧൯. പാൎവ്വത്യകാരന്മാരും സമുദായപ്രാതിനിധ്യവും.

മി. വി. ജെ. ഉമ്മൻ (കല്ലുവടവും വ്യവസായവും വടക്ക): സംസ്ഥാനത്തു ൩൩൦-ഓളം മററുപാൎവ്വത്യകാരന്മാരുള്ളതിൽ പ്രാതിനിധ്യം ഇല്ലാത്തതും പ്രാതിനിധ്യം കുറവായിട്ടുള്ളതുമായ സമുദായക്കാൎക്കു രണ്ടുശതമാനം പ്രാതിനിധ്യംമാത്രമേ ഉള്ളു എന്നു ഗവണ്മെന്റിനു അറിയാമൊ?

മി. ടി. പി. രാമസ്വാമയ്യർ (ഗവണ്മെന്റ സെക്രട്ടറി): നാലു ഒഴിവുകളെ തള്ളിയാൽ സംസ്ഥാനത്തു ൩൨൧ പാൎവ്വത്യകാരന്മാരുണ്ട്, അവയിൽ ൯൦ പേർ നായന്മാരും, ൯൮ ബ്രാഹ്മണരും, ൩൯ വെള്ളാളരും, ബാക്കിയുള്ള ൧൪ പ്രാതിനിധ്യക്കുറവും പ്രാതിനിധ്യമില്ലാത്തവരുമായ സമുദായക്കാരുമാണ്. ഒടുവിൽ പറഞ്ഞ സമുദായക്കാർ ആകെയുള്ള എണ്ണത്തിനു നാലു ശതമാനമായിട്ടുവരുന്നു.

൨൦. മൂവാററുപുഴ, തൊടുപുഴ താലൂക്കുകളിലെ കള്ളഷാപ്പുകൾ.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴ, തൊടുപുഴ താലൂക്കുകളിൽ പബ്ലിക്ക കച്ചേരികൾക്കും, ആശുപത്രികൾക്കും, സ്കൂളുകൾക്കും, ദേവാരാധനസ്ഥലങ്ങൾക്കും രണ്ടു ഫർലാങ്ങു അകലത്തിനുള്ളിൽ സ്ഥാപിച്ചിട്ടുള്ള കള്ളഷാപ്പുകളുടെ എണ്ണം എത്രയെന്നു ഗവണ്മെന്റ ദയവായി പറയുമോ?

മി. കെ. ജാർജ്ജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ൯-ഉം ൬-ഉം വീതം.

൨൧. ഉദ്യോഗത്തിലിരിക്കുന്ന പാൎവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറുമെന്റ.

മി. തറിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇപ്പോൾ (൨൩—൩—൧൧൨൩) ഉദ്യോഗത്തിലിരിക്കുന്ന പാൎവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള ഒരു സ്റ്റേറുമെന്റ ഗവണ്മെന്റ ദയവായി മേശമേൽ വെയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രട്ടറി): ൧൧൨൪ മിഥുനം ൨൭-ാം തീയതി അനുസരിച്ചുള്ള പാർവത്യകാരന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റും ഇന്നേദിവസം ൭൧-ാംനമ്പർ ചോദ്യത്തിന്റെ ഉത്തരമായി കൊടുത്തതിനെ മെമ്പർ നോക്കുക. ൧൧൨൭ ധനു ൨൩-ാംകൂടിയുള്ള കണക്കു ഗാൻഡവസ്റ്റു ആന്റ ഇൻകംടാക്സ് കമ്മീഷണരോടു ആവശ്യപ്പെട്ടിട്ടുണ്ട്.

വ്യ. മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ സ്ഥിരപ്പെടുത്തലും ഡിപ്പാർട്ടുമെന്റു പരീക്ഷാവിജയവും.

മി. താമരപ്പള്ളിൽ കൊച്ചുനാരായണൻ (പത്തനംതിട്ട):

(എ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ എൽ-സി-പി-എസ്സും, എൽ-എം-പി-യും ഡിപ്ലോമയുള്ളവർ ഡിപ്പാർട്ടുമെന്റു പരീക്ഷ ജയിക്കാതെ അവരെ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്താൻ പാടില്ലെന്നു ഒരു ഉത്തരവു ഗവണ്മെന്റു പാസാക്കിയിട്ടുണ്ടോയെന്നും,

(ബി) (എ) ഭാഗത്തിനുള്ള ഉത്തരം ഉണ്ടെന്നാണെങ്കിൽ ഗവണ്മെന്റുത്തരവിനുശേഷം ഏതെങ്കിലും അപേക്ഷകന്മാരെ ഒഴിവാക്കിയിട്ടുണ്ടോയെന്നും,

(സി) അങ്ങനെ ഒഴിവാക്കി സ്ഥിരപ്പെടുത്തിയവരുടെ പേരുവിവരം എന്തെന്നും,

(ഡി) ഈ വ്യതിയാനത്തിനു പ്രേരിതമായ പ്രത്യേക കാരണങ്ങൾ എന്താണെന്നും,

(ഇ) മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ എൽ-സി-പി-എസ്സും, എൽ-എം-പി-യും ഡിപ്ലോമയുള്ളവർ ഡിപ്പാർട്ടുമെന്റുപരീക്ഷ ജയിച്ചതിനുശേഷം സ്ഥിരപ്പെടുത്തപ്പെടാതെയിരിപ്പുണ്ടോയെന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി. കെ. ജോർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി):

(എ) ഇല്ല.

(ബി), (സി), (ഡി), (ഇ) ഭാഗത്തിനുള്ള ഉത്തരംകൊണ്ടു ഈ ചോദ്യത്തിനു ഉത്തരം ആവശ്യമില്ല.

അനുബന്ധം V.

൭൧-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

സംസ്ഥാനത്തു പാർവത്യകാരന്മാരുടെ ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

I.	ഹിന്ദുക്കൾ	ബ്രാഹ്മണൻ (മലയാളി)			...
		മി (മററുള്ളവർ)			൩൪
		നാടാന്മാർ	...	...	...
		ഈഴവർ	...	...	൧
		കമ്മാളർ	...	...	...
		ക്ഷത്രിയർ	...	...	...
		നായർ	...	...	൩൦൨
		പുലയർ	...	...	...
		മററു അധഃകൃതർ	...	...	...
		വെള്ളാളർ	...	...	൧൦
		മററുഹിന്ദുക്കൾ	...	...	...
II.	മുസ്ലീങ്ങൾ		...	...	...
III.	ക്രിസ്ത്യാനികൾ:	(൧) പ്രോട്ടസ്റ്റന്റുകാർ			...
		(൨) റോമൻകത്തോലിക്കർ			...
		(എ) ലത്തീൻകാർ			൧
		(ബി) സുറിയാനി			...
		(൩) സുറിയാനി			
		(എ) ജേക്കോബൈററ്			൩
		(ബി) മാർത്തോമ്മാ			...
		(൪) ആംഗ്ലേയപള്ളി			...
				ആകെ	൪൦൧*
		പാർവത്യകാർ ആകെ എണ്ണം			൪൭൭

*കോട്ടയം ഡിവിഷനിൽ നാലു ഉദ്യോഗം ഒഴിവു.

അടിയന്തിര പ്രമേയം.

(മി. എൻ. കെ. കൃഷ്ണപിള്ള പ്രസിഡന്റിന്റെ കയ്യിൽ ഒരു കടലാസു ഏൽപ്പിച്ചു).

പ്രസിഡന്റ്: മി. എൻ. കെ. കൃഷ്ണപിള്ള എന്നെ ഒരുകടലാസു ഏൽപ്പിച്ചു. അതിൽ പൊതുജനങ്ങളെ മുഖ്യമായി സംബന്ധിക്കുന്നതായ ഒരു അടിയന്തരകാര്യത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനു സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. അടിയന്തരപ്രമേയം എന്തെന്നാൽ ജലസേചനസൌകര്യവും പൊതുജനങ്ങൾക്കില്ലാത്തതിനാലും ഇടത്തരം ജലസേചനത്തിന്റെ ഒരു വ്യക്തമായ പദ്ധതി [illegible] അഭാവത്താലും ഉള്ള കഷ്ടതകൾ, എന്റെ അഭിപ്രായത്തിൽ ഇതു അനുവാദംനൽകാവുന്നതാണ്. ആരെങ്കിലും എതിർക്കുന്നുണ്ടോ?

മി. കെ. ജോർജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ഞാൻ അതിനെ എതിർക്കുന്നു.

അടിയന്തിരപ്രമേയത്തെ അനുകൂലിച്ചു ഇരുപതിൽകൂടുതൽ അംഗങ്ങൾ എഴുന്നേററുനിന്നു.

പ്രസിഡന്റ്: ഇരുപതു അംഗങ്ങളിൽ കൂടുതലായി പ്രമേയത്തെ അനുകൂലിച്ചുകഴിഞ്ഞു; നാളെ [illegible] അതു വാദപ്രതിവാദത്തിനു എടുക്കപ്പെടും.

തിരുവിതാംകൂർ നമ്പൂതിരിബിൽ.

പ്രസിഡൻഡൻറ്: തിരുവിതാംകൂർ നമ്പൂതിരിബിൽ സംബന്ധിച്ചുള്ള സിലക്റ്റ്കമ്മിററിയുടെ റിപ്പോർട്ട സഭയിൽ ആലോചനയ്ക്കു എടുക്കപ്പെടും.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികറ): തിരുവിതാംകൂർ നമ്പൂതിരിബിൽ സംബന്ധിച്ചുള്ള സിലക്റ്റ്കമ്മിററിയുടെ റിപ്പോർട്ട ഞാൻ ഹാജരാക്കി, അതു ആലോചനയ്ക്കു എടുക്കപ്പെടണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഞാൻ അതു പിന്താങ്ങുന്നു.

മി. നാരായണൻനമ്പൂതിരിപ്പാട്ട ജാതവേദൻ നമ്പൂതിരിപ്പാട്ട് (സംയുക്തസാമാജികൻ): സർ, നമ്പൂതിരി ബില്ലിനെപ്പററി ഞാൻ എഴുതികൊണ്ടുവന്നതിനെ വായിക്കാൻ അനുവാദം കിട്ടണം.

പ്രസിഡൻറ: മി. പരമേശ്വരൻപിള്ള, (സംയുക്തസാമാജികൻ) അദ്ദേഹം എഴുതികൊണ്ടുവന്നതിനെ വായിക്കാൻ അനുവാദം വേണമെന്ന പറയുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): സാധാരണയുള്ള ചട്ടം എല്ലാമെമ്പറന്മാരും സംസാരിക്കതന്നെ വേണമെന്നാണു. എന്നാൽ ഏതെങ്കിലും ഒരു മെമ്പറിനു സംസാരിക്കാൻ അനുവാദം പ്രസിഡൻറിനു നല്കാവുന്നതാണു.

പ്രസിഡൻറ. മി. ജാതവേദൻ നമ്പൂതിരിപ്പാടെ, നിങ്ങളുടെ പ്രസംഗം വായിച്ചുകൊള്ളണം.

മി. നാരായണൻനമ്പൂതിരിപ്പാട്ട് ജാതവേദൻനമ്പൂതിരിപ്പാട്ട് (സംയുക്തസാമാജികൻ): എല്ലാ സമുദായങ്ങളും അതാതു ജനങ്ങൾക്ക് പ്രത്യേകസ്വാതന്ത്ര്യങ്ങളും ചട്ടങ്ങളും സ്ഥാപിച്ചുകിട്ടണമെന്ന ആഗ്രഹിച്ചു നിലവിളിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു നമ്പൂരിമാരുടെ ഇടയിലും ചില പരിഷ്കാരങ്ങളും കുടുംബഭരണനടപടിക്ക പ്രത്യേകം ചില വ്യവസ്ഥകളും ചെയ്തുകിട്ടണമെന്ന നിർബന്ധപൂർവം ഇവരിൽ ഏതാനുംപേരും കുടുംബനടപടിക്കാരറും ഇപ്പോറം യാതൊരു ഭേദഗതിയും ചെയ്യേണ്ടതായ ആവശ്യമില്ലന്ന് മററു ചിലരും മലയാളമൊട്ടുക്ക രണ്ടുപക്ഷക്കാരായി തമ്മിൽതമ്മിലും ഗവൎമ്മെൻറുമുഖേനയും വാദപ്രതിവാദം തുടങ്ങീട്ടു അല്പകാലം ആയിരിക്കുന്നു. ഈ രണ്ടുതരക്കാരുടേയും വാദപ്രതിവാദങ്ങറക്കുള്ള അടിസ്ഥാനം എന്താണെന്നും ഇപ്പോറം സ്വസമുദായത്തിനു പ്രത്യേകം ഒരു റഗുലേഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നും നാം ആദ്യമായി ആലോചിക്കേണ്ടതാകുന്നു. ഇപ്പോറം കന്യകാദാനത്തിനു കാലതാമസം വരുന്നുണ്ടെന്നും കുഡുംബസ്വത്തുക്കറ കടത്തിലും അന്യാധീനത്തിലും പോകുന്നുണ്ടെന്നും കുടുംബത്തിന്റെ വീതാംശംകൊണ്ടു തങ്ങറക്ക അവസ്ഥപോലെ നിത്യനിദാനവൃത്തി നടത്തുവാൻ സാധിക്കുന്നില്ലെന്നും മി ചിലവിലേക്ക ഒരു ക്ലിപ്തസംഖ്യ ആവശ്യപ്പെടുവാൻ ചട്ടങ്ങളില്ലെന്നും ഇല്ലന്നും തന്നിമിത്തം കഷ്ടനഷ്ടങ്ങളറ അനുഭവിക്കുന്നു എന്നുമാണ് ചിലയുവാക്കന്മാർ പറയുന്നതു്. കന്യകാദാനത്തിനു മുൻകാലത്തേക്കാറ ക്ലിഷ്ടതയായ കാലതാമസം ഒന്നും ഇപ്പോറം വരുന്നില്ലെന്നും കുഡുംബസ്വത്തിന്റെ അവസ്ഥപോലെ എല്ലാ കുടുംബാംഗങ്ങറക്കും നിത്യനിദാനവൃത്തിക്കു ഒരു ക്ലിപ്തസംഖ്യ ഇപ്പോഴും കൊടുത്തുവരാറുണ്ടെന്നും വസ്തു അന്യാധീനപ്പെടുത്തുക ഋണംവരുത്തുക മുതലായ കുഡുംബദോഷങ്ങളെ തടയുവാൻ വേണ്ട ചട്ടങ്ങറ ഇപ്പോറം നടപ്പിൽ ഇരിക്കുന്നുണ്ടെന്നും അതിനാൽ ഇപ്പോറം ഒരു പ്രത്യേകചട്ടം ആവശ്യമില്ലന്നു മാണു പ്രാചീനന്മാരുടെ വാദം. എന്നാൽ എല്ലാകുടുംബാംഗങ്ങളും വിവാഹം കഴിച്ചു കുടുംബസ്വത്തുക്കറ ആളോഹരിഭാഗിച്ചു എടുക്കണമെന്നുംമററും ചില നവീനന്മാർക്ക അഭിപ്രായമുണ്ടെന്നുകണ്ടു പ്രാചീനന്മാർ വലിയ പ്രക്ഷോഭം നടത്തികാണുന്നു. എങ്കിലും ഇപ്പോറം ഇവിടെ വാദത്തിനു വിഷയീഭവിച്ചിട്ടുള്ള നമ്പൂതിരിബില്ലിൽ ആ വക സംഗതികറ ഒന്നും ചേർത്തുകാണുന്നില്ലാത്തതിനാൽ അതിനെപ്പററി ചിന്തിച്ചിട്ടാവശ്യമില്ലന്നു വിചാരിക്കുന്നു. എന്നാൽ മേൽപറഞ്ഞ വാദത്തിൽനിന്നും ഒരു നമ്പൂതിരിബിൽ ഇപ്പോറം ആവശ്യമോ അനാവശ്യമോ എന്നും എന്തു ദോഷപരിഹാരത്തിനാണ് ബിൽ നിർമ്മിക്കേണ്ടതെന്നുംമാത്രമാണ് നാം ഇവിടെ ആലോചിപ്പാനുള്ളതു്. എന്നാൽ മേൽപ്രകാരം അല്പകാലമായി മലബാർ കൊച്ചി തിരുവിതാംകൂർ ഈ മൂന്നു രാജ്യങ്ങളിലുമുള്ള നമ്മുടെ വൎഗ്ഗക്കാരിൽ മേൽപ്രകാരം ഒരു അസ്വാസ്ഥ്യം നേരിട്ടിരിക്കുന്ന സ്ഥിതിക്ക രണ്ടുകൂട്ടക്കും വലിയ ഉപദ്രവത്തിനു ഇടവരാതെ ഇവിടെ ഒരു ചെറിയ നമ്പൂതിരിബിൽ പാസാക്കുന്നതു നല്ലതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അതിലേക്ക സി, എൻ. ഇട്ടിനമ്പൂതിരി അവർകളാൽ നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടതും ഒരു സിലക്റ്റ്കമ്മിററി പരിഷ്കരിച്ചു ന്യൂനാക്കിയതുമായ തിരുവിതാംകൂർ നമ്പൂതിരി ബിൽ താഴെപറയുന്ന പരിഷ്കാരങ്ങളും ഭേദഗതികളും ചെയ്തു കൌൺസിൽ പാസാക്കുന്നതാണ് ഉത്തമപക്ഷമെന്നു കാണുന്നുണ്ടു്.

പരിഷ്കാരങ്ങറ.

ഈ ബില്ലിനെപ്പററിയുള്ള പൎയ്യാലോചനകളും കമ്മിററി വിസ്താരവും പക്ഷപാതമായിട്ടു നടത്തിട്ടുള്ള എന്നു കമ്മിററി മെമ്പറന്മാരുടെ കുറിപ്പു കൊണ്ടുതന്നെ കാണാവുന്നതാണ്. തിരുവനന്തപുരത്തുവച്ചു ഒൻപതും ചെങ്ങന്നൂരിൽ ഒന്നും ഇങ്ങനെ പത്തു സാക്ഷികളെമാത്രമേ സിലക്റ്റ് കമ്മിററി വിസ്തരിച്ചിട്ടുള്ളൂതന്നും കണ്ണൂരു ചോദ്യകടലാസുകറ ആൎക്കും അയച്ചിട്ടുള്ളതായി കാണപ്പെടുന്നില്ല. വടക്കൻതിരുവിതാംകൂറിൽ അനേകം നമ്പൂതിരിഗൃഹങ്ങറ ഉള്ളതിൽ പലസ്ഥലങ്ങളിലും പോയി പല നമ്പൂതിരിമാരോടും സമ്ഭാഷിച്ചും ചോദ്യകടലാസുകറ അയച്ചു മറുപടിവരുത്തിയും റിക്കാർഡുകറ ശേഖരിക്കാത്തതു കമ്മിററി വിചാരണക്ക് വലിയ ന്യൂനതയായികാണുന്നു. അതിനാൽ തിരുവിതാംകൂർ മുട്ടുക്ക വീണ്ടും പബ്ലിക്കായി ഒരു കമ്മിററിവിസ്താരം നടത്തുകയും വാക്ക്മൂലവും രേഖാമൂലവും ധാരാളം നമ്പൂതിരിമാരുടെ അഭിപ്രായം എടുത്തു അതിൽനിന്നുംലഭിക്കുന്ന അഭിപ്രായങ്ങളുംകൂടി ബില്ലിൽ ചേൎക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു. വിശേഷിച്ചും പ്രകൃതത്തിൽ ഇരിക്കുന്ന നമ്പൂതിരിബിൽ വളരെ ചുരുക്കവും ആവശ്യം ചേൎക്കേണ്ട വിഷയങ്ങളെ ചേൎക്കാതെ അസ്പഷ്ടവും ആയികാണുന്നതിനാൽ എന്റെ ദൃഷ്ടിയിൽപെട്ടിടത്തോളം ചേൎക്കേണ്ടതായ ചില വിഷയങ്ങളെ താഴെ വിവരിച്ചുകൊള്ളുന്നു. അതായതു കുഡുംബത്തിൽ വിവാഹംചെയ്തു ഭാൎയ്യാസന്താനങ്ങളോടുകൂടി ഇരിക്കുന്ന ഒരാറം താൻ പിരിഞ്ഞുതാമസിപ്പാൻ പോകുന്നു എന്നും തന്റെയും ഭാൎയ്യാസന്താനങ്ങളുടേയും ചിലവിനുള്ളവീതംതിരിച്ചു കിട്ടണമെന്നു, കുഡുംബകാരണവരോടു ആവശ്യ

പ്പെട്ടാൽ ചിലവിനുമാത്രം ആദായം കിട്ടുന്ന കുഡുംബവസ്തു അയാൾക്കു തിരിച്ചുകൊടുക്കണമെന്നു ബില്ലിൽ കാണുന്നു. വിവാഹം ചെയ്യാത്ത കുടുംബങ്ങളാംഗങ്ങൾക്കു ചിലവിനുകൊടുക്കേണ്ടസംഗതിയെപ്പറ്റി ബില്ലിൽ ഒന്നും പ്രസ്താവിച്ചുകാണുന്നില്ല. ഇതുകൂടാതെ കന്യകാദാനത്തിന്റെ കാലനിർണ്ണയത്തെപറ്റിയും സ്ത്രീധനംകൊടുക്കേണ്ടസംഖ്യയെകുറിച്ചും എല്ലാ കുഡുംബാംഗങ്ങൾക്കും ചിലവിനുകൊടുക്കേണ്ടതും കുഡുംബഭരണകാൎയ്യപ്രതിഫലം കൊടുക്കേണ്ടതും മറ്റും ആവശ്യം ബില്ലിൽ കൊള്ളിക്കേണ്ടതായി കാണുന്നതിനാൽ താഴെ പറയുന്ന വിഷയങ്ങളെക്കൂടി ബില്ലിൽചേൎത്തു ഭേദപ്പെടുത്തണമെന്നു ഞാൻ ബലമായി ആവശ്യപ്പെടുന്നു.

ചേർക്കേണ്ട വിഷയങ്ങൾ.

൧. ഒരു കാരണവന് ഉള്ള കുഡുംബഭരണാധികാരം ഒരു രജിസ്റ്റർ ആധാരംമൂലം ഒഴിയുറിവുയ്യാവുന്നതാണ്. ടി അധികാരം മറ്റുള്ളവൎക്കു കൊടുപ്പാൻ കാരണവനു അധികാരമില്ല.

൨. ഒരു കാരണവൻ രോഗംകൊണ്ടോ മറ്റുകാരണങ്ങൾകൊണ്ടോ ഭരണത്തിനു ശക്തനല്ലെന്നുകണ്ടാൽ ഒരു കോർട്ടുവിധിപ്രകാരം അയാളെ ഭരണത്തിൽനിന്നും ഒഴിക്കാവുന്നതാണ്.

൩. ഒരു കാരണവൻ ഭരണത്തിൽനിന്നു ഒഴികയോ ഒഴിവാക്കുകയോ മരിക്കുകയോ ചെയ്താൽ പിന്നീടു ആ കുഡുംബത്തിലെ വയസ്സുമൂപ്പുള്ള മേജർപുരുഷന്മാൎക്കോ പുരുഷന്മാർ ഇല്ലെങ്കിൽ മേജർസ്ത്രീകൾക്കോ ഭരണാധികാരം ലഭിക്കുന്നതാണ്.

൪. ഒരു ഇല്ലത്തു മേജർപുരുഷനോ മേജർസ്ത്രീയോ ഇല്ലാതെ വന്നുപോയാൽ ആ കുഡുംബത്തിൽ ഉൾപ്പെട്ട ആളുകൾ ചെന്നു അധികാരമുള്ള സിവിൽകോടതിയിൽ അപേക്ഷിച്ചു കോടതിമുഖാന്തിരം ഒരു മാനേജരെവച്ചു കാൎയ്യഭരണം നടത്തിക്കാവുന്നതാണ്.

൫. ഒരു കാരണവന് അയാളുടെ പതിവുചിലവുകൾക്കും ഭരണചിലവുകൾക്കും പുറമേ അതാതുകൊല്ലത്തിൽ ഉള്ള മുഴുവൻ വരവിൽനിന്നും ൧൦൦-ക്കു അഞ്ചുവീതത്തിൽ അധികരിക്കാതെയും രണ്ടായിരത്തിൽ അഞ്ഞൂറുരൂപായിൽ കവിയാതെയുമുള്ള സംഖ്യ പ്രതിഫലമായിട്ടെടുക്കാവുന്നതാകുന്നു.

൬. കുഡുംബത്തിലെ ഒരനന്തരവൻ കാൎയ്യഭരണം നടത്തുന്നപക്ഷം അയാൾക്കും മേൽപ്രകാരമുള്ള പ്രതിഫലം കൊടുക്കേണ്ടതാകുന്നു.

൭. ൧൬ വയസ്സുകഴിഞ്ഞിട്ടും ഒരു കന്യകയെ വിവാഹംകഴിപ്പിച്ചുകൊടുപ്പാൻ കാരണവൻ ഉദാസീനതകാണിച്ചാൽ ഇല്ലത്തെ മറ്റംഗങ്ങൾ ആ കന്യകയെ വിവാഹംകഴിപ്പിച്ചുകൊടുക്കേണ്ടതാകുന്നു.

൮. സ്ത്രീധനംവകക്കു കുഡുംബത്തിലെ സ്ഥിതിഅനുസരിച്ചു കാരണവനും ഇത്രവീതംസംഖ്യ കൊടുക്കാമെന്നു ഒരു നിശ്ചയംചെയ്തു അതനുസരിച്ചുള്ള സംഖ്യമാത്രം കൊടുക്കേണ്ടതും നിശ്ചിതത്തിൽകൂടുതൽസംഖ്യ അത്യാവശ്യംവേണ്ടിവന്നാൽ നീക്കിവയ്ക്കപ്പെട്ട പൊതുഫണ്ടിൽനിന്നും പോരാത്തസംഖ്യകൂടി എടുത്തുകൊടുക്കേണ്ടതും ആകുന്നു.

൯. ഇല്ലത്തുള്ള എല്ലാഅംഗങ്ങൾക്കും പതിവുചിലവിനുംമേൽചിലവിനും വേണ്ടസംഖ്യ കുഡുംബസ്വത്തിൽനിന്നും ചിലവെഴുതികിട്ടുവാൻ അവകാശമുണ്ടായിരിക്കണം.

൧൦. ഏതെങ്കിലും ഒരംഗം കൂട്ടുകുഡുംബംവിട്ടു വേറെതാമസിക്കുന്നപക്ഷം അങ്ങനെ താമസിക്കുവാൻ ന്യായമായകാരണം കാണിച്ചാൽ അയാൾക്കു പതിവുചിലവു കിട്ടുവാൻ അവകാശമുണ്ട്.

൧൧. പതിവുചിലവുസംഖ്യ ൧൬ ശതമാനത്തിൽനിന്നു ഒരംഗത്തിന്റെ വീതത്തിനുള്ള ഓഹരിയാകുന്നു.

൧൨. ഇല്ലത്തുതന്നെ താമസിക്കുന്നവൎക്കു പതിവുചിലവിനും മേൽചിലവിനും കൊടുക്കേണ്ടതും മേൽചിലവുസംഖ്യ ൫൦ ശതമാനത്തിന്റെ ഒരു ഓഹരിയായിരിക്കേണ്ടതും ആകുന്നു.

പിൻതുടർച്ചാവകാശം.

ഒരു നമ്പൂതിരിപുരുഷൻ മരിക്കുമ്പോൾ അയാളുടെ സ്വയാൎജ്ജിതസ്വത്തിൽ പകുതിസംഖ്യ ടിയാന്റെ മക്കൾക്കും ശിഷ്ടം സന്താനങ്ങൾക്കു പകുതിഓഹരി ഇല്ലത്തേക്കും ലഭിക്കേണ്ടതാണ്.

ഇതിനെപ്പറ്റിയുള്ള അധികം ഭാഗങ്ങളും കൊച്ചിനിയമസഭയിൽ ഭൂരിപക്ഷം അനുവദിച്ചനമ്പൂതിരിബില്ലിനെ അനുകരിക്കുന്നതു നന്നായിരിക്കുമെന്നു തോന്നുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഈ ബില്ലിനെ വീണ്ടും ഒരു സിലക്ട്കമ്മറ്റിക്കു അയക്കണമെന്നാണോ അഭിപ്രായപ്പെടുന്നതു?

മി. നാരായണൻനമ്പൂതിരിപ്പാടു ജാതവേദൻനമ്പൂതിരിപ്പാടു (സംയുക്തസാമാജികൻ): അതെ, ഇതിനെ വീണ്ടും ഒരു സിലക്ട്കമ്മറ്റിക്കു അയക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ അതിനെ പിന്താങ്ങുന്നു.

മി. സി. എൻ. കുഞ്ഞൻനമ്പൂതിരിപ്പാടു (സംയുക്തസാമാജികൻ): സർ, കഴിഞ്ഞനിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള നമ്പൂതിരിബില്ലാണ് അന്നത്തെ സിലക്ട്കമ്മറ്റിയുടെ വിചാരണക്കുശേഷം ഇപ്പോൾ ഈ കൌൺസിലിൽ ഹാജരാക്കുന്നതിനു ഇടയായിട്ടുള്ളതു. ഈ നമ്പൂതിരിബില്ലിനെപ്പറ്റി അനേകവിധമായ വാദപ്രതിവാദങ്ങൾ കഴിഞ്ഞകൌൺസിലിൽ നടത്തിയിട്ടുണ്ടെന്നുള്ളതിനു അതിന്റെ റിക്കാർഡുകൾ നോക്കിയാൽ കാണാവുന്നതാണ്. ആ ബില്ലിനെ അന്നത്തെ സിലക്ട്കമ്മറ്റിയെ ഏല്പിക്കയും ആ സിലക്ട്കമ്മിറ്റി വേണ്ടവണ്ണം വിചാരണകഴിക്കയും പലരുടെയും തെളിവുകൾ എടുക്കയും ചെയ്തിട്ടുണ്ടെന്നുള്ള സംഗതി എല്ലാവൎക്കും ഏറക്കുറെ അറിയാവുന്നതാണ്. ഈ ബില്ലിനെ അതിൽകൂടുതലായി ഒരു സിലക്ട്കമ്മറ്റിയുടെ വിചാരണക്കു അയക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെപറ്റി എനിക്കു ബലമായസംശയമുണ്ട്. എന്നാൽ ഇതൊരു സമുദായത്തിനെ കുറിച്ചുള്ള ബില്ലായതുകൊണ്ട് ഇതിൽ കൂടുതലായതെളിവു വാങ്ങേണ്ട ആവശ്യമില്ലെന്നു ഞാൻ പറയുന്നില്ല. ധാരാളംതെളിവുകൾ ഇനിയും ആവശ്യമുണ്ട് എന്നാൽ മുമ്പിലത്തെസിലക്ട്കമ്മറ്റി വേണ്ടപോലെ തെളിവുകൾ എടുത്തു വിസ്തരിക്കുന്നതുകൊണ്ടു അതിൽകൂടുതലായി തെളിവുവാങ്ങിക്കണമെന്നു എനിക്കു അഭിപ്രായമില്ല. എങ്കിലും ഈ കൌൺസിലിലുള്ള മെമ്പറന്മാരും ഇതിനെപറ്റി ശരിയായി ആലോചിച്ചുവേണ്ടതു ചെയ്താൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

മി. എ. ജി. മേനോൻ (പറവൂർ): ഇപ്പോൾ ആലോചിക്കേണ്ട പ്രമേയം ഏതാണ്?

പ്രസിഡണ്ട്: മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട് കൊണ്ടുവന്നിട്ടുള്ളത്.

മി. എ. ജി. മേനോൻ (പറവൂർ): അതിനെപ്പററി നോട്ടീസില്ലാ.

പ്രസിഡണ്ട്: എന്റെ യുക്തായധികാരം പ്രയോഗിച്ച് അദ്ദേഹത്തിനെ സംസാരിക്കാൻ ഞാൻ അനുവദിച്ചു.

മി. എ. ജി. മേനോൻ (പറവൂർ): ഞാൻ ഈ ഉപക്ഷേപം കൊണ്ടുവരാൻ നിശ്ചയിച്ചിരുന്നു. എന്നാൽ സമുദായത്തിന്റെ ഹിതം തിരികെ അയക്കുന്നതിനു വിപരീതമാകകൊണ്ടുമാത്രം ഞാൻ എന്റെ പ്രമേയത്തെ പിൻവലിച്ചു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതു സിലക്ട്കമ്മിററിക്കു തിരികെ അയക്കേണ്ടതാണ്. മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട്ടിന്റെ പ്രസംഗംകൊണ്ടു ഞാൻ മനസ്സിലാക്കിയതു അങ്ങനെയാണ്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഭേദഗതിപ്രമേയം രൂപത്തിൽ കൊണ്ടുവരപ്പെട്ടതായിട്ടാണോ ഞങ്ങൾ വിചാരിക്കേണ്ടതു? ഭേദഗതി ഹാജരാക്കാൻ അദ്ദേഹത്തിനു അനുവാദം കിട്ടിയോ?

പ്രസിഡണ്ട്: അതു ഹാജരാക്കുകയും പിന്താങ്ങുകയുംചെയ്തു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഓരോ കൌൺസിലിന്റെയും ആലോചനയ്ക്കു വരുന്ന ബില്ലുകളെല്ലാം പിന്നെയും പിന്നെയും സിലക്ട്കമ്മിററിക്കു അയക്കുക എന്നുള്ള പതിവു ഉണ്ടാക്കിയാൽ ഒരു ബില്ലും ഒരിക്കലും തീരാതെവരുമെന്നാണ് എന്റെ അഭിപ്രായം.

ഈ രീതി അംഗീകരിക്കുന്നതായാൽ മേൽ പല ബില്ലുകളും പുതുതായി മെമ്പേഴ്സ് വരുന്ന അവസരത്തിൽ ഒക്കെയും അതുകൾ തിരിച്ചു സിലക്ട്കമ്മിററിക്കു പോകേണ്ടിവരികയില്ലയോ എന്നു ഭയമുണ്ട്. എന്നുമാത്രമല്ല മുമ്പിലത്തെ സിലക്ട്കമ്മിററിക്കാരുടെ ജോലിയെപ്പററി നാം നിസ്സാരമായി വിചാരിക്കുന്നതായിട്ടു കൂടിവരുന്നേയ്ക്കാം. അതുകൊണ്ടു എന്റെ സ്നേഹിതന്മാരെല്ലാവരും ഇതിനെപ്പററി വോട്ടുചെയ്യുന്ന അവസരത്തിൽ ഞാൻ പറഞ്ഞ തത്വങ്ങളെപ്പററി നല്ലവണ്ണം ആലോചിച്ചു പ്രവൃത്തിക്കുമെന്നു വിചാരിക്കുന്നു. ബില്ലിനെ വീണ്ടും സിലക്ട്കമ്മിററിക്കു അയക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ പ്രതികൂലിക്കുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം): മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടു ഹാജരാക്കിയ പ്രമേയത്തെ പിന്താങ്ങുന്നതിനു ഞാനും തയാറാണ്. സിലക്ട്കമ്മിററി ശേഖരിച്ച തെളിവും അന്വേഷണവും ഒട്ടും മതിയാകുന്നതല്ലെന്നു സഭയെ വ്യക്തമായി ധരിപ്പിച്ചു. അദ്ദേഹം എടുത്തുപറഞ്ഞതു പത്തു സാക്ഷികൾമാത്രം വിസ്തരിക്കപ്പെട്ടിട്ടുള്ളു എന്നു എന്റെ സ്നേഹിതൻ മിസ്റ്റർ രാജാ പറകയുണ്ടായി. ഇതു സിലക്ട്കമ്മിററിക്കു തിരികെ അയക്കുന്നതു അനാവശ്യമായി സമയം കളയുന്നതാണെന്നു—ഞാൻ വളരെ ബലമായി അഭിപ്രായപ്പെടുന്നതു അതു അങ്ങിനെയല്ലെന്നാണ്. ഒരു ബില്ലിന്റെ പലഭാഗങ്ങളും ന്യൂനതയോടുകൂടി നാം കാണുമ്പോൾ, ദോഷങ്ങളെ പരിഹരിക്കേണ്ടതു ഈ സഭാംഗങ്ങളുടെ ഗൌരവമായ ചുമതലയല്ലയോ? ഈ കൌൺസിലിൽ ശരിയായി പ്രതിനിധീകരിക്കപ്പെടാത്ത ഒരു സമുദായത്തിന്റെ അവകാശങ്ങളേയും സ്ഥാനങ്ങളേയും ബന്ധിക്കാൻപോകുന്ന ഒരു ബില്ലിനെപ്പററിയാണ് നാം നിരൂപണംചെയ്യുന്നതു. എന്റെ അപേക്ഷ സഭാംഗങ്ങൾ ഈ പ്രധാനപ്പെട്ട കാര്യം വളരെ ഗൌരവമായികരുതി സിലക്ട്കമ്മിററിയിലേക്കു ബില്ലിനെ തിരികെ അയക്കണമെന്നാണ്.

മി. എം. ജി. മേനോൻ (പറവൂർ): എന്റെ ഉപക്ഷേപം ഞാൻ പിൻവലിച്ചു. എന്നാൽ വേറെ ഉപക്ഷേപം ഇപ്പോൾ സഭയിൽ അവതരിപ്പിച്ചതുകൊണ്ടു എന്റെ അഭിപ്രായംകൂടി പറയുന്നതിനു എനിക്കു അവകാശം ഉണ്ട്.

പ്രസിഡണ്ട്: ശരി, നിങ്ങൾ പറഞ്ഞുകൊള്ളുക.

മി. എം. ജി. മേനോൻ (പറവൂർ): ബിൽ തിരികെ അയക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. തിരികെ അയക്കണമെന്ന ഉപക്ഷേപം ഞാൻ ഹാജരാക്കിയെങ്കിലും അതു പിൻവലിക്കാനുള്ള കാരണം പ്രസ്തുത സമുദായത്തിലെ പല മുഖ്യന്മാരുമായി ഞാൻ ആലോചിച്ചതിൽ അവർ പ്രസ്തുത ബില്ലിനെപ്പററി വളരെ തൃപ്തികരമായിട്ടാണ് സംസാരിച്ചതു്. അതിനാൽ ഞാൻ തിരികെ അയക്കാനായി ആവശ്യപ്പെടുന്ന ഉപക്ഷേപത്തെ എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഭേദഗതി പ്രമേയങ്ങൾ അയച്ചതിനുമുമ്പോ പിന്നീടോ ആലോചന ഉണ്ടായതു്?

മി. എം. ജി. മേനോൻ (പറവൂർ): ഭേദഗതികൾ അയച്ചതിനു ശേഷംതന്നെ.

മി. മാത്യു മുരിക്കൻ (വൈക്കം): ഭേദഗതികൾ അയക്കപ്പെട്ടതിനുമുമ്പോ പിമ്പോ എന്നുള്ള സംഗതി വാദിക്കുന്ന പ്രമേയത്തിനു ബന്ധിച്ചുകാണുന്നില്ല.

മി. എം. ജി. മേനോൻ (പറവൂർ): മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടു ഹാജരാക്കിയ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഞാൻ എന്റെ പ്രവൃത്തിയെ വിവരിച്ചുപറയുകയാണ്. ഈ നമ്പൂതിരിബില്ലു സംബന്ധിച്ചു മുഴുവൻസംഗതികളും തിരുവിതാംകൂറിലെ മിക്ക പത്രങ്ങളിലും സിലക്ട്കമ്മിററിയിലും പ്രതിപാദിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇതു അയൽരാജ്യമായ കൊച്ചീസംസ്ഥാനത്തു മഹാരാജാവു തിരുമനസ്സിലെ ആലോചനയിൽ ഇരുന്ന രണ്ടുകൊല്ലം ദീർഘകാലത്തു അതിനെസംബന്ധിച്ചു തുടരെ വാദപ്രതിവാദങ്ങൾ നടന്നിട്ടുണ്ട്. വീണ്ടും ആലോചനക്കു ന്യൂതനകാരണങ്ങൾ ഉണ്ടെന്നു പറയുന്നതു ഈ ബിൽ ഈ കൌൺസിലിൽ ഫലവത്തായി വരാതിരിക്കാൻ ഒരു മാർഗ്ഗം ഉണ്ടാക്കുന്നതായി വിചാരിക്കാനേ തരമുള്ളു. അതുകൊണ്ടു ഈ ബില്ലിനെ എതിർക്കാതെ ഈ ബില്ലിന്റെ പ്രയോക്താവിന്റെ അഭിപ്രായത്തോടു യോജിച്ചു പ്രവൃത്തിക്കണമെന്നു ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിൽ വിവാഹത്തെ സംബന്ധിച്ചു എന്തെങ്കിലും വ്യവസ്ഥയുണ്ടോയെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെയോ? വിവാഹത്തെപ്പററി ഒരു അദ്ധ്യായംകൂടാതെ ഏതെങ്കിലും ഒരു സാമുദായികനിയമം പാസ്സാക്കിയതായി മെമ്പറിനു പറയാൻ സാധിക്കുമോ?

മി. എ. ജി. മേനോൻ (പറവൂർ): മെമ്പർ ദയവുചെയ്തു ഒരു—

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു ഒരു ക്രമാനുസൃതമായ നടപടിയല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. മെമ്പർ ഞാൻ ചോദിച്ച ചോദ്യത്തിനു ഇങ്ങോട്ടു ചോദ്യം ചെയ്യുന്നു.

പ്രസിഡണ്ട്: ചോദ്യത്തിനുത്തരം ചോദ്യം തന്നെ ആകാം.

മി. എ. ജി. മേനോൻ (പറവൂർ): ഒന്നാമതായി വിവാഹത്തെപ്പറ്റി ഒഴിച്ചുവിട്ടതുകൊണ്ടു ഈ ബില്ലിനു ഏതുവിധം ന്യൂനത വെച്ചു എന്നു നിങ്ങൾ എന്നെ മനസ്സിലാക്കിതരണം. അവർക്കു പഴയകാലംമുതൽ ഒരു വിവാഹനിയമം ഉണ്ടു. എന്നാൽ നായന്മാരായ നമുക്കു ഒന്നും തന്നെ ഇല്ലായിരുന്നു. നായർറഗുലേഷനിൽ വിവാഹം സംബന്ധിച്ചു ഒരു അദ്ധ്യായം ചേർത്തതിനു കാരണം അതാണ്. പ്രസ്തുത ബില്ലിൽ വിവാഹത്തെപ്പറ്റി ഒരു അദ്ധ്യായം ചേർക്കേണ്ട ആവശ്യമില്ല.

മി. മാത്യു മുരിക്കൻ (വൈക്കം): നമുക്കു വിവാഹം ഇല്ലാത്തതുകൊണ്ടു ഈ അദ്ധ്യായം ബില്ലിൽ ചേർക്കേണ്ട എന്നാണോ മെമ്പർ പറയുന്നതിന്റെ സാരം?

മി. എ. ജി. മേനോൻ (പറവൂർ): ഈ അദ്ധ്യായം ചേർക്കാതെതന്നെ ബിൽ പരിപൂർണ്ണമാണ്.

എനിക്കു പറയാനുള്ളതെല്ലാം ഈ ഒരു കാര്യമാണ്. ബിൽ അതിന്റെ സമുദായക്കാർക്കു വളരെ അത്യാവശ്യമാണ്. ആ സമുദായത്തിൽപെടാത്ത മെമ്പറന്മാരിൽ ആരുംതന്നെ ഈ ബിൽ പാസാക്കുന്നതിനു പ്രതികൂലമായി നിൽക്കരുത്. ആ സമുദായത്തിലെ ഭാവി സന്താനങ്ങളെ ഉദ്ദേശിച്ചല്ലാതെ ഇപ്പോൾ പ്രായമുള്ളവരെമാത്രം ഉദ്ദേശിച്ചല്ലാ ഞാൻ പറയുന്നതു്. എല്ലാ സാമുദായിക നിയമങ്ങളിലും രണ്ടുകൂട്ടം കക്ഷികളുണ്ടു. ഒരുകക്ഷി ബിൽ പാസ്സാകാതെ അതു ഉടച്ചുകളയാൻ അത്യന്തം യത്നിച്ചുകൊണ്ടിരിക്കും. ആ സമുദായത്തിൽപെട്ട പ്രായംചെന്ന യോഗ്യന്മാർ ഈ സംസ്ഥാനം ഒട്ടുക്കു സഞ്ചരിച്ചു മെമ്മോറിയലുകളിൽ ഒപ്പു ശേഖരിച്ചതായി ദൃഷ്ടാന്തങ്ങൾ എനിക്കറിയാം. ഒപ്പിട്ടവരിൽ വളരെപേരും ഉപദ്രവം കൂടാതെ കഴിക്കാമെന്നു കരുതി ഒപ്പിട്ടതാണ്. ഈ ബില്ലിനെ പ്രതികൂലിച്ചുള്ള മെമ്മോറിയലുകളിൽ അപ്രകാരമുള്ള ഒപ്പുകൾ വളരെയുണ്ടു്. അവയ്ക്കു ഇതുപോലെ ഒരു പൊതുയോഗത്തിൽ ആലോചനയ്ക്കു എടുക്കുമ്പോൾ അത്രയ്ക്കുമാത്രമേ വിലമതിക്കാൻ പാടുള്ളു.

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഈ ബില്ലിനെ പിന്നെയും സിലക്ട്കമ്മിററിക്കു അയക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ പിന്താങ്ങുന്നു. ഈ ബില്ലിനെസംബന്ധിച്ചു ഇതിനുമുമ്പുള്ള കൌൺസിലിൽ മെമ്പറന്മാർ പരിശോധിക്കയും വിചാരണനടത്തുകയും ചെയ്തിട്ടുള്ളതാണ്. അതിനെതുടർന്നു ഈ കൌൺസിലിൽ ഈ ബില്ലിനെ ആലോചനയ്ക്കെടുക്കണമെന്നു ഈ ബിൽ അവതരിപ്പിച്ചിരിക്കുന്ന മിസ്റ്റർ കേശവൻ നമ്പൂതിരിയാണ് ആവശ്യപ്പെട്ടിട്ടുള്ളതു്. ഇതിനുമുമ്പു ഈ ബില്ലിനെപ്പററി പരിശോധനയും വിചാരണയും ചെയ്ത ആളുകൾ എല്ലാപേരും ഇപ്പോൾ കൌൺസിലിൽ ഇല്ല. ഇതു് ഒരു സമുദായത്തെ പ്രത്യേകം സംബന്ധിക്കുന്ന ഒരു നിയമമാണ്. മുമ്പുനടത്തിയ വിചാരണകളെതുടർന്നു ഇപ്പോഴത്തെ മെമ്പറന്മാർ വിചാരണകഴിക്കണമെന്നു പറയുന്നതു് നിയമപ്രകാരം നോക്കിയാലും സാധുവായ ഒരപേക്ഷയല്ലാ. ക്രിമിനൽ കേസുകളിൽ കേസുവിചാരണനടന്നു വാദങ്ങളും നടപടികളും അവസാനിച്ചു വിധിപറയുവാൻപോകുന്ന അവസരത്തിൽ ഒരു ജഡ്ജിയോ മജിസ്ത്രേട്ടോ മാറിവരുന്നു എങ്കിൽ ആ കേസു വീണ്ടും വിചാരണ നടത്തണമെന്നു അതിലെ പ്രതിക്കു പറയാം. ആ നിയമതത്വം ഏറക്കുറെ ഈ ബില്ലിനും സംബന്ധിക്കുന്നതാണ്. മുമ്പുനിന്ന ഏതാനും മെമ്പറന്മാർകൂടി ആലോചനയും വിചാരണയും നടത്തിയതാണെങ്കിലും അവസാനമായ തീരുമാനത്തിനു വരുമ്പോൾ അതേസമുദായത്തിൽ ഉൾപ്പെട്ട ഒരാൾപോലും മുമ്പിരുന്ന മെമ്പറന്മാരുടെ വിചാരണയും പരിശോധനയും അതിന്മേലുള്ള അവരുടെ തീരുമാനവും എനിക്കു സമ്മതമില്ലാ, അതിനാൽ അതിനെപ്പററി വീണ്ടും വിചാരണ നടത്തേണ്ടതാണ് എന്നു അപേക്ഷിക്കുമ്പോൾ ആ അപേക്ഷ കേൾക്കാതിരിക്കുവാൻ നിവൃത്തിയില്ല. അതു് ന്യായമായിട്ടുള്ള ഒരപേക്ഷയാണെന്നാണ് എന്റെ അഭിപ്രായം.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഒരു സിലക്ട് കമ്മിററിയുടെ റിപ്പോർട്ടനുസരിച്ചുള്ള ഒരു നിശ്ചയമാണെന്നു അറിയാമല്ലോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): നാം കടലാസിൽ കാണുന്നതുമാത്രം വായിച്ചുനോക്കി അഭിപ്രായം പറയുന്നതിനെക്കാൾ വീണ്ടും ഒരു കമ്മിററികൂടുകയും ആ കമ്മിററിയുടെ അന്വേഷണത്തിനും വിചാരണയ്ക്കും ഈ കാര്യം വിട്ടുകൊടുക്കുകയും ചെയ്യുന്നതു നന്നായിരിക്കും എന്നാണ് എന്റെ അഭിപ്രായം.

മി. എസ്. പിറവിപ്പെരുമാപിള്ള (വ്യവസായവും കച്ചവടവും, തൊഴിൽ): സിലക്ട് കമ്മിററിയിൽ തീരുമാനിച്ചപായന്റുകളും ഇനി തീരുമാനിക്കേണ്ടതായ പായന്റുകളും ഏതെല്ലാമെന്നു മെമ്പർ പറയുമോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): വിവാഹത്തെസംബന്ധിച്ചോ മററു ഏതിനെഎങ്കിലുംസംബന്ധിച്ചോ ഇതിനുമുമ്പു പര്യാലോചിച്ചിട്ടില്ലാത്ത ഭാഗങ്ങളെപ്പററി എല്ലാം വീണ്ടും ആലോചിക്കാവുന്നതാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ ബില്ലിൽ ഇല്ലാത്ത ഭാഗങ്ങളെപ്പററിയും പര്യാലോചിക്കേണ്ട ആവശ്യമുണ്ടോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അപ്രകാരമുള്ളതിനേയും പര്യാലോചിക്കേണ്ടതായ ആവശ്യമുണ്ടെങ്കിൽ അതിനെപ്പററിയും ആലോചിക്കണം.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ ബില്ലിൽ ഇല്ലാത്ത ഭാഗങ്ങളെപ്പററി പര്യാലോചിക്കുന്നതിനു ആ കമ്മിററിക്കു അധികാരമുണ്ടോ?

മി. മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അവയെപ്പററിയും ആലോചിക്കുന്നതിനു അധികാരമുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ ഡെപ്യൂട്ടിപ്രസിഡൻറ്): തത്വവാദത്തിന്മേൽ ബിൽ സിലക്ട്കമ്മിററിക്കു തിരികെ അയക്കണമെന്നുള്ള പ്രമേയത്തെ ഞാൻ എതിർക്കുന്നു. സാമുദായികനിയമത്തിന്റെ പുരോഗതിക്കു അത്യാവശ്യമായി സർക്കാരുത്തരവുകളിലും ചട്ടങ്ങളിലും അനുസരിച്ചുള്ള നടപടി തുടർന്നുകൊണ്ടുപോകേണ്ടതും സിദ്ധാന്തമായി അനുഷ്ഠിക്കേണ്ടതുമാണ്. ചട്ടങ്ങളും സർക്കാരുത്തരവുകളുംപ്ര

കാരം സിലക്ട് കമ്മിററി റിപ്പോർട്ട് സമർപ്പണത്തിനുശേഷം വ്യത്യസ്ഥപ്പെട്ട സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയല്ലാതെ അതു തിരികെ അയയ്ക്കാൻ പാടില്ല. ഒരു പ്രത്യേകസമുദായത്തിനോ പ്രത്യേകജാതിക്കോ വല്ല ആയശ്ശേഷം നേരിട്ടുവെന്നു കരുതിയാണോ ഈ ബിൽ വേറൊരു സിലക്ട് കമ്മിററിയുടെ പുനരാലോചനയ്ക്കു അയയ്ക്കാൻ ഉദ്ദേശിക്കുന്നതു്? തക്കതായ വ്യത്യസ്ഥ കാരണത്താലല്ലാതെ ഈ കൌൺസിലിൻറെ ഒരു സിലക്ട് കമ്മിററിക്കയച്ചു സൂക്ഷ്മമായി പരിശോധിച്ചു റിപ്പോർട്ടുചെയ്യപ്പെട്ട ബിൽ തിരികെ അയയ്ക്കാനിടവരുന്നതു ഒരിക്കലും യുക്തമല്ല. (മി_ ദാമോദരനാശാൻ: കേൾപ്പിൻ, കേൾപ്പിൻ) സാമാന്യ ഏർപ്പാടിനെ ഭേദപ്പെടുത്താനനുവദിക്കുന്ന എന്തുസംഗതികളാണു ഈ കൌൺസിലിൻറെ മുമ്പിൽ കൊണ്ടുവന്നിട്ടുള്ളതു്? ഒന്നുംതന്നെ ഇവിടെ പറഞ്ഞുകേട്ടില്ല. ഉപക്ഷേപകൻറെ പ്രസംഗവും അതിനെ എതിർത്തവരുടെ പ്രസംഗങ്ങളും ഞാൻ ശ്രദ്ധിച്ചുകേൾക്കയുണ്ടായി. ബില്ലിൽ കടന്നുകൂടിയ ചില വ്യവസ്ഥകളെപ്പററി സമുദായത്തിലെ അംഗങ്ങളുടെ ഇടയ്ക്കു അഭിപ്രായവ്യത്യാസമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. സിലക്ട്കമ്മിററി, കൌൺസിലിലേക്കു തിരികെ റിപ്പോർട്ടുചെയ്തയച്ച ബിൽ അഭിപ്രായവ്യത്യാസം തീരുന്നതുവരെ മാത്രമേ ആലോചനയ്ക്കെടുക്കാൻ പാടുള്ളു എന്നുവന്നാൽ നമുക്കു ആ സുവർണ്ണകാലം വരുന്നതുവരെ കാത്തിരിക്കേണ്ടിവരും.

മി. മാത്യു മുരിക്കൻ (വൈക്കം): ഉപക്ഷേപകൻറെ പ്രസംഗം സമുദായാഭിപ്രായത്തെ പ്രകടിപ്പിക്കുന്നതായി മെമ്പർ വിചാരിക്കുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): അതു അദ്ദേഹത്തിൻറെ സ്വന്തനിലയിലുള്ള അഭിപ്രായമാണെന്നു മയവായി മനസ്സിലാക്കണം.

എൻറെ സ്നേഹിതന്മാരിൽ ഒരാൾ ഏഴുതിരിക വിവാഹത്തെപ്പററി ഒന്നും വ്യവസ്ഥപ്പെടുത്തിയിട്ടില്ലല്ലോ എന്നു പറകയുണ്ടായി. അതിൽനിന്നും അനുമാനിക്കേണ്ടതു് ഈ ബിൽ നമ്പൂതിരിസമുദായത്തിൻറെ ആകമാനസംഗതികളെ ഒന്നടക്കം ചേർക്കുന്ന ഒരു പ്രബന്ധരൂപത്തിൽ വേണമെന്നാണ്. നായർറഗുലേഷനോ ഈഴവറഗുലേഷനോ പ്രസ്തുത നമ്പൂതിരിബില്ലോ ആകട്ടെ അതു ഒന്നുംതന്നെ ഉദ്ദേശിച്ചതായിട്ടില്ല. ഈ ബിൽ വ്യക്തമായി പറയുന്നുണ്ട്.

"ഇതിനുമുമ്പെ പ്രസ്താവിച്ചതനുസരിച്ച് നിയമത്താൽ ഖണ്ഡിതമാക്കപ്പെട്ടവകയായിരിക്ക, ഈ റഗുലേഷനിൽ യാതൊന്നുംതന്നെ ഇപ്പോൾ സ്ഥിതിചെയ്യുന്ന നിയമം നടപ്പാചാരം ഇവയെ ബന്ധിക്കുന്നതല്ല."

സമുദായത്തിൻറെ അഭിപ്രായത്തിലും സമുദായത്തിലെ ഒരു വലിയകൂട്ടം ജനങ്ങളുടെ മനോഗതി, ക്രോഡീകരിച്ചുള്ള ഉപക്ഷേപകൻറെ അഭിപ്രായത്തിലും നിയമരൂപമാക്കപ്പെടേണ്ടതായകാര്യം ബില്ലിൽ പ്രതിപാദിച്ച സംഗതികളെപ്പററി മാത്രമേയുള്ളു. മററുകാര്യങ്ങളെപ്പററി സമുദായനടപ്പുസ്ഥിതികൊണ്ടു വളരെ തൃപ്തിപ്പെട്ടിരിക്കയാണ്. ഈഴവറഗുലേഷനിലും നായർറഗുലേഷനിലും, ശരിക്കുതുല്യമായ വ്യവസ്ഥകളുള്ളതായി നിങ്ങൾക്കറിയാം. ഒരു സാമുദായികനിയമം ക്രോഡീകരിക്കുമ്പോൾ സമുദായത്തെസംബന്ധിച്ച എല്ലാം ചേർക്കുന്നതിനു സാദ്ധ്യമല്ല, എല്ലായ്പോഴും കുറെ ബാക്കികിടക്കും. അങ്ങനെയുള്ളവ നടപ്പുനിയമംകൊണ്ടു നിർവഹിക്കപ്പെടും. സൌകര്യപ്പെട്ടുവരായിരുന്ന എല്ലാം അംഗങ്ങളുടെയും തെളിവുവാങ്ങിയില്ല എന്നുള്ള ഒരു അംഗത്തിൻറെ അഭിപ്രായംമാത്രം ആസ്പദമാക്കി ബിൽ തിരികെ അയയ്ക്കുന്നതു തീരെ യുക്തമല്ല. പ്രത്യേകിച്ചു അതേസമുദായത്തിലെ മറെറാരംഗം, ഇതിനെ ഖണ്ഡിച്ചുപറകയും സിലക്ട് കമ്മിററി ധാരാളം അവസരം നൽകുകയുംചെയ്തിരിക്കുന്നു. ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച നിങ്ങൾക്കു തൃപ്തിതോന്നിയില്ലെങ്കിൽ, നിങ്ങളിൽ സർവ്വർക്കും ഭേദഗതിഉപക്ഷേപങ്ങൾ അയയ്ക്കാൻ അർഹതയുണ്ട്. ബില്ലിൽ ഉൾപ്പെടുത്തേണ്ടതായ മററുനല്ലകാര്യങ്ങൾ ഉണ്ട്, അവയും വ്യവസ്ഥപ്പെടുത്തി നിങ്ങൾക്കു ഉപക്ഷേപങ്ങൾ അയയ്ക്കാം. അങ്ങിനെയിരിക്കെ, അപ്രകാരം ഏതെങ്കിലും ഇവിടെ ചെയ്തിട്ടുണ്ടോ?

ഈ ബില്ലുകൊണ്ടു വല്ലതായ അനീതിജനിപ്പിക്കുന്നതായും നിയമകർത്താക്കൾ സമുദായത്തിനു വേണ്ടതായ ഭേദഗതികൾ അയക്കാനായിട്ടുള്ള സൌകര്യങ്ങൾ കൊടുത്തിട്ടില്ലെന്നും ഈ കൌൺസിൽ അഭിപ്രായപ്പെടുന്നപക്ഷം ഈ ബിൽ തിരികെ അയക്കണമെന്നുള്ള കാര്യത്തിൽ ഞാനും അതിനായി വോട്ടുചെയ്യുന്നതാണ്. ബിൽ പൊതുജനങ്ങൾക്കു സന്തോഷകരമാക്കി സൃഷ്ടിക്കുന്നതിനും കൂടുതൽ ഫലപ്രദമാക്കുന്നതിനും ഏതുഭേദഗതിയും ഈ കൌൺസിലിൽ കൊണ്ടുവരുന്നതിനു തക്കതായുള്ള മെമ്പർമാർക്ക് നിയമം വേണ്ടസൌകര്യം അനുവദിക്കുന്നുണ്ട്. ക്രോഡീകരണമായി എന്തെങ്കിലും പ്രവർത്തിനടത്താതെ ഈ ബില്ലിൻറെ പുരോഗതിയിലുള്ള അതിദീർഘമായ കാലതാമസത്തിനുശേഷം കൌൺസിലിൻറെ ആലോചനയ്ക്കു ഇതു പക്വനിലയിൽ ആയില്ലെന്നുള്ളതു്—മെമ്പറുടെ അഭിപ്രായത്തിലുള്ള ഉത്തമവിശ്വാസത്തെ സംശയിച്ചുപറയുന്നതായി വിചാരിക്കരുതു്—ഈ നിയമത്തിൻറെ അഭിവൃദ്ധിയെ തടയാനായി ആഗ്രഹിക്കുന്ന ഏവനും പുറപ്പെടുവിക്കാവുന്ന ഒരു വാദമാണ്. ഈ ബിൽ തിരികെ അയക്കപ്പെടാതെയിരുന്നാൽ സമുദായത്തിനു സാരമായദോഷം നേരിടുന്നതല്ലെന്നു കൌൺസിലിനു ബോദ്ധ്യംവരുന്നപക്ഷം കൌൺസിൽ ഈ തടങ്ങൽ പ്രമേയം തള്ളിക്കളയണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബില്ലിനെപ്പററി റിപ്പോർട്ടുചെയ്ത സിലക്ട് കമ്മിററി പിരിഞ്ഞുപോയ വേറൊരു കൌൺസിലിനാൽ നിയോഗിക്കപ്പെട്ടതാണെന്നു മിസ്റ്റർ കൃഷ്ണയ്യങ്കാർക്കു അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട മെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): അതു ഒരു കാരണമാകുന്നതല്ല. തുടർന്നുള്ള ഉദ്ദേശം അത്യാവശ്യമാണ്. കൌൺസിൽ മാറുന്തോറും ബിൽ തിരികെ അയക്കണമെന്നുള്ള തത്വം ദോഷകരമാണ്. അങ്ങനെ ഒരു ഭേദഗതിബിൽ കൊണ്ടുവന്നാൽ ആരും തടുക്കാൻ വഴിയില്ല. ബിൽ കൌൺസിലിൻറെ ആലോചനയ്ക്കു വന്നസ്ഥിതിക്കു അതിൻറെ തത്വം അംഗീകരിച്ചുകഴിഞ്ഞു. ഈ കൌൺസിലോ അതിനുമുമ്പുള്ളതോ ഏതായാലും എൻറെ മനസ്സിനു തോന്നിയിട്ടുള്ളതു വ്യത്യാസം ഒന്നുമില്ലെന്നാണ്. ഇക്കാര്യത്തിൽ ബില്ലിൻറെ തത്വം അംഗീകരിച്ചു സാരാംശത്തിൽ പ്രവേശിച്ചു നിരൂപണംചെയ്യുന്നതിനു ഒരു [illegible] നമ്മുടെ മുൻഗാമികളുടെ പ്രവൃത്തി തന്നെയും ബന്ധിക്കുന്നതാണ്. അവർ അവരുടെ റിപ്പോർട്ടിനെ സമർപ്പിച്ചു. ഈ പുതിയകൌൺസിലിൽ ഉള്ള മെമ്പർമാരുടെ അഭിപ്രായ

ത്തിൽ കൂടുതൽ ഭേദഗതികൾ ആവശ്യമെന്നുള്ളപക്ഷം ഭേദഗതികൾ അയക്കാവുന്നതാണ്. അടുത്ത കൌൺസിൽ സാവകാശമായും സൂക്ഷ്മമായും ആലോചിക്കാവുന്നതാണ്. സർ, എനിക്കു തോന്നുന്നതു നാം പൂർവാചാരവിരുദ്ധമായി പ്രവർത്തിച്ച സന്ദർഭങ്ങൾ ഉണ്ടെന്നാണ്. ഇതുപോലെതന്നെ ഒരു തടങ്ങൽ പ്രമേയം നായർ റെഗുലേഷനിലോ ഈഴവ റെഗുലേഷനിലോ കൊണ്ടുവരികയുണ്ടായി. ഇപ്പോൾ അതിലാണെന്നു ഞാൻ ഓർമ്മിക്കുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): നാഞ്ചിനാട്ടു വെള്ളാളബില്ലിനെ സംബന്ധിച്ച്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡന്റ്): തിരികെ അയക്കുന്നതിനു അതു കൌൺസിൽ തള്ളിക്കളകയുണ്ടായി.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ബിൽ നന്നാക്കുന്നതിനുദ്ദേശിച്ചുള്ള പ്രമേയത്തെ മിസ്റ്റർ കൃഷ്ണയ്യങ്കാർ ഒരു തടങ്ങൽ പ്രമേയം എന്നു പേരുവിളിക്കുന്നതെന്താണ്?

മി. റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡന്റ്): കാരണങ്ങളിൽ ഒന്നാമതായി നിൽക്കുന്നതു അതു വേണ്ട സമയമല്ല. ഒരു തടങ്ങൽ പ്രമേയം ഒരു ബില്ലിന്റെ ഗതിയെ തടയുന്നതാണ്. നമുക്കു രണ്ടാം വായന നടത്തണം. അതു തീർന്നാൽ മൂന്നാംവായനയും നടത്തണം. പിന്നീടു അതു നിയമമാകും. മിസ്റ്റർ മാധവൻപിള്ള പ്രസ്താവിച്ച അഭിപ്രായം ആലോചിക്കുക. നാം ബിൽ തിരികെ അയക്കുന്നതായി വിചാരിക്കുക. ഈ കൌൺസിലിനു ഇനി ഒരു മാസത്തെയും കുറെ ദിവസങ്ങളും കൂടി ഉണ്ട്. വാദപ്രതിവാദത്തിനു ഹേതുവായ സംഗതികളെപ്പറ്റി തെളിവു വാങ്ങാൻ സിലക്ട് കമ്മിററി രാജ്യത്തിന്റെ ഒരറ്റത്തുനിന്നു മറെറ അററംവരെ യാത്രചെയ്യണമെന്നു വിചാരിക്കുക. പിന്നീടും അവർക്കു എത്രകാലം വേണ്ടിവരും?

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഈ സഭ വീണ്ടും കൂടുന്നതിനുമുമ്പു തന്നെ അവരുടെ റിപ്പോർട്ടു സമർപ്പിക്കുന്നതാണല്ലൊ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡന്റ്): സിലക്ട് കമ്മററിയുടെ യുക്തത്തെപ്പററി തടയുന്നതിനോ പറയുന്നതിനോ ഈ കൌൺസിലിനു അവകാശമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു. അവർക്കു കൂടുതൽ സമയം വേണ്ടിവന്നു ചോദിക്കുന്നപക്ഷം അവരുടെ ജോലി തീർക്കുന്നതിനു സമയം അനുവദിക്കേണ്ടതു് അധികാരികളുടെ ചുമതലയാണ്. അവർക്കു കൂടുതൽകാലം വേണ്ടിവന്നേക്കാം. അവർ റിപ്പോർട്ടു വളരെ താമസിച്ചു അയക്കാൻ ഇടവരുന്നു. ഒരുവേള കൂടുതൽ പ്രാധാന്യമുള്ള നമ്മുടെ മററു ജോലി തടസ്ഥമായിട്ടുംകൂടി വന്നുകൂടാം. രണ്ടാമതു നിയോഗിക്കപ്പെട്ട ഒരു സിലക്ട് കമ്മിററി തന്നെ അധികം സൂക്ഷ്മമായിട്ടു ആലോചിച്ചില്ലെന്നു വിചാരിക്കുക. പിന്നീടും തിരികെ അയക്കുന്നതിനു കാരണം ഉണ്ടാകുന്നില്ലേ? ഈ നിയമം നിയമബുക്കിൽ ചേർത്തു കിട്ടുവാനുള്ള നമ്മുടെ കഷ്ടതകൾ പിന്നെയും അവസാനിച്ചുകാണുന്നില്ല. ഈ പതനത്തിൽ ഈ കൌൺസിൽ തീരുമാനിക്കേണ്ടതായ ഒരു സംഗതി സിലക്ട് കമ്മിററി തീരുമാനിച്ചവയിൽ വളരെ തർക്കവിഷയമായ ഭാഗങ്ങൾ ഏതാണെന്നു നോക്കി അവയെപ്പററി പുനർപരിശോധന ചെയ്യേണ്ടതാണ്. ഈ സഭ കണ്ണടച്ചു കാര്യം പ്രവർത്തിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. നാം വന്നതിനുശേഷമുള്ള ഈ കൌൺസിലിൽ ബിൽ കൊണ്ടുവന്നില്ലെന്നു കരുതി അതിനെ തിരികെ അയപ്പിക്കുന്നതു ക്രമക്കേടാണ്. അതു എവിടെച്ചെന്നു അവസാനിക്കും എന്നും അറിഞ്ഞുകൂടാ. പ്രധാനപ്പെട്ട സാമുദായികകാര്യങ്ങളിൽ നിയമം കഴിയുന്നതും വേഗത്തിൽ ഉണ്ടാക്കേണ്ടതാണ്. അതിനാൽ ബിൽ തിരികെ അയക്കണമെന്നുള്ള പ്രമേയത്തെ കൌൺസിൽ തള്ളിക്കളയണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): നമ്പൂതിരിബിൽ തിരികെ അയക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. ഈ ഉപക്ഷേപത്തെ അനുകൂലിച്ചു സംസാരിച്ച മെമ്പറന്മാർ പ്രസ്തുത നിയമത്തിന്റെ പുരോഗതിയെ തടയണമെന്നുദ്ദേശിച്ചില്ല. ഈ ബിൽ ഒരിക്കൽ ആലോചിച്ചതായ സിലക്ട് കമ്മിററി ബില്ലിന്റെ സാരാംശത്തിൽ പ്രവേശിച്ചില്ലെന്നു അവർക്കു ലേശംതന്നെ അഭിപ്രായമില്ല. ഒരു ബിൽ കൊണ്ടുവന്നാൽ അതു സിലക്ട് കമ്മിററിക്കു അയക്കേണ്ടതാണ്. എന്നാൽ പിന്നീടും ന്യൂനതകൾ കാണുന്നെങ്കിൽ അതു വേറെ ഒരു സിലക്ട് കമ്മിററിക്ക് അയയ്ക്കുകതന്നെ വേണം. ആ നിലയിൽ നാം വാദപ്രതിവാദത്തിന്റെ സംഗതിയെ ആലോചിക്കേണ്ടതു. ഒരു കൌൺസിൽ നിയമിച്ചതായ സിലക്ട് കമ്മിററിക്കാർ അവരുടെ ജോലി ശരിയായി നിർവഹിച്ചുവെന്നും അവരുടെ ജോലി തൃപ്തികരമാണോ എന്നും ഉള്ള കാര്യങ്ങൾ എല്ലാം സന്ദർഭോചിതമല്ല. ഈ കൌൺസിലിനു ഉപക്ഷേപത്തെ അനുവദിക്കുന്നതിനും ബിൽ തിരികെ അയക്കുന്നതിനും പൂർണ്ണാധികാരമുണ്ട്. ബില്ലിന്റെ പുരോഗതിയെ തടയുന്നതിനുള്ള ഒരു കരുമാററമായി മെമ്പറന്മാർ വിചാരിക്കാൻ പാടില്ല. ഈ ബിൽ നിരൂപണത്തിനെടുത്ത സിലക്ട് കമ്മിററിയുടെ റിപ്പോർട്ടുകൊണ്ടുതന്നെ അപൂർണ്ണതരമെന്നു അനുമാനിക്കാം. ആ സിലക്ട് കമ്മിററി അതിന്റെ എല്ലാഭാഗങ്ങളെപ്പററിയും ചിന്തചെയ്തിട്ടില്ല. ചില വ്യവസ്ഥകളെ സംബന്ധിച്ചു സിലക്ട് കമ്മിററിയിലെ മെമ്പറന്മാർക്കുതന്നെ അഭിപ്രായത്തിനു ഐകമത്യം പോരാ. സിലക്ട് കമ്മിററിയുടെ റിപ്പോർട്ടിൽതന്നെ അനുദ്യോഗസ്ഥമെമ്പറന്മാരിൽ മൂന്നുപേർ അവരുടെ ഭിന്നാഭിപ്രായത്തെ രേഖപ്പെടുത്തിട്ടുണ്ട്. ഈ ഭിന്നാഭിപ്രായ ഗതികളെപ്പററി മെമ്പറന്മാർക്കു ഏതെങ്കിലും തീരുമാനം ചെയ്യാൻ സാധിച്ചില്ല.

നമ്പൂതിരിബിൽ ആദ്യവായനയ്ക്കു എടുത്തപ്പോൾ വിചാരിക്കാൻ പോലും പാടില്ലാത്ത അപൂർണ്ണതബില്ലനുണ്ടായിരുന്നതിനാൽ ശക്തിയോടുകൂടിയ എതിർപ്പു അപ്പോളുണ്ടായിരുന്നു. ബില്ലിന്റെ അതൃപ്തികരമാണെന്നും ഒട്ടുതന്നെ കൊള്ളരുതാത്തതെന്നും കാണിച്ചു ലോകാപവാദങ്ങളും അപ്പോഴത്തെ വാദപ്രതിവാദത്തിന്റെ സ്വഭാവവും കൌൺസിലിന്റെ ഇതരഭാഗത്തെ മെമ്പറന്മാർ ഓർക്കുന്നുണ്ടാകാം. ചില മെമ്പറന്മാർ ഇപ്രകാരം അഭിപ്രായം പറയുകകൂടിചെയ്തു. ബിൽ അവതരിപ്പിച്ച മെമ്പറെ തടസ്ഥം ചെയ്യണമോ എന്നുകരുതി സിലക്ട് കമ്മിററി ശരിയായി ഒരു ബിൽ ആലോചനക്കു അയക്കണം എന്നുള്ള വ്യവസ്ഥയിന്മേൽ ഞങ്ങൾ ആദ്യവായനയ്ക്കു ഒരിക്കൽ സിലക്ട് കമ്മിററിയുടെ റിപ്പോർട്ടിനായി അപ്പോൾ വോട്ടുചെയ്തിട്ടുള്ളതാണ്. സിലക്ട് കമ്മിററി ബില്ലിന്റെ സർവ്വഭാഗങ്ങളും ആലോചിച്ചില്ലെന്നും റിപ്പോർട്ടു തൃപ്തിയല്ലെന്നും ഈ കൌൺസിൽ വിചാരിക്കുന്നപക്ഷം പ്രസ്തുതബിൽ വേറൊരു സിലക്ട് കമ്മിററിക്കു അയയ്ക്കുന്നതിൽ പ്രതിബന്ധം വരാൻ പാടുള്ളതല്ല.

സംഗ്രഹിയുടെ സാരാംശം നോക്കിയാൽ ഉപക്ഷേപകൻതന്നെ പറകയുണ്ടായി പത്തുസാക്ഷികളുമാത്രം വിസ്തരിച്ചുള്ളായെന്നും ഈ നിയമം ഒരു ന്യൂനസമുദായത്തെ ബന്ധിക്കുന്നതാണെങ്കിലും ഈ ന്യൂനസമുദായത്തിനു സംസ്ഥാനത്തെ ഭൂരിപക്ഷസമുദായങ്ങളിൽ ഒട്ടേറെ സ്വാധീനശക്തിയുണ്ട്. ആ സ്വാധീനശക്തി ആലോചിച്ചാൽ ഈ ബിൽ ഈ കൌൺസിലിൽ അപൂർണ്ണരീതിയിൽ ആലോചിക്കാൻ പാടുള്ളതല്ല. അവരുടെ സമുദായത്തിൽ ഏതെങ്കിലുമൊരു ബിൽ ആവശ്യമുള്ളതുകൊണ്ട് നാം ആ അഭിപ്രായം തള്ളണം, ഈ വാദം യുക്തിയുക്തമായി വരുന്നതല്ല. സാമുദായിക നിയമത്തിൽ ഈ തരമല്ല നാം ആലോചിക്കേണ്ടതു്. ഒരു നിയമരൂപം ന്യൂനതപ്പെട്ടിരിക്കുന്നു എന്നു ഒരു സമുദായത്തിനു ബോദ്ധ്യംവരുന്നപക്ഷം നിയമകർത്താക്കൾ അതിനെ പരിപൂർണ്ണമായി സമുദായത്തിനു തൃപ്തികരമാകും ചെയ്തുകൊടുക്കേണ്ടതു അവരുടെ ചുമതലയാണ്. ഒരു നിയമം പരിപൂർണ്ണമാക്കി കൊണ്ടുവരാൻ വളരെ അധികം പ്രയാസങ്ങളും ഉണ്ട്.

അന്വേഷണത്തിന്റെ ക്ലിപ്തവ്യാപ്തികൊണ്ടും സിലക്ട് കമ്മിററിയുടെ റിപ്പോർട്ടിന്റെ അപൂർണ്ണതകൊണ്ടും സമുദായത്തിലുള്ള വലിയ അഭിപ്രായവ്യത്യാസംകൊണ്ടും മററു പല സംഗതികളെക്കൊണ്ടും ഈ കൌൺസിൽ ബില്ലിനെ വേറൊരു സിലക്ട് കമ്മിററിക്കു അയക്കാതെ തുടർന്നുകൊണ്ടു പോകാൻ പാടില്ല.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ആ ബില്ലിൽ അടങ്ങിയ വ്യവസ്ഥകളിൽ മിക്കതും ആലോചിക്കപ്പെട്ടിട്ടില്ലെന്നാണോ നമ്മുടെ സ്നേഹിതൻ അഭിപ്രായപ്പെടുന്നതു?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ആ ബില്ലിലെ പല ഭാഗങ്ങളും എടുത്തു കളഞ്ഞു മൂന്നു മെമ്പർമാരുടെ ഭിന്നാഭിപ്രായമിനിട്ടുകൊണ്ടു പലഭാഗങ്ങളും എടുത്തുകളഞ്ഞതായി വ്യക്തപ്പെടും. മി. എം. കെ. പിള്ള ബില്ലിൽ [illegible] മുതൽ [illegible] വരെയുള്ള ഖണ്ഡങ്ങൾ വച്ചുകൊണ്ടിരിക്കണമെന്നു സിദ്ധാന്തിക്കയുണ്ടായി. എന്നാൽ നാം ഇവിടെ പലഭാഗങ്ങളും എടുത്തുകളഞ്ഞതായി കാണുന്നു.

മി. എസ്സ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും തെക്ക): ക്ലിപ്തപ്പെടുത്താതെ വെറുതെ തിരികെ അയക്കണമെന്നോ അതോ വാദശേഷം ചിലഖണ്ഡങ്ങളെ ഉദ്ദേശിച്ചുമാത്രം അപ്രകാരം ചെയ്താൽമതിയെന്നോ മെമ്പർ പറയുന്നതു?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പ്രസ്തുതബിൽ തിരികെ സിലക്ട് കമ്മിററിക്കു അയക്കുന്നതായാൽ കമ്മിററി ആവശ്യമുള്ള ഭേദഗതികളോടു അതിനെ രൂപീകരിക്കും. അതാണു ഇപ്പോഴത്തെ ആവശ്യം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ബിൽ വേറൊരു സിലക്ട് കമ്മിററിക്കു അയക്കുന്നതായാൽ വിവാഹനിയമത്തെ പററിയുള്ള അദ്ധ്യായം അതിൽ കൂട്ടിച്ചേർത്തു കിട്ടുമെന്നു വിചാരിക്കുന്നോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) എന്തുകൊണ്ടില്ല?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സിലക്ട് കമ്മിററിക്കു ഒരു വ്യവസ്ഥ കൂട്ടിച്ചേർക്കുന്നതിനു അധികാരമില്ലെന്നു മെമ്പർ കുറച്ചുമുമ്പു പറഞ്ഞുകൊണ്ടിരുന്നോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): പുതിയ സിലക്ട് കമ്മിററി "ഗൃഹസ്ഥൻ" എന്ന പദത്തെ വേറൊരുതരത്തിൽ വിവരണം ചെയ്യുന്നപക്ഷം അതിനോടൊട്ട പദപ്രയോഗങ്ങളും മാററേണ്ടതായിവരും. അതിന്റെ വിവരണം മാററിയാൽ മുഴുവൻ ബില്ലിനും ഒരു മാററംകിട്ടും. അതിനെത്തുടർന്ന ഭേദഗതികളും ഉണ്ടായിക്കൊണ്ടിരിക്കും. വിവാഹത്തെപ്പററി ഒരു അദ്ധ്യായം കൂടി ചേർക്കേണ്ടതായി ആവശ്യം ഉണ്ടായേക്കാം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ കൌൺസിലിനു തന്നെ വിവരണം മാററാൻ കഴികയില്ലേ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മുഴുവൻ ബില്ലും [illegible] ചെയ്യുന്നു. കൌൺസിലിനു അധികാരമുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട, ഡപ്യൂട്ടിപ്രസിഡന്റ): "ഗൃഹസ്ഥൻ" എന്ന വാക്കു ന്യൂനതയുള്ളതാണെങ്കിൽ മെമ്പർ അതിലേക്കു ഭേദഗതിക്കു നോട്ടീസയക്കയുണ്ടായോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഞാൻ ആരംഭിച്ചുകൊണ്ടിരുന്നതു മി. എ. ജി. മേനോൻ അദ്ദേഹത്തിന്റെ തിരികെ അയക്കണമെന്നുള്ള ഉപക്ഷേപം ഊർജ്ജിതപ്പെടുത്തിക്കൊണ്ടു വരുമെന്നും അപ്പോൾ ഞാൻ വിചാരിച്ചകാര്യങ്ങൾ അവിടെ ഘടിപ്പിച്ചുകൊള്ളാമെന്നുമാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട, ഡപ്യൂട്ടിപ്രസിഡന്റ): മെമ്പറിന്റെ ആഗ്രഹം സാധിക്കാതെവരുന്നെങ്കിലോ എന്നു കരുതി, മെമ്പർ മററുവിധത്തിൽ പ്രവർത്തിക്കാമായിരുന്നില്ലേ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) നിയമനിർമ്മാണസഭയുടെ വ്യവസ്ഥകളനുസരിച്ചു മറെറാരുകാലം നടപടിയാൽ എനിക്കു [illegible].

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡപ്യൂട്ടിപ്രസിഡന്റ) എന്റെ സ്നേഹിതനുള്ള അധികാരത്തെപ്പററി തർക്കിക്കുന്നില്ല. മെമ്പറിന്റെ അഭിപ്രായത്തിൽ ബില്ലിനെ പരിഷ്കരിക്കുന്നതിലേക്കു ഭേദഗതികൾ അയക്കേണ്ടതു ആവശ്യമെന്നു വിചാരിക്കയുണ്ടായോ?

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) മി. എ. ജി. മേനോന്റെ ഉപക്ഷേപം പാസ്സാകുമെന്നു ഞാൻ ഉറച്ചിരുന്നു. തിരികെ അയക്കണമെന്നുള്ള ഉപക്ഷേപം കൌൺസിലിൽ വോട്ടുചെയ്യുന്നതുവരെ ഞാൻ വേണ്ടതുപോലെ ബോദ്ധ്യപ്പെടുത്താമെന്നും വിചാരിച്ചിരുന്നു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) തിരികെ അയക്കണമെന്നുള്ള ഉപക്ഷേപം ഞാൻ എതിർക്കുന്നു. സാമുദായികനിയമനിർമ്മാണംസംബന്ധിച്ചു ഒരു തീരുമാനംവരുത്തുന്ന കാര്യത്തിൽ ഈ കൌൺസിലിനു ഒരു വലുതായ ചുമതലയുണ്ട്. ഒരു സാമുദായികനിയമംതന്നെ കൊണ്ടുവരാൻ നമുക്കു ആദ്യം ഗവർമ്മെന്റു അനുമതി സിദ്ധിക്കണം. ഗവർമ്മെന്റനുവാദത്തിനുശേഷം മാത്രമേ ഒരു അനൌദ്യോഗസ്ഥമെമ്പറിനു അതിനെ സഭയിൽ പ്രവേശിപ്പിക്കാൻ പാടുള്ളു. ഇന്നലെതന്നെ അനേകം അനൌദ്യോഗസ്ഥമെമ്പറന്മാർ ഒരു അനൌദ്യോഗസ്ഥനിയമം പാസാക്കുന്നതിലുള്ള ഘട്ടങ്ങളെ പറകയുണ്ടായി. അനൌദ്യോഗസ്ഥമെമ്പറന്മാർക്ക് അവരുടെജോലി നിർവഹിക്കുന്നതിനു ക്ലിപ്തസമയം മാത്രമേ ലഭിക്കുന്നുള്ളു. ഗവർമ്മെന്റനുവാദംകിട്ടി

ബിൽ പ്രവേശിപ്പിച്ച സിലക്ട് കമ്മററിക്ക അയച്ചതിന്റെശേഷം, സിലക്ട് കമ്മററിറിപ്പോർട്ട തിരെ സ്വീകരിച്ചുബിൽ പ്രവേശിപ്പിച്ചത് ഈ കൌൺസിൽ അതു തിരികെ അയക്കണമെന്ന അഭിപ്രായപ്പെടുന്നതു യുക്തമാണോ? അല്ലെന്ന തോന്നിയാലല്ലാതെ കൌൺസിൽ അതു തിരികെ അയക്കുന്നതല്ലെന്നാണ് എന്റെ സ്നേഹിതൻ മറിയായ എന്നാ സാക്ഷികളുടെ തെളിവു വാങ്ങിച്ചില്ലെന്നു ഈ ഉപക്ഷേപം കൊണ്ടുവന്ന എന്റെ സ്നേഹിതൻ പറകയുണ്ടായി, സിലക്ട് കമ്മിററി സാധാരണ എത്ര കേസ്സുകളിൽ സാക്ഷികളെ വിസ്തരിക്കാറുണ്ടെന്ന അറിഞ്ഞാൽകൊള്ളാം. ഏതു കേസുകളിൽ അവർ തെളിവെടുക്കേണ്ടതാണെന്ന അറിയാൻ ആഗ്രഹമുണ്ട്. സിലക്ട് കമ്മററികളുടെ കടമ ബില്ലിന്റെ വ്യവസ്ഥകളെ ചർച്ചചെയ്ത, ഉഭയകക്ഷികൾക്കും അതു സ്വീകാര്യമായി ശരിപ്പെടുത്തുക, ഭേദഗതികളെ വേണ്ടപോലെ ശരിപ്പെടുത്തുക ഇവകളാണ്. ഈ ബില്ലിന്മേൽ സിലക്ട് കമ്മററിയുടെ ജോലിയും മറ്റുവരെ അന്നവധി ബില്ലുകളുടെ സിലക്ട് കമ്മിററിയുടെ ജോലിയും താരതമ്യപ്പെടുത്തിനോക്കുന്നപക്ഷം പ്രസ്തുത കമ്മററി അതിന്റെ ജോലി മറ്റേതിനെക്കാളും വളരെ ഊർജ്ജിതമായിട്ട ചെയ്തതായിട്ടാണ കാണുന്നതു. ഇങ്ങനെ പറയുന്നതുകൊണ്ട മററു സിലക്ട് കമ്മററികളുടെ ജോലിയെപ്പററി സ്മർത്ഥിച്ചു എന്നർത്ഥമാക്കുന്നില്ല. ഈ ബില്ലിന്മേലുള്ള സിലക്ട് കമ്മററിയുടെ റിപ്പോർട്ട ഞാൻ വായിച്ചുനോക്കി. അവർ ശേഖരിച്ച ദീർഘമായ തെളിവുപട്ടികയും ഉണ്ട്. അവയിൽനിന്ന വ്യക്തമാകുന്നതു ഈ വിഷയത്തെ വളരെ നന്നായിട്ടും പൂർണ്ണമായും സിലക്ട് കമ്മിററി പ്രതിപാദിച്ചിട്ടുണ്ടെന്നാണ്. ഈ കാരണങ്ങളെക്കൊണ്ട നമുക്കബോധ്യംവന്നാലല്ലാതെ സിലക്ട് കമ്മററിയുടെ റിപ്പോർട്ടിനെ നിരാകരിക്കുന്നതു നമുക്ക യുക്തമായിട്ടുള്ളതാണോ? എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപിള്ള അസ്സൽ ബില്ലിലെ വ്യവസ്ഥകൾ പുതിയബില്ലിൽ ചേർത്തില്ലെന്ന പറകയുണ്ടായി. ഇതിനെ ഒന്നാമതത്തെ സിലക്ട് കമ്മററിക്ക അയച്ചാൽ അതിനെപ്പറ്റി ആലോചിച്ചു പരിഷ്കരിച്ചുകൊണ്ടുവരാൻ സാധിക്കും? സിലക്ട് കമ്മററിയുടെ അധികാരങ്ങൾ ക്ലിപ്തപ്പെടുത്തിയവയാണെങ്കിൽ രണ്ടാമത്തെ സിലക്ട് കമ്മിററിക്ക കൂടുതൽ അധികാരങ്ങൾ എങ്ങിനെ പ്രയോഗിക്കാം?.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്) ഞാൻ ആപ്രകാരം പ്രസ്താവിച്ചില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാരണങ്ങളിൽ ഒന്നാമത്തെ ബില്ലിന്റെ മതിയാകുംവണ്ണം സമഷ്ടിയാക്കപ്പെട്ടതല്ലെന്നും കൌൺസിലിനു സ്വീകാര്യമായില്ലെന്നും അതിനാൽ ബില്ലിൽ അവതരിപ്പിച്ചപ്പോഴും അതിലധികം ഭേദഗതികൾ പുറപ്പെടുവിക്കയുണ്ടായിരിക്കുമെന്നുമാണ. ഈ കൌൺസിലിൽ നമുക്ക നമ്പൂതിരി സമുദായത്തിലെ മൂന്ന അംഗങ്ങളുണ്ട്. ഈ മൂന്നുപേരിൽ രണ്ടുപേർ ബില്ലിനെ അനുകൂലിക്കുന്നു. ഒരു മെമ്പർ ബിൽ വേറൊരു സിലക്ട് കമ്മിററിക്ക അയക്കണമെന്ന ആവശ്യപ്പെടുന്നു. ആ സമുദായത്തിൽപെട്ട അധികം മെമ്പറന്മാർ ഈ കൌൺസിലിൽ ഇല്ലാതിരിക്ക അവരുടെ ഉന്നമനത്തിനുതകുന്നതായ ഒരു നിയമത്തിന്റെ പുരോഗതിയെ തടക്കുന്നകാര്യത്തിൽ നാം ഒന്നിലധികം തവണ ആലോചിക്കേണ്ടതല്ലയന്നാണ ഞാൻ ശക്തിയായി ചോദ്യംചെയ്യുന്നതു.

മി. മാത്യൂമുരിക്കൻ (വൈക്കം): ഈ ബില്ലിനെ ബാധിക്കുന്നതായ സമുദായാംഗങ്ങൾ ഈ കൌൺസിലിൽ ഇല്ലെന്നുള്ള കാരണത്താൽ ഈ കൌൺസിലിന്റെ എല്ലാ നിയമവും പാസാക്കാമെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നമുക്ക കാര്യം ശരിയായി മനസ്സിലാക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ നമുക്ക ഈ സംബന്ധിച്ചുള്ള സകല റിക്കാർട്ടുകളും തെരഞ്ഞുപിടിച്ചു നോക്കാം. ഗവർമ്മെന്റിനു കിട്ടിയ മെമ്മോറിയലുകളുടെയും ഹർജികളുടെയും പകർപ്പുകൾ എളുപ്പത്തിൽ ചോദിച്ചു വാങ്ങാം. വേണമെങ്കിൽ ബിൽ അവതരിപ്പിച്ചപ്പോഴുള്ള കൌൺസിൽനടപടികളും പരിശോധിച്ചുനോക്കാം. ഇവയെല്ലാം നമുക്ക് ഒന്നോരണ്ടോ മാസംകൊണ്ട് ചെയ്യാവുന്നതാണ്. അതിനുശേഷവും നാം തുടർന്ന പ്രവർത്തിക്കണം.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): രാമേശ്വരത്തുപോയി താമസിക്കുന്ന മലയാള ബ്രാഹ്മണരെ ഈ നിയമം കെട്ടുന്നില്ലെന്ന മെമ്പറിനറിയാമോ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതു തിരുവിതാംകൂറിലെ മലയാള ബ്രാഹ്മണരെ സംബന്ധിച്ചുള്ള ബില്ലാണ്. ഇതു സ്ഥിതിക്ക രാമേശ്വരത്തും കാശിയിലും പോയിരിക്കുന്നവരെ ഇതു എങ്ങിനെ ബാധിക്കുമെന്ന എനിക്കറിഞ്ഞുകൂടാ.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): മലയാളബ്രാഹ്മണർ തിരുവിതാംകൂറിനു വെളിയിൽ പോകുകയാണെങ്കിൽ അവരെ ഈ നിയമം ബാധിക്കുന്നില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തിരുവിതാംകൂറിലെ ബ്രാഹ്മണർ രാമേശ്വരത്തുപോയാലും കാശിയിൽപോയാലും അവർ വന്ന് കേസ്സുകൊടുക്കുകയാണെങ്കിൽ ബാധിക്കുമെന്നാണ എന്റെ വിശ്വാസം.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): ബില്ലിൽ കൊടുത്തിരിക്കുന്ന നിർവചനം വായിച്ചുനോക്കിയാൽ അറിയാം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബില്ലുവായിച്ചുനോക്കി. തിരുവിതാംകൂറിലുള്ള കുടുംബങ്ങളെപ്പററിയാണ പറയുന്നതു. അതുകൊണ്ട് അവരെയും ബാധിക്കുന്നതാണ.

ഈ കാരണങ്ങളാൽ ബിൽ വേറൊരു സിലക്ട് കമ്മിററിക്ക തിരികെ അയക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി. എസ്സ്. പരമേശ്വരൻപിള്ള (കരുവാറ്റയും ത്യാപാരവും തെക്ക): വേറൊരു സിലക്ട് കമ്മററിക്ക ഈ ബിൽ തിരികെ അയക്കുന്നതിനുള്ള ഉപക്ഷേപത്തെപ്പററി സംസാരിച്ച എന്റെ സ്നേഹിതന്മാരുടെ പ്രസംഗങ്ങൾ എന്നെ ഒരു വിധത്തിലും ബോദ്ധ്യപ്പെടുത്തിയിട്ടില്ലെന്ന ഞാൻ ആദ്യമേ പറഞ്ഞുകൊള്ളട്ടെ. വേറൊരു പുതിയ കമ്മിററിക്ക ബിൽ അയക്കേണ്ടതാണെന്ന് മാത്രം മെമ്പറന്മാർ പറകയുണ്ടായി. വേറൊരു സിലക്ട് കമ്മിററിക്ക അതു അയക്കേണ്ടതിനുള്ള കാരണങ്ങളെപ്പററി പറയാൻ അവർ തയാറായില്ല. ക്ലിപ്തപ്പെടുത്തിയ ഭേദഗതിയെ ചൂണ്ടിക്കാണിച്ചു ഏതുഖണ്ഡങ്ങളെ ഉദ്ദേശിച്ചും ഇതു തിരികെ അയക്കേണ്ടതാണെന്ന ഞാൻ മിസ്റ്റർ നീലകണ്ഠപ്പിള്ളയോടു ചോദ്യം ചോദിക്കയും ഉണ്ടായി ബില്ലിൽ കൂടുതൽ വ്യവസ്ഥകൾ കൂടുതലായി ഉണ്ടാക്കണം എന്നുള്ള വിവരങ്ങളെ ചൂണ്ടിക്കാണിച്ചു ബിൽ സിലക്ട് കമ്മിററിക്ക അയക്കണമെന്നത്രേ

ഫയുംപറഞ്ഞില്ല. നേരെമറിച്ചു ഡപ്യൂട്ടിപ്രസിഡൻറിൻെറ സാരഗർഭവും പ്രബോധകവും ആയ പ്രസംഗംകൊണ്ടു ഇതുപുതിയ സിലക്റ്റ്കമ്മിററിക്കു അയയ്ക്കേണ്ട ആവശ്യമില്ലെന്നും എനിക്കുറപ്പുപറയാം. അതുകൊണ്ടു ഞാൻ ഉപക്ഷേപത്തെ എതിർക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാനും തിരികെ അയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ എതിർക്കുന്നു. ഭേദഗതിയെ അവതരിപ്പിച്ച ആരും ബിൽ സിലക്റ്റ്കമ്മിററിക്കു തിരികെ അയയ്ക്കേണ്ടതിലേക്കു യഥാർത്ഥകാരണവും പ്രസ്താവിച്ചില്ല. അദ്ദേഹം ഖണ്ഡങ്ങളിൽ ചിലവയെ ചൂണ്ടിക്കാണിച്ചെങ്കിലും ഇന്നതു ഗുണകരം ഇന്നതു ദോഷകരം എന്നുള്ളിടത്തോളം പറയേണ്ടതായിരുന്നു. ബില്ലിൽ പലമാററങ്ങളും ചെയ്യപ്പെട്ടതായി എനിക്കറിയാം. ദായത്തിനു ഒരുവ്യവസ്ഥയുണ്ടായിരുന്നു. സിലക്റ്റ്കമ്മററിയിലെ മെമ്പറന്മാർ ദീർഘമായി ഇതിനെ വാദപ്രതിവാദംചെയ്തു. അതനുസരിച്ചു ഇന്നാഗമം കിട്ടിയബില്ലിൽ വെട്ടിയഖണ്ഡങ്ങളെല്ലാം വെക്കാൻസാധിക്കാതെ പുനഃവിവരം ഉപക്ഷേപകനുംകൂടി അറിയാവുന്നതാണു. ഇതുകൊണ്ടുതന്നെബിൽ ഇപ്പോൾ നടപ്പിലുള്ള ചട്ടങ്ങളെ നിയമമാക്കി ഭേദപ്പെടുത്തുന്നു എന്നുമാത്രമാണെന്നു വെളിപ്പെടുന്നതാണു. ഇപ്പോഴത്തെ നിലയിൽ ബിൽനമ്മെ ഒരടിമുമ്പോട്ടുവക്കാൻ അനുവദിക്കുന്നില്ല. ഭരണം പിന്തുടർച്ചാവകാശം മുതലായവയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ ഇതിൽ അടങ്ങിട്ടുണ്ടു ഈ വകഖണ്ഡങ്ങൾ കൌൺസിലിൽ പാസാക്കുന്നതിൽ ഉപക്ഷേപകൻ എതിർത്തുപറഞ്ഞില്ല. കാരണം ഈവകസംഗതികൾ അദ്ദേഹത്തിൻെറ സമുദായത്തിലുള്ള നടപ്പും അവകാശവും കാണിക്കുന്ന അഭിപ്രായരൂപമുള്ളതു...ഈ വക കാരണങ്ങളെക്കൊണ്ടു വേറൊരു സിലക്റ്റ് കമ്മിററിക്കു ബിൽതിരികെ അയക്കുന്നതിനോ, അതിൻെറ മുൻഗതിയെ തടയുന്നതിൻെറയുംകാരണം അറിഞ്ഞുകൂടാ. അതിനാൽ ഞാൻ തിരികെ അയയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ എതിർക്കുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): സർ, സാമുദായികമായബില്ലുകളുടെ പൂർത്തീകരണത്തിനു പ്രതിബന്ധമായിരിക്കുന്ന സംഗതികൾ ഈ കൌൺസിൽമുഖേന പ്രവർത്തിക്കുന്നേരം വളരെ സൂക്ഷിച്ചുവരേണ്ടിയിരിക്കുന്നു. ഒരു സമുദായം അനേകംനാളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന സങ്കടത്തെയും അതുകൊണ്ടുള്ള ബുദ്ധിമുട്ടിനെയും അകററുന്നതിനു വേണ്ടിയാകുന്നു ഒരു ബിൽ പാസ്സാക്കണമെന്നു ആ സമുദായം ആഗ്രഹിക്കുന്നതു്. അനേകനാളായി ആ സമുദായാംഗങ്ങളെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ അകററുന്നതിനുവേണ്ടി അതിൽ ചിലർ മുന്നിട്ടുനിന്നു പ്രവർത്തിക്കയും അവരുടെ അഭിപ്രായങ്ങളെ ഭൂരിപക്ഷം ജനങ്ങളുടെ അഭിപ്രായത്തോടുകൂടി യോജിപ്പിച്ചശേഷവുമാണ് ഈ ബിൽ ഈ കൌൺസിലിൽ കൊണ്ടുവന്നിരിക്കുന്നതു്. അതിനുശേഷം നാംവേണം ആ സംഗതിയെ ഈ കൌൺസിലിൻെറ ശ്രദ്ധയിൽ വിഷയീഭവിപ്പിക്കുവാൻ. ഒരു സിലക്റ്റ്കമ്മററി വേണ്ടവിധം അന്വേഷിച്ചു തെളിവെടുത്തശേഷം അവരുടെ അഭിപ്രായം എഴുതിഅയച്ചശേഷം വീണ്ടും ഒരു സിലക്റ്റ്കമ്മററിക്കു ഈ ബിൽ പോകണംഎന്നുവച്ചാൽ, ആ സമുദായാംഗങ്ങൾ അനുഭവിക്കുന്നകഷ്ടതയും ബുദ്ധിമുട്ടും കുറേക്കൂടി വർദ്ധിപ്പിക്കുന്നതിനുംപുറമെ ആ സമുദായത്തെ സഹായിക്കുന്നതിനു ഈ കൌൺസിലിലെ അംഗങ്ങൾ ഒരുങ്ങുന്നില്ലഎന്നും വരുന്നതാണ്. പ്രത്യേകിച്ചും മൈനർ സമുദായങ്ങളെസംബന്ധിച്ചുനോക്കിയാൽ ആ സമുദായത്തിൽനിന്നും ഒരു ബിൽ അവതരിപ്പിക്കുന്നതു ശീഘ്രമായും സമുദായാംഗങ്ങളുടെ ഭൂരിപക്ഷപ്രകാരമുള്ള അഭിപ്രായത്തോടുകൂടിഅല്ലാതിരിക്കുകയില്ല. അതിനുംപുറമെ ആ സമുദായത്തിലുള്ള അംഗങ്ങളുടെ ഭൂരിപക്ഷാഭിപ്രായം ഏതുസ്ഥാനത്തു ഇരിക്കുന്നുവോ ആ സ്ഥാനത്തുള്ള ചിലരുമാത്രമല്ല ആളുകൾ പ്രവർത്തിക്കാവൂ...... ആ സിലക്റ്റ്കമ്മററി വേണ്ടവിധം പ്രവർത്തിച്ചിട്ടില്ലാ. തെളിവുഎടുത്തിട്ടില്ല. ആവശ്യമുള്ള സംഗതികളെപ്പററി നല്ലപോലെ വിചാരണനടത്തീട്ടില്ല. ഭൂരിപക്ഷം അംഗങ്ങളും അനുകൂലിച്ചിട്ടില്ല, എന്നൊക്കെ നാം പറഞ്ഞാലും സിലക്റ്റ്കമ്മററി അവരുടെ സമുദായത്തിനിടയിൽ എന്തെല്ലാം നടത്തീട്ടുണ്ടെന്നുള്ളതു അവർ അറിയുന്നതുപോലെ മററുള്ള സമുദായങ്ങൾക്കു അറിഞ്ഞുകൂടാ. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ആ സമുദായത്തിലെ അംഗങ്ങളോടു ഭൂരിപക്ഷാഭിപ്രായംനോക്കി പ്രവർത്തിക്കേണ്ട ചുമതല നമുക്കുണ്ട്. ഇതിനെ സിലക്റ്റ്കമ്മററിയിൽ ഒന്നുകൂടിഅയച്ചു തെളിവെടുക്കണമെന്നുള്ള അഭിപ്രായത്തെ എതിർക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രധാനപ്പെട്ടകാര്യത്തിൽ വാദപ്രതിവാദം ഉണ്ടായതുതന്നെ ഈ ബില്ലിനെസംബന്ധിച്ചു കൌൺസിലിലുള്ള വലുതായ താല്പര്യത്തെകാണിക്കുന്നതും എനിക്കു സന്തോഷത്തിനു കാരണമാക്കിയിട്ടുള്ളതുമാകുന്നു. നമ്പൂതിരി സമുദായത്തിൻെറ ശ്രേയസ്സിൽ എനിക്കു വലിയതാല്പര്യമുള്ളതുകൊണ്ടു ബിൽ തിരികെ മറെറാരു സിലക്റ്റ്കമ്മററിക്കു അയക്കണമെന്നു ഹാജരാക്കിയ ഭേദഗതിയെ എനിക്കു എതിർക്കാതെ നിവൃത്തിയില്ല. സിലക്റ്റ്കമ്മററി നിരൂപണംചെയ്തതിൻെറഫലമായി പല വ്യവസ്ഥകളും ഇല്ലാതാക്കിയതാണ് മെമ്പറന്മാരിൽ പലർക്കും സമുദായഗുണത്തിനുവേണ്ടി വീണ്ടും ഒരു സിലക്റ്റ്കമ്മററി പരിശോധിക്കണംഎന്നുപറയാൻ ഇടയാക്കിയതു. എൻെറപക്ഷത്തിൽ, ഇതു എത്രത്തോളം സമുദായത്തിനു സഹായമായിവരുമെന്നോ വേറൊരു സിലക്റ്റ്കമ്മററിമുഖേന ഒരു നല്ല രൂപത്തിൽ ബിൽ ഇറങ്ങിവരാൻ സാധിക്കുമെന്നോ എനിക്കു പറയാൻ സാധിക്കയില്ല. മുഖവുരയായിക്കൊണ്ടുവന്ന ബില്ലും സിലക്റ്റ്കമ്മററിയുടെ റിപ്പോർട്ടും സിലക്റ്റ്കമ്മററി തിരുത്തിയതായബില്ലും ഞാൻ വായിച്ചുനോക്കിയതിൽ ആദ്യബില്ലിലെ സകലവ്യവസ്ഥകളും സിലക്റ്റ്കമ്മററി പരിശോധിക്കയും വേണ്ടതു പ്രവൃത്തിക്കയും ചെയ്തിട്ടുണ്ട്. എന്നെസംബന്ധിച്ചിടത്തോളം, സമുദായത്തിനു അത്യാവശ്യമെന്തെന്നും സമുദായാംഗങ്ങളുടെ അഭിപ്രായം എന്തെന്നും അറിയാതെ കൂടുതൽ വ്യവസ്ഥകൾചേർക്കുന്നതിനു മറെറാരു സിലക്റ്റ്കമ്മററിക്കു സാധിക്കുമെന്നുപറയാൻ എനിക്കു പ്രയാസമാണ്.

ഞാൻ പറഞ്ഞുകഴിഞ്ഞതു, ആ ബില്ലിലെ വ്യവസ്ഥകളെപ്പററി സിലക്റ്റ്കമ്മററിക്കാർ പര്യാലോചിക്കയുണ്ടായി എന്നാണു. സിലക്റ്റ്കമ്മിററിയുടെ അഭിപ്രായത്തിനു സമുദായഗുണത്തെമാത്രം ചില ഭാഗങ്ങൾ എടുത്തുകളയണമെന്നുതോന്നി. അവയെ അവർ നീക്കംചെയ്തു. അതുകൊണ്ടു ഏതെങ്കിലും ഒരു മെമ്പറിനു അങ്ങിനെ എടുത്തുകളഞ്ഞവയെ തിരികെ ബില്ലിൽചേർക്കണമെന്നുണ്ടെങ്കിൽ ആ മെമ്പർ ആ വിധത്തിൽ കൊണ്ടുവരുന്നതിനു യത്നിക്കണം. ആദ്യബില്ലിൽ അടങ്ങിയിരുന്ന ചിലഭാഗങ്ങൾ സിലക്റ്റ്കമ്മററി തിരുത്തിയതിൽ കാണാതെവന്നതു ബിൽ തിരികെ അയക്കുന്നതിനു ഒരു കാരണമാകുന്നതല്ല. സിലക്റ്റ്കമ്മററി പല ഭേദഗതി

കളുംചെയ്തു. ആ സിലക്ട് കമ്മററിയുടെ അധികാരാതൃത്തിയിൽപ്പെട്ടതാണ്. അതുകൊണ്ടു വേറൊരു സിലക്ട് കമ്മററിക്കു ബിൽ അയക്കേണ്ടതായ യാതൊരു കാരണവുമില്ല. ഇക്കാരണങ്ങളാൽ തിരികെ അയക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഒരു പുതിയ സിലക്ട് കമ്മററിക്കു പുതിയ വ്യവസ്ഥകൾ ബില്ലിൽ ചേർക്കുന്നതിനുള്ള അധികാരമില്ലെന്നാണോ മിസ്റ്റർ താണുപിള്ള സൂചിപ്പിക്കുന്നത്?

മി. എ. താണുപിള്ള (തിരുവനന്തപുരം): നൂതനവ്യവസ്ഥകളെ ചേർക്കുന്നതിനു അവർക്കു ഒട്ടുംതന്നെ അധികാരമില്ലെന്നു ഞാൻ പറയുന്നില്ല. മുഖവുരയായിക്കൊണ്ടുവന്ന ബില്ലിലെ വ്യവസ്ഥകൾക്കു അനുയോജ്യമായ ഭേദഗതികളെ ചേർക്കപ്പെടാവുന്നതു നോക്കേണ്ട ചുമതല സിലക്ട് കമ്മററിക്കുണ്ട്. എന്നാൽ മൂലബില്ലിൽ തന്നെ അടങ്ങാത്ത പുതിയ വ്യവസ്ഥകൾ അവർക്കു ചേർക്കാൻ ന്യായമില്ല. അതു പ്രത്യേകിച്ചും ഒരു സമുദായത്തിന്റെ ഏർപ്പാടുകളെ വ്യവസ്ഥപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഒരു നിയമസൃഷ്ടിയിൽ ഒരു സിലക്ട് കമ്മററി പുതിയ കാര്യങ്ങൾകൂടി ഒരു ബില്ലിൽ ചേർപ്പിക്കുന്നതു ആപൽക്കരമായ ഒരു നടപടിയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): അവർക്കു തീരെ അധികാരമില്ലെന്നാണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): തീരെ അധികാരമില്ലെന്നു ഞാൻ പറയാൻ തയാറില്ല. അങ്ങിനെ പ്രവൃത്തിക്കുന്നതു നയവിരുദ്ധവും അപകടവുമാണ്. എന്നാൽ സാരമേറിയ വ്യവസ്ഥകൾ കൂട്ടിവേണമെങ്കിൽ, ഈ ബില്ലിൽ ആലോചനകഴിച്ചു പാസ്സാക്കട്ടെ: മറ്റു വിശേഷാൽ ഒരു ബില്ലിൽ കൊണ്ടുവരാവുന്നതാണ്. ഇതാണു ഒന്നുകൂടി ശരിയുള്ള മാർഗ്ഗം. അത്യാവശ്യമാണെങ്കിൽ സർവ്വവിഷയങ്ങളേയുംപററി ചിന്തചെയ്യുന്നതിനും തെളിവെടുത്തു ഒരു നക്കൽബിൽ തയാറാക്കുന്നതിനു ഒരു കമ്മററിയെ നിയോഗിക്കേണ്ട ആവശ്യമുണ്ടെങ്കിൽ അങ്ങിനെയുംചെയ്യാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): തെളിവെടുക്കുന്നതുകൂടാതെ ബില്ലിനെ വിസ്തൃതമാക്കി പരിഷ്കരിക്കുന്നകാര്യത്തിൽ സിലക്ട് കമ്മററിക്കു സാധിക്കുന്നതല്ലെന്നു വല്ല സംശയവുമുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, എനിക്കു തീർച്ചപറയാൻ സാധിക്കയില്ല. ഈ വലിയ പ്രാധാന്യമുള്ള സമുദായത്തിന്റെ ഭേദഗതിയെ കാംക്ഷിക്കുന്ന ആളുകളിൽ ഒരാളെന്നു ഞാൻ ആദ്യമായി പ്രസ്താവിക്കുന്നു. ഞാൻ വീണ്ടും പറയുന്നതു ബിൽ തിരികെ അയക്കാതെ ഇവിടെ പ്രതിവാദിച്ചു അതിനെ നിയമമാക്കിത്തീർക്കണം എന്നാണ്. സമുദായത്തെപ്പററി സ്നേഹമുള്ളവരെല്ലാം ഈ ബിൽ നിയമമാക്കികാണാൻ ഇച്ഛപ്പെടേണ്ടതും ആവശ്യമുണ്ടെങ്കിൽ വേറൊരു അവസരത്തിൽ ഭേദഗതിക്കായി മറ്റൊരു ബിൽ കൊണ്ടുവരേണ്ടതുമാകുന്നു.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഞാനു മെമ്പറോടു ചോദിച്ചുകൊള്ളട്ടെ. ഈ ബില്ലിനെ സംബന്ധിച്ചു സമുദായത്തിൽ അഭിപ്രായവ്യത്യാസം ഉള്ളതായി മെമ്പറിനു അറിയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): സാമുദായികനിയമകാര്യങ്ങളിൽ അഭിപ്രായവ്യത്യാസം വരുന്നതു സഹജമാണ്. എന്നെസംബന്ധിച്ചിടത്തോളം എന്റെ അഭിപ്രായം ഈ ബിൽ കഴിയുന്നതും വേഗത്തിൽ പാസ്സാക്കി നിയമമാക്കണം എന്നാണ്. പിന്നീടു നിയമം ഭേദപ്പെടുത്താൻ ഒരു പുതിയ ബില്ലിനു മേലിൽ അവസരം കിട്ടുമോ എന്നു നോക്കാം.

മി. മാത്യു മുരിക്കൻ (വൈക്കം). വേറെ ഒരു സിലക്ട് കമ്മററിക്കു ബിൽ അയക്കുന്നതിൽ വല്ല അപകടവുമുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതിനെപ്പററിമാത്രം പറയുകയാണെങ്കിൽ അതു അപകടം ഒന്നും പറയാനില്ല.

സർ, ഈയിടെ അനേകം നമ്പൂതിരിമാർ സന്ധിച്ചതായ ഒരു യോഗത്തിൽ ഞാൻ ഹാജരാകാൻ ഇടയായി. ആ യോഗത്തിൽ സന്നിഹിതരായ യോഗ്യന്മാരിൽനിന്നും ഞാൻ മനസ്സിലാക്കിയതു ഈ ബിൽ വേഗത്തിൽ നിയമമാക്കാൻ അവർക്കു അത്യാശയാണെന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചെങ്ങന്നൂർ, ചിറയിൻകീഴ് മുതലായ സ്ഥലങ്ങളിലെ യോഗങ്ങളേയും, അവയിൽ ബില്ലിനെ എതിർത്തു പാസ്സാക്കിയ നിശ്ചയങ്ങളേയും പററി മെമ്പറിനു അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡെപ്യൂട്ടി പ്രസിഡൻറു): ഇതു ക്രമാനുസരണനടപടിയല്ലെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കാര്യമായ റിക്കാർട്ടുകൾ കൌൺസിലിൽ ഇല്ലാതെ കൌൺസിൽമുറിക്കു പുറമെ നടന്നതായ സംഭവങ്ങളെപ്പററി എന്റെ സ്നേഹിതന്മാരായ മി: താണുപിള്ളയും മി: കെ. പി. നീലകണ്ഠപ്പിള്ളയും പറയുന്നതു യുക്തമാണോ എന്നു എനിക്കു അറിയേണ്ടിയിരിക്കുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും, കാർത്തികപ്പള്ളിയും): സാമുദായിക നിയമം സംബന്ധിച്ചു ഐകകണ്ഠ്യേനയുള്ള അഭിപ്രായം ലഭിക്കുന്നതു സാദ്ധ്യമാണോ? സാമുദായിക നിയമത്തെപ്പററി മെമ്പറിന്റെ പരിചയം എങ്ങിനെയാണ്?

മി: എ. താണുപിള്ള (തിരുവനന്തപുരം): എല്ലാജനങ്ങളുടേയും പരിചയം അങ്ങിനെയുള്ള കാര്യത്തിൽ ഐകകണ്ഠ്യേനയുള്ള അഭിപ്രായം അസാദ്ധ്യമെന്നാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പുതിയ സിലക്ട് കമ്മററിക്കു ബിൽ അയക്കുന്നതു സമ്മതമല്ലെങ്കിൽ ഈ ബില്ലിനെ ഇപ്പോൾ നിലയിൽ നിർത്തിവച്ചു അടുത്ത യോഗത്തിൽ ഈ ബില്ലിനെ കൂടുതൽ പരിഷ്കരിക്കുന്നതിനു സമയം അനുവദിക്കുന്നതിൽ മെമ്പറിനു ആക്ഷേപമുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിലേക്കുള്ള ഒരു ഉപക്ഷേപം ഇവിടെ കാണുന്നില്ല.

പ്രസിഡൻറ: ശരി, അങ്ങനെതന്നെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): സമുദായത്തിൽനിന്ന എതിർക്കുറിയാൻ സാധിച്ച വിവരമെ ഞാൻ പറയുന്നുള്ളു. സ്വന്തം നിലയിൽ എൻെറ അഭിപ്രായം സിലക്ട് കമ്മററി പരിഷ്കരിച്ചതിൽപിന്നീട മുറക്കുള്ള ആലോചന നടത്തണം എന്നാണ്. ഇതു നല്ലപോലെ ആലോചിക്കേണ്ടതായ ഒരു ഗൌരവമായ കാര്യമാണ്. സിലക്ട്കമ്മററിക്ക കൂടുതൽ വ്യവസ്ഥകൾ ചേക്കാൻ സാധിക്കാഞ്ഞതിൻെറ കാരണം ഒന്ന ഇതുതന്നെ ആയിരിക്കണം. സാമുദായിക നിയമം രൂപീകരിക്കുമ്പോൾ ആരും സ്വാഭാവികമായി പ്രവത്തിക്കുമ്പോലെ സിലക്ട്കമ്മററിക്കാർ കഴിയുന്നതും ആക്ഷേപിക്കിടയാക്കാത്ത വിധത്തിൽ ബിൽ ഈ മാതിരിയിൽ രൂപപ്പെടുത്തികൊണ്ടുവന്നിട്ടുള്ളതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും—നെടുമങ്ങാടും): നിയമകത്താക്കൾ ഈ സമുദായത്തിനല്ല ഏതു സമുദായത്തിനും വഗ്ഗീയവും സാമ്പത്തികവും ആയ ന്യായം ചെയ്യേണ്ടതല്ലെ? അങ്ങിനെ മനുഷ്യക്കുള്ള ന്യായം പ്രവൃത്തിക്കേണ്ടതല്ലെ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ഒന്നും ന്യായരഹിതമായിട്ട പ്രവൃത്തിച്ചിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഞാൻ അവർ ന്യായം തടഞ്ഞു എന്ന പറയുന്നില്ല, ന്യായം ചെയ്യുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ കൌൺസിൽ ന്യായം പ്രവൃത്തിക്കും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട): ന്യായം കുറെ കൂടുതൽ പ്രവൃത്തിക്കുന്നതിൽ മെമ്പറിന്ന ആക്ഷേപമുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെയും ആകാം. ഇപ്രകാരമുള്ള തത്വവാദപ്രമേയങ്ങൾ നമുക്ക ഇവിടെ നോക്കേണ്ട ആവശ്യമില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഒരു കേവലം സാങ്കേതിക കാരണത്തിന്മേൽ ബിൽ മെമ്പറിന്ന തിരികെ അയക്കാൻ പാടില്ലെന്നാണോ ഞാൻ അത്ഥമാക്കേണ്ടതു?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതുതന്നെയല്ല ക്രിയാസാദ്ധ്യതയെപ്പററിയും കൂടി ആലോചിച്ചു തിരികെ അയക്കാൻ പാടില്ലെന്നാണ്.

മി: വി. ചെല്ലംപിള്ള (തോവാള): പത്തു സാക്ഷികളിൽ ഏതാണ്ടംപേർ മാത്രമെ ബില്ലിന്ന എതിരായിട്ടുള്ളു എന്നും മേനക മറിച്ചു ഹർജികളിൽ വളരെ അതിനെ അനുകൂലിച്ചാണെന്നും മെമ്പറിന്ന അറിയാമൊ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അറിയാം. അതു റിപ്പോർട്ടിൽ കാണുന്നുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): പത്തിൽ കുറെ പേർ മാത്രമെ ബില്ലിന്ന അനുകൂലിക്കാതുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): കുറേപേർ എന്നതു പത്തെങ്കിൽ ഒമ്പതാകാം. എന്തെങ്കിലും ആകട്ടെ, സർ, ബിൽ പുനരാലോചനക്കയക്കുന്നതിനുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി താങ്ങുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ; ഞാൻ താഴ്മയോടെ

(മി: ടി. സി. കേശവപിള്ളയും ഉടനെ എഴുന്നേററു).

പ്രസിഡൻറ: മി: നീലകണ്ഠപ്പിള്ള എഴുന്നേൽക്കുന്നതിനമുമ്പു മി: താണുപിള്ളയോടൊന്നിച്ചു മിസ്റ്റർ കേശവപിള്ള എഴുന്നേററു അദ്ദേഹത്തോട ഞാൻ ഇരിക്കാൻ പറകയുണ്ടായി. അതുകൊണ്ടു സംസാരിക്കാനുള്ള അവസരം അദ്ദേഹത്തിനു കൊടുക്കണം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ നംപൂതിരിബില്ലിനെ വേറെ ഒരു സിലക്ട്കമ്മററിക്ക അയച്ചു കുറെക്കൂടി പര്യാലോചന നടത്തി ഈ കൌൺസിലിലെ എല്ലാ സാമാജികന്മാരും അതിൻെറ തത്വം നല്ലപോലെ മനസ്സിലാക്കി അതിൻെറ ഗുണദോഷങ്ങളെപ്പററി ഗാഢമായി ചിന്തിച്ചു ഒരു തീരുമാനം വരുത്തുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ പൂണ്ണമായി യോജിക്കുന്നു. ഈ സിലക്ട്കമ്മററിറിപ്പോർട്ടിൻെറ വിസമ്മതക്കുറിപ്പു മുതലായ കടലാസുകൾ ഇന്ന കുറച്ചുമുമ്പു ഞങ്ങൾക്കു കിട്ടി ഒരു തടസ്സം ഹാജരാക്കിയ എൻെറ ഒരു സ്നേഹിതൻ നംപൂതിരിപ്പാട കഴിഞ്ഞ കൌൺസിലിൽ ഹാജരാക്കിയ ബില്ലിനെ അതേനിലയിൽ എടുത്തുകൊണ്ടു വന്നിരിക്കുകയാണ്. അതിനെ സംബന്ധിച്ചു കടലാസുകൾ മററുള്ളവക്കു അറിയാൻ പാടില്ല എന്നു പറഞ്ഞു. എന്നെസംബന്ധിച്ചു പറയുകയാണെങ്കിൽ കടലാസുകൾ ഇന്നാണ് എനിക്കു കിട്ടീട്ടുള്ളതു. ആ കടലാസുകൾ എനിക്കു കിട്ടിയപ്പോൾ കിട്ടിയ ചുരുങ്ങിയ സമയംകൊണ്ടു വായിച്ചുനോക്കി എങ്കിലും അതിനെസംബന്ധിച്ചു ഒന്നു ചിന്തിച്ചാൽ മാത്രമേ അതിൻെറ ഗുണദോഷം നല്ലവണ്ണം മനസ്സിലാകുകയുള്ളു.

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട (ജന്മികൾ); സിലക്ട്കമ്മററിറിപ്പോർട്ടു ഗസററിൽ പ്രസിദ്ധംചെയ്തിരുന്നതായി അറിയാമൊ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും); ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു ബില്ലു മാത്രമാണ്. അതിൽ 4-ാം വകുപ്പനുസരിച്ചുള്ള സംഗതികൾ ഇന്നത്തെ നടപ്പു അനുസരിച്ചു വിപരീതമായിരിക്കുന്നു എന്നാണു കാണുന്നതു. അതിൽ ചില കാര്യങ്ങൾകൂടി ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. മോട്ടാർ വാഹനങ്ങൾ വദ്ധിച്ചിരിക്കുന്ന ഈ കാലത്തു മോട്ടാറിൽ കയറിയാൽ ജാതിഭ്രഷ്ട് വന്നുപോകുമെന്നു വച്ചിരുന്നാൽ ഇപ്പോഴത്തെ ചെറുപ്പക്കാരായ സ്ത്രീയോ പുരുഷനോ വല്ല കാറിലോ ബസ്സിലോ കയറി അവർക്കു ജാതിഭ്രഷ്ട് കല്പിച്ചു കൈകൊട്ടി പുറത്താക്കുകയാണെങ്കിൽ അങ്ങനെ പുറത്താക്കപ്പെടുന്ന സ്ത്രീക്കോ പുരുഷനോ ആഹാരത്തിനും മററു ചിലവുകൾക്കുംവേണ്ടി ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ട ചുമതല നമുക്കുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ വിധത്തിൽ ജാതിഭ്രഷ്ട് വന്നിട്ടുള്ളവർ ഉണ്ടോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഉണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഉദാഹരണവും പറയാമോ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പറയാം. (സ്ഥിരമായി താമസിക്കുന്ന) ഡോമിസൈൽ എന്ന വാക്കിനെ സംബന്ധിച്ചിടത്തോളം ഈ മാതിരിയിൽ വേണം അർത്ഥമാക്കാൻ. അതായതു തിരുവിതാംകൂറിനകത്തു താമസിക്കുന്നവർക്കുമാത്രമേ അതു ബാധിക്കുന്നുള്ളു. ഇവിടെനിന്നും അന്യസ്ഥലങ്ങളിലേക്ക കല്യാണം കഴിച്ചു അയക്കുന്നവർക്കും അന്യ സ്ഥലങ്ങളിൽനിന്നു കല്യാണം കഴിച്ചു ഇവിടെ കൊണ്ടുവരുന്നവർക്കും പ്രത്യേകമായ വ്യവസ്ഥകളൊന്നും കാണുന്നില്ല.

പ്രസിഡൻറ: 'ഡോമിസൈൽഡ്' എന്ന പദത്തിനു ഒരു വ്യക്താർത്ഥമുണ്ട്. ഇവിടെ താമസം മാത്രം മതിയെന്നു കാണിക്കുന്നതല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതു വിവരണത്തിൽ കാണുന്നില്ല. ഈമാതിരി ചില്ലറ കുഴപ്പങ്ങൾ കാണുന്നതുകൊണ്ടു നല്ലപോലെ ആലോചിച്ചു പ്രവൃത്തിക്കേണ്ടതാണ്. ദായ വ്യവസ്ഥയെ സംബന്ധിച്ചും ചില പ്രത്യേക വ്യവസ്ഥകൾ വേണം. കല്യാണത്തിനെ സംബന്ധിടത്തോളം പ്രധാനമായി കരുതേണ്ടതാണ്. അതിൽ വയസ്സിന്റെ കൂടുതൽകുറവു വ്യവസ്ഥപ്പെടുത്തണം. ഈ മാതിരിയുള്ള സംഗതികളെ സംബന്ധിച്ചു അതിനെ തീർക്കത്തക്കവണ്ണം ഈ കൌൺസിലിൽ നിന്നു വ്യവസ്ഥ ചെയ്യണം. ഇതിനെ തിരുത്തുന്നതിനു ഈ കൌൺസിലിൽതന്നെ അധികാരമുണ്ടെന്നു തോന്നുന്നില്ല. അതിലേക്ക പ്രസിഡൻറ അവർകൾ പ്രത്യേകമായി അനുവാദം കൊടുത്തു ആ കുറവുകളെ ശൂന്യമാക്കി പരിഹരിക്കണം. തിരുവിതാംകൂറിലെ നമ്പൂതിരിമാരുടെ കാര്യം വസ്തുക്കളെ സംബന്ധിച്ചും ജന്മികുടിയാൻ ഏർപ്പാടിനെസംബന്ധിച്ചും മററു ജാതിക്കാരോടുകൂടി ഇടപെട്ടിരിക്കുന്നതുകൊണ്ടു അവരുടെ മേൽഗതിയേയും ന്യായമായ അവകാശങ്ങളേയും നല്ലവണ്ണം ആലോചിച്ചു തീർച്ചചെയ്യേണ്ടിയിരിക്കുന്നു. അതിനാൽ ഈ ബില്ലിനെ ഒന്നുകൂടി സിലക്ട്കമ്മിററിക്ക അയക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): നമ്പൂതിരിബില്ലിനെ വീണ്ടും സിലക്ട് കമ്മിററിക്ക അയക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മതത്തെ ഉന്തിനില്ക്കുന്ന ഏറ്റവും പുരാതനമായ ആചാരങ്ങളും അവകാശ സംപ്രദായങ്ങളും ഉള്ള ആ സമുദായത്തിന്റെ ഭാവിയെ സാരമായി ബാധിക്കുന്ന ഒരു നിയമത്തെ വേണ്ടിടത്തോളം ഗാഢമായാലോചിച്ചു ആ സമുദായത്തിലുള്ള രണ്ടു കക്ഷിക്കാർക്കും അതായതു യാഥാസ്ഥിതികന്മാർക്കും ഉല്പതിഷ്ണുക്കൾക്കും പാടുള്ളിടത്തോളം തൃപ്തികരമായ രീതിയിൽ നിർമ്മിക്കേണ്ടതു ആവശ്യമാണ്. മററു സമുദായങ്ങളെ അപേക്ഷിച്ചു നമ്പൂരിസമുദായത്തിൽ യാഥാസ്ഥികന്മാർ കൂടുതലാണെന്നു പ്രസിദ്ധമാണ്. അങ്ങിനെ ഇരിക്കുന്ന ഒരു സമുദായത്തിനെ സംബന്ധിച്ചു ദ്രുതഗതിയിൽ എന്തെങ്കിലും ചെയ്തു അവരുടെ ഇടയിൽ കലഹവും കുഴപ്പവും വർദ്ധിപ്പിക്കുന്നതു ബുദ്ധിപൂർവകമല്ല. ഈ കൌൺസിലിൽ തന്നെ നമ്പൂതിരി സമുദായത്തിലെ അംഗങ്ങൾ വളരെ കുറവാണ്. അതുകൊണ്ടു മററുള്ള സമുദായാംഗങ്ങൾക്ക അവരുടെ കാര്യം തീരെ അറിഞ്ഞുകൂടെന്നോ അവരുടെ അഭിവൃദ്ധിയിൽ ശ്രദ്ധയില്ലെന്നോ പറയുന്നില്ല.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഇങ്ങനെ ദ്രുതഗതിയിൽ ചെയ്യാനുള്ള ദോഷമെന്താണ്?

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ചോദ്യങ്ങൾക്കെല്ലാം ഒടുവിൽ മറുപടി പറയാം. നമ്പൂതിരിമാരുടെ ഇടയിൽതന്നെ അവരെ സംബന്ധിച്ചു ഒരു നിയമം ഉണ്ടാക്കുന്നതിനു ഇഷ്ടമില്ലാത്തവർ പലരുണ്ടു. എന്റെ നിയോജകമണ്ഡലത്തിലെ ചില നമ്പൂതിരിമാർ പുതിയ നിയമങ്ങളൊന്നും ആവശ്യമില്ല എന്നു പറയുന്നുണ്ടു. പണ്ടത്തെ ഋഷിവര്യന്മാരാൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളിലും ആചാരസമ്പ്രദായങ്ങളിലും ഭേദഗതിവരുത്തുന്നതു സമുദായത്തിനു ആപൽക്കരമാണെന്നാണു അവർ പറയുന്നതു. ഇവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവകാശക്രമവും മതം സംബന്ധിച്ചിട്ടാണിരിക്കുന്നതു. ചെറുപ്പക്കാർ മിക്കവാറും നിയമം വേണമെന്നപേക്ഷക്കാരാണ്. എന്നാൽ നിയമം ഇന്നവിധം വേണമെന്നകാര്യത്തിലും ഭിന്നപക്ഷക്കാരുണ്ടു. കാലസ്ഥിതി അനുസരിച്ചു മററു സമുദായങ്ങൾക്കൊപ്പം നിയമം ഉണ്ടാക്കി സമുദായത്തെ അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്ന, പഴയ മാമൂലുകളെ ഇല്ലാതാക്കേണ്ടത്യാവശ്യമാണെന്നു പറയുന്നവരുണ്ടു. ഇപ്പോഴത്തെ നിയമത്തെ ഒരു കമ്മിററിക്ക വീണ്ടും അയക്കണമെന്നു പറയുന്നതു ഈ രണ്ടുപക്ഷക്കാർക്കും അനുകൂലമായ ഒരു രീതിയിൽ രൂപപ്പെടുത്തുന്നതിനാണെന്നും ഭേദഗതി ഇന്നവിഷയങ്ങളിലെല്ലാമാണു വേണ്ടതെന്നും കാരണങ്ങൾ വിവരിച്ചു നമ്പൂതിരി മെമ്പർ ആവശ്യപ്പെടുന്നു. അതനുസരിച്ചു ചെയ്യുന്നതുകൊണ്ടു കൂടുതൽ ഗുണമല്ലാതെ ദോഷത്തിനു വഴിയില്ല. കാലതാമസംകൂടാതെ അതായതു അടുത്ത യോഗത്തിൽതന്നെ ഭേദഗതിചെയ്തുകൊണ്ടുവന്നു ഇതിനെ പാസാക്കാൻ കഴിയുന്നതാണു. പ്രത്യേകതരത്തിലുള്ള ആചാരങ്ങളും പുരാതന സമ്പ്രദായങ്ങളും നിലനിറുത്തിവരുന്ന ഈ സമുദായം മററു സമുദായങ്ങൾക്കു വ്യത്യസ്തപ്പെട്ട നിലയിലാണു ഇരിക്കുന്നതു. അങ്ങനെയുള്ള സമുദായത്തിന്റെ നടപടികളിൽ കൈവയ്ക്കുന്നതു സൂക്ഷിച്ചുവേണം. അടിക്കടി ഭേദഗതിവരുത്തിക്കൊണ്ടിരിക്കുന്ന വ്യവസ്ഥകളോടുകൂടിയ സമുദായമല്ല ഇതു. അവകാശക്രമങ്ങൾ മതസംബന്ധമായും കൂടിയാണ്. അതിനാൽ ഗാഢമായ വിചിന്തനം അർഹിക്കുന്നു. ശ്രദ്ധാപൂർവം പ്രവർത്തിക്കാത്തപക്ഷം ദ്രുതഗതിയാൽ ആപത്തുണ്ടായേക്കാൻ എളുപ്പമുണ്ടു. സമുദായത്തിൽ പല കുഴപ്പങ്ങളും ഉണ്ടാകാം. അപ്പോൾ ഗുണത്തിനു പകരം ദോഷമാകും ഫലം. ഒരു സമുദായത്തിലുള്ള കലഹങ്ങളേയും കുഴപ്പങ്ങളേയും തീർക്കാനാണു ഒരു നിയമം വേണം എന്നു ആവശ്യപ്പെടുന്നതു. അല്ലാതെ, അവയെ വർദ്ധിപ്പിക്കാനല്ല. അതിനാൽ ഈ ബില്ലിനെ വീണ്ടും ഒരു കമ്മിററിക്ക അയച്ചു വേണ്ട ഭേദഗതിചെയ്തു അടുത്ത കൌൺസിൽ യോഗത്തിൽ കൊണ്ടുവന്നു പാസ്സാക്കുന്നതിനു തക്കവണ്ണം കമ്മിററിക്കാക്ക ഒന്നുകൂടി അയക്കണമെന്നുള്ള അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

മി. വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല): ഈ ബില്ലിനെ സിലക്ട്കമ്മിററിക്ക അയക്കണമെന്നുള്ള അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. ഒന്നാമതായി ഈ നിയമത്തിലുള്ള തത്വത്തെ നല്ലവണ്ണം പര്യാലോചി

ച്ചുകൂടാതെ ഇതുവരെയുള്ള ചുമതലപ്പെട്ട സ്ഥാനങ്ങളിൽനിന്നും ഒരു സിലക്ട്കമ്മിററി തൃപ്തികരമായിട്ടില്ലെന്നും വീണ്ടും ഒരു സിലക്ട്കമ്മിററി രൂപീകരിച്ചു വീണ്ടും ആലോചനനടത്തി റിപ്പോർട്ടുചെയ്യാൻ ചുമതലപ്പെടുത്തണമെന്നും പറയുന്നതിൽ അർത്ഥമില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): സിലക്ട്കമ്മിററിയോ, അതല്ല നംപൂതിരിസമുദായത്തിലെ അംഗങ്ങളോ ഏതാണു വലുതു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സിലക്ട്കമ്മിററിയുടെ റിപ്പോർട്ടിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. അതിനാൽ നംപൂതിരി സമുദായത്തെക്കാൾ കൂടുതൽ ചുമതല ഈ സിലക്ട്കമ്മിററിക്കാണ്.

മി. വേമ്പനാട്ട് രാമവർമ്മരാജാ (ഇടവക): അടുത്തകാലത്തു നംപൂതിരി സമുദായം വലുതായി വരികയില്ലേ?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ അങ്ങനെയുള്ള ചോദ്യത്തിൽനിന്നും ജനിച്ചിട്ടുള്ള അഭിപ്രായമാണു. അങ്ങിനെയല്ല, പക്ഷെ തൽക്കാലം ഇറങ്ങുന്ന ചിന്തയുള്ള. അതിനാൽ ഈ സിലക്ട്കമ്മിററി റിപ്പോർട്ടുകൊണ്ടു മേൽനടപടി ആരംഭിക്കുന്നതു ഉചിതമായിരിക്കുമെന്നു ഞാൻ ബലമായി അഭിപ്രായപ്പെടുന്നു. ഈ സമുദായത്തിൽ അനേകം യാഥാസ്ഥിതികന്മാരിൽ നിന്നും മെമ്മോറിയലുകൾ ... അത്യാവശ്യമായ മററു കാര്യങ്ങൾ നടത്തുകയായ ചെയ്തിട്ടില്ലെന്നും ഈ റിപ്പോർട്ടു അപൂർണ്ണമാണെന്നും ഇവിടെ ഒരു മെമ്പർ പ്രസ്താവിച്ചു. അതിനു പണ്ഡിതനായ ഡപ്യൂട്ടിപ്രസിഡണ്ട് അവർകൾ അഭിപ്രായപ്പെടുന്നതുപോലെ യാതൊരു ... ളും അവസരവും പ്രാധാന്യവും കൊടുക്കുകയുണ്ടായിരുന്നു എന്നു അവർ ഓർക്കുകയോ വിസമ്മതിക്കുകയോ ഇല്ല. ഉല്പതിഷ്ണുക്കളുടെ പരിമിതംകൊണ്ടോ കാര്യം സാധിച്ചു കിട്ടുമെന്നുള്ള ഉത്സാഹംകൊണ്ടോ ചില കുറവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനു കുറെ സമയം നീട്ടിക്കൊടുക്കണമെന്നുള്ള അഭിപ്രായത്തോടു എനിക്കു വിപരീതം ഒന്നും ഇല്ല. അങ്ങനെ വരാതെ സൂക്ഷിക്കേണ്ടതു ഈ കൌൺസിലിന്റെ പ്രധാന ചുമതലയാണ്. അങ്ങനെയുള്ള ന്യൂനതകൾ സംഭവിക്കാതിരിക്കുന്നതിനും യഥാർത്ഥികമായുണ്ടാകുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനും സാധാരണയായി കിട്ടേണ്ടതായ അവകാശങ്ങൾ എല്ലാം ഈ ബില്ലനിമിത്തം കിട്ടുമെന്നുള്ളതുകൊണ്ടും അതിനു പ്രാധാന്യമൊ അവസരമൊ കൊടുക്കണം എന്നു തോന്നുന്നില്ല. ഈ സമുദായം ന്യൂനപക്ഷക്കാരും പ്രധാനസമുദായക്കാർ എന്നുള്ളതു പരമാർത്ഥമാണു. ഈ സ്ഥിതിക്കു ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കയും ഇത്രത്തോളം നടപടി നടത്തുകയും ചെയ്യുന്നതിനു ഇടയായിരിക്കുന്നതിനാൽ ഇതിനെ ഇടസ്ഥംകൊണ്ടുപോയി സമുദായത്തിന്റെ അഭിവൃദ്ധിയെ തടയാതെ ഈ നിയമം പാസാക്കിക്കൊടുക്കേണ്ടതാണു. വല്ല ചില്ലറ ന്യൂനതയും ഉണ്ടെങ്കിൽ അവയെ പരിഹരിക്കാൻ അവസരം കിട്ടുന്നതുമാണു. എന്റെ ഒരു സ്നേഹിതൻ പറഞ്ഞതുപോലെ ഇതിനെ വീണ്ടും ഒരു സിലക്ട്കമ്മിററിക്കു അയക്കുന്നതു തീർച്ചയായും ഈ സമുദായത്തിനു വലിയ ഉപദ്രവമായിരിക്കുമെന്നാണു എന്റെ അഭിപ്രായം. ഈ സമുദായത്തിന്റെ പ്രാധാന്യവും ന്യൂനപക്ഷക്കാരുടെ താൽക്കാലിക അവസ്ഥയും ആലോചിക്കയാണെങ്കിൽ ഈ ബില്ലിനെ വീണ്ടും ഒരു സിലക്ട്കമ്മിററിക്കു കൊടുക്കാതെ ഇപ്പോൾ നടത്തീട്ടുള്ള നടപടിയെ പൂർത്തിയാക്കി ഈ സമുദായത്തിനു ഒരു രക്ഷയാക്കുന്നതു ഏററവും നന്നായിരിക്കുമെന്നാണു എന്റെ അഭിപ്രായം. ഇതു നിമിത്തം വിവാഹം മുതലായ പ്രധാനപ്പെട്ട സംഗതികളിൽ വേണ്ടവിധം അത്യാവശ്യമുള്ള വകുപ്പുകൾ ചേർത്തിട്ടില്ല എന്നുള്ള ന്യൂനതയെ അവഗണിക്കണം എന്നു ഞാൻ പറയുന്നില്ല. അങ്ങനെ അത്യാവശ്യമുള്ള എല്ലാ ഭാഗങ്ങളേയുംപററി വീണ്ടും പര്യാലോചിച്ചു ബിൽ നടപ്പിൽകൊണ്ടുവരണമെന്നാണ് എന്റെ അഭിപ്രായം. ഏതായാലും ഇതിന്റെ അഭിവൃദ്ധിയെ തടയത്തക്ക വിധത്തിലുള്ള യാതൊരു നടപടിക്കും ഇടകൊടുക്കാതെ തുടർന്നുകൊണ്ടുപോകണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): വീണ്ടും സിലക്ട്കമ്മിററിക്കു അയക്കുന്നതു ദോഷം എന്താണെന്നു പറയുന്നതു?

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ ബില്ലിനെ അങ്ങനെ അയക്കുകയാണെങ്കിൽ ഇനി അടുത്തകാലത്തെങ്ങും നടപ്പിൽ വരാതെ ഈ സമുദായത്തിനു വീണ്ടും നഷ്ടവും ബുദ്ധിമുട്ടും അനുഭവിക്കേണ്ടിവരും എന്നുള്ളതാണ് അതുകൊണ്ടുള്ള ദോഷം.

മി. എ. സി. കയ്യാലക്കാസ്. (മീനച്ചലും ദേവികുളവും): ഈ ബില്ലിനെസംബന്ധിച്ചു ദീർഘമായ ഒരു പ്രസംഗം ചെയ്യാനല്ലാ ഞാൻ ഉദ്യമിക്കുന്നതു. നംപൂതിരി സമുദായത്തിനു ഈ ബിൽ നിയമപ്രാധാന്യത്തിലായി തീരുക എന്നുള്ളതു വളരെ പ്രധാന്യമായ ഒരു കാര്യമാണ്. അവരിൽ യാഥാസ്ഥിതികന്മാർ വളരെ ഉണ്ടെന്നുള്ളതു സമ്മതിക്കാവുന്ന അവസ്ഥയാണ്. എങ്കിലും അവരുടെ ഏതൽകാലപര്യന്തമുള്ള രാഷ്ട്രീയബോധത്തെപ്പററി പറയുകയാണെങ്കിൽ അതു അലസമായ ഒരു മന്ദസ്ഥിതിയുടെ പ്രകടനരൂപത്തിൽ മാത്രമേ പ്രകാശിതമാകുന്നുള്ളു. വളരെക്കാലം മുമ്പുമുതൽ ഏതാനും സംഘങ്ങളുംമററും ഉണ്ടാക്കി അവിടവിടെ യോഗംകൂടി കഴിച്ചുകൂട്ടിവരുന്നവർ എന്ന നിലയിൽ നംപൂതിരിമാർക്കു ഇത്യധികം പുരോഗമനത്തിനു വകയുണ്ടായിരുന്നു, ശരിയായ പുരോഗമനം വന്നിട്ടില്ല എന്നു സ്പഷ്ടവുമാണ്. എന്നാൽ ഇടക്കാലത്തു ചില പരിഷ്കാരങ്ങൾ നടത്തിയതായും ഇപ്പോഴും പരിഷ്കാരോന്മുഖമായ പുരോഗമനം ചെയ്തുകൊണ്ടിരിക്കുന്നതായും എല്ലാവർക്കും അറിയാവുന്നതാണ്. അവരിൽ സമുദായപരമായി താല്പര്യമുള്ള ആളുകൾ ആലോചിച്ചു ഈ കൌൺസിലിന്റെ ശ്രദ്ധക്കായി ഒരു ബില്ല കൊണ്ടുവന്നിരിക്കുമ്പോൾ ഈ വിഷയത്തിൽ ശ്രദ്ധിക്കാതെ ചെറുപ്പക്കാരായ കുറെ പേരുടെ കൂടുതൽ ഉത്സാഹംകൊണ്ടുകൊണ്ടു ബിൽ വേണ്ടവിധമായ ആലോചനയ്ക്കും ശ്രദ്ധക്കും വിഷയമാക്കാൻ സൌകര്യം നൽകുവാൻ പാടില്ല എന്നു തീർച്ചപ്പെടുത്തുന്നു എങ്കിൽ അതു കഷ്ടമാണ്. ഈ ബില്ലിന്റെ ചരിത്രം പറയുകയാണെങ്കിൽ ഇതു ഇതിനു മുമ്പിലത്തെ കൌൺസിലിന്റെ ആലോചനക്കു വന്നതാണ്. അതിനെ സിലക്ട്കമ്മിററിക്കു കൊടുത്തു അവരുടെ റിപ്പോർട്ടു വന്നു. ഇപ്പോൾ നിലവിലിരിക്കുന്ന കൌൺസിൽ ആരംഭിച്ചു ഒരു വർഷം കഴിഞ്ഞശേഷം ഈ ബില്ലിനെപ്പററി ആലോചിക്കണമെന്നു നംപൂതിരിയായ ഒരു പ്രതിനിധി കൌൺസിലിൽ അപേക്ഷ അനുസരിച്ചു ബിൽ ആലോചനക്കെടുത്തു. അതിൽപിന്നെ മകരമാസത്തിൽ

നാട്ടിന് തന്നശേഷം ആ ബിൽ ഇപ്പോഴത്തെ കൌൺസിലിൽ ആലോചനയ്ക്കു വയ്ക്കപ്പെട്ടിരിക്കുന്നു, ഇതിനെ മനസ്സിലാക്കാതെ ഇവിടെയിരിക്കുന്ന ചില സ്നേഹിതന്മാർ ഈ കാര്യത്തെ ഗൗരവമായി ആലോചന നടത്തി എന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല. കൌൺസിലിന്റെ ആലോചനക്കു വന്നു് സിലക്ട് കമ്മിററിക്കു അയച്ചു പരിശോധിച്ചതു പരമാർത്ഥമാണെങ്കിലും ഇന്നത്തെ മെമ്പറന്മാർക്കു ആലോചിക്കാൻ ഇട വന്നിട്ടില്ലാത്തതാണു് തൽക്കാലത്തേക്കു ഒരു ന്യൂനതയായി കാണുന്നതു്. ഇതു പൊതുവെ വന്നുപോകുന്നു ഒരു മാററിവെക്കണമെന്നു എന്റെ ഒരു സ്നേഹിതൻ ഇവിടെ അഭിപ്രായം പറഞ്ഞു. അതിൻപ്രകാരം ഒന്നുകൂടി ആലോചിച്ചു ബിൽ നമ്പൂതിരി സമുദായത്തിനു കൂടുതൽ ഉപകാരപ്രദമാക്കി തീർക്കാവുന്നതാണു്. നമ്പൂതിരി സമുദായത്തെ സ്നേഹിക്കുന്നതുകൊണ്ടാണു് ഇതിനെ കുറെക്കൂടി സമയം അനുവദിക്കണമെന്നു ഞാൻ പറയുന്നതു്. അതുകൊണ്ടു ഇതിനെ വീണ്ടും ഒരു കമ്മിററിയുടെ ആലോചനക്കു അയക്കുകയും നാനാ മുഖങ്ങളായ അഭിപ്രായങ്ങൾക്കു മെമ്പറന്മാർക്കു കൂടുതൽ സന്ദർഭം ഉണ്ടാക്കി മൂന്നോ നാലോ മാസത്തിനകം ഈ കൌൺസിലിന്റെ ശ്രദ്ധക്കു വീണ്ടും വിഷയമാക്കുകയും ചെയ്യണമെന്നുള്ള അഭിപ്രായത്തെ ഞാനും പിൻതാങ്ങുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യത്തിൽ ലാ മെമ്പറുടെ അഭിപ്രായം ഞങ്ങൾക്കു കേട്ടാൽ കൊള്ളാമെന്നുണ്ടു്.

പ്രസിഡന്റ. ലാ മെമ്പർ സംസാരിക്കണമെന്നു ആഗ്രഹിക്കുന്നോ?

മി. കല്ലുവലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇതു തികച്ചും ഒരു സമുദായകാര്യമാകകൊണ്ടു ഗവണ്മെന്റ വളരെ നിഷ്പക്ഷനിലയിലാണു ഇരിക്കുന്നതു്, ഞാൻ ഒന്നുകൂടി പറയാം, ഗവണ്മെന്റ ഈ ഒരു അവസരത്തിൽ യാതൊരു അഭിപ്രായവും വച്ചുകൊണ്ടിരിക്കുന്നില്ല. ഈ കൌൺസിലിനു ബിൽ ഒരു സിലക്ട് കമ്മററിക്കു അയക്കാൻ താല്പര്യമുള്ളതായി കാണുന്നപക്ഷം ഗവണ്മെന്റിനു അതിനു വിരോധമില്ല. നേരെ മറിച്ചു ഇപ്പോൾതന്നെ അതു ആലോചനക്കെടുക്കണമെന്നു കൌൺസിൽ ഇഷ്ടപ്പെടുന്നതാണെങ്കിൽ അതും ഗവണ്മെന്റ അനുകൂലിക്കുന്നതാണു്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മലയാളബ്രാഹ്മണ സമുദായത്തിൽ ഉൾപ്പെടാത്ത ഈ കൌൺസിലിലെ മെമ്പറന്മാർക്ക് ഈ കാര്യം സംബന്ധിച്ചേടത്തോളം നിഷ്പക്ഷനിലവിട്ടു കൂടുതൽ ഗുണകാംക്ഷിതാല്പര്യം കാണിക്കാൻ ആവശ്യമില്ലെന്നു ലാമെമ്പർ ധരിക്കുന്നുണ്ടോ?

മി. കല്ലുവലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ബിൽ ഗവണ്മെന്റിനാൽ കൊണ്ടുവരപ്പെട്ടതല്ല. അതിനാൽ ആ വശത്തിരിക്കുന്ന മെമ്പറന്മാർക്കു ഗവണ്മെന്റിനെപ്പോലെതന്നെ ഒരു ചുമതലബോധം ഉണ്ടായിരിക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റ മെമ്പർമാർ വോട്ടുചെയ്യുന്നില്ലയോ?

മി. കല്ലുവലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അവർ അവരുടെ ഇഷ്ടംപോലെ വോട്ടുചെയ്യും.

മി. നാരായണൻ നമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ): സർ, തിരുവിതാംകൂർ ഒട്ടുക്കു നമ്പൂതിരിമാർ പന്തീരായിരം ഉണ്ടു്. അതിൽ പത്തു സാക്ഷികളെ മാത്രമേ സിലക്ട് കമ്മററിയിൽനിന്നും വിസ്തരിച്ചിട്ടുള്ളു, അതു തിരുവനന്തപുരത്തും ചെങ്ങന്നൂരും മാത്രമാണു വിസ്തരിച്ചിരിക്കുന്നതു്. വടക്കൻ തിരുവിതാംകൂറിൽ വലിയ പ്രമാണന്മാരായ നമ്പൂതിരിമാർ ധാരാളം ഉണ്ടു് അങ്ങോട്ടെങ്ങും അവരുടെ കാററുപോലും അടിച്ചിട്ടില്ല. ആ സ്ഥിതിക്കു കമ്മിററിയിൽനിന്നും നടത്തിയതു എത്രത്തോളം ഭംഗിയായിരിക്കുമെന്നു ഊഹിക്കാവുന്നതാണു്. ഇത്ര വലുതായ ഒരു സമുദായത്തിനെപ്പററി ഒരു ബിൽ കൊണ്ടുവരുമ്പോൾ ഇത്ര ലഘുവായി അതിനെപ്പററി വിസ്താരം നടത്തിയാൽ മതിയാകുന്നതല്ല. കൊച്ചി നിയമസഭയിൽ ഈ ബില്ല ഭൂരിപക്ഷപ്രകാരം അനുവദിച്ചു കിടപ്പുണ്ടു്. അതിൽ കമ്മററിക്കാർ എങ്ങിനെ വിസ്താരം നടത്തിയിട്ടുണ്ടെന്നു അവിടത്തെ റിക്കാർഡു നോക്കിയാൽ ശരിയായി അറിയാവുന്നതാണു്. ആ റിക്കാർഡുകൾ ഞാൻ കൊണ്ടുവന്നിട്ടുണ്ടു്. അതുകൊണ്ടു ഈ ബില്ലിനെ ഒരിക്കൽകൂടി സിലക്ട് കമ്മിററിക്കു അയക്കണം.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക) ഈ ബില്ലിനെ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതായി അറിയാമോ?

മി. നാരായണൻനമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ): അങ്ങനെ ചെയ്തിട്ടുണ്ടു്. അതു ഒരു സാധാരണ നടപടിയാണു്. കമ്മററിക്കാർ വേണ്ടപോലെ സാക്ഷികളെ വിസ്തരിക്കാൻ കഴിഞ്ഞില്ലെങ്കിൽ ചോദ്യക്കടലാസുകൾ അയച്ചു ഓരോരുത്തരുടേയും മറുപടികൾ വരുത്താം. അങ്ങനെയും ചെയ്തിട്ടില്ല.

മി. രേവതിതിരുനാൾ രാമവർമ്മ രാജ (ഇടവക) അങ്ങനെ ചെയ്യണമെന്നു ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. നാരായണൻ നമ്പൂതിരിപ്പാട്ട ജാതവേദൻ നമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ): അങ്ങിനെ ആവശ്യപ്പെടണമെന്നില്ല. പൊതുവെ ഒരു സമുദായത്തെ സംബന്ധിക്കുന്നകാര്യമായതുകൊണ്ടു അങ്ങനെ കമ്മിററിക്കാർതന്നെ ചെയ്യേണ്ടതാണു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാട്ടും): ഈ ബില്ലിൽ നൂതനമായി ചില വകുപ്പുകൾ ചേർക്കേണ്ടതു അത്യാവശ്യമാണോ?

മി. നാരായണൻ നമ്പൂതിരിപ്പാട്ട ജാതവേദൻ നമ്പൂതിരിപ്പാട്ട) സംയുക്തസാമാജികൻ): അതു അത്യാവശ്യമാണു്

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): അതിനു ഈ ബിൽ വീണ്ടും പ്രേരണ സഹായിക്കുന്നതാകുന്നോ?

മി. നാരായണൻനമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ): അതു ഇപ്പോൾ ആലോചിച്ചിട്ടു ആവശ്യമല്ല. ചേർക്കാമെന്നു നോക്കേണ്ടതാണു്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): പുതിയ സിലക്ട് കമ്മിററിയിൽ സാധിക്കുമായെന്നു നോക്കാമല്ലൊ.

മി. നാരായണൻനമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ): ഞാൻ ആക്ഷേപം പിൻവലിക്കാം.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട (ജന്മികരം): എനിക്കു ഒന്നു രണ്ടു വാക്കുകരം പറയാൻ ആഗ്രഹമുണ്ട്. എനിക്കും ഇതു അനേകം മെമ്പറന്മാർ‒ ‒

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉപക്ഷേപകൻ പറഞ്ഞതിനുശേഷം മെംബർ പറയുന്നതു ക്രമാനുസരണ നടപടിയാണോ?

പ്രസിഡൻറ്. ഞാൻ പ്രത്യേകിച്ചു അനുവദിക്കുന്നതാണ്.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികരം): നമ്പൂതിരിസമുദായത്തിൻെറ ഗുണത്തിനായി ഇതുവരെ മെമ്പറന്മാർ താല്പര്യം പ്രദർശിപ്പിച്ചതു എനിക്കു വലിയ സന്തോഷത്തിനു കാരണമാണ്. എന്നാൽ ചിലരുടെ നിലകണ്ടിട്ടു എനിക്കു ആശ്ചര്യംതോന്നാതെയുമില്ല. അവരുടെ ഉദ്ദേശങ്ങരം മഹത്തരമേറിയവയാണെങ്കിലും ഈ നില സമുദായത്തിൻെറ അഭിവൃദ്ധിക്കു ഹാനികരമാണെന്നു എനിക്കു ഒരു ഭയമുണ്ട്. കാരണം ഈ ബിൽ രണ്ടാമതു സിലക്ട്കമ്മിററിക്കു അയക്കുന്നപക്ഷം നമുക്കു ഇനിയുള്ള സ്വല്പകാലത്തിനുള്ളിൽ ഇതു നിയമമാക്കിക്കിട്ടാൻ സാധിക്കാതെവരുമെന്നാണു ഞാൻ വിചാരിക്കുന്നതു. പോയതവണയും ബില്ലിനു ഈ ഗ്രഹപ്പിഴ പററുകയുണ്ടായി.

മെമ്പറന്മാർ പ്രസ്താവിച്ച കാരണങ്ങരം ബില്ലിലെ വ്യവസ്ഥകരം ഒന്നുംതന്നെ മതിയാകാത്ത അതു സമുദായത്തിൻെറ ആവശ്യങ്ങരം നിറവേററുന്നില്ലഎന്നാണ്. ഞാനും അതു സമ്മതിക്കുന്ന ഒന്നാണ്. ഈ ബില്ലിനുള്ള ന്യൂനതകരം എന്തുതന്നെ ആയിരുന്നാലും അവയെ മേലാൽ ഭേദഗതിബില്ലുകളെക്കൊണ്ടു പരിഹരിക്കപ്പെടാവുന്നവയാണല്ലോ. സമുദായത്തിൻെറ ആവശ്യങ്ങരംക്കു ഉതകത്തക്കവണ്ണം കൂടുതൽ ഊർജ്ജിതപ്പെടുത്തിയ നിയമം ആവശ്യമാണെന്നു മെമ്പറന്മാരിൽ പലരും പറകയുണ്ടായി. ഊർജ്ജിതം കൂടുന്തോറും സമുദായത്തിലെ യഥാസ്ഥിതി കക്ഷികളുടെ എതിർപ്പിനും മൂർച്ഛകൂടുകയാണ്. ഈ സംഗതികൂടി നാം അറിഞ്ഞിരിക്കേണ്ടതാണ്.

കാര്യത്തിൻെറ പല ഭാഗങ്ങളെസംബന്ധിച്ചും വേണ്ടപോലെ ശ്രദ്ധിച്ചു സൂക്ഷ്മമായി ഈ ബിൽ വളരെ കാര്യശേഷിയും പ്രാപ്തിയും ഉള്ള മെമ്പറന്മാർ നിർമ്മാണംചെയ്തിട്ടുള്ളതാണ്. എൻെറ ഭയം ഇതു തിരികെ സിലക്ട്കമ്മിററിക്കു അയക്കുന്നതായാൽ വലിയ താമസം ഇനിയും ഉണ്ടായിരിക്കും എന്നാണ്. അതുകൊണ്ടു ഇതിനെ ആലോചനയ്ക്കായി എടുക്കണമെന്നു ഞാൻ മെമ്പറന്മാരോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

മി. രേവതിനാരം രാമവർമ്മരാജാ (ഇടവക): ബില്ലിൽ അടങ്ങിയ തത്വങ്ങരം അധികമായിപ്പോയി എന്നു ആരും പറയുന്നില്ലല്ലോ. ഈ ബിൽകൊണ്ടു ദോഷമുണ്ടാകുമെന്നു ആരെങ്കിലും വിശ്വസിക്കുന്നുണ്ടോ?

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട (ജന്മികരം): ഇല്ല. ബിൽ കഴിയുന്നതും വേഗത്തിൽ നിയമമാക്കുന്നതിനു ഒരുമ്പെടണമെന്നു അപേക്ഷിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ബിൽ സിലക്ട്കമ്മിററിക്കു തിരികെ അയയ്ക്കുന്നതായാൽ യാതൊരുവിധത്തിലും ഇപ്പോഴത്തെ നിലയിലേക്കാരം ഗുണകരമാക്കാൻ സാധിക്കയില്ലെന്നു മെമ്പർ തീർച്ചപറയുന്നോ?

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മികരം): കൂടുതൽ പരിഷ്കരിക്കാൻ സാധിക്കുമായിരിക്കാം; എന്നാൽ ആവക പരിഷ്കരിക്കൽ കാലക്രമേണ ഭേദഗതികരംകൊണ്ടു സാധിക്കാവുന്നതാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അതായതു, ഭേദഗതിബിൽ പിന്നീടു കൊണ്ടുവരണമെന്നു അർത്ഥമാകുന്നു.

പ്രസിഡൻറ്: ഇപ്പോരം ഞാൻ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിൻെറ ഉപക്ഷേപത്തെ കൌൺസിലിൻെറ വോട്ടിനിടുന്നു. സിലക്ട്കമ്മിററി പരിശോധനചെയ്തു സമർപ്പിച്ചതായ നമ്പൂതിരിബിൽ വേറൊരു സിലക്ട്കമ്മിററിക്കു അയയ്ക്കണമോ വേണ്ടയോഎന്നാണ് തക്കസംഗതി.

ഉപക്ഷേപം തള്ളപ്പെട്ടു. ൧൩ പേർ അനുകൂലിച്ചും ൪ പേർ പ്രതികൂലിച്ചും വോട്ടുചെയ്തു.

മി. എ. സി. കരിയാക്കോസ് (മീനച്ചിലും‒ദേവികുളവും): ഞാൻ ഒരു പോരം ആവശ്യപ്പെടുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും‒കുന്നത്തൂരും): ഞാനും ഒരു പോരം ആവശ്യപ്പെടുന്നു.

പോരം എടുക്കപ്പെട്ടു. അതിൻെറ ഫലം താഴെ കാണിക്കുന്നു.

അനുകൂലിച്ചവർ ൧൩.

(൧)	മി.	നാരായണൻനമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട	(൭)	മി.	കെ. പത്മനാഭപ്പണിക്കർ
			(൮)	,,	മഹമ്മദ റാവുത്തർ
(൨)	,,	വി. ചെല്ലംപിള്ള	(൯)	,,	തരിയതു കുഞ്ഞിത്തൊമ്മൻ
(൩)	,,	വി. ജെ. ഉമ്മൻ	(൧൦)	,,	എ. സി. കരിയാക്കോസ്
(൪)	,,	കെ. പി. നീലകണ്ഠപ്പിള്ള	(൧൧)	,,	കെ. മാധവൻ
(൫)	,,	മാത്യു മുരിക്കൻ	(൧൨)	,,	കെ. മാധവൻപിള്ള
(൬)	,,	മുറിവേലിൽ പാച്ചുപിള്ള	(൧൩)	,,	ആർ. രാമൻപിള്ള

പ്രതികൂലിച്ചവർ ൪.

(൧)	മി.	കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട	(൩)	മിസ്റ്റർ	ഡി. സി. ജോസഫ്
(൨)	,,	സി. എസ്. ഉണ്ണിൻ നമ്പൂതിരിപ്പാട്ട	(൪)	,,	എ. എസ്. ദാമോദരനാശാൻ

(പോരം എടുക്കുന്ന അവസരത്തിൽ മിസ്റ്റർ വി. എസ്. കുഞ്ഞുപിള്ള അകത്തു കയറിവന്നു. വോട്ടു എടുത്തതായതുകൊണ്ടു മിസ്റ്റർ കുഞ്ഞുപിള്ള ഹാജരില്ലെന്നു മിസ്റ്റർ മാധവൻപിള്ള പ്രസ്താവിച്ചു. മിസ്റ്റർ വി. എസ്. കുഞ്ഞുപിള്ള മറുപടിയായി അദ്ദേഹത്തിൻെറ അഭിപ്രായം മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു എന്നു പറഞ്ഞുകൊണ്ടു സ്ഥാനത്തു ഇരുന്നു.)

വോട്ട് വീണ്ടും തുടരുന്നു.

(൬) മി. ഡി. ഫ്രാൻസിസ്	(൧൩) റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
(൭) ,, എ. ജി. മേനോൻ	(൧൪) മി. പി. എൻ. കൃഷ്ണപിള്ള
(൮) ,, ആർ. കേശവപിള്ള	(൧൫) ,, എസ്. വെങ്കിട്ടരമണയ്യർ
(൯) ,, എസ്. പിറവിപ്പെരുമാൾപിള്ള	(൧൬) ,, കെ. ജാർജ്ജ്
(൧൦) ,, പി. എസ്. മഹമ്മദ്	(൧൭) ,, ടി. പി. രാമസുബ്ബയ്യർ
(൧൧) ,, എൽ. ആർ. രാമരാജവർമ്മ കോയി തമ്പുരാൻ	(൧൮) ,, ആർ. വൈത്തിലിംഗംപിള്ള
(൧൨) ,, രേവതിനാൾ രാമവർമ്മരാജാ	(൧൯) ,, ജെ. സി. ചാക്കോ
(൧൩) ,, എ. താണുപിള്ള	(൨൦) ,, ആർ. ധനുഷ്കോടിപ്പിള്ള

നിഷ്പക്ഷവാദികൾ ൧൨.

(൧) മി. ഇട്ടൂപ്പ് ഇട്ടിച്ചൻ	(൭) മി. പി. ഗോമതിനായകംപിള്ള
(൨) ,, താമരപ്പള്ളിൽ കൊച്ചുതൊമ്മൻ	(൮) ,, എസ്. സി. എച്ച്. റാബിൻസൺ
(൩) ,, എൻ. കെ. കുഞ്ഞുപിള്ള	(൯) ,, എൽ. എ. ബിഷപ്പ്
(൪) ,, ജി. പി. നീലകണ്ഠപ്പിള്ള	(൧൦) ,, എ. വെളപ്പൻ
(൫) ,, കല്ലാലം പരമേശ്വരൻപിള്ള	(൧൧) റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ
(൬) ഡാക്ടർ കെ. രാമൻതമ്പി	(൧൨) റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള

പ്രസിഡന്റ്: വോട്ട് എടുത്തതിന്റെ ഫലം ഇപ്രകാരമാണ്.

തിരികെ അയയ്ക്കുന്നതിനു	൧൩.
പ്രതികൂലം	൨൦
നിഷ്പക്ഷം	൧൨

ഉപക്ഷേപം തള്ളപ്പെട്ടു.

പ്രസിഡന്റ്: മിസ്റ്റർ കേശവൻനമ്പൂതിരിപ്പാടിന്റെ ആദ്യഉപക്ഷേപം അതായതു സിലക്ട്കമ്മിററി നിരൂപണംചെയ്ത ബിൽ ഇപ്പോൾ ആലോചനയ്ക്കെടുക്കണമെന്നുള്ളതു ഇപ്പോൾ ഊർജ്ജിതപ്പെട്ടതായി ഞാൻ കൌൺസിലിനെ ധരിപ്പിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, സ്ഥിരഉത്തരവു ൨൩-ാംനമ്പർ അനുസരിച്ചു ജോലിവിവരപ്പട്ടികയിലെ അടുത്ത ജോലിയിലേക്കു പ്രവേശിക്കണമെന്നു ഉപക്ഷേപിക്കുന്നു.

പ്രസിഡന്റ്: ഇതു ക്രമാനുസരണനടപടിയല്ല. ഈ ഉപക്ഷേപം പ്രതിവാദിച്ചുകഴിഞ്ഞു. അഭിമതാഭിപ്രായമായിട്ടു നിങ്ങൾ ഉപക്ഷേപം കൊണ്ടുവരണമെങ്കിൽ ഉപക്ഷേപം വോട്ടിനിടുന്നതിനുമുമ്പ് തന്നെ കൊണ്ടുവരേണ്ടതായിരുന്നു. ഞാൻ അതു കൌൺസിലിന്റെ വോട്ടിനു ഇട്ടതിനുശേഷം നിങ്ങളുടെ ഉപക്ഷേപം തെററായ നടപടിയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു ഉത്തരംപറയാൻ അനുവാദമുണ്ടോ?

പ്രസിഡന്റ്: നടപടി ക്രമാനുസൃതമല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ.

മിസ്റ്റർ കേശവൻനമ്പൂതിരിപ്പാടിന്റെ ഉപക്ഷേപത്തെ പിന്നീടു വോട്ടിനിട്ടു. ൨൨ പേർ അനുകൂലിച്ചും ആരും പ്രതികൂലിക്കാതെയും ഉപക്ഷേപം പാസാക്കപ്പെട്ടു.

ഖണ്ഡം ൧.

പ്രസിഡന്റ്: ബില്ലിലെ ൧-ാം ഖണ്ഡം കൌൺസിലിൽ ആലോചനയ്ക്കെടുക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): എന്റെ ഭേദഗതിയെ ഞാൻ ഹാജരാക്കുന്നില്ല.

താഴെപറയുന്ന ഭേദഗതി പിൻവലിക്കപ്പെട്ടു.

മി. ആർ. കേശവപിള്ള:

ഉപഖണ്ഡം (൧) "തിരുവിതാംകൂർ" എന്ന വാക്കിനുശേഷം "തിരുവിതാംകൂറിൽ സ്ഥിരമായി താമസിക്കുന്ന മലയാളബ്രാഹ്മണരോടു വിവാഹബന്ധം ഉള്ളതും ഉണ്ടാകാവുന്നതും ആയ സ്ഥിരമായിതാമസിക്കുന്ന മലയാളബ്രാഹ്മണരേയും സ്ഥിരമായി താമസിക്കുന്നവരോ അല്ലാത്തവരോ ആയ മലയാളബ്രാഹ്മണേതരരേയും" എന്നുകൂടി ചേർക്കണം.

ഖണ്ഡം ൨.

മി. എ. ജി. മേനോൻ (പറവൂർ): എന്റെ ഭേദഗതിയെ ഞാൻ ഹാജരാക്കുന്നില്ല.

താഴെപറയുന്ന ഭേദഗതി ഹാജരാക്കപ്പെട്ടില്ല.

ഉപഖണ്ഡം (൩) വിവരണം—"വിവാഹം" എന്ന മുടവിലത്തവാക്കു എടുത്തുകളയണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഞാൻ താഴെപ്പറയുന്ന ഭേദഗതി ഹാജരാക്കുന്നു.

ഖണ്ഡം ൨ (൪) "എല്ലാ അംഗങ്ങൾ" എന്നുള്ളതിനു "ഏതെങ്കിലും അംഗം" എന്നായി മാററണം "അനന്തരവൻ" എന്ന വാക്കു ഏകവചനമാണ്. അതുകൊണ്ടു "എല്ലാഅംഗങ്ങളും" എന്നതു "ഏതെങ്കിലും അംഗം" എന്നു മാററണം. നായർറഗുലേഷനിലും ഇതുപോലെയാണെന്നു വിശ്വസിക്കുന്നു. ഈ കാരണത്താൽ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാടു (ജന്മികൾ): ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കുന്നു.

പ്രസിഡന്റ്: ഭേദഗതി പാസായതായി ഞാൻ വിചാരിക്കുന്നു.

ഭേദഗതി പാസാക്കപ്പെട്ടു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഖണ്ഡം ൨ (൬) മുഴുവൻ എടുത്തുകളയണമെന്നു അപേക്ഷിക്കുന്നു. "ഗൃഹസ്ഥൻ" എന്ന പദം ഇവിടെ നിർവചനംചെയ്തതു "തന്റെ സ്വന്തസമുദായത്തിൽനിന്നും വിവാഹംചെയ്ത ഒരു ഭാര്യയുള്ള ഒരു ഇല്ലത്തിലെ പുരുഷാംഗം" എന്നാണ്. നമ്മുടെ സംസ്കൃതഗ്രന്ഥങ്ങളിൽ അതു അപ്രകാരം പറയപ്പെട്ടിട്ടില്ല. ഒരു ബ്രാഹ്മണൻ അന്യസമുദായത്തിൽ ഒരു സ്ത്രീയെ ഭാര്യയായി സ്വീകരിച്ചാൽ ഗൃഹസ്ഥൻ അല്ലെന്നു ഒരിടത്തും പറഞ്ഞിട്ടില്ല. ഇപ്രകാരത്തെ വിവരണം 'ഗൃഹസ്ഥ.' എന്ന പദത്തിനു വളരെ ക്ലിഷ്ടമായ ഒരു അർത്ഥമാണു കൊടുത്തിരിക്കുന്നതു. അതുകൊണ്ടു മുഴുവൻഖണ്ഡവും എടുത്തുകളയണം.

മി. എ. ജി. മേനോൻ (പറവൂർ): ഖണ്ഡം ൧൨-ൽ മാത്രമേ ഈ വാക്കു വരുന്നുള്ളു. ഖണ്ഡം ൧൨ വരുന്നവരെ ഇതിനെപ്പറ്റി ആലോചിക്കേണ്ട ആവശ്യമില്ല. ഈ ഉപക്ഷേപം പാസാകുന്നപക്ഷം ഖണ്ഡം ൧൨-നുള്ള ഭേദഗതി വിട്ടുകളഞ്ഞതായി വിചാരിക്കാൻപാടില്ല. അതുകൊണ്ടു ഖണ്ഡം ൧൨-ന്റെ ആലോചനയ്ക്കുശേഷം ഈ ഭേദഗതി ആലോചിക്കാവുന്നതാണ്.

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): സർ, ഗൃഹസ്ഥൻ എന്ന വാക്കിനെ എടുത്തു ഭേദഗതിചെയ്യണമെന്നും അതു ബില്ലിൽ ആവശ്യമില്ലെന്നുമുള്ള ഭേദഗതിയെ ഞാൻ പ്രതികൂലിക്കുന്നു. ഗൃഹസ്ഥൻ എന്നുള്ളവാക്കിനു സാധാരണയായി ആളുകൾ ധരിച്ചിരിക്കുന്ന അർത്ഥം വലിയ ധനവാൻ എന്നാണ്. എന്നാൽ അതല്ല. അതിന്റെ അർത്ഥം നമ്പൂതിരിസമുദായത്തെസംബന്ധിച്ചടത്തോളം ആ വാക്കിന്റെ താല്പര്യം വൈദികങ്ങളായ ആചാരങ്ങൾ നടത്തേണ്ട ഒരാൾ എന്നാണ്. ഒരാൾ സ്വജാതീയമായ ഒരു വിവാഹം നടത്തുമ്പോൾ അതിനു വൈദികങ്ങളായ പല കർമ്മങ്ങളും ആചാരങ്ങളും നടത്തേണ്ടതുണ്ട്. ആഫീസിൽ നടത്തുന്നതുകൊണ്ടു എനിക്കു വിരോധമില്ല എങ്കിലും ഇങ്ങനെ ഒരു ആചാരം ഇരിക്കുന്നിടത്തോളംകാലം വൈദികാചാരങ്ങൾ വിവാഹാദികർമ്മങ്ങളിൽ നടത്താതിരിക്കുവാൻപാടില്ല. അതുകൊണ്ടു ഗൃഹസ്ഥൻ എന്നുള്ള വാക്കു വിട്ടുകളയുന്നതു നന്നായിരിക്കുമെന്നു തോന്നുന്നില്ല. ഓരോ സമുദായത്തിലുമുള്ള ആചാരങ്ങൾ ഇന്നതെല്ലാമെന്നു എല്ലാവർക്കും അങ്ങോട്ടും ഇങ്ങോട്ടും അറിയാം. ഓരോ സമുദായത്തിലും ഗൂഢമായിട്ടുള്ളതും പരസ്യമല്ലാത്തതുമായ അനേകം നടപടികളുണ്ട്. അതു അതാതു സമുദായക്കാർക്കുമാത്രമേ അറിയാൻപാടുള്ളു. അതു വൈദികാചാരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. അതുപോലെയുള്ളതാണ് ഈ ഗൃഹസ്ഥൻ എന്നുള്ള വാക്കും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): വിവാഹംകഴിച്ചു വൈദികകർമ്മം പ്രവൃത്തിക്കുന്ന ആളിനുമാത്രമേ ഗൃഹസ്ഥൻ എന്നുള്ള വാക്കു ഉപയോഗിക്കയുള്ളോ? വൈദികകർമ്മം അനുഷ്ഠിക്കുന്നവരിൽ വിവാഹംകഴിക്കാത്തവരും കാണുകയില്ലേ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): വൈദികകർമ്മം ആരു അനുഷ്ഠിക്കുന്നുവോ അവൻ ഗൃഹസ്ഥനാണ്. വിവാഹംകഴിഞ്ഞാൽ ചില കർമ്മംചെയ്കയും ചില കർമ്മം ചെയ്യാതിരിക്കയും പാടില്ല. എല്ലാ കർമ്മങ്ങളുംചെയ്വാൻ അവൻ നിർബന്ധിതനാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു കർമ്മവുംചെയ്യാത്തവർക്കു ഗൃഹസ്ഥൻ എന്നുള്ള വാക്കിനു അവകാശം സിദ്ധിക്കുന്നുണ്ടോ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): വിവാഹംചെയ്യുന്ന ആളാണെങ്കിൽ ഗൃഹസ്ഥകർമ്മം അനുഷ്ഠിക്കാതെ നിവൃത്തിയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വൈദികാചാരങ്ങളെപ്പറ്റി ബില്ലിൽ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): ഒന്നും പറഞ്ഞിട്ടില്ല. ഗൃഹസ്ഥൻ എന്നുള്ള വാക്കു ഈ അർത്ഥത്തിൽ പറഞ്ഞു സൂചിപ്പിച്ചിരിക്കുന്നതു ആ അഭിപ്രായത്തെ ഇവിടെ പറഞ്ഞതാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വൈദികാചാരവും മറ്റും അനുഷ്ഠിക്കുന്നതിനു ഗൃഹസ്ഥനേ പാടുള്ളുവോ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): വിവാഹസംബന്ധമായി ഗൃഹസ്ഥനാണു വച്ചിട്ടുള്ളതു. അനേകകർമ്മങ്ങളുണ്ട്. അതു വിവാഹംകഴിക്കാത്തവനും ഉൾപ്പെടുന്നതാണ്.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): വിജാതീയവിവാഹത്തിനു വൈദികകർമ്മങ്ങൾ അനുഷ്ഠിക്കാൻപാടില്ലേ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): അതാലും ഉണ്ട്. പക്ഷെ അങ്ങനെ കാണുന്നില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ടും വിരോധമില്ല. സജാതീയവിവാഹങ്ങളിൽ ആചാരപ്രകാരം നടന്നുവരുന്നതായി കാണുന്നു. അതുകൊണ്ടു അതിനെ അനുകൂലിച്ചുപറകയാണ്.

പ്രസിഡന്റ: ഇതു ആവശ്യമില്ലാത്ത ഒരു തർക്കമാണ്. ഈ ബില്ലിന്റെ ക്ലാസിൽ വൈദികകർമ്മങ്ങളെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ലാത്തതുകൊണ്ടു അതിനെപ്പറ്റി വാദപ്രതിവാദംനടത്തേണ്ട ആവശ്യമില്ല.
(ഈ അവസരത്തിൽ മെമ്പർ സംസാരിക്കാതെതുടരുന്നതുകൊണ്ടു പ്രസിഡന്റു വീണ്ടും പറഞ്ഞു)

പ്രസിഡന്റ: ഈ ക്ലാസ്സ് വേണ്ടെന്നല്ല പറഞ്ഞതു, ഗൃഹസ്ഥധർമ്മത്തേയും വൈദികാചാരത്തേയുംപറ്റി ഇതിൽ പറഞ്ഞിട്ടില്ലാത്തതിനാൽ അതിനെ തുടരേണ്ട എന്നാണ് പറഞ്ഞതു.

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): ഗൃഹസ്ഥനെന്നുള്ള വാക്കു ഈ ഉദ്ദേശത്തോടുകൂടിയാണ് ചേർത്തിരിക്കുന്നതു. അതിനെ എടുത്തുകളഞ്ഞതുകൊണ്ടു വലുതായ ദൂഷ്യംവരാനില്ല. ഒരു ഭേദഗതിയനുസരിച്ചാക്കിയാൽ അതു അത്ര തോന്നുന്നില്ലെങ്കിലും പിന്നീടു പരാതിയുണ്ടു. അതിനെ എടുത്തുകളയുന്നതുകൊണ്ടു ഒരു സമുദായത്തിനു ദൂഷ്യമുണ്ടെങ്കിൽ തരക്കേടില്ല. അതിരിക്കുന്നതുകൊണ്ടു ദോഷമില്ല.

പ്രസിഡന്റ: പന്ത്രണ്ടാമത്തെ വകുപ്പിൽ ഗൃഹസ്ഥൻ എന്നുള്ള വാക്കു ഉപയോഗിച്ചിരിക്കുന്നു. അതിനു ഒരു വിവരണം വേണമെന്നു തോന്നുന്നോ?

മി. സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): സാധാരണയായി ഒരു സജാതീയവിവാഹംചെയ്യുന്നതിനു വിജാതീയവിവാഹത്തിന്റെ ചിലവുമായി താരതമ്യപ്പെടുത്തിനോക്കുന്നതായാൽ സജാതീ-

യവിവാഹത്തിനു വളരെ കൂടുതൽ ചിലവുണ്ടാകുന്നതാണ്. ഏതു ജാതിയിലായാലും വിവാഹഅവസരത്തിൽ ആഹാരത്തിൻറെകാര്യം എത്രയും അത്യാവശ്യമാണ്. അതുകൂടാതെ അസംഖ്യം അടിയന്തിരങ്ങൾ മാസത്തിൽ രണ്ടും മൂന്നുംപ്രാവശ്യം നടത്തേണ്ടതുണ്ടു. ആനിചയ്യ, ഈ കൂടുതലായിട്ടുള്ള ചിലവുകൾക്കായി ൧൨-ാം വകുപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നതു. അതുകൊണ്ടു ഗൃഹസ്ഥപദം എടുത്തുകളഞ്ഞാൽ സജാതീയവിവാഹത്തിനു കൂടുതൽ ചിലവാകുന്നു, ആ തത്വത്തെ മനസ്സിലാക്കികൊണ്ടും അതിനുള്ള കൂടുതൽ ചിലവിനെങ്കിലും സൌകര്യം അവർക്ക് കൊടുത്താൽ അവർ തൃപ്തിപ്പെടുന്നതാണ്. അതിനാൽ ഗൃഹസ്ഥപദം ആവശ്യമാകുന്നതാണ് എന്റെ അഭിപ്രായം. ഈ സംഗതി ഈ കൌൺസിലിൽനിന്നും അനുവദിച്ചാൽ കൊള്ളാമെന്നാണ് എന്റെ അഭിപ്രായം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. എന്റെ അഭിപ്രായം ഈ വിവരണം എടുത്തുകളയുന്നതിൽ യാതൊരു തരക്കേടുമില്ല എന്നാണ്. 'ഗൃഹസ്ഥൻ' എന്ന വാക്കിന്റെ വിവരണം സ്വീകരിക്കുകയോ എടുത്തുകളകയോ ചെയ്യുന്നതിനുമുമ്പിൽ ഖണ്ഡം ൧൨-നെ തീർച്ചപ്പെടുത്തുന്നതാണു നല്ലതെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്തെന്നാൽ ഖണ്ഡം ൧൨-നു രണ്ടു ഭേദഗതികൾ ഉണ്ട്. ഇവയെ തീർച്ചപ്പെടുത്തുന്നപക്ഷം വാക്കിന്റെ വിവരണം വച്ചുകൊണ്ടിരിക്കാനുള്ള ആവശ്യം ഉണ്ടോ ഇല്ലയോ എന്നുള്ളതു തീർച്ചപ്പെടും. ഈ വിധം പ്രവൃത്തിച്ചാൽ പ്രസ്തുതകാര്യം പിന്നീടു ശരിപ്പെടുത്താം.

വേറൊരുകാരണം കൊണ്ടു ഞാൻ അഭിപ്രായപ്പെടുന്നതു "ഗൃഹസ്ഥൻ" എന്ന വാക്ക് ബില്ലിൽ ഒരു ഖണ്ഡത്തിൽമാത്രം കാണുന്നതുകൊണ്ടും ആ തർക്കവിഷയമായിവന്നതുകൊണ്ടും ൧൨-ാം ഖണ്ഡത്തിൽ അതിനെ ചേർത്തു അർത്ഥം വ്യക്തപ്പെടുത്തുകയാണു നല്ലതു് എന്നാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഖണ്ഡം ൧൨-നു ഏതെങ്കിലും ഭേദഗതികൾ ഉണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഖണ്ഡം ൧൨-നു രണ്ടു ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ട്. ഒന്നു മിസ്റ്റർ കേശവപിള്ളയുടേയും മററതു മിസ്റ്റർ എ. ജി. മേനോന്റേയും. അവ ഇപ്രകാരമാണ്.

മി. ആർ. കേശവപിള്ള "ഖണ്ഡം മുഴുവനും എടുത്തുകളഞ്ഞു താഴെ പറയുന്നവ ചേർക്കണം.

"പ്രത്യേകം തിരിച്ചുവയ്ക്കുന്നതിനു തക്കതായ കാരണമുണ്ടെങ്കിൽ ഒരു ഇല്ലത്തെ അംഗത്തിനു അവന്റെയോ അവളുടെയോ ജീവനാംശത്തിനു പ്രത്യേകം വസ്തുക്കൾ തിരിച്ചുകിട്ടുവാൻ അവകാശപ്പെടാവുന്നതാകുന്നു."

മി. എ. ജി. മേനോൻ "ഗൃഹസ്ഥൻ" എന്നുള്ള വാക്കിനെ മാററി "ഒരു ഇല്ലത്തെ ഏതു അംഗത്തിനു" എന്നു ചേർക്കണം.

ഒന്നുകിൽ ഖണ്ഡം ൧൨-നെ ആദ്യമായി ആലോചിക്കണം അല്ലെങ്കിൽ അനാവശ്യവാദത്തിനിട കൊടുക്കാതെ വാക്കിന്റെ നിർവചനം വേണ്ടെന്നുവച്ച് ഖണ്ഡം ൧൨-ലെ "ഗൃഹസ്ഥൻ" എന്നതിനു പകരം തന്റെ സ്വന്തസമുദായത്തിലുള്ള ഒരു സ്ത്രീയെ വിവാഹംചെയ്ത പുരുഷൻ എന്നു ചേർക്കണം.

പ്രസിഡൻറ്: ആ കാര്യം ഒന്നുതന്നെ. ഖണ്ഡം ൧൨-ൽ നിങ്ങൾ നിർവചനം ചെയ്യാൻപോകുന്നെങ്കിൽ ഇവിടെത്തന്നെ ആകുന്നതിൽ വൈഷമ്യം എന്താണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): "ഗൃഹസ്ഥൻ" എന്ന വാക്കിന്റെ നിർവചനത്തിലുള്ള ആക്ഷേപഭാഗത്തെപററി ഞാൻ പറയുന്നൊള്ളു.

പ്രസിഡൻറ്: "ഗൃഹസ്ഥൻ" എന്ന വാക്കിന്റെ അർത്ഥം ഇവർ മനസ്സിലാക്കുന്നതു ഇങ്ങിനെയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മി. എ. ജി. മേനോൻ ആക്ഷേപം പുറപ്പെടുവിച്ചതായി ഞാൻ വിചാരിക്കുന്നു.

പ്രസിഡൻറ്: നിർവചനത്തിൽ ആർക്കും ആക്ഷേപം ഉണ്ടെന്നു വിചാരിക്കുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതായാലും ഖണ്ഡം ൧൨ ആദ്യമായി നിശ്ചയിക്കയാണു വേണ്ടതു്. അതിനുശേഷമാണ് നമുക്കു നിർവചനം വേണമൊ വേണ്ടയൊ എന്നുള്ളതു്.

പ്രസിഡൻറ്: ഖണ്ഡം ൨-നു മുമ്പു ഖണ്ഡം ൧൨ എടുക്കുന്നതു ക്രമനടപടിയാണോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡപ്യൂട്ടിപ്രസിഡൻറ്): സർ, അതെ, ഖണ്ഡം ൨ ഉപഖണ്ഡം (൭) ഖണ്ഡം ൧൨-നു ശേഷം എടുക്കപ്പെടേണ്ടതാണെന്നുള്ള ഉപക്ഷേപം കൌൺസിലിനു സ്വീകരിക്കാം.

പ്രസിഡൻറ്: കൌൺസിലിന്റെ ഹിതം ഖണ്ഡം ൨ ഖണ്ഡം ൧൨-നു ശേഷം എടുക്കപ്പെടണമെന്നു തോന്നുന്നതുകൊണ്ട് ഖണ്ഡം ൨ ഉപഖണ്ഡം (൭) തൽക്കാലം നീക്കിവക്കാം.

കൌൺസിൽ ഇപ്പോൾ പിരിഞ്ഞു ൨-൩൦-നു വീണ്ടുംകൂടാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ട ഡപ്യൂട്ടിപ്രസിഡൻറ്): വിശ്രമാഹാരത്തിനു കുറഞ്ഞസമയം ഞങ്ങൾക്കു ൪൫ മിനിട്ട് വേണ്ടിവരും.

പ്രസിഡൻറ് കൊള്ളാം ൨-൪൫-നു തിരികെ കൂടാം. ഉച്ചതിരിഞ്ഞു ൨ മണിക്കു കൌൺസിൽ വിശ്രമത്തിനായി പിരിയുകയും ൨-൪൫-നു തിരികെ കൂടുകയും പ്രസിഡൻറ ആസനസ്ഥനാകയും ചെയ്തു.

മി. നാരായണൻ നമ്പൂതിരിപ്പാട്ട ജാതവേദൻനമ്പൂതിരിപ്പാട്ട (സംയുക്തസാമാജികൻ) ഇവിടെ പല ഭേദഗതികളും ഉണ്ട്. ശരിയായ നോട്ടീസ് കിട്ടീട്ടില്ലാത്തതിനാൽ ഇതിനെപ്പററിയുള്ള ആലോചന അടുത്ത അവസരത്തിലേക്കു മാററിവച്ചാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡൻറ്: ഈ ബില്ലിന്റെ ശേഷം ആലോചന നീക്കിവയ്ക്കണമെന്നു മി. ജാതവേദൻ നമ്പൂതിരിപ്പാട്ട് ഒരു ഉപക്ഷേപം കൊണ്ടുവന്നിരിക്കുന്നു. ആരെങ്കിലും ഇതിനെ അനുകൂലിക്കുന്നൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതിനെ പിന്താങ്ങുന്നു.

പ്രസിഡൻറ്: ബില്ലിന്റെ ബാക്കി ആലോചന നീക്കിവയ്ക്കണമെന്നുള്ള മി. ജാതവേദൻനമ്പൂതിരിപ്പാട്ടിന്റെ ഉപക്ഷേപത്തെ ഞാൻ കൌൺസിലിന്റെ അഭിപ്രായത്തിനായി അവതരിപ്പിക്കുന്നു.

ഉപക്ഷേപം പാസാക്കപ്പെട്ടു.

പൊതുജനങ്ങളെ മുഖ്യമായി സംബന്ധിക്കുന്ന പ്രമേയങ്ങൾ.

പ്രസിഡണ്ട്: കൌൺസിൽ ഇനി ഇന്നേദിവസം ബാലറ്റുചെയ്യപ്പെട്ട പ്രമേയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതാണ്. ആദ്യത്തേതു് മി. മഹമ്മദിന്റെ പേരിലുള്ളതാണ്.

കയറും കയറു വ്യവസായവും സംബന്ധിച്ചുള്ള പ്രമേയം.

മി. പി. എസ്സ്. മഹമ്മദ്. (നിയമിക്കപ്പെട്ട മെമ്പർ): സർ, ഈ പറയുന്ന പ്രമേയത്തെ ഹാജരാക്കുന്നു:—

"ധനപരിശോധകബോർഡു് ശുപാർശ് ചെയ്തതനുസരിച്ചു് സംസ്ഥാനത്തെ കയറും, കയറുപായും വ്യവസായത്തെപ്പററി വേണ്ട പരിശോധനയും അന്വേഷണവും നടത്തുന്നതിനു ഒരു കമ്മിററിയെ ഉടനടി നിയമിക്കണമെന്നു ഈ കൌൺസിൽ ഗവണ്മെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു"

ഈ പ്രമേയത്തെ ഈ കൌൺസിലിന്റെ അംഗീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു. വ്യവസായം ഒരു രാജ്യത്തിനു എത്രമാത്രം ആവശ്യമുള്ളതാണെന്നും അതു രാജ്യത്തെ സാമ്പത്തികമായ നിലയെ എത്രമാത്രം സഹായിക്കുമെന്നും ഉള്ള സംഗതി ഞാൻ ഇവിടെ പ്രസ്താവിക്കേണ്ട ആവശ്യമില്ല. അതിനെ സംബന്ധിച്ചു എല്ലാവരും ഏകാഭിപ്രായമായിട്ടുതന്നെയിരിക്കും. സാമ്പത്തികാവസ്ഥയിൽ വല്ലരാജ്യവും ഔന്നത്യത്തെ പ്രാപിച്ചിട്ടുണ്ടെങ്കിൽ അതു ഇങ്ങനെയുള്ള തൊഴിലിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്ന രാജ്യംമാത്രമാണ്. എവിടെയെല്ലാം വ്യവസായത്തിൽ അഭിവൃദ്ധിയുണ്ടോ അവിടെയെല്ലാം സാമ്പത്തികസ്ഥിതിയിലും അഭിവൃദ്ധിയുണ്ടായിരിക്കും. നമ്മുടെ രാജ്യം ഒരു കാർഷികരാജ്യമാണെന്നുവരികിലും ഇവിടെ ഉണ്ടാകുന്ന അസംസ്കൃതസാധനങ്ങളെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തി വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനു തക്കതായ എന്നുള്ള ധാരണ കൊണ്ടുമാത്രമാണ് ഇവിടെ ഒരു വ്യവസായഡിപ്പാർട്ടുമെന്റു ഒന്നു പ്രത്യേകമായിട്ടു തിരിച്ചതു്. വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹം തിരുവിതാംകൂർ ഗവണ്മെന്റിനും ഈ രാജ്യം ഭരിക്കുന്ന മഹാരാണിറീജന്റ തിരുമനസ്സിനു ഉണ്ടെന്നുള്ളതിനും ഇതിൽ കൂടുതലായ തെളിവു വേറെ ഒന്നുംതന്നെവേണ്ട.

ഇവിടെ പലതരത്തിലുള്ള കൃഷിയുണ്ടെങ്കിലും ഏററവും പ്രധാനമായതു് തെങ്ങുകൃഷിതന്നെയാണ്. തെങ്ങിൽനിന്നും കിട്ടുന്ന സാധനങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് തൊണ്ടിൽനിന്നും ഉണ്ടാക്കിവരുന്നതായ കയറ്. ഈ കയറിനെ വേണ്ടവിധത്തിൽ ശരിപ്പെടുത്തി കയറുപായായിട്ടും തടുക്കായിട്ടും വിദേശങ്ങളിലേക്ക് അയച്ചു ധാരാളമായി വിററുകൊണ്ടിരിക്കുന്നു എന്നുള്ളസംഗതിയും ഇവിടെ ഞാൻപ്രത്യേകംപ്രസ്താവിക്കേണ്ടആവശ്യമില്ല. വിദേശമാർക്കററുകളിൽ ഇവിടത്തെ കയറുതടുക്കിനുള്ള സ്ഥാനം ഒരുപക്ഷേ ഇംഗ്ലണ്ടിൽനിന്നും ഇവിടെവരുന്ന തുണികൾക്കു ഇവിടെയുള്ള സ്ഥാനംതന്നെയാണ്. ഇങ്ങനെ അനേകകാലമായി വിദേശമാർക്കററുകളിൽ ഒരു നല്ലസ്ഥാനം സമ്പാദിച്ചുകഴിഞ്ഞിരിക്കുന്ന ഈ വ്യവസായം ഒരുപക്ഷേ നാമാവശേഷമായിപ്പോകാൻ ഇടയുണ്ടു എന്നുമാത്രമല്ല വളരെവേഗത്തിൽ ഈ നാട്ടിൽനിന്നും യാത്രപറഞ്ഞു പിരിഞ്ഞുപോകുന്നതിനുകൂടി ഇടവന്നേക്കുമെന്നുള്ള പതനത്തിൽ എത്തിയിരിക്കുന്നു. ഇന്നു പ്രധാനമായിട്ടു ഈ വ്യവസായം നടന്നുകൊണ്ടിരിക്കുന്നതു് ആലപ്പുഴയാണ്. അവിടെയുള്ള പല വ്യവസായശാലകളുമായിട്ടു എനിക്കുള്ള ബന്ധവും പരിചയവുംകൊണ്ടു നോക്കുകയാണെങ്കിൽ ഒരുപക്ഷേ നാശത്തിലാണ് ഈ വ്യവസായം നടത്തിക്കൊണ്ടിരിക്കുന്നതെന്നു ധൈര്യമായിട്ടു പറയാൻകഴിയും. നാട്ടുകാരായ പലകച്ചവടക്കാരുടെയും കൂട്ടുകമ്പനികൾ ഒരുപക്ഷേ നശിക്കയും ചിലർ വലിയകടത്തിൽ അകപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനുള്ള ഒന്നാമത്തെ കാരണം ഇവിടെയുള്ള യൂറോപ്യൻ കച്ചവടക്കാരുമായി മത്സരിച്ചുനിൽക്കുന്നതിനു അവർക്കുള്ള അശക്തതയാണ്. നാട്ടുകാരായ കച്ചവടക്കാർക്ക് സൌകര്യമായി സാധനങ്ങൾ കിട്ടുകയും അതുകൊണ്ടു ലാഭത്തിൽ സാമാനങ്ങൾ ഉണ്ടാക്കാൻ സാധിക്കയുംചെയ്യും. ഈനിലയിൽ നാട്ടുകാർ നടത്തിയാൽ വിദേശികൾക്കു ലാഭമില്ലെന്നു കാണുകയാൽ വിദേശത്തുതന്നെ കയറുനെയ്യുന്നതിനുള്ള സൌകര്യങ്ങൾ ഉണ്ടാക്കിത്തീർത്തിട്ടുണ്ട്. അതിന്റെഫലമായി ഇവിടെയുള്ള യൂറോപ്യൻകച്ചവടക്കാർ അധികംപേരും കയറുവാങ്ങി അയയ്ക്കുകഎന്നുള്ളതൊഴിലിൽ വ്യാപൃതരായും എടുക്കുകയും നെയ്ത്തുമുതലായവ വിദേശത്തുതന്നെ നടത്തത്തക്കനിലയിൽ ഉള്ള ഏർപ്പാടുകൾ ചെയ്യുകയും ചെയ്തു. എന്നാൽ അങ്ങിനെചെയ്യുമ്പോൾ കൂലിയുടെ തുകനോക്കിയാൽ വിദേശങ്ങളിൽ ഇവിടത്തേക്കാൾ കൂടുതലാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. എന്നാൽ ആ ചിലവുമുഴുവനും ഇവിടെനിന്നും കയററി അയയ്ക്കുന്ന ചരക്കുകളുടെ തീരുവകൊണ്ടു് അവർക്കു ശരിപ്പെടുത്താൻ സാധിക്കും.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ). കയറുപായും തടുക്കും ഇവിടെനിന്നും കയററുമതിചെയ്യുന്നതു കൂടുതലാണെന്നോ കുറവെന്നോ മെമ്പറുടെ അഭിപ്രായം.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കയറുപായും തടുക്കും ഓരോകച്ചവടക്കാരും ഇന്നിരിക്കുന്ന രീതിയിൽതന്നെ ചെയ്തുകൊണ്ടിരുന്നാൽ അതിന്റെസംഖ്യ അല്പംകൂടുതൽ കാണുമെന്നുവരികിലും ഈ നെയ്ത്തുവ്യവസായികൾക്ക് പ്രധാനമായി നഷ്ടമുണ്ടെന്നാണ് ഞാൻ പറയുന്നതു്.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഇങ്ങനെ കൂടീട്ടുള്ളതു് ൨൦൦ മുതൽ ൩൦൦ വരെ ശതമാനം ഉണ്ടെന്നറിയാമോ?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കൂടുതലുംഉണ്ടു്. എന്നാൽ അതനുസരിച്ചുതന്നെ കയറിന്റെ കയററുമതിയും വളരെ കൂടുതലായിട്ടാണ് കാണുന്നതു്. കയറുപായിൽനിന്നും ഒന്നരഇരട്ടി കൂടുതൽ കയറു് പോകുന്നുണ്ടു്. ഇതിനുമുമ്പു കയറുപാ കൂടുതലും കയറു വളരെ കുറവുമായിരുന്നു.

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): റിക്കാർഡുകൊണ്ടു് കാണുന്നതു അങ്ങിനെയല്ല. കയറു കുറവായിട്ടും കയറുപായും തടുക്കും കൂടുതലായിട്ടും കയററുമതി ചെയ്യുന്നുഎന്നാണ്.

മി. പി. എസ്. മഹമ്മദ (നിയമിക്കപ്പെട്ടമെമ്പർ): ഏതുകൊല്ലത്തെ കണക്കാണ്?

മി. പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ൨൦൪ മുതൽ നോക്കിയാൽ കാണാം.

മി. എ. സി. കല്ലാക്കോസ് (മീനച്ചിലും-ദേവികുളവും): അങ്ങിനെ കൂടുതലായിട്ടു പോകുന്നുണ്ടെങ്കിൽ ഈ വകസാധനങ്ങൾ ധാരാളം ആവശ്യമുണ്ടെന്നല്ല മനസ്സിലാക്കേണ്ടതു്.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): കൂടുതലായിട്ടു ആവശ്യമുണ്ടു്. എന്നാൽ ഈ തടുക്കു ഉണ്ടാക്കുന്നവർ വളരെനഷ്ടവും സഹിക്കേണ്ടിവരുന്നു. തടുക്കിനും പായ്ക്കും വിദേശത്തു വിലകുറഞ്ഞുവരികയും കയറിനു വിലക്കൂടിവരികയും ചെയ്യുന്നുണ്ടു്.

ഇങ്ങനെ വിദേശങ്ങളിൽതന്നെ ഇതിനു വലിയ പ്രചാരമുണ്ടായതോടുകൂടി ഇവിടെ ജോലിയിലേർപ്പെട്ടിരുന്നവരും അനേകായിരംരൂപാ മുടക്കിയിട്ടുള്ളവരുമായ ഇവിടത്തെ കച്ചവടക്കാർ അതു നടത്താൻ നിവൃത്തിയില്ലാതെ കഷ്ടപ്പെടുകയാണ്. ചിലർ നഷ്ടംകൂടാതെ വല്ലവിധത്തിലും കഴിച്ചുകൂട്ടിക്കൊണ്ടുപോകുന്നു.

ഇതിനു അഭിവൃദ്ധിയുണ്ടാക്കാൻ മാർഗ്ഗമുണ്ട്. ആളുകൾ എല്ലാം സുഖമായിട്ടു കഴിച്ചുകൂട്ടിക്കൊണ്ടുപോകുന്നുണ്ട് എന്നെല്ലാം ഗവണ്മെന്റു വിചാരിക്കുന്നപക്ഷം കുറെ ദിവസംകഴിയുമ്പോൾ ഈ വ്യവസായം നാമാവശേഷമായിട്ടുതീരും. പിന്നീടു ഗവണ്മെന്റു സഹായിക്കാമെന്നു വിചാരിച്ചാൽതന്നെയും അതു പ്രയോജനപ്പെടുകയില്ല. വിദേശങ്ങളിൽ കയറുനയ്ത്തുശാലകൾ ഉള്ളതുകൊണ്ടും ഇവിടെനിന്നും അസംസ്കൃതസാധനങ്ങൾ ധാരാളം അയച്ചുകൊണ്ടിരിക്കുന്നതുകൊണ്ടും നാട്ടുകാരുടെ കച്ചവടം അഭിവൃദ്ധിപ്പെടാതിരിക്കുന്നു.

ഇവിടത്തെ കച്ചവടക്കാർക്ക് ഒന്നാമതായി വേണ്ടതു പണസഹായമാണ്. വിദേശകച്ചവടക്കാർക്കുള്ളതുപോലുള്ള ധനസഹായം നാട്ടുകാരായ കച്ചവടക്കാർക്കു ലഭിക്കുന്നതിനു സൌകര്യമില്ല. ഇവിടെ ഒരു സ്റ്റേറ്റ എയിഡഡുബാങ്കു ഉണ്ടെന്നുവരികിലും അതു വളരെ ഭയന്നേ പ്രവർത്തിക്കുന്നൊള്ളു. അതിനു ധൈര്യമായിട്ടു പ്രവർത്തിക്കാനുള്ള സൌകര്യം തീരെയില്ല. അതുണ്ടായിരുന്നാൽ ഇന്നു പല കച്ചവടക്കാരും കീഴ്പോട്ടുപോകയില്ലായിരുന്നു. അതുകൊണ്ടു പണസംബന്ധമായ സഹായങ്ങൾ എങ്ങിനെയെല്ലാം ചെയ്യാം, ഓപ്പൺലോൺ ഏതെല്ലാംതരത്തിൽ കൊടുക്കാൻ സാധിക്കും എന്നുള്ളതുകളെപ്പറ്റി അന്വേഷിച്ചു സ്റ്റേറ്റ എയിഡഡുബാങ്കിൽനിന്നോ അല്ലെങ്കിൽ മറ്റൊരു ബാങ്കു സ്ഥാപിച്ചോ വേണ്ട ധനസഹായം ചെയ്യണം.

ഈ ചരക്കുകൾ അയക്കുന്നതു കപ്പലിൽ ആണ്. കപ്പലിൽ മിക്കവാറും ഓരോ ഏജന്റുണ്ടായിരിക്കും. ഈ ഏജന്റുമാർക്കുതന്നെ കച്ചവടവും ഉണ്ടായിരിക്കും. എന്നാൽ നാട്ടുകാരായ കച്ചവടക്കാർക്ക് ഇതുചരക്കു കപ്പലിൽ കയറ്റാമെന്നുള്ളസംഗതി ഈ ഏജന്റുമാരായ കച്ചവടക്കാരെപ്പോലെ അത്രനിശ്ചയമില്ല. എന്നാൽ ഈ ഏജന്റുമാർക്കു നല്ലനിശ്ചയമുള്ളതുകൊണ്ടു അവർ ആദായകരമായവിധത്തിൽ ചരക്കുകൾവാങ്ങി കപ്പലിൽകയറ്റുന്നു. അതുപോലെ നാട്ടുകാരനായ കച്ചവടക്കാരനു സാധിക്കുന്നില്ല. അതുകൊണ്ടു ഇതിനെപ്പറ്റി അന്വേഷിക്കുന്നതിനു ഒരുകമ്മറ്റി ഏർപ്പെടുത്തി വേണ്ട പരിഹാരങ്ങൾ നിർദ്ദേശിക്കണം.

ഒരു ടണ്ണേജിനുള്ള ആദായം എട്ടണയാണ്. ഈ എട്ടണ ആദായം നാട്ടുകാരായ കച്ചവടക്കാർക്കു കിട്ടാൻ നിവൃത്തിയില്ല. കാരണം മെഷർമെന്റിൽതന്നെ ഇവർക്കു ഒന്നരരൂപായോളം നഷ്ടംസംഭവിക്കുന്നതാണ്. യൂറോപ്യൻകമ്പനിക്കാർ റോപ്പുവച്ചു ചുറ്റിക്കെട്ടി പ്രസ്ചെയ്താണ് അളക്കുന്നതു. പ്രസ്ചെയ്ത സ്ഥലത്തുവച്ചുതന്നെ അളന്നാൽ ടണ്ണേജ് കുറവായിരിക്കും. എന്നാൽ നാട്ടുകാർചെയ്യുന്നതു ആഫീസിൽവച്ചു കെട്ടിട്ടു വണ്ടിയിലും വള്ളത്തിലും കയറ്റി കടപ്പുറത്തുകൊണ്ടുപോയി അവിടെവച്ചാണ് അളക്കുന്നതു. ഇതുനിമിത്തം ഒന്നരരൂപാ ടണ്ണേജ് കൂടുന്നതുകൊണ്ടു കച്ചവടക്കാരനു നഷ്ടമുണ്ട്. ഇനിയും പല സംഗതികളുമുണ്ട്. ഇതിനെപ്പറ്റി ഡവലപ്പ്മെന്റുബോർഡു ആലോചിക്കയും ഒരു കമ്മറ്റിവേണമെന്നു ഒരു ഏകാഭിപ്രായം പുറപ്പെടുവിക്കയും അതിന്മേൽ ഗവണ്മെന്റിനോടു ശുപാർശചെയ്കയും ചെയ്തിട്ടുണ്ട്. അതനുസരിച്ചു ഗവണ്മെന്റ ഉടനെ ഒരു കമ്മറ്റി ഏർപ്പെടുത്തണമെന്നുള്ള എന്റെ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്തുമാതിരി കമ്മറ്റിയാണ് വേണ്ടതു?

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുമടങ്ങിയ ഒരു കമ്മറ്റിയാണ് ഏർപ്പെടുത്തേണ്ടതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): സർ, മിസ്റ്റർ പി. എസ്. മഹമ്മദ് ഇവിടെ അവതരിപ്പിച്ച പ്രമേയം ഡവലപ്പ്മെന്റുബോർഡ് ശുപാർശചെയ്തിട്ടുള്ളതനുസരിച്ചു ഒരു കമ്മറ്റി ഏർപ്പെടുത്തണമെന്നാണ്. എന്നാൽ ഡവലപ്പ്മെന്റുബോർഡ് എപ്പോഴാണു ശുപാർശചെയ്തതെന്നു എന്നാണു ശുപാർശചെയ്തതെന്നോ അദ്ദേഹം ഇവിടെ വിവരിച്ചിട്ടില്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്കു): പ്രമേയം ഇതുവരെ പിൻതാങ്ങപ്പെട്ടിട്ടില്ല.

പ്രസിഡന്റ: മിസ്റ്റർ കേശവപിള്ളേ, നിങ്ങൾ പ്രമേയത്തെ പിൻതാങ്ങുന്നോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ അതിലേക്ക പറഞ്ഞുവരുന്നു.

പ്രസിഡന്റ്: നിങ്ങൾ ആദ്യം പിൻതാങ്ങണം. പിന്നീടു സംസാരിക്കണം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഞാൻ പ്രമേയം പിൻതാങ്ങുന്നു. എന്നാൽ ഇതുമാതിരിയുള്ള വ്യവസായങ്ങളിൽ അതായതു പായനെയ്ത്തു, കയറുപായനെയ്ത്തു ഇടങ്ങിയുള്ളവയിൽ വേണ്ട അഭിവൃദ്ധിയുണ്ടാക്കേണ്ടതു ആവശ്യമാണ്. തിരുവിതാംകൂറിൽ കപ്പൽവച്ചിട്ടു ഇവിടത്തെ വ്യവസായികളെ പ്രോത്സാഹിപ്പിക്കണമെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി. പി. എസ്സ്. മഹമ്മദു (നിയമിക്കപ്പെട്ട മെമ്പർ): കപ്പൽ വയ്ക്കണമെന്നൊന്നും ഞാൻ പറഞ്ഞിട്ടില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): കച്ചവടക്കാർക്കു വലിയ നഷ്ടംവരുന്നതു അന്യരാജ്യക്കാരുമായിട്ടുള്ള മത്സരംകൊണ്ടാണെന്നും ഇവിടെ പണത്തിന്റെ കുറവുണ്ടെന്നും പറഞ്ഞു. ഇങ്ങനെയുള്ള ഒരു സംഗതിയിലാണു ഡവലപ്പ്മെന്റുബോർഡ് ഒരു ശുപാർശചെയ്തതു എന്നുവരികിൽ വാസ്തവത്തിൽ ഇതുകൊണ്ടു പൊതുജനങ്ങൾക്കു വലിയ ഗുണം സിദ്ധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

തെക്കൻതിരുവിതാംകൂറിൽ പനമ്പായ്നെയ്ത്തു, പുൽപായ്നെയ്ത്തു മുതലായ പല കുടിൽവ്യവസായങ്ങളും ഉണ്ട്. ഗവണ്മെന്റുസഹായംലഭിക്കാതെ അവർ വളരെ സങ്കടപ്പെടുന്നു. അങ്ങനെയുള്ള സാധുക്കളുടെ കാര്യത്തിലാണ് ഗവണ്മെന്റിന്റെ ദൃഷ്ടി പതിയേണ്ടതെന്നു ഞാൻ ബലമായി പറഞ്ഞുകൊള്ളട്ടെ. അല്ലാതെ വലിയ ധനികന്മാരെ സഹായിക്കുന്നതിനു ഗവണ്മെന്റു പുറപ്പെടുന്നതു അത്ര ശരിയാണെന്നു തോന്നുന്നില്ല. തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലുമുള്ള പലവിധത്തിലെ സംഗതികളെപ്പറ്റി നല്ല പരിചയമുള്ള വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മറ്റി ഏർപ്പെടുത്തി അവരുടെ ഏകോപിച്ചുള്ള ശുപാർശ വരുത്തി അതനുസര

ച്ച പ്രവർത്തിക്കണമെന്നാണ് എന്റെ അഭിപ്രായം. തക്കല മുതലായ സ്ഥലങ്ങളിൽ പനയോലപായനെയ്ത്തും തേങ്ങാപട്ടണം മുതലായ സ്ഥലങ്ങളിൽ കയറുവ്യവസായവും നടക്കുന്നുണ്ട്. അവിടെ ഈ വ്യവസായം നടത്തുന്നവരുടെ സ്ഥിതിഗതികളെ അന്വേഷിച്ചു വേണ്ട സഹായം ചെയ്യുന്നതിനുകൂടി സാധിക്കത്തക്ക രൂപാർശ ചെയ്യുന്നതിനു ഒരു കമ്മററി രൂപീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ മഹമ്മത് അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ സാർഥമായി പിൻതാങ്ങുന്നു.

കയററുപായ്വ്യവസായം തിരുവിതാംകൂറിലുള്ള മറെറല്ലാ വ്യവസായത്തെക്കാളും അതിപ്രാധാന്യത്തെ അർഹിക്കുന്നതാണ്. വടക്കൻതിരുവിതാംകൂറിൽ പറവൂരും മദ്ധ്യതിരുവിതാംകൂറിൽ ചേർത്തല, വൈക്കം എന്നീസ്ഥലങ്ങളിലും പിന്നീട് തെക്കൻതിരുവിതാംകൂറിൽ കാർത്തികപ്പള്ളി മുതൽ തിരുവനന്തപുരംവരേയുള്ള കടലോരങ്ങളിലും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ ചകിരി, കയറു ഇതുകളിൽനിന്നുമാണ് കയറും കയററുപായും എന്നിവ ഉണ്ടാക്കുന്നതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): മെത്തപ്പായും മാററിങ്ങ്സിൽ ഉൾപ്പെടുകയില്ലയോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ഉൾപ്പെടുകയില്ല. മാററ്സ് എന്നുപറഞ്ഞാൽ കയറുകൊണ്ടും ചകിരികൊണ്ടും ഉണ്ടാക്കപ്പെടുന്ന തടുക്കും മാററിങ്ങ് എന്നുപറഞ്ഞാൽ കയററുപായും ആണ്.

മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): കയറുപിരിക്കുന്നതുകൂടി ഉൾപ്പെടുമോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): മാററിങ്ങ് എന്നുപറയുന്നതിൽ അതും ഉൾപ്പെടുകയില്ല. മാററ്സ് എന്നുപറയുന്നതിൽ ചകിരിതടുക്കും കയറുകൊണ്ടുള്ള തടുക്കും ഉൾപ്പെടും.

ഈ വ്യവസായംകൊണ്ടു തിരുവിതാംകൂറിൽ അനേകായിരം ജനങ്ങൾ ഉപജീവനം കഴിച്ചുവരുന്നുണ്ട്. അങ്ങനെയുള്ള ഒരു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തേണ്ടതു ഗവണ്മെന്റിന്റെ ഒരു വലിയ ചുമതലയാണ്. ഈ വമ്പിച്ച വ്യവസായത്തിനുള്ള മാർക്കററു ഇന്നു യൂറോപ്യന്മാരാണു കൈവശപ്പെടുത്തിവച്ചിരിക്കുന്നതു. ഈ വ്യവസായം പ്രധാനമായി നടന്നുകൊണ്ടിരിക്കുന്നതു വ്യാപാരകേന്ദ്രമായ ആലപ്പുഴപട്ടണത്തിലാണെന്നു ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണല്ലോ. തിരുവിതാംകൂറിൽ യൂറോപ്യൻകമ്പനിക്കാരായ ആസ്പിൻവാൾ പീയേഴ്സ്‌ലെസ്ലി, മധുറാകമ്പനി, ഡാറാസ്മെയിൽ, ബോംബെകമ്പനി മുതലായുള്ള വിദേശകച്ചവടക്കാരാണ്. ഈ വ്യവസായം വമ്പിച്ചനിലയിൽ ഇന്നു നടത്തിക്കൊണ്ടിരിക്കുന്നതു. ഇങ്ങനെയുള്ള വമ്പിച്ച കച്ചവടക്കാരുമായിട്ടു കിടപിടിച്ചുനിൽക്കുന്നതിനു നാട്ടുകാരായ കച്ചവടക്കാരുടെ ധനസ്ഥിതി അനുവദിക്കുന്നില്ല. ഈ നാട്ടുകാരായ കച്ചവടക്കാർക്കു ഗവണ്മെന്റിൽനിന്നു എന്തെങ്കിലും ധനസഹായംചെയ്തു അനേകായിരം ജനങ്ങളുടെ ഉപജീവനമാർഗ്ഗമായിരിക്കുന്ന ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടുപോരേണ്ടതാണ്.

ഈ വ്യവസായസാധനങ്ങളെ വിദേശങ്ങളിലേക്കു അയച്ചു അവിടെ മാർക്കററു കണ്ടുപിടിച്ചു വില്പനനടത്തുന്നവിഷയത്തിലുംമററും നാട്ടുകാരായ കച്ചവടക്കാർ പല അസൗകര്യങ്ങളും ഇന്നു അനുഭവിച്ചുകൊണ്ടിരിക്കയാണ്. ആലപ്പുഴയിൽ കഴിഞ്ഞ കുറെ സംവത്സരങ്ങളായി നാട്ടുകാരായ കച്ചവടക്കാർ അനുഭവിച്ചുവരുന്ന സങ്കടം ഒട്ടും ചില്ലറയല്ല. ഈ സങ്കടങ്ങളെ നേരിട്ടുകണ്ടും അനുഭവിച്ചും അറിഞ്ഞിട്ടുള്ള ഒരുവനാണു ഞാൻ.

എന്റെ സ്നേഹിതൻ മിസ്റ്റർ മഹമ്മത് പറഞ്ഞതുപോലെ കപ്പലിൽകയററി അയക്കുവാനുള്ള മാററ്സ്, മാററിങ്ങ് ഇതുകൾ അളന്നു സർട്ടിഫിക്കററു ലഭിക്കാതെ വിദേശരാജ്യങ്ങളിലേക്കു കപ്പൽകയററി അയക്കാൻ നിവൃത്തിയില്ല. യൂറോപ്യൻകച്ചവടക്കാരുടെ സ്ഥലങ്ങളിൽ പോർട്ടാഫീസർപോയി അതാതുസമയം ഇതുകൾ അളന്നു അവർക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നുണ്ട്. ചരക്കുകെട്ടി പ്രസ്ചെയ്തു ഉടനെ അളന്നാൽ അളവിൽ വളരെ കുറവുണ്ട്. നേരെമറിച്ചു നാട്ടുകാരായ കച്ചവടക്കാരുടെ കച്ചവടസ്ഥലങ്ങളിൽ പോർട്ടാഫീസർപോയി അളന്നുകൊടുക്കുന്നില്ല. മാററിങ്ങിനെ റോൾആയിട്ടു ചുററിയും മാററ്സിനെ കെട്ടായിട്ടുകെട്ടി പ്രസ്ചെയ്തുമാണു അയക്കുന്നതു. പ്രസ്ചെയ്തു കുറെദിവസം കഴിയുമ്പോൾ അതിന്റെ വികാസംകൊണ്ടു അളവു കൂടുകയും തന്മൂലം കപ്പൽകൂലി കൂടുതലായി നാട്ടുകാരായ കച്ചവടക്കാർ കൊടുക്കേണ്ടിവരികയുംചെയ്യുന്നു. നാട്ടുകാരായ കച്ചവടക്കാരുടെ ചരക്കുകൾ മിക്കവാറും കെട്ടിക്കഴിഞ്ഞു ഒന്നുരണ്ടു ആഴ്ചകൾ കഴിഞ്ഞാണു അതു അളന്നുകൊടുക്കുന്നതു.

മി. പി. എസ്. മഹമ്മത് (നിയമിക്കപ്പെട്ട മെംബർ): നാട്ടുകാരായ കച്ചവടക്കാരുടെ സ്ഥലങ്ങളിൽ പോർട്ടാഫീസർ വന്നാണോ അളന്നുകൊടുക്കുന്നതു?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അല്ല. നാട്ടുകാരായ കച്ചവടക്കാരെല്ലാം അവരുടെ ചരക്കുകൾ വള്ളത്തിൽകയററി കടപ്പുറത്തു കൊണ്ടുചെന്നെങ്കിൽമാത്രമേ പോർട്ടാഫീസർ അളന്നു സർട്ടിഫിക്കററു കൊടുക്കയുള്ളു. കെട്ടി ഒന്നുരണ്ടു ആഴ്ച കഴിഞ്ഞാണു അളന്നുകൊടുക്കുന്നതു.

മി. എച്ച്. ബി. മഹമ്മതുറാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): അങ്ങനെ സംഭവിക്കുന്നതെന്തുകൊണ്ടാണ്?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): പോർട്ടാഫീസ്സർ നാട്ടുകാർ അല്ലാത്തതുകൊണ്ടും ഗവണ്മെന്റു ഈകാര്യത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ടുമാണ്.

മി. എച്ച്. ബി. റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): പോർട്ട്ആഫീസർ നാട്ടുകാരനായിരുന്നാലോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഗവണ്മെന്റു ആജ്ഞാപിക്കുന്നതുപോലെ തന്നെ പ്രവൃത്തിക്കും.

മി. എസ്. പിറവിപ്പുരമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഇതിനേപ്പററി എന്തെങ്കിലും ചോദ്യം വിജ്ഞാപനങ്ങൾ ഉണ്ടായിട്ടുണ്ടോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഞാൻ ചോദിക്കുകയുണ്ടായി എന്നാൽ എനിക്കു മറുപടികിട്ടിയില്ല.

നാട്ടുകാരായ കച്ചവടക്കാർക്ക് വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കുന്നതിൽ ഗവൺമെന്റു പ്രത്യേകം ശ്രദ്ധിവയ്ക്കണം. കൂടാതെ യൂറോപ്യൻകച്ചവടക്കാർ അയക്കുന്ന സാമാനങ്ങളുടെ ഷെയറിനു അവർ എവിടെക്കു അയക്കുന്നുവോ അവിടെക്കൊടുത്താൽ മതി. നാട്ടുകാരായ കച്ചവടക്കാരാകട്ടെ അതു ആലപ്പുഴ തുറമുഖത്തു തന്നെ കൊടുക്കേണ്ടിയിരിക്കുന്നു. ഇതും നാട്ടുകാരായ കച്ചവടക്കാർക്ക് ഗവൺമെന്റു ആനുകൂല്യം ഇല്ലാത്തതുമൂലമുള്ള ഒരു നഷ്ടമാണ്. വെള്ളക്കാരായ കച്ചവടക്കാരെല്ലാം ഓരോ കപ്പൽ കമ്പനിക്കാരുടെയും ഏജൻറന്മാരാണ്. അതുകൊണ്ടു ചരക്കുകയററുന്നതിലുള്ള കമ്മീഷനും അവർക്കു കിട്ടും. കൂടാതെ ഇൻഷുറൻസ് കമ്പനിയുടെ ഏജൻസിയും അവർക്കു ഓരോരുത്തർക്കും ഉള്ളതുകൊണ്ടു അതിലും നല്ല ആദായം അവർക്കു കിട്ടുന്നു. ഇങ്ങനെ ചരക്കുകൾ കയററുമതിചെയ്യുന്ന വിഷയത്തിൽ വിദേശിയർക്കു പല ആനുകൂല്യങ്ങളും ഉള്ളതുകൊണ്ടു നാട്ടുകാരെ ഗവൺമെൻറു സഹായിക്കാത്തപക്ഷം ഈ വ്യവസായം ക്രമേണ അധഃപതിച്ചുപോകുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഇപ്പോൾ ഈവ്യവസായം അഭിവൃദ്ധിപ്പെട്ടുവരുന്നോ അധോഗതിയെപ്രാപിച്ചുവരുന്നോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): നാട്ടുകാരായ കച്ചവടക്കാരുടെ ഇടയിൽ അധോഗതിയാണ് ഫലം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): നാട്ടുകാരായ കച്ചവടക്കാർ എത്രയുണ്ടു?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഉദ്ദേശം ൨൪ പേരുണ്ടു കയററുമതിചെയ്യുന്നവരെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഈ ൨൪ പേർക്കു വേണ്ടിയാണോ ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ൨൪ പേർ കയററുമതിനടത്തുന്ന വലിയ കച്ചവടക്കാരാണ്. ചില്ലറകച്ചവടക്കാരുടെ സംഖ്യ നോക്കുകയാണെങ്കിൽ അനേകായിരം എണ്ണമുണ്ടു. ഈ അനേകായിരംപേരുടെ ഗുണത്തെ ഉദ്ദേശിച്ചാണ് ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു നല്ലതുപോലെ മനസ്സിലാക്കണം.

മി. പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ടമെമ്പർ): ഈ ൨൪ കച്ചവടക്കാരുടെതാഴെ എത്ര കൂലിക്കാരുണ്ടെന്നറിയാമോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ആലപ്പുഴപട്ടണത്തിലും പുറപാട്ടമായി ഈവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന നാട്ടുകാരുടെ ആഫീസുകളിൽ പതിനായിരം കൂലിക്കാരിൽ കുറയാതെ ദിവസംതോറും വേലചെയ്യുന്നുണ്ടു.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഈ ൨൪ കച്ചവടക്കാർക്ക് ചെയ്യുന്നഗുണം കിട്ടുന്നതു ൩൦ ലക്ഷം ജനങ്ങൾക്കാണോ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ൩൦ ലക്ഷം ആളുകളെന്നു ഞാൻ പറഞ്ഞില്ല.

ഇപ്പോൾ രണ്ടുവിധത്തിലാണ വിദേശങ്ങളിലേക്കു ചരക്കു പോയിക്കൊണ്ടിരിക്കുന്നതു. ഒന്നു ഈവക സാധനങ്ങൾ സംസ്കരിച്ചു ഉണ്ടാക്കിഅയയ്ക്കുന്നു. മററതു കയറുതന്നെ ഇവിടെനിന്നും അയക്കുന്നു. എന്നാൽ വിദേശിയരായ കച്ചവടക്കാർ അസംസ്കൃതമായ കയറു മുൻകാലങ്ങളിലെക്കാൾ കൂടുതലായി വാങ്ങി ചായമുക്കിയും മറ്റാതെയും ഇവിടെനിന്നും കയററിഅയക്കുന്നു. അവിടെഅവർ പവർലൂം. വച്ചു ഇവിടത്തെക്കാൾ മാദോഷവിധത്തിൽ കയററുപായും തട്ടുക്കും ഉണ്ടാക്കിവരുന്നു. സംസ്കരിച്ചതും സംസ്കരിക്കാത്തതുമായ കയറിനു കണക്കുനോക്കിയതിൽ കണ്ടിക്കുന്നു ൫൦ രൂപ വരെ സംസ്കരിക്കാത്തകയർ വിദേശരാജ്യങ്ങളിൽ കിട്ടുന്നു. അതിനുള്ളകാരണം സംസ്കരിക്കാത്തകയറു പ്രസ്സുചെയ്യുമ്പോൾ അളവു്കാരണം ടണ്ണേജ്കുറയും. അതുകൊണ്ടു കപ്പൽചാർജിൽ ലാഭമുണ്ടു. എന്നാൽ തട്ടുക്കു ഒരുതരത്തിലും പ്രസ്സുചെയ്യാൻപാടില്ല. വിദേശമാർക്കററിന്റെ സ്ഥിതിഗതികൾ അപ്പഴപ്പോൾ നമ്മുടെനാട്ടിലെ കച്ചവടക്കാരെ അറിയിച്ചുകൊണ്ടിരിക്കുന്നതിനും ചരക്കുകൾക്കു ശരിയായമാർക്കററു കണ്ടുപിടിക്കുന്നതിനും ലെറർ അഫ് ക്രെഡിററുമുതലായസംഗതികൾക്കു വേണ്ട റെഫറൻസുകൊടുക്കുന്നതിനും നാട്ടുകാരായ കച്ചവടക്കാരെ സഹായിക്കുന്നതിനും വിദേശങ്ങളിൽ ഒരു കച്ചവടഏജൻറു ഉണ്ടായിരിക്കണം. ഇതിനെസംബന്ധിച്ചു ഒരുപ്രമേയം ഞാൻ കഴിഞ്ഞ ബഡ്ജററു സമ്മേളനാവസരത്തിൽ അയച്ചിട്ടുണ്ടായിരുന്നു. അതു ബാലട്ടിൽവരികയും നിർഭാഗ്യവശാൽ വാദപ്രതിവാദത്തിനു എടുക്കുവാൻ നിവൃത്തിയില്ലാതെപോകയുംചെയ്തു. അതുപോലെതന്നെ കയർബോർഡു ഒരു ട്രെയിഡ് ഏജൻറു വേണമെന്നു ശുപാർശചെയ്തു. ഇതിന്റെ ആവശ്യം എന്താണെന്നു ചോദിക്കുന്നപക്ഷം പലതുമുണ്ടു. ഈരാജ്യത്തു ഏതെല്ലാം വിധത്തിലുള്ള സാധനങ്ങളാണ് ഉള്ളതെന്നു വിദേശരാജ്യക്കാരിൽ പലർക്കും നിശ്ചയമില്ല. വെമ്പ്ളിപ്രദർശനംനടത്തിയ—

പ്രസിഡൻറ: അതാണോ പ്രമേയം? പ്രമേയം ഒരു കമ്മററിയെ നിയമിക്കണം എന്നുള്ളതിനെപ്പററിയാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): സർ, ഞാൻ ഒരു ഉദാഹരണം പറഞ്ഞതേ ഉള്ളു. ഈ അതിനെസംബന്ധിച്ചതാണ് വെമ്പ്ളിപ്രദർശനം നടന്നഅവസരത്തിൽ കൃഷിഡയറക്ടർ മി. കുഞ്ഞൻപിള്ള അനേകംസാധനങ്ങൾ ഇവിടെനിന്നും പ്രദർശനത്തിനായി കൊണ്ടുചെന്നിരിക്കുന്നു. അവിടത്തുകാർ ഇങ്ങനെയുള്ള സാധനങ്ങൾ തിരുവിതാംകൂറിൽ ഉണ്ടെന്നു അവർ അറിഞ്ഞിരുന്നില്ലെന്നും അവകൾ അപ്പോഴാണ് കാണുന്നതെന്നും അഭിപ്രായപ്പെട്ടതായി അക്കാലത്തു ചിലപത്രങ്ങളിൽ ഞാൻ വായിക്കയുണ്ടായി.

അതിനാൽ ഒരു ട്രെയിഡ് ഏജൻറ വിദേശരാജ്യങ്ങളിലുണ്ടായിരുന്നാൽ സംസ്കൃതസാധനങ്ങൾ മാത്രമല്ല അസംസ്കൃതസാധനങ്ങൾപോലും പലതും നമുക്ക വിദേശങ്ങളിലെ ആളുകൾ കാണത്തക്കവിധം പ്രദർശിപ്പാക്കാമായിരുന്നു. തന്നിമിത്തം നമ്മുടെ സാധനങ്ങൾക്ക കൂടുതൽ ഡിമാൻറ ഉണ്ടാകും. അതുപോലെതന്നെ നാം വിദേശത്തുനിന്നും വരുത്തിക്കൊണ്ടിരിക്കുന്ന അനേകം സാധനങ്ങൾ ഈ ഏജൻറ മുഖാന്തരം വരുത്തിയാൽ നമുക്ക ലാഭംകിട്ടാനും ഇടയുണ്ട്. അതിനാൽ ഈ സംഗതികൂടി ഗവണ്മെൻറിന്റെ ശ്രദ്ധയ്ക്ക വിഷയീഭവിക്കേണ്ടതാണ്. ഡവലപ്പ്മെൻറ ബോർഡു ഇങ്ങനെ ഒരു കമ്മററി ആവശ്യമാണെന്നു ശുപാർശചെയ്യുന്നസ്ഥിതിക്ക ഗവണ്മെൻറ യാതൊരു തടസ്ഥവും പറയാതെ ഒരു കമ്മററി രൂപീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി എന്റെ മാന്യസ്നേഹിതൻ മി. മഹമ്മദിന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. മുഹമ്മദ് പാച്ചുപിള്ള (ചേർത്തല): ഈ കമ്മററിയുടെ അന്വേഷണം മാററ്സ് ആൻറ മാററിങ്ങിനെ സംബന്ധിച്ചാണെന്നു പറഞ്ഞു. എന്നാൽ വടക്കൻതിരുവിതാംകൂറിൽ തൊണ്ടുതല്ലി ചകിരിപിരിക്കുന്ന ചില്ലറ കയർവ്യവസായികൾ ഉണ്ടെന്നറിയാമോ?

മി. വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും വടക്ക): അറിയാം.

മി. മുറിമറ്റത്തിൽ പാച്ചുപിള്ള (ചേർത്തല): അവരുടെ സ്ഥിതി അഭിവൃദ്ധിപ്പെടുത്തുന്നതിനു സഹായിക്കത്തക്കവണ്ണം വല്ല അന്വേഷണവും നടത്തണമെന്ന ഈ പ്രമേയംമൂലം നിർദ്ദേശിക്കുന്നുണ്ടോ?

മി. വി. ജെ. ഉമ്മൻ (കപ്പവടവും വ്യവസായവും വടക്ക): ഈ വ്യവസായം ഏതെല്ലാം തരത്തിലുണ്ടോ അവയെല്ലാം അഭിവൃദ്ധിപ്പെടുത്തത്തക്കനിലയിൽ വേണ്ട അന്വേഷണങ്ങൾ നടത്തണം. കയറുപായെന്നു മാത്രമല്ല, ചകിരി, കയറുപിരി ഇവയെപ്പററി എല്ലാം അന്വേഷിച്ചു ഗവണ്മെൻറിലേക്ക ഈ കമ്മററി റിപ്പോർട്ടുസമർപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): സർ, മിസ്റ്റർ പി. എസ്സ്. മഹമ്മദ് കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാനും പിൻതാങ്ങുന്നു. കയറും കയററുവ്യവസായവും ഏററവും പുരാതനവും വളരെ പ്രാധാന്യമുള്ളതും ആയ ഒരു വ്യവസായമാണെന്നു എല്ലാവർക്കും അറിവുള്ളതാണ്. ജനസംഖ്യയിൽ വലിയ ഒരു വിഭാഗത്തിനു ഇതു ഒരു ഉപജീവനമാർഗ്ഗമായതുകൊണ്ടു ഈ കൌൺസിലിന്റെ ഗാഢമായ ചിന്തക്ക് വിഷയമാക്കേണ്ടതായ ഒന്നാണ്. പടിഞ്ഞാറെ യൂറോപ്പിലും അമേരിക്കയിലെ ഐക്യരാജ്യങ്ങളിലും നാളികേരഫലങ്ങളുടെ ആവശ്യം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. സുപ്രസിദ്ധമായിരിക്കുന്ന നമ്മുടെ രാജ്യത്തു ഈ വ്യവസായം പ്രഥമഘട്ടത്തിൽ മാത്രമാണെന്നു നമുക്കു കാണാൻ ഇടവന്നിരിക്കുന്നു. ഈ വ്യവസായം അഭിവൃദ്ധിയാക്കിക്കൊണ്ടുവരണമെങ്കിൽ കൂടുതൽ ശ്രദ്ധയും ആവശ്യക്കാരായ കയററുമതിക്കാർക്ക പ്രോത്സാഹനം നൽകി പുതിയ വിപണനസ്ഥലങ്ങൾ കണ്ടുപിടിക്കേണ്ടതുമാണ്. ഈ സാധനങ്ങൾക്ക യൂറോപ്പുരാജ്യങ്ങളിൽ വലുതായ ആവശ്യം ഉണ്ടായിരിക്കുന്നതായി നമുക്കു അറിയാവുന്നതുകൊണ്ടു ഈ വ്യവസായത്തിനു ആശിക്കത്തക്ക ഒരു നല്ല ഭാവിയുണ്ട്. കൊപ്രായുടെയും വെളിച്ചെണ്ണയുടെയും വില ഈ കാലങ്ങളിൽ വളരെ കുറയുകയും എന്നാൽ ഇടങ്ങഴമസ്ഥന്മാർ പണ്ടു നിസ്സാരമാക്കി തള്ളിയിരുന്ന തൊണ്ടിന്റെ വില വർദ്ധിച്ചുതോടുകൂടി അവർ രക്ഷപ്പെടുകയും ചെയ്തു. യൂറോപ്പുദേശങ്ങളിൽ ശാസ്ത്രീയമായ അറിവു പ്രയോഗിച്ചു കൊയ്ഞ്ഞുകൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതും സോപ്പുകൾ, എണ്ണ, വെളിച്ചെണ്ണയുടെയും കൊപ്രായുടേയും വില മേൽകാലങ്ങളിൽ ഇനിയും കയറാൻ ഇടയുള്ളതുമാകുന്നു. ഇനിമേലാൽ തെങ്ങുകൃഷിക്കാർക്കുള്ള ഒരു പ്രോത്സാഹനം തെങ്ങിൽനിന്നും കിട്ടുന്ന തൊണ്ടുമേലായവയുടെ വിലയെ ആശ്രയിച്ചിരിക്കും. അതുകൊണ്ടു ധനപരിപോഷക ബോർഡ് ആവശ്യമെന്നു അഭിപ്രായപ്പെട്ടതനുസരിച്ചു ഈ അവസരം നാം ഉപയോഗിക്കേണ്ടതും അങ്ങിനെ ഈ സംസ്ഥാനത്തു കയറും കയററുപായും വ്യവസായത്തിനു പ്രോത്സാഹനം നൽകേണ്ടതുമാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ മിസ്റ്റർ പി. എസ്സ്. മഹമ്മദിന്റെ പ്രമേയത്തെ പിന്താങ്ങുന്നു.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കപ്പവടവും വ്യവസായവും തെക്ക): മി. പി. എസ്സ്. മഹമ്മദ് അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ധനപരിപോഷണ ബോർഡുകാർ ശുപാർശ ചെയ്തതനുസരിച്ചു കയറും കയററുവ്യവസായവും സംബന്ധിച്ചു പരിശോധനയും അന്വേഷണവും നടത്തുന്നതിലേക്ക ഒരു കമ്മിററിയെ ഗവണ്മെൻറ നിയമിക്കണം എന്നുള്ള ആവശ്യത്തോടെ ഒരു ചെറുതായ അപേക്ഷ മാത്രമേയുള്ളു. ബോർഡുകാർ, വിഷയത്തിന്റെ എല്ലാഭാവങ്ങളെപ്പററി ചിന്തചെയ്തിട്ടുള്ളതും അവരുടെ ശുപാർശ ഗവണ്മെൻറിന്റെ കൈവശം ഇരിപ്പുള്ളതുമാണ്. മി. പി. എസ്സ്. മഹമ്മദ് മിസ്റ്റർ ഉമ്മൻ മുതലായ മററു പ്രസംഗികരും ഈ വ്യവസായക്കാർ ആലപ്പുഴയിൽ അനുഭവിച്ചുവരുന്ന പലകഷ്ടതകളെയും പ്രയാസങ്ങളെയുംപററി പറകയുണ്ടായി. മിസ്റ്റർ ഗോമതിനായകംപിള്ള മി. പി. എസ്സ്. മഹമ്മദിനോടു ചോദിച്ച ചോദ്യത്തിൽ നിന്നു ഇപ്പോൾ കൂടുതൽ കയറു ഇറക്കുമതിചെയ്യുന്നതായി അദ്ദേഹം നമുക്ക ഉറപ്പുതന്നു. അതു നമ്മുടെ ധാമത്തെ ബലപ്പെടുത്തുന്ന ഒന്നാണെന്നും ഒരു കമ്മിററിയെ നിയോഗിക്കുന്നതിന്റെ കൂടുതൽ ആവശ്യം അതുകൊണ്ടു പ്രത്യക്ഷമാണ്.

മി. എ. നാണുപിള്ള (തിരുവനന്തപുരം): ബോർഡിന്റെ ശുപാർശ എന്തുകൊണ്ടാണ്.

മി. എസ്സ് പിറവിപെരുമാൾപിള്ള (കപ്പവടവും വ്യവസായവും തെക്ക്): പറയാം. ഈ വ്യവസായത്തിൽ ഏർപ്പെട്ടവരുടെ സങ്കടങ്ങൾ മി. പി. എസ്സ്. മഹമ്മദും മിസ്റ്റർ ഉമ്മനും എണ്ണിഎണ്ണി പറയുകയുണ്ടായി. പല കപ്പവടക്കാരെ ബാധിക്കുന്നതായ ഒരു കാര്യം കൌൺസിലിൽ ആലോചിച്ചിട്ടാവശ്യമുണ്ടോ എന്നു മി. ടി. സി. കേശവപിള്ള മിസ്റ്റർ ഉമ്മനോടു ചോദിക്കയുണ്ടായി. ഇതിലേക്ക താഴ്മയായി ഞാൻ മറുപടിപറയുന്നതു ഈ വ്യവസായം അധികം കപ്പവടക്കാർക്ക തൊഴിലായിരുന്നതും ഇപ്പോൾ മെമ്പറന്മാർ പറഞ്ഞതുപോലെ അവർ അനുഭവിച്ചുവരുന്ന കഷ്ടനഷ്ടങ്ങൾ കാരണം അവരുടെ എണ്ണം ഇപ്പോൾ പകുതി ആയി കുറഞ്ഞിരിക്കുന്നു എന്നുള്ളതാണ്.

പ്രസിഡൻറ്: അവർ അങ്ങിനെപറഞ്ഞോ? മി. പി. എസ്സ്. മഹമ്മദ് നിങ്ങൾ അങ്ങനെപറഞ്ഞോ? അവരുടെ എണ്ണം പകുതി ആയി കുറഞ്ഞോ?

മി. പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): കൃത്യമായിട്ട വ ഴ അല്ല.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മററു മെമ്പറന്മാർ പറഞ്ഞ കാരണങ്ങളെക്കൊണ്ടു അവരുടെ എണ്ണം ഇപ്പോൾ വളരെ ആയി കുറഞ്ഞിരിക്കുന്നു.

പ്രസിഡന്റ്. അതു നിങ്ങളുടെ സ്വന്തം അഭിപ്രായമായിരിക്കുമോ?

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): എത്രയാണെന്നു മെമ്പർ ക്ലിപ്തമായിട്ടു പറയാമോ?

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): നിങ്ങൾക്കു ഒരു റിപ്പോർട്ടു നോക്കി മനസ്സിലാക്കാം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): ഏതു കൊല്ലത്തെ ഒരു റിപ്പോർട്ട്?

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): കഴിഞ്ഞ എട്ടോ എത്രയോ കൊല്ലങ്ങൾക്കുള്ള റിപ്പോർട്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): അതിനെ ഇതുകാണുന്നില്ല.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മെമ്പർ എന്റെ പ്രസ്താവം തെററാണെന്നു പറയുന്നു എങ്കിൽ ഞാൻ സംഖ്യകൾ ഹാജരാക്കി തരാം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): തീർച്ചയായിട്ടും ഇല്ല.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മുൻപ് ഈ വ്യവസായത്തിൽ വളരെപ്പേർ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ എണ്ണം വളരെ കുറഞ്ഞു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): ഇറക്കുമതിക്കാരോ കയററുമതിക്കാരോ?

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): വ്യവസായത്തിൽ ഉൾപ്പെട്ടിരുന്നവർ. സർ, ഈ വ്യവസായത്തെ പോഷിപ്പിക്കാൻ ഒരു കമ്മററിയെ നിയമിക്കണമെന്നായിട്ടുള്ള പ്രമേയം മാത്രമേയുള്ളു. ഈ വ്യവസായത്തിൽപെട്ടവരുടെ എണ്ണം കുറഞ്ഞോ കൂടിയോ, കുറഞ്ഞെങ്കിൽ കാരണം എന്താണ് മുതലായ സംഗതികൾ കമ്മിററിക്കു ആലോചിക്കാവുന്നതും അവരുടെ കഷ്ടതകളേയും ബുദ്ധിമുട്ടുകളേയും പരിഹരിക്കാനുള്ള മാർഗ്ഗങ്ങളും രക്ഷകളും നിർദ്ദേശിക്കാവുന്നതും ആണ്. ഞാൻ പറയുന്നതു അതുകൊണ്ടു ഇതാണ്, ഈ വ്യവസായത്തെ പുനരുദ്ധരിക്കാൻ ഒരു കമ്മിററിയെ ഉടനെ നിയമിക്കണം. ഈ കാരണങ്ങളാൽ മി. പി. എസ്സ്. മഹമ്മദിന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): സർ, മിസ്റ്റർ മഹമ്മദിന്റെ അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ രാജ്യത്തു കൃഷി മുഖ്യമായുള്ള വ്യവസായമാണെന്നു എല്ലാവർക്കും അറിയാവുന്നതാണ്. കൃഷിക്കാർക്കു ഒരു വർഷത്തിൽ നാലോ അഞ്ചോ മാസം മാത്രമേ ജോലികാണുന്നുള്ളു. അവർക്കു കിട്ടുന്നകൂലി ആ നാലഞ്ചുമാസത്തേക്കുമാത്രമേ ആഹാരത്തിനു കാണുന്നുള്ളു. മററു ഏഴുമാസവും കൃഷിചെയ്യുന്നതിലേക്കു നിവൃത്തിയില്ലാത്ത ഈ പാവപ്പെട്ട ജനങ്ങൾ കഷ്ടപ്പെടുന്നു. ഈ ജനങ്ങൾക്ക് അതാതുകൃഷിസമയം കൊടുക്കപ്പെടുന്നകൂലി അവരുടെ തൽക്കാല ആഹാരത്തിനു തികയുന്നതുമല്ലാ. കൂടാതെ പിൻകാലത്തിന് ആഹാരത്തിന് യാതൊരുവഴിയും ഇല്ല. എന്നാൽ വേറെവല്ല തൊഴിലും ചെയ്യാമെന്നുവിചാരിച്ചാൽ അതിലേക്കു പണവും ഇല്ല. അതുകൊണ്ടു ഇവർ പനയോല പുൽപരമ്പു ഈററ ഈ വക സാമാനങ്ങളെ ശേഖരിച്ചു തങ്ങൾ ചെയ്തുവരുന്ന കൈതൊഴിലായ കുട ഉണ്ടാക്കുക പായ് നെയ്ക മുതലായ കൈത്തൊഴിൽചെയ്തു കാലക്ഷേപം ചെയ്യുന്നു. മുൻപറയപ്പെട്ട തൊഴിലുകളെ അഭിവൃദ്ധിയിൽ വരുത്താൻ പണമില്ല. ഇതല്ലാതെ കച്ചവടം മുതലായ തൊഴിലുകൾ ചെയ്യുന്നതെങ്കിൽ അതിലേക്കു വഴിയുമില്ല. ഞാൻ കഴിഞ്ഞ ഒന്നുരണ്ടുമാസമായി മൂവാററുപുഴ, പറവൂർ, അമ്പലപ്പുഴ, മാവേലിക്കര, കുന്നത്തൂർ, പത്തനാപുരം മുതലായസ്ഥലങ്ങളിൽ സഞ്ചാരംചെയ്തു അവിടെയുള്ളപാവപ്പെട്ട ജനങ്ങൾ ചെയ്തുവരുന്ന കൈത്തൊഴിലുകളെ പരിശോധിച്ചു. വളരെ ദയനീയമായ അവർക്കുള്ള കഷ്ടത എനിക്കു വളരെ സങ്കടത്തെ ഉണ്ടാക്കി. എന്തെന്നാൽ ഇവർ മലകളിൽ പോയി ൧൦൦൦ ഈററകൾകൊണ്ടുവരുന്നതിന് ൨ ൦ രൂപ ചിലവു ചെയ്യേണ്ടിയിരിക്കുന്നു. ഇതിനുള്ള കാരണമെന്തെന്ന് ഞാൻ അവരോടു ചോദിച്ചതിൽ ഈററയിനു ൪ രൂപയും ചൌക്കസ്ഥലങ്ങളിൽ ചിലവുംതങ്ങളുടെ ചിലവുംചേർന്ന ൨ ൦ രൂപ ചിലവാകുമെന്നു പറയുന്നു. എത്രകഷ്ടം! ഈററകളെക്കൊണ്ടു വന്ന് വീടുവീടായി പങ്കിട്ടു കൊടുത്തു തങ്ങളുടെ തൊഴിൽചെയ്തു തങ്ങൾ ദാരിദ്ര്യത്താൽ ചാകാതെ ചാകുന്നു. അവർക്കു ഇപ്പോൾ ഇരിക്കുന്നസ്ഥലം വിട്ടുമാറാൻ വഴിയില്ല. എന്നാൽ തങ്ങൾ ശേഖരിച്ച സാമാനങ്ങളെ വീട്ടിലേക്കുകൊണ്ടുവന്നു കുട്ടികളേയും പെണ്ണുങ്ങളേയും കൊണ്ടു വേലചെയ്യിച്ചു പലസ്ഥലങ്ങളിലേക്കു കൊണ്ടുപോയി വിററാൽ ശരിയായ വില കിട്ടാതെ കഷ്ടപ്പെടുന്നതായി പറയുന്നു. അതുകൊണ്ടു അവർ ചെയ്തുവരുന്നതായ കൈത്തൊഴിലിനു പണസഹായം ചെയ്യണമെന്നു ഞാൻ ഈ കൌൺസിലിനോടു ആവശ്യപ്പെടുന്നു. ഈ ജനങ്ങളുടെ കഷ്ടപ്പാടുകൾ വളരെ കൂടുതലാണ്. ഈ ജനങ്ങൾക്കു യാതൊരു ആഡംബരവും ഇല്ല. കൂടാതെയും അവർക്കു കൃഷിക്കായി കൊടുത്തുവരുന്ന കൂലി അവരുടെ ചിലവിനു തികയുന്നില്ല. അതുകൊണ്ടു ഈ കമ്മററി ഏർപ്പെടുത്തുന്നതു പാവപ്പെട്ട ജനങ്ങൾക്കു കുറെപണം കടം കൊടുക്കൽ വാങ്ങൽ ചെയ്യണമെന്നു ഞാൻ ആശിക്കുന്നു. ഞാൻ ഈ അഭിപ്രായത്തോടുകൂടി മി. പി. എസ്. മഹമ്മദിന്റെ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. പി. ചെല്ലംപിള്ള (തോവാള): സർ, മി. പി. എസ്സ്. മഹമ്മദിന്റെ പ്രമേയത്തെ പിന്താങ്ങാൻ എനിക്കു വളരെ സന്തോഷമാണ്. നാഞ്ചിനാട്ടിലെ പ്രധാനതൊഴിലും അവിടത്തെ ആളുകളിൽ എല്ലാവരുടെയും തൊഴിൽ നെൽകൃഷിയാണ്. അവർക്കു ഒരുവർഷത്തിൽ നാലഞ്ചുമാസമേ ജോലിചെയ്യേണ്ടതായിട്ടുള്ളു. ബാക്കിസമയം ഒരുവേലയുംകൂടാതെ വൃഥാ കളയുകയാണു. ഞങ്ങൾക്കു അവിടെ സമൃദ്ധിയായി തെങ്ങുവൃക്ഷങ്ങളുണ്ട്. പഴയകാലത്തു ചാണകപാത്രവും പുന്നപിണ്ണാക്കും വിറകിനുഉപയോഗിക്കുന്ന മാതിരി തേങ്ങാകതമ്പുകളെല്ലാം കത്തിച്ചു കളയുകയാണ്. വടക്കൻ തിരുവിതാംകൂറിൽ കയർ വ്യവസായമാണ മിക്കവർക്കും ഉപജീവനമാർഗ്ഗം എന്നു എനിക്കറിയാം. ഈ വ്യവസായം തെക്കൻതിരുവിതാംകൂറിലും ഏർപ്പെടുത്തുന്നപക്ഷം

തൊഴിലില്ലാത്ത ബുദ്ധിമുട്ടുന്നവർക്ക് ഉപജീവനമാർഗ്ഗത്തിനു വഴിയായി അവർ അതിൽ പ്രവേശിക്കുന്നതാണ്. അതുകൊണ്ട് ഈ ഉപകാരപ്രദവും സർവ്വപ്രാധാന്യമുള്ളതുമായ വ്യവസായം രാജ്യത്തു പോഷിപ്പിച്ചു കൊണ്ടുവരേണ്ടതും ആ ആഗ്രഹത്തിന്മേൽ ഞാൻ ഉപക്ഷേപകനായ മി. പി. എസ്സ്. മഹമ്മദിനോടു യോജിച്ചു ഇതിലേക്കു ഒരു കമ്മിററിയെ നിയമിക്കണമെന്നു ഗവൺമെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നതും ആകുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെമ്പർ): മി. മഹമ്മദ് ഇവിടെ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാൻ അനുകൂലിച്ചുകൊള്ളുന്നു. കയറുവ്യവസായം ഈ രാജ്യത്തെ ഏററവും പ്രധാനമായ ഒരു വ്യവസായമാണെന്നുള്ളതിൽ ആർക്കും വിപരീതാഭിപ്രായമില്ല. ഈ പ്രമേയം ഏതാനും ചില കച്ചവടക്കാരുടെ ഗുണത്തിനുമാത്രമായിരിക്കുമോ എന്നു സംശയം വരത്തക്കവണ്ണമുള്ള ചില ചോദ്യങ്ങളും ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ യഥാർത്ഥം അങ്ങിനെയല്ലെന്നുള്ളതു ഇവിടെയുള്ള കച്ചവടക്കാരുടെ അനുഭവംകൊണ്ടു മനസ്സിലാക്കാം. പത്തോ ഇരുപതോ പ്രധാനകച്ചവടക്കാർ പാശ്ചാത്യദേശങ്ങളിലേക്ക് ഈ വ്യവസായ സാമഗ്രികളെല്ലാം കയററി അയക്കുന്നു എന്നല്ലാതെ ഈ സാധനങ്ങളെല്ലാം അവരുടെ പ്രയത്നഫലമാണെന്നും വിചാരിക്കാൻ നിവൃത്തിയില്ല. കയറുപാ, തടുക്ക്, മുതലായ വ്യവസായങ്ങളെല്ലാം ഏറ്റവും ഒരു കുടിൽ വ്യവസായംപോലെ നടന്നുവരുകയാണ്. ഓരോ വീടുകളിലും തറികളിട്ട് കയറുപാ നെയ്യുന്നതും വടക്കൻ തിരുവിതാംകൂറിൽ സാധാരണ കാണാം. ഇങ്ങനെ അവർ ശേഖരിക്കുന്ന പായും തടുക്കുമെല്ലാം മേൽപ്പറഞ്ഞ കച്ചവടക്കാർ കൊണ്ടുചെന്നു വിൽക്കുകമാത്രമാണു ചെയ്യുന്നത്. അതിനാൽ ഈ വ്യവസായം നിന്നുപോകുന്നപക്ഷം അതു ഈ കുടിൽ വ്യവസായികളെയെല്ലാം സാരമായി ബാധിക്കുന്നതാണ്. അതുകൊണ്ട് ഈ വ്യവസായം നശിച്ചുപോകാതിരിക്കത്തക്കവണ്ണവും അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണവും വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഒരു കമ്മിററി ആവശ്യമാണെന്നുള്ള മി. മഹമ്മദിൻെറ അഭിപ്രായത്തെ ഞാൻ ബലമായിട്ടും പിന്താങ്ങിക്കൊള്ളുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): സർ, മി. മഹമ്മദിൻെറ പ്രമേയത്തെ ഞാനും ഹാർദ്ദമായി പിൻതാങ്ങിക്കൊള്ളുന്നു. ഈ രാജ്യത്തിൻെറ പലഭാഗങ്ങളിലും പലമാതിരി വ്യവസായം നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഏതേതുതരത്തിലുള്ള വ്യവസായങ്ങൾ ഏതെല്ലാംസ്ഥലങ്ങളിൽ നടക്കുന്നുണ്ടെന്നു തീർച്ചയായിട്ടു എനിക്കു പറയാൻ സാധിക്കയില്ല. എന്നാൽ എൻെറ സ്ഥലത്തു നടക്കുന്നവയെപ്പററി പറയാം. അവിടെ പരമ്പവ്യവസായം നല്ലസ്ഥിതിയിൽനടന്നുവരുന്നുണ്ട്. അതിലേക്കു ആവശ്യമുള്ള ഈററ മലകളിൽനിന്നും കൊണ്ടുവരുന്നതിൽനിന്നും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്കു ഒരു ലക്ഷം രൂപയോളം കിട്ടിവരുന്നുണ്ട്.

മി. ആർ. ധനുക്കോടിപിള്ള (വനംകൺസർവേറർ): അതു പന്തീരായിരം രൂപയെയുള്ളു. മെമ്പർ പറയുംപോലെ ഒരു ലക്ഷം ഇല്ല.

പ്രസിഡൻറ: ൧൨൦൦൦ രൂപയെ ഇതിൽനിന്നും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലേക്ക് ആദായമായി കിട്ടിവരുന്നുള്ളു എന്നു കൺസർവേറർ പറയുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഇതിനെപ്പററി തീർച്ചയായിട്ടു മെമ്പർക്കാ എനിക്കോ പറയാൻസാധിക്കുമെന്നുതോന്നുന്നില്ല.

പ്രസിഡൻറ: കൺസർവേറർ തീർച്ചയായിട്ടു തന്നെ പറയുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഈ വ്യവസായം ക്രമേണ ക്ഷയിച്ചു ക്ഷയിച്ചാണുവരുന്നതു. ഇതിൽനിന്നും ഉണ്ടാകുന്നവരവ് സാധാരണ വിദേശരാജ്യങ്ങളിലേക്കു കയററുമതിചെയ്യുന്ന ഒരു സാധനത്തിൽ നിന്നാണ്. അങ്ങിനെയുള്ള വ്യവസായത്തിൻെറ സ്ഥിതിയെക്കുറിച്ചു അന്വേഷിക്കുന്നതിന് ഉതകത്തക്കവണ്ണമുള്ള ഒരു കമ്മററി ഏർപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി മി. മഹമ്മദിൻെറ പ്രമേയത്തെ ഞാൻപിൻതാങ്ങുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, മി. പി. എസ്സ്. മഹമ്മദിൻെറ പ്രമേയത്തോടു ഞാനും യോജിച്ചുകൊള്ളുന്നു. കായലോരത്തു താമസിക്കുന്ന അനേകായിരം സാധുക്കളുടെ പ്രധാനമായ ഉപജീവനമാർഗ്ഗം ഈ കയറുവ്യവസായമാണ്. നമ്മുടെ വ്യാപാരകേന്ദ്രമായ ആലപ്പുഴപട്ടണത്തിൽ നാട്ടുകാരായ പല വ്യാപാരികളെ ഈ വ്യവസായം നടത്തുന്നുള്ളു എന്നുകേട്ടതിൽ അതിയായ മനസ്താപമുണ്ട്. നമ്മുടെ രാജ്യത്തിൽ പാശ്ചാത്യവിദ്യാഭ്യാസമില്ലാത്തവരും എന്നാൽ വ്യാപാരത്തിൽ നല്ലപരിചയം സിദ്ധിച്ചവരുമായ അനേകം ആളുകളുണ്ട്. നമ്മുടെ രാജ്യത്തുണ്ടാക്കുന്ന കയറുമുഴുവനും ആലപ്പുഴപട്ടണത്തിൽ ചെന്നാണ് കയററുമതിചെയ്യുന്നതു. ഹാരിസൻക്രാസ് ഫീൽഡ് കമ്പനിക്കാർ മാത്രമേ കൊല്ലത്തുനിന്നും സാമാനങ്ങൾ കപ്പലിൽ കയററി അയക്കുന്നുള്ളു. ആലപ്പുഴയുള്ള വമ്പിച്ച യൂറോപ്യൻ കച്ചവടക്കാരുമായിട്ടു കിടപിടിച്ചു നിൽക്കുന്നതിനുള്ള ശക്തി ഇല്ലാത്തതുനിമിത്തമാണ് നാട്ടുകാരായ കച്ചവടക്കാരുടെ എണ്ണം പല ആയി കുറഞ്ഞുപോയതു. ഈ വ്യവസായം നടത്തിക്കൊണ്ടിരുന്ന അനേകംപേർ നിർദ്ധനന്മാരായിട്ടു പോയിട്ടുണ്ട്. ഇതിനുകാരണം ധനസഹായത്തിൻെറ കുറവാണ്. ഡവലപ്പുമെൻറ ബോർഡു ഇത്രയും കാലമായിട്ടു ഇതിനു ഒരു പരിഹാരമാർഗ്ഗം കണ്ടുപിടിക്കയോ ഗവൺമെൻറുതന്നെ ഇതിനു ധനസഹായം ചെയ്യുകയോ ചെയ്തിട്ടില്ലാഎന്നു ഞാൻവിചാരിക്കുന്നു, എങ്കിലും ഇതിനെപ്പററി അന്വേഷിക്കാൻ ഒരു കമ്മററി ഏർപ്പെടുത്തണമെന്ന് ശുപാർശചെയ്തിട്ടുള്ളതായിട്ടു അറിയുന്നു. ഗവൺമെൻറ വേണ്ടസഹായം ചെയ്താൽ മാത്രമെ ഈ വ്യവസായം അഭിവൃദ്ധിപ്പെടുകയൊള്ളു.

ഇതിനേക്കാളും ഏററവും പ്രധാനമായ ഒന്നാണു നമുക്കു വിദേശത്തു ഒരു ഏജൻറുണ്ടായിരിക്കണമെന്നുള്ളത്.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഗവൺമെൻറ എന്തുസഹായമാണുചെയ്യേണ്ടതു?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ഈ വ്യവസായത്തെ മുന്നോട്ടുകൊണ്ടുവരാൻ എന്തെല്ലാം സഹായങ്ങൾചെയ്യാമോ അതൊക്കെചെയ്യണം.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): എങ്ങിനെയാണു സഹായിക്കേണ്ടതു?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതുഗവൺമെൻറിനോടുചോദിക്കണം.

മി. പി. എസ്സ്. മഹമ്മത് (നിയമിക്കപ്പെട്ടമെമ്പർ): ഇതിലേക്ക ഒരുകമ്മിററി ഏർപ്പെടുത്തിയാൽ ആ കമ്മററിക്കുതന്നെ ഉപജനിർദ്ദേശങ്ങൾ കൊടുക്കാൻ സാധിക്കയില്ലയോ?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കമ്മററിക്കുതന്നെ ഉപജനിർദ്ദേശങ്ങൾ കൊടുത്തുഗവൎമ്മെൻറിനെ ഉണർത്തിക്കാൻ സാധിക്കും. എന്നാൽ ഇതിലേക്ക പ്രത്യേകമായിട്ട ഒരുകമ്മിററി ഏർപ്പെടുത്തുന്നതിന മുമ്പായിട്ട ധനപരിപോഷണബോർഡിൻറനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയേണ്ടിയിരിക്കുന്നു.

ഈ കയറുവ്യവസായംപോലെതന്നെ മററനേകം വ്യവസായങ്ങളും ഇവിടെയുണ്ട്.

മി. പി. എസ്സ്. മഹമ്മത് (നിയമിക്കപ്പെട്ടമെമ്പർ): കമ്മററി ആവശ്യമാണെന്നോ ആവശ്യമില്ലെന്നോ ഏതാണു മെമ്പറുടെ അഭിപ്രായം?

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): കമ്മററി വേണമെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞല്ലൊ?

കയറുപോലെതന്നെ ഇവിടെയുള്ള കശുമാങ്ങകൾ മുഴുവൻ പാശ്ചാത്യരാണ് കൊണ്ടുപോകുന്നത്. ഇതുവരെയും ഈ കശുമാങ്ങകൾ വിദേശങ്ങളിലേക്ക നാട്ടുകാർ അയച്ചിട്ടുണ്ടോ എന്ന സംശയമാണ്. അതു മുഴുവനും വിദേശവ്യാപാരികളാണ് കച്ചവടം ചെയ്യുന്നത്. അതുപോലെ മററനേകം സാധനങ്ങൾ നമ്മുടെനാട്ടുകാർക്കു ലഭിക്കാതെ വിദേശിയർ കൊണ്ടുപോകുന്നുണ്ട്. ഇതിനെ പരിഹരിക്കുന്നതിന നമ്മുടെ ചില ഏജൻറന്മാരെ വിദേശങ്ങളിൽ താമസിപ്പിക്കയും നമ്മുടെ ചരക്കുകൾ ആ ഏജൻറന്മാർമുഖാന്തിരം കയററുമതിചെയ്യുകയും വേണം. എന്നാൽ ഗവൎമ്മെൻറ ഇങ്ങനെ ഒരു കമ്മററി ഏർപ്പെടുത്തി ആ കമ്മററിയുടെ നിർദ്ദേശമനുസരിച്ചുള്ള ധനസഹായം ചെയ്യാതിരുന്നാൽ ഈ കമ്മററി ഏർപ്പെടുത്തിയതുകൊണ്ടു കയറ ട്രാവങ്കൂർ അലവൻസും കൊടുക്കാമെന്നല്ലാതെ ഒരു പ്രയോജനവുമില്ല. അതിനാൽ ഗവൎമ്മെൻറ അതിനു തയാറുണ്ടെങ്കിൽമാത്രം ഈ കമ്മററി ഏർപ്പെടുത്തിയാൽ മതിയെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ മഹമ്മതിൻെറ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവൎമ്മെൻറുഭാഗത്തുനിന്നും എന്താണു പറയുന്നതെന്നു ഞങ്ങൾക്ക അറിഞ്ഞാൽകൊള്ളാമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): കൌൺസിലിൽ ഇപ്പോൾ വാദപ്രതിവാദത്തിനു വിഷയമായ പ്രമേയത്തെ അനുകൂലിച്ചവരുടെ പ്രസംഗങ്ങൾ ഞാൻ അതിതാല്പര്യത്തോടെ കേട്ടുകൊണ്ടിരുന്നു. കയർവ്യവസായം ഒരു പ്രധാനമായിട്ടുള്ള വ്യവസായമാണെന്നു നിസ്സംശയംപറയാം. ഇതു ഒരു കുടിൽവ്യവസായവും ഒരു യന്ത്രവ്യവസായവും ആയിരിക്കുന്ന ഒരു പ്രത്യേകസ്വഭാവമുണ്ട്. തൊണ്ടുതല്ലുംവരെ, അതായതു ചകിരിപിരിച്ചു കയറാക്കുന്നതുവരെ ഇതു ഒരു കുടിൽവ്യവസായവും വളരെ കുടുംബങ്ങൾക്ക ഉപജീവനമാർഗ്ഗവും ആകുന്നു. അതിനുശേഷം ഇതു ഒരുതരം യന്ത്രവ്യവസായമായിപറയാം. ഇപ്രകാരമിരിക്കെ ഈ വ്യവസായത്തിന എന്തെങ്കിലുംദോഷം നേരിട്ടെന്നപക്ഷം അതിനെ നിവാരണംചെയ്വാൻ ഗവൎമ്മെൻറ സംശയംകൂടാതെ യത്നിക്കുന്നതാണ്. പ്രമേയത്തെ അനുകൂലിച്ചുപറഞ്ഞ മെമ്പറന്മാരുടെ അഭിപ്രായങ്ങളിൽ അന്തർഭവിച്ചുള്ള കാര്യങ്ങളെപ്പററി ഞാൻ പറയണമെന്നു ആഗ്രഹിക്കുന്നില്ല. എന്തെന്നാൽ ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള കാര്യത്തെപ്പററി നിരൂപിക്കാൻ ഗവൎമ്മെൻറ ഒരു കമ്മററിയെ നിയമിക്കുന്നുണ്ട്. കമ്മററി നിശ്ചയിക്കാൻപോകുന്ന തീരുമാനങ്ങൾ കാലേക്കൂട്ടി അറിയേണ്ട ആവശ്യമില്ലെന്നാണു എൻെറ അഭിപ്രായം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആരെല്ലാം അടങ്ങിയ ഒരു കമ്മററിയാണെന്നു മെമ്പറിനു അറിവുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ധനപരിപോഷണബോർഡ് ആവശ്യപ്പെട്ടതായ അഭിപ്രായങ്ങൾ ഗവൎമ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കയാണ്. കമ്മററി രൂപീകരണത്തിൽ എന്തു തീരുമാനങ്ങളാണ് ഗവൎമ്മെൻറുചെയ്വാൻപോകുന്നതു എന്നു എനിക്കറിഞ്ഞുകൂടാ. എന്നാൽ ഈ പ്രമേയത്തിലെ കാര്യങ്ങളെപ്പററി അന്വേഷണംചെയ്വാൻ ഒരു കമ്മററിനിയമിക്കപ്പെടും എന്നു ഉറപ്പായിപറയാൻകഴിയും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കയർവ്യവസായത്തെമാത്രം ഉദ്ദേശിച്ചു കമ്മററി ഏർപ്പെടുത്തണമോ അതല്ല അതിൽ മററുവ്യവസായങ്ങളും ഉൾപ്പെടുമോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): കൌൺസിലിലുള്ള പ്രമേയം കയറും കയറുവ്യവസായവുമാണ്.

പ്രസിഡൻറ്: മിസ്റ്റർ കേശവപിള്ള കച്ചവടക്കാരുടെ ഇടയ്ക്ക "മാററ്", "മാററിങ്ങ്സ്" എന്നതിനു ഒരു പ്രത്യേകഅർത്ഥം ഉണ്ട്. അതു കയറും കയറുപായും ഉദ്ദേശിച്ചാണ് പറയപ്പെടുന്നത്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പ്രമേയത്തിൽ അങ്ങിനെകാണുന്നില്ല.

പ്രസിഡൻറ്: നിങ്ങളെ അതു പറവാൻ സമ്മതിച്ചു എന്നുമാത്രമേയുള്ളു. പാടില്ലെന്നു വിരോധിക്കാമായിരുന്നു. എന്നാൽ ഞാൻ അതു ചെയ്തില്ല.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ധനപരിപോഷകകമ്മററി ശുപാർശചെയ്തതുപോലെ ഒരു കമ്മററി ഈകാര്യത്തിൽ നിയമിക്കപ്പെടും എന്നു ഞാൻ കൌൺസിലിനെ ബലമായി ധരിപ്പിക്കുന്നു. മെമ്പർ പ്രമേയത്തെ പിൻവലിക്കണമെന്നു ഞാൻ ആശിക്കുന്നു.

മി. പി. എസ്സ് മഹമ്മത് (നിയമിക്കപ്പെട്ടമെമ്പർ): ഗവൎമ്മെൻറുഭാഗത്തുനിന്നും കമ്മററി ഏർപ്പെടുത്താമെന്നു അറിയിക്കുന്നതുകൊണ്ടു ഞാൻ പ്രമേയം പിൻവലിച്ചിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവൎമ്മെൻറ ഈ പ്രമേയത്തെ സ്വീകരിക്കുമോ?

പ്രസിഡൻറ: ഒരുമാതിരി—ഒരു ഉറപ്പുതന്നുകഴിഞ്ഞല്ലോ.

മെമ്പറിൻെറ പ്രമേയത്തെ പിൻവലിക്കുന്നതിനു കൌൺസിൽ സമ്മതിക്കുന്നോ?

പ്രമേയം സമ്മതപ്രകാരം പിൻവലിക്കപ്പെട്ടു.

വിദ്യാർത്ഥികളുടെ പാഠപദ്ധതി പരിശോധന.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): രാജ്യത്തിലെ എല്ലാ ഇംഗ്ലീഷ് മലയാളം സ്കൂളുകളിലും ഏതെങ്കിലും ഒരു വ്യവസായവിഷയവും അത്യാവശ്യം വേണ്ടിടത്തുന്നകായികാഭ്യാസവും നിർബന്ധപാഠ്യവിഷയമാക്കണമെന്നും ഇതിൽ വ്യവസായം അതാതുസ്ഥലത്തെ ഏറ്റവും പ്രയോജനകരമായ ഒരു വ്യവസായമായിരിക്കണമെന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയായതിനോടുകൂടി ആ വ്യവസായത്തിലും മറ്റും വിദ്യാർത്ഥികൾക്കു പൂർണ്ണപരിചയം ഉണ്ടായിരിക്കത്തക്ക പാഠപദ്ധതി നിർദ്ദേശിക്കണമെന്നും വരുന്ന വർഷാരംഭത്തിൽതന്നെ ഈ ഏർപ്പാട് നടപ്പിൽവരുത്തണമെന്നും ഈ സഭ ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു.

സർ, ഗവൺമെന്റ് വിദ്യാഭ്യാസവിഷയത്തിൽ വളരെ ശുഷ്കാന്തിയായി പ്രവർത്തിക്കുന്നുണ്ടെന്നുള്ള സംഗതി ഏവരെയും ഞാനും സമ്മതിക്കുന്നു. എന്നാൽ വിദ്യാർത്ഥികളുടെ ശാരീരികമായസ്ഥിതി ഒരുവിധത്തിലും തൃപ്തികരമായിരിക്കുന്നില്ലെന്നും അങ്ങിനെ തൃപ്തികരമായിരിക്കുന്നതിനു ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ലെന്നുമുള്ള സംഗതികളെ പ്രസ്താവിക്കുന്നതിനാണ് ഞാൻ ഈ പ്രമേയംകൊണ്ടുവന്നിരിക്കുന്നത്. എത്ര വിദ്യാഭ്യാസമുണ്ടെങ്കിലും ശരീരമില്ലെങ്കിൽപിന്നെയൊന്നുമില്ല. അതുകൊണ്ട് ഈ വിഷയത്തിൽ ഗവൺമെന്റ് ഗൗരവമായി ശ്രദ്ധിക്കണം. ചില ഇംഗ്ലീഷ് മലയാളം പള്ളിക്കൂടങ്ങളിൽ കായികാഭ്യാസത്തിനു വേണ്ടതെല്ലാം ചെയ്യുന്നുണ്ട്. എന്നാൽ എല്ലാസ്കൂളുകളിലുമില്ല. ഇങ്ങനെ ചിലസ്കൂളുകളിലുണ്ടെങ്കിലും ശരീരപുഷ്ടിക്കു ഉപയോഗപ്പെടത്തക്കവിധത്തിലുള്ള കായികാഭ്യാസം ഇല്ലെന്നു തീർച്ചയായും പറയാം.

ഇതിനുപുറമെ വിദ്യാർത്ഥികളെ വെള്ളത്തിൽ നീന്തുന്നതിനു പരിശീലിപ്പിക്കഎന്നുള്ള സംഗതി ഏറ്റവും പ്രധാനമായ ഒന്നാണ്. വെള്ളത്തിൽ പരിചയമില്ലാത്തതുകൊണ്ടു അടുത്തകാലത്തു പല വിദ്വാന്മാരും ഡിഗ്രി എടുത്തിട്ടുള്ള പല ആളുകളും വെള്ളത്തിൽ മുങ്ങിമരിച്ചതായിട്ടു എനിക്കറിയാം. അടുത്തകാലത്തുതന്നെ ആർട്ടസ്‌കാളേജിലെ ഒരു വിദ്യാർത്ഥി വെള്ളത്തിൽമുങ്ങി മരിച്ചതായിട്ടുകേട്ടു. ഇങ്ങനെയുള്ള ആളുകളെ രക്ഷിക്കുന്നതിനു ഗവൺമെന്റ് വിചാരിച്ചാൽ നിഷ്പ്രയാസം സാധിക്കും. പത്തു ദിവസം പരിചയിപ്പിച്ചാൽ നല്ലപോലെ അഭ്യസിക്കാൻ സാധിക്കും. മഹാകവി കുമാരനാശാൻ മുതൽപേർക്കുതന്നെയും വെള്ളത്തിലുള്ള പരിചയം ഉണ്ടായിരുന്നെങ്കിൽ അവർ ഇങ്ങനെ മുങ്ങിമരിക്കയില്ലായിരുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ടമെമ്പർ): കുമാരനാശാനു നീന്തൽ പരിചയമില്ലായിരുന്നു എന്നാണോ വിചാരിക്കുന്നത്?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): വെള്ളത്തിൽ പരിചയമില്ലായിരുന്നു എന്നുതന്നെ ഞാൻ വിചാരിക്കുന്നു.

മി. മുറിമഠത്തിൽ പാച്ചുപിള്ള (ചേർത്തല): കുമാരനാശാനെപ്പോലെതന്നെ മററുപലരും മരിച്ചിട്ടുണ്ടെന്നു അറിയാമോ? ഉണ്ടെങ്കിൽ അവരിൽ ഒരുത്തനുംതന്നെ വെള്ളത്തിൽ പരിചയമുള്ളവരുണ്ടായിരുന്നില്ലേ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): പലരും മരിച്ചിട്ടുണ്ട് അവർക്കെല്ലാം വെള്ളത്തിൽ പരിചയമില്ലായിരുന്നു എന്നുമാത്രമല്ല ഈ ഹാളിൽ ഇരിക്കുന്നവരിൽ പലർക്കും വെള്ളത്തിൽ പരിചയമില്ലെന്നാണ് ഞാൻ വിചാരിക്കുന്നതു (ചിരി) അതുകൊണ്ടു ഈ കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അത്യാവശ്യം വേണ്ട കായികാഭ്യാസം എന്നു പറഞ്ഞതു— ഈ വെള്ളത്തിലുള്ള പരിചയമാണൊ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): മററു കായികാഭ്യാസങ്ങൾ ശരീരപുഷ്ടിക്കും വെള്ളത്തിലുള്ള പരിചയം ജീവരക്ഷക്കുമാണ്. ഇതു രണ്ടുംകൂടി ഉൾപ്പെടുത്തിയാണ് ഞാൻ പറഞ്ഞതു.

മി. പി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ല): ഓരോ പള്ളിക്കൂടത്തിലും ഓരോ കുളംവീതം ഉണ്ടായിരിക്കണമെന്നാണോ മെംബർ പറയുന്നതു?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): ഓരോ പള്ളിക്കൂടത്തിലും ഓരോ കുളംവേണമെന്നില്ല. വെള്ളം സൌകര്യമുള്ളസ്ഥലങ്ങളിൽ കുളത്തിന്റെ ആവശ്യമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ആറായാലുംപോരേ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): ആറായാലുംമതി.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്ട്): വ്യവസായപരമായ വിദ്യാഭ്യാസവും നിർബന്ധിതമാക്കണം. ഇന്നു തൊഴിലില്ലായ്മ ഇവിടെ വർദ്ധിച്ചുവരുന്നതിനുള്ളകാരണം വ്യവസായപരമായ വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ടാണെന്നുള്ളതു ഞാൻ പറയാതെതന്നെ സ്പഷ്ടമാണല്ലൊ. വ്യവസായപരമായ വിദ്യാഭ്യാസത്തിനു ഒരു പദ്ധതിനിശ്ചയിച്ചു അതാതുപ്രദേശങ്ങൾക്കു പററിയതരത്തിൽ വിദ്യാർത്ഥികൾ സ്കൂൾഫൈനൽ പാസ്സാകുന്നതുവരെയായുമൊരു ഒരു കാലവും നിർണ്ണയിച്ചു പഠിപ്പിക്കണം. വടക്കൻതിരുവിതാംകൂറിൽ ഈററവ്യവസായം അതിപ്രധാനമാണ്. അതുപോലെ തിരുവിതാംകൂറിന്റെ ഓരോ ഭാഗങ്ങളിലും ഓരോ വ്യവസായങ്ങളുണ്ടല്ലോ. ഇങ്ങനെ അവ അഭ്യസിപ്പിക്കയാണെങ്കിൽ ഇവിടത്തെ തൊഴിലില്ലായ്മക്കു ഒരു പരിഹാരം ഉണ്ടാകുന്നതാണ്. ഇങ്ങനെയായാൽ ഉദ്യോഗാർത്ഥികളായിചെല്ലുന്ന യുവാക്കന്മാർക്ക് ഉദ്യോഗംലഭിച്ചില്ലെങ്കിൽ അവരഭ്യസിച്ചിട്ടുള്ള ഏതെങ്കിലും തൊഴിലിൽപ്രവേശിച്ചു കാലക്ഷേപം ചെയ്തുകൊള്ളും. എന്നാൽ ഇപ്പോൾ അതിനു നിവൃത്തിയില്ല. ഒരുതൊഴിലും അവർക്കു അറിഞ്ഞുകൂടാ. ഈ സംഗതിയെപ്പററി ഉദ്യോഗസ്ഥമെമ്പർമാരും അനുദ്യോഗസ്ഥമെമ്പർമാരും ആലോചിച്ചു ചിന്തിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): സർ, മി. ഇട്ടീച്ചന്റെ പ്രമേയത്തെ ഞാനും ഹാർദ്ദമായി പിൻതാങ്ങുന്നു. അതോടുകൂടി എനിക്കു ഒന്നുരണ്ടുസംഗതികൾ ഈ കൌൺസിലിന്റെ മുമ്പാകെ പ്രസ്താവിക്കാനുണ്ട്. വിദ്യാഭ്യാസവകുപ്പിൽ പല ഭേദഗതികളും തീർച്ചയായിട്ടും തിരുവിതാംകൂറിലെ ജനവിഭാഗങ്ങളുടെ ശ്രേയസ്സിനുവേണ്ടി ചെയ്യേണ്ടതുണ്ട്. അതിനെ പുരസ്കരിച്ചു ഇന്നു ഗവൺമെന്റുഡയറക്ടറോ-

പ്രൊഫസർമാരോ, ഇൻസ്പെക്ടർമാരോ ആരുംതന്നെ യാതൊന്നും ചെയ്തിട്ടില്ല എന്നു നിഷ്കൃഷ്ടമായി [illegible] പറഞ്ഞുകൊള്ളുന്നു. ഇന്നു തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിൽ നടന്നുവരുന്ന സംഗതികൾ വളരെ ലജ്ജാകരമാണ്. ഈ തിരുവിതാംകൂറിൽ ബലമായ ഒരു കൌൺസിലോ, ഒരു ബലവാനായ ദിവാൻജിയോ ഉണ്ടായിരുന്നുവെങ്കിൽ ഈമാതിരി അഴിമതികൾ ഡിപ്പാർട്ടുമെന്റദ്ധ്യക്ഷന്മാർ നടത്തുകയില്ലെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ.

പ്രസിഡന്റ്: മി. കേശവപിള്ള, അകാര്യങ്ങളെപ്പററി പറയണമെന്നില്ല. കൌൺസിലിൽ ഒരു പ്രമേയം ഉണ്ട്. അതിനെസംബന്ധിച്ചു പറയണം.

മി. ജി. സി. കേശവപിള്ള (കൽക്കുളവും വിളവൻകോടും): കുടിൽവ്യവസായപരമായ ഏതാനും ഭേദഗതികൾ ചെയ്യേണ്ട നിർദ്ദേശങ്ങൾ ഡയറക്ടർ അവർകൾ ഗവണ്മെന്റിന്റെ മുമ്പാകെ സമർപ്പിക്കണം. ഇന്നത്തെ വിദ്യാഭ്യാസം കേവലം ഡിഗ്രിഎടുത്തുകൊണ്ടു പ്രായപൂർത്തിവന്ന ആളുകൾ അങ്ങുമിങ്ങും തെണ്ടിനടക്കുന്നതിനുമാത്രം സൌകര്യമുള്ള ഒരു രീതിയിലാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. അതിനാൽ പരീക്ഷ പാസായിക്കഴിഞ്ഞാൽ ഉദ്യോഗം കിട്ടാത്തപക്ഷം വ്യവസായംകൊണ്ടു തന്റെ ഉപജീവനം കഴിച്ചുകൊണ്ടുപോകത്തക്കനിലയിലുള്ള ഒരു വിദ്യാഭ്യാസം നൽകുന്നതിനു വേണ്ട പദ്ധതികൾ രൂപീകരിക്കുന്നതിൽ ഡയറക്ടർ പ്രത്യേക ദൃഷ്ടിപതിക്കണം. ഇപ്രകാരമുള്ള ആദർശത്തോടുകൂടി വിദ്യാഭ്യാസമേധാവികൾ പ്രവർത്തിക്കുന്നപക്ഷം ഇവിടെ തൊഴിലില്ലായ്മയും ഉണ്ടാവുകയില്ലായിരുന്നു.

മി. ഇട്ടീച്ചൻ കായികാഭ്യാസം നിർബന്ധിതമാക്കണമെന്നു പറഞ്ഞു. ഇവിടെതന്നെ സ്കൌട്ട ഏർപ്പാടുണ്ട്. എന്നാൽ കായികാഭ്യാസവും കുടിൽവ്യവസായവും പ്രധാനമായിട്ട് കൃഷി കൈത്തൊഴിൽ ഇവയെ അടിസ്ഥാനപ്പെടുത്തി ഏർപ്പെടുത്തണം. അതിനനുസരണമായവിധത്തിൽ കരിക്കുലം ഭേദഗതിചെയ്യണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): മി. ഇട്ടൂപ്പ് ഇട്ടീച്ചൻ രണ്ടു കാര്യങ്ങളെ ലക്ഷ്യമാക്കി പുറപ്പെടുവിച്ചവാദം വളരെ താല്പര്യത്തോടും അനുകമ്പയോടുംകൂടി ഞാൻ കേൾക്കയുണ്ടായി. സംസ്ഥാനത്തെ എല്ലാ പള്ളിക്കൂടങ്ങളിലുമുള്ള കായികാഭ്യസനസൌകര്യങ്ങൾ നന്നാക്കിക്കൊണ്ടുവരുന്നതിനു കഴിയുന്നേടത്തോളമെല്ലാം പ്രവൃത്തിക്കുന്നതിൽ ഞാൻ മി. ഇട്ടൂപ്പ് ഇട്ടീച്ചന്റെയും പ്രമേയത്തെ അനുകൂലിക്കുന്നവരുടെയും ആഗ്രഹത്തിൽ അനുകമ്പയുള്ളവനാണെന്നു പറഞ്ഞുകൊള്ളുന്നു. വിദ്യാർത്ഥികളുടെ ഇടയിൽ ശാരീരികവ്യായാമത്തെപ്പററിയുള്ള ജുഗുപ്സയും നിരുത്സാഹവും ക്രമേണ കുറച്ചുകൊണ്ടുവരുന്നതിനും പഠനകാലശേഷം സുകുമാരകലാതൊഴിലുകളിൽ അവർ കൂട്ടംകൂട്ടമായി ചെന്നെത്താതിരിക്കുന്നതിനുമായി നമ്മുടെ പള്ളിക്കൂടത്തിലെ പാഠപദ്ധതിയിൽ പ്രായോഗികപ്രോത്സാഹനങ്ങളുള്ള സൌകര്യം ഉണ്ടാക്കണമെന്നു ആഗ്രഹിക്കുന്നവരിൽ ഞാനും ഒരാൾതന്നെയാണ്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റുസംബന്ധിച്ചേടത്തോളം അതിൽപെട്ട സർവരുടെയും അനുകമ്പയും സഹകരണവും ഉണ്ടെന്നുള്ളതിനെ സ്പഷ്ടമാക്കുന്നതിനും പ്രമേയം ഇപ്പോൾ വഹിക്കുന്ന സ്വരൂപത്തെപ്പററിയുള്ള എന്റെ നിരൂപണം തെററിദ്ധരിക്കാതിരിക്കുന്നതിനും ആയി മേൽ രണ്ടു പ്രസ്താവനകളും എന്റെ വിമർശനങ്ങൾക്കു പ്രാരംഭമായി പരസ്യമാക്കിയതാണ്. കൌൺസിലിൽ അവതരിപ്പിക്കപ്പെട്ട പ്രമേയം അതു അംഗീകരിച്ചിരിക്കുന്ന മാതിരി നോക്കിയാൽ അതു സ്വീകരിക്കപ്പെടുവാൻ പാടുള്ളതല്ല. അദ്ദേഹത്തിന്റെ വിമർശനകളുടെകൂട്ടത്തിൽ അദ്ദേഹം പ്രമേയത്തിന്റെ അന്ത്യഭാഗത്തെപ്പററി യാതൊന്നും ഊന്നിപ്പറയുകയുണ്ടായില്ലെന്നുള്ളതു ഓർമ്മിക്കേണ്ട ഒരു കാര്യമാണ്. അതായതു്,

"സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാവതിനോടുകൂടി ആ വ്യവസായത്തിലും മററും, വിദ്യാർത്ഥികൾക്കു പൂർണ്ണപരിചയം ഉണ്ടായിരിക്കത്തക്ക പാഠപദ്ധതി നിർദ്ദേശിക്കണമെന്നും, വരുന്ന വർഷാരംഭത്തിൽതന്നെ ഈ ഏർപ്പാടു നടപ്പിൽവരുത്തണമെന്നും" അതായതു, അടുത്ത ടേമാരംഭംമുതൽക്കു വേണമെന്നാണ്. ഈ വാചകം പ്രമേയത്തിന്റെ ഒരു പ്രധാനഭാഗമാകുന്നസ്ഥിതിക്ക്, പ്രമേയം സ്വീകരിക്കുന്നതായാൽ ഈ ഭാഗവും സമ്മതിച്ചതായിവരും. ഇതു ഒട്ടുംതന്നെ സാദ്ധ്യമായിവരുന്നതല്ല. മി. ഇട്ടൂപ്പ് ഇട്ടീച്ചന്റെ പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന പ്രധാനകാര്യങ്ങൾ ഏതുനിലയിൽ ഇരിക്കുന്നു എന്നു ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളുന്നു. ആദ്യമായി കായികാഭ്യസനത്തെപ്പററിയാണ്. അദ്ദേഹം പറയുന്നതു "അത്യാവശ്യം വേണ്ടിവരുന്ന കായികാഭ്യാസം' നമ്മുടെ സ്കൂളുകളിൽ "നിർബന്ധപഠനവിഷയ"മാക്കണമെന്നാണ്. "അത്യാവശ്യം വേണ്ടിവരുന്ന" എന്ന വാക്കുകൾക്കു ഇപ്പോഴത്തെ രീതിയെ അനുകൂലിച്ചാണെങ്കിൽ ഒരർത്ഥവും ആക്ഷേപിച്ചാണെങ്കിൽ മറെറാരു അർത്ഥവും ആകാം. ഇപ്പോൾ അനുവദിക്കപ്പെട്ടിരിക്കുന്ന പാഠപദ്ധതിയിൽ കായികാഭ്യാസം ഒരു നിർബന്ധവിഷയം തന്നെയാണ്. അതു ഒരു ഐച്ഛികവിഷയമെ അല്ല. കായികാഭ്യാസം പലമാതിരിയിലാണ്. അതു ഡ്രിൽ, ജിമ്നാസ്റ്റിക്സ്, പന്തുകളി, ചില ബാലികാസ്കൂളുകളിൽ കലിസ്തനിക്സ് ഈ തരത്തിലാണ്. എന്നാൽ ഇപ്പോൾ സ്കൂളുകളിൽ കൊടുത്തുവരുന്ന കായികാഭ്യസനപഠനം നിങ്ങൾക്കു തൃപ്തികരമാണോയെന്നു ഒരുപടികടന്നു ചോദ്യം ചെയ്യുന്നപക്ഷം, തൃപ്തിയില്ലായെന്നു വിട്ടുപറയാൻ ഞാൻ സന്നദ്ധനാണ്. ലോകത്തൊട്ടുക്കു കായികാഭ്യസനരീതിക്കു വളരെ മാററങ്ങൾ ഭവിച്ചിട്ടുണ്ട്. കായികാഭ്യസനരീതിയും അതിന്റെ ഉദ്ദേശവും ഇടപെട്ട് ഇപ്പോഴുള്ള അറിവു പഴയതിനെ അപേക്ഷിച്ചു ഭേദം വ്യത്യസ്തമായിട്ടാണ് ഇരിപ്പ്. നമുക്കു [illegible] മാംസമുഷ്ടിക്കാരെ അല്ല ആവശ്യം. എന്നാൽ ഇപ്പോൾ ഉദ്ദേശിച്ചുവരുന്നതു്, ആളുകളെ രോഗംബാധിക്കാത്ത വിധത്തിൽ ഉറപ്പുള്ള ദേഹമുള്ളവരായി, ക്ഷീണത്തിനും അദ്ധ്വാനത്തിനും വശപ്പെടാത്തവിധത്തിൽ കരുത്തും ആരോഗ്യവും ഉള്ളവരാക്കിത്തീർക്കുന്നതിലേക്ക്, സാരമായ അഭ്യസനപഠനംകൊണ്ടു കായികശക്തിയുടെ ഐകമത്യം വർദ്ധിപ്പിച്ചുകൊണ്ടുവരണം എന്നുള്ളതാണ്. പ്രദർശിപ്പാനല്ല, ഉപയോഗിക്കാനാണ് പുഷ്ടിയുള്ള മാംസം അസ്ഥിമയമാക്കി ഉള്ളദേഹത്തെ ഉറപ്പിച്ചു ബലപ്പെടുത്തണം. ഈ നവീനകാലത്തു അനുകൂലിക്കേണ്ടതായ കായികാഭ്യാസം പഴയരീതിയിൽനിന്നും വ്യത്യസ്തമായിട്ടാണിരിക്കുന്നതു്. ആ കാര്യത്തിൽ നവീനസമ്പ്രദായം സ്വീകരിക്കുന്നതെങ്കിൽ നാം [illegible] തുടങ്ങേണ്ടതും സംസ്ഥാനത്തുള്ള സ്കൂളുകളിൽ നവീനരീതിയിൽ കായികാഭ്യസനം ലഭിച്ച, തക്കതായ ഇൻസ്ട്രക്ടർമാരെ നിയമിക്കേണ്ടതും ആകുന്നു. ആ ഉപദേശം കുറെ വിഷമമേറിയതും അല്ലെങ്കിൽ രണ്ടുമൂന്നുകൊല്ലങ്ങൾകൊണ്ടും സാധിച്ചുവരാൻ പ്രയാസമുള്ളതുമാണ്. കാര്യങ്ങളെ സംബ-

ന്ധിച്ച് ഒരു ക്രമമായ പ്രാരംഭക്രിയ നടത്തിട്ടുണ്ട്. സ്കൂൾ ഇൻസ്റ്റ്രക്ടറന്മാർക്ക് വേണ്ട പരിശീലനം കൊടുക്കുന്നതിനു മതിയാകുംവണ്ണം കായികാഭ്യാസനം സിദ്ധിച്ച ഇൻസ്റ്റ്രക്ടറന്മാരെ കിട്ടേണ്ട കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ബദ്ധമായി പതിഞ്ഞിട്ടുണ്ട്. എന്തെന്നാൽ നമുക്ക ആദ്യമായിട്ട പുതിയരീതി നടപ്പാക്കുന്നതിനുമുമ്പ് ശരിയായ ഇൻസ്റ്റ്രക്ടറന്മാരെ അതിലേക്ക ഉപാദ്ധ്യായന്മാരെ വേണ്ടതാണ്. ബ്രിട്ടീഷ് ഇൻഡ്യായിൽ ഈ ഏർപ്പാട് ഇപ്പോളിടമാത്രം നടപ്പിൽ വരുത്തീട്ടുള്ളതും അവിടെയും അതു വേണ്ടപോലെ വേരൂന്നാനിടയായിട്ടില്ലാത്തതുമാണ്. ഞാൻ ഇങ്ങനെ പറയുന്നതു ഈ കാര്യത്തിലുള്ള പരിഷ്കാരം മന്ദഗതിയിലെന്നുള്ളതു ഉദാസീനതകൊണ്ടല്ലെന്നും ഇക്കാര്യം എത്രയോ ഗൗരവമായ ആലോചനയിൽ ഇരിപ്പുള്ളതാണെന്നും കൌൺസിലിനെ ധരിപ്പിക്കാനാണ്.

മി. ഇട്ടീച്ചൻ, നമ്മുടെ വിദ്യാർത്ഥികൾക്ക നീന്തൽ പരിശീലനം കൊടുക്കേണ്ടതാണെന്നുള്ള ഒരു സാരമായ അഭിപ്രായം പറകയുണ്ടായി. നമ്മുടെ കുട്ടികൾക്ക ഈ നീന്തൽ അഭ്യസനം അതിപ്രധാനമായിട്ടുള്ളതാണെന്നുള്ള കാര്യത്തിൽ ഞാൻ അദ്ദേഹത്തോട പൂർണ്ണമായി യോജിക്കുന്നു. ഈ വ്യായാമം, വിശേഷിച്ച തിരുവിതാംകൂർപോലെയുള്ള രാജ്യത്തു ഓരോ ബാലന്റെയും ബാലികയുടെയും അഭ്യസനങ്ങളിൽ അവശ്യംവേണ്ടതായ ഒന്നാണെന്നുകൂടി ഞാൻ ഒരു പടികൂടി കടന്നു പറഞ്ഞുകൊള്ളുന്നു. എന്നാൽ വിദ്യാർത്ഥികളെ സംബന്ധിച്ച സ്കൂളിന്റെ വെളിയിൽ നടത്തപ്പെടേണ്ട കാര്യങ്ങളിൽ ഇതൊന്നായിട്ടുള്ളതും അങ്ങിനെ ഉപാദ്ധ്യായന്മാരെക്കാൾ മാതാപിതാക്കന്മാരെക്കൊണ്ട സാധിച്ചുപോരേണ്ടതും ഉദ്യോഗസ്ഥന്മാരെക്കാൾ അനുദ്യോഗസ്ഥന്മാരെക്കൊണ്ടു കൂടുതൽ സൌകര്യമായി നിർവഹിച്ചുപോരാവുന്നതുമാകുന്നു.

സ്കൂളുകൾ തമ്മിൽ നീന്തൽ മത്സരക്കളി ഏർപ്പെടുത്തി വിജയികൾക്ക സമ്മാനം കൊടുക്കുന്നതിനും മറ്റുമായി ഡിപ്പാർട്ടുമെന്റിൽനിന്നും ചിലതൊക്കെ ചെയ്യുന്നതിനു സാധിക്കുമെങ്കിലും അനുദ്യോഗസ്ഥപക്ഷത്തിൽ നിന്നും ഇവ നടത്തിപ്പോരുന്നതിനു കൂടുതൽ സൌകര്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ഏർപ്പാടുസംബന്ധിച്ച പലതും ചില്ലറകാര്യങ്ങൾ പറവാനുണ്ട്. ഏതായാലും മി. ഇട്ടീച്ചന്റെ അഭിപ്രായം വളരെ വിലയേറിയതാകകൊണ്ട അതു വിസ്തരിക്കാൻ ന്യായമില്ലെന്നു ആവർത്തിച്ചു പറഞ്ഞുകൊള്ളുന്നു.

സ്കൂളുകളുടെ ആവശ്യത്തിനായി കളിമൈതാനസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു ഗവൺമെന്റ ഇതുവരെ ചെലവിട്ട സംഖ്യ പ്രത്യേകമായി അനുബന്ധിച്ച വിവരം മെമ്പറന്മാർ അറിഞ്ഞിരിക്കും. അതുപോലെ ഏതെങ്കിലും ചുരുക്കം ഒരു നമുക്ക കിട്ടുകയാണെങ്കിൽ തന്നെ കൂടുതൽ ഇൻസ്റ്റ്രക്ടറന്മാരെ നമുക്കാവശ്യമുള്ളതുകൊണ്ട അതു മതിയാകുമോയെന്നുള്ളതും സംശയമാണ്. ഇതിലേക്ക ധാരാളം പണം ഉണ്ടാക്കുന്നതും അടുത്ത മാസത്തിൽ സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് ഇതു സാധിച്ചുപോരുന്നതും അസാദ്ധ്യവുമാണ്. പണംവേണമെന്നുള്ളതിനു പുറമെ കാലതാമസത്തിനും ഇടവരും. പണവും വേണ്ട സാമഗ്രികളും നമുക്കില്ലാതിരിക്കെ അവ കിട്ടിയാൽതന്നെ പ്രമേയത്തിൽ അഭിപ്രായപ്പെട്ടതനുസരിച്ചു ഉടനടി നടത്തപ്പെടുന്നതു അസാദ്ധ്യമെന്നു കാണിക്കാൻ ഇത്രയും ഊന്നിപ്പറഞ്ഞതാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര) : പഠനപദ്ധതിയിൽ നീന്തൽ അഭ്യാസനം ചേർക്കുന്നതിനെപ്പറ്റി എന്താണു പറയുന്നത്?

രാവുബഹദൂർ, കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ) : സ്കൂളുകളിൽ അതു നിർബന്ധവിഷയമാക്കുന്നതിനു എങ്ങിനെ സാധിക്കും? മെമ്പറിന്റെ സ്വന്തതാലൂക്കായ നെയ്യാറ്റിങ്കര സ്കൂളുകളിൽതന്നെ നീന്തൽ വ്യായാമത്തിനു സൌകര്യപ്രദങ്ങളായ സ്ഥലങ്ങൾ എത്രയുണ്ടെന്നു ഞാൻ മെമ്പറിനോടു ചോദിച്ചുകൊള്ളട്ടെ. സ്കൂളുകൾ മിക്കതും ജലാശയത്തിൽ നിന്നും കുറഞ്ഞതു രണ്ടുനാഴിക ദൂരെയാണ്. അതിൽതന്നെ ചില സ്ഥലങ്ങളിൽ ഗ്രീഷ്മകാലം വെള്ളം കിട്ടുവാൻ സാധിക്കയില്ല. അപ്പോൾ നീന്തൽവ്യായാമം എപ്രകാരം പാഠപദ്ധതിയിൽ ഒരു നിർബന്ധവിഷയമാക്കാം? കാര്യത്തിൽ അന്തർഭവിച്ച വിഘ്നങ്ങൾ കാണിക്കാനാണു ഇങ്ങിനെ പറഞ്ഞതു. സാധിച്ചുപോരാം എന്നു വിചാരിക്കുമ്പോൾ അതു പാഠപദ്ധതിക്കു വെളിയിൽ അനുദ്യോഗസ്ഥപ്രേരണാ സാഹസംകൊണ്ട സൌകര്യമായി നടത്താവുന്നതാണ്.

ഇതുപോലെ മുഖ്യപ്രാധാന്യമുള്ള മി. ഇട്ടീച്ചന്റെ പ്രമേയത്തിലെ മറ്റൊരു കാര്യത്തിലേക്ക പ്രവേശിക്കാം. മി. ഇട്ടീച്ചൻ പ്രസ്താവിച്ച മറ്റൊരു കാര്യം, അതായത് എല്ലാ വിദ്യാർത്ഥികൾക്കും ഒരു വ്യവസായത്തിൽ പരിശീലനം കിട്ടണമെന്നും, ആ വ്യവസായം അതാതു സ്ഥലത്തു ഏറ്റവും ഉപകാരപ്രദമായ കൃഷിവ്യവസായമായിരിക്കണമെന്നും ഉള്ളതിനെപ്പറ്റി എനിക്ക ഒന്നുരണ്ടു വാക്കുകൾ പറവാനുണ്ട്. കുറെ കൊല്ലങ്ങൾക്കുമുമ്പു കൃഷിപരിശീലനത്തിനു വ്യവസ്ഥപ്പെടുത്തിയിരുന്ന ഏതാനും മണിക്കൂറുകളിൽ, കുറച്ചുസമയം മാന്വൽട്രെയിനിങ്ങിൽപെട്ട നെയിത്തുജോലിക്ക നൽകാൻ സാധിക്കുമോ എന്നു പരീക്ഷിക്കയുണ്ടായി. ഏകദേശം പല സ്കൂളുകളിൽ ഇതു് ഏർപ്പെടുത്തി. ഓരോ സ്കൂളിലും ഒരു നെയിത്തുചക്രവും പഠിപ്പിക്കുന്നതിനു പരിചയിച്ച ഇൻസ്റ്റ്രക്ടറന്മാരും ഉണ്ടായിരുന്നു. വേണ്ടതെല്ലാം ഊർജ്ജിതത്തിൽ നടത്തുകയുണ്ടായി. വേണ്ട അന്വേഷണങ്ങൾ കൂടാതെ വില്ല. പരിശോധിച്ചപ്പോഴാണ് കാര്യം ഇതുകൊണ്ടു ഗുണമൊന്നുമില്ലെന്നു കണ്ടതു. അതുപിന്നെ നിർത്തേണ്ടിവന്നു. ഇപ്പോൾ, ഇതു്, വീണ്ടും ഊർജ്ജിതത്തിൽ ഈവക കാര്യങ്ങൾ ഇടനൽകണമെന്നു ആവശ്യപ്പെട്ടിരിക്കുന്നു. ബാലവിദ്യാർത്ഥികൾക്കാണെങ്കിൽ ഇതു ഒരു സങ്കടകരമായ കാര്യമാണ്. പ്രൈമറിസ്കൂളുകളിലെ മിക്ക കുട്ടികൾക്കും ഉച്ചഭക്ഷണമില്ലെന്നുള്ളകഥ മെമ്പറന്മാർക്ക അറിയാം. അവർക്ക അതിനുനിവൃത്തിയില്ല. ഡ്രിൽ ഉച്ചതിരിഞ്ഞ 3 മണിക്കാണ് നടത്തുന്നത്. വെറുംവയറുകളിൽ ഇതുപ്രയോഗിക്കുന്നതു ഒട്ടുംശരിയല്ല. ഉടൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളിൽ ഒന്നു കുട്ടികളുടെ ആരോഗ്യം സംബന്ധിച്ചാണ്.

മി. മത്ത്യു മുരിക്കൻ (വൈക്കം) : വ്യായാമംചെയ്യിപ്പിക്കുന്നതു ആരോഗ്യമുള്ള കുട്ടികൾക്ക മാത്രമെ പാടുള്ളു എന്നാണോ ഡയറക്ടരുടെ അഭിപ്രായം?

രാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ) : ഞാൻ പറയുന്നതു വേണ്ടതുപോലെ ആഹാരമില്ലാത്ത കുട്ടികൾക്ക കായികാഭ്യാസനം ദോഷമാണെന്നാണ്. ആരോഗ്യം പ്രധാനപ്പെട്ടതാണ്. മി. ഇട്ടീച്ചനോടുകൂടി കുട്ടികളുടെ ആരോഗ്യം ഒരു പ്രധാനകാര്യമെന്നുള്ളതിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു. കായികാഭ്യാസത്തിനു പുറമെ ശരിയായ ആഹാരംകൂടി ഏർപ്പെടുത്തേണ്ടതു അത്യാവശ്യമെ

അങ്ങുന്നുമാവും സമ്മതിക്കുന്നതാണ്. അർദ്ധപട്ടിണിയായ ബാലബാലികകൾക്ക വ്യായാമം നിർബന്ധിച്ചു കൊടുക്കുന്നതു നല്ല അപകടത്തിലും വരുത്താം. ഈ പ്രമേയത്തിൽ അടങ്ങിയിട്ടുള്ള [illegible] ചികിത്സയെ [illegible], [illegible] ഇപ്പോൾ ക്രമത്തിലധികം [illegible] മാനസികാദ്ധ്വാനം [illegible] ചെയ്തു, സ്വല്പം സമയം കൈത്തൊഴിലിനുകൂടി വിദ്യാർത്ഥികളെ ഒരു തൊഴിൽ ശീലിപ്പിച്ചു, അതിൽനിന്നും കിട്ടുന്ന ആദായം കൊണ്ട് മദ്ധ്യാഹ്നഭക്ഷണത്തിനു വല്ലതും കിട്ടുവാൻ ഇടവരേണ്ടതാണെന്നുള്ളതാണ്. ഈ സംഗതി അദ്ധ്യാപകന്മാർ കൂട്ടായി പ്രയത്നിച്ചായി കരുതേണ്ടതാണ്. ഉച്ചസമയത്തു നമ്മുടെ ഏതെങ്കിലും സ്കൂളിൽ നാം പോയി നോക്കുന്നപക്ഷം കുട്ടികളിൽ ൭൦-൮൦ ശതമാനം ഉച്ചസമയത്തു ഊണില്ലാതെ കഴിച്ചുകൂട്ടുന്നതു കാണാം. അപ്രകാരമുള്ളവർക്ക ഉത്സാഹത്തോടുള്ള വ്യായാമം [illegible] ഇടവരുത്തിനിടയാകും. അവരുടെ ഊൺ [illegible] കുട്ടികൾ [illegible] ഒരു ചക്രംവീതം കണക്കാക്കി [illegible] ഉദ്ദേശിക്കുന്നപക്ഷം [illegible] ഈ ഇനത്തിൽതന്നെ [illegible]. ഞങ്ങൾക്ക അയച്ചുകിട്ടിയ [illegible] ഒന്നിൽ [illegible] കുട്ടികൾക്ക ഉച്ചഭക്ഷണത്തിനു ദിവസംപ്രതി [illegible] സർക്കാരിൽനിന്നും കൊടുക്കേണ്ടതാണെന്നു ആവശ്യപ്പെട്ട ഒരു അഭിപ്രായം കണ്ടു. ഇതുകൊണ്ടു [illegible] ഒരു ചക്രംവീതം മതിയാകുന്നതല്ലെന്നാണ്. കുട്ടികളുടെ [illegible] വർഷത്തിൽ [illegible] ഈ [illegible] വേണ്ടിവരും. ഈ [illegible] സാധിക്കാതെ [illegible] കുട്ടികൾക്കു ഉച്ചഭക്ഷണം [illegible] ഏറ്റുമാത്രമേ, [illegible] ഈ കണക്കെല്ലാം കാണിച്ചു പറഞ്ഞതു എങ്കിലും ഞാൻ പറഞ്ഞതുപോലെ കുട്ടികൾക്ക ആഹാരം അത്യാവശ്യം. [illegible] മാർഗ്ഗമാണ്. [illegible] എന്റെ [illegible], നമ്മുടെ സ്കൂളുകളിൽ കൈത്തൊഴിലിനുവെച്ചിട്ടുള്ള [illegible] ഉപയോഗപ്പെടുത്തി സ്വീഡൻ, ഇംഗ്ലണ്ട് ഈ രാജ്യങ്ങളിലെപോലെ ഇവിടെ ഇപ്പോൾ നടക്കുന്നരീതിയെ മാററിവച്ചു, [illegible] നമ്മുടെ കുട്ടികളുടെ വാസനക്കു യോജിച്ചതും [illegible] ഒരു [illegible] നടപ്പാക്കണമെന്നാണ്. ഇതനുസരിച്ചുവരുന്ന [illegible] കൈത്തൊഴിൽ തിരഞ്ഞെടുത്തു ആഴ്ചയിൽ [illegible] പീരിയഡിൽ നിന്നും [illegible], കുട്ടികളെ പരിശീലിപ്പിക്കുന്നപക്ഷം നമ്മുടെ കുട്ടികളെ വ്യവസായശീലം പഠിപ്പിക്കുന്നതിനും പുറമെ, ക്ലാസ്സുസമയത്തുള്ള തൊഴിലഭ്യസനത്തിൽനിന്നും ഒരു ചെറിയ ആദായം കൂടി കിട്ടുവാൻ അവർക്ക ഇടയാകും. അതോടുകൂടി വ്യവസായത്തോടു കുട്ടികൾക്കുള്ള [illegible] അവരുടെ കണ്ണിനും കൈക്കും ഉണർവ്വുണ്ടാക്കയും, പഠിത്തത്തിലെ [illegible] തൊഴിൽ [illegible] ചെയ്യുന്നു. സ്ക്കൂളുകളിൽ ശരിയായി [illegible] വേണ്ട വ്യവസ്ഥചെയ്യുന്നതായാൽ ഉച്ചഭക്ഷണത്തിനുപുറമെ അവർക്ക വിദ്യാഭ്യാസത്തിനു വേണ്ടതായ ചിലവുകൂടി ഒരുവിധത്തിൽ [illegible] അവർക്ക സാധിക്കുന്നതാണ്. ഈവിധത്തിൽമാത്രമെ ഉച്ചഭക്ഷണത്തിനു [illegible] ഭയങ്കരമായ ചിലവു, കുട്ടികൾക്കു [illegible] നിവൃത്തിയുള്ളു. എന്റെ [illegible] ഇല്ലന്നുള്ളതു കാണിക്കാൻ [illegible]. ഈ [illegible] കാണിക്കുന്ന [illegible] (ഒരു [illegible]) [illegible] സ്കൂളിലെ കുട്ടികൾ, എന്റെ മേൽനോട്ടത്തിൽ [illegible] നിന്നും ഉണ്ടാക്കിയതാണ്, [illegible] കൗൺസിലിലെ [illegible]. അതിലെ [illegible] പിന്നീട്ടുണ്ട്, [illegible] ജോലിചെയ്തു നല്ലപോലെ അഭ്യസിക്കാത്ത കുട്ടികൾ [illegible] ... എന്റെ [illegible] നടത്തപ്പെട്ട പരിക്ഷണംകൊണ്ടു [illegible], [illegible] മിനിട്ടുസമയത്തെ ജോലികൊണ്ടു ഒരുകുട്ടിക്കു ഒരുദിവസം [illegible] (ചിരി) ഉണ്ടാക്കാൻ കഴിയും. എന്റെ നിർദ്ദേശമനുസരിച്ചു [illegible] ഒരുകുട്ടിക്ക് [illegible] കിട്ടാൻ സാധിക്കുന്നതാണ്. ഇതു ഒരു നിസ്സാരമായ തുകയാണെങ്കിലും നമ്മുടെകുട്ടികൾക്ക് [illegible] ഉണ്ടായിരിക്കും, [illegible] ഏർപ്പെട്ടാൽ [illegible] ബാലന്മാരിലും [illegible], അവരുടെ [illegible] ഉപയോഗിച്ചു [illegible] സാരമായ ആദായം ഉണ്ടാക്കാൻ ഇടവരും. [illegible] ഉദാഹരണമായിട്ടെ [illegible] പിന്നൽകൂടാതെ [illegible] ചേരുന്നതായിട്ടുണ്ട്.

മി. ഐ. സി. ചാക്കൊ പറഞ്ഞതുപോലെ കൃഷിവ്യവസായവും ഫാക്ടറിവ്യവസായവും ആയിട്ടുള്ള [illegible] ചില വ്യവസായങ്ങൾ ഉണ്ട്. നാം തിരഞ്ഞെടുക്കേണ്ടതു, ഈവിധം കൈത്തൊഴിലുകളാണ്. സ്ഥലത്തുള്ള അധികജനങ്ങളുടെ പരമ്പരവാസനാബലത്തെ അനുസരിച്ചുള്ള തൊഴിലും, സാമഗ്രികൾ എളുപ്പത്തിൽ കിട്ടുന്നതും ഉണ്ടാക്കിയ സാമാനങ്ങൾ ഉടനടി വിററഴിയുന്നതുമായ തൊഴിലുകളും തിരഞ്ഞെടുക്കണം. സംസ്ഥാനത്തിലെ പല സ്കൂളുകളിലും ഏതെതുവേലയാണ നല്ലതെന്നു കണ്ടുപിടിക്കാൻ [illegible] സാധിക്കുന്നതാണ്. ഇതെല്ലാം ചെയ്തുകഴിഞ്ഞാൽ നമ്മുടെ കുട്ടികളിൽ ഉത്സാഹം ജനിപ്പിച്ച് വൃഥാകളയുന്നസമയത്തു ആദായകരമായ തൊഴിലിൽ പ്രവേശിച്ചു ഇപ്പോൾ [illegible] അനുഭവിച്ചുവരുന്ന ദാരിദ്ര്യത്തിനു സ്വല്പം മോചനംകിട്ടാൻ ഇടയുള്ളതാണ്. ഇങ്ങനെചെയ്താൽ നമ്മുടെ സ്കൂളുകളിലെ ഉച്ചപ്പട്ടിണിക്കു ഒരു നിവാരണം ഉണ്ടാകുന്നതോടുകൂടി കുട്ടികളുടെ പുസ്തകത്തിനും ഫീസ്സിനുംവേണ്ടി ആ തൊഴിലിൽനിന്നും സ്വല്പം കിട്ടുന്നതാണ്. ഈ വക സംഗതികൾ ഞാൻതന്നെ ശ്രദ്ധാപൂർവ്വം ആലോചിച്ചിട്ടുള്ളതാണ്. കുട്ടിക്കും നാട്ടിനും യോജിക്കുന്ന തൊഴിൽ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ മി. ഈശ്വരൻ അഭിപ്രായപ്പെട്ടതുപോലെ എന്റെ മനസ്സിലും ഉദിച്ചതായി കൗൺസിലിനെ ഞാൻ ധരിപ്പിക്കുന്നു. [illegible] പ്രസിദ്ധിയുള്ള [illegible] സ്ഥലത്തു [illegible] നെയ്ത്തും [illegible] നടത്താവുന്നതാണ്. [illegible] കരിപ്പെട്ടി, [illegible] സ്ഥലത്തു കയറിൽ പലതരം വേലകൾ ഏർപ്പെടുത്താം. എന്നാൽ ഇവയെല്ലാം [illegible] വേണ്ട ആലോചനക്കുശേഷം ചെയ്യപ്പെടാവുന്നതാണ്. ഈ വിധം ഒരു നടപടി [illegible] വേണ്ട അന്വേഷണത്തിനുശേഷം കൈത്തൊഴിലുകളെ ഏർപ്പെടുത്തേണ്ടതും ആകയാൽ അന്വേഷണം പൂർത്തിയാക്കി നടപ്പിൽവരുത്തുന്നതിനു അടുത്ത സ്കൂൾ വർഷാരംഭത്തിനു മുമ്പു സാധിക്ക

ന്നതല്ലാ. മി. ഇട്ടീച്ചൻ അദ്ദേഹത്തിന്റെ പദ്ധതി അടുത്ത മേ മുതൽ നടപ്പാക്കണമെന്നു ആവശ്യപ്പെട്ടു. ഇതിനെപ്പററി ഞാൻ ദീർഘമായി പറകയും പ്രമേയം സ്വീകരിക്കുന്നപക്ഷം അതിനാലുണ്ടാകാവുന്ന അനുഭവദുർഘടങ്ങളെ ചൂണ്ടിക്കാണിക്കയും ചെയ്തിട്ടുണ്ട്.

ഞാൻ ഉപസംഹരിക്കുന്നതിനുമുമ്പ പറഞ്ഞുകൊള്ളുന്നതു, വിദ്യാഭ്യാസരീതിയും അതിന്റെ ആദർശവും സംബന്ധിക്കുന്ന മററു കാര്യങ്ങളെപ്പോലെ ഈവക കാര്യവും പഠനപദ്ധതി ഭേദഗതിയും വേണ്ടപോലെ ആലോചിക്കുന്നതിൽ ഡിപ്പാർട്ടുമെന്റിനു വൈമുഖ്യമോ അശ്രദ്ധയോ ഉണ്ടാകുന്നതല്ലെന്നാണ്. ഈ കാര്യങ്ങളിലുള്ള പ്രാധാന്യം ഗവർമ്മെന്റുകൂടി അറിയാതിരിക്കുന്നില്ല. അവയെ ആലോചിച്ചുകൊണ്ടുവരുന്നു. ഈ പ്രമേയം കൌൺസിലിൽവന്നു, അതിലെ മെമ്പറന്മാർകൂടി ആലോചിച്ചുതന്നെ ഒരു നല്ല ഭാവിയായി കരുതുന്നതും ഗവർമ്മെന്റും പൊതുജനങ്ങളും ഒരേതോതിൽ പോകുന്നതായും കാണുന്നു. മി. ഇട്ടീച്ചന്റെ പ്രമേയത്തിലുള്ള രണ്ടു പ്രധാനകാര്യങ്ങളും, മററു വിദ്യാഭ്യാസം സംബന്ധിച്ച കൂടുതൽ പ്രാധാന്യമുള്ളവയും മററും ഡിപ്പാർട്ടുമെന്റു മറന്നുപോകുന്നതല്ലെന്നു ധരിപ്പിക്കാനായി ഇത്രയും കൌൺസിലിനെ ധരിപ്പിച്ചതാണ്. അതുകൊണ്ടു ഉപക്ഷേപകനോടു അതിനെ പിൻവലിക്കണമെന്നഭിപ്രായപ്പെടുന്നു.

പ്രമേയം സമ്മതപ്രകാരം പിൻവലിക്കപ്പെട്ടു.

താഴെകാണുന്ന പ്രമേയം മെമ്പർ ഹാജരില്ലാത്തതുകൊണ്ടു ഉപക്ഷേപിക്കപ്പെട്ടതായി കരുതുന്നില്ല.

തഹശീൽദാരന്മാരുടെ നിയമനം.

൯. മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മേലാൽ തഹശീൽദാരന്മാരിൽ ൧൦൦-നു ൨൦ ശതമാനം പേർ വക്കീലന്മാരിൽനിന്നും തിരഞ്ഞെടുക്കപ്പെടണമെന്നു ഈ കൌൺസിൽ ഗവർമ്മെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു.

പ്രസിഡന്റ്. അടുത്ത പ്രമേയം മി. എ. എസ്. ദാമോദരനാശാന്റെ പേരിൽ ഉള്ളതാണ്.

റോഡു, കുളം, സത്രം ഇവകൾ എല്ലാ വർഗ്ഗക്കാർക്കും ഉപയോഗപ്രദമാക്കി തുറന്നുകൊടുക്കുന്നതിനെപ്പററി.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഞാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

പൊതുമുതൽ ചിലവാക്കി സംരക്ഷിച്ചുവരുന്ന എല്ലാ റോഡുകളും കുളങ്ങളും സത്രങ്ങളും ജാതിമതഭേദം കൂടാതെ എല്ലാ വർഗ്ഗക്കാർക്കും ഉപയുക്തമാക്കണമെന്നു ഈ കൌൺസിൽ ഗവർമ്മെന്റിനോടു ശുപാർശചെയ്യുന്നു.

സർ, ഈ പ്രമേയം ഗവർമ്മെന്റിനോടു ആവശ്യപ്പെടുന്നതു, സംസ്ഥാനത്തെ പൌരന്മാരുടെ പ്രധാന പൌരാവകാശത്തെ ഗവർമ്മെന്റു അംഗീകരിക്കണമെന്നു മാത്രമാണ്. ഈ കൌൺസിലിലെ ഏതെങ്കിലും മെമ്പർ എന്റെ പ്രമേയത്തെ എതിർക്കുമെന്നു ഭയന്ന് ഈ കൌൺസിലിനെ കുററപ്പെടുത്താൻ വിചാരിക്കുന്നില്ല. അതിനാൽ എതിർവാദം മുൻകൂട്ടി കരുതി അതിനു സമാധാനം പറയണമെന്നു വിചാരിക്കുന്നില്ല. തർക്കങ്ങൾ പുറപ്പെടുവിക്കുന്നപക്ഷം എന്റെ മറുപടിയുടെ കൂട്ടത്തിൽ സമാധാനം പറഞ്ഞുകൊള്ളാം. അതുകൊണ്ടു ഈ പ്രമേയം സഭയുടെ സ്വീകരണത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മെമ്പറിന്റെ അഭിപ്രായത്തിൽ മുനിസിപ്പാലിററി മുതലോ ദേവസ്വം മുതലോ പൊതുമുതലായി വരുമോ?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ ചോദ്യത്തിനു മറുപടി പറയുന്നതിനു മുമ്പു ദേവസ്വം മുതൽ പൊതുമുതലോ അല്ലയോ എന്നുള്ള വാദം എനിക്കു വാദിക്കുന്നതിനു അർഹതയുണ്ടോ എന്നു അറിയേണ്ടിയിരിക്കുന്നു. അതിനെപ്പററി പറയുന്നതിനു അദ്ധ്യക്ഷാധികാരത്തിൽനിന്നു സമ്മതം ചോദിച്ചുകൊള്ളുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മെമ്പർ ആ ചോദ്യത്തിനുത്തരം പറയാൻ തയാറില്ലെങ്കിൽ ഞാൻ വേറൊരു ചോദ്യം ചോദിക്കാം. റോഡിന്റെയോ കുളത്തിന്റെയോ അററകുററപ്പണി ചിലവു പൊതുമുതലിന്മേൽ നിന്നല്ലാ എന്ന പക്ഷവും അല്ലെങ്കിൽ പൊതുമുതലിന്മേൽ നിന്നാണെങ്കിൽ അതിനെ പിൻവലിക്കുന്ന പക്ഷവും റോഡോ കുളമോ പ്രത്യേകമാകുന്നതാണോ എന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ കാര്യത്തെപ്പററി വിചാരിച്ചാണ് പ്രമേയം ഞാൻ ഗാഢമായി ആലോചിച്ചു അവതരിപ്പിച്ചതു. ബഹുമെമ്പർ അഭിപ്രായപ്പെട്ട ഭേദഗതിയെപ്പററി മററുള്ള മെമ്പറന്മാർ എന്തു പറയുന്നു എന്നു കേട്ടതിനുശേഷം മറുപടി പറഞ്ഞുകൊള്ളാം.

പ്രസിഡന്റ്. അദ്ദേഹം ഒരു ചോദ്യം ചോദിക്കുന്നു. അദ്ദേഹം ഒരു ഭേദഗതിയല്ലാ അഭിപ്രായപ്പെട്ടതു.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചോദ്യം എന്താണ്.—

മി. കല്ലാലം പരമേശ്വരൻപിള്ള. (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഏതെങ്കിലും ഒരു റോഡിനോ കുളത്തിനോ സത്രത്തിനോ അററകുററച്ചിലവിനുള്ള പൊതുമുതൽ അതിലേക്കു ഉപയോഗപ്പെടുത്തുന്നില്ല എന്ന പക്ഷം ആ റോഡോ, കുളമോ സത്രമോ [illegible] അല്ലെങ്കിൽ ഒരു വർഗ്ഗക്കാർക്കു മാത്രം പ്രത്യേകമാക്കാവുന്നതും ആണെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കുളങ്ങൾ; റോഡുകൾ, സത്രങ്ങൾ ഇവയുടെ മേൽനോട്ടത്തിനു പൊതുമുതലിൽനിന്നു ചിലവാക്കപ്പെടുന്നില്ലയെങ്കിൽ അവയെ കുറെ സമുദായക്കാരെ ഉദ്ദേശിച്ചു നിർത്തലാക്കുന്നതിൽ എനിക്കു ആക്ഷേപമില്ലെന്നാണു ഞാൻ വിചാരിക്കുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പൊതുജനങ്ങളിൽ ഒരു വിഭാഗത്തെ പൊതുജനമായി മെമ്പർ വിചാരിക്കുന്നോ?

മി. എ. എസ്സ്. ദാമോദരനാശാൻ. (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുജനങ്ങളെപ്പററി എന്നതിനെപ്പററി ഞാൻ യാതൊന്നും പറയുന്നില്ല. ഈ പ്രമേയത്തെ ഉദ്ദേശിച്ചാണോ ഈ ചോദ്യം ചോദിക്കുന്നതു?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതെ, അതുസംബന്ധിച്ചു തന്നെ മെമ്പർ ഒരു വാചാപ്രസംഗം ചെയ്തില്ല. പ്രമേയത്തെ താങ്ങി കാരണങ്ങൾ പറകയോ വിവരിക്കയോ ചെയ്തില്ല. അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്നു പറയണം. ആ കാരണത്താലാണ് ഞാൻ ഈ വക ചോദ്യങ്ങൾ ചോദിക്കുന്നത്. ക്ലിപ്തപ്പെടുത്തിയ സമുദായക്കാരുടെ ആവശ്യത്തിനായി യാതൊരു റോഡും പ്രത്യേകമാക്കാൻ പാടില്ലന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പാടില്ലെന്നാണു എന്റെ അഭിപ്രായം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): പുലയർക്കായി പ്രത്യേകം സ്കൂളുകൾ വേണമെന്ന് മെമ്പർ വാദിക്കുന്നോ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പുലയസ്കൂളുകളിൽ ബ്രാഹ്മണർക്കു പ്രവേശനം നിഷേധിച്ചിട്ടില്ല. പൊതുമുതൽകൊണ്ടു ഭരണം നടത്തിപ്പോരുന്ന എല്ലാ സ്ഥാപനങ്ങളും ജാതിമതഭേദം കൂടാതെ എല്ലാവർക്കും ഉപയോഗിക്കത്തക്കവണ്ണം ആക്കണം എന്നാണു ഞാൻ പറയുന്നതിന്റെ സാരം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു വസ്തുവോ സാധനമോ പൊതുവിൽ എല്ലാ അംഗങ്ങൾക്കും ഉപയോഗത്തിനായി തള്ളാൻ പാടില്ലെന്നുള്ള പക്ഷം ആ വസ്തുവിനോ സാധനത്തിനോ പൊതുമുതൽ ഉപയോഗപ്പെടുത്താൻ പാടില്ലായെന്നാണോ മെമ്പർ പറഞ്ഞുവരുന്നത്?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ ചോദ്യങ്ങളുടെ ആവശ്യം എന്താണ്? പ്രത്യേക ഉദാഹരണങ്ങൾ എടുത്താൽ കൊള്ളാം. ഈവക ചോദ്യങ്ങൾ തീരെ വിശദമാക്കി വ്യക്തപ്പെടുത്താത്തവയാണ്. ഈ ചോദ്യങ്ങളുടെ സാരം ഗ്രഹിക്കുന്നതിനു സാധിക്കുന്നില്ലാത്തതുകൊണ്ടു മാന്യമെമ്പർ പറഞ്ഞതിനുശേഷം ഞാൻ പറഞ്ഞുകൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു ചോദ്യംകൂടി. ക്ഷേത്രങ്ങളുടെ അരികെയുള്ളതോ, ക്ഷേത്രത്തിൽ ഉൾപ്പെട്ടു കിടക്കുന്നതോ ആയ റോഡുകൾ സകലർക്കും ഉപയോഗിക്കുന്നതിനായി തുറന്നുവയ്ക്കണമെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പൊതുമുതൽ ചിലവാക്കുന്നതാണെങ്കിൽ അവയെ തുറന്നുവയ്ക്കണം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു ചോദ്യം കൂടി. ദേവസ്വം മുതൽ പൊതുമുതലായി മെമ്പർ വിചാരിക്കുന്നോ എന്നു ഒരിക്കൽ കൂടി മെമ്പറിനോടു ചോദിക്കട്ടെ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെ വിചാരിക്കുന്നു. ആ കാര്യത്തെ സംബന്ധിച്ചു വരുമ്പോൾ ഞാൻ ആവശ്യപ്പെടുന്നതു ദേവസ്വം മുതൽ ഇതിൽ ഉൾപ്പെടുമോ ഇല്ലയോ എന്നു എനിക്കു വാദിക്കാമോ എന്നാണ്.

പ്രസിഡന്റ്. അതു വാദിക്കേണ്ടതായിട്ടില്ല. നിങ്ങളുടെ അഭിപ്രായം പറയേണ്ടതേയുള്ളു. നിങ്ങളുടെ പ്രമേയത്തിൽ അതും ഉൾപ്പെട്ടിട്ടുണ്ടോ എന്നു നിങ്ങൾക്കു പറയാം.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവർമെന്റിന്റെ അധീനത്തിലുള്ള മുതൽ അങ്ങിനെയാണ് ഞാൻ അർത്ഥമാക്കുന്നത്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങിനെയാണെങ്കിൽ സർ, അതു ക്രമാനുസൃത നടപടിയല്ലെന്നു അഭിപ്രായപ്പെടുന്നു. ദേവസ്വം മുതലിൽ നിന്നുകൂടി ചിലവാക്കുന്ന വസ്തുക്കളെ മെമ്പർ ഉൾപ്പെടുത്തുന്നതായി തെളിവാകുന്നു. അദ്ദേഹം പ്രമേയം ഉപേക്ഷിച്ചപ്പോൾ ദേവസ്വം മുതലിൽ നിന്നും ഭരിക്കുന്ന സ്ഥാപനങ്ങളെ അദ്ദേഹം ഉൾപ്പെടുത്തിയതായി ഞാൻ കരുതിയില്ല. എനിക്കിപ്പോൾ ആവശ്യമുള്ളതു മിസ്റ്റർ ആശാൻ ദേവസ്വം മുതലിൽ നിന്നും ഭരിച്ചുപോരുന്ന സ്ഥാപനങ്ങളെ കൂടി ഉൾപ്പെടുത്തി പറയുന്നോ എന്നു ഒരു ഉറപ്പായ മറുപടിയാണ്. അങ്ങിനെ ഉൾപ്പെടുത്തുകയോ അദ്ദേഹത്തിന്റെ പ്രമേയം ദേവസ്വത്തെ സ്വല്പമായി ബന്ധിക്കയോ ചെയ്യുന്നു എങ്കിൽ പ്രമേയം കൗൺസിൽ അധികാരത്തിൽ ഉൾപ്പെടാത്ത സ്ഥിതിക്കു ക്രമാനുസരണമായിട്ടുള്ളതല്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെയാണെങ്കിൽ എന്റെ പ്രമേയം ദേവസ്വം മുതലിനെ ഉൾപ്പെടുത്തിയതായി ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല.

പ്രസിഡന്റ് നിങ്ങളുടെ പ്രമേയം കൊണ്ടു അതു കാണുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ ഉറപ്പുണ്ട്. ഞാൻ തടസ്സം പറഞ്ഞതിനെ പിൻവലിക്കുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെമ്പർ): മി. ആശാന്റെ പ്രമേയത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മിസ്റ്റർ ആശാൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങുന്നു. കൂടുതൽ പൗരാവകാശങ്ങൾക്കും സാമുദായിക നിഷ്ഠുരകൃത്യത്തിൽനിന്നു മോചനം കിട്ടുന്നതിനും മറ്റു പല അവകാശങ്ങൾക്കുമായി ജനങ്ങൾ മുറവിളികൂട്ടുന്ന ഈ അവസരത്തിൽ സന്ദർഭോചിതമായി മിസ്റ്റർ ആശാൻ ഈ പ്രമേയം കൊണ്ടുവന്നതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. പ്രാഥമിക പൗരാവകാശത്തെ അംഗീകരിക്കണമെന്നുള്ള പ്രാർത്ഥന, ന്യായവും യുക്തവും ആയ ഒന്നാണ്. റോഡുകളും കുളങ്ങളും സത്രങ്ങളും തടഞ്ഞു തൊടീലിനെ ഗവർമെന്റു മനഃപൂർവ്വം പുലർത്തിപ്പോരാതിരിക്കുന്നതിനു നോക്കേണ്ട കടമയുണ്ട്. തൊടീൽ എന്നതു ഒരു ഭയങ്കരജന്തുവും നെയ്യുരുക്കുന്ന പല സങ്കടങ്ങൾക്കും ഇടയാകുന്നതുമാണ്. സമത്വന്യായാവകാശങ്ങളെ വിധ്വംസിക്കുന്ന ഈ തടപ്പിനെ അനുസരിക്കേണ്ട ആവശ്യമില്ല. ഈ അമാനുഷികവും വൃത്തികെട്ടതും വിരൂപിയും ആയ ജന്തുവിന്റെ ശക്തി അധികപ്പെടാതെ ഒഴിച്ചുവക്കേണ്ടതാണ്. ജനങ്ങൾ സ്വാതന്ത്ര്യത്തിനായി സമരം ചെയ്യുന്ന ഇക്കാലത്തു പതിനഞ്ചു അല്ലെങ്കിൽ പതിനാറു ലക്ഷത്തോളം വരുന്ന

ജനങ്ങളല്ല, അവർ നിരപരാധികളുമായിരിക്കെ, പ്രാഥമിക പൌരാവകാശത്തിനു അർഹതയില്ലാത്തവരാകുന്നതു്, ഉയർന്ന ജാതി എന്നു ഏതാനും തെററായിപറയപ്പെടുന്നഹിന്ദുവർഗ്ഗത്തിൽപെട്ട മതസിദ്ധാന്തക്കാരികളുടെ ഇഷ്ടത്തെയും മനുരാജ്യജന്യമായ തൊട്ടുകൂടായ്മയെയും അനുസരിക്കുന്നതിനു മാത്രമാണ്, ഗവൺമെന്റ ഈ വക കാര്യത്തിൽ അനുകൂലിച്ചു നിൽക്കുന്നതിന്റെ കാരണം മനസ്സിലാക്കാൻ പ്രയാസമാണ്. എനിക്ക അതിൽ സങ്കടം തോന്നുന്നു. ഈകൗൺസിലിൽ ഇരിക്കുന്ന പ്രമേയം പൊതുമുതൽകൊണ്ടു നടത്തിപ്പോരുന്ന റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ ഇവയെ സംബന്ധിച്ചാണ്, ഞാൻ ആ പ്രത്യേകസംഗതിയെ ഊന്നിക്കാണിച്ചു പറയുന്നു. ഇവകൾ പൊതുമുതൽകൊണ്ടു രക്ഷിക്കപ്പെട്ടു വരുന്നവയാണ്. ഒരു ചെറിയ ഉദാഹരണം പറയുകയാണെങ്കിൽ കന്യാകുമാരിയിൽ ഉള്ള സത്രം പൊതുമുതൽ കൊണ്ടു രക്ഷിക്കപ്പെട്ടു വരുന്നതാണ്. ഒരു പട്ടിക്കോ കഴുതക്കോ സത്രത്തിൽ പ്രവേശിക്കുന്നതിനു തടസ്സമില്ല.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): ഇളസിക്കുന്നബംഗ്ലാവിൽ ഉള്ളതായ റോഡും ഈ പ്രമേയത്തിൽ ഉൾപ്പെടുന്നതാണോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആ ചോദ്യത്തിനു ഞാൻ ഉത്തരം പറയാൻതയാറില്ല.

പ്രസിഡന്റ: മി. പിറവിപ്പെരുമാൾപിള്ള, നിങ്ങളുടെ ചോദ്യം എന്താണ്?

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): പോലീസ് കമ്മീഷണർ ഇപ്പോൾ താമസിക്കുന്ന ബംഗ്ലാവിനോടു സംബന്ധിച്ച റോഡു പൊതുമുതലിൽനിന്നും സംരക്ഷിച്ചുപോരുന്നതാണെന്നു അറിയാമോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): കന്യാകുമാരിസത്രം പൊതുമുതലിൽനിന്നും സംരക്ഷിച്ചുപോരുന്നതാണ്.

ഒരു പട്ടിക്കോ കഴുതയ്ക്കോ സത്രത്തിൽപോകാം. തൊടീൽജാതിക്കാർ എന്നു പറയപ്പെടുന്നവർക്കു ആ സ്ഥലത്തു പ്രവേശിക്കാൻ അനുവാദമില്ലെന്നുള്ളതു കഷ്ടമാണു. പുണ്യസ്ഥലങ്ങളിൽ പ്രവേശിക്കുന്നതിനു തടസ്സമില്ലാത്ത ആളുകളുടെ ദേഹപരിശോധന മെഡിക്കൽബോർഡുമൂലമോ മററുവല്ലവരുമോ പരിശോധിക്കുന്നപക്ഷം—ഈ തരം പരിശോധന ഇപ്പോൾ നടപ്പുണ്ടായെന്നു എനിക്കറിഞ്ഞുകൂടാ—അവർ അവിടെ പ്രവേശിക്കുന്നതിനു യോഗ്യന്മാരല്ലെന്നു വെളിപ്പെടും. നമ്മുടെ ചിലവിൽ മററുള്ളവർ സത്രത്തിന്റെ ഗുണം അനുഭവിക്കുന്നു. പെരുവിളയിൽ എം. എസ്. റോഡിൽകൂടി പെരുവിളയ്ക്കുള്ള ഒരു റോഡുണ്ട്. അതു ഒരു വാണിയഗ്രാമത്തുകൂടെ പോകുന്നു. ഗ്രാമത്തിന്റെ എതിർവശത്തു നാടാന്മാരുടെ താമസസ്ഥലമാണു. ഈ നാടാന്മാർ ഒന്നരണ്ടു ഫർലാങ്ങ് ദൂരം വരുന്നതായസ്ഥലം റോഡാക്കികിട്ടണമെന്നു ഗവൺമെന്റിനോടു അപേക്ഷിക്കയുണ്ടായി, തക്കതായ കാരണംപറയാതെ ഗവൺമെന്റ അതിനെ റോഡാക്കിയില്ല. രണ്ടു മൂന്നു മൈൽ വളഞ്ഞുപോകുന്ന ഒരു റോഡു വെട്ടിക്കൊടുക്കാമെന്നു ഗവൺമെന്റ സമ്മതിക്കയുണ്ടായി. മാമൂൽ എന്ന പിശാചു വളരെ കളിക്കുന്നതുകൊണ്ടു നൂറു രൂപ ചിലവാക്കേണ്ടടത്തു മുന്നൂറോ നാനൂറോ ആയിരം രൂപവരെ ചിലവാക്കാൻ തയാറാണു. ആ മാമൂലിനെ എതിർക്കുന്നതിനു ഗവൺമെന്റിനു ശക്തിയില്ലെന്നും പഴയനടപടി അനുഷ്ഠിക്കുന്നതിൽ ഗവൺമെന്റ സഹായിക്കുമെന്നുംപറയുന്നു. ഈ തരത്തിലാണു ഗവൺമെന്റ യുക്തിവാദംചെയ്യുന്നതു. ജനങ്ങളുടെ സങ്കടങ്ങളെപ്പററി ശ്രദ്ധിക്കുന്നതിനു ഗവൺമെന്റ തയാറില്ലെന്നു കാണിക്കാൻ പല ദൃഷ്ടാന്തങ്ങൾ ഉണ്ടു. ജനരക്ഷക്കു ആവശ്യമുള്ളപ്പോൾ ഉതകുന്നതായ വേറെ ശക്തികൾ ഉണ്ടു. പഴയകാലത്തു, ൫൦ കൊല്ലങ്ങൾക്കുമുമ്പു നാടാന്മാരും നാടാക്രിസ്ത്യാനികളും മേലുടുപ്പുധരിക്കാൻപാടില്ലെന്നുണ്ടായിരുന്നു. അതിനെസംബന്ധിച്ചു വലിയ മുറവിളി ഉണ്ടായതും പിന്നീടു മേൽക്കോയ്മശക്തി, ഇതിൽ പ്രവേശിച്ചു വേണ്ട സ്വാതന്ത്ര്യം നൽകുന്നതിനു ഈ നാട്ടുഗവൺമെന്റിനെ നിർബന്ധിച്ചതും വാസ്തവസംഭവങ്ങളാണു.

പ്രസിഡന്റ: ഈ കൗൺസിലിലെ വാദപ്രതിവാദത്തിൽ മേൽക്കോയ്മയെപ്പററി ഒന്നും പ്രസ്താവിക്കാതെഇരുന്നാൽനന്ന്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ മാപ്പുചോദിക്കുന്നു. റോഡുകൾ, സത്രങ്ങൾ മുതലായവ എല്ലാപേർക്കും ഉപയോഗിക്കത്തക്കവണ്ണം ആക്കണമെന്നുള്ളതാണു എനിക്ക ഈ കൗൺസിലിനെ ധരിപ്പിക്കാനുള്ളതു. ൧൦൦ കൊല്ലങ്ങൾക്കുമുമ്പു നാടാന്മാരും ക്രിസ്ത്യാനികളും താമസിച്ചുപോന്നിരുന്ന മയിലാടി എന്ന ഗ്രാമത്തിൽകൂടെ ഇതുപോലെ ഒരു റോഡു ഉണ്ട്. ഇടക്കാലത്തു സവർണ്ണഹിന്ദുക്കളും അവിടെ താമസമായി.

മി. കല്ലുവം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോൾ ആ റോഡു എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാവുന്നതോ അല്ലയോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാവുന്നതാണു. എന്നാൽ ഒരു ചെറിയ തടസ്സമുണ്ടു. ആ സ്ഥലങ്ങളെല്ലാം പല വർഗ്ഗക്കാരും താമസിച്ചുവരുന്നതും എന്നാൽ ക്രിസ്ത്യാനികൾക്കും നാടാന്മാർക്കും മാത്രം ആ റോഡിൽകൂടിപോകുമ്പോൾ സംഗീതംകൂടാതുള്ള ഘോഷയാത്രമാത്രം അനുവദിച്ചിട്ടുള്ളതും അവരുടെവക ശവശരീരങ്ങൾ അതിൽകൂടെ കൊണ്ടുപോകാൻ പാടില്ലാത്തതുമാകുന്നു. ആ റോഡിൽകൂടെ അവർക്കു ഒളിച്ചല്ലാതെ മററുവിധത്തിൽപോകാൻപാടില്ല.

മി. വി. ചെല്ലംപിള്ള (തോവാള): അദ്ദേഹം പ്രസ്താവിച്ച റോഡു പൊതുമുതൽകൊണ്ടാണോ സംരക്ഷിച്ചുപോരുന്നതു?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതേ, അതൊരു പുറംപോക്കു റോഡാണു. ഒരു പ്രൈവററ റോഡുകൂടിയല്ല. പൊതുമുതലിൽനിന്നാണു അതിനു ചിലവാകുന്നതു. ഈ അഭിപ്രായങ്ങളോടുകൂടി മിസ്റ്റർ ആശാന്റെ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു.

മി. കല്ലുവംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, ഞാൻ ഈ പ്രമേയത്തെ എതിർക്കാൻ ഉദ്യമിക്കുന്നു. അപ്രകാരംചെയ്യുന്നതിനുമുമ്പു ഞാൻ ആദ്യമായിപറയുന്നതു അതും വളരെസ്പഷ്ടമായിട്ടു, പൊതുമുതൽ ഉപയോഗിച്ചു വർഗ്ഗീയാവകാശങ്ങളെ പുലർത്തിപ്പോരുന്നതിനു ഗവൺമെന്റിനു യാതൊരു ആഗ്രഹമോ ഉദ്ദേശമോ ഇല്ലെന്നുള്ളതാണു. ഇതേസമയത്തുതന്നെ ഞാൻ ഒന്നുകൂടി വ്യക്തമാക്കുന്നതു ഈ പ്രമേ

യം ഇതിന്റെ ഇപ്പോഴത്തെ രൂപത്തിൽ സ്വീകരിക്കാൻസാധിക്കുന്നതല്ല എന്നാണ്.-പ്രമേയംകൊണ്ടു കാണുന്നതു പൊതുമുതൽകൊണ്ടു സംരക്ഷണംചെയ്തുപോരുന്ന എല്ലാ റോഡുകളും കുളങ്ങളും സത്രങ്ങളും എല്ലാവർഗ്ഗക്കാർക്കുമായി തുറന്നുവിടണമെന്നാണ്. അതുകൊണ്ടു ഒരു റോഡോ കുളമോ സത്രമോ ഏവനും ഉപയോഗിക്കാവുന്നതിന്റെ ചിഹ്നം പൊതുമുതലിൽനിന്നും അവകളെ സംരക്ഷണംചെയ്തുപോരുന്നു എന്ന സംഗതിയാണ്. മി. ആശാൻ കൊണ്ടുവന്നതായ പ്രമേയത്തിന്റെ അന്തരാർത്ഥം നോക്കുന്നതായാൽ ഏതുവസ്തുവിനെയോ സ്ഥാപനത്തിനെയോ പൊതുമുതൽ ഉപയോഗപ്പെടുത്തുന്നതായി കണ്ടാൽ ആ വസ്തുവോ സ്ഥാപനമോ ആ ഒരു കാരണംകൊണ്ടുതന്നെ എല്ലാ പൊതുജനങ്ങൾക്കും ഉപയോഗമാക്കണമെന്നാണ്. സർ, ഞാൻ താഴ്മയായി സമർപ്പിച്ചുകൊള്ളുന്നതു ആ വിധത്തിൽ ഒരു പ്രമേയം സ്വീകരിക്കാൻ പാടുള്ളതല്ലെന്നും ഈ സഭതന്നെ അതിനെ സ്വീകരിക്കാൻപാടില്ലാത്തതാണെന്നും. "പബ്ലിക്ക" എന്ന വാക്കിനു നിയമം കണിശപ്പെടുത്തിയ അർത്ഥം പബ്ലിക്കിന്റെ ഒരു അംശത്തെയും അതേതരത്തിൽ അർത്ഥമാക്കുന്നതാണ്. അതുപോകട്ടെ എന്നാൽതന്നെയും പബ്ലിക്കിന്റെ ഒരു ക്ലിപ്തമാക്കിയ ഭാഗത്തിന്റെ ഗുണത്തിനുവേണ്ടി മിക്കപ്പോഴും മുതൽ ചിലവുചെയ്യേണ്ടതായികാണുന്നു. എന്റെ അഭിപ്രായത്തെ ദൃഷ്ടാന്തപ്പെടുത്തി സഭയെ ബോധപ്പെടുത്തി ധരിപ്പിക്കാൻ ഒരുചുരുക്കമായ ലളിതമായകാര്യം എടുക്കാം. അതു ഏകദേശം തുല്യമായുള്ള. അതു ഒരുപാമമല്ല- അതിനെ കൂടുതൽ അധികം കടന്നു വിചാരിക്കരുതു. ആ കാണുന്ന ബാലികാപാഠശാലയുടെ കാര്യം നമുക്കു നോക്കാം. അതിനുചുറ്റും റോഡുകളുണ്ടു, അതിനു വഴികളുണ്ടു, പൊതുമുതൽകൊണ്ടാണു അവയെ ഭരിച്ചുപോരുന്നതു. പബ്ലിക്കിൽപെട്ട ഏതുജനം ആ സ്കൂളിൽ പോയി റോഡുകളിൽ കൂടി നടക്കുന്നതിനും വഴികളെ ഉപയോഗിക്കുന്നതിനും അവകാശമുണ്ടെന്നു തക്കംപുറപ്പെടുവിക്കാൻ തയ്യാറാണോ? ആ സ്ഥാപനത്തിനു പൊതുമുതലിൽനിന്നു ചിലവാകുന്ന ഏകസംഗതിയെ ലാക്കാക്കി പബ്ലിക്കിന്റെ ഏതു അംഗത്തിനും അതിൽ പ്രവേശിക്കാമെന്നു അഭിപ്രായപ്പെടുന്നതു ഒരു ശരിപ്പെടുന്ന വാദമല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): "പബ്ലിക്കാ" പബ്ലിക്കിന്റെ ഒരംശത്തിനെ എന്ന വാക്കിനു ഒരുതരം കോമാളിക അർത്ഥമാക്കണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, പ്രമേയം അവ്യക്തമായിരിക്കുന്നു. വാസ്തവത്തിൽ അർത്ഥമാക്കേണ്ടതു എല്ലാ സ്ഥാപനങ്ങളും പൊതുമുതൽകൊണ്ടു സംരക്ഷണംചെയ്യപ്പെട്ടുവരുന്നു എന്നുള്ള ഏകകാരണംകൊണ്ടു പബ്ലിക്കിലെ എല്ലാ അംഗങ്ങൾക്കും ഉപയോഗിക്കാമെന്നുള്ളതാണ്. അതു സ്വീകാര്യമല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ലാമെംബർ ദൃഷ്ടാന്തപ്പെടുത്തിപറഞ്ഞതിനെ തെറ്റെന്നു ഞാൻ ചോദിക്കുന്നു. കാര്യമായാൽ ആരെങ്കിലും ബാലികാപാഠശാലാറോഡുകൾ ഉപയോഗിക്കുന്നതിൽ തടസ്സമുണ്ടോ?

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ആകാര്യമനുസരിച്ചിരിക്കും. പബ്ലിക്കിലെ എല്ലാ അംഗത്തിനും ഉപയോഗിക്കാൻപാടില്ലെന്നുള്ളതു പരസ്യമായി പ്രഖ്യാപനമാണോ. പൊതുമുതൽസംരക്ഷണത്തെ മാത്രം ലാക്കാക്കി മിസ്റ്റർ ആശാൻ പറയുന്നതിനുള്ള പ്രമേയം സ്വീകരിക്കാൻപാടുള്ളതല്ല. ഒരു സ്ഥാപനം പൊതുമുതലിൽനിന്നും സംരക്ഷിച്ചുപോരുന്നതുകൊണ്ടു മറുകാര്യങ്ങളെ ഗണിക്കാതെ അതു പബ്ലിക്കിലെ എല്ലാഅംഗത്തിനും ഉപയോഗിക്കാമെന്നതു ശരിയല്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): അച്ചടിഫാറത്തിൽ "എല്ലാഅംഗത്തിനും" എന്നുകാണുന്നില്ല, "എല്ലാവർഗ്ഗം" എന്നേകാണുന്നുള്ളു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ), ആ സംഗതിയെപ്പറ്റിയും ഞാൻ പറയാം, പൊതുമുതൽസംരക്ഷണവാദം പ്രമേയത്തെ ഒട്ടുംതന്നെ അനുകൂലിക്കുന്നില്ല. ഞാൻ പറയുന്നതിന്റെ സാരം കൗൺസിലിനെ ശരിയായി ഗ്രഹിപ്പിക്കുന്നതിനാണ് ഇതു പറഞ്ഞതു, ബാലികാസ്കൂൾറോഡു പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്നതുകൊണ്ടുമാത്രം ഒരാൾക്കു ആ റോഡിൽ പ്രവേശിക്കുന്നതിനു അവകാശമുണ്ടെന്നു പറയാൻപാടില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സംസ്ഥാനത്തെവക ബാലികാസ്കൂൾ എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാവുന്നതല്ലേ?

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതേ. എന്നാൽ പബ്ലിക്കിലെ ഏതു അംഗത്തിനും 'ഇതു പൊതുമുതൽ ചിലവിട്ടു ഭരിച്ചുപോരുന്നതാണ്. ഞാൻ അതിൽപ്രവേശിക്കും" എന്നിങ്ങനെ പറയാൻ സാധിക്കുമോ? അതു ലക്ഷ്യമാക്കുന്നതെങ്കിൽ പ്രമേയം തള്ളപ്പെടണം. എന്നാൽ അദ്ദേഹം പൊതുജനങ്ങൾ സംരക്ഷിച്ചുവരുന്ന റോഡു എന്നു മാത്രമല്ലാതെ സ്വല്പം കൂടുതലായി വിശദമാക്കിയിരുന്നു എങ്കിൽ അതിൽ എന്തോ സാരമുള്ളതായി ധരിക്കാം. ഇപ്പോൾ ഇവിടെ റോഡിനെ വിവരിക്കുന്നതു പൊതുമുതൽകൊണ്ടു സംരക്ഷണംചെയ്തു പോരുന്നു എന്നാണ്. ആ വക റോഡുകൾ പബ്ലിക്ക്‌വക റോഡുകൾ എന്നു കൂടി അദ്ദേഹം പറഞ്ഞിട്ടില്ല. മി ചിറായിപ്പുരാൾപിള്ള പറഞ്ഞ റോഡുതന്നെ ദൃഷ്ടാന്തമാക്കാം. ആ റോഡു പൊതുമുതലിൽനിന്നും സംരക്ഷിച്ചു വരുന്ന ഒന്നാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ റോഡു ഏതാണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ റോഡു ഒരു ഗവണ്മെന്റു ബംഗ്ലാവിനോടു സംബന്ധിച്ചതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം) ഒരു പ്രത്യേക വർഗ്ഗത്തിൽപ്പെട്ടവനെ അതു ഉപയോഗിക്കുന്നതിൽ തടസ്ഥമുണ്ടോ?

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): വർഗ്ഗമോ അവർഗ്ഗമോ ആകട്ടെ, പൊതുവിൽ ആരെയും പ്രവേശിക്കുന്നതിൽ തടയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ട്രഷറി സിഫിൽ ബംഗ്ലാവും പുരയിടവും പോലീസ്കമ്മീഷണരുടെ ഉപയോഗത്തിനു മാത്രമായി വച്ചിരിക്കുന്നതോ അതോ ഒരു പ്രത്യേകജാതിയിൽപെട്ടതായ ഒരു പ്രത്യേക ആളിനു മാത്രമാണോ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതിൽ ഇപ്പോൾ പോലീസ് കമ്മീഷണർ താമസിക്കുന്നതാണെന്നു എനിക്കറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്യോഗസ്ഥന്മാരാകട്ടെ അനുദ്യോഗസ്ഥന്മാരാകട്ടെ ആരാകട്ടെ അതിനെ ഉപയോഗിക്കാൻ കൊടുക്കുന്ന കാര്യത്തിൽ ഗവർമ്മെന്റിന്റെ യുക്തം ആവശ്യമുണ്ടോ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ടെന്നും വരാം ഇല്ലെന്നും വരാം. ഇപ്പോൾ അതു പറയാൻ സാധിക്കയില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): വാടക കൊടുത്താൽ ആ കെട്ടിടം ഉപയോഗിക്കുന്നതിനു ആ ആളിനു അവകാശമില്ലേ?

മി. എൽ. എം. ബിഷപ്പ് (പോലീസ് കമ്മീഷണർ): വാടക കൊടുക്കുന്നതോടുകൂടി ആ അവകാശം എനിക്കു കിട്ടി.

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ മാധവൻപിള്ള ഇപ്പോൾ പറഞ്ഞതിൽനിന്നു മിസ്റ്റർ ആശാന്റെ പ്രമേയത്തിലുള്ള പ്രധാന പോയിന്റു ശരിയായി മനസ്സിലാക്കാം. എന്തുകൊണ്ടെന്നാൽ പൊതുമുതൽ അതിനെ ഉപയോഗിക്കുന്ന മിസ്റ്റർ ബിഷപ്പ് അദ്ദേഹം മാസംപ്രതി വാടക കൊടുക്കുന്നു എന്നും അതിനാൽ അതു ഉപയോഗിക്കുന്നതിനുള്ള അവകാശം വിലയ്ക്കു വാങ്ങിയെന്നും പറയുന്നു. വീട്ടുപയോഗം അദ്ദേഹത്തിനു വിലയ്ക്കു സിദ്ധിച്ചിട്ടും അതിന്മേൽ പൊതുമുതൽ ചിലവാകുന്നു. മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ചോദ്യത്തിന്റെ അർത്ഥം പൊതുമുതൽ അതിനു ഉപയോഗിക്കുന്നതുകൊണ്ടു പൊതുവിലുള്ള ഒരു കെട്ടിടമായി അതിനെ എല്ലാവരും ഉപയോഗിക്കാമെന്നാണ്. വാസ്തവത്തിൽ കാര്യം അങ്ങനെയാണോ? അതുകൊണ്ടു പൊതുമുതൽ ചിലവാക്കി രക്ഷിച്ചുപോരുന്ന എല്ലാ റോഡും എല്ലാവർക്കും ഉപയോഗിക്കാമെന്നു മി. ആശാൻ പറയുമ്പോൾ അതു സ്വീകരിക്കാൻ പാടുള്ളതല്ല. എന്നാൽ എല്ലാ പബ്ലിക്കുവകയായ റോഡുകളും പബ്ലിക്കിലുള്ള എല്ലാവർക്കും ഉപയോഗിക്കണം എന്നു പറഞ്ഞെങ്കിൽ അതിനു അർത്ഥമുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാട്ടും): പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന കാര്യം മെമ്പർ മനസ്സിലാക്കിയോ? ഒരുത്തന്റെ ജാതികൊണ്ടുമാത്രം റോഡു തടയുന്നതു ശരിയാണോ എന്നല്ലേ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങിനെ ആയിരിക്കാം. എന്നാൽ പറയപ്പെടുന്ന കാരണം അതല്ല. പൊതുമുതൽ ചിലവാക്കി സംരക്ഷിച്ചുവരുന്ന റോഡു എന്നാണ്. അല്ലാതെ റോഡു തന്നെ പൊതു (പബ്ലിക്ക) റോഡാണെന്നല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): പൊതുജനങ്ങൾക്കുപയോഗിക്കാൻ പാടില്ലാത്ത ചില റോഡുകൾ പിന്നീടു പൊതുജനങ്ങളുപയോഗിക്കത്തക്കതായി മെമ്പറിനറിയാമോ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അറിയാം. അങ്ങനെ ചെയ്തിട്ടുണ്ട്. ആ വക റോഡുകൾ ഒന്നുംവിട്ടതു പൊതുമുതൽ ഉപയോഗിച്ചു കാരണം പറഞ്ഞിട്ടല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): സകലവർഗ്ഗക്കാർക്കും ആ റോഡുകൾ ഉപയോഗിക്കുന്നതിനു ഗവർമ്മെന്റു തടസ്സമില്ലാതിരുന്നതിന്റെ കാരണം എന്തു?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഏതു റോഡുദ്ദേശിച്ചു മെമ്പർ ചോദിക്കുന്നു എന്നറിഞ്ഞുകൂടാ. മിസ്റ്റർ ആശാൻ ഇന്ന റോഡോ റോഡുകളോ ആണെന്നു പ്രത്യേകിച്ചു പറകയുണ്ടായില്ല. വാസ്തവത്തിൽ പൊതുവേ മിസ്റ്റർ ആശാന്റെ പ്രമേയത്തിൽ പോരായ്കകൾ ഞാൻ പറയുന്നതു. അദ്ദേഹത്തിന്റെ പ്രസംഗം പല ചുരുക്കത്തിൽ കഴിച്ചുകൂട്ടിയതായി എനിക്കറിയാം. അങ്ങിനെയിരിക്കെ പ്രമേയത്തിന്റെ വാച്യാർത്ഥത്തെ കടന്നു പോകുവാൻ തരമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): കുറെ കൊല്ലങ്ങൾക്കു മുമ്പു വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള റോഡു എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻ പാടില്ലാതെയിരിക്കെ പിന്നീടു അവയെ പൊതുവിൽ തുറന്നു വിട്ടതായി മെമ്പറിനറിയാമോ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ പോയിന്റിനെപ്പറ്റി മെമ്പർ പറയുന്നതിനെ ഞാൻ സമ്മതിക്കുന്നു.

മി. എം. എസ്. പത്മനാഭൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പൊതുമുതൽകൊണ്ടു രക്ഷിച്ചുപോരുന്ന സംസ്ഥാനത്തെ എല്ലാ റോഡുകളും എല്ലാ വർഗ്ഗക്കാർക്കും ജാതിമതംകൂടാതെ ഉപയോഗിക്കാവുന്നവയാണെന്നാണോ മെമ്പർ പറയുന്നതു?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതല്ലാ എന്റെ തർക്കം. ഞാൻ പറയുന്നതു മി. ആശാൻ ഖണ്ഡിച്ചു ഇന്ന റോഡെന്നോ ഇന്ന കൂട്ടം റോഡെന്നോ ഉദ്ദേശിച്ചില്ല. അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഒരു തരം മാത്രമേ പറഞ്ഞിട്ടുള്ളു. അതായതു പൊതുമുതൽകൊണ്ടു രക്ഷിക്കപ്പെട്ടുപോരുന്ന എല്ലാ റോഡുകളും കുളങ്ങളും കിണറുകളും അങ്ങനെയുള്ളവയാണെന്നു ട്രാംവേയിൽ ബംഗ്ലാവും സ്വകാര്യമായ പുരയിടവും ഉൾപ്പെടുന്നതാക്കി പറഞ്ഞതു. മെമ്പർ അദ്ദേഹത്തിന്റെ പ്രമേയത്തിൽ പ്രത്യേകിച്ചു ഒരു റോഡിനെയോ ഏതെങ്കിലും ഒരു തരം റോഡുകളെയോ ചൂണ്ടിക്കാണിച്ചു പറഞ്ഞിരുന്നെങ്കിൽ എനിക്കു മറുപടി പറയാൻ സാധിക്കുമായിരുന്നു. ജാതിഭേദംകൂടാതെ പൊതു ജനങ്ങൾക്കുള്ള റോഡുകൾ എല്ലാവർക്കും സ്വാതന്ത്ര്യമായി ഉപയോഗിപ്പാനായി വിടണമെന്നു അദ്ദേഹം ആവശ്യപ്പെട്ടിരുന്നെങ്കിൽ അതിനു ഒരു അർത്ഥമുണ്ട്.

മി. ടി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു കൊല്ലത്തിൽ പത്തു ദിവസം ഒഴിച്ചു എല്ലാ കാലവും നാഗർകോവിൽ ചില റോഡുകൾ എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻ അനുവാദമില്ലാതെയിരിക്കുന്നു എന്നുള്ള മെമ്പർ അറിഞ്ഞിട്ടുണ്ടോ?

മി. കല്ലുമ്പുറം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ); എനിക്കറിഞ്ഞുകൂടാ. മെമ്പർ പറയുന്നതു ശരിയല്ലെന്നു ഞാൻ പറയുന്നില്ല: ചോദിച്ച സംഗതി എന്റെ അറിവിൽ കിട്ടിയില്ലാ എന്നുമാത്രമാണ്. എന്നാൽ ഇപ്പോൾ തർക്കിക്കുന്നതു കൌൺസിലിൽ ഇപ്പോൾ ഇരിക്കുന്ന പ്രമേയത്തിന്റെ നിലയെപ്പറ്റിയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] പൊതുമുതൽകൊണ്ടു നടത്തിപ്പോരുന്ന ഒരു റോഡു സകലർക്കുംവേണ്ടി തുറന്നിടേണ്ടതായ [illegible] പൊതുജനസൗകര്യത്തെ ആശ്രയിച്ചാണെന്നുള്ളതു [illegible]?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതെ, ആ റോഡിന്റെ [illegible] സൗകര്യവും പൊതുആവശ്യവും ആശ്രയിച്ചുണ്ട്. [illegible] പൊതുമുതൽ ചിലവാക്കിയതുതന്നെ വിചാരിച്ചു ആ റോഡു സ്വാതന്ത്ര്യമാക്കണമെന്നാവശ്യമില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): [illegible] എല്ലാ കക്ഷികളും എല്ലാ വർഗ്ഗക്കാർക്കും [illegible] ചില റോഡുകൾ സ്വാതന്ത്ര്യമില്ലാതാക്കി [illegible]?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പ്രത്യേക റോഡുകളെപ്പറ്റി എനിക്കു യാതൊരറിവുമില്ല. [illegible] റോഡുകളെപ്പറ്റിയുണ്ടായ പ്രമേയമാണ് [illegible].

മി. കെ. മാധവൻപിള്ള ([illegible]): [illegible] ഉപയോഗിക്കാൻ [illegible] അതു ആ സ്വാതന്ത്ര്യ സമുദായങ്ങൾക്കു [illegible] മനസ്സിലാകുന്നതാണോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): [illegible] റോഡുകൾ [illegible] ആശ്രയിച്ചിരിക്കും. [illegible] റോഡുകളെപ്പറ്റി [illegible]. ആശാൻ അദ്ദേഹത്തിന്റെ പ്രമേയത്തിൽ വിവരിക്കുന്ന [illegible] സംബന്ധിക്കുന്നു. [illegible] റോഡുകൾ.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ പ്രമേയത്തെപ്പറ്റി നോട്ടീസ് കിട്ടിയതിനുശേഷം [illegible] റോഡുകളിൽ എല്ലാ വർഗ്ഗക്കാർക്കും ഉപയോഗിക്കാൻ അനുവാദമില്ലാത്തവ ഏതെല്ലാമാണെന്നു [illegible]?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): [illegible] പറയാൻ സാധിക്കയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗവർമ്മെന്റിനു [illegible] അറിവിരിക്കെ ബഹു മെമ്പർ [illegible] എങ്ങനെ [illegible] ശരിയാകുന്നു?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ അദ്ദേഹത്തെ ഒരു [illegible] ആക്ഷേപിക്കുന്നില്ല. [illegible] പൊതുആവശ്യമോ ബന്ധിക്കുന്നതായിട്ടും കാണുന്നില്ലെന്നുമാത്രം പറയുന്നു.

ഏതെങ്കിലും ഒരു സ്വകാര്യ [illegible] റോഡുകൾ [illegible] പബ്ലിക് റോഡുകൾ [illegible] ഉപയോഗിക്കാൻ [illegible] എനിക്കു എളുപ്പം മനസ്സിലാക്കാവുന്നതാണ്. [illegible] ചില [illegible] ഈ പ്രമേയം സ്വീകരിക്കാൻ പാടുള്ളതല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഒരു പ്രത്യേക വർഗ്ഗത്തിൽപെട്ട [illegible] മാത്രം യാതൊരുവകയും പൊതുമുതൽ ചിലവാക്കി സംരക്ഷണംചെയ്തുവരുന്ന റോഡുകൾ ഉപയോഗിക്കുന്നതിൽ തടസ്സംനേരിടുന്നത് എന്നുള്ളതിനെ ബഹുമെമ്പർ സ്വീകരിക്കുന്നുണ്ടോ?

മി. കല്യാണപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു ഒരു [illegible] പറയട്ടെ. മി. ആശാൻ [illegible] റോഡുകൾ [illegible] ഈ ചോദ്യത്തിനു മറുപടി പറയാൻ [illegible] സാധിക്കുമായിരുന്നു. മി. ആശാൻ, [illegible] റോഡുകളും കുളങ്ങളും പ്രമേയത്തിൽ ഉൾപ്പെടുത്താതെ [illegible] ചെയ്യുന്നത്. മി. [illegible] മി. ദാമോദരനാശാൻ [illegible] റോഡുകളും കുളങ്ങളും അദ്ദേഹത്തിന്റെ പ്രമേയത്തിൽ ഉൾപ്പെടുത്തിയതായി [illegible] കാണുന്നില്ല.

മി. ആശാൻ [illegible] ചില റോഡുകളും കുളങ്ങളും [illegible] സമ്മതിക്കുന്നതുപോലെ, [illegible] പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന [illegible] റോഡുകളും [illegible] കുളങ്ങളും റോഡുകളും സത്രങ്ങളും ഒഴിച്ചു [illegible] ഞാനും [illegible]. പൊതുവിൽ [illegible] എല്ലാ പബ്ലിക്ക് റോഡുകളും കുളങ്ങളും സത്രങ്ങളും പൊതുമുതൽകൊണ്ടു [illegible] എല്ലാവർക്കും ഉപയോഗിക്കാൻ അനുവാദമുള്ളവയാക്കി [illegible] എന്നു [illegible] എങ്കിൽ ഗവർമ്മെന്റു പ്രമേയത്തെ അനുകമ്പാപൂർവ്വം ആലോചിക്കുന്നതാണ്. [illegible] അവയെ നിശ്ചയമായും സർവർക്കും തുറന്നുവിടും. കൂടുതൽ ഇപ്പോൾ പറയേണ്ട ആവശ്യമില്ല.

കുളങ്ങളെ സംബന്ധിച്ചു മുമ്പേ കൌൺസിലിൽ ഒരു പ്രമേയം അവതരിപ്പിച്ചു പാസാക്കുകയുണ്ടായി [illegible] സംരക്ഷിക്കുന്നതിനു എത്രമാത്രം ശ്രദ്ധപതിച്ചിട്ടുണ്ടെന്നു [illegible] നിങ്ങൾക്കറിയാം.

"ഗവർമ്മെന്റു യാതൊരുവകയും സൃഷ്ടിക്കാത്തപക്ഷം പൊതുമുതൽകൊണ്ടു സംരക്ഷണം ചെയ്തുപോരുന്ന [illegible] ആയ കുളങ്ങളെല്ലാം പൊതുഉപയോഗത്തിനായി തുറന്നിടണം."

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അതിനുശേഷം വല്ല [illegible]?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ). പ്രവൃത്തിച്ചു. അതു ആലോചനയിൽ ഇരിക്കുന്നു. കുളങ്ങളുടെ ഒരു ലിസ്റ്റ് തയാറായി ഒന്നുവേള ഒരു ഗവർമ്മെൻറുത്തരവു താമസിയാതെ പുറപ്പെട്ടേക്കും. അതാണ് ഞാൻ പറയുന്നത്. പൊതുകാരണങ്ങളെക്കൊണ്ടോ നാട്ടുനടപ്പാചാരങ്ങളെക്കൊണ്ടോ അല്ലാതെ ഒരു പ്രത്യേകവർഗ്ഗക്കാർക്കു പ്രത്യേകഅവകാശങ്ങളെ പുലർത്തിപ്പോരണമെന്നു യാതൊരുവിചാരവും ഗവർമ്മെൻറിനില്ല. പ്രമേയത്തിന്റെ അർത്ഥത്തിനുകൊണ്ടു ചില കുളങ്ങളെക്കൂടി ക്ലിപ്തപ്പെടുത്തണമെന്നു കാണുന്നു. ആകാര്യം തൽക്കാലം ആലോചിക്കാം.

എന്റെ ആക്ഷേപം മുഴുവനും പൊതുമുതൽ ഉപയോഗപ്പെടുത്തുന്നതായ എല്ലാറോഡുകളും എല്ലാവർഗ്ഗക്കാർക്കും ഉപയോഗമാകണം എന്നുള്ള മി. ആശാന്റെ ക്ലിപ്തരഹിതവും സമഗ്രഹവുമായ പ്രമേയത്തെപ്പറ്റിയാണു.

മി. എ. താണുപിള്ള (തിരുവനന്തപുരം). പ്രത്യേകഅവകാശങ്ങൾ സൃഷ്ടിച്ചതു ഏതുകാരണങ്ങളെക്കൊണ്ടാണെന്നു പറയാമോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). അതു ഓരോ പ്രത്യേകകേസിനെ അടിസ്ഥാനപ്പെടുത്തിയിരിക്കും. ചില പ്രത്യേകറോഡുകളെപ്പറ്റി ആശാൻ പറഞ്ഞിരുന്നുവെങ്കിൽ എനിക്കു മറുപടിപറയാൻ സാധിക്കുമായിരുന്നു.

തടയപ്പെട്ടുവരുന്നുണ്ടെങ്കിൽ അതാതു പൊതുസൗകര്യത്തിനായി തുറന്നുവിടണമെന്നു കാണിച്ച് ഏതെങ്കിലും റോഡുകൾ ഈ കൗൺസിലിലെ മെമ്പർ ആരെങ്കിലും ഗവർമ്മെൻറു ദൃഷ്ടിയിൽ കൊണ്ടുവരുന്നപക്ഷം ഗവർമ്മെൻറു ആ കാര്യത്തെപ്പറ്റി ശരിയായി ആലോചിക്കുന്നതാണ്.

റോഡുകളെപ്പറ്റിമാത്രം പറകയാണെങ്കിൽ നിയമംഅനുവദിച്ചതായി പൊതുവിൽ രണ്ടുതരം റോഡുകൾ ഉണ്ടെന്നുള്ളതു ഞാൻ കൗൺസിലിനെ അറിയിച്ചുകൊള്ളുന്നു. അവ (എ) രാജപാതകൾ (ബി) ഗ്രാമവീഥികൾ ഇവയാണ്. രണ്ടാമതുപറഞ്ഞവ പൊതുമുതലിൽനിന്നും സൂക്ഷിച്ചുപോരുന്നവയെങ്കിലും സിവിൽകോടതികളുടെ വിധിയാൽ അവ എല്ലാവർഗ്ഗക്കാർക്കുമായി തുറന്നിടേണ്ട ആവശ്യമില്ലെന്നുമുണ്ട്. ഇങ്ങനെയിരിക്കെ, ഗവർമ്മെൻറു വളരെ സമാധാനമായി ആലോചിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ നിഷ്പക്ഷമായിട്ടുള്ളതോ നിക്ഷിപ്തമായി കരുതിപ്പോരുന്നതോ ആയ അവകാശങ്ങൾക്കു ബാധകമായിവരുന്നതും എന്നുള്ളതാണ്. ഒരുവേള മെമ്പറന്മാർ പറയുന്നതും ഗവർമ്മെൻറു ഇതിൽ പ്രവേശിച്ചാൽ വിചാരിച്ചകാര്യം സാധിക്കാൻപാടില്ലാതെയിരിക്കുന്ന ഒരു സ്റ്റാട്യൂട്ട് നിയമംകൊണ്ടു ഏറ്റവും സാദ്ധ്യമാണ്. നിയമകർത്താക്കൾക്കു നിയമം ഉണ്ടാക്കുന്നതിനുള്ള അധികാരവുമുണ്ട്. എന്നാൽ സിവിൽകോടതികൾ ചില ക്ലിപ്താവകാശങ്ങളെ സ്ഥാപിച്ചിരിക്കുമ്പോൾ ഗവർമ്മെൻറു വളരെ സൂക്ഷിച്ചു തക്കകാരണം കാണുമ്പോൾമാത്രം പ്രവർത്തിക്കേണ്ടതാണ്.

റോഡുകളെ സംബന്ധിച്ചു കുറച്ചുകാലത്തിനുമുമ്പു മദ്രാസിൽ ഉണ്ടായ സംഭവവും മദ്രാസ്ഗവർമ്മെൻറു തീർച്ചചെയ്തതും ഞാൻ കൗൺസിലിനെ ധരിപ്പിക്കാം. കൽപാത്തിറോഡിനെപ്പറ്റി ഈതരംവാദം ബലമായി പുറപ്പെട്ടുവന്നു. അവിടെയും തർക്കമുണ്ടായതു പൊതുമുതൽ സംരക്ഷിച്ചുപോരുന്നതിനാൽ ഈവക റോഡുകൾ എല്ലാവർഗ്ഗക്കാർക്കും തുറന്നുവിടണമെന്നായിരുന്നു. അതിനു മദ്രാസ്ഗവർമ്മെൻറു പാസാക്കിയ ഉത്തരവു ഇതാണ്.

"പൊതുവായ എല്ലാറോഡുകളെസംബന്ധിച്ചടത്തോളം പൊതുജനങ്ങൾക്കു പ്രവേശിക്കുന്നതിനും ഉപയോഗിക്കുന്നതിനും അവകാശമുണ്ടെന്നു ഗവർമ്മെൻറു ആവർത്തിച്ചു പറയുന്നതിനു താല്പര്യപ്പെടുന്നു. എന്നാൽ ഏതെങ്കിലും ഒരു പ്രത്യേകറോഡോ തെരുവോ ഈ തരത്തിൽ പെടുന്നവയാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി അവസാനമായി തീരുമാനിക്കേണ്ട ചുമതല ഗവർമ്മെൻറിനില്ല."

ഇനി രാജപാതകളെപ്പറ്റി പറയാം. ഈ കൗൺസിൽ ഉത്ഭവിക്കുന്നതിനുമുമ്പുതന്നെ അതായതു ൧൦൮൦-ൽ പൊതുറോഡുകളെല്ലാം എല്ലാവർഗ്ഗക്കാർക്കും വ്യത്യാസം യാതൊന്നുമില്ലാതെ ഉപയോഗിക്കുന്നതിനായി തുറന്നുവിടപ്പെട്ടു.

മി. എ. താണുപിള്ള (തിരുവനന്തപുരം). പൊതുമുതൽകൊണ്ടു രക്ഷിച്ചുപോരുന്ന ഗ്രാമവീഥികൾ എല്ലാവർഗ്ഗക്കാർക്കും പ്രവേശിക്കാൻപാടുള്ളതല്ലെന്നു ഗവർമ്മെൻറു സ്ഥാപിക്കുമോ?

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). ക്ലിപ്തപ്പെടുത്താത്ത മാതിരിയിലുള്ള ഈ ചോദ്യത്തിനു മറുപടിപറകാൻ സാധിക്കയില്ല. ഒരു പ്രത്യേകറോഡിനെ ചൂണ്ടിക്കാണിക്കുന്നപക്ഷം പറയാം.

മി. എ. താണുപിള്ള (തിരുവനന്തപുരം). പൊതുമുതൽകൊണ്ടു രക്ഷിക്കപ്പെട്ടുപോരുന്ന റോഡുകളിൽ എല്ലാവർഗ്ഗക്കാർക്കും പ്രവേശനംസംബന്ധിച്ച ഗവർമ്മെൻറിന്റെ നിലയെങ്ങിനെ?

പ്രസിഡന്റ്. മി. പരമേശ്വരൻപിള്ള വിവരിച്ചുകൊണ്ടിരിക്കുന്നതു അതുതന്നെയാണ്.

മി. കയ്യാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ). സർ, അതുതന്നെയാണ് ഞാൻ വിവരിക്കുന്നത്. ഗ്രാമവീഥികളെസംബന്ധിച്ചു സിവിൽകോടതികൾ ചില വർഗ്ഗക്കാർക്കുമാത്രമായി ചില അവകാശങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സിവിൽകോടതികൾ അങ്ങിനെ സ്ഥാപിച്ചിരിക്കെ ഗവർമ്മെൻറു അതു നിരാകരിച്ചു കോടതിയോടു മത്സരിക്കണമെന്നു എന്നോടു കൗൺസിൽ പറയുന്നതാണെങ്കിൽ അതു ശരിയല്ല. കൗൺസിൽ അങ്ങനെ ഗവർമ്മെൻറിനോടു ശുപാർശചെയ്യുന്നതായാൽ അതു ഒരു അപകടത്തിലുള്ള പഴമനട പടിയായി പരിണമിക്കും. മദ്രാസ്ഗവർമ്മെൻറിനാൽ നിർദ്ദേശിക്കപ്പെട്ട പൊതുറോഡുകളെപ്പറ്റി പറയുമ്പോൾ ഇവിടെ തിരുവിതാംകൂറിലും ൧൦൮൦-ൽ ആയിരമാണ്ടത്തിൽ ഒരു സർക്കാർപരസ്യമുണ്ടായിട്ടുള്ളതും അതനുസരിച്ചു എല്ലാപബ്ലിക്കായ റോഡുകൾ എല്ലാവർഗ്ഗക്കാർക്കും ഒരുപോലെ ഉപയോഗിക്കത്തക്കവണ്ണമാക്കീട്ടുള്ളതുംആണ്. പരസ്യം ഇപ്രകാരമാണ്.

"മഹാരാജതിരുമനസ്സിലെ ഗവർമ്മെൻറു സംസ്ഥാനത്തെ കച്ചേരികളും കോടതികളും എല്ലാ പൊതുറോഡുകളും ചന്തസ്ഥലങ്ങളും ഒരുപോലെ പ്രജകളിൽ സകലവർഗ്ഗക്കാർക്കും ജാതിമതഭേദംകൂടാതെ ഉപയോഗിക്കപ്പെടാവുന്നതും യാതൊരുത്തനും യാതൊരുകാരണത്താലും തടസ്ഥപ്പെടാൻപാടില്ലാത്തതും ആകുന്നു. ഇതിനാൽ എല്ലാവരേയും യഥാവിധി അറിയിച്ചുകൊള്ളുന്നു." എന്നുപറഞ്ഞതിനുശേഷം ആ പരസ്യത്തിൽ ഇതും ചേർത്തിരിക്കുന്നു. അതായതു ഏതെങ്കിലും സർക്കാർഉദ്യോഗസ്ഥൻ ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതായാൽ അയാൾ ഗവർമ്മെൻറിന്റെ കഠിനമായ ശിക്ഷക്കു അർഹനായിത്തീരുന്നതാണ്.

മി. ഏ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ കാലത്തിനുമുമ്പു റോഡുകൾ എല്ലാവർഗ്ഗക്കാർക്കും ഉപയോഗിക്കാമായിരുന്നോ?

മി. കല്ലുമല പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആയിരുന്നുവെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഈ പരസ്യംകൊണ്ടു വെളിവാകുന്നതു് പബ്ലിക്കറോഡുകൾ ഉപയോഗിക്കുന്നതിൽ ആർക്കും തടസ്സം നേരിടരുതു. എന്നാൽ ആരെങ്കിലും തടസ്സപ്പെടുത്തിയാൽ അവർ ശിക്ഷിക്കപ്പെടുമെന്നും ഉള്ള പഴയ ചട്ടത്തെ ആവർത്തിച്ചു ഒരു പ്രഖ്യാപനം ചെയ്യുകമാത്രമാണ്. * ടി പ്രഖ്യാപനം പബ്ലിക്കറോഡുകളും പൊതുവഴികളെ സംബന്ധിക്കുന്നതും അപ്രകാരം അർത്ഥപ്പെടുത്തേണ്ടതാകുന്നു. എന്നാൽ പൊതുവഴികൾ എന്നവ കല്പിക്കപ്പെട്ടിട്ടുള്ള ഏതെല്ലാം? സാധാരണചട്ടത്തെ അനുസരിച്ചു ഒരു സിവിൽകോടതികളുടെ തീരുമാനത്തെ ആശ്രയിച്ചുള്ളതാണ്. അങ്ങിനെയാകുമ്പോൾ ചില വർഗ്ഗക്കാർക്കു [illegible] പുറപ്പെടുവിച്ചുകൊണ്ടുവരാനുള്ള [illegible] അവ എല്ലാവർഗ്ഗക്കാർക്കും ഉപയോഗമായി [illegible] നിർബന്ധിക്കുന്നതു യുക്തമല്ല. [illegible] എന്താണ്? [illegible] ഉയർത്തിപ്പെട്ടതാവുന്ന ചില സിവിൽ [illegible] പ്രവർത്തിക്കണമെന്നാണോ? എന്നാൽ അപ്രകാരം ഒരു നടപടിക്കു സാധാരണമായ ഉദാഹരിച്ചിട്ടുണ്ടോ?

മി. ദാമോദരനാശാൻ: അദ്ദേഹത്തിന്റെ പ്രസംഗത്തെ ഒരു [illegible] റോഡുകളെ ഉപയോഗിച്ചുമാത്രമായി [illegible] ചിത്രപ്പെടുത്താൻ പാടുള്ളതാണോ അല്ലയോ എന്ന എനിക്ക പറയുവാൻ [illegible] ഉദ്ദേശിക്കുന്നു എന്ന ഞാൻ പറഞ്ഞു അതുകൊണ്ടാണ് ഇപ്പോൾ ഉയർത്തിക്കുന്ന അതിന്റെ വിസ്തൃതപ്രസംഗത്തിൽ [illegible] റോഡുകൾ തുറന്നുവിടണമെന്നു ആവശ്യപ്പെട്ടതുകൊണ്ട് [illegible] റോഡുകൾ തുറന്നുവിടാൻ പാടുള്ളതാണെന്നു എനിക്കുപറയാൻ സാധിക്കയില്ല. [illegible] ബാലരിക്കാസ്സും [illegible] ബംഗ്ലാവിലെ റോഡുകളേയും ഉദാഹരണമാക്കിപ്പറഞ്ഞു.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): [illegible] കരമായ ഒരു പഴയ നടപ്പുണ്ടായിരിക്കയും കോടതികൾ [illegible] അംഗീകരിക്കാതെയിരിക്കുകയും ചെയ്യുമ്പോൾ നിയമകർത്താക്കൾ ശരിയായ ന്യായപരിപാലനത്തിനു ഗവൺമെന്റിനെ സഹായിക്കേണ്ടതല്ലയോ? നടപ്പുകളെ മാററുന്നതിനു നമുക്കു അധികാരമില്ലെന്നോ എല്ലാ ചീത്തനടപ്പുകളും മേലിലും നിലമായി ഉയർത്തിൽതന്നെ നിൽക്കണമെന്നോ നാം വിചാരിക്കേണ്ടതു്?

മി. കല്ലുമല പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ സാമാന്യപ്രശ്നം സന്ദർഭോചിതമല്ല, ഇപ്പോൾ ആലോചനയിലുള്ളതു് [illegible] കോടതി സംരക്ഷിച്ചുപോരുന്ന ചില അവകാശങ്ങളെ ഈ കൌൺസിലിൽ നിരൂപണം ചെയ്യണമെന്നുള്ളതാണ്.

പ്രസിഡണ്ട്, വാദപ്രതിവാദം നാളെ തുടരും, സഭ [illegible] കൂടുന്നതാണ്.

കൌൺസിൽ അടുത്ത ദിവസം [illegible] കൂടുന്നതിനായി വൈകുന്നേരം [illegible] പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രട്ടറി.

അനുബന്ധം എച്ച്.

നമ്പൂതിരിബില്ലിനെപ്പററിയുള്ള പ്രത്യേകകമ്മിററിയുടെ റിപ്പോർട്ട്.

നമ്പൂതിരിബില്ലിനെപ്പററി ചിന്തിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേകകമ്മിററിയിലെ അംഗങ്ങളായ ഞങ്ങൾ താഴെപ്പറയുന്ന റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു.

൧. ഈ റിപ്പോർട്ടിന്റെ ഒടുവിൽ ചേർത്തിരിക്കുന്ന ലിസ്റ്റിൽ പറഞ്ഞിട്ടുള്ള ഹർജികളെപ്പററി ഞങ്ങൾ പര്യാലോചിക്കയും, ചെങ്ങന്നൂർവച്ചു ഒരു സാക്ഷിയുടേയും തിരുവനന്തപുരത്തുവച്ചു ഒൻപതു സാക്ഷികളുടേയും മൊഴി ഞങ്ങൾ കേൾക്കുകയുംചെയ്തു. അനേകം ഹർജികളും സാക്ഷികളിൽ ചിലരും ബില്ലിനെ അനുകൂലിക്കുന്നു. ബില്ലിന്റെ അനുകൂലികൾ നിർദ്ദേശിച്ച എല്ലാ ഭേദഗതികളും ഞങ്ങൾ പര്യാലോചിച്ചു. ൧-ാം നമ്പർ പട്ടികയിൽ വിവരിച്ചിരിക്കുന്ന ഹർജികൾ ബില്ലിന്റെ അനുകൂലികളിൽനിന്നുള്ളവയാണ്. ബില്ലിന്റെ പ്രതികൂലികളുടെ ഹർജികൾ ൨-ാംനമ്പർ പട്ടികയിൽ വിവരിച്ചിരിക്കുന്നു.

൨. ബില്ലിന്റെ ആവശ്യകതയെപ്പററി യാതൊരു പ്രതികൂലാഭിപ്രായമുള്ളതായി തോന്നുന്നതായിട്ടുള്ള വസ്തുത അവഗണിച്ചുകൂടുന്നതല്ല

(൧) ഒരു ബില്ലിന്റെ ആവശ്യം നേരിട്ടിട്ടില്ലെന്നും ഇപ്പോൾ ആലോചനയിലിരിക്കുന്ന ബിൽ സമുദായത്തിന്റെ നന്മയ്ക്കു ഹാനികരമാണെന്നും;

(൨) തങ്ങളെസംബന്ധിച്ചുള്ള നിയമം അലിഖിതമല്ലെന്നും സാമുദായികമായ തങ്ങളുടെ അഭിവൃദ്ധിമാർഗ്ഗത്തിൽ നിർബന്ധിതനിയമനിർമ്മാണംകൊണ്ടു പരിഹരിക്കേണ്ടതായി യാതൊരു പ്രതിബന്ധവുമില്ലെന്നും;

(൩) ഭാഗം അനാശാസ്യമാകുന്നെന്നും അതു് നടപ്പാക്കുന്നതായാൽ സമുദായം നിസ്സഹായാവസ്ഥയെ പ്രാപിക്കുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടിരിക്കുന്നു.

എന്നാൽ ബില്ലിന്റെ മൂലതത്വം നിയമസഭ അംഗീകരിച്ചിട്ടുള്ളതിനാലും സഭയുടെ ഒരു കമ്മിററിയായിമാത്രം ഞങ്ങളെ നിയമിച്ചിട്ടുള്ളതിനാലും, ബിൽ ആവശ്യമാണോ അല്ലയോ എന്നസംഗതിയെപ്പററി ചിന്തിക്കുന്നതിനു ഞങ്ങൾക്കു തിട്ടമില്ല. ഭാഗത്തെക്കുറിച്ചുള്ള ആക്ഷേപം, ബില്ലിലെ മററു വകുപ്പുകളേയും സംബന്ധിച്ചു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികൾ ഇവയെല്ലാം ഞങ്ങൾ പര്യാലോചിച്ചിട്ടുണ്ട്.

പീഠിക. വരി ൧. "നമ്പൂതിരിമാരുടെ" എന്നതിനുപകരം "മലയാളബ്രാഹ്മണരുടെ" എന്നു ചേൎക്കണം.

"നമ്പൂതിരിമാർ" എന്നതിനുപകരം, കുറെക്കൂടി അൎത്ഥവ്യാപ്തിയുള്ള "മലയാളബ്രാഹ്മണർ" എന്നപദം ഉപയോഗിക്കുന്നതു് കൂടുതൽ ശാസ്ത്രീയമാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

അദ്ധ്യായം ൧.

ഖണ്ഡം ൧. (൧) വരി ൧. "നമ്പൂതിരി" എന്നതിനുപകരം "മലയാളബ്രാഹ്മണ" എന്നു ചേൎക്കണം.

(൨) "നമ്പൂതിരിമാരേയും" എന്നതിനുപകരം "മലയാളബ്രാഹ്മണരേയും" എന്നു ചേൎക്കണം.

ഈ രണ്ടു ഭേദഗതികളും പീഠികയിൽ വരുത്തിയ ഭേദഗതിയുടെ ഫലമായിട്ടുള്ളവയാണ്.

ഖണ്ഡം ൨. (൧) ഇപ്പോഴത്തേതിനുപകരം താഴെപ്പറയുന്ന നിൎവചനം ചേൎക്കണം:—

"മലയാളബ്രാഹ്മണൻ" എന്നതിൽ, മലയാളബ്രാഹ്മണരായി അറിയപ്പെടുന്നവരും ഗണിക്കപ്പെടുന്നവരുമായ നമ്പൂതിരി, പോററി മുതലായവർ ഉൾപ്പെടുന്നതും, എന്നാൽ തങ്ങളെസംബന്ധിച്ച നിയമപ്രകാരം, ഈ റഗുലേഷൻ പാസാകുന്നതിനുമുമ്പു് ആൾവീതംഭാഗത്തിനു് അവകാശമുള്ളവർ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(൩) "തറവാട്" എന്നതിനുപകരം "ഇല്ലം" എന്നു ചേൎക്കണം. മലബാർ ബ്രാഹ്മണകുടുംബങ്ങളെ സാധാരണയായി "ഇല്ലങ്ങൾ" എന്നാണ് വിളിക്കാറുള്ളതു്. "തറവാടുകൾ" എന്നല്ല.

"കൂട്ടുകുടുംബത്തിൽ" എന്നതിനുമുമ്പു് "മലയാളബ്രാഹ്മണ" എന്നു ചേൎക്കണം.

അൎത്ഥം വ്യക്തമാക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം.

(൪) വരി ൧. "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നു ചേൎക്കണം.

വരി ൨. "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നു ചേൎക്കണം.

താഴെപ്പറയുന്നതുകൂടി ചേൎക്കുക:—

"വിശദീകരണം. വിവാഹനിമിത്തം ഇല്ലത്തെ അംഗങ്ങളായി തീൎന്നിട്ടുള്ള സ്ത്രീകളുടെ മുപ്പവകാശം നിശ്ചയിക്കുന്നതു് വിവാഹത്തിന്റെ തീയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കേണ്ടതാകുന്നു."

ബില്ലിലെ ൧൩-ാംഖണ്ഡത്തിന്റെ വിവരണം വിട്ടുകളഞ്ഞിട്ട് അതിനെ ഈ നിൎവചനത്തിന്റെ ഒരു വിവരണമായി ചേൎക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നു. അതിനാൽ മേൽപ്പറഞ്ഞ ഭേദഗതി നിൎദ്ദേശിച്ചിരിക്കുന്നു.

(൫) "അനന്തരവന്മാർ" എന്നതിനുപകരം "അനന്തരവൻ" എന്നും "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നും ചേൎക്കണം.

ഈ ഭേദഗതികൾ കേവലം വാക്കുകളെ സംബന്ധിച്ചവ മാത്രമാണ്.

(൬) "ജാതിഭ്രഷ്ടൻ" എന്നപദം ബില്ലിൽ യാതൊരിടത്തും പ്രയോഗിച്ചിട്ടില്ലാത്തതിനാൽ, (൬)-ാം ഉപഖണ്ഡം വിട്ടുകളയണം.

താഴെപ്പറയുന്നതിനെ (൬)-ാം ഉപഖണ്ഡമായി ചേൎക്കണം:—

"മൂത്ത അനന്തരവൻ" എന്നാൽ ഇല്ലത്തെ കാരണവസ്ഥാനത്തിനു് അതാതുകാലത്തു് അടുത്ത അവകാശിയായുള്ള പ്രായംതികഞ്ഞ അനന്തരവൻ എന്നൎത്ഥമാകുന്നു;—

(൭)-ം (൯)-ാം ആവശ്യമില്ലാത്തതിനാൽ (൭)-ം (൯)-ം ഉപഖണ്ഡങ്ങൾ വിട്ടുകളയണം.

താഴെപ്പറയുന്നതു (൭)-ാം ഉപഖണ്ഡമായി ചേൎക്കണം.

"അകനക്കാരകൾ" എന്നാൽ പൊതുവായുള്ള ഒരു പൂൎവികനിൽനിന്നുണ്ടായ സന്താനങ്ങളാണെങ്കിലും മേല്പോട്ടോ കീഴ്പ്പോട്ടോ നേൎവഴിക്കുള്ള തലമുറയിൽപെടാത്ത പുരുഷന്മാരുടെ ശാഖകൾ ആകുന്നു.

(൮) ഇതിനുപകരം താഴെപ്പറയുന്നതു് (൯)-ാം ഉപഖണ്ഡമായിചേൎത്തു്, (൮)-ാം ഉപഖണ്ഡത്തിനെ (൮)-ാം ഉപഖണ്ഡമായി നമ്പരിടണം:—

"ഗൃഹസ്ഥൻ" എന്നാൽ തന്റെ സമുദായത്തിൽ നിന്നുതന്നെ ഒരു ഭാൎയ്യയെ വിവാഹംചെയ്തിട്ടുള്ള ഒരു ഇല്ലത്തെ പുരുഷനായ ഏതെങ്കിലും അംഗം എന്നൎത്ഥമാകുന്നു.

അദ്ധ്യായം ൨.

ഈ അദ്ധ്യായത്തിന്റെ തലക്കെട്ടിൽ "തറവാടും" എന്നതിനുപകരം "ഇല്ലവും" എന്നു ചേൎക്കണം.

ഖണ്ഡം ൩. ആദ്യത്തെ വാക്യത്തിൽ അടങ്ങിയിരിക്കുന്നതു് സൎവസമ്മതമായ ഒരു തത്വമാണെന്നും അതിനെപ്പററി പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ലെന്നും ഞങ്ങൾ വിചാരിക്കുന്നു. രണ്ടാമത്തെ വാക്യത്തിൽ പറഞ്ഞിട്ടുള്ള ജാതിഭ്രഷ്ടന്മാരെ സംബന്ധിച്ചാകട്ടെ ആ സംഗതി ഇപ്പോഴത്തെനിയമവും നടപ്പും അനുസരിച്ചു തീരുമാനിക്കാവുന്നതാണെന്നും ബില്ലിൽ അതിനെപ്പററി പ്രത്യേകം പ്രസ്താവിക്കുന്നതു് അനാവശ്യമാണെന്നും ആണ് ഞങ്ങളുടെ അഭിപ്രായം. അതിനാൽ ഈ ഖണ്ഡം മുഴുവനും വിട്ടുകളഞ്ഞിരിക്കുന്നു.

ഖണ്ഡം ൪. വരി ൧. "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നും, "തറവാട്ടിന്നു" എന്നതിനുപകരം "ഇല്ലത്തേക്കു" എന്നും ചേൎക്കണം.

വരി ൨. "ക്ഷേത്രങ്ങളും" എന്നതിനുപകരം "ദേവസ്വങ്ങളും" എന്നു ചേൎക്കുക. ഈ ഭേദഗതി കേവലം പദപ്രയോഗത്തെ സംബന്ധിച്ചതാണ്.

ഖണ്ഡം ൫. വരി ൧. "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നുചേൎക്കുക.

വരി ൩. "തറവാട്ടു" എന്നതു വിട്ടുകളയണം.

"ആണ്ടവസാനത്തിൽ" എന്നതിനുപകരം "ആണ്ടവസാനത്തിനുശേഷം" എന്നു ചേൎക്കണം.

മെമ്പറന്മാൎക്കു കണക്കിന്റെ പ്രതികൾ കൊടുക്കുന്നതു കാരണവന്റെ ഒരു ചുമതല ആയിരിക്കണമെന്നു ഞങ്ങൾ കരുതുന്നില്ല. അതിനാൽ ൪-ാംവരിയിൽ "വച്ചിരിക്കേണ്ടതും" എന്നതിനുപകരം "വച്ചിരിക്കേണ്ടതാകുന്നു" എന്നു ചേൎക്കുക. ൪-ം ൫-ം വരികളിൽ "ആ കണക്കിന്റെ... കൊടുക്കേണ്ടതും ആകുന്നു." എന്നഭാഗം വിട്ടുകളയണം.

ഖണ്ഡം ൭. കാരണവന്റെ സർവസമ്മതമായ അധികാരങ്ങളും കൃത്യങ്ങളും മാത്രം വിവരിക്കുന്നതിനാൽ ൭-ാം ഖണ്ഡം ആവശ്യമില്ല. അതു വിട്ടുകളയാവുന്നതാണ്.

ഖണ്ഡം ൯. വരി ൧. "തറവാട്ടാവശ്യത്തിനും" എന്നതിനുപകരം "ഇല്ലത്തെ ആവശ്യത്തിനും" എന്നും "തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ" എന്നും ചേർക്കണം.

വരി ൩. "തറവാട്ടുവക" എന്നതിനുപകരം "ഇല്ലംവക" എന്നു ചേർക്കുക.

"വസ്തു" എന്നതിനു മുൻപായി "സ്ഥാവര" എന്നു ചേർക്കണം. ഈ വിഷയത്തിൽ നായർറഗുലേഷനേയും ഈഴവറഗുലേഷനേയും അനുകരിച്ചിരിക്കുന്നു എന്നുമാത്രമേയുള്ളു.

പ്രായംതികഞ്ഞ എല്ലാ അംഗങ്ങളുടേയും രേഖാമൂലമായ സമ്മതം വേണമെന്നാവശ്യപ്പെടുന്നതിനുള്ള കാലാവധി ആറുവർഷം എന്നു നിശ്ചയിച്ചിരിക്കുന്നതു തീരെ കുറവാണ്. ഈ സംഗതിയിൽ നായർറഗുലേഷനേയും ഈഴവറഗുലേഷനേയും അനുവർത്തിക്കാമെന്നു ഞങ്ങൾ വിചാരിക്കുന്നു. "ആറു" എന്നതിനുപകരം "പന്ത്രണ്ടു" എന്നു ചേർക്കണം.

വരി ൪. "പണയപ്പെടുത്തുകയോ" എന്നു കഴിഞ്ഞു "മാറായംവാങ്ങിയോ മാറായം വാങ്ങാതെയോ" എന്നുചേർക്കുക.

അർത്ഥം വ്യക്തമാക്കണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം.

കാരണവനു സാരമായ വിഷമങ്ങൾ നേരിടുമെന്നുള്ളതിനാൽ മുൻപുതന്നെ എഴുതിക്കൊടുത്തിട്ടുള്ള കാണങ്ങൾ പൊളിച്ചെഴുതുന്നതിനു എല്ലാ അംഗങ്ങളുടേയും സമ്മതം ആവശ്യമില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. അതിനാൽ താഴെപ്പറയുന്നതിനെ ൨-ാംഖണ്ഡികയായി ചേർത്തിരിക്കുന്നു.

"ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മുൻപുതന്നെ എഴുതിക്കൊടുത്തിട്ടുള്ള കാണങ്ങൾ താൻതന്നെ പൊളിച്ചെഴുതിക്കൊടുക്കുന്നതിനു കാരണവനുള്ള അധികാരത്തെ ബാധിക്കുന്നതല്ല."

ഖണ്ഡം ൮. വരി ൨. "തറവാട്ടാവശ്യത്തിനും തറവാട്ടിലെ" എന്നതിനുപകരം "ഇല്ലത്തെ ആവശ്യത്തിനും ഇല്ലത്തെ" എന്നു ചേർക്കുക.

ഒരാണ്ടത്തെ പാട്ടം മുൻപോട്ടായി വാങ്ങിക്കൊണ്ടു കുറഞ്ഞ കാലാവധിക്കു പാട്ടംകൊടുക്കുന്നതിനു കാരണവനുള്ള സാധാരണ അധികാരത്തിൽ ഇടപെടുന്നതു് ആശാസ്യമല്ലാത്തതിനാൽ "കൈക്കുറ്റപ്പണയമോ" എന്നു കഴിഞ്ഞു "ഒരുകൊല്ലത്തെ പാട്ടത്തിൽ കവിഞ്ഞ മാറായം പററിക്കൊണ്ടുള്ള" എന്നു ചേർക്കുക.

വരി ൧. "ആറു" എന്നതിനുപകരം "പന്ത്രണ്ടു" എന്നുചേർക്കുക.

ഈ ഭേദഗതി ൯-ാംഖണ്ഡത്തിൽവരുത്തിയ ഭേദഗതിയുടെ ഫലമായിട്ടുള്ളതാകുന്നു.

ഇപ്രകാരത്തെ ൨-ാംഖണ്ഡികയ്ക്കുപകരം താഴെപ്പറയുന്നതുചേർക്കുക:—

"അപ്രകാരമുള്ള ഇടപാടിനു കാരണവന്റെ ശാഖയിലേയും അകന്ന ശാഖകൾ ഉണ്ടെങ്കിൽ അവയിൽ ഓരോന്നിലേയും മൂത്ത അനന്തരവരുടെ രേഖാമൂലമായ സമ്മതമുണ്ടെന്നുവരികിൽ അപ്രകാരമുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു."

കടംകൊടുക്കുന്ന ആളിന്റെ ഗുണത്തിനു ഈ ഭേദഗതി ആവശ്യമാണെന്നു ഞങ്ങൾ കരുതുന്നു. ഇതും നായരീഴവറഗുലേഷനുകളെ അനുസരിച്ചാണ്.

ഖണ്ഡം ൻ. "തറവാട്ടാവശ്യത്തിനായിരുന്നാലല്ലാതെ തറവാട്ടിനെ" എന്നതിനുപകരം "ഇല്ലത്തെ ആവശ്യത്തിനായിരുന്നാലല്ലാതെ ഇല്ലത്തെ" എന്നു ചേർക്കണം.

ഖണ്ഡം ൧൦. ൧-ാംവരിയിൽ "തറവാട്ടാവശ്യം" എന്നതിനുപകരം "ഇല്ലംവക ആവശ്യം" എന്നും; "തറവാട്ടുവസ്തു" എന്നതിനുപകരം "ഇല്ലംവകവസ്തു" എന്നും; ൩-ാംവരിയിൽ "തറവാട്ടംഗങ്ങൾ" എന്നതിനുപകരം "ഇല്ലത്തെ അംഗങ്ങൾ" എന്നും; ൪-ാംവരിയിൽ "തറവാട്ടാവശ്യമുണ്ടെന്നു" എന്നതിനുപകരം "ഇല്ലംവക ആവശ്യമുണ്ടെന്നു" എന്നും; ൭-ാംവരിയിൽ "തറവാട്ടാവശ്യം" എന്നതിനുപകരം "ഇല്ലംവക ആവശ്യം" എന്നും ചേർക്കുക.

ഖണ്ഡം—൧൩. ആവശ്യമില്ലാത്തതിനാൽ ൧൩-ാം ഖണ്ഡം വിട്ടുകളഞ്ഞിരിക്കുന്നു.

൧൬-ാം ഖണ്ഡത്തിനുശേഷം താഴെപ്പറയുന്നതു ചേർക്കുക:—

"ഇല്ലത്തിൽ കാരണവന്റെ നിലയിൽ കാരണവരും അയാളുടെ ശാഖയിലേയും അകന്നശാഖകൾ ഉണ്ടെങ്കിൽ അവയിലെ ഓരോന്നിലേയും മൂത്ത അനന്തരവരും വിരോധമായി സമ്പാദിക്കപ്പെടുന്നതല്ലാത്ത യാതൊരു വിധിയും ഇല്ലത്തെ ബന്ധിക്കുന്നതല്ല."

ഒരു വിധി കാരണവന്റേയും മൂത്ത അനന്തരവരുടേയും പേരിൽ സമ്പാദിക്കേണ്ടതാണെന്നുള്ള തത്വം നായരീഴവറഗുലേഷനുകളിൽ അംഗീകരിച്ചിട്ടുണ്ട്. അതിനാൽ ഈ ഭേദഗതി വരുത്തിയിരിക്കുന്നു.

ഖണ്ഡങ്ങൾ—൧൪—൧൭. ൧൪ മുതൽ ൧൭ വരെയുള്ള ഖണ്ഡങ്ങൾ ഒരു കാരണവനെ തൽസ്ഥാനത്തുനിന്നു നീക്കുന്നതിനുള്ള കാരണങ്ങളേയും രീതിയേയും സംബന്ധിച്ചവയാണ്. ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമങ്ങളിൽ ഏതെങ്കിലും ഭേദഗതി വരുത്തണമെന്നു ഞങ്ങൾ വിചാരിക്കുന്നില്ലാത്തതിനാൽ അവയെ വിട്ടുകളഞ്ഞിരിക്കുന്നു.

ഖണ്ഡം—൧൯. കാരണവന്റെ സമ്പാദ്യങ്ങളെ സംബന്ധിച്ച കുഴപ്പങ്ങൾ നേരിടുമെന്നുള്ളതിനാൽ, കാരണവനു യാതൊരു പ്രതിഫലവും അനുവദിക്കാൻ പാടില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. അതിനാൽ ൧൯-ാംഖണ്ഡം വിട്ടുകളയാവുന്നതാണ്.

ഖണ്ഡങ്ങൾ—൧൮—൨൦. ൧൮ മുതൽ ൨൦ വരെയുള്ള ഖണ്ഡങ്ങൾ ബില്ലിലെ ഏററവും പ്രധാനപ്പെട്ട ഖണ്ഡങ്ങളാണ്. ഇല്ലത്തിൽ താമസിച്ചാലും താമസിച്ചില്ലെങ്കിലും ഒരു ഗൃഹസ്ഥനു പ്രത്യേകം ചിലവിനു കിട്ടാൻ അവകാശമുണ്ടായിരിക്കെ ഗൃഹസ്ഥനല്ലാത്ത ഒരു അംഗത്തിനു അപ്രകാരം ചിലവിനു കിട്ടാൻ അവകാശമില്ലെന്നു വാദിക്കപ്പെട്ടിരിക്കുന്നു. ഈ സംഗതിയിൽ അഭിപ്രായവ്യത്യാസം വളരെയുണ്ട്. സമുദായത്തിൽ ഭൂരിപക്ഷവും ആവശ്യപ്പെടുന്നതെന്താണെന്നു കൃത്യമായി നിശ്ചയിക്കാൻ നിവൃത്തിയില്ല. അതിനാൽ ഈ സംഗതി തീരുമാനിക്കാതെ വിട്ടിരിക്കുന്നു. എന്നാൽ, തന്റെയും തന്റെ ഭാര്യയുടേയും കുട്ടികളുടേയും

ചിലവിനുള്ള വസ്തു ഭാഗംകഴിഞ്ഞിരിക്കേണ്ടതു് പ്രത്യേകം തിരിച്ചുകിട്ടണമെന്നു ഒരു ഗൃഹസ്ഥനു അവകാശപ്പെടാവുന്നതാണെന്നു ഞങ്ങൾ വിചാരിക്കുന്നു. ഇതിനാൽ ൧൨ മുതൽ ൧൭ വരെയുള്ള ഖണ്ഡങ്ങൾക്കു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർത്തിരിക്കുന്നു:—

"തന്റെയും തന്റെ ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷണത്തിനു ഇല്ലത്തെ വസ്തുക്കൾ പ്രത്യേകം തിരിച്ചുകിട്ടാൻ ഒരു ഗൃഹസ്ഥനു അവകാശമുണ്ടായിരിക്കുന്നതാകുന്നു."

അദ്ധ്യായം ൩.

ഖണ്ഡം—൧൮. അച്ഛൻ കഴിഞ്ഞാൽ അമ്മയും അമ്മ കഴിഞ്ഞാൽ അച്ഛന്റെ അച്ഛനും അധികാരികളായിരിക്കണമെന്നാണു ഞങ്ങളുടെ അഭിപ്രായം. അതിനാൽ അധികാരക്രമത്തെ താഴെപ്പറയുന്നതുപോലെ മാറ്റിയിരിക്കുന്നു:—

"അച്ഛൻ, അമ്മ, അച്ഛന്റെ അച്ഛൻ, സഹോദരന്മാർ, പിതൃസഹോദരൻ;

ഇതിൽകൂടുതൽ ആവശ്യമില്ലെന്നു ഞങ്ങൾ വിചാരിക്കുന്നു. എന്നാൽ, അധികാരക്രമത്തെപ്പറ്റി ഈ ഖണ്ഡത്തിലുള്ള വ്യവസ്ഥ, രക്ഷാകർത്തൃനിയമപ്രകാരം കോടതിയ്ക്കുള്ള യുക്താധികാരത്തെ ബാധിച്ചുകൂടുന്നതല്ല. അതിനാൽ ൧൮-ാം ഖണ്ഡത്തെ താഴെപ്പറയുന്നതുപോലെ ഭേദപ്പെടുത്തിയിരിക്കുന്നു.—

"രക്ഷാകർത്തൃനിയമത്തിലെ വ്യവസ്ഥകൾക്കു വിധേയപ്പെട്ടു താഴെപ്പറയുന്ന ആളുകൾ യഥാക്രമം മൈനർമാരുടെ ദേഹത്തിന്റെയും പ്രത്യേക സ്വത്തുക്കളുടെയും നിയമപ്രകാരമുള്ള രക്ഷാകർത്താക്കന്മാരായിരിക്കുന്നതാണ്; അതായതു അച്ഛൻ, അമ്മ, അച്ഛന്റെ അച്ഛൻ, സഹോദരന്മാർ, പിതൃസഹോദരൻ.

അദ്ധ്യായം ൪.

ഖണ്ഡം—൧൯. മരണശാസനമില്ലാതെ മരിക്കുന്ന ഒരാളിന്റെ സ്വത്തിനെ സംബന്ധിച്ചുള്ള പിന്തുടർച്ചാവകാശത്തിൽ ഭാഗം പിരിഞ്ഞ ഒരു പുത്രനും ഭാഗം പിരിയാത്ത ഒരു പുത്രനും തമ്മിൽ യാതൊരു വ്യത്യാസവും കല്പിക്കേണ്ടതില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. അതുപോലെ വിവാഹം കഴിഞ്ഞ ഒരു പുത്രിക്കും വിവാഹം കഴിയാത്ത ഒരു പുത്രിക്കും തമ്മിൽ വ്യത്യാസം കല്പിക്കേണ്ടതില്ല. ഞങ്ങൾ വിസ്തരിച്ച സാക്ഷികളിൽ ചിലർ (൧) പിന്തുടർച്ചാവകാശം തുല്യമായി പുത്രന്മാർക്കു ലഭിക്കേണ്ടതാണെന്നും, (൨) പുത്രന്മാരില്ലാത്തപ്പോൾ മാത്രമേ പുത്രിമാർക്കു പിന്തുടർച്ചാവകാശം ലഭിക്കാൻ പാടുള്ളൂവെന്നും, (൩) വിധവയ്ക്കു ഒരിക്കലും പിന്തുടർച്ചാവകാശം ലഭിക്കാൻ പാടില്ലെന്നും അഭിപ്രായപ്പെട്ടിരിക്കുന്നു. മേൽപ്പറഞ്ഞ (൧)-ഉം (൨)-ഉം വാദങ്ങൾ ബലമുള്ളവയാണ്. (൧)-ഉം (൨)-ഉം വാദങ്ങൾ അനുവദിക്കേണ്ടതാണെന്നു ഞങ്ങളിൽ ഭൂരിപക്ഷവും അഭിപ്രായപ്പെടുന്നു. പുത്രികളെപ്പോലെ വിധവയും പിന്തുടർച്ചാവകാശമുള്ളവളായിരിക്കണമെന്നും ഞങ്ങൾ അഭിപ്രായപ്പെടുന്നു. മേല്പറഞ്ഞ തരത്തിലുള്ള അവകാശികളില്ലാത്തപ്പോൾ സ്വത്തു ഇല്ലത്തേക്കു ചേരാവുന്നതാണ്. ഈ ഖണ്ഡം നായർറെഗുലേഷനിലെ ൧൬-ാം ഖണ്ഡത്തെ ബാധിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ൨൨-ഉം ൨൩-ഉം ഖണ്ഡങ്ങളെ താഴെപ്പറയുന്നതുപോലെ ഭേദപ്പെടുത്തിയിരിക്കുന്നു.—

"൨൨. ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ അയാളുടെ പുത്രന്മാർ ജീവിച്ചിരിക്കുന്നതായാൽ അവർക്കു ൧൧൦൦-ാമാണ്ടത്തെ ൧-ാംനമ്പരായ നായർറെഗുലേഷൻ ൧൬-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയപ്പെട്ടു അയാളാൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവും ആയ മുഴുവൻ സ്വത്തും തുല്യഭാഗഹരികളായി ലഭിക്കുന്നതാകുന്നു. പുത്രന്മാരില്ലാതിരുന്നാൽ, പുത്രികൾക്കും സ്വയാർജ്ജിതവിഭവമുൾപ്പെടെ ആ സ്വത്തു തുല്യഭാഗഹരികളായി ലഭിക്കുന്നതാണ്.

എന്നാൽ, മരണശാസനം എഴുതിവയ്ക്കാത്ത ആളിന്റെ മരണത്തിനുമുമ്പു ഒരു പുത്രൻ മരിച്ചുപോകുന്നതായാൽ ആ പുത്രന്റെ സന്താനങ്ങൾക്കു, അപ്രകാരമുള്ള ആളിന്റെ മരണശേഷം ആ പുത്രൻ ജീവിച്ചിരുന്നെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുവാൻ അവകാശമുള്ളതാകുന്നു.

"൨൩. ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ, അയാളാൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവും ആയ സ്വത്തു ൧൧൦൦-ാമാണ്ടത്തെ ൧-ാംനമ്പരായ നായർറെഗുലേഷൻ ൧൬-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയപ്പെട്ടു അയാളുടെ ഇല്ലത്തെ അംഗങ്ങൾക്കു ചെല്ലുന്നതാകുന്നു."

ഖണ്ഡങ്ങൾ—൨൪, ൨൫. ഒരു സ്ത്രീയുടെ സ്വത്തു അവളുടെ മക്കൾക്കു ലഭിക്കേണ്ടതാണെന്നും, മക്കളില്ലാതിരുന്നാൽ മാത്രമേ ഭർത്താവിനു ലഭിക്കാൻ പാടുള്ളൂ എന്നുമാണു ഞങ്ങളുടെ അഭിപ്രായം. ഭർത്താവു ജീവിച്ചിരിപ്പില്ലാത്തപക്ഷം ആ സ്വത്തു അവളുടെ ഭർത്താവിന്റെ ഇല്ലത്തെ അംഗങ്ങൾക്കു ചെല്ലേണ്ടതാകുന്നു. ൨൪-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്നതു ചേർക്കുക.—

"(൧) ഒരു മലയാളബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ അവളുടെ പുത്രന്മാരും പുത്രികളും ജീവിച്ചിരിക്കുന്നതായാൽ അവർക്കു അവളാൽ വിനിയോഗിക്കപ്പെടാത്ത അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാർജ്ജിതവും പ്രത്യേകവും ആയ സ്വത്തു മുഴുവനും തുല്യഭാഗഹരികളായി ലഭിക്കുന്നതാകുന്നു.

എന്നാൽ മരണശാസനം എഴുതിവയ്ക്കാത്ത ആളിന്റെ മരണത്തിനുമുമ്പു ഒരു പുത്രൻ മരിച്ചുപോകുന്നതായാൽ ആ പുത്രന്റെ സന്താനങ്ങൾക്കു അപ്രകാരമുള്ള ആളിന്റെ മരണശേഷം ആ പുത്രൻ ജീവിച്ചിരുന്നെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുവാൻ അവകാശമുള്ളതാകുന്നു.

"(൨) മക്കളില്ലാതിരുന്നാൽ, (൧)-ാം ഉപഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള സ്വത്തു ഭർത്താവിനു ലഭിക്കുന്നതാകുന്നു."

ഖണ്ഡം—൨൫. വരി-൧. "നമ്പൂതിരിസ്ത്രീ" എന്നതിനു പകരം "മലയാളബ്രാഹ്മണസ്ത്രീ" എന്നു ചേർക്കണം.

വരി—൨. "ഇല്ലാതിരുന്നാൽ" എന്നു കഴിഞ്ഞു "അവളാൽ വിനിയോഗിക്കപ്പെടാത്ത" എന്നു ചേർക്കുക

വരി—൩. "തറവാട്ടിലെ" എന്നതിനു പകരം "ഇല്ലത്തെ" എന്നു ചേർക്കുക.

അദ്ധ്യായം ൬.

ഖണ്ഡം—൨൯. ൧൧൦൭-ാമാണ്ടത്തെ ൨-ാം നമ്പരായ നായർ റെഗുലേഷൻ ൨൯-ാം വകുപ്പിൽ ഇതിനു വ്യവസ്ഥചെയ്തിട്ടുള്ളതിനാൽ ഈ ഖണ്ഡം വിട്ടുകളയാവുന്നതാണ്.

അദ്ധ്യായം ൭.

ഖണ്ഡം—൩൧. സമുദായാംഗങ്ങൾക്കു ശേഷക്രിയ[illegible] നിർബന്ധമുള്ളതായി തോന്നുന്നില്ല. അതിനാൽ ൩൧-ാം ഖണ്ഡത്തിന്റെ ൧-ാം ഖണ്ഡിക ചുരുക്കിയിരിക്കുന്നു.

൨-ാം ഖണ്ഡികയിൽ ഉൾപ്പെടുത്തുന്നതിനെപ്പറ്റി പ്രബലമായ പ്രതിഷേധം ഉണ്ടാവാൻ ഇടയുള്ളതായി തോന്നുന്നു. ഇപ്രകാരമുള്ള ഒരു വ്യവസ്ഥ സമുദായത്തിലെ നടപ്പിനും ആചാരത്തിനും വിരുദ്ധവും ഉണ്ടാകുന്ന കുടുംബഛിദ്രം നിരുത്സാഹപ്പെടുത്തുന്നതിനു ഒരു തടസ്സവും ആകുന്നു, ഞങ്ങളുടെ സമുദായത്തിൽ ഇപ്രകാരം സ്വത്തിനു അവകാശിയായ ഒരു വിധവയെ പ്രത്യേകം താമസിക്കാൻ അനുവദിക്കുന്നതു അത്യന്തം ദോഷകരമാണെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. [illegible] ഈ ഖണ്ഡിക ഉൾപ്പെടുത്തണമെന്നു അഭിപ്രായപ്പെടുന്നതിനാൽ അതിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല.

ബില്ലിന്റെ ൧-ാം വരിയിൽ "[illegible] ഒരു തറവാട്ടിലെ" എന്നതിനുപകരം "ഒരു ഇല്ലത്തെ" എന്നു ചേർക്കണം.

ഖണ്ഡം—൩൪. ഒരു പുരുഷനു കിട്ടുന്ന സ്ത്രീധനം ഇല്ലത്തേക്കു കിട്ടണമെന്നാണു സമുദായത്തിന്റെ അഭിപ്രായം. ഇതു ൨൮-ാം തീയതി. ഫ. റി. [illegible] വരെ വിധിക്ക വിരുദ്ധമാണ്. സഭയിലുള്ള സമുദായാംഗങ്ങളും ഭേദഗതി വരുത്തുന്നതിൽ പ്രതികൂലാഭിപ്രായക്കാരാകയാൽ, ഈ ഖണ്ഡം അതുപോലെതന്നെ ചേർത്തിരിക്കുന്നു.

൧-ാം വരിയിൽ "നമ്പൂതിരി" എന്നതിനു പകരം "മലയാളബ്രാഹ്മണ" എന്നും "തവാട്ടുസ്വത്തായി" എന്നതിനു പകരം "ഇല്ലംവക സ്വത്തായി" എന്നും ചേർക്കുക.

പുതിയനിയമം ആവശ്യമില്ലാത്തവരെ ഒരു നിശ്ചിത കാലത്തിനുള്ളിൽ അതിൽനിന്നു ഒഴിഞ്ഞുകൊള്ളാൻ അനുവദിക്കേണ്ടതാണെന്നു സമുദായാംഗങ്ങളിൽ ചിലർ നിർദ്ദേശിക്കുന്നു. ഞങ്ങളിൽ ഭൂരിപക്ഷവും ഇതിൽ വിപരീതാഭിപ്രായക്കാരാണ്.

അവസാനമായി ഞങ്ങളിൽ ഒരു മാന്യൻ, അതായതു ഇടവക മെമ്പർ, ഇടപ്പള്ളി സ്വരൂപത്തെ ഈ റെഗുലേഷന്റെ പ്രവർത്തനത്തിൽനിന്നു ഒഴിവാക്കേണ്ടതാണെന്നു നിർദ്ദേശിക്കുന്നു. ഒന്നാമതായി സ്വരൂപത്തിലേക്കു കിട്ടാനുള്ള പാട്ടം പാട്ടംപിരിവു റെഗുലേഷൻപ്രകാരം ഈടാക്കുന്നതിനു ഇടപ്പള്ളി സ്വരൂപത്തിലേക്കു അവകാശമുള്ളതാണ്. ഗവണ്മെന്റു ചട്ടങ്ങളും നിരക്കുകളും അനുസരിച്ചാണു ആ ഇടവകയിലുൾപ്പെട്ട പുതുവൽ ഭൂമികൾ പതിച്ചുകൊടുക്കുന്നതു്. അതിനാൽ, ആ സ്വരൂപത്തെ ഒഴിവാക്കുന്നതു അനാവശ്യമാണെന്നു ഞങ്ങൾ വിചാരിക്കുന്നു.

താഴെ പറയുന്നതു ഒടുവിലത്തെ ഖണ്ഡമായി ചേർക്കുക:—

"ഈ റെഗുലേഷൻ ഇടപ്പള്ളി സ്വരൂപത്തെ സംബന്ധിക്കുന്നതല്ല."

പി. കെ. നാരായണപിള്ള (ഒപ്പ്)
(പ്രത്യേകകുറിപ്പു വല്ലതുമുണ്ടെങ്കിൽ അതിനുവിധേയമായി)
കെ. കെ. തോമസ് (ഒപ്പ്)
എം. ശിവതാണുപിള്ള (ഒപ്പ്)
(വിസമ്മതക്കുറിപ്പിനുവിധേയമായി)
സി. പി. തരകൻ (ഒപ്പ്)
സി. എൻ. ഇട്ടൂപ്പൻനമ്പൂരിപ്പാട് (ഒപ്പ്)
എൻ. കുമാരൻ (ഒപ്പ്)
കല്ലൂർ നാരായണപിള്ള (ഒപ്പ്)
എ. കെ. പിള്ള (ഒപ്പ്)
(ഇതിനോടു ചേർത്തിരിക്കുന്ന വിസമ്മതക്കുറിപ്പിനുവിധേയമായി)
ജി. ശങ്കരൻപോറ്റി (ഒപ്പ്)
കെ. എൻ. കേശവൻനമ്പൂരിപ്പാട് (ഒപ്പ്)
കേരളവർമ്മ കോയിത്തമ്പുരാൻ (ഒപ്പ്)
(വിസമ്മതക്കുറിപ്പിനുവിധേയമായി)
വി. സുബ്ബയ്യർ (ഒപ്പ്)

വി. സുബ്ബയ്യർ,
അദ്ധ്യക്ഷൻ.

അനുബന്ധം ൭.

തിരുവിതാംകോട്ടു നമ്പൂതിരി ബിൽ.

(പ്രത്യേക കമ്മിററി പുതുക്കിയതു).

[അടിയിൽ വരച്ചിട്ടുള്ള ഭാഗങ്ങൾ പ്രത്യേകകമ്മിററി നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളാകുന്നു.]

പീഠിക. മലയാളബ്രാഹ്മണരുടെ പിൻതുടച്ചാവകാശത്തെയും കുടുംബഭരണത്തെയും സംബന്ധിച്ചുള്ള നിയമത്തെ നിർവചിക്കയും ഭേദപ്പെടുത്തുകയും ചെയ്യുന്നതു യുക്തമായിരിക്കകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ,—

അദ്ധ്യായം ൧.

പ്രാരംഭം.

ആരംഭവും വ്യാപ്തിയും. ൧. (൧) ഈ റഗുലേഷനെ "൧൧൦൦-ാമാണ്ടത്തെ തിരുവിതാംകോട്ടു മലയാളബ്രാഹ്മണ റഗുലേഷൻ" എന്നു വിളിക്കാവുന്നതാകുന്നു.

(൨) ഇതു തിരുവിതാംകൂറിലെ നാട്ടുകാരായിത്തീർന്നിട്ടുള്ള എല്ലാ മലയാളബ്രാഹ്മണരെയും സംബന്ധിക്കുന്നതാകുന്നു.

(൩) ഇതു ൧൧൦൦ -ാമാണ്ടു മാസം -ാംനു- നടപ്പിൽ വരുന്നതാകുന്നു.

അർത്ഥവിവരണം. ൨. ഈ റഗുലേഷനിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നുമില്ലാത്തപക്ഷം:—

(൧) "മലയാളബ്രാഹ്മണൻ" എന്നതിൽ മലയാളബ്രാഹ്മണരായി അറിയപ്പെടുന്നവരോ ഗണിക്കപ്പെടുന്നവരോ ആയ നമ്പൂതിരി, പോററി മുതലായവർ ഉൾപ്പെടുന്നതും, എന്നാൽ തങ്ങളെ സംബന്ധിച്ച നിയമപ്രകാരം, ഈ റഗുലേഷൻ പാസ്സാകുന്നതിനുമുമ്പു ആളോഹരിഭാഗത്തിനു അവകാശമുള്ളവർ ഉൾപ്പെടുന്നതല്ലാത്തതുമാകുന്നു.

(൨) "ഇല്ലം" എന്നാൽ പൊതുസ്വത്തിനു അവകാശികളായി ഒരു മലയാളബ്രാഹ്മണ കൂട്ടുകുടുംബത്തിൽ ചേർന്ന എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നതും അതിൽ ആ അംഗങ്ങൾ ഉൾപ്പെടുന്നതുമാകുന്നു.

(൩) "കാരണവൻ" എന്നാൽ ഇല്ലത്തെ നായകസ്ഥാനവും അതിലെ കാര്യങ്ങൾ നടത്തുന്നതിനും അതിലെ മുതലുകളുടെ കൈവശത്തിനും ഉള്ള അധികാരവും നിയമത്താൽ സിദ്ധിച്ചിട്ടുള്ള ഇല്ലത്തെ വയസ്സുമൂപ്പുള്ള പ്രായംതികഞ്ഞ പുരുഷനെന്നും, അങ്ങിനെയുള്ള പുരുഷൻ ഇല്ലാതിരുന്നാൽ വയസ്സുമൂപ്പുള്ള പ്രായംതികഞ്ഞ സ്ത്രീ എന്നും അർത്ഥമാകുന്നു.

വിവരണം:—വിവാഹംനിമിത്തം ഇല്ലത്തെ അംഗങ്ങളായി തീർന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പവകാശം നിശ്ചയിക്കുന്നതു വിവാഹത്തിന്റെ തിയതിയെ അടിസ്ഥാനപ്പെടുത്തി ആയിരിക്കേണ്ടതാകുന്നു.

(൪) "അനന്തരവൻ" എന്നാൽ കാരണവൻ ഒഴികെ ഒരു ഇല്ലത്തെ എല്ലാ അംഗങ്ങളും എന്നർത്ഥമാകുന്നു.

(൫) "മൂത്ത അനന്തരവൻ" എന്നാൽ ഇല്ലത്തെ കാരണവസ്ഥാനത്തിനു അതാതുകാലത്തു അടുത്ത അവകാശിയായുള്ള പ്രായംതികഞ്ഞ അനന്തരവൻ എന്നർത്ഥമാകുന്നു.

(൬) "അകന്ന ശാഖകൾ" എന്നാൽ പൊതുവായുള്ള ഒരു പൂർവികനിൽനിന്നു ഉണ്ടായ സന്താനങ്ങളാണെങ്കിലും മേല്പോട്ടോ കീഴ്പോട്ടോ നേർവഴിക്കുള്ള തലമുറയിൽപ്പെടാത്ത പുരുഷന്മാരുടെ ശാഖകൾ ആകുന്നു.

(൭) "ഗൃഹസ്ഥൻ" എന്നാൽ തന്റെ സമുദായത്തിൽനിന്നുതന്നെ ഒരു ഭാര്യയെ വിവാഹം ചെയ്തിട്ടുള്ള ഒരു ഇല്ലത്തെ പുരുഷനായ ഏതെങ്കിലും അംഗം എന്നർത്ഥമാകുന്നു.

(൮) "മൈനർ" എന്നാൽ പതിനെട്ടു വയസ്സു തികയാത്ത ഒരാൾ എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ഇല്ലവും അതിന്റെ ഭരണവും.

കാരണവന്റെ അധികാരങ്ങൾ. ൩. കാരണവനു, ഇല്ലത്തെ സ്വത്തുക്കളും ഇല്ലത്തേക്കു ഊരാണ്മയായോ അതുപോലെയുള്ള മററധികാരമോ ഉള്ള ദേവസ്വങ്ങളും മററു സ്ഥാപനങ്ങളും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും ഭരിക്കുന്നതിനും ഉള്ള അധികാരം ഉള്ളതാകുന്നു.

കണക്കു വയ്ക്കുന്നതു സംബന്ധിച്ച കാരണവന്റെ ചുമതലകൾ. ൪. അതാതു കാലത്തുള്ള കാരണവൻ അല്ലെങ്കിൽ മാനേജർ ഇല്ലത്തെ ആദായത്തിന്റെയും ചിലവിന്റെയും വാസ്തവമായും ശരിയായും ഉള്ള ഒരു കണക്കു വച്ചുകൊള്ളേണ്ടതാകുന്നു. ഓരോ ആണ്ടത്തെയും കണക്കു ആണ്ടവസാനത്തിനുശേഷം, പ്രായംതികഞ്ഞ അനന്തരവന്മാരുടെ പരിശോധനയ്ക്കായി ഇല്ലത്തുവച്ചിരിക്കേണ്ടതാകുന്നു.

ഇല്ലംവക വസ്തു അന്യാധീനപ്പെടുത്തുക. ൫. പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും അല്ലാതെയും ഇല്ലത്തെ പ്രായംതികഞ്ഞ എല്ലാ അംഗങ്ങളുടേയും രേഖാമൂലമായ സമ്മതം കൂടാതെയും, കാരണവനാകട്ടെ ഭരണംനടത്തുന്ന മററു അംഗമാകട്ടെ, ഇല്ലംവക സ്ഥാവരവസ്തു വില്ക്കുകയോ കാണമായി ചാർത്തിക്കൊടുക്കുകയോ പന്ത്രണ്ടു വർഷത്തിലധികം കാലത്തേക്കു കൈവശത്തോടുകൂടി പണയപ്പെടുത്തുകയോ, മുററായം വാങ്ങിക്കയോ മുററായം വാങ്ങാതെയോ പന്ത്രണ്ടു വർഷത്തിലധികം കാലത്തേക്കു പാട്ടത്തിനു കൊടുക്കുകയോ ചെയ്തുകൂടാത്തതാകുന്നു.

ഈ വകുപ്പില്‍ അടങ്ങിയിരിക്കുന്ന യാതൊന്നും മുന്‍പുതന്നെ എഴുതിക്കൊടുത്തിട്ടുള്ള കരണങ്ങളും താന്‍ തന്നെ ചൊല്ലി എഴുതിക്കൊടുക്കുന്നതിനു കാരണവനുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

ഇല്ലംവക വസ്തുവിന്‍റെ ഒററിയോ പാട്ടമോ,

൬. പന്ത്രണ്ടു വര്‍ഷത്തേക്കോ അതില്‍ കുറഞ്ഞ കാലത്തേക്കോ കൊടുക്കപ്പെടുന്ന കൈവശപ്പണയമോ ഒരു കൊല്ലത്തെ പാട്ടത്തില്‍ കവിഞ്ഞ മാറായം പററിക്കൊണ്ടുള്ള പാട്ടമോ പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ഇല്ലത്തെ പ്രായം തികഞ്ഞ എല്ലാ അംഗങ്ങളുടെയും സമ്മതത്തോടുകൂടി-ം അല്ലാതെ എഴുതിക്കൊടുക്കുന്നപക്ഷം സാധുവായിരിക്കുന്നതല്ല.

അപ്രകാരമുള്ള ഇടപാടില്‍ കാരണവന്‍റെ ശാഖയിലേയും, അകന്ന ശാഖകള്‍ ഉണ്ടെങ്കില്‍ അവയില്‍ ഓരോന്നിലേയും മൂത്ത അനന്തരവന്മാരുടെ രേഖാമൂലമായ സമ്മതമുണ്ടെന്നാകില്‍, അങ്ങനെയുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു.

കാരണവന്‍ മുതലായവര്‍ കടം വരുത്താവുന്നതല്ലെന്ന്

൭. കാരണവനോ ഭരണം നടത്തുന്ന മററ അംഗമോ ഉണ്ടാക്കുന്നതായ യാതൊരു കടവും, അതു ഇല്ലത്തെ ആവശ്യത്തിനായിട്ടുള്ളതല്ലാതെ, ഇല്ലത്തെ ബാധിക്കുന്നതല്ല.

ഒററിക്കാരന്‍റേയോ കടം കൊടുക്കുന്നവന്‍റേയോ ബാദ്ധ്യത.

൮. ഒരു കാരണവന്‍ ഇല്ലംവക ആവശ്യങ്ങളെന്നു കാണിച്ചു ഇല്ലംവക വസ്തു കാലാവധികൂടാതെ ഒററിക്കൊടുക്കുകയോ കടം ഉണ്ടാക്കുകയോ ചെയ്യുമ്പോള്‍ ഒററിക്കാരനോ കടംകൊടുത്തവനോ ഒരു പക്ഷമായും അപ്രകാരമുള്ള ഒററിക്കോ കടത്തിനോ സമ്മതിച്ചിട്ടില്ലാത്ത ഇല്ലത്തെ അംഗങ്ങള്‍ മറുപക്ഷമായും തര്‍ക്കമേര്‍പ്പെടുന്നതായാല്‍ ഒററിക്കാരനോ കടംകൊടുത്തവനോ അപ്രകാരമുള്ള ഇല്ലംവക ആവശ്യമുണ്ടെന്നു നിശ്ചയിക്കുന്നതിനു ന്യായമായ അന്വേഷണം ചെയ്തതിന്‍റെ ശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവര്‍ത്തിച്ചിരുന്നാല്‍ അങ്ങനെയുള്ള ഇല്ലംവക ആവശ്യം ഉണ്ടായിരുന്നെന്നു ഊഹിക്കേണ്ടതാകുന്നു.

കാരണവസ്ഥാനം ഒഴിയുക,

൯. ഒരു കാരണവനു, തന്നെമാത്രം ബന്ധിക്കുന്നവിധത്തില്‍, ഒരു രജിസ്തര്‍ചെയ്ത പ്രമാണത്താല്‍ ലക്ഷ്യപ്പെടുത്തി, ഭരണാധികാരം ഒഴിയുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാകുന്നു.

കാരണവന്‍റെ അധികാരങ്ങള്‍ മററാരാളെ ഏല്പിക്കുക.

൪൦. രജിസ്തര്‍ചെയ്ത ഒരു പ്രമാണത്തിന്‍പടി അല്ലാതെ, ഒരു കാരണവനു തന്‍റെ അധികാരങ്ങളെ മറെറാരാള്‍ക്ക ഏല്പിച്ചുകൂടുന്നതല്ല.

ഇല്ലത്തിന്‍റെ മേ- തിലുള്ള വിധി.

൪൧. ഇല്ലത്തില്‍ കാരണവന്‍റെ നിലയില്‍ കാരണവനും, അയാളുടെ ശാഖയിലേയും അകന്ന ശാഖകള്‍ ഉണ്ടെങ്കില്‍ അവയില്‍ ഓരോന്നിലേയും മൂത്ത അനന്തരവക്കും എതിരായി സമ്പാദിക്കപ്പെടുന്നതല്ലാത്ത യാതൊരു വിധിയും ഇല്ലത്തെ ബന്ധിക്കുന്നതല്ല.

വസ്തുക്കള്‍ പ്രത്യേകം തിരിച്ചുകിട്ടാന്‍ ഒരു ഗൃഹസ്ഥനുള്ള അവകാശം.

൪൨. തന്‍റെയും തന്‍റെ ഭാര്യയുടെയും കുട്ടികളുടെയും സംരക്ഷണത്തിനു ഇല്ലത്തെ വസ്തുക്കള്‍ പ്രത്യേകം തിരിച്ചുകിട്ടാന്‍ ഒരു ഗൃഹസ്ഥനു അവകാശമുണ്ടായിരിക്കുന്നതാകുന്നു.

അദ്ധ്യായം ൬.

മൈനര്‍മാരുടെ രക്ഷാധികാരം.

മൈനര്‍മാരുടെ രക്ഷാധികാരം.

൪൩. രക്ഷാകരക്ഷിത റഗുലേഷനിലെ വ്യവസ്ഥകള്‍ക്കുള്‍പ്പെട്ട, താഴെപ്പറയുന്ന ആളുകള്‍ യഥാക്രമം മൈനര്‍മാരുടെ ദേഹത്തിന്മേലും പ്രത്യേക സ്വത്തുക്കളിന്മേലും നിയമപ്രകാരമുള്ള രക്ഷകര്‍ത്താക്കന്മാരായിരിക്കുന്നതാണ്: അതായതു, അച്ഛന്‍, അമ്മ, അച്ഛന്‍റെ അച്ഛന്‍, സഹോദരന്മാര്‍, പിതൃസഹോദരന്‍.

അദ്ധ്യായം ൭.

ദായക്രമവും മരണശാസനമില്ലാത്തപ്പോള്‍ പിന്തുടര്‍ച്ചാവകാശവും.

മരണശാസനമില്ലാതെ മരിക്കുന്ന പുരുഷന്‍റെ സ്വത്തിന്മേലുള്ള പിന്തുടര്‍ച്ചാവകാശം.

൪൪. ഒരു മലയാളബ്രാഹ്മണപുരുഷന്‍ മരിക്കുമ്പോള്‍ അയാളുടെ പുത്രന്മാര്‍ ജീവിച്ചിരിക്കുന്നതായാല്‍ അവര്‍ക്കു, ൧൧൦൦-ാമാണ്ടത്തെ ൨-ാം നമ്പരായ നായര്‍റഗുലേഷന്‍ ൨൪-ാം വകുപ്പിലെ വ്യവസ്ഥകള്‍ക്കുള്‍പ്പെട്ടു അയാളാല്‍ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാര്‍ജ്ജിതവും പ്രത്യേകവും ആയ മുഴുവന്‍ സ്വത്തും തുല്യഓഹരികളായി ലഭിക്കുന്നതാകുന്നു. പുത്രന്മാരില്ലാതിരുന്നാല്‍ പുത്രികള്‍ക്കും സജാതീയവിധവയ്ക്കും ആ സ്വത്തു തുല്യഓഹരികളായി ലഭിക്കുന്നതാകുന്നു.

എന്നാല്‍ മരണശാസനം എഴുതിവയ്ക്കാത്ത ആളിന്‍റെ മരണത്തിനുമുമ്പു ഒരു പുത്രന്‍ മരിച്ചുപോകുന്നതായാല്‍ ആ പുത്രന്‍റെ സന്താനങ്ങള്‍ക്കു, അപ്രകാരമുള്ള ആളിന്‍റെ മരണശേഷം ആ പുത്രന്‍ ജീവിച്ചിരുന്നെങ്കില്‍ അയാള്‍ക്കു ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുവാന്‍ അവകാശമുള്ളതാകുന്നു.

മരണശാസനമില്ലാതെ മരിക്കുന്ന പുരുഷന്റെ വസ്തുക്കൾ ആൎക്കു ചെല്ലുമെന്ന്.

൧൫. ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ, അയാളാൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാൎജ്ജിതവും പ്രത്യേകവുമായ സ്വത്ത്, ൧൧൦൦-ാമാണ്ടത്തെ ൨-ാം നമ്പരായ നായർറെഗുലേഷൻ ൨൧-ാം വകുപ്പിലെ വ്യവസ്ഥകൾക്കൊത്തുപ്പട്ടു അയാളുടെ ഇല്ലത്തെ അംഗങ്ങൾക്കു ചെല്ലുന്നതാകുന്നു.

സ്ത്രീകളുടെ സ്വത്തിനുള്ള പിന്തുടൎച്ചാവകാശം.

൧൬. (൧) ഒരു മലയാളബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ അവളുടെ പുത്രന്മാരും പുത്രികളും ജീവിച്ചിരിക്കുന്നതായാൽ, അവൎക്ക് അവളാൽ വിനിയോഗിക്കപ്പെടാതെ അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാൎജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും തുല്യ ഓഹരികളായി ലഭിക്കുന്നതാകുന്നു.

എന്നാൽ മരണശാസനം എഴുതിവയ്ക്കാത്ത ആ സ്ത്രീയുടെ മരണത്തിനു മുമ്പ് ഒരു പുത്രൻ മരിച്ചുപോകുന്നതായാൽ ആ പുത്രന്റെ സന്താനങ്ങൾക്ക്, അപ്പോഴുള്ള ആ സ്ത്രീയുടെ മരണശേഷം ആ പുത്രൻ ജീവിച്ചിരുന്നെങ്കിൽ അയാൾക്കു ലഭിക്കുമായിരുന്ന ഭാഗം ലഭിക്കുവാൻ അവകാശമുള്ളതാകുന്നു.

(൨) മക്കളില്ലാതിരുന്നാൽ (൧)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള സ്വത്ത് ഭൎത്താവിനു ലഭിക്കുന്നതാകുന്നു.

മരണശാസനം കൂടാതെ മരിക്കുന്ന സ്ത്രീയുടെ സ്വത്ത് ആൎക്കു ചെല്ലുമെന്ന്.

൧൭. ഒരു മലയാളബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ മുൻവകുപ്പിൽ പറഞ്ഞിട്ടുള്ള അവകാശികളിൽ ആരുംതന്നെ ഇല്ലാതിരുന്നാൽ, അവളാൽ വിനിയോഗിക്കപ്പെടാത്ത അവളുടെ മരണകാലത്തു ശേഷിക്കുന്ന സ്വയാൎജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും അവളുടെ ഭൎത്താവിന്റെ ഇല്ലത്തെ അംഗങ്ങൾക്കു ലഭിക്കുന്നതാകുന്നു.

അദ്ധ്യായം ൫.

കൂടുതൽ വ്യവസ്ഥകൾ.

വിധവയുടെ അവകാശം.

൧൮. ഒരു ഇല്ലത്തെ ജീവിച്ചിരിക്കുന്ന അംഗങ്ങളെല്ലാം വിധവകളാണെങ്കിൽ അവരിൽ ഓരോരുത്തൎക്കും തങ്ങളുടെ ഓഹരി വാങ്ങുന്നതിന് അധികാരമുള്ളതാകുന്നു.

സ്ത്രീധനം.

൧൯. ഒരു മലയാളബ്രാഹ്മണപുരുഷന് വിവാഹസമയത്തു ലഭിച്ചിട്ടുള്ള സ്ത്രീധനം ഇല്ലംവകസ്വത്തായി ഗണിക്കപ്പെടുന്നതാകുന്നു.

ഇടപ്പള്ളി സ്വരൂപത്തെ ഒഴിവാക്കിയിരിക്കുന്നു എന്ന്.

൨൦. ഈ റെഗുലേഷൻ ഇടപ്പള്ളിസ്വരൂപത്തെ സംബന്ധിക്കുന്നതല്ല.

ഒഴിവാക്കൽ.

൨൧. ഇതിനു മുകളിൽ വ്യക്തമായി വ്യവസ്ഥ ചെയ്തിരിക്കുന്നിടത്തോളമല്ലാതെ നടപ്പിലിരിക്കുന്ന നിയമങ്ങളെയോ, ആചാരത്തെയോ, നടപ്പിനെയോ ഈ റെഗുലേഷനിലുള്ള യാതൊന്നും ബാധിച്ചുകൂടുന്നതല്ല.

പട്ടിക ൧.

ബില്ലിന്റെ അനുകൂലികളുടെ ഹർജികൾ.

ക്രമനമ്പർ	ഹർജി തീയതി	ആരിൽനിന്നും വന്നതെന്ന്	റിമാർക്ക്
൧	...	എൻ. കൃഷ്ണൻനമ്പൂതിരിയും വേറെ ൧൪൫ പേരും	
൨	...	ഏ. ഡി. കേശവൻനമ്പ്യാതിരി (അദ്ധ്യക്ഷൻ)	നിശ്ചയം
൩	൭-൧൧-൧൦൨	വിഷ്ണുനമ്പൂതിരി, പന്നിയോട്ട്	ടി
൪	൮-൧൧-൧൦൨	കെ. നാരായണൻ നമ്പൂതിരി കല്ലമ്പള്ളിൽ	ടി
൫	൨൦-൧൧-൧൦൨	കെ. രാമൻനമ്പൂതിരി (സെക്രട്ടറി)	ടി
൬	൨൧-൧൧-൧൦൨	കെ. നാരായണൻ നമ്പൂതിരി	ടി
൭	൩൧-൧൧-൧൦൨	തിരുവല്ലാ എം. പി. നാരായണഭട്ടതിരിയും വേറെ ൪൦ പേരും ബില്ലിനു ഭേദഗതികൾ നിൎദ്ദേശിച്ചുംകൊണ്ട്	ടി
൮	൬-൧൨-൧൦൨	എസ്. രാമൻനമ്പൂതിരിപ്പാട്ട്, വയ്ക്കം	ഹർജി
൯	൨൨-൭-൧൦൨	സി. വാസുദേവൻഭട്ടതിരി മുഖേന കമ്പി	കമ്പി
൧൦	...	വലിയവാസുദേവർഭട്ടതിരിപ്പാട്	അച്ചടിച്ച
൧൧	...	എസ്. ഗണപതിപ്പോറ്റി, ചിറപ്പൻകോട്ട	ഹർജി
൧൨	൮-൧൨-൧൦൨	ഗോവിന്ദൻവാസുദേവൻ നമ്പ്യാതിരിയും വേറെ ൮൧ പേരും	ടി

പട്ടിക ൧. (തുടർച്ച).

ബില്ലിന്റെ അനുകൂലികളുടെ ഹർജികൾ.

ക്രമനമ്പർ.	ഹർജിതീയതി.	ആരിൽനിന്നു വന്നതെന്നു.	റിമാർക്ക്.
൧൩	൧൮-൧൨-൧൦൨	നീലകണ്ഠൻനമ്പൂതിരി, മുതലക്കോടം	നിശ്ചയങ്ങൾ
൧൪	൨൪-൧൨-൧൦൨	എൻ. പരമേശ്വരൻനമ്പ്യാതിരിയും വേറെ ൪ പേരും	ഹർജി
൧൫	...	വി. കൃഷ്ണൻനമ്പൂതിരി, മാവേലിക്കര	ടി
൧൬	...	ശംഭുവാസുദേവൻ നമ്പൂതിരി, ഹരിപ്പാട്ട്	ടി
൧൭	...	എൻ. ദാമോദരൻനമ്പൂതിരി, മന്നാർ	ടി
൧൮	...	നീലകണ്ഠൻസുബ്രഹ്മണ്യൻ, ആളൂർഅഞ്ചൽ	ടി
൧൯	....	കേശവൻ കൃഷ്ണൻനമ്പൂതിരി, ചെങ്ങന്നൂർ	ടി
൨൦	൧൫-൧൦-൧൦൨	വാമനൻ ഈശ്വരൻ നമ്പൂതിരി, മാവേലിക്കര	ടി
൨൧	...	നാരായണൻ ശങ്കരൻനമ്പൂതിരി, ടി	ടി
൨൨	...	കൃഷ്ണൻ ഈശ്വരൻനമ്പൂതിരി, ടി	ടി
൨൩	...	എൻ. ശംഭുനമ്പൂതിരി, ഹരിപ്പാട്ട്	ടി
൨൪	...	ഗോവിന്ദൻ നാരായണൻനമ്പൂതിരി, മാവേലിക്കര	ടി
൨൫	...	വാസുദേവൻ വിഷ്ണുനമ്പൂതിരി, ടി	ടി
൨൬	...	കെ. ഗോവിന്ദൻ നമ്പൂതിരി, ഹരിപ്പാട്ട്	ടി
൨൭	൧൬-൧൦-൧൦൨	ഈശ്വരൻ വിഷ്ണുനമ്പൂതിരി, തിരുവല്ല	ടി
൨൮	...	വി. ശങ്കരൻനമ്പൂതിരി, മാവേലിക്കര	ടി
൨൯	...	മാധവൻനാരായണൻ നമ്പൂതിരി, കാർത്തികപ്പള്ളി	ടി
൩൦	...	മാധവൻ നാരായണൻനമ്പൂതിരി, ടി	ടി
൩൧	൭-൧൦-൧൦൨	ഈശ്വരൻ കൃഷ്ണൻനമ്പൂതിരി, മാവേലിക്കര	ടി
൩൨	...	മാധവൻ നാരായണൻനമ്പൂതിരി, ടി	ടി
൩൩	...	ഈശ്വരൻസുബ്രഹ്മണ്യൻനമ്പൂതിരി, ടി	ടി
൩൪	...	കേശവൻകൃഷ്ണൻനമ്പൂതിരി, ടി	ടി
൩൫	...	കേശവൻനാരായണൻനമ്പൂതിരി, ടി	ടി
൩൬	...	കൃഷ്ണൻ കൃഷ്ണൻനമ്പൂതിരി, ടി	ടി
൩൭	...	നാരായണൻ ഈശ്വരൻനമ്പൂതിരി, കാർത്തികപ്പള്ളി	ടി
൩൮	൨൧-൧൦-൧൦൨	ജി. ഗോവിന്ദൻനമ്പൂതിരി, ഹരിപ്പാട്ട്	ടി
൩൯	...	കെ. കേശവൻനമ്പൂതിരി, തിരുവല്ല	ടി
൪൦	...	ശങ്കരൻ ശങ്കരൻനമ്പൂതിരിയും വേറെ ൬ പേരും, ചങ്ങനാശേരി	ടി
൪൧	൨൩-൧൦-൧൦൨	വിഷ്ണുഗോവിന്ദൻനമ്പൂതിരി, മീനച്ചിൽ	ടി
൪൨	...	മാധവൻവിഷ്ണുനമ്പൂതിരി, മാവേലിക്കര	ടി
൪൩	...	നാരായണൻ വിഷ്ണുനമ്പൂതിരി, ടി	ടി
൪൪	...	നാരായണൻവാസുദേവൻനമ്പൂതിരി, ടി	ടി
൪൫	...	മാധവൻശങ്കരൻനമ്പൂതിരി, ടി	ടി
൪൬	...	നരസിംഹൻശങ്കരൻനമ്പൂതിരി, ടി	ടി
൪൭	൨൮-൧൦-൧൦൨	നാരായണൻ കൃഷ്ണൻനമ്പൂതിരി, ആറ്റിങ്ങൽ	ടി
൪൮	൨൯-൧൦-൧൦൨	ശംഭുശംഭുനമ്പ്യാതിരി, മന്നാർ	ടി
൪൯	...	കേശവൻ വിഷ്ണുനമ്പൂതിരി, കീരിക്കാട്ട്	ടി
൫൦	...	ശ്രീവിഷ്ണു ശ്രീധരൻനമ്പൂതിരി, കല്ലമ്പള്ളി	ടി
൫൧	...	നാരായണൻഗോവിന്ദൻനമ്പൂതിരി, കാർത്തികപ്പള്ളി	ടി
൫൨	...	ഈ. നാരായണൻനമ്പൂതിരി, ഹരിപ്പാട്ട്	ടി
൫൩	...	കെ. കൃഷ്ണൻനമ്പൂതിരി, മാവേലിക്കര	ടി
൫൪	൩൦-൧൦-൧൦൨	ശംഭുശങ്കരൻനമ്പൂതിരി, മന്നാർ	ഹർജികൾ
൫൫	ടി	ശംഭുനമ്പ്യാതിരി, കുന്നത്തുമഠം	ടി
൫൬	൩൧-൧൦-൧൦൨	എം. കെ. കൃഷ്ണൻനമ്പൂതിരി, മാന്നാർ	ടി
൫൭	ടി	ഈശ്വരൻ വിഷ്ണുനമ്പൂതിരി, ടി	ടി
൫൮	൨-൧൧-൧൦൨	ഈശ്വരൻ ഗോവിന്ദൻനമ്പൂതിരി, ഹരിപ്പാട്ട്	ടി
൫൯	൫-൧൧-൧൦൨	ഈശ്വരൻ മാധവൻനമ്പൂതിരി, മാവേലിക്കര	ടി
൬൦	൭-൧൧-൧൦൨	കേശവൻ ശങ്കരൻനമ്പൂതിരി, ചങ്ങനാശേരി	ടി
൬൧	൮-൧൧-൧൦൨	ത്രിവിക്രമൻ ത്രിവിക്രമൻ, അട്ടൂർ	ടി
൬൨	൯-൧൧-൧൦൨	ശ്രീധരൻനമ്പൂതിരി, മണ്ണടി	ടി
൬൩	൧൦-൧൧-൧൦൨	നാരായണൻപോറ്റി, ഇടത്തൂർ	ടി
൬൪	൧൧-൧൧-൧൦൨	കെ. ദാമോദരൻപോറ്റി, കുഴിക്കാല	ടി
൬൫	൧൪-൧൧-൧൦൨	കേശവൻ നാരായണൻ, കരവേലിമഠം	ടി
൬൬	--൧-൧൦൩	പരമേശ്വരൻ പണ്ടാരത്തിൽ (സെക്രട്ടറി)	നോട്ടീസ്
൬൭	൭-൧-൧൦൩	ചെറിയവാസുദേവൻ ഭട്ടതിരിപ്പാട്ട്, കടമാളൂർ	ഹർജി

പട്ടിക എ. (തുടർച്ച).

ബില്ലിന്റെ അനുകൂലികളുടെ ഹർജികൾ

ക്രമനമ്പർ.	ഹർജിതീയതി	ആരിൽനിന്നു വന്നതെന്നു.	റിമാർക്ക്
൨൮	൮-൧-൧൦൭	പാലക്കലിവാസുദേവൻനമ്പൂതിരി, അങ്കമാലി	നിശ്ചയം
൨൯	൧൧-൧-൧൦൭	നാരായണൻ പണ്ടാരത്തിൽ, ചെങ്ങന്നൂർ	നോട്ടീസ്
൩൦	൧൩-൧-൧൦൭	ഗോവിന്ദൻനമ്പൂതിരി, മാവേലിക്കര	നിശ്ചയം
൩൧	൧൪-൧-൧൦൭	പാഴൂർ കെ. ശങ്കരൻനമ്പൂതിരി, ചങ്ങനാശേരി	ടി
൩൨	ടി	എസ്സ്. ഗോവിന്ദൻനമ്പൂതിരി, മാവേലിക്കര	ഹർജി
൩൩	൧൫-൧-൧൦൭	എം. എസ്സ്. കേശവൻപോറ്റി, കോട്ടയം	ടി
൩൪	ടി	വിഷ്ണു ശ്രീധരൻനമ്പൂതിരിയും വേറെ ൩ പേരും	ടി
൩൫	൯-൩-൧൦൭	എം. പി. നാരായണഭട്ടതിരി, തിരുവല്ല	നിശ്ചയം

പട്ടിക ബി.

ബില്ലിന്റെ പ്രതികൂലികളുടെ ഹർജികൾ.

൧		സുബ്രഹ്മണ്യൻനമ്പൂതിരിപ്പാട്, വൈക്കം	ഹർജി
൨		കൊട്ടാരക്കര സി. എൻ. കൃഷ്ണഭട്ടതിരിയും വേറെ ൨൮ പേരും	ടി
൩		സി. എൻ. കൃഷ്ണഭട്ടതിരി, കൊട്ടാരക്കര	നിശ്ചയം
൪	൧൪-൧൦-൧൦൨	കെ. പരമേശ്വരൻ പണ്ടാരത്തിൽ, നെടുമങ്ങാട്	ഹർജി
൫	൪-൧-൧൦൨	എം. എൻ. നീലകണ്ഠൻനമ്പൂതിരി, ഏററുമാനൂർ	ടി
൬		പരമേശ്വരൻ ഇട്ടുപ്പൻനമ്പൂതിരി, അദ്ധ്യക്ഷൻ	നിശ്ചയം
൭		മാധവൻ വിഷ്ണുനമ്പൂതിരി, തിരുവല്ല	ഹർജി
൮	൧൯-൧൦-൧൦൨	വാസുദേവൻനമ്പൂതിരി, മാവേലിക്കര	ടി
൯	൩൧-൧൨-൧൦൨	കൃഷ്ണരാജാ, ഇടപ്പള്ളി	നിശ്ചയം
൧൦	൧൨-൧-൧൦൭	കെ. നാരായണൻ പണ്ടാരത്തിൽ, നെടുമങ്ങാട്	ഹർജി
൧൧	൨൦-൨-൧൦൭	എം. വി. ദാമോദരൻനമ്പൂതിരി, വൈക്കം	ടി
൧൨	൨൯-൪-൧൦൭	പനിക്കാട്ടൂർ ഇട്ടുപ്പൻനമ്പൂതിരിപ്പാടും വേറെ ൧൮ പേരും	നിശ്ചയം
൧൩	൨൨-൨-൧൦൭	കെ. നാരായണൻ പണ്ടാരത്തിൽ, തിരുവല്ല	ഹർജി
൧൪	൧൯-൨-൧൦൭	കെ. നാരായണൻ പണ്ടാരത്തിലും വേറെ ൨൧ പേരും	ടി

വി. സുബ്ബയ്യർ (അദ്ധ്യക്ഷൻ)

വിസമ്മതക്കുറിപ്പുകൾ.

ജി. സി. കേരളവർമ്മകോയിത്തമ്പുരാന്റെ വിസമ്മതക്കുറിപ്പ്.

൧. തിരുവിതാംകൂറിലെ നമ്പൂതിരിസമുദായത്തിന്റെ അഭിപ്രായങ്ങൾ അറിയുന്നതിനായി സൂക്ഷ്മമായും പരിപൂർണ്ണമായുമുള്ള ഒരു അന്വേഷണം നടത്തിയിട്ടുണ്ടെന്നു സെലക്ട് കമ്മിററിക്കു പറയാൻ നിവൃത്തിയില്ലെന്നാണ് എന്റെ താഴ്മയായ അഭിപ്രായം. ഈ കാര്യത്തെപ്പററി കുറെക്കൂടി ഗാഢമായി ചിന്തിക്കുന്നതിനു കമ്മിററിക്കു കൂടുതൽ സമയമുണ്ടായിരുന്നെങ്കിൽ ബില്ലിന്റെ ആവശ്യകതയെപ്പററി യഥാർത്ഥവും ശക്തിയേറിയതുമായ ഒരു എതിരുണ്ടെന്നു അതിനു ബോദ്ധ്യമാകുമായിരുന്നു എന്നുള്ള സംഗതി തീർച്ചതന്നെ. എല്ലാവർക്കും അറിയാവുന്നതുപോലെ, ഈ ബില്ലിന്റെ വിഷയത്തിൽ നമ്പൂതിരിസമുദായം രണ്ടുകക്ഷികൾ, അതായതു, ഒന്നു ബില്ലിനു അനുകൂലവും മറേറതു പ്രതികൂലവും ആയി തിരിഞ്ഞിരിക്കയാണ്. അനുകൂലികൾ മുഖ്യമായി ആധുനികപരിഷ്കാരം എന്നു പറയപ്പെടുന്ന പന്ഥാവിൽ കുറച്ചു പുരോഗമനം ചെയ്തിട്ടുള്ളവരും പ്രതികൂലികൾ മിക്കവാറും യഥാസ്ഥിതികരും ആകുന്നു. മെമ്മോറിയലുകൾ, ഹർജികൾ, സംഘങ്ങൾ, യോഗനിശ്ചയങ്ങൾ ഇവയെല്ലാം പ്രായേണ ഇക്കാലത്തു ഉണ്ടായിട്ടുള്ള പ്രക്ഷോഭസാമഗ്രികളാണ്. അനുകൂലികൾ സ്വാഭാവികമായി ഇവയെ ല്ലാം നല്ലവണ്ണം ഉപയോഗപ്പെടുത്തും; മറേറകക്ഷി അവയെപ്പററി അധികം ശ്രദ്ധിക്കുകയില്ല. അങ്ങനെയിരിക്കെ, നമ്മുടെ മുമ്പാകെയുള്ള ഹർജികളേയുംമററും മാത്രം ആശ്രയിച്ചുപോകുന്നതുകൊണ്ടു ഏറക്കുറെ പക്ഷഭേദമെന്നു മാത്രമല്ല സത്യാവസ്ഥ മനസ്സിലാക്കുന്നതിനു അതു ഒട്ടുംതന്നെ സഹായിക്കുകയുമില്ല. കമ്മിററി സന്ദർശിച്ചിട്ടുള്ള നമ്പൂതിരിമാരുടെ കേന്ദ്രസ്ഥലങ്ങളും വിസ്തരിച്ചിട്ടുള്ള സാക്ഷികളും ചുരുക്കമാണെന്നു ആവർത്തിച്ചു പറയാതെ നിവൃത്തിയില്ല. ഈ രാജ്യത്തിൽ പ്രസ്തുത സമുദായത്തിനുള്ള വലിയ പ്രാധാന്യത്തെയും ബില്ലിൽ അടങ്ങിയിരിക്കുന്ന ഗൌരവമേറിയ തത്വങ്ങളേയും പരിഗണിച്ച്, ബില്ല് കൌൺസിലിൽ ഹാജരാക്കുന്നതിനുമുമ്പ്, ഗവൺമെന്റു നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരും കമ്മിററിതന്നെ യഥാവിധി തെരഞ്ഞെടുക്കുന്ന അനുദ്യോഗസ്ഥന്മാരും അടങ്ങിയ യഥാക്രമം അധികൃതമായതും പ്രാപ്തിയുള്ളതുമായ ഒരു വിചാരണക്കമ്മിററി ഒരു ഘട്ടത്തിലെങ്കിലും ഈ വിഷയത്തിൽ സമുദായത്തിന്റെ മനോഗതി സൂക്ഷ്മമായി മനസ്സിലാക്കുകയായിരുന്നു ഉത്തമപക്ഷത്തിൽ വേണ്ടിയിരുന്നതു്. ഈ നടപടിയൊന്നും കീഴ്നടപ്പില്ലായില്ല. പക്ഷേ ഇപ്പോൾ അതിനെപ്പററി പറയുന്നതിനുള്ള അവസരം കഴിഞ്ഞുപോയെന്നു എനിക്കറിയാം. ഇപ്പോഴുള്ള ഇരിപ്പിൽ അതിനെ കഴിയുന്നതും നന്നാക്കണമെന്നുമാത്രമേ ഞാൻ ആവശ്യപ്പെടുന്നുള്ളു. സെലക്ട്കമ്മിററി ഭേദപ്പെടുത്തിയ ബിൽ ആദ്യത്തെ ബില്ലിനെക്കാൾ വളരെ നല്ലതാണെന്നുള്ളതിനു സംശയമില്ല. എന്നിരുന്നാലും അതിനും ഒരു വലിയ എതിരുണ്ട്. ഒരു സാമുദായികനിയമംകൊണ്ടു അതിഷ്ടമില്ലാത്തവരെ ബന്ധിക്കേണ്ട യാതൊരാവശ്യവുമില്ല. അതു തീർച്ചയായും ബുദ്ധിശൂന്യമായിട്ടുള്ളതാണ്. ഈ കാരണങ്ങളാൽ "ഈ പുതിയനിയമം വേണ്ടാത്തവർക്കു ഒരു ക്ലിപ്തകാലത്തിനുള്ളിൽ അതിൽനിന്നൊഴിയാൻ സാധിക്കുന്ന" ഒഴിവാക്കലിനുള്ള ഒരു ഖണ്ഡം ബില്ലിന്റെ അവസാനത്തിൽ ചേർക്കേണ്ടതു ന്യായവും യുക്തിയുക്തവുംതന്നെ. നായർറഗുലേഷനിലും ഈഴവറഗുലേഷനിലും ഒന്നിലധികം

സംബന്ധികളുടെ കീഴ്‌നടപ്പനുസരിക്കുന്നതിനു കമ്മിററി ശ്രമിച്ചിട്ടുണ്ട്. പക്ഷേ മേല്പറഞ്ഞ നിയമങ്ങളുടെ പ്രതിച്ഛായകൾക്കു ഒരുമാതിരിപൂർവം അനുവദിച്ചുകൊടുത്ത വേറെ സമുദായങ്ങൾ നമ്പൂതിരിബില്ലിന്റെ [illegible]ക്കു ദോഷം ചെയ്യുമെന്നോ ഉണ്ടാകുമോ എന്നുള്ളതു എനിക്കു മനസ്സിലാകുന്നില്ല. അതുകൊണ്ടു ചില സാക്ഷികൾ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ബില്ലിന്റെ അവസാനത്തിൽ ഒഴിവാക്കിയിട്ടുള്ള ഒരു ഖണ്ഡം ചേർക്കേണ്ടതായിരിക്കും ഉത്തമമെന്നു ഞാൻ ബലമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു.

൨. "അവസാനമായി, ഈ റഗുലേഷന്റെ പ്രാബല്യത്തിൽനിന്നും ഇടപ്പള്ളിസ്വരൂപത്തെ ഒഴിവാക്കണമെന്നു ഞങ്ങളിലൊരാളൊഴികെ എല്ലാ സാമാജികന്മാരും നിർദ്ദേശിച്ചിട്ടുണ്ട്" എന്നു റിപ്പോർട്ടിൽ കാണുന്നതു ശരിയല്ല. ഇടപ്പള്ളിസ്വരൂപത്തെയും വഞ്ചിപ്പുഴ ഇടവകയെയും ബില്ലിന്റെ പ്രവർത്തനത്തിൽനിന്നും ഒഴിവാക്കണമെന്നായിരുന്നു ഞാൻ നിർദ്ദേശിച്ചതു. കമ്മിററി ഭൂരിപക്ഷക്കാരെല്ലാം ഇടപ്പള്ളിസ്വരൂപത്തിന്റെ അപേക്ഷയെ അനുവദിക്കുകയും മററതു നിരസിക്കുകയും ചെയ്തു. ൧൦൯൭-ലെ പട്ടംപിരിവു റഗുലേഷൻ പ്രകാരം കരം ഇളവാക്കുന്നതിനു വഞ്ചിപ്പുഴ ഇടവകയ്ക്കു അധികാരമില്ലെങ്കിലും [illegible] സകലവിധത്തിലും സംരക്ഷിക്കപ്പെടേണ്ടതിനു അർഹതയുള്ള ഒരു പ്രധാനപ്പെട്ട ഉപസംസ്ഥാനമാണ് ആ ഇടവക എന്നു പറഞ്ഞുകൊള്ളട്ടെ. ഈ ബിൽ, പ്രസ്തുത കമ്മിററി ഭേദപ്പെടുത്തിയിരിക്കുന്നതുപോലെ, നമ്പൂതിരികുടുംബങ്ങളുടെ ഭാഗത്തിനുള്ള വഴി ഇളക്കിട്ടുണ്ടെങ്കിൽ അതിനാൽ വഞ്ചിപ്പുഴ ഇടവകയെ അതിന്റെ [illegible] വിട്ടുകൊടുപ്പാൻ എനിക്കു സമ്മതമില്ലെന്നാണ് എന്റെ അഭിപ്രായം. ബ്രിട്ടീഷിന്ത്യയിലെ ജമീന്ദാരികൾ എന്നപോലെ, തിരുവിതാംകൂറിലെ എല്ലാ ഇടവകകളും അവയുടെ ഉടമസ്ഥന്മാരുടെയും അവയിലെ കുടിയാന്മാരുടെയും ക്ഷേമത്തെ പുരസ്കരിച്ചു ഭാഗിച്ചുപോകുന്നതിൽനിന്നും കർശനമായി പരിരക്ഷിക്കപ്പെടേണ്ടതാണ്. അതുകൊണ്ടു അവസാനഖണ്ഡത്തിൽ "ഇടപ്പള്ളിസ്വരൂപം" എന്നതിനു ശേഷം "വഞ്ചിപ്പുഴ ഇടവക" എന്ന പദങ്ങളും കൂടി ചേർക്കണമെന്നു ഞാൻ ബലമായി വാദിച്ചുകൊള്ളുന്നു.

മി. എം. ശിവതാണുപിള്ളയുടെ വിസമ്മതക്കുറിപ്പ്.

ബില്ലിലെ ൧൮ മുതൽ ൨൦ വരെ ഖണ്ഡങ്ങളാണ് അതിലെ ഏററവും പ്രധാനപ്പെട്ട ഖണ്ഡങ്ങളെന്നു എല്ലാവരും സമ്മതിക്കുന്നതാണല്ലോ. അവ [illegible]വിനെ കൊടുക്കുന്നതിനെ സംബന്ധിച്ചുള്ളതെന്നു തോന്നുന്നതെങ്കിലും സജാതീയവിവാഹസംഗതിയിൽ നമ്പൂതിരിസമുദായത്തിലെ ഇളമുറക്കാർക്കുള്ള പ്രതിബന്ധങ്ങളെ ഇല്ലായ്മചെയ്യുന്നതിനു മാത്രമല്ല, മേലാൽ അത്തരം വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ആ ഖണ്ഡങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഒരു മൂല്യസംബന്ധിയായ വിവാഹത്തെപ്പററി പ്രതിപാദിക്കാതെ അതിനെ കോടതിവിധികളുടെ [illegible]സ്ഥിതങ്ങൾക്കു മാത്രമാക്കി വിടുകയാണെങ്കിൽ ഈ കാര്യം ബില്ലുകൊണ്ടു [illegible]നല്ല, സാമുദായിക [illegible]യെ സംബന്ധിക്കുന്ന ഏതൊരു ബില്ലുകൊണ്ടും, യാതൊരു പ്രയോജനവുമില്ലെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിൽ അതിനെപ്പററി വ്യവസ്ഥചെയ്തിട്ടില്ലെന്നു [illegible] കമ്മിററിയുടെ ഈ റിപ്പോർട്ട് അസംപൂർണ്ണമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സമുദായത്തിലെ ഉത്തരവാദിത്വമുള്ള അംഗങ്ങളും സംഘങ്ങളും പ്രത്യേകകമ്മിററിക്കു അയച്ചിട്ടുള്ള അനേകം [illegible] മെമ്മോറിയലുകളിൽ [illegible] അന്യജാതികളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനെ ശരിയായും [illegible]മായുമുള്ള ഒരു [illegible] സമുദായത്തിൽ വളർന്നുവരുന്ന എന്നുള്ളതു സ്പഷ്ടമായിരിക്കുന്നു. ആ ഖണ്ഡങ്ങളെ സംബന്ധിച്ചുള്ള [illegible] വിശദമായി [illegible] ചെയ്തുനോക്കുമ്പോൾ [illegible]ലും വിജാതീയവിവാഹങ്ങളെ [illegible] ഉണ്ടെന്നു അനുമാനിക്കുന്നതാണ്. ബിൽ വാസ്തവത്തിൽ നമ്പൂതിരിമാരുടെ ഗുണത്തെ ഉദ്ദേശിച്ചായിരിക്കുന്നതുകൊണ്ടു നമ്പൂതിരിമാരെ [illegible] പ്രത്യേകാവകാശങ്ങൾ യാതൊരുപ്രകാരത്തിലും [illegible] പെട്ടുപോകുന്ന [illegible] സംഗതിയെപ്പററി ഒട്ടും ആലോചിക്കാതെ നമ്പൂതിരിമാരുടെ സ്വന്തം [illegible] ന്യായവും ഉചിതവുമത്രെ. അതുകൊണ്ടു [illegible] ഈ ബില്ലിൽ ഒരു വകുപ്പു [illegible] അനുചിതവും അന്യായവും ആണെന്ന്, [illegible] എന്നാണ് [illegible] അതിനാൽ ബില്ലിലെ ൧൮-ാം ഖണ്ഡം (അതിന്റെ യഥാസ്ഥിതിയിലെങ്കിലും) സ്വീകരിക്കണമെന്നും [illegible] ഞാൻ അഭിപ്രായപ്പെടുന്നു. ഏതായാലും ബിൽ നടപ്പാക്കുന്നതിനുമുമ്പ് [illegible] അവകാശങ്ങളെയും ബന്ധങ്ങളെയും ബാധിക്കാതിരിക്കുന്നതിനായി ഒരു വ്യവസ്ഥ ബില്ലിൽ ചേർക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല.

ഖണ്ഡം ൨൧. ഇതു [illegible] ആലോചിക്കാതെ [illegible] സംബന്ധിക്കുന്നു. [illegible] മരിച്ചുപോയ ഒരു നമ്പൂതിരി പുരുഷന്റെ വിധവയ്ക്കും സന്താനങ്ങൾക്കും തമ്മിലോ അല്ലെങ്കിൽ [illegible] ഒരു നമ്പൂതിരിസ്ത്രീയുടെ പുത്രന്മാർക്കും പുത്രികൾക്കും തമ്മിലോ വ്യത്യാസം കല്പിക്കുന്നതിനു യുക്തിയില്ലെന്നാണ് എന്റെ അഭിപ്രായം. [illegible] അവർക്കു സമാവകാശം ഉണ്ടായിരിക്കാവുന്നതാണ്. അവർ ഇല്ലാതിരിക്കുമ്പോൾ [illegible] അവസ്ഥപോലെ ആ പുത്രന്റെയോ പുത്രിയുടെയോ ഓഹരികൾ അവരുടെ സന്താനങ്ങൾക്കു [illegible]ആവുന്നതുമാകുന്നു.

നാഗർകോവിൽ,
൧൧൦൮ ഇടവം ൧൮-൮.

എം. ശിവതാണുപിള്ള.

മി. എ., കെ. പിള്ളയുടെ വിസമ്മതക്കുറിപ്പ്.

സാമാന്യനിഷ്കർഷ.

നമ്മുടെ മുമ്പാകെയുള്ള ബില്ലു പരിശോധിക്കുമ്പോൾ രണ്ടു പ്രധാനസംഗതികൾ ഓൎമ്മിച്ചിരിക്കേണ്ടതായുണ്ട്. ഒന്നാമതായി, ഈ ബിൽ മലയാളബ്രാഹ്മണരുടെ ഇടയിൽ ഇപ്പോൾ നടപ്പുള്ള ദായക്രമം അടിയോടെ ഏൎപ്പാടുകളെ പരിഷ്കരിക്കുകയല്ല, ക്രമപ്പെടുത്തുകമാത്രമേ ചെയ്യുന്നുള്ളു എന്നാണ് തോന്നുന്നത്. അതുകൊണ്ടു, ആലോചനയിലിരിക്കുന്ന റഗുലേഷൻ ഇപ്പോഴത്തെ സമ്പ്രദായങ്ങൾക്കു അടിസ്ഥാനമായ തത്വങ്ങളെ കഴിയുന്നിടത്തോളം അനുവൎത്തിച്ചുണ്ടാക്കേണ്ടതിൽ സൂക്ഷിക്കണം. ചിലെടത്തു ഭേദഗതി ആവശ്യമായേക്കാം; പക്ഷേ സാമാന്യമായിട്ടുള്ള ഔചിത്യബോധവും അത്യാവശ്യബോധവും ആവശ്യപ്പെട്ടാൽ മാത്രമേ അതു അനുവദിക്കാൻ പാടുള്ളു. രണ്ടാമതായി, സംയോജകഗതിയിലും വിയോജകഗതിയിലും പ്രവൎത്തിക്കുന്ന രണ്ടു ഭിന്നതത്വങ്ങളെ ഒരേ സമ്പ്രദായത്തിൽ ഘടിപ്പിക്കുന്നതു സാദ്ധ്യമോ ആശാസ്യമോ അല്ലെന്നു നാം മനസ്സിലാക്കണം. കൂട്ടുകുടുംബതത്വം ആധുനികമായ ഗതിതത്വത്തിനു പാടേ വിപരീതമാണ്. നമ്പൂതിരിത്തറവാടുകൾ കൂട്ടുകുടുംബജീവിതതത്വത്തെ പരിരക്ഷിക്കണമോ അതോ വ്യക്തിപരമായ വിയോജകഗതിയെ അനുവൎത്തിക്കണമോ എന്നു ആദ്യംതന്നെ നിൎണ്ണയിക്കണം. സമുദായത്തിന്റെ സാമാന്യമനോഭാവം മാറ്റത്തിനു വിപരീതമായതുകൊണ്ടു നിൎദ്ദിഷ്ടനിയമത്തിന്റെ സാമാന്യഗതി കൂട്ടുകുടുംബ ഏൎപ്പാടിന്റെ നിലനില്പിനായിട്ടാണെന്നത്രെ പ്രഥമദൃഷ്ടിയിൽ കാണുന്നതു. എന്നാൽ ചില ഖണ്ഡങ്ങളിൽ, പ്രത്യേകിച്ചു, മരണശാസനമില്ലാതെയുള്ള പിന്തുടൎച്ചാവകാശത്തെ സംബന്ധിച്ചവയിൽ, കൂട്ടുകുടുംബതത്വം കാണ്മാനേ ഇല്ലാത്തതു ശോചനീയംതന്നെ. തറവാട്ടുവകപൊതുമുതൽ കുറയ്ക്കുന്നതിനു സകലവിധ നിൎഗ്ഗമനമാൎഗ്ഗങ്ങളും ഉണ്ടായിരിക്കെ അതു വൎദ്ധിപ്പിക്കുന്നതിനുള്ള വക ഒന്നുംതന്നെ ഒരിടത്തും ചേൎത്തിട്ടില്ലെന്നാണ് തോന്നുന്നതു. അങ്ങോട്ടിടാതെ ഇങ്ങോട്ടെടുക്കുന്ന സമ്പ്രദായം തീൎച്ചയായും ക്രമേണ നിൎദ്ധനാവസ്ഥയിൽ എത്തിക്കുന്നതാകുന്നു. നമ്പൂതിരിത്തറവാടുകൾ സജീവസ്ഥാപനങ്ങളായിരിക്കണമെങ്കിൽ അവയ്ക്കു, മറ്റെല്ലാ സജീവസത്വങ്ങളേപ്പോലെതന്നെ, വളൎച്ചയ്ക്കു തക്കിയ പരിതസ്ഥിതികൾ ഉണ്ടായിരിക്കേണ്ടതാണ്. കൂട്ടുകുടുംബഏൎപ്പാടിന്റെ അന്തരതത്വത്തിനു വിരുദ്ധമായ വ്യക്തിതത്വത്തെ സങ്കചിതാൎത്ഥത്തിൽ ഈ ബില്ലിൽ അറിയാതെ അവതരിപ്പിച്ചുപോയിട്ടുണ്ടെന്നും ബിൽ ക്രമപ്പെടുത്താൻ ഉദ്ദേശിക്കുന്നതു കൂട്ടുകുടുംബ ഏൎപ്പാടിനെയാണെന്നും ഞാൻ കരുതുന്നു. ഈ പരസ്പരവിരുദ്ധാവസ്ഥ പ്രത്യക്ഷമാണ്; അതു നിലനില്ക്കാൻ അനുവദിക്കുന്നപക്ഷം നാശകരമായിത്തീരുകയുംചെയ്യും. ഭരണവിധേയത്വത്തിന്റെ അടിസ്ഥാനതത്വം അബദ്ധവും അതിന്റെ പ്രവൎത്തനം അസാദ്ധ്യവുമാണ്; രാജ്യഭരണകാൎയ്യത്തിലെന്നപോലെ കുടുംബഭരണകാൎയ്യത്തിലും ഇതു പരമാൎത്ഥമാകുന്നു. നിൎദ്ദിഷ്ടനിയമത്തിൽ മേൽപറഞ്ഞ രണ്ടു തത്വങ്ങളും കൂടിയല്ലാതെ ഏതെങ്കിലുമൊന്നു പ്രതിഷ്ഠിതമാക്കാൻ നമുക്കു ശ്രമിക്കാം.

ഈ സംഗതികളും (യഥാസന്ദൎഭം പ്രസ്താവിച്ചിട്ടുള്ള) മറ്റോരോ ഗൌരവസംഗതികളും ആലോചിച്ചു ഈ വിസമ്മതപത്രിക എഴുതാൻ ഞാൻ പ്രേരിതനാവുകയും പ്രത്യേക കമ്മിററിയുടെ ഭൂരിപക്ഷ റിപ്പോൎട്ടിൽ താഴെ പറയുന്ന ഭേദഗതികൾചെയ്യുന്നതിനു അനുവാദം ചോദിക്കുകയുംചെയ്തുകൊള്ളുന്നു.

അദ്ധ്യായം ൧.

ഖണ്ഡം ൧. (൨) ബില്ലിലുള്ളതുപോലെ ചേൎക്കാം. തറവാട്ട എന്ന പദം സ്വീകരിക്കണം. കോടതികളിലും സിവിൽ നിയമങ്ങളിലും ദീൎഘകാലമായി ഉപയോഗിച്ചുവരുന്നതുകൊണ്ടു ആ പദത്തിനു ഈ രാജ്യത്തിലെ നിയമചരിത്രത്തിൽ ഒരു ലക്ഷ്യാൎത്ഥം കിട്ടികഴിഞ്ഞിട്ടുണ്ടു; നിയമകൎത്താക്കളുടെ ഉദ്ദേശവും രാജ്യത്തിലെ നിയമങ്ങളെ കഴിയുന്നിടത്തോളം ഒരേരീതിയിൽ ആക്കുന്നതിനായിരിക്കുകയുംവേണം. 'തറവാട്ട' എന്ന അഭിധാനം 'ഇല്ലം' എന്ന പദത്തിൽ അടങ്ങിയിരിക്കുന്ന ആശയത്തെ പ്രകടിപ്പിക്കുന്നതിനു മതിയാകാതെ ഇരിക്കുന്നില്ലെന്നുമാത്രമല്ല, പ്രായോഗികമായിട്ടുള്ള ഏതെങ്കിലും കാൎയ്യത്തിനു 'ഇല്ലം' 'തറവാട്ട' എന്നതിൽ ഭേദമായിട്ടുള്ള ഒരു പദവും അല്ല. നിയമസംബന്ധമായ ഒരേ ആശയത്തിനു ഒന്നിലധികം പദങ്ങൾ ഉപയോഗിക്കുന്നതു നിയമപഠനത്തെ വിഷമകരമാക്കുന്നതാണ്.

ഖണ്ഡം ൨. (൩) അപ്രകാരംതന്നെ ചേൎക്കാം. 'ജാതിഭ്രഷ്ടൻ' എന്ന പദം ബില്ലിലെ നാലാംഖണ്ഡത്തിൽ ശരിയായിട്ട വന്നിരിക്കുന്നതുകൊണ്ടു അൎത്ഥവിവരണം ആവശ്യംതന്നെ. സാമുദായിക ഉന്നതപ്പുകളെ അമൎത്തുന്നതിനും നന്നാക്കുവാൻ സാധിക്കാത്ത ആളുകളെ തള്ളിക്കളയുന്നതിനും ഏതൊരു സമുദായത്തിലും വ്യവസ്ഥയുണ്ടു. സമുദായത്തിന്റെ ക്ഷേമത്തേയും ക്രമാനുസാരമായ പുരോഗതിയേയും പുരസ്കരിച്ചു, സാമാന്യനയമുള്ള സാമുദായിക മൎയ്യാദകളെ ലംഘിക്കുന്നവൎക്കു പ്രതിവിധികൾ കല്പിക്കുന്നതു ആവശ്യമായി വന്നേക്കാം. മതംമാറുന്ന തറവാട്ടംഗങ്ങൾക്കു തറവാട്ടിലുള്ള ഉടമസ്ഥാവകാശങ്ങൾ നഷ്ടമായിപ്പോകുമെന്നുള്ള നായർറഗുലേഷനിലെ വ്യവസ്ഥയുമായി താരതമ്യപ്പെടുത്തി നോക്കുക. അങ്ങനെയുള്ള വ്യവസ്ഥകളെ ദുരുപയോഗപ്പെടുത്തുന്നതിനെ മാത്രമേ നോക്കേണ്ടതായിട്ടുള്ളു. ജാതിഭ്രഷ്ടനാക്കപ്പെട്ടതു മതിയായ കാരണങ്ങളാലും ശാസ്ത്രവിധി അനുസരിച്ചും അല്ലെന്നു തെളിയുന്നതായാൽ ആ കക്ഷിക്കു സിവിലായും സാമുദായികമായും മുമ്പുണ്ടായിരുന്ന അവകാശങ്ങളെല്ലാം ഉണ്ടായിരിക്കുന്നതാണ്.

ഖണ്ഡം ൨—(൪)— <u>ഗൃഹസ്ഥൻ</u> എന്നാൽ വിവാഹംകഴിച്ചു ഗൃഹസ്ഥജീവിതം നയിക്കുന്ന പുരുഷനായ ഏതെങ്കിലുമൊരു തറവാട്ടംഗം എന്നൎത്ഥമാകുന്നു. ഭൂരിപക്ഷറിപ്പോൎട്ടിൽ നിൎദ്ദേശിച്ചിരിക്കുന്ന ഭേദഗതി അനാവശ്യകമാണ് 'ഗൃഹസ്ഥൻ' എന്നും 'വിവാഹം' എന്നുമുള്ള പദങ്ങളുടെ അൎത്ഥം വളരെ വ്യക്തമായിട്ടുള്ളതാണ്. അസംഗതകാൎയ്യങ്ങൾക്കായി അവയെ, വികൃതപ്പെടുത്താൻ പാടുള്ളതല്ല. ഗൃഹസ്ഥൻ എന്നാൽ "സ്വജാതിയിൽ വിവാഹം കഴിച്ചിട്ടുള്ള" ഒരു പുരുഷൻ എന്നൎത്ഥമാകുന്നുവെന്നു പറയുന്നതു അവ്യവസ്ഥിതവും പ്രകൃതിവിരുദ്ധവും ആയിട്ടാണ് തോന്നുന്നതു. സജാതീയവിവാഹം കഴിച്ചയാൾ മാത്രമേ ഗൃഹസ്ഥനാവുകയുള്ളു എങ്കിൽ വിജാതീയവിവാഹം കഴിച്ച ഒരു പുരുഷന്റെ നില എന്താണ്? മിശ്രജാതി വിവാഹം അത്യന്താപേക്ഷിതമാണെന്നു എന്നെ സംബന്ധിച്ചിടത്തോളം ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ തനിക്കിഷ്ടമുള്ള

ഒരു വധുവിനെ വിവാഹംചെയ്യുന്ന ഒരു പുരുഷനെ, ആ വിവാഹം സമുദായത്തിലെ മനോഗതിക്കും ആചാരത്തിനും അവിഹിതമല്ലാത്തപക്ഷം, വിലക്കുന്നതിനോ ശിക്ഷാർഹനാക്കുന്നതിനോ ഉദ്ദേശിക്കുന്നതായി യാതൊന്നും ഉണ്ടായിരിക്കാൻ പാടില്ല. ദീർഘകാലമായിട്ടുള്ള വഴക്കംകൊണ്ടു, മലയാളബ്രാഹ്മണർ സവർണ്ണഹിന്ദുസ്ത്രീകളെ വിവാഹംചെയ്യുന്ന ആചാരം പ്രതിഷ്ഠിതമായിട്ടുണ്ട്. അപ്രകാരമുള്ള വിവാഹങ്ങൾക്കു ആക്ഷേപമൊന്നും കല്പിച്ചിട്ടുമില്ല. ഈ ബില്ലിന്റെ ഉദ്ദേശം നടപ്പുള്ള ആചാരങ്ങളെ ക്രമപ്പെടുത്തുക മാത്രമായിരിക്കെ മേൽപറഞ്ഞതരത്തിലുള്ള വിവാഹബന്ധത്തിനു അതിനു ശരിയായിട്ട വേണ്ടതെല്ലാം നൽകുകയും സമ്മതിക്കുന്നു. ഇതിൽനിന്നു ദോഷമൊന്നും ഉണ്ടാകാനിടയില്ല, എന്തെന്നാൽ നമ്പൂതിരിമാരാൽ വിവാഹിതകളായിട്ടുള്ള സ്ത്രീകൾക്കു ക്രമേണ ഏതവസ്ഥയിലും തറവാട്ടു കാരണവസ്ഥാനം ലഭിക്കയുമുള്ളു. ആ സ്ത്രീ തറവാട്ടംഗങ്ങൾക്കു മാത്രമേ, അവർ വിധവകളോ അവിവാഹിതപുത്രന്മാരോ അവിവാഹിതപുത്രികളോ ആകുമ്പോൾ മാത്രം, ഒരു നമ്പൂതിരിപുരുഷൻ മരണശാസനമില്ലാതെ മരിക്കുമ്പോൾ ശേഷിക്കുന്ന സ്വത്തു പിൻതുടർച്ചാവകാശപ്രകാരം ലഭിക്കയുമുള്ളു. ആകയാൽ ഇതുകൊണ്ടു എന്റെ നയം ശരിവെക്കുകയും ഒരു ഗൃഹസ്ഥനെന്നു പറഞ്ഞാൽ വിവാഹംകഴിച്ചു ഗൃഹസ്ഥജീവിതം നയിക്കുന്ന പുരുഷനായ ഒരു തറവാട്ടംഗം എന്ന വേണ്ടവിധത്തിൽ അർത്ഥമാക്കുകയും ചെയ്യുന്നപക്ഷം പ്രധാനമായ ഒരു മാറ്റം വരുന്നതു ൧൪-ാം ഖണ്ഡമനുസരിച്ചു എല്ലാപ്രകാരം സമമായി ഭാഗിക്കപ്പെടാവുന്ന പ്രത്യേക ജീവനാംശത്തെ സംബന്ധിച്ചു മാത്രമാകുന്നു. ഇതു ഹിതകരമായ ഒരു ഭേദഗതിയും ആണ്. സജാതീയവിവാഹം കഴിച്ചിട്ടുള്ള ഒരു നമ്പൂതിരി പ്രത്യേകജീവനാംശം ആവശ്യപ്പെടുന്നതിനെക്കാൾ ഔചിത്യമുണ്ടെങ്കിൽ വിജാതീയവിവാഹം കഴിച്ചിട്ടുള്ള ഒരു ഗൃഹസ്ഥൻ അതുമാതിരി ജീവനാംശം ആവശ്യപ്പെടുന്നതിൽ എത്രയോ അധികം ഔചിത്യമുണ്ടു. എന്തെന്നാൽ, വിജാതീയ ഭാര്യയ്ക്കു നടപ്പനുസരിച്ചു തറവാട്ടിലെ അടുക്കളയിൽ പ്രവേശനമില്ലല്ലോ. അതുകൊണ്ടു, ഞാൻ പറയുന്നതു ഇതാണ്: സജാതീയമല്ലാത്ത വിവാഹങ്ങളെ തടയുന്നതിനോ ശിക്ഷാർഹമാക്കുന്നതിനോ ഉള്ള മനഃപൂർവ ഉദ്ദേശം പരോക്ഷമായി ബില്ലിൽ ഇല്ലാത്തപക്ഷം—അതു എത്രയും അനധികൃതവും പ്രതിപക്ഷത്തിനു കാരണമാകുന്നതുമായ ഒരു പ്രവൃത്തിയായിരിക്കുമെന്നാണു എന്റെ വിചാരം—ഞാൻ മേൽ കാണിച്ചിട്ടുള്ള രീതിയിൽ 'ഗൃഹസ്ഥൻ' എന്നതിനെ നിർവചനം ചെയ്യണം.

അദ്ധ്യായം ൨.

ഖണ്ഡം ൩. ബില്ലിലുള്ളതുപോലെ ശേഷിക്കാവുന്നതാണ്. ജാതിഭ്രഷ്ടന്മാർക്കു തറവാട്ടുവസ്തുക്കളിന്മേൽ യാതൊരുവിധത്തിലുള്ള അധികാരമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ലെന്നു സ്പഷ്ടമായി പറയേണ്ടതാവശ്യമാകുന്നു. പക്ഷേ മെത്രാൻ ... ഒരു ജീവനാംശമോ(?) (കമ്പാഷണേറ്റ് അലവൻസ്) അവർക്കു നൽകേണ്ടതാണ്. ആ ജാതിഭ്രഷ്ടന്മാർ നിസ്സഹായരാകുന്നവരാകുന്നു. ഒരുത്തൻ ഒരു ഉന്മാദിയായി പ്രേരിപ്പിക്കപ്പെട്ടു അവനെ ഒരു ഭിക്ഷുവാക്കി ഉപജീവനമാർഗ്ഗത്തിനു ദേഹാദ്ധ്വാനങ്ങളെ ഉപേക്ഷിക്കുവാൻ തള്ളിവിടുന്നതു ന്യായമായിരിക്കയില്ല. ജാതിഭ്രഷ്ടനാക്കപ്പെട്ട ആ മാന്യദേഹത്തിനു തന്റെ പൂർവജീവിതത്തെപ്പറ്റി പശ്ചാത്താപിച്ചും തനിക്കു സിദ്ധിച്ച അനുഭവത്തെ ഉപയോഗപ്പെടുത്തിയും ഒരു നൂതനജീവിതം ആരംഭിക്കുന്നതിനു തക്കതായിട്ടെന്തെങ്കിലും ഉണ്ടായിരിക്കേണ്ടതു ആവശ്യമാണ്. നേരമറിച്ചു അയാൾക്കു നന്നാകുന്നതിനു യാതൊരുവഴിയും കൂടാതെ നരകത്തിലേക്കു തള്ളുകയാണെങ്കിൽ അയാൾ ജനസഞ്ചയത്തിനു ഒരു ശല്യമായി ഭവിക്കുമെന്നുള്ളതിനു സംശയമൊന്നുമില്ല. അതുകൊണ്ടു അയാൾക്കു നിരാശാഗർത്തത്തിൽനിന്നു രക്ഷപ്പെടുന്നതിനും ഒരു നൂതനജീവിതത്തിനുതകുന്നതിനും തക്കതായി മാത്രം എന്തെങ്കിലും കരുതേണ്ടതായുണ്ട്.

ഖണ്ഡം ൬. ഓരോ കൊല്ലത്തെയും കണക്കുകൾ പ്രായപൂർത്തിവന്ന എല്ലാ അംഗങ്ങളുടെയും പരിശോധനയ്ക്കും സ്വീകരണത്തിനുമായി തന്നാണ്ടുതികഞ്ഞു മൂന്നു മാസത്തിനകം അവർക്കു അയക്കേണ്ടതാണ്.

മേലാൽ തർക്കങ്ങളുണ്ടാകാതിരിക്കുന്നതിനായി, സ്ത്രീപുരുഷന്മാരായുള്ള പ്രായപൂർത്തിവന്ന എല്ലാ അംഗങ്ങളുടെ പേരും കണക്കു ആണ്ടുതോറും പരിശോധിപ്പിച്ചു അതിൽ അടയാളം വയ്പിക്കുന്നതിനു കാരണവൻ നിർബന്ധിതനാകണമെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. പ്രായപൂർത്തിവന്നിട്ടുള്ള അംഗങ്ങളോടാലോചിച്ചു സാമാന്യമായിട്ടുള്ള ഒരു ചെലവുവിവരപ്പട്ടിക അതാതുകാലത്തു തയ്യാറാക്കി സമർപ്പിക്കേണ്ടതാണെന്നുകൂടി ഞാൻ നിർദ്ദേശിച്ചുകൊള്ളുന്നു.

ഖണ്ഡം ൭. അങ്ങനെതന്നെ ശേഷിക്കാം. ഇവയെല്ലാം കാരണവൻ മുറപ്രകാരം ചെയ്യേണ്ട കൃത്യങ്ങളാകയാൽ "മുതലായവ ചെയ്യാൻ അവകാശമുള്ളതാകുന്നു" എന്നതിനെ "മുതലായവ ചെയ്യേണ്ടതാകുന്നു" എന്നു മാറ്റാവുന്നതാണ്.

ഖണ്ഡം ൮. അപ്രകാരംതന്നെ ശേഷിക്കാം. എല്ലാ പ്രധാനപ്പെട്ട ഇടപാടുകൾക്കും പ്രായപൂർത്തിവന്ന സകല അംഗങ്ങളുടെയും ശരിയായിട്ടുള്ള സമ്മതം നിർബന്ധമായും വാങ്ങിച്ചിരിക്കേണ്ടതാണ്. കൂടുതൽ പ്രാധാന്യമുള്ള തറവാടിന്റെ നന്മയ്ക്കുവേണ്ടി കടംകൊടുത്ത ആളിന്റെ അവകാശം കൊണ്ടുവരുന്നതു ശരിയല്ല. സാധുക്കളുടെ സ്ഥിതിഗതികളും പേരുകളും മനസ്സിലാക്കിക്കൊണ്ടാണ് കടംകൊടുക്കുന്നവർ ഏർപ്പെടുന്നതു. അയാൾക്കു ശരിക്കു പെടാതെ സൂക്ഷിക്കാൻ അവർക്കുതന്നെ സാധിക്കും. ന്യായരഹിതമായ ഇടപാടുകളെ ഈ കാര്യത്തിൽ പ്രോത്സാഹനമാക്കുകയില്ല.

ഖണ്ഡം ൧൦. ഈ വകുപ്പിനെ താഴെപ്പറയുംപ്രകാരം ഭേദപ്പെടുത്തണം:—

.........എന്നതിനാൽ, ചെലവുകഴിച്ചുള്ള ആദായത്തിന്റെ ഒരംശം നീക്കിയിരുപ്പായി തറവാട്ടുനന്നാക്കുവാൻ ചെലവഴിക്കുന്നതിനു ഒരു പ്രേരണയായിട്ടു പ്രത്യേകം എന്തെങ്കിലും മാർഗം ഉണ്ടായിരിക്കണം. ആ വകുപ്പുകൊണ്ടു വൈഷമ്യമൊന്നും ഉണ്ടാകയില്ലല്ലോ. അങ്ങനെ ഉണ്ടാകുന്നപക്ഷം, എവിടെയെങ്കിലുംനിന്നു എന്തെങ്കിലും ആദായമെടുക്കുന്ന ഒരു കാരണവൻ അതിനെ അവകാശംതന്നെ ഉണ്ടാകുന്നതാണ്; അപ്രകാരമുള്ള ഭവിഷ്യത്തിനെ തടുക്കാനും നിവൃത്തിയില്ലല്ലോ. എന്നാൽ ഇപ്പോൾതന്നെ വ്യവസ്ഥചെയ്തിട്ടുള്ളപ്രകാരം ആണ്ടുതോറും ശരിയായിട്ടു കണക്കുവച്ചു പരിശോധിച്ചുവരികയാണെങ്കിൽ ഡിപ്പാർട്ടുമെന്റിൽ ആശങ്കിക്കുന്നതുപോലെയുള്ള വൈഷമ്യം ഉണ്ടാകുന്നതു എങ്ങനെയാണ്?

ഖണ്ഡം ൧൮-൨൦. പകരം താഴെപറയുന്നതു ചേർക്കണം:—

തറവാട്ടംഗങ്ങൾക്കെല്ലാവർക്കും അവർ തറവാട്ടിൽ താമസിക്കയാണെങ്കിൽ സംരക്ഷിക്കപ്പെടുന്നതിനു അവകാശമുള്ളതാകുന്നു. ഗൃഹസ്ഥജീവിതം നയിക്കുന്നവരോ ഒരു വിദ്യാർത്ഥിയോ തറവാട്ടിൽ താമസിക്കുന്നില്ലെങ്കിലും അവർക്കു ചിലവിനു കിട്ടാൻ അവകാശമുണ്ടായിരിക്കേണ്ടതാണ്. കേവലം ഗൃഹസംബന്ധമായല്ലാതെ ഭൂനികുതി, ആദായനികുതി, ജന്മികൾക്കു കൊടുക്കേണ്ടതും പാട്ടം, മുതലായി ആവർത്തിച്ചുവരുന്ന ചെലവുകൾ കഴിച്ചുകഴിഞ്ഞു ബാക്കിയുള്ള തറവാട്ടാദായം നോക്കി ഭൂരിപക്ഷാംഗങ്ങൾ ജീവനാംശസംഖ്യ നിശ്ചയിക്കേണ്ടതാകുന്നു. ജീവനാംശക്കാരന്റെ പേരിലുള്ള ഒരു വിധിക്കടത്തിനുവേണ്ടി വിധിനടത്തിൽ ജീവനാംശം ജപ്തിചെയ്കയോ വിൽക്കുകയോ ചെയ്തുകൂടാത്തതാണ്. ഈ ജീവനാംശം വസ്തുക്കളായിട്ടോ മുറയ്ക്കുള്ള തവണകളിൽ രൊക്കം പണമായിട്ടോ കൊടുക്കാവുന്നതാകുന്നു. ഗൃഹസ്ഥൻ മരിക്കുമ്പോഴോ അല്ലെങ്കിൽ വിദ്യാർത്ഥിയുടെ വിദ്യാർത്ഥിജീവിതം അവസാനിക്കുമ്പോഴോ വസ്തുക്കൾ തറവാട്ടിലേക്കു മടങ്ങുന്നതും വിധവയേയും സന്താനങ്ങളേയും അവർ തറവാട്ടിലെ അംഗങ്ങളാണെങ്കിൽ അങ്ങോട്ടു ചേർത്തുകൊള്ളേണ്ടതുമാകുന്നു.

അദ്ധ്യായം ൫.

ഖണ്ഡം ൨൨. തറവാട്ടിന്റെ പ്രകൃത്യാഉള്ള വളർച്ചയ്ക്കു അതിലെ അംഗങ്ങളുടെ സ്വന്ത സമ്പാദ്യത്തിന്റെ ഒരോഹരികൂടി അതിൽ ചേർക്കേണ്ടതു അത്യാവശ്യമാണ്. എന്നുമാത്രമല്ല, ഓരോ അംഗവും അയാളുടെ ഇപ്പോഴത്തെ നിലയ്ക്കുവേണ്ടി അയാളുടെ തറവാട്ടിനോടു നേരിട്ടു കടപ്പെട്ടിരിക്കയാകുന്നു. ആ സ്ഥിതിക്കു മരണശാസനമില്ലാതെ മരിച്ചുപോയ ആളുടെ സ്വത്തു അനുഭവിക്കുന്നവർക്കു തുല്യമായി മൂലകുടുംബമായ തറവാട്ടിനും ആ സ്വത്തിൽ ഒരു ഓഹരി ലഭിക്കേണ്ടതാണ്. അതുകൊണ്ടു ഒരു പുത്രനു കിട്ടുന്ന ഓഹരിക്കു തുല്യമായി തറവാട്ടിനും കിട്ടത്തക്കവണ്ണം "അവർക്കു" എന്നുള്ളതിനെ "വിധവയ്ക്കും പുത്രന്മാർക്കും പുത്രികൾക്കും തറവാട്ടിനും" എന്നു മാറ്റണം.

അദ്ധ്യായം ൬.

ഖണ്ഡം ൨൩. ഇതു ഹിന്ദുക്കളുടെ ധർമ്മബോധത്തിനു അടിസ്ഥാനമായിട്ടുള്ള തത്വങ്ങൾക്കും നീതിക്കും യോജിച്ചിരിക്കുന്നില്ല. തന്റെ സന്താനങ്ങളോടും, ഭാര്യയോടും തറവാട്ടിനോടും സമുദായത്തിനോടും പൊതുവിലും ഏതൊരാൾക്കും ഒരു ധാർമ്മികബാദ്ധ്യതയുള്ളതാകുന്നു. കുറച്ചുകൂടി ഉൽകൃഷ്ടമായി ചിന്തിച്ചുനോക്കിയാൽ ഒരുത്തനുള്ള സ്വത്തെല്ലാം മരണശാസനംമൂലം വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം സ്വീകാര്യമല്ല. സകലതും മരണശാസനപ്രകാരം വിനിയോഗിക്കുന്ന ആശയം വിദേശങ്ങളിൽനിന്നും വന്നതാണ്. അതുകൊണ്ടു പ്രസ്തുത ഖണ്ഡം താഴെ പറയുംപ്രകാരം ഭേദപ്പെടുത്തണം:—

... ..."തന്റെ സ്വന്ത സമ്പാദ്യത്തിൽ പകുതിയിലധികമല്ലാതെയുള്ള അംശം മരണശാസനപ്രകാരം ഏതൊരുത്തനും വിനിയോഗിക്കാവുന്നതാണ്. ഇതിൻപ്രകാരമുള്ള സ്വാതന്ത്ര്യനിയന്ത്രണം, മരണശാസനമില്ലാത്തപ്പോൾ യാതൊരു നഷ്ടവും ഉണ്ടാകാത്ത ന്യായാവകാശികൾക്കു ഒരുവിധത്തിലും ദോഷകരമാകുകയില്ല.

ഏ. കെ. പിള്ള,
എം. എൽ. എ.

ടി. പി. കെ. നാരായണപിള്ളയുടെ പ്രത്യേകകുറിപ്പ്.

കൂടുതലായി ചിന്തിക്കേണ്ടിവരാവുന്ന ഏതാനും സംഗതികളെ പ്രസ്താവിക്കുന്നതിനാണ് ഈ ചെറിയ കുറിപ്പു ചേർത്തിരിക്കുന്നതു. ഈ ബിൽ "തിരുവിതാംകൂറിലെ നാട്ടുകാരായിത്തീർന്നിട്ടുള്ള" മലയാളബ്രാഹ്മണരെ സംബന്ധിക്കുന്നതാണെന്നു പീഠികയിൽ കാണുന്നു. അതു മതിയോ? മരണശാസനമില്ലാത്തപ്പോൾ ഉള്ള പിൻതുടർച്ചാവകാശത്തിന്റെ കാര്യത്തിൽ തിരുവിതാംകൂറിലെ നാട്ടുകാരായിത്തീർന്നിട്ടില്ലാത്ത പുത്രന്മാരേയും പുത്രികളേയും ഉൾപ്പെടുത്തണമെന്നാണോ ഉദ്ദേശം?

ബില്ലിൻപ്രകാരം, സ്ത്രീകളുടെ മൂപ്പവകാശം, നിശ്ചയിക്കുന്നതു അവരുടെ വിവാഹതീയതി നോക്കിയാണ്, വയസ്സുനോക്കിയല്ല. ഇതു വിശ്രുതനായ ഒരു ഹൈക്കോടതിജഡ്ജി അഭിപ്രായപ്പെട്ടിട്ടുള്ളതിനു വിപരീതമാണ്. ൭. തി. ല. റി. ൪൭, നൂറ്റാംവശം നോക്കുക. കൂടാതെ, മൂപ്പവകാശത്തെപ്പറ്റിയുള്ള മത്സരം പ്രായപൂർത്തിവന്ന അവിവാഹിതയായ ഒരു പെൺകുട്ടിയും വിവാഹംകഴിച്ചു ഇല്ലത്തു കൊണ്ടുവരപ്പെട്ട ഒരു സ്ത്രീയും തമ്മിൽ ആയിരിക്കുമ്പോൾ ഉള്ള വൈഷമ്യത്തിന് യാതൊരു പരിഹാരവും അതുകൊണ്ടു സിദ്ധിക്കുന്നില്ല.

ഗൃഹസ്ഥൻ എന്നതിന്റെ നിർവചനം വ്യക്തമായിട്ടില്ല. സ്വന്തജാതിയിലും അന്യജാതികളിലുംകൂടി വിവാഹംകഴിച്ചിട്ടുള്ളയാൾ ഒരു ഗൃഹസ്ഥനാണോ? എന്നുമാത്രമല്ല, ഗൃഹസ്ഥനോടു കാണിച്ചിരിക്കുന്ന പ്രതിപത്തി നീതീകരിക്കത്തക്കതല്ലെന്നാണ് തോന്നുന്നതു. ഭാര്യയുടെ സമുദായവ്യത്യാസംനിമിത്തം വിവാഹം കുടിലമനോഭാവത്തിനു കാരണമാകുന്നതു. നായർറഗുലേഷൻ ഈ അസമാവേക്ഷണത്തെ ആക്രമിച്ചിട്ടുണ്ട്. ക്ഷത്രി

യർ, വാദ്ധ്യാന്മാർ മുതലായവരെപ്പോലെയുള്ള ഇതരസമുദായങ്ങളിൽനിന്നും മലയാളബ്രാഹ്മണർ വിവാഹംകഴിക്കാറുണ്ട്. മരണശാസനമില്ലാത്തപ്പോൾ ഉള്ള പിന്തുടർച്ചാവകാശത്തിന്റെ കാര്യത്തിൽ ആ സമുദായങ്ങളുടെ ഗുണത്തെ കരുതി, കുറഞ്ഞപക്ഷം, നായർറഗുലേഷനിലുള്ളതുപോലെയുള്ള വ്യവസ്ഥകളെങ്കിലും വേണ്ടതാണെന്നു ഞാൻ ബലമായി വാദിക്കുന്നു.

ദായത്തിന് ലഘുവായ ഒരു വ്യവസ്ഥചെയ്യേണ്ടത് ആവശ്യവും ന്യായവും ആണെന്നു തോന്നുന്നു. സന്താനം അററ ഇല്ലങ്ങളുടെ, ഒരുതായ്ക്ക് മേലാൽ ജനനമുണ്ടാകാനിടയില്ലാത്ത ഇല്ലങ്ങളുടെ, കാര്യത്തിൽ, അവ ദായിക്കുന്നതിൽ വിരോധമെന്താണെന്നു എനിക്ക മനസ്സിലാകുന്നില്ല. ഉദാഹരണമായി, ഇല്ലത്തു രണ്ടുവിധവകൾമാത്രമേ ഉള്ളുവെങ്കിൽ അതിലൊരാളുടെ മരണത്തിനോ അഥവാ ദുർമ്മരണത്തിനോ കീഴ്പ്പെട്ട മറെറവിധവ ഇരിക്കേണ്ട കാര്യമെന്ത്? ഈങ്ങനെയുള്ള സംഗതികളിൽ ഇല്ലത്തെ മരണം സാമാന്യേന ഒരു പാവകളിമാത്രമായിരിക്കുകയും സ്വത്തിലുള്ള മരണം ചാരേച്ഛകളായ വല്ല അന്യന്മാരുടേയും കളിയായിരിക്കുകയുംചെയ്യും. ദായകാര്യത്തിൽ സമുദായം പ്രദർശിപ്പിക്കുന്ന ഭീരുത്വം ഈ അവസരത്തിൽ ആവശ്യമായിരിക്കുന്ന ന്യായമാറ്റത്തെപ്പററി ചിന്തിക്കുന്നതിൽ ആരേയും അന്ധന്മാരാക്കരുത്. സ്ത്രീധനത്തെസംബന്ധിച്ച് മ. ര. തി. ഷ. റി-ൽ ഉള്ള അഭിപ്രായത്തിൽനിന്നും വ്യതിചലിക്കുന്നതിന് കാരണമൊന്നും സ്ഥാപിച്ചിട്ടില്ല.

പി. കെ. നാരായണപിള്ള.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാം കൌൺസിൽ.

ഒന്നാം സമ്മേളനം.

(അഫിഷ്യൽറിപ്പോർട്ട്.)

൧൯൩൨ ജനുവരി ൨൯-ാം/൧൧൦൭ മകരം ൧൫-ാം വെള്ളിയാഴ്ച.

പ്രസിഡന്റ് ആദ്ധ്യക്ഷംവഹിച്ച് ൧൯൩൨ ജനുവരി ൨൯/൧൧൦൭ മകരം ൧൫-ാം വെള്ളിയാഴ്ച ൧൧ മണിക്കു വിക്ടോറിയാ ജൂബിലിടൗൺഹാളിൽ കൌൺസിൽ വീണ്ടുംകൂടി.

താഴെപറയുന്ന മെമ്പറന്മാർ ഹാജരില്ല.

൧. മി. കെ. സി. കരുണാകരൻ.
൨. റാവുസാഹബ്ബ് കെ. എ. കൃഷ്ണയ്യങ്കാർ,
൩. മി. കെ. ജി. പരമേശ്വരൻപിള്ള.
൪. മിസ്സസ്സ്. എലിസബത്ത് കുരുവിള.

ചോദ്യോത്തരങ്ങൾ.

പീരുമേടു താലൂക്കിനെപ്പറ്റിയുള്ള ആവലാതി.

൨൩. മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): (എ) പീരുമേടു പകുതിയിൽ ൨൭൭-ാം സർവെനമ്പരിലെ കൃഷിക്കാർ സ്ഥലം തഹശീൽദാർ കാരണം പലമാതിരി സങ്കടങ്ങൾ അനുഭവിക്കുന്നതായി അനേകം ഹർജികൾ ദേവികുളം കമ്മീഷണർക്കു കിട്ടിയിട്ടുണ്ടോ എന്നും,

(ബി) അദ്ദേഹം ആ സങ്കടങ്ങളെ ഏതെങ്കിലുംവിധത്തിൽ പരിഹരിക്കയുണ്ടായോ എന്നും,

(സി) ഇല്ലെങ്കിൽ അതു, ഗവർമ്മെന്റുത്തരവു കാരണമാണോ എന്നും ഗവർമ്മെന്റ് ദയവായി മറുപടി പറയുമോ?

മി. ജി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റുസെക്രട്ടറി): (എ) ഭൂമിസംരക്ഷണാജ്ഞയനുസരിച്ചു തഹശീൽദാർ നടപടിനടത്തിയതിനെപ്പറ്റി പ്രതിഷേധിച്ചും പ്രവേശനസ്ഥലങ്ങൾ പതിച്ചുകിട്ടണമെന്നും കാണിച്ച് ഏതാനുംഹർജികൾ ദേവികുളംകമ്മീഷണർക്കു കിട്ടിയിട്ടുണ്ട്.

(ബി) സബ്ഡിവിഷൻ സർവെ പൂർത്തിയായതിനുശേഷം പതിക്കേണ്ടതായി നീക്കിവച്ചിട്ടുള്ള ബ്ലോക്കിൽനിന്നും ഹർജിക്കാർക്കു സ്ഥലം പതിച്ചുകൊടുക്കുന്നതാണെന്നും അല്ലാതെ ഗവർമ്മെന്റിനു ദോഷകരമായവിധത്തിൽ തോന്നിയപോലെ വലിയ ബ്ലോക്കുസ്ഥലങ്ങളിൽ അധികാരമില്ലാതെ അനാവശ്യമായി പ്രവേശിക്കരുതെന്നും ഹർജിക്കാർക്കു മറുപടികൊടുത്തിട്ടുണ്ട്.

(സി) (ബി) ഭാഗത്തിനുത്തരംകൊണ്ട് ഈ ചോദ്യത്തിനു കാരണമില്ല.

വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിൽ ഉദ്യോഗക്കയററം.

൨൪. മി. ഡി. ഫ്രാൻസിസ് (നിയമിക്കപ്പെട്ട മെമ്പർ): (എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഇംഗ്ലീഷ് നാട്ടുഭാഷയും വകുപ്പുകൾ പ്രത്യേകമായി കരുതി ഒന്നിലെ സർവീസ് മറേറതിലേക്കു ഉദ്യോഗക്കയററത്തിനു പരിഗണിക്കയില്ലായെന്നുള്ള നയം ആ ഡിപ്പാർട്ടുമെന്റിൽ അനുകരിച്ചിരുന്നതായി ഗവർമ്മെന്റിനറിയാമോ എന്നും,

(ബി) ഈ നയം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നോ എന്നും ഗവർമ്മെന്റ് ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെന്റ ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും മെമ്പർ പറഞ്ഞപ്രകാരമുള്ള നയം ആ ഡിപ്പാർട്ടുമെന്റിലുള്ളതായി ഗവർമ്മെന്റിനറിഞ്ഞുകൂടാ. ഡിപ്പാർട്ടുമെന്റിലെ നാട്ടുഭാഷാശാഖയിൽ തക്ക യോഗ്യന്മാരുണ്ടായിരിക്കേ, അവരെ നേരിട്ടു ഇംഗ്ലീഷ്ശാഖയിലേക്കെടുത്തിട്ടുള്ളതായി മുമ്പ് ഉണ്ടായിട്ടുണ്ടെന്ന് വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ റിപ്പോർട്ടുകൊണ്ടു കാണുന്നുണ്ട്. ഇടക്കാലങ്ങളിൽ ഇംഗ്ലീഷ് വകുപ്പിലേക്കു പ്രത്യേകിച്ചു അണ്ടർഗ്രാഡുവേററു വകുപ്പിലേക്കു മിക്കവാറും ആരേയും എടുത്തിട്ടില്ല. കാരണം ഇംഗ്ലീഷ്‌വകുപ്പിലെ അദ്ധ്യാപകന്മാരുടെ എണ്ണം കുറഞ്ഞതോടുകൂടി വളരെ സ്ഥിരപ്പെടാതിരിക്കാത്ത ഉദ്യോഗസ്ഥന്മാരേയും ഒഴിവുവരുമ്പോൾ സ്ഥിരപ്പെട്ടുത്തേണ്ടവരായും വച്ചുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷ്‌വകുപ്പിൽ ശരിക്കു ഒഴിവു വരുമ്പോഴെല്ലാം നാട്ടുഭാഷാവകുപ്പിലെ യോഗ്യതയുള്ളവരുടെ അവകാശം വിദ്യാഭ്യാസ മേലദ്ധ്യക്ഷൻ ഗൌനിക്കാറുണ്ട്.

൧൯൦൮-ം ൧൯൦൯-ം കൊല്ലങ്ങളിൽ അധഃകൃതവർഗ്ഗക്കാർക്കു പതിച്ചുകൊടുത്ത സ്ഥലങ്ങൾ.

൨൫. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ൧൯൦൮-ം ൧൯൦൯-ം കൊല്ലങ്ങളിൽ അധഃകൃതവർഗ്ഗക്കാർക്കു പതിച്ചുകൊടുപ്പാൻ നിശ്ചയിച്ചിരുന്ന സ്ഥലം എത്രയെന്നും,

(ബി) ൧൯൦൮-ം ൧൯൦൯-ം കൊല്ലങ്ങളിൽ അധഃകൃതവർഗ്ഗക്കാരിൽപെട്ട അംഗങ്ങളുടെ പേരിൽ പതിച്ചുകൊടുത്തതായ ആകെ സ്ഥലം എത്രയെന്നും ഗവർമ്മെന്റ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെന്റ് ചീഫ്സെക്രട്ടറി): (എ) അധഃകൃതവർഗ്ഗാംഗങ്ങളുടെപേരിൽ പതിക്കാനായി നീക്കിവച്ചിരുന്നആകെസ്ഥലം ൧൯൦൮-ൽ ൧൯,൦൧൭-ൽ ൭ ഏക്കറും ൧൯൦൯-ൽ ൧൭,൨൬൦ ഏക്കറും ആകുന്നു. അധഃകൃതവർഗ്ഗാംഗങ്ങൾക്കു പതിച്ചുകൊടുക്കാൻ കൊള്ളുന്നതല്ലാത്ത കുറെസ്ഥലങ്ങൾ ൧൯൦൯-ലേക്കു നീക്കിവച്ചിരുന്ന സ്ഥലത്തിൽനിന്നും ഒഴിവാക്കി കുറച്ചു. അതാണു ആ കൊല്ലത്തിലേക്കു നീക്കിവച്ചു സ്ഥലത്തിനു കുറവുവന്നതു്. സ്ഥലം പ്രത്യേകമായി നീക്കിവച്ചുവെങ്കിലും നീക്കിവയ്ക്കപ്പെട്ട സ്ഥലം മാത്രം ഉദ്ദേശിച്ചല്ല അധഃകൃതർക്കു പതിച്ചുകൊടുക്കുന്നതു. ആവശ്യം ഉണ്ടെങ്കിൽ മററു അപേക്ഷകർപോലെ വേറെസ്ഥലങ്ങളും പതിച്ചുകൊടുക്കപ്പെടുന്നുണ്ട്.

(ബി) ൧൯൦൮-ൽ ൭൨൪൭ ഏക്കറും (അതിൽ നീക്കിവച്ച സ്ഥലത്തുനിന്നും ൩൩൩.൭൩ ഏക്കറും മററുസ്ഥലത്തായി ൩൯൪.൭൪ ഏക്കറും) അവർക്കായി പതിച്ചുകൊടുത്തു. ൧൯൦൯-ൽ ൩൧൭.൭൩

ഏക്കറും (അതിൽ ൯൦൦൦ ഏക്കർ നീക്കിവച്ച സ്ഥലത്തുനിന്നും, ൩൩൩൩ ഏക്കർ മറ്റ സ്ഥലത്തു നിന്നും) പതിച്ചുകൊടുക്കുകയുണ്ടായി.

മി. ഡി. സി. ജോസഫ് (അരൂസ്തീശ്വരം): അധഃകൃതവർഗ്ഗക്കാർക്ക് നീക്കിവച്ച മുഴുവൻ സ്ഥലവും പതിച്ചുകൊടുക്കാതെവന്ന താമസത്തിനു കാരണം എന്താണെന്നു മെമ്പർ എന്നെ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): താമസം ഒട്ടും ഉണ്ടായില്ല.

മി. ഡി. സി. ജോസഫ് (അരൂസ്തീശ്വരം): (എ) മറുപടിയിൽനിന്ന് അധഃകൃതവർഗ്ഗക്കാർക്കായി പതിച്ചുകൊടുക്കുന്നതിനു ൧൦൦൦ ഏക്കർ ഉണ്ടെന്നു കാണുന്നു. ഈ വക സ്ഥലം പതിച്ചുകൊടുക്കാതിരുന്ന കാരണം എന്താണെന്നു മെമ്പർ അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി). അതു അപേക്ഷകളുടെ എണ്ണം അനുസരിച്ചിരിക്കും.

മി. ഡി. സി. ജോസഫ് (അരൂസ്തീശ്വരം): റവന്യൂഡിപ്പാർട്ടുമെൻറിലേക്ക എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു മെമ്പർ അറിയിക്കാമോ?

മി. കെ. ജോർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതിലേക്ക മുൻകൂട്ടി നോട്ടീസു വേണ്ടതാണ്.

മി. ഡി. സി. ജോസഫ് (അരൂസ്തീശ്വരം): ൧൧൨൨-ലും ൧൧൨൩-ലും എത്ര അപേക്ഷകൾ തീരുമാനിച്ചതായി അറിയിക്കുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): അതു ലാൻഡ് റവന്യൂകമ്മീഷണരോട് അന്വേഷിച്ചു അറിയേണ്ടിയിരിക്കുന്നു. എനിക്കതിനെപ്പററി അറിവില്ല.

മി. ഡി. സി. ജോസഫ് (അരൂസ്തീശ്വരം): അതിലേക്കു കൂടുതൽ സിൽബന്ധികൾ ആവശ്യമുണ്ടോ എന്നു മെമ്പർ പറയുമോ?

പ്രസിഡൻറ്. അതു ഒരു പുതിയ ചോദ്യമാണ്.

എരമല്ലൂർ പ്രൈമറിസ്കൂളിൻെറ ഗ്രേഡ് ഉയർത്തുന്നതിനെപ്പററി.

൨൩. മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) (i) എരമല്ലൂർ മലയാളം പ്രൈമറിസ്കൂൾ നടത്തിവരുന്ന കെട്ടിടം ഒരു മലയാളം മിഡിൽസ്കൂളാക്കേണ്ട ആവശ്യത്തിനായി പൊതുജനങ്ങളാൽ പണികഴിപ്പിക്കപ്പെട്ട ഏറെപ്പിച്ചിട്ടുള്ളതാണോ എന്നും,

(ii) അതിലേക്ക കുട്ടികളെ അയക്കുന്നതിനായി എഴുമററു പ്രൈമറിസ്കൂളുകൾ സമീപത്തു ഉണ്ടോ എന്നും,

(iii) പ്രസ്തുത കെട്ടിടം മിഡിൽസ്കൂൾ ക്ലാസുകൾക്കുംകൂടി സൌകര്യപ്രദമായിട്ടുള്ളതെന്ന് ഗവണ്മെൻറിനു അറിയാമോ എന്നും,

(ബി) (എ) യുടെ ഉത്തരം ഉണ്ടെന്നുള്ളപക്ഷം അതിനെ ഒരു മിഡിൽസ്കൂളായി ഉയർത്തുന്നതിനു ആലോചിച്ചിട്ടുണ്ടോ എന്നും ഗവണ്മെൻറ ദയവായി പറയുമോ?

മി. കെ. ജോർജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി): എ (i) കെട്ടിടം ഗവണ്മെൻറിലേക്ക കൈമാററം ചെയ്യപ്പെട്ട പ്രമാണം കൊണ്ടു കാണുന്നതു, ഒരു ഹയർഗ്രേഡ് എലിമെൻററിസ്കൂളിനുള്ള കെട്ടിടം പ്രദേശത്തിലെ ഒപ്പുകാർ പണിചെയ്യിച്ചു ഗവണ്മെൻറിനെ യാതൊരു വ്യവസ്ഥയും ഇല്ലാതെ ഏറെപ്പിച്ചു എന്നാണ്. സ്കൂളിനെ വീണ്ടും ഉയർത്തുന്നതിനു യാതൊരു കരാറും ഇല്ല.

(ii) ഇല്ല. രണ്ടു പ്രൈമറിസ്കൂളിനു മാത്രമേ സൗകര്യമായി ൪-ാം ക്ലാസിലേക്ക കുട്ടികളെ അയയ്ക്കാൻ സാധിക്കയുള്ളൂ. ചുററുമുള്ള മററ സ്കൂളുകൾ പ്രൈമറിസ്കൂളിൻെറ നിലയിൽതന്നെ പൂർണ്ണമായി വന്നിട്ടില്ല.

(iii) ഇപ്പോഴുള്ള ആവശ്യത്തിൽ കൂടുതൽ ആ സ്കൂളിൽ സ്ഥലമുണ്ടെന്നുവരികിലും ഒരു തികഞ്ഞ മിഡിൽസ്കൂളിനു മതിയായിവരുന്നതല്ല.

(ബി) എരമല്ലൂർ പ്രൈമറിസ്കൂളിനെ ഒരു മിഡിൽസ്കൂളാക്കുന്നതിൽ ഗവണ്മെൻറ് പ്രതികൂലിച്ചു തീരുമാനിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തു റെഗുലേഷൻചട്ടങ്ങൾ.

൨൪. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗ്രാമപഞ്ചായത്തു റെഗുലേഷൻ അനുസരിച്ചുള്ള നക്കൽചട്ടങ്ങൾ ൧൦ മാസത്തിനുമുമ്പെ പരസ്യംചെയ്യുമെന്നുവരികിലും ചട്ടങ്ങൾ ഇതുവരെ പരസ്യംചെയ്യാതിരിക്കുന്ന കാരണമെന്തെന്നു ഗവണ്മെൻറ ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): അഡിഷണൽ ഹെഡ്സർക്കാർവക്കീൽ തയാറാക്കിയ നക്കൽചട്ടങ്ങൾ ൧൧൨൨ മിഥുനം ൧൦-നു-ലെ ഗസററിൽ പരസ്യംചെയ്യുകയുണ്ടായി. നക്കൽ ചട്ടങ്ങളിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുവേണ്ടിയുള്ള അവധി രണ്ടുമാസമുള്ളത് ൧൧൨൨ ചിങ്ങം ൧൦-നു- അവസാനിച്ചു. കിട്ടിയിട്ടുള്ള അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തിയും പ്രത്യേകിച്ച് പ്രാദേശികവും പണം ഇടപെട്ട കാര്യങ്ങളും അന്ത്യദികിൽ നടപ്പുള്ള ചട്ടങ്ങളുംകൊണ്ടു നക്കൽചട്ടങ്ങൾ പരിശോധിക്കേണ്ടതായി വന്നതിനാൽ, അപ്രകാരം പരിശോധിച്ചു ഭേദപ്പെടുത്താനായി അഡിഷണൽ ഹെഡ്സർക്കാർവക്കീലിന് എഴുതിഅയക്കയുണ്ടായി. തിരുത്തപ്പെട്ടുവന്ന നക്കൽചട്ടങ്ങൾ ഇയ്യിടെ ഇവിടെകിട്ടി വേണ്ടതുപോലെ പരിശോധിച്ച് ഗ്രാമപഞ്ചായത്തു റെഗുലേഷൻ ഭേദഗതി നടപ്പിൽവരുത്തുന്നതോടുകൂടി അവയും ഉടനെ പാസാക്കാൻ ഇടവരുന്നതാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഗസററിൽ ചട്ടങ്ങൾ പരസ്യംചെയ്തതിനുശേഷം കിട്ടിയിട്ടുള്ള അഭിപ്രായങ്ങൾ ആരുടെതാണെന്ന് മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): കോട്ടയത്തു ഒരാളുടെ അഭിപ്രായം വന്നതായി കാണുന്നു. അദ്ദേഹത്തിൻെറ പേർ കുഞ്ചപ്പിള്ള എന്നാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഭേദഗതി ഭേദഗതികൾ തീർക്കുന്നതിനു അദ്ദേഹം അയച്ചതായ ഭേദഗതികളും ചേർക്കുന്നതിൽ ഗവണ്മെൻറിനു പ്രയാസമെന്തായിരുന്നു എന്ന് അറിയാൻ കഴിയുമോ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): നല്ലവണ്ണം ആലോചിച്ചതിനുശേഷം ഭേദഗതികൾ സ്വീകരിക്കേണ്ടതായി ഗവണ്മെന്റിനുണ്ടു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിനുവേണ്ടിയാണോ ഏഴു മാസത്തിൽ കൂടുതൽ വേണ്ടിവന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഭേദഗതികൾ ചേർക്കപ്പെട്ടതു ഇയ്യിടെമാത്രമാണു. പിന്നീടു അഡിഷനൽ ഹെഡ്സർക്കാർവക്കീലിന്റെ അഭിപ്രായങ്ങളും അന്വേഷിച്ചിട്ടുണ്ടു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നക്കൽചട്ടങ്ങളിന്മേലുള്ള കാര്യങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കേണ്ട കാലം ൧൯൨൮ സെപ്റ്റംബർ ൧൯-നു തീർന്നുപോയി. ഇപ്പോൾ ൧൯൨൯ ജനുവരിയാണു. എനിക്കറിയേണ്ടതു കോടതികളുടെ അഭിപ്രായങ്ങളെ ചേർത്തു ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഇത്ര സമയം വേണ്ടിവന്നതെന്തുകൊണ്ടാണെന്നാണു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ചില മാററങ്ങളൊക്കെ വേണ്ടിവന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഭേദഗതികളുടെ അഭിപ്രായങ്ങൾ എന്തെല്ലാമെന്നു മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഭേദഗതികൾ എന്തെല്ലാമാണെന്നു എനിക്കു ഓർമ്മിച്ചുപറയാൻ സാധിക്കയില്ല. ഗവണ്മെന്റിനു ഭേദഗതികളെപ്പററി ആലോചിക്കാൻ സമയം വേണ്ടിവന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കിട്ടിയ മറുപടിയിൽനിന്നും ഇപ്രകാരം കാണുന്നു. "കിട്ടിയിട്ടുള്ള അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തിയും പ്രത്യേകിച്ചു പ്രാദേശികവും പണം ഇടപ്പെട്ടകാര്യങ്ങളും അന്യദിക്കിൽനടപ്പുള്ള കാര്യങ്ങളും മനസ്സിലാക്കി നക്കൽചട്ടങ്ങൾ പരിശോധിക്കേണ്ടതായിരുന്നതിനാൽ അപ്രകാരം പരിശോധിച്ചു തിരുത്തപ്പെട്ടതായി അഡിഷണൽ ഹെഡ്സർക്കാർവക്കീലിനു അയക്കയുണ്ടായി" നക്കൽചട്ടങ്ങൾ പരസ്യപ്പെടുത്തുന്നതിനാൽ ഈവക അഭിപ്രായങ്ങൾ ആലോചിക്കയുണ്ടായോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഈ ഭേദഗതികളെപ്പററി പുനരാലോചനചെയ്തതിനുശേഷം കുറേക്കൂടി അഭിപ്രായങ്ങൾ ഗവണ്മെന്റിന്റെ അറിവിൽ വന്നുചേർന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നക്കൽചട്ടങ്ങൾ ൧൯൨൮ ജൂലായി ൧൯-നു-യിലെ ഗസററിൽ പരസ്യപ്പെടുത്തുകയും അവ ആലോചിക്കയും ചെയ്യുകയുണ്ടായല്ലോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): എല്ലാ ഭേദഗതികളെപ്പററിയും ഉണ്ടായില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അപ്പോൾ അവയെപ്പററി ആലോചിക്കാഞ്ഞതെന്താണു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഇവയെല്ലാം ഇപ്പോൾ ആലോചിച്ചുകഴിഞ്ഞു ചട്ടങ്ങൾ മുഴുവൻ പരസ്യപ്പെടുത്തുന്നതാണെന്നു ഇപ്പോഴെങ്കിലും ഉറപ്പുള്ളതാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അടുത്ത ഭാവിയിൽ അറിയേണ്ടകാര്യമാണു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആദ്യത്തെ നക്കൽചട്ടങ്ങൾ ഉണ്ടാക്കിയതിനുശേഷം ചില തെററുകൾ കാണാൻ ഇടവന്നതുകൊണ്ടു ഇപ്രകാരം ഉപേക്ഷ ഭാവിയിൽ വരാതിരിക്കാൻ നോക്കുന്നതാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതുതന്നെയാണു കാരണം.

പ്രസിഡന്റ: കാര്യകാരണംകൊണ്ടല്ലാതെ ഭാവത്തിൽ മെമ്പർ ഭേദ്യംകാണിക്കാതിരുന്നാൽ അതു മെമ്പറിനോ കൗൺസിലിനോ അഭിമാനകരമായി വരുന്നതല്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, കാരണങ്ങൾ എന്താണെന്നു.

പ്രസിഡന്റ: നിങ്ങൾ ചോദിക്കുന്ന ചോദ്യത്തിന്റെ മാതിരി വിരസസ്വരം ഉണ്ടാക്കുന്നതു കാഠിന്യമുള്ളതാണു. "മെമ്പർ ദയവായിപറയുമോ" എന്നമട്ടിൽ ചോദിക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ അങ്ങനെ ചെയ്യാം. ഗസററിൽ പരസ്യപ്പെടുത്താൻ പോകുന്ന തിരുത്തിയചട്ടങ്ങളിൽ ഇനിയും തെററുകൾ വരാതിരിക്കാനായി സൂക്ഷിക്കുമോ എന്നു മെമ്പർ ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഗവണ്മെന്റിൽ വന്നുചേർന്നവയെല്ലാം ആലോചിക്കയുണ്ടായി. ഇപ്പോഴുള്ള അഭിപ്രായംവരുന്നതിനെ ആലോചിച്ചുവരുന്നതും ഗവണ്മെന്റും അവയോടടുപ്പിയിൽ എത്രത്തോളംവരെ പരസ്യപ്പെടുത്താനുള്ള ചട്ടങ്ങളിൽ ഭേദഗതിയിൽ വേണ്ടതു ചേർത്തു തിരുത്തപ്പെടുത്തുന്നതും ആണു.

കൽക്കുളവും വിളവങ്കോടും താലൂക്കുകളിലെ കുളങ്ങളുടെ പുനരുദ്ധാരണം.

൮൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും):

(എ) പുനരുദ്ധാരണം ചെയ്യേണ്ടവയായ കൽക്കുളം വിളവങ്കോടു താലൂക്കുകളിലെ കുളങ്ങൾ ഏതെല്ലാമെന്നും;

(ബി) ഓരോന്നിനും അടങ്കൽ അനുവദിച്ചതു ഏതു തീയതിയിലാണെന്നും;

(സി) തരിക്കനുവദിച്ച അടങ്കൽതുകയും ഓരോന്നിനും ചിലവാക്കിയതും എത്രയെന്നും

(ഡി) അവസാനത്തിൽ പാസാക്കിയ തീയതിയും,

(ഇ) പൂർത്തിയാകാത്ത കുളങ്ങൾ ഏതെന്നും,

(എഫ്) അനുവദിച്ചുതുക ചിലവുവരാതെ പേലകൾ പൂർത്തിയാകാത്ത കാരണമെന്തെന്നും ഗവൺമെൻറു മയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): (എ) മുതൽ (ഇ) വരെ ആവശ്യപ്പെട്ടിട്ടുള്ള വിവരംകാണിച്ചു ഒരുസ്റ്റേറ്റുമെൻറു മേശമേൽവച്ചിരിക്കുന്നു.

(എഫ്) കൃഷിസമ്പ്രദായകാലത്തു കുളത്തിൽ വെള്ളംകെട്ടിനിൽക്കുന്നതിനു തടസ്സംവരുന്നതുകൊണ്ടു ജോലിചെയ്യാൻ സാധിച്ചില്ല.

തിരുവനന്തപുരം പൊതുമരാമത്തു പണിശാല (വർക്ക്ഷാപ്പ്).

൮൯. മി. താമരപ്പള്ളിൽ കൊച്ചുകുഞ്ഞമ്മൻ (പത്തനംതിട്ട):

(എ) ചീഫ്ഇൻജിനീയർആഫീസിൻെറ അധീനതയിലുള്ള പണിശാലഎന്നാണു ആദ്യമായി സ്ഥാപിച്ചതെന്നും

(ബി) ഈ പണിശാലയിൽ കഴിഞ്ഞ ൫ കൊല്ലങ്ങളിലായി (൧൧൨൦ — ൧൧൨൪) ഗവൺമെൻറുതന്നെ ഉപയോഗിക്കാനിടവന്ന സാമാനത്തിൻെറയും പ്രൈവറ്റു ആളുകൾക്കും കമ്പനികൾക്കുംകൊടുത്തതിൻെറയും അനുവാദസഹിതം എത്രവിലവരുന്നസാമാനങ്ങൾ ഉണ്ടാക്കിതീർത്തിട്ടുണ്ടെന്നും,

(സി) ഈപണിശാലയിലെ ജോലികൾക്കായി ഇരുമ്പുമുതലായ ലോഹസാമാനങ്ങൾ ഗവൺമെൻറിൽനിന്നും വിലയ്ക്കുവരുത്തിയിട്ടുണ്ടോയെന്നും,

(ഡി) (സി) ഭാഗത്തിനുത്തരം ഉണ്ടെന്നാണെങ്കിൽ കഴിഞ്ഞ ൫ കൊല്ലങ്ങളിലായി (൧൧൨൦-൧൧൨൪) ഇപ്രകാരംവാങ്ങുന്നതിനു ആകെ എത്രതുക ഗവൺമെൻറു ചിലവാക്കിയെന്നും,

(ഇ) സംസ്ഥാനത്തു അകത്തും പുറമെയും കഴിഞ്ഞ ൫ കൊല്ലങ്ങളിൽ (൧൧൨൦-൧൧൨൪) പ്രൈവറ്റുകമ്പനികളിൽനിന്നും ഇരുമ്പുമുതലായ മററു ലോഹസാമാനങ്ങൾ വിലയ്ക്കുവാങ്ങിച്ചതും അതുപോലെ സംസ്ഥാനത്തിനു അകത്തും പുറമെയും കച്ചവടക്കാർക്കു ഒരേകാലത്തിൽ കൊടുത്ത സാമാനവില എത്രയെന്നു കാണിക്കുന്നതുമായ ഒരുസ്റ്റേറ്റുമെൻറു മേശമേൽ വയ്ക്കുമോയെന്നും ഗവൺമെൻറു ദയവായിപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി):

(എ) ഇപ്പോൾകാണുന്ന നിലയിലുള്ള പണിശാല കൊല്ലവർഷം ൧൦൮൭ ആണ്ടിൽ സ്ഥാപിക്കപ്പെട്ടു.

(ബി) ഒരുസ്റ്റേറ്റുമെൻറു *മേശമേൽവച്ചിരിക്കുന്നു.

(സി) ഉണ്ടു.

(ഡി) ഒരുസ്റ്റേറ്റുമെൻറു ‡ മേശമേൽവച്ചിരിക്കുന്നു.

(ഇ) ഒരു സ്റ്റേറ്റുമെൻറു † മേശമേൽവച്ചിരിക്കുന്നു.

നെയ്യാററിങ്കരതാലൂക്കിൽനിന്നും തിരുപ്പുവാരം അധികപ്പററായികൊടുത്തതു.

൯൦. മി. ടി. സി. കേശവപിള്ള കൽക്കുളവും വിളവങ്കോടും):

(എ) നെയ്യാററിങ്കര താലൂക്കിൽ തിരുപ്പുവാരംകേസു എന്ന പേരുള്ള ഒരുകേസ് ഉണ്ടായിട്ടുണ്ടോ എന്നും,

(ബി) മറ്റുകാരിൽനിന്നും ഗവൺമെൻറിലേക്കു വല്ല സംഖ്യയും കിട്ടാനുണ്ടോയെന്നും,

(സി) മറ്റുകാരിൽനിന്നും സംഖ്യ ഈടാക്കാനായി വല്ല നടപടിയും നടത്തിയിട്ടുണ്ടോയെന്നും,

(ഡി) കീഴുദ്യോഗസ്ഥന്മാർ സമർപ്പിച്ച സ്റ്റേറ്റുമെൻറു ഗവൺമെൻറു അംഗീകരിച്ചോയെന്നും ഗവൺമെൻറു ദയവായിപറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി):

(എ) ഉത്തരം ഉണ്ടു എന്നാണു.

(ബി) കൊടുക്കാനുള്ളതിൽ കുട്ടതലായി അഞ്ചിയറ, കുടക്കാറ മറ്റുകാർക്ക് കണ്ടപണംകൊടുത്തുപോയതായ റിപ്പോർട്ടുണ്ടു,

(സി) അധികപ്പററുതുക തിട്ടപ്പെടുത്തുന്നതിനുവേണ്ടി മററുകാർക്ക് സ്പെഷ്യൽഡിവിഷൻ അക്കൗണ്ടൻറ് ആഫീസിൽനിന്നും കിട്ടാനുള്ള പൊന്നുംവിലപണം കൊടുത്തുപോകരുതെന്നു ഉത്തരവയച്ചിട്ടുണ്ടു. ഇതു തീർച്ചയായതിനുശേഷം അധികപ്പററായികൊടുത്തുഎന്നുകാണുന്ന തുക ഈടാക്കാൻ നടപടിനടത്തുന്നതാണു.

(ഡി) തിരുവനന്തപുരം ഡിവിഷൻപേഷ്കാർ ഈ സംഗതിയിൽചെയ്ത ശുപാർശ ഗവൺമെൻറു അനുവദിക്കുന്നതായി.

കൊല്ലം രണ്ടാംക്ലാസ് മജിസ്ട്രേട്ടിൻെറ ഒഴിവിൽ ആളെ നിയമിക്കൽ.

൯൧. മി. എ. താണുപിള്ള (തിരുവനന്തപുരം):

(എ) കൊല്ലം രണ്ടാംക്ലാസ് മജിസ്ട്രേട്ടിൻെറ ഒഴിവിൽ ആളുനിയമിക്കാതെ എത്ര നാളായി കിടന്നു എന്നും,

(ബി) ആ ഒഴിവിൽ ആളെ നിയമിച്ചോയെന്നും,

(സി) ഉണ്ടെന്നാകയാൽ എപ്പോൾഎന്നും,

(ഡി) ഒഴിവിൽ ആളെനിയമിക്കുന്നതിലുള്ള താമസത്തിൻെറ കാരണമെന്തെന്നും ഗവൺമെൻറു ദയവായി മറുപടിപറയുമോ?

മി. കെ. ജോർജ് (ഗവൺമെൻറു ചീഫ്സിക്രട്ടറി): (എ) (ബി) (സി) (ഡി) കൊല്ലം രണ്ടാംക്ലാസ് സ്റ്റേഷനറിമജിസ്ട്രേട്ടായിരുന്ന മി. എസ്. ജനാർദ്ദനയ്യർ പെരുമ്പാവൂർ പിരിച്ചുവിട്ട ൧൧൨൪ കന്നി ൫-നു/൧൯൪൮ സെപ്റ്റംബർ ൨൧-നു മുതൽ ൭ ദിവസത്തെ കാഷ്വൽഅവധിയെടുത്തു സ്ഥലം തഹശീൽദാരെ ചാർജ്ഏല്പിച്ചുംവച്ചുപോകയും പിന്നീടുഉപയോഗിച്ച കാഷ്വൽഅവധിയെഉൾപ്പെടുത്തി ൨ മാസത്തെ പ്രിവിലേ

* VI-ാം അനുബന്ധം നോക്കുക. § അനുബന്ധം VII എ നോക്കുക.

‡ VII ബി അനുബന്ധം നോക്കുക. ‡ അനുബന്ധം VII സി. നോക്കുക.

ജാമ്യം അവധിക്കപേക്ഷിക്കയും ചെയ്തു. അപേക്ഷ ഗവൺമെൻറ തീരുമാനത്തിനായി വന്നസമയത്തു ആ ചയി മിക്കവാറും തീർന്നതിനാൽ ആ സമയകാലത്തു തഹശീൽദാർ മജിസ്ത്രേട്ടു ജോലികൂടി നോക്കിക്കൊള്ളുന്നതിനു അനുവദിക്കപ്പെട്ടുകയും പകരം ഒരാളെ നിയമിക്കാതിരിക്കയും ചെയ്തു. മി. ജനാർദ്ദനയ്യർ പിന്നെ രണ്ടുമാസത്തേക്ക കൂടുതൽ അപേക്ഷിക്കയും പിന്നീടും രണ്ടുമാസത്തേക്കം കൂടി അപേക്ഷിക്കയുമുണ്ടായി. അദ്ദേഹം ദീനത്തിൽ കിടപ്പിലായി വേഗം ജോലിയിൽ തിരികെ വന്നു ചേരുന്നതല്ലെന്നു കണ്ടപ്പോൾ പകരത്തിനു ഒരാളെ നിയമിച്ചു ഉത്തരവു ൧൧൦൮ ധനു ൨൭/൧൯൩൩ ജനുവരി ൧൧-നു അയച്ചു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതു തീയതിയിലാണ് മി. ജനാർദ്ദനയ്യർ രണ്ടുമാസത്തെ അവധിക്കപേക്ഷിച്ചത്?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അദ്ദേഹം ൧൧൦൮ കന്നി ൨൩-നുമുതൽ അമ്പതുദിവസത്തെ കാഷ്വൽ അവധിയെടുത്തു. അദ്ദേഹത്തിൻെറ അപേക്ഷ ഡിസ്ത്രിക്ട്മജിസ്ത്രേട്ടിനു അയച്ചതു ൧൧൦൮ കന്നി ൧൩-നു-യിലാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അപേക്ഷ അയച്ചതിൽ എവിടെവച്ചു താമസിപ്പിച്ചു എന്നു മെമ്പർ പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): എവിടെയെല്ലാം അതു വച്ചു താമസിപ്പിച്ചു എന്നു എനിക്കു പറവാൻ സാധിക്കയില്ല. അതു അക്കൌണ്ടാഫീസിൽനിന്നും അയക്കപ്പെട്ടതു ൧൧൦൮ അക്ടോബർ ൧൯-നു യിലാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): മലയാളത്തേയും ഇംഗ്ലീഷിലേയും തീയതികൾ തമ്മിൽ പരസ്പരം എനിക്കു മനസ്സിലായില്ല. കിട്ടിയതായിട്ടുള്ള കടലാസിൽ ഇംഗ്ലീഷും മലയാളവും തീയതികൾ ചേർക്കുന്നതാണ്.

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഉത്തരകടലാസിൽനിന്നും കന്നി ൨൩ സെപ്റ്റംബർ ൨൮-നു-യാണെന്നു കാണാം. പിന്നീടു അപേക്ഷയിൽ ഇംഗ്ലീഷ് തീയതിയേയുള്ളു. അപേക്ഷയിൽ കാണിച്ച തീയതിയനുസരിച്ചു എഴുതിക്കൊടുക്കുവാൻ സാധിക്കയുള്ളു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അപേക്ഷ ൧൧൦൮ കന്നി ൧൩-നു അയക്കയുണ്ടായി. ഹജൂരിൽ ആ അപേക്ഷ എന്നാണ് കിട്ടിയതെന്നു മെമ്പർ പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ൧൯൩൨ അക്ടോബർ ൧൯-നു-യിൽ.

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു കണക്കാക്കാൻ സാധിക്കയില്ല; കിട്ടിയ തീയതികളെല്ലാം ഒരേതരത്തിലല്ല. ചിലതു ഇംഗ്ലീഷ് തീയതിയും മറ്റു ചിലതു മലയാള തീയതിയുമാണ്.

പ്രസിഡൻറ്: അതു പ്രയാസമല്ല. കന്നി ൨൩ സെപ്റ്റംബർ ൨൮-നു യാകും. കന്നി ൧൩-നു സെപ്റ്റംബർ ൨൮-നു ആണ് ആകട്ടെ, നിങ്ങൾ വേണ്ടസമയം എടുത്തു ശരിപ്പെടുത്തിക്കൊള്ളണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): അപ്പോൾ ആ ഹജൂരിൽ ൧൯൩൨ അക്ടോബർ ൧൯-നു കിട്ടിയതു.

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അതെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): അപേക്ഷ ശരിയായവണ്ണം കിട്ടുന്നതിനു എത്ര ദിവസം വേണ്ടിവന്നു?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അതു തീരുമാനത്തിനായി ഗവൺമെൻറിൽ വന്നതു ൧൯൩൨ അക്ടോബർ ൧൯-നു-യിലാണ്. അക്കൌണ്ടാഫീസിൽനിന്നും അതു കിട്ടിയ തീയതിയും അതുതന്നെയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം അവധിയപേക്ഷിച്ച തീയതി എന്നുമുതൽ എന്നുവരെയാകുന്നു എന്നു മെമ്പർ പറയുമോ?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): കന്നി ൨൩-നുമുതൽ രണ്ടുമാസം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഹജൂരിൽ വന്നതിനുശേഷം തീരുമാനത്തിനായി അപേക്ഷ എത്രദിവസം കിടന്നു?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഏതെന്നാണ്?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതായതു അദ്ദേഹത്തിൻെറ രണ്ടുമാസത്തെ അവധിയപേക്ഷ.

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അതു അധികദിവസം കിടന്നില്ല. ഇവിടെ കിട്ടിയതു ൧൯൩൨ അക്ടോബർ ൧൯-നു-ൽ ഉത്തരവു പാസ്സായതു ഉദ്ദേശം ൧൦ ദിവസത്തിനുള്ളിൽ.

മി. എ. താണുപിള്ള (തിരുവനന്തപുരം): തൽക്കാലത്തേക്ക ഒരാളെ നിയമിക്കേണ്ട ആവശ്യം തോന്നിയില്ല എന്നു മെമ്പർ അറിയിക്കുമോ?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): തഹശീൽദാർ ചാർജ്ജായിരുന്നതുകൊണ്ടു ആ ഏർപ്പാടിനെ തടസ്സപ്പെടുത്തേണ്ടായെന്നു നിശ്ചയിച്ചു. സ്വല്പസമയമായ മൂന്നാഴ്ചക്കുവേണ്ടി ഒരു പുതിയ മജിസ്ത്രേട്ടിനെ അയക്കുന്നതു വിഹിതമല്ലെന്നു വിചാരിച്ചാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അവധിക്കനുവാദം സിദ്ധിച്ചതിൽ പിന്നീടു പ്രസ്തുത അപേക്ഷ അനുസരിച്ചുള്ള അവധിയിൽ അദ്ദേഹം എത്രദിവസം ഉണ്ടായിരുന്നു?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): അവധി വൃശ്ചികം ൨൨-നു-തീർന്നു. അതു മൂന്നാഴ്ചയിൽ കൂടുതൽ ആയിരിക്കണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആവശ്യമായിട്ടുള്ള കാര്യങ്ങളുള്ളപ്പോൾ ഗവൺമെൻറ ഇഷ്ടാനുസരണം പ്രവൃത്തിക്കുന്നതായി ഞാൻ കരുതട്ടെ? ഒരു മജിസ്ത്രേട്ടിൻെറ നിലയിലുള്ള ഒരു തഹശീൽദാർ ഉദ്യോഗസ്ഥനെ സാധാരണ നടപടിക്രമങ്ങൾ പോലെ നിയമനം നടത്താൻ സാധിക്കുന്നതല്ലെന്നാണോ ഗവൺമെൻറിൻെറ അഭിപ്രായം?

മി. കെ. ജാജ് (ഗവൺമെൻറചീഫ്സെക്രട്ടറി): ഒരു തൽക്കാലക്കാരനെ ആക്കാതിരുന്നതിൻെറ കാരണം ഞാൻ വിശദപ്പെടുത്തിക്കഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതാണോ ഇപ്പോഴത്തെ ചോദ്യത്തിനു കാരണം.

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു സാമാന്യചോദ്യം അതിൽനിന്നും വരാൻ വഴിയില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇവിടെ ഇപ്പോൾ കാണുന്നതു ഒരു ഉദ്യോഗസ്ഥനു ഉണ്ടായിരുന്ന അധികാരപ്പെടുത്തിയ അവധി അനുവദിക്കാൻ വേണ്ടിവന്ന സമയംകൊണ്ടു അവധി തീർന്നുപോയി എന്നാണ് പറയുന്നതു. കാര്യം തീരുമാനിക്കുന്നതു ഇങ്ങനെയാണോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേപ്പറ്റി അന്വേഷിച്ചുവരികയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അവധി അനുവദിക്കുന്നതിനുള്ള വ്യവസ്ഥപ്പെടുത്തിയ ചട്ടങ്ങളില്ലേ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചട്ടങ്ങളുണ്ട്. ഓരോ പെട്ടെന്നു തീരുമാനിക്കാവുന്ന അപേക്ഷയും പെട്ടെന്നുതന്നെ വരണമെന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): പ്രസ്തുതസംഗതിയിലെ ആളിനു അവധി ചോദിക്കാൻ ശേഷിക്കുട്ടമുണ്ടായിരുന്നോ?

മി. കെ. ജോർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു ഞാൻ മറുപടി തരികയുണ്ടായി.

റവന്യൂവിലെ പകർപ്പുഗുമസ്തന്മാർ.

൬൧. ടി. താഴപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): (എ) മാസംപ്രതി ഒരു തുകയായെങ്കിലും കിട്ടത്തക്കവണ്ണം എല്ലാ താലൂക്കിലെയും റവന്യൂ കാപ്പിസ്റ്റന്മാരുടെ എണ്ണം ക്ലിപ്തപ്പെടുത്തണമെന്നു എൻ. എ. ഗവണ്മെന്റ് ഒരു ഉത്തരവു പാസാക്കീട്ടുണ്ടോ എന്നും,

(ബി) അനേകം താലൂക്കുകളിൽ കാപ്പിസ്റ്റന്മാരെ നിയമിച്ചതിൽ അധികൃതന്മാർ ഈ ഉത്തരവിനെ പ്രത്യക്ഷമായും പരോക്ഷമായും ധിക്കരിച്ചിട്ടുണ്ടോ എന്നും,

(സി) (എ)-ം (ബി)-ം ചോദ്യത്തിനു മറുപടി ഉണ്ടെന്നുള്ളപക്ഷം കാര്യങ്ങൾ ശരിപ്പെടുത്താൻ ഗവണ്മെന്റു വല്ലതും ഉദ്ദേശിച്ചിട്ടുണ്ടോ എന്നും, അങ്ങിനെയെങ്കിൽ എന്താണെന്നും,

(ഡി) ഈ സംഗതിയെപ്പറ്റി കാപ്പിസ്റ്റന്മാരിൽനിന്നും സങ്കടങ്ങൾ ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ എന്നും,

(ഇ) (ഡി) ചോദ്യത്തിനു മറുപടി ഉണ്ടെന്നുള്ളപക്ഷം അങ്ങിനെ എത്ര സങ്കടങ്ങൾ കിട്ടീട്ടുണ്ടെന്നും എതു താലൂക്കുകളിൽ നിന്നാണെന്നും,

(എഫ്) ഈ സങ്കടങ്ങിന്മേൽ എന്തു പ്രവൃത്തിച്ചുവെന്നും ഗവണ്മെന്റു ദയവായി മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): (എ) ഇല്ല. എന്നാൽ റവന്യൂ ആഫീസുകളിൽനിന്നും കക്ഷികൾക്കു റിക്കാർട്ടുകളുടെ പകർപ്പു തയ്യാറാക്കികൊടുക്കുന്നതിനെ വ്യവസ്ഥപ്പെടുത്താനായി എൻ. എ. ൧൧൨൨-ൽ എൻ. എ/റവന്യൂ ൭ ൧൧-ാംനമ്പർ ചട്ടം ൨, ഖണ്ഡം ൧൮, അനുസരിച്ചു, "ഒരു കാപ്പിസ്റ്റിനു ഒരു മുഴുവൻദിവസത്തെ ൫൦ പകർപ്പുകൾ എഴുതുന്നതാണെന്നുള്ളതിനെ ഏകദേശം ഉദ്ദേശമാക്കി ഓരോ ആഫീസിലും കാപ്പിസ്റ്റന്മാരെ നിയമിക്കുന്നതിൽ ആവശ്യാനുസൃതമായി തീർക്കുന്നതിനു മതിയാകുന്നഎണ്ണത്തിൽ കവിയരുതെന്നും മിക്ക ആഫീസുകളിലും കണക്കിലധികം ജോലിയില്ലാത്തതിനാൽ അല്പശമ്പളക്കാരായോ ഉള്ള വാളണ്ടിയർമാരെയോ ആക്കുന്ന ഏർപ്പാട് തുടങ്ങി നിർത്തണമെന്നുമായി ഒരു വ്യവസ്ഥമാത്രമുണ്ട്. ഈ ചട്ടമനുസരിച്ചു ഓരോ ആഫീസിലും കാപ്പിസ്റ്റന്മാരുടെ എണ്ണം നിശ്ചയിക്കുന്നതു ഡിവിഷൻപേഷ്കാരന്മാരുടെയും ദേവികുളംകമ്മീഷണരുടെയും യുക്തമനുസരിച്ചാണ്.

(ബി) ഇങ്ങനെ ഇല്ലെന്നാണ്. എൻ. എ. ൧൧൨൩-ൽ അപ്രകാരം ഒരു ആവലാതി ഉണ്ടായപ്പോൾ എല്ലാ ഉദ്യോഗസ്ഥന്മാരും ചട്ടങ്ങളിലെ വ്യവസ്ഥയെ കണിശമായി നടന്നു പ്രവൃത്തിച്ചുപോരണമെന്നു കാണിച്ചു ലാൻഡ് റവന്യൂകമ്മീഷണർക്കു ഉത്തരവയക്കയുണ്ടായി.

(സി) ചട്ടത്തിൽ പറഞ്ഞിരിക്കുന്നതു ശരിയായി അനുഷ്ഠിക്കണമെന്നുകാണിച്ചു ലാൻഡ് റവന്യൂവും ഇൻകംടാക്സ് കമ്മീഷണർക്കു ഗവണ്മെന്റു വീണ്ടും എഴുതിയിട്ടുണ്ട്.

(ഡി) (ഇ) (എഫ്) കാപ്പിസ്റ്റന്മാരുടെ ആദായത്തെസംബന്ധിച്ചു യാതൊരുസങ്കടവും കിട്ടീട്ടില്ല. അവരുടെ ജോലി സ്ഥിരമാവണമെന്നും പെൻഷനുള്ളതും ആക്കണമെന്നുകാണിച്ചു ചില താലൂക്കിലെ കാപ്പിസ്റ്റന്മാരുടെ സങ്കടം കിട്ടീട്ടുണ്ട്. ഇതിനെപ്പറ്റി ഗവണ്മെന്റ് മുമ്പുതന്നെ ആലോചിച്ചു അവരെ സ്ഥിരപെൻഷനോടുകൂടിയവരാക്കേണ്ട ആവശ്യമില്ലെന്നു തീരുമാനിക്കയും ഉണ്ടായിട്ടുണ്ട്.

൬൨. വടക്കൻ വാണിജ്യനിയോജകമണ്ഡലത്തിലെ ഇലക്ടറൽ റോൾ ഇടപെട്ടകാര്യങ്ങൾ.

മി. വി. കെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): (എ) ഗവണ്മെന്റിനോ സ്പെഷ്യൽ ഇലക്ടറൽ റോൾ ഉദ്യോഗസ്ഥനോ വടക്കൻവാണിജ്യനിയോജകമണ്ഡലത്തിലെ ഇലക്ടറൽ റോൾ തയാറാക്കിയതിനെപ്പറ്റി വല്ല ആവലാതി കിട്ടീട്ടുണ്ടോ എന്നും

(ബി) കിട്ടിയിട്ടുണ്ടെങ്കിൽ ആവലാതി എന്താണെന്നും

(സി) ഈ നിയോജകമണ്ഡലത്തിൽ പ്രകൃതിപ്പെടുത്തി കാർഡുകളയച്ച തഹശീൽദാർക്ക് അയച്ചുതന്ന ലിസ്റ്റിൻപടി തിരുവല്ലാതാലൂക്കിൽ ആകെ എത്ര വോട്ടർമാർ ഉണ്ടെന്നും

(ഡി) ഒരിട്ടുള്ള ആക്ഷേപണങ്ങളായി മേലധികാരികൾ എത്രപേരെ ഒഴിക്കിയിട്ടുണ്ടെന്നും

(ഇ) പരിശോധനാധികാരിതന്നെ എത്രപേരെ നീക്കിയിട്ടുണ്ടെന്നും

(എഫ്) അവസാനലിസ്റ്റിൽ വോട്ടർമാരായി എത്രപേരുണ്ടെന്നും

(ജി) പരിശോധനാധികാരിമുമ്പാകെ വോട്ടവകാശപ്പെട്ടവർ എത്രയെന്നും

(എച്ച്) അതിൽ എത്ര സ്വീകരിക്കപ്പെട്ടായിയെന്നും,

(ഐ) പ്രാരംഭപ്പട്ടികയിലെ പേരുകളിൽ ആക്ഷേപത്തിന്മേൽ എത്രപേർ റദ്ദുചെയ്യപ്പെട്ടെന്നും

(ഐ) ഈ നിയോജകമണ്ഡലത്തിലേക്കുള്ള തിരഞ്ഞെടുപ്പുലിസ്റ്റിൽ [illegible] റിവയിസിങ്ങ് ഓഫീസറുടെ പരിശോധനക്കായി ഇരുന്നതിനു [illegible] മുൻകൂട്ടിയെപ്പോലെ ൫൦൦൦/രൂ [illegible] വരുമാനമുള്ള വോട്ടർമാർക്ക് വോട്ടവകാശത്തിന് അർഹതയുണ്ടെന്ന ഒരു സർക്കുലർ അയച്ചിട്ടുണ്ടോ എന്നും

(ജെ) ഈ സർക്കുലർ പുറപ്പെടുവിച്ചത് ആരാണെന്നും

(കെ) ഈ സർക്കുലറിന്റെ പ്രത്യേക ആവശ്യമെന്തായിരുന്നു എന്നും

(എൽ) പഴയനിയമസഭാതിരഞ്ഞെടുപ്പിൽ സമ്മതിദായകന്റെ യോഗ്യതയായി [illegible] ൫൦൦൦ രൂപാ ആദായമോ, അതോ അതിലധികം മിച്ചആദായമോ ഏതാണ് നിശ്ചയിച്ചിരുന്നത് [illegible]

(എം) അധികാരികൾ മി. ഫാറം ആലോചനയോട്ടിന്റ് [illegible] വോട്ടേർലിസ്റ്റിൽ [illegible] അയക്കപ്പെട്ടതാണോ എന്നും

(എൻ) [illegible] ൫൦൦൦ [illegible] ആദായ [illegible] [illegible] എന്നും

(ഒ) [illegible] തിരുവല്ലാതാലൂക്കിലെ വാണിജ്യവിഭാഗങ്ങളിൽ [illegible] വോട്ടർലിസ്റ്റിൽ [illegible] ചേർക്കപ്പെട്ടിട്ടുണ്ടോ എന്നും

(പി) [illegible] ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ച ഈ സർക്കുലറിന്റെ ഒരു പ്രതി മേശപ്പുറത്തുവെക്കുമോ എന്നും ഗവർമ്മെന്റു ദയവായി അറിയിക്കുമോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർമ്മെന്റ സെക്രട്ടറി): (എ) ഇല്ല. [illegible] കൊല്ലം [illegible] മെമ്പർതന്നെ ഒരു ഹർജി അയച്ചിട്ടുണ്ട്.

(ബി) ആ പരാതി തിരുവല്ലാതാലൂക്കിലെ ചില പകുതികളിലുള്ള വാണിജ്യവിഭാഗമണ്ഡലത്തിൽ വ്യാജമായി വോട്ടർമാരെ ചേർത്തിരിക്കുന്നു എന്നാണ്.

(സി) ൨൭൯.

(ഡി) തിരുത്തിയലിസ്റ്റിൽ ൫൩൫ പേരുണ്ട്. അതായതു ൧൩൪ പേർ കുറവ്.

(ഇ) ൫൬.

(എഫ്) ൫൫൨.

(ജി) ൩൮൫.

(എച്ച്) ൨൯.

(ഐ) ൫൬.

(ജെ) ഉത്തരം ഉണ്ടെന്നാണ്.

(കെ) സെൻസസ് കമ്മീഷണർ ഉദ്യോഗസ്ഥൻ.

(എൽ) സെൻസസ് ഓഫീസർ സർക്കുലേറ്റുചെയ്തപ്പോൾ ചില രജിസ്ട്രേഷൻ ആഫീസർമാർക്കുള്ള ഒരു സംശയം അദ്ദേഹത്തിനു ശാസ്ത്രീയമായിട്ടു തീരത്തു ടിപ്പുകാരനാകാൻ യോഗ്യതയുള്ള ഒരു കച്ചവടക്കാരനെ സംബന്ധിക്കുമ്പോൾ "ആദായം" എന്നവാക്കു മൊത്തആദായമോ മിച്ചആദായമോ എന്ന വിശദമാക്കാനാണ് സർക്കുലർ പുറപ്പെടുവിച്ചത്.

(എം) ൫൦൦൦ രൂപാ മൊത്തആദായം.

(എൻ) ഉണ്ട്.

(ഒ) ചിലർ അങ്ങനെ ചെയ്തിട്ടുണ്ട്.

(പി) അങ്ങിനെ ഹർജികൾ തിരുവല്ലാതാലൂക്കിൽനിന്നും മററു ചിലതാലൂക്കുകളിൽനിന്നും കൂടി കിട്ടിയിട്ടുണ്ട്.

(ക്യു) * സർക്കുലറിന്റെ പ്രതി ആവശ്യപ്പെട്ടതു മേശമേൽ വയ്ക്കുന്നു.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): തിരുവല്ലാതാലൂക്കിലെ കഴിഞ്ഞ ഇലക്ഷനിൽ വോട്ടർമാർ ആകാൻ അർഹതയില്ലാത്ത അനേകംപേരുടെ പേരുകൾ ചേർത്തിരിക്കുന്നു എന്നു പരാതികിട്ടിയെന്നു പറയുന്നു. അതിനെ സംബന്ധിച്ചു ഗവർമ്മെന്റ വേണ്ട അന്വേഷണം നടത്തിയോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർമ്മെന്റ സെക്രട്ടറി): ഗവർമ്മെന്റിനു അതിനെപ്പററി അറിയാൻ പാടില്ല.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): പരാതി കിട്ടിയതിനുശേഷം അന്വേഷണം നടത്തിയോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർമ്മെന്റ സെക്രട്ടറി): പരാതികിട്ടുന്നതു ഇലക്ഷൻ ആഫീസർക്കാണ്.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ആ ആഫീസർ അന്വേഷണം നടത്തിയിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർമ്മെന്റ സെക്രട്ടറി): അന്വേഷണം നടത്തിയിട്ടുണ്ട്.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): പ്രാരംഭലിസ്റ്റിൽ ൨൭൯ പേർ ഉണ്ടായിരുന്നതിൽ ൫൫൨ പേർ അതിനു അർഹന്മാരല്ലെന്നു പറഞ്ഞു വെട്ടിക്കുറച്ചതായികാണുന്നു. അങ്ങിനെ അർഹതയില്ലാത്ത സമ്മതിദായകന്മാരെ ചേർത്തിട്ടുള്ള ഉദ്യോഗസ്ഥനോടു ഗവർമ്മെന്റിൽനിന്നും സമാധാനം ആവശ്യപ്പെട്ടിട്ടുണ്ടോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ഗവർമ്മെന്റ സെക്രട്ടറി): പരാതി പെട്ടിയുടെ അടുക്കലാണു പോകുന്നത്. അവിടെനിന്നാണ് ഇലക്ഷൻ ആഫീസർക്കുവരുന്നത്.

മി. പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അങ്ങിനെ അർഹതയില്ലാത്ത വോട്ടന്മാരെ ചേർത്ത ഉദ്യോഗസ്ഥന്മാരോടു ഗവർമ്മെന്റിൽനിന്നും സമാധാനം ചോദിച്ചിട്ടുണ്ടോ എന്നാണു എന്റെ ചോദ്യം?

* അനുബന്ധം VIII.

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആ വിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ വന്നിട്ടില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ആ വിവരം ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ വന്നിട്ടില്ലെങ്കിൽ ൧൮ പേരെ എങ്ങിനെയാണ് കുറച്ചതു?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അങ്ങിനെ കുറച്ചതു് പേഷ്കാരും ഇലക്ഷൻറോൾ ആഫീസരും ആ സ്ഥലത്തുവച്ചു പരിശോധന നടത്തിയതുകൊണ്ടാണ്. അല്ലാതെ ഗവണ്മെന്റിലേക്ക പരാതി കൊടുത്തതുകൊണ്ടല്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അങ്ങിനെ പരാതി കൊടുക്കാതെയാണോ കുറച്ചിട്ടുള്ളതു?

പ്രസിഡന്റ: പരാതികൊടുത്തതു ഗവണ്മെന്റിലേക്കല്ല. ഇലക്ഷൻറോൾ ആഫീസർക്കും പേഷ്കാർക്കും അതിനെപ്പററി അന്വേഷിക്കാൻ അധികാരം ഉണ്ടു്. അതുകൊണ്ടു പരാതി അവർക്കാണ് പോയതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ആല്പ്രൊഞ്ചലിസ്റ്റിൽ ൨൬ൻ സമ്മതിദായകന്മാർ ഉണ്ടായിരുന്നു. അതിൽ അർഹതയില്ലാത്ത അനേകംപേരെ ചേർത്തിരിക്കുന്നുഎന്നു പരാതികൊടുത്തതിനാൽ പേഷ്കാർ സ്ഥലത്തുവന്നു അന്വേഷണംനടത്തി. അതിൽ അർഹതയില്ലാത്ത വോട്ടറന്മാരെ അവിടത്തെ പാർവ്വത്യകാരന്മാർ ചേർത്തിരിക്കുന്നുഎന്നു കണ്ടുപിടിച്ചു. ൧൮ പേരെ കുറച്ചു. ഇങ്ങിനെ പ്രവൃത്തികാരന്മാരോടൊ തഹശീൽദാരന്മാരോടൊ അങ്ങിനെയുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥന്മാരോടോ സമാധാനം ചോദിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതിനെപ്പററി പേഷ്കാർ നടപടി നടത്തീട്ടുണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അങ്ങിനെചെയ്ത പാർവ്വത്യകാരന്മാരുടെ പേരിൽ നടപടി നടത്തീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതറിവാൻപാടില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ഗവണ്മെന്റിൽനിന്നും അതിലേക്ക ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): പേഷ്കാർ ശിക്ഷിച്ചിട്ടുണ്ടെന്നാണ് അറിവ്. നിശ്ചയമായി പറയാൻ നിവൃത്തിയില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ഈ സംഗതിയിൽ വളരെ കൃത്രിമം നടന്നിട്ടുണ്ടെന്നു ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അർഹതയില്ലാത്തവരെ ചേർത്തതിനു അവരെ കുറച്ചിരിക്കുന്നില്ലേ?

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): റിവയിസിങ്ങ് അതാറിററി ൧൮ പേരെ കുറച്ചതായി അറിയാമൊ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതു ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ൩൮ അവകാശങ്ങളെ റിവയിസിങ്ങ് അതാറിട്ടിയുടെ മുമ്പിൽ ഹാജരാക്കിയതിൽ ൩ പേരെ സ്വീകരിച്ചതായി കാണുന്നു. അങ്ങിനെ ൩൮-ൽ മൂന്നുപേർപോകെ ബാക്കിയുള്ളവർ, കള്ളപ്പെട്ടിട്ടു ഹാജരാക്കിയതാണെന്നു തെളിയുന്നു. അവർ ആരെല്ലാമെന്നു ഗവണ്മെന്റിൽനിന്നും അന്വേഷണം ചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അതുമായിട്ടും ഗവണ്മെന്റിനു യാതൊരു ബന്ധവുമില്ല. റിവയിസിങ്ങ് അതാറിട്ടിയാണു അതിനെപ്പററി അന്വേഷിച്ചതു്. അതിൽ ആക്ഷേപംഉള്ളവരെ തള്ളുകയും ചെയ്തിട്ടുണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): സർ, ൩൮ പേരിൽ ൩ പേരെമാത്രം സ്വീകരിച്ചിരിക്കുന്നതായി പറയുന്നു. ഗവണ്മെന്റിനു അതിനെപ്പററി അറിയേണ്ട ആവശ്യമില്ലെന്നു പറഞ്ഞാൽ പിന്നെ ആരോടാണ് ഇതേപ്പററി ചോദിക്കേണ്ടതു? റിട്ടേണിങ്ങ് ആഫീസർ അതിനെപ്പററി നടപടി നടത്തീട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): നടത്തീട്ടുണ്ട്. അതിൽ റിവയിസിങ്ങ് ആഫീസരുടേതാണ് അവസാനമായിട്ടുള്ളതു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): അതിന്റെ പരിഹാരം എന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അക്കാര്യത്തിൽ മൂന്നു ഉദ്യോഗസ്ഥന്മാരും കൂടി ചേർന്നാണ് നടപടി നടത്തീട്ടുള്ളതു. അതു അവസാനമായിട്ടുള്ളതുമാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): സ്പെഷ്യലാഫീസർ സർക്കുലർകൾ അയച്ചിരുന്നുപറഞ്ഞു. അതു വടക്കൻ നിയോജകമണ്ഡലത്തിലും തെക്കൻ നിയോജകമണ്ഡലത്തിലും അയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ആ സർക്കുലറുകൾ ഈ സംസ്ഥാനം ഒട്ടുക്കുള്ള രജിസ്ത്രേഷൻ ആഫീസന്മാൎക്കെല്ലാം കൊടുത്തിട്ടുണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): എല്ലാ ആഫീസന്മാർക്കും ഈ സർക്കുലറിന്റെ പ്രതി കൊടുത്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): കൊടുത്തിട്ടുണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക): ലിസ്റ്റ് തയ്യാറാക്കുന്ന എല്ലാ ഉദ്യോഗസ്ഥന്മാർക്കും അയച്ചിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഉണ്ട്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ചിലർമാത്രം ആവശ്യപ്പെട്ടുവെന്നു പറഞ്ഞിരിക്കുന്നല്ലോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): സർക്കുലർ അയക്കാൻ കാരണം സംശയമുള്ളവർ ഉണ്ടായിരുന്നതുകൊണ്ടാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ഗവർമ്മെന്റിൽനിന്നു അതിനു ഒരു വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ൧൧൦൭-ലെ തിരഞ്ഞെടുപ്പിൽ ഒരു തീരുമാനമുണ്ടായിരുന്നു.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): ആ തീരുമാനത്തിനുശേഷം ചില ഉദ്യോഗസ്ഥന്മാർക്കു സംശയമുണ്ടാകാൻ കാരണമെന്താണ്?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഇലക്ഷൻ റിട്ടേണിംഗ് ആഫീസർ സർക്കീട്ടുപോയിരുന്നകാലത്തു അതിനെപ്പറ്റി അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വന്നതുകൊണ്ടാണ് സർക്കുലർ അയച്ചിട്ടുള്ളത്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): അർഹതയില്ലാത്ത വോട്ടർമാരെ ചേർത്തതിനെസംബന്ധിച്ചു അങ്ങനെ ചേർത്ത ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി നടത്തുമോ? അവകാശങ്ങൾ കള്ളപ്പെട്ടിട്ട ഇനിമേൽ ഹാജരാക്കാതിരിക്കുവാൻ ഗവർമ്മെന്റു ഖയവായി വേണ്ട നടപടി നടത്തുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതിനെ തടുക്കാൻ പാടില്ല. അതിനെപ്പറ്റി അന്വേഷിച്ചു തീരുമാനിക്കാൻ റിവൈസിംഗ് അതാറിട്ടിക്കു അധികാരമുണ്ട്. അതിൽ ഇന്നപ്രകാരം ചെയ്യണം, ഇന്നപ്രകാരം തള്ളണം എന്നു പറയാൻ പാടില്ല.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): തിരുവല്ലാതാലൂക്കിൽ നൂറു അവകാശങ്ങൾ ഉണ്ടായിരുന്നതിൽ മൂന്നപേരൊഴിച്ചു ബാക്കിയുള്ളവരെല്ലാം കള്ളപ്പെട്ടിരിക്കുന്നതിനാൽ അതിനെപ്പറ്റി അന്വേഷണം ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അതിന്റെ സ്വഭാവത്തെപ്പറ്റി പറഞ്ഞുകഴിഞ്ഞു. അധികാരമുള്ളവർ അപേക്ഷ കൊടുത്താൽ അവകാശമെല്ലാം തടയുന്നതു എങ്ങിനെയാണ്.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): കള്ളപ്പെട്ടിട്ട കൊടുത്താൽ കർശനമായി ശിക്ഷിക്കുമെന്നു ഗവർമ്മെന്റു വ്യവസ്ഥചെയ്താൽ പിന്നീടു ഈ മാതിരി അക്രമം നടക്കുമോ?

പ്രസിഡന്റു: മിസ്റ്റർ ഉമ്മൻ, തിരഞ്ഞെടുപ്പു ചട്ടപ്രകാരം ആ കാര്യത്തെപ്പറ്റി തീരുമാനിക്കുന്നതിനു ഒരു പ്രത്യേക സ്ഥാപനമുണ്ട്. അതാണ മെമ്പർ നിങ്ങളെ ധരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നതു്.

സ്പെഷ്യൽ ഇലക്ഷൻ റോൾ ആഫീസരുടെ സർക്കുലർ.

൯൪. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): (എ) നിയമസഭയിലേക്കുള്ള കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വാണിജ്യ നിയോജകമണ്ഡലത്തിലെ തിരഞ്ഞെടുപ്പു പട്ടിക തയാറാക്കുന്ന സമയം തലെ കൊല്ലം ൧൦൦൦ രൂപാ മൊത്ത ആദായം ഉണ്ടായിരുന്നാൽ വോട്ടവകാശത്തിനു മതിയാകുമെന്നു സ്പെഷ്യൽ എലക്ടറൽറോൾ ആഫീസർ, റിവൈസിംഗ് അതാറിട്ടിയുടെ വിചാരണകൾ തുടങ്ങുന്നതിനു സ്വല്പദിവസംമുമ്പായി ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും,

(ബി) സ്പെഷ്യൽആഫീസർ പ്രസ്തുത സർക്കുലർ ഗവർമ്മെന്റു അനുമതിയോടുകൂടി പുറപ്പെടുവിച്ചതാണോ എന്നും,

(സി) തിരഞ്ഞെടുപ്പു സംബന്ധിച്ചു പ്രാരംഭ തിരഞ്ഞെടുപ്പു പട്ടിക തയാറാക്കിയ സമയത്തുകൂടി ഗവർമ്മെന്റു ആഫീസർമാർക്കും വോട്ടർമാർക്കും അറിവുണ്ടായിരുന്നതു വോട്ടർമാരുടെ സമ്മതിദാനാവകാശത്തിനുള്ള യോഗ്യത ആണ്ടിനാൽ ൧൦൦൦ രൂപാ മിച്ച ആദായം അല്ലയോ എന്നും,

(ഡി) അപ്രകാരം ഒരു സർക്കുലർ അയക്കുന്നതിനുള്ള പ്രത്യേക കാരണമെന്തെന്നും,

(ഇ) (i) വാണിജ്യനിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ ലിസ്റ്റിൽ പേരുകാരെല്ലാം ആദായനികുതി ചട്ടങ്ങൾപ്രകാരം ഡി. ഫാറം നോട്ടീസുകൾ ഉദ്യോഗസ്ഥന്മാർ അയക്കുന്നുണ്ടോ എന്നും,

(ii) അവരിൽ വളരെപേർ ഇപ്പോൾ ഹാജരായി അവർക്കു ആണ്ടിനാൽ ൧൦൦൦/രൂപായ്ക്കു മൊത്ത ആദായംപോലും ഇല്ലെന്നു സ്റ്റേറ്റുമെന്റു കൊടുത്തോ എന്നും,

(iii) അപ്രകാരമുള്ള മിക്ക ഹർജികളും തിരുവല്ലാ താലൂക്കിലെ കച്ചവട നിയോജകമണ്ഡലത്തിലെ വോട്ടർമാരിൽനിന്നാണോ കിട്ടിയിട്ടുള്ളതെന്നും,

(എഫ്) പാർശ്വകാരന്മാർ തയ്യാറാക്കിയ തിരുവല്ലാതാലൂക്ക ഗ്രഹിണിമാർക്ക കച്ചവടനിയോജകമണ്ഡലത്തിലെ പ്രാരംഭ വോട്ടർ ലിസ്റ്റിൽ എത്രയെന്നും, അച്ചടിച്ച പ്രാരംഭ ലിസ്റ്റിൽ എത്രയെന്നും, അവസാന ലിസ്റ്റിൽ എത്രയെന്നും ഗവർമ്മെന്റു ഖയവായി മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഗവർമ്മെന്റിന്റെ അനുമതി വാങ്ങേണ്ട ആവശ്യമില്ലായിരുന്നു. എന്തെന്നാൽ ൧൧൦൬-ലെ തിരഞ്ഞെടുപ്പു സംബന്ധിച്ചു "ആദായം" എന്ന വാക്ക കച്ചവടക്കാരെ സംബന്ധിച്ചിടത്തോളവും വോട്ടവകാശത്തിനു മൊത്ത ആദായമായി വ്യാഖ്യാനിക്കണമെന്നു ഒരിക്കൽ തീരുമാനിക്കയുണ്ടായി.

(സി) അല്ല.

(ഡി) ൯൩-ാംനമ്പർ (എൽ) ഖണ്ഡം ചോദ്യത്തിനു മെമ്പറിനു നൽകിയ മറുപടി നോക്കുക.

(ഇ) (i) മുതൽ (iii) വരെ. മെമ്പറിന്റെ ൯൩-ാംനമ്പർ (എൻ) (ഒ) (പി) ഖണ്ഡങ്ങൾ ചോദ്യത്തിനു കിട്ടിയ മറുപടി നോക്കുക.

(എഫ്) പാർശ്വകാരന്മാർ തയാറാക്കിയ ലിസ്റ്റിൻപ്രകാരം വോട്ടർമാരുടെ എണ്ണം ൨൭൯.

പ്രാരംഭ റോൾസ്പ്രകാരം വോട്ടർമാരുടെ എണ്ണം ൧൩൧. അവസാനറോൾസ്പ്രകാരം വോട്ടർമാരുടെ എണ്ണം ൧൧൨.

ഇരണിയിൽ-മുട്ടംറോഡു വെട്ടുന്നതിനെപ്പറ്റി.

൯൭. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): തക്കലയിൽകൂടി ഇരണിയലിൽനിന്നും മുട്ടത്തേക്കു ഒരു റോഡു വെട്ടുന്നതിനു ഗവർമ്മെൻറു ഉദ്ദേശിക്കുന്നോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): പ്രസ്തുതറോഡു വെട്ടുന്ന കാര്യത്തിൽ അതിനു താല്പര്യമുള്ളവർ അതിലേക്കുള്ള സ്ഥലം വിട്ടുകൊടുക്കുകയും മണ്ണുവേല നടത്തേണ്ടതാണെന്നു കുടിവക റോഡു ചട്ടങ്ങളിൽ കാണുന്നതു കാണാം. പ്രസ്തുതറോഡിനെസംബന്ധിച്ചുള്ള കാര്യം അതിനെപ്പറ്റി ആവശ്യമുള്ളവരായി എഴുത്തുകുത്തിൽ ഇരിക്കയാണ്.

ഇരണിയിൽ ഒരു മുൻസിപ്പാലിറ്റി ആക്കുന്നതിന്റെ ആവശ്യകത.

൯൮. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഇരണിയൽ ഒരു മുൻസിപ്പാലിറ്റി ആക്കുന്നതിനു ഗവർമ്മെൻറു ഉദ്ദേശിക്കുന്നോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): തൽക്കാലത്തേക്കില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ഇരണിയൽ മുൻസിപ്പൽ ടൌൺ ആക്കുന്നതിനെസംബന്ധിച്ചു സാനിട്ടറി കമ്മീഷണർ ശുപാർശചെയ്തിട്ടുള്ളതായി ഗവർമ്മെൻറിനറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ഇതു കഴിഞ്ഞതവണ ചോദിക്കയും അതിനു മറുപടി നല്കുകയും ചെയ്തിട്ടുണ്ട്. ഇനിയും പറയാം. സാനിട്ടറി കമ്മീഷണർ ശുപാർശചെയ്തിട്ടുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): തൽക്കാലത്തേക്കില്ലാ എന്നു മറുപടിയിൽ കാണുന്നു. അതിനു എത്രകാലം വേണ്ടിവരുമെന്നു ഉദ്ദേശമായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): വില്ലേജ് പഞ്ചായത്തു ചട്ടങ്ങൾ നടപ്പിൽവന്നശേഷം പര്യാലോചിക്കേണമെന്നു വച്ചിരിക്കയാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): അതിൽ ഇരണിയലിനെ മുൻസിപ്പൽ ടൌൺ ആക്കണമെന്നു അഭിപ്രായമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെൻറു സെക്രട്ടറി): ആ ചട്ടങ്ങൾ പാസായതിന്റെ ശേഷം ഇരണിയലിന്റെ ആവശ്യകതയെപ്പറ്റി ആലോചിക്കാം.

സെക്രട്ടേറിയറ്റിലെ ആക്ടിംഗ് ക്ലാർക്കുകൾക്കു ശമ്പളക്കൂടുതൽ നൽകൽ.

൯൯. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) കഴിഞ്ഞ ബഡ്ജറ്റിനുശേഷം സെക്രട്ടേറിയറ്റിൽ ആക്ടിംഗായി ജോലിനോക്കുന്ന ബി. എ. ജയിച്ച ക്ലാർക്കന്മാർക്കു ആറുണ്ടിനാൽ ശമ്പളക്കൂടുതൽ കൊടുക്കുന്നകാര്യം ആലോചിച്ചു തീരുമാനിച്ചോ എന്നും,

(ബി) (എ) മാത്രമായതിനുത്തരം ഉണ്ടെന്നാണെങ്കിൽ തീരുമാനം ഏതു തരത്തിലാണെന്നും,

(സി) ആക്ടുചെയ്യുന്ന ക്ലാർക്കന്മാരെ സ്ഥിരപ്പെടുത്തിയോ എന്നും, അങ്ങിനെയെങ്കിൽ എത്രപേരെ എന്നും ഗവർമ്മെൻറു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): (എ) ആക്ടിംഗ് ഗ്രാഡ്വേറ്റ് ക്ലാർക്കന്മാർക്കു വർദ്ധിപ്പിച്ചതിയുള്ള ശമ്പളക്കൂടുതൽ കൊടുക്കുന്നതിനെപ്പറ്റി ഇപ്പോഴും ആലോചനയിൽ ഇരിക്കയാണ്. കാര്യം തീരുമാനിച്ചില്ല.

(ബി) (എ) മാത്രത്തിനുള്ള മറുപടികൊണ്ടു ഇതിനു ഉത്തരം ആവശ്യമില്ല.

(സി) അഞ്ചു ക്ലാർക്കന്മാർ, നാലു ഹയർഗ്രേഡിലും ഒന്നു ലോവർഗ്രേഡിലും സ്ഥിരപ്പെടുത്തിട്ടുണ്ട്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവർമ്മെൻറു ഈ കാര്യം ആലോചനക്കെടുത്തതു എന്നാണെന്നു മെമ്പർ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): കുറച്ചുമാസങ്ങൾക്കു മുമ്പ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവർമ്മെൻറിന്റെ അറിവിൽ ഈ കാര്യം കൊണ്ടുവന്നതു ആരാണെന്നു പറയാമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): ആക്ടുചെയ്യുന്ന ക്ലാർക്കന്മാർതന്നെ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): എന്നാണെന്നു ദയവായി അറിയിക്കാമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): തീയതിപറയാൻ വഹിയാ.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആലോചനയ്ക്കായി എടുക്കാൻ താമസിച്ചതിന്റെ കാരണമെന്തെന്നു പറയാമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): എന്തിനുള്ള താമസം?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒഴിവുകളിൽ ആളെ ആക്കുന്നതിനുള്ള താമസം.

പ്രസിഡൻറ്: ഏതു ചോദ്യത്തെ താങ്ങിയാണു ഈ ഉപചോദ്യം ചോദിക്കുന്നതു?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ഭാഗം ഉത്തരത്തിൽ ശമ്പളക്കൂടുതൽ നൽകുന്നകാര്യം ആലോചനയിൽ ഇരിക്കുന്നു എന്നു പറകയുണ്ടായി. താമസത്തിനുള്ള കാരണം എന്താണെന്നു മെമ്പർ പറയുമോ?

പ്രസിഡൻറ്: ഏതു തീയതിമുതൽ ഏതു തീയതിവരെയാണു താമസം എന്നു പറയുന്നതു?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മെമ്പറിന്റെ ഉത്തരംകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു കാര്യം കുറെ മാസങ്ങൾക്കുമുമ്പു ആലോചനയിൽ ഇരിക്കുന്നു എന്നാണ്.

പ്രസിഡൻറ്: അതു ശരിയാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ക്ലാർക്കന്മാർ അനുഭവിക്കുന്ന സങ്കടത്തെ വിചാരിച്ചു കാര്യം വേഗത്തിൽ തീരുമാനിക്കുന്നതാണെന്നു മെമ്പർ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവർമ്മെൻറു ചീഫ് സെക്രട്ടറി): ഇതു മെമ്പർ ഒരു മറുപടി ഉണ്ടാക്കി പറയുകയാണ്.

പ്രസിഡൻറ്: നിങ്ങളുടേതു ചോദ്യമായി ഗണിക്കാൻ തരമില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇനി ശരിപ്പെടുത്തേണ്ടതായി കൂടുതൽ ഒഴിവുകൾ ഉണ്ടോ എന്നു മെമ്പർ ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): മൂന്നു ദിവസംമുമ്പു ഒരു ഒഴിവുവന്നു. അതിലും ഞാൻ ആളെ സ്ഥിരപ്പെടുത്തി.

വെള്ളാച്ചിവിളയിൽ ഒരു കിണറിൻെറ ആവശ്യം.

൯൮. മി. കെ. മാധവൻ (നിയമിക്കപ്പെട്ടമെമ്പർ): (എ) കൽക്കുളം താലൂക്കിൽ ആളൂർപകുതിയിൽ വെള്ളാച്ചിവിളയിലെ സാംബവരുടെ ആവശ്യത്തിലേക്കു ഒരു കിണറു കുഴിക്കാൻ ആരംഭിച്ചോ എന്നും,

(ബി) വേല ആരംഭിച്ചിട്ടു എത്ര നാളായി എന്നും,

(സി) അതു പൂർത്തിയാക്കുന്നതിനു എത്ര കൊല്ലം വേണ്ടിവരുമെന്നും ഗവണ്മെൻറു ദയവായി മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ)ഉം (ബി)ഉം കൽക്കുളം പകുതിയിൽ എം. എസ്സ്. റോഡിനുവടക്കു സന്യാസിമഠത്തു മേഖലയിൽ നെട്ടവിളച്ചേരിയിലെ ഒരു കിണറിനെ ഉദ്ദേശിച്ചായിരിക്കണം മെമ്പർ പറയുന്നതു. ഈ കിണറു ൧൧൨൭-ൽ വെട്ടാൻതുടങ്ങി ൨൫ അടിയോളംവെട്ടിയപ്പോൾ കടുത്ത പാറയാകയാൽ വേലനിറുത്തിവയ്ക്കേണ്ടിവന്നു.

(സി) സമയം ക്ലിപ്തപ്പെടുത്തി പറയാൻ തരമില്ല.

പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിനു അനുവാദാപേക്ഷകൾ.

൯൯. മി. എ. സി. കുരിയാക്കോസ്സ് (മീനച്ചിലും ദേവികുളവും) (എ) ൧൧൨൮ മിഥുനം ൧൦-ാം മുതൽ ൧൧൨൯ ധനു ൧൦-ാം വരെ പൊതുവായി പമ്പുകൾ സ്ഥാപിക്കുന്നതിനു അനുവാദത്തിനായി എത്ര അപേക്ഷകൾ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടെന്നും,

(ബി) അവയിൽ എത്ര അപേക്ഷകൾ തീരുമാനിച്ചു എന്നും,

(സി) തീരുമാനിച്ചതിൽ എത്ര അപേക്ഷകൾ അനുവദിച്ചിട്ടുണ്ടെന്നും ഗവണ്മെൻറു ദയവായി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) ൭൭ (ബി) ൭൦ (സി) ൩൭.

(പോലീസ്കമ്മീഷണരുടെ പേർസണൽ അസിസ്റ്റൻറായി പിച്ചുഅയ്യങ്കാരുടെ നിയമനം.)

൧൦൦. മി. എ. താണുപിള്ള (തിരുവനന്തപുരം): പോലീസ്കമ്മീഷണരുടെ പേർസണൽ അസിസ്റ്റൻറായി മി. പിച്ചുഅയ്യങ്കാരെ നിയമിച്ചതുസംബന്ധിച്ച (എ) കമ്മീഷണർ ഈ നിയമനത്തെപ്പററി ശുപാർശ ചെയ്തോ എന്നും ചെയ്തെങ്കിൽ ശുപാർശ തീയതി ഏതാണെന്നും (ബി) ഈ നിയമനം അനുവദിക്കപ്പെട്ട തീയതി ഏതാണെന്നും ഗവണ്മെൻറു ദയവായി മറുപടി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) ശുപാർശചെയ്തു. ൧൯൫൩ ഒക്ടോബർ ൪-ാം.

(ബി) ൧൯൫൩ ഒക്ടോബർ ൪-ാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): പോലീസ്കമ്മീഷണരുടെ പേർസണൽ അസിസ്റ്റൻറിൻെറ നിയമനത്തെപ്പററി തീരുമാനമാക്കിയതെന്നാണെന്നു ബഹുമാനപ്പെട്ട സെക്രട്ടറി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): മറുപടി വിശദമാക്കിക്കഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ ആളെത്തന്നെ പ്രത്യേകമായി നിയമിക്കാൻ തീരുമാനിച്ചതു എന്നാണെന്നു ഞാൻ അറിയാൻ ആഗ്രഹിക്കുന്നു.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ഇപ്പോൾ ഇതു ഒരു താൽക്കാലിക ഏർപ്പാടുമാത്രമാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ താൽക്കാലിക ഏർപ്പാടുതന്നെയിരിക്കട്ടെ, അതു എന്നാണു തീരുമാനിച്ചതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അതു മറുപടിയിൽ കാണിച്ചുകഴിഞ്ഞു.

മി. എ. താണുപിള്ള (തിരുവനന്തപുരം): താൽക്കാലികമായി തീരുമാനിച്ചതെന്നാണെന്നു മെമ്പർ പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): കാര്യം അവസാനതീർച്ചയായിട്ടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): നിയമനം അനുവദിച്ചതു ൧൯൫൩ ഒക്ടോബർ ൪-ാം-യും, പോലീസ്കമ്മീഷണർ ഈ നിയമനത്തിനു മി. പിച്ചുഅയ്യങ്കാരെ ശുപാർശ ചെയ്തതു അതേ തീയതിയിലുമാണ്. ഗവണ്മെൻറു ഉത്തരവു പാസാക്കിയതു ഒരേദിവസവും മി. പിച്ചുഅയ്യങ്കാരെ നിയമിച്ചതു ആ തീയതി മുതൽതന്നെയും ആയിട്ടാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അതേ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യം ഇത്ര ധൃതഗതിയിൽ ചെയ്യാൻ വല്ല വിശേഷകാരണവുമുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): കാര്യം വളരെ അടിയന്തിരമായിട്ടുള്ളതായി പോലീസ്കമ്മീഷണർ റിപ്പോർട്ടുചെയ്തു. അദ്ദേഹത്തിൻെറ ആഫീസിൽ പല കാര്യങ്ങളും വഹിക്കേണ്ടതായിരിക്കുന്നു എന്നും കൂടുതൽ പ്രധാനപ്പെട്ട മററു അടിയന്തിരജോലികാരണം അതു നോക്കുന്നതിനു സാധിക്കുന്നതല്ലെന്നുമാണ്. ഗവണ്മെൻറിനു ഇതു ഒരു ന്യായമായ അപേക്ഷയെന്നുതോന്നി അനുവാദം കൊടുക്കാൻ ഇടയായിട്ടുള്ളതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൧൯൫൩ ഒക്ടോബർ ൪-ാം-യാണോ ഡി. എസ്സ്. പി. ആയ മി. രാജാറാവിൻെറ പേർസണൽജോലി തീർന്നതു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): മറുപടിക്കു മുന്നറിവുവേണം.

മി. എ. താണുപിള്ള (തിരുവനന്തപുരം): മി. രാജാവിനു ഒരു തുടർച്ചയായ ജോലിക്കാരനോ ഈ ഏർപ്പാടു വരുത്തിയതു?

മി. പി. എൻ. കൃഷ്ണപിള്ള (തിരുവനന്തപുരം): എനിക്കു നോട്ടീസ് വേണം.

സംസ്ഥാനത്തെ വണ്ടിപ്പോകുന്ന റോഡിന്റെ സ്റ്റേറ്റുമെന്റ്.

൧൦൭. മി. തറിയതു കുഞ്ഞിരാമൻ (മൂവാറ്റുപുഴയും തൊടുപുഴയും): സംസ്ഥാനത്തെ താലൂക്കുകൾ ഓരോന്നിലും ഇപ്പോഴുള്ളതായ (൧൧൨൭ ധനു ൨൩-ാം) വണ്ടിപോകുന്ന റോഡുകൾ എത്രയെന്നു കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു ഗവർമ്മെന്റു ദയവായി മേശമേൽ വയ്ക്കുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഇപ്പോഴുള്ള (൧൧൨൭ ധനു ൨൩-ാം) വണ്ടി പോകുന്ന റോഡുകൾ എത്രയെന്നു കാണിക്കുന്ന സ്റ്റേറ്റുമെന്റു കിട്ടിയിട്ടില്ല. ൧൧൨൬ അവസാനംവരെയുള്ള വണ്ടിപോകുന്ന റോഡിന്റെ ഒരു സ്റ്റേറ്റുമെന്റു മേശമേൽ വച്ചിരിക്കുന്നു.

റോഡുബോർഡ് സ്ഥാപനം.

൧൦൮. മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) റോഡു ബോർഡു സ്ഥാപനം ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നുണ്ടോയെന്നും,

(ബി) (എ) യുടെ മറുപടി ഉണ്ടെന്നാണെങ്കിൽ ഈ കാര്യം ആലോചനയിൽവന്നിട്ടു എത്ര കാലമായിയെന്നും ഗവർമ്മെന്റു ദയവായി മറുപടി പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): (എ) ഉണ്ട്.

(ബി) ഒരു കൊല്ലത്തിനുമേലായി അതു ഗവർമ്മെന്റാലോചനയിൽ ഇരിക്കുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): റോഡു ബോർഡു സ്ഥാപിക്കുന്നതിനായി ഒരു കൊല്ലത്തിനിടയ്ക്കു ഏതെങ്കിലും പ്രവൃത്തിക്കയുണ്ടായോ എന്നു മെമ്പർ ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): മെമ്പർ അടുത്തചോദ്യംവരെ ക്ഷമിക്കുമെങ്കിൽ മറുപടി എന്തെന്നറിയാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ ചോദ്യം റോഡു ബോർഡു നിർമ്മിക്കുന്നതിനെപ്പറ്റിയാണ്.

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): മെമ്പറിന്റെ ചോദ്യത്തിനുള്ള മറുപടി അടുത്തു വരുന്ന ചോദ്യംകൊണ്ടു മനസ്സിലാക്കാം. മെമ്പറിനു ഇപ്പോൾതന്നെ ഒരു മറുപടിവേണമെങ്കിൽ ചോദ്യം ഒന്നുകൂടി ആവർത്തിക്കാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു കൊല്ലത്തിനിടയ്ക്കു റോഡുബോർഡുകൾ നിർമ്മിക്കുന്നതിനു എന്തെങ്കിലും പ്രവൃത്തിച്ചോയെന്നു മെമ്പർ പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): പ്രവൃത്തിച്ചു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇതുവരെയായിട്ടു എന്തു ചെയ്തുയെന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): കരടു ചട്ടങ്ങൾ ഉണ്ടാക്കി അവയെ പരിശോധിച്ചുവരുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നാം നമ്മുടെ ലക്ഷ്യത്തിന്റെ അടുത്തെത്തിയോയെന്നു പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ലക്ഷ്യത്തിനു വളരെ അടുത്തു.

റോഡുകളും തോടുകളും സംബന്ധിച്ചബോർഡുകൾ.

൧൦൯. മി. എ. സി. കുരിയാക്കോസ് (മീനച്ചിലും ദേവികുളവും): (എ) ശ്രീമൂലം പ്രജാസഭയുടെ ൨൮-മത്തെ യോഗത്തിൽ ദിവാൻ പ്രസ്താപിച്ചതായ റോഡുകളും തോടുകളും സംബന്ധിച്ച ബോർഡുകളുടെ നിർമ്മാണവും സ്ഥാപനവും ഇപ്പോൾ (൧൧൨൭ ജനുവരി ൩൧-ാം) ഏതു സ്ഥിതിയിലെത്തിയെന്നും;

(ബി) ബോർഡുകളെ നടപ്പിൽവരുത്തുന്നതിനോ ഉപേക്ഷിക്കുന്നതിനോ ഗവർമ്മെന്റുദ്ദേശിക്കുന്നതെന്നും ഗവർമ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഈ സംഗതി ഗവർമ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്. ഈ കാര്യത്തെപ്പറ്റി ഗവർമ്മെന്റു ഉടനെ ഉത്തരവു പുറപ്പെടുവിക്കുന്നതാണ്.

പള്ളിയാടി-തിരുവിതാംകോട്ടറോഡു പരിഷ്കരിക്കൽ.

൧൧൦. മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): കഴിക്കോട്ടവഴി പള്ളിയാടിമുതൽ തിരുവിതാംകോടുവരെയുള്ള റോഡു നന്നാക്കുന്നതിനു ഗവർമ്മെന്റുദ്ദേശിക്കുന്നുണ്ടോയെന്നു ദയവായി പറയുമോ?

മി. ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റു സെക്രട്ടറി): പ്രസ്തുതറോഡു പരിഷ്കരിക്കുന്നകാര്യം പൊതുമരാമത്തുഡിപ്പാർട്ടുമെന്റുകാരുടെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടു.

മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): തിരുവിതാംകോട്ടു ചാനലിൽ ഒൻപതാം മൈലിൽ,

പ്രസിഡന്റ്: നാം ഇപ്പോൾ ൧൧൦-ാം നമ്പർ ചോദ്യത്തിലാണ്. നിങ്ങൾ ൧൨൦-ലേക്കു കടന്നിരിക്കുന്നു. സ്വല്പം താമസിക്കണം.

൧൧൨൭-ൽ സ്ഥാപിച്ച പുതിയ സബ് രജിസ്ട്രാഫീസുകൾ.

൧൧൧. മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൧൧൨൭-ലേക്കു അനുവാദം സിദ്ധിച്ചതായ പുതിയ സബ് രജിസ്ട്രാഫീസുകൾ എപ്പോൾ മുതൽ സ്ഥാപിക്കാൻകഴിയുമെന്നു ഗവർമ്മെന്റ് ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ് സിക്രട്ടറി): പുതിയ സബ് രജിസ്ട്രാഫീസുകൾ [illegible] മകരം [illegible] മുതൽ സ്ഥാപിക്കപ്പെടും.

തിരുവിതാംകോട്ടു ചാനലിന്റെ ഒൻപതാം മൈലിൽനിന്നും ഒരു ചാനൽ വെട്ടുന്നതിന്.

മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) തിരുവിതാംകോട്ടു ചാനലിന്റെ ൯-മത്തെ മൈൽ വടക്കു ഫർലാങ്ങിൽ ഒരു ചിപ്പു ഉണ്ടോ എന്നും

(ബി) (എ) ചോദ്യത്തിനു മറുപടി ഉണ്ടെന്നാണെങ്കിൽ ആ സ്ഥലം തൊട്ടു തിരുവിതാംകോട്ടുവരെ ഒരു ചാനൽ വെട്ടുന്നതിനു ഒരു അടങ്കൽ തയ്യാറാക്കിട്ടുണ്ടോയെന്നും,

(സി) ഉണ്ടെങ്കിൽ ആ ചാനൽ വെട്ടാൻ നിശ്ചയിച്ചിട്ടുണ്ടോ എന്നും ഗവർമ്മെന്റു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സിക്രട്ടറി): (എ) ഉണ്ട്. (ബി) ഉത്തരം ഇല്ലെന്നാണ്. (സി) (ബി) ഉത്തരംകൊണ്ടു ഇതിനു മറുപടി ആവശ്യമില്ല.

മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): തിരുവിതാംകോട്ടു ചാനലിൽ ഒൻപതാം മൈൽ എട്ടാമത്തെ ഫർലാങ്ങിൽ ഒരു ചിപ്പു ഉള്ളതായി പറയുന്നു. ആ ചാനലിനെപറ്റി കൊടുത്ത എസ്റ്റിമേറ്റ ഗവർമ്മെന്റിന്റെ ആധീനത്തിലുള്ള ചീഫ് എഞ്ചിനീയരുടെ കൈവശമോ ഇല്ലെന്നു പറയുന്നു. ആ ചാനൽ ഇറക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സിക്രട്ടറി): എസ്റ്റിമേറ്റ് എഴുതിവെച്ചിരിക്കുന്നതാണ് പറയുന്നത്.

മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): തിരുവിതാംകോട്ടു ചാനലിൽ ഒൻപതാം മൈലിൽ എട്ടാമത്തെ ഫർലാങ്ങിൽ ഒരു ചിപ്പുണ്ട്. അവിടെനിന്നും ഒരു ചാനൽ വെട്ടി തിരുവിതാംകോട്ടു ടൗണിലെ ഉപയോഗത്തിനായി വിട്ടുകൊടുക്കുന്നതിനു ഗവർമ്മെന്റിനു ദയവുണ്ടാകുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സിക്രട്ടറി): അതു പ്രത്യേകം പരിശോധിക്കേണ്ടതാണ്.

മൈഫോറസ്റ്റിൽ ൫൦ വയസ്സിനുമീതെയുള്ള ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടിരിക്കുന്നു.

മി. ജി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) മൈഫോറസ്റ്റിൽ ൫൦ വയസ്സു കഴിഞ്ഞ ഉദ്യോഗസ്ഥന്മാരെ അവിടെ വച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി വല്ല ചട്ടവും ഉണ്ടോ എന്നും,

(ബി) (എ) ചോദ്യത്തിനു മറുപടി ഉണ്ടെന്നാണെങ്കിൽ പിരുമേട്ടിൽ ൫൦ വയസ്സു കഴിഞ്ഞ പോലീസ് ഡിപ്പാർട്ടുമെന്റിലെ ആളുകൾ ഉണ്ടോ എന്നും ഗവർമ്മെന്റു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സിക്രട്ടറി): (എ) ഉത്തരം ഇല്ലെന്നാണ്.

(ബി) (എ) ഭാഗം ഉത്തരം ഈ ചോദ്യത്തിനു കാരണമല്ല.

തിരുവല്ലാ താലൂക്കിൽ വെള്ളപ്പൊക്കംകൊണ്ടുണ്ടായ നഷ്ടം.

മി. ടി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): തിരുവല്ലാതാലൂക്കിൽ പല ഭാഗങ്ങളിലും ഇയ്യിടെ ഉണ്ടായ വെള്ളപ്പൊക്കം നിമിത്തം [illegible] കർഷകന്മാർക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനു ഊർജ്ജിതമായ നടപടികൾ നടത്തിയോ എന്നു ഗവർമ്മെന്റു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സിക്രട്ടറി): റവന്യൂ. ചീഫ് ഓഫീസർ ഇപ്പോഴേ ഇടങ്ങി അതു സന്ദർശിച്ചു എന്നും മറ്റുള്ളവർക്ക് [illegible] റിപ്പോർട്ടു കിട്ടിയിട്ടുണ്ട്.

കുഴിത്തുറക്കടവിൽ ഒരു കടത്തിന്റെ ആവശ്യം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര താലൂക്ക [illegible] പകുതിയിൽ കുഴിത്തുറക്കടവിനെ സംബന്ധിച്ചു (എ) അവിടെ ഒരു കടത്തും കടത്തുകാരനും ഉണ്ടോ എന്നും (ബി) (എ) ഭാഗം മറുപടി ഉണ്ടെന്നാണെങ്കിൽ അതു കടപ്പിൽ വരുത്തുന്ന ഗവർമ്മെന്റനുവദിച്ചിട്ടുണ്ടോ എന്നും തിരുവനന്തപുരത്തിനു കാരണമെന്തെന്നും ഗവർമ്മെന്റു ദയവായി മറുപടി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സിക്രട്ടറി): (എ) മറുപടി ഇല്ലെന്നാണ്.

(ബി) കാര്യം ആലോചനയിൽ ഇരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): കുഴിത്തുറക്കടവിൽ ഒരു കടത്തും കടത്തുകാരനും വേണ്ടതിനു അനുവാദത്തിനു ശുപാർശചെയ്തിട്ടുണ്ടോയെന്നു മെമ്പർ പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): ഉണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ശുപാർശ ഗവർമ്മെന്റിനു കിട്ടിയ തീയതി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): എൻപതു ഏപ്രിൽമാസത്തിലാകണം, കൃത്യമായ തീയതി പറവാൻ പ്രയാസമാണ്.

മണ്ഡപത്തുംകടവിലുള്ള നെയ്യാറ്റിൽ ഒരു പാലത്തിന്റെ ആവശ്യം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): നെയ്യാറ്റിൻകര താലൂക്കിലെ [illegible] പകുതിയിൽ മണ്ഡപത്തുംകടവിനു സമീപം നെയ്യാറ്റിൽക്കൂടി ഒരു പാലത്തെ സംബന്ധിച്ചു ഈ കൌൺസിലിലും ശ്രീമൂലം പ്രജാസഭയിലും നിവേദനങ്ങൾ ഉണ്ടായതായി ഗവർമ്മെന്റിനറിയാമോ എന്നു ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അറിയാം. എൻപതു മേടമാസത്തിൽ ആക്ടിംഗ് ചീഫ് എഞ്ചിനീയർ സ്ഥലം ചെന്നു കണ്ടതിൽ പാലത്തിന്റെ കാര്യം കുറെകഴിയട്ടെ എന്നു അഭിപ്രായം റിക്കാർഡു ചെയ്തിട്ടുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മറുപടി, പാലം കുറെ കഴിഞ്ഞു മതിയെന്നു ആക്ടിംഗ് ചീഫ് എഞ്ചിനീയർ റിക്കാർഡു ചെയ്തതു അദ്ദേഹത്തിന്റെ സ്വന്തം ആഫീസിലോ അതോ ഗവർമ്മെന്റിലേക്കു റിപ്പോർട്ടു മൂലമോ എന്നാണ്.

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി): അദ്ദേഹത്തിന്റെ സ്വന്തം ആഫീസിൽ പരിശോധന നോട്ടിൽ ഇതു ഉടനടി അത്യാവശ്യമില്ലെന്നു റിക്കാർഡു ചെയ്തിട്ടുണ്ട്.

സർക്കാർജോലിയിൽ സമുദായപ്രാതിനിധ്യം.

൫൫൫. മി. എ. താണുപിള്ള (തിരുവനന്തപുരം): കഴിഞ്ഞ ആഗസ്റ്റ് ൭—നു നടന്ന കൌൺസിൽയോഗത്തിൽ സർക്കാർ സർവീസിൽ സമുദായപ്രാതിനിധ്യത്തെപ്പറ്റി പ്രസിഡന്റിന്റെ പ്രസ്താവനയെത്തുടർന്ന (കൌൺസിൽനടപടി വാല്യം XV വശം ൩൫൫) ഗവണ്മെന്റു എന്തെങ്കിലും നടപടി ചെയ്തിട്ടുണ്ടോ എന്നു ദയവായി മറുപടി പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യത്തെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായങ്ങൾ അവസാനമായി തീർച്ചപ്പെടുത്തുന്നതിനുമുമ്പ് അവയെപ്പറ്റി പ്രതിവാദിക്കാൻ ഈ കൌൺസിലിനു അവസരം നൽകപ്പെടുന്നതാണോ എന്നു മെമ്പർ പറയുമോ?

മി. കെ. ജാർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): കൌൺസിലിൽവരുന്ന പൊതുകാര്യപ്രമേയങ്ങൾ പോലെ വാദപ്രതിവാദത്തിനവസരം വീണ്ടും കൌൺസിലിനു കിട്ടുമോ എന്നു എനിക്കു തോന്നുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ദിവാനായ പ്രസിഡന്റ വാഗ്ദാനം ചെയ്തതു, വേണ്ട പോലെ ആലോചിച്ച് ഈ പ്രയാസമേറിയ കാര്യം തീർച്ചപ്പെടുത്താൻ വേണ്ട ഏർപ്പാട് ചെയ്യാമെന്നാണ്. ഞാൻ താല്പര്യപ്പെടുന്നതു, പബ്ലിക്കുസർവീസിൽ സമുദായപ്രാതിനിധ്യത്തെപ്പറ്റി ഗവണ്മെന്റിന്റെ അഭിപ്രായങ്ങൾ അവസാനതീർച്ചവരുത്തുന്നതിനുമുമ്പ് ഈ കൌൺസിലിൽ പ്രതിവാദിക്കാൻ അനുവദിക്കപ്പെടുമോ എന്നാണ്.

മി. കെ. ജാർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): ദിവാൻ പറഞ്ഞതു പക്ഷെ കൌൺസിലിന്റെ സഹായം ആവശ്യമായിവരുമെന്നാണ്. അതുപ്രകാരം ഉണ്ടാകുന്നതാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): പറഞ്ഞതിൽ "പക്ഷെ" എന്നുള്ളവാക്കു കിടക്കുന്നു. സംഗതി വ്യക്തപ്പെടുത്തി എനിക്കറിയേണ്ടിയിരിക്കുന്നു.

മി. കെ. ജാർജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): അദ്ദേഹം വാക്കുപറഞ്ഞതു നടത്തുന്നതാണ്.

അനുബന്ധം VI.

൮൮-ാംനമ്പർ ചോദ്യത്തിനു മറുപടിനോക്കുക.

വിളവങ്കോട്ടും കല്കുളവും താലൂക്കുകളിൽ ൧൧൦൮-ലെ നന്നാക്കിയതും നന്നാക്കിവരുന്നതും നന്നാക്കാനായി നിശ്ചയിച്ചിട്ടുള്ളതുമായ കുളങ്ങളുടെ ലിസ്റ്റ്.

നമ്പർ	കുളങ്ങളുടെ പേരുകൾ	അനുവദിച്ച തുക	അടങ്കൽ തുക	ചിലവു വന്നതുക	പൂർത്തിയാക്കിയ തീയതി
	ജോലികൾ തീർന്ന വിളവങ്കോട്ടുതാലൂക്ക				
൧	കലവറക്കോട്ടചിറക്കുളം	൧൧൦൧	൫൩൫൦	൩൧൬൮	൨/൦൫
൨	കണ്ടച്ചിറക്കുളം	൧൦൯൯	൧൧൭൦	൧൨൫൫	൨/൦൨
൩	രാമവർമ്മൻചിറക്കുളം	൧൧൦൦	൩൨൩൦	൩൩൬൮	൧൨/൦൪
൪	തച്ചൻകുളം	൧൧൦൧	൨൫൪൦	൧൫൫൭	൧/൦൪
൫	കിള്ളിക്കുളം	൧൧൦൦	൪൪൨൦	൩൬൬൦	൭/൦൩
൬	പീലിക്കുളം	൧൧൦൧	൫൮൨൮	൬൩൪൫	൧൨/൦൪
൭	മന്നംകുളം	൧൧൦൧	൧൬൩൦	൧൫൬൪	൧൨/൦൨
൮	കല്ലുത്തുപട്ടക്കുളം	൧൧൦൦	൨൦൩൦ / ൨൫൧൦	൪൨൫൧	൧൨/൦൪
൯	നല്ലൂർക്കുളം	൧൦൯൮	൪൦൦൦	൩൫൩൮	൩/൦൩
൧൦	കുറുപ്പുകുളം	൧൦൯൮	൨൭൩൦	൨൮൭൦	൬/൦൨
൧൧	കാവൻകുളം	൧൧൦൦	൩൯൬൦	൨൭൧൨	൧/൦൫
൧൨	കണ്ണൻപറക്കുളം	൧൦൯൯	൧൧൭൫	൧൧൮൭	൪/൦൩
൧൩	മയ്യനൂർക്കുളം	൧൦൯൮	൨൮൫൦	൨൭൪൮	൫/൦൦
൧൪	താമരക്കുളം	൧൦൯൮	൨൬൦൦	൨൬൩൪	൩/൦൦
൧൫	പെരുംകുളം	൧൧൦൨	൩൬൨൦	൩൨൧൩	൧൦/൦൪
൧൬	തിരുവന്നാർക്കുളം	൧൧൦൩	൧൮൭൦	൧൮൩൨	൧/൦൫
൧൭	കമിഞ്ഞാൽകുളം	൧൧൦൩	൨൦൧൦	൧൮൧൧	൧൧/൦൪
൧൮	മിടാലക്കുളം	൧൧൦൨	൩൯൦൦	൨൮൨൮	൨/൦൫
൧൯	പെരിഞ്ചിറക്കുളം	൧൧൦൩	൩൪൫൦	൨൪൨൩	൧൦/൦൪
൨൦	മൂത്തിക്കുളം	൧൧൦൪	൬൫൦	൬൫൩	൧/൦൫
൨൧	ഞാറാക്കുളം	൧൧൦൩	൧൬൮൫	൧൩൩൮	൧൦/൦൪
	കല്കുളംതാലൂക്ക				
൧	നല്ലപിള്ളപേടംകുളം	൧൧൦൧	൩൫൦൦	൪൩൭൨	൧൨/൦൪
൨	ചിറകുളം	൧൧൦൧	൩൮൩൦	൪൧൧൪	൯/൦൩
൩	പൊടയൻകോട്ടകുളം	൧൧൦൦	൧൮൨൫	൧൭൦൯	൧൨/൦൩
൪	ആവകോട്ടകുളം	൧൧൦൨	൩൦൭൦	൩൩൫൦	൭/൦൪
൫	മേപ്പുകുളം	൧൧൦൩	൨൦൬൦	൧൫൧൬	൯/൦൩
൬	മാട്ടൂർപെരുംകുളം	൧൧൦൩	൮൦൦	൫൬൨	൩/൦൪
൭	പള്ളിയിൽ കോണാട്ടുകുളം	൧൧൦൧	൬൭൫	൬൪൯	൫/൦൪
൮	കട്ടാഡിത്തുകുളം	൧൧൦൩	൯൭൦	൫൩൯	൧൨/൦൪
൯	അരക്കുളം ഇവരംകുഴികുളം	൧൧൦൧	൧൯൫൦	൨൦൯൦	൧൨/൦൪
൧൦	എന്തിക്കോട്ടകാട്ടുകുളം	൧൧൦൧	൨൩൧൦	൨൦൧൩	൧൦/൦൩
൧൧	ഏലാട്ടുകുളം	൧൧൦൧	൩൦൫൦	൨൬൩൩	൧൨/൦൨
൧൨	വെള്ളികുളം	൧൧൦൨	൨൫൦൦	൨൨൭൧	൧൨/൦൪
൧൩	കീഴപട്ടചപ്പൻകുളം	൧൧൦൩	൨൦൨൫	൧൭൭൦	൧/൦൫
൧൪	തെങ്ങയികുഴികുളം	൧൧൦൧	൭൬൫	൭൦൩	൬/൦൪
൧൫	മരുട്ടൂർകുളം	൧൧൦൧	൧൨൮൦	൯൩൭	൧൨/൦൨
൧൬	പെരുംകുളത്തിന്റെ അറ്റകുറ്റപ്പണി (മുതലിയാർമെരുത്ത്)	൧൧൯൪	൯൫൦	൮൮൧	൩/൦൫

ഇപ്പോൾ പുനരുദ്ധാരണത്തിലും നന്നാക്കിക്കൊണ്ടിരിക്കുന്നതുമായ ജോലികൾ.

വിളവംകോട്ടുതാലൂക്ക.

൧. കൊമ്പൻകുളം
൨. പാവട്ടകുളം
൩. ചട്ടകുളം
൪. മൂലകുളം
൫. ആറാകുളം
൬. ഉഴവുകുളത്തേൽകുളം
൭. പെരിയവടകരകുളം
൮. പുട്ടകുളം
൯. കല്ലുകുടിച്ചേരിക്കുളം
൧൦. മേലേപ്പെരുങ്കുളം
൧൧. ഏഴുതട്ടൻകാട്ടുകുളം
൧൨. താമരക്കുളം
൧൩. നെൽവേലിപ്പെരുങ്കുളം

കല്ക്കുളംതാലൂക്ക.

൧. പുല്ലിട്ടാംകുളം.

അത്യാവശ്യക്രമംനോക്കി ൧൧൦൫-ൽ നന്നാക്കേണ്ടുന്ന കുളങ്ങൾ.

വിളവംകോട്ടുതാലൂക്ക.

൧. മുല്ലശ്ശേരിക്കുളം
൨. ചെരുവന്നൂർപ്പെരുങ്കുളം
൩. വെണ്ണിയൂർ പെരുങ്കുളം
൪. മേലേക്കുളം
൫. മാല്പാലക്കാട്ടുകുളം
൬. കാരക്കോട്ടുകുളം
൭. ആഴാകുളം
൮. ചെവിയൻകുളം
൯. ചെറന്തകുളം
൧൦. താഴേക്കുളം
൧൧. പുത്തനാട്ടുകുളം
൧൨. ചെട്ടിക്കുളം
൧൩. മൂലക്കുളം
൧൪. തിരുവട്ടുകുളം
൧൫. പാലപ്പള്ളംകുളം
൧൬. ഏട്ടുകുളം ചെറുകുളം
൧൭. വേലിക്കോട്ടുകുളം
൧൮. ആയൻകുളം

കല്ക്കുളംതാലൂക്ക.

൧. കഞ്ചികുളം
൨. കപ്പലുവഴികുളം
൩. മുലേപ്പാട്ടുചെപ്പൻകുളം
൪. കാളളികുളം
൫. തേക്കുകുളം

അനുബന്ധം VII. എ.

൮൯-ാംനമ്പർ ചോദ്യത്തിനു ഉത്തരം ചേർക്കുക.

വർക്കുഷാപ്പും സ്റ്റോറും ഡിവിഷൻ.

൧൦൯൪ മുതൽ ൧൧൦൪ വരെ വർക്കുഷാപ്പുസാമാനം വെളിക്കുകൊടുത്തകണക്ക്.

നമ്പർ	കൊല്ലം	പി. ഡബ്ലിയു. ഡി. വകുപ്പിനു സാമാനങ്ങൾ			മററു ഗവണ്മെൻറു ഡിപ്പാർട്ടുമെന്റുകൾ			പ്രൈവറ്റു കക്ഷികൾ			ആകെത്തുക		
		രൂപ	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.	രൂ.	ച.	കാ.
൧	൧൦൯൪	൧,൧൨,൧൧൮	൨	൬	൧൬,൦൯൭	൧൯	൪	...	...	...	൧,൨൮,൨൧൫	൨൧	൧൦
൨	൧൦൯൫	൯,൧൩൭	൨൩	൩	൭,൫൬൮	൨൭	൧൨	൭൩൫	൫	൯	൧൭,൪൪൨	൦	൧൪
൩	൧൦൯൬	൧,൮൧,൬൪൦	൫	൩	൧൧,൦൮൬	൭	൧൨	൨൪൩	൨൩	൧൪	൧,൯൨,൯൭൦	൮	൧൩
൪	൧൦൯൭	൧,൨൬,൭൦൫	൪	൧൦	൮,൮൪൯	൫	൪	൫൨൨	൨൪	൫	൧,൩൬,൨൯൯	൬	൬
൫	൧൦൯൮	൭൩,൯൦൪	൨൨	൫	൧൧,൧൦൬	൧൨	൭	൩൫൭	൨൧	൦	൯൨,൩൯൧	൨൭	൧൨
൬	൧൦൯൯	൧,൦൩,൭൯൩	൧൮	൧൨	൩൦,൭൩൫	൧൨	൬	൧൩൮	൪	൮	൧,൩൪,൬൬൭	൭	൧൦
൭	൧൧൦൦	൯൮,൧൯൦	൧൦	൧൦	൪൩,൩൮൨	൮	൪	൧,൦൦൦	൬	൧൩	൧,൪൨,൫൭൧	൨൫	൧൧
൮	൧൧൦൧	൭൨,൩൮൩	൧൫	൩	൩൫,൯൯൯	൨൬	൫	൧,൪൧൭	൭	൦	൧,൦൯,൮൦൦	൨൦	൮
൯	൧൧൦൨	൯൪,൭൮൯	൦	൭	൪൯,൨൧൦	൧൭	൯	൩,൬൩൦	൨൭	൮	൧,൪൭,൬൩൦	൧൭	൮
൧൦	൧൧൦൩	൧,൭൫,൭൫൧	൦	൯	൪൩,൪൧൧	൧൫	൫	൩,൮൨൩	൧൪	൭	൧,൫൩,൦൮൬	൨൫	൮
൧൧	൧൧൦൪	൯൭,൮൨൨	൦	൨	൬൭,൬൯൭	൯	൮	൧,൪൦൯	൮	൧൩	൧,൬൬,൯൨൮	൧൮	൭
	ആകെ	൧൧,൬൨,൫൯൫	൧൯	൧൫	൩,൩൨,൧൪൮	൨൩	൧൨	൧൩,൩൫൯	൩	൧൩	൧൫,൦൮,൧൦൨	൧൯	൮

അനുബന്ധം VII. ബി.

൮൯-ാംനമ്പർ ചോദ്യത്തിനുത്തരംനോക്കുക.

വർക്കുഷാപ്പും സ്റ്റോറും ഡിവിഷൻ.

൧൦൯൪ മുതൽ ൧൧൦൪ വരെ ഇരുമ്പുസാമാനങ്ങൾ വിലയ്ക്കുവാങ്ങിയതിലേക്ക സ്റ്റോറുമെൻറു.

നമ്പർ	കൊല്ലം	തുക
		രൂപ
൧	൧൦൯൪	൩൦,൦൦൦
൨	൧൦൯൫	൨൫,൦൦൦
൩	൧൦൯൬	൯൧,൬൩൩
൪	൧൦൯൭	൪൨,൫൭൩
൫	൧൦൯൮	൯,൬൫൬
൬	൧൦൯൯	൬,൮൦൧
൭	൧൧൦൦	൯,൧൬൪
൮	൧൧൦൧	൧൦,൫൯൦
൯	൧൧൦൨	൧൦,൩൯൭
൧൦	൧൧൦൩	൧൦,൮൪൭
൧൧	൧൧൦൪	൧൩,൯൨൭
ആകെ		൨,൬൨,൪൮൮

അനുബന്ധം VII. സി.

൮൯-ാംനമ്പർ ചോദ്യത്തിനുത്തരം നോക്കുക.

വർക്കുഷാപ്പും സ്റ്റോറും ഡിവിഷൻ.

൧൦൯൯ മുതൽ ൧൧൦൪ വരെ തിരുവിതാംകൂറിനകത്തും വെളിക്കും നിന്ന ഇരിമ്പു സാമാനങ്ങൾ വിലയ്ക്കു വാങ്ങിച്ച വകയ്ക്കു സ്റ്റോറുമെൻറു.

നമ്പർ	തിരുവിതാംകൂറിനു വെളിക്കുള്ള കമ്പനിഹൌസ് രൂപ	തിരുവിതാംകൂറിനകത്തുള്ള ഹൌസ് രൂപ	ആകെത്തുക രൂപ	കൊല്ലം
൧	൧,൬൭൪	൫,൧൨൭	൬,൮൦൧	൧൦൯൯
൨	൩,൩൭൮	൫,൭൮൬	൯,൧൬൪	൧൧൦൦
൩	൩,൬൦൧	൬,൯൮൯	൧൦,൫൯൦	൧൧൦൧
൪	൨,൪൬൬	൭,൯൩൧	൧൦,൩൯൭	൧൧൦൨
൫	൩൫൭	൧൦,൪൯൦	൧൦,൮൪൭	൧൧൦൩
൬	൩,൭൨൫	൧൦,൨൦൨	൧൩,൯൨൭	൧൧൦൪
ആകെ	൧൫,൨൦൧	൪൬,൫൨൫	൬൧,൭൨൬	

അനുബന്ധം VIII.

൯൨-ാംനമ്പർ ചോദ്യത്തിനു മറുപടിനോക്കുക.

ആർ. ഒ. സി. നമ്പർ ൪൪/൨൯.

സ്പെഷ്യൽ ഇലക്ടറൽ റോൾസ് ആഫീസ്,
തിരുവനന്തപുരം,
൧൯൨൮ മാർച്ച് ൨൨-നു.

സർക്കുലർ.

നിയമസഭാ തിരഞ്ഞെടുപ്പുചട്ടങ്ങളിൽ ൨-ാംപട്ടികയിൽ ൧൭-ാംഖണ്ഡികയിൽ "ആദായം" എന്നവാക്ക മൊത്തംആദായത്തെയോ "മിച്ചാദായ"ത്തെയോ കാണിക്കുന്നതെന്ന സംശയം ഉണ്ടായിരിക്കുന്നതിനാൽ രജിസ്ട്രേഷൻ ആഫീസർമാർ ഈ വാക്കിന് മിച്ചാദായമല്ല "മൊത്താദായ"മാണെന്ന് അർത്ഥമാക്കണമെന്ന് അറിവിച്ചുകൊള്ളുന്നു.

എല്ലാ രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാർക്കും,

ടി. പി. രാമസ്വാമയ്യർ,
സ്പെഷ്യൽ ഇലക്ടറൽറോൾസ് ആഫീസർ.

അനുബന്ധം IX.

൧൭൧-ാംനമ്പർ ചോദ്യത്തിനുത്തരം നോക്കുക.

൧൧൦൪-ന്റെ അവസാനത്തിൽ എല്ലാ താലൂക്കിലും ഉള്ള പ്രധാനപ്പെട്ട പോക്കുവരവു റോഡുകളുടെ ദൈർഘ്യം കാണിക്കുന്ന സ്റ്റേറ്റുമെന്റ്.

		മയിൽ.	അടി.			മയിൽ.	അടി.
൧	തോവാള	൧൦൭	൨൭൪൫	൧൬	മാവേലിക്കര	൫൯	൨൦൭൪
൨	അഗസ്തീശ്വരം	൩൨	൩൫൬൩	൧൭	പത്തനംതിട്ട	൭൦	൩൩൧൦
൩	കൽക്കുളം	൨൨൬	൪൩൫൭	൧൮	തിരുവല്ല	൨൫൨	൪൪൭൦
൪	വിളവങ്കോട്	൮൭	൬൬൦	൧൯	അമ്പലപ്പുഴ	൩൬	൨൪൪൨
൫	നെയ്യാറ്റിൻകര	൧൭൮	...	൨൦	ചങ്ങനാശ്ശേരി	൧൫൭	൪൩൬൬
൬	തിരുവനന്തപുരം	൧൬൫	൩൯൬൦	൨൧	കോട്ടയം	൧൫൭	൫൦൧൮
൭	നെടുമങ്ങാട്	൧൭൮	൧൬൪൦	൨൨	മീനച്ചിൽ	൧൫൫	൧൯൨൦
൮	ചിറയിൻകീഴ്	൮൫	൩൯൬൦	൨൩	വൈക്കം	൫൪	൧൭൦൦
൯	കൊല്ലം	൧൦൯	൧൭൫൭	൨൪	ചേർത്തല	൨൬	൧൫൭൪
൧൦	കൊട്ടാരക്കര	൮൭	൨൬൪൦	൨൫	പീരുമേട്	൯൧	൪൨൦
൧൧	പത്തനാപുരം	൧൨൮	൮൦൦	൨൬	മൂവാറ്റുപുഴ	൧൫൩	൨൬൪൦
൧൨	ചെങ്കോട്ട	൫൨	൧൩൯൫	൨൭	തൊടുപുഴ	൬൪	...
൧൩	കുന്നത്തൂർ	൫൭	൩൯൬൦	൨൮	കുന്നത്തുനാട്	൧൩൭	൩൬൬
൧൪	കരുനാഗപ്പള്ളി	൨൭	൧൭൮൩	൨൯	പറവൂർ	൩൦	൩൬൩൦
൧൫	കാർത്തികപ്പള്ളി	൨൫	൪൨൧൧	൩൦	ദേവികുളം	൧൧൦	൧൪൦൫

ജനസാമാന്യത്തെ സംബന്ധിക്കുന്ന പൊതുകാര്യപ്രമേയങ്ങൾ.

ദേശങ്ങളിൽ എല്ലാവർഗ്ഗക്കാർക്കും റോഡുകളും കുളങ്ങളും സത്രങ്ങളും തുറന്നുവിടുന്നതിനെപ്പറ്റി (തുടർച്ച).

പ്രസിഡന്റ്: ൪-ാംനമ്പർ പ്രമേയത്തെപ്പറ്റി പ്രതിവാദം തുടങ്ങാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, ഇന്നലെ വൈകുന്നേരം ഞാൻ പ്രസ്താവിച്ചുകൊണ്ടിരുന്നതു തപാൽവകുപ്പിനെ അനുസ്മരമാക്കിയാൽ കൗൺസിലിന്റെ പ്രമേയത്തിന്റെ ശരിയായ വ്യാപ്തിയും വാസ്തവത്തിലുള്ള അർത്ഥവും എന്താണെന്നായിരുന്നു. അതായതു ഗവർമ്മെന്റുവക ജനസാധനത്തിനോ സ്ഥാപനത്തിനോ ഉപയോഗപ്പെടുത്തുന്നതെങ്കിൽ ആ സാധനമോ സ്ഥാപനമോ ആ കാരണത്താൽതന്നെ പൊതുവിൽ ഏതംഗത്തിനും ഉപയോഗിക്കാമെന്നാണ്. ഈ സാരാർത്ഥത്തിന്റെ മറിച്ചുള്ള വ്യാഖ്യാനം ഞാൻ കൗൺസിലിന്റെ ശ്രദ്ധയിൽ വരുത്തട്ടെ. അതായതു പൊതുവിലോ അർദ്ധപൊതുവിലായുള്ളതോ ആയ ഏതെങ്കിലും ജനസാധനത്തിനോ സ്ഥാപനത്തിനോ വേണ്ടി ഗവർമ്മെന്റുവക ഉപയോഗിക്കാൻ നിശ്ചയിച്ചിട്ടില്ലാത്ത പക്ഷം പൊതുവോ അർദ്ധപൊതുവോ ആയ ആ സാധനമോ സ്ഥാപനമോ പബ്ലിക്കിലെ എല്ലാ അംഗത്തിനോ വർഗ്ഗത്തിനോ ഉപയോഗമാക്കേണ്ടതായിട്ടില്ല എന്നാണ്. മറുരൂപത്തിൽ പറകയാണെങ്കിൽ മി. ആശാന്റെ പ്രമേയവും അതിൽ അടങ്ങിയ അഭിപ്രായവും സാധിപ്പിച്ചുകൊടുപ്പാനായി ജാതികാരണം പറഞ്ഞു ഒരു കൂട്ടർക്കു പ്രത്യേകിച്ചു വച്ചിരിക്കുന്ന ആ സാധനത്തിനോ സ്ഥാപനത്തിനോ ചിലവാകുന്ന തുക ഗവർമ്മെന്റു നിർത്തിവച്ചു അതിലേക്കു ചിലവിടാതെ ഇരിക്കുന്നാൽ മതിയാകുന്നതാണ്. അങ്ങനെ ചെയ്താൽതന്നെയും ഗവർമ്മെന്റു ചിലവു വേണ്ടെന്നുവച്ചാൽ ആ സാധനമോ സ്ഥാപനമോ പൊതുസമൂഹത്തിനും പൊതുസ്വത്തിനും അത്യാവശ്യമായിട്ടുവന്നേക്കും.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേകവർഗ്ഗക്കാർക്കുവേണ്ടി ഒരു പ്രത്യേക റോഡോ സ്ഥാപനമോ സംരക്ഷണം ചെയ്തു പോരുന്നുവെങ്കിൽ അവ ഏതുവർഗ്ഗത്തിനാണോ പ്രത്യേകിച്ചാക്കി വച്ചിട്ടുള്ളതു അവർതന്നെ അതിനെ സംരക്ഷിച്ചു പോരണമെന്നു ഗവർമ്മെന്റിനു തീർച്ചപ്പെടുത്താൻ പാടില്ലയോ എന്നു വിദ്വാനായ മെമ്പർ പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ, ജനസാമാന്യപ്രമാണമായിട്ട് അതിനെ സ്വീകരിക്കാൻ പാടില്ല. ഒരു പ്രത്യേകവർഗ്ഗത്തിനോ ഒരു ആളിനോ വ്യവസ്ഥപ്പെടുത്തപ്പെട്ടവർക്കുവേണ്ടി ഗവർമ്മെന്റിനു പണം ചിലവിടേണ്ടിവരും. ഒരു സാദൃശ്യമായി ഒരു കാര്യം ഇനിയും പറയാം. അതി.

തെവലപ്പായി ഉദ്യമപ്പെടുത്താൻ ശ്രമിക്കരുത്. എനിക്കുമീതം ചിലപ്പോൾ വന്നേക്കാമെന്ന വിചാരിക്കാം. എന്റെ സ്വന്ത ചിലവിൽ ഞാൻ ആശുപത്രിയിൽ ചികിത്സയ്ക്കായി ഇരിക്കുന്ന ഒരു പാവപ്പെട്ടവനെന്ന അതിൽ ചിലവാക്കിയ്ക്കുന്നു ഞാൻ ചികിത്സിക്കപ്പെട്ടത് എന്റെ സ്വന്തചിലവിലാണ്. മീനക്കാരല്ലാത്തവർക്ക അതിനർഹതയില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിങ്ങൾ ഒരുപ്രത്യേകസമുദായ ത്തിൽ പെട്ടവനാകകൊണ്ടു നിങ്ങളെ ചികിത്സിച്ചില്ലെന്നു വിചാരിക്കണം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അല്ല. മെഡിക്കൽ പ്രൊഫഷൻ ഉദാഹരണമായി ഞാൻചൂണ്ടിക്കാണിച്ചു കൊണ്ടുവരുന്നതു പൊതുമുതൽ ഉപയോഗിച്ചുണ്ടാകുന്ന പൊതുവിൽ എല്ലാവർക്കും അതു ഉപയോഗിക്കാൻ അർഹതയുണ്ടാകണമെന്നില്ല എന്നാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): പൊതുവിൽ ഭിക്ഷക്കാർക്കും ആശുപത്രി സഹായം ഇല്ലാതെ യുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്, സ്വദേശികളില്ലാത്തവർക്ക് സാമ്പത്തികനിലയെ അധികം കടന്നുവിചാരിക്കരുത്. ഞാൻ ഈ ഉദാഹരണത്തെ പ്രസ്താവിച്ചു. പെ ഇവിടെ ഞങ്ങൾക്ക കേവലം ഒരു ഗവൺമെന്റ്ജീവനക്കാരനായി മാത്രം ചിലവാക്കി എനിതിക്കാട്ട അത് അക്കാരണ ത്താൽ ഒരു ഭരണാധികാരപ്രവൃത്തിയെന്ന പറയാനാവില്ല.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചികിത്സക്കായിച്ചെല്ലുന്ന എല്ലാ ജനങ്ങൾക്കും ആശുപത്രി ഉതകുന്നില്ലേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതങ്ങിനെതന്നെ. ഞാൻ പറയുന്നതു പൊതുമുതൽ എന്തിലെങ്കിലും ഉപയോഗിച്ചുള്ളതുകൊണ്ടു എല്ലാവർക്കും അതുഉപയോഗിക്കാൻ സന്ദർ ഭവും അവകാശവും വേണമെന്ന അർത്ഥമാകുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): റോഡുകൾമുതലായവ പബ്ലിക്കിലെ സകല അംഗങ്ങളുമായി ബന്ധമായി ഉപയോഗിക്കണം എന്ന നിർദ്ദേശിച്ചു വല്ലതും പ്രമേയത്തിൽ ഉണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. പ്രമേയത്തിലെ വാ ക്കുകൾകൊണ്ട് അങ്ങിനെ അർത്ഥമാകാം. ഉപക്ഷേപകൻ മറിച്ചുള്ളതാണെന്ന പറയാൻ മെയുണ്ടായില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെയല്ലെന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എന്റെഅഭിപ്രായത്തിൽ 'എ ല്ലാവർഗ്ഗക്കാർക്കും' എന്നതിന പലവർഗ്ഗത്തിൽപെട്ടവരാകണമെങ്കിലും പബ്ലിക്കിലെ എല്ലാ അംഗമെന്ന അർത്ഥ മാകാം.

മി. മാത്യു മുരിക്കൻ (വൈക്കം): എങ്കിലും ഒരുമനുഷ്യൻ ഒരു പ്രത്യേകസമുദായത്തിലോ ജാതിയിലോ മ തവിശ്വാസത്തിലോ പെട്ടയാളാണെന്ന കാരണത്താൽ അയാൾക്ക ആശുപത്രിയിലെ പ്രവേശനം അനുവദി ക്കാതിരിക്കുന്നതുന്യായമാണെന്ന വിചാരിക്കുന്ന മാന്യമെമ്പർ പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇല്ല. ഒരിക്കലും ഇല്ല. പൊ തുമുതൽ ഉപയോഗപ്പെടുത്തി ചെയ്തതൊക്കെ എല്ലാവരും ഉപയോഗിക്കാവുന്നതല്ലെന്നകാണിക്കാൻ ഒരു ഉദാഹ രണം പറഞ്ഞതാണ്.

മി. എസ്. ചിറവിളപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, മറ്റും): പൊതുമുതൽ ബ്രാഹ്മണരുടെ പത്തിക്ക ചിലവിടുന്നതാണെന്നുള്ള കാരണത്താൽ എല്ലാ ആളുകൾക്കും അതു ഉപയോഗിക്കണമെന്നാണോ ആ ബഹുമാനപ്പെട്ട മാന്യമെമ്പർ പറയുമോ? (ചിരി)

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): തീർച്ചയായിട്ടും ഇല്ല. എ ന്റെ അഭിപ്രായത്തെ ബലപ്പെടുത്താൻ മറ്റൊരുദാഹരണംപറഞ്ഞ മി. ചിറവിളപെരുമാൾപിള്ളയോടു ഞാൻ നന്ദിപറയുന്നു. ഈ ഉദാഹരണംകൊണ്ടു കൌൺസിലിനെ മനസ്സിലാക്കുന്നതു പൊതുമുതൽ ഏതുസ്ഥാപനത്തി ലെങ്കിലും ഉപയോഗിക്കുന്നതായാൽ ആ കാരണത്താൽ എല്ലാവരും അതു ഉപയോഗിക്കണമെന്ന സിദ്ധാന്തിക്കാവു ന്നതല്ലായെന്നാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): അതുപയോഗിക്കേണ്ട ആവശ്യമുള്ളവന് അതു ഉപയോഗിക്കരുതെ ന്നാണോ എന്റെ സ്നേഹിതൻ അർത്ഥമാക്കുന്നത്? സവർണ്ണന്മാർക്കും ബ്രാഹ്മണപത്തിയിൽ പോകേണ്ടതായ ആവശ്യം വരണമെന്നില്ല.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു പൊതുസ്ഥാപനം പൊ തുജനസൗകര്യത്തിനും പൊതുസുഖത്തിനും ആവശ്യമെന്നാകുമ്പോൾ അതു പൊതുവിൽ എല്ലാവർക്കും ഉപയോ ഗപ്രദമാകേണ്ടതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ശരി. അങ്ങിനെതന്നെ. ആ നില എനിക്ക ശരിയായി മനസ്സിലാക്കാം. ഇതിനാലാണ് ഇതുവരെ ഞാൻ വാദിച്ചുകൊണ്ടിരുന്നത്. എന്നാൽ ഞാൻ തടഞ്ഞുപറയുന്നത്, പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന ഒരു റോഡ്, ആ കാരണത്താൽ പബ്ലിക്കിലെ ഏതംഗത്തിനും അതു പൊതുവാകണം എന്ന സാമാന്യപ്രമാണം ശരിയല്ലെന്നാണ്. ഇതാ ഒരു പബ്ലിക്ക്റോഡ്, അതു പൊതുജനസൗകര്യത്തിനാവശ്യമാണ്. അതു ചില ജാതിക്കാർക്ക തടഞ്ഞിട്ടിരിക്കുന്നു എന്ന നിങ്ങൾ പറയുകയാണ്. എന്നാൽ ഗവണ്മെന്റ് അതിനെപ്പറ്റി ഉടനെ തീരുമാനിക്കും.

ഞാൻ ബഹുമാനപ്പെട്ട പുരയിടത്തിന്റെയും ഗവൺസിലിൽ ബംഗ്ലാവിന്റെയും കാര്യം ഉദാഹരിച്ചപ്പോൾ അവരോ എന്നെ എതിർത്തു. അതു എല്ലാ അംഗങ്ങൾക്കുമല്ലെങ്കിലും എല്ലാജാതിക്കും ഉപയോഗിക്കാവുന്നതാണെന്ന പ റയുകയുണ്ടായി. ഇന്ന് രാവിലെ ഇങ്ങോട്ടുവരുന്നവഴി ഞാൻ ഇതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നു. അ പ്പോൾ എനിക്കുതോന്നിയ മറ്റൊരു ഉദാഹരണം ഇതാണ്. (മെമ്പർമാർക്കുള്ള ഗവലറിയ്ക്കുള്ള ഷെഡ്ഡ്ക ളെ ചൂണ്ടിക്കാണിച്ചുകൊണ്ടു) ആ ഷെഡ്ഡുകളെ നോക്കുക. അവയെല്ലാം ഉണ്ടാക്കിയതു പൊതുഫണ്ടിൽനിന്നാ ണ്. അവയിൽ ഒരു ഷെഡ്ഡ് മാത്രം, വിശ്രമിക്കാനുള്ള ഒന്ന് എല്ലാവർക്കും ജാതിഭേദംകൂടാതെയുണ്ട്. ഏന്നാൽ വേറെയുള്ളവ, കാപ്പികുടിക്കാനുള്ളത്, ഒന്നു നായർക്കും ഒന്നു ക്രിസ്ത്യാനും, ഒന്നു മഹമ്മദീയർക്കും എന്നിങ്ങനെയു ള്ളതാണ്.

മി. എൻ. കുഞ്ഞൻപിള്ള (തിരുവനന്തപുരം): അതു പോരില്ലെന്നു ഞങ്ങൾ പറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഞാൻ പറയുന്നതു്, പൊതു ... കെട്ടിച്ചമയ്ക്കുന്ന ഷെഡുകളാണെങ്കിലും എല്ലാമെമ്പറിനും എല്ലാ ഷെഡിലും കേറാൻ പാടില്ല. പ്രത്യേകം ... കെട്ടിച്ചമയ്ക്കുന്ന ഷെഡുകളാണെങ്കിലും ... ബ്രാഹ്മണരുടെ ഉപയോഗത്തിനു കെട്ടിയ ഷെഡിൽ ക്രിസ്ത്യാനിക്കു ... ക്രിസ്ത്യാനികളുടെ ഷെഡിൽ നായർക്കു പാടില്ല എന്നിങ്ങനെയാണ്. എന്നിട്ട ആരാണ് അതിനെ ആക്ഷേപിക്കുന്നതു്?

മി. ടി. സി. ജോസഫ് (അഗസ്തീശ്വരം): കൌൺസിൽമെമ്പറന്മാർ എല്ലാം ഒരു പ്രത്യേകസമുദായത്തിലുള്ളവരാണെന്നു ... ബഹുമാനപ്പെട്ട മെമ്പർ പറയുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല, അതുതന്നെയാണ് ഞാൻ പറഞ്ഞുവന്നതു്, ഒരുജാതിക്കാർ മാത്രമായിട്ടു ഷെഡുകൾ ഉപയോഗിക്കുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ഷെഡുകളെല്ലാം മെമ്പറന്മാരുടെ അപേക്ഷപ്രകാരം കെട്ടിയവയാണെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ ചോദ്യം സന്ദർഭമല്ല. ... ഈ ഷെഡുകളെല്ലാം പൊതുജനങ്ങളുടെ ... കെട്ടിയവയാണെങ്കിലും, എല്ലാ ... എല്ലാ മെമ്പറന്മാർക്കും എല്ലാഷെഡിലും പ്രവേശനം അനുവദിക്കില്ല.

മി. ... ചോദ്യം ... ഷെഡുകളെല്ലാം മെമ്പറന്മാരുടെ അപേക്ഷപ്രകാരമാണോ കെട്ടിയതു എന്നാണ്. ... ഷെഡുകളാണെങ്കിൽ ... ഗവർമെന്റു ഒരു ഷെഡുതന്നെ കെട്ടിക്കൊടുക്കുന്നാൽ എല്ലാമെമ്പറന്മാർക്കും ... സൌകര്യങ്ങളും ... അങ്ങിനെ ഒരു നില, ഗവർമെന്റു് അംഗീകരിക്കുന്നതായാൽ അതു ... പ്രത്യേകം സമുദായത്തിനു പ്രത്യേകം ഷെഡുകൾ വേണമെന്നു സമ്മതിച്ചതായി കരുതി, പൊതുചിലവിൽ കെട്ടിക്കൊടുക്കാൻ ഇടവന്നതാണ്. ഇതിനാൽപ്പറ്റി ... പ്രത്യേകം ... സമുദായത്തിന്റെ സൌകര്യങ്ങൾക്കായിരിക്കുന്നു. അതിനാൽ, ... പ്രത്യേകം ഷെഡ് ആവശ്യമായി തോന്നി.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഒരു മിശ്രഭോജനഷെഡ് മെമ്പറന്മാരിൽ വളരെപ്പേർക്കും സമ്മതമല്ലേ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): അതെനിക്കറിഞ്ഞുകൂടാ, വോട്ടെടുത്തുനോക്കുന്നതാണെങ്കിൽ അറിയാം.

ഞാൻ പറയുന്നതു ഇതാണ്, പ്രത്യേകമായി ഒരു സമുദായത്തിന്റെ ഗുണത്തിനായി, പൊതുമുതൽ ഉപയോഗിക്കേണ്ടിവരുമെന്നുള്ള കാരണം പറഞ്ഞു് പ്രത്യേകഷെഡുകൾ കെട്ടാൻകഴികയില്ലായെന്നു ഗവർമെന്റിനു പറയാൻ പ്രയാസമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെ പറകയാണെങ്കിൽ, പബ്ലിക്ക് ആഫീസിലുള്ള ലിവാകന്റെ മുറിയിൽ എല്ലാവർക്കും എല്ലാസമയത്തും പോയി ഇരിക്കാവുന്നതാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അല്ല, അതു ബോലികാസ്കൂൾ പുരയിടത്തിലെ റോഡിന്റെ ഉദാഹരണംപോലെയാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എന്റെ പ്രമേയത്തിൽ ഈ വക സംഗതികളും അന്തർഭവിച്ചതായി മെമ്പർ വിചാരിക്കുന്നോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): എനിക്കറിഞ്ഞുകൂടാ. മിസ്റ്റർ ആശാൻ വിവരണത്തോടുകൂടിയ ഒരു പ്രസ്താവന നടത്തിയില്ല, അതുകൊണ്ടു പ്രമേയത്തിലെ വാക്കുകളെ അടിസ്ഥാനപ്പെടുത്തിയാണു പറയുന്നതു്.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ഭക്തിവിലാസത്തിലെ കുളങ്ങളെ അതു ബന്ധിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രമേയം ഇപ്പോഴുള്ള നിലക്കു ബന്ധിക്കും.

മി. എസ്. പരമേശ്വരൻപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ദേവസ്വംവകയും കൊട്ടാരംവകയും ആയ ഫണ്ടിൽനിന്നും സംരക്ഷിച്ചുപോരുന്ന സ്ഥാപനങ്ങളെ ബന്ധിക്കുമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മി. ആശാൻ പ്രമേയത്തിൽനിന്നും അവയെ ഒഴിച്ചിട്ടുണ്ടെന്നു പറകയുണ്ടായി.

മി. ടി. സി. ജോസഫ് (അഗസ്തീശ്വരം): കൊട്ടാരംവക ... റോഡുകളെ ഉൾപ്പെടുത്തുന്നുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): പ്രമേയത്തിലെ വാക്കുകൾ നോക്കിയാൽ അവയെ ഒഴിവാക്കുന്നില്ല. എന്നാൽ മി. ആശാൻ അവയെ ഒഴിച്ചുവിടുന്നതായി വ്യക്തമാക്കപ്പെടുത്തി പറഞ്ഞു.

മി. ടി. സി. ജോസഫ് (അഗസ്തീശ്വരം): ട്രാംസിറ്റിം ബംഗ്ലാവുകളുപയോഗിക്കുന്നതിൽ ഏതെങ്കിലും പ്രത്യേകവർഗ്ഗക്കാർക്കു തടസ്സമുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ഞാൻ ഒരു സാമ്യമാക്കി പറഞ്ഞതാണ്. എന്റെ ... ഒന്നുകൂടി ... സ്പഷ്ടമാക്കിത്തരുവാനുള്ള ഒരു ഉപായം മിസ്റ്റർ ജോസഫിനു പറഞ്ഞുതരാം, ആ ഷെഡുകളെ നോക്കണം. അതു ഉദാഹരണമായിരിക്കും.

മി. മാത്യു മുരിക്കൻ (വൈക്കം): താങ്കൾ പറഞ്ഞ ഒരു ഷെഡായി കരുതിയാൽ ഉപ്യമാക്കിപ്പറയാൻ ഒന്നുമില്ല.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സാധാരണ നടപടിനോക്കുകയാണെങ്കിൽ നിങ്ങൾ ഏതുനിലയിൽ ആലോചിച്ചാലും, ഒരു സമുദായത്തിലെ ഒരു മെമ്പറിന്, വേറൊരു സമുദായത്തിനു വച്ചിരിക്കുന്ന റോഡിൽ പ്രവേശിക്കാൻ പാടില്ല. എന്നിരുന്നിട്ടും ആരുംതന്നെ അതിനെ എതിർത്താക്ഷേപിക്കുന്നില്ല. പൊതുമുതൽ അതിനു ചിലവിടുകയും ചെയ്യുന്നു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെമ്പർ): നാട്ടുകളിലെ പ്രത്യേകം റോഡുകൾ ഉണ്ടായിരുന്നാൽ എല്ലാജാതിക്കാർക്കും പ്രവേശിക്കാമോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അതിനെപ്പറ്റി പിന്നീട് പറയാം.

ഞാൻ ഇപ്പോൾ റോഡുകളെപ്പറ്റിയാണു പറയുന്നത്. മി. ആശാന്റെ പ്രമേയത്തിൽകാണിച്ചിരിക്കുന്ന ലക്ഷ്യവും പരസ്യമാക്കുന്ന ഭാവവും, ഒരു റോഡു പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന കാരണത്തെ അടിസ്ഥാനപ്പെടുത്തി അതു എല്ലാവർക്കും തുറന്നുവിടണമെന്നാണെങ്കിൽ, അതു സ്വീകരിക്കാൻ പാടുള്ളതല്ല. നേരെമറിച്ചു മി. കുമാരനാശാന്റെ വാദം, ഒരു പബ്ലിക്കുറോഡോ, ഏതെങ്കിലും റോഡോ പൊതുജനസൗകര്യത്തിനാവശ്യമെന്നുകണ്ടാൽ അതു ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. അങ്ങിനെയുള്ള റോഡുകളെപ്പറ്റി മി. കുമാരനാശാൻ ഇവിടെ കൌൺസിലിലോ ഗവൺമെന്റിലോ അറിയിക്കുന്നപക്ഷം ആ വക റോഡുകൾ പൊതുസൌകര്യത്തിനാവശ്യമായിക്കണ്ടാൽ, അതു ആലോചിക്കാവുന്നതാണ്. ഒരുവക റോഡുകൾ എല്ലാവർഗ്ഗക്കാർക്കും തുറന്നുവിട്ടതായി ഒരു മെമ്പർ എന്നോടു സംസാരത്തിനിടക്കു പറകയുണ്ടായി. ഗവൺമെന്റ് ആവശ്യം ബോദ്ധ്യപ്പെട്ടാൽ പുതുതെങ്കിലും റോഡ് ഉണ്ടാക്കുന്നതാണെന്നു അതുതന്നെ ഒരു ബലമായ ഉദാഹരണമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രക്ഷോഭണത്തിനുശേഷവും ശിക്ഷകൾ ചുമത്തിയതുമല്ലേ ഈവക റോഡുകൾ തുറന്നുവിട്ടത്?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): റോഡുകൾ തുറക്കണമെന്നു ഗവൺമെന്റിനു ശരിയായി ബോദ്ധ്യപ്പെട്ടപ്പോൾ ഗവൺമെന്റു അപ്രകാരംചെയ്തു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ റോഡുകൾ രാജപാതകളല്ലാ ഗ്രാമവീഥികളല്ലായെന്നു പറയാമോ?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): റിക്കാർട്ടുകൾ എന്റെ കയ്യിൽ ഇല്ല. ഒരുപക്ഷേ അവ ഗ്രാമവീഥിയായിരിക്കും.

വേറൊരു ഉദാഹരണം നോക്കാം. കാക്കാട്ട റോഡിനെപ്പറ്റി ഗ്രാമക്കാർ പറയുന്നതു അതു അവരുടെ സ്വന്തഉപയോഗത്തിനായിട്ടുള്ളതാണെന്നാണ്. റോഡു എല്ലാ വർഗ്ഗക്കാർക്കുമില്ലാതെ എന്നമട്ടിൽ തടഞ്ഞിരുന്നതിനാൽ അയൽവാസികൾക്കു വളരെ അസൗകര്യമുള്ളതായി ഈ കൌൺസിലിന്റെ അറിവിൽ കൊണ്ടുവരാൻ ഇടവന്നു. ഗ്രാമക്കാരുടെ അവകാശങ്ങളെ ധിക്കരിക്കുന്നതിനു വഹിയാഞ്ഞിട്ടോ ആവശ്യമില്ലാഞ്ഞിട്ടോ അതിനെതിരായി പ്രവൃത്തിച്ചില്ല. അതുകൊണ്ടു ഗവൺമെന്റു സാമാന്യജനങ്ങൾക്കായി വേറെ ഒരു റോഡുവെട്ടിക്കയും പഴയറോഡു യഥാസ്ഥിതിയിൽ വച്ചിരിക്കയുംചെയ്തു. അതിൽനിന്നും ഗ്രഹിക്കുന്ന കാര്യം എന്തെന്നാൽ പൊതുസൗകര്യം വേണ്ട ശ്രദ്ധയോടെ നോക്കുന്നുണ്ടു എന്നാണ്. പൊതുസൗകര്യം കാരണമാക്കി ഏതെങ്കിലും റോഡു വേണമെന്നു ഗവൺമെന്റിനു ബോദ്ധ്യംവന്നാൽ നിശ്ചയമായിട്ടും ഗവൺമെന്റു പരിഹാരമുണ്ടാക്കും എന്നുള്ളതിലേക്കു ഈവക ഉദാഹരണങ്ങൾകൊണ്ടു സ്പഷ്ടമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുതിയറോഡു ആരുടെ ചിലവിലാണ് ഉണ്ടാക്കിയത്?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗവൺമെന്റിന്റെ ചിലവിൽ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗ്രാമക്കാർ എതിർത്തതുകൊണ്ടു അവർക്കു ഗുണമോ ദോഷമോ ഉണ്ടായതു?

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു ഓരോരുത്തരുടെ അഭിപ്രായംപോലെയാണ്. അതു ഒന്നുകിൽ ഗുണമായിരിക്കാം അല്ലെങ്കിൽ ദോഷം. എനിക്കു പറവാനുള്ളതു ഒരു റോഡു അടയ്ക്കപ്പെട്ടതുകൊണ്ടു പൊതുജനങ്ങൾക്കു അസൗകര്യം നേരിട്ടപ്പോൾ അവർക്കുവേണ്ടി ഒരു റോഡ് ഉണ്ടാക്കിയെന്നാണ്. പൊതുജനങ്ങളുടെ സൌകര്യങ്ങളെ ഗവൺമെന്റു ഒട്ടുംതന്നെ വിസ്മരിക്കുന്നില്ലെന്നുകാണിക്കാൻ ഈ ഉദാഹരണങ്ങളെ പറഞ്ഞതാണ്.

എല്ലാ സമുദായക്കാർക്കുമായി തുറന്നുവിടേണ്ടതായ കുളത്തിനോ റോഡിനോ പൊതുമുതൽ ഉപയോഗിക്കുന്നു എന്ന തക്കത്തിന്മേലാണ് എന്റെ ആക്ഷേപം. നേരെമറിച്ച്, ഏതെങ്കിലും റോഡോ, പബ്ലിക്കുറോഡുകളോ മിസ്റ്റർ ആശാനോ മറ്റുവല്ലവരുമോ ആവശ്യമെന്നുകാണിച്ചു കൌൺസിലിനെയോ ഗവൺമെന്റിനെയോ അറിയിക്കുന്നപക്ഷം അതിന്റെ ഗുണദോഷം ഗവൺമെന്റു മനസ്സിലാക്കി, ആവശ്യമെന്നു കാണുന്നതായാൽ ഗവൺമെന്റു അവരുടെ ശക്തിയിൽപ്പെട്ടിടത്തോളം പൊതുസൌകര്യത്തിനും പൊതുഗുണത്തിനുംവേണ്ടി സകലവും പ്രവൃത്തിക്കുന്നതാണ്.

കുളങ്ങളേയും സത്രങ്ങളേയും അപേക്ഷിച്ചു റോഡുകളുടെകാര്യം വ്യത്യസ്തമായി തീരുമാനിക്കണമെന്നാണു ഞാൻ വിചാരിക്കുന്നത്. ഇന്നലെ പ്രസ്താവിച്ചതുപോലെ സംസ്ഥാനത്തു റോഡുകൾ രണ്ടായി വേർതിരിക്കാം. അവ രാജപാതകൾ അതായതു ഞാൻ പേർപറയുന്നതു പൂർണ്ണാവകാശമുള്ള റോഡുകൾ, മറ്റേതു ഗ്രാമവീഥികൾ, അതായതു ക്ലിപ്താവകാശമുള്ള റോഡുകൾ. ക്ലിപ്താവകാശമുള്ള റോഡുകളെസംബന്ധിച്ചു ചില പ്രത്യേകവർഗ്ഗക്കാർക്കു പ്രത്യേകം അവകാശമുള്ളതായി സിവിൽകോടതി അംഗീകരിച്ചിരിക്കുന്നു. സിവിൽകോടതിയിൽ സ്ഥാപിക്കാവുന്നതായ ഇത്തരം ആളുകളുടെ അവകാശത്തെ തടയുന്നതിനു മതിയായ ബലമുള്ള കാരണങ്ങൾ ഉണ്ടായിരിക്കണം. നീതിന്യായസ്ഥാപനത്തോടു ഗവൺമെന്റു മല്ലിടുന്നതു തീരെ യുക്തമല്ലാത്ത ഒരു നയമാണ്. ഈ സഭ അതിലേക്കാവശ്യപ്പെടുകയില്ലെന്നാണു എന്റെ വിശ്വാസം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജ്യത്തെ നടപ്പാചാരങ്ങളെ ഖണ്ഡിച്ചു നീതിന്യായസ്ഥാപനം ചെയ്യുന്നില്ലെന്നുള്ള വിധമായ ഗവർമ്മെന്റ് അറിയിക്കുമോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെ സംഭവിക്കുമ്പോൾ, വ്യവസ്ഥപ്പെട്ട കോടതികളുടെ തീർപ്പുകൾ നമ്മുടെ ഗസ്റ്റിൽ പരിശോധിക്കുന്നതാകാമല്ലോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാലാനുസാരമായിട്ട ചില ആചാരങ്ങൾ മാറേണ്ടതാണെന്നു നിയമകർത്താക്കൾ അഭിപ്രായം രേഖപ്പെടുത്തുന്നതുവരെ നിയമകോടതി ആ അഭിപ്രായത്തെ വിലവയ്ക്കേണ്ടതില്ല എന്നുള്ളതു ശരിയാണോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, നിയമസഭ പാസാക്കിയ സംഗതികൾ കോടതിയിൽ തെളിവായി സ്വീകരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല. ആചാരങ്ങൾ കാലക്രമത്തിൽ മാറിപ്പോകാവുന്നതല്ലാതെ, മാറ്റേണ്ടവയും ഭയങ്കരവുമായിട്ടുള്ളവയെന്നു മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ അഭിപ്രായമെന്നു തോന്നുന്നതായാൽ അങ്ങനെയുള്ള സിവിൽക്കോടതിയിൽ വിഷയമായിട്ടും വേണ്ടപോലെ തക്കിച്ചു അവയെ മാററുകയോ നീക്കുകയോ ചെയ്യാൻ അവകാശമുണ്ട്. ആക്കം അതിലേക്കു ഒട്ടുംതന്നെ ആക്ഷേപമില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): സിവിൽക്കോടതി തീരുമാനത്തിനു ശേഷമാണോ വഴിച്ചോലുകൾ എല്ലാവർക്കും അവകാശപ്പെട്ടതാക്കിത്തീർത്തു?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ ചോദ്യത്തിനു മറുപടി പറയാൻ വേണ്ട വിവരങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. എന്റെ വാദം ഗവർമ്മെന്റു നീതിന്യായ കോടതിയായിട്ട ഇടപെടാൻ ഇടവരരുതു എന്നാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ കാര്യം മുഴുവനും നീതിന്യായകോടതികളെ ആശ്രയിച്ചാണ്. നിയമകർത്താക്കൾക്കില്ല എന്നുള്ളതു ശരിയാണോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ക്ലിപ്തപ്പെടുത്തിയ റോഡുകളുടെ അവകാശത്തെ സംബന്ധിച്ചു പ്രഥമമായി തന്നെ, നിയമസ്ഥാപനാധികാരസീമയിലുള്ളവയാണെന്ന വിചാരിക്കാവുന്നതാണ്. ഏതെങ്കിലുമൊരു നിയമകർത്താക്കൾ ചില റോഡുകൾ, ക്ലിപ്താവകാശറോഡുകൾ ആയതു ഗ്രാമവീഥികൾ ആക്കിട്ട സ്ഥാപിച്ചിട്ടുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): നിയമസ്ഥാപനം നടപ്പാചാരങ്ങൾ കാലോചിതമല്ലെന്ന പക്ഷമാണെങ്കിൽ നിയമകർത്താക്കളോ ഗവർമ്മെന്റോ കാര്യത്തിൽ പ്രവേശിച്ചു നടപ്പാചാരങ്ങളെ നീക്കാൻ പാടില്ലയോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): നിയമകർത്താക്കൾക്കു കഴിയുന്നതാണ്. എന്നാൽ ഗവർമ്മെന്റിനധികാരമുണ്ടോ എന്ന എനിക്കു സംശയമാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ചീത്തനടപ്പാചാരങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ നിയമസ്ഥാപനത്തെ സഹായിക്കേണ്ടതു ഗവർമ്മെന്റിന്റെ ചുമതലയല്ലയോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): എനിക്കു ചോദ്യം മനസ്സിലാക്കാൻ സാധിക്കുന്നില്ല. ഗവർമ്മെന്റു നിയമസ്ഥാപനത്തിന്റെ ജോലിയിൽ കൈകടത്തുക പതിവില്ല. നിയമസ്ഥാപനം അവരുടെ സ്വാതന്ത്ര്യത്തോടെ ആസ്പദമാക്കി ജോലി നടത്തുന്നു. ഗവർമ്മെന്റാകട്ടെ, അതായതു എക്സിക്യൂട്ടിവ് (കാര്യനിർവാഹക) ഗവർമ്മെന്റ രാജ്യത്തെ നടപ്പാചാരത്തേയും നീതിന്യായസ്ഥാപനത്തിന്റെ വിധികളേയും ബലവത്താക്കിപ്പോരുന്നതേയുള്ളു.

പിന്നീട്ട രാജപാതകളെപ്പററി പറയുകയാണെങ്കിൽ അവ എല്ലാ വർഗ്ഗക്കാർക്കും ഇപ്പോൾതന്നെ അവകാശമുള്ളവയാണ്. ഗ്രാമവീഥികളെസംബന്ധിച്ചു സ്വല്പം ദുർഘടങ്ങൾ ഉണ്ട്. ഏതെങ്കിലും ഒരു കേസ്സു സംഭവിക്കുന്നപക്ഷം ഗവർമ്മെന്റിനെക്കൊണ്ടാളും നിവൃത്തിമാർഗ്ഗം കൊണ്ടു ഈ ദുർഘടങ്ങളെ അകററാൻകഴിയും. എന്നാൽ പ്രമേയം കാണുന്നവിധം അതു വളരെ വ്യാപ്തിപരമാണ്. ഒരു സാമാന്യപ്രമാണമായി അതിനെ സ്വീകരിക്കാൻ പാടില്ല. പബ്ലിക്കിനു ആവശ്യമായി ഏതെങ്കിലും റോഡുകൾ പറഞ്ഞുതന്നപക്ഷം ഗവർമ്മെന്റ അക്കാര്യത്തിൽ പ്രവേശിച്ചു ശരിപ്പെടുത്താൻ കഴിയുന്നതു ശ്രമിക്കുന്നതാണ്. വസ്തുതം, കാർക്കാട്ട ഇതുവരെ കഴിയാലോചിച്ചും മിസ്റ്റർ ആശാൻ ഞാൻ പറയുന്നതിനെ ഉറപ്പായി സ്വീകരിച്ചും ഈ പ്രമേയം പിൻവലിക്കയും ക്ലിപ്താവകാശമെന്ന വിചാരിക്കുന്ന മററുവല്ല റോഡുകളെയും ചൂണ്ടിക്കാണിച്ചു ഒരു പ്രത്യേകപ്രമേയം ഹാജരാക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെയുള്ള റോഡുകളുടെ സ്ഥിതി ഗവർമ്മെന്റദൃഷ്ടിയിൽ കൊണ്ടുവരപ്പെടുന്നതായാൽ അവയുടെ ഗുണദോഷങ്ങളെ നിരൂപണംചെയ്തു പൊതുജനസൗകര്യവും സുഖവുംനോക്കി വേണമെന്നുകണ്ടെങ്കിൽ ഗവർമ്മെന്റ ആവശ്യമുള്ളതു പ്രവൃത്തിക്കും. എന്നാൽ സർ, ഞാൻ ബോധിപ്പിക്കുന്നതു ഇപ്പോഴത്തെ സാമാന്യപ്രമാണത്തെ സ്വീകരിക്കാൻ പാടില്ലെന്നാണ്.

കുളങ്ങളുടേയും സത്രങ്ങളുടേയും കാര്യംവരുമ്പോൾ എന്റെ വാദം ഒന്നുകൂടി ഉറപ്പുള്ളതാണ്. റോഡുകളെസംബന്ധിച്ചുള്ള അവ്യക്തവും സംശയഗ്രസ്തവുമാണ്. റോഡുകൾ തിരുവിതാംകൂറിൽ എല്ലായിടത്തുമുണ്ട്. കുളങ്ങളുടേയും സത്രങ്ങളുടേയും കാര്യം ഒന്നുകൂടി വ്യക്തപ്പെടുത്തി പറയാവുന്നതാണ്. കുളങ്ങളുടെ കാര്യം ഈ സഭയിൽ ഒരു പ്രമേയംമൂലം ഗവർമ്മെന്റിന്റെ അറിവിൽ മുമ്പു കൊണ്ടുവരപ്പെടുകയുണ്ടായി, അതനുസരിച്ചു ഒരു അന്വേഷണം നടത്തുകയും ഇപ്പോൾ ആ സംഗതി ഗവർമ്മെന്റാലോചനയിൽ ഇരിക്കുന്നതുമാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഏതൊക്കെ വർഗ്ഗക്കാർക്കു അവകാശമില്ലാത്ത കുളങ്ങളുടെ കണക്കു ഗവർമ്മെന്റ കൈവശമുണ്ടോ എന്ന പറയാമോ?

മി. കണ്ണാം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗവർമ്മെന്റിന്റെ കൈവശം സകല വിവരങ്ങളും ഉണ്ട്. അവയെപ്പററി ചിന്തചെയ്തു അവസാനഉത്തരവു വേഗംതന്നെ പുറപ്പെടുന്നതാണ്. എന്നാൽ ഇത്രയുംമാത്രം ഞാൻ ഇവിടെ പറയാം. ഗവർമ്മെന്റിന്റെ അന്തർഗതം-തീരുമാനിച്ചതായിട്ടല്ല ഞാൻ പറയുന്നതു-പ്രത്യേകമായുള്ളതായ ദേവസ്വവും കൊട്ടാരവും സംബന്ധിച്ചവ ഒഴിച്ച്, എല്ലാ പൊതുവിലുള്ള കുളങ്ങളും എല്ലാവർക്കും ഉപയോഗിക്കാനായി തുറന്നുവയ്ക്കണമെന്നാണ്. ഇത്രയും പറഞ്ഞുകൊണ്ടു മുഴുവൻ ആലോചന കഴിഞ്ഞു എന്ന വിചാരിക്കരുത്.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ദേവസ്വം കുളങ്ങളും ദേവസ്വംവകതന്നെ സൂക്ഷിച്ചുവരേണ്ടതല്ലയോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മിസ്റ്റർ ആശാന്റെ അഭിപ്രായങ്ങൾ അതിന്റെ പ്രാധാന്യം ആലോചിക്കാതെയാണ്. ക്ഷേത്രത്തിന്റെ അഭിപ്രായം ദേവസ്വത്തോടു ചേർന്നുകിടക്കുന്ന കിണറ്റുകളിൽ പലതും ഉപയോഗശൂന്യമായ കുളങ്ങളും ദേവസ്വം മുതലിൽ നിന്നുതന്നെ സൂക്ഷിച്ചുപോരണമെന്നാണെങ്കിൽ സംഗതി ആലോചിക്കേണ്ട ഒരു കാര്യമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ക്ഷേത്രത്തിന്റെ ദേവസ്വംവകയും കൊട്ടാരത്തിനോടു ചേർന്നുള്ളവയും ഉൾപ്പെടുന്നുണ്ടോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഗ്രാമങ്ങളിൽ ആവിധം കുളങ്ങളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് മി. ആശാന്റെ മുമ്പിൽ വച്ചിട്ടുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ട് അവയെ കുളങ്ങളെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉണ്ട്. ഓരോന്നുമെടുത്തു പരിശോധിച്ചു വേണ്ടതിനെപ്പറ്റി തീർച്ചപ്പെടുത്തിയിട്ടുണ്ട്.

മി. ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ദേവസ്വം മുതലിൽ നിന്നും സൂക്ഷിച്ചുപോരുന്ന കുളങ്ങളെന്നാണ് ഞാൻ പറഞ്ഞതു വിചാരണാ സമയത്തു ചോദ്യം കാണേണ്ടതാണ്.

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ വിചാരിക്കുന്നതു മിസ്റ്റർ ആശാൻ അർത്ഥമാക്കിയതു ദേവസ്വംവകയുള്ള കുളങ്ങളെന്നാണ്. പറഞ്ഞതനുസരിച്ച് ക്രമാനുസൃതനടപടിയല്ലെന്നു വരികയില്ല. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ ഈ കുളങ്ങൾ ഉപയോഗശൂന്യമായി ഒരു പ്രദേശവിശേഷത്തിലുള്ളവയും അതനുസരിച്ചു ഒരു അന്വേഷണം നടത്തുകയും ചെയ്തു. ആ കുളങ്ങളുടെ ഒരു ലിസ്റ്റ് ഗവണ്മെന്റിനു കിട്ടിയതു മുതൽ ഇതുവരെ ശരിയായിട്ടില്ല. അന്വേഷണം കഴിഞ്ഞു പൂർത്തിയായിട്ടുള്ളതിനാൽ ഉടനെ ഇക്കാര്യത്തിൽ ഉത്തരവുണ്ടാകുന്നതാണ്.

സത്രങ്ങളെ സംബന്ധിച്ചു പറയുമ്പോൾ കുളങ്ങളുടെ കാര്യത്തെക്കാൾ ഞാൻ ഒന്നുകൂടി ഉൾപ്പെടുത്തിയിരിക്കയാണ്; കാരണം, സത്രങ്ങൾ ഗവണ്മെന്റുവക സ്വന്തമായ സ്ഥാപനങ്ങളാണ്. അല്ലാതെ ദേവസ്വം സൂക്ഷിച്ചു സംരക്ഷിച്ചുപോരുന്നവയല്ല. ഇവയെപ്പറ്റിയും ശ്രീമൂലം പ്രജാസഭയിൽ നിവേദനങ്ങൾ ഉണ്ടായപ്പോഴും, ഒരു പ്രമേയം മൂലവും ഞാൻ വിചാരിക്കുന്നു. ഇവിടെയും ഗവണ്മെന്റു ഉദ്ദേശ്യം മനസ്സിലാക്കിയിട്ടുണ്ട്. അന്വേഷണം നടത്തി, സത്രങ്ങളുടെ ലിസ്റ്റു തയ്യാറാക്കി, അവയുടെ സ്ഥാനങ്ങളും മറ്റും ചേർത്തിട്ടുണ്ട്. എവിടെയെല്ലാം സത്രങ്ങൾ എല്ലാവർഗ്ഗക്കാർക്കും ഉപയോഗിക്കാൻ അനുവദിച്ചിരിക്കുന്നുവോ അവിടെയെല്ലാം അങ്ങിനെ ചെയ്യുന്നുണ്ട്. എന്നാൽ, ക്ഷേത്രങ്ങളുടെ പോലെ, ക്ഷേത്രങ്ങളോടും കൊട്ടാരങ്ങളോടും സംബന്ധിച്ച സത്രങ്ങൾ എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കുന്നതല്ല. ഇവയെപ്പറ്റി സംബന്ധിച്ചിടത്തോളം ദേവസ്വത്തോടു ചേർന്നതോ കൊട്ടാരത്തോടു ചേർന്നതോ ആണെന്നു മിസ്റ്റർ ആശാൻ അഭിപ്രായപ്പെട്ടതിനെക്കാൾ കൂടുതൽ ആലോചിക്കേണ്ടതാണ്. എന്നാൽ കാര്യമായി പറയേണ്ടതു ഇതാണ്; ക്ഷേത്രത്തിനോ കൊട്ടാരത്തിനോ ചേർന്നുകിടക്കുന്ന സത്രങ്ങൾ എല്ലാവർഗ്ഗക്കാർക്കും ഉപയോഗപ്പെടത്തക്കവണ്ണമാക്കാൻ പാടില്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): റെയിൽവേ സത്രം എല്ലാവർക്കും ഉപയോഗിക്കാമോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): റെയിൽവേ സത്രം ഒരു ഗവണ്മെന്റു സത്രമല്ല.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അതു പബ്ലിക്കുഫണ്ടുകൊണ്ടുണ്ടാക്കിയതല്ലയോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതു കൊട്ടാരത്തിലെ പ്രത്യേകപണംകൊണ്ടു ഉണ്ടാക്കിയിട്ടുള്ളതാണ്.

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എല്ലാവരും ഉപയോഗിക്കാൻ പാടില്ലാത്തവയാകിൽ അപ്രകാരമുള്ള സത്രങ്ങൾ അടച്ചുവയ്ക്കണമെന്നാണ് മിസ്റ്റർ ആശാന്റെ വാദമെങ്കിൽ സംശയംകൂടാതെ അങ്ങിനെ ചെയ്യാവുന്നതാണ്. എന്നാൽ അതു പൊതുജനസൌകര്യത്തിനു ഉതകുമോ? ഇപ്പോൾ കുറെ ആളുകൾക്കെങ്കിലും അവ ഉപയോഗിക്കാം. ഈ സഭ ഒരു നിയമമുണ്ടാക്കിയാൽ എന്തിനാണ് തടസ്സംചെയ്യുന്നതു? എങ്കിൽ, പണം ചിലവാക്കി അവയെ സൂക്ഷിക്കുന്നതിനുപകരം അവയെ നിർത്തൽചെയ്യുന്നതു സാദ്ധ്യമാകുന്നതാണ്.

പ്രസിഡണ്ട്: അങ്ങിനെ ആരും പറയുന്നില്ല.

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഉപക്ഷേപകന്റെ പ്രസംഗം ഇല്ലാഞ്ഞതിനാൽ ഈവക ഉദാഹരണങ്ങൾകൊണ്ടു മറുപടി പ്രയാസപ്പെട്ടു പറയേണ്ടിവന്നിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): പൊതുമുതലിൽനിന്നും ചിലവുചെയ്തു സൂക്ഷിച്ചുപോരുന്നതല്ലാത്ത ക്ഷേത്രസംബന്ധമായ സത്രങ്ങളുണ്ടോ?

മി. കല്ലൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പണ്ടാരവകയിൽനിന്നോ മറ്റു മുതലോ ചിലവാക്കി സൂക്ഷിച്ചുവരുന്ന ക്ഷേത്രത്തിനോടു ചേർന്ന സത്രങ്ങളുണ്ട്.

എല്ലാകാര്യവും അന്വേഷണം ചെയ്തു ഗവണ്മെന്റു ഇപ്പോൾ അടിയന്തിരമായി ആലോചിച്ചുവരുന്നതും ഉടനെതന്നെ ഉത്തരവു പ്രസിദ്ധമാക്കുന്നതുമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവർണസമുദായക്കാർക്കുമാത്രം ഉപയോഗിക്കാൻ പാടില്ലാത്ത കേരളത്തിലെ സത്രങ്ങളെപ്പറ്റി എന്തു പറയുന്നു?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ചിലവേള അതു കോവിലി ലതൊട്ടായിരിക്കാം. അതിനെപ്പറ്റി എനിക്കു തീർച്ചപറയാൻതരമില്ല. എങ്കിൽ, അതിനെപ്പറ്റിയും ശ്രദ്ധിച്ചുകൊള്ളാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): സത്രങ്ങൾ കോവിലുകളോടു ഏതുവിധത്തിലാണ് സംബന്ധിച്ചിരിക്കുന്നതെന്നു അറിയിക്കാമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ഓരോസത്രത്തേയും ആശ്രയിച്ചിരിക്കും. ചിലതു ക്ഷേത്രത്തോടു ഒരുമിച്ചുചേർന്നിരിക്കും. മററുചിലതു ക്ഷേത്രത്തോടു വളരെ തൊട്ടിരിക്കാം.

മി. എസ്. ചിറവിളപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവുംതെക്ക്): തീർത്ഥയാത്രക്കാരായ ഹിന്ദുക്കൾക്കുമാത്രംവച്ചിട്ടുള്ള ചില സത്രങ്ങളില്ലയോയെന്നു പറയുമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അങ്ങിനെയുണ്ടായിരിക്കാം അന്വേഷണമെല്ലാം കഴിഞ്ഞിട്ടുണ്ട്. എന്റെ വിശ്വാസവും ചില സത്രങ്ങൾ തീർത്ഥയാത്രക്കാരായ ഹിന്ദുക്കൾക്കായിട്ടുമാത്രമുണ്ടെന്നാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ക്ഷേത്രത്തോടുചേർന്നസത്രം ചിലവർക്കും തീർത്ഥയാത്രക്കാർക്കു മാത്രമായി വച്ചിരിക്കുന്നതിന്റെ ആവശ്യമെന്താണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഏതു സത്രം?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഉദാഹരണമായിട്ടു കഴിക്കൂട്ടത്തിലെസത്രം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഓരോ പ്രത്യേകസത്രത്തിന്റേയുംകഥ എനിക്കു പറയാൻ സാധിക്കയില്ല, എല്ലാ സത്രങ്ങളെപ്പററിയുമുള്ള അന്വേഷണം കഴിഞ്ഞിരിക്കുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): കേപ്പിൾലസത്രം ക്ഷേത്രസംബന്ധമായിട്ടുള്ളതാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പക്ഷെ അതു, ക്ഷേത്രത്തോടു വളരെ തൊട്ടായിരിക്കും.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശുചീന്ദ്രംസത്രം ക്ഷേത്രസത്രമാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എനിക്കറിഞ്ഞുകൂടാ. അവയെല്ലാം ഗവൺമെന്റു ഇപ്പോൾ നോക്കിക്കൊണ്ടുവരികയാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): കൊട്ടാരങ്ങൾക്കുസമീപമുള്ള സത്രങ്ങളെപ്പററി ഗവൺമെന്റിന്റെനയം എന്താണ്?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ഓരോ സംഗതിയേയും ആശ്രയിച്ചിരിക്കും. എനിക്കുതോന്നുന്നതു ചിലതു കൊട്ടാരംവളപ്പിനോടു ചേർന്നുകിടക്കുന്നുഎന്നാണ്, ഗവൺമെന്റു വിചാരിക്കുന്നതു, അന്വേഷണത്തിനുശേഷം ഈവകയിൽ ഏതെങ്കിലുംസത്രങ്ങൾ എല്ലാവർക്കും ഉപയോഗത്തിനു വിട്ടുകൊടുക്കേണ്ടതാണെങ്കിൽ, അവയെ അപ്രകാരം ചെയ്യുന്നതാണ്. എന്നാൽ സഭയോടും മിസ്റ്റർ ആശാനോടും പ്രത്യേകിച്ചും ഈ കാര്യം വളരെ സൂക്ഷ്മമായി ആലോചിക്കേണ്ടതാണെന്നു അറിയിക്കുന്നു. ഓരോസത്രവും അതിന്റെസ്ഥിതിഭേദമനുസരിച്ചു തീരുമാനിക്കേണ്ടതാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ദേവസ്വംസത്രങ്ങൾ ദേവസ്വംവക സ്ഥലത്തല്ലാതെ സ്ഥാപിക്കപ്പെട്ടാമെന്നു പറയുമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു ഒരു സങ്കല്പിതചോദ്യമാണ്. വേണമെങ്കിൽ ഉടനെതന്നെ മറുപടി പറയാം. ഉദാഹരണമായിട്ടു ഒരു ദേവസ്വത്തിനു സ്ഥലങ്ങൾ വിലയ്ക്കുവാങ്ങി സത്രങ്ങൾ പണിയിക്കാം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): തീർത്ഥയാത്രക്കാർക്കായി ഉദ്ദേശിച്ചിരിക്കുന്ന ക്ഷേത്രസത്രങ്ങളിൽ എല്ലാവർക്കും തീർത്ഥയാത്രക്കാർക്കും പ്രവേശനമുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഓരോസത്രത്തിന്റെ പ്രത്യേകവിവരം എനിക്കറിഞ്ഞുകൂടാ, കാര്യംമുഴുവനും ഇപ്പോഴും ആലോചനയിൽ ഇരിക്കുന്നതുകൊണ്ടു, ഈ സമയത്തു എന്നിൽനിന്നും ഈ അറിവു ആശിക്കുമെന്നു വിചാരിക്കാൻ ന്യായമില്ല.

മി. ദേവദാസം രാമവർമ്മരാജാ (ഇടവക): ക്ഷേത്രങ്ങൾക്കടുത്തുള്ള സത്രങ്ങളിൽ ഈഴവർ ക്രിസ്ത്യാനിയായാൽ കയറാമെന്നു അറിയാമൊ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അതു എനിക്കു അറിയാൻ പാടില്ല.

റോഡുകളെസംബന്ധിച്ചു പറയുമ്പോൾ വൈക്കം റോഡുകളുടെകാര്യംപോലെ, ഖണ്ഡിച്ചു ഏതെങ്കിലും റോഡുകളുടെ സംഗതി മിസ്റ്റർ ആശാൻ ഗവൺമെന്റിന്റെ അറിവിൽപെടുത്തണമെന്നു ഞാൻ മുമ്പു പറഞ്ഞു കഴിഞ്ഞു. കുളങ്ങളും സത്രങ്ങളും ഉടനടി ആലോചനകഴിഞ്ഞു തീരുമാനപ്പെടുത്തുന്നതെന്നും, റോഡു കൃത്യപ്പെടുത്തിപറഞ്ഞാൽ അതു ഗവൺമെന്റു തീരുമാനിക്കുന്നതാണെന്നും ഉറപ്പുതന്നതുകൊണ്ടു, മെമ്പർക്കു അദ്ദേഹത്തിന്റെ പ്രമേയം പിൻവലിക്കാൻ മനസ്സുണ്ടാകുമെന്നു ഞാൻ ആശിക്കുന്നു.

മി. എസ്സ്. ചിറവിളപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): കഴിഞ്ഞ കൌൺസിൽ കാലത്തു, ഇതേരൂപത്തിലുള്ളപോലെ ഒരു പ്രമേയം സഭയിൽ അവതരിപ്പിക്കയും ആ തവണ സംസാരിച്ച മെമ്പറന്മാരിൽ മിക്കവരും—

മി. പി. കെ. ഉമ്മൻ (കച്ചവടവും വ്യവസായവും, വടക്ക്): മെമ്പർ പ്രമേയത്തെ എതിർക്കുന്നതു അനുകൂലിക്കുന്നോ?

പ്രസിഡന്റ്: ഒരു മെമ്പർ എഴുന്നേററു സംസാരിക്കാൻ ആരംഭിക്കുമ്പോൾ മററു മെമ്പർമാർ അക്ഷമരായി അതു മുഴുവനും കേൾക്കപ്പെടുന്നതിനിടക്കുന്നതായി ഞാൻ മിക്കപ്പോഴും കാണുന്നു. മെമ്പറന്മാർ സ്വല്പം ക്ഷമിക്കുകയുള്ള പക്ഷം നന്നായിരിക്കും. മിസ്റ്റർ പിറവിപ്പെരുമാറംപിള്ള, നിങ്ങൾക്കു തുടരാം.

മി. എസ്സ്. പിറവിപ്പെരുമാറംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഞാൻ പറഞ്ഞതുപോലെ, ഈ പ്രമേയം ഈ രൂപത്തിൽകാണുമ്പോൾ അതു പുതുതായല്ലെന്നു പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ കൌൺസിലിലെ ഒരു മെമ്പർ ഈ രൂപത്തിൽ ഒരു പ്രമേയം ഹാജരാക്കുകയും അനേകം മെമ്പറന്മാർ സഭയിൽ കൊണ്ടുവരപ്പെട്ട രൂപത്തിൽ അതു സ്വീകരിക്കാൻ പാടില്ലെന്നു തീരുമാനിക്കുകയും പിന്നീടു അതു ഒരു ഭേദഗതിയോടുകൂടി മാന്യമെമ്പർ പറഞ്ഞതുപോലെ പാസാക്കുകയും ചെയ്തു.

സർ, ഈ പ്രമേയം വളരെ വ്യാപ്തിപരമായ ഒന്നും പൊതുവേ കൊണ്ടു സൂക്ഷിച്ചുപോരുന്ന എല്ലാ കുളങ്ങളേയും ഉൾപ്പെടുത്തുന്നതുമാണ്. ഈ കൌൺസിൽ ചെയ്ത ശുപാർശയെ സ്വീകരിക്കാതെ ഇരിക്കേ, അതിനെ താങ്ങുന്ന ഒരു നടപടി എടുക്കുവാൻ ഗവണ്മെന്റിന്നു സാധിക്കാത്തതുകൊണ്ടു പ്രസ്തുത പ്രമേയം പാസാക്കിയാലും അതു നടപ്പിൽവരുത്താൻ സാധിക്കയില്ലെന്നു നമുക്കുതന്നെ അറിയാവുന്നതിനാൽ അതിനെ ഉന്നയിക്കുന്നതിനു ന്യായമില്ലെന്നു ഞാൻ വിചാരിക്കുന്നു. അപ്പോൾ ഹൈക്കോടതിയിൽ ഒരു ബഹുമാനപ്പെട്ട ജഡ്ജിയായിരിക്കുന്ന ഒരു മാന്യനായ മെമ്പർകൂടി അന്നു അഭിപ്രായപ്പെട്ടതു അന്നു അവതരിപ്പിക്കപ്പെട്ട പ്രമേയം ശരിയായ രൂപത്തിൽ കൊണ്ടുവരപ്പെട്ടിട്ടില്ലെന്നാണ്. മാന്യമെമ്പർ അന്നു പറഞ്ഞതിനെ ഞാൻ ഇവിടെ വായിക്കാം.

"പ്രമേയം ഈ രൂപത്തിൽ സ്വീകരിക്കാൻ പാടില്ലാത്തതാകുന്നു. എന്തുകൊണ്ടെന്നാൽ ഒരു സ്ഥലത്തു, ഒരു ഗവണ്മെന്റുവക കുളം ഉണ്ടെന്നു വിചാരിക്കുക. ഗവണ്മെന്റു ആ വസ്തു അതോടുകൂടി കൂട്ടിച്ചേർക്കുകയും മററു ചെറിയ കിടങ്ങുകളും അവിടെ ശരിയാക്കിയിരിക്കുന്നു. അല്ലെങ്കിൽ ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർക്കു ഒററക്കുന്നതുപോലെ ഒരു പ്രത്യേക ആവശ്യത്തിനായി അതിനെ കെട്ടുന്നു"

ആ മെമ്പർ പോററിയതിനോടുകൂടി പറഞ്ഞിട്ടുണ്ടായി, "പ്രമേയത്തിന്റെ പേരറിയുന്നതായുണ്ട്. ഗവണ്മെന്റു തന്നെ വെട്ടിച്ചതായ ഒരു പൊതുവകയല്ലാത്ത കുളമുണ്ട്, അതിനെ ഗവണ്മെന്റു സംരക്ഷിച്ചുപോരുന്നു. അതു ഉണ്ടായിരിക്കുന്നേടത്തോളംകാലം, സമയം ചെല്ലുന്തോറും ഒരു കാലത്തുള്ള ആ കുളം പൊതുജനോപയോഗത്തിനായിത്തീരേണ്ടതായ ഒരു വസ്തുവാകുന്നതാണ്"

പിന്നീടും,

"മെച്ചപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ഉപയോഗത്തിനായിട്ടു പല കുളങ്ങൾ വെട്ടിച്ചിട്ടുള്ളതാകുന്നു. ചരിത്രത്തിൽ ഈ മാതിരിയുള്ള ഗവണ്മെന്റു കുളങ്ങൾ, വെട്ടിച്ചതും നന്നാക്കുന്നതും ഗവണ്മെന്റുതന്നെയും ചില പ്രത്യേകകാര്യങ്ങൾക്കായി തന്നെ നിർമ്മിക്കുന്നതുമാണ്. ഈ കുളങ്ങൾ എല്ലാവരുടെയും ഉപയോഗത്തിനായി തുറന്നുവയ്ക്കാൻ സാധിക്കുന്നതല്ലെന്നു ഞാൻ വിചാരിക്കുന്നു."

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പ്രസംഗങ്ങൾ അന്നത്തെ ഭേദഗതി ചെയ്യാത്ത പ്രമേയം മെമ്പർ വായിച്ചുനോക്കിയോ?

മി. എസ്സ്. പിറവിപ്പെരുമാറംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഉണ്ട്.

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ആ പ്രമേയവും എന്റെ പ്രമേയവും ഒരുപോലെ തന്നെയാണോ?

മി. എസ്സ്. പിറവിപ്പെരുമാറംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): അതെ, അവ ഒരുപോലെതന്നെ. ഈ പ്രമേയം പൊതുമുതൽകൊണ്ടു സൂക്ഷിച്ചുപോരുന്ന കുളങ്ങളെ സൂചിപ്പിക്കുന്നു. അന്നത്തെ പ്രമേയത്തിൽ "ഗവണ്മെന്റു ചിലവിൽ വെട്ടിച്ചതോ നന്നാക്കിച്ചതോ ആയ എല്ലാ തോടുകളും കുളങ്ങളും" എന്നാണ്. 'വെട്ടിച്ചതോ നന്നാക്കിച്ചതോ' എന്നതിനുപകരം പൊതുമുതൽകൊണ്ടു സംരക്ഷണം ചെയ്തുപോരുന്ന' എന്ന വാക്കുകൾ മെമ്പർ ചേർത്തിട്ടുണ്ട്. അത്രയേയുള്ളു വ്യത്യാസം.

ഗവണ്മെന്റു ഈ പ്രമേയം സ്വീകരിക്കുന്നപക്ഷം ഈ കുളങ്ങളെ പൊതുവിൽ എല്ലാവർക്കും ഉപയോഗമാക്കേണ്ട ചുമതല ഗവണ്മെന്റിനുണ്ടാകും. സർ, ഉപക്ഷേപകനെന്ന ഉദ്ദേശം അനുവദിച്ചു ബോധിപ്പിച്ചുകൊള്ളട്ടെ. സർ, മിസ്റ്റർ ജി. ആർ. കൃഷ്ണൻ കുടിയാന്മാർ ഭേദഗതി ബിൽ സംബന്ധിച്ചു മിസ്റ്റർ മഞ്ചേശ്വരിക്കുന്ന പ്രസംഗത്തിൽ അദ്ദേഹം നിയമശാസ്ത്രജ്ഞനായ സാമൂഹിക പ്രമാണങ്ങൾ നാട്ടുനടപ്പാചാരങ്ങൾ നാം ബഹുമാനപുരസ്സരം സ്വീകരിക്കേണ്ടതാണെന്നുള്ളതിനെ അടിസ്ഥാനമാക്കി ഞാൻ അദ്ദേഹത്തോടു യോജിക്കുന്നു. ഈ സംഗതിയിലും നാം അങ്ങനെ വർത്തിക്കേണ്ടതാണ്. നടപ്പും ആചാരവും അനുസരിച്ചു ഏതാനും കുളങ്ങൾ പൊതുവായ ചില ഒരു വിഭാഗത്തിനുമാത്രം വച്ചിട്ടുണ്ട്. സർ, ഇപ്പോഴുള്ളതിനേക്കാൾ അവയെ പൊതുജനങ്ങൾ ഉപയോഗിക്കത്തക്കതാക്കണമെന്നു ശുപാർശചെയ്യുന്നതു ന്യായമാണോ?

മി. എം. ഗോണംപിള്ള (തിരുവനന്തപുരം): നമുക്കു ക്രമേണ ചെയ്യാമല്ലോ?

മി. എസ്സ്. പിറവിപ്പെരുമാറംപിള്ള (കച്ചവടവും വ്യവസായവും, തെക്കു): ഒരു പക്ഷേ ക്രമേണയായിരിക്കാം. എന്നാൽ ഇപ്പോൾ അതിനുള്ള കാലമായിട്ടില്ല. ഈ കുളങ്ങളെ ജനങ്ങളിൽ എല്ലാവർക്കും ഉപയോഗത്തിനായി തുറന്നുകൊടുക്കണമെന്നു ഗവണ്മെന്റിനോടു ചോദിക്കുന്നതു ന്യായമാണോ? ഇപ്രകാരം ചെയ്യുന്നതായാൽ ഇതു സമുദായമത്സരം വർദ്ധിപ്പിക്കുന്നതും മതവിരോധത്തിനു ഹേതുകരവുമാണ്. മിസ്റ്റർ [illegible]പിള്ള പറഞ്ഞതുപോലെ നമുക്കു ക്രമേണ സാധിക്കാവുന്നതാണ്. ഒന്നോ രണ്ടോ പ്രസംഗംകൊണ്ടു സാധിക്കാവുന്ന ഒരു കാര്യമല്ല. ജനങ്ങളെ വിദ്യാഭ്യാസംചെയ്യിച്ചു മനസ്സിലാക്കിയതിനുശേഷംമാത്രം നമുക്കു ഉദ്ദേശം സാധിക്കാൻ കഴിയുകയുള്ളു.

എനിക്കു താഴ്മയായി പറയാനുള്ളതു നാം ന്യൂനസമുദായക്കാർ ആചരിച്ചുപോരുന്ന നടപ്പുകളേയും മതാചാരങ്ങളേയും ബഹുമാനിക്കണം. അങ്ങിനെ നാം പ്രവൃത്തിക്കണമെങ്കിൽ പൊതുമുതൽ ചിലവാക്കിവരുന്ന കുളങ്ങളെ പൊതുവിൽ ഉപയോഗമാക്കിവെക്കാൻ ഗവണ്മെന്റിനെ നിർബന്ധിക്കേണ്ട സമയം നമുക്കു വന്നിട്ടില്ല. മാന്യമെമ്പർ പറഞ്ഞതായ സമാധാനത്തെ അടിസ്ഥാനമാക്കി ഞാൻ വിശ്വസിക്കുന്നതു മിസ്റ്റർ ദാമോദരനാശാൻ പ്രമേയത്തെ പിൻവലിക്കുമെന്നാണ്.

മി. മാത്യു മുരിക്കൻ (വൈക്കം): എന്റെ സ്നേഹിതൻ മിസ്റ്റർ ദാമോദരനാശാൻ ഉപക്ഷേപിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. വിദ്വാനായ മാന്യമെമ്പറിന്റെ വിമർശനങ്ങൾ കേട്ടതിൽ എന്റെ അഭിപ്രായം അദ്ദേഹം സ്വീകരിച്ച അർത്ഥം പ്രമേയത്തിന്റെ അന്തരാർത്ഥത്തോട് ഒട്ടുംതന്നെ യോജിച്ചതല്ലെന്നാണ്. പ്രസ്തുതപ്രമേയം സ്വീകരിക്കുന്നതിൽ വലിയ ദൂഷ്യങ്ങൾ ഉണ്ടാകുന്നതാണെന്നു മാന്യമെമ്പർ സവിസ്തരമായും ശക്തിമത്തായും വാദിക്കയുണ്ടായി.

മാന്യമെമ്പറിന്റെ പ്രധാനമായിട്ടുള്ള ആക്ഷേപങ്ങളെപ്പറ്റി ആദ്യം പറയാം. പ്രമേയം ഇപ്പോൾ ഇരിക്കുന്നനിലക്ക് ഈ പ്രകാരമാണ്. "പൊതുമുതൽകൊണ്ടു സംരക്ഷണം ചെയ്തുപോരുന്ന എല്ലാ റോഡുകളും കുളങ്ങളും സത്രങ്ങളും ജാതിമതഭേദംകൂടാതെ ജനങ്ങളിൽ എല്ലാവർഗ്ഗക്കാർക്കും ഉപയോഗകരമാക്കി ഉത്തരവിടണമെന്ന് ഈ സഭ ഗവർമ്മെന്റിലേക്കു ശുപാർശചെയ്യുന്നു. എന്റെ മനസ്സിൽ തോന്നിയിരിക്കുന്നത് ഈ പ്രമേയത്തിൽ 'വർഗ്ഗക്കാർക്കും ജാതിമതഭേദം' ഈ വാക്കുകളാണ് പ്രാധാന്യമായിനിൽക്കുന്നത്" എന്നാണു. മാന്യമെമ്പർ മുഖ്യമായിക്കൊണ്ടുവന്ന സാങ്കേതികമായ ആക്ഷേപം അതായതു കൊട്ടാരവും ക്ഷേത്രവുംസംബന്ധിച്ച കാര്യങ്ങൾ ഇവയെപ്പറ്റിയാണെങ്കിൽ അതു പ്രത്യക്ഷത്തിൽ നമുക്കനുവദിച്ചിട്ടില്ലാത്തതാണ്. നമുക്കു ചട്ടങ്ങൾ അനുസരിച്ചു നിവൃത്തിയില്ല. ഈ വകയെപ്പറ്റി സഭക്കു അധികാരമില്ലാത്തതുകൊണ്ടു, പൊതുമുതൽ ചിലവാക്കിവരുന്ന ഈവക സ്ഥാപനങ്ങളെ മിസ്റ്റർ ആശാൻ പ്രമേയം അവതരിപ്പിച്ചപ്പോൾ ഉൾപ്പെടുത്തിയിട്ടില്ലെന്നു എനിക്കു നല്ല ഉറപ്പുണ്ട്.

പിന്നീടു കൊണ്ടുവന്ന വിഷമത ഗ്രാമവീഥികളും രാജപാതകളും സംബന്ധിച്ചാണ് വിദ്വാനായ മെമ്പർ പറയുന്നതു. രാജപാതകളെപ്പറ്റി യാതൊരുതർക്കവുമില്ലെന്നാണ്. അങ്ങനെയെങ്കിലും അദ്ദേഹം സമ്മതിക്കാൻ തയാറായല്ലോയെന്നു വിചാരിച്ചു സന്തോഷപ്പെടുന്നു. ഗ്രാമവീഥികളെപ്പറ്റി തിരുവിതാംകൂർസംബന്ധിച്ചടത്തോളം മാന്യമെമ്പർ എന്തു അർത്ഥമാക്കുന്നുവെന്നു എനിക്കറിഞ്ഞുകൂടാ. മാന്യമെമ്പർ പറയുന്നതു ഈവക സ്ഥാപനങ്ങളിന്മേൽ കരയോഗക്കാരെ സംബന്ധിച്ചു അവരുടെ ഉപയോഗത്തെ ക്ലിപ്തപ്പെടുത്തുന്നതിൽ ചട്ടങ്ങൾ സിവിൽകോടതി പാസാക്കിയിരുന്നാണ് ഞാൻ വാദിക്കാൻപോകുന്നതു നമ്മുടെ ഗവർമ്മെന്റുകൂടിയും സിവിൽകോടതി ചട്ടങ്ങൾക്കധീനമാണെന്നാണ്. സിവിൽകോടതി തീരുമാനങ്ങൾ ഗവർമ്മെന്റു അനുസരിക്കുമതിയാവൂ. ഈ കൌൺസിലും ഗവർമ്മെന്റിനോടു സിവിൽകോടതി തീരുമാനങ്ങളെ എതിർത്തുപോകണമെന്നാവശ്യപ്പെടുന്നില്ല. ഈ കൌൺസിലിന്റെ ശുപാർശയെ ഗവർമ്മെന്റു ഹൈക്കോടതി തീരുമാനങ്ങൾക്കെതിരായി അനുഷ്ഠിക്കണമെന്നു മിസ്റ്റർ ദാമോദരനാശാൻ ഒരിക്കലും ഉദ്ദേശിച്ചിട്ടില്ലെന്നു എനിക്കു ബോദ്ധ്യമുണ്ടു. മാന്യമെമ്പറുടെ ആക്ഷേപം ഒരിക്കലും സാധൂകരിക്കാൻ പാടുള്ളതല്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഗ്രാമവീഥികളുടെകാര്യം പ്രമേയത്തിൽ ഉൾപ്പെടുത്തീട്ടില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു?

മി. മാത്യു മുരിക്കൻ (വൈക്കം): റോഡുകളുടെ കാര്യം പ്രമേയത്തിൽ ഉണ്ട്. മാന്യമെമ്പർ രാജപാതയും ഗ്രാമവീഥിഎന്നു വകതിരിച്ചിരിക്കുന്നു. രാജപാതയെപ്പറ്റി യാതൊരു തർക്കവും ഇല്ല. എന്നാൽ ഗ്രാമവീഥികളെപ്പറ്റി സിവിൽകോടതിചട്ടങ്ങൾ പ്രതിബന്ധമായി നിൽക്കുന്നുഎന്നു മാന്യമെമ്പർ പറയുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ചട്ടങ്ങളല്ല വിധികൾ, അല്ലെങ്കിൽ തീരുമാനങ്ങൾ ആണ്.

മി. മാത്യു മുരിക്കൻ (വൈക്കം): നമ്മുടെ ഗവർമ്മെന്റുകൂടിയും നിയമസ്ഥാപനതീരുമാനങ്ങൾക്കു അധീനമായിട്ടാണിരിക്കുന്നതു്. ഞാൻ കൌൺസിലിനെ മനസ്സിലാക്കാൻ ഉദ്ദേശിക്കുന്നതു്, മിസ്റ്റർ ആശാൻ ഈ ശുപാർശ നിയമസ്ഥാപന തീരുമാനങ്ങൾക്കെതിരായി ഗവർമ്മെന്റു പ്രവർത്തിക്കണമെന്നാവശ്യപ്പെടുന്നില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അതാണ് ഞാൻ ഗ്രാമവീഥികളെപ്പറ്റി പ്രമേയത്തിൽനിന്നും തള്ളിയിട്ടുണ്ടോയെന്നു ചോദിച്ചതു്.

മി. മാത്യുമുരിക്കൻ (വൈക്കം): അതു ഒരു സങ്കല്പിതചോദ്യമാണ്. പ്രമേയം ഇരിക്കുന്നനിലയ്ക്കു എനിക്കു പറയാനുള്ള.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഗ്രാമവീഥികൾ പ്രമേയത്തിൽ ഉൾപ്പെടുത്തീട്ടില്ലെന്നു മെമ്പർ പറയുമോ?

മി. മാത്യുമുരിക്കൻ (വൈക്കം): എനിക്കു മനസ്സിലായടത്തോളം മി. ദാമോദരനാശാൻ ഗ്രാമവീഥികളേയും ഉൾപ്പെടുത്തീട്ടുണ്ട്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): എന്നാൽ സിവിൽകോടതിവിധികളോടു പ്രതികൂലിച്ചല്ലാതെ ഗവർമ്മെന്റു എങ്ങിനെ പ്രവർത്തിക്കും.

മി. മാത്യുമുരിക്കൻ (വൈക്കം): ഗവർമ്മെന്റുകൂടിയും ഇക്കാര്യത്തിൽ സ്വല്പം പ്രവൃത്തിക്കണമെന്നു ഈ സഭയ്ക്കു ഗവർമ്മെന്റിനോടു ശുപാർശചെയ്വാൻ അധികാരമുണ്ടു. സിവിൽകോടതിവിധികളോടെതിർത്തുപോകണമെന്നു ഈ പ്രമേയംകൊണ്ടു അർത്ഥംവരുന്നില്ല. എന്നാൽ ഈകാര്യത്തിൽ ഗവർമ്മെന്റു സ്വയം പ്രവൃത്തിക്കേണ്ടകാലമായിരിക്കുന്നു. നാം ഇവിടെ സഭയിൽ കൂടുചേരുന്നതിന്റെ ഉദ്ദേശംതന്നെ ഗവർമ്മെന്റിനെ വേണ്ടപോലെ മനസ്സിലാക്കി ഗവർമ്മെന്റായിട്ടുതന്നെ ഈവക ചട്ടങ്ങളും നടപ്പുകളും സിദ്ധാന്തങ്ങളും ഭേദപ്പെടുത്താൻ വഴിയുണ്ടാക്കണമെന്നാണ്,

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ഗവർമ്മെന്റു പ്രവൃത്തിക്കേണ്ടതു് എതുവിധത്തിലാണെന്നാണു മെമ്പർ പറയുന്നതു്?

മി. മാത്യുമുരിക്കൻ (വൈക്കം): ഗവർമ്മെന്റു ഈ കൌൺസിലിൽ ഒരുബിൽ ഹാജരാക്കിയാൽ, സിവിൽകോടതിവിധികളും അക്കൂട്ടത്തിൽ ആലോചനാവിഷയമായി വരും.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, ദേവസ്വം): നടപ്പാചാരത്തെ വകവയ്ക്കേണ്ടെന്നാണോ മെമ്പർ പറയുന്നതു്?

മി. മാത്യുമുരിക്കൻ (വൈക്കം): എന്നെപ്പറ്റി പറഞ്ഞതിനു സമാധാനമായി ഞാൻ ഈ സന്ദർഭത്തിൽ പറയുന്നതു, ഇതാണ്. പ്രൊഫസർ സാൽമണ്ടിനെ പ്രമാണമാക്കി, കമ്മിറ്റിയിൽ പ്രതിവാദിച്ചപ്പോൾ ഞാൻ പറകയുണ്ടായി എന്ന് എന്റെ സ്നേഹിതൻ മി. കെ. പി. നീലകണ്ഠപ്പിള്ള പ്രസ്താവിച്ചു. എല്ലാ നേരങ്ങളിലും എല്ലാഭാഗത്തും അനുവർത്തിച്ചുപോരേണ്ടതാണെന്നു പ്രൊഫസർ സാൽമണ്ട് പറഞ്ഞിട്ടില്ല. നാം [illegible]ടത്തോളംമാത്രം അതിനെ ആചരിച്ചുപോരണം എന്നാണു പറഞ്ഞിട്ടുള്ളതു്. അത്രയുംമാത്രമേയുള്ളു.

അതുകൊണ്ടു ഞാൻ അഭിപ്രായപ്പെടുന്നതു, സിവിൽകോടതിവിധികൾ കാരണം ഗവൺമെന്റിനു ഇതിൽ പ്രവർത്തിക്കാൻ സാധിക്കുന്നതല്ലെന്നു തോന്നുന്നപക്ഷം, ഒരു ബിൽ തയ്യാറാക്കി ഈ സഭയിൽ ഹാജരാക്കേണ്ടതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): സിവിൽകോടതിയിൽ സ്ഥാപിച്ചതോ സ്ഥാപിക്കാനിടയുള്ളതോ ആയ പ്രത്യേക അവകാശങ്ങളെ ഖണ്ഡിച്ചുപോന്നാൽക്കൂടെയും ഒരു ബില്ലിൽ വേണമെന്നു മെമ്പർ പറയുന്നുവോ?

മി. മാത്യുമുരിക്കൻ (വൈക്കം): ഇതു് ഒരു സങ്കല്പിതചോദ്യമാണ്. ഇതുകൊണ്ടു് എന്റെ സ്നേഹിതനു ഈ സങ്കല്പതന്ത്രം ഈ കാര്യത്തിൽ സഹായം ലഭിക്കുന്നില്ല. ചോദ്യങ്ങൾ പലതരത്തിലും ചോദിക്കാം. പക്ഷേ [illegible]സമയം കളയാൻ ഇടവരുത്തുന്ന ഫലമുള്ളൂ.

ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായംപറഞ്ഞതു് ഈ റോഡുകൾ പൊതുമുതൽകൊണ്ടു സൃഷ്ടിച്ചിട്ടുള്ളതാണെന്നുള്ള കാരണത്താൽ സമുദായത്തിലെ ഏതുവനും ഇതു് ഉപയോഗിക്കണമെന്നാവശ്യപ്പെടാൻ പാടില്ലെന്നാണ്. സമുദായത്തിൽപ്പെട്ട എല്ലാ അംഗവും ഈ റോഡുകൾ ഉപയോഗിക്കണം എന്നു പ്രമേയംകൊണ്ടുദ്ദേശിക്കുന്നില്ല. അതിൽ കാണുന്നതു്, ഒരു പ്രത്യേക സമുദായത്തിലുള്ളവരാകകൊണ്ടുമാത്രം ആരും ഈ റോഡുകൾ ഉപയോഗിക്കുന്നതിനെ തടസ്സപ്പെടുത്തരുതു് എന്നുമാത്രമാണ്, പ്രമേയത്തിലെ സാരാംശം അതാണ്. അല്ലാതെ എല്ലാപേരും കിടപ്പുകൾക്കും ഗൃഹസ്ഥന്മാരുടെ പുരയിടത്തിൽ പോകണമെന്നോ എല്ലായാചകന്മാരും, ട്ടൂസി ഹിൽബ ഗ്ലാവു റോഡിൽ കൂടി നടക്കണമെന്നോ ആവശ്യപ്പെടുന്നില്ല. തർക്കവിഷയം അതല്ല. ഈ സഭ ഈ ഹാളിൽകൂടുന്ന സമയത്തെല്ലാം പ്രവേശനത്തിനു ടിക്കറ്റുവേണമെന്നു ക്ലിപ്തംചെയ്തിട്ടുണ്ട്. അതുപോലെ, റോഡ് പബ്ലിക്കുറോഡുതന്നെ ആയെങ്കിലും അതു് അറ്റകുറ്റപ്പണിക്കാലത്തു് ഗതാഗതത്തിനു തടയപ്പെടുന്നു. പൊതുമുതൽ ചിലവിട്ടുവരുന്ന ടി. ബി. കളും സവാരിബംഗ്ലാവും ചിലർക്കു പ്രത്യേകമായി വച്ചുകൊണ്ടിരിക്കാൻ അവകാശം ലഭിക്കുന്നു. ഈവകകാര്യങ്ങളെല്ലാമൊക്കെ പരിഗണിച്ചാണ് നമ്മുടെ സ്നേഹിതൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതെന്നു ആർക്കും മറിച്ചുപറയാൻ തരമില്ല. അതിനാൽ ബഹുമെമ്പറുടെ ഉദാഹരണം ഒരിക്കലും സാധുവായി വരുന്നതല്ല.

ഇന്നാൾ കഴിയുന്നിടത്തോളം വ്യക്തപ്പെടുത്തിയെന്നു ഞാൻ വിശ്വസിക്കുന്നു. സിവിൽകോർട്ടുവിധികൾ നമ്മുടെ ബോധ്യത്തിനു വിപരീതമെങ്കിൽ, ഗവൺമെന്റു അതിനെതിരെ ബിൽ കൊണ്ടുവരേണ്ടകാര്യം വന്നിരിക്കുന്നു. കൊടിമരങ്ങളും കൊട്ടാരങ്ങളുംതൊട്ടുള്ള കാര്യങ്ങൾ പ്രമേയത്തിൽ ഉൾപ്പെടുത്താൻ പാടില്ലെങ്കിൽ കാര്യനടപ്പിനെ ഉദ്ദേശിക്കുന്ന നമുക്കു അതു് ആവശ്യമില്ല. എന്റെ ബുദ്ധിക്കുതോന്നിയതു്, പ്രായോഗികരാഷ്ട്രതന്ത്രത്തിൽ ഉൾപ്പെടുത്താൻ പാടില്ലാത്ത വാദഗതിതന്നെ പ്രമേയത്തിലില്ലെന്നാണ്, നാം തന്നെ പ്രായോഗികമായി പ്രവൃത്തിക്കുന്നവരും ഗവൺമെന്റിനോടു പ്രായോഗികമല്ലാത്ത ഒന്നും ചോദിക്കാത്തവരും ആണ്. പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്നതു് അതുതന്നെയാണ്.

ഞാൻ ഒന്നുരണ്ടു വാക്കുകൾകൂടി പറഞ്ഞുകൊള്ളട്ടെ. റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ ഇവകളെ സംബന്ധിച്ചുള്ള തടസ്സങ്ങൾ സംസ്ഥാനത്തിലെ പലസമുദായങ്ങളെ തമ്മിൽ അഭിപ്രായവ്യത്യാസത്തിനു കാരണമാക്കാൻ ഇടയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. പലവർഗ്ഗക്കാർ തമ്മിൽ ശത്രുതയെ ഉണ്ടാക്കുന്നതായ യാതൊന്നും ഈ സംസ്ഥാനത്തു നടക്കരുതെന്ന് ആവശ്യപ്പെടുന്നതായ ചട്ടങ്ങളും റഗുലേഷനുകളും ഇവിടെ നടപ്പിൽ വരുത്തിയിട്ടുണ്ട്.

എന്റെ അഭിപ്രായം കാര്യക്കേടായ ഈ വ്യത്യാസത്തെ പുലർത്തിപ്പോരുന്നതു പലവർഗ്ഗക്കാരെ തമ്മിൽ വിരോധം ഉണ്ടാക്കിത്തീർക്കാൻ ന്യായമുണ്ട്. നാമെല്ലാപേരും രാജ്യക്ഷേമകാംക്ഷികളാകകൊണ്ട് സംസ്ഥാനത്തിലെ പലവർഗ്ഗക്കാരും ജനങ്ങളിൽ പലവിഭാഗങ്ങളും തമ്മിൽ മൈത്രീബന്ധം പുലർത്തിപ്പോരുന്നതിനു നാം യത്നിക്കേണ്ടതാണ്. ഈവക കാര്യങ്ങളെ ഗൌരവപ്പെടുത്തേണ്ടതിനു സമയം അതിക്രമിച്ചിരിക്കുന്നു എന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഈ നിലയിലാണ് ഈ പ്രമേയത്തെ സാവധാനമായി പര്യാലോചിക്കേണ്ടതു്, അല്ലാതെ ഒരു വിളംബരമായിട്ടല്ല. എല്ലാ ആളുകളുടെയും സുഖത്തെയും താല്പര്യത്തെയും ബന്ധിക്കുന്ന ഒരു പൊതുകാര്യമാണ് നാം ഇവിടെ പ്രതിവാദിക്കാൻ തുനിഞ്ഞിരിക്കുന്നതു്. ഈ പ്രമേയംമൂലമുള്ള ഉപകാരം ജനങ്ങളുടെ ന്യായമായ ഉയർച്ചയ്ക്കു മാർഗ്ഗമല്ലാതെ ഉപദ്രവകരമായ ഒന്നാണെന്നു ഗവൺമെന്റു സങ്കല്പിക്കുന്നതു എന്താണെന്നു എനിക്കു മനസ്സിലാക്കാൻ പ്രയാസമാണ്.

ഇനിയും സർ, ഞാൻ പറയുന്നതു എല്ലാരുമുയർച്ച കാംക്ഷിച്ചുവരുന്ന രാജ്യഭരണത്തിൽ സമുദായത്തിലെ ഏതെങ്കിലും ഒരു പ്രത്യേകവിഭാഗത്തിനുമാത്രം വിശേഷിച്ചു ചില പ്രത്യേക ആനുകൂല്യങ്ങൾ വച്ചുകൊള്ളാൻ ഇരിക്കുന്നതിനെ നാം എതിർക്കേണ്ടതാണ്. ഈനിലയിൽ വാദിക്കുന്നതായാൽ ഈവക ഭേദങ്ങളെ മുറുകെപിടിച്ചുകൊണ്ടു നടന്നവഴിതന്നെ ചവുട്ടിപ്പോകണമെന്നുവന്നാൽ, നമുക്കു വർദ്ധനയ്ക്കോ ശ്രേയസ്സിനോ മാർഗ്ഗം കാണുന്നതല്ലാ. ഈ കാലത്തു, നമുക്കെല്ലാവർക്കും വർദ്ധനക്കും, ഉയർച്ചക്കും, ശ്രേയസ്സിനുംവേണ്ടി ശ്രമിക്കേണ്ടതായ സമയത്തു് ഈവക നിർദ്ദേശങ്ങളെ നാം സഭയുടെ ആലോചനക്കു വിഷയീഭവിക്കാനിടവരുത്തുകയാണ്. സഭയിലെ ഉദ്യോഗസ്ഥപക്ഷമെമ്പറന്മാർ, ഗവൺമെന്റിനെ പ്രതികൂലിക്കരുതല്ലോ. ഇവിടെ, ജനങ്ങളുടെ സുഖത്തിനു ആവശ്യമുള്ള കാര്യങ്ങളെ ഗവൺമെന്റിനെ ധരിപ്പിക്കാനാണ് വന്നിരിക്കുന്നതു്. ഇത്രയും വാക്കുകളെക്കൊണ്ടു് ഞാൻ മി. ദാമോദരനാശാന്റെ പ്രമേയത്തെ പിന്താങ്ങുന്നു.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): സർ, മി. ആശാന്റെ പ്രമേയത്തെ ഞാനും പിന്താങ്ങുന്നു. ഇന്നലെ വൈകുന്നേരംവരെ ഇവിടെ നടന്നുകൊണ്ടിരുന്ന പ്രമേയത്തിന്റെ ഓരോ ഭാഗത്തെയും നന്നായി ഞാൻ വളരെനേരം ആലോചിച്ചുകൊണ്ടിരുന്നു. സർ, ഗ്രാമവീഥിയോ രാജവീഥിയോ എല്ലാവീഥിയി

[illegible] എല്ലാവർഗ്ഗക്കാർക്കും നടക്കാനുള്ള [illegible] കൊണ്ടുവരപ്പെട്ട പ്രമേയത്തെപ്പറ്റി പറയുമ്പോൾ മാന്യമെമ്പർ മി. [illegible] ഗ്ലാസിലെ വഴികളും [illegible] പള്ളിക്കൂടത്തിലെ വഴിയേയും പ്രസ്താവിക്കയുണ്ടായി. ഇവകളെ അടിസ്ഥാനപ്പെടുത്തി ഈ പ്രമേയം [illegible] ഉദ്ധരിച്ചു. [illegible] ബംഗ്ലാവുവഴിയിൽക്കൂടി, [illegible] അപേക്ഷ [illegible] യിട്ടുള്ളവർ ആയിരുന്നാൽ പോകാൻ പാടില്ലേ? പെൺപള്ളിക്കൂടത്തിൽ ഒരു [illegible] പറയുന്ന ഒരു സ്വാതന്ത്ര്യമായിരുന്നാൽ ആ വഴിയിൽക്കൂടി അപ്പോൾ പോകാൻ പാടില്ലേ? മാന്യമെമ്പർ പറഞ്ഞതനുസരിച്ചു അവർക്ക് പോകാൻ [illegible] ല്ലെന്നു കാണുന്നു. [illegible] ശുചീന്ദ്രം [illegible] സ്വാമിയെ ഒരു ജാതിക്കാർ [illegible] ഹിന്ദു [illegible] അവിടെ [illegible] ഗോപുരവാതുക്കൽ [illegible] ദർശിക്കാൻ കഴിയുമോ? അവർ [illegible] അറത്തുനിന്നോ വളരെ ദൂരത്തുനിന്നോ ദർശിക്കേണ്ടതായിരിക്കുന്നു.

സർ, ഈ രാജ്യത്ത് ഏറ്റവും [illegible] താണജാതിയെന്നു വിചാരിക്കുന്നവർ ഉണ്ട്. അവരെ ഗവണ്മെന്റു വക റോഡിൽക്കൂടി നടക്കാൻ പാടില്ലെന്നു പറയുന്നതു വളരെ പരിതാപകരമാണ്. [illegible] ഒരു സുബ്രഹ്മണ്യസ്വാമി ക്ഷേത്രമുണ്ട്. [illegible] ടെ [illegible] സ്ഥിതിചെയ്യുന്നു. താണജാതിയിൽ [illegible] ആ [illegible] മലയിൽ കയറിപ്പോകാം. [illegible] ളവർ മലയെ ചുറ്റിവന്ന [illegible] [illegible] നിവൃത്തിയുള്ളു. [illegible] ദൂരത്തുനിന്നുവേണം ഈ ദർശനം [illegible] [illegible] അവർ ഇരിക്കുന്ന സ്ഥലത്തെ [illegible] പോകാൻ പാടില്ല. [illegible] അവരുടെ [illegible] ആ സ്ഥലത്തു [illegible] കാൻ പാടില്ല. അയാളും ദൂരത്തിൽനിന്നാണോ ദർശിക്കേണ്ടതു? മി. ടി. സി. ജോസഫ് പ്രസ്താവിച്ചപോലെ [illegible] വഴിയായി [illegible] വർഗ്ഗക്കാരും ഇ [illegible] പോകാൻ പാടില്ല? ഇവർ നടന്നുപോയാൽ വഴിയിൽ [illegible] പോകാൻ പാടില്ല. [illegible] കല്യാണഘോഷത്തോടുകൂടിപ്പോകില്ല.

മി. [illegible] പരമേശ്വരൻപിള്ള ([illegible]): നമ്പൂതിരി [illegible] വഴിയിൽക്കൂടി [illegible] സംഗതിയെ [illegible] ല്ലേ?

മി. കെ. [illegible] (നിയമിക്കപ്പെട്ട മെമ്പർ): ഇവിധമായ അക്രമപ്രവൃത്തികൾ ജനങ്ങളുടെ ഇട [illegible] [illegible] നിർത്തൽചെയ്തു ന്യായംചെയ്യാൻ ഗവണ്മെന്റു ചുമതലപ്പെട്ടവരല്ലയോ? [illegible] ഇവിധം അക്രമംചെയ്തു ജനങ്ങളെ ബുദ്ധിമുട്ടിച്ചുവരുന്നു. ഇവിധം [illegible] ഗവണ്മെന്റു പ്രവേശിച്ചു [illegible] കൊണ്ടുവന്നില്ലെങ്കിൽ [illegible] ജനങ്ങൾ എങ്ങിനെ മുൻപോട്ടു പോകും? ഗവണ്മെന്റുതന്നെ [illegible] തടയേണ്ടതാകുന്നു. [illegible] ഇപ്രകാരമുള്ള അക്രമപ്രവൃത്തികൾ ചെയ്യുന്നവരെ തടുത്തു എല്ലാ ആളുകൾക്കും എല്ലാ വഴിയിൽക്കൂടി നടക്കുന്നതിനും സ്വാതന്ത്ര്യം കൊടുക്കേണ്ടതല്ലേ? ശുചീന്ദ്രത്തെ പൊതുറോഡിനെപ്പറ്റിയും പ്രസ്താവനയുണ്ടായിരുന്നു. സർ, ഈ വഴിയിൽക്കൂടി, താഴ്ന്നജാതിക്കാരുടെ കല്യാണഘോഷത്തിനു മാപ്പിളയും സ്ത്രീയും കാൽനടയായിപ്പോകണം, അപ്പോൾ വാദ്യഘോഷം പാടില്ല. അവരെ ആ സ്ഥലത്തു നിർത്തണം. ആരെങ്കിലും മരിച്ചാൽ, പ്രേതം ആ വഴിയെ കൊണ്ടുപോയിക്കൂടാ. കല്യാണകാലത്തു പല്ലക്കോ വണ്ടിയോ ഉപയോഗിക്കാൻ പാടില്ല. ഇതു എത്ര പരിതാപകരമാണ്. ഈ നിലയെ ഗവണ്മെന്റു നിർത്തൽചെയ്തു ഈമാതിരി വഴിയിൽക്കൂടി എല്ലാജാതിക്കാർക്കും ഏതുകാലത്തും പോകാമെന്നു ഗവണ്മെന്റു അനുജ്ഞചെയ്യാതിരുന്നാൽ അതു പരിതാപകരമാണ്. പാവപ്പെട്ടവരായ ഇവർക്ക് സിവിൽകോടതിയിൽപോകാൻ പണമില്ല. [illegible] കേസുനടത്താൻ ശക്തിയില്ല. ഗവണ്മെന്റിൽനിന്നും ഒരു വർഗ്ഗക്കാരെമാത്രം ഇപ്രകാരം നടത്തിയാൽ അവരുടെ [illegible] കഷ്ടമാണ്. അവരുടെ അറിവും മേൽഗതിയും കുറഞ്ഞുപോകും. അതുകൊണ്ടു ഞാൻ മി. [illegible] പ്രമേയത്തെ പിന്താങ്ങുന്നു.

മി. എ. [illegible] പിള്ള (തിരുവനന്തപുരം): ഈ കൌൺസിലിൽ ക്ഷേത്രകാര്യവും മതകാര്യവും പ്രതിപാദിക്കുന്നതു ഏതാനുസൃതമാണോയെന്നു ഞാൻ ചോദ്യംചെയ്യുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): മി. ദാമോദരനാശാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതിനെ അവതാരകന്റെ ഉദ്യമത്തെ അഭിനന്ദിക്കണമെന്നുദ്ദേശിച്ചു [illegible] മെമ്പർ ആദ്യമായി (every member എല്ലാവർഗ്ഗവും) എന്നല്ലാതിനെ (every community എല്ലാഅംഗവും) എന്നാക്കി അപ്രകാരം ഈ പ്രമേയത്തിൽ ഇല്ല. പ്രമേയത്തിൽ [illegible] അധികാരം ഉണ്ടായിരിക്കണം എന്നാണ്. ഒരു സമുദായത്തിൽപ്പെട്ടവരായി എന്നകാരണംകൊണ്ടു പബ്ലിക്കിന്റെ പണം ചിലവാക്കീട്ടുള്ള യാതൊരു സ്ഥാപനങ്ങളിലും ചെല്ലുന്നതിനു തടസ്ഥമില്ലാതെ ആയിപ്പോകണമെന്നുതന്നെ ഈ പ്രമേയം ഉദ്ദേശിച്ചിട്ടുള്ളു. ദേവസ്വം [illegible], കൊട്ടാരംസംബന്ധിച്ചതുകളുടെ ഉള്ള കാര്യങ്ങൾ ഈ കൌൺസിലിൽ വാദിക്കുന്നതിനു യാതൊരു അധികാരവും ഇല്ലെന്നു നിയമമുള്ളതിനാൽ ഈ പ്രമേയത്തിൽ അതു [illegible] ആവശ്യമില്ല. എന്റെ ഒരു സ്നേഹിതൻ ലൂണാറ്റിക്ക് അസൈലം (ഭ്രാന്താശുപത്രി) പബ്ലിക്കുപണംകൊണ്ടു ഉണ്ടാക്കിയതായതിനാൽ എല്ലാവരേയും ഭ്രാന്താശുപത്രിയിൽ, [illegible] [illegible] വിരോധമുണ്ടായെന്നു ചോദിച്ചു. ഇങ്ങിനെ ചോദിച്ചതു അദ്ദേഹത്തിന്റെ ബുദ്ധിയുടെ അപാരത്വംകൊണ്ടു എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല; എല്ലാപേർക്കും ഭ്രാന്താശുപത്രിയിൽ ചെല്ലുന്നതിനു യാതൊരു വിരോധവുമില്ല. ഇതു അദ്ദേഹത്തിന്റെ ബുദ്ധിയുടെ [illegible] കൊണ്ടു [illegible] ക്കുന്നതിനു സാധിച്ചില്ല. ഈവിധത്തിൽ ഉന്നിപ്പറഞ്ഞു മി. [illegible] അദ്ദേഹത്തിനെ [illegible] വിചാരിക്കുന്നു. [illegible] ഭ്രാന്താശുപത്രിതന്നെയാണ് ആവാസയോഗ്യം (ചിരി).

പ്രസിഡന്റു: മി. രാമൻപിള്ളേ, നിങ്ങളുടെ [illegible] ഒരാളുടേതിനെ പറയുമ്പോഴും ഒന്നുംതന്നെ ഉന്നിപ്പറയുന്നതു യോഗ്യതയല്ല. [illegible] ഒടുവിൽ പറഞ്ഞതിനെ മടക്കി പിൻവലിക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): അദ്ധ്യക്ഷൻഅവർകൾ അങ്ങനെ ആജ്ഞാപിച്ചിരിക്കുന്നതുകൊണ്ടു ഒടുവിൽപറഞ്ഞതിനെ ഞാൻ പിൻവലിച്ചിരിക്കുന്നു. അദ്ധ്യക്ഷൻഅവർകളുടെ ആജ്ഞയെ അതിലംഘിക്കുവാൻ എനിക്കു നിവൃത്തിയില്ല.

പിന്നീട്, ശക്തിവിലാസംകുളത്തിൽ എല്ലാപേർക്കും ചെല്ലാമെന്നുവെച്ചു. ആ കുളത്തിൽ മെസ്സേഴ്സ് സർ. പി. രാജഗോപാലാചാരി, രാഘവയ്യാ, വാട്സ്, കൃഷ്ണൻനായർ മുതലായവർ ഇറങ്ങിപ്പോയിട്ടുണ്ട്. ഇനി ഒരുകാലത്തു മിസ്റ്റർ ആശാൻ തിരുവിതാംകൂർ ദിവാൻപദത്തെ അലങ്കരിക്കുന്നതായാൽ അദ്ദേഹവുംപോകാതെഇരിക്കയില്ല എന്നാണ് എന്റെ വിശ്വാസം.

അടുത്തതായി ഗ്രാമവീഥികളെ സംബന്ധിച്ചാണ്. ആധുനികമായി ലോകമെങ്ങും വർദ്ധിച്ചുവരുന്ന ഈ കാലത്തു പബ്ളിക്കുമുതൽകൊണ്ടു ഉണ്ടാക്കപ്പെട്ട യാതൊരുസ്ഥലവും യാതൊരു സമുദായത്തിന്റെയും പ്രത്യേക ആവശ്യങ്ങൾക്കായി വിട്ടുകൂടാഎന്നാണ് ഈ പ്രമേയംകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു. പബ്ളിക്കു് ഒരു പ്രത്യേക സമുദായത്തിനുവേണ്ടിമാത്രം ചിലവാക്കാൻപാടില്ല. ഒരു സമുദായത്തിൽ പ്രത്യേകമായ ആവശ്യമുണ്ടെങ്കിൽ ആ ആവശ്യം ആ സമുദായത്തിൽനിന്നുതന്നെ ചെയ്യണം. ഈ രാജ്യത്തേക്കു ആവശ്യമുള്ള പണം കൊച്ചീരാജ്യത്തുനിന്നും പിരിച്ചുകൊള്ളണംഎന്നു ആർക്കെങ്കിലും ആവശ്യപ്പെടാമോ?

ഇങ്ങനെയുള്ള സ്വത്തുകൾ സർക്കാരിൽനിന്നാണ് പിരിക്കുന്നതു. എന്നാൽ ഈ ദേശക്കാരുടെ ആവശ്യങ്ങളെല്ലാം തിരുവിതാംകൂർ ഗവൺമെന്റിൽനിന്നാണ് ചെയ്തുകൊടുക്കുന്നതു. അവിടത്തെ കരംപിരിക്കുന്നവർക്കു ഉത്തരവാദിത്വം അവരുടെ ആവശ്യങ്ങളും സാധിച്ചുകൊടുക്കണംഎന്നു ഞാൻ ഇവിടെ പറഞ്ഞുവല്ലോ. അതുപോലെ ഒരു സമുദായത്തിലെ പ്രത്യേക ആവശ്യങ്ങൾ ആ സമുദായത്തിലെ പ്രത്യേകസ്വത്തുകൊണ്ടുതന്നെ നടത്തണംഎന്നും പൊതുജനങ്ങൾ നെററിവിയർപ്പിച്ചുണ്ടാക്കുന്നപണം അതിലേക്കു ഉപയോഗിച്ചുകൂടാഎന്നുകൂടി ഈ പ്രമേയത്തിൽനിന്നും അനുമാനിക്കേണ്ടതാണ്. ഇതിൽ കൂടുതലായിട്ടു ഈ സംഗതിയെക്കുറിച്ചു പറവാനില്ല.

അടുത്തതായ ഗവൺമെന്റുസ്ഥാപനങ്ങളെക്കുറിച്ചാണ്. അതിനെസംബന്ധിച്ചു ഈ നിയമസഭയിൽ ആലോചിക്കേണ്ട അവകാശംതന്നെയില്ല. മിസ്റ്റർ ബിഷപ്പിന്റെ ബംഗ്ലാവിൽ ഉള്ള റോഡിൽ ഇനി ഒരു അന്തൻ കമ്മിഷണരാകുന്നകാലത്തു ആ അന്തനും പോകുന്നതിനു സാധിക്കും. ഇന്നും അവിടെ ഈ കാണുന്ന എല്ലാ സമുദായാംഗങ്ങൾക്കും എല്ലാ അംഗങ്ങൾക്കുംകൂടി വേണമെങ്കിലുംപോകുന്നതിനു സ്വാതന്ത്ര്യം അവകാശമുണ്ടെന്നാണ് എന്റെ അഭിപ്രായം. ബഹുമെമ്പർ പറഞ്ഞിട്ടുള്ള സംഗതികൾക്കു ഇതിൽ കൂടുതൽ സമാധാനം പറയേണ്ട ആവശ്യമുണ്ടെന്നുതോന്നുന്നില്ല. അതിനാൽ ബഹുമെമ്പർ പറഞ്ഞിട്ടുള്ള സംഗതികൾ ഈ പ്രമേയത്തെ സ്വീകരിക്കാതിരിക്കുന്നതിനു മതിയായ കാരണങ്ങളല്ല. മിസ്റ്റർ ആശാന്റെ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

മി. ആർ. കേശവപിള്ള (കൊല്ലംകരയും-കുന്നത്തൂരും): വിദ്വാനായ ബഹുമെമ്പറിന്റെ പ്രസംഗംകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു ഗവൺമെന്റു ഈ വക റോഡുകളും കുളങ്ങളും സത്രങ്ങളും എല്ലാ വർഗ്ഗക്കാർക്കുമായി തുറന്നുവിടുന്നതിനു പ്രതികൂലമായി നിൽക്കുന്നില്ലെന്നാണ്. ഈ കാര്യത്തിൽ ജനങ്ങളിൽ ഏതാനും വർഗ്ഗത്തിന്റെ ആചാരസംബന്ധമായ പഴയ വിശ്വാസത്തെ ധിക്കരിക്കാൻ ഇടവരുന്നതിൽ ഉപദ്രവം നേരിടരുതെന്നു മാത്രമേ ഗവൺമെന്റിനാഗ്രഹമുള്ളു. ഗവൺമെന്റു ഈ വക പഴയ വിശ്വാസങ്ങളെ വളരെനാൾമുമ്പുമുതൽ കാര്യമായ നിലയിൽ അനുകൂലിച്ചുവന്നിരുന്നതും ഇപ്പോൾ പെട്ടെന്നു അവയെ നിഷ്കാസനം ചെയ്യുന്നതു അസാധ്യമെന്നു ഗവൺമെന്റിനു തോന്നുന്നതിനാൽ കൂടുതൽകാലംകൊണ്ടുമാത്രം സത്രംമുതലായ പൊതുസ്ഥലങ്ങൾ എല്ലാവർക്കും തുല്യാവകാശമായി ഉപയോഗപ്പെടുത്താൻ സാധിക്കയുള്ളുഎന്നു ഗവൺമെന്റിനു കാരണമായിട്ടുള്ളതുമാകുന്നു. എന്നാൽ ഈ റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ പൊതുവിലാക്കുന്നതിൽ തിരുവിതാംകൂർ ജനസാമാന്യത്തിനു വലിയ ഒരു ആക്ഷേപമില്ലെന്നുള്ളതു ഗവൺമെന്റു ധരിക്കേണ്ടതാണ്. മുൻകാലത്തു ഗവൺമെന്റു ഏതാനും സ്കൂളുകളിൽ ഏതാനുംവർഗ്ഗക്കാർക്കു പ്രവേശനം അനുവദിച്ചിരുന്നില്ലെങ്കിലും പിന്നീടുണ്ടായ പ്രക്ഷോഭണവും ജനങ്ങളുടെ അപേക്ഷാനുസരണവും ഗവൺമെന്റു ആ നടപടിയെ കളഞ്ഞു് എല്ലാ വർഗ്ഗക്കാർക്കും സ്കൂൾപ്രവേശനം ഒരുപോലെയാക്കി. തിരുവിതാംകൂറിൽ വിദ്യാഭ്യാസം ഉന്നതനിലയിൽഎത്തിയിട്ടുണ്ടെന്നും സർവ്വവർഗ്ഗക്കാരും സഹോദരഭാവത്തിൽ പൊതുസ്ഥാപനങ്ങൾ തുല്യാവകാശനിലയിൽ ഉപയോഗമാക്കണമെന്നും ആഗ്രഹക്കാരാണെന്നും ഗവൺമെന്ററിയേണ്ട സംഗതിയാണ്. അതുകൊണ്ടു്, പൊതുഅവകാശം കേവലം ഇല്ലെന്നു പറയാമെന്നുള്ള കൂട്ടർക്ക് അതനുവദിക്കുന്നതിൽ ഗവൺമെന്റിനു് തടസ്സം വരാൻ കാരണമില്ല. ബഹുമെമ്പർ അവർകൾ ഗ്രാമവീഥികളും വഴിയിൽകൂടി ചിലർ പോകുന്നതിലുള്ള തടസ്സങ്ങളെപ്പറ്റി സംസാരിക്കയുണ്ടായി. ഇവയെ പൊതുവാക്കുന്ന കാര്യം സിവിൽകോടതിവിധികളെ മുഖ്യമായി ആശ്രയിച്ചിരിക്കുന്നുവെന്നദ്ദേഹം പറഞ്ഞു. എന്റെ അറിവിൽ ദേവസ്വംറോഡുകൾ മിക്കവാറും തുറന്നതു ഗവൺമെന്റിന്റെ ഇഷ്ടാനുസരണമല്ലാതെ സിവിൽക്കോടതിയുടെ ആലോചനാഫലമായിട്ടും അല്ല. ഗ്രാമവീഥികൾ തുറന്നുവിടുന്ന കാര്യത്തിൽ ഗവൺമെന്റനുകൂലിക്കുന്നപക്ഷം സിവിൽകോടതികൾ തടസ്സമായി നിൽക്കുന്നതല്ല. ഈ വാദങ്ങളെപ്പറ്റി ഞാൻ പറഞ്ഞതു, ദേവസ്വംറോഡുകൾ സിവിൽകോടതികളുടെ അഭിപ്രായമോ ആലോചനയോ കൂടാതെ തുറന്നുപയോഗമാക്കിയതുകൊണ്ടാണ്. ഈ വാക്കുകളോടുകൂടി ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): സർ, പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന ആശയത്തെ ഞാൻ അനുകൂലിക്കുന്നു. ഏറ്റവും ഉദ്ദേശശുദ്ധിയോടുകൂടിയാണ് മിസ്റ്റർ ആശാൻ ഈ പ്രമേയത്തെ അവതരിപ്പിച്ചതു. റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ ഒരു പ്രത്യേക വർഗ്ഗക്കാരുടേതാണല്ലോയെന്നുള്ള കാരണത്താൽ അവരിൽനിന്നും ഒഴിച്ചുവയ്ക്കുന്നതു ന്യായമല്ല. ഇപ്പോൾ കാണുന്നമാതിരി ചില റോഡുകളും കുളങ്ങളും സത്രങ്ങളും സംബന്ധിച്ചു സ്വല്പം തടസ്ഥങ്ങൾ ഉണ്ട്. ഈ വക തടസ്സങ്ങൾ പൊതുജനങ്ങളെ അസ്വസ്ഥമാക്കിയിട്ടുള്ളവയാണെങ്കിൽ, എല്ലാ സമുദായത്തിൽപെട്ടവരും അവയെ ആചരിച്ചുപോരാൻ അനുവദിക്കണം. ദേവസ്വം റോഡുകളോ, കുളങ്ങളോ, ഊരാളർ വകയോ പോലീസ്കമ്മീഷണരുടെയോ മിസ്റ്റർ റോബിൻസന്റെയോ വളപ്പിലുള്ള കുളങ്ങളോ റോഡുകളോ മി. ആശാൻ ഉദ്ദേശിച്ചിട്ടില്ല. അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതു, സംസ്ഥാനത്തെ എല്ലാജനസാമാന്യത്തിന്റെ ക്ഷേമത്തിനു ദോഷം നേരിടാത്തവിധത്തിൽ തുല്യാവകാശമാക്കി വയ്ക്കാവുന്നതായ റോഡുകളും കുളങ്ങളും സത്രങ്ങളും മാത്രമാണ്. ശക്തിവിലാസകുളമോ കാളകെട്ടു് പുരയിടമോ സർക്കാർ ഉള്ളതല്ലെന്നു നിശ്ചയമായിട്ടറിയാവുന്നതാണ്. മി. ആശാൻ ഇവയെ ചന്തസ്ഥലംപോലെ ആക്കണമെന്നു ആ

വശ്യപ്പെടുന്നില്ല. വല്ലതടസ്സങ്ങളും ചെയ്യേണ്ടതുണ്ടെങ്കിൽ അതു പൊതുവിൽ ആകപ്പാടെ ഉള്ള നന്മയെ ഉദ്ദേശിച്ചുമാത്രവും പൊതുവിൽ അതു ആവശ്യമെങ്കിൽ ക്ലിപ്താവകാശങ്ങളെ അസ്ഥിരമാക്കിയ തടസ്സങ്ങളെ നാം വകവച്ചു സമ്മതിച്ചുകൊടുക്കേണ്ടതു മാത്രവുമാണ്. മി. ആശാൻ ആവശ്യപ്പെടുന്നതു്. ഗ്രാമവീഥികൾ ഒരു വർഗ്ഗത്തിനോ സമുദായത്തിനോ പൊതുവിൽ എല്ലാവരുടേയും നന്മയെ ഉദ്ദേശിച്ചു പ്രവേശനം അനുവദിക്കാത്ത സ്ഥലമാണെങ്കിൽ, ആ പ്രത്യേകാവകാശത്തെ ഉപേക്ഷിതമാക്കി വയ്ക്കാവുന്നതാണ്. എന്നാൽ ആവശ്യമില്ലെങ്കിൽ പൊതുവെ എല്ലാവരും അതു ആവശ്യമില്ലെന്നഭിപ്രായപ്പെടുന്നതായെങ്കിൽ തടസ്സങ്ങളെ ഉടനെ നീക്കംചെയ്യണം. പ്രമേയത്തിന്റെ അന്തരംഗം അതാണ്. എന്നാൽ പ്രമേയം വായിച്ചാൽ അതു് ദേവസ്വംവകയോ, കൊട്ടാരംവകയോ എല്ലാവക റോഡുകളും കുളങ്ങളും സത്രങ്ങളും ഉൾപ്പെട്ടിരുന്നതായി ആർക്കും ഉദ്ദേശിക്കാവുന്നതാണ്. ആതിനെ ഈ ഒരു സാങ്കേതിക കാരണത്താൽ ആക്ഷേപിക്കാവുന്നതാണ്. പ്രമേയം അതിന്റെ തികഞ്ഞരൂപത്തിൽ, കാണുന്ന ആകൃതിയിൽ എല്ലാ സംഗതികളെയും സ്പർശിക്കുന്നതു കാരണം ഈ സഭയിൽ പാസാക്കപ്പെടുവാൻ അസാദ്ധ്യമാണ്. അവ തിരിച്ചു പ്രമേയത്തിന്റെ അന്തരാർത്ഥത്തെ ഗവണ്മെന്റു ആലോചിച്ചാൽ ഒരു മെമ്പറിനു അതിനെ ആക്ഷേപിക്കാൻ യാതൊരവകാശവുമില്ല. ഈ നിലയിൽ ഗവണ്മെന്റുകാര്യം ആലോചിച്ചു പ്രമേയത്തിന്റെ അന്തരാർത്ഥം സ്വീകരിക്കുന്നതായാൽ നമുക്കാർക്കും സങ്കടത്തിനു കാരണമില്ലെന്നാണ് എന്റെ അഭിപ്രായം. പ്രമേയത്തിന്റെ ഉദ്ദേശത്തെ അനുകൂലിച്ചുകൊണ്ടു മി. ആശാനോടു ഒരു മെമ്പർ സഭയിൽപറഞ്ഞ വാദങ്ങളെ പര്യാലോചിച്ചു് വോട്ടിടുന്നതിനു് നിർബന്ധിക്കാൻ ആവശ്യപ്പെടുന്നൊരയെന്ന ചോദിച്ചുകൊള്ളുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): സർ, പ്രമേയത്തെ അനുകൂലിക്കുന്നതോടുകൂടി, സഭയിലെ ഈ ഭാഗംമെമ്പറന്മാർ വ്യക്തമായി മനസ്സിലാക്കേണ്ടതിലേക്ക് ചില സംഗതികളെ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ഞാൻ ആഗ്രഹിക്കുന്നു. ആദ്യമായി, സഭയിലെ ഈ വശത്തെ മെമ്പറന്മാരുടെ സ്വീകരണത്തിനായി പ്രമേയത്തിന്റെ സാരാംശവും പ്രമേയം അവതരിക്കപ്പെട്ട നിലയിൽ ആലോചിക്കേണ്ടതായിട്ടില്ലെന്നും ഉള്ളതിനെപ്പറ്റി മി. ജി. പി. നീലകണ്ഠപ്പിള്ളയുടെ വിമർശങ്ങളെപറ്റി ഒരു ചിന്തചെയ്യേണ്ട കാര്യമുണ്ട്. സർ, പ്രമേയത്തിനെ ആകൃതിയിലും പ്രകൃതിയിലും നാം ബലമായി താങ്ങേണ്ടതിലേക്ക എല്ലാഭാഗവും വ്യക്തമാക്കി പറയണമെന്നു ഞാൻ വിചാരിക്കുന്നു. ആ സംഗതി ഈ സന്ദർഭത്തിൽ വ്യക്തമാക്കപ്പെട്ടതിയില്ലെങ്കിൽ അതുകഴപ്പത്തിനിടയാക്കി മെമ്പന്മാർക്കു വോട്ടുചെയ്യുന്നതു എങ്ങിനെവേണമെന്നു സംശയത്തിനു വഴിയാകും. (കേൾക്കണം കേൾക്കണം) ഈ പ്രമേയത്തെപ്പറ്റി ആലോചിക്കുമ്പോൾ ഈ ഭാഗത്തുള്ള അനൌദ്യോഗസ്ഥമെമ്പറന്മാർ ധരിക്കേണ്ടതു അവർക്കു അർദ്ധമനസ്ഥിതിയുണ്ടാകേണ്ടതെന്നാണ്. അതു അപ്രകാരം നല്ലവണ്ണം ഓർക്കണം. ഈ ഭാഗത്തുള്ള മെമ്പറന്മാരുടെ ശ്രദ്ധക്കു പാത്രമാകേണ്ടതായി മാന്യമെമ്പർ പറഞ്ഞ ഏകസംഗതി ഇതാണ്. എല്ലാറോഡുകളും സംസ്ഥാനത്തെ എല്ലാവർഗ്ഗക്കാർക്കും ഉപയോഗമാക്കി തുറന്നുവിടേണ്ടതാണെന്നു ഗവണ്മെന്റിനറിയാം. എന്നാൽ പൊതുമുതൽകൊണ്ടു രക്ഷിച്ചുപോരുന്ന പബ്ലിക്‌റോഡു് വിവരണത്തിൽ ഉൾപ്പെടുന്നതായ ഗ്രാമവീഥിയും ഉണ്ടെന്നുള്ളതു ഗവണ്മെന്റിനു് മനസ്സിലാക്കാൻ പ്രയാസമായിവന്നിരിക്കുന്നു. പ്രമേയത്തിനകത്തു അതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഉപക്ഷേപകന്റെ നിശ്ചയം. സർ, ഞാൻ തുറന്നമനസ്സോടെപറയുന്നതു് ഉപക്ഷേപകന്റെ ഉദ്ദേശം അതല്ല എന്നാണ് ഞാൻ ഉപക്ഷേപകനെ മനസ്സിലാക്കിയതും ഗ്രാമവീഥികൂടി പ്രമേയത്തിൽ വന്നിട്ടുണ്ടെന്നാണ്. അതുകൊണ്ടു സങ്കല്പിത ദൌർബല്യങ്ങളെ ആലോചിച്ചു് ചാപല്യമനസ്ഥിതിയോടുകൂടിയിരുന്നിട്ടാവശ്യമില്ല. ചിലമെമ്പറന്മാരുടെ പ്രമേയത്തെപ്പറ്റി കേവലം സ്വയം കൃത്രിമസൂത്രവാദങ്ങളോ ഉണ്ടെന്നുവരികിൽ അവർ അതു വച്ചുകൊണ്ടിരിക്കട്ടെ. പൊതുമുതൽ ചിലവിട്ടുരക്ഷിച്ചുപോരുന്ന ഗ്രാമവീഥികൾ ഏതെങ്കിലും ഒരു പ്രത്യേകവർഗ്ഗത്തിനു മാത്രമെ ഉപയോഗിക്കാൻ പാടുള്ളു എന്നുവന്നാൽ ആ ആചാരം മേലാൽ ഒരു ദിവസംപോലും അനുവദിക്കാൻപാടില്ലാത്തകാലം ഇപ്പോൾ നമുക്കു വന്നിരിക്കുകയെന്നു ഈ സഭയെ കണിശമായും ധൈര്യത്തോടുകൂടെയും നാം ധരിപ്പിക്കേണ്ട ചുമതലയുണ്ട്. പൊതുമുതൽ ചെലവുഎന്നുള്ളതിനു് ഓരോരുത്തനും കരംകൊടുത്തുണ്ടാകുന്ന പണത്തെ ചെലവുചെയ്യുക എന്നു അർത്ഥമാണെങ്കിൽ ഒരു പ്രത്യേകവർഗ്ഗത്തിനു ഇതിനുമുൻപു അനുഭവിച്ചുവരുന്നപോലെ ഗ്രാമവീഥിയിൽ പ്രത്യേകം അവകാശം വേണമെന്നു വരികുന്നതായാൽ കാലസ്ഥിതിക്കു അതു ഒരിക്കലും യോജിക്കുന്നതല്ലെന്നും ഇനിമേലിൽ ആ പഴമൊഴി വാദങ്ങൾ ജനസാമാന്യം കേൾക്കാൻ തയ്യാറില്ലെന്നും അവർ അറിയേണ്ടതാണ്. അവർക്കു ഒരു പ്രത്യേക അവകാശം വേണമെങ്കിൽ അവർ അതിനു വിലകൊടുത്തു വാങ്ങേണ്ടതാണ്.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഗ്രാമവീഥിയുടെ ഉടമസ്ഥാവകാശം, അതായതു് ഗ്രാമവീഥി പോകുന്നവഴി ആരുടെവകയാണെന്നു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോകുന്നവഴിയിൽ നിന്നും വ്യതിചലിക്കാതിരിക്കാൻ ചോദ്യത്തിനു ഞാൻ മറുപടിപറയാതെ തുടർന്നുകൊണ്ടു പറയുന്നതു പൊതു ചെലവുകൊണ്ടു രക്ഷിച്ചുപോരുന്ന ഏതും പ്രമേയത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്നു വ്യക്തമായി ഞാൻ അർത്ഥമാക്കുന്നു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): എന്റെ ചോദ്യം അതല്ല. ഗ്രാമവീഥികൾ പോകുന്നസ്ഥലം ആരുടെവകയാണെന്നു മെമ്പറിനു അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതുവിൽ ഉള്ളതാണോ അല്ലയോഎന്നുള്ളതു കാര്യത്തിന്റെ സാരാംശത്തിൽ പെടുന്നില്ല. പൊതുമുതൽകൊണ്ടു സംരക്ഷണം ചെയ്തുപോരുന്ന കുളമൊ സത്രമൊ റോഡൊ ഏതുംതന്നെ പ്രമേയത്തിനധീനപ്പെട്ടിരിക്കുന്നു.

മി. കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): അതല്ല എന്റെ ചോദ്യം; സർ, എന്റെ ചോദ്യം ഇതാണ്. ഗ്രാമവീഥികൾ ഉണ്ടെന്നു അനുമാനിച്ചുകൊണ്ടു.

പ്രസിഡന്റ്: മി. നീലകണ്ഠപ്പിള്ള നിങ്ങൾ ചോദിച്ചതിനു് മറുപടി പറഞ്ഞുവരുന്നുണ്ട്. സ്വല്പം ക്ഷമിക്കണം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അതിനു മറുപടി പറഞ്ഞുവരുന്നു. സ്ഥലം പൊതുവിലുള്ളതായിരിക്കാം. എന്നാൽ സ്ഥലം പൊതുവായിയെന്നുവരികിലും സ്ഥാപനം പൊതുമുതൽകൊണ്ടു സംരക്ഷണംചെയ്യുപ്പെടുന്നതായിരിക്കണം. ആ സ്ഥാപനം പൊതുവിലേക്കുതന്നെ തള്ളിവിടണം.

മി. കുമ്മാമ്പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗവമ്മെന്റിനു അന്യന്റെ വക വസ്തുവെ പൊതുവിലാക്കാൻ എങ്ങിനെ സാധിക്കും?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്കു അതു വിചാരിക്കാൻ തരമില്ല. ഒരുത്തന്നു ഒരു സ്വകാര്യവസ്തുവുണ്ടെങ്കിൽ അതിൽ പൊതുമുതൽ ചെലവാക്കാൻ പുറപ്പെട്ടപ്പോൾ ഗവമ്മെന്റു അനാവശ്യമായിട്ടു അന്യന്റെ വസ്തുവിൽ ഇടപെടാതെയിരിക്കാൻ ഉടമസ്ഥൻ സൂക്ഷിക്കേണ്ടതാണ്. അതുകൊണ്ടു കാര്യം ഇത്രയെയുള്ളു. അതു എങ്ങിനെയുള്ള വിധിയായാലും പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുമ്പോൾ പൊതുവിൽ എല്ലാവർഗ്ഗക്കാർക്കും വിട്ടുകൊടുക്കേണ്ടതാണ്. വിദ്വാനായ ലാമെമ്പറിന്റെ വാദങ്ങളിൽ മറുമാറ്റങ്ങളെപ്പറ്റി പറയുകയാണെങ്കിൽ അതിലേക്കു എത്രയാമംകൊണ്ടു അറിയപ്പെടത്തക്കതു ഒന്നുമില്ലെന്നും കാരണങ്ങളൊന്നുമില്ലെന്നും ഞാൻ ഇതാ പറയുന്നു. മി. മാത്യു മുരിക്കൻ പറഞ്ഞതുപോലെ ലാമെമ്പർ പ്രമേയത്തെ യഥാതാനമില്ലെന്നും ഞാൻ ഇതാ പറയുന്നു. പ്രമേയത്തിന്റെ അന്തർഗ്ഗതം മനസ്സിലാക്കാത്തതിന്റെ അന്തരാർത്ഥം ഗ്രഹിച്ചില്ലെന്നു ബോധിപ്പിച്ചുകൊള്ളുന്നു. അല്ലെങ്കിൽ പ്രമേയത്തെ തെറ്റിദ്ധരിച്ചിട്ടാണെന്നും അല്ലെങ്കിൽ പ്രമേയത്തെ തെയിരുന്നപ്പോൾ ലാമെമ്പർ ഏതാനംകൂറവാദങ്ങൾ പുറപ്പെടുവിച്ചുവെന്നേയുള്ളു. അതാണ് ലാമെമ്പർ പണിപ്പെട്ടുവഹിക്കുന്ന ദുർഘടം, അതിനെ ഏറ്റുക്കാൻ ഈ ശ്രേഷ്ഠത്തിനു സാധിക്കുന്നതല്ല. ഗേൾസ്കൂളിനെപ്പറ്റി ലാമെമ്പർ നാൽ പ്രമേയത്തിന്റെ അന്തരംഗം ഗ്രഹിക്കേണ്ടതു അത്യാവശ്യമാണ്. ഗേൾസ്കൂളിനെപ്പറ്റി ലാമെമ്പർ സാമർത്ഥ്യമായി പറഞ്ഞതു ആതായതു പൊതുമുതൽകൊണ്ടു അതിനെ സംരക്ഷിച്ചുപോരുന്നതിനാൽ അതിനെ എല്ലാപേർക്കും പ്രവേശനത്തിനു അവകാശപ്പെടാവുന്നതു സാധാരണയായി വഹിക്കത്തക്ക ഒരു വാദമല്ല. നാം എല്ലാപേരും വിദ്യാഭ്യാസമുള്ളവരാണ്, ഗേൾസ്കൂളിൽ ഒരു മൂത്രവിസർജ്ജനസ്ഥലമുണ്ടെന്നു മനസ്സിലാക്കിയാം. ഈ പ്രമേയത്തെ ഈ സഭയിൽ അവതരിപ്പിച്ചതിന്റെ ഉദ്ദേശങ്ങളിൽ ഒന്നു പൊതുവിൽ എല്ലാ അംഗത്തിനും ആ മൂത്രവിസർജ്ജനസ്ഥലത്തു അവകാശം വേണമെന്നാണൊ അതുകൊണ്ടുവരുന്നതു. ആ വാദം ഈ സഭയിലെ ഏതെങ്കിലും ഒരംഗത്തിനു വിലയുള്ളതായി തോന്നുന്നുണ്ടൊ. സർ, ഈ സാമ്യംകൊണ്ടുതന്നെ എളുപ്പം തള്ളേണ്ടതാണ്.

പിന്നീടു ഭാഗം ഒരു വിദ്വാനായ മെമ്പർ മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പറഞ്ഞതു ഈ രാജ്യം വേണ്ടതുപോലെ പൂർണ്ണമായ പരിഷ്കാരത്തിൽ വന്നില്ലെന്നും ഈ പ്രമേയപ്രകാരം പ്രവർത്തിക്കുന്നതിനു സമയമായില്ലെന്നും ആണ്. ഞാൻ ചോദിക്കുന്നതു ഇൻഡ്യാസാമ്രാജ്യത്തിൽ ഏതൊരുഭാഗത്താണ് ഈ പ്രമേയമനുസരിച്ചു പ്രവർത്തിക്കാൻമാത്രം പരിഷ്കാരം തികഞ്ഞിട്ടുള്ളതു എന്നാണ്. ഞാൻ മി. പിറവിപ്പെരുമാൾപിള്ളയോടു ഇതുമാത്രം ചോദിക്കുന്നു. ഈ തത്വത്തിന്മേൽ നാം എല്ലാവരും രാജിവയ്ക്കണം. പിന്നീടു വീണ്ടും തിരഞ്ഞെടുപ്പിനായി ഉദ്യമിക്കുന്നതായാൽ, കാര്യം ഒന്നുകൂടി സാരമായി തീരുമാനിക്കാൻ ഇടവരുന്നതും പിന്നെ അതിനെപ്പറ്റി ഞാനു ആലോചിക്കുന്നതുമല്ല.

മി. എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക): ഞാൻസമയമായില്ലെന്നു പറകയാണെങ്കിൽ ഞാൻ അങ്ങിനെ അർത്ഥമാക്കി പറഞ്ഞില്ല. ഞാൻപറഞ്ഞതു നടപ്പാചാരങ്ങളെ നിരാകരിക്കുന്നതിനും അഗണ്യമാക്കുന്നതിനും സമയമായില്ലെന്നാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ശരിതന്നെ, സർ, അനേകംപേർ ഈ പ്രമേയം സ്വീകരിക്കാതിരിക്കാനായി നടപ്പും പതിവും എന്ന വേദശാസ്ത്രംപറഞ്ഞുള്ള വാദം പുറപ്പെടുവിക്കുമായിരിക്കും നീതിന്യായസ്ഥാപനത്തിനെതിരായി ഗവമ്മെന്റിനു പ്രവർത്തിക്കാൻസാധിക്കയില്ലെന്ന സഭയിൽ അഭിപ്രായം അർത്ഥപ്പെടുത്തിവന്നു, സർ, നടപ്പുകളെപ്പറ്റിയും അവയെപ്പറ്റിയുമുള്ള നീതിന്യായസ്ഥാപനത്തിന്റെ തീരുമാനങ്ങൾ പ്രത്യേകമായും നമുക്കറിയാം. അതിനാൽ അതു വാദമായിവരുകയില്ല. ഈ രാജ്യവാസികൾ ഒരു നടപ്പാചാരത്തെ ഇക്കാലത്തു വകവയ്ക്കാൻ മനസ്സില്ല. രാജ്യത്തിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ കാര്യമായ സർവ്വവിധത്തിൽ ആലോചിച്ച് നടപ്പാചാരം കീഴ്പതിവായി അംഗീകരിക്കുന്നതല്ലെന്നു തീരുമാനിക്കുക, ഒരു നടപ്പാചാരം ഒരു വർഗ്ഗക്കാർക്കു പുരോഗമനത്തിനു തടസ്സവും കഷ്ടത്തിനും നിയമം വകവയ്ക്കാതിരിക്കുന്നതിനു കാരണവും ഉണ്ടാക്കുക, ഇതൊക്കെയൊക്കെ ഉണ്ടായിരിക്കെ എനിക്കു ചോദിക്കാനുള്ളതു നിയമപരിപാലനകർത്താവായിരിക്കുന്ന ഗവമ്മെന്റിനു ഈ ഘട്ടത്തിൽ ഇതിൽഇടപെടാൻ കാര്യമുണ്ടോ എന്നും ജനങ്ങളുടെ അറിവിനൊക്കാത്തതായ നടപ്പുകളെ രക്ഷിക്കാൻ ശ്രമിച്ചുപോന്നും ആളുകളെ ഉപദ്രവിച്ചുപോന്നും നിയമലംഘനത്തിനു വഴിയുണ്ടാക്കാൻ കാര്യമുണ്ടോയെന്നും അതിനുപകരം ഗവമ്മെന്റു "ജനങ്ങളുടെ വിശേഷബുദ്ധിക്കു ചേരാത്തതായ ഈ നടപ്പുകളെ ഞങ്ങൾ അനുകൂലിക്കുന്നില്ലാ" എന്നുപറകയാണ് നല്ലതെന്നും എന്നുള്ളതാണ്—അതുകൊണ്ടു ഇതിൽ ഞങ്ങൾ ഭാഗമാക്കാൻ നിശ്ചയിച്ചിട്ടില്ല. നീതിന്യായസ്ഥാപനത്തിനു കാലാനുസരണം അഭിപ്രായമാറ്റം വരാറുണ്ട്—നീതിന്യായസ്ഥാപനത്തിന്റെ പ്രവൃത്തിയിൽ ഗവമ്മെന്റു കൈകടത്തുകയില്ല എന്നുള്ള വാദം ബുദ്ധിമുട്ടൊഴിക്കാനുള്ള സൂത്രമാണ്. എന്നാൽ ഫലം കഷ്ടതരമായിട്ടുവരും.

മി. എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക): മതസംബന്ധമായ മതവിശ്വാസം വിവേകത്തെ ആശ്രയിച്ചല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതാണു പ്രയാസം. അവ വിവേകത്തെആശ്രയിച്ചല്ല. വിവേകംകൂടാതെയുള്ള മനോവിശ്വാസം മനുഷ്യർക്ക് ഫലിക്കുന്നതല്ല. ഒരു വിശേഷതരത്തിലുള്ള മനോവിശ്വാസംകാണും. അതിനെ താങ്ങാനായിട്ടു ഒട്ടുംതന്നെ വിവേകമുണ്ടായിരിക്കയില്ല. അതുകൊണ്ടു അതിനെ നിങ്ങൾക്ക അനുകൂലിക്കേണ്ടതായിവരും. അതാണൊ നില?

മി. എസ്, പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): മനോവിശ്വാസം വിവേകത്തെ ഒരിക്കലും ആശ്രയിച്ചിരിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊള്ളാം, വേണമെന്നില്ല. വേറൊരു വാദം ഇതു ഒരു നിയമകോടതിയിൽ പ്രതിവാദിക്കേണ്ടതാണെന്നാണ്. ഒരു കാര്യം പ്രവൃത്തിച്ചുതീരുവെന്നുവന്നാൽ ഗവമ്മെന്റു യുക്തംപോലെ ചെയ്യും. ഒരു സ്ഥാപനം എല്ലാവർക്കുമായി തുറന്നുവിടണമെങ്കിൽ അങ്ങിനെയുംചെയ്യുന്നുണ്ട്. കാരിക്കാവുറോഡിനെപ്പറ്റിയാണു ഞാൻ പറയാൻപോകുന്നതു. ആ റോഡു ഉണ്ടാക്കേണ്ട ആവശ്യം ഗവമ്മെന്റിനു തോന്നിയില്ലേ? അതു തുറന്നുവിട്ടാൽ പൊതുജനസൗകര്യത്തിനു വഴിയല്ലേ? ആവശ്യത്തെ

പ്പററി ഗവണ്മെൻറിനു നല്ലപോലെ ബോദ്ധ്യപ്പെട്ടു. എന്നിട്ടു എന്താണ് ഗവണ്മെൻറു ചെയ്തതു്? ഒരു പൊതു റോഡിനെ തുറന്നുവിടുന്നതിനുപകരം അന്ധവിശ്വാസത്തിനു വഴിയുണ്ടാക്കാൻ ഒരു പുതിയ റോഡു വെട്ടിച്ചു. പബ്ലിക്കുറോഡു എല്ലാവർഗ്ഗക്കാർക്കുമായി തുറന്നുവിടണമെന്നുള്ള വാസ്തവാത്യാവശ്യം അറിഞ്ഞാൽ, ഗവണ്മെൻറു അപ്രകാരം ചെയ്യേണ്ടതായിരുന്നു. അതുചെയ്യാതെ പൊതുചിലവിൽ ഒരു പുതിയറോഡു വെട്ടിക്കാൻ ആവശ്യമുണ്ടായി. കാര്യങ്ങൾ അനുഷ്ഠിക്കേണ്ടതു ഇങ്ങനെയാണോ? ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതു തീരുമാനിക്കുന്നതിനു പരമാധികാരം ആർക്കാണ്?

പ്രസിഡൻറ: സമയമായിയെന്നു ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ടു ആവശ്യമുണ്ടോ ഇല്ലയോ എന്നു നിർണ്ണയിക്കാൻ നമുക്കു ശരിയായ അധികാരമില്ല. ആവശ്യമുണ്ടെന്നു കണ്ടസമയത്തുകൂടിയും ജനങ്ങളെ സമാധാനപ്പെടുത്താനുള്ള സൂത്രവഴി കണ്ടതും ഒരു പുതിയ റോഡു വെട്ടാനാണ്. ആ റോഡിനുവേണ്ടി മത്സരിച്ചവർക്കെല്ലാം പണനഷ്ടത്തിനിടയായി. ഒരുകൂട്ടം ആളുകൾക്കുവേണ്ടി തിരുവിതാംകൂർമുഴുവനും ബുദ്ധിക്കുചേരാത്ത പഴയ ഒരു നടപ്പിനെ പുലർത്താൻ പണം ചിലവാക്കേണ്ടതായിവരുന്നു. ഈ വാക്കുകളോടുകൂടി പ്രമേയത്തെ പിൻതാങ്ങുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാനും പ്രമേയത്തെ പിന്താങ്ങുന്നു. വിദ്വാനായ ലാമെമ്പർ പ്രമേയത്തെ വ്യാഖ്യാനിച്ചവിധവും പ്രമേയം അതേരൂപത്തിൽ സഭ സ്വീകരിക്കാൻപാടില്ലെന്നുള്ള വാദവും അറിയുന്നതിൽ എനിക്കു ഏററവും അതിശയം തോന്നുന്നു. "പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന" എന്ന വാക്കുകളെയാണ് അദ്ദേഹം പ്രത്യേകം ഊന്നിപ്പറഞ്ഞതു, ഊന്നിപ്പറയാൻ കണ്ടതു, ഈ വാക്കുകൾ മാത്രമാണ്. എന്നാൽ "ജാതിമതഭേദംകൂടാതെ എല്ലാ വർഗ്ഗക്കാർക്കും" എന്നുള്ള വാക്കുകളിൽ ഊന്നിപ്പറയുന്നതിനു വകയില്ലെയെന്നു, അദ്ദേഹത്തോടു സബഹുമാനം ഞാൻ ചോദിച്ചുകൊള്ളുന്നു. "ജാതിമതഭേദംകൂടാതെ" എന്ന വാക്കുകളെ അദ്ദേഹം അതിപാടവത്തോടെ, വിഗണിച്ചു. സർ, ഈ പ്രമേയത്തിലുള്ള ഏററവും അർത്ഥവത്തായ ഈ വാക്കുകളെ അദ്ദേഹം നല്ലപോലെ ഗൌനിക്കേണ്ടതായിരുന്നു. മിസ്റ്റർ ആശാൻ വാസ്തവത്തിൽ വിചാരിച്ച അർത്ഥം ഇത്രമാത്രമാണ്. "പൊതുമുതൽകൊണ്ടു രക്ഷിച്ചുപോരുന്ന റോഡുകളും കുളങ്ങളും സത്രങ്ങളും ഉപയോഗിക്കുന്നതിൽ, ഒരുവൻെറ മതമോ ജാതിയോ കാരണമാക്കി ആരും തടയപ്പെടാൻ ഇടവരരുതു്." എനിക്കുള്ള ഭാഷാജ്ഞാനത്തെസംബന്ധിച്ചിടത്തോളം ആ അർത്ഥം ഒരു സാധാരണ മനുഷ്യനു വ്യക്തമാണ്. എന്നാൽ പണ്ഡിതനായ ലാമെമ്പർ തർക്കസംഗതിയോടു യാതൊരുബന്ധമില്ലാത്ത സാമ്യവസ്തുക്കളെ പിന്തുടർന്നു, ആ കൃത്രിമമാർഗ്ഗത്തിൽകൂടി രക്ഷനേടാൻ വഴിനോക്കി. അദ്ദേഹം, ടൗൺസിഫിൽറോഡും, ഗേൾസ്ഹൈസ്കൂൾറോഡും, ഈ വളപ്പിനകത്തുള്ള പന്തലുകളെയും ഉദാഹരണമാക്കിപ്പറഞ്ഞു. പ്രമേയം അനുകൂലിക്കപ്പെടാൻ പാടില്ലെന്നു കാണിക്കുന്നതിനാണ് അദ്ദേഹം ഇവയെല്ലാം ഉദാഹരണമാക്കിപ്പറഞ്ഞതു്. സർ, ഇവയെപ്പററി ഞാൻ താഴ്മയായി പറയുന്നതു്, യാതൊരുവനും ഒരു പ്രത്യേകസമുദായത്തിലുള്ളവനാണെന്നുള്ള കാരണത്താൽമാത്രം മിസ്റ്റർ ബിഷപ്പിൻെറ ടൗൺസിഫിൽബംഗ്ലാവിലേക്കുള്ള റോഡുപയോഗിക്കുന്നതിനു തടസ്ഥമില്ലെന്നാണ്. ഒരുവനോ ഒരുത്തിയോ ഒരു പ്രത്യേകസമുദായത്തിലാകകൊണ്ടു, ഗേൾസ്ഹൈസ്കൂൾറോഡോ, ഹൈസ്കൂൾതന്നെയോ ഉപയോഗിക്കുന്നതിൽ തടസ്സമില്ല.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ സഭാമന്ദിരത്തിനടുത്തുകിടക്കുന്ന പന്തലുകളെപ്പററി എന്തുപറയുന്നു?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഓരോവർഗ്ഗത്തിനും ഓരോപന്തൽ ഗവണ്മെൻറു ഉണ്ടാക്കിവച്ചതു ആക്ഷേപാർഹമെന്നാണ് ഞാൻ പറയുന്നതു. ഓരോരുത്തർക്കു പ്രത്യേകംപന്തൽ വേണമെന്നുള്ളതിനെ, നിർത്തൽചെയ്യാൻ അനുകൂലിക്കുന്നതിൽ പ്രഥമസ്ഥാനത്തിനു അർഹനാകാൻ ഞാൻ തയാറാണ്. സൌഹാർദ്ദത്തിനു വഴിതടഞ്ഞു സമുദായങ്ങൾ ഒന്നോടൊന്നു ചേരാതെ നമ്മുടെ വിശ്രമസമയം കഴിച്ചുകൂട്ടാൻ ഇടവരുത്തുമാറു, പ്രത്യേകപന്തലുകൾ ഉണ്ടാക്കിവച്ചതായ ഗവണ്മെൻറിൻെറ പ്രവൃത്തിയെ ഞാൻ അനുകൂലിക്കുന്നില്ല. ഗവണ്മെൻറു അങ്ങിനെ ചെയ്യുന്നതെന്താണെന്നു മനസ്സിലാകുന്നില്ല. ഈ നിമിഷംമുതൽ നിങ്ങൾക്കു അതു നിർത്തൽചെയ്യാം. നിർത്തൽചെയ്യണമെന്നുപറയുന്നവരിൽ ഞാൻ ഒന്നാമനാണ്. ഈ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നെങ്കിൽ, അതു, ജാതിമതത്തെ ലാക്കാക്കി വകഭേദങ്ങളെ ഇടയെ പുലർത്തിപ്പോരുന്നതിൽ, രാജസ്ഥാനം ഒരു കക്ഷിയായിരിക്കരുതു എന്നുള്ള വളരെ വലിയതത്വത്തെ മിക്കവാറും ആസ്പദമാക്കിയാണ്. ജനസമുദായം നിർഭാഗ്യവശാൽ പലവർഗ്ഗങ്ങളും ജാതികളുമായി പിരിച്ചിരിക്കുന്നതിനാൽ രാജ്യത്തിൻെറ ഉൽഗതി തന്നെ തടയപ്പെട്ടിരിക്കുന്നു. എന്നാൽ എൻെറവാദം ഗവണ്മെൻറു ഈവക ഭേദങ്ങൾ വച്ചുകൊണ്ടിരിക്കുന്നതിനു യാതൊരുവിധത്തിലും കക്ഷിസ്ഥാനംവഹിക്കരുതു എന്നാണ്. സംസ്ഥാനത്തുള്ള ജനങ്ങൾ ഈവക വ്യത്യസ്ഥങ്ങൾ തങ്ങൾക്കാവശ്യമില്ലെന്നും വർഗ്ഗീയാവകാശങ്ങളും വർഗ്ഗീയാവശതകളും പാടില്ലെന്നും പറയുമ്പോൾ, ഗവണ്മെൻറു ജനങ്ങളുടെ കണ്ണോടുകണ്ണായി പെരുമാറേണ്ടതാണ്. സർ, [illegible] ഗ്രാമവീഥികളും രാജപാതകളും പൂണ്ടുകാണിച്ചു നമ്മുടെ കോടതിവിധികൾ അനുസരിച്ചു ഈവക രണ്ടുതരംറോഡുകൾക്കും വ്യത്യാസമുണ്ടെന്നും ഗ്രാമവീഥികൾ എല്ലാവർഗ്ഗക്കാർക്കും പ്രവേശിക്കത്തക്കതല്ലെന്നും പറകയുണ്ടായി. ആവിധികൾ ഏതുകാലത്തുണ്ടായതാണെന്നും എന്തു അടിസ്ഥാനപ്പെടുത്തിയാണു അപ്രകാരം വിധിയുണ്ടായതെന്നും ഞാൻ അദ്ദേഹത്തിനോടു ചോദിച്ചുകൊള്ളട്ടെ.

അവ നടപ്പിനെ ആശ്രയിച്ചാണ്. എന്നാൽ, സർ, ഈവിവരമില്ലാത്തതുകൊണ്ടുള്ള നടപ്പാചാരങ്ങൾ എന്നത്തേക്കും നമ്മുടെ വർദ്ധനയ്ക്കു തടസ്സമാകാത്തവണ്ണം നിലനിർത്തണമെന്നുണ്ടോ? എനിക്കു ചോദിക്കാനുള്ള ചോദ്യം അതാണ്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): കോർട്ടുവിധികൾ തെററാണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): വിധി, ശരിയായിരുന്നേക്കാം. രാജ്യത്തെ ഏററവും ഉയന്നകോടതിയിലെവിധി തെററാണെന്നു ഞാൻ ഒരിക്കലും പറയുന്നവനല്ല. എന്നാൽ എൻെറ അഭിപ്രായം,

വിധിയെ വ്യാഖ്യാനിക്കേണ്ടതു, അന്നത്തെ കാലത്തുണ്ടായിരുന്ന പരിതസ്ഥിതികളും സംഗതികളും വച്ചുകൊണ്ടു വേണം എന്നാണു. നാം ഇപ്പോൾ വളരെ മുമ്പോട്ടായി, ആ തീരുമാനകാലത്തുള്ള സ്ഥിതികളല്ല ഇപ്പോൾ ഉള്ളത്.

മി. കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്നാൽ, മെമ്പർ മെമ്പർ [illegible] കോർട്ടുവിധിയെ മാററികിട്ടുന്നതായി ശ്രമിക്കാത്തതെന്താണു്?

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു നിയമവും കോർട്ടുവിധികളുടെ ഉൽകൃഷ്ടതയും അറിയാൻ പാടില്ലാത്തതാകും ഞാൻ ബുദ്ധിപൂർവമായിട്ടു പ്രവൃത്തികളെന്നതിൽ ദോഷപരിഹാരത്തിനായി നിന്ന് [illegible] അല്ലാതെ നിയമകർത്താക്കളുടെ [illegible], കോടതിതീരുമാനം ഒരു വിശേഷപ്പെട്ടകാലത്തുണ്ടായതാണെന്നു [illegible]. ഇപ്പോഴത്തെ അവസ്ഥാ [illegible] വിധികൾ മാററ [illegible]. കോടതികൾ എന്നാൽ [illegible] പഴയവിധികളെ [illegible]. എന്നാൽ കോടതികൾ അവരുടെ [illegible] വിട്ടുമാറാൻ മടി പ്രദർശിപ്പിക്കും. സ്ഥിതികളുണ്ടായി [illegible] [illegible] മാററണമെന്നു [illegible] [illegible] എഴുതിവിട്ടതാ[illegible] [illegible] വിധിയെ [illegible] [illegible]. ഞാൻ [illegible] നായ [illegible] കോടതികളുടെ [illegible]ആണു്.

മി. കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഒരു പ്രമേയം നിയമക [illegible] ഗവണ്മെന്റിനോടു ഒരു ശുപാർശമാത്രമല്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എന്റെ സ്നേഹിതൻ [illegible] [illegible] ഗവണ്മെന്റിനോടു ഒരു ശുപാർശയായിട്ടുവരുമ്പോൾ, ഗവണ്മെന്റിനു നിയമ [illegible] എന്റെ സ്നേഹിതൻ [illegible]? ഈ സഭ, ഗവണ്മെന്റിനോടു ഒരു ശുപാർശചെയ്യുമ്പോൾ [illegible] നിയമം [illegible] ഗവണ്മെന്റിനു [illegible] എന്റെ [illegible] [illegible]?

മി. കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മെമ്പർ തന്നെ നിയമക [illegible]?

മി. എ. താണുപിള്ള (തിരുവനന്തപുരം): [illegible]. എനിക്കുസാധിക്കും. ഈ കാര്യത്തിൽ എന്തോ [illegible] സാധിക്കുന്നു? മെമ്പർ പ്രസ്തുത പ്രമേയം ഇവിടെ ഇപ്പോൾ [illegible] [illegible] എല്ലാ [illegible] [illegible] [illegible] [illegible] ഈ കാര്യത്തിൽ [illegible]?

മി. കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പ്രത്യേക അവകാശങ്ങളെ ബന്ധിക്കയോ ചെയ്യുന്ന [illegible] മെമ്പർ പറയുന്നതു?

മി. . താണുപിള്ള (തിരുവനന്തപുരം): എനിക്കു ഈ സങ്കല്പിതചോദ്യങ്ങളോടു [illegible], കാര്യം തക്ക പ്രാധാന്യമുള്ളതാണെങ്കിൽ പ്രത്യേക അവകാശത്തിനു തടസ്സമുള്ളതുപോലുള്ള [illegible] എതിർക്കാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പ്രത്യേകാവകാശമോ പൊതുഅവകാശമോ എന്നു [illegible] തീരുമാനിക്കേണ്ടതു ആരാണെന്നു പറയാമോ?

മി. കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): രാജ്യത്തെ കോടതികളല്ലേ അതു തീരുമാനിക്കേണ്ടതു?

പ്രസിഡന്റ്: മി. താണുപിള്ള, നിങ്ങൾ ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറയാൻ ശ്രമിക്കുന്നു, നിങ്ങൾക്കുള്ള സമയം ഏകദേശം ആയി. നിങ്ങൾ വിചാരിക്കുന്നെങ്കിൽ മേലാൽ ചോദ്യങ്ങൾക്കു ഉത്തരം പറയണ്ടാ.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, മാന്യമെമ്പർ ചോദ്യംകൊണ്ടു എന്റെ സമയമെല്ലാം തീർത്തുകളഞ്ഞു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവണ്മെന്റോ ഈ സഭയോ ആരാണ് ഒരു കാര്യം പ്രത്യേകകാര്യമോ പൊതുകാര്യമോ എന്നു തീർച്ചപ്പെടുത്തേണ്ടതു എന്നു പറയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): കോടതികൾ തീരുമാനിക്കേണ്ട കാര്യങ്ങൾ ഉണ്ടു. സാമാന്യേന തീരുമാനിക്കേണ്ടതായ കാര്യങ്ങളും ഉള്ളതു് ഒരു നയംപോലെ ഈ സഭ തീരുമാനിക്കണം.

പ്രസിഡന്റ്: നിങ്ങൾക്കു രണ്ടുമിനിട്ടുകൂടിയുള്ളു എന്നു ഓർമ്മിപ്പിക്കട്ടെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യത്തെപ്പററി എനിക്കു അധികം പറയാനുണ്ടു. എന്നാൽ എനിക്കു രണ്ടുമിനിട്ടുകൂടിയേ ഉള്ളതുകൊണ്ടു ഞാൻ സഭയോടായിട്ടു പറയുന്നതു, ഈ സംഗതി നാം കുടുക്കുവഴികളല്ലാതെ വിശാലമായ രാജ്യതന്ത്രജ്ഞതാപൂർണ്ണതയോടുകൂടി ആലോചിക്കണമെന്നാണ്. പുലയർ മുതലായവർ ഈവക റോഡുകളിൽക്കൂടി പോകുന്നതിനുള്ള തടസ്സംതീർക്കാൻ രാജകീയവിളംബരം പരസ്യംചെയ്യേണ്ട ഒരു കാലമുണ്ടായിരുന്നു. നാം വളരെ പടികയറി പോയിരിക്കയാണ്. ഒരു റോഡു പൊതുവഴിയിൽ സൂക്ഷിച്ചുപോരുന്നതായിട്ടും, ഒരു പുലയനോടോ, പറയനോടോ, ഒരു ഈഴവനോടോ അതു ഉപയോഗിക്കാൻ പാടില്ലെന്നു നിങ്ങൾക്കു പറയാൻ പാടില്ലാത്തതാണ്. ആ കാലമെല്ലാം പോയ്പോയി. ഇപ്പോൾ ഞങ്ങൾ അങ്ങിനെ ചെയ്യുന്നതായാൽ, നിങ്ങൾ വേണ്ടാത്ത കുഴപ്പങ്ങൾ ഉണ്ടാക്കിവയ്ക്കും. ബുദ്ധിയുള്ളവരായ നമുക്കു

ലോകഗതി നല്ലപോലെ അറിയാം. പൊതുമുതൽകൊണ്ടു സൂക്ഷിച്ചുപോരുന്നതാണെങ്കിലും ഈ റോഡിൽ നടക്കാൻപാടില്ല, ഈ സത്രത്തിൽ പ്രവേശിക്കാൻ പാടില്ലായെന്നു പറയുന്നതു അനാവശ്യമാണ്. അതു വല്ലവരും മനസ്സിലാക്കണം. അല്ലാതെ ഒരു മെംബർ നിയമസംബന്ധമായ കുത്രപോമങ്ങളും ഒളിവുമുകളും പ്രയോഗിച്ചു കാര്യം നേടേണമെന്നില്ല. സംഗതികൾ ശരിയായി മനസ്സിലാക്കണം. നാം വിശാലഹൃദയത്തോടെ പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചതിന്റെ ഉദ്ദേശത്തെ മനസ്സിലാക്കണം. ഗവണ്മെന്റും മെംബർമാരും പറഞ്ഞതിനെ പ്രകടിപ്പിച്ചുകൊണ്ട്, വിശാലമനസ്കരായി പ്രമേയത്തെ സ്വീകരിച്ച് നാം പരിഷ്കാരികളല്ലെന്നുള്ള പേര് ആരും പറയാൻ ഇടയാകാതെ ഉടനടി നടക്കേണ്ടതാണ്. ഇപ്പോഴുള്ള സംഗതി ഇത്രയാളുകളെന്നു മനസ്സിലാക്കി, ന്യായം മനുഷ്യരുടെഇടയിൽ പരിപാലിക്കാൻ ഇടവരുത്തണം.

മി. നടുവിൽ കാന്തിരാമൻ (കുവാറ്റുപുഴയും-തൊടുപുഴയും): പൊതുമുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന കുളം, റോഡ്, സത്രം ഇവയിൽ പൊതുജനങ്ങൾക്കു ഒരുപോലെ പ്രവേശനം അനുവദിക്കണമെന്നുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. ചില വർഗ്ഗക്കാർക്കു ഈ മാതിരിയുള്ള സ്ഥലങ്ങളിൽ ഇല്ലാത്തതുകൊണ്ടുള്ള അസൌകര്യവും ബുദ്ധിമുട്ടുംകൊണ്ടു മാത്രമല്ല ഇങ്ങിനെ പ്രവേശനം വേണമെന്നു പറയുന്നത്. മനുഷ്യർക്കെല്ലാം സാധാരണയായുള്ള ആ സ്വാതന്ത്ര്യം ആ രാജ്യത്തെ പ്രജയെന്നുള്ള നിലയിൽ ഒരു മനുഷ്യനെന്നുള്ള നിലയിൽ ഉള്ള ആ പൌരസ്വാതന്ത്ര്യം ചില വർഗ്ഗത്തിൽപെട്ട മനുഷ്യർക്കു അനുഭവിക്കാൻ ഇടയാകാതെ വരുന്നുവെങ്കിൽ അതു അവരോടു ഉയർന്നു പാതകംമാത്രമല്ല ഒരു അപമാനവുംകൂടിയാണ്. ഈ രാജ്യത്തു അധിവസിക്കുന്ന ജനങ്ങൾ ഏതെങ്കിലും സമുദായത്തിനു ഈ മാതിരി ആത്മാഭിമാനരഹിതമായ നിലയുണ്ടെങ്കിൽ അതിനെ പരിഹാരമുണ്ടാക്കി അവരെ മുന്നോട്ടു നയിക്കേണ്ടതു ഈ രാജ്യത്തിന്റെ ഉയർച്ചയ്ക്കു അത്യാവശ്യമാണ്. എല്ലാ അഭിപ്രായവും മാനസികമായിട്ടാണ് ആരംഭിക്കുന്നതു. ജനനാ, ഞങ്ങൾ നികൃഷ്ടരാണെന്നും മററു മനുഷ്യർ നടക്കുന്ന റോഡിൽ നടക്കുന്നതിനോ, പൊതുസത്രത്തിൽ പ്രവേശിക്കുന്നതിനോ, കുളത്തിൽ കുളിക്കുന്നതിനോ ഞങ്ങൾക്കവകാശമില്ലെന്നും ഞങ്ങൾ മൃഗങ്ങളെക്കാൾ നികൃഷ്ടന്മാരാണ് മററുള്ളവർ കരുതിവരുന്നതെന്നും ഒരുവൻ വിചാരിക്കാനിടയായിരിക്കുന്ന ഒരു ജനവിഭാഗത്തിനു ആത്മാഭിമാനവും, ലജ്ജയും ഉൽകർഷേച്ഛയും സ്വാതന്ത്ര്യബോധവും വളർത്തി അവരെ മുന്നോട്ടു കൊണ്ടുവരുന്നില്ലെങ്കിൽ അതുനിമിത്തം രാജ്യത്തിനു നാശമായി അധഃപതനവും വന്നുചേരുന്നതിനിടയുണ്ട്. ഒരു രാജ്യത്തെ ജനങ്ങളുടെ മാനസികവളർച്ചയാണ് അതിന്റെ ഐശ്വര്യമായ ഉൽകർഷത്തിനും സാരമായി ആശ്രയിച്ചിരിക്കുന്നതെല്ലാ ആ രാജ്യത്തിന്റെ ഉയർച്ച ഇരിക്കുന്നത്. ഒരാളിനെ പൊതുജനങ്ങൾ ഉപയോഗിക്കുന്ന ഒരു റോഡിൽ നടന്നുകൂടാ ഒരു കുളത്തിൽ ഇറങ്ങിക്കൂടാ, സത്രത്തിൽ കയറിക്കൂടാ എന്നിങ്ങനെയുള്ള താണതരം വിചാരവും മററുള്ളവരോട് ഇടയിലുള്ള അധമതരമായ ഒരു സ്ഥാനവും മനസ്സിൽ വിചാരിച്ചുകൊണ്ടു കഴിയേണ്ടിവന്നാൽ അയാൾക്കു എങ്ങിനെ ഉൽകർഷമുണ്ടാകും. ഈ അപമാനം അനുഭവിക്കുന്നവരും ഈ രാജ്യത്തു നിവസിക്കുന്ന നമ്മുടെ സഹോദരന്മാരും രാജ്യമാകുന്ന ഭവനത്തിലെ തുല്യാവകാശമുള്ള സഹോദരന്മാരുമാണല്ലോ. അതിനാൽ അവർക്കു വന്നിരിക്കുന്ന ഈ അപമാനത്തിലും സങ്കടത്തിലുംനിന്നു അവരെ രക്ഷിക്കേണ്ടതു നമ്മൾ ഓരോരുത്തരുടെയും കടമയാണ്. എല്ലാ പൌരന്മാർക്കുമുള്ള മനുഷ്യസാധാരണമായ സകല അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും എല്ലാപേർക്കും ഒരുപോലെ കൊടുക്കണമെന്നുള്ള വാദം ഈ കൌൺസിലിന്റെ ആരംഭംമുതൽ കൊണ്ടുവന്നിട്ടുള്ളതാണ്. പഴയ മാമൂലുകളെല്ലാം ഉടനെ അവലംബിക്കുന്നതിനു അനുവദിക്കാൻ പാടില്ലായെന്ന വിചാരംകൊണ്ടായിരിക്കാം ഗവണ്മെന്റ ഇതിനെ തടഞ്ഞിരിക്കുന്നതു. എന്നാൽ കാലാനുസരണമല്ലാതിരുന്ന പല മാമൂലുകളും പണ്ടേതന്നെ നിഷ്കാസനം ചെയ്തുകഴിഞ്ഞു. ഇപ്പോൾ ഈമാതിരിയുള്ള കാര്യങ്ങളെപ്പററി പരിഷ്കൃതമായ തിരുവിതാംകൂർ രാജ്യത്തെ ഈ പ്രതിനിധിസഭാമന്ദിരത്തിൽവച്ചു വാദപ്രതിവാദത്തിനു ഇടയാക്കിയതു ഇവിടത്തെ ജനനായകന്മാർക്കും അഭിമാനകരമായി ഭവിക്കുവാൻ പാടില്ല. ആ നിലയിലാണ് ഇപ്പോഴത്തെ ലോകഗതി. അതുകൊണ്ടു ഈ മാതിരിയുള്ള തടസ്സങ്ങളെ എത്രയുംവേഗത്തിൽ ഇല്ലായ്മചെയ്യണം. എന്നാൽ ഇതുനിമിത്തം മതസംബന്ധമായ വിഷയങ്ങളിൽ ആർക്കെങ്കിലും അസൌകര്യം ഉണ്ടാക്കണമെന്ന് എനിക്കു അഭിപ്രായമില്ല. ഈ കൌൺസിലിലുള്ള ആരും അങ്ങിനെ ഉദ്ദേശിച്ചിരിക്കയുമില്ല. ആരുംതന്നെയും ക്ഷേത്രപരിസരസ്ഥലങ്ങളിൽ പ്രവേശിക്കുവാൻ അനുവദിക്കണമെന്നു പറയുന്നില്ല. അതു ഈ പ്രതിനിധിസഭയുടെ പരിധിക്കപ്പുറമാണ്. ക്ഷേത്രത്തിനെയുള്ള സംഗതി ഈ പ്രമേയത്തിനു വിഷയീകരിച്ചിരിക്കുന്നുവെങ്കിൽ വിചാരിച്ചിരുന്നാൽ ഇതിവിടെ കൊണ്ടുവരുവാൻ അനുവദിക്കയില്ലായിരുന്നുവല്ലോ. മതസംബന്ധമായ കാര്യങ്ങളെ അവലംബിക്കണമെന്നു ഈ പ്രതിനിധിസഭ നിശ്ചയംചെയ്യുന്നുമില്ല. പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്ന സത്രങ്ങൾ മുതലായ സ്ഥാപനങ്ങളിൽ പല വർഗ്ഗക്കാർക്കും പ്രവേശനമില്ലാതെ ഇരിക്കുന്നതെങ്ങനെയെന്നു ഈ രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും സഞ്ചരിച്ചിട്ടുള്ള എനിക്കു അനുഭവപ്പെട്ടിട്ടുള്ളതാണ്. ഇതുകൊണ്ടു വിഷമങ്ങൾ ധാരാളമുണ്ട്. കുളങ്ങളെപ്പററി പറയുകയാണെങ്കിൽ ചിലതിൽ ഇറങ്ങുവാനേ പാടില്ല. പബ്ലിക്റോഡിലും ചിലടത്തെല്ലാം ഈ നിരോധനമുണ്ട്. കുളങ്ങളുടെ കാര്യംപറയുന്നതിൽ ദേവസ്വംവകുപ്പിൽ ചേർന്ന ആറാട്ടുകുളങ്ങളായോ ക്ഷേത്രക്കുളങ്ങളെയോ ഉദ്ദേശിച്ചിട്ടില്ല. ചിലടത്തെ തടസ്സങ്ങളെപ്പററിയാണു പറയുമായിരിക്കും. ഒരിടത്തുവച്ചുണ്ടായും അപമാനവും അസ്വാതന്ത്ര്യവും ഗൌരവമുള്ളതാണ്. അതിനാൽ പൊതുമുതൽകൊണ്ടു സംരക്ഷിക്കുന്ന കുളങ്ങളെയും റോഡു സത്രങ്ങൾ മുതലായവയിലും എല്ലാപേർക്കും പ്രവേശയോഗ്യമാക്കിതീർത്തു രാജ്യത്തിന്റെ അഭിമാനത്തെയും പ്രജകളുടെ സ്വാതന്ത്ര്യത്തെയും സംരക്ഷിക്കണമെന്നു പറഞ്ഞുകൊണ്ടു പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): പൊതുജനങ്ങളുടെ മുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന പൊതുസ്ഥലത്തു എല്ലാവർക്കും പ്രവേശനം കൊടുക്കണമെന്നുള്ള മി. ആശാന്റെ പ്രമേയത്തോടു ഞാൻ യോജിക്കുന്നു. മനുഷ്യർക്കു എല്ലാവർക്കും ഉന്നതിയും സമുദ്ധാരണവും വേണമെന്നുള്ള ആഗ്രഹം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്തു പൊതുജനങ്ങളുടെ മുതൽകൊണ്ടു ഉണ്ടാക്കുന്ന കുളങ്ങളും റോഡുകളും ഉപയോഗിക്കാൻ പാടില്ലെന്നു പറയുന്നതു വളരെ സങ്കടമാണ്. നമ്മുടെ രാജ്യത്തുള്ള പ്രധാനവഴക്കു ജാതിവഴക്കാണ്. അതിനെ വർദ്ധിപ്പിക്കുന്നതിനുള്ള രണ്ടു കാരണങ്ങളിൽ ഒന്ന് ഉദ്യോഗവഴക്കും മററൊന്ന് അസമ-

ത്യം ഉള്ള ആളുകൾക്കു സ്വാതന്ത്ര്യം കൊടുക്കാതിരിക്കുന്ന വഴക്കമാണ്. അതിനു നമ്മുടെ മുമ്പിൽ കാണുന്ന ഈ ഷെഡ്യൂൾ തന്നെ മതിയായ തെളിവുകളാകുന്നു. [illegible] സമുദായത്തിന്റെ [illegible] ചെയ്യുന്നെങ്കിൽ [illegible] നാട്ടിലെ ആ വിധത്തിൽ [illegible]. അവസാനമായി അവർക്കുള്ള യാത്രയിൽ ഇടപ്പെട്ടിട്ടുള്ള [illegible] ഈ [illegible] ഉണ്ടായിരുന്നതായി ആളുകൾ പറയുന്നതു [illegible] ഇടയായി

പ്രസിഡന്റ്: ഇതു ഒരു [illegible] ആണ്. [illegible]

മി. താമരപ്പള്ളിൽ [illegible] ([illegible]): [illegible] വിശേഷിച്ചും നമ്മോട് ഈ വിധത്തിൽ [illegible] ഇവിടെ [illegible] ഷ്ടിട്ടുള്ള പ്രമേയത്തിന്റെ [illegible] ഉണ്ടാക്കിയിട്ടുണ്ടോ അവയെ എല്ലാം [illegible] സ്വാതന്ത്ര്യമായി [illegible] അഭിപ്രായത്തെ ഞാനും പിന്താങ്ങുന്നു.

മി. വി. ചെല്ലംപിള്ള (തോവാള): സർ, ഈ പ്രമേയം കൊണ്ടുവന്നതിൽ [illegible] ഞാൻ വളരെ നന്ദിപറയേണ്ടതുണ്ട്. ([illegible]) അവസരം [illegible] ഗവണ്മെന്റിനോടും [illegible] നന്ദിയുള്ളവനാണ്. [illegible] വർഗ്ഗക്കാർക്ക് [illegible] എന്നാൽ [illegible] അയിത്തവർഗ്ഗക്കാർ ബ്രാഹ്മണരും മറ്റുയർന്ന ജാതി ഹിന്ദുക്കളും [illegible] ആയി [illegible] കാണുന്നു.

മി. ആർ. രാമൻപിള്ള ([illegible]): ഞങ്ങൾക്കും കേൾക്കാൻ പാടില്ല.

പ്രസിഡന്റ്: മിസ്റ്റർ ചെല്ലംപിള്ള, [illegible] ഉറക്കെ സംസാരിക്കണം.

മി. വി. ചെല്ലംപിള്ള (തോവാള): [illegible], ബ്രാഹ്മണരും ഉയർന്നജാതിക്കാരെന്നു പറയുന്ന മറ്റു ഹിന്ദുക്കളും അയിത്തവർഗ്ഗക്കാരെന്നു പറയുന്ന സഹോദരവർഗ്ഗത്തോടുകൂടി, എല്ലാ [illegible] പെരുമാറുന്നു, [illegible] ഗവണ്മെന്റല്ല ഈ മാറ്റം ഉണ്ടാക്കിവച്ചതു്. [illegible] ആണ് ഈ മാറ്റം [illegible]. ഈ [illegible] പറയാൻ നിടവന്നതുകൊണ്ടും ജനങ്ങൾക്കു സ്വബോധമുണ്ടാകുന്നതിനെ [illegible] ബുദ്ധിയുണ്ടാക്കുകയും ചെയ്യും. പണ്ടു [illegible] അയിത്തക്കാർക്കു പ്രവേശിക്കാൻ പാടില്ലായിരുന്നു എന്നറിയാം. എന്നാൽ, കഴിഞ്ഞ പത്തു [illegible] കൊല്ലങ്ങളായിട്ട് [illegible] അവിടെ [illegible] പ്രവേശിച്ചു ഉയർന്ന ജാതിക്കാരുമായി [illegible] പെരുമാറുന്നതു കാണുന്നുണ്ട്. [illegible] ബലമായി [illegible] ശ്രമിച്ചുതുടങ്ങി. ഗവണ്മെന്റു തടസ്സം ചെയ്യുന്നില്ല. [illegible] ഇടയുണ്ടാകുന്നില്ല. ഇപ്പോഴും [illegible] അയിത്ത വർഗ്ഗ സഹോദരന്മാരെ [illegible] അവസരമില്ലാതിരിക്കുന്നു.

മി. ഡി. സി. ജോസഫ് ([illegible]): [illegible] ഒരു [illegible] ബോർഡ് [illegible] ഉദ്ദേശമെന്താണ്?

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ [illegible] സംസാരിക്കുന്നു. ഞാൻ സംസാരിക്കുന്നതിനെപ്പറ്റി ചോദിക്കയാണെങ്കിൽ ഞാൻ മറുപടി പറയാം.

അതുകൊണ്ടു ഞാൻ പറയുന്നതു, തെറ്റു നമ്മളിൽതന്നെയാണ്. ഉയർന്നജാതിയെന്നു പറയുന്ന ഹിന്ദുക്കളെ, നാം വിദ്യാഭ്യാസംകൊണ്ടും മറ്റും ബോധമുള്ളവരാക്കണം. നമ്മുടെ അയിത്തവർഗ്ഗസഹോദരന്മാരുടെ മനഃസ്ഥിതിയെ നാം അനുകൂലിച്ചു [illegible]. ഗവണ്മെന്റു ഈ [illegible] പ്രവേശിപ്പിക്കണമെന്നു ഞാൻ പറയുന്നില്ല. അവർക്കു ഗവണ്മെന്റു സഹായം വേണമെങ്കിൽ, ഗവണ്മെന്റു ബലംപ്രയോഗിച്ചു തുടങ്ങും. അയിത്തവർഗ്ഗ സഹോദരന്മാരുടെ രക്തം ചൊരിച്ചിടുന്ന [illegible] ഞാൻ ആവശ്യപ്പെടുന്നില്ല. ബലം പ്രയോഗിക്കാതെ സ്നേഹം [illegible] നല്ലതു.

മി. എൻ. ആർ. കൃഷ്ണൻ (നിയമിക്കപ്പെട്ട മെംബർ): അയിത്തവർഗ്ഗത്തിൽപെട്ടവരെ സ്കൂളുകളിൽ ചേർത്തു ജനങ്ങളുടെ സമ്മതത്തോടുകൂടിയാണോ?

മി. വി. ചെല്ലംപിള്ള (തോവാള): ഞാൻ അതിലേക്കു വരുന്നു.

അതുകൊണ്ട്, ഉയർന്നജാതി ഹിന്ദുക്കളെ മനഃപരിഷ്കാരമുള്ളവരാക്കാനും അയിത്തവർഗ്ഗക്കാരോടു [illegible] സമ്മതിപ്പിക്കുന്നതിനും അനുദ്യോഗസ്ഥന്മാർ [illegible]. സത്യാഗ്രഹത്തിന്റെ ഫലമായി ബലംകൊണ്ടു വല്ലതും കിട്ടിയാൽതന്നെ, അതു നിലനിൽക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

[illegible], ഈഴവക്കുട്ടി, സംസ്ഥാനത്തെ [illegible] സ്കൂളുകളിൽ പ്രവേശനം ഇല്ലായിരുന്നു. എന്നാൽ ഉയർന്നജാതി ഹിന്ദുക്കൾക്കു സർക്കാർ സ്കൂളുകൾ അത്യാവശ്യമെന്നു ഗവണ്മെന്റിനറിയാമായിരുന്നു. അവ, അവർക്കില്ലാതിരിക്കാൻ കഴികയില്ലാത്തതിനാൽ അവർ [illegible] ഗവണ്മെന്റു മനസ്സിലാക്കി. ആ സമയത്തു, ഗവണ്മെന്റും അനുകൂലമായ അഭിപ്രായം സ്വീകരിച്ചു, അയിത്തവർഗ്ഗക്കാർക്കു പ്രവേശനം ഇല്ലാതിരുന്നാൽ, ഉയർന്ന ജാതിക്കാർക്ക ഒരു സ്കൂളും ഉണ്ടാകുന്നതല്ലെന്നു പറയുകയുണ്ടായി. ജനങ്ങൾ അപ്പോൾ സമ്മതിക്കേണ്ടിവരികയും അതിന്റെ ഫലമായി അയിത്തവർഗ്ഗസഹോദരന്മാർ നമ്മുടെ പല സ്കൂളുകളിലും ബ്രാഹ്മണരോടു ചേർന്നിരിക്കുന്നതായി നാം കാണുന്നു. എന്റെ അഭിപ്രായത്തിൽ, ഗവണ്മെന്റിനു സമാധാനം മാത്രം വേണമെന്നേയുള്ളൂ. ഗവണ്മെന്റിന്റെ ഉദ്ദേശം അത്രയേയുള്ളൂ. [illegible] ദുരാചാരബോധങ്ങളെ കളയാൻ യത്നിക്കുന്നതിൽ തടസ്സമായി പ്രവർത്തിക്കുന്നില്ല. എന്റെ അഭിപ്രായം അങ്ങിനെയാണ്. സഭയുടെ ഈ വശത്തുള്ള നമ്മുടെ എല്ലാ സഹോദരന്മാരും ഉയർന്നജാതി ഹിന്ദുക്കളെ ഉത്സാഹിപ്പിച്ചു മറ്റുള്ളവർക്കു [illegible] കളും കൊടുപ്പിക്കുമെന്നു ഞാൻ ആശിക്കുന്നു. അങ്ങിനെയായാൽ ഈവിധം പ്രമേയം അടുത്ത കൌൺസിലിലും വരാൻ ഇടവരുകയില്ല.

മി. രേവതിനാൾ രാമവർമ്മ രാജാ (ഇടവക): അതിനെ നിർബന്ധിക്കാതെ സമ്മതിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ വഴക്കില്ലല്ലോ?

മി. വി. ചെല്ലംപിള്ള (തോവാള): അങ്ങിനെ കാണുന്നില്ല.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഒരു കൂട്ടമെമ്പരെ ശുചീന്ദ്രഗ്രാമത്തിലെ ചില സ്ഥലം കാണിക്കുന്നതിനായി കൊണ്ടുപോയപ്പോൾ ഒരു വളഞ്ഞവഴിയെയല്ല മെമ്പർ കൊണ്ടുപോയതു എന്നു ഞാൻ ഓർമ്മിപ്പിക്കട്ടെയോ?

മി. വി. ചെല്ലംപിള്ള (തോവാള): എന്തിനായിട്ടാണ്.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): മനക്കുടിയാൻകാർ തൊട്ടുനോക്കുന്നതിലേക്ക്.

മി. വി. ചെല്ലംപിള്ള (തോവാള): * എനിക്കു മനസ്സിലായി. അതു എന്റെ സ്നേഹിതൻ എന്റെകൂടെ വരാൻ വൈമുഖ്യമില്ലാത്തതുകൊണ്ടാണ്.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): കഴിഞ്ഞവർഷം ശുചീന്ദ്രം തെരുവിൽകൂടി പോയ ഈഴവരെക്കുറിച്ചു മെമ്പറിനറിയാമോ?

മി. വി. ചെല്ലംപിള്ള (തോവാള): പക്ഷെ രണ്ടുപേർ ശണ്ഠകൂടി. ഇത്തവണ എത്രയോ ആളുകൾ പോയിട്ടുണ്ട്. അതെനിക്കറിയാം.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): പൊതുജനങ്ങളുടെ പണംകൊണ്ടു സംരക്ഷിക്കുന്നതായ റോഡ്, കുളം, സത്രം മുതലായ പൊതുവക എല്ലാവർക്കും ഉപയോഗിക്കത്തക്കവിധത്തിൽ കൊണ്ടുവരണമെന്നുള്ള മി. ആശാന്റെ പ്രമേയം ഏറ്റവും വിനീതമായ ഒരു ശുപാർശയാണെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു. ഗവന്മെന്റു എല്ലാ മതസ്ഥന്മാരിൽനിന്നും ഒരുപോലെ പിരിക്കുന്ന ആ ധനം എല്ലാവരും ഒരുപോലെ ഉപയോഗിക്കുന്ന സംഗതികളിൽ ചിലവഴിക്കണമെന്നുള്ളതിനു യാതൊരു സംശയവുമില്ല. ഈ തിരുവിതാംകൂറിലെ അനേകം പലജാതികൾക്കായി പിരിഞ്ഞിരിക്കുന്നസ്ഥിതിക്കു ഗവന്മെന്റു ഇങ്ങനെയുള്ള സംഗതികളിൽ കൈകടത്തി പ്രവർത്തിക്കുന്നതു സ്വല്പം വിഷമമാണെന്നു സമ്മതിക്കുന്നു. എന്റെ സ്നേഹിതൻ മി. ആശാമനാട്ടു ലാസർ ചോദിച്ചചോദ്യത്തിനു ഉത്തരമായിട്ടു പൊതുഫണ്ടിൽ ദേവസ്വംഫണ്ട് ഉൾപ്പെടുകയില്ലെന്നു പറഞ്ഞിരിക്കുന്നസ്ഥിതിക്കു ഈ പ്രമേയത്തെ വളരെ നിസ്സാരമായി നടപ്പിൽ കൊണ്ടുവരുന്നതിനു ഗവന്മെന്റിനു സാധിക്കുന്നതാണ്. പൊതുഫണ്ട് മി. ആശാൻ നിശ്ചയിച്ചിട്ടുള്ളപണംകൊണ്ടു നടത്തപ്പെടുന്ന റോഡിൽ എല്ലാവർക്കും ഒരുപോലെ അവകാശം ഉണ്ടായിരിക്കേണ്ടതാണ്. അതിൽ മതസംബന്ധമായ കാര്യങ്ങളുമായി യാതൊരു സംബന്ധമില്ലാത്ത സംഗതികളുമായി ഗവന്മെന്റിനു നിവൃത്തിയില്ലെന്നു കാണുന്ന സംഗതികളിൽ മതസംബന്ധമായ ചെലവു ചിലവഴിക്കുന്നതിനു സൗകര്യമുള്ള സ്ഥിതിക്കു ഗവന്മെന്റു ഇതിൽ വൈമുഖ്യം കാണിക്കേണ്ട ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. ഒരുതിരിച്ച് മി. ആശാൻ കൊണ്ടുവന്നിട്ടുള്ള പ്രമേയത്തെ ഞാൻ ഏകമനഃപൂർവം പിന്താങ്ങുന്നു.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ടു (ഉണ്ണികം): സർ, എന്റെ സ്നേഹിതൻ മി. ആശാൻ അവതരിപ്പിച്ചിട്ടുള്ള പ്രമേയത്തെ ഞാനും പിന്താങ്ങുന്നു. ഈ കാര്യത്തിൽ എനിക്കു ഒന്നുംതന്നെ സംസാരിക്കണമെന്നു വിചാരമുണ്ടായിരുന്നില്ല. എന്നാൽ ഇതുവിഷയം പല മെമ്പറന്മാരുടേയും പ്രസംഗത്തിൽ വന്നതുകൊണ്ടു എനിക്കു തോന്നിയതിനേയും ഇവിടെ പറയേണ്ടതുണ്ടെന്നു വിചാരിക്കുന്നു. പ്രമേയം കണ്ടിട്ടു ദോഷമൊന്നും പറയാനില്ല. ഒരു സമുദായത്തിനും ദോഷം ഉണ്ടാക്കുന്നില്ല. നേരെമറിച്ചു ജനങ്ങളുടെ ഒരു വലിയവിഭാഗത്തിന്റെ ന്യൂനതകളെ പരിഹരിക്കാൻ സാധിക്കുന്നതാണ്. (കേൾക്ക കേൾക്ക) പ്രമേയത്തെ പ്രതിഷേധിച്ചുപറഞ്ഞ ചില ആളുകൾ ഇതു കൂട്ടരുടെ മതസംബന്ധമായ വിശ്വാസത്തിനു ഹാനിപെടുത്താൻ വഴിയാകുമെന്നു പറയുന്നു. പ്രമേയം സ്വീകരിക്കപ്പെടുകയാണെങ്കിൽ ജനങ്ങളിൽ ഒന്നുകൂടി വലിയ ലഹളയ്ക്കു സങ്കടകരമായിവരും. ഈ പ്രമേയത്തെ എതിർത്തു പറഞ്ഞ മാന്യമെമ്പറന്മാരുടെ ഭയങ്ങളും അനുഭവവും വൈരുദ്ധ്യം പെരാൻ ശ്രദ്ധേയമായിട്ടുള്ളതുമാണ്. എതിർപക്ഷത്തിലെ വാദങ്ങൾ കൂടുതൽ യുക്തിപരമായിരിക്കുമെന്നു ഞാൻ കരുതി. എന്റെ അഭിപ്രായം തീരുമാനിക്കുമ്പോൾ അവയെപ്പറ്റിയും ആലോചിക്കാമെന്നുമാണ് ഞാൻ വിചാരിച്ചിരുന്നതു. മറ്റു ചിലർ പറഞ്ഞതു ഇതുപോലെയുള്ള പ്രമേയങ്ങൾ ഈ സഭയിൽ കൊണ്ടുവരപ്പെട്ടിട്ടുണ്ടെന്നും അപ്പോൾ അവ തള്ളപ്പെട്ടുപോയിട്ടുണ്ടെന്നുമാണ്. മുൻസന്ദർഭങ്ങളിൽ ആ പ്രമേയങ്ങളെ എതിർത്തവരുടെ മനസ്ഥിതി എന്തുതന്നെയായിരിക്കട്ടെ, ഇതുവക കാര്യങ്ങളിൽ നാം വളരെ മുമ്പോട്ടുവന്നതായി എനിക്കു തീർച്ചയുണ്ട്. ഈ കാര്യങ്ങളിൽ ഏറ്റവും യാഥാസ്ഥിതികത്വം വഹിച്ചിരിക്കുന്ന ഒരു സമുദായത്തിൽപ്പെട്ടവനായ ഞാൻതന്നെ ഉറപ്പായി പറയുന്നതു ആ സമുദായത്തിലെ ഒരു വലിയപക്ഷത്തിനു മറ്റുജനങ്ങളുടെ അവകാശത്തിലും അവരുടെ ഉന്നമനത്തിനെ തടയുന്ന ക്ലേശങ്ങളെ പരിഹരിക്കുന്നതിലും താല്പര്യമുള്ളവരാകുന്നു എന്നാണ്. (കേൾക്ക കേൾക്ക) പ്രമേയത്തിന്റെസാരം പൊതുമുതൽകൊണ്ടു സംരക്ഷിച്ചുവരുന്ന റോഡുകളും, കുളങ്ങളും, സത്രങ്ങളും പൊതുഉപയോഗത്തിനായി തുറന്നുവിടണമെന്നാണ്. അവയെ പൊതുവിൽ ഉപയോഗത്തിനു അനുവദിക്കുന്നതു യുക്തവും ന്യായവുമല്ലാതെ വരാൻതരമില്ല. അഥവാ, സമുദായത്തിലെ ഒരു പ്രത്യേക കൂട്ടർക്കായി നിശ്ചയിച്ചിട്ടുള്ളതാണെങ്കിൽ ആ കൂട്ടരെക്കൊണ്ടുതന്നെ അവയുടെ സംരക്ഷണച്ചിലവും നടത്തിക്കപ്പെടണം. അവസാനമായി ഞാൻ ഏകമനഃപൂർവം പ്രമേയത്തെ പിന്താങ്ങുന്നു.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): സർ, മിസ്റ്റർ ആശാൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ ബലമായി പിന്താങ്ങുന്നു. പണ്ടേതന്നെ ക്ഷത്രിയൻ ബ്രാഹ്മണനെ അനുകരിച്ചു പ്രവൃത്തിക്കുന്നു എന്നു ഒരു അപവാദമുണ്ട്. അതുതന്നെയാണ് ഈ സന്ദർഭത്തിലും ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതു. നമ്മുടെ പുരോഹിതനായ മി. നമ്പൂരിപ്പാട്ട് ഇതിനോടു അനുകൂലിച്ചസ്ഥിതിക്കു ഇതിനെ അനുകൂലിക്കുന്നതിനു എനിക്കു യാതൊരു തടസ്സവുമില്ല. ഗ്രാമവീഥികളിൽകൂടി താഴ്ന്നജാതിക്കാർ സഞ്ചരിക്കുന്നതിനു ബ്രാഹ്മണർക്കു ചില തടസ്സമുണ്ടെന്നു എന്റെ സ്നേഹിതൻ മി. കല്ലാടം പരമേശ്വരൻപിള്ള പറയുകയുണ്ടായി. എന്നാൽ ഇതൊക്കെ കേവലം സെന്റിമെന്റൽ ആണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനു രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി ഒരു ഗ്രാമത്തിൽകൂടി ജാതി ഇന്നതാണെന്നറിയാത്ത ഒരാൾ പോകുകയാണെങ്കിൽ ഒരിക്കലും ആരും തടസ്സംചെയ്യുകയില്ല. എപ്പോൾ ജാതിഅറിയുന്നുവോ അപ്പോൾമാത്രമേ തടസ്സംചെയ്യുകയുള്ളൂ.

ഈഴവൻ ക്രിസ്ത്യനായിക്കഴിഞ്ഞാൽ എവിടെക്കൂടിനടക്കുന്നതിനും തടസ്സം പറയുന്നില്ല. പറഞ്ഞാൽ കോലാഹലമുണ്ടാകും. ഇപ്പോൾ എന്റെ നാട്ടായ മാവേലിക്കരയിൽ ക്ഷേത്രത്തിന്റെ നാലുവശങ്ങളുംകൂടി എല്ലാ

ജാതിക്കാരും (ഈഴവരും മററുള്ളവരും) സാധാരണയായിനടക്കുന്നു. ക്രിസ്ത്യാനിയായ പല ഈഴവന്മാരും പുലയന്മാരും പറയന്മാർതന്നെയും എല്ലാവരും അറിയെത്തന്നെ നടക്കുന്നുണ്ടു. സാൽവേഷൻ ആർമിയിൽചേർന്ന പല പുലയരും പറയരും ധാരാളമായിനടക്കുന്നുണ്ടു. ഇതെല്ലാംകൊണ്ടു ഇങ്ങനെ തടസ്സംപറയുന്നതു കേവലം സാങ്കല്പികമായ കാരണംകൊണ്ടു മാത്രമെയുള്ളു എന്നു പ്രത്യക്ഷപ്പെടുന്നു. ഇവക്കു സഞ്ചാരസ്വാതന്ത്ര്യം കൊടുക്കുന്നതുകൊണ്ടു യാതൊരുതരക്കേടും വരാനില്ല. ഇങ്ങനെയുള്ള ദുരാചാരങ്ങളെല്ലാംമാററി ഗ്രാമവീഥിയിലും ഗവർമ്മെൻറവക റോഡുകളിലും മററുപോലെ നടക്കാമെന്നുള്ള ഒരു നില വന്നില്ലെങ്കിൽ ഹിന്ദുമതത്തിൻെറ സ്ഥിതി എന്താകുമെന്നു ആലോചിച്ചുനോക്കുക. ഇങ്ങനെ കുറച്ചുകാലംകഴിയുമ്പോൾ ഒടുവിൽ ഹിന്ദുമതത്തിൽ ആളുകൾ ഇല്ലാതെയായിപ്പോകും.

മി. വി. ചെല്ലംപിള്ള (തോവാള): പുലയർ, പറയർ എന്നീ ജാതിയിലുള്ള ഡാക്ടറന്മാർ ബ്രാഹ്മണരുടെ വീടുകളിൽവരുന്നതു് തെരുവുവഴിയാണോ, അല്ല വേറെവഴിയാണോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): തെരുവുവഴിവരും. സംശയമുള്ളവർ വേറെവഴിയിൽകൂടിവരും.

മി. വി. ചെല്ലംപിള്ള (തോവാള): തെരുവുവഴി വരുന്നതിനു അവർക്കു തടസ്സംവല്ലതുമുണ്ടോ?

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഡാക്ടറന്മാർ തെരുവുവഴി സഞ്ചരിക്കുന്നതിനു ഒരിക്കലും തടസ്സം ഉണ്ടാകാറില്ല. ഇതിനെസംബന്ധിച്ചു അധികംപറഞ്ഞു സമയംകളയണമെന്നു വിചാരിക്കുന്നില്ല. മി. ആശാൻെറ പ്രമേയത്തെ പിൻതാങ്ങുന്നു.

കൌൺസിൽ ഉച്ചതിരിഞ്ഞു ൨-൩൦-നു ലഘുഭക്ഷണത്തിനായി പിരിയുകയും ൨-൪൫-നു തിരികെ കൂടുകയുംചെയ്തു.

മി. മുറിയവയലിൽ പാച്ചുപിള്ള (ചേർത്തല): സർ, മി. ആശാൻെറ പ്രമേയത്തെ ഞാനും ബലമായി പിന്താങ്ങിക്കൊള്ളുന്നു. ഇതുപോലെ ഒരു പ്രമേയം ഈ കൌൺസിലിലേക്കു ഞാനും അയച്ചിരുന്നതാണ്, എന്നാൽ അതിനു അനന്തരമായ മി. ആശാൻെറ പ്രമേയം വാദപ്രതിവാദത്തിനുവന്നതിലും അതിനെ പിന്താങ്ങുന്നതിനിടയായതിലും എനിക്കു വളരെ സന്തോഷമുണ്ടു. പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്ന റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ ഇവ ജാതിമതഭേദംകൂടാതെ എല്ലാ സമുദായത്തിലുംഉൾപ്പെട്ട ആളുകൾക്കു ഉപയോഗിക്കുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിൻെറ താല്പര്യം. അതു ഈ രാജ്യത്തിൽ തന്നെ പാസാക്കുന്നതിൽ പണ്ഡിതനായ ലാമെമ്പർ പ്രതീക്ഷിക്കുന്നതുപോലെയുള്ള പ്രായോഗികതടസ്ഥങ്ങൾ ഒന്നുംഉള്ളതായി എനിക്കു തോന്നുന്നില്ല. എല്ലാകാലത്തും ഈമാതിരി മാററങ്ങൾ വരുത്തുന്നതിൽ യാഥാസ്ഥിതികന്മാരായ ഏതാനും ആളുകൾ വിരോധികളായി ഉണ്ടായിരിക്കുമെന്നുള്ളതു് സാധാരണമാണ്. എന്നാൽ ഭൂരിപക്ഷംജനങ്ങളുടെ അഭിപ്രായവും അവരുടെ മനസ്ഥിതിയും എങ്ങിനെയിരിക്കുന്നുവെന്നു നോക്കിയാണ് ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഗവർമ്മെൻറു പ്രവൃത്തിക്കേണ്ടതു്. വയ്ക്കം റോഡുതന്നെ ആദ്യം തുറന്നുകൊടുക്കുന്നതിൽ വിരോധികളായി പലരും ഉണ്ടായിരുന്നുവെങ്കിലും ആ റോഡു എല്ലാവർക്കും ഉപയോഗയോഗ്യമായി കൊടുത്തശേഷം അന്നു വിപരീതക്കാരായിരുന്ന ആളുകളുടെ തടസ്ഥങ്ങൾ നീങ്ങിപ്പോകയാണുണ്ടായതു. ഇപ്പോൾ സകല സമുദായത്തിൽപ്പെട്ട ആളുകളും നിർബാധമായി ഉപയോഗിച്ചുവരുന്നു. അതുപോലെതന്നെ പള്ളിക്കൂടങ്ങൾ ആദ്യം എല്ലാ സമുദായക്കാർക്കും തുറന്നുകൊടുത്തപ്പോൾ വിരോധികൾ കുറേപ്പേർ ഉണ്ടായിരിക്കയും ഒടുവിൽ അതു തീരുകയുംചെയ്തു. അതിനാൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഗവർമ്മെൻറു പ്രതിബന്ധങ്ങളെ അനുകൂലിക്കയില്ലെന്നു ബോധംവന്നാൽ യതൊരുസ്ഥലത്തും ഒരുവിധത്തിലുമുള്ള പ്രതിബന്ധങ്ങൾ ഉണ്ടാകുന്നതിനിടയില്ല. ഇനിയും ഇങ്ങിനെയുള്ള പൊതുസ്ഥലത്തിൽകൂടി ഏതൊരുസമുദായത്തിൽഉൾപ്പെട്ട ആളുകളെ അവർ ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെട്ടവരായതുകൊണ്ടോ അല്ലെങ്കിൽ അവർ പ്രത്യേകം ഒരു ജാതിയിൽ ജനിച്ചുപോയതുകൊണ്ടോ പ്രവേശനം അനുവദിക്കാൻപാടില്ലെന്നുപറഞ്ഞുകൊണ്ടു ദുരാചാരങ്ങളെ ഇപ്പോഴും ബലമായിപിടിച്ചുകൊണ്ടു അവരെ നിരോധിക്കുന്നതു ഒരിക്കലും ഒരു പരിഷ്കൃതഗവർമ്മെൻറിനു ന്യായമായിരിക്കയില്ലെന്നാണ് എൻെറ അഭിപ്രായം. ഇതിനെസംബന്ധിച്ചു മററുപല മെമ്പർമാരും വിശദമായി പ്രസംഗിച്ചുകഴിഞ്ഞിരിക്കുന്നതുകൊണ്ടു കൂടുതൽസമയം എടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഞാൻ മി. ആശാൻെറ പ്രമേയത്തെ ഹാർദ്ദമായി പിന്താങ്ങുന്നു

മി. എ. ജി. മേനോൻ (പറവൂർ): മി. കുമാരനാശാൻ അവതരിപ്പിച്ച പ്രമേയത്തിനു എൻെറ തികഞ്ഞ ആനുകൂല്യം പ്രദാനംചെയ്യാൻ തയ്യാറാണ്. എനിക്കു പുറപ്പെടുവിക്കാനുള്ള വാദങ്ങൾ എൻെറ സ്നേഹിതൻ മി. നമ്പൂരിപ്പാടും, മി. രേവതിനാൾ രാമവർമ്മരാജാവും പുറപ്പെടുവിച്ചുവതന്നെയാണ്. ഈ കാര്യത്തിൽ എനിക്കുണ്ടായിരുന്നതു പറഞ്ഞതുകൊണ്ടു എന്നെ അവർ നിരായുധനാക്കി. എൻെറവാദം ഞാൻ ഈ പ്രമേയം പിന്താങ്ങുന്നതുകൊണ്ടു ഞാൻ ഹിന്ദുക്കളെഅല്ലാതെ വേറെ ഒരു സമുദായത്തിനേയും സഹായിക്കുന്നതായിവിചാരിക്കാൻ മാർഗ്ഗമില്ല. പക്ഷെ, അതു അവരെ തടുക്കുന്നതുമായിരിക്കാം. എന്നാൽ നിങ്ങൾ സാക്ഷാൽ ഹിന്ദുക്കളാണെങ്കിൽ, നിങ്ങൾ പൂർവ്വഋഷികളെ അനുകരിച്ചുപോരുന്നവരാണെങ്കിൽ, നാം ഇപ്പോൾ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ കയറുന്നതിനു നമ്മുടെ സ്വമതക്കാരിൽ ൧൦൦-നു ൩൦ മുതൽ ൪൦ വരെയോളംവരുന്ന കൂട്ടരെ തടയുന്ന സാമുദായികാചാരം നിശ്ചയമായും അനുഷ്ഠിക്കാൻ പാടില്ലാത്തതാണ്. മററുകാരണങ്ങൾ പോകട്ടെ, ഈ ഒരു കാരണംകൊണ്ടുതന്നെ, എൻെറ ഹിന്ദുക്കളായ സ്നേഹിതന്മാർ സ്നേഹിതന്മാർ എല്ലാം ഉദ്യോഗസ്ഥന്മാരാകട്ടെ അനുദ്യോഗസ്ഥന്മാരാകട്ടെ അവർ ഋഷികളുടെ വാസ്തവത്തിൽ ശിഷ്യന്മാരാണെങ്കിൽ അവരുടെ മതത്തിനോടു സത്യമുള്ളവരാണെങ്കിൽ ഈ പ്രമേയം അനുകൂലിച്ചു വോട്ടുചെയ്യണമെന്നു അവരോടു ആവശ്യപ്പെട്ടുകൊള്ളുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): മി. ആശാൻെറ പ്രമേയത്തെ പിൻതാങ്ങുന്നതിൽ എനിക്കും വളരെ സന്തോഷമുണ്ടു്. പൊതുമുതൽകൊണ്ടു സംരക്ഷിച്ചുപോരുന്ന റോഡുകൾ, കുളങ്ങൾ, സത്രങ്ങൾ മുതലായവ ഈ ഏതാനും നൂററാണ്ടുവരെ അവർണ്ണഹിന്ദുക്കൾ, അഹിന്ദുക്കൾ മുതലായവർ ഉപയോഗപ്പെടുത്താൻ

പാടില്ലാത്ത വിധത്തിൽ അത്ര ബന്ധവസ്സായി വച്ചിരിക്കുന്ന ആ ഒരു സംഗതിയെ കുറിച്ചു അതു ആരുടെ ഉപയോഗത്തിനായി വച്ചിരുന്നോ അവരിൽ ഒരാൾതന്നെ ഈ പ്രമേയം ഇവിടെ കൊണ്ടുവരികയും മററ പലരും അതിനെ പിൻതാങ്ങുകയും ചെയ്തിട്ടുണ്ട് എന്നുള്ളതു ഏററവും സന്തോഷകരമായ ഒരു സംഗതിയാകുന്നു. ഈ പൊതുമുതൽകൊണ്ടുണ്ടാക്കുന്നതു പൊതുജനങ്ങളാണു ഉപയോഗപ്പെടുത്തേണ്ടതെന്നുള്ളതിനു ഒരു നിയമത്തിൽ തടസ്സം ഉണ്ടാകയില്ല. എന്നാൽ ഇതിനെ അനുകൂലിച്ചിട്ടുള്ള മെസേഴ്സ് കേശവൻനമ്പൂരിപ്പാട്, രേവതിനാൾ രാമവർമ്മരാജാ എന്നിവരെ ഞാൻ പ്രത്യേകം അനുമോദിക്കുന്നു. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി. വി. എസ്. കുഞ്ഞുപിള്ള (തിരുവല്ല): മി. ദാമോദരനാശാൻെറ പ്രമേയത്തെ ഞാനും ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു. പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുപോരുന്ന റോഡുകൾ, കുളങ്ങൾ, മററ സ്ഥാപനങ്ങൾ ഇവ പൊതുവെ ജാതിമതഭേദമെന്യേ എല്ലാവരും ഉപയോഗപ്പെടുത്തുന്നതിനു അനുവദിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിൻെറ താല്പര്യം. എനിക്കു പറയാനുള്ളതു ഇത്ര വളരെ വാദപ്രതിവാദത്തിനു കാരണം ഈ പ്രമേയത്തിലുണ്ടോ എന്നുള്ളതിനെപ്പററിയാണ്. ഗവൺമെൻറു ഈ കാര്യം ഇതിനു മുമ്പുതന്നെ നടപ്പിൽവരുത്തേണ്ട കടമയുള്ളപ്പോൾ ഇപ്രകാരം ഒരു പ്രമേയം ഇവിടെ കൊണ്ടുവരേണ്ടിവന്നതു ഒട്ടും അഭിമാനകരമല്ലെന്നുള്ളതുകൂടി ഈ അവസരത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഒരു പരിഷ്കൃതഗവൺമെൻറു ഒരു കാലത്തും നടപ്പിൽവരുത്താൻ പാടില്ലാത്തതായ ഒരു നടപടിയാണു ഇതു എന്നുള്ളതു്. വളരെ ബുദ്ധിശക്തികൊണ്ടാലോചിക്കേണ്ട ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ഇതു കേവലം സാമാന്യമായ ഒരു കാര്യമാണ്. റോഡുകളിൽകൂടി സഞ്ചരിക്കുന്നതിനും കുളങ്ങളിൽകുളിക്കുന്നതിനും സത്രങ്ങളിലും മററു സ്ഥാപനങ്ങളിലും താമസിക്കുന്നതിനും ജാതിവിഭാഗം തടസ്സമായിരിക്കുന്നുവെങ്കിൽ തീർച്ചയായും അതു മർദ്ദകമാണ്. മനുഷ്യസാധാരണമായ അഭിപ്രായത്തിനുമാത്രം പര്യാപ്തമായി നോക്കുന്നതായാൽ തീർച്ചയായും ഇങ്ങനെ ഒരു പ്രമേയം കൂടാതെതന്നെ ഗവൺമെൻറു ഇതിനുമുമ്പുതന്നെ ഇതിനു പരിഹാരം ഉണ്ടാക്കേണ്ടതായിരുന്നു. അങ്ങിനെയിരിക്കെ ഇങ്ങിനെ ഒരു പ്രമേയം ഇവിടെ വാദപ്രതിവാദത്തിനിടയായതു നമ്മുടെ നിർഭാഗ്യമെന്നുമാത്രമെ വിചാരിക്കാനുള്ളു. ഏതുവിധവും ഈ പ്രമേയം ഒരു വിധത്തിലും ഗവൺമെൻറിനെയോ പൊതുജനങ്ങൾക്കോ ഉപദ്രവം ചെയ്യുന്നതാണെന്നു എനിക്കു തോന്നുന്നില്ല. എന്നു മാത്രമല്ല നമ്മുടെ ഗവൺമെൻറിൻെറയും പൊതുജനങ്ങളുടെയും മഹാമനസ്ക്കതയെ മാത്രമെ ഇതു പ്രദർശിപ്പിക്കുന്നുള്ളു. അതുകൊണ്ടു ഈ പ്രമേയം ഇത്ര താമസിച്ചുപോയല്ലോ പാസായതെന്നു മനഃസ്താപമില്ലാതെയില്ല.

പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്ന റോഡുകൾ, കുളങ്ങൾ, മററ പൊതുസ്ഥാപനങ്ങൾ എന്നു മാത്രമെ എൻെറ സ്നേഹിതൻെറ പ്രമേയത്തിൽ കാണുന്നുള്ളു. എന്നാൽ എനിക്കു ഒന്നുകൂടി തോന്നുന്നുണ്ട്. അതായതു ഒരു പദം കൂട്ടിച്ചേർക്കണം. "പൊതുമുതൽകൊണ്ടു ഉണ്ടാക്കിട്ടുള്ളതും ഉണ്ടാക്കപ്പെടുന്നതും എന്നു അതുപോലെതന്നെ പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെട്ടുവരുന്നതും സംരക്ഷിക്കപ്പെടുന്നതും ആയ റോഡുകൾ, കുളങ്ങൾ മററ സ്ഥാപനങ്ങൾ" എന്നുകൂടി ആയിരുന്നാൽ പണ്ഡിതനായ മി. കല്ലാശംപരമേശ്വരൻപിള്ള ചൂണ്ടിക്കാണിച്ചതുപോലെ ദുർവ്യാഖ്യാനത്തിനവകാശപ്പെടുകയില്ലായിരുന്നു എന്നാണു എനിക്കു തോന്നുന്നതു. അതുകൊണ്ടു അങ്ങനെ ചേർത്താൽ ഈ പ്രമേയത്തിനു കുറെക്കൂടി ശക്തിയും വ്യാപ്തിയും ഉണ്ടാകുമായിരുന്നു. ഏതായാലും ഇതു ഈ രൂപത്തിൽതന്നെ പാസ്സാകുന്നതിൽ യാതൊരു വിരോധവുമില്ലെന്നും ഈ പ്രമേയം സമയോചിതമാണെന്നുംമാത്രം പ്രസ്താപിച്ചുകൊണ്ടു ഞാൻ എൻെറ സ്നേഹിതൻ മി. ആശാൻെറ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, ഈ പ്രമേയത്തെ അവതരിപ്പിക്കാനുള്ള കാരണങ്ങളെ വിവരിച്ചു പ്രമേയം ഒരു പ്രസംഗരൂപേണ ഉപക്ഷേപിക്കാത്തതുകൊണ്ടു ഒരു മെമ്പർ എന്നെ കുററക്കാരനാക്കി. ഈ സഭയിലുള്ള മെമ്പറന്മാർ പ്രമേയം അതേമാതിരിയിൽ സ്വീകരിക്കുമെന്നുള്ള വിചാരംകൊണ്ടു അതിന്മേൽ ഒരു പ്രസംഗംചെയ്തു സഭയുടെ സമയം ഒട്ടുംതന്നെ കളയാതെയിരിക്കണം എന്നുമാത്രമാണ് ഞാൻ വിചാരിച്ചതു. അതിനാൽ ആ ഒരു സംഗതിയെ ഓർത്തു ഒരു മെമ്പർ പ്രസ്താവിച്ച സംഗതികളെ എതിർവാദം ചെയ്യുന്നതിനു എൻെറ സമയം പ്രസിഡൻറു വളരെ കണിശമായി ക്ലിപ്തപ്പെടുത്തുകയില്ലെന്നു ഞാൻ ആശിക്കുന്നു.

പ്രസിഡൻറ്: ആ സംഗതികളെല്ലാം സഭയിലെ പല മെമ്പറന്മാരും എതിർവാദംചെയ്യുകയുണ്ടായി.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കാര്യങ്ങൾ ആവർത്തിക്കപ്പെട്ടാൽ പ്രസിഡൻറിനു എന്നെ തടയുന്നതിൽ വിരോധമില്ല.

പ്രസിഡൻറ്: കഴിയുന്നതും ചുരുക്കണം.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): എൻെറ വാദം വ്യക്തമാക്കാൻ ഒന്നാമതായി പൊതുമുതൽ എന്നതിൽ ദേവസ്വംമുതൽ ഉൾപ്പെട്ടതാമോയെന്നാണ്. ഇന്നലെ ഒരു മെമ്പർ എന്നോടു ഒരു ചോദ്യം ചോദിച്ചപ്പോൾ എനിക്കു ആ സംഗതിയെപ്പററി സമാധാനം പറയാൻ സാധിച്ചില്ല. പൊതുമുതലിൽ ദേവസ്വം മുതൽ ഉൾപ്പെട്ടിട്ടില്ലെന്നു ഞാൻ വ്യക്തമാക്കി പറഞ്ഞില്ല. എന്തുകൊണ്ടെന്നാൽ ദേവസ്വം എന്ന കേവലം ഒരു വാക്കുകൊണ്ടുതന്നെ എൻെറ പ്രമേയം തള്ളപ്പെടാൻ മതിയാകുമെന്നു ഞാൻ വിചാരിച്ചു. എൻെറ പ്രമേയത്തിൽ പറയാത്തതായ സംഗതിക്കു ആ മെമ്പറിനു ക്രമാനുസൃതനടപടിയല്ലെന്നു പറയാൻ പാടില്ല. ദേവസ്വംമുതൽ സംബന്ധിച്ചു എനിക്കു ഇത്രമാത്രമെ പറയാനുള്ളു.

ആ മെമ്പർ ഈ സഭയെ ബോദ്ധ്യപ്പെടുത്താനായി ഉദ്ധരിച്ചതു ഗ്രാമവീഥികളും രാജപാതകളും തമ്മിൽ വലിയ അന്തരമുണ്ടെന്നും കോടതികൾ അംഗീകരിച്ചതും സ്മൃതിപഥത്തിൽ എത്രയോ കാലമായി നടപ്പാചാരങ്ങളുള്ളതുകൊണ്ടു ഗ്രാമവീഥികൾ എല്ലാ വർഗ്ഗക്കാർക്കും പ്രവേശനമില്ലാത്തതാണെന്നും അതിനാൽ ഈ സഭ ഈ പ്രമേയം ശുപാർശയായി ഗവൺമെൻറിനു അയക്കുന്നതു ശരിയായ നടപടിയാകുന്നതല്ലെന്നുമാണ്. ഞാൻ ഇപ്പോൾ ഉദ്ധരിക്കുന്നതു ഈ വിഷയത്തെസംബന്ധിച്ചു പ്രധാനപ്പെട്ട കേസ്സ് സഭയെ ചൂണ്ടിക്കാണിക്കണമെന്നാണ്. അതായതു (തിരുവിതാംകൂർ ലാ റിപ്പോർട്ട് V-ാം വാല്യം ൯൩-ാം വശം) ആ കേസ്സിൽ വിധി പ്രസ്താവിച്ച പണ്ഡിതന്മാരായ ജഡ്ജിമാർ വ്യക്തമാക്കിട്ടുള്ളതു ഈ രാജ്യത്തുള്ള ഒരു ആചാരമനുസരിച്ചു ഈ ഗ്രാമവീഥി

കൂട്ടർ ചില വർഗ്ഗത്തിൽപെട്ടവർക്ക് ഉപയോഗിക്കാൻ പാടില്ലെന്ന് അവർക്ക് പരസ്യപ്പെടുത്തേണ്ടിയിരിക്കുന്നു എന്നും പിന്നെയും അവർ പ്രസ്താവിക്കുന്നതു നിയമം ആയിരിക്കേണ്ടവിധമല്ലാത്തതുവിധമാണു വിധിക്കുന്നതെന്നും എന്നുള്ളതാണ്. അതുകൊണ്ടു ഈ കാര്യത്തിൽ പ്രവൃത്തിക്കേണ്ടതു ഗവണ്മെന്റാണ്. ജഡ്ജിമാർ പറയുന്നതു അപ്രകാരമാണ്.

ഈ കൗൺസിലിൽ ഒരു പ്രമേയം അവതരിപ്പിച്ചു വലിയ ഭൂരിപക്ഷത്തോടുകൂടി പാസ്സാക്കുന്നതാണ്. ഉദ്ദേശിച്ചതിനെ ഗവണ്മെന്റിന്റെ മനസ്സിളക്കാനുള്ള ഏക മാർഗ്ഗം എന്നു ഞാൻ വിചാരിച്ചു. അങ്ങിനെ ആയാൽ ഈ ആചാരം വച്ചുകൊണ്ടിരിക്കണമെന്നു പൊതുവിൽ ആഗ്രഹമുണ്ടെന്നും ആചാരത്തെ മാനിച്ചുപോരണമെന്നും ഗവണ്മെന്റിനു പറയാൻ സാധിക്കയില്ല. എല്ലാ റോഡുകളും കുളങ്ങളും സത്രങ്ങളും എല്ലാവർഗ്ഗക്കാർക്കും പൊതുവാക്കുന്നതിൽ ഗവണ്മെന്റിനു യാതൊരു ബുദ്ധിമുട്ടും വരാനില്ലെന്നാണു എന്റെ വിചാരം. അപ്രകാരം പരസ്യംചെയ്യുന്നതിനു രാജ്യത്തെ അനേക ആയിരത്തെക്കാൾ അധികമാളുകളുടെ തീരുമാനങ്ങളെ ഗവണ്മെന്റ് വിഗണിക്കുന്നില്ലെന്നാണു ഞാൻ വിചാരിക്കുന്നതു. തി. ലാ. റി. ൭-ാം വാല്യം ൯൩-ാം വശത്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"അതുകൊണ്ടു നമ്മുടെ റിപ്പോർട്ടിൽ പ്രസ്താവിക്കപ്പെട്ട തെരുവു എല്ലാവർക്കും എല്ലാ കാര്യത്തിനും ഉപയോഗിക്കാവുന്ന രാജവീഥി ഇനത്തിൽപെട്ടതാകുന്നു അതല്ലാ എല്ലാവർക്കും എന്നാൽ എല്ലാ കാര്യത്തിനുമല്ലാതെ ഉപയോഗിക്കാവുന്ന ഒരു സാധാരണവഴിയാകുന്നുവെന്നുമാണ്." ബ്രിട്ടീഷ് ഇൻഡ്യയിലെ കോടതികളുടെ നയം രണ്ടു തരത്തിലുള്ളവഴികളേയും ഒരു പോലെ ഗണിക്കയും ചക്രവർത്തി തിരുമനസ്സിലെ എല്ലാ പ്രജകൾക്കും അവർ അന്യരെ ഉപദ്രവിക്കാതിരുന്നാൽ ആ വഴികളിൽകൂടി പോകാൻ അവകാശമുണ്ടെന്നു സ്ഥാപിക്കയും ചെയ്യുന്നവിധത്തിലാകുന്നു. വിദ്വാന്മാരായ ജഡ്ജിമാർ തിരുവിതാംകൂർ സംബന്ധിച്ചു വ്യത്യസ്തമായവിധത്തിൽ ഒരു തീരുമാനം ഉണ്ടാക്കിയതിനുകാരണം സമുദായമൊട്ടുക്കു ദോഷകരമായ ഈ ദുരാചാരങ്ങളെ കളയത്തക്കവണ്ണം തിരുവിതാംകൂർ മനഃപരിഷ്കാരത്തിലും വിദ്യാഭ്യാസത്തിലും മുന്നേറ്റത്തെ മതിയാംവണ്ണം പ്രസ്താവിച്ചിട്ടില്ലെന്നാണ്. ൧൦൩-ാം വശത്തു ഇപ്രകാരം കാണുന്നു.

"ഈ വിധം അകററിനിർത്തൽ ഇൻഡ്യയിലെ മററു പ്രദേശങ്ങളെ അപേക്ഷിച്ചു മലബാറിലും പ്രത്യേകിച്ചു തിരുവിതാംകൂറിലും കൊച്ചിയിലും ബലമായുള്ള ജാതി ദുരാചാരത്തിൽനിന്നും വന്നിട്ടുള്ളതാണെന്നു സംശയമില്ല. ഈ ദുരാചാരങ്ങൾ എത്രയും ബുദ്ധിഹീനങ്ങളും മനോരാജ്യ സങ്കല്പിതവുമായിരുന്നാലും അവയ്ക്കു നാട്ടുനടപ്പുകൊണ്ടു ഒരു മതിപ്പു സിദ്ധിച്ചിട്ടുണ്ട്. മനഃപരിഷ്കാരം സിദ്ധിച്ചവരും വിശാലഹൃദയരും ആയ ആളുകളുമായി ഇടപെട്ട വിദ്യാഭ്യാസംകൊണ്ടും ജനസാമാന്യത്തിന്റെ വിചാരങ്ങൾക്കു ഒരു മാററം സംഭവിക്കുന്നതുവരെ സമുദായത്തിലെ വലിയ പക്ഷത്തിന്റെ വിചാരങ്ങളെപ്പററിയുള്ള ആദരവു മേലാൽ തുടർന്നുകൊണ്ടിരിക്കാനേ തരമുള്ളു."

സർ, ഈ കൗൺസിലിൽ ഇതുമാതിരി ഒരു പ്രമേയം പാസ്സാക്കിയാൽമാത്രമേ ജനസാമാന്യത്തിനു ഈ നടപ്പാചാരം ദോഷകരമെന്നും അവർക്കതു വച്ചുകൊണ്ടിരിക്കാൻ മനസ്സില്ലെന്നും ആയി ഗവണ്മെന്റിനെ ധരിപ്പിക്കാൻ എനിക്കു സാധിക്കയുള്ളു. ലാ മെമ്പർ നാം നിയമകർത്താക്കളോടു ശുപാർശചെയ്യണമെന്നു പറയുന്നു. ഈ പ്രമേയംവഴിയല്ലാതെ ഏതു രീതിയിലാണു നാം പ്രവൃത്തിക്കേണ്ടതു എന്നെനിക്കറിഞ്ഞുകൂടാ.

സർ, രാജ്യത്തുള്ള നടപ്പാചാരങ്ങളിൽ ആവശ്യമുള്ള മാററങ്ങൾ ഉണ്ടാക്കുന്നതിനു ജനങ്ങളുടെ അഭിപ്രായം ഗവണ്മെന്റ് എത്രമാത്രം വിലവയ്ക്കണം എന്നു കാണിക്കാൻ ശാരദാബിൽസംബന്ധിച്ചു വൈസറായിപ്രഭുവിന്റെ അടുക്കൽചെന്നതായ ഡെപ്യൂട്ടേഷനു അദ്ദേഹംകൊടുത്ത മറുപടിയെമാത്രം ഞാൻ കൗൺസിലിന്റെ ശ്രദ്ധയിൽ വരുത്തിയാൽ മതിയാകും.

പ്രത്യേകിച്ചും ഏതെങ്കിലും പൊതുറോഡുകളോ കുളങ്ങളോ സത്രങ്ങളോ കുറിച്ചു അവയെ പൊതുവാക്കാനുള്ള പ്രമേയം കൊണ്ടുവന്നിരുന്നെങ്കിൽ ലാമെമ്പരുടെ അഭിപ്രായം അദ്ദേഹം അതിനെപ്പററി ഗൗനിക്കുമായിരുന്നു എന്നാണ്. സർ, പ്രമേയങ്ങളെല്ലാം ജനസാമാന്യത്തിനു മുഖ്യമായി സംബന്ധിക്കുന്ന കാര്യങ്ങളാണ്. പ്രത്യേകം റോഡുകളോ കുളങ്ങളോ സംബന്ധിച്ചകാര്യം എനിക്കു കൊണ്ടുവരേണ്ട ആവശ്യമില്ല. അങ്ങിനെ വേണമെങ്കിൽ ഗവണ്മെന്റിനെ മറുവിധത്തിൽ പ്രേരിപ്പിക്കാം. ലാമെമ്പരും ഞാനും തമ്മിലുള്ള വ്യത്യാസം വളരെ പ്രാധാന്യമുള്ള കാര്യത്തിലാണ് സ്ഥിതിചെയ്യുന്നതു്. ജനങ്ങളുടെകാര്യമായ പൊതുവായകാര്യം സാമാന്യേന സ്വീകരിക്കപ്പെടണമെന്നാണ് എന്റെ ആവശ്യം, ലാമെമ്പർ പറയുന്നതു ഞാൻ പ്രത്യേകസങ്കടങ്ങളെ ഗവണ്മെന്റിനെ അറിയിക്കുന്നപക്ഷം ഗവണ്മെന്റ് അവയെപ്പററി ആലോചിക്കുമെന്നാണ്, എന്റെ സ്നേഹിതൻ മി. കേശവൻനമ്പൂരിപ്പാടു പറഞ്ഞതുപോലെ, ഗവണ്മെന്റ് ഒരുകൂട്ടം ആളുകളുടെ വിശ്വാസത്തെ വിലവച്ചു നടപ്പാചാരം വകവെക്കാമെങ്കിൽ, ഒരു വലിയകൂട്ടംപേരുടെ വിശ്വാസത്തെയും വിലവച്ചു അവയെ മാററാൻ പാടില്ലാത്തതെന്തു്? മി. കല്യാ. പരമേശ്വരൻപിള്ള വളരെ സാദൃശ്യവസ്തുക്കളെ ഉദാഹരണമാക്കുകയുണ്ടായി. അവയെല്ലാം "സാമ്യങ്ങൾ നിന്ദ്യങ്ങളാണ്" എന്ന ചൊല്ലിനോടു ചേർക്കത്തക്ക ഉദാഹരണങ്ങളാണ്. വിദ്വാന്മാരുള്ള ഈ സഭയിൽ, ആ ഉദാഹരണങ്ങൾ ഖണ്ഡിക്കാൻ പ്രയാസമാണ്. എന്റെ ബഹുമാന്യസ്നേഹിതന്മാർ, ഈ ഉദാഹരണങ്ങൾ സഭയിൽ ഉള്ളതായ വാദപ്രതിവാദകാര്യത്തോടു യോജിക്കുന്നതല്ലെന്നു പറയുകയുണ്ടായി. ഗ്രാമവീഥികൾ മുതലായസ്ഥലങ്ങൾ എല്ലാ ജാതിസമുദായങ്ങൾക്കുമായി ഉപയോഗിക്കാവുന്നതല്ലെങ്കിൽ ലാൻഡുറവന്യൂ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ അവരുടെ ജോലി ശരിയായിനിർവ്വഹിക്കുന്നതു എങ്ങിനെഎന്നു എനിക്കു അറിയാൻ ആഗ്രഹമുണ്ട്. ലാൻഡ്റവന്യൂഡിപ്പാർട്ടുമെന്റിൽ ഏതാനും ജാതിക്കാർക്കു പ്രവേശനം ഇല്ലാത്തകാലത്താണ് ഈ ആചാരം നിലനിന്നതു്. ഇപ്പോൾ സകലർക്കും ലാൻഡ്റവന്യൂഡിപ്പാർട്ടുമെന്റിൽ ജോലിക്കു അർഹതയുണ്ടെന്നായി ഗവണ്മെന്റ് അംഗീകരിച്ചുകഴിഞ്ഞു. ഗവണ്മെന്റിനു അവരുടെ ഉദ്യോഗസ്ഥന്മാർ ശരിയായി ജോലി നിർവഹിക്കണമെന്ന വിചാരമുണ്ടെങ്കിൽ, റോഡിലും ഗ്രാമവീഥികളിലുംകൂടി അവർക്കു നടന്നുപോകാനുള്ള അവകാശം ആദ്യമായി സ്വീകരിക്കേണ്ട ആവശ്യമില്ലേ?

എന്റെ സ്നേഹിതൻ മി. പി. വി. പെരുമാൾപിള്ള ഒരു ഇതരപ്രമേയം ഈ കൗൺസിലിൽ കൊണ്ടുവരപ്പെട്ടുവെന്നും, അതു ഇപ്പോൾ വോട്ടെടുത്തു ഉന്നതസ്ഥാനം വഹിക്കുന്ന മെമ്പർമാരിൽ ഒരാളാൽ ഭേദഗതിചെയ്യപ്പെട്ടുവെന്നും പറകയുണ്ടായി. സർ, ആ പ്രമേയം ഇതിൽനിന്നും കാര്യമായതിൽ വ്യത്യസ്തമായിട്ടാ

ണിരിക്കുന്നത്, സർ, എന്റെ സ്നേഹിതനു വ്യത്യാസം മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടു ഞാൻ മനസ്താപിക്കുന്നു. അന്നത്തെ പ്രമേയത്തിൽ പറഞ്ഞിരുന്നത് "ഗവൺമെന്റിനാൽ പണിചെയ്യപ്പെട്ടതോ നന്നാക്കപ്പെട്ടതോ ആയ എല്ലാ കുളങ്ങളും തോടുകളും" എന്നാണ്. ഗവൺമെന്റിനാൽ പണിചെയ്യിക്കപ്പെട്ട് പിന്നീട് ആളുകൾക്കു വിട്ടുകൊടുത്തതായ കുളങ്ങളും തോടുകളും പ്രമേയത്തിൽ ഉൾപ്പെടുത്തപ്പെട്ടതായി വിചാരിക്കാമോ എന്നും ഉദ്യോഗസ്ഥമെമ്പർമാരിൽ ചിലർ അന്നു ചൂണ്ടിക്കാണിച്ചു ചോദിക്കയുണ്ടായി. ഞാൻ പറയുന്നത്, സംസ്ഥാനത്തു വളരെ ഉപദ്രവകരമായ ആചാരങ്ങളെ നിലനിർത്തിക്കൊണ്ടുപോരാൻ ഗവൺമെന്റ് ഇപ്പോൾ ഏതാണ്ടും പൊതുമുതൽ ചിലവുചെയ്തുവരുന്നതും ഗവൺമെന്റു നിഷ്പക്ഷമായ നിലയിൽ പെരുമാറുന്നില്ലെന്നു മനസ്സിലാക്കിയിട്ടുള്ള ഒരു സമുദായത്തിൽനിന്നും കരം പിരിക്കപ്പെട്ടുവരുന്നു എന്നുള്ളതുമാണ്. സമുദായ വ്യത്യാസവും ജാതിവ്യത്യാസവും കൂടാതെ ആളുകളിൽ എല്ലാജനങ്ങളിൽനിന്നും കരം പണം പിരിച്ചുകൊണ്ടിരിക്കുമ്പോൾ, ആ തുക ആ കൂട്ടർക്കുംകൂടിയായി ഉപയോഗിക്കേണ്ടതല്ലയോ? ഈ റോഡുകളെല്ലാം പൊതുവിൽ എല്ലാവർക്കും ഉപയോഗിക്കുന്നതു വളരെ അസൗകര്യവും വളരെ പ്രയാസവുമാണെന്നു പറകയുണ്ടായി. ഈ പ്രമേയം ഞാൻ ഉപക്ഷേപിച്ചപ്പോൾ ഈ ൪൦ ലക്ഷം ജനങ്ങളും മി. ബിഷപ്പിന്റെ ബംഗ്ലാവിലേക്കുള്ള റോഡിലേക്കുപോയി അവിടെ കൂട്ടമായി കാണണമെന്നു ആശിച്ചതായി ആരുംതന്നെ വിചാരിക്കുന്നതല്ല. എനിക്കാവശ്യമായിരുന്നതും ഓരോരുത്തനും ജാതിമതവ്യത്യാസം അടിസ്ഥാനമാക്കാതെ അങ്ങിനെ ചെയ്യാൻ അവകാശം ഉണ്ടായിരിക്കണം എന്നാണ്. അഞ്ചിൽകൂടുതലായി ആളുകൾ കൂട്ടംകൂടി ഉപദ്രവിച്ചാൽ ഈ പറഞ്ഞ മി. ബിഷപ്പിനുതന്നെ അവരെ പിരിച്ചുവിടാൻ അധികാരമുണ്ട്.

ഒരേസമയത്ത് സംസ്ഥാനത്തെ എല്ലാ പൌരന്മാരും ഒത്തൊരുമിച്ച് ഈ കുളങ്ങൾ മുതലായവയെ ഉപയോഗിക്കാനുള്ള അവകാശം ഉറപ്പിക്കപ്പെടണമെന്നു ഞാൻ പറയുന്നില്ല. (മി. രേവതിനാൾ രാമവർമ്മരാജാ: കേൾപ്പിൻ, കേൾപ്പിൻ) അങ്ങിനെ ഒരിക്കലും ഉദ്ദേശിച്ചിട്ടുമില്ല. ഒരു പ്രത്യേകസമുദായത്തിൽ ഉൾപ്പെട്ട ഒരുത്തനെ സമുദായത്തെ കാരണമാക്കി കുളങ്ങളും റോഡുകളും ഉപയോഗിക്കാൻപാടില്ലെന്നു ഒരിക്കലും പറഞ്ഞുതടയരുത്. അതു മര്യാദയല്ല. പരിഷ്കൃതദേശമന്മാർക്കു അതു യോജിക്കുന്നതല്ല. തിരുവിതാംകൂർ ഗവൺമെന്റ എന്ന അന്തസ്സിനെ വച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റ് വളരെ ഒക്കെയുക വിദ്യാഭ്യാസത്തിനായി ചിലവിട്ട്, ഒരു വാസ്തവപൂർണ്ണ വേണ്ട കൃത്യബോധങ്ങളെ ജനങ്ങളിൽ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കേ അവർ ഇതിലേക്കായി ഇറങ്ങുന്നതു ഒട്ടുംതന്നെ ശരിയല്ല. പരസ്വത്വവകാശങ്ങളിൽ നാം കയ്യേറിപ്രവൃത്തിക്കുന്നതായി വരികയില്ലയോ എന്നു എന്റെ സ്നേഹിതൻ മാന്യമെമ്പർ സംശയിക്കയുണ്ടായി. അതിന്റെ അർത്ഥം എനിക്കു ഒരിക്കലും മനസ്സിലാകുന്നില്ല. ഞാൻ അത്യാവശ്യമായി ആവശ്യപ്പെടുന്നത് ജനങ്ങളുടെ ഒരു പ്രത്യേകഭാഗത്തിനു മാത്രമായി ഗവൺമെന്റു പണം ചിലവഴിക്കാൻ പാടില്ലെന്നാണ്. പൊതുമുതൽ ഏതിനെങ്കിലും ഉപയോഗിക്കുന്നതായാൽ എല്ലാവർക്കും ആ ചിലവാക്കിയതിന്റെ ഫലം അനുഭവിക്കാനിടവരണം. ഞാൻ അർത്ഥമാക്കുന്നതു അങ്ങിനെയാണ്. ഗവൺമെന്റുവക പണം ചിലവാക്കി വെട്ടിച്ചും നന്നാക്കിച്ചും പോരുന്ന റോഡുകൾ ഇപ്പോൾ പൊതുമുതലിൽനിന്നും സംരക്ഷണം ചെയ്യപ്പെട്ടുപോരുന്നില്ലെങ്കിൽ അവയെ ഞാൻ ഇവിടെ ഉൾപ്പെടുത്തീട്ടില്ല. എല്ലാജനങ്ങൾക്കും ഉപയോഗിക്കാൻ പാടുള്ളതല്ലാത്ത റോഡുകൾക്കുവേണ്ടി പൊതുമുതൽ ചിലവാക്കാതെയിരുന്നാൽ എനിക്കു സമാധാനം വരുന്നോ എന്നു മാന്യമെമ്പർ ചോദിക്കയുണ്ടായി. എനിക്കു അതിൽ ആക്ഷേപമില്ലെന്നായി മറുപടിപറഞ്ഞു. ഈ ദുരവസ്ഥയെ ഗവൺമെന്റ് വളരെക്കാലമായി നിലനിർത്തിപ്പോരുന്നതും ഗവൺമെന്റ് മേലാൽ അതിലേക്കായി പണംചിലവിടാൻ പോകുന്നപക്ഷം അതു ഒരുകാലത്തു ഞാൻ അനുകൂലിക്കാൻ തയാറില്ലാത്തതുമാണ്.

എന്റെ സ്നേഹിതരിൽ ചിലർ പ്രമേയത്തിന്റെ ഭാഷയെകളഞ്ഞു അതിലെ തത്വത്തെ അംഗീകരിക്കുന്നു എന്നു പറയുകയുണ്ടായി. ഞാൻ വളരെ സൂക്ഷിച്ചാണ് ഈ പ്രമേയവാചകം സൃഷ്ടിച്ചതു. അതിനെ എത്രത്തോളം ഇനിയും നന്നാക്കാം എന്നു എനിക്കറിഞ്ഞുകൂടാ. ഈ പ്രമേയം അതിൽ പറയുന്നതുപോലെ അർത്ഥമാകുന്നു ഇതിനാൽ അതിൽനിന്നും ഒരുവാക്കും മാറുന്നതിനു ഞാൻ തയാറില്ല. വളരെ സൂക്ഷ്മമായി ആലോചിച്ചതിനുശേഷം ഈ പ്രമേയം രൂപീകരിച്ചിട്ടുണ്ട്. അതിൽ ഒരു മാറ്റവും ചെയ്യേണ്ടആവശ്യമില്ല. ഇത്രയുംപറഞ്ഞുകൊണ്ടു ഈ പ്രമേയം സഭയുടെ സ്വീകരണത്തിനായി നിർബ്ബന്ധിച്ചുവതരിപ്പിച്ചുകൊള്ളുന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ: സഭയുടെ അനുദ്യോഗസ്ഥഭാഗത്തെ എല്ലാ ഭാഗങ്ങളിൽനിന്നും പ്രമേയത്തെപ്പറ്റി പരിപൂർണ്ണമായി വാദം ഉണ്ടായതുകൊണ്ടു ഞാൻ സന്തോഷിക്കുന്നു. ഒന്നുനോക്കിയാൽ ആ പ്രമേയത്തിൽ അന്തർഗതമായിരിക്കുന്ന ആശയത്തെ വെളിപ്പെടുത്താൻ ഇടയാക്കി. പലഭാഗത്തുനിന്നും കേട്ടതുകൊണ്ടു വ്യക്തമാകുന്നതു ദേവസ്വംവകയോ കൊട്ടാരംവകയോ ആയ റോഡുകളെ പ്രമേയം സംബന്ധിക്കുന്നതായി ഉദ്ദേശിച്ചിട്ടില്ലെന്നാണ്. മി. ദാമോദരനാശാനും പരമകാര്യങ്ങളെ ബന്ധിക്കേണ്ടതായി ആവശ്യമില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. പൊതുസ്ഥാപനങ്ങളും പൊതുറോഡുകളും പൊതുവിൽ ഏവനും ജാതിമതഭേദംകൂടാതെ ഉപയോഗപ്പെടുമാറു തുറന്നുവിടണമെന്നാണ്, ബാക്കി തീരുമാനിക്കേണ്ടതായിട്ടുള്ളതു. സർ, പ്രമേയത്തിലെ തത്വത്തെ അനുകൂലിക്കുന്നവരിൽ ആരുംതന്നെ ഗവൺമെന്റിനെപ്പോലെയില്ല. മി. ആശാൻ ആവശ്യപ്പെടുന്നതു, അതുമാത്രമാണെങ്കിൽ ഗവൺമെന്റ പ്രമേയത്തിലെ തത്വത്തോടു പൂർണ്ണമായി യോജിച്ചിരിക്കുന്നതായി എന്റെ ശക്തിയിൽപ്പെട്ടിടത്തോളം ഉറപ്പുതരികയും ഇതിലേക്കായി ഗവൺമെന്റ് നാളിതുവരെ യത്നിച്ചുകൊണ്ടിരിക്കുന്നതായി സഭയുടെ സമ്മതം ചോദിച്ചുകൊണ്ടു, ഓർമ്മിപ്പിക്കയും ചെയ്തുകൊള്ളട്ടെ. വളരെ അകന്നകാലത്തെ ചരിത്രകഥയിലേക്കു പോകേണ്ടആവശ്യമില്ല. എന്നാൽ സ്കൂളുകളുടെകാര്യം പറയാം: എല്ലാ സമുദായക്കാർക്കുമായി സ്കൂളുകൾ തുറന്നുവിടുന്നതിൽ ഗവൺമെന്റ് അത്യന്തംപ്രവൃത്തിച്ചു. ക്ഷേത്രസമീപംകാരണമോ മറ്റോ എവിടെയെങ്കിലും സ്കൂളുകൾ പൊതുവാക്കാൻ സാധിക്കാതെവന്നുവോ അപ്പോൾ എല്ലാം സ്കൂളുകൾ മറ്റുസ്ഥലത്തേക്കു മാറ്റപ്പെട്ടിട്ടുണ്ട്. പ്രമേയം സ്വീകരിക്കപ്പെടണം എന്നു മി. ആശാൻ അഭിപ്രായപ്പെടുന്നെങ്കിൽ, സർ, ഞാൻ പ്രമേയത്തിലെ തത്വം സ്വീകരിക്കാൻ തയാറാകുന്നു എന്നു പറയുന്നു. എന്നാൽ പ്രമേയം കാണുന്നനിലയിൽ അതിൽ ദുർഘടങ്ങൾ—

മി. എ. താണുപിള്ള (തിരുവനന്തപുരം): ദേവസ്വംറോഡുകൾ കൊട്ടാരംറോഡുകൾ എന്നതർത്ഥമാക്കുന്നുവെന്നു ലാമെമ്പർ പറയുമോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ദേവസ്വങ്ങളുടേയോ കൊട്ടാരങ്ങളുടേയോ വകയായിട്ടുള്ളതും തൊട്ടുകിടക്കുന്നതും ആയ റോഡുകളാണ്. റോഡുകളെപ്പറ്റി കുളങ്ങളും സത്രങ്ങളും സംബന്ധിച്ചുള്ളപോലെ ഒരു അന്വേഷണംനടത്തേണ്ടതായിട്ടുണ്ടെന്നുപറയാം. ഗവണ്മെന്റുചിലവിന്മേൽ ഇപ്പോൾ സംരക്ഷിച്ചുപോരുന്ന എല്ലാറോഡുകളെപ്പറ്റിയും ഒരു പ്രഖ്യാപനംനടത്താൻ ഗവണ്മെന്റ് തയ്യാറാണ്; പിന്നീട് എല്ലാവർക്കും റോഡുകൾ ഉപയോഗിക്കാൻ അനുവദിക്കാതിരിക്കാനോ അനുവദിക്കാൻ കാരണമാകുന്ന നടപടിനടത്തുന്നതിനോ ഉള്ളതായകാര്യം ആലോചിക്കപ്പെടുന്നതാണ്. ആ ഘട്ടത്തിൽ ഒരു അന്വേഷണം നടത്തുന്നതിനുമുമ്പു എല്ലാറോഡുകളും ആവശ്യ ഉപയോഗപ്പെടുത്താമെന്ന് ഞാൻ പ്രസ്താവിച്ചിരുന്നു. എന്നാൽ ആ സമ്മതം വഴിയെ തിരിച്ചെടുക്കാനിടയാകാം. പ്രമേയത്തെ ഞാൻ സ്വീകരിക്കുന്നു. അതോടുകൂടി അതിനെ മനസ്സിൽ ഓർമ്മിച്ചു അന്വേഷണംനടത്തി ഉത്തരവുകൾ പാസാക്കുന്നതുള്ള ഉറപ്പും തരുന്നുണ്ട്. കുളങ്ങളും സത്രങ്ങളും സംബന്ധിച്ചു നിയമസഭ ഉപദേശിച്ചു പ്രമേയമനുസരിച്ചുള്ള അവയെ പറ്റി ഒരന്വേഷണം നടത്തികഴിഞ്ഞതിനാൽ ഗവണ്മെന്റു ഉത്തരവുകൾ പ്രസിദ്ധപ്പെടുത്തുന്ന പ്രമേയത്തെ അനുസരിച്ചു പുറപ്പെടുവിക്കുന്ന എന്നതാണ്. അതായതു പറയുന്നതായാലും ഈ ജാതിക്കാർക്കും ഉപയോഗിക്കുള്ള അവകാശങ്ങൾ ഒരു വർഗ്ഗത്തിനായി ക്ലിപ്തപ്പെടുത്താൻ പാടില്ലെന്നുള്ളതു, ഇന്നത്തെ അവസ്ഥയിൽ പ്രമേയത്തിനെ പ്രതിക്കൂലിച്ചു സംസാരിക്കാൻ എഴുന്നേറ്റ സമയം എന്റെ മനസ്സിലുണ്ടായിരുന്ന മിക്കവാറും ആളുകളായ വെളിപ്പെടുത്തിയ അഭിപ്രായം ഗവണ്മെന്റ് വർഗ്ഗവ്യത്യാസത്തെ പരിരക്ഷിക്കുന്നതിൽ താല്പര്യമില്ലാത്തവരാണ്; അതേമനസ്ഥിതിയോടുകൂടിതന്നെ ഈ സഭയും പൂർണ്ണമായി യോജിച്ചതായി ഞാൻ കാണുന്നു. ഈ സഭയുടെ പലഭാഗത്തുനിന്നും വന്നതായ അഭിപ്രായങ്ങളെപ്പോലെ ഗവണ്മെന്റിന്റെ യത്നങ്ങളിൽ സഹായിക്കുന്നതായി മററു യാതൊന്നും ഞാൻ കാണുന്നില്ല. അതുകൊണ്ടു ഞാൻ വിശ്വസിക്കുന്നതു പ്രമേയത്തിന്റെ തത്വം ഗവണ്മെന്റുസ്വീകരിക്കാൻ തയ്യാറാണെന്നു മി. ആശാന് നല്ലപോലെ ബോദ്ധ്യപ്പെട്ടുവെന്നാണ്. പ്രമേയം ഉപേക്ഷിക്കപ്പെട്ടതായാലും സ്വീകരിച്ചാലുള്ള ബുദ്ധിമുട്ടുകളെയും അദ്ദേഹം മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു ഞാൻ മി. ആശാനോടു അപേക്ഷിക്കുന്നതു പ്രമേയതത്വം ഗവണ്മെന്റുസ്വീകരിച്ചതായ ഉറപ്പുവാങ്ങികൊണ്ടു അതിനെ വോട്ടിനിടണമെന്നു നിർബന്ധിക്കേണ്ടതില്ലെന്നാണ്.

പ്രസിഡണ്ട്: മി. ആശാൻ പ്രമേയം വോട്ടിനിടണമെന്നു ആവശ്യപ്പെടുന്നോ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സർ, ആവശ്യപ്പെടുന്നു.

പ്രസിഡണ്ട്: സമക്ഷമാകെയിരിക്കുന്ന പ്രമേയം ഇങ്ങിനെയാണ്.

"പൊതുമുതൽകൊണ്ടു സംരക്ഷണംചെയ്തുപോരുന്ന എല്ലാറോഡുകളും കുളങ്ങളും സത്രങ്ങളും ജാതിമതഭേദംകൂടാതെ പൊതുഉപയോഗത്തിനു വിട്ടുകൊടുക്കണമെന്നു ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു".

പ്രമേയം വോട്ടിനിട്ടു പാസാക്കപ്പെട്ടു.

മി. വി. ജെ. ഉമ്മൻ (കുന്നത്തുനാടും-വ്യവസായവും വടക്ക്): സർ, ഞാൻ ഒരു പോൾ വേണമെന്നു ആവശ്യപ്പെടുന്നു.

പോൾ എടുക്കപ്പെട്ടതിൽ ഫലം താഴെ കാണിക്കുന്നു.

അനുകൂലികൾ ൨൫.

൧.	മിസ്റ്റർ	കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	൧൪.	മിസ്റ്റർ	മാത്യുമുറിക്കൻ
൨.	,,	എ. എസ്സ്. ദാമോദരനാശാൻ	൧൫.	,,	മുറിവേലിൽപാച്ചുപിള്ള
൩.	,,	ഡി. സി. ജോസഫ്	൧൬.	,,	കെ. പത്മനാഭപ്പണിക്കർ
൪.	,,	സി. ഫ്രാൻസിസ്	൧൭.	,,	കെ. മാധവൻപിള്ള
൫.	,,	എ. ജി. മേനോൻ	൧൮.	,,	എച്ച്. ബി. മഹമ്മദ്റാവുത്തർ
൬.	,,	ഇട്ടൂപ്പ് ഇട്ടിച്ചൻ	൧൯.	,,	എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
൭.	,,	ആർ. കേശവപിള്ള	൨൦.	,,	ഇരിയച്ച് കുഞ്ഞിതൊമ്മൻ
൮.	,,	ടി. സി. കേശവപിള്ള	൨൧.	,,	എ. സി. കുരിയാക്കോസ്
൯.	,,	താമരപ്പള്ളിൽകൊച്ചുതൊമ്മൻ	൨൨.	,,	കെ. മാധവൻ
൧൦.	,,	എൻ. ആർ. കൃഷ്ണൻ	൨൩.	,,	ആർ. രാമൻപിള്ള
൧൧.	,,	എൻ. കെ. കൃഷ്ണപിള്ള	൨൪.		രേവതിനാൾ രാമവർമ്മരാജാ
൧൨.	,,	വി. ജെ. ഉമ്മൻ	൨൫.		എ. താണുപിള്ള
൧൩.	,,	കെ. പി. നീലകണ്ഠപ്പിള്ള			

പ്രതികൂലികൾ ൧൪.

൧.	മിസ്റ്റർ	എൽ. എ. ലാമ്പേർഡ്	൮.	മിസ്റ്റർ	ആർ. ധനകോടിപിള്ള
൨.	,,	കയ്യാലംപരമേശ്വരൻപിള്ള	൯.	,,	കെ. സി. ചാക്കോ
൩.	,,	പി. എൻ. കൃഷ്ണപിള്ള	൧൦.	,,	ആർ. വൈത്തിലിംഗംപിള്ള
൪.	,,	എസ്സ്. വെങ്കിടരമണയ്യർ	൧൧.	,,	പി. ഗോമതിനായകംപിള്ള
൫.	,,	കെ. ജോർജ്ജ്	൧൨.	,,	എൽ. എ. ബിഷപ്പ്
൬.	,,	ജി. പി. രാമസുബ്ബയ്യർ	൧൩.	,,	എ. വൈപ്പൻ
൭.	,,	എസ്സ്. സി. എച്ച്. റോബിൻസൻ	൧൪.	,,	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള

നിഷ്പക്ഷവാദികൾ.

൧. മിസ്റ്റർ പി. എസ്സ്. മഹമ്മദ്	൩. മിസ്റ്റർ എസ്സ്. പി. പരമേശ്വരൻപിള്ള
൨. ,, വി. ചെല്ലപ്പിള്ള	൪. ,, ജി. പി. നീലകണ്ഠപിള്ള

പ്രമേയം പാസാക്കപ്പെട്ടു ൨൭ പേർ അനുകൂലിച്ചും ൧൪ പേർ പ്രതികൂലിച്ചും ൪ പേർ നിഷ്പക്ഷവാദികളും ആയിരുന്നു.

പ്രസിഡന്റ്: മി. താണുപിള്ളയുടെ പേരിൽ കാണുന്ന ൩-ാം നമ്പർ പ്രമേയത്തെ സംബന്ധിച്ച സഭ നടപടി തുടങ്ങാം.

ത്രാണിയില്ലാത്ത സാധുക്കൾക്കാവശ്യമായ വീടുകൾ.

മി എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ താഴെ പറയുന്ന പ്രമേയത്തെ ഉപക്ഷേപിക്കുന്നു.

"ത്രാണിയില്ലാത്ത സാധുക്കൾക്കാവശ്യമായ വീടുകൾ ഉണ്ടാക്കിക്കൊടുക്കണമെന്ന് ഈ സഭ ഗവൎമ്മെന്റിനോടു ശുപാർശചെയ്യുന്നു."

സർ, പ്രമേയത്തിനു വകയില്ലാത്ത ഒരു കാൎയ്യം ഞാൻ ഈ സഭയിൽ അവതരിപ്പിച്ചുകൊള്ളുന്നു. ഈ രാജ്യത്തു മറ്റുള്ളവരിൽ നിന്നും യാതൊരു സഹായത്തിനും മാൎഗ്ഗമില്ലാത്ത ദീനാതുരന്മാരായ പ്രാചീനപ്രായക്കാരുടെ തങ്ങളെത്തന്നെ രക്ഷിച്ചുപോരാൻ ത്രാണിയില്ലാത്ത ആളുകളുടെ സ്ഥിതിയെപ്പററി നമുക്കറിയാവുന്നതാണ്. സർ, എന്റെ ഉദ്ദേശം, ഈ ആളുകൾക്കു വീടുകൾ പണിചെയ്യിച്ചു കൊടുക്കേണ്ട ആവശ്യകതയെപ്പററി ഈ സഭയെ അറിയിക്കണമെന്നുള്ളതാണ്. ജനസാമാന്യത്തിനിടക്കു ഉപദ്രവകരമായ വിധത്തിൽ, വിശേഷിച്ചു തിരുവനന്തപുരം പോലെയുള്ള നഗരങ്ങളിൽ കണക്കിലധികം യാചകർ അഴിഞ്ഞുവിട്ടതുപോലെയുണ്ടെന്നുള്ളതു നമുക്കെല്ലാവർക്കും അറിവാണ്. യാചകരെ നിയന്ത്രിക്കുന്നതിനു യാതൊരു ചട്ടവുമില്ല. അതിന്റെ ഫലമായി അവരുടെ ആളുകൾക്കു വലിയ ഒരു ഉപദ്രവമായി വന്നിരിക്കുന്നു. എന്നാൽ ഈ കാൎയ്യത്തെപ്പററി ആലോചിക്കുമ്പോൾ ഇതിന്റെ പലഭാഗങ്ങളെപ്പററിയും ആലോചിക്കാനുണ്ട്. ഒന്നാമതായിട്ടു ഈ ദരിദ്രന്മാരുടെ സ്ഥിതിയെപ്പററി ആലോചിക്കേണ്ടതാണ്. മററുസംഗതികളെപ്പററി തൽക്കാലം ആലോചിക്കാതെ നീക്കിവക്കാം. കുഷ്ഠരോഗികൾ, ഭ്രാന്തന്മാർ, കുരുടന്മാർ, ചെകിടന്മാർ, ചട്ടന്മാർ മുതലായവരും ഈ വിധത്തിൽ ത്രാണികെട്ടവരും അസംഖ്യം ആളുകൾ കാണുന്നുണ്ട്. വേറെ ചിലർ ദീനം പിടിപെട്ടു ഉപജീവനത്തിനു വേലചെയ്യാൻ സാധിക്കാതെയുണ്ട്. ചിലവിനു വകയില്ലാതെ പ്രായാധിക്യംകൊണ്ടു ക്ഷീണിച്ചവർ ഉണ്ട്. ഇതോടുകൂടി രക്ഷാമാൎഗ്ഗമില്ലാത്ത വളരെ അനാഥബാലന്മാർ ഉണ്ട്. പ്രമേയത്തിൽ സംബന്ധിച്ചകാൎയ്യം വളരെ വിസ്തൃതമാണ്. എങ്കിലും കാൎയ്യത്തിനു ഒരു നിവൃത്തിമാൎഗ്ഗം കണ്ടുപിടിക്കേണ്ടതാണ്. അതിലേക്കു എന്തുവേണം? അതാണ് നമുക്കാലോചിക്കേണ്ടത്. ഈ പ്രമേയത്തിൽ, കാൎയ്യം എത്ര ഗൌരവമായിരുന്നാലും അതിൽ ഒരു അംശത്തിനെ മാത്രമേ ഞാൻ ഇവിടെ നിർദ്ദേശിക്കുന്നുള്ളൂ. ഞാൻ നോക്കിഅറിഞ്ഞിടത്തോളം ഇവിടെ തിരുവിതാംകൂറിൽ ഇതിനെപ്പററി നിയന്ത്രിക്കുന്നതായി കുഷ്ഠരോഗികളെസംബന്ധിച്ചറെഗുലേഷൻ ഒന്നുമാത്രമേയുള്ളൂ. അതും കുഷ്ഠരോഗം പിടിപെട്ടവരെമാത്രമേ ബാധിക്കുന്നുള്ളൂ. തിരുവിതാംകൂറിൽ പലസ്ഥലങ്ങളിലും കുഷ്ഠരോഗം പിടിപെട്ടവരായി വളരെപ്പേർ ഉണ്ട്. കുഷ്ഠം മേഹം മുതലായ രോഗങ്ങൾ പിടിപെട്ട ആളുകൾ ആളുകളുടെ ഇടയിൽ നടക്കുന്നതായി നാം കാണുന്നു. വളരെ എളുപ്പത്തിൽ പകരുന്ന രോഗത്തോടുകൂടി രോഗികളായ ഒരു വലിയകൂട്ടം ആളുകൾ പട്ടണത്തിൽ അങ്ങുമിങ്ങും അലയുന്നതായി നാം കാണാൻ ഇടവരുന്നതു നമുക്കു വാസ്തവത്തിൽ ലജ്ജാകരമാണ്. ഈ ഹാളിനു വളരെ അടുത്തുള്ള ബസ്സു കിടക്കുന്നസ്ഥലത്തു ആരെങ്കിലുംപോയി ടൌൺ വിട്ടുയാത്രചെയ്യുന്നതിനു സ്വല്പനേരം അവിടെ താമസിക്കുന്നതായാൽ, ഭിക്ഷക്കായി വളരെഎണ്ണം ദീനം പിടിപെട്ടവർ അയാളെ ചുററികാണുന്നതായ സങ്കടാവസ്ഥ നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഇപ്പോൾ ആലോചിക്കേണ്ടതായ കാൎയ്യം സ്വയരക്ഷക്കു വകയില്ലാത്ത ഇക്കൂട്ടരുടെ രക്ഷക്കും താമസത്തിനുമായി വല്ല വ്യവസ്ഥയും ചെയ്യേണ്ടതല്ലയോ എന്നാണ്. രോഗാതുരരായ ഇവർക്കു എന്തുവേണമെന്നാലോചിക്കുമ്പോൾ ആശുപത്രികൾ സ്ഥാപിക്കേണ്ടതാണെന്നുള്ള സംഗതി എന്റെ ഓൎമ്മയിൽ വരാതെയിരുന്നില്ല. ഇതിനെ ഞാൻ സൂചിപ്പിക്കുന്നതു കാൎയ്യത്തിന്റെ വമ്പിച്ചസ്വഭാവം കാണിക്കാൻ മാത്രമാണ്. ഈ പ്രമേയത്തിൽ ഞാൻ നിർദ്ദേശിക്കുന്നതു, ഈ വലിയകാൎയ്യത്തിന്റെ ഒരു അംശംമാത്രമുള്ളൂ. ഈ സാധുക്കളെ പല ഖണ്ഡങ്ങളായി വകതിരിച്ചു അതിൽ ഒന്നിനെമാത്രമേ ഈ പ്രമേയം സംബന്ധിക്കുന്നുള്ളൂ. രോഗം പിടിപെട്ടവർക്കു എന്തെങ്കിലും ചെയ്യേണ്ടതാണ്.

പകരുന്നരോഗം പിടിപെട്ട ആളുകളുടെകാൎയ്യത്തിൽനിന്നും ഭിന്നമായി മറെറാരുകാൎയ്യമുണ്ട്, രക്ഷയില്ലാത്ത അഗതികളുടെസ്ഥിതി നാം ആലോചിക്കേണ്ടതാണ്. ഈ പ്രമേയംമൂലം സഭയുടെ അറിവിൽ ഈ കാൎയ്യമാണ് കൊണ്ടുവരാൻ നിശ്ചയിച്ചിരിക്കുന്നതു. ഈ പ്രമേയത്താൽ ഉദ്ദേശിക്കപ്പെടാവുന്ന എത്രഎണ്ണം പേർക്കാണ് വീടുകൾ ഉണ്ടാക്കികൊടുക്കേണ്ടതു എന്നറിയാൻ ഇപ്പോൾ പ്രയാസമാണ്.

ജലസേചനാവശ്യങ്ങളെപ്പററിയുള്ള അടിയന്തരപ്രമേയം.

പ്രസിഡന്റ്. ഇപ്പോൾ ൨-മണി ആയി. ഈ വാദപ്രതിവാദം ഇപ്പോൾ നിൽക്കട്ടെ, സഭയിൽ മി. എൻ. കെ. കൃഷ്ണപിള്ളയുടെ അടിയന്തിരപ്രമേയം വാദപ്രതിവാദത്തിനെടുക്കാം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർ, തിരുവിതാംകൂർകാരായ നാം മിക്കവാറും കൃഷിക്കാരും നമ്മുടെ പ്രധാനആഹാരം അരിയും ആണെന്നുള്ളതു നിങ്ങളെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. അരിയായ നെൽകൃഷിക്കു ജലസംഭരണത്തിനു വേണ്ട സൌകൎയ്യങ്ങൾ ഉണ്ടായിരിക്കേണ്ടതു ഏററവും അത്യാവശ്യമാണ്. തിരുവിതാംകൂറിലെ കൃഷിക്കാർ ദൈനംദിനം ദരിദ്രരായി വരുന്നുവെന്നുള്ളതു നമുക്കു വേണ്ടതിലധികം അറിയാവുന്നതാണ്. ജീവിതോപകരണങ്ങൾക്കുള്ള വില കൂടിവരുന്നതുകൊണ്ടു കൃഷിച്ചിലവും കൂടിതന്നെ വരുന്നു. എന്നാൽ, അതോടുകൂടി കൃഷിക്കാരന്റെ മുതലിനുള്ള ലാഭം കൂടിവരുന്നതായി നാം കാണുന്നില്ല. ഇതിനുള്ള പ്രധാനകാരണങ്ങളിൽ ഒന്ന് തക്കതായ ജലസൌകൎയ്യമില്ലാത്തതാണെന്നു ഞാൻ വിനീതമായി അറിയിച്ചുകൊള്ളുന്നു. ഉദാഹരണമായിട്ടു കഴിഞ്ഞകൊല്ലങ്ങൾക്കുമുമ്പു ൧൦-൦ ൧൧-൦ മേനി വിളഞ്ഞിരുന്ന നിലങ്ങൾ

ഇപ്പോൾ ഈ മേനിമാത്രമേ വിളയുന്നുള്ളു. ചിലസ്ഥലങ്ങളിൽ ആ മേനിമാത്രമേ വിളയുന്നുള്ളൂ എന്നു എനിക്കറിയാം. ഈ പരിതാപകരമായ സ്ഥിതിയെഓർത്തു, കഴിഞ്ഞ പലകൊല്ലങ്ങളായി ജനപ്രതിനിധികൾ ശ്രീമൂലം പ്രജാസഭയിലും ഈ കൌൺസിലിൽതന്നെയും, ശരിയായ ജലസംഭരണസൌകര്യങ്ങൾ ഇല്ലാതെവരുന്ന കഷ്ടതയും പറഞ്ഞറിയിക്കാൻ പാടില്ലാത്ത സങ്കടവും ജനങ്ങൾ അനുഭവിക്കുന്നതായി ഗവർമ്മെന്റിന്റെ അറിവിൽകൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഞാൻ ഈ പറയുന്നതുകൊണ്ട് ഗവർമ്മെന്റ യാതൊന്നും ഈ കാര്യത്തിൽ ചെയ്യുന്നില്ലെന്ന അർത്ഥമാകരുത്. ഇറിഗേഷൻ ആവശ്യാർത്ഥം ഗവർമ്മെന്റിന്റെ അപേക്ഷാനുസരണമുള്ള പ്രവൃത്തി ഒട്ടും തൃപ്തിയായിട്ടുള്ളതല്ലെന്നാണ്. ഈ ഏറ്റവും പ്രധാനപ്പെട്ട കാര്യത്തിൽ ഗവർമ്മെന്റ പ്രവർത്തിക്കേണ്ടടത്തോളം പ്രവൃത്തിക്കുന്നില്ലാത്തതുകൊണ്ട്, മുൻകാലത്ത നമുക്ക അഭിമാനികരമായിരുന്ന കൃഷിവർഗ്ഗം ഇപ്പോൾ വാടിതളർന്നുവരുകയാണ് ചെയ്യുന്നത്.

സർ, കുറെകൊല്ലംമുമ്പ് തിരുവനന്തപുരത്തു ഒരു കമ്മറ്റി ഗ്രാമീകരിക്കപ്പെടുകയുണ്ടായി. ഇതിൽ ഇപ്പോൾ ഈ ഡിവിഷനിലെ എക്സിക്യൂട്ടീവ് ഇഞ്ചിനിയരായി ഒട്ടേറെ പ്രാപ്തിയുള്ള മി. അരുണാചലമയ്യർ പ്രസിഡന്റായി നിയമിതനായി. ആ കമ്മിറ്റിയിലെ ആരംഭിച്ച ഒരു റിപ്പോർട്ട സമർപ്പിച്ചു. ആ കമ്മിറ്റി ഉദ്ദേശം പ്രധാന കുളങ്ങൾ നന്നാക്കേണ്ട വകയായി തിട്ടപ്പെടുത്തുകയും ആ കുളങ്ങളെ വലിയത്, ഇടത്തരം, സാധാരണ എന്നിങ്ങനെ മൂന്നായി തരംതിരിക്കുകയും ചെയ്തു. റിപ്പോർട്ടുകൊണ്ടു അവർ ഒരുകൂടി ശുപാർശയായി ചെയ്തിരിക്കുന്നത് "കുളങ്ങളുടെ പുനരുദ്ധാരണം" എന്നതിനെ പ്രത്യേകം നിയോഗിക്കപ്പെടുന്ന സിൽബന്ധികളെകൊണ്ടു അഞ്ചുകൊല്ലത്തിനുള്ളിൽ ചെയ്യിക്കേണ്ടതാണ് എന്നാണ്. നമ്മുടെ ഗവർമ്മെന്റാകട്ടെ, ഈ റിപ്പോർട്ടിനെപ്പറ്റി ബുദ്ധിപൂർവ്വമായ യാതൊരു ഏർപ്പാടും നടത്താതെ ഒഴിച്ചുവച്ചിട്ടുള്ളതും റിപ്പോർട്ട ഇപ്പോഴുംതന്നെ ചുവപ്പുനാടയിൽ ഇട്ടിട്ടുള്ളതാണ്. ഏതാനും കൊല്ലംമുമ്പു ഡാക്ടർ മാധവൻപിള്ള ഈ പ്രധാനകാര്യത്തെപറ്റി ഗവർമ്മെന്റിനെ അറിയിക്കയുണ്ടായി. അന്ന പ്രസിഡന്റായിരുന്ന ദിവാൻ റിപ്പോർട്ടിനെ ഗൌനിച്ചു മനസ്സിലാക്കി ജലസംഭരണസംബന്ധിച്ച ഒരു പുതിയ പ്രസ്ഥാനം ഉൽപാദിപ്പിക്കാമെന്ന വാഗ്ദാനം ചെയ്യുകയുണ്ടായി. അതിനുശേഷം രണ്ടുകൊല്ലംകഴിഞ്ഞു ഇപ്പോൾ അതു ആ സ്ഥിതിയിലും ഇരിക്കുന്നു.

സർ, എന്റെ നിയോജകമണ്ഡലത്തിലേക്കുറിച്ചു പറയുന്നപക്ഷം, എനിക്ക ഈ സഭയെ അറിയിക്കാനുള്ളത ആ താലൂക്കിൽ നിലങ്ങൾ മിക്കതും അല്ലെങ്കിൽ മുഴുവനും തന്നെയെന്നു പറയാം, കുളങ്ങളെകൊണ്ടാണ് കൃഷിചെയ്യപ്പെട്ടുപോകുന്നതഎന്നാണ്. ആ താലൂക്കിൽ ഏതെങ്കിലും ഒരു കണക്കുനോക്കിയതിൽ കുളങ്ങൾ 90-ൽ കുറയാത്ത എണ്ണമുണ്ട്. എന്നാൽ ഇവയിൽ ഗവർമ്മെന്റ കുറെക്കാലംമുമ്പെ പ്രധാന കുളങ്ങൾ പുനരുദ്ധാരണംചെയ്യുന്നതിനും നന്നാക്കുന്നതിനുംആയി തിരഞ്ഞെടുത്തു. ഏതൊക്കെയാണ് അവ തിരഞ്ഞെടുത്തതെന്നു എനിക്കു അറിഞ്ഞുകൂടാ. എങ്കിലും ഒരു കൊല്ലത്തിനുമുമ്പു ഗവർമ്മെന്റിലേക്കു ഞാൻ ഒരു ചോദ്യം അയച്ചതിൽ ഈ പ്രധാന കുളങ്ങളിൽ മൂന്നു കുളങ്ങൾമാത്രമേ നന്നാക്കിയിട്ടുള്ളു. ഈ കണക്കിനു ഈ കുളങ്ങളെല്ലാം വീണ്ടെടുത്തും നന്നാക്കുന്നവകക്കും ആയി അധികാധികം കാലങ്ങൾ വേണമെന്നു മറ്റുള്ളവർ ഇപ്പോഴത്തെ പുരുഷാന്തരവും അടുത്ത പുരുഷാന്തരവും തീർന്നുപോകേണ്ടിവരും. ഈ കണക്കിനു അതായതു ജലസംഭരണകുളങ്ങളെ നന്നാക്കുന്ന ഏറ്റവും പ്രധാനപ്പെട്ടതായി ഗവർമ്മെന്റ നടത്തിപോരുന്ന കണക്കിനു പൊതുവിൽ ഉള്ളവർക്കോ കൃഷിക്കാർക്കോ വലിയഗുണമൊന്നും ലഭിക്കാനില്ല. ഈ കാര്യത്തിൽ ഗവർമ്മെന്റിന്റെ അലസതയോ അതല്ലാ വിചാരക്കുറവോ കാരണം സാധുക്കളായ കൃഷിക്കാർ അത്യധികമായ അരിഷ്ടത അനുഭവിച്ചുവരുന്നു.

പിന്നിട്ട ഇതുപോലെയുള്ള കാര്യങ്ങളുണ്ട് എന്റെ സ്നേഹിതൻ മിസ്റ്റർ ജി. സി. കേശവപിള്ളയുടെ നിയോജകമണ്ഡലത്തിലുംഉള്ളതെന്ന ഞാൻ വിചാരിക്കുന്നു. അവയെപ്പറ്റി അദ്ദേഹത്തിനു പറയാനുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഇനി ഈ സഭയിൽ അറിയിക്കേണ്ട വേറൊരു പ്രധാനസംഗതി ഈ കാര്യത്തെപ്പറ്റി ചുമതല വഹിക്കുന്ന പലഡിപ്പാർട്ടുമെന്റുകളുടേയും വിഭക്തചുമതലയെപ്പറ്റിയാണ്. ഇപ്പോൾ ചുമതല ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിലല്ല സ്ഥിതിചെയ്യുന്നതു. ഇതിൽ റവന്യൂഡിപ്പാർട്ടുമെന്റും പൊതുവകമരാമത്തുഡിപ്പാർട്ടുമെന്റുമുണ്ട്. കൃഷിക്കാർക്ക് ഏതെങ്കിലുംഒരു സങ്കടമുണ്ടാകുമ്പോൾ ആവലാതിപ്പെടുന്നതു ഇവയിൽ ഏതെങ്കിലുംഒരു ഡിപ്പാർട്ടുമെന്റിനോടാകുന്നു. എഴുത്തുകുത്തു കുറെനാളത്തേക്കു നീണ്ടുകിടക്കും. ചിലസന്ദർഭങ്ങളിൽ അതു അഞ്ചോ ആറോ കൊല്ലത്തേക്കു നീണ്ടുകിടക്കും. അതിനിടക്കു സാധുക്കളായ കൃഷിക്കാർക്ക് കൂട്ടത്തൽ ബുദ്ധിമുട്ടിനു ഇടയാകും. ഈ പ്രത്യേകസംഗതി ഈ സഭയുടെ അറിവിൽ മുമ്പുഒരു സന്ദർഭത്തിൽ കൊണ്ടുവരികയും ഗവർമ്മെന്റ അക്കാര്യത്തിൽ വ്യക്തപ്പെടുത്തി എന്തെങ്കിലും ചെയ്യാമെന്നു വാഗ്ദാനം ചെയ്കയുംചെയ്തിട്ടുണ്ട്. ജലസംഭരണത്തെസംബന്ധിച്ച എല്ലാകാര്യങ്ങളും നോക്കുന്നതിനു ഒരു പ്രത്യേകസിൽബന്ധികളോടുകൂടി ഒരു പ്രത്യേകഡിപ്പാർട്ടുമെന്റാണ അഭിപ്രായപ്പെട്ടതു. എന്നാൽ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ലാത്തതും സാധുകൃഷിക്കാർ അതേസ്ഥിതിയിൽതന്നെ ഇരിക്കുന്നതുമാണ്. ജലസംഭരണത്തിൽ ഇപ്പോഴത്തെനയത്തിലുള്ള ന്യൂനതകളെപ്പറ്റി പറയുന്നതായാൽ ഒരാളെത്തന്നെ അന്വേഷിക്കുന്നതിനും ജോലിനടത്തുന്നതിനും ആക്കുന്ന ഇപ്പോഴത്തെ നടപടി നിന്ദ്യവും ഉപയോഗശൂന്യവുമാകുന്നു. മനുഷ്യസ്വഭാവം നമുക്ക നല്ലപോലെ അറിയാവുന്ന സ്ഥിതിക്കു അന്വേഷണത്തിനു ചുമതലപ്പെടുത്തുന്ന ഒരാൾ താൻതന്നെ ചെയ്തുതീർക്കേണ്ടതായ അധികമധികം ജോലി വരാതെനോക്കുന്നതിനു ന്യായമുണ്ടു. വേറൊരുസംഗതി ഞാൻ പ്രസ്താവിക്കുന്നതു ജലസംഭരണബോർഡുകൾ സ്ഥാപിക്കുന്നതായാൽ പ്രയാസങ്ങൾ മിക്കതും തീരുന്നതാകുന്നുഎന്നാണ്. ഇതേസംബന്ധിച്ചു ഞാൻതന്നെ ഈ സന്ദർഭത്തിൽ ഒരു പ്രമേയം അയക്കുകയും നിർഭാഗ്യവശാൽ അതു ബാലറ്റിന്റെ ഫലമായി വാദപ്രതിവാദത്തിനു ഇടയാകാതെ ആയതും ആണ്. അന്ത്യോദ്ദേശ്യത്തോടുകൂടി ജലസംഭരണബോർഡുകളെ സ്ഥാപിക്കുന്നതായാൽ ഗവർമ്മെന്റ ജനങ്ങളുമായി കൂട്ടിമുട്ടി അവരുടെ ആവശ്യങ്ങളെ നല്ലപോലെ മനസ്സിലാക്കുന്നതിനു ഒരുകൂടി നല്ല സൌകര്യംകിട്ടുന്നതാണ്. അവരുടെ നിർദ്ദേശങ്ങൾ ഗവർമ്മെന്റിൽ സമർപ്പിക്കാവുന്നതും ഗവർമ്മെന്റ ആ നിർദ്ദേശങ്ങളനുസരിച്ചു പ്രവൃത്തിച്ചു സങ്കടംഅനുഭവിക്കുന്ന കൃഷിക്കാർക്ക് പരിഹാരം വേണ്ടപോലെ ഉണ്ടാക്കുന്നതിനു സാധിക്കുന്നതുമാണ്.

എൻെറ സ്വന്തം നിയോജകമണ്ഡലത്തിലെ ചില ഉദാഹരണങ്ങളെ പ്രസ്താവിക്കുന്നതായാൽ ഗവണ്മെൻറ ജനങ്ങളുടെ ആഗ്രഹത്തോടു വേണ്ട അനുകമ്പയല്ലെന്നു തെളിയും. ഞാൻ മുമ്പിൽ പറഞ്ഞതുപോലെ എൻെറ താലൂക്കിലെ നിലങ്ങൾ കുളങ്ങളെത്തന്നെയാണു ആശ്രയിച്ചുവരുന്നതു. എല്ലാ കുളങ്ങളും ഇപ്പോൾ ഒരേസമയത്തുതന്നെ നന്നാക്കിച്ചുകഴിഞ്ഞുഎന്നുവരുന്നതായാൽതന്നെ നമ്മുടെ നിലങ്ങൾക്കാവശ്യമായ ജലം കിട്ടുമോ എന്നു എനിക്കു ഭയമുണ്ട്. ആ കാരണത്താലാണ് ജനപ്രതിനിധികൾ അരുവിക്കരയിൽ ഒരു അണയുടെ കാര്യം പ്രസ്താവിച്ച് അതുമൂലം വെള്ളം തോടുവഴിയായി കൊണ്ടുവന്ന് വളരെ സ്ഥലം പുഷ്പത്തിൽ കൃഷിചെയ്യപ്പെടുന്നതാവണമെന്നു ഗവണ്മെൻറിനോടു അപേക്ഷിച്ചതു. കഴിഞ്ഞ വർഷം പ്രജാസഭപ്രതിനിധികളോടു ഇതിലേക്ക ചില അന്വേഷണം നടത്തി കൂടുതൽ അന്വേഷണത്തിനു [illegible] ദിവാൻ മറുപടി പറകയുണ്ടായി. എൻെറ നിയോജകമണ്ഡലത്തിലെ രണ്ടു മെമ്പറന്മാരും ഈ വിഷയത്തെപ്പറ്റി ബലമായി നിവേദനം സമർപ്പിക്കയും രണ്ടുപേരോടും ദിവാൻ മുൻപോലെ മറുപടി പറകയുംചെയ്തു. എന്നാൽ ഇതുവരെ യാതൊന്നും നടന്നിട്ടില്ല. അതു ഒരു സംഗതിയായിരിക്കട്ടെ.

ഗൌരവമേറിയ വേറൊരു സംഗതി പറയുകയാണെങ്കിൽ അതു കോട്ടുകാൽ ഏലായെപ്പറ്റിയാണു. കോട്ടുകാൽ നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും വലിയ പകുതികളിൽ ഒന്നും അവിടെ അനേകായിരം ഏക്കർ നിലങ്ങളുമുണ്ട്. ഏകദേശം ൨൦ കൊല്ലംമുമ്പു പൊഴിമുഖകാരണം ആ ഏലാ ആഴ്ചയോളം വെള്ളംനിറഞ്ഞു നാശപ്പെടുകയും കൃഷിക്കാർ ഗവണ്മെൻറിനോടു വളരെ സങ്കടപ്പെടുകയും ചെയ്തു. ജനങ്ങളുടെ അത്യാവശ്യം ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടു ഗവണ്മെൻറ ഉദ്ദേശം ൨൦,൦൦൦ രൂപ ചിലവുചെയ്ത് ആ ഏലായുടെ കിഴക്കായിട്ടു ഒരു തോടുവെട്ടിച്ചു. ഗവണ്മെൻറിനു അക്കാലത്തുണ്ടായിരുന്ന അഭിപ്രായം പടിഞ്ഞാറുവശത്തുകൂടിയും ഒരു തോടുവെട്ടണമെന്നായിരുന്നു. അതില്ലായ്കതന്നെ കിഴക്കുവശത്തെ തോടുകൊണ്ടു യാതൊരുപയോഗവുംവരുന്നതല്ല. ഇപ്പോഴാ ഈ കഴിഞ്ഞ വളരെക്കാലങ്ങളായിട്ടും പടിഞ്ഞാറെതോട് വെട്ടിട്ടില്ലാത്തതും നിലങ്ങൾ ൧൦൧൧-ൽ നാശപ്പെട്ടതുപോലെതന്നെ അതേസ്ഥിതിയിൽ ഇരിക്കുന്നതുമാണ്. ശ്രീമൂലംപ്രജാസഭയിലും നിയമസഭയിലും അനേകതവണ ഇതു ഗവണ്മെൻറ അറിവിൽ കൊണ്ടുവരാറുണ്ടായിരുന്നു. എന്നിട്ടും നാളിതുവരെയായിട്ടു ഗവണ്മെൻറ ഇതിനെപ്പറ്റി സാരമായി ശ്രദ്ധിച്ചിട്ടില്ല. ഞാൻ ഈവക രണ്ടു സംഗതികളെ പ്രത്യേകിച്ചു പറഞ്ഞതിൻെറ താല്പര്യം കൃഷിക്കുള്ള ജലസംഭരണകാര്യത്തിൽ ജനങ്ങൾക്കുള്ള അത്യാവശ്യങ്ങളും അധികാരികളും ജലാശയനിർമ്മാണങ്ങൾ വേണമെന്ന് മുറവിളികൂട്ടിയിട്ടും ഗവണ്മെൻറ അതേ സംബന്ധിച്ചു ചെയ്തുപോരുന്ന സമ്പ്രദായംകാണിക്കുന്നതിനും നേരെമറിച്ചു ടൌൺവാസികളുടെ സുഖങ്ങളും അതിസുഖങ്ങൾക്കുംവേണ്ടി ലക്ഷക്കണക്കിനു രൂപ വാരി ചിലവുചെയ്യുന്നതിനും ഗവണ്മെൻറിനു മടിയില്ലെന്നും കാണിക്കുന്നതിനുമാത്രമാണ്.

ജനസുഖത്തിനും ജീവിതത്തിനുതന്നെയും കാരണമാകുന്ന ഈ സർവ്വപ്രധാനമായ കൃഷിസേചനജോലിയെസംബന്ധിച്ച വ്യക്തപ്പെടുത്തിയ ഒരു നല്ല പദ്ധതിയുടെ അഭാവംകൊണ്ടു ജനങ്ങൾ അനുഭവിക്കുന്ന സങ്കടത്തെ ഗവണ്മെൻറിൻെറ അറിവിൽ കൊണ്ടുവരുന്നതിനുതന്നെയാണ് ഈ അടിയന്തിരപ്രമേയം ഈ സഭയിൽ കൊണ്ടുവന്നതു. ഞാൻ അഭിപ്രായപ്പെടുന്നതു ഒരു സാരമായ കൃഷിസേചനനയത്തെ നിർദ്ദേശിക്കുന്നതിനും കൃഷിസേചനറഗുലേഷന ഉടനടിതന്നെ ഭേദഗതിപ്പെടുത്താനും ആയി ഈ പ്രധാനപ്പെട്ടകാര്യത്തെപ്പറ്റി ആലോചിക്കുന്നതിനു ഒരു കമ്മിററിയെ രൂപീകരിക്കണമെന്നുള്ളതാണു. ഈ ചുരുക്കവാക്കുകളോടുകൂടി ഈ പ്രമേയത്തെ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): സർ, തിരുവിതാംകൂറിലേക്ക എത്രയും പ്രധാനമായിട്ടുള്ളസംഗതികളിൽ ഏററവും പ്രധാനമായിട്ടുള്ളതു കൃഷിസേചനമാണ്. ഈ നാട്ടിൽ ഉദ്ദേശം ൩ കോടി രൂപയോളം വിലവരുന്ന നെല്ലു ഇറക്കുമതിചെയ്യുന്നതായിട്ടു എക്സൈസ് റിപ്പോർട്ടുകളിൽ കാണുന്നുണ്ട്. ഈ നാട്ടിൽനിന്നും പലവിധത്തിലും ഗവണ്മെൻറിനും പൊതുജനപ്രതിനിധികൾക്കും കച്ചവടക്കാർക്കും മറെറല്ലാ ആളുകൾക്കും കിട്ടുന്നതായ പണം മുഴുവൻ കൃഷിയിൽനിന്നും ഉണ്ടാകുന്നതാണ് എന്നാണ് വിശ്വസിക്കപ്പെട്ടിരുന്നതു. അതിനാൽ കൃഷിക്കുപകാരമായിട്ടുള്ള ഒരു സൌകര്യം ചെയ്തുകൊടുക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ട്.

മി. എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): സർ, ഇംഗ്ലീഷിൽ സംസാരിക്കുന്നതിനു മെമ്പറിനോടു അപേക്ഷിക്കട്ടെയോ?

പ്രസിഡൻറ: മെമ്പറിൻെറ ഇഷ്ടംപോലെ ചെയ്യേണ്ട ഒരു കാര്യമാണ്. എന്തെന്നാൽ ഞാൻ മെമ്പർ അപേക്ഷിച്ചിട്ട് മലയാളത്തിൽ സംസാരിക്കാൻ മുമ്പു അനുവദിച്ചിട്ടുള്ളകാര്യമാണ്.

മി. കേശവപിള്ള, നിങ്ങൾ നിങ്ങൾക്ക ഇംഗ്ലീഷിൽ സംസാരിക്കാമെങ്കിൽ അങ്ങനെ ചെയ്യണം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): സർ, അനുദ്യോഗസ്ഥപക്ഷംമെമ്പറന്മാരായ ഞങ്ങൾ സർവ്വപ്രധാനമായ കാര്യങ്ങളിൽ ഒന്നായിട്ടാണ് ഇതിനെ ഈ കൌൺസിലിൽ സമർപ്പിക്കുന്നതു.

പ്രസിഡൻറ: ദയവുചെയ്തു അല്പംകൂടി ഉച്ചത്തിൽ.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവംകോടും): ജലസേചനം എന്നവാക്കിൻെറ വ്യാഖ്യാനം സാധാരണയായി തിരുവിതാംകൂറിൽ എല്ലാസ്ഥലത്തും ശരിയായി മനസ്സിലാക്കപ്പെട്ടിട്ടില്ല. ഉത്തരതിരുവിതാംകൂറിൽ ജലസംഭരണത്തിൻെറ ആവശ്യം ബലമായി തോന്നിയിട്ടില്ല. പ്രധാനജലസംഭരണപദ്ധതി പല സ്ഥലങ്ങളിലുമായി വേണ്ട ജലസംഭരണപദ്ധതികളിൽ എന്നിങ്ങനെ തിരുവിതാംകൂറിലേക്ക ആവശ്യമുള്ളവയെകാണിച്ചു ഗവണ്മെൻറ പരസ്യപ്രസ്താവനകളും കഴിഞ്ഞ ദിവാൻജിമാരുടെ മെമ്മോറാണ്ടങ്ങളും, ദിവാൻ നാണുപിള്ള, താണുപിള്ള മുതലായ രാജ്യസ്നേഹികളുടെ റിപ്പോർട്ടുകളും മെസ്സേഴ്സ് ടി. കുമാരപിള്ള, ശിവതാണുപിള്ള മുതലായവരുടെ ഈ സഭയിൽ ഉണ്ടായ പല നിവേദനങ്ങളും മി. ഹാർസിലിയെപ്പോലെയുള്ള വിദഗ്ദ്ധ ഇഞ്ചിനീയറന്മാരുടെ അഭിപ്രായങ്ങളും ഉണ്ട്. ൧൦൭൨-ൽ ആ വക വേലകളുടെ ആവശ്യം ബലമായിതോന്നി. ഒരു [illegible] ബിൽ രൂപീകരിക്കയും അതു ഇറിഗേഷൻ റഗുലേഷനായി നിയമമാക്കുകയുംചെയ്തു. എന്നാൽ ഈ റ

ഗുലേഷനിൽ കൃഷിക്കാർക്ക് ഗുണകരമായി ചുരുങ്ങിയതായിട്ടുള്ള വ്യവസ്ഥകളേയുള്ളൂ. അതിനെ ഒരു റഗുലേഷനായി പ്രസിദ്ധപ്പെടുത്തീട്ടുമില്ല. അതുകൊണ്ടു ആ റഗുലേഷനെ ഭേദഗതിചെയ്യുന്നതിനു സമയം അതിക്രമിച്ചിരിക്കുന്നു.

സർ, [illegible] ജലസംഭരണത്തിനു പകുതി [illegible] ഇംഗ്ലണ്ടിലെ ജനങ്ങളുടെ ഇടയിലുള്ള അത്ര [illegible] പരിരക്ഷണത്തിനു [illegible] താല്പര്യമുള്ള [illegible] ഓഫീസറന്മാരുടെ [illegible] അവകാശവും [illegible] ഇവിടെ ഗ്രാമ ഉദ്യോഗസ്ഥന്മാർ [illegible]

[illegible] റഗുലേഷൻ അനുസരിച്ചു [illegible] സാധാരണയായി [illegible] സാധാരണ [illegible]

[illegible] ചീഫ് ഇഞ്ചിനീയർ [illegible] ഉണ്ടായി [illegible]

[illegible] പിന്നീടു [illegible] ചെയ്യപ്പെട്ടിട്ടുണ്ട്.

ഞാൻ [illegible] ചീഫ് ഇഞ്ചിനീയരെ കണ്ടിരുന്നു [illegible] ചീഫ് ഇഞ്ചിനീയർ [illegible] സെക്രട്ടറി [illegible] ചോദിക്കയുണ്ടായി. [illegible] ചീഫ് ഇഞ്ചിനീയർ സ്ഥലത്തു വന്നു [illegible] കൃഷിക്കാർക്ക് [illegible]

[illegible] കരുതുന്നു.

ഞാൻ [illegible] തെക്കൻ തിരുവിതാംകൂറിലെ ജനങ്ങൾ [illegible] ഡിവിഷൻ [illegible] വളരെ [illegible] ഉള്ളവരാണെന്നു ഞാൻ പറയുന്നു. തെക്കൻതിരുവിതാംകൂറിൽനിന്നും വരുന്ന എല്ലാ സ്നേഹിതന്മാരും വിശേഷിച്ചു മി. ടി. കുമാരപിള്ളയും മേൽപറഞ്ഞ ഉദ്യോഗസ്ഥൻ അതിസമർത്ഥനാണെന്നു പറയുന്നതിൽ എന്നോടു യോജിക്കുന്നതാണ്. കൃഷിസംരക്ഷണകാര്യങ്ങളെ നന്നാക്കുന്നതിനു വകുപ്പുകളുള്ള പണങ്ങൾ ചില വ്യക്തികളുടെ [illegible] ഗവണ്മെന്റിലേക്കു [illegible] ഇരിപ്പുണ്ടായി കഴിയുന്നു. ഗവണ്മെന്റിനു [illegible] എന്നാൽ കൃഷിക്കാരുടെ ഗുണത്തിനു അതു തടസ്സമായിരിക്കുന്നതാണ്. ജലസംഭരണം സംബന്ധിച്ചു [illegible] പ്രധാനം, സാധാരണം, ചില്ലറ ഇങ്ങനെ മൂന്നുതരം. തോട്ടുവഴി ജലസേചനം [illegible] ഉണ്ട്. ഇതിനെപ്പറ്റി പറഞ്ഞുവരുമ്പോൾ ഗവണ്മെന്റിന്റെ [illegible] ഞാൻ [illegible]

[illegible] തോട്ടുവഴിയുള്ള [illegible] കൃഷിക്ക് [illegible] സാധിക്കാതെ [illegible] പ്രയോജനകരമാകുന്നില്ല. വെള്ളംകിട്ടുന്നതിനു ഏകമാർഗ്ഗം കുളങ്ങളിൽനിന്നാണ്. കുളങ്ങൾ ആവശ്യമുള്ളതിനേക്കാൾ [illegible] കുളങ്ങളാണ്. [illegible] കുളത്തിലാണ് വെള്ളം ശേഖരിക്കേണ്ടത്. കുളത്തിൽ നിറഞ്ഞ വെള്ളം തോട്ടുവഴിയെ കൊണ്ടുവന്നു താഴെയുള്ള സ്ഥലങ്ങൾക്ക ഉപയോഗിക്കാം. അങ്ങിനെ [illegible] കുളം [illegible] ഉപയോഗിക്കാം. അതുകൊണ്ടു [illegible] സ്ഥലങ്ങളിൽ വെള്ളം ശേഖരിക്കേണ്ടതാകുന്നു.

തെക്കൻ തിരുവിതാംകൂറിലെ, തോട്ടുവഴിയുള്ള ജലസംഭരണം പറയുമ്പോൾ, കോതയാർ അണ ഒന്നു മാത്രമേ സ്ഥാപിച്ചിട്ടുള്ളു. ടി. ഫാർസിലി ഇതിനെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. തെക്കൻതിരുവിതാംകൂറിലെ കൃസ്ത്യാനികളുടെ സമ്മേളനത്തിൽനിന്നു അതിനെപ്പറ്റി ഒരു റിപ്പോർട്ട് പരസ്യംചെയ്തിട്ടുണ്ട്. ചിററാർസ്കീം, പെരിഞ്ഞാലിസ്കീം, പോലെയുള്ള കുറെ വലിയയോജനകൾ തെക്കൻതിരുവിതാംകൂർ കൃഷിക്കാരുടെ ഗുണത്തിനായി ഏർപ്പെടുത്തുന്നതിനായി സഭാ പ്രസിഡന്റായ ദിവാൻഅവർകൾ യത്നിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഇത്രയും തോട്ടവഴിയുള്ള ജലസംഭരണംകൂടി കുളങ്ങളെക്കൊണ്ടുള്ളവയെപ്പററി പറയാനുണ്ട്. പ്രധാനജലസംഭരണ കുളം എന്നത് തലക്കെട്ടിലെ ൨൦൦ ഏക്കർ സ്ഥലത്തിൽ കൂടുതലിനെ കൃഷിസേചനംചെയ്യുന്നതിലേക്കുള്ള കുളങ്ങളാണ്. അതിൽ കുറഞ്ഞവകൾക്ക [illegible] എന്നുപേർ [illegible]

യുന്നു. ഇറിഗേഷൻ റെഗുലേഷൻ കുളങ്ങളെ പുനരുദ്ധാരണം ചെയ്യുന്നതിനെ ഉദ്ദേശിച്ചുള്ളതുമല്ല. അപ്രധാന ജലസംഭരണികളെ നന്നാക്കുന്നതിന് ഗവണ്മെന്റിനു താല്പര്യമില്ലെങ്കിൽ ജനങ്ങൾ ചിലവിൽ പകുതി വഹിക്കണം. കല്ലടയിലും പഴയ ഇരണിയിലും, പകുതി ചിലവുകൊടുക്കേണ്ട ആവശ്യമില്ല. എന്നാൽ മററു താലൂക്കുകളിൽ ജനങ്ങൾ പകുതി ചിലവുകൊടുക്കണം. എന്റെ അഭിപ്രായം പകുതി ചിലവു ഗ്രാന്റായി കൊടുത്തു ചെറിയ കുളങ്ങളെല്ലാം തിരിമുറിയെടുത്തു നന്നാക്കണമെന്നാണ്.

എനിക്കു സ്വല്പംകൂടി പറയുവാനുള്ളൂ. 'എന്റെ സ്നേഹിതൻ മി. കൃഷ്ണപിള്ള നെയ്യാററിങ്കര താലൂക്കിലെ ചില ആവശ്യങ്ങൾ സഭയെ അറിയിച്ചു. എന്റെ നിയോജക മണ്ഡലത്തിലുള്ളവയെപ്പററി ഞാൻ പറയണമെന്നു ക്ഷണിക്കയുണ്ടായി. ഈ ഉപക്ഷേപം ഒരു അടിയന്തര പ്രമേയമായി അവതരിപ്പിക്കാനുള്ള കാരണങ്ങളെപ്പററി മി. കൃഷ്ണപിള്ള പറഞ്ഞില്ല. ഇത്ര സംവത്സരങ്ങളായിട്ടു കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ജലസംഭരണാവശ്യം അത്യാവശ്യമെന്നു കണ്ടിട്ടും ഗവണ്മെന്റ യാതൊരു പദ്ധതിയും ഇതുവരെ കണ്ടു തീരുമാനിച്ചില്ല. അവർ ലക്ഷംലക്ഷം കണക്കിനു, റോഡുകൾക്കും, കുഴൽവെള്ളത്തിനും, വിദ്യുൽശക്തിവിളക്കുകൾക്കുമായി ചിലവാക്കി. ഇവ അപ്രധാനങ്ങളാണെന്നു ഞാൻ പറയുന്നില്ല, എന്നാൽ അവർ കുളങ്ങളെ നന്നാക്കുന്ന കാര്യം ഉപേക്ഷയിൽവച്ചു. സഭയുടെ അടുത്ത ബഡ്ജററിനു മുമ്പ് ഈ കുളങ്ങളെ നന്നാക്കാനായി ഒരു മതിയായ ഇനം വകപ്പെടുത്തി തിരുത്തിവക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഒരു പ്രത്യേകം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ സൃഷ്ടിക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ സഭയെ അറിയിച്ചുകൊള്ളുന്നു. ഇപ്പോൾ ആഫീസർ മാക് റേഡ് ഫോർഡ് മുതലായ അനേകം ജോലികൾ ഉണ്ട്. കുളങ്ങൾ നന്നാക്കേണ്ട കാര്യം ചീഫ് എഞ്ചിനീയരോടു ചോദിച്ചാൽ അദ്ദേഹം മരാമത്തു നിറവേററിക്കൊണ്ടു കിടക്കുന്നു എന്നു പറഞ്ഞുവരുന്നു. അതുകൊണ്ടു ഒരു പ്രത്യേക ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് വേണമെന്നുള്ള സംഗതി യഥാർത്ഥമാക്കിത്തീർക്കുന്നു. ഒരു ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ഉടനടി സ്ഥാപിച്ചു വലിയ ജലസംഭരണവേലകളെപ്പററി റിപ്പോർട്ടുചെയ്യുന്നതിനും ചെറിയതരങ്ങളെപ്പററി ഒരു പദ്ധതി തയാറാക്കുന്നതിനും ഇടവരുത്തണം.

മി. വി. കൃഷ്ണപിള്ള. ലോക്കൽ ബോർഡുകളെപ്പററി പറകയുണ്ടായി. ലോക്കൽബോർഡുകൾ അത്യാവശ്യമെന്നു ഇതിൽ അദ്ദേഹവും ഞാനും ഒരേ അഭിപ്രായക്കാരെന്ന ഗവണ്മെന്റ ശരിപ്പെടുത്തിയ ഈ കുളങ്ങളുടെ സംരക്ഷണത്തിനു പഞ്ചായത്തുകളിലും ചെറിയ കമ്മിററികൾ രൂപീകരിക്കേണ്ടതത്യാവശ്യമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഈ കുളങ്ങൾക്കുവേണ്ടി പല സംഖ്യ ഗവണ്മെന്റ സംശയമില്ലാതെ ചിലവുചെയ്യുവരുന്നു. എന്നാൽ ചിലവുചെയ്തു നന്നാക്കിയാൽ പിന്നെ അവയുടെ സ്ഥിതിയെപ്പററി പിന്നീടു നോക്കാറില്ല. അങ്ങിനെയുള്ള കുളങ്ങൾക്കു പ്രകൃത്യാലോ വിശേഷാലോ ഉള്ള കാരണംകൊണ്ടു വല്ല കേടുകളും ഉണ്ടാകുന്നതായാൽ പ്രത്യേകിച്ചു നോക്കി ഈ കുളങ്ങളെ സൂക്ഷിക്കുന്നതിനു ഒരു സെക്ഷൻ ആഫീസർക്കോ ഒരു പൊതുമരാമത്തു ഓവർസിയർക്കോ സാധിക്കുന്നതല്ല? കാര്യം ഇങ്ങനെയിരിക്കെ ലോക്കൽ ബോർഡുകൾ സ്ഥാപിച്ചുകാണേണ്ട ചുമതല ഗവണ്മെന്റിനാണ്. മിക്കവാറും എന്നേക്കാൾ കൂടുതൽ പരിചയക്കാർ പറയുമായിരിക്കും. ഇറിഗേഷൻ ബോർഡുകൾ തൃപ്തികരമായി വേലചെയ്യുകയില്ല, അതു ഗുണത്തിനുപകരം ദോഷമുണ്ടാക്കും എന്നിങ്ങനെ. വല്ല ആഫീസന്മാരെ, പ്രസിഡണ്ടായി നിയമിച്ചു, ജനങ്ങളുടെ അത്യാവശ്യവും ആഗ്രഹങ്ങളും അനുസരിച്ചു ഗവണ്മെന്റിനോടു വേണ്ട ശിപാർശകൾ ചെയ്യുന്നതായാൽ ഈ ബോർഡുകളുടെ സ്ഥാപനംകൊണ്ടു വളരെ ഗുണങ്ങളുണ്ടാകുമെന്നു എനിക്കു നിശ്ചയമാണ്. ഈ സന്ദർഭത്തിൽ ചില ഗവണ്മെന്റ പ്രൊസീഡിംഗ്സിനെ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിവയ്ക്കുന്നു. അവ,

(i) ൫൪൭/എൽ. ആർ. ആൻറ എഫ്/൧൯൪൯ ജൂൺ ൧൩.
(ii) ൧൨൭൪/എൽ. ആർ. ൧൯൧൭ ഡിസംബർ ൩൦.
(iii) ൩൭൭൩/— ൧൯൧൧ ഏപ്രിൽ ൧൭.

പഴയകാലത്തു, ഓരോ പ്രദേശത്തെ ആവശ്യങ്ങളേയും സ്ഥിതിയേയുംപററി അറിയുന്നതിനു ആ ദേശത്തെ പ്രധാനപ്പെട്ട യോഗ്യന്മാരേയും പ്രാദേശിക കമ്മിററിക്കാരേയും കണ്ടു ഗവണ്മെന്റ ആലോചന നടത്താറുണ്ടായിരുന്നു. കഴിഞ്ഞ ഏഴുകൊല്ലങ്ങളായിട്ടു മററു സ്ഥലം പ്രതിനിധികളേയും സ്ഥലം ആവശ്യങ്ങളേയും പററി ശ്രദ്ധിക്കാറില്ല. ജനപ്രതിനിധികൾ ശരിയായി നിവേദനംകൊണ്ടു ബോധ്യപ്പെടുത്താത്തതുകൊണ്ടോ രാജ്യകാര്യങ്ങൾ ഗവണ്മെന്റ ഭരിച്ചുവരുന്ന സൂക്ഷ്മക്കുറവുകൊണ്ടോ ശ്രദ്ധ അങ്ങിനെ വരുന്നതായിരിക്കാം.

അവസാനമായി ഞാൻ കൌൺസിലിനോടു അപേക്ഷിക്കുന്നതു കണ്ണീരോടുകൂടിയ മൂന്നുലക്ഷം ജനങ്ങളുടെ ഗുണത്തിനുവേണ്ടി ഈ പ്രമേയത്തെ സ്വീകരിക്കണമെന്നാണ്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) : സർ, ഞാൻ മി. കൃഷ്ണപിള്ളയുടെ പ്രമേയത്തെ അനുകൂലിക്കുന്നു. കർഷകപ്രധാനമായ ഈ രാജ്യത്തു പ്രകൃതിദത്തമായ അനുഗ്രഹംകൊണ്ടാണ് കൃഷി നടന്നുപോരുന്നതു. എന്നാൽ കാലാകാലങ്ങളിലുള്ള മഴക്കുറവുകൊണ്ടും മററും കൃഷിക്കാർ പലവിധമായ ബുദ്ധിമുട്ടുകൾ അനുഭവിച്ചുവരുന്നുണ്ട്. എനിക്കു പ്രധാനമായി പറയാനുള്ളത് തിരുവല്ല, അമ്പലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം മുതലായ താലൂക്കുകളിലെ പുഞ്ചകൃഷി, വിരിപ്പുകൃഷി ഇവയെ സംബന്ധിച്ചാണ്. അമ്പലപ്പുഴ, ചങ്ങനാശ്ശേരി, തിരുവല്ല മുതലായ താലൂക്കുകളിലുൾപ്പെട്ട നിലങ്ങളുടെ ആവശ്യത്തിനായി കിടങ്ങറ തോടു, ചെറുകോൽതോടു, പൊങ്ങാനിത്തോടു മുതലായ പല തോടുകളുമുണ്ട്. ചങ്ങനാശ്ശേരി അമ്പലപ്പുഴ തോടു വെട്ടുന്നതിനുവേണ്ടി അനേകം തവണ മെമ്മോറിയൽ സമർപ്പിച്ചും പ്രമാണം വഴിയായിട്ടും ഗവണ്മെന്റിനെ അറിയിച്ചുകൊണ്ടിരിക്കുന്ന ഒരു സംഗതിയാണ്. അതിനെക്കുറിച്ചു ഇതുവരെ യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. മേൽ പറയപ്പെട്ട തോടുകൾ എല്ലാം വെട്ടിയാൽമാത്രമേ മണിമല, പമ്പ [illegible] വെള്ളം ഈ പുഞ്ചനിലങ്ങളിൽ ധാരാളം കയറുന്നതിനും വിരിപ്പുനിലങ്ങളിൽ വെള്ളം കെട്ടിനിൽക്കാതെ ഇറങ്ങിപ്പോകുന്നതിനും സൌകര്യമുണ്ടാകുകയുള്ളൂ.

കഴിഞ്ഞ ബഡ്ജററ് യോഗകാലത്തു ഇറിഗേഷനെപ്പററി ഞാൻ പറഞ്ഞപ്പോൾ മദ്ധ്യതിരുവിതാംകൂറിൽ ഡ്രയിനേജ് അത്യാവശ്യമാകുന്നു എന്നു സൂചിപ്പിക്കയുണ്ടായി. അതിനെക്കുറിച്ചു കൃഷിഡയറക്ടർ അവർകൾ പറഞ്ഞ സമാധാനം അതു കൃഷിഡിപ്പാർട്ടുമെന്റിന്റെ ചുമതല അല്ലെന്നാണ്. വേനൽക്കാലത്തു പലനിലങ്ങളിലും ഉ-

ണക്കസഹിക്കുന്നു. അതുപോലെ വർഷകാലത്തു ഈ വിരിപ്പുനിലങ്ങളിൽ വെള്ളംകെട്ടിനിന്നു അഴുകിച്ചേതവുംവരുന്നുണ്ട്. അതിനാൽ മദ്ധ്യതിരുവിതാംകൂറിലെ കൃഷിസൌകര്യത്തിനു ഡ്രയിനേജും അത്യാവശ്യമാണ്.

ഇപ്പോൾ കൂലി ധാരാളമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരുകാലമാണ്. പുഞ്ചനിലങ്ങളിൽ ഒന്നിരാടൻവർഷകാലങ്ങളിലെ കൃഷിയൊള്ളു. ഈ കൂലിയുടെ കൂടുതൽനിമിത്തവും വെള്ളത്തിന്റെ കുറവുനിമിത്തവും പുഞ്ചനിലങ്ങളിൽ മുമ്പിലത്തെപ്പോലെ വിളവുലഭിക്കുന്നില്ല. ഗവണ്മെന്റു കണ്ടുകൃഷിനിലങ്ങൾതന്നെ ഈ സ്ഥലങ്ങളിൽ ധാരാളമുണ്ട്.

ഇവിടെ ഒരുകമ്മിററിയെ സംബന്ധിച്ചു മി. കൃഷ്ണപിള്ള പ്രസ്താവിച്ചതായി കാണുന്നുണ്ട്. അങ്ങിനെ ഒരുകമ്മിററി ഏർപ്പെടുത്തുന്നപക്ഷം കൃഷിയിൽ വൈദഗ്ദ്ധ്യമുള്ള കൃഷിക്കാരെത്തന്നെ അതിൽ അംഗങ്ങളായി തിരഞ്ഞെടുക്കേണ്ടതാണ്.

മി. എ. എസ്സ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : ഇതു ഈ കൌൺസിലിൽനിന്നും തിരഞ്ഞെടുത്താൽ മതിയോ.

മി. താമരപ്പിള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) : മതി, കൃഷിയെ സംബന്ധിച്ചും മററും നല്ല പരിചയമുള്ളവരായിരിക്കണം എന്നേയുള്ളു.

തെക്കൻതിരുവിതാംകൂറിൽ ഇറിഗേഷനെ സംബന്ധിച്ചു മാത്രമേ പറയുന്നുള്ളു. മദ്ധ്യതിരുവിതാംകൂറിൽ ഇറിഗേഷനും ഡ്രയിനേജും വേണം. അതിനാൽ ഇതിലേക്കു ഒരുപ്രത്യേക ഡിപ്പാർട്ടുമെന്റു തിരിച്ചു ഈവകജോലികളെ ക്രമപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിന്താങ്ങിക്കൊള്ളുന്നു.

മി. തരിയതുകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിന്താങ്ങുന്നു. മററുവിഷയങ്ങളിൽ രാജ്യത്തുണ്ടായിട്ടുള്ള അഭിവൃദ്ധിപോലെ കൃഷിവിഷയത്തിൽവലിയ അഭിവൃദ്ധി ഉണ്ടായിട്ടില്ല. ജനങ്ങളുടെ കാലക്ഷേപമാർഗ്ഗം കൃഷിയായിരിക്കെ, കൂടുതൽവിളവു കിട്ടത്തക്കവിധം പരിഷ്കൃതരീതിയിലുള്ള കൃഷിസമ്പ്രദായത്തെ നടപ്പാക്കിയും കൃഷിസേചനവേലകൾ നടത്തി, കൃഷിസ്ഥലംവർദ്ധിപ്പിച്ചും, വനത്തിൽനിന്നും ചില സ്ഥലങ്ങൾ വിട്ടുകൊടുത്തു കൃഷിക്കാർക്കു നൽകിയും കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. ഈ മാർഗങ്ങളിൽഒന്നും ഗവണ്മെന്റു വേണ്ടപോലെ ശ്രദ്ധപതിപ്പിച്ചുകാണുന്നില്ല. കൃഷിക്കാരുടെ പ്രതിനിധികളായ ഞങ്ങൾ ആവർത്തിച്ചാവർത്തിച്ചു പ്രമേയങ്ങളും ഉപക്ഷേപങ്ങളുംവഴി, ഗവണ്മെന്റിന്റെ ശ്രദ്ധയെ കൃഷികാര്യത്തിൽ ക്ഷണിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ സാരമായ പ്രയോജനമൊന്നുമില്ല. കൃഷിസ്ഥലമില്ലാതെ ജനങ്ങൾ കഷ്ടപ്പെടുന്നു. ഗവണ്മെന്റു ഉൾനാടുകളിലെ കൃഷിക്കാരുടെസ്ഥിതികളെ പററി അന്വേഷിച്ചാൽസൂക്ഷ്മമായജ്ഞാനം ലഭിക്കും. ഇതരതൊഴിലുകളാണു പട്ടണങ്ങളിൽ ഉള്ളതു്; കൃഷിയധികവും ഉൾനാടുകളിലാണു. അവിടെയാണു് കൃഷിവിഷയമായ അന്വേഷണം നടത്തേണ്ടതു. ആ ഉൾപ്രതിയുള്ള കൃഷിസ്ഥലം വളരെ പരിമിതമാണു. തെക്കൻ തിരുവിതാംകൂറിൽ കൃഷിസേചനവേലകൾപോലെ കൂടുതൽസൌകര്യമുണ്ടാക്കിത്തരണമെന്നുപറയുന്നു. അതനുസരിച്ചു കഴിയുന്നിടത്തോളം സൌകര്യപ്പെടുത്തിക്കൊടുക്കേണ്ടതു അത്യാവശ്യമാണു. അവിടെപലതും ഇനിയുംചെയ്യാനുണ്ടു. വടക്കൻതിരുവിതാംകൂറിൽ കൃഷിവിഷയമായി ഒന്നും ഗവണ്മെന്റു ഇതുവരെചെയ്തിട്ടില്ല. കൃഷിസേചനവേലകൾകൊണ്ടു് കൃഷിക്കുകൂടുതൽ സൌകര്യം ഉണ്ടാക്കുവാൻ വടക്കൻ തിരുവിതാംകൂറിൽ പലതും ചെയ്യേണ്ടതുണ്ടു. വടക്കൻ തിരുവിതാംകൂറിലേക്കു പ്രത്യേകം ഒരാളെനിയോഗിച്ചു വേണ്ട അന്വേഷണം നടത്തി ആ ആളിന്റെ അഭിപ്രായം അനുസരിച്ചു ഗവണ്മെന്റു പ്രവൃത്തിക്കണം.

മൂവാററുപുഴ താലൂക്കിൽതന്നെ ഞാൻ ആവർത്തിച്ചാവർത്തിച്ചു ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ള ചില ചിറകൾ താഴ്ത്തുന്നതിനു എഞ്ചിനീയർ ഡിപ്പാർട്ടുമെന്റു കുറേവേലകൾ നടത്തിയിരുന്നു. രണ്ടുവർഷംമുമ്പു സ്വല്പംവേലകൾ നടത്തി ഇപ്പോൾ വെറുതെ ഇട്ടിരിക്കയാണ്. ആയ്ക്കപ്പുള്ളിച്ചിറ ആളിയത്തുചിറ തോട്ടക്കരച്ചിറ മുതലായകുളങ്ങളെ താഴ്ത്തിത്തരണമെന്നാണ് ഞാൻ ആവശ്യപ്പെട്ടിരുന്നതു. അന്നത്തെ ചീഫ് എൻജിനീയർ സ്ഥലംകാണുകയും ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ അതിലെവേലകൾ ആരംഭിക്കുകയുംചെയ്തു. കുറെവേലനടന്നശേഷം ഇപ്പോൾനിറുത്തി വച്ചിരിക്കുന്നതുകൊണ്ടു ഉപദ്രവമാണു കൃഷിക്കാർക്കു വന്നിട്ടിരിക്കുന്നതു. ഒന്നുരണ്ടുതോട്ടിൽ ചിറകെട്ടുന്നതിനായിരുന്ന അവിടെപണങ്ങൾ കൊടുത്തുകൊണ്ടിരുന്ന ഇപ്പോഴാണു ഗവണ്മെന്റിൽനിന്നും കുറെവേലകൾചെയ്തതു. ഇപ്പോൾ ജനങ്ങൾക്കു അസംതൃപ്തിയാകാനേ നിവൃത്തിയില്ല. ഗവണ്മെന്റുപൂർത്തിയാക്കുന്നുമില്ല. രണ്ടുകൊല്ലമായിട്ടു ഈ ചിറകൾ താഴ്ത്തുന്നതിനുള്ള വേലകൾഒന്നും നടത്തുന്നുമില്ല. ഇതുകൂടാതെ മറെറാകം ചിറകൾ നന്നാക്കേണ്ടതു്. ഇവയിൽഓരോന്നും നന്നാക്കുന്നപക്ഷം പത്തൻപതുഏക്കർ സ്ഥലംവീതം കൃഷിക്കുഉപയോഗപ്പെടും. നന്നാക്കുന്നതിനു അധികംചിലവുമില്ല. ഈ വകസംഗതികളിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കണം. കൃഷിവിഷയത്തിലുള്ള ജനങ്ങളുടെ പ്രതീക്ഷയെല്ലാം അസ്ഥാനത്തായിരിക്കയാണ്.

മി. വി. ചെല്ലംപിള്ള (തോവാള): തെക്കൻതിരുവിതാംകൂറിൽ വേണ്ടകൃഷിസേചന വേലകളെല്ലാം ചെയ്തുകഴിഞ്ഞു ഇനിചെയ്യാനില്ലെന്നാണോ മെമ്പർപറയുന്നതു?

മി. തരിയതുകുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഞാൻ അങ്ങിനെപറഞ്ഞില്ല. അവിടെയും പലതുംചെയ്യാനുണ്ടെന്നും രാജ്യത്തുകൃഷിസ്ഥലംവർദ്ധിപ്പിക്കാൻ വഴിയില്ലാത്തതിനാൽ റിസർവിൽനിന്നും ഭൂമിവിട്ടുതരണമെന്നും മററുമാണു ഞാൻപറഞ്ഞതു. അല്ലാതെ തെക്കൻതിരുവിതാംകൂറിൽ ഇനിഒന്നും ചെയ്യേണ്ടതില്ലെന്നു എനിക്കഭിപ്രായമില്ല. അവിടെഭൂമിനിരപ്പാകയാൽ ജലസേചനവേലകൾ നടത്തുന്നതിനു അധികംസൌകര്യമുണ്ടു, മഴകുറവുമാണ്. കോടികണക്കിനു ഇറിഗേഷൻ വേലക്ക് അവിടെ ചിലവുചെയ്തിട്ടുണ്ടെങ്കിലും ഇനിയും ചെയ്തുകൊള്ളട്ടെ. അതിൽ സന്തോഷമേയുള്ളു എന്നാൽ മദ്ധ്യോത്തരതിരുവിതാംകൂറിലും ചെയ്യണം. ഈ രാജ്യത്തെ ഐശ്വര്യവും നാഗരീകവും കൃഷിസ്ഥലങ്ങളിൽതന്നെയാണ് വേരൂന്നിയിരിക്കുന്നതു്. കൃഷിക്ഷയിച്ചാൽ മററെല്ലാംതന്നെക്രമേണക്ഷയിച്ചുപോകും അതിനാൽഇക്കാര്യത്തിൽ ഗവണ്മെന്റുപ്രത്യേകംശ്രദ്ധിക്കണമെന്നു് പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഹാർദ്ദവമായിപിന്താങ്ങിക്കൊള്ളുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, മി. എൻ. കെ. കൃഷ്ണപിള്ള ഉപക്ഷേപിച്ചിട്ടുള്ള ഈ [illegible] ഞാൻ ചിന്താക്കുന്ന ഈ ഗവൺമെൻറിന്റെ [illegible] ശ്രദ്ധ ക്ഷണിക്കുന്നു. [illegible] പ്രധാന സംഗതിയാണ്. നാട്ടിലെ [illegible] രാജ്യത്തിന് [illegible] ശ്രീമൂലം തിരുനാൾ മഹാരാജാവ് തിരുമനസ്സിനാൽ [illegible] [illegible] കൃഷിക്കാർക്ക് [illegible] [illegible] ചെയ്ത [illegible] [illegible] ആവശ്യ [illegible] [illegible] എന്നും, [illegible] [illegible] ചെയ്യണമെന്ന് [illegible]

മി. [illegible] ([illegible]): ഈ [illegible] കാര്യത്തിനുള്ള [illegible]?

മി. ഡി. സി. ജോസഫ് ([illegible]): [illegible].

മി. [illegible] ([illegible]): [illegible] ഉദ്യോഗസ്ഥന്മാരുടെ [illegible] [illegible]?

മി. ഡി. സി. ജോസഫ് ([illegible]): [illegible] മനസ്സിലായിട്ടില്ല.

[illegible] കൃഷിക്കാർ [illegible] [illegible] കൃഷി [illegible] [illegible] കൃഷിയുടെ [illegible] [illegible] [illegible] തന്നെ [illegible] [illegible] കൃഷിക്കാരെ [illegible] [illegible] ഈ [illegible] ശ്രദ്ധയിൽ ഉടനെ [illegible].

[illegible] വെളിപ്പെട്ടിട്ടുണ്ട്. അവയിലൊന്ന് [illegible] [illegible] അധികാരത്തോടെ പണത്തിന്റെ [illegible] ഈ [illegible] എന്താണ്. ആ ഡിവിഷൻ ഇർറിഗേഷൻ ആഫീസർ [illegible] [illegible] [illegible]. മി. [illegible] അദ്ദേഹം അതിസമർത്ഥനാണ്, എന്നാൽ അദ്ദേഹം പണം ചിലവാക്കുന്ന വിഷയത്തിൽ [illegible] [illegible] അനുവദിക്കുന്ന വ്യക്തമായിട്ടുള്ള കൃഷിക്കാരുടെ ഉപയോഗത്തിന് ചിലവിടേണ്ടതാണ്. എന്നാൽ അദ്ദേഹം അങ്ങനെ ചിലവാക്കാൻ ഒരുങ്ങുന്നില്ല. അദ്ദേഹത്തിന്റെ ഏർപ്പാടുകളെ സൂക്ഷിച്ചാൽ [illegible] സങ്കടം അനുഭവിക്കുന്ന കൃഷിക്കാരുണ്ട്.

മി. വി. വെല്ലുംപിള്ള ([illegible]): [illegible] കൊള്ളാമെന്ന [illegible] ഇതിന് [illegible] എന്തെങ്കിലും [illegible]?

മി. ഡി. സി. ജോസഫ് ([illegible]): [illegible] ബഡ്ജറ്റിൽ [illegible] ഡിവിഷൻ ആഫീസർമാരും അവരവരുടെ [illegible] സമർപ്പിക്കുമ്പോൾ [illegible] അനുവദിച്ചിട്ടുണ്ട്.

മി. എസ്സ്. പരമേശ്വരൻപിള്ള (കല്ലുവട്ടവും വ്യവസായവും തെക്ക്): ചീഫ് എൻജിനീയർ അതിനേൽ [illegible] ചെയ്യുന്നില്ലേ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഉണ്ട്. അദ്ദേഹം ആഗ്രഹമുണ്ടായിരിക്കും. അദ്ദേഹവും ഒരു മനുഷ്യനാണ്. രാജ്യത്തിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ആളാണ്. [illegible] അദ്ദേഹം ചുമതലക്കാരനാണെങ്കിലും ഇവയെല്ലാം എല്ലായ്പ്പോഴും ശ്രദ്ധിക്കുവാൻ അദ്ദേഹത്തിനു സാധിക്കുന്നതല്ല. പ്രാദേശികമായി നോക്കിയാൽ ഉള്ളവൻ [illegible] അദ്ദേഹം ചുമതലക്കാരനല്ല.

മി. എസ്സ്. പരമേശ്വരൻപിള്ള (കല്ലുവട്ടവും വ്യവസായവും തെക്ക്): ചീഫ് എൻജിനീയർ ചുമതലപ്പെട്ടവനല്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): അദ്ദേഹം ചുമതലക്കാരനാണോ അല്ലയോ എന്നും എനിക്കു പറവാൻ സാധിക്കയില്ല.

അതുകൊണ്ട് ഈ അരുവികളെല്ലാം സൂക്ഷിക്കാതെ നിരുപയോഗമായികിടക്കയാണ്. വേറൊരു കാര്യം കൂടി പറയേണ്ടതു പുതിയ അരുവികളോ ജലസേചനങ്ങളോ വേണമെന്നപേക്ഷിച്ച് അവ ചെയ്തുകൊടുക്കാൻ അനുവാദം ലഭിച്ചാലും അവയെ വേണ്ടവണ്ണം ചെയ്തു കൊടുക്കുന്നതുമില്ല എന്നതാണ്. അതു കാരണം അഗസ്തീശ്വരം താലൂക്കിൽ പുറമെയുള്ള ഗ്രാമങ്ങളിൽ ജലദൗർലഭ്യം ഉണ്ട്. കിണർ വെട്ടുന്നതിനു അനുവാദം സിദ്ധിച്ച് അതു ഇതുവരെ തുടങ്ങിയിട്ടില്ല. അതുകൊണ്ടു ആ പ്രദേശത്തുള്ളവർ കുടിക്കാൻ നല്ല വെള്ളമില്ലാതെ വളരെ കഷ്ടപ്പെടുന്നു.

പ്രസിഡൻറ്: ശാരീരികസേചനം കൂടിയുണ്ടോ?

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഉണ്ട്. അതും ഇതുവരെ ഉണ്ടാക്കപ്പെട്ടിട്ടില്ല. ഉണ്ടായിരുന്നാൽ അതുകൊണ്ടു കാര്യവും വഹിക്കും ശാരീരിക സേചനവും. ജലകൃഷിസേചനവും നടത്തും. ഞാൻ ചില്ലറ കാര്യങ്ങളിലേക്കു കടക്കുന്നില്ല.

ദക്ഷിണതിരുവിതാംകൂറിലെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി വേണ്ട അന്വേഷണംചെയ്യുന്നതിനും അവിടെ ജലസംഭരണസൗകര്യം വിജയപ്രദമാക്കുന്നതിനുമായി ഒരു കമ്മററിയെ നിയോഗിക്കേണ്ടകാര്യം സഭയെ അറിയിക്കണമെന്നുള്ളതാണ് എനിക്കു പ്രത്യേകിച്ചുള്ളതു്.

ആ ഡിവിഷൻ ചാർജ്ജുവഹിക്കുന്ന ആഫീസറെ ഉടനെ ആ പ്രദേശത്തുനിന്നും മാററിയില്ലെങ്കിൽ, ജനങ്ങളുടെ ഇടയിൽ ക്ഷോഭമുണ്ടാകുന്നതാണെന്നുകൂടി ഞാൻ സഭയുടെ ഇരുഭാഗത്തുമുള്ളവരെ അറിയിച്ചുകൊള്ളുന്നു. ഗവണ്മെൻറിനെയോ ഡിപ്പാർട്ടുമെൻറുമേലാവിനെയോ സങ്കടപരിഹാരത്തിനായി ഉപദ്രവിക്കാൻ തയാറായിരിക്കും. ഇതുവക സങ്കടം ഉടനെ പരിഹരിക്കണമെന്നു ഞാൻ ഡിപ്പാർട്ടുമെൻറിൻെറ അറിവിൽപെടുത്തുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, ഞാൻ മി. കൃഷ്ണപിള്ളയുടെ പ്രമേയത്തെ ഏകയോഗ്യം പിന്താങ്ങിക്കൊള്ളുന്നു. ഒരു രാജ്യത്തിലെ ഓരോ പട്ടണങ്ങളിലും എത്രയോ വ്യവസായശാലകളും, യന്ത്രശാലകളും നടത്തിയാലും ആഹാരസാധനം സ്വയമേവ ഇല്ലെങ്കിൽ ആ രാജ്യത്തു സമാധാനം ഉണ്ടായിരിക്കുകയില്ല. ഇന്നു ഈ രാജ്യത്തു കുടിൽതൊട്ടു കൊട്ടാരംവരെയുള്ള ഓരോരുത്തരേയും പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതു്, വിദ്യാവിഹീനന്മാരും സാധുക്കളുമായ കൃഷീവലന്മാരാണ്. ബൽജിയം, ഹാളണ്ട്, ജർമ്മനി മുതലായ രാജ്യങ്ങളിൽ അവിടത്തെ കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഗവണ്മെൻറുതന്നെ ഓരോ കമ്മററികൾ ഏർപ്പെടുത്തി അവർക്കു വേണ്ട ധനസഹായങ്ങളും ചെയ്തുകൊണ്ടിരിക്കുന്നു. മൈസൂർരാജ്യത്തു ഗവണ്മെൻറ് സാധുക്കളായ കൃഷിക്കാർക്കു ഭൂമി ദാനമായി കൊടുത്തു കൃഷിവിഷയത്തിൽ ജനങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ള സംഗതിയും ഗവണ്മെൻറിന് ഏററവും അറിയാവുന്നതാണ്. എന്നാൽ തിരുവിതാംകൂർഗവണ്മെൻറ് കൃഷിക്കു വേണ്ടിയ തരത്തിലുള്ള സഹായസഹകരണങ്ങൾ ചെയ്യുന്നില്ലെന്നു ഞാൻ കഴിഞ്ഞ ബഡ്ജററു ചർച്ചയിൽ പ്രസ്താവിക്കയുണ്ടായി.

സർ, ഈ തിരുവിതാംകൂറിലുള്ള എല്ലാ ഡിപ്പാർട്ടുമെൻറും കൃഷിവിളവുകൊണ്ടു് ഇത്രയും ഉയർന്നുവരുന്ന ഗവണ്മെൻറുണ്ടാക്കുന്ന പോഷിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള സംഗതി ഗവണ്മെൻറിനും അറിയാവുന്നതാണ്. അങ്ങിനെയുള്ള കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനു ഗവണ്മെൻറ് ഇതുവരെ യാതൊന്നും പ്രവൃത്തിച്ചിട്ടില്ലെന്നുള്ളതു വളരെ പരിതാപകരമാണ്. വ്യവസായംകൊണ്ടും മററും പ്രസിദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഓരോ രാജ്യങ്ങളിൽപോലും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് എത്രയോ പണം ചിലവഴിച്ചുവരുന്നുണ്ട്. എന്നാൽ കൃഷികൊണ്ടുമാത്രം ഉപജീവനം നടത്തിപ്പോരുന്ന നമ്മുടെ രാജ്യത്തെ ഗവണ്മെൻറ് ഈ സംഗതിയിൽ മൌനംഭജിക്കുന്നതിൻെറ രഹസ്യം മനസ്സിലാകുന്നില്ല. നമ്മുടെ ഗവണ്മെൻറ ഇതരരാജ്യങ്ങളിലെ സ്ഥിതിഗതികളെ ഉപേക്ഷിച്ചു നമുക്ക് ഒരു കൃഷിഡിപ്പാർട്ടുമെൻറു തുറന്നുതന്നു. "ഏട്ടിലെ പശു പുല്ലുതിന്നുകയില്ല" എന്ന നിലയിൽ ഈ ഡിപ്പാർട്ടുമെൻറു വർത്തിക്കുകയാണു ചെയ്യുന്നതു്. ഈ ഡിപ്പാർട്ടുമെൻറിനു വേണ്ട ശക്തികൊടുക്കേണ്ടതു ഇപ്പോഴാണ്—ഇവിടെ കൃഷിക്കാർക്കു സാരമായ ഗുണങ്ങളുണ്ടാകും ചെയ്യേണ്ടതു്.

അതിനാൽ നമ്മുടെ ഗവണ്മെൻറ് ഇനിയെങ്കിലും ഒരു കമ്മററിയെ നിയമിച്ച് കൃഷിയെ അഭിവൃദ്ധിപ്പെടുത്താത്തപക്ഷം വിദേശത്തുനിന്നും നെല്ലും അരിയും കൂടുതൽ ഇറക്കുമതിചെയ്യേണ്ടിവരും. മി. കൃഷ്ണപിള്ള മൂന്നുകോടിരൂപയുടെ നെല്ല് തിരുവിതാംകൂറിൽ വരുന്നുണ്ടെന്ന് ഇവിടെ പ്രസ്താവിക്കയുണ്ടായി. എന്നാൽ ഇനി ജനസംഖ്യ വർദ്ധിക്കുകയാണെങ്കിൽ ഇനിയും ഈ ഇറക്കുമതിചെയ്യുന്ന നെല്ല്, അരി ഇവയുടെ സംഖ്യ വർദ്ധിച്ചുവരികയേയുള്ളു.

മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുന്നത്തുനാട്ടുതാലൂക്കിലെ അതിരപ്പള്ളി സ്കീം നടപ്പിൽവന്നാൽ വളരെ ഭൂമികൾ കൃഷിക്കു ഉപയോഗപ്പെടുത്താൻ പാടില്ലേ?

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇതിനെപ്പററി ബജററുചർച്ചാവേളയിൽ ഞാൻ വേണ്ടപോലെ ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചിട്ടുണ്ട്. ഇപ്പോഴും അതിനെപ്പററി പറഞ്ഞു് ഒരു ഈർഷ്യ ഗവണ്മെൻറിനു വരുത്തണോഎന്നു വിചാരിച്ചാണു പറയാത്തതു്. അതിരപ്പള്ളി സ്കീമിനെപ്പററി പറയുകയാണെങ്കിൽ വളരെയുണ്ട്. പെരിയാറണകെട്ടി ബ്രിട്ടീഷ്ഗവണ്മെൻറ് മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽ വെള്ളംകൊണ്ടുപോയി അനേകായിരം ഏക്കർസ്ഥലം കൃഷിനടത്തുന്നുണ്ട്. എന്നാൽ അതിരപ്പള്ളിയിൽ ഒരണകെട്ടിയാൽ അനേകം ഏക്കർസ്ഥലം ഇവിടെ കൃഷിക്കുപയോഗപ്പെടുത്താം. അവിടെ ഒരണക്കെട്ടുവാനായും നമ്മുടെ ഗവണ്മെൻറ് എത്തിനോക്കീട്ടുണ്ട്. അതുകൊണ്ടു് അതിരപ്പള്ളിസ്കീം നടപ്പിൽവരുത്തേണ്ടതത്യാവശ്യമാണ്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു.

മി. എ. കേശവപ്പൻ (ചീഫ് ഇഞ്ചിനീയർ): സർ, മി. കൃഷ്ണപിള്ള പ്രമേയംകൊണ്ടുവന്ന രീതിയെപ്പററി എനിക്കു സന്തോഷമാണ്. സഭയുടെ അനുവാദത്തോടുകൂടി, സംരക്ഷകജലസംഭരണത്തിൻെറ കാര്യത്തിൽ സംഗതികൾ കൃത്യമായി എങ്ങിനെയിരിക്കുന്നുഎന്നു കാണിക്കാൻ കുറെ കണക്കുകൾ ഇവിടെ പറയാം.

൧൦൯൯ മുതൽ ൧൧൦൪ വരെ കൊല്ലങ്ങളിൽ താഴെ പറയപ്പെടുന്ന വേലകൾ പര്യവേക്ഷണംചെയ്തു നടത്തപ്പെട്ടിട്ടുണ്ട്.

		വേണ്ട അന്വേഷണംചെയ്തു അടങ്കൽ തയാറാക്കിയതിൻെറ എണ്ണം		ചെയ്തുതീർത്തതോ നടത്തിപ്പിൽ ഇരിക്കുന്നതോ ആയതിൻെറ എണ്ണം
൧.	ആലുവാ	൨൯	...	൨൩
൨.	കോട്ടയം	൩൬	...	൧൦
൩.	കൊല്ലം	൭൫	...	൩൩
൪.	തിരുവനന്തപുരം	൧൭൪	...	൮൦
൫.	നാഗർകോവിൽ	൭൩	...	൫൩

൧൦൯൭ മുതൽ ൧൧൦൪ വരെയുള്ള കൊല്ലങ്ങളിൽ സംരക്ഷകജലസേചനത്തിനു ചിലവാക്കിയ തുക താഴെപറയുംപോലെയാണ്.

൧൦൯൭	...	൬൦,൩൭൮	രൂപാ
൧൦൯൯	...	൯൪,൩൯൧	,,
൧൧൦൦	...	൧,൪൬,൩൯൬	,,
൧൧൦൧	...	൧,൩൭,൩൮൦	,,
൧൧൦൨	...	൯൧,൧൧൪	,,
൧൧൦൩	...	൧,൨൯,൭൩൩	,,
൧൧൦൪	...	൭൪,൮൪൧	,,

ഈ കണക്കുകളെക്കൊണ്ട് ചിലവു താന്നുപോകുന്നുഎന്നു വ്യക്തമാണ്. പ്രധാനകാരണങ്ങൾ ഉള്ളതു ഒന്നു നടപ്പിലിരിക്കുന്ന ഇറിഗേഷൻറഗുലേഷനും ചട്ടങ്ങളും സിദ്ധാന്തിക്കുന്ന അടങ്കൽ അനുവാദംവാങ്ങേണ്ടതായ സമയതാമസ്യവും (൨) ഇപ്പോഴത്തെ സിൽബന്തികളുടെ കുറവുമാണ്. രണ്ടാമത്തേതാണ പ്രധാനകാരണം. ൧൦൯൭-ലെ പരിഷ്കാരത്തിനുശേഷം ഉണ്ടായിരുന്നതായ ഡിപ്പാർട്ടുമെൻറലെ ഉദ്യോഗഎണ്ണംതന്നെയാണ് ഇപ്പോഴും ഉള്ളത്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ജലസംഭരണവേല കയ്യേൽക്കുന്നതിനു തയ്യാറാക്കുന്ന അടങ്കൽ അനുമതിയേണോ?

മി. എ. വെപ്പൻ (ചീഫ് ഇഞ്ചിനീയർ): നിശ്ചയമായിട്ടും.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആ അധികാരം ചീഫ് ഇഞ്ചിനീയർക്ക കൊടുത്താൽ സൌകര്യമോ അസൌകര്യമോ? അതായതു ബഡ്ജറ്റിൽ തുക തിരിച്ചുവച്ചു ചീഫ്ഇഞ്ചിനീയരെ ഏല്പിക്കണോ?

മി. എ. വെപ്പൻ (ചീഫ് ഇഞ്ചിനീയർ): എനിക്കു നിശ്ചയമില്ല. ആ ചോദ്യത്തിനു എനിക്ക് മറുപടിപറയാൻ സാധിക്കയില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അടങ്കൽ അനുവദിക്കുന്നതു ചീഫ്ഇഞ്ചിനീയരാണോ?

മി. എ. വെപ്പൻ (ചീഫ് ഇഞ്ചിനീയർ): ഇപ്പോൾ ആ ചോദ്യത്തിനു മറുപടിപറയാൻ സാധിക്കയില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സൌകര്യപ്പെട്ടതോ എന്നാണ ഞാൻ ചോദിക്കുന്നത്?

മി. എ. വെപ്പൻ (ചീഫ് ഇഞ്ചിനീയർ): സൌകര്യമായിട്ടു വന്നേക്കാം.

മി. എസ്സ്. പിറവിപെരുമാൾപിള്ള (കച്ചവടവും വ്യവസായവും, തെക്ക്): ചിലവുകൂടിയിരുന്ന പഴയകൊല്ലങ്ങളിലെപ്പോലെ ചിലവുകുറഞ്ഞിരുന്ന കഴിഞ്ഞസംവത്സരത്തിലും ഡിപ്പാർട്ടുമെൻറു സിൽബന്തികളും അതേഎണ്ണംതന്നെ ആയിരുന്നോ?

മി. എ. വെപ്പൻ (ചീഫ് ഇഞ്ചിനീയർ): സിൽബന്തികൾ ഒരേകണക്കിൽ ഇരുന്നു. അതിനെക്കൂടാതെ മറ്റുകാരണങ്ങളും ഉണ്ട്.

൧൦൯൭-ലെ പരിഷ്കാരത്തിൽ ഉണ്ടായ പതിവ് സിൽബന്തികൾതന്നെയാണ ഇപ്പോഴുള്ളത്. സാധാരണ പൊതുമരാമത്തുവേലകൾക്ക ചിലവു താഴെകാണിക്കുന്നപോലെയാണ്

		ലക്ഷംരൂപാ	
൧൦൯൭	...	൨൩.൭൬	
൧൧൦൨	...	൨൯.൨൦	
൧൧൦൩	...	൩൩.൭൦	
൧൧൦൪	...	൪൧.൯൮	
൧൧൦൫	...	൪൨.൪൮	(ബഡ്ജറ്റിൽ കാണിച്ചിരിക്കുന്നതു്).

എന്നാൽ സിൽബന്തിചിലവു താഴെകാണിക്കുംപടിയാണ്.

		ലക്ഷംരൂപാ
൧൦൯൭	...	൪.൩൬
൧൧൦൨	...	൪.൬൩
൧൧൦൩	...	൪.൬൭
൧൧൦൪	...	൮.൬൯
൧൧൦൫	...	൮.൮൩

൧൧൦൪-ം ൧൧൦൫-ം കൊല്ലങ്ങളിലെ മുൻകാലത്തെ അപേക്ഷിച്ചുകാണുന്നതു കൂടുതൽ കുറെ താൽക്കാലികമായ സിൽബന്തികളെ ഉൾപ്പെടുത്തിയതുകൊണ്ടാണ്.

എൻറയും എൻറെ ആഫീസ് സിൽബന്തികളുടേയും ശമ്പളം അലവൻസു മുതലായവയിൽ ഒരു ചെറിയ ശതമാനം ൧൧൦൩-ം ൧൧൦൪-ം കൊല്ലങ്ങളിലെ പ്രധാന സ്കീമുകളുടെ അന്വേഷണത്തിനും നടത്തിപ്പിനും ചേരേ വകയ്ക്കുള്ള ചിലവിലേക്ക ന്യായമായി വഹവക്കേണ്ടതാണ്.

൧൧൦൪-ം ൧൧൦൫-ം കൊല്ലങ്ങളിലെ താൽക്കാലികസിൽബന്തികളുടെ ചിലവുമുറക്ക ൪൩,൧൯൨-ം ൩൯,൧൪൩ രൂപയാകുന്നു. മേൽ കാണിച്ച കണക്കുകളെക്കൊണ്ടു വ്യക്തമാകുന്നതു്. ൧൦൯൭ മുതൽ ൧൧൦൨ വരെ താൽക്കാലിക വക കൂട്ടിയാൽ സിൽബന്ധിചിലവു ൧൩ ശതമാനവും അല്ലാതെ ൧൮൯ ശതമാനവും ൧൧൦൩ മുതൽ ൧൧൦൫ താൽക്കാലികമായതുകൂട്ടി ൧.൭൭ ശതമാനവും അല്ലാതെ ൧൨ ശതമാനവും ൧൧൦൪ മുതൽ ൧൧൦൫ വരെ മുറക്ക. ൧൨.൬ ശതമാനവും ൧.൧൭ ശതമാനവും ആകുന്നു. ഇങ്ങനെ

ണ്ടുകാണുന്നതു എക്സിക്യൂട്ടീവ് ഇഞ്ചിനീയർമാരെ ഒൻപതിൽനിന്നും ആറായും അസിസ്റ്റൻറ ഇഞ്ചിനീയർമാർ ൧൭-ൽനിന്നും ൧൧ ആയും കുറച്ച പരിഷ്കാരം നടന്നതായ ൧൦൩൧-ൽ ഉദ്ദേശിക്കപ്പെട്ടതായ കൂടുതൽജോലി ഇപ്പോഴത്തെ സിൽബന്തികൾ ചെയ്യേണ്ടിയിരിക്കുന്നു. മദ്രാസ് സംസ്ഥാനം, മൈസൂർബോഡ്, തെൻഇന്ത്യാ റെയിൽവെ മുതലായതിൽ ചിലവാകുന്ന സിൽബന്തി ചിലവിനോടു താരതമ്യപ്പെടുത്തിയാൽ കാര്യം ഒന്നുകൂടി പ്രത്യക്ഷപ്പെടും. അവിടെ ചിലവു ദേദം ൨൦, ൩൦.൨൭ മുതൽ ൩൦ വരെ ശതമാനങ്ങളാണു. ആകെ ചിലവിൽ സിൽബന്തിചിലവു ൧൦൦-ന്ന് ൩ അല്ലെങ്കിൽ ൪ എന്നു വരുന്നതു നല്ല ജോലിക്കാരായി ഉതകുന്നതല്ലെന്നും സിൽബന്തിചിലവു ചാടിച്ചാൽ മതിയായ മേൽനോട്ടക്കുറവുമൂലം ജോലി പിഴച്ചു പല മടങ്ങു നഷ്ടത്തിനു ഇടയുണ്ടെന്നും വിവരിച്ചു ൨൭൧൦-ലെ ചെലവുചുരുക്കൽ പരിഷ്കാരകാലത്തു പ്രധാനമായ സർ സിപി രാജഗോപാലാചാരി ഒരു പ്രൊസീഡിംഗ്സിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. അന്നത്തെ ഗവർമെൻറ് അതിൻെറ കുറഞ്ഞപക്ഷം കണക്കാക്കിയ ൨൦ ശതമാനമായി നിശ്ചയിച്ചു.

പ്രാപ്തിയും ശരിയായ മേൽനോട്ടവും അനുസരിച്ചാണെങ്കിൽ ഇപ്പോഴത്തെ സിൽബന്തികളെക്കൊണ്ടു വഹിക്കാവുന്ന മൊത്തംവേല ചിലവു ൩൦ ലക്ഷത്തിൽ കുറഞ്ഞുവരാൻ പാടുള്ളതല്ലെന്നാണു എൻെറ അഭിപ്രായം. എന്നാൽ ൧൧൦൩ മുതൽ ൧൧൦൭ വരെയുള്ള ഞങ്ങളുടെ മൊത്തച്ചിലവു ശരാശരി ൨൧ ലക്ഷത്തിൽ ചില്വാനംവരും.

പിന്നീട ഇറിഗേഷൻ റഗുലേഷനും ചട്ടങ്ങളും സംബന്ധിച്ചു പറകയാണെങ്കിൽ റഗുലേഷൻപ്രകാരം നിർദ്ദേശിക്കപ്പെട്ട എല്ലാ മൈനർവേലകളെക്കുറിച്ചുമായി ഒരു വസ്തു പട്ടികതയ്യാറാക്കി അടങ്കലോടുകൂടി ഗസററിൽ പരസ്യംചെയ്യു. സംബന്ധപ്പെട്ട വസ്തു ഉടമസ്ഥന്മാരുടെ ആക്ഷേപം വരുന്നതിനായി കാത്തിരിക്കണം. ആക്ഷേപത്തിനായി ഒരു മാസം അവധിവച്ചു അവരെയുംകേട്ടു പിന്നീടു അടങ്കൽ അനുവാദത്തിനായി ഗവർമെൻറിലയക്കണം. ഈ നടപടികൾകൊണ്ടാണു താമസത്തിനിടവരുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും—വിളവംകോടും): റഗുലേഷനിലെ ഈ വക ആവശ്യപ്പെടുന്ന വകുപ്പുകളെ മാററുന്നതിൽ വല്ല ആക്ഷേപവുമുണ്ടോ?

മി. എ. വൈപ്പൻ (ചീഫ് ഇഞ്ചിനീയർ): അതു എൻെറ അധികാരത്തിൽപെട്ടതല്ലെന്നാണു ഞാൻ വിചാരിക്കുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും—വിളവംകോടും): ഈ വകുപ്പുകളെ എടുത്തുകളയുന്നതിൽ വല്ലതും സാങ്കേതികമായ ആക്ഷേപം ഉണ്ടോ?

മി. എ. വൈക്കൻ (ചീഫ് ഇഞ്ചിനീയർ); അതിനെപ്പററി ആലോചിക്കാം.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): ഏതായാലുമാകട്ടെ ചീഫ് ഇഞ്ചിനീയർ ആ അഭിപ്രായകാരനാണോ?

മി. എ. വൈപ്പൻ (ചീഫ്ഇഞ്ചിനീയർ): മെമ്പർ സ്വല്പം ക്ഷമിച്ചാൽ ഞാൻ അതിനെപ്പററി പറയാം.

ജലസംഭരണത്തെപ്പററി പൂർണ്ണമായ ശ്രദ്ധപതിയത്തക്കവണ്ണം ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനെപ്പററി ഗവർമെൻറും ആലോചിച്ചുവരികയാണ്. ഈ ജോലികളെ നടത്തുന്നതിനുള്ള നടപടികളെ ലഘൂകരിക്കപ്പെടുത്തുന്നതിനായി ഇപ്പോഴത്തെ റഗുലേഷനും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ട ആവശ്യത്തെപ്പററിയും ഗവർമെൻറ ആലോചിച്ചുവരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ചീഫ് ഇഞ്ചിനീയർ കുറേക്കൂടി വ്യക്തമാക്കപ്പെടുത്തിയ മറുപടി കേൾക്കുമെന്നാണു ഞാൻ പ്രതീക്ഷിച്ചിരുന്നതു.

എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവുംകൂടെ). എല്ലാവരും പ്രതീക്ഷിച്ചിരുന്നതു അങ്ങിനെതന്നെയായിരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): പല ഇനങ്ങളിലും അനേകം കല്ലുകളുമായി അദ്ദേഹത്തിൻെറ ഡിപ്പാർട്ടുമെൻറിലെ ചിലവു കണക്കുകളും മററു പലതും അദ്ദേഹം പറഞ്ഞുവെങ്കിലും വിശേഷിച്ചു ഒരു ഫലത്തിലും എത്തി കാണുന്നില്ല. അദ്ദേഹം പറഞ്ഞതിൽനിന്നും ഒരു കാര്യം ഞാൻ ഗ്രഹിച്ചതു. മൈനർ ഇറിഗേഷനിൽ ഇപ്പോഴുള്ള നടപടിദോഷകരമാണെന്നും അതുകൊണ്ടു കൃഷിക്കാരുടെ സ്ഥിതിക്കു അധികം ദോഷം വരുന്നതിൽ അതു തടസ്സമായി വരുന്നതാണെന്നുമാണ്. ഒടുവിൽ ഏതാണ്ടു ഗവർമെൻറാലോചനയിൽ ഉള്ളതായി പറഞ്ഞവസാനിച്ചു. റഗുലേഷനും ചട്ടങ്ങളും നല്ലപോലെ സ്ഥിരപ്പെടുത്തുന്നതിനു അഭിപ്രായമുള്ളതുപോലെ തോന്നുന്നു. ചീഫ് ഇഞ്ചിനീയരുടെ ആ പരസ്യപ്രസ്താവനകൊണ്ടു യാതൊരു താമസവുംകൂടാതെ തന്നെ ഈ വകകാര്യത്തെപ്പററിയുള്ള ആവശ്യത്തെ ഗവർമെൻറിനെബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമില്ലെന്നുവരുന്നു എന്നാൽ ഒരു സംഗതി പ്രസ്താവയോഗ്യമാണ്. ഏതായാലും ഒരു കാര്യം ഗവർമെൻറാലോചനയിൽ ഇരിക്കുന്നു എന്നു പറയുന്നുവെങ്കിലും അനുഭവത്തിൽകണ്ടുവരുന്നതു കാര്യത്തിനാവശ്യമുള്ളതിൽ കൂടുതലായി വളരെസമയം തിരുവിതാംകൂർ ഗവർമെൻറിനുവേണ്ടി വരുന്നു എന്നാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും). ഇപ്പോഴും ഒരു സ്കീം ഗവർമെൻറിൽ തീരുമാനിക്കാതെ കിടക്കുന്നു എന്നു മെമ്പറിനറിയാമോ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഗവർമെൻറിനു എന്താണ് തീരുമാനിക്കാൻ കിടക്കുന്നതെന്നു എനിക്കറിഞ്ഞുകൂടാ. പല അടിയന്തിരകാര്യങ്ങളിൽ ഗവർമെൻറിൻെറ ശ്രദ്ധ ഉണ്ടെന്നു നമ്മോടു പലപ്പോഴും പറഞ്ഞിട്ടുള്ളപോലെ ജലസംഭരണകാര്യത്തെപ്പററിയും പല സന്ദർഭങ്ങളിലും ഗവർമെൻറ എന്തോ ആലോചിക്കുന്നതായി പറഞ്ഞിട്ടുള്ളതായി ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു രാജ്യത്തിലെ മഹത്തായ കാര്യങ്ങളെ സംബന്ധിച്ചു ഗവർമെൻറ പ്രവർത്തിക്കുന്നതിനെ പരിഗണിക്കുമ്പോഴും ഇറിഗേഷൻ റഗുലേഷനും അതിൻെറ ചട്ടങ്ങളും ഭേദപ്പെടുത്താൻ നിശ്ചയിച്ചിരിക്കുന്നു എന്നു ചീഫ് ഇഞ്ചിനീയർ പറയുന്നതു ഞങ്ങൾക്കു യാതൊരു സമാധാനവും തരുന്നില്ല. റഗുലേഷനും ചട്ടങ്ങളും ഭേദഗതിചെയ്തു ശീഘ്രതയിൽ ഒരു നടപടി ഉണ്ടാക്കുകയോ ഒരു പുതിയ പ്രസ്ഥാനം രൂപീകരിക്കയോ ചെയ്യുന്ന കാലത്തുള്ള സ്കീം തന്നെ ഏതു സ്ഥിതിയിൽ

ടുരിക്കുന്നു എന്നറിഞ്ഞുകൂടാ. കാര്യം അടിയന്തിരമായി നടത്തേണ്ടതാണ്. ജലസംഭരണസൗകര്യക്കുറവിനാൽ കൃഷിക്കാരുടെ സ്ഥിതിഗതികളെപ്പററിയുള്ള വാസ്തവസംഗതികൾ മുഴുവനും ഗ്രഹിച്ചിട്ടുള്ളതായ ഒരു മനസ്ഥിതി ഗവണ്മെന്റു ഇതുവരെ പ്രദർശിപ്പിച്ചിട്ടില്ലല്ലോ എന്നു ഞാൻ അതിശയിക്കുന്നു. ഗവണ്മെന്റിന്റെ ശ്രദ്ധയെ വിഷയീഭവിക്കേണ്ട എന്തെങ്കിലും ഒരു കാര്യമുണ്ടെങ്കിൽ അത് [illegible] ഒട്ടും അപ്രധാനമല്ലാത്ത ഒരു സംഗതിയാണ് ഇതു എന്നു സഭമുമ്പാകെ ഏററവും ശക്തിയോടെ ഞാൻ പറയുന്നു. കൃഷി ഡയറക്ടർ തന്റെ ഉദ്യോഗത്തോടുചേർന്നായ ചുമതലയെപ്പററി ഒരു ശരിയായ ബോധം [illegible] ഉണ്ടെന്നുവരികിൽ അദ്ദേഹത്തിനു സാങ്കേതികസൗകര്യക്കുറവിനാൽ തിരുവിതാംകൂറിലെ കൃഷിക്കാരുടെ വാസ്തവസ്ഥിതിയെ [illegible] ന്റിനെ ബോദ്ധ്യപ്പെടുത്താൻ കഴിയുന്നതാണ്. സർ, ഞാൻ കൃഷിഡയറക്ടറുടെ ഗ്രാമത്തിൽതന്നെ ജനിച്ചുവളർന്ന [illegible] അന്തർവാസികൾ

[illegible] (നെയ്യാറ്റിൻകരയും-വിളവങ്കോടും): [illegible] സംഭവങ്ങളെപ്പററി [illegible]

പ്രസിഡന്റ്: ഒരു [illegible] ത്തിന്റെ [illegible] പ്പെട്ടതാണ്.

മി. എ. [illegible]പിള്ള ([illegible]): ധനാപഹരിച്ചതിനെ [illegible] ബോർഡ് [illegible] [illegible] ധനപഹരിച്ച [illegible] സംബന്ധിച്ച [illegible] ഈ [illegible] കൾ [illegible] ഉണ്ടായിട്ടുണ്ട്. [illegible] ഗവണ്മെന്റിന്റെ [illegible] സർ, കൃഷിഡയറക്ടറുടെ സ്ഥല [illegible] ഞാനും എന്റെ അച്ഛനും [illegible] കൃഷി ചെയ്യുന്ന [illegible] ഇല്ലാതെ [illegible] കൃഷിയിൽ [illegible] ഇത് ഒരു [illegible] കാര്യമായി [illegible] അല്ലേ. [illegible] വിചാരിക്കുന്നു. ഗവണ്മെന്റിന്റെ ഈ [illegible] ഉള്ള [illegible] കൃഷിക്കാരുടെ [illegible] അവരുടെ വിളവുകളോട്ടേ, [illegible], [illegible], [illegible], നെടുമങ്ങാട്, ഈ താലൂക്കുകളിലുള്ള [illegible] കൃഷിസ്ഥലങ്ങളെ [illegible] ഉണ്ടായി [illegible] ആണ്. [illegible] അനുഭവിച്ചു [illegible] വിളവു കുറയാതെ [illegible] ഉണ്ടായി [illegible] ഉണ്ടാക്കാൻ എന്നിടത്തോളം.

ഈ [illegible] വീഴുന്ന മഴമാത്രം [illegible] [illegible] വീണാൽമാത്രം [illegible] നെല്ലു വിളയുകയുള്ളു. അല്ലെങ്കിൽ ഇല്ല. [illegible] ഇവരുടെ [illegible] ഉള്ളസംഗതി ഈ വാസ്തവങ്ങളെപ്പററി ഉദ്യോഗസ്ഥന്മാർ [illegible] ഈ എന്റെ പ്രസ്താവനയെ [illegible] വിശ്വസിക്കുന്നില്ല. തിരുവിതാംകൂർ ഗവണ്മെന്റിനു ഈ [illegible] അറിവില്ലെന്നാണോ? [illegible] പതിനായിരം [illegible] ലക്ഷം രൂപാ [illegible] സാധിക്കയില്ലെന്നാണോ? അങ്ങിനെ സാധുക്കളായ കൃഷിക്കാരുടെ സ്ഥിതി [illegible] ക്കാൻ [illegible]ണോ? [illegible] ഗവണ്മെന്റിന്റെ ചുമതലയിലല്ലെങ്കിൽ ഞാൻ ചോദിക്കുന്നു [illegible] ചുമതലയാണ് എന്താണ്? ഈ കാര്യത്തെ നീട്ടിവയ്ക്കുന്നതിന്റെ കാര്യമെന്താണ്? സഭയുടെ ഈ [illegible]ത്തുള്ളവരായ നാം ഇതിനെപ്പററി പറയുമ്പോൾ ഗവണ്മെന്റ ഈ കാര്യം [illegible] ആലോചനയിൽ ഇരിക്കുന്നു എന്നു മറുപടി പറയുന്നു. ഈ കാര്യം വളരെ നാളത്തേക്കുനീട്ടി ഇടാമെന്നുള്ള [illegible] അല്ല. ഗവണ്മെന്റ ആലോചിക്കുന്നു എന്നു പറയുമ്പോൾ വളരെ വിശക്കുന്നവൻ എങ്ങിനെയാണ് കാത്തുകൊണ്ടിരിക്കുന്നതു. പ്രയാസം ഇതിൽ എത്രമാത്രം ഇരിക്കേണം എത്രസമയംവേണ്ടിവരും. ഇവ ആലോചിക്കേണ്ടുംസംഗതികളാണ്. ചീഫ്എഞ്ചിനീയർ ഇപ്പോൾ പറയുന്നതു കാര്യം ഗവണ്മെന്റാലോചനയിൽ ഇരിക്കുന്നുവെന്നു ഞാൻ ചോദിക്കുന്നു എത്ര നാളുകൾ അതു ഗവണ്മെന്റാലോചനയിൽ ഇരുന്നുകൊണ്ടിരിക്കും. ഈ ചട്ടങ്ങളെ മററുന്നതിനു അവയെ ഉപയോഗിക്കുന്നതിനും ആളുകളെ നിയമിക്കുന്നതിനും എത്ര കാലമാണുവേണ്ടതു? ഗവണ്മെന്റിനു അതിനെപ്പററി മനഃപൂർവ്വമില്ലെങ്കിൽ ജനങ്ങൾക്കനുകൂലമായ വിധത്തിൽ അഭിപ്രായം ഉണ്ടാക്കുന്നതു എങ്ങിനെയാണെന്നു എനിക്കു മനസ്സിലാകുന്നില്ല. ഒരു കമ്മററി ഉടനടി നിയോഗിക്കുക അല്ലെങ്കിൽ ചുമതലബോധമുള്ള ഒരു ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തുക എന്നിട്ട കാര്യങ്ങളെ അന്വേഷിക്കുക. ജലസംഭരണം എത്രത്തോളം നന്നാക്കാൻസാധിക്കും. ഇപ്പോൾ ഉള്ളതും മേലാൽ വേണ്ട പുതിയകുളങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കുക എന്നിട്ട ജോലി ആരംഭിക്കുക. ഇതൊന്നുമെ ചെയ്തില്ല. ചീഫ് എഞ്ചിനീയർ പറയുന്നതു ചട്ടമനുസരിച്ചു മാസവും കൊല്ലവുംകഴിഞ്ഞാണ് ഗവണ്മെന്റനുവാദംകിട്ടാൻ സാധിക്കുന്നതു എന്നാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ചതിപ്പിച്ചു നികത്തിപ്പോയ ജലസംഭരണ കുളങ്ങളെപ്പററി എന്തു പറയുന്നു?

മി. എ. താണുപിള്ള (തിരുവനന്തപുരം): വേറെ കുളങ്ങൾ ഉണ്ടാക്കണം.

എല്ലാ കുളവാചാലുകളും ഗവണ്മെന്റ പതിച്ചു കൊടുത്തെങ്കിൽ പതിഞ്ഞസ്ഥലങ്ങൾ വിലക്കു വാങ്ങി പുതിയതായി കുളങ്ങൾ വെട്ടേണ്ടതു ഗവണ്മെന്റിന്റെ ചുമതലയാണെന്നു വ്യക്തമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): മെമ്പറിന്റെ വീട്ടിനരികെയുള്ളതും ഉള്ളൂർ പാലത്തിനടുത്തുള്ളതും ആയ കുളം ഇപ്പോൾ നികത്തിയതായി കാണുന്നുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്. ഒരു വലിയ റവന്യൂഉദ്യോഗസ്ഥനു ഇതു ഒരു നിസ്സാരകാര്യമാണ്. എന്നാൽ പാവപ്പെട്ട കൃഷിക്കാർക്കു അതു വലുതാണ്. സംസ്ഥാനത്തേക്കു ഒട്ടാകെ ഒരു കമ്മററിയെ നിയോഗിക്കണം. താലൂക്കടിസ്ഥാനത്തിൽ പ്രാദേശികകമ്മററികളും വേണം. നന്നാക്കേണ്ടതും പുതിയതായി വെട്ടേണ്ടതുമായ കുളങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കിട്ടു ജോലി നടത്തുന്നതിനു ആളുകളെ നിയമിക്കണം. അതു ഇഞ്ചിനീയർഡിപ്പാർട്ടുമെന്റിലെ ഒരു വകുപ്പായിതന്നെയിരിക്കണമെന്നുള്ളപക്ഷം ഒരു വലിയ ഉദ്യോഗസ്ഥനെ അതിലേക്കു നിയമിച്ചു മതിയായ എണ്ണം അസിസ്റ്റന്റന്മാരേയും കൊടുക്കണം. ഞാൻ വേണമെന്നു പറയുന്നതു അതാണ്. ഈ കാര്യത്തിന്റെ ഒരു മൂലമാത്രം അനക്കി തൊട്ടുപിടിച്ചുകൊണ്ടു പൊതുജനങ്ങളോടു കാര്യം ആലോചിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുന്നതുകൊണ്ടു വിശേഷിച്ചു ഫലമൊന്നുമില്ല.

ഗവണ്മെന്റു പറയുന്നതിന്റെ അർത്ഥം "നിങ്ങൾക്ക ഇതു കിട്ടിയില്ലെങ്കിൽ നിങ്ങളുടെ മക്കൾക്കോ മക്കളുടെ മക്കൾക്കോ
കൊ കിട്ടുമെന്നാണ്? ആവശ്യമുള്ള ഇഞ്ചിനീയർമാരെ നിയമിക്കണം. അതിനു ചിലവു ഗവണ്മെന്റു ചെയ്യണം.
മററുള്ള കാര്യങ്ങൾക്കായി ഗവണ്മെന്റു വഴിയുള്ള ചിലവിടുന്നില്ലേ? ഈ പ്രധാനപ്പെട്ട അത്യന്തിരകാര്യ
ത്തിൽ സ്വല്പം പണം ചിലവാക്കുന്നതിനു സാധിക്കില്ലേ? ഗവണ്മെന്റിനു പണം ഉണ്ടാകുന്നതാണോ യുള്ളവരെ
കിട്ടും എന്നിട്ട കുറച്ചു മുറക്കുമടങ്ങണം, കാര്യം ആലോചിച്ചുവരുന്നുവെന്നും ഗവണ്മെന്റു ഒരു വേറെയുണ്ടാകും,
എന്ന ചീഫ് ഇഞ്ചിനീയർ പറയുന്നതുകൊണ്ട് യാതൊരു ഫലവും ഇല്ല. ആ പ്രസ്താവനക്ക യാതൊരു വി
ലയം ഇല്ല. കഴിഞ്ഞ കർക്കടകത്തിൽ ദിവാനായ പ്രസിഡന്റ നമ്മളോട പറഞ്ഞു ഒരു പ്രത്യേക സംഗതി
ആലോചിക്കപ്പെട്ടുവരുന്ന ... മറുപടി കിട്ടിയിരിക്കുന്നു. കാര്യം ഗവണ്മെന്റു ആലോചിച്ചുവ
രുന്നുവെന്ന കഴിഞ്ഞ ആറുമാസങ്ങളായി ആലോചിക്കയായിരുന്നു. അതു ഒരു ഇഞ്ചു മുമ്പോട്ട പോയി
ട്ടില്ല. ഇനി, അടുത്ത ബഡ്ജററു യോഗത്തിൽതന്നെ, അതു ഒട്ടുംതന്നെ മുമ്പോട്ട പോയിരിക്കയില്ല. കുറെ
കൊല്ലങ്ങൾക്കൂടി അതു ആലോചിക്കേണ്ടിവരും. ഈ ജലസേചന കാര്യം ഉടനടി ഇടപെടേണ്ട ആവശ്യമു
ണ്ടെന്നു ഞാൻ ഏററവും ബലമായി വാദിച്ചുകൊള്ളുന്നു. കർഷകസമിതി ഈ ... ചെയ്യുന്നതിനു അനേകം
ജനങ്ങൾ നന്ദിയുള്ളവരായിരിക്കും, (ഹിയർ ഹിയർ) ഇതിൽ കൂടുതൽ പ്രധാനപ്പെട്ടതു ഒന്നുമില്ല.
ഇങ്ങിനെ ഞാൻ ഈ പ്രമേയത്തെ ബലമായി പിന്താങ്ങുന്നു.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സർ, മി. കുഞ്ഞുപിള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെ വാദപ്രതിവാദത്തിനു കൊണ്ടുവന്നിരിക്കുന്നു. വിഷയം ജലസേചനമാണെങ്കിലും തിരുവിതാംകൂർ സംബന്ധിച്ചിടത്തോളം അതു വമ്പിച്ചതും പ്രാധാന്യമുള്ളതും ആണ്. നെൽകൃഷിയുടെ ഫലപ്രദമായ ഗവണ്മെന്റിനു നല്ല സൌകര്യങ്ങൾ ചെയ്തുകൊടുക്കുന്നതുപോലെയാണ്. തിരുവിതാംകൂറിൽ ഗവണ്മെന്റ ഇത് നല്ലവണ്ണം മനസ്സിലാക്കിട്ടുണ്ട്. എല്ലാ മെമ്പർമാർക്കും അറിയാവുന്ന സംഗതിയായിരിക്ക ഇവണ്മെന്റ ഒരുകോടി രൂപയോളം ദക്ഷിണതിരുവിതാംകൂറിൽ നെൽകൃഷിക്കായി കോതയാർ അണ കെട്ടിച്ചിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (നെടുമങ്ങാടും തിരുവനന്തപുരവും): അത് എത്രകാലംമുമ്പാണ്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): കുറെ കൊല്ലങ്ങൾക്കു മുമ്പാകട്ടെ ഗവണ്മെന്റ ഇത്രയും ചെയ്തിരിക്കുന്നു. ശ്രീമൂലം പ്രജാസഭയിലും കൌൺസിലിലും ഉണ്ടായിരുന്ന നിർദ്ദേശങ്ങളുടെ ഫലമായി, ഗവണ്മെന്റ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ ഇങ്ങിനെ ഓരോ ഡിവിഷനിലുമായി താലൂക്ക ഉദ്യോഗസ്ഥന്മാരെ മിസ്റ്റർ കേവപ്പൻ പരിശോധനയോടുകൂടി ആവശ്യപ്പെടുകയെന്ന പറയുന്നു. രണ്ടാംതരം ജലസംഭരണവേലകളെപ്പററി അന്വേഷണത്തിനായും എസ്റ്റിമേററ തയാറാക്കി വെച്ചതത്തിപ്പിനമായി നിയോഗിച്ചു. മി. കേവപ്പൻ പറയുന്നത് അതേഷം വേലകളെപ്പററി അന്വേഷിക്കയും പലതൊക്കെ ചെയ്തുതീർക്കയും ചെയ്തുവെന്നാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം): അന്വേഷണംചെയ്ത വേലക്ക ചെയ്തുതീർന്നപോയ വേല എത്രത്തോളം വരുമെന്ന ഡയറക്ടർക്ക അറിയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കറിഞ്ഞുകൂടാ. നെല്ലു നല്ലപോലെ കൃഷിചെയ്യുന്ന ജലസംഭരണ സൌകര്യം ആവശ്യം ഗവണ്മെന്റ നല്ലപോലെ ഗ്രഹിച്ചിട്ടുണ്ടെന്നുമാത്രമാണ് പറയുന്നത്.

മി. എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): ഈ അന്വേഷണത്തിനുള്ള ആഫീസർമാർ ഇറിഗേഷൻ ജോലിയല്ലാതെ വേറെ വേലകളും ഏല്പിക്കപ്പെട്ടവരാണോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മി. കേവപ്പൻ പറയുന്നത് അങ്ങിനെയാണ്. ജോലിയിൽ സ്വല്പമേ ചെയ്തിട്ടുള്ളു. എന്നാൽ കുറെ അധികം ചെയ്യാൻ കിടപ്പുണ്ട്. ഗവണ്മെന്റിനു ഈ സംഗതി അറിയാം. ഈ കാര്യത്തിൽ ജനഹിതമനുസരിച്ചു ഒരു സ്കീം തയാറാക്കാനുള്ള നടപടി നടത്തിവരുന്നു.

ഇതോടുകൂടി മറുപക്ഷത്തിലെ അനദ്യോഗസ്ഥമെമ്പറന്മാരോട ഞാൻ ആവശ്യപ്പെടുന്നതു ജനങ്ങൾക്കും ഈ കാര്യത്തിൽ ഒരു പുതിയ ... വേണമെന്നാണ്. ഈ വിധം വേലചെയ്തുതീർക്കുന്നതിൽ അവരും ഗവണ്മെന്റിനോട സഹകരിക്കണം. നെൽകൃഷി മോശപ്പെട്ടുകൊണ്ടിരിക്കുന്ന ഞങ്ങൾ രണ്ടുപേർക്കുമുള്ള സ്വദേശഗ്രാമത്തെപ്പററി മി. താണുപിള്ള പറകയുണ്ടായി. ഞാൻ സ്കൂളിൽ പഠിക്കുമ്പോൾ, എന്റെ ചെറുപ്പകാലത്തു ആളുകൾ യോജിച്ചു തോട്ടിൽ ചെറിയ അണകെട്ടു വെള്ളം തടഞ്ഞു നിലത്തിലേക്ക വിടാറുണ്ടായിരുന്നു. എന്റെ വീട്ടിനു സമീപിച്ചു ഒരു കുളം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അങ്ങിനെ ഒന്നും ചെയ്യുന്നില്ല. കുളത്തിന്റെ ഉടമക്കാരൻ ഭാഗ സാമർത്ഥ്യമുള്ള മഹാൻ അതിനു തൊട്ടുള്ള സ്ഥലം വിലക്ക വാങ്ങിയതോടുകൂടി, കുളം പുരയിടമായി ... അതിന്റെ ഫലമായി മഴയില്ലാത്തപ്പോൾ ഈ കുളത്തിൽനിന്നും കിട്ടിവന്നിരുന്ന വെള്ളവും ഇല്ലാതായി. നിലങ്ങൾക്ക ഇപ്പോൾ കിട്ടാതെവന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സ്ഥലങ്ങളെല്ലാം ചെറുതായി ഭാഗിച്ചതുകൊണ്ടു മുമ്പു ഒരാളുടെ കൈവശത്തിലായിരുന്ന സ്ഥലം പല ഖണ്ഡങ്ങളായി വിഭജിച്ചതായിട്ട മെമ്പറിനറിയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതെ, എനിക്കറിയാം. അതുകൊണ്ടു വെള്ളം കിട്ടാനുള്ള കുളങ്ങൾ ആക്രമിച്ചു നികത്തണമെന്നില്ല. കുളത്തിലുള്ളവർ ആക്രമിച്ചുകൂട്ടുന്നതിനെ തടയാൻ ഗവണ്മെന്റ നടപടി എടുക്കുന്നില്ലെന്ന അനദ്യോഗസ്ഥപക്ഷത്തുനിന്നും ഒരാക്ഷേപമുണ്ട്. ഞാൻ പറയുന്നതു കുളസ്ഥലങ്ങൾ ആക്രമിക്കാതിരിക്കാൻ ജനങ്ങൾ ഗവണ്മെന്റിനോട സഹകരിക്കണമെന്നാണ്. അവർ തമ്മിൽ ഒത്തുകൂടി, അയൽവികളിൽ തൽക്കാലം അണകെട്ടി മുൻപറഞ്ഞതുപോലെ പണ്ടു ചെയ്തിരുന്ന തരം വേലകൾ ചെയ്യണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെമ്പറിന്റെ സ്വന്ത കരയിലെ ജനങ്ങളുടെ ഇപ്പോഴത്തെ ധനസ്ഥിതി, പണ്ടത്തേതിനെ അപേക്ഷിച്ചു എങ്ങിനെയെന്ന പറയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഇപ്പോഴത്തെ സ്ഥിതി എന്റെ ചെറുപ്പകാലത്തുള്ളതിനേക്കാൾ വളരെ മോശമാണ്. ഇപ്പോൾ ആളുകൾ ഒത്തൊരുമിച്ചു ഒരു കാര്യം നിർവഹിക്കുന്നില്ല. കുളം തോടു നികത്തി തെങ്ങും പുരയിടമാക്കിത്തീർക്കുന്നു. അടുത്തുള്ള മറ്റുള്ളവർക്ക് അതുകൊണ്ടു ഉപദ്രവമാകുന്നു. സഭയുടെ മരാമത്തുകാരെ പ്രത്യേകിച്ചറിയിക്കുന്നത്, ജനങ്ങളും ഈ കാര്യത്തിൽ യോജിച്ചു ഗവൺമെന്റിനോടു സഹകരിക്കണമെന്നു ഗവൺമെന്റാഗ്രഹിക്കുന്നു എന്നാണ്.

മി. വി. ചെല്ലംപിള്ള (തോവാള): ജലസംരക്ഷണകാര്യത്തിൽ ജനങ്ങൾ ഗവൺമെന്റിനോടു എങ്ങിനെ ഏതുപ്രകാരമാണ് സഹകരിക്കേണ്ടത്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): അതിലേക്കു ഞാൻ പറഞ്ഞുവരുന്നു. ഇവിടെ, അനേകം കുളങ്ങൾ നന്നാക്കാതെ പഴയ സ്ഥിതിയിൽ കിടക്കുന്നു. ഞാൻ കഴിഞ്ഞ പ്രാവശ്യം പോയപ്പോൾ മി. ടി. സി. കേശവപിള്ള മിക്ക കുളങ്ങളും മണ്ണുവീണു നിറഞ്ഞുപോയി എന്നു പറഞ്ഞു. ഇറിഗേഷൻ റഗുലേഷൻപ്രകാരം ചെറിയ കുളങ്ങൾ ജനങ്ങൾതന്നെ നന്നാക്കേണ്ടതാണ്. വലിയ കുളങ്ങളെ സൂക്ഷിക്കുന്നതിനു കൂടി പൊതുമരാമത്തു ഡിപ്പാർട്ടുമെന്റോടു ജനങ്ങൾ സഹകരിക്കേണ്ടതാണ്.

മി. വി. ചെല്ലംപിള്ള (തോവാള): പൊതുമരാമത്തിൽനിന്നാണ് കുളങ്ങൾ സംരക്ഷണം ചെയ്യേണ്ടത്. ജനങ്ങൾ സഹകരിക്കേണ്ട ആവശ്യമെന്താണ്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ജനങ്ങൾ സഹകരിച്ചില്ലെങ്കിൽ, കുളങ്ങൾ നികന്നുപോകും. ഗവൺമെന്റു ചെയ്യാനുള്ളത് ഗവൺമെന്റു ചെയ്യുമ്പോൾ, ജനങ്ങൾ ജനങ്ങൾക്കുള്ളതും ചെയ്യണം.

മി. വി. ചെല്ലംപിള്ള (തോവാള): അതിൽനിന്നു ജനങ്ങൾ ഗവൺമെന്റിനോടുകൂടി ചേർന്നു സഹകരിക്കണമെന്നില്ല.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): സഹകരണം എന്ന വാക്കിനു നിങ്ങൾ അർത്ഥമാക്കുന്നപോലെയാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഉൾനാടുകളിൽ ഇപ്പോൾ അതിലേക്കു ഗവൺമെന്റു എന്തു ഏർപ്പാടാണു ചെയ്തിട്ടുള്ളത്?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ അതിലേക്കു പറഞ്ഞുവരുന്നു. ജനങ്ങളും ഈ ഡിപ്പാർട്ടുമെന്റിനോടു യോജിച്ചു പ്രവൃത്തിക്കാഞ്ഞാൽ എല്ലാ കുളങ്ങളും നല്ല സ്ഥിതിയിൽ സൂക്ഷിച്ചുപോരാൻ സാദ്ധ്യമല്ല. ഡിപ്പാർട്ടുമെന്റു ജോലിചെയ്തുപോരുന്നതിൽ ഉള്ള തടസ്സങ്ങൾ എന്താണെന്നു നോക്കാം. സിൽബന്തികൾ വളരെ കുറവാണെന്നു മി. വെയ്പ്പർ ചൂണ്ടികാണിക്കയുണ്ടായി. അദ്ദേഹത്തിനു ബഡ്ജറ്റിൽ രണ്ടു ലക്ഷം ഉറപ്പിക ചിലവിടാമെങ്കിലും എന്നാൽ അതിലേക്കു സിൽബന്തികൾ ക്ലിപ്തമാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): സിൽബന്തിക്കുറവിന് ആരാണു ഉത്തരവാദി?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ആരെങ്കിലും ഉത്തരവാദിയാകാം. ഗവൺമെന്റോ കൗൺസിലോ വേറെ വല്ലകൂട്ടരോ ഉത്തരവാദിയാകാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): ഇൻജിനീയറന്മാരെ നിയമിക്കുന്നതിനുള്ള ഉപക്ഷേപത്തിൽ കൗൺസിൽ വല്ലപ്പോഴും വെട്ടിക്കുറക്കുകളുണ്ടായോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): ഞാൻ കൗൺസിലിനെ കുറ്റപ്പെടുത്തുന്നില്ല. പൊതുമരാമത്തു ഡിപ്പാർട്ടുമെന്റിലേക്കു നിർണ്ണയിച്ച തുക ചിലവിടാൻ ഗവൺമെന്റു ചുമതലപ്പെട്ടവരാണ്. അവർ മറ്റു പ്രധാനജോലികളിൽ ഏർപ്പെട്ടിരിക്കുമ്പോൾ ചെറിയ ജലസംരക്ഷണജോലിയെപ്പറ്റി സ്വല്പം അലക്ഷ്യമായിരിന്നേക്കാം. മി. വെയ്പ്പർ ഇറിഗേഷൻ റിഗുലേഷനിലെ ന്യൂനതകളെ ചൂണ്ടിക്കാണിക്കയുണ്ടായി. പഴയ റഗുലേഷൻ ഭേദപ്പെടുത്തേണ്ടിയിരിക്കുന്നു. റഗുലേഷൻപ്രകാരം ഒരു ചെറിയ കൃഷിക്കുളം നന്നാക്കേണ്ടിവന്നാൽ സ്ഥലത്തുള്ള ആളുകൾ പകുതിസംഖ്യ തരുന്നതിനു സന്നദ്ധരായിരിക്കേണ്ടതും ഡിവിഷൻപേഷ്കാർ അതിന്റെ അറ്റകുറ്റപ്പണി ആവശ്യമാണോ എന്നന്വേഷിച്ചറിയേണ്ടതും അതിനുശേഷം പൊതുമരാമത്തുകാർ അടങ്കൽ തയ്യാറാക്കി ഗവൺമെന്റിലേക്കു അയക്കേണ്ടതും പരസ്യംചെയ്യേണ്ടതുമാണ്. അതിൽപിന്നെ ജോലിനടത്തിപ്പിനായി പൊതുമരാമത്തിലേക്കു അടങ്കൽ തിരിച്ചു പോരണം. ഈ പടികൾ എല്ലാം കടക്കണമെങ്കിൽ കുറെ അധികം സമയം വേണ്ടതും അതുകാരണം ജോലിനടത്തിപ്പിനു താമസം നേരിടുന്നതുമാണ്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മദ്രാസിലെ ചെറിയ കൃഷിക്കുളങ്ങളെല്ലാം ഗവൺമെന്റുചിലവിലല്ലേ സൂക്ഷിച്ചുപോരുന്നതെന്നു മെമ്പറിനറിയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കുള്ള 'മറുപടി അറിഞ്ഞുകൂടെന്നാണ്'.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): മെമ്പറിനു മി. വെയ്പ്പനോടുതന്നെ ചോദിക്കാം. അദ്ദേഹം പറഞ്ഞുതരും.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): എനിക്കതറിഞ്ഞുകൂടാ.

മി. വി. ചെല്ലംപിള്ള (തോവാള): റഗുലേഷൻ ഭേദഗതിചെയ്യണമെന്നു പൊതുമരാമത്തുകാർ ഗവൺമെന്റിൽ കൊണ്ടുവന്നോ എന്നു മെമ്പർ പറയുമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): റഗുലേഷനെ ഭേദഗതിചെയ്യുന്നമെന്നു ഗവൺമെന്റിനു മനസ്സിലായി.

മി. മാധവൻപിള്ളയുടെ ചോദ്യത്തിനു മറുപടിയായി, എല്ലാ ചെറിയകുളങ്ങളും ഗവണ്മെന്റു ചിലവിൽ തന്നെ നന്നാക്കേണ്ടതാണെന്നു എനിക്കു മനസ്സിലാകുന്നില്ല. തിരുവിതാംകൂറിൽ ഒരു ചെറിയ കൃഷിക്കുളം എന്നു ൫ ഏക്കർ മുതൽ ൨൦൦ ഏക്കർവരെ വെള്ളംകയറ്റുന്ന കുളമാണ്. ഇങ്ങനെയാണോ മദ്രാസിലും എന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും അതു ഒരു വ്യത്യസ്തകാര്യമാണ്.

ഗവണ്മെന്റിനു മൈനർഇറിഗേഷന്റെ പ്രാധാന്യത്തെപ്പറ്റി ബോദ്ധ്യംവന്നു ഗവണ്മെന്റു ഇതിലേക്കു കാര്യമായിട്ടു ഒരു പദ്ധതി ആലോചിക്കയും മൈനർഇറിഗേഷൻവേലയുടെ നടത്തിപ്പിനായി ഒരു ഉദ്യോഗസ്ഥസംഘത്തെ നിയമിക്കുന്നതിനും മുമ്പേ ലക്ഷണം കാലോചിതമാക്കി പരിഷ്കരിക്കുന്നതിനും തയാറായിരിക്കയും ചെയ്തിരിക്കുന്നു. തക്കംതോറും ജലസംഭരണകാര്യത്തെപ്പറ്റി ഗവണ്മെന്റിന്റെ നയത്തെ എതിർത്തു ഇപ്പോഴും കഴിഞ്ഞ സന്ദർഭങ്ങളിലും അനൗദ്യോഗസ്ഥമെമ്പർമാർ പലരേഖകളും പുറപ്പെടുവിച്ചിരിക്കുന്നതും അതിനാൽ ഗവണ്മെന്റു വിചാരിക്കുന്നതു ഇനിയുള്ള മേൽനടപടികൾ നടത്തുന്നതിനുമുമ്പ് ഒരു ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മറ്റിമുഖേന ആലോചന ചെയ്തു പൊതുജനാഭിപ്രായമറിയേണ്ടതു ആണെന്നാണ്. അതുകൊണ്ടു ഗവണ്മെന്റിനുവേണ്ടി ഞാൻ പ്രസ്താവിക്കുന്നതു ചെയ്തിട്ടുള്ള എല്ലാ ജലസംഭരണവേലകളെപ്പറ്റി അന്വേഷണം ചെയ്യുന്നതിനുകൂടാതെ ൧൧൨൨-ലെ ജലസംഭരണാന്വേഷണയും ഭേദഗതിയാക്കാനുള്ള നടപടിയിൽ രൂപീകരിക്കുന്നതിനുമായി ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരും അടങ്ങിയ ഒരു കമ്മറ്റിയെ താമസിയാതെ ഗവണ്മെന്റു നിയമിക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സർ, അടിയന്തിരപ്രമേയം ഞാൻ പിൻവലിക്കുന്നു. ഞാൻ എഴുന്നേറ്റതിന്റെ പ്രധാനകാര്യം അനൗദ്യോഗസ്ഥസഹകരണത്തോടുകൂടി കൃഷിസേചനവേലകൾ നടത്തുന്നതിൽ തൽപരനായി കൃഷിഡയറക്ടർ ചെയ്തതായ പ്രസ്താവനയെ സസന്തോഷം സ്വീകരിക്കുന്നതിനാണ്. ജനങ്ങളുടെ ഉന്നമനത്തിനുതകുന്നതായ കാര്യത്തിൽ ഗവണ്മെന്റിനോടു സഹകരിക്കുന്നതിനു ഞങ്ങൾ എന്നും തയാറാണെന്നു ഉറപ്പുപറയുന്നു. ചീഫ്എഞ്ചിനീയർ ഒരു ദീർഘമായ കണക്കു വായിച്ചപ്പോൾ എനിക്കു അദ്ദേഹത്തോടു പൂർണ്ണമായ അനുകമ്പ തോന്നുകയും അനൗദ്യോഗസ്ഥന്മാരുടെ പോലെ അദ്ദേഹത്തിനു ഈ ജോലികൾ തീർക്കുന്നതിനു പ്രയാസമുള്ളതായും എനിക്കുതോന്നി. സർ, ഈ സംഗതി പുതിയതല്ല. ജലസംഭരണവേലകൾ നടത്തേണ്ടതു അത്യാവശ്യമെന്നു ഗവണ്മെന്റിനോടു പറഞ്ഞുകൊണ്ടിരുന്നു. ഈ കൗൺസിലിൽതന്നെ ഈ വകുപ്പുകൾ വേണമെന്നുപറഞ്ഞു പ്രമേയമായിട്ടോ ഉപക്ഷേപമായിട്ടോ ഒരു ദിവസമെങ്കിലും എന്തെങ്കിലും പ്രവർത്തിക്കാതെയിരുന്നിട്ടില്ല. എന്നാൽ ദീർഘകാലമാകാതെ ഗവണ്മെന്റു ഇതിലേക്കു വേണ്ടതു ചെയ്യുന്നതാണെന്നു കൃഷിഡയറക്ടരുടെ പ്രസംഗത്തിലെ ഒടുവിൽ പറഞ്ഞ വാഗ്ദത്തം എനിക്കു ഒട്ടുംതന്നെ തൃപ്തിയായിട്ടില്ല. എന്റെ താല്പര്യം ഇതാണ്: വളരെ പ്രധാനമായിട്ടുള്ള ഒരു അടിയന്തിരപ്രമേയം ചർച്ചചെയ്യാൻ അവസരം ലഭിക്കുന്നതുപോലും ഗവണ്മെന്റു നടപടി ഉടനെതന്നെ നടത്തേണ്ടതു ഗവണ്മെന്റിനു യുക്തമല്ലായ്കയാലെ നാം ഈ സഭ ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കണമെന്നു സഭയോടു ആവശ്യപ്പെടണമെന്നും തോന്നുന്നു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): മെമ്പർ 'ഉടനെതന്നെ' എന്ന വാക്കിനു എന്താണ് അർത്ഥം കല്പിക്കുന്നതു?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): കൃഷിസേചനവേലകൾ നടത്തിപ്പിനെപ്പറ്റി സ്കീം തയാറാക്കാനും ജലസംഭരണാന്വേഷണാൽ ആവശ്യമെന്നുതോന്നി നിശ്ചയിക്കുന്നതിനുമായി ഉദ്യോഗസ്ഥന്മാരും അനുദ്യോഗസ്ഥന്മാരുംകൂടിയ ഒരുകമ്മറ്റിയെ തിരഞ്ഞെടുക്കാൻ ഗവണ്മെന്റു ഈ സഭയോടു ഇപ്പോൾ ആവശ്യപ്പെടണം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിയും മത്സ്യവ്യവസായവും ഡയറക്ടർ): 'ഉടനെതന്നെ' എന്നു മെമ്പർ പറയുന്ന വാക്കിന്റെ അർത്ഥമെന്താണ്? ഈ സഭ ഇന്നു അവസാനിക്കുന്നതിനുമുമ്പായിട്ടോ അതോ ഉടൻതന്നെയോ എന്താണ് വിചാരിക്കുന്നതു?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ അടിയന്തിരപ്രമേയം ഇന്നത്തെ അനുവദിച്ചസ്ഥിതിക്കും ഇതു ഒരു പുതിയകാര്യമില്ലാത്തതുകൊണ്ടും ഞാൻ നോക്കിയടത്തോളവും ഇന്നത്തെ ജോലിതീർന്നു എഴുന്നേൽക്കുന്നതിനുമുമ്പായി ഗവണ്മെന്റു ഒരു കമ്മിറ്റിവേണമെന്നു താല്പര്യപ്പെട്ടു ഇന്നോ നാളെയോ അനൗദ്യോഗസ്ഥന്മാരോടു കമ്മിറ്റിയിലേക്കു ആളെ തിരഞ്ഞെടുക്കണമെന്നു ആവശ്യപ്പെടുന്നതിനു ഒരുങ്ങണം. എനിക്കു പറയേണ്ടതു അതുമാത്രമാണ്. അല്ലാതെ ദീർഘകാലത്തിനു മുമ്പെന്നു പറഞ്ഞാൽ അതു അസ്പഷ്ടമാണ്. ഈ വാക്കുകളോടുകൂടി ഞാൻ പ്രമേയം പിൻവലിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റു ഈ വിഷയത്തിൽ പ്രാധാന്യംകല്പിച്ചതുകൊണ്ടു ഞാൻ വളരെ സന്തോഷിക്കുന്നു. എന്നുതന്നെയല്ല, സഭയിൽ ഈ വരെയുള്ള എല്ലാവരുംതന്നെ വളരെ സന്തോഷിക്കുന്നു. മി. വെപ്പന്റെ പ്രസംഗംകൊണ്ടു ഗവണ്മെന്റുദ്ദേശങ്ങൾ വിശേഷിച്ചൊന്നും നമുക്കു ഗ്രഹിക്കാൻസാധിച്ചില്ലെങ്കിലും ഡാക്ടർ കുഞ്ഞൻപിള്ളയുടെ പ്രസംഗംകൊണ്ടു ഗവണ്മെന്റു സ്വസ്ഥമായിരിക്കുന്നില്ല നാം മൈനർജലസേചനത്തിനുവേണ്ടി കൃഷിക്കാർക്കു ഉടനടി വല്ലതും ചെയ്യാൻ നിർദ്ദേശിക്കുന്നു എന്നുപറഞ്ഞു പലസംഗതികളും അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി. എന്നെസംബന്ധിച്ചേടത്തോളം ഗവണ്മെന്റിന്റെ വാഗ്ദത്തങ്ങളിൽ എനിക്കു നല്ല വിശ്വാസമില്ലെങ്കിലും ഗവണ്മെന്റുമായി ഡാക്ടർ കുഞ്ഞൻപിള്ള വല്ലതും ഉടനെചെയ്യുമെന്നു വളരെ സ്പഷ്ടമായതരത്തിൽ ഉദ്ദേശം വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ എന്റെ പ്രമേയം പിൻവലിക്കണമെന്നു വിചാരിക്കുന്നതോടുകൂടി ഇത്ര കരുണയോടെ ചെയ്ത വാഗ്ദത്തത്തിനുവേണ്ടി ഞാൻ ഗവണ്മെന്റിനോടു ഹൃദയപൂർവ്വം നന്ദിപറഞ്ഞുകൊള്ളുന്നു.

പ്രമേയം സമ്മതപ്രകാരം പിൻവലിക്കപ്പെട്ടു.

പ്രസിഡൻറ: പ്രമേയം പിൻവലിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ അടുത്ത ജോലിക്കു പ്രവേശിക്കാം എന്നാൽ ഇപ്പോൾതന്നെ ൫ മണിയായിരിക്കുന്നതിനാൽ സഭ ഇന്നത്തെ ജോലിതീൎന്നു വീണ്ടും നാളെ രാവിലെ ൧൧-മ ൦-നു കൂടാവുന്നതാണ്.

സഭ അടുത്തദിവസം ൧൧-മ ൦-നു വീണ്ടും കൂടുന്നതിനായി വൈകുന്നേരം ൫-മ ൦-നു പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകോട്ടു നിയമസഭാ.

മൂന്നാമത്തെ സഭ.

൧൧൦൭-ലെ ഒന്നാംയോഗം

(ഔദ്യോഗിക റിപ്പോർട്ട്.)

൧൯൩൨ ജനുവരി ൨൩-ാംനു ൧൧൦൭ മകരം ൧൦-ാംനു ശനിയാഴ്ച

പ്രസിഡണ്ടിന്റെ ആദ്ധ്യക്ഷത്തിൽ സഭ ൧൯൩൨ ജനുവരി ൨൩-ാംനു ൧൧൦൭ മകരം ൧൦-ാംനു ശനിയാഴ്ച മണി പതിനൊന്നടിച്ചു മുപ്പത്തിഅഞ്ചു മിനിട്ടായപ്പോൾ വിക്ടോറിയാ ജൂബിലി ടൌൺ ഹാളിൽ കൂടി.

താഴെ പറയുന്ന മെമ്പർമാർ ഹാജരുണ്ടായിരുന്നില്ല:—

(൧) മിസ്റ്റർ കെ. സി കരുണാകരൻ (൨) മിസ്റ്റർ കെ. മാധവൻപിള്ള (൩) മിസ്സസ്. എലിസബത്ത് കുരുവിള (൪) മിസ്റ്റർ കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (൫) മിസ്റ്റർ കെ. ജി. പരമേശ്വരൻ പിള്ള.

ചോദ്യങ്ങളും ഉത്തരങ്ങളും.

പുതുതായിതുടങ്ങിയ നാട്ടുഭാഷാ പള്ളിക്കൂടങ്ങൾ.

൧൧൨. മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): ൧൧൦൪-൧൧൦൭ പള്ളിക്കൂടവത്സരത്തിൽ സർക്കാരിൽനിന്നും എത്ര നാട്ടുഭാഷാപള്ളിക്കൂടങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് എന്നു ഗവണ്മെന്റു സദയം പറയുമൊ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രിട്ടറി): ഒന്നും ഇല്ല.

മീനച്ചൽ താലൂക്കിൽ രാമകൃഷ്ണാശ്രമം.

൧൧൩. മി: എ. സി. കുരിയാക്കോസ് (മീനച്ചലും ദേവികുളവും): (൧) മീനച്ചിൽ താലൂക്കിൽ പുലിയന്നൂർ എന്ന സ്ഥലത്തു "രാമകൃഷ്ണാശ്രമം" എന്ന പേരിൽ ഏതെങ്കിലും കെട്ടിടമൊ സ്ഥാപനമൊ ഉള്ളതായി ഗവണ്മെന്റിനു അറിയാമൊ?

(൨.) (൧)-ാം ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ,

(എ) അതു് ഏതുകൊല്ലത്തിൽ ആരംഭിക്കപ്പെട്ടു എന്നും;

(ബി) അതു ഏതുകൊല്ലത്തിൽ പൂർത്തിയാക്കപ്പെട്ടു എന്നും;

(സി) ആശ്രമത്തിന്റെ മേൽനോട്ടത്തിനും അതിന്റെ നടത്തിപ്പിനു് ചുമതലപ്പെട്ട ആളോ ആളുകളോ സഭയോ ആരെന്നും ഗവണ്മെന്റു ദയവുചെയ്തു പറയുമൊ.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): (൧) പറഞ്ഞ സ്ഥലത്തിൽ രാമകൃഷ്ണാശ്രമം എന്നപേരിൽ ഒരു കെട്ടിടം കെട്ടിവരുന്നുണ്ടു്.

(൨) (എ) ൧൧൦൦-ാമാണ്ടു;

(ബി) കെട്ടിടം പണി ഇനിയും പൂർത്തിയായിട്ടില്ല;

(സി) തിരുവനന്തപുരത്തു വട്ടിയൂർക്കാവിലുള്ള രാമകൃഷ്ണാശ്രമത്തിന്റെ പ്രസിഡന്റു നിർമ്മലാനന്ദസ്വാമിയുടെ ആധീനത്തിൽ ആണെന്നു ബോധിപ്പിച്ചിരിക്കുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): പാർട്ടു ബി-ഇതിൽ വിവരിക്കുന്നതായ ഈ കെട്ടിടം തീർന്നിട്ടില്ലെന്നുള്ള അറിവു അതിന്റെ നടത്തിപ്പുകാരിൽ നിന്നും ലഭിച്ചിട്ടുള്ള അറിവാണൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): ഗവണ്മെന്റിലേക്കു കിട്ടീട്ടുള്ള അറിവു് പേഷ്കാരിൽ നിന്നുമാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും): അന്വേഷണം നടത്തിയതിൽ നിന്നും കിട്ടീട്ടുള്ള അറിവാണെന്നു വിശ്വസിക്കാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): അങ്ങിനെതന്നെ വിശ്വസിക്കണം.

കുറിച്ചിത്താനത്തുള്ള ഭജനമഠം.

൧൧൪. മി: എ. സി. കുര്യാക്കോസ് (മീനച്ചലും ദേവികുളവും):

(൧) ഏലക്കാട്ടു പകുതിയിൽ കുറിച്ചിത്താനം എന്ന സ്ഥലത്തു ഭജനമഠം എന്നു വിളിക്കപ്പെടുന്ന ഒരു സ്ഥാപനം ഉള്ളതായി ഗവണ്മെന്റിനു അറിയാമോ

൨ (൧)-ാം ഭാഗത്തിലുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ;

(എ) മേൽപറഞ്ഞ ഭജനമഠം ഏതെങ്കിലും ചടങ്ങുകളോടുകൂടി ഉറക്കപ്പെട്ടുവോ എന്നും;

(ബി) ആ അവസരത്തിൽ മിസ്റ്റർ. എൻ. എസ്. രാമൻപിള്ള അവിടെ ഉണ്ടായിരുന്നുവോ എന്നും;

(സി) സ്ഥാപനത്തിന്റെ ഭാരവാഹികൾ ആരെന്നും ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സെക്രിട്ടറി): ഏലക്കാട്ടു പകുതിയിൽ കുറിച്ചിത്താനം എന്ന സ്ഥലത്തു പതിവായി ഭജനം നടക്കുന്നതായ ഒരു ഭജനമഠം ഇല്ല എന്നും കുറിച്ചിത്താനം കരയിൽ പാറക്കടവീട്ടിൽ രാമൻനായർ എന്നൊരാൾ തന്റെ പറമ്പിൽ തന്റെ കുടുംബക്കാർ ഒരു പ്രാർത്ഥനാമന്ദിരമായി ഉപയോഗിച്ചുവരുന്ന ഒരു ചെറു പുര കെട്ടീട്ടുണ്ടെന്നും ബോധിപ്പിച്ചിരിക്കുന്നു.

G. P. T. 167. 150. 26-12-1107.

(൧) (എ) ഈ കുടിവക സ്ഥാപനം ആചാരപരമായി ഉറക്കുന്നതിനെ സംബന്ധിച്ച് യാതൊരു അടിയന്തിരവും നടത്തീട്ടില്ല.

(ബി) മറുപടി നിഷേധമായിട്ടാണ്,

(സി) സ്ഥാപനത്തെ പാറക്കടിയിറവാട്ട അംഗങ്ങൾ ഭരിച്ചുവരുന്നു.

മി: എ. സി. കണ്ണാക്കാസ് (മീനച്ചലും ദേവികുളവും) : ബി വിഭാഗത്തിനു പറഞ്ഞിരിക്കുന്ന സംഗതിയെപ്പറ്റി പ്രതികൂലമായ ഒരഭിപ്രായമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. ഞാൻ ചോദിച്ചിരിക്കുന്നതായ സംഗതി അതിനുണ്ണമല്ല എന്നാണ് ഗവണ്മെൻറിൻെറ അറിവു എന്നല്ലേ ഇതിൽ നിന്നും മനസ്സിലാക്കേണ്ടതു?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : അതു പ്രത്യക്ഷമാണല്ലോ.

മി: എ. സി. കണ്ണാക്കാസ് (മീനച്ചലും ദേവികുളവും) ; ചോദിച്ചിരിക്കുന്ന സംഗതികൾ പ്രത്യക്ഷമായ അനുഭവത്തെ ആസ്പദമാക്കിയാണെന്നു വരുന്നപക്ഷം അന്വേഷണം പൂർത്തിയായിട്ടില്ല എന്നല്ലേ വരുന്നതു"?

. മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : പേഷ്കാരുടെ റിപ്പോർട്ടനുസരിച്ചാണ് ഈ മറുപടി.

ആലപ്പുഴയിൽ ഡ്രെയിനേജ്.

൧൧൭. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ) : (എ) ആലപ്പുഴയിൽ ഡ്രെയിനേജിനെ സംബന്ധിച്ചുവല്ല നടപടിയും നടത്തിട്ടുണ്ടോ എന്നും,

(ബി) ആലപ്പുഴയിലെ ഡ്രെയിനേജിനും കലുങ്കുകൾ കെട്ടുന്നതിനും ഉള്ള ഉത്തരവാദിത്വം ഏതു ഡിപ്പാർട്ടുമെൻറിനാണെന്നുള്ളതു തീർച്ചപ്പെടുത്തിക്കഴിഞ്ഞുവൊ എന്നും ഗവണ്മെൻറു സദയം പറയുമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : പ്രാരംഭാന്വേഷണ ജോലി നടത്താമെന്നു മുനിസിപ്പാലിററി ഏററിരിക്കുന്നതിനാൽ ഗവണ്മെൻറ് ആ കാര്യത്തെപ്പററി ഇതേവരെ വ്യക്തമായ യാതൊരു നടപടിയും നടത്തീട്ടില്ല.

(ബി) തങ്ങളുടെ പരിപാലനത്തിൽ ഇരിക്കുന്ന ടൌൺ റോഡുകളിലെ ഡ്രെയിനേജിനും കലുങ്കുകൾ കെട്ടുന്നതിനും ഉള്ള ചുമതല മുനിസിപ്പാലിററിക്കുതന്നെയായിരിക്കും.

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): പാർട്ട് (ബി) മുനിസിപ്പാലിററിയാണ് ചുമതലക്കാരെന്നുള്ള വിവരം മുനിസിപ്പാലിററിയെ അറിയിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ് സെക്രട്ടറി) : അങ്ങിനെ അറിയിക്കേണ്ട ആവശ്യം ഇല്ല. മുനിസിപ്പാലിററിയിൽ നിന്നും തന്നെ ഈ ഡ്രെയിനേജ് കാര്യം അന്വേഷിക്കാൻ ഒരു സൂപ്പർവൈസരെ ആവശ്യമുണ്ടെന്നു ചീഫ് എൻജിനീയരോടു ചോദിക്കയും ചീഫ് എൻജിനീയർ പി. ഡബ്ലിയു-ഡിയിൽ നിന്നും ഒരാളിനെ അയച്ചുകൊടുക്കാൻ നിവൃത്തിയില്ലെന്നു അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ആ സ്ഥിതിക്കു ഇതു മുനിസിപ്പാലിററിയുടെ ചുമതലയാണെന്നു അറിയിക്കേണ്ട ആവശ്യം ഇല്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ചമെംബർ) : ടൌൺ റോഡു ഏല്പിച്ചകാലത്തു മെയിൻറനൻസ് മാത്രമല്ല പുതിയ കടൽവെസിനെ സംബന്ധിച്ചും മുനിസിപ്പാലിററി തന്നെ നടത്തണം എന്നു പറഞ്ഞിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി) : അതിനെ പററി ഇരങ്ങോട്ടുഴതി ചോദിച്ചിട്ടില്ല. ഇപ്പോൾ ചോദിച്ചതിനാണ് മറുപടി പറഞ്ഞതു്.

കൊല്ലക്കടവു സബ് രജിസ്റ്റർ കച്ചേരിയുടെ അധികാരാതിർത്തി.

൧൧൮. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) : (എ) കൊല്ലക്കടവിൽ സ്ഥാപിക്കാൻ നിശ്ചയിച്ചിരിക്കുന്ന സബ് രജിസ്റ്റർ കച്ചേരിയുടെ അധികാരാതിർത്തിയെപററി ൧൧൨൭-കന്നി ൧൦-ാം- ഞാൻ അയച്ചലെട്ടർ ഗവണ്മെൻറ് ചീഫ് സെക്രട്ടറിക്കു കിട്ടീട്ടുണ്ടോ എന്നും;

(ബി) (എ) ഭാഗത്തിനുള്ള മറുപടി അനുകൂല രൂപത്തിലാണെങ്കിൽ, അതിന്മേൽ എന്തു നടപടി നടത്തി എന്നും ഗവണ്മെൻറ് സദയം പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി) : (എ) മറുപടി അനുകൂല രൂപത്തിൽ ആണ്.

(ബി) ലററർ റിപ്പോർട്ടിനായി രജിസ്ട്രേഷൻ ഡയറക്ടർക്ക് അയക്കുകയും അദ്ദേഹത്തിൻെറ റിപ്പോർട്ട് കിട്ടിയശേഷം ആ വിഷയത്തെപ്പററി ഗവണ്മെൻറു പര്യാലോചിച്ചു തീർച്ചപ്പെടുത്തുകയും ചെയ്തു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മറുപടിയിലെ (എ) ഭാഗത്തെ സംബന്ധിച്ചിടത്തോളം, ഈ വിഷയത്തെ സംബന്ധിച്ചു കഴിഞ്ഞ ബഡ്ജററ യോഗത്തിൽ ഉണ്ടായ എൻെറ പ്രസംഗത്തെപ്പററി ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുണ്ടോ എന്നു മെമ്പർ ദയവുചെയ്തു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഉണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ പ്രസംഗത്തിൽ കൊല്ലക്കടവു സബ് രജിസ്റ്റർ കച്ചേരിയുടെ അധികാരാതിർത്തിക്കുള്ളിൽ തഴക്കരയെയും രജിസ്ട്രേഷൻ ഡയറക്ടർ ഉൾപ്പെടുത്തീട്ടുള്ളതു ന്യായമല്ലെന്നു ഞാൻ വ്യക്തമായി പറഞ്ഞിരുന്നു. ഇതു് ഗവണ്മെൻറിനു അറിയാമോ എന്നു ഗവണ്മെൻറു ദയവുചെയ്തു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മെമ്പരുടെ പ്രസംഗം അടങ്ങിയിട്ടുള്ള സഭാനടപടികൾ രജിസ്ട്രേഷൻഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഡയറക്ടർ തെററായ ഒരു വഴിയെ തുടരുകയാണെന്നു ബഡ്ജററിനെക്കുറിച്ചുള്ള എന്റെ പ്രസംഗത്തിൽ ഞാൻ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട് എന്നു ഗവർമ്മെന്റിനു അറിവുണ്ടോ എന്നാണ് എന്റെ ചോദ്യം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): പ്രസംഗവും ഡയറക്ടരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): തഴക്കരയേയും കൊല്ലകടവു സബ് രജിസ്ട്രാർ കച്ചേരിയുടെ അധികാരാതിർത്തിക്കുള്ളിൽ ഉൾപ്പെടുത്തുന്നതിൽ ഡയറക്ടർ തെററായി പ്രവർത്തിച്ചുവരുന്നു എന്നു എന്റെ ലെട്ടറിൽ ഞാൻ വ്യക്തമായി വിസ്തരിച്ചിരുന്നു എന്നു ഗവർമ്മെന്റിന് അറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): അതറിയാം. ഗവർമ്മെന്റിനു അങ്ങനെ ഒരു ലേഖനം മെമ്പറിൽനിന്നും കിട്ടിയിരുന്നു. മെമ്പർക്ക് ഈ വിഷയത്തെ സംബന്ധിച്ചു പൂർണ്ണമായ അറിവില്ല. എന്നു പ്രസ്താവിച്ചുകൊണ്ടുള്ള മററു നിവേദനങ്ങൾ സ്ഥലത്തെ ജനങ്ങൾ ബോധിപ്പിച്ചിട്ടുണ്ട്. ഈ സംഗതിയെ സംബന്ധിച്ചു അവർ ഒരു ഹർജിയും അയച്ചിരുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എനിക്കു പൂർണ്ണമായ വിവരം ഇല്ല എന്നുള്ളതിനെ സംബന്ധിച്ചു തഴക്കര പകുതിയിലെ ജനങ്ങൾ ഹർജിയയച്ചിരിക്കുന്നു എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): അതെ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഹർജിക്കാർ ആരെല്ലാം എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ഏകദേശം നൂറു ആളുകൾ ഹർജിയിൽ ഒപ്പിട്ടിരുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ജനങ്ങൾ ഏതു മുറിയിൽ ഉൾപ്പെട്ടവർ ആണെന്നു അറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റു സെക്രട്ടറി): ജനങ്ങൾ ഏതു മുറിയിൽ ഉൾപ്പെട്ടവർ ആണെന്നു കൃത്യമായി പറയാൻ നിവൃത്തിയില്ല. ആ പകുതിയിൽ ൮ മുറികളെ ഉള്ളു. അവയിൽ ആറു മുറികളിൽ ഉള്ള ജനങ്ങൾ ഹർജിയിൽ ഒപ്പിടുകയും, തഴക്കരപകുതിയെ കൊല്ലകടവു സബ് രജിസ്ട്രാർ കച്ചേരിയുടെ അധികാരാതിർത്തിയിൽതന്നെ ഉൾപ്പെടുത്തണം എന്നു അപേക്ഷിക്കയും ചെയ്തിട്ടുണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഈ കാര്യത്തിൽ അവസാനതീർച്ച ചെയ്യുന്നതിനുമുമ്പു ഗവർമ്മെന്റു ദയവുചെയ്തു——

പ്രസിഡന്റ്: മിസ്റ്റർ ആശാൻ, ഗവർമ്മെന്റ് ഈ കാര്യത്തെപ്പററി തീർച്ച ചെയ്യുമ്പോൾ നിങ്ങളുടെ പ്രസംഗവും അവരുടെ മുന്നിൽ ഇരുന്നിരുന്നു എന്നും അതിനെപ്പററി പര്യാലോചിച്ചു എന്നും നിങ്ങളോടു പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അതിനെപ്പററി കൂടുതൽ ചോദ്യങ്ങൾ ചോദിക്കാൻ നിങ്ങൾക്ക് അവകാശം ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (ബി) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം, എന്റെ ആക്ഷേപങ്ങളെപ്പററി ചിന്തിക്കയും അതിന്മേൽ വല്ല നടപടിയും നടത്തുകയും ചെയ്യുമോ എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

പ്രസിഡന്റ്: മിസ്റ്റർ ആശാൻ, നിങ്ങൾക്കു ഒരു സംഗതി പറഞ്ഞുകഴിഞ്ഞാൽ ആ കാര്യത്തെ സംബന്ധിച്ചു അവസാനതീർച്ചയായി അതിനെ ഗണിക്കുന്നതിനു ഗവർമ്മെന്റു കടപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾക്കു വാദിക്കാവുന്നതാണെന്നു നിശ്ചയമായും ഞാൻ വിചാരിക്കുന്നില്ല. കാര്യം തീർച്ച ചെയ്കയും നിങ്ങൾ പറഞ്ഞതിനെപ്പററി ആലോചിക്കുകയും ചെയ്തിട്ടുണ്ട്. അതിൽപിന്നീടു മാത്രമേ ഗവർമ്മെന്റു അവസാനമായ തീർച്ചയിൽ എത്തിയുള്ളു. അതിനെപ്പററി കൂടുതൽ ചോദ്യങ്ങൾ ഒന്നും ചോദിക്കാനില്ല.

കാർത്തികപ്പള്ളിത്താലൂക്കിലെ കടൽതീരത്തുള്ള പകുതികളിൽ കുടിക്കാൻ

വെള്ളം സംഭരിച്ചു കൊടുക്കുക.

൧൧൭. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): (എ) കാർത്തികപ്പള്ളിത്താലൂക്കിലെ കടൽതീരത്തുള്ള പകുതികളിൽ വസിക്കുന്ന ജനങ്ങൾക്കു കുടിക്കാൻ നല്ല വെള്ളം ശേഖരിച്ചുകൊടുക്കുന്നതിനു എന്തു നടപടികൾ നടത്തിയിരിക്കുന്നു എന്നും;

(ബി) കഴിഞ്ഞ നാലു കൊല്ലങ്ങൾക്കിടയിൽ (൧൧൦൫—൧൧൦൮) ഗവർമ്മെന്റു ചിലവിന്മേൽ എത്ര കിണറുകൾ കുഴിച്ചിട്ടുണ്ട് എന്നും, എന്തു തുക നീക്കിവച്ചു എന്നും, ആ കൊല്ലങ്ങൾ ഓരോന്നിലും എന്തു തുക ചിലവാക്കി എന്നും ഗവർമ്മെന്റു ദയവുചെയ്തു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റു സെക്രട്ടറി). തൃക്കുന്നപ്പുഴമുതലു കടൽതീരത്തുള്ള ഗ്രാമങ്ങളിൽ മൂന്നും മംഗലത്തു ഇടക്കാട്ട എന്ന സ്ഥലത്തു ഒന്നും ഇങ്ങനെ നാലു കിണറുകൾ കുഴിക്കുന്നതിനു ഗവർമ്മെന്റു അനുവദിച്ചിട്ടുണ്ട്. രണ്ടാമതു പറഞ്ഞതു ൧൧൦൮-ൽ ആരംഭിച്ചു പണി പൂർത്തിയാകാറായിരിക്കുന്നു. മുൻപു പറഞ്ഞവയ്ക്കു ഭൂമികൾ എടുക്കുന്നതിനുവേണ്ട നടപടികൾ നടത്തീട്ടുണ്ട്.

(ബി) മുൻസിപ്പാലിററിയില്ലാത്ത സ്ഥലങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനായുള്ള തുകയിൽനിന്നും പണം അനുവദിച്ചുകൊടുത്തു. ൧൧൦൮ ഇടക്കാട്ടുള്ള കിണറുപണി ആരംഭിച്ചു ആ കൊല്ലത്തിൽ ൩൫൨ രൂപാ ചിലവായി. ൧൧൦൫ മുതൽ ൧൧൦൭ വരെ യാതൊരു കിണറും കുഴിച്ചില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ചോദ്യത്തിന്റെ (എ) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു അനുവദിച്ചു മൂന്നു കിണറുകളും എന്തുകൊണ്ടു ൧൧൦൮-ൽ പണിയിക്കപ്പെട്ടില്ല എന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): ആ ചോദ്യത്തിനുള്ള മറുപടി അതിൽതന്നെ ഉണ്ട്. ഭൂമി കൈവശപ്പെടുത്തുന്നതിന നടപടി നടന്നുവരികയാണ്. ഭൂമി കൈവശപ്പെടുത്തിയിട്ടില്ലാത്തതിനാൽ താമസത്തിന ഇടയായിരിക്കുന്നു.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മറുപടിയിലെ (ബി) ഭാഗത്തെ സംബന്ധിച്ചിടത്തോളം, ൧൧൨൦ മുതൽ ൧൧൨൭ വരെ ഉള്ള കൊല്ലങ്ങളിൽ കിണറുകൾ കുഴിക്കുന്നതിനായി നീക്കിവച്ച തുകകൾ എത്രയാണെന്നു പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): മെമ്പർ ആ കൊല്ലങ്ങളിലെ ബഡ്ജറ്റ നോക്കിക്കൊള്ളണം.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ബഡ്ജറ്റ് ഇവിടെ എന്റെ കൈവശം ഇല്ല.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): എന്റെ പക്കലും ഇല്ല.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഞാൻ ചോദ്യം ചോദിച്ചപ്പോൾ ഗവൺമെൻറ് എല്ലാ വിവരങ്ങളും ശേഖരിക്കും എന്നു ഞാൻ വിചാരിച്ചു.

ആ കൊല്ലങ്ങളിൽ നീക്കി വയ്ക്കപ്പെട്ട തുകകൾ ആ കൊല്ലങ്ങളിൽ ചിലവാക്കപ്പെട്ടുവോ എന്നു എനിക്കറിയേണ്ടിയിരിക്കുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സെക്രട്ടറി): അതിന്റെ വിവരവും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഭൂമികൾ ലഭ്യമല്ലാതിരുന്നതിനാൽ കിണറുകൾ കുഴിക്കാൻ നിവൃത്തിയുണ്ടായിരുന്നില്ല.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): സ്ഥലം എടുക്കുന്നതിനുള്ള നടപടികൾ ൧൧൨൦ മുതൽതന്നെ ആരംഭിച്ചിട്ടുണ്ടോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): അവ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു.

മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അവ ൧൧൨൧-ൽ ആരംഭിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെണ്ട സിക്രട്ടറി): അവ എപ്പോൾ ആരംഭിച്ചുഎന്നുള്ള വിവരം എന്റെ പക്കൽ ഇല്ല.

തെക്കൻതിരുവിതാംകൂറിൽ ഒരു കാർഷികവിദ്യാലയം തുടങ്ങുക

൧൧൯. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): തെക്കൻതിരുവിതാംകോട്ടിൽ ഒരു കൃഷിവിദ്യാലയം തുടങ്ങുന്നതിന ഗവൺമെൻറ നിശ്ചയിച്ചിട്ടുണ്ടോഎന്നും ഉണ്ടെങ്കിൽ എപ്പോൾ ഏതു സ്ഥലത്തു വിദ്യാലയം ഏർപ്പെടുത്തുവാൻ പോകുന്നുഎന്നും ഗവൺമെൻറദയവുചെയ്തു പറയുമൊ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): തെക്കൻ തിരുവിതാംകൂറിൽ ഒരുകൃഷിവിദ്യാലയം ആരംഭിക്കണമെന്നു ഗവൺമെൻറ നിശ്ചയിച്ചിട്ടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ദക്ഷിണതിരുവിതാംകൂറിൽ ഒരു അഗ്രികൾച്ചറൽസ്കൂൾ തുടങ്ങണമെന്നു ഗവൺമെൻറുദ്ദേശിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി): മറുപടിയിൽതന്നെ അതു പറഞ്ഞിട്ടുണ്ടല്ലോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): മറുപടി തീർച്ചപ്പെടുത്തിയിട്ടില്ലെന്നാണ്. ഒരു സ്കൂളിന്റെ ആവശ്യകത തെക്കൻതിരുവിതാംകൂറിലുണ്ടെന്നു ഗവൺമെൻറിനറിയാമോ?

മി: കെ. ജാർജ് (ഗവൺമെണ്ട ചീഫ്സിക്രട്ടറി): അതു നല്ല നിശ്ചയമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ആ സംഗതിയെപ്പറ്റി ഡയറക്ടരോടു എഴുതി ചോദിക്കുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): ചോദിക്കാം.

കുളങ്ങൾ ജീർണോദ്ധാരണം ചെയ്യുന്നതിനുള്ള അടങ്കലുകളെപ്പറ്റി തീർച്ചചെയ്യാതിരിക്കുന്നതു.

൧൨൦. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കുളങ്ങൾ ജീർണോദ്ധാരണം ചെയ്യുന്നതിനെസംബന്ധിച്ചിടത്തോളം;

(i) എത്ര അടങ്കലുകൾ ഗവർണ്മെൻറിൽ തീർച്ചയാകാതെ കിടക്കുന്നുഎന്നും

(ii) ചീഫ്എൻജിനീയറുടെ പക്കൽ ബാക്കികിടക്കുന്ന അടങ്കലുകൾ എത്രഎന്നും

(iii) നാഗർകോവിൽ ഡിവിഷൻആഫീസരുടെ പക്കൽ ബാക്കികിടക്കുന്ന അടങ്കലുകൾ എത്ര എന്നും

(iv) തക്കലസബ്ഡിവിഷനാഫീസരുടെ പക്കൽ ബാക്കികിടക്കുന്ന അടങ്കലുകൾഎത്ര എന്നും അവഏതുതീയതിയിൽ കിട്ടിഎന്നും; ഗവൺമെൻറ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി):

		കിട്ടിയതീയതി
(i)	രണ്ടു അടങ്കലുകൾ പാർകോട്ടുപകുതിയിൽ	
	മേക്കരക്കുളം	൧൧൨൯-൭-൪
	മിയിൻ കാനക്കുളം	൧൧൨൯-൧൧-൨൧
(ii)	ഒന്നു അടങ്കലു തിരുവട്ടിയിൽ ചെവിയൻകുളം	൧൧൩൦-൧-൩
(iii)	ഒന്നു അടങ്കലു മിടാലംപകുതിയിൽ ഇരട്ടക്കുളം	൧൧൨൯-൧൦-൨൩
(iv)	നാലും അടങ്കലു മിടാലംപകുതിയിൽ മേഹ	
	കോട്ടുകുളം	൧൧൨൯-൧൦-൧൭
	പാർകോട്ടുപകുതിയിൽ	
	മേപ്പാറത്തുകുളം	൧൧൨൯-൧൦-൨൭

ആററർപകതിയിൽ കൈതക്കളം ൧൧൨൪ - ൧൦ - ൨൫
ഉപ്പുപകതിയിൽ
പരിക്കൊള്ളകാട്ടേകളം ൧൧൨൪ - ൧൦ - ൨൫

മുഞ്ചിറ എയിഡഡു ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ ഒരു അദ്ധ്യാപകൻെറ പരാതി.

൧൨൦ മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (എ) തൻെറ ഉദ്യോഗത്തിനുള്ള അപേക്ഷയെപററിയും പള്ളിക്കൂടം ഇൻസ്പെക്ടർ ഒരു സർട്ടിഫിക്കററു മുതലായവയെ നശിപ്പിച്ചതിനെപ്പററിയും വിളവങ്കോടുതാലൂക്കിൽ മുഞ്ചിറയിലെ എയിഡഡു ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ ഒരു അദ്ധ്യാപകൻെറ പക്കൽനിന്നും വിദ്യാഭ്യാസഡയറക്ടർക്കു വല്ല അപ്പീലും കിട്ടിയിട്ടുണ്ടോ എന്നും,

(ബി) കിട്ടീട്ടുണ്ടെങ്കിൽ, അതിന്മേൽ ഡയറക്ടർ എന്തുനടപടി നടത്തി എന്നും ഗവണ്മെൻറു സദയം പറയുമോ?

മി: കെ. ജാേജ് (ഗവണ്മെണ്ടു ചീഫ് സിക്രട്ടറി): (എ) ഉദ്യോഗംകിട്ടണമെന്ന ഒരപേക്ഷയല്ലാതെ ഡയറക്ടർക്കു യാതൊരു അപ്പീലും കിട്ടീട്ടില്ല.

(ബി) അപേക്ഷയെ ഡയറക്ടരുടെ ആഫീസിൽ ഫയൽചെയ്തിട്ടുണ്ട്. ഒഴിവുകൾവരുമ്പോൾ അതിനെപ്പററി ആലോചിക്കുന്നതാണ്.

ചുങ്കത്തും കൊത്തുവാൾ ചാവടിയിലും ഉള്ള പാലങ്ങൾ.

൧൨൧. മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെമ്പർ): (എ) ചുങ്കത്തുള്ള പാലം പണി എന്തുമാത്രം അഭിവൃദ്ധമായിട്ടുണ്ടു എന്നും

(ബി) നഗരത്തിൻെറമദ്ധ്യത്തിൽ ഉള്ള കൊത്തുവാൾചാവടിപാലത്തിൽ വല്ലപണിയും തുടങ്ങീട്ടുണ്ടോ എന്നും ഗവണ്മെൻറുസദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): (എ) പണി അടുത്തകാലത്തു മാത്രമെ തുടങ്ങിയുള്ളു.

(ബി) മരാമത്തിൻെറ ആലോചനയിൽ ആണ്

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറുനിയമിച്ച മെമ്പർ): ഏററവും പ്രാധാന്യമേറിയ ശംഖോട്ടു കൊത്തുവാൾ ഈ പാലങ്ങളുടെ രണ്ടുവശവും ഇപ്പോൾ വേലികെട്ടി അടച്ചിരിക്കയാണെന്നറിയാമൊ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സിക്രട്ടറി): മെമ്പർ പറയുന്നതിനെ നോട്ടു ചെയ്തിരിക്കുന്നു.

൧൧൨൪ ലെ ബഡ്ജററുയോഗത്തിനുശേഷം സിക്രട്ടറിയേററിലെ ഒഴിവുകളിൽ നിയമനം നടത്തിയതു്.

൧൨൨. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) നിയമസഭയുടെ കഴിഞ്ഞയോഗത്തിനുശേഷം സിക്രട്ടേറിയേററിൽ എത്രഒഴിവുകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും,

(ബി) ആ കാലത്തിനുള്ളിൽ സ്ഥിരപ്പെടുത്തിയ പകരക്കാർക്ക് എത്രമാത്രം സർവീസു ഉണ്ടെന്നും ഗവണ്മെൻറു ദയവുചെയ്തു പറയുമോ?

മി: കെ. ജാേജ് (ഗവണ്മെൻറു ചീഫ് സിക്രട്ടേറി): ൪ ഹയർഗ്രേഡു ൩-ാം ക്ലാസു ക്ലാർക്കുകളും ഒരു ലോവർഗ്രേഡു ക്ലാർക്കു ഇങ്ങനെ അഞ്ചുഒഴിവുകളിൽ സ്ഥിരമായി നിയമനംനടത്തീട്ടുണ്ട്.

(ബി) വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

			൧൧൨൪-൧-൧ വരെയുള്ള തുടർച്ച സർവീസിൻെറ ദൈർഘ്യം		
			വർഷം	മാസം	ദിവസം
൧	എം. സി. ആബ്രഹാം ബി. എ.	ഹയർഗ്രേഡു ൩-ാം ക്ലാസുക്ലാർക്ക്	൫	൯	൧൯
൨	ആർ. കേരളവർമ്മതിരുമുൽപാട്ട് ബി. എ.	ടി	൫	൫	൨൯
൩	ആർ. എൻ. കുഞ്ഞുകൃഷ്ണപിള്ള ബി. എ.	ടി	൫	൯	൧൪
൪	ജി. ശേഖരൻ ബി. എ. ബി. എൽ.	ടി	൫	൦	൨൫
൫	വി. താണുഅയ്യർ	ലോവർഗ്രേഡുക്ലാർക്ക്	൧	൮	൨൨

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സിക്രട്ടേറിയേററിൽ ഹയർഗ്രേഡും ലോവർഗ്രേഡും ക്ലാർക്കുദ്യോഗങ്ങൾ അല്ലാതെ, മററതെങ്കിലും ഒഴിവുകളിൽ സ്ഥിരമായി നിയമനം നടത്തീട്ടുണ്ടോ എന്നു ഗവണ്മെൻറു സദയംപറയുമൊ?

മി: കെ. ജാേജ് (ഗവണ്മെൻറു ചീഫ്സിക്രട്ടേറി): ഇവിടെ കൊടുത്തിരിക്കുന്ന വിവരങ്ങൾ നിയമനം നടത്തീട്ടുള്ള ഒഴിവുകളെ സംബന്ധിച്ചുള്ളവയാകുന്നു.

മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): സിക്രട്ടേറിയേററിൽ നിയമനംനടത്തപ്പെട്ട ഒഴിവുകളുടെ എണ്ണം എത്ര എന്നാണ് എനിക്കറിയേണ്ടതു?

മി: കെ. ജാേജ് (ഗവണ്മെൻറു ചീഫ്സിക്രട്ടേറി): അതു പറഞ്ഞിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആളുകളെപ്പെട്ടതായി വേറെഏതെങ്കിലും ഒഴിവുകൾ ഉണ്ടായിരുന്നുവോ എന്ന് അറിഞ്ഞാൽകൊള്ളാം?

മി: കെ. ജാേജ് (ഗവണ്മെൻറു ചീഫ്സിക്രട്ടേറി): വേറെഏതെങ്കിലും ഒഴിവുകൾ ഉണ്ടായിരുന്നാൽ അതിനെപ്പററിയുള്ള വിവരങ്ങളും പറയുമായിരുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വേറെ ഏതെങ്കിലും ഒഴിവുകൾ ഉണ്ടായിട്ടുണ്ടോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെന്റു ചീഫ് സിക്രട്ടറി): ഉണ്ടായിരുന്നിരിക്കാം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) ചോദ്യത്തിന്റെ (ബി) ഭാഗത്തെ സംബന്ധിച്ചിടത്തോളം, ഇവിടെ കാണിച്ചിരിക്കുന്ന സർവീസ് ആദ്യം നിയമിച്ചതീയതിമുതൽ കണക്കാക്കിയതാണോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): അതിനെപ്പറ്റി അവിടെ പറഞ്ഞിട്ടുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ കണക്കിൽ ഉൾപ്പെടുത്താത്ത ഏതെങ്കിലും സർവീസുണ്ടോ?

മി: കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): തുടർച്ചയായിട്ടല്ലാത്ത സർവീസുണ്ട്. ചില കേസുകളിൽ ഇടവിട്ടുള്ള സർവീസ് ഉണ്ട്. അത് സർവീസായി ഗണിച്ചിട്ടില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ ക്ലാർക്കന്മാരെ ആദ്യമായി നിയമിച്ച തീയതിമുതൽ അവർക്കുള്ള സർവീസ് എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: ക്ലാർക്കന്മാർക്ക തുടർച്ചയായ സർവീസ് ഇല്ല എന്ന വരികിൽ ആദ്യനിയമന തീയതി മുതലുള്ള കാലത്തെ സർവീസായി ഗണിക്കാവുന്നതല്ല. മി. ജോസഫ്, നിങ്ങളുടെ ചോദ്യം മനസ്സിലാക്കുന്നതിനു പ്രയാസമായിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തുടർച്ചയായുള്ള സർവീസിനെ മാത്രമേ ഗണിക്കുകയുള്ളു എന്നു ഞാൻ ധരിച്ചുകൊള്ളട്ടെയോ?

മി: കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): ചട്ടം അങ്ങനെയാണ്.

കൊട്ടാരക്കരയിൽ പുത്തൂരിൽ ഒരു അഞ്ചൽ ആഫീസു ഏർപ്പെടുത്തുക.

[illegible]. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) കൊട്ടാരക്കരതാലൂക്കിൽ പുത്തൂരിൽ ഒരു നാൺ ഡിപ്പാർട്ടുമെന്റൽ അഞ്ചൽആഫീസു ഏർപ്പെടുത്തണമെന്നപേക്ഷിച്ചു സ്ഥലനിവാസികളിൽ നിന്നുംവല്ല ഹർജിയും കിട്ടീട്ടുണ്ടോ എന്നും;

(ബി) ആ സ്ഥലത്തു പുതുതായി ഒരു ആഫീസു ഏർപ്പെടുത്താമെന്നും; ഗവണ്മെന്റു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രട്ടറി): (എ) അതെ.

(ബി) ഉറപ്പു തുക നിക്ഷേപിച്ചു കഴിഞ്ഞ ഉടൻ ആ സ്ഥലത്ത് ഒരു ആഫീസു ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതായിരിക്കും.

മേലിലാപകുതിയിന്മേലുള്ള രജിസ്ട്രേഷൻ അധികാരം.

[illegible]. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): (എ) മേലിലാ പകുതിയെ പുനലൂർ സബ്‌രജിസ്ട്രാരുടെ അതിർത്തിയിൽനിന്നും കൊട്ടാരക്കര സബ്‌രജിസ്ട്രാരുടെ അതിർത്തിയിൽ ആക്കണമെന്നു കാണിക്കുന്ന കൊട്ടാരക്കര താലൂക്ക മേലിലാപകുതിയിലെ ജനങ്ങളിൽനിന്നും വല്ല ഹർജിയും വന്നിട്ടുണ്ടോ എന്നു;

(ബി) അതിന്മേൽ എന്തു നടപടി നടത്തി എന്നും; ഗവണ്മെന്റു ദയവുചെയ്തു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ഒരുഹർജി അനുകൂലപത്രത്തിൽ ആണു.

(ബി) ഹർജി രജിസ്ട്രേഷൻ ഡയറക്ടർക്ക അയച്ചു; സ്ഥലത്തെ ജനങ്ങളിൽ അധികംപേർക്കും പത്തനാപുരം കച്ചേരി സൌകര്യമാകയാൽ ആ പകുതിയെ കൊട്ടാരക്കരയ്ക്കു മാററാൻ നിവൃത്തിയില്ല എന്നു ഹർജിക്കാർക്ക നേരിട്ടു മറുപടികൊടുത്തിട്ടുള്ളതായി അദ്ദേഹം ബോധിപ്പിച്ചിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മേലിലാ പകുതിയിൽനിന്നും കൊട്ടാരക്കരയും പുനലൂരും സബ്‌രജിസ്റ്റർകച്ചേരികൾക്കുള്ള ദൂരം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആ വിവരം ഇവിടെ എന്റെ പക്കൽ ഇല്ല. ജനങ്ങളിൽ അധികംപേർക്കും മററുള്ള കച്ചേരികളെക്കാൾ പത്തനാപുരം കച്ചേരി സൌകര്യമായിരിക്കുമെന്നു രജിസ്ട്രേഷൻ ഡയറക്ടർ റിപ്പോർട്ടുചെയ്യുന്നു. ദൂരത്തെ സംബന്ധിച്ചിടത്തോളം വിവരം എന്റെ പക്കൽ ഇല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു വാസ്തവസംഗതികളെ അടിസ്ഥാനപ്പെടുത്തിയല്ല എന്നു ഞാൻ പറയുന്നതിനെ ഗവണ്മെന്റു സ്വീകരിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): എനിക്കറിഞ്ഞുകൂടാ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): മേലിലാപകുതിയിൽനിന്നും കൊട്ടാരക്കരയ്ക്ക ഏററവും കുറഞ്ഞദൂരം ഒരു മൈലും ഏററവുംകൂടിയതു ആറുമൈലും പത്തനാപുരത്തുനിന്നും ഏററവും കൂടിയദൂരം പ ൧൨ മൈലും ഏററവും കുറഞ്ഞതു നാലു മൈലും ആണെന്നു ഞാൻ പറയുന്നതു ഗവണ്മെന്റു സ്വീകരിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഈ വിവരം നോട്ടുചെയ്തിരിക്കുന്നു.

പറവൂർതാലൂക്കിലെ പൊതുമരാമത്തു പണികൾ.

[illegible]. മി: എ. ജി. മേനവൻ (പറവൂർ): ഈ ആണ്ടത്തെ (൧൧൦൯) ബഡ്ജററിൽ പണം അനുവദിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും റോഡുകളുടെയും പാലങ്ങളുടെയും പണികൾ എത്രമാത്രം അഭിവൃദ്ധമായിട്ടുണ്ടു എന്നു ഗവണ്മെന്റു സദയം പറയുമോ?

(എ) പറവൂർ ആൺകുട്ടികൾക്കുള്ള മലയാളം മിഡിൽസ്കൂളിനു ഒരു പുത്തൻകെട്ടിടം പണിയിക്കുക;

(ബി) പറവൂർ കോടതിയിലേക്കുള്ള തോട്ടുവാന്നാക്കുക;

(സി) ചെങ്ങമനാട്ടെ പെൺകുട്ടികൾക്കുള്ള പ്രൈമറിസ്കൂൾ പഴയകെട്ടിടത്തെ പുതുക്കിപ്പണിയിക്കുക.

(ഡി) പറവൂർ ഉള്ള പഴയ സിവിൽ ജെയിൽകെട്ടിടത്തെ ഒരു ക്ലാസ്സ്മുറിയായി മാററുക.

(ഇ) തുരുത്തിപ്പുറം മുതൽ അയിരൂർവരെയുള്ള പുത്തൻവേലിക്കര വില്ലേജ് റോഡിനെ വണ്ടിപോകത്തക്ക റോഡാക്കുക.

(എഫ്) മാഞ്ഞാലിറോഡിൽനിന്നും കടിക്കൽകടവുറോഡുവരെ ഒരു റോഡുവെട്ടുക.

(ജി) മൂത്തകുന്നംക്ഷേത്രത്തിനു സമീപം കരിയാപ്പള്ളി തോട്ടിൽനിന്നും ഉള്ള ശാഖാതോട്ടിൽ ഒരു ചെറിയ പാലം കെട്ടുക.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറുസെക്രട്ടറി): (എ) കഴിഞ്ഞവൎഷം ആരംഭിക്കപ്പെട്ട കെട്ടിടംപണി വിദ്യാഭ്യാസഡയറക്ടർ പള്ളിക്കൂടത്തിൻെറ സ്ഥാനം മാററുന്ന കാൎയ്യത്തെ പററി ആലോചിച്ചു വരുന്നതിനാൽ അദ്ദേഹത്തിൻെറ അപേക്ഷയനുസരിച്ചു നിറുത്തിവച്ചിട്ടുണ്ടായിരുന്നു.

(ബി) അടങ്കലിനെ പററി പര്യാലോചിച്ചുവരുന്നു.

(സി) പണി ആരംഭിച്ചു അഭിവൃദ്ധമായിവരുന്നു.

(ഡി), (ഇ), (എഫ്) ഈ പണികൾക്ക് അടങ്കലുകൾ തയ്യാറായിവരുന്നു എന്നു ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ജി) ഈ കാൎയ്യം ആലോചനയിൽ ഇരിക്കുന്നു.

ഫ്രീപാസ്സുചട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനുള്ള കമ്മിററി.

൧൨൬. മി: എ. ജി. മേനവൻ (പറവൂർ): (എ) ഫോറസ്റ്റ്ഡിപ്പാർട്ടുമെൻറിലെ ഫ്രീപാസ്സ ചട്ടങ്ങളെ ഭേദപ്പെടുത്തുന്നതിനു ഗവൎമ്മെൻറു വാഗ്ദാനം ചെയ്തിരുന്ന ഒരു കമ്മിററിയെ നിയമിക്കുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്തെന്നു;

(ബി) കമ്മിററിയെ അധികം താമസിക്കാതെ നിയമിക്കുമോ എന്നും ഗവൎമ്മെൻറു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറു സെക്രട്ടറി): (എ) കമ്മിററിയെ നിയമിക്കുന്നതിനു നിവാൎയ്യമായ താമസം ഒന്നും ഉണ്ടായിട്ടില്ല.

(ബി) ഉവ്വ.

അഴകപ്പാപുരം ഗ്രാമത്തിലെ ശുചീകരണസ്ഥിതി.

൧൨൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) അഗസ്തീശ്വരം താലൂക്കിൽ അഴകപ്പാപുരം ഗ്രാമത്തിലെ ജനങ്ങളിൽ നിന്നും ഗവണ്മെൻറു മൊത്തം എന്തു കരം പിരിച്ചുവരുന്നു എന്നും;

(ബി) മേൽപറഞ്ഞ ഗ്രാമത്തിൻെറ ശുചീകരണത്തെ നന്നാക്കുന്നതിനും തൊട്ടുകിടക്കുന്ന നെൽകൃഷിസ്ഥലങ്ങളിൽ നിന്നും വെള്ളം ഊറിഇറങ്ങുന്നതിനെ തടയുന്നതിനും ഗവണ്മെൻറു ഏതെങ്കിലും നടപടി നടത്തീട്ടുണ്ടോ എന്നും ഗവണ്മെൻറു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) ദ്ദേശീകൃത ഏകദേശം ൪,൦൦൦ രൂപ.

(ബി) നാഗരുകോവിൽ സാനിട്ടറിസർക്കിൾആഫീസർ ഒന്നിച്ചു സ്ഥലം പരിശോധിക്കുകയും നന്നാക്കുന്നതിനുവേണ്ട ഏർപ്പാടുകൾ നിർദ്ദേശിക്കയും ചെയ്യുന്നതിന്നായി നാഗരുകോവിൽ സബ്ഡിവിഷൻ ആഫീസരെ നിയോഗിക്കുന്നതിനു സാനിട്ടറികമ്മീഷണർ ചീഫ് എഞ്ചിനീയരോടു അപേക്ഷിച്ചിട്ടുണ്ട്.

യോജിച്ചുള്ള പരിശോധനയിന്മേൽ ഉള്ള റിപ്പോർട്ടിനെ പ്രതീക്ഷിച്ചിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ചീഫ് എഞ്ചിനീയരോടു അപേക്ഷിച്ചതു എപ്പോളാണെന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: മറുപടിയുടെ ഏതുഭാഗത്തെ സൂചിപ്പിച്ചാണ് നിങ്ങൾ ചോദിക്കുന്നതു്?

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (ബി)ഭാഗം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ചീഫ എൻജിനീയർക്കു അപേക്ഷ അയച്ചതിൻെറ കൃത്യമായ തീയതി ഇപ്പോൾ എൻെറ പക്കൽ ഇല്ല.

ചീഫ് എഞ്ചിനീയർക്കു അപേക്ഷ അയച്ചിട്ടുണ്ട് എന്നു സാനിട്ടറി കമ്മീഷണർ ബോധിപ്പിച്ചിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ വിഷയത്തിൽ ഏതെങ്കിലും നടപടിനടത്തിയോ എന്ന് അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അവർ രണ്ടുപേരും ചേർന്നു സ്ഥലം നിശ്ചയമായും പരിശോധിക്കണം—സ്ഥലം പരിശോധിക്കാനുള്ള ഉത്തരവോടുകൂടി ചീഫ് എഞ്ചിനീയർ ഒരു സബ്ഡിവിഷൻ ആഫീസരെ നിയോഗിക്കാനുണ്ടായിരിക്കാം.

൧൯൫൪ ഏപ്രിൽ ൨൭-ലെ സർക്കുലർ

൧൨൮. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): ൧൯൫൪ ഏപ്രിൽ ൨൭-നു തിരുവനന്തപുരത്തുനിന്നും ആർ. ഡിസ. ൪൭൮/൫൪ ജി.എ. നംബരായി ഉണ്ടായിട്ടുള്ള ഗവണ്മെൻറു സൎക്കുലറിൻെറയോ ഉത്തരവിൻെറയോ പ്രതി ഗവണ്മെൻറു ദയവുചെയ്തു മേശപ്പുറത്തു വക്കുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): നിയമസഭാ പ്രൊസീഡിംഗ്സു VIII-ാം വാല്യം ൧൦൦൦ മുതൽ ൧൦൧൮ വരെ വശങ്ങളിൽ ജി. ഒ. പരസ്യപ്പെടുത്തിയിട്ടുള്ളതിനെ മെംബർ നോക്കിക്കൊള്ളുക. പുസ്തകത്തിൻെറ പ്രതികൾ നിയമസഭാലൈബ്രറിയിൽനിന്നു വാങ്ങിനോക്കാവുന്നതാണ്.

ലാൻഡ്റെവന്യൂ ഡിപ്പാർട്ടുമെണ്ടിൽ ചിലസമുദായങ്ങളിൽപെട്ടവരെ നിയമിക്കുക.

൧൨൯. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക): (എ) ഡിപ്പാർട്ടുമെണ്ടിൽ വളരെ കുറവായി മാത്രം പ്രാതിനിധ്യം ഉള്ള സമുദായങ്ങളിൽനിന്നു വളരെ അപേക്ഷകൾ ഉണ്ടായിരുന്നിട്ടും

വേണ്ടിടത്തോളം ആളുകളെ നിയമിക്കാത്തതു എന്തുകൊണ്ടെന്നു പറയുന്നതിനു ലാൻഡ്യുറവന്യൂ കമ്മീഷണരോടു ആവശ്യപ്പെട്ടിരിക്കുന്നുഎന്നും ഉദ്യോഗക്കാനവിഷയത്തിൽ മേൽപറഞ്ഞ കണക്കുകളാൽ വെളിപ്പെട്ടതുപ്പെടുന്നതു പ്രത്യക്ഷമായ അസമത്വത്തിനു യാതൊരു സമാധാനവും നൽകപ്പെട്ടിട്ടില്ല. താമസിയാതെ സംബന്ധപ്പെട്ട ഭി വാൻ പേഷ്കാർമാരുടെ സമാധാനം വാങ്ങിച്ചുതന്റെ അഭിപ്രായത്തോടുകൂടി അയക്കുന്നതിനു ലാൻഡ്യുറവന്യൂ കമ്മീഷണരോടു ആവശ്യപ്പെട്ടിരിക്കുന്നു എന്നും മഹമ്മതീയരിൽനിന്നും ൧-൦ മററു സമുദായങ്ങളിൽനിന്നു ൫-൦ അപേക്ഷകർ ഉണ്ടായിരുന്നിട്ടും ഇവരിൽ ആരേയും നിയമിച്ചിട്ടില്ല. ഇങ്ങനെ ചെയ്യാതിരുന്നതിനു സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സമാധാനംവാങ്ങി ലാൻഡ്യുറവന്യൂകമ്മീഷണരുടെ അഭിപ്രായസഹിതം താമസിക്കാതെ ഗവണ്മെന്റിനു അയച്ചുതരേണ്ടതാണെന്നും (സഭാനടപടികൾ VIII-ാംവാല്യം ൨൦൦൯ മുതൽ ൨൦൨൦ വരെ പേജുകൾ) ൧൧൧൫ മിഥുനം ൧൦-ാം തീയതി ആർ. ഡിസ്. ൧൩൬൭/൧൫ ജി. ഒ നമ്പരായി ഉണ്ടായിട്ടുള്ള ഗവണ്മെന്റുത്തരവിലെ [illegible] പേരായിൽ ഉദ്ധരിച്ചിട്ടുള്ള വിഷയങ്ങളെ സംബന്ധിച്ചിടത്തോളം ലാൻഡ്യുറവന്യൂകമ്മീഷണരിൽ നിന്നു ആവശ്യപ്പെട്ടസമാധാനങ്ങൾ കിട്ടിയോ എന്നു ഗവണ്മെന്റു സദയംപറയുമോ?

(ഡ) (എ) ഭാഗത്തിലുള്ള ഉത്തരവിൽ അടങ്ങിയിട്ടുള്ള [illegible] ലാൻഡ്യുറവന്യൂ കമ്മീഷണർ സമർപ്പിച്ച സമാധാനങ്ങളുടെ പ്രതികൾ ദയവുചെയ്തു മേശപ്പുറത്തുവയ്ക്കുമോ?

(ന) (എ) ഭാഗത്തിലുള്ള ഉത്തരവിൽ നിഷേധത്തിൽ ആരെങ്കിലും മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ മേൽ അവർ എന്തുനടപടി നടത്തിഎന്നുദയവുചെയ്തുപറയുമോ ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) ഉവ്വ.

(ഡ) സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടിയ സമാധാനങ്ങൾ മേശപ്പുറത്തു വയ്ക്കുന്നതു ആവശ്യമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

(ന) (എ) ഭാഗത്തിലുള്ള മറുപടിയെ അടിസ്ഥാനപ്പെടുത്തി ഈ ചോദ്യം ഉദിക്കുന്നില്ല.

മി: പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക്): ലാൻഡ്യുറവന്യൂ കമ്മീഷണർ സമാധാനം ഗവണ്മെന്റിലേക്കു സമർപ്പിച്ചു എന്നു പറയുന്നു. അതു എന്തുതീയതിയാണു ഗവണ്മെന്റിലേക്കു കിട്ടിയതെന്നു പറയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സിക്രട്ടറി): തീയതിപറയുവാൻ നിവൃത്തിയില്ല.

മി: പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക്): എന്തു കൊണ്ടാണെന്നു പറയാമോ ?

മി: കെ ജാർജ്ജ് (ഗവണ്മെന്റു ചീഫ്സിക്രട്ടറി): നിശ്ചയമില്ല.

മി: പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക്): ആ സമാധാനം ഗവണ്മെന്റിനു തൃപ്തികരമായിതോന്നുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): തൃപ്തികരമായിരുന്നു. പക്ഷെ പൂർണ്ണതൃപ്തികരമായിട്ടു ഗവണ്മെന്റു വിചാരിച്ചിട്ടുണ്ടോ എന്നു നിശ്ചയമില്ല.

മി: പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക്): പൂർണ്ണതൃപ്തികരമായിരുന്നില്ലെങ്കിൽ ഗവണ്മെന്റു അതിനെപ്പററി വീണ്ടും സമാധാനം ചോദിക്കുകയില്ലയോ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): സമാധാനം ചോദിക്കേണ്ട ആവശ്യം ഇല്ല.

മി: പി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക്): സമാധാനം പൂർണ്ണതൃപ്തികരമല്ല. മേലാൽ ഇങ്ങനെ വരരുതു എന്നു ലാൻഡ്യുറവന്യൂ കമ്മീഷണരെ അറിയിച്ചിട്ടുണ്ടോ ?

മി: കെ. ജാർജ്ജ് (ഗവണ്മെന്റു ചീഫ്സിക്രട്ടറി): ആ ചോദ്യത്തിനു എനിക്കു മുന്നറിവുവേണമെന്നു ഞാൻ അവകാശപ്പെട്ടുകൊള്ളുന്നു.

ഇടമലക്കുടി പോലീസ് ഇൻസ്പെക്ടർ.

൧൩൦. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ഇടമലക്കുടിപോലീസു ഇൻസ്പെക്ടരുടെ ശമ്പളം എന്താണെന്നും.

(ബി) അദ്ദേഹം ഒരു മോട്ടോർകാർവച്ചു പരിപാലിക്കുന്നുണ്ടോ എന്നും.

(സി) അദ്ദേഹം അദ്ദേഹത്തിന്റെ അധികാരാതിർത്തിക്കുള്ളിൽതന്നെ താമസിക്കുന്നുണ്ടോ എന്നും ഗവണ്മെണ്ടു ദയവുചെയ്തു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) ൨൨൦ രൂ മുതൽ ൨൫൦ വരെ തിരുത്തപ്പെട്ടിട്ടുള്ള കാർട്ടലിസിവിൽ ലിസ്റ്റ് ൻ [illegible]ാംവശംമെമ്പർ നോക്കിക്കൊള്ളുക.

(ബി) ഇൻസ്പെക്ടർ അദ്ദേഹത്തിന്റെ സഹോദരന്റെ ററി. വി. ആർ. ൭-ാം നമ്പർ കാർ ഉപയോഗിക്കുന്നു.

(സി) തന്റെ ഗൃഹത്തിൽ നിന്നും ഒരു മൈലിനു അകലെയുള്ള ഇടമലക്കുടിയിൽ വാസയോഗ്യമായ ഗൃഹങ്ങൾ ഇല്ലാത്തതിനാൽ ഇൻസ്പെക്ടർ കോട്ടാറ്സ്റ്റേഷന്റെ അധികാരാതിർത്തിക്കുള്ളിൽ താമസിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മറുപടിയിലെ (എ) ഭാഗത്തിനെ സംബന്ധിച്ചിടത്തോളം ഇടമലക്കുടി പോലീസു ഇൻസ്പെക്ടർക്കു എന്തുഅലവൻസു കൊടുക്കുന്നുഎന്നു അറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സിക്രട്ടറി): എല്ലാ ഇൻസ്പെക്ടർമാർക്കും സ്ഥിരം സഞ്ചാരപ്പടിയുണ്ടു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വാഹനം എന്നതിൽ മോട്ടാർകാറും ഉൾപ്പെടുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി) അതെ, അതിൽ മോട്ടോർകാറും ഉൾപ്പെടാം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): വേറെ ഏതെങ്കിലും ഇൻസ്പെക്ടരെ ഒരു മോട്ടോർകാർ വച്ചു പരിപാലിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ അനുവദിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): അതിനെപ്പററി ഒരു വിവരവും എൻെറ പക്കൽ ഇല്ല. ആ ചോദ്യത്തിനു എനിക്കു മുന്നറിയിപ്പു നൽകേണ്ടതാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മറുപടിയുടെ (ബി) ഭാഗത്തെ സംബന്ധിച്ചിടത്തോളം മി. വി. ആർ. ൧൦൦-നു കൊടുത്തിട്ടുള്ള ലൈസെൻസ് ഏതു തരത്തിൽ ഉള്ളതാണെന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡെണ്ടു: മിസ്റ്റർ ജോസഫ്, അതു എങ്ങനെ ഒരു ഉപചോദ്യം ആകും. ഒരാൾ ഒരു മോട്ടോർകാർ ഉപയോഗിക്കുന്നു എന്നു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. കാറിനു കൊടുത്തിട്ടുള്ള ലൈസൻസ് ഏതു തരത്തിൽ ഉള്ളതാണെന്നുള്ള ചോദ്യം എങ്ങനെ ജനിച്ചു? അതു ജനിക്കുന്നില്ല എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): മററു ഏതെങ്കിലും ഇൻസ്പെക്ടർ വേറെ ഒരു ഇൻസ്പെക്ടരുടെ അധികാരാതിർത്തിയിൽ വസിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): ആ ചോദ്യത്തിനു എനിക്കു മുന്നറിയിപ്പു ഉണ്ടായിരിക്കണമെന്നു പറഞ്ഞുകൊള്ളുന്നു.

വിജയപുരം പകുതിയിൽ ഒരു തോട്ടിനെപ്പററിയുള്ള ഒരു ഹർജിയിന്മേൽ നടത്തിയ നടപടി.

൯൩൪. മി: ആർ. രാമൻപിള്ള (കോട്ടയം): ൧൧൨൨ ഡിസംബർ ൭-നു കൂടിയ സഭായോഗത്തിൽ വിജയപുരം പകുതിയിൽ ഒരു തോടുവെട്ടുന്നതിനെ പററി ചോദിച്ച ൧൫൦-ാംനമ്പർ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, (സഭാ പ്രൊസീഡിംഗ്സ് വാല്യം XIV നമ്പർ ൨-ാംലക്കം) അതിൽ പറഞ്ഞിരിക്കുന്ന ഹർജിയിന്മേൽ ഗവൺമെൻറു എന്തു നടപടി നടത്തി എന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): (എ) വടവാതൂർ പുഞ്ചപ്പാടത്തിൽ നിന്നും വെള്ളം വാർന്നു പോകുന്നതിനുള്ള തോടു നന്നാക്കുന്നതിനും (ബി) മീനച്ചിലാറിൽ നിന്നും അരുമാനൂരും ഏറ്റുമാനൂരും വഴി വടവാതൂർ പാടം വരെയുള്ള കൊടൂരാർ തുമ്പു വീതി കൂട്ടുന്നതിനും നന്നാക്കുന്നതിനും ഇങ്ങനെ രണ്ടു എസ്റ്റിമേററുകൾ കോട്ടയം സബ്ഡിവിഷൻ ആഫീസർ തയ്യാറാക്കീട്ടുണ്ടു എന്നു റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ എസ്റ്റിമേററു തയ്യാറാക്കിയ തീയതി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): തീയതി നിശ്ചയമില്ല. എസ്റ്റിമേററു തയ്യാറാക്കി അതു ഇപ്പോൾ ഡിവിഷനാഫീസരുടെ പരിശോധനയിൽ ഇരിക്കുകയാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഉദ്ദേശം എത്ര മാസമായിരിക്കും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): ചീഫ് എഞ്ജിനീയരുടെ മറുപടി ജനുവരി ൧൫-നു-യാണ് കിട്ടിയതു.

മി: ആർ. രാമൻപിള്ള (കോട്ടയം): കൃഷിക്കാവശ്യമുള്ള ഈ വേലകൾ കഴിയുന്നതും വേഗത്തിൽ നടത്തേണ്ട ആവശ്യമുണ്ടെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): ആവശ്യമായിരിക്കാം.

മി: ആർ. രാമൻപിള്ള (കോട്ടയം): എസ്റ്റിമേററു തയ്യാറാക്കിയ തീയതി എന്നാണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): തീയതി നിശ്ചയമില്ല. എസ്റ്റിമേററു തയ്യാറാക്കി ഡിവിഷനാഫീസരുടെ അടുക്കൽ പോയി അവിടെ പരിശോധനയിൽ ഇരിക്കുകയാണ്.

മി. ആർ. രാമൻപിള്ള (കോട്ടയം): എത്രമാസമായിരിക്കും.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): ചീഫ് എഞ്ജിനീയരുടെ അടുക്കൽ കിട്ടിയതു ജനുവരി ൧൫-നു-യാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): കൃഷി ആവശ്യത്തിനു ഈ വേലകൾ കഴിയുന്നതും വേഗത്തിൽ തീർക്കേണ്ടതാണെന്നു ഗവൺമെൻറു വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സിക്രട്ടറി): ആവശ്യമായിരിക്കാം.

പാമ്പാടി ചന്ത.

൯൩൫. മി: ആർ. രാമൻപിള്ള (കോട്ടയം). (എ) പാമ്പാടി ചന്തയിൽ നിന്നും ടോൾ ഇനത്തിൽ ഇതേവരെ (൧൧൨൨ വരെ) എന്തു തുക പിരിച്ചിട്ടുണ്ടെന്നും,

(ബി) ചന്ത നിലത്തെ നിരപ്പാക്കുന്നതിനും ചന്തയെ നന്നാക്കുന്നതിനും എന്തു തുക ചിലവാക്കീട്ടുണ്ടെന്നും,

(സി) ചന്തയുടെ ഇപ്പോഴത്തെ (൧൧൨൨ ലെ) സ്ഥിതി വളരെ, ശോചനീയം ആണെന്നു തങ്ങൾക്കു അറിയാമോ എന്നും ഗവൺമെൻറു സദയം പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെണ്ട് സെക്രട്ടറി): (എ) രൂപ ൧൧൭൧-൧൧-൧൫.

(ബി) ചന്തയെ നന്നാക്കുന്നതിനു രൂ ൩൫-൮-൪ കാഷ്വൽ ലാൻസു വെച്ചു ഡിപ്പാർട്ടുമെൻറു ചിലവാക്കിട്ടുണ്ട്—പി. ഡബ്ലിയു. ഡി. യിൽ നിന്നു ഒരു കിണറും കുഴിപ്പിച്ചിട്ടുണ്ട്.

(സി) ചന്തക്കു വേറെയും ചില പരിഷ്കാരങ്ങൾ ചെയ്യേണ്ട ആവശ്യമുണ്ടു അതിലേക്കു അടങ്കലുകൾ തയ്യാറാക്കിവരുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ എസ്റ്റിമേററു ഇപ്പോൾ എവിടെ ആരുടെ അടുത്തു കിടക്കുന്നു എന്നു പറയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): എസ്റ്റിമേററ തയ്യാറാക്കി ഡിൻവെസ്റ്റ്മെൻറ കമ്മീഷണർക്കയച്ചിട്ടുണ്ടെന്നു പേഷ്കാർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ എസ്റ്റിമേററ് ലാൻഡ്റെവന്യൂകമ്മീഷണരുടെ അടുക്കൽകിടക്കയാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): അതെ. അവിടെ ഫണ്ട്സ് ഇല്ലാത്തതുകൊണ്ടു കിടക്കുകയാണ്. പി. ഡബ്ലിയു. ഡിയിൽ എഴുതി ചോദിച്ചപ്പോൾ അവിടെ ഫണ്ട് ഇല്ലെന്നു പറഞ്ഞു.

മി: ആർ. രാമൻപിള്ള (കോട്ടയം): ൫൭൦൦ രൂപാ അവിടെ നിന്നും തന്നെ പിരിഞ്ഞു കിട്ടിയിട്ടില്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): ആ പണം ഉപയോഗിക്കാൻ പാടില്ലല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം): അടുത്ത ബഡ്ജററിൽ ഉൾപ്പെടുത്താനെങ്കിലും ഏർപ്പാടു ചെയ്യുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): അതു ആലോചിക്കേണ്ടിയിരിക്കുന്നു.

എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽ ചില സമുദായങ്ങളിൽ പെട്ടവരെ നിയമിക്കുക.

൫൩൩. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): "ഈഴവരിലും മുഹമ്മദിയരിലും മററു സമുദായങ്ങളിലും നിന്നു വളരെ ആളുകളെ എടുക്കാതിരിക്കാൻ കാരണം എന്തെന്നു എക്സൈസു കമ്മീഷണർസമാധാനം പറയണം. ഈ സമുദായങ്ങളിൽനിന്നും ഉള്ള അപേക്ഷകൾ യഥാക്രമം ൬൦, ൨൨, ൪൭൦ ആയിരുന്നു" എന്നു ൧൯൫൭ ഏപ്രിൽ ൨൭-നു-യിലെ ആർ. ഡിസ്. ൪൪൦൧/൨൭ ജി. എ. നമ്പർ ജി. ഒ. ൯-ാം പാരായിൽ (നിയമസഭാ പ്രൊസീഡിംഗ്സ് വാല്യം VIII-ൽ ൫൦൫-ാം പുറം) പറഞ്ഞിരിക്കുന്നു. ഇതിനെ സംബന്ധിച്ചിടത്തോളം എക്സൈസു കമ്മീഷണരുടെ പക്കൽനിന്നും വേണ്ട സമാധാനം കിട്ടീട്ടുണ്ടോ എന്നു ഗവണ്മെൻറ ദയവുചെയ്തു പറയുമോ?

(൧) (എ) ഭാഗത്തിനുള്ള മറുപടി അനുകൂല രൂപത്തിൽ ആണെങ്കിൽ മേൽ പറഞ്ഞ ഉദ്യോഗസ്ഥൻ സമർപ്പിച്ച സമാധാനത്തിന്റെ ഒരു പ്രതി മേശപ്പുറത്തു വയ്ക്കുമോ?

(൨) (എ) ഭാഗത്തിനുള്ള മറുപടി നിഷേധം ആണെങ്കിൽ ആ ഉദ്യോഗസ്ഥന്റെ മേൽ എന്തു നടപടി നടത്തി എന്നു സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(൧) സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പക്കൽ നിന്നും കിട്ടിയ സമാധാനം മേശപ്പുറത്തു വയ്ക്കുന്നതു യുക്തമാണെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ല.

(൨) (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഈ ചോദ്യം ജനിക്കുന്നില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): എക്സൈസു കമ്മീഷണർ അയച്ചതായിപ്പറയുന്ന സമാധാനം ഏതു തീയതിയിൽ ഗവണ്മെൻറിനു കിട്ടി എന്നു പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സിക്രട്ടറി): എനിക്കു മുന്നറിയിപ്പു വേണം.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): നിയമനത്തെ സംബന്ധിച്ചു തന്നിട്ടുള്ള സമാധാനം തൃപ്തികരമാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനും നോട്ടീസ് ആവശ്യമുണ്ട്.

ചില സമുദായങ്ങളിൽ പെട്ടവരെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കുക.

൫൩൪. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): "ഡിപ്പാർട്ടുമെണ്ടിൽ പ്രാതിനിധ്യം ഇല്ലാത്തതോ പ്രാതിനിധ്യം കുറഞ്ഞിട്ടുള്ളതോ ആയ സമുദായങ്ങളെപ്പററി വേണ്ട വിധത്തിൽ പരിഗണിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ പറയുകയും സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ സമാധാനം വാങ്ങുകയും അവയെ ഗവണ്മെൻറിലേക്കു അയക്കയും ചെയ്യുന്നതിനു വിദ്യാഭ്യാസ ഡയറക്ടരോടു ആജ്ഞാപിച്ചു കൊള്ളുന്നു" എന്നു ൧൯൫൭ ഏപ്രിൽ ൨൭-നു-യിലെ ആർ. ഡിസ്. ൪൪൦൧/൨൭ ജി. എ. നമ്പർ ജി. ഒ. വിലെ ൨-ാം പാരായിൽ പറഞ്ഞിരിക്കുന്നു. അതിനെ (സഭാ പ്രൊസീഡിംഗ്സ് വാല്യം VIII, പുറം ൫൦൫) അതിനെ സംബന്ധിച്ചു മേൽ പറഞ്ഞ ഡിപ്പാർട്ടുമെണ്ടിലെ അദ്ധ്യക്ഷനിൽ നിന്നും വേണ്ട സമാധാനം ലഭിച്ചിട്ടുണ്ടോ എന്നു സദയം പറയുമോ?

(൧) (എ) ഭാഗത്തിനുള്ളമറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ മേൽപറയുന്നഉദ്യോഗസ്ഥൻ അയച്ചസമാധാനത്തിന്റെ ഒരു പ്രതി മേശപ്പുറത്തുവയ്ക്കുമോ?

(൨) (എ) ഭാഗത്തിനുള്ള മറുപടി നിഷേധമാണെങ്കിൽ, മേൽപറഞ്ഞഉദ്യോഗസ്ഥന്റെ മേൽ എന്തുനടപടിനടത്തിഎന്നു സദയം പറയുമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറ ചീഫ്സെക്രട്ടറി). (എ) അതെ.

(൧) സംബന്ധപ്പെട്ടഉദ്യോഗസ്ഥന്മാരിൽനിന്നും കിട്ടീട്ടുള്ള സമാധാനങ്ങളുടെ പ്രതികൾ മേശപ്പുറത്തുവയ്ക്കുന്നതു യുക്തമല്ല എന്നുഗവണ്മെൻറ വിചാരിക്കുന്നു.

(൨) (എ) ഭാഗത്തിനുള്ളമറുപടിയെ അപേക്ഷിച്ചു ഈ ചോദ്യം ജനിക്കുന്നില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും— വടക്ക). എഡ്യുക്കേഷൻ ഡയറക്ടർ അവർകൾ സമർപ്പിച്ചസമാധാനം എപ്പോൾ കിട്ടി എന്നു പറയാമോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറചീഫ്സെക്രട്ടറി): നിശ്ചയമില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും— വടക്ക): ആ സമാധാനം തൃപ്തികരമായിരുന്നോ?

മി: കെ. ജാർജ്ജ് (ഗവണ്മെൻറചീഫ്സിക്രട്ടറി) ആ ചോദ്യത്തിനു എനിക്കുമുന്നറിയിപ്പു ആവശ്യമുണ്ട്.

ചില സമുദായങ്ങളിൽപ്പെട്ടവരെ പരസ്പരസഹായസംഘം ഡിപ്പാർട്ടുമെന്റിൽ നിയമിക്കുക.

൧൩൭. മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്ക). (എ) രണ്ടുകൊല്ലത്തിനിടയിൽ പകരത്തിനുപത്തുനിയമനങ്ങൾ നടത്തപ്പെട്ടു. എന്നാൽ ഒരു ഈഴവനെ ഒഴിച്ചു, താഴെപറയുന്നസമുദായങ്ങളിൽ പരീക്ഷായോഗ്യതയുള്ള അപേക്ഷകന്മാർ ഉണ്ടായിരുന്നിട്ടും ആരും നിയമിക്കപ്പെട്ടില്ല.

	അപേക്ഷകരുടെ എണ്ണം.
ക്രിസ്ത്യാനികൾ	൨൦
ഈഴവർ	൯
മഹമ്മദീയർ	൩
മറ്റുസമുദായക്കാർ	൩

ഇളു എന്തുകൊണ്ടുചെയ്തില്ല എന്നതിനു രജിസ്ട്രാർ സമാധാനം പറയണം. എന്നു ൧൧൨൫ ഏപ്രിൽ ൨൭-ാംനു-യിലെ ആർ. ഡിസ്. ൪൭൫/൨൫/ജി. എ. നമ്പർ ജി. ഒ. ൻ-ാം പേരാവിൽ കാണുന്ന സംഗതികളെ സംബന്ധിച്ചിടത്തോളം (സഭാപ്രൊസീഡിംഗ്സ് വാല്യം VIII. ൧൦൧൨-ം, ൧൦൧൩-ം പുറങ്ങൾ) പരസ്പരസഹായസംഘംരജിസ്ട്രാരുടെ പക്കൽ നിന്നും വേണ്ടസമാധാനം കിട്ടിയിട്ടുണ്ടോ എന്നു ഗവണ്മെന്റുസദയം പറയുമോ?

(൨) (എ) ഭാഗത്തിനുള്ള മറുപടി അനുകൂലമുപതിയാണെങ്കിൽ മേൽപറഞ്ഞഉദ്യോഗസ്ഥനിൽനിന്നും കിട്ടിയസമാധാനത്തിന്റെ ഒരു പ്രതിമേയവുചെയ്തു മേശപ്പുറത്തുവയ്ക്കുമോ?

(൩) (എ) ഭാഗത്തിനുള്ളമറുപടിനിഷേധം ആണെങ്കിൽ, ആ ഉദ്യോഗസ്ഥന്റെ മേൽ എന്തുനടപടിനടത്തി എന്നു ദയവുചെയ്തുപറയുമോ?

മി: കെ. ജാജ് (ഗവണ്മെന്റു ചീഫ്സെക്രട്ടറി): (എ) അതെ.

(൨) സംബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സമാധാനത്തിന്റെ ഒരു പ്രതി മേശപ്പുറത്തുവയ്ക്കുന്നതു യുക്തമാകണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

(൩) (എ) ഭാഗത്തിനുള്ളമറുപടിയെ അപേക്ഷിച്ചു ഈ ചോദ്യം ജനിക്കുന്നില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): കോ-ഓപ്പറേറ്റീവു രജിസ്ട്രാർ ഗവണ്മെന്റിലേക്കയച്ചസമാധാനം തൃപ്തികരമാണോ?

മി: കെ. ജാജ് (ഗവണ്മെന്റുചീഫ്സെക്രട്ടറി): നോട്ടീസ് ആവശ്യമുണ്ട്.

മോട്ടാർ ഡ്രൈവർമാരെ പ്രാസിക്യൂട്ടുചെയ്യുന്നതിനെപ്പററി പോലീസുകമ്മീഷണർ ചെയ്തിട്ടുള്ള ഉത്തരവ്.

൧൩൮. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻവന്ന ഉടൻതന്നെ കാൺസ്റ്റബിൾമാരുടെ സാക്ഷ്യം ഇല്ലാത്ത തെളിവിന്മേൽ മാത്രമായി കേസുകൾ പ്രാസിക്യൂട്ടുചെയ്യരുതെന്നു ഞാൻ ഉത്തരവു അയച്ചിട്ടുണ്ട്. ആ ഉത്തരവനുസരിച്ചു പ്രവർത്തിച്ചിട്ടുള്ളതായി നിങ്ങൾക്കു കാണാവുന്നതാണ് എന്നു ൧൧൨൦ കർക്കടകം ൨൪-ാംനു ഈ സഭയിൽവച്ചു പോലീസുകമ്മീഷണർ ഉറപ്പായിപറഞ്ഞിട്ടുള്ളതിനെ സംബന്ധിച്ചിടത്തോളം (സഭാപ്രൊസീഡിംഗ്സ് വാല്യം XV- ൧൦൨-ാം പുറം);

(എ) കാൺസ്റ്റബിൾമാരുടെ സാക്ഷ്യരഹിതമായ തെളിവിന്മേൽമാത്രം ൧൧൨൪ കർക്കടകം ൧൧൨൫ ചിങ്ങം, കന്നി, തുലാം, വൃശ്ചികം ഈ മാസങ്ങളിൽ കോട്ടാർ പോലീസ്ഇൻസ്പെക്ടർ പ്രാസിക്യൂട്ട്ചെയ്തിട്ടുള്ളകേസുകൾ എത്ര എന്നും;

(ബി) അങ്ങനെ പ്രാസിക്യൂട്ടുചെയ്യപ്പെട്ട ബസ് ഉടമസ്ഥന്മാരുടെപേരുകളും അവർ ഓരോരുത്തരുടേയും മേൽ എത്രകേസുകൾ ഉണ്ടു എന്നും;

(സി) കാൺസ്റ്റബിൾമാരുടെമാത്രം തെളിവിൻമേൽകേസുകൾ പ്രാസിക്യൂട്ടുചെയ്യരുതു എന്നുള്ള കമ്മീഷണരുടെ ഉത്തരവിരിക്കവേ തന്നെ കോട്ടാർ പോലീസ്ഇൻസ്പെക്ടർ അങ്ങനെ ചെയ്തതു എന്തുകൊണ്ട് എന്നും;

(ഡി) തന്റെകീഴ്സിൽബന്തികളെക്കൊണ്ടു മേൽപറഞ്ഞഉത്തരവിനെ ശരിയായിനടത്തിക്കുന്നതിനു പോലീസുകമ്മീഷണർ എന്തുനടപടി നടത്തി എന്നും;

(ഇ) പോലീസുകമ്മീഷണരുടെ സുവ്യക്തമായ ഉത്തരവുകളെ അനുസരിക്കാതിരിക്കുന്നതിനാൽ വ്യവസ്ഥിതിയിൽ വലിയഭംഗം വരുത്തുന്നകുററം ചെയ്തതായികാണപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥന്മാരുടെമേൽ പോലീസുകമ്മീഷണർ എന്തുനടപടിനടത്തിഎന്നും ഭാവിയിൽ നടത്താൻപോകുന്നു എന്നുംഗവണ്മെന്റു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ) മേൽപറഞ്ഞ മാസങ്ങളിൽ കാൺസ്റ്റബിൾമാരുടെ സാക്ഷ്യരഹിതതെളിവിന്മേൽ മാത്രം മോട്ടാർവാഹന റഗുലേഷൻ അനുസരിച്ചുയാതൊരുകേസും കോട്ടാർപോലീസുഇൻസ്പെക്ടർ പ്രാസിക്യൂട്ടുചെയ്തിട്ടില്ല.

(ബി)യും (സി)യും. മേൽപറഞ്ഞ (എ) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ച് ഇവ ജനിക്കുന്നില്ല.

(ഡി) ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാർ അവരുടെ പരിശോധനക്കുറിപ്പുകളിൽ ഏതെങ്കിലും അനുസരണക്കേട് ഉണ്ടെങ്കിൽ അതിനെപററിവ്യാഖ്യാനിക്കും. കമ്മീഷണർ അവയെവായിച്ചുനോക്കുകയും ചെയ്യും.

(ഇ) ഓരോകേസിനേയും ഗുരുലഘുത്വം അനുസരിച്ചു ചട്ടപ്രകാരമുള്ളവ്യവസ്ഥിതി നടപടിനടത്തുന്നതാണെന്നു കമ്മീഷണർപറയുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ചോദ്യത്തിനുമറുപടി തയ്യാറാക്കുന്നതിൽ കാൺസ്റ്റബിൾമാരുടെ മററുസാക്ഷ്യം ഇല്ലാത്തതെളിവും എന്നപ്രയോഗത്തെ ഗവണ്മെന്റു എങ്ങനെമനസ്സിലാക്കിയിരിക്കുന്നു എന്നു എനിക്കുമെമ്പറിൽ നിന്നറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അതിനെപ്പറ്റിയുള്ള അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നുവോ ആ അർത്ഥത്തിൽതന്നെയാണു ഗവൺമെൻറു മനസ്സിലാക്കിയതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ പദങ്ങളെ നാട്ടിലെനിയമകോടതികൾ ധരിക്കുന്നവിധത്തിൽതന്നെയാണോ മനസ്സിലാക്കിയിരിക്കുന്നതു് എന്നു അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അതെ, അതായതു സാധാരണയായി ഏതുപ്രകാരത്തിൽ മനസ്സിലാക്കപ്പെടുന്നോ അപ്രകാരം തന്നെ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയാണെങ്കിൽ, യാതൊരുതെളിവും ഇല്ലാതെ ഒരുപോലീസുകാൺസ്റ്റബിളിനാൽമാത്രം പിൻതുടരപ്പെട്ട ചാർജ്ജുചെയ്യപ്പെടുന്ന ഒരു കേസിൽ അതു സാക്ഷ്യം ഇല്ലാത്തതെളിവായി തീരുമോ എന്നു എനിക്കു അറിഞ്ഞാൽകൊള്ളാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അതു അഭിപ്രായഗതിയെ അനുസരിച്ചുള്ള ഒരു കാര്യം ആണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അല്ല അതു മനോഗതിയെ ആശ്രയിക്കുന്ന സംഗതിയല്ല. ഒരു കേസിൽ ഒരു പോലീസുകാൺസ്റ്റബിൾമാത്രം കൊടുക്കുന്നതെളിവു സാക്ഷ്യമില്ലാത്ത തെളിവായിരിക്കുമോ എന്നാണു് എന്റെ ചോദ്യം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസിക്രട്ടറി): അങ്ങനെ ആണെന്നുപറയാമെന്നതാണ്.

മി: കെ. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ഈ ചോദ്യത്തെ സംബന്ധിച്ചിടത്തോളം, ഒരു പോലീസുകാൺസ്റ്റബിളുടെ സാക്ഷ്യരഹിതമായ തെളിവിന്മേൽകോർട്ടർ പോലീസ് ഏതെങ്കിലും ചാർജ്ജുചെയ്തിട്ടുണ്ടോ എന്നു അറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി) അങ്ങനെ ഒരു കേസും ചാർജ്ജുചെയ്തിട്ടില്ലെന്നു പോലീസുകമ്മീഷണർ റിപ്പോർട്ടുചെയ്യുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ മറുപടിയെ എതിർക്കുന്ന, അതിനുസമാനത്തിൽ മറുപടി ശരിയല്ലെന്നു വരുന്നപക്ഷം ഗവൺമെൻറു എന്തു നടപടിനടത്താൻ നിശ്ചയിക്കുന്നു എന്നു് അറിഞ്ഞാൽ കൊള്ളാം.

പ്രസിഡൻറ്: നിങ്ങൾ അങ്ങനെ തെളിയിച്ചതിൽ പിന്നെ ഗവൺമെൻറ് അതിനെപ്പറ്റി ആലോചിക്കും.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): കോർട്ടർ പോലീസ് അങ്ങനെ ഒരു കേസു ചാർജ്ജുചെയ്തിട്ടുണ്ടോ എന്നു ഗവൺമെൻറ് അന്വേഷിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അങ്ങനെ ചെയ്യാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയുള്ള കേസുകൾ ചാർജ്ജുചെയ്യപ്പെട്ടിട്ടുണ്ടെന്നു കണ്ടാൽ, അപ്പോൾ ഗവൺമെൻറു ആ കാര്യത്തിൽ എന്തു നടപടി നടത്തുമെന്നും പറയുമോ?

പ്രസിഡൻറ്: അപ്രകാരം തെളിയിക്കപ്പെടാത്ത സംഗതികളെക്കുറിച്ചുള്ള ഈ ചോദ്യങ്ങൾക്ക ഗവൺമെൻറിനു മറുപടി പറയാൻ നിവൃത്തിയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഡി)ലെ ഗൗരവതരമായ സംഗതിയെ സംബന്ധിച്ചേടത്തോളം ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്റെ റിപ്പോർട്ടു വരുത്തിയോ എന്നുപറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അതു് ഒരു പൊതു ചോദ്യമാണ്, അങ്ങനെയുള്ള കാര്യങ്ങൾ കമ്മീഷണരുടെ നോട്ടീസിൽ വരുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പോലീസ്കമ്മീഷണർ ഈ മറുപടികളെ ഗവൺമെൻറിലേക്ക അയച്ചകാലത്തിൽ അവയെ വരുത്തിയോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): അതിനെപ്പറ്റി അന്വേഷിക്കണം. ഈ മറുപടിയെ സംബന്ധിച്ചേടത്തോളം, പോലീസ്ഡിപ്പാർട്ടുമെൻറിലെ കീഴുദ്യോഗസ്ഥന്മാർ അങ്ങനെ യഥാർത്ഥ അനുസരണക്കേടും കാണിച്ചിട്ടില്ല എന്നുതന്നെ ഊഹിക്കേണ്ടിയിരിക്കുന്നു.

പുലയസമുദായത്തിലും പറയസമുദായത്തിലും പള്ളിക്കൂടത്തിൽപോകേണ്ട
പ്രായത്തിലുള്ള ആൺകുട്ടികളും പെൺകുട്ടികളും.

൧൩൭. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): തിരുവിതാംകൂറിൽ പുലയസമുദായത്തിലും പറയസമുദായത്തിലും പെട്ടതായി പള്ളിക്കൂടത്തിൽ പോകേണ്ട വയസ്സിൽ ഉള്ള എത്ര ആൺകുട്ടികളും പെൺകുട്ടികളും ഉണ്ടെന്നും, അവരിൽ എത്രപേർ ഇപ്പോൾ (൨൧-൭-൧൧൦൮) വാസ്തവത്തിൽ പള്ളിക്കൂടത്തിൽ പഠിക്കുന്നു എന്നും ഗവൺമെൻറു സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറു ചീഫ്സെക്രട്ടറി): മെമ്പർ പറഞ്ഞ സമുദായങ്ങളിൽ പെട്ടവരായി പള്ളിക്കൂടത്തിൽ പോകത്തക്ക വയസ്സു വന്നിട്ടുള്ള എത്ര കുട്ടികൾ ഉണ്ടു് എന്നുപറയാൻ കഴിയുന്നതല്ല. ലഭ്യമായ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

		പുലയർ	പറയർ
(൧)	൧൯൨൧-ലെ കാനേഷുമാരികണക്കിൻപ്രകാരമുള്ള ജനസംഖ്യ	൧൯൩൧൪൮	൩൨൦൮൭
(൨)	പള്ളിക്കൂടത്തിൽ പോകത്തക്ക വയസ്സുള്ള കുട്ടികളുടെ എണ്ണം (ജനസംഖ്യയുടെ ൧൫ ശതമാനം)	൨൮൪൭൨	൪൮൧൩
(൩)	൧൧൦൪ അവസാനത്തിൽ പഠിച്ചിരുന്ന കുട്ടികളുടെ എണ്ണം	൧൪൩൨൦	൪൪൩൫

ഹനുമന്നദിയിൽ പാലം പണിയിക്കുക.

൧൩൮. എസ്. ചിറവിളെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും-തെക്ക്): ശാസ്താംകോട്ട വടക്കേ ഹനുമന്നദിയിൽ ഒരു പാലം പണിയിക്കുന്നതിനെപ്പറ്റി ൧൯൨൭ ഡിസംബർ ൨൩-യിലെ സമ്മേളനത്തി

ൽ ചോദിച്ച ൨൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ചേടത്തോളം, സഭാപ്രൊസീഡിംഗ്സ വാല്യം ൧൨ വ്യന്നാംവശം) ഇപ്പോൾ (൧൧-൧-൧൧൨൦) പാലം ഏതുനിലയിൽ ഇരിക്കുന്നു എന്നു ഗവണ്മെന്റ സമയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): ൧൧൨൦ ജനവരി ൨൨-ാനു നടന്ന സഭായോഗത്തിൽ ൩൪-ാംനമ്പർ ചോദ്യത്തിനുള്ള മറുപടി മെമ്പർ നോക്കിക്കൊള്ളുക.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ച അത് ആരാൽ അനുവദിക്കപ്പെട്ടു എന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ഗവണ്മെന്റ് അനുവദിച്ചു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അനുവാദത്തിനായി ഗവണ്മെന്റിലേക്ക് എസ്റ്റിമേററ് അയക്കേണ്ടത് ആരാണെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): ചീഫ് എൻജിനീയർ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): അദ്ദേഹം അനുവാദത്തിനായി എസ്റ്റിമേററ് എപ്പോൾ അയച്ചു എന്നു എനിക്കറിഞ്ഞാൽകൊള്ളാം?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): അദ്ദേഹം എസ്റ്റിമേററ് അയച്ചിട്ടില്ല. അദ്ദേഹം മരണസംബന്ധമായ അനുവാദത്തിനു അപേക്ഷിച്ചിട്ടുണ്ട്. എസ്റ്റിമേററ തയ്യാറാക്കിവരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): എസ്റ്റിമേററ് ഇനിയും തയ്യാറാക്കീട്ടില്ല. എന്നാണെന്നാ ഞാൻ മനസ്സിലാക്കേണ്ടത്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): അല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): എപ്പോൾ തയ്യാറാക്കാൻ ആരംഭിച്ചു എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ്സെക്രട്ടറി): അതു തയ്യാറാക്കി വരുന്നു എന്നു മാത്രമെ ഇപ്പോൾ എനിക്കു പറയാൻ സാധിക്കുകയുള്ളു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ൧൧൨൦-ൽ കൊടുത്ത മറുപടിയും എസ്റ്റിമേററ തയ്യാറാക്കപ്പെട്ടുവരുന്നു എന്നതല്ലെ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റസെക്രട്ടറി): അത് ഇവിടെ ഇപ്പോൾ എന്റെ പക്കൽ ഇല്ല. മെമ്പറിൽനിന്നും തന്നെ സ്വീകരിച്ചുകൊള്ളുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): ഇതു നിയമാനുസൃതമാണോ എന്നു ചോദിച്ചു എന്റെ ചോദ്യത്തിൽ ആ ചോദ്യത്തെ ഞാൻ പ്രത്യേകം എടുത്തു സൂചിപ്പിച്ചിട്ടുണ്ട്. "ശാംപൂർവടകരയിൽ ഹനുമന്നടിയിൽ ഒരു പാലംകെട്ടുന്നതിനെപ്പററി ൧൧൨൦ ഡിസംബർ ൨൩-ാനു നടന്ന സഭായോഗത്തിൽ ചോദിച്ച ൨൪-ാംനമ്പർ ചോദ്യത്തിനെ സംബന്ധിച്ചേടത്തോളം" മെമ്പർ തനിക്കു ഒരു അറിവും ഇല്ല എന്നു ഇപ്പോൾപറയുന്നു. അന്നത്തെ മറുപടി എസ്റ്റിമേററ തയ്യാറാക്കപ്പെട്ടുവരുന്നു എന്നായിരുന്നു. ഇപ്പോൾ അദ്ദേഹത്തിന്റെ പക്കൽ ആ വിവരം ഇല്ല എന്നുപറയുന്നു.

പ്രസിഡന്റ്: നിങ്ങളുടെ വാദം എനിക്കു വ്യക്തമായി മനസിലാകുന്നില്ല. എന്തിനെപ്പററിയാണ് നിങ്ങൾക്ക് ഒരു തീർച്ച വേണ്ടത്?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): സർ, മുമ്പു ൧൧൨൦-ൽ ഞാൻ ചോദ്യം ചോദിച്ചപ്പോൾ എസ്റ്റിമേററ തയ്യാറാക്കി വരുന്നു എന്നായിരുന്നു മറുപടി ആ ചോദ്യത്തിനുള്ള മറുപടി അങ്ങനെ ആയിരുന്നില്ല എന്നു മെമ്പറോട് ഞാൻ ഇപ്പോൾ ചോദിക്കുന്നു? ആ വിവരം തന്റെ പക്കൽ ഇല്ല എന്നു അദ്ദേഹം പറയുന്നു.

പ്രസിഡന്റ്: അങ്ങനെതന്നെ. നിങ്ങളുടെ മുന്നിൽതന്നെ വിവരം ഇരിക്കുമ്പോൾ നിങ്ങൾ അദ്ദേഹത്തിനോടു ചോദിക്കുന്നതെന്തിന്? നിങ്ങളുടെമുന്നിൽ വിവരം ഇരിക്കുമ്പോഴും അതുസഭാപ്രൊസീഡിങ്ങ്സിന്റെ റിക്കാർഡിൽ ഉള്ളപ്പോഴും അങ്ങനെയുള്ള ചോദ്യങ്ങൾ ചോദിക്കുന്നതു അനുവദിക്കപ്പെടുന്നതല്ല. അതിനെപ്പററി ചോദ്യങ്ങൾ ചോദിക്കുന്നതെന്തിന്? അതിനെ അനുവദിക്കുകയാണെങ്കിൽ ചോദ്യങ്ങൾക്ക് അവസാനം ഉണ്ടായിരിക്കുന്നതല്ല. രേഖപ്പെടുത്തപ്പെട്ട വിവരം നിങ്ങളുടെ പക്കൽ ഉണ്ടെങ്കിൽ അതിന്മേൽ നിങ്ങൾ തുടരാം.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): മെമ്പർക്ക് അതറിയാമോ എന്നാണ് എനിക്കറിയേണ്ടത്?

പ്രസിഡന്റ്: നിങ്ങൾ അദ്ദേഹത്തിനെ എതിർവിചാരണ ചെയ്യുന്നതിനല്ല ഇവിടെ വന്നിരിക്കുന്നത്. ഗവണ്മെന്റിൽനിന്നും കാര്യങ്ങൾ അറിയുന്നതിനായിട്ടാണ്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): എസ്റ്റിമേററ് കഴിഞ്ഞ മൂന്നുകൊല്ലങ്ങളായി തയ്യാറാക്കാതെ കിടക്കുകയാണ് അതു കിടന്നതു ചീഫ്എൻജിനീയരുടെ പക്കലോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരുടെ പക്കലൊ എന്നുള്ളത് അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): കീഴുദ്യോഗസ്ഥന്മാരുടെപക്കൽ.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്ക്): എസ്റ്റിമേററ അയക്കാതിരുന്നതിനു കീഴുദ്യോഗസ്ഥന്മാരുടെമേൽ ചീഫ് എഞ്ചിനീയർ വല്ല നടപടിയും നടത്തിയോ എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സെക്രട്ടറി): എനിക്കു മുന്നറിയിപ്പുണ്ടായിരിക്കണം.

ഗ്രാൻറിൻഎയിഡ് പള്ളിക്കൂടങ്ങളിലെ ഉപാദ്ധ്യായന്മാരുടെ അവശതകഠം.

[illegible]. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (എ) [illegible] ഗ്രാൻറിൻ എയിഡു പള്ളിക്കൂടങ്ങളിലെ ഉപാദ്ധ്യായന്മാരുടെയും മാനേജർമാരുടെയും ഒരു കൂട്ടയാലോചന നെയ്യാററിൻകരയിൽവച്ചു നടത്തുന്ന വിവരം ഗവണ്മെൻറിനു അറിയാമോ?

(ബി) ഗ്രാൻറു കൃത്യകാലത്തു കിട്ടായ്കയാലും, പ്രിവിലെജ് അവധി മുതലായവയ്ക്കു യാതൊരു ചട്ടവും ഇല്ലാത്തതുകൊണ്ടും പ്രാവിഡണ്ടു ഫണ്ടിനു ഒരു പദ്ധതി ഇല്ലാത്തതുനിമിത്തവും ഗ്രാൻറു പള്ളിക്കൂടങ്ങളിലെ ഉപാദ്ധ്യായന്മാർ പലവിധ ബുദ്ധിമുട്ടുകഠം അനുഭവിച്ചുവരുന്ന എന്നുള്ളതു ബോദ്ധ്യമായിട്ടുണ്ടോ എന്നു സദയം പറയുമോ?

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ) അറിയാം. ആ യോഗത്തിൽ അഗ്രാസനം വഹിച്ച മെംബറിൽനിന്നു ആ യോഗത്തിൽ പാസ്സാക്കിയിട്ടുള്ള പ്രമേയങ്ങളുടെ പകർപ്പുകഠം കിട്ടീട്ടുണ്ട്.

(ബി) മെംബർ പറഞ്ഞതിനെ ഗവണ്മെൻറു ശ്രദ്ധപ്പെടുത്തിയിരിക്കുന്നു. ഈ വിഷയത്തെപ്പററി വിദ്യാഭ്യാസഡയറക്ടർ ആലോചനനടത്തുന്നുണ്ട്.

ക്രിമിനൽകേസുകളെ സംബന്ധിച്ചു പോലീസ്കമ്മീഷണർ ചെയ്തിട്ടുള്ള നിർദ്ദേശങ്ങഠം.

[illegible]. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): തങ്ങളുടെ അറിവിൽപെടുന്ന ക്രിമിനൽ കുററങ്ങളെപ്പററി കക്ഷികളുടെ നിലയിൽ പരാതികഠം കൊടുക്കുന്നതിനും കേസുകളിൽ വാദികളായിവരുന്നതിൽ നിന്നും ഒഴിയുന്നതിനും [illegible] ഉപദേശിക്കണം എന്നു [illegible] എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർക്കു വാക്കാലോ രേഖാമൂലമായോ നിർദ്ദേശങ്ങഠം ഇപ്പോഴത്തെ പോലീസ് കമ്മീഷണർ [illegible] എന്നും ഉണ്ടെങ്കിൽ അങ്ങനെ നിർദ്ദേശങ്ങഠം കൊടുത്തതു ഗവണ്മെൻറുമായി ആലോചിച്ചതിൽ പിന്നീടാണോ എന്നും ഗവണ്മെൻറു സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അങ്ങനെ യാതൊരു നിർദ്ദേശങ്ങളും കൊടുക്കപ്പെട്ടിട്ടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെ ഉത്തരവുണ്ടെന്നു വെളിവായി പറയുന്ന പോലീസ് ഉദ്യോഗസ്ഥന്മാർ ഉണ്ടു എന്നു ഗവണ്മെൻറിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറിനു അങ്ങനെ യാതൊരു അറിവുമില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടെങ്കിൽ അവർ ശരിയല്ലാത്തവിധത്തിൽ പ്രവർത്തിക്കുകയല്ലേ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതു് അഭിപ്രായപരമായ ചോദ്യമാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടോ എന്നു ഗവണ്മെൻറു അന്വേഷിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആദ്യത്തെ ചോദ്യം പോലീസ്കമ്മീഷണർ ഉത്തരവുകൊടുത്തിട്ടുണ്ടോ എന്നുള്ളതാണ്; അതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അങ്ങനെയുള്ള ഉദ്യോഗസ്ഥന്മാർ ഉണ്ടോ എന്നുള്ളതിനെപ്പററി ഗവണ്മെൻറു അന്വേഷിക്കുമോ എന്നു ഒരു ഉപചോദ്യം ചോദിക്കുകയാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതിനെപ്പററി ആലോചിക്കാം.

കൊല്ലം ഡിസ്ട്രിക്ട്ജഡ്ജിയുടെ ഒഴിവിൽ നിയമനം നടത്തുന്നതിൽ നേരിട്ടിരിക്കുന്ന കാലതാമസം.

[illegible]. മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) കൊല്ലം ഡിസ്ട്രിക്ട്ജഡ്ജി മി: ആർ. രാമസുബ്ബാശാസ്ത്രി പെൻഷനു പ്രാരംഭമായി ഏതു തീയതിമുതൽ അവധി എടുത്തു എന്നും, അദ്ദേഹത്തിൻെറ പിൻഗാമിയെ ഏതു തീയതിമുതൽ നിയമിച്ചുഎന്നും;

(ബി) ഒഴിവിൽ നിയമനം നടത്തുന്നതിൽ ഇത്ര താമസത്തിനു കാരണം എന്തെന്നും ഗവണ്മെൻറു സദയം പറയുമോ.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): (എ)-യും (ബി)-യും, കൊല്ലം ഡിസ്ട്രിക്ട്ജഡ്ജി മി: രാമസുബ്ബാശാസ്ത്രിക്കു [illegible] നവംബർ [illegible] മുതൽ [illegible]മാസത്തെ ഫർലോ അവധി അനുവദിച്ചു. അവധിക്കുള്ള അനുവാദം ഹൈക്കോട്ടിലേക്കു [illegible] എഴുതിഅയച്ചു. ഒഴിവിലേക്കു ആഠം ആക്കുന്നതിനുള്ള ശുപാർശകഠം ഹൈക്കോട്ടിൽനിന്നും രണ്ടു പ്രാവശ്യം എഴുത്തുകളുമായി ഒന്നു നവംബർ [illegible]-ഉം മറെറാന്നു ഡിസംബർ [illegible]-ഉം ഗവണ്മെൻറിനു കിട്ടി. ആഠം ആക്കുന്നതിനുള്ള അനുവാദം ഹൈക്കോട്ടിലേക്കു [illegible] ജനുവരി [illegible] എഴുതിഅയച്ചു. ഒഴിവിനു ആഠം ആക്കുന്നതിനു ഒഴിച്ചുകൂടാവുന്ന യാതൊരു താമസവും ഉണ്ടായിരുന്നില്ല

മി. എ. താണുപിള്ള (തിരുവനന്തപുരം): താമസത്തിനു ഉത്തരവാദികഠം ഹൈക്കോട്ടുകാർ ആണെന്നാണോ മെംബർ സൂചിപ്പിക്കുന്നതു്.

മി: കെ. ജാർജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): മറുപടിയിൽ അങ്ങനെ യാതൊരു സൂചനയും ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): [illegible]-ഉം [illegible]-ഉം ഇങ്ങനെ ഹൈക്കോടതിയായി ശുപാർശ അയച്ചതിനു ഉത്തരവാദി ആരെന്നു അറിഞ്ഞാൽകൊള്ളാം?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): കൂടുതലായ ശുപാർശകൾ ചെയ്യുന്നതിന് ഗവൺമെന്റ ആവശ്യപ്പെട്ടു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയാണെങ്കിൽ ൧൧൨൫-൧൧-൧൫-നു വിന്റെ ശുപാർശകൾ ചെയ്തത് എന്തായിരുന്നു എന്നു എനിക്കറിഞ്ഞാൽ കൊള്ളാം?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): ഡിപ്പാർട്ടുമെന്റിൽ മേലധികാരികൾ ഗവൺമെന്റിലേക്ക അയക്കുന്ന ശുപാർശകൾ രഹസ്യങ്ങൾ ആണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ശുപാർശകളുടെ സ്വഭാവം എന്തായിരുന്നു എന്നു വെളിപ്പെടുത്താൻ പാടില്ലെന്നാണൊ പറയുന്നത്? ഡയറക്റ്ററിൽനിന്നും ഗവൺമെന്റ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ എന്താണെന്ന് എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): അതും വെളിപ്പെടുത്താവുന്നതല്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഗവൺമെന്റ കൂടുതൽ വിവരങ്ങൾ ആവശ്യപ്പെട്ടത് ഏതു തീയതിയിൽ ആയിരുന്നു എന്നു എനിക്കറിഞ്ഞാൽ കൊള്ളാം. അതും വെളിപ്പെടുത്താവുന്നതാണോ?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): വെളിപ്പെടുത്താം. ൧൧൨൫ ഡിസംബർ ൧൭-ാം തീയതി.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കൂടുതൽ വിവരത്തിനു കത്തയക്കുന്നതിനുള്ള താമസത്തിന് ഉത്തരവാദിയാരാണെന്ന് ഇപ്പോൾ അറിഞ്ഞാൽ കൊള്ളാമോ? ശുപാർശ ൧൧൨൫-൧൧-൧൫-ാംനു കിട്ടി. കൂടുതൽ വിവരത്തിന് ൧൧൨൫-൧൨-൧൭-ാംനു എഴുതിഅയച്ചു.

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): ഇതിന് ഗവൺമെന്റ ഉത്തരവാദിയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): സ സ്ഥാനം ഒഴിവാർ നിയമവിളംബനത്തെപ്പറ്റി പരാതി പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ ഒരു ജഡ്ജിയെ നിയമിക്കുന്നതിൽ ഒഴിച്ചുവയ്ക്കാവുന്നതായ യാതൊരു താമസവും ഉണ്ടായിരുന്നില്ല എന്നു ഗവൺമെന്റ വിചാരിക്കുന്നു എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): നിർദ്ദേശങ്ങളെ കാററകാലത്തെക്ക ഗവൺമെന്റ പരിശോധിച്ചുവരുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഒരു നിയമനത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിലേക്ക് ഒരു ഡിപ്പാർട്ടുമെന്റ ചെയ്തിട്ടുള്ളതിന്റെ ശിപാർശി എന്താണെന്നുള്ളതു വെളിപ്പെടുത്താവുന്നതാണൊ അല്ലയൊ എന്നുള്ള ഈ രീതി സംബന്ധമായ പോയിന്റിനെപ്പററി ഒരു തീരുമാനമുണ്ടായാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡെന്റ: അങ്ങനെ ചെയ്യാവുന്നതല്ല എന്നു ഞാൻ ഉത്തരവുചെയ്യുന്നു.

നിയമവിളംബത്തിന് ഒരു കമ്മിഷണരെ നിയമിക്കുക.

൧൭൨. മി: ഏ. താണുപിള്ള (തിരുവനന്തപുരം). (എ) നിയമവിളംബകമ്മിഷണരെ നിയമിച്ചുവോ എന്നും;

(ബി) നിയമിച്ചു എങ്കിൽ എപ്പോൾ എന്നും;

(സി) ഇല്ലെങ്കിൽ താമസത്തിന് കാരണം എന്തെന്നും;

ഗവൺമെന്റ ദയവുചെയ്തു പറയുമൊ?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിൽ ആണ്.

(ബി) (എ) ക്കുത്തരമുള്ള മറുപടിയെ അപേക്ഷിച്ചു ഇത് ജനിക്കുന്നില്ല.

(സി) കമ്മീഷണരുടെ നിയമനം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു—

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കമ്മീഷണരുടെ നിയമനം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നു ഈ മറുപടിയുടെ അർത്ഥം എന്താണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതു സ്പഷ്ടമായിരിക്കുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഒരു കമ്മീഷണരെ നിയമനമൊ, അതല്ല ആരു് ആരായിരിക്കണം എന്നോ, ഏതാണു ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നതു എന്തെന്നു അതിന്റെ അർത്ഥം എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): നിയമനത്തെപ്പററിയുള്ള കാര്യം ഇനിയും ആലോചിക്കേണ്ടതായിട്ടില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടുതന്നെയാണ് ആ മറുപടിയുടെ അർത്ഥം എന്തെന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നതു്. നിയമവിളംബകമ്മീഷണരെ നിയമിച്ചുവൊ? അങ്ങനെയാണെങ്കിൽ എപ്പോൾ ഇല്ലെങ്കിൽ താമസത്തിന കാരണം എന്തു എന്നാണ് എന്റെ ചോദ്യം. കമ്മീഷണരുടെ നിയമനം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നാണ് മറുപടി. അതിൽനിന്നും കമ്മീഷണരെ നിയമിക്കണമൊ വേണ്ടയോ എന്നും ഏതു ഉദ്യോഗസ്ഥനെ തിരഞ്ഞെടുക്കേണ്ടതാണെന്നും അർത്ഥം വരാം. മറുപടിയുടെ എന്താണെന്നാണ് എനിക്കറിയേണ്ടതു്?

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): ഇതിൽ എന്തു സംശയം ഇരിക്കുന്നു എന്നു ഞാൻ കാണുന്നില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഞാൻ വ്യക്തമാക്കപ്പെടുത്തിപറഞ്ഞു എന്നാണെനിക്കു തോന്നുന്നതു്, കമ്മീഷണരെ നിയമിക്കേണമൊ എന്നുള്ളതൊ അല്ലെങ്കിൽ ഏതുദ്യോഗസ്ഥനെ തിരഞ്ഞെടുക്കണമെന്നുള്ളതോ ഏതാണു ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഇരിക്കുന്നു എന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ്ജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): അതിനു ആദ്യത്തെ ഭാഗത്തിൽതന്നെ ഞാൻ മറുപടിപറഞ്ഞിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം റിപ്പോർട്ടു ചെയ്തിട്ടുള്ളതു അതുതന്നെ ആണ്.

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): കമ്മീഷണരെ നിയമിച്ചിട്ടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതുദ്യോഗസ്ഥനെ വേണമെന്നോ അല്ലെങ്കിൽ അങ്ങനെ ഒരു ഉദ്യോഗസ്ഥൻതന്നെ വേണോ വേണ്ടയോ എന്നോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): കീഴുദ്യോഗസ്ഥന്മാർ ക്ലാർക്കുമാർ മുതലായ കാര്യങ്ങളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): കീഴുദ്യോഗസ്ഥന്മാരുടെ എണ്ണം ക്ലിപ്തപ്പെടുത്തിയോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇല്ല. പക്ഷെ ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ സംഗതി എനിക്കറിയാം. ആ വിവരം അറിയാനല്ല എന്നെ അറിയിക്കേണ്ട ആവശ്യം ഇല്ല. ബഡ്ജറ്റ് എന്റെ പക്കൽ ഉണ്ട്. എന്നാൽ കീഴുദ്യോഗസ്ഥന്മാരുടെ എണ്ണം ക്ലിപ്തപ്പെടുത്തുന്ന കാര്യത്തിൽ വല്ലതും ചെയ്യപ്പെട്ടിട്ടുണ്ടോ എന്നാണറിയേണ്ടത്?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആളുകളെ തിരഞ്ഞെടുക്കുന്നതിനെപ്പറ്റി ഗവണ്മെന്റ ആലോചിച്ചുവരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവണ്മെന്റിലെ പണത്തിന്റെ അനുവാദം കിട്ടിയതിൽ പിന്നീടുള്ള ആറുമാസത്തിനിടയ്ക്കോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): പണം കൊല്ലം അവസാനിക്കുന്നതിനു മുമ്പേ ചിലവാക്കേണ്ടതുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്തെങ്കിലും ചെയ്യപ്പെട്ടിട്ടുണ്ടോ?

മി: കെ. ജോർജ്ജ് (ഗവണ്മെന്റ ചീഫ് സെക്രട്ടറി): ആ വിഷയത്തെപ്പറ്റി ഗവണ്മെന്റ ആലോചിച്ചുവരുന്നു.

വടശ്ശേരി പകുതിയിലെ അട്ടകുളം.

[illegible] മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) പുത്തേരി ഗ്രാമത്തിനു സമീപം വടശ്ശേരി പകുതിയിൽ അട്ടക്കുളത്തിൽനിന്നും വെള്ളം ഒഴിച്ചുപോകുന്നതിനുള്ള ഒരു മടപബ്ലിക്ക വർക്ക്സ് ഡിപ്പാർട്ടുമെന്റ മാറ്റിയോ എന്നും,

(ബി) അങ്ങനെ ചെയ്തെങ്കിൽ ഏതു തീയതിയിൽ മാറ്റി എന്നും,

(സി) [illegible]-ൽ അട്ടക്കുളത്തിൽ ഏതെങ്കിലും ഉടവുണ്ടായോ എന്നും ഉണ്ടായെങ്കിൽ ഏതു തീയതിയിൽ എന്നും,

(ഡി) ഉടവുണ്ടായതു വെള്ളം പോകുന്നതിനുള്ള മാർഗ്ഗത്തെ മാറ്റിയതുകൊണ്ടാണോ എന്നും,

(ഇ) അല്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നും

(എഫ്) വെള്ളംപൊക്കുപോകുന്നതിനുള്ള മാർഗ്ഗത്തെ മാറ്റിയതിനാൽ ഈ കുളത്തിനു ഒരു ഉടവുണ്ടാകുന്നതിനിടയുണ്ടെന്നും ആപത്തു ആസന്നമായിരിക്കുന്നു എന്നും കാണിച്ചു ഉടവുണ്ടായതിനു മുമ്പുതന്നെ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിലേക്ക വല്ല അറിയിപ്പും അയച്ചിട്ടുണ്ടോ എന്നും,

(ജി) അങ്ങനെയാണെങ്കിൽ പി. ഡബ്ല്യു. ഡി. അധികാരികൾ അതിന്മേൽ എന്തു നടപടി നടത്തി എന്നും, ഗവണ്മെന്റ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): (എ) ഉണ്ട്.

(ബി) [illegible]-ൽ.

(സി) ഉണ്ട്. [illegible]-ൽ.

(ഡി) മറുപടി നിഷേധത്തിലാണ്.

(ഇ) അതു സംശയാസ്പദമായ സ്ഥിതികളിൽ ഉണ്ടായിട്ടുള്ളതാകുന്നു. ഇപ്പോൾ പോലീസ് അന്വേഷണത്തിൽ ഇരിക്കുന്നു.

(എഫ്) അതെ. കർഷകന്മാർ എൻവൻ മെയിൽ സബ്ഡിവിഷൻ ആഫീസർക്ക് ഒരു ഹർജി അയച്ചു.

(ജി) പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥന്മാർ കുളം പരിശോധിച്ച് അതു ആപൽരഹിതമായ സ്ഥിതിയിൽ ആണെന്നു അവർക്ക ബോദ്ധ്യമായി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചിടത്തോളം സംശയാസ്പദമായ സ്ഥിതികൾ ഏന്താണെന്നു എനിക്കറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): ചീഫ് എഞ്ചിനീയർ അങ്ങനെയാണ് റിപ്പോർട്ടുചെയ്യുന്നതു. അതു സംശയിക്കത്തക്ക സ്ഥിതികളിൽ ആയിരുന്നു. അദ്ദേഹം അക്കാര്യത്തെ പോലീസുകാരുടെ പക്കൽ ഏൽപ്പിച്ചിട്ടുണ്ട്. അതിൽ കൂടുതലായി എനിക്ക ഒന്നും പറയാൻ കഴിയുകയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): (ജി) ഭാഗത്തിനുള്ള മറുപടിയെ സംബന്ധിച്ചു പരിശോധന നടത്തിയ ഉദ്യോഗസ്ഥന്മാർ ആരെല്ലാമെന്നു അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): അതു ഏതു ഉദ്യോഗസ്ഥൻ ആണ് പരിശോധിച്ചതെന്നു ക്ലിപ്തമായി പറയാൻ എനിക്ക കഴിയുന്നതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ ഉദ്യോഗസ്ഥന്റെ ഗ്രേഡ് എന്താണെന്നു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ സിക്രട്ടറി): ചീഫ് എഞ്ചിനീയർ ഇത്രയും വിവരങ്ങൾ മാത്രമേ തന്നിട്ടുള്ളു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഉടവുണ്ടായതു പൊങ്ങിയവെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള മാർഗ്ഗം ഇല്ലാതാക്കിയതുകൊണ്ടല്ലെന്നു പറഞ്ഞിരിക്കുന്നതു ഏതിനെ അടിസ്ഥാനപ്പെടുത്തിയാണ്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസിക്രട്ടറി): എഞ്ചിനീയരുടെ റിപ്പോർട്ട അങ്ങനെയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): വീണ്ടും ചീഫ്എഞ്ചിനീയരുടെ റിപ്പോർട്ടിനെപ്പററിയാണോ പറയുന്നതു്? ആ റിപ്പോർട്ട സാരമായ വല്ലതിനേയും അടിസ്ഥാനപ്പെടുത്തീട്ടുള്ളതാണോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): ചീഫ് എൻജിനീയർതന്നെ ചെന്നു പരിശോധിച്ചു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): സർ, പ്ലസ് എസ്ലേപ്പ അനാവശ്യമില്ലാത്തതാണെന്നു കണ്ടിരുന്നാൽ അതിനെ അവിടെ വച്ചിരുന്നതെന്തിനെന്നു അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): ഇതിനു മുന്നറിയിപ്പ ഉണ്ടായിരിക്കണം

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതു അവിടെ സ്ഥാപിച്ചിട്ട് എത്ര കാലമായിരിക്കുന്നു എന്നു ഗവൺമെൻറ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറ സിക്രട്ടറി): മുന്നറിയിപ്പ ഉണ്ടായിരിക്കണം.

അധഃകൃത സമുദായങ്ങളെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിൽ നിയമിച്ചതു.

൧൨൮. മി: കെ. മാധവൻ (ഗവൺമെൻറ നിയമിച്ചമെമ്പർ) (എ) ൧൧൦൦ മുതൽ ൧൧൨൮ വരെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കപ്പെട്ടിട്ടുള്ള പതിതസമുദായംഗങ്ങളുടെ എണ്ണം എത്ര എന്നും,

ബി. ൧൧൦൦ മുതൽ ൧൧൨൮ വരെ പതിതസമുദായത്തിൽ പെട്ടവരിൽ നിന്നും കിട്ടിയ അപേക്ഷകൾ എത്രഎന്നും,

സി. ൧൧൦൦ മുതൽ ൧൧൨൮ വരെ പതിത സമുദായത്തിൽ പെട്ടവരിൽ എത്രപേരെ നിയമിച്ചു എന്നും, ഗവൺമെൻറ സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രിട്ടറി) എയും, ബിയും, സിയും, ൧൧൦൦ മുതൽ ൧൧൨൮ വരെ പതിതസമുദായത്തിൽനിന്നും പി. ഡബ്ലിയു. ഡിപ്പാർട്ടുമെണ്ടിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം കാണിക്കുന്ന പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

നിയമവിളംബരത്തെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിഷണരുടെ നിയമനം.

൧൨൯. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) എ. തിരുവിതാംകോട്ടിൽ നിയമവിളംബരത്തെപ്പററി അന്വേഷിക്കുന്നതിനു ഒരു കമ്മിഷണരെ നിയമിക്കണമെന്നുള്ള നിർദ്ദേശത്തെ സംബന്ധിച്ച് എന്തു നടപടിനടത്തീട്ടുണ്ട് എന്നും,

ബി. ആ വിഷയത്തിൽ ഏതെങ്കിലും വ്യവസ്ഥിതമായ നടപടിനടത്താതെ എന്തുകൊണ്ടു അത്ഇത്രയുംകാലം തീർച്ചയാകാതെ കിടന്നു എന്നും,

സി. താമസംവന്നതു കമ്മിഷണരായി നിയമിക്കുന്നതിനു ശരിയായ ആളെ തിരഞ്ഞെടുക്കുന്നതിലുള്ള വിഷമതകൊണ്ടാണോഎന്നും ഗവൺമെൻറ സദയംപറയുമൊ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രിട്ടറി) എ. സിവിൽകോടതികളിൽ നിയമവിളംബരത്തെക്കുറിച്ചു അന്വേഷിക്കുന്നതിനു ഒരു കമ്മിഷണരെയും അദ്ദേഹത്തിൻെറ കീഴിൽ വേണ്ടഉദ്യോഗസ്ഥരെയും നിയമിക്കുന്നതിനു ൧൧൨൦-ാമാണ്ടത്തെ ബഡ്ജററിൽ തുകഉൾപ്പെടുത്തിട്ടുണ്ട്.

ബി. വ്യവസ്ഥിതമായ നടപടി നടത്തിവരുന്നു.

സി. മറുപടി നിഷേധരൂപത്തിലാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഈകാര്യത്തിൽ നടത്തപ്പെടുന്ന വ്യവസ്ഥിതമായ നടപടിയുടെ ആറുമാസത്തെ ചരിത്രം എനിക്കറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രിട്ടറി) ഈകാര്യത്തെപ്പററി പര്യാലോചിക്കുന്നതിൽ പല പതനങ്ങൾഉണ്ട്. അതു ഏതുകാലത്തും ചിന്തയിൽതന്നെ ഇരുന്നിരുന്നു. വിഷയം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) മറുപടി നടപടി നടത്തപ്പെട്ടുവരുന്നു എന്നാണ്.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രിട്ടറി) നടത്തപ്പെട്ടുവരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ആകാര്യത്തെ ഏതെല്ലാ പോയിൻറുകളിലും വീക്ഷണസ്ഥാനങ്ങളിലും നിന്നാണ് ഗവൺമെൻറ പര്യാലോചിക്കുന്നതു് എന്ന് അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ് ഗവൺമെൻറ ചീഫ്സിക്രട്ടറി) അവ എന്തെല്ലാമാണെന്നു സ്പഷ്ടമായി എനിക്കു പറയാൻ കഴിയുന്നതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) കാര്യത്തെ പലവീക്ഷണസ്ഥാനങ്ങളിൽ നിന്നു പര്യാലോചിക്കുന്നു എന്നു സമ്മതിക്കുന്നതായാൽതന്നെയും സ്പഷ്ടമായി തീർച്ചപ്പെടുത്തപ്പെട്ട ഒരു ബോധം എങ്കിലും അറിഞ്ഞാൽ കൊള്ളാം.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി) ഒരു കമ്മീഷണർ ഉണ്ടായിരിക്കണം എന്നു തീർച്ചപ്പെടുത്തി

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) അതു നിയമസഭ തീർച്ചപ്പെടുത്തി വേറെ ഒരുകാര്യവും തീർച്ചപ്പെടുത്തിയില്ലേ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സിക്രട്ടറി) മററുള്ളകാര്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിരിക്കുന്നു.

ഗ്രാൻറിൻ എയിഡു പള്ളിക്കൂടങ്ങളിലെ ഉപാധ്യായന്മാരിൽനിന്നും സർക്കാർ ഉദ്യോഗങ്ങൾക്കുള്ള അപേക്ഷകൾ.

൧൮൬. മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) എ. കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കിടയിൽ (൧൧൨൬-൧൧൨൮) ഗവൺമെന്റിൻ കീഴിൽ നിയമിക്കണമെന്നു അപേക്ഷിച്ച കടിയക ഗ്രാന്റിൻ എയിഡ് പള്ളിക്കൂടങ്ങളിലെ അദ്ധ്യാപകന്മാരുടെ എണ്ണം എത്രയെന്നും,

ബി. ആരേയെങ്കിലും നിയമിച്ചുവോ എന്നും,

ഗവൺമെന്റ സദയം പറയുമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ സിക്രട്ടറി) എയും, ബിയും ഒന്നാമതായി ഉദ്യോഗം കൊടുക്കേണ്ടവരായി പകരം നോക്കിയവരായും സൂപ്പർന്യൂമററിമാരായും അനേകംപേർ ഉണ്ടു. അവരെ സർക്കാർപള്ളിക്കൂടങ്ങളിൽ നിയമിക്കുന്നതിനു യാതൊരു സൌകര്യവും ഇല്ലാത്തതുകൊണ്ടു മെമ്പർ ആവശ്യപ്പെടുന്ന പ്രകാരങ്ങൾ സ്വീകരിക്കുന്നതിൽനിന്നു യാതൊരു ഉപയോഗവും ഉണ്ടാകുന്നതല്ല എന്നു ഗവൺമെന്റ വിചാരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) ഇപ്പോൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിൽ എത്ര ഒഴിവുകൾ ഉണ്ടെന്നു പറയാൻ ദയവുണ്ടാകുമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സിക്രട്ടറി) അതു ഒരു ഉപചോദ്യമാണോ എന്നു അറിഞ്ഞാൽ കൊള്ളാം?

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) പകരം നോക്കിയവരെ സൂപ്പർന്യൂമററിയായിട്ടുള്ളവരേയും സ്ഥിരപ്പെടുത്തിയതിനുശേഷം മാത്രമേ ഗ്രാന്റ സ്കൂളുകളിൽനിന്നു അദ്ധ്യാപകന്മാരെ എടുക്കയുള്ളു എന്നു പറയുന്നു. അങ്ങനെ എത്ര ഒഴിവുകളുണ്ട്?

പ്രെസിഡെണ്ടു നിങ്ങൾ ചോദിക്കുന്നതു എന്താണ് അപേക്ഷിച്ചിട്ടുള്ള ഉപാദ്ധ്യായന്മാരുടെ എണ്ണം ആണോ?

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) അതെ.

പ്രെസിഡെണ്ടു അതു എങ്ങനെ ജനിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) മറുപടിയുടെ ഒടുവിലത്തെ ഭാഗം ഇപ്രകാരം ആണ്. ഒന്നാമതായി ഉദ്യോഗം കൊടുക്കേണ്ടവരായി പകരം നോക്കിയവരായും സൂപ്പർന്യൂമററിമാരായും അനേകംപേർ ഉള്ളതിനാൽ എത്ര ഒഴിവുകൾ ഉണ്ടെന്നാണ് അറിയേണ്ടതു?

പ്രെസിഡെണ്ടു ഏതെങ്കിലും ഒഴിവുണ്ടു എന്നു ആ മറുപടി കാണിക്കുന്നില്ല. ഉദ്യോഗം കൊടുക്കേണ്ടവരായി കുറെ ആളുകൾ ഉണ്ടു എന്നുമാത്രമേ അതിൽ പറയുന്നുള്ളു.

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) ഇങ്ങനെ പകരം നോക്കിയവരും സൂപ്പർന്യൂമററിയായിട്ടുള്ളവരുമായ ആളുകൾ എത്രപേരുണ്ടെന്നു പറയാമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സിക്രട്ടറി) നിശ്ചയമില്ല.

മി: ടി. സി. കേശവപിള്ള (കൽകുളവും വിളവംകോടും) ഉദ്ദേശമെങ്കിലും പറയാമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സിക്രട്ടറി) മുന്നറിയിപ്പുണ്ടായിരിക്കണം.

പള്ളികൾ കെട്ടുന്നതിനു അനുവാദം കൊടുക്കാതിരുന്നതു.

൧൮൭. മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും) ൧൧൨൬-൧൧൨൮-വരെ പള്ളികൾ കെട്ടുന്നതിനു അനുവാദത്തിനായി നിഷേധിക്കപ്പെട്ടുപോയതായ ൧൧൨൮-൧൧൨൬-൧൧൨൯-മുതൽ അപേക്ഷകൾ കിട്ടീട്ടുണ്ടെന്നും അങ്ങനെ നിഷേധിക്കുന്നതിനു കാരണങ്ങൾ എന്തെന്നും കാണിക്കുന്ന ഒരു പട്ടിക ഗവൺമെന്റ സദയം മേശപ്പുറത്തു വയ്ക്കുമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സിക്രട്ടറി) മെമ്പർ ആവശ്യപ്പെടുന്ന ഒരു പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും) ആറുമാസക്കാലത്തിനിടയിൽ ൧൬ പള്ളികൾ അനുവദിക്കുന്നതിനുള്ള അപേക്ഷകൾ നിഷേധിക്കപ്പെട്ടു എന്നാണ് മറുപടിയിൽ കാണുന്നതു. അങ്ങനെ നിഷേധിക്കപ്പെട്ടതു ആരാധനസ്ഥാപനങ്ങൾക്ക പ്രതിബന്ധമായി കരുതപ്പെടാവുന്നതല്ലയോ അധികമുള്ളതു?

മി: കെ. ജാർജ് (ഗവൺമെന്റ് ചീഫ്സിക്രട്ടറി) അങ്ങനെ കണക്കാക്കീട്ടില്ല.

മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും) മതബോധമനുസരിച്ചുള്ള ആരാധനസ്വാതന്ത്ര്യത്തെ അംഗീകരിച്ചുണ്ടായിട്ടുള്ള രാജകീയ വിളംബരത്തിൽ വിവരിച്ചിരിക്കുന്ന സംഗതികൾ ഈ പള്ളി സ്ഥാപനത്തിന്റെ പ്രതിഷേധത്താൽ പ്രതിബന്ധമായി വന്നിട്ടില്ല എന്നല്ല വിചാരിക്കേണ്ടതു.

മി: കെ. ജാർജ് (ഗവൺമെന്റ് ചീഫ്സിക്രട്ടറി) നിഷേധിക്കുന്നതിനുള്ള കാരണം പട്ടികയിൽ അതാതിന്റെ നേരെ കൊടുത്തിട്ടുണ്ടു.

മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും): പ്രത്യേകം ഓരോന്നായിട്ട ചോദിക്കാൻ നിവൃത്തിയില്ലല്ലോ അതുകൊണ്ടു വിളംബരത്താൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യത്തിനു പ്രതിബന്ധമായി വന്നിട്ടില്ല എന്നാണല്ലോ വിശ്വസിക്കേണ്ടതു്.

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): പട്ടികയിൽ പറയുന്ന കാരണങ്ങൾ നോക്കി അപേക്ഷ തള്ളിയിട്ടുള്ളതാണ്.

മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും): ആരാധനസ്വാതന്ത്ര്യത്തെ ഗവൺമെന്റ പ്രതിബന്ധിക്കയില്ല എന്നു വിശ്വസിക്കാമോ?

മി: കെ. ജാർജ് (ഗവൺമെന്റ ചീഫ്സെക്രട്ടറി): വിശ്വസിക്കാം.

മീനച്ചലാററിൽ പാലം.

൧൮൮. മി: എ. സി. കുഴ്യാക്കോസ് (മീനച്ചിലും ദേവികുളവും): (എ) മീനച്ചലാററിൽ പണിയിക്കപ്പെട്ടിരുന്ന പാലം ഉപയോഗിക്കാൻ കൊള്ളാത്തതാണെന്നുള്ള വസ്തുത തങ്ങൾക്ക ബോദ്ധ്യമായിട്ട എത്രകാലമായെന്നും

(ബി) മേൽപറഞ്ഞ പാലം പണിയിക്കുന്നതിൽ അവർ മേലിൽ എന്തു നടപടി നടത്താൻ ഉദ്ദേശിച്ചിരിക്കുന്നു എന്നും,

(സി) ഉദയംനദിയുടെ കുറുകെ പാലം പണിയിച്ചതു വളരെക്കാലമായി ജനങ്ങൾ അയച്ചിരുന്ന ഹർജികളുടേയും നിവേദനങ്ങളുടേയും ഫലം ആണെന്നു തങ്ങൾക്കു അറിഞ്ഞുകൂടയോ എന്നും.

(ഡി) വണ്ടികളുടേയും വിദ്യാർത്ഥികൾ ഉൾപ്പെടെ പാദചാരികളുടേയും ഗതാഗതം അഭൂതപൂർവ്വമായി വർദ്ധിക്കുന്ന ഇപ്പോൾ (ക്രൻ.നം - ഫ.വ.) മേൽപറഞ്ഞ പാലം കെട്ടിവന്നിരുന്ന ആ സ്ഥലത്തു മഴക്കാലത്തു അവർ വലുതായ സങ്കടങ്ങൾ അനുഭവിക്കുന്നു എന്നു തങ്ങൾക്കു അറിയാമോ എന്നും,

ഗവൺമെൻറു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി). (എ) ഏകദേശം ആറുമാസം.

(ബി) ഇപ്പോൾ ഉള്ള പാലം പൊളിച്ചുമാററപ്പെട്ടു; അതിനെ പുത്തനായി പണിയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്കു എഴുതി അയച്ചിട്ടുണ്ട്.

(സി) അതെ.

(ഡി) വിവരം നോട്ടുചെയ്തിരിക്കുന്നു. പാലം പുതുക്കി പണിയിക്കുന്ന കാലം വരെ ആറുകടക്കുന്നതു ചങ്ങാടം വഴി ആയിരിക്കുന്നതാണ്.

ആദായനികുതിഡിപ്പാർട്ടുമെണ്ടിൻെറ പ്രവർത്തനം.

ഫരൻ. മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): (എ) സംസ്ഥാനത്തിൽ ഉള്ള ക്ലിപ്തബാദ്ധ്യതയുള്ള കമ്പനികൾ തയ്യാറാക്കി സമർപ്പിക്കുന്ന ആണ്ടുതോറുമുള്ള ആഡിററുചെയ്ത ബാലൻസ് ഷീററുകളെ ആദായനികുതി ഉദ്യോഗസ്ഥന്മാർ സ്വീകരിക്കുന്നുണ്ടോ എന്നും

(ബി) ക്ലിപ്തബാദ്ധ്യതയുള്ള കമ്പനികളുടെ കാര്യത്തിൽ അപ്രകാരം ആഡിററുചെയ്യപ്പെട്ട ബാലൻസ്ഷീററുകളിൽ കാണിച്ചിട്ടുള്ള ലാഭത്തിന്മേൽ മാത്രമാണോ ആദായനികുതി ചുമത്തപ്പെടുന്നതെന്നും.

(സി) ബി-ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ, ലാഭനഷ്ടകണക്കുകളെ അടിസ്ഥാനപ്പെടുത്തി യൂറോപ്യൻ കമ്പനികൾക്കും ഇന്ത്യൻകമ്പനികൾക്കും ഒരേരീതിയിൽതന്നെയാണോ നികുതി ചുമത്തുന്നതെന്നും,

(ഡി) ആദായനികുതി ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാർ തങ്ങളെ അനാവശ്യമായും മനഃപൂർവ്വമായും ഉപദ്രവിക്കുന്നു എന്നു സംസ്ഥാനത്തിലെ കച്ചവടക്കാരുടെ ഇടയിൽ വലിയ പരാതി ഉണ്ടെന്നും തങ്ങൾക്കു അറിയാമോ എന്നും, ഗവൺമെൻറു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറു സെക്രട്ടറി): (എ) അവയുടെ സ്വീകരണം അവയുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. സംസ്ഥാനത്തിലെ ബാദ്ധ്യത ക്ലിപ്തപ്പെടുത്തപ്പെട്ട കമ്പനികളുടെ ബാലൻസ്ഷീററുകളും ലാഭനഷ്ടക്കണക്കുകളും വേണ്ടിടത്തോളം വിവരമായി കൊടുത്തിരിക്കയും അവയുടെ സത്യാവസ്ഥയെ സംശയിക്കുന്നതിനു ആദായനികുതി ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായത്തിൽ യാതൊരു കാരണവും ഇല്ലാതിരിക്കയും ചെയ്താൽ അവയെ സ്വീകരിക്കുന്നതാകുന്നു.

(ബി) അങ്ങനെതന്നെ വേണമെന്നില്ല. ആഡിററുചെയ്ത ലാഭനഷ്ടക്കണക്കുകളിൽ കാണിച്ചിരിക്കുന്ന ലാഭത്തെ ഒരിക്കലും ആദായനികുതി നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ചു കണക്കാക്കപ്പെടുന്നില്ല. ക്ലിപ്തബാദ്ധ്യതയുള്ള കമ്പനികൾ കാണിക്കുന്ന ലാഭത്തിൽ കൊടുത്തുപോയ ആദായനികുതി മുതലായ ഇനങ്ങൾ, സമ്മാനങ്ങൾ പിരിയാത്തതും സംശയാസ്പദമായും ഉള്ളകടങ്ങൾക്കായുള്ള കരുതൽതുക കണക്കിൽ കാഠപഴതിയ ആദ്യചിലവുകൾ ഗവൺമെൻറ് അനുവദിച്ചിട്ടുള്ള നിരക്കിൽനിന്നു കൂടുതൽനിരക്കനുസരിച്ചുള്ള വിലക്കുറവു എന്നിത്യാദി ചില ഇനങ്ങൾ ഒഴിക്കപ്പെട്ടിട്ടുള്ളതായിരിക്കുന്നു. നികുതി ചുമത്താവുന്ന ആദായം കണ്ടുപിടിക്കുന്നതിനു അങ്ങനെയുള്ള തുകകളെ പിന്നെയും കൂട്ടേണ്ടതായിരിക്കുന്നു. അതിനാൽ ക്ലിപ്തബാദ്ധ്യതയുള്ള കമ്പനികളുടെ ആഡിററുചെയ്ത ലാഭനഷ്ടക്കണക്കുകളിൽ കാണിച്ചിരിക്കുന്ന ലാഭത്തിന്മേൽ മാത്രം ആദായനികുതി ചുമത്തുന്നതു സാദ്ധ്യമല്ല.

(സി) ബി-ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഉത്ഭവിക്കുന്നില്ല.

(ഡി) ഇല്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): പാർട്ടു സി (ബി) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഉത്ഭവിക്കുന്നില്ല എന്നു പറയുന്നു എൻെറ ചോദ്യം ഇൻഡ്യൻ ഫേംസിനും യൂറോപ്യൻ ഫേംസിനും പ്രാഫിററും ലാസും നോക്കി ഒരുപോലെയാണോ അസെസ്സ് ചെയ്തിട്ടുള്ളതു എന്നാണ്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): (ബി) ഭാഗത്തിനുള്ള മറുപടി അവശ്യമായിങ്ങനെതന്നെ വേണമെന്നില്ല എന്നാണ്.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): ഒരുപോലെയാണോ അസസ്ചെയ്യുന്നതു്. അതല്ല വ്യത്യാസം ഉണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതിനു മറുപടി പറഞ്ഞിട്ടുണ്ടല്ലോ, അതുകൊണ്ട് ഈ ചോദ്യം അതിൽനിന്നു റെയിസ് ചെയ്യുകയില്ല.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): യൂറോപ്യൻകമ്പനിക്കും ഇൻഡ്യൻ കമ്പനിക്കും ഒരുപോലെയാണോ അസസ്സ്ചെയ്യുന്നതു്.

പ്രസിഡണ്ട്: അതുപോലെയുള്ള ചോദ്യത്തിനു നിങ്ങൾക്കു മറുപടി ആവശ്യമില്ല. നിങ്ങൾ അതിനെ വ്യവസ്ഥാസ്പദമായെ പറയുന്നുള്ളു. (ബി) ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ കൂടുതൽ വിവരങ്ങൾ നൽകണമെന്നാണ് നിങ്ങൾ പറഞ്ഞിട്ടുള്ളതു. (ബി) ഭാഗത്തിനുള്ള മറുപടി അനുകൂലരൂപത്തിൽ ഉള്ളതല്ല. അങ്ങനെയാണെങ്കിൽ നിങ്ങൾക്കു കൂടുതൽവിവരങ്ങൾ ആവശ്യം ഇല്ലല്ലോ. എന്തെല്ലാമായാലും മി: രാമസുബ്ബയ്യർ, നിങ്ങൾക്കു വല്ലതും വിവരങ്ങൾ പറയാനുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക.

മി. വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക്): പ്രാഫിററും ലാസും അക്കൌണ്ടുനോക്കിയാണോ അസെസ്സ്ചെയ്യുന്നതു എന്നാണ് ഞാൻ ചോദിക്കുന്നതു്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): ഏതുപോലെയാണ് അസസ്സ് ചെയ്യപ്പെടുന്നതെന്നു വേണം വിചാരിക്കാൻ.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും വടക്ക): അങ്ങനെയാണെന്നു ഗവൺമെൻറിനു ധൈര്യമായിട്ടു പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): അതിനെപ്പററി അന്വേഷിച്ചുവേണം പറയാൻ.

തൊടുപുഴമുതൽ കലയന്തർവരെയുള്ള റോഡ്.

൧൪൦. മി: തയ്യിളകുന്നത്തിൽത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): (എ) തൊടുപുഴയിൽനിന്നും കലയന്തർവരെ ഒരു റോഡ് വെട്ടുന്നതിനു ബഡ്ജററിൽ തുക ഉൾപ്പെടുത്തിയിട്ടു എത്ര കൊല്ലം ആയി എന്നും,

(ബി) വണ്ടികളുടെ ഗതാഗതത്തിനു തക്കവണ്ണം മേൽപറഞ്ഞ റോഡിനെ കലയന്തർവരെ പൂർത്തിയാക്കിയോ എന്നും,

(സി) ഇല്ലെങ്കിൽ, ഇപ്പോഴും (൧൧൨൫-൨൬) പണി നടക്കുന്നുണ്ടോ എന്നും,

(ഡി) സി-ഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിൽ ആണെങ്കിൽ പണിനിറുത്തിവച്ചതു ഏതുതീയതിമുതൽക്കാണെന്നും, ഗവൺമെൻറ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെൻറുസെക്രട്ടറി): എ) ൧൧൨൧ മുതൽക്കു ആണ്ടുതോറുമുള്ള ബഡ്ജററുകളിൽ കലയന്തർവരെ റോഡിൻെറ ഒരുഭാഗം വെട്ടുന്നതിനു തുക ഉൾപ്പെടുത്തിട്ടുണ്ട്.

(ബി) മേൽപറഞ്ഞഭാഗം പൂർത്തിയായി എന്നും കലയന്തർവരെയുള്ള ഭാഗം വെട്ടുന്നതിനു ഒരു എസ്റ്റിമേററു തയ്യാറായിരിക്കുന്നു എന്നും ചീഫ് എഞ്ചിനിയർ റിപ്പോർട്ടുചെയ്യുന്നു.

(സി) അനുവദിച്ച എസ്റ്റിമേററുകൾ ഒന്നും ഇല്ലാത്തതിനാൽ യാതൊരു പണിയും നടക്കുന്നില്ല.

(ഡി) (സി) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ചു ഉദിക്കുന്നില്ല.

മിസ്റ്റർ ആർ. രാമൻപിള്ളയുടെമേൽ പോലീസ് ഇൻസ്പെക്ടർ

മിസ്റ്റർ കേശവപിള്ള കൊടുത്തിട്ടുള്ള പരാതി.

൧൪൧. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): തനിക്കെതിരായി സഭയിൽ പറയപ്പെട്ട ഒരു ആക്ഷേപം അടിസ്ഥാനപ്പെടുത്തി പാറശാല പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ കേശവപിള്ള തിരുവനന്തപുരം ഒന്നാംക്ലാസു മജിസ്ട്രേട്ടുകോടതിയിൽ മിസ്റ്റർ ആർ. രാമൻപിള്ളയുടെപേരിൽ ഒരു കേസു ചാർജുചെയ്തിട്ടുണ്ടു എന്നുള്ളതു പരമാർത്ഥമാണോ എന്നു ഗവൺമെൻറ സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഉണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): പാറശാല പോലീസ് ഇൻസ്പെക്ടർ മി: കേശവപിള്ള മി: രാമൻപിള്ളയുടെ മേൽ കേസു കൊടുത്തിട്ടുണ്ടോ എന്നു ചോദിച്ചതിനു ഉണ്ടു എന്നാണു മറുപടി. അതിലേക്കു ഗവൺമെൻറ അനുവാദം കൊടുത്തിട്ടുണ്ടോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഈ കൗൺസിലിൽ അപകീർത്തികരമായിട്ടു മി: രാമൻപിള്ള പ്രതിപാദിച്ചതിനു ഉപശാന്തിക്കായിട്ടു ഡിപ്പാർട്ടുമെൻറ വിചാരണ നടത്തിയപ്പോഴും കൂടുതൽ വിവരങ്ങളൊന്നും കൊടുക്കാൻ മി: രാമൻപിള്ള തയ്യാറാകാത്തതുകൊണ്ടു സംഗതിക്കാരൻ കേസുകൊടുക്കുന്നതിനു അനുവാദം ചോദിച്ചു. അതിലേക്കു ഗവൺമെൻറ അനുവാദംകൊടുത്തു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഈ കൗൺസിലിലെ പ്രസ്താവനയ്ക്കു ഡിപ്പാർട്ടുമെൻറുകാരാണോ വിചാരണ നടത്തുന്നതു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഡിപ്പാർട്ടുമെൻറുകാരല്ല. ആരോപിച്ചിട്ടുള്ള കററം ചെയ്തിട്ടുണ്ടെങ്കിൽ അതിനെപ്പററി ഡിപ്പാർട്ടുമെൻറിൽനിന്നും മേൽനടപടിക്കായിട്ടാണു അന്വേഷണം നടത്തിയതു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഗവൺമെൻറിനോടു അപേക്ഷിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഇല്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): കൗൺസിലിൽ പറയുന്ന കാര്യങ്ങളെപ്പററി ഗവൺമെൻറല്ലയോ അന്വേഷിക്കേണ്ടതു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഗവൺമെൻറിനു അന്വേഷിക്കേണ്ട പ്രത്യേക കാരണമുണ്ടെങ്കിൽ അന്വേഷിക്കും.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഇതിൽ പ്രത്യേകകാരണം ഇല്ലെന്നാണോ മെമ്പർ വിചാരിക്കുന്നതു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഇതിനെപ്പററി അന്വേഷിച്ചാണു ഗവൺമെൻറ അനുവാദം കൊടുത്തിട്ടുള്ളതു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഗവൺമെൻറ അന്വേഷണം നടത്തിയോ?

പ്രസിഡൻറ: ഗവൺമെൻറ എങ്ങനെയാണു അന്വേഷിക്കുക?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഡിപ്പാർട്ടുമെൻറു അന്വേഷണംകൂടാതെ പ്രത്യേകം ഒരു കമ്മിററിവച്ചും മററോ അന്വേഷിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സിക്രട്ടറി): കമ്മിററിവച്ചു അന്വേഷിച്ചിട്ടില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഇനിയെങ്കിലും കമ്മിററിവച്ചു അന്വേഷിക്കാൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സിക്രട്ടറി): അതിനെപ്പററി ഇപ്പോഴും പറയാൻ നിവൃത്തിയില്ല.

മലയാളം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ക്യൂറേറ്റർ.

൫൭൨. മി: രേവതീനാൾ രാമവർമ്മരാജാ (ഇടവക): (എ) (i) മലയാളഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഒരു ക്യൂറേറ്ററെ ആദ്യകാലത്തു സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ക്യൂറേറ്ററിൽനിന്നു ഭിന്നമായ ഒന്നായി രൂപീകരിക്കാനുള്ളകാരണം എന്തെന്നും പിൽകാലത്തു അതു സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ക്യൂറേറ്ററുടെ കീഴിൽ എങ്ങനെ വന്നു എന്നും;

(ii) ഇപ്പോഴത്തെ ക്യൂറേറ്ററെ നിയമിക്കുന്നതിനുമുമ്പ് മലയാളം ക്യൂറേറ്ററുടെ സ്ഥാനത്തിനു അപേക്ഷിച്ച എല്ലാ മലയാളം പണ്ഡിതന്മാരുടെയും അവകാശങ്ങളെപ്പറ്റി ചിന്തിച്ചുവോ എന്നും;

(iii) ഒരു മലയാളം ക്യൂറേറ്ററുടെ ജോലി നിർവഹിക്കുന്നതിനു ഇപ്പോഴത്തെ സംസ്കൃത ക്യൂറേറ്റർക്കു പഴയ മലയാളത്തിൽ വേണ്ട പാണ്ഡിത്യം ഉണ്ടെന്നു തങ്ങൾ വിചാരിക്കുന്നോ എന്നും അങ്ങനെയാണെങ്കിൽ എന്തുകൊണ്ടെന്നും;

ഗവണ്മെന്റു പറയുമോ?

(ബി) മലയാളം ക്യൂറേറ്റർ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയുംചെയ്ത പഴയതും അപൂർവവും ആയ മലയാളഗ്രന്ഥങ്ങളുടെ ഒരു ലിസ്റ്റും സംസ്കൃതക്യൂറേറ്റർ മലയാളം ക്യൂറേറ്ററുടെ ഉദ്യോഗംകൂടി വഹിച്ചുതുടങ്ങിയതിൽപിന്നെ ആ ഡിപ്പാർട്ടുമെന്റു ചെയ്തുവന്ന ജോലികളെപ്പറ്റി ഒരു റിപ്പോർട്ടും മേശപ്പുറത്തു വയ്ക്കുമോ?

(സി) (i) തങ്ങൾ ഇപ്പോഴത്തെ മലയാളം ക്യൂറേറ്ററോടു ശ്രീനാരായണീയത്തിന്റെ ഒരു മലയാള പരിഭാഷ പ്രസിദ്ധപ്പെടുത്താൻ പറഞ്ഞിട്ടുണ്ടോ എന്നും;

(ii) (സി) (i) ഭാഗത്തിനുള്ള മറുപടി സമ്മതരൂപത്തിൽ ആണെങ്കിൽ ആ ജോലി ഇപ്പോൾ (ക്രമം-വ്യ-വസ്ഥ-) ഏതു നിലയിൽ ഇരിക്കുന്നു എന്നും അദ്ദേഹം അതിനെ എപ്പോൾ തീർക്കുമെന്നു ഉദ്ദേശിക്കുന്നു എന്നും;

(iii) മുൻകാല മലയാളം ക്യൂറേറ്റർ ആഫീസിൽ ശേഖരിക്കപ്പെട്ട മലയാളഗ്രന്ഥങ്ങൾ തിരുവിതാംകൂറിനു വെളിയിൽ കടന്നുവരുന്നു എന്നും വിദേശ പ്രസിദ്ധകന്മാരുടെ കയ്യിൽ ആയിരിക്കുന്നു എന്നും തങ്ങൾക്കു അറിയാമോ എന്നും;

(iv) (സി) (i) ഭാഗത്തിനുള്ള മറുപടി സമ്മതരൂപത്തിൽ ആണെങ്കിൽ തങ്ങൾ എന്തു നടപടി നടത്തി എന്നും;

ഗവണ്മെന്റു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു സിക്രട്ടറി): (എ) (i) മലയാളഗ്രന്ഥങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനു ആദ്യമായി സംസ്കൃത ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുംകൂടി ചുമതലപ്പെട്ടിരുന്ന മരിച്ചുപോയ ഡാക്ടർ ടി. ഗണപതിശാസ്ത്രിയെ ഏൽപ്പിച്ചിരുന്നു. കുറേകാലം കഴിഞ്ഞപ്പോൾ അദ്ദേഹം ശേഖരിച്ചിരുന്ന സംസ്കൃത ഗ്രന്ഥങ്ങളെത്തന്നെ പ്രസിദ്ധപ്പെടുത്തുന്നതിനു മാത്രമായി അദ്ദേഹത്തിന്റെ ഏകാഗ്രശ്രദ്ധ ആവശ്യമാണെന്നു കാണപ്പെട്ടു. അതിനാൽ അന്നു ഗവണ്മെന്റു സിക്രട്ടറിയായിരുന്ന മിസ്റ്റർ പരമേശ്വരയ്യരുടെ നേതൃത്വത്തിൽ മലയാള ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനും പ്രസിദ്ധപ്പെടുത്തുന്നതിനും ആയി തല്ക്കാലത്തേക്കു ഒരു മലയാളം പണ്ഡിതനെ ഗവണ്മെന്റു ചുമതലപ്പെടുത്തി. മിസ്റ്റർ പരമേശ്വരയ്യരെ കൗൺസിൽ ഡിവിഷൻ പേഷ്കാരായി നിയമിച്ചപ്പോൾ ആ ജോലി ഡാക്ടർ ശങ്കരമേനവനെ ഏൽപ്പിച്ചു. സംസ്കൃത ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള ഉപദേശക സഭ പണച്ചിലവിനെയും കൂടുതൽ കാര്യക്ഷമതയെയും ജോലിയുടെ പരസ്പരയോജിപ്പിനെയും കരുതി രണ്ടു ഡിപ്പാർട്ടുമെന്റുകളും ഏകോപിക്കുന്നതിനു ശുപാർശചെയ്തതിനാൽ ഈ ജോലി വീണ്ടും സംസ്കൃത ക്യൂറേറ്ററെ ഏല്പിച്ചു.

(ii) (എ) (i) ഭാഗത്തിനുള്ള മറുപടിയുടെ അവസാനഭാഗത്തെ അപേക്ഷിച്ച് ഇതു ജനിക്കുന്നില്ല.

(iii) അതെ. ഈ ജോലി നടത്തുന്നതിനു അദ്ദേഹത്തിനു യോഗ്യതയുണ്ട്.

(ബി) വിവരങ്ങൾ അടങ്ങിയ പ്രത്യേകം പ്രത്യേകം പട്ടികകൾ മേശപ്പുറത്തുവച്ചിട്ടുണ്ട്.

(സി) (i) നാരായണീയത്തിനു ഒരു മലയാള വ്യാഖ്യാനം എഴുതുന്നതിനു ക്യൂറേറ്ററോടു ഉത്തരവു ചെയ്തിട്ടുണ്ട്.

(ii) ഒന്നു രണ്ടു പുസ്തകങ്ങൾ അച്ചുക്കൂടത്തിലേക്കു അയച്ചുകഴിഞ്ഞു ഒരു കൊല്ലത്തിൽ ജോലി തീർക്കാമെന്നു ക്യൂറേറ്റർ ആശിക്കുന്നു.

(iii) ഇതുപോലെയുള്ള യാതൊന്നും ഗവണ്മെന്റിന്റെ അറിവിൽവന്നിട്ടില്ല.

(iv) (iii) ഭാഗത്തിനുള്ള മറുപടിയെ അപേക്ഷിച്ച് ഇതു ജനിക്കുന്നില്ല.

നാരായണീയത്തിന് ഒരു വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തുക.

൫൭൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും മേവിടവും): (എ) മലയാളം ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ക്യൂറേറ്റർസ്ഥാനംകൂടി വഹിക്കുന്ന മിസ്റ്റർ സാംബശിവശാസ്ത്രിയോടു നാരായണീയത്തിന് ഒരു മലയാള വ്യാഖ്യാനം എഴുതി പ്രസിദ്ധപ്പെടുത്തുന്നതിന് ഉത്തരവു ചെയ്തിട്ടുണ്ടോ എന്നു ഗവണ്മെന്റു സദയം പറയുമോ?

(ബി) ഈ ജോലിക്കു മിസ്റ്റർ സാംബശിവശാസ്ത്രിക്കു വല്ല വിശേഷാൽ യോഗ്യതയും ഉണ്ടോ എന്നറിയാമോ?

(സി) (എ) ഈ വ്യാഖ്യാനം എഴുതുന്ന ജോലി ആരംഭിച്ചിട്ടുണ്ടോ എന്നും, ആരംഭിച്ചു എങ്കിൽ എപ്പോൾ എന്നും;

(ബി) ഈ ജോലി എത്രത്തോളം ആയിട്ടുണ്ടെന്നും അതു എപ്പോൾ പൂർത്തിയാകുമെന്നും;

ഗവണ്മെന്റു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റുസെക്രിട്ടറി) :

(൧) അതേ.

(൨) ഈ ജോലി ചെയ്യുന്നതിനു മിസ്റ്റർ ശാസ്ത്രികൾ പൂർണ്ണയോഗ്യതയുണ്ട്

(൩) (എ) ജോലി ൧൧൦൪ മീനം ൨൭-ാംനു-ആരംഭിച്ചു.

(ബി) ൧൭൨-ാം ചോദ്യത്തിന്റെ (സി)(ii) ഭാഗത്തിലുള്ള മറുപടി കമ്പർ [illegible], ചില സമുദായങ്ങളിൽ പെട്ടവരെ സാനിട്ടറി ഡിപ്പാർട്ടുമെന്റിൽ നിയമിക്കണ.

---

൧൭൪. മി: പി. കെ. ഉമ്മൻ (കുന്നത്തുനാടും [illegible]) : "ഈഴവ, നസ്രാണി, മുഹമ്മദീയ സമുദായത്തിലും നിന്നു എടുത്ത ആളുകളുടെ എണ്ണം വളരെ ചുരുക്കമായിരിക്കുന്നു. "൨൦൦ സമുദായങ്ങളിൽ" നിന്നും ആരേയും എടുത്തിട്ടില്ല. [illegible] സാനിട്ടറി [illegible] ഇൻസ്പെക്ടർമാരുടെ ലിസ്റ്റ് വച്ചിട്ടുള്ളതും [illegible] വാളൻറിയർമാരുടെയും ഒഴിവുകളിൽ നിയമിക്കുന്നതും ആകുന്നു. [illegible] ട്രയിൻ ചെയ്തിട്ടില്ലാത്ത വാളൻറിയർമാരെ എടുക്കുന്ന [illegible] ഗവണ്മെന്റു അനുവദിച്ചിട്ടുണ്ടോ [illegible] ഈ പദ്ധതി ഗവണ്മെന്റു അനുവദിച്ചിട്ടുണ്ടോ; ഈ ഡിപ്പാർട്ടുമെന്റിൽ ഈഴവർ, മുഹമ്മദീയർ, [illegible] സമുദായക്കാർ എന്നിവരുടെ പ്രാതിനിധ്യം ഇതു കുറഞ്ഞിരിക്കുന്നതിന്റെ [illegible] സമാധാനം പറയണം" എന്നും ൧൧൦൪ ഏപ്രിൽ [illegible] നമ്പർ ജി. ഓ. വിയലെ ൧൧-ാം പാരാവിൽ പറഞ്ഞിരിക്കുന്നതിനെ [illegible] VIII. പുറം ൧൦൧൩) സാനിട്ടറികമ്മീഷണരുടെ പക്കൽ നിന്നു [illegible] എന്നു ഗവണ്മെന്റു സദയം പറയുമോ?

(൨) (൧) ഭാഗത്തിലുള്ള മറുപടി അനുകൂലരൂപത്തിൽ ആണെങ്കിൽ, [illegible] സമാധാനത്തിന്റെ ഒരു പ്രതി മേശപ്പുറത്തു സദയം വയ്ക്കുമോ?

(൩) (൧) ഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിലാണെങ്കിൽ, മേൽ [illegible] എന്തു നടപടി നടത്തി എന്നു സദയം പറയുമോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ് സെക്രട്ടറി) : (൧) കിട്ടി.

(൨) അങ്ങിനെ ചെയ്യുന്നതു വിഹിതമെന്നു ഗവണ്മെന്റു [illegible] വിചാരിക്കുന്നില്ല.

(൩) (൧) ഭാഗത്തിലുള്ള മറുപടിയെ അപേക്ഷിച്ചു ഇതു ജനിക്കുന്നില്ല—

അനുബന്ധം X.

൧൭൪-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിൽ പതിത സമുദായത്തിൽ പെട്ടവരുടെ

നിയമനം കാണിക്കുന്ന പട്ടിക.

കൊല്ലങ്ങൾ.	(എ) ൧൧൦൦-മുതൽ ൧൧൦൪ വരെ പി. ഡബ്ലിയു-ഡിയിൽ നിയമിക്കപ്പെട്ടിട്ടുള്ള പതിതസമുദായാംഗങ്ങളുടെ എണ്ണം.	(ബി) ൧൧൦൦-മുതൽ ൧൧൦൪ വരെ പതിത സമുദായാംഗങ്ങളിൽ നിന്നും കിട്ടിട്ടുള്ള അപേക്ഷകളുടെ എണ്ണം.	(സി) ൧൧൦൦-മുതൽ ൧൧൦൪ വരെ നിയമിക്കപ്പെട്ട പതിതസമുദായാംഗങ്ങളുടെ എണ്ണം.
൧൧൦൦	,,	൩	,,
൧൧൦൧	,,	,,	,,
൧൧൦൨	,,	൬	,,
൧൧൦൩	൨	൪	൨
൧൧൦൪	൨	൧൦	൨
ആകെ	൪	൨൩	൪

അനുബന്ധം XI.

൧൪൭-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

പള്ളികൾ കെട്ടുന്നതിനു അനുവാദം ചോദിച്ചും എന്നാൽ നിഷേധിക്കപ്പെട്ടതും ആയി ൧൧൦൪-൧൧-൧൨/൧൯൨൯-൬-൨൪ മുതൽ ൧൧൦൫-൫-൧൦/൧൯൨൯-൧൨-൨൫ വരെ കിട്ടിയ അപേക്ഷകളേയും നിഷേധിക്കുന്നതിനുള്ള കാരണങ്ങളേയും കാണിക്കുന്നതിനുള്ള പട്ടിക.

I. പള്ളികൾ കെട്ടാൻ നിശ്ചയിച്ച സ്ഥലങ്ങളിന്മേൽ അപേക്ഷകർക്ക പൂർണ്ണമായ ഉടമസ്ഥാവകാശം ഇല്ലാത്തതു നിമിത്തം നിഷേധിക്കപ്പെട്ട അപേക്ഷകൾ.

ക്രമനമ്പർ	അപേക്ഷകന്റെ പേര്.	ഗവർമ്മെന്റിനു അപേക്ഷ കിട്ടിയ തീയതി.	തീർച്ചപ്പെടുത്തിയ തീയതി	നിഷേധിക്കുന്നതിനുള്ള കാരണം.
൧	വെണ്ണിക്കുളം പകുതിയിൽ മുപ്പാടിപടിക്കൽ കരുവിള അയിപ്പ് (വെണ്ണിക്കുളം-തിരുവല്ല)	൧൯൨൯-൭-൮൬	൨൯-൭-൧൭	പള്ളികെട്ടാൻ നിശ്ചയിച്ച സ്ഥലത്തിന്മേൽ അപേക്ഷകന്മാർക്കു പൂർണ്ണ ഉടമസ്ഥാവകാശം സിദ്ധിച്ചിരുന്നില്ല.
൨	തിരുത്തുവപുരം പാരിഷ് പാതിരി റെവ-ഫാദർ-ഇഗ്നേഷിയസ് (വിളവങ്കോട്ട)	൨൯-൭-൧൧	൨൯-൭-൨൩	ടി
൩	വടക്കേവയൽ ചാക്കോ ഔസേപ്പ് വാലക്കലും അവിരാജോസഫും ചിറം കുന്നേലും (കാഞ്ഞിരപ്പള്ളി വടക്ക പകുതി, ചങ്ങനാശേരി)	൨൯-൮-൨൮	൨൯-൯-൧൭	ടി
൪	വെളിയം എടയിലഴികത്തുവീട്ടിൽ പൂയപള്ളിൽ ചാക്കോ മത്തായി-(വെളിയം പകുതി-കൊട്ടാരക്കര)	൨൯-൯-൩	൨൯-൯-൧൮	ടി
൫	ഓലിപ്പുറയിൽ പൈലി ചാക്കോയും, പള്ളത്തു പൈലി വർക്കിയും, മൂഴനത്തു പൈലിവർക്കിയും. (കല്ലൂർക്കാട് പകുതി മൂവാറ്റുപുഴ)	൨൯-൧൦-൧൩	൨൯-൧൦-൨൨	പള്ളി കെട്ടാൻ നിശ്ചയിച്ച സ്ഥലത്തിന്മേൽ അപേക്ഷകന്മാർക്ക പൂർണ്ണ ഉടമസ്ഥാവകാശം സിദ്ധിച്ചിരുന്നില്ല.
൬	നെടുങ്ങാടപ്പള്ളി പെരിങ്ങര പാരിഷ് പാതിരി റെവ. ഫാദർ. മിഖേൽ ക്രൂസ (തിരുവല്ലാ പകുതി നെയ്യാറ്റിൻകര.)	൨൯-൧൧-൧൮	൨൯-൧൨-൧൦	സ്ഥലത്തിനു അര മൈയിലിനുള്ളിൽ ഒരു റോമൻകത്തോലിക്ക പള്ളി ഉള്ളതും, സ്ഥലത്തെ നിവാസികളുടെ തടസ്ഥവും, പള്ളി കെട്ടാൻ നിശ്ചയിച്ച സ്ഥലത്തിന്മേൽ അപേക്ഷകനു പൂർണ്ണമായ ഉടമസ്ഥാവകാശം ഇല്ലാത്തതും.
൭	പുനലൂർ പാരിഷ് പ്രീസ്റ്റ് റെവ-ഫാദർ-ജോൺ മേരി-ഒ.സി.ഡി. (കമ്മിറം പകുതി-കൊട്ടാരക്കര)	൨൯-൧൨-൧൯	൩൦-൧-൬	പള്ളികെട്ടാൻ നിശ്ചയിച്ച സ്ഥലത്തിന്മേൽ അപേക്ഷകനു പൂർണ്ണ ഉടമസ്ഥാവകാശം കിട്ടിയിരുന്നില്ല.

II. ക്രിസ്ത്യൻ മതപ്രധാനികളും മററു ക്രിസ്ത്യാനികളും പുറപ്പെടുവിച്ച തടസ്ഥങ്ങൾ നിമിത്തം നിഷേധിച്ച അപേക്ഷകൾ.

ക്രമനമ്പർ	അപേക്ഷകന്റെ പേര്.	ഗവർമ്മെന്റിനു അപേക്ഷ കിട്ടിയ തീയതി.	തീർച്ചപ്പെടുത്തിയ തീയതി	നിഷേധിക്കുന്നതിനുള്ള കാരണം.
൮	തൊടുപുഴതാലൂക്ക കാരിക്കോട്ട പകുതിയിൽ കീരിമ്പാറ മുറിയിൽ തേക്കുംകാട്ടിൽ തൊമ്മൻമാത്തൻ.	൨൯-൧൦-൧൬	൨൯-൧൧-൧൬	റോമൻ കത്തോലിക്കർക്കായി കെട്ടാൻ ഉദ്ദേശിക്കുന്ന പള്ളി കെട്ടുന്നതിനു അനുവാദം കൊടുക്കാൻ പാടില്ല എന്നു എറണാകുളം ആർച്ച് ബിഷപ്പ് അഭിപ്രായപ്പെട്ടതിനാൽ.
൯	തിരുവല്ലാതാലൂക്കിൽ കാവുംഭാഗം പകുതിയിൽ പെരുന്തുരുത്തി മുറിയിൽ ചെറുത്തിട്ടയിൽ ഉമ്മൻ വർക്കി.	൨൭-൯-൩	൨൮-൧൦-൨൮	യാക്കോബായ, ആംഗ്ലിക്കൻ, മാർത്തൊമ്മ, റോമൻകത്തോലിക്ക എന്നീ കക്ഷികളിൽ പെട്ട ക്രിസ്ത്യാനികൾ ആ സ്ഥലത്തു ഒരു പള്ളിക്ക യാതൊരു നീതീകരിക്കലും ഇല്ല എന്നു തടസ്ഥപ്പെടുത്തിയതുകൊണ്ടു.

അനുബന്ധം XI (തുടൎച്ച)

ക്രമനമ്പർ	അപേക്ഷകന്റെ പേര്	ഗവൎമ്മെന്റിനു അപേക്ഷ കിട്ടിയ തീയതി	തീൎച്ചപ്പെട്ട തീയതി	നിഷേധത്തിനുള്ള കാരണം.
	III. തന്റെ അപേക്ഷയെ തുടരണമെന്നു അപേക്ഷക്കാരൻ ആവശ്യപ്പെടായ്കയാൽ നിഷേധിക്കപ്പെട്ട അപേക്ഷ			
൧൦	തിരുവല്ലാ നിരണം വടക്കേക്കര പകുതിയിൽ വിഴാലിൽ വീട്ടിൽ വി. എം. ജാൻ.	൨൮-൬-൨൫	൨൮-൭-൨	തന്റെ അപേക്ഷയെ തുടരണമെന്നില്ല എന്നു അപേക്ഷകൻ പറഞ്ഞതിനാൽ നിരസിച്ചു.
	IV മററുകാരണങ്ങളിന്മേൽ നിഷേധിക്കപ്പെട്ട അപേക്ഷകൾ			
൧൧	വൈക്കം കടുത്തുരുത്തി പകുതിയിൽ ഏരാക്കാടിൽ സാൻടാക്രൂസ് പള്ളിയിൽ റെവഃ ഫാദർ സ്ലെഹയർ	൨൮-൮-൮	൨൮-൮-൨൪	സമീപത്തു ഹിന്ദുക്ഷേത്രങ്ങൾ ഉള്ളതുകൊണ്ടും മററു മതസ്ഥന്മാരുടെ മതസംബന്ധമായ എഴുന്നള്ളിപ്പുകൾക്കു ഉപദ്രവമുണ്ടാകുമെന്നുള്ളതുകൊണ്ടും
൧൨	തിരുവല്ല ബെഥനിമിഷനിൽ റെവഃ ഫാദർ സ്റ്റീഫാനോസ് (പത്തനംതിട്ട താലൂക്ക ഓമല്ലൂർ പകുതി	൨൮-൮-൨൯	൨൮-൧൦-൯	സമീപത്തു ഹിന്ദുക്ഷേത്രങ്ങളും പബ്ലിക്ക് റോഡുകളും ഉള്ളതുകൊണ്ടും ചേൎന്നുകിടക്കുന്ന വീട്ടുകളിലെ നിവാസികൾക്കു ന്യായമായ അസൌകൎയ്യങ്ങൾ നിമിത്തവും
൧൩	തിരുവല്ല കവിയൂർ പകുതിയിൽ ബെഥനിമിഷനിൽ റെവ ഫാദർ സ്റ്റീഫാനോസ്	൨൮-൧൦-൩൧	൨൮-൧൦-൨൨	നിൎദ്ദിഷ്ടസ്ഥലം സമീപത്തുള്ള ഹിന്ദുക്ഷേത്രത്തിൽ നിന്നും ഉള്ള ഒരു എഴുന്നള്ളിപ്പു കടന്നുപോകുന്ന പാതയിൽ ആയിരുന്നതിനാലും അടുത്തുള്ള ഗ്രാമനിവാസികൾ ന്യായമായ ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയാലും
൧൪	കാൎത്തികപ്പള്ളി പള്ളിപ്പാട്ടുപള്ളിപ്പാട്ടുപകുതിയിൽ പള്ളിപ്പാട്ടിൽ മാത്തൻ കത്തൻ	൨൮-൧൦-൩൧	൨൦-൧-൯	അതതുമേൽ ഗവൺമെന്റിന്റെ അനുവാദം കൂടാതെ പണിചെയ്തു വരുന്നതും ഏകദേശം മൂന്നു ഹിന്ദുക്ഷേത്രങ്ങളും ഉണ്ടായിരുന്നതിനാൽ മററുള്ള മതസ്ഥരുടെ മതസംബന്ധമായ എഴുന്നള്ളിപ്പുകൾക്കുള്ള വഴിയും നിൎദ്ദിഷ്ടസ്ഥലത്തിനരികിലായി കിടന്നിരുന്നു.
൧൫	പുള്ളിച്ചിറ പാരിഷ് പാതിരി റെവ. ഫാദർ ബെൎണാർഡ് ഫെൎണാണ്ടെസ് (കൊല്ലം താലൂക്ക ഇരവിപുരം പകുതി)	൨൮-൧൨-൩	൩൦-൧-൧൦	വളരെ സമീപത്തിൽ മററു പള്ളികളും ഉത്സവ ഹിന്ദുക്ഷേത്രങ്ങളും കാവാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഉള്ള പള്ളിക്കൂടങ്ങളും ഉള്ളതുകൊണ്ടു

അനുബന്ധം XII

൧൫൨-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക

മലയാളഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ഇപ്പോഴത്തെ ക്യൂറേറ്റർ ൧൧൦൪-ൽ ചാർജെടുത്തതിൽ പിന്നീടു ചെയ്തുതീൎത്ത ജോലികാണിക്കുന്നപട്ടിക

തയ്യാറാക്കി അച്ചടിപ്പിക്കാറാക്കീട്ടുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ്

നമ്പർ	ഗ്രന്ഥത്തിന്റെ പേര്	ഗ്രന്ഥങ്ങളുടെ എണ്ണം.	റിമാൎക്ക്
൧	പ്രഹ്ലാദചരിതം.	൧൧൯൦	
൨	പാലാഴിമഥനം.	൧൦൧൭	
൩	കൌടലീയം (൧-ാം ഭാഗം)	൨൨൨൫	ഒരു പ്രാചീനമലയാളഗ്രന്ഥം
൪	പരമാൎത്ഥസാരം.	൪൦൦	

II

അച്ചടിക്കാനായി തയ്യാറായിവരുന്ന ഗ്രന്ഥങ്ങളുടെ ലിസ്ട്

നമ്പർ	ഗ്രന്ഥങ്ങളുടെ പേര	റിമാർക്ക്
൧	തന്ത്രസമുച്ചയം വ്യാഖ്യാനം	
൨	വലവീശപുരാണം ഒരു പ്രാചീനമലയാളം	ഇതിനു ഒരു തമിഴ് പണ്ഡിതന്റെ സഹായം കൂടി ആവശ്യമാണെന്നുള്ള കാരണത്തിന്മേൽ ചീഫ് പണ്ഡിതർ തിരികെ അയച്ചതാണ. ഇപ്പോൾ ഇതിനെ ക്യൂറേറർ തന്നെ തയ്യാറാക്കിവരുന്നു.

III

അച്ചടിയിൽ ഇരിക്കുന്ന പുസ്തകങ്ങളുടെ ലിസ്ട.

നമ്പർ	പുസ്തകത്തിന്റെ പേര്	അവസാനമായി അച്ചടിക്കാൻ ഉത്തരവുകൊടുത്ത തീയതി	പൂർണ്ണമാണോ എന്ന്	റിമാർക്ക്
൧	വിഷ്ണുഗീത	൧൧൦൪-൪-൨൨	പൂർണ്ണം	
൨	തത്വമസിവ്യാഖ്യാനം	൧൧൦൪-൮-൧	ടി	
൩	തത്വമസിവ്യാഖ്യാനക്കുറിപ്പ	൧൧൦൪-൮-൭	അപൂർണ്ണം	൧൧൦൪-൨-൨൭-നു-ക്കു മേൽ അച്ചുകൂടത്തിലേക്കയച്ചുള്ളു,
൪	പ്രശ്നസാരം (൧൪ ഹാരം)	൧൧൦൪-൯-൧	ടി	
൫	ബ്രഹ്മാനന്ദവിവേക സമുദ്രം(൨-ാംഹാരാ)	൧൧൦൪-൮-൮		
൬	ബാലശങ്കരം ൨-ാം ഭാഗം	,,	,,	ഇവിടെയാതൊരു പ്രൂഫും കിട്ടീട്ടില്ല.
൭	കണ്ണശ്ശഭാരതം	,,		൧൧൦൬-൨-൨൭-നു-ക്കമേൽ അച്ചുകൂടത്തിലേക്കയച്ചു.
൮	നാരായണീയം	,,	,,	ഇവിടെയാതൊരു പ്രൂഫും കിട്ടീട്ടില്ല.

IV

പകർത്തിയ കൈയ്യെഴുത്തു ഗ്രന്ഥങ്ങളുടെ ലിസ്ററ.

നമ്പർ	ഗ്രന്ഥത്തിന്റെപേർ	ഗ്രന്ഥങ്ങളുടെഎണ്ണം
൧	യുധിഷ്ഠിരവിജയം	൨൧൦൦
൨	പാതിരിമാരുടെ സമുദായചരിത്രം	൫൦൦൦
൩	സങ്കല്പസൂര്യോദയം	൪൦൦
൪	രസസദസ്യാദി	൪൦൦
൫	ഭരതവാക്യം	൧൮൦
൬	ചിററികെടകുറി	൧൮൦൦
൭	നമ്പ്യാരുടെതമിഴ്	൨൨൦൦
൮	കരണപദ്ധതി ഭാഷ	൮൦൦
൯	വലവീശപുരാണം	൧൦൨൫
൧൦	അമൃതമഥനാദി	൫൦൦
൧൧	പലവക ഭാഷാകൃതികൾ	൭൫൦
൧൨	നാരായണീയവ്യാഖ്യാനം	൨൫൦൦

V

ഒത്തുനോക്കിയ കയ്യെഴുത്തു പ്രതിയുടെ പേര്

കയ്യെഴുത്തുപ്രതിയുടെ പേര്	ഗ്രന്ഥങ്ങളുടെ എണ്ണം
പാതിരിമാർ സമുദായചരിത്രം	൫൦൦൦

VI

ശേഖരിച്ചിട്ടുള്ള കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ ലിസ്ററ.

നമ്പർ	ഗ്രന്ഥത്തിന്റെ പേര	നമ്പർ	ഗ്രന്ഥത്തിന്റെ പേര
൧	ഗിരിജാകല്യാണം	൧൩	ഭദ്രദീപം
൨	ഗിരിജാകല്യാണം	൧൪	കൃഷ്ണാവതാരലീല
൩	ഗണിതസംഗ്രഹം	൧൫	തന്ത്രസംഗ്രഹംഭാഷ
൪	അഷ്ടപദി	൧൬	ഗുരുദക്ഷിണപാട്ട
൫	വ്യവഹാരമാല	൧൭	ചികിത്സാസാരം
൬	കേരളചരിതം	൧൮	ഭാഗവതം ദശമം ഭാഷാവ്യാഖ്യാനം
൭	ലീലാവതി ഭാഷാ,കരണപദ്ധതിഭാഷാ	൧൯	(എ) അംഗുലീയാഗം
൮	കരണസാരം	൧൯'	(ബി) അംഗുലീയാഗം
൯	യോഗാമൃതം	൨൦	ശൃംഗാരശ്ലോകങ്ങൾ
൧൦	കരണപദ്ധതിഭാഷാ	൨൧	വികൃതിവിജ്ഞാനം
൧൧	കർണ്ണാമൃതം	൨൨	ശാസ്താംപാട്ട
൧൨	ചികിത്സാസംഗ്രഹം	൨൩	ചന്ദ്രോത്സവം

നമ്പർ.	ഗ്രന്ഥത്തിന്റെ പേര്.
൨൪	വികൃതിവിജ്ഞാനം
൨൫	ഭഗവൽഗീതാ
൨൬	നേത്രരോഗവിജ്ഞാനീയം
൨൭	ഗുരുദക്ഷിണപാന
൨൮	പാർവ്വതീപരിണയം
൨൯	അംബരീഷചരിത്രം പന്ത്രണ്ടുവൃത്തം
൩൦	പലവക
൩൧	ഹോരാവ്യാഖ്യാനം
൩൨	ആശ്ലേഷസൂത്രം
൩൩	വിഷവൈദ്യം
൩൪	വൈദ്യം
൩൫	കീർത്തനം (ശ്രീകൃഷ്ണലീല)
൩൬	കരണപദ്ധതി
൩൭	ഭാഗവതം ഇരുപത്തിനാലുവൃത്തം
൩൮	അമരം തമിഴ്കുത്തു
൩൯	അഷ്ടപദിപ്പാട്ട
൪൦	മനസ്ഥാനിതം
൪൧	കണ്ണശ്ശഭാഗവതം
൪൨	ദക്ഷയാഗം പാട്ട
൪൩	മനുഷ്യാലയലക്ഷണം
൪൪	കേരളോല്പത്തി
൪൫	വ്യവഹാരമാലിക, സേതുമാഹാത്മ്യം
൪൬	ദശമം ഭാഗവതം
൪൭	ഭാഗവതം ദശമംരണ്ടാംഭാഗം [ഗകളി
൪൮	സുഭദ്രാഹരണം കഥകളി; രാസക്രീഡക
൪൯	ഗജേന്ദ്രമോക്ഷം പ്രബന്ധം
൫൦	കൃഷ്ണകർണ്ണാമൃതം
൫൧	കീർത്തനം
൫൨	കേരളോല്പത്തി (പാർവ്വതീപരിണയം)
൫൩	എളേടത്തു മാധവവൈദ്യം
൫൪	ദശാവതാരംഹംസപ്പാട്ട്
൫൫	പടപ്പാട്ട
൫൬	ചിത്രഗുപ്തചരിതംകിളിപ്പാട്ട
൫൭	മാതംഗശാസ്ത്രം
൫൯	സുഭദ്രാഹരണം പാന, വിഷ്ണുമായാചരിതം പാന
൬൦	ചിത്രഗുപ്തചരിതം കിളിപ്പാട്ട്
൬൧	മാതംഗലീല
൬൨	വേദാന്തംസംബന്ധിച്ച പാട്ട
൬൩	മാതംഗശാസ്ത്രസിദ്ധാന്തം
൬൪	വാസ്തുലക്ഷണം
൬൫	മഠലക്ഷണം
൬൬	ഭഗവത്സ്തുതി
൬൭	കടപയമോക്ഷം കേരളോല്പത്തി
൬൮	ഭദ്രീപം
൬൯	മുകുന്ദമാലാവ്യാഖ്യാനം
൭൦	ഭാഗവതം (പ്രഥമസ്കന്ധവ്യാഖ്യാ)
൭൧	മുഹൂർത്തദർശനം
൭൨	ജ്യോതിഷദീപമാല
൭൩	ദേവീമാഹാത്മ്യം ഭാഷാവ്യാഖ്യാനം
൭൪	വൈരാഗ്യചന്ദ്രോദയം
൭൫	ആരോഗ്യചിന്താമണി
൭൬	ദശമം വ്യാഖ്യാനം
൭൭	യുധിഷ്ഠിരവിജയം
൭൮	ഹോരാവ്യാഖ്യാനം
൭൯	യുക്തിഭാഷ
൮൦	ഗീതാവ്യാഖ്യാനം
൮൧	ഗോവിന്ദചരിതം
൮൨	മുഹൂർത്തപദവി വ്യാഖ്യാനം
൮൩	ഗീതാഭാഷാവ്യാഖ്യാനം (ഗ്രന്ഥം രണ്ടെണ്ണ്)
൮൪	ദശമം ഭാഷ
൮൫	ദശമം വ്യാഖ്യാനം
൮൬	ദശമം വ്യാഖ്യാനം
൮൭	[illegible]
൮൮	[illegible]
൮൯	[illegible]
൯൦	[illegible]
൯൧	[illegible]
൯൨	[illegible] വ്യാഖ്യാനം
൯൩	[illegible]
൯൪	[illegible]
൯൫	യുക്തി [illegible]
൯൬	[illegible]
൯൭	[illegible] കിളിപ്പാട്ട
൯൮	[illegible]
൯൯	[illegible]
൧൦൦	[illegible] ലക്ഷണം
൧൦൧	[illegible] കിളിപ്പാട്ട
൧൦൨	[illegible]
൧൦൩	[illegible] വ്യാഖ്യ
൧൦൪	[illegible] വ്യാഖ്യാ
൧൦൫	[illegible] ൨-ം, ൩-ം, അദ്ധ്യായങ്ങളുടെ വ്യാഖ്യ
൧൦൬	[illegible]
൧൦൭	[illegible] ഗജേന്ദ്രമോക്ഷം പ്രബന്ധം
൧൦൮	ഉഷാകല്യാണം കിളിപ്പാട്ട ബാണയുദ്ധം പാട്ട
൧൦൯	യാത്രകളിപാട്ട
൧൧൦	നളകൂബരമോക്ഷം തിരുവാതിരപാട്ട
൧൧൧	[illegible]
൧൧൨	അഷ്ടപദീവ്യാഖ്യാനം
൧൧൩	ഭാഗവതം പ്രഥമസ്കന്ധവ്യാഖ്യാനം
൧൧൪	അശ്വമേധീയവ്യാഖ്യാനം
൧൧൫	[illegible] വ്യാഖ്യാനം
൧൧൬	[illegible]
൧൧൭	നീതിസൂത്രം വ്യാഖ്യാനം
൧൧൮	ഇരയിമ്മൻതമ്പിയുടെ കീർത്തനങ്ങൾ
൧൧൯	കണ്ണശ്ശരാമായണം ഉത്തരഭാഗം
൧൨൦	പ്രശ്നമാല
൧൨൧	കരണപദ്ധതി
൧൨൨	ബാലശങ്കരം വ്യാഖ്യാനം
൧൨൩	ലഘുസ്തുതിവ്യാഖ്യാ
൧൨൪	ബാലശങ്കരം വ്യാഖ്യാനം
൧൨൫	[illegible] വ്യാഖ്യാനം
൧൨൬	രുക്മിണീസ്വയംവരം
൧൨൭	കുട്ടാകാരഗണിതം
൧൨൮	ലീലാപ്രകാശികാവ്യാഖ്യാനം
൧൨൯	മാതംഗശാസ്ത്രവ്യാഖ്യാ
൧൩൦	കുചേലവൃത്തംപാട്ട്
൧൩൧	തമിഴ്രാമായണം
൧൩൨	രുക്മിണീസ്വയംവരം കിളിപ്പാട്ട്
൧൩൩	സന്താനഗോപാലം മുതലായ പാട്ടുകൾ
൧൩൪	ആത്മബോധവ്യാഖ്യാനാദി
൧൩൫	രസമഞ്ജരി (വൈദ്യം)
൧൩൬	ദേവീമാഹാത്മ്യം വ്യാഖ്യാനം
൧൩൭	ദേവാലയമന്ത്രബിംബപ്രത്യാസത്തി
൧൩൮	വ്യവഹാരമാല
൧൩൯	വ്യവഹാരമാല

നമ്പർ.	ഗ്രന്ഥത്തിന്റെ പേര്.
൧൪൦	അഷ്ടമീരോഹണീവ്രതമാഹാത്മ്യം
൧൪൧	സംഗീതശാസ്ത്രം
൧൪൨	രാജധർമ്മം വ്യാഖ്യാനം
൦൪൩	കുചേലവൃത്തംപാട്ട്
൧൪൪	അഷ്ടാംഗഹൃദയം നിദാനം വ്യാഖ്യാനം
൧൪൫	വാസുദേവചരിതം
൧൪൬	വിദ്യാമാധവീയം
൧൪൭	തിലഹോമപാന പാട്ട്
൧൪൮	സംഗീതചൂഡാമണി
൧൪൯	യുഗധർമ്മം
൧൫൦	സീതാസ്വയംവരം കിളിപ്പാട്ട്
൧൫൧	കാളിയമർദ്ദനം ചമ്പു കല്യാണസൌഗന്ധികം പരശുരാമവിജയാദി
൧൫൨	കപിലപുരാണം പ്രഹ്ലാദചരിതം ഹംസപ്പാട്ട്
൧൫൩	ആത്മബോധം ഭാഷാവ്യാഖ്യാനം
൧൫൪	ജാതകക്രമം
൧൫൫	നൈഷധീയചരിതം (൧-ാംസർഗ്ഗം വ്യാഖ്യാനം)
൧൫൬	ഭാവ പഞ്ചകം
൧൫൭	കീർത്തനം
൧൫൮	ഭാഗവതം ദശമസ്കന്ധവ്യാഖ്യാനം
൧൫൯	ലഘുസ്തുതിവ്യാഖ്യാ
൧൬൦	ബാണയുദ്ധം കിളിപ്പാട്ട
൧൬൧	പാതാളരാമായണം
൧൬൨	പ്രബന്ധഭാഷ
൧൬൩	അശോകവനികാങ്കം
൧൬൪	ഭാരതം പാട്ട ഭാരതമാല
൧൬൫	കണ്ണശ്ശഭാരതംപാട്ട്
൧൬൬	വടക്കുംനാഥസ്തോത്രം
൧൬൭	നീതിസാരം പാട്ട്
൧൬൮	മതവിശ്വാസം കുമ്മി
൧൬൯	ഭാഗവതം ഭാഷ
൧൭൦	രൂപാവതാരം ഭാഷ
൧൭൧	ദേവീമാഹാത്മ്യം ഭാഷ
൧൭൨	ജാതകപദ്ധതി ഭാഷ പ്രശ്നമാർഗ്ഗം
൧൭൩	ഹോരാഭാഷ
൧൭൪	കരണസാരം
൧൭൫	പഴയപാട്ട കാമശാസ്ത്രം
൧൭൬	ഈശ്വരസ്വരൂപവിചാരം
൧൭൭	ചടങ്ങുഭാഷ
൧൭൮	ക്ഷേത്രലക്ഷണം
൧൭൯	ബ്രഹ്മാനന്ദവിവേകസംഗ്രഹം, രാഗദ്വേഷപ്രകരണം
൧൮൦	രാമായണം ചമ്പുവിന്റെ ഏതാനും ഭാഗങ്ങൾ
൧൮൧	ഹോരാവ്യാഖ്യാനം
൧൮൨	തച്ചുശാസ്ത്രം സമുച്ചയം ഭാഷ
൧൮൩	പാലാഴിമഥനം തുള്ളൽ
൧൮൪	വിഷവൈദ്യം
൧൮൫	ഭഗവദ്ഗീതാവ്യാഖ്യാ !
൧൮൬	അമരുകശതകവ്യാഖ്യാ
൧൮൭	അദ്വൈതശതകവ്യാഖ്യാ
൧൮൮	ബ്രഹ്മാനന്ദവിവേകസംഗ്രഹം
൧൮൯	ഭീഷ്മോപദേശം കിളിപ്പാട്ട്
൧൯൦	ബാലിവധം കിളിപ്പാട്ട്
൧൯൧	മന്ത്രരാഗവിജ്ഞാനീയം വ്യാഖ്യാനം
൧൯൨	വിംശതിയും ആത്മബോധവും വ്യാഖ്യാ
൧൯൩	കൃഷ്ണാർജ്ജുനവിജയം പാട്ട്
൧൯൪	ഏകാദശീവ്യാഖ്യാനം
൧൯൫	ദാരുകോത്സവം ആട്ടക്കഥ
൧൯൬	കപിലോപാഖ്യാനം കിളിപ്പാട്ട നളചരിതാദി
൧൯൭	പുത്രകാമേഷ്ടി പാട്ട്
൧൯൮	കപിലോപാഖ്യാനം കിളിപ്പാട്ട്
൧൯൯	ഫലസാരസമുച്ചയം
൨൦൦	ഭീഷ്മോപദേശം കിളിപ്പാട്ട്
൨൦൧	സാമുദ്രികശാസ്ത്രം രാമസ്തവം പാന ഒരു കഥ
൨൦൨	ഉത്രകിളിപ്പാട്ട്
൨൦൩	നാരായണീയം വ്യാഖ്യാനം
൨൦൪	രൂപാവതാരം വ്യാഖ്യാ
൨൦൫	വൈദ്യമഞ്ജരി
൨൦൬	വൈദ്യം ശാസ്ത്രം
൨൦൭	കീചകവധം പാട്ട്
൨൦൮	വ്യാസാവതാരം കിളിപ്പാട്ട്
൨൦൯	മൃകണ്ഡുമോക്ഷം ആട്ടക്കഥ
൨൧൦	രാമായണം പാട്ട്
൨൧൧	ഏകാദശിസ്തോത്രം
൨൧൨	ക്രിയാദീപിക
൨൧൩	മംഗലായിതര
൨൧൪	കീർത്തനം
൨൧൫	കൃഷ്ണാർജ്ജുനവിജയം തുള്ളൽ
൨൧൬	സിദ്ധാന്തപഞ്ജരം
൨൧൭	കണ്ണശ്ശഭാരതം പാട്ട്
൨൧൮	അഷ്ടാംഗഹൃദയം പ്രഥമഭാഗവ്യാഖ്യാനം
൨൧൯	അഷ്ടാംഗഹൃദയം ഉത്തരഭാഗവ്യാഖ്യാനം
൨൨൦	ജാതകപദ്ധതി ദശാഫലലക്ഷണം
൨൨൧	ജീമൂതവാഹനചരിതം കിളിപ്പാട്ട്
൨൨൨	സൌന്ദര്യലഹരിവ്യാഖ്യാനം
൨൨൩	കീർത്തനം
൨൨൪	കംസവധം കഥകളി
൨൨൫	ആശൌചദീപികാ വ്യാഖ്യാ
൨൨൬	തച്ചുശാസ്ത്രവ്യാഖ്യാനം
൨൨൭	കേരളോല്പത്തി
൨൨൮	രാമായണം ഗദ്യ ദേവേന്ദ്രമോക്ഷം കിളിപ്പാട്ട്
൨൨൯	നരകാസുരവധം കഥകളി
൨൩൦	നാചികേതോപാഖ്യാനംകിളിപ്പാട്ട്
൨൩൧	കുശലവചരിതം
൨൩൨	അംഗുലീയാങ്കം (ഭാരതയുദ്ധം)
൨൩൩	ഭസ്മയോഗിമാഹാത്മ്യം
൨൩൪	ശ്രീകൃഷ്ണലീല
൨൩൫	യുധിഷ്ഠിരവിജയം ഭാഷാവ്യാഖ്യാനം
൨൩൬	യോഗാഭ്യാസം ഭാഷാടീക
൨൩൭	നളചരിതം കഥകളി
൨൩൮	തന്ത്രസാരം ഭാഷ
൨൩൯	ഹോരാവ്യാഖ്യാനം
൨൪൦	മനുഷ്യാലയലക്ഷണം
൨൪൧	സന്യാസകല്പം
൨൪൨	ജ്ഞാനസാരചക്രം
൨൪൩	ശ്രീകൃഷ്ണവിലാസം വ്യാഖ്യാനം
൨൪൪	തന്ത്രസമുച്ചയവ്യാഖ്യാ, ദേവാലയമന്ത്രവിംബപ്രതിഷ്ഠാദി
൨൪൫	ഭർത്തൃഹരി വ്യാഖ്യാനം
൨൪൬	പഞ്ചബോധക്രിയാ വ്യാഖ്യാനം
൨൪൭	തച്ചുശാസ്ത്രം ഭാഷ
൨൪൮	ഫലസാരസമുച്ചയം

നമ്പർ.	ഗ്രന്ഥത്തിന്റെ പേര്.
൨൪൯	സൌന്ദര്യലഹരി വ്യാഖ്യാ
൨൫൦	യോഗാമൃതസടീകാ
൨൫൧	പഞ്ചബോധക്രിയാ വ്യാഖ്യാ
൨൫൨	ആശൌചദീപികാ
൨൫൩	[illegible]പ്രശ്നം
൨൫൪	നളചരിതം കഥകളി
൨൫൫	ബാലശങ്കരീയം
൨൫൬	രാമായണം ചമ്പു (കൂട്ടപാഠം)
൨൫൭	മനുസ്മൃതിവ്യാഖ്യാ
൨൫൮	ശാകുന്തളം വ്യാഖ്യാ
൨൫൯	പാണ്ഡവചരിതം
൨൬൦	യമകകാവ്യം ലഘുകാവ്യവ്യാഖ്യാനം
൨൬൧	വാസവദത്ത
൨൬൨	മന്ത്രാങ്കം
൨൬൩	ഒറ്റശ്ലോകങ്ങൾ
൨൬൪	ഗൌരീകഥ
൨൬൫	നയനവിധിസൂത്രം
൨൬൬	അല്പബുദ്ധിപ്രബോധനം
൨൬൭	അഷ്ടാംഗസംഗ്രഹഭാഷ
൨൬൮	ശില്പിരത്നംഭാഷ
൨൬൯	രാമായണം ചമ്പു പ്രഥമഭാഗം
൨൭൦	രാമായണം ചമ്പു
൨൭൧	ക്രിയാദീപിക
൨൭൨	മോക്ഷദായകം
൨൭൩	ജാതകപദ്ധതി
൨൭൪	സിദ്ധദീപിക (കിളിപ്പാട്ട്)
൨൭൫	കാലദീപകം, മുഹൂർത്തപദവി വ്യാഖ്യാ (മഴമംഗലം)
൨൭൬	ജ്യോതിഷഫലം ജാതകഫലം.
൨൭൭	ലോകസംഭവം
൨൭൮	ആര്യഭടീയം
൨൭൯	ഭഗവദ്ഗീതാ ഗദ്യം
൨൮൦	വിഷ്ണുഗീതാ
൨൮൧	അഷ്ടപദീവ്യാഖ്യാനം
൨൮൨	രാജസൂയം പ്രബന്ധം (വ്യാഖ്യാനം)
൨൮൩	വിഷ്ണുവിലാസം
൨൮൪	ഹോരാവ്യാഖ്യാനം
൨൮൫	കണ്ണശ്ശരാമായണം (ബാലകാണ്ഡം)
൨൮൬	തച്ചുശാസ്ത്രം (മണിപ്രവാളം)
൨൮൭	നളചരിതം പ്രബന്ധം
൨൮൮	നളചരിതം പ്രബന്ധം
൨൮൯	ക്രിയാസംഗ്രഹവ്യാഖ്യാനം
൨൯൦	ക്രിയാസംഗ്രഹം (മൂലം)
൨൯൧	പാർവ്വതീസ്വയംവരം
൨൯൨	വിഷവൈദ്യം
൨൯൩	വിഷനാരായണീയം
൨൯൪	യോഗാമൃതസമുച്ചയം
൨൯൫	വിക്രമീയം (അനർഘരാഘവവ്യാഖ്യാ)
൨൯൬	രസമഞ്ജരി (മാലതീമാധവവ്യാഖ്യ പൂർണ്ണസരസ)
൨൯൭	ത്രയോദശപർണ്ണകം
൨൯൮	തച്ചുശാസ്ത്രം സമുച്ചയം ഭാഷ
൨൯൯	പക്ഷിശാസ്ത്രോല്പത്തി
൩൦൦	ശാരങ്കവേക പാട്ടുകൾ
൩൦൧	വൈദ്യാംബനം കലനീവധ
൩൦൨	മന്ത്രാകല്പിവ്യാഖ്യാതയന്ത്രകഥ
൩൦൩	കീർത്തിമഹാകളിമ്പു
൩൦൪	ഭസ്മജ്യോജികഥ
൩൦൫	ചിലഃ;
൩൦൬	(ജാംബവതി)
൩൦൭	ധർമ്മപ്രദീപം
൩൦൮	നൈഷധം
൩൦൯	ശില്പിരത്നം
൩൧൦	വൈദ്യവിഷയം
൩൧൧	പ്രശ്നരീതി
൩൧൨	[illegible]നിർണ്ണയം വ്യാഖ്യാ
൩൧൩	[illegible]
൩൧൪	[illegible]
൩൧൫	[illegible]
൩൧൬	തന്ത്രസാരം
൩൧൭	വൈദ്യം ([illegible])
൩൧൮	പ്രശ്നമാർഗ്ഗം ഭാഷ
൩൧൯	വിഷചികിത്സ
൩൨൦	[illegible]
൩൨൧	കേരളചരിത്രം
൩൨൨	ധർമ്മവിചാരം കിളിപ്പാട്ട്
൩൨൩	കണ്ണുചികിത്സ
൩൨൪	ഗണിതം
൩൨൫	മനുഷ്യാലയചന്ദ്രിക വ്യാഖ്യാ
൩൨൬	ബാലിചരിതം കിളിപ്പാട്ട്
൩൨൭	ബ്രഹ്മാണ്ഡപുരാണം കിളിപ്പാട്ട്
൩൨൮	[illegible]
൩൨൯	രാമായണം പാട്ട്
൩൩൦	കീർത്തനങ്ങൾ
൩൩൧	കാവ്യപ്രകാശവ്യാഖ്യ
൩൩൨	ഭാഷാജ്യോതിസ്സംഗ്രഹം
൩൩൩	വിഷവൈദ്യം
൩൩൪	ഗൌരീകഥ
൩൩൫	വിക്രമീയം (അനർഘരാഘവം വ്യാഖ്യാ)
൩൩൬	കൃഷ്ണചരിതം [illegible]
൩൩൭	സാഹിത്യസാരം
൩൩൮	സിദ്ധാന്തദർപ്പണം
൩൩൯	അഷ്ടാംഗഹൃദയം നിദാനവ്യാഖ്യാ
൩൪൦	ചികിത്സാവിഷയം
൩൪൧	[illegible]നുക്രമണിക (ശാകല്യസൂക്തവ്യാഖ്യാ)
൩൪൨	വൈദ്യവിഷയം
൩൪൩	ഔഷധനിഘണ്ടു
൩൪൪	ബാലചികിത്സ
൩൪൫	പാർവ്വതീപാണിഗ്രഹണം
൩൪൬	കണ്ണശ്ശഭാരതം
൩൪൭	സിദ്ധദീപിക
൩൪൮	ഭാഗവതം ഏകാദശവ്യാഖ്യാനം
൩൪൯	അംഗുലീയാങ്കപാന
൩൫൦	സ്മാർത്തപ്രായശ്ചിത്തം
൩൫൧	സന്ധിപ്രകരണം
൩൫൨	ശങ്കരാചാര്യചരിതം
൩൫൩	പാഞ്ചാലീസ്വയംവരം കിളിപ്പാട്ട്
൩൫൪	ജ്യോതിഷം ആര്യഭടീയം
൩൫൫	ജ്യോതിഷസാരസമുച്ചയം ശീഘ്രശ്നാനസ്വാനപദ്ധതി
൩൫൬	ചോറ്റൂർഭാഷ (കുരളിപിക)
൩൫൭	ഗജലക്ഷണം
൩൫൮	പദയോജന (ഗീതാവ്യാഖ്യാ)
൩൫൯	ഭാരതചമ്പു (പ്രബന്ധം)
൩൬൦	ഭാഗവതം ഏകാദശവ്യാഖ്യാ
൩൬൧	ഭാഗവതം ദശമവ്യാഖ്യം
൩൬൨	നളോപാഖ്യാനം

നമ്പർ	ഗ്രന്ഥത്തിന്റെ പേര്
൩൬൩	കൌഷീതകഗൃഹ്യം
൩൬൪	ആശൌചചിന്താമണി
൩൬൫	സുഭദ്രാഹരണം വ്യാഖ്യാനം
൩൬൬	രാഘവവിജയം
൩൬൭	കല്യാകളി
൩൬൮	പ്രായശ്ചിത്തവിമർശിനി
൩൬൯	ആശൌചദീപിക
൩൭൦	ബാലിവിജയം കഥകളി
൩൭൧	വൈദ്യവിഷയം
൩൭൨	ലഘുഭാഷാ (അമരവ്യാഖ്യ)
൩൭൩	ആശൌചചിന്താമണിജ്യോതിഷദീപമാല
൩൭൪	മുഹൂർത്തപദവി (പറയന്നൂർ വ്യാഖ്യാനദീപിക)
൩൭൫	കണ്ണശ്ശരാമായണം (ഉത്തരകാണ്ഡം)
൩൭൬	പഞ്ചശൌചക്രിയ
൩൭൭	ഭാരതം പ്രബന്ധം
൩൭൮	ജ്യോതിഷവിഷയം
൩൭൯	കഥാത്രയീവ്യാഖ്യാദി
൩൮൦	ഉഷാപരിണയം
൩൮൧	സംഗ്രഹസാധനക്രിയാ
൩൮൨	സുഭദ്രാഹരണം പാന പാർവ്വതീസ്വയംവരം ഭഗവല്ഗത്
൩൮൩	ജാതകസാരം
൩൮൪	വിവാഹാനുകൂല്യം
൩൮൫	വിഷ്ണുഗീത ഹംസപ്പാട്ട
൩൮൬	സുഭദ്രാഹരണംകാവ്യം
൩൮൭	സുഭദ്രാഹരണം, ത്രിപാദവതാരം
൩൮൮	ജാതകസാരം
൩൮൯	സാമുദ്രികശാസ്ത്രം വൈദ്യവിഷയാദി അഭിധാനമഞ്ജരി
൩൯൦	വേദാന്തപ്രകരണം (സിദ്ധാന്തപഞ്ജരാദി)
൩൯൧	ഗണിതഭാഷ (ഗണിതസാരം)
൩൯൨	ഫലസാരസംഗ്രഹം
൩൯൩	ദേവീമാഹാത്മ്യം
൩൯൪	മൂകാംബികാമാഹാത്മ്യംപാട്ട
൩൯൫	വിവാഹാനുകൂല്യം
൩൯൬	കാമശാസ്ത്രം
൩൯൭	കാലദീപകം മുഹൂർത്തപദവിമൂലം
൩൯൮	ബിലാദ്രിമാഹാത്മ്യം
൩൯൯	കന്യാകുമാരീസ്ഥലമാഹാത്മ്യം
൪൦൦	രത്നത്രയപരീക്ഷ
൪൦൧	ശുചീന്ദ്രസ്ഥലമാഹാത്മ്യം
൪൦൨	കൃഷ്ണവിലാസവ്യാഖ്യാ (മഞ്ജുഭാഷിണി)
൪൦൩	അനേകാശതകം വ്യാഖ്യം
൪൦൪	രാജസൂയം തുള്ളൽ വൈശാഖമാഹാത്മ്യാദി
൪൦൫	കേശിവധം കഥകളി കേശിവധം തുള്ളൽ
൪൦൬	ദക്ഷയാഗം പ്രബന്ധം
൪൦൭	ജാതകലേഖനക്രമം
൪൦൮	കൂപശാസ്ത്രം, ഖഡ്ഗശാസ്ത്രം
൪൦൯	അല്പബുദ്ധിപ്രബോധനം (അഷ്ടാംഗഹൃദയവ്യാഖ്യാ)
൪൧൦	ലഘുഭാസ്കരീയം മുഹൂർത്തപദവിവ്യാഖ്യാ
൪൧൧	യുധിഷ്ഠിരവിജയം
൪൧൨	രഘുവംശവ്യാഖ്യാ
൪൧൩	രഘുസംഭവപാട്ട
൪൧൪	പരമാത്മസാരം
൪൧൫	രാമായണചമ്പു (പ്രഹ്ളാദചരിതാദിപ്രബന്ധങ്ങൾ)
൪൧൬	രാഘവവിജയം
൪൧൭	പ്രപഞ്ചസാരം ഭാഷാവ്യാഖ്യാ ആശൌചദീപികാവ്യാഖ്യാ
൪൧൮	രാമചരിതം
൪൧൯	പ്രക്രിയാസർവ്വസ്വം
൪൨൦	പ്രക്രിയാസർവ്വസ്വം
൪൨൧	പ്രശ്നമാർഗ്ഗംഭാഷ
൪൨൨	വ്യവഹാരപ്രകാശിക
൪൨൩	കുചേലചരിതം
൪൨൪	രഘുവംശപ്രകാശിക
൪൨൫	വിജ്ഞാനഗീത
൪൨൬	കർമ്മവിപാകം (ഹംസപ്പാട്ട)
൪൨൭	ഗണിതഭാഷ
൪൨൮	വിഷചികിത്സ
൪൨൯	ധ്വന്യാലോകവ്യാഖ്യാനം
൪൩൦	പ്രപഞ്ചസാരം ഭാഷാവ്യാഖ്യാനം
൪൩൧	പ്രപഞ്ചസാരംമൂലം
൪൩൨	അശ്മാ ഗദചരിതാദി
൪൩൩	പാഞ്ചാലീഹരണം ആട്ടക്കഥ ആഗ്രാമഹോത്സവം
൪൩൪	വൈദ്യവിഷയം
൪൩൫	ഗണിതഭാഷ
൪൩൬	പ്രശ്നമാല
൪൩൭	പ്രശ്നോപദേശം
൪൩൮	വൈദ്യരത്നസംക്ഷേപം
൪൩൯	ചെറക്കിപ്പിച്ച
൪൪൦	പ്രബോധദീപികാദി
൪൪൧	വൈദ്യവിഷയം
൪൪൨	ബ്രഹ്മാനന്ദവിവേകസമുദ്രാദി
൪൪൩	തന്ത്രസമുച്ചയം രണ്ടാംപടലവ്യാഖ്യാ
൪൪൪	വിഷവൈദ്യം
൪൪൫	യോഗസംഗ്രഹവ്യാഖ്യാ
൪൪൬	പ്രപഞ്ചസാരവ്യാഖ്യാ
൪൪൭	തന്ത്രസമുച്ചയവ്യാഖ്യാ
൪൪൮	പ്രശ്നസാരം
൪൪൯	ദേവീമാഹാത്മ്യംവ്യാഖ്യാ
൪൫൦	വിജ്ഞാനഗീതാ (കിളിപ്പാട്ട)
൪൫൧	പദ്യരത്നം
൪൫൨	ഹംപ്രദീപികാദി
൪൫൩	അഷ്ടപദിവ്യാഖ്യാ മുഹൂർത്തദർശനം
൪൫൪	ലക്ഷണാമൃതം
൪൫൫	ചികിത്സാവിഷയം
൪൫൬	ആശ്വലായനതന്ത്രമന്ത്രവ്യാഖ്യാ
൪൫൭	തന്ത്രസംഗ്രഹംഭാഷാ
൪൫൮	മന്ത്രസംഗ്രഹം
൪൫൯	ഭക്തവിലാസം
൪൬൦	ശ്രീകൃഷ്ണവിലാസം
൪൬൧	ചികിത്സാവിഷയം
൪൬൨	അഷ്ടാംഗഹൃദയം നിദാനവ്യാഖ്യാ
൪൬൩	അമരപഞ്ചിക
൪൬൪	ചണ്ഡീസപര്യാക്രമം
൪൬൫	നീതിസാരവ്യാഖ്യാനം
൪൬൬	ശുചിനീസ്തോത്രം
൪൬൭	രാമായണചമ്പു
൪൬൮	സൂത്രസ്ഥാനവ്യാഖ്യാ
൪൬൯	വൈദ്യവിഷയം
൪൭൦	ഹോരാവ്യാഖ്യാനം
൪൭൧	ആഹ്നികപ്രകരണം
൪൭൨	ജ്യോതിഷവിഷയം

നമ്പർ	ഗ്രന്ഥത്തിന്റെ പേര്
൪൭൩	വൈദ്യം തമിഴ്
൪൭൪	രാമായണം പ്രബന്ധം
൪൭൫	ഭാരതം പ്രബന്ധം
൪൭൬	ശ്രീമതീകുതൂഹലം
൪൭൭	കാവേരിമാഹാത്മ്യം
൪൭൮	ജാതകാദേശവ്യാഖ്യാനം
൪൭൯	വൈദ്യവിഷയം
൪൮൦	ജ്യോതിഷവിഷയം
൪൮൧	ചികിത്സാക്രമം
൪൮൨	പ്രശ്നരീതി
൪൮൩	വൈദ്യമാലിക
൪൮൪	ജ്വരനിദാനാദി
൪൮൫	വിഷവൈദ്യം
൪൮൬	കർമ്മവിപാകപ്രായശ്ചിത്തസുധാദി
൪൮൭	വൈദ്യവിഷയം
൪൮൮	ഹോരാവ്യാഖ്യാനം
൪൮൯	കാശീഖണ്ഡം (മണികർണ്ണികാസ്തോത്രാദി)
൪൯൦	കർമ്മവിപാകപ്രായശ്ചിത്തസുധാനിധി
൪൯൧	വിഷവൈദ്യം
൪൯൨	തന്ത്രസമുച്ചയംവ്യാഖ്യാ
൪൯൩	ഭൈഷം
൪൯൪	സന്താനഗോപാലംപാട്ട്
൪൯൫	വിഷ്ണുഗീത
൪൯൬	അഷ്ടാംഗഹൃദയം നിദാനവ്യാഖ്യാ

നമ്പർ	ഗ്രന്ഥത്തിന്റെപേര്
൪൯൭	ഭഗവദ്ഗീതാഗദ്യം
൪൯൮	പ്രഹ്ലാദചരിതം കിളിപ്പാട്ട്
൪൯൯	സൌന്ദര്യലഹരീവ്യാഖ്യാ
൫൦൦	തച്ചുശാസ്ത്രവിഷയം
൫൦൧	പലവക
൫൦൨	വൈദ്യയോഗങ്ങൾ
൫൦൩	രുക്മിണീസ്വയംവരാദി
൫൦൪	രാസക്രീഡാകാവ്യം
൫൦൫	കളരിവിദ്യ
൫൦൬	വേദാന്തസാരസംഗ്രഹവ്യാഖ്യാ
൫൦൭	വൈദ്യവിഷയം രസവാദസിദ്ധാദി
൫൦൮	നിഘണ്ടുസൂത്രം
൫൦൯	വേദാന്തവിഷയം
൫൧൦	ശൃംഗാരമഞ്ജരി
൫൧൧	ഉത്തരരാമചരിതംകാവ്യം
൫൧൨	സംകല്പസൂര്യോദയം
൫൧൩	ലക്ഷണശാസ്ത്രം
൫൧൪	യുധിഷ്ഠിരവിജയം ടിപ്പണി സഹിതം
൫൧൫	പാദ്മരാമായണം
൫൧൬	ചികിത്സാവിഷയം
൫൧൭	ലകാരാർത്ഥപ്രക്രിയാനിരൂപണം
൫൧൮	യുധിഷ്ഠിരവിജയവ്യാഖ്യാ
൫൧൯	പാതിരിമാരുടെ സമുദായചരിത്രം

ബി, ൧൧൦൪ കന്നിക്കു പിന്നീടു ശേഖരിച്ച കയ്യെഴുത്തു ഗ്രന്ഥങ്ങളുടെ ലിസ്റ്റ്.

നമ്പർ	ഗ്രന്ഥത്തിന്റെപേര്
൧	മുചുകുന്ദമോക്ഷം
൨	സർവ്വരോഗനിദാനം
൩	പൊരുത്തപ്രശ്നം
൪	ഹോരാവ്യാഖ്യാനം
	അഷ്ടകവർഗ്ഗനിരൂപണം
	കാലദീപകം
	മുഹൂർത്തപദവി
൫	ബാലചികിത്സ
൬	മാതംഗലീല
൭	മന്ത്രശാസ്ത്രം
൮	കണ്ണശ്ശഭാരതം
൯	ടി
൧൦	അചാരക്രിയ, കർമ്മവ്യാഖ്യാ
൧൧	അമൃതമഥനാദി ൧൪ വൃത്തം
	രാജസൂയം ൧൦ വൃത്തം
	സുഭദ്രാഹരണം ൬ വൃത്തം
	ടി ൧൫ വൃത്തം
	കാളിയമർദ്ദനം
	പൂതനാമോക്ഷം
	കൈവല്യമാഹാത്മ്യം
	അംബരീഷചരിതം
	ശാകുന്തളം
	ശിവകഥ
	കുചേലവൃത്തം
	ഗജേന്ദ്രമോക്ഷം
	സീതാസ്വയംബരം
	തുളസീമാഹാത്മ്യം
	രുഗ്മിണീചരിതം
	സന്താനഗോപാലം
	രാസക്രീഡ
	ദക്ഷയാഗം
	അഹല്യാമോക്ഷം

നമ്പർ	ഗ്രന്ഥത്തിന്റെപേര്
	പുഷ്യചരിതം
	രാമായണംപാട്ട്
	ദക്ഷയാഗാദി
൧൨	ഭാഗവതം ദശമംവ്യാഖ്യാ
	ഗീതാവ്യാഖ്യാ
	ഗോപികാഗീതവ്യാഖ്യാ
൧൩	ദ്വാദശവർണ്ണകം
൧൪	ചിററിവാകരം
൧൫	കണക്കുപട്ട
	ജ്യോതിഷപദ്യം
	വിവാഹപ്രശ്നം
	പ്രശ്നസാരം
൧൬	മന്ത്രാങ്കം
൧൭	പ്രപഞ്ചസാരവ്യാഖ്യ
൧൮	കാരണപദ്ധതി
	ത്രിപ്രശ്നാദ്ധ്യായവ്യാഖ്യ
	ഗ്രഹണാദ്ധ്യായവ്യാഖ്യ
	ക്രിയാക്രമം
	ചന്ദ്രച്ഛായാഗണിതാദി
൧൯	ധ്രുവചരിത്രംപാട്ട്
	കൃഷ്ണവിവാഹം
	രാമായണം
൨൦	ജാതകർമ്മപദ്ധതി
	ടി ഭാഷ
൨൧	നമ്പ്യാരുടെ തമിഴ്
൨൨	ഗജേന്ദ്രമോക്ഷം
	പാഞ്ചാലിസ്വയംവരം
	ഗന്ധർവ്വചരിതം
൨൩	മാതംഗലീലാവ്യാഖ്യ
൨൪	ഭരതവാക്യം
൨൫	ഭാഗവതംദശമവ്യാഖ്യ
൨൬	ഹരിവംശംപാട്ട്

മലയാളഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ക്യൂറേറ്ററുടെ ആഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ പുസ്തകങ്ങളുടെ ലിസ്റ്റ്.

നമ്പർ	പുസ്തകത്തിന്റെ പേരു
൧	ഗുരുദക്ഷിണപാട്ട്
൨	ശതമുഖരാമായണം
൩	ഭദ്രോത്പത്തി.
൪	പാർവ്വതീപരിണയം
൫	പടപ്പാട്ട്.
൬	കല്യാണസൌഗന്ധികം
൭	പ്രഹ്ലാദചരിതം
൮	ഗിരിജാകല്യാണം
൯	വ്യവഹാരമാല
൧൦	ശ്രീമൽഭാഗവതംഭാഷ (൧-ാം വാല്യം)
൧൧	കൃഷ്ണലീല
൧൨	വിംശതി
൧൩	മോക്ഷദായകം
൧൪	ശ്രീമൽ ഭാഗവതം (ഭാഷാ) (൨-ാം വാല്യം)
൧൫	ഭാഷാരാമായണചമ്പു (ബാലകാണ്ഡം)
൧൬	പാർവ്വതീപാണിഗ്രഹണം
൧൭	പ്രായശ്ചിത്തം
൧൮	ഭീഷ്മോപദേശം
൧൯	ഭാഷാരാമായണചമ്പു (അയോദ്ധ്യയും കിഷ്കിന്ധയും കാണ്ഡങ്ങൾ)
൨൦	ടി സുന്ദര, യുദ്ധോത്തരകാണ്ഡങ്ങൾ
൨൧	ജാതകപദ്ധതി
൨൨	ഭാഷാജാതകപദ്ധതി
൨൩	പ്രശ്നഭാഷ
൨൪	മുഹൂർത്തപദവിവ്യാഖ്യ
൨൫	ബാലശങ്കരം (പൂർവ്വഭാഗം)
൨൬	ആശ്ലേദയം
൨൭	വൈദ്യമഞ്ജരി
൨൮	ജ്യോത്സ്നിക

പൊതുജനക്ഷേമകാര്യങ്ങളെ സംബന്ധിച്ചുള്ള പ്രമേയങ്ങൾ

അദ്ധ്യക്ഷൻ: സഭ ഇപ്പോൾ മി. താണുപിള്ളയുടെ പ്രമേയത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, അശക്തരും അനാഥരുമായ ആളുകൾക്കു മന്ദിരങ്ങൾ ഏർപ്പെടുത്തേണ്ടതിനു കാരണമായ സംഗതികൾ ഞാൻ കഴിഞ്ഞ ദിവസം സഭയിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ തിരുവനന്തപുരം പട്ടണത്തിൽ തന്നെ കായികാസൌകര്യങ്ങൾ നിമിത്തം ഏതെങ്കിലും ഉപജീവനമാർഗ്ഗം സമ്പാദിക്കുന്നതിനു ശക്തിയില്ലാത്തവരായി വളരെ ആളുകൾ അലഞ്ഞുനടക്കുന്നുണ്ടെന്നു എല്ലാവർക്കും അറിയാം. ഈ ജനങ്ങൾ തെണ്ടിനടന്നു ഉപജീവനം കഴിക്കുകയും പബ്ലിക്ക്റോഡുകളിലോ മറ്റുപൊതുസ്ഥലങ്ങളിലൊ കയറി കിടക്കുകയും ചെയ്യുന്നു എന്നു നമുക്കറിയാം. പുത്തൻകച്ചേരിയോടുചേർന്ന വണ്ടിപ്പുരകൾ ഇവരിൽ അനേകംപേർക്കു രക്ഷനല്കുന്നു എന്നുള്ളതു സുപ്രസിദ്ധമാണ്. ഭക്ഷിക്കുന്നതിനു വല്ല സാധനമോ വസ്ത്രമോ വെയിലും മഴയും തട്ടാതിരിക്കത്തക്കവണ്ണം ദേഹത്തിനു വല്ല രക്ഷയോ ഇല്ലാതെ നിർഭാഗ്യസ്ഥിതിയിൽ കഴിഞ്ഞുകൂടുന്ന ഈ ആളുകളെ കഴിവുള്ളരീതിയിൽ ജീവിച്ചുകൊള്ളുന്നതിനു അനുവദിച്ചിരിക്കുന്നതു മനുഷ്യവർഗ്ഗത്തിനും മനുഷ്യത്വത്തിനും തന്നെ വലുതായ അപമാനം ആണെന്നു ഈ വിഷയത്തെപ്പറ്റി സ്വല്പമെങ്കിലും ചിന്തിക്കുന്ന ഏതൊരാൾക്കും വ്യക്തമാകുന്നതാണ്. ആകയാൽ കാര്യത്തിന്റെ ഈ സ്വഭാവത്തെപ്പറ്റി ദീർഘമായി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. രാജ്യത്തിലെ ജനങ്ങളുടെ ഈ വിഭാഗത്തിനെസംബന്ധിച്ച് എന്തെങ്കിലും ഒരു ഏർപ്പാടുചെയ്യേണ്ടതു രാജ്യപാലകരുടെ ചുമതലയല്ലയോ എന്നാണ് ഞാൻ ചോദിക്കുന്നതു? ചിലർ അംഗഭംഗങ്ങളോടുകൂടിത്തന്നെ ജനിക്കുന്നു; മറ്റു ചിലർ ജനനത്തിനുശേഷം രോഗികളായിത്തീരുന്നു. അവർക്കു കിടക്കുന്നതിനുള്ള സ്ഥലത്തേയും ജീവിതം കഴിച്ചുകൂട്ടുന്നതിനുള്ള മാർഗ്ഗങ്ങളേയും സംബന്ധിച്ചു വല്ല ഏർപ്പാടും ചെയ്യേണ്ടതു രാജ്യത്തിന്റെ ധർമ്മം അല്ലെങ്കിൽ അവർ എങ്ങനെയാണു ജീവിതം നയിക്കേണ്ടതെന്നു എനിക്കറിഞ്ഞാൽ കൊള്ളാം? ഈ ആളുകൾ ഇപ്പോൾ തിരസ്കരിക്കപ്പെട്ടിരിക്കുന്നതുപോലെ തന്നെ ഇനിയും ഇരിക്കേണ്ടതാണെന്നുള്ളതു ഭൂതദയയെപ്പറ്റിയുള്ള നമ്മുടെ അഭിപ്രായത്തിനു യോജിച്ചതാണോ? ഈ പൂർണ്ണമായ അശരണ്യതക്കുള്ള സമാധാനം, ഈ വിഷയങ്ങളുടെ ആവശ്യങ്ങൾ അറിയിക്കാൻ ശക്തിയില്ലാത്ത ഒരുകൂട്ടം നിർഭാഗ്യവാന്മാരെ സംബന്ധിക്കുന്നതൊന്നായിരിക്കുന്നു എന്നതാണ്. സർ, ധർമ്മം എന്നുള്ളതു തിരുവിതാംകൂർ രാജകുടുംബത്തിന്റെ കുലദൈവതം ആണെന്നു നമുക്കു എല്ലാവർക്കും അറിയാം. വാസ്തവമായ ധർമ്മം ദേഹശക്തിയുള്ള ചില ആളുകളെ തീറ്റുകയും അവരെ മറ്റുവിധത്തിൽ സഹായിക്കുകയും ചെയ്യുക എന്നുള്ളതല്ല. ഞാൻ സൂചിപ്പിച്ചിട്ടുള്ള ജനങ്ങൾക്കു ആഹാരത്തിനും കയറികിടക്കുന്നതിനു സ്ഥലത്തിനും വല്ല ഏർപ്പാടും ചെയ്യണം. ഈ വിഷയത്തിന്റെ പ്രസ്തുത സ്വഭാവത്തെപ്പറ്റി ഇതിൽ കൂടുതൽ പറയേണ്ട ആവശ്യം ഇല്ല. ഇന്നലെ പ്രസ്താവിച്ചതുപോലെ മറെറാരു ദൃഷ്ട്യാ നിന്നു നോക്കിയാലും ഈ വിഷയം വളരെ പ്രധാനപ്പെട്ടതാണ്. ഈ ആളുകളെ ജനസഞ്ചയത്തിനിടയിൽ പെരുമാറുന്നതിനു അനുവദിച്ചിരിക്കുന്നതു അപമാനകരം തന്നെയാണ്. വിഷയത്തിന്റെ ഈ സ്വഭാവത്തെപ്പറ്റിയും ഞാൻ വിസ്തരിക്കുന്നില്ല. സുവ്യക്തമായും ഇതു രാജ്യത്തിന്റെ ചുമതല തന്നെയാണ്. ഈ ആളുകളെ ഏതുവിധത്തിൽ രക്ഷിക്കേണമെന്നോ ആ വിധത്തിൽ രക്ഷിക്കേണ്ടതിനു ഉടനടി നടപടികൾ നടത്തേണ്ടതാണ്. മുൻസിപ്പൽ അതിർത്തികൾക്കുള്ളിൽ ഈ ആളുകളുടെ വാസത്തിനും ആഹാരത്തിനും മറ്റു ആവശ്യങ്ങൾക്കും മുൻസിപ്പൽ ഭരണക്കാർ വേണ്ടതുചെയ്യേണ്ടതാണെന്നു മുനിസിപ്പൽ റെഗുലേഷനിൽ വിധിവകുപ്പുകൾ ഉണ്ടെന്നുള്ളതു എനിക്കറിഞ്ഞുകൂടാത്തതുകൊണ്ടല്ല ഞാൻ ഇപ്രകാരം പ്രസ്താവിക്കുന്നതു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഈ ശുപാർശയിൽ തിരുവിതാംകോട്ടുകാർ അല്ലാത്ത അശക്തരേയും അനാഥരേയുംകൂടി അദ്ദേഹം ഉൾപ്പെടുത്തുന്നുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിശ്ചയമായും മദ്രാസിലും ബാംബെയിലും ഉള്ള അശക്തരായ അനാഥർക്കു നാം വല്ലതും ഏർപ്പാടുചെയ്യണമെന്നു പ്രതീക്ഷിക്കപ്പെടുന്നില്ല. ചോദ്യം അങ്ങിനെയാണെന്നു ഞാൻ വിചാരിക്കുന്നു. തിരുവിതാംകോട്ടിൽ ഉള്ള അശക്തർ എന്നേ ഞാൻ ഉദ്ദേശിച്ചുള്ളു.

മി: മുരളവേലിൽ പാച്ചുപിള്ള (ചേർത്തല): കാബൂൾമുതലായ സ്ഥലങ്ങളിൽനിന്നും ക്ഷാമം നിമിത്തം ആളുകൾ കൂട്ടംകൂട്ടമായിട്ടു ഇവിടെവരുന്നുണ്ടെന്നറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അവരെ ഇവിടെതാമസിപ്പിച്ചു അവർക്കു വേണ്ട രക്ഷചെയ്യണമെന്നു ഞാൻ പറയുന്നില്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) അവരെ ഇവിടെ കടത്തിവിടാതിരിക്കാൻ വല്ല വ്യവസ്ഥയും ചെയ്യേണ്ടതായിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ സംഗതിയെപ്പററി ഞാൻ ആലോചിച്ചിട്ടില്ല. ഇങ്ങിനെ ഒരു നിയമം ഉണ്ടാക്കുന്നസംഗതിയെപ്പററി പെട്ടെന്നു ഒരു സമാധാനംപറയാൻ സാധിക്കുകയില്ല. ദരിദ്രരായആളുകൾക്കു ഉപജീവനത്തിനായിട്ടു മറെറാരുസ്ഥലത്തേക്കു പോകുന്നതിനെ തടയാൻ സാധിക്കുമോ എന്നുള്ളതും സംശയമാണു.

എൻെറ പ്രമേയത്തെ സംബന്ധിച്ചിടത്തോളം ഈ കാര്യങ്ങളെപ്പററി നാം ആലോചിക്കേണ്ടതില്ല.

മി: ഇട്ടൂപ്പ്ഇട്ടീച്ചൻ (കുന്നത്തുനാട്): ഏതു പ്രകാരം ഇവരെ രക്ഷിക്കണമെന്നാണു മെമ്പരുടെ അഭിപ്രായം.

മി. എ. താണുപിള്ള (തിരുവനന്തപുരം). അവർക്കു താമസത്തിനുവേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കണം. ആഹാരത്തിനു നിവൃത്തിയുണ്ടാക്കണം. ഇവരിൽ ചിലർ ജോലിചെയ്യുന്നതിനു ത്രാണിയുള്ളവരായിരിക്കും. അവരെക്കൊണ്ടു സാധിക്കാവുന്ന വിധത്തിൽ ഉള്ള ജോലികൾ എല്ലാം ചെയ്യിക്കണം.

മി. ഇട്ടൂപ്പ്ഇട്ടീച്ചൻ (കുന്നത്തുനാട്). അതു ഗവമെൻറിൻെറ പ്രത്യേകമേൽനോട്ടത്തിൽ നടത്തണമെന്നാണോ? അതല്ല ഇപ്പോൾ ആരെങ്കിലും അങ്ങിനെ നടത്തുന്നുണ്ടെങ്കിൽ അവർക്കു പിരിച്ചുകൊടുക്കണമെന്നാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം). അതു നടത്തുന്നുണ്ടെന്നാണു എൻെറ ഉദ്ദേശം. പക്ഷെ മററാളുകൾ ആരുംതന്നെ വേണ്ടവിധത്തിൽ ഇക്കാര്യത്തിൽ വല്ലതൊന്നും ചെയ്തിട്ടില്ല എന്നാണു ഞാൻ വിശ്വസിക്കുന്നതു. ആ സ്ഥിതിക്കു ഇതുവരെ വല്ലവരേയുംകൊണ്ടു നടത്തിക്കാമെന്നുള്ളതു ആലോചനക്കു വിഷയമാകുമോ എന്നുള്ളതും സംശയമാണു.

മി. ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) അങ്ങിനെ ഒരു സ്ഥാപനം നടത്തിവരുന്നുണ്ടെന്നറിയാമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം) അങ്ങിനെ നടത്തിവരുന്നുണ്ടെങ്കിൽ അതു നന്നായിരിക്കും.

മി: ഇട്ടൂപ്പ്ഇട്ടീച്ചൻ (കുന്നത്തുനാട്) ആലുവായിൽ ഇങ്ങനെഒരു മന്ദിരം നടക്കുന്നതായിട്ടു മെമ്പർക്കറിവുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) ആലുവായിൽ ഏതാണ്ടൊരുമന്ദിരം നടക്കുണ്ടെന്നറിയാം. അതിൻെറ പൂർണ്ണവിവരങ്ങൾ എനിക്കറിഞ്ഞുകൂടാ.

എന്തായാലും ഈ വർഗ്ഗത്തിൽപെട്ട അനേകം ആളുകൾക്കു പരസഹായം അത്യന്താപേക്ഷിതമായിരിക്കുന്നുഎന്നു ഖണ്ഡിതമായിഞാൻ അഭിപ്രായപ്പെടുന്നു. ഈ തലസ്ഥാനനഗരിയിൽതന്നെ സഹായംനല്കേണ്ടതു വളരെ ആവശ്യമാകുന്നു.

മുനിസിപ്പാലിററികളെ സംബന്ധിച്ചിടത്തോളം, ഈ ആളുകളെ രക്ഷിക്കുന്നതിനുള്ള ചുമതല അവരിൽ സ്ഥാപിതമായിരിക്കുന്നു. എന്നാൽ പരമാർത്ഥത്തിൽ നമ്മുടെ മുനിസിപ്പാലിററികളുടെ സ്ഥിതി എന്താണെന്നു നമുക്കറിയാം. തങ്ങളുടെ ന്യായമായും അനിവാര്യമായും ഉള്ള ജോലികളെതന്നെയും നടത്താൻ ശക്തിയില്ലാത്ത സഭകളെ ഈ ഭാരം ഏല്പിക്കുന്നതുകൊണ്ടു യാതൊരു ഫലവും ഇല്ല. നമ്മുടെ മുനിസിപ്പാലിററികൾ ആവശ്യമായ മററു പൌരപ്രവൃത്തികൾപോലും തൃപ്തികരമായി നോക്കുന്നതിനു ശക്തരായിരിക്കുന്നില്ല. ഈ നിലയ്ക്കു ഈ മുനിസിപ്പാലിററികൾ ഈ ജോലിയുംകൂടി വഹിക്കുമെന്നു നമുക്കു ആശിക്കാവുന്നതല്ല. ഈ കാര്യത്തെപ്പററി ചിന്തിക്കയും അശക്തരായ അനാഥകൾക്കു ഒരു അനാഥശാല സ്ഥാപിക്കുന്നതിനു മതിയായ വ്യവസ്ഥചെയ്യുകയും ചെയ്യേണ്ട ആവശ്യകതയെപ്പററി ഗവമെൻറിനെ അറിയിച്ചുകൊള്ളുന്നു. ഈ പ്രസംഗത്തോടുകൂടി പ്രമേയത്തെ സഭ അംഗീകരിക്കണമെന്നപേക്ഷിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): സർ, മിസ്റ്റർ താണുപിള്ളയുടെ പ്രമേയത്തെ ഞാൻ ഹൃദയപൂർവം പിൻതാങ്ങിക്കൊള്ളുന്നു. നമ്മുടെ തിരുവിതാംകോട്ടിൽ യാതൊരു ഗതിയുമില്ലാതെയും ക്ഷുത്തടക്കാൻ നിവൃത്തിയില്ലാതെയും അലഞ്ഞുതിരിഞ്ഞു നടക്കുന്നവർ ധാരാളമായിട്ടുണ്ട്. അവരെ സഹായിക്കേണ്ടതു വഞ്ചിരാജ്യത്തിൻെറ ധർമ്മമാകുന്നു. എന്നാൽ ഇവരെ സഹായിക്കുന്നതിനുവേണ്ടി ഒരു സ്ഥാപനം ഏർപ്പെടുത്തി അവരെ ഗവമെൻറുതന്നെ സംരക്ഷിച്ചുപോരികയെന്നുള്ളതു അസാദ്ധ്യമായിട്ടുള്ള ഒന്നാണെന്നാണ് എൻെറ അഭിപ്രായം. എന്നാൽ ഇതിലേക്കു ആരെങ്കിലും മുന്നിട്ടു ഇറങ്ങി പ്രവൃത്തിക്കാൻ തയ്യാറുണ്ടെങ്കിൽ അവരുടെ സ്ഥാപനങ്ങൾ പ്രത്യേകം ഗ്രാൻറു കൊടുത്തു സഹായിക്കുന്നതു ഉത്തമമായ ഒരു കാര്യമായിരിക്കും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അങ്ങനെയുള്ള സ്ഥാപനങ്ങൾ എവിടെയെല്ലാം ഉണ്ടെന്ന് മെമ്പർക്കറിയാമോ?

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അറിയാം. മിസ്റ്റർ താണുപിള്ള പറയുന്നതുപോലെ സാധുക്കളെ സംരക്ഷിക്ക എന്നുള്ള ഭാരം ഗവമെൻറുതന്നെ ഏല്ക്കുയാണെങ്കിൽ പണ്ടു മടിയന്മാർക്കു ഭക്ഷണം കൊടുക്കാമെന്നു ഒരാളിൻെറ കഥപോലെ ആയിതീരും. ആ ഉദാഹരണം കേൾക്കാൻ തയാറുണ്ടെങ്കിൽ ഞാൻ പറയാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): പറയണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): പണ്ടു മടിയന്മാർക്കു ആഹാരം കൊടുത്തുകൊള്ളാമെന്ന് ഒരാൾക്ക് ഒരു നേർച്ചയുണ്ടായിരുന്നു. വലിയ പുരയെല്ലാംകെട്ടി ഭക്ഷണത്തിനു വേണ്ട ഒരുക്കങ്ങൾ എല്ലാംചെയ്തു.

...ന്തോന്നും മതിയായതാണ്" എന്നു പറഞ്ഞു ധാരാളം ആളുകൾ വന്നുതുടങ്ങി. കുറെ നാൾ കഴിഞ്ഞപ്പോൾ ആഹാരത്തിനു വന്നിരുന്ന ആളുകളുടെ സംഖ്യ വർദ്ധിച്ചുതുടങ്ങി. ഒടുവിൽ ഈ ക്ഷേത്രത്തിന്റെ കാര്യസ്ഥൻ തന്റെ യജമാനനോടു ഇങ്ങനെ ഭക്ഷണം കൊടുക്കാൻ തുടങ്ങിയാൽ ആളുകൾ കുമിഞ്ഞുകൂടി വരികയേ ഉള്ളു എന്നു പറഞ്ഞപ്പോൾ തനിക്കങ്ങനെ തോന്നുന്നില്ലെന്നും അതിനു വിരോധം വരുത്തേണ്ട ആവശ്യമില്ലെന്നും പറഞ്ഞു കാര്യസ്ഥനെ മടക്കി അയച്ചുകളഞ്ഞു. പിന്നെയും പഴയപോലെതന്നെ കാര്യങ്ങൾ നടന്നുവന്നു. ഈ കാര്യസ്ഥൻ കുറെ യോഗ്യനായിരുന്നു. യഥാർത്ഥമടിയന്മാരെ പിടികൂടുന്നതിനു അയാൾ ഒരു സൂത്രം പ്രയോഗിച്ചു. ഒരു ദിവസം പന്തലിനു തീവച്ചു. ആളുകൾ ഓരോരുത്തരായി പിരിഞ്ഞുപോയിത്തുടങ്ങി ഒടുവിൽ പത്തിരുപതുപേർ ശേഷിച്ചു. "എന്താ തീ പിടിച്ചിട്ടില്ലേ [illegible]" എന്നു അവരോടു ചോദിച്ചപ്പോൾ "തീ അടുത്തുവരട്ടെ അപ്പോൾ പോയിക്കൊള്ളാം" എന്നു മടിയന്മാരായ അവർ സമാധാനം പറഞ്ഞു. ഈ കാര്യസ്ഥൻ ഇവരെയാണു യഥാർത്ഥമടിയന്മാർ എന്നു തന്റെ യജമാനനെ ധരിപ്പിച്ചുകൊടുത്തു.

അതിനാൽ ഈ സാധുക്കളെ സംരക്ഷിക്കുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ആരോഗ്യമില്ലാത്തവരെന്നു ഡാക്ടരെക്കൊണ്ടു സർട്ടിഫൈ ചെയ്യിച്ചു അങ്ങിനെയുള്ളവരെ സംരക്ഷിക്കുന്നതായാൽ ഗവർമ്മെന്റു ചെയ്യുന്ന സൽപ്രവൃത്തി ഏറ്റവും ഉത്തമമായിരിക്കുമെന്നു ഈ സഭയെ അറിയിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

മി: കെ. ജോർജ്ജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): സർ, വിശാലമായ മനസ്ഥിതിയോടെ മി: താണുപിള്ള ഇവിടെ പ്രസ്താവിച്ചതുപോലെ [illegible] ആരോരുമില്ലാത്തവരായി ആരുംതന്നെ ഈ സഭയിൽ ഉണ്ടായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ രാജ്യത്തിൽ തങ്ങളുടെ പ്രത്യേകമഹസ്ഥിതിക്കനുസരണമായി സഹായവും ശ്രദ്ധയും ശുശ്രൂഷയും ആവശ്യപ്പെടുന്ന [illegible] സാധുക്കൾ ഉണ്ടെന്നു മി: താണുപിള്ള ചൂണ്ടിക്കാണിച്ചിരിക്കുന്നു. പരമാർത്ഥത്തിൽ ഇത്തരം ആളുകൾ ഈ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഉണ്ടെന്നു നമുക്കറിയാം. ശരിയായ കണക്കുകൾ പറയാൻ എനിക്കു കഴിയുന്നതല്ല; എന്നാൽ [illegible] സെൻസസ് റിപ്പോർട്ടു നോക്കുകയാണെങ്കിൽ സംസ്ഥാനത്തിലെ അശക്തന്മാരുടെ തൊഴിലും [illegible] ഏതാണ്ടൊരു കണക്കു നമുക്കു കിട്ടുന്നതാണ്. ആ വർഗ്ഗത്തിൽ [illegible] ആളുകൾ ഉണ്ട് എന്നു കാണപ്പെടുന്നു. ഇവരിൽ [illegible] പേർ [illegible] സാധുമന്ദിരങ്ങളിൽ താമസിക്കുന്നവരുമാണ്. ഈ ലിസ്റ്റിൽ അന്ധതകൊണ്ടും രോഗങ്ങളും അംഗഭംഗവും മൂലം കഷ്ടപ്പെടുന്ന ഭിക്ഷക്കാർ ഉൾപ്പെട്ടിട്ടില്ല. ഇവരുടെ കണക്കു ജനസംഖ്യാറിപ്പോർട്ടിൽ ഉൾപ്പെടുത്തിട്ടുണ്ട്. [illegible] ആളുകൾ ഉണ്ടെന്നു കാണുന്നു. ഈ രാജ്യത്തിൽ നിസ്സഹായരായ വളരെ ആളുകൾ ഉണ്ടെന്നു കാണിക്കാനായിട്ടാണു ഈ കണക്കുകൾ ഞാൻ ഉദ്ധരിച്ചതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഇവർ എല്ലാവരും അനാഥർ ആണോ?

മി: കെ. ജോർജ്ജ് (ഗവർമ്മെന്റു ചീഫ് സെക്രട്ടറി): ഇവരിൽ എത്രപേർ ആണു അനാഥർ എന്നു ഈ കണക്കു വെളിപ്പെടുത്തുന്നില്ല; എന്നാൽ കൂടിയ പ്രസ്തുത കണക്കിൽ അശക്തരായ അനേകം അനാഥരും ഉൾപ്പെടുന്നു എന്നു നിശ്ചയമായും കാണാവുന്നതാണ്. ഈ ആളുകളുടെ സ്ഥിതി എന്താണെന്നു നമുക്കെല്ലാവർക്കും അറിയാം. അവർ എങ്ങനെ ജീവിക്കുന്നു എന്നുള്ളതും എവിടെ കിടക്കുന്നു എന്നുള്ളതും അവരുടെ പൊതുവെയുള്ള ദുഃസ്ഥിതികളും നമുക്കറിയാം. ഇതിനെ തെളിയിക്കാൻ വലിയ തെളിവുകൾ വേണമെന്നില്ല. ഉദാഹരണം പറയുകയാണെങ്കിൽ, ഈ സഭയിലെ ഏതെങ്കിലും മെമ്പറെങ്കിലും ഇന്നു [illegible] വെളിയിൽ സഞ്ചരിച്ചിരുന്നു എങ്കിൽ ഈ സംഗതി അദ്ദേഹത്തിനു ബോദ്ധ്യപ്പെടുമായിരുന്നു. അശക്തരായ അനാഥർ ജനങ്ങളിൽനിന്നു പണവും ആഹാരവും യാചിച്ചു [illegible] സാധാരണയായി [illegible] ചെയ്യുന്നത്. അതിനാൽ നമ്മുടെ ഇടയിൽ നിർഗ്ഗതികളായ ഇത്തരം ജനങ്ങൾ [illegible] ധാരാളം ഉണ്ട്. അവരിൽ അധികംപേരും ജനങ്ങൾ [illegible] ചെയ്യുന്ന ധർമ്മത്തെ ആശ്രയിച്ചാണ് ജീവിക്കുന്നതു്. അധുനാ [illegible] സ്ഥിതിക്കനുസരണമായി രൂപവൽക്കരിക്കപ്പെട്ട ഒരു സമുദായത്തിൽ ജീവിക്കുന്നതിനു അപ്പോഴപ്പോൾ [illegible] ധർമ്മം മതിയാകുന്നതല്ല, ഈ സംഗതി നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഈ ധർമ്മപ്രവൃത്തി മതിയാകുന്നില്ല. അതു [illegible] ഇല്ലാത്തവയും ആവശ്യങ്ങൾ നിറവേറുന്നതിനു പര്യാപ്തമാകാത്തതുമായിരിക്കുന്നു. അതിനാൽ ഇപ്രകാരമുള്ള ആളുകൾ നിഷ്കൃഷ്ടവ്യവസ്ഥയിന്മേൽ ഏതെങ്കിലും സഹായം ചെയ്യേണ്ടതാണെന്നുള്ള യാതൊരു സംശയവും ഇല്ല.

ഈ ജനങ്ങളുടെ ആവശ്യങ്ങളെപ്പറ്റി ശ്രദ്ധിക്കുന്ന ചില സ്ഥാപനങ്ങൾ ഈ രാജ്യത്തുണ്ട്. മതസംബന്ധമായ സഭകളാൽ നടത്തപ്പെടുന്ന ഒന്നുരണ്ടു സ്ഥാപനങ്ങളെപ്പറ്റി എനിക്കറിയാം. കുന്നത്തുനാട്ടു മെമ്പർ ആലുവായിൽ അങ്ങനെയുള്ള ഒന്നിനെപ്പറ്റി പ്രസ്താവിച്ചു. ആ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ഗവർമ്മെന്റു കുറെ സഹായം ചെയ്തിട്ടുണ്ട്. ആഹാരത്തിനു വകയില്ലാത്ത സാധുക്കൾക്കു ഏതെങ്കിലും വിധത്തിൽ സഹായം നല്കുന്ന ചില സ്ഥാപനങ്ങളും ഉണ്ട്. ഫ്രെൻഡ്-ഇൻ-നീഡ് സൊസൈറ്റി ഇതിനു ഒരു ഉദാഹരണമാണ്. പാവങ്ങൾക്കു ആഹാരം കൊടുക്കുന്നതിനുള്ള ഊട്ടുപുരകൾ ഉണ്ട്. ഇവ വളരെ ഒന്നും ചെയ്യുന്നില്ല എന്നും മി: താണുപിള്ള ആവശ്യപ്പെടുന്നതു ഇതുപോലെയുള്ള സഹായങ്ങൾ അല്ല എന്നും ഞാൻ സമ്മതിക്കുന്നു.

ഈ സംഗതികൾ ഞാൻ സമ്മതിക്കുന്നതൊഴിച്ചു ഒരു സംഗതിയിൽ ഞാൻ അദ്ദേഹത്തിനോടു യോജിക്കുന്നില്ല. അശക്തരായ അനാഥർക്കു ആഹാരം കൊടുക്കുകയും വീടുകൾ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതിനുള്ള ചുമതല സർക്കാരിനാണ് എന്നു അദ്ദേഹം പറയുന്നു. സർ, ഈ കാര്യം പൂർണ്ണമായി സമ്മതിക്കാൻ എനിക്കു നിവൃത്തിയില്ല. സാമുദായികകഷ്ടതകളെ നിവാരണം ചെയ്യുന്നതിൽ സർക്കാരിനു അവസാനമായ ഒരു ചുമതലയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ ഈ കാര്യത്തിൽ ജനസമുദായമാണു ചുമതലപ്പെട്ടവർ എന്നാണ് ഞാൻ പറയുന്നതു്. തങ്ങളുടെ ഇടയിൽ ഉള്ള സാധുക്കളെയും അനാഥരായി തള്ളപ്പെട്ടവരെയും ആശ്രയമില്ലാത്തവരെയും വീടും കുടിയും ഇല്ലാത്തവരെയും രക്ഷിക്കേണ്ട ചുമതല പ്രധാനമായി ജനസമുദായ...

യത്തിൽ ആണ് സ്ഥിതിചെയ്യുന്നതു്. ഒന്നാമതായി ജനസമുദായത്തിനു ഇതിനെപ്പററി ഒരു ബോധം ഉണ്ടാകണം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അങ്ങനെയാണെങ്കിൽ ഗവണ്മെൻറു ആശുപത്രികൾ സ്ഥാപിക്കുന്നതെന്തിന്?

മി: കെ. ജാര്ജ് (ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതു സർക്കാരിൻെറ പ്രവൃത്തികളിൽ ഒന്നാണ്.

ഞാൻ പറഞ്ഞതുപോലെ ഒന്നാമതായി ജനസമുദായത്തിന് ഇതിനെപ്പററി ഒരു ബോധം ഉണ്ടാകണം. നമ്മുടെ സമുദായത്തിന് അങ്ങനെ ഒരു ബോധം ഇല്ല [illegible] വലുതായ തെററുതന്നെയാണ്. ഈ കാര്യത്തിൽ പ്രവർത്തിക്കുന്നതിന് ചില മാർഗ്ഗങ്ങൾ ഉണ്ട്. മുനിസിപ്പൽ റെഗുലേഷനിൽ ഉള്ള വ്യവസ്ഥകളെ ഉദ്ദേശിച്ചാണ് ഞാൻ പറയുന്നത്. ഈ രാജ്യത്തിൽ ഇതിനെപ്പററി [illegible] വിചാരിച്ചിട്ടുണ്ടെങ്കിൽ, [illegible] ജനങ്ങളുടെ അധികമായി പട്ടണങ്ങളിൽ കാണപ്പെടുന്ന സ്ഥിതിക്കു മുനിസിപ്പൽ പട്ടണങ്ങളിൽ [illegible] പട്ടണങ്ങളിൽ സംഘടനകൾ [illegible] സഹായങ്ങളും നൽകുന്നതിന് [illegible] ചെയ്യുമായിരുന്നു എന്നുള്ളതു് നിശ്ചയമാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): [illegible] സംരക്ഷണം [illegible] നല്ല ഗവണ്മെൻറ് നിയമപ്രകാരം [illegible] ഇല്ലേ?

മി: കെ. ജാർജ് (ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതിനെ [illegible] സമ്മതിക്കാൻ എനിക്കു നിവൃത്തിയില്ല. സ്ഥാനത്തിന് അവസാനമായ ഒരു ചുമതലയുണ്ട്. എന്നാൽ [illegible] ജനങ്ങളിൽതന്നെ ഇരിക്കുന്നതാണ്. [illegible] സാധുക്കളായ [illegible] പാശ്ചാത്യദേശങ്ങളിൽ എല്ലാം സർക്കാർതന്നെ [illegible] സംശയം ഇല്ല. അങ്ങനെ ചെയ്യപ്പെട്ടിട്ടില്ലാത്ത രാജ്യങ്ങളിലും ഗവണ്മെൻറ് അനാഥശാലകൾ സ്ഥാപിക്കുന്നുണ്ട്. പക്ഷെ അവരുടെ ഇടയിൽ ഈ വ്യത്യാസം ഉണ്ട്. ഈ ശാലകൾക്ക് പണം കൊടുക്കേണ്ട ചുമതല ഗവണ്മെൻറിനില്ല. ഇംഗ്ലണ്ടിൽ പാരിഷുകൾ ആണ് ഈ ചുമതലയുള്ളതു്. [illegible] ശാലകൾ രൂപീകരിക്കും. പട്ടിക്കുകളിൽ [illegible] ചുമതലയും അങ്ങനെയുള്ള സ്ഥാപനങ്ങൾ മുഖാന്തിരം സഹായം നല്കപ്പെടുകയും ചെയ്യുന്നു. അനാഥശാലകൾ സ്ഥാപിക്കുകയും തങ്ങളുടെ അതിർത്തികൾക്കുള്ളിൽ അനാഥർ ആയി [illegible] സംരക്ഷിക്കുക മുനിസിപ്പാലിററികൾക്കു ചെയ്യാവുന്നതാണ്. ഞാൻ പറഞ്ഞതുപോലെ അതിനുള്ള വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ അവർ എന്തുചെയ്തിട്ടുണ്ട്? തങ്ങളുടെ ചുമതല എന്താണെന്ന് അവർ മനസ്സിലാക്കിട്ടുണ്ടോ? [illegible] വല്ല സഹായവും ചെയ്യുന്ന അവണ്ണം പ്രയോഗികമായ വല്ല പദ്ധതിയും കൊണ്ട് അവർ മുന്നോട്ടു വന്നിട്ടുണ്ടോ?

നമുക്കു വല്ലതും ചെയ്യാവുന്ന [illegible] മാർഗ്ഗം ഇതാണ്. നിങ്ങൾക്കു ഇന്ത്യയിൽ പല സ്ഥലങ്ങളിൽ അനാഥശാലകൾ കാണാവുന്നതാണ്. അവയെല്ലാം കുറിയ [illegible] രൂപീകരിക്കപ്പെട്ടിട്ടുള്ളവയാണ്. അങ്ങനെയുള്ള സ്ഥാപനങ്ങളെ [illegible] ആളുകൾ ഇറങ്ങിച്ചെല്ലുന്നുണ്ട്. തിരുവിതാംകൂറിൽ അങ്ങനെ ഒന്നുമില്ല ഇല്ല ഈ ജനങ്ങളെ സഹായിക്കുന്നതിനു നമുക്കു അതിയായ ആഗ്രഹം ഉണ്ടായിരുന്നു. [illegible] നമുക്കു ലഭ്യമായിട്ടുള്ള മാർഗ്ഗങ്ങളെ നാം ഉപയോഗപ്പെടുത്തുമായിരുന്നു. നാം അങ്ങനെ ചെയ്തിട്ടില്ല എന്നുള്ള പരമാർത്ഥം—

മി. മാപ്പുമാരിയാൻ (വട്ടക്കാ): ഭിക്ഷുക്കളുടെ സംഗതി തിരുവിതാംകൂറിൽ അത്രഗൌരവമുള്ള ഒന്നല്ല എന്നു സ്ഥാപിക്കാനാണോ ചീഫ്സെക്രട്ടറി ശ്രമിക്കുന്നതു്?

മി. കെ. ജാർജ് (ഗവണ്മെൻറു ചീഫ്സെക്രട്ടറി): വാസ്തവസ്ഥിതികളെ പററി സമുദായത്തിനു ബോധമുണ്ടായിട്ടില്ല എന്നുള്ളതു് സഭയെ അറിയിക്കുന്നതിനാണ് ശ്രമിക്കുന്നതു്. അവർക്ക് ആ ബോധ്യമായിരുന്നു എങ്കിൽ ഇപ്പോഴുള്ള സ്ഥിതികളെ ചെറുതാക്കുന്നതിന് അപർവ്വമും ചെയ്യുമായിരുന്നു. ഈ വിഷയത്തിൽ പ്രവർത്തിക്കുന്നതിന് ശരിയായ മാർഗ്ഗം എല്ലാസംഗതിയിലും ഗവണ്മെൻറിനെ ആശ്രയിക്കുക എന്നുള്ളതല്ല. ഏതെങ്കിലും വിഷയത്തെ പററി ഗവണ്മെൻറിനോടു പറഞ്ഞുകഴിഞ്ഞാൽ നിങ്ങളുടെ ജോലി അതോടുകൂടി അവസാനിച്ചു എന്നു നിങ്ങൾ വിചാരിക്കുന്നു. ഇക്കാര്യത്തിൽ നിങ്ങളുടെ മനോഭാവം അങ്ങനെ ഇരുന്നാൽ പോരാ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യത്തിൽ അവസാനമായി ഗവണ്മെൻറിനുള്ള ചുമതലയെ അദ്ദേഹം എങ്ങനെ നിർവഹിക്കാൻ ഉദ്ദേശിക്കുന്നു എന്നു പണ്ഡിതനായ ചീഫ്സെക്രട്ടറിയിൽനിന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി. കെ. ജാർജ് (ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതിനെപ്പററി ഞാൻ പറയാം. വീടില്ലാത്തവരെയും ദരിദ്രരേയും രക്ഷിക്കുന്നതിനു പൊതുജനബോധത്തെ ഉണർത്തുന്നതാണ് ഒന്നാമതായിചെയ്യേണ്ടതു്. പിന്നീട് ഇപ്പോൾ ഉള്ളതും ലഭ്യവും ആയ എല്ലാ ആദായമാർഗ്ഗങ്ങളേയും ഉപയോഗപ്പെടുത്തേണം; അതിൽ പിന്നീട്, നാം നടത്തുന്ന ശ്രമത്തെ സഹായിക്കുന്നതിന് ഗവണ്മെൻറിനോടു [illegible] അപേക്ഷിക്കാവുന്നതാണ്. പലപ്രകാരത്തിലും ഗവണ്മെൻറിനു സഹായം ചെയ്വാൻ കഴിയും. അശക്തരായ അനാഥരുടെ സംരക്ഷണത്തിനായി കുടിയാനവന്മാർ നടത്തിപ്പോരുന്ന സ്ഥാപനങ്ങൾക്കു ഗവണ്മെൻറിന് സഹായധനം കൊടുക്കാൻ കഴിയും. പ്രത്യേകം പാർപ്പിക്കേണ്ടവരെ നിർബന്ധമായി അങ്ങനെ പാർപ്പിക്കുന്നതിന് നിയമം ഉണ്ടാക്കുകയും ദേഹശക്തിയുള്ള ആളുകളെ അങ്ങനെയുള്ള സ്ഥാപനങ്ങളിൽ പാർപ്പിക്കുന്നിടത്തോളം കാലം ജോലിചെയ്യുന്നതിനു അവരോടു ആവശ്യപ്പെടുന്നതിനായി നിയമത്തിൽ വ്യവസ്ഥചെയ്യുകയും ചെയ്യാവുന്നതാണ്. ഏകദേശം ഈ രീതിയിൽ ഉള്ള ഒരു പ്രമേയം അടുത്ത സംസ്ഥാനമായ കൊച്ചിയിൽ സ്വല്പകാലത്തിനു മുമ്പു പാസാക്കപ്പെട്ടതായി ഞാൻ കാണുന്നു. അതിലെ വാചകം [illegible] പ്രകാരത്തിൽ ആയിരുന്നു എങ്കിലും അതു് ഏറെക്കുറെ ഈ വിഷയത്തെ സംബന്ധിച്ചുതന്നെയായിരുന്നു. "(എ) മദ്യവ്യവസായങ്ങളിന്മേൽ വായ്പകൾകൊടുത്തും (ബി) ഇംഗ്ലണ്ടിലെ പബ്ളിക് യൂട്ടിലിററി സംഘങ്ങളുടെ രീതിയിൽ ആരംഭിക്കപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്കു സഹായധനം കൊടുത്തും (സി) ദരിദ്രരുടെ ഗുണത്തിനായി ആധുനിക നിവാസസ്ഥല പദ്ധതിയെ നടപ്പിൽ വരുത്തുന്നതിന് മുനിസിപ്പാലിററികളെ നിർബന്ധിച്ചും ദരിദ്രർക്കു ഗൃഹങ്ങൾ ഉണ്ടാക്കികൊടുക്കുന്നതിന്

സഹായിക്കണമെന്ന് ഈ സഭ ഗവൺമെൻറിനോടു ശുപാർശ ചെയ്തുകൊള്ളുന്നു" എന്നായിരുന്നു പ്രമേയം. കൊച്ചിയിട്ടുള്ള പ്രമേയം അഗതിഗൃഹങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനായി മുന്നിട്ടുവരുന്ന സ്ഥാപനങ്ങളെ ഗവൺമെൻറു സഹായിക്കണമെന്നുള്ളതാണെന്നു നിങ്ങൾ കാണുന്നുണ്ടല്ലോ. ഇപ്പോഴത്തെ വാക്കുകളിൽ ഇരിക്കുന്ന പ്രമേയം ഏകദേശം അതുപോലെ ആയിരുന്നു എങ്കിൽ അതിനെ സ്വീകരിക്കുന്നതിന് ഗവൺമെൻറിന് യാതൊരു മടിയും ഉണ്ടായിരിക്കയില്ല. എന്നാൽ ഇപ്പോഴത്തെ നിലയിൽ, മി: താണുപിള്ള ഈ പദ്ധതിയുടെ പൂർണ്ണചുമതലയെയും ഗവൺമെൻറിൽ ആണ് സമർപ്പിക്കുന്നതു. ഈ നിർദ്ദേശം സ്വീകരിക്കാവുന്നതല്ല എന്നു ഞാൻ ഭയപ്പെടുന്നു.

ഇവിടങ്ങളിലെ പ്രവർത്തകരായ രാഷ്ട്രതന്ത്രജ്ഞന്മാരോടൊക്കെ. മി: താണുപിള്ള പറയുന്ന രീതിയിൽ ഉള്ള പതിനായിരം ആളുകൾക്കു ക്ഷേമസ്ഥാപനത്തിന് ഒരു വീടുകൾ വേണ്ടിവരുമെന്ന് എനിക്കു പറവാൻ കഴിയുകയില്ല. ഒരു ഒററവീട്ടിൽ ഇരുന്നൂറു ആളുകൾക്കു താമസിക്കാമെന്നു വിചാരിക്കുക. ഈ പതിനായിരം ആളുകൾക്കും വാസസ്ഥലത്തിന് അമ്പതു വീടുകൾ വേണം; ഓരോ വീട്ടിനും ചുരുക്കത്തിൽ ഉള്ള സാമഗ്രികൾ സജ്ജീകരിക്കണമെന്നുകൂടി ഈ ഇരുന്നൂറു ആളുകളെയും വർഷം മുഴുവൻ ഭക്ഷണവും വസ്ത്രവും മുടങ്ങാതെ രക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യണം. ഈ സ്ഥാപനങ്ങളുടെ ചാർജ്ജ് വഹിക്കുന്നതിന് ആളുകൾ ഉണ്ടായിരിക്കണം. അവർക്ക് നിശ്ചയമായും ശമ്പളം കൊടുക്കണം. അങ്ങനെയുള്ള ഒരു ഗൃഹത്തിന് നിശ്ചയമായും ചുരുക്കം ഒരു ലക്ഷം രൂപയോളം വേണ്ടിവരും. കെട്ടിടങ്ങൾ കെട്ടുന്നതിനും സാമാനങ്ങൾ വാങ്ങിക്കുന്നതിനും ആവശ്യമുള്ള അററകുററപ്പണികൾ മുതലുള്ള സംരക്ഷണച്ചിലവുകൂടാതെ തന്നെ വലുതായ ഒരു തുക വേണ്ടിവരും. അതിൽ ഇരുന്നൂറു ആളുകളെ മാത്രമേ താമസിപ്പിക്കാവൂ. ചെറിയ ഒരു തോതിൽ മാത്രം പ്രവർത്തിക്കുന്നതിനേ ഗവൺമെൻറിന് കഴിയുകയുള്ളൂ. ഇരുന്നൂറു ആളുകൾക്കു വേണ്ട സൌകര്യം ഉണ്ടാക്കിക്കൊടുക്കാൻ എന്തു തുക വേണമെന്നു നിങ്ങൾക്ക് ഊഹിക്കാവുന്നതാണല്ലോ. അതിന് പണം എവിടെനിന്നു കൊണ്ടുവരും? പൊതുവരവിൽ നിന്നാണോ കൊടുക്കേണ്ടത്? ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ, അനാഥന്മാരെയുള്ള ഗൃഹങ്ങളിലെ ചെലവുകൾ വഹിക്കുന്നതു പ്രാദേശിക സഭകൾ ആകുന്നു. രാജ്യത്തെങ്ങും അനാഥമന്ദിരങ്ങൾ ഏർപ്പെടുത്തുന്നതു പ്രായോഗികമാണെന്ന ഞങ്ങളിൽ ഉൾപ്പെടുന്നതല്ല. സമുദായത്തിന് പൊതുവെ ചുമതലാബോധം ഉണ്ടാകുമ്പോൾ മാത്രമേ ജനങ്ങളുടെ സഹകരണത്തോടുകൂടി ഗവൺമെൻറിന് വല്ലതും ചെയ്വാൻ കഴിയുകയുള്ളൂ.

അനാഥരുടെ സംരക്ഷണത്തിനായി മന്ദിരങ്ങൾ ഏർപ്പെടുത്തി നടത്തുന്നതു ഈ ഗവൺമെൻറിൻെറ ധനശക്തിയെ അതിലംഘിച്ചിട്ടുള്ള ഒരു പ്രവൃത്തിയാകുന്നു. പൊതുജനങ്ങൾ ഈ മാർഗ്ഗങ്ങളിൽ ചെയ്യുന്ന പ്രവൃത്തിയെ പുഷ്ടീകരിക്കാൻ വേണ്ടതു ഗവൺമെൻറിന് ചെയ്യാവുന്നതാണ്. ഇതു പ്രധാനമായും കടമകൾ നടത്തേണ്ട പ്രവൃത്തിയത്രെ. പൊതുജനക്ഷേമതൽപരന്മാർ ഈ കാര്യത്തിൽ പ്രവർത്തിക്കണം. ഇതുപോലെയുള്ള ഒരു മഹാകാര്യത്തിൽ സഹായിക്കുന്നതിന് യോജിച്ച ആളുകൾ അവർ തന്നെയാണ്. ഇപ്രകാരമുള്ള ഒരു രാജ്യത്തിൽ പൊതുജനങ്ങളുടെ മനസ്സിനെ ഉദ്ദീപിപ്പിക്കേണ്ടതാണ്. ഗവൺമെൻറിന് ഏതു മാർഗ്ഗങ്ങളിലും സഹായിക്കാൻ കഴിയുമെന്നുള്ളതു ഞാൻ പറഞ്ഞുകഴിഞ്ഞു. പ്രമേയത്തെ ഇപ്പോൾ ഇരിക്കുന്ന സ്ഥിതിയിൽ സ്വീകരിക്കുന്നതിന് എനിക്കു നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു; എന്നാൽ സഭയിലെ കൂടരാ ഭേദം വേറിട്ടും ഉള്ളതുപോലെ ഗവൺമെൻറിനും ഈ കഷ്ടപ്പെട്ട ജനങ്ങളുടെ കാര്യത്തിൽ ഉൽക്കണ്ഠയുണ്ട് എന്നുള്ളതു ഞാൻ സഭയോട് ഉറപ്പായി പറഞ്ഞുകൊള്ളട്ടെ. അനാഥമന്ദിരങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കുന്നതിന് കടമകൾ സന്നദ്ധരാകുന്നതായാൽ ഹാർദ്ദമായ അനുഭാവത്തോടുകൂടി വല്ലതും ചെയ്യുന്നതിന് ഗവൺമെൻറ് തയ്യാറായിരിക്കും.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): സർ, ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള അതി പ്രധാനമായ ഈ പ്രമേയത്തെ ഞാൻ ഹാർദ്ദമായി പിന്താങ്ങിക്കൊള്ളുന്നു. ചീഫ് സെക്രട്ടറി ഇപ്പോൾ പറഞ്ഞിട്ടുള്ള മറുപടി ഒട്ടും സ്വീകാര്യയോഗ്യമായിട്ടുള്ളതല്ല. തിരുവിതാംകോട്ടിനെപ്പോലെയുള്ള ധർമ്മരാജ്യത്തെ ഗവൺമെൻറ് ഇപ്രകാരം ഒഴികഴിവുകൾ പറയുന്നതു ഒട്ടും ഉചിതമല്ലെന്നാണ് എൻെറ അഭിപ്രായം. ഇതുമാതിരി സ്ഥാപനങ്ങൾ തിരുവിതാംകോടിൻെറ നാനാഭാഗങ്ങളിലും സ്ഥാപിക്കേണ്ടതു ആവശ്യമാണെന്നു ചീഫ്സിക്രട്ടറി അവർകൾ സമ്മതിക്കുന്നുണ്ട്. ഉദ്ദേശം ൧ ലക്ഷം രൂപ ചിലവാക്കിയാൽ മാത്രമേ ഏതാനും ആളുകളെ എങ്കിലും സംരക്ഷിക്കുന്നതിനു സൌകര്യപ്പെടുകയുള്ളു എന്നുള്ളതുകൊണ്ടും മററുകാരണങ്ങളാലും അതു സാദ്ധ്യമല്ല എന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു.

തിരുവിതാംകൂറിലെ ഭൂരിപക്ഷം ആളുകളും ഹിന്ദുക്കൾ എന്നു ഗവൺമെൻറ് മനസ്സിലാക്കണം. ഹിന്ദുക്കൾ ധർമ്മവിഷയത്തിൽ ഒട്ടും പിന്നോക്കമല്ല. ഇങ്ങനെ ധർമ്മം ചെയ്തു അവർ ക്ഷയിച്ചിരിക്കുന്ന ഒരു ഘട്ടമാണിതു. ഇങ്ങനെയിരിക്കുന്ന അവസരത്തിൽ ഗവൺമെൻറ് ധർമ്മസ്വത്തുക്കളെ കൈവശപ്പെടുത്തിട്ടു ജനങ്ങൾ ചെയ്യണമെന്നു പറയുന്നതു ഒട്ടും ഉചിതമായിട്ടുള്ളതല്ല. മുനിസിപ്പൽ റെഗുലേഷൻ ൮-ാം വകുപ്പു ൩-ാം ഖണ്ഡം ഇതുമാതിരിയുള്ള സ്ഥാപനങ്ങളെ ഉദ്ദേശിച്ചിട്ടുള്ളതാണെങ്കിലും അതു സാദ്ധ്യമല്ല. കാരണം ഒരു മുനിസിപ്പാലിററിയിലെയും ധനസ്ഥിതി അതിനനുവദിക്കുന്നില്ലെന്നുള്ളതാണു. സമീപകാലത്തിൽ കുഴിത്തുറയാററിൻെറ കരയിൽ ഒരു ആൺകുട്ടിയെ പ്രസവിച്ചു രണ്ടുമണിക്കൂറിനകം ചിലർ കാണുകയുണ്ടായി. അതിനെ ആരാണ് രക്ഷിക്കേണ്ടത്? അമ്മയാര്? രക്ഷിക്കേണ്ടതാര്? മുനിസിപ്പാലിററി അതു നിർവഹിക്കായ്കകൊണ്ടു അന്നു മുനിസിപ്പൽ പ്രസിഡണ്ടുതന്നെ രക്ഷിക്കണമെന്നു പറയുകയുണ്ടായി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതു വ്യഭിചാരത്താൽ ജനിച്ച കുട്ടിയായിരുന്നുവോ?

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ശിശു അശരണമായി ഉപേക്ഷിക്കപ്പെട്ടിരുന്നു, അത്രെ എനിക്കു പറയാൻ കഴിയുകയുള്ളൂ.

അതുകൊണ്ടു മുനിസിപ്പാലിററി പ്രെസിഡെൻറിനു ഇങ്ങനെ ശിശുക്കളെ സംരക്ഷിക്കേണ്ടതായിവന്നുകൂടാ. സാനിറററി കമ്മീഷണർ അവിടെ വന്നു ആ കുഞ്ഞിൻെറ അമ്മയാര് അച്ഛനാര് എന്നു ചോദിച്ചപ്പോൾ എനിക്കറിഞ്ഞുകൂടാ ഗവൺമെൻറിനോടു തന്നെ ചോദിക്കണമെന്നു മറുപടി പറയുകയുണ്ടായി. അതിനാൽ

അനാഥകളായിട്ടുള്ള ഏതാനും സന്താനങ്ങളെങ്കിലും ഗവണ്മെൻറ ഒരു നിവൃത്തിമാർഗ്ഗം ചെയ്യേണ്ടതാണു. ഞാൻ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏതാനും സംഗതികളെപ്പറ്റി ഗവണ്മെൻറ് ഗാഢമായി ആലോചിച്ചു പ്രവൃത്തിക്കേണ്ടതാണു. ഒന്നാമതായി ഒരു ആർഫനേജ് സ്ഥാപിക്കണം; ഈ കാലഘട്ടത്തു [illegible] ആര്യസമാജക്കാർ ഇവിടെ വന്നു ഒരു ആർഫനേജ് സ്ഥാപിച്ചിട്ടുണ്ടു. അതുപോലെ തന്നെ [illegible] തിരുവിതാംകൂറിൽ ക്രിസ്ത്യാനികളും [illegible] സ്ഥാപനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു. എന്നാൽ ഗവണ്മെൻറിൽനിന്നും ഒന്നു സ്ഥാപിക്കുന്നപക്ഷം [illegible] കൂടാതെ കഴിക്കത്തക്കവണ്ണമുള്ള ഒന്നുരണ്ടു [illegible] ഞാൻ നിർദ്ദേശിക്കാം. തിരുവനന്തപുരം [illegible] എന്നീ രണ്ടു [illegible] ങ്ങളായി തിരിച്ചു [illegible] ആർഫനേജ് ഏർപ്പെടുത്തുക. അതിൽ [illegible] കുട്ടികളെ [illegible] എന്ന ഒരു നിർബന്ധവും വേണം. മുനിസിപ്പാലിറ്റിയുടെ സ്ഥലങ്ങളിൽ ഈ മുനിസിപ്പാലിറ്റിയുടെ [illegible] തിരുവിതാംകൂറിൽ [illegible] ഇല്ലായിരുന്നു. [illegible] അവർ അതുകൊണ്ടുപോയിക്കൊണ്ടിരുന്നു. [illegible] ഇതിൽ പ്രിയമില്ലാതെ വന്നിട്ടുണ്ടു.

അതിനാൽ ഇതുമാതിരിയുള്ള [illegible] സ്ഥാപനങ്ങൾ [illegible] നല്ല ഗ്രന്ഥം കൊടുക്കണം. ഹിന്ദുമതത്തെ [illegible] "[illegible]" [illegible] ഇവിടെ [illegible] അഭിപ്രായപ്പെടുന്നു.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഇങ്ങിനെ ഒരു മന്ദിരം ഏർപ്പെടുത്തുന്നതിനു എത്ര ആയിരം രൂപ ചിലവുവരും?

മി: ടി. സി. കേശവപിള്ള (കൽകുളവും-വിളവംകോടും) അതാതിന്റെ സ്ഥിതിപോലെ എല്ലാം ചിലവാകും.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ഉദ്ദേശം എന്തു ചിലവുവരും.

മി: ടി. സി. കേശവപിള്ള (കൽകുളവും-വിളവംകോടും): [illegible] താമസിപ്പിക്കുന്നതിനു [illegible] [illegible] കാൺവെന്റിൽ ചിലവാകുന്നുണ്ടു. [illegible] കോട്ടയിൽ ഒരു സ്ഥാപനം മെമ്പർ ഏർപ്പെടുത്തണമെന്നു,

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): അതാതുസ്ഥലത്തു [illegible] തന്നെ സ്ഥാപിക്കണമെന്നു പറയുകയാണോ?

മി: ടി. സി. കേശവപിള്ള (കൽകുളവും-വിളവംകോടും): അല്ല. ഇതുമാതിരി സ്ഥാപനങ്ങൾ ഏർപ്പെട്ടുവരുന്നവരെ സഹായിക്കുന്നതിനു ഗവണ്മെൻറിൽനിന്നും ഗ്രാൻറ കൊടുക്കണമെന്നാണു ഞാൻ പറയുന്നതു. ഇപ്പോൾ ഗ്രാൻറ പള്ളിക്കൂടങ്ങൾക്കു ഗവണ്മെൻറ സഹായധനം നല്കുന്നുണ്ടല്ലോ. അതുപോലെ ഗവണ്മെൻറ [illegible] ണമെന്നാണു പറഞ്ഞതു.

മുനിസിപ്പാലിറ്റിയിൽ പണം [illegible] ഇതുമാതിരി സ്ഥാപനങ്ങൾ [illegible] അ[illegible] ആവശ്യകതയില്ല എന്നു മുനിസിപ്പാലിറ്റി വിചാരിക്കുന്നില്ല. [illegible] മുനിസിപ്പാലിറ്റിക്കു [illegible] ഈ വിഷയത്തിൽ അവരെ പ്രോത്സാഹിപ്പി[illegible]. അതുകൊണ്ടു ഞാൻ പറഞ്ഞ [illegible] എല്ലാം പ്രത്യേകമായി [illegible] ഞാൻ അപേക്ഷിക്കുന്നു.

മി: [illegible] (മൂവാററുപുഴയും-തൊടുപുഴയും); സർ, ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങുന്നു. [illegible], [illegible], വാൎദ്ധക്യം, രോഗം മുതലായവയാൽ [illegible] ചെയ്യുന്നതിനു [illegible] സംരക്ഷിക്കുന്നതിനു [illegible] ഇല്ലാത്ത ജനങ്ങളെ ഗവണ്മെൻറിൽനിന്നു പ്രത്യേകസ്ഥാപനങ്ങൾ ഏർപ്പെടുത്തി സംരക്ഷിക്കേണ്ടതു ആവശ്യമാണു. രാജ്യമാകുന്ന [illegible] സന്താനങ്ങൾ തന്നെ [illegible] ധനവും ഉള്ള [illegible] സഹോദരന്മാർക്കു അവരുടെ മേൽ കരുണയുണ്ടായിരിക്കേണ്ടതാണ്. എന്നാൽ അവരെ സംരക്ഷിക്കുന്ന [illegible] ഗവണ്മെൻറുതന്നെ ഏറെറടു[illegible] ആകുന്നു. [illegible] ഈ സാധുക്കളായ സഹോദരരെ ഗവണ്മെൻറ സംരക്ഷിക്കണം, [illegible] വ്യവസ്ഥചെയ്യണം. [illegible] ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു. ഇതു നടപ്പിൽ വരുത്തുന്നതിനു [illegible] സൗകര്യങ്ങളും ഉണ്ടാകും. ഗവണ്മെൻറിൽനിന്നുതന്നെ നേരിട്ടു [illegible] ഈ സാധുക്കളെ രക്ഷിക്കാൻ [illegible] അനർഹന്മാരായ [illegible] ചെന്നുകൂടും. [illegible] അവർക്കു ശരിയായി [illegible] കാര്യം നടത്തുന്ന [illegible] അപഹരിച്ചു എടുക്കുകയും ചെയ്യും. ഇങ്ങനെയുള്ള [illegible] കൂടി നിവൃത്തിയുണ്ടാകേണ്ടതാണു. ചീഫ്സെക്രട്ടറി [illegible] പറഞ്ഞതു മതസംബന്ധമായ സ്ഥാപനങ്ങളോ ഔദാര്യവാന്മാരോ [illegible] സാധുക്കളിൽ പുറപ്പെടുന്നപക്ഷം അവരെ ഗവണ്മെൻറ [illegible] ധനത്തിനു സഹായിച്ചു ഈ [illegible] നിർവഹിക്കുന്നപക്ഷം അതു ഉത്തമമായിരിക്കുമെന്നാണു. അതു നല്ലതാണ്. തിരുവിതാംകൂറിലെ [illegible] പ്രധാനമായിട്ടു സ്വീകരിച്ചിരിക്കുന്ന ഒന്നാണ്. അഗതിസംരക്ഷണം അതിലെ [illegible] ഉണ്ടു. അതിനാൽ ഓരോ മതക്കാരെ ഈ [illegible] എന്നാൽ ഗവണ്മെൻറുതന്നെ പ്രധാനമായി ചില പട്ടണങ്ങളിലെങ്കിലും ഇതുമാതിരി സ്ഥാപനങ്ങൾ ഏർപ്പെടുത്തി [illegible] അൻപതോ

സാധുക്കളെ ഉചിതം സംരക്ഷിച്ചുനോക്കണം. അതിലുള്ള ഗുണദോഷങ്ങളെന്തെല്ലാമാണെന്നു മനസ്സിലാക്കി ഇതു നടത്തിക്കൊണ്ടുപോകണമെങ്കിൽ നടത്തിക്കൊണ്ടുപോകാം. അതല്ല പൊതുജനങ്ങളെ ഏൽപ്പിക്കുകയാണു നല്ലതെന്നു കണ്ടാൽ അപ്പോൾ അങ്ങനെയും ചെയ്യാം. മതസ്ഥാപനങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ അവരെ ഏൽപ്പിക്കുകയും അവർക്കു വേണ്ടസഹായം ചെയ്തുകൊടുക്കുകയും ചെയ്യാം. ഏതായാലും ഗവർമ്മെന്റുതന്നെ പ്രധാന പട്ടണങ്ങളിൽ തുടങ്ങുകയാണു വേണ്ടതു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): ഈ സാധുക്കളെ തരംതിരിച്ചു താമസിപ്പിക്കണമെന്നോ തരംതിരിക്കാതെ താമസിപ്പിക്കണമെന്നോ മെംബരുടെ അഭിപ്രായം?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): സാധുക്കൾ എന്നു പറയുന്നതിന്റെ അർത്ഥവിവരണം ഞാൻ ആദ്യംതന്നെ കൊടുത്തുകഴിഞ്ഞു. വേലചെയ്യുന്നതിനു ശേഷിയില്ലാത്തവരും സംരക്ഷിക്കുന്നതിനു ആളില്ലാത്തവരും രോഗികളും ആണു സാധുക്കൾ. എന്നാൽ രോഗികൾ ആകുമ്പോൾ ഓരോരുത്തർക്കും ഓരോതരത്തിൽ ഉള്ള ആവശ്യങ്ങൾ ഉണ്ടാകും. അതുപോലെതന്നെ രോഗികൾക്കു ഒരുതരത്തിൽ ഉള്ള പരിചരണവും ശിശുക്കൾക്കു മറ്റൊരുതരത്തിൽ ഉള്ള പരിചരണവും വേണ്ടിവരും. അതിനാൽ ഇവർക്കു പലതരത്തിൽ ഉള്ള ശുശ്രൂഷയാണു വേണ്ടതു. ആ കണക്കിനു തരംതിരിക്കയും ചെയ്യാം. അല്ലാതെ ഓരോ വ്യക്തികളെ ജാതി തിരിക്കാൻ പാടില്ല.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): ഈ സാധുക്കളെ സംരക്ഷിക്കുക എന്നു പറയുന്നതു ഇവർക്കു ചതുർവിധ വിഭവങ്ങളോടുകൂടി ഭക്ഷണം കൊടുക്കുക എന്നുള്ളതാണോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ചതുർവിധവിഭവങ്ങളോടുകൂടി ആഹാരംകൊടുത്തു അവരെ സുഖശയനനിലയിൽ സംരക്ഷിക്കുന്നതു നല്ലതാണു (ചിരി). അങ്ങനെ ചെയ്യണമെന്നു നിർബന്ധിക്കുന്നില്ല. അരപ്പട്ടിണിയായിട്ടും മുഴുപ്പട്ടിണിയായിട്ടും വെയിലും മഴയും ഏറ്റുകിടക്കാൻ സ്ഥലമില്ലാതെ റോഡുനീളെ അലഞ്ഞുതിരിയുന്ന സഹോദരന്മാർക്കു കിടക്കാൻ സ്ഥലവും ആവശ്യമുള്ള ഭക്ഷണവും രോഗികൾക്കു ഔഷധവും കൊടുത്താൽ ഇപ്പോഴത്തേതിൽ ഭേദമാണല്ലോ.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാടു): അപ്പോൾ സാമാന്യമായ നിലയിൽ സംരക്ഷിച്ചാൽ മതി എന്നാണോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): മതിയാകും.

ഒരു കൃഷിക്കാരനെ അവനു വേലചെയ്യാൻകഴിയാതെയാകുമ്പോൾ റോഡുനീളെ അലഞ്ഞു മറ്റുള്ളവരുടെ ഉപദ്രവങ്ങളുമേറ്റു കഷ്ടപ്പെട്ടു ചാകാൻവിട്ടേക്കുന്നതു ഈ രാജ്യത്തിന്റെ ധർമ്മരാജ്യം എന്നുള്ള പേരിനു ഒരു കളങ്കമാണ്. കൃഷിക്കാർ വേലക്കു പ്രായംനിമിത്തമൊ ദീനംനിമിത്തമൊ ഉപയോഗമില്ലാത്തതായ അവരുടെ ജന്തുക്കളെപ്പോലും ഈവിധം കൈവെടിയുന്നില്ല. മനുഷ്യന്റെ സ്ഥിതി അതിലും കഷ്ടമാകരുതല്ലോ. ആതുരസംരക്ഷണശാലകൾ ഉണ്ടാക്കാൻ വേണ്ടിവന്നാൽ അല്പം നികുതി കൂട്ടുന്നതുകൊണ്ടും വിരോധമില്ല. ഞാൻ മുമ്പു പറഞ്ഞതുപോലെ ഓരോ മതസ്ഥാപനങ്ങളും ഇതിലേക്കു മുന്നിട്ടു പ്രവർത്തിക്കുന്നപക്ഷം അവർക്കു വേണ്ട സഹായധനം കൊടുക്കണം. ഗവർമ്മെന്റു മേൽനോട്ടം വഹിച്ചു അവർ ശരിയായി ഈ പണത്തെ ഉപയോഗിക്കുന്നുണ്ടോ എന്നു പ്രത്യേകം സൂക്ഷിക്കണം.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഏതിനത്തിൽ നികുതി വർദ്ധിപ്പിക്കണമെന്നാണു പറഞ്ഞതു്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇതിലേക്കു പണമില്ല. കൂടുതൽ പണം ഉണ്ടാക്കണമെന്നു വരുന്നകാലത്തു ഈ ജനപ്രതിനിധിസഭയുമായിട്ടു വേണ്ടവിധത്തിൽ ആലോചിച്ചു നികുതി വർദ്ധിപ്പിക്കാം.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ഏതിനത്തിലാണു നികുതി കൂട്ടേണ്ടതെന്നു മെംബർ സദയം പറയുമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതിനെപ്പറ്റി അപ്പോൾ ആലോചിക്കാം.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): ഇപ്പോൾ സർപ്ലസ് (നീക്കിയിരിപ്പു) ഉള്ളതായി മെംബർക്ക് അറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അറിയാം, അതുകൊണ്ടാണു അപ്പോൾ ആലോചിക്കാമെന്നുപറഞ്ഞതു്.

ജനക്ഷേമത്തിനുവേണ്ടി പണമുണ്ടാക്കാൻ ഗവർമ്മെന്റിനു ഒരു വിഷമവുമില്ല. ജനക്ഷേമത്തിനു വേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചുകൊടുക്കുവാനും ഭരണത്തിൽ വല്ല വൈകല്യങ്ങളും ഉണ്ടെങ്കിൽ അവയെ തിരുത്തിക്കൊടുക്കുന്നതിനുമാണല്ലോ പ്രതിനിധിസഭകൾ ഏർപ്പെടുത്തീട്ടുള്ളതു. അല്ലാതെ എല്ലാകാര്യങ്ങളിലും ഗവർമ്മെന്റിനെ വിഷമിപ്പിക്കുവാനോ പണം നഷ്ടപ്പെടുത്താനോ അല്ല. അതിനാൽ ജനപ്രതിനിധികൾ ചെയ്യുന്ന ശുപാർശയെ ഗവർമ്മെന്റു സ്വീകരിക്കണം.

എന്നാൽ ഇങ്ങനെ ഒരു സ്ഥാപനം ഏർപ്പെടുത്തുന്നപക്ഷവും ഔദാര്യവാന്മാരായ ആളുകളുടെ പക്കൽ ഭിക്ഷക്കുപോകുവാൻ പാടില്ലെന്നു നിയന്ത്രിച്ചാൽ അതു കഷ്ടമാണ്. ഇംഗ്ലണ്ടിൽതന്നെയും ഭിക്ഷാടനത്തെ ഖണ്ഡിതമായി തടയുന്ന ഒരു നിയമമുണ്ടെന്നു തോന്നുന്നില്ല. വേലചെയ്യുവാൻ ശക്തിയില്ലാത്തവരെ രക്ഷിക്കാൻ പൊതുജനങ്ങൾക്കും കടമയുണ്ട്. ഗവർമ്മെന്റിനാണു അധികകടമ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇവരെ ജാതിതിരിച്ചു താമസിപ്പിക്കണോ എന്നാലോചിച്ചിട്ടുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ജാതിതിരിച്ചു താമസിപ്പിക്കുവാൻ പാടില്ല. അങ്ങനെ വല്ല സ്ഥാപനവുമുണ്ടെങ്കിൽ അതിനു ഗ്രാന്റുകൊടുക്കരുതു്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അന്യരാജ്യങ്ങളിൽനിന്നും ധാരാളം സാധുക്കൾ വന്നാൽ അവരെയും താമസിപ്പിക്കണോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഈ മന്ദിരത്തിൽ താമസിക്കുന്നതിനു അധികം ആളുകൾ അന്യരാജ്യങ്ങളിൽനിന്നും വരികയില്ല. കാരാഗൃഹവാസത്തിനു ആരെങ്കിലും പുറത്തുനിന്നു വരുമോ? രോഗികളും അംഗഹീനരുമായ ആളുകൾ അന്യരാജ്യങ്ങളിൽനിന്നു ഇവിടെ വന്നുചേരണമോ? അതു അത്ര എളുപ്പമില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): വന്നാൽ എങ്ങനെയാണു ചെയ്യേണ്ടത്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും). അങ്ങനെ [illegible] ആലോചിച്ചാൽമതി. തല്ക്കാലം ഇതിൽ സ്വദേശി വിദേശി എന്ന ബുദ്ധിമുട്ടു ആവശ്യമില്ല [illegible] തന്നെയാണല്ലോ.

മി: മുരുപ്പേൽ പാച്ചുപിള്ള (ചേർത്തല); അങ്ങനെയുള്ള ആളുകളെ പോലീസ് ബന്തവസ്സിൽ തിരുവിതാംകൂർ അതിർത്തികടത്തി വിടുന്നുണ്ടെന്ന് അറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): പുറത്തുനിന്നുവരുന്ന ഭിക്ഷുക്കളെ ഭിക്ഷാടനത്തിനു അനുവദിക്കയാണു ചെയ്യുന്നതു; അക്രമികളായി സംശയിച്ചെങ്കിൽ പുറത്തു കടത്തിവിടുന്നുണ്ട്. അന്യരാജ്യത്തുനിന്നും ഭിക്ഷ എടുക്കുന്നതിനായി ഇവിടെ വരുന്നവരെ തടയാൻപാടില്ല. അങ്ങനെ തടഞ്ഞിരുന്നുഎങ്കിൽ ഈ രാജ്യത്തിനു ധർമ്മരാജ്യമെന്നപേർ കിട്ടുകയില്ലായിരുന്നു. അതുകൊണ്ടാണു ഇൻഡ്യയുടെ എല്ലാഭാഗത്തും തിരുവിതാംകൂറിനെപ്പറ്റി ധർമ്മരാജ്യം ധർമ്മരാജാവു [illegible] പറയപ്പെടുന്നത്. ഞാൻ വടക്കെ ഇൻഡ്യയിൽ സഞ്ചരിച്ചുവെച്ചു ഇതിന്റെ പ്രസിദ്ധി [illegible] അറിയാൻ സാധിച്ചിട്ടുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്); ഇങ്ങനെയുള്ള ധർമ്മവിഷയത്തിൽപെട്ടു ഒന്നാണോ ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ധർമ്മം എന്നതിനു വളരെ വിശാലമായ അർത്ഥമാണുള്ളത്. അതിന്റെ ഒരുഭാഗം മാത്രമാണു അഗതിസംരക്ഷണം.

മി: കെ. ജാർജ് (ഗവന്മെന്റു ചീഫ് സിക്രട്ടറി): എല്ലാവർക്കും താമസിക്കാൻ സൗകര്യപ്പെടുത്തിക്കൊടുക്കുന്നതുപക്ഷം കുറെപേർ ഇങ്ങനെ ഭിക്ഷാടനം ചെയ്യുന്നതിനു [illegible] സ്ഥലമായി വരികയില്ലയോ ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ഇല്ല. അതിനു ഒരു ഉദാഹരണം പറയാം. സാധാരണ ആശുപത്രികളിൽ ഇത്ര രോഗികൾക്കു കിടക്കയുള്ള എന്ന ഒരു വ്യവസ്ഥയുണ്ടല്ലോ. അതിൽകൂടുതൽ രോഗികൾവന്നാൽ ഗവന്മെന്റു എന്തു ചെയ്യുന്നു? എല്ലാവർക്കും കിടക്കാൻ സൗകര്യമില്ലാത്തതുകൊണ്ടു ആരേയും കിടത്തേണ്ട, കിടക്കുന്നവർകൂടി പുറത്തുപൊയ്ക്കൊള്ളട്ടെ എന്നു ഗവന്മെന്റു പറയുന്നുണ്ടോ? ഇല്ല അപ്പോൾ കൂടുതൽ ഏർപ്പാടുകൾചെയ്യാൻ ഗവന്മെന്റു ശ്രമിക്കും.

മി: കെ. ജാർജ് (ഗവന്മെന്റു ചീഫ് സിക്രട്ടറി): ഇങ്ങനെ ഒരു സ്ഥാപനം ഏർപ്പെടുത്തുമ്പോൾ മറ്റുള്ള ജനങ്ങൾ ഇവർക്കൊന്നും കൊടുക്കാതെ വരികയില്ലേ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും); അങ്ങനെ ഒരിക്കലും വരികയില്ല. മനുഷ്യരുടെ ധർമ്മബോധം ഗവന്മെന്റു ഇങ്ങനെ ഒരു സ്ഥാപനം ഏർപ്പെടുത്തുന്നതോടുകൂടി കേവലം നശിച്ചുപോകുന്ന ഒന്നല്ലല്ലോ. ഇപ്പോൾ ആശുപത്രികൾക്കുവേണ്ടി ചിലവുചെയ്യുന്ന പണത്തിന്റെ വലിയ ഒരു ഭാഗം രോഗികൾക്കു കിട്ടാതെ മറ്റുവിധത്തിൽ പോകുന്നുണ്ട്. അതുകൊണ്ടു ഈ മാതിരി സ്ഥാപനങ്ങൾ നിവൃത്തിയുള്ള സ്ഥലങ്ങളിലെല്ലാം മതാധികാരികളെ ഏല്പിക്കുന്നതു നന്നാണ്. അവർ യഥാർത്ഥമായും ആതുരന്മാരെ പരിരക്ഷിക്കും. അതിലേക്കു ഗവന്മെന്റു ചെയ്യുന്ന സഹായം ഒരിക്കലും അസ്ഥാനത്താകയില്ല.

മി: ഇട്ടീച്ചൻ ആലുവായിൽ ഇങ്ങനെ ഒരു സ്ഥാപനമുള്ളതായി അറിയാമോ എന്നു ചോദിക്കയുണ്ടായി. എനിക്കറിയാം. അവിടെ എല്ലാ മതക്കാരേയും പ്രവേശിപ്പിക്കുന്നുണ്ട്. ഇരുപതോ ഇരുപത്തിഅഞ്ചോ പേരെ മാത്രമേ അവിടെ സംരക്ഷിക്കുവാൻ ഇപ്പോൾ സാധിക്കുന്നുള്ളു. ഇങ്ങനെയുള്ള സ്ഥാപനങ്ങളെ നല്ല ഗ്രാൻറുകൊടുത്തു വിപുലമാക്കണം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇപ്പോൾ ആലുവായിലുള്ള സ്ഥാപനം എങ്ങനെയാണു നടന്നുപോരുന്നത്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതിന്റെ പ്രവർത്തകന്മാർ പൊതുജനങ്ങളുടെ ഔദാര്യപൂർവ്വമായ ധനം സ്വീകരിച്ചു മററും നടത്തിപ്പോരുന്നു.

അതുകൊണ്ടു രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഇങ്ങനെയുള്ള സ്ഥാപനങ്ങൾ ജനങ്ങളെ പ്രോത്സാഹിപ്പിച്ചു തുടങ്ങിക്കയും വലിയ പട്ടണങ്ങളിൽ ഗവന്മെന്റുതന്നെ രണ്ടോ മൂന്നോ സ്ഥാപിക്കയും ചെയ്യണം. ഇത്രയും പ്രസ്താവിച്ചുകൊണ്ടു ഞാൻ ഈ പ്രമേയത്തെ ബലമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊല്ലംകരയും കുന്നത്തൂരും): സർ, ഞാനും സഭയിൽ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ കാര്യങ്ങളിൽ എല്ലാം അവസാനമായ ചുമതല ഗവന്മെന്റിനാണെന്നു ചീഫ്സെക്രട്ടറി പറഞ്ഞു. അതേസമയത്തുതന്നെ ഇതു ഇപ്പോൾ തിരുവിതാംകൂർ ഗവന്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിട്ടുള്ള ഒരു വിഷയം ആണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. കൊച്ചിയിലേയും മൈസൂരിലേയും നിയമസഭകളിൽ ഇതുപോലുള്ള പ്രമേയങ്ങളെപ്പററി വാദിച്ചു അവയെ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നു ഞാൻ അറിയുന്നു. എല്ലാ പരിഷ്കൃതരാജ്യങ്ങളിലും ഈ വിഷയം പൊതുജനങ്ങളുടേയും ഗവന്മെന്റിന്റേയും ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടു എന്നു നാം കാണുന്നു. പൊതുജനങ്ങൾക്കുമാത്രമായി ഈ വിഷയത്തിൽ കാര്യമായി യാതൊന്നുംചെയ്യാൻ കഴിയുന്നതല്ല എന്നുള്ളതു സഭയുടെ അറിവിനായി ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. അതുനിമിത്തമാണ്, ഈ വിഷയത്തിൽ അവർ ഗവന്മെന്റിന്റെ ശ്രദ്ധയെക്കൂടി ക്ഷണിച്ചുകൊള്ളുന്നതു. പ്രസ്തുതകാരണത്തിന്മേൽതന്നെയാണ് അവർ ഈ വിഷയത്തെ ഈ സഭാസമക്ഷം കൊണ്ടുവന്നിട്ടുള്ളതു. ഈ കാര്യത്തിൽ പൊതുജനങ്ങൾക്കു വളരെ ഗണ്യമായ യാതൊന്നും ചെയ്യാൻ കഴിയുന്നതല്ല എന്നുള്ളതു ഗവന്മെന്റിനു അറിയാവുന്നതാണല്ലോ. ഈ സ്ഥിതിക്കു അശക്തർക്കു അഗതികൾക്കും ഉടൻതന്നെ ചുരുക്കം ഒരു മന്ദിരം ഉ

ണ്ടാക്കിയെക്കാട്ടെ എന്ന ഈ കാര്യത്തിൽ വളരെ ശക്തിപൂർവ്വം ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു. ദീനം പിടിപെട്ട ആളുകൾക്ക താൽക്കാലിക ഗൃഹങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നതിനുള്ള ആവശ്യകതയെ ഗവൺമെൻറ മനസ്സിലാക്കി ഉദാഹരണമായി തൽക്കാലം അശക്തരായി തീർന്നിട്ടുള്ള [illegible] ഈ സംസ്ഥാനത്തിൽ ആശുപത്രികൾ ഉണ്ട്. അതിനെ അവർ മനസ്സിലാക്കീട്ടുണ്ട്. ഈ ആവശ്യം മനസ്സിലാക്കേണ്ടതു സ്ഥിരമായി അശക്തരായിതീർന്നിട്ടുള്ളവർക്ക് വല്ല മാർഗവും ഏർപ്പെടുത്തിക്കൊടുക്കുന്നതിനായിട്ടാണ്. സ്ഥിരമായി അശക്തരായിത്തീർന്നിട്ടുള്ളവരുടെ കാര്യത്തിലും [illegible] കുഞ്ഞിപ്പുരകളും മററു ചില സ്ഥാപനങ്ങളും ഏർപ്പെടുത്തിട്ടുണ്ട്. കുഷ്ഠരോഗികളുടെ കാര്യം പറയുകയാണെങ്കിൽ ഒരു പ്രത്യേക [illegible] വിധമുള്ളതിനെ [illegible] ആളുകൾക്ക [illegible] എന്നു ഗവൺമെൻറ നിശ്ചയിച്ചിരിക്കുന്നു [illegible] ഞാൻ അറിയുന്നു. നമ്മുടെ ഗവൺമെൻറും ഇക്കാര്യത്തിൽ ഏതാണ്ടു പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളതു [illegible] തോന്നിക്കുന്നു. മിസ്റ്റർ താണുപിള്ള ആവശ്യപ്പെടുന്നതു, ധർമ്മത്തിൻെറ സീമയെ കുറച്ചുകൂടി വിസ്തൃതമാക്കണമെന്നുമാത്രമാണ്. കൂടുതലായി ഒന്നും അദ്ദേഹം ആവശ്യപ്പെടുന്നില്ല. ഇതു വലുതായ പണച്ചിലവും ചുമതലയും ഉള്ള ഒന്നു [illegible] ആയതിനാൽ ഗവൺമെൻറിനു ഒന്നുംചെയ്യാൻ നിവൃത്തിയില്ല എന്നാണ് ചീഫ്സെക്രട്ടറി പറഞ്ഞതു്. അതിനോടുകൂടിത്തന്നെ, ഈ പ്രധാനമായ ജനങ്ങൾ നടത്തേണ്ട ഒരു കാര്യമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഇപ്പോൾ അനേകം ആതുരന്മാർ ഉണ്ടെന്നു നമുക്കറിയാം. ഈ ആതുരന്മാരുടെ കാര്യം [illegible] കളുടെ ശ്രദ്ധയെ ആകർഷിക്കുമെന്നു നമുക്കെങ്ങനെ അറിയാം. ഗവൺമെൻറുതന്നെ പ്രവർത്തിക്കയും അങ്ങനെയുള്ള അശക്തർക്ക ജീവിതസാധാരണത്തിനു വല്ലതും വഴിയുണ്ടാക്കുകയും ചെയ്യണം. ഈ വിഷയത്തിൽ അമാന്തിക്കാൻ പാടില്ല. നാം [illegible] ആ കാലത്തിനുള്ളിൽ അശക്തരായ ആതുരന്മാരെ രക്ഷിക്കുന്നതിനുള്ള ചുമതല വഹിക്കാതെ [illegible] യും ചെയ്യുന്നില്ല എന്നു വിചാരിക്കുക. അപ്പോൾ ഇപ്രകാരമുള്ള ജനങ്ങളെപ്പററി അന്വേഷിക്കേണ്ടതു ആരുടെ ധർമ്മമാണ്? അതിനാൽ ഈ കാര്യത്തിൽ പൊതുജനങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുന്നതിൽ പ്രയോജനമുണ്ടാകുമെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല.

ചീഫ്സിക്രട്ടറി പ്രസ്താവിച്ച മററൊരു പരിഹാരമാർഗം, നിയമം ഉണ്ടാക്കണം എന്നുള്ളതാണ്. അതു പര്യാലോചിക്കാൻ നിവൃത്തിയില്ലാത്ത വിധം ദുർഘടമായ ഒരു വിഷയമാണ്. ഈ കാര്യത്തിൽ നാം എങ്ങനെയാണ് നിയമം ഉണ്ടാക്കേണ്ടതു്? പലതരത്തിൽ ഉള്ള ആതുരന്മാരെ വേർതിരിക്കുകയും ചിലതരത്തിൽ ഉള്ളവരെ ഇതിൽ ഉൾപ്പെടുത്തുന്നതല്ല എന്നു വ്യവസ്ഥചെയ്യുകയും ചെയ്യുകയാണോ? ഈ ആതുരന്മാരെ അവരുടെ കുടുംബങ്ങളേയോ അവർ ഉൾപ്പെട്ട സമുദായത്തേയോ ഏല്പിക്കുകയാണോ വേണ്ടതു്! അതല്ല അശക്തരിൽ ഒരു കൂട്ടർക്ക് രക്ഷനൽകുന്നതല്ല എന്നു ഉപേക്ഷിക്കുകയാണോ വേണ്ടതു്? ഈ വിഷയത്തിൽ നിയമം ഉണ്ടാക്കുമ്പോൾ ഈ കാര്യങ്ങളെപ്പററി എല്ലാം ഗൌരവമായി ചിന്തിക്കേണ്ടതുണ്ട്.

ചീഫ് സിക്രട്ടറി പ്രസ്താവിച്ച മററൊരു വിഷമത ഇതു് പ്രായോഗികരാജ്യതന്ത്രത്തിൽ ഉൾപ്പെടുന്നതല്ലെന്നാണ്. ഈ സംസ്ഥാനത്തിൽതന്നെ ചിലരുടെ ശ്രദ്ധയിൽ വന്നിട്ടുണ്ട് എന്ന് എൻെറ ചില സ്നേഹിതന്മാർ പറഞ്ഞിട്ടുള്ളതിനാൽ ഇതു പ്രായോഗികമായിരിക്കുന്നതാണ്. ഉദാഹരണമായി ആലുവാ യൂണിയൻകോളേജ് കാര്യത്തിൽ [illegible] ശ്രദ്ധ കാണിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വൈസ്രോയി ആ സ്ഥലം സന്ദർശിച്ചപ്പോൾ കാളേജ് പ്രിൻസിപ്പാൾ അദ്ദേഹത്തെ ആ സ്ഥാനത്തിലേക്കു കൂട്ടിക്കൊണ്ടുപോകയും ആ സ്ഥാപനത്തിൽ നടത്തപ്പെടുന്ന ധർമ്മപ്രവൃത്തികളുടെ രീതിയെ അദ്ദേഹത്തിനു കാണിച്ചുകൊടുക്കുകയും ചെയ്തു.

മി. കെ. ജാർജ് (ഗവൺമെൻറ് ചീഫ്സിക്രട്ടറി): ആലുവായിലുള്ള പതിതാശ്രമത്തെക്കുറിച്ചാണോ മെമ്പർ സൂചിപ്പിക്കുന്നതു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ക്ഷമിക്കണം. അതു ആതുരന്മാർക്കുള്ളതാണെന്ന് ഞാൻ ധരിച്ചുപോയി.

അശക്തരെ സംരക്ഷിക്കുന്നതിനുള്ള കടമ ജനങ്ങളും ഗവൺമെൻറും കൂടി വഹിക്കേണ്ടതാകുന്നു. വിദ്യാഭ്യാസകാര്യത്തിൽ ഗവൺമെൻറ സ്ഥാപനങ്ങളും ജനകീയസ്ഥാപനങ്ങളും ആ കാര്യം നടത്തുന്നുണ്ട്. ഇതു വിദ്യാഭ്യാസത്തെപ്പോലെതന്നെയുള്ള ഒരു വിഷയമാണ് അശക്തരായ അനാഥരെ സംരക്ഷിക്കുന്നതിനു ചുമതല ഗവൺമെൻറും ജനങ്ങളുമായി ഏറെക്കുറെ [illegible] ഉള്ളതു വാസ്തവംതന്നെ. വിദ്യാഭ്യാസത്തിൽ ചെയ്യുന്നതുപോലെ ഗവൺമെൻറ ഈ ജോലിയും വഹിക്കണം.

മി: എ. ജി. മേനവൻ (പറവൂർ): ചീഫ് സിക്രിട്ടറി പറഞ്ഞ സാധാരണ തത്വങ്ങളോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു എങ്കിലും ഗവൺമെൻറ് ഏതെങ്കിലും ഒരു നിവൃത്തി മാർഗ്ഗം സ്വീകരിക്കേണ്ടതാവശ്യമാണ്. ഒരു കൂട്ടം അശക്തർ ഇപ്പോൾ ഉള്ളതാകുന്നു. അപ്രതീക്ഷിത സംഭവം കൊണ്ടോ വാർദ്ധക്യം കൊണ്ടോ അംഗഹീനരായി വന്നിട്ടുള്ളവരും, തന്നിമിത്തം ജീവനോപായം നേടാൻ ശക്തിയില്ലാത്തവരായിത്തീർന്നിട്ടുള്ളവരും, കയറികിടക്കാൻ സ്ഥലമില്ലാത്തവരും ആയ ആളുകളെപ്പററിയാണ് ഞാൻ പറയുന്നതു്. ഈ ആളുകൾ കഠിനമായ സങ്കടങ്ങൾ അനുഭവിച്ചിട്ടുള്ളതിനു ഉദാഹരണങ്ങൾ ഉണ്ട്. ഏതാനും സംഗതികൾ ഞാൻ തന്നെ കണ്ടിട്ടുണ്ട്. അശക്തരായ ജനങ്ങളെ പബ്ലിക് റോഡിൽ കിടന്നു മരിക്കാൻ ഇടയാക്കീട്ടുള്ള അനേകം സന്ദർഭങ്ങൾ എനിക്ക തന്നെ അനുഭവമായിട്ടുണ്ട്. ചുമതലയേറ്റെടുക്കുന്നതായാൽ ഒടുവിൽ പോലീസുകാരുടെ പീഡാകരമായ നടപടികളാൽ ഉപദ്രവം ഉണ്ടാകുമെന്നു ഭയപ്പെട്ടു യാതൊരു കുടിയാനവനും അവർക്ക തങ്ങളുടെ ഗൃഹങ്ങളിൽ അഭയസ്ഥാനം നൽകുന്നില്ല. ഇതിനാൽ വരുന്ന ഫലം അവർ വളരെ പണം ചിലവാക്കേണ്ടിവരുന്നു എന്നുള്ളതാണ്. പരമാർത്ഥത്തിൽ പബ്ലിക് റോഡുകളിലും തെരുവുകളിലും വച്ചു തന്നെ അനേകം മരണങ്ങൾ ഉണ്ടാകുന്നുണ്ട്. അങ്ങനെയുള്ള ആളുകൾ അധികമുണ്ടായിരിക്കയില്ല. അങ്ങനെയുള്ളവർ രാജ്യത്തിലെ പല ഭാഗങ്ങളിലായി പത്തോ ഇരുപതോ ഉണ്ടായേക്കാം. ആഹാരം സമ്പാദിക്കുന്നതിനു യാതൊരു മാർഗ്ഗവും ഇല്ലാത്തവരും കയറികിടക്കുന്നതിനു യാതൊരു സ്ഥലവും ഇല്ലാത്തവരും ആയ ജനങ്ങൾക്ക ഏതെങ്കിലും മാതിരിയിൽ

കയറി കിടക്കാൻ ഒരു സ്ഥലവും ആഹാരവും നല്കേണ്ടതു ഗവണ്മെന്റിന്റെ പ്രധാനധർമ്മമാകുന്നു. ഈ ആതുരന്മാർ മരിക്കുന്നതായാൽ മരണക്കണക്കു കൂടി പോകുമെന്നുള്ള കാരണത്തിന്മേൽ ആശുപത്രികളിലും ആശുപത്രികളിലെ അധികാരികൾ ഇവരെ പ്രവേശിപ്പിക്കുന്നില്ല. അവരെ ആശുപത്രികളിൽ കിടത്താത്തതിനു ഇതു ശരിയായ ഒരു കാരണമല്ലെന്നിരുന്നാലും മെഡിക്കൽ ആഫീസർമാർ പറഞ്ഞിട്ടുള്ള കാരണം ഇതാണ്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ആശുപത്രി അധികാരികൾ ഒരിക്കലും അങ്ങനെയുള്ള ആതുരന്മാരെ കിടത്തുന്നതിനു വിസമ്മതിക്കുകയില്ല.

മി: എ. ജി. മേനവൻ (പറവൂർ): ഇതു എനിക്കു നന്നെ അറിയാവുന്നതാണ്. ഞാൻ തന്നെ ഒരിക്കൽ ഒരാളിനെ ശുപാർശ ചെയ്തയച്ചു. അയാൾ മരിക്കാറായതായി കാണപ്പെട്ടതിനാൽ അയാളെ ഒരു ഇൻപേഷ്യന്റായി എടുത്തില്ല.

പ്രെസിഡെന്റ്: മരിക്കാറായിരിക്കുന്ന ഓരോ ആളിനെയും ഒരു ആശുപത്രിയിൽ ഇൻപേഷ്യന്റായി എടുക്കേണ്ടതാണെന്നാണോ നിങ്ങളുടെ വിചാരം?

മി: എ. ജി. മേനവൻ (പറവൂർ). നിശ്ചയമായും അങ്ങനെയല്ല. ഞാൻ പറയുന്നതു...

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അങ്ങനെയുള്ള ആതുരൻ സ്വാഭാവികമായി മരണം പ്രാപിക്കുന്നു എന്നു വിചാരിക്കുക. അയാളെ ആശുപത്രിയിൽ കിടത്തുന്നതു ന്യായമാണോ?

മി: എ. ജി. മേനവൻ (പറവൂർ): അങ്ങനെയുള്ള ആതുരന്മാർക്കു പൊതുജനങ്ങളിൽ നിന്നും യാതൊരു രക്ഷയും കിട്ടുന്നില്ല. അങ്ങനെയുള്ള അശക്തന്മാരോടു ഗവണ്മെന്റു ദയകാണിക്കേണ്ടതാണെന്നു എനിക്കു തോന്നുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): സർ, എന്റെ സ്നേഹിതൻ മിസ്റ്റർ താണുപിള്ള കൊണ്ടുവന്നിട്ടുള്ള പ്രമേയത്തിന്റെ അന്തരംഗഭാവത്തെ ഞാൻ അനുമോദിച്ചുകൊള്ളുന്നു. മിസ്റ്റർ താണുപിള്ള പറഞ്ഞിട്ടുള്ളതു ഞാൻ ശരിയായി മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ, ബധിരന്മാർക്കും കുരുടന്മാർക്കും ഊമകൾക്കും മുടന്തന്മാർക്കും വല്ല പണിയും കൊടുക്കണമെന്നാണ് അദ്ദേഹം അപേക്ഷിക്കുന്നതു. അവരുടെ കഷ്ടതകളെ കുറയ്ക്കാമെന്നുള്ളതുകൊണ്ടു ഈ ആളുകൾക്കു ശരിയായ വല്ല വേലകളും ഉണ്ടാക്കാമെങ്കിൽ ഗവണ്മെന്റിനോടു ഞാൻ നന്ദിയുള്ളവനായിരിക്കും. ഉദാഹരണമായി, ബധിരന്മാർ ഊമകൾ മുതലായവർക്കു ഏതു മാതിരി പണി കൊടുക്കാമെന്നുള്ളതിനെ പറ്റി ഇവിടെ കൂടിയിരിക്കുന്ന ഡിപ്പാർട്ടുമെന്റു മേലധികാരികൾ അല്പം ചിന്തിക്കുമെങ്കിൽ തൊഴിൽ ഇല്ലാതിരിക്കുന്നവരുടെ സംഖ്യയെ കുറയ്ക്കുന്നതിനു സാധിക്കും. ഇതു എനിക്കു നിശ്ചയമുണ്ട്. ഉദാഹരണമായി...

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ). ഈ സ്ഥിതിയെ പരിഹരിക്കുന്നതിന് ചിലതെല്ലാം ചെയ്തുവരുന്നുണ്ട്.

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): മെമ്പർ തന്ന അറിവിനെ ഞാൻ നോട്ടു ചെയ്തിരിക്കുന്നു. ഞാൻ പറഞ്ഞതു ഡിപ്പാർട്ടുമെന്റു മേലധികാരികൾ ഈ കാര്യത്തിൽ കുറെ ശ്രദ്ധപതിപ്പിക്കുമെങ്കിൽ ഇപ്പോൾ സങ്കടം അനുഭവിക്കുന്നവരിൽ അനേകം പേരുടെ കഷ്ടത തീർക്കാൻ കഴിയുമെന്നാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): പൊലീസ് കമ്മിഷണർ വിചാരിച്ചാൽ എന്തു ചെയ്വാൻ സാധിക്കും?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): മിസ്റ്റർ കേശവപിള്ള ഞാൻ പറയുന്നതിനെ ക്ഷമയോടുകൂടി കേൾക്കുമെങ്കിൽ ഞാൻ പറയുന്നതു അദ്ദേഹത്തിനു മനസ്സിലാകും.

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): മെമ്പർക്കു അവരോടു അത്ര അനുഭാവം ഉണ്ടെങ്കിൽ അവരിൽ ചിലരെ അദ്ദേഹത്തിന്റെ വലിയ വ്യാപാരത്തിൽ നിയമിക്കരുതോ?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): അതെ, ആ സംഗതിയെപ്പറ്റി പറയാം. ഈ ആളുകളെക്കൊണ്ടു എന്തു ജോലി ചെയ്യിക്കാമെന്നുള്ളതു മനസ്സിലാക്കുന്നതിനു മിസ്റ്റർ റാബിൻസൺ ശ്രമിച്ചിരുന്നു എങ്കിൽ അവരെ ഏതെല്ലാം പ്രകാരത്തിൽ ജോലി ചെയ്യിക്കാമെന്നുള്ളതു അറിയുന്നതിനു അദ്ദേഹത്തിനു സാധിക്കുമായിരുന്നു. ഉദാഹരണമായി, പി. ഡബ്ലിയു. ഡി. വർക്ക്ഷാപ്പിനെപ്പറ്റി ചിന്തിക്കാം. കൈകൊണ്ടും പ്രവൃത്തി കൃത്രിമശക്തികളാൽ പ്രവർത്തിപ്പിക്കേണ്ടവയും ആയ അനേകം യന്ത്രങ്ങൾ അവിടെ ഉണ്ട്. തന്റെ കൈകൊണ്ടു ഒരു യന്ത്രത്തെ പ്രവർത്തിപ്പിക്കുന്നതിനു ഒരു മുടന്തനെ എന്തുകൊണ്ടു നിയമിക്കാൻ പാടില്ല?

മി: എ. വൈപ്പൻ (ചീഫ് എഞ്ചിനീയർ): ഞാൻ ഒരു മുടന്തനെ അടുത്ത കാലത്തു അവിടെ നിയമിച്ചിട്ടുണ്ട്

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): അതിനു അദ്ദേഹത്തിനോടു വളരെ നന്ദി പറഞ്ഞുകൊള്ളുന്നു.

സിക്രിട്ടേറിയറ്റിൽ അനേകം പങ്കാകൾ ഉണ്ട്. അവയെ വലിക്കുന്നതിനു ശിപായിമാർ ആവശ്യം ആണ്. കുരുടന്മാരെയും ഊമകളെയും എന്തുകൊണ്ടു അവിടെ നിയമിച്ചുകൂടാ?

മി: എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മിഷണർ): മെമ്പറുടെ ജോലിക്കാരുടെ ഇടയിൽ അങ്ങനെയുള്ളവരെ നിയമിക്കാത്തതെന്തുകൊണ്ടാണ്?

മി: എസ്. പിറവിപ്പെരുമാൾപിള്ള (കച്ചവടവും വ്യവസായവും തെക്കു): ഞാൻ അതിനെപ്പറ്റി പറയാം. എന്റെ കീഴിലുള്ള ജോലിക്കാരുടെ എണ്ണം ഗവണ്മെന്റിലുള്ളതു പോലെ അത്ര വലിയതല്ല. അതിനാൽ എന്നാൽ കഴിയുന്നതു ഞാൻ ചെയ്തിട്ടുണ്ട്. ഈ ആളുകൾക്കു ഗുണം വരത്തക്ക വിധത്തിൽ അവർക്കു കൊടുക്കാവുന്ന ജോലിയുടെ സ്വഭാവത്തെ പറ്റി ഡിപ്പാർട്ടുമെന്റു മേലധികാരികൾ ചിന്തിക്കുമെങ്കിൽ ഈ ആളുകൾക്കു ജീവസന്ധാരണത്തിനു വല്ലതും സമ്പാദിക്കാൻ കഴിയും. ഇതു എനിക്കു നിശ്ചയമുണ്ട്.

സർ, ജനങ്ങളുടെ ഇടയിൽ ഈ കാര്യത്തെക്കുറിച്ചു വ്യക്തമായ അനുഭാവം ഇല്ലെന്നു മിസ്റ്റർ മാത്യു അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞു എന്നു തോന്നുന്നു. അതു വാസ്തവമാണ്. ഇപ്പോഴും ഒരു മനോഭാവം സൃഷ്ടമായിരിക്കുന്ന സ്ഥിതിക്കു, സഭയുടെ ഈ കക്ഷിയിലുള്ള മെമ്പർമാരും ഡിപ്പാർട്ടുമെണ്ടു മേലധികാരികളും ഈ അശക്തരായ അനാഥർക്കു വേണ്ടി ജോലി കൊടുക്കാൻ അവരാൽ കഴിയുന്നതും ശ്രമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

പ്രസിഡണ്ട്: മിസ്റ്റർ പിറവിച്ചപ്പെരുമാൾപിള്ള, സഭാസമക്ഷം ഉള്ള പ്രമേയം "അശക്തരായ അനാഥർക്കു മന്ദിരങ്ങൾ സ്ഥാപിക്കണമെന്നു ഈ സഭ ഗവർമ്മെന്റിനോടു ശുപാർശ ചെയ്തുകൊള്ളുന്നു" എന്നുള്ളതാണ് എന്നാൽ നിങ്ങൾ പറയുന്നതു അതിനോടു സംബന്ധമില്ലാത്തതാണെന്നു എനിക്കു തോന്നുന്നു. ഡിപ്പാർട്ടുമെന്റു മേലധികാരികളെപ്പറ്റി നിങ്ങൾ അത്ര ക്ലേശിക്കേണ്ടതില്ല.

മി: എസ്. പിറവിച്ചപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്): ഞാൻ പ്രമേയത്തിൽ അനുകൂലമായ അഭിപ്രായത്തെ പിൻതാങ്ങുന്നതായുള്ളതെന്നു ബോധിപ്പിച്ചുകൊള്ളുന്നു. ഇപ്പോഴത്തെ കാലത്തിൽ ഈ മന്ദിരങ്ങൾ സ്ഥാപിക്കുന്നതിനു സാധിക്കാത്തതല്ലായിരിക്കാം. ഗവർമ്മെന്റു മെമ്പരായ ചീഫ്സിക്രട്ടറിയിൽനിന്നും ഞാൻ മനസ്സിലാക്കിയതു അങ്ങനെയാണ്.

പ്രസിഡണ്ട്: ആ സംഗതിയെക്കുറിച്ചു നിങ്ങൾ പരിഭ്രമിക്കേണ്ടതില്ല. മേൽ പറയാനുള്ളതു പറയുക.

മി എസ്. പിറവിച്ചപ്പെരുമാൾപിള്ള (കൃഷിവകുപ്പും വ്യവസായവും തെക്ക്): സർ, അശക്തരായ അനാഥർക്കു ജോലി കൊടുക്കുന്നതിനു അനേകം മാർഗ്ഗങ്ങൾ ഉണ്ടെന്നു എനിക്കു തോന്നുന്നു. ഈ വിഷയത്തെപ്പറ്റി ഗവർമ്മെന്റു പര്യാലോചിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഈ ജനങ്ങളുടെ സ്ഥിതി കഷ്ടതരമാണെന്നും അവർക്കു വലുതായ സഹായത്തിന്റെ ആവശ്യമുണ്ടെന്നും ഉള്ളതു ഗവർമ്മെന്റിനു ബോദ്ധ്യമായിരിക്കുന്നു എന്നു ചീഫ്സിക്രട്ടറി പ്രസ്താവിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശത്തോടു ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു. എന്നാൽ ഈ വിഷയത്തിൽ ഗവർമ്മെന്റിനുള്ള കടമ അവസാനത്തിൽ നിർവഹിക്കുവാനുള്ള ഒന്നാണെന്നും ഗവർമ്മെന്റിനുള്ള ചുമതല ഈ ജോലി ചെയ്യുന്ന ജനങ്ങൾക്കു സഹായധനം കൊടുക്കുക മാത്രമാണെന്നും അദ്ദേഹം പറഞ്ഞു. അതിനോടു ഞാൻ യോജിക്കുന്നില്ല. രാജ്യത്തിൽ ഉള്ള അശക്തരും അനാഥരും ആയ എല്ലാവർക്കും വസിക്കുന്നതിനു സ്ഥലവും ആഹാരവും ഉണ്ടാക്കിക്കൊടുക്കാൻ ഗവർമ്മെന്റിനു സാധിക്കയില്ല. അതു വിഷമമുള്ളതാണ്. ഇതു പരമാർത്ഥമാണെന്നു നല്ലതിനല്ലെന്നു എനിക്കു ബോദ്ധ്യമുണ്ട്; എന്നാൽ അങ്ങനെയൊരു ഉറവസ്ഥ വരികയില്ല. ഈ കാര്യത്തിൽ ആവശ്യമുള്ളതു ചെയ്യേണ്ടതു ജനങ്ങളാണ്. ആളുകൾ മുന്നിട്ടിറങ്ങി പ്രവർത്തിക്കേണ്ടതാണെന്നു ചീഫ്സിക്രട്ടറിതന്നെ പറയുന്നു. ഈ പ്രവൃത്തി നടത്തുന്നതിനു കമ്മിറ്റികൾ നിയമിക്കയും മുന്നോട്ടുവരും. അതുകൊണ്ടു അവസാനത്തിൽ ഈ ഇനത്തിൽപെട്ട എല്ലാ ആളുകൾക്കും ഗവർമ്മെന്റുവക സ്ഥാപനങ്ങളെ അഭയം പ്രാപിക്കേണ്ട ആവശ്യം നേരിടുകയില്ല.

എനിക്കു ബോധ്യംവരുത്താനായി ചീഫ്സെക്രട്ടറിയുടെ പ്രസംഗത്തിലടങ്ങിയ മറ്റൊരു ഭാഗം ഇതാണ്. ഈ കാര്യത്തിൽ പൊതുജനങ്ങൾ ഉണർന്നു പ്രവർത്തിക്കുന്നതുവരെ ഈ പ്രകാരമുള്ള ആളുകൾക്കു യാതൊരു സഹായവും നൽകേണ്ട ആവശ്യമില്ലെന്നു അദ്ദേഹം വിചാരിച്ചിരിക്കുന്നതുപോലെ തോന്നുന്നു. എങ്ങനെയായാലും അദ്ദേഹം പറഞ്ഞതു, വാസ്തവസ്ഥിതിയെപ്പറ്റിയും ഈ ആളുകൾക്കു സഹായം ചെയ്യേണ്ട ആവശ്യത്തെപ്പറ്റിയും ജനങ്ങൾക്കു പൂർണ്ണമായ ബോധമുണ്ടായിട്ടില്ല എന്നാണ്; ആ പരമാർത്ഥമാണ് അദ്ദേഹത്തിനു അഭയം നൽകിയിരിക്കുന്നതു എന്നു തോന്നുന്നു. സ്വഭാവേന അതു ഗവർമ്മെന്റിന്റെ നിലയെ എങ്ങനെ നീതീകരിക്കുന്നു എന്നുള്ളതു എനിക്കു കാണാൻ കഴിയുന്നില്ല.

ഈ ആളുകൾ എല്ലാവർക്കും സഹായം നൽകാൻ എളുപ്പമല്ലായിരിക്കാം. എന്നാൽ ഇപ്പോൾ ഒരു ആരംഭം നടത്താൻ പാടില്ലെന്നുള്ളതു അതിനു അനാശങ്കമായി ജനിക്കുന്നില്ല. യുക്തമായ സ്ഥലങ്ങളിൽ കുറെ സ്ഥാപനങ്ങൾ ഗവർമ്മെന്റിനു എന്തുകൊണ്ടു ഏർപ്പെടുത്താൻപാടില്ല എന്നു അതിനെ സംബന്ധിച്ചിടത്തോളം എനിക്കു കാണാൻ കഴിയുന്നില്ല. കാലക്രമത്തിൽ ഈ സ്ഥാപനങ്ങളുടെ ഭാരം കയ്യേൽക്കാൻ ജനങ്ങൾ മുന്നോട്ടുവരുന്നതാവുന്നതാണ്. ഈ ഉപക്ഷേപത്തെപ്പറ്റി മുൻസിപ്പൽപ്രസിഡന്റുമാരായി പരിചയം സിദ്ധിച്ചിട്ടുള്ള ഒന്നിലധികം മെംബർമാർ പ്രസംഗിക്കുന്നതു ഞാൻ കേട്ടു. ഇപ്പോൾ ഇക്കാര്യത്തെ കയ്യേൽക്കുന്നതിനു മുനിസിപ്പാലിറ്റികൾക്കു ശക്തിയില്ല എന്നും ഇനിയും കുറേകാലത്തേക്കു അങ്ങനെ ശക്തിയുണ്ടാകുന്നതല്ല എന്നുവിചാരിക്കുന്നതിൽ അവർ എന്നോടു യോജിക്കുന്നു, അതുവരെ അശക്തരും അനാഥരും ആയുള്ളവർ കഷ്ടപ്പെടണം എന്നാണോ പറയുന്നതു? കുറെ സ്ഥാപനങ്ങൾ തുടങ്ങുകയും എന്നും ഈ പ്രവൃത്തി നടത്താൻ ഒരുക്കമുള്ളവരായ ജനങ്ങൾ ഉണ്ടെന്നുവരുകിൽ അവരെ പ്രോത്സാഹിപ്പിക്കയും ചെയ്തു ഇക്കാര്യത്തെപ്പററി ഏതെങ്കിലും വിധം ചെയ്യണം എന്നു ഗവർമ്മെന്റിനോടു ഒരിക്കൽക്കൂടി നിർബന്ധിച്ചുകൊള്ളുന്നു. ചില ഗവർമ്മെന്റുകൾ ഈ ജോലിയെ പൂർണ്ണമായി കയ്യേറ്റിട്ടുണ്ടെന്നും മററു ചിലർ ഏതാനും പ്രവൃത്തികൾ നടത്തിവരുന്നു എന്നും ചീഫ് സിക്രട്ടറിതന്നെ സമ്മതിക്കുന്നു എന്നാൽ ഇതുവരെ ആയിട്ടും നമ്മുടെ ഗവർമ്മെന്റു ഈ വിഷയത്തിൽ കാര്യമായി യാതൊന്നും ചെയ്തിട്ടില്ല. ഗവർമ്മെന്റിൽനിന്നും ഉള്ള മറുപടി ഈ ജോലി കയ്യേൽക്കുന്നതിനു ജനങ്ങളിൽനിന്നും ആരും മുന്നിട്ടുവരുന്നില്ല എന്നുള്ളതാണ് എന്നായിരിക്കാം. ഗവർമ്മെന്റുതന്നെ ഈ കാര്യത്തിൽ വല്ലതും ആരംഭിക്കണം എന്നാണ് എന്റെ വാദം. ഗവർമ്മെന്റുതന്നെ സ്വയമേവ ആരംഭിക്കേണ്ടതായ ചില കാര്യങ്ങൾ ഉണ്ട്. വിദ്യാഭ്യാസത്തിലും അതുപോലെയുള്ള മററുകാര്യങ്ങളിലും ഗവർമ്മെന്റിൽനിന്നും പ്രത്യേകസഹായം ആവശ്യപ്പെടുന്നവരായി പതിതസമുദായങ്ങൾ എന്നു പറയപ്പെടുന്ന വർഗ്ഗത്തിൽ ഉൾപ്പെടുന്നവരായി വളരെ ആളുകൾ ഉണ്ട്. ഗവർമ്മെന്റു ആ സഹായം ചെയ്യുന്നില്ലയോ? പതിതസമുദായങ്ങൾക്കു വിദ്യാഭ്യാസത്തിനും മററു കാര്യങ്ങൾക്കും വിശേഷാൽ സൌജന്യങ്ങൾ കൊടുത്തു അവരെ സഹായിക്കേണ്ടതു ഗവർമ്മെന്റിന്റെ ധർമ്മമല്ല എന്നു പറയാവുന്നതാണോ? ഗവർമ്മെന്റു ഈ കാര്യത്തിൽ ചെയ്തുവരുന്നതിനെ കണ്ടിട്ടു അങ്ങനെ ഒരു നില അവലംബിക്കുന്നതു ശരിയായിരിക്കുമോ? രാജ്യത്തിനു എന്താവശ്യം ഉണ്ടു എന്നും, ജനങ്ങളുടെ സ്ഥിതി എ

ന്തെന്നും, ജനങ്ങൾ എങ്ങനെ ജീവിക്കുന്നു എന്നും അവർക്ക് എന്തെല്ലാം ആവശ്യങ്ങൾ ഉണ്ടെന്നും നാം നോക്കേണ്ടതാണ്. സ്ഥിതിഗതികൾ ഈ പാവപ്പെട്ടവരെ സഹായിക്കേണ്ടതാണെന്നു കാണിക്കുകയും അതിനധികാരികൾ മുന്നോട്ടുവരികയും ചെയ്യുന്നില്ല എന്നിരിക്കിൽ ഈ ജനങ്ങൾക്കു സഹായം ചെയ്യേണ്ടതു ഗവണ്മെന്റിന്റെ ധർമ്മം ആണ്. സഭയുടെ ഈ കക്ഷിയിലെ ചില മെമ്പർമാർ സൂചിപ്പിച്ചതുപോലെ ഗവണ്മെന്റ് ആശുപത്രികൾ ഏർപ്പെടുത്തി നടത്തുന്നതെന്തിനു? എല്ലാവരും രോഗം പിടിപെട്ടവരെ ഗവണ്മെന്റിനു സഹായിക്കാമെങ്കിൽ ഇതു അവരുടെ പ്രധാന പ്രവൃത്തികളിൽ ഒന്നാണെന്നുവരുകിൽ സ്ഥിരമായി അശക്തന്മാരാക്കപ്പെട്ട ആളുകൾക്കു ഗവണ്മെന്റിന്റെ സഹായത്തിനു അർഹതയില്ല എന്നാണോ പറയുന്നതു? "അവരുടെ കുട്ടികളുടെ ധർമ്മമാണ്; ഈ ജോലി അവർ നോക്കിക്കൊള്ളട്ടെ; ഞങ്ങൾ സഹായം ചെയ്യാൻ ശ്രമിക്കാം" എന്നു ഗവണ്മെന്റിനും പറയാം. പ്രായോഗികമായ വിഷമതകൾ ഉണ്ട് എന്നുള്ള വസ്തുത എനിക്കറിയാം. ഈ പരമാർത്ഥങ്ങൾ ഞാൻ അറിയാത്തവയല്ല. എന്നാൽ അതു ഗവണ്മെന്റ് ഈ കാര്യത്തിൽ വല്ലതും ചെയ്യാതിരിക്കുന്നതിനു കാരണമാകുകയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റ് ഈ കാര്യത്തിൽ സ്വയമേവ പ്രവൃത്തി ആരംഭിച്ചാൽ അതു അതിനുവേണ്ടി പണം കൊടുക്കുന്നതിനു പൊതുജനങ്ങളെ നിർബന്ധിതരാക്കുകയില്ലയോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഞാൻ പറയുന്നതു ഈ സ്ഥാപനങ്ങൾക്കായിട്ടു സ്വയമേവ ജോലി ആരംഭിക്കണമെന്നു പറയുകയും അതിനായി ഗവണ്മെന്റ് കുറെ പണം ചിലവാക്കുകയും ചെയ്യും. ജനങ്ങളോടു ഇതിനായി പണം ആവശ്യപ്പെടുകയും ചെയ്യുന്നു എന്നിരിക്കട്ടെ. ഇങ്ങനെ ഉള്ള ഒരു നില മെമ്പർ സ്വീകരിക്കാൻ ഒരുക്കമുണ്ടോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ സ്ഥിതിഗതികളിൽ വേണ്ടതു ചെയ്യുന്നതിനു ഗവണ്മെന്റിനു പണം ഇല്ലാതിരിക്കുമ്പോൾ ആവശ്യപ്പെടുന്നതുപോലെ കൊടുക്കുന്നതിനു പൊതുജനങ്ങൾ കടമപ്പെട്ടിരിക്കുന്നു. പൊതുജനങ്ങൾ കാര്യബോധമുള്ളവർ ആണെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണ്. ചില കാര്യങ്ങളിൽ തങ്ങൾ പ്രവർത്തിക്കും. ചിലതിൽ ചെയ്യുകയില്ല എന്നുള്ളതു ഗവണ്മെന്റിനു പറയാവുന്നതല്ല. ഈ സംഗതി ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഒരു നില ശരിയാണെന്നു എനിക്കു തോന്നുന്നില്ല. ഗവണ്മെന്റു പ്രവർത്തിക്കാവുന്ന കാര്യങ്ങളെയും അവർ ചെയ്യുന്നതല്ലാത്ത മറ്റുള്ളവയെയുംപറ്റി ചീഫ്സിക്രട്ടറി പ്രസ്താവിച്ചു. ഇതു എനിക്കു മനസ്സിലാകുന്നില്ല. ആ സംഗതിയിൽ എനിക്കു അദ്ദേഹത്തിനോടു യോജിക്കാൻ നിവൃത്തിയില്ല. സംസ്ഥാനത്തിൽ ഉള്ള എല്ലാ അശക്തർക്കും രക്ഷ നൽകണമെന്നാണെന്നു ഞാൻ പറയുന്നില്ല. അതു സാധ്യവുമല്ല. എന്നാൽ പള്ളിക്കൂടങ്ങളുടെയും ആശുപത്രികളുടെയും കാര്യത്തിൽ ഗവണ്മെന്റു ജനങ്ങളെ സഹായിച്ചു രക്ഷനല്കീട്ടുണ്ട്. അതുപോലെ പാവപ്പെട്ട ജനങ്ങൾക്കു സഹായമായിരിക്കുന്ന വല്ലതും ചെയ്യാവുന്നതാണെന്നു എനിക്കു തോന്നുന്നു. ഈ കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സഭയുടെ മറുകക്ഷിയിൽനിന്നു ഉണ്ടായ പ്രസംഗങ്ങൾ കേട്ടതിൽ പിന്നീടു എനിക്കും അനൗദ്യോഗസ്ഥകക്ഷിയിൽനിന്നും പ്രസംഗിച്ചവർക്കും തമ്മിൽ കാര്യവശാൽ യാതൊരു അഭിപ്രായവ്യത്യാസവും ഇല്ല എന്നു തോന്നുന്നു. ആതുരാലയങ്ങൾ ഏർപ്പെടുത്തുന്നതിനെക്കാൾ അവയ്ക്കു സഹായം നല്കുന്നതിനു ഗവണ്മെന്റിനു കഴിയും. പ്രാസംഗികന്മാരിൽ മിക്കവരും ഈ കാര്യത്തിൽ എന്നോടുകൂടി യോജിച്ചു. ഈ പ്രമേയത്തെ അവതരിപ്പിച്ച മിസ്റ്റർ താണുപിള്ളക്കുട്ടിയും കാര്യവശാൽ എന്റെ അഭിപ്രായത്തോടു യോജിച്ചുവന്നിട്ടുണ്ട്. "അശക്തരായ അനാഥർക്കു ആശ്രയസ്ഥാനങ്ങൾ ഏർപ്പെടുത്തണം എന്ന് ഈ സഭ ഗവണ്മെന്റിനോടു ശുപാർശചെയ്തുകൊള്ളുന്നു" എന്നതാണ് അദ്ദേഹത്തിന്റെ ഉപക്ഷേപം. അദ്ദേഹത്തിന്റെ ഉദ്ദേശം അശക്തരായ അനാഥർക്കെല്ലാം സംസ്ഥാനത്തിനുള്ളിൽ ഗവണ്മെന്റു ചിലവിന്മേൽ സകല ജീവിതാവശ്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണെന്നു തോന്നിപ്പോകും. ഇപ്പോൾ അദ്ദേഹം തന്നെ ആ കാര്യത്തിന്റെ വലിപ്പത്തെ മനസ്സിലാക്കുകയും അങ്ങനെയുള്ള ശാലകൾ സ്ഥാപിക്കുന്നതിനു ആരംഭിക്കുകയും അങ്ങനെയുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനായി ധനസഹായം ആവശ്യപ്പെടുന്നവരെ സഹായിക്കുകയും ചെയ്തിട്ടുള്ളതിനാൽ സംസ്ഥാനത്തിന്റെ കടമയെ ധാരാളമായി പരിപാലിക്കാവുന്നതാണെന്നുള്ള എന്റെ അഭിപ്രായത്തിലേക്കു തിരിഞ്ഞുവരികയും ചെയ്തിരിക്കുന്നു. എന്നാൽ ഞങ്ങൾ തമ്മിൽ താരതമ്യേന വളരെ ചെറുതായ അഭിപ്രായവ്യത്യാസംമാത്രമേ ഉള്ളു. പൊതുവെ നികുതി കൊടുക്കുന്നവരുടെ ചിലവിന്മേൽ ശാലകൾ കെട്ടികൊടുക്കുന്നതു രാജ്യത്തിന്റെ പ്രധാനധർമ്മം അല്ല എന്നുള്ളതിൽ സംശയം ഇല്ല എന്നു ഞാൻ പറഞ്ഞു. സർക്കാരിനു ഇക്കാര്യത്തിൽ യാതൊരു ചുമതലയും ഇല്ല എന്നു ഞാൻ പറയുന്നില്ല. സർക്കാരിനു അവാന്തരമായ ഒരു ചുമതല ഉണ്ടെങ്കിലും പ്രധാനമായി ചുമതലപ്പെട്ടവർ ജനസമുദായം ആണെന്നുള്ളതാണ് എന്റെ വാദം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ വിഷയത്തിൽ ജനസമുദായത്തിനു വേണ്ട ശക്തിയില്ല എന്നുകണ്ടാൽ ഗവണ്മെന്റിന്റെ നില എന്തായിരിക്കുമെന്നു മെമ്പർ പറഞ്ഞാൽ കൊള്ളാം?

മി: കെ. ജോർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അങ്ങിനെയുള്ള കാര്യങ്ങളിൽ ഗവണ്മെന്റു ധനസഹായം ചെയ്യും. ധനമുള്ള മുനിസിപ്പാലിറ്റികൾക്കു തീരെ പണമില്ലെന്നു മി: കേശവപിള്ള പറഞ്ഞുകൊണ്ടിരുന്നു. അവയിൽ പലതിന്റെയും സ്ഥിതി അങ്ങനെയാണെന്നുള്ളതു വാസ്തവമാണ്. എന്നാൽ ഏതു മുനിസിപ്പാലിറ്റിയെങ്കിലും ഇക്കാര്യത്തെപ്പറ്റി പ്രതിവചിക്കുകയെങ്കിലും ചെയ്തിട്ടുണ്ടോ? ഇതുപോലെയുള്ള സ്ഥാപനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ആവശ്യത്തെപ്പറ്റി മുനിസിപ്പാലിറ്റികളുടെ മുന്നിൽ കൊണ്ടുവരുന്നതിനു മതിയായ പൊതുജനബോധം ഉണ്ടായിട്ടുണ്ടോ? അതുകൊണ്ടുതന്നെയാണ് പൊതുജനങ്ങളുടെ ഇടയിൽ വേണ്ടത്തോളം ഉണർച്ചയുണ്ടായിട്ടില്ല എന്നു ഞാൻ പറഞ്ഞതു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യത്തിൽ ഗവണ്മെന്റു ഉദാസീനരായിരിക്കണമെന്നുള്ളതിനു അതൊരു കാരണമാകുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): ഗവണ്മെന്റു തീരെ അശ്രദ്ധരായിരിക്കുന്നില്ല. ഇതുപോലെയുള്ള കഷ്ടനിവാരണപ്രവൃത്തികളിൽ ഗവണ്മെന്റിനെപ്പോലും പ്രവൃത്തിക്കാൻ പ്രേരിപ്പിക്കുന്നതു പൊതുജനാവശ്യത്തിന്റെ തൈക്ഷ്ണ്യം മാത്രമാണ്. ഈ കാര്യത്തിൽ തിരുവിതാംകൂറിൽ വേണ്ടിടത്തോളം പൊതുജനബോധം ഇല്ല. ഇതിനു ഞാൻ തെളിവു നൽകീട്ടുണ്ട്. ഇപ്പോഴും നമുക്കു ലഭ്യമായിരിക്കുന്ന പ്രവൃത്തിമാർഗ്ഗങ്ങളെ നാം എത്രമാത്രം ഉപയുക്തമാക്കിത്തീർത്തിട്ടുണ്ട്? നാം ഒന്നും ചെയ്തിട്ടില്ല. ആലുവായിൽ ഒരംഗം ളും നതകൻ തിരുവിതാംകൂറിൽ മറ്റൊരാളും എന്തൊരു ചെയ്തിട്ടുണ്ട്. ഗവണ്മെന്റിന്റെ മുന്നിൽ വന്ന് ഞങ്ങൾക്ക ഈ ആതുരശാലകൾ ഏർപ്പെടുത്തിത്തരണം" എന്നു അപേക്ഷിക്കുകയല്ലാതെ പൊതുജനങ്ങൾ ഈ അത്യാവശ്യകാര്യത്തിൽ വല്ല ശുഷ്കാന്തിയും കാണിച്ചിട്ടുണ്ടോ? അങ്ങനെ ചെയ്യുന്നതു വളരെ എളുപ്പമാണ്. സമാജങ്ങളെ ഉയർത്തുകയും അവരുടെ സഹായം അപേക്ഷിക്കുകയും ചെയ്യുന്നതു പൌരന്മാർ എന്ന നിലയിൽ നമ്മുടെ ധർമ്മമാകുന്നു. സഹായം വേഗത്തിൽ ലഭ്യമാകുമെന്നു എനിക്കു നിശ്ചയമുണ്ട്.

മി: റ്റി. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അതിനു പണം കൊടുക്കേണ്ടതു സമുദായം അല്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ ചീഫ്സെക്രട്ടറി): പൊതുജനങ്ങൾ കൊടുക്കുന്ന അവരുടെ പണത്തിനും പ്രാദേശികസഭകൾ ഉണ്ടാക്കിക്കൊടുക്കുന്ന പണത്തിനും തമ്മിൽ ഞാൻ വ്യത്യാസം കല്പിക്കുന്നു. യൂറോപ്യൻരാജ്യങ്ങളിൽ നടന്നുപ്പെടുന്നതു അങ്ങനെയാണ്. എല്ലാം മുഴുവനും സമുദായികവും പൌരന്റെ ഓരോ പ്രവൃത്തിയും ഭരണാധികാരികളാൽ നിയന്ത്രിതവും ആയ സോവിയറ്റ് റഷ്യയിൽമാത്രം അതു വേറെവിധത്തിൽ ആയിരിക്കാം. അതുകൊണ്ടുതന്നെയാണ് അതു പ്രഥമമായി സമുദായത്തിന്റെയും അപ്രധാനമായി ഗവണ്മെന്റിന്റെയും ധർമ്മമാണെന്നു ഞാൻ പറഞ്ഞതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): സമുദായങ്ങളും പ്രതിനിധികളും ഒരു ഗവണ്മെന്റ ഒരു കാര്യത്തിൽ നേതൃത്വം സ്വീകരിക്കണം എന്നു ആവശ്യപ്പെട്ടുവെങ്കിൽ ഗവണ്മെന്റ് ആ കാര്യത്തിൽ പ്രവർത്തിക്കേണ്ടതല്ലയോ?

മി: കെ. ജാർജ് (ഗവണ്മെന്റ് സെക്രട്ടറി): അതെ. ഗവണ്മെന്റ് പ്രവർത്തിക്കുകയും അങ്ങനെ ഒരു നിവേദനം കൊണ്ടുവന്നവരോടു ആ കാര്യത്തിൽ അവരുടെ സഹകരിച്ചു പ്രവൃത്തിനടത്താൻ ആവശ്യപ്പെടുകയും ചെയ്യും. ഗവണ്മെന്റ് ഇപ്പോൾ ആവശ്യപ്പെടുന്നതു അതുതന്നെയാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഈ കാര്യത്തിൽ ഗവണ്മെന്റ് ഇതേവരെ എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): പൊതുജനങ്ങളും ചെയ്തിട്ടില്ലല്ലോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതു് എന്റെ ചോദ്യത്തിനു ഒരു മറുപടിയല്ല.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റ തങ്ങളാൽ ആകുന്നതു ചെയ്യാൻ ഒരുക്കമാണ്, എന്നാൽ പൊതുജനങ്ങൾ മുന്നിട്ടുവരട്ടെ. കുറെകാലത്തിനുമുമ്പ് ആലുവായിൽ ഉള്ള ഒരു സഭ ഗവണ്മെന്റിനോടു ധനസഹായത്തിനു ആവശ്യപ്പെട്ടു. ഗവണ്മെന്റ ഉടനടി സഹായം ചെയ്യാമെന്നു വാഗ്ദാനം ചെയ്തു.

ഓരോ മെമ്പർമാരും പറഞ്ഞ കാര്യങ്ങളെപ്പറ്റി ഞാൻ ദീർഘമായി വാദപ്രതിവാദം നടത്തിട്ടു കാര്യമില്ല. ഉദാഹരണമായി മി: ടി. സി. കേശവപിള്ള അനാഥരായ ശിശുക്കൾക്കുള്ള മന്ദിരത്തെപ്പറ്റി പറഞ്ഞു. അനാഥരായ ശിശുക്കൾക്കുള്ള മന്ദിരത്തെപ്പറ്റി അല്ല ഇവരുടെ പ്രതിവാദിക്കുന്നതു്, ഈ ഉപക്ഷേപം അശക്തരായ അനാഥരെപറ്റിയുള്ളതാണ്. അനാഥശിശുക്കളെപ്പറ്റി ഇപ്പോൾ ചിന്തിച്ചിട്ടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): അനാഥർ എന്നതിൽ അനാഥശിശുക്കളും ഉൾപ്പെടുന്നില്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): നിസ്സാരമായ ഒരു ഭാഗമാത്രം?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതെങ്കിലും മന്ദിരം സ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ പൊതുജനങ്ങളെ സഹായിക്കുന്നതിനോ ഏതാണ് ഒരുക്കമുള്ളതെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഗവണ്മെന്റിനെസംബന്ധിച്ചിടത്തോളം, ചിലവ് എന്നുള്ള വിഷയം വളരെ കാര്യമായ ഒരു സംഗതിയാണെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. അവർ ഒരു മന്ദിരം ഏർപ്പെടുത്തി എന്നു വിചാരിക്കുക. അതിന് എന്തു ചിലവാകും. അതു് ആരെങ്കിലും കണക്കുകൂട്ടിനോക്കീട്ടുണ്ടോ? അതു വളരെ കൂടുതൽ ആയിരിക്കും. എന്നാണ് എന്റെ ഊഹം. ൫൦-അല്ലെങ്കിൽ ൬൦ ആളുകൾക്കുവേണ്ടി ഒരു മന്ദിരം സ്ഥാപിക്കുന്നതിൽ എന്തുപയോഗമാണുള്ളതു്. അതു് ഇല്ലോം കുറഞ്ഞ ഒരു പ്രവൃത്തിമാത്രമാകുന്നു. തിരുവനന്തപുരം നഗരത്തിൽ ഒരു മന്ദിരം സ്ഥാപിക്കുകയാണെങ്കിൽ അതു്. ഇരുന്നൂറു പേരെക്കെങ്കിലും താമസിക്കത്തക്ക ഒന്നായിരിക്കണം. അതിനു ഗവണ്മെന്റിനു എന്തു ചിലവാകും. പൊതുജനങ്ങളുടെ ഇടയിൽ ഹാജരായി പണം ആവശ്യപ്പെടുന്നതിനു മുനിസിപ്പാലിറ്റി ഒരുക്കമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ൫൦ അല്ലെങ്കിൽ ൬൦ ആളുകൾക്ക് ഒരു മന്ദിരം സ്ഥാപിക്കുന്നതിൽ എന്തു ദോഷമാണുള്ളതു് എന്ന് എനിക്കറിഞ്ഞാൽകൊള്ളാം.? അതു് ഒരു ആരംഭപ്രവൃത്തി ആയിത്തീരുകയില്ലയോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അതെ അങ്ങിനെയാകും. പക്ഷേ അതു് സംഗതിയുടെ ഇല്ലോം കുറഞ്ഞ ഒരു അംശത്തെ സ്പർശിക്കപോലും ചെയ്യുന്നില്ല. ൫൦ അല്ലെങ്കിൽ ൬൦ പേർക്ക് ഒരു മന്ദിരം സ്ഥാപിച്ചു എന്നു വിചാരിക്കുക; ശേഷമുള്ള അനേകം ശതം ആളുകൾ ഇപ്പോൾ ഇരിക്കുന്ന നിലയിൽതന്നെ ഇരിക്കേണ്ടിവരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വല്ലതും ഉണ്ടാ ഒന്നുമില്ലാതിരിക്കുന്നതിനേക്കാൾ നല്ലതാണെന്നു അദ്ദേഹം മനസ്സിലാക്കുന്നുണ്ടോ എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം.?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): അതെ. ഞാൻ ചിലവാക്കുന്ന തുകയെപ്പററി പറയുകയായിരുന്നു. ചിലവു അസാദ്ധ്യമായിരിക്കും. ഒരു സ്ഥാപനത്തിന്തന്നെയും വളരെ ചിലവാകും. കെട്ടിടം അതുകൂടാതെ ഉപകരണങ്ങൾ, ആഹാരം, വസ്ത്രം മേൽനോട്ടം മുതലായവയെ കണക്കാക്കിനോക്കുക. പ്രായോഗികമായി അതു സാദ്ധ്യമല്ലാത്ത ഒരു കാര്യമാകുന്നു. അതുകൊണ്ടു വേണ്ടവിധം ഏതെങ്കിലും പ്രവൃത്തി നടക്കണമെന്നുണ്ടെങ്കിൽ അതു കർത്തവ്യബോധമുണ്ടായിട്ടുള്ള സമുദായംമുഖേന സംഘടനം ഒട്ടുക്കു നടത്തേണ്ടതാണ്. ഗവൺമെൻറിന്റെ നില ഇതാണ്. അവർ അവരുടെ സഹായം ചെയ്യാനുള്ളതു ചെയ്യും.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുനിസിപ്പാലിററി ഈ ജോലി ഏറെറടുക്കുകയാണെങ്കിൽ ഗവൺമെൻറ തങ്ങളുടെ പങ്കു കൊടുക്കാൻ ഒരുക്കമാണോ?

മി: കെ. ജാർജ് (ഗവൺമെൻറ് ചീഫ്സെക്രട്ടറി): മുനിസിപ്പാലിററി ഈ പണം ഉണ്ടാക്കുന്നതിനായി പൊതുജനങ്ങളുടെ ഇടയിൽ ഒരു പിരിവു നടത്തുന്നുവെങ്കിൽ അവർ സഹായം ചെയ്യുന്ന വിഷയത്തെപ്പററി ആലോചിക്കാം. അതു പൂർണ്ണമായും ഗവൺമെൻറിനെമാത്രം സംബന്ധിക്കുന്ന വിഷയമായിരിക്കുന്നതല്ല. തങ്ങളുടെ ചുമതലയറിയുന്ന മുനിസിപ്പാലിററി അതു കൃത്യമാണെന്നു കാണുകയാണെങ്കിൽ ജനങ്ങളിൽനിന്നും കൂടുതൽ വരി പിരിക്കണം. ഇത്രപ്രശംസനീയമായ സംഗതിക്കായി വരി പിരിക്കുന്നതിനു ജനങ്ങൾക്കു വിരോധം ഉണ്ടായിരിക്കുകയില്ല എന്നു എനിക്കു നിശ്ചയമുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതിനായി നികുതികൾ പിരിക്കുന്നതിനു മുനിസിപ്പൽ റെഗുലേഷൻ അനുവദിക്കുന്നുണ്ടോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതിനെപ്പററി എനിക്കു നിശ്ചയമില്ല. നികുതികൂട്ടുന്നതിനു ചട്ടം ഇല്ലെന്നു വരുകിൽ മുൻസിപ്പൽ റെഗുലേഷനെ ഭേദപ്പെടുത്തണം.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക)- മുനിസിപ്പൽ റെഗുലേഷൻ ഭേദപ്പെടുത്തുന്നതിൽ ഒരിക്കൽ അല്ലാതെ റിവൈസു ചെയ്യാമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ്സെക്രട്ടറി): അതെ പറ്റുള്ളൂ.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അപ്പോൾ ഒരു കൊല്ലം കഴിഞ്ഞു മാത്രമല്ല കരം കൂട്ടാൻ സാധിക്കയുള്ളൂ.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ സെക്രട്ടറി): മററു പല ഇനങ്ങളിലും പണം വരുന്നുവല്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുനിസിപ്പാലിററിയിൽ ഇന്നു പറയത്തക്ക പണം ശേഷിപ്പില്ലെന്നറിയാമോ?

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): അവരുടെ ധനാഗമനമാർഗ്ഗങ്ങളെ അവർ ഉപയോഗിക്കുന്നില്ല.

രാവുബഹദൂർ കെ. പി. കുഞ്ഞുണ്ണിക്കാർ (ഗവൺമെൻറ് നിശ്ചയിച്ച മെമ്പർ ഡെപ്യൂട്ടിപ്രെസിഡണ്ട്): അവയിൽ മിക്കതിനും തങ്ങളുടെ ചിലവു മിച്ചം നീക്കിയിരിപ്പായി വഴിയതുകയെന്നും ഇല്ലെന്നാണ എനിക്കുതോന്നുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവനന്തപുരം മുനിസിപ്പാലിററിയുടെ സ്ഥിതി എന്താണെന്നു എനിക്കറിഞ്ഞാൽകൊള്ളാം.

മി: കെ. ജാർജ് (ഗവൺമെൻറ ചീഫ് സെക്രട്ടറി): തിരുവനന്തപുരത്തു സംസ്ഥാനത്തിൽവച്ചു ഏററവും കുറഞ്ഞ വിട്ടുകരമേ ചുമത്തീട്ടുള്ളൂ.

സർ, ഉപക്ഷേപത്തെ ഈ നിലയിൽ സ്വീകരിക്കാൻ എനിക്കു കഴിവില്ല. എന്നാൽ ഈ ഭാഗ്യംകെട്ട ആളുകളെ സഹായിക്കാൻ വല്ലതും ചെയ്യേണ്ടതാണെന്നുള്ള ഉദ്ദേശത്തോടു എനിക്കു പൂർണ്ണമായ അനുഭാവം ഉണ്ട്. ഈ മാർഗ്ഗത്തിൽ ജോലിചെയ്യാൻ മുന്നിട്ടുവരുന്ന ഏതു ധർമ്മബുദ്ധിയുള്ള സഭയേയും ആളിനേയും സഹായിക്കാൻ ഗവൺമെൻറ ഒരുക്കമാണു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ പ്രധാനവിഷയത്തിൽ ഗവൺമെൻറിന്റെ ശ്രദ്ധയെ പൂർണ്ണമായി പതിപ്പിക്കണം എന്നുമാത്രമെ എനിക്കുണ്ടായിരുന്നുള്ളൂ. ചീഫ്സെക്രട്ടറി ഉറപ്പുപറഞ്ഞു കേട്ടതോടുകൂടി ഞാൻ ഉപക്ഷേപത്തെ പിൻവലിക്കുന്നു.

പ്രസിഡണ്ട്: ഉപക്ഷേപത്തെ പിൻവലിക്കാൻ സഭ അനുവദിക്കുന്നുണ്ടോ?

അനുമതിപ്രകാരം ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

മെഡിക്കൽ ആഫീസർമാർക്കു കൊടുക്കേണ്ട പടിയെ വ്യവസ്ഥപ്പെടുത്തുന്നതിനെ പററിയുള്ള പ്രമേയം.

പ്രസിഡണ്ട്: മി: തയ്യിൽകുഞ്ഞിത്തൊമ്മൻറെ പേരിൽ നിൽക്കുന്ന നാലാംനമ്പർ ഉപക്ഷേപത്തെ സഭ ആലോചനക്കെടുക്കുന്നതാണ്.

ഗൃഹങ്ങളിൽ ചെന്നു രോഗികളെ ചികിത്സിക്കുന്നതിനു മെഡിക്കൽ ആഫീസർമാർക്കുള്ള പടിയെ ക്ലിപ്തപ്പെടുത്തണം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ ഗൃഹങ്ങളിൽ ചെന്നു രോഗികളെനോക്കി ചികിത്സിക്കുന്നതിനു മെഡിക്കൽ ആഫീസർമാർക്കു മേലാൽ ഇനിമേൽ എന്തു പടികൊടുക്കണമെന്നു കാണിക്കുന്ന നോട്ടീസുബോർഡുകൾ വേഗത്തിൽ എല്ലാ ആശുപത്രികളിലും ഡിസ്പെൻസറികളിലും വയ്ക്കേണ്ടതാകുന്നു എന്നു ഈ സഭ ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മെഡിക്കലാഫീസർമാർക്കു രോഗികളെ അവരുടെ വാസസ്ഥലങ്ങളിൽ ചെന്നുനോക്കുന്നതിനു മേലിൽ എന്തു പടി കൊടുക്കണമെന്നു വിവരിക്കുന്ന ഒരു ബോർഡ് എല്ലാ ആസ്പത്രികളുടേയും ഡിസ്പെൻസറികളുടേയും ഭിത്തിമേൽ വയ്ക്കണമെന്നു ഈ യോഗം ഗവൺമെൻറിനോടു ശുപാർശചെയ്യുന്നു.

ഇതാണു ഞാൻ അവതരിപ്പിക്കുന്ന പ്രമേയം. ഗവൺമെൻറിന്റെ പ്രജാപരിപാലനത്തിൽ ഒരു പ്രധാനമായ ഭാഗം ആരോഗ്യസംരക്ഷണമാണു. അതിലേക്കായി ഗവൺമെൻറ അനവധി പണം ചിലവുചെയ്യുന്നുമുണ്ട്. എന്നാൽ ഇപ്പോഴത്തെ നിലയ്ക്കു അതുപയോഗപ്പെടേണ്ടവർക്ക് വേണ്ടവണ്ണം ഉപയോഗപ്പെടുന്നില്ല. ഇങ്ങനെ

പാഴിൽ അനവധി പണം ചിലവാക്കുകയും ജനങ്ങൾക്കു ഉണ്ടാകേണ്ട ഗുണം ഉണ്ടാകാതെ ഇരിക്കുകയും ചെയ്യുന്നതിനെ ഗവണ്മെന്റിനെ ചൂണ്ടിക്കാണിക്കയും അതിലേക്കു നിവൃത്തിമാർഗ്ഗം നിർദ്ദേശിക്കയുമാണ് ഈ പ്രമേയംകൊണ്ടു ഞാനുദ്ദേശിക്കുന്നതു്.

ഉത്തരതിരുവിതാംകൂറിലെ എല്ലാഭാഗങ്ങളിലും തന്നെ വേണ്ടിടത്തോളം സഞ്ചാരസൗകര്യം ഇല്ല. ആശുപത്രികളിൽ നിന്നു വളരെ ദൂരെയായിരിക്കും രോഗികൾ താമസിക്കുന്നതു്. അതായതു മലയോരങ്ങളിലും ഉൾപ്രദേശങ്ങളിലും ആണ്. മലേറിയാ ടൈഫോയിഡ് തുടങ്ങിയുള്ള രോഗങ്ങൾ അധികം ഉള്ളതു അവരുടെ ജീവിതരീതിയിലും രോഗം ധാരാളം പിടിപെടത്തക്കനിലയിൽ ഉള്ളതാണ്. അവിടത്തെ കൃഷിക്കാർ ദിനചര്യയെ വേണ്ടിടത്തോളം സൂക്ഷിച്ചു കാത്തും ആരോഗ്യകരമായ ഭവനസ്ഥലത്തും അല്ല കഴിച്ചുകൂട്ടുന്നതു്. അവർക്കു പിടിപെടുന്ന രോഗശമനത്തിനായി ആശുപത്രിയിൽ പോയി ഡാക്ടരെ കാണുന്നതിനു വളരെ പ്രയാസമുണ്ട്. രോഗി സഞ്ചാരസൗകര്യത്തിന്റെ അഭാവംകൊണ്ടും ദാരിദ്ര്യംകൊണ്ടും ബുദ്ധിമുട്ടിലായി കിടക്കുന്നതുകൊണ്ടും രോഗികളെ കെട്ടി എടുത്തുകൊണ്ടല്ലാതെ ആശുപത്രികളിൽ കൊണ്ടുപോവാൻ നിവൃത്തിയില്ല. ചിലപ്പോൾ അങ്ങനെ കൊണ്ടുതന്നെ രോഗി മരിച്ചുപോയേക്കാനും മതി. ന്യുമോണിയാ ടൈഫോയിഡു മുതലായ രോഗികളെ അനക്കാൻ പാടില്ല എന്നാണ സാധാരണ ഡാക്ടർമാർ പറയുന്നതു്. പ്രസവകേസുകളും ഇതുപോലെതന്നെ. അതിനാൽ ഡാക്ടരെ വാസസ്ഥലത്തുതന്നെ കൊണ്ടുവരേണ്ടിയിരിക്കുന്നു. ഇപ്രകാരം അതിലേക്കു ഫീ ഇന്നതുവരെ നിശ്ചയിക്കാത്തതുകൊണ്ടു ജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നുണ്ട്. മുൻകാലത്തു ഇതിനൊരു വ്യവസ്ഥ ഗവണ്മെണ്ടു വച്ചിരുന്നു. ഫീസ് എത്രവേണമെന്ന ഒരു ക്ലിപ്തംചെയ്തിട്ടു ഉണ്ടായിരുന്നു. അന്നു ദിവാൻ മിസ്റ്റർ ശങ്കരസുബ്ബയ്യരുടെ കാലത്തു ഇതിലേക്ക് ഒരു ചട്ടം ഏർപ്പെടുത്തിയിരുന്നു. അതു ഇപ്പോഴും മെഡിക്കൽബോർഡിന്റെ ഒരു രേഖയായിട്ടുണ്ട്, പ്രയോഗത്തിൽ മാത്രം ഇല്ല. അതിൽ ഒരു രോഗിയെ വാസസ്ഥലത്തിൽചെന്നു കാണുന്നതിനു ഇത്ര രൂപാ ഫീസ് കൊടുക്കണമെന്നു പറയുന്നുണ്ട്. ഈ തുക മതി ഇതിൽനിന്നും കൂട്ടാൻ പാടില്ല എന്നു ഞാൻ പറയുന്നില്ല: കുറെ കൂട്ടിയാലും വിരോധമില്ല. ഒരു ക്ലിപ്തം വേണമെന്നേയുള്ളു. ഇപ്പോൾ ഡാക്ടർമാർ പട്ടിയായിട്ടു കിട്ടുന്നിടത്തോളം മേടിക്കുന്നുണ്ട്. മററു ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ഇങ്ങനെ ചെയ്താൽ അതു കുററകരമാണ്. ഇവർക്ക് അങ്ങനെയില്ല. അതുകൊണ്ടു എത്രവേണമെങ്കിലും വാങ്ങിക്കാമെന്നാണ് ഗവണ്മെന്റ് വിചാരിക്കുന്നതെന്നു തോന്നിപ്പോകും. ചട്ടം റദ്ദ്ചെയ്തിട്ടില്ലെങ്കിലും അതു ഉപയോഗത്തിൽ ഇല്ല.

ഈ കൌൺസിലിന്റെ ആരംഭംമുതൽതന്നെ ഡാക്ടർമാർക്കു വാസസ്ഥലത്തുപോയി രോഗിയെ നോക്കുന്നതിനു ഇന്ന പടികൊടുക്കണമെന്നു വിവരിക്കുന്ന ഒരു ബോർഡു ആശുപത്രികളിൽ വയ്ക്കണമെന്നു പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഒരു മയിലിനു ഇന്നനിരക്കിന്നു ഒരു കേസിനു് ഇന്നതുകയെന്നോ ക്ലിപ്തംചെയ്യണം.

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): മെഡിസിനല്ലാതെനുവച്ചാൽ അതു യാത്രപ്പടി ആവുകയില്ലേ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കേസിനു വല്ല പ്രതിഫലവും കൊടുക്കണമെന്നു നിർബന്ധമുണ്ടോ? ഗവണ്മെണ്ടു ശമ്പളത്തിൽ അനാവശ്യമായി ചിലവാക്കിട്ടും ജനങ്ങളുടെ പക്കൽനിന്നും ഡാക്ടർമാർ ധാരാളം പണം വാങ്ങിക്കൊള്ളട്ടെയെന്നാണോ വിചാരിക്കുന്നതു്.

മി: കെ. ജാർജ് (ഗവണ്മെണ്ടു ചീഫ്സെക്രട്ടറി): ഗവണ്മെന്റു നിർബന്ധിക്കുന്നില്ല. ഡാക്ടർമാർ ആവശ്യപ്പെട്ടാൽ ജനങ്ങൾ കൊടുക്കുന്നു.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും). ഇന്നതേ കൊടുക്കാവൂ അല്ലെങ്കിൽ ഡാക്ടർമാർ ഇന്നതേ വാങ്ങിക്കാവൂ എന്നൊരു വ്യവസ്ഥയുണ്ടായിരുന്നാൽ കുറെ ഭേദമുണ്ട്.

മി: കെ. ജാർജ് (ഗവണ്മെണ്ടുചീഫ്സെക്രട്ടറി): ഒരുമൈലിനു് ഇന്നതെന്നുവച്ചാൽ അതു യാത്രപ്പടി ആവുകയില്ലേ.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതെ. യാത്രപ്പടിമാത്രമേ വാങ്ങിക്കാവൂ എന്നാണ ഞാൻ പറയുന്നതു്. പ്രതിമാസം ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻ രോഗിയുടെ വാസസ്ഥലത്തു പോകേണ്ടിവന്നാൽ സഞ്ചാരപ്പടിയല്ലാതെ രോഗത്തിന്റെ ഇനം നിശ്ചയിച്ചു വില പറഞ്ഞു പണം വാങ്ങിക്കരുതെന്നാണ ഞാൻ പറയുന്നതു്. നല്ല മനസ്സോടെ കൊടുത്താൽ വാങ്ങിക്കൊള്ളട്ടെ. അല്ലാഞ്ഞാൽ യാത്രപ്പടിമാത്രം—

മി: എസ്. പി. വിപ്പിള്ള തമ്പിപിള്ള (കൽക്കുളവും വിളവങ്കോടും, തെക്ക): ഗവണ്മെന്റു ശമ്പളം കൊടുക്കുന്നതു ഗവണ്മെന്റു ആശുപത്രിയിൽ ജോലി ചെയ്യുന്നതിനാണെന്നും അല്ലാതെ വാസസ്ഥലത്തു പോയിനോക്കുന്നതിനല്ല എന്നും അറിയാമോ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ റൂൾസൊന്നുമില്ല. അഥവാ അങ്ങിനെ ആരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതു അബദ്ധവും ആയിരിക്കും. ആസ്പത്രി ഏർപ്പെടുത്തിയകാലത്തു അങ്ങനെ ഉദ്ദേശിച്ചിട്ടും ഇല്ല. കിട്ടുന്നിടത്തോളം പണം ഡാക്ടർമാർ സാധു ജനങ്ങളുടെ കൈയിൽ നിന്നും വാങ്ങിക്കൊള്ളട്ടെ എന്നു ഗവണ്മെന്റു നിശ്ചയിച്ചിട്ടും ഇല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): അങ്ങിനെ ഗവണ്മെന്റു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിനെ ഭേദപ്പെടുത്തേണ്ടേ?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങിനെ നിശ്ചയിച്ചിട്ടില്ലല്ലോ. പിന്നെ ഭേദപ്പെടുത്തേണ്ട ആവശ്യം എന്താണ്. വാസസ്ഥലത്തുചെന്നു ആധാരം രജിസ്റ്റർ ചെയ്യണമെങ്കിൽ ഇന്ന പടി രജിസ്ത്രാർക്കു കൊടുത്താൽ മതിയെന്നു ക്ലിപ്തം വച്ചിട്ടുണ്ട്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): രജിസ്ത്രാർക്കു പടി എത്ര രൂപയാണ്?

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതു രജിസ്ട്രേഷൻ റൂൾസു നോക്കിയാൽ വ്യക്തമായിട്ടറിയാം.

അതുകൊണ്ടു ഈ പടി കുറെ കൂട്ടിവച്ചാലും വിരോധമില്ല. പക്ഷെ അതു ജനങ്ങൾക്കു വഹിക്കത്തക്കവണ്ണം കുറഞ്ഞതായിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം) : രോഗികളെ നോക്കാൻ വിളിച്ചാൽ മെഡിക്കൽ ആഫീസർ പോകേണ്ടതാണെന്ന നിർബന്ധമുണ്ടോ?

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : ഗൌരവമുള്ള കേസുകളിൽ പോകതന്നെ വേണം. പ്രസവകേസിനും മററും പോകുന്നതാണല്ലോ.

മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര) : രജിസ്റ്റർ വച്ചിരിക്കുന്നപടി ഗവണ്മെന്റിലേക്കാണെന്നറിയാമോ?

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : അറിയാം. അതുപോലെ ഇതു സക്കാരിലേക്കു കൊടുക്കുന്നതുകൊണ്ടു ഞങ്ങൾക്കു ഒരു വിരോധവും ഇല്ല. എന്നാൽ രജിസ്റ്ററിലെ വാസസ്ഥലത്തു വച്ചിരിക്കുന്നതുകൊണ്ടു ... ധനവാന്മാരായിരിക്കും. ഡാക്ടരുടെ വാസസ്ഥലത്തു വരുത്തേണ്ടവരിൽ ജീവൻ മാത്രമേ രക്ഷിച്ചു വരുത്തുന്നുള്ളു ... ടൈഫോയിഡ് ... ന്യൂമോണിയ ... പ്രസവകേസ് ... എന്നാൽ ഓരോരോ രോഗങ്ങൾക്കു വില നിശ്ചയിച്ചുകഴിഞ്ഞാൽ സാധുക്കൾക്കു ... നിവൃത്തിയില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) : ഗുരുതരമായ രോഗം വന്നാൽ ആശുപത്രിയുണ്ടല്ലോ.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : കഠിനരോഗം വന്നാൽ ആശുപത്രിയിൽ പോകുന്നതിനും സഞ്ചാരസൌകര്യക്കുറവുകൊണ്ടു സാധിക്കാതെ വരും. അപ്പോൾ പെട്ടി എടുത്തു കൊണ്ടു പോകണം. പ്രസവം, ടൈഫോയിഡ്, ന്യൂമോണിയ എന്നീ കേസുകളിൽ രോഗിയെ എടുത്തുകൊണ്ടു പോകാൻ ... അനങ്ങാൻ പാടില്ലാത്തവരും. അപ്പോൾ ദരിദ്രരായ പ്രജകൾ മരിച്ചുപോകട്ടെ എന്നു വിടുകയാണോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) : ആശുപത്രിയിലേക്കു കൊണ്ടു പോകാമല്ലോ?

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : അതിനു നിവൃത്തിയില്ല. ടൈഫോയിഡു ന്യൂമോണിയ ഇവയാൽ രോഗിയെ അനക്കരുതെന്നു പറയുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ) : ആശുപത്രിയിൽ പോയാൽ ചികിത്സിച്ചില്ലെങ്കിൽ റിപ്പോർട്ടു ചെയ്യാം.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : റിപ്പോർട്ടുചെയ്യുന്നതുകൊണ്ടു രോഗശമനം കിട്ടുകയില്ലല്ലോ.

പ്രസിഡണ്ട് : ലഘുഭക്ഷണാനന്തരം വാദപ്രതിവാദം തുടരാം. അതിനിടയിൽ സഭയെ ഏതാനും അറിയിക്കേണ്ടതുണ്ട്. ഗവണ്മെന്റു സ്വല്പം മുമ്പുതന്നെ റോഡുബോർഡു ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തി. ആ ചട്ടങ്ങൾ അനുസരിച്ച് ഒരു സെൻട്രൽ ബോർഡ് രൂപീകരിക്കാൻ തീർച്ചപ്പെടുത്തിയിട്ടുണ്ട്. സഭയുടെ അനൌദ്യോഗസ്ഥ മെമ്പർമാരാൽ തിരഞ്ഞെടുക്കപ്പെടുന്നവരായി ഓരോ റവന്യൂ ഡിവിഷനിലും ഓരോരുത്തർ വീതം നിയമസഭയിലെ നാലുമെമ്പർമാർ സെൻട്രൽ ബോർഡിന്റെ അംഗങ്ങൾ ആയിരിക്കും. ഇന്നത്തെ യോഗം കഴിഞ്ഞതിൽ പിന്നീടു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡണ്ടിന്റെ ആദ്ധ്യക്ഷത്തിൽ കൂടി നാലു മെമ്പർമാരെ തിരഞ്ഞെടുക്കണമെന്നു ഞാൻ സഭയിലെ അനൌദ്യോഗസ്ഥ മെമ്പർമാരോട് അപേക്ഷിച്ചുകൊള്ളുന്നു. ചട്ടങ്ങളുടെ അച്ചടിച്ചപ്രതികൾ മെമ്പർമാരുടെ ഇടയിൽ വിതരണം ചെയ്യുന്നതിനും ഞാൻ ഏർപ്പാടുചെയ്തിട്ടുണ്ട്.

ഇപ്പോൾ സഭപിരിഞ്ഞു വീണ്ടും ... മണിക്കു കൂടുന്നതാണ്. സഭ ഉച്ചതിരിഞ്ഞു ... മണിക്കു ലഘുഭക്ഷണത്തിനായി പിരിഞ്ഞു. വീണ്ടും ഉച്ചതിരിഞ്ഞു ... അപ്പോൾ കൂടി.

മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും) : സിവിൽ കോടതികളിലെ വക്കീലന്മാർക്കു ക്ലിപ്തമായ ഒരു തുകയെ ഫീസായിവാങ്ങാവൂ എന്നു ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടികടത്തിൽ ഉള്ള പണം ഇടപാടുകളിൽ ഫീസ് സംബന്ധിച്ചിടത്തോളം നൂററിനു ഒന്നു എന്നകണക്കിൽ കൂടുതൽ പാടില്ലെന്നും ചട്ടത്താൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇതു ധനവാന്മാരെ സംബന്ധിച്ചും സാധുക്കളെ സംബന്ധിച്ചും നടപ്പിലിരിക്കുന്നതാണ്. ഗവണ്മെന്റു ശമ്പളം വാങ്ങിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ഫീസിനെപ്പററി മാത്രം ചട്ടം ഒന്നും പാടില്ലെന്നു പറയുന്നു. ഉള്ളതു ഉപയോഗിക്കുന്നുമില്ല. ഗവണ്മെന്റു ശമ്പളം ഇല്ലാത്ത വക്കീലന്മാർ ഇന്ന ഫീസേ വാങ്ങാവൂ എന്നു നിയന്ത്രിച്ചിരിക്കേ, ഗവണ്മെന്റു ശമ്പളം ഇല്ലാത്ത കക്ഷികളുടെ പണം ഇടപാടുകളിൽ ഇന്നു ഫീസേ വാങ്ങാവൂ എന്നു നിയന്ത്രിച്ചിരിക്കേ ദരിദ്രരായ രോഗികളെ ചികിത്സിക്കാൻ വാസസ്ഥലത്തു ചെല്ലുന്ന ഡാക്ടർമാർക്കു ഇന്ന ഫീസേ വാങ്ങാവൂ എന്നു നിയന്ത്രിക്കാതിരിക്കുന്നതു വലിയ കഷ്ടമാണ്. ഒരാധാരവുമില്ലാത്ത സാധുജനങ്ങൾക്കു കൊടുക്കാൻ നിവൃത്തിയില്ലാത്ത തരത്തിൽ ഫീസു ആവശ്യപ്പെടുകയും അതു കൊടുക്കാൻ സാധുക്കൾ വിഷമിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. മുമ്പു ഒരു ... ഏർപ്പെടുത്തിട്ടുള്ള ഒരു വ്യവസ്ഥ രഹസ്യരൂപമാണ്. അതിനെ ഇപ്പോൾ മറന്നുകളഞ്ഞിരിക്കുന്നു. ഇപ്പോൾ അതു നടപ്പില്ല. സാധനങ്ങൾക്കു വിലകൂടുമ്പോൾ നാണയങ്ങളുടെ വില കുറഞ്ഞെന്നാണല്ലോ അർത്ഥം. ഈ നിലയിൽ ഇപ്പോൾ രഹസ്യരൂപം എന്നുള്ളതു കൂട്ടാവുന്നതാണ്. അതു ഇരട്ടിയാക്കാം, ഈ വ്യവസ്ഥചെയ്താലും ധനവാന്മാർ കൂടുതൽ കൊടുക്കുന്നതാണ്. അങ്ങിനെ ഡാക്ടർമാർ വാങ്ങിക്കയും ചെയ്യും. ... സഹായം ലഭിക്കാതെയുള്ള സാധുക്കളായ രോഗികളുടെ ഇന്നത്തെ അവസ്ഥക്കു പരിഹാരം ഉണ്ടാകുകയും ചെയ്യും. സാധുവായ ഒരുത്തൻ രോഗംപിടിച്ചു പരവശപ്പെട്ടുകിടക്കുന്നു. ആസ്പത്രിയിൽ കൊണ്ടുവന്നു കാണിക്കാൻ നിവൃത്തിയില്ല. രോഗിയുടെ ബന്ധുക്കളിൽ ഒരുത്തൻ ഡാക്ടരുടെ അടുത്തു ചെന്നു നിങ്ങൾ വന്നു നോക്കണമെന്നു ആവശ്യപ്പെടുന്നു. ഡാക്ടർ ആവശ്യപ്പെടുന്ന പടി കൊടുക്കാൻ സാധിക്കാത്തതിനാൽ രോഗിയെ പോയി നോക്കാത്തതു നിമിത്തം ആ രോഗി വൈദ്യ സഹായം ലഭിക്കാതെ മരിക്കാൻ ഇടയാകുന്നു. ഈ സമ്പ്രദായത്തെ ഗവണ്മെന്റിൽനിന്നും ഗൌരവമായി ആലോചിച്ചു നിവൃത്തി വരുത്തണം. ടൌണുകളിൽ ഇതിനവലിയ അസൌകര്യമില്ല. ധാരാളം പ്രൈവററു ചികിത്സകന്മാരുണ്ട്. നാട്ടിൻപുറങ്ങളിൽ അങ്ങനെയില്ല, അധികപണം കിട്ടുന്നരോഗികളുടെ ചികി

ത്സിക്കാൻ ഈ ഡാക്ടറന്മാർ തയ്യാറാകും. പണം കിട്ടാത്ത രോഗികളെ ചികിത്സിക്കുന്നതിനുമാത്രമായി പ്രൈവറ്റ ചികിത്സകന്മാർ ഒരു ദിക്കിൽ താമസിക്കയില്ല. ഉൾനാടുകളിൽ സാധുക്കൾക്ക ഡാക്ടർമാരിൽനിന്ന വേണ്ട സഹായം ലഭിക്കുന്നില്ല. പുറത്തുനിന്ന നേടാൻ നിവൃത്തിയുമില്ല. നാട്ടുമ്പുറങ്ങളിൽ ഒരുവിധവൈദ്യസഹായവും ലഭിക്കാതെ സാധുക്കൾ കഷ്ടപ്പെടുന്നു. ശമ്പളം വാങ്ങിക്കുന്ന ഡാക്ടർമാർ പ്രൈവറ്റ ചികിത്സ നടത്താൻ പാടില്ല എന്ന വ്യവസ്ഥ ചെയ്യാലും തരക്കേടില്ല. എന്നാൽ പ്രൈവറ്റ ഡാക്ടർമാർ ധാരാളം ഉണ്ടാകും. അവർക്ക ചികിത്സയും ഉണ്ടാകും. ഇപ്പോഴുള്ള ഡാക്ടർമാർക്ക അവരുടെ ഡിസ്ക്രിഷൻ ക്ലിപ്തപ്പെടുത്തി അതിനകത്തു ഏതെങ്കിലും രോഗിയെ കാണാൻ പോകുന്നതിന മൈൽ ഒന്നിന ഇന്ന ഫീ കൊടുക്കണമെന്ന വ്യവസ്ഥ ചെയ്യണം. ഡാക്ടരുടെ സാമ്പത്തികനില വളരെ നല്ലതാണ്. മററുദ്യോഗസ്ഥന്മാർക്ക കിട്ടുന്നതിനെക്കാൾ കൂടുതൽ പണം കിട്ടുന്നുണ്ട്. വാങ്ങുകയും ചെയ്യാം. കുറെക്കാലം ഡാക്ടർജോലിയിൽ ഇരുന്നിട്ടുള്ള ഒരാളിന്റെ ധനം തിട്ടപ്പെടുത്തി നോക്കിയാൽ അതിന്റെ പരമാർത്ഥം അറിയാവുന്നതാണ്. അതിനാൽ ഫീ ക്ലിപ്തപ്പെടുത്തിയാൽ അവർക്ക ബുദ്ധിമുട്ട ഉണ്ടാകുമെന്നും യോഗ്യതയുള്ളവരെ കിട്ടുന്നതിന കിട്ടുകയില്ല എന്നും ഗവൺമെന്റിന ഭയപ്പെടാനില്ല. അനേകം ഡാക്ടർമാർ ഉയർന്ന പരീക്ഷാവിജയികൾ ഉദ്യോഗത്തിനായിട്ട ഗവൺമെന്റിനോട അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. ഡാക്ടർമാർക്ക ഒരു ഫീ ക്ലിപ്തപ്പെടുത്തിയില്ലെങ്കിൽ സാധുക്കൾക്ക രക്ഷയില്ല. അതുകൊണ്ട ഡാക്ടർമാർക്ക വീട്ടിൽപോയി രോഗികളെ നോക്കുന്നതിന എന്തു ഫീ കൊടുക്കണമെന്ന വ്യവസ്ഥ ചെയ്തു ആസ്പത്രികളിലും ഡിസ്പെൻസറികളിലും പരസ്യപ്പെടുത്തണമെന്നുള്ള ഈ പ്രമേയം ഈ കൌൺസിലിന്റെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഒരു മൈലിന കണക്ക വയ്ക്കണമെന്നാണോ?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ദൂരമനുസരിച്ചു കണക്ക വച്ചില്ലെങ്കിൽ ശരിയാകയില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഒരു വിസിററിനാണോ ക്ലിപ്തം വേണമെന്ന പറയുന്നത്?

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ദൂരമനുസരിച്ചു ഫീ ക്ലിപ്തപ്പെടുത്തേണ്ടതാണ്. മുമ്പ് ഒരു വിസിററിനാണ് രണ്ടുരൂപാ വച്ചിരുന്നത്. മൈൽ കണക്കോ ഒരു വിസിററിന എന്നോ രണ്ടായാലും തരക്കേടില്ല. ഒരു വിസിററിന രണ്ടുരൂപയോ മൂന്നുരൂപയോ ആക്കാം. വളരെ കൂടുതലായാൽ വിഷമിക്കും. ഇങ്ങനെ ചെയ്യുന്നതുകൊണ്ട് ഡാക്ടർമാർക്ക ഒരു ദോഷവും ഇല്ല. ഗവൺമെന്റിന നഷ്ടവുമില്ല. സാധുക്കൾക്ക സൌകര്യമായിരിക്കും. ഇങ്ങനെ ഒരു വ്യവസ്ഥയുണ്ടെങ്കിലും ധനവാന്മാർ കൂടുതൽകൊടുക്കുകയും ചെയ്യും. അങ്ങിനെ കൊടുക്കുന്നതിൽ ധനവാന്മാർക്ക ഓരോരുത്തർക്കുതമ്മിൽ മത്സരം ആണ്. എന്റെ ചാർച്ചയിൽപെട്ട ഒരാളിനെ ചികിത്സിക്കാൻവന്ന ഡാക്ടർക്ക ഒരു നല്ല തുക കൊടുക്കണമെന്ന ഓരോരുത്തരും വിചാരിക്കുന്നു. ധനികന്മാരെ സംബന്ധിച്ചാണ് വിഷമമുള്ളത്. എങ്കിലും ആ സാധുക്കളുടെ കാളയോ പശുവോ വിററൊ വീടു പണയപ്പെടുത്തിയോ ആഭരണങ്ങൾ പണയംവെച്ചോ ഡാക്ടറന്മാർക്ക കൊടുക്കുന്നുണ്ട്. അവ ജീവനെക്കാൾ വലുതല്ലല്ലോ. ധനവാന്മാരിൽനിന്ന പണം വാങ്ങുന്നതുകൊണ്ട് അവർക്ക കുഴപ്പം ഇല്ല. ഒരു നിയമമുണ്ടാക്കുന്നതു നിയന്ത്രണത്തിനാണല്ലോ. ഫീനൽകുവാൻ ഉണ്ടാക്കിയിരിക്കുന്നതു മര്യാദക്കാരെ ബാധിക്കുന്നില്ല. മര്യാദയില്ലാത്ത ആരെയാണ് അതുമാതിരി കൂടുതൽ ഫീ വാങ്ങിക്കുന്നതിനാണ് നിയന്ത്രണം വേണമെന്ന ആവശ്യപ്പെടുന്നതു. നല്ലവർക്ക അതുകൊണ്ട ദോഷമില്ല. സാധുക്കളെ ദയവായി ചികിത്സിക്കുന്ന ഡാക്ടറന്മാരുണ്ട്. അവർക്ക ഇതുകൊണ്ട തരക്കേടും ഇല്ല. അല്ലാത്തവരെ മാത്രമേ ഇതു ബാധിക്കയുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഡാക്ടർമാരുടെ ഫീ മൈൽകണക്കിന വയ്ക്കുകയാണെങ്കിൽ പത്തരപതു മൈൽ ദൂരം പോകേണ്ടിവരുന്നു എങ്കിൽ ധാരാളം രൂപാ കൊടുക്കേണ്ടി വരുകയില്ലയോ ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ക്ലിപ്തപ്പെടുത്തി അങ്ങനെ കൊടുക്കേണ്ടിവന്നാലും അതു ഇപ്പോൾ കൊടുക്കുന്നതിനെക്കാൾ കൂടുതൽ ആകയില്ല. ഒരു ഡാക്ടരുടെ ഡിസ്ക്രിഷൻ നൂറു മൈൽ ഒരിക്കലുമില്ല. ഇപ്പോൾ ഏറെ കൂടുതൽ വേണമെങ്കിലും ആവശ്യപ്പെടാം. ഇത്രയെന്ന അതിര വച്ചിട്ടില്ലല്ലോ. വല്ലരൂപയെക്കാൾ കൂടുതൽ ആയിക്കൊള്ളട്ടെ; ഒരു ക്ലിപ്തം വേണമെന്ന മാത്രമേ ഈ പ്രമേയംകൊണ്ട ഞാൻ ആവശ്യപ്പെടുന്നുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): മൈൽ ഒന്നിന രണ്ടരരൂപാ അല്ലേ വച്ചിരുന്നത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): രണ്ടരരൂപാ വച്ചിരുന്നത് ഒരു മൈലിനല്ല. ഒരു വിസിററിനാണ് ഇപ്പോഴും എട്ടും പത്തും മയിൽ ദൂരത്തിനിടയ്ക്കു ആസ്പത്രികൾ ഉണ്ട്. അങ്ങിനെയല്ലാത്ത സ്ഥലങ്ങളും ചുരുക്കം ഉണ്ട്. അതു തൊടുപുഴ താലൂക്കിലാണ്. സാധാരണ പത്തു മയിൽ ദൂരത്തിലധികം രണ്ടാസ്പത്രികളുടെ മദ്ധ്യത്തിൽ ഏതെങ്കിലും സ്ഥലത്തു പോകുന്നതിന 8 മയിൽ ദൂരംവരെ വരാം. അതിനു [illegible] കൊടുക്കണമെന്നുവച്ചാൽ കൂടുതൽ അല്ല.

മി: [illegible] പിള്ള (തിരുവനന്തപുരം): ഒരു വിസിററിനാണോ ഇങ്ങനെ ആവശ്യപ്പെടുന്നത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മൈലിനായാലും ഒരു കേസിനായാലും തരക്കേടില്ല. ദൂരം നോക്കി ഈ രൂപത്തിൽ ഒരു പ്രമേയം കൊണ്ടുവന്നു എന്നേ ഉള്ളു. അതിൽ ഗവൺമെന്റ ഗൌരവമായി ആലോചിച്ചു ഒരു ഫീ ഏർപ്പെടുത്തണമെന്ന ഞാൻ ഉദ്ദേശിക്കുന്നുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): സർ, മി: കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു. ഈ പ്രമേയത്തിന്റെ ഗൌരവത്തെ ഗറിച്ചു നാനാമുഖമായി ഇവിടെ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നതു[illegible] കൂടുതലായി[illegible] പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ തിരുവനന്തപു

ഒരു മെഡിക്കൽ ആഫീ
രം ചെട്ടുന്നതിനെപ്പറ്റി ആലോചിച്ചാൽ ഓരോ കൊടുക്കുന്ന ഏതൊരു തുകയുംകൊണ്ടു [illegible] ഈ സ്ഥലത്തുണ്ട് സർക്ക തൃപ്തിപ്പെടാം. എന്തുകൊണ്ടെന്നാൽ ഒരാൾ അല്ലെങ്കിൽ മററു ധാരാളം അദ്ദേഹം [illegible] എന്നാൽ മററൊരു താലൂക്ക എന്നുള്ള സംഗതികൊണ്ടു എത്രകൊടുത്താലും തൃപ്തിപ്പെടാതെ നിവൃത്തിയില്ല. ആ ഡാക്ടർ ഉദ്യോ കളേയും നോക്കുകയാണെങ്കിൽ ഒരു സ്ഥലത്തു ഒരു ആസ്പത്രിയും ഒരു ഡാക്ടറും കാണാം. ആ ഡാക്ടർ എല്ലാ പറ ക്ഷിച്ചിട്ടു മററൊരു ഡാക്ടരെ [illegible] സാധിക്കുകയില്ല. ആ സ്ഥിതിക്കു ആ ഡാക്ടർ എല്ലാ പറ യുന്നതൊ അതിനു വഴിപ്പെടാതെ [illegible] മററു സ്ഥിതിയുള്ള [illegible] അതിനു വഴിപ്പെടാതെ നിവൃത്തിയില്ല. ഇങ്ങനെയുള്ള [illegible] ഉണ്ടെന്നു എനിക്കു ധാരാളം അറിയാം. [illegible] ഒരു ഡാക്ടരെ ഒരു പ്രസവകേസിനു [illegible] അദ്ദേ ഹം ഇപ്പോൾ ഇല്ല. കുറെ [illegible] ഓപ്പറേഷൻ ചെയ്തിട്ടാണു വിളിച്ചു കൊണ്ടുപോയത്. അവിടെ ചെന്നു പ്രസവം [illegible] ഒരു കുട്ടിയെ [illegible]. ആ കേസിനു രണ്ടു കുട്ടി ഉണ്ടായിരുന്നു. ഒരു കുട്ടിയെ സംബന്ധിച്ചു [illegible] ചെയ്തിട്ടുള്ളത്. [illegible] കുട്ടിയെ എടു ക്കുകയും ചെയ്തു. ഇനി മററെ കുട്ടിയെ [illegible] ഫീസു തന്നാൽ മാത്രമേ സാധി ക്കുകയുള്ളു എന്നു ആ ഡാക്ടർ പറഞ്ഞു. ഇതുനിമിത്തം [illegible] ഇനിയൽ ഇങ്ങനെയുള്ള [illegible] പോകരുത് [illegible]. ഈ [illegible] സംഗതികൾ ആ സ്ഥലങ്ങളിൽ നിവസിക്കുന്നവർക്കല്ലാതെ ഈ കൌൺസിലിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാ ർക്കു അറിയാവുന്നതല്ല. അതു ശരിയല്ലെന്നു പറയുന്ന പക്ഷം [illegible] സ്ഥിതിക്ക അഭിപ്രായം ശരിയാണെന്നു സമ്മതിക്കാമെന്നല്ലാതെ നാട്ടിൻപുറങ്ങളുടെ സ്ഥിതി ഞാൻ പറഞ്ഞതിലും [illegible]. ഈ കൌ ൺസിലും ഗവൺമെൻറും ഈ സംഗതിയെപ്പററി ഗാഢമായി ആലോചിച്ചു ഇതിനെക്കുറിച്ചു ഒരു വ്യവസ്ഥ ചെയ്യു [illegible] എന്നഭിപ്രായപ്പെട്ടു പക്ഷം നാട്ടിൻപുറങ്ങളിലുള്ള സാധുക്കളുടെ കാര്യം വളരെ [illegible] കൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

സർ, മെഡിക്കൽ ആഫീസർമാ

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): [illegible] പ്രസംഗിച്ചു. പിന്നീ ർക്കു കൊടുക്കേണ്ട സമ്പ്രദായത്തെപ്പററി മിസ്റ്റർ തയ്യിൽ കുഞ്ഞിത്തൊമ്മൻ [illegible] എല്ലാ സ്ഥലങ്ങളിലും പോയി ട്ടു അദ്ദേഹം ചികിത്സിക്കുമ്പോൾ ഫീസിനെപ്പററിയും പറഞ്ഞു. ഒരു വൈദ്യൻ [illegible]. നിയമപ്രകാരം ആസ്പത്രിക രോഗികളെ ചികിത്സിക്കണം എന്നു ഗവൺമെൻറിനു നിർബന്ധിക്കാവുന്നതല്ല. ളിൽ എല്ലാ രോഗികളേയും ഗവൺമെൻറ് വൈദ്യന്മാർ ചികിത്സിക്കുകതന്നെ വേണം. അതിനായിട്ടാണ് അവർക്കു ശമ്പളം കൊടുക്കുന്നത്. എന്നാൽ [illegible] പ്രതിഫലംകൂടാതെ [illegible] ഒരു രോ ഗിയെ അയാളുടെ വീട്ടിൽചെന്നു ചികിത്സിക്കണമെന്നു യാതൊരാളേയും നിർബന്ധിക്കുന്നതായി യാതൊരു ചട്ട വും ഇല്ല. ഈ ഉദ്യോഗസ്ഥന്മാർക്കു ഏതെങ്കിലും വരുമാനപ്പടി കൊടുക്കേണ്ടതാവുന്നതാണെന്നു മിസ്റ്റർ കുഞ്ഞി [illegible] പറഞ്ഞുവന്നു. [illegible] ഫീസിനെ [illegible] ക്ലിപ്തപ്പെടുത്തുന്ന വിഷയം കുറെ പ്രയാസമായിട്ടുള്ള താകുന്നു എന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽകൂടിയും ഡാക്ടർമാർ രോഗികളെ ചികി ത്സിക്കാൻ വെളിയിൽ പോകുമ്പോൾ ഇന്ന ഫീസുകൊടുക്കണം എന്നു ക്ലിപ്തപ്പെടുത്തീട്ടുള്ളതായി കാണുന്നില്ല. എന്നിരുന്നാലും സാധുക്കളെ പ്രതിഫലംകൂടാതെ ചികിത്സിക്കേണ്ടതാകുന്നു എന്നു ഗവൺമെൻറിനു ബോധമുണ്ട്. ത ത്തം എല്ലാ ആസ്പത്രികളിലും ചികിത്സയും ശസ്ത്രചികിത്സയും സൌജന്യമാണെന്നും നോട്ടീസുബോർഡുകൾ എല്ലാ ആസ്പത്രികളിലും സ്ഥാപിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ആവശ്യത്തിനായി അനേകം സ്ഥലങ്ങ ളിൽ നാട്ടുവൈദ്യന്മാർ [illegible] ഇല്ലാത്ത വൈദ്യന്മാരും ഉണ്ട് എന്നെനിക്കറിയാം. ഈ വൈദ്യന്മാർ ന്യായമായ പ്രതിഫലത്തിന്മേൽ രോഗികളെ ചികിത്സിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണെന്നു എനിക്കു നിശ്ചയമുണ്ട്. ചില ഡാക്ടർമാർ അന്യായമായ ഫീസു ആവശ്യപ്പെടുന്നതായി മി: ഇട്ടപ്പ ഇട്ടിച്ചൻ പറഞ്ഞു. നിശ്ചയമായി തങ്ങളു ടെ പ്രധാന ജോലി [illegible] ഉപകാരം ചെയ്യുകയാണെന്നും തങ്ങളുടെ ബുദ്ധിശക്തിയെ [illegible] നല്ലവിധത്തിൽ ഉപയോഗിക്കേണ്ടതാണെന്നും പൊതുവെ വൈദ്യന്മാർ മനസ്സിലാക്കീട്ടുണ്ട്. എന്നാൽ ഈ നിയമത്തിനു വ്യത്യാസങ്ങൾ ഉണ്ടായിരിക്കാം.

മി: ടി. സി. കേശവപിള്ള (കുൽകുളവും-വിളവങ്കോടും): ഇപ്രകാരം കൂടുതൽ ഫീസു ആവശ്യ പ്പെട്ടിട്ടുള്ളതായി മെഡിക്കലാഫീസരുടെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എൻറെ ദൃഷ്ടിയിൽ പെട്ടിട്ട ഇല്ല.

മി: ടി. സി. കേശവപിള്ള (കുൽകുളവും-വിളവങ്കോടും): അങ്ങനെ വരുന്നതായാൽ എന്തു ചെയ്യും.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഫീസുകൂടുതൽനിമിത്തം ചികി ത്സ വേണ്ട എന്നു ജനങ്ങൾ പറയുന്നതായി ഏതെങ്കിലും കേസുവരുന്നതായാൽ അതിനെപ്പററിവേണ്ട അന്വേഷ ണങ്ങൾ നടത്തും.

മി: ടി. സി കേശവപിള്ള (കുൽകുളവും-വിളവങ്കോടും): അങ്ങനെ കാണുകയാണെങ്കിൽ അവ രെ ശിക്ഷിക്കുമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): നിശ്ചയമായും.

മി: വി. ജെ. ഉമ്മൻ (കച്ചവടവും-വ്യവസായവും, വടക്ക): ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീ സർ ചാർജ്ജെടുത്തശേഷം ഫീസു കൂടുതൽ ആവശ്യപ്പെട്ടതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അങ്ങനെ കൂടുതൽ ആവശ്യ പ്പെട്ടതായി പരാതി വന്നിട്ടില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എത്ര തുകയിൽ കൂടുതൽ മേടിച്ചാലാ ണു ആ തുക കൂടുതൽ എന്നു ഗണിച്ചു ശിക്ഷിക്കേണ്ടതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഒരാളിനു കൊടുക്കാൻ നിവൃത്തി യില്ലാത്ത തുകയാണ്,

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ ഒരാളിനു കൊടുക്കാൻ നിവൃത്തിയില്ലാത്തതു എന്നു പറയുന്ന തുക എത്രയാണു? അയ്യായിരമൊ ആറായിരമൊ രൂപയാണൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എത്ര രൂപാ കൂടുതൽ ചോദിച്ചുവോ അത്രയും കൂടുതൽ ആണ്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇത്രരൂപാവരെ ചോദിച്ചാൽ ന്യായമായഫീസായിരിക്കുമെന്നുള്ളതിനു വല്ല വ്യവസ്ഥയും വച്ചിട്ടുവേണ്ടെ കൂടുതലും കുറവും നിശ്ചയിക്കാൻ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ആ കാര്യത്തെപ്പററി ഗവർന്മെൻറു ആലോചിക്കുന്നതായിരിക്കും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): തുക കൂടുതൽ വാങ്ങിക്കുന്നതു ആളിന്റെ സ്ഥിതിയനുസരിച്ചാണൊ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഓരോ കേസിനു ഓരോ മാതിരിയാണതാവേണ്ടിയിരിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഫീസു അധികം ആവശ്യപ്പെട്ടിട്ടുള്ളതായി ഇതേവരെ പരാതിവന്നിട്ടില്ല എന്നും അങ്ങനെയുണ്ടെങ്കിൽ ശിക്ഷിക്കുമെന്നും പറഞ്ഞു. ഇത്ര രൂപാ കൂടുതൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നു തെളിയിച്ചാൽ ശിക്ഷിക്കാമെന്നാണൊ ഇതിൽനിന്നും ധരിക്കേണ്ടതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു ഓരോ കേസിനേയും അനുസരിച്ചിരിക്കും. ഞങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നപക്ഷം ഞങ്ങൾ അതിനെ നിവൃത്തിപ്പിക്കും. ആവശ്യപ്പെട്ടഫീസു ക്രമത്തിലധികം കൂടുതലായിരുന്ന ഒരു കേസു ഞങ്ങളുടെ ദൃഷ്ടിയിൽ കൊണ്ടുവരപ്പെട്ടു. ഞങ്ങൾ ആ കേസിനെ പററി അന്വേഷണം നടത്തി കുറഞ്ഞതുകയ്ക്കു നിശ്ചയിച്ചു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഏതു തുകയനുസരിച്ചാണു അതു കൂടുതൽ എന്നു നിർണ്ണയിക്കേണ്ടതു്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): കൂടുതൽ കൊടുക്കുന്നതിനെ കൂടുതൽ എന്നു പറയണം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഗവർന്മെന്റിൽനിന്നും ക്ലിപ്തമായ ഒരു തോതു ഉണ്ടാക്കിയില്ലെങ്കിൽ അവർക്കു എത്രകൊടുത്താലും മതിയാകുകയില്ല. ഒരു സംഗതിയിൽ ആയിരം രൂപ അധികമല്ല. വേറെ ഒരു സംഗതിയിൽ അഞ്ചുരൂപ അധികമാണ് എന്നു നിർണ്ണയിക്കുന്നതു പ്രയാസമാണ്. ഈ സംഗതിയിൽ ക്ലിപ്തമായ ഒരു വ്യവസ്ഥ ഉണ്ടാക്കാമെന്നാണ് പറയുന്നതു്.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഗവർന്മെൻറു ഈ കാര്യത്തെപ്പററി ആലോചിച്ചു വേണ്ടതു ചെയ്യുന്നതാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരുഡാക്ടരോടു വാസസ്ഥലത്തു ചെന്നു ചികിത്സനടത്തണമെന്നു ആവശ്യപ്പെട്ടാൽ ആ ഡാക്ടരുടെ യുക്തംപോലെ ആ വാസസ്ഥലത്തു പോകുന്നതിനൊ പോകാതിരിക്കുന്നതിനൊ ഒരു ഡാക്ടർക്കു സ്വാതന്ത്ര്യമുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഡാക്ടരെ വിളിച്ചാൽ സാധാരണ പോകുന്നു എന്നാണ് എന്റെ അറിവും.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): വിളിച്ചാൽ പോയേതീരു എന്നു നിർബന്ധമുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): വിളിച്ചാൽ പോകും.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങനെ പോകണമെന്നു നിർബന്ധമുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അങ്ങനെ നിർബന്ധമില്ല.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങനെ പോകാൻ മനസ്സു വരുന്നതു ചിലഡാക്ടറന്മാരെ സംബന്ധിച്ചു കൊടുക്കുന്ന തുകയുടെ കൂടുതൽ കുറവനുസരിച്ചാണെന്നു അറിയാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ചില ഡാക്ടർമാർ അങ്ങനെയായിരിക്കാം, സാധാരണയായി അങ്ങനെയില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പ്രസവകേസു, ന്യൂമോണിയ മുതലായവ കൊണ്ടുവന്നു കാണിക്കാൻ നിവൃത്തിയില്ലാത്ത രോഗങ്ങളെ ഡാക്ടർ രോഗിയുടെ വാസസ്ഥലത്തുചെന്നു ചികിത്സിക്കണമെന്നു ചട്ടത്താൽ നിർബന്ധിക്കുന്നില്ലേ.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അവശ്യം പോയെതീരു എന്നു ചട്ടമില്ല. എങ്കിലും അങ്ങനെ പോകാതിരിക്കുന്നില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങനെ എടുത്തുകൊണ്ടുവരുവാൻ പാടില്ലാത്ത രോഗികളെ വന്നുനോക്കണമെന്നാവശ്യപ്പെട്ടാൽ പോയിനോക്കണമെന്നു ഗവർന്മെന്റിൽനിന്നൊ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൽനിന്നൊ ഏതെങ്കിലും നിർബന്ധം വച്ചിട്ടുണ്ടോ? ചട്ടമൊ മറെറാ ഏതെങ്കിലും തരത്തിൽ ഉള്ള നിർബന്ധം ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ മെഡിക്കൽ ആഫീസർ): നിർബന്ധമുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതിലേക്കു ഇന്നതുക കൊടുക്കണമെന്നു വല്ല വ്യവസ്ഥയും ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെ ഇതുവരെ ക്ലിപ്തപ്പെടുത്തിയിട്ടില്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അതുകൊണ്ടു ആവശ്യപ്പെട്ടിട്ടുള്ള തുക തന്നാൽ അല്ലാതെ വരികയില്ലെന്നു പറഞ്ഞു ഒഴിഞ്ഞുകളയാൻ സാധിക്കുകയില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഇന്നതുക തന്നില്ലെങ്കിൽ പോകുകയില്ല എന്നു പറയാൻ പാടില്ല.

മി: തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഒരു ക്ലിപ്തവസ്ത്രം തിരികെ കൊടുക്കേണ്ടിടത്തോളം തന്നില്ലെങ്കിൽ വരികയില്ല എന്നു പറഞ്ഞു ഒഴിയാൻ പാടില്ലാത്തതു എന്തുകൊണ്ടാണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഇതിനെ സംബന്ധിച്ചുകാരണങ്ങളാൽ ഒഴിയാൻ പാടില്ല.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അങ്ങനെ ഉള്ളതോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഓരോ ഡാക്ടർമാർ ഇന്ന ഇന്ന സംഗതികൾ ചെയ്യണമെന്നു ചട്ടമുണ്ട്. ഇതു അതിലൊന്നാണ്.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അങ്ങനെ പ്ലാവണം നല്ല ഫീസ് കിട്ടിയാലും കിട്ടിയില്ലെങ്കിലും പോകണമെന്നാണോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അത്യാവശ്യ അവസരങ്ങളിൽ രോഗിയെ ശോധിക്കുമെന്നാണ് പറഞ്ഞതു. അതു അവരുടെ കടമയാണ്.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ഇന്നതു അത്യാവശ്യമല്ല ഇന്നതു അത്യാവശ്യമാണ് എന്നിങ്ങനെയുള്ള സംഗതികളെ അനുസരിച്ചാണോ പോകുന്നതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു രോഗത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): മുമ്പിലത്തെ ഗവർമ്മെന്റ് ഏർപ്പെടുത്തിയ ഏതു ചട്ടത്തെ അനുസരിച്ചാണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതു എത്ര വർഷത്തിനുമുമ്പുള്ളതാണ് എന്തിനെ അടിസ്ഥാനമാക്കിയാണ് ചെയ്തിട്ടുള്ളതെന്നു നിശ്ചയമില്ല.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): അതു പിന്നെ ഏതിൽനിന്നാണ് അറിയേണ്ടതു. ഈ മെംബറിൽനിന്നുമാണോ? ഇപ്രകാരം ഉള്ള വ്യവസ്ഥകളും ചട്ടങ്ങളും അറിയുന്നതിനു ഈ ഡിപ്പാർട്ടുമെന്റു പക്ഷത്തിൽനിന്നുമല്ലാതെ മറ്റുപല്ലവരിൽനിന്നും അന്വേഷിച്ചറിയാൻ മാർഗ്ഗമുണ്ടോ? ഡിപ്പാർട്ടുമെന്റിലെ ചട്ടങ്ങൾ അറിയണമെന്നു ആവശ്യപ്പെടുന്ന ഒരു പൗരൻ അവ എവിടെനിന്നുമാണ് അറിയേണ്ടതു?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ചട്ടം ഉണ്ടായിട്ടുണ്ടു എന്നു പറഞ്ഞില്ലേ.

മി. തയ്യുളകുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും-തൊടുപുഴയും): ആ ചട്ടം എവിടെ എന്നു അറിഞ്ഞുകൂടാ, അല്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പറ്റി അന്വേഷിച്ചു പറയാം.

മി: മാത്യുമുരിക്കൻ (വൈക്കം): പണ്ഡിറ്റ് നായഡുഡാക്ടർ സ്ഥാനത്തിരിക്കുന്നതിനുമുമ്പിൽ അദ്ദേഹത്തിനോട് ഒരു ചോദ്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. വൈദ്യന്മാർ ഓരോ സന്ദർശനത്തിനും ക്ലിപ്ത ഫീസു ചുമത്തിയിരുന്നതിനെസംബന്ധിച്ച ദിവാൻ മിസ്റ്റർ ശങ്കരസുബ്ബയ്യരുടെ കാലത്തിൽ ഒരു ചട്ടംനടപ്പാക്കപ്പെട്ടതായി മിസ്റ്റർ തയ്യുളകുഞ്ഞിത്തൊമ്മൻ പറഞ്ഞുവല്ലോ. അങ്ങനെവല്ല ചട്ടവും ഇപ്പോൾ ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അക്കാലത്തു വൈദ്യന്മാർ തീരെ ചുരുക്കമായിരുന്നു? അന്ന് അപ്പോത്തിക്കരിമാരും ഉണ്ടായിരുന്നുള്ളു.

മി: മാത്യുമുരിക്കൻ (വൈക്കം): അങ്ങനെയുള്ള ചട്ടം വല്ലതും ഇപ്പോഴും ഉണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെ ഇപ്പോൾ ഉദ്ധരിക്കപ്പെടുത്തുന്നില്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ആ ചട്ടത്തെ റദ്ദുചെയ്തതു എപ്പോൾ ആണെന്ന് അറിഞ്ഞാൽ കൊള്ളാം.

ഡാക്ടർ കെ. രാമൻതമ്പി, (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനെപ്പറ്റി ഇപ്പോൾ റദ്ദുചെയ്തു എന്നു എനിക്കറിഞ്ഞുകൂടാ. അതു ൧൦൫൬-ലെ ഒരു ചട്ടം ആണു. അക്കാലത്തു ഫീസു ൧ രൂപാ ൨ രൂപാ ൫ രൂപാ എന്നിങ്ങനെ ആയിരുന്നു. ഏറ്റവും കുറഞ്ഞതു സന്ദർശനം ഒന്നിനു ൧ രൂപയായിരുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): അദ്ദേഹത്തിനു ചട്ടത്തെപ്പറ്റി അറിവില്ല എന്നാണോ പണ്ഡിറ്റ് നായഡുമെംബർ പറയുന്നതു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അങ്ങനെ ഒരു ചട്ടം ഉണ്ടായിരുന്നതായി എനിക്കറിയാം. പക്ഷേ അതിനെ എപ്പോൾ റദ്ദുചെയ്തു എന്നോ ഇപ്പോഴും നടപ്പിൽ ഉണ്ടോ എന്നോ എനിക്കറിഞ്ഞുകൂടാ. അതു മുപ്പതുകൊല്ലം പഴക്കം ഉള്ളതാണു.

മി: പി. എസ്. മുഹമ്മദ് (ഗവർമ്മെന്റു നിയമിച്ച മെംബർ): തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന ഡിപ്പാർട്ടുമെന്റുകളിൽ യാതൊരുവിധത്തിലും ഗവർമ്മെന്റിനു വരവില്ലാതെ ചിലവുമാത്രം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെന്റുണ്ടെങ്കിൽ അതു മെഡിക്കൽഡിപ്പാർട്ടുമെന്റാണെന്നു എല്ലാവർക്കും അറിയാവുന്നതാണ്.

മി: ടി സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കയിനാവിൽക്കുന്നതിൽ വരവുണ്ടെന്നു മെംബറിനു അറിയാമോ?

മി: പി. എസ്. മുഹമ്മദ് (ഗവർമ്മെന്റു നിയമിച്ച മെംബർ): കയിനാ അത്ര ധാരാളം ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി: ദേവസ്യപാച്ചുപിള്ള (ചേർത്തല): ഒഴിഞ്ഞ കുപ്പികളും മറ്റും ലേലം ചെയ്തു ആ ഇനത്തിൽ വരവുണ്ടെന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): അങ്ങനെ ഒരു വരവുണ്ടെന്നു സമ്മതിക്കാമെങ്കിലും അവയൊക്കെ വരവിനായി ഞാൻ കണക്കാക്കീട്ടില്ല.

ഇങ്ങനെ ധന്യമായ സംഖ്യ ചിലവുചെയ്തു പലസ്ഥലങ്ങളിലും ആസ്പത്രി സ്ഥാപിച്ചു അവിടെ ഡാക്ടറന്മാരേയും നിയമിച്ചു വേണ്ടകാര്യങ്ങൾ ചെയ്തിരിക്കുന്നതു നിമിത്തം ഗവണ്മെൻറു ജനങ്ങളുടെ ജീവനെ സംബന്ധിച്ചു പ്രത്യേകമായ ഒരു വില കല്പിച്ചിരിക്കുന്നു എന്നും അവരുടെ ദുഃഖത്തിൽ എത്രതോ സഹതാപം ഉണ്ടെന്നും ഗണിക്കാവുന്നതാണ്. ഈ ഡിപ്പാർട്ടുമെൻറിനെ പൊതുവെ നോക്കുകയാണെങ്കിൽ മെഡിക്കൽ മരണം ആളിനെ അനുസരിച്ചു പ്രവർത്തിക്കുന്നു എന്നു ഇവിടെയിരിക്കുന്ന മെംബറന്മാരോടു പറഞ്ഞാൽ അതും ഒരു പരമാർത്ഥം എന്നല്ലാതെ മറ്റൊന്നുമല്ല. ഈ ഡിപ്പാർട്ടുമെൻറിൽ ഡാക്ടർ എന്നുള്ള നിലയിലിരിക്കുന്ന ആളുകൾ മനുഷ്യസാധാരണമായിട്ടുള്ള നിലയെ മാറിവച്ചിട്ടുള്ളവരെ മൂർഖന്മാരായിട്ടാണിരിക്കുന്നതു. അവർക്കു മനുഷ്യരുടെ നേരെ നോക്കി സംസാരിക്കുന്നതിനുകൂടി മനസ്സില്ല. അവരിൽ ഓരോരുത്തരുടെ സ്ഥിതിയനുസരിച്ചു കഠിനഹൃദയത്തോടെ ഇരിക്കുന്നു. സാധുക്കളോടു ഇവർക്കു ഒരുവിധ കരുണയും കാണുന്നില്ല. അവർക്കു ഒരു ഡാക്ടരുടെ അടുക്കൽ അടുക്കാനും നിവൃത്തിയില്ല. എന്നാൽ ഈ കൗൺസിലിൽ ഇരിക്കുന്ന മെംബറെ സംബന്ധിച്ചു വ്യത്യസ്തമാണ്. മറ്റാളുകളുടെ നില വേറെയാണ്. ഇവരെ സംബന്ധിച്ചു പരാതിപ്പെടുന്നതിനും ജനങ്ങൾ വളരെ ഭയപ്പെടുന്നു. കാരണം എപ്പോഴാണു അവരുടെ ജീവനു ആപത്തു വരുന്നതെന്നു അറിഞ്ഞുകൂടാത്തതുകൊണ്ടു തന്നെ അവർക്കു എപ്പോഴാണു ഒരു സുഖക്കേടു വരുന്നതെന്നു അറിഞ്ഞുകൂടാ. അതിനാൽ അവരെപ്പറ്റി പരാതി കൊടുക്കുന്നതിനു സാധ്യമല്ല— അതിനുള്ള ധൈര്യവുമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതു ഈ ജാതിക്കാർക്കുള്ള പ്രത്യേക ദോഷമാണോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): അതേ— മിക്കവാറും അവരിലാണ് ഈ ദോഷം അധികം കാണുന്നതു. ഇവരെ സംബന്ധിച്ചു ഈ മാതിരിയുള്ള പ്രവൃത്തികൾ വരുമ്പോൾ ജനങ്ങൾ അവിടവിടെ കൂടി സംസാരിക്കുക സാധാരണമാണ്. അവരെ സംബന്ധിച്ചു ജനങ്ങളുടെ ഇടയിൽ സംസാരമുണ്ടാകുന്നുണ്ട്. അവരെ സംബന്ധിച്ചു പരാതി ചില സ്ഥലങ്ങളിൽ എഴുതുകയും ചെയ്യുന്നുണ്ട്. അങ്ങനെ ഈ ഡാക്ടർമാർ കേൾക്കുകയും ചെയ്യുന്നുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഉള്ളവർ ഞങ്ങൾ എന്തു ചെയ്യും എന്നു പറയുന്നതും ധാരാളം കേട്ടിട്ടുണ്ട്.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും—ചങ്ങനാശ്ശേരിയും): ഇങ്ങനെയുള്ള ഡാക്ടർമാർ ആലപ്പുഴയുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): ഇതു എൻെറ സ്നേഹിതൻ മിസ്റ്റർ രാമൻപിള്ളയെപ്പറ്റിയ ഉപദ്രവം പോലെ എനിക്കും ഏല്പിക്കുന്നതിനു ശ്രമിക്കയാണ്.

അങ്ങനെ ഉണ്ടായിരിക്കാം— അതിനാൽ ശമ്പളം വാങ്ങിക്കുന്ന ഡാക്ടർമാർ പ്രൈവററ് ചികിത്സക്കു പോകരുതെന്നു ഒരു നിർബന്ധം വയ്ക്കണം. അങ്ങിനെയായാൽ ആസ്പത്രിയിൽ പോയാലെങ്കിലും രക്ഷകിട്ടുമെന്നു വിശ്വസിക്കാം. വെളിയിൽ പണം കിട്ടാൻ സൗകര്യമുണ്ടെങ്കിൽ ആസ്പത്രിയിൽ പോകുന്നവർക്കു കഷ്ടകാലം ആണു. ആസ്പത്രിയിൽ പോകുന്നതു സാധുക്കളാണു. വെറും ഒരു സാധു ആസ്പത്രിയിൽ പോകുകയാണെങ്കിൽ ഡാക്ടരുടെ ദൃഷ്ടി അവനിൽ പതിയുകയില്ല. അതുകൊണ്ടു ഡാക്ടർമാർ വെളിയിൽ പോകാൻ പാടില്ലെന്നു നിർബന്ധിക്കുകയാണെങ്കിൽ ആസ്പത്രിയിൽ എല്ലാവരും പോകും. പണത്തിൻെറ ആഗ്രഹം കൊണ്ടാണല്ലോ വെളിയിൽ ചികിത്സക്കു പോകുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ പ്രമേയം ഡാക്ടരുടെ ഫീസിനെപ്പററി നിർണ്ണയിക്കണമെന്നോ അതല്ല ഡാക്ടരുടെ മൈലേജിനു നോട്ടീസു ബോർഡുകൾ ഇടണമെന്നോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): ഡാക്ടരുടെ ഫീസു നിർണ്ണയപ്പെടുത്തുന്നതിനു ബോർഡു ഇടണമെന്നാണ്— അതിൽ മൈലേജും കൂടി കാണിക്കണം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഫീസിനു റേററില്ലല്ലോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): ഫീസു നിർണ്ണയിക്കാൻ പ്രയാസം ഇല്ലല്ലോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഫീസു കൂട്ടും പക്ഷേ മൈലേജും കൊടുക്കാൻ പ്രയാസപ്പെടുകയില്ലയോ?

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഫീസുകൂടി ഉൾപ്പെടുത്തിയാണ് മൈലേജ് നിശ്ചയിച്ചിരിക്കുന്നതെന്നു അറിഞ്ഞുകൂടെ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): മൈലേജുകൂടി ഉൾപ്പെടുത്തിവേണം ഫീസു നിശ്ചയിക്കാൻ എങ്കിലും ഫീസു തനിച്ചായിരുന്നാൽ കൊള്ളാം.

മി: തയ്യിൽകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഡാക്ടർ പാസ്സായാലുടൻ പോകുന്നതിനുള്ള കൂലി കൊടുക്കേണ്ട സംഖ്യ ക്ലിപ്തപ്പെടുത്തണമെന്നല്ലാതെ വേറെ വല്ലതും കൊടുക്കണമെന്നു ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുണ്ടോ?

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറു നിയമിച്ച മെംബർ): വേറെ ഒന്നും പറഞ്ഞിട്ടില്ല. കൂടുതൽ ശമ്പളം കൊടുക്കുന്നു എങ്കിൽ അവർക്കു വെളിയിൽ പോകാൻ എന്താണ് അവകാശം. അതിനു യോഗ്യന്മാരായ പ്രൈവററു ഡാക്ടറന്മാർ ധാരാളം ഉണ്ടു. മററു സ്ഥലങ്ങളിലും പോയി അവർ പ്രാക്ടീസു ചെയ്യും. ആസ്പത്രി ഡാക്ടറന്മാർ അവിടെ പോകുന്നതുകൊണ്ടു പ്രൈവററ് ഡാക്ടറന്മാർ സാധുക്കൾ താമസിക്കുന്ന സ്ഥലങ്ങളിൽ പോയി താമസിക്കുകയില്ല. അതുകൊണ്ടു ഒന്നുകിൽ ശമ്പളമുള്ള ഡാക്ടറന്മാർ വെളിയിൽ പോയി ചികിത്സിക്കരുതു; അങ്ങനെ പോകുകയാണെങ്കിൽ അവർ ഇന്ന സംഖ്യയിൽ കൂടുതൽ വാങ്ങിക്കാൻ പാടില്ല എന്നു നിർബന്ധം വയ്ക്കണമെന്ന അഭിപ്രായത്തെ ഞാൻ പിന്താങ്ങുന്നു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സർ, ഈ ഉപക്ഷേപത്തിൽ അന്തർഭവിച്ചിരിക്കുന്ന ഉദ്ദേശം വളരെ സ്തുത്യർഹംതന്നെ. രോഗികളോടു നിർദ്ദയമായി പെരുമാറുന്ന ഒരു കൂട്ടം ആളുകളുടെ നടത്തയെ നിയന്ത്രിക്കണം എന്നാണു മിസ്റ്റർ കുഞ്ഞിതൊമ്മൻ പറയുന്നതു്. ഫീസിനു ഒരു തോതു നിശ്ചയിക്കണം എന്നു പറയുന്നതു് എളുപ്പമാണ്. മി: കുഞ്ഞിതൊമ്മന്റെ ആഗ്രഹം സാധ്യമാകുന്നു എങ്കിൽ അതു വലിയ സഹായമായിരിക്കുന്നതല്ല. നേരെമറിച്ചു അതുകാര്യങ്ങളെ കുറെക്കൂടി വഷളാക്കുകയും നിർദ്ദിഷ്ട ഉദ്ദേശ്യത്തിനു തന്നെ വിഘാതം ഉണ്ടാക്കുകയും ചെയ്യുമെന്നു ഞാൻ ഭയപ്പെടുന്നു.

മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ യോഗ്യതയില്ലാത്ത ചിലരുടെ നടത്തയെ നിയന്ത്രിക്കണം എന്നാണു മി: കുഞ്ഞിതൊമ്മൻ പറയുന്നതു്. ആളുകൾതന്നെ നന്നായാൽ അല്ലാതെ അതെങ്ങനെ സാധിക്കും? ഒരു ഡാക്ടരെ, ഒരാളുടെ വസതിയിൽ പോയി നല്ല മരുന്നു എഴുതിക്കൊടുക്കാൻ നിർബന്ധിക്കുന്നതിനു അദ്ദേഹത്തിനു സാധിക്കുമോ? അതു ഡാക്ടരുടെ സൽബുദ്ധിയേയും നിഷ്കളങ്കസ്വഭാവത്തേയും ആശ്രയിച്ചിരിക്കുന്നു. ഒരു ഡാക്ടർക്കു പത്തുരൂപായ കൊടുക്കാവൂ എന്ന ഒരു ചട്ടം ഉണ്ടെന്നു വിചാരിക്കുക. ഒരാൾ അദ്ദേഹത്തെ ചെന്നു വിളിക്കുന്നു. ഡാക്ടർ കുറെ കൂടുതലായ ഫീസോ അന്യായമായ ഫീസോ ആവശ്യപ്പെടുന്നു. നിങ്ങൾക്കു പത്തുരൂപായെ ഫീസുള്ളു. കൂടുതൽ തരാൻ നിവൃത്തിയില്ല എന്നു വിളിക്കാൻ പോയവൻ പറയുന്നു. ഡാക്ടർ സമ്മതിച്ചു് ഞാൻ വരുന്നു എന്നും പറഞ്ഞു അവനോടുകൂടി പോകുന്നു. അദ്ദേഹം ചെന്നു രോഗിയെ പരിശോധിച്ചു അക്വാ (ജലം) എന്ന മരുന്നും കുറിക്കുന്നു. അതിനെ തടുക്കാൻ നിങ്ങൾക്കു കഴിയുമോ? അല്ലെങ്കിൽ, ഒരു പ്രസവകേസുണ്ടെന്നു വിചാരിക്കുക. അദ്ദേഹം ചെന്നു രോഗിക്കു വേണ്ട ചികിത്സകൾ ചെയ്യുന്നു. നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫീസു പത്തുരൂപായാണ്. അദ്ദേഹം കൂടുതൽ ചോദിക്കുന്നു. എന്നാൽ അവർ കൂടുതൽ കൊടുക്കുകയില്ല. അദ്ദേഹം ചെന്നു കുട്ടിയെ വലിച്ചിടുന്നു. ആ ക്രിയക്കിടയിൽ കുട്ടിയും തള്ളയും മരിക്കുന്നു. അതിനെ തടുക്കാൻ നിങ്ങൾക്കു കഴികയില്ല. അതുകൊണ്ടു കാര്യം മുഴുവൻ ആളുകളുടെ സ്വന്തം സ്വഭാവനന്മയേയും തൊഴിൽ മര്യാദയേയും ആശ്രയിച്ചിരിക്കുന്നു എന്നു ഡാക്ടർ ശമ്പി പറഞ്ഞതു ശരിയായിട്ടുള്ളതാണ്.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എനിക്കു ഇംഗ്ലീഷു അറിഞ്ഞുകൂടാത്തതുകൊണ്ടു മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം.

പ്രെസിഡണ്ട് (മിസ്റ്റർ ജാർജിനോടായിട്ടു) കഴിയുന്നിടത്തോളം മലയാളത്തിൽ സംസാരിക്കുക.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) ഈ പ്രമേയം അനുസരിച്ചു മി: കുഞ്ഞിതൊമ്മൻ ഉദ്ദേശിക്കുന്നകാര്യം സാധിക്കുകയില്ല എന്നാണു എന്റെ അഭിപ്രായം. കൊല്ലത്തുതാനും ചിലഡാക്ടർമാർ സാധുക്കളിൽനിന്നു അന്യായമായ ഫീസുവാങ്ങിക്കുന്നു എന്ന കാരണത്താൽ ഗവണ്മെന്റു ഡാക്ടരുടെ കൂലിയേയും ഫീസും നിശ്ചയിച്ചു എന്നു വിചാരിക്കുക. അപ്പോൾ ഒരാൾവന്നു ഡാക്ടരെ വിളിക്കുന്നു. എനിക്കൊരു കേസുണ്ടു. വരണമെന്നു പറയുന്നു. ആ ഡാക്ടർ 50 രൂപ ചോദിച്ചു. ന്യായമായ ഫീസു രണ്ടുരൂപായേ ഉള്ളു. അതിൽ കൂടുതൽ ഒന്നും തരികയില്ല എന്നു വന്നയാൾ പറയുന്നു. ദൃഢനിർബന്ധമാകകൊണ്ടു ഡാക്ടർ കൂടെ പോകുന്നു. ചെന്നശേഷം രോഗിക്കു തക്കതായ മരുന്നുകൊടുക്കണമെന്നു രോഗിയുടെ ആളിനു നിർബന്ധിക്കാൻ സാധിക്കുമോ? ആ ഡാക്ടർ നല്ല ആളോ അല്ലയോ എന്നും വിചാരിക്കണം. ഈ സ്ഥിതിയിൽ ഫീസു നിയന്ത്രിച്ചാൽ ഫലമെന്താണ്. ആ നിയന്ത്രണം കടലാസിൽ കിടക്കുകമാത്രമേ ചെയ്യുകയുള്ളു.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്കു) അങ്ങനെയുള്ള ആളുകളെ നിയന്ത്രിക്കാനല്ലേ മേലുദ്യോഗസ്ഥന്മാരെ വച്ചിരിക്കുന്നതു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അതേ എന്നാൽ ആ ഡാക്ടർ നല്ലമരുന്നുകൊടുത്തു ചികിത്സിച്ചിട്ടുണ്ടു എന്നു സമാധാനം പറയും.

മി: വി. ജെ. ഉമ്മൻ (കച്ചവടവും വ്യവസായവും-വടക്കു) ഡാക്ടരുടെ മരുന്നു ഫലപ്പെട്ടശേഷം രോഗി ഫീസുകൊടുത്താൽ മതി.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അതു ന്യായമായിരിക്കയില്ല

ഇങ്ങനെയിരിക്കുന്നസ്ഥിതിക്കു ഫീസിനു ക്ലിപ്തത വരുത്തുന്നു എങ്കിൽ അതു കടലാസിൽ ഇരിക്കുകയേ ഉള്ളു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) ആ സ്ഥിതിക്കു ഇങ്ങനെ ഒരു ക്ലിപ്തം വരുത്തുന്നതുകൊണ്ടു കൂടുതൽ ദോഷം ഒന്നും ആർക്കും വരാനില്ലല്ലോ

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി) ഇതു അന്യായമാണെന്നനുമതിക്കുന്നതെങ്ങനെ.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) അധികം ഇതു സാധുക്കളോടു ആവശ്യപ്പെടുന്നതുകൊണ്ടു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): കൂടുതൽ ദോഷമാണു. ജനങ്ങൾക്കു കുറെക്കൂടി വിഷമമുണ്ടാകാനിടയുള്ളു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): അതുകൊണ്ടു എല്ലാവരും വലിയതുക കൊടുത്തുകൊള്ളണമെന്നാണോ പറയുന്നതു.

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) വ്യവസ്ഥ ഇരുന്നാലും ഇരുന്നില്ലെങ്കിലും കേസുകളുടെ വിഷമംകണ്ടു ആവശ്യപ്പെടുന്നതുകൊടുത്തുപോകുന്നതിനു ജനങ്ങൾ നിർബന്ധിതരായിതീരുന്നു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) അതിനും ഒരു വ്യവസ്ഥയുണ്ടായിരുന്നാൽ തരക്കേടില്ലല്ലോ

മി: കെ. ജാർജ്ജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) അവർക്കു വിഷമം ഉണ്ടാക്കിയാൽ അവർ തൃപ്തിയോടുകൂടിയോ മനസ്സോടുകൂടിയോ പ്രവർത്തിക്കുകയില്ല.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): വ്യവസ്ഥയിരിക്കുമ്പോൾ ആ വ്യവസ്ഥ അനുസരിച്ചും അല്പം കൂടുതലായും തുക കൊടുത്താൽ അവർക്കു തൃപ്തിയുണ്ടാകാൻ എളുപ്പമില്ലേ

മി: കെ. ജാർജ്ജ്, (ഗവണ്മെന്റ് ചീഫ്സെക്രട്ടറി). ഇവിടെ സാധുക്കളുടെ കാര്യങ്ങളല്ലേ പറയുന്നതു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും) വളരെ ഔദാര്യവന്മാരായ ധനവാന്മാർക്കു കൂ

ടുതൽ കൊടുക്കുന്നതിനു ഈ വ്യവസ്ഥ ബാധകമായിരിക്കയില്ലല്ലോ.

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): ഒരു വ്യവസ്ഥ ഉണ്ടാക്കിയാൽ അതുകൊണ്ടു എന്തെങ്കിലും പ്രയോജനം വേണം. ആ വ്യവസ്ഥയെ അനുസരിപ്പിക്കുന്നതിനു ഗവമെണ്ടിനു പബ്ലിക്കിനും സൌകര്യമില്ലാതാകുകയാണെങ്കിൽ ആ വ്യവസ്ഥകൊണ്ടു എന്താണ് പ്രയോജനം.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെയുള്ള വ്യവസ്ഥകൊണ്ടു പ്രയോജനമുണ്ട്: കുറെ ജനഭാഗത്തിൽനിന്നു പരാതി വരുമ്പോൾ അതനുസരിച്ചു അന്വേഷിക്കുകയല്ലേ നല്ലത്.

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): ഞാൻ ഇതിനെസംബന്ധിച്ചു എന്റെ അഭിപ്രായം പറയുന്നു എന്തെന്നുള്ള ഇങ്ങിനെയുള്ള സംഗതികൾ നിയന്ത്രിച്ചാൽ ശരിയാകുമെന്നു തോന്നുന്നില്ല.

മി: പി. എസ്. മുഹമ്മദ് (ഗവമെണ്ടു നിയമിച്ച മെമ്പർ): ഒരു സംഖ്യ ക്ലിപ്തപ്പെടുത്തിയാൽ അതിൽ കൂടുതലായി ഡാക്ടർമാർ വാങ്ങിക്കുന്നു എങ്കിൽ അവരെപ്പററി പൊതുജനങ്ങൾക്കു പരാതിപറയാമല്ലോ.

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): കൂടുതൽ വാങ്ങിക്കുന്നില്ലല്ലോ. ൨ രൂപ ന്യായമായി നിശ്ചയിച്ചിട്ടുണ്ടു. ആ ൨ രൂപയെ വാങ്ങിച്ചിട്ടുമുള്ളൂ.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫീസു വാങ്ങിച്ചാലും ഡാക്ടർമാർ നല്ലമനസ്സു കാട്ടാത്തതു നിമിത്തം രോഗിക്കു ആപത്തുവരുന്നു എങ്കിൽ അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ ജനങ്ങൾക്കു എല്ലാവർക്കും ക്രമേണ മനസ്സിലാക്കുന്നതിനു സൌകര്യമുണ്ടാകുമല്ലോ.

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): അവരുടെ ഫീസിനെ നിയന്ത്രിക്കുകയാണെങ്കിൽ അതിനുശേഷം അവർ കൂടുതൽ ചോദിക്കുകയില്ല. ശരിയായ ചികിത്സ ഡാക്ടർമാരുടെ നല്ലമനസ്സിൽ ഇരിക്കുന്നു.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഫലം ദോഷകരമായി വരുമ്പോൾ അങ്ങിനെയുള്ള ഡാക്ടറന്മാരെ സംബന്ധിച്ചു മേലധികാരികളെ അറിയിച്ചാൽ അതുകൊണ്ടു ഗുണമുണ്ടാകുകയില്ലേ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): ഫലം ദോഷമായിവന്നതു ചികിത്സയിൽ ഉള്ളദോഷംകൊണ്ടല്ല എന്നു ഡാക്ടന്മാർക്കു പറഞ്ഞൊഴിയാമല്ലോ.

മി: വി. ജെ. ഉമ്മൻ (കുട്ടനാടും വ്യവസായവും-പടക്കു): ഇങ്ങനെ മുന്നാലു രോഗികളെകളിപ്പിക്കുമ്പോൾ അയൽകാർക്കും മററും വിവരം മനസ്സിലായി പിന്നെ ആ ഡാക്ടറെ വിളിക്കുമൊ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): ഇങ്ങിനെ ചെയ്യുന്നതു അയൽകാർക്കും ആർക്കും അറിയാൻ സാധിക്കുകയില്ല.

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ഒരു വ്യവസ്ഥയിരിക്കുമ്പോൾ ആ ചട്ടത്തിനെ അതിലംഘിച്ചു കൂടുതൽ തുകവാങ്ങിക്കുന്നതു ഒരുപ്രകാരത്തിൽ കൈക്കൂലിവാങ്ങുന്നതിനു തുല്യമല്ലേ; ഒരു വ്യവസ്ഥയുണ്ടെങ്കിൽ ഒരുത്തർക്കും ആ വ്യവസ്ഥയെ അതിലംഘിച്ചു എങ്ങനെ പ്രവർത്തിക്കാം?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): അങ്ങനെ അനാവശ്യമായി പ്രവർത്തിക്കുകയില്ല.

മി: മുറുവേലിൽ പാച്ചുപിള്ള (ചേർത്തല): ചട്ടത്തിനു വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): ചട്ടം അനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ. ഇങ്ങനെ ഒരു രാജ്യത്തും നടപ്പില്ല. ഞാൻ രോഗിയെ ചികിത്സിച്ചു ഭേദപ്പെടുത്താമെന്നു ആരും പറയുകയില്ല.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കുട്ടനാടും വ്യവസായവും തെക്കു): നല്ലഡാക്ടർക്കു കൂടുതൽ പണം കൊടുക്കണമെന്നു അറിയാമൊ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): അറിയാം.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഇങ്ങനെ ഡാക്ടറന്മാർ കൂടുതൽ പണം വാങ്ങിക്കുന്നതു പൊതുജനങ്ങൾക്കു വിരോധമാണെന്നു ഗവമെണ്ടിനു അറിയാൻ ഇടയായിട്ടുണ്ടോ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): ഇല്ല.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു നിയന്ത്രണം വയ്ക്കുന്നതുകൊണ്ടു വിരോധം വല്ലതും ഉണ്ടോ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സിക്രട്ടറി): അതിന്റെ ഉത്തരം മി. പാച്ചുപിള്ള ചോദിച്ച ചോദ്യത്തിനു മറുപടിയായി പറഞ്ഞതാണ്. അങ്ങനെ ഒരുചട്ടം ഉണ്ടാക്കുന്നതുകൊണ്ട് വിശേഷാൽ പ്രയോജനം ഉണ്ടാകയില്ല. ദോഷം ഉണ്ടാകാൻഎളുപ്പമുണ്ട്.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗുണം ഉണ്ടാകാൻ തരമില്ലയൊ?

മി: കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി) അതു സംശയമാണ്.

മി: തയ്യിൽ കുഞ്ഞിതൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഗുണം കിട്ടുന്നതിൽ സംശയവും ദോഷം നിശ്ചയവുമാണ് അല്ലേ?

മി. കെ. ജാർജ് (ഗവമെണ്ടു ചീഫ്സെക്രട്ടറി): അതോ നല്ല ആളുകളുടെ ഇടയിൽ ചട്ടവും ഒന്നും വേണ്ടാ. ചീത്തായാളുകൾ എല്ലായിടത്തും കാണും. നമ്മുടെയിടയിലും കാണും. ദൃഷ്ടാന്തമായി ഒരുഡാക്ടർക്കു അബദ്ധം പററിയതായി എനിക്കറിയാം. ഒരു പ്രസവകേസിലേക്കായി ഒരു ഡാക്ടരെ വിളിച്ചുകൊണ്ടുപോയി. വയലിന്റെ മദ്ധ്യേകൂടിയാണ് അവർ പോയതു. അവർ പകുതിവഴിയിൽ എത്തിയപ്പോൾ പ്രസവം കഴിഞ്ഞിരിക്കുന്നു അതിനാൽ ഡാക്ടരെ ഇനി ആവശ്യമില്ലെന്നു ഒരാൾ വന്നു അവരോടു പറഞ്ഞു. അതുകേട്ടുടൻ ആ ഡാക്ടരെ ആ വയലിന്റെ മദ്ധ്യേ വച്ചിട്ടു മറെറല്ലാവരും പൊയ്ക്കളഞ്ഞു, ഡാക്ടർ അവിടെനിന്നു വളരെ പരുങ്ങിപ്പോയി.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഒരു ക്ലിപ്തമായ തുകയില്ലാതെ അത്യാഗ്രഹംകൊണ്ടല്ലേ ആ ഡാക്ടർ പോയത്?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ദുസ്സ്വഭാവികളും കൊള്ളരുതാത്തവരും എല്ലാവരിലും ഉണ്ട്. നല്ല ഡാക്ടറന്മാർ ധാരാളം ഉണ്ട്. എല്ലാവരും ഒരുപോലെ ഫീസ് എന്നറിയാൻ പാടില്ല. അതുകൊണ്ടു ഇങ്ങനെയുള്ള ചട്ടം വച്ചാൽ ദുസ്സ്വഭാവികളായ ഡാക്ടർമാർ ആ ചട്ടത്തിന്റെ അതിരുകടന്നു പ്രവർത്തിക്കും.

മി: തരിയത്തുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ). ചട്ടം ഉണ്ടായിരുന്നിട്ടും അതിരുകടന്നു പ്രവർത്തിക്കുമെങ്കിൽ ആ ചട്ടം ഇല്ലാതിരുന്നാൽ അതു കൂടുതൽ ആകയല്ലേ ചെയ്യുള്ളൂ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒരു ഡാക്ടർ ഒരു രോഗിയെ വേണ്ടവിധത്തിൽ ചികിത്സിച്ചില്ലെങ്കിൽ ആ കുററത്തിനു പീനൽകോഡിൽ ചട്ടം ഇല്ല. രോഗി ഡാക്ടരുടെ നല്ല മനസ്സിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

മി: തരിയത്തു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): രോഗിയുടെ ജീവനെ സംബന്ധിക്കുന്ന സംഗതിയാകയാൽ പണത്തിനെസംബന്ധിച്ചു കൂടുതൽ സൗകര്യം അനുവദിച്ചു ഫീസിനെ നിയന്ത്രിക്കേണ്ടതു ആവശ്യമല്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): എന്റെ അഭിപ്രായം ഇതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു മെഡിക്കൽ ആഫീസരെ ചെന്നുവിളിച്ചാൽ അദ്ദേഹം പോകണം എന്നു വല്ല നിർബന്ധവും ഉണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ചട്ടപ്രകാരമുള്ള നിർബന്ധം ഒന്നും ഇല്ല, മര്യാദകൊണ്ടുള്ള നിർബന്ധമേ ഉള്ളൂ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉദ്യോഗസംബന്ധമായ ചട്ടങ്ങൾ അനുസരിച്ചു വല്ലനിർബന്ധവും ഉണ്ടോ?

മി. കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല.

മി: എ. താണുപിള്ള: (തിരുവനന്തപുരം): ചട്ടങ്ങൾ അനുസരിച്ചു വല്ല കടമയും ഉണ്ടോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല. എനിക്കറിവുള്ളിടത്തോളം ഒന്നും ഇല്ല. അതു ഉദ്യോഗസംബന്ധമായ ഒരു കടമമാത്രമാണെന്നു ഡാക്ടർ തന്നെ പറഞ്ഞിരിക്കുന്നു. തൊഴിലിനെപ്പററിയ ഒരു ഉദ്യോഗമാത്രമാണ് അത്.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഒരു ആളിനെ ചെന്നുകണ്ടു ചികിത്സിക്കുന്നതിന് ഒരു ഡാക്ടരെ നിർബന്ധിക്കാൻ ഡിപ്പാർട്ടുമെന്റിനു സാധിക്കുന്നതല്ല. അല്ലേ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): സാധിക്കുന്നതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെയുള്ളസ്ഥിതിക്ക് അവർക്ക് ഫീസ് ക്ലിപ്തപ്പെടുത്താവുന്നതാണോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി) : അതു വളരെ പ്രയാസംതന്നെയാണ്. അതിനെ ശരിയായി നിർബന്ധിക്കാൻ നിങ്ങൾക്കു കഴിയുന്നതല്ല. ഫീസ് ഇന്നതാണെന്നു നിങ്ങൾക്കു പറയാം. എന്നാൽ ഒരാള് പോകുന്നതിനും ഏററവും നല്ലമരുന്നു കൊടുക്കുന്നതിനും നിർബന്ധിക്കാൻ ഗവണ്മെന്റിനു കഴിയുന്നതല്ല. അതു ആ ആളിന്റെ സൽബോധത്തെ ആശ്രയിച്ചിരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): രോഗികളെ അവരുടെ ഗൃഹങ്ങളിൽ ചെന്നു രോഗികളെ കണ്ടു ചികിത്സിക്കുന്നതിനു ഡാക്ടർമാരെ നിർബന്ധിക്കുന്നതിനായി വല്ലചട്ടവും ഉണ്ടാക്കാൻ ഗവണ്മെന്റിനു കഴിയുമോ?

മി: കെ. ജാർജ് (ഗവണ്മെന്റ് ചീഫ്സെക്രട്ടറി): ഇല്ല. ഈ വിഷയം വളരെ സൂക്ഷ്മമായ പര്യാലോചന ആവശ്യമുള്ള ഒന്നായിരിക്കുന്നു. എനിക്ക് അതിനെ അനുകൂലിക്കാൻ കഴിയുന്നില്ല.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (കച്ചവടവും വ്യവസായവും-തെക്ക): സർ, ഞാൻ ഈ ഉപക്ഷേപത്തെ ബലമായി എതിർക്കുന്നു. സർ, ഡാക്ടർമാർക്കുള്ള ഫീസിനെ ക്ലിപ്തപ്പെടുത്തുന്നതായ ഒരു ചട്ടം പാസാകുന്നതായാൽ ഉദാഹരണമായി ഒരു ഡാക്ടരോടു ഉപദേശം ചോദിക്കുന്നതിനു ൧ രൂപ ഫീസ് നിശ്ചയിച്ചു എന്നു വിചാരിക്കുക. അപ്പോൾ അതിനാൽ വരുന്ന ദോഷം ഏററവും നല്ല ഡാക്ടരെ ആവശ്യപ്പെടുന്ന ആളുകൾ ഏററവും നല്ല ആളുടെ ലഭ്യമാകാൻ ഇടയാകുകയില്ല എന്നുള്ളതാണ്. എന്തെന്നാൽ ഫീസ് ൧ രൂപയായി ക്ലിപ്തപ്പെടുത്തപ്പെട്ടുപോയാൽ, നിങ്ങൾ ഏററവും നല്ലഡാക്ടരോടു ചെന്നു അയാളെ വിളിക്കുമ്പോൾ അയാൾ ൧ രൂപായ്ക്കു വരുന്നതിനു സമ്മതം ഇല്ലാത്തവൻ ആയിരിക്കും. അയാൾക്കു വരാൻ മനസ്സില്ല എന്നു അയാൾ പറഞ്ഞേക്കും. സഹായം ആവശ്യപ്പെടുന്ന ആൾ എത്ര കൂടുതൽ ഫീസ് കൊടുക്കാനും തയ്യാറായിരിക്കും. എന്നാൽ ആ ഡാക്ടരുടെ സഹായം ലഭിക്കാൻ നിവൃത്തിയില്ലാത്ത ഒരാൾ ഉണ്ടെന്നു വിചാരിക്കുക. ഏററവും നല്ലഡാക്ടരുടെ സഹായം ആവശ്യപ്പെടുന്ന ആ മനുഷ്യന്റെ സ്ഥിതി എന്തായിരിക്കും എന്നാണ് ഞാൻ ചോദിക്കുന്നത്? ഈ ഉപക്ഷേപത്തെപ്പററി പര്യാലോചിക്കുമ്പോൾ ഈ സംഗതി കൂടി ചിന്തിക്കേണ്ടതായുണ്ട്. ഈ ഉപക്ഷേപം അനുവദിക്കുകയാണെങ്കിൽ ഉണ്ടാകാവുന്ന പ്രധാനദോഷങ്ങളിൽ ഒന്ന് ഇതാണ്. സർ, അതുകൊണ്ടു ഈ ഉപക്ഷേപത്തെ ഞാൻ ബലമായി എതിർക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതു മെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഏതാനും ഡാക്ടർമാർ കാണിച്ചുവരുന്നതായ കഠിനഹൃദയസ്ഥിതിയെപ്പററി ഈ കൌൺസിലിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നു മാത്രമേ ഞാൻ വിചാരിക്കുന്നുള്ളൂ. അല്ലാതെ ആസ്പത്രിയുടെ മുൻവശത്തുള്ള പ്രൈവററ് ചികിത്സക്കുപോകുന്ന ഡാക്ടർമാരുടെ ഫീസ് കുറച്ചുവച്ചിട്ടുള്ള

ഒരു നോട്ടീസ് ബോർഡ് വെയ്ക്കണ മെന്നുള്ള വിചാരത്തോടുകൂടി മാത്രം ഈ പ്രമേയം കൊണ്ടുവരികയാണെന്നു ഞാൻ വിചാരിക്കുന്നില്ല. സാധാരണമായി ഒരു ഡാക്ടർ ഒരു ദിവസത്തിൽ ഏതാനും മണിക്കൂറുകളിൽ മാത്രമേ ആസ്പത്രിയിൽ ഹാജരാകുന്നതിനു സാധിക്കുകയുള്ളു. അങ്ങനെയുള്ള അവസരങ്ങളിൽ മൂന്നും നാലും എട്ടും പത്തും മൈൽ ദൂരം ഉള്ള സ്ഥലങ്ങളിൽ നിന്നും ഡാക്ടറെ കൊണ്ടുപോകുന്നതിനു കക്ഷം പത്തും അൻപതും വീതം ആസ്പത്രിയിൽ വരുന്ന സംഗതികളുണ്ട്. ഡാക്ടറെ കാത്തിരിക്കേണ്ടിവരും. തന്നിമിത്തം ആസ്പത്രിയുടെ ഭരണം അതൃപ്തികരമായിത്തീരുകയും ചെയ്യും. എന്നാൽ ചില സംഗതികളിൽ ചില ഡാക്ടർമാർ കുറച്ചൊക്കെ എടുക്കണം. എങ്കിലും മേൽപ്പറഞ്ഞുകിടക്കുന്ന പ്രയോഗം നടത്തണം. എങ്കിലും പണം വെയ്ക്കണം എന്നു ശഠിക്കുന്ന ഉദ്യോഗസ്ഥന്മാരായ ഡാക്ടർമാരെ മേലാൽ ജോലിയിൽനിന്നും പിരിച്ചയക്കണം. അതിനാൽ ഗവണ്മെന്റിൽ നിന്നു മെഡിക്കൽ ഭരണം തൃപ്തികരമായി വച്ചു കൊണ്ടുപോകണം എന്നുള്ള ഉദ്ദേശത്തോടുകൂടി മാത്രമാണ് ഈ കൌൺസിലിൽ ധാരാളം എക്സ്പീരിയൻസ് സിദ്ധിച്ചിട്ടുള്ള മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്. അല്ലാതെ എളുപ്പത്തിൽ ഒരു ബോർഡ് എഴുതിവെയ്ക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടി ഈ പ്രമേയം ഹാജരാക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

ഗവണ്മെന്റിൽ നിന്നു ഗ്രാന്റു കൊടുക്കുന്ന ചില സ്ഥാപനങ്ങൾ ഈ ഡിപ്പാർട്ടുമെന്റിന്റെ അധീനത്തിൽ ഉണ്ട്. എന്റെ അറിവിൽ ഈ പ്രകാരമുള്ള സ്ഥാപനങ്ങളിൽ തന്നെ അക്രമപ്രവൃത്തികൾ നടന്നുവരുന്നു. ഈ ഡാക്ടർമാർക്ക് ചില രസീതുകൾ ഉണ്ട്. അവർ പറയുന്നതു ഈ വന്നിരിക്കുന്ന ആൾക്കാർ ഫീസു തന്നു. ധാരാളം സമ്പത്തുള്ള ആളാണ്, വടക്കൻ പറവൂർക്കാരനാണ് അതുകൊണ്ടു ഇത്തരത്തിലെ ഫീസു കൊടുക്കണം എന്നാകയാണ്. പരമാർത്ഥത്തിൽ ഇങ്ങനെ കൊടുക്കാൻ സാധിക്കാറില്ല. എങ്കിലും അവരെ ഭീഷണിപ്പെടുത്തി വാങ്ങിക്കുന്നതായി ഞാനറിയുന്നു. ഇങ്ങനെയുള്ള സംഗതികളിൽ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിച്ചു അതിനെ നിയന്ത്രിക്കണം. അങ്ങനെ ചെയ്യാത്തപക്ഷം അവരുടെ ഗ്രാന്റ് എടുക്കണം എന്നുള്ള സംഗതിയും ഈ കൌൺസിലിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

മി: കെ. മാധവൻ (ഗവണ്മെന്റു നിയമിച്ച മെമ്പർ): ഗ്രാന്റു വാങ്ങി നടത്തുന്ന ആശുപത്രികളിൽ ഈ ഫീസു ചികിത്സയിൽ വരിക്കുന്നവർക്കു യാതൊരു പ്രതിഫലവും വാങ്ങാതെ മരുന്നും ആഹാരവും കൊടുത്തു വരുന്നുണ്ടെന്നുള്ളതു മെമ്പർക്കറിയാമോ?

മി: ടി. സി. കേശവപിള്ള (മങ്കൊമ്പും, വിളവങ്കോടും): എനിക്കറിഞ്ഞുകൂടാ. മിസ്റ്റർ മാധവൻ പറഞ്ഞതു ശരിയായിരിക്കാം. എന്നാൽ അന്യന്മാരെക്കണ്ടു നിർബന്ധിച്ചു പണം മേടിച്ചു അതു കൊണ്ടു ആഹാരവും മറ്റും കൊടുക്കാം എന്നു വിചാരിക്കുന്ന ഗ്രാന്റു സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ആ ഗ്രാന്റിനെ ഉടനെ നിർത്തണം. ഏതെങ്കിലും ധർമ്മസ്ഥാപനം തുറക്കണം എന്നു ആഗ്രഹിക്കുന്നു എങ്കിൽ അവർ മഹാന്മാരോടു ചെന്നു അപേക്ഷിച്ചിട്ടോ സ്വന്ത പ്രയത്നം കൊണ്ടോ അല്ലെങ്കിൽ മറ്റുള്ളവരോടു തെണ്ടി എങ്കിലും പണം കൊണ്ടുവന്നോ അല്ലാതെ ഇപ്രകാരം ചികിത്സയ്ക്കു വരുന്നവരിൽ നിന്നും ചുമത്തി അതു കൊണ്ടു നടത്താൻ നിശ്ചയിക്കുന്നു എങ്കിൽ അതു അക്ഷന്തവ്യമാണ്.

മി: റ്റി. സി. ചെറിയാക്കോസ് (മീനച്ചിലും, ദേവികുളവും): ഗവണ്മെന്റു വകയായി ധാരാളം ആസ്പത്രികൾ ഉള്ളപ്പോൾ പ്രൈവറ്റു വക ആസ്പത്രികളിൽ തന്നെ ശസ്ത്രക്രിയകളും ചികിത്സയും നടത്താൻ പോകുന്നതു എന്തു കൊണ്ടാണ്?

മി: ടി. സി. കേശവപിള്ള (മങ്കൊമ്പും വിളവങ്കോടും): വ്യക്തിപരമായി പല കാരണങ്ങളും കാണും.

മെഡിക്കൽ ഭരണം നടത്തുന്നതു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസരും മറ്റും രണ്ടു പേരും കൂടിയാണ്. ഏതെങ്കിലും ഒരു ഡാക്ടറുടെ നടപടി ദോഷത്തെപ്പറ്റി കമ്മറ്റിക്കാറിൽ ആരെങ്കിലും കാണുന്നു എങ്കിൽ ആ ഡാക്ടറെ അവരിൽ മറ്റാരെങ്കിലും താങ്ങുക പതിവാണ് അതുകൊണ്ടു മുന്നപേക്ഷ കൂടി യോജിച്ചു ഒരു ഡാക്ടറെ ശിക്ഷിക്കാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള ചില സംഗതികൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ തന്നെ പെട്ടിട്ടുണ്ടെന്നു എനിക്കറിയാം. ഇങ്ങനെ കാണുന്ന ഡാക്ടർമാരെ ഗവണ്മെന്റു ആലോചിച്ചു കഠിനമായി ശിക്ഷിക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സബ് രജിസ്ട്രാർമാർ പടി വാങ്ങിച്ചുകൊണ്ടു ആളുകളുടെ വിരൽ ഉരുട്ടുകയും ഒപ്പിടുവിക്കയും ചെയ്യുന്ന രീതിയല്ല ഒരു ഡാക്ടറുടെ കാര്യം. അവരുടെ മനസ്സറിഞ്ഞു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതു കൊണ്ടു ഇങ്ങനെയുള്ള സംഗതികളിൽ നിർബന്ധമായ പടിവെയ്ക്കണം എന്നുള്ള പ്രമേയത്തെ മിസ്റ്റർ കുഞ്ഞിത്തൊമ്മൻ പിൻവലിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): എന്റെ പ്രമേയത്തെക്കുറിച്ചു ഗവണ്മെന്റു ഭാഗത്തു നിന്നും ഇതുകൊണ്ടു പ്രയോജനമില്ലെന്നു പറഞ്ഞു എതിർക്കയുണ്ടായി. എന്നാൽ അതുകൊണ്ടു ദോഷം ഉണ്ടെന്നു പറയുന്നില്ല. പ്രയോജനമില്ലെന്നു പറയുന്നതു അത്ര ശരിയാണെന്നു ഉദ്യോഗസ്ഥമെമ്പർമാർ തന്നെ അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. അതുകൊണ്ടു പ്രയോജനമുണ്ടെന്നാണ് അവരുടെ വിചാരം. ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചും അവരുടെ കഷ്ടതകൾ ഗ്രഹിച്ചും ധാരാളം അനുഭവം ഉണ്ടായിട്ടുള്ള ഈ ജനപ്രതിനിധികൾ അതുകൊണ്ടു പ്രയോജനമില്ലെന്നോ ദോഷമാണെന്നോ പറയുന്നില്ല.

പ്രസിഡെന്റു: ചില മെമ്പർമാർ ഇതു ദോഷമാണെന്നും പ്രയോജനമില്ലെന്നും പറഞ്ഞല്ലോ?

മി: കെ. ജോർജ് (ഗവണ്മെന്റു ചീഫ സെക്രട്ടറി): ഇതുകൊണ്ടു ദോഷമാണെന്നു മിസ്റ്റർ പിറവി പ്രത്യേകിച്ചു പറഞ്ഞു.

മി. തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാറ്റുപുഴയും തൊടുപുഴയും): ആ ഒരാൾ മാത്രം പറഞ്ഞതു നോക്കണ്ട. ഡാക്ടർമാർ ഫീസു വാങ്ങുന്നതിനെ ഞാൻ എതിർക്കുന്നില്ല. സ്വാതന്ത്ര്യം എടുത്തു കളയുന്നതിനുള്ള ശ്രമമല്ല. ധാരാളം ഇക സാധുക്കളോടു നിർബന്ധിച്ചു വാങ്ങിക്കുന്നതിനുള്ള സ്വാതന്ത്ര്യം എടുത്തു കളയണമെന്നേ ഉള്ളു. അതുകൊണ്ടു പ്രയോജനമില്ലെന്നും പറയുന്നതു എത്ര ഫീസും വാങ്ങിച്ചു കൊള്ളട്ടെ എന്നു അനുവദിക്കുന്നതായാണ്. ഇതിൽ നിന്നു ഇത്രയേ വാങ്ങാവൂ എന്നു ഒരു വ്യവസ്ഥ വേണമെന്നും ഇപ്പോഴത്തെപ്പോലെ എത്രയും വാങ്ങിച്ചു കൊള്ളട്ടെ എന്നാണ് വിചാരിക്കുന്നതു എന്നു തോന്നുന്നു. ഈ മനസ്ഥിതി വളരെ കഷ്ടവും ജനങ്ങൾക്കു ദോഷം ചെയ്യുന്നതുമാണ്.

മി: കെ. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): സ്വാമിൻ, എന്റെ സ്വന്തം വകുപ്പിനെ സംബന്ധിച്ചു ഒന്നു പറഞ്ഞു കൊള്ളട്ടെ. ഞാൻ ചില ഉദ്യോഗസ്ഥരെ കുറിച്ചാണ് പ്രസ്താവിച്ചത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ഉദ്യോഗസ്ഥന്മാരുടെ ലാഭം മാത്രം നോക്കിയാൽ പോരാ. സാധുക്കളുടെ രക്ഷയും നോക്കണം. ഉദ്യോഗസ്ഥന്മാർക്കായി ജനങ്ങൾ എന്നല്ല, ജനങ്ങൾക്കായി ഉദ്യോഗസ്ഥന്മാർ എന്നു വ്യാഖ്യാനിക്കണം.

മി: കെ. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): എല്ലാ ഡാക്ടർമാരും അങ്ങനെ വാങ്ങിക്കുന്നുണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മിക്കവരും വാങ്ങുന്നുണ്ട്. എല്ലാവരുടെയും ജീവൻ വളരെ പ്രധാനമാണ്. നമ്മെപ്പോലെ ഒരു സാധുവിന്റെ ജീവനും വളരെ പ്രാധാന്യം ഉള്ളതാണെന്നു നാം പ്രത്യേകം അറിയേണ്ടതാണ്.

മി: കെ. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഇപ്പോൾ നിയന്ത്രണം ഇല്ലാതിരിക്കുന്നു എങ്കിലും എല്ലാവരും വാങ്ങുന്നില്ലല്ലോ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മിക്കവാറും പേർ വാങ്ങിക്കുന്നുണ്ട്. പണം എത്രയെങ്കിലും മേടിച്ചു കൊള്ളട്ടെ എന്നു വച്ചിരിക്കുന്നതുകൊണ്ടു ധാരാളം പണം ഡാക്ടർമാർ സമ്പാദിക്കുന്നു. അവരും ഉദ്യോഗസ്ഥന്മാർ ആണല്ലോ. ഈ ഉദ്യോഗസ്ഥന്മാർക്കു ചട്ടമില്ലയോ? ജനങ്ങളെ പരിരക്ഷിക്കുന്നതിനല്ലേ ഉദ്യോഗസ്ഥന്മാർ? സാധുജനങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം അത്രയും അവരുടെ അല്പകാലങ്ങളിൽ ഇവർ വളരെ സന്തോഷത്തോടുകൂടി മേടിക്കുന്നു. മററുള്ള ഡിപ്പാർട്ടുമെന്റുകളിൽ ജനങ്ങളെ ഉപദ്രവിച്ചു പണം വാങ്ങിക്കാൻ ഈ ഡിപ്പാർട്ടുമെന്റിൽ ഉള്ള സൌകര്യം പോരായില്ല. ഗത്യന്തരമില്ലാത്ത അവസരങ്ങളിലാണ് ഈ ഡാക്ടർമാർക്കു കൊടുക്കാതിരിക്കുന്നതു. അല്ലാത്ത അവസരങ്ങളിൽ കൃഷി ചെയ്യുന്ന നിലം വിററോ മററുള്ള ആഭരണങ്ങളെ വിററിട്ടോ ഉള്ള പണമെല്ലാം ഡാക്ടർക്കു കൊടുക്കുന്നുണ്ട്. ചിലപ്പോൾ ഭാര്യയുടെയോ മക്കളുടെയോ ആഭരണങ്ങളെ പണയം വച്ചും കൊടുക്കുന്നുണ്ട്. ഡാക്ടർമാർ നല്ല ശമ്പളം വാങ്ങിക്കുന്നുണ്ട്. ഇങ്ങനെ ശമ്പളം വാങ്ങിക്കുന്നതു കൊണ്ടു സാധുജനങ്ങളുടെ കാര്യത്തിൽ അവർ ന്യായമായി പെരുമാറണം. അങ്ങനെ ചെയ്യാതിരിക്കുന്നതു കൊണ്ടു ജനസാമാന്യത്തിനു വളരെ സങ്കടമുണ്ട്. ഈ ഡിപ്പാർട്ടുമെന്റിനെ അടച്ചു ആക്ഷേപിക്കുന്നതു ശരിയല്ലല്ലോ? അതിനാൽ നിത്യപരിചയത്തിൽ ഉള്ള കാര്യങ്ങളെയാണ് ഇവിടെ എടുത്തു പറയുന്നതു. ചില കേസുകളിൽ സാധുക്കളോടു ചിലർ നിർദ്ദയമായി മനുഷ്യനാണെന്നുള്ള നിലയെ വിസ്മരിച്ചു പ്രവർത്തിക്കുന്നുണ്ട് അതു തെററാണ്. ആ അനീതിയെ തടയാനാണ് ഫീസിനു നിയന്ത്രണം വേണമെന്നു ആവശ്യപ്പെടുന്നതു്. ഒരിക്കൽമാത്രമോ രണ്ടുപ്രാവശ്യമോ ആവശ്യപ്പെടുകയാണെങ്കിൽ അവർക്കു അതു സാധിക്കുന്നതാണോ? അതുകൊണ്ടു നിയന്ത്രണം വളരെ അത്യാവശ്യമാണ്. അങ്ങനെ ബോധിച്ചപോലെ വാങ്ങിക്കാമെന്നു വിട്ടുകളഞ്ഞാൽ ഈ ഡാക്ടർമാർക്കു ശമ്പളം കൊടുത്തു വച്ചിരിക്കുന്നതു കൊണ്ടു സാധുക്കൾക്കു എന്തു പ്രയോജനമെന്നു ഗവൺമെന്റു നല്ലവണ്ണം ആലോചിക്കേണ്ടതാണ്. നിയന്ത്രണം നിമിത്തം മിസ്റ്റർ കേശവപിള്ള പറഞ്ഞ പോലെയുള്ള കുഴപ്പങ്ങളൊന്നും ഉണ്ടാവുകയില്ല. അഥവാ ഉണ്ടാകുമെന്നാകിൽ തന്നെയും അവയെ തടയാം. പട്ടണങ്ങളിൽ പല ഡാക്ടർമാരും ഉണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): എന്റെ വീട്ടിനടുത്തു ആസ്പത്രിയില്ലെന്നു മെമ്പറിനു അറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മെമ്പറിന്റെ വീടു ഞാൻ അറികയില്ലാത്തതുകൊണ്ടു ഖണ്ഡിച്ചു പറയാൻ നിവൃത്തിയില്ല. മെമ്പർ ഒരു പട്ടണവാസിയാണ്. ആ പട്ടണത്തിൽ ആസ്പത്രിയുണ്ടെന്നു എനിക്കറിയാം.

എന്നാൽ ഉൾപ്രദേശങ്ങളുടെ സ്ഥിതി അങ്ങനെയല്ല. ഒരു വീട്ടിൽനിന്നും എട്ടും പത്തും നാഴിക ദൂരെ ആയിരിക്കും ഒരു ആസ്പത്രി ഇരിക്കുന്നതു.

മി: കെ. ജോർജ് (ഗവൺമെന്റ് ചീഫ് സെക്രട്ടറി): ഇതു നാട്ടുവൈദ്യന്മാരെ ബാധിക്കയില്ലേ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): കുറെ ബാധിക്കും. അധികമില്ല. ചില രോഗത്തിനു നാട്ടുവൈദ്യന്മാർ പോരാതെവരും. ടൈഫോയിഡ്, ന്യൂമോണിയാ പ്രസവകേസ് മുതലായവയ്ക്കു ചില യന്ത്രത്തിന്റെ സഹായവും മററു ചില സൌകര്യങ്ങളും വേണ്ടിയിരിക്കുന്നതിനാൽ ഇംഗ്ലീഷ് ഡാക്ടർമാരെയാണ് ആവശ്യപ്പെടുന്നതു്?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): നാട്ടുവൈദ്യന്മാരെ വളരെ ദുർലഭമായിട്ടല്ലേ പൊതുജനങ്ങൾ വിളിച്ചും വിശ്വസിച്ചും വരുന്നതു്?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): ചില സ്ഥലത്തിൽ നാട്ടുവൈദ്യന്മാരെയും ധാരാളം വിശ്വസിക്കുന്നുണ്ട്. ഫീസുവാങ്ങിക്കുന്നതിൽ കുറെ ഭേദവും ഉണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റു നിയമിച്ച മെമ്പർ ഡെപ്യൂട്ടിപ്രസിഡന്റ): സർക്കാരിൽ നിന്നു ശമ്പളം കൊടുക്കുന്ന ഒരു ഡാക്ടർ ഒരു ദിവസം എത്ര മണിക്കൂറുവേല ചെയ്യണം എന്നറിയാമോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതിനെ പററി ഡാക്ടർമാരോടു ചോദിച്ചു തന്നെ കൂടുതൽ മനസ്സിലാക്കണം. അല്ലാതെ എനിക്കു ഖണ്ഡിച്ചു പറയാൻ സാധിക്കയില്ല. അതിനെപ്പററി വിവരിക്കുന്ന റിക്കാർഡുകൾ ഒന്നും കിട്ടീട്ടില്ല.

ഡാക്ടർ പലപ്പോഴും ബോധിച്ചതു പോലെ പോവുകയാണ്. ഡാക്ടരുടെ വാസസ്ഥലത്തു ചെന്നാൽ ആസ്പത്രിയിൽ വരാൻപറയും ആസ്പത്രിയിൽ ചെന്നാൽ കാണുകയുമില്ല. ചിലപ്പോൾ ആസ്പത്രികളിൽ കൂടുതൽ സമയം ഇരിക്കും. ചിലപ്പോൾ വളരെ കുറച്ചേ ഇരിക്കയുള്ളു. അങ്ങനെയുള്ള ചിലരുടെ സമയം ക്ലിപ്തപ്പെടുത്തിപറയാൻ സാധിക്കയില്ല.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എല്ലാ ആസ്പത്രികളിലും ഇന്ന ഇന്ന സമയത്തു ഡാക്ടർ ഉണ്ടായിരിക്കും എന്നു ബോർഡ് വച്ചിട്ടുണ്ട്. ആ സമയങ്ങളിൽ ഡാക്ടർ അവിടെ കാണും.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അങ്ങനെ കൃത്യസമയങ്ങളിൽ ഇല്ലാത്തവരെ ശിക്ഷിച്ചിട്ടുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ശിക്ഷിച്ചിട്ടുണ്ട്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതുകൊണ്ടു ഫീസിന്റെ കാര്യത്തിനു ബോർഡു വയ്ക്കുകയാണെങ്കിൽ ഗുണം ഉണ്ടാകും എന്നു വിചാരിക്കരുതോ? അതനുസരിച്ചു നടക്കാത്തവരെ ശിക്ഷിക്കാമല്ലോ? പണം ഇത്രയെന്നു ഖണ്ഡിച്ചു ബോർഡ് വച്ചാൽ അതിലധികം വാങ്ങുന്നവരെ ശിക്ഷിക്കണം അതുകൊണ്ടു ദോഷവുമില്ല. സാധുക്കൾക്കു വളരെ ഗുണവുമുണ്ട്, രാജ്യത്തിൽ വളരെ ദരിദ്രന്മാരുണ്ട്. ആസ്പത്രിയിൽ കൊണ്ടുവരുവാൻ പാടില്ലാത്ത രോഗങ്ങളുമുണ്ട്, അങ്ങനെയുള്ള സംഗതികളിൽ ഡാക്ടർ പോയി നോക്കേണ്ടതായ ആവശ്യം ഉണ്ട്. അങ്ങനെയുള്ളവരോടു യാതൊരു നിശ്ചയവുമില്ലാതെ ഫീസ് മേടിക്കുന്നതു കഷ്ടമെന്നുള്ളതുകൊണ്ടാണ്. അതിനെ നിയന്ത്രിക്കണം എന്നു ആവശ്യപ്പെടുന്നത്. ഡാക്ടർമാർ പല തരത്തിൽ ഉണ്ട്. അതിൽ ഓരോരുത്തർക്കും അവരവരുടെ ക്ലാസ് അനുസരിച്ചു ഫീസ് വച്ചാലും തരക്കേടില്ല. ബോർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്കു ഇത്രരൂപാ വച്ചു കൊള്ളട്ടെ. അതിനു താഴെയുള്ളവർക്കു അപ്പോത്തിക്കരി സർജൻ അസിസ്റ്റന്റ സർജൻ എന്നിവർക്കു ആളുത്തോതിന്റെ പകുതി വയ്ക്കാം. അവരുടേയും അസിസ്റ്റന്റിനു അതിന്റെ പകുതി വെയ്ക്കാം ഇങ്ങനെ താഴെ താഴെയുള്ളവർക്കു ക്ലിപ്തപ്പെടുത്തിവയ്ക്കാം, വലിയ നിലയിൽ ഇരിക്കുന്നവർക്കു വലിയ തുകയും താഴെയുള്ളവർക്കു അതിനനുസരിച്ചു തുകയും വച്ചു ഒരു വ്യവസ്ഥ ചെയ്യണമെന്നു ഞാൻ ഈ പ്രമേയംമൂലം ഗവർന്മേന്റിനോടു ശിപാർശു ചെയ്തുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്താൽ പോകേണമെന്നല്ലാതെ അവരെ നിർബന്ധിക്കാനൊ അതുകൊണ്ടു ഫലമൊ ഉണ്ടോ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഡിപ്പാർട്ടുമെന്റധ്യക്ഷന്മാർ നിഷ്കർഷിച്ചാൽ ഫലമുണ്ട്. വലിയ തുകകൾ ആവശ്യപ്പെട്ടാൽ പരാതിയിൽ വരുമ്പോൾ അന്വേഷിച്ചു ശിക്ഷിച്ചാൽ ശരിപ്പെട്ടുകൊള്ളും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഇപ്പോഴത്തെ പ്രതിബന്ധം എന്തെന്നു അറിയാമൊ?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): അതെല്ലാം പറഞ്ഞുകഴിഞ്ഞു.

മി: കെ. ജാർജ് (ഗവർന്മേന്റ് ചീഫ്സെക്രട്ടറി): ചുമതലബോധം ഉള്ളവരെല്ലാം പോകും.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അങ്ങിനെയുള്ളവർ യാതൊരു നിയമവുമില്ലെങ്കിലും പോകും. ചുമതലബോധം ഇല്ലാത്തവരെയാണ് ചട്ടംകൊണ്ടു നിയന്ത്രിക്കേണ്ടതു്. സകല നിയന്ത്രണവും അവരെയാണ് ബാധിക്കുന്നതു്. ജനങ്ങളുടെ ഇടയിൽ ചുമതലബോധം ഉള്ളവരും ഇല്ലാത്തവരും ഉണ്ട്. ചുമതലബോധം ഉള്ളവർക്കു വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു യാതൊരു ദോഷവും ഇല്ല. അല്ലാത്തവരെ സംബന്ധിച്ചാണ് വ്യവസ്ഥ അത്യാവശ്യമായിട്ടുള്ളതു്. ഈ കൗൺസിലിന്റെ ആരംഭംമുതലേ ഇതിനെപ്പററി പറയുകയാണ് ഗവർന്മേന്റ് എന്നു മറുപടിപറഞ്ഞിട്ടുണ്ട്. എഴുതിക്കാട്ടണം എന്നല്ലതിനു കോഡ് നോക്കണം എന്നു ഒരിക്കൽ പറഞ്ഞു. എന്നാൽ കോഡ് നോക്കിയതിൽ രണ്ടുരൂപായാണ് കണ്ടതു്. അതനുസരിച്ചു നടത്തണം എന്നു ബഡ്ജററ് യോഗങ്ങളിൽ പറയാറുണ്ട്. അതുകൊണ്ടും ഫലം കിട്ടീട്ടില്ല. അതിൽപിന്നെയാണ് പ്രമേയരൂപത്തിൽ കൊണ്ടുവന്നിരിക്കുന്നതു്. അതിനാൽ ഈ കാര്യത്തിൽ പ്രത്യേകമായ ഒരു വ്യവസ്ഥചെയ്യണമെന്നു ഈ കൗൺസിൽ ശിപാർശചെയ്യുന്നു.

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): എനിക്കു വളരെ കുറച്ചുമാത്രമെ പറയാനുള്ളു. എനിക്കു പറയാനുള്ളതെല്ലാം മിസ്റ്റർ ജാർജ് പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഡാക്ടർക്കുതന്നെ സൗകര്യപ്പെടാതിരിക്കുമ്പോൾ അദ്ദേഹത്തെ വേറെ ഒരു രോഗിയെചെന്നുനോക്കാൻ നിർബന്ധിക്കാൻ നിങ്ങൾക്കു കഴിവില്ല. മെഡിക്കൽബോർഡിൽ അങ്ങനെ ഒരു ചട്ടം ഉൾപ്പെടുത്തുന്നതിനാൽ അങ്ങനെയുള്ള കേസുകളിൽ അതിനെ നടപ്പിൽവരുത്താൻ യാതൊരു നിവൃത്തിയുമില്ല. അതുകൊണ്ട് അങ്ങനെ ഒരു ചട്ടം ഉൾപ്പെടുത്തുന്നതുകൊണ്ടു യാതൊരു ഗുണവും ഉണ്ടാകയില്ല.

ഒരു ഡാക്ടർക്കു കൊടുക്കേണ്ട ഫീസിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു നിരക്കു നിശ്ചയിച്ചിട്ടുണ്ട്. ക്ലിപ്തപ്പെടുത്തിയിരുന്നാലും ഇല്ലെങ്കിലും നല്ല അന്തഃകരണബോധം ഉള്ള ഒരാൾ പണം കൊടുക്കാൻ ശക്തിയില്ലാത്ത ഒരുവനിൽനിന്നും വലിയഫീസ് ഈടാക്കുകയില്ല. അതിനാൽ അവയെല്ലാം ഡാക്ടരുടെ സ്വഭാവത്തെ അനുസരിച്ചിരിക്കും. ഡാക്ടർമാർ സൽസ്വഭാവികൾ ആണെങ്കിൽ ഫീസുവാങ്ങുന്നവിഷയത്തിൽ അവർ അവരുടെ ന്യായമായ സീമയെ കടന്നു പ്രവർത്തിക്കുകയില്ല; എന്നു മാത്രമല്ല ഒരു പ്രത്യേകരോഗത്തിന് ഇന്ന ഫീസ് എന്നു നിശ്ചയപ്പെടുത്തുന്നതും കുറെ പ്രയാസമുള്ളകാര്യമാണ്. ലോകത്തിൽ യാതൊരിടത്തും ഇങ്ങനെ ഒരു പദ്ധതി നടപ്പിലില്ല.

മദ്രാസ്സിൽ സർജൻ ജനറലിനോടു് ഈ കാര്യം എഴുതിചോദിച്ചു. ഫീസിന്റെ നിരക്കു നിശ്ചയിക്കുന്നതു വളരെ പ്രയാസമുള്ള കാര്യമാണെന്നും അങ്ങനെ യാതൊരുചട്ടവും ഇല്ല എന്നും ആയിരുന്നു അദ്ദേഹത്തിന്റെ മറുപടി.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർന്മേന്റ ഡെപ്യൂട്ടിപ്രസിഡിന്റ്): മദ്രാസിൽ ഒരു സന്ദർഭത്തിന് ഇത്രയെന്നു ഡാക്ടർമാരുടെ ഇടയിൽതന്നെ ഒരു ലിഖിതനിയമം ഇല്ല എന്നു മെമ്പറിൽനിന്നും അറിഞ്ഞാൽകൊള്ളാം? ഡാക്ടർമാർതന്നെ അവരുടെ തൊഴിൽ സംബന്ധമായ ഒരു ഫീസു ചുമത്തുന്നില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): ഒരു സന്ദർശനത്തിനു നിശ്ചയിച്ചിട്ടുള്ള ഫീസ് (ഫീ) പതിനഞ്ചുരൂപയാണ്.

മി: കെ. ജാർജ് (ഗവൺമെന്റു ചീഫ് സെക്രട്ടറി): ഒരു സന്ദർശനത്തിനാണോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതെ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): മദ്രാസ് സംസ്ഥാനത്തിൽ ഈ മാതിരി സമ്പ്രദായം ഇല്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഇല്ല.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): അവിടെ ഗ്രാമങ്ങൾ ഒന്നായി ചേർന്നിരിക്കുന്നതുകൊണ്ട് അവിടത്തെ ഡാക്ടർക്കും പ്രൈവററ് പ്രാക്ടീസ് കൂടാതെയും ചികിത്സിക്കത്തക്ക സൗകര്യത്തിലല്ല അവിടത്തെ ഏർപ്പാട്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അവിടെ പ്രൈവററ് ഡാക്ടർമാർ ധാരാളം ഉണ്ട്. ആളുകൾ അവരുടെ അടുക്കൽ ചികിത്സയ്ക്കു ധാരാളമായി പോകും. ഇവിടത്തെ ഡാക്ടർമാരെക്കാൾ പഠിപ്പു കൂടുതലാണ് ബ്രിട്ടീഷിന്ത്യയിലെ ഡാക്ടർമാർക്കുള്ളത്.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമിച്ച മെമ്പർ): നമ്മുടെ ഇവിടെ വൈദ്യസഹായത്തിനു തീരെ സൗകര്യമില്ല. അതിനെ നിർണ്ണയിക്കുകയാണെങ്കിൽ വേണ്ടവിധത്തിലുള്ള ആളുകൾ ഉണ്ടാകുകയില്ലെന്നാണോ ഭയം?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): നിർണ്ണയിച്ചുവെച്ചാൽ ചീത്തമനുഷ്യരായിട്ടുള്ളവർ നല്ലവണ്ണം ചികിത്സിക്കണമെന്നില്ലല്ലോ. അതിനാൽ നിർണ്ണയിക്കാൻ പ്രയാസമാണ്. നിർണ്ണയിക്കുന്നതുകൊണ്ടു പൂർണ്ണമായ പ്രയോജനം കിട്ടും എന്നു ആരും തീർച്ചയായി പറഞ്ഞുകൂടല്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അങ്ങനെ നിശ്ചയിക്കുന്നതുകൊണ്ടു ദോഷമൊന്നുമില്ലല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ഗുണവും ദോഷവും ഉണ്ട്.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമിച്ച മെമ്പർ): അങ്ങനെ ഉണ്ടെങ്കിൽ ആ ദോഷങ്ങളെ സംബന്ധിച്ചു പരാതിപറയാനും ഒക്കുമല്ലോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): പരാതിപറയാൻ ഒക്കുമെങ്കിലും നല്ല മരുന്നു കൊടുത്തില്ലെങ്കിൽ എന്തുചെയ്യും?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): വ്യവസ്ഥചെയ്യുന്നതുനിമിത്തം ഡാക്ടർമാരുടെ വരവു കുറഞ്ഞുപോയാൽ ദോഷം എന്താണ്?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): വ്യവസ്ഥകൊണ്ടു വിശേഷിച്ചു ഗുണം ഉണ്ടെങ്കിൽ മാത്രമല്ലേ അതിനെപ്പററി ആലോചിക്കേണ്ടതുള്ളൂ.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ചിലർക്കല്ലേ ദോഷമുണ്ടാകുകയുള്ളൂ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): ജനങ്ങൾക്ക പൊതുവേ അതുകൊണ്ടു ദോഷം ഉണ്ടാകുമോ എന്നു സംശയിക്കുന്നു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): പൊതുവെ ദോഷമില്ലാത്തതുകൊണ്ട് അങ്ങനെ ഒരു വ്യവസ്ഥചെയ്യുന്നതുകൊണ്ടു വിരോധമുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): നല്ല സ്വഭാവമുള്ളവരെ വ്യവസ്ഥയില്ലാതെതന്നെ നിയന്ത്രിക്കാൻകഴിയും. ചീത്ത ആളുകളോടുചെന്നു ഇന്ന മരുന്നു കൊടുക്കണം എന്നു പറയാൻ സാധിക്കുകയില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): ചീത്തഡാക്ടർമാരായതുകൊണ്ടു നല്ലമരുന്നുകൾ കൊടുക്കുന്നില്ല എന്നു പരാതിപറയാൻ സംശയിക്കുന്നു. അതുകൊണ്ടു അവരെ നിയന്ത്രണംചെയ്താൽ കുറേക്കൂടി ചീത്തയായി പ്രവർത്തിക്കുമെന്നാണോ സംശയം. അവരെ ഒരു വ്യവസ്ഥയ്ക്കു അധീനമാക്കാതിരുന്നാൽ ചീത്തകൾ കുറേക്കൂടി വർദ്ധിക്കയില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): പരാതി ഉണ്ടായാൽ ശിക്ഷിക്കാം. ചീത്തസ്വഭാവമുള്ളവരെ എന്തുചെയ്യും?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അങ്ങനെ ചീത്തയായിവന്നാൽ അവരെ ചീത്തക്കാരാണെന്നു ജനങ്ങൾക്കു കുറേക്കൂടി എളുപ്പത്തിൽ പ്രത്യക്ഷപ്പെടുത്താൻ സാധിക്കുകയില്ലേ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): അതിനു സാധിക്കുമെന്നു തോന്നുന്നില്ല.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഒരു ചീത്തമനുഷ്യൻ പണം വാങ്ങിച്ചാൽ നല്ലപോലെ ചികിത്സിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസർ): എന്നുപറഞ്ഞില്ല. അയാളോടു നല്ല മരുന്നു കൊടുക്കണമെന്നു നിർബന്ധിക്കാൻ സാധിക്കയില്ല എന്നാണ് പറഞ്ഞത്.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഫീസ് കൂടുതൽ മേടിക്കുമെന്നുള്ളതിനെപ്പററി അന്വേഷണം നടത്തിയോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): പരാതി ഉണ്ടെങ്കിൽ അന്വേഷണം നടത്താം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): ഇതിൽ ഒരു വ്യവസ്ഥചെയ്യേണ്ടതു അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെട്ടാൽ അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാമോ?

ഡാക്ടർ കെ. രാമൻതമ്പി (ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ): കൂടുതൽ അത്യാവശ്യം ആണെങ്കിൽ അങ്ങനെ ചെയ്യാം.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും-തൊടുപുഴയും): എന്നാൽ പ്രമേയത്തെ ഞാൻ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചുകൊള്ളുന്നു.

പ്രസിഡൻറ്: ഈ പ്രമേയം പിൻവലിക്കാൻ സഭ അനുവദിക്കുന്നുണ്ടോ?

അനുമതിപ്രകാരം പ്രമേയം പിൻവലിക്കപ്പെട്ടു.

സർക്കാർജീവനത്തിൽ സമുദായപ്രാതിനിധ്യം വേണ്ടതാണെന്നുള്ള പ്രമേയം.

പ്രസിഡൻറ്: മി. കയ്യാക്കോസിന്റെ പേരിൽ നിൽക്കുന്ന അടുത്ത പ്രമേയത്തിലേക്ക സഭ ഇപ്പോൾ പ്രവേശിക്കുന്നതാണ്:

സർക്കാർജീവനത്തിൽ ഒഴിവുകളെ പരസ്യപ്പെടുത്തുകയും സർക്കാർജീവനത്തിൽ സമുദായപ്രാതിനിധ്യം സ്വീകരിക്കയും ചെയ്യുക.

മി: എ. സി. കയ്യാക്കോസ് തിരുവിതാംകൂർ പബ്ളിക്സർവീസിലെ വിവിധഡിപ്പാർട്ടുമെൻറുകളിലെ ഗ്രേഡുകളിലും അടുത്ത 8 വർഷകാലത്തേക്ക നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷകൾ ക്ഷണിക്കുകയും ആ ഡിപ്പാർട്ടുമെൻറിൽ ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി ഏററവും കുറഞ്ഞ പ്രാതിനിധ്യം ഉള്ള വർഗ്ഗത്തിൽപെട്ട അപേക്ഷകന്ന തിരുവിതാംകൂർ സർവീസുചട്ടങ്ങളിൽ നിശ്ചിതഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതയിൽ കുറവില്ലാത്ത പരീക്ഷായോഗ്യതയുണ്ടെന്ന പക്ഷം മുൻഗണന നൽകയും, ഓരോ ഗ്രേഡിലേക്കും സർവീസിൽ ഇരിക്കുന്നവരിൽനിന്നു. നിയമിക്കുന്ന വിഷയത്തിലും ഈ നയത്തെത്തന്നെ അനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്നു ഈ സഭ ഗവൺമെൻറിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

മി: എ. സി. കയ്യാക്കോസ (മാവേലിക്കരയും ചെട്ടികുളങ്ങരയും): സർ, എന്റെപേരിലുള്ള അടുത്ത പ്രമേയത്തെ ഞാൻ ഈ സമേതമായി അവതരിപ്പിച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ പബ്ളിക്സർവീസിലെ വിവിധഡിപ്പാർട്ടുമെൻറുകളിലേയ്ക്കും ഗ്രേഡുകളിലേയ്ക്കും അടുത്ത 8 വർഷകാലത്തേയ്ക്കു നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ടുമെൻറിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷകൾ ക്ഷണിയ്ക്കുകയും ആ ഡിപ്പാർട്ടുമെൻറിൽ ജനസംഖ്യകണക്കിന് ഏററവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപെട്ട അപേക്ഷകന് തിരുവിതാംകൂർ സർവീസ് ചട്ടങ്ങളിൽ ഉദ്യോഗത്തിനു നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസയോഗ്യതകളിൽ കുറവില്ലാത്ത പരീക്ഷായോഗ്യതയുണ്ടെങ്കിൽ പ്രസ്തുത അപേക്ഷകന പ്രാമുഖ്യം നൽകുകയും ഓരോഗ്രേഡിലേക്കും സർവീസിൽനിന്നു നിയമനം നടത്തുന്ന വിഷയത്തിലും ഈ നയംതന്നെ അനുസരിച്ചു പ്രവർത്തിക്കയും ചെയ്യണമെന്നു ഈ കൌൺസൽ ഗവൺമെൻറിനോടു ശുപാർശ ചെയ്യുന്നു"

ഈ പ്രമേയം സമേതമായി അവതരിപ്പിയ്ക്കുമ്പോൾ അതിനെ ആസ്പദമാക്കി എന്റെ മാന്യസ്നേഹിതന്മാരും ഗവൺമെൻറുതന്നെയും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളെക്കുറിച്ചു ഇവിടെ പ്രത്യക്ഷപ്പെടുത്തണം എന്നു ഞാൻവിചാരിക്കുന്നു. തിരുവിതാംകൂർരാജ്യത്തിൽ അധിവസിച്ചുവരുന്ന വിവിധജാതിമതസ്ഥന്മാരായ ആളുകൾ രാജ്യത്തിലെ പൌരന്മാർ എന്നനിലയിൽ സഹോദരബുദ്ധിയോടുകൂടിയാണ് കഴിഞ്ഞുകൂടിയിരുന്നത്. ഇത ഇപ്പോൾ ഇവിടെ ഇരിക്കുന്ന എല്ലാവർക്കും നല്ലതിന്നണ്ണം അറിയാവുന്ന ഒരു പരമാർത്ഥം മാത്രമാണ്. ഇപ്പോഴും പ്രത്യേകമായ ചിലകാര്യങ്ങളിൽ ഒഴികെ പ്രദേശികങ്ങളായ ആവശ്യങ്ങളെ പുരസ്കരിച്ചു പ്രവർത്തിച്ചുവരുന്ന അവസരങ്ങളിലെല്ലാം ജനങ്ങൾ സമഭാവനയോടും സഹോദരബുദ്ധിയോടുംകൂടിത്തന്നെ പ്രവർത്തിച്ചുവരുന്നതും നമുക്കു നിഷ്പ്രയാസമായി കാണാം. രാജ്യത്തു വിവിധമേഖലകളിൽ കൂടുതൽ പ്രാധാന്യം ഉണ്ടാകുന്നതിലേയ്ക്കും സർവ്വത്ര സ്വാതന്ത്ര്യത്തെ വർദ്ധിപ്പിക്കുന്നതിലേക്കും ഏററവും ശക്തിയുക്തമായി പ്രവർത്തിയ്ക്കുന്നതിന് ഒരുമ്പെട്ടിട്ടുള്ള അവസരങ്ങളിലും മറെറാരോ അവസരങ്ങളിലും കാണുന്ന സഹൃദയത്വം ഇടയ്ക്കിടെ ഭേദപ്പെട്ടും ചിലപ്പോൾ മതസംബന്ധമായും മററുചിലപ്പോൾ വ്യക്തിപക്ഷപരമായും ചിന്തകളുടെ സമ്മതംകൊണ്ടു ഈർഷ്യാകലുഷമായ സമ്മിശ്രതയിൽ രൂപാന്തരപ്പെട്ടും ശ്രേയസ്കരമല്ലാത്ത ഒരു നിലയിൽ കാണപ്പെടുന്നതെന്നുള്ളതും എല്ലാവർക്കും ഇപ്പോൾ അറിയാവുന്നതാണ്. ഇതു ഏതു മനസ്ഥിതിയെ അല്ലെങ്കിൽ എന്തിനെ ആസ്പദമാക്കി പ്രകടിപ്പിക്കുന്ന വികാരങ്ങളാണ്. ഈ കാര്യം സമാധാനതല്പരരായി രാജ്യക്ഷേമത്തിൽ താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നവരായി അറിയപ്പെടുന്ന എല്ലാവരും ആലോചിക്കേണ്ട ഒരുവിഷയമാണ്. ഭരണവിഷയങ്ങളുമായുള്ള ബന്ധം രണ്ടുകൂട്ടർക്കും ലഭിക്കണം അല്ലെങ്കിൽ അതു കുറവാണെന്നുള്ള ബോധം ഓരോരുത്തരുടേയും എന്നുപറഞ്ഞാൽ സമുദായങ്ങൾ ഓരോന്നിന്റേയും ഇടയിൽ ഉണ്ടാകുകയും അതു വർദ്ധിച്ചുവരികയും ചെയ്തിട്ടുള്ളതു്. ഇത ഗവൺമെൻറുദ്യോഗവിഷയത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള ഒരു നവീനബോധം മാത്രമാണ്. എന്നാൽ മറെറാരോ കാരണവശാലും ഗവൺമെൻറിന്റെ നിയന്ത്രണങ്ങൾ കൊണ്ടും ഓരോരുത്തരും അവർക്ക വ്യക്തിപരമായ സ്വാധീനശക്തിയെ ഉപയോഗിച്ചു യഥേഷ്ടം അവകാശങ്ങളേയും അധികാരങ്ങളേയും രക്ഷിച്ചുകൊണ്ടുപോകുന്നതിനു പരിശ്രമിക്കയും ചെയ്തു. അവരവർക്ക ലഭിക്കേണ്ട അവകാശങ്ങളെല്ലാം ലഭിച്ചിട്ടുണ്ടെന്നു തൃപ്തിപ്പെടാവുന്ന സാഹചര്യത്തിലും യാതൊരു മനോഭാവവ്യത്യാസവും കൂടാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ജനങ്ങൾ തന്നെയും പലപ്പോഴും ഹിതാനുസരണം കാര്യങ്ങൾ നടത്തുവാൻ കഴിയാതെവരുമ്പോൾ മനസ്ഥിതി ഭിന്നിച്ചു സരണിമാറി ചരിച്ചുകൊണ്ടുപോകുന്നതിനുള്ള കാരണം എന്താണെന്നു ആലോചിക്കേണ്ടതുതന്നെയാണ്.

ഒരു കൂട്ടർക്ക അവകാശത്തിൽ കവിഞ്ഞും സ്ഥാനമുണ്ടായിരിക്കുമ്പോൾ മററുള്ളവർക്ക ലഭിക്കാനുള്ളതു ലഭിക്കുന്നതിനു കാലതാമസം നേരിടുന്നു. ഇങ്ങനെ കഴിയുന്നകാലത്തോളംതന്നെ രാജ്യത്തിൽ ഏതെങ്കിലും തരത്തിൽ മത്സരം ഉണ്ടായിക്കൊണ്ടിരിക്കുമെന്നുള്ളതു തീർച്ചയാണ്. ഈ അവസ്ഥയെ ഇനിയും പരിരക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണെന്നു ചിന്തിക്കുന്നതിൽ ഒരു സന്ദർഭവുമാണ് ഇത്. ഈ വിഷയത്തെ ആസ്പദമാക്കി ഈ കൌൺസിലിലും ജനപ്രതിനിധികൾ ധാരാളമായി വന്നുകൊണ്ടിരിയ്ക്കുന്ന പ്രജാസഭയിൽതന്നെ

ദേയു അനേകം പ്രാവശ്യം അനേകം തരത്തിൽ വർഗ്ഗീയപ്രാതിനിധ്യം സ്ഥാപിക്കേണ്ട ആവശ്യം രാജ്യശ്രേയസ്സിനും സമാധാനത്തിനും ഏറ്റവും ആവശ്യമായിരിക്കുന്നുണ്ടെന്ന സമുദായനേതാക്കന്മാരായ അനേകം ചിന്തകന്മാർപറഞ്ഞുകേട്ടും ചിന്തിച്ചുംകൊണ്ടിരിക്കാറുണ്ട്. അങ്ങനെയുള്ള ഒരു വിഷയമായതുകൊണ്ടു ഈ തത്വം സ്ഥാപിക്കാതയിരുന്നാലുണ്ടാകാമെന്നുള്ള ദോഷങ്ങളെപ്പററി മാത്രമേ ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നുള്ളു.

൩൦ ലക്ഷം എന്നുള്ളതു ഇപ്പോൾ ൫൫ ലക്ഷത്തോളം വരുന്ന ഒരു ജനശേഖരമായി നാട്ടിലെ ജനസംഖ്യ വർദ്ധിച്ചിട്ടുണ്ട്. വർദ്ധമാനമായ ഈ ജനശേഖരത്തിന് പൗരാവകാശസാമ്യത്തിനായി നിവേദനങ്ങളും വാദങ്ങളുമായി സമയവ്യയം ചെയ്യേണ്ടിവരുന്നതു വളരെ കഷ്ടതയെ ഉണ്ടാക്കുന്ന ഒരു അവസ്ഥയാണ്. തിരുവിതാംകൂറിലെ ജനതതിയുടെ ഒരുഭാഗം ഒരുകാലത്തു വിദ്യാഭ്യാസവിഷയത്തിൽമാത്രം ശ്രദ്ധിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. അക്കാലത്തു ആ ജനസമുദായത്തിലെ ഇതരഭാഗം ഭിന്നവർഗ്ഗക്കാർ എന്ന നിലയിൽ ദേശകൃതിയെ ആശ്രയിച്ചു തൊഴിൽപരമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. അന്നു ഗവർമ്മെന്റുദ്യോഗസ്ഥന്മാർ വിദ്യാഭ്യാസത്തിൽ ഉയർന്നവരായിരുന്നതുകൊണ്ട് അവർതന്നെ രാജ്യഭരണകൃത്യങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ ആർക്കും അതിൽ സങ്കടമില്ലായിരുന്നു. അന്നു സമഭാവനയ്ക്കും വലിയ ഭേദമൊന്നും വന്നിരുന്നില്ല. രാജ്യത്തിൽ ഒട്ടാകെ വിദ്യാഭ്യാസരുചിയും തന്നിമിത്തം ജനസാമാന്യത്തിന്റെ ഇടയിൽ രാജ്യഭരണപരമായ വിദ്യാഭ്യാസവും വർദ്ധിച്ചുകൊണ്ടിരുന്നു. ക്രമേണ ഉദ്യോഗസ്ഥന്മാർ അവരവർ അവരവരുടെ ഭരണനിർവ്വഹണത്തിൽ സ്വാർത്ഥപ്രത്യക്ഷപ്പെടുത്തിത്തുടങ്ങി. അപ്പോൾ മററുള്ളവർക്ക് അവകാശമുള്ളതു നല്കുന്നില്ല എന്നായി. തങ്ങൾക്കും രാജ്യകാര്യങ്ങളിൽ പങ്കുകൊള്ളുവാൻ അവകാശമുണ്ടെന്നുള്ള ഒരു ബോധം മററുള്ളവരുടെ ഇടയിൽ ഉണ്ടായി വളർന്നുവന്നു. ആളുകൾ ഈ സ്ഥിതിയിൽ മുന്നോട്ടുവന്നുതുടങ്ങിയപ്പോൾ ആധിപത്യം പിടിച്ചുവന്നവർക്ക് ഭരണസംബന്ധമായ അവകാശങ്ങൾ ഏററവും കൂടുതലായിട്ടു ലഭിച്ചിരിക്കുന്നുഎന്നും മററുള്ളവർക്ക് അർഹമായതു കൊടുക്കുവാൻ പ്രതിപത്തി പ്രദർശിപ്പിച്ചുവരുന്നില്ലെന്നും ബോധപ്പെട്ടു. ഇങ്ങനെ ലഭിച്ചിട്ടുള്ളതായ അവകാശത്തെ സംരക്ഷിച്ചുകൊണ്ടുപോകണം. ഇതു ജന്മസിദ്ധമായ ഒരവകാശമാണെന്നു വിചാരിച്ചും അതിനെ സംരക്ഷിക്കണമെന്നു ഭാവിച്ചും ഒരു കൂടുതൽ നിർബന്ധം പിടിച്ചു കാലം കഴിച്ചു പോരുന്നുണ്ട്. ഇതു മനുഷ്യസ്വഭാവികതയ്ക്കു അപ്പുറമായിട്ടുള്ള ഒരു ദോഷാംശമല്ലെന്നും കേവലം സ്വാഭാവികം മാത്രമാണെന്നും നിസ്സംശയം പറയാം. എന്നാൽ സർക്കാരുദ്യോഗങ്ങൾ ആവശ്യപ്പെട്ടുവരുമ്പോൾ ദീർഘകാലത്തേയ്ക്കു രാജ്യത്തിന്റെ ക്ഷേമത്തിനായി വ്യവസായപരമായും കൃഷിവിഷയമായും പ്രവർത്തിച്ചുകൊണ്ടുവന്നിരുന്ന ആളുകളുടെമേൽ നികുതിചുമത്തി അവരെ ഭരിക്കാനും രാജ്യക്ഷേമത്തെ അന്വേഷിക്കാനുമായി അവരിൽനിന്നു ലഭിക്കുന്ന ആദായത്തിൽനിന്നുതന്നെ ശമ്പളം വാങ്ങി അനുഭവിച്ചുകൊണ്ടിരിക്കുന്ന ആളുകൾ കഠിനഹൃദയരായി പ്രജാനിയന്ത്രണവിഷയത്തിൽ ഏതേതുവിധം ചുമതല വഹിച്ചുകൊണ്ടു പോരുന്നു എന്നുള്ളതും മററുള്ളവർക്കും നന്നായിട്ടു ബോദ്ധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട് എന്നുകാണാം. ഇങ്ങനെയുള്ള ഭരണനിർവ്വാഹകന്മാരുടെ കൂട്ടത്തിൽ തങ്ങൾക്കുകൂടി സ്ഥാനങ്ങൾ ലഭിക്കാതെയിരുന്നാൽ ഉണ്ടാകാംഎന്നുള്ള ദോഷത്തെപ്പററി ആ തരം ജനങ്ങൾ അറിഞ്ഞുകഴിഞ്ഞപ്പോൾ അവർക്കും ഈ അവകാശങ്ങൾ കിട്ടുന്നതിനു മുന്നോട്ടുവന്നു തുടങ്ങി. ആ അവസരത്തിൽ മററുള്ളവർ ഓരോതരത്തിലുള്ള പ്രതിബന്ധങ്ങൾ ഉണ്ടാക്കിയും മററും കാര്യങ്ങൾ അമാന്തത്തിലാക്കിക്കൊണ്ടുപോരുന്നു.

പൊതുമുതൽകൊണ്ടു സംരക്ഷിക്കപ്പെടുന്ന എല്ലാസ്ഥാപനങ്ങളിലും പ്രവേശിക്കുന്നതിനു എല്ലാജാതിമതസ്ഥന്മാരും ഒരുപോലെ അർഹന്മാരാണ് എന്നുള്ള തത്വം ഇവിടെ ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. അങ്ങനെയുള്ള മനസ്ഥിതിയോടുകൂടിയിരിക്കുന്ന തിരുവിതാംകൂറിലെ ജനങ്ങളുടെ പൊതുമുതലിൽ വലിയ ഒരു അംശം പ്രതിവർഷം ശമ്പളമായി പൊയ്ക്കൊണ്ടിരിക്കുന്നുണ്ടു. അതിലും ന്യായമായ ഒരു ഭാഗത്തിനുള്ള അവകാശങ്ങൾ മററുള്ളവർക്കും ലഭിക്കേണ്ടതാണ് എന്നാണ് ഈ വാദത്തിന്റെ പ്രബലമായ ചുരുക്കം എന്നുപറയാം. ദീർഘകാലമായി തങ്ങളെ ഭരിച്ചുകൊണ്ടിരിക്കുന്ന സ്ഥാനങ്ങളിൽ തങ്ങൾക്കുകൂടി സ്ഥാനം കിട്ടണം. അതിലേയ്ക്കു അർഹന്മാരും യോഗ്യന്മാരുമായ ആളുകൾ തങ്ങളുടെ ഇടയിൽ ഉണ്ടു എന്നു പറഞ്ഞുകൊണ്ടു അവകാശം നല്കപ്പെട്ടിട്ടില്ലാത്ത സമുദായങ്ങൾ മുമ്പോട്ടുവരുമ്പോൾ ചുമതലബോധം ഉള്ള ആളുകൾ അതിനു ശ്രദ്ധപതിക്കാതിരുന്നാൽ രാജ്യക്ഷേമവും സമാധാനവും എങ്ങനെയുണ്ടാകുമെന്നു ഇവിടെ ഞാൻ വിനീതമായി ഒന്നാലോചിച്ചുകൊള്ളട്ടെ.

മുൻപു വിദ്യാഭ്യാസയോഗ്യതയില്ലായിരുന്നു. അന്നുമററുള്ളവർ ഉദ്യോഗങ്ങൾ കരസ്ഥമാക്കി ഭരിച്ചുകൊണ്ടിരുന്നു. എന്നാൽ അന്നു അസമത്വസമുദായങ്ങൾ അസന്തുഷ്ടി പ്രദർശിപ്പിച്ചില്ല. ഇന്നു അവരുടെ സ്ഥിതി അതല്ലാ. അവർക്ക് അർഹതയും യോഗ്യതയും ഉണ്ട്. അവർക്ക് അവകാശമുള്ളതുകിട്ടണം. അതിനെ ആരും പ്രതിബന്ധിക്കരുത്. ഇതാണ് അസമത്വപരിഹാരത്തിനായുള്ള അപേക്ഷയുടെ ഗണനീയമായവശം. പഴയ ഒരു കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം എന്റെ ഈ പ്രമേയത്തിന്റെ ഉദ്ദേശം വളരെ അധികമായിട്ടൊന്നും പരാമർശിക്കുന്നില്ല. ഭാവികാലചിന്തയാലത്രേ ഈ അവസരത്തെ നാം വിനിയോഗിക്കേണ്ടത്. കഴിഞ്ഞതുകഴിഞ്ഞുപോയി പൊയ്ക്കൊള്ളട്ടെ.

തിരുവിതാംകൂറിൽ ഇപ്പോൾ ഉദ്യോഗസംബന്ധമായി ഓരോരുത്തർക്കുമുള്ള സ്ഥാനം എന്താണെന്നുള്ളതു ഈ കൗൺസിലിൽ പ്രതിവർഷം കൊടുക്കാറുള്ള പല പട്ടികകളിൽനിന്നുതന്നെ സ്പഷ്ടമായിട്ടറിയാം. റവന്യൂഡിപ്പാർട്ടുമെന്റ് ദേവസ്വം ഡിപ്പാർട്ടുമെന്റിനോടു സംബന്ധപ്പെട്ടിരുന്നകാലത്തു പലർക്കും റവന്യൂഡിപ്പാർട്ടുമെന്റിലേക്കുള്ള പ്രവേശനത്തിനു തടസ്ഥമുണ്ടായിരുന്നു. ആ പ്രതിബന്ധം മാററി ദേവസ്വം ഒരു പ്രത്യേകം ഡിപ്പാർട്ടുമെന്റാക്കിതീർത്തിട്ടുണ്ട്. ഈ പ്രതിബന്ധം നീക്കപ്പെട്ടിട്ടും ഇപ്പോൾ അർഹതയുള്ള ആളുകൾക്കു വേണ്ടടത്തോളം ഉദ്യോഗം കിട്ടാതിരിക്കുന്നതിനു കാരണമെന്താണ്. ഇതു പ്രബലമായ ഒരു ചിന്താവിഷയമാണ്. എന്തെന്നാൽ ഉദ്യോഗം കിട്ടാതിരിക്കുന്നവർ വളരെ ഹൃദയവേദനയോടുകൂടിയാണിരിക്കുന്നതു്. എന്നാൽ അർഹതയ്ക്കനുസരിച്ചു കാലക്രമേണ അവർക്കും പ്രവേശനം ഉണ്ടാകും എന്നുള്ളതു ഒരു മനോഭാവം പ്രദർശിപ്പിച്ചുകൊണ്ടു അധികൃതന്മാർ ഇരിക്കുന്നതേയുള്ളു. നിയമനം മുറയ്ക്കു നടക്കുന്നുണ്ട്. അസമത്വപരിഹാരം മാത്രം ഉണ്ടാകുന്നില്ല

ഗവൺമെന്റുദ്യോഗത്തെ സംബന്ധിച്ചിടത്തോളം അവകാശമുള്ള സ്ഥാനങ്ങളിൽ ഓരോരുത്തർക്കും ന്യായമായ അവകാശം കിട്ടണം എന്നു പറകയല്ലാതെ ഉദ്യോഗസംബന്ധമായ അവകാശം എനിക്കു വേണമെന്നോ എന്നെ സംബന്ധിച്ചവർക്കു വേണമെന്നോ ഉള്ള അഭിപ്രായമല്ലാ ഇവിടെ കൊണ്ടുവരുന്നതു്. ആകെക്കൂടെ അവകാശം ഉണ്ടോ അവർക്കൊക്കെ കൊടുക്കപ്പെടേണം. ഇങ്ങനെ അവകാശം ലഭിക്കാനുള്ള സമുദായങ്ങൾ രാജ്യത്തിൽ പലതുമുണ്ടു്. കത്തോലിക്ക് സമുദായം ഉദ്യോഗസംബന്ധമായ അസമത്വം വളരെ അധികം അനുഭവിക്കുന്നുണ്ടു്. കഴിഞ്ഞ കർക്കടകം കൗൺസിലിൽ പ്രതിനിധികൾ ആവശ്യപ്പെട്ടിട്ടു ഗവൺമെന്റു കൊടുത്ത പട്ടികകളും ഇന്നുതന്നെ കൊടുത്തിട്ടുള്ള പാർവ്വത്യകാരന്മാരുടെ ജാതിതിരിച്ചുള്ള പട്ടികയും ഇതിനു ലക്ഷ്യദൃഷ്ടാന്തങ്ങളാണു്.

മി: ആർ. രാമൻപിള്ള (കോട്ടയം). ഈഴവസമുദായത്തിൽപെട്ടവർക്കും ഉദ്യോഗസംബന്ധമായ അസമത്വം ഉണ്ടെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): എന്റെ പ്രസംഗം തീരുന്നതുവരെ ക്ഷമിച്ചു കേട്ടു് ഒടുവിൽ വിശദമാകാത്ത ചോദ്യങ്ങൾ ചോദിച്ചാൽ സമാധാനം പറയാം.

എന്റെ സമുദായത്തെപ്പററി എനിക്കു കൂടുതൽ അറിയാവുന്നതുകൊണ്ടു ഞാൻ അതു പറഞ്ഞു എന്നല്ലാതെ അതുപോലെയുള്ള മററു സമുദായങ്ങളും ഉണ്ടെന്നുള്ള കഥ ഞാൻ വിസ്മരിക്കയോ വിട്ടുകളകയോ ചെയ്തിട്ടില്ലെന്നും അങ്ങനെചെയ്വാൻ വിചാരിക്കുന്നില്ല എന്നും ശ്രദ്ധിച്ചു കേൾക്കുന്നതായാൽ മനസ്സിലാക്കാൻ പ്രയാസമില്ല. ഒരുവിധത്തിൽ നോക്കുമ്പോൾ ഈഴവസമുദായം മഹമ്മദീയ സമുദായം മററനേകം സമുദായങ്ങൾ ഇവയ്ക്കുള്ള സ്ഥാനം എന്തു്? പല കൊല്ലങ്ങൾക്കുമുമ്പു സർവീസിൽ ഉണ്ടായിരുന്ന സ്ഥാനം ഇന്നുണ്ടോ? ഈഴവർക്കു കിട്ടണം എന്നു പറഞ്ഞതൊക്കെയോ അവകാശം ഉള്ളതൊക്കെയോ കൊടുത്തുകഴിഞ്ഞിട്ടുണ്ടോ? ഈ വക ആലോചനകൾക്കും ഇതിൽ സ്ഥാനമുണ്ടു്.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമിച്ച മെമ്പർ): മഹമ്മദീയർക്കു എല്ലാം കിട്ടിക്കഴിഞ്ഞുവോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ചില സ്ഥാനങ്ങളിൽ മഹമ്മദീയർക്കു കിട്ടിയിട്ടും ഉണ്ടായിരിക്കാം. ചോദ്യങ്ങളെല്ലാം ഒടുവിൽ ചോദിക്കാൻ അപേക്ഷ.

ഇങ്ങനെ കത്തോലിക്കർ, മഹമ്മദീയർ, ഈഴവർ ഇവരുടെ കാര്യം ഓരോരുത്തർ പറയുമ്പോൾ ഇവരെക്കാൾ പ്രാധാന്യം കുറഞ്ഞ പുലയർ, പറയർ മുതലായവരുടെകാര്യം എന്താണ് പറയാത്തതു് എന്നു ആരെങ്കിലും ചോദിക്കുകയാണെങ്കിൽ മറുപടി പ്രയാസമാണു്. ഇന്നു കത്തോലിക്കർക്കുവേണ്ടി ഞാൻ ഗവൺമെന്റിനോടു അല്ലെങ്കിൽ ഈ കൗൺസിലിനോടു പറയുന്നതു കത്തോലിക്കർക്കു ന്യായമായ അവകാശം കൊടുക്കണം എന്നു മാത്രമാണ് എന്നിരിക്കട്ടെ, എന്നാൽ കത്തോലിക്കന്റെ അപേക്ഷയുള്ളപ്പോൾ ആ സ്ഥാനത്തു യോഗ്യതയുള്ള ഒരു പുലയൻ അർഹനായിവന്നു് അവകാശം ചോദിക്കുകയാണെങ്കിൽ അവനു പ്രാഥമ്യം നല്കരുതു് എന്നു ഞാൻ പറയുന്നില്ല. നേരെമറിച്ചു ആർക്കു അധികം അസമത്വമുണ്ടോ അവർക്കു പ്രാഥമ്യം നല്കണം എന്നാണ് എന്റെ അഭിലാഷവും അഭിപ്രായവും.

''ഞങ്ങളുടെ സമുദായം ഇതുവരെ അസമത്വം അനുഭവിച്ചുവന്നിരുന്നു. ഇപ്പോൾ ഭരണകാര്യങ്ങളിൽ പങ്കുകൊള്ളുന്നതിനു ശേഷിയും യോഗ്യതയുമുള്ളവർ സമുദായത്തിൽ സുലഭമായി ഉണ്ടു്. ഞങ്ങൾക്കു അർഹമായതു തരണം എന്നു ആവശ്യപ്പെടുമ്പോൾ അർഹതനോക്കി ഏററവും കുറവായി ഉദ്യോഗം ലഭിച്ചിട്ടുള്ള സമുദായത്തിലെ അപേക്ഷകനു ഒന്നാമത്തെസ്ഥാനം നല്കണമെന്നുള്ളതിൽ ആർക്കും പക്ഷാന്തരത്തിനു അവകാശമില്ലാത്തതാണ്. വളരെക്കാലം അസമത്വം അനുഭവിച്ചതിനു ശേഷമാണ് കത്തോലിക്കർ തുടങ്ങിയുള്ളവർ ഇങ്ങനെ വാദിക്കുന്നതു്. ഇങ്ങനെ ഒരു വാദത്തിനിടയാകാതെ കഴിക്കേണ്ടതായിരുന്നു. പക്ഷേ നിയമനാധികാരികളുടെ മനോഭാവവൈപരീത്യം ഇതിനിടയാക്കിത്തീർത്തിട്ടുള്ളതാണ്. അവർക്ക് പഠിപ്പുണ്ടാകുന്നതുവരെ ആ തരം ഉദ്യോഗങ്ങൾ കൊടുക്കണം എന്നു ആരും ആവശ്യപ്പെടുകയില്ല. ഇനിയും ഒരു ഇരുപതു വർഷത്തിനകം പുലയരുടെ സ്ഥിതി എത്രയോ നന്നാകാൻ ഇടയുണ്ടു്. അപ്പോൾ ഒരു പുലയനും വന്നു ചോദിക്കുകയാണെങ്കിൽ മററുള്ളവരെ അപേക്ഷിച്ചു പ്രാഥമ്യം ആ പുലയനു നല്കയാണ് വേണ്ടതു്.

ഇപ്പോൾ ഇരിക്കുന്നവരെല്ലാം ഇതേനിലയിൽ നിയമനം നടത്തിക്കൊണ്ടിരുന്നുകൊള്ളട്ടെ. മേലാൽ ഉണ്ടാകുന്ന ഒഴിവുകളിൽ ന്യൂനതയുണ്ടാകാതെ നിയമനങ്ങൾ നടത്തുന്നകാര്യം നോക്കിക്കൊള്ളാം എന്നുവരുന്നതിൽ പല അനുഭവങ്ങളും ഉണ്ടു്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിനെപ്പററി പറഞ്ഞപ്പോൾ ഇന്നു ഇവിടെ പ്രസ്താവിച്ചതുപോലെതന്നെ മററനേകം ഡിപ്പാർട്ടുമെന്റുകളിലും ചില നിറംപിടിച്ച ആളുകൾ ഉണ്ടു്. അങ്ങനെയുള്ള അനേകം ഉദ്യോഗസ്ഥന്മാരെ എനിക്കുതന്നെ അറിയാം. അവർ അവരുടെ താഴെ അവരോടു പ്രത്യേകം ബന്ധമുള്ള ആളുകളെ മാത്രമേ നിയമിക്കുകയുള്ളു. ഒരു ഒഴിവുണ്ടാകുമ്പോൾ അവരുടെ ബന്ധുക്കൾക്കു പ്രത്യേകം അറിയാം. മററുള്ളവർക്കു അറിവുകിട്ടുവാൻ യാതൊരു മാർഗ്ഗവുമില്ല. പലതരത്തിലും അറിവുകിട്ടി അപേക്ഷയുമായി ചെല്ലുമ്പോൾ ഉദ്യോഗനിയമനം കഴിഞ്ഞിരിക്കും. അതിനാൽ ഇങ്ങനെയുള്ള ഒഴിവുകൾ ഉണ്ടാകുമ്പോൾ പ്രത്യക്ഷമായി പരസ്യംചെയ്തു അപേക്ഷകന്മാരെ ക്ഷണിക്കണം അസമത്വം അനുഭവിക്കുന്നവരും അർഹന്മാരുമായ ആളുകളെ തെരഞ്ഞെടുത്തു നിയമിക്കയുംവേണം.

തുല്യനിലയിൽ പരീക്ഷായോഗ്യതയുള്ള ഒരു പുലയനും ഒരു കത്തോലിക്കനും ഒരു ഉദ്യോഗത്തിനു അപേക്ഷകന്മാരായിവരുമ്പോൾ പുലയന്റെ അവകാശം പരിഗണിച്ചുകഴിഞ്ഞിട്ടു കത്തോലിക്കനു അവകാശം നല്കിയാൽമതി. അതുപോലെതന്നെ ഒരു മഹമ്മദീയനും ഒരു കത്തോലിക്കനും അപേക്ഷകന്മാരായി വരുമ്പോൾ കത്തോലിക്കർക്കു കൂടുതൽ പ്രാതിനിധ്യം ആ വകുപ്പിൽ ഉണ്ടെന്നു കാണുകയാണെങ്കിൽ കത്തോലിക്കനെ നിർത്തിയിട്ടു മററെ അപേക്ഷകനു ഉദ്യോഗം കൊടുക്കുക ഞങ്ങൾക്കു അതിൽ തർക്കമോ സങ്കടമോ ഇല്ല.

൫൦ ലക്ഷം ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളെ കാംക്ഷിക്കുന്ന ഗവൺമെന്റ് ഈ ക്ഷേമൈശ്വര്യങ്ങളെ മുൻനിർത്തി പ്രവർത്തിച്ചുപോരുമ്പോൾ വ്യവസ്ഥകളെ ലംഘിച്ചും പ്രത്യേകതരത്തിലുള്ള ഒരു മനസ്ഥിതിയോടുകൂടിയും ഇരിക്കുന്നവരെന്നു കാണപ്പെടുന്ന ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളെപ്പററി കൂടുതൽ ശ്രദ്ധ പതിക്കേണം എന്നുള്ളതു മുഖ്യമായ ഒരു കാര്യമാണ്.

ഇപ്പോഴത്തെ ഉദ്യോഗസ്ഥന്മാരിൽ പലരും സ്വന്തം ആളുകളെ ആക്ടിങ്ങായി നിയമിച്ച് അവകാശം നല്കി വച്ചുകൊണ്ട് സ്ഥിരം ഒഴിവുകൾ വരുമ്പോൾ ഈ ആക്ടിങ് അവകാശത്തെത്തന്നെ പ്രഥമാവകാശമായി ഗണിച്ച് അവർക്ക് സ്ഥിരമായി ഉദ്യോഗങ്ങൾ നല്കുന്നുണ്ട്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽ ആക്ടിങ്ങ്കാരെയെല്ലാം നിയമിച്ചശേഷമേ മററുള്ളവർക്ക് പ്രവേശനം നല്കാൻ തരമുള്ളു എന്ന് ഇന്ന് ഇവിടെവച്ച് ഒരു ചോദ്യത്തിന് മറുപടി പറയുകയുണ്ടായി. ഇതുപോലെ മററു ഡിപ്പാർട്ടുമെൻറിലും ആക്ടിംഗ്കാർ സുലഭമായിട്ടുകാണും. ആ സ്ഥിതിക്ക് ഇനിയും ഒരു പത്തുവർഷക്കാലത്തേക്ക് ആവക ഡിപ്പാർട്ടുമെൻറുകളിൽ ഇതരന്മാർക്ക് പ്രവേശനത്തിന് അവകാശമേ ഉണ്ടാവുകയില്ലെന്നാണ് എൻെറ അഭിപ്രായം. ആക്ടിംഗ്പണി പിന്നെയും തുടരുകയും ചെയ്യുമല്ലോ. അതുകൊണ്ട് ആക്ടിംഗ് അവകാശത്തിന് ഇങ്ങനെ പ്രാധാന്യം കൊടുത്തുകഴിഞ്ഞാൽ അസമത്വം അനുഭവിക്കുന്നതിൽ സങ്കടക്കാരായ മററുള്ളവരുടെ സ്ഥിതി എന്ത്? വർഗ്ഗീയമനസ്ഥിതിയോടുകൂടിയിരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് തൻെറ കീഴിലുള്ളവരെ രണ്ടോ മൂന്നോ ദിവസത്തെ അവധിയെടുപ്പിച്ച് തൻെറ സ്വന്തം ആളുകൾക്ക് ആ സ്ഥാനത്ത് ഒരു ആക്ടിംഗ്ജോലി കൊടുത്ത് ആക്ടിംഗ് അവകാശം സ്ഥിരജോലിക്കുള്ള സോപാനമായി സ്ഥാപിച്ച് ഉദ്യോഗം സമ്പാദിച്ചുകൊടുക്കുന്നതിന് നിഷ്പ്രയാസമായി കഴിയും. അപ്പോൾ ഈ അവകാശവാദവും നടത്തിക്കൊണ്ടുപോകുന്നവർക്ക് ഒരു ഗുണത്തിലും ഒന്നും കിട്ടുകയില്ല. ഈ നയം തുടർന്നാൽ ഒരു കാലത്തും അസമത്വം പരിഹരിക്കപ്പെടുകയുമില്ല. ഈ നിലയിൽ അന്യായമായി അസമത്വം ചില സമുദായങ്ങൾ അനുഭവിക്കുന്നുണ്ടെന്നും അത് അപരിഹാര്യമായിരിക്കുന്നു എന്നും ഗവൺമെൻറിനെ അറിയിക്കുന്നതിനും എൻെറ മാന്യസ്നേഹിതന്മാരെ ബോദ്ധ്യപ്പെടുത്തുന്നതിനും ഒരു പരിഹാരം നിർദ്ദേശിക്കുന്നതിനാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളത്.

രാജ്യത്തിലെ മുതലെടുപ്പിൽ മുന്തിയ ഭാഗം ശമ്പളമായി പററി ഉദ്യോഗസ്ഥന്മാർ ഭരണകാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കയാണ്. ഈ പൊതുമുതലിന് ന്യായമായ അവകാശികളാണ് രാജ്യവാസികളായ പൗരന്മാർ എല്ലാവരും എന്ന് സകലരും സമ്മതിക്കും. പക്ഷേ അനുഭവത്തിൽ വ്യത്യാസമായിട്ടാണ് കാണുന്നത്. അതിൽ ന്യായമായ ഒരു അവകാശം അതിന് പ്രാപ്തിയുള്ളവർ വരുമ്പോൾ ലഭിക്കുന്നതിന് പ്രത്യേകം ഒരു വഴി കണ്ടുപിടിക്കണമെന്നുള്ളത് അപേക്ഷിതമാണ്. അതിലേക്ക് ഈ പ്രമേയം കുറച്ചെങ്കിലും സഹായകമായി തീരാതെ ഇരിക്കയില്ലാ എന്ന് ഞാൻ കരുതുന്നു.

കുറേകാലത്തേക്ക് ഒരു പ്രമാണപ്രകാരം അസമത്വപരിഹാരത്തെ മുൻനിർത്തി നിയമനം നടത്തുന്നതുകൊണ്ട് എല്ലാവർഗ്ഗക്കാരുടേയും അവകാശം ഏറെക്കുറെ നല്കി എന്നുവരാം. ഒരു പ്രമാണത്തെ അവലംബിച്ചുള്ള നിയമനമാകുമ്പോൾ പരാതികൾക്കോ പരിഭവങ്ങൾക്കോ ഇടയുമില്ലല്ലോ. ഇങ്ങനെ പ്രവർത്തിക്കുന്നപക്ഷം രാജ്യത്ത് സാഹോദര്യം വർദ്ധിക്കുന്നതിനും സഹൃദയത്വേന പെരുമാറി പോരുവാനും സമാധാന സംതൃപ്തികളെ പുലർത്തിക്കൊണ്ടുപോകുന്നതിനും സാധിക്കും.

ഇപ്പോൾ കൊടുത്തിട്ടുള്ള സ്ഥാനം മുഴുവനും എടുത്തുകളയണം എന്ന് ഞാൻ പറയുന്നില്ല. ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയം തുടർന്നുകൊണ്ടുപോകുന്നപക്ഷം ഗവൺമെൻറ് അതിനെ പ്രതിരോധിക്കണം. ഈ പ്രമേയത്തിൽ 5 വർഷം എന്നൊരു കാലസംഖ്യ നിശ്ചയിച്ചിട്ടുണ്ട്. അതിൻെറ ഉദ്ദേശ്യം ഞാൻ വിശദപ്പെടുത്താം. 5 വർഷത്തേക്കുണ്ടാകുന്ന ഒഴിവുകളിൽ കുറെ ആളുകൾ അപേക്ഷകന്മാരായി ഉണ്ടായിരിക്കുമല്ലോ. അവരിൽ അസമത്വം അനുഭവിക്കുന്ന വർഗ്ഗക്കാരിൽ കുറെപ്പേരെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെട്ടു എന്നു വരുന്നതാണ്. അല്ലെങ്കിൽ അങ്ങനെ സംഭവിച്ചുകൊള്ളുമെന്ന് ആശിക്കുവാനേയില്ല.

മെഡിക്കൽഡിപ്പാർട്ടുമെൻറിൽ അസമത്വം അനുഭവിക്കുന്ന സമുദായക്കാർ അധികം ഇല്ല. റവന്യൂഡിപ്പാർട്ടുമെൻറിലും അതുപോലെതന്നെ അവർ ദുർല്ലഭമാണ്. മററു ഡിപ്പാർട്ടുമെൻറുകളുടെ കാര്യത്തിലും മറിച്ചല്ലല്ലോ. ഇങ്ങനെ മേലാൽ ഡിപ്പാർട്ടുമെൻറിലും വരുന്ന ഒഴിവുകൾക്ക് അപേക്ഷകന്മാരുടെ കൂട്ടത്തിൽ അസമത്വസമുദായക്കാർ ഉണ്ടായിരുന്നാൽ അവർക്ക് പ്രാധാന്യം കൊടുക്കണം എന്നതിന് ഇനി പ്രത്യേകന്യായം പറയുവാൻ ഞാൻ വിചാരിക്കുന്നില്ല. കത്തോലിക്കന് തുല്യം കൊടുക്കണമെന്ന് നിർബന്ധമായി പറയുന്നില്ല. ഈ അസമത്വസമുദായങ്ങളിൽനിന്ന് വരുന്ന അപേക്ഷകന്മാരെ നോക്കി ഏതെങ്കിലും സമുദായത്തിന് ജനസംഖ്യക്കനുസരിച്ച് ആസ്പദമാക്കി തീരെ കുറവായി സ്ഥാനം ലഭിച്ചിരിക്കുന്നു എന്നു കാണുന്നുവോ അവർക്ക് അർഹതയുള്ളതു കൊടുക്കണം. ആ കൂട്ടത്തിൽ കത്തോലിക്കരാണ് ഏററവും അർഹൻ എന്നു കാണുന്നുവെങ്കിൽ ആ കത്തോലിക്കനു കൊടുക്കണം. ഇതിൽ ആക്ഷേപത്തിന് വകയില്ലല്ലോ. ഇപ്പോൾ ഈ രീതിയൊന്നുമില്ലാ എന്നുള്ളതാണ്. മററുള്ളവരുടെ അവകാശങ്ങളെ വിഗണിച്ചുകൊണ്ട് കത്തോലിക്കർക്ക് സ്ഥാനം നല്കണം എന്നു കത്തോലിക്കർ ഒരിക്കലും വാദിക്കുന്നില്ല.

ഇതുപോലെതന്നെ ഗ്രേഡ് കൊടുക്കുന്ന വിഷയത്തിലും ശ്രദ്ധിക്കണം. പുതിയതായി വരുന്ന ആളുകൾക്ക് ഗ്രേഡ് കൊടുക്കുന്ന കാര്യത്തിൽ കുറെ വിഷമമുണ്ട്. എന്നാൽ ഇപ്പോൾതന്നെ ഒന്നാംഗ്രേഡിന് അർഹതയുള്ളവരെ അവഗണിച്ച് അവരുടെ താഴെയുള്ളവരെ മുകളിൽ കയററി വിടുന്നുണ്ട്. അതുകൊണ്ട് ഗ്രേഡ് കൊടുക്കുന്ന വിഷയത്തിലും അർഹതയുള്ള അസമത്വസമുദായക്കാർ വരുമ്പോൾ അവർക്ക് പ്രഥമാവകാശം നല്കണം.

അസമത്വസമുദായക്കാർ എല്ലാ ഡിപ്പാർട്ടുമെൻറിലേക്കും എല്ലാത്തരം പരീക്ഷായോഗ്യതയും സിദ്ധിച്ചവരായി വരാൻ ഇടയാകാത്ത ഉദ്യോഗങ്ങൾക്കും ഒഴിവുവരാം. അങ്ങനെയുള്ള സംഗതികളിൽ കാലസംഖ്യ നിർദ്ദേശിച്ചതുകൊണ്ട് മററുള്ളവർക്ക് പ്രതിബന്ധം ഇല്ലാ. സാധാരണഗതിക്ക് ഒരു തത്വം അംഗീകരിക്കാതെയുള്ള നിയമനംകൊണ്ട് അസമത്വം പരിഹരിക്കപ്പെടുകയോ അസ്വാസ്ഥത നീങ്ങുകയോ ചെയ്യുകയില്ലാ എന്നു സ്പഷ്ടമാകുന്നു.

മേൽ വിവരിക്കപ്പെട്ട സാഹചര്യങ്ങളാൽ ഈ പ്രമേയത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വം ഏററവും പ്രധാനമായ ഒന്നാണ് എന്നാണ് എൻെറ അഭിപ്രായം. എൻെറ മാന്യസ്നേഹിതന്മാർ എല്ലാവരും മഹാമനസ്കതയോടുകൂടി ഈ പ്രമേയതത്വത്തെ അംഗീകരിച്ച് അതിനനുയോജ്യമായ നിയന്ത്രണംകൊണ്ട് സമാധാനപൂർണ്ണമായ ഒരു അന്തരീക്ഷം ഈ രാജ്യത്ത് സൃഷ്ടിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

മി: കെ. മാധവൻ (ഗവൺമെന്റു നിയമിച്ച മെമ്പർ): സർ, മി: കല്യാണകൃഷ്ണന്റെ നിർദ്ദേശത്തെ ഞാനും ബലമായി പിൻതാങ്ങിക്കൊള്ളുന്നു. മി: കല്യാണകൃഷ്ണൻ പറഞ്ഞതുപോലെ ഈ അധഃകൃതർ വിദ്യാഭ്യാസത്തിലും ഉദ്യോഗവിഷയത്തിലും മററുള്ള കാര്യങ്ങളിലും പിന്നോക്കമായ സ്ഥിതിയിൽ ഇരിക്കുകയാണ്. ഇവർ ഈ രാജ്യത്തിലുള്ളവർക്കു ആഹാരസമ്പാദനത്തിനായി ക്ലേശപ്പെട്ടുവരുന്നവരാണ്. ഇവർ രാവും പകലും മഴയായാലും വെയിലായാലും കാററിനെയോ തങ്ങളുടെ ദേഹത്തെയോ ഗുണങ്ങളെയോ കണ്ണാക്കാതെ കൃഷിപ്പണിചെയ്തു ഈ നാട്ടുകാർക്കുവേണ്ടി കഷ്ടപ്പെടുന്നു. ഇങ്ങനെയുള്ളവർക്ക് ഉദ്യോഗങ്ങൾ കൊടുക്കേണ്ടതു ഗവൺമെന്റിന്റെ ധർമ്മമാണ്. ചില ഗവൺമെന്റുദ്യോഗസ്ഥന്മാർ ഈ സാധുക്കൾക്കു സഹായങ്ങൾ ചെയ്തിട്ടുണ്ട്. സർ, ഞാൻ പതിതസമുദായങ്ങളുടെ ഒരു മെമ്പറാണ്. ഈ രാജ്യത്തിൽ എട്ടുലക്ഷം ജനങ്ങൾ വസിച്ചുവരുന്നുണ്ട്. സാധുക്കളായ ഞങ്ങൾക്കു ഗവൺമെന്റു ചില ഗുണങ്ങൾ ചെയ്തിട്ടുണ്ട്. അവയ്ക്കായി ഞാൻ ഗവൺമെന്റിനോടു നന്ദിയുള്ളവനായിരിക്കുന്നു. ഫീസ്സുകൂടാതെ എല്ലാ പള്ളിക്കൂടങ്ങളിലും അധഃകൃതവർഗ്ഗക്കാരുടെ കുട്ടികളെ പ്രവേശിപ്പിച്ചു പഠിപ്പിക്കാൻ ഉത്തരവുണ്ട്. ഇങ്ങനെ ഗവൺമെന്റു ചെയ്തിട്ടുള്ള വലിയ ഉപകാരം തന്നെയാണ്. എന്നിരുന്നാലും മാർഗ്ഗനിവൃത്തിയും പണവും ഇല്ലായ്കകൊണ്ടു എല്ലാക്ലാസ്സിലും ഞങ്ങളുടെ വിദ്യാർത്ഥികളുടെ സംഖ്യ കുറവായിതന്നെ ഇരിക്കുന്നു. കാരണം ദാരിദ്ര്യംതന്നെ. പുസ്തകം, പകർപ്പുപുസ്തകം, വസ്ത്രം, പണം, ഭക്ഷണം, ലഘുവായ ആഹാരവുംമററും ഇവർക്കില്ല. ഈ വിധമുള്ള ചില കഷ്ടതകൾ സഹിച്ചുവരുന്ന മറ്റുള്ളവരായ അധഃകൃതവർഗ്ഗ വിദ്യാർത്ഥികൾ മറ്റു സമുദായങ്ങളിൽപെട്ട വിദ്യാർത്ഥികളോടൊപ്പം പഠിച്ചുവരികയാണെന്നുള്ളതു ആശ്ചര്യപ്പെടത്തക്കതാണ്. ഇങ്ങനെ പഠിച്ചു ഒരുവൻ പരീക്ഷ ജയിച്ചിട്ടുണ്ട്. ഇങ്ങനെ ജയിച്ചവർ അനുഭവിക്കുന്ന കഷ്ടതകൾ പറയുവാനില്ല. ഇങ്ങനെ പരീക്ഷ ജയിച്ചവർ ജോലിയില്ലാതെ കഷ്ടപ്പെടുന്നതു കണ്ട് മററു കുട്ടികൾ, പഠിക്കുന്നതിനേക്കാൾ പഠിക്കാതിരിക്കുന്നതാണ് നല്ലതെന്നു കരുതുന്നു. കാരണം ഇതാണ്. ഡിപ്പാർട്ടുമെന്റുകളിൽ അപേക്ഷകൾ കൊടുത്തിട്ടുണ്ട്. സാധുക്കുട്ടികൾക്കു ഗവൺമെന്റിൽനിന്നും മറുപടി കിട്ടുന്നതു ഒഴിവുവരുമ്പോൾ ആലോചിക്കുന്നതാണ് എന്നാണ്. എപ്പോൾ ഒഴിവുണ്ടാകുമെന്നു അറിയാൻ തരമില്ല. ഈ രാജ്യത്തിന്റെ സമ്പത്തിനു കാരണഭൂതരായ ഈ എട്ടുലക്ഷം ആളുകൾ രാജ്യത്തിന്റെ ഉന്നതിക്കായി പാടം, കായൽ, നദികൾ എന്നിവയുടെ തീരങ്ങളിൽ വസിച്ചുവരുന്നു. ഈ രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും റോഡുവെട്ടുക, കുളംവെട്ടുക, അണകെട്ടുക, തോണ്ടുക, നഗരങ്ങൾ ശുദ്ധിചെയ്യുക എന്നിങ്ങനെ രാജ്യത്തിന്റെ ഗുണത്തിനായി തങ്ങളുടെ ആയുസ്സിനെ അവർ നഷ്ടപ്പെടുത്തുന്നു.

ഫാറസ്റ്റുഡിപ്പാർട്ടുമെന്റിൽ അധഃകൃതർ എത്രപേർക്കു ഉദ്യോഗമുണ്ടെന്നു ചോദ്യം ചോദിച്ചതിൽ ഇന്നു ഡി. പി. ഡബ്ലിയു വിൽനിന്നും മറുപടികിട്ടി. അതായത് ൧൧൦൬-മുതൽ ൧൧൦൮-വരെ ൩൪ അപേക്ഷകൾ ഗവൺമെന്റിനു കിട്ടീട്ടുണ്ടെന്നും ഇവരിൽനിന്നു ൪ കൊല്ലത്തിനു ൪ പേർക്ക് ഉദ്യോഗം കൊടുത്തിട്ടുണ്ട് എന്നും ആണ്. എന്തു ഉദ്യോഗമെന്നോ അവർ ഏതു ഉദ്യോഗങ്ങളിൽതന്നെ ഇരിക്കുന്നുണ്ടെന്നോ ഉള്ള കാര്യങ്ങൾ അറിയുന്നില്ല.

മെഡിക്കൽഡിപ്പാർട്ടുമെന്റിന്റെ കാര്യം പറയുകയാണെങ്കിൽ, എത്രയോ ആശുപത്രികളും ആയിരത്തിലധികം പ്യൂൺകളും ഉള്ള ഈ മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ അധഃകൃതവർഗ്ഗത്തിൽപെട്ട ഒരു പ്യൂൺ പോലും ഉണ്ടോ? പബ്ലിക്ക് വർക്സിലോ? കച്ചേരികളിൽ അധഃകൃതരുടെ ഇടയിൽ ... പെട്ടവരിൽ ചെന്നുകൊടുക്കാൻ ശേഷിയുള്ള പ്യൂൺ ഉണ്ടോ? ഈ സമയത്തിൽ പണ്ഡിതനായ എക്സൈസ്സുകമ്മീഷണറെ ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. അദ്ദേഹം അധഃകൃതരിൽ ചിലരെ എക്സൈസ്സു പ്യൂണായി എടുത്തു. ഏതു ഡിപ്പാർട്ടുമെന്റിലായാലും അധഃകൃതരും മെമ്പർമാരും ചെന്നു അന്വേഷിച്ചാൽ അധഃകൃതരുടെ അപേക്ഷ അയോഗ്യമായിതന്നെ പോകുന്നു എന്നുവെച്ചാൽ ഞങ്ങളുടെ പരിതാപസ്ഥിതി ഈ വിധത്തിൽ ആയിരിക്കുന്നു. ഒരു പ്യൂൺ എങ്കിലും ചങ്ങനാശ്ശേരി ചങ്ങനാശ്ശേരികച്ചേരിയിൽ ഉണ്ടായിരുന്നെങ്കിൽ ഇപ്പോൾ ചങ്ങനാശ്ശേരിതാലൂക്കിൽ ചങ്ങനാശ്ശേരിപകുതിയിൽ പെട്ട ... പാപ്പൻ എന്നവന്റെ സ്ഥലത്തെ കൊല്ലംതോറും അനുഭവിച്ചുവന്ന പാട്ടക്കാരുടെ പേരിൽ കേസുകൊടുക്കുന്നതിനും ആ പാട്ടക്കാരോടൊപ്പം തന്റെ പണം കെട്ടിവയ്ക്കാൻ നോട്ടീസുകൊടുക്കുന്നതിനും പണം കെട്ടിവയ്ക്കാത്തപക്ഷം അവരെ ഒഴിപ്പിക്കുന്നതിനും ഇടയാകുകയില്ലായിരുന്നു. എങ്ങനെയായാലും ഈ പകുതിയിൽ അധഃകൃതരിൽപെട്ട ഒരു പ്യൂൺ ഉണ്ടായിരുന്നെങ്കിൽ ഈ തന്ത്രം അനുസരിച്ചു പ്രവർത്തിക്കുന്നതിനു സാധിക്കയില്ലായിരുന്നു.

മി: എസ്. സി. എച്ച്. റോബിൻസൺ (ഭൂനികുതിയും-ആദായനികുതിയും കമ്മീഷണർ): രണ്ടു പ്രാവശ്യം കൽക്കുളവും വിളവങ്കോടും തഹശീൽദാർമാർ അധഃകൃതരിൽപെട്ട രണ്ടു ശിപായികളെ നിയമിച്ചു. കുറെ ദിവസം ജോലിചെയ്തതിൽ പിന്നീടു ശമ്പളം മതിയാകാത്തതിനാൽ കൃഷിയിൽ കൂടുതൽ ശമ്പളം കിട്ടുമെന്നു പറഞ്ഞു അവർ വിട്ടുപോയി. മെമ്പർക്ക് അതു അറിയാമോ?

പ്രെസിഡന്റ്: രണ്ടു ശിപായിമാരെ നിയമിക്കപ്പെട്ടു എന്നും അവർ ശമ്പളത്തിൽ അസംതൃപ്തരായി ഉദ്യോഗം ഒഴിഞ്ഞുപോയിട്ടുള്ളതു എന്നും അദ്ദേഹം പറയുന്നു.

മി: കെ. മാധവൻ (ഗവൺമെന്റു നിയമിച്ചമെമ്പർ): അധഃകൃതർക്ക് ഉദ്യോഗംകൊടുക്കണമെന്നു ഗവൺമെന്റു ഉത്തരവായിട്ടുണ്ട്. എന്നെങ്കിലും ഉദ്യോഗസ്ഥൻ അവധിയെടുക്കാൻ ഇടയാകുകയാണെങ്കിൽ ആ ഉദ്യോഗസ്ഥന്റെ സമുദായത്തിൽപെട്ട ആളോ തന്റെ കുടുംബത്തിൽ ഉള്ളവരോ തങ്ങളുടെ സ്ഥാനത്തിൽ നിയമിച്ചതിനുശേഷം മാത്രമേ അവധിയിൽ പ്രവേശിക്കയുള്ളു. ഈ ഏർപ്പാട് അധഃകൃതരായിട്ടുള്ളവർക്ക് യോജിക്കുന്നതല്ല. തിരുവിതാംകൂറിൽ ഞങ്ങൾ എട്ടുലക്ഷംപേർ ഉണ്ട്. ന്യായമായി തിരുവിതാംകൂറിൽ ഉള്ള ഉദ്യോഗങ്ങളിൽ ഒരു ഭാഗത്തിനു ഞങ്ങൾക്കു അവകാശമുണ്ട്. ഇതിൽ യാതൊരു സംശയവുമില്ല. അതിനു പത്തുപേരെ എങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ നിയമിക്കേണ്ടതല്ലേ?

എക്സൈസ് ഡിപ്പാർട്ടുമെന്റിൽ ഇവർക്ക് ഉദ്യോഗംകൊടുക്കാത്തതു എന്തുകൊണ്ടാണ്? ഇവരുടെ അപേക്ഷയേയും പരിഗണിച്ചു ഇവർക്ക് ഏതെങ്കിലും ഉദ്യോഗം നൽകണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ഈ സാധുജനങ്ങളെകുറിച്ചു കഴിവൊന്നും ഉണ്ടായിട്ടില്ലയോ? ഈ ആളുകൾ മററുള്ളവരെപ്പോലെ പഠിക്കാതിരി

ദാരിദ്ര്യം തന്നെയാണ്. അവർക്ക് പള്ളിക്കൂടത്തിലേക്കു പോകുവാൻ നിവൃത്തി-
ക്കുറവിനു കാരണം, അവരുടെ ദാരിദ്ര്യം തന്നെയാണ്. പള്ളിക്കൂടത്തിൽ പോകുമ്പോൾ ഉച്ചയ്ക്ക് ആഹാരം
യില്ല. പുസ്തകങ്ങൾ വാങ്ങിക്കുന്നതിനു പണം ഇല്ലാതിരിക്കുന്നു. ഉദ്യോഗം കൊടുക്കപ്പെട്ടിട്ടില്ല എന്നു സങ്ക
കഴിക്കുന്നില്ല. ഈ സംഗതിയിൽ എല്ലാ സമുദായക്കാരും ഉദ്യോഗം കൊടുക്കപ്പെട്ടിട്ടില്ല. ഗവണ്മെൻറ പരിഗണിച്ചു സഹായിച്ച
ട്ടുള്ളതോടെ അറിയിച്ചുകൊള്ളുന്നു. ഈ സമുദായങ്ങളുടെ ആവശ്യങ്ങളെ ഗവണ്മെൻറ പരിഗണിച്ചു സഹായിച്ചു. ഈ കാര്യത്തിൽ ശ്രദ്ധി
ച്ചിട്ടില്ലെന്നായാൽ സമുദായം പുരോഗതി പ്രാപിക്കുന്നതല്ല. ഈ കാര്യത്തിൽ ശ്രദ്ധി
ക്കാതിരുന്നാൽ ഗവണ്മെൻറ പുരോഗതിക്ക് ഭീഷണികളും കൊടുക്കാതെ ഇവരെ പ്രത്യേകം തിരിച്ചിട്ടിരിക്കുന്നതു
ചോദിച്ചു തോന്നിപ്പോകുന്നതാണ്.

നാഗർകോവിൽ ഡിവിഷൻ ആഫീസിൽ അധ്യക്ഷതയിൽ മൂന്നു കമ്മറ്റിക്കു ശേഷമാകിട്ടു മുമ്പ്ദേശം
കഴിഞ്ഞിട്ടും അയക്കു ഫീസിൽ പിരിച്ചുവിട്ടുകളഞ്ഞു. കഴിഞ്ഞ ദിവസത്തിൽ പിന്നീട് ആ അധ്യക്ഷതയിലെ വേലപ്പാ
കഴിഞ്ഞ മാസം കഴിഞ്ഞുള്ള ഒരാളെ അതേ ഉദ്യോഗത്തിലേക്കു നിയമിച്ചിരിക്കുന്നു. എങ്ങനെ ആയാലും ന്യായവും ഉത്തരവാദ
ബോധവുമുള്ള ഗവണ്മെൻറ സകലവിധത്തിലും ശ്രദ്ധിച്ച്, അധഃകൃതർക്ക് ഉദ്യോഗം കൊടുത്തു സഹായിക്കണ
മെന്നു താഴ്മയായി അപേക്ഷിച്ചുകൊണ്ടു എൻറെ പ്രസംഗത്തെ അവസാനിപ്പിച്ചുകൊള്ളുന്നു.

മി: സി. ഫ്രാൻസിസ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങു
ന്നു. പിന്നോക്കമുള്ള സമുദായങ്ങളുടെ ജനസംഖ്യയെ മറ്റുള്ളവരുടേതുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ,
പിന്നോക്കമുള്ള സമുദായത്തിൽപെട്ടവർക്ക് ഗവണ്മെൻറ നൽകിയിട്ടുള്ള ഉദ്യോഗങ്ങൾ ഒട്ടും മതിയാകുന്നതല്ല.
റോമൻകത്തോലിക്ക ക്രിസ്ത്യാനികളെ സംബന്ധിടത്തോളം സർക്കാർ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടിട്ടില്ല. അവ
രുടെ ജനസംഖ്യ മൂന്നു ലക്ഷം ആണ്. ഇതു തിരുവിതാംകൂറിലുള്ള ക്രിസ്ത്യാനികളുടെ ജനസംഖ്യയിൽ മൂന്നിൽ
ഒന്നു നമ്മുടെ രാജ്യത്തിൻറെ ജനസംഖ്യയിൽ 5/8 അംശവും ആകുന്നു. ചില്ലറസമുദായങ്ങൾക്കു കൊടു
ത്തിട്ടുള്ള ഉദ്യോഗങ്ങളെ പരിഗണിച്ചു ഈ സമുദായത്തിനു കൊടുത്തിട്ടുള്ള ഉദ്യോഗങ്ങൾ തീരെ നിസ്സാരവും
ളും നിസ്സാരവും ആകുന്നു. അതുകൊണ്ടു ഗവണ്മെൻറ് ഉദ്യോഗങ്ങളിൽ അവർ പ്രത്യേകവും പ്രോത്സാഹന
വും നൽകുകയും മറ്റുള്ള ക്രിസ്ത്യാനികൾക്കും ക്രിസ്ത്യൻ സമുദായങ്ങൾക്കും ഒപ്പം അവരെ ഉയർത്തുന്നതിൽ
പ്രവർത്തിക്കേണ്ടതു ഗവണ്മെൻറിൻറെ ധർമ്മം ആകുന്നു. കഴിഞ്ഞ കാലങ്ങളിൽ അവരുടെ താല്പര്യങ്ങൾ വ്യസ
നകരമാംവണ്ണം അവഗണിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രസംഗത്തോടു മി: ഗസ്റ്റാവസ് കൊണ്ടുവന്നിട്ടുള്ള ഉപ
ക്ഷേപത്തെ ഞാൻ ബലമായി പിന്താങ്ങുന്നു.

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): പബ്ലിക് സർവീസിൽ അസമത്വം
അനുഭവിക്കുന്ന സമുദായങ്ങൾക്കു പ്രാധാന്യം കൊടുക്കണമെന്നുള്ള എൻറെ സ്നേഹിതൻറെ പ്രമേയത്തെ ഞാൻ
ബലമായി പിന്താങ്ങുന്നു. ഗുരുതരമായ അസമത്വം അനുഭവിക്കുന്ന സമുദായങ്ങൾക്ക് ഉദ്യോഗം നൽകണമെ
ന്നുള്ളതു എല്ലാവരും സമ്മതിക്കുന്നതാണ്. ഗവണ്മെൻറ പൊതുവെ അസമത്വസമുദായങ്ങളുടെ സങ്കടത്തെ എ
ആത്മാർത്ഥമായ മനസ്സിലാക്കിയിട്ടുണ്ടെന്നാണ് എൻറെ വിശ്വാസം. അതിനു പരിഹാരം വരുത്തേണ്ടത് അത്യാവശ്യ
മാണ്. താഴ്ന്നതരമായ അസമത്വസമുദായങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാ ഡിപ്പാർട്ടുമെൻറിലും ഒരു
പോലെ സ്വീകരിക്കണം. അല്ലാതെ ഒരു ഡിപ്പാർട്ടുമെൻറിൽ നിയമിക്കുന്നതു ഒരു വിധവും മറ്റൊരു ഡിപ്പാർ
ട്ടുമെൻറിൽ അസമത്വസമുദായത്തിൻറെ അവകാശം വരുമ്പോൾ മറ്റൊരു വിധത്തിലും പ്രവർത്തിക്കരുത്,
ട്രഷറിയിൽ അസമത്വസമുദായത്തിൻറെ അവകാശം വരുമ്പോൾ മറ്റൊരു വിധത്തിലും. അവരുടെ മഹമ്മദീയരുടെ സീനിയോറിറ്റി കഴിഞ്ഞിട്ടു ഒരു
ഡിപ്പാർട്ടുമെൻറിൽ ഒരു മഹമ്മദീയനും ഇല്ല. ഒരു മഹമ്മദീയൻറെ സീനിയോറിറ്റി കളഞ്ഞു മറ്റൊരുത്തനെ കൊടു
ക്കാൻ പാടില്ല.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): സർ, വില്ല
വങ്കോട്ടിൽ ചില മഹമ്മദീയരെ ശിപായിമാരായി എടുക്കുന്നതിനു ശ്രമിച്ചു എന്നും അവരിൽ മിക്കവരും തങ്ങ
ൾക്കു കച്ചവടത്തിൽ കൂടുതൽ പണം കിട്ടും എന്നു പറഞ്ഞു ഒഴിഞ്ഞുകളഞ്ഞു എന്നും മെമ്പറിനു അറിയാമോ?
എൻറെ ആഫീസിൽ ഗ്രാഡ്വേറ്റായ ഒരു മഹമ്മദൻ ക്ലാർക്ക് ഉണ്ട്. മെമ്പറിനു അതു അറിയാമോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): പ്യൂണായിട്ടും ക്ലാർക്കായിട്ടും ഇല്ലെന്ന
ല്ല ഞാൻ പറഞ്ഞത്. പ്യൂണായിട്ടു നിയമിക്കുകയാണെങ്കിൽ കമ്മീഷണർ പറഞ്ഞപ്രകാരം ചിലപ്പോൾ അ
വർ കച്ചവടത്തിനു പോയി എന്നുവന്നേക്കാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): എൻറെ
ആഫീസിൽ മൂന്നു മഹമ്മദീയക്ലാർക്കുകൾ ഉണ്ട്, എന്നു മെമ്പർക്ക് അറിയാമോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): മഹമ്മദർ ക്ലാർക്കുമാരായിരിക്കാം. പ
ബ്ലിക്‌സർവീസിൽ എത്രപേർ ഉണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി. എസ്. സി. എച്ച്. റാബിൻസൺ (ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ): പാർവ്വ
ത്യകാരന്മാരായി തീരാവുന്ന ചില മഹമ്മദീയന്മാർ ഉണ്ട്. അവർക്ക വേണ്ടിടത്തോളം സർവീസ് ആയി
ട്ടില്ല.

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): തഹശീൽദാരന്മാരുടെ കൂട്ടത്തിൽ ആ
രും കാണുകയില്ല.

മി. എസ്. പിറവിരപെരുമാൾപിള്ള (കല്ക്കുളവും വ്യവസായവും, തെക്ക്): പെൻഷൻകാരുണ്ടോ?

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമിച്ച മെമ്പർ): അതു അതിനു തക്കിയുള്ള സ്ഥാനമ
ല്ലോ. ആയതുകൊണ്ടു ഈ സംഗതിയിൽ അസമത്വം അനുഭവിക്കുന്ന സമുദായങ്ങളുടെ കാര്യത്തിൽ ഒരു
വ്യവസ്ഥിതമായ നയം സ്വീകരിക്കണം, എന്നും വർഗ്ഗങ്ങൾ തമ്മിൽ ഭേദം ഉണ്ടാകാത്ത നിലയിൽ പ്രവർത്തിക്ക
ണമെന്നും ഉള്ള അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ബലമായി പിന്താങ്ങിക്കൊള്ളുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): സർ, ഞാൻ ഈ ഉപക്ഷേപത്തിൽ "ഉദ്യോഗത്തിനു നിയമിക്കപ്പെടേണ്ടവരെ നിയമസഭയിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ അടങ്ങിയ ഒരു പ്രാതിനിധ്യമുള്ള കമ്മററിയുടെ ശുപാർശ അനുസരിച്ചു തിരഞ്ഞെടുക്കണം" എന്ന ഒരു ഭേദഗതി ഹാജരാക്കിക്കൊള്ളുന്നു.

മി. പി. എസ്. മഹമ്മദ് (ഗവമെണ്ടു നിയമിച്ച മെമ്പർ): ഇപ്പോൾ ഇവിടെ ഇരിക്കുന്ന പ്രമേയം അസമത്വസമുദായങ്ങൾക്കു ഉദ്യോഗം നൽകുന്നതിൽ പ്രാഥമ്യം നൽകണമെന്നും ഒഴിവുകളെ സംബന്ധിച്ചു മുൻകൂട്ടി പരസ്യം ചെയ്യണമെന്നും ഉള്ളതിനെപ്പററിയാണ്. എന്നാൽ ഈ ഭേദഗതി ഇതിനെ രണ്ടിനേയും നിഷേധിച്ചു ഒരു പ്രത്യേകപ്രമേയം എന്ന നിലയിൽ ഉദ്യോഗനിയമനത്തിനുവേണ്ടി ഒരു പ്രത്യേക ഏജൻറിനെ സൃഷ്ടിക്കണം എന്നാണ്. അതു ൨൪-ാം നമ്പർ സ്ഥിരം ഉത്തരവിനു വിപരീതമാണെന്നാണ് എൻെറ അഭിപ്രായം.

പ്രസിഡണ്ട്: മണി അഞ്ചു കഴിഞ്ഞിരിക്കുന്നു. തീയതി നിശ്ചയിക്കാതെ സഭ നിറുത്തിവച്ചിരിക്കയും ചെയ്തിരിക്കുന്നു. അതിനാൽ നടപടിക്രമത്തെ സംബന്ധിച്ചുള്ള ചോദ്യത്തിനു തീർച്ചചെയ്യേണ്ട ആവശ്യമില്ല. സഭ ഇപ്പോൾ പിരിയുന്നതാണ്. ഞാൻ മുൻപു പറഞ്ഞിട്ടുള്ളതുപോലെ സെൻട്രൽ ബോർഡിനു നാലു മെമ്പർമാരെ തിരഞ്ഞെടുക്കുന്നതിനു അനുദ്യോഗസ്ഥമെമ്പർമാർ ദയവുചെയ്തു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡണ്ടിൻെറ ആദ്ധ്യക്ഷത്തിൽ കൂടുമല്ലോ.

സഭ വൈകീട്ടു മണി ൫ അടിച്ചു അഞ്ചുമിനിട്ടായപ്പോൾ പിരിഞ്ഞു.

ടി. പി. രാമസുബ്ബയ്യർ,
നിയമസഭാസെക്രിട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

തൃതീയയോഗം

൧൧൦൭-ലെ പ്രഥമസമ്മേളനം

ഔദ്യോഗികറിപ്പോർട്ട്

൧൯൩൨ മെ ൨൫/൧൧൦൭ ഇടവം ൧൨ ബുധനാഴ്ച.

൧൯൩൨ മെ ൨൫-ാംനു- തുല്യമായ ൧൧൦൭ ഇടവം ൧൨-ാംനു- ബുധനാഴ്ച ഉച്ചക്കു ൨ മണിക്കു വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വച്ചു പ്രസിഡണ്ടു മ. രാ. രാ. വി. എസ്. സുബ്രഹ്മണ്യയ്യർ അവർകളുടെ അഗ്രാസനാധിപത്യത്തിൽ യോഗനടപടികൾ ആരംഭിച്ചു.

താഴെപറയുന്ന അംഗങ്ങൾ ഹാജരുണ്ടായിരുന്നില്ല.

൧ മി: എൽ. . ബാംപോർഡ്

൨ മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ

൩ മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ

൪ മി: വി. ജെ. ഉമ്മൻ

൫ മി: ആർ. രാമൻപിള്ള

പുതിയ അംഗങ്ങൾ

താഴെപറയുന്ന പുതിയ അംഗങ്ങൾ സത്യംചെയ്തു.

൧ മി: പി. അരുണാചലംഅയ്യർ

൨ മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ

൩ മി: ടി. കെ. മാധവൻനായർ

ചോദ്യോത്തരങ്ങൾ.

ഡിപ്പാർട്ടുമെൻറൽ പള്ളിക്കൂടങ്ങളെ പ്രൈവറ്റു മാനേജുമെൻറിനു വിട്ടുകൊടുക്കണം.

൧൩൭. മി: എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): (എ) ഡിപ്പാർട്ടുമെൻറു പള്ളിക്കൂടങ്ങളെ ശരിയായ പ്രൈവറ്റുമാനേജുമെൻറുകൾക്കു വിട്ടുകൊടുക്കുന്നതിനു ഉദ്ദേശമുണ്ടെന്നുള്ള വസ്തുത ഗവർമെൻറു ഇതിനുമുമ്പുതന്നെ പ്രസ്താവിച്ചിട്ടില്ലയോ എന്നും

(ബി) ഡിപ്പാർട്ടുമെൻറൽ പള്ളിക്കൂടങ്ങളെ പ്രൈവറ്റുമാനേജുമെൻറുകളിൽ വിട്ടുകിട്ടണമെന്നു മുൻപറഞ്ഞ പ്രസ്താവനയെ അടിസ്ഥാനമാക്കി എത്ര അപേക്ഷകൾ ൧൧൦൪-ൽ ഗവർമെൻറിനു കിട്ടിയിട്ടുണ്ട് എന്നും

(സി) ഇങ്ങിനെ കിട്ടിയിട്ടുള്ള അപേക്ഷകളിൽ എത്ര എണ്ണം അനുകൂലമായി തീരുമാനിച്ചു എന്നും

ഉള്ള സംഗതികൾ ഗവർമെൻറിൽനിന്നും ദയവായി പ്രസ്താവിക്കുമൊ?

മി: ടി. പി. രാമസ്വാമിഅയ്യർ (ആക്ടിംഗ് ഗവർമെൻറു ചീഫ് സെക്രിട്ടറി): പ്രൈവറ്റ് പള്ളിക്കൂടങ്ങൾ എന്നു പ്രസ്താവിക്കാമാകുന്നതു പ്രോത്സാഹനം നൽകണമെന്നുള്ളതാണ് ഗവർമെൻറിൻെറ നയം. പ്രൈവറ്റ് ഏജൻസികൾക്കു മാത്രം ഉണ്ടായിട്ടുള്ള. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളെസംബന്ധിച്ചിടത്തോളം അവയെ പ്രൈവറ്റ് ഏജൻസികൾക്കു വിട്ടുകൊടുക്കുന്നതുനിമിത്തം കാര്യക്ഷമതക്കു യാതൊരു ഹാനിയും തട്ടുകയില്ല എന്നു ഗവർമെൻറിനു ബോദ്ധ്യമുള്ളപക്ഷം ഏതുപള്ളിക്കൂടവും ഏതു പ്രൈവറ്റ് മാനേജുമെൻറിനും വിട്ടുകൊടുക്കുവാൻ ഗവർമെൻറു ഒരുക്കമാണെന്നു പ്രസ്താവിച്ചിട്ടുണ്ട്. ഓരോസംഗതിയിലും അതാതിൻെറ ഗുണദോഷങ്ങളെപ്പറ്റി ചിന്തിച്ചു തീരുമാനിക്കേണ്ടതാണ്.

(ബി) താഴെപറയുന്ന നാലു ഡിപ്പാർട്ടുമെൻറൽ പള്ളിക്കൂടങ്ങൾ പ്രൈവറ്റ് മാനേജുമെൻറിൽ വിട്ടുകൊടുക്കുന്നതിനെസംബന്ധിച്ചു അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

(൧) മുതലക്കോടം ആൺപ്രൈമറിസ്കൂൾ

(൨) അർപ്പൂക്കര ടി ടി

(൩) മഞ്ഞപ്പള്ളി ടി ടി

(൪) വടകര ടി ടി

(സി) ഇതിൽ ൧-ം ൨-ം ൩-ം നമ്പ്ര പള്ളിക്കൂടങ്ങളെ സംബന്ധിച്ചുള്ള അപേക്ഷകളെപ്പറ്റി ഡിപ്പാർട്ടുമെൻറു വേണ്ട ആലോചനനടത്തിവരികയാണ്. മൂന്നാംനമ്പരിനെസംബന്ധിച്ച അപേക്ഷ തള്ളി.

മീനച്ചിൽതാലൂക്കിലുള്ള റിസർവ്വുവനത്തിലുള്ള ഭൂമി പതിച്ചുകൊടുക്കുന്നതിനെപ്പറ്റി.

൧൩൮. മി: എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): മീനച്ചിൽതാലൂക്കിലെ റിസർവ്വനത്തിൽ ഉൾപ്പെട്ട ഏതെങ്കിലും ഭൂമിയെ തരിശായി കല്പിച്ചതിനുശേഷം പതിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു എന്തെങ്കിലും നടപടി ഗവർമെൻറിൽനിന്നും നടത്തിവരുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമെൻറുസെക്രട്ടറി): മറുപടി നിഷേധരൂപത്തിലാകുന്നു.

തിരുവിതാംകൂറുകാരുടെയും യൂറോപ്യന്മാരുടെയുംപേരിലുള്ള ഭൂമി പതിവ്.

൧൩൯. മി: എ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): (എ) ൧൧൦൦ മുതൽ ൧൧൦൩ വരെയുള്ള ൪ വർഷങ്ങളിലായി ഗവർമെൻറിൽനിന്നും ആകെ പതിച്ചുകൊടുത്തിട്ടുള്ള പുതുവൽ ഭൂമിയുടെ വിസ്തീർണ്ണം എന്താണെന്നും

(ബി) ഇതിൽ യൂറോപ്യന്മാർക്കു പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം എന്തെന്നും

(സി) നാട്ടുകാർക്കു പതിച്ചുകൊടുത്തിട്ടുള്ളതിൻെറ വിസ്തീർണ്ണം എന്തെന്നും

G. P. T. 169. 150. 19-12-1107.

(ഡി) ബ്രിട്ടീഷ് ഇന്ത്യൻപ്രജകൾക്ക പതിച്ചുകൊടുത്തിട്ടുള്ളതിന്റെ വിസ്തീർണ്ണം എന്തെന്നും ഉള്ളവിവരങ്ങൾ ഗവൺമെന്റിൽനിന്നും അറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു. (൫-ാം അനുബന്ധം നോക്കുക)

കോട്ടയം-അമ്പലപ്പുഴ തോട്.

൧൭൯. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): (എ) കോട്ടയം-അമ്പലപ്പുഴ തോടിൽ എത്രഭാഗം വേലചെയ്തുതീർന്നിട്ടുണ്ട് എന്നും

(ബി) ഇതി എത്രനാളിലും വേലചെയ്തുതീരുവാനുണ്ട് എന്നും

(സി) ഇനിയും വേലചെയ്തുതീർക്കേണ്ടതായ ഭാഗത്തെസംബന്ധിച്ചു വല്ല ഹർജികളും ഗവൺമെൻറിനു കിട്ടിയിട്ടുണ്ടോ എന്നും

(ഡി) ഇവയെപറ്റി എന്തുതീരുമാനം ചെയ്തു എന്നുമുള്ളവിവരങ്ങൾ അറിവാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): (എ) മുതൽ (ഡി) വരെ ചോദ്യങ്ങൾക്ക് കോട്ടയം-അമ്പലപ്പുഴതോട് എന്ന പേരിൽ ഒരു തോടില്ല എന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

അഗസ്തീശ്വരം താലൂക്കിൽ പെരുവിളറോഡിൽനിന്നും കോട്ടവിളഗ്രാമത്തിലേക്ക പോകുന്ന ഇടവഴിയിലുള്ള ഭൂമിയിൽ കുടിയാന്മാരുടെ പ്രവേശനം.

൧൮൦. മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): (എ) കോട്ടവിളഗ്രാമത്തിലേക്ക പോകുന്നതിനുള്ള ഏകമാർഗ്ഗമായ നീണ്ടകരപകുതിയിൽ സർവെ ൧൬൧൭-ാം നമ്പ്ര ഇടവഴി പുറമ്പോക്കിൽ അതിന്റെ ഇരുവശങ്ങളിലും താമസിക്കുന്നവരായ കുടിയാനവന്മാർ പ്രവേശിച്ചു കൈവശപ്പെടുത്തി അവരുടെ വസ്തുവിനോടുചേർത്തു എടുത്തിട്ടുള്ളതും തന്നിമിത്തം ആ ഗ്രാമത്തിലുള്ള ജനങ്ങൾക്കും കന്നുകാലികൾക്കും വണ്ടികൾക്കും മറ്റും ഈ ഇടവഴിയിൽകൂടി ഗതാഗതംചെയ്യുന്നതിനു വലിയ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെന്നും ഉള്ള വസ്തുത ഗവൺമെൻറിനു അറിയാമോ?

(ബി) കഴിഞ്ഞകൊല്ലത്തിൽ അതായതു ൧൧൦൮-ൽ കാളറാ സ്പെഷ്യൽഡ്യൂട്ടിയിൽ നിയമിച്ചിരുന്ന ഡാക്ടറന്മാർക്ക് ഈ ഗ്രാമത്തിൽപോയി രോഗികൾക്ക മരുന്നുകൾകൊടുക്കുന്നതിനും മറ്റുമായി ശരിയായവഴി ഇല്ലാതിരുന്നതുനിമിത്തം ഈ ഗ്രാമത്തിൽ അനേകംപേർ കാളറാക്ക ഇരയായിത്തീർന്നു എന്നുള്ളസംഗതി ഗവൺമെൻറിനു അറിയാമോ?

(സി) കാളറാറിലീഫ് കമ്മിററിയിലെ ഉദാരമതികളായ അംഗങ്ങൾക്ക ആ ഗ്രാമത്തിൽപോയി അവിടെ കഷ്ടപ്പെട്ടുവന്ന സാധുക്കളെ ചില്ലറ ധനസഹായംചെയ്തു രക്ഷിക്കുന്നവിഷയത്തിൽ നേരിട്ട കഷ്ടപ്പാടുകളെ പറ്റി ഗവൺമെൻറിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): (എ) നീണ്ടകരപകുതിയിൽ സർവെ ൧൬൧൭ ഒരു ഇടവഴി പുറമ്പോക്കല്ല. കോട്ടവിളയിലേക്കുള്ള വഴി ൧൬൧൭, ൧൬൫൬, ൧൬൫൮, ൧൬൭൦, ൧൬൭൮, ൧൬൭൯, ൧൬൭൬, ൧൬൯൬ ഈ സർവെ നമ്പ്രകളിൽകൂടിയാണ് പോകുന്നത്. ഇവയിൽ ൧൬൧൭-ം ൧൬൫൬-ം നമ്പ്രകൾമാത്രമേ പുറമ്പോക്കുള്ളു. ഇവയിലുള്ള പ്രവേശനം നീക്കംചെയ്യുന്നതിനു ഉത്തരവുകൊടുത്തിട്ടും ഉണ്ട്.

(ബി) ഈ ഗ്രാമത്തിൽ കാളറാമൂലം ൯ മരണങ്ങൾമാത്രമേ സംഭവിച്ചിട്ടുള്ളു എന്നാണ് ഗവൺമെൻറിന്റെ അറിവ്.

(സി) മറുപടി നിഷേധരൂപത്തിലാകുന്നു.

വടിവീശ്വരംപകുതിവക സർവെ ൮൭൮-ാം നമ്പ്രകുളം നന്നാക്കുന്നതിനെപറ്റി.

൧൮൧. മി: ഡി. ഫ്രാൻസിസ് (നിയമിതമെമ്പർ): (എ) അഗസ്തീശ്വരംതാലൂക്കിൽ വടിവീശ്വരം പകുതിയിൽ ഇരുളപ്പപുരം ഗ്രാമത്തിൽ ഉള്ള കട്ടിക്കണ്ണനാടനും മററു ചിലരുംകൂടി ആ പകുതിവക സർവെ ൮൭൮-ാം നമ്പ്രിലുള്ള കുളം നന്നാക്കുന്നതിനെസംബന്ധിച്ചു പൊതുമരാമത്തുവകുപ്പിലേക്കഹർജികൾകൊടുത്തിട്ടുണ്ടോ എന്നു ഗവൺമെൻറിനു അറിയാമോ?

(ബി) ഉദ്ദേശം അഞ്ചുവർഷങ്ങൾക്കുമുമ്പ് ഈ കുളംപൊട്ടി അതിൽ ജലം ഇല്ലാതായതിനുശേഷം നാളിതുവരെ ഈ ഗ്രാമത്തിലേയും ഇതിനടുത്തുള്ള ഗ്രാമങ്ങളിലേയും ജനങ്ങൾക്ക സാധാരണയായികാവശ്യങ്ങൾക്കോ മററു ആവശ്യങ്ങൾക്കോ ഏപ്രിൽ മെയ് സമയത്തിൽ ചേറും വെള്ളമില്ലാതെ ബുദ്ധിമുട്ടുന്നു എന്നുള്ളവിവരം ഗവൺമെൻറിനു അറിയാമോ?

(സി) മേല്പറഞ്ഞ ഗ്രാമനിവാസികൾ അവരുടെ ഒടുവിലത്തെ ഹർജി ഗവൺമെൻറിനും പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിനും കൊടുത്തതു ൧൧൦൮ മകരം ൧൯-ാംതീയതി ആണെന്നും ചീഫ് എഞ്ചിനീയർ ൧൯൩൩ മാർച്ച് ൧൬-ാംനു- ൧൦൭൭-ാം നമ്പരായി നാഗർകോവിൽ ഡിവിഷനിലെ ഡിവിഷൻ ആഫീസർക്ക് അനുവാദത്തിനു ചെയ്തിട്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അയക്കാനായി എഴുതിയിട്ടുണ്ടായിരുന്നു എന്നും അതനുസരിച്ചു ഡിവിഷൻ ആഫീസിൽ എസ്റ്റിമേററു തയ്യാറാക്കിയിട്ടുണ്ട് എന്നുമുള്ള സംഗതികൾ പരമാർത്ഥംതന്നെയോ എന്നും അറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി: (൧) (എ)യും(ബി)യും. മറുപടി അനുകൂലംതന്നെ.

(സി) ഈ ഗ്രാമവാസികളിൽനിന്നും ൧൧൦൮ ഫെബ്രുവരി ൭-ാംനു- ഒരു ഹർജി ചീഫ് എഞ്ചിനീയർക്കു കിട്ടി. അദ്ദേഹം അതിന്മേൽ റിപ്പോർട്ടിലേക്കായി നാഗർകോവിൽ ഡിവിഷനിലെ ഡിവിഷൻ ആഫീസർക്കയച്ചുകൊടുത്തു. ഡിവിഷൻ ആഫീസർ ഈ കുളം നന്നാക്കുന്നവകയ്ക്കു ഒരു എസ്റ്റിമേററു ആവശ്യപ്പെട്ടിട്ടുംഉണ്ട്.

പരീക്ഷാർത്ഥം ഏർപ്പെടുത്തിയുള്ള ഖുകൽ ഉറഗാല.

൧൮൨. മി: രേവതിനാൾ രാമവർമ്മരാജാ (എളവക): (എ) പരീക്ഷാർത്ഥം ടായറി ഏർപ്പെടുത്തിയിട്ടു എത്രനാളായി?

(ബി) ഇന്ത്യയിൽ ഖുകൽ ഉറാക്കിടുന്നതു ആദായകരമാണോ അല്ലയോ എന്നുള്ളതിനെപറ്റി പരീക്ഷിച്ചുനോക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നു എന്നുള്ളവസ്തുത ഗവൺമെൻറിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): (എ) പരീക്ഷാർത്ഥമായുള്ള ടാനറി നടപ്പിലാക്കിയതു് ആറു് വർഷങ്ങൾക്കുമുമ്പു് അതായതു ൧൦൯൬ കുംഭമാസത്തിൽ ആയിരുന്നു.

(ബി) ഉൾനാട്ടിൽ കിട്ടുന്നതിനുള്ള എല്ലാസാമഗ്രികളും അതിലേക്കുപയോഗിക്കാമെന്നുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം പരീക്ഷിച്ചുനോക്കേണ്ടകാലം കഴിഞ്ഞിരിക്കുന്നതായി ഗവൺമെൻറിനു അറിവാൻപാടില്ല.

പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിൻെറ ആഫീസിൽ പരീക്ഷായോഗ്യത
യില്ലാത്തെ ഒരാളെ നിയമിച്ചതിനെപ്പററി.

൩൬൨. മി: രേവതിനാൾ രാമവർമ്മരാജാ (എടവക): (എ) പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിൻെറ ആഫീസിൽ തിരുവിതാംകൂർസർവീസ് റെഗുലേഷനിൽ നിശ്ചയിച്ചിട്ടുള്ള ഏററവും കുറഞ്ഞ പരീക്ഷായോഗ്യതപോലും ഇല്ലാത്തതായ ഒരു സ്ത്രീയെ ക്ലാർക്കായി നിയമിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നാണു അങ്ങിനെ നിയമിച്ചതു്?

(സി) ഇപ്രകാരം നിയമിച്ചതിനു ഉത്തരവാദി ആരാണു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെൻറ് ചീഫ് സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാകുന്നു.

(എ)യുടെ മറുപടിയുടെനിലക്കു (ബി) ക്കും (സി) ക്കും മറുപടി പറയേണ്ട ആവശ്യം ഇല്ലല്ലോ?

വനംവകുപ്പിൽനിന്നു കുടിവിലകൊടുക്കുന്നതിനെസംബന്ധിച്ചു്.

൩൬൩. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) തെക്കൻ തിരുവിതാംകൂറിൽനിന്നും കുടിവിലക്കു അവകാശികളായി വരുന്നവർക്കു കുടിവില കൊടുപ്പിക്കുന്നവിഷയത്തിൽ വനംവകുപ്പിൽനിന്നു വേണ്ടപോലെയുള്ള നടപടികൾ നടത്തിക്കൊടുക്കുന്നുണ്ടോ?

(ബി) അങ്ങിനെ ചെയ്യുന്നുണ്ടെങ്കിൽ കുടിവില കൊടുക്കേണ്ടതായിവരുന്ന ആളുകൾക്ക് തന്നെ കുടിവില കൊടുക്കാത്തതു എന്തുകൊണ്ടാണു്?

(സി) അടുത്തൂൺപററിയ എഞ്ചിനിയർ മി: തിരുവമ്പലംപിള്ളക്കു കുടിവില കൊടുപ്പിക്കണമെന്നായി വനംവകുപ്പിനെയും സർക്കാരിനെയും പ്രതിചേർത്തു നാഗർകോവിൽ ജില്ലാക്കോടതിയിൽ ഒരു വ്യവഹാരം നടന്നുവരുന്നതായി ഗവൺമെൻറിനറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): (എ) ഉണ്ടു്.

(ബി) തർക്കം വിസ്തരിച്ചതിനുശേഷം മാത്രമേ കുടിവിലകൊടുക്കേണ്ടതായിവരികയുള്ളൂ. അതതു സംബന്ധിച്ചു അവകാശ തർക്കങ്ങൾ പുറപ്പെടുവിക്കുന്നവർ അവരവരുടെ അവകാശങ്ങളെ സ്ഥാപിക്കുന്നതിനുവേണ്ട രേഖകൾ ഹാജരാക്കി അവരവരുടെ അവകാശങ്ങളെ ബോദ്ധ്യപ്പെടുത്തിയതിനുശേഷം മാത്രമേ പണം കൊടുക്കുവാൻ നിവൃത്തിയുള്ളൂ.

(സി) ഗവൺമെൻറിൻെറ പേരിൽ ഇപ്രകാരം ഒരു വ്യവഹാരം നടന്നുവരുന്നതായി ഗവൺമെൻറിനു അറിവില്ല.

ആശാംബൂരിസർവ്വവനത്തിൽനിന്നും തടികൾമോഷ്ടിച്ചതിനെപ്പററി.

൩൬൪. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആശാംബൂരിസർവ്വവനത്തിൽനിന്നും ബ്രിട്ടീഷ് സീമയിലേക്ക് തടികൾ മോഷ്ടിച്ചുകൊണ്ടുപോകുന്നതിനെ തടയുന്നതിനു ഗവൺമെൻറിൽനിന്നും വല്ല നടപടിയും നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): ഉണ്ടു. അതിർത്തിസ്ഥലങ്ങളിൽ ഉള്ളവനങ്ങളിൽ നിന്നും തടികൾമോഷ്ടിച്ചുകൊണ്ടുപോകാതെ ഇരിക്കുന്നതിലേക്കായിട്ടവിടെ ഒരുഫാറസ്റ്ററേയും ൪ ഗാർഡുകളേയും ൨ വാച്ചറന്മാരേയും നിയമിച്ചിട്ടുണ്ടു. ഇതുകൊണ്ടു് മോഷണം വളരെ കുറഞ്ഞിട്ടും ഉണ്ടു്.

രാജഭോഗത്തെസംബന്ധിച്ചുനിയമിച്ചിട്ടുള്ള കമ്മററിയുടെ റിപ്പോർട്ടു്.

൩൬൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) രാജഭോഗത്തെസംബന്ധിച്ചു നിർണ്ണയിക്കുന്നതിനു നിയമിച്ചിട്ടുള്ള വനംവക കമ്മിററിയുടെ റിപ്പോർട്ടിനെ ഗവൺമെൻറിൽനിന്നും അംഗീകരിച്ചിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിൻെറ മറുപടി അനുകൂലമാണെങ്കിൽ വനംവകുപ്പു ആ റിപ്പോർട്ടിനെ അനുസരിച്ചാണോ പ്രവർത്തിക്കുന്നതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): (എ) രാജഭോഗകമ്മററിയുടെ റിപ്പോർട്ടു് ഗവൺമെൻറിൻെറ ശ്രദ്ധാവിഷയമായിരിക്കുന്നതേയുള്ളൂ.

(ബി (എ)യുടെ മറുപടിയുടെ നിലക്കു ഇതിനു മറുപടിപറയേണ്ട ആവശ്യമില്ലല്ലോ.

ആലപ്പുഴയുള്ള പാലങ്ങൾനന്നാക്കുന്നതിനെപ്പററി.

൩൬൬. മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ): (എ) ആലപ്പുഴയുള്ള പാലങ്ങൾ അപായകരമായ നിലയിൽ ആയിരിക്കകൊണ്ടു അവിടത്തെസ്ഥലനിവാസികൾക്കു വളരെ ബുദ്ധിമുട്ടുകൾ നേരിട്ടുന്നുണ്ടെന്നുള്ള വസ്തുത ഗവർമ്മെണ്ടിനു അറിയാമോ?

(ബി) അപകടനിലയിൽ എത്തിയിട്ടുള്ളപാലങ്ങൾ നന്നാക്കണമെന്നു ഗവർമ്മെണ്ടിനു വല്ല അഭിപ്രായവുമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): എയും ബിയും. കൊമ്മേർഷ്യൽ ചാവിടിപ്പാലവും ചുങ്കപ്പാലവും കേടുവന്നിരിക്കയാണു്. ചുങ്കപ്പാലം നന്നാക്കിവരുന്നു. മറേറതു അഴിച്ചുപണിയുന്നതിനെ സംബന്ധിച്ചു എഴുത്തുകുത്തു നടന്നുവരികയാണു്.

ആലപ്പുഴടൌണിലുള്ള കുററങ്ങളുടെ വർദ്ധന.

൩൬൭. മി: പി. എസ്. മഹമ്മദ് (നിയമിതമെംബർ). (എ.) ട്രാഫിക്കിൻെറ ധാരാളത്വത്തിൻെറയും സ്ഥലജലമാർഗ്ഗേനയുള്ള ഗതാഗതസൌകര്യത്തിൻെറ കൂടുതൽ കൊണ്ടും ആലപ്പുഴ ടൌണിൽ റൌഡികളും കള്ളന്മാരും വളരെ അധികമാവന്നുചേർന്നുകാണിരിക്കുന്നു എന്നുള്ള വിവരം ഗവർമ്മെണ്ടിനറിയാമോ?

(ബി) ആലപ്പുഴമാർക്കറ്റിൽ കൊലപാതകവും മോഷണവും പല തവണ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു ഗവർമ്മെണ്ടിനറിയാമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറുസെക്രട്ടറി). (എ) ഗതാഗത സൌകര്യം ഉണ്ടായിട്ടുള്ളതിനാൽ ഉൽപ്പന്നങ്ങൾ വർദ്ധിക്കുന്നതിന് ഇടയായിരിക്കാം.

(ബി) കൊലപാതകവും മോഷണവും വർദ്ധിച്ചിട്ടില്ല.

പത്തനാപുരംതാലൂക്കിലെ കൃഷിഅഭിവൃദ്ധിപ്പെടുത്തുന്നതിനെപ്പററി.

൧൩൭. മി: എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരം ചെങ്കോട്ട).

(എ) കൃഷിഡയറക്ടർ പത്തനാപുരം താലൂക്കു സന്ദർശിച്ചിട്ടുണ്ടോ എന്നും

(ബി) ഉണ്ടെങ്കിൽ അദ്ദേഹത്തിൻെറ സന്ദർശനത്തിൻെറ ഫലമായി അവിടത്തെ കൃഷിക്കു വല്ല അഭിവൃദ്ധിയും ഉണ്ടാകുവാൻ ഇടയായിട്ടുണ്ടോ എന്നും അറിഞ്ഞാൽകൊള്ളാം.

(സി) പറയത്തക്കതായ വല്ലമെന്നവും കൃഷിയിൽ പ്രത്യക്ഷത്തിൽ കാണത്തക്കതായി ഉണ്ടായിട്ടുണ്ടോ,

(ഡി) ആ താലൂക്കിൽ ഇപ്പോൾ ഏതെല്ലാം തരത്തിലുള്ള കൃഷികളാണ നടപ്പിലിരിക്കുന്നതു്,

(ഇ) ആ താലൂക്കിലെ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുന്നതിലേക്കുവേണ്ടി ഗവർമ്മെണ്ടിൽനിന്നും കഴിഞ്ഞരണ്ടുവർഷങ്ങളിലായി അതായതു ൧൧൨൭-ലും ൧൧൨൮-ലും വല്ല പണവും ചിലവാക്കിയിട്ടുണ്ടോ,

(എഫ്) മുൻചോദ്യത്തിൻെറമറുപടിഅനുകൂലമാണെങ്കിൽ ചിലവായിട്ടുള്ള സംഖ്യഎത്രയാണ്.

(ജി) ഈ ഭാഗത്തിനുള്ള മറുപടിനിഷേധരൂപത്തിലാണെങ്കിൽ അതിനുള്ളകാരണമെന്തു?

മി: ഏ. പി. രാമസുബ്ബയ്യർ (ആക്ടിംഗ്ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ). (ബി.) ഉണ്ട്.

(സി) ഉണ്ട്. റബ്ബർ, കുരുമുളക്, തേയില, മരച്ചീനി ഈ കൃഷികളിൽ പറയത്തക്കഭേദമുണ്ടായിട്ടുണ്ട്.

(ഡി) (൧) നെൽകൃഷി (നിലംകൃഷിയും മേൽകൃഷിയും)

(൨) ആദ്യത്തെ ഒന്നോ രണ്ടോ കൊല്ലത്തേക്കുമാത്രം മരച്ചീനികൃഷിയോടുകൂടിയറബ്ബർകൃഷി.

(൩) തോട്ടകൃഷിയുടെ നിലയിൽ ബോധിച്ചുമരവൃക്ഷങ്ങൾ കൃഷിചെയ്യുന്നകൂട്ടത്തിൽ നടത്തുന്ന കുരുമുളകുകൃഷി.

(൪) തെങ്ങുകൃഷിയും നടത്തിവരുന്നുണ്ട്. എന്നാൽ ആ താലൂക്കിൽ തെങ്ങു നല്ലപോലെ പിടിക്കുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) കൃഷിസമ്പ്രദായങ്ങൾ മനസ്സിലാക്കികൊടുക്കുന്നവിഷയത്തിൽ കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും താഴെ പറയുന്നതുകകൾ ചിലവാക്കിയിട്ടുണ്ട്.

൧൧൨൭-ൽ

	രൂ.	ച.	കാ.
വെണ്ണകുഴി, ൧൦ ഏക്കർവെള്ളം കെട്ടിനിന്ന ഭൂമിയെ ശരിപ്പെടുത്തിയ വകയ്ക്കു, ൩൦൦	...	...	
പട്ടാഴി, നായർ പരസ്പരസഹായസംഘം മരച്ചീനികൃഷി (ഒരേക്കർ) ൨൫	...	...	
കരവല്ലൂർ, പരസ്പരസഹായസംഘം നെല്ല് (ഒരേക്കർ)	൧൩	൩	൮
ആകെ.	൩൩൮	൩	൮

൧൧൨൮-ൽ

കരവല്ലൂർ

നെല്ല്.	൧൩	൩	൮
തെങ്ങ്.	൧൪	൧൯	൧൨
ആകെ.	൩൨	൨൧	൪

(ജി) മുൻചോദ്യത്തിൻെറ മറുപടിയുടെ നിലക്കു ഇതിനു മറുപടി പറയേണ്ട ആവശ്യമില്ലല്ലോ.

കടക്കാമണ്ണു എന്ന ബ്ലോക്കിനെ പതിച്ചു കൊടുക്കുന്നതിനെപ്പററി.

൧൩൮. മി: എച്ച്. ബി. മഹമ്മദുറാവുത്തർ (പത്തനാപുരം ചെങ്കോട്ട): (എ) കടക്കാമണ്ണു എന്ന പേരിനാൽ അറിയപ്പെടുന്ന സ്ഥലത്തെ വനത്തിൽ നിന്നും തിരിച്ചതിനു ശേഷം പതിച്ചുകൊടുക്കണമെന്നു കാണിച്ചു ശ്രീമൂലം പ്രജാസഭയിൽ വല്ല നിവേദനങ്ങൾ സമർപ്പിക്കയോ ജനങ്ങൾ വല്ല ഹർജികളും അയക്കുകയോ മററൊ ചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

(ബി) ഏ ഭാഗത്തിനുള്ള മറുപടി അനുകൂലമാണെങ്കിൽ അതിനെ സംബന്ധിച്ചു ഗവർമ്മെൻറിൽ നിന്നും വല്ല നടപടിയും നടത്തിയിട്ടുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി). ഇങ്ങിനെ അപേക്ഷിച്ചിട്ടുള്ള സ്ഥലം റിസർവ്വവനത്തിലുൾപ്പെട്ടതാണ്. വനം ഒഴിച്ചു പതിച്ചു കൊടുക്കുന്നതിനു യോഗ്യമാക്കിതീർക്കാൻ പാടുള്ളതല്ല ഈ സ്ഥലം.

അഗസ്തീശ്വരത്തെ ട്രെഷറർക്കു ഒരു അസിസ്റ്റൻറിനെ നിയമിക്കുന്നതിനെപ്പററി.

൧൩൯. മി: ഫ്രാൻസിസ് (നിയമിത മെംബർ): (൧) (എ) അഗസ്തീശ്വരം തിരുവല്ലാ, പേട്ട ഈ താലൂക്കുകളിലെ ഖജനാവുകളിൽ ഈ കഴിഞ്ഞ ൧൧൨൭-൧൧൨൮ ഈ കൊല്ലങ്ങളിൽ വന്നിട്ടുള്ളതും ചിലവായിട്ടുള്ളതും ആയ പണത്തിൻെറ ആകെ തുക എന്താണ്.

(ബി.) അഗസ്തീശ്വരം താലൂക്കിലെ ട്രെഷറർക്കു ഒരു അസിസ്റ്റൻറിനേക്കൂടി നിയമിക്കാതിരിക്കുന്നതിനുള്ള കാരണം എന്തു?

(സി) അഗസ്തീശ്വരം താലൂക്ക ട്രെഷറിയിലെ ട്രെഷറർക്ക് ഉള്ള ജോലിത്തിരക്ക് കൊണ്ടും സഹായത്തിനു ആരും തന്നെ ഇല്ലാത്തതു കൊണ്ടും അവിടെ പണം അടക്കുന്നതിനു രാവിലെ ൧൧ മണിക്കു പോകുന്ന ഒരുവൻ വൈകുന്നേരം അഞ്ചു മണിവരെ കാത്തുനില്ക്കേണ്ടതായി വരുന്നു, എന്നുള്ള സംഗതി ഗവൺമെന്റിനു അറിയാമോ?

(ഡി) ജനങ്ങൾക്കു നേരിട്ടുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളെ ആലോചിച്ച് അഗസ്തീശ്വരം താലൂക്കിലെ ട്രെഷറർക്ക് ഒരു അസിസ്റ്റന്റിനെ നിയമിക്കുന്നതിനെ സംബന്ധിച്ചു വല്ല ആലോചനയും ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): എ. (എ) മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു. (൧൪-ാം അനുബന്ധം നോക്കുക.)

(ബി) ഇതു ഒരു ഡിവിഷനിൽ ട്രെഷറി ആയിരുന്നകാലത്തു അവിടെ ഒരു നോട്ടത്തിനെക്കൂടി അനുവദിച്ചിട്ടുണ്ടായിരുന്നു. ൧൦൯൭-ലെ പരിഷ്കാരത്തോടുകൂടി ഈ ട്രെഷറിയെ ഒരു സബ് ട്രഷറി ആക്കുകയും അതോടുകൂടി നോട്ടം വേണ്ട എന്നു തീരുമാനിക്കയും ചെയ്തിട്ടുണ്ട്. ട്രഷറി ശാഖക്കു അല്പം ആശ്വാസം നൽകുന്നതിനുദ്ദേശിച്ചു താലൂക്കകച്ചേരിയിൽ ഈയിടെ നൂതനമായി ൨൦ രൂപ മുതൽ ൩൦ രൂപവരെ ശമ്പളത്തിൽ ഒരു ക്ലാർക്കിനെക്കൂടി നിയമിച്ചിട്ടുണ്ട്.

(സി) പണം അടക്കുന്നതിനായി ഈ ട്രെഷറിയിൽ ചെല്ലുന്നവരെ കഴിയുന്നത്ര വേഗത്തിൽ ജോലി തീർത്തു തിരിച്ചു അയച്ചുവരുന്നുണ്ടെന്നും ൧൧ മണിമുതൽ അഞ്ചു മണിവരെ ഒരുവനെപോലും താമസിപ്പിച്ചിട്ടില്ല എന്നും റിപ്പോർട്ട് കിട്ടിയിരിക്കുന്നു.

(ഡി) മറുപടി നിഷേധരൂപത്തിലാകുന്നു.

സംസ്കൃതപാഠശാലകളെ സംബന്ധിച്ചുള്ള നിയമം.

൧൭൧. മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): (എ) ഈയിടെ നടപ്പിൽ വരുത്തിയ സംസ്കൃതസ്കൂളുകളെ സംബന്ധിച്ചുള്ള ചട്ടങ്ങൾ ഈ രാജ്യത്തെ സംസ്കൃത വിദ്യാഭ്യാസത്തിനു ഒരു വലിയ തടസമായി വരാൻ ഇടയുള്ള സംഗതി ഗവൺമെന്റിനു അറിയാമോ?

(ബി) സംസ്കൃതസ്കൂളുകളിൽ ൩-ാം ൪-ാം ക്ലാസുകളിലേക്കു നൽകിവന്നിരുന്ന ഗ്രാന്റുകൾ കുറക്കുന്നതിനുണ്ടായ കാരണമെന്താണ്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ്സെക്രട്ടറി): (എ) അറിഞ്ഞുകൂടാ.

(ബി) മലയാളം പള്ളിക്കൂടങ്ങളിൽ ൫ മുതൽ ൭ വരെ ക്ലാസുകളിലെ ഫീസ് നിരക്കിനോട് ഏതാണ്ടു തുല്യമായ ഒരു നിരക്കനുസരിച്ചുള്ള ഫീസ് സംസ്കൃത സ്കൂളുകളിലെ ൩-ാം ൪-ാം ക്ലാസുകളിലെ വിദ്യാർത്ഥികളോടു പിരിച്ചുകൊള്ളുന്നതിനു അനുവദിച്ചിട്ടുള്ളതുകൊണ്ടാകുന്നു.

൧൧൦൦ മുതൽ ൧൧൦൪ വരെ രജിസ്റ്ററാക്കിയിട്ടുള്ള ചിട്ടികൾ.

൧൭൨. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ൧൧൦൦, ൧൧൦൧, ൧൧൦൨, ൧൧൦൩, ൧൧൦൪ ഈ വർഷങ്ങളിൽ ഈ രാജ്യത്തിൽ ആകെ മൊത്തം രജിസ്റ്ററാക്കപ്പെട്ടിട്ടുള്ള മേലച്ചിട്ടികളുടെ എണ്ണം എത്ര എന്നും,

(ബി) ഡിസ്ട്രിക്റ്റ് രജിസ്ട്രാരന്മാർ അവരുടെ ന്യായമായ ജോലികൾക്കു പുറമേ സഞ്ചാരജോലിയോടുകൂടി ഈ ചിട്ടികളിൽ എത്ര ചിട്ടിയുടെ റിക്കാർഡുകൾ പരിശോധിച്ചിട്ടുണ്ട്. എന്നും അറിഞ്ഞാൽ കൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൺമെന്റു സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭ മുമ്പാകെ ഹാജരാക്കിയിരിക്കുന്നു. (൧൫-ാം അനുബന്ധം നോക്കുക.)

ഹരിപ്പാട്ടു വീയപുരം റോഡ്,

൧൭൩. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ൧൧൦൨ അഗസ്റ്റ് ൧-ാംനു നടന്ന കൌൺസിലിൽ ചോദിച്ച ൧൯-ാം നമ്പർ ചോദ്യത്തിനു ഗവൺമെന്റിൽ നിന്നും നൽകിയ മറുപടിയെ സംബന്ധിച്ചു താഴെ പറയുന്ന സംഗതികൾകൂടി അറിഞ്ഞാൽ കൊള്ളാം.

(എ) ഹരിപ്പാട്ടു-വീയപുരം റോഡിനു എത്ര ചിലവുവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) സ്ഥലത്തുള്ള പ്രാധാന്യത്തിനും പുറമേ ഈ റോഡ് വീയപുരം ഡിപ്പോയെ കൊല്ലം അമ്പലപ്പുഴ റോഡുമായി ബന്ധിപ്പിക്കുന്ന ഒന്നാണെന്നുള്ള സംഗതി ഗവൺമെന്റിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റുസെക്രട്ടറി): (എ) ഉദ്ദേശം ൪൦,൦൦൦ രൂപാ.

(ബി) അറിയാം.

നാട്ടിലെ കന്നുകാലികളുടെ നിലയെ അഭിവൃദ്ധിപ്പെടുത്തേണ്ടതിനെപ്പറ്റി.

൧൭൪. മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): നാട്ടിലുള്ള കന്നുകാലികളുടെ സ്ഥിതിയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റിൽനിന്നും എന്തെല്ലാം പ്രവർത്തിച്ചിട്ടുണ്ടെന്നു അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റു ചീഫ്സെക്രട്ടറി): കൃഷിമത്സ്യവ്യവസായഡിപ്പാർട്ട്മെന്റിന്റെ വാർഷികറിപ്പോർട്ടിലേക്കു മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

അഗസ്തീശ്വരംതാലൂക്കിലെ കള്ളുഷാപ്പുകൾ.

൧൭൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) അഗസ്തീശ്വരംതാലൂക്കിൽ ൧൧൦൪-ൽ നടത്തപ്പെട്ട കള്ളുഷാപ്പുകളുടെ ആകെ എണ്ണം എത്ര?

(ബി) പിരിവു ഇനത്തിൽ ഓരോ ഷാപ്പിൽനിന്നും ൧൧൦൪-ൽ പിരിഞ്ഞുകിട്ടിയിട്ടുള്ള സംഖ്യ എത്ര?

(സി) ഓരോ ഷാപ്പുകളിലേക്കും കള്ളുചെത്തുന്നതിനായി അനുവദിച്ചിട്ടുള്ള പനകളുടെ എണ്ണം എത്ര?

(ഡി) ഓരോ ഷാപ്പിലെയും വില്പനക്കായി യഥാർത്ഥത്തിൽ ചെത്തിഎടുക്കുന്ന കള്ള് എത്ര? യഥാർത്ഥത്തിൽ ഓരോ ദിവസവും ഓരോ ഷാപ്പിലും വിററുവരുന്ന കള്ള് എത്ര?

(ഇ) ഓരോഷാപ്പിലും കള്ളുവ്യാപാരം നടത്തുന്നതിനു സർവസാധാരണമായ ഒരു അളവാണോ ഉപയോഗിച്ചുവരുന്നത്?

(എഫ്) അന്നന്നു വില്ക്കുന്ന കള്ള് ശുദ്ധമായിട്ടുള്ളതാണോ എന്നും പിറേറദിവസത്തേയ്ക്കുള്ള വില്പനക്കായി പഴയ കള്ളും വച്ചേക്കുന്നുണ്ടോ എന്നും ഉള്ള സംഗതികളെ സംബന്ധിച്ച് ദിവസേന വല്ല പരിശോധനയും നടത്തിവരുന്നുണ്ടോ?

(ജി) കള്ളുകൺട്രാക്ടറന്മാർ എന്തുകൊണ്ടാണ് മധുരക്കള്ള് വാങ്ങുന്നത്?

(എച്ച്) വർഷത്തിൽ മുന്നൂററിഅറുപത്തഞ്ചുദിവസം കള്ളു കിട്ടുന്നുണ്ടോ. ഇല്ലെങ്കിൽ എല്ലാ ദിവസവും കള്ളുവില്ക്കുന്നതിനെ സംബന്ധിച്ച് കൺട്രാക്ടറന്മാർ എന്തു സമാധാനമാണു പറയുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി):

(എ) ഉണ്ട്.

(ബി) (സി) മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ പട്ടികകൾ ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(൧൬-ാം അനുബന്ധം നോക്കുക.)

(ഡി) ഇതുസംബന്ധിച്ച യാതൊരുവിവരവും ഇവിടെ കിട്ടിയിട്ടില്ല.

(ഇ) മറുപടി നിഷേധരൂപത്തിലാകുന്നു.

(എഫ്) ചോദ്യത്തിന്റെ ആദ്യഭാഗത്തിനുള്ള മറുപടി നിഷേധരൂപത്തിൽതന്നെ. അവസാനഭാഗത്തെ സംബന്ധിച്ചിടത്തോളം ഒരുദിവസം ചിലവാകാതെ വരുന്ന കള്ള് ചിലപ്പോൾ പിറേറദിവസത്തെ വില്പനയ്ക്കായി വച്ചുവരാറുണ്ട്.

(ജി) ഇതുസംബന്ധിച്ച യാതൊരുവിവരവും ഇവിടെ കിട്ടിയിട്ടില്ല. ലൈസൻസിലെ വ്യവസ്ഥകൾ അനുസരിച്ച് ഷാപ്പുകളിൽ മധുരക്കള്ള് വില്ക്കുന്നതിനു കൺട്രാക്ടറന്മാർക്കു അനുവാദം ഇല്ല. പുളിച്ച കള്ളിനോടുകൂടി മധുരക്കള്ളുകൂടി ചേർത്തുവില്ക്കുന്നതിനെയും വിരോധിച്ചിട്ടുണ്ട്.

(എച്ച്) അഗസ്തീശ്വരം താലൂക്കിലെ ലൈസൻസികൾക്ക് മിക്കവാറും കള്ളുകിട്ടുന്നത് പനകളിൽനിന്നു മാത്രമാകുന്നു. എന്നാൽ ഇടവംമുതൽ കർക്കടകംവരെയുള്ള മാസങ്ങളിൽ പനകളിൽനിന്നു കള്ളു കിട്ടുന്നില്ല. ആ കാലങ്ങളിൽ ചില കൺട്രാക്ടറന്മാർ തെങ്ങിൽനിന്നുംകള്ളെടുക്കുന്നു. മററുചില കൺട്രാക്ടറന്മാർ അടുത്തസ്ഥലങ്ങളിലുള്ള പനകളിൽനിന്നും കള്ള് എടുക്കുന്നു. അവിടെയുള്ള പനകളിൽ ഈ കാലങ്ങളിലും കള്ളു കിട്ടുമെന്നുള്ളതാകുന്നു. ഈ രണ്ടുപ്രകാരത്തിലും കള്ളുണ്ടാക്കുവാൻ നിവൃത്തിയില്ലാത്തവർ തങ്ങളുടെ ഷാപ്പുകൾ പൂട്ടിയിടുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): കള്ള് ഇല്ലാത്തകാരണത്താൽ അടയ്ക്കപ്പെട്ട ഷാപ്പുകളുടെ ആകെയുള്ള എണ്ണം എത്രയാണെന്നു മെമ്പർ ദയവുചെയ്തു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): നോട്ടീസില്ലാത്തതിനാൽ തല്ക്കാലം പറവാൻ നിവൃത്തിയില്ല.

൧൧൨൭ ചിങ്ങംമുതൽ തുലാംവരെ ദക്ഷിണതിരുവിതാംകൂറിലെ എം. എസ്. റോഡിനും വില്ലേജ് റോഡിനുംവേണ്ടി ചിലവായിട്ടുള്ള പണം.

൧൭൩. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൨൭ ചിങ്ങം, കന്നി, തുലാം ഈ മാസങ്ങളിൽ എം. എസ്. റോഡിൽ ആരുവാമൊഴി അതിർത്തിവരെയും ഉള്ള ഭാഗത്തേക്കും തെക്കൻ തിരുവിതാംകൂറിലുള്ള മററു ഗ്രാമീണ റോഡുകളിലും ചിലവാക്കിയിട്ടുള്ള പണത്തുക എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സിക്രട്ടറി):

	ചിങ്ങം	കന്നി	തുലാം
എം. എസ്. റോഡ് രൂപാ	൧൯൮൪൨	൧൬൭൪൫	൧൨൯൬൭
ഗ്രാമീണറോഡുകൾ രൂപാ	൨൭൦	൩൨൭	൨൦൪

൧൧൨൭ ചിങ്ങം കന്നി ഈ മാസങ്ങളിൽ ദിവാൻപേഷ്കാരന്മാർ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക.

൧൭൪. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ഓരോ ദിവാൻപേഷ്കാരന്മാരും പ്രത്യേകം പ്രത്യേകം ൧൧൨൭ ചിങ്ങം കന്നി ഈ മാസങ്ങളിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഈ സഭമുമ്പാകെ ഹാജരാക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സിക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ഇതാ സഭമുമ്പാകെ ഹാജരാക്കിയിരിക്കുന്നു.

(൧൭-ാം അനുബന്ധം നോക്കുക)

മുട്ടാററുകടവു പാലം.

൧൭൫. മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരം ചെങ്കോട്ട): മുട്ടാററുകടവു പാലത്തെ സംബന്ധിച്ച് ൧൧൨൬ ആഗസ്റ്റ് ൭-ാം-നു നടന്ന കൌൺസിലിൽ ചോദിച്ച ൧൩-ാംനമ്പർ ചോദ്യത്തിന് ഗവണ്മെൻറിൽനിന്നും നൽകിയ മറുപടിയെ സംബന്ധിച്ച് താഴെപറയുന്ന സംഗതികൾകൂടി അറിഞ്ഞാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നു.

(എ) അതിനുശേഷം ചീഫ് എഞ്ചിനീയർ ആ സ്ഥലം പരിശോധിച്ചിട്ടുണ്ടോ?

(ബി) അങ്ങിനെ സന്ദർശിച്ചതിന്റെ ഫലമായി വല്ല റിപ്പോർട്ടും അദ്ദേഹം സമർപ്പിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) (എ) ഉണ്ട്. ൧൯൬൭ ജനുവരിമാസം ൧൬-ാംതീയതി പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ആസ്ഥലത്തു ഒരു പാലം കെട്ടുന്നതിനു ഒരു ലക്ഷത്തിൽപരം രൂപ വേണ്ടിവരുമെന്നും അതിനാൽ ഈ പാലത്തെക്കാൾ കൂടുതൽ പ്രാധാന്യവും അത്യാവശ്യവും ഉള്ള പാലങ്ങൾ തീർന്നതിനുശേഷം മാത്രമേ ഇതെസംബന്ധിച്ചുള്ള ജോലികളടങ്ങുവാൻ നിവൃത്തിയുള്ളു എന്നും ആയി ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഏതായാലും ഈ സംഗതി റോഡ് ബോർഡിന്റെ ശ്രദ്ധക്കു വിഷയമാക്കേണ്ടതായിരിക്കും.

തിരുവനന്തപുരം നിവാസികൾക്ക നൽകിവരുന്ന വ്യാവസായിക കടങ്ങൾ,

൧൭൬. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) (എ) തിരുവനന്തപുരം ടൌൺ നിവാസികളായുള്ളവർക്ക് ഇക്കഴിഞ്ഞ നാലുകൊല്ലങ്ങളിലായി അതായതു ൧൯൬൫ മുതൽ ൧൯൬൮ വരെ നൽകിയിട്ടുള്ള വ്യാവസായിക കടങ്ങളുടെ എണ്ണം എത്ര?

(ബി) ഇങ്ങനെ തിരുവനന്തപുരത്തു വ്യാവസായിക കടങ്ങൾ വാങ്ങിയിട്ടുള്ളവരിൽ എത്രപേർ പാപ്പരായതിനുശേഷം കോടതികളിൽ പാപ്പർഹർജികൾ കൊടുത്തിട്ടുണ്ട്.

(സി) ഇങ്ങിനെ കടം വാങ്ങിയിട്ടുള്ളവരിൽ എത്രപേർ അവരുടെ തവണകൾ ഇതേവരെയും തിരിച്ചു അടച്ചുതുടങ്ങാതെ ഉണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) (എ) ൭

(ബി) അങ്ങിനെ ആരും തന്നെ ഹർജി കൊടുത്തിട്ടുള്ളതായും മററും ഗവണ്മെന്റിനു അറിവില്ല.

(സി) ഒന്ന്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) വ്യാവസായിക കടങ്ങൾ വാങ്ങിയിട്ടുള്ളവർ പാപ്പരായിതീരത്തക്കവണ്ണം അവരുടെ ധനസ്ഥിതി മോശപ്പെട്ടുവരുന്നുണ്ടോ എന്നുള്ളതിനെസംബന്ധിച്ച ഗവണ്മെന്റിൽനിന്നും വല്ല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ഈ സംഗതിയെ സംബന്ധിച്ചു പൊതുവായി ഒരു അന്വേഷണം നടത്തേണ്ട യാതൊരു ആവശ്യവും ഇല്ല. എന്നാൽ ഒരു സ്ത്രീക്കു നൽകിയിരുന്ന വ്യാവസായിക കടത്തിലെ ആദ്യത്തെ തവണ അടക്കേണ്ട സമയത്തു അടച്ചു തീർത്തില്ല എന്നായി വ്യവസായ ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഇവർ പാപ്പർഹർജികൾ കോടതികളിൽ കൊടുത്തിട്ടുണ്ടോ എന്നു കോടതികളിൽ അന്വേഷിച്ചു ഗവണ്മെന്റ് അറിഞ്ഞിട്ടുണ്ടോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ഒരുത്തരും പാപ്പർ ഹർജികൾ കൊടുത്തിട്ടില്ലെന്നാണ ഡയറക്ടർ പറയുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) കൊടുക്കേണ്ടതായ ഓരോ തവണകളും അതാതു തവണകളിൽ തന്നെ കടക്കാരിൽനിന്നും ഈടാക്കുന്നതിനുവേണ്ടി ഗവണ്മെന്റിൽനിന്നും വല്ല നടപടികളും നടത്തിയിട്ടുണ്ടോ എന്നാണ ഞാൻ അറിയാൻ ആഗ്രഹിക്കുന്നത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) തവണകൾ തിരിച്ചു അടക്കേണ്ടതിനെ സംബന്ധിച്ചും, തവണകൾ മുറക്കു തിരിച്ചു അടക്കാതെയിരുന്നാൽ നടത്തേണ്ട നടപടികളെ സംബന്ധിച്ചും നിയമം ഉണ്ട് ചട്ടങ്ങൾ ഉണ്ടെന്നു എനിക്കും അറിയാം. എന്നാൽ

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ചട്ടങ്ങൾ ഉണ്ടെന്നു എനിക്കും അറിയാം. എന്നാൽ നിശ്ചിത തവണകളിൽ തവണകൾ തിരിച്ചു കൊടുക്കാതിരുന്നാൽ അവയെ വാങ്ങുന്നതിനു ഗവണ്മെന്റിൽനിന്നും വേണ്ട നടപടികൾ നടത്തുന്നുണ്ടോ എന്നാണ എനിക്കു അറിയേണ്ടത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) അങ്ങിനെ നടപടി നടത്താനുള്ളതു ആഡിപ്പാർട്ടുമെന്റാണ്. ആ വിഷയത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നപക്ഷം ആ വിവരം ഡിപ്പാർട്ടുമെന്റ് മേധാവി ഗവണ്മെന്റിലേക്കു റിപ്പോർട്ടുചെയ്യുന്നതായിരിക്കും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഇതു യാതൊരുപ്രകാരത്തിലും തൃപ്തികരമായ ഒരു മറുപടി ആയിരിക്കുന്നില്ല. നിശ്ചിത തവണകളിൽ തവണകൾ കൊടുത്തുതീർക്കേണ്ടതായുണ്ടല്ലോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) ഉണ്ട്. ഈ വിഷയത്തെ സംബന്ധിച്ചുള്ള നിയമങ്ങൾ അനുസരിച്ചു വ്യവസായ ഡയറക്ടർ പ്രവർത്തിച്ചുകൊള്ളും.

വ്യവസായ വകുപ്പിലെ നെയ്ത്തുശാലയിൽ നടത്തിയിട്ടുള്ള നിയമനങ്ങൾ

൧൭൭. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) (എ) ൧൯൬൮, ൧൯൬൯ ഈ വർഷങ്ങളിൽ വ്യവസായ വകുപ്പിലെ നെയ്ത്തു വിഭാഗത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം എത്ര?

(ബി) ൧൯൬൮-൧൯൬൯ ഈ വർഷങ്ങളിൽ നെയ്ത്തു ശാലയിൽ ആകെ നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം എത്ര.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി)

(എ)	൧൯൬൮	൨൨
	൧൯൬൯	൩
(ബി)	൧൯൬൮	൮
	൧൯൬൯	൩

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) നെയ്ത്തു വിദഗ്ദ്ധനു നിയമനാധികാരം നൽകിയതു എന്നാണ എന്നു, അതായത് നെയ്ത്തുവിദഗ്ദ്ധനു നിയമനാധികാരം നൽകിയ തീയതി ഏതെന്നു അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി) സൂക്ഷ്മമായ തീയതിയുടെ വിവരം ഇപ്പോൾ ഇവിടെ എന്റെ കൈവശം ഇല്ല. അധികാരം നൽകിയതു ൧൯൬൮ ഒടുവിൽ ആണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നെയ്തുവിദഗ്ദ്ധൻ ൧൧൦൮-ൽ നടത്തിയ നിയമനങ്ങളുടെ എണ്ണം അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): അദ്ദേഹത്തിനു നിയമനാധികാരം നൽകിയതു ൧൧൦൮ അവസാനത്തിലാണ്. ൧൧൦൮-ൽ അദ്ദേഹം യാതൊരു നിയമനവും നടത്തിയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അദ്ദേഹത്തിനു ഈ അധികാരം കൊടുക്കാനുള്ളതായിരുന്നു എങ്കിൽ പിന്നെ ഇത് കൊടുക്കാൻ ൧൧൦൮ അവസാനംവരെ ആയതിൻെറ കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതുവരെ ഗവൺമെൻറിലേക്കു ഈ സംഗതിയെപ്പററി റിപ്പോർട്ടുചെയ്യാതിരുന്നതുകൊണ്ടായിരിക്കാം. ഈ വിഷയത്തെസംബന്ധിച്ചുള്ള ഫൈൽ ഇപ്പോൾ ഇവിടെ എൻെറ കൈവശം ഇല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ൧൧൦൮-ൽ ൮ നിയമനങ്ങൾ നടത്തിയതായി പ്രസ്താവിക്കയുണ്ടായല്ലോ. നെയ്ത്തു വിദഗ്ദ്ധൻ ൧൧൦൮-ൽ യാതൊരു നിയമനവും നടത്തിയില്ല എന്നും പ്രസ്താവിക്കയുണ്ടായി. ഈ അധികാരം അദ്ദേഹത്തിൽ തന്നെ ലയിച്ചിരുന്ന സ്ഥിതിക്കു അദ്ദേഹം നിയമനങ്ങൾ നടത്താതിരുന്നതു എന്തു കൊണ്ടാണെന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: കൂടുതൽ സംഗതികൾ ഉണ്ടെന്നു ഊഹിച്ചും കൊണ്ടാണ് നിങ്ങൾ ചോദിക്കുന്നത്. അദ്ദേഹത്തിനു നിയമനാധികാരം നൽകിയതു ൧൧൦൮ അവസാനത്തിലാണ്. അതിൽ പിന്നീടു നിയമനങ്ങൾ നടത്തി എന്നാണൊ നിങ്ങൾ പറയുന്നത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ആ ആണ്ടു അവസാനത്തിൽ അദ്ദേഹം നടത്തിയിട്ടുള്ള നിയമനങ്ങളുടെ എണ്ണം അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): അദ്ദേഹം യാതൊരു നിയമനവും നടത്തിയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ); ആ ആണ്ടു അവസാനത്തിൽ ആരെങ്കിലും വല്ല നിയമനവും നടത്തിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഈ വിവരം (ബി) ചോദ്യത്തിൻെറ മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ൮ നിയമനങ്ങൾ നടത്തിയതായി പറഞ്ഞിട്ടുണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): അതു അദ്ദേഹം അല്ല നടത്തിയതു.

തിരുവനന്തപുരം ശ്രീമൂലം സാങ്കേതിക പാഠശാലയിലെ ഹെഡ്മാസ്റ്ററുടെയും ഒന്നാം അസിസ്റ്റൻറിൻെറയും ശമ്പളം.

൧൫൧. മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): (എ) തിരുവനന്തപുരം ശ്രീമൂലം സാങ്കേതികപാഠശാലയിലെ ഹെഡ്മാസ്റ്റർക്കും ഒന്നാം അസിസ്റ്റൻറിനും ഇപ്പോൾ അതായതു ൧൧൦൯ ധനു ൧൧-ാംനു- നൽകി വരുന്ന ശമ്പളം എത്ര എന്നും,

(ബി) ഹെഡ്മാസ്റ്റർക്കു കുറവായ ശമ്പളം കൊടുക്കുന്നതിനു ഡിപ്പാർട്ടുമെൻറിനെ പ്രേരിപ്പിച്ച സംഗതി എന്താണ് എന്നും അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): (എ) ഹെഡ്മാസ്റ്റർക്കു ൧൨൫-൫-൧൭൦ എന്ന സ്കെയിലിൽ ൧൨൫ രൂപയാണ് ഇപ്പോൾ കിട്ടിവരുന്ന ശമ്പളം. ൭൦-൫-൧൨൦ എന്ന സ്കെയിലിൽ ശമ്പളം ഉള്ളവരായി രണ്ടു അസിസ്റ്റൻറു ലക്ചററന്മാർ ഉണ്ട്. എന്നാൽ ഇപ്പോൾ അസിസ്റ്റൻറു ലക്ചററന്മാരിൽ ഒരുവനു ൧൦൦-൫-൧൫൦ എന്ന സ്കെയിലിൽ ൧൩൦ രൂപ ശമ്പളം കിട്ടിവരുന്നുണ്ട്. എന്നാൽ അതു അദ്ദേഹത്തിനു പ്രത്യേകമായി നൽകി വരുന്നതു മാത്രമാണ്.

(ബി) ഹെഡ്മാസ്റ്റർക്കു അനുവദിച്ചിട്ടുള്ള ശമ്പളം ലക്ചററന്മാർക്കു അനുവദിച്ചിട്ടുള്ള ശമ്പളത്തിൽ നിന്നും കുറവല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അസിസ്റ്റൻറു ലക്ചററന്മാരിൽ ഒരാൾക്കു ൧൩൦ രൂപ നൽകി വരുന്നതായും അതു അദ്ദേഹത്തിനു പ്രത്യേകമായി മാത്രം നൽകി വരുന്നതായും പറകയുണ്ടായല്ലോ. ഈ അസിസ്റ്റൻറിൻെറ പരീക്ഷായോഗ്യതകളും മററു യോഗ്യതകളും എന്തെല്ലാമാണെന്നും എന്തു കൊണ്ടാണ് അദ്ദേഹത്തിനു പ്രത്യേകമായി ഇങ്ങിനെ കൂടുതൽ ശമ്പളം നൽകി വരുന്നത് എന്നും അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): പ്രത്യേകതയായിട്ടല്ല. അദ്ദേഹം വ്യവസായവകുപ്പിലെ മററൊരു ശാഖയിലായിരുന്നു. അദ്ദേഹത്തെ ആ വകുപ്പിൽ നിന്നും ഈ വകുപ്പിലേക്കു സ്ഥലം മാററുകയാണുണ്ടായത്. അതുകൊണ്ടു അദ്ദേഹത്തിനു മുമ്പു കിട്ടിക്കൊണ്ടിരുന്ന ശമ്പളം ഇപ്പോഴും നൽകിവരുന്നു എന്നേ ഉള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അദ്ദേഹത്തിനു വല്ല പ്രത്യേക യോഗ്യതകളും ഉണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): നോട്ടീസില്ലാതെ ഇതിനു മറുപടി പറവാൻ നിവൃത്തിയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): അദ്ദേഹത്തിനു ഹെഡ്മാസ്റ്ററെക്കാൾ കൂടുതൽ സർവ്വീസുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): നോട്ടീസ് കൂടാതെ ഇപ്പോൾ മറുപടി പറവാൻ നിവൃത്തിയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഇങ്ങിനെ ഒരു പ്രത്യേക തരത്തിലുള്ള പ്രാമുഖ്യത്തിനു അദ്ദേഹത്തിനെ അർഹനാക്കി തീർത്തു സമുദായ പ്രാതിനിധ്യത്തെയാണോ എന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: ഈ ചോദ്യം അനുവദിക്കാൻ നിവൃത്തിയില്ല. നോട്ടീസ് വേണമെന്നു അദ്ദേഹം പറഞ്ഞുകഴിഞ്ഞുവല്ലോ.

അഞ്ചൽ ശിപായിമാരെ സംബന്ധിച്ച കാര്യങ്ങൾ.

[illegible]. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): (എ) എഴുത്തുകൾ, മണിഓർഡറുകൾ മുതലായവ മേൽവിലാസക്കാർക്കു കൊടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിട്ടുള്ള അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ശിപായിമാരുടെ എണ്ണം എത്ര?

(ബി) ടൗണിൽ എത്ര പേരുണ്ട്? വില്ലേജുകളിൽ എത്ര പേർ ഉണ്ട്?

(സി) വില്ലേജുകളിൽ ഒരു ശിപായി അയാളുടെ കൃത്യനിർവഹണത്തിനു ശരാശരി എത്ര ചതുരശ്രമൈൽ സഞ്ചരിക്കേണ്ടി വരും?

(ഡി) ഇപ്പോൾ അതായതു [illegible]-ൽ ശരാശരിയായി ഒരു ശിപായി സഞ്ചരിച്ചു വരുന്ന ഏററവും കൂടുതലായ വിസ്തീർണ്ണവും ഏററവും കുറവായ വിസ്തീർണ്ണവും എത്രഎത്ര ചതുരശ്രമൈൽ വീതം ആണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): (എ) [illegible].

(ബി) [illegible]-ഉം [illegible]-ഉം വീതം.

(സി) ഏകദേശം [illegible] ചതുരശ്രമൈലോളം.

(ഡി) നാല്പതു ചതുരശ്രമൈലും ഒന്നു ചതുരശ്രമൈലും വീതം

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സ്വകൃത്യനിർവ്വഹണത്തിനു നാല്പതു ചതുരശ്രമൈൽ നടക്കേണ്ടി വരുന്ന ഒരു ശിപായി തന്റെ കൃത്യത്തെ കാര്യക്ഷമമായി നടത്തുവാൻ സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): ഏററവും കൂടുതൽ വിസ്തീർണ്ണമാണ് ഇതു. ഒരു ശിപായിക്കു ഒരു ദിവസം നാല്പതു ചതുരശ്രമൈൽ സഞ്ചരിക്കേണ്ടതായി വരികയില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഒരു ശിപായിയെങ്കിലും നാല്പതു ചതുരശ്രമൈൽ ദൂരം സഞ്ചരിക്കേണ്ടതായി വരുമല്ലോ. അയാളും ഏതാനും ചില ജോലികൾ നിർവ്വഹിക്കേണ്ടതായുണ്ടല്ലോ. അതു ശരിയായി നിർവ്വഹിച്ചു തീർക്കുന്നതിനു സാധിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ഒരു ശിപായി ഈ ജോലി ചെയ്തു തീർക്കണമെന്നു പറഞ്ഞിട്ടില്ല. ആകെയുള്ള വിസ്തീർണ്ണവും ഡിപ്പാർട്ടുമെൻറിൽ ആകെയുള്ള ശിപായിമാരുടെ എണ്ണവും കണക്കാക്കി നോക്കുന്നതായിരുന്നാൽ ആകെക്കൂടെ ഉള്ള വിസ്തീർണ്ണം നാല്പതു ചതുരശ്രമൈൽ വരുമെന്നുള്ളതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അയാൾ ഒരു എഴുത്തു കൊടുക്കുവാനുള്ളു എന്നു വരാം, എന്നാൽ മേൽവിലാസക്കാരൻ വളരെ ദൂരെ ഒരു സ്ഥലത്തു പാർക്കുന്നവനായിരിക്കാമല്ലോ.

പ്രസിഡണ്ട്: എത്ര ദൂരം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അഞ്ചൽ ആപ്പീസ് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും വളരെ ദൂരെയുള്ള ഒരു സ്ഥലത്തു

പ്രസിഡണ്ട്: ആ വഴിയുള്ള ദൂരം എത്രയാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നാല്പതു ചതുരശ്രമൈൽ.

പ്രസിഡണ്ട്: അതു ദൂരമല്ലല്ലോ വിസ്തീർണ്ണം ആണല്ലോ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ചതുരശ്രമൈൽ വർദ്ധിക്കുന്നതോടുകൂടി മൈലും വർദ്ധിക്കാതെ കഴികയില്ലല്ലോ.

അടൂരെ മജിസ്ട്രേററ് കോടതി പുനഃ സ്ഥാപിക്കുന്നതിനെപ്പററി.

[illegible]. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ):

(എ) അടൂർ ഉള്ള മജിസ്ട്രേററ് കോടതി പുനഃസ്ഥാപിക്കുന്നതിനെ സംബന്ധിച്ചു കുന്നത്തൂർ താലൂക്കു നിവാസികളിൽ നിന്നും വല്ല ഹർജിയും കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു കിട്ടിയതു എന്നാണ്? അതിന്മേൽ നടത്തിയിട്ടുള്ള നടപടി എന്താണ്?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമ്മെൻറു സെക്രട്ടറി): (എ) മറുപടി അനുകൂലം തന്നെ.

(ബി) മിസ്റ്റർ ഫിലിപ്പോസ് മത്തായി, അഡ്വക്കേറ്റ് മുതലാളി മുതലായി ഏതാനും ആളുകൾ ഒപ്പിട്ടു അടൂരെ മജിസ്ട്രേററു കോടതി പുനഃസ്ഥാപിക്കണമെന്നു കാണിച്ചു ഒരു ഹർജി [illegible] ഡിസംബർ [illegible]-നു കിട്ടി. ഹൈക്കോടതിയും കൊല്ലം ഡിസ്ട്രിക്ററ് മജിസ്ട്രേററ് കോടതിയും അടൂർ ഒരു മജിസ്ട്രേററ് കോടതി സ്ഥാപിക്കേണ്ട ആവശ്യം ഇല്ലെന്നു വിചാരിക്കുന്നതായും എന്നാൽ കോടതികളുടെ അധികാരസീമകൾ മാററുന്നതിനെപ്പററി ആലോചിക്കുന്ന അവസരത്തിൽ ഇതിനെപ്പററി ആലോചിക്കുന്നതാണെന്നും കാണിച്ചു [illegible] ഫെബ്രുവരി [illegible]-ാംനു ഹർജിക്കാർക്കു ഒരു ഉത്തരവ് കൊടുക്കയുമുണ്ടായി.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കോടതികളുടെ അധികാരസീമകളെ ഭേദപ്പെടുത്തുന്നതിനെ സംബന്ധിച്ചു വല്ല അന്വേഷണവും നടക്കുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം. ഇതിനെപ്പററി അന്വേഷണം നടത്തുന്നതിനുള്ള അധികാരം നിയമവിളംബരക്കമ്മീഷണർക്ക് നൽകിയിട്ടുണ്ടോ എന്നും അറിഞ്ഞാൽ കൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമ്മെൻറു സെക്രട്ടറി): ഇല്ല. മജിസ്റ്റീരിയൽ ആയിട്ടുള്ള സംഗതികളെ സംബന്ധിച്ചു അന്വേഷണങ്ങൾ നടത്തുന്നതിനുള്ള അധികാരം അദ്ദേഹത്തിനില്ല. സിവിൽ അധികാരാതൃത്തിയെ സംബന്ധിച്ചുമാത്രമേ അന്വേഷിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനുള്ളു.

ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ സ്ഥലം മാററം.

൧൮൪. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (എ) ഒരു മജിസ്ട്രേററാ മുൻസിഫോ ഒരേസ്ഥലത്തു മൂന്നു കൊല്ലം ഉദ്യോഗത്തിൽ ഇരുന്നു കഴിഞ്ഞാൽ അവിടെ നിന്നും സ്ഥലം മാററേണ്ടതാണെന്നു വല്ല നിയമം ഉണ്ടോ?

(ബി) മുൻപറഞ്ഞ ഇനത്തിൽ പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്മാരിൽ ആരെങ്കിലും മൂന്നു കൊല്ലത്തിൽ കൂടുതൽകാലം ഒരേസ്ഥലത്തുതന്നെ സ്ഥലം മാററാതെ ജോലി നോക്കിവരുന്നവരായി ഉണ്ടോ? അങ്ങിനെ കൂടുതൽ കാലം ജോലിനോക്കിവരുന്നതിനുള്ള പ്രത്യേക കാരണം എന്തു്?

മി: ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവമ്മെണ്ടു സെക്രട്ടറി): (എ) മറുപടി നിഷേധരൂപത്തിലാകുന്നു.

(ബി) സ്ഥലം മാററം കൂടാതെ ഒരു മുൻസിഫുപോലും ഒരേ സ്ഥലത്തു മൂന്നു വർഷത്തിൽ കൂടുതൽ ജോലി നോക്കിയിട്ടില്ല എന്നു ഹൈക്കോടതിയിൽ നിന്നും പറയുന്നു. മൂന്നു സ്റ്റേഷനറിമജിസ്ട്രേട്ടന്മാർ ഇപ്പോൾ അവർ ഇരിക്കുന്ന സ്ഥലത്തു് മൂന്നു വർഷത്തിൽ കൂടുതൽ കാലമായി ഇരുന്നുവരുന്നു.

പെരുഞ്ചാണി റിസർവ്വോയർസ്കീം.

൧൮൫. മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): (എ) പെരുഞ്ചാണി റിസർവ്വായർ സ്കീം എന്ന പേരിൽ ഒരു ജലസേചന പദ്ധതിയുണ്ടോ?

(ബി) മുൻ ചോദ്യത്തിന്റെ മറുപടി അനുകൂലമാണെങ്കിൽ ജലം സംഭരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം, ജലസേചനം ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം ജലസമൃദ്ധി ഇല്ലാത്ത സ്ഥലങ്ങളുടെ വിസ്തീർണ്ണം ഇവ എന്താണ്?

(സി) ഇതു നടപ്പിൽവന്നുകഴിഞ്ഞാൽ റൈററ് ബാങ്കുചാനൽ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൂടാതെ കഴിയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി): (എ) ഉണ്ട്.

(ബി) യും (സി) യും ആ പദ്ധതിയെപ്പററി അന്വേഷണം നടത്തിയിട്ടില്ല. വേണ്ടപോലെ ഒരു അന്വേഷണം നടത്താതെ മെമ്പർ ആവശ്യപ്പെടുന്ന വിവരങ്ങൾ പറവാൻ നിവൃത്തിയില്ല.

തിരുവട്ടാർ പോലീസുകാർക്കു കിട്ടിയിട്ടുള്ള കള്ള ഹർജികൾ.

൧൮൬. മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): (എ) തിരുവട്ടാർ പോലീസുകാർക്ക് കിട്ടിയിട്ടുള്ളതോ മേലധികാരികൾക്കു കിട്ടി തിരുവട്ടാർ പോലീസ്കാർക്കു വേണ്ട നടപടിയെടുക്കുന്നതിനായി അയച്ചുകൊടുക്കപ്പെട്ടതോ ആയി എത്ര കള്ളഹർജികൾ ഉണ്ട്?

(ബി) ഇങ്ങനെ അനാവശ്യമായി അനേകം ഹർജികൾ വരുന്നതിനെ സംബന്ധിച്ചു പോലീസ് കമ്മീഷണർ ശ്രദ്ധിച്ചിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമ്മെണ്ടു സെക്രട്ടറി): (എ) ഒന്നും ഇല്ല.

(ബി) എ ഭാഗത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ഇതിനു മറുപടി പറയേണ്ട ആവശ്യമില്ലല്ലോ.

കാൺട്രിബ്യൂഷൻ സമ്പ്രദായം അനുസരിച്ചു റോഡു വെട്ടുന്നതിനെപ്പററി.

൧൮൭. മി: കെ. മാധവൻ (നിയമിതമെമ്പർ): ഇതുവരെ അതായതു എൻപത സിമ്പർ വരെ താണജാതിക്കാർ താമസിക്കുന്ന ഗ്രാമങ്ങളിൽ കാൺട്രിബ്യൂഷൻ സമ്പ്രദായം അനുസരിച്ചു റോഡുകൾ വെട്ടുന്നതിന്റെ അശാസ്യതയെ സംബന്ധിച്ചു എക്സിക്യൂട്ടിവ് ഉദ്യോഗസ്ഥന്മാരിൽ നിന്നും വല്ലറിപ്പോർട്ടുകളും ഗവമ്മെണ്ടിൽ കിട്ടിയിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറു സെക്രട്ടറി): അതിനെപ്പററി ഒരു റിപ്പോർട്ടു കിട്ടിയിട്ടുണ്ട് അതു ഗവമ്മെണ്ടിന്റെ ശ്രദ്ധക്കുവിഷയമായിരിക്കയും ആണ്.

പോലീസ് ഡിപ്പാർട്ടുമെൻറിലുള്ള താണജാതിക്കാർ.

൧൮൮. മി: കെ. മാധവൻ (നിയമിതമെമ്പർ): പോലീസ് ഡിപ്പാർട്ടുമെൻറിൽ താണജാതിക്കാരിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടു എന്നു അറിഞ്ഞാൽ കൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവമ്മെൻറു സെക്രട്ടറി): അരുപത്.

ചേരമാൻ തുരുത്തിയിൽ ഒരു മലയാളം പള്ളിക്കൂടം തുടങ്ങുന്നതിനെപ്പററി.

൧൮൯. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ):

(എ) ചേരമാൻതുരുത്തിയിലുള്ള മഹമ്മദിയർ തങ്ങൾക്കുകെട്ടിയുണ്ടാക്കിയിട്ടുള്ള ഒരു കെട്ടിടത്തിൽ ഒരു മലയാളംപള്ളിക്കൂടം സ്ഥാപിക്കുന്നതിനു അനുവാദം കിട്ടണമെന്നായി വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു അപേക്ഷകൊടുത്തിട്ടുണ്ടോ?

(ബി) പള്ളിക്കൂടത്തിൽ പോകേണ്ടപ്രായത്തിലുള്ള അനേകം മുസ്ലിംബാലന്മാർ അവിടെ ഉണ്ടെന്നു ഗവമ്മെൻറിനറിയാമോ?

(സി) അവിടെ ഒരു പള്ളിക്കൂടമില്ലാത്തതുകൊണ്ട് ഈ കുട്ടികൾ പള്ളിക്കൂടത്തിൽ പോകാതെ വീട്ടിൽതന്നെ ഇരിക്കുന്നു എന്ന സംഗതി ഗവമ്മെൻറിനറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി):

(എ) ഉണ്ട്.

(ബി) പള്ളിക്കൂടത്തിൽ പോകുന്നപ്രായത്തിൽ ഏതാനും ആൺകുട്ടികളുണ്ട്.

(സി) പള്ളിക്കൂടത്തിൽ പോകാതെ ഏതാനും കുട്ടികൾ വീട്ടിൽതന്നെ ഇരുന്നുവരുന്നതായി അറിയാം. എന്നാൽ ഈ കുട്ടികൾക്കു പോയിപഠിക്കാവുന്നതായി വളരെ അകലെയല്ലാതെ ഒരു പള്ളിക്കൂടം ഉള്ളതുകൊണ്ട് ചേരമാൻതുരുത്തിയിൽ ഒരു പള്ളിക്കൂടം ഇല്ലാത്തതിനാൽ മാത്രമാണ് ഇവർ പള്ളിക്കൂടത്തിൽ പോകാതെ കഴിയുന്നതു് എന്ന് വിചാരിക്കാൻ നിവൃത്തിയില്ല.

തിരുവനന്തപുരം ഗവണ്മെന്റ ഹോസ്റ്റലിലെ മുസ്ലിംവിദ്യാർത്ഥികൾ.

൧൮൦. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ):

(എ) ഈസ്കൂൾവർഷാരംഭത്തിൽ (൧൧൨൩-മുതൽ ൩൦ വരെ) ഗവണ്മെന്റ ഹോസ്റ്റലിൽ താമസിച്ചിരുന്ന മുസ്ലിംവിദ്യാർത്ഥികളുടെ എണ്ണം എത്ര?

(ബി) ഹോസ്റ്റലിൽ താമസിക്കാവുന്ന മുസ്ലിംവിദ്യാർത്ഥികളുടെസംഖ്യ എത്ര?

(സി) ഇപ്പോൾ താമസിക്കുന്നവരുടെ സംഖ്യ എത്ര?

(ഡി) ഇങ്ങനെ അവരുടെ എണ്ണം കുറയുവാനുള്ള കാരണമെന്ത്?

(ഇ) ഹോസ്റ്റൽ വിട്ടുപോയവർക്ക് അവിടം വിട്ടുപോകുന്നതിനുള്ള അനുവാദംകിട്ടിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി):

(എ) ൧൧.

(ബി) ൧൧.

(സി) ൧.

(ഡി) മഹമ്മദൻ്മെസ്സിലെ അരിവെപ്പുകാരൻ ഉദ്യോഗം രാജിവെച്ചു എന്നുംപുതുതായി ഒരാളെനിയമിക്കുന്നതിനു കുറെകാലതാമസം നേരിട്ടു എന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. ആ സമയം അവിടെ താമസിച്ചിരുന്നതിൽ ഏതാനും പേർ അവിടംവിട്ടു പ്രത്യേകം താമസിക്കണമെന്നു താല്പര്യപ്പെട്ടു. അവർക്ക് അതിനുള്ള അനുവാദം നൽകുകയും ചെയ്തു.

(ഇ) കിട്ടിയിട്ടുണ്ട്.

ഗവണ്മെന്റഹോസ്റ്റലിലെ മുസ്ലീം വിദ്യാർത്ഥികളുടെ താമസം

൧൮൧. മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ):

(എ) ഗവണ്മെന്റ ഹോസ്റ്റലിലെ മുസ്ലീം വിദ്യാർത്ഥികൾ ൧൧൨൩-ാമാണ്ട് എത്രദിവസം പുറത്തുപോയി ആഹാരം കഴിക്കേണ്ടതായിവന്നിട്ടുണ്ട്?

(ബി) പുറത്തുനിന്നും ആഹാരംകഴിക്കുന്നതിന് അവരെ അനുവദിച്ചതിനുള്ള കാരണങ്ങളെന്തെല്ലാം?

(സി) ഹോസ്റ്റലിന് പുറത്തുപോകുന്നതിന് അവരെ അനുവദിച്ചതിനുള്ളകാരണങ്ങളെന്തെല്ലാം?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ് സെക്രട്ടറി):

(എ-ബി) ഹോസ്റ്റലിലെയാതൊരു മഹമ്മദൻ വിദ്യാർത്ഥിയേയും പുറത്തുപോയി ആഹാരം കഴിക്കണം എന്നു നിർബന്ധിച്ചിട്ടില്ല എന്നു റിപ്പോർട്ട്കിട്ടിയിരിക്കുന്നു. ൨൧ ദിവസങ്ങളോളം മഹമ്മദൻമെസ്സിൽ അരിവെപ്പുകാരൻ ഇല്ലാതെയിരുന്നു. അതിനാൽ അവരുടെ അപേക്ഷ അനുസരിച്ച് ഇക്കാലമത്രയും പുറത്തുപോയി ആഹാരംകഴിക്കുന്നതിന് അവർക്ക് അനുവാദം നൽകി.

(സി) ൧൮൦-ാംനമ്പർ ചോദ്യത്തിന്റെ (സി) ഭാഗത്തിന് നൽകിയ മറുപടിയിലേക്ക് മെമ്പറിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു.

മി. പി. എസ്സ്. മഹമ്മദ് (നിയമിതമെമ്പർ): ഈ ഇരുപത്തൊന്നു ദിവസത്തിനിടക്ക് മഹമ്മദൻ അരിവെപ്പുകാരനെ കിട്ടാൻ അധികാരികൾ വല്ലശ്രമവും ചെയ്തിട്ടുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ചെയ്തിട്ടുണ്ട്.

മി. പി. എസ്സ്. മഹമ്മദ് (നിയമിതമെമ്പർ): അരിവെപ്പുകാരനെ കിട്ടാത്തതുകൊണ്ടാണോ നിയമിക്കാത്തത്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി). അതേ.

മി. പി. എസ്. മഹമ്മദ (നിയമിതമെമ്പർ): ഹോസ്റ്റലിലുള്ള മഹമ്മദൻബോർഡേഴ്സ് തന്നെ ഒരാളെ കൊണ്ടുവന്നിരുന്നതറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അറിയാം.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അയാളെ എന്തുകൊണ്ടു നിയമിച്ചില്ല?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): അയാളുടെ യോഗ്യത തൃപ്തികരമല്ലാത്തതുകൊണ്ടാണ് വാർഡൻ അയാളെനിയമിക്കാഞ്ഞത്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): അയാളുടെ യോഗ്യത തൃപ്തികരമല്ലെന്നു എങ്ങനെ അറിഞ്ഞു? അധികാരികൾക്ക് അയാളെ ഇതിനുമുമ്പ് പരിചയമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അയാളെപ്പററി അതിന്‌ശേഷം അന്വേഷിച്ചറിഞ്ഞതാണ്.

മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ആരുടെ അടുക്കൽ അന്വേഷിച്ചു?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ്സെക്രട്ടറി): പൊതുവെ അന്വേഷിച്ചു.

ചിറയിൻകീഴുതാലൂക്കിൽ അബ്കാരി കോൺട്രാക്ട്.

൧൮൨. മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ചിറയിൻകീഴ്താലൂക്കിലെ അബ്കാരി കോൺട്രാക്ടിൽനിന്നും ആണ്ടോടാണ്ടു പിരിച്ചു വരുന്ന തുക എത്രയാണ്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ൭൭൭൧ രൂപ.

ചിറയിൻകീഴ്താലൂക്കിലെ അബ്കാരികോൺട്രാക്റ്റിനെ സംബന്ധിച്ചു ഏതാനും വിവരങ്ങൾ.

൧൮൩. മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ):

(എ) അബ്കാരികോൺട്രാക്ടിയിലെ കച്ചവടക്കാരുടെ എണ്ണം

(ബി) കഴിഞ്ഞ ൧൧൨൨-ാമാണ്ടു അവിടെനിന്നും പിരിച്ചിട്ടുള്ള ആദായനികുതിയുടെതുക

(സി) അവിടത്തെ നിവാസികളുടെ എണ്ണം

(ഡി) അവരുടെ പ്രധാന തൊഴിലുകൾ.

ഇവ വ്യക്തമാക്കുന്ന ഒരു പട്ടിക സഭമുമ്പാകെ ഹാജരാക്കുന്നതിന് ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമെന്റ്‌സെക്രട്ടറി):

(എ) ൬൮.

(ബി) ൬൭൩ രൂപ, ൫ ച, ൭ കാശ്.

(സി) ൫൬൧൫ രൂപ.

(ഡി) തോണ്ടുകളിലിടുകയും കയറും കൊപ്പയും ഉണ്ടാക്കുകയും.

മുതലപ്പൊഴിയിൽനിന്നും അഴീക്കടത്തിന്റെ സമീപംകൂടി പോകുന്നവഴി.

൧൮൪. മി. പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മുതലപ്പൊഴിനിന്നും പോകുന്ന പബ്ലിക്കുവഴി അഴീക്കടത്തിന്റെ സമീപംകൂടിയാണു പോകുന്നതു് എന്നു ഗവമെന്റിനറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവമെന്റ്‌സെക്രട്ടറി): അറിയാം, അഴീക്കടത്തിന്റെ അരഫർലാംഗോളം അകലെക്കൂടിയാണു.

൧൮൧൧ലേയും ൧൮൧൨ലേയും എഫ് എയും ബി. എയും പരീക്ഷാഫലം.

൧൮൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) മഹാരാജാസ്‌കോളേജിൽനിന്നും ൧൮൧൧-ലും ൧൮൧൨-ലും ബി. എൽ. എഫ്. എൽ. ഈ പരീക്ഷകൾക്കു ചെന്നിരുന്ന വിദ്യാർത്ഥികളുടെ എണ്ണം എത്ര്?

(ബി) ൧൮൧൧-ലും ൧൮൧൨-ലും ഉള്ള ജയത്തിന്റെ ശതമാനം എത്ര്?

(സി) ൧൮൧൧-ലും ൧൮൧൨-ലും സർവകലാശാലയിലേ ജയത്തിന്റെ ശതമാനം എന്തു്?

മി: റ്റി. കെ. മാധവൻനായർ (ആ: ഗവമെന്റു സെക്രട്ടറി):

		൧൮൧൧	൧൮൧൨
(എ)	ബി. എൽ.	൧൫൬	൧൭൧
	എഫ്. എൽ.	൧൪൪	൧൩൪
(ബി)	ബി. എൽ.	൩൪	൬൪
	എഫ്. എൽ.	൩൫	൧൬
(സി)	ബി. എൽ.	൪൧	൩൪
	എഫ്. എൽ.	൩൮൫	൬൫

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ശതമാനം ഇങ്ങനെ കുറയുന്നതിനുള്ള കാരണമെന്തെന്നു അറിഞ്ഞാൽകൊള്ളാം.

മി: ടി. കെ മാധവൻനായർ (ആ: ഗവമെന്റു സെക്രട്ടറി): കുറഞ്ഞ ശതമാനത്തിനു കാരണം വിദ്യാർത്ഥികൾ ശരിയായി എഴുതാത്തതായിരിക്കാം. പ്രത്യേകമായി മറ്റു കാരണങ്ങളൊന്നും കാണുന്നില്ല.

മി: ഡി' സി. ജോസഫ് (അഗസ്തീശ്വരം): ശതമാനം ഇങ്ങനെ കുറയുന്നതിനെപ്പറ്റി അന്വേഷിക്കണമെന്നു ഗവമെന്റു വിചാരിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആ. ഗവമെന്റ്‌സെക്രട്ടറി): ഇല്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഈ കാളേജിലെ വിദ്യാർത്ഥികൾ പരീക്ഷയിൽ ഇത്രവളരെ തോല്ക്കുന്നതിന് പ്രത്യേകമായി വല്ല കാരണങ്ങളുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആ. ഗവമെന്റു സെക്രട്ടറി): അതിനു മറുപടി പറഞ്ഞുകഴിഞ്ഞു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവനന്തപുരം കാളേജിലെ വിദ്യാർത്ഥികൾ മറ്റു കാളേജിലെ വിദ്യാർത്ഥികളേക്കാൾ ബുദ്ധികുറഞ്ഞവരാണോ എന്നറിഞ്ഞാൽകൊള്ളാം.

മി: ടി. കെ. മാധവൻനായർ (ആ. ഗവമെന്റു സെക്രട്ടറി): അതു അഭിപ്രായത്തെ സംബന്ധിച്ചുള്ള ഒരു കാര്യമാണ്.

ലാകാളേജിലെ വരവുചെലവു്.

൧൮൬. മി: ഡി. സി ജോസഫ് (അഗസ്തീശ്വരം): (എ) ൧൮൧൧-ലും ൧൮൧൨-ലും തിരുവനന്തപുരം ലാകാളേജ് വിദ്യാർത്ഥികളിൽനിന്നും ആകെ പിരിച്ചെടുത്തിട്ടുള്ള ഫീസ്സ് എത്ര?

(ബി) ശമ്പളം മുതലായവയ്ക്കു ചിലവായിട്ടുള്ള തുക എത്ര?

(ഡി) ഗവമെന്റിലേക്കുണ്ടായിട്ടുള്ള ആദായമെത്ര?

മി: ടി. കെ മാധവൻനായർ (ആ. ഗവമെന്റ്‌സെക്രട്ടറി):

	൧൮൧൧	൧൮൧൨
	രൂപ	രൂപ
(എ)	൩൬൮൩൪	൧൬൦൧൧
(ബി)	൩൧൩൭൭	൩൧൧൦൩
(സി)	൩൧൬൪൩	൪൦൩൩൫

തിരുവനന്തപുരം ലാകാളേജിലെ പ്രിൻസിപ്പാളും പ്രൊഫസറന്മാരും.

൧൮൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) തിരുവനന്തപുരം ലാകാളേജിലെ ഓരോ പ്രൊഫസരും എത്രമണിക്കൂർ വീതം വേലചെയ്യുണം?

(ബി) കാളേജിലെ ഇപ്പോഴത്തെ പ്രിൻസിപ്പാളിന് എത്രവയസ്സും എത്രകൊല്ലത്തെ സർവീസും ഉണ്ടു്?

മി: ടി. കെ. മാധവൻനായർ (ആ. ഗവമെന്റ്‌സെക്രട്ടറി): (എ) ൧ മണിക്കൂർ.

(ബി) ൩൮ വയസ്സും ൩൦ കൊല്ലത്തെ സർവീസും.

അനുബന്ധം ൧൩,

൧൭൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

൧൧൦൦ മുതൽ ൧൧൦൯ വരെയുള്ള വർഷങ്ങളിൽ തിരുവിതാംകൂർകാർ യൂറോപ്യന്മാർ മുതലായവർക്ക് പതിച്ചുകൊടുത്തിട്ടുള്ള ഭൂമിയുടെ വിസ്തീർണ്ണം കുറിക്കുന്ന പട്ടിക.

ഡിവിഷൻ	ആകെ പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം		യൂറോപ്യന്മാർക്ക് പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം		നാട്ടുകാർക്ക് പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം		ബ്രിട്ടീഷ് ഇൻഡ്യൻ പ്രജകൾക്ക് പതിച്ചുകൊടുത്ത ഭൂമിയുടെ വിസ്തീർണ്ണം	
	ഏക്കർ	സെൻറ്	ഏക്കർ	സെൻറ്	ഏക്കർ	സെൻറ്	ഏക്കർ	സെൻറ്
തിരുവനന്തപുരം	൧൯൭൭൨	൬൯·൧൭	൩൧൭	൧൦.൦൦	൧൯൨൭൧	൩൩·൧൩	൬	൨൬·൦൨
കൊല്ലം	൧൩൦൭൧	൮൪.൯൭	൯൨	൪൯·൦൦	൧൨൩൦൭	൮൩·൧൭	൬൭൩	൧൬·൭൯
കോട്ടയം	൪൭൨൨	൬൮·൬൪	൧൭	൮൧൦൦	൪൭൭൧	൨൩·൬൪	...	...
ദേവികുളം	൩൮൭	൮൧·൦൦	൯	൪൨·൦൦	൨൮൦	൩·൦൦	൯൭	൭൬·൦൦
ആകെ	൨൧൭൧൮	൨൩·൭൪	൭൬൯	൨൨·൦൦	൮൦൩൬൪	൨·൯൬	൭൭൬	൯൪.൪൧

അനുബന്ധം ൧൪.

൧൯൦-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

അഗസ്തീശ്വരം, തിരുവല്ല, ചേർത്തല ഈ താലൂക്കുകളിലെ സബ്ട്രഷറികളിൽ ൧൧൦൩-ം ൧൧൦൪-ം ഈ വർഷങ്ങളിൽ വന്നിട്ടുള്ളതും ചെലവായിട്ടുള്ളതും ആയ പണത്തെ കാണിക്കുന്ന പട്ടിക.

ട്രഷറിയുടെ പേര്	ആണ്ട്	വരവു			ചിലവ്			റിമാർക്ക്
		രൂപ	ച.	കാ.	രൂപ.	ച.	കാ.	
അഗസ്തീശ്വരം	൧൧൦൩	൨൧൨൬൧൩൩	൧൮	൭	൨൨൬൫൨൨൫	൧൯	൧൩	
	൧൧൦൪	൨൧൭൪൦൪൯	൨൬	൦	൨൦൪൫൪൦൯	൨	൩	
തിരുവല്ലാ	൧൧൦൩	൫൭൨൮൮	൧൩	൧൦	൫൭൦൮൦൫	൨൯	൩	
	൧൧൦൪	൧൦൪൨൭൦൯	൧൫	൭	൧൦൮൨൭൩൬	൧൧	൧൨	
ചേർത്തല	൧൧൦൩	൨൧൦൯൪൩൨	൧൯	൩	൨൦൨൨൬൧൦	൧൮	൮	
	൧൧൦൪	൧൫൦൪൫൦൪	൨൧	൩	൧൭൫൪൦൨൪	൦	൧൬	

അനുബന്ധം ൧൫.

൧൯൨-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടി നോക്കുക.

ആണ്ട്	രജിസ്റ്റർ ചെയ്ത ചിട്ടികളുടെ എണ്ണം	ഡിസ്ത്രിക്ട് രജിസ്ത്രാറന്മാർ പരിശോധിച്ച ചിട്ടിറിക്കാർഡുകളുടെ എണ്ണം	റിമാർക്ക്
൧൧൦൦	൧൦൪൭	൮൨൦	
൧൧൦൧	൧൨൫൧	൭൦൧	
൧൧൦൨	൧൪൪൬	൭൮൬	
൧൧൦൩	൧൮൬൮	൧൨൪൧	
൧൧൦൪	൧൮൨൬	൫൦൫	

അനുബന്ധം ൧൬.

൧൭൫-ാം നമ്പ്ര ചോദ്യത്തിന്റെ മറുപടി നോക്കുക.

അഗസ്തീശ്വരം താലൂക്കിലെ ഓരോ ഷാപ്പിൽനിന്നും ൧൧൦൪-ൽ തവണവകയിൽ ഈടായിട്ടുള്ള സംഖ്യയും ഓരോ ഷാപ്പിനും അനുവദിച്ചിട്ടുള്ള പനയുടെ എണ്ണവും കുറിക്കുന്ന പട്ടിക.

ഷാപ്പുനമ്പ്ര	തവണവകത്തുക	ഷാപ്പുനമ്പ്ര	തവണവകത്തുക
൧	൪൦൦൦	൧൧	൨൩൦൫
൨	൪൦൦൦	൧൨	൩൪൩൦
൩	൩൦൦൫	൧൩	൭൧൦൦
൪	൨൫൦൫	൧൪	൩൨൧൦
൫	൩൪൬൦	൧൫	൬൪൦൫
൬	൩൦൦൦	൧൬	൧൨൦൫
൭	൨൦൫൦	൧൭	൨൫൦൦
൮	൫൦൫൦	൧൮	൨൨൫൦
൯	൩൪൮൦	൧൯	൨൬൧൦
൧൦	൪൨൦൦		

ഷാപ്പുനമ്പ്ര	൧൧൦൪-ലെ ആദ്യ പകുതിക്കു അനുവദിച്ചിരുന്ന പനകളുടെ എണ്ണം	൧൧൦൪-ലെ ഒടുവിലത്തെ പകുതിക്കു അനുവദിച്ചിരുന്ന പനകളുടെ എണ്ണം
൧	൧൩൦	൮൦
൨	൧൩൦	൧൦൦
൩	൯൫	൬൦
൪	൯൫	൬൦
൫	൯൦	൯൫
൬	൧൨൫	൭൦
൭	൧൨൦	൯൦
൮	൧൪൦	൧൨൦
൯	൧൩൦	൬൦
൧൦	൧൨൦	൯൫
൧൧	൧൦൦	൧൦൦
൧൨	൧൫൦	൮൦
൧൩	൨൭൫	൧൫൦
൧൪	൧൧൦	൭൫
൧൫	൨൯൫	൨൦൦
൧൬	൮൦	൫൦
൧൭	൮൦	൪൦
൧൮	൧൧൫	൭൫
൧൯	൧൪൦	൪൦

അനുബന്ധം ൧൭.

൧൧൦൭ ചിങ്ങം, കന്നി ഈ മാസങ്ങളിൽ ദിവാൻ പേഷ്കാരന്മാരും ദേവികുളം കമ്മീഷണരും നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതിതിരിച്ച പട്ടിക.

ജാതിയുടെ പേർ	തിരുവനന്തപുരം ഡിവിഷൻ	കൊല്ലം ഡിവിഷൻ					കോട്ടയം ഡിവിഷൻ		ദേവികുളം ഡിവിഷൻ		റിമാർക്ക്
		൧൪ രൂപ ശമ്പളത്തിൽ അക്കൌണ്ടന്റുമാർ	൧൫ രൂപ ശമ്പളത്തിൽ അക്കൌണ്ട് ക്ലാർക്ക്	൨൦ രൂപ ശമ്പളത്തിൽ അക്കൌണ്ട് ക്ലാർക്ക്	൰ രൂപ ശമ്പളത്തിൽ അക്കൌണ്ട് പ്യൂൺ	സ്ഥിരം	അക്കൌണ്ട് ടൈപ്പിസ്റ്റ്	സ്ഥിരം ക്ലർക്ക്	൧൫ രൂപ ശമ്പളത്തിൽ അക്കൌണ്ട് കാപ്പിയിസ്റ്റ്	൰ രൂപ ശമ്പളത്തിൽ അക്കൌണ്ട് പ്യൂൺ	
൧. ഹിന്ദുക്കൾ											
മലയാളബ്രാഹ്മണർ ...	...	...	...	...	...	...	...	...	...	...	
മററു ബ്രാഹ്മണർ ...	...	...	...	൧	...	...	...	...	...	...	
നാടാന്മാർ ...	...	...	...	...	...	...	...	...	...	...	
ഈഴവർ ...	...	൧	...	...	...	...	...	...	...	...	
കമ്മാളർ ...	...	...	...	...	...	...	...	...	...	...	
ക്ഷത്രിയർ ...	...	...	...	...	...	...	...	...	...	...	
നായർ ...	...	...	...	൭	൨	...	...	...	൧	൧	
പുലയർ ...	...	...	...	...	...	...	...	...	...	...	
വെള്ളാളർ ...	...	...	...	൨	...	...	...	...	...	...	
മററു താണജാതിക്കാർ ..	...	...	...	൧	...	...	...	...	...	...	
മററു ഹിന്ദുക്കൾ ...	...	...	...	...	...	...	൧*	...	...	...	*പിഷാരടി
൨. മുസ്ലീങ്ങൾ ...	...	...	...	൨	...	...	...	൧	...	...	
൩. ക്രിസ്ത്യാനികൾ											
പ്രാട്ടസ്റ്റന്റ്കാർ ...	...	...	...	൨	...	...	...	...	...	...	
റോമൻകത്തോലിക്കർ ...	...	...	...	...	...	...	...	...	...	...	
ലാററിൻറൈററ് ...	...	...	...	...	...	...	...	...	...	...	
സിറിയാക്റൈററ് ...	...	...	൧	...	...	...	...	...	...	...	
സിറിയൻ											
ജാക്കോബൈററ് ...	...	൨	...	൨	...	...	...	...	...	...	
മാർത്തോമ്മാ ...	...	...	...	...	...	...	...	...	...	...	

അടിയന്തിരപ്രമേയങ്ങൾ.

(അത്യാവശ്യവും അതിപ്രധാനവുമായ ഒരു നിശ്ചിതസംഗതിയെസംബന്ധിച്ചു വാദപ്രതിവാദം ചെയ്യേണ്ടതിലേക്കായി സഭാനടപടികൾ തല്ക്കാലത്തേക്കു നിറുത്തിവയ്ക്കണമെന്നു കാണിച്ചു മി. എ. താണുപിള്ള ഒരു നോട്ടീസ് പ്രസിഡന്റിന്റെ പക്കൽകൊടുത്തു.

പ്രസിഡന്റ്: ഈ കൗൺസിലിന്റെ തീയതി ആദ്യമായി നിശ്ചയിച്ചതിനുശേഷം അതിനെ ഭേദഗതി ചെയ്തതിനെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുന്നതിനായി സഭാനടപടികൾ തല്ക്കാലം നിറുത്തിവയ്ക്കണമെന്നുകാണിച്ചു ഒരു ഉപക്ഷേപം മി: താണുപിള്ള എന്റെകയ്യിൽ തന്നിരിക്കുന്നു. സഭാനടപടികൾ നിറുത്തിവക്കുന്നതിനു അവതരിപ്പിക്കാവുന്ന ഉപക്ഷേപങ്ങളെ സംബന്ധിച്ചുള്ള നിയമം അനുസരിച്ചു ഈ വിഷയം അതിന്റെ പരിധിയിൽ വരുന്ന ഒന്നാണെന്നു എനിക്കു തോന്നുന്നില്ല. റഗുലേഷൻ അനുസരിച്ചു തീയതി നിശ്ചയിക്കുന്നതിനുള്ള പൂർണ്ണാധികാരം ദിവാൻജിയിലാണു ലയിച്ചിരിക്കുന്നതു്. ആ സ്ഥിതിക്കു് ആ സംഗതിയെപ്പററി ഈ സഭയിൽവച്ചു വാദപ്രതിവാദം നടത്തുന്നതു ആശാസ്യമായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. ഈ യോഗത്തിന്റെ തീയതി മാററിവച്ചതിനെപ്പററിയുള്ള നോട്ടീസ് മെമ്പറന്മാൎക്കു യാതൊരു അസൗകൎയ്യവും നേരിടാതിരിക്കത്തക്കവണ്ണവും അസൗകൎയ്യങ്ങളെ കുറക്കത്തക്കവണ്ണവും അത്ര വളരെ നേരത്തെതന്നെ മെമ്പറന്മാൎക്കു കൊടുത്തിട്ടുണ്ടായിരുന്നതുകൊണ്ടും ഇതിന്റെ ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു ആവശ്യപ്പെടത്തക്കവണ്ണം അത്ര പ്രാധാന്യമുള്ള ഒരു സംഗതിയാണു ഇതു എന്നു എനിക്കു തോന്നുന്നില്ല. ഈ കാരണങ്ങളാൽ ഈ ഉപക്ഷേപം അനുവദനീയമല്ല എന്നു ഞാൻ തീരുമാനിക്കുന്നു.

മി: മറുവേലിൽ പാച്ചുപിള്ള (ചേൎത്തല): സർ, എനിക്കു വേറെ ഒരു ഉപക്ഷേപം ഉണ്ടു്.

(അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ സംബന്ധിച്ചുള്ള നോട്ടീസ് അദ്ദേഹം പ്രസിഡന്റിന്റെ കയ്യിൽ കൊടുത്തു.)

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെരഞ്ഞെടുത്ത മെമ്പർ): സർ! ഇതു നിയമവിരുദ്ധമാണു്. ഒരേദിവസംതന്നെ ഇങ്ങനെയുള്ള രണ്ടു ഉപക്ഷേപങ്ങൾ അവതരിപ്പിക്കാമോ എന്നറിഞ്ഞാൽകൊള്ളാം. അടിയന്തിരപ്രമേയങ്ങളെപ്പററി പ്രസ്താവിക്കുന്ന ചട്ടം എൻപതാമത്തെ ചട്ടം ആകുന്നു. അതനുസരിച്ചു ഒരു യോഗത്തിൽ ഒന്നിലധികം ഉപക്ഷേപങ്ങൾ അവതരിപ്പിക്കാൻപാടില്ല. സ്റ്റാൻഡിംഗ് ആർഡർ എമ്പതിൽ ഇങ്ങനെ കാണുന്നു.

പൊതുപ്രാധാന്യമുള്ളതും അത്യാവശ്യമായിട്ടുള്ളതും ആയ ഒരു നിശ്ചിതസംഗതിയെപ്പററി വാദപ്രതിവാദം ചെയ്യുന്നതിലേക്കായി സഭയുടെ നടപടികൾ നിറുത്തിവയ്ക്കുന്നതിനു അനുവാദം കിട്ടണമെന്നായി ഒരു ഉപക്ഷേപം ഹാജരാക്കുന്നതിനു് അനുവാദം കിട്ടണമെന്നു് ചോദ്യോത്തരങ്ങൾ കഴിഞ്ഞശേഷം അന്നത്തെ കാൎയ്യപരിപാടിയിൽ പ്രവേശിക്കുന്നതിനുമുമ്പായി ആവശ്യപ്പെടാമെന്നുള്ളതാകുന്നു.

ഇവിടെയും ഉപക്ഷേപം എന്നല്ലാതെ ഉപക്ഷേപങ്ങൾ എന്നു പറഞ്ഞുകാണുന്നില്ല. അതിനാൽ ഒന്നിലധികം ഉപക്ഷേപങ്ങൾ ഹാജരാക്കാൻപാടില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സൎക്കാർവക്കീൽ) സർ, ഒരു ഉപക്ഷേപം മാത്രമെ അവതരിപ്പിക്കാൻ പാടുള്ളു. എന്നാൽ അനുവാദത്തിനു അപേക്ഷിക്കയും സഭയുടെ അനുമതിലഭിക്കയും ചെയ്തതിനുശേഷം മാത്രമെ ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടതായി വിചാരിക്കാൻ പാടുള്ളു. ഒരു ഉപക്ഷേപത്തെപററി വാദപ്രതിവാദം ചെയ്യുന്നതിനു അനുവാദം നൽകിക്കഴിഞ്ഞാൽപിന്നെ മറെറാരു ഉപക്ഷേപം അവതരിപ്പിക്കാൻ പാടില്ല. ഇപ്പോൾ അനുവാദം ആവശ്യപ്പെടുന്ന സന്ദർഭം മാത്രമെ ആയിട്ടുള്ളുവല്ലോ.

പ്രസിഡണ്ട്, സഭയുടെ അനുമതികിട്ടിയതിന്മേൽമാത്രമെ ഒരു ഉപക്ഷേപം അവതരിപ്പിക്കപ്പെട്ടതായി ഗണിക്കുവാൻ പാടുള്ളു എന്നു ഞാൻ തീരുമാനിക്കുന്നു. അതിനാൽ മുൻപറഞ്ഞ ചട്ടത്തിൽ പറഞ്ഞിട്ടുള്ള തടസ്സം ഒരു ഉപക്ഷേപത്തിനു സഭയുടെ അനുമതികിട്ടിയിട്ടുള്ള അവസരങ്ങളിൽമാത്രമേ ബാധകമായിരിക്കുകയുള്ളു. ആനിലക്കു ഉപക്ഷേപം നിയമാനുസൃതംതന്നെയാകുന്നു.

ഈയിടെ പ്രസിദ്ധം ചെയ്ത ഇംഗ്ലീഷ് സ്കൂൾലീവിംഗ് സർട്ടിഫിക്കററ് പരീക്ഷാഫലം തീരെ മോശമായിരിക്കുന്നതിനാൽ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കുന്നതായി മിസ്റ്റർ പിച്ചുപിള്ള വിചാരിക്കുന്ന അസംതൃപ്തിയാകുന്ന പൊതുപ്രാധാന്യമുള്ള അത്യാവശ്യസംഗതിയെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുന്നതിലേക്കായി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നാണു മിസ്റ്റർ പാച്ചുപിള്ള ആവശ്യപ്പെടുന്നതു്. ഈ ഉപക്ഷേപം അനുവദിക്കേണ്ടതാണെന്നാണു എനിക്കു തോന്നുന്നതു്. ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിനു മെമ്പറിനു സഭ അനുവാദം നൽകുമോ? ഇതിനു ആരും വിരോധം പറയുന്നില്ലാത്തതിനാൽ നാളെ മൂന്നുമണിക്കു ഈ ഉപക്ഷേപത്തെപററി വാദപ്രതിവാദം നടത്താമെന്നു ഞാൻ തീരുമാനിക്കുന്നു.

മഹാറാണി റീജന്റ് തിരുമനസ്സുകൊണ്ടു തുല്യം ചാൎത്തിയ റെഗുലേഷൻ.

മി: പി. എൻ. കൃഷ്ണപിള്ള (നിയമസഭ സെക്രട്ടറി) തിരുവിതാംകൂർ പ്രൊബേററ് അഡ്മിനിസ്ട്രേഷൻ ബില്ലിനു ൧൧൦൭ കുംഭം ൨൬-ാംനു മഹാറാണി റീജന്റ് തിരുമനസ്സിലെ അനുമതി ലഭിച്ചു.

സഭമുമ്പാകെ അവതരിപ്പിച്ച സ്റ്റേററ്മെന്റ്

മി: സി. എസ്. കൃഷ്ണസ്വാമി അയ്യർ (ആക്ടിംഗ് ഗവൺമെന്റ ഫിനാൻഷ്യൽ സെക്രട്ടറി). ൧൦൮൯-ലെ രണ്ടാം റെഗുലേഷനായ നിയമസഭാറെഗുലേഷനിലെ ൧൫-ാം വകുപ്പു ൯-ാം ഉപവകുപ്പനുസരിച്ചു ഗവൺമെന്റിൽനിന്നും അനുമതിനൽകിയ ചിലവിന്റെ പട്ടികനിയമസഭാ ചട്ടങ്ങളിലെ ൫൨-ാം ചട്ടം അനുസരിച്ചു സഭമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു.

ഡിമാൻഡ് നമ്പർ	തുക രൂപ	വിവരം
൨൦. കെട്ടിടങ്ങൾ, എടുപ്പുകൾ, മററു പൊതുവേലകൾ തുടങ്ങിയവ	൨൦൦൦	മൈനർ ഇറിഗേഷൻ കമ്മിററിയുമായി ബന്ധിച്ച ചിലവിലേക്കായി
൨൫. പലവക	൫൦൦൦	പണവ്യാപാരാലോചനക്കമ്മിററിയെ സംബന്ധിച്ച ചിലവിനൊക്ക്
൨൫. ടി	൭൦൦	ടി വ്യാവസായിക സഹായത്തിന്

(കൂടുതൽ ഗ്രാൻറിനുള്ള ഡിമാൻഡുകൾ)

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ) സർ, ൫൩-ാം നമ്പർ ഡിമാൻഡായ കൃഷിമത്സ്യവ്യവസായത്തിന് താഴെ പറയുന്ന ആവശ്യങ്ങൾക്കായി ൩൯൦൦ രൂപയുടെ ഗ്രാൻറിനായി അപേക്ഷിക്കുന്നു.

(൧) മത്സ്യം ഉണക്കുന്നവർക്ക് കുറഞ്ഞ നിരക്കിന് ഉപ്പു കൊടുക്കുന്നവകയ്ക്ക് ൩൯൦൦ രൂപ

(൨) ആലപ്പുഴ അരയന്മാക്കുള്ള സ്പെഷ്യൽ ഫിഷറീസ്സ്കൂളിൻെറ ഉപയോഗത്തിന് ഉപകരണങ്ങൾ മാതൃകകൾ ഇതരസാമഗ്രികൾ ഇവ വാങ്ങുന്നവകക്ക് ൧൫൦ രൂപ

സർ, മത്സ്യവ്യവസായം വർദ്ധിപ്പിക്കുന്നതിലേക്കുവേണ്ടി കടൽത്തീരങ്ങളിൽ അനേകം മത്സ്യം ഉണക്കുന്നതിനുള്ള ശാലകൾ ഗവണ്മെൻറു സ്ഥാപിച്ചിട്ടുണ്ട്. കൃഷിഡിപ്പാർട്ടുമെൻറ് ഈ മത്സ്യശാലകൾക്കു ആവശ്യമുള്ളിടത്തോളം ഉപ്പുമുഴുവനും എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും മുഴുവൻ വിലയും കൊടുത്തെടുത്തു മത്സ്യം ഉണക്കുന്നവർക്കു കുറഞ്ഞ വിലയ്ക്കുവിൽക്കുക എന്നുള്ളതാണ് ഇപ്പോഴത്തെ ഏർപ്പാട്. എക്സൈസ് ഡിപ്പാർട്ടുമെൻറിലെ ഉപ്പുവില മന്നിനു ൧ രൂപ ൧൪ ചക്രംമുതൽ ൨ രൂപ ൩ അണവരെയും ഉണ്ട്. മത്സ്യശാലകളിൽ ഉപ്പു കൊടുത്തുവരുന്നതു മന്നിന് നിശ്ചിതനിരക്കായ ൧ രൂപാ ൨ അണവച്ചാണു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) കൃഷിഡിപ്പാർട്ടുമെൻറ് എക്സൈസ് ഡിപ്പാർട്ടുമെൻറിൽനിന്നും ഉപ്പുവാങ്ങുന്നതിൻെറ വില എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ) പൊതുജനങ്ങൾ വാങ്ങുന്നവിലക്കു അതായതു മന്നിന് ൧ രൂപ ൧൪ അണമുതൽ ൨ രൂപ ൩ അണവരെയുള്ള വിലക്ക്. വില ഓരോ സ്ഥലത്തു ഓരോ വിധത്തിലാണ്. രാജാക്കമംഗലത്തു ഉപ്പ് രൂപ ൧ അണ ൧൪ വച്ചും കൊല്ലത്തു തിരുനൽവേലി ഉപ്പും ആലപ്പുഴ ബോംബെ ഉപ്പും ൨ രൂപ ൩ അണവച്ചും ആണ് വില്ക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ഗവണ്മെൻറു അളങ്ങളിൽ ശേഖരിച്ചു വരുന്ന നാടൻ ഉപ്പിന് എന്തു വിലയാകുമെന്നുള്ള സംഗതി എന്നെ പറഞ്ഞുമനസ്സിലാക്കുന്നതിനു കൃഷിഡയറക്ടറക്കു സാധിക്കുമൊ എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ) സർ, എന്നെക്കൊണ്ടു ഇപ്പോൾ സാധിക്കയില്ല. എക്സൈസ് കമ്മീഷണർക്കു ഈ വിവരം പറഞ്ഞുതരാൻ സാധിക്കും. പൊതുജനങ്ങൾക്കു മുൻപറഞ്ഞ നിരക്കുവച്ചാണ് ഉപ്പുകൊടുത്തുവരുന്നതു് എന്നും ആ നിരക്കുകൾ അനുസരിച്ചുതന്നെയാണ് എൻെറ ഡിപ്പാർട്ടുമെൻറും എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഉപ്പുവാങ്ങിവരുന്നതു് എന്നും മാത്രമെ എനിക്കു അറിയാവു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) വില്പനവില ഏതെല്ലാം കൂടിയാണ് കണക്കാക്കുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ) ആ വിവരം പറഞ്ഞുതരുവാൻ എന്നെക്കൊണ്ടു സാധിക്കയില്ല. ഉപ്പിനെപ്പററി ഇടപെടുന്നതു് എക്സൈസ് ഡിപ്പാർട്ടുമെൻറാണ് പൊതുജനങ്ങൾ ഉപ്പിനു കൊടുക്കുന്നവില മന്നിനു ൧ രൂപ ൧൪ അണമുതൽ ൨ രൂപ ൩ അണവരെയാണെന്നു എനിക്കു അറിയാം. മത്സ്യശാലകളിലേക്കു ഈ ഉപ്പു ഇതേ വിലക്കുതന്നെയാണ് നൽകിവരുന്നതു്, അവിടെനിന്നും മത്സ്യം ഉണക്കുന്നവർക്കു നിശ്ചിതനിരക്കായ മന്നൊന്നിനു ൧ രൂപ ൨ അണവച്ചുകൊടുത്തുവരുന്നു. ഇങ്ങിനെ വിലയിൽ മന്നൊന്നിനു ൧൨ അണമുതൽ ൧൧ അണവരെയുള്ള വ്യത്യാസം ഉണ്ട്. ഇതു മത്സ്യം ഉണക്കുന്നവരിൽനിന്നും ഈടാക്കുന്നില്ല. കൃഷിഡിപ്പാർട്ടുമെൻറിലേക്കു അനുവദിച്ചിട്ടുള്ള പണത്തിൽനിന്നും ആണ് ഈ തുക ചിലവാക്കുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഇങ്ങിനെ കുറഞ്ഞവിലക്കു കൊടുക്കുന്നതിൻെറ ഉദ്ദേശം എന്താണ്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ) ശാസ്ത്രീയമായും ഉത്കൃഷ്ടമായും ഉള്ള സമ്പ്രദായത്തിൽ മത്സ്യം ഉണക്കുന്നതിനെ നന്നാക്കിക്കൊണ്ടുവരുവാൻ

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) മത്സ്യം ഉണക്കുന്നശാലകളിൽ താല്പര്യമുള്ളതു് കൃഷിഡിപ്പാർട്ടുമെൻറിനു മാത്രമാണൊ അതല്ല ഗവണ്മെൻറിനു പൊതുവെ ഈ വിഷയത്തിൽ താല്പര്യമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ) ഈ വ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിൽ ഗവണ്മെൻറും ജാഗരൂകന്മാരായിതന്നെ ഇരിക്കുകയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) കൂടുതൽ വിലക്കു ഉപ്പുവാങ്ങി മത്സ്യം ഉണക്കുന്നവർക്കു ആയതു കുറഞ്ഞവിലക്കു വില്ക്കുന്നതിനു കൃഷിഡിപ്പാർട്ടുമെൻറിനെ പ്രേരിപ്പിക്കുന്ന ഉദ്ദേശം എന്തായിരിക്കാം? ഇങ്ങിനെ കൃഷിഡിപ്പാർട്ടുമെൻറ് നഷ്ടം സഹിക്കുന്നതു് എന്തിനായിട്ടാണ്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): കൃഷി ഡിപ്പാർട്ടുമെൻറിനു നഷ്ടമുണ്ടെങ്കിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിനു അത്രയും തന്നെ ലാഭവുമുണ്ടല്ലൊ. മത്സ്യം ഉണക്കുന്ന വ്യവസായം അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാണ് ഗവൺമെൻറിൻെറ താല്പര്യം. എക്സൈസ് ഡിപ്പാർട്ടുമെൻറിനാകട്ടെ അതിലെ നികുതി കുറയാതെ ഇരിക്കണമെന്നും താല്പര്യമുണ്ട്. കൃഷി ഡിപ്പാർട്ടുമെൻറിൽ നഷ്ടപ്പെടുന്നതു എക്സൈസ് ഡിപ്പാർട്ടുമെൻറിനു ലാഭപ്പെടുന്നതു കൊണ്ടു ഗവൺമെൻറിനു പൊതുവിൽ യാതൊരു നഷ്ടവും നേരിടുന്നില്ല. അതിനും പുറമെ മത്സ്യം ഉണക്കുന്നവർക്കു ഉപ്പു കുറഞ്ഞ വിലക്കു വില്ക്കുകയും ചെയ്യുന്നു.

മി: രേവതി നാൾ രാമവർമ്മ രാജാ (എടവക): എത്ര കാലത്തേക്കു ഇങ്ങിനെ കൊടുത്തു കൊണ്ടിരിക്കണം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മത്സ്യം ഉണക്കുന്നിടത്തോളം കാലം കൊടുക്കണം.

മി: രേവതിനാൾ രാമവർമ്മ രാജാ (ഇടവക): അതു ശരിയായ നിലയിൽ വന്നാൽ പിന്നെയും കൊടുത്തു കൊണ്ടിരിക്കണോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അങ്ങിനെയാണു ചില സ്ഥലങ്ങളിൽ കൊടുത്തും കൊണ്ടിരിക്കുന്നതു്.

മി: രേവതി നാൾ രാമവർമ്മരാജാ (ഇടവക): മത്സ്യം ഉണക്കുന്നതിനാണ് ഈ ഉപ്പു ഉപയോഗിക്കുന്നതു എന്നു ഡയറക്ടർക്കു അറിയാമൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ); അറിയാം.

മി: രേവതി നാൾ രാമവർമ്മരാജാ (ഇടവക): മത്സ്യം ഉണക്കുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുന്നതു ഏതു ഡിപ്പാർട്ടുമെൻറാണ്.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷി മത്സ്യവ്യവസായ ഡയറക്ടർ) : മത്സ്യവ്യവസായ ഡിപ്പാർട്ടുമെൻറാണ .

മി: രേവതി നാൾരാമവർമ്മരാജാ (ഇടവക): ഇതു മത്സ്യം അന്യ നാട്ടിലേക്കു അയക്കുന്ന കണക്കു സൂക്ഷിക്കുന്നതു എക്സൈസ് ഡിപ്പാർട്ടുമെൻറൊ ഫിഷറി ഡിപ്പാർട്ടുമെൻറൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എക്സൈസ് ഡിപ്പാർട്ടുമെൻറ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അങ്ങിനെ അയക്കുന്ന കണക്കു എത്രയാണെന്നു ഡയറക്ടർക്കു അറിയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): എൻെറ വാർഷിക റിപ്പോർട്ടു തയ്യാറാക്കുന്നതിനു മുമ്പു ആണ്ടു തോറും ആ കണക്കു എഴുതി അയച്ചു വരുത്തി അതു റിപ്പോർട്ടിൽ ചേർക്കുന്ന പതിവുണ്ടായിരുന്നു. കഴിഞ്ഞ ആണ്ടിൽ മാത്രം എൻെറ റിപ്പോർട്ടു തയ്യാറാക്കിയതിനു ശേഷമാണ് ആ കണക്കു കിട്ടിയതു്. അതു കൊണ്ടു അതിൽ ആ വിവരം ചേർത്തിട്ടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോടു്): കഴിഞ്ഞ ഏതാനും വർഷത്തെ കണക്കു കൊണ്ടു ഫിഷ്ക്യൂറിംഗ് ഇവിടെ കുറഞ്ഞു വരികയാണെന്നു ഡയറക്ടർക്കു ബോദ്ധ്യമുണ്ടൊ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻ പിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ); ഉണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇവിടെ നടത്തുന്നവർക്കു ലാഭമോ നഷ്ടമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ); ലാഭമാണെന്നു വേണം വിചാരിക്കാൻ. നഷ്ടമാണെങ്കിൽ ഇതിനു മുമ്പു തന്നെ അവർ വിട്ടേച്ചു പോകുമായിരുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക). അങ്ങിനെ ലാഭമുണ്ടെന്നു കാണുന്ന പക്ഷം ഗവൺമെൻറിൽ നിന്നും സഹായമായി കൊടുക്കുന്ന ഉപ്പിൻെറ വിലയിൽ ഒരംശം ഈടാക്കാൻ പാടരുതോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ). ഇവിടെ മീൻ ഉണക്കി പാകം ചെയ്യുന്നതു ശുചിത്വം ഇല്ലാത്ത സ്ഥിതിയിലാണ്. അതു നിമിത്തം കാളറാ തുടങ്ങിയുള്ള സാംക്രമികരോഗങ്ങൾ ഉണ്ടാകാൻ സൌകര്യമുണ്ട്. അതിനാൽ മത്സ്യങ്ങൾ എല്ലാം ഗവൺമെൻറു സ്ഥാപനങ്ങളിൽ കൊണ്ടു വന്നു ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ നിയന്ത്രിച്ചു നല്ല രീതിയിൽ പാകം ചെയ്യണമെന്നുള്ളതാണ് ഗവൺമെൻറിൻെറ ഉദ്ദേശം. ഗവൺമെൻറു പ്രധാനമായി നോക്കുന്നതു ജനങ്ങളുടെ ആരോഗ്യവും ഈ വ്യവസായത്തിൻെറ വർദ്ധനയുമാണ്. മത്സ്യം ഗവൺമെൻറു സ്ഥാപനങ്ങളിൽ കൊണ്ടു വരുന്നതിനു മത്സ്യവ്യവസായികളെ പ്രേരിപ്പിക്കുന്നതിനു അവർക്കു എന്തെങ്കിലും സഹായം ചെയ്തെങ്കിൽ മാത്രമേ സാധിക്കയുള്ളു. അല്ലെങ്കിൽ നിർബന്ധമായ ഒരു നിയമം കൊണ്ടു വരണം. അതു ഇതുവരെ ഒരു സ്ഥലത്തും ഉണ്ടായിട്ടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക). ലാഭം കിട്ടുന്നതിൽ ഒരു ഭാഗം അവർക്കു കൊടുത്താൽ പോരയോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ). ഇതിൽ മററു പല സംഗതികളും കൂടി ആലോചിക്കാനുണ്ട്, ചില സ്ഥലങ്ങളിൽ റോഡുകളില്ല. അവിടെ തലച്ചുമടായിട്ടു വേണം മത്സ്യം ഗവൺമെൻറു സ്ഥാപനങ്ങളിൽ കൊണ്ടുവരാൻ. അതു കൊണ്ടു ഒരു നാലണയോ മററൊ ലാഭമായികിട്ടുമെന്നിരുന്നാൽ തന്നെയും ഈ ബുദ്ധിമുട്ടുകളെല്ലാം ആലോചിക്കുമ്പോൾ അവർ ഗവൺമെൻറു സ്ഥാപനങ്ങളിലേക്കു വരാതിരിക്കാൻ മതി.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക). ഇപ്പോൾ അവർക്കു കിട്ടുന്ന ലാഭം എത്രയാണെന്നറിയാമോ?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ). അറിഞ്ഞുകൂടാ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഫിഷ് ക്യൂവറിംഗ് യാർഡ്സിനു എല്ലാത്തിനും കൂടി ഒരു കൊല്ലത്തിൽ ആകെ വേണ്ടി വരുന്ന ഉപ്പു ഉദ്ദേശം എത്രയാണെന്നു അറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്റ്റർ): ൧൧൨൩-ൽ അതു ൫൦൦൦൦ ടണ്ണോളം ആയിരുന്നു. ഇത്രയും ടണ്ണു ഉപ്പു വിററു ഏകദേശം ൨. ലക്ഷം ടണ്ണോളം മത്സ്യം ഉണക്കുന്നതിന്റെ വകക്കാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവിതാംകൂറിൽ നിന്നും ഏററുമതി ചെയ്യുന്നതായ ഈ മത്സ്യത്തിനു എന്തെങ്കിലും ചുങ്കം ഈടാക്കിവരുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്റ്റർ): ഏററുമതി ചെയ്യുന്ന മത്സ്യത്തിനു ചുങ്കം ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചുങ്കം എത്രയാണ്.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്റ്റർ): കണക്കു ശരിയായി എനിക്കു അറിഞ്ഞുകൂട.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഈ ആണ്ടിൽ ഫിഷ് ക്യൂവറിംഗ് യാർഡുകൾക്കു എത്ര ഉപ്പു വേണ്ടിവരുമെന്നു അറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്റ്റർ): ഞാൻ സംസാരിച്ചുകൊണ്ടിരുന്നതിനെ തടഞ്ഞതായ അവസരത്തിൽ അതിനെപ്പററി വിവരിക്കാൻ ഭാവിക്കയായിരുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഉപ്പു വിൽക്കുന്നതായ വിലക്കും മത്സ്യം ഉണക്കുന്നവർക്കു നൽകിവരുന്ന കുറഞ്ഞ വിലക്കും തമ്മിലുള്ള വ്യത്യാസം തീർക്കുന്നതിലേക്കായി എന്റെ ബഡ്ജററിൽ ൭൫൦൦ രൂപ കൊള്ളിച്ചിട്ടുണ്ട്. മകരമാസം അവസാനത്തോടുകൂടി ആ തുക മുഴുവനും തന്നെ മിക്കവാറും ചിലവായിപ്പോയി. ഇപ്പോൾ അതിൽ മട്ടും തന്നെ ബാക്കി കാണുകയില്ല. രണ്ടാമതു തീർപ്പിടിക്കുന്നതിനുള്ള കാലം ഇപ്പോഴും തുടങ്ങിയിരിക്കയാണു. കൂടുതൽ ഗ്രാൻറു എനിക്കു ഇപ്പോഴും കിട്ടാത്തപക്ഷം വിലയിലുള്ള വ്യത്യാസം എക്സൈസ് ഡിപ്പാർട്ടുമെൻറിനു കൊടുക്കുന്നതിനു എനിക്കു സാധിക്കയില്ലെന്നുള്ളതിനാൽ ഫിഷ് ക്യൂവറിംഗ് യാർഡുകൾ അടച്ചിടേണ്ടതായി വന്നു പോകുമെന്നുള്ളതാകുന്നു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ ആണ്ടിൽ വേണ്ടിവരുന്ന ഉപ്പു കഴിഞ്ഞ ആണ്ടിൽ വേണ്ടിവന്നതിനേക്കാൾ കൂടുതലായിരിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്റ്റർ): അങ്ങിനെയാണ് എനിക്കു തോന്നുന്നതു.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ പണം വ്യയം ചെയ്യുന്നതു കൊണ്ടു ഗവണ്മെൻറിലേക്കു എന്തെങ്കിലും കൂടുതൽ ലാഭം ഉണ്ടാകുമോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്റ്റർ): തിരുവിതാംകൂറിൽ നിന്നും കയററുമതി ചെയ്യുന്ന മത്സ്യത്തിനു കിട്ടുന്ന ചുങ്കത്തിൽ കൂടുതലായ ഒരു ലാഭം മത്സ്യം ഉണക്കുന്നവർക്കു ഉപ്പു വിൽക്കുന്നതിൽനിന്നും ഉണ്ടാകണമെന്നു ഗവണ്മെണ്ടു വിചാരിക്കുന്നില്ല.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്ട്): കഴിഞ്ഞ ആണ്ടിൽ ഈടായ ചുങ്കം ൧൫൦൦ രൂപയോട്ടു അല്പമെങ്കിലും അടുത്ത തുകയായിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യ വ്യവസായ ഡയറക്റ്റർ): കണക്കുകൾ എന്റെ കൈവശമില്ല.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): രാജ്യം ഒട്ടുക്കു കഴിഞ്ഞ ആണ്ടിൽ ഈ വ്യവസായത്തിൽ എത്രപേർ ഏർപ്പെട്ടിരുന്നു?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതു സംബന്ധിച്ചുള്ള വിവരങ്ങൾ ഒന്നും ഇപ്പോൾ എന്റെ കൈവശം ഇല്ല.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇപ്പോൾ അവരുടെ എണ്ണം കൂടുതലുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്റ്റർ): അതു പിടിക്കുന്ന മത്സ്യത്തിന്റെ കണക്കിനെ ആശ്രയിച്ചാണിരിക്കുന്നതു. ഈ ആണ്ടിൽ കഴിഞ്ഞയാണ്ടത്തേക്കാൾ കൂടുതൽ മത്സ്യം ഉണക്കേണ്ടതായി കാണുമെന്നാണ് എനിക്കു തോന്നുന്നതു.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൂടുതൽ ജനങ്ങൾക്കു കൂടുതൽ വേല കൊടുക്കുന്നതിനു ഡിപ്പാർട്ടുമെന്റു ശ്രമിക്കുന്നതു?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): കൂടുതൽ ആദായം ഉണ്ടെന്നു കാണുമ്പോൾ കൂടുതൽ ആളുകൾ ആ തൊഴിലിനു ഇറങ്ങുമെന്നുതന്നെയാണു എന്റെ വിശ്വാസം.

മി. ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ൧൧൨൩-ലേതിനേക്കാൾ കൂടുതൽ ആളുകൾ ൧൧൨൪-ൽ ഈ വ്യവസായത്തിനു വരുമെന്നാണോ മെമ്പർ വിചാരിക്കുന്നതു.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതു എനിക്കു ഇപ്പോൾ പറയാൻ സാധിക്കയില്ല. സെൻസസിനോടടുത്തിച്ചു ഈ വിവരവും അറിവാൻ സാധിക്കുമെന്നാണു എനിക്കു തോന്നുന്നതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതുജനങ്ങൾക്കു നൽകിവരുന്ന ഉപ്പുതന്നെയാണോ സൌജന്യനിരക്കിനു മത്സ്യം ഉണക്കുന്നവർക്കു നൽകിവരുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതെ, ഫിഷ് ക്യൂവറിംഗ് യാർഡുകളിലേക്കു നൽകിവന്ന ഉപ്പു താണതരമായിരുന്നു എന്നു ഒരിക്കൽ ഒരു പരാതി ഉണ്ടായിരുന്നു. എന്നിട്ടു എന്റെ അപേക്ഷയനുസരിച്ചു എക്സൈസ് കമ്മീഷണർ നല്ല ഉപ്പു കൊടുക്കുന്നതിനുവേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മത്സ്യം ഉണക്കുന്നവർക്കു ഉന്നതിയുണ്ടാകണമെന്നാണോ ഗവർണ്മെന്റിന്റെ ഉദ്ദേശം?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): എല്ലാ ജനങ്ങൾക്കും ഉന്നതിയുണ്ടാകണമെന്നാണു ഗവർണ്മെന്റിന്റെ ഉദ്ദേശം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ഉന്നതിയെപ്രാപിക്കണമെന്നാണോ ഗവർണ്മെന്റിന്റെ ഉദ്ദേശം എന്നു അറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതെ. ഈ തൊഴിൽ അഭിവൃദ്ധിപ്പെടുത്തണമെന്നും ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരും മററുജനങ്ങളെപ്പോലെതന്നെ ഔന്നത്യത്തെ പ്രാപിക്കണമെന്നുമാണ് ഗവർണ്മെന്റിന്റെ താല്പര്യം. അവരുടെ പ്രധാനഉദ്ദേശം ഈ തൊഴിൽ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാകുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—നെടുമങ്ങാട്): കഴിഞ്ഞ ആണ്ടിൽ ഈ നാട്ടിൽനിന്നും കയററുമതിചെയ്ത മത്സ്യം എത്രയാണെന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): അതിന്റെ കണക്കു ഇപ്പോൾ എന്റെ കൈവശം ഇല്ല. എക്സൈസ്ഡിപ്പാർട്ടുമെന്റിന്റെ ഭരണറിപ്പോർട്ടിൽ ഈ വിവരം കാണാമെന്നുള്ളതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡിപ്പാർട്ടുമെന്റിൽനിന്നും നടത്തിപ്പോരുന്ന ഫിഷ്ക്യൂവറിംഗ്യാർഡുകളുടെ എണ്ണം അറിഞ്ഞാൽകൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): കന്യാകുമാരിക്കും ചേററുവായ്ക്കും മദ്ധ്യേയായി ൧൧ യാർഡുകൾ ഉണ്ടു. പണം ഉണ്ടാകുമ്പോൾ കൂടുതൽ യാർഡുകൾ തുടങ്ങണമെന്നാണ് ഞങ്ങളുടെ വിചാരം.

കൂടുതൽ ഗ്രാന്റിന്റെ രണ്ടാമത്തെ ഇനം ൨൭൦ രൂപയുടേതാകുന്നു. കുറെ കൊല്ലങ്ങൾക്കുമുമ്പു ആലപ്പുഴയുള്ള അരയന്മാരായ മത്സ്യം പിടിത്തക്കാരുടെ ഒരു കോഓപ്പറേററിവ് കാൺഫറൻസ നടത്തുകയുണ്ടായി. അതിൽവച്ചു മത്സ്യംപിടിക്കുന്നതിലും ഉണക്കുന്നതിലും ഉള്ള നൂതനസമ്പ്രദായങ്ങൾ അരയബാലന്മാരെയും മത്സ്യംപിടിക്കുന്ന തൊഴിലിൽചേർപ്പെട്ടിരിക്കുന്ന ഇതരസമുദായങ്ങളിലുള്ള ബാലന്മാരെയും പരിശീലിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഫിഷറിസ്കൂൾ തുടങ്ങണമെന്നു ഗവർണ്മെന്റിനോടു അഭ്യർത്ഥിക്കണമെന്നായി ഒരു പ്രമേയം പാസാക്കപ്പെടുകയുണ്ടായി. അതു ൧൧൦൮-ലായിരുന്നു. അക്കാലത്തു ആലപ്പുഴ അരയന്മാരുടെ വകയായി ശ്രീപത്മനാഭവിലാസം കോഓപ്പറേററിവ സൊസൈററി എന്ന നാമധേയത്തിൽ ഒരു കോഓപ്പറേററീവുസൊസൈററി ഉണ്ടായിരുന്നു. ഗവർണ്മെന്റിൽനിന്നും അദ്ധ്യാപകന്മാരെ നിയമിച്ചുകൊടുക്കുന്നപക്ഷം പള്ളിക്കൂടത്തിനുവേണ്ട കെട്ടിടങ്ങളും മററു സാമഗ്രികളും ഈ സൊസൈററിയിൽനിന്നും ഉണ്ടാക്കി തന്നുകൊള്ളാമെന്നു അവർ സമ്മതിച്ചിരുന്നു. ഈ വാഗ്ദാനത്തെ അടിസ്ഥാനമാക്കി ഒരു അരയബാലനെ കോഴിക്കോട്ടു സ്പെഷ്യൽ ഫിഷറിസ്കൂളിലും മറെറാരുബാലനെ തിരുവനന്തപുരം ടെക്നാളജിക്കൽ ഇൻസ്റ്റിററ്യൂട്ടിലും ഇങ്ങനെ രണ്ടു അരയബാലന്മാരെ പരിശീലനത്തിനായി അയക്കുകയുണ്ടായി. കോഴിക്കോട്ടേക്കയച്ചിരുന്ന ബാലൻ മത്സ്യം ഉണക്കുക, വലയുണ്ടാക്കുക മുതലായവ പഠിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിനയച്ചിരുന്ന ബാലൻ നെയ്ത്തു, തയ്യൽ മുതലായ തൊഴിലുകളിലും പരിശീലിച്ചു. ഈ ബാലന്മാർക്കു ഇപ്പോൾ യാതൊരു തൊഴിലും ഇല്ലാതെ ഇരിക്കയാണു. സ്കൂൾ ഇതുവരെ തുടങ്ങിയിട്ടില്ല. ആവശ്യമുള്ള കെട്ടിടവും ഇതരസാമഗ്രികളും ഉണ്ടാക്കിത്തരണമെന്നായി ശ്രീപത്മനാഭവിലാസം കോഓപ്പറേററിവ് സൊസൈററിസിക്രട്ടറിക്കു ഞാൻ എഴുതിഅയച്ചു. ഔ ന്യദോഷത്താൽ സൊസൈററിയുടെ വാക്കു ജലരേഖപോലെ കലാശിക്കയാണു ചെയ്തതു. ഒരു അനൌദ്യോഗസ്ഥസമിതി അതിന്റെ വാക്കു പാലിക്കാതിരുന്നതുകൊണ്ടുമാത്രം പള്ളിക്കൂടം തുടങ്ങണമെന്നുള്ള അഭിപ്രായം വേണ്ടെന്നുവയ്ക്കാൻ ഗവർണ്മെന്റു ഒരുക്കമായിരുന്നില്ല. ആലപ്പുഴയുള്ള ഫിഷ്ക്യൂവറിംഗ്യാർഡിൽ ഒരു കെട്ടിടം ഉണ്ടു. ആ കെട്ടിടത്തെ ഇതിനു ഉപയോഗപ്പെടുത്താമെന്നാണ് ഞങ്ങൾ ഉദ്ദേശിക്കുന്നതു. എന്നാൽ സ്കൂളിനു വേണ്ട മററു സാധനസാമഗ്രികൾ എല്ലാം വേണമല്ലോ. സാധനസാമഗ്രികൾ വാങ്ങുന്നതിലേക്കായിട്ടാണു ഈ ൨൭൦ രൂപയും ആവശ്യപ്പെട്ടിട്ടുള്ളതു.

ഈ ആണ്ടത്തെ ബഡ്ജററിൽ ഇതുകൂടി കൊള്ളിക്കാതിരുന്നതു എന്തെന്നു ന്യായമായ ഒരു ചോദ്യത്തിനു അവകാശമുണ്ട്. ഞാൻ മുമ്പുപറഞ്ഞതുപോലെ ശ്രീപത്മനാഭവിലാസം കോഓപ്പറേററിവ് സൊസൈററിക്കാരുടെ വാക്കിനെ ഞങ്ങൾ വിശ്വസിച്ചിരുന്നു. ആ സൊസൈററി അതിന്റെ വാക്കനുസരിച്ചു പ്രവർത്തിക്കയില്ലെന്നു വളരെ താമസിച്ചതിനുശേഷം മാത്രമേ മനസ്സിലാക്കുവാൻ സാധിച്ചുള്ളു. അതിനാൽ ഗവർണ്മെന്റു കൂടുതൽ ഗ്രാന്റിനായി കൌൺസിലിനോടു ആവശ്യപ്പെടുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സാമഗ്രികൾ വാങ്ങണമെന്നു ഗവർണ്മെന്റിൽനിന്നും എപ്പോഴാണു തീരുമാനിച്ചതു എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): സൊസൈററി അതിന്റെ വാക്കിനെ പാലിക്കയില്ലെന്നു കണ്ടതിനുശേഷം അതായതു വളരെ താമസിച്ചതിനുശേഷം മാത്രമേ ഗവർണ്മെന്റു ഇതിനെപ്പററി തീരുമാനിച്ചിട്ടുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വേറെ വല്ല ഇനത്തിൽനിന്നും പണം ഇതിലേക്കു ചിലവാക്കാമെന്നു ഡയറക്ടർക്കു അഭിപ്രായമുണ്ടായിരുന്നില്ലയോ? ൧൧൦൮-ലെ ബഡ്ജററു തയ്യാറാക്കിയ കാലത്തു ഇതിലേക്കു മറെറാരു ഇനത്തിലുള്ള പണം ഉപയോഗപ്പെടുത്തിക്കൊള്ളാമെന്നു ഒരു അഭിപ്രായം ഡയറക്ടർക്കു ഉണ്ടായിരുന്നില്ലയോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ): തീർച്ചയായും ഉണ്ടായിരുന്നില്ല. ൧൦൬ ൽ ലാബറട്ടറിയ്ക്കു സൊസൈററി കെട്ടിടവും സാധനസാമഗ്രികളും തയ്യാർചെയ്തുതരികയില്ലെന്നു അടുത്തകാലത്തു മനസ്സിലാക്കുവാൻ ഇടയായപ്പോൾ സാധനസാമഗ്രികൾക്കു വേണ്ടിവരുന്ന ചെലവിലേയ്ക്കു എൻറെ ബഡ്ജററിലുള്ള തുകയെങ്കിലും ഇനത്തിൽ നിന്നു പുനരുപയോഗിക്കാമെന്നു ഞാൻ ഗവണ്മെൻറിനോടു അഭിപ്രായപ്പെട്ടു. എന്നാൽ ഗവണ്മെൻറ അതിനെ അംഗീകരിച്ചില്ല. അതിനാലാണ് ഈ ഡിമാൻഡ് ഈ സഭമുമ്പാകെ കൊണ്ടുവരേണ്ടതിനിടയായതു്. ഞാൻ മുൻപു പറഞ്ഞതുപോലെ ൧൦൬ ലെ ബഡ്ജററ് ഞാൻ തയ്യാറാക്കിയപ്പോഴുള്ള എൻറെ പൂർണ്ണവിശ്വാസം ശ്രീമൂലം [illegible] സൊസൈററി ഇവിടേക്കു ആവശ്യമുള്ള കെട്ടിടവും സാധനസാമഗ്രികളും തരുമെന്നു തന്നെയായിരുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): ഈ ഫണ്ടുകളെ ഇതിലേക്കു ഉപയോഗപ്പെടുത്താമെന്നുള്ള അഭിപ്രായം ഡയറക്ടർക്കു എപ്പോഴാണു ഉണ്ടായതു്?

റാവു സാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായഡയറക്ടർ). സൊസൈററി അവരുടെ വാക്കിനെ നിറവേററുകയില്ലെന്നു മനസ്സിലായപ്പോൾ.

കൂടുതൽ ഗ്രാൻറിനുള്ള രണ്ടിനം ഇവയാണ്. കൌൺസിൽ ഇതിനെ അനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഫിഷ്ക്യൂറിംഗ്യാർഡിലേക്കു ഉപ്പു കൊടുക്കുന്നതിലേക്കായി ആവശ്യപ്പെട്ടിട്ടുള്ള ൯൦൦൦ രൂപയിൽ നിന്നും ൧൦൦ രൂപ കുറയ്ക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. സർ! ഗവണ്മെൻറിൽ നിന്നും ഈ ഡിമാൻഡ് ഈ സഭമുമ്പാകെ അവതരിപ്പിച്ചതിൽ ഗവണ്മെൻറിനുള്ള ഉദ്ദേശവും ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതിൽ എനിക്കുള്ള ഉദ്ദേശവും ഒന്നുതന്നെയാണ്. ഗവണ്മെൻറു ഈ തുക ആവശ്യപ്പെടുന്നതു് മത്സ്യം ഉണക്കുന്നവർക്കു ഉപ്പു സൌജന്യനിരക്കിനു കൊടുത്തു മത്സ്യം ഉണക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുവാനാണല്ലോ. മത്സ്യം ഉണക്കുന്ന വ്യവസായത്തെ പോഷിപ്പിക്കുക എന്നുള്ളതാണ് അവരുടെ ഉദ്ദേശം. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കഭിവൃദ്ധി ഉണ്ടാകണമെന്നും അവർക്കു താല്പര്യമുണ്ട്. ഈ മാതൃകാ ഉപക്ഷേപം അവതരിപ്പിച്ചതിലെനിക്കുള്ള ഉദ്ദേശവും അതുതന്നെയാണ്. ഈ ഡിമാൻഡിനെ സംബന്ധിച്ചു എനിക്കുള്ള ഒരു സംശയം ഞാൻ മനസ്സിലാക്കിയിട്ടുള്ളതു ശരിയാണെന്നു വരികിൽ ഗവണ്മെൻറ അവരുടെ ഉദ്ദേശം സാധിക്കുന്ന വിഷയത്തിൽ വലിയ താല്പര്യമില്ലാതെ ഇരിക്കുന്നു എന്നുള്ളതാകുന്നു. അവർ ഉപ്പുണ്ടാക്കുന്നതു ഒരു പ്രത്യേക തുക ചിലവാക്കിയിട്ടാണ്. അതിൽ നിന്നും കൂടുതലായ ഒരു വിലയ്ക്കാണ് എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഉപ്പു വില്ക്കുന്നതു്. അങ്ങിനെയുള്ള കൂടുതൽ വിലക്കു കൃഷിഡിപ്പാർട്ടുമെൻറ ഉപ്പു വാങ്ങി മത്സ്യം ഉണക്കുന്നവർക്കു അതിനെ കുറഞ്ഞ ഒരു നിരക്കിനു വില്ക്കുന്നു. ഇങ്ങിനെ ചെയ്യുന്നതു നിമിത്തം ഉണക്കുകാർ ശരിപ്പെടുത്തുന്ന വഴിക്കു അങ്ങിനെ പറയുന്നതിനു എന്നെ അനുവദിക്കുന്നപക്ഷം—ഗവണ്മെൻറിനു ഒരു ലാഭം ഉണ്ടാകുന്നു എന്നു ബോദ്ധ്യപ്പെടുത്താനാണ് അവരുടെ ഉദ്യമം. കൃഷിഡിപ്പാർട്ടുമെൻറിൽ നിന്നും ഈ നഷ്ടം സംഭവിക്കുന്നതിനിടയാകുന്നതു നിമിത്തം ആകെയുള്ള റവന്യൂ ആണ് അവർക്കു നഷ്ടമാകുന്നതു്. അതിനാൽ അവർക്കു മത്സ്യം ഉണക്കുന്നവരെ യഥാർത്ഥത്തിൽ സഹായം ചെയ്യണമെന്നുള്ളതാണ് ഉദ്ദേശം എന്നുവരികിൽ അവർ കുറെക്കൂടി വല്ലതും പ്രവർത്തിക്കേണ്ടതായിരുന്നു. ഗവണ്മെൻറ ഫാക്ടറികളിലോ ഷാപ്പുകളിലോ പൊതുജനങ്ങളുടെ ഉപയോഗത്തിനു ഉണ്ടാക്കിവരുന്ന ഉപ്പിനു എന്തു ചിലവാകുന്നു എന്നായി ഞാൻ ശരിയായ ഒരു ചോദ്യം ചോദിക്കയുണ്ടായി. എന്നാൽ അതിനു മതിയായ മറുപടി പറയുന്നതിനു ഗവണ്മെൻറ മെമ്പറിനു സാധിച്ചില്ല. മത്സ്യം ഉണക്കുന്നവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണ് ഗവണ്മെൻറിൻെറ ഉദ്ദേശം എന്നു വരികിൽ ഗവണ്മെൻറിനു ഉപ്പുണ്ടാക്കുന്നതിനു ചിലവാകുന്നതുകയ്ക്കു തന്നെ ഇവർക്കു ഉപ്പു വിററാൽ എന്താണ്? അതിൽ നിന്നും നാം മനസ്സിലാക്കേണ്ടതു്, മത്സ്യം ഉണക്കുന്നവർക്കു ഗവണ്മെൻറിൽ നിന്നും ഉപ്പു കൂടുതൽവിലക്കു വില്ക്കണമെന്നു നിശ്ചയിച്ചിരിക്കുന്നതായും അതേ സമയം തന്നെ ഈ സഭയേയും രാജ്യനിവാസികളേയും ഗവണ്മെൻറിനു ഈ വ്യവസായത്തെ പ്രോത്സാഹിപ്പിക്കണമെന്നു താല്പര്യമുണ്ടെന്നു മനസ്സിലാക്കാൻ ശ്രമിക്കുന്നതായും ആകുന്നു. ഇതാണ് ഞങ്ങൾക്കു മനസ്സിലാക്കാൻ പ്രയാസമായിരിക്കുന്നതു്. എൻറെ അറിവു ശരിയാണെങ്കിൽ കഴിഞ്ഞ ൧൦ കൊല്ലമായി ഒരു മന്നു ഉപ്പിനു ൧൨ ചക്രം വച്ചാണ് വിററുവരുന്നതു്. യഥാർത്ഥത്തിൽ ചിലവാകുന്നതു മന്നിനു ൭ ചക്രം വീതമാണ്. ഞാൻ ചോദിക്കുന്നതു ഉപ്പു മീൻ ഉണക്കുന്നവർക്കു ഇപ്പോഴത്തെക്കാൾ കൂടുതൽ സൌജന്യമായ ഒരു നിരക്കിൽ വില്ക്കാത്തതെന്താണ്. അതുകൊണ്ടാണ് അന്യരെ മനസ്സിലാക്കണമെന്നുദ്ദേശിക്കുന്നതുപോലെ ഗവണ്മെൻറിൻെറ ഉദ്ദേശം അത്ര ശുദ്ധമായതല്ലയോ എന്നു തോന്നുന്നത്. ഈ വില എല്ലാം ഇനങ്ങൾ ചേർന്നുണ്ടായതാണ്. ഈ ഡിപ്പാർട്ടുമെൻറിൻെറ ചാർജ്ജു വഹിക്കുന്ന മെമ്പർ പറഞ്ഞതനുസരിച്ച് പൊതുജനങ്ങൾക്കു ഉപ്പു വിററുവരുന്നതിൻെറ നിരക്കു ൧ രൂപ ൧൪ അണ മുതൽ ൨ രൂപ ൪ അണവരെയാണ് എന്നു കാണുന്നു. ഇവിടെയുള്ള ഉപ്പളങ്ങളിൽ ഉണ്ടാകുന്ന ഉപ്പിൻെറ യഥാർത്ഥമായ ചിലവു് ആണെങ്കിൽ മന്നു ൭ ചക്രം വീതമേ ആകുന്നുള്ളു. ശേഷം ഉള്ളതു ഏതേതു ഇനങ്ങൾ ആണെന്നു അറിയുന്നില്ല. ശേഷം ഉള്ളതു എന്നു പറഞ്ഞതു് ൧ രൂപ ൧൪ അണ ന്യൂനം ൭ ചക്രം അല്ലെങ്കിൽ ൨ രൂപ ൪ അണ ൬ പൈസ ന്യൂനം ൭ ചക്രം ഈ തുകയാണ്. ഇതിനു ചുങ്കം എന്നൊരു അപകയുണ്ടെന്നുള്ള വസ്തുത മറക്കത്തക്കതല്ലെന്നുള്ളതു വാസ്തവം തന്നെ. തിരുവിതാംകൂറിൽ ഇറക്കുമതി ചെയ്യുന്ന ഉപ്പിനു ഒരു നികുതി നിശ്ചയിച്ചിട്ടുള്ളതു മനസ്സിലാക്കാം. ഇവിടെ തന്നെയുണ്ടാക്കുന്ന ഉപ്പിനു എന്തു നികുതിയാണ് നിശ്ചയിച്ചിട്ടുള്ളതു്. അതു പറയാൻ മാത്രം ഉണ്ടെന്നല്ലാതെ അതിനെ നികുതി എന്നു പറയാൻപാടില്ല. അതിനാൽ ൧ രൂപ ൧൧ അണ ൦ പൈസയാണു നികുതി. അതാണു ഉപ്പിൻെറ വിലയിൽ കൂടുതലുള്ള സംഖ്യയും ഈ നികുതി നമുക്കു നീക്കാൻ കഴിയുമെന്നുള്ളതാകുന്നു.

പ്രസിഡണ്ട്: ഈ സഭയുടെ ആലോചനക്കു വിഷയമായിരിക്കുന്ന സംഗതി അതല്ലല്ലോ. മി: നീലകണ്ഠപ്പിള്ളെ, കൂടുതൽ ഗ്രാൻറിനെ സംബന്ധിച്ച ഒരു മാതൃകാ ഉപക്ഷേപത്തെ സംബന്ധിച്ചു നടക്കുന്ന വാദപ്രതിവാദം ആ ഡിമാൻഡിനെപ്പററിമാത്രം ആയിരിക്കാവുന്നതല്ലാതെ ആ ഡിപ്പാർട്ടുമെൻറിൻെറ നയത്തെ സംബന്ധിച്ചുള്ള പൊതു വിമർശനമായിരിക്കുവാൻ പാടുള്ളതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പൊതു നയത്തെ സംബന്ധിച്ച വാദപ്രതിവാദം ചെയ്തു കൂടയോ?

പ്രസിഡെൻറ: ഡിമാൻഡിനെ പററി മാത്രമേ വാദപ്രതിവാദം നടത്തുവാൻ പാടുള്ളു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): മുൻപ് ഒരവസരത്തിൽ ഒരു കൂടുതൽ ഗ്രാൻറിനു അപേക്ഷിക്കുന്ന അവസരത്തിൽ മാതൃകാ ഉപക്ഷേപം കൊണ്ടു ആ ഉപക്ഷേപത്തെ സംബന്ധിക്കുന്ന ഏതു വിഷയത്തെപ്പററിയും വാദപ്രതിവാദം ചെയ്യാമെന്നായി ഒരു റൂളിംഗ് ഉണ്ടായിട്ടുണ്ട്.

പ്രസിഡെൻറ: ഡിപ്പാർട്ടുമെൻറിൻെറ പൊതുനയത്തെ പററി വാദപ്രതിവാദം ചെയ്യാൻ പാടില്ല എന്നു ഞാൻ റൂൾ ചെയ്യുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ ശരിതന്നെ. വിഷയത്തിൻെറ ഈ മുഖത്തെപററിമാത്രമെ ഞാൻ പ്രതിവാദിക്കുന്നുള്ളു. മത്സ്യം ഉണക്കുന്നവർക്ക് സൌജന്യനിരക്കിനു ഉപ്പു വിററു അവരെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതാണല്ലോ; മത്സ്യം ഉണക്കുന്നവർക്കു ഉപ്പു യഥാർത്ഥമായി ഗവണ്മെൻറിനു ചിലവാകുന്ന വിലക്കു വില്ക്കണമെന്നുള്ള ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നപക്ഷം അങ്ങിനെ ചെയ്യേണ്ടതാകുന്നു. ഇതാണു എനിക്കു പറവാനുള്ളതു. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചു കൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോടു): സർ! മി: കെ. പി. നീലകണ്ഠപ്പിള്ള ഇവിടെ ഹാജരാക്കിട്ടുള്ള ഉപക്ഷേപത്തെ ഞാനും പിൻതാങ്ങിക്കൊള്ളുന്നു. ദക്ഷിണ തിരുവിതാംകൂറിൽ ആരുവാമൊഴി ചവുക്കയിലെ കണക്കുനോക്കുന്നപക്ഷം അതുവഴി ധാരാളം മത്സ്യം കൊല്ലമ്പു മുതലായ സ്ഥലങ്ങളിലേക്കു കൊണ്ടുപോകുന്നുണ്ടെന്നുള്ളതിനു എക്സൈസ കമ്മീഷണർ സാക്ഷ്യം വഹിക്കുന്നതാണ്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): മെമ്പർ പറയുന്നതു എനിക്കു കേൾക്കാൻ പാടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോടു): കയററുമതി ചെയ്യുന്ന മത്സ്യത്തിനു മുഖ്യഭാഗവും അന്യരാജ്യങ്ങളിലേക്കു അയക്കുന്നതു ആരുവാമൊഴിചവുക്കയിൽ കൂടിയാണ്.

മി: പി. ഗോമതിനായകംപിള്ള (എക്സൈസ് കമ്മീഷണർ): ഒരു ചെറിയ ഭാഗം മാത്രമേ ആരുവാമൊഴിയിൽ കൂടി പോകുന്നുള്ളു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോടു): സമുദ്രതീരത്തു മീൻപിടിത്തം തൊഴിലായി സ്വീകരിച്ചിരിക്കുന്ന മുക്കുവർ അന്യനാട്ടിലേക്കു ധാരാളം മത്സ്യം അയക്കുന്നുണ്ടെന്നു ചിലയ കണക്കെടുത്തു നോക്കിയാൽ കാണാവുന്നതാണ്. ഇതിൽ അധികവും ആരുവാമൊഴി ചവുക്കവഴി പോകുന്നുണ്ട്. എക്സൈസ കമ്മീഷണർ ഒന്നു കൂടി കണക്കു പരിശോധിച്ചാൽ ഈ സംഗതി തെളിവാകുന്നതാണ്.

പ്രസിഡെൻറ: വളരെ കുറച്ചുമാത്രമേ ആരുവാമൊഴിയിൽക്കൂടി പോകുന്നുള്ളു എന്നാണല്ലോ അദ്ദേഹം പറയുന്നതു.

മി: ടി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോടു): ഡയറക്ടർ അവർകളുടെ പ്രവൃത്തി അനീതിയാണെന്നു പറയത്തക്കവണ്ണം ചില സംഗതികളെപററി പറയണമെന്നു വിചാരിക്കുന്നു. അതായതു ഫിഷ് ക്യൂറിംഗ് യാർഡ്സ് ഉള്ളതിൽ മുഖ്യഭാഗവും ഉത്തര തിരുവിതാംകൂറിൽ ആണെന്നു കാണുന്നു. അതിൽ ചിലതു കൽകുളം വിളവങ്കോടു ഈ താലൂക്കുകളിൽ കൂടി ഏർപ്പെടുത്തണം. അതായതു ദക്ഷിണ തിരുവിതാംകൂറിൽ മുട്ടം മുതൽ പൂവാർവരെയുള്ള സ്ഥലങ്ങളിൽ കൂടുതൽ ഫിഷ് ക്യൂറിംഗ യാർഡ് സ്ഥാപിക്കണം.

ഇനി എനിക്കു പറവാനുള്ളതു ഉപ്പു കൊടുക്കുന്നതു കൊണ്ടുമാത്രം പോരാ എന്നാണ്. ഡവലപ്മെൻറ ബോർഡ് ൧൧൦൭-ൽ അയച്ച ശുപാർശയിൽ വരം ൩ എ. വി. എം. ക്രമത്തിൽ നീട്ടിയാൽ ഉപ്പിനു അധികം ചിലവു കൂടാതെ കയററുമതി ചെയ്യാമെന്നു പറയുന്നുണ്ട്. അതുകൊണ്ടു ഇതിലേക്കായിട്ടും സമുദ്രതീരത്തു താമസിക്കുന്ന ആളുകളുടെ സഞ്ചാര സൌകര്യത്തിനായിട്ടും എ. വി. എം. ക്യനാലിനെ നീട്ടണമെന്നു അഭിപ്രായപ്പെട്ടു കൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സർ! മി: കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ചിട്ടുള്ള മാതൃകാ ഉപക്ഷേപത്തെ ഞാൻ പ്രതിഷേധിക്കുന്നു. ഗവണ്മെൻറിൽ നിന്നും കൂടുതൽ ഗ്രാൻറ ആവശ്യപ്പെടുന്നതിൻെറ ഉദ്ദേശം തിരുവിതാംകൂറിൽ വ്യവസായം വർദ്ധിപ്പിക്കണമെന്നുള്ളതാകുന്നു. എക്സൈസ് ഡിപ്പാർട്ടുമെൻറിൽ നിന്നും ഉപ്പു വിലക്കുവാങ്ങി മത്സ്യം ഉണക്കുന്നവർക്കു സൌജന്യനിരക്കിനു വിൽക്കുന്നതു കൊണ്ടു ഗവണ്മെൻറിനു യാതൊരു നഷ്ടവും ഉണ്ടാകുന്നില്ല. ഡാക്ടർ കുഞ്ഞൻപിള്ള പറഞ്ഞതുപോലെ മത്സ്യം ഉണക്കുന്നവർക്കു സൌജന്യനിരക്കിനു ഉപ്പു കൊടുക്കാത്തപക്ഷം ഒരു പക്ഷേ അവർ ഈ തൊഴിലിനു വരാതെയും ഇതിൽ നിന്നും കാലക്ഷേപം നടത്തുന്നതിനു ശ്രമിക്കാതെയും ഇരുന്നേക്കാനും ഇടയുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഡിമാൻഡിൻെറ അവതാരകൻ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ നിന്നും കുറവായ ഒരു നിരക്കിനു ഉപ്പു മത്സ്യം ഉണക്കുന്നവർക്കു കൊടുത്തുകൂടാ എന്നു വല്ല ന്യായവുമുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എൻെറ ഉദ്ദേശം അതല്ല. ഗവണ്മെൻറിൽ നിന്നും ഇപ്പോഴും ആശ്രയിക്കുന്നതില ശരിയായിട്ടുള്ളതാകണമെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഉപ്പു കുറെക്കൂടി സൌജന്യമായ നിരക്കിനു വിൽക്കുന്നതിൽ മെമ്പറിനുവല്ല വിരോധവുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എനിക്കതിനു യാതൊരുവിരോധവും ഇല്ല. മേലെഴുതിയ അതു രാജ്യത്തിനുപൊതുവെ ഒരു വലിയ നന്മയായിരിക്കുമെന്നുള്ളതിനാൽ അതിനെ ഞാൻ വളരെ അനുമോദിക്കയേയുള്ളു. എല്ലാപരിഷ്കൃത ഗവണ്മെൻറുകളും ചെയ്യേണ്ടതു അങ്ങിനെതന്നെയാണ

തിരുവിതാംകൂറിൽ എല്ലാസ്ഥലങ്ങളും ശേഖരിച്ചിരിക്കുന്ന ഉപ്പു മത്സ്യം ഉണക്കുന്നവർക്കു കൊടുത്തു അങ്ങിനെയും അവരെ സഹായിക്കണമെന്നു ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ അവർ വേണ്ടതെല്ലാം ചെയ്യുവാൻ തയ്യാറായിരിക്കുന്നു. കൊല്ലം ഡിപ്പോവിൽ നിന്നും തെക്കോട്ടേക്കു ഉപ്പുകൊണ്ടുപോകയാണെങ്കിൽ അങ്ങോട്ടു കൊണ്ടുപോകുന്നതിനുള്ള ഏതാനും ചിലവുകൾ ഗവർമ്മെണ്ടിൽ നിന്നും ചെയ്യേണ്ടതായിവരുമെന്നുള്ളതാണല്ലോ. ഇങ്ങിനെതന്നെയാണ ഗവർമ്മെണ്ട തിരുവിതാംകൂറിൽ വ്യവസായങ്ങളെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതു. തിരുവിതാംകൂറിലെ ഗാർഹിക വ്യവസായങ്ങളെ ഗവർമ്മെണ്ടിൽനിന്നും പ്രോത്സാഹിപ്പിക്കണമെന്നു നിയമനിർമ്മാണസഭാംഗങ്ങളും ശ്രീമൂലംപ്രജാസഭാംഗങ്ങളും ആയ നാം ഗവർമ്മെണ്ടിനോടു ആവശ്യപ്പെടുന്നു. വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു അതുപോലെയുള്ള ഒരു വ്യവസായത്തെയാണ ഇതും. ഈ രാജ്യത്തു ഇപ്പോൾ ഉള്ള ചെറിയ വ്യവസായങ്ങളെക്കൂടി നശിപ്പിക്കാത്തപക്ഷം മാർഗ്ഗം ഗവർമ്മെണ്ടിനു കൈക്കൊള്ളാവുന്നതാണ്. ഈ കാരണങ്ങളാൽ പ്രയോജനപ്രദമായ അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപ്പിക്കയായിരിക്കും തന്മൂലം ചെയ്യുന്നതു. ഈ ഉപക്ഷേപത്തെ ഞാൻ ഹൃദയപൂർവ്വമായി പിൻതാങ്ങിക്കൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): മി. നീലകണ്ഠപിള്ള ഇവിടെ ഹാജരാക്കീട്ടുള്ള ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു. ഡാക്ടർ കുഞ്ഞൻപിള്ളയോടു യോജിക്കുന്നതായിട്ടാണ മി. കെ. പി. നീലകണ്ഠപിള്ളയുടെ പ്രസംഗംകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു. അതായതു സൗജന്യം കൊടുക്കണമെന്നുള്ള കാര്യത്തിൽ ഇരു കൂട്ടർക്കും അഭിപ്രായവ്യത്യാസമില്ലാത്തതു. മി: നീലകണ്ഠപിള്ള പറയുന്നതു കൂടുതൽ സൗജന്യം കൊടുക്കണമെന്നാണ് മത്സ്യം ഉണക്കുന്നതു് ഏതു മാർഗ്ഗത്തിലാണ ഇരിക്കുന്നതെന്നു ഡാക്ടർ കുഞ്ഞൻപിള്ള ഇവിടെ സമ്മതിച്ചു കഴിഞ്ഞു. അങ്ങിനെ മാർഗ്ഗത്തിൽ ഇരിക്കുന്ന ഒരു വ്യവസായത്തെ വളർത്തിപ്പിക്കുന്നതിന് ഗവർമ്മെണ്ട കൂടുതൽ നഷ്ടപ്പെടേണ്ട ആവശ്യമില്ല. ഈ വ്യവസായ പോഷണാർത്ഥം അത്യാവശ്യമായ സഹായം ചെയ്യണം. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ പ്രതികൂലിക്കുന്നു.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഫിഷ്ക്യൂവറിംഗ് നടത്തുന്നതു മത്സ്യം പിടിക്കുന്ന ആളുകളോ, അതല്ല ചില്ലറയായിട്ട് ഇവരുടെ പക്കൽ നിന്നും ശേഖരിച്ചു വയ്ക്കുന്ന പണമുള്ള ആളുകളോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള. (കൃഷി മത്സ്യവ്യവസായ ഡയറക്ടർ): രണ്ടു കൂട്ടരും നടത്തുന്നുണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സാധുക്കളായ ആളുകൾതന്നെയാണ് ഫിഷ്ക്യൂവറിംഗ് ചെയ്യുകയാണെങ്കിൽ അവരെ സഹായിക്കേണ്ട ആവശ്യമുണ്ട്. ഇവരുടെ പക്കൽനിന്നും ചില്ലറയായി ശേഖരിച്ചു പണമുള്ള മദ്ധ്യസ്ഥന്മാർ ഈ വ്യവസായം നടത്തുന്നപക്ഷം അവർ ഈ സഹായം അർഹിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഗവർമ്മെണ്ടിന്റെ ഉദ്ദേശം ഈ വ്യവസായത്തെ പോഷിപ്പിക്കണമെന്നുള്ളതാണ്. ഇതിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ചിലർ മത്സ്യം പിടിക്കുന്നവർതന്നെയാണ്, ചില മദ്ധ്യസ്ഥന്മാരും ഈ വ്യവസായം നടത്തുന്നുണ്ട്. എന്നാൽ ഫിഷ്ക്യൂവറിംഗ യാർഡിൽ ഇരുകൂട്ടരും വരുമ്പോൾ അവരെ പ്രത്യേകം തിരിച്ചറിഞ്ഞു ഈ സഹായം ഒരു കൂട്ടർക്കുമാത്രം ചെയ്യുന്നതിനു നിവൃത്തിയില്ല. ഗവർമ്മെണ്ടിന്റെ ഉദ്ദേശം മീൻപിടിക്കുന്നവരെക്കൊണ്ടുതന്നെ ഈ വ്യവസായം നടത്തിക്കണമെന്നുള്ളതാണ.

മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): ഈ മദ്ധ്യസ്ഥന്മാർക്ക സഹായം ചെയ്തുകൊടുക്കണമെന്ന ഗവർമ്മെണ്ട വിചാരിക്കുന്നുണ്ടോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അവർക്കും സഹായം കിട്ടുന്നുണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല) അവർക്ക ഈ സൗജന്യം കൂടാതെതന്നെ ഉപ്പുവാങ്ങാൻ ശേഷിയുണ്ടെന്നറിയാമോ?

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മീൻകച്ചവടക്കാരൊക്കെ അത്രവലിയ ധനികന്മാരല്ല.

സർ, മിസ്റ്റർ, പി. എസ്. മഹമ്മദ് പറഞ്ഞതുപോലെ മിസ്റ്റർ നീലകണ്ഠപിള്ള ഗവർമ്മെണ്ടിന്റെ ഉദ്ദേശത്തോടു പൂർണ്ണമായ അനുഭാവത്തോടുകൂടിയവനാകയാൽ ഇനിഇപ്പോൾ ഈ വിഷയത്തെസംബന്ധിച്ചു അധികമൊന്നും പറയേണ്ടതായിട്ടില്ല. ഗവർമ്മെണ്ടിന്റെ ഉദ്ദേശം ഈ രാജ്യത്തുള്ള മത്സ്യം ഉണക്കുന്ന വ്യവസായത്തെ പ്രോത്സാഹിപ്പിച്ചു അഭിവൃദ്ധിപ്പെടുത്തണമെന്നുള്ളതാകുന്നു. അതുകൊണ്ടാണ അവർ ഉപ്പു സൗജന്യനിരക്കിനു വില്ക്കുന്നതു്. എന്നാൽ മിസ്റ്റർ നീലകണ്ഠപിള്ള അല്പംകൂടി മുന്നോട്ടുകടന്നു, മത്സ്യം ഉണക്കുന്നവർക്ക ഉപ്പ് ഗവർമ്മെണ്ടിനു ചിലവാകുന്ന നിരക്കനുസരിച്ചു അല്ലെങ്കിൽ മന്നിന്റെ ചക്രം നിരക്കനുസരിച്ച് കൊടുക്കണമെന്നാണ പറയുന്നതു്. ഈ സംഗതിയെപ്പറ്റി വളരെ ശ്രദ്ധാപൂർവ്വം ആലോചിച്ചു തീരുമാനിക്കേണ്ടതായിട്ടാണ ഇരിക്കുന്നതു. ഇന്ത്യയിൽ യാതൊരിടത്തുംതന്നെ ഇങ്ങിനെ ചെയ്തിട്ടില്ല. മദ്രാസ് ഗവർമ്മെണ്ടിൽ നിന്നും നിയമിച്ചിട്ടുള്ള ഫിഷറികമ്മിററി യഥാർത്ഥമായി ചിലവാകുന്ന വിലക്ക ഉപ്പുനൽകണമെന്നോ, അല്ലെങ്കിൽ യാതൊരു വിലയും വാങ്ങാതെ ഉപ്പുനൽകുകയോ ചെയ്യണമെന്ന സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ മദ്രാസ് ഗവർമ്മെണ്ട ഈ അഭിപ്രായത്തെ സ്വീകരിച്ചിട്ടില്ല. ഇപ്പോഴും അതു മദ്രാസ് ഗവർമ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു. മിക്കവാറും നമ്മുടെ ഗവർമ്മെണ്ടും അതെപ്പററി ആലോചിക്കുന്നതായിരിക്കും. എന്നാൽ മിസ്റ്റർ മഹമ്മദ് പറഞ്ഞതുപോലെ ഈ വ്യവസായത്തെ പോഷിപ്പിക്കുന്നതിനു നാം ഇത്രയെല്ലാം ചെയ്യേണ്ടതിനു എന്തുണ്ട്? ന്യായമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തു തന്മൂലം ഈ വ്യവസായത്തെ പോഷിപ്പിക്കണമെന്നുള്ളതുമാത്രമാണ ഗവർമ്മെണ്ടിന്റെ ഉദ്ദേശം. ന്യായമായ സൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നല്ലാതെ ചിലരെ കഷ്ടപ്പെടുത്തി ചിലർക്ക ന്യായരഹിതമായ സൌകര്യം ഉണ്ടാക്കിക്കൊടുക്കണമെന്ന ഗവർമ്മെണ്ട വിചാരിക്കുന്നില്ല. മനൊന്നിനു ൧൧ മുതൽ ൧൨ ചക്രംവരെ സൗജന്യം ലഭിക്കുന്നതുകൊണ്ടുതന്നെ മത്സ്യം ഉണക്കുന്നവർ പൂർണ്ണതൃപ്തന്മാരായിരിക്കയാണ ഇത്രയും സൗജന്യം ലഭിക്കുന്നതുകൊണ്ടുതന്നെ ഗവർമ്മെണ്ടിന്റെ ഉദ്ദേശം

സാധിക്കുന്നതിനു ഗവൺമെന്റു് അല്പം കൂടി കടന്നു കൂടുതൽ സൌജന്യങ്ങൾ ചെയ്തുകൊടുക്കേണ്ട ആവശ്യമുണ്ടോ എന്നുള്ളതിനെപ്പറ്റി ഗൌരവമായി ആലോചിക്കേണ്ടതായുണ്ടു്. ഏതായാലും ഈ ഗ്രാന്റു ആവശ്യപ്പെട്ടിട്ടുള്ളതിന്റെ ഉദ്ദേശത്തോടു മിസ്റ്റർ നീലകണ്ഠപിള്ളയ്ക്കു പൂർണ്ണാനുഭാവം ഉണ്ടെന്നു കാണുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ടു്."

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴുള്ള പരിതസ്ഥിതികൾ അനുസരിച്ചു തന്നെ ക്യൂവറിംഗയാർഡുസിനെ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനു മത്സ്യം ഉണക്കുന്നവർ വിസമ്മതമുള്ളവരായിട്ടാണോ കാണപ്പെടുന്നതു് എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): ഇല്ല. മത്സ്യം ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു മാറ്റിക്കൊണ്ടു പോകുന്നതിനു സൌകര്യം ഉണ്ടെന്നു കാണുന്ന പക്ഷം മത്സ്യം ഉണക്കുന്നവർ എല്ലാപേരും യാർഡിൽ വരും. ഗതാഗതത്തിനുള്ള സൌകര്യം കുറവുള്ള സ്ഥലങ്ങളിൽ മീൻ കൊണ്ടുവരികയും ഉണക്കിയ മീൻ കൊണ്ടുപോകുകയും ചെയ്യേണ്ടതു തലച്ചുമടിനാൽ വേണ്ടിയിരിക്കുന്നതിനാൽ അവർ യാർഡുകളിൽ വരുന്നില്ല. ഇങ്ങിനെ ചെയ്യുന്നതു നിമിത്തം അവർക്കു വലിയ അസൌകര്യം നേരിടുന്നു. റോഡുകൾ കിട്ടി ഗതാഗതം വർദ്ധിപ്പിക്കുന്ന പക്ഷം മത്സ്യം ഉണക്കുന്നവരെല്ലാവരും യാർഡിനെ ഉപയോഗപ്പെടുത്താതെ ഇരിക്കയില്ലെന്നു എനിക്കു നല്ല നിശ്ചയമുണ്ടു്. കടൽ തീരദേശങ്ങളിൽ റോഡുകൾ ഉണ്ടാക്കി ഗതാഗത സൌകര്യം വർദ്ധിപ്പിക്കുന്ന സംഗതി ഗവൺമെന്റിന്റെ ശ്രദ്ധാവിഷയമായിരിക്കുകയാണ്.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): സൌജന്യനിരക്കിനു മത്സ്യം ഉണക്കുന്നവർക്കു നൽകി വരുന്ന ഉപ്പ് മത്സ്യം ഉണക്കുന്നതിനു മാത്രമാണ് ഉപയോഗിച്ചുവരുന്നതു എന്നു മെമ്പറിനു നിശ്ചയമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): അതെ. ക്യൂവറിംഗയാർഡുസിൽ വച്ചു തങ്ങൾ ഈ ഉപ്പു വില്ക്കുന്നതു ഗവൺമെന്റു ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിലാണു. ആ ഉദ്യോഗസ്ഥന്മാരുടെ ചുമതലകളിൽ ഒന്ന് കൊടുക്കുന്ന ഉപ്പു മത്സ്യം ഉണക്കുന്നതിനു തന്നെ ഉപയോഗപ്പെടുത്തുന്നോ എന്നു നോക്കുകയാകുന്നു. മുന്നറിവുകൂടാതെ മേലുദ്യോഗസ്ഥന്മാർ പോയി പരിശോധിക്കുന്നുണ്ടു്. ഈ ഉപ്പ് മത്സ്യം ഉണക്കുന്നതിനു തന്നെയാണ് ഉപയോഗപ്പെടുത്തി വരുന്നതു എന്നു എനിക്കു നല്ല നിശ്ചയമുണ്ടു്. ഒരു ഉദ്യോഗസ്ഥനെങ്കിലും അയാളുടെ അധികാരത്തെ ദുർവിനിയോഗിക്കുന്നതായി കാണുന്ന പക്ഷം അയാളെ അതി അർഹിക്കുംവണ്ണംപോലെ ശിക്ഷിക്കുന്നതും ആയിരിക്കും. ഞാൻ അല്പകാലം മുമ്പ് അങ്ങിനെ ഒരു ഉദ്യോഗസ്ഥനെ ശിക്ഷിക്കുകയുമുണ്ടായിട്ടുണ്ടു്.

മി: മുരുവേലിയിൽ പാച്ചുപ്പിള്ള (ചേർത്തല): പണമുള്ളവരും ധാരാളമുണ്ടു്.

റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള (കൃഷിമത്സ്യവ്യവസായ ഡയറക്ടർ): മത്സ്യസമ്പാദകരെ ഒഴിച്ചു നിർത്തി മറ്റുള്ളവർക്കു മാത്രം ഈ സൌജന്യം നൽകാൻ സാധിക്കയില്ല. ഗവൺമെന്റിന്റെ ഉദ്ദേശം മീൻ പിടിക്കുന്നവർക്കു ഈ വ്യവസായത്തിനു വേണ്ട സൌകര്യമുണ്ടാക്കിക്കൊടുക്കണമെന്നാണ്.

ഇതുസംബന്ധിച്ചു ഇതിലധികം പറയാനുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഞാൻ മുമ്പ് പറഞ്ഞതു പോലെ ഇപ്പോൾ ഇവിടെ ആവശ്യപ്പെട്ടിരിക്കുന്ന ഗ്രാന്റിന്റെ ഉദ്ദേശത്തെസംബന്ധിച്ചു മി. നീലകണ്ഠപിള്ളക്കു പൂർണ്ണമായ അനുഭാവം ഉണ്ടെന്നു കാണുന്നു. അദ്ദേഹത്തിന്റെ ഉപക്ഷേപത്തെ വോട്ടിനിടണമെന്നു അദ്ദേഹം നിർബന്ധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു അനുവാദം ലഭിക്കണമെന്നു അപേക്ഷിക്കുന്നു.

പ്രസിഡണ്ട്: ഉപക്ഷേപം പിൻവലിക്കുന്നതിനു മെമ്പറിനു സഭ അനുമതി നൽകുന്നുവോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രസിഡണ്ട്. കൃഷിഡയറക്ടർ ൩൯൦൦ രൂപയ്ക്കു ആവശ്യപ്പെട്ടിട്ടുള്ള ഡിമാൻഡിനെ സഭ അനുവദിക്കുന്നതായി വിചാരിക്കട്ടെയോ?

ഗ്രാന്റു അനുവദിക്കപ്പെട്ടു.

ഡിമാൻഡ് ൫൪. വ്യവസായം

മി: ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): സർ, ൫൪-ാംനമ്പ്ര ഡിമാൻഡായ വ്യവസായത്തിനു ൭൦൦൦ രൂപയിൽ കവിയാത്തതായുള്ള ഒരു കൂടുതൽ ഗ്രാന്റു അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. വ്യവസായ ഡിപ്പാർട്ടുമെന്റിലെ എക്സ്പെരിമെന്റൽ ടാണറിയിലേക്ക് സ്റ്റേഷനറിഡിപ്പാർട്ടുമെന്റിൽ നിന്നും ൨൦൦൦ പൌണ്ട് ആട്ടിൻതുകൽ വേണമെന്നായി ഒരു ആർഡർ കിട്ടിയിട്ടുണ്ടു. ഈ തുകൽ കൊടുക്കുന്നതിലേക്കു ഈ ആവശ്യത്തെ എന്റെ ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ടില്ല. ഈ ആർഡർ അനുസരിച്ചു തുകൽ കൊടുക്കുന്നതിനു തുകൽ വാങ്ങുന്നതിനു വേണ്ടിവരുന്ന ചിലവിലേക്കായി ഈ കൂടുതൽ ഡിമാൻഡിനെ ഞാൻ ഇപ്പോൾ സഭയോടു ആവശ്യപ്പെടുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുമ്പുള്ള അവസരങ്ങളിൽ സ്റ്റേഷനറിഡിപ്പാർട്ടുമെന്റ് തുകൽ ഉപയോഗിക്കുന്നുണ്ടായിരുന്നോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ടായിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) സ്റ്റേഷനറിഡിപ്പാർട്ടുമെന്റിലേക്കു തുകൽ നൽകി വന്നതു ആരാണെന്നു അറിഞ്ഞാൽ കൊള്ളാം. അന്യനാട്ടിലുള്ള കണ്ട്രാക്റ്റന്മാരോ ഈ രാജ്യക്കാരോ ആരായിരുന്നു തുകൽ കൊടുത്തുവന്നിരുന്നത്.

മി. ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതിനെപ്പറ്റി എനിക്കു യാതൊരു വിവരവും ഇല്ല-സ്റ്റേഷനറിഡിപ്പാർട്ടുമെന്റിന്റെ ചാർജ്ജ് എനിക്കില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനുമുമ്പ് ഏതെങ്കിലും അവസരത്തിൽ വ്യവസായഡിപ്പാർട്ടുമെന്റിലെ ടാണറി ശാഖ ഗവർമ്മെന്റ് ഡിപ്പാർട്ടുമെന്റിലേക്ക തുകൽ നൽകിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല. ഈ ആണ്ടിൽ മാത്രമേ [illegible] കം അയച്ചു തുകൽ കൊടുക്കാമെന്ന ഏറ്റിട്ടുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഗവർമ്മെന്റിന്റെ അപേക്ഷ അനുസരിച്ചോ സാധിക്കുമെന്ന [illegible] നൽകിയ അറിവു അതല്ല തുകൽ കൊടുക്കുന്നതിന് ടാണറിഡിപ്പാർട്ടുമെന്റിനെക്കൊണ്ട് [illegible] അനുസരിച്ചോ ഈ കാൺട്രാക്ട് അവർക്ക് നൽകിയത് എന്നറിഞ്ഞാൽ കൊള്ളാം.

മി: ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): [illegible] അയച്ചു. അതൊന്നിച്ച തങ്ങളുടെ മാതൃകകളും അയച്ചു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] ഏതു തരം തുകലാണ്?

മി. ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): പലവിധ ഉറപ്പുള്ള [illegible].

മി. എം. താണുപിള്ള (തിരുവനന്തപുരം): ആളുകൾ [illegible] ടാണറിയിൽ [illegible] തുകൽ [illegible] എത്ര ചെലവായിരിക്കുന്നു എന്ന അറിഞ്ഞാൽ കൊള്ളാം. [illegible] ഗവർമ്മെന്റിന് [illegible] എന്തു? അതു വിറ്റാൽ വിലകിട്ടുന്നതാണോ? ഇതിനെ സംബന്ധിച്ചു അറിഞ്ഞാൽ [illegible] ആഗ്രഹിക്കുന്നു.

മി. ജെ. സി. ചാക്കോ (വ്യവസായഡയറക്ടർ): [illegible] ഞാൻ [illegible] ഈ സമുദായങ്ങൾ വരുന്ന അവസരത്തിൽ [illegible] ആവശ്യമുള്ള പൂർണ്ണവിവരങ്ങളും പറഞ്ഞുതന്നതാണ്.

മി. എം. താണുപിള്ള (തിരുവനന്തപുരം): ടാണറിഡിപ്പാർട്ടുമെന്റു ഇപ്പോഴും ആവശ്യമുണ്ടോ [illegible] ഞാൻ [illegible] ചോദിച്ചത്. അതുമായി ടാണറിഡിപ്പാർട്ടുമെന്റിൽ [illegible] സംബന്ധിച്ച [illegible] ഇപ്പോൾ തോന്നുന്നില്ല. ടാണറിഡിപ്പാർട്ടുമെന്റിൽ ഉണ്ടാക്കിവരുന്ന തുകൽ വിൽക്കപ്പെടുന്നതാണോ എന്നും വിൽക്കപ്പെടാതെയിരിക്കുകയാണെങ്കിൽ [illegible] ഇവിടെ തന്നെ വിറ്റഴിക്കാതെ [illegible] വളരെ വളരെ തുകൽ വിൽക്കാതെ ടാണറിഡിപ്പാർട്ടുമെന്റിൽ കിടക്കുന്നതിനുള്ള കാരണം എന്തെന്നും അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ [illegible] തിരിച്ചു [illegible] അവസരത്തിൽ ഞാൻ ഒരു റൂളിംഗ് ചെയ്തതായി കേട്ടിരിക്കുമല്ലോ. [illegible] മെന്റിന്റെ സാധാരണനയം ഇപ്പോൾ ഈ സഭയുടെ ചിന്തക്ക വിഷയമായിട്ടുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഒരു പ്രത്യേക ഇനം മാത്രമേ സഭയുടെ ശ്രദ്ധക്കവിഷയമായിട്ടുള്ളൂ. ആ പ്രത്യേക ഡിമാൻഡിനെ സംബന്ധിക്കുന്ന സംഗതികളെപ്പറ്റിമാത്രമേ വാദപ്രതിവാദം നടത്താൻ പാടുള്ളൂ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): ഡിപ്പാർട്ടുമെന്റിന ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയിൽനിന്ന തന്നെ ഇപ്പോൾ ആവശ്യപ്പെടുന്നതിൽ ഒരു ഭാഗം ചിലവാക്കാൻ കഴിയുന്നതാണെന്നുള്ള കാരണത്താൽ ആവശ്യപ്പെട്ട കൂടുതൽ ഗ്രാന്റിൽ ഒരു അംശം കുറക്കണമെന്നായി ഈ [illegible] ആവശ്യപ്പെടുന്നതായിരുന്നാൽ ഇപ്പോൾ പ്രതിവാദിക്കുന്നതുപോലെയുള്ള സംഗതികളും പ്രതിവാദിക്കുന്നതിനു സഭക്കു അവകാശമുണ്ടെന്നു പറയുന്നതിനു എന്നെ അനുവദിക്കണം.

പ്രസിഡണ്ട്: അതുശരിതന്നെ. അതിനെ അടിസ്ഥാനപ്പെടുത്തിയല്ലല്ലോ ഡയറക്ടറോട് ചോദ്യങ്ങളും ചോദിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വ്യവസായഡിപ്പാർട്ടുമെന്റിലെ ഒരു പ്രത്യേക ഉപശാഖയുടെ അതായതു ടാണറിയുടെ ആവശ്യത്തിലേക്കായി ഒരു ഡിമാൻഡു കൊണ്ടുവരുമ്പോൾ ടാണറിയുടെ നയത്തെ പറ്റിവാദപ്രതിവാദം ചെയ്യാൻ പാടില്ല എന്നാണോ പറയുന്നത് എന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: പാടില്ല. ആ ബഡ്ജറ്റിനെപ്പറ്റി പൊതുവായി വിമർശനം ചെയ്യുമ്പോൾ മാത്രമേ പാടുള്ളൂ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). മുൻപു ഒരിക്കൽ ഉണ്ടായിട്ടുള്ള ഒരു റൂളിംഗ് അനുസരിച്ച് എല്ലാക്കൂടുതൽ ഡിമാൻഡും പൊതുബഡ്ജറ്റിലെ ഡിമാൻഡുപോലെ വിചാരിക്കേണ്ടതാണെന്ന തീരുമാനിച്ചിട്ടുണ്ട്. ആ റൂളിങ്ങിനെ അനുസരിച്ചാണ് ഈ മാതിരി ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളത്.

പ്രസിഡണ്ട്: ഇതിനെ സംബന്ധിച്ച എന്റെ റൂളിംഗ് ഞാൻ പ്രസ്താവിച്ചുകഴിഞ്ഞു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക) അദ്ദേഹത്തോടു ഒരു ചോദ്യം ചോദിക്കുന്നതിന എന്നെ അനുവദിക്കണമെന്ന ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡന്റ്. അദ്ദേഹം ഇരിക്കുന്ന അവസരത്തിൽ അദ്ദേഹത്തോട് ചോദിക്കേണ്ടതുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മി: കെ. പി. നീലകണ്ഠപ്പിള്ള [illegible] അദ്ദേഹം ഇരുന്നുകളഞ്ഞു.

പ്രസിഡണ്ട്: അത് അമ്പനുതന്നെ അദ്ദേഹം ഇരുന്നുകഴിഞ്ഞു. മിസ്റ്റർ താണുപിള്ളയുടെ ചോദ്യം തന്നെ വളരെ താമസിച്ചാണ ഉണ്ടായത്. മറുപടി പറയുന്നതിനായി അദ്ദേഹം എഴുന്നേറ്റുനിൽക്കുമ്പോൾ നിങ്ങൾക്ക അദ്ദേഹത്തോടു ചോദിക്കാനുള്ളതു ചോദിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ളേ! നിങ്ങൾ നിങ്ങളുടെ ഉപക്ഷേപത്തെ അവതരിപ്പിക്കുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഈ ഡിമാൻഡിനെ ഇപ്പോഴും ആവശ്യപ്പെട്ടിരിക്കുന്ന ൩൦൦൦ രൂപായിൽനിന്നു ൨൦൦൦ രൂപ കുറക്കണമെന്ന ഒരു ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

നമ്മുടെരാജ്യത്തു ടാണറി നടത്തിവരുന്ന രീതിയെസംബന്ധിച്ചു പൊതുജനങ്ങൾക്കുള്ള അതൃപ്തിയെ ശമപ്പെടുത്തണമെന്നുള്ളതാകുന്നു എന്റെ ഈ ഉപക്ഷേപത്തിന്റെ ഉദ്ദേശം.

പ്രസിഡണ്ട്. ടാണറിയെ സംബന്ധിച്ചു പൊതുവായ വിമർശനം ചെയ്യാൻ പാടില്ല എന്നു ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലൊ. അതു നിയമവിരുദ്ധമാണെന്നു ഞാൻ മുമ്പു തന്നെ റൂൾ ചെയ്തുകഴിഞ്ഞുവല്ലൊ.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്): മി: കെ. പി. നീലകണ്ഠപിള്ള ഹാജരാക്കിയിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര—കുന്നത്തൂർ): ടി ഉപനിയമം അന്യായമല്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. മി: കെ. പി. നീലകണ്ഠപിള്ള അദ്ദേഹത്തിന്റെ ഉപക്ഷേപം അവതരിപ്പിച്ചുകഴിഞ്ഞുവോ എന്നു അറിഞ്ഞാൽകൊള്ളാം. അദ്ദേഹം അതിനെസംബന്ധിച്ചു യാതൊന്നുംതന്നെ പറയുകയുണ്ടായില്ലല്ലൊ.

പ്രസിഡണ്ട്. അദ്ദേഹം അതിനെ അവതരിപ്പിച്ചുകഴിഞ്ഞു.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്) ഞാൻ വ്യവസായഡിപ്പാർട്ടുമെന്റിന്റെ നയത്തെപററിയല്ല പറയാൻപോകുന്നത്.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഈ ഡിമാൻഡ് ആവശ്യപ്പെട്ടിരുന്നതു എക്സ്ട്രാ ഡിമാൻഡായ വ്യവസായത്തിലേക്കാകയാൽ ഇതിനെസംബന്ധിച്ചു നിശ്ചിതമായ ഒരു റൂളിംഗ് ഉണ്ടാകേണമെന്നു ഞാൻ ആവശ്യപ്പെടുന്നു. അതിനാൽ ഈ പ്രത്യേക ഇനത്തെ പൊതുബഡ്ജററിൽ കൊള്ളിച്ചിരുന്നാൽ എങ്ങിനെയോ അതുപോലെതന്നെ കരുതിയിരിക്കയാണ്.

പ്രസിഡണ്ട്. അതിനെ സംബന്ധിച്ചുള്ള എന്റെ റൂളിംഗ് പ്രസ്താവിച്ചുകഴിഞ്ഞു.

മി. ടി. സി. കേശവപിള്ള (കൽക്കുളം—വിളവങ്കോട്) സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലും മിലിട്ടറിഡിപ്പാർട്ടുമെൻറിലും മററനേകഡിപ്പാർട്ടുമെൻറുകളിലും തോൽ ധാരാളം ആവശ്യമുണ്ട്. അപ്രകാരമുള്ള തോലുകൾക്കെല്ലാം വ്യവസായഡിപ്പാർട്ടുമെൻറ് ഓർഡർ ചെയ്യുന്നു എന്നാണ് വ്യവസായഡയറക്ടറുടെ പ്രസംഗത്തിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ വ്യവസായഡിപ്പാർട്ടുമെൻറിന് ഇന്ന ഇന്നതോലുകൾ ഉണ്ടാക്കാനുള്ള വിദഗ്ദ്ധന്മാർ ഞങ്ങളുടെ അധീനത്തിലുണ്ട്, ഇന്ന തോൽ ഞങ്ങൾ പരീക്ഷണം നടത്തീട്ടുണ്ട്, എന്നു വിവരിക്കുന്ന ഒരു ലിസ്റ്റ് ഗവർമ്മെണ്ടിനു നേരത്തെകൂട്ടി അയച്ചിരുന്നെങ്കിൽ മററുഡിപ്പാർട്ടുമെൻറുകൾക്കു ആവശ്യമുള്ള തോൽ ഓർഡർ കൊടുക്കാതെതന്നെ വ്യവസായഡിപ്പാർട്ടുമെൻറിൽ നിന്നും കൊടുക്കാമായിരുന്നു. ഇപ്രകാരമൊന്നും ഡിപ്പാർട്ടുമെൻറ ചെയ്യുകാണുന്നില്ല. അതുകൊണ്ടും ൫൦൦ രൂപാകുറക്കണമെന്നുള്ള ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾവക തെക്കൻമെമ്പർ): സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലേക്കു തോൽ കൊടുക്കുന്നതിലേക്കുള്ള പണം അനുവദിച്ചു കൊടുക്കണോ വേണ്ടയോ എന്നുള്ളതാണല്ലൊ ഇപ്പോൾ ഈ സഭയുടെ ആലോചനക്കു വിഷയമായിരിക്കുന്ന സംഗതി. സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിനു ആവശ്യമുള്ള തുകൽ അയച്ചുകൊടുക്കുന്നതിലേക്കായി ആ ഡിപ്പാർട്ടുമെൻറിൽ നിന്നും വ്യവസായ ഡിപ്പാർട്ടുമെൻറിലേക്കു ഒരു ആർഡർ കൊടുത്തിരിക്കുന്നതായിട്ടാണ് മിസ്റ്റർ ചാക്കോ പറഞ്ഞതിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. ഡയറക്ടറിൽ നിന്നും നാം കേട്ടിടത്തോളം സംഗതികളിൽനിന്നും മനസ്സിലാക്കേണ്ടത് അദ്ദേഹത്തിനു ഈ വിഷയത്തിൽ ഒരു കൺട്രാക്ടറുടെ നിലമാത്രമേ ഉള്ളു എന്നാണല്ലൊ. അതിനാൽ നാം ആലോചിക്കേണ്ട പ്രധാനസംഗതി സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലേക്കു തോൽ സംഭരിച്ചുകൊടുക്കുന്നതിലേക്കായി നാം പണം അനുവദിക്കണോ വേണ്ടയോ എന്നുള്ളതാകുന്നു. മിസ്റ്റർ ചാക്കോയുടെ ടെൻഡറാണ് ഏററവും കുറഞ്ഞ ടെൻഡർ. മിസ്റ്റർ ചാക്കോയുടെ പക്കൽ നിന്നും തുകൽ വാങ്ങുന്നതുകൊണ്ടു ഗവർമ്മെണ്ടിനു ലാഭമാണ് ഉണ്ടാകുവാനുള്ളത്. മററു യാതൊരു സംഗതികളെ സംബന്ധിച്ചും ഇപ്പോൾ ആലോചിക്കേണ്ട ആവശ്യമില്ലെന്നാണ് എനിക്കു തോന്നുന്നത്. സർ! അതിനാൽ ഈ ഡിമാൻഡിനെ അനുകൂലിക്കണം എന്നുതന്നെയാണ് എനിക്കു തോന്നുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ ചാക്കോയുടെ ടെൻഡറാണ് ഏററവും കുറഞ്ഞതു എന്നു എന്തിനെ അടിസ്ഥാനപ്പെടുത്തിയാണ് മെമ്പർ പറയുന്നതു എന്നറിഞ്ഞാൽ കൊള്ളാം.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾവക തെക്കൻ മെമ്പർ): മിസ്റ്റർ ചാക്കോ തന്നെ ഉറപ്പിൽ നിന്നു തന്നെ.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): തുക കുറക്കണമെന്നുള്ള ഉപക്ഷേപത്തെ അനുകൂലിക്കണമെന്നുതന്നെ ഞാൻ വിചാരിക്കുന്നു. എന്നാൽ അതു നയത്തെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുവാനല്ല. കൂടുതൽ ഗ്രാൻറിനുള്ള ഡിമാൻസിനെ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുമ്പോൾ നയത്തെപ്പററി വാദപ്രതിവാദം നടത്താൻ പാടില്ല എന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഈ ഉപക്ഷേപത്തെ ആധാരമാക്കി പിടിച്ചുകൊണ്ടു ഈ സഭയോടു ഈ ഇനം ചിലവിനുള്ള പണം അനുവദിക്കണമെന്നു ആവശ്യപ്പെടുന്നതിനു മുമ്പായി ഈ സഭയെ ഡയറക്ടർ അവശ്യം അറിയിക്കേണ്ടതായി ഏതാനും ചിലവിവരങ്ങൾ പറഞ്ഞു തരണമെന്നായി ഞാൻ ഡയറക്ടറോടു അപേക്ഷിച്ചുകൊള്ളുന്നു. ഇതിനെ സംബന്ധിച്ചു ചെയ്യാൻ തുടങ്ങിയിട്ടുള്ള വിമർശനം ന്യായമായും യുക്തിയുക്തമായും ഉള്ള ഒരു മാർഗ്ഗത്തിൽ കൂടി തന്നെയാണെന്നുള്ള സംഗതി ൫൦൦ രൂപ കുറക്കണമെന്നു മാത്രമാണ് അല്ലാതെ മുഴുവൻതുകയും കുറക്കണമെന്നല്ലാ പ്രമേയകർത്താവു ആവശ്യപ്പെട്ടിരിക്കുന്നതു എന്നുള്ളതിൽ നിന്നുതന്നെ വിശദമാകുന്നതാണ്. ഈ സഭയോടുള്ള മര്യാദയെ അടിസ്ഥാനപ്പെടുത്തി നോക്കുന്നതായിരുന്നാൽ ഇങ്ങിനെ ഒരു ചിലവിനത്തെ അനുവദിക്കണമെന്നു സഭയോടു ആവശ്യപ്പെടുന്നതിനു മുമ്പായി ഈ ചിലവു അനുവദിക്കുന്നതിനെ സാധൂകരിക്കത്തക്ക എല്ലാ വിവരങ്ങളും ഈ സഭയെ പറഞ്ഞു മനസ്സിലാക്കേണ്ടതു ഗവർമ്മെൻറുഭാഗത്തെ മെമ്പറന്മാരുടെ ചുമതലയാകുന്നു. മിസ്റ്റർ ചാക്കോയുടെ സ്റ്റാക്കിൽ സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിനു കൊടുക്കണമെന്നു ഉദ്ദേശിച്ചിട്ടുള്ള ജാതി തുകൽ ഉണ്ടോ എന്നും കൈവശം ഉള്ള സ്റ്റാക്കിനും പുറമെ ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ തുകലും കൊടുക്കുന്നതിനു മററു സാമാനങ്ങൾ ശേഖരിക്കയും വാങ്ങേണ്ടതായിട്ടുണ്ടോ എന്നും ഉള്ള ന്യായമായ വിവരങ്ങൾ മിസ്റ്റർ ചാക്കോ മറുപടി പറയുന്ന കൂട്ടത്തിൽ ഈ സഭയെ പറഞ്ഞു മനസ്സിലാക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോൾ വേണ്ടിയിരിക്കുന്ന മാതിരി തുകൽ ഉണ്ടാക്കുന്നതിനുവേണ്ടി ഇപ്പോൾ ചിലവാക്കേണ്ടതും പിന്നീട് തിരിച്ചെടുക്കാവുന്നതുമായ തുകയാണോ ഡയറക്ടർ ആവശ്യപ്പെടുന്നതു എന്നു മിസ്റ്റർ കൃഷ്ണയ്യങ്കാർക്ക് മനസ്സിലാകുന്നില്ലയോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിത മെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): അങ്ങനെ തന്നെ ആണ് അറിയേണ്ടത്, ഒരു ഡിപ്പാർട്ടുമെൻറിൻറെ മേധാവി കൈവശമുള്ള എല്ലാവിവരങ്ങളും സഭയെ പറഞ്ഞു മനസ്സിലാക്കാത്തപക്ഷം ഈ സഭ ആ മേധാവി കാട്ടുന്ന ഉത്സാഹത്തിനെല്ലാം ഒരു തുകയും അനുവദിക്കേണ്ട ആവശ്യമില്ല. ഈ ചിലവിനെ അംഗീകരിക്കുന്നതിനു മുമ്പായി ഈ ചിലവ് സൽഫലത്തിനെ ഉദ്ദേശിച്ചുള്ളതാണെന്നും രാജ്യത്തിനു നന്മയെ ചെയ്യുന്നതാണെന്നും എത്രത്തോളം ബോധ്യം വരത്തക്ക എല്ലാ വിവരങ്ങളും സഭയെ അറിയിക്കണമെന്നു സഭാംഗങ്ങൾ പ്രതിനിധികളോടു ആവശ്യപ്പെടുന്നതിൽ ആയതു ഒരു ... ന്യായമായിട്ടുള്ളതല്ലേ എന്നാണ് ഞാൻ ഇവിടെ ഒരു ... പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതു. ഈ വിവരങ്ങൾ ഗ്രഹിക്കുന്നതിനു വേണ്ടിമാത്രമാണ് ഞാൻ മിസ്റ്റർ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഉപക്ഷേപത്തെ അനുകൂലിക്കുന്നതു.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ആവശ്യപ്പെടുന്നവിവരങ്ങൾ ഞാൻ പറഞ്ഞുതരാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഈ ഡിമാൻഡിനെ എതിർക്കുന്നു. ഡിമാൻഡിനെ എന്തിന്നു ഇപ്പോൾ എതിർക്കുന്നു എന്നും അതല്ല ഗ്രാൻറു കുറക്കണമെന്നുള്ള ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ള ശേഷമേ എതിർക്കുവാൻ പാടുള്ളുവോ എന്നും ഉള്ള സംഗതി അറിവാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട്: ഇപ്പോൾ കുറക്കണമെന്നുള്ള ഉപക്ഷേപമാണ് സഭയുടെ ആലോചനക്കു വിഷയമായിരിക്കുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡിമാൻഡിനെതന്നെ എതിർക്കണമെന്നാണ് ഞാൻ വിചാരിച്ചതു.

പ്രസിഡണ്ട്: അതു നിങ്ങൾക്കു പിന്നീട് ആവാം. ഇപ്പോൾ ഒരു പ്രത്യേക സംഖ്യ കുറയ്ക്കുന്നതിനുള്ള ഉപക്ഷേപം ആണ് സഭയുടെ ശ്രദ്ധക്കു വിഷയമായിരിക്കുന്നതു.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): മിസ്റ്റർ കെ. എ. കൃഷ്ണയ്യങ്കാർ ചോദിച്ചചോദ്യത്തിനു മറുപടിപറയണമെന്നു ഞാൻ വിചാരിക്കുന്നു. കൈവശം ഉള്ള സ്റ്റാക്കിൽ നിന്നും സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലേക്കു ആവശ്യപ്പെട്ടിട്ടുള്ള തുകൽ കൊടുക്കുവാൻ പാടില്ലയോ എന്നു അദ്ദേഹം ചോദിക്കുകയുണ്ടായി. സ്റ്റേഷനറി ഡിപ്പാർട്ടുമെൻറ് ഒരുപ്രത്യേകമാതിരി തുകലാണ് ആവശ്യപ്പെടുന്നതു. ആട്ടിൻ തുകലാണ് അവർ ആവശ്യപ്പെട്ടിരിക്കുന്നതു. ടാനറിയിലുള്ള എരുമത്തുകലും പശുവിൻതുകലും അടുകുന്നു. കുറച്ചു കോലാട്ടിൻതുകലും ഉണ്ടായിരിക്കാം. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു പുസ്തകം ബയൻഡ് ചെയ്യുന്നതിനു ഉപയുക്തമായ ആട്ടിൻതുകൽ ആകുന്നു. ഞങ്ങളുടെ കൈവശം ആട്ടിൻ തുകൽ ഇല്ല. അതുവിലക്കുവാങ്ങി ടാനറിവകുപ്പിൽ ഊറക്കിടേണ്ടതായിരിക്കുന്നു. ഈ മറുപടികൊണ്ടു അദ്ദേഹം തൃപ്തിപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ ആണ്ടത്തെ ബഡ്ജറ്റിൽ തോൽ വകുപ്പിലേക്കു എത്രരൂപ അനുവദിച്ചിട്ടുണ്ട്.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ... രൂപയാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ തുക മുഴുവനും തോൽ വാങ്ങിക്കുന്നതിനാണോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): തോലും ബാക്ക്ടാൻ സാമാനങ്ങളും വാങ്ങുന്നതിന്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇപ്പോൾ ചോദിച്ചിട്ടുള്ള പണം ... ത്തെ ... ക്കോ ... ണത്തേക്കോ.

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): ... കർക്കടകത്തിനു മുമ്പെ ചിലവാക്കാനുള്ളതു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇപ്പോൾ അനുവദിച്ചിട്ടുള്ള നാലായിരത്തിൽ ചിലവായതു രൂപയും ചിലവാക്കിക്കഴിഞ്ഞോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): മിക്കവാറും ചിലവാക്കിക്കഴിഞ്ഞു. ഇനികുറെ പണം കാണുമായിരിക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇതിനുമുമ്പു തോൽ പ്രിൻറിംഗ് ആപ്പീസിൽ ഉപയോഗിക്കുന്നുണ്ടെന്നറിയാമോ?

മി: ഐ. സി. ചാക്കോ (വ്യവസായ ഡയറക്ടർ): തോൽ ഉപയോഗിക്കുന്നതായിട്ടറിയാം. ഞങ്ങൾ ടെൻഡർ കൊടുത്തിട്ടില്ല എന്നേയുള്ളു.

മി: എസ്. പിരവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായ സംഘങ്ങൾ വക മെമ്പർ): ഈ തുക അനുവദിക്കാതെ ഇരിക്കയും സ്റ്റേഷനറി ഡിപ്പാർട്ടുമെൻറിലേക്കു തുകൽ മററു വല്ലയിടത്തു നിന്നും വാങ്ങുകയും ചെയ്യുന്നതായാൽ വില കൂടുതലായിരിക്കുമെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): എനിക്കു അങ്ങിനെയാണ് തോന്നുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വെളിയിൽനിന്നും വാങ്ങുന്നതായിരുന്നാൽ എന്തുവിലയാകുമെന്നറിഞ്ഞാൽകൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): റാത്തലിനു ... രൂപാ ... അണ വീതം ആകും.

മി: എ. താണുപിള്ള (തിരുവനന്തപുരം): നിങ്ങളുടെ തുകയിൽ വിദഗ്ദ്ധൻറെയും അസിസ്റ്റൻറ് വിദഗ്ദ്ധൻറെയും ശമ്പളം ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെൻറു ചിലവുകൂടിയുൾപ്പെടുത്തിയിട്ടുണ്ടോ അതല്ല പച്ചത്തുകലിൻറെയും ഊറക്കിടുന്ന സാമഗ്രികളുടേയും വിലമാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): വിദഗ്ദ്ധന്റെ ശമ്പളം ഇതിൽ ഉൾപ്പെടുകയില്ലായിരിക്കാം എന്നാൽ കൂലിചിലവു അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): യഥാർത്ഥത്തിൽ എന്തു ചിലവാകുമെന്നറിഞ്ഞാൽ കൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): യഥാർത്ഥമായി ചിലവാകുന്നതു [illegible] ഒരു പൌണ്ട് എട്ടു [illegible] അണ ൭ പൈ ആണ്. കണക്കാക്കിനോക്കിയപ്പോൾ കിട്ടിയ തുക ഇതാണ്. ൩ രൂപാക്കു തുകൽ കൊടുക്കാമെന്നാണ് ഞങ്ങൾ ഉടൻ ധരിച്ചിരുന്നതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അപ്പോൾ നിങ്ങൾ കുറഞ്ഞവിലക്കു തുകൽ കൊടുക്കാമെന്നു പറയുന്നതിൽ യാതൊരു അർത്ഥവും ഇല്ല.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): മററു കൺട്രാക്ടർമാരിൽനിന്നും കുറവായ ഒരു വിലയാണ് ഞങ്ങൾ ആവശ്യപ്പെട്ടതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ തുകയിൽ സ്റ്റാഫിന്റെ ശമ്പളം ഉൾപ്പെടുന്നില്ല എന്നു നിങ്ങൾതന്നെ പറഞ്ഞു. അവർ യാതൊരു പ്രതിഫലവുംകൂടാതെ വേലചെയ്യുന്നു എന്നാണോ അതിന്റെ അർത്ഥം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ടെക്സ്പെർട്ടിനെ നിയമിച്ചിട്ടുള്ളതു ഇത്തരത്തിലുള്ള വേലകൾ ചെയ്യുന്നതിനല്ല. അദ്ദേഹത്തിനു പ്രചാരണവേലകൾ ചെയ്യാനുണ്ട്. ഇതിനുംപുറമെ ഊറക്കിടുന്നതിനു ഉപയോഗിക്കുന്ന സാധനസാമഗ്രികളെ പരിശോധിക്കേണ്ടതായും ഉണ്ട്. ഈ ജോലി സാധാരണ ഊറക്കിടുന്നവർക്കും ചെയ്യാമെന്നുള്ളതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം ഈ ജോലിയിൽകൂടി ശ്രദ്ധപതിപ്പിക്കുന്നതായിരുന്നാൽ അദ്ദേഹത്തിന്റെ മററുജോലികൾക്കു വിഘാതം നേരിടുകയില്ലയോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹത്തിനു ചെയ്തുതീർക്കാൻ കഴിയുന്നിടത്തോളം ഉള്ള ജോലി അദ്ദേഹത്തിനില്ല എന്നാണോ നിങ്ങൾ പറയുന്നതു്?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ ജോലിയെ അദ്ദേഹം പരിശോധിക്കേണ്ടതായി വരും, അത്രമാത്രമേ ഉള്ളൂ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ടാനറിയിൽ പാകംചെയ്യുന്ന തുകൽ വിൽക്കാതെ കിടപ്പുള്ളതിനുള്ള കാരണം എന്തെന്നറിഞ്ഞാൽ കൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പരീക്ഷാർത്ഥം നടത്തുന്നജോലിയിൽനിന്നും കിട്ടുന്ന തുകലാണ് ഈ സ്റ്റാക്കിലെ അധികഭാഗവും. ഇതു തൊഴിലിനു ഉപയോഗപ്പെടുത്തത്തക്ക മാതിരിയിലുള്ളതായിരിക്കയില്ല. പലതരത്തിലുള്ള മരപ്പട്ടകൾ ഉപയോഗിച്ചു ഞങ്ങൾ ഊറക്കിട്ടു പരീക്ഷിച്ചു നോക്കിയിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്റ്റാക്കുചെയ്തിട്ടുള്ള തുകലിന്റെ വില എത്ര വരുമെന്നു ഉദ്ദേശമായെങ്കിലും അറിഞ്ഞാൽകൊള്ളാമായിരുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അങ്ങിനെ സ്റ്റാക്കുചെയ്തിട്ടുള്ള തുകലിന്റെ വില ഉദ്ദേശം ൭൦൦൦ രൂപയോളം വരും.

മി: എ. താണുപിള്ള (തിരുവനന്തപുരം): പരീക്ഷിച്ചതിന്റെ ഫലമായിട്ടുമാത്രം വില്ക്കണമെന്നുള്ള യാതൊരഭിപ്രായവുംകൂടാതെയാണോ ഇവയെ സംഭരിച്ചുവച്ചിട്ടുള്ളതു എന്നറിഞ്ഞാൽകൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): സാധാരണയായി അവിടെ പശുവിന്റെയും എരുമയുടെയും തുകൽമാത്രമേ ഉള്ളൂ. കയററുമതിചെയ്യത്തക്കവിധത്തിൽ ഒരിക്കലും ഒരേതരത്തിലുള്ള തുകൽ അത്രയും ഉണ്ടായിരിക്കാറില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ ഇവിടെതന്നെ വില്ക്കുന്നതിനുവല്ല ശ്രമവും ചെയ്തിട്ടുണ്ടോ.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ചെയ്തിട്ടുണ്ട്. എന്നാൽ ഇവിടെ അതിനു ആവശ്യം കാണുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ടാനറിയിൽ വേലചെയ്തുണ്ടാക്കുന്ന സാധാരണ തുകൽ ഇവിടെതന്നെ വില്ക്കാൻ തരമില്ല എന്നാണോ വ്യവസായഡയറക്ടർ ഈ സഭയിൽ പ്രസ്താവിക്കുന്നതു്.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ തുകൽ എന്തിനെങ്കിലും ഉപയോഗമുള്ളതാണോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ തുകൽ എന്തിനു ഉപയോഗിക്കാൻകൊള്ളാം എന്നറിവാൻ ആഗ്രഹിക്കുന്നു.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ബൂട്ട്സ് ഉണ്ടാക്കുവാൻകൊള്ളാം. തുകൽകൊണ്ടു ചെയ്യുവാനുള്ള എല്ലാവേലകൾക്കും ഇതു ഉപയോഗപ്പെടുത്തുവാൻകൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നിട്ടും ഇതിനെ സ്ഥലത്തുവില്ക്കുന്നതിനു മാർഗ്ഗംകാണുന്നും ഇല്ല.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ തുകൽ കുറഞ്ഞതരമായിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതു വല്ലതിനും ഉപയോഗപ്പെടുത്താൻ കൊള്ളാമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉപയോഗപ്പെടുത്താൻ കൊള്ളാമെന്നാണ് എന്റെ വിശ്വാസം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഡയറക്ടർ തന്നത്താൻ ഈ തുകലിന്റെ ഗുണം പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞാൻ ഒരു തുകൽ വിദഗ്ദ്ധൻ അല്ലാത്തതിനാൽ എന്റെ പരിശോധനകൊണ്ടു യാതൊരുഫലവും ഉണ്ടാകുവാനില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ടാനറിയിൽ ശേഖരിച്ചിട്ടുള്ള തുകൽ എന്തെങ്കിലും കാര്യത്തിന്നു ഉപയോഗിക്കാമോ എന്ന അറിയുന്നതിനു ഡയറക്ടർ അല്ലെങ്കിലും ബുദ്ധിമുട്ടിയിട്ടുണ്ടോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതുസംബന്ധിച്ച ഞാൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ് ബഡ്ജറ്റുമായി ഞാൻ ഈ സഭയിൽവരുമ്പോൾ കൂടുതൽ വിവരങ്ങൾ പറഞ്ഞുതരുന്നതിനു ഞാൻ പ്രാപ്തനായിരിക്കുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങനെ ശേഖരിച്ചിട്ടുള്ള തുകൽ അനേകവർഷമായി സംഭരിച്ചിട്ടുള്ളതാണെന്ന് എനിക്കറിഞ്ഞാൽകൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നിട്ടും അതിനെ വിറ്റഴിക്കുന്നതിനെപ്പറ്റിയുള്ള തീരുമാനസംബന്ധിച്ച അന്വേഷണം നടത്താൻ തുടങ്ങിയിരിക്കുന്നതു ഇപ്പോൾമാത്രമാണ്.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞങ്ങൾ ഇപ്പോൾമാത്രമേ അതിനെപ്പറ്റി അന്വേഷണം നടത്തുന്നതു്. ഒരു പക്ഷെ ഈ വിഷയംസംബന്ധിച്ചു ഞാൻ ഗവന്മെന്റിലേക്ക എഴുതേണ്ടിവന്നേക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ സ്റ്റേഷനറിഡിപ്പാർട്ടുമെന്റിൽനിന്നും എന്താവശ്യത്തിനുവേണ്ടിയായി തുകൽ ആവശ്യപ്പെട്ടിരിക്കുന്നുവോ ആ ആവശ്യത്തിനു ഇപ്പോൾ ഉണ്ടാക്കാൻപോകുന്ന തുകൽ മതിയാകുമെന്നുള്ളതിനു വല്ല ലക്ഷ്യവും ഉണ്ടോ അതോ ഒരു ഗവന്മെന്റുസ്ഥാപനം ടെൻഡർ അയച്ചുവല്ലോ എന്നുവച്ചുമാത്രം ആ ടെൻഡറിനെ ഗവന്മെന്റ സ്വീകരിച്ചതാണോ എന്നറിഞ്ഞാൽകൊള്ളാം.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞങ്ങൾ സ്റ്റേഷനറിഡിപ്പാർട്ടുമെന്റിലേക്ക ഒരു മാതൃക അയച്ചുകൊടുത്തു. അവർ അതിനെ സ്വീകരിക്കുകയും ചെയ്തു മാതൃകയനുസരിച്ചുള്ള സാമാനംതന്നെ ഞങ്ങൾ അവർക്കു കൊടുക്കേണ്ടതായിരിക്കുന്നു. അല്ലാത്തപക്ഷം അവർ സ്വീകരിച്ചില്ലെന്നു വന്നേക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മരപ്പട്ടയിട്ടു ഊറക്കിട്ട ആട്ടിൻതുകൽ എന്നുപറഞ്ഞാൽ എന്താണ്.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): രാസദ്രവ്യം ഉപയോഗിക്കാതെ മരപ്പട്ടയിട്ട ഊറക്കിട്ട തുകൽ എന്നാണ് ഇതിന്റെ അർത്ഥം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്തു് മരപ്പട്ടയിട്ടാണ് ഈ തുകൽ ഊറക്കിടുന്നതു എന്നറിഞ്ഞാൽകൊള്ളാം.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തമ്പകത്തിന്റെയും കൊന്നയുടെയും പട്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിൽ ഏതാണു കുറേക്കൂടി നല്ലതായി കണ്ടിട്ടുള്ളതു്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തുകൽവിദഗ്ധന്മാർ തമ്മിൽ ഇതേസംബന്ധിച്ച അഭിപ്രായവ്യത്യാസം ഉണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആട്ടിൻതുകൽ ഏതുപട്ടയിട്ടാണ് ഊറയ്ക്കിടുന്നതു് ടാൻചെയ്യാൻ ഉപയോഗിക്കുന്നസാധനം എന്തൊന്നാണ്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ടാൻചെയ്യുന്നതിനു ഉപയോഗിക്കാവുന്ന സാധനങ്ങളിൽ ഏതുംഉപയോഗിക്കാം. ഇതു വാങ്ങാൻപോകുന്ന ആളിന്റെ രുചിയെ ആശ്രയിച്ചാണിരിക്കുന്നതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അയച്ചുകൊടുത്ത മാതൃകക്ക് ഉപയോഗപ്പെടുത്തിയതു എന്തുപട്ടയാണ്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തമ്പകപട്ട.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തമ്പകത്തിൻപട്ട ഇട്ട ഊറക്കിട്ടതുകലോ കൊന്നപട്ടയിട്ട ഊറക്കിട്ട തുകലോ ഏതാണു കൂടുതൽ നന്നായിരിക്കുന്നതു്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ചിലരൊക്കെ നോക്കുമ്പോൾ തമ്പകമാണു നല്ലതെന്നു പറയാം. അതു തികച്ചും സാങ്കേതികമായിട്ടുള്ള ഒരു വിഷയമാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുസ്തകങ്ങൾ ബയൻഡുചെയ്യുന്നവർക്ക് തമ്പകപട്ട ഇട്ട ഊറക്കിട്ട തുകലാണോ കുറേക്കൂടി നല്ലതു്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തമ്പകപട്ട ഇട്ട ഊറക്കിടുന്നതു കുറേക്കൂടി നന്നായിരിക്കുമെന്നാണു എനിക്കുതോന്നുന്നതു്. എനിക്കു നല്ല നിശ്ചയംപോരാ. അവർക്കു പുസ്തകം ബയൻഡുചെയ്യാൻ കൊള്ളാവുന്ന കട്ടികുറഞ്ഞ തുകലാണു ആവശ്യമുള്ളതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൊന്നപട്ട ഇട്ട ഊറക്കിട്ട ആട്ടിൻതുകൽ പുറമെ വിലപ്പെടുകയില്ലെന്നുള്ളതാണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതേപ്പറ്റി പരിശോധിച്ചുനോക്കിയിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്. അനേകം കെട്ടുകൾ പണ്ടനിലേക്കു അയച്ചുകൊടുത്തിട്ടുണ്ടെന്നു എനിക്കു താങ്കളോടു ഉറപ്പുപറയാൻ കഴിയും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) കൂടുതൽ കെട്ടുകൾ അയച്ചുകൊടുക്കണമെന്നുമാത്രമെ എനിക്കു താല്പര്യമുള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വ്യവസായഡയറക്ടർ അദ്ദേഹത്തിന്റെ വിദഗ്ധന്മാരുടെ ശാസ്ത്രീയമായ അറിവിനെയും ഔദ്യോഗികസമയത്തെയും പൊതുജനങ്ങളുടെ പ്രൈവറ്റ് വ്യവസായത്തോടു മത്സരിക്കുന്നതിനു വിനിയോഗിക്കുന്നതു എന്തുകൊണ്ടാണെന്നറിഞ്ഞാൽ കൊള്ളാം.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഇതു ഇപ്പോൾ എനിക്കു പൊട്ടെന്നു മറുപടിപറയാൻ നിവൃത്തിയില്ലാത്തവിധം അത്ര വിപുലമായ ഒരു ചോദ്യമാകുന്നു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ ജനങ്ങളുടെ ഇടയിലുള്ള വ്യവസായത്തിന ഹാനികരമാണെന്ന ഡയറക്ടർ വിചാരിക്കുന്നില്ലയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): പൊതുജനങ്ങളിൽ ആരെങ്കിലും ഇതിന തയ്യാറായി വരുന്നപക്ഷം ഞങ്ങൾ പിൻവാങ്ങുന്നതിന തയ്യാറാണ്. ഞങ്ങളുടെ പ്രധാന ഉദ്ദേശം ജനങ്ങളെ തുകൽ ഊറക്കിടുന്ന വേലയിൽ പ്രവേശിപ്പിക്കുന്നതിന പ്രേരിപ്പിക്കണമെന്നുള്ളതാകുന്നു. ആരെങ്കിലും അതിന തയ്യാറായിട്ട മുമ്പോട്ടുവരുന്നപക്ഷം ഞങ്ങൾ പിൻവാങ്ങുന്നതിന തയ്യാറാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ജനങ്ങളെ വേണ്ടപോലെ ഈ തൊഴിൽ പരിശീലിപ്പിക്കുന്നതിനുവേണ്ടിയാണോ ഡിപ്പാർട്ടുമെന്റിൽനിന്നും കുറഞ്ഞനിരക്കിന ടെൻഡർ നൽകിയത്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ) ഇത്ര വിദ്യാഭ്യാസത്തിന്റെ ഒരു കോഴ്സ് തന്നെയാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അവരുമായി മത്സരിക്കുന്നതോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഈ തുകൽ കൊടുക്കുന്നതിന തിരുവിതാംകൂറിൽ ആരെങ്കിലും തയ്യാറുള്ളപക്ഷം ഞങ്ങൾ പിൻവാങ്ങാൻ തയ്യാറാണ്. കൺട്രാക്ടറന്മാരിൽ മിക്കവരും തിരുവിതാംകൂർകാരല്ലെന്നാണ എന്റെ വിശ്വാസം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തിരുവിതാംകൂർകാരനായ ഒരാൾ കൂടിയ ഒരു റേറ്റിൽ ടെൻഡർ അയക്കുന്നപക്ഷം വ്യവസായഡയറക്ടർ കുറഞ്ഞ റേററിന് ടെൻഡർ ഏൽക്കയില്ലയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തിരുലേക്ക ഞങ്ങളെ പ്രേരിപ്പിച്ച പ്രഥമകാരണം തിരുവിതാംകൂർകാരിൽ ആരും തന്നെ ഇതിന അപേക്ഷിച്ചിട്ടില്ലായിരുന്നു എന്നുള്ളതായിരുന്നു. അതുകൊണ്ടാണ ഡിപ്പാർട്ടുമെന്റിൽ നിന്നും ടെൻഡർ അയക്കുന്നതിന ഇടയായത്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) തിരുവിതാംകൂർകാരായി ആരും തന്നെ ഈ കാൺട്രാക്ററിന അപേക്ഷിച്ചിട്ടുണ്ടായിരുന്നില്ലയോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തിരുവിതാംകൂറിൽ ഉണ്ടാകുന്ന എല്ലാ തുകലുകളും ഉപയോഗിക്കയും ഊറക്കിടുകയും ചെയ്യുന്നവരായി തിരുവിതാംകൂർകാരായി വല്ലവരുമുണ്ടെങ്കിൽ ഞാൻ ഉടനതന്നെ ഗവണ്മെന്റ ടാനറി നിർത്തണമെന്ന ഗവണ്മെന്റിനോട ശുപാർശചെയ്യാൻ തയ്യാറാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കഴിഞ്ഞ ഇത്രവളരെ കൊല്ലങ്ങൾകൊണ്ട ഒരു തിരുവിതാംകൂർകാരനെ എങ്കിലും ഈ കൺട്രാക്ററിന അപേക്ഷിക്കത്തക്ക ശേഷിയുള്ളവനാക്കിത്തീർക്കുന്നതിന് വ്യവസായഡിപ്പാർട്ടുമെന്റിന സാധിച്ചിട്ടുണ്ടോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഉണ്ട്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എന്നാൽപിന്നെ എന്തുകൊണ്ടാണ് ഈ കൺട്രാക്ററ് ഏൽക്കുന്നതിന തയ്യാറായി ഒരു തിരുവിതാംകൂർകാരനും മുന്നോട്ടുവരാത്തത്?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അങ്ങിനെ ഒരുവൻ മുമ്പോട്ടുവരാത്തത എന്തെന്ന എനിക്ക അറിഞ്ഞുകൂടാ. ഒരുപക്ഷെ ആരും അതേപ്പററി വിചാരിച്ചില്ലായിരിക്കാം, അഥവാ തുകലും പണവും കിട്ടുന്നതിനുള്ള ബുദ്ധിമുട്ടുകൊണ്ടായിരിക്കാം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) വ്യവസായഡയറക്ടർ പരിശീലിപ്പിച്ച ആളിനെ ഈ കൺട്രാക്ററിന അപേക്ഷിച്ച ഇതിൽ ലാഭമോ എന്ന് നഷ്ടമോ ഒന്നു പരീക്ഷിച്ചുനോക്കുവാൻ പ്രേരിപ്പിച്ചുവൊ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഓരോരുത്തന്റെയും അടുക്കൽ ചെന്ന അയാൾ ടെൻഡർ അയച്ചിട്ടുണ്ടോ എന്ന ചോദിച്ച അയച്ചിട്ടില്ല എന്ന കാണുകയാണെങ്കിൽ ടെൻഡർ അയക്കുന്നതിന അയാളെ പ്രേരിപ്പിക്കണമെന്ന എന്നോട ആവശ്യപ്പെടുന്നത വളരെ കഷ്ടമെന്നുമാത്രമേ പറവാനുള്ളു. അതു വളരെ പ്രയാസമുള്ള ഒരു സംഗതിയാണ്. സാധാരണ നിലക്ക ഞാനാ ഒരു ടെൻഡർ അയച്ച എന്നെ ഉള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ തൊഴിലിനുള്ള വലിയ ഉപയോഗത്തെ പ്രയോഗരൂപത്തിൽ കാണിച്ചുകൊടുക്കുന്നതിനും ഇത്രവളരെ ലാഭമുള്ള ഒരു തൊഴിലാണ് എന്നുള്ളതിനെ ബോദ്ധ്യപ്പെടുത്തുന്നതിനും വേണ്ടി ഡയറക്ടർ അങ്ങനെയുള്ള ഒരുവനോട ഒരു ടെൻഡർ അയപ്പാൻ പറയേണ്ടതല്ലായിരുന്നോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഒരുപക്ഷെ അയാൾക്ക ഇതു ആവശ്യമില്ലായിരിക്കാം. അയാൾ മദ്രാസിലേക്ക തുകൽ അയച്ചുകൊടുത്തുകൊണ്ടിരിക്കയാണ്. അഥവാ ഇതു വളരെ ചെറിയ ഒരു വേലയെന്ന അയാൾ കരുതിയിരിക്കാം. അയാൾ എന്തുകൊണ്ട ടെൻഡർ അയച്ചില്ല എന്ന് എനിക്കു പറവാൻ സാധിക്കയില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അപ്പോൾ ഒരു സാധാരണക്കാരന വളരെ ചെറുതായിതോന്നിയ ഒരു വേല വ്യവസായഡിപ്പാർട്ടുമെന്റിന വലുതായി തോന്നിയിരിക്കുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞങ്ങളുടെ ടാനറിയെസംബന്ധിച്ചിടത്തോളം ഇതു വലിയ ഒരു വേലതന്നെയാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ടെൻഡർ അയച്ചിട്ടുള്ളിടത്തോളം തുകൽ ഈ അടുത്ത മാസത്തിലൊ തുലാമാസത്തിലൊ തന്നെ കൊടുക്കാമെന്നാണോ ഡിപ്പാർട്ടുമെന്റിന്റെ വിശ്വാസം എന്നറിഞ്ഞാൽ കൊള്ളാം.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): വരുന്ന ആണ്ട കന്നിമാസത്തിലൊ തുലാമാസത്തിലൊ ആണ് ഞങ്ങൾ ഈ തുകൽ കൊടുക്കേണ്ടത്. തീയതി എനിക്ക നല്ല നിശ്ചയമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വരുന്ന ആണ്ടത്തേക്കാണോ ഈ ഡിമാൻസ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): വരുന്ന ആണ്ടു കന്നിമാസത്തിലോ തുലാമാസത്തിലോ [illegible]കൾ കൊടുക്കണമെങ്കിൽ വിത്തുകൾ ഇപ്പോഴേ വരുത്തേണ്ടതായിരിക്കുന്നുവല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വരുന്ന ആണ്ടേക്കാണോ ഇതു ഉപയോഗപ്പെടുത്താൻ പോകുന്നത്?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): [illegible] ഇതിനെ വരുന്ന ആണ്ടിൽ ഉപയോഗിക്കും. ഈ ആണ്ടിൽതന്നെ ഞങ്ങൾ [illegible]കൾ വാങ്ങിവെച്ച ചെയ്യേണ്ടതായിട്ടും ഉദ്ദേശിക്കുന്നു. സകല ചെലവുകളും ചെയ്യേണ്ടത് വരുന്ന ആണ്ടിൽ [illegible].

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] അടുത്ത ആണ്ടിലാണോ [illegible] എന്റെ ചോദ്യം?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): എന്റെ ഡിപ്പാർട്ടുമെന്റ [illegible] വേണ്ടി വരുന്ന ചെലവു ഈ ആണ്ടിൽതന്നെ ചെയ്യണം. ഈ [illegible] ഡിപ്പാർട്ടുമെന്റിൽ നിന്നും വരുന്ന ആണ്ടിലേ തരുന്നതായിരിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): വ്യവസായഡിപ്പാർട്ടുമെന്റിൽ നിന്നും ബജറ്റിൽ [illegible] പോകാത്തതായ ഇനത്തിൽ പെട്ട [illegible]കൾ ധാരാളമായി മേലാൽ ഉണ്ടാകുന്നതല്ല എന്നൊരു വാക്ക് വ്യവസായഡയറക്ടറിൽനിന്നും എനിക്കു കിട്ടുമോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): ഞങ്ങൾ [illegible] ധാരാളമായി ഉണ്ടാകുന്നതു ഇല്ലല്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൩൦൦൦ രൂപ വിലപിടിപ്പുള്ള സ്റ്റാക്ക് [illegible]തന്നെയാണ്.

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അതു ശരിതന്നെ. എന്നാൽ [illegible] കാലമായി അനേകം തരത്തിലുള്ള പരീക്ഷണങ്ങൾ നടത്തിയിട്ടുള്ളതിന്റെ ഫലമായി അനേകതരങ്ങളിലുള്ള [illegible]കൾ പലസ്ഥലങ്ങളിൽ [illegible] ഇടയായതിന്റെ ഫലമായിട്ടാണ് ഇത്രവളരെ [illegible]. ഇതെല്ലാം സ്റ്റാക്കുബുക്കിൽ കൊള്ളുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മൂവായിരമോ നാലായിരമോ രൂപ വിലവരുന്ന [illegible] മുഴുവൻ പരീക്ഷണം നടത്തിയതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്നാണോ ഞാൻ വിചാരിക്കേണ്ടത്?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അങ്ങനെ ആയിരിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ രൂപത്തിൽ ഉള്ള ഒരു മറുപടി എനിക്കു ആവശ്യമില്ല. അങ്ങനെയാണോ അല്ലയോ എന്നു നേരിട്ടുള്ള ഒരു മറുപടിയാണ് ഞാൻ ആവശ്യപ്പെടുന്നത്. [illegible] കേവലം പരീക്ഷ നടത്തിയതിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണോ?

മി: ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അവിടെ ഉണ്ടാകുന്ന [illegible]കൾ സ്ഥലത്തുള്ള [illegible]തിൽ ചിലവാകുന്നതരത്തിൽ ഉള്ളതല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇത്രവളരെ [illegible]കൾ ഉണ്ടായിട്ടുള്ളതു പരീക്ഷണം നടത്തിയിട്ടുള്ളതിന്റെ ഫലമായിട്ടാണോ എന്നും മേലാൽ ഇങ്ങനെവളരെ [illegible]കൾ ഉണ്ടാകാതെ ഇരിക്കുമോ എന്നും അറിയുന്നതിനു ഞാൻ ആഗ്രഹിക്കുന്നു.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): വളരെ കൂടുതലായി ഒന്നും ഉണ്ടാകുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): ൩൦൦൦ രൂപ [illegible] തന്നെയാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): തമ്പകം, [illegible] ഇവരണ്ടും ടാനിങ്ങിനു ഉപയോഗിക്കുന്നതാണെന്നു പറഞ്ഞുവല്ലോ.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): കൊന്ന പണ്ടേതന്നെ ഉപയോഗിച്ചുവരുന്നതു്. തമ്പകം ഉപയോഗിക്കുന്നതു ഞങ്ങളുടെ പരീക്ഷണത്തിന്റെ ഫലമായിട്ടാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ൩൦൦൦ രൂപയ്ക്കു ശേഖരിച്ചിട്ടുള്ള [illegible]കൾ എന്തുകൊണ്ടു ടാൻചെയ്തതാണ്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): തമ്പകം, കൊന്ന, നെല്ലി, താന്നി മുതലായ പദാർത്ഥങ്ങൾകൊണ്ടും ഉണ്ടാക്കിയതാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): വേറെ രാജ്യങ്ങളിൽ പരീക്ഷിച്ചിട്ടുള്ളതിനെയാണോ ഇവിടെയും പരീക്ഷിക്കുന്നതു്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): കടുക്ക മുതലായതു മുമ്പുതന്നെ നോക്കീട്ടുള്ളതാണ്. തമ്പകം, നെല്ലി, താന്നി ഇവ ഞങ്ങൾ പരീക്ഷിച്ചിട്ടുള്ളതാണ്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ എക്സ്പർട്ടുസ് ഇതെല്ലാം ഇവിടെ വന്ന് [illegible]താണോ?

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): അല്ല. തമ്പകം [illegible] ആരും ഉപയോഗിച്ചിട്ടുള്ളതല്ല. നെല്ലി, താന്നി മുതലായവയും വേറെ സ്ഥലങ്ങളിൽ ഉപയോഗിച്ചിട്ടുള്ളവയല്ല.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): ൩൦൦൦ രൂപക്കുള്ള [illegible]കളും പരീക്ഷണാർത്ഥം ടാൻ ചെയ്തതാണോ? ഏതെല്ലാം ജാതി[illegible]കളാണ് പരീക്ഷിച്ചിട്ടുള്ളത്.

മി. ഐ. സി. ചാക്കോ (വ്യവസായഡയറക്ടർ): നായു് [illegible] കാളയുടെയോ മാട്ടിന്റെയോ [illegible]കൾ പരീക്ഷിച്ചുനോക്കും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ എന്റെ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്. ഉപക്ഷേപം പിൻവലിക്കുന്നതിനു സഭ മെമ്പറിനു അനുവാദം നൽകുന്നുവോ?

സഭയുടെ അനുമതിയോടുകൂടി ഉപക്ഷേപം പിൻവലിക്കപ്പെട്ടു.

പ്രസിഡണ്ട്. ൧൮-ാം നമ്പർ ഡിമാൻഡായ വ്യവസായത്തിനു ൫൦൦൦ രൂപയുടെ കൂടുതൽഗ്രാൻറു അനുവദിക്കണമെന്നു സഭയോടു ഞാൻ ആവശ്യപ്പെടുന്നു.

ഗ്രാൻറു അനുവദിക്കപ്പെട്ടു.

നിയമനിർമ്മാണം

ലാൻഡ് കൺസർവൻസി ഭൂമിസംരക്ഷണറെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ലാൻഡ് കൺസർവൻസി (ഭൂമിസംരക്ഷണ) റെഗുലേഷൻ ഭേദഗതിബില്ലിൻെറ അവസാനവായനക്കുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിനുമുമ്പായി ബില്ലിൻെറ തലക്കെട്ടിൽ ഒഴിച്ചിട്ടിട്ടുള്ള സ്ഥലം പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ഒരു ഭേദഗതിവരുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. അതിനാൽ ൧-ാം വകുപ്പു ൧-ാം ഉപവകുപ്പിൽ ൧൧൦ എന്നുള്ള അക്കങ്ങൾ കഴിഞ്ഞു വ്യാഖ്യാനിച്ചിട്ടുള്ളസ്ഥലത്തു ൭ എന്നു ചേർക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

പ്രസിഡണ്ട്: ഈ ഉപക്ഷേപം സ്വീകരിക്കപ്പെട്ടതായി ഞാൻ വിചാരിക്കട്ടെയോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): അടുത്തതായി ഈ റെഗുലേഷൻ പ്രയോഗത്തിൽ വരുന്നതിനുള്ള ഒരു തീയതി നിശ്ചയിക്കേണ്ടതായുണ്ട്. അതു ൧൧൨൦-ന്നു ചിങ്ങമാസം ൧-ാം തീയതി ആയിരുന്നാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: സി. എസ്സ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽസെക്രട്ടറി): അതിനെ അനുകൂലിക്കുന്നു.

പ്രസിഡണ്ട്: ഈ ഉപക്ഷേപം അംഗീകരിക്കപ്പെട്ടോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർ വക്കീൽ): ബിൽ ഭേദഗതിചെയ്തതനുസരിച്ച് അവസാനമായി പാസാക്കണമെന്നു ഞാൻ ഇപ്പോൾ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

പ്രസിഡണ്ട്: ഈ സഭ അതിനെ പാസാക്കുന്നതായി ഞാൻ തീരുമാനിക്കട്ടെയോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

റെവന്യൂസമൺസ് റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർ വക്കീൽ): അടുത്തതു റെവന്യൂസമൺസറെഗുലേഷൻ ഭേദഗതിബിൽ ആണ്. അതിലും തലവാചകത്തിൽ ഒഴിച്ചിട്ടിരിക്കുന്നിടം പൂർത്തിയാക്കുന്നതിനെ സംബന്ധിച്ച് ഞാൻ ഒരു ഭേദഗതി ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു. അതായതു ഒന്നാം വകുപ്പിൻെറ (എ) ഉപവകുപ്പിൽ ൧൨൦ എന്നു കഴിഞ്ഞു "ഉ" എന്നു ചേർക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നു.

മി: സി. എസ്സ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

പ്രസിഡണ്ട്: ഈ ഉപക്ഷേപത്തെ സഭ അംഗീകരിക്കുന്നതായി ഞാൻ വിചാരിക്കട്ടെയോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ സർക്കാർവക്കീൽ): ഈ ബിൽ ഭേദഗതിവരുത്തിയതനുസരിച്ച് പാസാക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറുഫിനാൻഷ്യൽ സെക്രട്ടറി): ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

പ്രസിഡണ്ട്: ഈ ഉപക്ഷേപത്തെ സഭ പാസാക്കുന്നതായി വിചാരിക്കട്ടെയൊ?

ഉപക്ഷേപം പാസാക്കപ്പെട്ടു.

രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതിബില്ലിനെപ്പററി ആലോചിക്കുന്നതിനു നിയമിച്ചിരുന്ന സിലക്ട് കമ്മിററിയുടെ റിപ്പോർട്ടിനെ സഭമുമ്പാകെ ഹാജരാക്കിക്കൊള്ളുന്നു. അതോടുകൂടി അവർ റിപ്പോർട്ടു ചെയ്തിട്ടുള്ളതനുസരിച്ച് ഈ ബില്ലിനെപ്പററി ആലോചന നടത്തണമെന്നും ഞാൻ അപേക്ഷിക്കുന്നു.

മി: സി. എസ് കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറു ഫിനാൻഷ്യൽ സിക്രട്ടറി): ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ബില്ലിനെപ്പററി ഇപ്പോൾ ആലോചന നടത്തണമെന്നുള്ളതാണ് ഇപ്പോഴത്തെ ചിന്താവിഷയം.

പ്രസിഡൻറു: സഭ ഈ ഉപക്ഷേപത്തെ സ്വീകരിക്കുന്നോ.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലിനെ സംബന്ധിച്ച് ഇനി യാതൊരു ഭേദഗതിയും വരുത്തേണ്ടതായില്ല. അതിനാൽ അതിലെ വകുപ്പുകൾ ഈ ബില്ലിലെ ഭാഗങ്ങളായി തീരുന്നതിലേക്കായി സഭയുടെ അനുമതിക്കായി ഇവിടെ അവതരിപ്പിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡൻറ്: എ മുതൽ ന വരെ വകുപ്പുകളും തലവാചകവും ബില്ലിൻെറ അംശങ്ങളായി ഗണിക്കണം എന്നുള്ളതാകുന്നു ഇപ്പോഴത്തെ ചിന്താവിഷയം. അതിനെ ഈ സഭ അനുവദിക്കുന്നു എന്നു ഞാൻ വിശ്വസിക്കട്ടയോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലിനെ ഇപ്പോൾ ഈ സഭ അംഗീകരിച്ച രീതിയിൽ അടുത്തതായ ഒരവസരത്തിൽ അവസാനത്തെയായി വായിച്ചു പാസാക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം ഹാജരാക്കിക്കൊള്ളുന്നു.

മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രിട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രസിഡൻറ്: ഈ സഭ ഉപക്ഷേപത്തെ അംഗീകരിക്കുന്നോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

തിരുവിതാംകൂർ സെൻസസ് ബിൽ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): എൻ.ന.-ാം ആണ്ടു സെൻസസ് എടുക്കുന്നതിനെപ്പററിയുള്ള ഏതാനും സംഗതികളെക്കുറിച്ചു വ്യവസ്ഥപ്പെടുത്തുന്നതിലേക്കായി ഒരു ബിൽ അവതരിപ്പിക്കുന്നതിനായിട്ടാണ് ഞാൻ ഇപ്പോൾ എഴുന്നേററു നില്ക്കുന്നത്. [illegible] ബിൽ നടപ്പിലാക്കുന്നതിൻെറ കാരണങ്ങളും ഉദ്ദേശങ്ങളും ഈ ബില്ലു ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ആ ബില്ലിനെ സംബന്ധിച്ചു ഈ സഭയിൽവച്ചു വായന നടത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ സിക്രിട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇതു വളരെ പ്രധാനപ്പെട്ട ഒരു നിയമമാണെങ്കിലും കഴിഞ്ഞ സെൻസസ് സംബന്ധിച്ചും അതിനു മുമ്പുള്ള അവസരങ്ങളിൽ നടന്നിട്ടുള്ള സെൻസസുകളെ സംബന്ധിച്ചും നടപ്പിലാക്കപ്പെട്ടിരുന്ന നിയമങ്ങളെ വീണ്ടും നടപ്പിലാക്കുക മാത്രമേ നാം ഇപ്പോൾ ചെയ്യുന്നുള്ളു എന്നുള്ളതിനാൽ ഇതിൽ നാം വളരെ ഒന്നും ചെയ്യേണ്ടതായിട്ടില്ല എന്നാണ് എനിക്കു തോന്നുന്നത്. ഈ ബില്ലിനെ സംബന്ധിച്ചു യാതൊരു അഭിപ്രായവ്യത്യാസങ്ങളും ഉണ്ടാകുവാൻ ഇടയില്ലെന്നുമാണ് തോന്നുന്നത്. സെൻസസ് എടുക്കുന്നതിൻെറ പ്രാധാന്യം എല്ലാവരും സമ്മതിക്കുന്ന ഒന്നാകുന്നു. ഗവണ്മെൻറിലെ പല ഡിപ്പാർട്ടുമെൻറുകൾക്കും എന്നപോലെതന്നെ അനേകം ഉദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങൾക്കും ഇതിൻെറ ഫലങ്ങൾ വളരെ ഉപകാരപ്രദങ്ങളായുള്ളവയാണല്ലോ. ഈ ബില്ലിൻെറ വകുപ്പുകളെ സംബന്ധിച്ചു ഞാൻ അധികമായൊന്നും ഇവിടെ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ ബില്ലിലെ രണ്ടു പ്രധാന തത്വങ്ങൾ താഴെ പറയുന്നവയാണെന്നുമാത്രം ഞാൻ പറഞ്ഞുകൊള്ളുന്നു. അതായതു് (എ) സെൻസസ് ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന വിഷയത്തിൽ ഗവണ്മെൻറിനെ സഹായിക്കണം എന്നുള്ളതും, (ബി) ആവശ്യമുള്ള സകല വിവരങ്ങളും സംഭരിക്കുന്നതിനു സെൻസസ് ഉദ്യോഗസ്ഥന്മാരെ സഹായിക്കണം എന്നും ഉള്ളതാകുന്നു. ഈ തത്വങ്ങളെ ഈ സഭ ഐകകണ്ഠ്യേന അംഗീകരിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

പ്രസിഡൻറ്: സഭ ഈ ബില്ലിൻെറ തത്വങ്ങളെ അംഗീകരിക്കുന്നോ?

ബില്ലിൻെറ തത്വം അംഗീകരിക്കപ്പെട്ടു. പിന്നീടു നിയമനിർമ്മാണസഭാ സിക്രിട്ടറി ബില്ലിൻെറ തലക്കെട്ടു വായിച്ചു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ! ഇതു വളരെ അത്യാവശ്യമുള്ള ഒരു നിയമമാകുന്നു. ഞാൻ അല്പംമുമ്പു പ്രസ്താവിച്ചതുപോലെ വെറും ആചാരാനുസാരമായിട്ടുള്ള ഒരു നിയമവും ആകുന്നു. അതിനാൽ ഇതിൻെറ രണ്ടാംവായനയുംകൂടി ഇപ്പോൾതന്നെ നടത്തിയാൽ കൊള്ളാമെന്നു ഞാൻ വിചാരിക്കുന്നു. ബില്ലിനെ അവതരിപ്പിച്ചിട്ടു ഏഴു ദിവസമെങ്കിലും കഴിഞ്ഞതിനുശേഷം മാത്രമേ അതിൻെറ രണ്ടാംവായന നടത്താൻപാടുള്ളു എന്നു ഒരു ചട്ടം ഉണ്ടു്. ആ ചട്ടം [illegible]ക്കു സസ്പെൻഡു ചെയ്യാത്തപക്ഷം എനിക്കു ഈ ബില്ലിൻെറ രണ്ടാംവായന നടത്തുവാൻ സാധിക്കുന്നതല്ല.

പ്രസിഡൻറ്: ഞാൻ ആ റൂളിനെ സസ്പെൻഡു ചെയ്തിരിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലു ഈ സഭയുടെ ആലോചനക്കു വിഷയമാക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി. സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെൻറ ഫിനാൻഷ്യൽ സിക്രിട്ടറി): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

പ്രസിഡൻറ്: സഭ ഈ ഉപക്ഷേപത്തെ അംഗീകരിക്കുന്നതായി ഞാൻ വിശ്വസിക്കുന്നു.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ! പ്രസ്തുത ബില്ലിൽ യാതൊരു ഭേദഗതികളും വരുത്താനുള്ളതായി തോന്നുന്നില്ല. ആ സ്ഥിതിക്കു ഈ വകുപ്പുകൾ ഈ ബില്ലിലെ ഭാഗങ്ങളാക്കുന്നതിനെ സംബന്ധിച്ചുള്ള ചോദ്യം ചോദിക്കണമെന്നായി ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡൻറ്: എ മുതൽ എന വരെ വകുപ്പുകളും തലവാചകവും ബില്ലിൻെറ അംശങ്ങളായിരിക്കുന്നതാകുന്നു എന്നുള്ള സംഗതിയാണ് ഇപ്പോഴത്തെ ചിന്താവിഷയം.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ ഈ സഭ അംഗീകരിച്ച രൂപത്തിൽ സെൻസസ് ബിൽ ഇനിയൊരു ദിവസം എടുത്തു പാസാക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സിക്രട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇതു നിയമവിരുദ്ധമാണ്, സ്റ്റാൻഡിംഗ് ആർഡർ നമ്പ്ര ൪൯-ൽ പറഞ്ഞിരിക്കുന്നതു രണ്ടാമത്തെ വായനക്കുശേഷം ബില്ല ആലോചനയ്ക്കെടുത്തു പാസാക്കുന്നതു വേറൊരു യോഗത്തിൽവച്ചുവേണം എന്നാണ്. ലാ മെമ്പർ ഇപ്പോൾ പറഞ്ഞതു് ഇനി ഒരു ദിവസം ഇതേപ്പററി ആലോചിക്കാമെന്നാണല്ലോ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ സ്റ്റാൻഡിംഗ് ആർഡറിലെ വാക്യങ്ങൾ അനുസരിച്ചുതന്നെ പ്രവർത്തിക്കുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല. ബില്ലിനെ ആലോചനയ്ക്കെടുത്തു പാസാക്കുന്നതു മറെറാരു മീററിംഗിൽവച്ചു മതിയെന്നും ഞാൻ അഭിപ്രായപ്പെടുന്നു. എന്നാൽ സ്റ്റാൻഡിംഗ് ആർഡറുകൾ അനുസരിക്കുമെന്നുള്ളപക്ഷം ഈ ബില്ലിന്റെ അവസാന വായനക്കുള്ള ഉപക്ഷേപം ഞാൻ നാളെതന്നെ അവതരിപ്പിച്ചേക്കുമെന്നുള്ള സംഗതികൂടി സഭയെ അറിയിച്ചുകൊള്ളാം.

പ്രസിഡൻറ്: ഈ ഉപക്ഷേപം അംഗീകരിച്ചുവോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ! ഇതു നാളെ ആലോചനയ്ക്കെടുക്കാമെന്നാണല്ലോ ലാ മെമ്പർ സൂചിപ്പിക്കുന്നതു്.

പ്രസിഡൻറ്: അതല്ല ഇപ്പോഴത്തെ പായിൻറ്. ഈ ബിൽ ഇനിയത്തെ ഒരു യോഗത്തിൽ ആലോചനയ്ക്കെടുക്കാമെന്നുള്ള ഉപക്ഷേപം ആണ് ഇപ്പോഴത്തെ ചിന്താവിഷയം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അതെ.

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

തിരുവിതാംകൂർ വില്ലേജ് പഞ്ചായത്തുകോടതി റഗുലേഷൻഭേദഗതിബിൽ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ! ൧൦൯൦-ലെ ൧-ാം റഗുലേഷനായ വില്ലേജ് പഞ്ചായത്തുകോടതി റഗുലേഷനിൽ ഭേദഗതി വരുത്തേണ്ടതിനെ സംബന്ധിച്ചു ഒരു ബില്ല അവതരിപ്പിക്കുന്നതിനായിട്ടാണു ഞാൻ ഇപ്പോൾ ഇവിടെ എഴുന്നേററു നില്ക്കുന്നതു്. ബില്ലും ഇപ്രകാരം ഭേദഗതി വരുത്തുന്നതിന്റെ ഉദ്ദേശങ്ങളും കാരണങ്ങളും ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുണ്ടായിരുന്നു. ഈ ബിൽ കൗൺസിലിൽ വായിക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി. ടി. കെ. മാധവൻനായർ (ആ. ഗവൺമെണ്ട് സെക്രട്ടറി): ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ അതിനെ എതിർക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയൻകീഴ്): ഈ ഉപക്ഷേപം പിൻതാങ്ങപ്പെട്ടോ എന്നറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: ഉപക്ഷേപം പിൻതാങ്ങപ്പെട്ടുകഴിഞ്ഞുവല്ലോ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഈ ബില്ലിൽ അന്തർഭവിച്ചിട്ടുള്ള തത്വത്തെപ്പററി ഞാൻ ഇപ്പോൾ പ്രതിപാദിക്കാം. ഈ ബിൽ വില്ലേജ് പഞ്ചായത്തുകോടതി റഗുലേഷൻ ൭-ാം വകുപ്പിൽ ചില ഭേദഗതികൾ വരുത്തുന്നതിനുള്ള ഒന്നാകുന്നു. ൭-ാം വകുപ്പ് ഇങ്ങനെയാകുന്നു. "ഗവൺമെൻറിൽനിന്നും അപ്പോഴപ്പോൾ തത്സംബന്ധമായി നടപ്പാക്കാൻ ഇടയുള്ള ചട്ടങ്ങൾ അനുസരിച്ചുവില്ലേജ് പഞ്ചായത്തുകോടതികളിലെ പ്രസിഡൻറന്മാരേയും മററു ജഡ്ജിമാരേയും രണ്ടുവർഷത്തേക്കു ഒരിക്കൽവീതം നമ്മുടെ ഗവൺമെൻറിൽനിന്നും നിയമിക്കുന്നതായിരിക്കും. എന്നാൽ പ്രത്യേകമായി സ്വീകരിക്കാവുന്ന ചട്ടങ്ങൾ അനുസരിച്ചു ജഡ്ജിമാരിൽ ചിലരെയോ എല്ലാപേരെയുമോ അതാതു വില്ലേജുകളിൽ ഉള്ള ആളുകൾ തിരഞ്ഞെടുക്കുന്നതിനും അനുവദിക്കാമെന്നുള്ളതാകുന്നു."

ഇതിന്റെ ഫലമായി ഒരു ജഡ്ജി ഉദ്യോഗത്തിൽ പ്രവേശിച്ചു രണ്ടുവർഷം കഴിയുന്നതോടുകൂടി അദ്ദേഹത്തിന്റെ സ്ഥാനം തീർന്നുപോകുന്നു. വല്ല കാലവൈപരീത്യത്താലൊ പിശകിനാലൊ പകരം ഒരാളെ നിയമിക്കാത്തപക്ഷം കോടതിക്കു യാതൊരു ജോലിയും ചെയ്യാൻ നിർവാഹമില്ല. നീതിന്യായപരിപാലനകൃത്യം ശരിയായി നിർവഹിപ്പാനും തരമില്ല. ഇങ്ങനെയുള്ള ബുദ്ധിമുട്ടുകൾ കൂടാതെ കഴിക്കുന്നതിലേക്കായി നിശ്ചയിച്ചിട്ടുള്ള രണ്ടുവർഷത്തെ കാലാവധി തീർന്നിരുന്നാലും പകരം ഒരുവനെ നിയമിക്കുന്നതുവരെ ആ ജഡ്ജിതന്നെ ജോലിയിൽ തുടർന്നുകൊള്ളേണ്ടതാണെന്നുള്ള ഒരു ഭേദഗതി ഈ വകുപ്പിൽ വരുത്തുന്നതിനാണ് ഇപ്പോഴത്തെ ഭാവം.

മി: മാത്യു മുരിക്കൻ (വൈക്കം): വേറെ ഒരുവനെ ഉടൻതന്നെ നിയമിക്കുന്നതിനുള്ള വൈഷമ്യം എന്താണെന്നു അറിഞ്ഞാൽകൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഏതെങ്കിലും ഒരു പ്രത്യേക തരത്തിലുള്ള ബുദ്ധിമുട്ടുണ്ടെന്നല്ല ഞാൻ പറയുന്നതു്. ചിലപ്പോൾ ആ കൃത്യസമയത്തുതന്നെ നിയമനം നടത്തിയില്ല എന്നു വന്നേക്കാം. അങ്ങനെ വന്നുപോയാൽ അതിന്റെ ഫലമായി നീതിന്യായപരിപാലനകൃത്യത്തിനു തടസ്സം നേരിടുമെന്നുള്ളതാകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഗവൺമെൻറിൽനിന്നും ശരിയായ കാലത്തു പകരം ആളിനെ നിയമിക്കാതെ ഇരിക്കുന്നതു കാലവൈപരീത്യത്താലോ പിശകിനാലൊ ആണൊ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): പൊതുവെ പറയുന്നതായിരുന്നാൽ അങ്ങനെതന്നെയാണ്. മററുകാരണങ്ങളും ഉണ്ടെന്നു ഊഹിക്കാവുന്നതാകുന്നു. ഒരു ജഡ്ജിയുടെ നിയമനത്തെപ്പററി പേഷ്കാരുടെ ശുപാർശ കിട്ടി എന്നുതന്നെ വിചാരിക്കുക. കൂടുതൽ വിവരങ്ങൾ അറിയുന്നതിലേക്കായി വീണ്ടും അതേപ്പററി പേഷ്കാരോടു എഴുതിചോദിക്കേണ്ടതായി വന്നു എന്നും വിചാരിക്കുക. അതിനു കുറെ താമസം വേണ്ടിവരുമെന്നുള്ളതാണല്ലോ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഒരു പ്രത്യേക ജഡ്ജിയുടെ കാലാവധി തീരുന്നതു എപ്പോഴാണെന്നു കണ്ടുപിടിക്കുവാൻ നിവൃത്തിയില്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): കഴിയും. അതു കണ്ടുപിടിക്കാവുന്നതുമാകുന്നു. ഒരുവന്റെ കാലാവധി കഴിഞ്ഞതിനുമേൽമാത്രമെ പകരം ഉള്ള ആളിനെ തെരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യാൻ പാടുള്ളു എന്നും ഉദ്ദേശിക്കപ്പെട്ടിട്ടില്ല. എന്നാൽ പല്ലകാരണവശാലും ഒരുവന്റെ കാലാവധി തീർന്നിട്ടും പകരം ആളിനെ നിയമിക്കാൻ ഇടയാകാതെ വരുന്ന അപൂർവം ചിലപ്പോഴും വന്നേക്കാവുന്ന ചില സംഗതികളിലേക്കുവേണ്ടിമാത്രം ഇങ്ങനെ ഈ വ്യവസ്ഥ ചെയ്തിട്ടുള്ളതാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതാകുന്നു. ഇങ്ങനെയുള്ള നിയമങ്ങളിൽ ഇങ്ങനെ ചെയ്യുന്നതു ഒരു പുതുമയായിട്ടല്ല. മുൻസിപ്പാൽറഗുലേഷൻ അനുസരിച്ചു ഒരു മെമ്പറിന്റെ കാലാവധി മൂന്നു വർഷം ആകുന്നു. ആ കാലാവധി കഴിഞ്ഞ ദിനംശേഷം പകരം ഒരാളെ തിരഞ്ഞെടുക്കുകയോ നിയമിക്കുകയോ ചെയ്യുന്നതുവരെ [illegible] ആ മെമ്പർതന്നെ ആ സ്ഥാനത്തു തുടർന്നുകൊള്ളേണ്ടതാണ് എന്നായി പ്രത്യേകം ഒരു വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഈ ജഡ്ജിമാരെ തെരഞ്ഞെടുക്കുകയാണൊ നിയമിക്കുകയാണൊ ചെയ്യുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ നിയമിക്കുകയാണ ചെയ്തുവരുന്നതു്. തെരഞ്ഞെടുക്കുന്നതിനും വ്യവസ്ഥയുണ്ട്. എന്നാൽ അതു നാളിതുവരെ പ്രയോഗത്തിൽ കൊണ്ടുവന്നിട്ടില്ല എന്നേയുള്ളു. പകരം ഒരു ആളിനെ നിയമിച്ചില്ലെങ്കിലും മുമ്പുള്ള ജഡ്ജിതന്നെ ജോലിചെയ്യുന്നതിനു ഇടയാകണമെന്നുള്ളതാകുന്നു ഇവിടത്തെ പായിന്റ്. അതിലേക്കായിട്ടാണ ഇപ്പോൾ ഈ ഭേദഗതിയെ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അപൂർവ്വമായി ഉണ്ടാകുവാൻ [illegible] കേസുകൾക്കുവേണ്ടിയാണൊ റഗുലേഷനിൽ ഭേദഗതി ഉണ്ടാക്കണമെന്നു ആവശ്യപ്പെട്ടിരിക്കുന്നതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അതെ, അതിനുള്ള വ്യവസ്ഥതന്നെയാണ. നീതിന്യായപരിപാലനകൃത്യം യാതൊന്നിനാലും തടയപ്പെടുവാൻ പാടുള്ളതല്ലല്ലൊ. പകരമായി ഒരുവനെ നിയമിക്കാത്തപക്ഷവും പഴയ ആൾതന്നെ ഉദ്യോഗത്തിൽ തുടർന്നുപോകുന്നതിന് വഴിയുണ്ടായിരിക്കണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പിന്നെ എന്തിനായിട്ടാണ് രണ്ടു വർഷത്തേക്കുമാത്രമെ ഒരു ജഡ്ജിയുദ്യോഗത്തിൽ ഇരിക്കാൻ പാടുള്ളു എന്നു നിയമം നിർബന്ധിക്കുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): നിയമത്തിന്റെ പൊതുവേയുള്ള നയം ഇവിടെ ചിന്താവിഷയമായിരിക്കുന്നില്ലല്ലൊ. ഒരു അനുദ്യോഗസ്ഥ ജഡ്ജി ശമ്പളം വാങ്ങുന്ന ജഡ്ജിയെപ്പോലെ സ്ഥിരമായിട്ടുള്ള ഒരുവൻ ആയിരിക്കാൻ പാടില്ല എന്നുള്ളതാണ പ്രഥമദൃഷ്ടിയിൽ തോന്നുന്ന കാരണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): റഗുലേഷന്റെ പൊതുവേയുള്ള നയം ചിന്താവിഷയമായിരിക്കുന്നില്ല എന്നു ലാമെമ്പർ പറഞ്ഞതിന്റെ കാരണമെന്തെന്നു അറിഞ്ഞാൽകൊള്ളാമെന്നു ആഗ്രഹിക്കുന്നു. ഇതു കൂടുതൽ ഡിമാൻഡിനെപ്പോലെയുള്ള ഒരു സംഗതിയാണോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): നിയമനിർമ്മാണസംബന്ധമായ ഒരു പ്രത്യേക പ്രമേയം ഞാൻ ഈ സഭമുമ്പാകെ കൊണ്ടുവന്നിരിക്കുന്നു. മെമ്പർ ഇപ്പോഴത്തെ ഒരു വകുപ്പിനേയും സംബന്ധിക്കുന്ന നയത്തെ സംബന്ധിച്ചു എന്നോടു ചോദിക്കുന്നതായിരുന്നാൽ അതിനെപ്പറ്റി മറുപടി പറയുന്നതിനു് അവയെ സംബന്ധിച്ചുള്ള കടലാസുകളെല്ലാം എന്റെ പക്കൽ ഇവിടെ ഇല്ലല്ലോ.

പ്രസിഡന്റ്: ഒരു പ്രത്യേകവകുപ്പിന്റെ നടത്തിപ്പിനെ സംബന്ധിച്ചു മാത്രമാണല്ലൊ ഇപ്പോൾ ഭേദഗതിപ്രമേയം കൊണ്ടുവന്നിട്ടുള്ളതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഒരു ജഡ്ജിയുടെ ഉദ്യോഗകാലാവധി എന്തുകൊണ്ടാണ രണ്ടുകൊല്ലം കഴിയുമ്പോൾ തീർന്നുപോകുമെന്നു നിശ്ചയിച്ചിരിക്കുന്നതു എന്നു മി. മാധവൻപിള്ള ചോദിക്കുന്നു. ഇപ്പോഴും ആ വ്യവസ്ഥ റഗുലേഷനിൽ സ്ഥിതിചെയ്യുന്നതിനാൽ അതു ഇപ്പോൾ ഇവിടെ വാദപ്രതിവാദത്തിനു വിഷയമാകുന്നില്ല എന്നു പറയേണമെന്നാണ ഞാൻ ഉദ്ദേശിച്ചതു, അങ്ങനെയിരുന്നാലും ആ വ്യവസ്ഥക്കുള്ള ഒരു കാരണം ഞാൻ പറഞ്ഞുകഴിഞ്ഞുവല്ലൊ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ജഡ്ജി രണ്ടുവർഷകാലത്തേക്കു ജോലിയിൽ തുടർന്നുകൊള്ളണമെന്നാണ നിയമം. ആ സ്ഥിതിക്കു ഈ ഭേദഗതികൂടാതെതന്നെ മുമ്പു ഇരിക്കുന്ന ആളിന്റെ തന്നെ പുതിയതായി ഒരാളിനെ നിയമിക്കുന്നതുവരെ ആ ജോലിയിൽ തുടരാമെന്നുള്ളതാണല്ലൊ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡു സർക്കാർ വക്കീൽ): ഞാൻ ഈ ഭേദഗതി ആവശ്യപ്പെടുന്നതും അതുകൊണ്ടുതന്നെയാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഭേദഗതിനിമിത്തം കാലാവധി കഴിഞ്ഞതിനുശേഷം ജോലിചെയ്യുന്നതിനു തൃപ്തിയില്ലാത്ത ഒരു ജഡ്ജിയെ വീണ്ടും ആ ജോലി ചെയ്യുന്നതിനു നിർബന്ധിക്കാമെന്നു ലാമെമ്പർ ഉദ്ദേശിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ചോദ്യത്തിന്റെ അർത്ഥം എനിക്കു ശരിയായി മനസ്സിലാകുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉദ്യോഗം ഒഴിഞ്ഞുപോകുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്ന ഒരുവനെ ഉദ്യോഗത്തിൽ ഇരുന്നു ജോലി നോക്കണമെന്നു നിർബന്ധിക്കണമെന്നു ഈ ഭേദഗതിമൂലം ലാമെമ്പർ ഉദ്ദേശിക്കുന്നുണ്ടോ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ല. ഒരിക്കലുമില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വില്ലേജു പഞ്ചായത്തു കോടതികളിലെ എല്ലാ ജഡ്ജിമാരും ആപ്പീസുകളിൽ ശരിക്കു വരണമെന്നു നിർബന്ധിക്കുന്നതായി വല്ല റൂളോ റഗുലേഷനോ ഉണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): റൂളുകൾ എൻറെ കൈവശം ഇപ്പോൾ ഇല്ല. എന്നാൽ ജഡ്ജിമാർ ചില മുറവച്ചു കോടതിയിൽ ഹാജരാകുന്നതിനു ഏതോ വ്യവസ്ഥയുള്ളതായി എനിക്കറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വില്ലേജ് പഞ്ചായത്തുകോടതികൾ ക്ലിപ്തസമയങ്ങളിൽ വേണ്ടപോലെ നടത്തപ്പെട്ടുവരുന്നില്ല എന്നും അവിടെ തീരുമാനം ചെയ്തുവരുന്ന കേസുകളുടെ എണ്ണം വളരെ മോശമാണെന്നും ഉള്ള സംഗതികൾ ഗവമെണ്ടിന്ന് അറിയാമോ?

മി. കല്ല്യാലം പരമേശ്വരൻ പിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): എനിക്കു അതു പറവാൻ സാധിക്കയില്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഈ മേലാതിനിമിത്തം പകരം ആളുകളെ നിയമിക്കുന്ന വിഷയത്തിൽ കൂടുതൽ താമസം നേരിടുമെന്നുള്ള വസ്തുത ഗവമെണ്ട് മനസ്സിലാക്കുന്നുണ്ടോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഇല്ല. നിയമനങ്ങൾ നടത്തുന്ന വിഷയത്തിൽ കാലതാമസം നേരിടീക്കണമെന്നു ഗവമെണ്ടിന്നു ഉദ്ദേശം ഇല്ല.

മി. ഏ. നാണുപിള്ള (തിരുവനന്തപുരം): രണ്ടുകൊല്ലം കഴിഞ്ഞതിനുശേഷം പുതിയ ജഡ്ജിമാരെ നിയമിക്കാതെ ഇരുന്നതിൻെറ ഫലമായി കേസുകൾ കിടപ്പായി പോയതായി വല്ല ഉദാഹരണവും ഗവമെണ്ട് മെമ്പർക്കു പറയുവാൻ കഴിയുമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഇങ്ങനെയുള്ള രണ്ടോ മൂന്നോ ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്നാണ് എനിക്കു തോന്നുന്നതു്. സൂക്ഷ്മമായി എത്രയുണ്ടെന്നു എനിക്കു നിശ്ചയമില്ല. ചില ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ടെന്നു നിശ്ചയമായി അറിയാം.

മി. കെ. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു വില്ലേജു പഞ്ചായത്തു കോടതിയിൽ എത്ര ജഡ്ജിമാർ ഉണ്ടായിരിക്കണം എന്നു എനിക്കു ഗവമെണ്ട് മെമ്പറിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഓരോ കോടതിയിൽ ഓരോ വിധത്തിലാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു ബെഞ്ചു കൂടുന്നതെങ്കിൽ എത്ര ജഡ്ജിമാർ വേണമെന്നു നിർബന്ധമുണ്ടോ അതിൽ കൂടുതൽ ആളുകളെ ഓരോ വില്ലേജു പഞ്ചായത്തുകോടതികളിലും നിയമിച്ചിട്ടുണ്ടെന്നു ഗവമെണ്ട് മെമ്പർക്കു അറിയാമോ?

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അറിയാം.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ കൂടുതലായി ജഡ്ജിമാർ ഉണ്ടായിരിക്കേണ്ട ആവശ്യം എന്തെന്നറിഞ്ഞാൽകൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർവക്കീൽ): കൂടുതൽ ജഡ്ജികൾ വേല ഇല്ലാതെ ഇരിക്കുക എന്നുള്ളതല്ല. ജഡ്ജിമാർ മുറയനുസരിച്ചു വേല ചെയ്യുകയാണ്. ഒരു ജഡ്ജി ഇല്ലാത്തപക്ഷം കോടതിക്കു ന്യായമായവിധത്തിൽ വേലചെയ്തു തീർക്കുന്നതിനു സാധിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇങ്ങനെവരുന്ന അത്യാവശ്യങ്ങൾ കൂടുതലായുള്ള ജഡ്ജിയോടു കോടതിയിൽവന്നു വേലചെയ്യുന്നതിനു ആവശ്യപ്പെടാമല്ലോ.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഇങ്ങനെവരുന്ന അത്യാവശ്യസന്ദർഭങ്ങളിൽ ജോലിനോക്കുന്ന വകയ്ക്കായിട്ടല്ല കൂടുതൽ ജഡ്ജിമാരെ ആക്കിയിട്ടുള്ളതു്. അതിനുപുറമേ കോറം തികയുന്നതിനു വേണ്ടിടത്തോളം ഉള്ള ജഡ്ജിമാർ ഇല്ലാതെവന്നാലും കോടതിക്കു കേസുകൾ നടത്താൻ നിവൃത്തിയില്ലാതെ വരുമെന്നുള്ളതാകുന്നു.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡെൻറ്): ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു. മുനിസിപ്പൽ റഗുലേഷൻ ആലോചനക്കൂട്ടത്തിലിരുന്ന അവസരത്തിൽ ഇതുപോലെയൊരു വ്യവസ്ഥ അതായതു നിശ്ചിതകാലം കഴിഞ്ഞതുകൊണ്ടുമാത്രം ഉടൻതന്നെ ഒരു കൗൺസിലർ ആ സ്ഥാനത്തുനിന്നും നീങ്ങുന്നതല്ല എന്നായി ഒരു വ്യവസ്ഥകൂടി ചേർക്കുന്നതു ആശാസ്യമായി ഗണിക്കയാണുണ്ടായതു്. ഭരണത്തിലുള്ള വൈഷമ്യം മനസ്സിലാകയും എല്ലാവരുടെയും നന്മയ്ക്കു ഇപ്രകാരം സ്വയംഭരണം നടത്തുന്ന സ്ഥാപിതസമിതികളുടെ ശരിയായ നടത്തിപ്പിനും കാലാവധി തീർന്നുപോയിട്ടുള്ള മെമ്പർ അയാളുടെ പിൻഗാമിയുടെ നിയമനം ഗസററിൽ പരസ്യപ്പെടുത്തുന്നതുവരെ ആ സ്ഥാനത്തുതന്നെ ഇരുന്നുകൊള്ളേണ്ടതാണെന്നു ഈ കൌൺസിൽ അപ്പോൾ അഭിപ്രായപ്പെട്ടിരുന്നു. ഇങ്ങിനെ ഒരു രക്ഷാമാർഗ്ഗം വച്ചിരിക്കുന്നതു അവിചാരിതമായി ഉണ്ടായേക്കാവുന്ന യാതൊരു കുഴപ്പങ്ങളും കൂടാതെ കഴിക്കുന്നതിനാവശ്യമാകുന്നു. പ്രഥമദൃഷ്ടിയിൽ യാതൊരുപ്രകാരത്തിലും ഹാനികരമല്ലാത്ത ഈ വ്യവസ്ഥയിൽനിന്നും അതികഠിനമായ അപത്തുകൾ എന്തോ ഉണ്ടാകുവാൻ ഇടയുണ്ടെന്നു എൻെറ സ്നേഹിതന്മാർ സംശയിക്കുന്നതിനുള്ള കാരണമെന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നാൽ ഒരു ഒഴിവിൽ ആളിനെ നിയമിക്കുന്നവിഷയത്തിൽ എക്സിക്യൂട്ടിവ് അധികാരികളെ കണ്ടമാനം താമസിപ്പിക്കുന്നതിനുള്ള ഒരു പ്രേരകമായി തീരുവാനും പാടില്ലാത്തതാകുന്നു. കാലാവധി തീരുന്നതിനുമുമ്പായി പകരം ആളെ നിയമിക്കുന്നതിനു സാധിക്കാത്ത സന്ദർഭങ്ങളും വന്നേയ്ക്കാം. കാലാവധി കഴിയുന്നതിനുമുമ്പായി അവസാനതെരഞ്ഞെടുപ്പുകൾ പാസ്സാക്കപ്പെടുന്നില്ല എന്നുള്ളതു് അനേകം മുനിസിപ്പാലിററികളിലെ അനേകം മെമ്പറന്മാരുടേയും പ്രസിഡണ്ടുമാരുടേയും ദീർഘകാലത്തെ അനുഭവമാകുന്നു. തിരഞ്ഞെടുപ്പുകൾ അതേസമയത്തുതന്നെ നടക്കുന്നതായ കൌൺസിലുകളും ഉണ്ടു്. എല്ലാ മെമ്പറന്മാരേയും ഒരേ പ്രത്യേകസമയത്തു തെരഞ്ഞെടുക്കുന്നതായ മുനിസിപ്പാലിററികളും ഉണ്ടു്. നിയമത്താൽ ഒരു കോറം നിശ്ചിതമായിട്ടുണ്ടു്. കാലാവധികഴിഞ്ഞാൽ ഉടൻതന്നെ അവർ എല്ലാം ഉദ്യോഗസ്ഥാനം ഒഴിഞ്ഞുപൊയ്ക്കൊള്ളേണ്ടതാണെന്നു

നിങ്ങൾ പറയുന്നതായിരുന്നാൽ മുനിസിപ്പാലിററികളിലെ ചാർജ്ജു വഹിക്കുന്നതു ആരാണ്? ഇങ്ങനെ ഭേദഗതിമൂലമായി ഉണ്ടാകാവുന്ന അത്യാവശ്യങ്ങൾക്കായി വല്ലതും ചില വ്യവസ്ഥകൾ ഉണ്ടാക്കേണ്ടതല്ലേ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): രാജ്യത്തെ പൊതുജനങ്ങളെ സംബന്ധിച്ചു നോക്കുന്നതായിരുന്നാൽ വില്ലേജുപഞ്ചായത്തുകോടതിയിൽ ജഡ്ജിമാരെ നിയമിക്കുന്ന സംഗതി മററുദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിൽനിന്നും വ്യത്യസ്ഥമായ ഒന്നായി ഗണിക്കാൻ പാടുണ്ടോ എന്നു ഡെപ്യൂട്ടിപ്രസിഡെൻറിൽനിന്നും അറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടി പ്രസിഡെൻറ്): യാതൊരു വ്യത്യാസവും ഇല്ലതന്നെ.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഉപമയെ കുറെക്കൂടി നീട്ടിപ്പിടിച്ചുകൊണ്ടു പോകുന്നതായിരുന്നാൽ [illegible] വയസ്സുതികഞ്ഞ ഒരു ഉദ്യോഗസ്ഥനോടും പകരം ഒരാളെ നിയമിക്കുന്നതുവരെ ഉദ്യോഗത്തിൽ തുടർന്നുകൊള്ളേണ്ടതാണെന്നു ആജ്ഞാപിക്കാവുന്നതാണല്ലോ.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡെൻറ്): എന്നാൽ വില്ലേജുപഞ്ചായത്തുകോടതികളെപ്പോലെ നിയമത്താൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു സമിതിയെ സംബന്ധിച്ചിടത്തോളം ഉദ്യോഗത്തിൽ തുടർന്നുകൊണ്ടുപോകുന്നതിനെ സംബന്ധിച്ചു വ്യവസ്ഥ ചെയ്യുന്നതു ഇതിൽനിന്നും അല്പം വ്യത്യസ്ഥമായിട്ടുള്ള ഒന്നാകുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഒരു പ്രത്യേക ആളിന്റെ ഉദ്യോഗകാലാവധി തീരുമ്പോൾ നിയമത്താൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ആ സമിതിയും നിന്നുപോകുന്നു എന്നു ഇതിൽനിന്നും അർത്ഥം ആകുന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡെൻറ്): ചില മുനിസിപ്പാലിററികളിൽ തെരഞ്ഞെടുക്കപ്പെട്ട മെമ്പറന്മാരും നാമിനേററുചെയ്യപ്പെട്ട മെമ്പറന്മാരും ഒരു നിശ്ചിത കാലാവധി കഴിഞ്ഞാൽ ഉടൻ ജോലിതീർന്നു പോകുന്നവരായി കാണപ്പെടുന്നുണ്ട്. അങ്ങിനെയുള്ള സംഗതികളിൽ എന്താണു ചെയ്യേണ്ടതു?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഒഴിവുകളിൽ ആളുകളെ നിയമിക്കാതിരിക്കുന്നതിനുള്ള കാരണം പണ്ഡിതനായ ഡെപ്യൂട്ടി പ്രസിഡെൻറിന്റെ അനുഭവം എത്തിയിടത്തോളം എന്താണെന്നു അദ്ദേഹത്തിൽനിന്നും അറിവാൻ ആഗ്രഹിക്കുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡെൻറ്): ഊഹാപോഹങ്ങൾകൊണ്ടു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. താമസം നേരിടുന്നതിനു പല കാരണങ്ങളും ഉണ്ടാകാം. പല കാര്യങ്ങളെ സംബന്ധിച്ചും വേണ്ട പരിശോധന നടത്തി അവയെ സംബന്ധിച്ചു അവസാനമായി തീർപ്പുകല്പിക്കുന്നതിനു ഉത്തരവാദികളായ ആളുകൾ പടിപടിയായി അനേകംപേരുണ്ട്. അവരിൽ ആരെയെങ്കിലും ഒരു ആളിനെ പ്രത്യേകമായി കുററപ്പെടുത്തുന്നതുകൊണ്ടു വിശേഷിച്ചു യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നതായി എനിക്കു തോന്നുന്നില്ല. ഗസററിൽ പ്രസിദ്ധംചെയ്യുന്നതിൽപോലും താമസം നേരിട്ടതായിവരാം. ഗസററ ഡിപ്പാർട്ടുമെൻറിലേക്കു പ്രസിദ്ധീകരണത്തിനു ഈ വിവരം എഴുതി അയക്കാൻ ചുമതലപ്പെട്ട സെക്രട്ടേറിയററിലെ ക്ലാർക്കിന്റെ പിശകുകൊണ്ടു താമസം നേരിട്ടു എന്നുവരാം. താമസം മുനിസിപ്പാലിററിയിൽതന്നെ ഉണ്ടായതാണെന്നും വരാം. അഥവാ ദിവാൻപേഷ്കാരുടെ ആപ്പീസിൽ ഉണ്ടായതായുംവരാം. ഏതെങ്കിലും ഒരു ക്ലാർക്ക തെററുചെയ്യാൻ ഒരുങ്ങുന്നു എന്നോ അല്ലെങ്കിൽ അയാളുടെ കൃത്യനിർവ്വഹണത്തിൽ അശ്രദ്ധ കാണിക്കുന്നു എന്നോ ഉള്ളതുകൊണ്ടുമാത്രം ഉത്തരവാദിത്വം ഉള്ള ഉദ്യോഗസ്ഥന്മാർ ഈ താമസത്തിനു ഉത്തരവാദികളാണെന്നു വിചാരിപ്പാൻ പാടില്ലാത്തതാകുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അങ്ങിനെ വരുന്ന ഗഡുവുകളിലേക്കു എന്തെങ്കിലും പ്രത്യേകം ഏർപ്പാടു ചെയ്യുന്നതിനു നിവൃത്തിയില്ലയോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡെൻറ്): എക്സിക്യൂട്ടീവ് ആയുള്ള ഒരു ഉത്തരവുകൊണ്ടു അത്യാവശ്യങ്ങൾ നിവൃത്തിക്കാൻ സാധിക്കയില്ല. പൊതുജനങ്ങളുടെ രക്ഷയ്ക്കു ഇതു യാതൊരു പ്രകാരത്തിലും ഹാനികരമായിരിക്കുന്നില്ല എന്നുള്ളതാണു ഞാൻ ഇവിടെ താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നതു. ഇനിമേലാൽ താമസം വരുത്തുക എന്നുള്ളതായിരിക്കും നിയമം എന്നു എന്റെ മാന്യസ്നേഹിതന്മാർ വിചാരിച്ചുപോകരുതു. ഒരു നിശ്ചിതസംഖ്യയിൽനിന്നും കുറയുകയും ഒരു കോറം തികഞ്ഞു കിട്ടാതെ ഇരിക്കുകയും ചെയ്യുന്നതായ സന്ദർഭങ്ങളിൽ സ്ഥാപികസ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് അധികാരികൾ കൃത്യനിർവ്വഹണത്തിൽ ഇതികർത്തവ്യതാമൂഢന്മാരായിപ്പോകുന്ന ചില സന്ദർഭങ്ങൾ നേരിട്ടേക്കാം. മുനിസിപ്പാലിററികൾ ദിവസേനയും ആഴ്ചതോറും മാററിമാററി വച്ചുകൊണ്ടിരിക്കണം എന്നും കോറം തികയാത്തതിനാൽ മീററിംഗു നടത്താൻ നിവൃത്തിയില്ല എന്നും അതിനാൽ മീററിങ്ങ് മാററിവച്ചിരിക്കുന്നു എന്നും ഒഴിവുവന്നിട്ടുള്ള ഒരു സ്ഥാനത്തേക്കു പകരം ആളെ നിയമിക്കുന്നതിനെപ്പററിയുള്ള ആലോചന പാകമായിട്ടില്ല എന്നു മുടങ്ങിയുള്ള സംഗതികൾ മിനിട്ടിൽ റിക്കാർഡുചെയ്തുകൊണ്ടിരിക്കണമെന്നുമാണോ എന്റെ സ്നേഹിതൻ സൂചിപ്പിക്കുന്നതു എന്നറിഞ്ഞാൽകൊള്ളാം. മുനിസിപ്പൽ റെഗുലേഷനിൽ ഭേദഗതിവരുത്തുന്ന വിഷയത്തിൽ ഈ സഭ സാധകമായിരുന്നിരുന്ന അതെ കാരണങ്ങൾതന്നെ അതുപോലെതന്നെ അത്യാവശ്യമായുള്ള പ്രസ്തുത വിഷയത്തിലും അപ്രകാരമുള്ള ഒരു ഭേദഗതി വരുത്തുന്നതിനു ഈ സഭയെ പ്രേരിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും മിസ്റ്റർ കല്ലാലം പരമേശ്വരൻപിള്ളയുടെ പ്രസ്താവനയ്ക്കുശേഷം വിശേഷിച്ചും അങ്ങിനെ ചെയ്യേണ്ടതാകുന്നു. ഈ അടുത്ത കാലത്തുതന്നെ ഏതാനും ചില ഉദാഹരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ ബുദ്ധിമുട്ടു ഒരു പ്രത്യേകരൂപത്തിൽ ആയിത്തീർന്നിട്ടുണ്ട്. അതിനാൽ ഈ റെഗുലേഷൻ അനുസരിച്ചു ശരിയായി വേല നടന്നുപോകണമെന്നുള്ളപക്ഷം ഇതിലേക്കു നൈയാമികമായ ഒരു വ്യവസ്ഥ വരുത്തേണ്ടതു അത്യാവശ്യമാണെന്നു കണ്ടിരിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കാലാവധി തീരുന്നതിനുമുമ്പുതന്നെ പകരം നിയമിച്ചിരിക്കുന്ന ആളിന്റെ പേർ പ്രസിദ്ധംചെയ്യുന്നതായിരുന്നാൽ അതു നിയമവിരുദ്ധമായിരിക്കുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡൻറ്): പകരം നിയമിതനായിരിക്കുന്ന ആളിൻെറ പേരു പ്രസിദ്ധം ചെയ്യേണ്ടതു ആരാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഗവൺമെൻറുതന്നെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടി പ്രസിഡൻറ): ഗവൺമെൻറിനു അങ്ങിനെ പ്രസിദ്ധംചെയ്യുന്നതു ഗസററിലെ പാടുള്ളുവല്ലൊ. ഗവൺമെൻറിൽനിന്നും ഒരു പ്രസ്സ് കമ്യൂണിക്ക പ്രസിദ്ധംചെയ്യാൻ ഒരുങ്ങുന്നു എങ്കിൽ ഗസററിൽ പരസ്യംചെയ്യുന്നതും അതിനോളംതന്നെ എളുപ്പമുള്ളതാകുന്നു. എക്സിക്യൂട്ടിവ് ആയിട്ടുള്ള പ്രസിദ്ധീകരണങ്ങൾ ഗവൺമെൻറിൽനിന്നും ചെയ്യണമെന്നുള്ള സൂചനയെ നാം സ്വീകരിക്കുന്നതുകൊണ്ടു നമുക്കു യാതൊരു ഗുണവും ഉണ്ടാകുവാൻ പോകുന്നില്ല. ഇപ്പോൾ നേരിട്ടിരിക്കുന്ന ആവശ്യത്തിനു ഇതു യാതൊരു പ്രകാരത്തിലും ഉപയോഗപ്രദമായി തീരുന്നില്ല. ഈ കാരണങ്ങളാൽ മിസ്റ്റർ കല്യാണം പരമേശ്വരൻപിള്ള അവതരിപ്പിച്ചിട്ടുള്ള ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. റെഗുലേഷനിലെ വ്യവസ്ഥ പഞ്ചായത്തുകോടതികളിലെ പ്രസിഡൻറൊ ജഡ്ജിയോ രണ്ടുവർഷകാലത്തേക്കുമാത്രമേ ആ സ്ഥാനത്തു ഇരിക്കുവാൻ പാടുള്ളു എന്നാണ്. ഈ ഭേദഗതി അനുവദിക്കുന്നതായിരുന്നാൽ ഈ രണ്ടു വർഷം എന്നു നിശ്ചയിട്ടുള്ള കാലം പലരുടെ വിഷയത്തിലും കൂടുതൽ വർഷങ്ങൾ നീളുന്നതിനു കാരണമായി തീരുന്നതാകുന്നു. സർവീസിൽ ഇരിക്കുന്നവരുടെ കാര്യത്തിൽതന്നെ ഉണ്ടാകുന്ന ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ ഗവൺമെൻറു സാധാരണയായി അംഗീകരിച്ചുവരുന്ന നടപടിയെ ആധാരമാക്കിയാണു ഞാൻ ഇങ്ങനെ പ്രസ്താവിക്കുന്നതു. ഒരു ഹൈക്കോടതിജഡ്ജിയെ നിയമിക്കുന്നവിഷയത്തിൽ നുമാസത്തെ കാലതാമസം നേരിട്ടുന്നതു ഒരു വലിയ താമസമാണോ അല്ലയോ എന്നു ചോദിച്ചതിനു അതിൽ യാതൊരു താമസവും ഉണ്ടായിട്ടില്ല എന്നാണു ഗവൺമെൻറിൽനിന്നും നൽകിയ മറുപടി. ഹൈക്കോടതിയിൽ ഒരു ജഡ്ജിയെ നിയമിക്കുന്ന വിഷയത്തിൽ നു മാസത്തെ കാലതാമസം യാതൊരു താമസവും അല്ല എന്നു ഗവൺമെൻറു വിചാരിക്കുന്നു എങ്കിൽ വില്ലേജു പഞ്ചായത്തുകോടതികളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ ആളുകളെ നിയമിക്കുന്ന വിഷയത്തിൽ ഉണ്ടാകാവുന്ന താമസം എത്രതന്നെ ഉണ്ടായിരുന്നാലും അതിനെ ഒരു താമസമായി ഗവൺമെൻറിൽനിന്നും വിചാരിക്കാതെ ഇരിക്കാനാണു ഇടയുള്ളതു. ഈ വിഷയത്തിൽ പല ഉദ്യോഗസ്ഥന്മാരും നേരിട്ടും അല്ലാതെയും അവരുടെ അധികാരം പ്രയോഗിക്കാൻ ഇടയാകുമെന്നുള്ളതാകുന്നു. ദിവാൻ പേഷ്ക്കാരുടെ ആഫീസിലെ ഒരു ക്ലാർക്കോ അല്ലെങ്കിൽ തഹശീൽദാരുടെ ഒരു ക്ലാർക്കോ പല കേസുകളിലും ഓരോ വിധത്തിലുള്ള അധികാരംപ്രയോഗിക്കുന്നതിനു ഇടയാകുമെന്നുള്ളതാകുന്നു. കടലാസുകളെ കുറെ നാൾ വച്ചു താമസിപ്പിക്കുന്നതിനു അയാൾ വിചാരിച്ചാൽ സാധിക്കുമല്ലോ. ജഡ്ജിമാരെ നാമിനേററ്ചെയ്യുന്ന വിഷയത്തിൽ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥന്മാർ ഈ സംഗതിയെപ്പററി പിൻഗാമിയെ നിയമിക്കുന്നതുവരെ മുൻപുള്ള ആൾ ആ ജോലിയിൽ തുടർന്നുകൊള്ളേണ്ടതാണെന്നു റെഗുലേഷനിൽ തന്നെ വ്യവസ്ഥചെയ്തിടത്തോളം കാലം ഈ വക താമസത്തെ സംബന്ധിച്ചു വലിയ ഗൗരവമായി വിചാരിപ്പാൻ ഇടയില്ല. ഇതിൻെറ ഫലമായി ചില ആളുകൾ അവരുടെ കാലാവധിതീർന്നതിനുശേഷം വളരെ കാലം ഈ ജോലിയിൽ ഇരിക്കുന്നതിനു ഇടയാകുമെന്നുള്ളതാകുന്നു. സർവീസിൽ ഉണ്ടാകുന്ന ഒഴിവിൽ ആളുകളെ നിയമിക്കുന്നതിനേക്കാൾ കൂടുതൽ കണിശമായി ഈ ഒഴിവുകളിലേക്കുള്ള നാമിനേഷൻ നടക്കുന്നുണ്ടെന്നാണ് എനിക്കു തോന്നുന്നതു. അതു ഇപ്പോഴത്തെ നിയമത്തിൻെറ ഫലമാണെന്നു മാത്രമേ പറവാൻ തരമുള്ളു. ആ നിയമം ഭേദപ്പെടുത്തി ഇപ്പോൾ ഉദ്ദേശിക്കുന്ന ഭേദഗതി നടപ്പിൽ വരുത്തുന്നപക്ഷം ഈ ഒഴിവുകളിൽ ആളുകളെ നിയമിക്കാതെ അനേകംമാസങ്ങളും ചിലപ്പോൾ അനേകം വർഷങ്ങൾ തന്നെയും കിടന്നു പോകുവാൻ ഇടയുണ്ടു. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നതിനുള്ള പ്രധാനകാരണം ഇതാണ്. ഗവൺമെൻറിൽ നിന്നും ആൾ നിയമിക്കാതെ അനേകം ഒഴിവുകൾ അനേകം മാസങ്ങളും അനേകം വർഷങ്ങളും കിടന്നുപോകുന്നുണ്ടെന്നുള്ള വസ്തുത നമുക്കു എല്ലാപേർക്കും അറിയാമെന്നുള്ളതാണല്ലോ. ഈ ഭേദഗതി നിയമത്തിൻെറ അംശമായി തീരുന്നതിനു അനുവദിക്കുന്നതു ഈ സഭയിലെ അനുദ്യോഗസ്ഥാംഗങ്ങളെ സംബന്ധിച്ചിടത്തോളം തീരെ ബുദ്ധിപൂർവ്വമല്ലാത്ത ഒരു പ്രവൃത്തി ആയിരിക്കുമെന്നാണു എനിക്കു തോന്നുന്നതു.

രണ്ടാമതു ഒരാളെ വില്ലേജ് പഞ്ചായത്തു കോടതിയിലെ ജഡ്ജിയായി നാമിനേററ് ചെയ്യുന്നതിനു മുമ്പായി അയാളുമായി ആലോചിച്ച് അയാളുടെ അഭിപ്രായം കൂടി ഗ്രഹിച്ചതിനുശേഷം മാത്രമേ ചെയ്യാവു. രണ്ടു വർഷത്തേക്കു ഈ ഉദ്യോഗം ഭരിച്ചുകൊള്ളാമെന്നു അയാൾ സമ്മതിക്കുന്നു. ആ കാലാവധി തീരുമ്പോൾ പിന്നെയും അയാൾ ആ സ്ഥാനത്തുതന്നെ ഇരുന്നുകൊള്ളണമെന്നു അയാളോടു പറയുന്നതു എന്തിനാണ്. അതു തീരെ ന്യായരഹിതവും അസംബന്ധവും ആകുന്നു.

പ്രസിഡൻറ്: നിശ്ചയിച്ചിട്ടുള്ള രണ്ടു വർഷത്തിനിടയിൽ തന്നെ അയാൾക്കു ആവശ്യമുള്ള പക്ഷം രാജിവയ്ക്കാമെന്നുള്ളതാണല്ലോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): മറ്റൊരുവിധമായ ഓരോരുത്തർക്കും സ്വന്തമായ ഓരോ അഭിപ്രായം ഉണ്ടായിരിക്കാമെന്നുള്ളതാകുന്നു. രണ്ടു വർഷക്കാലത്തേക്കു ഈ ഉദ്യോഗം സ്വീകരിച്ച ഒരുവന് ഏതാനും മാസങ്ങളിലേക്കുകൂടി ആ ജോലി നോക്കുന്നതിനു ആവശ്യപ്പെട്ടിരിക്കുന്നു എന്നുള്ളതു കൊണ്ടുമാത്രം രാജിവെച്ചുകൊള്ളുക എന്നു പറയുന്നതു തീരെ അസംഗതമായിരിക്കുമെന്നു വിചാരിച്ചേക്കാം. ഇതു മൂലം ജനങ്ങളെ വളരെ വല്ലാത്ത പതനത്തിൽ ആക്കുകയാണ് ചെയ്യുന്നതു. ഈ കാരണങ്ങളാൽ ഈ ഭേദഗതി അനുവദിക്കാൻ പാടില്ലെന്നാണ് എനിക്കുതോന്നുന്നതു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഈ ബിൽ പാസാക്കിക്കഴിഞ്ഞാൽ പിന്നെ ഉണ്ടാകുന്ന ഒഴിവുകളിൽ ആളുകളെ നിയമിക്കണമെന്നു ആർക്കെങ്കിലും നിർബന്ധം ഉണ്ടായിരിക്കുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഭേദഗതിയുടെ വാചകത്തിൽ നിന്നുതന്നെ അതിനു ആർക്കും ചുമതലയില്ലാതെയാണ് ഇരിക്കുന്നതു. നിശ്ചയിച്ചിട്ടുള്ള കാലം കഴിഞ്ഞാൽ കൂടുതലായി അയാളോടു ആ സ്ഥാനത്തു ഇരിക്കുവാൻ പറയാവുന്നതു എത്രകാലത്തേക്കാണ് എന്നുള്ളതിനെ സംബന്ധിച്ചു യാതൊരു നി

ശ്ചയവും ഭേദഗതിയിൽ പ്രസ്താവിച്ചു കാണുന്നില്ല. അങ്ങിനെയുള്ള കേസുകളിൽ ഒരേ ആൾ തന്നെ നിശ്ചി തകാലാവധി തീർന്നതിനുശേഷം അനേക മാസങ്ങളോ അനേക വർഷങ്ങളോ ആ സ്ഥാനത്തു തുടരിക്കുവാൻ ആ വശ്യപ്പെട്ടമെന്നുള്ളതു നിശ്ചയം തന്നെയാണ്. ഈ കാരണങ്ങളാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: എ. ജി. മേനോൻ (പറവൂർ) : ഇവിടെ എന്റെ സ്നേഹിതന്മാർ പ്രസ്താവിച്ച അഭിപ്രായങ്ങളോ ടു യോജിക്കാൻ യാതൊരു വഴിയും കാണുന്നില്ല എന്നു പ്രസ്താവിക്കേണ്ടതിൽ എനിക്കു വ്യസനമു ണ്ട്. ഭേദഗതി വളരെ ന്യായമായിട്ടുള്ളതാണെന്നാണു എന്റെ അഭിപ്രായം. ന്യായം നടത്തിക്കുന്ന വിഷയ ത്തിൽ ഇങ്ങിനെയൊരു ഭേദഗതി വരുത്തേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്ന എന്നുള്ള സംഗതി ഈ സ്ഥാ പനങ്ങളുടെ ശരിയായ നടത്തിപ്പിനോട് ബന്ധപ്പെട്ട ആളുകൾ വേണ്ടുവണ്ണം സമ്മതിക്കുന്നതാക ന്നു ഞാൻ ഒരു ഉദാഹരണം പറയാം. ഇങ്ങിനെ ഒരു വ്യവസ്ഥ ഇല്ലാത്തതു നിമിത്തം പറവൂർ വില്ലേജു പഞ്ചായത്തു കോടതി ഉണ്ടായിരുന്നില്ല. അതു് എന്റെ കുറ്റമല്ല. ... മുറക്കു നടന്ന കൊണ്ടു ഇരുന്നു. അവിടെയുണ്ടായ മുഴുവൻ സംഗതികളും എനിക്കു നല്ലപോലെ അറിയാം. എങ്ങിനെയായാലും മൂന്നു മാസ കാലത്തോളമായി സംഗതികളുടെ നില ഇങ്ങിനെ തന്നെയായിരുന്നു.

മി: ജെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) : ഗവൺമെന്റു ശരിയായി പ്രവർത്തിച്ചിട്ടുണ്ടി ല്ലെന്നല്ലാതെ അതിൽ നിന്നു മറ്റൊന്നാണ് മനസ്സിലാക്കാനുള്ളത്.

മി: എ. ജി. മേനോൻ (പറവൂർ) : ഗവൺമെന്റിൽ മനുഷ്യർ തന്നെ ഇരിക്കുന്നിടത്തോളംകാലം ആയ തു ദോഷരഹിതമായിരിക്കുമെന്നു ആശിക്കാൻ പാടുള്ളതല്ല. ഇങ്ങിനെയുള്ള ഒരു വ്യവസ്ഥ മുനിസിപ്പൽ റെഗ്യു ലേഷനിലും കാണുമായണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : പറവൂർ വില്ലേജു പഞ്ചായത്തു കോടതിയിൽ എ ത്ര ജഡ്ജിമാരുണ്ട്?

മി: എ. ജി. മേനോൻ (പറവൂർ) : അഞ്ചോ മറ്റോ ആണെന്നാണ് തോന്നുന്നത്. എനിക്ക് നല്ല നി ശ്ചയമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : അവിടെ എത്ര ജഡ്ജിമാർ കൂടിയാണ് ഒരു ബെഞ്ചാകു ന്നതെന്നു മെമ്പറിനറിയാമോ?

മി: എ. ജി. മേനോൻ (പറവൂർ) : കൃത്യമായി ഞാനിപ്പോൾ ഇടപെടാറില്ല. ഇങ്ങിനെയൊരു ചട്ടം ഇല്ലാത്തതുകൊണ്ട് അവിടെ മൂന്നുമാസത്തേക്കു കോടതിയേ ഉണ്ടായിരുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ ഒരു ജഡ്ജിക്കു പകരം ആരെ നിയമി ക്കാത്തതു കൊണ്ടാണോ അതോ അനേകം ജഡ്ജിമാർക്ക് പകരം ആരെ നിയമിക്കാത്തതുകൊണ്ടാണോ?

മി: എ. ജി. മേനോൻ (പറവൂർ) : കോറം തികയത്തക്കവണ്ണം വേണ്ട ജഡ്ജിമാർ ഉണ്ടായിരുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ജഡ്ജിമാർക്ക് കോടതിയിൽ പോകുന്നതിനു തൃപ്തിയില്ലാ തിരുന്നതുകൊണ്ടാണോ?

മി: എ. ജി. മേനോൻ (പറവൂർ) : അവരുടെ കാലാവധി തീർന്നതിനാൽ അവർക്ക് ഒരു ദിവസമെങ്കി ലും ജഡ്ജിയായിരിക്കാൻ പാടില്ലാ. ഈ പോലെ ഒരു വ്യവസ്ഥ മുനിസിപ്പൽ റെഗ്യുലേഷനിലും ഉണ്ട്.

മി: ഡി. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി) : ബ്രിട്ടീഷ് ഇൻഡ്യൻ റെഗ്യുലേഷ നിലും ഇതുപോലെയൊരു വ്യവസ്ഥയുണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ) : ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) : ശരിയായ ആളുകളെ കിട്ടുന്നതിനു പറവൂർ വല്ല വൈഷമ്യവും നേരിട്ടിട്ടുണ്ടോ എന്നു മെമ്പറിൽ നിന്നു അറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: എ. ജി. മേനോൻ (പറവൂർ) : മനുഷ്യരാൽ ഇങ്ങിനെയുള്ള സംഗതികൾ നടത്തപ്പെടുന്നിടത്തോ ളംകാലം എല്ലായിപ്പോഴും അങ്ങിനെ തന്നെ ഇരിക്കാനെ തരമുള്ളു. മനുഷ്യർ ചെയ്യുന്ന പ്രവൃത്തികൾ നാനാമുഖങ്ങ ളിലും പൂർത്തിയായിരിക്കുക എന്നുള്ളതു അസാദ്ധ്യമാണ്.

മി: ഡി. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ഞാനും ഈ ഉപക്ഷേപത്തെ എതിർക്കുന്നു. നിയമനങ്ങൾ നടത്തുന്ന വിഷയത്തിൽ യാതൊരു താമസവും നേരിടുന്നില്ല എന്നുള്ളതല്ല എന്റെ കാരണം. നിയമനങ്ങളും നാമിനേഷനും നടത്തുന്നതിൽ അത്യധികമായ താമസം നേരിടുന്നു എന്നുള്ളതാകുന്നു എന്റെ പരാതിയുടെ കാരണം. ഇങ്ങനെയുള്ള താമസങ്ങൾക്കു ഈ കൌൺസിൽ നിയമം വഴിക്കു നി അവസാനം വരുത്താൻ പാടില്ല. ഒരു പകുതി കോടതി ജഡ്ജിയുടെ നിയമന വിഷയത്തിൽ ആറുമാസത്തെ കാല താമസമുണ്ടായി എന്നു മിസ്റ്റർ താണുപിള്ള ഇവിടെ പറയുകയുണ്ടായല്ലോ. കൊല്ലത്തു ഒരു പഞ്ചായത്തു കോടതി പ്രസിഡന്റിനെ നിയമിക്കുന്ന വിഷയത്തിൽ ഏഴു മാസത്തെ കാലതാമസം നേരിട്ടതായി യഥാ ർത്ഥത്തിൽ എനിക്കു അറിയാം. അതിനാൽ വില്ലേജുപഞ്ചായത്തു കോടതി ജഡ്ജിമാരുടെ വിഷയ ത്തിലും ഒരാളിന്റെ കാലാവധി കഴിഞ്ഞു അനേകം മാസങ്ങൾ കഴിഞ്ഞതിനു ശേഷം മാത്രം മറ്റൊരാളെ തൽസ്ഥാനത്തേക്കു നിയമിക്കുക എന്നുള്ളതു അസാധാരണമായ ഒരു നടപടിയല്ല. ഈ കുഴപ്പങ്ങൾ ഒരു നിയമ നിർമ്മാണം കൊണ്ടുമാത്രമെ പരിഹരിക്കാൻ സാധിക്കയുള്ളു എന്നു എന്റെ മാന്യ സ്നേഹിതന്മാരിൽ ചിലർ വിചാരിക്കുന്നതായി തോന്നുന്നു. എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ മേനോന്റെ അഭിപ്രായം മനു ഷ്യർ പ്രവർത്തിക്കുന്ന സംഗതികൾ സകല പ്രകാരത്തിലും പരിപൂർണ്ണമായിരിക്കാൻ തരമില്ല എന്നും ഇ ങ്ങിനെയുള്ള തകരാറുകൾ എല്ലാം ഉണ്ടാകാനിടയുണ്ട് എന്നും ആകുന്നു. ഇതു ഒരു മെമ്പർ ഏറെയധി ശ്ശമായി പുറപ്പെടുവിക്കുന്ന ഒരു വാദം ആണെന്നു വിചാരിക്കുന്ന പക്ഷം മനുഷ്യസാധാരണമായ കുറവു കളാൽ ചിലപ്പോൾ മനുഷ്യർ മോക്ഷം നടന്നില്ലെന്നു വരാം. എന്നാണ് ഞാൻ ഇവിടെ താഴ്മയായി പ്ര സ്താവിക്കണമെന്നു വിചാരിക്കുന്നത്. പീനൽകോഡ് അനുസരിച്ചു ശിക്ഷാർഹമായ കുറ്റങ്ങൾ ചെയ്യുന്നതു

ളുകളെ ശിക്ഷിക്കണമെന്നായി പീനൽകോഡിലുള്ള വകുപ്പുകളെ അതുകൊണ്ടു വേണ്ടെന്നുവയ്ക്കാൻ പോകുന്നോ? അതല്ലല്ലോ എന്റെ മാന്യസ്നേഹിതൻ മി. മേനോൻ പറവൂരെ വില്ലേജുപഞ്ചായത്തുകോടതിയിലെ ജോലിനടത്തിപ്പിനെസംബന്ധിച്ചു എല്ലാസംഗതികളും അദ്ദേഹത്തിനു നല്ലപോലെ അറിയാമെന്നും ഇതുവരെ താമസം നേരിട്ടതിൽ യാതൊരുത്തരുംതന്നെ കുററക്കാരല്ലെന്നു നിശ്ചയമുണ്ടെന്നും പറഞ്ഞുവല്ലോ. ഒരു പ്രത്യേകമെമ്പറിന്റെ ഉദ്യോഗകാലാവധി രണ്ടുവർഷത്തേക്കുമാത്രമേ ഉള്ളുഎന്നും കാലാവധിതീരുന്ന തീയതിഎന്നാണെന്നും ഗവൺമെന്റിനു നല്ലപോലെ അറിയാമെന്നിരിക്കെ പകരം ആളിനെ നിയമിക്കുന്നവിഷയത്തിൽ വളരെതാമസം നേരിട്ടതിനു വല്ലകാരണവും ഉണ്ടോ എന്നു എനിക്കുതോന്നുന്നില്ല. ബ്രിട്ടീഷ് ഇൻഡ്യയിലെ വില്ലേജ്പഞ്ചായത്തുകോടതി നിയമത്തിൽ ഇതുപോലെയൊരു വ്യവസ്ഥയുണ്ടോ എന്നു ഞാൻ എന്റെ മാന്യസ്നേഹിതൻ മി. മേനവനോടു ചോദിക്കുകയുണ്ടായല്ലോ. ഇവിടത്തെനിയമം മദ്രാസിലെ [illegible]-ലെ ആക്ടിനെ അടിസ്ഥാനപ്പെടുത്തി നിർമ്മിച്ചിട്ടുള്ളതാകുന്നു. ഇതു് നടപ്പിലാക്കിയതു [illegible]-ലാണ്. ബ്രിട്ടീഷ് ഇൻഡ്യയിലെ നിയമം ഞാൻ വായിച്ചുനോക്കിയിട്ടില്ല. എന്നാൽ ആ നിയമത്തിൽ ഇങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടായിരുന്നെങ്കിൽ നിശ്ചയമായും അതു നമ്മുടെ നിയമത്തിലും കാണുമായിരുന്നു എന്നാണ ഞാൻ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതു്.

മി: എ. ജി. മേനോൻ (പറവൂർ): ബ്രിട്ടീഷ് ഇൻഡ്യയിൽ ഇങ്ങനെയൊരു വകുപ്പുള്ളതുകൊണ്ടു ഇവിടെയും അതുവേണം എന്നു പറയുന്നതു മതിയായ ഒരു കാരണമാകുന്നതാണോ?

മി: ടി. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മുനിസിപ്പൽ റെഗുലേഷനിൽ ഇങ്ങനെയൊരുവ്യവസ്ഥയുള്ളതുകൊണ്ട് ഈ റെഗുലേഷനിലും ഇങ്ങിനെ ഒരുവ്യവസ്ഥയുണ്ടായിരിക്കേണ്ടതാണ്. എന്നുള്ളവാദം ദുർബ്ബലമായുള്ള ഒരു വാദംതന്നെയാകുന്നു ഇതും. ഗവൺമെന്റു അതിന്റെ കൃത്യത്തെ ശരിയായി നിർവഹിക്കണം. അനാവശ്യമായുണ്ടാകുന്ന കാലതാമസത്തെ ഈ സഭ അനുകൂലിക്കയല്ല ചെയ്യേണ്ടതു്. ഈ വകുപ്പുകൾ അനേകംപേരെ കടന്നുപോരേണ്ടിയിരിക്കുന്നതിനാൽ അവരിൽ ആരുടെയെങ്കിലും തെററുകൊണ്ടു ഈ താമസത്തിനു ഇടയാകാവുന്നതാണ് എന്നു ഡിപ്പ്യൂട്ടിപ്രസിഡന്റു പറയുകയുണ്ടായി. അതിനുള്ള പ്രതിവിധിഎന്താണ്? ഇങ്ങിനെയുള്ള കേസുകളിൽ സ്വകൃത്യത്തെ ശരിയാംവണ്ണം നിർവഹിക്കാത്തവരെ ഗവൺമെന്റിൽനിന്നും വേണ്ടപോലെ ശിക്ഷിക്കണം. ഇങ്ങനെയുള്ള താമസങ്ങളെ ഇങ്ങിനെ ശിക്ഷായോഗ്യമായ അപാകതകളെ അനുവദിച്ചുകൊടുക്കുന്നതായ നിയമനിർമ്മാണം ചെയ്യുകയല്ല വേണ്ടതു്. അതല്ലാനം ചെയ്യേണ്ടതു്. ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നവിഷയത്തിൽ കാലവൈപരീത്യത്താലോ അല്ലെങ്കിൽ ഒഴിച്ചുകൂടാത്ത വല്ലസംഭവങ്ങളാലോ കാലതാമസം നേരിട്ടേക്കാനിടയുണ്ടു എന്നു ചില മെമ്പർ പറഞ്ഞതിനോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. അങ്ങിനെയുണ്ടാകുന്നതു ഒന്നോ രണ്ടോപേരുടെകാര്യത്തിൽമാത്രമല്ലെ ഉണ്ടാകയുള്ളു. ഈ നാമിനേഷൻഎല്ലാം ഒരേദിവസത്തിലല്ലല്ലോ നടത്തുന്നതു്. ഇപ്പോഴത്തെനില നാം നോക്കുന്നതായിരുന്നാൽ കാലദോഷത്താലോ പെട്ടെന്നുണ്ടാകുന്ന വല്ലസംഭവത്താലോ അല്ല ശരിയായരീതിയിൽ നാമിനേഷൻനടത്തുന്നതു എന്നാണുപറയേണ്ടിയിരിക്കുന്നതു്. സാധാരണയുള്ളനടപ്പു [illegible]. ഇങ്ങനെ നടന്നുവരുന്നതായ നടപ്പിനെ ഈ സഭയും അംഗീകരിക്കേണ്ടതാണെന്നു നമുക്കുപറവാൻ പാടുള്ളതല്ല. ഈ കാരണങ്ങളാൽ മി: കല്ല്യാലം പരമേശ്വരൻപിള്ളയുടെ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): സർ. ഈ ഉപക്ഷേപത്തെ എതിർത്ത മി: താണുപിള്ളയുടേയും മി: ആശാന്റെയും ഈ ഭേദഗതിയെ അവതരിപ്പിച്ച മി: കല്ല്യാലംപരമേശ്വരൻപിള്ളയുടേയും പ്രസംഗങ്ങൾ കേട്ടതിൽ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ച ആളിന്റെയും അതിനെ എതിർത്തവരുടേയും മനസ്സിലുള്ള അഭിപ്രായം പൊതുജനങ്ങൾക്കു ബുദ്ധിമുട്ടിനു കാരണമായി തീരരുതു എന്നുള്ളതാണെന്നാണ എനിക്കുതോന്നുന്നതു്. മി: താണുപിള്ളയും മി: ആശാനും ഈ ഭേദഗതി നടപ്പിലാക്കുന്നപക്ഷം നാമിനേഷൻനടത്തുന്നവിഷയത്തിൽ താമസംനേരിടുവിക്കുന്നതിനു ഗവൺമെന്റിനു ഒരു വാസനയുണ്ടാകുവാൻ ഇടയുണ്ടെന്നുള്ള അഭിപ്രായക്കാരാണ്. രണ്ടുവർഷത്തെ കാലാവധിതീർന്നതായ ഒരു ജഡ്ജിക്കു ആ ജോലിയിൽ തുടരാമെന്നുമാത്രമേ ഈ ഭേദഗതിയിൽ പറഞ്ഞിട്ടുള്ളു. രണ്ടുവർഷത്തെ കാലാവധികഴിഞ്ഞിട്ടുള്ള ഒരാളിനെ വീണ്ടും നിയമിച്ചുകൂടാ എന്നു ഒരിടത്തും പറഞ്ഞിട്ടുമില്ല. ഈ ഭേദഗതി അനുവദിക്കാത്തപക്ഷം ഉണ്ടാകാവുന്ന ഒററബുദ്ധിമുട്ടു കോടതികൾ നടക്കാതെവരാൻ ഇടയുണ്ടെന്നുള്ളതുമാത്രമാകുന്നു. ഈപ്രകാരം യഥാർത്ഥത്തിൽ സംഭവിച്ചതായ അനേകം ഉദാഹരണങ്ങൾ ഇല്ലായിരിക്കാമെങ്കിലും ഇങ്ങിനെ ആളില്ലാത്തതിനാൽ കോടതികൂടാൻ ഇടയാകാതെവരികയും ജനങ്ങൾക്കു തന്മൂലം പലബുദ്ധിമുട്ടുകൾക്കു ഇടയാകുകയും ചെയ്യുന്നതായ ഏതാനും ഉദാഹരണങ്ങൾഎങ്കിലും ഉണ്ടായിരിക്കാമെന്നുള്ളതാകുന്നു. ഈപ്രകാരം ഒരു ഭേദഗതിവരുത്താതിരിക്കുന്നപക്ഷവും രണ്ടുവർഷത്തെ നിശ്ചിതകാലാവധികഴിഞ്ഞതിനുശേഷവും അതേആളിനെതന്നെ വീണ്ടും നാമിനേററുചെയ്യുന്നതിൽനിന്നും ഗവൺമെന്റിനെ യാതൊന്നും നിരോധിക്കുന്നില്ല. ഈ ഭേദഗതികൊണ്ടു ഗവൺമെന്റിൽനിന്നും അയാളെ രേഖാമൂലം നിയമിക്കുന്നതിനുപകരം അയാൾ ആ ജോലിയിൽ തുടർന്നുകൊണ്ടുപോകുന്നു എന്നുള്ളവ്യത്യാസംമാത്രമേ വരുന്നുള്ളു. ഈ ഭേദഗതിയെ അംഗീകരിക്കുന്നതുകൊണ്ടുള്ളദോഷം എന്താണെന്നാണ് ഞാൻ ചോദിക്കുന്നതു്. ചിലമെമ്പറന്മാർപറഞ്ഞതുപോലെ താമസംനേരിടുന്നുണ്ടെന്നുള്ളപക്ഷം അതിനുള്ളപ്രതിവിധി ഈ ഭേദഗതിയെ എതിർക്കുന്നതുകൊണ്ടുണ്ടാകുകയില്ല. താമസംനേരിടുവിക്കാൻ പാടില്ല എന്നു ഗവൺമെന്റിനെക്കൊണ്ടു തോന്നിക്കുന്നതിനു വേറെ പല മാർഗ്ഗങ്ങളും ഉണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇങ്ങിനെയുള്ള നിയമനങ്ങളും നാമിനേഷനും നടത്തുന്നവിഷയത്തിൽ ഗവൺമെന്റു വളരെ താമസിപ്പിച്ചിട്ടുള്ളതായി മെമ്പറിനു അറിയാമോ?

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻമെമ്പർ): വാദവിഷയവുമായി ഇതിനുയാതൊരുബന്ധവുമില്ല. ഞാൻ ഇവിടെ പ്രസ്താവിച്ചതു നിയമനങ്ങളുടേയും നാമിനേഷൻസിന്റെയും വിഷയത്തിൽനേരിടുന്ന താമസത്തെക്കുറിച്ചല്ല. ഈ കൗൺസിൽ ഈ ഭേദഗതിയെനിരാക

ിക്കുന്നതായിരുന്നാൽ ഉണ്ടാകുന്നഫലം എന്തായിരിക്കും. ഒരു നിശ്ചിതസമയംകഴിഞ്ഞാൽ യാതൊരു ജഡ്ജിമാരും ഉണ്ടായിരിക്കയില്ല. നീതിന്യായപരിപാലനവിഷയത്തിൽ യാതൊരുതാമസവും നേരിട്ടുവിക്കാൻപാടില്ല എന്നുള്ളതുമാത്രമാണ് നമ്മുടെ ഇപ്പോഴത്തെ ചിന്താവിഷയം. ചിലകേസുകളിൽ നോമിനേഷൻനടത്തുന്നതിൽ അല്പം താമസംനേരിട്ടുഎന്നുവന്നേക്കാം. എന്നാൽ ദോഷമുണ്ടാകുന്നതിൽ കുറഞ്ഞദോഷം ഉണ്ടാകാൻ ശ്രമിക്കതന്നെ നീതിന്യായപരിപാലനത്തിൽ താമസം ഒന്നുതന്നെഉണ്ടാകരുതെന്നുള്ള ശങ്കനമ്മുടെ ചിന്താവിഷയം. അല്ലാതെ എക്സിക്യൂട്ടീവിൽനിന്നും നിയമനങ്ങളുംനാമിനേഷനും നടത്തുന്നവിഷയത്തിൽ വല്ലതാമസവും നേരിടുന്നുണ്ടോ ഇല്ലയോ എന്നുള്ളതല്ല. സർ, അതിനാൽ ഈ ഭേദഗതിബില്ലിന്റെ ഭേദഗതി എതിർക്കപ്പെടാൻ പാടില്ലഎന്നാണ് ഞാൻപറയുന്നത്. മാന്യമെമ്പരുടെ ഉപക്ഷേപത്തെ എതിർത്തുകൊണ്ടുള്ള മി: നീലകണ്ഠപിള്ളയുടെ ഉപക്ഷേപത്തെ പിൻവലിക്കുന്നതിനു ഞാൻ അനുഗ്രഹത്തോടുകൂടി പ്രാർത്ഥിക്കുന്നു.

വില്ലേജ് പഞ്ചായത്തുകോടതി റെഗുലേഷൻ ഭേദഗതിബില്ലിന്റെ തത്വത്തെ ഈ സഭ അംഗീകരിക്കേണ്ടതാണെന്നുള്ള സംഗതി സഭയിൽ വോട്ടിനു ഇട്ടതിൽ ൩൧ പേർ അനുകൂലിക്കയാൽ പാസ്സാക്കപ്പെട്ടു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ബില്ലിനെ എതിർക്കുന്നവരുടെ പേരുകൾ അറിയണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡന്റ്: ബില്ലിനെ അനുകൂലിക്കുന്നതായി ൩൧ പേർ ഉണ്ടെന്നുകണ്ടതിനാൽ എതിർക്കുന്നവരുടെ എണ്ണം നിർണ്ണയിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പോൾ എടുക്കണമെന്നായി ഞാൻ ആവശ്യപ്പെടുന്നു.

പോൾ എടുക്കപ്പെട്ട സഭ ഈപ്രകാരം വിഭജിക്കപ്പെട്ടിരുന്നു.

അനുകൂലിച്ചവർ ൩൧.

൧.	മി: വി. അരുണാചലം അയ്യർ	൧൬.	മിസ്സസ് എലിസബത്ത് കുരുവിള
൨.	,, എൽ. എ. ബിഷപ്പ്	൧൭.	മിസ്റ്റർ ഡി. ഫ്രാൻസിസ്
൩.	,, ഐ. സി. ചാക്കോ	൧൮.	,, എ. സി. മേനോൻ
൪.	,, ആർ. ധനക്കോടിപ്പിള്ള	൧൯.	,, കെ. സി. കരുണാകരൻ
൫.	,, പി. ഗോമതിനായകംപിള്ള	൨൦.	,, കെ. എൻ. കേശവൻനമ്പൂരിപ്പാട്ട്
൬.	,, പി. എൻ. കൃഷ്ണപിള്ള	൨൧.	,, ടി. സി. കേശവപിള്ള
൭.	,, സി. എസ്. കൃഷ്ണസ്വാമിഅയ്യർ	൨൨.	റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ
൮.	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൨൩.	മിസ്റ്റർ എൻ. ആർ. കൃഷ്ണൻ
		൨൪.	,, എ. സി. കയ്യാമോസ്
൯.	മി: ടി. കെ. മാധവൻനായർ	൨൫.	,, കെ. മാധവൻ
൧൦.	,, കല്ലാലം പരമേശ്വരൻപിള്ള	൨൬.	,, പി. എസ്. മുഹമ്മദ്
൧൧.	ഡാക്ടർ കെ. രാമൻതമ്പി	൨൭.	,, മാത്യുമുരിക്കൻ
൧൨.	മി: ടി. പി. രാമസുബ്ബയ്യർ	൨൮.	,, ജി. പി. നീലകണ്ഠപ്പിള്ള
൧൩.	റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ	൨൯.	,, ഒ. പത്മനാഭപ്പണിക്കർ
		൩൦.	,, കെ. ജി. പരമേശ്വരൻപിള്ള
൧൪.	മി: എസ്. സി. എച്ച്. റാബിൻസൺ	൩൧.	,, എസ്. പിറവിപെരുമാൾപിള്ള
൧൫.	,, ആർ. വൈദ്യലിംഗംപിള്ള		

പ്രതികൂലിച്ചവർ ൧൦.

൧.	മി: എ. എസ്. ദാമോദരൻആശാൻ	൬.	മി: കെ. മാധവൻപിള്ള
൨.	,, ഡി. സി. ജോസഫ്	൭.	,, എച്ച്. ബി. മഹമ്മദ്റാവുത്തർ
൩.	,, ആർ. കേശവപിള്ള	൮.	,, കെ. പി. നീലകണ്ഠപ്പിള്ള
൪.	,, എൻ. കെ. കൃഷ്ണപിള്ള	൯.	,, മുറിവേലിൽ പാച്ചുപിള്ള
൫.	,, വി. എസ്. കുഞ്ഞുപിള്ള	൧൦.	,, എം. താണുപിള്ള

നിഷ്പക്ഷനിലയെ അംഗീകരിച്ചവർ ൨.

൧. മി: എൻ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ

൨. മി: രേവതിനാൾ രാമവർമ്മരാജാ

ഈ ഉപക്ഷേപം പാസാക്കപ്പെട്ടു, ബില്ലിന്റെ തത്വം അംഗീകരിക്കപ്പെടുകയും ചെയ്തു.

കൌൺസിൽ വൈകുന്നേരം ൨. ൪൫-ന് ഭക്ഷണത്തിനായി പിരിയുകയും വീണ്ടും ൨. ൫൦-ന് കൂടുകയും ചെയ്തു.

അതിനുശേഷം നിയമനിർമ്മാണസഭാ സെക്രട്ടറി തിരുവിതാംകൂർ വില്ലേജ് പഞ്ചായത്തുകോടതി റെഗുലേഷൻ ഭേദഗതി ബില്ലിന്റെ തലവാചകം വായിച്ചു.

തിരുവിതാംകൂർ ആദായ നികുതി റെഗുലേഷൻഭേദഗതി ബിൽ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സർ, ൧൦൯൬-ലെ ൮-ാം റെഗുലേഷനായ ആദായനികുതി റെഗുലേഷനിൽ ഭേദഗതിവരുത്തുന്നതിലേക്കായി ഒരുബിൽ അവതരിപ്പിക്കുന്നതിനായിട്ടാണ് ഞാൻ ഇപ്പോൾ ഇവിടെ എഴുന്നേറ്റുനിൽക്കുന്നത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, എന്റെ മാന്യസ്നേഹിതൻ ബില്ലിനെപ്പററി പ്രതിവാദിക്കാൻ തുടങ്ങുന്നതിനു മുമ്പായി എന്നെ സംബന്ധിച്ചിടത്തോളം പറകയാണെങ്കിൽ ഈ ബില്ലിന്റെ ഒരു പകർപ്പ് ഞാൻ ഇന്നു രാവിലെ ഈ ഹാളിൽ വന്നതിനു ശേഷമാണു എന്റെ കയ്യിൽ തന്നത് എന്നുള്ള സംഗതി അങ്ങയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നു. സർ, കർശനമായി നോക്കുന്നതായിരുന്നാൽ ഒരു ബില്ലിന്റെ ചാർജ്ജ് വഹിക്കുന്ന മെമ്പറിനു അതു ഗസററിൽ പ്രസിദ്ധം ചെയ്തു തീർന്നതിനുശേഷം എപ്പോഴെങ്കിലും അതിനെ അവതരിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യം ചട്ടങ്ങളാൽ സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു. ഗസററിൽ പ്രസിദ്ധം ചെയ്യുന്നതിനാൽ സഭയുടെ അനുവാദം ആവശ്യം ഇല്ലെന്നാണു വച്ചിട്ടുള്ളത്. എന്നാൽ അനൌദ്യോഗസ്ഥന്മാർ മിക്കവാറും സഭയുടെ അനുമതിയാക്കേണ്ടതായിട്ടാണു ഇരിക്കുന്നത്. ചിലപ്പോൾ ഗവർമ്മെണ്ടു മെമ്പർമാരും സഭയുടെ അനുവാദം ആവശ്യപ്പെടാറുണ്ട്. ഇങ്ങിനെ സഭയുടെ അനുമതി ആവശ്യപ്പെടുന്ന കേസുകളിലെല്ലാം റൂളിനാൽ ഒരുമാസത്തെ നോട്ടീസ് നിർബന്ധിതമാക്കിയിട്ടുമുണ്ട്. സർ, പ്രസ്തുതസംഗതിയിലാകട്ടെ പണ്ഡിതനായ ലാമെമ്പർ അവതരിപ്പിക്കണമെന്നുദ്ദേശിക്കുന്ന ബില്ലിനെ സംബന്ധിച്ചു ഞങ്ങൾക്കു ഏതാനും മണിക്കൂർ നേരത്തെ നോട്ടീസുപോലും ഞങ്ങൾക്കു കിട്ടിയിട്ടില്ല.

നിയമശാസ്ത്രജ്ഞന്മാർക്കുപോലും ഭാഗ്യദോഷത്താൽ തൃപ്തികരമായ വിധത്തിൽ മനസ്സിലാക്കുവാൻ സാധിച്ചിട്ടില്ലാത്ത അത്യപ്രധാനമായ ഒരു നിയമത്തെ സംബന്ധിക്കുന്നതാണു ഈ ബിൽ. ഓരോ വ്യവസ്ഥകളുടെയും ഗൗരവവും വ്യാപ്തിയും അർത്ഥവും എത്രത്തോളം ഉണ്ടെന്നുള്ളതിനെപ്പററി പര്യാലോചിച്ചു തേടിയിരിക്കുന്നതിനുള്ള സമയം മെമ്പർമാർക്കു നൽകാതെ പെട്ടെന്നു ഇത്രപ്രാധാന്യമുള്ള ഒരു നിയമത്തെ അവരുടെ മുമ്പാകെ അവതരിപ്പിക്കുന്നതായിരുന്നാൽ അതു "ഗവർമ്മെണ്ടു ഗസററിൽ പ്രസിദ്ധം ചെയ്തതിനു ശേഷം എപ്പോഴെങ്കിലും മെമ്പറിനു ബിൽ അവതരിപ്പിക്കാമെന്നുള്ളതാകുന്നു" എന്ന റൂളിലെ വാക്കുകളെ മുറുകെ പിടിച്ചു അതിനെ ആധാരമാക്കി ന്യായരഹിതമായ വിധത്തിൽ ചെയ്യുന്ന ഒരു പ്രവൃത്തി ആയിരിക്കുന്നതാണെന്നാണു എനിക്കു തോന്നുന്നത്. ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതായ ഒരു ബിൽ എത്രകാലം കഴിഞ്ഞതിനു ശേഷമേ സഭയിൽ അവതരിപ്പിക്കാൻ പാടുള്ളു എന്നുള്ളതിനെ സംബന്ധിച്ചു റൂളുകളിലാകട്ടെ സ്റ്റാൻഡിംഗ് ആർഡറുകളിലാകട്ടെ യാതൊരു വ്യവസ്ഥയും ഇല്ല. സഭയുടെ അനുമതി ആവശ്യമില്ലാത്തതും ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതിനാൽ ഭേദഗതിവരുത്തപ്പെട്ടിട്ടുള്ളതും ആയ ബില്ലുകളെ സംബന്ധിച്ചാണു ഞാൻ ഇപ്പോൾ പ്രതിവാദിക്കുന്നത്. റൂളുകളെ ഭേദഗതിചെയ്യുകയെന്നുള്ളതു ഈ സഭയുടെ അധികാരസീമയിൽ കവിഞ്ഞു നില്ക്കുന്ന ഒരു സംഗതിയാണെന്നുള്ളതു നിശ്ചയംതന്നെ. റൂളുകൾ ഭേദഗതി ചെയ്യുന്നതിനുള്ള അധികാരം ഗവർമ്മെണ്ടിനാണുള്ളത്. റൂളുകളും സ്റ്റാൻഡിംഗ് ആർഡറുകളും വേണ്ടപ്രകാരം ഭേദഗതി ചെയ്യുന്നതുവരെ ഈ സഭയിലെ മെമ്പർമാരോട് ഏതെങ്കിലും ബില്ലിന്റെ തത്വത്തെ അവർ അംഗീകരിക്കണമെന്നായി ആവശ്യപ്പെടുന്നതിനു മുമ്പ് ആ ബില്ലിലെ വ്യവസ്ഥകൾ മെമ്പർമാർ ശരിയായി മനസ്സിലാക്കുന്നതിലേക്ക വേണ്ട സമയം അവർക്കു നൽകുന്നതിനെ സംബന്ധിച്ചു വല്ലതും ഒരു നിശ്ചയം ഉണ്ടാക്കേണ്ടതാകുന്നു എന്നു ഞാൻ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. അല്ലാത്ത പക്ഷം മെമ്പർമാർ അവരുടെ പക്കൽ നിന്നും ഉള്ള യാതൊരു പിശകുകൊണ്ടും അല്ലാതെ മററുകാരണങ്ങളാൽ അവർക്കുണ്ടാകുവുന്ന കഠിനമായ ശേഷിക്കുറവിനെ ഗവർമ്മെണ്ടോ ബില്ലിന്റെ അവതാരകനോ ന്യായരഹിതമായ വിധത്തിൽ ഉപയോഗപ്പെടുത്തുന്നു എന്നു ഗണിക്കേണ്ടതാണെന്നാണ് ഞാൻ വളരെ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നത്. സർ, ഇന്നുതന്നെ ഈ ബില്ലിനെ അവതരിപ്പിക്കണോ വേണ്ടയോ എന്നുള്ളതിനെ സംബന്ധിച്ചു തീർച്ചപ്പെടുത്തുന്നതിനുള്ള അധികാരം അങ്ങേക്കും ലാമെമ്പറിനും ആകുന്നു. ഇപ്പോഴത്തെ നിലക്കു ഇതിനെ ഒരു പായിൻറ് ആഫ് ആർഡർ ആക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ വിഷയത്തിലുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകളെ ഞാൻ വിവരിച്ചുകഴിഞ്ഞു. ഇതിനെക്കാൾ ഗൗരവം കുറഞ്ഞതായ ഒരു വിഷയത്തിൽ പ്രാഥമിക അജണ്ടായിൽ ഏതു ബില്ലും കൊള്ളിക്കുന്നതിനു ഏഴു ദിവസത്തെ നോട്ടീസുണ്ടായിരിക്കണമെന്നു സ്റ്റാൻഡിംഗ് ആർഡറിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നതിനാൽ (ഇങ്ങിനെ ഏഴു ദിവസത്തെ നോട്ടീസു വേണമെന്നു പറയുന്നതിന്റെ താല്പര്യം ഈ സഭയിലെ സാധാരണമെമ്പർമാർക്കു ഇങ്ങിനെയുള്ള ഒരു ബില്ലിനെപ്പററി മനസ്സിലാക്കി ബോധ്യപ്പെട്ടു അതിനെസംബന്ധിച്ചു ഉപയോഗപ്രദമായ വിധത്തിൽ നിരൂപണംചെയ്യുന്നതിനു വേണ്ടിവരുന്ന സമയം ഇതാണു എന്നാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. കുറേക്കാലം മുമ്പു ഇതുപോലെ ഒരു സംഗതി ഈ സഭയുടെ ചിന്തക്കു വിഷയമായിരുന്ന ഘട്ടത്തിൽ അങ്ങയുടെ മുൻഗാമി അദ്ദേഹത്തിന്റെ അപ്പോഴത്തെ അഭിപ്രായം അനുസരിച്ചു ആ തടസ്സത്തെ അംഗീകരിക്കുന്നതിനു അദ്ദേഹം തയ്യാറാണെന്നും ആ ബില്ലിന്റെ അവതരണം മാററിവയ്ക്കുന്നതിനു അദ്ദേഹം തയ്യാറാണെന്നും റൂൾ ചെയ്യുകയുണ്ടായിട്ടുണ്ട്. ഇങ്ങിനെ മിസ്റ്റർ എ. ജി. മേനോന്റെ കാണപ്പാട്ടബില്ലിന്റെ അവതരണം മറെറാരു കാലത്തേയ്ക്കു നീക്കിവയ്ക്കുകയും ഉണ്ടായി. ഇതു എളുപ്പത്തിൽ വെളിവാകുന്ന ഒരു സംഗതിയാകുന്നു. ആ വിഷയത്തിൽ ഏഴു ദിവസത്തെ നോട്ടീസു ഉണ്ടായിരിക്കണമെന്നു നിശ്ചയിക്കുന്ന ഒരു വ്യവസ്ഥയുണ്ട്. എന്നാൽ അതുപോലെയുള്ള ഒരു പ്രത്യേകവ്യവസ്ഥ ഇവിടെ ഇപ്പോൾ ചിന്താവിഷയമായിരിക്കുന്ന സംഗതിയെ സംബന്ധിച്ചു ഇല്ലെന്നുള്ളതുകൊണ്ട് ഇങ്ങിനെയുള്ള ഒരു ബില്ലിനെ സംബന്ധിച്ച്—പ്രത്യേകിച്ചും അതു ജനങ്ങളിൽ നികുതിചുമത്തുന്നതിനുള്ള ഒരു നിയമം ആയിരിക്കുന്ന സ്ഥിതിക്കു സഭാംഗങ്ങൾക്കു അതിനെസംബന്ധിച്ചു വാദപ്രതിവാദം ചെയ്യുന്നതിനുവേണ്ട ന്യായമായ എല്ലാവിധ സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനു പ്രസിഡന്റിനുള്ള അധികാരത്തിനു അതു യാതൊരുപ്രകാരത്തിലും ബാധകമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ നിയമത്തിന്റെ ഗുരുലഘുത്വത്തെ സംബന്ധിച്ചു വല്ല വിമർശനവും ഈ സന്ദർഭത്തിൽ ഞാൻ ചെയ്യേണ്ടതായ ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല.

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലിനെ ഞാൻ ഇന്നു ഈ സഭയിൽ അവതരിപ്പിക്കുന്നതായിരുന്നാൽ അതു ഈ സഭയുടെ അധികാരാവകാശങ്ങളെ വിഗണിച്ചുള്ള ഒരു പ്രവൃത്തിയായിരിക്കുമെന്നു പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡൻറ് പറഞ്ഞിട്ടുള്ള അഭിപ്രായത്തോടു യോജിക്കുന്നതിനു ഞാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല എന്നു വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. ഈ നിയമത്തെ സംബന്ധിച്ചു, അതു നികുതിപിരിക്കുവാനുള്ള ഒന്നായതുകൊണ്ടു പ്രത്യേകിച്ചും വേണ്ടപോലെ പഠിക്കുന്നതിനു ആവശ്യമുള്ള സമയം മെമ്പറന്മാർക്കു നൽകേണ്ടതാണെന്നു അദ്ദേഹം കൊണ്ടുവന്നിട്ടുള്ള വാദത്തെ ഞാൻ സർവ്വഥാ അഭിനന്ദിക്കുക തന്നെ ചെയ്യുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ബില്ലിൻെറ പ്രതികൾ മെമ്പറന്മാർക്കു അയച്ചുകൊടുക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം അതു സഭയുടെ അധികാരാവകാശങ്ങളിൽ കൈകടത്തുന്ന ഒരു പ്രവൃത്തിയാണെന്നു ലാമെമ്പർ സമ്മതിക്കാൻ ഭാവമുണ്ടോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഡിപ്യൂട്ടിപ്രസിഡൻറു അദ്ദേഹത്തിനു ഈ ബില്ലിൻെറ ഒരു പ്രതി കിട്ടിയതായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതിനാൽ ആ സംഗതി ഇവിടെ ആലോചനയ്ക്കു വിഷയമാകുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു ഒരു പ്രതി അയച്ചുതന്നിട്ടുണ്ടായിരുന്നില്ല. ഇപ്പോൾ ഒരു പ്രതി ഞാൻ ചോദിച്ചുവാങ്ങുകയാണു ചെയ്തതു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതിനെപ്പററി എനിക്കു അറിഞ്ഞുകൂടാ. ഗസററിൽ പരസ്യംചെയ്തുകഴിഞ്ഞാൽ ഏതു സമയവും ബില്ലിനെ അവതരിപ്പിക്കാമെന്നാണു റൂളിൽ കാണുന്നതു. ഇതിനെ ഗസററിൽ പരസ്യംചെയ്തിട്ടുണ്ടെന്നു ഞാൻ നിശ്ചയംവരുത്തിയിട്ടും ഉണ്ടു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഗസററിൽ പരസ്യംചെയ്തിട്ടുണ്ടോ ഇല്ലയോ എന്നു ഞങ്ങൾ എങ്ങിനെയാണു അറിയേണ്ടതു. കഴിഞ്ഞ ആഴ്ചയിലെ ഗസററിൽ അതു ഇല്ലായിരുന്നു എന്നു എനിക്കു നല്ല നിശ്ചയമുണ്ടു.

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഇന്നലത്തെ ഗവണ്മെൻറു ഗസററിൽ ഞാൻ അതു കാണുകയുണ്ടായി. മിസ്റ്റർ ആശാൻ ആവശ്യപ്പെടുന്നപക്ഷം ഇതു പ്രസിദ്ധം ചെയ്തിട്ടുള്ളതായ ഗസററ് ഞാൻ അയച്ചുതരാം. ഗസററിൽ പ്രസിദ്ധം ചെയ്തതിനുശേഷം ഏതു സമയവും ബില്ലിനെ അവതരിപ്പിക്കാമെന്നാണു റൂളിൽ പറഞ്ഞുകാണുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടി പ്രസിഡൻറ് :) അങ്ങിനെ പറഞ്ഞിട്ടുള്ളതിൽനിന്നും ബില്ലിൻെറ പ്രതികൾ മെമ്പറന്മാർക്കു കൊടുത്തിട്ടില്ലെങ്കിലും ബില്ല് ഗസററിൽ പരസ്യം ചെയ്തു അഞ്ചു മിനിട്ടുമാത്രമേ കഴിഞ്ഞിട്ടുള്ളു എങ്കിലും ബില്ലിനെ അവതരിപ്പിക്കാമെന്നു ഇതിൽനിന്നും അർത്ഥം ആകുന്നുണ്ടോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അവകാശത്തെപ്പററി ചോദിക്കയാണെങ്കിൽ അവതരിപ്പിക്കാം. പക്ഷെ അങ്ങനെ അവതരിപ്പിക്കുന്നതു എല്ലായ്പോഴും ഭംഗിയായിരിക്കയില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡിപ്യൂട്ടിപ്രസിഡൻറ): അവകാശം എന്നുള്ളതു കൌൺസിലിൻെറ അവകാശത്തെപ്പററിക്കൂടി വേണ്ടപോലെ ആലോചിച്ചിട്ടുള്ള അവകാശമാണോ?

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അവകാശം എന്നുള്ളതു നിയമത്താൽ സിദ്ധിക്കുന്ന അവകാശമാകുന്നു; എന്നാൽ ബില്ലിനെപ്പററി പഠിക്കുന്നതിനു വേണ്ടിടത്തോളം ആവശ്യമുള്ള സാവകാശം ഓരോ മെമ്പറനും നൽകേണ്ടതാണ് എന്നുള്ള പണ്ഡിതനായ ഡെപ്യൂട്ടിപ്രസിഡണ്ടിൻെറ അഭിപ്രായത്തെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു. ആ അഭിപ്രായം അനുസരിച്ചു ഈ ബില്ലിൻെറ അവതരണം നാളത്തേക്കു മാററിവയ്ക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രസിദ്ധീകരണം എന്നുവച്ചാൽ "അച്ചുക്കൂടത്തിൽ അച്ചടിക്കുക എന്നാണോ അർത്ഥം."

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ); പ്രസ്സിൽനിന്നും പുറത്തേക്കു അയയ്ക്കുക എന്നാണെന്നാണു എനിക്കു തോന്നുന്നതു.

സർ, അപ്പോൾ ഈ ബില്ലിൻെറ ഇന്നത്തെ അവതരണം ഈ സഭയുടെ ന്യായമായ അവകാശങ്ങളിന്മേൽ ന്യായരഹിതമായ കൈകടത്തൽ ആയിരിക്കുമെന്നുള്ള വാദത്തെ അനുവദിച്ചുകൊടുക്കാതെതന്നെ നാളത്തേക്കു ഇതിൻെറ അവതരണം മാററിവയ്ക്കുന്ന വിഷയത്തിൽ എനിക്കു യാതൊരു വിരോധവും ഇല്ല. മി: കൃഷ്ണയ്യങ്കാരുടെ പ്രസംഗത്തിലെ മററുഭാഗങ്ങളെ സംബന്ധിച്ചിടത്തോളം എൻെറ അല്പമായ ശേഷിക്കനുസരിച്ചുവണ്ണം ഞാൻ ഈ ബില്ലിൻെറ തത്വത്തെ വിവരിച്ചു മെമ്പറന്മാരെ എന്നാൽ കഴിയുന്നവിധം സഹായിക്കാമെന്നുകൂടി ഞാൻ ഇവിടെ പറഞ്ഞുകൊള്ളട്ടെ. ഈ ബില്ലിൻെറ തത്വത്തെ സഭ അംഗീകരിക്കുന്നതായിരുന്നാൽ ഇതിനെ ഒരു സിലക്ട് കമ്മററിയിലേയ്ക്കയയ്ക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നതാണെന്നും, അതു കഴിഞ്ഞു മൂന്നോ നാലോ മാസകാലം കഴിഞ്ഞതിനുശേഷം ഇതു വീണ്ടും ഈ സഭയുടെ ചിന്തയ്ക്കു വിഷയമായിത്തീരുന്നതാണെന്നും അതിനാൽ ഇതു നിയമമായിത്തീരുന്നതിനുമുമ്പുതന്നെ ഈ സഭയിലെ മെമ്പറന്മാർക്കു ഇതിനെ സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നതിനു വേണ്ട സമയവും സന്ദർഭവും ഉണ്ടായിരിക്കുന്നതാണെന്നും, ഉള്ള സംഗതികൾ കൂടി ഞാൻ ഇവിടെ ഇപ്പോൾ പ്രസ്താവിച്ചുകൊള്ളട്ടെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ഈ ബിൽ ഒരിക്കലും സഭയാൽ തിരസ്കൃതമാകുന്നതല്ലെന്നു ലാമെമ്പർ നിശ്ചയിച്ചിരിക്കുന്നതായി തോന്നുന്നല്ലോ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ഞാൻ അങ്ങിനെ ഉദ്ദേശിച്ചില്ല. ഈ ബില്ലിന്റെ തത്വത്തെ സഭ അംഗീകരിക്കുന്നതായിരുന്നാൽ എന്നാണല്ലൊ ഞാൻ പറഞ്ഞിട്ടുള്ളത്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്) അവർ അതിനെ അംഗീകരിക്കുന്നതായിരുന്നാൽ അപ്രകാരം ചെയ്യുന്നതു അതു വായിച്ചുനോക്കാതെയും പഠിക്കാതെയും ആയിരിക്കുമല്ലൊ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ഞാൻ മുമ്പ് പറഞ്ഞതുപോലെ ഈ ബില്ലിനെപ്പററി വേണ്ടതുപോലെ മനസ്സിലാക്കുന്നതിനുള്ള സൌകര്യം ഉണ്ടായിട്ടില്ലാത്ത മെമ്പറന്മാരെ സംബന്ധിച്ചിടത്തോളം എന്റെ അപേക്ഷയനുസരിച്ച വിധത്തിൽ ഞാൻ അതിന്റെ തത്വങ്ങളെ പറഞ്ഞുമനസ്സിലാക്കുന്നതിനു വേണ്ടുന്നതു ശ്രമിക്കുന്നതാണ്. അതെങ്ങിനെയോ ബില്ലിന്റെ തത്വം അംഗീകരിക്കപ്പെടുന്നപക്ഷം അതിനെ ഒരു സിലക്ട്കമ്മിററിക്കു അയക്കുന്നതായിരിക്കും. അങ്ങിനെ വരുമ്പോൾ മെമ്പറന്മാക്കു ഇതിനെപ്പററി ആലോചിക്കുന്നതിനു കൂടുതൽ സമയം ലഭിക്കുമെന്നുള്ളതുമാകുന്നു. ഇത്രയും പറഞ്ഞുകൊണ്ടു ഈ സഭയുടെ അഭിപ്രായം അങ്ങിനെ ആണെന്നുള്ളപക്ഷം ഈ ബില്ലിന്റെ അവതരണത്തെ നാളത്തേക്കു മാററിവെയ്ക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല എന്നു ഞാൻ ഇവിടെ താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്) സർ, ഇതിനു മറുപടി എന്ന നിലയിൽ വല്ലതും പറയുന്നതിനുള്ള അവകാശം എനിക്കുണ്ടെന്നുള്ളപക്ഷം ബില്ലിനെ സംബന്ധിച്ചുള്ള വല്ല തെററിദ്ധാരണകൊണ്ടോ അഥവാ യാതൊന്നും അറിയാൻ പാടില്ലാത്തതുകൊണ്ടോ ബില്ലിന്റെ തത്വത്തെ സംബന്ധിച്ചു എന്റെ മാന്യസ്നേഹിതൻ ചെയ്യാവുന്നപ്രസംഗം കേട്ടതിനുശേഷവും ബില്ലിനെ ഒരു സെലക്ട് കമ്മിററിക്കു അയക്കുന്നതായിരുന്നാൽ ബില്ലിലെ തത്വത്തിനു വിപരീതമായി അത്യാവശ്യമായ വല്ല ഭേദഗതികളോ വല്ലതും വരുത്തേണ്ടതായുണ്ടായിരുന്നാൽ ആയതു കൂടിയും വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഇല്ലാതെ സിലക്ട് കമ്മിററി കുഴങ്ങുന്നതിനിടയാകുമെന്നുള്ള സംഗതി ഞാൻ ഇവിടെ പ്രസ്താവിക്കുന്നതാണ്. ഏതുകാലത്തും ഈ ബില്ലിനെ തിരസ്കരിക്കുന്നതിനുള്ള അധികാരം ഈ സഭക്കുണ്ടെന്നുള്ളതു നിർവിവാദമാകുന്നു. എന്നാൽ അതു അങ്ങിനെ അററത്തെ കയ്യാണ്. സർ, ഈവിഷയത്തിൽ രാജ്യത്തിന്റെ പൊതുവെയുള്ള നന്മയെ അടിസ്ഥാനപ്പെടുത്തിനോക്കുന്നതായിരുന്നാൽ ഈ ബില്ലിനെ നാളെതന്നെ അവതരിപ്പിക്കേണ്ടതു അത്യന്താപേക്ഷിതമായിരിക്കുന്നുണ്ടോ എന്നുള്ളതിനെപ്പററി ഒന്നു ആലോചിച്ചുനോക്കേണ്ടതാണെന്നാണു ഞാൻ ഇവിടെ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നതു. അതിനെ സംബന്ധിച്ചു അങ്ങിനെയൊരു വലിയ അത്യാവശ്യം ഒന്നുംതന്നെ ഇല്ലെന്നു വരികിൽ ഇതിനെപ്പററി വേണ്ടുംവണ്ണം പഠിച്ച് ആവശ്യം നേരിടുമ്പോൾ ഇതിനനുകൂലമായോ പ്രതികൂലമായോ ഉള്ള വിമർശനങ്ങൾ പുറപ്പെടുവിക്കുന്നതിന് വേണ്ട സൌകര്യം ഞങ്ങൾക്കു തരുന്നതിൽ എന്തുതരക്കേടാണുള്ളതെന്നാണു ഞാൻ ചോദിക്കുന്നത്. ഈ ബില്ലിന്റെ അവതരണം നാളത്തേക്കു മാററിവച്ചു എന്നുള്ളതു ഒരു വലിയ ദയവായി ഞാൻ വിചാരിക്കുന്നു. അതിലേക്കു ഞാൻ എന്റെ മാന്യസ്നേഹിതനായ ലാമെമ്പറോട് കൃതജ്ഞതയുള്ളവനായിരിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കുതോന്നുന്നില്ല.

പ്രസിഡണ്ട്. ബില്ലിന്റെ പ്രതികൾ എല്ലാമെമ്പറന്മാക്കും തക്കസമയത്തു നൽകിയിട്ടില്ലെന്നു വിചാരിക്കാൻ ചിലകാരണങ്ങൾ ഉള്ളതായി ഞാൻ വിചാരിക്കുന്നു. അതിനാൽ ഈ ബില്ലിനെപ്പററി ആലോചിക്കുന്നതിന അല്പംകൂടെ സമയം വേണമെന്നുള്ള മി: കൃഷ്ണയ്യങ്കാരുടെ അപേക്ഷ വളരെ ന്യായമായ ഒന്നാണെന്നുതന്നെയാണു എനിക്കുതോന്നുന്നതു ഈ നിയമത്തിനു വലിയ അത്യാവശ്യം ഒന്നും ഇല്ല എന്നു പറഞ്ഞുകൂടാവുന്നതല്ല എന്നുകൂടി ഈ സഭയിൽ പ്രസ്താവിക്കേണമെന്നു ഞാൻ വിചാരിക്കുന്നു. ഇതുവളരെ ചെറിയ ഒരു ബില്ലാണെന്നുംകൂടി കാണാവുന്നതാണ്. അതിൽ ആകെ രണ്ടുസംഗതികൾമാത്രമെ ഉള്ളഎന്നാണു എനിക്കു തോന്നുന്നതു. ഈ ഭേദഗതിബില്ലിൽ വളരെ കുഴപ്പമുള്ളതോ വളരെ വിഷയങ്ങൾ അടങ്ങിയതോ ആയ ഒന്നല്ല. ആസ്ഥിതിക്കു ഈ ബില്ലിനെ വേണ്ടുംവണ്ണം പഠിച്ച് അതിനെപ്പററി ആലോചിക്കുന്നതിനു നാളത്തേക്കു മുഴുവായി സാധിക്കുന്നതാണെന്നാണ് എനിക്കു മെമ്പറന്മാരോടു പറവാനുള്ളതു. ഇതിനെപ്പററി ആലോചനനടത്തിയതിനുശേഷം നാളെയും ഡെപ്യൂട്ടിപ്രസിഡണ്ടിനൊ അല്ലെങ്കിൽ മറേറതെങ്കിലും മെമ്പറിനൊ ബില്ലിനെപ്പററി ആലോചിക്കുന്നതിനു വേണ്ട സമയം ലഭിച്ചിട്ടില്ലെന്നു തോന്നുന്നതായിരുന്നാൽ ബില്ലിന്റെ അവതരണം വീണ്ടും നീക്കിവെയ്ക്കുന്നതിനെപ്പററി നാളെ ആലോചിക്കാവുന്നതാണെന്നു കൂടി ഞാൻ ഇപ്പോൾ പറഞ്ഞുകൊള്ളുന്നു. എന്നാൽ ഞാൻ മറുപടിപറഞ്ഞതുപോലെ വളരെ ചെറുതായ ഈ ബില്ലിന്റെ സ്വഭാവത്തെ സംബന്ധിച്ചു ആലോചിച്ചുനോക്കിയതിൽ നാളത്തെ മീററിംഗിനു മുമ്പായി ഈ ബിൽ വായിച്ചു ഇതിലെ സംഗതികൾ മനസ്സിലാക്കുന്നതിനു മെമ്പറന്മാക്കു ധാരാളം സമയമുണ്ടായിരിക്കുമെന്നാണു എനിക്കു തോന്നുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്) ഇതേ വിഷയംതന്നെ അദ്ധ്യാസനത്തിൽനിന്നും ഒരു റൂളിംഗ് ഉണ്ടാകുന്നതിലേക്കായി ഒരു പായിൻറ് ആഫ് ആഡർ എന്ന നിലയിൽ നാളെ ഇവിടെ അവതരിപ്പിക്കുന്നതിനു എനിക്കുള്ള അവകാശത്തെ ഞാൻ വേണ്ടെന്നു വച്ചിട്ടുള്ളതായി ധരിച്ചുപോകരുതെന്നു ഞാൻ താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നു.

പ്രസിഡണ്ട്: പായിൻറ് ആഫ് ആഡർഎന്ന നിലയിൽ ചോദിക്കണമെന്നുദ്ദേശിക്കുന്നപക്ഷം ഇന്നുതന്നെ ചോദിക്കുന്നതാണ് നല്ലതെന്നു എനിക്കുതോന്നുന്നു. പായിൻറ് ആഫ് ആഡർ എന്നനിലയിൽഅല്ല നിങ്ങൾ ഇങ്ങിനെ ചോദിക്കുന്നതു എന്നു നിങ്ങൾ പറഞ്ഞതായിട്ടാണു ഞാൻ മനസ്സിലാക്കിയതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): ഇന്നു ഞാൻ ഇതിനെ ഒരു പായിൻറ് ആഫ് ആഡർ എന്നുള്ളനിലയിൽ കൊണ്ടുവരുന്നില്ല എന്നും ഈ സംഗതികൾ പ്രസിഡണ്ടിന്റെ ആലോചനക്കു വിഷയമാക്കുക മാത്രമാണുചെയ്യുന്നതു എന്നും ആണു ഞാൻപറഞ്ഞതു. എന്നാൽ ഞാൻ ഇപ്പോൾ പറയുന്നതു ഇതിനെ ഒരുപായിൻറ് ആഫ് ആർഡർ എന്നുള്ളനിലയിൽ നാളെ കൊണ്ടുവരുന്നതിനു എനിക്കുള്ള അവകാശത്തെ ഞാൻ വേണ്ടെന്നു വച്ചിട്ടുള്ളതായി വിചാരിക്കരുതു എന്നാകുന്നു.

പ്രസിഡണ്ട്: അങ്ങിനെ ആണെങ്കിൽ ഇന്നുതന്നെ അതുകൊണ്ടുവന്നാൽകൊള്ളാമെന്നു ഞാൻ താല്പര്യപ്പെടുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, കാലത്തെ പദീതൃത്താൽ എനിക്ക ഈ ബില്ലിന്റെ ഒരു പ്രതി ഇന്നരാവിലെ ൧൧-൧ മണി മാത്രമെ കിട്ടിയുള്ളു. ഇതിനു മുമ്പ് ഒരു അവസരത്തിൽ ഇതുപോലെ ഞങ്ങൾക്കവേണ്ടിടത്തോളം സമയംകിട്ടിയില്ലെന്നു പരാതിപ്പെട്ടസന്ദർഭത്തിൽ ബില്ലിനെ അവതരിപ്പിച്ചേയില്ല. അതിനാൽ ഇപ്പോഴും ബില്ലിന്റെ പ്രതികൾ ഞങ്ങൾക്ക തക്കകാലത്തുതന്നിരുന്നില്ല എന്നുകണ്ടപ്പോൾ ഇപ്പോഴും ബില്ലിനെ അവതരിപ്പിക്കുന്ന വിഷയത്തിൽ ഗവൎമ്മേണ്ടിനു വലിയ നിർബന്ധം ഉണ്ടായിരിക്കയില്ലെന്നുതന്നെ ഞങ്ങൾവിചാരിച്ചു. അതിനാൽ ഇതപറ്റി ഒരു പായിന്റ് ഓഫ് ആർഡർ എന്നനിലയിൽ വാദപ്രതിവാദം ചെയ്യുന്നതിനു ഞങ്ങൾ തയ്യാറായിവന്നിട്ടില്ല. അതിനാൽ സാങ്കേതികമായി നോക്കുന്നപക്ഷം അങ്ങിനെപറവാൻ പാടില്ലെങ്കിലും യഥാർത്ഥത്തിൽ നോക്കുമ്പോൾ ഈ സഭക്കുള്ള അവകാശാധികാരങ്ങളിൽ ന്യായരഹിതമായ ഒരു കൈകടത്തലാണ ഇത് എന്നുള്ള സംഗതി അഗ്രാസനത്തെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടിടത്തോളം സംഗതികൾ ഇതസംബന്ധിച്ചു പഠിക്കുന്നതിനു ഞങ്ങൾക്ക നാളെവരെ സമയം തരണമെന്നായി ഞാൻ അപേക്ഷിക്കുന്നു. ഇങ്ങിനെയുള്ള സഭയുടെ അധികാരാവകാശങ്ങളെ പുലർത്തിക്കൊണ്ടുപോകേണ്ടതു അനൌദ്യോഗികമെമ്പറന്മാരെപ്പോലെതന്നെ അഗ്രാസനാധിപതിയുടെയും ആവശ്യമാണെന്നുകൂടി ഞാൻ പ്രത്യേകം പറഞ്ഞറിയിക്കേണ്ട ആവശ്യം ഇല്ലല്ലൊ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ മാന്യസ്നേഹിതനായ ഡെപ്യൂട്ടിപ്രസിഡണ്ട ഇവിടെകൊണ്ടുവന്നിട്ടുള്ള പായിന്റ് ഓഫ് ആഡറിനെസംബന്ധിച്ചു അല്പം സംസാരിക്കുന്നതിനു എന്നെ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

പ്രസിഡണ്ട. മിസ്റ്റർ നീലകണ്ഠപിള്ള അല്പംക്ഷമിക്കണം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ ഡെപ്യൂട്ടിപ്രസിഡണ്ട്): പായിന്റ് ഓഫ് ആർഡർ ഞാൻ ഇപ്പോൾഇവിടെ കൊണ്ടുവരുന്നില്ല. ഇതിനെ ഒരുപായിന്റ് ഓഫ് ആർഡർഎന്നുള്ളനിലയിൽ നാളെ കൊണ്ടുവരുന്നതിനുള്ള അവകാശത്തെ ഞാൻവേണ്ടെന്നുവച്ചതായി മനസ്സിലാക്കരുതു എന്നു മാത്രമെ ഞാൻ പറഞ്ഞുള്ളു.

പ്രസിഡണ്ട. നിങ്ങൾപറയുന്നതുഎന്താണെന്നു എനിക്കുതന്നെ ശരിയായി മനസ്സിലാകുന്നില്ല. ഈ ബില്ലിന്റെ അവതരണംമാററിവയ്ക്കണമെന്നായി നിങ്ങൾ ആവശ്യപ്പെടുകയും ഞാൻ അതുനാളത്തേക്ക മാററിവയ്ക്കുകയും ചെയ്തു. അതുകൊണ്ടുകാര്യംതീർന്നതായിട്ടാണ ഞാൻ വിചാരിച്ചതു്.

റാവുബഹദൂർ. കെ. എ. കൃഷ്ണയ്യങ്കാർ (നിയമിതമെമ്പർ, ഡെപ്യൂട്ടിപ്രസിഡണ്ട്): സർ, അങ്ങു ഞങ്ങൾക്ക ഇപ്പോൾതരാമെന്നു പറയുന്നതായ അവധികൊണ്ട് നാളെ ഇതുസംബന്ധിച്ചു ഒരു പായിന്റ് ഓഫ് ആർഡർ എന്നനിലയിൽ കുറെക്കൂടി പൂർണ്ണമായി കേൾക്കുന്നതിനു അങ്ങേക്ക യാതൊരുതടസ്സവും ഉണ്ടായിരിക്കുന്നതല്ലെന്നാകുന്നു ഞാൻ ഇവിടെ താഴ്മയായി പറയുന്നതു്.

പ്രസിഡണ്ട. ബില്ലിന്റെ അവതരണം മാററിവയ്ക്കണമെന്നു നിങ്ങൾ ആവശ്യപ്പെട്ടു. നാളെവരെ മാററിവച്ചുള്ള അനുവാദം മുമ്പുതന്നെ തന്നും കഴിഞ്ഞു. അതിന്റെഫലം എന്താണെന്നുള്ളതിനെപ്പററി വീണ്ടും നാളെ നിങ്ങൾ ഈ അപേക്ഷകൊണ്ടുവരുമ്പോൾ ആലോചിക്കാമെന്നുള്ളതാകുന്നു.

തിരുവിതാംകൂർ സർക്കാർ വ്യാവസായിക സഹായധനബിൽ.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): ഇവിടെയുള്ള വ്യവസായങ്ങൾക്ക നമ്മുടെ ഗവൎമ്മേണ്ടിൽ നിന്നും ധനസഹായം ചെയ്യേണ്ടതിനെ സംബന്ധിച്ചു ഒരുബിൽ അവതരിപ്പിക്കുന്നതിനായിട്ടാണ് ഞാൻ ഇപ്പോൾ ഇവിടെ എഴുന്നേറ്റുനില്ക്കുന്നതു. ബില്ലും അതോടൊന്നിച്ചു ഇങ്ങനെ ഒരു നടപ്പിൽ വരുത്തുന്നതിന്റെ ഉദ്ദേശങ്ങളും കാരണങ്ങളും കൂടി ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടായിരുന്നു. അതിനാൽ ഇപ്പോൾ ഈ ബിൽ ഈസഭയിൽ വായിക്കണമെന്നായി ഞാൻ ഒരു ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവൎമ്മെണ്ടു സെക്രട്ടറി): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): വ്യവസായങ്ങൾ സാധാരണയായി സാമാന്യ ജനങ്ങൾ തന്നെയാണ് നടത്തിക്കൊണ്ടുവരാറുള്ളതെന്നിരുന്നാലും ഇന്ത്യയിലുള്ള എല്ലാഗവൎമ്മേണ്ടുകളും ഇങ്ങിനെയുള്ള വ്യവസായങ്ങളെ പോഷിപ്പിച്ചു വളർത്തിക്കൊണ്ടുവരേണ്ട ചുമതലയുള്ളവയാണെന്നുള്ള വസ്തുത എല്ലാപേരും സമ്മതിക്കുമെന്നൊ അഥവാ എല്ലാപേരും സ്ഥാപിക്കുന്നതാണെന്നോ തന്നെ പറയേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള ഒരുനിലയെ അനുവദിക്കാത്ത രാജ്യങ്ങളും ഒരുപക്ഷേ കണ്ടേക്കാനിടയുണ്ട്. ഇന്ത്യയിൽതന്നെയും കുറെ കാലംമുമ്പ് ഈ നിലയെ അനുവദിക്കയില്ലായിരുന്നിരിക്കാം. എന്നാൽ ഇപ്പോൾ ഇന്ത്യയിൽ എവിടെയും ഉള്ളജനങ്ങളുടെ ഏകകണ്ഠമായ അഭിപ്രായം ഈ രാജ്യത്തുള്ള വ്യവസായങ്ങളെപ്പററി, പോഷിപ്പിച്ചുവളർത്തുന്നതിലേക്ക ഗവൎമ്മേണ്ടുകൂടി ഇടപെട്ട് ചിലനിശ്ചിതപരിധികൾക്കുള്ളിൽ അവരാൽകഴിയുന്നതെല്ലാം ചെയ്യേണ്ടതാണെന്നാണ് തോന്നുന്നതു്. വ്യവസായത്തെ സഹായിക്കുന്നതിനു സാധാരണയായി ഉദ്ദേശിക്കാവുന്നതിൽ ഏററവും സാധാരണയായ മാർഗ്ഗം അവയ്ക്കുവേണ്ടിട്ടു ധനസഹായം ചെയ്യുകയെന്നുള്ളതാകുന്നു. ഇതിലേക്ക നൈയാമികമായ ഒരു അടിസ്ഥാനം നൾകുന്നതിനും അതിനെ നടപ്പിൽവരുത്തുന്നതിന് നിയമാനുവാദം ഉള്ളമാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ ഈ ബിൽ തയ്യാറാക്കിയിട്ടുള്ളതു്.

വ്യവസായങ്ങളെ സഹായിക്കേണ്ടതു ആവശ്യംതന്നെഎന്നു സമ്മതിക്കാമെന്നിരിക്കിലും എല്ലാ വ്യവസായങ്ങൾക്കുമൊ, അല്ലെങ്കിൽ അർഹിക്കുന്നതായ വ്യവസായങ്ങൾക്കുതന്നെ അവയുടെ എല്ലാ കാലഘട്ടങ്ങളിലുമൊ, അല്ലെങ്കിൽ ഏതു തുക മൂലധനമാക്കികല്പിച്ചിട്ടുള്ള വ്യവസായങ്ങൾക്കുമൊ ഇപ്പോൾ ഉദ്ദേശിക്കുന്നതായ

സഹായം ഗവണ്മെന്റിൽനിന്നും ചെയ്തുകൊടുക്കേണ്ടതാണെന്നു ആരുംതന്നെ വാദിക്കുന്നതിനു ഒരുമ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനാൽ ഏതു തരങ്ങളിൽ ഉള്ള വ്യവസായങ്ങൾക്കാണു ഗവണ്മെന്റിൽനിന്നു സഹായം ചെയ്യേണ്ടതെന്നുള്ളതിനെ വ്യവസ്ഥാപിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതിനാൽ ബില്ലിലെ ഒന്നാമത്തെ വ്യവസ്ഥ അതാണ്. അതിലേക്കു ഞാൻ ഈ സഭയുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുന്നു. ബില്ലിലെ ൫-ാമത്തെ വകുപ്പിൽ ഏതേതിനങ്ങളിൽപ്പെട്ട വ്യവസായങ്ങൾക്കാണു ഗവണ്മെന്റിൽനിന്നും സഹായം ലഭിക്കുന്നതിനുള്ള അർഹതയുള്ളതു എന്നുള്ളതിനെപ്പററി പ്രസ്താവിച്ചിരിക്കുന്നു. ആ വകുപ്പനുസരിച്ചു ഗവണ്മെന്റിൽനിന്നും ധനസഹായം ലഭിക്കുന്നതിനു അർഹതയുള്ളവയായി കല്പിക്കപ്പെട്ടിട്ടുള്ള വ്യവസായങ്ങൾ താഴെ പറയുന്നവയാകുന്നു.

(i) ഒരു നൂതനമോ വളരെ പഴക്കം ചെന്നിട്ടില്ലാത്തതോ ആയ വ്യവസായം.

(ii) ഒരു വ്യവസായം പൂർണ്ണമായ അഭിവൃദ്ധിയെ പ്രാപിച്ചിട്ടില്ലാത്തതോ അഭിവൃദ്ധി പ്രാപിക്കാൻ ഇടയുള്ളതോ ആയ സ്ഥലങ്ങളിൽ നൂതനമായി ഏർപ്പെടുത്താവുന്ന വ്യവസായങ്ങൾ.

(iii) കൂടുതൽ മൂലധനം വ്യയം ചെയ്യുന്നതായിരുന്നാൽ കൂടുതൽ ആദായകരമാകുമെന്നുള്ള വ്യവസായങ്ങൾ.

(iv) തൊഴിലാളികളുടെ സംഘത്താലോ സമൂഹത്താലോ നടത്തപ്പെടുന്ന വ്യവസായങ്ങൾ.

ഗവണ്മെന്റിൽനിന്നും ധനസഹായം ലഭിക്കുന്നതിനു അർഹതയുള്ള നാലു വ്യവസായങ്ങൾ ഇവ ആകുന്നു. ഈ തരംതിരിപ്പിനെ സംബന്ധിച്ചിടത്തോളം എനിക്കു ഒരു സംഗതി ഇവിടെ പ്രസ്താവിക്കേണ്ടതായിട്ടുണ്ട്. അതായതു എല്ലാ ജാതിയിലും എല്ലാ തരത്തിലുംപെട്ട കുടിൽവ്യവസായങ്ങൾക്കും ഗവണ്മെന്റിൽനിന്നും ധനസഹായം ലഭിക്കുന്നതിനു അർഹതയുണ്ടായിരിക്കുമെന്നുള്ളതാകുന്നു. കുടിൽവ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം അവ നൂതനമോ വളരെ പ്രചാരംവരാത്തവയോ ആയിരിക്കണമെന്നോ അല്ലെങ്കിൽ ഒരു പ്രത്യേക സ്ഥലത്തു നടത്തുന്നതായിരിക്കണമെന്നോ മററോ ഉള്ള യാതൊരു നിർബന്ധവും ഇല്ല. കുടിൽ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം ഇങ്ങിനെ യാതൊരു നിശ്ചയങ്ങളും ചെയ്തിട്ടില്ല. അങ്ങിനെ ചെയ്യാത്തതു കുടിൽ വ്യവസായത്തെ കഴിയുന്നിടത്തോളം പോററി വളർത്തണമെന്നു ഗവണ്മെന്റിനു അതിയായ മോഹമുള്ളതുകൊണ്ടാകുന്നു.

ഈ സഹായം നൽകേണ്ട മാർഗ്ഗങ്ങളെയോ രൂപങ്ങളെയോ സംബന്ധിച്ചാണു അടുത്തതായി വിവരിക്കേണ്ടതു്. ഇതിനെ പററി ബില്ലിലെ ൫-ാം വകുപ്പിൽ പൂർണ്ണമായി പ്രതിപാദിച്ചിട്ടുണ്ട്. ആ വകുപ്പു മുഴുവൻ ഇപ്പോൾ ഇവിടെ വായിച്ചു നിങ്ങളെ കേൾപ്പിക്കേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. (എ) ഉപവകുപ്പിൽ സർവ്വ സാധാരണമായ സഹായമാർഗ്ഗം അതായതു പണം കടംകൊടുത്തു സഹായിക്കുക എന്നുള്ളതിനു വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നുമാത്രം പറഞ്ഞു ഞാൻ തല്ക്കാലം തൃപ്തനാകുന്നു.

ഇപ്പോൾ പ്രത്യേകമായി മെമ്പറന്മാരുടെ ശ്രദ്ധയെ ആകർഷിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന ഏക ഉപവകുപ്പു (എച്ച്) ഉപവകുപ്പാകുന്നു. ഈ ഉപവകുപ്പിൽ നിശ്ചിതഗഡുവുകളിലായി പണം അടച്ചുകൊള്ളത്തക്കരീതിയിൽ വ്യവസ്ഥചെയ്തു യന്ത്ര സാമഗ്രികൾ കാലേക്കൂട്ടി വാങ്ങുന്നതിനെ സംബന്ധിച്ചു വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഇങ്ങിനെയുള്ള ധന സഹായം കുടിൽ വ്യവസായങ്ങൾക്കും തിരുവിതാംകൂറിലെ ചില ഭാഗങ്ങളിലെ നെൽകൃഷിക്ക് തന്നെയും പ്രത്യേകിച്ചും ഉപകാരപ്രദമായിരിക്കുമെന്നുള്ളതാകുന്നു. ഈ വിധത്തിലുള്ള സഹായം നൽകുകകൊണ്ടു അനേകം വ്യവസായങ്ങൾ അഭിവൃദ്ധിയെപ്രാപിക്കുമെന്നു ആശിക്കപ്പെട്ടിരിക്കുന്നു.

അടുത്തതായി ഈ ഘട്ടത്തിൽ ഞാൻ ഈ സഭയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന ഏക സംഗതി ഏതു വ്യവസായം ധന സഹായം അർഹിക്കുന്നു എന്നോ ഏതു അർഹിക്കുന്നില്ല എന്നോ നിശ്ചയിക്കുന്നതിനുള്ള അധികാരം ആർക്കു നൽകണമെന്നുള്ളതിനെക്കുറിച്ചാകുന്നു. ഇതിലേക്കായി ഒരു ബോർഡു രൂപീകരിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതു്. ആ ബോർഡിൽ ഭൂരിപക്ഷം അംഗങ്ങൾ അനുദ്യോഗസ്ഥന്മാരായിരിക്കുമെന്നുള്ളതാകുന്നു. ൫-ാം വകുപ്പു ൪-ാം ഉപവകുപ്പിൽ ഈ ബോർഡിൽ നിന്നും ശുപാർശ ചെയ്യാത്തപക്ഷം യാതൊരു സഹായവും ചെയ്യുന്നതല്ല എന്നു വ്യവസ്ഥാപിച്ചിട്ടും ഉണ്ട്. ഈ വ്യവസ്ഥകൊണ്ടു പൊതുജനങ്ങൾക്കു ഇതിൽ ബലമായ വിശ്വാസം ഉണ്ടാകുന്നതിനിടയാകുമെന്നു ആശിക്കപ്പെട്ടിരിക്കുന്നു. അതിനും പുറമെ പൊതുജനങ്ങൾക്കും സഹായം അഭ്യർത്ഥിച്ചുവരുന്ന ജനങ്ങൾക്കും അർഹതയുള്ള വ്യവസായങ്ങൾക്കുമാത്രമേ ഈ വിധ സഹായങ്ങൾ ലഭിക്കയുള്ളു എന്നായി ഒരു ബോദ്ധ്യം ഉണ്ടാകുന്നതിനും ഇടയാകുമെന്നും ആശിക്കപ്പെട്ടിരിക്കുന്നു. സഹായത്തിനായി വ്യയം ചെയ്യേണ്ടതു ഗവണ്മെന്റുവക പണം ആയതുകൊണ്ടു, അതായതു നികുതികൊടുക്കുന്നവരുടെ വക പണം ആയതുകൊണ്ടു, സഹായമായി കൊടുത്തുവരുന്ന പണത്തെ ശരിയായി വിനിയോഗിക്കുന്നോ എന്നു മനസ്സിലാക്കാൻ നാം വേണ്ടിടത്തോളം ശ്രദ്ധിക്കേണ്ടതു ഏററവും അത്യാവശ്യമാകുന്നു. ഇതിലേക്കായി വ്യവസായങ്ങളെ വേണ്ടപോലെ പരിശോധിക്കുന്നതിനും കണക്കുകൾ ശരിയാംവണ്ണം കാലാകാലങ്ങളിൽ തിട്ടപ്പെടുത്തുന്നതിനും മററു വേണ്ട രക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും മററു വേണ്ട വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

ഇന്നു ഈ സഭയുടെ ശ്രദ്ധക്കു വിഷയീഭവിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിലെ പ്രധാനപ്പെട്ട തത്വങ്ങൾ ഇവയാകുന്നു. ബില്ലിലെ ഈ തത്വങ്ങളെ അംഗീകരിക്കുന്നു എന്നു വരികിൽ ഇതിനെ ഒരു സെലക്ട് കമ്മിററിക്കു അയക്കണമെന്നും ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി) : സർ; ബില്ലിന്റെ മൂലതത്വങ്ങളെ അനുകൂലിക്കുന്നതോടുകൂടി ഈ ബില്ലിനെ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശങ്ങളേയും ആവശ്യങ്ങളേയുംപററി പ്രതിപാദിച്ചിരിക്കുന്നകൂട്ടത്തിൽ പ്രസ്താവിച്ചിട്ടുള്ള പ്രമാണങ്ങളെ നടപ്പിൽ വരുത്തുന്നതിലേക്കായി നിശ്ചയിച്ചിട്ടുള്ള ചില വ്യവസ്ഥകളെ സംബന്ധിച്ചു രണ്ടു വാക്കുകൾ പറയണമെന്നു വിചാരിക്കുന്നു.

അനൗദ്യോഗസ്ഥഭൂരിപക്ഷം ഉള്ളതിനാൽ പൊതുജനങ്ങൾക്കു വിശ്വാസം ജനിക്കത്തക്കരീതിയിലാണു ബോർഡിനെ രൂപീകരിച്ചിട്ടുള്ളതു എന്നു പണ്ഡിതനായ ലാമെമ്പർ ഇവിടെ പറയുകയുണ്ടായല്ലോ. ബോർഡിന്റെ രൂപീകരണത്തെ സംബന്ധിച്ചുള്ള വ്യവസ്ഥയിൽ അതിലെ അംഗങ്ങളിൽ അഞ്ചിലൊന്നു ഭാഗത്തിൽ കുറയാതെയുള്ള ആളുകളെ ഗവൺമെന്റിൽനിന്നും നാമകരണം ചെയ്യുന്നതാണെന്നു പ്രസ്താവിച്ചുകാണുന്നു. തെരഞ്ഞെടുപ്പിന്റെ ഫലമായി ഏതെങ്കിലും മെംബറന്മാരെ നിയമിക്കുവാനാണെങ്കിൽ അതിനെ സംബന്ധിച്ച ഗവൺമെന്റിൽ നിന്നും നിയമങ്ങൾ അപ്പഴപ്പോൾ നടപ്പിലാക്കുന്നതാണെന്നും കൂടി കൂട്ടത്തിലായി ഒരു വ്യവസ്ഥ ചെയ്തുകാണുന്നു. 1950-ൽ നടപ്പിലാക്കപ്പെട്ട വില്ലേജ് പഞ്ചായത്തു കോടതി റെഗുലേഷനിൽ നിന്നും ഇതുപോലെയുള്ള ഒരു വ്യവസ്ഥ ഇന്നു രാവിലെ ഇവിടെ വായിച്ചു കേൾപ്പിക്കയുണ്ടായി. ആ വ്യവസ്ഥ അനുസരിച്ചു തെരഞ്ഞെടുപ്പു മൂലം ആളുകളെ നിയമിക്കുന്നതിനുള്ള അധികാരവും കൂടി ഗവൺമെന്റിനുണ്ടായിരുന്നു. എന്നാൽ ഈ റെഗുലേഷൻ നടപ്പാക്കിയിട്ട് ഇപ്പോൾ 6 വർഷക്കാലം ആയെങ്കിലും ഇതുവരെ തെരഞ്ഞെടുപ്പു വഴിക്കു ഒരു ആളെപ്പോലും നിയമിച്ചു കണ്ടിട്ടില്ല. അതെ സംബന്ധിച്ചു യാതൊന്നും തന്നെ ഗവൺമെന്റിൽ നിന്നും ചെയ്തിട്ടുമില്ല. അതിനാൽ തെരഞ്ഞെടുപ്പു വഴി അംഗങ്ങളെ നിയമിക്കുന്നതിനു ഗവൺമെന്റിനു നൽകുന്ന അധികാരത്തെ അല്ലെങ്കിൽ സ്വാതന്ത്ര്യത്തെ അവർ പ്രയോഗത്തിൽ കൊണ്ടുവരിക എന്നുള്ളതു അടുത്തകാലത്തു നടപ്പിൽ വരികയില്ല എന്നാണു ഞാൻ ഇവിടെ താഴ്മയായി അഭിപ്രായപ്പെട്ടുകൊള്ളുന്നതു്. ഈ കമ്മിറ്റിയിൽ ഏതൊന്നും വിദഗ്ദ്ധന്മാർ ഉണ്ടായിരിക്കണമെന്നായി യാതൊരു വ്യവസ്ഥയിലും പ്രസ്താവിച്ചു കാണുന്നില്ല. അതിനാൽ ഗവൺമെന്റിൽ നിന്നും നാമകരണം ചെയ്യുന്ന ഏതൊന്നും വിദഗ്ദ്ധന്മാരും അനൗദ്യോഗസ്ഥന്മാരാൽ തെരഞ്ഞെടുക്കപ്പെടുന്ന മറ്റംഗങ്ങളും ചേർന്ന് മുമ്പിൽ പറഞ്ഞ കൂടുതൽ ഭൂരിഭാഗമായും കമ്മിറ്റി രൂപീകരണത്തെ നിർദ്ദേശിച്ചാൽ കൊള്ളാമെന്നാണു എന്റെ അഭിപ്രായം.

സിലക്ട് കമ്മിറ്റിയിൽ നിന്നും ശ്രദ്ധപതിപ്പിക്കേണ്ടതായ മറ്റൊരു സംഗതി ചില വകുപ്പുകൾ പ്രകാരം സിവിൽ കോടതികളുടെ അധികാരം തീരെ എടുത്തുകളയണമെന്നു ഈ ബിൽ ഉദ്ദേശിക്കുന്നു എന്നുള്ളതാകുന്നു. സിവിൽ ആയിട്ടുള്ള അവകാശങ്ങളെ സംബന്ധിച്ചു തീരുമാനിക്കുന്നതിനു സിവിൽ കോടതികൾക്കുള്ള അധികാരങ്ങളെ അപഹരിക്കുന്നതിനെ അവരെ അവഗണിക്കുന്നു. എന്നുള്ളതു ഈയിടെ നടപ്പിൽവരുത്തിയിട്ടുള്ള എല്ലാ നിയമങ്ങളിലും ഗവൺമെന്റ അംഗീകരിച്ചുവരുന്ന ഒരു നയമാകുന്നു. അതിനാൽ സിവിൽ കോടതിയിലെ നടപടികളിൽ നിന്നും ഒഴിയണമെന്നു ഗവൺമെന്റുദ്ദേശിക്കുന്നതു ശരിയല്ലെന്നും ആ സ്ഥിതിക്കു് ഈ റെഗുലേഷന്റെ പരിധിക്കുള്ളിൽ ഉൾപ്പെട്ടുവരുന്നതായ ചില അവകാശങ്ങളെ സംബന്ധിച്ചു തീർച്ചചെയ്യുന്നതിനു സിവിൽ കോടതികൾക്കുള്ള അധികാരത്തെ അവയിൽ നിന്നും എടുത്തുകളയേണ്ടതായ യാതൊരു ആവശ്യവും ഇല്ല എന്നാണു ഞാൻ ഇവിടെ താഴ്മയായി പ്രസ്താവിച്ചുകൊള്ളുന്നതു്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ബില്ലിന്റെ തത്വത്തെ അനുകൂലിക്കുന്നതോടുകൂടി എനിക്കു അതെ സംബന്ധിച്ചു രണ്ടുവാക്കുകൂടി പറയേണ്ടതായിരിക്കുന്നു. വ്യവസായങ്ങൾക്കു സഹായം അഭ്യർത്ഥിക്കുന്നതായ അപേക്ഷകളെപ്പറ്റി ചർച്ചചെയ്തു തീരുമാനിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ ഒരു ബോർഡ് രൂപീകരിക്കണമെന്നു ഈ ബില്ലിലെ വ്യവസ്ഥകൾ മൂലം നിർദ്ദേശിച്ചിട്ടുള്ളതു നല്ലതുതന്നെ. എന്നാൽ മിസ്റ്റർ ദാമോദരനാശാൻ ഇവിടെ സൂചിപ്പിച്ചതുപോലെ ബോർഡിൽ അംഗങ്ങളുടെ നിർണ്ണയം ചെയ്തിട്ടുള്ളതുവരെ തൃപ്തികരമായിരിക്കുന്നില്ല. ബോർഡിലെ നാലിൽ മൂന്നുഭാഗം അനൗദ്യോഗസ്ഥാംഗങ്ങളായിരിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ടെന്നുള്ളതു വാസ്തവം തന്നെ. ഇവരെ ഗവൺമെന്റിൽനിന്നും നാമകരണം ചെയ്യുമെന്നാണു പറഞ്ഞുകാണുന്നതു്. ഈയിടെയായി നാമകരണവിഷയത്തിൽ പൊതുജനങ്ങൾക്കു തീരെവിശ്വാസം കുറവായി തീർന്നിരിക്കുന്നതുകൊണ്ടും നാമകരണം എന്ന ഈ തത്വത്തെ അംഗീകരിക്കുന്നതുനിമിത്തം ഗവൺമെന്റിൽ നിന്നും ലാക്കാക്കിയിരിക്കുന്ന ഫലം സിദ്ധിക്കുകയില്ല എന്നുള്ളതുകൊണ്ടും ഈ വ്യവസ്ഥ ഒട്ടും തൃപ്തികരമായതല്ല. അതിനാൽ അനൗദ്യോഗസ്ഥ ഭൂരിപക്ഷം ഉണ്ടായിരിക്കണമെന്നു ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നസ്ഥിതിക്കു് അനൗദ്യോഗസ്ഥാംഗങ്ങളെ ഗവൺമെന്റിൽ നിന്നും നിയമിക്കയല്ല ജനങ്ങൾ തെരഞ്ഞെടുക്കുകയാണു വേണ്ടതു എന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. ഇതിനും പുറമെ 5-ാം വകുപ്പും 6-ാം വകുപ്പു 2-ാം ഉപവകുപ്പും തമ്മിൽ എന്തോ ഒരു വൈരുദ്ധ്യം ഉള്ളതുപോലെ കാണപ്പെടുന്നു. 5-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞു കാണുന്നു.

"നമ്മുടെ ഗവൺമെന്റ അപ്പോഴപ്പോൾ നടപ്പിൽ വരുത്താവുന്ന ചട്ടങ്ങളും വ്യവസ്ഥകളും അനുസരിച്ചു ഗവൺമെന്റിന്റെ കീഴിലുള്ള ഏതെങ്കിലും ഒരു സമിതിക്കു സ്റ്റേറ്റ് എയിഡ് നൽകുന്നതിനുള്ള അധികാരം വിട്ടുകൊടുക്കുന്നതിനു നമ്മുടെ ഗവൺമെന്റിനു അധികാരം ഉണ്ടായിരിക്കുന്നതാകുന്നു"

6-ാം വകുപ്പു 2-ാം ഉപവകുപ്പിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു.

"ബോർഡിന്റെ ഒരു യോഗത്തിൽവച്ചു് ഏതെങ്കിലും ഒരു അപേക്ഷയെ തള്ളിയതായി ഗണിക്കണമെന്നും അതിന്മേൽ മേൽനടപടികൾ യാതൊന്നും നടത്തിയിട്ട ആവശ്യമില്ല എന്നും തീരുമാനിക്കുന്നതായിരുന്നാൽ."

ഒരു അപേക്ഷയുടെ ഗുണദോഷങ്ങളെ സംബന്ധിച്ചു ബോർഡിൽ നിന്നും സൂക്ഷ്മമായി പര്യാലോചിച്ചു അതിനെ തള്ളിയതിനു ശേഷം ഈ ബോർഡിന്റെ അധികാരത്തിൽ കവിഞ്ഞു ബോർഡിൽ നിന്നും തള്ളിയ അപേക്ഷയെ പറ്റി അനുകൂലമായി തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനുണ്ടോ എന്നു എനിക്കു യാതൊരുപ്രകാരത്തിലും മനസ്സിലാകുന്നില്ല. എനിക്കു ഇതു വളരെ സംശയകാരണമായിരിക്കുന്നു. ഒരു പ്രത്യേക അപേക്ഷകനു് സഹായം നൽകുന്നതിനുള്ള അധികാരം ഗവൺമെന്റിൽ നിന്നും ബോർഡിനു പൂർണ്ണമായി വിട്ടുകൊടുത്തിരിക്കയും ഇപ്രകാരം സിദ്ധിച്ചിട്ടുള്ള അധികാരത്തെ ശരിയായ വിധം വിനിയോഗിച്ചു ബോർഡു ഒരു അപേക്ഷയെ തള്ളുകയും ചെയ്യുന്നു എങ്കിൽ ആ ബോർഡിൽ ഗവൺമെന്റ വക ഡിപ്പാർട്ടുമെന്റിലെ അധികാരസ്ഥന്മാരായ ഉദ്യോഗസ്ഥന്മാർ കൂടി അംഗങ്ങളായിരിക്കുന്ന നിലക്കു ആ അപേക്ഷയെപ്പറ്റി അപേക്ഷകനു അനുകൂലമായ ഒരു തീരുമാനം ഗവൺമെന്റിൽനിന്നും ഉണ്ടാക്കുവാൻ? ചെയ്യുവാൻ പാടുള്ളതല്ല.

പിന്നെയും വില്ലേജ പഞ്ചായത്തുകോടതി റെഗുലേഷൻ അവതരിപ്പിച്ച സന്ദർഭത്തിൽ അല്പം ഒന്നു നമ്മുടെ ശ്രദ്ധക്കു വിഷയീഭവിച്ചതു പോലെയുള്ള ഒരു വ്യവസ്ഥ ഇതിലും ഉണ്ട്. [illegible]-ാം വകുപ്പിൽ ഇപ്രകാരം പറഞ്ഞുകാണുന്നു.

"കാലാവധി കഴിഞ്ഞിരുന്നാലും പ്രസിഡന്റും അംഗങ്ങളും, നമ്മുടെ ഗവൺമെന്റിൽ നിന്നു മറ്റൊരു പ്രകാരത്തിൽ നിർദ്ദേശിക്കുന്നതൊഴികെ, ഇപ്രകാരം കാലാവധി തീരുന്നതാകുന്ന ഒഴിവിൽ മറ്റൊരാളെ നിയമിച്ചു കഴിയുന്നതുവരെ ആ നിലയിൽ തുടർന്നു കൊള്ളേണ്ടതാകുന്നു."

ഈ വ്യവസ്ഥ ആകപ്പാടെ ഒഴിച്ചുകളയേണ്ടതായ ഒരു വ്യവസ്ഥയാണെന്നാണ് എനിക്കു തോന്നുന്നതു്. ബോർഡിനെ രൂപീകരിച്ചിട്ടുള്ളതു അനൗദ്യോഗസ്ഥ ഉദ്യോഗസ്ഥന്മാരോടുകൂടിയാണെങ്കിലും ബോർഡിലെ അംഗങ്ങളുടെ കാലാവധി കഴിഞ്ഞാലും ഗവൺമെന്റു വിചാരിക്കുന്ന പക്ഷം പിന്നെയും തുടർന്നു കൊണ്ടുപോകണം എന്നുള്ള നിയമവിരുദ്ധമായിരുന്നാലും അങ്ങിനെ ചെയ്യാമെന്നു വന്നു ചേരുന്നു. ഇങ്ങനെ ഒരു വ്യവസ്ഥ, പ്രത്യേകിച്ചും ബില്ലിന്റെ പ്രയോക്താവു് ഈ ബോർഡിലെ ഭൂരിപക്ഷം അംഗങ്ങൾ അനൗദ്യോഗസ്ഥന്മാരായിരിക്കണമെന്നു നിർദ്ദേശിച്ചിരിക്കുന്ന സ്ഥിതിക്കു യുക്തമായിട്ടുള്ള ഒന്നല്ല എന്നു തന്നെ പറയേണ്ടിയിരിക്കുന്നു. അങ്ങനെയായാൽ ബോർഡിനു നിശ്ചയിച്ചിട്ടുള്ള കാലാവധി തീർന്നു പിന്നെയും അവരെ തുടർന്നു കൊണ്ടുപോകുന്നതിനു അനുവദിക്കുന്നതു എന്തിനാണെന്നു മനസ്സിലാകുന്നില്ല. ഈ വിധം ഒരു ഗവൺമെന്റുവക പണം ധാരാളം അപേക്ഷകന്മാർക്കു നൽകുക എന്ന പ്രധാനകൃത്യം നിർവഹിക്കുന്ന ഒരു ബോർഡാണല്ലോ ഇതു്. അതിനാൽ കാലാവധി കഴിഞ്ഞാൽ ഉടൻ തന്നെ ചട്ടപ്രകാരം കാലാവധി തീർന്നിട്ടുള്ള അംഗങ്ങളെ സംബന്ധിച്ചിടത്തോളം ബോർഡു [illegible] ചെയ്യേണ്ടതാകുന്നു. അല്ലാതെ കാലാവധി കഴിഞ്ഞതിനുശേഷവും ബോർഡു തുടർന്നു കൊണ്ടുപോകുവാൻ അനുവദിക്കയല്ല ചെയ്യേണ്ടതു്.

അടുത്തതായി പറവാനുള്ളതു ൧൦-ാം വകുപ്പിനെക്കുറിച്ചാകുന്നു. അതിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "നമ്മുടെ ഗവൺമെന്റിൽ നിന്നും നൽകിയിട്ടുള്ള ഏതെങ്കിലും ധനസഹായത്തിൻ പ്രകാരം പിരിഞ്ഞു കിട്ടേണ്ടതായ കടത്തിന്റെ അസൽ മുതലോ അതിന്മേൽ ഏതെങ്കിലും പലിശയോ ഈടാക്കുവാനുണ്ടായിരുന്നാൽ ആയതു മുഴുവൻ ചേർന്നു വരുന്ന തുക ൧൦-ാം വകുപ്പു ൧-ാം ഉപവകുപ്പു (എ) പിരിവിന്റെ ക്ലാസ്സു അനുസരിച്ചു നിശ്ചയിച്ചിട്ടുള്ള ശതമാനത്തിൽ കവിഞ്ഞുള്ള ഒരു തുകയാണെന്നു കാണുന്നതായിരുന്നാൽ ആപ്രകാരമുള്ള ശതമാനത്തിൽ നിന്നും കവിഞ്ഞതായി കാണുന്ന തുകയെ നമ്മുടെ ഗവൺമെന്റിൽ നിന്നും ഈടാക്കുകയോ അല്ലെങ്കിൽ ഗവൺമെന്റിനു മതിയാകുന്നതാണെന്നു തോന്നുന്ന കൂടുതൽ ജാമ്യം വാങ്ങുകയോ ചെയ്യാമെന്നുള്ളതാകുന്നു." ഇവിടെയും കൂടുതൽ ജാമ്യം ആവശ്യപ്പെടുന്നതിനോ കൂടുതൽ ജാമ്യം ഈടാക്കുന്നതിനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഗവൺമെന്റിനാണു നൽകിയിരിക്കുന്നതു്. ഇവിടെയും ഇതിനെ നിർബന്ധിതമാക്കുകയാണു വേണ്ടതു്. അല്ലാതെ കേവലം ഗവൺമെന്റിന്റെ യുക്തം പോലെ പ്രവർത്തിക്കുന്നതിനു് അനുവദിക്കയല്ല വേണ്ടതു. ഇപ്പോൾ നടപ്പിലിരിക്കുന്ന ചട്ടങ്ങൾ അനുസരിച്ചു തന്നെ വ്യവസായ ഡിപ്പാർട്ടുമെന്റിൽ നിന്നും നൽകിവരുന്നതായ കടങ്ങൾ [illegible] അപ്രകാരം നൽകിയിട്ടുള്ള കടങ്ങൾ പിരിയെയും ഗവൺമെന്റിനു നഷ്ടപ്പെട്ടു പോകുന്നതിനിടയുള്ള [illegible] ഈ സംഗതി എല്ലാ അംഗങ്ങളുടെയും ഗൗരവമായ ശ്രദ്ധ ഈ സംഗതികളിൽ പതിയേണ്ടതാകുന്നു. അതിനാൽ കൂടുതൽ ജാമ്യം ആവശ്യപ്പെടുന്ന വിഷയത്തിൽ യുക്തം പോലെ പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഗവൺമെന്റിനു നൽകാൻ പാടുള്ളതല്ല. യഥാർത്ഥം നോക്കുന്നപക്ഷം ൧൦-ാം വകുപ്പിലെ വ്യവസ്ഥകൾ അനുസരിച്ചു അപ്രകാരം ചെയ്യുവാൻ പാടുള്ളതല്ല. ഗവൺമെന്റിൽ നിന്നും കൂടുതൽ ജാമ്യം ആവശ്യപ്പെടേണ്ടതു നിർബന്ധിതമാക്കണം. അല്ലാതെ ഗവൺമെന്റിനു ബോധിച്ചതുപോലെ പ്രത്യേക ആളുകളിൽനിന്നും ആവശ്യപ്പെടുന്നതിനും മറ്റുള്ളവരിൽനിന്നും ആവശ്യപ്പെടാതിരിക്കാനും ഉള്ള സ്വാതന്ത്ര്യം ഗവൺമെന്റിനുണ്ടായിരിക്കാൻ പാടില്ല. ഇത്രയും പറഞ്ഞുകൊണ്ടു ഞാനും ഈ ബില്ലിലെ തത്വത്തെ അനുകൂലിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഈ ബില്ലിൽ ഖണ്ഡം ൧൫-ൽ ഒരു ക്ലിഷ്ടം കാണുന്നുണ്ട്. സർക്കാർ സഹായധനം തിരുവിതാംകൂർകാർക്ക് പ്രത്യേകം ഉപയോഗമായിരിക്കണമെന്ന ഉദ്ദേശത്തിന്മേൽ ഈ ഖണ്ഡം ചേർത്തതായിരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങിനെയാണെങ്കിൽ അതിനു മതിയായ അർത്ഥപുഷ്ടിയും ഉണ്ടോ എന്നു സംശയമാണ്. ഈ തത്വം അംഗീകരിച്ചിട്ടുണ്ടോ എന്നു എനിക്കു അറിയണം. അല്ലെങ്കിൽ അതിനെ അംഗീകരിക്കണമെന്നു എനിക്കു ആഗ്രഹമുണ്ട്. ഒരു വിദേശകമ്പനി ഇവിടെ സ്ഥാപിച്ചാൽ ഈ ഖണ്ഡമനുസരിച്ച് അവർക്കു അവകാശം കിട്ടുമോ എന്നു സംശയമാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വിദേശകമ്പനി ഇവിടെ സ്ഥാപിച്ച് അതിൽ നാട്ടുകാരായ ഡയറക്ടർമാരുടെ എണ്ണം കൂട്ടിവച്ചാൽ ആ കമ്പനിക്കു ഈ അവകാശം ലഭിക്കുന്നതിനു വിരോധമുണ്ടോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേട്): ഉണ്ട്. ആ തരം ഖണ്ഡം രചിച്ചതു ശരിയായിരിക്കുന്നില്ലെന്നാണു എനിക്കു പറയാനുള്ളതു്. ഈ സിലക്ട്കമ്മിറ്റിയിൽ വരുമ്പോൾ അന്നു് പ്രിൻസിപ്പിൾ തടസ്സം പറവാൻ പാടില്ലല്ലോ എന്നു ചൂണ്ടിക്കാണിക്കാൻ മാത്രമേ ഞാൻ ഇപ്പോൾ ചെയ്യുന്നുള്ളു. ഇതു സിലക്ട് കമ്മിറ്റിയിൽ ശരിയാക്കി മാറ്റാവുന്നതാണ്. ഇതു ഒരു പ്രധാന തത്വമായി അംഗീകരിച്ചിട്ടില്ല എന്നു പറയുന്നതിനു ഇടവരാതിരിക്കുന്നതിനുവേണ്ടി ഞാൻ ഈ [illegible] ഇവിടെ പുറപ്പെടുവിച്ചിരിക്കുന്നതു്.

മി: കുഞ്ഞിരാമം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ ബില്ലിന്റെ തത്വത്തെ ഈ സഭയിലെ അനൗദ്യോഗസ്ഥാംഗങ്ങൾ ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു എന്നുതന്നെ പറയാമെന്നുള്ള സ്ഥിതിക്കു് ഇനി ഞാൻ ഇതിനെപ്പറ്റി വളരെ ദീർഘമായ ഒരു മറുപടി പ്രസംഗം ചെയ്യണമെന്നു ഉദ്ദേശിക്കുന്നില്ല.

ചില ഭാഗങ്ങളെ സംബന്ധിച്ചു ചില വിമർശനങ്ങൾ ഇവിടെ പുറപ്പെടുവിക്കയുണ്ടായി. അവയെ സംബന്ധിച്ചു സിലക്ട് കമ്മിററിയിൽവച്ചു പര്യാലോചിക്കുന്നതു കൂടുതൽ നന്നായിരിക്കുമെന്നാണ എനിക്കു തോന്നുന്നതു്.

പ്രസിഡന്റ: ഇപ്പോൾ ഈ സഭമുമ്പാകെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള ബില്ലിന്റെ തത്വത്തെ സഭ അംഗീകരിക്കുന്നോ?

ബില്ലിന്റെ തത്വത്തെ അംഗീകരിക്കേണ്ടതാണെന്നുള്ള ഉപക്ഷേപം പാസ്സാക്കപ്പെട്ടു.

അതിനുശേഷം നിയമനിർമ്മാണസഭാ സെക്രട്ടറി ബില്ലിന്റെ തലക്കെട്ടു വായിച്ചു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): സർ! നാലുമാസത്തിനകം റിപ്പോർട്ടു സമർപ്പിക്കത്തക്കവണ്ണം വ്യവസ്ഥചെയ്തു താഴെ പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു സിലക്ട്കമ്മിററിയിലേക്കു ഈ ബില്ലിനെ ആലോചനക്കായി അയക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

൧. റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ
൨. മി: കെ. മാധവൻപിള്ള
൩. ,, ഏ. എസ്. ദാമോദരൻ ആശാൻ
൪. ,, കെ. സി. കരുണാകരൻ
൫. ,, കെ. പി. നീലകണ്ഠപ്പിള്ള
൬. ,, എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ
൭. മി: മാത്തുമുരിക്കൻ
൮. റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള
൯. മി. ഐ. സി. ചാക്കോ
൧൦. ,, സി. എസ്. കൃഷ്ണസ്വാമിഅയ്യർ
൧൧. ,, ആർ. വൈദ്യലിംഗംപിള്ള
൧൨. ,, കല്ലാലം പരമേശ്വരൻപിള്ള

മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

പ്രസിഡന്റ്: ഉപക്ഷേപം അംഗീകരിക്കപ്പെട്ടതായി വിചാരിക്കട്ടെയോ?

ഉപക്ഷേപം അംഗീകരിക്കപ്പെട്ടു.

പ്രസിഡന്റ്: ഈ കമ്മിററിയിലെ പ്രസിഡന്റ് മി: കൃഷ്ണയ്യങ്കാർ ആയിരിക്കുന്നതാകുന്നു.

തിരുവിതാംകൂർ ഭക്ഷ്യപദാർത്ഥ മായംചേർപ്പു ബിൽ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ആഹാരസാധനങ്ങളിൽ കലർപ്പു ചേർക്കുന്നതിനെ തടയുന്നതിനായി വേണ്ട വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിലേക്കു ഒരു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം ചോദിക്കുന്നതിനായിട്ടാണ ഞാൻ ഇപ്പോൾ എഴുന്നേറ്റു നില്ക്കുന്നതു്. ബില്ലും അതു അവതരിപ്പിക്കുന്നതിനുള്ള കാരണങ്ങളും ഉദ്ദേശങ്ങളുംകൂടി ഗസററിൽ പ്രസിദ്ധംചെയ്തിട്ടുണ്ടായിരുന്നു. ഈ ബില്ലിനെ ഈ സഭയിൽ വായിക്കണമെന്നായി ഞാൻ ആവശ്യപ്പെടുന്നു.

മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് ഗവണ്മെന്റ ഫിനാൻഷ്യൽ സെക്രട്ടറി): ഈ ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഞാൻ ഇപ്പോൾ ബില്ലിന്റെ തത്വങ്ങളെ സംബന്ധിച്ചു ചുരുക്കമായി പ്രതിപാദിക്കാം. വില്പനക്കു വച്ചിരിക്കുന്ന ആഹാരസാധനങ്ങൾ മററു സാധനങ്ങൾ കൂടി കലർത്തുക എന്നുള്ളതു ഇപ്പോൾ ഈ നാട്ടിലുള്ള ഒരു പടർന്നുവരികയാണു. അതു ദിനംപ്രതി വർദ്ധിച്ചുതന്നെവരുന്നു. പൊതുജനങ്ങളുടെ ആരോഗ്യത്തെ ലാക്കാക്കി നോക്കുന്നതായിരുന്നാൽ ഈ ദോഷത്തെ തടയുന്നതിനു ഏതെങ്കിലും നിയമം ഉണ്ടായിരിക്കേണ്ടതു അത്യാവശ്യം ആണെന്നു എല്ലാപേരും സമ്മതിക്കുമെന്നുള്ളതാണല്ലോ. പല സ്ഥലങ്ങളിൽ നിന്നും ഇതിനെ സംബന്ധിച്ചു ഗവണ്മെണ്ടിലേക്കു സമർപ്പിക്കപ്പെട്ടിട്ടുണ്ടു. മദ്രാസിലെ ആക്ട് അനുസരിച്ചു ഒരു നിയമം ഇവിടെയും നടപ്പാക്കേണമെന്നു തിരുവനന്തപുരം മുനിസിപ്പൽ കൌൺസലിൽ ഗവണ്മെണ്ടിനോടു അപേക്ഷിച്ചിട്ടുണ്ടു. രാജ്യത്തിന്റെ മററൊരു അറ്റത്തിൽ നിന്നും തേയില പ്ലാന്ററന്മാർ തേയിലയിൽ കൂട്ടുചേർക്കുന്നതുനിമിത്തം തന്മൂലം തേയിലക്കച്ചവടത്തിനു ദോഷം ചെയ്യുന്നതായി തീരുന്നതിനും പുറമെ തിരുവിതാംകൂറിലെ തേയിലയെ സംബന്ധിച്ചു അന്യരാജ്യങ്ങളിൽ ദുഷ്കീർത്തിക്കുംകൂടി ഇടയാകുന്നു എന്നു ഗവണ്മെണ്ടിനോട് വലിയ പരാതി പറയുന്നു. ഇങ്ങിനെ ആഹാരസാധനങ്ങളിൽ കൂട്ടുകൾ കലർത്തുന്നതു് സർവസാധാരണമായ ഒരു ദൂഷ്യമായി തീർന്നിരിക്കുന്നതിനാൽ അതിനെ തടയുന്നതിന് ഒരു നിയമം നടപ്പിലാക്കേണ്ടതു ഏററവും അത്യാവശ്യമായിരിക്കുന്നു. ഉദ്ദേശങ്ങളെയും കാരണങ്ങളെയും പററി പ്രതിപാദിച്ചിട്ടുള്ളതിന്റെ കൂട്ടത്തിൽ ഞാൻ പറഞ്ഞതുപോലെ ഇപ്പോൾ നടപ്പിലിരിക്കുന്ന വ്യവസ്ഥകൾ ഇതിനു മതിയായവയായിരിക്കുന്നില്ല. പീനൽ കോർഡിലെയും മുനിസിപ്പൽ റെഗുലേഷനിലെയും വ്യവസ്ഥകൾ ഇതിലേക്കു മതിയാകാത്തവയാണെന്നു തെളിഞ്ഞിരിക്കുന്നു. അതിനാൽ ഈ ദൂഷ്യത്തെ പരിഹരിക്കുന്നതിനായി ഒരു പ്രത്യേകനിയമം നടപ്പിലാക്കണമെന്നുദ്ദേശിച്ചിരിക്കുന്നതാകുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻ മെമ്പർ): പാൽ എന്നുള്ളതിന്റെ വിവരണത്തിന്റെ പരിധിക്കുള്ളിൽ കോലാടിന്റെ പാലിനെക്കൂടി ഉൾപ്പെടുത്താത്തതു എന്തുകൊണ്ടെന്നു അറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): കോലാട്ടിന്റെ പാലിനെ സാധാരണയായി ഒരു പാനീയം എന്ന നിലയിൽ ഉപയോഗിച്ചു വരാറില്ല. ഞാൻ പറയുന്നതിൽ വല്ല തെററുമുണ്ടെങ്കിൽ തിരുത്തുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. ഒരു പക്ഷെ ഇതിനെ സംബന്ധിച്ചു മെമ്പറിനു തന്നെ എന്നെക്കാൾ കൂടുതലായ അറിവുണ്ടായിരിക്കാം. തിരുവിതാംകൂറിൽ കോലാടിന്റെ പാലിനെ സാധാരണയായി ഒരു പാനീയം എന്ന നിലയിൽ ഉപയോഗിച്ചുവരുന്നില്ല എന്നാണ എനിക്കു തോന്നുന്നതു്. അതെങ്ങിനെയായാലും ധാരാളമായി ഈ പാൽ വില്പനക്കു ഉപയോഗപ്പെടുത്തി വരുന്നില്ല എന്നുള്ളതു നിശ്ചയം തന്നെ.

മി: മാത്തുമുരിക്കൻ (വൈക്കം): ആരെങ്കിലും അതിനെ തിരുവിതാംകൂറിൽ കൊണ്ടു വരുന്നു എന്നു വിചാരിക്കുക. അതിനെ തടയേണ്ടതല്ലയോ?

മി: കല്ലാകം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): പാകിന്റെ വിവരണത്തിൽ കോലാദിന്റെ പാകിനെ കൂടി ഉൾപ്പെടുത്തണമെന്നാണ് അനേകം ഉദ്യോഗസ്ഥാംഗങ്ങളുടെ അഭിപ്രായം എന്നുവരികിൽ അതെപ്പററി സിലക്ട് കമ്മററിയിൽവച്ചു ആലോചിക്കാമെന്നുള്ളതാകുന്നു. എന്നാൽ മദ്രാസിലെ ആക്ററിൽ ഇതിനെ പാകിന്റെ വിവരണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കൂടി ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

മി: എസ്. പിറവിപെരുമാൾപിള്ള (വാണിജ്യവ്യവസായസംഘങ്ങൾവക തെക്കൻ മെംബർ): ഈ ബില്ലിനെ അവതരിപ്പിക്കുന്നതിനുമുമ്പായി തിരുവിതാംകൂറിലെ പരിതസ്ഥിതികളെ സംബന്ധിച്ചു പര്യാലോചിക്കയുണ്ടായില്ല എന്നാണെന്നു ഞാൻ മനസ്സിലാക്കുന്നത്.

മി: കല്ലാകംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): തിരുവിതാംകൂറിലെ പരിതസ്ഥിതികളെ പററി പര്യാലോചിക്കയുണ്ടായി. ഈ വിവരം ഞാൻ വൃദ്ധസഭയുടെ അറിവിലേക്കു വേണ്ടി മാത്രം പ്രസ്താവിച്ചു എന്നേ ഉള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സോഡയിൽ കലർപ്പു ചേർക്കാൻ സാധിക്കയില്ല എന്നാണോ മെമ്പറിന്റെ അഭിപ്രായം.

മി: കല്ലാകം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ചേർക്കാൻ സാധിക്കുമായിരിക്കാം. ഒരു പക്ഷേ കലർപ്പുകൾ ചേർത്തുവരുന്നുമുണ്ടായിരിക്കാം. സർ, ഈ ബില്ല് കൊണ്ടുസാധിക്കണമെന്നുദ്ദേശിച്ചിട്ടുള്ള മൂന്നു പ്രധാനകാര്യങ്ങൾ ഇവയാകുന്നു. വിൽക്കുന്നതിനായി വച്ചിട്ടുള്ള ആഹാരസാധനങ്ങൾ ഇന്നിന്ന സാധനങ്ങളാണെന്നു പറയപ്പെടുകയോ ധരിപ്പിക്കപ്പെടുകയോ ചെയ്യുന്നുവോ അത്തരത്തിലുള്ളവ തന്നെ ആയിരിക്കണം എന്നുള്ളതിനെ നിർബന്ധിക്കുക എന്നുള്ളതാണു ഒന്നാമത്തെ ഉദ്ദേശം. വിൽക്കപ്പെടുന്ന ആഹാരസാധനങ്ങളിൽ കലർപ്പുകൾകലർത്തി അപായകരമാക്കിത്തീർക്കാതിരിക്കണമെന്നുള്ളതാകുന്നു രണ്ടാമത്തെ ഉദ്ദേശം. മൂന്നാമത്തേതു എന്തെങ്കിലും സാധനം ഇത്രത്തോളം ശുദ്ധമായിരിക്കണം എന്നു ഒരു തോതു നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ആ തോതിൽ നിന്നും ശുദ്ധതയ്ക്കു ഒരിക്കലും ഒട്ടും കുറവുവരരുതു എന്നുള്ളതാകുന്നു. ഒരു പ്രത്യേകതരത്തിൽപെട്ടതായിരുന്നാലും ശരി അല്ലെങ്കിലും ശരി നിശ്ചിതതോതിൽനിന്നും ശുദ്ധതയെ സംബന്ധിച്ചിടത്തോളം ഒട്ടും കുറവു വന്നുകൂടാത്തതാകുന്നു. ഈ നിയമത്താൽ ഈ കാര്യം കൂടി സാധിക്കണമെന്നുദ്ദേശിച്ചിട്ടുണ്ട്. ഈ മൂന്നു പ്രധാന സംഗതികളെ സംബന്ധിച്ചാണ് ഈ നിയമത്താൽ നിയന്ത്രണം ചെയ്യണമെന്നുദ്ദേശിക്കുന്നത്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആഹാരം എന്നുള്ളതിൽ കോലാടിൻപാല് സോഡാ മുതലായവ ഉൾപ്പെടുന്നില്ലയോ?

മി: കല്ലാകംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്. എനിക്കു അങ്ങിനെതന്നെയാണു തോന്നുന്നതു്. ഈ നിയമം പ്രയോഗത്തിൽ വരുത്തുന്നതിനുവേണ്ടി ആഹാരസാധന ഇൻസ്പെക്ടർമാരെ നിയമിക്കുന്നതായിരിക്കും. അവർക്കു ആഹാരസാധനങ്ങളെ പരിശോധിക്കുന്നതിനും ദൂഷിതപ്പെട്ടതെന്നു പ്പെട്ടവയെന്നു കാണുന്ന ആഹാരസാധനങ്ങളെ കണ്ടുകെട്ടുന്നതിനും ഒരു മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ചു അവയെ നശിപ്പിച്ചുകളയുന്നതിനും ഉള്ള അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു. ഒരു പ്രത്യേക ആഹാരസാധനം നല്ലതാണോ കലപ്പുചേർത്തതാണോ എന്നുള്ളതിനെ സംബന്ധിച്ചു ശരിയായും തീരുമാനമായുംഉള്ള അഭിപ്രായം അറിയുന്നതിലേക്കുവേണ്ടി ഒരു പബ്ലിക്ക് അനലിസ്റ്റിനെക്കൂടി നിയമിക്കണമെന്നുദ്ദേശിച്ചിട്ടുണ്ട്. ഈ ബില്ലിൽ അടങ്ങിയിട്ടുള്ള പ്രധാനപ്പെട്ട തത്വങ്ങൾ ഇവയെല്ലാമാണ്. അതേപ്പററി സൂക്ഷ്മമായി പ്രതിപാദിക്കണമെന്നോ ബില്ലിലെ ഓരോ വകുപ്പിനെയും സംബന്ധിച്ചു പ്രത്യേകം പ്രത്യേകം വാദമായി ചർച്ചചെയ്യുന്നോ ഞാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. യാതൊരു വിപരീതാഭിപ്രായവും ഉണ്ടാകാൻ ഇടയില്ലാത്ത ഒരു നിയമമാണു ഇതെന്നും ഇതു ഈ സഭയ്ക്കു സ്വീകാര്യമായിത്തന്നെ ഇരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഈ ബില്ലിനെസംബന്ധിച്ചും ഞാൻ സൂക്ഷ്മമായിപ്രതിപാദിക്കാത്തതു ഇതിന്റെ തത്വത്തെ സഭ അംഗീകരിക്കുന്നതായിരുന്നാൽബില്ലിനെ ഒരു സിലക്റ്റുകമ്മിററിയിൽ സമർപ്പിക്കണമെന്നുദ്ദേശിച്ചിട്ടുള്ളതുകൊണ്ടു മാത്രമാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ബില്ലിന്റെ തത്വത്തെ ഞാൻ അനുകൂലിക്കുന്നു. കുററക്കാരൻ എന്നുകാണുന്ന ആളിനു നല്കാവുന്നതായ ഒരുതരം സമാധാനത്തെ സംബന്ധിച്ചാണ് 8-ാംവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതു്. എന്നാൽ ഏതുതരത്തിലുള്ള സമാധാനം നല്കിയാലാണു കുററക്കാരനു കുററത്തിൽനിന്നും ഒഴിയുവാൻ സാധിക്കുന്നതു എന്നുള്ളതിനെ വിശദമാക്കിയിട്ടില്ല. എന്നാൽ മദ്രാസിലെ ഫുഡ് അഡൽട്ടറേഷൻ ആക്ററിലെ ഇതിനെതിരായ വകുപ്പു നോക്കുന്നതായിരുന്നാൽ ഒരു വില്പനക്കാരനു് താൻ ആഹാരസാധനം വിററസമയത്തു ആയതു വാങ്ങിയ ആൾ ആവശ്യപ്പെട്ടതരത്തിലുള്ളതായിരുന്നു എന്നു് ഒരു സമാധാനം കൊണ്ടുവരാവുന്നതാണെന്നു ആ നിയമത്തിൽ പ്രസ്താവിച്ചിട്ടുള്ളതായിക്കാണാം. ഇവിടെ ഇങ്ങിനെ ഒരു സമാധാനം കാണുന്നില്ല. അപ്പോൾ കുററക്കാരനു ഒരു മാർഗ്ഗം അടച്ചുകളഞ്ഞതായിട്ടാണു കാണുന്നതു്.

പ്രസിഡണ്ട്: അതു വിശദമായി പ്രസ്താവിച്ചിട്ടില്ലെങ്കിലും വ്യംഗ്യമായി അതുകൂടി അന്തർഭവിച്ചിട്ടുണ്ട്. വിററസമയത്തു ചീത്തയായിരുന്നതായി കാണുന്നു എങ്കിൽ മാത്രമേ ഒരുവന്റെമേൽ നടപടി നടത്തുവാൻ നിവൃത്തിയുള്ളുവല്ലോ. അപ്പോൾ ഈസംഗതി അതിൽ അന്തർഭവിച്ചിട്ടില്ലയോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): വിററസമയത്തു വാങ്ങിയ ആൾ ആവശ്യപ്പെട്ട തരത്തിലുള്ള സാധനമായിരുന്നു താൻ വിററതു എന്നു വില്ക്കുന്നവനു വിശ്വാസമുണ്ടായിരുന്നാൽ അയാളെ പ്രാസിക്യൂട്ടുചെയ്യാൻ പാടില്ലാത്തതാകുന്നു.

പിന്നെയും ആഹാരസാധനനിർമ്മാതാക്കൾക്കു പ്രത്യേകതരം ആഹാരസാധനങ്ങൾ ഉണ്ടാക്കുന്നതിൽ വല്ല തകരാറുകളും ചെയ്യയാമണെങ്കിൽ ആയതിനു അവർ ഒരുപ്രകാരത്തിലും ഉത്തരവാദികൾ അല്ലായിരുന്നു എന്നു തെളിയിക്കുന്നതിനുള്ള അധികാരം മദ്രാസിലെ ആക്ററിലെ ഒരു വ്യവസ്ഥയാൽ നല്കപ്പെട്ടിട്ടുണ്ട്. ഈ ബില്ലിൽനിന്നും ആ ഒരു സമാധാനവും എടുത്തുകളഞ്ഞിരിക്കുന്നതായിട്ടാണു കാണുന്നതു്. അതിനാൽ മദ്രാസിലെ ആക്ററിലെ ഈ രണ്ടു വ്യവസ്ഥകൾകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നു ഞാൻ മെമ്പറിനോടു അപേക്ഷിച്ചുകൊള്ളുന്നു. 9-ാംവകുപ്പനുസരിച്ചു പ്രാസിക്യൂട്ടുചെയ്യുന്നതിനുള്ള അനുവാദം നല്കുന്നതിനു

ള്ള അധികാരം നമ്മുടെ ഗവണ്മെന്റിനും ഇവിടത്തെ മുൻസിപ്പൽ കൌൺസിലിനും ഒന്നു നൽകിയിട്ടുള്ളതായികാണുന്നു. ഈ ബിൽ അനുസരിച്ചു ഒരു ഫുഡ് ഇൻസ്പെക്ടറെ നിയമിക്കുന്നതായിരിക്കും. അയാൾ ഒരു വിദഗ്ദ്ധൻ ആയിരിക്കുമല്ലോ.

മി: പി. എസ്. മഹമ്മദ് (നിയമിതമെമ്പർ): ആഹാരസാധനങ്ങൾ ചീത്തയാക്കാതെ അവയെ സൂക്ഷിക്കുന്നതിനും കൂട്ടിച്ചേർക്കാതെ വില്പനനടത്തുന്നതിനും വേണ്ടി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ ഏറ്റവും പിൻതാങ്ങുന്നു. എന്നാൽ ഇതിൽ ചില ഉദ്യോഗസ്ഥന്മാർക്ക് കൊടുത്തിട്ടുള്ള അധികാരങ്ങൾ നിമിത്തം കച്ചവടക്കാരെ അവർ കൂടുതൽ ഉപദ്രവിക്കാൻ ഇടയുണ്ട്. ഈ അധികാരത്തെ സംബന്ധിച്ച ചില വ്യവസ്ഥകൾ കൂടി ഇതിൽതന്നെ ചേർക്കേണ്ടതാണ്. [illegible] ഉദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുത്താൽ കച്ചവടക്കാർക്ക് [illegible]. അതിനാൽ അധികാരത്തിൽ സിലക്റ്റ് കമ്മിറ്റി [illegible] ആവശ്യപ്പെടുന്നു.

മി: ടി. സി. കേശവപിള്ള (കുളത്തൂർ-വിളവങ്കോട്): ഈ ബില്ലിന്റെ [illegible]. ഈ ബില്ലിന്റെ അത്യാവശ്യത്തെപ്പറ്റി കഴിഞ്ഞ കാലങ്ങളിൽ ഇൻസ്പെക്ടർമാർ [illegible] പല ആളുകളും പറഞ്ഞിട്ടുള്ളതിനെ [illegible]. [illegible] ആഹാരസാധനങ്ങൾ [illegible] കരായി വില്പനചെയ്യുന്നതിനു [illegible] ചിലസന്ദർഭങ്ങളിൽ മാത്രമേ കാണാറുള്ളു. സാംക്രമികരോഗങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ [illegible] വില്ക്കുന്ന ആഹാരസാധനങ്ങളും പലഹാരങ്ങളും [illegible] ചെയ്യുന്നതിനെ തടസ്സംചെയ്യുന്നതിനു യഥാർത്ഥമായ ഒരു നിയമപ്രകാരം അധികാരമില്ലാത്തതുകൊണ്ട് [illegible] ങ്ങൾ ഉണ്ടാകുന്നുണ്ട്. [illegible] ണ് നിയമം ഉണ്ടാക്കിയതെന്നാണ്. എന്നാൽ [illegible] ള്ള പ്രത്യേകത ഇതിനുണ്ടെന്ന് തോന്നുന്നില്ല. [illegible] അവരുടെ [illegible]. എന്നാൽ [illegible] ന്റെ പരമാർത്ഥമായിട്ടുള്ള [illegible] ള്ളത്. എന്നാൽ ഫുഡ് ഇൻസ്പെക്ടർ [illegible] ആവശ്യമാണ്. നിവൃത്തിയുണ്ടെന്ന് തോന്നുന്നില്ല. [illegible] അവസരത്തിൽ—[illegible]—[illegible] ക്കോ സാനിട്ടറി ഇൻസ്പെക്ടറന്മാർക്കോ ഈ അധികാരം കൊടുക്കാവുന്നതാണ്. ആപ്രകാരം ഉള്ള ഉദ്യോഗസ്ഥന്മാരെ നിയന്ത്രിക്കുന്നതിനുള്ള ചട്ടങ്ങൾ [illegible] നിയമത്തിലും ഉൾപ്പെടുത്തിയിരിക്കണമെന്ന ഞാൻ [illegible] അഭിപ്രായപ്പെടുന്നു. അല്ലാതെ [illegible] ശമ്പളം [illegible] ഒരു ഫുഡ് ഇൻസ്പെക്ടറെ [illegible] സാധുക്കളായ കച്ചവടക്കാർക്ക് [illegible] ശമ്പളം [illegible] ഉദ്ദേശമാണെങ്കിലും [illegible] ഗവണ്മെന്റിനു [illegible] യില്ല. അതുകൊണ്ട് [illegible] നിയന്ത്രണത്തെക്കുറിച്ചു [illegible] ഉണ്ടായിരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി വിരമിച്ചുകൊള്ളുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഗവണ്മെന്റിനും മുനിസിപ്പൽ കൌൺസിലിനും ഇത്രയും കൂടുതൽ അധികാരം നൽകുവാൻ പോകുകയാണെങ്കിൽ [illegible] അത്യാവശ്യമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നത്. വിദഗ്ദ്ധനായ ഒരു ഉദ്യോഗസ്ഥൻ ഉദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥനെ പ്രാസിക്യൂട്ടു ചെയ്യുന്നതിനുള്ള അനുവാദം ഈ ഉദ്യോഗസ്ഥൻ മുഖാന്തിരം ആയിരിക്കേണ്ടതാണ്. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ ഈ ബില്ലിനെ അനുകൂലിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപ്പിള്ള (വാണിജ്യവ്യവസായസംഘങ്ങൾ വക തെക്കൻമെമ്പർ): ഫുഡ് ഇൻസ്പെക്ടറന്മാർ ശമ്പളംകൂടാതെ വേലചെയ്യണമെന്നാണോ മെമ്പർ ഉദ്ദേശിക്കുന്നത്.

ടി. സി. കേശവപിള്ള (കുളത്തൂർ-വിളവങ്കോട്): മി: പിറവിപെരുമാൾപിള്ളയെപ്പോലെയുള്ള ആളുകൾ സ്വയമേവ മുമ്പോട്ടുവരുന്നതായിരുന്നാൽ അങ്ങിനെ ആകാം. തടസ്സംകൂടാതെ വരുന്ന പക്ഷം അതിനും വിരോധമില്ല.

പ്രസിഡന്റ്: മി: കേശവപിള്ള, നിങ്ങൾ ഇംഗ്ലീഷിലൊ മലയാളത്തിലൊ ഏതെങ്കിലും ഒരു ഭാഷയിൽ സംസാരിക്കുന്നതിൽ വിരോധമില്ല. എന്നാൽ ഒരു വാചകത്തിന്റെ പകുതിഇംഗ്ലീഷും പകുതിമലയാളവും പറയാതിരുന്നാൽകൊള്ളാം.

മി: ടി. സി. കേശവപിള്ള (കുളത്തൂർ-വിളവങ്കോട്): തിരഞ്ഞെടുത്തിട്ടുള്ള ആളുകൾ ഈ മാതിരി ഉപദ്രവമായിട്ടുള്ള പ്രവൃത്തികൾ തടയുന്നതിനു മുന്നിട്ടുനിന്നുപ്രവർത്തിക്കുന്നവരാകില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): മുനിസിപ്പാലിറ്റികൾ ഉള്ള സ്ഥലങ്ങളിൽ ഈ ഫുഡ് ഇൻസ്പെക്ടറന്മാരെ മുനിസിപ്പൽപ്രസിഡണ്ടിന്റെമേൽ നോട്ടത്തിൻകീഴിൽ നിയമിക്കുന്നതു ആശാസ്യമായിരിക്കുമോ എന്നുഞാൻ ചോദിച്ചുകൊള്ളുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): പണ്ഡിതനായ ലാമെമ്പർകൊണ്ടുവന്നിട്ടുള്ളതു ഏറ്റവും പ്രധാനമായിട്ടുള്ളതാണ്. മനുഷ്യർക്കു ആഹാരസാധനം വളരെ അത്യാവശ്യമാണ്. മുൻകാലങ്ങളിൽ പട്ടണങ്ങളിൽമാത്രമേ ആഹാരസാധനങ്ങൾ വിതരണംചെയ്യുന്നതിൽ മായിന്യങ്ങൾ ഉണ്ടായിരുന്നുള്ളു. നാട്ടിൻപുറങ്ങളിൽ ആഹാരസാധനങ്ങൾ വിതരണംചെയ്യുന്നതിൽ യാതൊരുമാലിന്യവും ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ നാട്ടിൻപുറങ്ങളിൽ ചായക്കടകളുംമറ്റും വർദ്ധിച്ചുവരുന്നതുകൊണ്ട്, മനുഷ്യരുടെ ആരോഗ്യത്തെസൂക്ഷിക്കത്തക്കവിധത്തിലുള്ള ഏർപ്പാടുചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് ഈ ബിൽ അത്യാവശ്യമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതുകൊണ്ട് ഇതിന്റെതത്വത്തോടും ഉള്ളടക്കത്തോടും ഞാൻ പൂർണ്ണമായിയോജിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): തിരുവിതാംകൂർ ഭക്ഷണപദാർത്ഥം കൂട്ടികലർപ്പു ബിൽ എന്നാണ് ഇതിനു മലയാളം എഴുതിക്കാണുന്നതു. ഇതിന്റെ തത്വം വളരെ നല്ലതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ ഇതിനു കൊടുത്തിരിക്കുന്ന അധികാരം പല തരത്തിലും കച്ചവടക്കാർക്കു ഉപദ്രവം ഉണ്ടാകുന്നതാണ്. ഒരു സാധനം നല്ലതാണോ ചീത്തയാണോ എന്നു പറയാൻ എളുപ്പത്തിൽ സാധിക്കുന്നതല്ല. ഉദാഹരണമായി ഏത്തൻവാഴക്കുല പഴുത്താൽ പല പ്രകാരത്തിലുള്ള വർണ്ണവ്യത്യാസങ്ങളുണ്ട്. അതിൽ നല്ലതു ഏതാണെന്നു ഫുഡ് ഇൻസ്പെക്ടറർക്കു പറയുന്നതിനു സാധിക്കുകയില്ല. ഇതു പോലെ തന്നെയാണ് മത്സ്യവ്യാപാരത്തിലും ഉണ്ടാകുന്നതു. ഇതിൽ നല്ലതും ചീത്തയും തിരിച്ചറിയുന്നതിനു ഫുഡ് ഇൻസ്പെക്ടറർക്കോ മററുള്ളവർക്കോ സാധിക്കുന്നതല്ല. അതുകൊണ്ടു ഒരു ബിൽ സൃഷ്ടിക്കയാണെങ്കിൽ അതു പൊതുജനങ്ങൾക്കു ഉപകാരപ്രദമായിരിക്കണം. അല്ലെങ്കിൽ ജനങ്ങൾക്കു വളരെ സങ്കടകരമായിരിക്കുന്നതാണ്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതിൽ കൂടുതലായി എനിക്കു ഇപ്പോൾ അധികമൊന്നും പറവാനില്ല. ഈ ബില്ലിന്റെ സാധാരണ തത്വത്തെ ഈ സഭ ഐകകണ്ഠ്യേന അംഗീകരിച്ചതായി കാണുന്നതിൽ എനിക്കു അതിയായ സന്തോഷമുണ്ട്. ഈ ബില്ലിനെ പററി ഒരു സിലക്ററ് കമ്മിററി കുറേക്കൂടി സൂക്ഷ്മമായി ആലോചിക്കുന്നതായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

പ്രസിഡണ്ടു: ഈ സഭ ഈ ബില്ലിന്റെ തത്വത്തെ അംഗീകരിക്കുന്നുവോ?

ബില്ലിന്റെ തത്വം അംഗീകരിക്കപ്പെട്ടു.

നിയമസഭാ സെക്രട്ടറി അതിനുശേഷം ബില്ലിന്റെ തലക്കെട്ടു വായിച്ചു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): നാലുമാസത്തിനകം റിപ്പോർട്ടു സമർപ്പിച്ചു കൊള്ളേണ്ടതാണെന്നുള്ള നിർദ്ദേശത്തോടുകൂടി ഈ ബില്ലിനെ താഴെ പറയുന്ന മെമ്പറന്മാരടങ്ങിയ ഒരു സിലക്ററു കമ്മിററിയിലേക്കു സമർപ്പിക്കേണ്ടതാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

൧. മി: കെ. മാധവൻപിള്ള　　൬. മി: ഡി. ഫ്രാൻസസ്
൨. ,, ആർ. കേശവപിള്ള　　൭. ,, എ. ജി. മേനോൻ
൩. ,, എൽ. എ. ലാംപാർഡ്　　൮. ,, എസ്. പിറവിപ്പെരുമാൾപിള്ള
൪. ,, രേവതിനാൾ രാമവർമ്മരാജാ　　൯. ഡാക്ടർ രാമൻതമ്പിയും, ഞാനും.
൫. ,, പി. എസ്. മഹമ്മദ്

പ്രസിഡണ്ടു: മിസ്റ്റർ കെ. മാധവൻപിള്ള ഈ കമ്മിററിയുടെ അഗ്രാസനാധിപതിയായിരിക്കും.

കരം പിരിവു റെഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): തിരുവിതാംകൂറിലെ കരംപിരിവു റെഗുലേഷനെ ഭേദഗതി ചെയ്യുന്നതിലേക്കായി ഒരു ബിൽ അവതരിപ്പിക്കുന്നതിനാണ് ഞാൻ ഇപ്പോൾ എഴുന്നേററു നില്ക്കുന്നതു. ബില്ലിനെ ഉദ്ദേശങ്ങളുടെയും കാരണങ്ങളുടെയും പ്രസ്താവനയോടുകൂടി ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലിനെ ഈ സഭ മുമ്പാകെ വായിക്കണമെന്നു ഞാൻ ഇപ്പോൾ ആവശ്യപ്പെടുന്നു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): റാവുബഹദൂർ കൃഷ്ണയ്യങ്കാർ ഇന്നു രാവിലെ പറഞ്ഞിട്ടുള്ള സംഗതികൾ ഇതിനെയും ബന്ധിക്കുമെന്നുള്ളതാകുന്നു. അതിനാൽ ഈ ബില്ലും മാററിവെയ്ക്കണമെന്നുള്ളതാകുന്നു. ഞങ്ങൾക്കു ഈ ഹാളിൽ വന്നതിനു ശേഷമേ ഇതിന്റെ പ്രതികൾ കിട്ടിയുള്ളു.

പ്രസിഡന്റ: നിങ്ങൾ എന്താണ് ആവശ്യപ്പെടുന്നതു?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇതിനെ മാററിവെയ്ക്കണമെന്നു.

പ്രസിഡണ്ടു: (ഗവർമ്മെന്റിനോട് തിരിഞ്ഞു) നിങ്ങൾ എന്തു പറയുന്നു. ബില്ലിന്റെ പ്രതികൾ ഇന്നു രാവിലെ മാത്രമേ കിട്ടിയുള്ളു എന്നു മിസ്റ്റർ ആശാൻ പറയുന്നുവല്ലോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ചട്ടങ്ങൾ അനുസരിച്ചു വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞിട്ടുണ്ടു. ബില്ലിനെ ഗസററിൽ പ്രസിദ്ധം ചെയ്തു കഴിഞ്ഞു. മെമ്പറന്മാർക്കു ബില്ലിന്റെ പ്രതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ സമയം കിട്ടണമെന്നു മിസ്റ്റർ ആശാൻ യഥാർത്ഥമായി ആവശ്യപ്പെടുന്നു എങ്കിൽ നാളെ രാവിലെ വരെ സമയം കൊടുക്കുന്നതിൽ എനിക്കു യാതൊരു വിരോധവും ഇല്ല, എന്നാൽ ഇതു വളരെ നിസ്സാരമായ ഒരു നിയമം ആണെന്നു ആദായനികുതി റെഗുലേഷൻ ഭേദഗതി ബില്ലിനോടു ഇതിനു യാതൊരു വിധമായ സാദൃശ്യവും ഇല്ലെന്നും ആണ് എനിക്കു തോന്നുന്നതു, ആദായനികുതി റെഗുലേഷൻ ഭേദഗതിബില്ലിൽ ചില കുഴപ്പങ്ങൾ എല്ലാം ഉള്ളതായി തോന്നിയേക്കാനിടയുള്ളതുകൊണ്ടു അതിനെ സംബന്ധിച്ചു പുറപ്പെടുവിച്ച തടസ്സം എനിക്കു മനസ്സിലാക്കുവാൻ കഴിയും, എന്നാൽ ഇതു കേവലം നിസ്സാരമായ ഒരു നിയമം ആകയാൽ കൊണ്ടു ഇതിന്റെ ജോലി തീർക്കാമെന്നാണ് എനിക്കു തോന്നുന്നതു, ഞാൻ ഈ ബില്ലിന്റെ പൊതു തത്വത്തെ സംബന്ധിച്ചു പ്രതിപാദിക്കാം, മിസ്റ്റർ ആശാനു യഥാർത്ഥത്തിൽ ബുദ്ധിമുട്ടുണ്ടെന്നു തോന്നുകയും സഭ അപ്രകാരം തന്നെ അഭിപ്രായപ്പെടുകയും ചെയ്യുന്നു എങ്കിൽ അതിനു വിപരീതമായി വല്ല പ്രകാരവും ഇതു നടത്തിവെയ്ക്കണം എന്നു എനിക്കു അഭിപ്രായമില്ല.

പ്രസിഡണ്ടു: സഭയുടെ പൊതുവായ അഭിപ്രായം എന്തെന്നറിഞ്ഞാൽകൊള്ളാം,

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ചില മെമ്പർമാർക്കു ബില്ലിന്റെ പ്രതികൾ ഇതേവരെ കിട്ടിയിട്ടില്ല.

പ്രസിഡണ്ടു: നിങ്ങൾക്കുള്ളതു ഇതേവരെ കിട്ടിയില്ലയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ രണ്ടുബില്ലിൻെറയും പ്രതികൾ കിട്ടാൻ ഇപ്പോഴതന്നെ എഴുതുകയായിരുന്നു.

പ്രസിഡണ്ട്: ഈ വിഷയവും നാളത്തേക്ക മാററിവച്ചിരിക്കുന്നു. ഇങ്ങനെ ഇന്നത്തെ ജോലി അവസാനിച്ചിരിക്കുന്നു. ഇപ്പോൾ ഈ സഭ പിരിഞ്ഞു, നാളെരാവിലെ ൮ ൧/൨ മണിക്ക വീണ്ടും കൂടുന്നതായിരിക്കും.

പകലെ ൩-൫൫-ന സഭ പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം ജെ.

ഭൂമിസംരക്ഷണ റഗുലേഷൻ ഭേദഗതിബിൽ

[നിയമസഭ പാസ്സാക്കിയത്]

൧൧൨൧-ലെ ൪-ാം നമ്പരായ ഭൂമിസംരക്ഷണ റഗുലേഷൻ ഭേദപ്പെടുത്താനുള്ള ഒരു ബില്ല്.

൧൧൨൧-ലെ ഭൂമിസംരക്ഷണറഗുലേഷൻ (൧൧൨൧-ലെ ൪-ാം നമ്പർ) താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും.

൧. (൧) ഈ റഗുലേഷൻ ൧൧ — -ലെ ഭൂമിസംരക്ഷണ (ഭേദഗതി) റഗുലേഷൻ എന്ന വിളിക്കപ്പെടാവുന്നതാണ്.

(൨) ഈ — ൧-ാം-നടപ്പിൽ വരുന്നതാകുന്നു.

൧൧൨൧-ലെ ഭൂമിസംരക്ഷണ റഗുലേഷനിൽ (൧൧൨൧-ലെ ൪-ാംനമ്പർ) ൧൪-ാമത്തെ വകുപ്പിനു പകരം താഴെ പറയുന്നതു ചേർക്കണം; അതായത്:—

൧൪-ാമത്തെ വകുപ്പിനു പകരം പുതിയ വകുപ്പു ചേർക്കുക.

അപ്പീലും പരിശോധനയും.

"൧൪. (൧) ഈ റഗുലേഷൻപ്രകാരം ഒരു ഡിവിഷൻപേഷ്കാർ ചെയ്തിട്ടുള്ള ഏതെങ്കിലും തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഭൂനികുതിയും ആദായനികുതിയും കമ്മിഷണരുടെ മുമ്പാകെ അപ്പീൽ ബോധിപ്പിക്കാവുന്നതാകുന്നു.

(൨) ൧൩-ാം വകുപ്പിൻപ്രകാരം അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻെറ തീരുമാനത്തിന്മേലൊ ഉത്തരവിന്മേലൊ ഉള്ള ഒരു അപ്പീൽ ഡിവിഷൻപേഷ്കാരുടെ മുമ്പാകെ ബോധിപ്പിക്കാവുന്നതാണെന്നു നമ്മുടെ ഗവണ്മെൻറുഗസററിൽ പരസ്യംചെയ്തു നമ്മുടെ ഗവണ്മെൻറിനു നിർദ്ദേശിക്കാവുന്നതാണു.

(൩) ഒരു അപ്പീലുത്തരവു ബാധിക്കുന്ന കക്ഷിയെ മുൻകൂട്ടി അറിയിക്കാതെ അപ്രകാരമുള്ള യാതൊരുത്തരവും ചെയ്യാൻ പാടുള്ളതല്ല.

(൪) ഭൂനികുതിയും ആദായനികുതിയും കമ്മിഷണരുടെയൊ ഒരു ഡിവിഷൻപേഷ്കാരുടെയൊ അപ്പീൽ തീരുമാനത്തിന്മേലൊ അപ്പീലുത്തരവിന്മേലൊ യാതൊരപ്പീലും ചെയ്യാൻ പാടുള്ളതല്ല.

(൫) ഈ റഗുലേഷൻപ്രകാരം ഏതെങ്കിലുംമാതു കീഴുദ്യോഗസ്ഥൻ ചെയ്തിട്ടുള്ള വല്ല തീരുമാനത്തേയൊ ഉത്തരവിനേയൊ ദിവാനൊ ഭൂനികുതിയും ആദായനികുതിയും കമ്മിഷണരൊ പരിശോധിക്കുന്നതു നിയമാനുസൃതമായിരിക്കുന്നതാണ്.

എന്നാൽ കീഴുദ്യോഗസ്ഥൻെറ തീരുമാനത്തേയൊ ഉത്തരവിനേയൊ നിരാകരിക്കുന്നതൊ ഭേദപ്പെടുത്തുന്നതൊ ആയ യാതൊരുത്തരവും ആ ഉത്തരവു ബാധിക്കുന്ന കക്ഷിക്ക മുൻകൂട്ടിയുള്ള അറിയിപ്പു കൊടുക്കാതെ ചെയ്യാവുന്നതല്ല.

വിവരണം:—ഭൂനികുതിയും ആദായനികുതിയും കമ്മിഷണരുടെ ഏതെങ്കിലും തീരുമാനമൊ ഉത്തരവൊ ദിവാനാൽ പരിശോധിക്കപ്പെടാവുന്നതാണ്.

(൬) ഈ റഗുലേഷൻ അനുസരിച്ചുള്ള ഏതെങ്കിലും അപ്പീലൊ പരിശോധനാഹർജിയൊ തീരുമാനിക്കുന്നതുവരെ എതിരായി അപ്പീൽചെയ്യപ്പെട്ടതൊ, ഹർജിഅയക്കപ്പെട്ടതൊ ആയ ഉത്തരവുനടത്തുന്നതിനൊ കാര്യത്തിൻെറഅവസ്ഥപോലെ, അപ്പീൽമേലധികാരിക്കൊ പരിശോധനാധികാരിക്കൊ നിറുത്തിവയ്ക്കാവുന്നതാണ്."

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം കെ.

റവന്യൂസമൻസ് റഗുലേഷൻ ഭേദഗതിബിൽ.

[നിയമസഭ പാസ്സാക്കിയത്]

൧൧൨൨-ലെ ൫-ാംറഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൬൩-ലെ ൫-ാംനമ്പരായ റവന്യൂസമൻസ് റഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

പീഠിക.

൧൧൨൨-ലെ ൫-ാംറഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൬൩-ലെ ൫-ാംനമ്പരായ റവന്യൂസമൻസ് റഗുലേഷനെ താഴെ പ്രസ്താവിക്കുന്ന ആവശ്യങ്ങൾക്കായി ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട്, ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും. ൧. (എ) ഈ റെഗുലേഷനെ ൧൧൦ -ലെ റവന്യൂസമൻസു (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കുന്നതും,

(ബി) ഇതു ഉടൻതന്നെ നടപ്പിൽ വരുന്നതും ആകുന്നു.

൭-ാംവകുപ്പിന്റെ ഭേദഗതി. ൨. (എ) ൧൦൯൯-ലെ ൭-ാംറെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൨-ലെ ൫-ാംനമ്പരായ റവന്യൂസമൻസ്‌റെഗുലേഷനിലെ (ഇനിമേൽ മേല്പടിറെഗുലേഷൻ എന്നു പറയപ്പെടും) ൭-ാംവകുപ്പിനെ ൭-ാംവകുപ്പിന്റെ (൧)-ാം ഉപവകുപ്പായി വീണ്ടും നമ്പരിടുകയും,

(ബി) ഇപ്പോഴുള്ള വിവരണത്തിനുപകരം താഴെ പറയുന്നതിനെ (൨)-ാം ഉപവകുപ്പായി ചേർക്കുകയും ചെയ്യണം;

അതായതു്:—

"(൨) (൧)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കായി, ഉത്തരവിട്ട ഉദ്യോഗസ്ഥന്റെ അടുത്ത മേലധികാരി ഇന്നാരാണെന്നു നമ്മുടെ ഗവൺമെന്റിനു പ്രഖ്യാപനംചെയ്യാവുന്നതും, അപ്രകാരം യാതൊരു പ്രഖ്യാപനവും ചെയ്യാത്തപക്ഷം, തഹശീൽദാർ, ഡിവിഷൻപേഷ്കാർ, ഭൂനികുതിയും ആദായനികുതിയും കമ്മീഷണർ എന്നിവരെ സംബന്ധിച്ചിടത്തോളം, തഹശീൽദാർ ഡിവിഷൻപേഷ്കാരുടെ അടുത്തു താഴെയും, ഡിവിഷൻപേഷ്കാർ ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ അടുത്തു താഴെയും ആയി ഗണിക്കേണ്ടതും ആകുന്നു.

൧൦-ാം വകുപ്പിന്റെ ഭേദഗതി. ൩. (എ) മേല്പടി റെഗുലേഷൻ ൧൦-ാംവകുപ്പിലെ രണ്ടാമത്തെ വാചകം വിട്ടുകളകയും,

(ബി) താഴെ പറയുന്നതിനെ ഒരു "വിവരണ"മായി ചേർക്കുകയും ചെയ്യണം; അതായതു്:—

"വിവരണം—അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരുടെ ഉത്തരവുകളിന്മേലുള്ള അപ്പീലുകളെ സംബന്ധിച്ച അപ്പീൽ മേലധികാരികളുടെ വിഷയത്തിൽ ൭-ാംവകുപ്പിലെ വ്യവസ്ഥകൾ സംബന്ധിക്കുന്നതാണു്."

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം എൽ.

തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതി ബില്ലിന്മേലുള്ള പ്രത്യേക കമ്മറ്റിയുടെ റിപ്പോർട്ട്.

തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതി ബില്ലിനെപ്പറ്റി ചിന്തിക്കുന്നതിനു നിയമിക്കപ്പെട്ട പ്രത്യേകകമ്മറ്റിയിലെ അംഗങ്ങളായ ഞങ്ങൾ താഴെപ്പറയുന്ന റിപ്പോർട്ടു സമർപ്പിച്ചുകൊള്ളുന്നു.

൧. ഞങ്ങൾ ടി ബില്ലിനെപ്പറ്റി ചിന്തിച്ചു. യാതൊരു ഭേദഗതികളും നിർദ്ദേശിക്കാനില്ല. ഇപ്പോഴത്തെ രൂപത്തിൽതന്നെ ബില്ലു പാസാക്കാമെന്നു ഞങ്ങൾ ശുപാർശചെയ്യുന്നു.

൨. ബില്ലു വീണ്ടും പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ല.

കെ. പരമേശ്വരൻപിള്ള (ഒപ്പു്)
എ. ജി. മേനവൻ (ഒപ്പു്)
എൻ. കെ. കൃഷ്ണപിള്ള (ഒപ്പു്)
എ. താണുപിള്ള (ഒപ്പു്)
ആർ. കേശവപിള്ള (ഒപ്പു്)
ടി. പി. രാമസുബ്ബയ്യർ (ഒപ്പു്)

ഹജൂർക്കച്ചേരി,
തിരുവനന്തപുരം ൧൯൨൦ മാർച്ച് ൨൭-ന്.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

അനുബന്ധം എം.

തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതിബിൽ.

[പ്രത്യേക കമ്മറ്റി പുതുക്കിയതു്.]

൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻറെഗുലേഷനെ (൧൦൯൯-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാംറെഗുലേഷൻ) വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബിൽ.

പീഠിക. ൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷനെ (൧൦൯൯-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ) താഴെ കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും ആരംഭവും. ൧. (എ) ഈ റെഗുലേഷനെ ൧൧൦ ാമാണ്ടത്തെ നമ്പരായ തിരുവിതാംകോട്ടു രജിസ്ട്രേഷൻ (ഭേദഗതി) റെഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

(ബി) അതു ഉടൻതന്നെ നടപ്പിൽ വരുന്നതാകുന്നു.

൧൦-ാം വകുപ്പിന്റെ ഭേദഗതി. ൨. (എ) ഇതിനുതാഴെ ടി റെഗുലേഷൻ എന്നു പറഞ്ഞിരിക്കുന്ന ൧൦൯൭-ാമാണ്ടത്തെ തിരുവിതാംകോട്ടു രജിസ്ട്രേഷൻ റെഗുലേഷന്റെ (൧൦൯൯-ാമാണ്ടത്തെ ൨-ാം റെഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൭-ാമാണ്ടത്തെ ൨-ാം റെഗുലേഷൻ), ൧൦-ാം വകുപ്പിലെ ൨-ാം ഉപവകുപ്പിൽ "(എ)-(ബി) ഈ ഖണ്ഡങ്ങളിൽ" എന്നതിനു പകരം താഴെപ്പറയുന്നതു ചേർക്കണം, അതായതു്:—

"(൧)-ാം ഉപവകുപ്പിൽ" (ബി) (v)-ാംഖണ്ഡത്തിനുശേഷം, "സംബന്ധിക്കുകയും ഇല്ലാ" എന്നതിനു മുൻപായി, താഴെക്കാണുന്ന ഖണ്ഡങ്ങൾ ചേർക്കണം, അതായതു്:—

"(vi) പന്ത്രണ്ടുകൊല്ലത്തിൽ കവിയാത്ത ഏതെങ്കിലും കാലത്തേക്കും ആണ്ടേയ്ക്കു അൻപതുരൂപയിൽ കവിയാത്ത ഏതെങ്കിലും പാട്ടം നിശ്ചയിച്ചും സ്ഥാവരവസ്തുവിനെ സംബന്ധിച്ചു നമ്മുടെ ഗവൺമെന്റോ നമ്മുടെ ഗവൺമെന്റിനുവേണ്ടിയോ നമ്മുടെ ഗവൺമെന്റിന്റെപേർക്കോ എഴുതിക്കൊടുത്തിട്ടുള്ള പാട്ടച്ചീട്ടുകൾക്കാകട്ടെ,

(vii) സ്ഥാവരവസ്തുവിനെ സംബന്ധിച്ചോ സ്ഥാവരവസ്തുവിലുള്ള ഏതെങ്കിലും അവകാശത്തെ സംബന്ധിച്ചോ നമ്മുടെ ഗവർമ്മെൻറു കൊടുക്കുന്നതും ഈ കാര്യത്തിനുവേണ്ടി നമ്മുടെ ഗവർമ്മെൻറു പരസ്യംചെയ്യുന്നതും ആയ ദാനങ്ങൾക്കോ ദാനങ്ങളുടെ തരങ്ങൾക്കോ ആകട്ടെ''

൩. ടി റഗുലേഷനിലെ ൧൧-ാം വകുപ്പിന്റെ (സി) ഖണ്ഡത്തിൽ അവസാനഭാഗത്തു ''പാട്ടച്ചീട്ടുകൾ;'' എന്നതിനുപകരം, താഴെക്കാണുന്നതു ചേർക്കണം, അതായതു:—

൧൧-ാംവകുപ്പിന്റെ ഭേദഗതി.

''പാട്ടച്ചീട്ടുകളും, രജിസ്റ്റർചെയ്യണമെന്നു ൧൦-ാം വകുപ്പിനാൽ ആവശ്യപ്പെട്ടിട്ടില്ലാത്ത മററു പാട്ടച്ചീട്ടുകളും;''

പി. എൻ. കൃഷ്ണപിള്ള
നിയമസഭാസെക്രട്ടറി.

അനുബന്ധം എൻ.

൧൯൨൧ അക്ടോബർ ൨-ാംനു-യിലെ നിയമസഭാചട്ടങ്ങളിലെ ൨൯-ാം ചട്ടപ്രകാരം താഴെ ചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം ദിവാൻജിയുടെ ഉത്തരവനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം, ൧൯൩൦ ഏപ്രിൽ ൧൯-ാംനു.

ടി. പി. രാമസ്വാമയ്യർ,
ആ: ഗവർമ്മെൻറു ചീഫ്സെക്രട്ടറി.

ജനസംഖ്യ എടുക്കുന്നതുസംബന്ധിച്ചു ചില കാര്യങ്ങൾക്കു വ്യവസ്ഥചെയ്യുന്നതിനുള്ള ഒരു ബില്ല്.

പീഠിക.

൧൧൦൬-ാംവർഷത്തിൽ തിരുവിതാംകോട്ടു സംസ്ഥാനത്തിലെ ജനസംഖ്യ എടുക്കാൻ നിശ്ചയിച്ചിരിക്കകൊണ്ടും, ആ ജനസംഖ്യ എടുക്കുന്നതിനെസംബന്ധിച്ചു ചില കാര്യങ്ങൾക്കു വ്യവസ്ഥചെയ്യുന്നതു യുക്തമായിരിക്കകൊണ്ടും; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.

൧. (൧) ഈ റഗുലേഷൻ ''൧൧൦൬-ാമാണ്ടത്തെ തിരുവിതാംകോട്ടു ജനസംഖ്യ റഗുലേഷൻ'' എന്നു വിളിക്കപ്പെടാവുന്നതാകുന്നു.

(൨) ഇതു തിരുവിതാംകോട്ടുസംസ്ഥാനംമുഴുവനും വ്യാപിക്കുന്നതാകുന്നു.

(൩) ഇതു ഉടൻതന്നെ നടപ്പിൽവരുന്നതാകുന്നു.

ജനസംഖ്യ ഉദ്യോഗസ്ഥന്മാരുടെ നിയമനം.

൨. (൧) വിവരിക്കപ്പെട്ട ഏതെങ്കിലും പ്രദേശത്തിനുള്ളിൽ ജനസംഖ്യ എടുക്കുന്നതിനൊ അല്ലെങ്കിൽ ആയതു് എടുക്കുന്നതിൽ സഹായിക്കുന്നതിനൊ എടുക്കുന്നതു പരിശോധിക്കുന്നതിനൊ നമ്മുടെ ഗവർമ്മെൻറു വല്ല ആളെയും നിയമിക്കാവുന്നതാകുന്നു.

(൨) അങ്ങനെ നിയമിക്കപ്പെടുന്ന ആളുകൾ ജനസംഖ്യാ ഉദ്യോഗസ്ഥന്മാർ എന്നു വിളിക്കപ്പെടുന്നതാണ്.

(൩) ജനസംഖ്യാഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഈ വകുപ്പിൻപ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരത്തെ തങ്ങൾക്കു യുക്തമെന്നുതോന്നുന്ന അധികാരസ്ഥനു നമ്മുടെ ഗവർമ്മെൻറിൽനിന്നു് ഏല്പിച്ചുകൊടുക്കാവുന്നതാകുന്നു.

ജനസംഖ്യാഉദ്യോഗസ്ഥന്മാരെ നിയമിച്ചതിന്റെ തെളിവും, സർക്കാർ ഉദ്യോഗസ്ഥന്മാരായി അവരുടെ നിശ്ചയം.

൩. (൧) വല്ല ആളെയും വല്ല പ്രദേശത്തേക്കു ജനസംഖ്യ ഉദ്യോഗസ്ഥനായി ക്രമപ്രകാരം നിയമിച്ചിരിക്കുന്നുവെന്നു ദിവാനൊ ഇതിലേക്കായി നമ്മുടെ ഗവർമ്മെൻറ് അധികാരംകൊടുത്തിരിക്കുന്ന വല്ല ഉദ്യോഗസ്ഥനോ കൈയൊപ്പിട്ട എഴുത്തുമൂലമായുള്ള ഒരു പ്രഖ്യാപനം ആ നിയമനത്തിന്റെ തീർച്ചയായതെളിവായിരിക്കും.

(൨) എല്ലാജനസംഖ്യാഉദ്യോഗസ്ഥന്മാരെയും ൧൦൭൪-ാമാണ്ടത്തെ ൧-ാം റെഗുലേഷനായ തിരുവിതാംകോട്ടു ശിക്ഷാനിയമത്തിലെ അർത്ഥപ്രകാരം സർക്കാരുദ്യോഗസ്ഥന്മാരായി വിചാരിക്കേണ്ടതാകുന്നു.

ചില സംഗതികളിൽ ജനസംഖ്യ ഉദ്യോഗസ്ഥന്മാരുടെ കൃത്യനിർവഹണം.

൪. (൧) (എ) നമ്മുടെ ഗവർമ്മെൻറിലെ എല്ലാ ജീവനക്കാരും,

(ബി) ഒരു ഉരുവിന്റെ ചുമതലയോ മേൽവിചാരണയോ ഉള്ള (ഒരു പൈലട്ടോ ഹാർബർമാസ്റ്ററൊ ഒഴികെ) എല്ലാ ആളും,

(സി) ഒരു ഭ്രാന്താശുപത്രിയുടേയോ, ആശുപത്രിയുടേയൊ, പണിപ്പുരയുടേയൊ, ജയിലിന്റേയൊ, ദുർഗുണപരിഹാരപാഠശാലയുടേയൊ, ധർമ്മശാലയുടേയൊ, പൊതുവായോ ധർമ്മാർത്ഥമായോ മതസംബന്ധമായോ വിദ്യാഭ്യാസസംബന്ധമായോ ഉള്ള ഏതെങ്കിലും സ്ഥാപനത്തിന്റേയോ ചുമതലക്കാരനായ എല്ലാ ആളും,

(ഡി) വല്ല സത്രമൊ, ഹോട്ടലൊ, ഭക്ഷണസ്ഥലമൊ, താമസസ്ഥലമൊ, ദേശാന്തരഗമനത്തിനുള്ള ഡിപ്പോവൊ, ക്ലബ്ബൊ നടത്തുന്നവരൊ അതിലെ സെക്രട്ടറിയൊ മാനേജരൊ ആയ എല്ലാ ആളും,

(ഇ) ജനസംഖ്യ എടുക്കുന്ന സമയം, സ്ഥാവരവസ്തു കൈവശം ഉള്ളവന്റെ എങ്കിലും ഒരു റയിൽവേയിലേയൊ മററു വ്യാപാരത്തിലേയൊ വ്യവസായത്തിലേയൊ മാനേജരുടേയൊ ഉദ്യോഗസ്ഥന്റേയൊ എങ്കിലും കീഴിൽ ഇരുപതിൽ കുറയാതെ ആളുകൾ പണിക്കാക്കപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ആ വസ്തുവിന്മേലൊ വസ്തുവിലെ വസിക്കുകയോ ചെയ്യുന്നപക്ഷം ആ കൈവശക്കാരനൊ മാനേജരൊ ഉദ്യോഗസ്ഥനൊ ആയ എല്ലാ ആളും,

ഡിസ്ട്രിക്ട് മജിസ്ട്രേട്ടൊ ഇതിലേക്കായി നമ്മുടെ ഗവർമ്മെൻറു നിയമിക്കാവുന്ന മററുദ്യോഗസ്ഥനൊ ആവശ്യപ്പെട്ടാൽ, ജനസംഖ്യ എടുക്കുന്ന സമയം തന്റെ ചുമതലയിലൊ മരണത്തിലൊ ഉൾപ്പെട്ട ആളുകളുടെയൊ തന്റെ വീട്ടിലുള്ള ആളുകളുടേയൊ ആ വക സ്ഥാവരവസ്തുവിന്മേലൊ വസ്തുവിലൊ ഉള്ള ആളുകളു-

ടേയൊ കാൎയ്യത്തിൽ, ഒരു ജനസംഖ്യ ഉദ്യോഗസ്ഥൻ ചെയ്യേണ്ടുന്ന പണികളിൽ ആ മജിസ്ത്രേട്ടു ഉദ്യോഗസ്ഥനൊ രേഖാമൂലമായ ഉത്തരവിനാൽ ആജ്ഞാപിക്കുന്ന കൃത്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാകുന്നു.

(൨) ജനസംഖ്യഉദ്യോഗസ്ഥന്മാരെപ്പറ്റി ഈ റെഗ്യുലേഷനിലുള്ള എല്ലാ വ്യവസ്ഥകളും, അവ സംബന്ധിക്കുവാൻ പാടുള്ളിടത്തോളം, ഈ വകുപ്പിൻപ്രകാരം ആ വക പണികൾ ചെയ്യുമ്പോൾ ആ വക എല്ലാ ആളുകൾക്കും സംബന്ധിക്കുന്നതാകുന്നു. ഈ വകുപ്പിൻപ്രകാരം വല്ല പ്രവൃത്തിയും ചെയ്വാൻ ആജ്ഞാപിക്കപ്പെടുന്ന ഏതെങ്കിലും ആൾ അതിലേക്കു വിരോധംപറകയൊ ഉപേക്ഷ കാണിക്കുകയൊ ചെയ്യുന്നതായാൽ ആയാൾ തിരുവിതാംകോട്ടു ശിക്ഷാനിയമത്തിലെ ൧൮൮-ാം വകുപ്പിൻപ്രകാരമുള്ള ഒരു കുററം ചെയ്തതായി വിചാരിക്കപ്പെടുകയും ചെയ്യും.

൬. (൧) ഡിസ്ത്രിക്ട് മജിസ്ത്രേട്ടു ഇതിലേക്കായി ഏതെങ്കിലും പ്രവൎത്തിക്കേണ്ടി നമ്മുടെ ഗവൎമ്മെൻറു നിയമിക്കാവുന്ന ഉദ്യോഗസ്ഥനൊ രേഖാമൂലമായ ഉത്തരവിനാൽ കാൎയ്യത്തിൻെറ അവസ്ഥാപ്രകാരം തൻെറ ഡിസ്ത്രിക്ടിനകത്തോ പ്രദേശത്തിനകത്തോ ഉള്ള എല്ലാ ഭൂമിഉടമസ്ഥന്മാരോടും ഭൂമിയുടെ കൈവശക്കാരോടും നടപ്പുകാരോടും പാട്ടക്കുടിയാന്മാരോടും നികുതികൊടുക്കുന്നവരോടും അവരുടെ കാൎയ്യസ്ഥന്മാരോടും, ജനസംഖ്യ എടുക്കുന്ന സമയത്തു ആ ഉടമസ്ഥന്മാരുടെ ആകട്ടെ കൈവശക്കാരുടെ ആകട്ടെ നടപ്പുകാരുടെ ആകട്ടെ പാട്ടക്കുടിയാന്മാരുടെ ആകട്ടെ നികുതികൊടുക്കുന്നവരുടെ ആകട്ടെ ഭൂമികളിലുള്ള ജനങ്ങളുടെ സംഖ്യ എടുക്കുന്നതിലേക്കു തനിക്കുവേണ്ടുന്ന സഹായം ചെയ്വാനായി ആവശ്യപ്പെടുകയും ചെയ്യാം.

ചില ആളുകളോടു സഹായിക്കാൻ ആജ്ഞാപിക്കുന്നതിനു ഡിസ്ത്രിക്ട് മജിസ്ത്രേട്ടിനുള്ള അധികാരം.

(൨) ആ വക ഉത്തരവിൻ ആവശ്യമുള്ള സഹായം ഇന്നതിന്നതാണെന്നു കാണിക്കേണ്ടതും ആ വക ഉടമസ്ഥന്മാരും കൈവശക്കാരും നടപ്പുകാരും പാട്ടക്കുടിയാന്മാരും നികുതികൊടുക്കുന്നവരും അവരുടെ കാൎയ്യസ്ഥന്മാരും ആ ഉത്തരവിൻപ്രകാരം നടക്കുവാൻ നിബന്ധനയായിരിക്കുന്നതുമാകുന്നു.

൭. എല്ലാ ജനസംഖ്യഉദ്യോഗസ്ഥനും തന്നെ നിയമിച്ചിരിക്കുന്ന പ്രദേശത്തിൻെറ അതിരുകൾക്കുള്ളിലുള്ള എല്ലാ ആളുകളോടും, നമ്മുടെ ഗവൎമ്മെൻറു ഇതിലേക്കായി ഉണ്ടാക്കി നമ്മുടെ ഗവൎമ്മെൻറുഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുകളുടെ ചോദിക്കാൻ തന്നോടു ആജ്ഞാപിക്കുന്ന എല്ലാ ചോദ്യങ്ങളും ചോദിക്കാവുന്നതാണ്.

ജനസംഖ്യ ഉദ്യോഗസ്ഥന്മാർ ചോദ്യങ്ങൾ ചോദിക്കുക.

൮. ഇതിനു നേരെ മുമ്പിലത്തെ വകുപ്പിൻപ്രകാരം ആരോടെങ്കിലും വല്ല ചോദ്യവു ചോദിച്ചാൽ ആ വക എല്ലാ ആളും തൻെറ അറിവിലൊ വിശ്വാസത്തിലൊ പെട്ടിടത്തോളവും ആ ചോദ്യത്തിനുത്തരം പറവാൻ നിയമത്താൽ നിബന്ധനായിരിക്കുകയും ചെയ്യും.

ചോദ്യങ്ങൾക്ക് ഉത്തരം പറവാനുള്ള ബാദ്ധ്യത.

എന്നാൽ തൻെറ കുടുംബത്തിലുള്ള യാതൊരു സ്ത്രീയുടെയും പേർ പറവാൻ യാതൊരുത്തനും നിബന്ധനായിരിക്കയില്ല. യാതൊരു സ്ത്രീയും, നാട്ടുനടപ്പിൻപ്രകാരം പാടുള്ളതല്ലെങ്കിൽ, തൻെറ ഭൎത്താവിൻെറയൊ മരിച്ചഭൎത്താവിൻെറയൊ വേറെ വല്ല ആളുകളുടെയുമൊ പേർ പറവാൻ നിബന്ധനയായിരിക്കുന്നതുമല്ല.

൯. വല്ല വീട്ടിലൊ വളപ്പിലൊ ഉരുവിലൊ മററു സ്ഥലത്തൊ താമസിക്കുന്ന എല്ലാ ആളും അവിടെ ജനസംഖ്യഉദ്യോഗസ്ഥന്മാർക്കു ജനസംഖ്യ എടുക്കാനായി നാട്ടുനടപ്പിൻപ്രകാരം ന്യായമായ പ്രവേശനം അനുവദിക്കേണ്ടതും ജനസംഖ്യ എടുക്കുന്നതിന് ആവശ്യമുള്ള അക്ഷരങ്ങളൊ അടയാളങ്ങളൊ നമ്പരുകളൊ ആ സ്ഥലത്തു എഴുതുവാനൊ പതിക്കുവാനൊ സമ്മതിക്കേണ്ടതുമാകുന്നു.

കൈവശക്കാരൻ പ്രവേശനം അനുവദിക്കണമെന്നും നമ്പർ ഇടുവാൻ സമ്മതിക്കണമെന്നും.

൧൦. (൧) (എ) വല്ല ജനസംഖ്യഉദ്യോഗസ്ഥനും തന്നെ നിയമിച്ചിരിക്കുന്ന പ്രദേശത്തിനുള്ളിൽ ജനവാസമുള്ള വല്ല വീട്ടിലാകട്ടെ;

കൈവശക്കാരനൊ മാനേജരൊ പട്ടികയിൽ വിവരങ്ങൾ എഴുതി കൊടുക്കണം.

(ബി) ജനസംഖ്യ എടുക്കുന്ന കാലത്തു സ്വന്തം അധീനതയിൽ ഇരുപതിൽ കുറയാതെ ആളുകൾ ജോലിചെയ്യുന്ന വല്ല കച്ചവടസംബന്ധമൊ വ്യവസായസംബന്ധമൊ ആയ പരിശ്രമങ്ങളുടെ ഏതെങ്കിലും മാനേജരുടെയൊ ഉദ്യോഗസ്ഥൻെറയൊ പക്കലാകട്ടെ,

അപ്രകാരമുള്ള വീട്ടിലൊ അതിൽ പ്രത്യേകം വല്ല ഭാഗത്തൊ പാൎക്കുന്ന ആളിനൊ, അപ്രകാരമുള്ള മാനേജരൊ ഉദ്യോഗസ്ഥനൊ, ജനസംഖ്യ എടുക്കുന്ന സമയം ആ വീട്ടിലൊ ഭാഗത്തൊ പാൎക്കുന്നവരെ, ആ മാനേജരുടേയൊ ഉദ്യോഗസ്ഥൻെറയൊ കീഴിൽ ജോലിചെയ്യുന്നവരൊ ആയ ആളുകളുടെ കാൎയ്യത്തിൽ നമ്മുടെ ഗവൎമ്മെൻറു ആജ്ഞാപിക്കുന്ന വിവരങ്ങൾ എഴുതുവാനായി, നമ്മുടെ ഗവൎമ്മെൻറു ഇതിലേക്കായി കൊടുക്കുന്ന ഉത്തരവുകൾ അനുസരിച്ച്, ഒരു പട്ടിക കൊടുക്കുകയൊ കൊടുപ്പിക്കുകയൊ ചെയ്യാം.

(൨) ആ വക വല്ല പട്ടികയും അങ്ങനെ കൊടുത്തിരിക്കുമ്പോൾ അതു സംബന്ധിക്കുന്ന വീട്ടിൻെറയൊ ഭാഗത്തിൻെറയൊ കൈവശക്കാരനാകട്ടെ അതു ഏല്പിക്കപ്പെട്ടിട്ടുള്ള മാനേജരൊ ഉദ്യോഗസ്ഥനൊ ആകട്ടെ, മേൽപറഞ്ഞ സമയത്തു അതാതു സംഗതിപോലെ, ആ വീട്ടിലൊ ഭാഗത്തൊ പാൎക്കുന്ന ആളുകളെയൊ തൻെറകീഴിൽ ജോലിചെയ്യുന്ന ആളുകളെയൊ സംബന്ധിച്ച തൻെറ അറിവിലൊ വിശ്വാസത്തിലൊ ഉൾപ്പെട്ടിടത്തോളം വിവരങ്ങൾ അതിൽ എഴുതുകയൊ എഴുതിക്കുകയൊ ചെയ്തു തൻെറ പേർ എഴുതി ഒപ്പിടുകയും അങ്ങനെ എഴുതി ഒപ്പിട്ട പട്ടിക ആവശ്യപ്പെടുമ്പോൾ ആ ജനസംഖ്യഉദ്യോഗസ്ഥനെയൊ അയാൾ നിയോഗിക്കുന്ന ആളെയൊ ഏല്പിക്കുകയും വേണം.

ശിക്ഷകൾ. ൧൧. താഴെപറയുന്ന സംഗതികളിൽ, അതായതു്.—

(എ) ഒരു ജനസംഖ്യഉദ്യോഗസ്ഥനൊ ജനസംഖ്യഉദ്യോഗസ്ഥനായി നിയമിക്കപ്പെട്ട ഒരുവനൊ ജനസംഖ്യ എടുക്കുന്നതിൽ സഹായിക്കാൻ നിയമപ്രകാരം അപേക്ഷിതനായ ആളൊ തന്നോടു ആജ്ഞാപിക്ക

പ്പെട്ട വല്ല പ്രവൃത്തിയും ചെയ്യുന്നതിനാകട്ടെ, ഈ റഗുലേഷൻ അനുസരിച്ചെങ്കിലും ഇതുപ്രകാരം ക്രമമായിഉണ്ടാക്കപ്പെട്ടുള്ളതെങ്കിലും ചട്ടംഅനുസരിച്ചെങ്കിലും തനിക്കുകിട്ടിയ വല്ലഉത്തരവിനേയും അനുസരിക്കുന്നതിനാകട്ടെ, ന്യായമായ ജാഗ്രത ഉപയോഗിക്കാതിരിക്കയായോ ഉപയോഗിക്കുന്നതിൽ ഉപേക്ഷ കാണിക്കുകയായോ ചെയ്താൽ,

(ബി) ഒരു ജനസംഖ്യഉദ്യോഗസ്ഥൻ കോപജനകമോ അവിഹിതമോ ആയ വല്ലചോദ്യവും മനഃപൂർവ്വമായി ചോദിക്കുകയാകട്ടെ, അറിഞ്ഞുംകൊണ്ടു കളവായ വല്ലവിവരവും എഴുതുകയാകട്ടെ, ജനസംഖ്യക്കോ ഇതുംമൂലമോ ജനസംഖ്യാകാര്യത്തിലേക്കായിട്ടോ ലഭിച്ചവല്ലവിവരത്തേയും നമ്മുടെ ഗവൺമെൻറിന്റെ മുന്നനുവാദത്തോടുകൂടാതെ പരസ്യമാക്കുകയാകട്ടെ ചെയ്താൽ,

(സി) ഒരു ജനസംഖ്യഉദ്യോഗസ്ഥൻ വല്ല ആളോടും ൭-ാംവകുപ്പിൻപ്രകാരം ഉത്തരംപറവാൻതായാൾക്കു നിയമബാദ്ധ്യതയുള്ള വല്ല ചോദ്യവും ചോദിച്ചതിന് അയാൾ തന്റെ അറിവിലേയോ വിശ്വാസത്തിലേയോ ഉൾപ്പെട്ടിടത്തോളവും ഉത്തരം പറയുവാൻ വിസമ്മതിച്ചാൽ,

(ഡി) ഏതെങ്കിലും വീട്ടിലോ വളപ്പിലോ ഉരുവിലോ മററുസ്ഥലത്തോ താമസിക്കുന്ന വല്ല ആളും അവിടെ ഒരു ജനസംഖ്യ ഉദ്യോഗസ്ഥന് ൮-ാംവകുപ്പിൽ ആവശ്യപ്പെട്ടതിൻവണ്ണം ന്യായമായ പ്രവേശനം അനുവദിക്കാതിരുന്നാൽ,

(ഇ) ജനസംഖ്യ എടുക്കുവാനായി എഴുതിയിരിക്കുന്നതോ പതിച്ചിരിക്കുന്നതോ ആയ വല്ല അക്ഷരങ്ങളോ അടയാളങ്ങളോ നമ്പരുകളോ ൧൯൨൮ മാർച്ചുമാസം ൩൧-ാംതീയതിക്കു മുമ്പ വല്ലആളും നീക്കംചെയ്കയോ മായ്ച്ചുകളകയോ മാററുകയോ കേടുവരുത്തുകയോ ചെയ്താൽ,

(എഫ്) ൯-ാംവകുപ്പിൻപ്രകാരം പട്ടികകൊടുക്കപ്പെട്ട വല്ല ആളോ നിവാസമുള്ള ഒരു വീട്ടിലോ അതിന്റെ ഭാഗത്തോ പാർക്കുന്നതും അപ്രകാരം പട്ടിക കൊടുക്കപ്പെട്ടതും ആയ വല്ലആളോ ൯-ാംവകുപ്പിലെ നിബന്ധനകൾ അനുസരിപ്പാൻ അറിഞ്ഞുംകൊണ്ടും മതിയായ കാരണംകൂടാതെയും വീഴ്ചചെയ്യുകയാകട്ടെ, അതല്ലെങ്കിൽ ആ വകുപ്പിൻപ്രകാരം കൊടുക്കുന്ന കണക്കിൽ വല്ല കളവായ വിവരവും എഴുതിക്കൊടുക്കുകയാകട്ടെ ചെയ്താൽ,

അയാൾക്ക് അൻപതുരൂപാവരെയുള്ള വരാവുന്ന പിഴശിക്ഷ വിധിക്കുകയും ചെയ്യും.

അന്യായപ്പെടുവാനുള്ള അധികാരം.

൧൧. ദിവാന്റെ അനുവാദം മുൻകൂട്ടി വാങ്ങിക്കൊണ്ടല്ലാതെ ഈ റഗുലേഷൻപ്രകാരമുള്ള യാതൊരു അന്യായവും ബോധിപ്പിച്ചുകൂടുന്നതല്ല.

ചില നടപടികളിൽ ജനസംഖ്യറിക്കാർഡുകൾ തെളിവിൽ സ്വീകരിക്കത്തക്കതോ പരിശോധിക്കപ്പെടാവുന്നതോ അല്ല.

൧൨. ഒരു ജനസംഖ്യഉദ്യോഗസ്ഥൻ ആ ഉദ്യോഗനിലയിൽ നടത്തുന്ന പ്രവൃത്തിസംബന്ധമായുള്ളതാകുന്ന യാതൊരുപുസ്തകവും, രജിസ്റ്ററും, റിക്കാർഡും ൯-ാം വകുപ്പിൻപ്രകാരം കൊടുത്ത വല്ലപട്ടികയും യാതൊരാൾക്കും പരിശോധിക്കാൻ അവകാശമില്ലാത്തതും അപ്രകാരമുള്ള വല്ല പുസ്തകത്തിലോ കണക്കിലോ റിക്കാർഡിലോ പട്ടികയിലോ ചേർത്ത വല്ലവിവരവും സിവിൽവകയായ വല്ല നടപടിയിലോ അതല്ലെങ്കിൽ ൧൦൯൨-ാമാണ്ടത്തെ ക്രിമിനൽ നടപടിനിയമത്തിന്റെ ൧൨-ാമത്തെ എങ്കിലും ൩൭-ാമത്തെ എങ്കിലും അദ്ധ്യായപ്രകാരമുള്ള വല്ല നടപടിയിലോ തെളിവായി സ്വീകരിക്കത്തക്കതല്ലാത്തതുമാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കുവാൻ അധികാരം,

൧൩. (൧) ഈ റഗുലേഷന്റെ ഉദ്ദേശങ്ങളെ നിർവഹിക്കുന്നതിനായി നമ്മുടെ ഗവൺമെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൨) (എ) ജനസംഖ്യഉദ്യോഗസ്ഥന്മാരേയും ആ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തികളിൽ വല്ലതും ചെയ്യാനോ ജനസംഖ്യ എടുക്കുന്നതിൽ സഹായിക്കുവാനോ ഉള്ള ആളുകളേയും നിയമിക്കുന്നതിനും ആവക ഉദ്യോഗസ്ഥന്മാർക്കും ആളുകൾക്കും കൊടുക്കേണ്ട സാധാരണ നിർദ്ദേശങ്ങളുടെ വകയ്ക്കും,

(ബി) റയിൽവേ സംബന്ധിച്ച ജോലിയിൽ ഇരിക്കുന്ന ആളുകളുടെയും അവരുടെ കുടുംബങ്ങളുടേയും പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതു് ആവശ്യമോ യുക്തമോ ആയിരിക്കുന്ന മററ് ആളുകളുടേയും എണ്ണം എടുക്കുന്നതിനും,

(സി) ജനസംഖ്യ എടുക്കുന്ന രാത്രിയിൽ സഞ്ചാരംചെയ്യുന്ന ആളുകളുടെ എണ്ണം എടുക്കുന്നതിനും,

മുൻവിവരിച്ച അധികാരത്തിന്റെ സാമാന്യതയ്ക്കു ഹാനികൂടാതെയും പ്രത്യേകമായും, നമ്മുടെ ഗവൺമെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

ഉദ്ദേശകാരണവിവരം.

ബ്രിട്ടീഷ്ഇൻഡ്യയിൽ ജനസംഖ്യ എടുക്കുന്നതിനോടൊരുമിച്ച്, ൧൯൩൧-ാം വർഷത്തിൽ ഒരു ജനസംഖ്യ എടുക്കുന്നതിനു വ്യവസ്ഥചെയ്യണമെന്നുള്ളതാണ് ഈ ബില്ലിന്റെ ഉദ്ദേശം. ഇതിലെ വ്യവസ്ഥകൾസാരാംശത്തിൽ കഴിഞ്ഞ ജനസംഖ്യാറഗുലേഷനായ ൧൦൯൬-ാമാണ്ടത്തെ ൧-ാം റഗുലേഷനിലെ വ്യവസ്ഥകൾ തന്നെയാണ്.

അനുബന്ധം പി.

൧൮൭൧ അക്ടോബർ ൨-ാംനു-യിലെ നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം താഴെ ചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം ദിവാൻജിയുടെ ഉത്തരവനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർകച്ചേരി, തിരുവനന്തപുരം,
൧൯൩൦ മേയ് ൧൭-നു-,

ടി. പി. രാമസ്വാമയ്യർ,
ആക്ടിംഗ് ഗവൺമെൻറ് ചീഫ്സെക്രട്ടറി,

൧൦൯൬-ാമാണ്ടത്തെ തിരുവിതാംകോട്ടു ആദായനികുതി റഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബില്ല്.

൧൧൦൦-ാമാണ്ടത്തെ ൭-ാം റഗുലേഷനാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൬-ാമാണ്ടത്തെ ൮-ാം നമ്പരായ തിരുവിതാംകോട്ടു ആദായനികുതി റഗുലേഷനെ താഴെക്കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ടു; ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

൧. (൧) ഈ റെഗുലേഷന് ൧൧൨൭-ാമാണ്ടത്തെ തിരുവിതാംകോട്ടു ആദായനികുതി (ഭേദഗതി) റെഗുലേഷന് എന്നു വിളിക്കാവുന്നതാകുന്നു.

ചുരുക്കപ്പേരും ആരംഭവും.

(൨) ഇതു് ഉടന്തന്നെ നടപ്പില്വരേണ്ടതാകുന്നു.

൨. ൧൧൨൦-ാമാണ്ടത്തെ ൭-ാം റെഗുലേഷനാല് ഭേദപ്പെടുത്തപ്പെട്ട ൧൧൨൩-ാമാണ്ടത്തെ ൨-ാം നമ്പരായ തിരുവിതാംകോട്ടു ആദായനികുതി റെഗുലേഷനാല് (ഇതിനു താഴെ ടി റെഗുലേഷന് എന്നു പറയുന്നതാണ്) ൩-ാം വകുപ്പിന് ൩-ാം വകുപ്പിന്റെ (൧)-ാം ഉപവകുപ്പായി നമ്പരിടുകയും, ആ വകുപ്പില്തന്നെ താഴെപ്പറയുന്ന ഉപവകുപ്പുകളും വിവരണവും ചേര്ക്കുകയും ചെയ്യേണ്ടതാകുന്നു.

൩-ാം വകുപ്പിന്റെ ഭേദഗതി.

അതായതു:—

"(൨) ഈ വകുപ്പിലെ ആവശ്യത്തിന്, "ആകയുള്ള ആദായം" എന്നതില്, തിരുവിതാംകൂറില് താമസമില്ലാത്ത ഏതെങ്കിലും ആളിനെ സംബന്ധിച്ചിടത്തോളം, എവിടെ എങ്കിലും ഉണ്ടാകുകയൊ ഉത്ഭവിക്കുകയൊ ലഭിക്കുകയൊ ചെയ്യുന്നതായിരുന്നാലും, തിരുവിതാംകൂറില് ഉണ്ടാകുകയൊ ഉത്ഭവിക്കുകയൊ ലഭിക്കുകയൊ ചെയ്യുന്നപക്ഷം ആകയുള്ള ആദായം കണക്കാക്കുന്നതില് ഉള്പ്പെടുത്തുമെന്നുള്ള എല്ലാ ആദായവും ലാഭങ്ങളും ഉള്പ്പെടുന്നതാകുന്നു.

(൩) ഈ വകുപ്പിലുള്ള യാതൊന്നും, ഒരു ബ്രിട്ടീഷ് പ്രജയോ തിരുവിതാംകൂര് പ്രജയോ അല്ലാതെ തിരുവിതാംകൂറില് താമസമില്ലാത്ത യാതൊരാള്ക്കും ഏതെങ്കിലും ഇളവിനൊ കിട്ടാന് അവകാശം നല്കുന്നതല്ല.

വിവരണം:—"ആകയുള്ള ആദായം" കണക്കാക്കുന്നതില്, തിരുവിതാംകൂറിനുവെളിയില് സ്ഥിതിചെയ്യുന്ന വല്ല ഭൂമിയിലുംനിന്നു ലഭിക്കുന്ന യാതൊരാദായത്തെയും കൃഷിസംബന്ധമായ ആദായമായി ഗണിച്ചുകൂടുന്നതല്ല."

൩. ടി റെഗുലേഷനില് ൩-ാം അദ്ധ്യായത്തിനുശേഷം, താഴെക്കാണുന്ന അദ്ധ്യായം ചേര്ക്കേണ്ടതാകുന്നു, അതായതു്:—

അദ്ധ്യായം ൩ എ. പുതിയതായിചേര്ക്കുക.

"അദ്ധ്യായം—൩ എ.

൪൧. എ. ഏതെങ്കിലും ആണ്ടത്തെക്കു ചുമത്തിയിട്ടുള്ള ആദായനികുതിക്കു പുറമെ, ആ ആണ്ടത്തെ വകയ്ക്കു്, ഏതെങ്കിലും ആളിനൊ അവിഭക്ത ഹിന്ദു കുടുംബത്തിനൊ, അവിഭക്ത മരുമക്കത്തായ തറവാട്ടിനൊ, കച്ചവടസംഘത്തിനൊ, രജിസ്റ്റര്ചെയ്യാത്ത തൊഴില് സംഘത്തിനൊ, രജിസ്റ്റര്ചെയ്ത ഒരു തൊഴില്സംഘമല്ലാത്ത മററു സംഘത്തിനൊ മുന്നാണ്ടില് ആകയുള്ള ആദായത്തെ സംബന്ധിച്ച്, ൩-ാം പട്ടികയില് പറഞ്ഞിരിക്കുന്ന നിരക്കൊ നിരക്കുകളൊ അനുസരിച്ചു കൂടുതലായി (ഈ റെഗുലേഷനില് മേല്നികുതി എന്നു പറഞ്ഞിരിക്കുന്ന) ഒരു ആദായനികുതി ചുമത്തുകയും പിരിക്കുകയും കൊടുക്കുകയും ചെയ്യേണ്ടതാകുന്നു.

മേല്നികുതി ചുമത്തുക.

എന്നാല് രജിസ്റ്റര്ചെയ്യാത്ത ഒരു തൊഴില് സംഘത്തിന്റെ പേരില് മേല്നികുതി ചുമത്തിയിട്ടുള്ളപ്പോള് തുകയെ സംഘത്തില് ഓഹരിയെടുത്തിട്ടുള്ള ഒരാള് വീതപ്രകാരം തന്റെ ഓഹരിക്കുള്ള പങ്കിന്റെ തുകയെ സംബന്ധിച്ച് മേല്നികുതി കൊടുക്കേണ്ടതില്ല.

൪൧. ബി. ഈ രാജ്യത്തിലെ വ്യവസ്ഥകള്ക്കുള്പ്പെട്ടു്, മേല് നികുതിയുടെ കാര്യങ്ങള്ക്കു, ഏതെങ്കിലും ആളിന്റെയൊ അവിഭക്ത ഹിന്ദുകുടുംബത്തിന്റെയൊ, അവിഭക്ത മരുമക്കത്തായ തറവാട്ടിന്റെയൊ, കച്ചവടസംഘത്തിന്റെയൊ, രജിസ്റ്റര്ചെയ്യാത്ത തൊഴില് സംഘത്തിന്റെയൊ, മററു സംഘത്തിന്റെയൊ ആകെയുള്ള ആദായം ആദായനികുതിയുടെ കാര്യങ്ങള്ക്കുവേണ്ടി തീരുമാനിക്കപ്പെട്ടിരിക്കുന്ന ആകെയുള്ള ആദായമായിരിക്കേണ്ടതും, ആകെയുള്ള ആദായത്തിന്റെ ഒരു തീരുമാനം ഏതെങ്കിലും ആണ്ടത്തെ ആദായനികുതിയുടെ കാര്യങ്ങള്ക്ക് അവസാനത്തേതും ഖണ്ഡിതവും ആയിത്തീര്ന്നിട്ടുള്ളപ്പോള് അതു് ആ ആണ്ടത്തെ മേല്നികുതിയുടെ കാര്യങ്ങള്ക്കും അവസാനത്തേതും ഖണ്ഡിതവും ആയിരിക്കേണ്ടതുമാകുന്നു.

മേല് നികുതിയുടെ കാര്യത്തിന് ആകെയുള്ള ആദായം.

൪൧. സി. (൧) തിരുവിതാംകൂറിനുവെളിയില് താമസിക്കുകയും രജിസ്റ്റര്ചെയ്ത ഒരു തൊഴില് സംഘത്തിലെ ഒരു അംഗമായിരിക്കുകയും ആ തൊഴില്സംഘത്തില്നിന്നു മേല്നികുതി ചുമത്തപ്പെടേണ്ടതായ ലാഭവീതം ഉണ്ടായിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളിനെ സംബന്ധിച്ചിടത്തോളം, തിരുവിതാംകൂറില് താമസിക്കുന്ന ആ തൊഴില് സംഘത്തിലെ ബാക്കിയുള്ള അംഗങ്ങള്, പ്രസ്തുത വീതത്തിന്റെ വകയ്ക്കു തിരുവിതാംകൂറില് താമസമില്ലാത്ത ആ അംഗത്തിന്റെ പക്കല്നിന്നു വരുവാനുള്ള മേല്നികുതി കൊടുക്കുന്നതിനു കൂട്ടായും പ്രത്യേകമായും ചുമതലപ്പെട്ടിരിക്കുന്നതാകുന്നു.

തിരുവിതാംകൂറില് താമസമില്ലാത്ത കൂട്ടുകച്ചവടക്കാരും ഓഹരിക്കാരും.

(൨) ഒരു കച്ചവടസംഘത്തില് ഓഹരിക്കാരനും അതില്നിന്ന് തനിക്കു കിട്ടാവുന്ന ലാഭവീതത്തിന്റെ തുകക്കു മേല്നികുതി കൊടുക്കാന് ബാദ്ധ്യതയുള്ളവനും ആയ ഏതെങ്കിലും ആള് തിരുവിതാംകൂറിനു വെളിയില് താമസിക്കുകയാണെന്നു വിശ്വസിക്കാന് കളക്ടര്ക്കു ന്യായമുള്ളപ്പോള്, ആ മേല്നികുതി കൊടുക്കാന്രേഖാമൂലമായ ഉത്തരവിനാല് കളക്ടര്ക്ക് ആ കച്ചവടസംഘത്തിലെ പ്രധാനഉദ്യോഗസ്ഥനോടു ആവശ്യപ്പെടാവുന്നതാകുന്നു.

(൩) ഒരു കച്ചവടസംഘത്തിലെ ഓഹരിക്കാരനും അതില്നിന്നു തനിക്കു കിട്ടാവുന്ന ലാഭവീതങ്ങളുടെ തുകയ്ക്കു മേല്നികുതികൊടുക്കാന് ബാദ്ധ്യതയുള്ളവനും ആയ ഒരാള് തിരുവിതാംകൂറില് താമസിക്കയാണെന്നു വിശ്വസിക്കാന് ആ കച്ചവടസംഘത്തിലെ പ്രധാനഉദ്യോഗസ്ഥനു കാരണമില്ലാത്തപ്പോഴാകട്ടെ, ഒരു കച്ച

വടസംഘത്തിലെ ഓഹരിക്കാരനായ ഏതെങ്കിലും ആളിന്റെ വകയ്ക്കു മേൽനികുതി കൊടുക്കാൻ ആ കച്ചവടസംഘത്തിലെ പ്രധാനഉദ്യോഗസ്ഥനോടു (൨)-ാം ഉപവകുപ്പിൽ പറഞ്ഞിരിക്കുന്നതുപോലെ ആവശ്യപ്പെട്ടിട്ടുള്ളപ്പോഴൊക്കെ, അപ്രകാരമുള്ള ആറ കച്ചവടസംഘത്തിൽനിന്നും വാങ്ങിയിട്ടുള്ള ലാഭവിഹിതങ്ങളെ സംബന്ധിച്ച് അയാളുടെ പക്കൽനിന്നു വരുവാനുള്ള മേൽനികുതി കൊടുക്കാൻ ടി പ്രധാനഉദ്യോഗസ്ഥനു ബാദ്ധ്യതയുണ്ടായിരിക്കുന്നതും കച്ചവടസംഘത്തിൽനിന്ന് ആ ആളിനു കൊടുപ്പാനുള്ള തുകയിൽനിന്നു ടി മേൽനികുതിയുടെ തുക കുറയ്ക്കാൻ ആ ഉദ്യോഗസ്ഥനു അധികാരമുണ്ടായിരിക്കുന്നതുമാകുന്നു.

(൪) തിരുവിതാംകൂറിനു വെളിയിൽ താമസിക്കുന്ന ഒരാളിന്റെ വകയ്ക്കു് ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ചു മറ്റൊരാൾ വല്ല നികുതിയും കൊടുക്കുന്നതായാൽ, ആയതിനെ, അപ്രകാരം താമസമില്ലാത്ത ആളിന്റെ വല്ല കാര്യസ്ഥനും ൩൨-ം ൩൩-ം വകുപ്പുകളിലെ വ്യവസ്ഥകളനുസരിച്ചു കൊടുക്കേണ്ടതായ നികുതിയുടെ തുക നിശ്ചയിക്കുന്നതിൽ വകവച്ചു കൊടുക്കേണ്ടതാകുന്നു.

റഗുലേഷൻമേൽനികുതിയെസംബന്ധിക്കുന്നതാണെന്ന്.

൪൧ ഡി. ൫-ാംവകുപ്പു (൧)-ാം ഉപവകുപ്പിലെ ക്ലിപ്തവും, ൩-ാംവകുപ്പിന്റെ ക്ലിപ്തവും, കച്ചവടസംഘങ്ങളേയും തൊഴിൽസംഘങ്ങളേയും സംബന്ധിക്കുന്നിടത്തോളം ൧൧-ാംവകുപ്പിന്റെ (൧)-ാം ഉപവകുപ്പും; ൧൧-ാംവകുപ്പിന്റെ (൨)-ാംഉപവകുപ്പും ൧൪-ം ൧൬-ം ൧൬ എ-യും ൧൬ ബിയും ൧൩-ം ൩൩-ം വകുപ്പുകളും ഒഴിച്ച് ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളും മേൽനികുതി ചുമത്തുകയും നിശ്ചയിക്കുകയും പിരിക്കുകയും ഈടാക്കുകയും ചെയ്യുന്നതിനെ കഴിവുള്ളേടത്തോളം സംബന്ധിക്കുന്നതാകുന്നു.

൨-ാംപട്ടിക പുതിയതായി ചേർക്കുക.

൪. ടി റഗുലേഷനിലെ ൨-ാംപട്ടിക കഴിഞ്ഞു്, താഴെക്കാണുന്ന പട്ടിക ചേർക്കേണ്ടതാകുന്നു, അതായതു്:—

പട്ടിക—൩.

മേൽനികുതിയുടെ നിരക്കുകൾ.

(൪൧-ഏ വകുപ്പുനോക്കുക.)

ആകെയുള്ള ആദായത്തിൽ അൻപതിനായിരം രൂപയിൽ കൂടുതലുള്ള തുകയ്ക്കു്

	നിരക്ക്.
(൧) എല്ലാ കച്ചവടസംഘത്തിന്റെയോ, ആളിന്റെയോ, രജിസ്റ്റർ ചെയ്യാത്ത തൊഴിൽസംഘത്തിന്റെയോ, രജിസ്റ്റർ ചെയ്ത തൊഴിൽ സംഘമല്ലാത്ത മററു സംഘത്തിന്റെയോ കാര്യത്തിൽ,	രൂപാ‌യ്ക്കു ഒരു ചക്രം പത്തു കാശു്
(൨) എല്ലാ അവിഭക്ത ഹിന്ദുകുടുംബത്തിന്റെയോ അവിഭക്ത മരുമക്കത്തായ തറവാട്ടിന്റെയോ കാര്യത്തിൽ	
(എ) അൻപതിനായിരം രൂപയിൽ കൂടുതലുള്ള ആദ്യത്തെ ഇരുപത്തയ്യായിരം രൂപയ്ക്കു്	ഒന്നുമില്ല.
(ബി) കൂടുതലുള്ള ബാക്കി തുകയ്ക്കു്	രൂപയ്ക്കു് ഒരു ചക്രം പത്തുകാശു്.

ഉദ്ദേശകാരണവിവരം.

ചെറിയ ആദായങ്ങൾക്കുള്ള ഉപശാന്തിയായി ഒരു നികുതിപ്പുള്ളിയുടെ ആകെയുള്ള ആദായത്തെ പരിഗണിച്ചു ൩൩-ാംവകുപ്പിൻപ്രകാരം അയാൾക്കു തുക തിരിച്ചു കൊടുക്കുന്നുണ്ട്. റഗുലേഷനിൽ അർത്ഥവിവരണം ചെയ്തിരിക്കുന്നപ്രകാരം (൨(൧൪)-ാംവകുപ്പ്) "ആകെയുള്ള ആദായം", എന്നതിൽ, തിരുവിതാംകൂറിൽസമ്പാദിക്കുന്ന ആദായംമാത്രമെ ഉൾപ്പെടുന്നുള്ളു. തിരുവിതാംകൂറിനു വെളിയിൽതാമസിച്ചു വലിയ ആദായം സമ്പാദിക്കുന്നവരും തിരുവിതാംകൂറിൽ പ്രവർത്തനം നടത്തുന്ന കച്ചവടസംഘങ്ങളിലോ തൊഴിൽ സംഘങ്ങളിലോ നിന്നു ലാഭവീതങ്ങൾ പററുന്നവരും ആയ അനേകം ആളുകളുണ്ട്. അങ്ങനെയുള്ള ആളുകളുടെ കാര്യത്തിൽ, ലാഭവീതങ്ങളേയോ ഓഹരികളേയോ സംബന്ധിച്ചു ആഗമമാർഗ്ഗം നോക്കി ചുമത്തിയ നികുതി പലപ്പോഴും തിരികെ കൊടുക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഇപ്പോൾ അർത്ഥവിവരണം ചെയ്തിരിക്കുന്നപ്രകാരം അവരുടെ "ആകെയുള്ള ആദായം,, ചെറുതാണ്. ചിലപ്പോൾ അതിൽ ലാഭവീതങ്ങളോ ഓഹരികളോ മാത്രമെ ഉൾപ്പെടുന്നുള്ളു. ഇങ്ങനെ ആവക ലാഭവീതങ്ങളേയോ ഓഹരികളേയോ സംബന്ധിച്ചു സംസ്ഥാനത്തേക്കു യാതൊരു നികുതിയും അഥവാ മതിയായ ഏതെങ്കിലും നികുതി കിട്ടുന്നില്ല. യഥാർത്ഥത്തിൽ വലിയ ആദായമുള്ള ആളുകളെ, ചെറിയ ആദായമുള്ള ആളുകളുടെ ഗുണത്തിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ മാതിരി ഉപശാന്തി അവകാശപ്പെടാൻ അനുവദിച്ചുകൂടെന്നുള്ളതു് കേവലം ന്യായമാണല്ലൊ. അതിനാൽ ൩൩-ാംവകുപ്പിൻപ്രകാരം തുക തിരികെ കിട്ടണമെന്നു അവകാശപ്പെടുമ്പോൾ, ഏതിനെ സംബന്ധിച്ചാണൊ അങ്ങനെ തിരികെ കൊടുക്കാൻ അനുവദിക്കുന്നതു് ആ ആകെയുള്ള ആദായത്തെ തിരുവിതാംകൂറിലും മററു സ്ഥലങ്ങളിലും സമ്പാദിക്കുന്ന ആദായം ഉൾപ്പെടത്തക്കവണ്ണം കണക്കാക്കണമെന്നു നിയമപ്പെടുത്താൻ ഈ ബില്ലുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നു. ഇതു് ബ്രിട്ടീഷ്ഇൻഡ്യയിലെ നിയമം അനുസരിച്ചാണ്. (ബ്രിട്ടീഷ്ഇൻഡ്യയിലെ ആദായനികുതി ആക്ട് ൪൮-ാംവകുപ്പ്) ബ്രിട്ടീഷ്ഇൻഡ്യയിലെപ്പോലെ, സംസ്ഥാനത്തു് താമസമില്ലാത്ത യാതൊരു വിദേശീയനും ഒരിക്കലും യാതൊരുതുകയും തിരികെ കിട്ടുന്നതിന് ആവശ്യപ്പെടാൻ അവകാശമില്ലെന്നു നിയമപ്പെടുത്തുവാനും ഈ ബില്ലുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നു.

൨. ബ്രിട്ടീഷ്ഇൻഡ്യയിലേയും മൈസൂരിലേയും പോലെ, ൫൦,൦൦൦ രൂപയിൽ കവിഞ്ഞുള്ള ആദായങ്ങൾക്കു ഒരു മേൽനികുതി ചുമത്തണമെന്നും ഉദ്ദേശിച്ചിരിക്കുന്നു.

അനുബന്ധം ക്യ

൧൯൨൧ അക്ടോബർ ൨൩-യിലെ നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം, താഴെ ചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം ദിവാൻജിയുടെ ഉത്തരവനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം, ടി. പി. രാമസുബ്ബയ്യർ,
൧൯൩൦ മെയ് ൭-ാനു. ആക്ടിംഗ് ഗവർമെൻറ് ചീഫ് സെക്രട്ടറി.

തിരുവിതാംകൂർ സർക്കാർ വ്യവസായിക സഹായധന ബിൽ.

വിഷയവിവരം.

പീഠിക.

അദ്ധ്യായം ൧.
പ്രാരംഭം.

വകുപ്പുകൾ.
൧. ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും.
൨. അർത്ഥവിവരണം.

അദ്ധ്യായം ൨.
ബോർഡ്.
൩. ഒരു വ്യവസായബോർഡു രൂപീകരിക്കൽ.
൪. ഉദ്യോഗകാലാവധി.
൫. രാജികൊടുക്കൽ.
൬. സാമാജികന്മാരെ നീക്കംചെയ്യുക.
൭. അദ്ധ്യക്ഷന്റെയോ സാമാജികന്റെയോ സ്ഥാനം ഒഴിവാകുക.
൮. യോഗങ്ങളിൽ അദ്ധ്യക്ഷസ്ഥാനംവഹിക്കൽ.
൯. താല്പര്യമുള്ള സാമാജികന്മാർ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുകയോ വോട്ടുചെയ്യുകയോ ചെയ്യാൻ പാടില്ല.
൧൦. ബോർഡ് നിറുത്തലാക്കുക.

അദ്ധ്യായം ൩.
സർക്കാർ സഹായധനം നൽകുന്നതിനെ സംബന്ധിച്ച സാമാന്യ വ്യവസ്ഥകൾ.
൧൧. സർക്കാർ സഹായധനത്തിന്റെ രൂപങ്ങൾ.
൧൨. സഹായം നൽകാവുന്ന വ്യവസായങ്ങൾ.
൧൩. സർക്കാർ സഹായധനം നൽകുന്നതിനുള്ള അധികാരം നൽകുക.
൧൪. സർക്കാർ സഹായധനത്തിനുള്ള അപേക്ഷകൾ.
൧൫. പരിശോധനയും വിവരക്കണക്കുകളും.
൧൬. സർക്കാർ സഹായധനം നൽകിവരുന്നകാലത്തു ആദായത്തിന്റെ വിനിയോഗം.
൧൭. വായ്പകൾ നൽകിയിരിക്കുന്നകാലത്തു ജാമ്യം ഉൾപ്പെടുത്തുന്നതിനുള്ള ഗവർമെന്റിന്റെ അധികാരം.
൧൮. വീഴ്ചനിമിത്തം സഹായധനം നിറുത്തലാക്കുന്നതിനു ഗവർമെന്റിനുള്ള അധികാരം.
൧൯. ഫീസ്.
൨൦. സഹായം നൽകപ്പെടുന്ന വ്യവസായത്തിന്റെ മേൽനോട്ടം.

അദ്ധ്യായം ൪.
ഹയർ-പർച്ചേസ് (തവണകളിലായി വില അടയ്ക്കുന്ന) ഏർപ്പാടിന്മേൽ യന്ത്രസാമഗ്രികൾ കൊടുത്തു സർക്കാർ സഹായധനം നൽകുന്നതു സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.
൨൧. വാടകയ്ക്കെടുക്കുന്നവൻ നിക്ഷേപിക്കേണ്ട വിലയുടെ ശതമാനം.
൨൨. അപേക്ഷ അനുവദിക്കുമ്പോൾ ഉത്തരവിൽ വിവരിച്ചിരിക്കേണ്ട സംഗതികൾ.
൨൩. ഹയർ-പർച്ചേസ് ഏർപ്പാടിന്മേൽ യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള നിബന്ധനകൾ.
൨൪. വാടകയ്ക്കെടുക്കുന്നവന്റെ വീഴ്ചയുടെ ഫലങ്ങൾ.
൨൫. വീഴ്ചനിമിത്തം പിടിച്ചെടുക്കപ്പെട്ട യന്ത്രസാമഗ്രികളെ വാടകയ്ക്കെടുക്കുന്നവനു ഇഷ്ടാനുസരണം വിലയ്ക്കുവാങ്ങാം.
൨൬. വിലയ്ക്കുവാങ്ങുന്നവൻ വാടക ഏർപ്പാട് അവസാനിപ്പിക്കുന്നതു്.
൨൭. ൨൪-ം, ൨൬-ം വകുപ്പുകൾ അനുസരിച്ചു വാടക ഏർപ്പാടു അവസാനിപ്പിക്കുന്നതിൽ വാടകയ്ക്കെടുക്കുന്നവനുള്ള ബാദ്ധ്യത.
൨൮. യന്ത്രസാമഗ്രികളുടെ വില കൊടുത്തു വാടക ഏർപ്പാട് അവസാനിപ്പിക്കുക.
൨൯. യന്ത്രസാമഗ്രികൾ വാടകയ്ക്കെടുക്കുന്നവന്റെ സ്വന്തമാകുമ്പോൾ ലോഹത്തകിട് മാററാതിരുന്നാലുള്ള ശിക്ഷ.
൩൦. പരിശോധന.

അദ്ധ്യായം ൫.
പലവക.
൩൧. കിട്ടാനുള്ള പണം വസൂൽചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ.
൩൨. ഗവർമെന്റിന്റെ തീരുമാനം അവസാനതീരുമാനമാണെന്നും ഈ റെഗുലേഷൻ അനുസരിച്ചു പ്രവർത്തിക്കുന്ന ആളുകൾക്കുള്ള രക്ഷയും.
൩൩. ഈ റെഗുലേഷൻപ്രകാരം പ്രവർത്തിക്കുന്ന ആളുകളെ സർക്കാരുദ്യോഗസ്ഥന്മാരായി ഗണിക്കണം.
൩൪. ശിക്ഷ.
൩൫. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

തിരുവിതാംകൂർ സക്കാർ വ്യാവസായിക സഹായധനബിൽ.

വ്യവസായങ്ങൾക്കു സഹായധനം നൽകുന്നതിനു വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക. വ്യവസായങ്ങൾക്കു സക്കാർ സാഹായധനം നൽകുന്നതിനു വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കകൊണ്ട്; ഇതിനാൽ നിയമിക്കപ്പെടുത്തുന്നതെന്തെന്നാൽ:—

അദ്ധ്യായം ൧.

പ്രാരംഭം.

ചുരുക്കപ്പേരും വ്യാപ്തിയും ആരംഭവും. ൧. (൧) ഈ റഗുലേഷനെ "തിരുവിതാംകൂർ സക്കാർ വ്യാവസായിക സഹായധനറഗുലേഷൻ" എന്നു വിളിക്കപ്പെടാവുന്നതാണ്.

(൨) ഇതു തിരുവിതാംകോട്ടു മുഴുവനും വ്യാപിക്കുന്നതാകുന്നു.

(൩) നമ്മുടെ ഗവമ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യപ്രകാരം നമ്മുടെ ഗവമ്മെൻറു ആ കാര്യത്തിലേക്കായി നിശ്ചയിക്കുന്ന തീയതി മുതൽ ഇതു നടപ്പിൽവരുന്നതാകുന്നു.

അർത്ഥവിവരണങ്ങൾ. ൨. ഈ റഗുലേഷനിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ലാത്തപക്ഷം:—

(൧) "ബോർഡു" എന്നാൽ, ൩-ാം വകുപ്പിൻപ്രകാരം രൂപീകരിക്കപ്പെടുന്ന വ്യവസായബോർഡ് എന്നർത്ഥമാകുന്നു.

(൨) "ഡയറക്ടർ" എന്നാൽ വ്യവസായഡയറക്ടർ എന്നർത്ഥമാകുന്നതും, അതിൽ ഈ റഗുലേഷൻപ്രകാരം ഡയറക്ടർക്കുള്ള കൃത്യങ്ങൾ ഏതെങ്കിലും നിർവഹിക്കുന്നതിനു പേരുപറഞ്ഞോ, ഉദ്യോഗവശാലോ നമ്മുടെ ഗവമ്മെൻറു നിയമിക്കുന്ന വല്ല ആളും ഉൾപ്പെടുന്നതും ആകുന്നു.

(൩) "വ്യവസായം" എന്നാൽ, ഏതെങ്കിലും വ്യക്തിയോ, സംഘടിപ്പിക്കപ്പെട്ടതോ (ഇൻകാർപ്പൊറേറഡ്) അല്ലാത്തതോ ആയ ഏതെങ്കിലും കമ്പനിയോ, സംഘമോ, വ്യക്തിസമൂഹമോ ഏർപ്പെട്ടിട്ടുള്ളതോ നടത്തുന്നതോ ആയ കൃഷി ഉൾപ്പെടെയുള്ള, ഏതെങ്കിലും വ്യവസായപ്രവൎത്തനം, അല്ലെങ്കിൽ വ്യവസായികോദ്യമം എന്നർത്ഥമാകുന്നു.

(൪) "യന്ത്രസാമഗ്രി" എന്നതിൽ ഏതെങ്കിലും വ്യവസായപ്രവൎത്തനമോ, വ്യവസായപദ്ധതിയോ നടപ്പിലാക്കുന്നതിന് വേണ്ട യന്ത്രവും, ഉപകരണവും, പണിയായുധങ്ങളും മററു സാധനസാമഗ്രികളും ഉൾപ്പെടുന്നതാകുന്നു.

(൫) "ഉടമസ്ഥൻ" എന്നാൽ, ഏതെങ്കിലും വ്യവസായപ്രവൎത്തനത്തിൻെറ ഉടമസ്ഥൻ എന്നർത്ഥമാകുന്നതും, അതിൽ അപ്രകാരമുള്ള പ്രവൎത്തനത്തെ സംബന്ധിച്ച് അയാളുടെ സ്വത്തിൻെറ അനന്തരാവകാശികൾ ഉൾപ്പെടുന്നതും ആകുന്നു.

(൬) "നിർണ്ണയിക്കപ്പെട്ടിട്ടുള്ള" എന്നാൽ, ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചു നിർണ്ണയിക്കപ്പെട്ടിട്ടുള്ള എന്നർത്ഥമാകുന്നു.

(൭) "സക്കാർ സഹായധനം" എന്നാൽ, ഈ റഗുലേഷനിലെ വ്യവസ്ഥകളും അതിൻപ്രകാരമുള്ള ഏതെങ്കിലും ചട്ടങ്ങൾ ഉള്ളപക്ഷം അവയും അനുസരിച്ചു ഗവമ്മെൻേറാ ഗവമ്മെൻറിനുവേണ്ടിയോ നൽകുന്നതായ സഹായധനം എന്നർത്ഥമാകുന്നു.

അദ്ധ്യായം ൨.

ബോർഡ്.

ഒരു വ്യവസായബോർഡ് രൂപീകരിക്കൽ. ൩. (൧) ഈ റഗുലേഷൻ ആരംഭത്തിൽ വന്നതിനുശേഷം കഴിയുന്നത്ര വേഗത്തിൽ അഞ്ചിൽ കുറയാതെയുള്ള എണ്ണത്തിൽ നമ്മുടെ ഗവമ്മെൻറു അനുവദിക്കാവുന്നിടത്തോളം അംഗങ്ങൾ ഉൾപ്പെട്ട ഒരു വ്യവസായബോർഡ് നമ്മുടെ ഗവമ്മെൻറിനു ഏർപ്പെടുത്താവുന്നതാണ്.

(൨) ഡയറക്ടർ ഉദ്യോഗവശാൽ ബോർഡിലെ ഒരു അംഗമായിരിക്കുന്നതാണ്.

(൩) ശേഷമുള്ള അംഗങ്ങളെ നമ്മുടെ ഗവമ്മെൻറു നിയമിക്കുന്നതാണ്.

എന്നാൽ, ബോർഡിൽ അനുവദിക്കപ്പെട്ടിരിക്കുന്ന അംഗങ്ങളുടെ ആകെയുള്ള എണ്ണത്തിൽ അഞ്ചിൽമൂന്നിൽ കുറയാത്ത ഭാഗം അനുദ്യോഗസ്ഥന്മാരായിരിക്കുന്നതാണ്.

കൂടാതെ, വല്ല അനുദ്യോഗസ്ഥസാമാജികൻെറയും നിയമനം ഏതെങ്കിലും തിരഞ്ഞെടുപ്പുമൂലം നടത്തുന്നതിനു നമ്മുടെ ഗവമ്മെൻറിനു ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(൪) ബോർഡിലെ അംഗങ്ങളുടെ ഇടയിൽനിന്നു ബോർഡിൻെറ അദ്ധ്യക്ഷനെ നമ്മുടെ ഗവമ്മെൻറ് നിയമിക്കേണ്ടതാണ്.

(൫) ബോർഡിലെ അദ്ധ്യക്ഷൻെറയും സാമാജികന്മാരുടേയും നിയമനവും, രാജികൊടുക്കലോ മാററവും നമ്മുടെ ഗവമ്മെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ഉദ്യോഗകാലാവധി. ൪. (൧) ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കും അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കും ഉൾപ്പെട്ടു ബോർഡിലെ അദ്ധ്യക്ഷനും സാമാജികന്മാരും മൂന്നു വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതും എന്നാൽ നിയമനമോ തിരഞ്ഞെടുപ്പോ മൂലം അവരെ വീണ്ടും നിയമിക്കാവുന്നതും ആകുന്നു.

കൂടാതെ, അദ്ധ്യക്ഷന്റെയും സാമാജികന്മാരുടേയും കാലാവധി അവസാനിച്ചാൽതന്നെയും, നമ്മുടെ ഗവണ്മെന്റ മറവിതരത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, കാലാവധി തീർന്നിട്ടുള്ളതുമൂലം ഉണ്ടായിട്ടുള്ള ഒഴിവിൽ നിയമനം നടത്തുന്നതുവരെ അവർ ഉദ്യോഗം തുടർന്നു വഹിക്കേണ്ടതാകുന്നു.

രാജികൊടുക്കൽ.

൫. അദ്ധ്യക്ഷനോ ബോർഡിലെ ഏതെങ്കിലും അംഗത്തിനോ രേഖാമൂലമായ രാജി നമ്മുടെ ഗവണ്മെന്റിനയച്ചു തന്റെ സ്ഥാനം രാജികൊടുക്കാവുന്നതും; അപ്രകാരമുള്ള രാജി നമ്മുടെ ഗവണ്മെന്റ സ്വീകരിക്കുന്നപക്ഷം, അയാൾ ഉദ്യോഗം ഒഴിഞ്ഞതായി വിചാരിക്കേണ്ടതും ആകുന്നു.

സാമാജികന്മാരെ നീക്കംചെയ്യുക.

൬. (൧) അദ്ധ്യക്ഷനോ ബോർഡിലെ വല്ല അംഗമോ—

(എ) ഇടച്ചയായി നാലുമാസത്തിൽ കവിഞ്ഞ കാലത്തേയ്ക്കു് അവധികൂടാതെ തിരുവിതാംകൂറിൽ ഇല്ലാതിരിക്കുകയോ;

(ബി) ബോർഡിലെ അംഗമെന്ന നിലയിൽ പ്രവർത്തിക്കുന്നതിനു വിസമ്മതിക്കയോ, പ്രവർത്തിക്കുന്നതിന് അപ്രാപ്തനായിരിക്കുന്നു എന്നു നമ്മുടെ ഗവണ്മെന്റിനു തോന്നുകയോ;

(സി) നിർദ്ധനനാണെന്നു പ്രഖ്യാപനം ചെയ്യപ്പെടുകയോ;

(ഡി) നമ്മുടെ ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ, കാര്യത്തിന്റെ അവസ്ഥപോലെ, ബോർഡിന്റെ അദ്ധ്യക്ഷനോ അതിലെ ഒരു അംഗമോ ആയി ഇരിക്കുന്നതിന് അയോഗ്യനാക്കിത്തീർക്കുന്ന സാന്മാർഗ്ഗികന്യൂനതയെ സൂചിപ്പിക്കുന്ന ഏതെങ്കിലും കുററം ചെയ്തുവെന്നു സ്ഥാപിക്കപ്പെടുകയോ, അല്ലെങ്കിൽ വല്ല ക്രിമിനൽ കോടതിയുടേയും അപ്രകാരമുള്ള ഏതെങ്കിലും ഉത്തരവിനധീനമായിരിക്കയോ;

(ഇ) നമ്മുടെ ഗവണ്മെന്റിന്റെ സമ്മതമോ, മതിയായതെന്നു നമ്മുടെ ഗവണ്മെന്റിന്റെ അഭിപ്രായത്തിൽ തോന്നുന്ന കാരണമോകൂടാതെ, ബോർഡിന്റെ ക്രമാനുഗതമായ മൂന്നിലധികം യോഗങ്ങളിൽ ഹാജരില്ലാതിരിക്കയോ;

(എഫ്) ൻ-ാംവകുപ്പിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രവർത്തിക്കയോ;

ചെയ്യുന്നപക്ഷം, നമ്മുടെ ഗവണ്മെന്റിന് അയാളെ നീക്കംചെയ്യാവുന്നതാകുന്നു.

(൨) അപ്രകാരം മാററപ്പെട്ടിട്ടുള്ള ഏതെങ്കിലും ആൾ ഇന്ന കാലാവധിക്കുള്ളിൽ വീണ്ടും നിയമിക്കപ്പെടുന്നതിനോ തിരഞ്ഞെടുക്കപ്പെടുന്നതിനോ അർഹനാകുന്നതല്ലെന്നു നമ്മുടെ ഗവണ്മെന്റിന് കല്പിക്കപ്പെട്ടതാവുന്നതാണ്.

അദ്ധ്യക്ഷന്റെയോ സാമാജികന്റെയോ സ്ഥാനം ഒഴിവാകുക.

൭. കാലാവധി അവസാനിക്കയോ, രാജികൊടുക്കയോ, നീക്കംചെയ്യുകയോ, മരണം സംഭവിക്കയോ ചെയ്യുന്നതുമൂലം അദ്ധ്യക്ഷന്റെയോ ബോർഡിലെ ഏതെങ്കിലും സാമാജികന്റെയോ സ്ഥാനം ഒഴിവാകുമ്പോൾ, കാര്യത്തിന്റെ അവസ്ഥപോലെ, അയാളുടെ സ്ഥാനത്തു നിയമനമോ തിരഞ്ഞെടുപ്പോ മൂലം ഒരു പുതിയ അദ്ധ്യക്ഷനേയോ സാമാജികനേയോ നിയമിക്കേണ്ടതാകുന്നു.

എന്നാൽ ബോർഡിൽ അനുവദിച്ചിട്ടുള്ള സാമാജികന്മാരുടെ എണ്ണത്തെ അപേക്ഷിച്ച്, അപ്രകാരം പ്രവർത്തിക്കുന്ന അവസരത്തിൽ ബോർഡിൽ ഉണ്ടായിരുന്ന സാമാജികന്മാരുടെ എണ്ണം കുറവായിരുന്നു എന്നുള്ള കാരണത്താൽമാത്രം ബോർഡിന്റെ യാതൊരു പ്രവൃത്തിയും അസാധുവായി വിചാരിക്കാൻ പാടില്ല.

യോഗങ്ങളിൽ അദ്ധ്യക്ഷസ്ഥാനം വഹിക്കൽ.

൮. (൧). ബോർഡിന്റെ യോഗങ്ങളിൽ അദ്ധ്യക്ഷൻ അഗ്രാസനസ്ഥാനം വഹിക്കേണ്ടതും, വോട്ടുകൾ തുല്യനിലയിൽ വരുന്ന എല്ലാ സംഗതികളിലും അദ്ദേഹത്തിന് ഒരു വോട്ടു കൂടുതലായി ഉണ്ടായിരിക്കുന്നതും ആകുന്നു.

(൨) അദ്ധ്യക്ഷൻ ഹാജരില്ലാതിരിക്കുന്ന അവസരത്തിൽ, യോഗത്തിൽ ഹാജരായിട്ടുള്ള സാമാജികന്മാർക്ക് അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതിന് അവരുടെ ഇടയിൽനിന്നു ഒരാളെ തിരഞ്ഞെടുക്കാവുന്നതും, അപ്രകാരം അദ്ധ്യക്ഷനായിരിക്കുന്നസമയം, വോട്ടുകൾ തുല്യനിലയിൽവരുന്ന എല്ലാ സംഗതികളിലും, അദ്ദേഹത്തിന് ഒരു വോട്ടു കൂടുതലായി ഉണ്ടായിരിക്കുന്നതും ആകുന്നു.

താല്പര്യമുള്ള സാമാജികന്മാർ വാദപ്രതിവാദത്തിൽ പങ്കുകൊള്ളുകയോ വോട്ടുചെയ്യുകയോ ചെയ്യാൻ പാടില്ല.

൯. ബോർഡിന്റെ ഒരു യോഗത്തിൽ പര്യാലോചനയ്ക്കെടുത്തു വാദപ്രതിവാദം നടത്തുന്ന ഏതെങ്കിലും വിഷയത്തിൽ ധനസംബന്ധമായി നേരിട്ടോ നേരിട്ടല്ലാതേയോ ഒരു സാമാജികനോ അയാളുടെ പങ്കുകാരനോ ഏതെങ്കിലും താല്പര്യമുള്ളപക്ഷമോ, അല്ലെങ്കിൽ തന്റെ തൊഴിൽപ്രമാണിച്ച് ഒരു കക്ഷിക്കുവേണ്ടിയോ, നമ്മുടെ ഗവണ്മെന്റോ, ഒരു പ്രാദേശികാധികാരിയോ, ഒരു റെയിൽവേ കമ്പനിയോ ഒഴിച്ച്, വല്ല ആളിന്റേയും ഏജന്റ് എന്ന നിലയിലോ താല്പര്യമുള്ളപക്ഷമോ ബോർഡിലെ യാതൊരു സാമാജികനും വാദപ്രതിവാദത്തിൽ വോട്ടുചെയ്യുകയോ അതിൽ പങ്കെടുക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

ബോർഡു നിർത്തലാക്കുക.

൧൦. ബോർഡിൽ ചുമത്തപ്പെട്ടിട്ടുള്ള കൃത്യങ്ങൾ നിർവഹിക്കുന്ന കാര്യത്തിൽ അതു സ്ഥിരമായി വീഴ്ചവരുത്തുന്നു എന്നോ, അതിന്റെ അധികാരങ്ങൾ ദുർവിനിയോഗം ചെയ്യുന്നു എന്നോ, അധികാരസീമയിൽകടന്നു പ്രവർത്തിക്കുന്നു എന്നോ നമ്മുടെ ഗവണ്മെന്റിനു തോന്നുന്നപക്ഷം, നമ്മുടെ ഗവണ്മെന്റു ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യപ്രകാരം നമ്മുടെ ഗവണ്മെന്റിനു ബോർഡു നിർത്തലാക്കാവുന്നതും, അപ്പോൾ ബോർഡിലെ അദ്ധ്യക്ഷനും സാമാജികന്മാരും അവരുടെ ഉദ്യോഗസ്ഥാനങ്ങൾ ഒഴിഞ്ഞതായി വിചാരിക്കേണ്ടതും, തദനന്തരം ബോർഡിന്റെ എല്ലാ കൃത്യങ്ങളും നിർവഹിക്കുന്നതിനു നമ്മുടെ ഗവണ്മെന്റു നിയമിക്കാവുന്ന ആളോ ആളുകളോ അവ നിർവഹിക്കേണ്ടതും ആകുന്നു.

അദ്ധ്യായം ൩.

സക്കാർ സഹായധനം നൽകുന്നതിനെസംബന്ധിച്ച സാമാന്യവ്യവസ്ഥകൾ.

സക്കാർ സഹായധനത്തിൻെറ രൂപങ്ങൾ.

൧൧. (൧) താഴെപറയുന്ന എല്ലാവിധരൂപങ്ങളിലൊ, ഏതെങ്കിലും രൂപത്തിലൊ വല്ല വ്യവസായത്തിനും സക്കാർ സഹായധനം നൽകാവുന്നതാണ്; അതായത്:—

(എ) നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിലും, വായ്പ അനുവദിക്കുന്ന ഉത്തരവിൽ നിശ്ചയിക്കാവുന്ന വ്യവസ്ഥകൾ അനുസരിച്ചും ഉറപ്പുനൽകുകയും തിരികെ അടച്ചുതീക്കയും ചെയ്യുന്നതിനെ ആസ്പദമാക്കി ഒരു വായ്പനൽകുക;

എന്നാൽ അപ്രകാരമുള്ള യാതൊരുവായ്പയും, വായ്പ ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്ന അവസരത്തിൽ വ്യവസായമുതലിനെ സംബന്ധിച്ചുള്ള സകല ബാധ്യതകളും തള്ളിയതിനുശേഷം, ആത്ര് നൽകപ്പെടുന്ന വ്യവസായത്തിൻെറ മുതലിൻെറ അസ്സൽ വിലയുടെ നിർണ്ണയിക്കപ്പെട്ട ശതമാനത്തിൽ കവിയാൻപാടില്ലാത്തതും, അപ്രകാരമുള്ള വില നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിൽ ഡയറക്ടർ നിശ്ചയിക്കുന്നതും ആകുന്നു.

കൂടാതെ, രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ നമ്മുടെ ഗവമ്മെൻറ് മറുതരത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, വായ്പ നൽകുന്നതീയതിക്കുശേഷവും അല്ലെങ്കിൽ വായ്പ തവണകളിലായി നൽകുന്നപക്ഷം അവസാനത്തെ തവണ നൽകുന്ന തീയതിക്കുശേഷവും ഇരുപതുകൊല്ലത്തിൽ കവിയാത്തകാലത്തിനകം അപ്രകാരമുള്ള എല്ലാവായ്പയും തിരികെ അടയ്ക്കേണ്ടതാകുന്നു.

കൂടാതെ, രേഖപ്പെടുത്തേണ്ടകാരണങ്ങളാൽ അപ്രകാരമുള്ള വായ്പ അനുവദിച്ചിട്ടുള്ള ഒരു വ്യവസായത്തിൻെറ ഉടമസ്ഥൻെറ അപേക്ഷപ്രകാരം, വ്യത്യസ്തമായ സംഗതികളിൽ, വായ്പ അനുവദിച്ചിട്ടുള്ള ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളെ നമ്മുടെ ഗവമ്മെൻറിനു ഭേദപ്പെടുത്താവുന്നതും ആകുന്നു.

(ബി) ഒരു ബാങ്കിൽനിന്നു ക്ലിപ്തസംഖ്യവരെ കൂടുതൽപററാനും (കാഷ് ക്രെഡിററ്) നിക്ഷേപസംഖ്യയിൽ കൂടുതൽപററാനൊ (ഓവർഡ്രാഫ്ററ്) ഒരു സ്ഥിരമായമുൻപേററ (ഫിക്സ്ഡ് അഡ്വാൻസ്) കിട്ടുന്നതിനൊ ഉള്ള ഉറപ്പ്.

(സി) ഓഹരികളും ഡിബഞ്ചറുകളും എടുക്കുക.

എന്നാൽ, അപ്രകാരമുള്ള ഓഹരികൾക്കൊ, ഡിബഞ്ചറുകൾക്കൊവേണ്ടി നമ്മുടെ ഗവമ്മെൻറു നൽകുന്നതുക, അതേ വ്യവസായത്തിനെസംബന്ധിച്ച ഓഹരികൾക്കും ഡിബഞ്ചറുകൾക്കും ആയി മററുള്ളവർ അടച്ചിട്ടുള്ള തുകയെ കവിയാൻപാടില്ലാത്തതാകുന്നു.

(ഡി) പ്രിഫറൻസ് ഓഹരികളിന്മേലൊ ഡിബഞ്ചറുകളിന്മേലൊ പലിശക്കുള്ള ഉറപ്പ്.

(ഇ) ഒരു കൂട്ടുകച്ചവടകമ്പനിയുടെ മുഴുവൻ മൂലധനത്തിന്മേലൊ ഒരു ഭാഗത്തിന്മേലൊ ഉള്ള ഏററവും കുറഞ്ഞ ഒരു ആദായത്തിനുള്ള ഉറപ്പ്.

(എഫ്) നമ്മുടെ ഗവമ്മെൻറിൻെറ വകയായ ഭൂമിയൊ, അസംസ്കൃതസാധനമൊ, വിറകൊ, ജലമൊ, മറെറന്തെങ്കിലും വസ്തുവൊ സൌജന്യവ്യവസ്ഥകളിന്മേൽ നൽകുക.

(ജി) (I) പര്യേഷണം നടത്തുന്നതിനൊ,

(II) യന്ത്രസാമഗ്രികൾ വിലയ്ക്കുവാങ്ങുന്നതിനൊ, ദ്രവ്യസഹായം ചെയ്യുക.

(എച്ച്) 'ഹയർപർച്ചെസ' (തവണകളിലായി വിലഅടയ്ക്കുന്ന) ഏർപ്പാടിൻപ്രകാരം യന്ത്രസാമഗ്രികൾ നൽകുക.

(൨) ൧-ാം ഉപവകുപ്പ് (എഫ്) (ജി) ഈ ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും രൂപത്തിൽ സക്കാർ സഹായധനം അനുവദിക്കുന്നതിനുള്ള നിബന്ധന സാധാരണമായി, നമ്മുടെ ഗവമ്മെൻറൊ, സഹായധനം അനുവദിക്കുന്ന അധികാരിയൊ നിശ്ചയിച്ചിട്ടുള്ള കൊല്ലങ്ങൾക്കകം, നമ്മുടെ ഗവമ്മെൻറൊ സഹായധനം അനുവദിക്കുന്ന അധികാരിയൊ നിശ്ചയിക്കാവുന്ന നിരക്കിൽകവിഞ്ഞു, അപ്രകാരമുള്ള വ്യവസായത്തിനു മുടക്കിയിട്ടുള്ള മൂലധനത്തിന്മേൽ പലിശയൊ ലാഭവീതമൊ നൽകുകയൊ പലിശയൊ ലാഭവീതമൊ നൽകുന്നതിനു അതിനു സാധിക്കുന്നതാണെന്നു നമ്മുടെ ഗവമ്മെൻറിൻെറ അഭിപ്രായത്തിൽ തോന്നുകയൊ ചെയ്യുന്നപക്ഷം നമ്മുടെ ഗവമ്മെൻറൊ സഹായധനം അനുവദിക്കുന്ന അധികാരിയൊ നിശ്ചയിക്കുന്ന കൊല്ലങ്ങൾ അവസാനിക്കുമ്പോൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള അധികാരി നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിൽ നിശ്ചയിച്ചിട്ടുള്ളതനുസരിച്ചു നൽകിയിട്ടുള്ള സഹായധനത്തിൻെറ വില വ്യവസായത്തിൻെറ ഉടമസ്ഥൻ മടക്കികൊടുക്കേണമെന്നുള്ളതാണ്.

(൩) നിർണ്ണയിക്കപ്പെട്ടിട്ടുള്ള അളവുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വിധത്തിൽ നിശ്ചയിക്കുന്നതിൻപ്രകാരം ഒരു വ്യവസായത്തിനു അനുവദിച്ചിട്ടുള്ള എല്ലാ സക്കാർ സഹായധനത്തിൻെറയും ആകെയുള്ള വില യാതൊരു സംഗതിയിലും (൧)-ാം ഉപവകുപ്പ (എ) ഖണ്ഡത്തിൻകീഴിലുള്ള ഒന്നാമത്തെ ക്ലിപ്തത്തിൽ കൃത്യമായി പറഞ്ഞിരിക്കുന്ന പരിധിയെ കവിയാൻപാടില്ലാത്തതാകുന്നു.

സഹായധനം നൽകാവുന്ന വ്യവസായങ്ങൾ.

൧൨. (എ) ൧൧-ാംവകുപ്പ് (൧)-ാം ഉപവകുപ്പിൽ വിവരിച്ചിട്ടുള്ള വല്ല രൂപത്തിലും,

(I) പുതിയതൊ ആരംഭിക്കപ്പെട്ടതൊ ആയ ഒരു വ്യവസായത്തിന്നൊ,

(II) അപ്രകാരമുള്ള വ്യവസായങ്ങൾ പരിപുഷ്ടമായിട്ടില്ലാത്തതൊ വിജയകരമാകാനിടയുള്ളതൊ ആയ ഒരു സ്ഥലത്തു പുതിയതായി ഏർപ്പെടുത്താൻപോകുന്ന ഒരു വ്യവസായത്തിനൊ,

(III) കൂടുതൽ മൂലധനം മുടക്കുന്നതുനിമിത്തം കൂടുതൽ ആദായകരമായി തീരാനിടയുള്ള ഒരു വ്യവസായത്തിനൊ, അല്ലെങ്കിൽ,

(IV) ശില്പികളുടെ കൂട്ടങ്ങളോ സംഘമോ നടത്തുന്ന വ്യവസായങ്ങളുൾപ്പെടെയുള്ള ഒരു കുടിൽ വ്യവസായത്തിനോ;

(ബി) ടി ഉപവകുപ്പിൽ (എച്ച്) ഖണ്ഡത്തിൽ വിവരിച്ചിട്ടുള്ള രൂപത്തിൽ കൃഷിക്കും;

(സി) ടി ഉപവകുപ്പിൽ (ബി)യും (ജി) (I)-ം ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള രൂപത്തിൽ കൃഷിഒഴികെയുള്ള വല്ല വ്യവസായത്തിനും ഈ റഗുലേഷനിലെ വ്യവസ്ഥകൾക്കും അതിൻപ്രകാരമുള്ള ചട്ടങ്ങൾക്കും ഉൾപ്പെട്ട് നമ്മുടെ ഗവണ്മെന്റിനോ നമ്മുടെ ഗവണ്മെന്റിനു വേണ്ടി ആ കാര്യത്തിലേക്കായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും അധികാരിക്കോ സർക്കാർ സഹായധനം കൊടുക്കാവുന്നതാകുന്നു.

എന്നാൽ വല്ല കൂട്ടുകച്ചവടക്കമ്പനിക്കും,

(എ) ആ കമ്പനിയുടെ മൂലധനത്തോടുകൂടി തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതും,

(ബി) അതിന്റെ ഡയറക്ടർമാരുടെ ബോർഡിലെ അംഗങ്ങളിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഭൂരിഭാഗം തിരുവിതാംകൂറുകാരും;

അല്ലെങ്കിൽ സർക്കാർസഹായധനം നൽകപ്പെടുന്നതല്ല.

കൂടാതെ സർക്കാർ സഹായധനം സ്വീകരിക്കുന്ന ഓരോരുത്തരും നിർണ്ണയിക്കപ്പെടാവുന്ന ശില്പവിദ്യാശിഷ്യന്മാരെ (അപ്രന്റീസ്) പരിശീലിപ്പിക്കുന്നതിനു തക്ക വ്യവസ്ഥകൾ ചെയ്തിരിക്കേണ്ടതാണ്;

സർക്കാർ സഹായധനം നൽകുന്നതിനുള്ള അധികാരം നൽകുക.

൧൩. നമ്മുടെ ഗവണ്മെന്റു നിർണ്ണയിക്കുന്നപ്രകാരമുള്ള ചട്ടങ്ങൾക്കും നിബന്ധനകൾക്കും ഉൾപ്പെട്ടു നമ്മുടെ ഗവണ്മെന്റു അവരുടെ കീഴിലുള്ള വല്ല അധികാരിക്കും സർക്കാർ സഹായധനം കൊടുക്കുന്നതിനുള്ള അധികാരം നൽകാവുന്നതാണ്.

സർക്കാർ സഹായധനത്തിനുള്ള അപേക്ഷകൾ.

൧൪. (൧) സർക്കാർ സഹായത്തിനുള്ള അപേക്ഷകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും അപ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയും ഡയറക്ടർക്ക് അയക്കേണ്ടതാണ്.

(൨) ഡയറക്ടർ അപ്രകാരമുള്ള ഓരോ അപേക്ഷയിന്മേലും നമ്മുടെ ഗവണ്മെന്റു വല്ല അന്വേഷണങ്ങളും നടത്തണമെന്നു നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ, അപ്രകാരമുള്ള അന്വേഷണങ്ങളും, അദ്ദേഹത്തിനു ആവശ്യമെന്നു തോന്നുന്ന മററന്വേഷണങ്ങളും നടത്തേണ്ടതാണ്.

(൩) ഓരോ അപേക്ഷയും അതിന്മേലുള്ള സംബന്ധപ്പെട്ട എല്ലാ കടലാസുകളോടൊന്നിച്ചു ഡയറക്ടരുടെ അഭിപ്രായത്തോടുകൂടി ബോർഡിന്റെ അഭിപ്രായത്തിനായി അതിന്റെ ഒരു യോഗത്തിൽ ഹാജരാക്കേണ്ടതാകുന്നു.

(൪) വല്ല അപേക്ഷയും അനുവദിക്കാൻപാടില്ലെന്നു ബോർഡ് അതിന്റെ യോഗത്തിൽ അഭിപ്രായപ്പെടുകയാണെങ്കിൽ ആ അപേക്ഷയെ തള്ളിയതായി വിചാരിക്കേണ്ടതും ആ അപേക്ഷയിൽ യാതൊരു മേൽനടപടിയും നടത്താൻ പാടില്ലാത്തതും ആകുന്നു.

(൫) മററു എല്ലാസംഗതികളിലും ഡയറക്ടർ, സഹായധനം നൽകുന്നതിനു തനിക്കുതന്നെ അധികാരമില്ലെങ്കിൽ നമ്മുടെ ഗവണ്മെന്റിനോ സഹായധനം നൽകുന്നതിനു അധികാരമുള്ള ഉദ്യോഗസ്ഥനോ അപേക്ഷയും ബോർഡിന്റെ അഭിപ്രായവും സംബന്ധപ്പെട്ട എല്ലാകടലാസുകളും തനിക്കുതന്നെ രേഖപ്പെടുത്താനായി വല്ല അഭിപ്രായവുമുണ്ടെങ്കിൽ അതോന്നിച്ചു സമർപ്പിക്കേണ്ടതാണ്.

൧൫. വല്ല വ്യവസായത്തിന്റെയും ഉടമസ്ഥൻ:—

പരിശോധനയും വിവരണക്കണക്കുകളും.

(I) അപ്രകാരമുള്ള വ്യവസായത്തിനു സർക്കാർ സഹായധനത്തിനായി ഒരു അപേക്ഷ അയക്കുമ്പോൾ, അല്ലെങ്കിൽ,

(II) അപ്രകാരമുള്ള വ്യവസായത്തിനു ൧൧-ാംവകുപ്പ് (൧)-ാം ഉപവകുപ്പിലെ (എ), (ബി), (സി), (ഡി), (ഇ), എന്നീഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും രൂപത്തിൽ സർക്കാർ സഹായധനം നൽകിവരുന്നകാലത്ത്,

(എ) വ്യവസായത്തിന്റെ ആവശ്യത്തിലേക്കു ഉപയോഗിച്ചുവരുന്നതോ ഉപയോഗിക്കാൻ പോകുന്നതോ ആയ വസ്തുക്കളുടേയോ കെട്ടിടങ്ങളുടേയോ അല്ലെങ്കിൽ യന്ത്രത്തിന്റെയോ അല്ലെങ്കിൽ കച്ചവടച്ചരക്കുകളുടേയോ പരിശോധനസംബന്ധിച്ചു നമ്മുടെ ഗവണ്മെന്റിന്റെ സാമാന്യമായോ പ്രത്യേകമായോ ഉള്ള ഉത്തരവിനെ അനുസരിക്കയും;

(ബി) വ്യവസായംസംബന്ധിച്ചു എല്ലാകണക്കുകളും നിർണ്ണയിക്കപ്പെട്ടിട്ടുള്ള ആളിനാൽ പരിശോധിക്കപ്പെടുന്നതിനു അനുവദിക്കയും,

(സി) വ്യവസായസംബന്ധമായ കണക്കുകളെ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള കണക്കുപരിശോധനയ്ക്കു (ആഡിററ്) സമർപ്പിക്കയും,

(ഡി) ഉണ്ടാക്കുകയും വിൽക്കുകയും ചെയ്തിട്ടുള്ള എല്ലാസാധനങ്ങളുടേയും വിവരണവും പരിമാണവും ഇവരണ്ടും സംബന്ധിച്ചു മുഴുവൻ വിവരക്കണക്കുകളും (റിട്ടേണുകൾ) നിർണ്ണയിക്കപ്പെട്ടിട്ടുള്ള ആളിനു നിർണ്ണയിക്കപ്പെട്ടിട്ടുള്ള മാതിരിയിൽ നൽകുകയും,

(ഇ) നിർണ്ണയിക്കപ്പെടാവുന്ന പ്രത്യേക കണക്കുകൾ സൂക്ഷിക്കയും,

(എഫ്) നമ്മുടെ ഗവണ്മെന്റു ആവശ്യപ്പെടാവുന്നപ്രകാരമുള്ള വിവരങ്ങൾ (സ്റ്റേററ്മെൻറ്സ്) നൽകുകയും ചെയ്യണം.

സർക്കാർസഹായധനം നൽകിവരുന്നകാലത്തുള്ളആദായത്തിന്റെ വിനിയോഗം.

൧൩. (൧) വല്ലവ്യവസായത്തിനും സർക്കാർ സഹായധനം നൽകിവരുന്നകാലത്തു, അപ്രകാരമുള്ള വ്യവസായത്തിൽനിന്നുള്ള ആദായം, വീതിക്കപ്പെടുകയാണെങ്കിൽ ഡിബഞ്ചർകടങ്ങളിന്മേലും വായ്പകളിന്മേലും കൊടുക്കേണ്ട പലിശ കൊടുക്കുകയും യന്ത്രത്തിന്റെയൊ കെട്ടിടങ്ങളുടേയൊ തേയ്മാനത്തിനും പഴക്കത്തിനും ഒരു ന്യായമായതുക നീക്കിവയ്ക്കുകയും നിർണ്ണയിക്കപ്പെട്ടിരിക്കുന്ന മാതിരിയിൽ ഉപയോഗപ്പെടുത്തേണ്ടതിലേക്ക വേറൊരു ന്യായമായതുക കരുതൽധനത്തിൽ കൊള്ളിക്കുകയും ചെയ്തതിനുശേഷം മാത്രമേ വീതിക്കാവു.

(൨) വ്യവസായത്തിനു സർക്കാർ സഹായധനം നൽകിവരുന്നകാലത്തു് ആ വ്യവസായത്തിൽ മുടക്കിയിട്ടുള്ള അടച്ചുതീർത്ത മൂലധനത്തിന്മേൽ നമ്മുടെ ഗവൺമെന്റ് അതാതുകാലം നിശ്ചയിക്കാവുന്ന ശതമാനനിരക്കിൽ കൂടുതലായി ഓഹരിക്കാർക്ക ലാഭവീതം കൊടുക്കാൻ പാടില്ലാത്തതും ഉടമസ്ഥനു ലാഭം എടുക്കാൻ പാടില്ലാത്തതും ആകുന്നു.

വായ്പകൾ നൽകിയിരിക്കുന്നകാലത്തു ജാമ്യം ദൃഢപ്പെടുത്തുന്നതിനുള്ള ഗവൺമെന്റിന്റെ അധികാരം.

൧൪. നൽകപ്പെട്ട വല്ല സഹായധനവും വകയിൽ, കിട്ടാനുള്ള പലിശസഹിതം, വീട്ടിത്തീരാത്ത വല്ല വായ്പയുടേയും തുക എപ്പോഴെങ്കിലും ൧൧-ാംവകുപ്പ് (൧)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിലെ ഒന്നാമത്തെ ക്ലിപ്തപ്രകാരം നിശ്ചയിച്ചിട്ടുള്ള ശതമാനത്തെ കവിയുന്നതായി കാണപ്പെടുകയാണെങ്കിൽ നമ്മുടെ ഗവൺമെന്റിനു അപ്രകാരമുള്ള ശതമാനത്തിൽ കൂടുതലായ അപ്രകാരമുള്ള ബാക്കിയുടെ അത്രത്തോളം ഈടാക്കുകയൊ അല്ലെങ്കിൽ തൃപ്തികരമെന്നു തോന്നാവുന്ന കൂടുതൽ ജാമ്യമോ വസ്തുജാമ്യമോ സ്വീകരിക്കയൊ ചെയ്യാവുന്നതാണ്.

വീഴ്ചനിമിത്തം സഹായധനം നിറുത്തലാക്കുന്നതിനുഗവൺമെന്റിനുള്ളഅധികാരം.

൧൫. നമ്മുടെഗവൺമെന്റു രേഖപ്പെടുത്തേണ്ട കാരണങ്ങളിൽ താഴെപ്പറയപ്പെടുന്ന വല്ല കാരണങ്ങളാലും ഒരു വ്യവസായത്തെ സംബന്ധിച്ച സഹായധനം നിറുത്തലാക്കുന്നതിനു തീരുമാനിക്കയാണെങ്കിൽ, അതായതു:—

(i) നൽകപ്പെട്ട സഹായധനത്തിന്റെ വല്ലഭാഗവും ദുരുപയോഗപ്പെടുത്തി എന്നു് അല്ലെങ്കിൽ

(ii) ഈ റഗുലേഷൻപ്രകാരമുള്ള വ്യവസ്ഥകളേയൊ അല്ലെങ്കിൽ അതനുസരിച്ച ഉണ്ടാക്കിയിട്ടുള്ള വല്ല ചട്ടങ്ങളേയൊ അല്ലെങ്കിൽ സഹായധനത്തിന്റെ വല്ല നിബന്ധനയേയൊ വ്യവസായം ലംഘിച്ചിരിക്കുന്നു എന്നു് അല്ലെങ്കിൽ

(iii) സഹായധനം നൽകപ്പെട്ടിരുന്നതു് ഏതു് അപേക്ഷയെ ആസ്പദമാക്കിയാണൊ ആ അപേക്ഷയിൽ അല്ലെങ്കിൽ ആ അപേക്ഷയോടുകൂടി അസത്യമാണെന്നു ഉടമസ്ഥൻ അറിഞ്ഞിരുന്ന വല്ല സാരമായ പ്രസ്താവനയൊ അല്ലെങ്കിൽ നമ്മുടെ ഗവൺമെന്റിന്റെ അഭിപ്രായത്തിൽ വെളിപ്പെടുത്തേണ്ടതു് അയാളുടെ കർത്തവ്യമായിരുന്ന വല്ല സാരമായ സംഗതിയുടേയും മനഃപൂർവമായ മറച്ചുവയ്ക്കലൊ അടങ്ങിയിരുന്നു അല്ലെങ്കിൽ ഉണ്ടായിരുന്നു അല്ലെങ്കിൽ അപ്രകാരമുള്ള വല്ല വ്യാജപ്രസ്താവനയും അല്ലെങ്കിൽ മറച്ചുവയ്ക്കലും ഈ റഗുലേഷൻപ്രകാരം നടത്തപ്പെട്ട വല്ലഅന്വേഷണത്തിലും അല്ലെങ്കിൽ ഈ റഗുലേഷൻപ്രകാരമുള്ള വല്ല വിവരക്കണക്കിലും അല്ലെങ്കിൽ ഈ റഗുലേഷൻപ്രകാരം വിവരം അറിയിക്കണമെന്നുള്ള വല്ല ഉത്തരവിനും ഉള്ള മറുപടിയിലും ഉടമസ്ഥൻ അല്ലെങ്കിൽ ഉടമസ്ഥന്റെ അറിവോടും സമ്മതത്തോടുംകൂടി മനഃപൂർവമായി ചെയ്തിരുന്നു എന്നു് അല്ലെങ്കിൽ

(iv) ഈ റഗുലേഷൻപ്രകാരം തിരിച്ചുകൊടുക്കേണ്ടതായ ആ വ്യവസായത്തിനു നൽകപ്പെട്ട സഹായധനത്തിന്റെ തുക തീർത്തു അടയ്ക്കുന്നതിനു പ്രയാസം നേരിടത്തക്കവണ്ണം ആ വ്യവസായം നടത്തിപ്പോരുന്നു എന്നു്;

സഹായധനം നിറുത്തൽചെയ്യുന്നതിനു നമ്മുടെ ഗവൺമെന്റിനു് ഉത്തരവുചെയ്യാവുന്നതും, ഈ റഗുലേഷനിലൊ മററു വല്ല നിയമത്തിലൊ എവിടെ എങ്കിലും എന്തുതന്നെ അടങ്ങിയിരുന്നാലും,

(എ) കിട്ടാനുള്ള പലിശസഹിതം വീട്ടിത്തീർത്തിട്ടില്ലാത്ത വല്ല വായ്പയുടേയും മുഴുവൻതുകയും അല്ലെങ്കിൽ

(ബി) വായ്പയല്ലാതെ സഹായധനം നൽകപ്പെട്ടസംഗതികളിൽ ആ സഹായധനം നൽകപ്പെട്ട കാലത്തു നിശ്ചയിക്കപ്പെട്ടിട്ടുള്ള അതിന്റെ പണമായിട്ടുള്ള വില അതു നൽകപ്പെട്ട തിയതിമുതൽ ഈടാക്കപ്പെടുന്ന തീയതിവരെ പന്ത്രണ്ടു ശതമാനത്തിൽ കൂടാത്ത നിരക്കനുസരിച്ചുള്ള പലിശയോടുകൂടിയും,

(സി) (എ)-യൊ (ബി)-യൊ ഖണ്ഡത്തിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളിൽ ഈടാക്കുന്നതിനുള്ള ചെലവും നമ്മുടെ ഗവൺമെന്റു അപ്രകാരം നിർദ്ദേശിക്കയാണെങ്കിൽ അതിനെ സംബന്ധിച്ച നടത്തിയിട്ടുള്ള വല്ല അന്വേഷണത്തിന്റെയും ചെലവും,

ഉടമസ്ഥനിൽനിന്നു ഈടാക്കുന്നതിനു നടപടി നടത്താവുന്നതും,

അപ്രകാരമുള്ള ഉത്തരവു് അവസാനഉത്തരവു് ആയിരിക്കുന്നതും അപ്രകാരമുള്ള ഉത്തരവിനെ അസ്ഥിരപ്പെടുത്തുന്നതിനൊ ഭേദപ്പെടുത്തുന്നതിനൊ വല്ല സിവിൽകോടതിയിലും യാതൊരന്യായവും കൊണ്ടുവരാൻ പാടില്ലാത്തതും ആകുന്നു.

ഫീസ്.

൧൬. ഈ റഗുലേഷൻപ്രകാരം ആരുതന്നെ ബോധിപ്പിക്കുന്നതൊ നടത്തുന്നതൊ ആയിരുന്നാലും അപേക്ഷകൾ, അന്വേഷണങ്ങൾ, പരിശോധനകൾ, കണക്കപരിശോധന ഇവയെ സംബന്ധിച്ച നിർണ്ണയിക്കപ്പെടാവുന്ന വല്ല ഫീസുമുണ്ടെങ്കിൽ അപ്രകാരമുള്ള ഫീസ് നമ്മുടെ ഗവൺമെന്റിനു ചുമത്താവുന്നതാണ്. അപ്രകാരമുള്ള ഫീസിന്റെ കുടിശിക ഉടമസ്ഥനിൽനിന്നു് ഈടാക്കേണ്ടതാണ്.

൨൦. ൧൧-ാംവകുപ്പ് (i)-ാം ഉപവകുപ്പിലെ (എ), (ബി), (ഡി), (ഇ) എന്നീ ഖണ്ഡങ്ങളിൽ വിവരിച്ചിട്ടുള്ള വല്ല രൂപത്തിലും വല്ല വ്യവസായത്തിനും സർക്കാർ സഹായധനം നൽകിവരുന്ന കാലത്തു ഡയറക്ടർമാരേയൊ ഇൻസ്പെക്ടർമാരേയൊ നിയമിച്ചൊ മററുപ്രകാരത്തിലൊ ആ വ്യവസായത്തിൽ നമ്മുടെ ഗവൺമെൻറിനുള്ള അവകാശങ്ങളെ സുരക്ഷിതമാക്കത്തക്കവണ്ണം അതിന്റെ നടത്തിപ്പിനെ നിയന്ത്രിക്കുന്നതിനു നമ്മുടെ ഗവൺമെൻറിനു യുക്തമെന്നു തോന്നുന്നപ്രകാരമുള്ള നടപടികൾ നടത്താവുന്നതാകുന്നു.

സഹായം നൽകപ്പെടുന്ന വ്യവസായത്തിന്റെ മേൽനോട്ടം.

അദ്ധ്യായം ൪.

ഹയർ—പർച്ചെസ് (തവണകളിലായി വില അടയ്ക്കുന്ന) ഏർപ്പാടിന്മേൽ യന്ത്രസാമഗ്രികൾ കൊടുത്തു സർക്കാർ സഹായധനം നൽകുന്നതു സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.

൨൧. യന്ത്രസാമഗ്രിയുടെ വിലയുടെ നിർണ്ണയിക്കപ്പെടാവുന്നപ്രകാരമുള്ള ശതമാനം ഹയർ-പർച്ചെസ് ഏർപ്പാടനുസരിച്ചുള്ള അപേക്ഷകൻ ഡയറക്ടരുടെ പക്കൽ നിക്ഷേപിക്കാത്തപക്ഷം ആ ഏർപ്പാടിന്മേൽ യാതൊരു യന്ത്രസാമഗ്രിയും കൊടുക്കാൻ പാടുള്ളതല്ല.

വാടകയ്ക്കെടുക്കുന്നവൻ നിക്ഷേപിക്കേണ്ട വിലയുടെ ശതമാനം.

൨൨. ഹയർ-പർച്ചെസ് ഏർപ്പാടിന്മേൽ യന്ത്രസാമഗ്രി നൽകുന്നതിനുള്ള ഒരപേക്ഷ അനുവദിക്കുമ്പോൾ ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കാവുന്ന വല്ല ചട്ടങ്ങൾക്കും കീഴ്പ്പെട്ടും അവയനുസരിച്ചും ഡയറക്ടർ താഴെപ്പറയുന്ന വിവരങ്ങൾ വിശദപ്പെടുത്തി ഉത്തരവു ചെയ്യേണ്ടതാണ്, അതായത്:—

അപേക്ഷ അനുവദിക്കുമ്പോൾ ഉത്തരവിൽ വിവരിച്ചിരിക്കേണ്ട സംഗതികൾ.

(എ) യന്ത്രസാമഗ്രി വാടകയ്ക്കെടുക്കുന്നതിനു ഓരോതവണയും വാടകയായി കൊടുക്കേണ്ട തുകയും യന്ത്രസാമഗ്രി വാടകയ്ക്കെടുക്കുന്നവന്റെ വകയായി തീരുന്നതിനുമുൻപ് കൊടുക്കേണ്ട അപ്രകാരമുള്ള തവണകളുടെ എണ്ണവും;

(ബി) ഓരോ തവണയിലേയും വാടകയോടുകൂടി ബാക്കി കൊടുക്കാനുള്ള തവണകളിന്മേൽ കൊടുക്കേണ്ട പലിശ വല്ലതുമുണ്ടെങ്കിൽ അതിന്റെ തുക;

(സി) മേൽപറയപ്പെട്ടവ അടച്ചുതീർക്കേണ്ട തിയതിയും അതിന്റെ രീതിയും;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മററു വിവരങ്ങൾ.

൨൩. വാടകയ്ക്കെടുക്കുന്ന ഏർപ്പാട് ഇതിനു താഴെ നൽകപ്പെട്ടിട്ടുള്ള രീതിയിൽ അവസാനിക്കുന്നതുവരെ താഴെപറയുന്ന വ്യവസ്ഥകൾ സംബന്ധിക്കുന്നതാകുന്നു, അതായത്:—

ഹയർ-പർച്ചെസ് ഏർപ്പാടിന്മേൽ യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള നിബന്ധനകൾ.

(എ) തവണകൾതോറുമുള്ള വാടകയും ൨൨-ാംവകുപ്പിൽ പ്രസ്താവിച്ചിരിക്കുന്ന ഉത്തരവിൽ വിവരിച്ചിട്ടുള്ള പലിശയുടെ തുകയും ആവശ്യപ്പെടാതെതന്നെ വാടകയ്ക്കെടുക്കുന്നവൻ കണിശമായി കൊടുക്കണം.

(ബി) വാടകയ്ക്കെടുക്കുന്നവൻ യന്ത്രസാമഗ്രികളെ നല്ലസ്ഥിതിയിലും ഉപയോഗയോഗ്യമായ വിധത്തിലും അയാളുടെ കൈവശത്തിൽ വച്ചുകൊള്ളേണ്ടതും ഡയറക്ടരുടെ രേഖാമൂലമായ മുൻ അനുവാദത്തോടുകൂടിയല്ലാതെ യന്ത്രസാമഗ്രികളോടു കൂട്ടലായി വല്ലതും ചേർക്കുകയൊ അവയിൽ വല്ല മാററവും വരുത്തുകയൊ അവ കിട്ടുന്നതിനു കൊടുത്തിട്ടുള്ള താഴെ അപേക്ഷയിൽ കാണിച്ചിട്ടുള്ള വളപ്പുകളിൽനിന്നു അവയെ മാററുകയൊ ചെയ്യാൻ പാടില്ലാത്തതും ആകുന്നു.

(സി) യന്ത്രസാമഗ്രികൾ നമ്മുടെ ഗവൺമെൻറിന്റെ പൂർണ്ണമായ സ്വത്തായിരിക്കുന്നതും ഡയറക്ടരുടെ രേഖാമൂലമായ മുൻ അനുവാദത്തോടുകൂടിയല്ലാതെ വാടകയ്ക്കെടുക്കുന്നവൻ അവയെ കൈമാററം ചെയ്യുകയൊ അവയിലുള്ള വല്ല അധികാരത്തേയൊ ഉടമസ്ഥാവകാശത്തേയൊ അവകാശത്തേയൊ എഴുതിക്കൊടുക്കുകയൊ അവയെ പണയപ്പെടുത്തുകയൊ അവയിൽ വല്ല ബാദ്ധ്യതകളും ഉണ്ടാക്കുകയൊ ചെയ്യുന്നപക്ഷം അതു് അസാധുവായിരിക്കുന്നതും ആകുന്നു.

(ഡി) നമ്മുടെ ഗവൺമെൻറിന്റെ രേഖാമൂലമായ അനുവാദത്തോടുകൂടിയല്ലാതെ അതാതുകാലത്തു് നടപ്പിലിരിക്കുന്ന വല്ല നിയമവും അനുസരിച്ചുള്ള ഏതെങ്കിലും നടപടിപ്രകാരം യന്ത്രസാമഗ്രികളെ ജപ്തിചെയ്യുകയൊ വിൽക്കുകയൊ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(ഇ) നിർണ്ണയപ്പെടുത്തിട്ടുള്ള രൂപത്തിൽ ഒരു ലോഹത്തകിടു യന്ത്രസാമഗ്രികളിൽ പതിച്ചിരിക്കേണ്ടതും അപ്രകാരമുള്ള ലോഹത്തകിടിനെ മനഃപൂർവമായി മാററുകയൊ വികൃതപ്പെടുത്തുകയൊ ചെയ്യുന്ന ഏതൊരാൾക്കും ഒരു മജിസ്ട്രേട്ടിന്റെ മുൻപാകെ കുററം തെളിയിക്കപ്പെടുന്നപക്ഷം അഞ്ഞൂറു രൂപയിൽ കവിയാത്ത ഒരു പിഴ നൽകപ്പെടുന്നതും ആകുന്നു.

(എഫ്) അപ്രകാരമുള്ള ലോഹത്തകിടോടുകൂടിയ വല്ല യന്ത്രസാമഗ്രികളും, ഈ റഗുലേഷൻപ്രകാരം വാടകയ്ക്കു കൊടുക്കപ്പെട്ട നമ്മുടെ ഗവൺമെൻറുവക സ്വത്താണെന്നു മററുപ്രകാരത്തിൽ തെളിയിക്കപ്പെടുന്നതുവരെ ഊഹിക്കുന്നതാകുന്നു.

(ജി) വാടകയ്ക്കെടുക്കുന്നവൻ ഡയറക്ടറെയോ അല്ലെങ്കിൽ അതിലേക്കായി ഡയറക്ടർ ആധികാരപ്പെടുത്തിട്ടുള്ള വല്ല ആളിനെയൊ ന്യായമായിട്ടുള്ള എല്ലാ അവസരങ്ങളിലും യന്ത്രസാമഗ്രികളെ പരിശോധിക്കുന്നതിനു അനുവദിക്കേണ്ടതും ഡയറക്ടർക്കോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റുവല്ല ആളിനൊ പരിശോധന നടത്തുന്നതിനു ആവശ്യമാകാവുന്ന അപ്രകാരമുള്ള എല്ലാ പ്രവേശനാധികാരങ്ങളും ഉണ്ടായിരിക്കുന്നതുമാകുന്നു,

(എച്ച്) മേൽ പ്രസ്താവിച്ചിട്ടുള്ള നിബന്ധനകൾക്കു പുറമെ, വാടകയ്ക്കെടുക്കുന്നവനെ നമ്മുടെ ഗവണ്മെൻറ് നിർണ്ണയിക്കാവുന്നതൊ അല്ലെങ്കിൽ വല്ല പ്രത്യേകസംഗതിയിലും ഡയറക്ടർ ചുമത്തുന്നതൊ ആയ മററ് അനുയോജ്യമായ നിബന്ധനകളും ബന്ധിക്കുന്നതാണ്.

വാടകയ്ക്കെടുക്കുന്നവൻെറ വീഴ്ചയുടെ ഫലങ്ങൾ.

൨൪. വാടകയ്ക്കെടുക്കുന്നവൻ യന്ത്രസാമഗ്രികളുടെ വാടകയൊ, പലിശയോ കയിൽ വല്ല തുകയോ ഈ റഗ്ഗുലേഷൻപ്രകാരം അയാൾ കൊടുക്കേണ്ടതായ മററു വല്ല തുകയോ കൊടുക്കുന്നതിൽ വീഴ്ചവരുത്തുകയൊ ൨൨-ാം വകുപ്പിലുള്ളതൊ അതനുസരിച്ച് നിർണ്ണയിക്കപ്പെടുന്നതൊ അല്ലെങ്കിൽ ചുമത്തപ്പെടുന്നതൊ ആയ ഏതെങ്കിലും നിബന്ധനകൾ അനുസരിച്ചു നടക്കാതിരിക്കുകയൊ ചെയ്യുന്നപക്ഷം ഡയറക്ടർക്കു വാടകഏർപ്പാടു ഉടനെ അവസാനിപ്പിക്കാവുന്നതും അയാളൊ അയാളാൽ അതിലേക്കായി അധികാരപ്പെടുത്തപ്പെട്ട മററുവല്ല ഉദ്യോഗസ്ഥനൊ യന്ത്രസാമഗ്രികൾ അപ്പോൾ സൂക്ഷിച്ചിരിക്കുന്ന വളപ്പുകൾ വാടകയ്ക്കെടുത്തവൻെറതാണെങ്കിലും അല്ലെങ്കിലും അവയിൽ കയറാവുന്നതും അവ പിടിച്ചെടുത്തു നീക്കംചെയ്യുന്നതും ആകുന്നു.

വീഴ്ചനിമിത്തം പിടിച്ചെടുക്കപ്പെട്ട യന്ത്രസാമഗ്രികളെ വാടകയ്ക്കെടുക്കുന്നവന് ഇഷ്ടാനുസരണം വിലയ്ക്കുവാങ്ങാമെന്ന്.

൨൫. ൨൪-ാം വകുപ്പിൻപ്രകാരം യന്ത്രസാമഗ്രികൾ പിടിച്ചെടുത്തു നീക്കം ചെയ്യുന്നപക്ഷം വാടകയ്ക്കെടുത്തവന് അപ്രകാരം പിടിച്ചെടുക്കപ്പെട്ടശേഷം ഒരു മാസത്തിനകമൊ അതിലേക്കു ഡയറക്ടർ അനുവദിക്കുന്നതായ കൂടുതൽ സമയത്തിനകമൊ, അവയുടെ വിലയിൽ ബാക്കികൊടുക്കാനുള്ള തുകയും, അപ്രകാരമുള്ള വിലയുടെ പലിശയിൽ നിർണ്ണയിക്കപ്പെടാവുന്ന ആനുകൂല്യവും അപ്രകാരം പിടിച്ചെടുക്കുന്നതിനും നീക്കം ചെയ്യുന്നതിനും വേണ്ടിവരുന്ന ചെലവും ഡയറക്ടർക്കു കൊടുത്തു, യന്ത്രസാമഗ്രികൾ വേണമെങ്കിൽ വിലയ്ക്കു വാങ്ങാവുന്നതാകുന്നു.

വിലയ്ക്കുവാങ്ങുന്നവൻ വാടകഏർപ്പാട് അവസാനിപ്പിക്കുന്നത്.

൨൬. വാടകയ്ക്കെടുക്കുന്നവനു നിർണ്ണയിക്കപ്പെട്ടിട്ടുള്ള തീയതിയിൽ യന്ത്രസാമഗ്രികൾ നമ്മുടെ ഗവണ്മെൻറിനു തിരിച്ചുകൊടുത്തു വാടക ഏർപ്പാടു ഏതുസമയത്തും അവസാനിപ്പിക്കാവുന്നതാകുന്നു.

൨൪-ം, ൨൬-ം വകുപ്പുകൾ അനുസരിച്ചു വാടകഏർപ്പാടു അവസാനിപ്പിക്കുന്നതിൽ വാടകയ്ക്കെടുക്കുന്നവനുള്ള ബാധ്യത

൨൭. ൨൪-ാം വകുപ്പനുസരിച്ച് ഡയറക്ടർ വാടകഏർപ്പാടു അവസാനിപ്പിക്കുകയും വാടകയ്ക്കെടുക്കുന്നവൻ ൨൫-ാം വകുപ്പനുസരിച്ചു യന്ത്രസാമഗ്രികൾ വിലയ്ക്കുവാങ്ങാതിരിക്കുകയും ചെയ്യുന്നതായാലും അല്ലെങ്കിൽ വാടകയ്ക്കെടുക്കുന്നവൻ ൨൬-ാം വകുപ്പിൻപ്രകാരം യന്ത്രസാമഗ്രികൾ നമ്മുടെ ഗവണ്മെൻറിനു തിരിച്ചുകൊടുക്കുന്നെങ്കിലും ൨൦-ാം വകുപ്പിൻപ്രകാരം വാടകയ്ക്കെടുക്കുന്നവൻ നിക്ഷേപിച്ചതുക തിരിച്ചുകിട്ടുന്നതിനൊ വാടകഏർപ്പാടുകാലത്തു അയാൾ കൊടുത്തതായ വല്ല തുകയും തിരിച്ചുകിട്ടുന്നതിനൊ അയാൾകൊടുക്കേണ്ടതായ വല്ലതുകയും ഇളച്ചുകിട്ടുന്നതിനൊ വാടകയ്ക്കെടുക്കുന്നവനു അവകാശമില്ലാത്തതും വാടകഏർപ്പാടുകാലത്തു ന്യായമായ തേയ്മാനങ്ങൾ ഒഴിച്ചു യന്ത്രസാമഗ്രികൾക്കു ഉണ്ടായിട്ടുള്ള വല്ല നഷ്ടങ്ങൾക്കും കേടുകൾക്കും ഡയറക്ടർ ഏതെങ്കിലുംതുക നിശ്ചയിക്കുന്നെങ്കിൽ അതു കൊടുക്കുന്നതിനു അയാൾ ബാധ്യസ്ഥനും ആകുന്നു.

യന്ത്രസാമഗ്രികളുടെ വിലകൊടുത്തു വാടകഏർപ്പാടു അവസാനിപ്പിക്കുക.

൨൮. ൨൦-ാം വകുപ്പിൻപ്രകാരം നിക്ഷേപിച്ചതുക വരവു വച്ചതിനുശേഷം വാടകയ്ക്കെടുക്കുന്നവൻ ൨൨-ാം വകുപ്പ് (എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വാടകയുടെ എല്ലാ തവണകളും മുഴുവനായും പലിശയുടെ തുകയും അയാൾ കൊടുക്കേണ്ടതായ മററു ചെലവുകളും തുകകളും കൊടുക്കുമ്പോൾ അയാൾ യന്ത്രസാമഗ്രികളുടെ ഉടമസ്ഥനായി തീരുന്നതും ൨൩-ാം വകുപ്പ (ഇ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ലോഹത്തകിടു അവയിൽ നിന്നു അയാൾ എടുത്തുകളയേണ്ടതും ആകുന്നു.

എന്നാൽ വാടകഏർപ്പാടു കാലത്തു എപ്പോഴെങ്കിലും വാടകയ്ക്കെടുക്കുന്നവൻ വാടകയുടെ ബാക്കിതവണകൾ മുൻകൂറായി കൊടുക്കുന്നപക്ഷം അതിൻെറ പലിശ ഇളവു ചെയ്തുകൊടുക്കുന്നതാണ്.

യന്ത്രസാമഗ്രികൾ വാടകയ്ക്കെടുക്കുന്നവൻെറ സ്വന്തമാകുമ്പോൾ ലോഹത്തകിടു മററാതിരുന്നാലുള്ള ശിക്ഷ.

൨൯. ൨൮-ാം വകുപ്പനുസരിച്ചു വാടകയ്ക്കെടുക്കുന്നവൻെറ സ്വന്തമായിത്തീർന്ന വല്ല യന്ത്രസാമഗ്രികളിൽ നിന്നു ലോഹത്തകിടു എടുത്തുകളയുന്നതിനു, മുറപ്രകാരം അറിയിപ്പുകിട്ടിയതിനു ശേഷം അയാൾ മനഃപൂർവ്വം ഉപേക്ഷകാണിക്കുന്നതായാൽ ഒരു മജിസ്ട്രേട്ടിൻെറ മുൻപാകെ കാര്യം തെളിയിക്കപ്പെടുന്നപക്ഷം ഉപേക്ഷ തുടന്നു കൊണ്ടുപോകുന്ന ഓരോ ദിവസത്തേയ്ക്കും അൻപതുരൂപയിൽ കവിയാത്ത ഒരു പിഴശിക്ഷയ്ക്ക് അയാൾ അർഹനാകുന്നതും ഡയറക്ടരുടെ ഉത്തരവനുസരിച്ചു പ്രവർത്തിക്കുന്ന ഏതൊരാളും യന്ത്രസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്ന വളപ്പുകളിൽ പ്രവേശിച്ചു തകിടു മാററുന്നതു നിയമാനുസൃതമായിരിക്കുന്നതും ആണ്.

പരിശോധന.

൩൦. ഈ അദ്ധ്യായപ്രകാരം ഡയറക്ടർ ചെയ്യുന്ന ഏതു ഉത്തരവും നമ്മുടെ ഗവണ്മെൻറിനു പരിശോധിക്കാവുന്നതാകുന്നു. അപ്രകാരമുള്ള പരിശോധനയ്ക്കു വിധേയപ്പെട്ടു ഡയറക്ടരുടെ ഉത്തരവു അവസാന തീർച്ചയായിരിക്കുന്നതാകുന്നു.

അദ്ധ്യായം ൭.

പലവക.

കിട്ടുവാനുള്ള പണം വസൂൽ ചെയ്യുന്നതിനുള്ള മാൎഗ്ഗങ്ങൾ.

൩൧. (൧) ഈ റെഗുലേഷൻപ്രകാരം കൊടുക്കേണ്ടതോ വസൂൽ ചെയ്യേണ്ടതോ ആയ എല്ലാ പണങ്ങളും അവയ്ക്കുള്ള വല്ല പലിശ വല്ല ചെലവും ഉണ്ടായിട്ടുണ്ടെങ്കിൽ അതും കൊടുക്കേണ്ടതായ സമയത്തു കൊടുത്തുതീൎത്തിട്ടില്ലെങ്കിൽ അതാതു കാലത്തു നടപ്പിലിരിക്കുന്ന നിയമപ്രകാരം സൎക്കാർ കരത്തിന്റെയോ ഭൂനികുതിയുടെയോ കുടിശ്ശികയായി സഹായധനം നൽകപ്പെട്ട ആളിൽനിന്നും അയാൾക്കു ജാമ്യക്കാരനായി വല്ലവനും ഉണ്ടെങ്കിൽ അയാളിൽനിന്നും സഹായധനം ലഭിച്ച വ്യവസായത്തിന്റെ മുതലിൽനിന്നും ഈടാക്കുന്നതാകുന്നു.

(൨) മേൽപ്രസ്താവിച്ചപ്രകാരം ഈടാക്കേണ്ടതായ വല്ല തുകയും ജാമ്യക്കാരൻ കൊടുക്കുകയോ അയാളിൽനിന്നോ അയാളുടെ സ്വത്തിൽനിന്നോ ഈടാക്കുകയോ ചെയ്യുമ്പോൾ ജാമ്യക്കാരന്റെ അപേക്ഷയിന്മേൽ പേഷ്കാർക്കു കഴിയുന്നിടത്തോളം ആ തുക സൎക്കാർ കരത്തിന്റെയോ ഭൂനികുതിയുടെയോ കുടിശ്ശിക എന്നപോലെ സഹായധനം ലഭിച്ച ആളിൽനിന്നു ഈടാക്കി ജാമ്യക്കാരനു കൊടുക്കാവുന്നതാകുന്നു.

ഗവൎമ്മെന്റിന്റെ തീരുമാനം അവസാനതീരുമാനമാകുന്നതും ഈ റെഗുലേഷൻ അനുസരിച്ചു പ്രവൎത്തിക്കുന്ന ആളുകൾക്കുള്ള രക്ഷയും.

൩൨. (൧) ഈ റെഗുലേഷനിലെ വല്ല വ്യവസ്ഥകളിലോ അവയനുസരിച്ചോ, അല്ലെങ്കിൽ അവയിൻപ്രകാരമുള്ള ചട്ടങ്ങളനുസരിച്ചോ ഉള്ള നിബന്ധനകളെ നിറവേറ്റിയിട്ടുണ്ടോ എന്നുള്ള നമ്മുടെ ഗവൎമ്മെന്റിന്റെ തീൎപ്പും ൨൦-ാം വകുപ്പിൻപ്രകാരമുള്ള പരിശോധന ഉത്തരവുകളും അവസാനമായിരിക്കുന്നതും അപ്രകാരമുള്ള വല്ല തീൎപ്പിനെയോ ഉത്തരവിനെയോ ഭേദപ്പെടുത്തുന്നതിനോ റദ്ദുചെയ്യുന്നതിനോ വല്ല സിവിൽകോടതിയിലും വ്യവഹാരം കൊടുക്കാവുന്നതല്ലാത്തതും ആകുന്നു.

(൨) ഈ റെഗുലേഷൻപ്രകാരം ഉത്തമവിശ്വാസത്തിന്മേൽ ചെയ്തതോ ചെയ്യുന്നതിനു ഉദ്ദേശിച്ചതോ ആയ യാതൊരു സംഗതിക്കും നമ്മുടെ ഗവൎമ്മെന്റിന്റെ പേരിലോ നമ്മുടെ ഗവൎമ്മെന്റിന്റെ വല്ല ഉദ്യോഗസ്ഥന്റെമേലോ ഈ റെഗുലേഷൻപ്രകാരം അധികാരം നൽകപ്പെട്ട മറ്റു അധികാരിയുടെ പേരിലോ യാതൊരു പ്രോസിക്യൂഷനോ, വ്യവഹാരമോ, മറ്റു നടപടിയോ നടത്തുവാൻ പാടില്ലാത്തതാകുന്നു.

ഈ റെഗുലേഷൻപ്രകാരം പ്രവൎത്തിക്കുന്ന ആളുകളെ സൎക്കാരുദ്യോഗസ്ഥന്മാരായി ഗണിക്കണം.

൩൩. ഈ റെഗുലേഷൻപ്രകാരം അന്വേഷണം നടത്തുന്ന ഏതൊരാളും ഉൾപ്പെടെ ഈ റെഗുലേഷനനുസരിച്ചു നമ്മുടെ ഗവൎമ്മെന്റിനുവേണ്ടി പ്രവൎത്തിക്കുന്ന ഏതൊരാളെയും തിരുവിതാംകൂർ ശിക്ഷാനിയമം ൨൧-ാം വകുപ്പിന്റെ അൎത്ഥത്തിൽ ഒരു സൎക്കാർ ഉദ്യോഗസ്ഥനായി ഗണിക്കപ്പെടുന്നതാണ്.

ശിക്ഷ.

൩൪. ൧൬-ാം വകുപ്പിലേയോ ൧൮-ാം വകുപ്പിലേയോ വ്യവസ്ഥകൾക്കു വിപരീതമായി ആരെങ്കിലും മനഃപൂൎവ്വം പ്രവൎത്തിക്കുന്നതായാൽ അയാൾക്കു കിട്ടുന്നതായ മറ്റുവല്ല ശിക്ഷയ്ക്കോ ബാദ്ധ്യതയ്ക്കോ ബാധകംകൂടാതെ ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ കുറ്റം തെളിയുന്നപക്ഷം അയാൾക്കു അഞ്ഞൂറുരൂപയിൽ കവിയാത്ത പിഴ ശിക്ഷനൽകുന്നതാകുന്നു.

ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.

൩൫. (൧) ഈ റെഗുലേഷന്റെ ഉദ്ദേശനിൎവഹണത്തിനായി നമ്മുടെ ഗവൎമ്മെന്റിനു മുൻകൂട്ടി പരസ്യപ്പെടുത്തിയതിനുശേഷം ഈ റെഗുലേഷനു അനുയോജ്യമായ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാകുന്നു.

(൨) മേൽപ്രസ്താവിച്ച അധികാരത്തിന്റെ സാമാന്യതയ്ക്കു ബാധകമാകാതെയും പ്രത്യേകമായിട്ടും താഴെപ്പറയുന്ന എല്ലാസംഗതികൾക്കോ ഏതെങ്കിലും സംഗതിയ്ക്കോ അപ്രകാരമുള്ള ചട്ടങ്ങൾ വ്യവസ്ഥ ചെയ്യാവുന്നതാകുന്നു.

(എ) ൩-ാം വകുപ്പിൻപ്രകാരം ബോൎഡിലെ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്;

(ബി) ബോൎഡിലെ സാമാജികസ്ഥാനത്തിന്റെ നിബന്ധനകൾ, അവകാശങ്ങൾ, കാലാവധി;

(സി) ഈ റെഗുലേഷനിൽ നിശ്ചയപ്പെടുത്തിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ബോൎഡിന്റെ പ്രവൃത്തികൾ;

(ഡി) ബോൎഡിന്റെ യോഗത്തിനുള്ള സമയവും സ്ഥലവും, യോഗത്തിനുള്ള അറിയിപ്പുകൊടുക്കേണ്ടരീതി, യോഗത്തിലെ നടപടികൾ നടത്തുന്നവിധം, അംഗങ്ങളുടെ ഇടയിലുള്ള ജോലിവിഭജനം, ബോൎഡിലെ അംഗങ്ങൾമാത്രം ഉൾപ്പെട്ടതോ ബോൎഡിലെ അംഗങ്ങളും മറ്റു ആളുകളും ഉൾപ്പെട്ടതോ ആയ പ്രത്യേകകമ്മിറ്റികളുടെ നിയമനം, അവയുടെ ജോലികൾ, നടപടികൾ, ബോൎഡിന്റെ കീഴിലുള്ള ഉദ്യോഗസ്ഥന്മാരുടെയും സിൽബന്തികളുടെയും നിയമനം, ശിക്ഷ, നീക്കം, ബോൎഡിന്റെ മിനിട്ട്സ് തയ്യാറാക്കുകയും നമ്മുടെ ഗവൎമ്മെന്റിലേക്കു സമൎപ്പിക്കുകയുംചെയ്യുക;

(ഇ) ൧൧-ാംവകുപ്പ് ൧-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വായ്പകൾ വാങ്ങുകയും തിരികെകൊടുക്കുകയും ചെയ്യുന്ന രീതി;

(എഫ്) ൧൧-ാംവകുപ്പ് ൧-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള മുതലിന്റെ വില കണക്കാക്കുന്നരീതി;

(ജി) ൧൧-ാംവകുപ്പ് ൧-ാം ഉപവകുപ്പ് (ബി) (ഡി) (ഇ) എന്നീ ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള സർക്കാർ സഹായധനത്തിനു ജാമ്യം വാങ്ങേണ്ട രീതിയും അപ്രകാരമുള്ള സർക്കാർ സഹായധനം ഹേതുവായി വല്ല വ്യവസായത്തിൽ നിന്നും കിട്ടേണ്ടതായ പണങ്ങൾ തിരിച്ചുകൊടുക്കേണ്ടതിനുള്ള നിബന്ധനകളും രീതിയും;

(എച്ച്) ൧൧-ാംവകുപ്പിന്റെ (൨)-ം, (൩)-ം ഉപവകുപ്പുകളിൽ പറഞ്ഞിട്ടുള്ള വിലകൾ നിശ്ചയിക്കുന്നതിനുള്ള അധികാരിയും അതിന്റെ രീതിയും;

(ഐ) ൧൨-ാംവകുപ്പിന്റെ ഒന്നാമത്തെ ക്ലിപ്തത്തിലെ (ബി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള അംഗങ്ങളുടെ ആനുകൂല്യം;

(ജെ) ൧൨-ാംവകുപ്പിലെ രണ്ടാമത്തെ ക്ലിപ്തത്തിൽ പറഞ്ഞിട്ടുള്ള പരിശീലനത്തിനുള്ള വ്യവസ്ഥ;

(കെ) ൧൩-ാം വകുപ്പ് അനുസരിച്ചു സർക്കാർ സഹായധനം കൊടുക്കുന്നതിനു അധികാരം നൽകലും അധികാരം നൽകുന്നതിനുള്ളനിബന്ധനകളും;

(എൽ) സർക്കാർ സഹായധനത്തിനുള്ള അപേക്ഷയുടെ രീതിയും അതിൽ കാണിച്ചിരിക്കേണ്ട വിവരണങ്ങളും അപേക്ഷയിന്മേൽ ഡയറക്ടർ നടത്തേണ്ടതായ അന്വേഷണങ്ങളും ൧൪-ാംവകുപ്പു അനുസരിച്ച് ഡയറക്ടർ അദ്ദേഹത്തിന്റെ അഭിപ്രായം രേഖപ്പെടുത്തി അവയെ ബോർഡു മുമ്പാകെ ഹാജരാക്കുകയും സ്റ്റേറ്റ് ഗവണ്മെന്റിനോ മററു അധികാരികൾക്കോ കടലാസുകൾ അയക്കുകയും ചെയ്യേണ്ടതായ രീതിയും;

(എം) ൧൭-ാം വകുപ്പു (ബി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആൾ, ൧൭-ാം വകുപ്പു (സി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കണക്കു പരിശോധന, ൧൭-ാംവകുപ്പു (ഡി) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള വിവരക്കണക്കുകൾ ആർക്ക് അയക്കേണ്ടതെന്നും അയക്കേണ്ടതായ രീതിയും ൧൭-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ പറഞ്ഞിട്ടുള്ള കണക്കുകളും;

(എൻ) ൧൯-ാം വകുപ്പ് ൨-ാം ഉപവകുപ്പ് അനുസരിച്ച് കരുതൽഫണ്ടിലേക്കു നീക്കിവെച്ചിട്ടുള്ള തുകയെ ഉപയോഗിക്കേണ്ട വിധം;

(ഒ) ൨൦-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഫീസ്;

(പി) ൨൩-ാം വകുപ്പ് (എച്ച്) ഖണ്ഡം അനുസരിച്ചു ഹയർപർച്ചേസ് ഏർപ്പാടു പ്രകാരം യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള നിബന്ധനകൾ;

(ക്യൂ) ൨൩-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള ലോഹത്തകിടുകളുടെ രൂപവും അവയെ പിടിച്ചെടുക്കുന്നതും മാററുന്നതും;

(ആർ) ൨൭-ാം വകുപ്പിൻപ്രകാരം കൊടുക്കേണ്ടതായസാമഗ്രികൾക്കുള്ള വിലയുടെ പലിശയുടെ ആനുകൂല്യം;

ഉദ്ദേശകാരണവിവരം.

വായ്പകൾ, ഉറപ്പുകൾ, ഹയർപർച്ചേസ് (തവണകളിലായി വില അടച്ചുതീർക്കുന്ന) ഏർപ്പാടിൻപ്രകാരം യന്ത്രസാമഗ്രികൾ നൽകുക, മുതലായരീതിയിൽ സർക്കാർ സഹായധനം നൽകി വ്യവസായങ്ങളെ, വിശേഷിച്ചു കുടിൽവ്യവസായങ്ങളേയും ചെറിയതോതിൽ നടത്തുന്ന വ്യവസായങ്ങളേയും, പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി സഹായധനം നൽകുന്നതിനെ ക്രമപ്പെടുത്തുന്നതിനും, സഹായധനം ലഭിച്ച വ്യവസായങ്ങളെ നിയന്ത്രിക്കുന്നതിനും പരിശോധിക്കുന്നതിനും, നൽകപ്പെട്ട സഹായധനത്തിന്റെ വില ഈടാക്കേണ്ടപ്പോൾ ഈടാക്കുന്നതിനും ആയി നിയമപ്രകാരമുള്ള അധികാരങ്ങൾ സ്വീകരിക്കുന്നതു് ആവശ്യമെന്നു വിചാരിച്ചിരിക്കുന്നു. സർക്കാർ സഹായധനത്തിനുള്ള അപേക്ഷകളെപ്പററി ഗവണ്മെന്റിന് ഉപദേശം നൽകുന്നതിനായി ഒരു വ്യവസായബോർഡു രൂപീകരിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്നു. അതനുസരിച്ചു ഈ ഉദ്ദേശങ്ങളുടെ നിർവഹണത്തിനായിട്ട് ഈ ബിൽ തയ്യാറാക്കിയിരിക്കുന്നു.

ഖണ്ഡങ്ങളെപ്പററിയുള്ള കുറിപ്പുകൾ.

൩ മുതൽ ൧൦ വരെയുള്ള ഖണ്ഡങ്ങൾ ബോർഡിന്റെ ഘടനയെപ്പററി പ്രതിപാദിക്കുന്നു.

൧൧-ാം ഖണ്ഡം വ്യവസായങ്ങൾക്കു കൊടുക്കേണ്ടതായ സർക്കാർ സഹായധനത്തിന്റെ പല രൂപങ്ങളെപ്പററി വ്യവസ്ഥചെയ്യുന്നു.

൧൨-ാം ഖണ്ഡം സർക്കാർ സഹായധനം കൊടുക്കാവുന്ന വ്യവസായങ്ങളെപ്പററി വിവരമായി പറയുന്നു.

൧൩-ാം ഖണ്ഡം സർക്കാർ സഹായധനം കൊടുക്കുന്നതിലേക്കു അധികാരംവിട്ടുകൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നു.

൧൪-ാം ഖണ്ഡം സർക്കാർസഹായധനത്തിനുള്ള അപേക്ഷകൾ, അവയെപ്പററിയുള്ള അന്വേഷണങ്ങൾ, ബോർഡിന്റെ ശിപാർശകൾ ഇവകളെപ്പററി വ്യവസ്ഥചെയ്യുന്നു.

൧൭-ാം ഖണ്ഡം സർക്കാർ സഹായധനലാഭം ലഭിക്കുന്നതോ, ലഭിക്കുന്നതിന് അപേക്ഷിക്കുന്നതോ ആയ വ്യവസായങ്ങളുടെ കണക്കുകളുടേയും വിവരണക്കണക്കുകളുടേയും (റിട്ടേൺസ്) പരിശോധനയേയും അവ സമർപ്പിക്കുന്നതിനേയുംപററി വ്യവസ്ഥചെയ്യുന്നു.

൧൯-ാം ഖണ്ഡം ഒരു വ്യവസായം സർക്കാർ സഹായധനം വാങ്ങുമ്പോൾ ലാഭത്തെ ഏതു വിധത്തിൽ വിനിയോഗിക്കണമെന്നു നിർദ്ദേശിക്കുന്നു.

൨൧-ാം ഖണ്ഡം സർക്കാർ സഹായധനമായി നൽകീട്ടുള്ള വായ്പക്കു കൊടുത്തിട്ടുള്ള ജാമ്യം പോരാതെവരുന്ന സംഗതികളിൽ അതിനെ വീണ്ടും ക്രമപ്പെടുത്തുന്നതിനുള്ള അധികാരം നൽകുന്നു.

൨൨-ാംഖണ്ഡം ഒരു വ്യവസായത്തിനു നൽകിയിട്ടുള്ള സർക്കാർ സഹായധനം ഏതെല്ലാം കാരണങ്ങളിന്മേൽ ഗവണ്മെന്റിന് അവസാനിപ്പിക്കാമെന്നു വിവരമായി പറയുന്നു.

൧൯-ാം ഖണ്ഡം അപേക്ഷകൾ, പരിശോധന മുതലായവയ്ക്കു ഫീസ ചുമത്തുന്നതിനു ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നു.

൨൦-ാം ഖണ്ഡം സർക്കാർ സഹായധനം വാങ്ങുന്നതായ ഒരു വ്യവസായത്തിന്റെ നടത്തിപ്പിനെ നിയന്ത്രിക്കുന്നതിനു ആവശ്യപ്പെടുമ്പോൾ ഡയറക്ടറന്മാരെയോ ഇൻസ്പെക്ടർമാരെയോ നിയമിക്കുന്നതിനു ഗവണ്മെന്റിനു അധികാരം നൽകുന്നു.

൨൧-മുതൽ ൩൦ വരെയുള്ള ഖണ്ഡങ്ങൾ ഒരു പ്രത്യേകരീതിയിലുള്ള സർക്കാർ സഹായധനത്തെപ്പറ്റി (അതായതു് ഹയർപർച്ചേസ് ഏർപ്പാടിൻപ്രകാരം യന്ത്രസാമഗ്രികൾ നൽകുക) ഏതാനും പ്രത്യേക വ്യവസ്ഥകൾ ചെയ്യുന്നു.

൩൧-ാംഖണ്ഡം നിർദ്ദേശിച്ചിരിക്കുന്ന റഗുലേഷൻപ്രകാരം ഈടാകാനുള്ള പണങ്ങളെ സർക്കാർ കരത്തിന്റെയോ ഭൂനികുതിയുടേയോ കുടിശ്ശികയായി ഈടാക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നു.

൩൨-ാം ഖണ്ഡം ചില കാര്യങ്ങളിൽ ഗവണ്മെന്റു തീർച്ചയെ അവസാന തീർച്ചയായിരിക്കുന്നതിനും നിർദ്ദേശിച്ചിരിക്കുന്ന റഗുലേഷൻപ്രകാരം പ്രവർത്തിക്കുന്ന ആളുകളുടെ രക്ഷയ്ക്കും വ്യവസ്ഥ ചെയ്യുന്നു.

൩൩-ാം ഖണ്ഡം നിർദ്ദേശിച്ചിരിക്കുന്ന റഗുലേഷൻപ്രകാരം ഗവണ്മെന്റിനു വേണ്ടി പ്രവൃത്തിക്കുന്ന ആളുകളെ സർക്കാർ ഉദ്യോഗസ്ഥന്മാരായി ഗണിക്കുന്നതാണെന്നു പറയുന്നു.

൩൪-ാം ഖണ്ഡം നിർദ്ദേശിച്ചിരിക്കുന്ന റഗുലേഷനിലെ ഏതാനും വ്യവസ്ഥകളെ ലംഘിക്കുന്നതിനുള്ള ശിക്ഷയെപ്പറ്റി വ്യവസ്ഥ ചെയ്യുന്നു.

൩൫-ാം ഖണ്ഡം നിർദ്ദേശിച്ചിരിക്കുന്ന റഗുലേഷനിലെ കാര്യനിർവഹണത്തിനായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനു ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നു.

അനുബന്ധം ൬.

൧൯൨൧ അക്ടോബർ ൨-ാംനു-ലെ നിയമസഭാചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം താഴെ ചേർത്തിരിക്കുന്ന ബിൽ ഉദ്ദേശകാരണവിവരസഹിതം ദിവാന്റെ ഉത്തരവനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം,
൧൯൩൦ മേയ് ൩-നു-.

ടി. പി. രാമസുബ്ബയ്യർ,
ആ. ഗവണ്മെന്റ ചീഫ് സെക്രിട്ടറി.

തിരുവിതാംകോട്ട ഭക്ഷ്യപദാർത്ഥക്കൂട്ടിക്കലർപ്പു ബിൽ.

വിഷയവിവരം.

പീഠിക.

ഖണ്ഡങ്ങൾ.

൧. ചുരുക്കപ്പേരും വ്യാപ്തിയും.
൨. അർത്ഥവിവരണങ്ങൾ.
൩. പ്രാദേശിക ഹെഡ് ഇൻസ്പെക്ടരുടെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുക.
൪. ശരിയായതെന്നു നിർണ്ണയിക്കപ്പെട്ടിട്ടുള്ളതൊ ആയ തരത്തിലുള്ളതല്ലാത്ത ഭക്ഷണപദാർത്ഥം വിൽക്കുകയും മറ്റും ചെയ്യുന്നതിനുള്ള ശിക്ഷ.
൫. ഏതു വാദങ്ങൾ സ്വീകാരയോഗ്യമല്ലെന്ന്.
൬. പരിശോധനാർത്ഥം പ്രാദേശികഹെഡ് ഇൻസ്പെക്ടർക്കുള്ള അധികാരങ്ങൾ.
൭. പരിശോധന തടഞ്ഞാലുള്ള ശിക്ഷ.
൮. കൂട്ടിക്കലർപ്പു വരുത്തിയ ഭക്ഷണപദാർത്ഥവും മറ്റും പിടിച്ചെടുക്കുന്നതിനുള്ള അധികാരം.
൯. പിടിച്ചെടുത്ത പദാർത്ഥങ്ങൾ മാറ്റുകയൊ അവയുടെ കാര്യത്തിൽ ഇടപെടുകയൊ ചെയ്യാലുള്ള ശിക്ഷ.
൧൦. പിടിച്ചെടുക്കപ്പെട്ട സാധനങ്ങളുടെ മാതൃകകൾ പബ്ലിക് അനലിസ്റ്റിന് അയയ്ക്കണമെന്ന്.
൧൧. പിടിച്ചെടുക്കപ്പെട്ട സാധനങ്ങളും മറ്റും മജിസ്ട്രേട്ടിന്റെ മുൻപാകെ ഹാജരാക്കലും അവയുടെ കാര്യത്തിൽ പ്രവർത്തിക്കാൻ മജിസ്ട്രേട്ടിനുള്ള അധികാരവും.
൧൨. വിലയ്ക്കു വാങ്ങുന്ന ആളിനു ഭക്ഷണപദാർത്ഥം അപഗ്രഥനം ചെയ്യിപ്പിക്കാവുന്നതാണ്.
൧൩. അപഗ്രഥനത്തിനായി മാതൃകകൾ വിലയ്ക്കുവാങ്ങുന്നതിനു പ്രാദേശിക ഹെഡ് ഇൻസ്പെക്ടർക്കുള്ള അധികാരം.
൧൪. ഭക്ഷണപദാർത്ഥം അപഗ്രഥനം ചെയ്യുന്നതിനുള്ള നടപടിക്രമം.
൧൫. പബ്ലിക് അനലിസ്റ്റിന്റെ സർട്ടിഫിക്കെററ്.
൧൬. മജിസ്ട്രേട്ടന്മാരുടെ അധികാരം.
൧൭. പ്രാസിക്യൂട്ടു ചെയ്യുന്നതിനുള്ള നിബന്ധന.
൧൮. പ്രാസിക്യൂട്ടു ചെയ്യുന്നതിനുള്ള കാലാവധി.
൧൯. ഭക്ഷണപദാർത്ഥങ്ങളിൽ സാധാരണക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങൾ ഇന്നവയെന്നു പ്രഖ്യാപനം ചെയ്യുന്നതിനുള്ള അധികാരം.
൨൦. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.
൨൧. ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനു പ്രാദേശികാധികാരികളുടെ അധികാരം.
൨൨. ഈ റഗുലേഷൻ പ്രാദേശികാധികാരകളെ സംബന്ധിച്ച നിയമത്തിനുപുറമെ കൂടുതലായുള്ളതാണ്.
൨൩. മുനിസിപ്പൽ റഗുലേഷനിലെ ഒരു വ്യവസ്ഥ റദ്ദാക്കൽ.

തിരുവിതാംകോട്ടു ഭക്ഷ്യപദാർത്ഥക്കൂട്ടിക്കലർപ്പു ബിൽ.

ഭക്ഷ്യപദാർത്ഥങ്ങളിൽ കൂട്ടിക്കലർപ്പു വരുത്തുന്നതിനെ തടയുവാൻ വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക. ഭക്ഷ്യപദാർത്ഥങ്ങളിൽ കൂട്ടിക്കലർപ്പു വരുത്തുന്നതിനെ തടയുന്നതിനു വ്യവസ്ഥ ചെയ്യുന്നതു യുക്തമായിരിക്കകൊണ്ട് ഇതിനാൽ നിയമമുണ്ടാക്കപ്പെടുന്നതെന്തെന്നാൽ:—

ചുരുക്കപ്പേരും വ്യാപ്തിയും. ൧. (൧) ഈ റഗുലേഷനെ ൧൧൨൦-ാമാണ്ടത്തെ തിരുവിതാംകോട്ടു ഭക്ഷ്യപദാർത്ഥക്കൂട്ടിക്കലർപ്പുറഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

(൨) ഈ റഗുലേഷൻ തിരുവിതാംകോട്ടു സംസ്ഥാനം മുഴുവനും ബാധകമാകുന്നതും, നമ്മുടെ ഗവണ്മെന്റ് ഗസററിൽ പ്രസിദ്ധപ്പെടുത്തുന്ന പരസ്യപ്രകാരം, നമ്മുടെ ഗവണ്മെന്റിനു, മുനിസിപ്പാലിററിയുടെ അതിർത്തിയിൽപെട്ടതോ പെടാത്തതോ ആയ ഏതെങ്കിലും പ്രദേശത്തേക്ക് ഈ റഗുലേഷനിലെ മററല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ വ്യാപിപ്പിക്കാവുന്നതാകുന്നു.

(൩) (൨)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്തിരിക്കുന്ന പ്രകാരം ഈ റഗുലേഷനിലെ എല്ലാ വ്യവസ്ഥകളുമോ അവയിൽ ഏതെങ്കിലുമോ വ്യാപിപ്പിക്കുമ്പോൾ നമ്മുടെ ഗവണ്മെന്റിനു ഏതെങ്കിലും പ്രത്യേക ആഹാരപദാർത്ഥത്തെസംബന്ധിച്ചോ എല്ലാ ആഹാരപദാർത്ഥങ്ങളെയും സംബന്ധിച്ചു പൊതുവായോ അവയെ വ്യാപിപ്പിക്കാവുന്നതും ആ കാലത്തേക്കോ, ഏതെങ്കിലും നിശ്ചിതകാലത്തേക്കോ ഏതെങ്കിലും മാർക്കററോ ചന്തയോ ഉത്സവമോ മററു വലിയ പൊതുജനക്കൂട്ടമോ കൂടിപ്പിരിയുന്ന കാലത്തേക്കോ മാത്രമായി നമ്മുടെ ഗവണ്മെന്റിനു ഈ വ്യവസ്ഥകൾ വ്യാപിപ്പിക്കാവുന്നതുമാകുന്നു.

അർത്ഥവിവരണം. ൨. ഈ റഗുലേഷനിൽ വിഷയത്തിനോ സന്ദർഭത്തിനോ വിരുദ്ധമായി യാതൊന്നും ഇല്ലാത്തപക്ഷം:—

'ഭക്ഷ്യപദാർത്ഥം' എന്നതിൽ (ഔഷധമോ വെള്ളമോ ഒഴികെ) ഭക്ഷണമായോ പാനീയമായോ മനുഷ്യൻ ഉപയോഗിക്കുന്ന എല്ലാ സാധനങ്ങളും അപ്രകാരമുള്ള പദാർത്ഥങ്ങൾ ഉണ്ടാക്കുകയോ പാകപ്പെടുത്തുകയോ ചെയ്യുന്നതിനു സാധാരണയായി ഉപയോഗിക്കുന്നതോ ചേർക്കുന്നതോ ആയ എല്ലാ സാധനങ്ങളും കൂടാതെ സ്വാദു വരുത്തുന്നതിനു ചേർക്കുന്ന സാധനങ്ങളും പലവ്യഞ്ജനക്കൂട്ടുകളും ഉൾപ്പെടുന്നതാകുന്നു.

'പാൽ' എന്നാൽ, ആരോഗ്യമുള്ള ഒരു പശുവിന്റെയോ എരുമയുടെയോ അകിടിൽനിന്നു പൂർണ്ണമായോ വിസർജിക്കുന്ന സമയത്തിന്റെ ഒന്നാമത്തെ ഭാഗം കറന്നതിന്റെശേഷം പൂർണ്ണമായോ കറന്നെടുക്കുന്ന സാധാരണക്രമത്തിനുള്ള സ്രവമായ വിസർജ്ജനം എന്ന് അർത്ഥമാകുന്നു;

'പാൽപാട' എന്നാൽ, ഉറകൂട്ടാതെ വച്ചിരിക്കുന്ന പാലിന്റെ മുകൾഭാഗത്തു പൊങ്ങിക്കൂടുകയും അതിൽനിന്നു മാററുകയും ചെയ്തിട്ടുള്ളതോ അല്ലെങ്കിൽ കേന്ദ്രാപഗമനശക്തിമൂലം പാലിൽനിന്നു വേർതിരിക്കപ്പെട്ടിട്ടുള്ളതോ ആയ പാൽക്കൊഴുപ്പു ധാരാളമുള്ള പാലിന്റെ അംശമെന്നു അർത്ഥമാകുന്നു;

'വെണ്ണ' എന്നാൽ ഉപ്പോ, അഴുകാതിരിക്കുന്നതിനു ചേർക്കുന്ന ദോഷരഹിതമായ പദാർത്ഥമോ, നിറം വരുത്തുന്നതിനു ചേർക്കുന്ന ദോഷരഹിതമായ പദാർത്ഥമോ, ചേർത്തോ ചേർക്കാതെയോ, പാലിൽനിന്നു മാത്രമായോ പാൽപാടയിൽനിന്നു മാത്രമായോ രണ്ടിലുംനിന്നോ ഉണ്ടാക്കപ്പെടുന്ന വെണ്ണ എന്നർത്ഥമാകുന്നു;

'നെയ്യ്' എന്നാൽ, പശുവിന്റെയോ എരുമയുടെയോ പാലിൽനിന്നോ പാൽപാടയിൽനിന്നോ രണ്ടിലുംനിന്നോ ഉണ്ടാക്കപ്പെടുന്ന വെണ്ണയിൽനിന്നു മാത്രമായി തയ്യാറാക്കുന്ന നെയ്യ് എന്നർത്ഥമാകുന്നു;

'നിർണ്ണയിക്കപ്പെട്ട' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങൾ അനുസരിച്ചു നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു,

'പബ്ലിക് അനലിസ്റ്റ്' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഒരു പബ്ലിക് അനലിസ്റ്റിന്റെ(ഭക്ഷ്യപദാർത്ഥങ്ങൾ അപഗ്രഥനം ചെയ്യുന്ന ഉദ്യോഗസ്ഥൻ) കൃത്യങ്ങൾ നിർവഹിക്കുന്നതിനു, നമ്മുടെ ഗവണ്മെന്റു നിയമിക്കുന്നതോ നമ്മുടെ ഗവണ്മെന്റു നിർമ്മിക്കുന്ന ചട്ടങ്ങൾപ്രകാരം നിയമിക്കപ്പെടുന്നതോ ആയ വല്ല ആളും എന്നർത്ഥമാകുന്നു.

'പ്രാദേശിക ഫുഡ് ഇൻസ്പെക്ടർ' എന്നാൽ, ഈ റഗുലേഷൻപ്രകാരം ഏതെങ്കിലും പ്രദേശത്തെ സംബന്ധിച്ചു ഒരു പ്രാദേശികഫുഡ് ഇൻസ്പെക്ടരുടെ (ഭക്ഷ്യപദാർത്ഥങ്ങൾ പരിശോധിക്കുന്ന ഉദ്യോഗസ്ഥൻ) കൃത്യങ്ങൾ നിർവഹിക്കുന്നതിനു നമ്മുടെ ഗവണ്മെന്റു നിയമിക്കുന്നതോ നമ്മുടെ ഗവണ്മെന്റു നിർമ്മിക്കുന്ന ചട്ടങ്ങൾപ്രകാരം നിയമിക്കപ്പെടുന്നതോ ആയ വല്ല ആളും എന്നർത്ഥമാകുന്നു.

വിവരണം:—നമ്മുടെ ഗവണ്മെന്റു മററുവിധത്തിൽ നിർദ്ദേശിച്ചിട്ടില്ലാത്തപക്ഷം, നഗരസഭാദ്ധ്യക്ഷനെ ഒരു മുനിസിപ്പാലിററിയുടെ പ്രാദേശിക ഫുഡ് ഇൻസ്പെക്ടരായി ഗണിക്കേണ്ടതാണ്.

'പ്രാദേശികാധികാരി' എന്നാൽ—

(൧) ഏതെങ്കിലും മുനിസിപ്പാലിററിയുടെ കാര്യത്തിൽ നഗരസഭ എന്നും;

(൨) മറെറതെങ്കിലും പ്രദേശത്തിന്റെ കാര്യത്തിൽ, ഈ കാര്യത്തിനായി നമ്മുടെ ഗവണ്മെന്റു നിയമിക്കാവുന്ന അപ്രകാരമുള്ള അധികാരി, അല്ലെങ്കിൽ ഉദ്യോഗസ്ഥൻ എന്നും അർത്ഥമാകുന്നു.

പ്രാദേശിക ഫുഡ് ഇൻസ്പെക്ടരുടെ അധികാരങ്ങൾ ഏല്പിച്ചുകൊടുക്കുക. ൩. (൧) ഈ റഗുലേഷൻപ്രകാരം പ്രാദേശികഫുഡ് ഇൻസ്പെക്ടർക്കുള്ള അധികാരങ്ങളേയും കൃത്യങ്ങളേയും, അദ്ദേഹത്തിനു, നിർണ്ണയിക്കപ്പെടുന്ന ആളുകൾക്കു നിർണ്ണയിക്കപ്പെടുന്നവിധത്തിലും ഏല്പിച്ചുകൊടുക്കാവുന്നതാണ്.

(൨) എല്ലാ പ്രാദേശികഫുഡ് ഇൻസ്പെക്ടർമാരേയും, ഈ വകുപ്പിൻപ്രകാരം അധികാരങ്ങൾ ഏല്പിച്ചുകൊടുത്തിട്ടുള്ള എല്ലാ ആളുകളേയും തിരുവിതാംകൂർ ശിക്ഷാനിയമത്തിലെ ൧൯-ാം വകുപ്പിലെ അർത്ഥപ്രകാരം സർക്കാർ ഉദ്യോഗസ്ഥന്മാരായി ഗണിക്കേണ്ടതാണ്.

ശരിയായതോ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതോ ആയ തരത്തിലുള്ളതല്ലാത്ത ഭക്ഷണപദാർത്ഥം വിൽക്കുകയും മറ്റും ചെയ്യുന്നതിനു ശിക്ഷ.

൭. (എ) നേരിട്ടോ നേരിട്ടല്ലാതെയോ തന്നത്താനെ, തനിക്കുവേണ്ടി മററു വല്ല ആളും മുഖേനയോ,—

(എ) വിലയ്ക്കുവാങ്ങുന്ന ആൾ ആവശ്യപ്പെടുന്ന വസ്തുവിന്റെ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ഉള്ളതല്ലാത്ത ഏതെങ്കിലും ഭക്ഷണപദാർത്ഥം വിൽക്കുകയൊ;

(ബി) ഇന്നതാണെന്നു സൂചിപ്പിക്കപ്പെടുന്നതൊ ധരിപ്പിക്കപ്പെടുന്നതൊ ആയ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ഉള്ളതല്ലാത്ത വല്ല ഭക്ഷണപദാർത്ഥവും വിൽക്കുന്നതിനു ഉണ്ടാക്കുകയൊ ശേഖരിക്കുകയൊ വിൽക്കുന്നതിനു സമ്മതിക്കുകയൊ വച്ചിരിക്കുകയൊ, വിൽക്കാനായി കൊണ്ടുനടക്കുകയൊ, വിൽക്കുകയൊ ചെയ്യുകയൊ;

(സി) വരുത്തിയിട്ടുള്ള മാററത്തിനെപ്പററി അറിവുകൊടുക്കാതെ മേലെപ്പറഞ്ഞപ്പെട്ട സ്ഥിതിയിൽ വിൽക്കുന്നതെന്നുള്ള ഉദ്ദേശത്തോടുകൂടി വല്ല ഭക്ഷണപദാർത്ഥത്തിന്റെ സ്വഭാവത്തിലൊ സാരാംശത്തിലൊ തരത്തിലൊ ന്യൂനത സംഭവിക്കത്തക്ക വിധത്തിൽ അതിൽനിന്നു ഏതെങ്കിലും അംശം വേർതിരിച്ചെടുക്കുകയൊ ആ മാററത്തെപ്പററി വെളിപ്പെടുത്താതെ അപ്രകാരം മേലെപ്പറഞ്ഞപ്പെട്ട ഏതെങ്കിലും സാധനം വിൽക്കുകയൊ;

(ഡി) ശുദ്ധതയെസംബന്ധിച്ച നമ്മുടെ ഗവൺമെന്റു ഏതെങ്കിലും തോതു നിർണ്ണയിച്ചിട്ടുള്ളപക്ഷം അതിനനുസരണമല്ലാത്ത പാലൊ, പാൽപാടയൊ, വെണ്ണയൊ, തൈരൊ, മോരൊ, നെയ്യൊ, തേയിലയൊ, മറ്റേതെങ്കിലും ഭക്ഷണപദാർത്ഥമോ, അല്ലെങ്കിൽ, ശുദ്ധതയെസംബന്ധിച്ച അപ്രകാരം ഒരു തോതു നിർണ്ണയിച്ചിട്ടുള്ള വല്ല സാധനത്തിന്റെ പേരിനോടു ഏതെങ്കിലുംവിധത്തിൽ സാമ്യമുള്ള ഒരു പേരിൽ അപ്രകാരമുള്ള ഏതെങ്കിലും സാധനത്തിനോടു സാദൃശ്യമുള്ള വല്ല സാധനമൊ, വില്ക്കുന്നതിനായി ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ സമ്മതിക്കുകയൊ, വച്ചിരിക്കുകയൊ, കൊണ്ടുനടക്കുകയൊ, വില്ക്കുകയൊ,

ചെയ്യുന്ന എല്ലാ ആളിനും, ഒന്നാമത്തെകുററത്തിന് ൨൫൦ ക.യോളം വരുന്ന പിഴശിക്ഷയും, അതിന്റെ ശേഷം ചെയ്യുന്ന എല്ലാകുററത്തിനും ൫൦൦ ക.യോളംവരുന്ന പിഴശിക്ഷയും നൽകുന്നതാകുന്നു;

എന്നാൽ താഴെപറയുന്ന സംഗതികളിൽ ഒരു കുററംചെയ്തിട്ടുള്ളതായി വിചാരിക്കാൻ പാടുള്ളതല്ല. അതായത്:—

(i) ഭക്ഷണപദാർത്ഥത്തിന്റെ വലിപ്പമൊ, തൂക്കമൊ, അളവൊ വാസ്തവമായി കൂട്ടുന്നതിനൊ അതിന്റെതരം ഇന്നതെന്നുള്ളതു മറച്ചുവയ്ക്കുന്നതിനൊ, ഗുണം കുറയ്ക്കുന്നതിനൊ അല്ലാതെ, വഹിച്ചുകൊണ്ടുപോകുന്നതിനൊ, ഭക്ഷിക്കുന്നതിനൊ, യോഗ്യമാക്കിത്തീർക്കുന്നതിനു ഭക്ഷണപദാർത്ഥത്തിന്റെ കൂട്ടിലൊ, അതു തയ്യാറാക്കുന്നതിലൊ ഹാനികരമല്ലാത്ത ഏതെങ്കിലും പദാർത്ഥം ഉപയോഗിക്കുകയോ ചേർക്കുകയോ ചെയ്യുക;

(ii) ആഹാരപദാർത്ഥം ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ, തയ്യാറാക്കുകയൊ, കൊണ്ടുപോകുകയൊ ചെയ്യുന്നതിനിടയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തവിധത്തിൽ ഏതെങ്കിലും അന്യപദാർത്ഥം അതിനോടുകൂടി ചേരുക;

(iii) ഭക്ഷണപദാർത്ഥത്തെ സംബന്ധിച്ച് ഒരു പേറെൻറ് പ്രാബല്യത്തിലിരിക്കയും അതിൻപ്രകാരമുള്ള വിവരണത്തിൻപടി സംസ്ഥാനത്തിൽ ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുക;

(ബി) ഈ വകുപ്പിൻപ്രകാരമുള്ള ഒരു കുററത്തെസംബന്ധിച്ച നടത്തുന്ന എല്ലാ പ്രോസിക്യൂഷനുകളിലും, ഒരാളിന്റെ കൈവശത്തിൽ ഇരിക്കുന്ന ഭക്ഷണപദാർത്ഥംപോലെയുള്ള സാധനങ്ങൾ വില്ക്കുന്നതിന് അയാൾ പതിവായി ഉണ്ടാക്കുകയൊ, ശേഖരിക്കുകയൊ, ചെയ്യുന്നതായാൽ, അയാൾ അത് ഉണ്ടാക്കുകയൊ ശേഖരിക്കയോ ചെയ്തിട്ടുള്ളതു വില്ക്കുന്നതിനായിട്ടാണെന്നു കോടതിക്കു ഊഹിക്കാവുന്നതാകുന്നു.

ഏതു വാദങ്ങൾ സ്വീകാരയോഗ്യമല്ലെന്ന്.

൮. ഒടുവിൽപറഞ്ഞ വകുപ്പിൻപ്രകാരമുള്ള കുററത്തെസംബന്ധിച്ച നടത്തുന്ന ഏതെങ്കിലും പ്രോസിക്യൂഷനിൽ, വില്ക്കുകയൊ, ഉണ്ടാക്കുകയൊ ശേഖരിക്കയൊ വില്ക്കുന്നതിനു സമ്മതിക്കയൊ, വില്ക്കുന്നതിനു വച്ചിരിക്കുകയൊ, വില്ക്കുന്നതിനു കൊണ്ടുനടക്കുകയൊ ചെയ്യുന്ന ഭക്ഷണപദാർത്ഥത്തിന്റെ സ്വഭാവത്തെയൊ, സാരാംശത്തെയൊ തരത്തിനെയൊപ്പററി കുററം ആരോപിക്കപ്പെട്ട ആളിന് അറിവില്ലായിരുന്നു എന്നൊ, ഭക്ഷണപദാർത്ഥം വിലയ്ക്കുവാങ്ങിയ ആൾ അപ്രകാരം ചെയ്തിട്ടുള്ളത് അപഗ്രഥനംചെയ്യുന്നതിനുമാത്രമായിട്ടാണെന്നുമാത്രം പറയുന്നതു ശരിയായ വാദമായിരിക്കുന്നതല്ല.

പരിശോധനാർത്ഥം പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കുള്ള അധികാരങ്ങൾ.

൯. (എ) പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ, അതിനായി രേഖാമൂലം അയാൾ അധികാരപ്പെടുത്തുന്ന ഏതെങ്കിലും ആളിനൊ, വില്ക്കുന്നതിനായി ഉണ്ടാക്കിവരുന്നതോ, വില്ക്കുന്നതിനു കടത്തിക്കൊണ്ടുപോകുന്നതോ ശേഖരിച്ചിട്ടുള്ളതോ വിൽക്കുന്നതിനു കൊണ്ടുനടക്കപ്പെടുന്നതോ, വച്ചിരിക്കുന്നതോ, ആയ ഏതെങ്കിലും ഭക്ഷണപദാർത്ഥത്തെയും, അപ്രകാരമുള്ള ഏതെങ്കിലും ഭക്ഷണപദാർത്ഥം തയ്യാറാക്കുകയൊ, ഉണ്ടാക്കുകയൊ ചെയ്യുന്നതിനുപയോഗിക്കുന്നതോ അല്ലെങ്കിൽ, അതു അടങ്ങിയിരിക്കുന്നതോ ആയ വല്ല പാത്രത്തെയും, പകർച്ചോ മററോ, ഏതെങ്കിലും സമയത്തു പരിശോധിക്കുകയും പരീക്ഷിച്ചുനോക്കുകയും ചെയ്യാവുന്നതും, അപ്രകാരമുള്ള പരിശോധനയോ പരീക്ഷയോ നടത്തുന്നതിനു, വിൽക്കുന്നതിനായി ഭക്ഷണസാധനം ഉണ്ടാക്കുന്നതിനോ, വയ്ക്കുന്നതിനോ, ശേഖരിക്കുന്നതിനോ ആയി ഉപയോഗപ്പെടുത്തുന്ന ഏതെങ്കിലും സ്ഥലത്തു ന്യായമായ എല്ലാ സമയങ്ങളിലും അറിയിപ്പു നൽകാതെ പ്രവേശിക്കാവുന്നതും, അപ്രകാരം പരിശോധിക്കയോ, പരീക്ഷിച്ചുനോക്കുകയോ, പ്രവേശിക്കയോ ചെയ്യുന്നതിൽ യാതൊരാളും തടസ്ഥമൊ, പ്രതിബന്ധമൊ ഉണ്ടാക്കാൻ പാടില്ലാത്തതും ആകുന്നു.

(൨) ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതുമൂലമോ, ഒരു പരിശോധനയോ പരീക്ഷയോ പ്രവേശനമോ നടത്തുന്നതിന് ആവശ്യമായ ബലം ഏതെങ്കിലും പ്രയോഗിക്കുന്നതുമൂലമോ, നേരിടാവുന്ന വല്ല നഷ്ടത്തിനോ അസൗകര്യത്തിനോ ഏതെങ്കിലും ആളിന്നോ ടി അധികാരിയുടെമേൽ വ്യവഹാരപ്പെടുന്നതിനു യാതൊരു കാരണവും ഉണ്ടായിരിക്കുന്നതല്ല.

(൩) ഈ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്നതു സംബന്ധിച്ച് നിയമാനുസൃതമായ ഏതെങ്കിലും നടപടികളിൽ, വല്ല ഭക്ഷണപദാർത്ഥത്തെയും വിൽക്കുന്നതിനായി സൂക്ഷിച്ചുവയ്ക്കുകയോ, ശേഖരിച്ചുവച്ചിരിക്കയോ, കൊണ്ടുനടക്കുകയോ, ഉണ്ടാക്കുകയോ, തയ്യാറാക്കുകയോ, ശേഖരിക്കയോ, കൊണ്ടുപോകുകയോ, [illegible] ചെയ്തിട്ടില്ലെന്നോ, അതു [illegible] മനുഷ്യാഹാരമാക്കുന്നതിന് ഉദ്ദേശിച്ചിരുന്നില്ലെന്നോ വാദിക്കുന്നതായാൽ തെളിവുമൂലം അപ്രകാരം വാദിക്കുന്ന ആൾ ബാധ്യസ്ഥനാകുന്നു.

പരിശോധന തടഞ്ഞാലുള്ള ശിക്ഷ.

൭. ഇതിനുമുകളിൽ ഒടുവിൽപറഞ്ഞ വകുപ്പിൻപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കുന്ന പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ, മുറപ്രകാരം അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളിനൊ ഏതെങ്കിലും വിധത്തിൽ തടസ്സമൊ പ്രതിബന്ധമൊ വരുത്തുന്ന എല്ലാ ആളിനും, അയാളുടെ പ്രവൃത്തി തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരം ഒരു കുററമല്ലാതിരിക്കുന്ന സംഗതിയിൽ, അൻപതു രൂപാവരെ വരുന്ന പിഴശിക്ഷ നൽകുന്നതാകുന്നു.

കൂട്ടികലർപ്പുവരുത്തിയ ഭക്ഷണപദാർത്ഥവും മററും പിടിച്ചെടുക്കുന്നതിനുള്ള അധികാരം.

൮. ൬-ാംവകുപ്പുപ്രകാരം പ്രവർത്തിക്കുന്ന പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ, മുറപ്രകാരം അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളിനൊ ഏതെങ്കിലും ഭക്ഷണപദാർത്ഥത്തിലൊ, ഭക്ഷ്യപദാർത്ഥമായിട്ട് വിനിയോഗിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്ന ഏതെങ്കിലും സാധനത്തിലൊ, കൂട്ടികലർപ്പുവരുത്തിയിട്ടുണ്ടെന്നൊ അത് ഇന്നതാണെന്നു സൂചിപ്പിക്കയോ ധരിപ്പിക്കയോ ചെയ്തിട്ടുള്ളതിൽനിന്നു ഭിന്നമായതാണെന്നൊ, തോന്നുന്നപക്ഷമൊ, അല്ലെങ്കിൽ, അപ്രകാരമുള്ള പദാർത്ഥം ഉണ്ടാക്കുകയൊ, തയ്യാറാക്കുകയൊ, ചെയ്യുന്നതിന് ഉപയോഗിക്കുന്നതൊ, അതടങ്ങിയിരിക്കുന്നതൊ ആയ വല്ല പാത്രമൊ ഉപകരണമൊ, ൨൦-ാം വകുപ്പുപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ചട്ടത്തിനു വിരുദ്ധമായിരിക്കുന്നു എന്നു തോന്നുന്നപക്ഷമൊ, ഇതിൻകീഴിൽ വ്യവസ്ഥചെയ്തിരിക്കുന്നതിൻപ്രകാരം പ്രവർത്തിക്കുന്നതിന് അയാൾക്ക് അപ്രകാരമുള്ള സാധനമൊ, ഉപകരണമൊ, പാത്രമൊ, പിടിച്ചെടുക്കുകയോ, എടുത്തുകൊണ്ടുപോകുകയോ, ചെയ്യാവുന്നതാകുന്നു.

പിടിച്ചെടുത്ത പദാർത്ഥങ്ങൾ മാററുകയോ അവയുടെ കാര്യത്തിൽ ഇടപെടുകയോ ചെയ്താലുള്ള ശിക്ഷ.

൯. ഇതിനുമുകളിൽ ഒടുവിൽപറഞ്ഞ വകുപ്പിൻപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു പദാർത്ഥം മാററുകയൊ, ഏതെങ്കിലും വിധത്തിൽ അതുമായി ഇടപെടുകയൊ ചെയ്യുന്ന എല്ലാ ആളിനും അഞ്ഞൂറുരൂപവരെ വരുന്ന പിഴശിക്ഷ നൽകുന്നതാണ്.

പിടിച്ചെടുക്കപ്പെട്ട സാധനങ്ങളുടെ മാതൃക പബ്ലിക് അനലിസ്റ്റിന് അയക്കണമെന്ന്.

൧൦. ൮-ാംവകുപ്പുപ്രകാരം പിടിച്ചെടുക്കപ്പെട്ട ഏതെങ്കിലും ഭക്ഷണപദാർത്ഥം കലർപ്പുവരുത്തിയിട്ടുള്ളതാണെന്നൊ, അത് ഇന്നതാണെന്നു സൂചിപ്പിക്കയോ ധരിപ്പിക്കയോ ചെയ്തിട്ടുള്ളതിൽനിന്നു ഭിന്നമായിട്ടുള്ളതാണെന്നൊ പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കു തോന്നുന്നപക്ഷം, അപ്രകാരമുള്ള പദാർത്ഥത്തിന്റെ ഒരു മാതൃക അദ്ദേഹം ഉടൻതന്നെ പബ്ലിക് അനലിസ്റ്റിന് അയച്ചുകൊടുക്കേണ്ടതാകുന്നു.

പിടിച്ചെടുക്കപ്പെട്ട സാധനങ്ങളും മററും മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കലും അവയുടെ കാര്യത്തിൽ പ്രവർത്തിക്കാൻ മജിസ്ട്രേട്ടിനുള്ള അധികാരവും.

൧൧. ൮-ാംവകുപ്പുപ്രകാരം പിടിച്ചെടുക്കപ്പെടുന്ന ഭക്ഷണപദാർത്ഥങ്ങളും അവയുടെ മാതൃകകളൊ ഉപകരണങ്ങളൊ, പാത്രങ്ങളൊ, കഴിയുന്നവേഗത്തിൽ ഒരു മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കേണ്ടതാകുന്നു.

എന്നാൽ ഒരു മാതൃകയൊ സാധനമൊ പബ്ലിക് അനലിസ്റ്റിന് അയച്ചിട്ടുള്ളപക്ഷം, പബ്ലിക് അനലിസ്റ്റിന്റെ സാക്ഷ്യപത്രം ലഭിച്ചതിനുശേഷം, ആ സാധനമൊ അതിന്റെ മാതൃകയൊ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കാവുന്നതാകുന്നു.

(൨) തിരുവിതാംകൂർ ശിക്ഷാനിയമപ്രകാരമൊ, ഈ റെഗുലേഷൻപ്രകാരമൊ ഉള്ള വല്ല കുററത്തിനേയുംപററി മജിസ്ട്രേട്ടിന്റെ മുമ്പാകെ പരാതി ബോധിപ്പിച്ചിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും, ആവശ്യമെന്നു തനിക്കുതോന്നുന്ന തെളിവ് എടുത്തതിനുശേഷം അപ്രകാരമുള്ള വല്ല സാധനവും കലർപ്പുള്ളതാണെന്നൊ, ഇന്നതാണെന്നു സൂചിപ്പിക്കപ്പെടുകയൊ ധരിപ്പിക്കപ്പെടുകയൊ ചെയ്തിട്ടുള്ളതിൽനിന്നു ഭിന്നമായതാണെന്നൊ, അപ്രകാരമുള്ള ഏതെങ്കിലും ഉപകരണമൊ പാത്രമൊ ൮-ാം വകുപ്പിൽ വിവരിച്ചിരിക്കുന്ന മാതിരിയിലൊ സ്ഥിതിയിലൊ ഉള്ളതാണെന്നൊ മജിസ്ട്രേട്ടിനു തോന്നുന്നപക്ഷം,

(എ) അതിനെ നമ്മുടെ ഗവണ്മെൻറിലേക്കു കണ്ടുകെട്ടുന്നതിനൊ,

(ബി) അതിൻെറ ഉടമസ്ഥൻേറയൊ പിടിച്ചെടുത്തസമയം അതു കൈവശത്തിലിരുന്ന ആളിൻേറയൊ ചിലവിന്മേൽ, മേൽപ്പറഞ്ഞിരിക്കുന്നപ്രകാരം അതിനെ വീണ്ടും വിൽക്കുന്നതിനു കഴിയാത്തവിധത്തിൽ വയ്ക്കുകയൊ കൊണ്ടുനടക്കുകയൊ, അല്ലെങ്കിൽ മനുഷ്യരുടെ ആഹാരമായിട്ടുപയോഗിക്കുകയൊ അപ്രകാരമുള്ള വല്ല സാധനവും ഉണ്ടാക്കുകയൊ, തയ്യാറാക്കുകയൊ, വയ്ക്കുകയൊ ചെയ്യുന്നതിന് അതു് ഉപയോഗിക്കുകയൊ ചെയ്യുന്നതിനെ തടയത്തക്കവിധത്തിൽ നശിപ്പിക്കുന്നതിന് ഉത്തരവു കൊടുക്കുകയൊ ചെയ്യാവുന്നതാണ്.

വിലയ്ക്കുവാങ്ങുന്ന ആളിനു ഭക്ഷണപദാർത്ഥം അപഗ്രഥനം ചെയ്യിപ്പിക്കാവുന്നതാണ്.

൧൨. (൧) നിശ്ചയിക്കപ്പെടാവുന്ന ഫീസ് ഏതെങ്കിലും ഉണ്ടായിരുന്നാൽ അതു കൊടുക്കുന്നപക്ഷം വല്ല ഭക്ഷണപദാർത്ഥവും വിലയ്ക്കുവാങ്ങുന്ന വല്ല ആളിനും, ഒരു പബ്ലിക്കനലിസ്റ്റിനെ നിയമിക്കപ്പെട്ടിട്ടുള്ള പ്രദേശത്തിൽ ഉൾപ്പെട്ട സ്ഥലത്തുനിന്ന് ആ സാധനം വിലയ്ക്കുവാങ്ങുന്നപക്ഷം, അപ്രകാരമുള്ള പബ്ലിക്ക അനലിസ്റ്റിനെക്കൊണ്ടു പ്രസ്തുതസാധനം അപഗ്രഥനം ചെയ്യിപ്പിച്ചു നോക്കുകയും ആയാളുടെ അപഗ്രഥനത്തിൻെറ ഫലത്തെ സംബന്ധിച്ചു ഒരു സർട്ടിഫിക്കററു ലഭിക്കുകയും ചെയ്യുന്നതിനു അർഹതയുണ്ടായിരിക്കുന്നതാണ്.

(൨) മേൽപ്പറഞ്ഞപോലെ അപ്രകാരമുള്ള പദാർത്ഥം അപഗ്രഥനം ചെയ്യുന്നതിന് അയക്കുന്നതിനുമുമ്പ് താൻ അപ്രകാരം ചെയ്യാൻപോകുന്നു എന്നുള്ള തൻെറ ഉദ്ദേശത്തെപ്പററി വാങ്ങുന്ന ആൾ വില്പനക്കാരന് അറിവുകൊടുക്കേണ്ടതാകുന്നു. അപ്രകാരമുള്ള പദാർത്ഥം അപഗ്രഥനത്തിനായി പബ്ലിക്കനലിസ്റ്റ് സ്വീകരിക്കുമ്പോൾ അതിനെ മൂന്നു അംശങ്ങളായി ഭാഗിക്കുകയും അതിൽ ഒന്നിനെ അപഗ്രഥനം ചെയ്കയും മറെറാരു അംശത്തെ ആയാളുടെ സർട്ടിഫിക്കറേറാടുകൂടി തിരിച്ചയയ്ക്കുന്നതിനു അയാൾ സൂക്ഷിക്കുകയും മൂന്നാമത്തെ അംശം വില്പനക്കാരൻ ആവശ്യപ്പെടുമ്പോൾ കൊടുക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ അപഗ്രഥനം ചെയ്യാത്ത ഓരോ ഭാഗവും അതിൻെറ പ്രകൃതമനുസരിച്ച്, അടയാളപ്പെടുത്തി മുദ്രവയ്ക്കുകയൊ ഉറപ്പായി കെട്ടിവയ്ക്കുകയൊ ചെയ്യേണ്ടതാകുന്നു.

അപഗ്രഥനത്തിനായി മാതൃകകൾ വിലയ്ക്കുവാങ്ങാനുള്ള പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കുള്ള അധികാരം.

൧൩. (൧) ൧൪-ാം വകുപ്പു അനുസരിച്ചു വിഭജനത്തിനും വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ള

(i) വല്ല ഭക്ഷണപദാർത്ഥത്തിൻെറയൊ,

(ii) ഭക്ഷണപദാർത്ഥം ഉണ്ടാക്കുന്നതിനു ഉപയോഗിക്കുന്ന വല്ല സാധനങ്ങളുടെയൊ ഭാഗം അതു ഉണ്ടാക്കുന്ന അവസരത്തിൽ പ്രാദേശികഫുഡ് ഇൻസ്പെക്ടർക്കോ രേഖാമൂലം അതിലേക്കായി അയാൾ അധികാരപ്പെടുത്തീട്ടുള്ള വല്ല ആൾക്കൊ അപഗ്രഥനത്തിനായി വില പററിക്കൊണ്ടു തനിക്കു വിൽക്കുന്നതിനു ആവശ്യപ്പെടാവുന്നതാകുന്നു. പ്രസ്തുത ഭക്ഷണപദാർത്ഥമൊ സാധനങ്ങളൊ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആൾ അത്രയും ഭാഗം വിൽക്കുന്നതിനു ബാധ്യസ്ഥനാണ്.

(൨) വില്പനയ്ക്കായി

(എ) വല്ല പ്രാദേശികാതിർത്തിക്കുള്ളിൽ കടത്തിക്കൊണ്ടു പോകപ്പെടുന്നതൊ,

(ബി) വല്ല പ്രാദേശികാതിർത്തിക്കുള്ളിലുള്ള വല്ല സ്ഥലത്തും ശേഖരിച്ചിട്ടുള്ളതൊ,

ആയ വല്ല ഭക്ഷണപദാർത്ഥത്തിൻെറയും ൧൪-ാം വകുപ്പു അനുസരിച്ചു വിഭജനത്തിനും വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ളിടത്തോളം ഭാഗം അപഗ്രഥനത്തിനായി പ്രാദേശികഫുഡ് ഇൻസ്പെക്ടരൊ അതിലേക്കായി അയാൾ അധികാരപ്പെടുത്തിയിട്ടുള്ള വല്ല ആളൊ അയാൾക്കു വിട്ടുകൊടുക്കുന്നതിനു ആവശ്യപ്പെടാവുന്നതും പ്രസ്തുത ഭക്ഷണപദാർത്ഥം കൈവശം വച്ചുകൊണ്ടിരിക്കുന്ന വല്ല ആളും അത്രയുംഭാഗം വിട്ടുകൊടുക്കുന്നതിനു ബാധ്യസ്ഥനും ആകുന്നു.

എന്നാൽ അപ്രകാരമുള്ള ഓരോ സംഗതിയിലും വിട്ടുകൊടുക്കപ്പെട്ട ഭക്ഷണപദാർത്ഥത്തിൻെറ വില അപ്രകാരം വിട്ടുകൊടുക്കപ്പെട്ട തീയതിമുതൽ ഒരു മാസത്തിനകം അതിൻെറ ഉടമസ്ഥൻ ആവശ്യപ്പെടുന്നപക്ഷം അയാൾക്കു കൊടുക്കേണ്ടതാകുന്നു.

(൩) വില്പനയ്ക്കായി ഉദ്ദേശിച്ചിരിക്കുന്നതൊ, വച്ചിരിക്കുന്നതൊ ആയ വല്ല ഭക്ഷണപദാർത്ഥത്തിൻെറയും ൧൪-ാം വകുപ്പിൻപ്രകാരം വിഭജനത്തിനും വിനിയോഗത്തിനും ന്യായമായി ആവശ്യമുള്ളിടത്തോളം ഭാഗം പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ അതിലേക്കായി രേഖാമൂലം അയാൾ അധികാരപ്പെടുത്തീട്ടുള്ള വല്ല ആൾക്കൊ അപഗ്രഥനത്തിനായി വിലപററിക്കൊണ്ടു വിൽക്കുന്നതിനു ആവശ്യപ്പെടാവുന്നതും വില്പനയ്ക്കായി കൈവശംവച്ചുകൊണ്ടിരിക്കുകയൊ വില്പനയ്ക്കായി വച്ചിരിക്കുകയൊ ചെയ്യുന്ന വല്ല ആളും അത്രയും ഭാഗം വിൽക്കുന്നതിനു ബാധ്യസ്ഥനും ആകുന്നു.

(൪) (൧)-ം, (൨)-ം, (൩)-ം, ഉപവകുപ്പുകൾ അനുസരിച്ചു പ്രാദേശിക ഫുഡ് ഇൻസ്പെക്ടർക്കൊ മുറപ്രകാരം അയാളാൽ അധികാരപ്പെടുത്തപ്പെട്ട ആൾക്കൊ ഭക്ഷണപദാർത്ഥം വിൽക്കാതിരിക്കുകയൊ വിട്ടുകൊടുക്കാതിരിക്കുകയൊ ചെയ്യുന്ന ഏതൊരാൾക്കും നൂറുരൂപയോളം വരാവുന്ന പിഴശിക്ഷ നൽകുന്നതാകുന്നു.

ഭക്ഷണപദാർത്ഥം അപഗ്രഥനം ചെയ്യുന്നതിനുള്ള നടപടിക്രമം.

൧൪. (൧) ൧൩-ാം വകുപ്പു (൧)-ാം ഉപവകുപ്പൊ (൩)-ാം ഉപവകുപ്പൊ അനുസരിച്ചു അപഗ്രഥനത്തിനായി ഭക്ഷണപദാർത്ഥത്തിൻെറ മാതൃക വിലയ്ക്കു വാങ്ങുന്ന പ്രാദേശിക ഇൻസ്പെക്ടരൊ മററു വല്ലവരുമൊ ഭക്ഷണപദാർത്ഥം വാങ്ങിയതിനു ശേഷം ഉടനെ ആ സാധനം വിററതായ ആളിനൊ അയാളുടെ ഏജൻറിനൊ അതു അപഗ്രഥനം ചെയ്യിപ്പിക്കാനുള്ള തൻെറ ഉദ്ദേശത്തെപ്പററി അറിവുകൊടുക്കേണ്ടതും അതു അപ്പോൾ തന്നെ അവിടെവച്ചു വെവ്വേറെ മൂന്നു അംശമായി ഭാഗിക്കേണ്ടതും ഓരോ അംശം അതിൻെറ പ്രകൃതം അനുസരിച്ചു അടയാളംവച്ചു മുദ്രവയ്ക്കുകയൊ ഉറപ്പായി കെട്ടിവയ്ക്കുകയൊ ചെയ്യേണ്ടതുമാകുന്നു.

(ഖ) മാതൃക വിലയ്ക്കു വാങ്ങുന്ന ആൾ പ്രസ്തുത അംശങ്ങളിൽ ഒന്നു വില്പനക്കാരനോ അയാളുടെ ഏജൻറിനോ കൊടുക്കേണ്ടതും, മറെറാന്നു മേലിൽ താരതമ്യപ്പെടുത്തുന്നതിനായിട്ടോ അതു സംബന്ധിച്ചു നടപടികൾ നടത്തുന്നപക്ഷം ഹാജരാക്കുന്നതിനായിട്ടോ കൈവശം വച്ചിരിക്കേണ്ടതും, അപഗ്രഥനം ചെയ്യിപ്പിക്കേണ്ടതു നടത്തുന്നപക്ഷം ആ സാധനം വിൽക്കുന്നതായ പ്രാദേശിക അതിർത്തിയിലേക്കു നിയമിച്ചിട്ടുള്ള പബ്ലിക് അനലിസ്റ്റിനു മൂന്നാമത്തെ അംശം അയക്കേണ്ടതും ആകുന്നു.

(ഗ) ൧൩-ാം വകുപ്പു (ഖ)-ാം ഉപവകുപ്പു അനുസരിച്ചു വല്ല ഭക്ഷണപദാർത്ഥവും വിട്ടുകൊടുക്കുമ്പോൾ ആൾക്കു വിട്ടുകൊടുത്തുവോ അയാൾ പ്രസ്തുത ഭക്ഷണപദാർത്ഥം കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളിനെ അതിനെ അപഗ്രഥനം ചെയ്യിപ്പിക്കുന്നതിനുള്ള തന്റെ ഉദ്ദേശത്തെപ്പററി അറിവുകൊടുക്കുകയും, അതിനായി (ക)-ം (ഖ)-ം ഉപവകുപ്പുകളിലെ വ്യവസ്ഥയനുസരിച്ചു അപ്രകാരം വിട്ടുകൊടുക്കപ്പെട്ട ഭക്ഷണപദാർത്ഥത്തെ വിനിയോഗിക്കേണ്ടതും ആകുന്നു.

(ഘ) വില്പനക്കാരനോ അയാളുടെ ഏജൻേറാ അല്ലെങ്കിൽ ഭക്ഷണപദാർത്ഥം തന്റെ കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളോ ഒരു അംശം സ്വീകരിക്കാതിരിക്കുന്നപക്ഷം അപഗ്രഥനത്തിനായി മാതൃക അയക്കുമ്പോൾ പ്രാദേശിക ഹെഡ് ഇൻസ്പെക്ടരോ മററു വല്ല ആളോ ആ വിവരം പബ്ലിക് അനലിസ്റ്റിനെ അറിയിക്കേണ്ടതും പബ്ലിക് അനലിസ്റ്റ് അപഗ്രഥനത്തിനായി മാതൃക സ്വീകരിക്കുമ്പോൾ അതിനെ രണ്ടു അംശമായി ഭാഗിക്കുകയും അതിൽ ഒരു ഭാഗം മുദ്ര വയ്ക്കുകയോ ഉറപ്പായി കെട്ടിവയ്ക്കുകയോ ചെയ്യേണ്ടതും മാതൃക സ്വീകരിക്കുമ്പോഴോ അയാളുടെ സർട്ടിഫിക്കററു കൊടുക്കുമ്പോഴോ മാതൃക അയച്ചുകൊടുത്തതായ ആളിനൊ പ്രാദേശിക ഹെഡ് ഇൻസ്പെക്ടർക്കോ അതിനെ കൊടുക്കേണ്ടതും അയാൾ അതിനെ മേലിൽ താരതമ്യപ്പെടുത്തുന്നതിനായിട്ടോ അതിനെ സംബന്ധിച്ചു വല്ല നടപടിയും നടത്തുമ്പോൾ ഹാജരാക്കുന്നതിനായിട്ടോ സൂക്ഷിക്കേണ്ടതും ആകുന്നു.

പബ്ലിക്ക് അനലിസ്റ്റിന്റെ സർട്ടിഫിക്കററ്.

൧൩. (ക) ഈ റെഗുലേഷൻപ്രകാരം മാതൃക അയക്കപ്പെട്ടിട്ടുള്ള ഓരോ പബ്ലിക് അനലിസ്റ്റും അപ്രകാരം മാതൃക അയക്കുന്ന ആളിനു ഈ റെഗുലേഷനോടു അനുബന്ധിച്ചിട്ടുള്ള പട്ടികയിൽ കൊടുത്തിട്ടുള്ള ഫാറത്തിലോ അതിനു തുല്യമായിട്ടുള്ള വിധത്തിലോ അയാളുടെ അപഗ്രഥനത്തിന്റെ ഫലം രേഖപ്പെടുത്തുന്നതായ ഒരു സർട്ടിഫിക്കററ് കൊടുക്കേണ്ടതാകുന്നു.

(ഖ) ഈ റെഗുലേഷൻപ്രകാരമൊ തിരുവിതാംകൂർ ശിക്ഷാനിയമം ൨൭൦-ം, ൨൭൧-ം വകുപ്പുകൾപ്രകാരമൊ നടത്തുന്നതായ വല്ല നടപടികളിലും ഒരു പബ്ലിക് അനലിസ്റ്റിന്റെ കയ്യൊപ്പോടുകൂടിയ സർട്ടിഫിക്കററോ അങ്ങനെ കാണിക്കുന്ന വല്ല പ്രമാണവും അതിൽ പ്രസ്താവിച്ചിട്ടുള്ള സംഗതികളുടെ തെളിവായി ഉപയോഗിക്കാവുന്നതാകുന്നു.

എന്നാൽ ആദ്യവിചാരണയിലോ, അപ്പീൽവിചാരണയിലോ, റിവിഷൻവിചാരണയിലോ അധികാരമുള്ളതും ഈ റെഗുലേഷൻപ്രകാരം ഒരു വ്യവഹാരം നടക്കുന്നതുമായ വല്ല കോടതിക്കും അതിന്റെ യുക്തംപോലെ വാദിയുടേയോ പ്രതിയുടേയോ അപേക്ഷപ്രകാരം അപഗ്രഥനം ചെയ്യുന്നതിനായി നമ്മുടെ ഗവണ്മെൻറ കെമിക്കൽ എക്സാമിനർക്കോ അതിലേക്കായി നമ്മുടെ ഗവണ്മെൻറിനാൽ നിയമിക്കപ്പെട്ട വല്ല ഉദ്യോഗസ്ഥനോ വല്ല ഭക്ഷണസാധനവും അയച്ചുകൊടുക്കാവുന്നതും അയാൾ അങ്ങനെ അപഗ്രഥനം ചെയ്യേണ്ടതും പ്രസ്തുത കോടതിയിലേക്ക് അപഗ്രഥനത്തിന്റെ ഫലം റിപ്പോർട്ടു ചെയ്യേണ്ടതും ആകുന്നു. അപ്രകാരമുള്ള അപഗ്രഥനത്തിന്റെ ചെലവു കോടതി ഉത്തരവു ചെയ്യുന്നതുപോലെ വാദിയോ പ്രതിയോ കൊടുക്കേണ്ടതുമാകുന്നു.

മജിസ്ട്രേട്ടന്മാരുടെ അധികാരം.

൧൪. ഈ റെഗുലേഷൻപ്രകാരമുള്ള വല്ല കുററവും നമ്മുടെ ഗവണ്മെൻറ് ആ കാര്യത്തിലേക്ക് സാമാന്യമായോ പ്രത്യേകമായോ അധികാരപ്പെടുത്തിയാലല്ലാതെ മൂന്നാംക്ലാസ് മജിസ്ട്രേട്ടന്മാർ വിചാരണ ചെയ്യാൻ പാടുള്ളതല്ല.

പ്രാസിക്യൂട്ടു ചെയ്യുന്നതിനുള്ള നിബന്ധന.

൧൫. വിലയ്ക്കു വാങ്ങുന്നവന്റെ പരാതിയിന്മേലോ, അല്ലെങ്കിൽ പ്രാദേശിക ഹെഡ് ഇൻസ്പെക്ടരുടെ രേഖാമൂലമായ അനുവാദത്തോടുകൂടിയോ, അല്ലെങ്കിൽ നമ്മുടെ ഗവണ്മെൻറിന്റെ അനുവാദപ്രകാരമോ, അല്ലെങ്കിൽ ഒരു മുനിസിപ്പാലിററിയുടെ അതിർത്തികളിൽവച്ചു കുററം ചെയ്തിട്ടുള്ളതായി പറയപ്പെടുന്നു എങ്കിൽ, ആ മുനിസിപ്പൽ കൌൺസിലിന്റെ അനുവാദത്തോടുകൂടിയോ അല്ലാതെ ഈ റെഗുലേഷൻപ്രകാരമുള്ള യാതൊരു പ്രാസിക്യൂഷനും നടത്താൻ പാടില്ല.

പ്രാസിക്യൂട്ടു ചെയ്യുന്നതിനുള്ള കാലാവധി.

൧൬. കുററം ചെയ്തു മൂന്നുമാസം കഴിഞ്ഞതിനുശേഷം ഈ റെഗുലേഷൻപ്രകാരമുള്ള യാതൊരു പ്രാസിക്യൂഷനും തുടങ്ങാൻ പാടുള്ളതല്ല.

ഭക്ഷണപദാർത്ഥങ്ങളിൽ സാധാരണ ക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങൾ ഇന്നവയെന്നു പ്രഖ്യാപനം ചെയ്യാനുള്ള അധികാരം.

൧൭. വല്ല ഭക്ഷണപദാർത്ഥത്തിലും സാധാരണ ക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങൾ ഇന്നവയെന്നു നമ്മുടെ ഗവണ്മെൻറിനു പ്രഖ്യാപനം ചെയ്യാവുന്നതും, വല്ല ഭക്ഷണപദാർത്ഥത്തിന്റെയും മാതൃകയിൽ ഈ ചേർന്നിരിക്കേണ്ട സാധനങ്ങളിൽ വല്ലതിന്റെയും ഏതു കുറവ്, അല്ലെങ്കിൽ അന്യപദാർത്ഥത്തിന്റെയോ വെള്ളത്തിന്റെ അനുപാതത്തിന്റെയോ ഏതു കൂടുതൽ, ആ ഭക്ഷണപദാർത്ഥം, ഈ റെഗുലേഷന്റെ ആവശ്യത്തിലേക്ക്, മററുപ്രകാരത്തിൽ തെളിയിക്കപ്പെടുന്നതുവരെ, ശുദ്ധമായിട്ടുള്ളതല്ലെന്നോ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നോ, ഊഹം ജനിപ്പിക്കുമെന്ന് ഈ കാര്യത്തിലേക്കായുള്ള ചട്ടങ്ങളനുസരിച്ചു നിശ്ചയിക്കാവുന്നതും ആകുന്നു. ഈ റെഗുലേഷൻപ്രകാരമുള്ള ഒരു അപഗ്രഥനത്തിന്റെ ഫലത്തെ സാക്ഷ്യപ്പെടുത്തുന്നതിൽ ഒരു പബ്ലിക് അനലിസ്റ്റ് അപ്രകാരമുള്ള ചട്ടങ്ങളെ ഗൌനിക്കേണ്ടതാണ്.

൨൦. (൧) ഈ റഗുലേഷൻ വ്യാപിച്ചിരിക്കാവുന്ന സ്ഥലത്തോ ആ സ്ഥലത്തിന്റെ വല്ല ഭാഗത്തൊ ഈ റഗുലേഷന്റെ ആവശ്യത്തെ നിർവഹിക്കുന്നതിനു നമ്മുടെ ഗവണ്മെന്റിനു മുൻകൂട്ടി പരസ്യപ്പെടുത്തിയതിനുശേഷം, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.

(൨) മുൻപറഞ്ഞിട്ടുള്ള അധികാരത്തിന്റെ സാമാന്യതത്വത്തിനു വിപരീതമല്ലാതേയും പ്രത്യേകമായും നമ്മുടെ ഗവണ്മെന്റിന്

(എ) പബ്ലിക് അനലിസ്റ്റ്മാരേയും പ്രാദേശിക ഫുഡ് ഇൻസ്പെക്ടർമാരേയും നിയമിക്കുക, നീക്കുക, അവരുടെ യോഗ്യതകളും, അവർ ചെയ്യേണ്ട ജോലികളും നിശ്ചയിക്കുക എന്നിവ സംബന്ധിച്ചുള്ളതും,

(ബി) നാലാംവകുപ്പിൻപ്രകാരം പ്രാദേശിക ഫുഡ് ഇൻസ്പെക്ടറുടെ അധികാരങ്ങളേയോ അല്ലെങ്കിൽ കർത്തവ്യങ്ങളേയോ ഏല്പിക്കാവുന്ന ആളുകളുടെ തരങ്ങളെ അല്ലെങ്കിൽ യോഗ്യതകളേയും നിബന്ധനകളേയും നിർണ്ണയിക്കുന്നതും,

(സി) വല്ല പ്രാദേശിക ഫുഡ് ഇൻസ്പെക്ടറും അല്ലെങ്കിൽ നാലാംവകുപ്പിൻപ്രകാരം അയാളാൽ നിയുക്തനായിരിക്കുന്ന വല്ലയാളും ജോലിചെയ്യേണ്ട പ്രാദേശികാതിർത്തിയെ നിശ്ചയിക്കുന്നതും,

(ഡി) പാൽ, പാൽപ്പാട, വെണ്ണ, തൈര്, മോര്, നെയ്യ്, തേയില ഇവയുടേയോ മറ്റുവല്ല ഭക്ഷണപദാർത്ഥത്തിന്റെയോ ശുദ്ധതയുടെ തോതുകൾ നിർണ്ണയിക്കുന്നതും.

(ഇ) വല്ല ഭക്ഷണപദാർത്ഥത്തേയും ഈ റഗുലേഷൻപ്രകാരം അപഗ്രഥനം ചെയ്യുന്നതിനു ചുമത്തേണ്ട ഫീസിനേയും അതു കൊടുക്കുകയോ അല്ലെങ്കിൽ ഈടാക്കുകയോ ചെയ്യേണ്ട രീതിയേയും നിർണ്ണയിക്കുന്നതും,

(എഫ്) വില്പനയ്ക്കായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന വല്ല ഭക്ഷണപദാർത്ഥവും ഉണ്ടാക്കുന്നതിനോ, പാകപ്പെടുത്തുന്നതിനോ, വയ്ക്കുന്നതിനോ ഉപയോഗിക്കുന്ന ഉപകരണങ്ങളേയും പാത്രങ്ങളേയും സൂക്ഷിക്കേണ്ട വിധത്തെ പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ചു നിർണ്ണയിക്കുന്നതും അപ്രകാരമുള്ള ഭക്ഷണപദാർത്ഥത്തെ ദുഷിപ്പിച്ചേക്കാവുന്ന സാധനങ്ങൾകൊണ്ട്, മുഴുവനായോ ഭാഗമായോ ഉണ്ടാക്കപ്പെട്ടിട്ടുള്ള ഉപകരണങ്ങളേയും പാത്രങ്ങളേയും ഉപയോഗിക്കുന്നതിനെ നിരോധിക്കുന്നതും.

(ജി) പാൽ, പാൽപ്പാട, വെണ്ണ, തൈര്, മോര്, നെയ്യ്, തേയില ഇവയിലോ മറ്റുവല്ല ഭക്ഷണപദാർത്ഥത്തിലോ സാധാരണ ക്രമത്തിൽ അടങ്ങിയിരിക്കേണ്ട സാധനങ്ങളിൽ വല്ലതിന്റേയും എത്ര കുറവ്, അല്ലെങ്കിൽ അവയിൽ വല്ലതിലുമോ അവകൊണ്ടുണ്ടാക്കപ്പെട്ടിട്ടുള്ള വല്ലതിലുമോ അന്യപദാർത്ഥത്തിന്റെയോ വെള്ളത്തിന്റെ ആനുഗുണ്യത്തിന്റേയോ എത്ര കൂടുതൽ, ആ ഭക്ഷണപദാർത്ഥങ്ങൾ ഈ റഗുലേഷന്റെ ആവശ്യത്തിലേക്ക്, മറ്റുപ്രകാരത്തിൽ തെളിയിക്കപ്പെടുന്നതുവരെ, ശുദ്ധമായിട്ടുള്ളതല്ലെന്നോ ആരോഗ്യത്തിനു ഹാനികരമായിട്ടുള്ളതാണെന്നോ ഊഹം ജനിപ്പിക്കാമെന്നു നിശ്ചയിക്കുന്നതും,

(എച്ച്) പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ച്,

(i) വല്ല ഭക്ഷണപദാർത്ഥത്തിലും വെള്ളമോ മറ്റുദ്രവ്യമോ അപദ്രവ്യമോ കൂട്ടിച്ചേർക്കുക;

(ii) വല്ല ഭക്ഷണപദാർത്ഥത്തിലും നിന്ന് അതിൽ ചേർന്നിട്ടുള്ള വല്ല സാധനങ്ങളേയും വേർതിരിച്ചെടുക്കുക;

(iii) അപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടതും അപ്രകാരം വേർതിരിക്കപ്പെട്ടതും ആയതോ മറ്റു പ്രകാരത്തിൽ കൃത്രിമമായി ഭേദമാറ്റപ്പെട്ടതോ ആയ വല്ല ഭക്ഷണപദാർത്ഥങ്ങളേയും വിൽക്കുക;

ഇവയെ നിരോധിക്കുന്നതിനോ ക്രമപ്പെടുത്തുന്നതിനോ ഉള്ളതും,

(ഐ) ഉണക്കിയതോ, കട്ടിയാക്കിയതോ, പാടമാറ്റിയതോ, വേർതിരിക്കപ്പെട്ടതോ ആയ പാൽ വച്ചിരിക്കുന്ന വല്ല പാത്രത്തിലും ലേബൽ ഒട്ടിക്കുകയോ അടയാളപ്പെടുത്തുകയോ ചെയ്യേണ്ട രീതിയെ നിശ്ചയിക്കുന്നതും;

(ജെ) ഈ റെഗുലേഷൻപ്രകാരമുള്ള അപഗ്രഥനത്തിന്റെ ആവശ്യത്തിലേക്കു വല്ല ഭക്ഷണപദാർത്ഥത്തിന്റേയും മാതൃകകൾ കൊണ്ടുപോകുന്നവരെ, ആ മാതൃകയെ അപഗ്രഥനം ചെയ്യുന്നതിനു യോഗ്യമായ സ്ഥിതിയിൽ സൂക്ഷിക്കുന്നതിലേക്ക് അപ്രകാരമുള്ള മാതൃകയോടു രക്ഷകസാധനങ്ങളെ കൂട്ടിച്ചേർക്കുന്നതിന് അധികാരപ്പെടുത്തുന്നതും അപ്രകാരമുള്ള രക്ഷകസാധനങ്ങളുടെ സ്വഭാവത്തേയും അവയെ കൂട്ടിച്ചേർക്കുന്ന വിധത്തേയും നിയന്ത്രിക്കുന്നതും;

ആയ ചട്ടങ്ങളെ ഉണ്ടാക്കാവുന്നതാണ്.

(൩) ചട്ടങ്ങൾ ഉണ്ടാക്കുന്നതിൽ, വല്ല ചട്ടത്തേയും ലംഘിക്കുന്ന ആളെ കുറ്റസ്ഥാപനത്തിനു ഒരുനൂറു രൂപയിൽ കവിയാതേയും പിന്നീടുള്ള വല്ല കുറ്റസ്ഥാപനത്തിനും അഞ്ഞൂറു രൂപയിൽ കവിയാതേയും പിഴ ശിക്ഷവിധിക്കേണ്ടതാണെന്നു നമ്മുടെ ഗവണ്മെന്റിനു നിർദ്ദേശിക്കാവുന്നതാണ്.

൨൧. ഈ റഗുലേഷൻ വ്യാപിച്ചിരിക്കുന്ന വല്ല പ്രദേശത്തിന്റേയും നിയന്ത്രണാധികാരം വഹിക്കുന്ന ഓരോ പ്രാദേശികാധികാരിക്കും അപ്രകാരമുള്ള പ്രാദേശികാധികാരിയെ ഏർപ്പെടുത്തിയിട്ടുള്ള വല്ല റഗുലേഷനുമുണ്ടെങ്കിൽ ആ റഗുലേഷനിലെ ഉപചട്ടങ്ങളുണ്ടാക്കുന്നതു സംബന്ധിച്ചുള്ള വ്യവസ്ഥകളനുസരിച്ചു ഈ റഗുലേഷന്റേയോ ഈ റഗുലേഷന്റെ എല്ലാ ആവശ്യങ്ങൾക്കുംവേണ്ടി അതനുസരിച്ചു ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾക്കോ അനനുസരണമല്ലാതേയും പ്രത്യേകിച്ചു മുമ്പിനാൽ നൽകപ്പെട്ട അധികാരത്തിന്റെ സാമാന്യതത്വത്തെ ഹാനിവരുത്താതേയും അന്യപദാർത്ഥങ്ങൾ കൂട്ടിച്ചേർത്തിട്ടുള്ളതായി ഉദ്ദേശിക്കപ്പെടുകയോ സൂചിപ്പിക്കപ്പെടുകയോ ചെയ്യുന്നതല്ലാത്തതായ ആയ ഭക്ഷണപദാർത്ഥങ്ങളെ വിൽക്കുന്നതിനു ഉണ്ടാക്കുകയോ തയ്യാറാക്കുകയോ വിൽക്കുന്നതിനു വയ്ക്കുകയോ കൊണ്ടുനടക്കുകയോ വിൽക്കുകയോ ചെയ്യുന്നതിനെ നിരോ-

ഉപചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രാദേശികാധികാരികളുടെ അധികാരം.

രോധിക്കുന്നതിനും അപ്രകാരമുള്ള സാധനങ്ങളെ വിൽക്കാനായി വയ്ക്കുകയോ ശേഖരിക്കയോ കെട്ടിപ്പയ്ക്കുകയോ വൃത്തിയാക്കുകയോ ഉണ്ടാക്കുകയോ തയ്യാറാക്കുകയോ വിൽക്കുന്നതിനു വയ്ക്കുകയോ കൊണ്ടുനടക്കുകയോ വിൽക്കുകയോ ചെയ്യുന്ന സ്ഥലങ്ങളെ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടിയുള്ള ഉപചട്ടങ്ങളെ ഉണ്ടാക്കാവുന്നതാണ്.

ഈ റെഗുലേഷൻ പ്രാദേശികാധികാരികളുടെ നിയമത്തിനപുറമെ കൂടുതലായുള്ളതാണ്.

൨൨. ഈ റെഗുലേഷനിലെ ൨ മുതൽ ൨൧ വരെ വകുപ്പുകളിലെ വ്യവസ്ഥകളെ സംബന്ധപ്പെട്ട പ്രാദേശികാധികാരിയുടെ വല്ല റെഗുലേഷനും അനുസരിച്ചു ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ റെഗുലേഷനിലെ കൂടുതൽ ഭാഗമായി പരിഗണിക്കേണ്ടതാണ്.

മുനിസിപ്പൽ റെഗുലേഷനിലെ ഒരു വ്യവസ്ഥ റദ്ദാക്കൽ.

൨൩. ൧൦൯൬-ാമാണ്ടിലെ ൫-ാം നമ്പരായ തിരുവിതാംകൂർ മുനിസിപ്പൽ റെഗുലേഷനിലെ ൧൧൮-ാം വകുപ്പ് ഇതിനാൽ റദ്ദുചെയ്യപ്പെട്ടിരിക്കുന്നു.

പട്ടിക.

സർട്ടിഫിക്കേറ്റിന്റെ ഫാറം.

....* ക്ക്

....നെ

പബ്ലിക് അനലിസ്റ്റായ താഴെ ഒപ്പിട്ടിരിക്കുന്ന എനിക്കു ൧൧൦ .... മാസം .... -ാംനു .... † നിന്നു............ ന്റെ ഒരു

മാതൃക (അതിനു അപ്പോഴം .... ‡ മുദ്ര ഉണ്ടായിരുന്നു) അപഗ്രഥനത്തിനായി കിട്ടുകയും അതിനെ അപഗ്രഥനം ചെയ്യുകയും ചെയ്തിരിക്കുന്നു എന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുകയും എന്റെ അപഗ്രഥനത്തിന്റെ ഫലം താഴെ പറയും പ്രകാരമാണെന്നു പ്രഖ്യാപനം ചെയ്കയും ചെയ്യുന്നു: — അതു ശുദ്ധമായ ന്റെ ഒരു മാതൃകയാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു;

അല്ലെങ്കിൽ,

പ്രസ്തുത മാതൃകയിൽ താഴെ പറയും പ്രകാരമുള്ള ഭാഗങ്ങളോ അല്ലെങ്കിൽ താഴെ പറയും പ്രകാരമുള്ള അന്യപദാർത്ഥങ്ങളുടെ ശതമാനങ്ങളോ അടങ്ങിയിട്ടുണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നു: —

§ അഭിപ്രായങ്ങളും.

൧൧൦ മാസം -ാംനു ആയ ഇന്നു ഒപ്പിട്ടിരിക്കുന്നു.

സ്ഥലം, എ. ബി.

* അപഗ്രഥനത്തിനായി സാധനം അയക്കുന്ന ആളിന്റെ പേരു ഇവിടെ ചേർക്കണം.

† മാതൃക നൽകുന്ന ആളിന്റെ പേരു ഇവിടെ ചേർക്കണം. മാതൃക തപാൽമാർഗ്ഗമോ റെയിൽവഴിയോ ആണ് കിട്ടിയതെങ്കിൽ അപ്രകാരം എഴുതണം.

‡ സാധനം ശരിയായി മുദ്രവയ്ക്കാൻ കഴിയാത്തപ്പോൾ ഈ വാചകം മാച്ചുകളകയോ എഴുതാതെ വിട്ടിരിക്കുന്ന സ്ഥലത്തു ഒന്നും ചേർക്കാതിരിക്കയോ ചെയ്യാവുന്നതാണ്.

§ വല്ലതും കൂട്ടിച്ചേർത്തിട്ടുണ്ടെങ്കിൽ അതു ആ സാധനം കേടാകാതിരിക്കുന്നതിനോ രുചിപ്പെടുത്തുന്നതിനോ കേടുവരാതെ സൂക്ഷിക്കുന്നതിനോ അതിന്റെ ശുദ്ധതയെ നന്നാക്കുന്നതിനോ ആയി ഒഴിച്ചുകൂടാൻ പാടില്ലാത്തതോ ആയിരുന്നു എന്നതിനെപ്പറ്റിയുള്ള തന്റെ അഭിപ്രായം അനലിസ്റ്റിനു യുക്തംപോലെ ചേർക്കുകയും അതു സാധാരണയിൽ കവിഞ്ഞോ മറ്റു പ്രകാരത്തിലോ ആയിരുന്നു എന്നോ കൂട്ടിച്ചേർത്ത പദാർത്ഥങ്ങളോ സാധനങ്ങളോ ആരോഗ്യത്തിനു ഹാനികരമോ അല്ലയോ എന്നോ പറയുകയും ചെയ്യാവുന്നതാണ്.

പ്രത്യേക പദാർത്ഥങ്ങളുമായി അളകി മേർതിരിയാൻ ഇടയുള്ള പാൽ, വെണ്ണ, നെയ്യ്, മോര്, തൈര് ഇവയോ മറവല്ല പദാർത്ഥമോ സംബന്ധിച്ച സർട്ടിഫിക്കേറ്റിന്റെ കാര്യത്തിൽ ആ പദാർത്ഥത്തിന്റെ ചേരുവയിൽ അപഗ്രഥനത്തിനു ബാധകമാകുന്നതായ വല്ല മാററവും സംഭവിച്ചിട്ടുണ്ടായിരുന്നോ എന്ന് അനലിസ്റ്റ് പ്രത്യേകമായി രേഖപ്പെടുത്തേണ്ടതാകുന്നു.

ഉദ്ദേശകാരണവിവരം.

വില്പനയ്ക്കായി വച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളിൽ കൂട്ടുചേർക്കുന്നതു സംസ്ഥാനത്തെ മിക്ക ഭാഗങ്ങളിലും വർദ്ധിച്ചുവരുന്ന ഒരു ദോഷമായിത്തീർന്നിരിക്കുന്നു. പൊതുജനാരോഗ്യത്തെ ഉദ്ദേശിച്ച് അതിനെ തടയേണ്ടതു അത്യന്താപേക്ഷിതമാണെന്നു ആരും നിഷേധിക്കുന്നതല്ല. ഈ ദോഷത്തെ തടയുന്നതിനു ഇപ്പോൾ ഉള്ള നിയമം പരിമിതവും അപര്യാപ്തവും ആകുന്നു. ഭക്ഷണപദാർത്ഥങ്ങളിൽ കൂട്ടുചേർക്കുന്നതിനെ വിരോധിച്ചുള്ള സാമാന്യശിക്ഷാനിയമം പീനൽ കോഡിലെ ൨൭൦-ം ൨൭൩-ം വകുപ്പുകളിൽ കാണപ്പെടുന്നു. എന്നാൽ ആ വ്യവസ്ഥ അനുസരിച്ചു ആ സാധനത്തിന്റെ വില്പന ശിക്ഷാർഹമാകുന്നതിനു അതു ദോഷകരമായിട്ടുള്ളതും ആഹാരത്തിനു യോഗ്യമല്ലാത്തതും ആയിത്തീർന്നിരിക്കണം. തിരുവിതാംകൂർ മുനിസിപ്പൽ റഗുലേഷൻ (൧൦൮൫-ലെ ൪-ാം നമ്പർ) ൧൪൪-ാം വകുപ്പിൽ വിലയ്ക്കു വാങ്ങുന്നവൻ ആവശ്യപ്പെടുന്ന സ്വഭാവത്തിലോ, സാരാംശത്തിലോ തരത്തിലോ ഉള്ള പദാർത്ഥമല്ലാത്ത വല്ല ഭക്ഷണസാധനത്തിന്റെയും വില്പനയെ നിരോധിക്കുന്ന, ഒരുപക്ഷേ കുറെക്കൂടി വ്യാപകമായ മറെറാരു വ്യവസ്ഥയുണ്ട്. ഈ വ്യവസ്ഥയും മതിയാകാത്തതായാണിരിക്കുന്നത്. എന്തെന്നാൽ അതു മുനിസിപ്പൽ അതിർത്തികൾക്കുള്ളിൽ മാത്രമേ സംബന്ധിക്കുന്നുള്ളൂ. പിന്നെയോ പല കാര്യങ്ങളിലും വിശേഷിച്ച് ഈ രാജ്യത്തു സാധാരണമായി വിൽക്കുകയും വാങ്ങുകയും ചെയ്യുന്ന വല്ല ഭക്ഷണപദാർത്ഥമേയും, ഉദാഹരണത്തിനു പാൽ, വെണ്ണ, നെയ്യ്, തൈര്, മോര്, തേയില എന്നിവ സംബന്ധിച്ച് അവയുടെ ഏററവും കുറഞ്ഞ രീതിയിലുള്ള ശുദ്ധതയെ സൂക്ഷിക്കുന്നതിനു നിർബന്ധമാക്കാൻ അനുവദിക്കാത്തതിൽ, അതു അപര്യാപ്തമാകുന്നു. അതുകൊണ്ട് ആഹാരസാധനങ്ങളിൽ കൂട്ടുചേർക്കുന്നതിനെ തടയുന്നതിലേക്കു ഒരു പ്രത്യേകനിയമം ആവശ്യമായിത്തീർന്നിരിക്കുന്നതും അതനുസരിച്ചു ഈ ബില്ലിന്റെ നക്കൽ തയ്യാറായിട്ടുള്ളതുമാകുന്നു.

൨. കൂട്ടുചേർന്ന ഭക്ഷണപദാർത്ഥങ്ങളുടെയും ഗവൺമെന്റു നിർണ്ണയിച്ചിട്ടുള്ള ശുദ്ധതയുടെ തോതു വല്ലതുമുണ്ടെങ്കിൽ, അതിൽ കുറഞ്ഞ തരത്തിലുള്ള ഭക്ഷണപദാർത്ഥങ്ങളുടെയും വില്പന മുതലായതിനെ നിരോധിക്കുന്നതിനു ബിൽ ഉദ്ദേശിക്കുന്നു. (൪-ാം ഖണ്ഡം) ദുഷിച്ച ഭക്ഷണസാധനങ്ങളെ പിടിച്ചെടുക്കുന്നതിനും നശിപ്പിക്കുന്നതിനും കൂടി വ്യവസ്ഥ ചെയ്തിരിക്കുന്നു, (൮-ം ൧൧-ം ഖണ്ഡങ്ങൾ). ആഹാരസാധനങ്ങളെ വിലയ്ക്കു വാങ്ങുന്ന ആളുകളോ അല്ലെങ്കിൽ ഏതാനും സർക്കാരുദ്യോഗസ്ഥന്മാരോ അയച്ചുകൊടുക്കുന്ന ഭക്ഷണപദാർത്ഥങ്ങളുടെ മാതൃകകളെ അപഗ്രഥനം ചെയ്യുകയും ഭക്ഷണപദാർത്ഥത്തിന്റെ തരത്തെപ്പററി സർട്ടിഫിക്കേറ്റു കൊടുക്കയും ചെയ്യുന്ന ഒരു പബ്ലിക്ക അനലിസ്റ്റിനെ നിയമിക്കുന്നതിനും ഉദ്ദേശിക്കുന്നതും (൧൦-ം ൧൨-ം ൧൪-ം ൧൫-ം ഖണ്ഡങ്ങൾ) ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്നവർ ഭക്ഷണപദാർത്ഥങ്ങളുടെ മാതൃകകളെ വിൽക്കുന്നതിനു നിർബന്ധിക്കുന്ന ഒരു വ്യവസ്ഥ ചേർത്തിരിക്കുന്നതുമാകുന്നു. (൧൩-ം ഖണ്ഡം).

അനുബന്ധം എച്ച്.

൧൯൨൧ ഒക്ടോബർ ൨-ാംതീയതിയിലെ നിയമസഭാ ചട്ടങ്ങളിൽ ൨൯-ാം ചട്ടപ്രകാരം, താഴെ ചേർത്തിരിക്കുന്ന ബില്ലു ഉദ്ദേശകാരണവിവരസഹിതം ദിവാൻജിയുടെ ഉത്തരവനുസരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഹജൂർക്കച്ചേരി, തിരുവനന്തപുരം, ശ്രീ. പി. രാമസ്വാമയ്യർ,

൧൯൨൦ മേ ൧൯-ാംതീ. ആക്ടിംഗ് ഗവൺമെന്റു ചീഫ് സെക്രട്ടറി.

൧൦൯൪-ാമാണ്ടത്തെ കരംപിരിവു റഗുലേഷനെ വീണ്ടും ഭേദപ്പെടുത്തുന്നതിനുള്ള ഒരു ബില്ല്.

൧൦൯൭-ലെ ൩-ം ൧൧൦൫-ലെ ൨-ം ൧൧൦൭-ലെ ൧൦-ം റഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൪-ാമാണ്ടത്തെ ൧-ാം റഗുലേഷനായ കരംപിരിവു റഗുലേഷനെ താഴെ കാണുന്ന ആവശ്യത്തിനായി വീണ്ടും ഭേദപ്പെടുത്തുന്നതു യുക്തമായിരിക്കകൊണ്ട്,

ഇതിനാൽ നിയമപ്പെടുത്തുന്നതെന്തെന്നാൽ:—

൧. ഈ റഗുലേഷനെ ൧൧൦ -ാമാണ്ടത്തെ കരംപിരിവു (ഭേദഗതി) റഗുലേഷൻ എന്നു വിളിക്കാവുന്നതാകുന്നു.

ചുരുക്കപ്പേര്.

൨. ൧൦൯൭-ലെ ൩-ം ൧൧൦൫-ലെ ൨-ം ൧൧൦൭-ലെ ൧൦-ം റഗുലേഷനുകളാൽ ഭേദപ്പെടുത്തപ്പെട്ട ൧൦൯൪-ാമാണ്ടത്തെ ൧-ാം റഗുലേഷനായ കരംപിരിവു റഗുലേഷനിലെ ൭൨-ാം വകുപ്പിൽ താഴെ കൊടുത്തിട്ടുള്ളതു ഒരു വിവരണമായി ചേർക്കേണ്ടതാകുന്നു. അതായതു:—

൭൨-ാം വകുപ്പിന്റെ ഭേദഗതി.

‘‘വിവരണം:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി ‘‘ഉദ്യോഗസ്ഥൻ’’ എന്ന പദത്തിൽ ഏതെങ്കിലും സർക്കാർ കരമോ ഏതെങ്കിലും പ്രാദേശികാധികാരിക്കു ചെല്ലേണ്ടതായ തുകകളോ പിരിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ളതോ, ഏർപ്പെട്ടിരിക്കുന്നതോ, ചുമതലപ്പെട്ടിട്ടുള്ളതോ ആയ എല്ലാ ആളുകളും, നമ്മുടെ ഗവൺമെന്റിന്റെ എല്ലാ ഉദ്യോഗസ്ഥന്മാരും, ഒരു മുനിസിപ്പാലിററിയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ഉൾപ്പെടുന്നതാകുന്നു.’’

ഉദ്ദേശകാരണവിവരം.

(൧൦൯൪-ലെ ൧-ാം നമ്പരായ) കരംപിരിവു റഗുലേഷൻപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥന് ഒരു പേഷ്കാരുടെയോ, തഹസീൽദാരുടെയോ, പ്രവൃത്തിക്കാരുടെയോ അധികാരങ്ങൾ നൽകുന്നതിനു ടി റഗുലേഷനിലെ ൭൨-ാം വകുപ്പു ഗവൺമെന്റിനെ അധികാരപ്പെടുത്തിയിരിക്കുന്നു. എന്നാൽ ‘‘ഉദ്യോഗസ്ഥൻ’’ എന്ന പദത്തിന് അർത്ഥവിവരണം കൊടുത്തിട്ടില്ലാത്തതും, ശ്രീപാദം കൊട്ടാരത്തിലേയോ, ഒരു മുനിസിപ്പാലിററി

യിലേയോ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ നിയമാനുസൃതമായി ഈ അധികാരങ്ങൾ നൽകാവുന്നതാണോ എന്നതിനെപ്പററി സംശയങ്ങൾ നേരിട്ടിട്ടുള്ളതും ആകുന്നു. അപ്രകാരമുള്ള സംശയങ്ങൾ നീക്കുന്നതിന ൫-ാം വകുപ്പിൽ ഒരു വിവരണം ചേർക്കുന്നതിന ഈ ബില്ലിൻപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

അനുബന്ധം ഡി.

തിരുവിതാംകൂർ നിയമസഭ.

സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററി.

[illegible] മേടം [illegible] ശനിയാഴ്ച.

നിയമസഭയുടെ [illegible] സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററിയുടെ [illegible] യോഗം [illegible] മേടം [illegible] ഉച്ചതിരിഞ്ഞ [illegible] മണിക്ക പബ്ലിക്ക് ആപ്പീസിൽ ദിവാൻജിയുടെ മുറിയിൽവച്ച നടത്തപ്പെട്ടു.

താഴെ പറയുന്ന മെമ്പറന്മാർ ഹാജരുണ്ടായിരുന്നു.

വി. എസ്. സുബ്രഹ്മണ്യയ്യർ എസ്‌ക്വയർ ബി. ഏ. ബി. എൽ. ദിവാൻ പ്രസിഡണ്ട്.
മാത്യുമുരിക്കൻ എസ്‌ക്വയർ ബി. ഏ. ബി. എൽ.
എ. [illegible]പിള്ള എസ്‌ക്വയർ ബി. ഏ. ബി. എൽ.
ജി. പി. നീലകണ്ഠപിള്ള എസ്‌ക്വയർ ബി. ഏ. ബി. എൽ.
ടി. പി. രാമസ്വാമിഅയ്യർ എസ്‌ക്വയർ ബി. ഏ.
സി. എസ്. കൃഷ്ണസ്വാമി അയ്യർ എസ്‌ക്വയർ എം. ഏ.
പി. എൻ. കൃഷ്ണപിള്ള എസ്‌ക്വയർ ബി. ഏ. ബി. എൽ. കൺവീനർ.

[illegible] "എഫ്. തരിശുചെലവ്" എന്ന ഇനത്തിൽ [illegible] കുറഞ്ഞ നിരക്കിലുള്ള വിത്ത ഉപ്പ കൊടുക്കുന്നതിലേക്കായി [illegible] രൂപ കൂടുതലായി അനുവദിക്കണമെന്നുള്ളതിനെപ്പററി കമ്മിററി ആലോചിക്കയും ഈ ആണ്ടത്തെ ബഡ്ജററിൽ കൃഷിയും വ്യവസായങ്ങളും എന്ന [illegible]-ാം നമ്പ്ര ഡിമാൻഡിൽ ഈ തുക കൊള്ളിക്കുന്നതിന അനുവദിക്കയും ചെയ്തു.

[illegible] ആലപ്പുഴ അരയന്മാർക്കായുള്ള സ്പെഷ്യൽ ഫിഷറി സ്കൂളിലേക്ക സാധനസാമഗ്രികളും ഉപകരണങ്ങളും മുതലായവകൾ വാങ്ങുന്നതിനായി തരിശുചെലവ് ഇനത്തിൽ [illegible] രൂപ അനുവദിക്കണമെന്നുള്ള അപേക്ഷയെപ്പററി പിന്നീട കമ്മിററി ആലോചിക്കയുണ്ടായി. അല്പമായ വാദപ്രതിവാദത്തിന ശേഷം ഈ പ്രൊപ്പോസലിനെ കമ്മിററി അംഗീകരിച്ചു. കൃഷിയും വ്യവസായവും എന്ന [illegible]-ാം നമ്പ്ര ഡിമാൻഡിൽ ഈ ആണ്ടത്തെ ബഡ്ജററിൽ [illegible] രൂപ കൊള്ളിക്കുന്നതിന കമ്മിററി അനുവദിക്കയും ചെയ്തു.

[illegible] കരമനയുള്ള എക്സ്പെരിമെന്റൽ ടാനറിയിൽ നിന്നും സ്റ്റോറപർച്ചേസ് ഡിപ്പാർട്ടുമെന്റിലേക്ക [illegible] തൊലിക്കൊണ്ടുകളും [illegible] നാടൻ തുകലും കൊടുക്കുന്ന വകക്കായി എക്സ്പെരിമെന്റൽ ടാനറിയിൽ തരിശുചെലവ് എന്ന ഇനത്തിൽ [illegible] രൂപ കൂടുതലായി അനുവദിക്കണമെന്നായിരുന്ന പ്രൊപ്പോസലിനെ സംബന്ധിച്ച അടുത്തതായി കമ്മിററി ആലോചന നടത്തി. ടെൻഡറുകൾ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നോ എന്നും ഇതിലും കുറഞ്ഞ നിരക്കിന മേൽപ്പറഞ്ഞ സാധനങ്ങൾ പുറമെ നിന്നും കിട്ടുമോ ഇല്ലയോ എന്നും അന്വേഷണം നടത്തിയിട്ടുണ്ടോ എന്നും അറിയണമെന്നായി മി: [illegible]പിള്ള ആവശ്യപ്പെട്ടു. ടെൻഡറുകൾ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു എന്നും പുറമെ നിന്നും ടെൻഡറുകൾ അയച്ചിരുന്നവർ [illegible] രൂപ [illegible] അണയും [illegible] രൂപ [illegible] അണയും വീതം ആവശ്യപ്പെട്ടു എന്നും എന്നാൽ വ്യവസായ ഡിപ്പാർട്ടുമെന്റു നാടൻ തുകലു റാത്തൽ [illegible] രൂപാ ക്രമത്തിന കൊടുക്കാമെന്ന ഏററിട്ടുണ്ടെന്നും മെമ്പറന്മാരോട മി: സി. എസ്. കൃഷ്ണസ്വാമി അയ്യർ വിശദമായി പറഞ്ഞു മനസ്സിലാക്കി. ആവശ്യപ്പെടുന്ന തരത്തിലുള്ള തുകൽ എക്സ്പെരിമെന്റൽ ടാനറിയിൽ നിന്നും കിട്ടുവാൻ ഇടയുണ്ടോ എന്ന അടുത്തതായി മി: [illegible]പിള്ള ചോദിച്ചു. ടാനറിയിൽ നിന്നും അയച്ചിരുന്ന മാതൃകകൾ പരിശോധിച്ച ആയതിനെ അംഗീകരിച്ചതിന ശേഷം മാത്രമെ ടാനറിയിൽ നിന്നും അവയെ വാങ്ങുന്നതിന ഗവർമ്മെന്റു തീരുമാനിച്ചുള്ളു എന്ന പ്രസിഡണ്ട അംഗങ്ങളെ അറിയിച്ചു. ആണ്ടോടാണ്ട ടാനറിയിൽ ധാരാളം തുകൽ കെട്ടിക്കിടക്കാതെ വച്ചു കൊണ്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ പ്രൊപ്പോസലിനോട അദ്ദേഹത്തിന യോജിക്കാതിരിക്കുന്നതിന നിർവാഹമില്ല എന്നും എന്നാൽ ഇതിനെപ്പററി കൌൺസിലിന്റെ തീരുമാനം അനുസരിച്ച പ്രവർത്തിക്കേണ്ടതാണ എന്നും മി: [illegible]പിള്ള പ്രസ്താവിക്കയുണ്ടായി. മററുള്ള മെമ്പറന്മാർ പ്രൊപ്പോസലിനെ അനുകൂലിച്ചു. ഈ പ്രൊപ്പോസലിനെ കൌൺസിൽ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന തീരുമാനിക്കയും ചെയ്തു.

കമ്മിററി [illegible] മണിക്ക പിരിഞ്ഞു.

ഹജൂർകച്ചേരി,
തിരുവനന്തപുരം,
[illegible] മേടം [illegible].

പി. എൻ. കൃഷ്ണപിള്ള,
സംയോജകൻ,
സ്റ്റാൻഡിംഗ് ഫിനാൻസ് കമ്മിററി.

(A true translation)

T. RAMALINGAM PILLAI,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ

മൂന്നാമതു യോഗം

൧൧൨൫-ലെ പ്രഥമസമ്മേളനം

൧൯൫൦ മെ ൧൮-ാംനു-ക്ക് ൧൧൨൫ ഇടവം ൫-ാംനു വ്യാഴാഴ്ച

പതിനൊന്നുമണിക്കു വിക്ടോറിയാ ജൂബിലിടൌൺഹാളിൽ ഉപാദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ സഭ ആരംഭിച്ചു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ മി: എൽ. എ. ലംപാർഡ് ഈ മെംബർമാർ ഹാജരുണ്ടായിരുന്നില്ല.

ജലസേചനമാർഗ്ഗങ്ങളും ജലനികുതിയും.

൫൯൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപ്പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെന്റു ദയവുചെയ്തു മറുപടി പറയുമോ?

(എ) കോതയാർ ജലസേചനപദ്ധതിയിൽ ഗവൺമെന്റു എത്രമൈൽനീളം തോടുകൾ സംരക്ഷിക്കുന്നുണ്ട്? ൧൧൨൨, ൧൧൨൩, ൧൧൨൪ ഈ ആണ്ടുകളിൽ അവയിലെ എക്കൽ മാറ്റുന്നതിനു എന്തുതുക ചെലവാക്കിയിട്ടുണ്ട്?

(ബി) ൧൧൨൩-ൽ ഈ തോടുകൾമുഖേന നിലങ്ങളിൽ വെള്ളം കയററിയതിനു എത്ര രൂപ ജലനികുതി ഈടാക്കിയിട്ടുണ്ട്?

(സി) ൧൧൨൨, ൧൧൨൩, ൧൧൨൪ ഈ ആണ്ടുകളിൽ ഉപേക്ഷിക്കപ്പെട്ട തോടുകളുടെ നീളമെത്ര?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റുസെക്രട്ടറി):

(എ) ആണ്ടു	സംരക്ഷണംചെയ്ത തോടിന്റെ നീളം	എക്കൽമാററുന്നതിനു ചെലവാക്കിയ തുക
൧൧൨൨	൩൨. ൪൦൨ മൈൽ	രൂ. ൨൩൧൦
൧൧൨൩	ടി	രൂ. ൪൪൧൨
൧൧൨൪	അതേനീളംതന്നെ സംരക്ഷിക്കപ്പെട്ടു	൧൯൫൦ ഫെബ്രുവരിവരെ എക്കൽ മാററിയിട്ടില്ല.

(ബി) മുമ്പുണ്ടായിരുന്ന നിലങ്ങളിൽനിന്നു ൩൭,൯൦൩ രൂ. ൭ ച. കൂടുതലായി എടുക്കപ്പെട്ടനിലങ്ങളിൽനിന്നും ൧,൨൧൯ രൂ. ൧൭ ച. ൩ കാശ്.

(സി) ഒരു തോടും ഉപേക്ഷിച്ചിട്ടില്ല.

കൊല്ലം ഡിവിഷൻ ഫാറസ്റ്റാഫീസരുടെ മോട്ടോർ സാമാനവണ്ടിവാങ്ങൽ.

൫൯൬. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (എ) നാമമാത്രമായ ഒരു വിലയ്ക്കു തന്റെ സഹോദരന്റെപേരിൽ ഒരു വലിയ മോട്ടോർ സാമാനവണ്ടി കൊല്ലം ഡിവിഷനിൽ ഫാറസ്റ്റാഫീസർ, കൊല്ലം ഹാരിസൺക്രാസ്സ്ഫീൽഡ്കമ്പനിയോടു വാങ്ങിയിട്ടുണ്ടോ എന്നും;

(ബി) അതിന്റെ കരാർചെയ്തവിലയും കൊടുത്തവിലയും എന്തെന്നും;

(സി) ഹാരിസൺക്രാസ്സ്ഫീൽഡ്, കൊല്ലം ഡിവിഷനൽ ഫാറസ്റ്റാഫീസരോടു തടി വിലയ്ക്കുവാങ്ങിക്കുന്നവരാണോ എന്നും;

(ഡി) ആ സാമാനവണ്ടി അദ്ദേഹത്തിന്റെ അധികാരാതിർത്തിയിൽപെട്ട സ്ഥലത്തുനിന്നും വിറകു കൊണ്ടുപോകുന്നതിനു ഉപയോഗിക്കുന്നുണ്ടോ എന്നും,

(ഇ) ഡിവിഷനൽഫാറസ്റ്റാഫീസർ കൂടുതൽ സാമാനവണ്ടികൾ വാങ്ങിക്കുന്നതിനു സ്റ്റെയിൻസ് ആൻഡ് കമ്പനിയും മററു ചില കമ്പനികളും ആയി എഴുത്തുകുത്തു നടത്തുന്നുണ്ടോ എന്നും ഗവൺമെന്റു ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സിക്രട്ടറി): (എ) ഇല്ല.

(ബി) (എ) ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(സി) അതെ; അവർ ഗവൺമെന്റുതടി വിലയ്ക്കുവാങ്ങുന്നവർതന്നെ.

(ഡി) (എ) ഭാഗത്തിനുള്ള മറുപടികൊണ്ടു ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(ഇ) ഇല്ല.

ഇറക്കുമതിചെയ്ത മോട്ടോർവാഹനങ്ങളുടെയും തണുസാരികളുടെയും ചിലവായ പെട്രോളിന്റെയും വില.

൫൯൭. മി: ആർ. രാമൻപിള്ള (കോട്ടയം): ഈ ആണ്ടു (൧൧൨൫) ചിങ്ങം ൧-ാംനു-മുതൽ ധനുമാസം ൧-ാംനു-വരെ തിരുവിതാംകൂറിൽ ഇറക്കുമതിചെയ്തിട്ടുള്ള മോട്ടോർവാഹനങ്ങൾക്കും തണുസാരികൾക്കും ഉപയോഗിച്ചിട്ടുള്ള പെട്രോളിനു എന്തുവിലയുണ്ടെന്നു ഗവൺമെന്റു ദയവുചെയ്തു പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ്ചീഫ്സെക്രട്ടറി): തിരുവിതാംകൂറിൽ ഇറക്കുമതിചെയ്ത മോട്ടോർവാഹനങ്ങൾക്കും അനുസാരികൾക്കുംകൂടി ൩൭,൩൯,൦൭൧ രൂ വിലയുണ്ട്. ആകെയുള്ള പെട്രോൾ ഉപയോഗിച്ചതെന്നറിയുന്നതിനു നിവൃത്തിയില്ല. എന്നാൽ ൭,൭൪,൧൩൪ രൂപ വിലയ്ക്കുള്ള പെട്രോൾ ഇറക്കുമതിചെയ്തിട്ടുണ്ട്.

മജിസ്ട്രേട്ടുമാരുടെ സ്ഥിരമായ ഒഴിവുകൾക്കു നിയമനം.

൫൯൮. മി: വി. എസ്സ്. കൃഷ്ണപിള്ള (തിരുവല്ലാ): മജിസ്ട്രേട്ടുമാരിൽ നാളതുവരെയും (൧൧൨൫-൭-൧൮) സ്ഥിരമായ നിയമനം നടത്തിയിട്ടില്ലാത്ത എത്ര സ്ഥിരം ഒഴിവുകൾ ഇപ്പോൾ ഉണ്ടെന്നും; അവയിൽ

ഓരോന്നും ഉണ്ടായിട്ട് എത്രകാലമായിട്ടുണ്ടെന്നും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റു ദയവുചെയ്തു മേശമേൽ വയ്ക്കുമോ?

(ഇ) ഈ സ്ഥിരം ഒഴിവുകളിൽ സ്ഥിരമായി നിയമനം നടത്താതിരിക്കുവാനുള്ള കാരണം എന്താണെന്നു ഗവണ്മെന്റു ദയവുചെയ്തു പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെന്റു ആക്ടിംഗ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക മേശമേൽ വെച്ചിരിക്കുന്നു.

(ഇ) ഈ ഒഴിവുകളിലെല്ലാം മജിസ്ട്രേട്ടന്മാരെ നിയമിച്ചിട്ടുണ്ട്. ഒഴിവുകളിലെ ആളിനെ സ്ഥിരപ്പെടുത്തുന്ന സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

വക്കീലന്മാരിൽനിന്നും മുൻസിഫന്മാരെ നിയമിച്ചതിനുള്ള ഒരു പട്ടിക.

൨൦൨. മി: ആർ. രാമൻപിള്ള (കോട്ടയം): ൧൧൨൫ ജൂലായിൽ അവസാനിക്കുന്ന അഞ്ചു കൊല്ലത്തിനിടയിൽ വക്കീലന്മാരിൽനിന്നും നിയമിച്ചിട്ടുള്ള മുൻസിഫന്മാരുടെ സർവീസ്ക്രമമനുസരിച്ചുള്ള ഒരു ലിസ്റ്റ് മേശമേൽ വെയ്ക്കുമോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെന്റു ആക്ടിംഗ് സെക്രട്ടറി): ആവശ്യപ്പെട്ടവിവരം അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു (അനുബന്ധം എൻ കാണുക)

മി: ആർ. രാമൻപിള്ള (കോട്ടയം): ഈഴവസമുദായത്തിൽനിന്നു അഞ്ചുകൊല്ലക്കാലത്തേക്കു ഒരാളിനെയും മുൻസിഫായിട്ടു നിയമിച്ചിട്ടില്ലെന്നു കാണുന്നു. അതു് ഈ സമുദായത്തിൽ യോഗ്യതയുള്ള ആളുകൾ അപേക്ഷകന്മാരായില്ലാതിരുന്നതുകൊണ്ടാണോ?

മി: ടി. കെ. മാധവൻനായർ (ഗവണ്മെന്റു ആക്ടിംഗ് സെക്രട്ടറി): ആ ചോദ്യത്തിനു മുന്നറിവു് ആവശ്യമാണ്.

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ പ്രത്യേക പാർട്ടികൾ കണ്ടുപിടിച്ച വ്യാജമായ വാറ്റും പ്രോസിക്യൂഷനും.

൨൦൩. മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഗവണ്മെന്റു ദയവുചെയ്തു താഴെ പറയുന്ന സംഗതികൾ പ്രസ്താവിക്കുമോ?

(എ) എക്സൈസ് ഡിപ്പാർട്ടുമെന്റിലെ പ്രത്യേക പാർട്ടികൾ ൧൧൨൬, ൧൧൨൭, ഈ ആണ്ടുകളിൽ വ്യാജവാറ്റും വ്യാജച്ചാരായം സംബന്ധിച്ചു എത്ര കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ചിട്ടുണ്ട്?

(ബി) അവയിൽ എത്രയെണ്ണം ശിക്ഷയിൽ അവസാനിച്ചു?

(സി) പ്രത്യേകപാർട്ടിയിൽ ഏതെല്ലാം ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരാണുള്ളത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) ൧൧൨൬-ൽ ൧൩-ം ൧൧൨൭-ൽ ൧൦-ം.

(ബി) ൧൧൨൬-ൽ ൧൧-ം ൧൧൨൭-ൽ ൯-ം.

(ഡി) സബ് ഇൻസ്പെക്ടർമാരും പെററിആഫീസറന്മാരും ശിപായിമാരും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനു പ്രത്യേക പാർട്ടിക്കാരെ നിയമിക്കുന്നതുകൊണ്ടു് എക്സൈസ് ഡിപ്പാർട്ടുമെന്റിലേക്കു് എന്തു വിശേഷാൽ സൗകര്യമാണുള്ളതെന്നു് അറിഞ്ഞാൽ കൊള്ളാം?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): തന്നിമിത്തം കുറ്റം കണ്ടുപിടിക്കുന്നതിൽ കൂടുതൽ ഗാഢമായ ശ്രദ്ധപതിയുന്നതാണ്. ഒരു റേഞ്ചാഫീസർ ഈ ജോലിക്കുകൊടുക്കുന്നതിന് പറഞ്ഞാൽ ഒരു പ്രത്യേകപാർട്ടി പതിപ്പിക്കുന്ന ശ്രദ്ധ പതിക്കുന്നതിനു അദ്ദേഹത്തിനു സാധിക്കാതെ വരും.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): റേഞ്ചാഫീസർമാർ ജോലിയിൽ കാണിക്കുന്ന ഉദാസീനതയല്ലേ പ്രത്യേകപാർട്ടിക്കാരെ നിയമിക്കുന്നതിനു ഇടയാക്കിട്ടുള്ളതെന്നു് എനിക്കു് അറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു് ചീഫ് സെക്രട്ടറി): അല്ല. ആ പ്രത്യേകജോലിയിൽ കൂടുതൽ കാര്യക്ഷമത സിദ്ധിക്കുന്നതിനായിട്ടാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ പ്രത്യേകപാർട്ടിക്കാരെ എവിടെനിന്നാണ് നിയമിക്കുന്നതെന്നറിഞ്ഞാൽകൊള്ളാം?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അവരെ ഡിപ്പാർട്ടുമെന്റിൽനിന്നുതന്നെ നിയമിക്കുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അവരെ ഡിപ്പാർട്ടുമെന്റിൽ ഇരിക്കുന്നവരിൽനിന്നോ റിസർവ് സൈന്യത്തിൽനിന്നോ നിയമിക്കുന്നതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ചോദ്യത്തിനു ശരിയായ മറുപടി തരുന്നതിന് ഇപ്പോൾ ഞാൻ ശക്തനല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ൧൧൨൬, ൧൧൨൭ ഈ ആണ്ടുകളിൽ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുന്നതിനു എത്ര പാർട്ടിക്കാരെ നിയമിച്ചിട്ടുണ്ടെന്നു അറിയാൻ ആഗ്രഹിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ആ ചോദ്യത്തിനു മുന്നറിവു സിദ്ധിക്കേണ്ടതാണ്.

രാജകീയവൃക്ഷങ്ങൾ ശേഖരിച്ചു് സൂക്ഷിക്കുന്നതിനുള്ള കണ്ട്രാക്ട്.

൨൦൪. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) (എ) രാജകീയവൃക്ഷങ്ങൾ ശേഖരിച്ചു് സൂക്ഷിക്കുന്നതിന് ഗസററിൽ പരസ്യംകൂടാതെ പത്തനാപുരംതാലൂക്കിൽ ഈയാണ്ടിലും (൧൧൨൮) കഴിഞ്ഞയാണ്ടിലും (൧൧൨൭) എത്ര ക്ലിപ്പ് വേലം ചെയ്തിട്ടുണ്ടെന്നും;

(ബി) ആ ക്ലിപ്പുകൾ ആർക്കാണ് കൊടുത്തിട്ടുള്ളതെന്നും ഗവണ്മെന്റിൽനിന്നും ദയവുചെയ്തു പ്രസ്താവിക്കുമോ?

പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): രാജകീയവൃക്ഷങ്ങൾ ശേഖരിക്കുന്നതിനു പത്തനാപുരംതാലൂക്കിൽ ൧൧൨൭-ലും ൧൧൨൮-ലും ഒരുകൂപ്പും ലേലം ചെയ്തിട്ടില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : ലേലം വിളിക്കുകയും ഒരു ലേലവും കിട്ടാതിരിക്കുകയും ചെയ്തപ്പോൾ ഗസററിൽ പരസ്യംകൂടാതെ ഏതെങ്കിലും കൂപ്പ് കൺട്രാക്ടന്മാർക്ക് കൊടുത്തിട്ടുണ്ടോ എന്ന് അറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : ഒരു കൂപ്പും ലേലത്തിൽ വിററിട്ടില്ല. ഈ സംഗതി ഞാൻ മറുപടിയിൽ കാണിച്ചിട്ടുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : ആ സംഗതിയിൽ ഗവൺമെൻറിനു എനിക്ക് ഉറപ്പുതരാൻ സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : അതു ഒരു പ്രത്യേകസ്ഥലത്തെ സംബന്ധിച്ച പൊതുവായ ഒരു പ്രസ്താവനയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : ഗസററിൽപരസ്യം കൂടാതെ നാളിതുവരേയും കൺട്രാക്ടന്മാർക്ക് ഒരു കൂപ്പും കൊടുത്തിട്ടില്ലെന്നാണോ പറയുന്നത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : അല്ല ഈ രണ്ടുകൊല്ലത്തിനിടയിൽ ആ താലൂക്കിൽ അപ്രകാരം ചെയ്തിട്ടില്ലെന്നാണ് പറഞ്ഞത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) : മററു താലൂക്കുകളെ സംബന്ധിച്ചും അതേ ഉറപ്പു തരുന്നതിനു സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

ഉപാദ്ധ്യക്ഷൻ-മി: കേശവപിള്ള, അങ്ങിനെയാണ് ഉപചോദ്യമെന്ന നിലയിൽ ഉന്നയിക്കുന്നത്?

പോലീസ്സ് ലോക്കപ്പിലുള്ള സ്ത്രീ തടവുകാർ.

൨൦൭. മിസ്സസ്സ് എലിസബത്ത് കുരുവിള (നിയമിക്കപ്പെട്ട മെമ്പർ) : പോലീസ് ലോക്കപ്പിലുള്ള സ്ത്രീ തടവുകാരുടെ കാര്യത്തിൽ ഗവൺമെൻറ ശരിയായ ശ്രദ്ധ പതിപ്പിക്കുമോ എന്നും അവർക്കു കൂടുതൽ സൌകര്യങ്ങൾ കൊടുക്കുന്നതിനു നടപടിനടത്തുമോ എന്നും ഗവൺമെൻറ ദയവായി പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്റ്റിംഗ് ഗവൺമെൻറ സെക്രട്ടറി) : ചെയ്യാം. തൃപ്തികരമല്ലെന്നു ബോദ്ധ്യപ്പെടുന്ന സ്ഥലങ്ങളിലെ അവസ്ഥ പരിഹരിക്കുന്നതിനു ആലോചിക്കുന്നതായിരിക്കും.

മാസപ്പട്ടിയിലെ നടിയിലെ പാലം.

൨൦൯. മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്) : ൧൧൨൬ ഡിസംബർ ൨൦-ാനു-കൂടിയ സഭാസമ്മേളനത്തിൽ ചോദിച്ചിരുന്ന ൩൪൯-ാം നമ്പർ പ്രശ്നത്തിന്റെ മറുപടിയിൽ വിവരിക്കുന്ന മാസപ്പട്ടിയാററിലെ പാലം (സമാനടപടി വാല്യം ൧൨, പുറം ൧൦൩) ഇതേവരേയും (൧൧൨൮ ൧-വു) ഗതാഗതത്തിനു സൌകര്യപ്പെടുത്താത്തതെന്തുകൊണ്ടെന്നു ഗവൺമെൻറ ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : മാസപ്പട്ടിയാററിന്റെ വലത്തെ തീരത്തുകൂടി ഒരു റോഡുവെട്ടുന്നതിനു ആലോചനയുള്ളതും അപ്രകാരം ചെയ്യുന്നതായാൽ പാലത്തിനു പണം ചിലവാക്കേണ്ട ആവശ്യം ഇല്ലാത്തതും ആണ്. ഏതായാലും റോഡിന്റെയും പാലത്തിന്റെയും സംഗതി റോഡ് ബോർഡിന്റെ ആലോചനക്കു വിട്ടിരിക്കുന്നു.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്) : ആ പാലം ഒഴുക്കു് കൊണ്ടുപോയതെന്നാണെന്നു് അറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : ൧൦൯൩-ാമാണ്ട് ധനുമാസത്തിൽ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും, വ്യവസായവും, തെക്ക്) അതായത് ആറുകൊല്ലം മുമ്പ്, അല്ലേ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : അതേ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായം, തെക്ക്) : റോഡുബോർഡ് രൂപീകരിച്ചതെന്നാണെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : ഈ അടുത്തകാലത്തുതന്നെ.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്) : ഈ അടുത്തകാലത്തു രൂപീകരിച്ച റോഡ് ബോർഡിന്റെ മുമ്പാകെയാണോ ആ സംഗതി വെച്ചിട്ടുള്ളതെന്നറിഞ്ഞാൽകൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : അതേ.

മി: പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്) : ഇക്കാലത്തു് ആറുകടക്കുന്നതിനു് ഗതാഗതസൗകര്യാർത്ഥം താൽക്കാലികമായ വല്ല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നോയെന്നറിയാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി) : ഉണ്ട്. വേണ്ടസൌകര്യം ൧൧൨൫-ൽ തന്നെ ചെയ്തിട്ടുണ്ട്.

മി: എസ്. പിറവിപെരുമാൾപിള്ള (കച്ചവടവും-വ്യവസായവും, തെക്ക്) : ആറു കടന്നു് ഗതാഗതത്തിന് ഈ ആറുകൊല്ലക്കാലത്തും താൽക്കാലികമായ ഏർപ്പാടു ചെയ്തിട്ടുണ്ടായിരുന്നുവെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി) : "ഏറ്റവുമുള്ള കാലത്തും വർഷകാലത്തും സാമാനങ്ങൾ കടത്തിക്കൊണ്ടുപോകുന്നതിനു ഒരു കല്ലറിയുള്ളപാലവും ഏററം കുറഞ്ഞകാലത്തും വാഹനങ്ങൾക്കുവെള്ളത്തിറങ്ങിക്കയറുന്നതിനു സൌകര്യമുള്ള ഒരു റോഡും ഉണ്ടാക്കിട്ടുണ്ടായിരുന്നു" എന്നാണ് ചീഫ് എൻജിനീ പറയുന്നത്.

ഇതു ഉടൻതന്നെ ചെയ്തിരിക്കുന്നു. തന്നിമിത്തം ഗതാഗതത്തിനു യാതൊരു അസൌകര്യവും ഉണ്ടായിരുന്നില്ല.

കിടങ്ങൂർ ഇംഗ്ലീഷ് പള്ളിക്കൂടം.

൨൦൭. മി: എ. എസ് കുര്യാക്കോസ് (മീനച്ചിൽ-തെക്കുംഭാഗം) : (എ) കിടങ്ങൂർ സെൻറ്മേരിസ് ഇംഗ്ലീഷ് മിഡിൽസ്കൂൾ ഏതു കൊല്ലത്തിൽ സ്ഥാപിച്ചു?

(ബി) അതിന് ഗവൺമെൻറംഗീകാരം സിദ്ധിച്ചിട്ടുണ്ടോ?

(സി) ആ സ്കൂളിൽ ജാതിമതഭേദമെന്യെ വിദ്യാർത്ഥികളെ ചേർക്കുന്നുണ്ടോ?

(ഡി) നാളതുവരെ (൧൧൦൮-൨-൨൨) ഏതെങ്കിലും ഒരു കൊല്ലത്തിൽ ഏതെങ്കിലും ക്ലാസ്സുകളിൽ രണ്ടിലധികം ഡിവിഷൻ ഉണ്ടായിരുന്നിട്ടുണ്ടോ?

(ഇ) ഈ സ്കൂൾ തൃപ്തികരമായിട്ടാണോ നടത്തുന്നത്?

(എഫ്) പ്രവേശനം നിഷേധിച്ചുവെന്നോ സ്ഥലപോരായ്ക എന്നോ കാണിച്ച് അപേക്ഷകന്മാരുടെയോ രക്ഷാകർത്താക്കന്മാരുടെയോ ഏതെങ്കിലും പരാതി ഗവൺമെൻറിൽ കിട്ടിയിട്ടുണ്ടോ?

ഈ സംഗതികൾ ഗവൺമെൻറ് ദയവുചെയ്തു പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി) : (എ) ൧൯൦൮

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഇല്ല.

(ഇ) അതെ.

(എഫ്) ഇല്ല

ഡാക്ടർ പരമേശ്വരൻപിള്ളയുടെ സ്ഥലം മാററം.

൨൦൮ മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) : (എ) ഡാക്ടർ പരമേശ്വരൻപിള്ളയെ ചിറയിൻകീഴ് ആസ്പത്രിയിലേക്ക് സ്ഥലം മാററിയുണ്ടായ ഉത്തരവിൻെറ തീയതിയും,

(ബി) ഇപ്പോൾ (൧൧൦൮-൮-൨൯) അദ്ദേഹത്തെ അവിടെനിന്നും വീണ്ടും സ്ഥലംമാററുന്നതിനാലോചനയുണ്ടോ എന്നും, (സി) ഉണ്ടെങ്കിൽ അതിനുള്ള കാരണവും.

ഗവൺമെൻറിൽ നിന്നും ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ചീഫ് സെക്രട്ടറി) :

എ) ൧൧൦൭ ധനു ൧൧-ാംനു.

(ബി) മറുപടി നിഷേധരൂപത്തിലാണ്.

(സി) (ബി)ഭാഗത്തിൻെറ ഉത്തരംകൊണ്ട് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

ഡാക്ടർ എം. ശങ്കരമേനവനും കാഞ്ഞിരപ്പള്ളി ആസ്പത്രിയും.

൨൦൯. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) ഡാക്ടർ എം. ശങ്കരമേനവനെ കാഞ്ഞിരപ്പള്ളി ആസ്പത്രിയിൽ നിയമിച്ചതിനു ശേഷം എത്ര കൊല്ലമായി എന്ന് ഗവൺമെൻറ് ദയവുചെയ്തു പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി) : അദ്ദേഹത്തെ ൧൧൦൭ വൃശ്ചികം ൨൫-ാംനു കാഞ്ഞിരപ്പള്ളി ആസ്പത്രിയിൽ നിയമിച്ചു.

ഡാക്ടർ ശങ്കരമേനവൻെറ ദേവികുളത്തേക്കുള്ള സ്ഥലംമാററം

൨൧൦. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) (എ) ദേവികുളം ഡിവിഷനിൽ പ്ലേഗ് ബാധിച്ച കാലത്തു ആ ഡിവിഷനിൽ ഏതെങ്കിലും സ്ഥലത്തു ഡാക്ടർ ശങ്കരമേനവനെ നിയമിച്ച് ഉത്തരവു പോയിട്ടുണ്ടോ എന്നും,

(ബി) (എ) ഭാഗത്തിനുള്ള മറുപടി അനുകൂലമായ വിധമാണെങ്കിൽ ഉടൻതന്നെ ആ ഉത്തരവ് റദ്ദാക്കാനുള്ള കാരണമെന്തെന്നും ഗവൺമെൻറ് ദയവായി പ്രസ്താവിക്കുമൊ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവൺമെൻറു ചീഫ്സെക്രട്ടറി) : (എ) ഉണ്ട്.

(ബി.) കണ്ണിൽ സുഖക്കേട് നിമിത്തം അന്ന് അദ്ദേഹം പ്ലേഗ് ഡ്യൂട്ടിക്ക് അപ്രാപ്തനായിരുന്നു.

ദേവികുളം ഡിവിഷനിലെ പുല്ലുവൽ പതിവ്.

൨൧൧. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്) : (൧) (എ) ദേവികുളം ഡിവിഷനിൽ ൧൧൦൮-ാമാണ്ട് പുല്ലുവലിന് എത്ര അപേക്ഷകന്മാരുണ്ടായിരുന്നുവെന്നും,

(ബി) ഈ അപേക്ഷകരിൽ തിരുവിതാംകൂർകാർ എത്ര എന്നും യൂറോപ്യന്മാർ എത്ര എന്നും, ഗവൺമെൻറു ദയവായി പ്രസ്താവിക്കുമോ?

(൨) പുല്ലുവൽ സ്ഥലം പതിച്ചുകൊടുത്തിട്ടുള്ള തിരുവിതാംകൂറുകാരുടേയും യൂറോപ്യന്മാരുടേയും എണ്ണം കാണിക്കുന്ന ഒരു പട്ടിക മേശമേൽ വെക്കുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമോ?

പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി) : (൧) (എ) ൨൩൯

(ഡി) തിരുവിതാംകൂറുകാർ	൨ ൬൩
യൂറോപ്യന്മാർ	൧
(ഇ) തിരുവിതാംകൂറുകാർ	൧൮൩
യൂറോപ്യന്മാർ	ഒന്നുമില്ല.

അധഃകൃതർക്കുള്ള ഭൂമി.

൨൫൩. മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): താഴെ പറയുന്ന താലൂക്കുകളിൽ അധഃകൃതവർഗ്ഗക്കാരുടെ ആവശ്യത്തിലേക്ക് തിരിച്ചിട്ടുള്ള ഭൂമിയിൽ കൃഷിക്കുപയുക്തമായ എത്ര ഏക്കർ സ്ഥലമുണ്ടെന്നു കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ് ദയവുചെയ്ത് മേശമേൽ വെക്കുമോ?

(എ) ചെങ്കോട്ട

(ബി) പത്തനാപുരം

(സി) കുന്നത്തൂർ

(ഡി) കൊട്ടാരക്കര

(ഇ) നെടുമങ്ങാട്

(എഫ്) തൊടുപുഴ.

(ജി) മൂവാറ്റുപുഴ

(എച്ച്) വിളവംകോട്.

(ഐ) കൽക്കുളം.

(ജെ) തോവാള.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക മേശമേൽ വെച്ചിരിക്കുന്നു.

അച്ചമ്പറമ്പ് പതിവ്.

൨൫൪. മി: കെ. മാധവൻ (നിയമിക്കപ്പെട്ട മെമ്പർ): പതിനാലു കൊല്ലം മുമ്പ് സ്ഥലത്തുള്ള അധഃകൃതവർഗ്ഗക്കാർ കൊടുത്തിരുന്ന അഗസ്തീശ്വരം താലൂക്കിൽ തേരൂർ പകുതിയിൽ ൧൭൩൪-ാം നമ്പർ സർവേയിൽ പെട്ട "അച്ചംപറമ്പ്" എന്നു വിളിച്ചു വരുന്ന ഒരേക്കർ സ്ഥലം പതിച്ചു കൊടുക്കാതിരിക്കുന്നതെന്തുകൊണ്ടാണെന്നു ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): മെമ്പർ പ്രസ്താവിച്ച സ്ഥലം അധഃകൃതർക്കു പതിച്ചു കൊടുക്കുന്നതിനായി പ്രത്യേകം തിരിച്ചിട്ടുള്ള വിസ്തീർണ്ണത്തിൽ പെട്ടതല്ല. ആ സ്ഥലം അധഃകൃതവർഗ്ഗത്തിൽപ്പെട്ട ഏതാനും അംഗങ്ങളുടെ കൈവശമാണെന്നു കണ്ടിട്ടുള്ളതിനാൽ അതൊരു കൈവശക്കാർക്ക് പതിച്ചു കൊടുക്കുന്നതിനു നടപടി നടത്തിവരികയാണെന്നറിയുന്നു.

ബ്രിട്ടീഷിൻഡ്യയിൽ നിന്നും നെല്ലുകയറ്റുമതി.

൨൫൫. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): നെല്ല് കയറ്റുമതി നിർത്തലാക്കണമെന്ന് ബ്രിട്ടീഷിൻഡ്യയിൽ ഒരു പ്രക്ഷോഭമുള്ളതായി ഗവണ്മെന്റിനു അറിവുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഗവണ്മെന്റിന് ആ വിഷയത്തെ സംബന്ധിച്ച് അറിവും ഇല്ല.

കുളംപതിവ്.

൨൫൬. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ജലസേചനാവശ്യത്തിനു പര്യാപ്തമല്ലെന്ന് ചീഫ് ഇൻജിനീയറും കൃഷി ഡയറക്ടരും അഭിപ്രായപ്പെടുന്നതിനു മുമ്പായി യാതൊരു കുളങ്ങളും പതിച്ചു കൊടുക്കരുതെന്ന് ഗവണ്മെന്റു ഒരു ശാസനം അയച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റിൽ നിന്നും ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അപ്രകാരം പൊതുവായ ഒരു ശാസനവും ഗവണ്മെന്റിൽ നിന്നും ഉണ്ടായിട്ടില്ല. എന്നാൽ കോതയാർ പദ്ധതിയിൽ പെട്ട കുളങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ പതിവ് ആക്ഷേപാർഹമല്ലെന്ന് എക്സിക്യൂട്ടീവ് ഇൻജിനീയറിൽ കുറയാത്ത ഒരു പൊതുമരാമത്തുദ്യോഗസ്ഥനും ഒരു ഡിവിഷൻ പേഷ്കാരും സ്ഥലം പരിശോധിച്ച് സാക്ഷിപ്പെടുത്തുന്നതിന് മുമ്പായി പതിച്ചു കൊടുത്തുകൂടെന്ന് പതിവൽ ചട്ടം ൩൭-ാം ചട്ടം ൪-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള പതിവ് ഗവണ്മെന്റു അനുവാദത്തിന്മേൽ ചെയ്യേണ്ടതുമാണ്. കോതയാർ പദ്ധതിയിൽ പെട്ടതൊ അല്ലാത്തതൊ ആയ കുളങ്ങൾ പതിച്ചു കൊടുക്കുമ്പോൾ കൃഷി ഡയറക്ടരോടു ആലോചിക്കണമെന്നു നിർദ്ദേശിക്കുന്ന യാതൊരു ഉത്തരവോ ചട്ടമോ ഇല്ല.

കച്ചവട കമ്മീഷണരുടെ നിയമനം.

൨൫൭. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ലണ്ടനിൽ ഒരു കച്ചവട കമ്മീഷണരെ നിയമിക്കണമെന്നു ധനപരിശോധന ബോർഡുകാർ ശിപാർശ ചെയ്തതിന് ഗവണ്മെന്റു എന്തു തീർച്ച ചെയ്തുവെന്ന് ദയവായി പ്രസ്താവിക്കുമൊ.

മി: ടി. പി. രാമസ്വാമയ്യർ (ആക്ടിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ആ സംഗതി ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നതേയുള്ളു.

നാഞ്ചിനാട്ടിലെ നിലങ്ങൾ.

൨൫൮. മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): അധഃസ്സുരജലം വർദ്ധിച്ചു വന്നതിനാൽ നാഞ്ചിനാട്ടിലെ നിലങ്ങളിൽ നിന്നുമുള്ള നെൽ വിളവ് ക്രമേണ കുറഞ്ഞു വരുന്നുവെന്ന സംഗതി ഗവണ്മെന്റിന്റെ അറിവിൽ പെട്ടിട്ടുണ്ടോ എന്നു ദയവു ചെയ്തു പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അധഃസ്സുരജലത്തിന്റെ വർദ്ധനകൊണ്ടു നാഞ്ചിനാട്ടിലെ വിളവു കുറയുന്നുണ്ടോ എന്നറിയുന്നതിനു വേണ്ട കണക്കൊന്നും ഇല്ല.

പുതിയ മത്സ്യഷാപ്പുകൾ.

൨൫൯. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): (എ) രാജ്യത്തിൽ എവിടെയെങ്കിലും ൧൧൦൮-ാമാണ്ടോ ൧൧൦൯-ാമാണ്ടോ (൧൧൦൯-൭-൨൦ വരെ) പുതിയതായി മത്സ്യഷാപ്പുകൾ തുറന്നിട്ടുണ്ടോ എന്നും

¶ അനുബന്ധം ൨൦ നോക്കുക.

(ബി) ഈയാണ്ടിൽ (൧൧൨൭) നൂതനമായി ഷാപ്പുകൾ തുടങ്ങണമെന്ന് ആലോചിക്കുന്നുണ്ടോ എന്നും;

(സി) നെയ്യാറ്റുങ്കര താലൂക്കിൽ കുളത്തൂർ എന്ന സ്ഥലത്ത് ഒരു പുതിയ ഷാപ്പു തുടങ്ങുന്നതിന് ആലോചനയുണ്ടോ എന്നും;

ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ൧൧൨൭-ൽ തൊടുപുഴതാലൂക്കിൽ പുതുതായി നാലു കള്ളുഷാപ്പുകൾ തുറന്നിട്ടുണ്ട്.

(ബി) ഇല്ല.

(സി) സ്ഥലത്തുള്ള ജനങ്ങളുടെ ആവശ്യപ്രകാരം വിളപ്പിൽ പകുതിയിലുള്ള അഞ്ചു കള്ളുഷാപ്പുകളിൽ ഒന്ന് ൧൧൨൭-൨൮-ൽ കുളത്തൂരേക്ക് മാററണമെന്ന് ഒരാലോചനയുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): പ്രശ്നത്തിന്റെ (സി) ഭാഗം മറുപടിയെ സംബന്ധിച്ചിടത്തോളം, കുളത്തൂർ കള്ളുഷാപ്പ് സ്ഥാപിക്കരുതെന്ന് അപേക്ഷിച്ചു കൊണ്ട് അതേ സ്ഥലത്തുള്ള ജനങ്ങളിൽ നിന്നും ഒരു ഹർജി ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇപ്പോൾ അതിനെ സംബന്ധിച്ച് യാതൊരു വിവരവും എന്റെ കൈവശമില്ല. ആ ചോദ്യത്തിന് മുന്നറിവ് തരേണ്ടതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): (സി) ഭാഗത്തിന്റെ മറുപടിയിൽ "സ്ഥലത്തുള്ള ജനങ്ങളുടെ ആവശ്യപ്രകാരം, വിളപ്പിൽ പകുതിയിലുള്ള അഞ്ചു കള്ളുഷാപ്പുകളിൽ ഒന്ന് ൧൧൨൭-൨൮-ൽ കുളത്തൂരേക്ക് മാററണമെന്ന് ഒരാലോചനയുണ്ട്" എന്ന് പറഞ്ഞിരിക്കുന്നു. "സ്ഥലത്തുള്ള ജനങ്ങളുടെ ആവശ്യപ്രകാരം" എന്ന് പറഞ്ഞിരിക്കുന്നതിനെ സംബന്ധിച്ച്, ഏതെങ്കിലും എതിർ ഹർജി ഉണ്ടായിരുന്നുവോ? എന്ന് ഞാൻ ചോദിക്കുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അവിടെ ഒരു ഷാപ്പ് വേണമെന്ന് അപേക്ഷയുണ്ടെന്നും തന്നിമിത്തം ഒരു ഷാപ്പ് അങ്ങോട്ടു മാററി ഇടുന്നതിന് ഗവണ്മെന്റു നിശ്ചയിച്ചുഎന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ആ വിഷയത്തെ സംബന്ധിച്ച് ഗവണ്മെന്റിന് ഒരു എതിർ ഹർജി കിട്ടിയിട്ടുണ്ടോ എന്ന് എനിക്കു വ്യക്തമായി പറയുവാൻ സാദ്ധ്യമല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): ഒരു എതിർ ഹർജി ഉണ്ടായിരുന്നുവോ എന്നന്വേഷിക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അന്വേഷിക്കാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): അപ്രകാരം ഒരു ഹർജി ഉണ്ടെങ്കിൽ, ജനങ്ങളുടെ അഭിപ്രായം അറിഞ്ഞതിന് ശേഷം മാത്രം ഷാപ്പ് മാററിയിടുന്നതിന് ഗവണ്മെന്റു ഒരുങ്ങുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ചെയ്യാം.

ആറാലുംമൂട്ടിൽനിന്നും പെരുമ്പഴുതൂരേക്കുള്ള പാത.

൨൭൯. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): എം. എസ്സ്. റോഡ് ൧൦-ാം മൈലിൽ ആറാലുംമൂട് എന്ന സ്ഥലത്തു നിന്നും നെയ്യാററുങ്കര മുലയിക്കോണം റോഡിൽ പെരുമ്പഴുതൂരേക്ക് ഒരു പാതയുണ്ടെന്നും അതു വണ്ടി പോകത്തക്കവണ്ണം വീതി കൂട്ടേണ്ട ആവശ്യകത പൊതുജനങ്ങൾക്കു അതിയായി തോന്നിയിട്ടുണ്ടെന്നും ഉള്ള വിവരം ഗവണ്മെന്റിന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): മറുപടി അനുകൂലമായിട്ടാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): ആ റോഡ് വീതി കൂട്ടുന്നതിന് ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഒരു ഭാഗം പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത ഭാഗത്തു ജോലി ആരംഭിച്ചിട്ടുള്ളതും അതിന്റെ ഫലം അറിഞ്ഞതിന് ശേഷം മുഴുവൻ റോഡിനും വീതി കൂട്ടുന്നകാര്യം ഗവണ്മെന്റിൽ ധ്യാനം ആലോചിക്കുന്നതും ആണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): ആ പാതക്ക് മൊത്തത്തിൽ എന്തു് നീളമുണ്ടെന്നറിഞ്ഞാൽ കൊള്ളാം?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇപ്പോൾ ആ വിവരം പറയുന്നതിന് എനിക്ക് സാദ്ധ്യമല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): നാളതുവരെ എത്ര ദൂരം ജോലി തീർന്നിട്ടുണ്ടെന്നെങ്കിലും എനിക്കറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഏതാനും സ്ഥലത്ത് ജോലി തീർന്നിട്ടുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): എന്റെ ചോദ്യം എന്തു് നീളം ജോലി പൂർത്തിയാക്കിയിട്ടുണ്ടെന്നാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇപ്പോൾ ആ വിവരം പറയുന്നതിന് എനിക്ക് നിവൃത്തിയില്ല. ആ ചോദ്യത്തിന് മുന്നറിവു തരേണ്ടതാണ്.

നേമം മലയങ്കീഴ് റോഡ് നന്നാക്കേണ്ട ആവശ്യകത.

൨൮൦. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): (എ) നേമം മലയങ്കീഴ് റോഡ് ആദ്യത്തെ അഞ്ചു മൈൽ നന്നാക്കേണ്ടതിന്റെ അതിയായ ആവശ്യകതയെപ്പററി ഈ സഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ ഒരു പ്രശ്നം ചോദിച്ചതായും അതിനു മറുപടി നൽകിയതായും,

(ബി) ഈ ഭാഗം ഇപ്പോഴും കഴിഞ്ഞയാണ്ടത്തെപ്പോലെ (൧൧൨൬) തന്നെ ശോച്യാവസ്ഥയിലാകുന്നെന്നും,

ഗവണ്മെന്റിന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ) അറിയാം.

(ബി) അല്ലാ; നേരെ മറിച്ചു റോഡു തൃപ്തികരമായ നിലയിലാണെന്നാണ് റിപ്പോർട്ടു കിട്ടിയിരിക്കുന്നതു്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (ബി) ഭാഗത്തിന് "അല്ലാ; നേരെ മറിച്ചു റോഡു തൃപ്തികരമായ നിലയിലാണെന്നാണ് റിപ്പോർട്ടു കിട്ടിയിരിക്കുന്നതു്" എന്നു മറുപടി തന്നല്ലോ. ആരാണ് റിപ്പോർട്ടു ചെയ്തിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ചീഫ് എൻജിനീയർ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): നേരിട്ട് സ്ഥലം പരിശോധിച്ച് ആ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതാണോ എന്നറിയാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എനിക്ക് ഇപ്പോൾ അതിന് മറുപടി പറയാൻ സാദ്ധ്യമല്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ആ റിപ്പോർട്ട് എന്നാണ് ഗവണ്മെന്റിൽ അയച്ചിട്ടുള്ളതെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ൧൧൨൦ ഫെബ്രുവരി ൧൮-ാംനു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): സ്ഥലം പരിശോധിച്ചതെന്നാണെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ചീഫ് എൻജിനീയർ തന്റെ റിപ്പോർട്ടിൽ പരിശോധനയെപ്പറ്റി ഒന്നും പറയുന്നില്ല. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ റോഡു തൃപ്തികരമായ നിലയിലാണെന്നു മാത്രമേ പറയുന്നുള്ളു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (എ) ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചിടത്തോളം, എന്റെ ആദ്യത്തെ പ്രശ്നത്തിൽ ആ റോഡിൽ ഉള്ള ഒരു പാലം നന്നാക്കിയിട്ടുണ്ടോ എന്നറിയണമെന്ന് കൂടി അപേക്ഷിച്ചിരുന്നു. ആ പാലത്തിന് വല്ല അറ്റകുറ്റപ്പണിയും ചെയ്തിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആ വിവരം ഇപ്പോൾ എനിക്കറിഞ്ഞുകൂട.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ആ വിവരം വരുത്തുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഉവ്വ്.

ചെങ്കലിലെ പുതിയ സബ്‌രജിസ്ട്രാർ കച്ചേരി.

൨൨൧. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (എ) നെയ്യാറ്റിങ്കര താലൂക്കിൽ ചെങ്കൽ എന്ന സ്ഥലത്തു് ഒരു പുതിയ സബ്‌രജിസ്ട്രാർ കച്ചേരി തുറക്കണമെന്ന് രജിസ്ട്രേഷൻ ഡയറക്ടർ ശിപാർശചെയ്യാനുള്ള കാരണങ്ങളും;

(ബി) അതിനെ പ്രതിഷേധിച്ച് അവിടെയുള്ള ജനങ്ങളുടെ ഏതെങ്കിലും ഹർജി ഗവണ്മെന്റോ രജിസ്ട്രേഷൻ ഡയറക്ടരോ സ്വീകരിച്ചിട്ടുണ്ടോ എന്നും;

(സി) ഈ സംഗതിയിൽ ഡയറക്ടർ ജനപ്രതിനിധികളോടാലോചിച്ചിട്ടുണ്ടോ എന്നും;

(ഡി) അടുത്തുള്ള കൊല്ലങ്കോട്ട്, അമരവിള ഈ സബ്ബ്‌രജിസ്ട്രാർ കച്ചേരികളിൽ ൧൧൦൦-ാമാണ്ടു മുതൽ ആണ്ടുതോറും എത്ര ആധാരങ്ങൾവീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും;

ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റുസെക്രട്ടറി):

(എ) ജോലിക്കൂടുതലുള്ള അമരവിള, കൊല്ലങ്കോട്ട് ഈ സ്ഥലങ്ങളിലെ കച്ചേരികൾക്ക് ആശ്വാസത്തിനായിട്ടാണ്.

(ബി) ഉവ്വ്; കൊല്ലം, പെരുങ്കടവിള, ചെങ്കൽ ഈ പകുതികളിലെ ജനങ്ങൾ ഒരു ഹർജി അയച്ചിരുന്നുവെന്ന് ഡയറക്ടർ പറയുന്നു.

(സി) ഇല്ല, നിയമനിർമ്മാണസഭ ഈ നിർദ്ദേശത്തെ സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) ആവശ്യപ്പെട്ടിട്ടുള്ള വിവരമടങ്ങിയ ഒരു പട്ടിക മേശമേൽ വെച്ചിരിക്കുന്നു. (അനുബന്ധം ൨൧ നോക്കുക)

തിരുവിതാംകൂറിലെ ചിട്ടികൾ.

൨൨൨. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): (എ) തിരുവിതാംകൂറിലെ ഓരോ ജില്ലയിലും (ഡിസ്ട്രിക്ട്) ചിട്ടിറഗുലേഷൻ അനുസരിച്ച് നടത്തുന്ന ചിട്ടികളുടെ എണ്ണവും

(ബി) ൧൧൧൯-ാമാണ്ട് അവസാനംവരെ ഡിസ്ട്രിക്ട് രജിസ്ട്രാർ കണക്കുപരിശോധിച്ചിട്ടില്ലാത്ത ചിട്ടികൾ ഉണ്ടെങ്കിൽ ഓരോ ഡിസ്ട്രിക്ടിലും അപ്രകാരമുള്ള ചിട്ടികളുടെ എണ്ണവും

(സി) ഡിസ്ട്രിക്ട് രജിസ്ട്രാർ കാലാകാലങ്ങളിൽ കണക്കുപരിശോധിച്ച് നിയന്ത്രിക്കായ്കയാൽ പൊട്ടിപ്പോകുന്നതിന് ഇടയായിട്ടുള്ള ചിട്ടികളുടെ എണ്ണം എന്തെന്ന് അറിയാമോ എന്നും

ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി):

(എ) (I) തിരുവനന്തപുരം ൨൦൩൫
(II) കൊല്ലംഡിസ്ട്രിക്ട് ൧൩൭൨
(III) കോട്ടയംഡിസ്ട്രിക്ട് ൩൩൭൪
(IV) ദേവികുളം ഒന്നുമില്ല

(ബി) വിവരം അറിയാൻ നിവൃത്തിയില്ല.

(സി) ഉത്തരം നിഷേധരൂപത്തിലാണ്. ഡിസ്ട്രിക്ട് രജിസ്ട്രാർ കണക്കുപരിശോധിക്കായ്കയാൽ ഒരു ചിട്ടിയും മുടങ്ങിയിരിക്കാൻ ഇടയില്ല

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): (സി) ഭാഗത്തിൻെറ മറുപടിയെ അടിസ്ഥാനമാക്കി ൧൧൨൩-ലും ൧൧൨൪-ലും ഡിസ്ട്രിക്ട് രജിസ്ട്രാർ കണക്ക് പരിശോധിച്ച് തൃപ്തികരമെന്നു റിപ്പോർട്ട് ചെയ്തിരുന്നതും എന്നാൽ പിന്നീടുമുടങ്ങിപ്പോയിട്ടുള്ളതും ആയ ഏതെങ്കിലും ചിട്ടിയുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറു സെക്രട്ടറി): അതിനെസംബന്ധിച്ച യാതൊരു വിവരവും ഇപ്പോൾ അറിവില്ല.

പരിശുവാക്കൽ ക്ഷേത്രത്തിലേക്ക് ഒരുറോഡിൻെറ ആവശ്യകത.

൨൨൩. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുങ്കര): നെയ്യാററുങ്കര പരിശുവാക്കൽ, എം എസ്സ് റോഡിൽനിന്നും പരിശുവാക്കൽ ക്ഷേത്രത്തിലേക്കു ഒരുറോഡില്ലായ്കയാൽ പൊതുജനങ്ങൾ വളരെ കഷ്ടപ്പെടുന്നുവെന്ന വിവരം ഗവണ്മെൻറിന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഗവണ്മെൻറു ആസംഗതി നോട്ട് ചെയ്യുന്നു.

ജലവിതരണ പദ്ധതി.

൨൨൪. മി: എ. താണുപിള്ള (തിരുവനന്തപുരം): ജലവിതരണ പദ്ധതിക്കുള്ള അവസാന എസ്റ്റിമേററ് അനുവദിച്ചുവോ എന്നും

(ബി) എങ്കിൽ, അനുവദിച്ചതുകയും തീയതിയും

(സി) അവസാനഎസ്റ്റിമേററുപ്രകാരമുള്ള കെപ്പുലയിനിൽ ഏതെങ്കിലും ഭേദഗതിവരുത്തണമെന്ന് ആലോചനയുണ്ടോ എന്നും

(ഡി) ഉണ്ടെങ്കിൽ തന്നിമിത്തം അവസാനഎസ്റ്റിമേററും ചിലവും തമ്മിൽ അന്തരമുണ്ടാകുന്നതല്ലയോ എന്നും

(ഇ) ജലവിതരണപദ്ധതി എന്ന് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കാമെന്നും ഗവണ്മെൻറു ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി):

(എ) അനുവദിച്ചു.

(ബി) താൽക്കാലിക ചിലവിനു ൪൬൩൦ ലക്ഷവും പരമാവധിയായി ൭൯൪൭ ലക്ഷവും രൂപ അനുവദിച്ചു. ഈഎസ്റ്റിമേററ് ൧൧൨൩ ഒക്ടോബർ ൨൨-നു-യാണ് അനുവദിച്ചതു.

(സി) ഉവ്വ്. അരുവിക്കരനിന്ന് തിരുവനന്തപുരത്തേക്കുള്ള ഗ്രാവിറേറഷൻ ലൈനിൽ ചിലഭേദഗതി വരുത്തിയിട്ടുണ്ട്.

(ഡി). ചിലവിൽ സ്വല്പം ലാഭത്തിനിടയുണ്ട്.

(ഇ) മൂന്നരക്കൊല്ലത്തിനകം

മി: എ. താണുപിള്ള (തിരുവനന്തപുരം): ഭേദഗതികൊണ്ടു കൂടുതലായ ചിലവുണ്ടാകുമോ എന്നറിയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഇല്ല. ചിലവു കുറയുകയേ ഉള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ജീവനക്കാർക്ക് എന്നാണ് അനുവദിച്ചതെന്നറിഞ്ഞാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ആവിവരം ഇപ്പോൾ അറിയാൻ നിവൃത്തിയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): (ഇ) ഭാഗത്തിൽപറഞ്ഞിരിക്കുന്ന മൂന്നു കൊല്ലം എസ്റ്റിമേററു അനുവദിച്ച തീയതി മുതലാണോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതെ

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലനിർഗ്ഗമനപദ്ധതി.

൨൨൫. മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവനന്തപുരം ടൌണിലേക്കുള്ള ഏതെങ്കിലും ജലനിർഗ്ഗമനപദ്ധതി ഗവണ്മെൻറിൻെറ ആലോചനയിൽ പെട്ടിട്ടുണ്ടോ എന്നും അതുസംബന്ധിച്ച് എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നും ഗവണ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): ഉണ്ട്. അതു ആലോചനയിലിരിക്കുന്നു.

മെയിൻ റോഡിൽ പഴവങ്ങാടിയിലുള്ള താൽക്കാലിക റയിൽവേപാലം.

൨൨൬. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൧൨൭ വൃശ്ചികത്തിൽ മെയിൻറോഡിൽ പഴവങ്ങാടിയിലുള്ള താൽക്കാലിക റയിൽവേപാലം പണികഴിപ്പിക്കുന്നതിന് എന്തു ചെലവായിഎന്നും ആ പാലത്തിനെന്താവശ്യമായിരുന്നുവെന്നും ഗവണ്മെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): താൽക്കാലിക പാലത്തിന് ൩൩൩൭ രൂപ ചെലവായിട്ടുണ്ട്. ഹോറാണറീജൻറമായുള്ള കുട്ടിക്കാഴ്ചക്ക വൈസ്രായിയുടെ ഔദ്യോഗിക യാത്ര മെയിൻറോഡിൽകൂടി ആയിരുന്നതിനാൽ ഈപാലത്തിനാവശ്യമുണ്ടായതാണ്.

മലയാളം സ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ടർ ഡിസ്ട്രിക്ട് ൬.

൨൨൭. മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ആറാംഡിസ്ട്രിക്ട് മലയാളംസ്കൂൾ ഇൻസ്പെക്ടരുടെ ഉദ്യോഗിക സ്വഭാവത്തെപ്പററി വല്ല പരാതികളും ഉണ്ടായിട്ടുണ്ടോ എന്നും

(ബി) വിദ്യാഭ്യാസ ഡയറക്ടരോ ചീഫ് ഇൻസ്പെക്ടറോ ഈ പരാതികളെപ്പററി അന്വേഷണം നടത്തുന്നതിന് ശ്രമിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിൻെറ ഫലമെന്തായി എന്നും

(സി) ഈ ഉദ്യോഗസ്ഥനെ ആറാംഡിസ്ട്രിക്ടിൽ നിയമിച്ചിട്ട് എത്രനാളായി എന്നും

(ഡി) ഈ ഉദ്യോഗസ്ഥനെ മററൊരുസ്ഥലത്തേക്കു മാററാതിരിക്കുന്നതിന് വല്ലകാരണവുമുണ്ടോ എന്നും ഗവണ്മെൻറ ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ) ഉണ്ട്. ആറാം ഡിസ്ട്രിക്ട് അസിസ്റ്റൻറ ഇൻസ്പെക്ടരുടെ പെരുമാററത്തിന്മേൽ ഒരു പ്രൈവററ് സ്കൂൾമാനേജർ പരാതിപ്പെട്ടിട്ടുണ്ട്.

(ബി) മലയാളംസ്കൂൾ ഇൻസ്പെക്ടർ ജോലിവഹിക്കുന്ന ഉദ്യോഗസ്ഥൻ ഇതിനെപ്പററി അന്വേഷണം നടത്തി തീർപ്പുകല്പിച്ചിട്ടുണ്ട്

(സി) ൧൧൦൦-മിഥുനം ൧൨-ാംനു മുതൽ

(ഡി) ആ ഡിസ്ട്രിക്ടിൽ നിന്നും സ്ഥലംമാററത്തക്ക യാതൊരു സാഗതിയും അയാൾ ചെയ്തിട്ടില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഭാഗത്തെസംബന്ധിച്ച്, ഇൻസ്പെക്ടർക്കെതിരായി ഒരു പബ്ലിക്ക് മീററിംഗിൽ അംഗീകരിച്ച ഒരുപ്രമേയം ഗവണ്മെൻറിൻെറ അറിവിൽപ്പെട്ടിട്ടുണ്ടോ എന്നറിഞ്ഞാൽകൊള്ളാം

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സെക്രട്ടറി): അപ്രകാരം ഒരുപ്രമേയം ഉണ്ടായിരുന്നിരിക്കാം എന്നാൽ അതു ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ എന്നു എനിക്കറിഞ്ഞുകൂട.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (എ) ഭാഗത്തിനുത്തരമായി ഒരു പ്രൈവററ് സ്കൂൾ മാനേജരുടെ ഒരുപരാതിയുണ്ടായിരുന്നുവെന്ന് പറഞ്ഞുവല്ലോ. ഇൻസ്പെക്ടർക്കെതിരായി ഒരു പബ്ലിക്ക് മീററിങ്ങിൽ അംഗീകരിച്ച ഒരു പ്രമേയത്തെപ്പററി ഗവണ്മെൻറിനറിയാമോ എന്നാണ് എൻെറചോദ്യം.

ഉപാദ്ധ്യക്ഷൻ. മി. നീലകണ്ഠപ്പിള്ളെ, അപ്രകാരം ഒരുപ്രമേയം ഗവണ്മെൻറിൽ അയച്ചിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞുവല്ലോ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, അതു ഗവണ്മെൻറിലയച്ചിട്ടുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): അപ്രകാരം ഒരുപ്രമേയം ഗവണ്മെൻറ സ്വീകരിച്ചിട്ടുണ്ടോ എന്നുപറയുന്നതിന് എനിക്കിപ്പോൾ നിവൃത്തിയില്ലെന്നാണ് ഞാൻ പറഞ്ഞതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരാതികളുള്ളസ്ഥിതിക്ക് ഈ ഉദ്യോഗസ്ഥനെ അന്യൂനകാലമായി അവിടെത്തന്നെ വെച്ചുകൊണ്ടിരിക്കുന്നതിന് പ്രത്യേകകാരണങ്ങൾ വല്ലതും ഉണ്ടോ.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആയതിനുത്തരം (ഡി) ഭാഗത്തിൽ അടങ്ങിയിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ പറയുന്നതിനെ ഒരു പരാതിയായി ഗൌനിക്കത്തക്കതാണെങ്കിൽ, ഈ ഇൻസ്പെക്ടരുടെ പ്രവൃത്തികളെപ്പററി പൊതുവായി സങ്കടമുണ്ടെന്നും ആയാൾ ഒരു സ്ഥലംമാററം അർഹിക്കുന്നവനും ഞാൻ പരാതിപ്പെടുന്നു.

ഉപാദ്ധ്യക്ഷൻ: അതു ഒരു ഉപചോദ്യമെന്ന നിലയിൽ ഉത്ഭവിക്കുന്നില്ല.

പൊതുമരാമത്ത് ഉദ്യോഗസ്ഥന്മാരുടെ മോട്ടോർ ബസ്സ് പരിശോധന.

൨൨൮. മി: ഡി. സി. ജോസഫ് (അമ്പലപ്പുഴ): (എ) പൊതുമരാമത്തു ഉദ്യോഗസ്ഥന്മാർ ൧൧൦൨, ൧൧൦൩, ൧൧൦൪ ഈ കൊല്ലങ്ങളിൽ എത്ര ബസ്സ് പരിശോധിച്ചിട്ടുണ്ടെന്നും;

(ബി) ഓരോ ഡിവിഷൻ ആഫീസ്സർമാർക്കും എത്ര പരിശോധനാഫീസ് കിട്ടിയിട്ടുണ്ടെന്നും;

(സി) മോട്ടോർ പരിശോധനാഫീസ്സ വാങ്ങുന്നതിനു ഡിവിഷനാഫീസ്സർമാരെ അനുവദിക്കുന്ന ഗവണ്മെൻറുത്തരവേതെന്നും;

(ഡി) പൊതു(പബ്ലിക്ക്)ചുമതലകൾ പരിത്യജിക്കുന്നതിന് അവരെ അധികാരപ്പെടുത്തിയ ഗവണ്മെൻറുത്തരവേതെന്നും;

(ഇ) അവർ പരിശോധിക്കുന്ന ബസ്സുകളെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് അയക്കുന്നുണ്ടോ എന്നും;

(എഫ്) അങ്ങനെ ഉപയോഗയോഗ്യമല്ലെന്ന് കണ്ട് റിപ്പോർട്ടു ചെയ്യുന്ന ബസ്സുകളുടെ എണ്ണവും ദയവായി പ്രസ്താവിക്കുമോ?

മി: ടി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി): (എ)യിലും (ബി)യിലും ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

(സി) ൧൯൨൪ ജൂലൈ ൧൧-ാംതീയതി ജി. ഒ. ആർ. ഡിസ്സ്. നമ്പർ ൨൦൦൫/൨൪/ജുഡിഷ്യൽ ഔദ്യോഗികപരീക്ഷകന്മാരായ ഡിവിഷൻ ആഫീസ്സർമാർ മോട്ടോർ പരിശോധിക്കുന്നതിനു ഫീസ്സ വാങ്ങിക്കൊള്ളുന്നതിനു അവരെ അധികാരപ്പെടുത്തിയിരിക്കുന്നു.

(ഡി) അപ്രകാരം ഒരു ഗവണ്മെന്റുത്തരവില്ല.

(ഇ) ഉവ്വ്.

(എഫ്) ഒന്നുമില്ല.

നാഗർകോവിൽ ഡിസ്റ്റിലറിയിലെ ചാരായം വാററ്.

൨൨൫. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) നാഗർകോവിൽ ഡിസ്റ്റിലറിയിൽ ഉണ്ടാക്കുന്ന ചാരായം വില്പനയ്ക്കായി വെളിയിൽ അയയ്ക്കുന്നതിനുമുൻപു ശാസ്ത്രീയമായി പരിശോധിക്കപ്പെടുന്നുണ്ടോ എന്നും;

(ബി) വാററുജോലി ഏതെങ്കിലും ഒരു ശാസ്ത്രീയവിദഗ്ദ്ധന്റെ ചുമതലയിലാണോ നടത്തുന്നതെന്നും;

(സി) നാഗർകോവിൽഫാക്ടറിയിൽ വാററുന്ന ചാരായത്തിൽ ഫർഫറാൽ (Furfural) ഉണ്ടോ എന്നും;

(ഡി) ഫർഫറാൽ ഒരു വിഷമാണോ എന്നും;

(ഇ) നാഗർകോവിൽ ഡിസ്റ്റിലറിയിൽ ഉണ്ടാക്കുന്ന ചാരായത്തിനുള്ള നിറത്തിനും നാററത്തിനും കാരണമെന്തെന്നും;

(എഫ്) ഒരു ഗ്യാലൻ ചാരായത്തിനു എത്രത്തോളം ചക്കര ആവശ്യമുണ്ടെന്നും;

(ജി) യന്ത്രത്തിൽ ഇടുന്നതിനു മുമ്പായി ചക്കരയിലുള്ള മാലിന്യം പരിഹരിക്കപ്പെടുന്നുണ്ടോ എന്നും ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): (എ) ഇല്ല; എന്നാൽ ചിലപ്പോഴും ചാരായത്തിന്റെ മാതൃക ശാസ്ത്രീയമായി പരിശോധിക്കുന്നുണ്ട്.

(ബി) പരിചയമുള്ള ഒരു മെക്കാനിക്കിന്റെ ചുമതലയിലാണ് ഡിസ്റ്റിലറി നടത്തുന്നത്.

(സി) അതു പരിശോധിച്ചിട്ടുള്ളപ്പോഴെല്ലാം അതിൽ ഫർഫറാൽ ഇല്ലെന്നു കണ്ടിട്ടുണ്ട്.

(ഡി) ഫർഫറാൽ ഒരു വിഷമാണ്.

(ഇ) ഡിസ്റ്റിലറിയിൽ ഉണ്ടാക്കുന്ന ചാരായം പരിശുദ്ധവും നിറമില്ലാത്തതും ആണ്. അതിനു യാതൊരു നാററവും ഇല്ല.

(എഫ്) ശരാശരി [illegible] പൌണ്ട്.

(ജി) ചക്കര ഒരിക്കലും യന്ത്രത്തിൽ ഇടുന്നില്ല. ചക്കരകൊണ്ടുണ്ടാക്കിയിട്ടുള്ള വാഷ് മാത്രം അതിൽ കലങ്ങിക്കിടക്കുന്ന മാലിന്യങ്ങൾ നീക്കിയശേഷം യന്ത്രത്തിൽ ഒഴിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) ഭാഗം ചോദ്യത്തെ അടിസ്ഥാനമാക്കി, നാഗർകോവിൽ ഡിസ്റ്റിലറിയിൽ ഉണ്ടാക്കുന്ന ചാരായം ശാസ്ത്രീയപരിശോധന നടത്തുന്നതെന്തുകൊണ്ടാണെന്നു അറിയിക്കാമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): അതു പരിശോധിക്കുന്നുണ്ട്. അതു വെളിയിൽ അയക്കുന്നതിനുമുമ്പ് പരിശോധിക്കുന്നുണ്ടോ എന്നുള്ളതിനു മാത്രമാണ് ഉത്തരം പറഞ്ഞിട്ടുള്ളത്. അപ്രകാരം ഒരു പരിശോധന നടത്തുന്നില്ല. എന്നാൽ ഡിസ്റ്റിലറിയിൽ ഉണ്ടാക്കുന്ന ചാരായം പരിശോധിച്ചുവരുന്നുണ്ട്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (ബി) ഭാഗം ചോദ്യത്തെ അടിസ്ഥാനമാക്കി, പരിശീലനം സിദ്ധിച്ചിട്ടുള്ള മെക്കാനിക്കിന് ശാസ്ത്രീയമായ വല്ല ജ്ഞാനവും സിദ്ധിച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം. ഏതെങ്കിലും ശാസ്ത്രീയവിദഗ്ദ്ധന്റെ ചുമതലയിലാണോ വാററ് നടത്തുന്നതെന്നായിരുന്നു എന്റെ ചോദ്യം.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): മെക്കാനിക്ക് ഒരു ശാസ്ത്രീയവിദഗ്ദ്ധനെന്നു വിളിക്കപ്പെടാൻ അർഹനല്ല. അതുകൊണ്ടാണ് പരിശീലനം സിദ്ധിച്ചിട്ടുള്ള ഒരു മെക്കാനിക്ക് എന്നു മറുപടിയിൽ പറഞ്ഞിരുന്നത്.

ബി. എ. ക്കാരല്ലാത്തവരും ശിക്ഷാക്രമപരിശീലനം സിദ്ധിച്ചിട്ടില്ലാത്തവരും ആയ, വിദ്യാഭ്യാസവകുപ്പിലെ അദ്ധ്യാപകന്മാർ.

൨൨൬. രേവതിനാൾ രാമവർമ്മരാജാ (ഇടവക): (എ) വിദ്യാഭ്യാസവകുപ്പിൽ ശിക്ഷാക്രമപരിശീലനം സിദ്ധിച്ചിട്ടുള്ള ഇന്റർമീഡിയററ് വിജയികളായ എത്ര അദ്ധ്യാപകന്മാരുണ്ടെന്നും;

(ബി) എഫ്. എ. ജയിച്ചതും ശിക്ഷാക്രമപരിശീലനം സിദ്ധിച്ചിട്ടുള്ളതും ആയ വാദ്ധ്യാന്മാരുടെ എണ്ണം എത്രയെന്നും;

(സി) അവരുടെ ശമ്പളക്രമം എന്തെന്നും;

ഗവണ്മെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) [illegible]

(ബി) [illegible]

(സി) ശിക്ഷാക്രമപരിശീലനം സിദ്ധിച്ച ഇന്റർമീഡിയററ് അദ്ധ്യാപകന്മാർ

[illegible]

[illegible]

എഫ്. എ. പാസ്സായി ശിക്ഷാക്രമപരിശീലനം സിദ്ധിച്ച വാദ്ധ്യാന്മാർ [illegible]

[illegible]

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സി ക്ലാസ്സിൽ ഇന്റർമീഡിയററു ട്രെയിൻഡ് ടീച്ചേർസ്, എഫ്. എ. ട്രെയിൻഡ് ടീച്ചേർസ് എന്നിങ്ങനെ രണ്ടു തരത്തിലുള്ള ട്രെയിൻഡ് ടീച്ചർ, ഉണ്ടെന്നു കാണുന്നു. ഇവർ ചെയ്യുന്ന ജോലിക്ക് വല്ല വ്യത്യാസവുമുണ്ടോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): എഫ്. എ. ട്രെയിൻഡ് ടീച്ചേർസ് വളരെക്കാലത്തിനുമുമ്പ് പാസായി വന്നിട്ടുള്ളവരാണ്. അവരെ ഉയർന്ന ക്ലാസ്സിൽ പഠിപ്പിക്കാൻ ഏർപ്പെടുത്തിക്കാണും. ശമ്പളക്കൂടുതൽ ഉള്ളതുകൊണ്ടുതന്നെ ഈ സംഗതി വിശദമാക്കുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): അതുകൊണ്ടാണോ ശമ്പളത്തിന് വ്യത്യാസമുള്ളത്?

മി: ടി. പി. രാമസ്വാമി അയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): അതെ.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): എഫ്. എ. ട്രെയിൻറ് ടീച്ചേർസ് ഇനി ഉണ്ടാവുകയില്ലല്ലോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് ആക്ടിംഗ് ചീഫ് സെക്രട്ടറി): ഇല്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇൻറർമീഡിയേററ് ടീച്ചേർസിന് എഫ്. എ. ടീച്ചേർസിൻെറ സ്കേയിൽ കൊടുക്കാൻ നായികയില്ലയോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് ആ: ചീഫ് സെക്രട്ടറി): എഫ്. എ. ട്രെയിൻറ് ടീച്ചേർസ് മാറിപ്പോകുമ്പോൾ ഇൻറർമീഡിയേററ് ട്രെയിൻറ് ടീച്ചേർസിനെ എന്തു ചെയ്യണമെന്നുള്ളത് അതാതു സന്ദർഭം വരുമ്പോൾ ആലോചിക്കേണ്ട സംഗതിയാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇപ്പോൾ ഗവൺമെൻറ് അതിനെപ്പററി ആലോചിക്കുന്നുണ്ടോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ: ഗവൺമെൻറ ചീഫ് സെക്രട്ടറി): ഇപ്പോൾ ആലോചിക്കുന്നില്ല. അതിലേക്കുള്ള അവസരം വരുമ്പോൾ ആലോചിക്കും.

ചവറ ഇംഗ്ലീഷ് സ്കൂൾ പുരയിടത്തിന് മതിൽ.

൨൩൫. മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ചവറ ഇംഗ്ലീഷ് സ്കൂൾ പുരയിടം മതിൽ കെട്ടിയടച്ചിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് ആ: ചീഫ് സെക്രട്ടറി): ഇപ്പോൾ മതിലൊന്നുമില്ല. എന്നാൽ സ്കൂളിൻെറ മുൻവശം മതിൽ കെട്ടിയടക്കുന്നതിന് അടുത്ത കാലത്ത് ഗവൺമെൻറനുവാദം കൊടുത്തിട്ടുണ്ട്.

കൃഷിവായ്പകൾ.

൨൩൬. മി: എ. സി. കുര്യാക്കോസ് (മീനച്ചൽ, ദേവികുളം): (എ) കഴിഞ്ഞ രണ്ടു കൊല്ലം മീനച്ചൽ താലൂക്കിൽ എത്ര രൂപ കൃഷിവായ്പ കൊടുത്തിട്ടുണ്ടെന്ന് ഗവൺമെൻറ് ദയവായി പ്രസ്താവിക്കുമോ?

(ബി) ആർക്കെല്ലാം എത്ര രൂപ വീതമാണ് കൊടുത്തതെന്ന് കാണിക്കുന്ന ഒരു പട്ടിക ഗവൺമെൻറ ദയവായി മേശമേൽ വെക്കുമോ?

(സി) (എ) കഴിഞ്ഞ രണ്ടു കൊല്ലം മീനച്ചൽ താലൂക്കിൽനിന്നു കൃഷിവായ്പയ്ക്കു എത്ര അപേക്ഷകൾ സിദ്ധിച്ചിട്ടുണ്ടെന്നും;

(ബി) അപ്രകാരമുള്ളതിൽ എത്ര അപേക്ഷകൾ തീർച്ച ചെയ്തുവെന്നും അവയിൽ ഓരോന്നിനും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്നും; ഗവൺമെൻറ ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ് സെക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

സയൻസുകാളേജിലെ പ്രാണിശാസ്ത്രപീഠം.

൨൩൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): (എ) സയൻസ് കാളേജിൽ ബി. എ. ക്ലാസിലേക്ക് പ്രാണിശാസ്ത്രം ഒരു പ്രധാന ഐച്ഛികവിഷയമാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കഴിഞ്ഞ കൊല്ലം പൊതുജനങ്ങൾ ഗവൺമെൻറിലേക്ക് ഒരു മെമ്മോറിയൽ അയച്ചിട്ടുള്ള വിവരം ഗവൺമെൻറിനറിയാമോ;

(ബി) (എ) സയൻസുകാളേജ് ബി. എ. ക്ലാസിൽ പ്രാണിശാസ്ത്രം പ്രധാന ഐച്ഛികവിഷയമാക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ട് ആ കാളേജ് പ്രിൻസിപ്പാൾ ഒരു പദ്ധതി വിദ്യാഭ്യാസാധികാരികൾക്ക് അയച്ചിട്ടുണ്ടോ എന്നും;

(ബി) ആ പദ്ധതിയിൽ കൂടുതൽ ചിലവുകൂടാതെ ഈ വിഷയം തുടങ്ങാമെന്ന് പ്രിൻസിപ്പാൾ വിവരിച്ചിട്ടുണ്ടോ എന്നും ഗവൺമെൻറ് ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ഗവൺമെൻറ് ആ: ചീഫ് സെക്രട്ടറി): (എ) അറിയാം.

(ബി) (എ) അയച്ചിട്ടുണ്ട്.

(ബി) ഇല്ല.

തിരുവനന്തപുരത്തെ ജലവിതരണപദ്ധതി.

൨൩൮. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവനന്തപുരം ജലവിതരണപദ്ധതിയുടെ ആയ വ്യയസ്ഥിതിയെ പ്രധാനമാക്കികാണിക്കുന്നതും പദ്ധതിയുടെ മുഖ്യമായ ചിഹ്നങ്ങളെ വെളിവാക്കുന്നതും ആയ ഒരു വിവരണം ഗവൺമെൻറ ദയവായി മേശമേൽവെക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസെക്രട്ടറി): പദ്ധതിയുടെ പ്രധാനചിഹ്നങ്ങളടങ്ങിയ ഒരു വിവരണം മേശമേൽ വച്ചിരിക്കുന്നു. (അനുബന്ധം ൨൪ പുറം കാണുക)

കാട്ടാമ്പാക്കിലെ പൊതുആരാധനസ്ഥലങ്ങൾ.

൨൩൯. മി: എ. സി. കുര്യാക്കോസ് (മീനച്ചൽ, ദേവികുളം): വൈക്കം താലൂക്കിൽ കടുത്തുരുത്തിപകുതി വകസർവെ ൪൩൦/൧ ബി നമ്പരിൽ ഒരുപൊതുആരാധനസ്ഥലം സ്ഥാപിക്കുന്നതിന് അനുവാദംകിട്ടണമെന്നു ഫാദർ ഫ്രാൻസിസ്സ് സേവിയർ അപേക്ഷിച്ചിരുന്നതിനെസംബന്ധിച്ച്,

(എ) അനുവാദം നിരസിക്കുവാനുള്ള കാരണങ്ങളും,

(ബി) ഉദ്ദേശിച്ചിരുന്ന സ്ഥലത്തിനടുത്തു ഒരു ക്ഷേത്രം അനുവദിച്ചിട്ടുണ്ടോ എന്നും,

(സി) മേൽവിവരിച്ച സർവെ ൪൩൦/൧ ബി ഇപ്പോഴത്തെ ഉടമസ്ഥൻ എന്നാണ് തീറുകിട്ടിയതെന്നും,

(ഡി) ക്ഷേത്രത്തിന് അനുവാദംകിട്ടണമെന്നപേക്ഷിച്ചതെന്നാണെന്നും,

(ഇ) പള്ളിക്കനുവാദം അപേക്ഷിച്ചതീയതിയും,

(എഫ്) പള്ളിക്കും ക്ഷേത്രത്തിനുംഉള്ള അപേക്ഷകൾ ഒന്നിച്ച് തീർച്ചചെയ്യണമെന്ന് തഹശീൽദാർ റിപ്പോർട്ടയച്ചുവെന്നതു പരമാർത്ഥമാണോ എന്നും,

(ജി) തഹശീൽദാരും ഡിവിഷൻപേഷ്കാരും അയച്ചിട്ടുള്ള റിപ്പോർട്ടുകളുടെപകർപ്പുകൾ മേശമേൽ വെക്കുന്നതിനു ദയവുണ്ടാകുമോ എന്നും;

(എച്ച്) ഈ രണ്ടുകേസ്സിലും തഹശീൽദാരുടെ റിപ്പോർട്ടു ഏതേതുതീയതികളിലാണ് പേഷ്കാരുടെ ആഫീസിൽ കിട്ടിയിട്ടുള്ളതെന്നും,

(ഐ) പേഷ്ക്കാർ ഈ റിപ്പോർട്ടുകൾ സെക്രട്ടേറിയറ്റിലേക്ക് അയച്ചിട്ടുള്ള തീയതിയല്ലെങ്കിൽ തീയതികളും,

(ജെ) ആക്ഷേപങ്ങൾക്ക് സമാധാനം ബോധിപ്പിക്കുവാനുള്ള ഒരു സൌകര്യം അപേക്ഷകന് കൊടുത്തിട്ടുണ്ടോ എന്നും,

ഗവൺമെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ് സെക്രട്ടറി): (എ) സ്ഥാനത്തിനടുത്തു ഹിന്ദുക്ഷേത്രങ്ങൾ ഉള്ളതും പള്ളി സ്ഥാപിക്കുന്നതിന് ആ സ്ഥലം മറവുവിധത്തിലും ആക്ഷേപാർഹമായിട്ടുള്ളതും ആകയാൽ അനുവാദം നിരസിച്ചിട്ടുള്ളതാകുന്നു.

(ബി) ഉത്തരം നിഷേധാത്മകമാണ്.

(സി) ൧൧൨൮-ഇടവം ൧൮-ാംനു.

(ഡി) ൧൧൨൮-ഇടവം ൩൧-ാംനു.

(ഇ) ൧൧൨൯-കർക്കടകം ൭-ാംനു.

(എഫ്) ഉവ്വ്, ഫാദർ ഫ്രാൻസിസ് സോറിയറിന്റെ അപേക്ഷയിന്മേൽ;

(ജി) ഇല്ല, ഔദ്യോഗിക എഴുത്തുകുത്തുകൾ പരസ്യം ചെയ്യുന്നതല്ല.

(എച്ച്) ക്ഷേത്രത്തിനനുവാദം കിട്ടുന്നതിനു വേണ്ടി അപേക്ഷയിന്മേലുള്ള തഹശീൽദാരുടെ റിപ്പോർട്ട് ൧൧൨൮ കർക്കടകം ൮-ാംനും പള്ളിയെപ്പറ്റിയുള്ള റിപ്പോർട്ട് ൧൧൨൮ കർക്കടകം ൨൭-ാംനുമാണ് ദിവാൻപേഷ്ക്കാരുടെ ആഫീസിൽ കിട്ടിയിട്ടുള്ളത്.

(ഐ) ക്ഷേത്രത്തെ സംബന്ധിച്ച റിക്കാർട്ടുകൾ ൧൧൨൮ കർക്കടകം ൭-ാംനും പള്ളിയെ സംബന്ധിച്ചവ ൧൧൨൯ ചിങ്ങം ൨൨-ാംനും ഗവൺമെന്റിലേക്കയച്ചു.

(ജെ) ആക്ഷേപത്തിനു സമാധാനം ബോധിപ്പിക്കുവാനുള്ള സൌകര്യം അപേക്ഷകന് കൊടുത്തിട്ടുണ്ട്.

മെഡിക്കൽ ആഫീസർക്കുള്ള പ്രതിഫലം.

൨൩൩. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): (എ) ആസ്പത്രികളിലുള്ള രോഗികളോട് പ്രതിഫലം വാങ്ങുന്നതിനു മെഡിക്കലാഫീസർമാർക്ക് അനുവാദം കൊടുത്തിട്ടുണ്ടോ എന്നും,

(ബി) ഇമ്മാതിരി പ്രതിഫലത്തെപ്പറ്റി ഗവൺമെന്റു ആസ്പത്രികളിൽ വല്ല അന്വേഷണവും എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ എന്നും,

(സി) (ബി) ഭാഗത്തിന്റെ മറുപടി അനുകൂലരൂപത്തിലാണെങ്കിൽ അന്വേഷണത്തിന്റെ ഫലമെന്തായിരുന്നുവെന്നും,

ഗവൺമെന്റു ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റ് ആക്ടിംഗ് ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) അപ്രകാരം അന്വേഷണം നടത്തേണ്ടതായ യാതൊരാവശ്യവും ഉണ്ടായിട്ടില്ല. ആസ്പത്രികളിൽ വൈദ്യസഹായവും ശസ്ത്രക്രിയയും സൌജന്യമായിട്ടാണ് എന്നു ചൂണ്ടിക്കാണിക്കുന്ന നോട്ടീസുകൾ ഓരോ ആസ്പത്രിയിലും പതിച്ചിട്ടുണ്ട്.

(സി) (ബി) ഭാഗത്തിന്റെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): ഏതെങ്കിലും ആസ്പത്രിയിൽ കിടക്കുന്ന രോഗികളുടെ പക്കൽനിന്നും ഡാക്ടർമാർ പ്രതിഫലം വാങ്ങിയിട്ടുള്ളതായി വല്ല പരാതിയും വന്നിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): ക്ലിപ്തമായ ഒരു കാലം പറയാത്തതുകൊണ്ട് ഇതിനു ലക്ഷ്യത്തോടെ ഉത്തരം പറയാൻ സാധിക്കുകയില്ല.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): അതിനെപ്പറ്റി അന്വേഷണം നടത്തേണ്ട ആവശ്യം വന്നില്ലെന്നാണോ പറയുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): ആസ്പത്രികൾ ഏർപ്പെട്ട തീയതി മുതൽ അങ്ങിനെ വല്ലതും നടന്നിട്ടുണ്ടോ എന്നന്വേഷിക്കുവാൻ പ്രയാസമാണ്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട മെംബർ): മൂന്നുവർഷത്തിനിപ്പുറമായിട്ട് രോഗികളിൽനിന്നു പ്രതിഫലം വാങ്ങിയിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവൺമെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): അതു മെഡിക്കൽ ബോർഡിനോടു ചോദിച്ചുവേണം പറയാൻ.

ആലപ്പുഴ അരൂർറോഡിൽ ഒറപ്പുന്നക്കൽനിന്നും ആരാട്ടുങ്ങൽ റോഡിലേക്കുള്ള റോഡ്.

൨൩൯. മി: മുറിക്കോലിൽ പാച്ചുപിള്ള (ചേർത്തല): (എ) ആലപ്പുഴയിൽ അരൂർറോഡിൽ ഒറപ്പുന്നക്കൽനിന്ന് തെക്കോട്ടു ആരാട്ടുങ്ങൽറോഡിലേക്കും അവിടെനിന്നും കരപ്പുറംകളം റോഡിലേക്കും ഒരു റോഡുവെട്ടി ഈ മൂന്നുറോഡുകളേയും സംഘടിപ്പിക്കണമെന്ന് അപേക്ഷിക്കുന്ന ഏതെങ്കിലും ഒരു ഹർജി ഗവൺമെന്റിലോ ചീഫ് എൻജിനീയർക്കോ കിട്ടിയിട്ടുണ്ടോ എന്നും,

(ബി) ഈ മൂന്നുറോഡുകളും ഘടിപ്പിക്കുന്നതിന് ഗവൺമെന്റു നാളിതുവരെ (൧൧൨൯-൧-൧൦) എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ എന്നും ഗവൺമെന്റു ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): (എ) ഗവൺമെന്റിനും ചീഫ് എൻജിനീയർക്കും ഓരോ ഹർജി കിട്ടിയിട്ടുണ്ട്.

(ബി) റോഡുവെട്ടിക്കുന്നതിനുള്ള വഴി പരിശോധിക്കുകയും ചീഫ് എൻജിനീയരുടെ ഒരു പ്രാഥമിക റിപ്പോർട്ട് കിട്ടുകയും ചെയ്തിട്ടുണ്ട്.

മി: മുറിക്കോലിൽ പാച്ചുപിള്ള (ചേർത്തല): ചീഫ് എഞ്ചിനീയർ അയച്ചതായി പറയുന്ന പ്രിലിമിനറി റിപ്പോർട്ടോടുകൂടി വല്ല എസ്റ്റിമേറ്റും അയച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രിട്ടറി): പ്രിലിമിനറി റിപ്പോർട്ടുമാത്രമേ അയച്ചിട്ടുള്ളു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അതിൽ ഉദ്ദേശം എന്തു ചിലവുവരുമെന്നും കാണിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രിട്ടറി): ഇല്ല.

മി: മുറിവേലിപാച്ചുപിള്ള (ചേർത്തല): ആ റിപ്പോർട്ടിന്മേലുടനെ ഗവണ്മെൻറ് വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രിട്ടറി): ഈയടെയാണ് റിപ്പോർട്ടുകിട്ടിയതു്. അതുകൊണ്ടു് നടപടികളൊന്നും നടത്താൻ കഴിഞ്ഞിട്ടില്ല.

പൂച്ചാക്കൽതോടിന്റെ ചിറകൾ നന്നാക്കുക.

൨൩൨. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (എ) ചേർത്തലതാലൂക്കിൽ പൂച്ചാക്കൽതോടിന്റെ ചിറകൾ നന്നാക്കായ്കയാൽ തോടിന്റെ ഇരുകരയിലുമുള്ള നെൽകൃഷി ഉപ്പുവെള്ളം കയറി നശിച്ചുപോകുന്നവിവരം ഗവണ്മെൻറ് അറിഞ്ഞിട്ടുണ്ടോ?

(സി) (എ) ചിറനന്നാക്കണമെന്നും ചിലസ്ഥലങ്ങളിൽ ഷീപ്പ് സ്ഥാപിക്കണമെന്നും അപേക്ഷിച്ചുകൊണ്ടു സ്ഥലവാസികൾ അയച്ച അപേക്ഷയിന്മേൽ കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയർ സ്ഥലപരിശോധന നടത്തി എന്തെങ്കിലും റിപ്പോർട്ട് ചീഫ്എൻജിനീയർക്ക് അയച്ചിട്ടുണ്ടോ എന്നും

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടിനടത്തിയിട്ടുണ്ടെന്നും ഗവണ്മെൻറ ദയവായി പ്രസ്താവിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രിട്ടറി): (എ) കൃഷിക്ക യാതൊരു ഹാനിയും ഉണ്ടാകുന്നില്ലെന്ന് ചീഫ്എൻജിനിയർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

(സ) (എ)യും (ബി)യും കോട്ടയം, എക്സിക്യൂട്ടീവ് എൻജിനീയർ യാതൊരു റിപ്പോർട്ടും അയച്ചിട്ടില്ലെന്നും എന്നാൽ ചിറകൾ നന്നാക്കിയിട്ടുണ്ടെന്നു ആലുവാ എക്സിക്യൂട്ടീവ് എൻജിനീയർ റിപ്പോർട്ടുചെയ്തിട്ടുണ്ടെന്നും ചീഫ്എൻജിനിയരുടെ റിപ്പോർട്ട് ഉണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): കൃഷിക്ക് നേരിട്ടിട്ടുള്ളനഷ്ടത്തെസംബന്ധിച്ച് ജനങ്ങളുടെ വല്ല ഹർജിയും ഗവണ്മെൻറിന കിട്ടിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രിട്ടറി): അങ്ങിനെ ഹർജി കിട്ടിയതായിട്ട് കാണുന്നില്ല.

വൈക്കവും ചേർത്തലയും താലൂക്കുകളിലെ ചാരായഷാപ്പുകൾ.

൨൩൫. മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): ൧൧൦൨, ൧൧൦൩, ൧൧൦൪ ഈ ആണ്ടുകളിൽ ചേർത്തല, വൈക്കം ഈ താലൂക്കുകളിലുള്ള ചാരായഷാപ്പുകളിൽ നിന്നും ഗവണ്മെൻറിന് എന്തു് ആദായമുണ്ടെന്ന് ഗവണ്മെൻറ ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സെക്രിട്ടറി):

	൧൧൦൨,	൧൧൦൩,	൧൧൦൪
	രൂ.	രൂ.	രൂ.
ചേർത്തല	൬,൯൮൭	൬,൨൧൨	൭,൩൩൬
വൈക്കം	൨,൮൧൨	൨,൩൨൧	൮,൮൬൧

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ചേർത്തലതാലൂക്കിൽ ൧൧൦൨-ലും ൧൧൦൩-ലും ചാരായത്തിൽനിന്നുള്ള വരവ് ൬,൦൦൦-ൽ പരം രൂപ ആയിരിക്കെ ൧൧൦൪-ൽ ൭,൦൦൦ ത്തിൽപരം രൂപ വരവുള്ളതായിട്ടു കാണുന്നു. ഈ കൂടുതൽ വരവിനുകാരണം ചാരായത്തിന്റെ ചിലവു കൂടുതലായതുകൊണ്ടോ, അതല്ല ചാരായത്തിന്റെ വില കൂടുതലായതുകൊണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ് സെക്രട്ടറി): വിലയുടെ കൂടുതൽ ആയിരിക്കാം ഈ വരവ് കൂടുതലിന് കാരണം എന്നുവേണം ഊഹിക്കുവാൻ; അതിനെപ്പററി എക്സൈസ്കമ്മീഷണരോട് ചോദിച്ചുവേണം പറയാൻ.

അസിസ്റ്റൻറ എക്സൈസ്കമ്മീഷണന്മാരുടെ നിയമനം.

൨൪൦. മി: മുറിവേലിൽപാച്ചുപിള്ള (ചേർത്തല): (എ) എക്സൈസ് ഇൻസ്പെക്ടർമാരെ അസിസ്റ്റൻറ എക്സൈസ് കമ്മീഷണന്മാരായികയററം ചെയ്യുന്നതിന അവർ ബി എക്കാരായിരിക്കണമെന്നു നിർബന്ധമുണ്ടോ എന്നും

(ബി) അപ്രകാരമാണെങ്കിൽ പോലീസ്സഡിപ്പാർട്ടുമെൻറിലെ ഇൻസ്പെക്ടറന്മാരെ അസിസ്റ്റൻറപോലീസ്സ് സൂപ്രണ്ടന്മാരായും ഡിസ്ത്രിക്ട്പോലീസ്സ് സൂപ്രണ്ടന്മാരായും കയററം ചെയ്യുന്നതിന അപ്രകാരമുള്ള ഒരു വ്യവസ്ഥയുണ്ടോ എന്നും

(സി) അസിസ്റ്റൻറ എക്സൈസ്കമ്മീഷണരന്മാരായി കയററം സിദ്ധിക്കുന്നതിന് എക്സൈസ് ഇൻസ്പെക്ടറന്മാർ ബിഎക്കാരായിരിക്കണമെന്ന് നിർബന്ധമില്ലെങ്കിൽ, ബി എക്കാരല്ലാത്തവരുടെ അവകാശങ്ങളെ അവഗണിച്ചു ബി, എ ക്കാരായവരെ എപ്പോഴെങ്കിലും അസിസ്റ്റൻറകമ്മീഷണരന്മാരായി നിയമിച്ചിട്ടുണ്ടോ എന്നും

(ഡി) ഉണ്ടെങ്കിൽ, അതിനുള്ളകാരണവും ഗവണ്മെൻറ ദയവായി പ്രസ്താവിക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ) എക്സൈസ് ഇൻസ്പെക്ടർമാരെ അസിസ്റ്റൻറ എക്സൈസ്കമ്മീഷണറന്മാരാക്കണമെങ്കിൽ അവർ ബി. എ. ക്കാരായിരിക്കണമെന്ന് നിർബന്ധിക്കുന്നയാതൊരുചട്ടവും ഇല്ല. എന്നാൽ കഴിഞ്ഞകുറെക്കാലങ്ങളായി പ്രവൃത്തനത്തിൽ ബി. എക്കാരായ ഇൻസ്പെക്ടറന്മാരെ മാത്രമെ അസിസ്റ്റൻറ എക്സൈസ് കമ്മീഷണരന്മാരായി കയററം ചെയ്തിട്ടുള്ളു.

(ബി) (എ) ഭാഗം ഉത്തരംകൊണ്ടു് ഈ ചോദ്യം ഉത്ഭവിക്കുന്നില്ല.

(സി) ബി. എക്കാരായ ഇൻസ്പെക്ടന്മാരെ അല്ലാത്ത പലരുടേയും മേൽ പ്രമോഷൻ ചെയ്തതായ അനേകം ഉദാഹരണങ്ങളും ഉണ്ട്.

(ഡി) (എ) ഭാഗത്തിനുള്ള മറുപടികൊണ്ടു് ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

അനുബന്ധം ൧൮.

൨൦൧-ാംനമ്പർ ചോദ്യത്തിനു് മറുപടികാണുക.

൧൧൨൫-ധനു ൧൯-ാംനു-ക്ക മജിസ്ട്രേട്ടന്മാർക്കുള്ള സ്ഥിരം ഒഴിവുകളും അവയുടെ കാലാവധിയും കാണിക്കുന്ന പട്ടിക.

ക്രമനമ്പർ	ഉദ്യോഗപ്പേരു്	ഒഴിവുകളുടെ എണ്ണം	കാലാവധി
൧	ഡിവിഷൻ അസിസ്റ്റന്റും ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടും (ഒന്നാംഗ്രേഡ്)	൧	൧൧൨൫ ഇടവം ൧-ാംനു-മുതൽ
൨	ടി (രണ്ടാംഗ്രേഡ്)	൧	൧൧൨൬ മേടം ൨൭-ാംനു-മുതൽ
൩	തഹശീൽദാരും രണ്ടാം ക്ലാസ്സ് മജിസ്ട്രേട്ടും	൧	൧൧൨൪ ധനു ൨൧-ാംനു-മുതൽ
൪	സ്റ്റേഷനറി രണ്ടാംക്ലാസ്സ് മജിസ്ട്രേട്ട്	൧	൧൧൨൪ കന്നി ൧൬-ാംനു-മുതൽ

അനുബന്ധം ൧൯.

൨൦൨-ാംനമ്പർ ചോദ്യത്തിനു് മറുപടി കാണുക.

൧൧൨൫ വൃശ്ചികത്തിൽ അവസാനിക്കുന്ന അഞ്ചുകൊല്ലത്തിനിടയിൽ ബാറിൽനിന്നും എടുത്തിട്ടുള്ള മുൻസിഫന്മാരുടെ ജാതിക്രമമനുസരിച്ചുള്ള പട്ടിക.

ഹിന്ദുക്കൾ												ക്രിസ്ത്യാനികൾ					
													റോമൻകത്തോലിക്കർ		സിറിയൻ		
മലയാളബ്രാഹ്മണർ	മററുബ്രാഹ്മണർ	ഈഴവർ	കമ്മാളർ	മലയാളക്ഷത്രിയർ	നാടാന്മാർ	നായന്മാർ	പുലയർ	വെള്ളാളർ	മററു അധഃകൃതർ	മററു ഹിന്ദുക്കൾ	മുഹമ്മദീയർ	പ്രോട്ടസ്റ്റന്റ്	ലത്തീൻറീത്ത്	സിറിയൻറീത്ത്	ജാക്കോബൈററ്	മാർത്തോമ്മാ	൩
...	൪	...	...	...	...	൪	...	൧	...	...	൧	...	...	൧	൧	...	...

അനുബന്ധം ൨൦.

൨൧൨-ാം ചോദ്യത്തിനു് മറുപടികാണുക.

അധഃകൃതർക്കു് പതിച്ചുകൊടുക്കുന്നതിനു് നീക്കിയിട്ടിട്ടുള്ള സ്ഥലങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക.

താലൂക്കിന്റെ പേരു്	നീക്കിവച്ചിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണം ഏക്കർ	നീക്കിവച്ചിട്ടുള്ളതിൽ കൃഷിക്കുപയുക്തമായ സ്ഥലത്തിന്റെ വിസ്തീർണ്ണം (ഏക്കർ)
തോവാള	൨൫൯·൦൦	൧൫൦൦·൦൦
കല്ക്കുളം	൫൯൧·൩൯	൫൯൧·൩൯
വിളവങ്കോട്	൧൬൪൧·൬൫	൧൨൨൫·൦൦
നെടുമങ്ങാട്	൮൯൬·൮൯	൮൯൬·൮൯
പത്തനാപുരം	൧൨൩൮·൯൬	൧൨൩൮·൯൬
കുന്നത്തൂർ	൬൩൩·൮൮	൬൩൩·൮൮
കൊട്ടാരക്കര	൨൨൦൯·൯൯	൨൨൦൯·൯൯
ചെങ്കോട്ട	൩൦·൬൬	൩൦·൬൬
മൂവാററുപുഴ	൪൩൩·൫൮	൪൩൩·൫൮
തൊടുപുഴ	൫൯൨·൬൦	൫൯൧·൬൦

അനുബന്ധം ൨൧.

൨൨൧-ാം ചോദ്യത്തിനു മറുപടികാണുക.

അമരവിള, കൊല്ലങ്കോട്ട് ഈ സബ്ബ്‌രജിസ്ത്രാർകച്ചേരികളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രമാണങ്ങളുടെ എണ്ണം കാണിക്കുന്ന പട്ടിക.

രജിസ്ത്രേഷൻകച്ചേരിയുടെ പേര്	൧൧൦൦	൧൧൦൧	൧൧൦൨	൧൧൦൩	൧൧൦൪
കൊല്ലങ്കോട്ട്	൫൬൮൩	൫൩൬൫	൫൬൭൭	൬൧൯൨	൫൧൩൬
അമരവിള	൪൯൮൭	൫൪൪൪	൭൭൬൩	൬൯൯൩	൩൩൧൦

അനുബന്ധം ൨൨.

൨൨൭-ാം നമ്പർ ചോദ്യത്തിനു മറുപടികാണുക.

മോട്ടോർബസ്സിൻെറ പരിശോധനയും പരിശോധനാഫീസ്സും കാണിക്കുന്ന പട്ടിക.

ഉടമസ്ഥന്മാരുടെ പേര്	(എ) പരിശോധിച്ചബസ്സിൻെറ എണ്ണം			(ബി) കിട്ടിയതുക								
	൧൧൦൨	൧൧൦൩	൧൧൦൪	൧൧൦൨			൧൧൦൩			൧൧൦൪		
				രൂ.	ച	കാ	രൂ	ച	കാ	രൂ	ച	കാ
വി. അരുണാചലമയ്യർ	൨൧൫	൯൮	൫	൦൧൯	...	...	൮൧൨	...	...	൪൨	൧൪	...
എച്ച്. ഈ. പാറ്റ്	...	൧	൧	...	...	...	൧൦	...	...	൭	൧൪	...
എൽ. എച്ച്. ജേക്കബ്	...	...	൧	...	...	...	...	...	...	൧൦	...	...
എം. പി. മാണി	൧൫	൮	..	൧൧൫	...	...	൯൦	...	...	...	...	...
എസ്. എസ്. കൃഷ്ണയ്യങ്കാർ	൧൦	൧൨	൧൩൬	൦	...	...	൨൫	...	...	൧൨൦൫	...	...
വി. ഹരിഹരയ്യർ	...	൬	൩൬	...	...	...	൪൨	...	...	൩൧൭	൧൪	...
ജോർജ്ജ് ഫിലിപ്പ്	...	൫൨	൧൬൫	...	...	...	൪൧൭	൧൪	...	൧൨൭൬	൧൪	...

അനുബന്ധം ൨൩.

൨൩൨-ാം ചോദ്യത്തിനു മറുപടികാണുക.

മീനച്ചൽ താലൂക്കിൽകൊടുത്തിട്ടുള്ള കൃഷിവായ്പകളുടെ വിവരങ്ങളടങ്ങിയപട്ടിക.

൧൧൦൪-ാമാണ്ട് കൊടുത്തവായ്പത്തുക	൧൧൦൪		൧൧൦൫		
	ഈ തുകകൊടുത്ത ആളുകളുടെ പേരുവിവരം	അനുവദിച്ചതുക	൧൧൦൫-ൽ കിട്ടിയ അപേക്ഷകളുടെ എണ്ണം	തീർച്ചയാക്കിയതിൻെറ എണ്ണം	അനുവദിച്ചതുക
രൂ ൫൬൪൯ ൩.	൧ കൊച്ചുഞ്ഞൻ കർത്താ ൨ രാമൻപിള്ള നാരായണപിള്ള ൩ ചെറിയത് സ്കറിയാ ൪ ശാസ്താംകുട്ടിപിള്ള കമലാക്ഷിപിള്ള ൫ പാർവ്വതിഅമ്മ നാരായണിഅമ്മ മുതൽപേർ ൬ രാമൻപിള്ള പരമേശ്വരൻപിള്ള ൭ ഈശ്വരൻ നാ[illegible] നായർ	രൂ ൨൫൩൫-൨൦-൦ ൧൫൨-൧൯ ൧൦൧൭-൨൪-൦ ൨൫൪-൧൩ ൪൦൭-൪-൦ ൧൦൧൭-൨൪-൦ ൭൬൩-൧൧-൦	൬		രൂ. ൦ ൦-൦ ൦

അനുബന്ധം ൨൪.

൨൩൪-ാം നമ്പർ ചോദ്യത്തിനുത്തരം കാണുക.

തിരുവനന്തപുരം ജലവിതരണപദ്ധതിയുടെ പ്രധാന വിവരങ്ങളടങ്ങിയ

ഒരു ചെറിയ നോട്ട്.

പട്ടണത്തിന്റെ വിസ്താരം ൩൩ ചതുരശ്രമൈലും ജനസംഖ്യ ൩,൬൫,൦൦൦-ം ആയി വർദ്ധിക്കുമ്പോൾ പട്ടണത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജലം സിദ്ധിക്കത്തക്കവണ്ണമാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ആളൊന്നിനു ശരാശരി ൨൫ ഗ്യാലൻ വെള്ളം (അതിശയിക്കുന്ന പട്ടയിൽ കൂടുതൽ) വും ൫ മാസം വേനൽക്കാലത്ത് ഇതിന്റെ മൂന്നിൽ ഒരുഭാഗംകൂടി കൂടുതലും മിക്ക സമയം പ്രതി ഉപയോഗിക്കുമെന്നും ഇപ്രകാരം ദിവസംതോറും ൪൫ ലക്ഷം ഗ്യാലൻ വെള്ളം ആവശ്യമുണ്ടെന്നും ആണ് കണക്കാക്കിയിരിക്കുന്നത്. ജലവിതരണാവശ്യത്തിനായി പട്ടണത്തെ കിളന്ന ഭൂമി, താഴ്ന്നഭൂമി എന്ന് രണ്ടു മണ്ഡലങ്ങളായി ഭാഗിച്ചിരിക്കുന്നതും ഇവയിൽ ഓരോന്നിലും യഥാക്രമം ൧൫,൦൦൦-ം ൩൪,൦൦൦-ം വീതം ജനങ്ങളുണ്ടായിരിക്കുമെന്നു കണക്കാക്കിയിരിക്കുന്നതും ആകുന്നു.

കരമന ആററിൽ അരുവിക്കര ക്ഷേത്രത്തിൽനിന്നും പുറമെ ശരീരങ്ങൾ മുകളിലായി ഉത്തമമായ അടിസ്ഥാനം സിദ്ധിക്കുന്ന സ്ഥലത്തു ൩൪ അടി ഉയരത്തിൽ ഒരു ചെറിയ അണ കെട്ടുണ്ടായിരിക്കുന്നു. ഇപ്രകാരം ഉണ്ടാകുന്ന ജലാശയത്തിൽനിന്നും ഒരു കുഴൽവഴി ൩,൨൦൦ അടി താഴെയുള്ള ഒരു കുളത്തിലേക്ക വെള്ളം നയിക്കുന്നതും അവിടെ ഏതാണ്ടു മണിക്കൂർനേരം നിശ്ചലമായി കിടന്ന് വെള്ളത്തിൽ കലങ്ങിയിരിക്കുന്ന എല്ലാ മാലിന്യങ്ങളും കുളത്തിനടിയിൽ അടിയുന്നതിനു അനുവദിക്കുന്നതും ആകുന്നു. ഈ ശുദ്ധജലം ആകർഷണശക്തികൊണ്ടുമാത്രം അതായതു യാതൊരു പമ്പിങ്ങുംകൂടാതെ തിരുവനന്തപുരത്തുള്ള അരിപ്പുകളിലേക്ക കുഴൽവഴി എത്തിക്കുന്നു. ശുദ്ധീകരണയന്ത്രം വെള്ളയമ്പലത്തിൽ സ്ഥാപിക്കുന്നതും അവിടെവെച്ച് വെള്ളം ശുദ്ധിചെയ്തു അണുക്കളെ നശിപ്പിക്കുന്നതും ആകുന്നു. ഉത്തരയിൻഡ്യയിൽ ധാരാളമായി പ്രചാരത്തിലിരിക്കുന്നതും ദക്ഷിണേൻഡ്യയിൽ ദിനം പ്രതി വർദ്ധിച്ചുവരുന്നതും ഏററവും ആധുനിക രീതിയിലും കാര്യോപയുക്തമായും നിർമ്മിച്ചിട്ടുള്ളതും ആയ പാറേറർസൺ ഫിൽററേഷനും സ്റ്റെറിലൈസേഷനും (Patterson Filteration and Sterlisation) യന്ത്രമാണ് ഇതിനു എടുത്തിരിക്കുന്നത്. ശുദ്ധീകരണശാലക്കടുത്തു സ്ഥാപിച്ചിരിക്കുന്ന നിമ്നസ്ഥലോപകാര ജലാശയത്തിലേക്ക ഈ ശുദ്ധജലം പിന്നീടു നയിക്കപ്പെടുന്നു. താഴ്ന്ന സ്ഥലങ്ങളിൽ ജലവിതരണം ചെയ്യുന്ന മുഖ്യമായ കുഴൽ ഈ ജലാശയത്തിൽ നിന്നും വെള്ളം ആകർഷണശക്തികൊണ്ടുമാത്രം ആ സ്ഥലങ്ങളിലെല്ലാം എത്തിക്കുന്നു. ടൌണിൽ സിദ്ധിക്കുന്ന വിദ്യുച്ഛക്തിയാൽ ചലിക്കപ്പെടുന്ന പമ്പുകൾ ഈ ജലാശയത്തിനടുത്തു സ്ഥാപിക്കുന്നതും ജലവിതരണം നടത്തേണ്ടതിൽ ഏററവും ഉന്നതസ്ഥാനമായ നന്ദൻകോട്ടുബംഗ്ലാവിൽ സ്ഥിതിചെയ്യുന്ന ഉന്നതസ്ഥലോപകാരജലാശയത്തിൽ ഈ പമ്പുകൾവഴി വെള്ളം പമ്പുചെയ്തു കയററുന്നതുമാകുന്നു. അധഃപതനശീലത്വം അല്ലെങ്കിൽ ആകർഷണശക്തികൊണ്ടുമാത്രം ഉന്നതപ്രദേശോപകാര ജലാശയത്തിൽനിന്നും പ്രധാന കുഴൽവഴി ജലവിതരണം ചെയ്യുന്നതാണ്. ജലവിതരണംനിമിത്തമുണ്ടാകുന്ന കുറവിനെ അരിപ്പു സ്ഥലത്തുനിന്നും വെള്ളം വന്നുകൊണ്ടിരിക്കുന്നതിനാൽ നിമ്നപ്രദേശോപകാരജലാശയം ക്രമീകരിക്കുന്നു. ഉന്നതപ്രദേശങ്ങളിലെ ജലവിതരണംകൊണ്ടു ഉന്നതപ്രദേശോപകാരജലാശയത്തിലുണ്ടാകുന്ന കുറവും അതാതുസമയം ക്രമീകരിച്ചുകൊണ്ടിരിക്കുന്നതാണ്. പൊതുവെ പറയുകയാണെങ്കിൽ കോട്ടയ്ക്കു തെക്കും പടിഞ്ഞാറും പഴവങ്ങാടിവരെയും പുത്തരിക്കണ്ടം റോഡിനു തെക്കും പടിഞ്ഞാറും പഴവങ്ങാടി മുതൽ കണ്ണമ്മൂല വരെയും ഉള്ള സ്ഥലം നിമ്നപ്രദേശമണ്ഡലമെന്നും ജലവിതരണത്തിൽപെട്ട മററുസ്ഥലം ഉന്നതപ്രദേശമണ്ഡലമെന്നും കണക്കാക്കുന്നതാണ്. റോഡിന്റെ വശങ്ങളിൽ ഉള്ള രണ്ടുനിലകെട്ടിടങ്ങളിലെ രണ്ടാമത്തെ നിലയിൽ ജലവിതരണം ചെയ്യത്തക്കവണ്ണം പദ്ധതിയനുസരിച്ച് റോഡു നിരപ്പിലുള്ള ഏററവും കുറഞ്ഞ പ്രഷർ ൩൦ അടി ജലമായിരിക്കും.

൩. മുഴുവൻ പദ്ധതിക്കു ചിലവാകുമെന്നുദ്ദേശിച്ചിരിക്കുന്ന തുക ൪൦.൩൫ ലക്ഷം രൂപയാണ്. പട്ടണത്തിലെ വിതരണാവശ്യത്തിനുള്ള കുഴലുകൾ രണ്ടുപ്രാവശ്യമായി ഇടുവിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. ചുരുങ്ങിയ ജനസംഖ്യയുള്ള ഉൾസ്ഥലങ്ങളിലാണ് രണ്ടാംപ്രാവശ്യം വിതരണപദ്ധതി നടപ്പിലാക്കുന്നതിനു മാററിവെക്കുന്നത്. ആദ്യത്തെഭാഗം പൂർത്തിയാക്കി ജലവിതരണം നടത്തി ഒന്നോ രണ്ടോ കൊല്ലംകഴിഞ്ഞു രണ്ടാംഭാഗത്തിൽ ജോലി തുടങ്ങുന്നതാണ്. ആദ്യത്തെ ഭാഗത്തിനു വേണ്ടിവരുമെന്നുദ്ദേശിച്ചിരിക്കുന്ന തുക ൪൩.൫൦ ലക്ഷം രൂപയാണ്.

ശുചീന്ദ്രത്തെ അറസ്റ്റിനെപ്പററിയുള്ള അടിയന്തിരപ്രമേയം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സർ, അതിപ്രധാനമായ ഒരു പൊതുകാര്യത്തെപ്പററി വാദപ്രതിവാദം നടത്തുന്നതിനായി സഭാനടപടി മാററിവെക്കണമെന്ന് അഭിപ്രായപ്പെടുന്നതിലേക്കായി ഞാൻ അനുവാദം അപേക്ഷിക്കുന്നു.

[അതിനുശേഷം മെമ്പർ പ്രമേയത്തെപ്പററിയുള്ള നോട്ടീസ്സ് ഉപാദ്ധ്യക്ഷന്റെ കയ്യിൽകൊടുത്തു.]

ഉപാദ്ധ്യക്ഷൻ: അതിപ്രധാനമായ ഒരു പൊതുകാര്യത്തെപ്പററി, അതായതു ശുചീന്ദ്രംഗ്രാമത്തിലേക്കുള്ള പബ്ലിക്ക് റോഡു ഉപയോഗിച്ചുകൊണ്ടിരുന്നവരും രാജഭക്തരും ആയ മഹാറാണി റീജന്റു തിരുമനസ്സിലെ പ്രജകളുടെ അറസ്റ്റുനിമിത്തം ഉണ്ടായ അവസ്ഥയെപ്പററി, വാദപ്രതിവാദം നടത്തുന്നതിനു സഭാനടപടി മാററിവെക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കുന്നതിനു അനുവാദം അപേക്ഷിക്കുന്ന ഉപക്ഷേപത്തിന്റെ ഒരു പ്രതി മി: ഡി. സി. ജോസഫ് എന്നെ ഏല്പിച്ചിരിക്കുന്നു.

ആ സംഗതി മജിസ്ട്രേട്ടിന്റെ വിസ്താരത്തിലിരിക്കുന്നതാണോ?

മി: കല്ലമ്പലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതേ, അതാണ് എന്റെ അറിവ്.

ഉപാദ്ധ്യക്ഷൻ: മി: ജോസഫ്, അങ്ങനെയാണെങ്കിൽ ഉപക്ഷേപം അനുവദിക്കാൻ നിവൃത്തിയില്ല. ഒരു പ്രമേയരൂപത്തിൽ അവതരിപ്പിക്കാൻ നിവൃത്തിയില്ലാത്ത യാതൊരു കാര്യത്തിലും സഭാനടപടി മാററിവെ

ക്കാനുള്ള ഒരു ഉപക്ഷേപം കൊണ്ടുവരുന്നതിനു ൧൦-ാം ചട്ടം അനുവദിക്കുന്നില്ല. അതാണ് ൧൧-ാം ചട്ടം. തിരുവിതാംകൂറിൽ അധികാരമുള്ള ഒരു നീതിന്യായക്കോടതിയുടെ നിർണ്ണയത്തിൽ ഇരിക്കുന്ന യാതൊരു സംഗതിയെപ്പററിയും സഭയിൽ വാദപ്രതിവാദം നടത്തിക്കൂടെന്നു ൩൩-ാം ൧൦-ാം നിർദ്ദേശിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, കോടതിയുടെ നിർണ്ണയത്തിൽ ഇരിക്കുന്നതേതു സംഗതിയാണ്?

ഉപാദ്ധ്യക്ഷൻ: അറസ്റ്റിനേയും ഉപക്ഷേപത്തിൽ പ്രതിപാദിക്കുന്ന ആളുകളുടെ വിസ്താരത്തേയും സംബന്ധിച്ച സംഗതി കോടതിയുടെ ആലോചനയിൽ ഇരിക്കുകയാണ്. ഏതാനും ആളുകളെ അറസ്റ്റ് ചെയ്തിട്ടുള്ളതും തിരുമനസ്സിലെ രാജഭക്തരായ പ്രജകളുടെ അറസ്റ്റ് നിമിത്തമുണ്ടായ അവസ്ഥയെപ്പററി മി: ജോസഫ് പരാതിപ്പെടുന്നതും ആകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ കേസ്സുകളല്ലല്ലോ നമ്മുടെ ആലോചനാവിഷയം. ഏതാനും ആളുകൾ റോഡു ഉപയോഗിക്കുകയോ ഉപയോഗിക്കാതെയിരിക്കുകയോ ചെയ്യുന്നതിനെപ്പററിയും ഗവൺമെൻറിന്റെ ഈ സംഗതിയിലുള്ള നയത്തെപ്പററിയും ആണ് നാം ആലോചിക്കാനുള്ളത്. അതു കോടതിയുടെ വിചാരണയിൽ ഇരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: എന്നാൽ തിരുമനസ്സിലെ രാജഭക്തരായ പ്രജകളുടെ അറസ്റ്റ് കൊണ്ടുണ്ടായിട്ടുള്ള അവസ്ഥയെപ്പററിയാണ് മി: ജോസഫ് വാദപ്രതിവാദം നടത്താൻ ആവശ്യപ്പെടുന്നത്.

രാജ്യത്തുള്ള പബ്ലിക്ക് റോഡുകൾ ഉപയോഗിക്കുന്നതിനു മഹാരാജാവിന്റെ തിരുമനസ്സിലെ പ്രജകൾക്ക് ജന്മസിദ്ധമായുള്ള അവകാശത്തെ സംബന്ധിക്കുന്നതല്ല, ഇപ്പോഴത്തെ വാദവിഷയം. അടിയന്തിരപ്രമേയത്തെ ഞാൻ മനസ്സിലാക്കിയിടത്തോളം, ചില മെംബറന്മാരുടെ അഭിപ്രായത്തിൽ നിയമപ്രകാരമുള്ള അവകാശത്തെ ഉപയോഗിച്ചുകൊണ്ടിരുന്ന ഏതാനും ആളുകളെ അറസ്റ്റു ചെയ്തതിൽ ഗവൺമെൻറു അംഗീകരിച്ച നടപടിയിൽ ഈ സഭയ്ക്കുള്ള പ്രതിഷേധം രേഖപ്പെടുത്തുകയാണ് അതു ചെയ്യുന്നത്. ഞാൻ മുമ്പു പറഞ്ഞതുപോലെ അതു കോടതിയുടെ ആലോചനയിൽ ഇരിക്കുന്നതും, തന്നിമിത്തം സബ്ജ്യൂഡിസും ആണ്. അംഗീകരിച്ചുള്ള എല്ലാസിദ്ധാന്തപ്രകാരവും സബ്ജ്യൂഡിസ്സ് ആയുള്ളയാതൊരു സംഗതിയെസംബന്ധിച്ചും ഒരു പ്രമേയം അവതരിപ്പിക്കാവുന്നതല്ല. ആ വിഷയത്തെസംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിക്കാവുന്നതല്ലെങ്കിൽ, അതിനെ സംബന്ധിച്ച് സഭാനടപടികൾ മാററിവെയ്ക്കുന്നതിനു അടിയന്തിര പ്രമേയവും ഹാജരാക്കാവുന്നതല്ല.

നിയമനിർമ്മാണം

സെൻസസ്സ് (ജനസംഖ്യ) ബില്ലിന്റെ അവസാനവായന.

മി: കണ്ടാമം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): സർ, തിരുവിതാംകൂർ സെൻസസ്സ് ബിൽ അവസാനവായന നടത്തി പാസ്സാക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഞാൻ ആ അഭിപ്രായത്തെ എതിർക്കുന്നു. സ്ഥിരഉത്തരവു ൭൧-ാം വകുപ്പനുസരിച്ച് ഒരു ബില്ലിന്റെ രണ്ടാമത്തെ വായന കഴിഞ്ഞശേഷം ആ ബില്ലിന്റെ അവതാരകനായമെംബർ പിന്നീടുള്ള ഒരു മീററിംഗിൽ അതു ഉടനെ പാസ്സാക്കണമെന്ന് അഭിപ്രായപ്പെടാവുന്നതാണ്. സർ, ഞാൻ ഇപ്പോൾ നിങ്ങളുടെ ആലോചനാവിഷയമാക്കുന്ന എന്നാലിക്കുന്നതെന്തെന്നാൽ ഇന്നലെനടന്ന മീററിംഗിനുശേഷമുള്ള ഒരു മീററിംഗല്ലായിതെന്നാണ്; ഇതെല്ലാം ഒരു മീററിംഗിന്റെ ഭാഗം മാത്രമാണ്.

ഒരുദിവസത്തെ കാര്യനിർവ്വഹണവും ഒരു മീററിംഗും തമ്മിൽ വളരെഅന്തരമുണ്ട്. അതു സ്റ്റാൻഡിംഗ് ഓർഡർ ൩(ബി) നമ്പരും സ്റ്റാൻഡിംഗ് ഓർഡർ നമ്പർ ൭(എ)-ഉം തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ കാണാവുന്നതാണ്. ഓരോ മീററിംഗും നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ള തീയതിക്കു ഏഴു ദിവസം മുമ്പെങ്കിലും ആ മീററിംഗിൽ അവതരിപ്പിക്കുന്നതിനുള്ള കാര്യങ്ങളുടെ വിവരങ്ങളടങ്ങിയ ഒരുലിസ്റ്റ് ഓരോ മെംബർക്കും സെക്രട്ടറി അയക്കണമെന്ന് സ്റ്റാൻഡിംഗ് ഓർഡർ ൩(ബി) നമ്പർ നിർദ്ദേശിക്കുന്നു. അപ്രകാരം അയക്കുന്ന ലിസ്റ്റിൽ നടത്താനുള്ള വിഷയങ്ങളുടെ വിവരങ്ങൾ തിരിച്ച് മീററിംഗിനു ൩ ദിവസം മുമ്പെങ്കിലും ഓരോ മെംബരുടെയും സ്ഥിരമായമേൽവിലാസത്തിലോ അല്ലെങ്കിൽ തിരുവനന്തപുരത്തുള്ള മേൽവിലാസത്തിലോ കിട്ടത്തക്കവണ്ണം സെക്രട്ടറിയോരോരുത്തർക്കും അയക്കേണ്ടതാകുന്നു.

സെക്രട്ടറി ഓരോ ദിവസത്തേക്കുമുള്ള കാര്യങ്ങൾക്ക് ഒരു ലിസ്റ്റ് തയ്യാറാക്കി മെംബറന്മാരുടെ ഇടയിൽ പ്രചരിപ്പിക്കണമെന്നു സ്റ്റാൻഡിംഗ് ഓർഡർ ൭(എ) പറയുന്നു.

സർ, അവധികൂടാതെ മാറരുന്നുവരെ അനേകദിവസങ്ങൾ ഇടയ്ക്കുള്ള കാര്യനിർവഹണത്തിലൊന്നു ഒരുമീററിംഗ് അടങ്ങിയിരിക്കുന്നതെന്നാണ് ഞാൻ നിർദ്ദേശിക്കുന്നതു.

സ്റ്റാൻഡിംഗ് ഓർഡർ ൯-ാം നമ്പരിൽ നോക്കുന്നപക്ഷം ഓരോദിവസത്തെ കാര്യനിർവഹണത്തിലും ആ ദിവസത്തെ ആദ്യത്തെ ഒരു മണിക്കൂർ ചോദ്യോത്തരങ്ങൾക്ക് ഉപയോഗിക്കണമെന്നു കാണാവുന്നതാണ്. തന്നിമിത്തം അവിടെയും ഒരു ദിവസത്തെ കാര്യനിർവഹണവും മീററിംഗും തമ്മിൽ വ്യത്യാസമുണ്ടെന്നു വ്യക്തമാകുന്നു.

യോഗം കൂടുമ്പോൾ, ദിവാൻജിയുടെ നിർദ്ദേശപ്രകാരം യോഗം സാധാരണയായി രാവിലെ ൧൧ മണിക്ക് തുടങ്ങുമെന്ന് സ്റ്റാൻഡിംഗ് ഓർഡർ ൭(എ)പറയുന്നു.

ഒരു കാര്യനിർവ്വഹണദിവസത്തിൽ ഒരു അടിയന്തിരപ്രമേയത്തിൽ കൂടുതൽ പാടില്ലെന്നു വിവരിക്കുന്ന നിയമസഭാച്ചട്ടം ൧൨(എ) കൂടി ഞാൻ ചൂണ്ടിക്കാണിക്കുന്നു.

തന്നിമിത്തം ഇന്നത്തെ കാര്യനിർവ്വഹണം കാര്യപരിപാടിയനുസരിച്ച് മൂന്നു ദിവസം കഴിഞ്ഞ് അവസാനിക്കുവാനുള്ള ഇന്നത്തെ യോഗത്തിന്റെ ഒരു തുടർച്ചമാത്രമാണെന്നും ഇന്നത്തെ കാര്യനിർവ്വഹണത്തിനുപിന്നീ

ട്ടുള്ള ഒരു യോഗമായി ഗണിക്കാൻ പാടില്ലെന്നുമാണ് ഞാൻ നിർദ്ദേശിക്കുന്നത്. അതിനാൽ ഡൊൻസസ് ബില്ലിന്റെ ഇന്നുള്ള മൂന്നാംവായന നിയമവിരുദ്ധമെന്ന ഞാൻ അഭിപ്രായപ്പെടുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): മീററിംഗ് എന്നുപറഞ്ഞാൽ അനേകദിവസത്തെ കാര്യനിർവ്വഹണത്തിനൊന്നിച്ചുള്ള പേരുമാത്രമാണെന്ന ഒരു അതോറിററിയും മി: ആശാൻ ഉദ്ധരിച്ചിട്ടില്ല.

ഉപാദ്ധ്യക്ഷൻ.—നിയമത്തിൽ മീററിംഗ് എന്ന പദത്തെ വിവരിച്ചിട്ടുണ്ടോ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): മീററിംഗ് എന്നാൽ സഭയുടെ ഒരു മീററിംഗ് എന്നർത്ഥമാകുന്നുവെന്ന് മാത്രം വിവരണം പറയുന്നു. അതുകൊണ്ട് അതു തൽക്കാലാവശ്യത്തിനുതകുന്നില്ല.

മി: കെ. മാധവൻ പിള്ള (തിരുവനന്തപുരം, നെടുമങ്ങാട്): മീററിംഗ് എന്നാൽ ഒരുദിവസത്തെ കാര്യനിർവഹണം എന്ന് കാണിക്കുന്നതിനു മെമ്പർക്കുള്ള പ്രമാണം എന്തെന്ന് അറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ അതു പറയാം. മീററിംഗ് എന്നാൽ അനേകദിവസത്തെ കാര്യനിർവഹണത്തിനു പൊതുവേയുള്ള ഒരു പേരുമാത്രമാണെന്നതിന് മി. ആശാൻ ഒരു പ്രമാണവും ഉദ്ധരിച്ചിട്ടില്ലെന്നാണ് ഞാൻ പറഞ്ഞത്. ചട്ടത്തിലേ, സ്റ്റാൻഡിംഗ് ഓർഡറിലോ മീററിംഗ് എന്നപദത്തെ പൂർണ്ണമായിവിവരിച്ചിട്ടില്ല.

മി: എസ്. പി. വിവിപെരുമാൾപിള്ള (വാണിജ്യവും വ്യവസായവും, തെക്ക്): ഇന്ന മറുപടി പറയുവാനുള്ള ഒരു പ്രശ്നത്തിനു ഇനിയും എത്ര ദിവസം മുമ്പ് നോട്ടീസ്സുകൊടുത്താൽ മതിയാകുമോ എന്നു ഞാൻ മെമ്പറിൽ നിന്നും അറിയാനാഗ്രഹിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർ വക്കീൽ): ആ സംഗതിക്കു അനുഭവിക്കുമ്പോൾ മറുപടിപറയാം.

മി: എം. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): അതിനിപ്പോൾ മറുപടിപറയുന്നപക്ഷം മീററിംഗ് എന്ന പദത്തിന്റെ അർത്ഥം മനസ്സിലാക്കുന്നതിന് അതു സഹായമായിത്തീരുകയില്ലേ? ഈ സഭയുടെ മെമ്പർ എന്ന നിലയിൽ, ഇമ്മാതിരി കാര്യങ്ങൾ വിശദമാക്കേണ്ടത് അദ്ദേഹത്തിന്റെ ചുമതലയല്ലേ?

ഉപാദ്ധ്യക്ഷൻ.—അതു സന്ദർഭാനുസൃതമല്ലാത്ത ഒരു ചോദ്യമാകയാൽ മറുപടിപറയുവാൻ തയ്യാറില്ലെന്നു മി: കല്ലാലം പരമേശ്വരൻപിള്ള പറയുന്നു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഒരുവർക്ക് അനുഭവിക്കുന്ന അനേകം ചട്ടങ്ങളെയും സ്ഥിരം ഉത്തരവുകളെയും അസ്പഷ്ടമാക്കിയല്ലേ മനസ്സിലാക്കേണ്ടത് എന്ന് മെമ്പറിൽ നിന്നും അറിഞ്ഞാൽകൊള്ളാം.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ള, ദയവായി സ്വല്പം ക്ഷമിക്കുക. ഒരുപക്ഷേ അദ്ദേഹം പറയുന്നതു കേട്ടുകഴിയുമ്പോൾ സമാധാനം കുറേക്കൂടി തൃപ്തികരമായിരുന്നേക്കാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): മീററിംഗ് എന്ന പദത്തെ ചട്ടങ്ങളിലും നടപ്പിലിരിക്കുന്ന നിയമത്തിലും വിവരിച്ചിട്ടില്ല. ചട്ടങ്ങളിലും നടപ്പിലിരിക്കുന്ന നിയമത്തിലും ഉള്ള വിവരണം മീററിംഗ് എന്നുപറഞ്ഞാൽ സഭയുടെ ഒരു മീററിംഗ് എന്നർത്ഥമാകുന്നുവെന്നു മാത്രം പറയുന്നു. ആ വിവരണംകൊണ്ട ചട്ടങ്ങളിലും നടപ്പിലിരിക്കുന്ന നിയമത്തിലും ഉപയോഗിച്ചിരിക്കുന്ന മീററിംഗ് എന്നപദത്തിന് നിയമസഭയുടെ മീററിംഗ് എന്നുമാത്രമേ അർത്ഥമുള്ളുവെന്നും അല്ലാതെ ഒരു സെലക്ട് കമ്മിററിയുടെയോ പ്രജാസഭയുടെയോ മുൻസിപ്പൽകൌൺസിലിന്റെയോ ഇതരസംഘങ്ങളുടെയോ മീററിംഗ് എന്നർത്ഥമില്ലെന്നും കാണിക്കുന്നു. ഇപ്പോഴത്തെ വാദവിഷയത്തിനു യാതൊരുവിധ സഹായവും നൽകാത്ത ഈ വിവരണമല്ലാതെ മറെറാന്നും മീററിംഗ് എന്നപദത്തെ വിവരിച്ചുകാണുന്നില്ല. അതിനാൽ ആ പദത്തെ അതിന്റെ സാധാരണയർത്ഥമനുസരിച്ചും പ്രയോഗത്തിന്റെ സന്ദർഭവും ഇവിടെയും മററുസ്ഥലങ്ങളിലും വാദവിഷയമായ പദം ഏതു വിധം ഉപയോഗിക്കുന്നുവെന്നും നോക്കിയും വ്യാഖ്യാനിക്കേണ്ടിയിരിക്കുന്നു.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഈ സഭയുടെ കഴിഞ്ഞ മീററിംഗിൽ ആദ്യത്തെ അനൌദ്യോഗിക ദിവസം മി: ഏ. ജി. മേനോൻ കാണപ്പാട്ടബിൽ അവതരിപ്പിക്കുന്നതിനാഗ്രഹിച്ചപ്പോൾ, ആ പ്രത്യേകദിവസത്തിന് എട്ടു ദിവസംമുമ്പുകൂട്ടി താൽക്കാലികമിസ്സ് അയച്ചിരുന്നിട്ടും മീററിംഗിന്റെ ആദ്യത്തെദിവസത്തിനു എട്ടുദിവസംമുമ്പ് നോട്ടീസില്ലെന്നുള്ള കാരണത്താൽ അതനുവദിക്കാതെയിരുന്നവിവരം മെമ്പർക്കറിയാമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ആവശ്യമുള്ളപക്ഷം അതിനെപ്പററി പിന്നീട് പറയാം. എന്റെവാദം ഞാൻ തുടർന്നുകൊള്ളട്ടെ. മീററിംഗ് എന്ന പദത്തെ സന്ദർഭവും ഇവിടെയും ഇതരസ്ഥലങ്ങളിലും ഉള്ള പതിവനുസരിച്ചും വ്യാഖ്യാനിക്കണമെന്നു ഞാൻ പറഞ്ഞുവല്ലോ. മീററിംഗ് എന്ന പദം പ്രത്യേകിച്ചും അതു നമ്മുടെ ചട്ടങ്ങളിലും നടപ്പിലിരിക്കുന്ന നിയമത്തിലും ഉപയോഗിച്ചിരിക്കുന്നതിൽ നിന്നും, രണ്ടുവിധം വ്യാഖ്യാനിക്കാമെന്നു സമ്മതിക്കുന്നതിനു ഞാൻ തയ്യാറാണ്. ചിലസ്ഥലങ്ങളിൽ ദിവാന്റെ ഒരു സമൻസ്സുപ്രകാരം വിളിച്ചുകൂട്ടുന്ന ഇടവിടാതെയുള്ള അനേകദിവസത്തെ കാര്യനിർവഹണം എന്ന് ആ പദത്തിനു അർത്ഥം വ്യക്തമാകുന്നുണ്ട്. അതേസമയംതന്നെ ഏതെങ്കിലും ദിവസം രാവിലെമെമ്പർമാർ കൂടിയിരുന്ന ആ ദിവസത്തെ മീററിംഗ് എന്നും ആ പദത്തിന് ചിലസ്ഥലങ്ങളിൽ അർത്ഥമുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. ഈ രണ്ടുവ്യാഖ്യാനങ്ങളും സംഭാവ്യമായുള്ളതാണ്. ഈ വിഷയത്തിൽ ശരിയായ വ്യാഖ്യാനമെന്തെന്നും, പരമാർത്ഥത്തിൽ ഏതർത്ഥമാണുദ്ദേശിച്ചിരിക്കുന്നതെന്നും സന്ദർഭവും ഇവിടെയും ഇതരരാജ്യങ്ങളിലും ഉള്ളപതിവും നോക്കിതീരുമാനിക്കേണ്ടതാണ്.

വാദവിഷയമായ സംഗതിയെ സംബന്ധിച്ചേടത്തോളം അതായത് ഒരു ബില്ലിന്റെ അവസാനവായനസംബന്ധിച്ചേടത്തോളം മീററിംഗ് എന്ന പദത്തിനു എന്തർത്ഥമാണ് കല്പിക്കേണ്ടത് എന്ന് ആലോചിക്കുന്നപക്ഷം ഒരുദിവസം മെമ്പർമാർകൂടി അന്നു നടത്തുന്ന മീററിങ്ങ് എന്നുമാത്രമേ മീററിംഗ് എന്ന പദത്തിന് അർത്ഥമുള്ളു എന്നും ഞാൻ വാദിക്കുന്നു. ഈ സഭയിലും ഇതരസ്ഥലങ്ങളിലും ഉള്ള പതിവിനെപ്പററി പറയുന്നതിനു മുമ്പായി നമ്മുടെ റൂളുകളിലും നടപ്പിച്ചിരിക്കുന്ന നിയമങ്ങളിലും മീററിങ്ങ് എന്ന പദത്തിനു ഒരുദിവസത്തെ മീററിംഗ് എന്നുമാത്രം അർത്ഥംവരുന്ന ഏതാനുംഭാഗങ്ങളെ ഉദ്ധരിക്കാം. ഉദാഹരണമായി മീററിംഗിന്റെ കോറത്തെപ്പററി പ്രസ്താവിക്കുന്ന നിയമസഭാറൂൾ ൨൨ നോക്കുക.

''നിയമസഭയുടെ മീററിംഗിൽ സഭയുടെ അധികാരങ്ങൾ ഉപയോഗിക്കണമെങ്കിൽ കുറഞ്ഞപക്ഷം ൧൫ മെമ്പർമാർ എങ്കിലും ഹാജരുണ്ടായിരിക്കണം'' എന്ന് ആ റൂൾ നിർദ്ദേശിക്കുന്നു.

''മീററിങ്ങിനു നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം ക്ലിപ്തസമയം കഴിഞ്ഞ് അരമണിക്കൂറിനകം നിയമസഭാറൂൾ ൨൨-ാംവകുപ്പിൽ പറയുന്ന കോറം ഹാജരില്ലാത്തപക്ഷമോ കാര്യനിർവഹണത്തിൽ അദ്ധ്യക്ഷൻ ഏതവസരത്തിലെങ്കിലും എണ്ണി ൧൫ മെമ്പർമാർ ഇല്ലെന്നു ബോദ്ധ്യപ്പെടുമ്പോഴോ സഭ സാധാരണ കൂടുന്ന അടുത്തദിവസത്തേക്കു മാററിവയ്ക്കേണ്ടതാകുന്നു'' എന്നു നടപ്പിച്ചിരിക്കുന്ന നിയമം ൧൫-ാംവകുപ്പു പറയുന്നു.

ഈ വകുപ്പുകളിൽ മീററിങ്ങ് എന്നു പറയുന്നത് ഒരു ദിവസത്തെ കാര്യനിർവഹണത്തെമാത്രം ഉദ്ദേശിച്ചാണെന്നു വ്യക്തമാകുന്നു. തുടരെത്തുടരെയുള്ള അഞ്ചുദിവസത്തെ മീററിങ്ങിനു ആദ്യത്തെ ഒരു ദിവസം മാത്രം കോറമുണ്ടായാൽ മതിയാകുമെന്നു മി. ആശാൻ തർക്കിക്കുകയില്ലെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഒരു പ്രത്യേകദിവസത്തെ കാര്യനിർവഹണത്തിനു മെമ്പറന്മാരുടെ കോറം ഹാജരില്ലാത്തപക്ഷം അതു ഒരു മീററിങ്ങാകുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു യാതൊരു ജോലിയും ചെയ്യുന്നതിനധികാരമില്ലാത്ത ഒരു മീററിങ്ങ് ആയിരിക്കാം.

''മീററിംഗിനു നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ദിവസം ക്ലിപ്തസമയം കഴിഞ്ഞു അരമണിക്കൂറിനകം നിയമസഭാറൂൾ ൨൨-ാം വകുപ്പനുസരിച്ചുള്ള കോറം ഹാജരില്ലാത്തപക്ഷം... ... ...മാററിവെക്കേണ്ടതാകുന്നു'' എന്നാണ് മേൽ പ്രതിപാദിച്ച നടപ്പിച്ചിരിക്കുന്ന നിയമം ഒന്ന് പറയുന്നത്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അദ്ധ്യക്ഷൻ ഒരു കാര്യനിർവഹണത്തിൽ ഏതവസരത്തിലെങ്കിലും എണ്ണി ൧൫ മെമ്പർമാർ ഇല്ലെന്നു ബോദ്ധ്യപ്പെടുമ്പോഴോ എന്ന നടപ്പിച്ചിരിക്കുന്ന നിയമം ൧൫-ലെ അർത്ഥമെന്താണ്. ഉപയോഗിച്ചിരിക്കുന്നപദം കാര്യനിർവഹണം എന്നാണ് അല്ലാതെ മീററിങ്ങ് എന്നല്ല.

ഉപാദ്ധ്യക്ഷൻ: കാര്യനിർവഹണമെന്നും മീററിംഗ് എന്നും ഉള്ള പദങ്ങൾ ഒരേഅർത്ഥത്തിലാണു ഉപയോഗിച്ചിരിക്കുന്നതു്. അതാണു ബ. മെമ്പരുടെ വാദം. അതുകൊണ്ടാണു സന്ദർഭത്തെഅടിസ്ഥാനപ്പെടുത്തിയാണു അർത്ഥം കല്പിക്കേണ്ടതെന്നു അദ്ദേഹം പറയുന്നതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നമ്മുടെ ൨൨-ാം റൂളിനേയും നടപ്പിച്ചിരിക്കുന്ന നിയമം ൧൫-ാമത്തെയും സംബന്ധിച്ചേടത്തോളം ഒരു തിങ്കളാഴ്ച തുടങ്ങി അഞ്ചുദിവസം തുടരേയുള്ള ഒരു മീററിംഗിനു തിങ്കളാഴ്ചമാത്രം ൧൫ മെമ്പർമാർ ഉണ്ടായാൽ പോര എന്നാണ് ഞാൻ പറയുന്നതു്. ചൊവ്വാ, ബുധൻ, വ്യാഴം, വെള്ളി ഈ ആഴ്ചകളിൽ കോറം ആവശ്യമില്ലെന്നു ഒരിക്കലും അർത്ഥമാകാൻ പാടില്ല. മി. ആശാൻ പറയുന്നതുപോലെ മീററിംഗ് എന്ന പദത്തിനു അനേകം ദിവസം തുടരെയുള്ള കാര്യനിർവഹണം എന്നുമാത്രം അർത്ഥംകല്പിക്കുന്നപക്ഷം അതിന്റെ ഫലം ഇതുതന്നെയാണ്.

൨൮. (൧) നടപടിക്രമം സംബന്ധിച്ച തീർച്ചകളെ നടപ്പിലാക്കുന്നതിനു വേണ്ട സകലാധികാരങ്ങളും അദ്ധ്യക്ഷനുണ്ടായിരിക്കുന്നതും അദ്ദേഹം നിയമപരിപാലനം ചെയ്യേണ്ടതുമാകുന്നു.

(൨) തന്റെ അഭിപ്രായത്തിൽ അശേഷം നിയമവിരുദ്ധമായ പ്രവൃത്തിക്കാരനെന്നു തോന്നുന്ന ഏതൊരു മെമ്പറും ഉടൻതന്നെ സഭയിൽനിന്നും പിൻമാറണമെന്നു അദ്ദേഹത്തിനു നിർദ്ദേശിക്കാവുന്നതും അപ്രകാരം നിർദ്ദേശിക്കപ്പെടുന്ന മെമ്പർ ഉടൻതന്നെ പിൻമാറേണ്ടതും ആ ദിവസത്തെ മീററിംഗിനു പിന്നീട ഹാജരാകാതിരിക്കേണ്ടതും ആകുന്നു. എന്നു ൨൮-ാംറൂൾ പറയുന്നു.

ഇവിടെ മീററിംഗ് എന്നപദം ഒരു ദിവസത്തെ മീററിംഗിനെമാത്രം സൂചിപ്പിക്കുന്നുവെന്നു വ്യക്തമാണ്.

അതേസമ്മേളനത്തിൽ രണ്ടാമതൊരുപ്രാവശ്യവും ഏതെങ്കിലും മെമ്പർ പിൻമാറണമെന്നു നിർദ്ദേശിക്കപ്പെടുന്നതായാൽ ആ സമ്മേളനത്തിന്റെ ശേഷിച്ച ഭാഗത്തിലുള്ള കാലാവധിയിൽ കഴിയാത്ത ഒരു കാലത്തേക്കു മീററിംഗിൽ ഹാജരാകാൻ പാടില്ലെന്നു അദ്ധ്യക്ഷനു നിർദ്ദേശിക്കാവുന്നതാണ് എന്നു ൨൯-ാംറൂൾ പറയുന്നു.

മീററിംഗ് എന്ന പദം ഒരു ദിവസത്തെ മീററിംഗിനെ ഉദ്ദേശിച്ച് മാത്രമാണു ഉപയോഗിച്ചിരിക്കുന്നതു് എന്നു എനിക്കു തോന്നുന്നു.

നമുക്കു ഇനിയും നടപ്പിച്ചിരിക്കുന്ന നിയമം ൨൩ നോക്കാം.

ഒരു പ്രത്യേകവിഷയത്തിനെന്നപോലെ മുൻകൂട്ടി നോട്ടീസുകൊടുക്കാതെയും എന്നാൽ യാതൊരു പ്രസംഗത്തിനും തടസ്സംവരുത്താതെയും ഒരു മീററിംഗോ വിഷയമോ മാററിവെയ്ക്കണമെന്നോ കാര്യപരിപാടിയിൽ അടുത്തവിഷയത്തിൽ പ്രവേശിക്കണമെന്നോ ഉള്ള ഒരു പ്രമേയം ഏതവസരത്തിലും അവതരിപ്പിക്കാവുന്നതാകുന്നു എന്നു അതിൽ പറയുന്നു.

ഇവിടെ ഒരു പ്രമേയം പാസായാൽ അടുത്തുള്ള എല്ലാദിവസങ്ങളിലേയും കാര്യനിർവഹണവും മാററിവെയ്ക്കണമെന്ന് അർത്ഥമാകുന്നില്ല. ആ ദിവസത്തെ മീററിംഗ് മാററിവയ്ക്കണമെന്നേ അതിനർത്ഥമാകുന്നുള്ളു.

അദ്ധ്യക്ഷാധികാരം കൊണ്ടു സഭയുടെ ഒരു മീററിംഗ് മാററിവെയ്ക്കപ്പെടുന്നതാണ്.

ഒരുപക്ഷെ റെഗുലേഷനിലെ ൯ (ഢ)-ാം വകുപ്പും വാദവിഷയമായ സംഗതിയിൽ ഉപകരിച്ചേക്കാം. അദ്ധ്യക്ഷാധികാരം ഉപയോഗിച്ചു സഭയുടെ ഒരു മീററിംഗ് മാററിവെയ്ക്കപ്പെടുന്നതാണ് എന്നു തിരുവിതാംകൂർ നിയമസഭാറെഗുലേഷൻ ൯ (ഢ)-ാം വകുപ്പിൽ പറയുന്നു. ഇവിടെയും മീററിംഗ് എന്ന പദംകൊണ്ടു ഒരു ദിവസത്തെ മീററിംഗ് എന്നേ അർത്ഥമാകുന്നുള്ളൂ എന്നു എനിക്കു തോന്നുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതിനെല്ലാംപുറമെ മീററിംഗ് എന്ന പദത്തിന്റെ അർത്ഥം കാണിക്കുന്നതിന് വല്ല പ്രമാണവും, ഉദാഹരണമായി പാർലമെന്റു നടപടികളിൽനിന്നും വല്ല പ്രമാണവും, ലാമെമ്പർക്കുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലുംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു ബില്ലിന്റെ അവസാനവായനയെ സംബന്ധിച്ചേടത്തോളം മീററിങ്ങ് എന്നപദത്തിനു ഒരു ദിവസത്തെ മീററിങ്ങ് എന്നമാത്രമേ അർത്ഥമുള്ളൂ എന്ന എന്റെ വാദത്തെ ഈ സഭയിലെയും ഇതരസ്ഥലങ്ങളിലെയും നടപടി അനുകൂലിക്കുന്നുവെന്നാണ് എന്റെ പായന്റ്.

മി: എം. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വിഷയത്തെ സംബന്ധിച്ചു ഈ സഭയുടെ നടപടിയിൽ എന്തെങ്കിലും ഉദാഹരണമുണ്ടോ?

മി: കല്ലുംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഉണ്ട്, എന്നാൽ ഈ സംഗതി ഇപ്പോൾ ഉൽഭവിച്ചിരിക്കുന്ന രൂപത്തിൽതന്നെ ഇതിനുമുമ്പ് ഉൽഭവിച്ചിട്ടില്ല. എന്നാൽ ഈ സഭയുടെ നടപടി ഇപ്രകാരമായിരുന്നുഎന്നു എനിക്കു പൂർണ്ണമായിഅറിയാം.

ശബ്ദാർത്ഥംകൊണ്ടും യഥാർത്ഥംകൊണ്ടും മീററിങ്ങ് എന്ന പദത്തിനു ഒരു സമ്മേളനം എന്നുമാത്രം അർത്ഥമാകുന്നു. ഇന്നലെ രാവിലെ 11-മണിക്കു മെമ്പറന്മാർ കൂടുകയും ഒരു മീററിങ്ങു നടക്കുകയും ചെയ്തു. ഇന്നും മെമ്പറന്മാർ 11-മണിക്കു കൂടുകയും തന്നിമിത്തം മറെറാരു മീററിങ്ങ് ഉൽഭവിക്കുകയും ചെയ്തിരിക്കുന്നു. ഇതുതന്നെയാണ് യഥാർത്ഥംകൊണ്ടും ശബ്ദാർത്ഥംകൊണ്ടും മീററിങ്ങ് എന്ന പദത്തിനുള്ള അർത്ഥം.

ദിവാൻ വിളിച്ചുകൂട്ടുന്ന അനേകദിവസം തുടരേയുള്ള കാര്യനിർവഹണത്തിനും മീററിങ്ങ് എന്നർത്ഥം വരുന്ന ഉദാഹരണങ്ങൾ നമ്മുടെ റൂളിലും നടപ്പിലിരിക്കുന്ന നിയമത്തിലും ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നുണ്ടെങ്കിലും വാദവിഷയമായ സന്ദർഭത്തിൽ മീററിങ്ങ് എന്ന പദത്തിനു ഒരു ദിവസത്തെ മീററിങ്ങ് എന്നുമാത്രമെ അർത്ഥം കല്പിക്കാവൂ എന്നുള്ളതിനു വേറെയും കാരണങ്ങളുണ്ട്. നമ്മുടെ റൂളുകളിൽ അവസാനവായനയെ സംബന്ധിച്ച ഭാഗം ബ്രിട്ടീഷിൻഡ്യയിലെ സഭകളിൽ, പ്രത്യേകിച്ചും സാമ്രാജ്യനിയമസഭയെസംബന്ധിച്ച ഭാഗങ്ങളിൽ, തത്സമാനമായുള്ള ഭാഗങ്ങളിൽനിന്നും കടം വാങ്ങിയിട്ടുള്ളതാണ്. സാമ്രാജ്യനിയമസഭയെ സംബന്ധിച്ച തത്സമാനമായ ഭാഗങ്ങൾ വ്യത്യസ്തമായ രീതിയിലാണ് രചിച്ചിട്ടുള്ളത്. അവിടെ ഒരു ബിൽ അടുത്ത ഒരു ദിവസത്തെ മീററിങ്ങിൽതന്നെ പാസ്സാക്കാമെന്ന വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ സാമ്രാജ്യനിയമസഭാറൂളിലെ തത്സമാനമായ ഭാഗങ്ങളെ ഞാൻ ഉദ്ധരിക്കുമ്പോൾ മീററിങ്ങ് എന്ന പദത്തിനുള്ള വ്യാഖ്യാനം അവിടെനിന്നും നേരിട്ടു എടുത്തുകളയാമെന്ന വിചാരിച്ചല്ല ഇതു. നമ്മുടെ നിയമത്തിന്റെ മൂലസ്ഥാനമായ സാമ്രാജ്യനിയമസഭാനടപടിപ്രകാരം ഒരു ബിൽ അടുത്ത ദിവസത്തെ മീററിങ്ങിൽതന്നെ പാസാക്കാമെന്നുള്ളതു കാണിക്കുന്നതിനു മാത്രമാണ് ഞാൻ അതിനെ ഉദ്ധരിക്കുന്നതു.

മി: എം. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): സാമ്രാജ്യനിയമസഭയിലെ റൂൾ അതുപടിതന്നെ അനുകരിക്കണമെന്നായിരുന്നു നമ്മുടെ റൂളുകൾ നിർമ്മിച്ചവരുടെയും ഉദ്ദേശമെങ്കിൽ ആ ഭാഗത്തെ സംബന്ധിച്ച തത്സമാനമായ റൂളുകൾ നമ്മുടെ റൂളുകൾ ഉണ്ടാക്കിയപ്പോൾ അക്ഷരംപ്രതി പകർത്താതെ വിട്ടുകളഞ്ഞതു എന്തുകൊണ്ടാണെന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലുംപം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): എനിക്കറിഞ്ഞുകൂടാ. നമ്മുടെ റൂൾ നിർമ്മാതാക്കൾ സാമ്രാജ്യനിയമസഭാറൂൾ മാതൃകയാക്കിയെടുത്തപ്പോൾ നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം ഈ വിഷയത്തിൽമാത്രം വ്യത്യസ്തമായ ഒരു നടപടിവേണമെന്നു അവർ ഉദ്ദേശിച്ചിരിക്കാൻ ഇടയില്ലായെന്നു മാത്രമേ എനിക്കു പറവാൻ നിവൃത്തിയുള്ളൂ. ഞാൻ മുമ്പു പറഞ്ഞതുപോലെ ബിൽ പാസ്സാക്കുന്നതിനു അവിടെ അനുസരിക്കുന്ന നയം എന്തെന്നു കാണിക്കുന്നതിനു മാത്രമാണ് ഞാൻ ഇപ്പോൾ സാമ്രാജ്യനിയമസഭാറൂളുകളെ ഉദ്ധരിക്കുന്നതു. മീററിംഗ് എന്ന പദത്തിന്റെ അർത്ഥം ഇവിടെ വ്യക്തമല്ലാത്തതുകൊണ്ടും ചില സ്ഥലങ്ങളിൽ അതു ഒരുദിവസത്തെ മീററിംഗ്എന്നയർത്ഥത്തിലും മററുചിലേടത്തു ദിവാൻജിയുടെ സമൻസനുസരിച്ചു വിളിച്ചുകൂട്ടിയ തുടരെയുള്ള അനേകദിവസത്തെ മീററിംഗ് എന്നർത്ഥത്തിലും ഉപയോഗിച്ചിരിക്കുന്നതുകൊണ്ടും മററുസഭകളിലെ നടപടി—പ്രത്യേകിച്ചും നമ്മുടെ മാതൃകയായ സാമ്രാജ്യനിയമസഭയിലെ—നമ്മുടെ റൂൾനിർമ്മാതാക്കൾ ഉദ്ദേശിച്ച നടപടി എന്തെന്നറിയുന്നതിനു ഉപയോഗപ്രദമായിരിക്കുമെന്നുള്ളതിനാലാണ് ഞാൻ ഇവിടെയും ഇതരസ്ഥലങ്ങളിലുമുള്ള നടപടിയെ ഉദ്ധരിക്കുന്നതു. നമ്മുടെ നടപ്പിലിരിക്കുന്ന നിയമം ൯-ൽ മീററിംഗ് എന്ന പദത്തിനു തുടരെയുള്ള അനേകദിവസത്തെ കാര്യനിർവഹണം എന്നുമാത്രമെ അർത്ഥമാകുന്നുള്ളൂവെന്നു വ്യക്തമാണെങ്കിൽ മററുസഭകളിലെ നടപടിയെന്തെന്നു തീർച്ചയായും ആലോചിക്കേണ്ടതില്ല. നമ്മുടെ റൂളുകൾ സുവ്യക്തവും നിസ്സംശയവും ആണെങ്കിൽ ഇതരസ്ഥലങ്ങളിലെ റൂളിനേയൊ, നടപടിയേയൊ ശ്രദ്ധിക്കാതെ അവയെ അനുസരിക്കേണ്ടതാണ്. നിർഭാഗ്യവശാൽ വാദവിഷയമായ റൂളിൽ മീററിംഗ് എന്ന പദത്തിനുള്ള അർത്ഥം അശേഷം വ്യക്തമല്ല. അതുകൊണ്ടാണ് ബില്ലുകളുടെ അവസാനവായനയെ സംബന്ധിച്ച് അന്യസ്ഥലങ്ങളിലുള്ള നടപടിയെ ഞാൻ ഉദ്ധരിക്കുന്നതു.

സാമ്രാജ്യനിയമസഭയിലെ നടപ്പിലിരിക്കുന്ന നിയമങ്ങളിൽ ഇവിടെ ആവശ്യമായതു ൩൮-ാം നമ്പരാണ്.

“ഒരു ബിൽ ആലോചനക്കെടുക്കണമെന്ന് ഒരു പ്രമേയം പാസ്സാക്കുകയും ബില്ലിനു യാതൊരു ഭേദഗതിയും ഹാജരാക്കാതിരിക്കുകയും ചെയ്യുമ്പോൾ ബിൽ ചാർജ്ജിലിരിക്കുന്ന മെമ്പർ ആ ബിൽ പാസ്സാക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്.

(൨) ബില്ലിന്ന ഏതെങ്കിലും ഭേദഗതി ഹാജരാക്കുന്നതായാൽ അതേദിവസംതന്നെ ബിൽ പാസ്സാക്കണമെന്നു ഒരു പ്രമേയം ഹാജരാക്കുന്നതിന്ന ഏതു മെമ്പർക്കും ആക്ഷേപം പുറപ്പെടുവിക്കാവുന്നതും നടപ്പിലിരിക്കുന്ന നിയമം നിർത്തിവയ്ക്കുന്നതിന്ന തനിക്കുള്ള അധികാരം ഉപയോഗിച്ച് പ്രമേയം ഹാജരാക്കുന്നതിന്ന അദ്ധ്യക്ഷൻ അനുവദിക്കാതിരിക്കുന്നപക്ഷം ആ ആക്ഷേപം അനുവദിക്കുന്നതും ആകുന്നു.

(൩) ആക്ഷേപം അനുവദിക്കപ്പെടുന്നപക്ഷം ബിൽ പാസ്സാക്കണമെന്നു ഭാവിയിലുള്ള ഏതെങ്കിലും ഒരുദിവസം പ്രമേയം ഹാജരാക്കാവുന്നതാണ്'' എന്ന് അതു പറയുന്നു.

ഇതാണ് അവിടെയുള്ള നിയമം. അതു യാതൊരുവിധ സംശയത്തിനും ഒന്നിലധികം വ്യാഖ്യാനത്തിനും ഇടയുള്ളതുമല്ല. പിന്നീടുള്ള ഏതെങ്കിലും ദിവസം ആ ബില്ലിനെ ഹാജരാക്കാമെന്നു അതു വ്യക്തമായി പറയുന്നു. തന്നിമിത്തം ബിൽസിന്റെ അവസാനവായനയെ സംബന്ധിച്ചിടത്തോളം പിന്നീടുള്ള ഏതെങ്കിലും ഒരുദിവസത്തെ മീററിംഗിലും അതു പാസ്സാക്കുന്നതിനു അനുവദിക്കണമെന്നാണ് നമ്മുടെ റൂൾനിർമ്മാതാക്കളും ഉദ്ദേശിച്ചിട്ടുള്ളതെന്നാണ് എന്റെ പോയന്റ്. എന്തെന്നാൽ നമ്മുടെ റൂളിന്റെയും നടപ്പിലിരിക്കുന്ന നിയമങ്ങളുടെയും ഉൽപത്തിസ്ഥാനം സാമ്രാജ്യനിയമസഭയുടെ റൂൾസും നടപ്പിലിരിക്കുന്ന നിയമവുമാണ്.

മി: എസ്സ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായം കച്ചവടം, തെക്ക്): ഗസററിൽ പരസ്യം ചെയ്തിരുന്നാലും മെമ്പറന്മാർക്ക് ബില്ലിന്റെ പകർപ്പുകൾ കൊടുക്കാതെയിരിക്കുന്നപക്ഷം ബിൽ സാമ്രാജ്യനിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ള സന്ദർഭങ്ങളുള്ള വിവരം മാമെമ്പർക്ക് അറിയാമോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ആ വിവരത്തിന്റെ പൂർണ്ണമായ പരമാർത്ഥത്തെപ്പററി യാതൊരഭിപ്രായവും പുറപ്പെടുവിക്കാതെ തൽക്കാലാവശ്യത്തിന്നു എന്റെ സ്നേഹിതൻ മി: പിറവിപ്പെരുമാൾ പിള്ള തരുന്ന ഉറപ്പിനെ ഞാൻ സ്വീകരിക്കുന്നതിന്ന തയ്യാറാണ്.

മീററിംഗ് എന്ന പദത്തിന്റെ അർത്ഥത്തിൽ വല്ല സംശയവും ജനിക്കുമ്പോൾ അതു ഒരുദിവസത്തെ മീററിംഗ്മാത്രമോ അതോ ഗവർണ്ണർജനറലിന്റെ ഒരു സമൻസനുസരിച്ച് വിളിച്ചുകൂട്ടുന്ന അനേകദിവസത്തെ കാര്യനിർവഹണമോ എന്ന് സംശയം ജനിക്കുമ്പോൾ സാമ്രാജ്യനിയമസഭാനടപടികൾ ഉദ്ധരിക്കാമെന്നാണ് ഞാൻ പറഞ്ഞുകൊണ്ടിരുന്നത്. സാമ്രാജ്യനിയമസഭയിൽ ഞാൻ മുമ്പുപറഞ്ഞതുപോലെ ബിൽസ് പിന്നീടുള്ള ഏതെങ്കിലും ഒരു ദിവസത്തെ മീററിംഗിലും എടുത്തു പാസ്സാക്കാവുന്നതാണ്.

ഹൌസ് ഓഫ് കോമൺസിലെ റൂളുകൾ സാമ്രാജ്യനിയമസഭയിലേതുപോലെതന്നെയാകയാൽ അവയെ ഉദ്ധരിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

മദ്രാസിലും റൂളുകൾ മിക്കവാറും ഇതുപോലെയാണ്. അവിടത്തെ നടപ്പിലിരിക്കുന്ന നിയമം ൨൯ ആണ് ഇതിനെപ്പററി പ്രതിപാദിക്കുന്നത്. അവർ ഉപയോഗിച്ചിരിക്കുന്ന പദം കാര്യനിർവഹണദിനം എന്നാണ്. മദ്രാസ് നിയമസഭയിലെ നടപ്പിലിരിക്കുന്ന നിയമം ൨൯-ാം നമ്പർ താഴെ ഉദ്ധരിക്കുന്ന പ്രകാരമാണ്.

൨൯(൨) ഏതെങ്കിലും ഭേദഗതി ഉണ്ടാകുന്നപക്ഷം അതേ കാര്യനിർവഹണദിനം ബില്ലു പാസ്സാക്കുന്നതിനു ഏതൊരു മെമ്പർക്കും ആക്ഷേപം പുറപ്പെടുവിക്കാവുന്നതാണ്. പ്രസിഡെന്റു നിയമം നിർത്തിവയ്ക്കുന്നതിനു തനിക്കുള്ള അധികാരം ഉപയോഗിച്ച് ബിൽ പാസാക്കാത്തപക്ഷം ആ ആക്ഷേപം അനുവദിക്കേണ്ടതാകുന്നു.

(൩) ആക്ഷേപം അനുവദിക്കുന്നെങ്കിൽ ഭാവിയിലുള്ള ഒരു കാര്യനിർവഹണദിനം ആ ബില്ലിനെ വീണ്ടും അവതരിപ്പിക്കേണ്ടതാകുന്നു. അപ്പോൾ ഭേദഗതിയോടുകൂടിയോ അല്ലാതെയോ അതു പാസ്സാക്കാവുന്നതും ആകുന്നു.

ഞാൻ മുൻ പ്രസ്താവിച്ചതുപോലെ മദ്രാസിൽ കാര്യനിർവഹണദിനം എന്ന വാക്ക ഉപയോഗിച്ചിരിക്കുന്നു. നാം മീററിംഗ് എന്ന പദം ഉപയോഗിച്ചിരിക്കുന്നു. സാമ്രാജ്യനിയമസഭാ ''ദിനം'' എന്ന പദവും ഉപയോഗിക്കുന്നു. ഞാൻ മുമ്പു പറഞ്ഞതുപോലെ, വാദവിഷയമായ നമ്മുടെ നടപ്പിലിരിക്കുന്ന നിയമത്തിലുപയോഗിച്ചിരിക്കുന്ന മീററിംഗ് എന്ന പദത്തിന്റെ അർത്ഥത്തിനെ സംബന്ധിച്ച് യാതൊരുസംശയവുമില്ലാതിരുന്നുവെങ്കിൽ ഇതരസ്ഥലങ്ങളിലെ നടപ്പിനെപ്പററി ചിന്തിക്കേണ്ട ആവശ്യകത ഇല്ലാതിരുന്നേനെ. അപ്പോൾ അന്യസ്ഥലങ്ങളിലെ നടപടി എങ്ങനെയിരുന്നാലും നമ്മുടെ റൂളിനെ നാം അനുകരിക്കേണ്ടതാണ്. എന്നാൽ നമ്മുടെ റൂളിൽ ഉപയോഗിച്ചിരിക്കുന്നതനുസരിച്ച് ആ പദത്തിന്റെ അർത്ഥം സംശയാസ്പദമായിരിക്കുന്നതിനാൽ അന്യസഭകളിലെ സാധാരണനടപ്പ് ഇവിടെയും അനുവദിക്കേണ്ടതാണെന്ന് ഞാൻ ബോധിപ്പിക്കുന്നു.

നമ്മുടെ സഭയിലെ നടപടി സംബന്ധിച്ചിടത്തോളം ൧൯൨൬ ആഗസ്റ്റ് ൧൩-ാംനു രണ്ടാംവായന നടത്തിയതും അതേ ആഗസ്റ്റ് ൧൮-ാംനു അവസാനവായന നടത്തി പാസ്സാക്കിയതും ആയ ഒരു ബിൽ എന്റെ അറിവിൽപെട്ടിട്ടുണ്ട്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): നടപടിക്രമമനുസരിച്ച് എന്തെങ്കിലും ആക്ഷേപം പുറപ്പെടുവിച്ചിരുന്നോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഇല്ലാ, അതുകൊണ്ടു മീററിംഗ് എന്ന പദത്തിനു ഞാൻ കല്പിക്കുന്ന അർത്ഥം കൌറൺസിൽ സ്വീകരിക്കുന്നതെന്നാണ് ഞാൻ പറയുന്നത്. ആ ബില്ലുകളെ സംബന്ധിച്ച് പല ന്യായവാദങ്ങളും പല ആക്ഷേപങ്ങളും പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇങ്ങനെയൊരു വാദം ഇല്ലായിരുന്നു. മീററിംഗ് എന്ന പദംകൊണ്ടു ഒരു ദിവസത്തെ മീററിംഗ് എന്നാണ മനസ്സിലാക്കിയതെന്ന് അതു വ്യക്തമായി കാണിക്കുന്നു. അടുത്തദിവസംതന്നെ ബില്ലു പാസ്സാക്കിയതിൽ യാതൊരു ആക്ഷേപവും ഇല്ലായിരുന്നു. ഞാൻ മദ്രാസിലും സാമ്രാജ്യനിയമസഭയിലുമുള്ള നടപ്പിനേയും ഉദ്ധരിച്ചിട്ടുണ്ട്. കാരണക്കാരി നിയമത്തെ സംബന്ധിച്ചുതന്നെ നോക്കുന്നപക്ഷം ഭാരതീയനിയമസഭയിൽ അതു എടുത്തതും പാസ്സാക്കിയതും ഒരേ ദിവസംതന്നെയാണ്.

തന്നിമിത്തം നമ്മുടെ നടപ്പിലിരിക്കുന്ന നിയമം ൨൯-ാം നമ്പരിലുള്ള മീററിംഗ് എന്ന പദംകൊണ്ടു ബിൽ ആലോചനക്കെടുത്ത് രണ്ടാംവായന നടത്തിയതിനുശേഷമുള്ള ഏതെങ്കിലും ഒരു ദിവസത്തെ മീററിംഗ് എന്നുമാത്രമെ അർത്ഥമാകുന്നുള്ളുവെന്നാണ് ഞാൻ പറയുന്നത്. അതിനാൽ ഇന്നേദിവസംതന്നെ കാര്യക്കാരി

ബിൽ അവസാനവായന നടത്തണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നതിൽ ഞാൻ വളരെ ശരിയായും നടപ്പി ലിരിക്കുന്ന നിയമപ്രകാരവും പ്രവൃത്തിക്കുന്നതാകുന്നു.

മി: എസ്സ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായം, കച്ചവടം, തെക്ക): മി. ദാമോദരനാശാൻ അവതരിപ്പിച്ച നടപടിക്രമത്തെ സംബന്ധിച്ച് ഞാൻ ചില വാദങ്ങൾ നടത്തണമെന്നാഗ്രഹിക്കുന്നു. ബാമെമ്പർ ഇപ്പോൾ മീററിംഗ് എന്ന പദത്തെ ഒരു കാര്യനിർവ്വഹണദിനം എന്നു വ്യാഖ്യാനിച്ചിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഈ പ്രത്യേകസന്ദർഭത്തിൽ മാത്രം.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായം, കച്ചവടം തെക്ക്): മുമ്പൊരിക്കൽ മീററിംഗ് എന്ന പദത്തിന്റെ വ്യാഖ്യാനം ഈ സഭയിൽ വാദവിഷയമായി തീർന്നപ്പോൾ, മീററിംഗ് എന്ന പദം ഒരു കാര്യനിർവ്വഹണദിനത്തിൽ (a day's sitting) നിന്നും വ്യത്യസ്തമാണെന്നും ...... അനേകദിവസത്തെ മീററിംഗിനെ സൂചിപ്പിക്കുന്ന എന്നും ബാമെമ്പർതന്നെ സമ്മതിക്കുകയുണ്ടായി.

"ചോദ്യം ചോദിക്കണമെന്നാഗ്രഹിക്കുന്ന ഏതെങ്കിലും മെമ്പർ അദ്ദേഹം ചോദ്യം ചോദിക്കണമെന്നാഗ്രഹിക്കുന്ന മീററിംഗിനു നിശ്ചയിച്ചിരിക്കുന്ന തീയതിക്കു .... ദിവസം മുമ്പെങ്കിലും സിക്രട്ടറിക്ക് രേഖാമൂലമായ നോട്ടീസ്സ് കൊടുക്കേണ്ടതാകുന്നു." എന്നു റൂൾ ൻ പറയുന്നു.

ൻ-ാം റൂളിൽ മീററിംഗ് എന്ന പദത്തിനെ പ്രശ്നം ചോദിക്കാനുള്ള ദിവസത്തെ മീററിംഗ് എന്നു ഞാൻ വ്യാഖ്യാനിക്കുകയും ചോദ്യത്തിനുത്തരം പറയുവാനുള്ള ദിവസത്തിനു പന്ത്രണ്ടുദിവസം മുമ്പു മാത്രം നോട്ടീസു മതിയെന്നു ഞാൻ വാദിക്കുകയും ചെയ്തപ്പോൾ മീററിംഗ് എന്ന പദംകൊണ്ടു അനേകദിവസം തുടരുന്ന മീററിംഗ എന്നർത്ഥമാണെന്നും അതിനാൽ മീററിംഗിന്റെ ആദ്യത്തെ ദിവസത്തിനു .... ദിവസം മുമ്പു നോട്ടീസ്സു കിട്ടിയിരിക്കണമെന്നും ഗവമെന്റിന്റെ ഒരു മറുപടി കിട്ടുകയുണ്ടായി.

ഉപാദ്ധ്യക്ഷൻ. അതിലേക്കു അദ്ധ്യക്ഷപീഠത്തിൽ നിന്നും ഒരു തീരുമാനം ഉണ്ടായിട്ടുണ്ടോ?

മി: എസ്സ്. പിറവിപ്പെരുമാൾ പിള്ള (വ്യവസായം കച്ചവടം, തെക്കു): അദ്ധ്യക്ഷപീഠത്തിൽനിന്നും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. എന്റെ എഴുത്തുകുത്തു സിക്രട്ടറിയുമായിട്ടായിരുന്നതിനാൽ അദ്ധ്യക്ഷന്റെ ഉപദേശപ്രകാരമാണു സെക്രട്ടറി മറുപടി അയച്ചിട്ടുള്ളതെന്നു ഞാൻ വിചാരിച്ചു.

സർ, ഇനിയും മീററിംഗിന്റെ സമയവും സ്ഥലവും നിശ്ചയിക്കണമെന്നു നിർദ്ദേശിക്കുന്ന സ്ഥിരം ഉത്തരവ് ൻ-ാം നമ്പർ നോക്കാം. ബാമെമ്പർ അഭിപ്രായപ്പെടുന്നതുപോലെ നടപ്പിലിരിക്കുന്ന ആ നിയമത്തിലെ മീററിംഗ് എന്നപദത്തെ വ്യാഖ്യാനിക്കുന്നപക്ഷം ഓരോ ദിവസത്തെ മീററിംഗിനും മൂന്നാഴ്ചവട്ടത്തെ നോട്ടീസ് ആവശ്യപ്പെടാമെന്നാണ് അതിന്റെ അർത്ഥം. ബാമെമ്പറും മീററിംഗ് എന്ന പദത്തിനു ഒരു ദിവസത്തെ മീററിംഗ് എന്നുമാത്രം അർത്ഥമാകുന്നുള്ളുവെന്ന് വ്യാഖ്യാനിക്കുന്നതു സഭയുടെ ഈ ഭാഗത്തുള്ള മെമ്പറന്മാരായ ഞങ്ങൾക്കു ആശ്വാസകരംതന്നെ. ഈ വ്യാഖ്യാനം സ്ഥിരതയോടെ അനുഷ്ഠിക്കുന്നപക്ഷം അതു ഞങ്ങൾക്ക് വളരെ പ്രയോജനകരമായിരുന്നേനെ.

അദ്ധ്യക്ഷൻ:—ബാമെമ്പർ ഉദ്ധരിച്ച റൂളിനേയും നടപ്പിലിരിക്കുന്ന നിയമങ്ങളേയും സംബന്ധിച്ച് നിങ്ങൾക്കു വല്ലതും പറയാനുണ്ടോ?

മി: പിറവിപ്പെരുമാൾപിള്ള (വ്യവസായം, കച്ചവടം തെക്ക്): ബാമെമ്പർ ഉദ്ധരിച്ചവകുപ്പുകളെപ്പററി പ്രത്യേകമായി എനിക്കൊന്നും പറയാനില്ല. ഓരോ ദിവസത്തെ കാര്യനിർവ്വഹണത്തിനും നോട്ടീസ്സുകൊടുക്കുന്നുവെങ്കിൽമാത്രമേ ഓരോദിവസത്തേയും കാര്യനിർവ്വഹണത്തിനെ മീററിംഗ് എന്നു പറയാവു എന്നാണ് എന്റെ അഭിപ്രായം. നമ്മുടെ റൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും മീററിംഗ് എന്നപദം കാണുന്ന അനേകംവകുപ്പുകളെപ്പററി ചിന്തിച്ചതിൽ തുടരെയുള്ള എല്ലാദിവസത്തേയും കാര്യനിർവ്വഹണത്തിനുംകൂടിയാണ് മീററിംഗ് എന്ന അർത്ഥമാകുന്നതെന്നും അല്ലാതെ ഒരു ദിവസത്തെ മീററിംഗിനു അല്ലെന്നും ഞാൻ വിശ്വസിച്ചുപോകുന്നു.

ഉപാദ്ധ്യക്ഷൻ:—മി: ആശാൻ നിങ്ങൾക്ക് വല്ലതും പറയാനുണ്ടോ?

മി: എ. എസ്സ്, ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഞാൻ പ്രതിപാദിച്ച റൂളുകളേയും നടപ്പിലിരിക്കുന്ന നിയമങ്ങളേയും യാതൊരുവിധത്തിലും ബാമെമ്പർ നിരൂപണംചെയ്തിട്ടില്ല. കൂടാതെ 'ദിവസം' 'കാര്യനിർവ്വഹണം' (sitting) 'മീററിംഗ്' ഈ പദങ്ങൾതമ്മിൽ വളരെ അന്തരമുണ്ടെന്നു കാണിക്കുന്നതിനുമാത്രം സാമ്രാജ്യനിയമസഭയിൽ നടപ്പിലിരിക്കുന്ന നിയമം ൻ-ാം നമ്പരും, മദ്രാസ്സ് നിയമസഭയിലെ നടപ്പിലിരിക്കുന്നനിയമം ൻ-ാം നമ്പരും നമ്മുടെസഭയിൽ നടപ്പിലിരിക്കുന്ന നിയമം ൻ-ാം നമ്പരും ബാമെമ്പർ ഉദ്ധരിച്ചു. സാമ്രാജ്യനിയമസഭയിലേയും മദ്രാസ്സ നിയമസഭയിലേയും റൂളുകളിൽനിന്നു ഒന്നുവ്യതിചലിക്കണമെന്നുദ്ദേശത്തിലല്ലാതെ മറെറന്നുദ്ദേശത്തിലാണ് നമ്മുടെ റൂളുകളിൽ വാക്കുമാറിയുപയോഗിച്ചിട്ടുള്ളതെന്നു എനിക്കറിഞ്ഞുകൂടാ.

സാമ്രാജ്യനിയമസഭയിൽ നടപ്പിലിരിക്കുന്ന നിയമങ്ങളെ ലക്ഷീകരിച്ച് ബാമെമ്പർ ഉദ്ധരിച്ച പ്രമാണങ്ങളെപ്പററി എനിക്കു പറയാനുള്ളതെന്തെന്നാൽ അവിടെ ഭാവിയിലുള്ള ഏതെങ്കിലുമൊരു ദിവസം ബിൽപാസ്സാക്കാമെന്നു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടെന്നാണ്. ഇവിടത്തെ പദപ്രയോഗം അതല്ലാ തന്നിമിത്തം തൽക്കാലസംഗതിയിൽ അതു നിഷ്പ്രയോജനവും അതു ബാമെമ്പറുടെ നിലയെ യാതൊരുവിധത്തിലും മുന്നോട്ടുകൊണ്ടുപോകുന്നില്ലാത്തതും ആകുന്നു.

നമ്മുടെ റൂൾ ൨൮(൨)-ാംവകുപ്പിൽ "ആ ദിവസത്തെ മീററിംഗിൽ ശേഷിച്ചഭാഗം" എന്ന വാക്യത്തെ ബാമെമ്പർ ഉദ്ധരിച്ചുവല്ലോ. ബാമെമ്പർ അഭിപ്രായപ്പെടുന്നതുപോലെ മീററിംഗ് എന്നപദത്തിനു ഒരു ദിവസത്തെ കാര്യനിർവ്വഹണം (sitting) എന്നുമാത്രം അർത്ഥമാണെങ്കിൽ റൂളിൽ ഉപയോഗിക്കേണ്ടിയിരുന്ന വാക്യം "മീററിംഗിന്റെ ശേഷിച്ചഭാഗം" എന്നായിരുന്നു. റൂളിൽ "ദിവസത്തെ മീററിംഗ്" എന്ന് വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ആ പ്രത്യേകദിവസത്തിന്റെ ശേഷം ഭാഗത്തെ ലക്ഷീകരിക്കുന്നതാവണം അല്ലാതെ അനേകദിവസത്തെ മീററിംഗിനെ അല്ലെന്നും വ്യക്തമാകുന്നു.

ഉപാദ്ധ്യക്ഷൻ:—൨൬-ാംറൂളിനെയും നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പരിനെയും സംബന്ധിച്ച് നിങ്ങൾക്കെന്താണ് പറയാനുള്ളത്?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ലാമെംബർ എന്റെ പ്രശ്നങ്ങൾക്ക ഉത്തരംപറയുകയോ എന്റെ വൈഷമ്യങ്ങൾക്ക പരിഹാരമുണ്ടാക്കുകയോ ചെയ്യിട്ടില്ലെങ്കിലും ഞാൻ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾക്ക സമാധാനംപറയാം.

ഉപാദ്ധ്യക്ഷൻ:—അതു് നിങ്ങളുടെ പൂർണ്ണമായ തീരുമാനത്തിനു ഞാൻ വിട്ടിരിക്കുന്നു. മീററിംഗ് എന്ന പദം നമ്മുടെ റൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും ഉപയോഗിച്ചിരിക്കുന്നതനുസരിച്ച് രണ്ടുവിധത്തിലും വ്യാഖ്യാനിക്കാവുന്നതാണെന്ന് ലാമെംബർന്യായമായി സമ്മതിച്ചിട്ടുണ്ട്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽഹെഡ്സർക്കാർവക്കീൽ): മീററിംഗ് എന്നപദം നമ്മുടെ ചില റൂളുകളിലും നടപ്പിലിരിക്കുന്നനിയമങ്ങളിലും ദിവാൻജിയുടെ ഒരു സമൻസ് അനുസരിച്ച് വിളിച്ചുകൂട്ടുന്ന അനേകദിവസങ്ങളിലെ കാര്യനിർവഹണം എന്നർത്ഥമാകുന്നുവെന്നു ഞാൻ സമ്മതിച്ചിട്ടുള്ളതും സമ്മതിക്കുന്നതും ആകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): സഭയുടെ അധികാരങ്ങൾ ഉപയോഗിക്കത്തക്ക ഒരു മീററിംഗാകുന്നതിനു കുറഞ്ഞപക്ഷം ൧൫ മെംബർമാരെങ്കിലും ഹാജരുണ്ടായിരിക്കണമെന്നു മാത്രമാണ് ൨൬-ാം റൂൾപറയുന്നതു്. ഏതെങ്കിലും അവസരത്തിൽ ൧൫ മെംബർമാർ ഹാജരില്ലെന്നുകാണുന്നപക്ഷം മീററിംഗ്എങ്ങനെ തുടരണം എന്നു നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പർ പറയുന്നു. ൨൬-ാംറൂളിൽ പറഞ്ഞിട്ടുള്ളതിനെ നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പർ പൂർത്തിയാക്കുന്നു. അതുമാത്രമേയുള്ളു.

ഉപാദ്ധ്യക്ഷൻ:—മി: ആശാൻ ൨൬-ാംറൂളിനെമാത്രം എടുക്കു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ൨൬-ാംറൂളും നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പരും ഒന്നിച്ചുപോകുന്നു.

ഉപാദ്ധ്യക്ഷൻ:—൨൬-ാംറൂളിലും നടപ്പിലിരിക്കുന്നനിയമം ൧൫-ാംവകുപ്പിലും 'മീററിംഗ്' എന്നപദത്തിനെന്താണ് അർത്ഥം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഭേദപ്പെടാതെ മാറുന്നതുമായ ഒരു അനേകദിവസം തുടരെനടത്തുന്നകാര്യനിർവഹണത്തിനാണ് മീററിംഗ് എന്നപദം ഉപയോഗിച്ചിരിക്കുന്നതു്. ഒരു മീററിംഗ് ഏതെങ്കിലും ഒരു നിശ്ചിതദിവസം രാവിലെ ൧൧-മണിക്ക് തുടങ്ങുന്നതാണെന്നു നോട്ടീസ്സുണ്ടായിരിക്കുകയും ആ സമയം ൧൫ മെംബറന്മാരിൽകുറയാതെ ഹാജരില്ലാതെയിരിക്കുകയും ചെയ്യുന്നതായാൽ മീററിംഗ് അടുത്തദിവസത്തേക്ക മാററിവെക്കാനുള്ളതാകുന്നു. എന്നാൽ മീററിംഗ് ആരംഭിക്കയും ഏതെങ്കിലും അവസരത്തിൽ കോറമില്ലെന്നു അദ്ധ്യക്ഷൻ കാണുകയും ചെയ്യുന്നതായാൽ മീററിംഗ് അടുത്തദിവസത്തേക്ക നീക്കിവെക്കേണ്ടതാണ്. ഇതാണ് നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പർ പറയുന്നതു്. മീററിംഗിന്റെ ആരംഭത്തിൽ അനുസരിക്കേണ്ടനടപടിഎന്തെന്ന് ൨൬-ാംറൂൾ വിവരിക്കുന്നു. മീററിംഗ്തുടങ്ങിയതിനുശേഷമുള്ള നടപടി നടപ്പിലിരിക്കുന്ന നിയമം ൧൫-ാംനമ്പരിൽ കൊടുത്തിരിക്കുന്നു.

"ഏതെങ്കിലുംദിവസം മീററിംഗിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനു അരമണിക്കൂറിനകം നിയമസഭാറൂൾ ൨൬-ാംവകുപ്പിൽ പറഞ്ഞിരിക്കുന്ന കോറം ഹാജരില്ലാതെവരുമ്പോൾ" എന്ന് നടപ്പിലിരിക്കുന്ന നിയമം ൧൫-ാം നമ്പർ പറയുന്നു.

അതുവരെ നടപ്പിലിരിക്കുന്നനിയമം ൧൫-ാംനമ്പർ ൨൬-ാംറൂളിനെമാത്രം ലക്ഷീകരിക്കുന്നു. അതിനുശേഷം നടപ്പിലിരിക്കുന്നനിയമം ൧൫-ാംനമ്പർ ഇപ്രകാരം തുടരുന്നു.

"അല്ലാത്തപക്ഷം കാര്യനിർവഹണാവസരത്തിൽ ഏതെങ്കിലും സമയം ൧൫ മെംബറന്മാർഹാജരില്ലെന്നഎണ്ണിഅദ്ധ്യക്ഷനു ബോദ്ധ്യപ്പെടുകയോ ചെയ്യുന്നുവെങ്കിൽ സഭസാധാരണ കൂടുന്ന അടുത്തദിവസത്തേക്ക മാററിവെക്കേണ്ടതാകുന്നു."

മി: കയ്യാലംപരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): നടപ്പിലിരിക്കുന്നനിയമം ൧൫-ാംനമ്പരിൽ "ഏതെങ്കിലും ദിവസം മീററിംഗ്നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ളസമയം" എന്നഭാഗത്തിലേക്ക മി: ആശാന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെയോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഒരു പ്രത്യേകദിവസത്തെ സംബന്ധിച്ചുമാത്രമേ ഒരു പ്രത്യേകസമയം നിശ്ചയിക്കാൻ സാധിക്കുകയുള്ളു. അതു് അനേകദിവസങ്ങൾക്കുകൂടി നിശ്ചയിക്കാൻപാടില്ല. മീററിംഗ് ഒരു നിശ്ചിതദിവസം രാവിലെ ൧൧-മണിക്കു തുടങ്ങുമെന്നും അതു് ഏതാനുംദിവസം തുടരുന്നതാണെന്നും ആദ്യത്തെരണ്ടുദിവസം ഔദ്യോഗികകാര്യങ്ങൾക്കും ശേഷംദിവസങ്ങൾ അനൌദ്യോഗികകാര്യങ്ങൾക്കും ഉപയോഗിക്കുന്നതാണെന്നും ആണ് നമുക്ക് സാധാരണകിട്ടുന്ന നോട്ടീസ്സ്. അതും മീററിംഗിനുള്ള എല്ലാദിവസവുംകൂടിയാണ് മീററിംഗാകുന്നതെന്നു പറയുന്നു. നടപ്പിലിരിക്കുന്നനിയമം ൧൫-ാംനമ്പരിന്റെ അവസാനഭാഗം ഇപ്രകാരമാകുന്നു "അല്ലെങ്കിൽ, കാര്യനിർവഹണാവസരത്തിൽ ഏതെങ്കിലും സമയം ൧൫ മെംബറന്മാരില്ലെന്നു എണ്ണിതിട്ടപ്പെടുത്തുന്നപക്ഷം സഭ സാധാരണകൂടുന്നതായ അടുത്തദിവസത്തേക്ക മാററിവെക്കാനുള്ളതാകുന്നു."

ഉപയോഗിക്കുന്നപദം "ദിവസം" എന്നാണ് അല്ലാതെ മീററിംഗ്എന്നല്ല.

ഞാൻ പ്രസ്താവിക്കാനാഗ്രഹിക്കുന്ന വേറൊരു സംഗതി ഇതാകുന്നു, നമ്മുടെറൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും ഉപയോഗിച്ചിരിക്കുന്ന മീററിംഗ്എന്നപദത്തിനു ഈ വ്യാഖ്യാനവും കല്പിക്കാമെന്നു ലാമെംബർസമ്മതിക്കുന്നു. എന്നാൽ അനൌദ്യോഗസ്ഥമാരുത്തുനിന്നും നോട്ടീസ്സ് വേണ്ടഅവസരങ്ങളിൽമാത്രമേ ആ വ്യാഖ്യാനം കൈക്കൊള്ളാവൂഎന്ന് പറയുന്നതിലാണ് അതിന്റെ നിർഭാഗ്യാവസ്ഥ സ്ഥിതിചെയ്യുന്നതു്. അല്ലെങ്കിൽ കാര്യനിർവഹണദിനാഘടങ്ങി ൧൫ ദിവസത്തെ നോട്ടീസ്സില്ലെന്നുള്ള ഏകകാരണത്താൽ ആദ്യമാക്കി മി: ഏ. ജി. മേനവന്റെ കുണപ്പാട്ടം ബിൽ അവതരിപ്പിക്കുന്നതിനു അനുവദിച്ചില്ലാ. നമ്മുടെ റൂളുകളും നട

പ്പിലിരിക്കുന്ന നിയമങ്ങളും സംബന്ധിച്ചിടത്തോളം മീററിംഗ് എന്നപദത്തിനു രണ്ടർത്ഥമുണ്ടെന്നു ബ. മെംബർ കാര്യമായി വാദിക്കുന്നപക്ഷം എനിക്കു പറയാനുള്ളത് അദ്ദേഹം ആ റൂളുകളും നടപ്പിലിരിക്കുന്ന നിയമങ്ങളും ഭേദപ്പെടുത്തുന്നതിനു ഉടൻതന്നെ ശ്രമിക്കണമെന്നാണ്. ഈ പദത്തിനു കല്പിക്കാൻ ശ്രമിക്കുന്ന യഥാർത്ഥം നമ്മുദ്ദേശ ഭാഗത്തിനു ഹാനികരമായിട്ടാണ് തീർന്നിരിക്കുന്നതെന്നു ഞാൻ ഇപ്പോൾ മനസ്സിലാക്കുന്നു. ഞങ്ങളുടെ കണ്ഠക്ഷോഭം ചെയ്യുന്നതിനും ഗവണ്മെന്റിനെ സഹായിക്കുന്നതിനുമായി അദ്ദേഹം ഈ വാക്ക് ഉപയോഗിച്ചുകൂടാത്തതാണ്.

ഉപാദ്ധ്യക്ഷൻ:—അതു് കുറെ കടന്നതും പ്രതിനിധിസഭക്കു യോജ്യമല്ലാത്തതുമാകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): എന്റെ അറിവിൽപെട്ടിടത്തോളം അതു പ്രതിനിധിസഭക്കു യോജ്യമല്ലാത്ത ഭാഷയാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ:—മി: ആശാൻ, ആ സംഗതിയെപ്പററി എന്നോടു തർക്കിക്കരുത്.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): കാണപ്പാട്ടം ബിൽ അവതരിപ്പിക്കുന്നതിനാഗ്രഹിച്ചസമയം ബ. മെംബർ മീററിംഗ് എന്നപദത്തിനു കല്പിച്ചവ്യാഖ്യാനം ഹേതുവായുണ്ട ബിൽ അവതരിപ്പിക്കുന്നതിൽ നേരിട്ട കാലതാമസം പൊതുജനങ്ങൾക്കു എത്രത്തോളം ബാധിച്ചുവെന്ന് ഞങ്ങൾക്കറിയാം. ഞാൻ സ്വല്പം മുമ്പു പ്രയോഗിച്ചതിനേക്കാൾ കുറെക്കൂടി ശക്തിയായ ഭാഷ എനിക്കു സ്വാധീനമായിരുന്നുവെങ്കിൽ ഞാൻ അതു ഉപയോഗിക്കുമായിരുന്നു.

അതിനാൽ, മീററിംഗ് എന്നപദത്തിന് യഥാർത്ഥം കല്പിക്കാമെന്നു ബ. മെംബർ കാര്യമായി വിശ്വസിക്കുന്നുണ്ടെങ്കിൽ എത്രയും വേഗത്തിൽ നമ്മുടെ റൂളുകളും നടപ്പിലിരിക്കുന്ന നിയമങ്ങളും ഭേദപ്പെടുത്തണമെന്നു ഞാൻ അതു നിർദ്ദേശിച്ചുകൊള്ളുന്നു.

ഉപാദ്ധ്യക്ഷൻ:—മി: ആശാൻ, നിങ്ങൾക്ക് റ. വ്യ-ാം റൂളിനെ സംബന്ധിച്ച് വല്ലതും പറയാനുണ്ടോ?

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, നടപടിക്രമത്തെപ്പററി സംസാരിക്കുന്നതിനു എനിക്കു താങ്കളുടെ അനുവാദമുണ്ടോ?

ഉപാദ്ധ്യക്ഷൻ:—നിങ്ങൾ ഈ വിഷയത്തെസംബന്ധിച്ച പ്രയോജനകരമായ എന്തെങ്കിലും പറയുവാൻ ഇടയുണ്ടാണെങ്കിൽ ഞാൻ വിഘ്നപ്പെടുത്തണമെന്നാഗ്രഹിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): നടപ്പിലിരിക്കുന്നനിയമം ൪ ൨-ാം നമ്പരിൽ മീററിംഗ് എന്ന പദത്തിനു ആശാൻ കല്പിച്ച വ്യാഖ്യാനത്തോടു ഞാനും യോജിക്കുന്നു. ബ. മെംബർ ഉദ്ധരിച്ച റൂളുകളും നടപ്പിലിരിക്കുന്ന നിയമങ്ങളും അതിനനുസരിച്ച് വിവരിക്കാവുന്നതാണ്.

സഭയുടെ അധികാരം ഉപയോഗിക്കണമെങ്കിൽ കുറഞ്ഞപക്ഷം മീററിംഗിൽ ൨൫ മെംബർമാർ എങ്കിലും ഉണ്ടായിരിക്കണമെന്നു ൩൦-ാം റൂളിൽ പറയുന്നു. മീററിംഗ് എന്നാൽ ഒരു ദിവസത്തെ മീററിംഗ് എന്നർത്ഥമാകുന്നുവെന്ന് കാണിക്കുന്നതിനു അതിൽ ഒന്നുംതന്നെയില്ല.

ഉപാദ്ധ്യക്ഷൻ: നമ്മുടെ റൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും മീററിംഗ് എന്ന പദം ഒരേ അർത്ഥത്തിലല്ലാ ഉപയോഗിച്ചിരിക്കുന്നതെന്ന് നിങ്ങൾ സമ്മതിക്കുമെന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ അതു സമ്മതിക്കുകയില്ലേ? എന്തെന്നാൽ റൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും റഗുലേഷനിലും ചില സ്ഥലങ്ങളിൽ ആ പദത്തിനു ഒരു ദിവസത്തെ മീററിംഗ് എന്നും മററു ചിലപ്പോൾ അനേക ദിവസത്തെ കാര്യനിർവ്വഹണമെന്നും അർത്ഥമാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എല്ലാ സ്ഥലത്തും ഒരേ അർത്ഥത്തിൽ തന്നേ ആ പദം ഉപയോഗിച്ചിരിക്കുന്നുവെന്നാണ് എനിക്കു തോന്നുന്നതു്. ഞാൻ അതിനാണ് ശ്രമിക്കുന്നതു്. നാം നടപ്പിലിരിക്കുന്ന നിയമം ൧൭-ാം നമ്പരിൽ കാണുന്നതു് ഇപ്രകാരമാണ്.

"ഏതെങ്കിലും ദിവസം മീററിംഗിനു നിശ്ചയിച്ചിട്ടുള്ള സമയത്തിനു അരമണിക്കൂറിനകം...... ..."

ബ. മെമ്പർ; "ഏതെങ്കിലും ദിവസം മീററിംഗിന് നിശ്ചയിച്ചിട്ടുള്ള" എന്ന വാക്യത്തിൽ ആശ്രയിക്കുന്നതും അതു ഒരു ദിവസത്തെ കാര്യനിർവ്വഹണമെന്നു വ്യാഖ്യാനിക്കുന്നതും ആകുന്നു. ഞാൻ ഭിന്നാഭിപ്രായത്തെ സ്വീകരിക്കുന്നു. അതേ മീററിംഗ് തന്നെ അനേക ദിവസം തുടരെ നടത്താവുന്നതാണ്. നാം ഒരേ മീററിംഗ് തന്നെയാണ് തുടരെ നടത്തുന്നതു്.

മീററിംഗ് ഏതാനും ദിവസങ്ങൾ നില നിൽക്കുന്നു. ഏതെങ്കിലും ഒരു ദിവസം ആവശ്യമുള്ള കോറം ഇല്ലാത്തപക്ഷം മീററിംഗ് അടുത്ത ദിവസം തുടരുന്നു. ഏതെങ്കിലും ദിവസത്തെ മീററിംഗ് എന്നു പറയുന്നതിനെ ഒരു പ്രത്യേക ദിവസം മാത്രമുള്ള മീററിംഗ് എന്നു നിയന്ത്രിച്ചു അർത്ഥമാക്കുന്നതിന് ഈ നടപ്പിലിരിക്കുന്ന നിയമത്തിലെന്താണ് കാണുന്നുള്ളതെന്നാണ് ഞാൻ ചോദിക്കുന്നതു്. ബ. മെമ്പർ കല്പിക്കുന്ന അർത്ഥം അതിനു ഏതു ഭാഷയിൽ നിന്നാണ് സിദ്ധിക്കുന്നതു്? മീററിംഗ് എന്ന പദത്തിനു ഒരു പ്രത്യേക ദിവസത്തെ മീററിംഗ് എന്നർത്ഥമാക്കത്തക്കവണ്ണം ആ നടപ്പിലിരിക്കുന്ന നിയമത്തിൽ ഒന്നുമില്ലെന്നാണ് എനിക്കു തോന്നുന്നതു്.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ള, മി: ആശാന്റെ വാദത്തെ ശക്തിപ്പെടുത്തുന്നതിനു നിങ്ങൾക്കു പുതുതായി വല്ലതും പറയാനുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): "സമ്മേളനം പൂർത്തിയാകുന്നതിനു ശേഷിപ്പുള്ള കാലാവധിയിൽ കഴിയാത്ത ഒരു നാളത്തേക്കു മെമ്പർ മീററിംഗിൽ ഹാജരാകാൻ പാടില്ലെന്നു അദ്ധ്യക്ഷൻ നിർദ്ദേശിക്കാവുന്നതും നിർദ്ദേശിക്കപ്പെട്ട മെമ്പർ അതനുസരിച്ചു നിവൃത്തിക്കേണ്ടതും ആകുന്നു." എന്നു റ. വ്യ-ാം റൂൾ പറയുന്നു.

ഇവിടെ, ഒരു സമ്മേളനത്തിൽ തന്നെ അനേകം മീററിംഗ് ഉള്ളതുകൊണ്ട് "സമ്മേളനം പൂർത്തിയാകുന്നതിനു ശേഷിപ്പുള്ള കാലാവധിയിൽ കഴിയാത്ത ഒരു നാളത്തേക്കു" എന്നു വാക്യം വ്യക്തമായി നിരൂപിക്കാ

യുന്നതാണ്. ആ വ്യാഖ്യാനത്തിനെതിരായി ഒന്നും തന്നെയില്ല. നമ്മുടെ സഭയെ സംബന്ധിച്ചിടത്തോളം മീററിംഗിന്റെ സംഖ്യ ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡാക്ടർ മെമ്പർ പറഞ്ഞേക്കാം... ..."

ഉപാദ്ധ്യക്ഷൻ: ആ സംഗതി ഇവിടെ ഉത്ഭവിക്കുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ പരമാർത്ഥത്തിൽ നടക്കുന്ന സംഗതിയെപ്പററി പ്രതിപാദിക്കുകയാണ്. ഒരു സമ്മേളനത്തിൽ രണ്ടോ മൂന്നോ മീററിംഗ് ഉണ്ടായേക്കാം. ക്ലിപ്തവ്യവസ്ഥകളനുസരിച്ചാണെങ്കിൽ തന്നെയും ഈ സമ്മേളനത്തിലെ രണ്ടാമത്തെ മീററിംഗാണ്.

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (വ്യവസായം, കൃഷിവടം തെക്ക്): ഓരോ ദിവസത്തേയും കാര്യനിർവ്വഹണത്തിനു ഒരു മീററിംഗ് എന്നു പറയുകയാണെങ്കിൽ ഇതിനെ മീററിംഗിന്റെ പത്താം ദിവസം എന്നു പറയണമെന്നാണോ മെമ്പർ വാദിക്കുന്നത്. അങ്ങനെയാണെങ്കിൽ ഇതു പത്താമത്തെ മീററിംഗായിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ. "മീററിംഗോ ജോലിയോ നിർത്തിവെക്കുകയോ മാററിവെക്കുകയോ ചെയ്യണം" എന്നു നടപ്പിലിരിക്കുന്ന നിയമം പത്താം നമ്പർ പറയുന്നു.

ഉപാദ്ധ്യക്ഷൻ: സഭയുടെ ശേഷിച്ച കാര്യനിർവ്വഹണദിനങ്ങൾ ഉൾപ്പെടുന്നില്ലെന്ന് അതിൽ നിന്നും അർത്ഥമാകുന്നുണ്ടോ? അതാണ് പരമാർത്ഥത്തിൽ വിഷമമായിരിക്കുന്നത്.

മി: ടി. സി. കേശവപിള്ള (കൽക്കുളം, വിളവങ്കോട്): ഓരോ ദിവസത്തേയും നടപടികളവസാനിക്കുമ്പോൾ "സഭ ഇന്നു നിർത്തുകയും വീണ്ടും നാളെ രാവിലെ ൧൧-മണിക്കു കൂടാ"മെന്നും അദ്ധ്യക്ഷൻ പ്രഖ്യാപനം ചെയ്യുന്ന വിവരം മി: താണുപിള്ളക്കറിയാമോ? അതു ഒരു പ്രത്യേക മീററിംഗ് എന്നോ ഒരേ മീററിങ്ങിന്റെ തുടർച്ചയെന്നോ മെമ്പർ വിചാരിക്കുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരേ മീററിങ്ങിന്റെ തുടർച്ചയെന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): മെമ്പർമാർക്കുള്ള സമൻസ്സിൽ "തിരുവിതാംകൂർ നിയമസഭയുടെ രണ്ടാമത്തെ മീററിങ്ങ് ഇടവം ൧൧-നു ബുധനാഴ്ച മുതൽ ഇടവം ൨൨-നു തിങ്കളാഴ്ച വരെ വിക്ടോറിയാ ജൂബിലി ടൌൺഹാളിൽ വച്ചു നടക്കുന്നതാണ്" എന്നു പ്രസ്താവിച്ചിരിക്കുന്നെന്ന വിവരം മെമ്പർക്കറിയാമോ? അതിൽ നിന്നും അതു ഒരു മീററിങ്ങാണെന്നു അർത്ഥമാകുന്നില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): തീർച്ചയായിട്ടും.

ഉപാദ്ധ്യക്ഷൻ: നിങ്ങൾ ആ ദിവസത്തെ മീററിങ്ങ് നിർത്തിവെക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): പിന്നീടു അതേ മീററിങ്ങ് തന്നെ തുടർന്നു കൊണ്ടു പോകുന്നു.

ഉപാദ്ധ്യക്ഷൻ: അതു കൊണ്ട്, ആ ദിവസത്തെ കാര്യപരിപാടി നിർത്തിവെക്കണമെന്നും അല്ലാതെ ആ സമ്മേളനത്തിന്റെ കാര്യനിർവ്വഹണമെല്ലാം അല്ലെന്നും അർത്ഥം വരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ ദിവസത്തേക്കു മീററിങ്ങ് നിർത്തിവെക്കണമെന്നു പറയുന്നു. അതിനാൽ മീററിങ്ങ് എന്നതിനു തുടർച്ചയുള്ള കാര്യനിർവ്വഹണമെന്നർത്ഥമാണെന്നു വരുന്നു.

ഇനിയും നടപ്പിലിരിക്കുന്ന നിയമം ൧൨-ാം നമ്പർ എടുക്കാം. ഒന്നിലധികം അർത്ഥത്തിൽ മീററിങ്ങ് എന്ന പദം ഉപയോഗിക്കുന്നുവെന്നു ഡാക്ടർ വാദിക്കുന്നു. അപ്രകാരമായിരുന്നാൽ തന്നെയും, "പിന്നീടുള്ള മീററിങ്ങ്" എന്നാൽ അടുത്ത കാര്യനിർവ്വഹണദിനമാണെന്നും അല്ലാതെ ഇടക്കുള്ള അനേകം കാര്യനിർവ്വഹണദിനങ്ങൾക്കു ശേഷം വരുന്ന ഒരു മീററിങ്ങല്ലെന്നും കാണിക്കുന്നതിനു നടപ്പിലിരിക്കുന്ന നിയമത്തിലെന്താണുള്ളത് "അടുത്ത ദിവസ"മാണെന്നും അല്ലാതെ ഞാൻ വാദിക്കുന്നതു പോലെ "അടുത്ത മീററിങ്ങ"ല്ലെന്നും കാണിക്കുന്നതിനു എന്തെങ്കിലുമുണ്ടോ? അതിലേക്കു നടപ്പിലിരിക്കുന്ന നിയമത്തിൽ യാതൊന്നും തന്നെയില്ലെന്നാണ് ഞാൻ ബോധിപ്പിക്കുന്നത്.

അദ്ദേഹം ആധാരമാക്കിയ നടപ്പിലിരിക്കുന്ന നിയമങ്ങളെ ഞാൻ ഉദ്ധരിച്ചു. ഇവയൊന്നും അദ്ദേഹത്തിനു സഹായമാകുന്നില്ല. ഞാൻ കല്പിക്കുന്ന അർത്ഥത്തിലുള്ള ഒരു മീററിങ്ങ് എന്നു മാത്രമേ മീററിങ്ങ് എന്ന പദത്തിനു അർത്ഥമാകുന്നിടയുള്ളു. അതു തന്നെയാണ് സാധാരണ ജ്ഞാനത്തിനും സൌകര്യത്തിനും കൂടുതൽ യോജിച്ചതും.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ഒരു തീരുമാനം ഉണ്ടാക്കുന്നതിനു മുമ്പായി ഒരു സംഗതി അദ്ധ്യക്ഷന്റെ ദൃഷ്ടിയിൽ വരുത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് ഭാഷയിൽ സാധാരണയായി രണ്ടുപേർ ഒന്നിച്ചുകൂടുമ്പോൾ ഒരു മീററിങ്ങാകുന്നു, നിയമസഭയെ സംബന്ധിച്ചിടത്തോളം, നിർദ്ദേശിക്കപ്പെട്ടിടത്തോളം മെമ്പർമാർ കൂടാത്ത പക്ഷം അതു ഒരു മീററിങ്ങാകുന്നതേയില്ല. മുൻപറഞ്ഞ അർത്ഥമനുസരിച്ചു, പരിഷ്കരിക്കപ്പെട്ട തിരഞ്ഞെടുപ്പു നിയമം ൧൨-ാം വകുപ്പു പ്രകാരം ഓരോ ദിവസത്തെ മീററിംഗിനും ഓരോ മെമ്പറും എല്ലാ ദിവസങ്ങളിലും വീണ്ടും സത്യം ചെയ്യേണ്ടതാണ്.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഓരോ മീററിങ്ങിനും വേണം.

ഉപാദ്ധ്യക്ഷൻ: അതു ഒരു പ്രാവശ്യമേ ചെയ്യേണ്ടതുള്ളു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എന്നാൽ, ഇപ്പോഴത്തെ വ്യാഖ്യാനപ്രകാരം ഒരു കാര്യനിർവ്വഹണദിനവും (Sitting) മീററിങ്ങും തമ്മിലെന്താണ് വ്യത്യാസം. അതാണ് എനിക്കു മനസ്സിലാകാത്തതു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): സർ, ഞാൻ മുമ്പു പറയാതെയിരുന്നതും താഴെ പറയുന്ന വാചകത്തിലുള്ളതുമായ നടപ്പിലിരിക്കുന്ന നിയമം ൫൯-ലേക്കു ഞാൻ നിങ്ങളുടെ ശ്രദ്ധയെ ക്ഷണിച്ചു കൊള്ളുന്നു. അവിടെ, ഉപക്ഷേപത്തെപ്പററി ഗൌനിക്കാനുള്ള മീററിംഗിനെപ്പററി പ്രതിപാദിച്ചിരിക്കുന്നു. അവിടെ ഉപയോഗിച്ചിരിക്കുന്ന പദം "ദിവസം" എന്നാണ്. "ഉപക്ഷേപത്തെപ്പററി ചിന്തിക്കുവാനുള്ള ദിവസത്തിനു അഞ്ചു ദിവസം മുൻകൂട്ടി തുക കുറയ്ക്കുന്നതിനോ നിഷേധിക്കുന്നതിനോ

ഉള്ള ഒരു പ്രമേയത്തിനു നോട്ടീസു കൊടുത്തിട്ടില്ലെങ്കിൽ, ഏതെങ്കിലും മെമ്പർ ആ പ്രമേയം അവതരിപ്പിക്കുന്നതിനു ആക്ഷേപം പുറപ്പെടുവിക്കാവുന്നതും നടപ്പിലിരിക്കുന്ന നിയമം നിർത്തിവെക്കുന്നതിനു അദ്ധ്യക്ഷനുള്ള അധികാരം ഉപയോഗിച്ചു പ്രമേയത്തെ അനുവദിക്കാത്തപക്ഷം അപ്രകാരമുള്ള ആക്ഷേപം സാധുവായിരിക്കുന്നതും ആകുന്നു."

ഉപാദ്ധ്യക്ഷൻ: സെൻസസ്സ് ബിൽ അവതരിപ്പിച്ചു ഇന്നു അവസാനവായന നടത്തണമെന്നു മി: കണ്ണാലം പരമേശ്വരൻപിള്ള അഭിപ്രായപ്പെട്ടു. നടപ്പിലിരിക്കുന്ന നിയമം ൭൨-ാം വകുപ്പനുസരിച്ചു ഇപ്രകാരമുള്ള ഒരു പ്രമേയം അടുത്ത ഒരു മീറ്റിംഗിലെ ആലോചന വിഷയമാക്കാൻ പാടുള്ളുവെന്നതിനാൽ അതു പാസ്സ്വമായി ബിൽ പാസ്സാക്കുന്നതിനു ഈ കാര്യനിർവ്വഹണങ്ങൾ സഭക്കധികാരമില്ലെന്നു മിസ്റ്റർ ആശാൻ ഒരു വാദം പുറപ്പെടുവിച്ചു. ഇന്നത്തെ മീറ്റിംഗ് ഇന്നലത്തെ മീറ്റിംഗിന്റെ ഒരു തുടർച്ചയാണെന്നും നടപ്പിലിരിക്കുന്ന നിയമം ൭൨-ാം നമ്പരിൽ "പിന്നീടുള്ള മീറ്റിംഗ്" എന്ന പദത്തിൽ ഇന്നത്തെ മീറ്റിംഗ് ഉൾപ്പെടുന്നില്ലെന്നും ആണ് മിസ്റ്റർ ആശാന്റെ തർക്കം. ഈ സംഗതിയെപ്പറ്റി വാദിക്കുന്നതിനു മിസ്റ്റർ ആശാനും മിസ്റ്റർ കണ്ണാലം പരമേശ്വരൻപിള്ളക്കും ധാരാളം സമയം അനുവദിച്ചുകൊടുത്തിട്ടുള്ളതും അവരവരുടെ വാദസ്ഥാപനത്തിൽ ധാരാളം കാര്യജ്ഞാനവും പര്യവേക്ഷണവും സാമർത്ഥ്യവും പ്രകടിപ്പിച്ചിട്ടുള്ളതും ആകുന്നു. മെസ്സേഴ്സ് താണുപിള്ള, പിറവിപ്പെരുമാൾപിള്ള, കെ. പി. നീലകണ്ഠപ്പിള്ള ഇവരും വാദത്തിൽ പങ്കെടുത്തു. നിയമസംബന്ധമായി അവർ അദ്ധ്യക്ഷസമക്ഷം പുറപ്പെടുവിച്ച വാദങ്ങളെ ശ്രദ്ധിച്ചു കേൾക്കുകയും ഞാൻ അവധാനപൂർവ്വം അതിനെപ്പറ്റി ചിന്തിക്കുകയും ചെയ്തതിൽ റഗുലേഷനിലൊ, റൂളുകളിലൊ നടപ്പിലിരിക്കുന്ന നിയമങ്ങളിലോ മീറ്റിംഗ് എന്ന പദം പ്രത്യേകമായോ സാങ്കേതികമായോ ഉള്ള ഒരർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നതെന്നു കാണുന്നു. മെസ്സേഴ്സ് ദാമോദരനാശാൻ, പിറവിപ്പെരുമാൾപിള്ള, താണുപിള്ള ഇവർ ഉദ്ധരിച്ച നടപ്പിലിരിക്കുന്ന നിയമങ്ങളും റൂളുകളും മനോഗതിയിൽ ചില സന്ദർഭങ്ങളിൽ നിയമസഭ ഈ പദം കൊണ്ടുദ്ദേശിച്ചിരിക്കുന്നതു ഒരു ദിവസത്തെ കാര്യനിർവ്വഹണം മാത്രമാണെന്നു ഞാൻ വിചാരിക്കുന്നു. മറ്റു സന്ദർഭങ്ങളിൽ തലേദിവസത്തെ മീറ്റിംഗിനെ തുടർന്നുള്ള അനേകദിവസത്തെ കാര്യനിർവ്വഹണത്തിനു മൊത്തമായിട്ടാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നത്. മിസ്റ്റർ ആശാൻ കല്പിച്ച അർത്ഥം ആ വാക്കിനുണ്ടാകാമെന്നു മിസ്റ്റർ പരമേശ്വരൻപിള്ള ന്യായമായി സമ്മതിച്ചു. എന്നാൽ അതു മാത്രമല്ലാ ആ വാക്കിനുണ്ടാകാവുന്ന അർത്ഥമെന്നും അദ്ദേഹം പറഞ്ഞു. ഈ സംഗതിയിൽ സംശയത്തിനിടയാക്കാത്തവിധം "മീറ്റിങ്ങ്" എന്ന പദത്തെ റൂളുകളിലും നടപ്പിലിരിക്കുന്ന നിയമങ്ങളിലും വിവരിച്ചിട്ടില്ലെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. ഇപ്രകാരമുള്ള സന്ദർഭങ്ങളിൽ നിയമനിർമ്മാണാവശ്യത്തിനു കൂടുതൽ സൌകര്യം നൽകുന്നവിധമുള്ള വ്യാഖ്യാനത്തെ കൈക്കൊള്ളുകയാണ് കൂടുതൽ രക്ഷാമാർഗ്ഗം. സെൻസസ്സ് ബിൽ ഇന്നലെ സഭയിൽ അവതരിപ്പിച്ചു. സാധാരണ നടപ്പിലിരിക്കുന്ന നിയമം നിർത്തിവെച്ചു. ബിൽ ആലോചനക്കെടുത്തു. അതു അശേഷം വാദവിഷയമായ ഒരു സംഗതിയല്ല. കഴിയുന്നത്ര വേഗത്തിൽ ബില്ലിന്റെ നിബന്ധനകൾ നടപ്പിലാക്കുന്നതിനു വേണ്ട നടപടികൾ എക്സിക്യൂട്ടീവ് ഗവണ്മെന്റിൽനിന്നും ചെയ്യേണ്ടിയിരിക്കുന്നു. മിസ്റ്റർ കണ്ണാലം പരമേശ്വരൻപിള്ളയുടെ അഭിപ്രായം സ്വീകരിക്കുന്നതുകൊണ്ടു സഭയുടെ അവകാശങ്ങൾക്കു യാതൊരു ദോഷവും വരാനിടയുണ്ടെന്നു എനിക്കു തോന്നുന്നില്ല. ഈ സഭയിലെയും അന്യസഭകളിലെയും നടപ്പിനെ അടിസ്ഥാനമാക്കിയാൽ, മിസ്റ്റർ കണ്ണാലം പരമേശ്വരൻപിള്ളയുടെ വ്യാഖ്യാനം സ്വീകരിക്കുന്നതിനു ബാധകമായി ഒന്നുംതന്നെ ഞാൻ കാണുന്നില്ല. ഇപ്രകാരം തുച്ഛമായ ഒരു സംഗതിയിൽ സഭ ഇത്രവളരെ സമയം വ്യയം ചെയ്യുന്നതല്ലെന്നും തങ്ങളുടെ അധികാരാവകാശങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ നിഷ്ഠയെന്താണെന്നു സഭാമെമ്പർമാർക്കറിയത്തക്കവണ്ണം എക്സിക്യൂട്ടീവ് ഗവണ്മെന്റു റൂളുകളിൽ വേണ്ട ഭേദഗതി വരുത്താവുന്നതാണെന്നുമുള്ള മിസ്റ്റർ ആശാന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. മിസ്റ്റർ ആശാന്റെ ആക്ഷേപത്തെ ഞാൻ നിരാകരിക്കുന്നു. ഞാൻ മിസ്റ്റർ പരമേശ്വരൻപിള്ളയുടെ പ്രമേയം അനുവദിച്ചിരിക്കുന്നു.

മി: സി. എസ്. കൃഷ്ണസ്വാമി അയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ധനകാര്യസെക്രട്ടറി): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഉപാദ്ധ്യക്ഷൻ: സഭ പ്രമേയത്തെ സ്വീകരിച്ചിരിക്കുന്നതായി ഞാൻ വിചാരിച്ചുകൊള്ളട്ടെയോ?

പ്രമേയം പാസാക്കപ്പെട്ടു.

കരംപിരിവുറഗുലേഷൻ ഭേദഗതിബിൽ.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): സർ, തിരുവിതാംകൂർ കരംപിരിവുറഗുലേഷൻ ഭേദപ്പെടുത്തുന്നതിനായി ഒരു ബിൽ ഞാൻ അവതരിപ്പിക്കുന്നു. ബില്ലിന്റെ ഉദ്ദേശ്യവും കാരണവും വ്യക്തപ്പെടുത്തി ആ ബിൽ ഗസറ്റിൽ പരസ്യംചെയ്തിട്ടുണ്ട്. ആ ബിൽ സഭയിൽ ആലോചനക്കെടുക്കുന്നതിനു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: സി. എസ്. കൃഷ്ണസ്വാമി അയ്യർ (ഗവണ്മെന്റ് ആക്ടിംഗ് ധനകാര്യസെക്രട്ടറി): ഞാൻ അതിനെ പിന്താങ്ങുന്നു.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): റഗുലേഷൻ ൭-ാം വകുപ്പിൽ ഒരു ഭേദഗതി ചെയ്യുന്നതിനെപ്പറ്റി ഈ ബിൽ പ്രതിപാദിക്കുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായം-കച്ചവടം തെക്ക്): ഉദ്ദേശ്യകാരണങ്ങൾ വിവരണംചെയ്യാതെ ബിൽ അവതരിപ്പിക്കുന്ന വിഷയത്തിൽ നിയമനിർമ്മാണസംബന്ധമായുള്ള നടപടി എന്താണെന്നു ഖാമെമ്പർ ഓർപ്പിക്കുമോ?

ഉപാദ്ധ്യക്ഷൻ: മി. പിറവിപ്പെരുമാൾപിള്ളേ, ആ ചോദ്യം എങ്ങനെയുൽഭവിക്കുന്നു.

മി: പിറവിപ്പെരുമാൾപിള്ള (വ്യവസായം- കച്ചവടം തെക്ക്): എനിക്കു ഒരു പ്രതി സിദ്ധിച്ചിട്ടില്ല.

ഉപാദ്ധ്യക്ഷൻ: മി. എസ്. പിറവിപ്പെരുമാൾപിള്ളേ, അതുവളരെ അതൃപ്തികരമായിരിക്കുന്നു. സജ്ജന്യമായ ഉദ്ദേശ്യം ഭവിക്കാനുണ്ടോ എന്നുള്ളതല്ലാ ചോദ്യം. അതു നിയമപ്രകാരമുള്ള ഒരു ചുമതലയും നിർവഹിക്കേണ്ടതും ആകുന്നു.

മി: കയ്യാലപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ആ ചുമതല മനഃപൂർവ്വം വിട്ടുപോയതല്ല. ആഫീസിൽനിന്നും പ്രതികൾ അയച്ചിട്ടുണ്ടെന്നാണ് എന്റെ അറിവ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ നടപടിക്രമത്തെ ചക്ഷ്യമാക്കുന്നു. ബിൽ ഗസററിൽ പരസ്യം ചെയ്യാതെയിരിക്കയും ബില്ലിന്റെ പ്രതികൾ മെംബർമാർക്ക് അയക്കാതെയിരിക്കയും ചെയ്യുമ്പോൾ ബിൽ സഭയിൽ അവതരിപ്പിക്കാമോ എന്നറിഞ്ഞാൽകൊള്ളാം. ഈ ബില്ലിനെ സംബന്ധിച്ച വിവരങ്ങൾ ഇപ്രകാരമാണ്. ബിൽ ഇന്നലെ അവതരിപ്പിക്കണമെന്നാണ് ഉദ്ദേശിച്ചിരുന്നത്. എന്തുകാരണത്താലോ അതു ഇന്നത്തേക്ക് മാററിവച്ചു. ബിൽ ഗസററിൽ പരസ്യം ചെയ്തിട്ടുമില്ല.

ഉപാദ്ധ്യക്ഷൻ. നിങ്ങൾക്ക ബില്ലിനെപ്പററി ആലോചിക്കുന്നതിനു സമയം സിദ്ധിച്ചിട്ടില്ലെന്നല്ലേ പറയുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): ബിൽ ഇന്നലത്തെ ഗസററിലാണ് പരസ്യം ചെയ്തിട്ടുള്ളത്.

ഉപാദ്ധ്യക്ഷൻ: മിനിഞ്ഞാന്നത്തേതിലാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം); മിനിഞ്ഞാന്നത്തെ തീയതി കാണുന്ന ഗസററിലാണ് അതു അച്ചടിച്ചതായി കാണുന്നത്. എന്നാൽ അതു ഇന്നലെ ഉച്ചവരെ വിതരണം ചെയ്തിട്ടില്ല. യഥാകാലം വിതരണം ചെയ്യാതെ പരസ്യമാകുന്നതല്ലെന്ന അധികം പ്രയാസം കൂടാതെ മനസ്സിലാക്കാവുന്നതാണ്. ഗസററിൽ അച്ചടിച്ചതുകൊണ്ടുമാത്രം പരസ്യമാകുന്നില്ല. സഭയിൽ അവതരിപ്പിക്കണമെന്നുദ്ദേശിച്ച അവസരത്തിൽ, അതു പരസ്യപ്പെടുത്തിയിട്ടില്ലായിരുന്നു. ഇന്നലെ ഉച്ചവരെ എനിക്ക് ബിൽ സിദ്ധിച്ചിട്ടില്ല. ഇന്നും രാജ്യത്തിന്റെ എല്ലാഭാഗത്തും ഗസററ് എത്തിയിരിക്കാൻ ഇടയില്ല. ആ സ്ഥിതിക്ക പരസ്യപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നതിൽ യാതൊരർത്ഥവും ഇല്ല. മിസ്റ്റർ പിറവിപ്പെരുമാൾപിള്ള പറയുന്നതുകൊണ്ടും എന്റെ സ്വന്തം അനുഭവംകൊണ്ടും ബില്ലിന്റെ പ്രതികൾ മെംബർമാരുടെ ഇടയിൽ വിതരണംചെയ്തതായി കാണുന്നില്ല. ഇന്നലെ ചോദിച്ചതിനുശേഷം എനിക്കൊരു പ്രതി കിട്ടി. എന്റെപേക്ഷ ഒരു പ്രതി [illegible] മം ആക്ഷേപം ഉണ്ടായിട്ടില്ല. ആ മെംബർ പറയുന്നതെന്തായിരുന്നാലും അതനുസരിച്ചു ഗസററിൽ പരസ്യപ്പെടുത്തിയിട്ടുണ്ടോ എന്നാണ് വാദവിഷയം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): മെമ്പർക്ക് മിനിയാന്നു ബിൽ അയച്ചിട്ടുള്ളതും അദ്ദേഹത്തിന്റെ ക്ലാർക്ക് അതു സ്വീകരിച്ചതായി രേഖയുള്ളതുമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്ക് അതു കിട്ടിയിട്ടില്ലാത്തതിൽ വ്യസനിക്കുന്നു. ഇപ്രകാരംതന്നെ മററു മെംബർമാരും പരാതിപ്പെടുന്നുണ്ട്.

ഉപാദ്ധ്യക്ഷൻ: അതു നിങ്ങളുടെപക്കൽ കിട്ടിയിട്ടില്ലെന്നുള്ള വാസ്തവം പരമാർത്ഥമാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): സാങ്കേതികമായി നോക്കുന്നപക്ഷം പരസ്യമുണ്ടെന്നു പറയാമെങ്കിലും അതു പരമാർത്ഥത്തിൽ പരസ്യമാകുന്നില്ല.

ഉപാദ്ധ്യക്ഷൻ: നടപ്പിലിരിക്കുന്നനിയമം എത്ര നമ്പർ അനുസരിച്ചാണ് ഈ ചോദ്യം ഉന്നയിച്ചിരിക്കുന്നതെന്നറിഞ്ഞാൽകൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): "തിരുവിതാംകൂർ നിയമസഭാ ചട്ടങ്ങളിൽ ൧൯-ാം ചട്ടം അനുസരിച്ച് ഒരു ബിൽ പരസ്യം ചെയ്യുമ്പോൾ, ബില്ലിന്റെയും ഉദ്ദേശങ്ങളും കാരണങ്ങളും അടങ്ങിയ ഒരു പ്രസ്താവനയുടെയും പ്രതി ഓരോ മെംബർമാർക്കും അയച്ചുകൊടുക്കേണ്ടതാണ്" എന്ന് നടപ്പിലിരിക്കുന്ന നിയമം ൨൯-ാംനമ്പർ പറയുന്നു.

ഉപാദ്ധ്യക്ഷൻ: അപ്രകാരം പ്രവൃത്തിച്ചിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അപ്രകാരം പ്രവൃത്തിച്ചിട്ടില്ല.

ഉപാദ്ധ്യക്ഷൻ: നിയമസഭാസെക്രട്ടറിയുടെ പ്രസ്താവനപ്രകാരം ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനുമുമ്പ് ഓരോ പ്രതി എല്ലാമെംബർക്കും അയച്ചിട്ടുണ്ട്. മിനിഞ്ഞാന്ന് സ്വീകരിച്ചതായി നിങ്ങളുടെ ക്ലാർക്ക് രസീതു കൊടുത്തിട്ടുണ്ടെന്നും പറയുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വ്യവസായം, കച്ചവടം, തൊഴിൽ): അദ്ദേഹത്തിനു ഗസററിന്റെ പ്രതി കിട്ടിയിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): മെംബർമാർക്ക് പ്രതികൾ കിട്ടിയിട്ടില്ലെന്നാണ് എന്റെ അറിവ്. കൂടാതെ ഗസററിലുള്ള ഇമ്മാതിരി സാങ്കേതിക പരസ്യം മതിയാകുമോ എന്നു സംശയിക്കുന്നുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): ഗസററിൽ പരസ്യം എപ്പോളാണു വന്നതെന്ന് കരുതേണ്ടതെന്നറിഞ്ഞാൽകൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതായാലും ഈ സമയംവരെയില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പരസ്യം എല്ലാവർക്കും അറിയുന്ന സമയത്തേയോ അതോ ഗസററിൽ പരസ്യം ചെയ്ത സമയത്തേയോ അദ്ദേഹം അർത്ഥമാക്കുന്നതെന്നറിഞ്ഞാൽകൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): മെംബർമാർക്ക് സിദ്ധിച്ചശേഷമെന്നാണ് ഞാൻ അർത്ഥമാക്കുന്നത്.

ഉപാദ്ധ്യക്ഷൻ: മിസ്റ്റർ താണുപിള്ള! ൨൯-ാം ചട്ടം അനുസരിച്ച് ബിൽ ഗസററിൽ പരസ്യംചെയ്തതായി വിചാരിക്കാൻ പാടില്ലെന്നും ഉദ്ദേശങ്ങളും കാരണങ്ങളും പ്രതിപാദിക്കുന്ന ബില്ലിന്റെ ഒരു പ്രതി നിങ്ങ

ൾക്ക് അറിവില്ലെന്നും നിങ്ങൾ പറയുന്നു. ആദ്യത്തേത് വ്യാഖ്യാനം സംബന്ധിച്ച ഒരു സംഗതിയും രണ്ടാമത്തേത് കാര്യത്തെ സംബന്ധിച്ച ഒരു പ്രശ്നവുമാണ്.

മി: എസ്സ്. പിറവിപെരുമാൾപിള്ള (വ്യവസായം, കച്ചവടം തെക്ക്): തിരുവിതാംകൂറിലെ എല്ലാ ജനങ്ങളുടെയും അറിവിനായിട്ടല്ല ബിൽ അച്ചടിച്ചു പരസ്യം ചെയ്യുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): തിരുവിതാംകൂറോട്ടുക്ക് പ്രചാരപ്പെടുത്തുന്നതിനായി ഗവർമെൻറു പ്രസ്സിലെ സൂപ്രണ്ടു അച്ചടിക്കുന്നവെന്നു മാത്രമേ അതിനർത്ഥമുള്ളു. പരമാർത്ഥത്തിൽ മി. ഏ. ജി. മേനവന് ഇപ്പോഴും അതു കിട്ടിയിരിക്കുകയില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളം, വിളവങ്കോട്): പരസ്യം സംബന്ധിച്ച ഒരു വാദമുഖത്തെ ഞാൻ സഭയുടെ ആലോചനയ്ക്കു സമർപ്പിച്ചുകൊള്ളുന്നു.

അതായതു ഗസററിൽ പരസ്യം ചെയ്താൽ മതിയോ?

ഉപാദ്ധ്യക്ഷൻ: അതിനെപ്പററിയാണു പ്രതിപാദിക്കുന്നത്. മി: താണുപിള്ള വാദമുഖം സമർപ്പിച്ചിരിക്കുന്നതും നിങ്ങൾക്കു അതിനെപ്പററി സംസാരിക്കാവുന്നതും ആണ്.

മി: ടി. സി. കേശവപിള്ള (കല്ക്കുളം, വിളവങ്കോട്): അതായതു അഞ്ചലിൽ ഇട്ടാൽ മതിയോ, മെംബർമാർക്കു കിട്ടണമെന്നല്ലയോ?

ഉപാദ്ധ്യക്ഷൻ: നിങ്ങളുടെ ആക്ഷേപം പ്രതിപാദിച്ചുകൊണ്ടിരിക്കുന്ന വിഷയത്തിൽ ഉൾപ്പെട്ടതാണെന്നു കാണുന്നപക്ഷം മറെറാരു വാദം സമർപ്പിക്കുന്നതിന് നിങ്ങൾക്കവകാശമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൨൯-ാംരൂളുപ്രകാരം ഒരു ബിൽ അവതരിപ്പിക്കണമെങ്കിൽ അതിനെ പരസ്യം ചെയ്യുകയും ഓരോ പ്രതി ഓരോ മെമ്പർക്കും അയക്കുകയും ചെയ്യേണ്ടതാവശ്യമാണ്. ഗസററിലെ പരസ്യംകൊണ്ടു ബിൽ അവതരിപ്പിക്കുന്നതിനു അനുവാദം ചോദിക്കേണ്ട ആവശ്യം വേണ്ടെന്നു വക്കാം. പരസ്യം ഉണ്ടെന്നും സഭയിലെ മെമ്പർമാർക്കു ബില്ലിൻെറ ഓരോ ഭാഗങ്ങളും മനസ്സിലാക്കുന്നതിനു ധാരാളം സമയമുണ്ടായിരുന്നുവെന്നും അതു കാണിക്കുന്നു. അതിൽ പറയുന്ന സന്ദർഭങ്ങളിൽ അനുവാദം വാങ്ങേണ്ട ആവശ്യമില്ലെന്നുള്ളതാണ് ആ രൂളിൻെറ അടിസ്ഥാനം. ഇപ്രകാരമുള്ള അവസരത്തിൽ ബിൽ ഗസററിൽ പരസ്യം ചെയ്യണമെന്നും മെമ്പർമാർക്കു വിതരണം ചെയ്യണമെന്നും പറയാമോ എന്നുള്ളതാണു വാദവിഷയം.

ഉപാദ്ധ്യക്ഷൻ: നിയമസഭാരൂൾ ൨൯-ാംവകുപ്പിൽ നിർദ്ദേശിച്ചിരിക്കുന്നതുപോലെ ഗവർമെൻറു ഗസററിൽ പരസ്യമില്ലാത്തതിനാൽ നിങ്ങളുടെ അഭിപ്രായപ്രകാരം ബിൽ അവതരിപ്പിക്കുന്നതിനു സഭയുടെ അനുവാദം വാങ്ങേണ്ടിയിരിക്കുന്നു. അതല്ലേ നിങ്ങളുടെ വാദം?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതേ.

ഉപാദ്ധ്യക്ഷൻ: സഭയുടെ അനുവാദംകൂടാതെ ലാമെമ്പറെ ബില്ലവതരിപ്പിക്കുവാൻ സമ്മതിക്കണമെങ്കിൽ, ൨൯-ാംരൂളനുസരിച്ചുള്ള വ്യവസ്ഥകൾ അനുവർത്തിച്ചിരിക്കണമെന്നാണു നിങ്ങളുടെ വാദം. അതനുസരിച്ചു പ്രവൃത്തിച്ചിട്ടില്ലെങ്കിൽ രൂളുപ്രകാരമുള്ള സാധാരണ നടപടി അനുകരിക്കേണ്ടതും സഭയുടെ അനുമതി വാങ്ങേണ്ടതും ആകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതുതന്നെയാണ് എൻെറ വാദം.

ഈ സംഗതിയുടെ പ്രായോഗികാവസ്ഥയെപ്പററി ചിന്തിക്കുന്നപക്ഷം മെമ്പർമാർ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമാണു വരുന്നതെന്നു നമുക്കറിയാം. പ്രതിപാദ്യവിഷയത്തെപ്പററി ശരിയായി പര്യാലോചിച്ചു സഭാസമക്ഷം വിമർശനംചെയ്യുന്നതിനു വേണ്ടസമയം കൊടുക്കാത്തപക്ഷം അതുവളരെ അതൃപ്തികരമായ വ്യവസ്ഥയുള്ള നിയമനിർമ്മാണമായിരിക്കുന്നതും തന്നിമിത്തം അതു യാതൊരു പ്രകാരത്തിലും അനുവദിച്ചുകൂടാത്തതും ആകുന്നു. സർ, ഇന്നലെയും ഇന്നുമായി ബില്ലിനെ മെമ്പർമാർക്കു കൊടുത്തശേഷം അവർ അതിനെപ്പററി പര്യാലോചിക്കുവാൻ പറയുന്നു. അതു യോഗ്യമാണോ എന്നാണു ഞാൻ ചോദിക്കുന്നത്. മെമ്പർമാർ ബില്ലിനെ ശരിയായി പഠിച്ച് വിമർശിക്കേണ്ടതല്ലേ? അതോ വൃഥാ സഭയിലിരുന്നു ആവശ്യംപോലെ കൈപൊക്കുകയോ കൈപൊക്കാതിരിക്കുകയോ ചെയ്യുന്നതാണോ അവരുടെ ജോലി? അവർ ബില്ലു പഠിച്ചിരിക്കണമെന്നല്ലേ വിചാരിക്കേണ്ടത്. അതിനു ന്യായമായ സമയം അനുവദിച്ചു കൊടുക്കേണ്ടതല്ലേ? അതിനാൽ, ഈ സ്ഥിതിക്ക് ൨൯-ാംവകുപ്പിലെ വ്യവസ്ഥകൾ അനുകരിച്ചിട്ടുണ്ടോ എന്ന് അദ്ധ്യക്ഷപീഠത്തിൽനിന്നും ഒരു തീരുമാനം കല്പിക്കേണ്ടതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, നടപടിക്രമത്തെ അനുകൂലിക്കുന്നതിൽ, ഞാൻ വേറൊരു നടപടിക്രമംകൂടി സമർപ്പിക്കുന്നു. "ഓരോ മീററിംഗിലും ഹാജരാകാനുള്ള ജോലിക്രമത്തിനു സെക്രട്ടറി ഒരു താൽക്കാലികലിസ്റ്റ് തയ്യാറാക്കി മീററിംഗിനു നിശ്ചയിട്ടുള്ള തീയതിക്കു ൧൪ ദിവസം മുൻകൂട്ടി ഓരോ മെമ്പർക്കു അയക്കാനുള്ളതാകുന്നു". ഇപ്രകാരം ഒരു താൽക്കാലികലിസ്റ്റിനുശേഷം, മീററിംഗിനു നിശ്ചയിച്ചിട്ടുള്ള തീയതിക്കു മൂന്നു ദിവസമെങ്കിലും മുൻകൂട്ടി അതാതു മീററിംഗിൻെറ കാര്യപരിപാടി തയ്യാറാക്കി ഓരോ മെമ്പർക്കു അയാളുടെ തിരുവനന്തപുരം മേൽവിലാസത്തിലോ സ്ഥിരംമേൽവിലാസത്തിലോ അയക്കേണ്ടതാണ്" എന്നു നടപ്പിലിരിക്കുന്ന നിയമം ൩൫-ാംനമ്പർ ബി ഉപവകുപ്പിൽ വിവരിച്ചിരിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അപ്രകാരം ചെയ്തിട്ടില്ല. അതല്ലേ നിങ്ങളുടെ വാദം. ആദ്യത്തെ താൽക്കാലികലിസ്റ്റിൽ കരംപിരിവുറഗുലേഷൻ ഭേദഗതിബിൽ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടില്ലെന്നു നിങ്ങൾ പറയുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമെൻറ് ആക്റ്റിംഗ് ചീഫ് സെക്രട്ടറി): അപ്രകാരം ചെയ്തിട്ടുണ്ട്.

ഉപാദ്ധ്യക്ഷൻ: ഗവർമെൻറുഭാഗത്തേക്കുവേണ്ടി, ഈ ബില്ലും ഉൾപ്പെടുത്തിയിട്ടുണ്ടെന്നു ഉറപ്പു തന്നിരിക്കുന്നു. ഉപാക്ഷേപം ആദ്യത്തെ ലിസ്റ്റിലോ കൂടുതലായി ചേർത്തിട്ടുള്ള ലിസ്റ്റിലോ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നാണ് ഇനിയും അറിയേണ്ടുന്നത്. ആദ്യത്തെ ലിസ്റ്റ് ൧൪ ദിവസം മുൻകൂട്ടിത്തന്നെ അയച്ചിട്ടുണ്ട്. ആലോചനാവിഷയമാക്കിയിട്ടുള്ള ഈ ബിൽ അതിലില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അതു രണ്ടാമത്തെ ലിസ്റ്റിലാണു സ്ഥലം പിടിച്ചിട്ടുള്ളതു്. അതിനുശേഷം ഒരു ദിവസം കഴിഞ്ഞിട്ടും ഇല്ല.

ഉപാദ്ധ്യക്ഷൻ: അപ്പോൾ, നിർദ്ദേശിച്ചിട്ടുള്ള നയമനുസരിച്ചാണെങ്കിലും താൽക്കാലികലിസ്റ്റിൽ ചേർത്തശേഷം നടപ്പിലിരിക്കുന്ന നിയമം ന. (ബി) അനുസരിച്ചു ഒരു ദിവസത്തെ നോട്ടീസു വേണമെന്നാണു് നിങ്ങളുടെ വാദം. അതു രണ്ടാമത്തെ ലിസ്റ്റിലുണ്ടു്. എന്നാൽ ഒരു ദിവസത്തെ നോട്ടീസു അതിനില്ലാതെയുമിരിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആദ്യത്തെ ലിസ്റ്റ് ഒരു ദിവസം മുമ്പും രണ്ടാമത്തെ ലിസ്റ്റ് അതിനുശേഷവും വിതരണം ചെയ്തിട്ടുള്ളതാണു്.

ഉപാദ്ധ്യക്ഷൻ: അതിനാൽ അതു് സത്യാവസ്ഥയെ അടിസ്ഥാനമാക്കിയുള്ള ഒരു ചോദ്യമാകയാൽ ബിൽ ആലോചനാവിഷയമാക്കാൻ പാടില്ലെന്നാണു നിങ്ങൾ പറയുന്നതു്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുമ്പൊരവസരത്തിൽ പ്രസിഡണ്ടു ചെയ്ത തീരുമാനത്തെയും ഞാൻ മെമ്പർമാരുടെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു. ഒരു ദിവസത്തെ നോട്ടീസു കൊടുത്തിട്ടുണ്ടോ എന്നാണു ചോദ്യം; മുമ്പൊരവസരത്തിൽ അന്നത്തെ അദ്ധ്യക്ഷൻ ചെയ്ത തീരുമാനത്തെ അനുകൂലിക്കയാണു ഞാൻ ചെയ്യുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): അതു് ഏപ്രിൽ ൨൨-ാംതീയതി അയച്ചിട്ടുള്ളതും മീററിംഗ് മെയ് ൧൯-ാം- തുടങ്ങാനുള്ളതും ആയിരുന്നു.

ഉപാദ്ധ്യക്ഷൻ: മീററിംഗു ൧൯-ാം- തുടങ്ങേണ്ടിയിരിക്കുന്നു. അഞ്ചു ദിവസം അഞ്ചലിൽ താമസിച്ചുപോയിരുന്നാൽ തന്നെയും, ഒരു ദിവസമുണ്ടു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂടുതലായി ഒരു ലിസ്റ്റ് കൂടി ഉണ്ടായിരുന്നാലും അതു എനിക്കു സിദ്ധിച്ചിട്ടില്ലാത്തതും ആകുന്നു.

ഉപാദ്ധ്യക്ഷൻ: അതു നിങ്ങൾക്കു മനഃപൂർവ്വം തരാതെയിരുന്നിട്ടുള്ളതാണെന്നു നിങ്ങൾ പറയുന്നില്ല. താൽക്കാലികലിസ്റ്റ് അയച്ചിട്ടുണ്ടെന്നും ഒരു ദിവസത്തെ നോട്ടീസുണ്ടെന്നും നമുക്കു വിചാരിക്കാം. സഭയിൽ ആലോചനക്കായി അവതരിപ്പിച്ചതിനു ഒന്നോ രണ്ടോ ദിവസംമുമ്പു മാത്രമേ ബിൽ ഗവൺമെന്റു ഗസററിൽ പരസ്യം ചെയ്തിട്ടുള്ളു എന്ന ഏകകാരണത്താൽ ൨൯-ാം റൂളിന്റെ നിബന്ധനകളനുസരിച്ചിട്ടുണ്ടോ എന്നാണു് സഭയുടെ മുമ്പാകെയുള്ള വാദമുഖം.

ദിവാൻജിയുടെ സമ്മതംവാങ്ങി ഗസററിൽ പരസ്യം ചെയ്യുന്നപക്ഷം സഭയുടെ അനുമതിയാവശ്യമല്ലെന്നു ഒരു വലിയ സൌകര്യം ചിലപ്പോൾ ഗവൺമെന്റിനും ചിലപ്പോൾ അനൌദ്യോഗസ്ഥാംഗങ്ങൾക്കും ഇതു കൊണ്ടു സിദ്ധിക്കുന്നതും സഭയുടെ അനുമതി നിർബന്ധമായിട്ടുള്ള സന്ദർഭത്തിൽ തങ്ങൾക്കുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നതിനുള്ള സൌകര്യം സഭക്കു നഷ്ടമായിപ്പോകുന്നതും ആകുന്നു. ൨൯-ാം റൂളിലെ വ്യവസ്ഥകൾ അനുസരിച്ചിട്ടുണ്ടോ എന്നു ഇപ്പോൾ സഭക്കു ആലോചിക്കാവുന്നതാണു്. മൂന്നു ദിവസത്തെ നോട്ടീസായാലും രണ്ടുമണിക്കൂർ നേരത്തെനോട്ടീസായാലും എന്റെ അഭിപ്രായത്തിൽ യാതൊരു വ്യത്യാസവുമില്ല.

മി: കല്ലാഡം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): "ഒരു ബിൽ (അതിനോടു ചേർന്നുള്ള ഉദ്ദേശങ്ങളും കാരണങ്ങളും സഹിതം) ഗസററിൽ പരസ്യം ചെയ്യുന്നതിനു ദിവാൻജിക്കു ഉത്തരവിടാവുന്നതാകുന്നു" എന്നു ൨൯-ാംറൂളിൽ പറയുന്നു.

"ഗസററിൽ പരസ്യം ചെയ്തുകഴിഞ്ഞാൽ, ഏതുസമയത്തും ആ ബില്ലിനു ചുമതലക്കാരനായ മെമ്പർ അതിനെ സഭയിൽ അവതരിപ്പിക്കാവുന്നതാണു്" എന്നു് നടപ്പിലിരിന്ന നിയമം ന. ൫-ാം നമ്പരിൽ പറയുന്നു.

പരമാർത്ഥത്തിൽ ദിവാൻജി പരസ്യത്തിനുത്തരവിട്ടിട്ടില്ലാത്തതും ബിൽ പരസ്യം ചെയ്തിട്ടില്ലാത്തതും ആണെങ്കിൽ ഈ ബിൽ അവതരിപ്പിക്കുന്നതു് നടപടിവിരുദ്ധമാണെന്നു ഞാൻ സമ്മതിക്കുന്നു.

ഉപാദ്ധ്യക്ഷൻ: അപ്പോൾ ദിവാൻജി ബിൽപരസ്യം ചെയ്യുന്നതിനു രണ്ടു ദിവസം മുമ്പു മാത്രമാണോ ഉത്തരവിട്ടതെന്നും ബിൽ അവതരിപ്പിക്കുന്നതിനു മെമ്പറെ അധികാരപ്പെടുത്തിയിട്ടുണ്ടോ എന്നുമുള്ള വിഷയം ആശ്രയിച്ചു് മുഴുവൻവാദവും സ്ഥിതിചെയ്യുന്നു. എല്ലാനിയമത്തെയും പോലെ തന്നെയാണു് നാം മേൽപറഞ്ഞ നിയമങ്ങളെയും വ്യാഖ്യാനിക്കേണ്ടതു്.

മി: കല്ലാഡം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടെങ്കിൽ പിന്നീട് ഏതുസമയത്തും, അടുത്ത നിമിഷം തന്നെയും, സഭയിൽ അവതരിപ്പിക്കാവുന്നതാണു്.

ഉപാദ്ധ്യക്ഷൻ: അങ്ങനെയായാൽ നിയമത്തിന്റെ ഉദ്ദേശം സാദ്ധ്യമാകുന്നുണ്ടോ?

മി: കല്ലാഡം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ): "ഗസററിൽ പരസ്യംചെയ്തുകഴിഞ്ഞാൽ ഏതവസരത്തിലും, ആ ബില്ലിനു ചുമതലക്കാരനായ മെമ്പർ അതിനെ സഭയിൽ അവതരിപ്പിക്കാവുന്നതാണു്" എന്നു നടപ്പിലിരിക്കുന്ന നിയമം വ്യക്തമായി പറയുന്നു.

ഉപാദ്ധ്യക്ഷൻ: "പരസ്യം" ഏതുവിധം വ്യാഖ്യാനിക്കപ്പെടേണമോ ആ വിധത്തിൽ തന്നെ ഗസററിൽ പരസ്യം നടന്നിട്ടുണ്ടെന്നു ഞാൻ സമ്മതിക്കാം. സഭയുടെ അനുമതികൂടാതെ നിങ്ങൾ ഏതവസരത്തിലും ബിൽ അവതരിപ്പിക്കാം. എന്നാൽ ൨൯-ാംവകുപ്പിൽ പരസ്യം എന്ന വാക്കിനു എന്തർത്ഥം കല്പിക്കണമോ ആ അർത്ഥത്തിലുള്ള പരസ്യം ഇല്ലെന്നാണു് അദ്ദേഹം തർക്കിക്കുന്നതു്.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): സത്യാവസ്ഥയ്ക്കു അതുപരസ്യം ചെയ്തിട്ടുണ്ട്. പറവൂർ, ദേവികുളം മുതലായ ദൂരസ്ഥലങ്ങളിൽ താമസിക്കുന്ന ഒരു മെമ്പർക്കു ഗസററ് കിട്ടിയിട്ടില്ലായിരിക്കാം. എന്നാൽ അതുകൊണ്ടു പരസ്യമായിട്ടില്ലായെന്നു അർത്ഥമാക്കാൻ പാടില്ല.

ഉപാദ്ധ്യക്ഷൻ. ഗസററിന്റെ ഉദ്ദേശമെന്താണ്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ഇപ്പോൾ ആവശ്യമുണ്ടോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ആ റൂൾപ്രകാരമുള്ള സാങ്കേതികവ്യവസ്ഥകൾ ശരിയായി നടത്തിയിട്ടുണ്ടെന്നാണ് ഞാൻ ഇപ്പോൾ പറഞ്ഞത്.

ഉപാദ്ധ്യക്ഷൻ. തൽക്കാലവിഷയത്തിൽ ബില്ലിന്റെ സ്വഭാവം അടിയന്തിരമില്ലാത്ത തരത്തിലുള്ളതാകയാലും അത്യാവശ്യത്തെക്കുറിച്ചോ സാങ്കേതികതടസ്സത്തെ സംബന്ധിച്ചോ ഉള്ള പ്രശ്നമൊന്നും നിങ്ങൾ സഭയുടെ അനുമതിയോടുകൂടാതെയും ബിൽ അവതരിപ്പിക്കാമെന്നു വിചാരിക്കുന്നു. കണ്ടെത്തിയ ദിവസത്തെ നോട്ടീസോ മറ്റൊരു ദിവസത്തെ നോട്ടീസോ കൊടുത്തിട്ടുള്ളതെന്ന ചോദ്യം ഒരേ തരത്തിൽ അടിസ്ഥാനമാക്കിയുള്ളതാണ്. അതു നിയമ വ്യാഖ്യാനത്തിന് യാതൊരു വ്യത്യാസവും ഉണ്ടാക്കുന്നില്ലാത്തതാണ്. പക്ഷേ പരസ്യം എന്നാൽ എന്തെന്നുള്ളതിനെ നാം നിർണ്ണയിക്കേണ്ടതാകുന്നു.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു ഗസററിൽ അച്ചടിച്ചിട്ടുണ്ടെങ്കിൽ പരസ്യമായി. പറവൂരോ, ഉടുമ്പൻചോലയോ മററു ദൂരസ്ഥലങ്ങളിലോ താമസിക്കുന്ന മി. എ. ജി. മേനോനോ മററാരെങ്കിലും മെമ്പർക്കോ അതു കിട്ടിയോ എന്നു അന്വേഷിക്കേണ്ട ആവശ്യമില്ല.

ഉപാദ്ധ്യക്ഷൻ. പരസ്യത്തിന്റെ ഉദ്ദേശമെന്താണ്? സഭയുടെ അനുമതികൂടാതെ ബിൽ അവതരിപ്പിക്കാനുള്ള അധികാരം നിയമസമിതി നിങ്ങൾക്കെന്തിനു തരുന്നു? പൊതുജനങ്ങൾക്കു വിമർശനം ചെയ്യാനും മെമ്പർമാർക്കു വേണ്ടവിധം ബില്ലിനെപ്പററി ചിന്തിച്ചശേഷം സഭയിൽ ഹാജരാകുന്നതിനുമുള്ള സമയം പരസ്യം കൊണ്ടു സിദ്ധിക്കുമെന്നുള്ളതുകൊണ്ടല്ലേ നിങ്ങൾക്കായവകാശം സിദ്ധിക്കുന്നത്? അപ്പോൾ ഇതൊരു ക്ഷേമമില്ലാത്ത ഒരു സംഗതിയാണെന്നു നിങ്ങൾ പറയുന്നു. ഞാൻ യാതൊരഭിപ്രായവും പുറപ്പെടുവിക്കുകയല്ല, ഞാൻ ഒരു ശൂന്യമനസ്സോടുകൂടിയിരിക്കുന്നു. നിങ്ങൾ ആ വാദത്തിനെങ്ങനെയാണു സമാധാനം പറവാൻ പോകുന്നത്. നിങ്ങൾ ബിൽ അവതരിപ്പിക്കുന്നതിനു തുടങ്ങുന്നു; സഭയുടെ അനുമതിയ്ക്കു ആവശ്യപ്പെടുന്നുമില്ല. ബില്ലിന്റെ യോഗ്യതയെപ്പററി ചിന്തിച്ചു തുടങ്ങണമെന്ന് നിങ്ങൾ പറയുന്നു; ബില്ലിനെപ്പററി ശരിയായി പര്യാലോചിക്കുന്നതിനു സമയമില്ലാതിരുന്നതുകൊണ്ടു ഞങ്ങൾ അതിനു ശക്തരല്ലെന്നു അവർ പറയുന്നു. അങ്ങനെയുള്ളവരെ കാര്യമായ ഒരു പരാതിയാണുതാനും. നിർഭാഗ്യവശാൽ നിങ്ങൾ നിയമപ്രകാരം ശരിയായിരിക്കുന്നു.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, പരമാർത്ഥം തന്നെ. റൂളിനെ സംബന്ധിച്ചിടത്തോളം ബിൽ പരസ്യം ചെയ്തപ്പോൾ ചുമതലയുള്ള മെമ്പർക്കു അതു ഏതു സമയത്തും ഹാജരാക്കാവുന്നതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): അച്ചടിച്ചുവെളിയിൽ ഇറക്കുന്നതിനുമുമ്പു പ്രിൻറിംഗ് പ്രസ്സിൽ വച്ചുതന്നെ അതു തീപിടിച്ചു പോയി എന്നു വിചാരിക്കുക. അപ്പോൾ അതു പ്രസിദ്ധപ്പെടുത്തിയതായിട്ടു വിചാരിക്കാമോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): അങ്ങനെ വരുമ്പോൾ പറയാം.

ഉപാദ്ധ്യക്ഷൻ. അച്ചടിച്ചതുകൊണ്ടുമാത്രം ഗസററിൽ പരസ്യമാകുമോ എന്നറിയാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അച്ചടിച്ചതുകൊണ്ടു മാത്രം പരസ്യമാകുമെന്നു ഞാൻ പറയുന്നില്ല.

ഉപാദ്ധ്യക്ഷൻ. അച്ചടിക്കുന്നതുമാത്രം പരസ്യമാകുന്നതല്ലെന്നും അതു അയച്ചിട്ടുണ്ടെന്നും നിങ്ങൾ സഭയിൽ സമ്മതിക്കുന്നു. ഇമ്മാതിരി നടപടി പ്രകാരമുള്ള നിയമനിർമ്മാണവും മററും പൊതുജനങ്ങളെ ബാധിക്കുന്നതാണ്. അനാവശ്യമായ ഒരു നിയമം പാസാകുന്നില്ലെന്നു സൂക്ഷിക്കേണ്ടതു തിരുവിതാംകൂറുകാരുടെ ആവശ്യമാണ്; ഈ അർത്ഥത്തിലാണു നിങ്ങൾ അതിനെ നേരിടേണ്ടതു.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നാം ഈ ചോദ്യങ്ങളെ കൂട്ടിക്കലർത്തരുത്. നാം അവയെ പ്രത്യേകം പ്രത്യേകമായി ഗൌനിക്കണം. ആദ്യമായി നിയമപ്രകാരമുള്ള വ്യവസ്ഥകൾ അനുസരിച്ചു പ്രവൃത്തിച്ചിട്ടുണ്ടോ എന്നും പിന്നീട് സത്യാവസ്ഥക്കു ആരെങ്കിലും എന്തെങ്കിലും ദൂഷ്യമുണ്ടോ എന്നും നോക്കണം.

ഉപാദ്ധ്യക്ഷൻ. ഈ സംഗതിയുടെ നാനാമുഖങ്ങളേയും അദ്ദേഹം വിമർശിക്കുകയും വേണ്ടിടത്തോളം മുൻകൂട്ടി ബിൽ പരസ്യം ചെയ്തിട്ടില്ലെന്നു വശദീകരിക്കുന്നതിനു അദ്ദേഹം ശ്രമിക്കുകയും ചെയ്തു.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): എന്റെ തർക്കം ഇതാണുകാര്യം ഗസററിൽ അച്ചടിക്കുകയും ഗസററ് വിതരണം ചെയ്യുന്നതിനായി പുറപ്പെടുവിക്കുകയും ചെയ്തുകഴിഞ്ഞപ്പോൾ പരസ്യമായി എന്നു ഞാൻ വിചാരിക്കുന്നു.

ഉപാദ്ധ്യക്ഷൻ. അതു തിരുവനന്തപുരത്തിനു വെളിയിൽ പോയിട്ടില്ല.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ഇല്ലായിരിക്കാം. എന്നാലും പരസ്യമാകും.

മി: രേവതിനാൾ രാമവർമ്മരാജ (എടവക): അച്ചടിച്ചു അഞ്ചലാപ്പീസ്സിൽ കെട്ടി അയച്ചതിനുശേഷമാണ് തീപിടിച്ചു പോയതെങ്കിൽ പരസ്യമാകുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സന്ദർഭോചിതമല്ലാത്ത ഇത്തരം ചോദ്യങ്ങൾക്ക് ഞാൻ മറുപടി പറയണമെന്നില്ല.

ഉപാദ്ധ്യക്ഷൻ. നിങ്ങൾ എല്ലാ വാദമുഖങ്ങൾക്കും സമാധാനം പറയണം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ) : അതു ഞാൻ ചെയ്യേണ്ടതു തന്നെ. മി. എ. ജി. മേനോനോ മററുവല്ലവർക്കോ ഒരു പ്രതികിട്ടിയിട്ടില്ലായിരിക്കാമെന്നും തന്നിമിത്തം പരസ്യമായിട്ടില്ലെന്നുമാണ് മി. താണുപിള്ളയുടെ വാദം. അതിനെ സംബന്ധിച്ചിടത്തോളം ആ ഭാഗ്യവാന്മാർക്ക് ഗസററിന്റെ ഒരു പ്രതികിട്ടിയെന്നോ അവർ അതുകണ്ടോ എന്നും ഞാൻ തെളിയിക്കേണ്ടതില്ല.

ഉപാദ്ധ്യക്ഷൻ. അതു ഞാൻ സമ്മതിക്കാം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) : അതു ഗസററിൽ പരസ്യം ചെയ്തിട്ടുണ്ട്. അതിനെപ്പററി അഭിപ്രായവ്യത്യാസത്തിനിടയില്ല.

ഉപാദ്ധ്യക്ഷൻ. മി. പരമേശ്വരൻപിള്ള, ഞാൻ നിങ്ങളുടെ വാദങ്ങളെ ശ്രദ്ധിച്ചു മനസ്സിലാക്കുന്നുണ്ട്. ചില വ്യക്തികൾക്ക് ബില്ലിന്റെ പ്രതികിട്ടിയിട്ടില്ലായിരിക്കാമെന്ന് നിങ്ങൾ സമ്മതിക്കുമോ? പലസ്ഥലങ്ങളിലും അയക്കുന്നതിലേക്ക് അച്ചടിച്ച് അയച്ചിട്ടുണ്ടെങ്കിൽ അതു പരസ്യമാണ്. അതു അങ്ങനെ മേധാവികൾ അയച്ചിട്ടുണ്ടോ ഇല്ലയോ എന്നതിനെപ്പററി നിങ്ങൾ ആലോചിക്കേണ്ടതയില്ലാ. അച്ചുക്കൂടത്തിൽ നിന്നും എല്ലാം പുറത്തയച്ചുകഴിഞ്ഞാൽ പിന്നെ പരസ്യപ്പെടുത്തിക്കഴിഞ്ഞുവെന്നു നിങ്ങൾ പറയുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അച്ചുക്കൂടത്തിൽനിന്നും ഏതാനും പേർക്ക് രണ്ടോ മൂന്നോ പ്രതികൊടുത്തുവെന്നിരിക്കട്ടെ അതു പരസ്യമാകുമോ?

ഉപാദ്ധ്യക്ഷൻ: രാജധാനിയിൽ നിന്നും ഏററവും ദൂരെ താമസിക്കുന്ന മി. എ. ജി. മേനവനോ മററേതെങ്കിലും മെംബർക്കോ ഗസററിന്റെ പ്രതികിട്ടാതെയിരുന്നാലും, അതു പരസ്യമായിയെന്നാണ് മി. പരമേശ്വരൻപിള്ളയുടെ വാദം. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം അച്ചടികഴിഞ്ഞ് വിതരണത്തിനായി ഗസററ് വെളിക്കിറക്കിയാൽ പരസ്യമായി.

മി. ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്) : നാം അതിനെപ്പററി പ്രതിപാദിക്കുന്നതെയുള്ളുവോ അതോ, ഒരു തീരുമാനം സിദ്ധിക്കുന്നതിനു ശ്രമിക്കുകയാണോ?

ഉപാദ്ധ്യക്ഷൻ: ഒരു തീരുമാനം ഉണ്ടാകുന്നതിനായി പ്രതിവാദിക്കുകയാണ്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) : പരസ്യപ്പെടുത്തികഴിഞ്ഞാൽ ഏതവസരത്തിലും, അരമണിക്കൂറായാലും വേണ്ടതില്ലാ, ബില്ല അവതരിപ്പിക്കുന്നതിനു എനിക്കു അധികാരമുണ്ടെന്നാണ് എന്റെ തക്കം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ഈ റൂൾ നിയമസഭാറൂളിൽ ഉൾപ്പെടുത്തിയതിനുള്ള ഉദ്ദേശം എന്താണെന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ) : റൂൾ നിർമ്മാണം സംബന്ധിച്ച ഫയൽ എന്റെ പക്കലില്ലാ. യുക്തിപൂർവ്വമായ എന്തെങ്കിലും അനുമാനം മി. ആശാൻ തരുന്നപക്ഷം ഞാൻ അതിനെ സമ്മതിക്കാം. ഇപ്പോൾ, ഈ അവസരത്തിൽ റൂൾ സുവ്യക്തമാണ്; അതിന്റെ ഉദ്ദേശമെന്തെന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടാവശ്യം എനിക്കില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) : ആ റൂൾ നിയമസഭാറൂളിൽ സ്ഥാനം പിടിച്ചിരിക്കുന്നതെന്തിനെന്ന് ലാമെംബർക്ക് വല്ല അറിവും ഉണ്ടോ?

ഉപാദ്ധ്യക്ഷൻ. അദ്ദേഹം അതിനു മറുപടിപറയുകയും റൂളിന്റെ ഉദ്ദേശമെന്തെന്ന് പറയുന്നതിന് നിവൃത്തിയില്ലാത്ത ഒരു പതനത്തിലാണു തന്റെ ഇപ്പോഴത്തെ അവസ്ഥയെന്നു സമ്മതിക്കുകയും ചെയ്തുവല്ലൊ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ) : അതിനാൽ ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടോ എന്നുള്ള ഒരു സംഗതിമാത്രം ഇപ്പോൾ ഉള്ളതും അതു ആരും നിഷേധിക്കുന്നില്ലെന്നു എനിക്കു തോന്നുന്നതും ആകുന്നു.

ഭാവിയെ ബലമായി ബാധിക്കുന്നതും വിഷമമേറിയതും വാദമുള്ളതും ആയ ഏതെങ്കിലും ഒരു സംഗതി ഈ റൂളിനെ ആധാരമാക്കി യാതൊരു മുന്നറിവും കൂടാതെ പൊടുന്നനവെ സഭയിൽ കൊണ്ടുവരുമോ എന്നാണ് പിന്നീടുള്ള ഒരു ചോദ്യം; ഇതു ഒട്ടുംതന്നെ അപ്രധാനമല്ലാത്ത ഒരു ചോദ്യം തന്നെ. അതിനെപ്പററി പറയുകയാണെങ്കിൽ, ഗവൺമെന്റ അവിവേകമായി ഒന്നും പ്രവൃത്തിക്കയില്ലെന്നു ഊഹിക്കേണ്ടതാണ്. അതിനും പുറമെ, സഭയ്ക്കു അതിനു പരിഹാരമാർഗ്ഗവും ഉണ്ട്. ഞാൻ ബിൽ അവതരിപ്പിച്ച് അതെപ്പററി വിസ്തരിക്കുമ്പോൾ അതിന്റെ തത്വങ്ങൾ മനസ്സിലാക്കുന്നതിനു പ്രയാസമെന്നു തോന്നുന്നപക്ഷം, ബില്ലിനെപ്പററിയുള്ള വാദപ്രതിവാദം മാററിവയ്ക്കണമെന്ന് അവർക്ക് അഭിപ്രായപ്പെടാവുന്നതാണ്. ആ സ്ഥിതിക്കു, ഈ സഭ ഗവൺമെന്റിന്റെ കാരുണ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്ന് എങ്ങിനെ പറയാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി) : ഈ ബിൽ ധൃതഗതിയിൽ കൊണ്ടുവരുന്നതിന് വിശേഷാൽ വല്ല കാരണവും ഉണ്ടോ?

ഉപാദ്ധ്യക്ഷൻ. മി. ആശാൻ, ആ ചോദ്യം ചോദിക്കുന്നതിന് നിങ്ങൾക്കവകാശമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) : സർ, മി. എ. ജി. മേനവനെപ്പററിയുള്ള എന്റെ പ്രസ്താവനയെ ലാമെംബർ വളരെ വലുതാക്കുന്നു.

ഉപാദ്ധ്യക്ഷൻ: നിങ്ങളും അതിനെ എന്തിനാണ് ഇത്ര വലുതായികരുതുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം) : അദ്ദേഹം അതിനെപ്പററി എത്ര വളരെപ്പറഞ്ഞു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്) : മി. എ. ജി. മേനവൻ തിരുവിതാംകൂർ പൊതുജനങ്ങളിൽ ഒന്നല്ലെന്നു നിങ്ങൾ പറയുന്നുണ്ടോ?

ഉപാദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ പേർ വലിച്ചുകൊണ്ടുവരാതിരിക്കണം. രാജധാനിയിൽ നിന്നും ഏററവും ദൂരെത്താമസിക്കുന്നമെംബർ മി. എ. ജി. മേനവനാകയാൽ അദ്ദേഹത്തിന്റെ പേർ കൊണ്ടുവന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം) : അച്ചുക്കൂടത്തിന്റെ പുരയിടത്തിനു വെളിയിൽ ഗസററ് കടന്നാലുടൻ സംഗതിപരസ്യപ്പെടുത്തിയിരിക്കുന്നുവെന്നു ലാമെംബർ വിചാരിക്കുന്നുവെന്നു തോന്നുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): പബ്ളിക് വിതരണത്തെ സംബന്ധിച്ചിടത്തോളം.

മി: എ. താണപിള്ള (തിരുവനന്തപുരം): ആവശ്യമുള്ളടത്തോളം പരസ്യം ഉണ്ടായിട്ടുണ്ടോ എന്നു പരസ്യത്തിന്റെ ഉദ്ദേശത്തെ അടിസ്ഥാനമാക്കി തീർച്ചപ്പെടുത്തേണ്ടതാണ്. അപകീർത്തികരമായ എന്തെങ്കിലും ഒരു സംഗതി ഗസററിൽ അച്ചടിക്കുകയും ആ ഗസററിന്റെ ഒരു പ്രതി ഒരു വ്യക്തിക്ക് കൊടുക്കുകയും ചെയ്താൽ അപകീർത്തിക്ക് അന്യായപ്പെടാൻ അതു മതിയായ പരസ്യമായിരിക്കും. എന്നാൽ ഒരു ബിൽ ഗസററിൽ പരസ്യം ചെയ്യുന്നതിന്റെ ഉദ്ദേശം സഭയിൽ നടക്കാൻ പോകുന്ന സംഗതികളെ പൊതുജനങ്ങളെ അറിയിക്കുന്നതിനാണ്. ഏതു ബില്ലാണ് അവതരിപ്പിക്കാൻ പോകുന്നതെന്നു പൊതുജനങ്ങളെ മനസ്സിലാക്കത്തക്കവണ്ണം വേണ്ട സമയത്തു പരസ്യം നടത്തിയിട്ടില്ലെന്നു ഞാൻ വാദിക്കുന്നു. ഗസററിൽ അച്ചടിച്ച് വിതരണത്തിനായി അച്ചുക്കൂടത്തിനു വെളിയിലിറക്കിയാലുടൻ പരസ്യമായില്ലേയെന്നു ലാമെമ്പർ വാദിക്കുന്നതു കണ്ടു ഞാൻ അത്ഭുതപ്പെട്ടുപോയി. സർ, അതു് എനിക്കു അശേഷം മനസ്സിലാകാത്ത ഒരു നിലയാണ്. മി. മേനോന് ഒരു പ്രതി കിട്ടാത്തതിനാൽ പരസ്യമായില്ലെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതു് എന്താണെന്ന് പൊതുജനങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ട സമയം ഉണ്ടായിരിക്കണം, അതാണ് എന്റെ അഭിപ്രായം. അതിനാൽ പരസ്യം ഉണ്ടോ, ഇല്ലയോ എന്നറിയുന്നതിന് പരസ്യത്തിന്റെ ഉദ്ദേശമെന്താണെന്ന് അന്വേഷിക്കണം. അച്ചടിച്ച് വിതരണം ചെയ്തു ന്യായമായ ഒരു സമയം കഴിഞ്ഞുവേണം വിഷയം സഭയിൽ അവതരിപ്പിക്കേണ്ടതു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): പരസ്യമുണ്ടായിട്ടുണ്ടെങ്കിൽ പരസ്യത്തിനുശേഷം എപ്പോഴും ബിൽ അവതരിപ്പിക്കാവുന്നതാണ്.

മി: എ. താണപിള്ള (തിരുവനന്തപുരം): സൂക്ഷ്മമായി പറയുകയാണെങ്കിൽ പരസ്യമേ ഇല്ലായിരുന്നു. അതു് വെറും അച്ചടിമാത്രമായിരുന്നു. അച്ചടിച്ച് അച്ചുക്കൂടത്തിൽനിന്നും വെളിയിലിറക്കിയതുകൊണ്ടുമാത്രം ബിൽ അവതരിപ്പിക്കാമെന്നു അദ്ദേഹം പറയുമോ?

റൂളിൽ ഉദ്ദേശിച്ചിരിക്കുന്നതുപോലെയുള്ള പരസ്യം ഇല്ലായിരുന്നുവെന്ന് ഞാൻ വീണ്ടും പറയുന്നു. പരസ്യം എന്തിനാണ്? അതുസഭയിൽ എന്തു നടക്കുന്നുവെന്നു പൊതുജനങ്ങൾ അറിയുന്നതിനാണ്. ഗസററ് രാജ്യത്തിന്റെ എല്ലാഭാഗത്തും എത്തുന്നതിനുള്ള സമയമെങ്കിലും ഉണ്ടായിരിക്കണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): പരസ്യത്തിനുശേഷം ന്യായമായ ഒരുസമയം അനുവദിച്ചുകൊടുക്കണമെന്നാണോ അദ്ദേഹത്തിന്റെ തർക്കം?

മി: എ. താണപിള്ള (തിരുവനന്തപുരം): വേണ്ടിടത്തോളം പ്രസിദ്ധീകരണമുണ്ടെങ്കിൽ പരസ്യമായി. അച്ചുക്കൂടത്തിൽനിന്നും വെളിയിലിറക്കിയതുകൊണ്ടു പരസ്യമായില്ല.

ഉപാദ്ധ്യക്ഷൻ: മി. താണപിള്ള, പ്രസിദ്ധീകരണത്തിനുശേഷം ന്യായമായ ഒരു സമയം ഉണ്ടായിരിക്കണമെന്നാണോ നിങ്ങൾ പറയുന്നതു്?

മി: എ. താണപിള്ള (തിരുവനന്തപുരം): അതേ, സർ അതു അവശ്യംതന്നെ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): സർ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ന്യായമായ ഒരു കാലം എത്രസമയമാണ്?

ഉപാദ്ധ്യക്ഷൻ: മി. താണപിള്ള, നിങ്ങളുടെ അഭിപ്രായത്തിൽ ന്യായമായ സമയം എത്രയാണെന്നു അദ്ദേഹം ചോദിക്കുന്നു. നിങ്ങൾ അതിനുമറുപടി പറയുകയോ വിസമ്മതിക്കുകയോ ചെയ്യാം.

മി: എ. താണപിള്ള (തിരുവനന്തപുരം): അതു് രാജ്യത്തിന്റെ എല്ലാഭാഗത്തും ഇവിടെ നടക്കുന്നതെന്തെന്നറിയുന്നതിനു [illegible] എത്തുന്നതിന് വേണ്ടസമയമാണ്. ജനങ്ങൾക്ക് ഇതു സാധിക്കുന്നതിന് വേണ്ട ശ്രമം ചെയ്തിട്ടുണ്ടോ?

ഉപാദ്ധ്യക്ഷൻ: ബിൽ ഇന്നത്തേക്കു മാററിവെച്ചിട്ടും നിങ്ങളുടെ സംശയം പ്രത്യേക തരത്തിൽ പതിപ്പിക്കുന്നതിന് വേണ്ടുന്ന സമയം സിദ്ധിച്ചിട്ടില്ലെന്നാണോ പറയുന്നതു?

മി: എ. താണപിള്ള (തിരുവനന്തപുരം): മെമ്പർമാർക്കുപോലും മതിയായ സമയം സിദ്ധിച്ചിട്ടില്ല. വാദമില്ലാത്ത ഒരു സംഗതിമാത്രമാണെന്ന് ലാമെമ്പർ പറഞ്ഞേക്കാം. എന്നാൽ എനിക്കു അതു ഒരു വലിയ കാര്യമായിട്ടാണ് തോന്നിയിരിക്കുന്നതു്. ഇവിടെ ഗവർമ്മെന്റധികാരമില്ലാത്ത സ്ഥലങ്ങളിൽ അധികാരം നൽകുന്നതിനാണ് ആലോചിക്കുന്നതു്.

ഉപാദ്ധ്യക്ഷൻ: അതിനെപ്പററി പ്രതിപാദിക്കുന്നതിനു ഞാൻ നിങ്ങളെ അനുവദിക്കുന്നില്ല. നമുക്കാദ്യമായി നിയമതടസ്സത്തെപ്പററി തീർച്ചചെയ്യാം.

മി: എ. താണപിള്ള (തിരുവനന്തപുരം): ബിൽ എന്തുചെയ്യാൻ പോകുന്നുവെന്നു ഞാൻ പറഞ്ഞതേയുള്ളു.

ഉപാദ്ധ്യക്ഷൻ: പരസ്യമുണ്ടെന്നു കാണിക്കുന്നതിനു അദ്ദേഹം ആശ്രയിക്കുന്ന ആ നിയമം ഏതെന്നു നിങ്ങൾ ദയവായി എന്നോടു പറയുമോ?

മി: ടി. പി. രാമസ്വാമയ്യർ (ഗവർമ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): പരസ്യം എന്നതിന്റെ വിവരണം കൊടുത്തിരിക്കുന്ന ജനറൽ ക്ലാസസ്സ് റഗുലേഷനിലെ ൨൯-ാം വകുപ്പിലേക്കു ഞാൻ സഭയുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ഏതെങ്കിലും റഗുലേഷനോ റൂളോ അനുസരിച്ച് ഏതെങ്കിലും ഉത്തരവോ പ്രസ്താവനയോ മറേറതെങ്കിലും സംഗതിയോ പരസ്യപ്പെടുത്തണമെന്നോ പ്രസ്താവിച്ചിരിക്കണമെന്നോ നിർദ്ദേശിച്ചിരുന്നാൽ, റഗുലേഷനിൽ മററുപ്രകാരത്തിൽ പറഞ്ഞിട്ടില്ലാത്തപക്ഷം അതു ഗസററിൽ പരസ്യംചെയ്യുമ്പോൾ അപ്രകാരമുള്ള പരസ്യമോ പ്രസ്താവനയോ ചെയ്തുകഴിഞ്ഞുവെന്ന് വിചാരിക്കേണ്ടതാണ്.”

ഉപാദ്ധ്യക്ഷൻ, മി. കണ്ണാലം പരമേശ്വരൻപിള്ള, ബില്ലിനെപ്പറ്റിയാപ്രതിവാദം നടത്തുന്നതിൽ എന്തെങ്കിലും വിഷമം നേരിടുന്നപക്ഷം സഭാനടപടി നിർത്തിവെക്കുന്നതിനു സഭയ്ക്കധികാരമുണ്ടോ എന്നു് നടപ്പിലിരിക്കുന്ന നിയമം ൫൩ ദയവുചെയ്തു് നോക്കിപ്പറയുക.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർ വക്കീൽ), സർ, സ്റ്റാൻഡിങ്ങ് ഓർഡർ ൫൩-ംപ്രകാരം സഭാനടപടി നിർത്തിവയ്ക്കാമെന്നാണ് എന്റെ അഭിപ്രായം.

ഉപാദ്ധ്യക്ഷൻ. നിയമസഭയുടെ ൫൯-ാംവകുപ്പനുസരിച്ച് ആവശ്യമായ പരസ്യം ഉണ്ടായിട്ടില്ലെന്ന കാരണത്താൽ കരംപിരിവു റഗുലേഷൻ ഭേദഗതി ബിൽ അവതരിപ്പിച്ചുകൂടെന്നു മി. താണുപിള്ള ആക്ഷേപം പുറപ്പെടുവിക്കുന്നു. ദിവാൻജിയുടെ സമ്മതപ്രകാരം ബിൽ ഗവർമ്മേണ്ടു ഗസററിൽ പരസ്യംചെയ്തുകൊണ്ട് സഭയുടെ അനുവാദം വേണ്ടെന്ന് വെച്ചിരിക്കുന്നുവെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ പരാതി ഗസററിൽ പരസ്യംചെയ്തു് ന്യായമായ ഒരുസമയം കഴിഞ്ഞശേഷമെ ബിൽ സഭയിൽ അവതരിപ്പിക്കാവൂ എന്നാണ്. പൊതുജനങ്ങളും മെംബർമാരും ആ നിയമനിർമ്മാണോദ്ദേശം എന്തെന്നറിയുന്നതിനും അതിനെപ്പററി ഉപയോഗപ്രദവും ഫലപ്രദവും ആയ വിമർശനങ്ങൾ നടത്തുന്നതിനും അവർക്കു സമയം കൊടുക്കേണ്ടതാണെന്ന് മി. താണുപിള്ള പറയുന്നു. മി. താണുപിള്ളയുടെ വാദം സാരവത്തായ ഒന്നുതന്നെയാണ്. ദിവാൻജിയുടെ സമ്മതപ്രകാരം ഗവർമ്മേണ്ടു ഗസററിൽ പരസ്യംചെയ്തു കഴിഞ്ഞാൽ സഭയുടെ അനുമതികൂടാതെ തന്നെ അതുസഭയിൽ അവതരിപ്പിക്കാമെന്ന് ഒരു വലിയ വിശേഷാധികാരം മെംബർമാർക്കു സിദ്ധിച്ചിട്ടുണ്ട്. ഈസ്ഥിതിക്ക് ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന്മുമ്പായി ന്യായമായ ഒരുസമയം മെംബർമാർക്ക് അനുവദിച്ചുകൊടുക്കേണ്ടതു്. വല്ലരെന്യായവും ഉചിതവും ആയ ഒരു പ്രവൃത്തിയായിരിക്കും എന്റെ അഭിപ്രായത്തിൽ സഭയുടെ വിശേഷാധികാരങ്ങൾക്ക് എന്നല്ലാം ഭംഗം വരിക്കുന്നതായാലും ഈ സംഗതി നമ്മൾ നടപ്പിലിരിക്കുന്ന നിയമവും അനുസരിച്ചു തീർച്ചപ്പെടുത്തേണ്ടതാണ്. മി. പരമേശ്വരൻപിള്ളയുടെ അഭിപ്രായപ്രകാരം ഗസററിൽ പരസ്യംചെയ്തു് അരമണിക്കൂർ കഴിഞ്ഞാലുടൻ ബില്ലിനു ചുമതലക്കാരനായ മെംബർ അതുസഭയിൽ അവതരിപ്പിക്കാവുന്നതാണ്. സൂക്ഷ്മമായി പറയുന്നപക്ഷം, അദ്ദേഹം ശരിയല്ലെന്നു പറയുവാൻ ഞാൻ തയ്യാറല്ല. സാങ്കേതികമായി നോക്കുന്നപക്ഷം അദ്ദേഹംപറയുന്നതു് ശരിയാണ്. ഈ വിഷയം അവതരിപ്പിക്കുന്ന പ്രാരംഭഘട്ടത്തിൽ ബുദ്ധിപൂർവ്വവും പ്രയോജനകരവും ആയ വിമർശനം നഷ്ടപ്പെട്ടുപോകയില്ലേയെന്നുള്ളതാണ് എന്റെ ശ്രദ്ധയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന മറെറാരു വിഷമം. അതിനാൽ ദീർഘമായ ആലോചനയുടെ ആവശ്യകത സഭയിൽ അവതരിപ്പിക്കണമെന്നുദ്ദേശിച്ചിരിക്കുന്ന നിയമനിർമ്മാണത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. ബിൽ ഏതുസമയത്തും അവതരിപ്പിക്കുന്നതിനു മെംബർക്ക് അവകാശമുണ്ടെങ്കിലും കൂടുതൽ സൂക്ഷ്മമായ വ്യവച്ഛേദനം ആവശ്യമെന്നും സഭയുടെ തീരുമാനം വിഷമമേറിയതെന്നും കാണുന്നപക്ഷം സഭയുടെ കാര്യപരിപാടി നിർത്തിവെക്കുന്നതിന് സഭയ്ക്കു അധികാരമുണ്ട്. കാര്യപരിപാടി നിർത്തിവയ്ക്കണമെന്ന് സഭയ്ക്ക് അഭിപ്രായപ്പെടുന്നതിന് അധികാരമുണ്ടെന്ന് വിവരിക്കുന്ന നടപ്പിലിരിക്കുന്ന നിയമം ൫൩-ലേക്ക് മി. പരമേശ്വരൻപിള്ള എന്റെ ശ്രദ്ധയെ ആകർഷിച്ചു. എന്റെ അഭിപ്രായത്തിൽ അതിൽ ശരിയായ പരിഹാരം അടങ്ങിയിട്ടുണ്ട്. ബില്ലിന്റെ തത്വങ്ങളെപ്പററി വാദപ്രതിവാദം നടത്തുന്നതിനിടയിൽ, കൂടുതൽസമയം കൂടാതെ വേണ്ടവിധം പര്യാലോചിക്കുന്നതിന് സാദ്ധ്യമല്ലെന്നു കണ്ടാൽ ഈസംഗതിയുടെ ആലോചനമാററിവയ്ക്കണമെന്നു നിങ്ങൾക്ക് അഭിപ്രായപ്പെടാവുന്നതാണ്. അതിനാൽ പ്രത്യക്ഷമായിട്ടുള്ള തെററിന് പരിഹാരം ഇല്ലാതില്ല. അതിനാൽ വ്യാകരണാനുസാരേണയുള്ള മി. പരമേശ്വരൻപിള്ളയുടെ വ്യാഖ്യാനം ദോഷഹീനമെന്നു തീരുമാനിക്കുന്നതിന് ഞാൻ തയ്യാറില്ല. ഈ പ്രത്യേകവിഷയത്തിൽ അപരഘട്ടത്തിൽ സഭാനടപടി മാററിവയ്ക്കാനുള്ള അവകാശം അനുവദിച്ചുകൊണ്ട് ഞാൻ മി. താണുപിള്ളയുടെ ആക്ഷേപം നിരാകരിക്കുന്നു.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർ വക്കീൽ) കരംപിരിവു റഗുലേഷൻ ൧൮-ാം വകുപ്പുപ്രകാരം ഡിവിഷൻപേഷ്ക്കാർക്കും, തഹസീൽദാരന്മാർക്കും പ്രവൃത്തിയാരന്മാർക്കും ഉള്ള അധികാരം ഒരു ഗസററ് പ്രസ്താവനമൂലം ഏതെങ്കിലും ഒരുദ്യോഗസ്ഥന് പേരുപറഞ്ഞോ അല്ലാത്തപക്ഷം ആ ഉദ്യോഗത്തെ അടിസ്ഥാനമാക്കിയോ നൽകാമെന്ന് വിവരിക്കുന്ന ആ വകുപ്പിൽ ഭേദഗതിചെയ്യുന്നതിനെപ്പററിയാണ് ഈ ബിൽ പ്രതിപാദിക്കുന്നതെന്ന് ഞാൻ പറഞ്ഞുവല്ലോ. ഗവർമ്മേണ്ടിലെ റവന്യൂ ഉദ്യോഗസ്ഥന്മാർ സാധാരണ ഉപയോഗിക്കുന്ന അധികാരങ്ങൾ ഏതുദ്യോഗസ്ഥനും കൊടുക്കുന്നതിനു ഈ വകുപ്പ് ഗവർമ്മേണ്ടിനെ അധികാരപ്പെടുത്തുന്നു. എന്നാൽ ഉദ്യോഗസ്ഥൻ എന്ന പദത്തെ റഗുലേഷനിൽ എങ്ങുംതന്നെ വിവരിച്ചിട്ടില്ല. ആ പദത്തിൽ ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരല്ലാതെ, മുൻസിപ്പാലിററി, ശ്രീപാദം, കൊട്ടാരം ആദിയായ സ്ഥലങ്ങളിലെ ഉദ്യോഗസ്ഥന്മാർ കൂടി ഉൾപ്പെടുമോ എന്ന ചിലസംശയങ്ങൾ ഉണ്ടായിട്ടുണ്ട്. ആസംശയനിവാരണം വരുത്തി പബ്ലിക്ക് കരങ്ങൾ ഈടാക്കുന്നതിനായി ഒരു പേഷ്ക്കാരുടേയോ- തഹസിൽദാരുടേയോ പ്രവൃത്തിയാരുടേയോ അധികാരങ്ങൾ മുൻസിപ്പാലിററിമുതലായ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന് കൊടുക്കുന്നതിന് ഗവർമ്മേണ്ടിനെ അധികാരപ്പെടുത്തുന്ന ഒരു വിവരണം കൂടി ൧൮-ാം വകുപ്പിൽ ചേർക്കണമെന്നു ആലോചിച്ചിരിക്കുന്നു.

മുൻസിപ്പാലിററി, ശ്രീപാദം, കൊട്ടാരം ഈസ്ഥാപനങ്ങളിലേക്കു കിട്ടുവാനുള്ള കരങ്ങൾ ഈടാക്കുന്നതിനു ആസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർക്ക് തഹസിൽദാരുടേയും പ്രവൃത്തിയാരുടേയും അധികാരങ്ങൾ നൽകുക ഗവർമ്മേണ്ടിന്റെ പതിവായിരുന്നു. ശ്രീപാദംകൊട്ടാരത്തിലേക്കു ഈടാക്കുവാനുള്ള കരം പബ്ളിക്ക് റവന്യൂവിന്റെ വിവരണത്തിൽ ഉൾപ്പെട്ടതാണെന്ന് ഞാൻ ഇതിനിടയിൽ പ്രസ്താവിച്ചുകൊള്ളുന്നു. ആ പബ്ളിക്ക്കരം ഈടാക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർ ൧൮-ാം വകുപ്പിൽ വിവരിക്കുന്നപ്രകാരമുള്ള ഉദ്യോഗസ്ഥന്മാരാകുമോ എന്നതിനെപ്പററി ചിലസംശയങ്ങൾ ജനിച്ചു. മുൻസിപ്പാലിററിയിലേയും ശ്രീപാദം കൊട്ടാരത്തിലേയും കരങ്ങൾ നിർബ്ബന്ധനടപടികൾ ഉപയോഗിച്ച് ഈടാക്കാവുന്നതാണെന്ന് നിയമം പറയുന്നു. ഇപ്രകാരമുള്ളകരം പിരിക്കുന്നതിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് ആവശ്യമായ അധികാരം ഗവർമ്മേണ്ടിന്റെ തീരുമാനപ്രകാരം കൊടുക്കുന്നതിനായിട്ടുമാത്രമാണ് ഞാൻ ആവശ്യപ്പെടുന്നതു്. ഞാൻ ഒരു പുതിയപദ്ധതിയൊ പ്രമാണമൊ സൃഷ്ടിക്കുന്നതിനു ആവശ്യപ്പെടുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) ആർക്കാണ് സംശയംതോന്നിയതു.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) 8-ാം വകുപ്പനുസരിച്ച് മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർക്കോ ശ്രീപാദം ഉദ്യോഗസ്ഥന്മാർക്കോ പബ്ളിക്ക് കരം പിരിക്കുവാനുള്ള അധികാരം കൊടുക്കാമോ എന്ന് ഗവണ്മെന്റുദ്യോഗസ്ഥന്മാർക്ക് സംശയം ജനിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഏതെങ്കിലും കോടതിയിൽ ഈ ചോദ്യം ഉത്ഭവിച്ചിട്ടുണ്ടോ

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം) റെഗുലേഷൻപ്രകാരം കരംപിരിക്കുന്നതിനു ശ്രീപാദം കൊട്ടാരത്തിൽ ഏതുഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാരെയാണ് അധികാരപ്പെടുത്താനുദ്ദേശിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) തഹസിൽദാരന്മാരായോ പ്രവൃത്തിയാരന്മാരും

മി: എ. താണുപിള്ള (തിരുവനന്തപുരം) ആ അധികാരം ഉപയോഗിക്കുന്നതിന് ശ്രീപാദം കൊട്ടാരത്തിലെ ഏതുദ്യോഗസ്ഥനെയാണ് ഇപ്പോൾ അധികാരപ്പെടുത്തിയിരിക്കുന്നതു്.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ശ്രീപാദം മാനേജർക്ക് ഇപ്പോൾ തഹസിൽദാരുടെ അധികാരങ്ങൾ നൽകിയിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം) പേഷ്കാരുടെ അധികാരങ്ങൾ ഇപ്പോൾ ആർക്കാണ് കൊടുത്തിരിക്കുന്നതു്?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) എന്റെ അറിവിൽപെട്ടിടത്തോളം ശ്രീപാദംകൊട്ടാരത്തിലെ യാതൊരുദ്യോഗസ്ഥന്മാർക്കും പേഷ്കാരുടെ അധികാരങ്ങൾ കൊടുത്തിട്ടില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) മുൻസിപ്പൽ നികുതി പിരിക്കുന്നതു് കരംപിരിവു റെഗുലേഷനിൽ എങ്ങനെയാണ് ഉൾപ്പെടുന്നതു്.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) പബ്ളിക്ക് കരംപോലെയാണ് മുൻസിപ്പൽ നികുതിപിരിക്കേണ്ടതെന്ന് മുൻസിപ്പൽ റെഗുലേഷനിൽ നിബന്ധനയുണ്ട്. പൊതുനികുതി ദിവാൻപേഷ്കാർക്കും തഹസിൽദാർക്കും പ്രവൃത്തിയാർക്കും പിരിക്കാവുന്നതാണ്. എന്നാൽ മുൻസിപ്പൽ ഉദ്യോഗസ്ഥന്മാരാണ് മുൻസിപ്പൽ നികുതി പിരിക്കേണ്ടതു്. അവർ തഹസിൽദാരന്മാരോ പ്രവൃത്തിയാരന്മാരോ അല്ലാ. മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർക്കാവശ്യമായ അധികാരം നൽകുന്നതിനു വേണ്ട അധികാരം എടുക്കുന്നതിനാണ് ഇപ്പോൾ ആലോചിക്കുന്നതു്. അതിലേക്കു അവർ 8-ാം വകുപ്പിൽ വിവരിക്കുന്ന ഉദ്യോഗസ്ഥന്മാരായിരിക്കണം. അതിനാണ് ഭേദഗതി.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി) ഒരു സാനിട്ടറി ആഫീസർക്കു ഒരു പേഷ്കാരുടെ അധികാരം നൽകുന്നതിനു ഗവണ്മെന്റിനെ അനുവദിക്കാത്ത ഏതെങ്കിലും നിബന്ധന ഈ റെഗുലേഷനിൽ ഉണ്ടോ?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ഇല്ലെന്നു ഞാൻ തീർത്തുപറയുന്നില്ല. ചിലസംശയങ്ങളിൽ ഉദിച്ചുവെന്ന് മാത്രമെ ഞാൻ പറയുന്നുള്ളു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി) ഗവണ്മെന്റു ഈ നിബന്ധനപ്രകാരം ഒരു സാനിട്ടറി ആഫീസർക്ക് പേഷ്കാരുടെ അധികാരം കൊടുക്കുകയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ഗവണ്മെന്റിന് ആവശ്യമുണ്ടെങ്കിൽ ഇപ്പോഴും ഒരു ചെറിയാഫീസർക്കുപോലുമുള്ള ഉദ്യോഗസ്ഥനു പേഷ്കാരുടെ അധികാരം കൊടുക്കാം. എന്നാൽ ഗവണ്മെന്റു ന്യായമായിട്ടേ പ്രവൃത്തിക്കുകയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം) ശ്രീപാദം ഉദ്യോഗസ്ഥന്മാരുടെമേൽ ഗവണ്മെന്റിനു വല്ല അധികാരങ്ങളുമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർ വക്കീൽ) എനിക്കറിവുള്ളടത്തോളം ഇല്ലാ.

മി. എ. താണുപിള്ള (തിരുവനന്തപുരം) ശ്രീപാദം കൊട്ടാരമുദ്യോഗസ്ഥന്മാർ അവരുടെ അധികാരം ദുരുപയോഗപ്പെടുത്തുന്നുവെന്നു വിചാരിക്കുക.

ഉപാദ്ധ്യക്ഷൻ: നികുതിപിരിക്കുന്നസംഗതിയിൽ അവർ ഗവണ്മെന്റുത്തരവിനധീനപ്പെട്ടവരാണ്.

മി. എ. താണുപിള്ള (തിരുവനന്തപുരം) ശ്രീപാദം മാനേജർ ഗവണ്മെന്റധീനത്തിലല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ഉപാദ്ധ്യക്ഷൻ ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം) അദ്ദേഹം അധികാരങ്ങളെ ദുരുപയോഗപ്പെടുത്തുന്നുവെന്നു വിചാരിക്കുക. ഗവണ്മെന്റിനു അയാളെ ശിക്ഷിക്കാൻ സാധിക്കുമോ.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) അദ്ദേഹം തന്റെ അധികാരങ്ങളെ ദുരുപയോഗിച്ചു വന്നു തെളിഞ്ഞാൽ പക്ഷെ ഒരു തഹസിൽദാരുടെയോ പ്രവൃത്തിയാരുടെയോ ഉത്തരവിനെ അസ്ഥിരപ്പെടുത്തുന്നതുപോലെ ദിവാൻപേഷ്കാർക്ക് ആയാളുടെ ഉത്തരവുകളും അസ്ഥിരപ്പെടുത്താവുന്നതാണ്.

ഉപാദ്ധ്യക്ഷൻ പേഷ്കാർക്കാണെങ്കിൽ അദ്ദേഹത്തിനെ ശിക്ഷിക്കാൻ നിവൃത്തിയല്ല. അധികാരം ദുരുപയോഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ, അപ്പീൽ കോടതി എന്നനിലയിൽ പേഷ്കാർക്കു ആയാളെ ശിക്ഷിക്കാം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്) അദ്ദേഹം പേഷ്കാരുടെ അനുസരണയിൻ കീഴിലാണോ.

മി. കല്ല്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) അല്ല.

മി എ. താണുപിള്ള (തിരുവനന്തപുരം) ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക് എന്തെങ്കിലും യോഗ്യതകൾ വേണ്ടതുണ്ടോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) എന്റെ അറിവിൽ പെട്ടിടത്തോളം ഇല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം) ഗവണ്മെന്റിനു എന്തെങ്കിലും യോഗ്യതനിശ്ചയിക്കുന്നതിനധികാരമുണ്ടോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ഗവണ്മെന്റും ശ്രീപാദവും തമ്മിലുള്ള ബന്ധത്തേയും അതിൽനിന്നുണ്ടാകുന്ന വിഷമതകളേയും പററി ചോദിക്കുകയാണെങ്കിൽ എനിക്ക് അതിനെപ്പററി പറയുന്നതിന് ത്രാണിയില്ല. അതു ചരിത്രസംബന്ധമായും ഭരണതന്ത്രസംബന്ധമായുമുള്ള ഒരു സംഗതിയാണ്. ഏതായാലും ആ ചോദ്യം ഉത്ഭവിക്കുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം) എനിക്ക് ചരിത്രവും വേണ്ടാ തന്ത്രവും വേണ്ട; ഗവണ്മെന്റിന് കൊട്ടാരമുദ്യോഗസ്ഥന്മാരുടെ മേൽ അധികാരമുണ്ടോ എന്ന സത്യാവസ്ഥയാണ് എനിക്കറിയേണ്ടത്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) ഗവണ്മെന്റ് യാതൊരധികാരവും ഉപയോഗിക്കുന്നില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ശ്രീപാദം കൊട്ടാരത്തെ ബാധിക്കുന്ന ഒരു നിയമനിർമ്മാണത്തിന് സഭയ്ക്കധികാരമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) സഭയ്ക്കധികാരമില്ല. ശ്രീപാദം കൊട്ടാരത്തെ സംബന്ധിച്ച സംഗതികൾ സഭയുടെ അധികാരസീമയിൽപെട്ടതല്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം) അതു ഗവണ്മെന്റിന്റെ ചുമതലയിലാണോ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ) അല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുൻസിപ്പാലിററികൾ ഗവണ്മെന്റ ചുമതലയിലാണെന്ന് ഞാൻ വിശ്വസിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അതു മുൻസിപ്പൽ റഗുലേഷൻ നിബന്ധനകളെ ആശ്രയിച്ചിരിക്കുന്നു. മുൻസിപ്പാലിററികളുടെമേൽ ഗവണ്മെന്റിന് ചില അധികാരങ്ങളുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു വിശേഷമാതിരിയിൽ ഇട്ടാൽപോരാ.

ഉപാദ്ധ്യക്ഷൻ: മി: താണുപിള്ളെ, മുൻസിപ്പാലിററിയിലെ നിയമനങ്ങളെ സംബന്ധിച്ചിടത്തോളം, ഗവണ്മെന്റിനു അവയുടെ പൂർണ്ണാധികാരമുണ്ടെന്ന് നിങ്ങൾക്കറിയാം.

മി: എ. താണുപിള്ള (തിരുവനന്തപുരം); സർ, ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക് തഹശീൽദാരന്മാരുടേയും പ്രവൃത്തിയാരന്മാരുടേയും അധികാരം കൊടുക്കുന്നപക്ഷം അവർ ഭൂസ്വത്തുടമസ്ഥന്മാരെ സീമാതീതമായി ഉപദ്രവിക്കുമെന്നാണ് ഞാൻ ഈ സഭയിൽ ബോധിപ്പിക്കുന്നത്. കൊട്ടാരമുദ്യോഗസ്ഥന്മാരെ നയിക്കുന്നതിന് ഗവണ്മെന്റിന് യാതൊരധികാരവുമില്ല. ഈ സ്ഥിതിക്ക് ഈ അധികാരങ്ങളെല്ലാം അപ്രകാരമുള്ള ഉദ്യോഗസ്ഥന്മാർക്ക് കൊടുക്കുന്നതിന്റെ അർത്ഥമെന്തെന്ന് എനിക്കറിഞ്ഞുകൂടാ.

ഉപാദ്ധ്യക്ഷൻ: മുൻസിപ്പൽ ഉദ്യോഗസ്ഥന്മാർ ഗവണ്മെന്റ് ചുമതലയിൽപെട്ടവരാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശ്രീപാദം ഉദ്യോഗസ്ഥന്മാരെ നയിക്കുന്നതിന് ഗവണ്മെന്റിന് വല്ല അധികാരവുമുണ്ടോ? അപ്രകാരമുള്ള അധികാരങ്ങൾ ഈ ആളുകൾക്കു കൊടുക്കുന്നതിന് ഞാനാളല്ല. ഗവണ്മെന്റുദ്യോഗസ്ഥന്മാരും ശ്രീപാദം ഉദ്യോഗസ്ഥന്മാരും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. ശ്രീപാദം ഉദ്യോഗസ്ഥന്മാർക്ക് തഹശീൽദാരന്മാരുടെയും പ്രവൃത്തിയാരന്മാരുടെയും അധികാരം കൊടുക്കുന്നത് ഒരു വലിയ തെററാണ്. ഞാൻ ഈ പ്രസ്ഥാനത്തെ എതിർക്കുന്നു. കൊട്ടാരമുദ്യോഗസ്ഥന്മാർക്ക് യാതൊരു യോഗ്യതകളും നിശ്ചയിച്ചിട്ടില്ല. അവർ ഗവണ്മെന്റധീനത്തിൽപെട്ടവരല്ല. ജംഗമസാമാനങ്ങൾ പിടിച്ചെടുക്കുന്നതിനും സ്ഥാവരവസ്തുക്കൾ ജപ്തിചെയ്യുന്നതിനും അവയെ വില്ക്കുന്നതിനും ഈ ഉദ്യോഗസ്ഥന്മാർക്കധികാരം കൊടുക്കുന്നപക്ഷം ഫലം ആപൽക്കരമായിരിക്കും. ഈ കാരണങ്ങളാൽ ഈ ബിൽ അവതരിപ്പിക്കുന്നതിനെ ഞാൻ എതിർക്കുന്നു.

ഉപാദ്ധ്യക്ഷൻ: കൊട്ടാരമുദ്യോഗസ്ഥന്മാർക്ക് ഇപ്രകാരമുള്ള അധികാരങ്ങൾ കൊടുക്കുന്നതിനെ നിങ്ങൾ ആക്ഷേപിക്കുന്നുവെന്നാണ് നിങ്ങളുടെ പ്രസംഗത്തിൽനിന്നും ഞാൻ മനസ്സിലാക്കിയത്. മുൻസിപ്പൽ കരം ഈടാക്കുന്നതിന് മുൻസിപ്പലുദ്യോഗസ്ഥന്മാർക്ക് അധികാരം കൊടുക്കുന്നതിനെ നിങ്ങൾ സമ്മതിക്കുന്നു. അല്ലാത്തപക്ഷം മുൻസിപ്പൽ കരം ഈടാക്കുന്നതിന് സാധാരണ റവന്യൂഉദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തേണ്ട ആവശ്യം ഗവണ്മെന്റിനു നേരിടും. ഈ ഭേദഗതികൊണ്ട് മുൻസിപ്പൽ കരം പിരിക്കുന്നതിനു അവകാശമുള്ള ജോലി ഇന്നു അവരിൽതന്നെ ചുമത്തുകയാണ് ഗവണ്മെന്റ ചെയ്യുന്നത്. ഈവിധത്തിൽ ഇതു റവന്യൂഡിപ്പാർട്ടുമെന്റിന്റെ ഭാരമേറിയ ജോലിയെ കുറവുചെയ്യുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കതെല്ലാം മനസ്സിലായി. ഞാൻ ബില്ലിനെ പാടെ എതിർക്കുന്നു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ഈ ബിൽ സൌകര്യമായിട്ട വായിച്ചുനോക്കി അഭിപ്രായം പറയുന്നതിനു സന്ദർഭം ലഭിച്ചിട്ടില്ലാത്തതിനാൽ ഇതിനെ സംബന്ധിച്ചുള്ള വാദപ്രതിവാദം ഇനി ഒരവസരത്തിലേക്കു മാററിവെക്കണമെന്ന് ഞാനഭിപ്രായപ്പെടുന്നു.

മി: എൽ. എ. രാജരാജവർമ്മകോയിൽത്തമ്പുരാൻ (ചങ്ങനാശ്ശേരി, പത്തുമേട്): ഞാനതിനെ അനുകൂലിക്കുന്നു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ് സർക്കാർവക്കീൽ): ഞാനതിനെ എതിർക്കുന്നു.

ഉപാദ്ധ്യക്ഷൻ: ഈ വിഷയത്തിൽ അതായത് കൂടുതൽ ആലോചനക്കുവേണ്ടി ബില്ലിനെപ്പററിയുള്ള വാദപ്രതിവാദം നിർത്തിവെക്കണമോ എന്നതിനെപററി സഭയുടെ അഭിപ്രായം അറിയട്ടെയോ?

പ്രമേയത്തെ അനുകൂലിക്കുന്നവർ ദയവുചെയ്തു കൈപൊക്കി അതിനെ കാണിക്കുമോ?

(എണ്ണിയതിൽ വാദപ്രതിവാദം നിർത്തിവെക്കുന്നതിനു വളരെ മെംബർമാർ വോട്ടുചെയ്തു.)

മി: ടി. പി. രാമസുബ്ബയ്യർ (ഗവർമ്മെന്റ് ആക്ടിംഗ് ചീഫ്സെക്രട്ടറി): ഞാൻ ഒരു പോൾ ആവശ്യപ്പെടുന്നു.

പോൾ എടുത്തതിൽ താഴെപറയുന്ന ഫലം പ്രത്യക്ഷപ്പെട്ടു.

ഉപക്ഷേപത്തിനനുകൂലികൾ ൨൭.

൧.	മി:	വി. ചെല്ലംപിള്ള	൧൫.	മി:	കെ. മാധവൻപിള്ള
൨.	,,	എ. എസ്സ്. ദാമോദരനാശാൻ	൧൬.	,,	പി. എസ്സ്. മഹമ്മദ്
൩.	മിസ്സസ്സ്	എലിസബെത്ത് കുരുവിള	൧൭.	,,	എച്ച്. ബി. മഹമ്മദ്റാവുത്തർ
൪.	മി:	ഇട്ടൂപ്പ് ഇട്ടിച്ചൻ	൧൮.	,,	മാത്യുമുരിക്കൻ
൫.	,,	ഡി. സി. ജോസഫ്	൧൯.	,,	ജി. പി. നീലകണ്ഠപ്പിള്ള
൬.	,,	കെ. സി. കരുണാകരൻ	൨൦.	,,	കെ. പി. നീലകണ്ഠപ്പിള്ള
൭.	,,	കെ. എൻ. കേശവൻനമ്പൂതിരിപ്പാട്	൨൧.	,,	മുറിവേലിൽപാച്ചുപിള്ള
൮.	,,	ആർ. കേശവപിള്ള	൨൨.	,,	കെ. പത്മനാഭപ്പണിക്കർ
൯.	,,	ടി. സി. കേശവപിള്ള	൨൩.	,,	കെ. ജി. പരമേശ്വരൻപിള്ള
൧൦.	,,	താമരപ്പള്ളിൽകൊച്ചുതൊമ്മൻ	൨൪.	,,	എൽ. ആർ. രാജരാജവർമ്മ
൧൧.	,,	എൽ. ആർ. കൃഷ്ണൻ	൨൫.	,,	ആർ. രാമൻപിള്ള
൧൨.	,,	എൻ. കെ. കൃഷ്ണപിള്ള	൨൬.	,,	രേവതിനാൾരാമവർമ്മരാജ
൧൩.	,,	വി. എസ്സ്. കൃഷ്ണപിള്ള	൨൭.	,,	എ. താണുപിള്ള
൧൪.	,,	എ. സി. കുറിയാക്കോസ്			

പ്രതികൂലികൾ ൧൫.

൧.	മി:	വി. അരുണാചലമയ്യർ	൮.	മി:	ടി. കെ. മാധവൻപിള്ള
൨.	,,	ഐ. സി. ചാക്കോ	൯.	,,	കയ്യാലം പരമേശ്വരൻപിള്ള
൩.	,,	ആർ. ധനകോടിപ്പിള്ള	൧൦.	,,	ഡാക്ടർ കെ. രാമൻതമ്പി
൪.	,,	പി. ഗോമതിനായകംപിള്ള	൧൧.	,,	ടി. പി. രാമസുബ്ബയ്യർ
൫.	,,	പി. എൻ. കൃഷ്ണപിള്ള	൧൨.	,,	എസ്സ്. സി. എച്ച്. റോബിൻസൺ
൬.	,,	സി. എസ്സ്. കൃഷ്ണസ്വാമിഅയ്യർ	൧൩.	,,	ആർ. വൈദ്യലിംഗംപിള്ള
൭.	,,	റാവുസാഹിബ് ഡാക്ടർ എൻ. കുഞ്ഞൻപിള്ള	൧൪.	,,	എസ്സ്. പിറവില്ലെമ്മാൾപിള്ള
			൧൫.	,,	കെ. മാധവൻ

നിഷ്പക്ഷപാതികൾ ൨.

൧. മി: എ. ജി. മേനോൻ

൨. മി: ഡി. ഫ്രാൻസിസ്സ്

മി: രേവതിനാൾ രാമവർമ്മരാജാവിന്റെ ഉപക്ഷേപം അനുവദിക്കപ്പെട്ടു.

ആദായനികുതി റഗുലേഷൻ ഭേദഗതിബിൽ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഉദ്ദേശങ്ങളും കാരണങ്ങളും വിവരിച്ചുകൊണ്ട് ഗസററിൽ പരസ്യം ചെയ്തിട്ടുണ്ടെന്നു ഇന്നലെ ഞാൻ പ്രസ്താവിച്ച ആദായനികുതി റഗുലേഷൻ ഭേദഗതി ബില്ലിനെ അവതരിപ്പിക്കുന്നതിനാണ് ഞാൻ തുനിയുന്നത്. ആ ബിൽ സഭയിൽ വായിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: സി. എസ്സ്. കൃഷ്ണസ്വാമിഅയ്യർ (ഗവർമ്മെന്റ് ആക്ടിംഗ് ധനകാര്യദർശി): ഞാൻ അതിനെപിന്താങ്ങുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഒരു നടപടിക്രമം പുറപ്പെടുവിക്കുന്നു. ഒരു മിനിട്ട് മുമ്പാണ് ഒരു നടപടിക്രമം പുറപ്പെടുവിച്ചത്. ഈ സംഗതിയിലും അതേനടപടിക്രമം യോജിക്കുന്നതാണ്. ഞാൻ മുമ്പു വാദിച്ച സംഗതികൾതന്നെ ഈ നടപടിക്രമത്തിനെപ്പററിയും പുറപ്പെടുവിക്കുന്നു. തന്നിമിത്തം സഭയുടെ സമയം വ്യയംചെയ്യേണ്ടയാവശ്യമില്ല.

ഉപാദ്ധ്യക്ഷൻ: നിയമനിർമ്മാണചട്ടം ൨൫-ാംവകുപ്പനുസരിച്ച് ഉദ്ദേശിച്ചിരിക്കുന്ന ഗസററ് പരസ്യം ഇല്ലാത്തതിനാൽ ബിൽ ആലോചനയ്ക്കെടുക്കാൻപാടില്ലെന്നു നിങ്ങൾ പറയുന്നു. ഞാൻ കരംപിരിവുറഗുലേഷൻ ഭേദഗതിബില്ലിനെ സംബന്ധിച്ച് തീരുമാനം കല്പിച്ചുവല്ലോ. നിങ്ങൾ ഇപ്പോൾ പുറപ്പെടുവിച്ച നടപടിക്രമത്തേയും ആ തീരുമാനം ബാധിക്കുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതേ നടപടിക്രമം പുറപ്പെടുവിക്കുന്നതിന് എനിക്കു യാതൊരു ബാധകവും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

ഉപാദ്ധ്യക്ഷൻ: ഇല്ല. ശരിക്കുമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇവിടെയുള്ള എന്റെ സ്നേഹിതന്മാർ ... ...

ഉപാദ്ധ്യക്ഷൻ: വാദതടസ്സമെന്നപോലെ സഭയിൽ ഒന്നുംതന്നെയില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഞാൻ ബില്ലിന്റെ തത്വങ്ങളെപ്പററി പ്രതിവാദിക്കാം. ബില്ലനുസരിച്ച് രണ്ടു ഉപക്ഷേപങ്ങളാണ് സ്പഷ്ടമായി കൊണ്ടുവന്നിരിക്കുന്നത്. അതിൽ ൫൦,൦൦൦ രൂപയിൽ കൂടുതൽ ആദായമുള്ളപ്പോൾ കൂടുതലുള്ളതുകൾക്ക് ഒരു സൂപ്പർടാക്സ് (കൂടുതൽ നികുതി) ചുമത്തുകയെന്നുള്ളതാണ് പ്രഥമവും കൂടുതൽ പ്രാധാന്യമേറിയതുമായ ഉപക്ഷേപം. ഇപ്പോഴുള്ള നികുതിക്കുപുറമെ ചുമത്തുന്ന നികുതിക്കാണ് സൂപ്പർടാക്സ് എന്നു പറയുന്നത്. ഇതു അതിൽ ൫൦,൦൦൦ രൂപയിൽ കൂടുതൽ ആദായമുള്ളപ്പോൾ ആ കൂടുതലുള്ളതുകയിൽമാത്രം ചുമത്തണമെന്നാണ് ഉദ്ദേ

ഷിച്ചിരിക്കുന്നതു്. ബ്രിട്ടീഷിൻഡ്യയിലും മൈസൂരിലും ഇതുമാതിരി കരംഉണ്ടു്. സൂപ്പർടാക്സിനു് നിശ്ചയിച്ചിരിക്കുന്ന നിരക്കു് രൂപയ്ക്കു ഒരു ചക്രം എട്ടു കാശാണു്. ബ്രിട്ടീഷിൻഡ്യയിൽ കൂടുതലുള്ള തുകയനുസരിച്ചു് ഈ കരം രൂപയ്ക്കു ഒരണമുതൽ ആറണവരെ ചുമത്തുന്നുണ്ടു്. മൈസൂരിൽ ഒരേയൊരു സ്ഥിരമായ നിരക്കാണു്. തിരുവിതാംകൂറിലും ഇപ്രകാരമുള്ള ഒരു നിരക്കാണുദ്ദേശിച്ചിരിക്കുന്നതു്. അതാണു് ബില്ലിന്റെ ശരിയായ നിബന്ധന. സൂപ്പർടാക്സിന്റെ ഉദ്ദേശം കൂടുതലായ ആദായമോ കരംകൊടുക്കുന്നവരെല്ലാ ഒരുവനിലോ ഒരു പൗരനിലോ കൂടുതൽഭാരം ചുമത്തണമെന്ന ഗവർമ്മെന്റിന്റെ ആഗ്രഹമോ അല്ലെന്നു് ഞാൻ ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ഇവിടെ ഉണ്ടാകുന്ന തേയില കയററുമതിചെയ്യുമ്പോൾ നൂറുപൗണ്ടിനു് ഒന്നരരൂപവീതം ചുങ്കം ചുമത്തപ്പെടുന്നു. ബ്രിട്ടീഷിൻഡ്യയിലും തേയിലക്കു് ഇത്രയും ചുങ്കമുണ്ടു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉദ്ദേശത്തിന്റെയും കാരണങ്ങളുടെയും വിവരണം തെററിദ്ധരിപ്പിക്കുന്നതാകുന്നു. അതു തേയിലച്ചുങ്കത്തെപ്പററി പ്രതിപാദിക്കുന്നില്ല. അതു കൂടുതൽ കരം ചുമത്താൻ പോകുന്നുവെന്നു് പറയുന്നു.

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ചുമത്തണമെന്നുദ്ദേശിക്കുന്ന സൂപ്പർ ടാക്സുകൊണ്ടു ഗവർമ്മെന്റിനു് കൂടുതലായ ഒരു ആദായവും കിട്ടുന്നതല്ലാ.

മി: താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടാണു് അതു തെററിദ്ധരിപ്പിക്കുന്നതാണെന്നു ഞാൻ പറഞ്ഞതു്.

ഉപാദ്ധ്യക്ഷൻ: അതു പൂർണ്ണമല്ല.

മി: കയ്യാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതിനെ വിശദമാക്കുന്നതിനാണു ഞാൻ തുനിയുന്നതെന്നുള്ളതുകൊണ്ടു സന്തോഷിക്കുന്നു.

തേയിലയ്ക്കു കയററുമതിച്ചുങ്കം ഉണ്ടെന്നാണു ഞാൻ പറഞ്ഞതു്. ഇതിൽനിന്നും ഗവർമ്മെന്റിലേയ്ക്കു ൧൧൦൮-ാമാണ്ടു് ൫.൩൪ ലക്ഷം രൂപാകിട്ടി. ൧൯൩൩ മാർച്ചു് ൧-ാം-മുതൽ ബ്രിട്ടീഷിൻഡ്യയിൽ തേയിലയ്ക്കുള്ള കയററുമതിച്ചുങ്കം നിർത്തലാക്കപ്പെട്ടു, ഇവിടെയും തേയിലക്കുള്ള കയററുമതിച്ചുങ്കം നിർത്തലാക്കണമെന്നു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടു്. അപ്രകാരം ചെയ്യുന്നപക്ഷം സ്വാഭാവികമായി തിരുവിതാംകൂറിലെ ആദായവും കുറയും. തന്നിമിത്തം ആദായംസിദ്ധിക്കുന്ന മററിനങ്ങൾ കണ്ടുപിടിക്കേണ്ടതായിരിക്കുന്നു. തേയിലയുടെ കയററുമതിച്ചുങ്കം നിർത്തലാക്കുന്നതിനും ൫൦,൦൦൦ രൂപയിൽ കൂടുതലുള്ള ആദായത്തിനു സൂപ്പർ ടാക്സ് ചുമത്തുന്നതിനും തേയിലയിൽ നികുതിചുമത്താവുന്ന ഭാഗത്തെ ൫൦ ശതമാനത്തിൽനിന്നും നാല്പതോ അൻപതോ ശതമാനമായി കൂട്ടുന്നതിനുമാണു് ഇപ്പോൾ ഉദ്ദേശിക്കുന്നതു്. ഒടുവിൽ പറഞ്ഞതു ഇപ്പോൾ സഭാസമക്ഷത്തില്ലാ. നമ്മുടെ ഉദ്ദേശങ്ങളെന്തെന്നു് ഞാൻ സഭയെ അറിയിച്ചുവെന്നേയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ നിബന്ധന അന്യ ജനങ്ങളേയും ബാധിക്കുമോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതാണു സഭ ആലോചിക്കേണ്ടതു്. കയററുമതിച്ചുങ്കം നിറുത്തിയാൽ നഷ്ടമാകുന്ന നാലിൽ ചില്വാനംലക്ഷം രൂപാ ഗവർമ്മെന്റു ഈടാക്കേണ്ടിയിരിക്കുന്നു. അതിനാൽ ഗവർമ്മെന്റിന്റെ ഒരു ഉപക്ഷേപം സൂപ്പർടാക്സു ചുമത്തുകയാണു്. സൂപ്പർടാക്സു കൊടുക്കേണ്ടിവരുന്നവരിൽ ഒരു വലിയ ഭൂരിപക്ഷം കമ്പനികളാണെന്നു് വെളിവായിട്ടുണ്ടു്. കമ്പനികളല്ലാതെ മററാളുകളും സൂപ്പർടാക്സു കൊടുക്കേണ്ടിവരുമോ എന്നു് മി. താണുപിള്ള ചോദിച്ചു. അന്യരും അതിൽ ഉൾപ്പെട്ടേക്കാം. എന്നാൽ ഇവയിൽ ഒരു വലിയ ഭൂരിപക്ഷം തേയിലക്കമ്പനികളായിരിക്കുന്നതും തിരുവിതാംകൂറിലെ തേയിലക്കമ്പനികളിൽ ൯൦ ശതമാനവും തിരുവിതാംകൂർകാരല്ലാത്തവരുടേതാകയാൽ സൂപ്പർടാക്സ് അധികവും അവരെ ബാധിക്കുന്നതും ആണു്. അവർ ഏറെക്കുറെ സൂപ്പർ ടാക്സിനു അനുകൂലിക്കുന്നവരാണെന്നു തോന്നുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ബ്രിട്ടീഷിൻഡ്യയിൽ ഈ കയററുമതിച്ചുങ്കം ഇല്ലയോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ഇപ്പോൾ ഇല്ല. കയററുമതിച്ചുങ്കം നിർത്തലാക്കുന്നപക്ഷം തങ്ങളും ലോകത്തിൽ മററുരാജ്യങ്ങളിലുള്ള തേയിലകൃഷിക്കാർക്കു തുല്യമായ നിലയിലെത്തുമെന്നാണു് തേയിലത്തോട്ടക്കാരുടെ അഭിപ്രായം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): നഷ്ടം ഇതുകൊണ്ടു പരിഹരിക്കപ്പെടുമോ എന്നറിഞ്ഞാൽ കൊള്ളാം.

ഉപാദ്ധ്യക്ഷൻ: അതുതന്നെയാണു് അദ്ദേഹം ഇപ്പോൾ വിസ്തരിക്കുന്നതു്. ചുങ്കംകൂടാതെ തേയില ഇറക്കുമതിചെയ്യുമ്പോൾ തിരുവിതാംകൂറിലെ തേയിലത്തോട്ടക്കാർക്കു ലോകത്തിലെ വാണിജ്യകേന്ദ്രങ്ങളിൽ ഒരു മുഖ്യസ്ഥാനം ലഭിക്കുന്നതാണു്.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): കയററുമതിച്ചുങ്കത്തിനു പകരം സൂപ്പർടാക്സു ചുമത്തുന്നതായാൽ ചില സൌകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണു്. ഒരു കാര്യം പറയുകയാണെങ്കിൽ, സൂപ്പർടാക്സ് ലാഭത്തിന്മേലായിരിക്കും, അല്ലാതെയുണ്ടാകുന്ന ഓരോ പൌണ്ടു തേയിലയിന്മേലല്ല. രണ്ടാമതായി മററുസ്ഥലങ്ങളിലും ഈ കമ്പനികൾ സൂപ്പർടാക്സു കൊടുക്കേണ്ടിയിരിക്കുന്നതും ഇവിടെയും ആ കരം ചുമത്തുന്നതായാൽ അവിടെയുള്ള ഗവർമ്മെന്റുകളിൽനിന്നും അത്രത്തോളം റിബേററു അവർക്കു കിട്ടുന്നതും തന്നിമിത്തം ലോകത്തിലെ വാണിജ്യകേന്ദ്രങ്ങളിൽ നമ്മുടെ രാജ്യത്തെ തേയിലകൃഷിക്കാർ ഒട്ടും പിന്നോക്കമല്ലാതിരിക്കുന്നതുമാകുന്നു. അതിനാൽ ഒരു സൂപ്പർടാക്സും കൂടുതൽ ആദായനികുതിയും ചുമത്തുന്നതു കയററുമതിച്ചുങ്കത്തേക്കാൾ നല്ലതായിരിക്കുമെന്നു ഗവർമ്മെന്റു വിചാരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): നിങ്ങൾ കയററുമതിച്ചുങ്കം നിറുത്തിയതിനുശേഷം സൂപ്പർടാക്സ് ആവശ്യപ്പെടാത്തതെന്താണു്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): നമുക്കു ആദായം ആവശ്യമാണു്. സൂപ്പർ ടാക്സു നിയമം അനുവദിച്ചുകിട്ടാതെ കയററുമതിച്ചുങ്കം പൊടുന്നനവേ നിറുത്തുന്നതായാൽ ഗവർമ്മെന്റിനു ആദായം കുറയുന്നതാണു്. നിങ്ങൾ ഈ നിയമം അനുവദിച്ചുതരുമെന്നു് വാഗ്ദാനം ചെയ്യുന്നുവെങ്കിൽ ഈ കയററുമതിച്ചുങ്കം നിറുത്താമെന്നു ഞാനും വാഗ്ദത്തം ചെയ്യും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഈ ഡ്യൂട്ടി വേണ്ടെന്നുവച്ചിട്ട് സൂപ്പർടാക്സ് വേണമെന്നു പറയുന്നതുകൊണ്ട് ഈ പേർമാററത്തിൽ വല്ല ഗുണവുമുണ്ടോ?

ഉപാദ്ധ്യക്ഷൻ. ആദായനികുതി കൊടുത്താൽ അതു തിരിച്ചു കിട്ടും. ചുങ്കം കൊടുത്താൽ അതു തിരിച്ചു കിട്ടുകയില്ല. അതു ബ്രിട്ടീഷിൻഡ്യായിൽ യുദ്ധകാലത്തുണ്ടായിട്ടുള്ളതും കഴിഞ്ഞകൊല്ലം നിറുത്തിയിട്ടുള്ളതും ആകുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): തേയിലക്കമ്പനികളെ സംബന്ധിച്ചിടത്തോളം പരമാർത്ഥത്തിൽ കൂടുതലായി യാതൊരു കരവും ചുമത്തപ്പെടുന്നില്ലെന്നു കാണാം. പ്രൊപ്രൈറ്റികൾക്കു അവർ കയററുമതിച്ചുങ്കത്തിനു പകരം സൂപ്പർടാക്സും കൂടുതലായ ഒരു ആദായനികുതിയും കൊടുക്കുന്നതായിരിക്കും. തിരുവിതാംകൂറുകാരെ സംബന്ധിച്ചിടത്തോളം അൻപതിനായിരം രൂപായിൽ കൂടുതൽ ആദായമുള്ളവർ വളരെ ചുരുക്കമായിരിക്കും. ഒന്നോ രണ്ടോ [illegible], തറവാട്ടുകളെയും കൂട്ടുകുടുംബങ്ങളെയും സംബന്ധിച്ചിടത്തോളം അവരുടെ ആദായം അൻപതിനായിരം രൂപായിൽ കൂടുന്നതായാലും എഴുപത്തയ്യായിരം രൂപയിൽ കൂടുതലില്ലാത്തപക്ഷം അവർ സൂപ്പർടാക്സ് കൊടുക്കേണ്ടതില്ല. വ്യക്തികളെ സംബന്ധിച്ചിടത്തോളം അൻപതിനായിരം രൂപയിൽ കൂടുതൽ ഉള്ള തുകയ്ക്കു നികുതി ചുമത്തുന്നതായിരിക്കും. ഇപ്രകാരം ആദായമുള്ള കുടുംബങ്ങളും വ്യക്തികളും അധികമുണ്ടായിരിക്കയില്ല. തന്നിമിത്തം സാധാരണ പൌരന്മാർ സൂപ്പർടാക്സ കൊടുക്കേണ്ടിവരുന്നതല്ല. ഒട്ടുവളരെ കമ്പനികൾ കയററുമതിച്ചുങ്കത്തിനെക്കാൾ സൂപ്പർടാക്സ ഇഷ്ടപ്പെടുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ അവതരിപ്പിച്ച ഭേദഗതിക്കു പുറമെ ആദായനികുതിറഗുലേഷനിലെ മററു നിബന്ധനകൾക്കു വല്ല ഭേദഗതിയും ചെയ്യേണ്ടതായിട്ടുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ബില്ലിൽ പ്രസ്താവിച്ചിരിക്കുന്നതിനു പുറമെ ഇപ്പോൾ ഇല്ല. ആരംഭത്തിൽ സൂപ്പർടാക്സ ചുമത്തുന്നതു വലിയ ഭാരമായി തോന്നിയേക്കാമെങ്കിലും പരമാർത്ഥത്തിൽ അപ്രകാരമല്ലെന്നു സഭയ്ക്കു ഇപ്പോൾ മനസ്സിലായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതു എത്ര കമ്പനികളെ ബാധിക്കുന്നതായിരിക്കും?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അതു ൧.൭൭ ലക്ഷം രൂപാ സൂപ്പർടാക്സ കൊടുക്കേണ്ടിവരുന്ന ഉദ്ദേശം ൧൨ കമ്പനികളെ ബാധിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. കരം ചുമത്താവുന്ന തേയിലയുടെ ആദായം വർദ്ധിപ്പിക്കുന്നതിൽനിന്നു അവർ കൂടുതലായി ആദായനികുതി കൊടുക്കേണ്ടിവരും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതു എത്ര തേയിലകൃഷിക്കാരെ ബാധിക്കും?

മി: കല്ലാലം പരമേശ്വരൻ പിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇതു ബാധിക്കുന്നതേയിലകൃഷിക്കാരിൽ അധികവും മേൽ പ്രസ്താവിച്ച കമ്പനികളുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): കയററുമതിച്ചുങ്കം നിറുത്തലാക്കുന്നതുകൊണ്ടും സൂപ്പർടാക്സ് കൊടുക്കേണ്ട ഭാരം ഇല്ലാത്തതിനാലും എത്ര ശതമാനം തേയില കൃഷിക്കാർ കരം കൊടുക്കേണ്ടതിൽ നിന്നും ഒഴിവാക്കപ്പെടുമെന്നു അറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): കമ്പനികൾ മിക്കവാറും കൊടുക്കേണ്ടതായിരിക്കും.

ഉപാദ്ധ്യക്ഷൻ: കയററുമതിച്ചുങ്കം നിറുത്തൽ ചെയ്യുന്നതുകൊണ്ടു ചിലർക്കു ഗുണം സിദ്ധിക്കുമെന്നാണു അദ്ദേഹം ഉത്ഭവിപ്പിച്ച ചോദ്യം. സൂപ്പർടാക്സോ കയററുമതിച്ചുങ്കമോ അവർ കൊടുക്കാനില്ലായിരിക്കും, മി. താണുപിള്ള, അതാണു നിങ്ങളുടെ ചോദ്യമെന്നു ഞാൻ വിചാരിക്കുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ചില തേയില കൃഷിക്കാർ ഒഴിവാക്കപ്പെട്ടേക്കാം. എന്നാൽ തേയില കൃഷി ധനാഢ്യന്മാരുടെ ഒരു വ്യവസായമാണ്. രാജ്യത്തിനു വെളിയിൽ പോകുന്ന തേയിലയിൽ അധികവും സൂപ്പർടാക്സിനും കൂടുതൽ ആദായനികുതിക്കും അവസാനത്തിൽ അധീനപ്പെട്ടിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മററു തേയില കൃഷിക്കാരെയും ഇതു ബാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): ബാധിക്കാത്തതായി ചിലർ ഉണ്ടായേക്കാം.

ഉപാദ്ധ്യക്ഷൻ: കുറച്ചു ആദായമെടുക്കുന്ന ഏതാനും പേരും ആദായമെടുക്കാത്ത മററുള്ളവരും ഉണ്ട്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്റെ പ്രസ്താവനയുടെ പരമാർത്ഥതയെ പരിശോധിക്കേണ്ടതായിരിക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇതുകൊണ്ടു ഗവർമ്മെൻറിലേക്കു നഷ്ടമായി വരികയില്ലയോ?

ഉപാദ്ധ്യക്ഷൻ: ഗവർമ്മെൻറിലേക്കു നഷ്ടം വരാതിരിക്കുന്നതിനാണ് സൂപ്പർടാക്സ് വേണമെന്നു പറയുന്നത്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): പന്ത്രണ്ടു തേയിലകമ്പനികളോളം സൂപ്പർടാക്സ് കൊടുക്കേണ്ടിവരുമെന്നു അനുമാനിച്ചിട്ടുണ്ട്.

മി: വി. ചെല്ലപ്പൻപിള്ള (തോവാള): എത്ര തേയില കമ്പനികൾ ഉണ്ട്?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അപ്രകാരമുള്ള കമ്പനികൾ ആകപ്പാടെ എത്രയുണ്ടെന്ന എനിക്ക നിശ്ചയമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു തിട്ടപ്പെടുത്തി പറയുന്നതിന ഗവർമ്മെൻറിന വേണ്ട വിവരം ഇല്ല

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഈ സംഗതിക്ക ആവശ്യവും ഉചിതവും ആയുള്ള എല്ലാ വിവരവും അവക്കുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മെമ്പർ വിവരം പറയുന്നില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഇതു ബാധിക്കുന്ന തേയിലക്കമ്പനികളുടെ എണ്ണം ഞാൻ പ്രസ്താവിച്ചിട്ടുണ്ട്.

ഉപാദ്ധ്യക്ഷൻ: ഈ വിവരങ്ങളെല്ലാം സെലക്ററ കമ്മിററിയിൽ പരിശോധിക്കാവുന്നതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): തേയിലക്കമ്പനികൾ അല്ലാത്ത എത്ര കമ്പനികൾ ഉണ്ടെന്നറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): തേയിലക്കമ്പനികളല്ലാത്ത പതിനാലു കമ്പനികളോളം സൂപ്പർടാക്സ് കൊടുക്കേണ്ടതായി വരും.

മി: വി. ചെല്ലം പിള്ള (തോവാള): ഈ കമ്പനികൾ തിരുവിതാംകൂറുകാരാണോ നടത്തുന്നതു?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): മൊത്തമായി പറയുന്ന പക്ഷം തേയിലക്കമ്പനികളിൽ എൺപത്തഞ്ചു ശതമാനവും യൂറോപ്യന്മാരുടെ വകയാണ്.

മി: വി. ചെല്ലംപിള്ള (തോവാള): മററു കമ്പനികളോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): സൂപ്പർടാക്സ് കൊടുക്കേണ്ടിവരുന്ന ഭൂരിപക്ഷം കമ്പനികളും യൂറോപ്യന്മാരുടെ വകയെന്ന ഞാൻ വിചാരിക്കുന്നു. ഏതായാലും എന്റെ അറിവു ഇങ്ങനെയാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഗവർമ്മെൻറ മാതൃകക്കു ചോദിച്ചതിൽ അവക്ക മറുപടി പറയുന്നതിനുള്ള ഡേററാ അവരുടെ കയ്യിലില്ലാ. ഞങ്ങളുടെ കയ്യിലും ഇല്ലാ. അതു കൊണ്ടു ഇതിനെപ്പററിയുള്ള ആലോചന മാററിവയ്ക്കണമെന്നു അഭിപ്രായപ്പെടുന്നു.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഞാൻ ഇതിനെ പിൻതാങ്ങുന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): ഞാൻ ആ ഉപക്ഷേപത്തെ എതിർക്കുകയും എതിർക്കുന്നതിൽ രണ്ടുവാക്കുകൂടി പറഞ്ഞു കൊള്ളുകയും ചെയ്യുന്നു. ബില്ലിന്റെ തത്വങ്ങളെ സഭ സ്വീകരിക്കുന്ന പക്ഷം ഈ സംഗതി ഒരു സെലക്ററ കമ്മിററിക്ക വിട്ടുകൊടുക്കുന്നതും അപ്പോൾ ഈ കണക്കുകളെല്ലാം ഏററവും സൂക്ഷ്മമായി പരിശോധിച്ചു തീരുമാനിക്കുന്നതിന് സൌകര്യം ലഭിക്കുന്നതുമാകുന്നു. വളരെ സമയം വ്യയം ചെയ്യാതെ സഭയിലെ വാദപ്രതിവാദത്തിൽ ഈ കണക്കുകളെല്ലാം കടലാസിൽ നിന്നും ഉദ്ധരിക്കുന്നതിന പ്രയാസമാണ്, എന്നാൽ ഓരോ സംഗതിയും സെലക്ററ കമ്മിററിയുടെ മുമ്പാകെ വയ്ക്കുന്നതും അവിടെ അതിനെ പരിശോധിച്ച് തീർച്ചയാക്കാവുന്നതുമാകുന്നു. ഏതായാലും സെലക്ററ കമ്മിററിയിൽ ഈ വിവരങ്ങളെല്ലാം വളരെ സവിസ്തരം പരിശോധിക്കുന്നതു കുറേക്കൂടി തൃപ്തികരമായിരിക്കും. ആ സൌകര്യം ഇനിയും നമുക്കുണ്ട്. അതിനാൽ ആലോചന മാററിവയ്ക്കണമെന്നുള്ള ഈ ഉപക്ഷേപത്തെ ഞാൻ എതിർക്കുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇതിനെ മാററി വച്ചില്ലെങ്കിൽ ഇതിന്റെ തത്വത്തെ സമ്മതിക്കുന്നു എന്നു വരും. അതു സമ്മതിക്കണമെങ്കിൽ മുഴുവൻ സംഗതികളും അറിയാതെ നിവൃത്തിയില്ല. അതാണ് നടപടികൾ മാററിവയ്ക്കണമെന്നു പറയുന്നതു.

ഉപാദ്ധ്യക്ഷൻ: ഇതു സെലക്ററ കമ്മിററിക്ക അയക്കേണ്ടതായ ഒരു പ്രധാനസംഗതിയാണെന്നാണ് മി. പരമേശ്വരൻപിള്ളയുടെ വാദം. താമസിക്കുന്നതായാൽ ഗവർമ്മെൻറ ആദായത്തെ ഗണ്യമായി ബാധിക്കുന്നതും തിരുവിതാംകൂറിൽ നിന്നും തേയില കയററുമതി ചെയ്യുന്ന അനവധി ജനങ്ങളിൽ നിന്നും ഈടാക്കേണ്ട കയററുമതിച്ചുങ്കം ഗവർമ്മെൻറിനു നഷ്ടമാകുന്നതും നമ്മുടെ തേയില കൃഷിക്കാർ അന്യസ്ഥലങ്ങളിലുള്ള കൃഷിക്കാരോടു നിഷ്പ്രയോജനമായി മത്സരിക്കേണ്ടി വരുന്നതുമാകുന്നു. അതുകൊണ്ടു നിങ്ങൾ അതിനെപ്പററി കഴിയുന്നത്ര വേഗത്തിൽ അന്വേഷണം നടത്തേണ്ടതാണ്. ബില്ലിനെ വിശദമായി പരിശോധിക്കണമെന്നും അതിലേക്ക് ആവശ്യമുള്ള വിവരങ്ങൾ ഇപ്പോൾ കൈവശമില്ലെന്നും ഉള്ള കാരണത്താൽ എതിർകക്ഷികൾ മാററിവയ്ക്കണമെന്ന ആവശ്യപ്പെടുന്നു.

ഉപക്ഷേപം വോട്ടിനിട്ടതിൽ ഇരുപത്തഞ്ചുപേർ അനുകൂലിക്കയും പതിനെട്ടു പേർ പ്രതികൂലിക്കയും ചെയ്കയാൽ പാസ്സാക്കപ്പെട്ടു.

൨-൨൦-ന ലഘുഭക്ഷണത്തിനായി സഭ പിരിയുകയും ഉപാദ്ധ്യക്ഷന്റെ അഗ്രാസനാധിപത്യത്തിൽ ൩-൦-ന വീണ്ടും കൂടുകയും ചെയ്തു.

അടുത്ത കാലത്തു പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് സ്കൂൾഫൈനൽ പരീക്ഷാഫലത്തെപ്പററിയുള്ള അടിയന്തിരപ്രമേയം.

ഉപാദ്ധ്യക്ഷൻ. മി. മുരുവേലിൽ പാച്ചുപിള്ള നോട്ടീസു തന്നിട്ടുള്ള അടിയന്തിര പ്രമേയത്തെപ്പററി ഇപ്പോൾ സഭ ആലോചിക്കുന്നതാണ്.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): സർ, ഇതിനുമുമ്പു ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ അത്ര അതൃപ്തികരമായി വന്നിട്ടുള്ള ഈ ആണ്ടത്തെ സ്കൂൾഫൈനൽ പരീക്ഷാഫലത്തെ പററി പ്രതിഷേധിക്കുന്നതിന് ഈ കൌൺസിലിന്റെ മേൽനടപടികളെ നിർത്തിവയ്ക്കണമെന്നുള്ളതാണ് ഞാൻ അയച്ചിട്ടുള്ള പ്രമേയത്തിന്റെ സാരം. ഈ ആണ്ടത്തെ സ്കൂൾഫൈനൽ പരീക്ഷയിൽ നൂററ ... പേർ ചേർന്നിട്ടുണ്ടായിരുന്നു.

അതിൽ പാസ്സായവരുടെ സംഖ്യ ൩൭൧ മാത്രമാണ്. അതായത് ൨൫ ശതമാനവും അല്പം കൂടുതലും ൧൪൦൦ ആണ് പാസ്സായിട്ടുള്ളവർ. കഴിഞ്ഞകൊല്ലം ഇവിടെനിന്നും ഉദ്ദേശം ൪൦൦൦-ത്തോളം വിദ്യാർത്ഥികൾ ഈ പരീക്ഷയ്ക്ക് ചേർന്നിട്ടുണ്ടായിരുന്നു. അവരിൽ നിന്നും ൩൭.൪ ശതമാനം വിദ്യാർത്ഥികൾ പാസ്സായിട്ടുണ്ട്. ഈ കണക്കനുസരിച്ച് കഴിഞ്ഞ കൊല്ലം പാസ്സായിട്ടുള്ളവരുടെ സംഖ്യയിൽ നിന്നും ൧൨ ശതമാനം ഈ കൊല്ലത്തിൽ കുറഞ്ഞു പോയിരിക്കുന്നതായി കാണാം. ഇത്ര ഭയങ്കരമായ ഒരു തോൽവി ഈ പരീക്ഷയ്ക്ക് ഇതിനു മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല. ഇത് ഒട്ടും നിസ്സാരമായ കാര്യമല്ല. സാധുക്കളായ അനേകം വിദ്യാർത്ഥികളും അവരുടെ രക്ഷകർത്താക്കന്മാരും ഇതു നിമിത്തം വളരെ സങ്കടം അനുഭവിക്കുന്നു. അത്ര വളരെ പ്രധാനമായ ഒരു വിഷയമായതുകൊണ്ടാണ് ഇതിനെപ്പറ്റി അഡ്ജോൺമെന്റ് മോഷൻ കൊണ്ടുവരുന്നതിനു ഞാൻ ഒരുമ്പെട്ടത്. ഇവിടെ സ്കൂൾ ഫൈനൽ പരീക്ഷ ഏർപ്പെടുത്തിയതു ൧൦൮൫-ൽ ആണ്. അതുമുതൽ ഇപ്പോൾ ൨൫ കൊല്ലങ്ങൾ കഴിഞ്ഞിരിക്കുന്നു. ഈ കൊല്ലങ്ങൾക്കിടയിൽ ഇത്ര മോശമായ ഒരു പരീക്ഷാഫലം, ഇത്ര ഭയങ്കരമായ ഒരു തോൽവി, ഒരിക്കലും ഉണ്ടായിട്ടില്ല. ഇതിനു മുമ്പുണ്ടായിട്ടുള്ള തോൽവിയുടെ കുറഞ്ഞ ശതമാനം നോക്കുകയാണെങ്കിൽ ൩൭ മാത്രമാണ്. ഇപ്പോൾ അതിൽ നിന്നും ൧൨ ശതമാനം കുറഞ്ഞു ൨൫ ശതമാനം മാത്രമായിരിക്കുന്നു. നമ്മുടെ അയൽ രാജ്യങ്ങളിലെ ഈ പരീക്ഷയുടെ ഫലം നോക്കുകയാണെങ്കിൽ കൊച്ചിയിൽ ൪൫ ശതമാനം വിദ്യാർത്ഥികൾ പാസ്സായിരിക്കുന്നു. മൈസൂരിൽ ൧൯൨൭-൧൯൨൮-൧൯൨൯ ഈ ആണ്ടുകളിൽ ൪൫-നും ൫൦-നും മദ്ധ്യേയുള്ള പെർസെന്റേജിൽ വിദ്യാർത്ഥികൾ പാസ്സായിട്ടുള്ളതായി കാണുന്നു. ഇവിടെ മാത്രം ഇത്ര ഭയങ്കരമായ തോൽവി ഉണ്ടാകുന്നതിനുള്ള കാരണം എന്താണെന്നു ഗാഢമായി ആലോചിക്കേണ്ടതാണ്. സ്കൂൾ ഫൈനൽ പരീക്ഷയിൽ ചേരുന്ന വിദ്യാർത്ഥികൾ പ്രിപ്പറേട്ടറി മുതൽ ൬-ാം ഫാറം വരെ ൭ കൊല്ലം പഠിച്ചതിനു ശേഷമാണ് പരീക്ഷയ്ക്കു ചേരുന്നത്. ഇവരെ പഠിപ്പിക്കുന്നതിന് ട്രെയിൻഡ് അണ്ടർഗ്രാഡുവേറ്റ് ടീച്ചേർസിനേയും ഉയർന്ന ക്ലാസ്സുകളിൽ ബി. എ., എൽ. റ്റി. മുതലായ പരീക്ഷകൾ പാസ്സായിട്ടുള്ള ടീച്ചേർസിനേയും നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ സ്കൂൾ ഭരണം നടത്തുന്നതിനു പഠിപ്പിക്കുന്നതിനു ൧൦൦ മുതൽ ൨൦൦ വരെ രൂപാ ശമ്പളം കൊടുത്തു ഹെഡ്മാസ്റ്റർമാരേയും നിയമിച്ചിരിക്കുന്നു. ഈ നിലയ്ക്കാകയാൽ അദ്ധ്യാപകന്മാരുടെ ന്യൂനതയാലാണ് ഈ വിദ്യാർത്ഥികൾ തോറ്റുപോയത് എന്നു വിചാരിക്കുന്നതിനു യാതൊരു ന്യായവും കാണുന്നില്ല.

[ഈ സമയം അദ്ധ്യക്ഷൻ ഹാജരായി അഗ്രാസനസ്ഥനായി.]

൭ കൊല്ലം ഇംഗ്ലീഷ് പഠിച്ച ശേഷം ൭-ാമത്തെ കൊല്ലത്തിൽ സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു ചേരുന്ന ഒരു വിദ്യാർത്ഥി ആ പരീക്ഷയിൽ തോറ്റുപോകുന്നതു സാധൂകരിക്കാൻ നിവൃത്തിയില്ല. പഠിപ്പിക്കുന്നതിനു നല്ല പ്രാപ്തിയുള്ള 1st grade ടീച്ചേർസ്, സ്കൂൾ ഭരിക്കുന്നതിനു നല്ല ശമ്പളമുള്ള ഹെഡ്മാസ്റ്റർമാർ ഇവരെല്ലാം ഉള്ളപ്പോൾ ഒരു കുട്ടി തോറ്റുപോകുന്നത് അവരെ പഠിപ്പിക്കുന്നതിനുള്ള സൌകര്യക്കുറവുകൊണ്ടാണെന്നു വിചാരിക്കാൻ കാരണമില്ല. ഈ മാതിരി യോഗ്യതയുള്ള ടീച്ചേർസിനെ ശമ്പളം കൊടുത്തു നിയമിച്ചിരിക്കുമ്പോൾ അവർ വേണ്ടുംപോലെ പഠിപ്പിക്കാത്തതുകൊണ്ടാണ് തോറ്റുപോകുന്നത് എന്നു വിചാരിക്കാനും ന്യായമില്ല. ഇംഗ്ലീഷ് എഡ്യൂക്കേഷനു വേണ്ടി ആണ്ടുതോറും അനേകലക്ഷം രൂപാ ഇവിടെ ചിലവാക്കുന്നുണ്ട്. ഈ വിദ്യാർത്ഥികളെല്ലാം ശരിയായി പഠിച്ചു നിവൃത്തിയുള്ളടത്തോളം ആളുകൾ പാസ്സാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെന്റു ചെയ്തിരിക്കുന്ന ഒരു വലിയ സഹായമാണ്. ഇപ്പോളുണ്ടായിട്ടുള്ള തോൽവി ഗവൺമെന്റിന്റെ ഉദ്ദേശം വേണ്ടപോലെ ഫലപ്പെടുന്നില്ലെന്നുള്ളതിനു ശരിയായ തെളിവാണെന്നാണ് എനിക്ക് ഈ കൗൺസിലിനെ അറിയിക്കാനുള്ളത്. ഇപ്പോൾ വിദ്യാർത്ഥികൾക്കു പഠിക്കുന്നതിന് സകല സൌകര്യങ്ങളും ഇവിടെയുണ്ട്. എന്നാൽ വിദ്യാർത്ഥികൾ ശരിക്കു പഠിച്ചില്ലെങ്കിൽ അവർ തോറ്റുപോകുന്നതിൽ എന്താണ് അതിശയം എന്നൊരു ചോദ്യമുണ്ടാകാം. എന്നാൽ കഴിഞ്ഞ കൊല്ലം ൩൭ ശതമാനം വിദ്യാർത്ഥികൾ പാസ്സായിരിക്കുമ്പോൾ ഈ കൊല്ലം അതിൽ ൧൨ ശതമാനം കുറഞ്ഞ് ൨൫ ശതമാനം മാത്രം പാസ്സാകാൻ സംഗതിയായത്, വിദ്യാർത്ഥികളുടെ ബുദ്ധിശക്തിക്കുറവുകൊണ്ടോ അവരുടെ അശ്രദ്ധകൊണ്ടോ ആണെന്നു വിചാരിക്കാൻ ന്യായമില്ല. ഒരു കൊല്ലത്തിനിടയിൽ നമ്മുടെ വിദ്യാർത്ഥികളുടെ ബുദ്ധിശക്തിക്ക് ഇത്ര വളരെ കുറവു വന്നുപോയി എന്നു വരുന്നതു ഒരു വലിയ അത്ഭുതമായിരിക്കും. അതുകൊണ്ട് ഈ ഒരു കൊല്ലംകൊണ്ട് ൧൨ ശതമാനം കുറഞ്ഞ് വിജയികളായ വിദ്യാർത്ഥികൾ ൨൫ ശതമാനമായിതീർന്നത് എന്തു കാരണത്താലാണെന്നു പ്രത്യേകം അന്വേഷിക്കേണ്ടതാണ്. ഇത്ര വലുതായ തോൽവിക്ക് എന്റെ അറിവിൽ പെട്ടിട്ടുള്ള ചില സംഗതികളെ ഇവിടെ പ്രസ്താവിക്കാം. ഒന്നാമത് ഈ വർഷത്തിൽ ഈ പരീക്ഷാബോർഡിൽ നിയമിക്കപ്പെട്ട മെമ്പറന്മാരിൽ പലരും ഹൈസ്കൂൾ വർക്കിൽ വേണ്ടിടത്തോളം പരിജ്ഞാനം ഉള്ളവരല്ല. അതുമാത്രമല്ല ഇതിലെ ചീഫും അസിസ്റ്റന്റ് പരീക്ഷകന്മാർ പലരും ഇതിനു മുമ്പ് പരീക്ഷാബോർഡിൽ ഉൾപ്പെട്ട പരിചയം സിദ്ധിച്ചവരല്ലെന്നും അറിയുന്നു. അവരുടെ പേരുകൾ പറഞ്ഞ് ഈ കൗൺസിലിന്റെ സമയം ചിലവാക്കണമെന്ന് ഞാൻ വിചാരിക്കുന്നില്ല. പിന്നെ ഇന്നയിന്ന ആളുകൾ വേണ്ടിടത്തോളം പരിചയം ഉള്ളവരല്ലേ എന്ന് എന്നോട് ആരെങ്കിലും ചോദിക്കുന്നതായാൽ ഇന്നയിന്ന ആളുകൾ പരിചയവും പഴക്കവും ഇല്ലാത്തവരായിട്ടും ഈ ബോർഡിൽ ഉൾപ്പെട്ടിരുന്നു എന്ന് പറയുന്നതിന് ഞാൻ തയ്യാറാണ്.

ഇങ്ങനെ പരിചയവും പഴക്കവും ഇല്ലാത്തവരെ ബോർഡിൽ പരീക്ഷകന്മാരായി തിരഞ്ഞെടുത്തതുകൊണ്ട് അവർ ഉണ്ടാക്കിയ ചോദ്യക്കടലാസുകൾ വിദ്യാർത്ഥികളുടെ സ്റ്റാൻഡാർഡിന് അനുസരിച്ചുള്ളവയല്ലായിരുന്നു എന്നുള്ളതാണ് ഈ തോൽവിക്കുള്ള മറെറാരു കാരണം. പരീക്ഷയ്ക്കു ചോദ്യക്കടലാസുണ്ടാക്കി ബോർഡുകൂടി ആ ചോദ്യങ്ങളെപ്പറ്റി കർശനമായി ആലോചിച്ച് പാസാക്കിയശേഷം മാത്രം അതിനെ അച്ചടിച്ചു കൊടുക്കയാണ് പതിവെന്ന് അറിയുന്നു. അതുപോലെതന്നെ ഉത്തരക്കടലാസുകൾ വാല്യുചെയ്യുന്നതിൽ വാല്യുവേഷൻ ഇന്നക്രമത്തിലായിരിക്കണം എന്നു ബോർഡുകൂടി നിശ്ചയിക്കുന്നതു പതിവാണ്. ഈ പതിവനുസരിച്ച് ഈ തവണ ചോദ്യക്കടലാസ് ഉണ്ടാക്കുന്നതിനും വാല്യുവേഷൻ നിശ്ചയിക്കുന്നതിനും ബോർഡുകൂടി ആലോചിച്ചിട്ടുണ്ടോ എന്നും മറ്റുമുള്ള സംഗതികൾ ബോർഡിലുള്ളവർക്കും ഇവയെ വാല്യു ചെയ്തവർക്കും മാത്രമേ അറിയാൻ പാടുള്ളു. അങ്ങിനെ ചെയ്തിരുന്നു എന്നു വരികിൽ ഇത്ര വലിയ തോൽവി ഉണ്ടാകുകയില്ലായിരുന്നു എന്നാണ് എന്റെ വിശ്വാസം.

ഇനി ഒരുകാരണം ചോദ്യക്കടലാസുകളിൽ ചായിസ് ക്വസ്റ്റ്യൻസ് ധാരാളംകൊടുത്തുവന്നിരുന്നു. ഇതുകൊണ്ടു അവർക്ക് അറിയാവുന്ന ക്വസ്റ്റ്യൻ തിരിഞ്ഞെടുത്തു് എഴുതാനുള്ള സൗകര്യം ഉണ്ടായിരുന്നു. ഈ ആണ്ടത്തെ ചോദ്യക്കടലാസിൽ അപ്രകാരമുള്ള ചായിസ് ക്വസ്റ്റ്യൻസ് വളരെകുറവായിരുന്നു. ഇനിയും ചോദ്യക്കടലാസിൽ ഓരോ ക്വസ്റ്റ്യനും മാർക്ക് കാണിക്കുന്ന പതിവുണ്ടായിരുന്നു. അപ്രകാരം കാണിച്ചിരുന്നാൽ വിദ്യാർത്ഥികൾക്കു കിട്ടേണ്ട മാർക്കിനു് പ്രത്യേകം തിരഞ്ഞെടുത്തു് എഴുതുന്നതിനു് സൗകര്യമായിരിക്കും. ഈ ആണ്ടത്തെ ചോദ്യക്കടലാസിൽ മാർക്കുകൾ കാണിച്ചിരുന്നോ; ചോദ്യങ്ങളും തീരെ കുറവായിരുന്നു.

ഇനി ഒന്നു് ഈ ആണ്ടത്തെ ഇംഗ്ലീഷിനും വർണാക്കുലർ കാമ്പോസിഷനും ൪൦ ശതമാനം മാർക്ക് കിട്ടണമെന്നു് ഒരു ആർഡർ ഉണ്ടായിട്ടുണ്ടു്. ഈ ആർഡർ യൂണിവേഴ്സിറ്റിയിൽനിന്നും [illegible] സെപ്ടംബർ മാസത്തിലായിരുന്നു. ഗവൺമെന്റിൽനിന്നും ഇതിനെക്കുറിച്ചുള്ള നോട്ടിഫിക്കേഷൻ ഗസററിൽ പ്രസിദ്ധപ്പെടുത്തിയതു് അക്ടോബർ മാസത്തിലാണ്. അതുമുതൽ പരീക്ഷയ്ക്കു തികച്ചു് ആറു മാസംപോലും ഉണ്ടായിരുന്നില്ല. വർണാക്കുലർ കാമ്പോസിഷനു് ൪൦ ശതമാനം മാർക്ക് വേണമെന്നു് വിദ്യാർത്ഥികൾ അത്രയും മനസ്സിലാക്കിയിട്ടില്ലായിരുന്നു. അവർ ൩൫ ശതമാനം കിട്ടാനുള്ള സ്റ്റാൻഡേർഡ് അനുസരിച്ചു് പഠിച്ചാൽ മതി എന്നു് ഉദ്ദേശിച്ചിരുന്നു. പഠിപ്പിക്കുന്ന അദ്ധ്യാപകന്മാരും അങ്ങനെതന്നെ വിചാരിച്ചിരുന്നിരിക്കണം. അതിനാൽ ഈ നോട്ടിഫിക്കേഷൻ വളരെ താമസിച്ചു് പുറപ്പെടുവിച്ചതും ഈ തോൽവിക്കു് ഒരു കാരണമായിത്തീർന്നിട്ടുണ്ടു്. മേൽ വിവരിച്ച സംഗതികൾകൊണ്ടു് ഈ ആണ്ടത്തെ തോൽവിക്കു് പ്രധാനകാരണം ഈ ആണ്ടിൽ രൂപീകരിച്ച പരീക്ഷാബോർഡിന്റെ ന്യൂനതയാണെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ബോർഡ് രൂപീകരിച്ചതിനു് ഉത്തരവാദികൾ ആരെന്നു നിശ്ചയമായും അന്വേഷിക്കേണ്ടതാണ്. ഈ ബോർഡ് രൂപീകരണത്തിൽ ചില ആപ്പീസുകളിൽനിന്നും എനിക്കു കിട്ടീട്ടുള്ള അറിവു യഥാർത്ഥമാണെങ്കിൽ അതിനു വിദ്യാഭ്യാസഡയറക്ടർ ഉത്തരവാദി അല്ലെന്നും അദ്ദേഹത്തിന്റെ ശുപാർശയെ അവഗണിച്ചാണു് ഗവണ്മെന്റ് ഈ ബോർഡു് രൂപീകരിച്ചതെന്നും പറയപ്പെട്ടിരിക്കുന്നു. അതു ശരിയാണോ അല്ലയോ എന്നു എനിക്കു തീർച്ചപറയാൻ നിവൃത്തിയില്ല. ഈ ആണ്ടത്തെ ബോർഡിലെ പ്രസിഡന്റ് ആർട്സ് കാളേജ് പ്രിൻസിപ്പൽ മിസ്റ്റർ ചന്ദ്രശേഖരൻ ആണെന്നു് കാണുന്നു. അദ്ദേഹം ഇതിനുമുമ്പു രണ്ടുതവണ പരീക്ഷാബോർഡിന്റെ പ്രസിഡന്റുസ്ഥാനം വഹിച്ചിട്ടുണ്ടു്. ആ അവസരങ്ങളിൽ അതിനുമുമ്പും പിമ്പും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വിദ്യാർത്ഥികൾ തോററു. അതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ലാത്തവിധത്തിൽ വളരെ കുറവായിട്ടാണു് വിദ്യാർത്ഥികൾ ജയിച്ചിട്ടുള്ളതു്. സ്കൂൾഫൈനൽ വിദ്യാർത്ഥികൾ അത്രയധികം ജയിക്കുന്നതു് അദ്ദേഹത്തിനു് ഇഷ്ടമല്ലെന്നു് കാണിക്കുന്നതിനു വേറെ പ്രമാണം ഉണ്ടു്. അതിനു അൺഎംപ്ലായ്മെന്റ് കമ്മിററി റിപ്പോർട്ട് നോക്കിയാൽമതി. അതുകൊണ്ടു് ഈ സംഗതി ധാരാളം വ്യക്തമാകുന്നതാണ്. രണ്ടാവണ പരീക്ഷയ്ക്കു പോയിട്ടു് തോററുപോയ വിദ്യാർത്ഥികളെ പിന്നീടു ക്ലാസിൽചേർത്തു പഠിപ്പിക്കാൻ പാടില്ലെന്നു് പോലും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇതിൽനിന്നും സ്കൂൾഫൈനൽ പരീക്ഷയ്ക്കു വിദ്യാർത്ഥികൾ ചേരുന്നതിനെ സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ അഭിപ്രായഗതി എന്തെന്നു ധാരാളം മനസ്സിലാക്കാം. കഴിഞ്ഞ കൊല്ലം [illegible] ശതമാനം വിദ്യാർത്ഥികൾ പാസായല്ലോ. ഇതിനുമുമ്പു് ഉണ്ടായിട്ടുള്ള ബോർഡ് പ്രസിഡന്റന്മാരിൽ ആരുടെ കാലത്താണു് വിദ്യാർത്ഥികൾ ഏററവും കുറവായി പാസ്സായിട്ടുള്ളതു് എന്നു നോക്കി വിദ്യാർത്ഥികളെ നിവൃത്തി ഉള്ളിടത്തോളം പാസാക്കാതിരിക്കുന്നതിനു തക്ക ഒരു പ്രസിഡന്റിനെ കണ്ടുപിടിക്കണമെന്നുള്ള ഉദ്ദേശം അനുസരിച്ചു മിസ്റ്റർ ചന്ദ്രശേഖരനെ ഈ തവണ ബോർഡ്പ്രസിഡന്റായി നിയമിച്ചതാണോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. അങ്ങനെയാണെങ്കിൽ ഈ ഉദ്ദേശം ഈ തവണ നല്ലപോലെ സാധിച്ചിട്ടുണ്ടെന്നു് സംശയംകൂടാതെ പറയാം. ഇവിടെ സ്കൂൾഫൈനൽപരീക്ഷ ഏർപ്പെടുത്താനുണ്ടായ ഉദ്ദേശം തന്നെ വിഫലമായിപ്പോയിരിക്കുന്നു. മെട്രിക്കുലേഷൻപരീക്ഷ ഏർപ്പെടുത്തിയിരുന്നകാലത്തു ആ പരീക്ഷയിൽ ജയിക്കുന്നതു വിദ്യാർത്ഥികൾക്കു പ്രയാസമാണെന്നു കണ്ടതിനാൽ അതിന്റെ പരിഹാരത്തിനായിട്ടാണു് ഇവിടെ [illegible] സ്കൂൾഫൈനൽ പരീക്ഷ ഏർപ്പെടുത്തിയതു്. അന്നു ക്ലാസുമാർക്കും ടേംമാർക്കും കൂട്ടിച്ചേർത്തു്, സ്കൂൾമാർക്കും പരീക്ഷാമാർക്കും കൂട്ടിച്ചേർത്തു മാഡറേഷൻമാർക്കും നിശ്ചയിച്ചിരുന്നു. മാഡറേഷൻ മാർക്കിലൊ പരീക്ഷാമാർക്കിലൊ ൩൫ ശതമാനം കിട്ടുന്ന വിദ്യാർത്ഥികളെ പാസായതായും ഗണിച്ചുവന്നിരുന്നു. ഇതുകൂടാതെ Qualified Certificate, Eligible Certificate ഇങ്ങിനെ രണ്ടുതരം സർട്ടിഫിക്കേററുകളും നല്കിവന്നു. ഇപ്പോൾ ആ വക ഏർപ്പാടുകൾ ഒന്നുംതന്നെ ഇല്ല.

മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): ഇതിനെല്ലാം മിസ്റ്റർ ചന്ദ്രശേഖരനാണൊ ഉത്തരവാദി?

മി. മുറിവേലിൽപാച്ചുപിള്ള (ചേർത്തല): എന്റെ സ്നേഹിതൻ അങ്ങിനെ തെററിദ്ധരിച്ചതിൽ വ്യസനിക്കുന്നു.

ഇതിനു പുറമെ Hard cases-ൽ ൧-൨ മാർക്ക് കുറവുന്നവരെചേർത്തു ഒരു സപ്ലിമെന്ററിലിസ്റ്റ് കഴിഞ്ഞകൊല്ലംവരെ പ്രസിദ്ധം ചെയ്തുവന്നിരുന്നു. ഇങ്ങിനെ സപ്ലിമെന്ററിലിസ്റ്റ് അയയ്ക്കുന്ന ഏർപ്പാടു ഇപ്പോൾ ഇല്ല. മദ്രാസിലെ മാഡറേഷൻബോർഡുതന്നെ നിറുത്തിയിരിക്കുന്നതായറിയുന്നു. അതുകൊണ്ടു സപ്ലിമെന്ററിലിസ്റ്റയച്ചു ഈ തവണ വിദ്യാർത്ഥികളെ എങ്ങനെ പാസാക്കാൻ സാധിക്കുമെന്നു എനിക്കു നിശ്ചയമില്ല.

ഏതായാലും ഇപ്പോൾ ൭൫ ശതമാനം കുട്ടികൾ തോല്ക്കുകയും ൨൫ ശതമാനം കുട്ടികൾ മാത്രം ജയിക്കുകയും ചെയ്തിരിക്കുന്നതിൽ ഒരിക്കലും തൃപ്തിപ്പെട്ടിരിക്കാൻ പാടില്ല. ഇതിനുള്ള കാരണത്തെപ്പററി ഗവണ്മെന്റ് ഗാഢമായി ആലോചിക്കേണ്ടതാണ്. ഇതു സാധുക്കളായ വിദ്യാർത്ഥികളേയും അവരുടെ രക്ഷകർത്താക്കന്മാരേയും പ്രധാനമായി ബാധിക്കുന്ന ഒരു കാര്യമാണ്. അതിനാൽ ഇത്ര അധികം കുട്ടികൾ തോററുപോകുന്നതിനുണ്ടായ കാരണമെന്താണെന്നു് അന്വേഷിച്ചു അതിനു ശരിയായ പരിഹാരം ഉണ്ടാക്കേണ്ടതു് ഗവണ്മെന്റിന്റെ ധർമ്മമാണ്.

സർ, ഈ ബോർഡിലെ പ്രസിഡന്റന്മാരും മററും ഈ നാട്ടിൽനിന്നും പോകുന്നവരാണ്. അവിടുന്ന ഉദ്യോഗം കഴിഞ്ഞാലും ഈ നാട്ടിൽതന്നെ ഈ സാധുക്കളായ വിദ്യാർത്ഥികളോടും അവരുടെ രക്ഷാകർത്താക്കന്മാരോടും കൂടി കഴിയേണ്ട ആളാണ്. അതിനാൽ ഈ സംഗതിയെപ്പററി അനുകമ്പയോടുകൂടി ആലോചിച്ചു നിശ്ചയമായും ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് അവിടുത്തെ ചുമതലയാണ്. ഇതിനെ ഇന്നവിധം ചെയ്യണമെന്നു ഒരു നിർദ്ദേശം സമർപ്പിക്കാൻ ഞാൻ സന്നദ്ധനല്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിലേക്കു ആണ്ടുതോറും ഒരു വലിയ സംഖ്യ ചിലവാക്കിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തു സ്കൂൾഫൈനൽ പരീക്ഷയിൽ നമ്മുടെ വിദ്യാർത്ഥികൾ [illegible] പാസായിട്ടുള്ളു എന്നു കേൾക്കുന്നതു് നമുക്കു അഭിമാനക്ഷയമാണ്. [illegible] യിലെ പൌരന്മാരുടെ വിദ്യാർത്ഥികൾ ഈ ബുദ്ധിശക്തിയില്ലാത്തവരാണെന്നു ഈ പരീക്ഷാഫലം കൊണ്ടു തോന്നിപ്പോകും. [illegible] വിദ്യാർത്ഥികൾ പാസായിട്ടുള്ളവരായ [illegible] സ്കൂൾഫൈനൽ വിദ്യാർത്ഥികൾ ഈ ബുദ്ധിശക്തിയില്ലാത്തവരാണെന്നു [illegible] സങ്കടത്തിനു കാരണമായിരിക്കുന്നതു്. [illegible] വിദ്യാർത്ഥികളെ എങ്കിലും ഈ [illegible] അത്യാവശ്യമാണ്. [illegible] ആലോചിച്ചു ഉടനെ ഈ വിദ്യാർത്ഥികളുടെയും അവരുടെ രക്ഷാകർത്താക്കന്മാരുടെയും ഈ രാജ്യത്തെ പൌരാവലിയുടെ പൊതുവായ സങ്കടത്തിനു ഒരു സമാധാനം ഉണ്ടാക്കുന്നതിനുള്ള [illegible] ഈ പ്രമേയത്തെ ഞാൻ സന്തോഷപൂർവ്വം അവതരിപ്പിച്ചുകൊള്ളുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): സർ, മി: പാച്ചുപിള്ള [illegible] അവതരിപ്പിച്ചിട്ടുള്ള അടിയന്തിര പ്രമേയത്തെ [illegible] ഞാൻ പിൻതാങ്ങിക്കൊള്ളുന്നു. [illegible] ചിലവുള്ളതായ ഈ ഒരു വലിയ ഡിപ്പാർട്ടുമെൻറിന്റെ [illegible] ഈ കൌൺസിൽ മുമ്പാകെ പല സാമാജികന്മാരും [illegible]. അപ്രകാരമുള്ള [illegible] സംഗതികളെപ്പററിയും ഇത്തവണത്തെ സ്കൂൾഫൈനൽ റിസൾട്ടിനെ [illegible] പരിഹരിക്കുന്നതിനെപ്പററിയും [illegible] പറയണമെന്നു ഞാനും വിചാരിക്കുന്നു.

ഒരു വഴിയിൽ ഉന്നതിയെ [illegible] കുട്ടികളെ [illegible] പൊത്തു് [illegible] തുടങ്ങി. ഇപ്രകാരമുള്ള ഒരു സ്ഥിതിയിലാണ് സാധുക്കളായ തിരുവിതാംകൂറിലെ പൌരന്മാർ ഇന്നു സങ്കടം അനുഭവിക്കുന്നതു്. ഈ ഡിപ്പാർട്ടുമെൻറിലേക്കു ചിലവുചെയ്യുന്ന [illegible] ലക്ഷത്തിൽ [illegible] അധികം [illegible] വഹിച്ചു നശിപ്പിച്ചുകളയുന്നു എന്നു [illegible] പരിതാപത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ഇതിൽ ഒരാളിനെപ്പററി മാത്രം പറയണമെന്നു ഞാൻ നിനക്ക വിചാരമില്ല. മി: നീലകണ്ഠപ്പിള്ളയുടേയും മി: പാച്ചുപിള്ളയുടേയും അഭിപ്രായത്തിൽ വ്യത്യാസമുള്ളതായി കണ്ടതുകൊണ്ടു് ഞാൻ ചുരുക്കമായി പറയുകയാണ്. തിരുവിതാംകൂറിലെ ജനങ്ങളുടെ പ്രതിനിധികൾ എന്ന നിലയിൽ രാവിസന്താനങ്ങളുടേയും ഇന്നുള്ള പൌരന്മാരുടേയും ക്ഷേമത്തെ ഉദ്ദേശിച്ചു ഞാൻ അറിയിക്കുന്നതെന്തെന്നാൽ ഇതിനെയുള്ള ആളുകളെ ഉദ്യോഗത്തിൽ നിന്നും മാററണമെന്നാണ്. കഴിഞ്ഞ [illegible] ലെ റിപ്പോർട്ടിൽ [illegible], [illegible] വർഷങ്ങളിൽ ഇപ്രകാരം പറഞ്ഞുകാണുന്നു. "യൂനിവേർസിററി പരീക്ഷയുടെ ഫലം തൃപ്തികരമായിരുന്നു. ഇൻറർമീഡിയററ് പരീക്ഷയ്ക്കു ഒന്നാം ഗ്രൂപ്പിലെ ഫലം രണ്ടിലേതിനേക്കാൾ നല്ലതായിരുന്നു. പരീക്ഷയ്ക്കു ചേർന്ന [illegible] പേരിൽ, [illegible] പേർ എല്ലാവിഷയത്തിലും ജയിച്ചു; അതിൽ [illegible] പേർ ഒന്നാം ക്ലാസിലും, [illegible] പേർ കണക്കുശാസ്ത്രത്തിലും, [illegible] പേർ രസതന്ത്രത്തിലും, [illegible] പേർഫിസിക്സിലും, [illegible] പേർ ബോട്ടനിയിലും ഡിസ്റ്റിംഗ്ഷനോടുകൂടിയുമാണ് ജയിച്ചതു്."

അതുകൊണ്ടു നമ്മുടെ കുട്ടികൾ ബുദ്ധിശക്തിയിൽ ഒട്ടും കുറഞ്ഞവരല്ലെന്നു മിസ്റ്റർ പാച്ചുപിള്ളയോടു ഞാൻ ധൈര്യസമേതം പറഞ്ഞുകൊള്ളട്ടെ. എന്നാൽ റിസൾട്ടിൽ ഇങ്ങനെ ഒരു കുറവു വരുന്നതിനുള്ള കാരണം [illegible] ലെ റിപ്പോർട്ടിൽ തന്നെ [illegible] വശത്തു പറഞ്ഞിരിക്കുന്ന സംഗതി കൊണ്ടായിരിക്കുമോ എന്നു ഞാൻ സംശയിക്കുന്നു. അതായതു ആ ഭാഗത്തു സെക്കൻഡറിസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു കാൺഫറൻസുണ്ടായിരുന്നു എന്നു പറഞ്ഞു കാണുന്നുണ്ടു്. ആ കാൺഫറൻസിന്റെ രഹസ്യമായ ആലോചനയുടെ ഫലമാണോ ഇതെന്നു ഡയറക്ടർ അവർകളുടെ പ്രസംഗത്തിൽ നിന്നു നമുക്കറിയാൻ സാധിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ അങ്ങനെ ഒന്നും സംഭവിച്ചിട്ടില്ലാത്ത പക്ഷം അതൊരു കാരണമായി ഞാൻ വിചാരിക്കുന്നില്ല.

പഠിപ്പിക്കുന്ന ആളുകൾ മോശക്കാരായതുകൊണ്ടാണോ ഈ തോൽവിക്കു കാരണം എന്നാണ് ഇനി ആലോചിക്കാനുള്ളതു്. ഒന്നുകിൽ [illegible] നുശേഷം നൂതനമായി കുറെ അദ്ധ്യാപകന്മാരെ നിയമിക്കയോ അല്ലാത്തപക്ഷം [illegible] നുശേഷം നമ്മുടെ കുട്ടികളുടെ ബുദ്ധിശക്തിക്കു മാന്ദ്യത സംഭവിക്കയോ ചെയ്തിരിക്കണം. ഏതായാലും ഇതിന് ഒരു പരിഹാരമുണ്ടാക്കേണ്ട ചുമതല പൌരപ്രതിനിധികൾക്കു മാത്രമല്ല ദിവാൻ പ്രസിഡൻറിനും ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇതിനുകാരണം പരീക്ഷാബോർഡിന്റെ പ്രസിഡൻറിന്റെയോ അല്ലെങ്കിൽ ഡയറക്ടരുടെയോ കുററമാണ് എന്നു ഞാൻ പറയുന്നില്ല. കഴിഞ്ഞ ആണ്ടിൽ ഡയറക്ടർ [illegible] ഇംഗ്ലീഷ് സ്കൂളുകളും [illegible] വർണാക്കുലർ സ്കൂളുകളും [illegible] കാളേജുകളും പരിശോധിച്ചതായിട്ടു കാണുന്നുണ്ടു്. ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ [illegible] സ്കൂൾ പരിശോധിച്ചതായിട്ടും കാണുന്നുണ്ടു്. ഇങ്ങനെ ഡയറക്ടരും ഇൻസ്പെക്ടരും മത്സരിച്ചു പരിശോധന നടത്തിയതിന്റെ ഫലം ഒന്നും കാണുന്നില്ല. പൊതുജനപ്രതിനിധിയെന്ന നിലയിൽ ഞാൻ ഈ അഭിപ്രായം പറയുന്നതിൽ അല്പം വൈഷമ്യത്തിന് അവകാശമില്ല. വിദ്യാഭ്യാസഡിപ്പാർട്ടുമെൻറ് ഒരു ശരിയായ ഡയറക്ടരുടെ അധീനത്തിലോ അല്ലെങ്കിൽ ഏതാനും ആളുകൾകൂടി ചേർന്ന ഒരു കമ്മിററിയുടെ അധീനതയിലോ കൊടുത്തു് ഏതെങ്കിലും വിധത്തിൽ പൌരന്മാരുടെ സങ്കടനിവൃത്തി വരുത്തണമെന്നു ദിവാൻ പ്രസിഡൻറിനോടും മഹാറാണി റീജൻറ് തിരുമനസ്സിനോടും അറിയിക്കണമെന്ന് [illegible] പല ആളുകളും പറഞ്ഞയച്ചിട്ടാണ് ഞാൻ പറഞ്ഞതു്.

ഡിപ്പാർട്ടുമെൻറിലുള്ള ആളുകൾക്ക് ഒരു സ്ഥലം മാററം കിട്ടണമെങ്കിൽ ശരിയായിട്ടു കിട്ടുന്നില്ല. പൌരന്മാർ കെട്ടി കൊടുത്ത കെട്ടിടത്തിൽ ഒരു യോഗം കൂടുന്നതിനു അനുവാദം കിട്ടണമെങ്കിൽ ഡയറക്ടറെ കാണേണം. അതുകൊണ്ടു ഞങ്ങൾക്ക് ഒരു നാട്ടുകാരനായ ഡയറക്ടർ വേണമെന്നു പറഞ്ഞു. അതുപോലെ തന്നെ ഒൻപതും പത്തും വർഷം പകരം ജോലി നോക്കിയിരിക്കുന്ന വാദ്ധ്യാന്മാരെ പിരിച്ചു വിടുന്നു.

മി: പി. എസ്സ്. മഹമ്മദ് (നിയമിക്കപ്പെട്ട മെമ്പർ): ഇതുകൊണ്ടാണോ സ്കൂൾഫൈനൽ റിസൽട്ടിനു ദോഷം വന്നതു്?

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോട്ടും): ഈ മാതിരിയുള്ള ഭരണദോഷം കൊണ്ടു വന്നതാണെന്നു ഞാൻ പറയുകയാണ്. ഇതിലേക്കു ഒരു കമ്മിററി രൂപീകരിച്ചു കൂടുതൽ കുട്ടികളെ പാസാക്കാൻ സൌകര്യമുണ്ടെങ്കിൽ പാസാക്കയും കൊള്ളരുതാത്ത വാദ്ധ്യാന്മാരെ ഉടനടി പുറത്തുകളകയും ചെയ്യു. പോററുകാരുടേയും തമ്മിൽ യോജിക്കാത്ത പക്ഷത്തിനാൽ യോജിക്കത്തക്കവണ്ണം രണ്ടു കാളകളേയോ രണ്ടു പോത്തിനേയോ കെട്ടിയാൽ ഈ രാജ്യത്തിനു ഐശ്വര്യമുണ്ടാകുമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ മിസ്റ്റർ പാച്ചുപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സർ, എൻെറ ബഹുമാനപ്പെട്ട സ്നേഹിതൻ ചേർത്തല മെമ്പർ മി: പാച്ചുപിള്ള അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയെ പ്രമേയത്തെ അനുകൂലിച്ചുകൊണ്ടു രണ്ടുവാക്കു ഞാനും പറഞ്ഞുകൊള്ളുന്നു. ലോകത്തിൽ അധർമ്മം വ്യാപിച്ചിരുന്നപ്പോൾ ഭഗവാൻ മഹാവിഷ്ണു ശ്രീകൃഷ്ണനായി അമ്പാടിയിൽ അവതരിച്ച കാലത്തു് ആ രാജ്യത്തുണ്ടായിരുന്ന കുട്ടികളെല്ലാം പൂതന മുതലായവരാൽ വധിക്കപ്പെട്ടുപോയി. അതുപ്രകാരം തന്നെ വിദേശികളാലും അർദ്ധവിദേശികളാലും ഈ രാജ്യം ഭരിക്കപ്പെട്ട് അനേകവിധത്തിലുള്ള ദുരിതങ്ങളെ നാട്ടാർ അനുഭവിച്ചുകൊണ്ടിരുന്നപ്പോഴാണു് ഒരു പുണ്യ സ്വദേശിയും ഈ രാജ്യത്തു ജനിച്ചു വളർന്ന ആളുമായ ഒരു ദേഹം ഇവിടത്തെ ഭരണകർത്താവിൻെറ പ്രധാനസ്ഥാനത്തു ആരോഹണം ചെയ്തതിനാൽ ഈ രാജ്യത്തുള്ള സകല ആളുകൾക്കും അദ്ദേഹത്തിൻെറ ഭരണഗുണംകൊണ്ടു അഭിവൃദ്ധിയുണ്ടാകുമെന്ന് അസ്മാദൃശന്മാർ വിചാരിച്ചു് ആനന്ദിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഭാവി പൌരന്മാരുടെ കൂട്ടക്കൊലനടത്തി എന്നു സ്കൂൾഫൈനൽ പരീക്ഷാഫലംകൊണ്ടു വെളിവായിരിക്കുന്നു എന്നു വ്യസനസമേതം ഈ സഭയിൽ പ്രസ്താവിക്കാതെയിരിക്കാൻ നിവൃത്തിയില്ല. ഈ വിധത്തിൽ ഒരു സംഭവം നേരിടുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല. ദക്ഷിണഭാരതത്തിലെ വിദ്യാഭ്യാസധുരന്ധരന്മാരിൽ ഒന്നാമനോ രണ്ടാമനോ അല്ലാത്ത ഡയറക്ടർ പരീക്ഷാബോർഡിൻെറ പ്രസിഡൻറായിരുന്ന കാലത്തു് ഇവ ശതമാനത്തിൽ പരം വിദ്യാർത്ഥികൾ പരീക്ഷയിൽ വിജയികളായിരുന്നു. എന്നാൽ ഇക്കൊല്ലമാകട്ടെ പത്തു ശതമാനം മാത്രമാണു പാസായിട്ടുള്ളതായി കാണുന്നതു്. ഒരുകൊല്ലംകൊണ്ടു നമ്മുടെ വിദ്യാർത്ഥികളുടെ ബുദ്ധി ഇത്രകണ്ടു മന്ദിച്ചുപോയി എന്നോ നമ്മുടെ അദ്ധ്യാപകലോകം അത്രകണ്ടു ദുഷിച്ചുപോയി എന്നോ വിചാരിക്കാൻ നിവൃത്തിയില്ല. ഡയറക്ടർ ഏതുസമയത്താണു കയറിവരുന്നത് എന്നറിയാതെ എല്ലാവരും ഒരുപോലെ താന്താങ്ങളുടെ ജോലിയിൽ ബദ്ധശ്രദ്ധന്മാരായിരുന്ന് അദ്ധ്യാപകന്മാരുടെ കീഴിൽ അദ്ധ്യയനം നടത്തപ്പെട്ട കുട്ടികളിൽ തൊണ്ണൂറു ശതമാനത്തോളം പരാജിതരാകുന്നതിനുള്ള കാരണം വിദ്യാഭ്യാസ ഡയറക്ടറുടെ ദോഷമാണെന്ന് ഒരിക്കലും വിചാരിക്കാൻ നിവൃത്തിയില്ല. കുട്ടികളുടെ വീഴ്ചയാണെന്നോ അല്ലെങ്കിൽ അദ്ധ്യാപകന്മാരുടെ ദോഷമാണെന്നോ എനിക്കു ലേശംപോലുംസംശയം തോന്നുന്നില്ല. എക്സാമിനേഷൻ ബോർഡിനു പററിയിട്ടുള്ള ഏതോ മാഹാത്മ്യമാണ് ഇതിനു കാരണം. ഇവർ സൽഗുണവാന്മാരാണെന്ന് ഒരിക്കലും വിചാരിക്കാൻ എൻെറ മനസ്സിനു ധൈര്യമില്ല. ഇവർ തിരുവിതാംകൂറിലെ പാവപ്പെട്ട ആളുകളെപ്പററി വിചാരമുള്ളവരാണെന്നും എനിക്കുതോന്നുന്നില്ല. അവരെപ്പററി ചിന്തിക്കുന്ന അവസരത്തിൽ

> "ഗുണിഗണഗണനാരംഭേ
> ന പതതി കഠിനീ സസംഭ്രമാദ്യസ്യ
> ... ...
> തേനാംബാ യദി സുതിനീ
> ... ...
> വദ വന്ധ്യാ കീദൃശീ നാമ."

എന്നൊരു മഹാൻ പറഞ്ഞിട്ടുള്ളതു എനിക്ക് ഓർമ്മവരുന്നു. ഇന്ന് ഈ രാജ്യത്തെ ഭാവിപൌരന്മാർക്കു നേരിട്ടിരിക്കുന്ന ഈ അത്യാപത്തിൽനിന്നും അവരെ രക്ഷിക്കാൻവേണ്ടി അവർക്കു കിട്ടിയിട്ടുള്ള മാർക്കുകൾ (പരീക്ഷാകമ്മിററിയും തിമിരത്തോ) പത്തു ശതമാനംകൂടി കൂട്ടുതൽകൊടുത്തു ആ ക്രമം അനുസരിച്ചു കഴിയുന്നിടത്തോളം വിദ്യാർത്ഥികളെ ജയിപ്പിക്കുന്നതിനു നല്ല മനസ്സുണ്ടായി സർവകലാശാല അധികാരികളുമായിട്ട് ആലോചിച്ച് വേണ്ടതു് ചെയ്യാൻ വിദ്യാഭ്യാസഡയറക്ടർ ആജ്ഞാപിക്കപ്പെടേണ്ടതാണ്. ഈവിധമായ കൂട്ടക്കൊലചെയ്തിട്ടുള്ള മഹാപാതകികൾ ആരാണെന്നറിഞ്ഞ് അവർക്കു തക്കതായ ശിക്ഷ കൊടുക്കണമെന്നു മാത്രമല്ല മേലാൽ തദ്ദേശന്മാരായ ആളുകളെ ഈ മാതിരിയുള്ള ചുമതലയിൽ ഒരിക്കലും ഏർപ്പെടുത്തരുതെന്നും ഞാൻ ഉപദേശിച്ചുകൊള്ളുന്നു. ഇത്രയും പറഞ്ഞുകൊണ്ടു മി: പാച്ചുപിള്ളയുടെ പ്രമേയത്തെ പൂർവമായി അനുകൂലിച്ചുകൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവൺമെൻറു മെമ്പറോടു സംസാരിക്കുന്നതിനു പറയണമെന്ന് ഞാൻ ആവശ്യപ്പെട്ടുകൊള്ളട്ടെ?

അദ്ധ്യക്ഷൻ: മററുമെമ്പർമാർക്കു സംസാരിക്കണമെന്നുള്ളപക്ഷം ഗവൺമെൻറു മെമ്പർ അദ്ദേഹത്തിൻെറ സമയംപോലെ സംസാരിക്കുന്നതിനു അനുവദിക്കപ്പെടുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ ഈ വിഷയത്തിൽ ഗവൺമെൻറിൻെറ അഭിപ്രായം അറിയണമെന്നാഗ്രഹിക്കുന്നു.

മി: എ. സി. കയ്യാക്കോസ് (മീനച്ചൽ-ദേവികുളവും): സർ, ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ക്ലിപ്തസമയം കൊണ്ടു [illegible] ഒരു [illegible], ഇതിനെ [illegible] അല്പം ഒരു [illegible] നം കാണുന്നതുകൊണ്ടു ഈ സന്ദർഭത്തെ ഉപയോഗിച്ച് എനിക്കു പറയാനുള്ള [illegible] ചില അഭിപ്രായങ്ങൾ ഇവിടെ പ്രത്യക്ഷപ്പെടുത്തിക്കൊള്ളാമെന്നു വിചാരിക്കുന്നു. ഈ കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷയുടെ ഫലം തൃപ്തികരമായിരിക്കുന്നില്ല എന്നുള്ളതു നിശ്ചയമാണ്. [illegible] ഇപ്പോൾ നടപ്പിലിരിക്കുന്ന പരീക്ഷയുടെ സമ്പ്രദായം ഏർപ്പെടുത്തിയ [illegible] ഇതിനുമുമ്പുള്ള ഒരു [illegible] വിദ്യാർത്ഥികൾക്ക് ഉണ്ടായിട്ടില്ല എന്നുള്ളതു തീർച്ചയാണ്. [illegible] വിദ്യാർത്ഥികളുടെ [illegible] വിദ്യാർത്ഥികളുടെ [illegible] അദ്ധ്യാപകന്മാർ [illegible] ഇല്ല [illegible] സ്കൂളുകളിൽ [illegible] ഇല്ല [illegible] ഏർപ്പെട്ടിട്ടുണ്ട് [illegible] ഓർഡർ [illegible] വിദ്യാർത്ഥികളുടെ [illegible] വിദ്യാഭ്യാസം [illegible] ഒരു പരീക്ഷയുടെ ഫലത്തെ മാത്രം ആസ്പദമാക്കി [illegible] എന്ന [illegible] പ്രസ്താവിച്ചിരിക്കുന്നതായി കാണാം. ഈ [illegible] അല്ലെങ്കിൽ [illegible] പ്രത്യക്ഷപ്പെട്ടിട്ടില്ലെങ്കിലും, ആ ഓർഡർ [illegible] പരീക്ഷാ [illegible], [illegible], ഒരു പ്രത്യേക ഉദ്ദേശത്തെ അനുസരിച്ച് [illegible] ആസ്പദമാക്കി, [illegible] വിദ്യാർത്ഥികളുടെ [illegible] മാർക്കുകൾ മാത്രം [illegible] സ്പഷ്ടമാണ്. ഇങ്ങനെ [illegible] ആസ്പദമാക്കി അവർ [illegible] മാർക്കുകൾ വിദ്യാർത്ഥികളുടെ പരീക്ഷാ [illegible] പ്രത്യക്ഷപ്പെട്ട [illegible] ഒരു സമ്പ്രദായം [illegible], അദ്ധ്യാ [illegible] ചില [illegible] പ്രവൃത്തിയെ സംബന്ധിച്ചിടത്തോളം [illegible] നാട്ടിലുള്ള ജനങ്ങളും [illegible] വിദ്യാർത്ഥികളും [illegible] ചെയ്തിട്ടുണ്ട്. ഇപ്പോഴത്തെ പരീക്ഷയുടെ ഫലത്തെ [illegible] അതിനെ സംബന്ധിച്ച് ശ്രദ്ധിച്ച് ആലോചിക്കേണ്ട ഒരു മുഖ്യവിഷയമായിട്ടാണ് [illegible]. [illegible] ശ്രദ്ധയെ ആകർഷിക്കുന്നതിന് [illegible] പ്രാധാന്യമുള്ള ഒരു [illegible] പരിഗണിക്കേണ്ടതുമുള്ള പ്രാധാന്യം ഒരു പരീക്ഷാഫ [illegible] എന്റെ [illegible] പ്രകാശിതമായിരിക്കണം എന്ന് പ്രത്യേകം [illegible] എന്നാൽ [illegible] പത്രങ്ങളും [illegible] അഭിപ്രായങ്ങൾ [illegible] നോക്കിയും, ജനസാമാന്യത്തിൽ ഇതു സംബന്ധമായി [illegible] അഭിപ്രായങ്ങൾ നമുക്കു ഗ്രഹിക്കുവാൻ കഴിയുന്നിടത്തോളം ഗ്രഹിച്ചതുകൊണ്ടുള്ള [illegible] അഭിപ്രായം പ്രത്യക്ഷമായി ഇപ്പോൾ കാണുന്നതുകൊണ്ടും, ഈ പരീക്ഷയുടെ ഫലം നാട്ടിനെ സംബന്ധിച്ചിടത്തോളം ഏറ്റവും ശ്രദ്ധേയമായ ഒരു കാര്യമായി പരിണമിച്ചിട്ടുണ്ടെന്നു നിസ്സംശയമായിട്ടു പറയാം.

വിദ്യാർത്ഥികൾ ധാരാളമായി [illegible] നിമിത്തമായിച്ച് ഉന്നതവിദ്യാഭ്യാസത്തിന ശേഷിയുള്ളവർ മാത്രം മുന്നോട്ടു [illegible] അല്ലാത്തവർ സാമാന്യ വിദ്യാഭ്യാസം മാത്രം ചെയ്തു [illegible] ആനുകൂല്യം [illegible] ചെയ്യുന്ന ഒരു നയം [illegible] എന്ന വിശ്വാസത്തിൽ [illegible] പരീക്ഷയെസംബന്ധിച്ച തീർച്ചയാക്കിയിരിക്കുന്നു എന്ന [illegible] സമ്മതിക്കാം. അങ്ങനെ സമ്മതിച്ചാൽത്തന്നെയും [illegible] ക്ലാസ്സുമുതൽ [illegible] വരെ പഠിക്കുന്ന വിദ്യാർത്ഥികളെ ഒരുപോലെ [illegible] വിദ്യാഭ്യാസസ്റ്റാൻഡാർഡു ക്രമപ്പെടുത്തി [illegible] ക്രമേണ നടപ്പിൽ [illegible] ഒരു [illegible] അതിനെ അംഗീകരിക്കാതെ ഒരു പരീക്ഷയുടെ ഫലംകൊണ്ട് [illegible] വരെയെല്ലാം ഒന്നായി, [illegible], കീഴ്പോട്ടു തള്ളിക്കളയുന്നതു ഒരിക്കലും ശരിയായിരിക്കയില്ല. വിദ്യാർത്ഥികളെ ശരിയായ ഒരു [illegible] ഉൾപ്പെടുത്തത്തക്കവണ്ണം പ്രാപ്തന്മാരായിരിക്കണം. ഇപ്പോഴത്തെ [illegible] മാറണം. സ്റ്റാൻഡാർഡു ക്രമേണ [illegible] എന്നു വരാം. [illegible] ഏർപ്പെടുത്തിയ ഒരു [illegible] അനുസരിച്ചും അപ്പഴപ്പോൾ ഏർപ്പെടുത്തുന്ന പുസ്തകങ്ങളെ ആശ്രയിച്ചും [illegible] നടത്തുന്നു. സ്റ്റാൻഡാർഡിനനുസരിച്ച പരീക്ഷകൾ നടത്താതെ പ്രതിവർഷം പരീക്ഷാസമ്പ്രദായം മാറുന്നു. ഈ നിലകളിൽ ന്യായമായി അദ്ധ്യാപനത്തേയും വിദ്യാർത്ഥികളേയും സഹായിക്കയാണ് വേണ്ടത്. അതിനുപകരം ഏതാനും ചില വിഷയങ്ങളിലുള്ള പരീക്ഷ ഇവിടെവച്ചു വല്ലവരുടേയും നിർദ്ദേശമനുസരിച്ചു നടത്തുന്നതു [illegible] അല്ല. മിക്കവാറും പരീക്ഷകന്മാർ [illegible] പുസ്തകങ്ങൾതന്നെ വായിച്ചിട്ടില്ലാത്തവരായിരിക്കും. ഓരോ സ്കൂളിലുള്ള അദ്ധ്യാപകന്മാർ ഏതു രീതിയിലാണ് പഠിപ്പിക്കുക അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റ അനുവർത്തിക്കുന്ന നയം എന്താണെന്നു നോക്കാതെ ഉയർന്നതരത്തിലുള്ള വിദ്യാഭ്യാസത്തിൽതന്നെ ഏർപ്പെട്ടു [illegible] വിഷയങ്ങളിൽ മാത്രം ജ്ഞാനമുള്ളവർ അല്ലെങ്കിൽ [illegible] ശാസ്ത്രീയജ്ഞാന [illegible] ഉയർന്നിരിക്കുന്ന ആളുകൾ അവരുടെ മാനദണ്ഡം വച്ചു [illegible] പതിവുനിമിത്തവും ഇവിടെ വിദ്യാർത്ഥികൾക്ക് തോൽവി [illegible] കൊണ്ടിരിക്കുന്നുണ്ട്. ഈ സംഗതി രാജ്യത്തിലെ വിദ്യാഭ്യാസാഭിവൃദ്ധിക്ക് ബാധകമായിട്ടാണ് ഇരിക്കുന്നതു. ഈ സമ്പ്രദായം തുടരുവാൻ പാടില്ലാത്തതാണ്.

ഇപ്പോൾ [illegible] ലക്ഷത്തിൽ അധികം രൂപാ വിദ്യാഭ്യാസത്തിനായി ചിലവാക്കി സാർവ്വത്രികമായ വിദ്യാഭ്യാസം നാട്ടിൽ പ്രചരിപ്പിക്കുന്നതിന് ഗവണ്മെന്റു ശ്രമിച്ചുവരുന്നു. ഇതിനുപുറമെ ജനങ്ങൾതന്നെയും ഈ വിഷയത്തിൽ സ്വന്തമായി പണം ചെലവുചെയ്തു വിദ്യാഭ്യാസത്തെ വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. കുടിപ്പള്ളിക്കൂടങ്ങൾ ഉൾപ്പെടെ വിദ്യാലയങ്ങളുടെ സംഖ്യ ഇതിനു തെളിവാണ്. അവർ ചിലവാക്കിക്കൊണ്ടിരിക്കുന്ന സംഖ്യയും [illegible] പരിമാണമായിട്ടാണല്ലോ പരിഗണിക്കപ്പെടേണ്ടതും.

ഇങ്ങനെയുള്ള വിദ്യാഭ്യാസം തിരുവിതാംകൂറിൽ, ഇൻഡ്യായിലുള്ള മറ്റു സകല ബ്രിട്ടീഷ് രാജ്യങ്ങളേയും അപേക്ഷിച്ചു, ഉൽകൃഷ്ടമായ നിലയിൽ എത്തിയിരിക്കുന്നു എന്നു നാം അഭിമാനിക്കുന്നു; നാം പ്രസ്താവിക്കുന്നു; അന്യഗവര്‍മ്മെന്റുകൾ അതിനെ സമ്മതിക്കയും ചെയ്യുന്നു. ഇങ്ങനെയുള്ള നമ്മുടെ വിദ്യാഭ്യാസം നിർവ്വഹിക്കപ്പെടുന്ന നമ്മൾ സമസ്ത രാജ്യങ്ങളേയും അതിശയിപ്പിക്കത്തക്കവണ്ണം വളരെ താഴ്ന്ന നിലയിൽ പ്രകടിപ്പിക്കുന്ന ഒരു പരീക്ഷാഫലംകൊണ്ട് നമ്മുടെ വിദ്യാർത്ഥികൾ വളരെ സങ്കടം അനുഭവിച്ചു ജീവനാന്തം ഖേദിക്കുന്നു. ഇതിന്റെ കാരണം എന്താണെന്നു ഞാൻ അന്വേഷിച്ചിട്ടില്ല. കാരണം എന്തുതന്നെ ആയിരുന്നാലും ഗവര്‍മ്മെന്റ് അതിനെ നിശ്ചയമായും പരിഹരിക്കേണ്ടതാണ്. അങ്ങനെ പരിഹരിക്കുന്നതിനു [illegible] മുതൽ നിലവിലിരിക്കുന്ന ചട്ടങ്ങളെ അവഗണിച്ച് അതിനിടയ്ക്ക് കാലദേശങ്ങൾ ഉണ്ടായിട്ടുള്ള മാറ്റങ്ങളേയും മറിച്ചിലുകളേയും വകവയ്ക്കാതെ വിധിക്കപ്പെടുന്ന ക്രമമായി സ്റ്റാൻഡാർഡ് ക്രമപ്പെടുത്താൻ ശ്രമിക്കയാണ് വേണ്ടതു്.

മദ്രാസ് യൂനിവേഴ്സിറ്റി പരീക്ഷ ജയിക്കുന്നതിനുള്ള മാർക്കുകൾ കൂട്ടണമെന്നു പറഞ്ഞിരിക്കുന്നതായി പ്രസ്താവിച്ചുകേട്ടു. യൂനിവേഴ്സിറ്റിയിൽനിന്നു അങ്ങനെ ഒരു വ്യവസ്ഥ ചെയ്തിരിക്കുമ്പോൾ അവർ പാഠപദ്ധതിയിലും ഭേദഗതികൾ ചെയ്തു. ഇവിടെ അവരുടെ നിർദ്ദേശങ്ങൾ മാത്രം സ്വീകരിച്ചു. കരിക്കുലം പഴയതു തന്നെ വച്ചുപാലിക്കുന്ന ദോഷഫലം നാട്ടാർ അനുഭവിക്കണം. പാഠപദ്ധതി ശരിപ്പെടുത്താതെ പരീക്ഷയെമാത്രം മുഖ്യമായി ഗണിക്കുന്ന രീതി പരിരക്ഷണീയമായിട്ടുള്ളതല്ല.

ധാരാളം വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ സന്താനങ്ങൾക്കു വിദ്യാഭ്യാസത്തിൽ കൂടുതൽ പ്രകാശിക്കുവാൻ കഴിയും. തിരുവിതാംകൂറിൽ പുരാതനകാലംമുതൽക്കേ വിദ്യാഭ്യാസം വളരെ വർദ്ധിച്ചിട്ടുണ്ട്. ബുദ്ധിശക്തിയിൽ കുറവില്ലാത്ത നാട്ടുകാർ ക്രമേണ മുന്നോട്ടുകടന്നുപോകേണ്ടതിനുപകരം വിദ്യാഭ്യാസത്തിൽ പിന്നോട്ടായിരിക്കുന്നു എന്നു കാണിക്കുന്ന പരീക്ഷാഫലം തീർച്ചയായും ആദരണീയമല്ല. തിരുവിതാംകൂറിലെ വിദ്യാർത്ഥികൾ അവരുടെ ബുദ്ധിശക്തികൊണ്ടും സാമർത്ഥ്യംകൊണ്ടും വിദ്യാഭ്യാസത്തിൽ ഉയർന്നുവന്നിട്ടുണ്ട്. പണ്ടു ഈ വക സൗകര്യമില്ലാതെയിരുന്നിരുന്നു. വേണ്ടിടത്തോളം വിദ്യാഭ്യാസസൗകര്യം ഇല്ലാതെ ഇരുന്നിരുന്ന മുൻകാലങ്ങളെ അപേക്ഷിച്ചു ഇപ്പോൾ സാർവ്വത്രികമായ വിദ്യാഭ്യാസം നൽകുന്നതിന് സൗകര്യം സിദ്ധിച്ചിട്ടുണ്ട്. ഗവര്‍മ്മെന്റു വിദ്യാലയങ്ങളും പ്രൈവറ്റു വിദ്യാലയങ്ങളും ധാരാളമായി. അവകളിൽ പഠിച്ചുവരുന്ന അവരുടെ പിൻഗാമികളും സുലഭമായിഭവിച്ചു. വിദ്യാഭ്യാസത്തിൽ ബുദ്ധിശക്തി പ്രദർശിപ്പിക്കുവാൻ സൗകര്യം ധാരാളമായും വന്നു. ഈ അവസരത്തിലാണ് ശോചനീയമായ പരീക്ഷാഫലം പ്രത്യക്ഷമാകുന്നതു. ഇതിന്റെ ഹേതു എന്തെന്നു കണ്ടുപിടിക്കാതെ കഴിവുള്ളതല്ല. തദർത്ഥം ശ്രദ്ധിക്കേണ്ടതാവശ്യമാണ്.

മി: ഇട്ടുപ്പ ഇട്ടിച്ചൻ (കുന്നത്തുനാട്): സർക്കാർ സ്കൂളല്ലാത്ത ഗ്രാന്റു സ്കൂളുകളിലെ പരീക്ഷാഫലം കണ്ടിട്ടുണ്ടോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): ഞാൻ സർക്കാർ സ്കൂളുകളേയും ഗ്രാന്റുസ്കൂളുകളേയും ഇവിടെ സൂചിപ്പിച്ചു എങ്കിലും താരതമ്യപ്പെടുത്തി നോക്കിയിട്ടില്ല.

അതുകൊണ്ടു ഇതിനു എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാകണം. പരിഹാരമാർഗ്ഗങ്ങൾ ഒന്നും ഞാൻ ഇവിടെ നിർദ്ദേശിക്കേണമെന്നു കരുതുന്നില്ല.

മി: ഇട്ടുപ്പ ഇട്ടിച്ചൻ (കുന്നത്തുനാട്): സർക്കാർസ്കൂളുകളിലും ഗ്രാന്റുസ്കൂളുകളിലും പരീക്ഷാഫലത്തിൽ വല്ല വ്യത്യാസവുമുണ്ടോ?

മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): അതിനു മറുപടിയാണ് ഞാൻ പറഞ്ഞതു്. രണ്ടും താരതമ്യപ്പെടുത്തിനോക്കിയിട്ടില്ല

അങ്ങനെ താരതമ്യപ്പെടുത്തിനോക്കേണ്ട ആവശ്യവുമില്ലതന്നെ. നാട്ടിൽ പൊതുവിൽ സംഭവിച്ചിട്ടുള്ള ഒരു സങ്കടാവസ്ഥയാണ് പ്രതിപാദ്യവിഷയം. അതിൽ താരതമ്യേന ആശ്വാസം കണ്ടുപിടിച്ചിട്ടു വിശേഷമില്ല. ഏതായാലും ഈ അതൃപ്തികരമായ പരീക്ഷാഫലത്തിനു കാരണക്കാർ ആരൊക്കെയാണെന്നു കണ്ടുപിടിക്കേണ്ടതു് ആവശ്യമാണ്. അങ്ങനെ കണ്ടുപിടിക്കപ്പെടുന്നവർ ശിക്ഷാർഹന്മാരുമാണ്. പരീക്ഷയുടെ കാര്യത്തിൽ വിദ്യാർത്ഥികളെ കുറെക്കൂടി സഹായിക്കത്തക്ക തീർച്ചക്കു കാലം വൈകിപ്പോയിട്ടില്ല. ഒരു ക്ലിപ്തപരിമാണത്തോളം ശതമാനമെങ്കിലും വിദ്യാർത്ഥികൾ വിജയികളായി തീരുവാൻ തക്കവണ്ണം ഒരു പുനരാലോചന കഴിക്കേണ്ടതു് അപേക്ഷിതമാകുന്നു. മദ്രാസ് യൂനിവേഴ്സിറ്റിയുമായി ആലോചിച്ചു ഗവര്‍മ്മെന്റിൽനിന്നു കഴിയുന്നവേഗത്തിൽ, കഴിഞ്ഞ പരീക്ഷയെസംബന്ധിച്ച് ഒരു പ്രത്യേകലിസ്റ്റുകൂടി പ്രസിദ്ധം ചെയ്യുവാൻ ശ്രമിക്കയും, മേലാൽ ഇപ്രകാരം വിദ്യാർത്ഥികളെ ബാധിക്കാതെയിരിക്കാൻ നിഷ്കർഷയായ ഏർപ്പാടുകൾ ചെയ്യുകയും ചെയ്യുന്നതിലേക്ക പ്രത്യേകം ശ്രദ്ധ പതിക്കേണമെന്നു മാത്രമേ എനിക്കു പറയാനുള്ളൂ. ഈ അഭിപ്രായത്തോടുകൂടി ഞാനും മി: പാച്ചുപിള്ളയെ അനുകൂലിച്ചുകൊള്ളുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഞാൻ മി: പാച്ചുപിള്ളയുടെ പ്രമേയത്തെ പിൻതാങ്ങുന്നു. ഏറ്റവും മനഃക്ലേശജനകവും പരിതാപകരവുമായ വിധത്തിലാണ് ഈ ആണ്ടത്തെ പരീക്ഷയുടെ ഫലം ഉണ്ടായിട്ടുള്ളതു്. ഇതിന് കാരണം ഉപാദ്ധ്യായന്മാരുടെ പ്രാപ്തിക്കുറവുകൊണ്ടോ വിദ്യാർത്ഥികളുടെ ബുദ്ധിയെ മന്ദീഭവിപ്പിക്കത്തക്കവിധത്തിലുള്ള സ്റ്റാൻഡേർഡ് ഏർപ്പെടുത്തിയതുകൊണ്ടുള്ള തകരാറുകൊണ്ടോ പാഠപദ്ധതിയിലുള്ള തകരാറുകൊണ്ടോ എന്താണെന്നാണ് ഇവിടെ ആലോചിക്കാനുള്ളതു്. ഉപാദ്ധ്യായന്മാരുടെ തകരാറുകൊണ്ടാണെന്ന് വിചാരിക്കാൻ ന്യായം കാണുന്നില്ല. ഇതുവരെ തൃപ്തികരമായ പരീക്ഷാഫലം ഉണ്ടാക്കിക്കൊണ്ടുവന്നിട്ടുള്ള അദ്ധ്യാപകന്മാർ ഒരു കൊല്ലംകൊണ്ട് പെട്ടെന്ന് മടിയന്മാരായിപ്പോയി എന്ന് വിചാരിക്കുന്നതിനു ന്യായമില്ല. പിന്നെ വിദ്യാർത്ഥികളുടെ ബുദ്ധിമോശമാണെങ്കിൽ കഴിഞ്ഞകൊല്ലംവരെ [illegible] ശതമാനം വിജയികളായിത്തീരുന്നതിന് തക്കവിധം ശരിയായ ഉത്സാഹത്തോടുകൂടി പഠിച്ചു എങ്കിൽ ഒരു കൊല്ലംകൊണ്ടു അവരുടെ ബുദ്ധി ശൂന്യമായിപ്പോയി എന്നു പറയാൻ നിവൃത്തിയില്ല. പിന്നെ ഈ ആണ്ടത്തെ പരീക്ഷാബോർഡിൽ പെട്ടന്നുണ്ടായ ചില അഭിപ്രായവ്യത്യാസംകൊണ്ടായിരിക്കണം ഇങ്ങനെ അവിചാരിതമായ പരീക്ഷ

ഫലം ഉണ്ടായിട്ടുള്ളത് എന്ന് വിചാരിക്കാനേ ന്യായമുള്ളു. അങ്ങനെ ആ പരീക്ഷാമണ്ഡലവും അതിലെ പ്രസിഡന്റും ഈ പരീക്ഷയെ സംബന്ധിച്ചിടത്തോളം ശരിയായി പ്രവർത്തിച്ചിട്ടുണ്ടോ എന്ന് സൂക്ഷ്മമായി അന്വേഷണം നടത്തി അതിന്റെ മേലധികാരികൾ വീഴ്ചയായിട്ടും വേണ്ടവിധത്തിൽ ശിക്ഷിക്കേണ്ടത് ഒരു നീതിയുള്ള ഗവൺമെന്റിന്റെ കടമയാണ്. ഭാഗ്യംകൊണ്ടോ നിർഭാഗ്യംകൊണ്ടോ ഒരു ഇൻഡ്യൻ ഡയറക്ടർ നമുക്ക് ഉണ്ടാകുന്നത് നമ്മുടെ രാജ്യത്തിനും വിദ്യാഭ്യാസാഭിവൃദ്ധിക്കും ഗുണകരമായിരിക്കുമെന്നുള്ള അഭിപ്രായത്തെ ഈ കൗൺസിലിൽ കൊണ്ടുവരികയും അതനുസരിച്ച് പ്രയോഗത്തിൽ വരികയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു പരിവർത്തനഘട്ടത്തിൽ [illegible] പരീക്ഷാഫലം [illegible] ആഗ്രഹമില്ലാതെ സന്തോഷത്തിന് [illegible]. സ്കൂൾഫൈനൽ പാസായി [illegible] ഇല്ലാതെ [illegible] വിദ്യാർത്ഥികൾ കോളേജ് വിദ്യാഭ്യാസത്തിന് [illegible] ചേരുന്നതിന് പ്രാപ്തിയില്ലാത്തവരും [illegible] ഉണ്ട്. [illegible] പ്രാപ്തരായ [illegible] പ്രാപ്തരും [illegible] പരീക്ഷയിൽ [illegible] സ്വീകരിച്ചുകൊള്ളുവാൻ [illegible] അങ്ങനെ വിചാരിച്ചിട്ടുണ്ടെങ്കിൽ അതു അന്വേഷണമായ [illegible] എന്നു പറയുന്നതിൽ [illegible] ഇല്ല. പരീക്ഷയും പാസായി ജോലിയില്ലാതെ നടക്കുന്ന ആളുകളേയും കൂടി പരീക്ഷ പാസാകാതെ നടക്കുന്ന ആളുകൾ [illegible] തൊഴിലില്ലായ്മ വർദ്ധിക്കുന്നതല്ലാതെ തൊഴിലില്ലായ്മ നിങ്ങുന്നില്ല. ഇങ്ങനെയിരിക്കുന്നതുകൊണ്ടും ഈ കാലത്ത് ഇംഗ്ലീഷ് പരീക്ഷ [illegible] പ്രയോജനമില്ല. ഗ്രാഡ്യുവേററായാലും പ്രയോജനമില്ല എസ്. എസ്. എൽ. സി. പരീക്ഷയെ [illegible] പ്രയോജനമില്ല. എന്നാലും അങ്ങനെങ്കിലും ഒരുദ്യോഗം [illegible] യാചിക്കുന്നതിന് നിവൃത്തിയുള്ളവരും അവരുടെ കുട്ടിയെ പള്ളിക്കൂടത്തിൽ അയച്ചു പഠിപ്പിക്കുന്നു. യാചകം ചെയ്തോ സബ്സ്ക്രിപ്ഷൻ [illegible] പണം പിരിച്ചോ പള്ളിക്കൂടത്തിൽ അയയ്ക്കും. യേനകേനപ്രകാരേണ അവരുടെ ആഗ്രഹം സാധിക്കുകയും ചെയ്യുന്നു. അവർ സ്കൂൾഫൈനൽ പാസാകുന്നതിനും ഇൻറർമീഡിയററ് പാസാകുന്നതിനും ബി. എ. പാസാകുന്നതിനും വേണ്ടി കുട്ടികളെ പള്ളിക്കൂടത്തിൽ അയയ്ക്കുന്നു. ഈവിധത്തിൽ സാമ്പത്തികമായ പല കഷ്ടതകളും അനുഭവിക്കുന്നുണ്ട്. ഈവക സങ്കടങ്ങൾ [illegible] അറിയാതെ ഉന്നതപരീക്ഷാ [illegible] ആയിരിക്കുന്ന മേധാവികൾ [illegible] മനോവികാരം [illegible] നമ്മുടെ [illegible] വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കന്മാരും അവരുടെ സന്താനങ്ങളും ഈ വിധത്തിൽ കഷ്ടപ്പെടുന്നതു വിചാരിച്ചാൽ അത്ര ഒരിക്കലും [illegible]. ഇവരും ആ വക [illegible] ഒരുകാലത്തു അനുഭവിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ അതിനെപ്പററി അവർക്ക് ഓർമ്മയില്ല. അങ്ങനെയുള്ള ബോർഡുമെമ്പറന്മാരോ അല്ലെങ്കിൽ അതിലെ പ്രസിഡന്റോ [illegible] ആണ്. [illegible] ശതമാനം വിദ്യാർത്ഥികൾ തോററു എന്നു പറയുന്നതു ഒരു ചെറിയ കാര്യമല്ല. ഇത്ര ഭയങ്കരമായ തോൽവി വന്നതിനു [illegible] പരിഹാരം ഉണ്ടാകേണ്ടതിന് [illegible] സംശയവുമില്ല. ഇത്ര ഭയങ്കരമായ തോൽവിക്കു കാരണക്കാർ ആരാണെന്നു അന്വേഷിക്കുന്നതിന് ഒരു [illegible] താമസിക്കാൻ പാടില്ല. അതിനാൽ എന്റെ സ്നേഹിതൻ മിസ്റ്റർ [illegible] ഹാജരാക്കിയ അടിയന്തിര പ്രമേയത്തെ ഹൃദയപൂർവ്വം ഞാൻ പിന്താങ്ങുന്നു. ഇതിനു വേണ്ട പരിഹാരം ചെയ്യുന്നതിനു ഒരു കമ്മററിയെ നിയമിച്ചു പെട്ടെന്നു ഒരു തീരുമാനം ഉണ്ടാക്കണമെന്നുള്ള അഭിപ്രായത്തെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

മി: മത്ത്യു മുരിക്കൻ (തലവൈക്കം): സർ, സ്കൂൾഫൈനൽ പരീക്ഷയുടെ [illegible] ഫലം [illegible] ഉണ്ടായിട്ടുള്ള ഗൌരവമായ സ്ഥിതിയെപ്പററി ഞാനും സ്വല്പം സംസാരിക്കണമെന്നു ആഗ്രഹിക്കുന്നു. സ്കൂൾഫൈനൽ പരീക്ഷയുടെ പത്തരെ മോശമായ ഫലം എവിടെയോ എന്തോ ദുഷ്യമുണ്ടെന്നു [illegible] വിശ്വസിക്കുന്നു. മി [illegible] പാച്ചുപിള്ളയുടെ [illegible] സഭയുടെ ഈ ഭാഗത്തുള്ള മററു സ്നേഹിതന്മാരുടേയും അഭിപ്രായത്തോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. കൊച്ചി, മൈസൂർ മുതലായ നാട്ടുരാജ്യങ്ങളിൽ [illegible] ശതമാനം വിദ്യാർത്ഥികൾ പാസാകുമ്പോൾ നമ്മുടെ രാജ്യത്തുമാത്രം [illegible] ശതമാനം പാസാകുന്നുവെന്നു പറയുന്നതു ഒട്ടും അഭിമാനകരമല്ല. ആ നാട്ടുരാജ്യങ്ങളും സർവകലാശാലയുടെ കീഴിലാണെന്നു [illegible]. ഈ വിഷയത്തിനെപ്പററി സംസാരിച്ച ചില സ്നേഹിതന്മാർ ഇതിലുള്ള മുഴുവൻ വീഴ്ചയും പരീക്ഷാബോർഡിൽ ആരോപിക്കുന്നു. യൂണിവേഴ്സിററി റിപ്പോർട്ടിന്റെ ഫലമാണിതെന്നു ചിലർ പറയുന്നു. മററു ചിലർ ഇതു അദ്ധ്യാപനത്തിന്റെയും പരിശോധനയുടേയും [illegible] ദോഷം കൂടിയാണെന്നു സംശയിക്കുന്നു. ഈ വിഷയത്തെപ്പററി ചിന്തിക്കുന്നതിൽ വിദ്യാഭ്യാസഡയറക്ടറുടെ [illegible] ഉത്തരവാദിത്വമുണ്ടെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ബോർഡ് അതിന്റെ ജോലി ഉത്തമമായി ചെയ്തുവെന്നു ഞാൻ പറയുന്നില്ല. ബോർഡിന്റെ ജോലിയെ സംബന്ധിച്ച് ഞാൻ ന്യായാന്യായവിവേചനം ചെയ്യണമെന്നും ഉദ്ദേശിക്കുന്നില്ല. എന്നാൽ ബോർഡിന്റെ ജോലിയെപ്പററി നിരൂപണംചെയ്യുമ്പോൾ ബോർഡു ഒരുവർഗ്ഗം സ്കൂളുകളോടു വല്ല പക്ഷപാതമെങ്കിലും കാണിച്ചിട്ടുണ്ടോ എന്നു ആലോചിക്കേണ്ടിവരും. ഇന്നു പരീക്ഷാഫലത്തെ സംബന്ധിച്ച ഏതാനും കണക്കുകൾ കണ്ടുപിടിക്കുന്നതിനു ഞാൻ ശ്രമിച്ചു. ഒരു ഗവണ്മെന്റു സ്കൂളിലും [illegible] ശതമാനത്തിനു കൂടുതൽ ജയിച്ചിട്ടില്ല. ആറു പ്രൈവററുസ്കൂളുകളിൽ [illegible] ശതമാനത്തിനു കൂടുതൽ ജയിച്ചിട്ടുണ്ട്. ഗവണ്മെന്റുസ്കൂളുകളിൽ കൂടുതൽ ജയിച്ചിട്ടുള്ളതു [illegible] ശതമാനമാണ്. പ്രൈവററുസ്കൂളുകളിൽ കൂടുതൽ ജയിച്ചിട്ടുള്ളതു [illegible] ശതമാനമാണ്. [illegible] ഗവണ്മെന്റുസ്കൂളുകളിൽമാത്രം [illegible] ശതമാനത്തിൽ കൂടുതൽ പാസുണ്ട്. [illegible] പ്രൈവററുസ്കൂളിൽ [illegible] ശതമാനത്തിൽ കൂടുതലുണ്ട്. ഗവണ്മെന്റുസ്കൂളുകളിലെ ശരാശരിവിജയം [illegible] ശതമാനവും പ്രൈവററുസ്കൂളുകളിലേതു [illegible] ശതമാനവും ആണ്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഈ വിവരങ്ങളെല്ലാം എവിടെനിന്നു കിട്ടിയെന്നറിഞ്ഞാൽകൊള്ളാം.

മി. മാത്യു മുരിക്കൻ (വൈക്കം): പല സ്ഥാനങ്ങളിൽ നിന്നും കിട്ടിയതാണ്.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഈ വിവരം ആഫീസിൽ ഇല്ല.

മി: മാത്യുമുരിക്കൻ (വൈക്കം): ഞാൻ പറയുന്നതു തിരുത്തേണ്ടതായി വന്നേക്കാം. എന്റെ കണക്കുകൾ ശരിയല്ലെങ്കിൽ എന്നെ തിരുത്തേണ്ടതും ഞാൻ അതിനെ സസന്തോഷം കൈക്കൊള്ളുന്നതും ആകുന്നു.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഈ കണക്കുകൾ ഡിപ്പാർട്ടുമെന്റിൽ ഇല്ലെന്നാണ് എന്റെ ആശയം. അതാണ് മി: മുരിക്കൻ ഉദ്ധരിച്ച കണക്കുകൾ കേട്ട ഉടൻ അത്ഭുതപ്പെട്ടതു്.

മി: മാത്യു മുരിക്കൻ (വൈക്കം): ഞങ്ങൾ ചില വിവരങ്ങൾ അറിയുന്നതിനു ശ്രമിച്ചു.

മി: തോട്ടത്തിനാൽ രാമവർമ്മരാജാ (എടവക): പ്രൈവററുസ്കൂളുകളിൽനിന്നും എല്ലാപേരെയും അയക്കുന്നില്ല. കുററ ആളുകളെമാത്രമെ പരീക്ഷയ്ക്കു അയക്കുന്നുള്ള എന്നും ഗവൺമെന്റുസ്കൂളുകളിൽ എല്ലാപേരെയും അയക്കുന്നുണ്ടെന്നും മെമ്പറിനു അറിയാമോ?

മി: മാത്യു മുരിക്കൻ (വൈക്കം)- എനിക്കു അറിഞ്ഞുകൂടാ.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഈ കണക്കുകൾക്കു ആസ്പദമായ കാര്യങ്ങൾ തന്നിട്ടില്ലെന്നും ഈ കണക്കുകൾ ശരിയായിരിക്കയില്ലെന്നും ആണ് ഞാൻ പറയുന്നതു്.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ കണക്കുകൾ ശരിയല്ലായിരിക്കാം. എന്നാൽ അവ ഏകദേശം ശരിയാണ്. ബോർഡിന്റെ നയം ചിററമ്മനയമായിരുന്നിരിക്കയില്ലെന്നാണ് എന്റെ അഭിപ്രായം. ബോർഡിനെ ഗൌരവമായി കുററപ്പെടുത്താനൊന്നുമില്ലതാനും. ഇതു ദുഷിച്ച അഭ്യസനത്തിന്റെ ഫലമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഞാൻ പറയുന്നതു തെററാണെങ്കിൽ വിദ്വാനായ വിദ്യാഭ്യാസഡയറക്ടർ അതിനെ തിരുത്തുമെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഈ വിവരങ്ങൾ അറിയുന്നതിനു ഞാൻ വളരെ ശുഷ്കാന്തിയോടെയാണ് പ്രവൃത്തിച്ചിട്ടുള്ളതു്. വാദ്ധ്യാന്മാരെ കൂടക്കൂടെ സ്ഥലം മാററുന്നതാണെന്നു് ഞാൻ ധൈര്യസമേതം പറയുന്നു.

രാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ). കഴിഞ്ഞകൊല്ലത്തിൽ അതിനു മുമ്പുള്ള കൊല്ലങ്ങളേക്കാൾ കൂടുതൽ സ്ഥലംമാററമുണ്ടായിരുന്നുവോ എന്നറിഞ്ഞാൽകൊള്ളാം:

മി: മാത്യുമുരിക്കൻ (വൈക്കം): കഴിഞ്ഞകൊല്ലം സ്ഥലംമാററം കുറവായിരുന്നുവെന്നു എനിക്കറിയാം. എന്നാൽ ഇതു കഴിഞ്ഞകൊല്ലത്തെ ജോലിയല്ല. ഇതു കഴിഞ്ഞ അനേകകൊല്ലങ്ങളായുണ്ടായിരുന്ന അനാശാസ്യമായ പരിശീലനത്തിന്റെയും സംഗ്രഹമായ ഒരു ഫലമാണ്. കൂടക്കൂടെയുള്ള ഈ മാതിരി സ്ഥലംമാററം വളരെ ചീത്തയും ഇക്കൊല്ലം മാത്രം ഒരു നൂതനമാർഗ്ഗം അനുകരിച്ചിരിക്കുന്നതും ആകുന്നു. ഞാൻ മൂന്നുകൊല്ലം വാദ്ധ്യാരായിരുന്നു. എന്റെ ഈ ചുരുങ്ങിയകാലത്തെ പരിചയംകൊണ്ടു വാദ്ധ്യാന്മാരുടെ കൂടക്കൂടെയുള്ള സ്ഥലംമാററം യന്ത്രത്തെ ആകമാനം തിരിച്ചുമറിക്കുന്നതാണെന്നു ഞാൻ പറയുന്നു. ഉദാഹരണമായി നമുക്കു ഇംഗ്ലീഷ് ഗദ്യരചന തന്നെ എടുക്കാം. ഒരു വാദ്ധ്യാർ വ്യാകരണം പഠിപ്പിക്കുന്നതിനു ഇഷ്ടപ്പെട്ടേക്കാം. ഒരു ടേമിന്റെ അവസാനത്തിൽ ആ അദ്ധ്യാപകനെ സ്ഥലം മാററുന്നപക്ഷം വേറൊരാൾ ആ സ്ഥാനത്തു വരുന്നു. അദ്ദേഹത്തിനു വ്യാകരണം ഒട്ടുംതന്നെ പ്രിയമല്ലായിരിക്കാം. ഈ കൊല്ലത്തെ ഇംഗ്ലീഷ് ഗദ്യരചന ചോദ്യക്കടലാസിൽ വ്യാകരണസംബന്ധമായ പല ചോദ്യങ്ങൾ ഉണ്ടായിരുന്നു അതിന്റെ ഫലം എന്താണ്. സ്കൂളിലെ കുട്ടികൾ ആ ചോദ്യങ്ങൾക്കു ഉത്തരമെഴുതുന്നതിനു അപ്രാപ്തരായിരിക്കുന്നതും തന്നിമിത്തം പരീക്ഷാഫലം വളരെ മോശമായിരിക്കുന്നതും ആകുന്നു അതിനാൽ ഇപ്രകാരമുള്ള സ്ഥലംമാററം യന്ത്രത്തെ ആകമാനം തകിടംമറിക്കുന്നതാണെന്നാണ് ഞാൻ പറയുന്നതു. അനേകം അഭിപ്രായങ്ങൾ ഉണ്ടെന്നു ഞാൻ സൂക്ഷ്മമായി പറയുന്നില്ല. എന്നാൽ നമ്മെ ഈ പതനത്തിൽ ആക്കിയിട്ടുള്ളതിനു ഇതുതന്നെയാണ് ഒരു കാരണം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുവങ്ങാടും): അട്ടത്തുണ്ടായ ഭൂമികുലുക്കം കൊണ്ടാണോ?

മി: മാത്യു മുരിക്കൻ (വൈക്കം): നമുക്കു കൂടക്കൂടെ ഭൂമികുലുക്കം ഉണ്ടാകാറില്ല.

മി: മുരുവേലി പാച്ചുപിള്ള (ചേർത്തല): പ്രൈവററുസ്കൂളുകളിലെ റിസൾട്ടു ഗവൺമെന്റു സ്കൂളുകളിലുള്ളതിനേക്കാൾ നല്ലതാണെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി: മാത്യുമുരിക്കൻ (വൈക്കം): അതാണ് എന്റെ അറിവു്.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ഇറവൂർ ഇംഗ്ലീഷ്സ്കൂളിൽ ൩൪ പേർ പരീക്ഷക്കു ചേർന്നതിൽ ൪ പേർമാത്രമേ പാസായിട്ടുള്ളു.

മി: മാത്യു മുരിക്കൻ (വൈക്കം): ഓരോ സ്കൂളിലെയും ജയത്തിന്റെ ശതമാനത്തെപ്പററി എനിക്കു അറിയേണ്ട ആവശ്യമില്ല. ഞാൻ ശരാശരി ശതമാനത്തെപ്പററിയാണ് ആലോചിക്കുന്നതു്. ഏതെങ്കിലും ഒരു പ്രത്യേക സ്കൂളിൽ കൂടുതൽ മാർക്കു കിട്ടിയോ ഇല്ലയോ എന്നു ഞാൻ കരുതുന്നില്ല. അതിനാൽ ബോർഡിനെ മാത്രം കുററപ്പെടുത്തേണ്ടതില്ല. എന്റെ ചില സ്നേഹിതന്മാർ വളരെ കൂടുതൽ കുററപ്പെടുത്തേണ്ടതു ബോർഡിനെയാണെന്നു ഗൌരവമായി വാദിക്കയുണ്ടായി. എന്നാൽ ബോർഡു നിരപരാധികളാണെന്നു ഞാൻ പറയുന്നില്ല. അതിനെപ്പററി ഗൌരവമായി അന്വേഷിക്കേണ്ടതു ഗവൺമെന്റാണ്; ബോർഡിനു മാത്രമെ ഉത്തരവാദിത്വമുള്ള എന്നു ഞാൻ പറയുന്നില്ല. ആലോചനാവിഷയമാക്കേണ്ട മററു കാരണങ്ങളും ഉണ്ടായിരുന്നേക്കാം. നമ്മുടെ അഭിപ്രായം അനുകമ്പാപൂർവമായിരിക്കേണ്ടതും നമ്മൾ അവയെപ്പററി നിഷ്പക്ഷമായി ആലോചിക്കേണ്ടതുമാകുന്നു. ഈ പരാജയത്തിനു ഏറെക്കുറെ ഉത്തരവാദിത്വം സർവകലാശാലയ്ക്കു കൂടെ ഉണ്ടെന്നു വിചാരിക്കുന്നു. എന്റെ അറിവിൽ പെട്ടിടത്തോളം സെപ്ററംബർ മാസത്തിൽ സർവകലാശാലയിൽ നിന്നും ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും നമ്മുടെ ഗസററിൽ ഒക്ടോബറിൽ അതു പരസ്യം ചെയ്തിട്ടുള്ളതും ആകുന്നു.

പ്രസിദ്ധീകരണം താമസിപ്പിച്ചതിനു ഉത്തരവാദി ആരാണെന്നു എനിക്കു അറിഞ്ഞുകൂടാ. മൻകൂട്ടി തയ്യാറാക്കുന്നതിനു സർവ്വകലാശാലയാണ് കുററപ്പെടുത്തേണ്ടതെങ്കിൽ അവരുമായി എഴുത്തുകുത്തു നടത്തി ഈ സംഗതിക്കു ഹിതമായ തീരുമാനം ഉണ്ടാക്കേണ്ടതു ഡിപ്പാർട്ടുമെൻറാണ്. നമ്മുടെ സർവ്വകലാശാലയെ സമീപിക്കുന്നതിനു പൂർണ്ണാധികാരമുള്ളതും അവരുമായി എഴുത്തുകുത്തു നടത്തി എല്ലാമെങ്കിലും നല്ല ഫലം സിദ്ധിക്കുന്നതിനു ശ്രമിക്കണമെന്നു ഞാൻ വിദ്യാഭ്യാസ ഡയറക്ടറോടു ബലമായി ഉപദേശിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉത്തരക്കടലാസ്സു നോക്കുന്നതിൽ സർവ്വകലാശാലക്കു വല്ല ഉത്തരവാദിത്വവുമുണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): ഞാൻ ആ സംഗതിയെപ്പററിയല്ല പറയുന്നതു്. സർവ്വകലാശാല എങ്ങനെയാണ് നമ്മെ ഈ സ്ഥിതിയിലാക്കിയതെന്നു [illegible] ഞാൻ ശ്രമിക്കാം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): സപ്ലിമെൻറ് ലിസ്റ്റ് [illegible] മെമ്പറിനു അറിയാമോ?

മി: മാത്യു മുരിക്കൻ (വൈക്കം): ഞാൻ സപ്ലിമെൻററി ലിസ്റ്റിനെ [illegible] നമ്മുടെ യുവാക്കന്മാരിൽ കുറെക്കൂടി ലഭിക്കുന്ന [illegible] എനിക്കു [illegible] ഫലിക്കണമെന്നു ഞാൻ ഡയറക്ടരോടു ആവശ്യപ്പെട്ടു [illegible] അദ്ദേഹത്തിനു് സർവ്വകലാശാലയുമായി എഴുത്തുകുത്തു [illegible] സർവ്വകലാശാല ഈ സംഗതിയിൽ കുററപ്പെടുത്താനുണ്ടെങ്കിൽ, [illegible] പരിഹാരം [illegible]

അവസാനമായി, ഇന്നത്തെ വിദ്യാഭ്യാസ പദ്ധതി [illegible] ഉണ്ടായിരിക്കുമെന്നുനോക്കാം. [illegible] ഇന്നത്തെ വിദ്യാഭ്യാസ പദ്ധതിയാണോ എന്നു എൻെറ സ്നേഹിതൻ മി. [illegible] ഈ പദ്ധതി [illegible] മാത്രമല്ലാ, അതിനുമുമ്പുള്ള അനേകം കൊല്ലങ്ങളായി [illegible] അതിപ്രായത്തിൻെറ [illegible] എന്നാലും, [illegible] വിദ്യാഭ്യാസ രീതിയിൽ [illegible] ഉണ്ടെന്നാണ് ഞാൻ പറയുന്നതു്. [illegible] പറയാം. സ്കൂൾ ഫൈനൽ [illegible] വിദ്യാഭ്യാസ [illegible] എന്നാൽ, [illegible] പഠിപ്പിച്ചു [illegible] സ്കൂളുകളെ എനിക്കറിയാം.

മി: ആർ. [illegible] (കൊട്ടാരക്കര കുന്നത്തൂർ). [illegible] വിദ്യാഭ്യാസരീതികൾ തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): [illegible] അതിൻെറ ഉത്തരം കൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല.

[illegible] ഉള്ളതും അതിലൊന്നു സ്ഥലം [illegible]

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): മുമ്പുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥലം മാററം ഇപ്പോഴുണ്ടെന്നു കാണിക്കുന്നതിനു മെമ്പറുടെ പക്കൽ വല്ല കണക്കും ഉണ്ടോ?

മി: മാത്യു മുരിക്കൻ (വൈക്കം): കൂടുതലില്ലെന്നു ഡയറക്ടർ പറയുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (കൊട്ടാരക്കര കുന്നത്തൂർ): എന്നാൽ കൂടുതലാണെന്നു ഞാൻ കരുതുന്നു.

മി: മാത്യു മുരിക്കൻ (വൈക്കം). അതു ഡയറക്ടരോടു ചോദിച്ചറിയാം. സ്ഥലംമാററം കൂടുതലാണെന്നാണ് എൻെറ അറിവ്. അതിനാൽ ഞാൻ അദ്ദേഹത്തിൻെറ പ്രസ്താവനയെ [illegible] സ്ഥലം മാററമുണ്ടെന്ന എൻെറ അഭിപ്രായത്തോടു ഡയറക്ടറും യോജിക്കുമെന്നു എനിക്കു പൂർണ്ണവിശ്വാസമുണ്ടു്. കൂടുതൽ സ്ഥലംമാററം നടക്കുന്നതിനു പരിതഃസ്ഥിതികൾ അദ്ദേഹത്തെ നിർബന്ധിച്ചിരിക്കാം.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി). കൂടക്കൂടെയുള്ള സ്ഥലം മാററം കൊണ്ടല്ലേ ഈ ശോച്യാവസ്ഥയുണ്ടായിരിക്കുന്നതു്?

മി: മാത്യു മുരിക്കൻ (വൈക്കം). കൂടുതൽ സ്ഥലംമാററമെന്നു ഞാൻ പറയുമ്പോൾ എന്നെ തെററിദ്ധരിക്കുന്നവരുണ്ടെന്നു എനിക്കു തോന്നുന്നു.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ). ഈ മാതിരി സ്ഥലം മാററവും മററും മുമ്പും നടത്തിയിട്ടുണ്ടായിരുന്നുവോ?

മി. മാത്യു മുരിക്കൻ (വൈക്കം): പഴയകാലം മുതൽക്കേ സ്ഥലംമാററമുണ്ടു്.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ): ഇപ്പോഴത്തെ പുതിയ ഡയറക്ടർ ധാരാളം സ്ഥലങ്ങളിൽ പരീക്ഷകൾ നടത്തി നിരത്തിച്ചിട്ടുണ്ടെന്നു മെമ്പറിനു അറിയാമോ?

മി. മാത്യു മുരിക്കൻ (വൈക്കം). ഡയറക്ടർ പല സ്കൂളുകളിലും പോയിട്ടുണ്ടെന്നും ഒരു ദിവസം അദ്ദേഹം നാലോ അഞ്ചോ സ്കൂളുകൾ പരിശോധിച്ചിട്ടുണ്ടെന്നും എനിക്കറിയാം, എന്നാൽ അദ്ദേഹം ഉദ്ദേശിക്കുന്ന ഫലം ഇന്നാതിരി ചൊടിപ്പു കൊണ്ടു് കിട്ടുമോ എന്നാണ് ചോദ്യം.

അദ്ധ്യക്ഷൻ. മി. മുരിക്കൻ, നിങ്ങൾ വാദവിഷയം വിട്ടു സംസാരിക്കുന്നു.

മി. മാത്യു മുരിക്കൻ (വൈക്കം). സർ, അദ്ദേഹം വീണ്ടും എന്നെ ഉപദ്രവിക്കാതിരിക്കത്തക്കവണ്ണം ഞാൻ യോഗ്യമായി അദ്ദേഹത്തിനു മറുപടി കൊടുക്കേണ്ടതാണ്.

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ). മുമ്പു ഒരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിൽ അത്ര വിശേഷമായ രീതിയിൽ ഈ ആണ്ടത്തെ പരീക്ഷാഫലം വന്നിട്ടുണ്ടു്. അങ്ങിനെ വരുന്നതിനു വിശേഷാൽ എന്തെങ്കിലും ഡയറക്ടറിൽ നിന്നും ഉണ്ടായിട്ടുണ്ടോ?

മി. മാത്യു മുരിക്കൻ (വൈക്കം): അതു വേറെ സംഗതിയാണ്. ഡയറക്ടരാണ് ഇതിനെല്ലാം ഉത്തരവാദി എന്നു ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. എന്നെ തെററിദ്ധരിക്കാൻ പോകുകയാണെന്നു ഞാൻ ഭയപ്പെടുന്നു. ഒരു പ്രത്യേക വ്യക്തിയിൽ ഞാൻ മുഴുവൻ കുററവും ചുമത്തുന്നില്ല. സർവ്വകലാശാലയുടെ കൈകടത്തൽ, വിദ്യാഭ്യാസരീതി മുതലായ പല സംഗതികളെയും ഞാൻ വിവരിക്കുകയായിരുന്നു. ഇതൊന്നുമല്ല ഈ ദുഷ്ഫലത്തിനു കാരണം, ചീത്ത അദ്ധ്യാപനവും, പരിശോധനയും മററും കൊണ്ടാണ് ഈ ഫലം ഉണ്ടാക്കിത്തീർന്നിട്ടുള്ളത്. ഞാൻ വിദ്വാനായ ഡയറക്ടരുടെ ഭരണത്തെ ദുഷിക്കുന്നില്ല. അദ്ദേഹത്തിന്റെ നയത്തിനു പല നല്ല ഗുണങ്ങളുമുണ്ട്. ഇതിന്റെയെല്ലാം ചുരുക്കം ഈക്കൊല്ലത്തെ പരിതാപകരമായ പരീക്ഷാഫലമാണ്. ഈ ദുരവസ്ഥ ഇനിയും ഉണ്ടാകാതിരിക്കത്തക്കവണ്ണം വേണ്ട അന്വേഷണം നടത്തി പരിഹാരമാർഗ്ഗമുണ്ടാക്കേണ്ടത് ഗവണ്മെന്റാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററുംകര): ഗവണ്മെന്റിന്റെ പക്കൽനിന്നും എന്തെങ്കിലും പരിഹാരമാർഗ്ഗമുണ്ടാകുമെന്ന് ഉൽക്കണ്ഠാപൂർവ്വം വീക്ഷിച്ചുകൊണ്ടിരിക്കുന്ന പൊതുജനങ്ങളുടെ മനസ്സിനെ കലുഷിതമാക്കിയിരിക്കുന്ന, ഇന്നത്തെ ഏററവും പ്രധാനമായ സംഗതിയല്ലെങ്കിൽ, ഏററവും പ്രധാനമായ സംഗതികളിലൊന്നിനെപ്പററി സഭാസമക്ഷം അവതരിപ്പിച്ചിരിക്കുന്ന ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നതിന് എനിക്കതിയായ സന്തോഷമുണ്ട്. സർ, കഴിഞ്ഞകൊല്ലം ൭ ശതമാനമായിരുന്ന പരീക്ഷാഫലം ഇക്കൊല്ലം [illegible] ശതമാനമായിക്കുറഞ്ഞതു വളരെ അത്ഭുതമല്ലേ. ഉപക്ഷേപത്തിന്റെ അവതാരകൻ ചൂണ്ടിക്കാണിച്ചതുപോലെ, ഇക്കൊല്ലത്തെ വിദ്യാർത്ഥികൾ ഒരുപോലെ ചീത്തയായിരുന്നിരിക്കാൻ ഇടയില്ല. അദ്ധ്യാപകന്റെ അദ്ധ്യാപനസാമർത്ഥ്യം പെട്ടെന്നു കുറഞ്ഞുപോയിയെന്നും പറയാൻ പാടില്ല. ഏതായാലും, ഈ ശോച്യമായ പരീക്ഷാഫലംകൊണ്ടു സങ്കടമനുഭവിക്കുന്നതു പൊതുജനങ്ങളാണെന്നാണ് ഞാൻ പറയുന്നത്. ഈ ഫലത്തിന് പ്രധാനകാരണം പുതിയതായി രൂപീകരിക്കപ്പെട്ട പരീക്ഷാബോർഡിന്റെ മനസ്ഥിതിയായിരിക്കണം. അടുത്തകാലംവരെ പരീക്ഷാബോർഡും ഡിപ്പാർട്ടുമെന്റ് മേലാവും തമ്മിലുണ്ടായിരുന്ന സൌഹാർദ്ദബന്ധത്തിനും ഐക്യത്തിനും നാം സാക്ഷ്യം വഹിച്ചിരുന്നു. എന്തോ ചില കാരണങ്ങളാൽ, ഞാൻ പൊതുജനങ്ങളുടെ അഭിപ്രായത്തെ ശരിയായി ഉച്ചരിക്കുകമാത്രമാണെന്നു വിചാരിക്കുന്നു. ഇന്നു ആ ബന്ധം അസ്തമിച്ചിരിക്കുന്നതും തൽഫലമായി വിദ്യാർത്ഥികൾ സങ്കടമനുഭവിക്കുന്നതും ആകുന്നു. കണിശമായും ന്യായപ്രവൃത്തിക്കുന്ന ഒരുത്തമപുരുഷനെന്ന നിലയിൽ പൊതുജനങ്ങളുടെ ബഹുമതിസമ്പാദിച്ചിരിക്കുന്ന ഒരാളാണ് ഇപ്പോഴത്തെ ഡിപ്പാർട്ടുമെന്റ് മേലദ്ധ്യക്ഷൻ. ബോർഡ് അദ്ദേഹത്തിന്റെ സഹകരണമോ ഉപദേശമോ ആവശ്യപ്പെട്ടിരുന്നുവെങ്കിൽ കുറേക്കൂടി നല്ല ഫലം ഉണ്ടാകുമായിരുന്നു. നിർഭാഗ്യവശാൽ, അതിനിടയായില്ല. കൂടുതലായ പരീക്ഷാവിജയത്തിൽ പ്രതികൂലാഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ള ഒരാളാണ് ഇപ്പോഴത്തെ ബോർഡിൽ ആദ്ധ്യക്ഷം വഹിക്കുന്നതെന്ന് പണ്ഡിതനായ ഉപക്ഷേപപ്രയോക്താവ് ചൂണ്ടിക്കാണിക്കുന്നു. അതെങ്ങനെയിരുന്നാലും, കൂടുതലായ പരീക്ഷാവിജയത്തിൽ പ്രതികൂലിയും അതിനെ ശക്തിയായി എതിർക്കുന്നവനുമായ ഒരു യോഗ്യനാണ് ഇന്നത്തെ ബോർഡിന്റെ അദ്ധ്യക്ഷനെന്നതു പരമാർത്ഥമാണ്. അദ്ദേഹത്തിന്റെ സഹായപരീക്ഷകന്മാർ സ്വാഭാവികമായി തങ്ങളുടെ പ്രധാനിയെ തൃപ്തിപ്പെടുത്തുന്നതിനു ശ്രമിക്കുമെന്നുള്ളതും പ്രത്യക്ഷമാണ്. ഈ കാരണവും, കാലയുടെയും പൊന്നിന്റെയും കഥയോടു സാദൃശ്യപ്പെടുത്തി മി. ടി. സി. കേശവപിള്ള ഭംഗിയായി പ്രസ്താവിച്ച മററു കാരണങ്ങളും ഇക്കൊല്ലത്തെ വിജയത്തിൽ അഭൂതപൂർവ്വമായ കുറവിന് കാരണമായിട്ടുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. സർ, ജനസമുദായം ദിനംപ്രതി കൂടുതൽ കൂടുതൽ നിർദ്ധനരായും വിദ്യാഭ്യാസം കൂടുതൽ കൂടുതൽ ചിലവേറിയതായും വന്നുകൊണ്ടിരിക്കുന്ന ഒരുകാലത്താണ് നാം ജീവിക്കുന്നത്. തന്നിമിത്തം, തങ്ങളുടെ കുട്ടികളെ വിദ്യാലയങ്ങളിൽ ചേർക്കണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കന്മാർക്കും വിദ്യാർത്ഥികൾക്കും ഒരു വലിയ ഭാരമായിട്ടാണ് തീർന്നിരിക്കുന്നത്. മെട്രിക്കുലേഷൻ നടപ്പിലിരുന്ന പഴയകാലങ്ങളും അസ്തമിച്ചിരിക്കുന്നുവെന്നാണ് നമ്മുടെ അഭിപ്രായമെന്ന് ഞാൻ വിചാരിക്കുന്നു. എന്നാൽ കഴിഞ്ഞ സ്കൂൾഫൈനൽ പരീക്ഷാഫലത്തിൽനിന്നും ആ പൂർവ്വകാലങ്ങൾ പുനർജ്ജീവിച്ചിരിക്കുന്നുവെന്ന് നാം കാണുന്നു. തങ്ങളുടെ വിദ്യാലയജീവിതം പൂർത്തിയാക്കിയശേഷം അപരന്മാരുടെ ഇഷ്ടാനുസരണമുള്ള പന്ഥാവിൽക്കൂടി വ്യതിചലിക്കുന്നതിനു കൂടുതലായ സൌകര്യം നൽകുന്നതെന്ന വിചാരത്തിൽ അവധാനപൂർവ്വം ചിന്തിച്ചുണ്ടാക്കിയിട്ടുള്ളതാണ് സ്കൂൾഫൈനൽ സമ്പ്രദായമെന്ന് എനിക്കു തോന്നുന്നു. സ്വല്പകാലംമുമ്പുവരെ, ഇംഗ്ലീഷിലും മററുവിഷയങ്ങളിലും വളരെനല്ല മാർക്ക് കിട്ടിയിരുന്നാലും ഒന്നോ രണ്ടോ വിഷയത്തിൽ നിശ്ചയിച്ചിട്ടുള്ള കുറഞ്ഞമാർക്ക് കിട്ടിയിട്ടില്ലെന്നകാരണത്താൽ അവരെ തോല്പിക്കുകയായിരുന്നുവെന്ന് എനിക്കറിയാം. ഈ കാരണങ്ങളാൽ ഞാൻ ഉപക്ഷേപത്തെ ഹൃദയപൂർവ്വം അനുകൂലിക്കുകയും ഈ സംഗതിയിൽ ഗവണ്മെന്റ് വേണ്ട അന്വേഷണം നടത്തി കഴിയുന്നത്രവേഗം ഒരു സപ്ലിമെന്ററിലിസ്റ്റ് പ്രസിദ്ധപ്പെടുത്തുന്നതിന് ഏർപ്പാടുചെയ്യുകയും ചെയ്യണമെന്നു ഞാൻ അപേക്ഷിക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ പരീക്ഷാബോർഡുകാർ തെററുപ്രവൃത്തിച്ചുവെന്നു കാണുന്നപക്ഷം അവർ ഇപ്രകാരം വിദ്യാർത്ഥികളെ കഷ്ടപ്പെടുത്താതിരിക്കുന്നതിനു ഏർപ്പാടുചെയ്യണമെന്നുകൂടി ഞാൻ അപേക്ഷിക്കുന്നു.

റാവുബഹദൂർ കെ. വി. രംഗസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഈ പ്രധാനമായ സംഗതിയിൽ സഭയുടെ എതുഭാഗത്തുമുള്ള മെമ്പർമാരുടെ വിമർശനങ്ങളും അഭിപ്രായങ്ങളും കേട്ടതിനുശേഷം എനിക്ക് പറയാനുള്ളതു പറയാമെന്ന വിചാരത്താൽ ഞാൻ ഈ വാദപ്രതിവാദത്തിൽ ഉൾപ്പെടാതെയിരുന്നിട്ടുള്ളതാണ്. ഉപക്ഷേപപ്രയോക്താവും അതിനുശേഷമുണ്ടായിരുന്ന പ്രാസംഗികന്മാരും വളരെ സംസാരിച്ചു. തോൽവിക്കു സഹായമാവുന്ന പലകാരണങ്ങളെപ്പററിയും അവർ സവിസ്തരം പ്രതിപാദിച്ചു. ഈ സഭയിൽ ഈയവസരത്തിൽ ഇമ്മാതിരി ഒരു വാദപ്രതിവാദത്തിനിടയാക്കിയതിൽ ഞാൻ വളരെ മനസ്താപിക്കുന്നു. പരീക്ഷകളുടെ തോതുകൾ വളരെ പ്രധാനമായ സംഗതികളാണ്. പരീക്ഷാഫലത്തെ ആസ്പദമാക്കി നൽകുന്ന ഡിഗ്രികളുടേയും സർട്ടിഫിക്കററുകളുടേയും ബഹുമതികളുടേയും വില, പരീക്ഷകന്മാരുടെ തോതിൽ കാണിക്കുന്ന കാർക്കശ്യത്തെ അടിസ്ഥാനമാക്കി സ്ഥിതിചെയ്യുന്നതുകൊണ്ടാണ് അവ അതിപ്രധാനമായിരിക്കുന്നത്. പാഠശാലകളിലും മഹാപാഠശാലകളിലും ഹാജരാകുന്ന നമ്മുടെ യുവതീയുവാക്കന്മാരിൽ അധികവും വിദ്യാഭ്യാസം സിദ്ധി

എങ്ങനെയെന്നോ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗമാണെന്നോമാത്രം കരുതിയല്ലാ അപ്രകാരം ചെയ്യുന്നതു്. പിന്നെയോ, യോഗ്യമായ ഉദ്യോഗം സിദ്ധിക്കുന്നതിനുള്ള ഒരു മാർഗ്ഗമെന്നാണ് അവർ അതിനെ കരുതുന്നതു്. ഇപ്പോൾ തിരുവിതാംകൂറിൽ കൊടുക്കുന്ന സ്കൂൾ ഫൈനൽ സർട്ടിഫിക്കറ്റ് രണ്ടുകാര്യം നേടുന്നു. അവ കാളേജ് പ്രവേശനത്തിനുള്ള യോഗ്യതയും പബ്ലിക് സർവീസിൽ ഉദ്യോഗത്തിനുള്ള യോഗ്യതയും പ്രദാനം ചെയ്യുന്നുണ്ട്. ഇപ്പോൾ കാളേജ് പ്രവേശനത്തിനും പബ്ലിക് സർവീസിനും വേണ്ടയോഗ്യതകൾ തുല്യമാണ്. പരീക്ഷയിൽ ചേരുന്ന വിദ്യാർത്ഥികളെല്ലാം കോളേജ് പ്രവേശനത്തിനർഹമായ സർട്ടിഫിക്കറ്റുകൾ വാങ്ങി ഉപരിപഠനം നടത്തണമെന്നോ, അതിനു നിവൃത്തിയില്ലാത്തപക്ഷം ചിലർ തങ്ങളുടെ ശക്തിക്കനുസരണമായ ഉദ്യോഗം സമ്പാദിക്കണമെന്നോ ആഗ്രഹിക്കുന്നു. ഈ സ്ഥിതിയിൽ കൂടുതലായ പരാജയം ഗണ്യമായ അതൃപ്തിക്കിടയാക്കുന്നതു സ്വാഭാവികമാണ്. ഈ വിഷയത്തിൽ എനിക്കുള്ള അനുഭവംകൊണ്ട്, മാതാപിതാക്കന്മാരുടെയും, രക്ഷാകർത്താക്കന്മാരുടെയും അദ്ധ്യാപകന്മാരുടെയും മനഃസ്ഥിതി മനസ്സിലാക്കുന്നതിനും അവരിൽ അനുകമ്പ കാണിക്കുന്നതിനും എനിക്ക് കഴിയുന്നതാണ്.

കഴിഞ്ഞ പരീക്ഷയിൽ ഗവന്മെന്റുസ്കൂളുകൾക്കും ഗ്രാന്റുസ്കൂളുകൾക്കും താരതമ്യേന സിദ്ധിച്ച സ്ഥാനത്തെപ്പററി ഇന്നു ഒരു വാദപ്രതിവാദം ഉണ്ടായിരുന്നു. എല്ലാം തന്റെ പാഠശാലകളാകയാൽ വിദ്യാഭ്യാസഡയറക്ടർക്ക് എല്ലാ സ്കൂളുകളും ഒരുപോലെതന്നെ; എല്ലാ പാഠശാലകളും ഒരുപോലെ ചെയ്യണമെന്നാണ് ആയാളിന്റെ പ്രധാനചിന്ത; ഏതെങ്കിലും ഒരുവർഗ്ഗം പാഠശാലകളിലൊ മറെറാരുവർഗ്ഗം പാഠശാലകളിലൊ താരതമ്യേന കൂടുതലായ പരാജയം കാണുന്നപക്ഷം അതു ഒരുപോലെ ഉൽക്കണ്ഠത്തിനിടയാക്കുന്നതായിരിക്കും. വിവാദവിഷയത്തിൽ, സെക്കണ്ടറിസ്കൂൾ ജീവിതത്തിനുശേഷം അവസാനപരീക്ഷയുടെ ഫലമായി വന്ന ശതമാനം വിദ്യാർത്ഥികൾമാത്രം ഗണിക്കുന്നപക്ഷം അതു ഗൗരവമായ ആലോചനക്കും ആവശ്യമുള്ള അന്വേഷണത്തിനും ഇടയാക്കേണ്ടതന്നെ സംഗതി എനിക്കു ബോദ്ധ്യപ്പെടുന്നതുതന്നെ (മി: ഡി. സി. ജോസഫ്: കേൾപ്പിൻ, കേൾപ്പിൻ). ഇന്നത്തെ വാദത്തിനിടയിൽ, ഗവണ്മെന്റോ വിദ്യാഭ്യാസവകുപ്പോ ഈ സംഗതി മനസ്സിലാക്കിയിട്ടില്ലെന്ന വിചാരത്തോടെ സഭയുടെ ഏതുഭാഗത്തുള്ള മെംബർമാർ സംസാരിച്ചതായിട്ടാണ് എനിക്കു തോന്നിയതു. എന്നാൽ അപ്രകാരമല്ലാ. പരാജയത്തിന്റെ ശതമാനം അറിഞ്ഞ ആ നിമിഷംമുതൽ ആ സംഗതി ഉൽക്കണ്ഠാപൂർവ്വം ആലോചിച്ചുവരികയാണ്. ശ്രദ്ധാപൂർവ്വം ന്യായമായ വിവേചനം ചെയ്തുള്ള അന്വേഷണം കൂടാതെ ഈ പരാജയത്തിന്റെ ആധിക്യവും വിസ്തരവും ആയ കാരണങ്ങൾ എന്തെന്നോ അവയ്ക്കുള്ള പരിഹാരമാർഗ്ഗമെന്തെന്നോ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റോ ഗവണ്മെന്റോ പറയുന്നതിന് സ്വാഭാവികമായി സാദ്ധ്യമല്ലാതെയാണിരിക്കുന്നതു. എന്നെസംബന്ധിച്ചാണെങ്കിൽ, ഇന്ന് ഈ സഭയിൽവെച്ച് ഇതിനെപ്പററി പ്രതിവചിക്കുന്നതിന് യോഗ്യമല്ലാത്ത ഒരു പദവിയിലാണ് ഞാൻ സ്ഥിതിചെയ്യുന്നതു്. പ്രഥമമായി ഒരുദ്യോഗികനിലയിൽ ഞാൻ ഇതിനെപ്പററി ചിന്തിക്കാനുള്ളതും തന്നിമിത്തം അന്വേഷണത്തിന്റെ ഫലമായി ഞാൻ തീരുമാനിക്കേണ്ടകാര്യങ്ങളെപ്പററി ഉദ്ദേശങ്ങളും അഭിപ്രായങ്ങളും പുറപ്പെടുവിച്ചുകൂടാത്തതും ആകുന്നു. ഈ മനുഷ്യനു ഹാനികരമായ യാതൊരനുമാനങ്ങളും ഡയറക്ടർ എന്ന നിലയിൽ എന്നിൽനിന്നും പുറപ്പെട്ടുകൂടാത്തതാകുന്നു. ശ്രദ്ധാപൂർവ്വമായ അന്വേഷണഫലമായി കാണേണ്ട കാരണങ്ങൾ ഇന്നവയെന്നു ഞാൻ ഇപ്പോൾ ഊഹിച്ചുകൂടാ. കഴിഞ്ഞ ഒരവസരത്തിൽ പരീക്ഷകൾ നടത്തിയപ്പോൾ ഡിപ്പാർട്ടുമെന്റു മേലദ്ധ്യക്ഷൻ എന്ന നിലയിലും പരീക്ഷാബോർഡിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ കുറേക്കൂടി അടുത്തും എനിക്കു പരീക്ഷയുമായി പെരുമാറുന്നതിനു ഇടയായിട്ടുണ്ട്. അനന്തരഫലം ഇന്ന് വാദപ്രതിവാദത്തിനിടയിൽ ഉദ്ധരിക്കുകയും ഈ കഴിഞ്ഞ പരീക്ഷയുടെ ഫലവുമായി താരതമ്യപ്പെടുത്തുകയുംചെയ്തു. ഈ പതനത്തിൽ സഭ എന്റെ നില ശരിയായി മനസ്സിലാക്കുകയും ഞാൻ കുറേക്കൂടി വ്യക്തമായി അഭിപ്രായം പുറപ്പെടുവിക്കാത്തതു് ഇന്ന് പ്രസ്താവിച്ച അനേകം വാദമുഖങ്ങളെപ്പററി എനിക്കു സ്ഥിരമായ അഭിപ്രായം ഇല്ലായ്കയാലല്ലെന്നും എന്നാൽ നിലവിലുള്ള നിലയിൽ ഞാൻ സ്ഥിരമായ അഭിപ്രായം ഇപ്പോൾ പുറപ്പെടുവിക്കുന്നതു ശരിയും ന്യായവും അല്ലെന്നു എനിക്കു തോന്നുന്നതുകൊണ്ടാണെന്നും മനസ്സിലാക്കുകയും ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഈ പതനത്തിൽ ഒരവസാനതീരുമാനം കല്പിക്കുന്നതു ഈ സഭയ്ക്കും യോഗ്യമല്ലാത്തതാകുന്നു. വാദപ്രതിവാദത്തിൽ ശരിയായി മനസ്സിലാക്കിയിട്ടില്ലാത്ത ഒന്നു രണ്ടു സംഗതികളെ വിശദീകരിക്കുന്നതിനു ഞാൻ ശ്രമിക്കുകയും കാരണങ്ങൾക്കും പരിഹാരങ്ങൾക്കും നാം ന്യായമായി അന്വേഷിക്കുന്ന ഒന്നുരണ്ടു മാർഗ്ഗങ്ങളെ സഭയിൽ സൂചിപ്പിക്കുകയും ചെയ്യാം.

ആദ്യമായിതന്നെ പരീക്ഷകൾ വിശിഷ്ടസംഗതികളാണെന്ന് ഞാൻ പറഞ്ഞുകൊള്ളുന്നു. എത്രത്തോളം കാലം ഒരാൾ പരീക്ഷകനായിരിക്കുകയും പരീക്ഷക്കു ആളുകളെ അഭ്യസിപ്പിക്കുകയും ചെയ്യുന്നുവോ അത്രത്തോളം, പരീക്ഷാഫലം പ്രത്യക്ഷപ്പെടുമ്പോൾ അദ്ധ്യാപകന്മാരുടെ അനുമാനങ്ങൾ അസ്ഥാനത്തിലായിരിക്കുന്നതുകണ്ട് അയാൾ അത്ഭുതപ്പെടുന്നു. വിഷമമേറിയതും പരസ്പരം ബാധിക്കുന്നതും ആയ അനേകകാരണങ്ങളുടെ ഫലമാണ് പരീക്ഷാഫലം. ആ കാരണങ്ങൾ എന്തെന്നും അവ എങ്ങനെ തമ്മിൽ തമ്മിൽ ബാധിക്കുന്നുവെന്നും അറിയാതെ ഒരു പ്രത്യേകഫലത്തിനു സമാധാനം പറയാവുന്നതല്ല. പരീക്ഷാബോർഡിലെ ആളുകൾക്ക് മാററം തട്ടുന്നതായാൽ വിശേഷസംഭവങ്ങൾക്കിടയാകുമെന്നു സഭയുടെ ഏതുഭാഗത്തുനിന്നും അനുമാനിക്കുകയുണ്ടായി. പരീക്ഷാബോർഡിൽ യാതൊരു മാററവും കൂടാതെയും അതേ അദ്ധ്യാപകന്മാരും അതേതോതും അനുസരിച്ചു പല കൊല്ലങ്ങളിലും വിജയത്തിന്റെ ശതമാനത്തിനു വലുതായ വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട് എന്നു കാണിക്കുന്നതിനു എന്റെ പക്കൽ കണക്കുകളുണ്ട്. എന്നാൽ ഈക്കൊല്ലത്തെപ്പോലെ ഗണ്യമായ വ്യത്യാസങ്ങൾ ഉണ്ടായിട്ടില്ലെന്നു ഞാൻ ന്യായമായി സമ്മതിക്കേണ്ടതാണ്. സ്വല്പമാസത്തിനുള്ളിൽ ഒരുകൊല്ലവും മറെറാരുകൊല്ലവും തമ്മിൽ വിജയത്തിന്റെ ശതമാനത്തിൽ വളരെ വ്യത്യാസം വരുന്നതിനുണ്ടായ കാരണമെന്തെന്ന് എതുഭാഗത്തു ചോദിപ്പുള്ള ഏതാനും മെംബർമാർ ചോദിക്കുന്നതിനിടയാക്കിയ സംഗതി ഇതാകുന്നു. (കേൾപ്പിൻ കേൾപ്പിൻ). അഭ്യസനത്തിലും, പരിശോധനയിലും മേൽനോട്ടത്തിലും ആരോപിച്ചിട്ടുള്ള ന്യൂനതകളെപ്പററി ഇപ്പോൾ ഏതുവാദം ചെയ്യുന്നതെന്ന് എനിക്കു തോന്നുന്നില്ല. അവ ഉണ്ടായിരുന്നാൽ തന്നെയും കഴിഞ്ഞകൊല്ലത്തെ പരീക്ഷകഴിഞ്ഞു അടുത്തകൊല്ലത്തെ പരീക്ഷക്കകം അവ ഇത്ര വളരെ വർദ്ധിച്ചിരിക്കാൻ ഇട-

ടയില്ല. മി: മാത്യുമുരിക്കൻ പ്രധാനമെന്നു കരുതിയ ഒരു സംഗതിയെപ്പററി ഞാൻ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. ചീത്ത അദ്ധ്യയനത്തിന്റെയും കുറഞ്ഞ വിജയത്തിന്റെയും ഒരു കാരണം വാദ്ധ്യാന്മാരുടെ കൂടക്കൂടെയുള്ള സ്ഥലംമാററമാണെന്നു അദ്ദേഹം പറയുകയുണ്ടായി. സഭയുടെ അതേഭാഗത്തുള്ള എന്റെ മററൊരു സ്നേഹിതൻ മി: ആർ. കേശവപിള്ള ഒരു സ്ഥലംമാററം സിദ്ധിക്കുന്നതിനുള്ള പ്രയാസത്തെപ്പററി ഖേദിക്കുന്നു. അതേ അനദ്യോഗസ്ഥഭാഗത്തുനിന്നും ഒരു മെമ്പർ സ്ഥലംമാററം കൂടുതലും കൂടക്കൂടെയും ആണെന്നും മററൊരു മെമ്പർ ഇതു ഇപ്പോൾ മിക്കവാറും അസാദ്ധ്യമെന്നും പറയുന്നു. പരമാർത്ഥം എങ്ങനെയിരിക്കുന്നു? ഒരു സ്കൂൾ വർഷത്തിന്റെ മദ്ധ്യത്തിൽ അദ്ധ്യാപകന്മാരെ മാററുന്നതു വിദ്യാർത്ഥികൾക്ക് വളരെ അസൌകര്യമാണെന്ന് എനിക്കറിയാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മി: കേശവപിള്ള വെർണാക്കുലർസ്കൂളുകളിലെ സ്ഥലംമാററത്തെപ്പററിമാത്രമല്ലെ പറഞ്ഞതു്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): മി: കേശവപിള്ള ഒന്നുരണ്ടു മലയാളം സ്കൂൾ അദ്ധ്യാപകന്മാരുടെ സ്ഥലംമാററസംഗതിയിൽ ശുഷ്കാന്തി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് എനിക്കറിയാമെങ്കിലും, മേൽപറഞ്ഞ വിധം യാതൊരു വിശേഷണവും അദ്ദേഹം ഉപയോഗിച്ചുവെന്നു എനിക്ക് തോന്നുന്നില്ല.

ഇടക്കുന്നതിൽ, നദികടക്കുമ്പോൾ കുതിരകളെ വെച്ചുമാററുന്നതിന്റെ മൌഢ്യത്തെപ്പററി ഒരു പഴഞ്ചൊല്ലുള്ളതു ഞാൻ ഈ സന്ദർഭത്തിൽ പറഞ്ഞുകൊള്ളട്ടെ. അതുപോലെതന്നെ ഒരു സ്കൂൾ വർഷത്തിനിടയിൽ അദ്ധ്യാപകന്മാരെ, പ്രത്യേകിച്ചും പബ്ലിക്ക് എക്സാമിനേഷൻ ഉള്ള ക്ലാസ്സുകളിലെ അദ്ധ്യാപകന്മാരെ, സ്ഥലംമാററുന്നതു ബുദ്ധിശൂന്യമായ ഒരു പ്രവൃത്തിയാണ്. സ്ഥലംമാററം ആവശ്യമെന്നുതോന്നുന്ന അവസരത്തിലും ഞാനതിനനുമതിക്കാത്തതിനു ഇതു ഒരു കാരണം അതാണ്. മെമ്പറന്മാർ എന്റെ അടുക്കൽവന്ന് സ്ഥലംമാററം ആവശ്യപ്പെടുന്നുണ്ട്; ആവശ്യമുള്ള വാദ്ധ്യാന്മാരും സ്ഥലംമാററം ആവശ്യപ്പെടുന്നു. അദ്ധ്യാപകന്റെ നിലയിൽ എനിക്കുള്ള പരിചയംകൊണ്ട് ഞാൻ സ്ഥലംമാററം അനുവദിക്കാത്തതിനാൽ അവർ എന്നോടു പരിഭവപ്പെട്ടു തിരിച്ചുപോകുന്നു. അദ്ധ്യാപകന്മാരുടെ കൂടക്കൂടെയുള്ള സ്ഥലംമാററത്തെ എതിർക്കുന്ന മെമ്പറന്മാരോടു ഞാനും യോജിക്കുന്നു. എനിക്കു കഴിവുള്ളിടത്തോളം ഞാൻ കൂടക്കൂടെയുള്ള സ്ഥലംമാററത്തെ പ്രതിഷേധിക്കുകയാണ് ചെയ്തിട്ടുള്ളതു്. അതനുസരിച്ച് ഇക്കൊല്ലം പതിവുപോലെയുള്ളതിൽ വളരെ കുറച്ചുമാത്രമേ സ്ഥലംമാററമുണ്ടായിരുന്നുള്ളു. ഈ സംഗതിയെ സംബന്ധിച്ചിടത്തോളം ഡിപ്പാർട്ടുമെന്റു അന്ധതയോടു പ്രവൃത്തിച്ചുവെന്നോ ഇതു പരാജയത്തിനുള്ള ഒരു കാരണമാണെന്നോ നാം ഇനിയും കേൾക്കുന്നതിനിടയാകയില്ലെന്നു ഞാനാശിക്കുന്നു. എന്നെപ്പോലെ മുപ്പതുകൊല്ലത്തിനുമേൽ അദ്ധ്യാപകനായിരുന്ന ഒരു മനുഷ്യന്, ചെയ്യുന്നതിനുപാടില്ലാത്ത ഏതാനും സംഗതികൾ ഉണ്ടെന്നറിയാവുന്നതും, ഈ സ്ഥലം മാററത്തെപ്പോലെ അദ്ധ്യാപകവൃത്തിയിൽ എനിക്കുള്ള പരിചയംകൊണ്ട് ഞാൻ എളുപ്പത്തിലും സന്തോഷത്തോടുകൂടിയും സമ്മതിക്കാത്ത ചില സംഗതികളുണ്ടെന്ന് സഭ സമ്മതിക്കുന്നതും ആകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): കൂടക്കൂടെയുള്ള സ്ഥലംമാററം പരീക്ഷാവിജയത്തിന്റെ കുറവിനു കാരണമെന്ന് അദ്ദേഹം സമ്മതിക്കുന്നുവോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സ്ഥലംമാററം കൊള്ളരുതാത്ത വാദ്ധ്യാന്മാരെ മാററി തൽസ്ഥാനത്തു കൊള്ളാവുന്നവരെ നിയമിക്കുന്നതിനും ഒരു ടേമിലൊ വർഷത്തിലോ ഉള്ള അദ്ധ്യയനത്തിനു ബാധകമാകാതിരിക്കത്തക്കവണ്ണവും സ്ഥലം മാററം ചെയ്യാത്തപക്ഷം അതു [illegible] സ്കൂളിലെ പഠിത്വത്തിനു ഹാനികരമായിരിക്കുമെന്നു സമ്മതിക്കുന്നതിനു ഞാൻ തയ്യാറാണ്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മി: മാത്യുമുരിക്കന്റെ പ്രസ്താവനയെസംബന്ധിച്ച്, കഴിഞ്ഞകൊല്ലം അതിനുമുമ്പുള്ള കൊല്ലങ്ങളിലേക്കാൾ കൂടുതൽ സ്ഥലം മാററമുണ്ടായിരുന്നുവോ എന്ന് ഡയറക്ടരിൽനിന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ്‌വിദ്യാഭ്യാസഡയറക്ടർ): കഴിഞ്ഞകൊല്ലങ്ങളിൽ അതിനുമുമ്പുള്ള കൊല്ലങ്ങളെക്കാൾ സ്ഥലംമാററം കുറവായിരുന്നുവെന്നാണ് എനിക്കുതോന്നുന്നതു്. സ്ഥലംമാററത്തിനുള്ള അനേകമനേകം അപേക്ഷകളും ശിപാർശകളും ഞാൻ നിരാകരിച്ചിട്ടുണ്ട്. ആണ്ടുതോറും ഒരു പ്രാവശ്യം ഒരു സ്ഥലംമാററമുണ്ടായിരിക്കണമെന്നു ഒരു പൂർവാചാരം ഡിപ്പാർട്ടുമെന്റിൽ ഉണ്ടായിരുന്നതായി തോന്നുന്നു; എന്നാൽ ഞാൻ ഇപ്രകാരമുള്ള സ്ഥലംമാററത്തിൽ വിശ്വസിക്കുന്നില്ലാത്തതും അവയെ കഴിയുന്നതു കുറച്ചുവെച്ചിരിക്കുന്നതും ആകുന്നു.

മി: മാത്യുമുരിക്കൻ (കവണം): ഡയറക്ടർ സ്ഥലംമാററത്തിനുള്ള ശിപാർശകൾ ഉത്തമവിശ്വാസം ... ...

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഉത്തമവിശ്വാസത്തെപ്പററി പറയുകയാണെങ്കിൽ എനിക്ക് ഉദ്ദേശങ്ങളൊന്നുമില്ലാ.

മി: മാത്യുമുരിക്കൻ (കവണം): ഞാൻ അങ്ങനെയൊന്നും പറഞ്ഞില്ലാ. എന്നെ ശരിയായി മനസ്സിലാക്കിയാൽമതി. ഞാൻ ഉദ്ദേശത്തെ സൂചിപ്പിച്ചുപോലുമില്ലാ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ്‌വിദ്യാഭ്യാസഡയറക്ടർ): ഉത്തമവിശ്വാസത്തിന് എതിരെന്നുള്ള സൂചനയില്ലാത്തപക്ഷം നിയമസംബന്ധമായ പദങ്ങൾ ഉപയോഗിച്ചുശീലിച്ചിട്ടുള്ള മെമ്പറന്മാർ വിശ്വാസത്തെസംബന്ധിച്ചു പറയുമ്പോൾ ഉത്തമവിശ്വാസം എന്നവിശേഷണം ഉപയോഗിച്ചുകൂടാ എന്നു ഞാൻ മെമ്പറെ അറിയിച്ചുകൊള്ളുന്നു. ഞാൻ മി: മുരിക്കന്റെ പ്രസ്താവനയെ പ്രതിഷേധിക്കുന്നു.

മി: മാത്യുമുരിക്കൻ (കവണം): അവ അനുമാനങ്ങൾമാത്രമാണ്.

അദ്ധ്യക്ഷൻ:—മി. രങ്കസ്വാമിഅയ്യങ്കാർ, അങ്ങനെ യാതൊരു ഉദ്ദേശവും ഇല്ലെന്നു അദ്ദേഹം പറയുകയുണ്ടായല്ലോ.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): മി. മുരിക്കനവർകൾ അദ്ദേഹത്തിൻെറ പ്രസ്താവനയ്ക്കു യാതൊരു അർത്ഥവും ഇല്ലെന്നാണെങ്കിൽ ഞാൻ ആ തീർച്ചയെ സ്വീകരിക്കുന്നു.

മി. മാത്യുമുരിക്കൻ (വൈക്കം): ഉത്തമവിശ്വാസത്തോടെ എന്നപദത്തിനു എന്തെല്ലാം അർത്ഥമുണ്ടോ അതു മുഴുവൻ ഞാൻ ഉദ്ദേശിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഞാൻ അതു നിങ്ങളുടെ തീരുമാനത്തിനു വിട്ടിരിക്കുന്നു.

ഈ സംഗതിയെല്ലാം വിട്ട്, വാദവിഷയമായ സംഗതിയെപ്പററി ആലോചിക്കാം. "ഈ സ്വല്പമാസത്തിനിടയിൽ എന്താണ് സംഭവിച്ചത്." ഇതിനിടയ്ക്കു വാദപ്രതിവാദമധ്യേ ഉണ്ടായ ഒന്നുരണ്ടു തെററുകളെപ്പററി ഞാൻ പ്രതിവാദിക്കാം. "പരീക്ഷകളെസംബന്ധിച്ചിടത്തോളം പ്രധാന ഉത്തരവാദി" ഡയറക്ടരാണെന്നു മി. മുരിക്കൻ പ്രസ്താവിക്കുകയുണ്ടായി. ഈ സംഗതിയിൽ ഡയറക്ടർക്കുള്ള സ്വാതന്ത്ര്യവും അധികാരവും എത്രത്തോളമെന്നു മി. മുരിക്കനുള്ള അഭിപ്രായം തൻെറ അധികാരസീമ എത്രത്തോളമെന്നറിയുന്ന ഒരു ഡയറക്ടറും സമ്മതിച്ചുകൊടുക്കുന്നതല്ല. സഭയുടെ ആ ഭാഗത്തുള്ള മറെറമെമ്പറന്മാർ ഡയറക്ടരുടെ അധികാരസീമ എത്രത്തോളമെന്നു ശരിയായി മനസ്സിലാക്കിയിട്ടുണ്ട്. നമ്മുടെ ഹൈസ്കൂളുകളെ അംഗീകരിക്കേണ്ടതും കാളേജുകൾ ഘടിപ്പിക്കപ്പെട്ടിരിക്കുന്നതും ആയ മദ്രാസ് സർവകലാശാലയാണ് സ്കൂൾഫൈനൽ പരീക്ഷയും, അതിൻെറ കരിക്കുലം, തോതു മുതലായ സംഗതികളും നിശ്ചയിക്കുന്നതെന്ന വിവരം ഞാൻ പറഞ്ഞുകൊള്ളുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): സർവകലാശാലക്കല്ലാതെ ഡയറക്ടർക്ക് ഇവയെസംബന്ധിച്ചു യാതൊരധികാരവും ഇല്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടത്.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇല്ല.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): അദ്ദേഹത്തിനു സർവകലാശാലയിലേക്കു ശിപാർശ ചെയ്യരുതോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതിനെപ്പററി താമസമെന്യേ സംസാരിക്കാം.

കഴിഞ്ഞ ചില മാസങ്ങളിൽ നടന്നതിനെപ്പററിയാണെങ്കിൽ, സർവകലാശാലയിൽ വളരെ മാററങ്ങൾ വന്നുകൊണ്ടിരിക്കുന്നുവെന്നു ഞാൻ പറഞ്ഞുകൊള്ളട്ടെ. സ്കൂൾഫൈനൽ പരീക്ഷ ഏതു തത്വങ്ങളെ അടിസ്ഥാനമാക്കി ആരംഭിച്ചുവോ അതിൽനിന്നും വ്യതിചലിച്ചുപോയിരിക്കുന്നുവെന്നു രണ്ടുമൂന്നുപേർ മനസ്സിലാക്കുകയുണ്ടായി. ഹൈസ്കൂൾ ജീവിതകാലത്തുള്ള വിദ്യാർത്ഥികളുടെ മുഴുവൻ പഠിത്വത്തേയും ആധാരമാക്കിയ ഒരു പരീക്ഷയെ മാററി വളരെക്കാലത്തെ വിദ്യാർത്ഥിജീവിതത്തിനുശേഷമുള്ള ഒരൊററപ്പരീക്ഷയായ സ്കൂൾഫൈനൽ പരീക്ഷയുടെ ഉദ്ദേശം പഴയതും ജനങ്ങളുടെ അപ്രീതിക്കു പാത്രീഭവിച്ചിട്ടുള്ളതുമായ മട്രിക്കുലേഷൻ പരീക്ഷയ്ക്കു സമമായ പരീക്ഷയ്ക്കുവേണ്ടി ഉപേക്ഷിച്ചിരിക്കുന്നുവെന്ന് എൻെറ സ്നേഹിതനും അധ്യാപകസഹോദരനുമായ മി. കുഞ്ഞാക്കോസ് വളരെ ശരിയായി സൂചിപ്പിച്ചു. നമ്മൾ ഇ. എസ്സ്. എൽ. സിയുടെ ആദ്യോദ്ദേശത്തെ വീണ്ടെടുക്കണമെന്നു അദ്ദേഹം പറയുകയുണ്ടായി. നിർഭാഗ്യവശാൽ ആ വിഷയത്തിൽ നമുക്കിപ്പോൾ യാതൊരധികാരവും ഇല്ല. ഇ. എസ്സ്. എൽ. സി പദ്ധതിക്കുത്തരവാദിയായ മദ്രാസ് സർവകലാശാല സ്വല്പമാസങ്ങൾമുമ്പ് സ്കൂൾലീവിംഗ് സർട്ടിഫിക്കററ് നിർത്തലാക്കുകയും യൂനിവേഴ്സിററി മട്രിക്കുലേഷൻ പരീക്ഷ തുടങ്ങുകയും ചെയ്തു. പബ്ലിക് എക്സാമിനേഷനെ അസ്സലമാക്കി അവസാനതീർച്ച കല്പിക്കുന്നു. ഇ. എസ്സ്. എൽ. സി പദ്ധതി എന്നു അറിയപ്പെട്ടുവരുന്ന നിശ്ചിതമായ ഒരു സ്കൂൾലീവിംഗ് സർട്ടിഫിക്കററ് പദ്ധതിയാണ് ഇന്നുള്ളത്. കഴിഞ്ഞകൊല്ലംവരെ ഒരൊററപരീക്ഷയുടെ കാഠിന്യത്തെ ശമിപ്പിക്കത്തക്ക ചില നിബന്ധനകളുണ്ടായിരുന്നു. അന്നുവരെ, "ദുഷ്കരമായ അവസ്ഥകൾ" എന്നു കരുതിവന്ന സന്ദർഭങ്ങളെപ്പററി ചിന്തിക്കുന്നതിനു സർവകലാശാല ഒരു "ബോർഡ് ഓഫ് മോഡറേറേർസിനെ" നിയമിച്ചിരുന്നു. ഒരു വിദ്യാർത്ഥി ചില പ്രത്യേക വിഷയങ്ങളിൽ പരാജയപ്പെടുകയും എന്നാൽ ആകപ്പാടെ വേണമെന്നു നിശ്ചയിച്ചിട്ടുള്ള മിനിമം [illegible] ശതമാനത്തിനേക്കാൾ [illegible] മാർക്ക് കൂടുതൽ കിട്ടുകയും ചെയ്യുമ്പോൾ അയാളുടെ കോളേജ് പ്രവേശനത്തെപ്പററി നിശ്ചയിക്കുന്നതിനു സർവകലാശാല ഒരു പ്രത്യേകനിയമം ഏർപ്പെടുത്തിയിരുന്നു. ഈ ലഘൂകരണസമ്പ്രദായം സ്വല്പമാസംമുമ്പ് സർവകലാശാല തള്ളിക്കളഞ്ഞിരിക്കുന്നു. കഴിഞ്ഞപ്രാവശ്യം ഞാൻ ഇപ്രകാരം കഠോരമായ ചില കേസ്സുകൾ യൂനിവേഴ്സിററിക്കയച്ചതിൽ അവർ മോഡറേറിങ്ബോർഡു നിർത്തലാക്കിയിരിക്കുന്നുവെന്നും ഇനിമേൽ പരീക്ഷയിൽ സിദ്ധിക്കുന്ന മാർക്കിനെ അടിസ്ഥാനമാക്കിമാത്രം ജയാപജയങ്ങൾ നിശ്ചയിക്കുന്നതാണെന്നും എന്നെ അറിയിക്കുകയും ചെയ്തു. ഇപ്പോൾ വിദ്യാർത്ഥികൾ ജയിക്കുമോ തോൽക്കുമോ എന്നുള്ളതു പബ്ലിക് എക്സാമിനേഷനെമാത്രം അടിസ്ഥാനമാക്കിയിരിക്കുന്നു. വളരെ നല്ല ഒരു വിദ്യാർത്ഥി ആ വർഷാവസാനപരീക്ഷയിൽ യോഗ്യമായി പ്രവർത്തിക്കുന്നതിനിടയായില്ലെന്നുവന്നേക്കാം. നേരെമറിച്ച് തൻെറ ആരോഗ്യത്തിനും ചിത്തവൃത്തിക്കും ഏറെക്കുറെ അധീനമായ ഒരു പരീക്ഷയിൽ അയാൾ വളരെ മോശമായി എഴുതിയെന്നുവന്നേക്കാം. അപ്രകാരമുള്ള സംഗതികൾ വിദ്യാർത്ഥികളുടെ ഉത്തരങ്ങളെ ബാധിക്കുന്നതാണ്. വ്യക്തിപരമായ ഉദാഹരണങ്ങളിൽ സംഭ്രമജനകമായ ഇന്നാതിരി ശക്തികളുടെ സംഭാവ്യതയെ അവഗണിച്ചുകൂടാത്തതാണ്.

ഇതിനുപുറമെ പ്രമേയപ്രയോക്താവായ മി. മുറിവേലിൽ പാച്ചുപിള്ള കാര്യസംപൂർണ്ണവും [illegible]വും സയുക്തികവും ആയ പ്രസംഗത്തിൽ വിവരിച്ച ഒരു പ്രധാനസംഗതികൂടിയുണ്ട്. ഫൈനൽ പരീക്ഷക്കു ശേഷം, രണ്ടു പ്രധാനവിഷയങ്ങളിൽ, അതായത് നാട്ടുഭാഷകളിൽ, ആവശ്യമുള്ള മാർക്ക് [illegible] ശതമാനത്തിൽനിന്നും [illegible] ശതമാനം ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇംഗ്ലീഷിലും മലയാളത്തിലും വാക്യരചനയിൽ ഇപ്രകാരമാണ് ചെയ്തിരിക്കുന്നത്. ഈ കൂടുതലിൻെറ ഫലമെന്തെന്ന് ആലോചിക്കുക. മുൻകൂട്ടി പരീക്ഷാഫലം ശരിയായി അനുമാനിക്കാൻ [illegible] പോലുള്ള കണക്ക് ശാസ്ത്രംപോലെയുള്ള വിഷയങ്ങളിലേക്കാൾ ഭാഷാസംബന്ധമായ വിഷയങ്ങ

ളിൽ പ്രാപ്തിനേടുന്നതിനും അനുമാനിക്കുന്നതിനും കൂടുതൽ പ്രയാസമുള്ളതാണ്. കഴിഞ്ഞകുറച്ചു വർഷങ്ങളായി നമ്മുടെ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിഷയത്തിലുള്ള പരിശ്രമം ക്രമേണ കുറഞ്ഞു വരികയാണെന്ന് എതിർക്ക അഭിപ്രായപ്പെട്ടവരുണ്ട്. ഇവിടെ മാത്രമല്ല തിരുവിതാംകൂറിനു വെളിയിലുള്ള രാജ്യങ്ങളിലും ഈ സംഗതിയിൽ ശ്രദ്ധപതിച്ചിട്ടുണ്ട്. അവിടെയും ഇംഗ്ലീഷിലുള്ള പരിശ്രമം കുറഞ്ഞു തന്നെ വരുന്നു. പൊതുവായ ഒരു അധഃപതനമാണ് ഈ വിഷയത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്. ഈ സംഗതി എല്ലായിടത്തുമുള്ള വാദ്ധ്യാന്മാരുടെയും പരീക്ഷകന്മാരുടെയും ഉൽക്കണ്ഠാപൂർവമായ ശ്രദ്ധക്ക് വിഷയീഭവിച്ചിട്ടുണ്ട്. കൂടാതെ ഭാഷയെ സംബന്ധിച്ചുള്ള ഉത്തരക്കടലാസ്സുകൾ, കണക്കുശാസ്ത്രം പ്രകൃതിശാസ്ത്രം, രസതന്ത്രം മുതലായ വിഷയങ്ങളിലെ ഉത്തരക്കടലാസ്സുകളേക്കാൾ കുറെക്കൂടെ കൂടുതലായി അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി പരിശോധിക്കുന്ന ഏർപ്പാട് ചരിത്രസംബന്ധമായ പരീക്ഷകളും ആദ്യം പറഞ്ഞകൂട്ടത്തിൽ കൂടുന്നു. തന്നിമിത്തം, അഭിപ്രായത്തെ അടിസ്ഥാനമാക്കിയുള്ള പല പരീക്ഷകരുടെയും ഉത്തരക്കടലാസ്സ് പരിശോധനയിൽ വളരെ വ്യത്യാസങ്ങൾ കിടയാകുവുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെയ്യാറ്റിൻകര): കൂടുതൽ പരാജയം പറ്റിയത് ഏതെല്ലാം വിഷയങ്ങളിലാണ്?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ താമസം വിനാ അതേപ്പറ്റി പറയാം.

ഇങ്ങനെയിരിക്കെ ന്യായമായി കഷ്ടിച്ചു തള്ളിക്കളയാവുന്ന അതായത് കൂടുതലായ ശതമാനം സിദ്ധിക്കുന്നതിൽ വിദ്യാർത്ഥികൾക്കുണ്ടാകാവുന്ന ക്ലേശവും പരീക്ഷകന്മാർ കുറെക്കൂടി ശരിയായി പരിശോധിക്കുന്നതിനുണ്ടാകുന്ന വിഷമവും, ഈ സംഗതികൾകൊണ്ട് തന്നെയാണ് ഈ വർഷത്തെ പരീക്ഷാഫലം മോശമായതെന്നു ശരിയായി അനുമാനിക്കാവുന്നതാണ്. വാക്യരചനാവിഷയ സംബന്ധമായ ഉത്തരക്കടലാസു പരിശോധിക്കുമ്പോൾ നാം നമ്മുടെ അഭിപ്രായമനുസരിച്ചു അതിനു മാർക്ക് ഇടുന്നു. വിദ്യാർത്ഥികൾക്കും പരീക്ഷകന്മാർക്കും ഇപ്രകാരമുള്ള വിഷമതകൾക്കിടയാക്കുന്ന ഭാഷാസംബന്ധമായ വിഷയങ്ങളിലാണ് സർവകലാശാല മാർക്ക് കൂടുതൽ വേണമെന്നാവശ്യപ്പെട്ടിരിക്കുന്നതെന്നും തൽഫലമായിട്ടുള്ള ഫലമെന്തെന്നും മെമ്പർമാർ മനസ്സിലാക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇരു വർഷത്തിന്റെ മദ്ധ്യത്തിലാണോ ചെയ്തിട്ടുള്ളത്?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): അല്ലാ അതിനെപ്പറ്റി ഞാൻ പിന്നീട് പ്രസ്താവിക്കാം.

പരീക്ഷയിൽ വിജയം നേടുന്നതിനുള്ള യോഗ്യതകളിൽ വരുത്തിയ മാറ്റങ്ങളെപ്പറ്റി മതിയായ മുന്നറിവു കൊടുത്തില്ലെന്ന് എനിക്ക് മുമ്പ് പ്രസംഗിച്ചചില മെമ്പറന്മാർ പറയുകയുണ്ടായി. കുറെമുമ്പ് വിദ്യാർത്ഥികളുടെയും അദ്ധ്യാപകന്മാരുടെയും മേൽ പുതിയ യോഗ്യതാ ചട്ടങ്ങൾ ആകസ്മികമായി ജനിപ്പിച്ചതിൽ സർവകലാശാലക്കാരാണെന്ന് അവർ പറയുകയുണ്ടായി ഈ വിഷയത്തെപ്പറ്റി സർവകലാശാല വളരെക്കാലമായി ആലോചിച്ചു കൊണ്ടിരിക്കുകയായിരുന്നുവെന്നും പല ലോക സാഹചര്യത്തിൽ ചലിക്കുന്ന ഒരു സ്ഥാപനമാണ് സർവകലാശാലയെന്നും അതിന്റെ ആലോചനകൾ പത്രപ്രവർത്തകന്മാരുടെ പ്രസിദ്ധീകരണത്തിന് യഥാകാലം ഇടയാകുന്നുണ്ടെന്നും ഞാൻ പറഞ്ഞുകൊള്ളട്ടെ. ഞാൻ ചെയർമാൻ ആയിരുന്ന എൻട്രൻസ്..., എൻട്രൻസിനു പരീക്ഷക്ക് മാർക്ക് കൂടുതൽ കിട്ടണമെന്ന നിബന്ധന ചെയ്യാൻ പോകുന്നുവെന്ന സംഗതി അറിഞ്ഞിരുന്ന അന്നു ഞാൻ പരീക്ഷകന്മാർക്കു കൊടുത്തിരുന്ന ഉപദേശങ്ങളിൽ ഒന്ന് ഒരു ശതമാനം മാർക്ക് വേണമെന്നുള്ള നിബന്ധന നടപ്പിലാകാൻ പോകുന്നുവെന്നു കരുതിയിരുന്നുകൊള്ളണമെന്നായിരുന്നു. ഈ ഉപദേശഫലമായിട്ടാണ് കഴിഞ്ഞകൊല്ലം ശരാശരി മാർക്കിന് അടുത്തുള്ളവർ അധികം ഇല്ലാതിരുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. അതിനാൽ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം അതായത് ഇമ്മാതിരി സംഗതികളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന പത്രക്കാരും, അദ്ധ്യാപകന്മാരും പരീക്ഷകന്മാരും അവർക്ക് ഈ മാറ്റം ആകസ്മികമായി ഉണ്ടായിട്ടുള്ളതാണെന്നു പറയാൻ പാടില്ല "ഡയറക്ടർ ഈ മാറ്റത്തെപ്പറ്റി കുട്ടികൾക്ക് മുന്നറിവ് കൊടുത്തിട്ടുണ്ടോ" എന്നൊരു ചോദ്യമുണ്ടായി.

മി: ജെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർവകലാശാലയിൽ നിന്നും കാലാകാലങ്ങളിൽ കൊടുക്കുന്ന നിർദ്ദേശങ്ങൾ നമ്മുടെ ബോർഡു നടത്തുന്ന പരീക്ഷയുടെ തോതിനെയും പരിശോധനയെയും എങ്ങനെയാണ് ബാധിക്കുന്നതെന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഇതു സൂക്ഷ്മമായ ഒരു സംഗതിക്കുത്തരം പറയുന്നതിനു സമയ പ്രയത്നം ചെയ്യാതെ എന്റെ പ്രസ്താവനയെ തുടരാം.

എൻട്രൻസ്-ന്റെ മാർച്ച് അവസാനത്തോടുകൂടിയോ ഏപ്രിൽ ആദ്യമായിട്ടോ എന്ന് നല്ല ഓർമ്മയില്ല, മാർക്ക് കൂടുതൽ വേണമെന്ന് പുതുക്കിയിട്ടുള്ള ചട്ടങ്ങൾ എൻട്രൻസ് മുതൽ നടപ്പിലാക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടുള്ള വിവരം എനിക്കെഴുതി അയച്ചു. എന്നാൽ അറിയേണ്ടവരെ അറിയിക്കത്തക്കവണ്ണമല്ലാതെ പ്രതീക്ഷിച്ചുകൊണ്ടുള്ള വിവരം മതിയാകുന്നതല്ലെന്നും തിരുവിതാംകൂർ ഗവൺമെന്റു ഗസറ്റിൽ പരസ്യം ചെയ്യുന്നതിനനുവാദം സിദ്ധിക്കണമെന്നു ഞാൻ ഉടൻതന്നെ സർവകലാശാലക്ക് മറുപടിയും അയച്ചു.

മി: താണുപിള്ള (തിരുവനന്തപുരം): ക്ലാസിക് പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞുവോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): പ്രസിദ്ധീകരിച്ചതായി എനിക്കറിവില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അറിഞ്ഞാൽകൊള്ളാം...... ...

റാവുബഹദൂർ. കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടർ): മററ ചിന്തകളും

ക്ക എന്നു ആകർഷിക്കുന്നതിനു മുമ്പായി വിഷമമുള്ള ഈ വിഷയത്തെ ഞാൻ പൂർത്തിയാക്കിക്കൊള്ളട്ടെ.

ഗസററിൽ പരസ്യംചെയ്യുകൊള്ളുന്നതിനു അനുവാദം എനിക്കു സിദ്ധിച്ചു. ഈ സ്കൂൾവർഷം ആരംഭിക്കുന്നതിനുമുമ്പ്, കഴിഞ്ഞകൊല്ലത്തെ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതിനുമുമ്പായിത്തന്നെ ൧൧൨൨ ഏപ്രിൽ ൨൭-ാം-ാം ഞാൻ ഈ സംഗതി ഗസററിൽ പരസ്യപ്പെടുത്തിയിട്ടുള്ളതും പരിശോധകന്മാരുടേയും മററും ശ്രദ്ധ ഈ വിഷയത്തിലേക്കു സ്പഷ്ടമായി ക്ഷണിച്ചിട്ടുള്ളതും ആകുന്നു. ഇതു പരസ്യപ്പെടുത്തിക്കൊള്ളുന്നതിനു ഗവർമെൻറിൽനിന്നും സാധ്യകാലാവധിയോടെ അനുവാദം സിദ്ധിച്ചതിനുശേഷമാണ് ൧൧൨൨ ഒക്ടോബർ ആദ്യം ഗസററിൽ ഇതു സംബന്ധിച്ച പരസ്യം ഏപ്രിൽമാസത്തിൽ ഉണ്ടായിരുന്ന പരസ്യത്തിൻെറ ഒരു അംശമോ സമഗ്രമോ ആയ വിടാതെയുള്ള പകർപ്പു മാത്രമാകുന്നു. ഈ പരസ്യത്തെയാണ് പ്രഥമപ്രയോക്താവു താരംഭിച്ചിട്ടുള്ളത് എന്നാൽ അഞ്ചുമാസംമുൻപ് പുറപ്പെടുവിച്ചിരുന്ന പരസ്യം അവരുടെ ദൃഷ്ടിയിൽപെട്ടിട്ടില്ല എന്നു പ്രത്യക്ഷമാണ്. ൧൧൨൨ ഒക്ടോബറിൽ ഈ പരസ്യത്തിൻെറ കല്ലച്ചു പ്രതികൾ എനിക്കു സിദ്ധിക്കുകയും പല സ്കൂളുകളിലേക്കും ഇതിൻെറ പ്രതി ഞാൻ അയക്കുകയും ചെയ്തിട്ടുള്ളതാകുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷാബോർഡ് ഈ സംഗതിയിൽ അശക്തരായിരുന്നോ എന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഞാൻ അതേപ്പററി താമസംവിനാ പ്രസ്താവിക്കുന്നതാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു വളരെ ഗൌരവമുള്ള ഒരു സംഗതിയാണ്. പരീക്ഷകളെസംബന്ധിച്ച ശാസ്ത്രീയമായ ഈ വാഗ്ദത്തിമങ്ങൾ ഈ അവസരത്തിൽ വലിയ സഹായമൊന്നും ചെയ്യുന്നതല്ല. ബോർഡ് വളരെ ശ്രദ്ധാക്ഷണ്യമായും അവരുടെ ജോലി വളരെ ക്രൂരമായും ഇരുന്നിരുന്നു എന്നാണ് എൻെറ ചോദ്യം. ഇതിൻെറ സൂക്ഷ്മാവസ്ഥ അറിയുന്നതിനു സഭ ഗൌനിക്കേണ്ടതായ കാര്യങ്ങൾ ഇതൊക്കെയാണ്; അല്ലാതെ പരീക്ഷയുടെ ആദർശങ്ങളോ പരിശോധനയുടെ രീതിയോ അല്ല.

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): സർ, ഇതൊരു ചോദ്യമോ പ്രസംഗമോ?

അദ്ധ്യക്ഷൻ: മി. നീലകണ്ഠപ്പിള്ള അദ്ദേഹം കുറച്ചുകൂടി ഒന്നു നിർത്തിക്കൊള്ളട്ടെ. അദ്ദേഹത്തിൻെറ പ്രസംഗം പൂർത്തിയാക്കട്ടെ.

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): സർ, ഇതു വളരെശ്രദ്ധേയമായിട്ടുള്ള ഒരു പ്രധാനസംഗതിയാകയാൽ ഞാൻ പറയാനുള്ളതു മുഴുവൻ പറയുന്നതിനാഗ്രഹിക്കുന്നു. സർ, ഈ വിഷയത്തിൽ സാങ്കേതികതടസ്സം ഇല്ലാതാക്കുന്നതിനു നിയമപ്രകാരമുള്ള ഒരു നോട്ടീസ്സ് മതിയാകുമെങ്കിലും പരമാർത്ഥത്തിൽ അതു പോരായെന്നു ഞാൻപറഞ്ഞുകൊള്ളട്ടെ. മട്രിക്കുലേഷൻ പരീക്ഷയ്ക്കുള്ള പഠിത്തം ഫോർത്ത് ഫാറത്തിൽ ആരംഭിക്കുന്നതാണ്. തന്നിമിത്തം സവിശേഷമായ മാററത്തെസംബന്ധിച്ച നിയമപ്രകാരമുള്ള നോട്ടീസ്സ് തന്നിട്ടുണ്ടെങ്കിലും സ്കൂളുകൾക്കു പരമാർത്ഥത്തിൽ ഇതിനെപ്പററി മുന്നറിവില്ലാതിരുന്നതും സ്കൂളുകളെക്കാൾ അറിയിക്കുന്നതിനു കുറച്ചുകൂടി സൌകര്യം കുറവുള്ള വിദ്യാർത്ഥികൾക്കു അശേഷം മുന്നറിവ് സിദ്ധിച്ചിരുന്നിരിക്കാൻ ഇടയില്ലാതിരുന്നതും ആണ്. തൽക്കാലം ഒരുദ്ദേശം മാത്രമാണെങ്കിലും ഇതു വളരെ അസൌകര്യത്തിനിടയാക്കിയിരിക്കണം. എന്നാൽ ദീർഘകാലപരിചയംകൊണ്ട് നമ്മുടെ ഇന്നത്തെ സ്ഥിതിക്ക് കൂടുതലിനിടയാക്കിയിരിക്കുന്നതെന്നു ഞാനുദ്ദേശിക്കുന്ന ഒരു പ്രധാനകാരണം ന്യായമായ അറിയിപ്പുകൂടാതെ വെർണാക്കുലർ കോംപൊസിഷനും ഇംഗ്ലീഷിനും വേണ്ട മാർക്ക്സ് കൂട്ടിയതാണ്. എന്നാൽ ഈ സന്ദർഭത്തിൽ നാം വേറൊരുസംഗതികൂടി ആലോചിക്കേണ്ടതായുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷാബോർഡിൽ മലയാളം കോംപൊസിഷനും ഇംഗ്ലീഷും സംബന്ധിച്ച പരിശോധനയുടെ മേൽനോട്ടം ആർക്കായിരുന്നുവെന്നു അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഞാൻ ഇപ്പോൾ ഓർക്കുന്നില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മുമ്പു സ്കൂൾഫൈനൽ പരീക്ഷക്കും ഇംഗ്ലീഷിലും മലയാളം വാക്യരചനയിലും ൪൦ % മാർക്ക കിട്ടണമെന്നു നിബന്ധനയുണ്ടായിരുന്നുവോ?

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആ. വിദ്യാഭ്യാസഡയറക്ടർ): ഇല്ല; കൂടുതൽ മാർക്ക്സിനെപ്പററിയുള്ള ചട്ടങ്ങൾ ഇപ്പോഴാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇൻറർമീഡിയററ് പരീക്ഷാഫലത്തിൽ സർവകലാശാല വളരെനാളായിഅതൃപ്തി പ്രദർശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇംഗ്ലീഷിൽ എഴുതുകയും സംസാരിക്കുകയും ചെയ്യുന്ന വളരെ പരിശീലനം നടത്തിയിട്ടുള്ള വിദഗ്ദ്ധന്മാരുടെ പ്രസംഗംകൊണ്ടു യാതൊരുഗുണവും സിദ്ധിക്കുന്നതിനു അപ്രാപ്തരും കോളേജ്പ്രവേശനത്തിനു അയോഗ്യരും ആയ അനേകം വിദ്യാർത്ഥികളെ ഇൻറർമീഡിയററ്ക്ലാസ്സിൽ പ്രവേശിപ്പിക്കുന്നുണ്ടെന്നു അവർക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): തോൽവി കൂടുതൽ ഇംഗ്ലീഷിനായിരുന്നുവോ വെർണാക്കുലറിനായിരുന്നുവോ?

മി. എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മി. മാധവൻപിള്ളപറയുന്നതു കേൾക്കാൻ നിവൃത്തിയില്ല.

റാവുബഹദൂർ, കെ. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇവ രണ്ടിലും വളരെ ഗണ്യമായ തോൽവി പററിയിട്ടുണ്ട്.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഏററവുംകൂടുതൽ തോൽവി ഏതുവിഷയത്തിലായിരുന്നു?

റാവുബഹദൂർ, കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇംഗ്ലീഷിലാണ് കൂടുതൽ തോൽവി എന്നു തോന്നുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സൎക്കലാശാലയിൽ ഉത്തരക്കടലാസ്സുകൾ വന്നതിനുശേഷം വീണ്ടും മാൎക്ക് കൊടുക്കുന്നതിനെപ്പറ്റി അവൎക്ക് ഉദ്യോഗസ്ഥന്മാരുടെമേൽ വല്ല അധികാരവുമുണ്ടോ എന്നും അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ. കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) ഇല്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) തന്നിമിത്തം പരീക്ഷാബോർഡിനു മാൎക്ക് കൂട്ടിക്കൊടുക്കുന്നതിനു സാധിക്കമായിരുന്നില്ലേ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): എനിക്കു ചോദ്യം മനസ്സിലാകുന്നില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സൎക്കലാശാലയുടെ ഉത്തരവിനെ കരേക്കൂടി ഔദാൎയ്യദൃഷ്ടിയോടു വീക്ഷിച്ചു വിജയികളുടെ എണ്ണം കൂട്ടുന്നതിനു പരീക്ഷാബോർഡിനു ശക്തിയുണ്ടായിരുന്നില്ലേ?

റാവുബഹദൂർ. കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) സർ, ഈ സംഗതിയിൽ ഞാൻ നിങ്ങളുടെ നിർദ്ദേശത്തെ അപേക്ഷിച്ചുകൊള്ളുന്നു. പോയിൻറു വ്യക്തമാക്കണമെന്നു എല്ലാവൎക്കും ആഗ്രഹമുള്ള ഒരു സംഗതിയാണ് ഇതു്. എൻെറ സമാധാനത്തിനിടയിൽ ആ സമയം ന്യായമായി ഉത്ഭവിക്കുന്നില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നതായാൽ.....

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, വിശദമായി പറയുന്നപക്ഷം എല്ലാസംഗതിയും ഇതിലടങ്ങിയിരിക്കുന്നു. പരീക്ഷാബോർഡു ന്യായമായിട്ടാണോ പെരുമാറിയിട്ടുള്ളതു്? പൊതുജനങ്ങൾക്ക് അവരിൽ വിശ്വാസമുണ്ടോ? ഈ ഒരു സംഗതിയാണ് ഇവിടത്തെ പ്രസ്താവവിഷയം.

റാവുബഹദൂർ. കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ) സർ, ഞാൻ അതിനെപ്പററി പറയാം.

അദ്ധ്യക്ഷൻ: മി. നീലകണ്ഠപ്പിള്ള തൻെറ അഭിപ്രായം പറഞ്ഞുവെന്നേയുള്ളു. നിങ്ങൾ നിങ്ങളുടെ പ്രസംഗത്തെ തുടൎന്നുകൊള്ളുക.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): വാദവിഷയത്തിൽ എൻെറ ശ്രദ്ധക്കു ഇപ്രകാരമുള്ള അഭിപ്രായപ്രകടനങ്ങൾ ബാധകമാണെന്നേ ഞാൻ പറഞ്ഞുള്ളു.

അദ്ധ്യക്ഷൻ: പണ്ഡിതനായ മെമ്പർ തൽക്കാലാവസ്ഥയെ വിശദീകരിക്കുന്നതിനു ശ്രമിക്കുകയാകയാൽ സഭ അദ്ദേഹത്തിനു സൌകൎയ്യം നൽകുമെന്നു വിശ്വസിക്കുന്നു. തൻെറ വിചാരപരമ്പരയ്ക്കും സമാധാനത്തിനും കൂടക്കൂടെയുള്ള ഇമ്മാതിരി ചോദ്യങ്ങൾ ബാധകമാണെന്നു അദ്ദേഹം പറയുന്നതിനാൽ സഭ അദ്ദേഹത്തിൻെറ വാദങ്ങൾ പൂൎത്തിയാക്കുന്നതിനനുവദിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): സർ, ഇതാണ് പ്രധാന വിഷയം. അതേ സമയം തന്നെ മററു വിഷയങ്ങളെ നമുക്കു നിരാകരിക്കാനും പാടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം, വിളവങ്കോടു):—

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): കുറച്ചു ക്ഷമിക്കണമെന്നു ഞാൻ മി. കേശവപിള്ളയോടു അപേക്ഷിച്ചുകൊള്ളട്ടെയോ? ഞാൻ എല്ലാം വിശദീകരിക്കാം. എൻെറ വാദം കഴിഞ്ഞാൽ എന്തെങ്കിലും ചോദ്യത്തിനു വേണമെങ്കിലും ഞാൻ മറുപടി പറയാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഒന്നാമത്തെ പ്രസംഗം താമസിച്ചു നിൎത്തിക്കൊള്ളുമെന്നു ഞാൻ മെമ്പറെ ഓൎമ്മിപ്പിച്ചുകൊള്ളട്ടെയോ?

അദ്ധ്യക്ഷൻ. സഭയിലിരിക്കുന്ന ആ മെമ്പൎക്കും ആ സംഗതിയറിയാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): സർ, ഞാൻ തുടൎന്നുകൊള്ളട്ടെ.

ഈ സഭയിൽ പ്രസ്താവിച്ച മററു സംഗതികളിൽ ഒന്നും തന്നെ വിസ്തരിച്ചു കളയുന്നതല്ലാ. പരീക്ഷകന്മാരും പരീക്ഷാബോർഡിലുള്ളവരും താന്താങ്ങളുടെ ശക്തിക്കനുസരണമായി ജോലി ചെയ്തിട്ടുള്ളവരാണെന്നും ഇപ്രകാരമുള്ള ഒരു സംഗതിയിൽ അവരെ തെററിദ്ധരിക്കരുതെന്നും ആണ് ഞാൻ ഈ സഭയിൽ പ്രസ്താവിക്കുന്നതു്. പരീക്ഷാഫലത്തെ സംബന്ധിച്ചിടത്തോളം, എത്ര പേരെ ജയിപ്പിക്കണമെന്നോ എത്ര പേരെ ജയിപ്പിക്കരുതെന്നോ പരീക്ഷകന്മാർ അറിഞ്ഞു പ്രവൃത്തിക്കുന്നതു ശരിയായ ഒരു പ്രമാണമല്ലെന്നു സൎവ്വസമ്മതമാണ്. ശരിയായി ഉത്തരം എഴുതിയിട്ടുള്ള വിദ്യാൎത്ഥികൾ തോൽക്കാതിരിക്കത്തക്കവണ്ണവും ശരിയായി ഉത്തരം എഴുതാത്തവർ ജയിക്കാതിരിക്കത്തക്കവണ്ണവും സൂക്ഷ്മമായി പരിശോധിച്ചു മാൎക്കാ കടലാസ്സുകൾക്കനുസരിച്ചുതന്നെ അടിസ്ഥാനമാക്കി ന്യായമായ ഫലം നിൎണ്ണയിക്കേണ്ടതു അവരുടെ കടമയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇക്കൊല്ലത്തെ സ്കൂൾഫൈനൽ പരീക്ഷയെ സംബന്ധിച്ചു പരീക്ഷാബോർഡിൻെറ ജോലിയെപ്പററി അന്വേഷിക്കുന്നതിനു ഡയറക്ടൎക്കു സൌകൎയ്യമുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ); സർ, ഇതു ആശ്ചൎയ്യജനകമായ ഒരു ചോദ്യമായിരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം). ഇക്കൊല്ലത്തെ പരീക്ഷാഫലം പരീക്ഷക്കു ചേൎന്ന കുട്ടികൾക്കു ന്യായമായ രീതിയിലുള്ള ഒന്നാണെന്നു ഡയറക്ടർ എന്ന നിലയിൽ മെമ്പൎക്കു തൃപ്തികരമായിരുന്നുവോ എന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): സർ, ഇതുപോലെ എന്നും ൨൫ ശതമാനം ജയിക്കുന്ന പക്ഷം നമുക്കു ശരിയായ അന്വേഷണത്തിൻെറ ആവശ്യമുണ്ടെന്നു എനിക്കു ബോദ്ധ്യമാണ്; ശരിയായ വിദ്യാഭ്യാസരീതിയിൽ നടന്നുകൂടാത്ത ഒരു സംഗതിയാണ് ഇതു. പക്ഷെ ഇ

കഴിഞ്ഞകൊല്ലത്തെ പരാജയത്തിന്റെ കാരണമെന്തായിരുന്നുവെന്നു നമുക്കിപ്പോഴും അറിഞ്ഞുകൂടാത്തതയാണിരിക്കുന്നത്, അതു എനിക്കു മുൻകൂട്ടി തീർച്ചപ്പെടുത്താവുന്ന ഒരു സംഗതിയല്ല. അതു കേസ്സ് കേൾക്കുന്നതിനു മുമ്പു വിധിയെഴുതാനുള്ള ആളിനോടു ഡിക്രി പ്രസ്താവിക്കാൻ പറയുന്നതു പോലെയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ശരിയായ ഒരു വിദ്യാഭ്യാസരീതിയിൽ ഇപ്രകാരം ഒരു സംഗതി നടന്നുകൂടാത്ത ഡയറക്ടർ സമ്മതിച്ച സ്ഥിതിക്കു, ഈ സങ്കടനിവാരണത്തിനായി അദ്ദേഹം എന്തെങ്കിലും പ്രവർത്തിക്കുകയോ പ്രവർത്തിക്കണമെന്നാലോചിക്കുകയോ ചെയ്തിട്ടുണ്ടോയെന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): ഇതു എനിക്കു വേറിട്ടുമാത്രമല്ല, ഞാൻ പ്രതിനിധീകരിക്കുന്ന ഗവൺമെന്റിനു വേണ്ടിയും ഞാൻ പ്രസ്താവിക്കുന്ന ഒരു സംഗതിയാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഗവൺമെന്റിന്റെ ഉദ്ദേശത്തെപ്പററിയാണ് ചോദിച്ചത്, ഡയറക്ടരുടെ കാര്യത്തെപ്പററി വ്യക്തിപരമായി ഒന്നുമില്ല.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസ ഡയറക്ടർ): ഈ വിഷയം ശ്രദ്ധയിൽ ഇരിക്കുന്നുവെന്നും ഉദ്ദേശിക്കപ്പെട്ട സംഗതികളുടെ പരമാർത്ഥം എത്രത്തോളമെന്നറിയുന്നതിനും ശരിയായ കാരണങ്ങൾ കണ്ടുപിടിക്കുന്നതിനും വേണ്ടതൊക്കെ ചെയ്തുവരുന്നുണ്ടെന്നും ഞാൻ പറഞ്ഞുകൊള്ളുന്നു. കാരണം കണ്ടുപിടിച്ചു കഴിഞ്ഞാൽ പരിഹാരമാർഗ്ഗം അന്വേഷിച്ചു വേണ്ടതു പ്രവർത്തിക്കുന്നതാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): ഇക്കൊല്ലത്തെ പരീക്ഷകന്മാർ ഏററവും യോഗ്യന്മാരായിരുന്നുവെന്നു ഡയറക്ടർ ഈ സഭയോടു ഉറപ്പു പറയുമോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): ഏററവും യോഗ്യതയുള്ളവരെയല്ലാതെ നിയമിക്കുന്നതിനു കാരണവും മേധാവികൾക്കില്ലെന്നു മാത്രം ഞാൻ മി. മാധവൻപിള്ളയോടു പറയുന്നു.

മി. കെ. മാധവൻ പിള്ള (തിരുവനന്തപുരം, നെടുമങ്ങാട്). അതു എന്റെ ചോദ്യത്തിനുത്തരമായില്ല. ഇക്കൊല്ലത്തെ പരീക്ഷകന്മാർ സകലവിധത്തിലും യോഗ്യന്മാരായിരുന്നുവെന്നു ഡയറക്ടർ ഈ സഭയോടു പറയുന്നതിനു തയ്യാറാണോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ: വിദ്യാഭ്യാസ ഡയറക്ടർ): നിയമിക്കപ്പെട്ട പരീക്ഷകന്മാർ അവരെ ഏല്പിച്ച ജോലി ചെയ്യുന്നതിനു വേണ്ടിടത്തോളം യോഗ്യതയുള്ളവരായിരുന്നുവെന്നുമാത്രം ഞാൻ പറയാം.

മി. എസ്സ്. പി. പിറവിപ്പെരുമാൾപിള്ള (വ്യവസായവും, കച്ചവടവും, തൊഴിൽ): ആവശ്യമുള്ളതാക്കി ഒരു മിനിമത്തിനു വ്യത്യാസം വരുത്താതെ ഡയറക്ടർക്കു വല്ലതും ചെയ്യാൻ സാധിക്കുമോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): എന്നാൽ സാദ്ധ്യമല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പരീക്ഷക്കടലാസ്സു നോക്കിക്കഴിഞ്ഞപ്പോൾ ധാരാളം പേർ ജയിച്ചിട്ടുണ്ടെന്നു കണ്ടു ജയിച്ചവരുടെ എണ്ണം കുറയ്ക്കുന്നതിനു മനഃപൂർവം ചെയർമാൻ ഇപ്രകാരം ചെയ്തിട്ടുള്ളതാണെന്ന വിവരം ഡയറക്ടർക്കു അറിവുണ്ടോ എന്നറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആ. വിദ്യാഭ്യാസ ഡയറക്ടർ): സർ, ഇല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം, നെടുമങ്ങാട്): വിജയികളുടെ ശതമാനം കുറഞ്ഞിരിക്കണമെന്നു അദ്ദേഹത്തിനോടു പറഞ്ഞിട്ടുണ്ടോ?

റാവുബഹദൂർ കെ. വി രങ്കസ്വാമിഅയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇല്ല; സർ, സംഗതികളുടെ യഥാർത്ഥാവസ്ഥ ഇപ്രകാരമാണ്. പരീക്ഷാബോർഡിലെ സംഗതികളെപ്പററി അന്വേഷിക്കുന്നതിനു ഇപ്പോൾ മററാർക്കും അധികാരമില്ല. പരീക്ഷാബോർഡിനു പൂർണ്ണാധികാരങ്ങളുമാണുള്ളത്. എന്തെങ്കിലും ഉദാസീനതയോ അതിനെക്കാൾ കഷ്ടതരമായ മറെറന്തെങ്കിലുമോ ഉള്ളപക്ഷം ഡയറക്ടരുടെ യുക്തംപോലെ അദ്ദേഹത്തിനു ആ കാര്യത്തിൽ അന്തർഭവിക്കാം. തങ്ങളുടെ ഐകകണ്ഠ്യമായ തീരുമാനങ്ങളെ വിപരീതമാക്കാനും രണ്ടുവിഷയങ്ങളിൽ സ്വല്പമായ കൂടുതലിനെ ശിപാർശചെയ്തും പരീക്ഷാബോർഡിന്റെ ഒരു റിപ്പോർട്ടു എനിക്കു സിദ്ധിച്ചു. ഈ കൂടുതൽ ശിപാർശചെയ്യുന്നതിനുണ്ടായ കാരണങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു ഞാൻ അദ്ധ്യക്ഷനു എഴുതി അയച്ചു. ബോർഡ് ഈ സംഗതിയിൽ ഏകാഭിപ്രായമാണെന്നും ഈ സന്ദർഭത്തിൽ ഇന്നു നാം ചിന്തിക്കുന്നതിനിടയായ സകല സംഗതികളേയും മറവും പററി അവർ ആലോചിച്ചുവെന്നും തങ്ങളുടെ ശിപാർശയുടെ സാധുതയെപ്പററി തങ്ങൾ തൃപ്തിപ്പെട്ടിരിക്കുന്നുവെന്നും എനിക്കൊരു മറുപടി സിദ്ധിച്ചു. ആ വിശേഷസമാജത്തിന്റെ അഭിപ്രായം സിദ്ധിച്ചശേഷമാണ് പരീക്ഷാഫലം തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനു ഞാൻ അനുവദിച്ചത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മലയാളം പരീക്ഷാബോർഡിന്റെ അദ്ധ്യക്ഷൻ ആരായിരുന്നു അറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): വിദ്യാഭ്യാസഡയറക്ടർ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): കഴിഞ്ഞകൊല്ലം പരീക്ഷാബോർഡിന്റെ അദ്ധ്യക്ഷൻ ആരായിരുന്നുവെന്ന് അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പിന്നീട് ഇക്കൊല്ലത്തെ ബോർഡിൽ ഡയറക്ടർ അദ്ധ്യക്ഷനായിരിക്കാതിരുന്നതെന്തുകൊണ്ടാണ്?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഈ സംഗതികളെപ്പററി എനിക്ക് യാതൊരു വിവരവും പറയാൻ നിവൃത്തിയില്ല. ഓരോ ജോലികളും ചുമതലകളും ആരെല്ലാമാണ് നിർവ്വഹിക്കേണ്ടതെന്ന് നിശ്ചയിക്കുന്നതിനു കൂടുതൽ സൌകര്യമുള്ളതു ഗവർമ്മെന്റിനാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ബോർഡ് രൂപീകരിക്കുന്നതിൽ ഡയറക്ടർക്കു യാതൊരഭിപ്രായവും പുറപ്പെടുവിക്കുന്നതിനധികാരമില്ലേ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഡയറക്ടർക്ക് ഏതവസരത്തിലും തന്റെ ഉപദേശം ഗവർമ്മെന്റിനെ കൊടുക്കാവുന്നതും എന്നാൽ ഇപ്രകാരമുള്ള സംഗതികളിൽ അവസാനതീരുമാനത്തിനുള്ള അവകാശം സ്വാഭാവികമായി ഗവർമ്മെന്റിൽതന്നെ ഇരിക്കേണ്ടതും ആകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇക്കൊല്ലത്തെഫലം കുറേക്കൂടി തൃപ്തികരമായിരിക്കുന്നതിനു വല്ല നടപടിയും നടത്തിയിട്ടുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഇപ്പോൾ അതിനെപ്പററി എന്തെങ്കിലും പറയുന്നതിനു കാലമായിട്ടില്ല; എന്നാൽ വിദ്യാർത്ഥികളോടു അന്യായമാണ് പ്രവർത്തിച്ചിട്ടുള്ളതെന്നും അതിനു പരിഹാരമാർഗ്ഗമുണ്ടെന്നും കാണുന്നപക്ഷം, നാമെല്ലാം മനുഷ്യരായിരിക്കുന്നസ്ഥിതിക്ക്, കാര്യങ്ങളെല്ലാം ശരിപ്പെടുത്തുന്നതിന് ഞങ്ങൾ അശേഷം സംശയിക്കുന്നതല്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഗവർമ്മെന്റു അതിനു തയ്യാറാണോ എന്നറിഞ്ഞാൽകൊള്ളാം.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഗവർമ്മെന്റുതങ്ങളുടെ ശക്തിക്കനുസരണമായി സ്വയം പ്രവർത്തിക്കുന്നതിനും സങ്കടങ്ങൾ പരിഹരിക്കുന്നതിനും സദാതയ്യാറാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഗവർമ്മെന്റു ഈ സംഗതിയെപ്പററി പരമാർത്ഥത്തിൽ അന്വേഷണം നടത്തുന്നുണ്ടോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): അവർ ചെയ്തുവരുന്നുണ്ട്. അന്വേഷണങ്ങൾ നടത്തിവരുന്നു. ഈ സംഗതിയിൽ ഗവർമ്മെന്റിനെ ഉടനടൻ കാര്യങ്ങൾ അറിയിച്ചുവരുന്നതും ഗവർമ്മെന്റിന്റെ ഒരു ഏജന്റ് എന്നനിലയിൽ ഞാൻ ശുഷ്കാന്തിയോടുകൂടി പ്രവൃത്തിച്ചുവരുന്നതും ആകുന്നു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ ആണ്ടത്തെ ചോദ്യക്കടലാസ് പരിശോധിക്കുന്നതിൽ പുത്തനായി വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ പരിശോധകന്മാർ സ്വയമായി ചെയ്തിട്ടുള്ളതാണോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): അവയെപ്പററി എനിക്കു യാതൊരു റിപ്പോർട്ടും കിട്ടിയിട്ടില്ല. പരീക്ഷാബോർഡിന്റെ നടപടികൾ രഹസ്യങ്ങളാണ്. ഡയറക്ടർപോലും വിവരങ്ങളൊന്നും ആവശ്യപ്പെടാത്തപക്ഷം അവയെപ്പററി യാതൊരുതുമ്പും കിട്ടുന്നതല്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെമ്പർ, ഉപാദ്ധ്യക്ഷൻ): ഈ ഗവർമ്മെന്റിനു ഒന്നുകൂടി സർവ്വകലാശാലയുമായി എഴുത്തുകുത്തുനടത്തി ഇപ്രകാരം ഗൌരവങ്ങളായ പിശകുകളെ പരിഹരിക്കരുതോ?

റാവുബഹദൂർ കെ. വി. രങ്കസ്വാമിഅയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): നമുക്ക് ഏതവസരത്തിലും പിശകുകളെ അതായതു് കണക്കുകൂട്ടുന്നതിലോ, എഴുതുന്നതിലോ മറേറാ പിശകുകളുണ്ടായിരുന്നാൽ അവയെ പരിഹരിക്കാവുന്നതാണ്. പരീക്ഷാബോർഡിനു തിരുത്തുന്നതിനു അധികാരമുള്ള ഏതെങ്കിലും പിശകുകൾ ഉണ്ടെങ്കിൽ അവയെ അവർതന്നെ തിരുത്തി സർവ്വകലാശാലയെ അറിയിക്കാവുന്നതാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (നിയമിക്കപ്പെട്ടമെമ്പർ, ഉപാദ്ധ്യക്ഷൻ): ഒരു പരിശോധന നടത്തണമെന്ന് സർവ്വകലാശാലയോടപേക്ഷിക്കുന്ന വിഷയത്തിൽ ഗവർമ്മെന്റിനും ഡയറക്ടർക്കും ഉള്ള അധികാരങ്ങൾ എന്തെല്ലാമാണ്? ഞാൻ വിവരം അറിയുന്നതിനുമാത്രം ചോദിക്കുകയാണ്. ചില പിശകുകൾനിമിത്തം നമ്മുടെ വിദ്യാർത്ഥികളിൽ ഒരു നല്ലഭാഗം തോല്പിക്കപ്പെട്ടു എന്നും, അതിനെപ്പററി പര്യാലോചിക്കേണ്ടതാണെന്നും, തിരുവിതാംകൂർ ഗവർമ്മെന്റ് അതിനെപ്പററി അന്വേഷിച്ചതിൽ യഥാർത്ഥത്തിൽ ഈ സംഗതി വീണ്ടും ആലോചിക്കപ്പെടേണ്ടതുതന്നെ ബോദ്ധ്യപ്പെട്ടിരിക്കുന്നുവെന്നും പറഞ്ഞു വീണ്ടും സർവ്വകലാശാലയോട് അപേക്ഷിക്കുന്നതിനു വല്ല നിബന്ധനയുമുണ്ടോ? ഗവർമ്മെന്റിനു അതിനു വല്ല അധികാരങ്ങളുമുണ്ടോ? വ്യാഖ്യാനങ്ങളൊന്നും ഞാൻ ആവശ്യപ്പെടുന്നില്ല. ഗവർമ്മെന്റിനോ ഡയറക്ടർക്കോ സർവ്വകലാശാലയോട് പരീക്ഷാഫലത്തെപ്പററി പുനരാലോചിക്കണമെന്നപേക്ഷിക്കുന്നതിന് സാദ്ധ്യമാണെങ്കിൽ അതു ഞങ്ങളോട് പറയുക. അല്ലാത്തപക്ഷം അടുത്തകൊല്ലം കാര്യങ്ങളെല്ലാം കുറെക്കൂടി തൃപ്തികരമായിരിക്കുമെന്നു ഉറപ്പുകൊണ്ടു് ഞങ്ങൾ തൃപ്തിപ്പെടേണ്ടിയിരിക്കുന്നു.

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): സർ, ഗവർമ്മെന്റിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ, നിർഭാഗ്യവശാലുള്ള ഏതോ അത്യാഹിതത്താലോ, കുറെ അധികം വിദ്യാർത്ഥികളുടെ നിർഭാഗ്യപരമ്പരയാലോ ഗ്രഹപ്പിഴകൊണ്ടോ, വിദ്യാർത്ഥികൾക്കെല്ലാം അവരുടെ യോഗ്യതാനുസരണമുള്ള മാർക്ക് സിദ്ധിച്ചിട്ടില്ലെന്നും, യോഗ്യതയുള്ളവർക്കു മാർക്കു് കൊടുക്കണമെന്നുള്ള വിചാരവും സന്മനസ്സും ഉണ്ടായിരുന്നിട്ടും ശരിയായിയോഗ്യതയുള്ള വിദ്യാർത്ഥികളെ സഹായിക്കുന്നതിനു പരീക്ഷകന്മാർക്ക് സാധിച്ചിട്ടില്ലെന്നും ഉറപ്പുപറയുന്നതിനു അവർക്ക് ഇപ്പോൾ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): പരീക്ഷക്കടലാസുകൾ ഒന്നുകൂടി പരിശോധിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കുന്നതിനു ഗവർമ്മെന്റിനധികാരമില്ലേ?

റാവുബഹദൂർ കെ. വി. രങ്കസ്വാമി അയ്യങ്കാർ (ആക്റ്റിംഗ് വിദ്യാഭ്യാസഡയറക്ടർ): ഗവർമ്മെന്റിനു

വളരെ അധികാരങ്ങളുണ്ട്. പരീക്ഷാരീതിയെപ്പററി ചിന്തിക്കുന്നതിനു ഒരു കമ്മിററിയെ നിയമിക്കുന്ന പക്ഷം അവർ സർവകലാശാലയുടെ അനുവാദം കൂടാതെ അപ്രകാരം ചെയ്യേണ്ടിയിരിക്കും. എന്നാൽ പരീക്ഷാബോർഡിന് തിരുത്താവുന്ന എന്തെങ്കിലും സംഗതികൾ അവർതന്നെ ആലോചിച്ച് അപ്രകാരം ചെയ്യുന്നപക്ഷം അതു സർവകലാശാലയിൽ സമർപ്പിക്കാവുന്നതും സർവകലാശാല അതിനെപ്പററി ശരിയായിതോന്നിക്കുമെന്ന് വിചാരിക്കുന്നതും ആകുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഡയറക്ടരെ ഇതിലേക്ക് പ്രത്യേകമായിട്ട് നിയോഗിക്കുന്നതിനു ഗവർമ്മെൻറിന് അധികാരമുണ്ടോ?

അദ്ധ്യക്ഷൻ: മണി ൧-൩൦ ആയിരിക്കുന്നതിനാൽ വാദപ്രതിവാദം താനേ അവസാനിച്ചിരിക്കുന്നു. പതിവുപോലെ നാളെ രാവിലെ ൧൧-൩൦-ന് സഭ കൂടുന്നതാണ്

സഭ ൧-൩൦-ന മാററിവെച്ചു.

പി. എൻ. കൃഷ്ണപിള്ള
നിയമസഭാസെക്രട്ടറി.

(A true translation)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

൯-ാമത്തെ സഭ

൧-ാമത്തെയോഗം

(ഔദ്യോഗികറിപ്പോർട്ട്)

൧൯൩൦ മെയ് ൧൬-ാംനു വെള്ളിയാഴ്ച ൧൧൦൫ ഇടവം ൩-ാംനു

വിക്ടോറിയാ ജൂബിലി ടൗൺഹാളിൽവച്ചു പകൽ ൧൧-൩൦ നു വീണ്ടും സമ്മേളിച്ചു. അദ്ധ്യക്ഷൻ അഗ്രാസനം വഹിച്ചു.

താഴെപറയുന്ന മെംബറന്മാർ ഹാജരില്ലായിരുന്നു.—

൧. റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ.

൨. മി: എൽ: എ. ലാംബർഡ്,

ചോദ്യോത്തരങ്ങൾ.

ആശുപത്രികളെ സംബന്ധിച്ചുള്ള പരിശോധനക്കുറിപ്പുകൾ.

൨൪൧. മി. വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും-വടക്ക) ആശുപത്രികളും ഡിസ്പെൻസറികളും പരിശോധിച്ചുകഴിഞ്ഞശേഷം പരിശോധനറിപ്പോർട്ടുകളുടെ ഓരോ പകർപ്പു അവയിൽ ചാർജ്ജുവഹിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാർക്കു മുമ്പിലത്തെ ഡർബാർഫിസിഷൻ അയച്ചുകൊടുത്തിരുന്ന പതിവു ഇപ്പോഴും അനുവർത്തിക്കുന്നുണ്ടോ എന്നു ഗവർമെന്റിൽ നിന്നും സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമെന്റ് ചീഫ്സെക്രട്ടറി) പരിശോധിക്കപ്പെടുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിക്കത്തക്കവിധത്തിൽ സംഗതികൾ ഉണ്ടെങ്കിൽമാത്രമേ പരിശോധനക്കുറിപ്പുകൾ ആ വക ഉദ്യോഗസ്ഥന്മാർക്കു അയച്ചുകൊടുക്കുന്ന പതിവുണ്ടായിരുന്നുള്ളു എന്നു മെഡിക്കൽ സർവീസുകളുടെ ഭരണബോർഡിൽ നിന്നും റിപ്പോർട്ടുചെയ്തിരിക്കുന്നു. എന്നാൽ ൧൧൦൪-ആണ്ടു മുതൽ തുടങ്ങി പരിശോധിക്കപ്പെട്ട എല്ലാസ്ഥാപനങ്ങൾക്കും പരിശോധനക്കുറിപ്പുകൾ അയച്ചുവരുന്നുണ്ട്,

മദ്ധ്യതിരുവിതാംകൂറിലെ കൃഷിസേചന വേലകൾ.

൨൪൨. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും) താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവർമെന്റിൽനിന്നും സദയം മറുപടി തരുമോ?

എ. നിയമസഭാനടപടികളുടെ ൧൪-ാം വാല്യം ൪൪൧-ാംവശത്തു പറഞ്ഞിരിക്കുന്ന കൃഷിസേചന വേലകളുടെ പുരോഗതി എതെല്ലാം പതനങ്ങളിൽ ഇരിക്കുന്നു.

ബി. ആ വശത്തു പറഞ്ഞിരിക്കുന്ന പോവാട്ട ചിറമുതൽ ആറാട്ടുകടവുവരെയുള്ള തോടിയിൽ തോടിന്റെ വക്കുള്ള അടങ്കൽ ആവശ്യപ്പെട്ടിട്ടുണ്ടോ?

സി. ൧൧൦൪. കർക്കടകം ൨൭-ാംനു ഞാൻ ചോദിച്ച ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ളതുപോലെ കരിങ്ങാലിച്ചാലിന്റെ പണിയും അററകുററപ്പണിയും വകക്ക വല്ലതുകയും നീക്കിവച്ചിട്ടുണ്ടോ?

മി: പി: എൻ. കൃഷ്ണപിള്ള (ഗവർമെന്റ സെക്രട്ടറി) എയും ബിയും. മെംബർ ആവശ്യപ്പെട്ട വിവരങ്ങൾ നല്കുന്നതായ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

സി. ഉണ്ട്. ൫൦൦൦ രൂപാ.

മോട്ടർ ഡ്രൈവറന്മാരുടെ ബാഡ്ജുകൾ (മുദ്രകൾ) തല്ക്കാലത്തേക്കോ സ്ഥിരമായോ എടുത്തുകളയുന്നതു.

൨൪൩. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം) താഴെപ്പറയുന്ന സംഗതികൾക്കു സദയം മറുപടി തരുമോ?

എ. പോലീസ്കമ്മിഷണർ മോട്ടാർ ബാഡ്ജുകൾ സസ്പെൻറ്ചെയ്യുന്നതു (തല്ക്കാലത്തേക്കു എടുത്തുകളയുന്നതു) ഏതു റെഗുലേഷൻ അല്ലെങ്കിൽ അധികാരം അനുസരിച്ചാണ്

ബി. ഇരട്ടിപ്പായുള്ള ശിക്ഷകൾ നല്കുന്നതിനു അനുവദിക്കുന്നതായ ശിക്ഷാനടപടി നിയമത്തിന്റെ വകുപ്പു ഏതു?

സി. ൧൨. മാസത്തിനിടയിൽ നാലുവട്ടം ശിക്ഷിക്കപ്പെടുന്ന ഡ്രൈവർമാരുടെ ബാഡ്ജുകൾ തീരേ എടുത്തുകളയുന്നതാണെന്നും മററും ഒരു പരസ്യം തന്റെ സ്വന്തഅധികാരത്തിന്മേലോ അല്ലെങ്കിൽ ഗവർമെന്റ് അനുമതിയോടുകൂടിയോ ൧൯൨൯ ജൂൺ ൯-ാംനു കമ്മിഷണർ പ്രസിദ്ധം ചെയ്തിട്ടുണ്ടോ?

ഡി. കമ്മിഷണർ തന്റെ പരസ്യത്തെ ഭൂതകാലത്തേക്കുകൂടി പ്രായോഗ്യമാക്കിതീർത്തിട്ടുണ്ടോ?

(ഇ) കമ്മിഷണർ തന്റെ പരസ്യത്തെ ഭൂതകാലാവലോകിയാക്കിതീർത്തു ന്യായാനുസൃതമായ പ്രവൃത്തിയല്ലാത്ത പരസ്യത്തിനു ഇരയായി ഭവിച്ച ആളുകൾ ഗവർമെന്റിൽ പരാധി ബോധിപ്പിച്ചിട്ടുണ്ടോ,

എഫ്. ആ കേസുകളെ സംബന്ധിച്ച ഗവർമെന്റിൽനിന്നും എന്തുനടപടികൾ നടത്തി.

ജി. ഈ പരസ്യത്തിനുശേഷം ഒരു ഒററ കുററംമാത്രം ചെയ്ത ഒരു ഗോപാലപ്പണിക്കരുടെ ബാഡ്ജു സസ്പെൻറ് ചെയ്തിട്ടുണ്ടോ.

മി: ടി. കെ മാധവൻനായർ (ആ: ഗവർമെന്റ് സിക്രട്ടറി)

എ. ൧൦൮൪-ലെ ൩-ാം റെഗുലേഷനായ മോട്ടർ വാഹനനിയമത്തിന്റെ ൧൨ (൨) (എ) വകുപ്പും അതിൻപ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിൽ ൩൧ (എഫ്) ചട്ടവും.

ബി. ശിക്ഷാനടപടിനിയമത്തിൽ ഇപ്രകാരം ഒരു വകുപ്പുള്ളതായി ഗവർമെന്റിനു അറിവില്ല. മോട്ടർ വാഹനനിയമത്തിന്റെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ അനുസരിച്ചാണ് ശിക്ഷകൾ നല്കിയിട്ടുള്ളതു.

സി. പരസ്യം പ്രസിദ്ധപ്പെടുത്തിയതു കമ്മിഷണരുടെ സ്വന്ത അധികാരത്തിന്മേലാണ്.

ഡി. പരസ്യത്തിനു ഭൂതകാലാവലോകിയായ ശക്തികൊടുത്തിട്ടില്ല.

G. P. T. 280. 150. 22-1-1108.

൩-ം. എഫ്-ം പരസ്യത്തിന് കമ്മീഷണർ ഉദ്യോഗാപേക്ഷകരോടു സ്വീകരിച്ചിട്ടുള്ള എന്ന തി രുവനന്തപുരത്തെ അക്കൗണ്ട്സ് സർവീസ് സിൻഡിക്കേറ്റുകാർ പരാതിപറഞ്ഞു. ഗവണ്മെന്റ് അതിനെപ്പററി അന്വേഷിച്ചതിൽ നിയമവും ചട്ടങ്ങളും അനുസരിച്ച് കമ്മീഷണർക്ക് സിദ്ധമായിട്ടുള്ള അധികാരം ഉപയോഗ പ്പെടുത്തി ബാഡ്ജുകൾ എടുത്തുകളകയോ നിറുത്തിവയ്ക്കുകയോ ചെയ്യുന്ന വിഷയത്തിൽ താൻ നടത്താൻപോകു ന്ന നടപടികളെപ്പററി മുന്നറിവു കൊടുക്കുന്നതിനുമാത്രമേ പരസ്യം കൊണ്ട് അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളു എന്നും ആസ്ഥിതിക്ക് അതു ക്രമവും സാധുവും ആണെന്നും കണ്ടിരിക്കുന്നു.

ജി. ഉണ്ട്.

രജിസ്ട്രേഷൻ ടെസ്റ്റ് പരീക്ഷയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിലെ ക്ലാർക്കുകളുടെ നിയമനവും.

൧൪൪. മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും) താഴെപ്പറയുന്ന സംഗതികളെപ്പററി വേണ്ട വിവരങ്ങൾ ഗവണ്മെൻറിൽനിന്നും സദയം നല്കുമോ?

എ. ക്ലാർക്കുകളുടെ നിയമനത്തിനായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഒരു ഡിപ്പാർട്ടുമെൻറൽ പരീക്ഷ നടത്തിവന്നിട്ടുണ്ടോ?

ബി എ ഭാഗത്തിൽ പറയുന്ന സംഗതികൾ വാസ്തവമാണെങ്കിൽ ഏതാണ്ടിലാണ് പരീക്ഷ ഏർപ്പെടുത്തി യതു.

(സി) ൧൧൦ വരെ ജയിച്ച ആളുകളുടെ എണ്ണം എത്ര?

(ഡി) അതിൽ ജോലിക്കു നിയമിക്കപ്പെട്ടിട്ടുള്ളവരുടെ എണ്ണം എത്ര?

(ഇ) എത്രപേർക്കു ജോലികിട്ടാതെയുണ്ട്?

(എഫ്) ആക്ടിംഗ് ആയി ജോലിനോക്കിയിട്ടുള്ള ഇവരുടെ അവകാശങ്ങളെ ഈ ഡിപ്പാർട്ടുമെൻറ ൽപരീക്ഷ ഏർപ്പെടുത്തിയതിനുശേഷം അവഗണിക്കപ്പെട്ടിട്ടുണ്ടോ?

(ജി) ഉണ്ടെങ്കിൽ എത്രപേരെ ജോലിക്കു ആക്കിയിട്ടുണ്ട്?

(എച്ച്) പരീക്ഷയിൽ ജയിച്ചവരുടെ അവകാശങ്ങളെ എന്തുകൊണ്ടു അവഗണിച്ചു?

(ഐ) ഡിപ്പാർട്ടുമെൻറൽ പരീക്ഷ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ഒരു ഗവണ്മെൻറുത്തരവു ഉ ണ്ടായിട്ടുണ്ടോ?

(ജെ) അപ്രകാരം ഡിപ്പാർട്ടുമെൻറൽ പരീക്ഷയിൽ ജയിച്ചവരെ നിയമിച്ചുകൊള്ളുന്ന രജിസ്ട്രേഷൻ ഡയറക്ടരോടു ആജ്ഞാപിക്കുന്നതായി വല്ല ഉത്തരവും ഉണ്ടോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ സെക്രട്ടറി):

(എ) ഉണ്ട്

(ബി) ൧൦൯൪

(സി) ൧൭൭.

(ഡി) ൧൩൩ (ഇതിൽ ൪൦ പേരെ തല്ക്കാലത്തേക്കും മററുള്ളവരെ സ്ഥിരമായിട്ടും)

(ഇ) ബാക്കിയുള്ള ൧൧൧ പേരിൽ ൪൧ പേർ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കുകളുടെ ആ ക്ടിംഗ് ആയി ജോലിനോക്കിവരുന്നു. അവശേഷിച്ചുള്ള ൨൦ ആളുകളെ സംബന്ധിച്ച് അവർ രജിസ്ട്രേഷൻഡി പ്പാർട്ടുമെൻറിൽ ജോലിക്ക് അപേക്ഷിച്ചിട്ടില്ലാത്തതിനാൽ ഒരു അറിവും ഇല്ല.

(എഫ്) ഇല്ല. അവരുടെ അവകാശങ്ങളെയും വേണ്ടവിധം ഗണിക്കുന്നുണ്ട്.

(ജി) ഡി ഭാഗത്തുള്ള മറുപടിനോക്കുക.

(എച്ച്) എഫിനുള്ള മറുപടിനോക്കുക.

(ഐ) ഉണ്ട്, പരീക്ഷ ഏർപ്പെടുത്തുന്നസംഗതി ൧൦൧൧ ജനുവരി ൨൭-ാനു-യിലെ ജെ. ൨൩൨ -ാംനമ്പ്ര ഗവണ്മെൻറ ഉത്തരവിനാൽ അനുവദിക്കപ്പെട്ടു.

(ജെ) ഇല്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): രജിസ്ട്രേഷൻപരീക്ഷ പാസ്സായിട്ടുള്ളതിൽ ൨൦ പേർക്കു ജോലി കൊടുത്തിട്ടില്ലെന്നു മറുപടിയിൽ കാണുന്നു.

(ഇ) ഭാഗത്തിനുള്ള മറുപടി ഇപ്രകാരമാണ്:— "ബാക്കിയുള്ള ൧൧൧ പേരിൽ ൪൧ പേർ രജി സ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാർക്കുകളുടെ ആക്ടിംഗ് ആയി ജോലിനോക്കുന്നു. അവശേഷിച്ചുള്ള ൨൦ പേരു രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ജോലിക്കു അപേക്ഷിച്ചിട്ടില്ലാത്തതിനാൽ അവരെപ്പററി ഒരു അറിവും ഇല്ല."

ഇതിൽ ഇവരുടെ അപേക്ഷകൾ കിട്ടാഞ്ഞിട്ടാണോ ഉദ്യോഗം കൊടുക്കാത്തതു?

(എഫ്) ഭാഗത്തിനുള്ള മറുപടി "അവരുടെ അവകാശങ്ങളെയും വേണ്ടവിധം ഗണിക്കുന്നു" എ ന്നാണ്.

ഇതിൽനിന്നും പരീക്ഷ ജയിക്കാത്തവർക്കുകൂടി ജോലികൊടുക്കുന്നുണ്ടെന്നാണോ അർത്ഥമാക്കേണ്ടതു?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറ സിക്രട്ടറി): അവർ ജോലിക്കു അപേക്ഷി ച്ചിട്ടില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): മേലാൽ അപേക്ഷിച്ചാൽ ജോലികൊടു ക്കാൻ ദയവുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് സെക്രട്ടറി): അതിനെപ്പററി ആലോചിക്കുന്നതാണ്.

൧-ാംനമ്പ്ര ചെങ്ങന്നൂർക്കുപ്പിൽ വേലചെയ്യുന്നതിനുള്ള ഉടമ്പടി.

൧൪൫. മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ). താഴെപ്പറയുന്ന വിവരങ്ങൾ നല്കുന്ന തിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

(എ) പത്തനാപുരം താലൂക്കിലെ ൧-ാംനമ്പ്ര ചെങ്ങന്നൂർക്കുപ്പിൽനിന്നും രാജകീയവൃക്ഷങ്ങൾ വെട്ടി ശേഖരിച്ചു സ്റ്റാക്കുചെയ്യുന്നതിനായി ഇടവമാസം (൧൧൦൯) കഴിഞ്ഞ ആണ്ടിലോ (൧൧൦൮)വനംഡിപ്പാർട്ടു മെൻറിൽനിന്നും കണ്ട്രാക്ററു കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അപ്രകാരം ഒടുവിൽ കാണ്ട്രാക്ററുകൊടുത്തതു ഏതാണ്ടിലാണ്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറസെക്രട്ടറി): (എ) ഇല്ല.

(ബി) ക്ലിപ്പിൽനിന്നും രാജകീയവൃക്ഷങ്ങൾ വെട്ടിശേഖരിക്കുന്നതിനും സ്റ്റാക്കുചെയ്യുന്നതിനും ഒരുകാലത്തും കൺട്രാക്ട് കൊടുത്തിട്ടില്ല.

രജിസ്ട്രേഷൻപരീക്ഷയും രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിൽ പരീക്ഷയിൽ ജയിച്ച
ആളുകളുടെ നിയമനവും.

൨൪൩. മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട്): ഗവണ്മെൻറിൽനിന്നും താഴെപ്പറയുന്ന വിവരങ്ങൾ സമയം തരുമോ?

(എ) ഏതെങ്കിലും ആണ്ടുകളിൽ ഗവണ്മെൻറിൽനിന്നും രജിസ്ട്രേഷൻഡിപ്പാർട്ടുമെൻറിലെ എൻട്രൻസ് പരീക്ഷ നടത്തിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എത്രതവണ പരീക്ഷനടത്തി? ഒട്ടുക എത്രആളുകൾ അതിൽ ജയിച്ചു?

(സി) അപ്രകാരം ഒരു പരീക്ഷ നടത്തിയെങ്കിൽ അതിനുള്ള ആവശ്യം എന്തു?

(ഡി) പരീക്ഷയിൽ ജയിച്ച ആളുകളെ എല്ലാം സ്ഥിരമായോ താല്ക്കാലികമായോ നിയമിച്ചിട്ടുണ്ടോ?

(ഇ) പരീക്ഷയിൽ ജയിച്ചവരെ എല്ലാം സർക്കാർ സർവീസിൽ നിയമിച്ചിട്ടില്ലാത്തപക്ഷം ഇനിയും നിയമിക്കപ്പെടേണ്ടവരായി എത്രപേർ ഉണ്ട്?

(എഫ്) ഇവരിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ സ്ഥിരപ്പെടുത്തപ്പെട്ടിട്ടുള്ളവർ എത്ര?

(ജി) ഇപ്പോൾ (൭-൭ ൧൧൦൭) താല്ക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ളവർ എത്ര?

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെൻറുസെക്രട്ടറി):

(എ) ഉണ്ട്.

(ബി) പരീക്ഷ രണ്ടുതവണ നടത്തി അതിൽ ഒന്ന ൧൦൯൪-ലും, മറേറതു ൧൦൯൭-ൽ ആണ്. പരീക്ഷയിൽ ജയിച്ചവരുടെ എണ്ണം ൨൭൭ ആയിരുന്നു. അതിൽപിന്നെ പരീക്ഷനടത്തിയിട്ടില്ല.

(സി) നല്ല കയ്യക്ഷരമുള്ളവരും രജിസ്ട്രേഷൻ, സ്റ്റാമ്പു ഇവയെസംബന്ധിച്ചുള്ള നിയമങ്ങളിൽ പ്രാഥമികജ്ഞാനമുള്ളവരും ആയ ആളുകളെ ഡിപ്പാർട്ടുമെൻറിൽ ൧൭ രൂപാമുതൽ ൨൭ രൂപാവരെയുള്ള ക്ലാർക്കുകളായി നിയമിക്കുന്നതിനാണ് പരീക്ഷനടത്തിയതു.

(ഡി) ഇല്ല.

(ഇ) ൧൨൧.

(എഫ്) ൧൧൩.

(ജി) ൪൦.

എം. എസ്. റോഡു ൭-ാമത്തെ മയിലുകളിൽനിന്നും ഊരൂട്ടമ്പലത്തിലേക്കുപോകുന്ന
റോഡിന്റെ വടക്കുവശമുള്ള വലിയതോല ഏലാ.

൨൪൭. മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): എം. എസ്. റോഡു ൭-ാംമയിലുകളിൽനിന്ന ഊരൂട്ടമ്പലത്തിലേക്കുപോകുന്ന റോഡിന്റെ വടക്കുവശം കിടക്കുന്ന വലിയതോല ഏലായെസംബന്ധിച്ചു അടിയിൽ ചോദിക്കുന്ന വിവരങ്ങൾക്കു ഗവണ്മെൻറിൽനിന്നും സമയം മറുപടി നല്കുമോ?

(എ) പുതിയകലുങ്കുകൾവഴി ഏലായിൽ പായുന്നവെള്ളം പുറത്തോട്ടു വഴിഞ്ഞുപോകുന്നതിന ശരിയായ നിർഗ്ഗമമാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടു ഏകദേശം ൩൦ ഏക്കർ നിലങ്ങളിലെ വിളവുകൾക്കു കേടുസംഭവിക്കുന്നതായി ഗവണ്മെൻറിന അറിയാമോ എന്നും,

(ബി) പൊതുമരാമത്തുകാർ വച്ചിട്ടുള്ള ചെറിയ കലുങ്കുകൾ ആ വകക്കു മതിയാകുന്നില്ലെന്നുള്ളതു.

(സി) ഈ ഏലായുടെ വടക്കുവശം കിടക്കുന്നതും ഇതിലേക്കായി ഉപയോഗപ്പെട്ടുവരുന്നതും ആയ തോടു ക്രമേണ മണ്ണുവീണു നികന്നുവരുന്നുഎന്നുള്ളതു.

(ഡി) മേല്പറഞ്ഞ തോടു കുഴിച്ചുനന്നാക്കികൊടുക്കണമെന്നു ആ പ്രദേശത്തുള്ള കൃഷിക്കാരിൽനിന്നും വല്ല ഹർജികളും ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ എന്ന്.

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (എ)-യും (ബി)-യും ഇല്ല.

(സി) മെമ്പർ തന്നെ അറിവിനെ നോട്ടുചെയ്തിരിക്കുന്നു. നിലമുടമസ്ഥന്മാർ അവരുടെ അപ്പഴപ്പോൾ തോണ്ടി വൃത്തിയാക്കിവയ്ക്കുമെന്നു വിശ്വസിക്കപ്പെടുന്നു.

കണ്ണമൺകടവു- മലയിൻകീഴ്റോഡിന്റെ അരികിൽകിടക്കുന്ന ഒരു തോടു
നികത്തിക്കളയുന്നതിനെപ്പററി.

൨൪൮. മി: എൻ. കെ. കുഞ്ഞുപിള്ള (നെയ്യാററിൻകര): താഴെപറയുന്ന വിവരം ഗവണ്മെൻറിൽനിന്നും സമയംനല്കുമോ?

(എ) കണ്ണമൺകടവു- മലയിങ്കീഴ്റോഡു വീതികൂട്ടുന്നതിനായി, ആറോഡിന്റെ ൪-ാം മയിലിൽ ൧൦ ഫർലാങ്ങിൽനിന്നുതുടങ്ങി റോഡിന്റെ അരികുവശം കൊണ്ടുകിടക്കുന്നതോട് നികത്തിക്കളയുന്നതിനുള്ള ഗവണ്മെൻറിന്റെ ഉദ്യമത്തിനു എതിരായി നെയ്യാററിൻകരതാലൂക്കിൽചേന്ന മറുകിൽപ്രദേശത്തു മലയിങ്കീഴിലുള്ള ജനങ്ങളിൽ നിന്നും വല്ലപരാതിയും ഗവണ്മെൻറിനോ ചീഫ്എൻജിനിയർക്കോ കിട്ടിയിട്ടുണ്ടോ എന്നു

(ബി) ഈ തോടു അതിനെആശ്രയിച്ചുകിടക്കുന്ന നിലങ്ങൾക്കു ഒരു രക്ഷയാണെന്നും അതിനെ എടുത്തുകളയുന്നതുകൊണ്ടു ൩൦൦-പറനിലങ്ങൾക്കു ദോഷം നേരിടുമെന്നും ഗവണ്മെൻറിനു അറിയാമോ എന്നു

മി: പി. എൻ. കുഞ്ഞുപിള്ള (ഗവണ്മെൻറു സിക്രട്ടറി)

(എ) തിരുവനന്തപുരംഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കു ഒരുഹർജി കിട്ടിയിട്ടുണ്ടു.

(ബി) തോടിനു ആവശ്യമുണ്ടെന്നും അതിനെമാററിക്കളയുന്നതിനു ഒരു ഉദ്യമവും ചെയ്യുന്നില്ലെന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

വായ്ക്കൈൻഡിപ്പോ സൂപ്രണ്ട്

൨൪൯. മുരവെലിൽപാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നും സമയം നൽകുമോ?

(എ) വായ്ക്കൈൻ ഡിപ്പാർട്ടുമെന്റിലെ സൂപ്രണ്ടുവേല ഒഴിവുവന്നിട്ട എത്രനാളായി?

(ബി) ആ ഉദ്യോഗത്തിനു ആരെങ്കിലും അപേക്ഷിച്ചിട്ടുണ്ടോ?

(സി) ബ്രിട്ടീഷ്സർവീസിൽ ജോലിഉണ്ടായിരുന്ന വല്ലയാളും ഈ അപേക്ഷകന്മാരിൽ ഉൾപ്പെട്ടിട്ടുണ്ടോ?

മി: ടി. കെ. മാധവൻനായർ (ആ: ഗവണ്മെൻറ സിക്രട്ടറി):

(എ) ൨-൩-൧൧൦൫ മുതൽ ൭-൩-൧൧൦൫ വരെ

(ബി) ഉണ്ട്.

(സി) ഉണ്ട്.

വിദ്യാഭ്യാസവകുപ്പിലെ ഇംഗ്ലീഷ് ശാഖയിലെ നിയമനങ്ങളുടെ പട്ടിക

൨൭൦. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ- തൊടുപുഴ):

എ. ഇപ്പോഴത്തെ ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർ ഉദ്യോഗംകയ്യേററതുമുതൽ ൧൧൦൫ ധനു ൩൧-വരെക്കും വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ഇംഗ്ലീഷ്ശാഖയിൽ ൨൫ക. പ്രായും അതിനുമേലും ശമ്പളമുള്ള ഉദ്യോഗങ്ങളിൽ സ്ഥിരമായും താൽക്കാലികമായും നിയമിച്ചിട്ടുള്ള ആളുകളുടെവകയ്ക്കു ജാതിതിരിച്ചിട്ടുള്ള ഒരു പട്ടികമേശമേൽ വയ്ക്കാൻ ഗവമ്മെൻറിനു ദയവുണ്ടാകുമോ?

(ബി) വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിന്റെ ഇംഗ്ലീഷ്ശാഖയിൽ ൨൫ക. പ്രായും അതിനുമേലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള പട്ടികമേശമേൽ വയ്ക്കുന്നതിനും ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ: ഗവമ്മെൻറ ചീഫ് സിക്രട്ടറി): (എ)-ഉം (ബി)-ഉം മെംബർ ആവശ്യപ്പെട്ടിട്ടുള്ള പട്ടികകൾ മേശമേൽ വച്ചിട്ടുണ്ട്.

ഗവമ്മെൻറ് അച്ചുക്കൂടത്തിൽ ജോലിക്കാരുടെ വകയ്ക്കുള്ള ഒരു പട്ടിക

൨൭൧. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) ഗവമ്മെൻറ് അച്ചുക്കൂടത്തിൽ ൨൫ക. പ്രായും അതിനുമേലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക ഗവമ്മെൻറിൽനിന്നും സദയം മേശമേൽ വയ്ക്കുമോ?

(ബി) കഴിഞ്ഞരണ്ടുകൊല്ലത്തിനിടയിൽ (൧൧൦൩-ഉം ൧൧൦൪-ഉം) ഗവമ്മെൻറഅച്ചുക്കൂടത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ആളുകളുടെവകയ്ക്കു ജാതിതിരിച്ചുള്ള ഒരുപട്ടികയും കൂടി മേശമേൽവയ്ക്കാൻ ഗവമ്മെൻറിന് ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ: ഗവമ്മെൻറ് ചീഫ് സിക്രട്ടറി): മെംബർ ആവശ്യപ്പെട്ടിട്ടുള്ള പട്ടികകൾ മേശമേൽവച്ചിട്ടുണ്ട്.

പോലീസ്ഡിപ്പാർട്ടുമെൻറിൽ ജോലിക്കാരിൽ അവരവരുടെ സ്വദേശങ്ങളിലേക്ക സ്ഥലംമാററപ്പെട്ടിട്ടുള്ളവരുടെ പട്ടിക.

൨൭൨. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇപ്പോൾ (൩-൫-൧൧൦൫) പോലീസ് ഡിപ്പാർട്ടുമെൻറിൽ ജോലിയുള്ളവരിൽ അവരവരുടെസ്വദേശങ്ങളിലേക്ക സ്ഥലംമാററപ്പെട്ടിട്ടുള്ള ആളുകളുടെനമ്പരും പേരും സ്ഥലംമാററപ്പെട്ടിട്ടുള്ള സ്റ്റേഷൻറപേരും പ്രത്യേകം പ്രത്യേകം കാണിക്കുന്നതായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. കെ. മാധവൻനായർ (ആ: ഗവമ്മെൻറസിക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്നതായ ഒരുപട്ടിക മേശമേൽ വച്ചിട്ടുണ്ട്.

പബ്ലിക്ക് സർവീസിൽ പ്രാതിനിധ്യത്തിനെ സംബന്ധിച്ചുള്ള ഹർജികളും നിശ്ചയങ്ങളും.

൨൭൩. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ):

(എ) സമുദായംഗങ്ങൾക്ക ചിലഡിപ്പാർട്ടുമെൻറുകളിലോ അല്ലെങ്കിൽ പബ്ലിക്കസർവീസിൽ പൊതുവിലൊ ശരിയായ പ്രാതിനിധ്യം ഇല്ലെന്നും അവക്ക പ്രാതിനിധ്യം കൊടുക്കണമെന്നും പ്രസ്താവിക്കുന്നതായ ഹർജികളൊ യോഗങ്ങൾക്കുശി അവയിൽ പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങളൊ വല്ലസമുദായത്തിൽനിന്നും കഴിഞ്ഞ നാലുസംവത്സരങ്ങൾക്കിടയിൽ (൧൧൦൧—൧൧൦൪) കിട്ടിയിട്ടുണ്ടൊ എന്നുപറയുന്നതിനു ഗവമ്മെൻറിനു ദയവുണ്ടാകുമോ?

(ബി) ഒന്നാംഭാഗത്തിനുള്ള മറുപടിഉണ്ട് എന്നാണെങ്കിൽ കിട്ടിയിട്ടുള്ള ഹർജികളുടെയൊ നിശ്ചയങ്ങളുടെസംഖ്യയും കിട്ടിയതീയതികളും മെമ്മോറിയൽ അയച്ചസമുദായങ്ങളുടെ പേരുകളും ഏതു ഡിപ്പാർട്ടുമെൻറിൽ പ്രാതിനിധ്യത്തിനാണെന്നുള്ള വിവരവും കാണിക്കുന്നതായ ഒരുപട്ടികമേശമേൽ വയ്ക്കുന്നതിനു ഗവമ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ: ഗവണ്മെൻറ് ചീഫ്സിക്രട്ടറി):

(എ)-ഉം (ബി)-ഉം ഇല്ലാത്തവിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിവരുന്നസമയവും ശ്രമവും അതിന്റെ ഉപയോഗത്തിനുതക്കതക്കവണ്ണം പര്യാപ്തമായിരിക്കുമെന്നു തോന്നാത്തതിനാൽ അങ്ങിനെവിവരം ശേഖരിക്കണമെന്നു ഗവണ്മെൻറ വിചാരിക്കുന്നില്ല.

പള്ളിക്കൂടംഇൻസ്പെക്ടർമാരുടെയും ഇൻസ്പെക്ട്രസ്സുമാരുടെയും പട്ടിക.

൨൭൪. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഇംഗ്ലീഷ്പള്ളിക്കൂടങ്ങളുടെയും നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെയും ഇൻസ്പെക്ടർമാരുടെയും നാട്ടുഭാഷാപള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ട്രസ്സുകളുടെയും വിവരത്തിനു ജാതിതിരിച്ചുള്ള ഒരുപട്ടികമേശമേൽ വയ്ക്കുവാൻ ഗവണ്മെൻറിൽ ദയവുണ്ടാകുമോ?

മി: ടി. പി. രാമസ്വാമയ്യർ (ആ: ഗവണ്മെൻറ ചീഫ് സിക്രട്ടറി): ആവശ്യപ്പെട്ടിട്ടുള്ള വിവരം കാണിക്കുന്ന പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

കൊല്ലംഡിവിഷണൽ ഹാറസ്സാപീസർ മി: എം. ഒ. ഉമ്മനും അദ്ദേഹത്തിന്റെ തോട്ടങ്ങളും.

---

* ൨൯-ാം അനുബന്ധം നോക്കുക

൨൫൭. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): (എ) കൊല്ലം ഡിവിഷൻ ഫാറസ്റ്റ് ആഫീസർ മി: എം. ഒ ഉമ്മൻ അദ്ദേഹത്തിന്റെ അധികാരാതിർത്തിയിൽ കിടക്കുന്നതും ഈയിടെ കൊല്ലത്തെ താമസ്സ് സ്റ്റീഫൻ കമ്പനിയാൽ വിലപ്പെട്ടതും ആയ (എ) വഞ്ചിയൊട്ട തേയിലത്തോട്ടത്തിലും (ബി) എടമൺ തോട്ടത്തിലും (സി) ഇപ്പോഴിത്തുറ ഭൂമികളിലും എന്തു അവകാശങ്ങൾ ഉണ്ടെന്നുള്ളതിനെപ്പററി അന്വേഷിക്കയും ഈ അവകാശങ്ങൾ അദ്ദേഹം സമ്പാദിച്ചതു അദ്ദേഹം ആ ഡിവിഷൻ ചാർജ് കയ്യേററതിനുശേഷമാണൊ എന്നു പറകയും ചെയ്യാൻ ഗവൺമെൻറിനു ദയവുണ്ടാകുമൊ?

(ബി) ഈ തോട്ടങ്ങളിൽ വല്ലതിനെയും ഫാറസ്റ്റ് കൺസർവേറർ സന്ദർശിച്ചിട്ടുണ്ടൊ എന്നു ഗവൺമെൻറ് സദയം പറയുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): (എ) തിരുവിതാംകൂർ ഫെല്ലോഷിപ്പ് Travancore fellowship എന്നപേരായ ഒരു ധർമ്മസ്ഥാപനത്തിൽ താൻ ഒരു അംഗമാണെന്നും മേൽപറഞ്ഞ മൂന്നു തേയിലത്തോട്ടങ്ങളുടെയും കൈവശം താൻ ഡിവിഷൻ ചാർജ് ഏററശേഷം ഫെല്ലോഷിപ്പിനു വന്നുചേർന്നു എന്നും കൊല്ലം ഡിവിഷൻ ഫാറസ്റ്റ് ആഫീസർ മി. എം. ഉമ്മൻ റിപ്പോർട്ടുചെയ്തിരിക്കുന്നു.

(ബി) എടമണ്ണിലെ തോട്ടം സന്ദർശിച്ചു.

കൊല്ലം ഡിവിഷൻ ഫാറസ്റ്റ് ആഫീസരാൽ നടത്തപ്പെടുന്ന മരപ്പണി വൊർക്ക്ഷാപ്പ്.

൨൫൮. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): താഴെപ്പറയുന്ന വിവരങ്ങൾ നൾകുന്നതിനു ഗവൺമെൻറിനു ദയവുണ്ടാകുമൊ?

(എ) തേക്കുകൊണ്ടും കരുന്താളികൊണ്ടും പണിഞ്ഞിട്ടുള്ള അലങ്കാരസാമാനങ്ങൾ വ്യാപാരം ചെയ്യുന്നതിനായി ഇപ്പോഴത്തെ കൊല്ലം ഡിവിഷൻ ഫാറസ്റ്റ് ആഫീസർ അദ്ദേഹത്തിന്റെ കൊല്ലത്തെ വീട്ടിനോടുചേർത്തു ഒരു മരപ്പണി വൊർക്ക്ഷാപ്പ് കഴിഞ്ഞ പല മാസങ്ങളായി നടത്തിവരുന്നുണ്ടൊ?

(ബി) ഈ വൊർക്ക്ഷാപ്പിനെ സംബന്ധിച്ചോ അല്ലെങ്കിൽ ൨൫൭-ാം നമ്പ്ര ചോദ്യത്തിൽ പറയുന്ന മററു സംഗതികളെപ്പററിയോ വല്ല പരാതികളോ ഹർജികളോ കൺസർവേററക്കു കിട്ടീട്ടുണ്ടൊ?

(സി) അതിന്മേൽ എന്തു നടപടി നടത്തി?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി):

(എ) ഇല്ല.

(ബി) ഇല്ല.

(സി) (എ)-ം ബീയും ഭാഗങ്ങൾക്കുള്ള മറുപടിക്കുശേഷം ഈ ചോദ്യത്തിനു കാരണം കാണുന്നില്ല.

തൃക്കാരിയൂർ നിന്നും വെററിലപ്പാറക്കുള്ള റോഡ്.

൨൫൯. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): താഴെപറയുന്ന സംഗതികൾക്കു ഗവൺമെൻറിൽനിന്നും സദയം മറുപടി പറയുമൊ?

(എ) തൃക്കാരിയൂർ നിന്നും വെററിലപ്പാറക്കുള്ള റോഡു വെട്ടുന്നതിനായി പണം അനുവദിച്ചിട്ടു എത്ര കൊല്ലങ്ങൾ ആയി?

(ബി) വണ്ടികളുടെ ഗതാഗതത്തിനു തക്കവണ്ണമുള്ള എത്ര മൈൽ റോഡു ഇതുവരെ തീർന്നിട്ടുണ്ട്?

(സി) ഇപ്പോൾ (൧൧൦൯-ൽ) ജോലി നടക്കുന്നുണ്ടോ?

മി: എൻ. കൃഷ്ണപിള്ള (ഗവൺമെൻറുസിക്രട്ടറി): (എ) ൧൧൦൧ മുതൽ.

(ബി) ൧ ൩/൪ മൈൽ.

(സി) ഭൂമികൾ പൊന്നുംവിലകൊടുത്തു എടുക്കുന്ന ജോലി തീർന്നിട്ടില്ലാത്തതിനാൽ ജോലി നടക്കുന്നില്ല.

കാളിയാററിലെ പാലം.

൨൬൦. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ). താഴെപറയുന്ന സംഗതികൾക്കു ഗവൺമെൻറിൽനിന്നും സദയം മറുപടി പറയാമൊ?

(എ) ബഡ്ജററിൽ പണം അനുവദിച്ചിട്ടുള്ളതനുസരിച്ചു കാളിയാററിലെ പാലം പണി ഇപ്പോൾ (൧൧൦൯ ൽ) തുടങ്ങിയിട്ടുണ്ടൊ?

(ബി) ഇല്ലെങ്കിൽ അതിലേക്കു കാരണം എന്തു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): (എ) ഇല്ല.

(ബി) പാലം പണിയേണ്ട സ്ഥലത്തെപ്പററി പരസ്പരവിരുദ്ധങ്ങളായ അവകാശവാദങ്ങൾ ഉണ്ടായതുകൊണ്ടു അടങ്കൽ തയ്യാറാക്കിയിട്ടില്ലെന്നും ഇപ്പോൾ ആ സംഗതി അവസാനമായി തീർച്ചചെയ്തിരിക്കുന്ന മറയ്ക്ക അടങ്കൽ തയ്യാറാക്കുന്ന ജോലി ആരംഭിച്ചിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

കോതമംഗലം തട്ടക്കാട്ട റോഡിൽനിന്നും പൊയ്ക്കവിണ്ണുക്കുള്ള റോഡ്.

൨൬൧. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): താഴെപറയുന്ന സംഗതികൾക്കു ഗവൺമെൻറു സദയം മറുപടി തരുമൊ?

(എ) ബഡ്ജററിൽ പണം നീക്കിവച്ചിട്ടുള്ളതനുസരിച്ചു കോതമംഗലം-തട്ടക്കാട്ട റോഡിൽനിന്നും നടുക്കാണിവഴി പൊയ്ക്കവിണ്ണുക്കുള്ള റോഡിന്റെ പണി തുടങ്ങീട്ടുണ്ടൊ?

(ബി) ഉണ്ടെങ്കിൽ എത്ര മൈൽ തീർന്നു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സിക്രട്ടറി): (എ) കോതമംഗലത്തുനിന്നു നടുക്കാണി പൊയ്ക്കവിണ്ണുർ മുതലായ സ്ഥലങ്ങളിലേക്കുള്ള റോഡു നന്നാക്കുന്നതിനായി ൧൦൪൦ രൂപായുടെ ഒരു അടങ്കൽ ചീഫ് എൻജിനീയർ അയച്ചിട്ടുണ്ട്. എന്നാൽ റോഡിന്റെ ആവശ്യക്കാർ കരാർ ചെയ്തിരുന്നതുപോലെ പണം നൾകിയും കൂടാതെ അതിലേക്കു ആവശ്യമുള്ള ഭൂമികൾ വിട്ടുതരാത്തതുകൊണ്ടു ഈ റോഡ് നന്നാക്കുന്ന സംഗതി റെവന്യൂബോർഡിന്റെ ആലോചനക്കായി അയച്ചിരിക്കുന്നു.

(ബി) എ ഭാഗത്തിലെ മറുപടിക്കുശേഷം ഈ ചോദ്യത്തിനു കാരണമില്ല.

മുളവൂർപകുതിയിലെ ആട്ടായത്തുചിറ.

[illegible]. മി: രത്നകുഞ്ഞിരത്താമൻ (മൂവാററുപുഴ-തൊടുപുഴ): താഴെ പറയുന്ന സംഗതികൾ ഗവൺമെൻറ സദയം മറുപടി നൽകുമോ?

(എ) ജനങ്ങൾക്ക കൃഷിസൌകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി മൂവാററുപുഴതാലൂക്കിൽ മുളവൂർപകുതിയിൽ ആട്ടായത്തുചിറ യ സംബന്ധിച്ചുള്ള പണി തുടങ്ങീട്ട ഇപ്പോൾ എത്ര വർഷമായി?

(ബി) പണിപൂർത്തിയാക്കാതെ ഇട്ടുകഴിഞ്ഞിട്ട എത്ര കാലമായി?

(സി) ഇപ്പോൾ ([illegible]) പണി തുടങ്ങാത്തതിനുള്ള കാരണം എന്ത്?

(ഡി) ഈ ചിറയുടെ പണി അപൂർണ്ണമായി ഇട്ടിരിക്കുന്നതിൽവച്ചു കഴിഞ്ഞ രണ്ടു വർഷക്കാലമായി കൃഷിക്കാർ വലുതായ കഷ്ടനഷ്ടങ്ങൾ അനുഭവിക്കുന്നതായി ഗവൺമെൻറിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി) (എ) ഈ പണി [illegible]-ലെ ഉഷ്ണകാലത്തു തുടങ്ങിയതായി ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ബി) [illegible]-ലെ ഉഷ്ണകാലത്തു പണി തടസ്സപ്പെടുത്തിയിട്ടില്ല.

(സി) അനുവദിച്ച എസ്റ്റിമേറപ്രകാരമുള്ള പണി പ്രായേണ പൂർത്തിയായിട്ടുണ്ടെന്നും അണയെ ബലവത്താക്കിത്തീർക്കുന്നതിനുള്ള കൂടുതൽപണികളെ സംബന്ധിച്ചു ഒരു പുതുക്കിയ അടങ്കൽ തയ്യാറാക്കിവരുന്നു എന്നും ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

(ഡി) ശരിയായ ജലസേചനത്തിനു ആവശ്യമുള്ള തൽക്കാലിക സൌകര്യങ്ങൾ പൊതുമരാമത്തു വകുപ്പിൽനിന്നും ചെയ്തുകൊടുത്തിട്ടുണ്ടെന്നും ആ സ്ഥിതിക്കു കൃഷിക്കാർക്കു കഷ്ടനഷ്ടങ്ങൾ ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ടു വന്നിട്ടുണ്ട്.

സംസ്ഥാനത്തെ ചില ഡിപ്പാർട്ടുമെൻറുകളിലെ നിയമനങ്ങളുടെ വകക്ക ജാതിതിരിച്ചുള്ള പട്ടിക.

[illegible]. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): നീതിന്യായം, വനം, ഭൂമികരം, അഞ്ചൽ, എക്സൈസ്, പോലീസ്, മെഡിക്കൽ, സാനിട്ടറി, വിദ്യാഭ്യാസം, വ്യവസായം എന്നീ ഡിപ്പാർട്ടുമെൻറുകളിൽ [illegible]-ൽ ചെയ്തിട്ടുള്ള [illegible] രൂപായും അതിനുമേലും ശമ്പളമുള്ള എല്ലാ നിയമനങ്ങളുടേയും വകക്ക ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): അതിൽവച്ചുണ്ടാകുന്ന ഉപയോഗവുമായി യാതൊരു താരതമ്യവും ഇല്ലാത്തവണ്ണം സമയവും പ്രയത്നവും വ്യയം ചെയ്യേണ്ടിവരുമെന്നുള്ളതുകൊണ്ടു ഈ വക വിവരങ്ങൾ ശേഖരിക്കുന്നതിനു ഗവണ്മെൻറ് ഉദ്ദേശിക്കുന്നില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം). വ്യയംചെയ്യുന്നസമയവും പ്രയത്നവും അതിൻെറ ഉപയോഗത്തോടു യാതൊരു സാദൃശ്യവുമില്ലാത്തവിധത്തിൽ ഇരിക്കുന്നു എന്നു ഗവണ്മെൻറ് എങ്ങിനെ മനസ്സിലാക്കിയെന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): [illegible] രൂപായും അതിനുമേലും ശമ്പളമുള്ള കീഴ്ജീവനക്കാരുടെ എണ്ണം വിപുലമായിരിക്കണം. മെംബറിനു, നീതിന്യായം, വനം, ഭൂനികുതി, അഞ്ചൽ, എക്സൈസ്, പോലീസ്, മെഡിക്കൽ, സാനിട്ടറി, വിദ്യാഭ്യാസം, വ്യവസായം എന്നീ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചുള്ള വിവരം അറിയണം എന്നാണ്. അതിനാൽ കണക്കാക്കേണ്ടി ഉണ്ടാകുന്ന ഉപയോഗത്തിനോടു യാതൊരു സാദൃശ്യവും ഇല്ലാത്തവിധത്തിലാണ് അതിനുള്ള യത്നം ഇരിക്കുന്നതു എന്നു വിചാരിക്കപ്പെടുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ചോദ്യം ചോദിച്ചതിൻെറ ഉദ്ദേശം മനസ്സിലാക്കാതെ ഈ പ്രകാരമുള്ള തീരുമാനം ഗവണ്മെൻറിൽനിന്നു ചെയ്തതു യുക്തിയെയാണെന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): ഉദ്ദേശം എന്തായിരുന്നാലും, പ്രായേണ എല്ലാ ഗവണ്മെൻറ്ഡിപ്പാർട്ടുമെൻറുകളെയും സംബന്ധിച്ചു ആവശ്യപ്പെട്ടിട്ടുള്ള ഈ വക വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള യത്നം അതിൻെറ ഉപയോഗമായിട്ടു താരതമ്യമില്ലാത്തവണ്ണം ഇരിക്കുന്നുഎന്നു ഗവണ്മെൻറു വിചാരിക്കുന്നു.

പോലീസ് ഇൻസ്പെക്ടർമാരുടെ ജാതിതിരിച്ചുള്ള പട്ടിക.

[illegible]. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): [illegible]-ക്ക ഇരുന്ന ക്രമമനുസരിച്ചു എല്ലാക്ലാസിലും ഉൾപ്പെട്ട പോലീസ് ഇൻസ്പെക്ടർമാരുടെ വകക്ക ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

എക്സൈസ് ഇൻസ്പെക്ടർമാരുടെ ജാതിതിരിച്ചുള്ള പട്ടിക.

[illegible]. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): [illegible]-ക്ക് ഇരുന്ന ക്രമമനുസരിച്ചു എല്ലാഗ്രേഡിലുമുള്ള എക്സൈസ് ഇൻസ്പെക്ടർമാരുടെ വകക്ക ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

തൊഴിലില്ലായ്മക്കമ്മിററിയുടെ റിപ്പോർട്ടിന്മേൽ നടത്തിയ നടപടി.

[illegible]. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തൊഴിലില്ലായ്മക്കമ്മിററിയുടെ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ് എന്തു പ്രവർത്തിച്ചുഎന്നു സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ്സെക്രട്ടറി): റിപ്പോർട്ടു ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നു.

മി: ടി. സി. ജോസഫ് (അഗസ്തീശ്വരം): റിപ്പോർട്ടു ആലോചനക്കു എടുത്തിട്ടു എത്രകാലമായി എന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഏകദേശം ഒരു കൊല്ലമായി.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ആലോചന ഇപ്പോൾ ഏതു് പതനത്തിൽ ഇരിക്കുന്നു എന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): റിപ്പോർട്ടിനെ ഗവണ്മെൻറു പരിശോധിച്ചുവരുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അതിന്മേൽ തീർച്ചയുണ്ടാകുന്നതിനു എത്രകാലം വേണ്ടിവരുമെന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അതു നിശ്ചയമായി പറയാൻ നിവൃത്തിയില്ല. ഗവണ്മെൻറ് ഇപ്പോൾ അതിനെപ്പറ്റി ആലോചിക്കയാണ്.

അഞ്ചൽ സൂപ്രണ്ട് ഉദ്യോഗത്തെപ്പറ്റിയുള്ള ഒഴിവ്.

൨൬൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അഞ്ചൽസൂപ്രണ്ട് ഉദ്യോഗം [illegible] മുതൽ ഒഴിവായി ഇട്ടിരിക്കുന്നതിന്റെ കാരണം എന്താണെന്നു ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഇപ്പോഴത്തെ അഞ്ചൽസൂപ്രണ്ട് സബ്സ്റ്റിട്ട്യൂട്ടായിട്ടാണ് ജോലിനോക്കുന്നതു്. അദ്ദേഹത്തിനു തന്റെ സ്ഥിര ഉദ്യോഗമായ ഡിവിഷൻ അസിസ്റ്റന്റ് ഉദ്യോഗത്തിൽ സ്ഥിരപ്പെടലുണ്ട്. ഉദ്യോഗത്തിനു പ്രായോഗികമായി ആറു നിയമിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ ജോലിക്കാരനെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു സിവിൽലിസ്റ്റിൽ അതിനെ ഒഴിവായി കാണിച്ചിരിക്കുന്നതാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോഴത്തെ അഞ്ചൽസൂപ്രണ്ടിന്റെ സ്ഥിര ഉദ്യോഗം എന്താണ് എന്നു മെംബർ സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഡിവിഷൻ അസിസ്റ്റന്റും [illegible] സൂപ്രണ്ടും.

തിരുവനന്തപുരം നഗരസഭയിൽ സംരക്ഷിക്കപ്പെട്ടുവരുന്ന പൊതുജനോപയോഗത്തിനുള്ള മൂത്രപ്പുരകളും മലവിസർജ്ജനപ്പുരകളും.

൨൬൮. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): [illegible] ക്രമത്തിനു തിരുവനന്തപുരം നഗരസഭയിൽ സംരക്ഷിക്കപ്പെട്ടുവരുന്ന പൊതുജനോപയോഗത്തിനുള്ള മൂത്രപ്പുരകളുടെയും മലവിസർജ്ജനപ്പുരകളുടെയും എണ്ണം എത്രയാണെന്നു ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): മൂത്രപ്പുരകളായിക്കൂടി ഉപയോഗിച്ചുവരുന്ന [illegible] മലവിസർജ്ജനപ്പുരകൾ തിരുവനന്തപുരം നഗരസഭയിൽ സംരക്ഷിക്കപ്പെട്ടുവരുന്നു. പ്രത്യേക മൂത്രപ്പുരകൾ ഇല്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): പബ്ലിക്റോഡിനെ മൂത്രപ്പുരയായി ഉപയോഗിച്ചതിനായിട്ടു വല്ലവരുടെയും പേരിൽ വല്ല ന്യൂയിസൻസ് കേസും എടുത്തിട്ടുണ്ടോ എന്നു മെംബർ സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഗവണ്മെൻറിനു അറിവില്ല. ചോദ്യത്തിനു നോട്ടീസു തന്നിട്ടില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): പ്രത്യേക മൂത്രപ്പുരയും ഇല്ലാത്തതുകൊണ്ടു യാത്രക്കാർക്കു ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ടെന്നുള്ള സംഗതി ഗവണ്മെൻറു മനസ്സിലാക്കുന്നുണ്ടോ എന്നു മെംബർ സദയം പറയുമോ?

മി: എൻ. കെ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഈ സംഗതി ഇതുവരെ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടില്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്രകാരമുള്ള സംഗതികൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ട ജോലി യാത്രക്കാരായ ജനങ്ങളെ സംബന്ധിച്ചതാണോ എന്നു മെംബർ സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ഈ സംഗതിയെപ്പറ്റി നോക്കുന്നതിനു സ്ഥാപനങ്ങൾ ഉണ്ട്. അപ്രകാരമുള്ള സംഗതികൾ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരേണ്ടതു ആ സ്ഥാപനങ്ങളുടെ കൃത്യമാണ്.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): സംബന്ധപ്പെട്ട അധികാരികളുടെ അടുക്കൽ പൊതുജനങ്ങൾ സങ്കടം പറയണമെന്നു ഗവണ്മെൻറു പ്രതീക്ഷിക്കയോ ആവശ്യപ്പെടുകയോ ചെയ്യുന്നുണ്ടോ എന്നു മെംബർസദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അത്രയേ സാധിക്കയുള്ളൂ. പൊതുജനങ്ങൾ അതിനെപ്പറ്റി ഹർജികൾ കൊടുക്കയോ നിവേദനങ്ങൾകൊണ്ടുവരികയോ ചെയ്യാം.

വിഷൂചികദീനം ഉണ്ടാകാൻ ഇടയായതിന്റെ കാരണങ്ങളെക്കുറിച്ചു അന്വേഷിക്കുക.

൨൬൯. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): തിരുവിതാംകൂറിൽ പലഭാഗങ്ങളിലും വിഷൂചികദീനം ഉണ്ടായതിന്റെ കാരണങ്ങളെപ്പറ്റി വല്ലപ്പോഴും വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആ അന്വേഷണങ്ങളുടെ ഫലം എന്താണെന്നും ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ഉണ്ട്. അന്വേഷണഫലങ്ങൾ ഗവണ്മെൻറു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

സർക്കാർ വക്കീലന്മാരുടെയും ജഡ്ജിമാരുടെയും പട്ടിക.

൨൭൦. മി: കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): ആലപ്പുഴ, കൊല്ലം, കോട്ടയം, തിരുവനന്തപുരം, നാഗർകോവിൽ ഈ സ്ഥലങ്ങളിലെ സർക്കാർ വക്കീലന്മാരുടെയും ജഡ്ജിമാരുടെയും എണ്ണം [illegible] നിക്കുന്നതായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെൻറിനു ദയവുണ്ടാകുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ് സെക്രട്ടറി): ൧൧൨൫ കുംഭം ൧൯- വരെ കം ശേഖരിപ്പെടുത്തിയിട്ടുള്ള കാർഷികസിവിൽ ലിസ്റ്റ് ൧൯൫൦ ൧൯൫൧ ൧൯൫൨ ൧൯൫൩ വർഷങ്ങൾ നോക്കിയാൽ മെമ്പറിനു കാണാവുന്നതാണ്. അതിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ഉണ്ട്.

വ്യവഹാരങ്ങൾക്ക നോട്ടീസ് കൊടുക്കുന്നതിനെപ്പററി സർക്കാർ വക്കീലന്മാരോട് ആലോചിക്കുക.

൨൬൯. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): വ്യവഹാരങ്ങളെപ്പററിയുള്ള നോട്ടീസ്സുകൾ ഗവണ്മെൻറിലേക്ക അയക്കപ്പെടുമ്പോൾ അതിനെ സംബന്ധിച്ചു സർക്കാർ വക്കീലന്മാരോട് ആലോചിക്കയും നിവൃത്തിയുള്ളപക്ഷം രാജിയാകാൻ ശ്രമിക്കയും ചെയ്യുന്നുണ്ടോ എന്നു ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ് സെക്രട്ടറി): ആവശ്യമുള്ളപ്പോഴെല്ലാം ചെയ്യുന്നുണ്ട്.

കുഷ്ഠരോഗികളും മററു സാംക്രമികരോഗപീഡിതരും പബ്ലിക്ക സർവീസ് ബസ്സുകളിലും മററും സഞ്ചരിക്കുന്നത്.

൨൭൦. മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): കുഷ്ഠം മുതലായ പകരുന്ന വ്യാധികൾ പിടിപെട്ടിട്ടുള്ള ആളുകൾ സർവീസ് കാറുകളിലും ബസ്സുകളിലും ബോട്ടുകളിലും സഞ്ചരിക്കുന്നതിനെ തടയുന്നതിനുള്ള വല്ല കർശനനടപടികളും ഗവണ്മെൻറിൽനിന്നും നടത്തിട്ടുണ്ടോ എന്നു ഗവണ്മെൻറ സദയം പറയുമോ?

മി. ടി. കെ. മാധവൻനായർ (ആ. ഗവണ്മെൻറ് സെക്രട്ടറി): ഇല്ല.

അരീപ്പാട്ട-വീയപുരം റോഡ്.

൨൭൧. മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): (൧) അരീപ്പാട്ട പബ്ലിക് ആഫീസുകളുടെ മുൻവശത്തുനിന്നും തിരിഞ്ഞുപോകുന്ന അരീപ്പാട്ട-വീയപുരം റോഡിനെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നും സദയം അറിവുതരുമോ?

(എ) അതു കുടിവക റോഡോ അതല്ല സർക്കാർറോഡോ എന്നു

(ബി) അതിൻെറ നീളം

(സി) അതു ചരൽവിട്ടുറപ്പിച്ചിട്ടുണ്ടോ എന്നു

(ഡി) റോഡു ചരൽവിട്ടുറപ്പിക്കുന്നതിനെപ്പററി വല്ല നിവേദനങ്ങളും ഗവണ്മെൻറിൽ കിട്ടിയിട്ടുണ്ടോ എന്നു

(ഇ) റോഡു ചരൽവിട്ടുറപ്പിക്കുന്നതിനായി വല്ല അടങ്കലും പൊതുമരാമത്തു വകുപ്പിൽനിന്നും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ എന്നു

(൨) ഒരു ചരൽവിട്ടുറപ്പിച്ചറോഡില്ലാത്തതുകൊണ്ടു തെക്കൻദിക്കിൽനിന്നും വീയപുരം ഡിപ്പോവിൽ വരുന്നവർക്ക വലുതായ അസൌകര്യങ്ങൾ ഉണ്ടാകുന്നുണ്ടെന്നു ഗവണ്മെൻറിനു അറിയാമോ എന്നു

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (൧) (എ) ഗവണ്മെൻറ് റോഡ്

(ബി) ഏകദേശം ൪ മൈൽ

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(൨) ചരൽവിട്ടിട്ടുള്ള റോഡുകളെക്കുറിച്ചു സൌകര്യങ്ങളില്ലാതിരിക്കും.

ചെമ്മരപ്പള്ളി-പുതുപ്പള്ളിറോഡ്

൨൭൨. മി. വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): കോട്ടയം-കറുകച്ചാൽ റോഡിൻെറ രണ്ടാം മൈൽകുററിയിൽനിന്നും പുതുപ്പള്ളി അങ്ങാടിക്ക തിരിഞ്ഞുപോകുന്ന ചെമ്മരപ്പള്ളി-പുതുപ്പള്ളിറോഡിനെ സംബന്ധിച്ചു താഴെപറയുന്ന വിവരങ്ങൾ ഗവണ്മെൻറിൽനിന്നും സദയം നൽകുമോ?

(൧) (എ) റോഡിൻെറ നീളം

(ബി) ഡിപ്പാർട്ടുമെൻറിൽനിന്നും തയ്യാറാക്കിയിട്ടുള്ള അടങ്കൽ അനുസരിച്ചു ഗവണ്മെൻറിനു ഉണ്ടാകുമെന്നു ഉദ്ദേശിക്കുന്ന ചെലവ്.

(സി) റോഡിൻെറ വകക്ക ൧൧൨൫-ലെ ബഡ്ജററിൽ അനുവദിച്ചിട്ടുള്ളതുക

(ഡി) ബഡ്ജററ് അനുവാദത്തുകയിൽ നിന്നും നാളതുവരെ (൨൩-൭-൧൧൨൫) ചിലവാക്കിയ സംഖ്യ

(ഇ) ഇതുവരെ (൨൩-൭-൧൧൨൫) പണിതീർന്നിട്ടുള്ള ഭാഗത്തിൻെറ നീളം

(എഫ്) മി. അരുണാചലമയ്യർ ആ: ചീഫ്. എൻജിനിയർ ആയിരുന്നകാലത്തു മേല്പറഞ്ഞറോഡു ആവശ്യമില്ലെന്നു അദ്ദേഹത്തിൻെറ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ?

(ജി) ഈ റോഡിനായി ൧൧൨൫-ലേക്ക അനുവദിച്ചിട്ടുള്ള ബഡ്ജററ്തുകയെ അതിനേക്കാൾ കൂടുതൽ അത്യാവശ്യമുള്ള പണികൾക്കായി മാററാവുന്നതാണെന്നും ഈ വേലതല്ക്കാലം കിടന്നുകൊള്ളട്ടെ എന്നും ആ: ചീഫ് എൻജിനീയർ കോട്ടയം ഡിവിഷൻ ആഫീസർക്ക എഴുതിയിട്ടുണ്ടോ?

൨. (൧) ജി. ഭാഗത്തിനുള്ള മറുപടി ഇല്ലെന്നാണെങ്കിൽ കോട്ടയംഡിവിഷൻ ആഫീസർക്ക ചീഫ്എൻജിനീയർ അയച്ചതായ ൧൦-൫-൧൧൨൫-ലെ ൨൧൩൨ നമ്പർ ഡ്രാഫ്ററിൻെറ പകർപ്പു സദയം മേശമേൽ വയ്ക്കുമോ?

൩. താഴെപ്പറയുന്ന വിവരങ്ങൾ സദയം ഗവണ്മെൻറു നൽകുമോ?

(എ) ഒരുവേലക്കായി അനുവദിച്ചിട്ടുള്ള തുകയെ വേറൊരു വേലക്കായി ചീഫ് എൻജിനീയർക്ക മാററാൻ അധികാരമുണ്ടോ എന്നു

(ബി) ഈ പ്രത്യേകതുകയെ ഗവണ്മെൻറനുവാദത്തോടു കൂടിയാണോ മാററിയതു എന്നു

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): (൧) (എ) ഒരുമൈലും ൧൨൫൦ അടിയും

(ബി) ൩,൪൩൦ രൂപാ
(സി) ൫൦൪൦ രൂപാ
(ഡി) ഒന്നും ചിലവാക്കിയിട്ടില്ല
(ഇ) പണി ഇതുവരെ തുടങ്ങിയിട്ടില്ല
(എഫ്) ഇല്ല
(ജി) ഉണ്ട്
൨. (എ) ഒന്നാം ഭാഗത്തിലെ മറുപടി കൊണ്ടു ഈ ചോദ്യത്തിനു കാരണം ഇല്ല
൩. (എ) ഉണ്ട്
(ബി) (സി) എ ഭാഗത്തിനു മറുപടി കണ്ടശേഷം ഈ ചോദ്യത്തിനു അർഹതയില്ല.

൩. (എ) മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ൧൦൪-ലെ ബി ഭാഗം ബഡ്ജററിൽ ഈ റോഡിന്റെ ആവശ്യത്തിനായി ൩൮൬൦ രൂപാ ആവശ്യമായിരിക്കെ ആയിരം രൂപാ മാത്രം അനുവദിച്ചു. ആ ആയിരം രൂപായും അതിലേക്ക ചിലവാകാതെ വകമാററി ചിലവുചെയ്തു. വേറെന്തിലേക്ക വിനിയോഗിക്കാൻ കാരണമെന്ത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതു ഒരു അത്യാവശ്യജോലി അല്ലെന്നു ചീഫ് എൻജിനീയർക്കു തോന്നി. അധികം അത്യാവശ്യമായ വേറെ ജോലികൾ തീർക്കേണ്ടതായിരുന്നു. അതുകൊണ്ടു ഈ തുകയെ അപ്രകാരം വിനിയോഗിക്കാതെ മാററി. ഈ വേല അധികം അത്യാവശ്യമായി കരുതിയില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അങ്ങിനെയാണെങ്കിൽ ഇത്രയും തുക ബഡ്ജററിൽ കൊള്ളിക്കേണ്ട ആവശ്യം ഇല്ലായിരുന്നു വല്ലോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ബഡ്ജററിൽ ചേർത്തിട്ടുണ്ടെന്നല്ലാതെ അതിനാവശ്യം ഇല്ലെന്നു ചെയ്തിട്ടില്ല. അതുകൊണ്ടു അതു അത്യാവശ്യമായ മററു വേലകൾക്ക ചിലവാക്കി.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അപ്പോൾ ബഡ്ജററിൽ ആവശ്യമുള്ളതിനും ആവശ്യം ഇല്ലാത്തതിനും പണം ചേർക്കാറുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആവശ്യമില്ലാത്തതാണെന്നു പറഞ്ഞില്ല. അതു അത്ര അടിയന്തിരം അല്ല എന്നാണ് പറഞ്ഞത്.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ഈ റോഡിനു അനുവദിച്ചിട്ടുള്ള പണം ഏതു വകക്ക ചിലവാക്കിയോ അതു പോലെ ആ സ്ഥലത്തുള്ളവർക്ക അത്യാവശ്യമുള്ള ഒരു റോഡാണ് ഇതു എന്നു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അങ്ങിനെയുള്ളതാണോ എന്നു ഇപ്പോൾ പറയാൻ തരമില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അടുത്ത ആണ്ടിലെങ്കിലും ഈ റോഡിനു ആവശ്യമുള്ള തുക മുഴുവനായി വിനിയോഗിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ആ സംഗതിയെപ്പററി ആലോചിക്കും.

മാങ്ങാനവും കൈതച്ചിറയും പാലങ്ങൾ.

൨൭൩. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): കോട്ടയം കറുകച്ചാൽ റോഡിലുള്ള മാങ്ങാനവും കൈതച്ചിറയും പാലങ്ങളെ സംബന്ധിച്ചു, ഈ പാലങ്ങളുടെ പാലത്തിനു മുകളിൽ കീലും മണലും ഇടുന്നതിനുപകരം പാലം മുഴുവനും മണ്ണുകൊണ്ടു നിറക്കപ്പെട്ടിരിക്കുന്നു എന്നുള്ളതു പരമാർത്ഥമാണൊ എന്നു ഗവണ്മെന്റിൽ നിന്നും സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇതു പരിശോധിച്ചു അറിയേണ്ട കാര്യമാണെന്നും അപ്രകാരം പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിനു ഡിവിഷൻ ആഫീസരോടു ആവശ്യപ്പെട്ടിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ടു ചെയ്തിരിക്കുന്നു.

കോട്ടയം കറുകച്ചാൽ റോഡ്.

൨൭൪. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): (൧) കോട്ടയം കറുകച്ചാൽ റോഡിനെപ്പററി ൧൯൩൦ ജനുവരി ൨൩-ാംനു-ലെ സമ്മേളനത്തിൽ ചോദിച്ച ൩൨-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിയെ സംബന്ധിച്ചു താഴെ പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നും സദയം നൽകുമോ?

(എ) ജോലി എത്രത്തോളം തീർന്നിട്ടുണ്ട്?

(ബി) മേല്പറഞ്ഞ റോഡ് ഇപ്പോൾ (൨൯-൧-൧൧൦൫) മോട്ടോർ വാഹനങ്ങളുടെ ഗതാഗതത്തിനു യോഗ്യമായിട്ടുണ്ടോ?

(൨) ഗവണ്മെന്റിൽ നിന്നും താഴെ പറയുന്ന വിവരങ്ങൾ തരുമോ?

(എ) കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ മേല്പറഞ്ഞ റോഡിനായി ചിലവായ പണം.

(ബി) മാങ്ങാനവും കൈതച്ചിറയും പാലങ്ങളിൽ കൂടി വല്ല സർവീസു മോട്ടോർകാറും കൊണ്ടുപോകുന്നതിനു ഗവണ്മെന്റു അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (൧) (എ) തോട്ടക്കാട്ടു പാലത്തിന്റെ അപ്രോച്ചുകൾ ഒഴിച്ചു എല്ലാജോലിയും തീർന്നിട്ടുണ്ട്.

(ബി) ഉഷ്ണകാലത്തു മാത്രമേ ഈ റോഡ് മോട്ടോർ കാറുകളുടെ ഗതാഗതത്തിനു യോഗ്യമായിരിക്കയുള്ളു. അതായതു പ്ലെഷർ കാറുകൾക്ക മാത്രമാണ് സർവീസുകാറുകൾക്ക പാടില്ലേ,

(൨) (എ) ൨൦൦ രൂപാ

(ബി) ഇല്ല. റോഡ് ചല്ലിയിട്ടോ ചരലിട്ടോ ഉറപ്പിക്കാത്തതുകൊണ്ടു ബസ്സ് സർവീസിനുപയുക്തമല്ല.

പുതുപ്പള്ളി-പുതുശ്ശേരിറോഡ്.

൨൯൭. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും,വടക്ക്) : കോട്ടയം-കറുകച്ചാൽ റോഡിന്റെ ൩-ാംമൈയിൽ ൭-ം ഫർലാംഗിൽ നിന്നും കെ. കെ. റോഡ് ൩-ാം മൈലിലേക്ക തിരിഞ്ഞുപോകുന്ന പുതുപ്പള്ളി പുതിശ്ശേരിറോഡിനെ സംബന്ധിച്ചു താഴെപ്പറയുന്ന വിവരങ്ങൾ നൽകുമോ?

(എ) മേല്പറഞ്ഞ റോഡ് സംരക്ഷണക്കായിട്ടോ, അല്ലെങ്കിൽ പണിക്കായിട്ടോ ഏറ്റെടുത്ത തീയതി.

(ബി) മേല്പറഞ്ഞ റോഡിലുള്ള പാലങ്ങളുടെയും കലിംഗുകളുടെയും എണ്ണം.

(സി) മേല്പറഞ്ഞ റോഡിന്റെ നീളം.

(ഡി) ഇതുവരെ (൨൧-൧-൧൯൫൦) ചിലവായതുക.

(ഇ) ൧൯൫൪-ലെ ബഡ്ജററിൽ അനുവദിച്ചതുക.

(എഫ്) ൧൯൫൪-ലേക്കു അനുവദിച്ചതുകയിൽ ചിലവായ സംഖ്യ.

(എഫ്) ഈ റോഡിനെ കോട്ടയം-കറുകച്ചാൽ റോഡിനോടു ൩-ാം മൈലിൽ അടുത്തുവച്ചു സംബന്ധിക്കുന്ന ഐരാററുടെ പാലത്തിനടുത്തുവച്ചു മേല്പറഞ്ഞ റോഡിൽ നിന്നും ഒരു താല്ക്കാലിക റോഡ് കൂടി വെട്ടിത്തീർന്നിട്ടുണ്ടെന്നുള്ള വസ്തുത ഗവണ്മെന്റിനു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) : (എ) (എ) പ്രസ്തുതറോഡ്, പണിക്കായിട്ട ൧൯൦൫-ൽ ഏറ്റെടുക്കപ്പെട്ടു.

(ബി) പാലങ്ങൾ ഇല്ല. എന്നാൽ അഞ്ചു കലിങ്കുകൾ വേണമെന്നു നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഏകദേശം ൨ നാഴിക മൈൽ.

(ഡി) ൭൩൩ രൂപാ.

(ഇ) ൧൯൦൦ രൂപാ.

(എഫ്) ൧൯൮ രൂപാ.

(ജി) ഇല്ല.

വാട്ടർവർക്ക്സ് (ജലം സംഭരണ പദ്ധതി) ഡിവിഷനിലെ, എക്സിക്യൂട്ടീവ് എൻജിനീയർ ചെയ്തിട്ടുള്ള നിയമനങ്ങളുടെ വകുക്ക ജാതിതിരിച്ചുള്ള പട്ടിക.

൨൯൮. മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്) : വാട്ടർവർക്ക്സ് ഡിവിഷനിലെ എക്സിക്യൂട്ടീവ് എൻജിനീയർ ഇപ്പോഴത്തെ ഉദ്യോഗം കയ്യേററതു മുതൽ തൽക്കാലമായോ ആക്ടിംഗ് ആയോ നടത്തിട്ടുള്ള നിയമനങ്ങളുടെ വകുക്ക ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) : പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

പോലീസ് കമ്മീഷണർ ചെയ്തിട്ടുള്ള നിയമനങ്ങൾ.

൨൯൯. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല); (എ) ഇപ്പോഴത്തെ പോലീസ് കമ്മീഷണർ ഡിപ്പാർട്ടുമെന്റ് ചാർജ്ജു എടുത്തതിനു ശേഷം ഹെഡ് ക്വാർട്ടർ ആഫീസിൽ അദ്ദേഹം ചെയ്തിട്ടുള്ള സ്ഥിരമോ ആക്ടിംഗോ ആയുള്ള നിയമനങ്ങളുടെ വകുപ്പു ജാതിതിരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(ജി) താഴെപറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നു സദയം നൽകുമോ?

(എ) അദ്ദേഹത്തിന്റെ മുൻഗാമികളുടെ കാലത്തു ആക്ട് ചെയ്തിരുന്നവരുടെ കൂടുതൽ അവകാശങ്ങളെ അദ്ദേഹം ഗണിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അപ്രകാരം നിയമിച്ചിട്ടുള്ളവരുടെ പേരുവിവരം.

(സി) ഇല്ലെങ്കിൽ അവരുടെ അവകാശങ്ങളെ അവഗണിച്ചതിനു കാരണം

മി: ടി. കെ. മാധവൻനായർ (ആക്ടിംഗ് ഗവണ്മെന്റു സെക്രട്ടറി) : (എ) ആവശ്യപ്പെട്ടവിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽവച്ചിട്ടുണ്ട്.

(ജി) (എ) ഉണ്ട്.

(ബി) ടി. കെ. ഗോവിന്ദപ്പിള്ള

കെ. സുകുമാരൻ ബി.എ

കെ. സി. ജോസഫ് ബി.എ

(സി) യാതൊരുത്തന്റെ അവകാശത്തെയും അവഗണിച്ചിട്ടില്ല. ഓരോ അപേക്ഷകന്റെയും കേസിനെ പ്രത്യേകം പരിചിന്തിച്ചിട്ടുണ്ട്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല):

ചോദ്യത്തിന്റെ ൨-ാം ഭാഗം താഴെപ്പറയുന്ന പ്രകാരമാകുന്നു. അതായതു താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നും നൽകുമോ?

(എ) അദ്ദേഹത്തിന്റെ മുൻഗാമിയുടെ കാലത്തു ആക്ട് ചെയ്തിരുന്നവരുടെ കൂടുതൽ അവകാശത്തെ ഗണിച്ചിട്ടുണ്ടോ?

(ബി) അങ്ങിനെയാണെങ്കിൽ അപ്രകാരം നിയമിക്കപ്പെട്ടവരുടെ പേരുകൾ

(സി) ഇല്ലെങ്കിൽ അവരുടെ അവകാശങ്ങളെ അവഗണിക്കാനുള്ള കാരണം

ഇങ്ങിനെയാകുന്നു.

മുമ്പു ആക്ട് ചെയ്തിട്ടുള്ള ക്ലാർക്കന്മാർക്ക കൂടുതൽ സർവീസുള്ളപ്പോൾ അവരെ നിയമിക്കാതെ ഇപ്പോഴത്തെ കമീഷണർ കുറഞ്ഞ സർവീസുള്ളവരെയും ഈ കൂട്ടത്തിൽ നിയമിച്ചിട്ടുണ്ടോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സിക്രട്ടറി): സർവീസിനെ മാത്രം നോക്കിയല്ലല്ലോ നിയമിക്കുന്നതു.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഇപ്പോഴത്തെ കമ്മീഷണർ നിയമിച്ചിട്ടുള്ള ക്ലാർക്കന്മാരുടെയും മുമ്പു ആക്ട് ചെയ്തിട്ടുള്ള ക്ലാർക്കന്മാരുടെയും യോഗ്യതക്കു വല്ല വ്യത്യാസവും ഉണ്ടോ എന്നാണ് എനിക്കറിയേണ്ടതു?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സിക്രട്ടറി): ഉടനെ വേണം വിചാരിക്കാൻ.

പ്രസിഡന്റു: മിസ്റ്റർ പാച്ചുപിള്ള, മറുപടിയുടെ ഏതു ഭാഗത്തെ അടിസ്ഥാനമാക്കിയാണ് നിങ്ങൾ ഈ കൂടുതൽ ചോദ്യം ചോദിക്കുന്നതു്?

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ൨-ാം ഭാഗം (ബി).

പ്രസിഡന്റു: അവരുടെ അവകാശങ്ങളെ പരിഗണിച്ചിട്ടുണ്ടെന്നാണല്ലോ ഉത്തരം.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): അവകാശങ്ങളെപ്പറ്റി ആലോചിച്ചിട്ടുണ്ടെന്നു പറയുന്നുണ്ട്.

പ്രസിഡന്റു: മറുപടിയുടെ അടുത്ത ഭാഗംകൂടി വായിക്കുമ്പോൾ യാതൊരുത്തന്റെയും അവകാശങ്ങളെ അവഗണിച്ചിട്ടില്ലെന്നു കാണാമല്ലോ.

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഇവിടെ തന്നിട്ടുള്ള സ്റ്റേറ്റുമെന്റിലെ ആരോരുത്തരുടെയും യോഗ്യത എന്താണെന്നു പറയാൻ സാധിക്കുമോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സിക്രട്ടറി): ആ ചോദ്യത്തിനു മുന്നറിവു നൽകണം.

പോലീസ്സ് ഹെഡ്ക്വാർട്ടറിലെ ക്ലാർക്കന്മാരുടെ ശമ്പള ക്രമമനുസരിച്ചുള്ള പട്ടിക.

൨൭൮. മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെപ്പറയുന്ന വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

(എ) പോലീസ്സ് ഹെഡ്ക്വാർട്ടറി ആഫീസിൽ ൭൫-൧൦൦, ൪൦-൭൦, ൨൫-൪൦ രൂപാ ശമ്പളമുള്ള ക്ലാർക്കന്മാരുടെ എണ്ണം.

(ബി) അവരുടെ പേരും ജാതിയും.

(സി) അവരുടെ സർവീസും യോഗ്യതയും.

മി: ടി. കെ. മാധവൻനായർ (ആ: ഗവണ്മെന്റു സിക്രട്ടറി): എ. ബി. സി. വിവരങ്ങൾ അടങ്ങിയ പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള നാടാന്മാർ ആദിയായവരുടെ ഒരു സ്റ്റേറ്റുമെന്റ്.

൨൭൯. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൨൩, ൧൧൨൪, ൧൧൨൫, ഈ ആണ്ടുകളിൽ ൧൫ രൂപായും അതിനു മേലും ശമ്പളത്തിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള നാടാന്മാരുടെയും തെക്കൻ തിരുവിതാംകൂർ ക്രിസ്ത്യാനികളുടെയും എണ്ണം എത്രയാണെന്നു ഗവണ്മെന്റിൽ നിന്നും സദയം പറയുമോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സിക്രട്ടറി): വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

യാക്കോബൈറ്റ് സുറിയാനികളായ പോലീസ് ഇൻസ്പെക്ടർമാരുടെ പട്ടിക.

൨൮൦. മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം ഉത്തരം): ൧൧൨൫-൧-൧-നു സംസ്ഥാനത്തുള്ള യാക്കോബൈറ്റ് സുറിയാനികളായ പോലീസ്സ് ഇൻസ്പെക്ടർമാരുടെ പേരുകൾ കാണിക്കുന്നതായ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിനു ഗവണ്മെന്റിനു ദയവുണ്ടാകുമോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സിക്രട്ടറി):

൧. മി: ഇ. വി. അബ്രഹാം
൨. ,, കെ. ഐ. ലൂക്ക്
൩. ,, പി. എം. മാമ്മൻ
൪. ,, കെ. എൻ. ചാക്കോ

മി: വി. ജെ. ഉമ്മൻ (വാണിജ്യം വ്യവസായം ഉത്തരം): പോലീസ് ഡിപ്പാർട്ടുമെന്റിൽ ജേക്കബൈറ്റു സിറിയൻ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്നും ൪ ഇൻസ്പെക്ടർമാർ ഉണ്ടെന്നു കാണുന്നതായ സ്റ്റേറ്റുമെന്റു ശരിയായ ഒന്നാണോ?

മി: ടി. കെ. മാധവൻനായർ (ആ: ഗവണ്മെന്റു സിക്രട്ടറി): സർ, ഞാൻ ആ ചോദ്യത്തിനു ഉത്തരം പറയേണ്ടതുണ്ടോ ?

പ്രസിഡന്റ്: മി: ഉമ്മൻ, ഇതു ഒരു ഉപചോദ്യമാണോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്ക്): മറുപടിയിൽ പറഞ്ഞിരിക്കുന്ന സ്റ്റേറ്റുമെന്റു ശരിയാണോ അല്ലയോ എന്നാണ് എനിക്കു അറിയാനുള്ളതു്.

പ്രസിഡന്റ്: ശരിയാണെന്നാണ് ഊഹിക്കേണ്ടതു. അതു കൊണ്ടാണ് ആ മറുപടി പറഞ്ഞതു. അതു തെറ്റാണെങ്കിൽ തെറ്റു എന്താണെന്നു നിങ്ങൾക്കു ചൂണ്ടിക്കാണിക്കാം. നിങ്ങൾ ഇപ്പോൾ ചോദിച്ച ചോദ്യം പോലെയുള്ള ഒരു സാമാന്യ ചോദ്യം ഉപചോദ്യമാവുകയില്ല.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും വടക്കു): കഴിഞ്ഞ ബഡ്ജറ്റു സെഷനിൽ ഞാൻ ചോദിച്ച ചോദ്യത്തിനു തന്ന മറുപടി ജാക്കൊബൈറ്റു ക്രിസ്ത്യൻ സമുദായത്തിൽ നിന്നും ഇൻസ്പെക്ടർമാരായി ആരും ഇല്ലെന്നാണ്. ഈ സ്റ്റേറ്റുമെന്റിൽ നാലുപേർ ഉണ്ടെന്നു പറയുന്നു. ഇതിൽ ഏതു സ്റ്റേറ്റുമെന്റാണ് ശരിയായിട്ടുള്ളതെന്നാണ് എനിക്കു അറിയേണ്ടതു്.

മി: ടി. കെ. മാധവൻ നായർ (ഡെ: ഗവണ്മെന്റ സിക്രട്ടറി): മെമ്പർ ഇപ്പോൾ കണ്ടിപ്പറഞ്ഞ മറുപടി ഏതാണെന്നു സമയം പറയുമോ?

പ്രസിഡന്റ: ശരിയാണോ എന്നു അദ്ദേഹത്തിനു തോന്നുന്ന വിധത്തിൽ നിങ്ങൾക്കു തന്ന എന്റെ മറുപടി ഇന്നതാണെന്നു വിശമായി ചൂണ്ടിപ്പറയാമോ? അതാണു മെമ്പർ ആവശ്യപ്പെടുന്നതു്.

മി: പി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക): ആ സ്റ്റേറ്റമെന്റിൽ ഏതാണു ശരി എന്നു പറഞ്ഞാൽ മതി.

മി: ടി. കെ. മാധവൻ നായർ (ഡെ: ഗവണ്മെന്റ സിക്രട്ടറി). ആ മറുപടിയുടെ നമ്പരും തീയതിയും മെമ്പർ സമയം പറയുമെങ്കിൽ സംഗതി ശരിയാണോ എന്നു നോക്കാവുന്നതാണ്.

ബാഡ്ജുകളും (ലൈസൻസുകളും) ലൈസൻസുകളും റദ്ദ് ചെയ്യുന്നതിനുള്ള ചട്ടങ്ങൾ.

൨൮൭. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മോട്ടോർ വാഹനങ്ങൾ സംബന്ധമായ കുററങ്ങളുടെയും ബാഡ്ജുകളും ലൈസൻസുകളും റദ്ദുചെയ്യുന്നതിനേപ്പറ്റി പോലീസ് കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള ശീഘ്രമായ ചട്ടങ്ങളെ സംബന്ധിച്ചു, താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും സമയം നൽകുമോ?

(എ) ഈ ചട്ടങ്ങളുടെ ഉദ്ദിഷ്ടമായ പ്രയോഗത്തിനിടയിൽ ഓരോ ഡിസ്ട്രിക്ടിലും റദ്ദാക്കപ്പെട്ടിട്ടുള്ള ബാഡ്ജുകളുടെയും ലൈസൻസുകളുടെയും എണ്ണവും അപ്രകാരം റദ്ദാക്കാൻ കാരണമാക്കിയ കുററങ്ങളുടെ സ്വഭാവവും.

(ബി) ഈ ചട്ടങ്ങൾ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ?

(സി) അതിനെപ്പറ്റി പരാതികൾ ഉണ്ടായിട്ടുണ്ടോ?

(ഡി) ഈ സംഗതിയിൽ ഗവണ്മെന്റിന്റെ തീരുമാനം.

മി. ടി. കെ. മാധവൻനായർ (ഡെ. ഗവണ്മെന്റ സിക്രട്ടറി). ൧൦-൨-൧൧൨൦-ഓം ൧-൧൦-൧൧൨൦-നും മദ്ധ്യേയായി, അമ്പത്തിഒമ്പതു ബാഡ്ജുകൾ സസ്പെൻഡു ചെയ്യുകയും മൂന്നെണ്ണം റദ്ദ് ചെയ്യുകയും ചെയ്തു. സസ്പെൻഡ ചെയ്യാനും റദ്ദ് ചെയ്യാനും കാരണമായിട്ടുള്ള കുററങ്ങളുടെ സ്വഭാവം താഴെപ്പറയുന്നതാണ്.

(൧) കൂടുതൽ ആളെ കയററുക

(൨) സാഹസമായി ഓടിക്കുക

(൩) നടപ്പിൽ ഇരിക്കുന്ന മോട്ടോർ വാഹന ഡ്രൈവിംഗ് ലൈസൻസ് കൂടാതെ വണ്ടി ഓടിക്കുക

(൪) ക്ലിപ്തപ്പെടുത്തിയിട്ടുള്ള വേഗത്തിൽ കവിഞ്ഞു വണ്ടിഓടിക്കുക

(൫) ബാഡ്ജും യോഗ്യതാസർട്ടിഫിക്കററും ഇല്ലാതെ ഓടിക്കുക

(൬) ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയങ്ങളും മാർഗ്ഗങ്ങളും അനുസരിക്കാതിരിക്കുക

(൭) അപകട സംഭവങ്ങളെക്കുറിച്ചു റിപ്പോർട്ടുചെയ്യാതിരിക്കുക

(൮) റോഡിൽകൂടി വണ്ടിഓടിക്കുന്നതിനുള്ള ചട്ടം അനുസരിക്കാതിരിക്കുക

(൯) ലൈസൻസു കാണിക്കണമെന്നു ആവശ്യപ്പെടുമ്പോൾ കാണിക്കാതിരിക്കുക

(൧൦) ഹയർ പർമിററുകൾ (വാടകക്കു ഓടിക്കുന്നതിനുള്ള അനുവാദ ഉത്തരവുകൾ) കൈവശം നടക്കാതിരിക്കുക.

(ബി),(സി),(ഡി) ഇല്ല.

൨൭൮ മി: ഡി സി. ജോസഫിനാൽ ചോദിക്കപ്പെട്ട ൨൭൮-ാം നമ്പ്ര ചോദ്യം (ഡി) (ഇ) (എഫ്) ഈ ഭാഗങ്ങളുടെ മറുപടി മെമ്പർ നോക്കണം.

തോവാള താലൂക്കിലെ ഒരു ഭൂമിയിൽ നിരോധനക്കരം വസൂൽചെയ്യുന്നു

൨൮൮. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽനിന്നും നൽകുമോ?

(എ) തോവാളതാലൂക്കിൽ അനന്തപുരം പകുതിയിൽ പെട്ടസർവെ ൩൨൮-നമ്പ്ര ഭൂമിയിൽ നിന്നും കഴിഞ്ഞ ഒമ്പതു കൊല്ലമായി നിരോധനക്കരം പിരിച്ചുവരുന്നതു എന്തിന്?

(ബി) ഭൂമിതന്നതവകാരൻ അതിൽ മതിയായ മെഹബന്ധങ്ങൾ ചെയ്തിട്ടുണ്ടോ?

(സി) തന്നതവകാരന്റെ പേരിൽ പതിച്ചു കൊടുക്കാത്തതിനുള്ള കാരണം

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): (എ) പ്രവേശനം ശരിയല്ലാത്തതിനാൽ അനന്തപുരം പകുതിവക സർവെ ൩൨൮-ാം നമ്പ്ര ഭൂമിയിന്മേൽ നിരോധനക്കരം പിരിച്ചുവരുന്നു

(ബി) ഭൂമിയിൽ ചില മെഹബന്ധങ്ങൾ തന്നതവകാരൻ ചെയ്തിട്ടുണ്ടു

(സി) പ്രസ്തുതസ്ഥലം കനാകാലി പുറമ്പോക്കിൽ ഉൾപ്പെട്ടതും അതുകൊണ്ടു പതിച്ചു കൊടുക്കുന്നതിനു അനുവദിക്കാൻ പാടില്ലാത്തതും ആകുന്നു.

കോതയാർ ജലസേചന പദ്ധതിയിൽ ഉൾപ്പെട്ട ഭൂമികൾക്കു വെള്ളം കിട്ടുന്നതിൽ കുറവുണ്ടാകുന്നു എന്നു.

൨൮൯. മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നും സമയം നല്കുമോ?

(എ) കോതയാർ ജലസേചന പദ്ധതിയിൽപ്പെട്ട ഭൂമികൾ കൃഷിസേചനംവകക്കു ജലക്ഷാമം ഉണ്ടാകുന്നുണ്ടെന്നു ഗവണ്മെന്റിനു അറിയാമോ?

(ബി) (എ) ഭാഗത്തിനുള്ള മറുപടി അറിയാമെന്നാണെങ്കിൽ വെള്ളം കുറവുണ്ടായതു ഏതു ആണ്ടിൽ അല്ലെങ്കിൽ ഏതേതു ആണ്ടുകളിൽ

(സി) ഈ കുറവിനുള്ള കാരണങ്ങളെപ്പറ്റി ഗവണ്മെന്റ് അന്വേഷിക്കയും പരിഹാരമാർഗ്ഗങ്ങൾ ആലോചിക്കുകയും ചെയ്തിട്ടുണ്ടോ?

(ഡി) നാഗർകോവിൽ ഡിവിഷൻ ആഫീസർ വല്ല നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): (എ) ചിലപ്പോൾ വെള്ളക്കുറവുണ്ടെന്നറിയാം

(ബി) അതിൽ ഏറ്റവും ദോഷകരമായ കുറവുണ്ടായതു ൧൧൨൮ കന്നിപ്പൂവിലും ൧൧൨൯ കന്നിപ്പൂവിലും ആണു.

(സി) വെള്ളം കുറവുണ്ടായതിനുള്ള കാരണങ്ങൾ കുടപ്പാതി മിക്കവാറും ഉണ്ടാകാതിരുന്നതും അണക്കെട്ടാതെ തോട്ടിലെ വെള്ളം ചോർന്നും ഒഴിഞ്ഞും മറ്റും പോകുന്നതും ആകുന്നു. മുകളിൽ പറഞ്ഞതിനുള്ള തോട്ടിലെ അറ്റകുറ്റപ്പണികൾ ചെയ്തു ശരിയാക്കിവരുന്നു

(ഡി) പരിഹാരമാർഗ്ഗങ്ങളുടെ ഒരു അംശമായി ചോരുന്ന ചാനലിലുള്ള ഉടവുകൾ അടയ്ക്കുന്നതിനുള്ള ഒരു അടങ്കൽ ചീഫ് എൻജിനീയർ അനുവദിച്ചിട്ടുണ്ട്. ൧൧൨൯-ലെ പൊതു മരാമത്തു ബഡ്ജറ്റിൽ ഈ വേല ഉൾപ്പെടുത്തുന്നതാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): അണയിൽ ൧൦൪-ലും ൧൦൮-ലും വെള്ളക്കുറവുള്ളതായി കാണുന്നു. ൧൧൨൯-ലെ ബഡ്ജറ്റിൽ ഏതാനും ഉടവുകൾ എല്ലാം അടയ്ക്കുന്നതിനു പ്രൊവൈഡു ചെയ്തിട്ടുള്ളതായും കാണുന്നു. ഈ വെള്ളക്കുറവിനു പരിഹാരമുണ്ടാക്കുന്നതിനായി നാഗർകോവിൽ ഡിവിഷൻ ആഫീസർ വല്ല നിർദ്ദേശവും അയച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) ഡിവിഷൻ ആഫീസർ പ്രത്യേകം ഒരു നിർദ്ദേശം അയച്ചിട്ടുള്ളതായി അറിഞ്ഞുകൂടാ എന്നാൽ ഡിവിഷനിലെ ഒരു ചീഫ് എൻജിനീയർ ചില ആലോചനകൾ നടത്തിയിട്ടുള്ളതായിട്ടു കാണുന്നുണ്ട്.

മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): മഴയില്ലാതെ വരുന്ന കാലത്തു കൃഷിക്കാരുടെ രക്ഷക്കുവേണ്ടി അതാതു ബ്ലോക്കുകളിൽ കുളങ്ങൾ കുഴിപ്പിച്ചു വെള്ളം കെട്ടിനിറുത്തണമെന്നു ഒരു നിർദ്ദേശം അയച്ചിട്ടുള്ളതായി അറിയാമോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അറിഞ്ഞുകൂടാ

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): അതിനെപ്പറ്റി ഗവണ്മെന്റ് അന്വേഷണം നടത്താമോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): ൧൧൨൯-ലെ ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വേലകൾ അടച്ചാൽ മേലാൽ വെള്ളത്തിനു കുറവു വരികയില്ലെന്നു ഗവണ്മെന്റിനു ബോധ്യമുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): മഴയുണ്ടെങ്കിൽ വെള്ളത്തിനു കുറവു വരികയില്ലെന്നാണ് അറിയുന്നതു.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): മഴയില്ലാത്തപ്പോഴുള്ള കാലങ്ങളിൽ നാഞ്ചിനാട്ടിലുള്ള കൃഷിക്കാർക്ക് ജലസൗകര്യം കിട്ടുന്നതിനായി വല്ല ഏതെങ്കിലും പദ്ധതികൾ കണ്ടുപിടിക്കാൻ വേണ്ട ശ്രമം ചെയ്തിട്ടുണ്ടോ എന്നാണ് എന്റെ ചോദ്യത്തിലെ ഉദ്ദേശം. അതിനു പറ്റിയ ഏതെങ്കിലും നിർദ്ദേശം നാഗർകോവിൽ ഡിവിഷനാഫീസർ അയച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): ഗവണ്മെന്റിലേക്ക് അങ്ങിനെ ഒന്നു നിർദ്ദേശിച്ചിട്ടുള്ളതായി ചീഫ് എൻജിനീയരുടെ റിപ്പോർട്ടിൽനിന്നു വെളിവാകുന്നില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളംവിളവംകോട്): അതിനെപ്പറ്റി ഒരു അന്വേഷണം നടത്താൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം

പൊതുമരാമത്തുവകുപ്പിലെ സെക്ഷൻ ആഫീസറന്മാരുടെ കർത്തവ്യങ്ങൾ മുതലായതു.

൨൦൪. മി: ടി. സി. കേശവപിള്ള (കൽക്കുളംവിളവംകോട്): സംസ്ഥാനത്തിലെ പൊതുമരാമത്തു വകുപ്പിലെ സെക്ഷൻ ആഫീസർമാരുടെ കർത്തവ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്നു ഗവണ്മെന്റിൽ നിന്നും സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സിക്രട്ടറി) വേലകളുടെ നടത്തിപ്പിനുള്ള ചാർജ് വഹിക്കുന്ന ഏറ്റവും കീഴെയുള്ള റാങ്ക് (ഏകകം) ആണ് സെക്ഷൻ ആഫീസർക്കുള്ളതു. വേലകളുടെ ശരിയായ നടത്തിപ്പിനും ചെയ്ത വേലകളുടെ അളവുകൾ എടുക്കുന്നതിനും അവയുടെ ബില്ലുകൾ തയ്യാറാക്കുന്നതിനും താൻ ഏതു സബ് ഡിവിഷൻ ആഫീസരുടെയോ മറ്റു ഉദ്യോഗസ്ഥന്റെയോ കീഴിൽ ജോലിചെയ്യുന്നുവോ ആ ഉദ്യോഗസ്ഥനോടു സെക്ഷൻ ആഫീസർ ഉത്തരവാദിത്വം ചെയ്യണം. തന്റെ ചാർജിൽ ഇരിക്കുന്ന റോഡുകൾ കെട്ടിടങ്ങൾ മറ്റുവേലകൾ ഇവകളുടെ ശരിയായ സംരക്ഷണത്തിനും സൂക്ഷിപ്പിനുള്ള ഗവണ്മെന്റ് സ്റ്റോറുകളുടെ രക്ഷക്കും കൂടി സെക്ഷൻ ആഫീസർ ഉത്തരവാദിയാണ് പുതിയ പദ്ധതികൾക്കു അടങ്കലുകളും പ്ലാനുകളും തയ്യാറാക്കുന്നതിനും, അവയെസംബന്ധിച്ചുള്ള അന്വേഷണങ്ങൾക്കു പ്രത്യേക ഏജൻസികൾ ലഭ്യമല്ലാതെയോ അല്ലെങ്കിൽ ആവശ്യമില്ലാതെയോ പരമ്പരാഗത പ്രാഥമിക അന്വേഷണങ്ങൾ നടത്തുന്നതിനു സെക്ഷൻ ആഫീസരോടു ആവശ്യപ്പെടും.

ഗവണ്മെൻറ സ്റ്റേഷനറിസാമാനങ്ങൾക്കുള്ള ദർഖാസ്തുകൾ.

൨൮൭. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ഗവണ്മെൻറിന ആവശ്യമുള്ള സ്റ്റേഷനറി സാമാനങ്ങൾ ശേഖരിച്ചുകൊടുക്കുന്നതിന സ്ഥലത്തുള്ള എത്ര കച്ചവടക്കാർ ദർഖാസ്തുകൾ ഹാജരാക്കി എന്നും രാജ്യത്തിലെ സ്വദേശിയരെ എത്രപേരെ പ്രോത്സാഹിപ്പിച്ചു എന്നും വിദേശീയ ഏജൻറന്മാർക്ക കൺട്രാക്ടറിൻെറ എത്ര ശതമാനം ലഭിച്ചു എന്നും ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറചീഫ്സെക്രട്ടറി): ചോദ്യം അനിശ്ചിതമായിരിക്കുന്നു. ഏതാണ്ടേതു സംബന്ധിച്ചാണ വിവരം ആവശ്യപ്പെടുന്നതു എന്നു മെമ്പർ ക്ലിപ്തപ്പെടുത്തിപറയുന്നുവെങ്കിൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

നാഗർകോവിൽ ഇംഗ്ലീഷ് ഹൈസ്കൂൾ

൨൮൮. മി. ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്) (എ) നാഗർകോവിൽ ഹൈസ്കൂൾ പണിക്ക അനുവദിച്ച വല്ല അളവുകളും പ്ലാനുകളും ഉണ്ടോ എന്ന ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

(ബി) ഒന്നാംഭാഗത്തിന ഉത്തരം 'ഉണ്ട്' എന്നാണെങ്കിൽ, അനുവദിച്ച അടങ്കലുംമറ്റും അയച്ചിട്ടുള്ള റിപ്പോർട്ടിൻെറ ഒരു പകർപ്പും ഒന്നുംകൂടാതെ, ജോലി ആരംഭിച്ചതുമുതൽ അവസാനിച്ചതുവരെ പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരും ദിവാൻജിയും മറ്റുമുള്ള സംസ്ഥാന ഉദ്യോഗസ്ഥന്മാരും നടത്തിയിട്ടുള്ള ഇൻസ്പെക്ഷൻെറ തീയതികളും അടങ്ങിയ ഒരു സ്റ്റേറ്റുമെൻറും മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

(സി) താഴെപ്പറയുന്ന വിവരങ്ങൾ നൽകുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ;

(എ) നാളതു (൧൧൨൫) വരെ ആ വേല സംബന്ധിച്ച് വിവിധ ഇനങ്ങളിൽ ചിലവായ തുക അനുവദിച്ച അടങ്കൽ അനുസരിച്ചു നടത്തിയ ഓരോ ഇനം വേലയുടെയും താരതമ്യസ്റ്റേറ്റുമെൻറും

(ബി) ഡിപ്പാർട്ടുമെൻറിലും ഈ ജോലിക്കായിട്ട് ഉടമ്പടിവച്ചിട്ടുള്ള സ്ഥിര കൺട്രാക്ടർമാർ ഉള്ളപ്പോൾ ചില ജോലികൾ ഡിപ്പാർട്ടുമെൻറിലും പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറ കൺട്രാക്ടറേയും നടത്തുന്നതിൻെറ ആവശ്യം.

(ഡി). താഴെപ്പറയുന്ന റിക്കാർട്ടുകൾ മേശപ്പുറത്തു വയ്ക്കുവാൻ ഗവണ്മെൻറിന ദയവുണ്ടാകുമോ?

(എ) ഈ വേലക്കായി പ്രത്യേകം ചിലവായ അടിയിൽപ്പറയുന്ന ജോലി വിഭാഗങ്ങൾക്കുള്ള അബ്സ്ട്രാക്ട്:—

(൧) ഏൽ. എം. ആറും പാസാക്കിയ ഓരോ വൗച്ചറിൻെറ അബ്സ്ട്രാക്ടും തീയതിയും അടങ്ങിയ സ്റ്റേറ്റുമെൻറും,

(൨) എച്ച്. ആർ. ബില്ലുകളും, പാസാക്കിയ വൗച്ചർകളുടെ അബ്സ്ട്രാക്ടും തീയതിയും കൺട്രാക്ടർമാരുടെ പേരും ചെക്കുകൊടുത്തു പണംവാങ്ങാൻ അധികാരപ്പെടുത്തിയ ആളിൻെറ പേരും അടങ്ങിയ സ്റ്റേറ്റുമെൻറും,

(൩) പി. ഡബ്ലിയുവും സി. സി. ബില്ലുകളും പാസ്സാക്കിയ റി. ബി. വി.യുടെ അബ്സ്ട്രാക്ടും തീയതിയും കൺട്രാക്ടർമാരുടെ പേരും അടങ്ങിയ സ്റ്റേറ്റുമെൻറും,

(൪) തുക വിവരങ്ങളോടുകൂടിയ കമ്പനിബില്ലുകൾ,

(ബി) വേല തുടങ്ങി പൂർത്തിയാക്കുന്നതുവരെയായി ഇതുവരെ ഈ ആവശ്യത്തിലേക്കായി ഓരോ മാസങ്ങൾ മുതലായ ദിനം ചട്ടപ്രകാരം അധികാരമുള്ള ഉദ്യോഗസ്ഥനാൽ അനുവദിക്കപ്പെട്ടിട്ടുള്ള വേല അടങ്കലുകളും അവയുടെ പ്ലാനുകളും,

(സി) ൧൧൨൨ മുതൽ ൧൧൨൪ വരെ നാഗർകോവിൽ പട്ടണത്തിൽ അതാതുകാലത്തു നടപ്പായിരുന്ന സാമാനങ്ങളുടെ നിരക്കുവിലകളും വേലക്കാരുടെയും കൂലിവേലക്കാരുടെയും കൂലിനിരക്കുകളും എക്സിക്യൂട്ടീവ് എൻജിനിയർ മി: കൃഷ്ണസ്വാമിഅയ്യങ്കാർ നടത്തിയ മേൽപറഞ്ഞ സ്കൂൾപണിവേലകൾക്കായി അനുവദിച്ച കൂടുതൽ റേറ്റുകൾക്കുള്ള തീയതികളും അടങ്ങിയ പട്ടിക.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറസിക്രട്ടറി): (എ) ഉണ്ട്.

(ബി), (സി) (എ)-ം (ബി)യും (ഡി)(എ) ൧, ൨, ൩, ൪-ം ബി-യും, (ഡി) (സി)-യും

T 3 മെമ്പർ ആവശ്യപ്പെട്ടിരിക്കുന്ന വിവരമായ സ്റ്റേറ്റുമെൻറുകളും, അടങ്കലുകളും, പ്ലാനുകൾ മുതലായവയും തയ്യാറാക്കുന്നതിനുവേണ്ടിവരുന്ന സമയവും പ്രയത്നവും അതിൻെറ ഉപയോഗവുമായി നോക്കുമ്പോൾ യാതൊരുവിധമായ താരതമ്യവും ഇല്ലാത്തവയായിരിക്കുന്നു.

കോതയാർ ജലസേചനപദ്ധതിയിലുൾപ്പെട്ട ഭൂമികൾക്ക

വിതിച്ചുവരുന്ന വെള്ളവരി,

൨൮൯. മി: ടി. സി. ജോസഫ് (അഗസ്തീശ്വരം): (എ) കോതയാർ ജലസേചനപദ്ധതിയിലുൾപ്പെട്ട ഭൂമികളിൽനിന്നും ൧൧൨൪-ൽ പിരിച്ച വെള്ളവരിയുടെ ആകെയുള്ള തുക എത്ര എന്നും,

(ബി) കോതയാർ ജലസേചനപദ്ധതിയിൽപ്പെട്ട ജലസേചനത്തോടുകളുടെ സംരക്ഷണത്തിനായി ൧൧൨൪-ം ൧൧൨൫-ം ചിലവായ പണം ആകെ എത്രയാണെന്നും ഗവണ്മെൻറിൽനിന്നും സദയം പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): (എ) ൧,൬൬,൧൮൯ രൂപാ

(ബി) ൧൯൦൪൨ രൂപാ ൧൧൨൪-ൽ

൧൯൯൬ രൂപാ ൧൧൨൫-ൽ

ചങ്ങനാശേരി-വാഴൂർ റോഡ്.

൨൮൮. മി: വി. ജെ. ഉമ്മൻ (വാണിജ്യവും വ്യവസായവും, വടക്ക്): (൧) താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെന്റിൽ നിന്നും സദയം നൽകുമോ?

(എ) ചങ്ങനാശേരി വാഴൂർ റോഡ് മെററൽചെയ്ത റോഡാണോ എന്ന്

(ബി) ഈ ഭാഗത്തിനുള്ള ചോദ്യം 'അതേ' എന്നാണെങ്കിൽ ആ വഴിയേ ൧൫ യാത്രക്കാരിൽ കൂടുതലുള്ള ബസ്സുകൾകൊണ്ടുപോകുന്നതിനുപെർമിറ്റ് കൊടുത്തുകൂടാ എന്ന പോലീസ്സുകമ്മീഷണർ പൊതുമരാമത്തുഡിപ്പാർട്ടുമെന്റിലേക്ക എഴുതിഅയച്ചിട്ടുണ്ടോ എന്ന്

(സി) മുഴുവൻ റോഡും ഭാരമുള്ള വാഹനങ്ങളുടെ ഗതാഗതത്തിന കൊള്ളാത്തതാണോ എന്ന

(ഡി) (സി) ഭാഗത്തിനുള്ള മറുപടി 'അല്ല' എന്നാണെങ്കിൽ ഏതു ഭാഗം അല്ലെങ്കിൽ ഭാഗങ്ങളാണ് ഭാരമേറിയ വണ്ടികളുടെ ഗതാഗതത്തിന കൊള്ളാത്തത് എന്ന.

൨. ൧൫ യാത്രക്കാരിൽ കൂടുതൽ ഉള്ള ബസ്സുകൾ ആ വഴിയെ ഇപ്പോൾതന്നെ ഗതാഗതം ചെയ്യുന്നുണ്ടെന്നുള്ള വിവരം ഗവണ്മെന്റിന അറിയാമോ?

മി: പി. എസ്. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി): (൧) (എ) അതെ.

൧.(ബി) ഉണ്ട്. പൊതുമരാമത്തു വകുപ്പിനോട് ആലോചിക്കാതെ ഇപ്പോൾ ഉള്ളതിൽ കൂടുതലായി വലിപ്പവും ഭാരവും കൂടിയ ബസ്സുകൾ ഓടിക്കാൻ പുതിയപെർമിറ്റുകൾ കൊടുത്തുകൂടായെന്ന് ചീഫ് എൻജിനിയർ പോലീസ് കമ്മീഷണറെ അറിയിച്ചിട്ടുണ്ട്.

(സി) ഭാരം കൂടുതലും വലിപ്പം കൂടുതലും ഉള്ള ബസ്സുകളുടെ ഗതാഗതം ക്ഷേമകരമല്ലാത്തവിധത്തിൽ ആ റോഡിൽ ഒട്ടേറെ വളവുകൾ ഉണ്ടെന്ന് റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

(ഡി) സി-ഭാഗത്തിലെ മറുപടിക്കുശേഷം ഈ ചോദ്യത്തിന കാരണം ഇല്ല.

൨. (ബി) ഭാഗത്തിനുള്ള മറുപടിക്കുശേഷം ഈ ചോദ്യത്തിന കാരണം ഇല്ല.

അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള നാടാന്മാർ ആദിയായവരുടെ കണക്കുള്ള സ്റ്റേറ്റുമെൻറ്.

൨൮൯. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ൧൧൦൯, ൧൧൧൦, ൧൧൧൧, ഈ ആണ്ടുകളിൽ ൧ മാത്രംപാസ്സും അതിനുമേലും യോഗ്യതയിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള നാടാന്മാരുടെയും ദക്ഷിണതിരുവിതാംകൂർ ക്രസ്ത്യാനികളുടെയും സംഖ്യ എത്രയാണെന്ന ഗവണ്മെൻറിൽ നിന്നും സദയം പറയാമോ?

മി: പി. എൻ കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി): ഡിപ്പാർട്ടുമെൻറിലെ സുപ്പീരിയർ സർവീസിൽ ജോലിക്കായി പരീക്ഷായോഗ്യതയുള്ള യാതൊരു നാടാനും അപേക്ഷിച്ചിട്ടില്ലാത്തതുകൊണ്ട ഒരു നാടാനെയും നിയമിച്ചിട്ടില്ല.

ദക്ഷിണതിരുവിതാംകൂർ ക്രസ്ത്യാനികൾ എന്ന ഒരു ജാതിവിഭാഗത്തെ അംഗീകരിച്ചിട്ടില്ലാത്തതുകൊണ്ട അവരെ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

അനുബന്ധം ൧ ൫.

൨൭൮-ാം നമ്പർ ചോദ്യത്തിനുള്ള മറുപടികൾ.

൧. കുന്നത്തുനാട് പകുതിയിലെ പുത്തൻചോട്ടം [illegible] കുഴിക്കുകയും വീതികൂട്ടുകയും ചെയ്യുന്നകാര്യം

ഈ വേലക്കായിട്ട ൨൨൫൦ രൂപയുടെ ഒരു അടങ്കൽ ഗവണ്മെൻറു അനുവദിച്ചിട്ടുണ്ട്. ഈ വേലക്ക ൨൦൦൦ രൂപാ ഒന്നാം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടും ഉണ്ട്. ഇപ്പോൾ ടെൻഡറുകൾ വിളിച്ചിട്ടുണ്ടെന്നും വേലക്ക ഏർപ്പാടുചെയ്തിട്ടുണ്ടെന്നും ചീഫ് എൻജിനിയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

൨. ചെന്നിത്തല പകുതിയിൽ പറയങ്കരി തോട്ടിന്റെ [illegible] നിന്നും ഒരു പുതിയ തിരുവുതോട് വെട്ടുന്നകാര്യം.

ഈ വേലക്കായി ഒന്നാം ബഡ്ജറ്റിൽ ൨൫൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട്. ഡിവിഷൻ ആഫീസരുടെ അടുക്കൽനിന്നും വേലക്ക ഉള്ള അടങ്കൽ കിട്ടിയിട്ടില്ലെന്നും എന്നാൽ റെവന്യൂ [illegible] ശരിയാക്കേണ്ടതായി ഇല്ലാത്തതുകൊണ്ട അടങ്കൽ തയ്യാറാക്കുന്നതിനു ഇടയായിട്ടില്ലെന്നും ഡിവിഷൻ ആഫീസർ പറഞ്ഞിട്ടുണ്ടെന്നും ചീഫ് എൻജിനിയരുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

൩. തിരുവമ്പാടി പകുതിയിൽ ഉടത്തുംപടി തോട്ടും അതിന്റെ ശാഖയായ നെട്ടോടിതോടും ആഴം വർദ്ധിപ്പിക്കുന്നകാര്യം.

ഈ വേലക്കായിട്ട, ൭൫൨൦ രൂപയുടെ അടങ്കൽ ചീഫ് എൻജിനിയർ അയച്ചിട്ടുണ്ട്. കൃഷിക്കാരിൽ നിന്നും ഇതിനു [illegible] വഴിയുടെ [illegible] ഭൂനികുതിയും ആദായനികുതിയും കമ്മീഷണരുടെ അഭിപ്രായം [illegible]പ്പെട്ടിരിക്കയാണ്.

൪. പന്തളത്തും, കടക്കാട്ടുകര [illegible] നിന്നും തുടങ്ങി കടക്കാട്ടുമുറിയിൽ [illegible], [illegible]ട്ടപ്പുഞ്ച ഇതുകളിൽ തോന്നല്ലൂർ പകുതിയിൽ പുത്തൻ [illegible] ചിറയുംവഴി [illegible] അഭിവൃദ്ധിപ്പെടുത്തുക.

ഈ വേലകളെ സംബന്ധിച്ചു [illegible] കിട്ടിയിട്ടുണ്ടെന്നും ആവശ്യമുള്ള കൂടുതൽ വിവരങ്ങൾ എഴുതിച്ചോദിച്ചിരിക്കുന്നു എന്നും ചീഫ് എൻജിനിയർ റിപ്പോർട്ടുചെയ്തിരിക്കുന്നു.

൫. പെരുവേലിച്ചാലിനു [illegible] തോട്ടു കിടക്കുന്ന പുഞ്ചയിലെ [illegible] വെള്ളം വററിക്കുവാനും വെട്ടിയൂർ തോട്ടു മുതലായവ അഭിവൃദ്ധിയാക്കലും.

ഈ വേലക്ക ഒരു അടങ്കൽ ൨൨൭൦ അനുവദിച്ചിട്ടുണ്ടെന്നും ജോലിതുടങ്ങാൻ ഏർപ്പാടുചെയ്തിട്ടുണ്ടെന്നും ചീഫ് എൻജിനിയരുടെ റിപ്പോർട്ടു വന്നിട്ടുണ്ട്. ഒന്നാംബഡ്ജറ്റിൽ ഈ വേലക്കായി ൨൦൦൦ രൂപാ നീക്കിവച്ചിട്ടുണ്ട്.

൬. ചുനക്കരപകുതിയിൽ പുളച്ചിറമുതൽ ആറാട്ടുകടവു-തെക്കേക്കര [illegible] തോട്ടിനെ കഴിച്ചുവെന്നാക്കുക.

ആറാട്ടുകടവു മുതൽ തൊട്ടിയൂർവരെയുള്ള തോട്ട ഇനിയും ആഴിപ്പെടുത്തേണ്ടതിനെപ്പററി ചീഫ് എൻജിനിയർ വിവരമായ ഒരു റിപ്പോർട്ട അയച്ചിട്ടുണ്ട. അതിനെപ്പററി ഗവൺമെൻറ ആലോചിച്ചു വരുന്നു.

അനുബന്ധം വ ന്ന, (എ).

വ ൬ ൦-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ ഇംഗ്ലീഷ്ശാഖയിൽ വ. ൬ ത്രപായിലും അതിനുമേലും; ഫ൬-൭-ഫഫ൦ഫ (ഇപ്പോഴത്തെ ഇൻസ്പെക്ടർ ചാർജ്ജ് എടുത്ത തിയതി) മുതൽ ഫ-൬-ഫഫ൦൬ വരെ ചെയ്തിട്ടുള്ള നിയമനങ്ങളുടെ വിവരത്തിനു ജാതിതിരിച്ചുള്ള പട്ടിക.

ജാതി	സ്ഥിരം	താൽക്കാലി	ആകെ
ഹിന്തുക്കൾ, ബ്രാഹ്മണർ, മലയാളർ		ഫ	ഫ
ൊ മററു	ന	ൻ	ഫവ
കമ്മാളർ		ഫ	ഫ
നായർ	ര	ഫൻ	വന
വെള്ളാളർ	ഫ	൬	ന്ദ
ക്ഷത്രിയർ		വ	വ
ഈഴവർ		ന	ന
മററുഹിന്ദുക്കൾ		൭	൭
ക്രിസ്ത്യാനികൾ, പ്രാട്ടസ്റ്റൻറ്		ന	ന
റോമൻകാത്തോലിക്ക് (ലത്തീൻ റീത്തു)		ന	ന
റോമൻ കാത്തോലിക്ക് (സുറിയാനി റീത്തു)		വ	വ
മാർത്തോമാ സുറിയാനി ക്രിസ്ത്യാനി		൬	൬
യാക്കോബൈററ് സുറിയാനി ക്രിസ്ത്യാനി		ര	ര
മഹമ്മദീയർ	ര	ഫ	൬
ആകെ	ഫവ	ന്ദ൬	൭൭

അനുബന്ധം വന്ന (ബി).

വ ൬ ൦-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക.

(ഇംഗ്ലീഷ്ഇൻസ്പെക്ടറുടെ കീഴിൽ) വ ൬ ത്രപായും അതിനുമേലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

ജാതി	എണ്ണം
ബ്രാഹ്മണർ (മററു)	നവവ
നാടാർ	ഫ
ഈഴവർ	ന്ദ
കമ്മാളർ	ന്ദ
ക്ഷത്രിയർ	൭
നായർ	ൻ൦
വെള്ളാളർ	ഫ൬
മററുഹിന്ദുക്കൾ	ഫൻ
മഹമ്മദീയർ	ഫ൬
പ്രാട്ടസ്റ്റൻറ് ക്രിസ്ത്യാനികൾ	ഫവ
റോമൻ കാത്തോലിക്കർ (ലത്തീൻറീത്തു)	ഫ
റോമൻ കാത്തോലിക്കർ (സുറിയാനിറീത്തു)	രഫ
യാക്കോബൈററ് സുറിയൻ ക്രിസ്ത്യാനികൾ	നന്ദ
മാർത്തോമാ സുറിയൻ ക്രിസ്ത്യാനികൾ	നന്ദ
മററുക്രിസ്ത്യാനികൾ	വൻ

അനുബന്ധം ൨൧ ഏ.

൨൫൦-ാം ചോദ്യത്തിനുള്ള മറുപടിനോക്കുക.

ഗവൺമെന്റ് പ്രസ്സിലും സെന്റ്രൽപ്രിസൺപ്രസ്സിലും ൧൫ രൂപയും അതിനുമേലും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ വകക്ക ൧൧൦-൧൦൭ ൽ ഇരുന്നക്രമത്തിനു ജാതിതിരിച്ചുള്ള സ്റ്റേറ്റുമെന്റ്.

ഉദ്യോഗത്തിനുള്ള ശമ്പളം	മലയാള ബ്രാഹ്മണർ	മററു ബ്രാഹ്മണർ	ഈഴവർ	കമ്മാളർ	മലയാള ക്ഷത്രിയർ	നാടാർ	നായർ	പുലയർ	വെള്ളാളർ	മററു അധഃകൃത സമുദായങ്ങൾ	മററുഹിന്ദു	മുസൽമാൻ	റോമൻകാത്തോലിക്കർ: ലത്തീൻറീത്ത്	റോമൻകാത്തോലിക്കർ: സുറിയാനി റീത്ത്	പ്രോട്ടസ്റ്റന്റ്	സുറിയാനികൾ: ജാക്കൊബൈററ്	സുറിയാനികൾ: മർത്തോമാ	ഇംഗ്ലീഷ് ചർച്ച്	മററുള്ളവർ
൨൬൦-൨൯/൧-൩൯൦	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧	...
൧൯൦-൧൫-൨൦൦	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	൧	...	...
൧൨൯-൭-൧൯൦	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൨	...
൭൯-൯-൧൦൦	...	൧	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
൬൦-൬-൮൦	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...
൭൦-൯/൨-൯൭	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧	...	...
൪൦-൭/൨-൭൦	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧	...
൪൦-൯/൨-൬൦	...	൧	...	...	...	...	൨	...	...	...	...	...	൧	...	...	...	...	...	...
൩൭-൩/൨-൯൫	...	...	...	...	...	...	...	...	...	...	...	...	൧	...	...	...	...	...	...
൩൭-൩/൨-൯൧	...	൧	...	...	...	...	൧	...	...	...	൧	...	...	...	൧	...	...	൧	...
൨൯-൯/൩-൪൦	...	൧	...	...	...	...	൫	...	...	...	...	...	൧	...	...	...	...	...	...
൪൦ രൂപാ	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...
൩൦-൨-൪൦	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	൧	...
൨൭-൫/൩-൩൭	...	൧	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...
൨൭	...	...	...	൧	...	...	...	...	...	...	൧	...	൧	...	...	...	...	...	...
൨൭-൧-൩൦	...	...	...	൧	...	...	...	...	...	...	...	...	...	...	...	...	...	...	...
൨൦-൨-൩൦	...	...	൧	...	...	...	...	...	...	...	...	...	...	...	...	...	...	...	...
൨൦-൩/൨-൩൫	...	൧	...	...	...	...	...	...	...	...	...	...	...	...	...	...	...	...	...
൨൦-൧-൩൦	...	൩	...	...	...	...	൨	...	...	...	൧	...	...	...	...	...	...	...	...
൨൦-൨/൩-൩൦	...	൩	...	...	...	...	൩	...	...	...	൧	...	...	൧	൧	...	...	...	...
൨൦-൧-൨൭	...	...	൩	...	...	...	൪	...	...	...	൧	...	൨	൧	...	...	...	൧	...
൨൦	...	...	...	...	...	...	...	...	...	...	൧	...	൨	...	...	...	൧	൧	...
൧൬-൧/൨൦	...	...	൧	...	...	...	൧	...	...	...	...	...	...	...	...	...	...	൧	...
൧൭-൧-൨൦	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...
൧൬	...	...	...	൧	...	...	...	...	...	...	...	...	...	...	൧	...	...	...	...
൧൫	...	൧	...	...	...	...	൩	...	...	...	...	...	൧	...	...	...	...	...	...

അനുബന്ധം നം. ൭ ബി.

൨൭൧-ാം നമ്പ്ര ചോദ്യത്തിനുള്ള മറുപടി നോക്കുക.

ഗവണ്മെന്റ പ്രസ്സിലും സെൻട്രൽപ്രിസൺ പ്രസ്സിലും ൧൧൦൩-ലും, ൧൧൦൪-ലും നടത്തിട്ടുള്ള നിയമനങ്ങളുടെ ... ജാതിതിരിച്ചുള്ള പട്ടിക.

ജോലിക്കുള്ള ശമ്പളം	മലയാളി ബ്രാഹ്മണർ	മറ്റു ബ്രാഹ്മണർ	[illegible]	[illegible]	മലയാള ക്ഷത്രിയർ	നാടാർ	നാ. ക്രി.	[illegible]	[illegible]	മറ്റു അധഃകൃത ഹിന്ദുക്കൾ	മുഹമ്മദീയർ	[illegible]	റോമൻകത്തോലിക്കർ: ലത്തീൻ റീത്ത്	റോമൻകത്തോലിക്കർ: സുറിയാനി റീത്ത്	[illegible]	സുറിയാനികൾ: ജാക്കോബൈറ്റ്	സുറിയാനികൾ: മർത്തോമാ	ഇംഗ്ലീഷ് പള്ളി	മറ്റുള്ളവർ	റിമാർക്ക്
൧൧൦൩-ൽ																				പുറമെ നിന്നും ആളുകളെ എടുത്തിട്ടുള്ള അവസരങ്ങളിൽ സ്വീകരിച്ചുവന്ന ക്രമം വെളിവില്ല.
രൂ. ൨൦-൨/൩-൩൦	...	...	...	...	...	...	...	...	...	...	...	...	...	...	...	൨	...	...	...	
൧൩-൧/൨ ൦	...	...	...	...	...	...	...	...	...	...	...	...	...	...	...	...	൧	...	...	
൧൭	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...	
൧൨	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...	
൧൦	...	൨	...	...	...	...	൧	...	൧	...	...	...	൧	...	൧	൨	...	...	...	
൯	...	...	...	...	...	...	...	...	...	...	...	...	൧	...	...	...	...	...	...	
൩	...	...	...	...	...	...	...	...	...	...	...	...	൪	...	...	...	...	...	...	
൧൧൦൪-ൽ																				
രൂ. ൨൦-൧൩൦	...	...	...	...	...	...	൧	...	...	...	...	...	...	൧	...	൧	...	...	...	
൧൪	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	...	...	
൧൨	...	...	...	...	...	...	൧	...	...	...	...	...	...	...	...	...	...	൧	...	
൧൦	...	...	൧	...	...	...	൪	...	...	...	...	...	൨	...	൧	...	...	...	...	
൩	...	...	൧	...	...	...	...	...	...	...	...	൧	...	...	...	...	...	...	...	

അനുബന്ധം ൨൮.

൨൫൨-ാം നമ്പ്ര ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

പോലീസ് ഡിപ്പാർട്ടുമെൻറിൽ ജോലിക്കാരിൽ സ്വദേശങ്ങളിലേക്കു സ്ഥലംമാററപ്പെട്ടിട്ടുള്ളവരുടെ പേരുവിവരം പട്ടിക.

തിരുവനന്തപുരം ഡിസ്ട്രിക്ട്.

ക്രമനമ്പർ	ജനറൽ നമ്പർ	പേര്	സ്ഥലം മാററപ്പെട്ട സ്റ്റേഷൻ
൧	൪൯൪	പത്മനാഭയ്യർ	കോട്ടയ്ക്കകം സ്റ്റേഷൻ
൨	൮൪	സുബ്രഹ്മണ്യയ്യർ	ടി
൩	൧൪൯	ഗോവിന്ദപ്പിള്ള	ടി
൪	൧൯൪	വേലുപ്പിള്ള	ടി
൫	൧൪൦൭	പരമേശ്വരൻപിള്ള	ടി
൬	൧൦൯൫	രാമൻ	ടി
൭	൨൧൫൭	പരമുപിള്ള	ടി
൮	൧൩൨൦	കൃഷ്ണൻ	ടി
൯	൧൩൪൩.	രാമസ്വാമിഅയ്യർ	ടി
൧൦	൧൩൫൩	വെങ്കിടേശ്വരയ്യർ	ടി
൧൧	൧൧൦൭	രാമൻപിള്ള	ടി
൧൨	൧൨൩൭	ശങ്കരയ്യർ	ടി
൧൩	൧൨൮൧	പത്മനാഭപിള്ള	ടി
൧൪	൮൭൬	മാധവൻപിള്ള	ടി
൧൫	൪൭൩	നാരായണപിള്ള	പുത്തൻചന്ത
൧൬	൧൩൧൨	ശ്രീധരൻനായർ	ടി
൧൭	൧൮൯൮	കുഞ്ഞൻ	ടി
൧൮	൧൯൩൪	നാരായണൻ	ടി
൧൯	൧൦൦൫	മസ്താൻ അമീർ	ടി
൨൦	൧൦൨൧	കേശവൻ	ടി
൨൧	൧൨൫൦	വേലുപ്പിള്ള	ടി
൨൨	൮൪൩	പരമേശ്വരൻ പിള്ള	ടി
൨൩	൧൪൨൪	ഗോവിന്ദപ്പിള്ള	ടി
൨൪	൬൦൩	രാമകൃഷ്ണപിള്ള	പാളയം
൨൫	൩൪൦	ഗോപാലപിള്ള	ടി
൨൬	൭൪൬	തോമസ്	ടി
൨൭	൧൫൪൧	മാധവൻപിള്ള	ടി
൨൮	൪൧൦	ശിവരാമപിള്ള	പൂജപ്പുര
൨൯	൩൯൩	ശിവരാമപിള്ള	ടി
൩൦	൧൦൫൯	കൃഷ്ണപിള്ള	ടി
൩൧	൧൦൫൫	ഗോവിന്ദപ്പിള്ള	നേമം
൩൨	൧൧൯൨	പത്മനാഭപിള്ള	ടി
൩൩	൧൦൮൭	മുത്തയ്യൻ	ടി
൩൪	൧൨൨൮	കൃഷ്ണപിള്ള	ടി
൩൫	൪൪൧	കൃഷ്ണപിള്ള	നെയ്യാററിൻകര
൩൬	൪൭൬	നാരായണപിള്ള	ടി
൩൭	൬൦൯	രാമൻപിള്ള	ടി
൩൮	൬൪൭	കേശവൻ	ടി
൩൯	൨൧൩	ഈശ്വരപിള്ള	ടി
൪൦	൩൨൮	പരമേശ്വരൻ പിള്ള	ടി
൪൧	൩൩൫	മാധവൻപിള്ള	ടി
൪൨	൧൧൧൧	അച്യുതൻപിള്ള	ടി
൪൩	൧൬൧൭	മാധവൻപിള്ള	ടി
൪൪	൧൯൩൩	ഗോപാലൻ	ടി
൪൫	൧൯൪൦	കുമാരപിള്ള	ടി
൪൬	൧൧൮൪	കുമാരപിള്ള	ടി
൪൭	൭൧൯	നാരായണൻ ആശാരി	ടി
൪൮	൮൭൨	കേശവപിള്ള	ടി
൪൯	൬൯൫	കുട്ടൻ	നെടുമങ്ങാട്
൫൦	൩൧൨	ഗോപാലൻ	ടി
൫൧	൧൨൬൧	കൃഷ്ണപിള്ള	ടി
൫൨	൧൩൪൮	പരമേശ്വരൻപിള്ള	ടി
൫൩	൧൫൮൬	രാമൻപിള്ള	ടി
൫൪	൧൮൪൦	നാരായണപിള്ള	ടി

അനുബന്ധം (തുടർച്ച).

ക്രമനമ്പർ	ജനറൽ നമ്പർ	പേര്	സ്ഥലം മാറ്റപ്പെട്ട സ്റ്റേഷൻ
		തിരുവനന്തപുരം ഡിസ്ട്രിക്ട് (തുടർച്ച).	
൫൫	൧൨൮൫	വേലായുധൻ	നെടുമങ്ങാട്
൫൬	൧൧൧൦	മാധവൻപിള്ള	ടി
൫൭	൧൧൬൦	പരമേശ്വരൻപിള്ള	ടി
൫൮	൧൨൮൦	ജനാർദ്ദനൻപിള്ള	ടി
൫൯	൯൨൪	ഗോപി	ടി
൬൦	൧൭൭	ഗോവിന്ദൻ	ടി
൬൧	൫൩൩	നാരായണപിള്ള	കാട്ടാക്കട
൬൨	൫൭൭	വേലുപ്പിള്ള	ചിലക്കൂർ
൬൩	൨൭൨	കൊച്ചുകുഞ്ഞുഉണ്ണിത്താൻ	ടി
൬൪	൩൧൧	ഗോപാലപിള്ള	ടി
൬൫	൫൯൭	കൃഷ്ണപിള്ള	ടി
൬൬	൧൪൭൦	നീലകണ്ഠൻ	ടി
൬൭	൧൩൮൩	ഗോപാലപിള്ള	ടി
൬൮	൫൧൧	രാമകൃഷ്ണപിള്ള	ആറ്റിങ്ങൽ
൬൯	൧൩൨൫	അയ്യപ്പൻപിള്ള	ടി
൭൦	൧൭൯൬	വേലായുധൻ	ടി
൭൧	൨൦൩൪	വേലായുധൻപിള്ള	ടി
൭൨	൧൩൬൩	കാതിർമൊയിതീൻ	ടി
൭൩	൧൫൩൮	നാരായണപിള്ള	ടി
൭൪	൧൫൭൭	കേശവപിള്ള	ടി
൭൫	൧൭൩൪	കേശവപിള്ള	ടി
൭൬	൧൭൬൮	ശിവരാമക്കുറുപ്പ്	ടി
൭൭	൧൯൧൯	മാധവൻ പിള്ള	ടി
൭൮	൧൨൬൮	ഗോവിന്ദപ്പിള്ള	ടി
൭൯	൧൭൫൫	ഗോവിന്ദപ്പിള്ള	ടി
൮൦	൬൩൬	ശങ്കരപ്പിള്ള	കഴക്കൂട്ടം
൮൧	൧൨൧	നീലകണ്ഠപ്പിള്ള	ടി
൮൨	൨൮൮	മൈതീൻകുഞ്ഞ്	ടി
൮൩	൧൨൧൨	ഗോവിന്ദപ്പിള്ള	ടി
൮൪	൧൮൮൦	നാരായണപിള്ള	ടി
൮൫	൧൯൨൩	കുഞ്ഞൻപിള്ള	ടി
൮൬	൮൫൦	ഗോവിന്ദപ്പിള്ള	ടി
൮൭	൬൬൨	മാധവൻ പിള്ള	ടി
൮൮	൧൩	നാരായണപിള്ള	ടി
൮൯	൧൬൩൨	അലാവുദീൻ	കോട്ടാർ
൯൦	൧൪൦൦	ഭഗവതി	ടി
൯൧	൧൪൯൯	ഹുസൈൻബെഗ്	ടി
൯൨	൧൬൬൧	പാറു	ടി
൯൩	൧൧൬൨	നല്ലകണ്ണുപിള്ള	ടി
൯൪	൧൨൦൯	അരുണാചലംപിള്ള	ടി
൯൫	൭൪	താണുപിള്ള	എടയാക്കരി
൯൬	൧൪൫൨	പത്മനാഭൻ	ടി
൯൭	൫൮൩	വേലുപ്പിള്ള	തക്കല
൯൮	൨൩൩	പരമേശ്വരൻപിള്ള	ടി
൯൯	൫൯൬	മാധവക്കുറുക്കൾ	ടി
൧൦൦	൬൩൩	രാമകൃഷ്ണപിള്ള	ടി
൧൦൧	൮൧൪	മൈതീൻഖാൻ	ടി
൧൦൨	൬൧൨	വേലായുധൻപിള്ള	ടി
൧൦൩	൧൪൮൮	കൃഷ്ണപിള്ള	ടി
൧൦൪	൨൦൨൯	മാർത്താണ്ഡപ്പിള്ള	ടി
൧൦൫	൪൨൮	നാരായണപിള്ള	ഇരണിയൽ
൧൦൬	൧൬൦	നീലകണ്ഠപ്പിള്ള	ടി
൧൦൭	൬൬൧	മൈതീൻഖാൻ	ടി
൧൦൮	൧൭൭൭	പത്മനാഭൻ	ടി
൧൦൯	൧൮൧൯	അയ്യപ്പൻതമ്പി	ടി
൧൧൦	൧൬൭൨	രാമൻപിള്ള	കുളച്ചൽ
൧൧൧	൧൮൦൫	കേശവപിള്ള	ടി
൧൧൨	൧൫൯൨	ഗോവിന്ദപ്പിള്ള	ടി
൧൧൩	൪൫൮	ഗോവിന്ദപ്പിള്ള	ടി

അനുബന്ധം (തുടർച്ച)

ക്രമനമ്പർ	ജനറൽനമ്പർ	പേര്	സ്ഥലംമാറ്റപ്പെട്ട സ്റ്റേഷൻ
		തിരുവനന്തപുരം ഡിസ്ട്രിക്ട് (അവസാനം)	
൧൧൪	൬൮൬	വേലുപ്പിള്ള	തിരുട്ടൂർ
൧൧൫	൩൬൪	ശിവരാമൻആശാരി	ടി
൧൧൬	൧൦൧൯	മാധവൻപിള്ള	ടി
൧൧൭	൧൩൨൬	നടശിവൻപിള്ള	ടി
൧൧൮	൧൦൨൮	രാമൻപിള്ള	ടി
൧൧൯	൯൦൭	നാരായണപിള്ള	ടി
൧൨൦	൯൩൬	കാളിപ്പിള്ള	ടി
൧൨൧	൨൦൭൯	കൃഷ്ണൻനായർ	ടി
൧൨൨	൫൦൯	കേശവപിള്ള	വിളവംകോട
൧൨൩	൬൫൧	പത്മനാഭപിള്ള	ടി
൧൨൪	൩൧൩	ഗോവിന്ദപ്പിള്ള	ടി
൧൨൫	൭൪൯	പരമേശ്വരൻപിള്ള	ടി
൧൨൬	൮൯൦	നാരായണപിള്ള	ടി
൧൨൭	൯൦൪	നാഗംപിള്ള	ടി
൧൨൮	൯൧൨	കാളിപ്പിള്ള	
൧൨൯	൧൧൧൨	പത്മനാഭൻതമ്പി	ടി
൧൩൦	൧൩൦൭	ഈശ്വരക്കണ്ണു	ടി
൧൩൧	൧൪൮൩	ശിവശങ്കരപ്പിള്ള	ടി
൧൩൨	൧൭൦൫	രാമകൃഷ്ണപിള്ള	ടി
൧൩൩	൧൭൧൫	ഗണേശൻ	ടി
൧൩൪	൧൭൮൧	മാധവൻപിള്ള	ടി
൧൩൫	൧൮൧൦	രാമൻപിള്ള	ടി
൧൩൬	൧൯൬൭	മാധവൻപിള്ള	ടി
൧൩൭	൧൧൬൪	മാധവൻപിള്ള	ടി
൧൩൮	൧൩൫൪	ആശീർവാദം	ടി
		കൊല്ലം ഡിസ്ട്രിക്ട്	
൧൩൯	൧൨൭൯	നാരായണപിള്ള	കൊല്ലംതാലൂക്ക്
൧൪൦	൮൬൮	രാമൻപിള്ള	ടി
൧൪൧	൧൭൭൧	മാധവൻപിള്ള	കൊല്ലം കടവൂർ
൧൪൨	൧൦൦൯	ഗോവിന്ദപ്പിള്ള	പറവൂർ
൧൪൩	൧൯൪൫	നാരായണപിള്ള	ടി
൧൪൪	൬൧൮	കൃഷ്ണപിള്ള	ടി
൧൪൫	൭൮൪	രാഘവൻപിള്ള	ചവറ
൧൪൬	൪൫൯	വേലായുധൻപിള്ള	കരുനാഗപ്പള്ളി
൧൪൭	൮൬൦	കേശവപിള്ള	ടി
൧൪൮	൬൨൪	പരമേശ്വരൻപിള്ള	ടി
൧൪൯	൭൧൨	വേലുപ്പിള്ള	ടി
൧൫൦	൧൩൨൯	ബാലകൃഷ്ണപിള്ള	കൊട്ടാരക്കര
൧൫൧	൧൩൮൪	ആവടയപ്പപിള്ള	ചെങ്കോട്ട
൧൫൨	൫൧൪	മുത്തയ്യാമുതലിയാർ	ടി
൧൫൩	൮൮൧	ഗുരുസപ്പസാഹിബ്	ടി
൧൫൪	൧൦൬൪	മുത്തുസ്വാമിപ്പൻ	ടി
൧൫൫	൧൫൬൮	രംഗസ്വാമിനായിഡു	ടി
൧൫൬	൫൦൬	കനകസഭാപതി	ടി
൧൫൭	൮൦൪	മഹാലിംഗംപിള്ള	ടി
൧൫൮	൧൩൭൧	മുത്തുസ്വാമിനായിഡു	ടി
൧൫൯	൧൫൨൬	രാമയ്യാപിള്ള	ടി
൧൬൦	൧൬൭൯	പരിയനായകംപിള്ള	ടി
൧൬൧	൪൦൬	ഈശ്വരമൂർത്തിപ്പിള്ള	ടി
൧൬൨	൫൭൬	ശിവനച്ചുട്ടി	ടി
൧൬൩	൧൨൫൬	ഷമെദീൻബാച്ചു	ടി
൧൬൪	൬൭൮	രാമലിംഗംപിള്ള	ടി
൧൬൫	൯൨൭	സുബ്ബയ്യാനായിഡു	ടി

അനുബന്ധം (തുടർച്ച)

ക്രമനമ്പർ	ജനറൽനമ്പർ	പേര്	സ്ഥലംമാറ്റപ്പെട്ട സ്റ്റേഷൻ
		കൊല്ലം ഡിസ്ട്രിക്റ്റ് (തുടർച്ച)	
൧൬൬	൯൩൦	ശിവരാമ[illegible]ൻ	ചെങ്കോട്ട
൧൬൭	൯൩൨	മഹമ്മദാലി	ടി
൧൬൮	൧൦൬൦	[illegible]ദേവൻ	ടി
൧൬൯	൧൦൬൬	മുത്തുസ്വാമിദേവൻ	ടി
൧൭൦	൧൧൭൫	സുബ്ബയ്യാദേവൻ	ടി
൧൭൧	൧൧൯൭	ചുടലമുത്തുദേവൻ	ടി
൧൭൨	൧൨൪൭	ഗോപാലകൃഷ്ണൻനമ്പ്യാർ	ടി
൧൭൩	൧൨൭൨	ആനയപ്പപിള്ള	ടി
൧൭൪	൧൭൪൯	മുത്തയ്യൻചെട്ടിയാർ	ടി
൧൭൫	൧൭൬൫	ഷൺമുഖത്തേവൻ	ടി
൧൭൬	൧൩൭൬	വർഗ്ഗീസ്	അടൂർ
൧൭൭	൧൭൧൭	പത്മനാഭപിള്ള	ടി
൧൭൮	൨൦൪൪	മത്തായി	ടി
൧൭൯	൪൨൦	അയ്യാസ്വാമിപ്പിള്ള	പത്തനംതിട്ട
൧൮൦	൪൫൬	കൃഷ്ണപിള്ള	ആറന്മുള
൧൮൧	൧൦൪൬	ഉമ്മൻ	ചെങ്ങന്നൂർ
൧൮൨	൫൪൫	നാരായണപിള്ള	തിരുവല്ല
൧൮൩	൧൨൧൭	ജോൺ	ടി
൧൮൪	൨൩൬	ഗോവിന്ദപ്പിള്ള	ടി
൧൮൫	൭൮൧	കൊച്ചുകുഞ്ഞുപിള്ള	ടി
൧൮൬	൧൩൩൨	നാരായണപിള്ള	ടി
൧൮൭	൧൬൭൦	[illegible]	ടി
൧൮൮	൯൫൬	നീലകണ്ഠപ്പിള്ള	ടി
൧൮൯	൧൧൮൬	മാധവൻപിള്ള	ടി
൧൯൦	൧൩൫൦	അയ്യപ്പൻപിള്ള	ടി
൧൯൧	൧൪൬൨	കൃഷ്ണപിള്ള	ടി
൧൯൨	൧൮൨൪	കൃഷ്ണപിള്ള	ടി
൧൯൩	൧൮൮൧	മാധവൻപിള്ള	ടി
൧൯൪	൧൯൫൭	ഗോപാലപിള്ള	ടി
൧൯൫	൧൯൨൫	നാരായണപിള്ള	ടി
൧൯൬	൫൧൫	വാവാകുഞ്ചി	ടി
൧൯൭	൯൯൬	നാരായണപിള്ള	ടി
൧൯൮	൨൬൯	മാത്തൻ	മാവേലിക്കര
൧൯൯	൧൨൮൯	നാരായണപിള്ള	ടി
൨൦൦	൮൧൫	മാത്തൻ	ടി
൨൦൧	൮൪൦	കുഞ്ഞുകുഞ്ഞു	ടി
൨൦൨	൯൭൮	കേശവപിള്ള	ടി
൨൦൩	൧൪൫൦	കുഞ്ഞൻപിള്ള	ടി
൨൦൪	൧൯൩൮	മാത്തൻ	ടി
൨൦൫	൨൦൨൦	യോഹന്നാൻ	ടി
൨൦൬	൫൭൯	കൃഷ്ണപിള്ള	കായംകുളം
൨൦൭	൧൯൬	മാധവൻപിള്ള	ടി
൨൦൮	൨൨൮	ചെല്ലപ്പൻപിള്ള	ടി
൨൦൯	൪൨൭	അനന്തശേണായി	ടി
൨൧൦	൯൯൫	കൃഷ്ണപിള്ള	ടി
൨൧൧	൨൫൦	പരമേശ്വരൻപിള്ള	ടി
൨൧൨	൨൭൧	സുബ്രഹ്മണ്യപിള്ള	ടി
൨൧൩	൫൧൨	വെങ്കിടാചലംപിള്ള	ടി
൨൧൪	[illegible]	കുഞ്ഞൻ	ടി
൨൧൫	൮൪൮	ശങ്കരപ്പിള്ള	ടി
൨൧൬	൧൫൬൧	രാമസ്വാമിചെട്ടിയാർ	ടി

അനുബന്ധം (തുടർച്ച).

ക്രമനമ്പർ	ജനറൽ നമ്പർ	പേര്	സ്ഥലംമാററപ്പെട്ട സ്റ്റേഷൻ
		കൊല്ലം ഡിസ്ട്രിക്ട് (തുടർച്ച)	
൨൧൭	൯൦൧	കേശവപിള്ള	ഹരിപ്പാട്
൨൧൮	൧൧൮൩	ശങ്കരപ്പിള്ള	ടി
൨൧൯	൩൨൨	വേലായുധൻപിള്ള	ടി
൨൨൦	൩൩൭	ഗോവിന്ദപ്പിള്ള	ടി
൨൨൧	൪൪൭	ചാക്കോ	ടി
൨൨൨	൧൭൩൫	വേലായുധൻപിള്ള	ടി
൨൨൩	൧൮൫൪	നാരായണപിള്ള	ടി
൨൨൪	൪൦൪	വേലായുധൻപിള്ള	ടി
൨൨൫	൭൦൦	രാമൻപിള്ള	ടി
൨൨൬	൧൭൯൬	മത്തായി	ടി
൨൨൭	൨൪൧	കുളത്തുഅയ്യർ	അമ്പലപ്പുഴ
൨൨൮	൮൮൨	കൃഷ്ണൻതമ്പി	ടി
൨൨൯	൧൮൭	സയ്യദ് മഹമ്മദ്	ആലപ്പുഴ
൨൩൦	൧൪൫൯	നാരായണപിള്ള	ടി
൨൩൧	൮൧൯	പളനിയാപിള്ള	ടി
൨൩൨	൧൭൪൦	പത്മനാഭപിള്ള	ടി
൨൩൩	൪൨൧	നീലകണ്ഠപ്പിള്ള	ടി
൨൩൪	൪൭൮	കുമാരപിള്ള	ടി
൨൩൫	൧൭൫൧	മാധവൻപിള്ള	ടി
൨൩൬	൩൪൬	മാധവൻപിള്ള	ടി
൨൩൭	൫൩൯	പരമേശ്വരൻപിള്ള	ടി
൨൩൮	൩൭൬	ഗോപാലൻ	ടി
൨൩൯	൧൩൯൩	വീരരാഘവഅയ്യർ	ടി
		കോട്ടയം ഡിസ്ട്രിക്ട്	
൨൪൦	൪൯	രാമകൃഷ്ണയ്യർ	കോട്ടയ
൨൪൧	൭൮	നാരായണപിള്ള	ടി
൨൪൨	൯൮	കേശവപിള്ള	ആലുവാ
൨൪൩	൧൦൧	രാമൻപിള്ള	പറവൂർ
൨൪൪	൧൭൪	തോമസ്സ്	കോട്ടയം
൨൪൫	൧൯൯	നാരായണപിള്ള	ടി
൨൪൬	൨൩൭	നീലകണ്ഠപിള്ള	പറവൂർ
൨൪൭	൨൬൪	കുഞ്ഞൻപിള്ള	പെരുമ്പാവൂർ
൨൪൮	൨൯൯	കുഞ്ഞുപണിക്കർ	പറവൂർ
൨൪൯	൩൪൯	പരമേശ്വരൻപിള്ള	വൈക്കം
൨൫൦	൩൭൯	നാരായണപിള്ള	പറവൂർ
൨൫൧	൩൮൪	ഗോവിന്ദപ്പിള്ള	ടി
൨൫൨	൩൯൧	ഗോവിന്ദപ്പിള്ള	പെരുമ്പാവൂർ
൨൫൩	൪൦൯	നാരായണപിള്ള	കോട്ടയം
൨൫൪	൪൧൧	വേലുപ്പിള്ള	ചങ്ങനാശ്ശേരി
൨൫൫	൪൧൫	നാരായണപിള്ള	പെരുമ്പാവൂർ
൨൫൬	൪൨൫	കൃഷ്ണപിള്ള	വൈക്കം
൨൫൭	൪൩൯	പരമേശ്വരൻപിള്ള	ആലുവാ
൨൫൮	൪൯൩	പത്മനാഭപിള്ള	ടി
൨൫൯	൫൦൩	വേലുപ്പിള്ള	പെരുമ്പാവൂർ
൨൬൦	൬൨൫	കേശവപിള്ള	വൈക്കം
൨൬൧	൬൮൨	ജോസഫ്	ചേർത്തല
൨൬൨	൬൫൫	പരമേശ്വരൻപിള്ള	ഏറ്റുമാനൂർ
൨൬൩	൬൭൦	അയ്യപ്പൻപിള്ള	ആലുവാ
൨൬൪	൭൧൫	കൃഷ്ണപിള്ള	പറവൂർ
൨൬൫	൭൩൧	നാരായണപിള്ള	ടി
൨൬൬	൭൬൫	വേലുപ്പിള്ള	ചങ്ങനാശ്ശേരി
൨൬൭	൭൬൬	നാരായണപിള്ള	പെരുമ്പാവൂർ

അനുബന്ധം (തുടർച്ച)

ക്രമനമ്പർ	ജനറൽ നമ്പർ	പേര്	സ്ഥലംമാററപ്പെട്ട സ്റ്റേഷൻ
			(കോട്ടയം ഡിസ്ട്രിക്ട് തുടർച്ച)
൨൬൮	൮൦൩	സാക്കറിയാ	കോട്ടയം
൨൬൯	൮൧൨	കൃഷ്ണപിള്ള	ആലുവാ
൨൭൦	൮൩൨	മാധവൻ എളേയിടം	പെരുമ്പാവൂർ
൨൭൧	൮൩൬	അയ്യപ്പൻപിള്ള	തൊടുപുഴ
൨൭൨	൮൬൯	കൃഷ്ണപിള്ള	കോട്ടയം
൨൭൩	൯൦൩	അച്യുതൻപിള്ള	പെരുമ്പാവൂർ
൨൭൪	൯൪൯	കൃഷ്ണപിള്ള	കോട്ടയം
൨൭൫	൯൭[illegible]	ഗോവിന്ദപ്പിള്ള	വൈക്കം
൨൭൬	൧൦൧൦	മാധവൻനായർ	പറവൂർ
൨൭൭	൧൦൨൦	പരമേശ്വരൻപിള്ള	ടി
൨൭൮	൧൦൪൩	വേലുപ്പിള്ള	വൈക്കം
൨൭൯	൧൦൭൦	വക്കി	പെരുമ്പാവൂർ
൨൮൦	൧൦൮൮	കുഞ്ഞുണ്ണിമേനോൻ	പറവൂർ
൨൮൧	൧൦൯൧	ജോസഫ്	വൈക്കം
൨൮൨	൧൧൨൧	കുട്ടിയവിര	കോട്ടയം
൨൮൩	൧൧൨൮	നാരായണപിള്ള	കാഞ്ഞിരപ്പള്ളി
൨൮൪	൧൧൩൪	നാരായണപിള്ള	ചങ്ങനാശേരി
൨൮൫	൧൧൫൬	ഗോപാലപിള്ള	വൈക്കം
൨൮൬	൧൧൮൫	വേലുപ്പിള്ള	കോട്ടയം
൨൮൭	൧൧൯൫	ശങ്കരപ്പിള്ള	ആലുവാ
൨൮൮	൧൨൬൯	കൃഷ്ണപിള്ള	വൈക്കം
൨൮൯	൧൨൭൦	കൃഷ്ണപിള്ള	ആലുവ
൨൯൦	൧൩൩൬	കൃഷ്ണപിള്ള	ചേർത്തല
൨൯൧	൧൩൭൦	രാഘവപിള്ള	പെരുമ്പാവൂർ
൨൯൨	൧൩൯൮	വേലുപ്പിള്ള	മീനച്ചൽ
൨൯൩	൧൪൦൮	പത്മനാഭകർത്താ	പെരുമ്പാവൂർ
൨൯൪	൧൪൧൭	കൃഷ്ണപിള്ള	മീനച്ചൽ
൨൯൫	൧൪൩൦	കേശവപിള്ള	പറവൂർ
൨൯൬	൧൪[illegible]൬	വേലുപ്പിള്ള	പെരുമ്പാവൂർ
൨൯൭	൧൫൧൬	പത്മനാഭപിള്ള	ആലുവാ
൨൯൮	൧൫൨൨	ഗോപാലപിള്ള	പറവൂർ
൨൯൯	൧൫൪൫	ശങ്കരപിള്ള	കോട്ടയം
൩൦൦	൧൫൬൬	രാമവാര്യർ	മൂവാററുപുഴ
൩൦൧	൧൫൯൧	പരമേശ്വരൻപിള്ള	വൈക്കം
൩൦൨	൧൬൦൯	കുഞ്ഞൻപിള്ള	ടി
൩൦൩	൧൬൧൬	കൃഷ്ണപിള്ള	പെരുമ്പാവൂർ
൩൦൪	൧൬൫൨	നാരായണപിള്ള	ടി
൩൦൫	൧൭൯൭	കേശവപിള്ള	ടി
൩൦൬	൧൭൪൪	വേലുപ്പിള്ള	ഏററുമാനൂർ
൩൦൭	൧൭൫൪	കുമാരപിള്ള	ചേർത്തല
൩൦൮	൧൮൦൨	ശങ്കരപിള്ള	പറവൂർ
൩൦൯	൧൮൧൪	കൃഷ്ണപിള്ള	പെരുമ്പാവൂർ
൩൧൦	൧൮൩൪	ശങ്കരപിള്ള	പറവൂർ
൩൧൧	൧൮൪൫	നാരായണപിള്ള	കോട്ടയം
൩൧൨	൧൮൫൩	മാത്തു	ടി
൩൧൩	൧൮൮൮	ശിവരാമപിള്ള	വൈക്കം
൩൧൪	൧൮൬൩	കേശവപിള്ള	മൂവാററുപുഴ
൩൧൫	൧൮൯൩	രാമേശ്വരപ്പണിക്കർ	ചേർത്തല
൩൧൬	൧൯൭൬	മാധവൻപിള്ള	ചങ്ങനാശേരി
൩൧൭	൧൯൮൫	കൃഷ്ണപിള്ള	തൊടുപുഴ
൩൧൮	൧൯൯	ഗോപാലപ്പണിക്കർ	ചേർത്തല

അനുബന്ധം (തുടർച്ച)

ക്രമനമ്പർ	ജനറൽനമ്പർ	പേര്	സ്ഥലംമാററപ്പെട്ട സ്റ്റേഷൻ
		ആയുധം ധരിച്ച റിസർവ്വ് തിരുവനന്തപുരം (തുടർച്ച)	
൩൧൯	൨൦൬൨	രാമൻപിള്ള	തൊടുപുഴ
൩൨൦	൨൧൦൮	വേലായുധൻകർത്താ	പെരുമ്പാവൂർ
൩൨൧	൨൧൧൨	ഗോപാലപിള്ള	ചേർത്തല
൩൨൨	൨൨൫	കൃഷ്ണപിള്ള	മൂവാററുപുഴ
൩൨൩	൩൫൮	ഔപചി	പെരുമ്പാവൂർ
൩൨൪	൫൪൪	കുട്ടൻപിള്ള	വൈക്കം
൩൨൫	൭൨൫	പരമേശ്വരൻപിള്ള	കോട്ടയം
൩൨൬	൮൭൫	കൃഷ്ണൻ	ചേർത്തല
൩൨൭	൮൯൬	ഗോപാലപിള്ള	ചങ്ങനാശേരി
൨൩൮	൧൨൭൫	ശങ്കരപ്പിള്ള	ഏററുമാനൂർ
൩൨൯	൩൬൩	മാത്യു	പെരുമ്പാവൂർ
		തിരുവനന്തപുരത്തുള്ള ആയുധധാരികളായ റിസർവ്വ്ജോലിക്കാർ	
൩൩൦	൨൫	ഗോവിന്ദപിള്ള	തിരുവനന്തപുരം ആയുധം ധരിച്ച റിസർവ്വ്
൩൩൧	൯൩൦	ഗോമതിപ്പിള്ള	
൩൩൨	൮൮൫	ചെല്ലപ്പൻപിള്ള	
൩൩൩	൫൪	ശിവശങ്കരപ്പിള്ള	
൩൩൪	൧൦൨൩	അയ്യപ്പൻപിള്ള	
൩൩൫	൧൫൫൮	വേലപ്പിള്ള	
൩൩൬	൧൪൯൩	നാരായണപിള്ള	
൩൩൭	൧൨൪൩	കേശവൻ	
൩൩൮	൭൩൬	പത്മനാഭപിള്ള	
൩൩൯	൭൭൦	നാരായണപിള്ള	
൩൪൦	൯൯൯	നാരായണൻ	ആയുധംധരിച്ച റിസർവ്വ് തിരുവനന്തപുരം
൩൪൧	൮൨൫	നാരായണപിള്ള	
൩൪൨	൧൦൫൪	മയനർസാ	
൩൪൩	൧൬൩൦	മരീമാസ്	
൩൪൪	൧൦൨൬	നാരായണൻ	
൩൪൫	൧൮൦൭	കൃഷ്ണപിള്ള	
൩൪൬	൯൧൮	ശിവശങ്കരപിള്ള	
൩൪൭	൧൩൯൫	കുഞ്ഞുകൃഷ്ണപിള്ള	
൩൪൮	൧൭൧൮	കുട്ടൻപിള്ള	
൩൪൯	൧൮൯൦	കുട്ടൻ	
൩൫൦	൨൮൧	ജോസഫ്	
൩൫൧	൩൩൧	ശിവശങ്കരപ്പിള്ള	
൩൫൨	൧൪൦൨	ഗോപാലപിള്ള	
൩൫൩	൭൬൪	കൃഷ്ണപിള്ള	
൩൫൪	൧൦൬൫	രാമൻപിള്ള	
൩൫൫	൧൫൪൬	ഭാസ്കരൻതമ്പി	
൩൫൬	൨൬൦	രാഘവൻപിള്ള	
൩൫൭	൧൩൫൯	വാസുദേവൻപിള്ള	
൩൫൮	൭൯൧	രാഘവൻ	
൩൫൯	൪൦	കൃഷ്ണൻ	
൩൬൦	൩൫൦	ഷെയിക്ക്അബൽകാദർ	
൩൬൧	൫൪൦	വേലപ്പിള്ള	
൩൬൨	൧൦൮൪	നാരായണപിള്ള	
൩൬൩	൮൯൭	കൃഷ്ണപിള്ള	
൩൬൪	൬൫൬	പരമേശ്വരൻപിള്ള	
൩൬൫	൧൭൩൧	കുഞ്ഞുകൃഷ്ണപിള്ള	
൩൬൬	൧൯൫൪	നാരായണപിള്ള	

അനുബന്ധം (തുടർച്ച).

ക്രമനമ്പർ	ജനറൽനമ്പർ	പേര്	സ്ഥലംമാററപ്പെട്ട സ്റ്റേഷൻ
		ആയുധംധരിച്ചറിസർവ് തിരുവനന്തപുരം (തുടർച്ച)	
൩൬൭	൧൯൧൬	ശിവരാമപിള്ള	ആയുധംധരിച്ച റിസർവ് തിരുവനന്തപുരം
൩൬൮	൧൯൬൮	കൃഷ്ണപിള്ള	
൩൬൯	൧൩൦൮	കുട്ടൻ	
൩൭൦	൧൯൮൧	രാമസ്വാമി	
൩൭൧	൧൫൩൨	കേശവൻ	
൩൭൨	൨൦൧൩	രാമൻപിള്ള	
൩൭൩	൧൧൨൨	കൊച്ചപ്പൻപിള്ള	
൩൭൪	൨൦൧൨	കൃഷ്ണപിള്ള	
൩൭൫	൭൫൩	കുട്ടൻപിള്ള	
൩൭൬	൨൦൬൩	കൊച്ചപ്പൻപിള്ള	
൩൭൭	൨൦൭൩	കുഞ്ഞുകൃഷ്ണപിള്ള	
൩൭൮	൨൦൭൬	പരമശിവൻ	
൩൭൯	൧൮൫൦	ഗോപാലപിള്ള	
൩൮൦	൧൦൬	കൃഷ്ണപിള്ള	
൩൮൧	൧൬൮൩	മഹമ്മദ് ഷെറീഫ്	
൩൮൨	൧൨൧൮	കൃഷ്ണപിള്ള	
൩൮൩	൧൧൫൯	കൃഷ്ണൻ പണ്ടാരം	
൩൮൪	൧൯൦൮	ജാൺ	
൩൮൫	൧൬൪൧	പരമേശ്വരൻപിള്ള	
൩൮൬	൧൮൪൯	രാമസ്വാമി	
൩൮൭	൧൮൮	പത്മനാഭപിള്ള	
൩൮൮	൧൬൫൬	ചെല്ലപ്പൻപിള്ള	
൩൮൯	൪൫൫	കുഞ്ഞുകൃഷ്ണപിള്ള	
൩൯൦	൫൨൧	കേശവൻനായർ	
൩൯൧	൫൭൧	കുട്ടൻപിള്ള	
൩൯൨	൨൬൬	ശങ്കരൻ	
൩൯൩	൧൨൨	ഹാനീഫാ	
൩൯൪	൧൧൨൬	പത്മനാഭപിള്ള	
൩൯൫	൧൦൭൮	നരസിംഹംപിള്ള	
൩൯൬	൧൩൯൦	പരമേശ്വരൻപിള്ള	
൩൯൭	൧൮൪൧	ഗോവിന്ദൻ	
൩൯൮	൧൯൮൯	ജനാർദ്ദനൻ	
൩൯൯	൧൧൬	രാമൻപിള്ള	
൪൦൦	൨൦൮൫	വേലായുധൻപിള്ള	
൪൦൧	൧൯൫	കുട്ടൻപിള്ള	
൪൦൨	൧൪൧	കൃഷ്ണപിള്ള	
൪൦൩	൧൨൩൯	ആറുമുഖം [illegible]	
൪൦൪	൧൫൭൧	കുമാരപിള്ള	
൪൦൫	൧൮൬൬	ചിന്നയ്യൻ	
൪൦൬	൧൦൨൫	വേലുപിള്ള	
൪൦൭	൧൮൭൧	ചെല്ലപ്പൻ	
൪൦൮	൫൨	സുബ്രഹ്മണ്യയ്യർ	
൪൦൯	൧൮൮൮	നാരായണപിള്ള	
൪൧൦	൨൫൧	ആർ. സുബ്രഹ്മണ്യയ്യർ	
൪൧൧	൬൮൦	രാമകൃഷ്ണപിള്ള	
൪൧൨	൧൯൮൮	പരമേശ്വരൻപിള്ള	

അനുബന്ധം ൨൯. (൨൫൪-ാം നമ്പർ ചോദ്യത്തിനുള്ള മറുപടിനോക്കുക).
വിദ്യാഭ്യാസവകുപ്പിലെ ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക

നമ്പർ	ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാരുടെ പേരുകൾ	ഉദ്യോഗപ്പേര്	ജാതി
	൧ ഇംഗ്ലീഷ്ശാഖ		
൧	മി: യു. രാമകൃഷ്ണ കക്കിലായ ബി. എ. എൽ. ടി.	ഇംഗ്ലീഷ് സ്കൂളുകളുടെ ഇൻസ്പെക്ടർ	ബ്രാഹ്മണൻ (മലയാള)
൨	മി: അയിപ്പ് മത്തായി ബി. എ. എൽ. ടി	ടി അസിസ്റ്റൻറ് ഇൻസ്പെക്ടർ, കോട്ടയം	മാർത്തോമാ സിറിയൻ ക്രിസ്ത്യൻ
൩	മി: കെ. വി. ചാണ്ടി ബി. എ. എൽ. ടി.	ടി ടി തിരുവനന്തപുരം	ജാക്കോബൈററ് സിറിയൻ ക്രിസ്ത്യൻ
൪	മി: പി. എസ്. ശിവസ്വാമി അയ്യർ ബി. എ. എൽ. ടി.	ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടരുടെ പേഴ്സണൽ അസിസ്റ്റൻറ്	ബ്രാഹ്മണൻ (മററ)
	൨. നാട്ടുഭാഷ (ബാലന്മാരുടെശാഖ)		
൧	മി: എം. പി. കൃഷ്ണൻനമ്പ്യാർ	നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടർ ഉദ്യോഗം ചാർജ്	നായർ
൨	മി: ടി. എസ്. ശങ്കരരാമയ്യാ	നാട്ടുഭാഷാവിദ്യാലയങ്ങളുടെ അസിസ്റ്റൻറ് ഇൻസ്പെക്ടർ ൧-ാം ഡിസ്ട്രിക്ട് നാഗർകോവിൽ	ബ്രാഹ്മണൻ (മററ)
൩	മി: ആർ. കൃഷ്ണസ്വാമി അയ്യർ	ടി ൨-ാം ഡിസ്ട്രിക്ട് തക്കല	"
൪	മി: എസ്. നാരായണയ്യർ	ടി ൩-ാം ഡിസ്ട്രിക്ട് കഴിത്തുറ	"
൫	മി: ഇ. ഐ. ചാക്കോ	ടി ൪-ാം ഡിസ്ട്രിക്ട് നെയ്യാററിങ്കര	മാർത്തോമാ സിറിയൻ ക്രിസ്ത്യൻ
൬	മി: പി. എം. സുബ്രഹ്മണ്യയ്യർ	ടി ൫-ാം ഡിസ്ട്രിക്ട് തിരുവനന്തപുരം	
൭	മി: എം. രാമയ്യർ	ടി ൬-ാം ഡിസ്ട്രിക്ട് ആററിങ്ങൽ	ബ്രാഹ്മണൻ
൮	മി: കെ. ഐ. ജാർജ്	നാട്ടുഭാഷാവിദ്യാലയങ്ങളുടെ അസിസ്റ്റൻറ ഇൻസ്പെക്ടർ ൭-ാം ഡിസ്ട്രിക്ട് നെടുമങ്ങാട്ട്	മാർത്തോമാസിറിയൻ ക്രിസ്ത്യൻ
൯	മി: എസ്. പരമേശ്വരഅയ്യർ	ടി ൮-ാം ഡിസ്ട്രിക്ട് ആററിങ്ങൽ	ബ്രാഹ്മണൻ (മററ)
൧൦	മി: കെ. നാണുപിള്ള	ടി ൯-ാം ടി കൊല്ലം	നായർ
൧൧	മി: കെ. കേരളവർമ്മതമ്പാൻ ബി. എ. എൽ. ടി	ടി ൧൦-ാം ടി കായംകുളം	മററഹിന്ദു
൧൨	മി: എ. ശങ്കുണ്ണിമേനോൻ ബി. എ. എൽ. ടി	ടി ൧൧-ാം ടി മാവേലിക്കര	നായർ
൧൩	മി: ഇ. എം. വർക്കി ബി. എ, എൽ. ടി	ടി ൧൨-ാം ടി പത്തനംതിട്ട	മാർത്തോമസിറിയൻ ക്രിസ്ത്യൻ
൧൪	മി: ടി. താമസ്മത്തായി ബി. എ. എൽ. ടി	ടി ൧൩-ാം ടി ചെങ്ങന്നൂർ	ജാക്കോബൈററ് സിറിയൻ ക്രിസ്ത്യൻ
൧൫	മി: കെ. കുഞ്ഞുകൃഷ്ണക്കുറുപ്പ് ബി. എ. എൽ. ടി	ടി ൧൪-ാം ടി തിരുവല്ല	നായർ
൧൬	മി: സി. വി. മുത്തുപ്പിള്ള ബി. എ. എൽ. ടി	ടി ൧൫-ാം ടി ആലപ്പുഴ	വെള്ളാളൻ
൧൭	മി: പി. ജി. വിശ്വനാഥഅയ്യർ ബി. എ. എൽ. ടി	ടി ൧൬-ാം ടി വൈക്കം	ബ്രാഹ്മണൻ (മററ)
൧൮	മി: വി. കെ. ഫിലിപ്പ് ബി. എ. എൽ. ടി	ടി ൧൭-ാം ടി കോട്ടയം	ജാക്കോബൈററ് സിറിയൻ ക്രിസ്ത്യൻ
൧൯	മി: പി. ടി. [illegible] (ബി. എ. ഓണേഴ്സ്)	ടി ൧൮-ാം ടി ചങ്ങനാശ്ശേരി	മാർത്തോമാസിറിയൻ ക്രിസ്ത്യൻ
൨൦	മി: വി. രാമകൃഷ്ണപിള്ള എം. എ. എൽ. ടി	ടി ൧൯-ാം ടി പാലാ	നായർ
൨൧	മി: ആർ. കൃഷ്ണസ്വാമി അയ്യർ ബി. എ. (ഓണേഴ്സ്) എൽ. ടി	ടി ൨൦-ാം ടി മൂവാററുപുഴ	ബ്രാഹ്മണൻ (മററ)
൨൨	മി: എ. കെ. ഏബ്രഹാം ബി. എ. എൽ. ടി	ടി ൨൧-ാം ടി ആലുവാ	മാർത്തോമാ സിറിയൻ ക്രിസ്ത്യൻ
൨൩	മി: എസ്. മഹമ്മദ് സുലൈമാൻ ബി. എ.	മുഹമ്മദീയൻ സ്കൂൾ ഇൻസ്പെക്ടർ	മുസൽമാൻ
൨൪	മി: എം. ആർ. കൃഷ്ണവാര്യർ	നാട്ടുഭാഷാ വിദ്യാലയങ്ങളുടെ ഇൻസ്പെക്ടരുടെ പേഴ്സണൽ അസിസ്റ്റൻറ്	മററഹിന്ദു

അനുബന്ധം ൨൯- (൨ ൫ ൪-ാം നമ്പ്ര ചോദ്യത്തിനുള്ള മറുപടിയോടുകൂടി)
വിദ്യാഭ്യാസ വകുപ്പിലെ ഇൻസ്പെക്റ്റിംഗ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക

നമ്പർ	ഇൻസ്പെക്റ്റിംഗ് ഉദ്യോഗസ്ഥന്മാരുടെ പേരുകൾ	ഉദ്യോഗപ്പേര്	ജാതി
	൩. പെൺപള്ളിക്കൂടം ശാഖ		
൧	മിസ്. ഇ. സി കാര്യപ്പിററ് എം. എ. എൽ. റി	പെൺപള്ളിക്കൂടം ഇൻസ്പെക്റ്റ്രസ (അവധിയിൽ)	ആംഗ്ലോ ഇൻഡ്യൻ
	മിസ്. എം. ഐ. റോസ്മീയർ ബി. എ. എൽ. റി	ആക്റ്റിംഗ് ഇൻസ്പെക്റ്റ്രസ് (പെൺപള്ളിക്കൂടം)	ടി
൨	മിസ്. എമിലി. ജാൺ	അസിസ്റ്റൻറ് ഇൻസ്പെക്റ്റ്രസ് ടി ൧-ാം ഡിസ്റ്റ്രിക്റ്റ് നാഗർകോവിൽ	റോമൻ കത്തോലിക് (ലത്തീൻറീത്തു)
൩	ശ്രീമതി. കെ. ഭാഗീരഥിഅമ്മ	ടി ൨-ാം ഡിസ്റ്റ്രിക്റ്റ് (അവധിയിൽ തിരുവനന്തപുരം)	നായർ
൪	മിസ്. ചാച്ചിതോമസ് ബി. എ. എൽ. റി	ടി ൩-ാം ഡിസ്റ്റ്രിക്റ്റ് കൊല്ലം	പ്രാട്ടസ്റ്റൻറ് ക്രിസ്ത്യൻ
൫	ശ്രീമതി കെ. ചിന്നമ്മ	ടി ൪-ാം ഡിസ്റ്റ്രിക്റ്റ് തിരുവല്ലാ	നായർ
൬	മിസ്. മീനാമാത്യു ബി. എം. എൽ. റി	ടി ൫-ാം ഡിസ്റ്റ്രിക്റ്റ് കോട്ടയം ആലുവാ	മാർത്തോമാ സിറിയൻ ക്രിസ്ത്യൻ
൭	ശ്രീമതി കെ. ലക്ഷ്മിഅമ്മ	ടി ൬-ാം ടി ആലുവാ	നായർ
൮	മിസ്. തിരിസിയജോസഫ് ബി. എ. എൽ. റി	ടി പെൺപള്ളിക്കൂടം ഇൻസ്പെക്റ്റ്രസ്സിൻറെ പെഴ്സണൽ അസിസ്റ്റൻറ	റോമൻകത്തോലിക് സിറിയൻ ക്രിസ്ത്യൻ

അനുബന്ധം ൩൦.

൨൬൨-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

പോലീസ് ഇൻസ്പെക്ടർമാരുടെ ജാതിതിരിച്ചുള്ള

പട്ടിക.

൧. ഹിന്ദുക്കൾ.

	ബ്രാഹ്മണർ	(മലയാളം)	൧
	ടി	(മററ)	൧൯
	ഈഴവർ		൭
	കമ്മാളർ		,,
	ക്ഷത്രിയർ.		,,
	നായർ		൨൪
	പുലയർ		,,
	മററഅധഃകൃതവർഗ്ഗക്കാർ		,,
	വെള്ളാളർ		൩
	മററ ഹിന്ദുക്കൾ		൫
൨. മുസൽമാൻമാർ.			൩
൩. ക്രിസ്ത്യാനികൾ.			
	(൧) പ്രാട്ടസ്റ്റൻറ (എൽ-എം-എസ്)		൧
	(൨) റോമൻകത്തോലിക്കർ		
	(എ) ലത്തീൻറീത്തു		,,
			൫
	(ബി) സിറിയക്ക്റീത്തു		൧
	(൩) സുറിയാനികൾ		
	(എ) ജക്കോബൈററ്		,,
			൬
	(ബി) മാർത്തോമാ		,,
	(൪) ഇംഗ്ലീഷ് ചർച്ച് പ്രാട്ടസ്റ്റൻറ്		,,
			൪
	ആകെ.		൪൦

(പ്രൊബേഷണറി ഇൻസ്പെക്ടർമാർ ഉൾപ്പെടെ)

അനുബന്ധം ൩൧.

൨൩-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

എക്സൈസ് വകുപ്പിലെ ഇൻസ്പെക്ടർമാരുടെ ജാതിതിരിച്ചുള്ള പട്ടിക.

൧. ഹിന്ദുക്കൾ.

൧.	ബ്രാഹ്മണർ (മലയാളി)	ഇല്ല.
൨.	ടി മററു	൧൨.
൩.	ഈഴവർ	൩
൪.	കമ്മാളർ	ഇല്ല
൫.	ക്ഷത്രിയർ (മലയാളി)	ടി
൬.	നാടാർ	ടി
൭.	നായർ	൨൪
൮.	പുലയർ	ഇല്ല
൯.	വെള്ളാളർ	[illegible]
൧൦.	മററു അധഃകൃതവർഗ്ഗക്കാർ	ഇല്ല
൧൧.	മററു ഹിന്ദുക്കൾ	൩

൨. മുസൽമാൻമാർ. ൩

൩. കൃസ്ത്യാനികൾ.

൧.	പ്രാട്ടസ്റ്റൻറ്	
൨.	റോമൻകത്തോലിക്കർ	൨
	(എ) ലത്തീൻറീത്തുകാർ	൧
	(ബി) സുറിയാനിറീത്തുകാർ	ഇല്ല
൩.	സുറിയാനികൾ	
	(എ) ജാക്കോബൈറ്റ്	ഇല്ല
	(ബി) മാർത്തോമാ	൧
൪.	ഇംഗ്ലീഷ് ചർച്ച്	൧
	ഒഴിവ്	൨
	ആകെ	[illegible]

അനുബന്ധം ൩൨.

൨൩-ാം നമ്പർ ചോദ്യത്തിനുള്ള മററു മറുപടി നോക്കുക.

വാട്ടർവർക്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ആഫീസിൽ ഉദ്യോഗം കയ്യേററതുമുതൽ നടത്തിയിട്ടുള്ള നിയമനങ്ങളുടെ വകജാതിതിരിച്ചുള്ള പട്ടിക.

	ഓവർസീയർ	സബ് ഓവർസീയർ	അസിസ്റ്റൻറ് ഡ്രാഫ്ട്സ്മാൻ	ഡ്രസർ	ക്ലാർക്ക്	ശിപായി	
൧. ഹിന്ദുക്കൾ							
ബ്രാഹ്മണർ (മലയാളർ)	...	...	...	...	...	൧	
ടി (മററു)	...	...	...	...	൩	...	
ഈഴവർ	...	...	...	...	൧	൧	
ക്ഷത്രിയർ	...	...	...	...	...	൧	എല്ലാം താല്ക്കാലിക നിയമനങ്ങളാണ്.
നായർ	...	...	...	...	...	൧൩	
വെള്ളാളർ	...	...	...	...	൨	...	
മററു ഹിന്ദു	...	...	...	...	...	൧	
൨. മുസൽമാൻ	...	...	...	...	൧	...	
൩. കൃസ്ത്യാനികൾ							
പ്രാട്ടസ്റ്റൻറ്	...	...	...	...	...	...	
റോമൻകത്തോലിക്കർ							
(൧) ലത്തീൻറീത്തു	...	...	...	...	...	...	
(൨) സുറിയാനിറീത്തു	...	...	...	...	...	...	
സിറിയാനികൾ							
൧. ജാക്കോബൈററ്	...	...	...	...	...	...	
൨. മാർത്തോമാ	...	...	...	...	൨	...	
ഇംഗ്ലീഷ് ചർച്ച്			...	...	...		

നോട്ട്:—മററു സ്ഥലങ്ങളിൽ സ്ഥിരമായവനമുള്ളവരും ഈ ഡിവിഷനിൽ താൽക്കാലിക നിയമനങ്ങളിൽ സ്ഥലം മാററപ്പെട്ടിട്ടുള്ളവരും ആയ ജീവനക്കാരെ ഈ പട്ടികയിൽ കൊള്ളിച്ചിട്ടില്ല.

അനുബന്ധം ൩൩.

൨൭൭-ാംനമ്പർ ചോദ്യത്തിനുള്ള മറുപടിയോടൊക്കുക.

പോലീസ് ഹെഡ്ക്വാർട്ടർ ആഫീസിലെ അക്ടിംഗ് ക്ലാക്കുകളുടെ പട്ടിക.

ക്രമനമ്പർ	പേര്	പരീക്ഷായോഗ്യത	ജാതി	റിമാർക്ക്
൧	ടി. പി. വർഗ്ഗീസ്	ബി. എ.	മാർത്തോമാ സിറിയൻക്രിസ്ത്യൻ	
൨	സി. ജെ. തോമസ്	ബി. [illegible]	കത്തോലിക്കാസിറിയൻക്രിസ്ത്യൻ	
൩	എം. കൃഷ്ണപിള്ള	ബി. എ. (ഓണേഴ്സ്)	വെള്ളാളൻ	
൪	കെ. കൃഷ്ണൻനായർ	ബി. എ. ഒന്നാംഭാഗം	നായർ	
* ൫	ജി. മാധവൻപിള്ള	എസ്. എസ്. എൽ. സി.	,,	
* ൬	കെ. പി. സുബ്രഹ്മണ്യഅയ്യർ	എസ്. എസ്. എൽ. സി. യും [illegible] ടൈപ്പ്റൈറ്റിം	ബ്രാഹ്മണൻ	
൭	ജി. ശേഖരൻ	ബി. എ.	[illegible]	
൮	പി. കെ. മാധവൻപിള്ള	ബി. എ.	നായർ	
൯	സിൽവസ്റ്റർ	പട്ടാളത്തിൽ [illegible]	റോമൻകത്തോലിക്ക് (ലത്തീൻ) ക്രിസ്ത്യൻ	
‡* ൧൦	എസ്. ഗണേശഅയ്യർ	എസ്. എസ്. എൽ. സി. യും ടൈപ്പ്റൈറ്റിംഗും	ബ്രാഹ്മണൻ	
൧൧	ഹരിഹരപുത്രൻ	,,	[illegible]	
+ ൧൨	ടി. കെ. ഗോവിന്ദപ്പിള്ള	എസ്. എസ്. എൽ. സി	നായർ	
+ ൧൩	കെ. ഒ. ജോസഫ്	ബി. എ.	കത്തോലിക്ക് സിറിയൻ ക്രിസ്ത്യൻ	
+ ൧൪	കെ. സുകുമാരൻ	ബി. എ.	ഈഴവൻ	
൧൫	പി. കെ. ഉമ്മൻ	ബി. എ.	മാർത്തോമാ സിറിയൻക്രിസ്ത്യൻ	

നോട്ട്:— ഹെഡ്ക്വാർട്ടർ ആഫീസിൽ യാതൊരു അക്ടിംഗ് ക്ലാക്കിനെയും ഇപ്പോഴത്തെ ഡയറക്ടർ സ്ഥിരപ്പെടുത്തിയിട്ടില്ല.

* മുൻപിലത്തെ കമ്മീഷണരുടെ കാലത്തു അക്ടിംഗ് ആയിരുന്ന ഈ ക്ലാക്കുകൾ ഇപ്പോഴും അക്ട് ചെയ്യുന്നു.

+ മുമ്പിലത്തെ കമ്മീഷണരുടെ കാലത്തു അക്ടിംഗ് നിയമനം ഉണ്ടായിരുന്ന ഈ ക്ലാക്കുകളെയും ഇപ്പോഴത്തെ ഡയറക്ടർ ആ ക്ലാക്കുകളായി നിയമിച്ചിട്ടുണ്ട്. എന്നാൽ അവർ ഇപ്പോൾ അക്ട്ചെയ്യുന്നില്ല.

അനുബന്ധം ൩൪.

൨൭൪-ാം നമ്പർ ചോദ്യത്തിനുള്ള മറുപടി നോക്കുക.

പോലീസ് കമ്മീഷണരുടെ ആഫീസിലുള്ള ക്ലാർക്കുകളുടെ പട്ടിക.

ക്രമനമ്പർ	പേര്	സ്ഥിരമായവണ്ണമോ തല്ക്കാലമായിട്ടോ ആക്ടിംഗോ എന്ന്	ജാതി	എത്രവർഷത്തെ സർവീസുണ്ടെന്ന്	പരീക്ഷായോഗ്യത	റിമാർക്ക്
	൭൫-൫-൨൦൦ രൂപായിൽ ക്ലാർക്കന്മാർ ൪					
൧	ടി. ആർ. നമ്പിഅയ്യങ്കാർ ഹെഡ്ക്ലാർക്ക്	സ്ഥിരം	ബ്രാഹ്മണൻ	൨൩	ബി. എ. പരീക്ഷയും ബി. എൽ. കോഴ്സും അക്കൗണ്ട് ടെസ്റ്റും	മോട്ടോർസെക്ഷനിൽ ഹെഡ്ക്ലാർക്കായി ൭൫-൫-൨൦൦ രൂപയുള്ള തല്ക്കാല ലാവണത്തിൽ ജോലിചെയ്യുന്നു
൨	ടി. കെ. വേലായുധൻപിള്ള ടി	ആക്ടിംഗ്	നായർ	൨൩	ലോവർ സെക്കണ്ടറിപരീക്ഷ	
൩	കെ. പി. ശ്രീനിവാസയ്യങ്കാർ ഹെഡ്അക്കൗണ്ടന്റ്	സ്ഥിരം	ബ്രാഹ്മണൻ	൨൦	മെട്രിക്കുലേഷൻ അക്കൗണ്ട്ടെസ്റ്റ് ഹയർ ഗ്രേഡ് തിരുവിതാംകൂർ സ്പീഡ് ഷിപ്പ് പരീക്ഷ	
൪	പി. എൻ. അനന്തരാമയ്യർ സ്റ്റോർകീപ്പർ	ടി	ടി	൨൭	മെട്രിക്കുലേഷൻ സ്റ്റേഷൻ ആഫീസർ പരീക്ഷ അക്കൗണ്ട് ടെസ്റ്റ്	
	൪൪-൫/൨-൭൦ രൂപായിൽ ക്ലാർക്കന്മാർ ൪					വേറെ ജോലി
൧	ടി. കെ. വേലായുധൻപിള്ള	ടി	നായർ	...	... ...	ടി
	കെ. രാമൻ മേനോൻ	ആക്ടിംഗ്	ടി	൨൩	സ്റ്റേഷൻ ആഫീസർപരീക്ഷ	മുകളിൽപറഞ്ഞ ഒഴിവിൽ ആക്ട്ചെയ്യുന്നു
	ജി. മാധവൻപിള്ള	ടി	ടി	൪൩	ഇന്റർമീഡിയറ്റിൽ ഒരു ഭാഗം	
൨	എസ്. ഗോപാലയ്യർ	സ്ഥിരം	ബ്രാഹ്മണൻ	൨൧	മെട്രിക്കുലേഷൻ ഹാൻഡ് റൈറ്റിംഗും ചിത്രലേഖനം അക്കൗണ്ട് ടെസ്റ്റും	അവധിയിൽ
	ആർ. ശേഖരൻ	ആക്ടിംഗ്	ഈഴവൻ	൩	ബി. എ.	ഇതിനുമുകളിൽപറഞ്ഞ ഒഴിവിൽ ആക്ട്ചെയ്യുന്നു
	കെ. ഗോവിന്ദൻ	സ്ഥിരം	ടി	൩	ബി. എ.	
	പി. കൊച്ചുകൃഷ്ണപിള്ള	തല്ക്കാലികം	നായർ	൧൪	എസ്. എസ്. എൽ. സിയും അക്കൗണ്ട്ടെസ്റ്റും	
	൨൫-൧/൩-൪൦ രൂപായിൽ ക്ലാർക്കന്മാർ ൧൭					
൧	പി. കൊച്ചുകൃഷ്ണപിള്ള	സ്ഥിരം	ടി	...	... ...	വേറെജോലിയിൽ
	കെ. ജെ. സക്കറിയാ	ആക്ടിംഗ്	ക്രിസ്ത്യൻ	൧.൩	എസ്. എസ്. എൽ. സിയും അക്കൗണ്ട് ടെസ്റ്റും	കോട്ടയംഡിസ്ട്രിക്ട്പോലീസ് ആഫീസിൽ ൨൦-൩൦ രൂപാ സ്ഥിരലാവണം
൨	കെ. അയ്യപ്പൻപിള്ള	സ്ഥിരം	നായർ	൨൩	മെട്രിക്കുലേഷൻ സ്റ്റേഷൻ ആഫീസർപരീക്ഷ പ്ലീഡർഷിപ്പ് അക്കൗണ്ട്ടെസ്റ്റ്	
	എ. സിൽവസ്റ്റർ	ആക്ടിംഗ്	റോമൻകത്തോലിക് ക്രിസ്ത്യൻ	൨ മാസം	പട്ടാളത്തിൽ സേവിച്ചു	

അനുബന്ധം ൩൪ (തുടർച്ച).

ക്രമ നമ്പർ	പേര്	സ്ഥിരമായവണമോ താല്ക്കാലികമായോ ആക്ടിങ്ങോ എന്ന്	ജാതി	എത്ര വർഷത്തെ സർവീസ് ഉണ്ടെന്ന്	പരീക്ഷായോഗ്യത	റിമാർക്ക്
൩	എ. എൽ. വിശ്വനാഥ്	സ്ഥിരം	വെള്ളാളൻ	൨൧	മജിസ്ട്രേറ്റ് ലോവർ സെക്കണ്ടറിയും സ്റ്റേഷൻആഫീസർ പരീക്ഷയും അക്കൌണ്ട് ടെസ്റ്റും	
൪	എ. അരുണാചലംപിള്ള	ടി	വെള്ളാളൻ	൨൬	സ്റ്റേഷൻ ആഫീസർ പരീക്ഷ, ലോവർസിക്കളിലും ജയിച്ച ലോവർസെക്കണ്ടറി	
൫	ആർ. ചെല്ലമയ്യർ	ടി	ബ്രാഹ്മണൻ	൨൩		
൬	ജി. പി. നാലകണ്ഠപ്പിള്ള	ടി	നായർ	൧൭	മട്രിക്കുലേഷനും അക്കൌണ്ടുടെസ്റ്റും	കൊല്ലം ഡിസ്ട്രിക്ട് പോലീസു ആപ്പീസിൽ ഹെഡ് അക്കൌണ്ടന്റായി ൩൦ രൂ ശമ്പളയിൽ സ്ഥിരമാവണം എന്നും സ്വീകരിച്ചിരി
	കെ. പി. സുബ്രഹ്മണ്യയ്യർ	ആക്ടിങ്ങ്	ബ്രാഹ്മണൻ	൧൧	എസ്. എസ്. എൽ. സിയു. അക്കൌണ്ടുടെസ്റ്റും	
൭	എ. വേലായുധൻപിള്ള	സ്ഥിരം	നായർ	൨൩		
൮	ആർ. വെങ്കിട്ടരാമയ്യർ	ടി	ബ്രാഹ്മണൻ	൧൯	മിഡിൽസ്കൂളും ക്ലാസിൽ വിദ്യാഭ്യാസപ്പെട്ട പരിശീലനവും	
൯	എ. എസ്. ആറുമുഖംപിള്ള	ടി	വെള്ളാളൻ	൧൮	ടൈപ്പ്റൈറ്റിങ്ങ് പരീക്ഷ	
൧൦	ജി. യജ്ഞമയ്യർ	ടി	ബ്രാഹ്മണൻ	൧൭	അക്കൌണ്ടുടെസ്റ്റ്	
	പി. കെ. മാധവൻപിള്ള	ആക്ടിങ്ങ്	നായർ	...	ബി. എ.	
൧൧	എസ്. ആളുവാൺ	സ്ഥിരം	മഹമ്മദീയൻ	൧൭	എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുകാരൻ	
൧൨	കെ. എസ്. അരുണാചലംപിള്ള	ടി	വെള്ളാളൻ	൧൪	എസ്. എസ്. എൽ. സിയും പ്ലീഡർഷിപ്പും	
൧൩	എൻ. ഗോപാലക്കുറുക്കൾ	താൽക്കാലികം	ക്ഷത്രിയ	൬	ഇന്റർമീഡിയേറ്റും പ്ലീഡർഷിപ്പും അക്കൌണ്ടുടെസ്റ്റും	സ്ഥിരമാവണം പെരുമ്പാവൂർ അസിസ്റ്റന്റു സൂപ്രണ്ടാപ്പീസിൽ ൨൦-൩൦ സ്കെയിലിൽ
൧൪	ടി. ടി. വർഗ്ഗീസ്	ടി	ക്രിസ്ത്യൻ	൪ മാസം	ബി. എ.	
൧൫	സി. ജെ. തോമസ്	ടി	ടി	൩ മാസം	ബി. എ.	
൧൬	എം. കൃഷ്ണപിള്ള	ടി	വെള്ളാളൻ	൩ മാസം	ബി. എ. (ആണേഴ്സ്)	
൧൭	കെ. കൃഷ്ണൻനായർ	ടി	നായർ	൨ മാസം	ബി. എ. യിൽ ഒരുഭാഗം	

അനുബന്ധം നം.

൨൭൯-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരക്കുറിപ്പ്.

൧൧൦൩, ൧൧൦൪, ൧൧൦൫, ഈ ആണ്ടുകളിൽ ൧൫ രൂപായും അതിനു മേലും ശമ്പളത്തിൽ രജിസ്ട്രേഷൻഡിപ്പാർട്ടുമെന്റിൽ നിയമിച്ചിട്ടുള്ള നാടാന്മാരുടെയും ദക്ഷിണതിരുവിതാംകൂർ ക്രിസ്ത്യാനികളുടെയും എണ്ണത്തെക്കുറിക്കുന്ന പട്ടിക.

ആണ്ട്	ഹിന്ദുനാടാന്മാർ		ദക്ഷിണതിരുവിതാംകൂർ ക്രിസ്ത്യാനികൾ	
	൧൫ രൂപാശമ്പളത്തിലുള്ളവരുടെ എണ്ണം	൨൦ രൂപാശമ്പളത്തിലുള്ളവരുടെ എണ്ണം	൧൫ രൂപാശമ്പളത്തിലുള്ളവരുടെ എണ്ണം	൨൦ രൂപാശമ്പളത്തിലുള്ളവരുടെ എണ്ണം
൧൧൦൩	ഇല്ല	൧	൩	ഇല്ല
൧൧൦൪	൧	ഇല്ല	൨	ഇല്ല
൧൧൦൫	ഇല്ല	ഇല്ല	൪	ഇല്ല

സഭയുടെ നടപടി മാറ്റിവയ്ക്കുന്നതിനുള്ള പ്രമേയങ്ങൾ.

അത്യാവശ്യമായ ഒരു പൊതുകാര്യത്തെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി സഭയുടെ നടപടിയെ മാറ്റിവയ്ക്കണമെന്നുള്ള ഒരു പ്രമേയത്തെ മി: എച്ച്. ബി. മഹമ്മദ്റാവുത്തർ പ്രസിഡന്റിന്റെ കയ്യിൽ സമർപ്പിച്ചു.

പ്രസിഡന്റ്: ഈ സഭയിൽ പാസ്സാക്കിയ നിശ്ചയങ്ങളിന്മേൽ ഗവർമ്മെന്റ് ഒന്നും പ്രവർത്തിച്ചിട്ടില്ലാത്തതുകൊണ്ടു ബുദ്ധിമുട്ടു ഉണ്ടായിത്തീർന്നിരിക്കുന്നതായി അദ്ദേഹം വിചാരിക്കുന്ന അഭിപ്രായത്തെപ്പറ്റി പ്രതിപാദിക്കുന്നതിനായി സഭയുടെ ജോലി മാറ്റിവയ്ക്കണമെന്നുള്ള ഒരു ഉപക്ഷേപം മി. റാവുത്തർ എന്റെ പക്കൽ തന്നിരിക്കുന്നു.

ജോലിനടപടികൾ മാറ്റിവയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെ സംബന്ധിക്കുന്ന ചട്ടത്തിന്റെ പരിധിയിൽ ഇതു എപ്രകാരം ഉൾപ്പെട്ടുമെന്നു മനസ്സിലാക്കാൻ കഴിയുന്നില്ല. ഉപക്ഷേപത്തിനു കാരണമാകുന്ന വിഷയം സഭയുടെ സാധാരണ നടപടിയെ മാറ്റിവയ്ക്കുന്നതിനെ നീതീകരിക്കത്തക്കവിധത്തിൽ അത്ര അത്യാവശ്യമായ പൊതുപ്രാധാന്യമുള്ളതും അടുത്തു കാലത്തു ഉണ്ടായിട്ടുള്ളതും ആയ ഒരു വിശേഷമായ സംഭവത്തെക്കുറിച്ചുള്ളതായിരിക്കണം. ഈ ഉപക്ഷേപം അടുത്തകാലത്തുണ്ടായിട്ടുള്ള ഒരു വിശേഷമായ കാര്യത്തെപ്പറ്റിയുള്ളതല്ല. ഏതാനും നിശ്ചയങ്ങൾ പാസ്സാക്കിയതിന്മേൽ ഗവർമ്മെന്റു ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നുള്ളതായ ഒരു സാമാന്യവചനമാണ് അതിൽ അടങ്ങിയിരിക്കുന്നതു. പ്രസ്തുത കല്പിതം ഏതു വിധം വ്യാഖ്യാനിച്ചാലും ഇതു ഒരു പൊതുകാര്യപ്രാധാന്യമുള്ള അടിയന്തിര സംഗതിയായി ഗണിക്കാവുന്നതല്ല.

ഉപക്ഷേപത്തെ അനുവദിക്കുന്നില്ല.

മി: ഡി. സി. ജോസഫ് വേറൊരു ഉപക്ഷേപം സമർപ്പിച്ചു.

പ്രസിഡന്റ്: വിചാരണയെപ്പറ്റി ഭാവിയിൽ നടപ്പാക്കണമെന്നു താൻ ആഗ്രഹിക്കുന്ന ചില വ്യവസ്ഥകളെപ്പറ്റി പര്യാലോചിക്കുന്നതിനായി സഭയുടെ നടപടി നിറുത്തിവയ്ക്കണമെന്നു അപേക്ഷിക്കുന്നതായ ഒരു രേഖ മി: ഡി. സി. ജോസഫ് എന്റെ പക്കൽ തന്നിരിക്കുന്നു.

ജോലിനടപടികളെ മാറ്റിവയ്ക്കുന്നതിനുള്ള ഉപക്ഷേപങ്ങളെ സംബന്ധിക്കുന്ന നിബന്ധനയുടെ പരിധിയിൽ ഈ സംഗതിയും ഉൾപ്പെടുമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം പ്രതിപാദിക്കാൻ ഉദ്ദേശിക്കുന്നതു ഭാവിയിൽ നടക്കേണ്ടതായ ഒരു അനിശ്ചിത കാര്യത്തെപ്പറ്റിയല്ലാതെ മറ്റു ഒന്നും അല്ല. ഭൂതകാലത്തെ സംബന്ധിച്ചു പറകയാണെങ്കിൽ, വിചാരികളുടെ ആക്രമണകാലത്തു ഈ സംഗതി വളരെക്കാലം പൊതുജനങ്ങളുടെയും ഗവർമ്മെന്റിന്റെയും ശ്രദ്ധയിൽ ഇരുന്നിട്ടുള്ളതാണ്. അതിനാൽ അദ്ദേഹം കൊണ്ടുവന്നിരിക്കുന്ന വാദമുഖം ചട്ടത്തിലെ നിബന്ധനകളിൽ ഉൾപ്പെട്ട പൊതുപ്രാധാന്യമുള്ള അത്യാവശ്യസംഗതിയല്ലെന്നു ഞാൻ വിധിക്കുന്നു.

ഉപക്ഷേപത്തെ ഞാൻ അനുവദിക്കുന്നില്ല.

നിയമനിർമ്മാണം

തിരുവിതാംകൂർ നമ്പൂതിരിബിൽ.

പ്രസിഡന്റ്: സഭ, ഇനി നമ്പൂതിരി ബില്ലിന്റെ പര്യാലോചനയിൽ പ്രവേശിക്കുന്നതാണ്. നാം ഇപ്പോൾ ൨-ാം വകുപ്പിൽ പ്രവേശിച്ചിരിക്കയാകുന്നു.

കഴിഞ്ഞ വെണ ബിൽ പര്യാലോചനക്കുവന്നപ്പോൾ ൧൨-ാം വകുപ്പിനെപ്പറ്റി പരിചിന്തിച്ചശേഷം ൨-ാം വകുപ്പ് ൭-ാം ഉപവകുപ്പിനെപ്പറ്റി ചിന്തിച്ചാൽ മതിയെന്നു തീർച്ചയാക്കി. അതനുസരിച്ചു സഭയിൽ ഇപ്പോൾ ഇരിക്കുന്ന ആദ്യത്തെ ഭേദഗതി മി. ജാതവേദൻ നമ്പൂതിരിപ്പാടിന്റെ പേരിൽ നിൽക്കുന്നതു.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): നമ്പൂതിരിബില്ലിൽ ൨-ാംവകുപ്പ് ൭-ാം ഉപവകുപ്പ് വേണ്ടെന്നു വയ്ക്കണം എന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രസിഡന്റ്: ഈ ഭാഗം ൧൨-ാമത്തെ ക്ലാസ്സ് കഴിഞ്ഞിട്ടു ആലോചിച്ചാൽ മതി എന്നു നീക്കിവച്ചിരിക്കയാണ്.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): ൫-ാം വകുപ്പിനു മൂന്നു വ്യാഖ്യാനം കൂടി ചേർക്കേണ്ടതാണെന്നുള്ളതാണ് എന്റെ അടുത്ത ഭേദഗതി. അതായതു അസ്സൽ ആദായം, പതിവുചിലവു, മേൽചിലവു ഇങ്ങനെ മൂന്നു പദംകൂടി വിവരിച്ചാൽ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇല്ലത്തിലെ അംഗങ്ങൾക്കു ചില വിനിയോഗങ്ങളെ സംഗതിയിൽ ക്ലിപ്തപ്പെടുത്തിയതു്ല്ലേ, അയിട്ടുണ്ട്. അസ്സൽ ആദായം എന്താണ്. ആ അസ്സൽ ആദായത്തിന്റെ എത്ര അംശമാണ് പതിവുചിലവിനും മേൽചെലവിനും കൊടുക്കേണ്ടതു എന്നു കൂടി വ്യവസ്ഥപ്പെടുത്തിവയ്ക്കണം.

മി: കെ. എൻ. ശങ്കരൻ നമ്പൂതിരിപ്പാട് (അതിയന്നൂർ): ഈ വ്യാഖ്യാനങ്ങളെല്ലാം തുല്യം അവതരിപ്പിച്ച ബില്ലിൽ ഉണ്ടായിരുന്നു എന്നും അതു സിലക്ടുകമ്മിററിയിൽ വെച്ചു തള്ളിക്കളഞ്ഞതാണെന്നും മെമ്പർക്കറിയാമോ?

മി: ആർ. കേശവപിള്ള (ചെറിയനാട്): ഞാൻ ഒരു ഭേദഗതി അവതരിപ്പിച്ചു ഉത്ഥാനം ചെയ്യുന്നതാണ്. അതായതു ഈ വകുപ്പിൽ ഈ വ്യവസ്ഥ കൊണ്ടു പ്രയോജനപ്പെടുമോ എന്നു സംശയിക്കുന്നു.

പ്രസിഡന്റ്: ബില്ലിൽ ഏതു വകുപ്പിനെ ഉദ്ദേശിച്ചാണ് ഈ വ്യാഖ്യാനം വേണമെന്നു പറയുന്നത്?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ബില്ലിൽ ൫-ാം വകുപ്പിൽ ഗൃഹസ്ഥനും ഭാഗ്യസന്താനങ്ങൾക്കും പ്രത്യേകം ചെലവിനു തിരിച്ചുകൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങനെ പ്രത്യേകം തിരിച്ചു കൊടുക്കയല്ല വേണ്ടതു. ഇല്ലത്തെ അംഗങ്ങൾക്കു ഒരുമിച്ചു വച്ചു പതിവുചെലവും മേൽചെലവും കൊടുക്കുകയാണ് വേണ്ടതു.

പ്രസിഡന്റ്: ൫-ാം വകുപ്പിനു ഭേദഗതിയാണോ ഇതു്.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): അതെ.

പ്രസിഡന്റ്: ൫-ാം വകുപ്പു കഴിഞ്ഞിട്ടു ൬-ാം വകുപ്പു ൭-ാം ഉപവകുപ്പു വരെ ചർച്ചചെയ്തു കഴിഞ്ഞു എന്നു വച്ചിട്ടുണ്ട്. അതുപ്രകാരം ഇതു ആലോചിക്കുന്നതു ശരിയോ?

മി: വി. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ശരി.

പ്രസിഡന്റ്: ൫-ാം വകുപ്പിനു മാറ്റംവരുത്താൻ നിർദ്ദേശിക്കുന്ന ഒരു ഭേദഗതിയെപ്പററി ഉള്ള ഒരു വ്യവസ്ഥയാണ് ഇതു എന്നു തോന്നുന്നു. ആ സ്ഥിതിക്കു ൫-ാം വകുപ്പിനെപ്പററി പുനരാലോചിച്ചശേഷം ഇതിനെപ്പററി പുനർവിചിന്തനം ചെയ്യുന്നതാണ്.

ബില്ലിലെ ൯-ാം വകുപ്പിനെ സംബന്ധിച്ചു ഭേദഗതികൾ ഒന്നും ഇല്ല. സഭയുടെ മുമ്പാകെ ഇരിക്കുന്നപ്രകാരം ൯-ാം വകുപ്പു ബില്ലിന്റെ ഭാഗമായിരിക്കുന്നതു എന്നാണോ?

ഉപക്ഷേപം പാസ്സാക്കുകയും ആ വകുപ്പു ബില്ലിനോടു ചേർക്കുകയും ചെയ്തു.

൧൦-ാം വകുപ്പു.

മി: എ. ജി. മേനോൻ (പറവൂർ): നാലാം വകുപ്പു പോലെ ആ ഉള്ളടക്കങ്ങളായിരുന്നതെന്നാണ് എന്റെ ഭേദഗതി.

അതുവരെ തന്നെ പക്ഷം ഭേദഗതിയെ പിൻവലിച്ചുകൊള്ളാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മെമ്പർ പുറകിൽ ഇരിക്കുന്ന മററ മെമ്പർമാരുമായി ആലോചനനടത്തുന്നു.

പ്രസിഡന്റ്: നിങ്ങൾ അതിനെ ഉപക്ഷേപമായി ഹാജരാക്കുന്നുണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ): ഉപക്ഷേപം ഞാൻ ഹാജരാക്കുന്നില്ല.

പ്രസിഡന്റ്: അടുത്ത ഭേദഗതി മി. ജാതവേദൻ നമ്പൂതിരിപ്പാട്ടിലെ പേരിൽ നില്ക്കുന്നു.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): ബിൽ ൧൦-ാംവകുപ്പിനുള്ള എന്റെ ഭേദഗതിയെ ഞാൻ അവതരിപ്പിക്കുന്നു. ഇല്ലത്തിലെ കണക്ക എല്ലാം അംഗങ്ങൾക്കും പരിശോധിക്കുന്നതിനു സൌകര്യം കൊടുക്കണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ദൂരദേശങ്ങളിൽ താമസിക്കുന്ന അംഗങ്ങൾക്കു ഇല്ലത്തിൽവന്നു കണക്കുനോക്കാൻ സൌകര്യം ഉണ്ടായിരുന്നു വരികയില്ല. അതുകൊണ്ടു ഏതെങ്കിലും അംഗം കണക്കിന്റെ പകർപ്പു ആവശ്യപ്പെട്ടാൽ അവരുടെ ചിലവിന്മേൽ അതു അയച്ചുകൊടുക്കണം. എന്റെ ഭേദഗതി ഇതാണ്.

൧൦-ാംവകുപ്പിന്റെ ഒടുവിൽ "ഇല്ലത്തിലെ ഏതെങ്കിലും അംഗം കണക്കിനു പകർപ്പു ആവശ്യപ്പെട്ടാൽ അയാളുടെ ചിലവിന്മേൽ പകർപ്പു അയച്ചുകൊടുക്കേണ്ടതാണ്" എന്നു ചേർക്കണം.

പ്രസിഡന്റ്: ഈ ഭേദഗതിയെ പിൻതാങ്ങുന്നുണ്ടോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (സംയുക്തൻ): അതിനെ പിൻതാങ്ങിയിട്ടില്ല.

മി: വി. ചെല്ലംപിള്ള (കോവളം): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: സി. എൻ. ഇട്ടൂപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): സർ, കണക്കിന്റെ പകർപ്പു അംഗങ്ങൾക്കു അയച്ചുകൊടുക്കണമെന്നുള്ള ഭേദഗതിയോടു ഞാൻ യോജിക്കുന്നില്ല. ഇല്ലത്തിലെ കാരണവൻ ശരിയായി ഒരു കണക്കു വച്ചിരിക്കണമെന്നും ആ കണക്കു ഇല്ലത്തിലെ അംഗങ്ങൾ ആവശ്യപ്പെടുമ്പോൾ യാതൊരു പ്രതിബന്ധവുംകൂടാതെ കാണിക്കണമെന്നും ബില്ലിൽ നിബന്ധനചെയ്തിട്ടുണ്ട്. എന്നാൽ ഈ കണക്കിന്റെ പകർപ്പു അയച്ചുകൊടുക്കണമെന്നു പറയുന്നതു അർത്ഥമില്ലാത്തതാണ്. കണക്ക പരിശോധനക്കു ഇപ്പോൾതന്നെ ബില്ലിൽ വച്ചിട്ടുള്ള നിബന്ധന ധാരാളം മതിയാകും. കൂടാതെ ഈ കണക്കിന്റെ പകർപ്പു അയച്ചുകൊടുക്കുന്നതിനുള്ള ചിലവു ഇന്നതാണെന്നു ക്ലിപ്തംചെയ്തിട്ടില്ല. മിക്കവാറും കുടുംബങ്ങളിൽ കണക്കുവയ്ക്കുന്നവർ കാര്യസ്ഥന്മാരെ വച്ചു കാണുകയില്ല. ആ സ്ഥിതിക്കു കണക്കിന്റെ പകർപ്പു എഴുതാനും സാധിക്കുമോ എന്നുള്ളതും സംശയമാണ്. പിന്നീടു കുടുംബങ്ങളിൽ മിക്കവാറും ശണ്ഠകൂട്ടത്തിന്റെ ദുശ്ശീലം മാത്രമേ കാണുകയുള്ളൂ. ഇതിനുപുറമെ കണക്കിന്റെ പകർപ്പു അയച്ചുകൊടുത്താൽതന്നെയും അതു അംഗങ്ങൾ നിഷേധിക്കാനും ഇടയുണ്ട്. അതുകൊണ്ടു കണക്ക പരിശോധനയെസംബന്ധിച്ചു ഇപ്പോൾ ബില്ലിൽ ഉള്ള വകുപ്പു മതിയാകുമെന്നാണ് എന്റെ അഭിപ്രായം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഞാൻ ഈ ഭേദഗതിയെ പ്രതിഷേധിക്കുന്നു. അതു പ്രയാസങ്ങളെ വർദ്ധിപ്പിക്കയേയുള്ളൂ. വകുപ്പു ഇപ്പോൾ ഇരിക്കുന്നക്രമത്തിനു മററു അംഗങ്ങൾക്കു കണക്കുകൾ നോക്കാൻ കൂടുതൽ സൌകര്യം ഉണ്ടാകുന്നുണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. പകർപ്പു അയച്ചുകൊടുക്കുന്നതിനു ആവശ്യമുള്ള ചിലവു ഇളമുറക്കാർ കൊടുക്കണമെന്നു പറയുന്നപക്ഷം അതു അയച്ചുകൊടുക്കുന്നതിൽ എന്താണ് വിരോധം എന്നു മനസ്സിലാകുന്നില്ല. അതിലേക്കുള്ള ചിലവു ഇന്നതാണെന്നു ക്ലിപ്തംചെയ്യിട്ടില്ലാത്തതുകൊണ്ടു ബുദ്ധിമുട്ടു ഉണ്ടെന്നു പറയുകയുണ്ടായി. ഇളമുറക്കാർ കണക്കു പകർപ്പിനു അയക്കുന്ന തുക മതിയാകാതെ വരുന്നപക്ഷം ആ വിവരം അറിയിച്ചാൽ കൂടുതൽതുക അയച്ചുകൊടുക്കും. ഇംഗ്ലണ്ടിൽ താമസിക്കുന്ന ഇളമുറക്കാരൻ മലയാളത്തിൽ വന്നു കണക്കു പരിശോധിക്കണമെന്നു പറയുന്നതു മറ്റും ശരിയല്ല. അതുകൊണ്ടു പകർപ്പിനുള്ള ചിലവു അയച്ചുകൊടുക്കുന്നപക്ഷം നിശ്ചയമായും പകർപ്പു കൊടുക്കുകതന്നെ വേണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഒരു ഇല്ലത്തിലെ ഇളമുറക്കാരന്റെ ചിലവു ഇല്ലത്തിൽനിന്നും നടത്തണം. ആ സ്ഥിതിക്കു കണക്കു കിട്ടുന്നതിനുള്ള ചിലവു അയാൾ കൊടുക്കണമെന്നു പറയുന്നപക്ഷം ആ ചിലവു ഇല്ലത്തിലെ കാരണവന്റെ പക്കൽനിന്നും അയാൾ ആവശ്യപ്പെടേണ്ടതായി വരും. ഇതിന്റെ അർത്ഥമെന്താണ്. അതു പ്രഥമദൃഷ്ട്യാതന്നെ നിരർത്ഥമാണ്. അതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

മി: രേവതിനാൾ രാമചന്ദ്രരാജാ (എടവക): ബില്ലിൽ കണക്കു വയ്ക്കണമെന്നു നിർബ്ബന്ധംചെയ്തിട്ടുണ്ട്. ആ സ്ഥിതിക്കു കണക്കു കൊടുക്കുന്നതിൽ സ്വല്പ ദ്രവ്യം കൂടെ വിചാരിച്ചു കണക്കു കൊടുക്കണോ എന്നു നിശ്ചയിക്കുന്നതു ന്യായമല്ല. ന്യായമായിട്ടു ആരു ആവശ്യപ്പെട്ടാലും പകർപ്പു കൊടുക്കേണ്ടതാണ്. കണക്കു പകർത്തികൊടുക്കാനുള്ള ചിലവു ഇന്നതാണെന്നു ക്ലിപ്തംചെയ്യാത്തതുകൊണ്ട് വിഷമമുണ്ടെന്നു മിസ്റ്റർ ഉപ്പൻനമ്പൂതിരിപ്പാട് അഭിപ്രായപ്പെടുകയുണ്ടായി. പകർപ്പു കൊടുക്കേണ്ടസംഗതിയിൽ ഗവൺമെന്റിൽനിന്നുതന്നെ ചില ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ട്. അതനുസരിച്ചു ഇവിടെയും ചെയ്യാം. അതുകൊണ്ട് ഞാൻ ജാതവേദൻനമ്പൂതിരിയുടെ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: മുരവേലിൽപാച്ചുപിള്ള (ചേർത്തല): കാരണവനും കുടുംബാംഗങ്ങളും തമ്മിൽ ഐക്യമായിരിക്കുന്ന കാലത്തു കണക്കു പരിശോധിക്കുന്നതിൽ യാതൊരു തടസ്സവും കാണുകയില്ല. എന്നാൽ കുടുംബത്തിൽ അന്തഃഛിദ്രങ്ങളുണ്ടായി കുടുംബാംഗങ്ങൾക്കും കാരണവനും തമ്മിൽ യോജിപ്പില്ലാതെവരുന്ന അവസരത്തിൽ കാരണവന്റെ കണക്കു അനന്തിരവൻ നോക്കണമെന്നു ആവശ്യപ്പെടുകയില്ല. ആവശ്യപ്പെട്ടാൽതന്നെയും കാരണവൻ തടസ്സം പറഞ്ഞേക്കാം. എന്നുമാത്രമല്ല ദൂരദേശങ്ങളിൽ താമസിക്കുന്നവർക്കു കണക്കു പരിശോധിക്കാൻ സൌകര്യം ഉണ്ടായി എന്നും വരികയില്ല. അതുകൊണ്ട് ഒരു രജിസ്റ്റർ നോട്ടീസുമൂലം കണക്കിന്റെ പകർപ്പു അയച്ചുതരണമെന്നും അതിലേക്കുള്ള ചിലവു അയച്ചിരിക്കുന്നു എന്നും ആവശ്യപ്പെട്ടാൽ കണക്കിന്റെ പകർപ്പെഴുതി ആവശ്യപ്പെടുന്ന ആൾക്കു അയച്ചുകൊടുക്കേണ്ടതാണ്. അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): കണക്കു ആവശ്യപ്പെടുന്നവർ പകർപ്പിനുള്ള ചിലവു അയച്ചുകൊടുക്കണമെന്നു പറയുന്നുണ്ട്. കൂടുതൽ ചിലവു വേണ്ടിവന്നാൽ ആ കൂടുതൽ തുകയും കൊടുക്കാൻ തയ്യാറാണ്. അതുകൊണ്ട് ബ്രഹ്മസ്വത്തിനു ഒരുനഷ്ടവും വരാനില്ല. ദൂരദേശത്തു താമസിക്കുന്നവർ ഇല്ലത്തുവന്നു കണക്കു പരിശോധിച്ചുകൊള്ളണമെന്നു പറയുന്നതു വലിയ അസൌകര്യമാണ്.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): കണക്കു ആവശ്യപ്പെടുമ്പോൾ അതിലേക്കുള്ള ചിലവു എന്താണെന്നു ആദ്യമേതന്നെ എഴുതിച്ചോദിക്കണ്ടേ?

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): കണക്കു അയച്ചാൽ അതിന്റെ ചിലവു മുഴുവനും മണിയാർഡർ ആയി അയച്ചുകൊടുക്കുമല്ലോ.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): വി. പി. അയച്ചാൽ മതിയോ?

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): മതി. അല്ലെങ്കിൽ അയാൾക്കു ഇല്ലത്തുനിന്നും ചിലവിനു അയച്ചുകൊടുക്കുന്ന സംഖ്യയിൽ ഈ പകർപ്പിനു ആവശ്യപ്പെടുന്നതുക കുറച്ചു ബാക്കി അയച്ചുകൊടുക്കുന്നതിലും വിരോധമില്ല.

പ്രസിഡന്റ്: സമക്ഷമാകെ ഇരിക്കുന്ന ഭേദഗതി, പകർപ്പു ആവശ്യപ്പെടുന്ന യാതൊരു അംഗത്തിനും അയാളുടെ ചിലവിന്മേൽ ആവശ്യപ്പെടുന്ന പകർപ്പു കൊടുക്കണമെന്നാണ്. ഭേദഗതിയെ അനുകൂലിക്കുന്നവർ സദയം കൈ ഉയർത്തുവിൻ. ൨൭ പേർ അനുകൂലിച്ചും ൪൪ പേർ പ്രതികൂലമായും വോട്ടുചെയ്തു.

പ്രസിഡന്റ്. ഭേദഗതി പാസ്സാക്കിയിരിക്കുന്നു.

സമക്ഷമാകെ ഇരിക്കുന്ന പ്രശ്നം ൪-ാംവകുപ്പു ഭേദപ്പെടുത്തപ്പെട്ടതു അനുസരിച്ചു ബില്ലിന്റെ ഭാഗമായി നിൽക്കുന്നു എന്നാണ്? അതുപാസ്സായി എന്നു ഞാൻ വിശ്വസിക്കുന്നു.

ഉപക്ഷേപം പാസ്സാക്കപ്പെടുകയും പ്രസ്തുത വകുപ്പിനെ ബില്ലിന്റെ അംശമായി ചേർക്കുകയുംചെയ്തു.

൫-ം ൬-ം വകുപ്പുകൾ.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ബില്ലിൽ ൫-ം ൬-ം വകുപ്പുകൾ തമ്മിൽ യോജിപ്പ് ഇല്ലാതെകാണുന്നു.

(എ) പ്രതിഫലത്തിനും ഇല്ലത്തെ ആവശ്യത്തിനും ആയിട്ടല്ലാതെയും കാരണവനാകട്ടെ ഭരണംനടത്തുന്ന മററംഗമാകട്ടെ ഇല്ലംവക സ്ഥാവരവസ്തു വില്ക്കയോ കാണമായി ചാർത്തികൊടുക്കയോ പന്ത്രണ്ടുവർഷത്തിലധികം കൈവശത്തോടുകൂടി പണയപ്പെടുത്തുകയോ മാററം വാങ്ങിയോ മാററം വാങ്ങാതെയോ പന്ത്രണ്ടുവർഷത്തിലധികം കാലത്തേക്കു പാട്ടത്തിനു കൊടുക്കയോ ചെയ്യാൻകൂടാത്തതാകുന്നു.

(ബി) ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും മുമ്പുതന്നെ എഴുതികൊടുത്തിട്ടുള്ള കരണങ്ങൾ താൻതന്നെ പൊളിച്ചെഴുതികൊടുക്കുന്നതിനു കാരണവനുള്ള അധികാരത്തെ ബാധിക്കുന്നതല്ല.

ഇതാണ് ൫-ാംവകുപ്പ്.

൬:—ഇല്ലംവക വസ്തുവിന്റെ ഒററിയോ പാട്ടമോ പന്ത്രണ്ടുവർഷത്തേക്കോ അതിൽ കുറഞ്ഞകാലത്തേക്കോ കൈവശപ്പണയമോ ഒരുകൊല്ലത്തെ പാട്ടത്തിൽകവിഞ്ഞ മാററം പററിക്കൊണ്ടുള്ള പാട്ടമോ പ്രതിഫല

ത്തിനും ഇല്ലത്തെ ആവശ്യത്തിനും ഉള്ളതല്ലാതെ പ്രായം തികഞ്ഞ എല്ലാ അംഗങ്ങളുടെയും സമ്മതത്തോടുകൂടിയും അല്ലാതെ എഴുതിക്കൊടുക്കുന്നപക്ഷം സാധുവായിരിക്കുന്നതല്ല.

അപ്രകാരമുള്ള ഇടപാടിനു കാരണവൻറെ ശാഖയിലെയും അകന്ന ശാഖകൾ ഉണ്ടെങ്കിൽ അവയിൽ ഓരോന്നിലെയും മൂത്ത അനന്തിരവന്മാരുടെ രേഖാമൂലമായ സമ്മതം ഉണ്ടെന്നുവരികിൽ അങ്ങിനെയുള്ള ആവശ്യവും സമ്മതവും ഉള്ളതായി ഊഹിക്കാവുന്നതാകുന്നു. ഇതാണ് ൯-ാംവകുപ്പ്. ൮-ാംവകുപ്പുകൊണ്ടു [illegible] കൈവശത്തോടുകൂടിയിരിക്കുന്ന പണയമോ പാട്ടമോ എഴുതിക്കൊടുപ്പാൻ അധികാരമുണ്ട്. ൯-ാംവകുപ്പുകൊണ്ട് ൧൨ കൊല്ലത്തേക്കൊ അതിൽ കുറഞ്ഞകാലത്തേക്കൊ കൈവശത്തോടുകൂടി പണയം കൊടുപ്പാൻ പാടില്ലെന്നുപറയുന്നു. ഇങ്ങിനെ രണ്ടു വകുപ്പിനും തമ്മിൽ യോജിപ്പില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഏതു ഭാഗത്താണ് യോജിപ്പില്ലെന്നു പറയുന്നത്?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ൧൨ കൊല്ലത്തേക്ക കൈവശത്തോടുകൂടി പണയപ്പെടുത്താൻ കാരണവനു അവകാശമുണ്ടെന്നു ൮-ാം വകുപ്പിലുണ്ട്. ൯-ാം വകുപ്പിൽ ൧൨ വർഷത്തേക്കൊ അതിൽകുറഞ്ഞ കാലത്തേക്കൊ കൈവശത്തോടുകൂടിയ പണയം കൊടുക്കാൻപാടില്ലെന്നു പറയുന്നുണ്ട്. അതായതു ൧൨ കൊല്ലത്തിന്നു മേൽ [illegible] എന്നാണ് ൯-ാംവകുപ്പ്. ഇങ്ങനെ യോജിപ്പില്ലാത്ത [illegible] ഒരു ഭേദഗതി ഇവിടെ വായിക്കാം.

ബിൽ ൮-ം ൯-ം വകുപ്പുകൾ തമ്മിൽ അർത്ഥം യോജിക്കുന്നില്ലാത്തതിനാൽ [illegible] താഴെ [illegible] പ്രകാരം ഭേദപ്പെടുത്തി ചേർക്കേണ്ടതാകുന്നു.

(൧) ഇല്ലത്തിലെ എല്ലാ മേജർ പുരുഷന്മാരുടെയും രേഖാമൂലമായ സമ്മതം കൂടാതെ ഇല്ലം [illegible] നടത്തുന്ന കാരണവരോ മററംഗമോ ഇല്ലംവക വസ്തുക്കളെ [illegible] കൊടുപ്പാൻ പാടില്ലാത്തതാകുന്നു.

(൨) ഇല്ലംവസ്തുക്കളെ സംബന്ധിച്ച ഇല്ലത്തെ കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്ന ശാഖകളിലെയും വയസ്സു മൂത്തവരും ചേർന്നു എഴുതിയിട്ടില്ലാത്തതായ [illegible] യാതൊരു [illegible] ഇല്ലത്തെ ബന്ധിക്കുന്നതല്ല.

എന്നാൽ ഇല്ലത്തുനിന്നും എഴുതിക്കൊടുത്തിട്ടുള്ള പഴയ [illegible] അതതു [illegible] പുതുക്കിക്കൊടുക്കുന്നതിനു കാരണവനുള്ള അധികാരം ഇതിനാൽ തടസ്സപ്പെടുന്നതല്ല.

(൩) ഇല്ലത്തിലെ കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്ന ശാഖകളിലെയും വയസ്സുമൂത്തവരും ചേർന്നു അല്ലാതെ ഇല്ലംവക വസ്തുക്കളെ സംബന്ധിച്ച എഴുതിക്കൊടുക്കുന്ന [illegible] പ്രമാണം യാതൊന്നും ഇല്ലത്തെ ബാധകമാകുന്നതല്ല.

(൪) മാറായപ്പണം പററിയോ പററാതെയോ [illegible] കഴിഞ്ഞ [illegible] ഇല്ലംവക വസ്തുക്കളെ സംബന്ധിച്ച കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്ന ശാഖകളിലെയും വയസ്സുമൂത്തവരും ചേരാതെ എഴുതിക്കൊടുക്കുന്ന യാതൊരു പാട്ടശീട്ടുകളും ഇല്ലത്തെ ബന്ധിക്കുന്നതല്ല. മാറായപ്പണം ഒരു കൊല്ലത്തെ പാട്ടസംഖ്യയിൽ കൂടുതലും വാങ്ങാൻപാടില്ലാത്തതുമാകുന്നു.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): വസ്തുക്കൾ ഇങ്ങിനെ അന്യാധീനം ചെയ്യുമ്പോൾ തറവാട്ടാവശ്യവും പ്രതിഫലവും വേണമെന്നില്ലേ?

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഉണ്ട്.

മി: ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): അതു ഭേദഗതിയിൽ പറഞ്ഞിട്ടില്ല.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട (സംയുക്തൻ): അതു താഴെപ്പറയുന്നുണ്ട്.

കാരണവനും മൂത്ത അനന്തിരവനും മററു ശാഖകളിലെ വയസ്സുമൂത്ത ആളുംകൂടി ചേർന്നു എഴുതിക്കൊടുത്താൽ അതു തറവാട്ടാവശ്യമാണെന്നുവേണം വിചാരിക്കാൻ.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): തറവാട്ടാവശ്യം കൂടിയേകഴിയൂ എന്നു ഈ വകുപ്പിലുണ്ടോ? തറവാട്ടാവശ്യമില്ലാതെ പ്രായപൂർത്തിയായ അംഗങ്ങൾ എഴുതിക്കൊടുക്കുന്ന ആധാരം സാധുവാണോ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (സംയുക്തൻ): സാധുവാണ്. കാരണവനും മൂത്ത അനന്തിരവനും എല്ലാ ശാഖകളിലെയും വയസ്സു മൂത്ത ആളുകളുംകൂടി ചേർന്നു എഴുതിക്കൊടുത്താൽ അതു തറവാട്ടാവശ്യമെന്നുവേണം വിചാരിക്കാൻ.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കാരണവനും മൂത്ത അനന്തിരവനുംകൂടി പ്രായപൂർത്തിയുള്ള അകന്ന ശാഖയുടെ എല്ലാപേരുടെയും സമ്മതംവാങ്ങി എഴുതിക്കൊടുത്താൽ അതു തറവാട്ടാവശ്യമാകുമോ?

* പ്രസിഡൻറ്: ബില്ലിലുള്ള ആറാംവകുപ്പിൽ പറയുന്നതു കാരണവനും ഇല്ലത്തെ അടുത്ത [illegible] ആളുംകൂടി ചേർന്നു എഴുതിക്കൊടുത്താൽ അതു പ്രതിഫലവും ഇല്ലത്തെ ആവശ്യവും ഉള്ളതായി വിചാരിക്കണമെന്നാണ്. ആ വകുപ്പു എടുത്തു കളയാനാണ് ഇപ്പോഴത്തെ ഭേദഗതി. അതു എടുത്തുകളഞ്ഞാൽ അങ്ങിനെ ഒന്നു വേണ്ടെ എന്നാണ് ചോദിക്കുന്നത്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വകുപ്പില്ലാതെ ഇങ്ങനെ എഴുതിക്കൊടുത്താൽ ഇല്ലത്തിലെ പ്രായപൂർത്തിയാകാത്ത അംഗങ്ങൾക്ക അതു അസ്ഥിരപ്പെടുത്താൻ അവകാശമില്ലേ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (സംയുക്തൻ): ആ ഭാഗം വിട്ടുപോയതാണ്. അതു ചേർക്കണം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മി): ഭേദഗതിയെ ഞാനും പിൻതാങ്ങിയിട്ടില്ല.

പ്രസിഡൻറ: ആരെങ്കിലും ഭേദഗതിയെ പിൻതാങ്ങുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, മലയാളത്തിൽ ഉള്ള പതിപ്പിനെയൊ ഇംഗ്ലീഷിലുള്ളതിനെയൊ ഏതിനെയാണ നാം അനുസരിക്കേണ്ടതു്?

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): രണ്ടും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ മലയാളത്തിൽ അച്ചടിച്ചിട്ടുള്ളതിനെയാണ് നാം അടിസ്ഥാനമാക്കി നടക്കേണ്ടതു. എന്തെന്നാൽ ഇംഗ്ലീഷിൽ ഉള്ളതു നിയമസഭാസെക്രട്ടറിയുടെ ആപ്പീസിൽ തയ്യാറാക്കീട്ടുള്ള തർജമയാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മലയാളം പതിപ്പിൽ വയസ്സുമൂത്തയാറം എന്ന വാക്കിനു പകരം ഇംഗ്ലീഷ് പതിപ്പിൽ തർജിമ ചെയ്തിരിക്കുന്നതു "പ്രായംചെന്ന അംഗം" എന്നാകുന്നു.

പ്രസിഡൻറ്: ഈ ഭേദഗതിയെപ്പററി രജിസ്ട്രീസ് തന്നിട്ടുള്ള മെംബർ രണ്ടുവിധത്തിൽ വിഷമിക്കുന്നതെന്നു മനസ്സിലാക്കേണ്ടതാണെന്ന് എനിക്ക മെമ്പറന്മാരോടു പൊതുവിൽ പറയാനുണ്ട്. ഒന്നാമതായി അദ്ദേഹത്തിനു ഇംഗ്ലീഷറിയാൻപാടില്ല. രണ്ടാമതായി അദ്ദേഹത്തിന് നിയമത്തെസംബന്ധിച്ചോ നിയമനിർമ്മാണത്തെ സംബന്ധിച്ചോ ശരിയായ ശാസ്ത്രീയജ്ഞാനവുമില്ല. ഈ വിഷയത്തിൽ കുറെക്കൂടി അനുകൂലസ്ഥിതിയിൽ ഇരിക്കുന്ന സഭയിലെ മെംബർമാർ അദ്ദേഹത്തിൻെറ അഭിപ്രായങ്ങളെ ശരിയായ രൂപത്തിൽ പുറപ്പെടുവിക്കുന്നതിന് സഹായിക്കണമെന്ന് ഞാൻ വിശ്വസിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ സംഗതിയിൽ അദ്ദേഹം ചുമതലക്കാരനല്ല.

പ്രസിഡൻറ്: ഏതുവിധമായാലും ഇംഗ്ലീഷ് തർജിമ മലയാളം അസലുമായി യോജിക്കുന്നില്ലെങ്കിൽ ആ വസ്തുതയെ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരികയും അതിനെ ശരിപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യാവുന്നതാണ്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ ബില്ലിനെപ്പററിയുള്ള വാദപ്രതിവാദത്തെ സംബന്ധിച്ച എനിക്കൊരു സംഗതി പറയാനുണ്ട്. മി: ജാതവേദൻ നമ്പൂതിരിപ്പാട കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെ നാം അനുകൂലിക്കയോ പ്രതികൂലിക്കയോ ചെയ്യേണ്ടതുണ്ട്. അപ്രകാരം ചെയ്യേണ്ടതു് ഇംഗ്ലീഷിൽ ആയിരിക്കുന്നു. ആ ഭാഷ അദ്ദേഹത്തിനറിയാൻപാടില്ല. അദ്ദേഹത്തിൻെറ ഈ ഭേദഗതി പാസ്സാക്കുന്നപക്ഷം ഉണ്ടാകുന്നതായ വിഷമങ്ങളെപ്പററി മി: ജാതവേദൻനമ്പൂതിരിപ്പാടിനെ പറഞ്ഞു മനസ്സിലാക്കേണ്ടതു് നമ്മുടെ ന്യായമായകടമയാണ്. അതിനാൽ ഞാൻ നിർദ്ദേശിക്കുന്നതെന്തെന്നാൽ സഭയിൽ നമ്മുടെ വാദപ്രതിവാദങ്ങളെല്ലാം മലയാളത്തിൽതന്നെ നടത്തുന്നതായാൽ അതു ഇരുകക്ഷികൾക്കും ഗുണപ്രദമായി ഭവിക്കുമെന്നാണ്.

പ്രസിഡൻറ്: അതിനെസംബന്ധിച്ചിടത്തോളം ഞാൻ പറയുന്നതു ഇതാണ്. അതായതു് മലയാളത്തിൽ സംസാരിക്കുന്നപക്ഷം മി: ജാതവേദൻ നമ്പൂതിരിപ്പാടിനെ സംഗതികൾ ഗ്രഹിപ്പിക്കുന്നതിന് തനിക്ക് കൂടുതൽ സാദ്ധ്യമാകുമെന്നു വല്ല മെമ്പറും വിചാരിക്കുന്നുവെങ്കിൽ അപ്രകാരം ചെയ്യുന്നതിനു എനിക്ക യാതൊരു വിരോധവുമില്ലെന്നുള്ളതാകുന്നു. തർജിമയും അസലും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? മി: ജാതവേദൻനമ്പൂതിരിപ്പാടുതന്നെ അതിനെപ്പററി എന്തോ പറകയുണ്ടായി.

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): വ്യത്യാസമുണ്ടെന്നു നമുക്ക നിശ്ചയമായി പറയാൻപാടില്ല. വയസ്സുമൂത്തയാൾ എന്ന വാക്കുകൾകൊണ്ട് മൂത്ത മെമ്പർ എന്നും പ്രായംചെന്ന മെമ്പർ എന്നും അർത്ഥമാക്കാം.

മി: റ്റി. ജി. മേനോൻ (പറവൂർ): അസലും ഭേദഗതിയും തമ്മിലുള്ള വ്യത്യാസമെന്താണ്?

പ്രസിഡൻറ്. നാം വാക്കിൻെറ പ്രയോഗത്തെപ്പററി പറയുന്നേയുള്ളു. മി: ജാതവേദൻ നമ്പൂതിരിപ്പാടു പറയുന്നതു മലയാളത്തിൽ അദ്ദേഹം അയച്ച ഭേദഗതിയും അതിൻെറ തർജിമയും തമ്മിൽ വ്യത്യാസമുണ്ടെന്നാണ. വാക്ക പ്രയോഗിച്ചിരിക്കുന്നതിൽ വല്ല ഭേദഗതിയുമുണ്ടെങ്കിൽ അതിനെ ശരിയാക്കിയതിൻെറ ശേഷം വേണം ഗുണദോഷനിരൂപണം ചെയ്യേണ്ടതു്. മി: പരമേശ്വരൻപിള്ള നിങ്ങൾ അനുവദിച്ച സമയം ശരിപ്പെടുത്താനുള്ളതു. ശരിപ്പെടുത്തുകയും അതിനുശേഷം അതിനെ ഉറക്കെ വായിക്കുകയും ചെയ്യുമോ?

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നമുക്കതിനെ ഭിന്നശാഖകൾ ഓരോന്നിലെയും ഏററവും വയസ്സുമൂത്ത അംഗം എന്നാക്കാം. എന്നാൽ അതും ചില വിഷമതകളുണ്ടാക്കിയേക്കുന്നതാണ്. അതായതു ഏററവും വയസ്സുമൂത്ത അംഗം സ്ത്രീയോ പുരുഷനോ ആയി വരാവുന്നതാണ്. മലയാളത്തിൽ ഇപ്പോൾ ഇരിക്കുന്ന ക്രമത്തിനു അതു വയസ്സുമൂത്തവർ എന്നാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം എന്താണർത്ഥമാക്കിയിട്ടുള്ളതെന്നു അദ്ദേഹത്തോടു ചോദിച്ചറിയാമല്ലോ.

പ്രസിഡണ്ട്: മറവശാഖയിലുള്ള വയസുമൂത്തആളെന്നു പറഞ്ഞിട്ടുണ്ട്. വയസ്സ് മൂത്ത എല്ലാ ആളുകളും എന്നാണോ ഉദ്ദേശം?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (സംയുക്തമെമ്പർ). പുരുഷന്മാർ എന്നാണ അർത്ഥം.

പ്രസിഡണ്ട്: പുരുഷന്മാർ ഇല്ലെങ്കിൽ?

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): വേണ്ടാ.

പ്രസിഡൻറ്: പുരുഷന്മാരായുള്ള അംഗങ്ങൾ മാത്രമെ അദ്ദേഹത്തിനു ആവശ്യമുള്ളു.

മി: കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അങ്ങിനെയാണെങ്കിൽ ഏററവും കൂടുതൽ വയസ്സ് മൂത്ത പുരുഷമെമ്പർ എന്ന് നമുക്ക പറയാമല്ലോ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടില്ല.

പ്രസിഡണ്ട്: ഞാൻ അദ്ദേഹത്തോടു ചോദിക്കുകയും പുരുഷന്മാർ മാത്രമാണെന്നു അദ്ദേഹം പറകയും ചെയ്തു. പുരുഷന്മാരില്ലെങ്കിൽ വേറെ ആരേയും ചേർക്കേണ്ടാ എന്നാണു അദ്ദേഹം പറയുന്നതു്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): അകന്ന ശാഖയിൽ പുരുഷന്മാരില്ലാതെ സ്ത്രീകൾ മാത്രമെ ഉള്ളു എങ്കിലോ?

പ്രസിഡണ്ട്: സ്ത്രീകളാണെങ്കിൽ വേണ്ട എന്നാണ് പറയുന്നത്.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സാമുദായമെമ്പർ): സാധാരണ ഞങ്ങളുടെ ഇല്ലത്തിൽ സ്ത്രീകളെ ചേർക്കാറില്ല.

പ്രസിഡണ്ട്: ഈ തർജ്ജിമയിൽ എങ്ങനെ തിരുത്തണമെന്ന് തീർച്ചയാക്കിയശേഷം അതു പറഞ്ഞാൽ മതി. ഇത് ഒരു വ്യത്യാസം മാത്രമല്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇനിയും രണ്ടോ മൂന്നോ കുറിപ്പുകളെപ്പറ്റി പറയേണ്ടതുണ്ട്.

മി: എ. എസ്. പദ്മനാഭൻ (മാവേലിക്കര ചാത്തിക്കുളങ്ങര): ... ഇല്ലത്തിലുള്ള മറ്റെല്ലാ അംഗങ്ങളും അനന്തിരവരാണ്. സ്ത്രീകളും വിവാഹം കഴിച്ചുകൊണ്ടുവന്നവരും അനന്തിരവർ എന്ന അർത്ഥത്തിൽ ഉൾപ്പെടും. സീനിയർ അനന്തിരവൻ എന്നു പറയുന്നതു ... സ്ഥാനക്കാരനെന്ന നിർവചനത്തിൽ കാണുന്നുണ്ട്.

പ്രസിഡണ്ട്: ഞാൻ പറഞ്ഞതു തർജ്ജമയിലെ വാചകം എന്താണെന്ന് ആദ്യം തീർച്ചപ്പെടുത്തുകയും പിന്നെ അതിനെപ്പറ്റി വിവാദം ചെയ്യുകയും ചെയ്യേണമെന്നാണ്. തർജ്ജമ ശരിയല്ലെന്ന് പറയപ്പെട്ടതുകൊണ്ട് അവിടെ ഈ ഭേദഗതി മാത്രമേ നാം ഇപ്പോൾ ചെയ്യുന്നുള്ളു. അത് ഒരു വ്യത്യാസം മാത്രമല്ലയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): അനന്തിരവൻ, പ്രാപ്തിയുള്ള ഇപ്പോൾ വകുപ്പ് ഈവിധം വായിക്കപ്പെടും:—

"ഇല്ലത്തിലെ ... അനന്തിരവനും, ... അനന്തിരവനും, ... അംഗം ... ഏറ്റവും കൂടുതൽ വയസ്സുള്ള പുരുഷനൊന്നിച്ച് ... ഇല്ലത്തെ ബന്ധിക്കുന്നതല്ല".

പ്രസിഡണ്ട്: മിസ്റ്റർ പരമേശ്വരൻപിള്ള പ്രതിനിധിയെയും ... സംബന്ധിച്ചുള്ള ഏതോ വകുപ്പുചേർക്കാൻ ... എന്നു മി: ജാതവേദൻനമ്പൂതിരിപ്പാട് പറഞ്ഞതു നിങ്ങൾ ഓർക്കുന്നുണ്ടോ? ആ വകുപ്പിനെ ... അർത്ഥമാകുന്നില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): നമ്പൂതിരിനിയമത്തിന്റെ മാർഗ്ഗങ്ങൾക്ക് യാതൊരു ലോപവും ഉണ്ടാകുന്നില്ല. ഈ സംഗതികളെ ബില്ലിൽ ചേർക്കണമെന്നാണ് അദ്ദേഹം ബില്ലിൽ ആവശ്യപ്പെടുന്നുള്ളു. ഇങ്ങനെയുള്ള വിഷയാധാരങ്ങൾ എഴുതാൻ പാടില്ല. അതാണ് അതിന്റെ അർത്ഥം. എന്നാൽ ഇങ്ങനെ ഉണ്ടെങ്കിൽ ... എഴുതാമെന്ന് അർത്ഥമാകുന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതിനെ മൂന്നാം നാലാം വകുപ്പുകളിൽ ചേർക്കണമെന്നു ഞാൻ നിർദ്ദേശിക്കട്ടെയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽഹെഡ്സർക്കാർവക്കീൽ): ആകാം.

മി: ജി. പി. നീലകണ്ഠപിള്ള (കരുനാഗപ്പള്ളി): അങ്ങനെയാകുമ്പോൾ സീനിയർ അനന്തിരവൻ അനന്തരവഴിയിലെ ഏറ്റവും കൂടുതൽ വയസ്സുള്ള അനന്തിരവരിൽ ഒരാളായിരിക്കും.

പ്രസിഡണ്ട്: അതെ, അതങ്ങനെ അർത്ഥമാകും. ഞാൻ ഇപ്പോൾ ഒരു സംഗതി പറയാം. അഞ്ചും ആറും വകുപ്പുകൾ തമ്മിൽ എന്തോ പ്രത്യക്ഷമായ വൈരുദ്ധ്യം ഉണ്ടെന്നു പറയുന്നു ... മി: ജാതവേദൻ നമ്പൂതിരിപ്പാടിന്റെ പ്രസംഗങ്ങളിൽ ... ആ സംബന്ധത്തിലും എന്തോ ... അഞ്ചും ആറും വകുപ്പുകൾ ഒന്നിച്ചു വായിക്കുമ്പോൾ ഇല്ലത്തിലെ എല്ലാ പ്രായംചെന്ന അംഗങ്ങളുടെയും സമ്മതംകൂടാതെ യാതൊരു ... നിവൃത്തിയില്ലെന്നു ... കാണപ്പെടും.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): ആദ്യത്തെവകുപ്പ് രേഖാമൂലമായ സമ്മതത്തെപ്പറ്റി പറയുന്നു, രണ്ടാമത്തെ വകുപ്പ് രേഖാമൂലമായ സമ്മതത്തെപ്പറ്റി പറയുന്നില്ല.

പ്രസിഡണ്ട്: ശരിതന്നെ. ഇപ്പോൾ മി: ജാതവേദൻ നമ്പൂതിരിപ്പാട്ടിലെ ഭേദഗതി ഇംഗ്ലീഷിൽ ആയിട്ടുണ്ട്, അതിനെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ? ആരും പിൻതാങ്ങാത്തതുകൊണ്ട് ഭേദഗതി തള്ളപ്പെട്ടു.

അഞ്ചും ആറും വകുപ്പുകൾ ബില്ലിന്റെ അംശമായി ചേർക്കാമെന്നുള്ള ... ചോദിക്കുകയും പാസ്സാകുകയുംചെയ്തു.

ഈ വകുപ്പുകൾ ബില്ലിനോടു ചേർക്കപ്പെട്ടു.

(വകുപ്പ് ഏഴ്)

പ്രസിഡണ്ട്: അടുത്ത ഭേദഗതി മി: ജാതവേദൻ നമ്പൂതിരിപ്പാടിന്റെ പേരിൽ നിൽക്കുന്നു. അവിടെയും അസ്സലും തർജ്ജമയും തമ്മിൽ വ്യത്യാസമുണ്ട്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡീഷനൽ ഹെഡ്സർക്കാർവക്കീൽ): മുൻവകുപ്പിലെപോലെതന്നെ ഒരു വ്യത്യാസം ഉണ്ട്. അതും ശരിയാക്കപ്പെടേണ്ടതാണ്. ഏറ്റവും കൂടുതൽ വയസ്സുള്ള പുരുഷാംഗം എന്നാവേണ്ടതാകുന്നു.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട് (സാമുദായമെമ്പർ): ബിൽ ൭-ം ൮-ം വകുപ്പിലേക്ക് താഴെ പറയുന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

൭-ം ൮-ം വകുപ്പുകൾക്കു പകരം താഴെ പറയുന്നവിധം ചേർത്താൽ മതിയാകുന്നതാണ്.

(൧) ഒരു കാരണവനോ ഭരണംനടത്തുന്ന മറ്റംഗമോ ഇല്ലത്തിലെ ആവശ്യത്തിലേക്കല്ലാതെ ഉണ്ടാക്കുന്ന യാതൊരു കടവും ഇല്ലത്തെ ബന്ധിക്കുന്നതല്ല.

എന്നാൽ ഒരു കടം കാരണവനും മൂത്ത അനന്തിരവനും എല്ലാ അകന്ന ശാഖകളിലേയും വയസ്സുമൂത്തവരുടെ രേഖാമൂലം സമ്മതിച്ചുവാങ്ങീട്ടുള്ളതായിരുന്നാൽ ആ കടം ഇല്ലം ആവശ്യത്തിലേക്കാണെന്ന് ഗണിക്കപ്പെടാവുന്നതാണ്.

(८) കാരണവനോ, ഭരണം നടത്തുന്ന മററംഗത്തിനോ ഇല്ലം ആവശ്യത്തിലേക്ക് വേണ്ടി തനിച്ചു കടം വാങ്ങാവുന്നതും അങ്ങനെ വാങ്ങുന്ന കടം ഇല്ലം ആവശ്യത്തിലേക്കാണെന്നു തെളിയിക്കേണ്ട ഭാരം കടംകൊടുത്ത ആളിൽ ചുമത്തപ്പെടുന്നതാകുന്നു.

മി: എം. എസ് ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഏട്ടാം വകുപ്പിൽ കാലാവധിയല്ലാതെ ഒററിയെപ്പററി പറയുന്നുണ്ട്. ഭേദഗതിയിൽ അതിനെപ്പററി പറഞ്ഞിട്ടില്ല. കാലാവധില്ലാതെ കാരണവർക്ക് ഒററികൊടുക്കാമോ?

പ്രസിഡൻറ്: ഏഴാംവകുപ്പു ആദ്യമായിട്ടു ആലോചിക്കാം. പിന്നീട് ഉളവാകുന്ന വകുപ്പു എടുത്താൽ മതി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): ഞങ്ങൾ ഒന്നും കേൾക്കുന്നില്ല. മാന്യമെമ്പർ എന്താണു പറയുന്നതെന്നു അനുവദിക്കാവുന്നതാണ്. ഇപ്പോഴത്തെ പാർലമെൻററി സമ്പ്രദായത്തിനു പറ്റുന്നതുപോലെ തോന്നുന്നു.

പ്രസിഡൻറ്: അദ്ദേഹത്തിൻെറ ഭേദഗതിയെ അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നു. ആ ഭേദഗതിയെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

മി: വി. ചെല്ലംപിള്ള (തോവാള): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): എനിക്ക് മലയാളത്തിൽ സംസാരിക്കാമോ?

പ്രസിഡൻറ്: ആകാം.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): ഈ സംഗതി ന്നാം വകുപ്പിൽ പറഞ്ഞിട്ടുള്ളതിനാൽ വിശദമായിരിക്കെ ഇങ്ങനെ ഒരു ഭേദഗതിയുടെ ആവശ്യകതയില്ല. ആറാം വകുപ്പിൻെറ അവസാനഭാഗത്ത് കാരണവൻെറ ശാഖയിലേയും അകന്ന ശാഖകൾ ഉണ്ടെങ്കിൽ അവയിൽ ഓരോന്നിലേയും മൂത്ത അനന്തിരവരുടെ രേഖാമൂലമായ സമ്മതം ഉണ്ടായിട്ടുണ്ടെങ്കിൽ അപ്രകാരമുള്ള ആവശ്യവും സമ്മതവും ഉണ്ടെന്നു ഊഹിക്കാവുന്നതാണ്. ആറാം വകുപ്പിൻെറ അവസാനഭാഗത്തു ഇങ്ങനെ പറഞ്ഞിരിക്കുന്ന സ്ഥിതിക്ക് പ്രത്യേകവകുപ്പിൻെറ ആവശ്യമില്ല. ഈ അർത്ഥംതന്നെ കിട്ടുന്നതാണ്.

പ്രസിഡൻറ്: ആ ക്ളിപ്തം കടങ്ങൾക്കു സംബന്ധിക്കുമോ?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): അതു കടത്തെ സംബന്ധിക്കുന്നതല്ലെങ്കിലും. കടംവാങ്ങാൻ ആവശ്യമുണ്ടെന്നു ക്ളിപ്തംകൊണ്ടു തെളിയുന്നുണ്ട്.

പ്രസിഡൻറ്: ആ ക്ളിപ്തം ആറാം വകുപ്പിനെ ബന്ധിക്കുമെന്നു നിങ്ങൾക്കു തൃപ്തിവരുന്നപക്ഷം ഈ ക്ളിപ്തം ഒരുവേള ഇവിടെയും ആവശ്യമായിവരാം.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): ആ പ്രകാരമുള്ള ക്ളിപ്തം ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി അനുവദിക്കയാണെങ്കിൽ തറവാട്ടിലെ ചില്ലറ ആവശ്യത്തിനുപോലും കടംവാങ്ങിക്കുന്നതിനു അനന്തിരവരുടെ രേഖാമൂലമായ സമ്മതം വാങ്ങിക്കേണ്ടിവരും. ആ സ്ഥിതിക്ക് തറവാട്ടുഭരണം നടത്തുവാൻ വിഷമം നേരിട്ടേക്കാം.

മി: റി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു: വസ്തുവിൽ സ്ഥാപിക്കാത്ത കടങ്ങൾ എത്രമാത്രം കൂട്ട ബാദ്ധ്യതപ്പെടുമെന്നാണ് ഏഴാമത്തെ വകുപ്പ്. തറവാട്ടാവശ്യം ഇന്നതാണെന്നുവ്യക്തമായിട്ടു അതിൽ പറയുന്നതുകൊണ്ട് ഈ ഭേദഗതിയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): കുടുംബഭരണം നിവൃത്തിക്ക; കുടുംബവസ്തുക്കളെ കാരണവർ തനിച്ചു കടപ്പെടുത്താതിരിക്ക, ഈ വക സംഗതികളെ ഉദ്ദേശിച്ചാണ് ഈ വകുപ്പു ചേർത്തിട്ടുള്ളത്. ഇപ്പോൾ മി: ജാതവേദൻ നമ്പൂതിരിപ്പാട് കൊണ്ടുവന്നിട്ടുള്ള ഭേദഗതി ഏഴും എട്ടും വകുപ്പുകൾക്കുള്ളതാണ്. കുടുംബത്തിലെ എല്ലാ അംഗങ്ങളുംചേർന്നുവേണം ഇല്ലത്തിലെ ആവശ്യത്തിന് കടംവാങ്ങിക്കാൻ എന്നും പറയുന്നുണ്ട്. സ്ഥിരമായ വസ്തുക്കളെ അന്യാധീനപ്പെടുത്തുന്നതിനു കുടുംബത്തിലെ എല്ലാം അംഗങ്ങളും ചേരണമെന്ന് മുമ്പിലത്തെ വകുപ്പിൽ പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ഭേദഗതിയിൽ ഒരു ഭാഗം,

"ഒരു കാരണവനോ ഭരണം നടത്തുന്ന മററംഗമോ ഇല്ലത്തിലെ ആവശ്യത്തിലേക്കല്ലാതെ ഉണ്ടാക്കുന്ന യാതൊരു കടവും ഇല്ലത്തെ ബാധിക്കുന്നതല്ല" എന്നാണ്.

ഇല്ലത്തിലെ ആവശ്യമാണോ അല്ലയോ എന്നു കാണിക്കാനാണ് എട്ടാമത്തെ വകുപ്പു ചേർത്തിട്ടുള്ളത്.

വ്യ. ഒരു കാരണവൻ ഇല്ലംവക ആവശ്യമുണ്ടെന്നു കാണിച്ച് ഇല്ലംവകവസ്തു കാലാവധി കൂടാതെ ഒററികൊടുക്കുകയോ കടം ഉണ്ടാക്കുകയോ ചെയ്യുമ്പോൾ ഒററിക്കാരനോ കടംകൊടുത്തവനോ ഒരു പക്ഷമായും അപ്രകാരമുള്ള ഒററിക്കോ കടത്തിനോ സമ്മതിച്ചിട്ടില്ലാത്ത ഇല്ലത്തെ അംഗങ്ങൾ മറുപക്ഷമായും തർക്കംനേരിടുന്നതായാൽ, ഒററിക്കാരനോ കടംകൊടുത്തവനോ അപ്രകാരമുള്ള ഇല്ലംവക ആവശ്യമുണ്ടെന്ന് നിർണ്ണയിക്കുന്നതിന് ന്യായമായ അന്വേഷണം ചെയ്തതിൻെറ ശേഷം ഉത്തമവിശ്വാസത്തോടുകൂടി പ്രവർത്തിച്ചിരുന്നാൽ അങ്ങനെയുള്ള ഇല്ലംവക ആവശ്യം ഉണ്ടായിരുന്നെന്ന് ഊഹിക്കേണ്ടതാകുന്നു.

കാരണവനു ശരിയായ അവകാശങ്ങൾ ഒന്നും ഇല്ലാതെയിരുന്നാൽ കുടുംബഭരണം നടത്തുക എന്നുള്ളതു വളരെ വൈഷമ്യമായ ഒന്നാണ്. നിസ്സാരമായ സംഗതികൾക്കായിട്ടും അല്പസ്വല്പം കടം കാരണവർക്ക് വാങ്ങിക്കേണ്ടതായിട്ടും വന്നേക്കാം. കടംകൊടുക്കുന്നവർ ഇല്ലത്തെ ആവശ്യം ഉണ്ടോ എന്ന് അന്വേഷിച്ചറിഞ്ഞ

തിൻറശേഷം മാത്രം കടംകൊടുത്താൽ മതിയാകുന്നതാണ്. ആ സ്ഥിതിക്കു ഈ ഭേദഗതി ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. മി: കുപ്പൻ നമ്പൂതിരിപ്പാടു പറഞ്ഞതു കുറച്ചുകടം വാങ്ങിക്കാനുള്ള അധികാരം കാരണവർക്കു കൊടുക്കണമെന്നാണ്. ഇതു ഇരുവർക്കു വാങ്ങിക്കാമെന്നു അദ്ദേഹം ക്ലിപ്തപ്പെടുത്തി പറഞ്ഞിട്ടില്ല. ആ സ്ഥിതിക്ക് 1000 രൂപാക്ക് പ്രാംസറിനോട്ടു എഴുതിക്കൊടുത്തു കടംവാങ്ങിക്കാൻ കാരണവർക്കു അധികാരം കൊടുക്കണമെന്നും 100 രൂപായുടെ വസ്തു പണയപ്പെടുത്താൻ അധികാരം പാടില്ലെന്നും പറയുന്നതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. കടബാധ്യതയും പ്രതിഫലവുമുണ്ടെങ്കിൽ കൊടുത്ത ആ കടം ഏതു വസ്തുവിലും ചുമത്താം. കടബാധ്യതയില്ലെങ്കിൽ ആ സമയത്തു കടം വാങ്ങിക്കേണ്ടല്ലോ. അതുകൊണ്ടു കടം വാങ്ങിക്കുന്നതിനെ നിയന്ത്രിക്കേണ്ട ആവശ്യം ഇല്ല എന്ന ഭാഗത്തോടു ഞാൻ യോജിക്കുന്നില്ല. മി: കേശവൻ നമ്പൂതിരിപ്പാടു പറഞ്ഞതു് ആറാം വകുപ്പിലെ പ്രൊവിസോ ഇതിനെക്കൂടി ഉപയോഗപ്പെടുമെന്നാണ്, തീർച്ചയായിട്ടും അങ്ങനെ ഉപയോഗപ്പെടുന്നതല്ല. ഇതിന്റെ ആവശ്യം എന്നു ഈ ഭേദഗതിയെങ്കിൽ, ഇന്നാൾ പ്രകാരം എന്നുംമറ്റും ഈ പ്രൊവിസോവിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു ആറാം വകുപ്പിലെ പ്രൊവിസോ ഇതിനു ഉപയോഗപ്പെടുന്നതല്ല.

ഇനി ഇതുകൊണ്ടു ദോഷം ഉണ്ടാകുമോ എന്നാണ് ആലോചിക്കേണ്ടതു്. ഇതുകൊണ്ടു ദോഷം ഒന്നുമില്ല. പണം കൊടുക്കുന്നയാൾ കുറെ മുൻകരുതലുകൾ എടുത്തിട്ടു് കടം കൊടുക്കുന്നതാണു വഴിയായ്ക്കു അവരാൽക്ക ഇല്ലാതെ വരുന്നതല്ലാതെ കാരണവർ വാങ്ങിച്ച കടം താവഴിയാണ് എന്നു തെളിയിക്കേണ്ടി വരുന്നതല്ല. ഈ വകുപ്പു ഉണ്ടായിരുന്നാൽ അതു മൂലം എല്ലാ ആളുകളുടെയും കടം വാങ്ങിക്കൽ എന്നുള്ള വകുപ്പ് ഇല്ലായിരുന്നാൽ ദുർവ്യവഹാരം ഉണ്ടാകയില്ല.

മി: എ. സി. കണ്ണുക്കോമൻ (കീഴ്ച്ചേരി, ചെറിയതുറ): ഭേദഗതിയിൽ (c) എന്നു ചേർത്തിട്ടുള്ള ഭാഗത്തെക്കുറിച്ചു മെമ്പർ പറയുന്നുണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): രണ്ടാമത്തെ ഭാഗത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. ഒന്നാമത്തെ ഭാഗത്തെപ്പറ്റിയാണ് പറയുന്നതു്. രണ്ടാമത്തെ ഭാഗം മാത്രമേ ഇപ്പോഴത്തെ ആലോചനയിൽ ഇരിക്കുന്നുള്ളു. എട്ടാമത്തെ വകുപ്പു ഇതിനു വരുമ്പോൾ ഞാൻ ആ ഭാഗത്തെപ്പറ്റി പറയാം.

അതിനാൽ ഈ ഭേദഗതി വളരെ ആവശ്യമാണെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അതിനെ അനുകൂലിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേടു്): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. കാരണവനു ഇപ്പോൾ ഉള്ള ചില അധികാരങ്ങളെ ഇല്ലാതെയാക്കുന്നതാണ് ഈ ഭേദഗതിനിമിത്തം സംഭവിക്കുന്നതു്. ഒരു ഭാഗത്തിനു മി. ജാതവേദൻ നമ്പൂതിരിപ്പാടുതന്നെ മറുപടി പറഞ്ഞാൽ കൊള്ളാം. ഒരു കുടുംബത്തിൽ ഒരു കാരണവനും ബാക്കി പത്തുപന്ത്രണ്ടു മെമ്പർമാരും ഉണ്ടെന്നു് വിചാരിക്കാം. കാരണവൻ ചെയ്തിട്ടുള്ള പ്രവൃത്തി മെമ്പർമാർ ഈ കാരണവന്റെ മരണശേഷമേ ശരിയായിരുന്നു എന്നു തെളിയിക്കേണ്ടതുള്ളു. എന്നാൽ കാരണവൻ അഹന്തനായിരുന്നാൽ ഈ മെമ്പർമാരെ ദ്രോഹിക്കാൻ കഴിയും. അതിലേക്കു ഒരു വഴികാണിച്ചുകൊടുക്കുകയാണു ഈ ഭേദഗതി ചെയ്യുന്നതു്. അതിനാൽ ഈ സമുദായത്തെ ഈ മാതിരിയുള്ള ആപൽഘട്ടത്തിലേക്കു നയിക്കരുതെന്നാണ് എന്റെ അഭിപ്രായം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ ദോഷം ഇതിന്റെ മുൻപിലത്തെ വകുപ്പിനെയും ബാധിക്കുന്നില്ലയോ?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേടു്): എല്ലാത്തിനെയും ബാധിക്കും. ഇപ്പോഴത്തെ പ്രൊവിസോ കൂടുതൽ അധികാരംകൊടുക്കുകയും അതിനെ തുടർന്നുള്ള പ്രൊവിസോ ഉള്ള അധികാരത്തെ നിയന്ത്രിക്കയും ആണു് ചെയ്യുന്നതു്. ഈ ക്ലാസിനാൽ കാരണവൻ തടസ്ഥം ചെയ്യുന്ന പ്രവൃത്തിക്ക് സാധുത്വം കല്പിക്കയാണ് ചെയ്യുന്നതു്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇല്ലത്തിലേക്ക ആവശ്യമില്ലാത്ത കടം ഇല്ലത്തെ ബന്ധിക്കയില്ല എന്നാണല്ലോ ഈ പ്രൊവിസോവിൽ പറയുന്നതു്.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-പീരുമേടു്): ഞാൻ ഇംഗ്ലീഷിലെ വാചകത്തെ വച്ചുകൊണ്ടാണു പറയുന്നതു്. അതിൽ 'Deemed' എന്നു കാണുന്നു. ഇതിന്റെ നിയമാനുസൃതമായ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. അതിനെ 'Presumed' എന്നാക്കിയാൽ നന്നായിരിക്കും എന്നു തോന്നുന്നു.

പ്രസിഡണ്ട്: ഈ വ്യവസ്ഥയെ സംബന്ധിച്ചു എന്തോ തെറ്റിദ്ധാരണയുണ്ടെന്നു തോന്നുന്നു. ഇവിടെ സംസാരിച്ച മെമ്പർമാർ എല്ലാവരും ഈ പ്രൊവിസോ, വല്ല കക്ഷിക്കും സാരമായ അവകാശങ്ങളുണ്ടാക്കിക്കൊടുക്കുകയോ അല്ലെങ്കിൽ അയാളിൽനിന്നു സാരമായ അധികാരങ്ങൾ എടുത്തുകളയുകയോ ചെയ്യുന്ന ഒരു നിബന്ധനയായി വിചാരിക്കുന്നുവെന്നു എനിക്കു തോന്നുന്നു. മി: ദാമോദരൻ ആശാൻ ചൂണ്ടിക്കാണിച്ചതുപോലെ അതു കേവലം തെളിവിനെ സംബന്ധിക്കുന്ന ഒരു വ്യവസ്ഥ മാത്രമേ ആകുന്നുള്ളു. അതുകൊണ്ടു ഒരു കടം ഉണ്ടായിക്കഴിഞ്ഞാൽ അതു ഇല്ലത്തിലെ ആവശ്യത്തിനാണെന്നു തെളിയിക്കേണ്ടതു് ആരാണെന്നുള്ള ഒരു ചോദ്യവും അതിൽ അടങ്ങിയിട്ടുണ്ട്.

മി: എൻ. ആർ. കൃഷ്ണൻ (നിയമജ്ഞൻ): ഒരു രേഖാമൂലമായ സമ്മതമാണു ആവശ്യപ്പെടുന്നതു്.

പ്രസിഡണ്ട്: രേഖാമൂലമായ സമ്മതം ഉണ്ടെങ്കിൽ തെളിവുഭാരം എതിർകക്ഷിയിലാണ്. അതല്ലാതെ കടം കൊടുക്കുന്നവനിൽ അല്ല. കാരണവന്റെയോ അനന്തിരവന്റെയോ അധികാരങ്ങളെ വർദ്ധിപ്പിക്കുകയോ എടുത്തുകളയുകയോ ചെയ്യുന്നില്ല. അതു ശുദ്ധമേ തെളിവിനെ സംബന്ധിച്ച ഒരു നിബന്ധനയാകുന്നു.

മി: കല്ല്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): പ്രൊവൈസോവിൽ കൊടുത്തിരിക്കുന്ന 'Deemed' എന്ന പദം അപ്രകാരമുള്ള അർത്ഥത്തിനു വിരോധമായി നില്ക്കുന്നുവെന്നു മിസ്റ്റർ രാജരാജവർമ്മ കോയിത്തമ്പുരാൻ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

മി: എൻ. ആർ. കൃഷ്ണൻ (നിയമിതൻ): ഞാനും മിസ്റ്റർ ജാതവേദൻ നമ്പൂതിരിയുടെ ഭേദഗതിയെ എതിർക്കുന്നു. കുടുംബഭരണം നടത്തുന്ന കാരണവന് അതിലേക്കാവശ്യമുള്ള പണം വേണം എന്നുള്ളത് ഏററവും അത്യാവശ്യമായ സംഗതിയാണ്. എന്നാൽ അതിലേക്ക കൊടുത്തിട്ടുള്ള അധികാരം ദുരുപയോഗപ്പെടുത്താതിരിക്കുന്നതിനുവേണ്ടി കരുതുകയാണുവേണ്ടത്. നൂറോ ഇരുനൂറോ രൂപായ്ക്കു മററി ആധാരം എഴുതികൊടുക്കാൻ കാരണവന് അധികാരമില്ല എന്നും, അമ്പതിനായിരം രൂപായ്ക്കു പ്രാമിസറിനോട്ട് എഴുതിക്കൊടുക്കാൻ കാരണവനു അധികാരമുണ്ടെന്നും ഈ വകുപ്പുകൊണ്ടു വരുന്നു എന്ന് മി: ആശാൻ പറയുകയുണ്ടായി. മി: ആശാൻ വിചാരിക്കുന്നതുപോലെ ഇതു കുടുംബത്തിലേക്ക ഒരിക്കലും ദോഷമായി വരികയില്ല എന്നു ഒരു ദൃഷ്ടാന്തംകൊണ്ടു തെളിയുന്നതാണ്. ഇതുമാതിരി വരുത്തിക്കൂട്ടുന്ന കടത്തെ സംബന്ധിച്ച ഒരു 'ഡിക്രി' സമ്പാദിക്കാതെ കുടുംബവസ്തുവിൽ പ്രവേശിക്കാൻ ആർക്കും സാധിക്കുന്നതല്ലല്ലോ. അതിലേക്ക വ്യവഹാരപ്പെടുമ്പോൾ കുടുംബാംഗങ്ങളെ കക്ഷി ചേർക്കാതെയും സാധിക്കയില്ല. ആ സമയത്തു കുടുംബാവശ്യം ഇല്ലെന്നും പ്രതിഫലം ഇല്ലെന്നും തെളിയിക്കാവുന്നതാണ്. അതിനാൽ മി: ആശാന്റെ ഭയപ്പാടുപോലെ ഇവിടെ ഭയപ്പെടേണ്ട ആവശ്യം ഒന്നും ഇല്ല. കാരണവന് ഇങ്ങനെ അധികാരം കൊടുക്കാതിരുന്നാൽ കുടുംബഭരണം നടത്താൻ പ്രയാസമായിത്തീരും. ഈ അഭിപ്രായത്തോടുകൂടി ഞാൻ മി: ജാതവേദൻ നമ്പൂതിരിപ്പാടിന്റെ ഭേദഗതിയെ എതിർക്കുന്നു.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): മി: രാജരാജവർമ്മ കോയിത്തമ്പുരാൻ അഭിപ്രായപ്പെട്ടപോലെ 'Deemed' എന്ന പദത്തിനുപകരം 'Presumed' എന്ന പദം ഞാൻ സ്വീകരിക്കുന്നു.

പ്രസിഡൻറ്: പ്രൊവൈസോവിൽ 'Deemed' (വിചാരിക്കാവുന്നതാണ്.) എന്ന പദത്തിനു പകരം 'Presumed' (ഊഹിക്കാവുന്നതാണ്) എന്ന പദം ഇടണം എന്നുള്ള ഭേദഗതിയെ മി: ജാതവേദൻ നമ്പൂതിരിപ്പാട് അംഗീകരിക്കുന്നു.

താഴെ പറയുംപ്രകാരമുള്ള വാചകത്തിൽ ഒരു പ്രൊവൈസോ (ക്ലിപ്തം) ഏഴാം വകുപ്പിനോടു ചേർക്കണമെന്നുള്ള ഉപഭേദഗതിയാണു സഭ മുമ്പിൽ ഇരിക്കുന്നത്:—

"എന്നാൽ ഒരു കടം, കാരണവന്റെയും ഏററവും വയസ്സുമൂപ്പുള്ള അനന്തരവന്റെയും ഓരോ അകന്ന ശാഖയിലെയും പ്രായംചെന്ന ഏററവും വയസ്സു മൂത്ത പുരുഷമെമ്പറിന്റെയും സമ്മതത്തോടുകൂടി വാങ്ങപ്പെടുന്നു എങ്കിൽ ആ കടം ഇല്ലത്തിലെ ആവശ്യത്തിലേക്കായി വാങ്ങപ്പെട്ടതാണെന്നു ഊഹിക്കാവുന്നതാണ്."

ഭേദഗതി വോട്ടിനിടപ്പെട്ടതിൽ ൧൨ പേർ അനുകൂലിച്ചും ൧൯ പേർ പ്രതികൂലിച്ചും വോട്ടുചെയ്കയാൽ തള്ളപ്പെട്ടുപോയി.

പ്രസിഡൻറ്: സഭ മുമ്പേ ഇരിക്കുന്ന ചോദ്യം ൭-ാംവകുപ്പു ബില്ലിന്റെ ഭാഗമായി നില്ക്കുന്നു എന്നാകുന്നു?

ചോദ്യം അനുവദിക്കപ്പെടുകയും വകുപ്പു ബില്ലിനോടു ചേർക്കപ്പെടുകയുംചെയ്തു.

വകുപ്പ് ൮

മി: ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ഞാൻ താഴെപറയുന്ന ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു:—

'കാരണവനോ ഭരണം നടത്തുന്ന മററംഗത്തിനോ ഇല്ലം ആവശ്യത്തിലേക്കുവേണ്ടി തനിച്ചു കടം വാങ്ങാവുന്നതും അങ്ങിനെ വാങ്ങുന്ന കടം ഇല്ലം ആവശ്യത്തിലേക്കാകുന്നു എന്നു തെളിയിക്കേണ്ട ഭാരം കടം കൊടുക്കുന്ന ആളിൽ ഇരിക്കുന്നതും ആകുന്നു'

പ്രസിഡൻറ്: എട്ടാം വകുപ്പിൽ പറഞ്ഞിട്ടുള്ള ഭാഗം സാധാരണ ഇപ്പോൾ കോടതിയിൽനിന്നും സ്വീകരിക്കുന്ന തത്വമാണ്.

൮-ാംവകുപ്പിനുള്ള ഈ ഭേദഗതിയെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

അതിനെ പിൻതാങ്ങിയിട്ടില്ല. ഭേദഗതി തള്ളപ്പെട്ടുപോയി. ൮-ാംവകുപ്പ് ബില്ലിന്റെ ഭാഗമായി നില്ക്കുന്നു എന്നാണു ചോദ്യം?

ചോദ്യം അനുവദിക്കപ്പെടുകയും വകുപ്പു ബില്ലിനോടു ചേർക്കപ്പെടുകയുംചെയ്തു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ വകുപ്പിനു ഒരു ഭേദഗതി എനിക്കു അവതരിപ്പിക്കാൻ ഉണ്ട്.

പ്രസിഡൻറ്: ഞാൻ ചോദ്യം ഇടുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ഭേദഗതി അവതരിപ്പിക്കേണ്ടതായിരുന്നു.

വകുപ്പ് ൯.

പ്രസിഡൻറ്: ൯-ാംവകുപ്പിനു ഭേദഗതികൾ ഒന്നും ഇല്ല.

൯-ാംവകുപ്പു ബില്ലിന്റെ ഭാഗമായിരിക്കുന്നു എന്നാണു ചോദ്യം.

ചോദ്യം സമ്മതി പ്രാപിക്കയും വകുപ്പു ബില്ലിനോടു ചേർക്കയുംചെയ്തു.

വകുപ്പ് ൧൦.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ഞാൻ താഴെപ്പറയുന്ന ഭേദഗതിയെ അവതരിപ്പിച്ചുകൊള്ളുന്നു.

൧൦-ാംവകുപ്പിനെ എടുത്തുകളഞ്ഞു അതിനുപകരം താഴെ വിവരിക്കുംപ്രകാരം ചേർക്കേണ്ടതാകുന്നു.

(൧) "ഒരു കാരണവൻ തന്റെ ഭരണാധികാരം ഒരു രജിസ്റ്റർ രേഖാമൂലം ഒഴിയാവുന്നതാണ്. എന്നാൽ ഇല്ലത്തിലെ ഏതെങ്കിലും ഒരംഗത്തെ ഏൽപ്പിച്ചുകൊടുക്കാൻ പാടുള്ളതല്ല.

(ഢ) ഒരു കാരണവൻ ജാതിഭ്രഷ്ടനായാലോ, മതഹസ്ഥിതിക്കാരനോ, ചിത്താവസ്ഥഭേദമുള്ളവനോ, ഇല്ല കാര്യങ്ങൾ നോക്കാൻ അയോഗ്യനാണെന്നോ, ഇല്ലകാര്യങ്ങൾ സമാധാനത്തോടെ നോക്കിവരുന്നില്ലെന്നോ, ഇല്ലത്തിന്റെ കാരണവന്റെ ഭരണം ഗുണകരമല്ലെന്നോ, കാണിക്കുവാൻ സാധിക്കുന്നപക്ഷം ആ കാരണവനെ നീക്കംചെയ്യുകിട്ടാൻ ആവശ്യപ്പെടുന്നതിന് ഇല്ലത്തിലെ എല്ലാ അംഗങ്ങൾക്കും അവകാശം ഉണ്ട്.

(ണ) കാരണവൻ ഭരണാധികാരം ഒഴികയോ ഒഴിപ്പിക്കയോ ചെയ്യുന്നപക്ഷം ഇല്ലഭരണം ഇല്ലത്തിലെ മററംഗങ്ങളിൽ മൂപ്പേറിയ മേജർ പുരുഷന്മാർക്കും പുരുഷന്മാരില്ലെങ്കിൽ മേജർ സ്ത്രീകൾക്കും സിദ്ധിക്കുന്നതും അവർ നടത്തിക്കൊള്ളേണ്ടതും ആണ്.

എന്നാൽ സ്ത്രീകളുടെ മൂപ്പുപ്രകാരം വയസ്സുമൂപ്പിനെ ആസ്പദമാക്കാതെ വിവാഹക്രമത്തെ അനുസരിച്ച് സ്ഥാപിക്കേണ്ടതാകുന്നു.

(ത) ഒരില്ലത്തിൽ ഭരണം നടത്തുന്നതിനു മേജർ പുരുഷനോ മേജർ സ്ത്രീയോ ഇല്ലാതെ വരുമ്പോൾ ആ ഇല്ലത്തിലോ ഇല്ലത്തിലെ അംഗങ്ങളിലോ താല്പര്യമുള്ള ബന്ധുക്കളെല്ലാം ആ ഇല്ലം സ്ഥിതിചെയ്യുന്ന ... അധികാരമുള്ള സിവിൽ കോടതിയിൽ ഹർജികൊടുത്ത് ... മോഹജർമ്മവാന്തരം നിയമന ... അനുസരിച്ച് ഭരണം നടത്തിവരേണ്ടതും ആകുന്നു.''

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിരിമേട്): ക്ലാസ്സ് പ്രകാരം എടുത്തുകളഞ്ഞ് പകരം ഈ ഭേദഗതി ചേർക്കണമെന്നോ അതല്ല ക്ലാസ്സ് പത്തിനോടുകൂടി തന്നെ ഈ ഭേദഗതിയെ ചേർക്കണമെന്നോ ഏതാണു മെമ്പറുടെ ഉദ്ദേശം?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): ... വകുപ്പ് ... എടുത്തുകളഞ്ഞ് ഈ ഭേദഗതി പകരംചേർക്കണമെന്നാണ്.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിരിമേട്): പത്താം വകുപ്പ് എടുത്തുകളയുന്നതിനും അതിനുപകരം വേറൊന്നുചേർക്കുന്നതിനും ആയിട്ടാണ് ഈ ഭേദഗതിയായി ... ഇവ രണ്ടും പ്രത്യേകം പ്രത്യേകം വോട്ടിനിടുന്നതിനു ... സമ്മതം ഉണ്ടോ?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): വിരോധമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ... വകുപ്പിനെ ... പറഞ്ഞു. ഇപ്പോൾ കാരണവന്റെ ഭരണം ... പറയുന്നു.

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): കാരണവസ്ഥാനം ... ചെയ്യാൻ പാടില്ലെന്നേയുള്ളു.

മി: ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശ്ശേരി-പിരിമേട്): ൧൦-ാം വകുപ്പിനെ എടുത്തുകളഞ്ഞു അതിനു പകരം ഈ ഭേദഗതി ചേർക്കണമെന്നോ അതല്ലെങ്കിൽ ഇപ്പോഴുള്ള വകുപ്പിനോടു കൂട്ടി ക്ലാസ്സുകൂടി ചേർക്കണമെന്നോ ഏതാണ് മെമ്പർ ഉദ്ദേശിക്കുന്നതു.

പ്രസിഡൻറ്: ഇപ്പോഴുള്ള വകുപ്പിനുപകരം ഈ വകുപ്പു ചേർക്കണമെന്നാണ്.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട് (സംയുക്തൻ): കാരണവസ്ഥാനം മററവർക്കു ... കൊടുക്കാൻ പാടില്ല.

മി: കല്ല്യാണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്നാൽ നമുക്കു ... പറയാം. അതായതു ഭേദഗതിയുടെ ഒന്നാം ഭാഗം 'കാരണവൻ ഒരു രജിസ്റ്റർ പ്രമാണപ്രകാരം അദ്ദേഹത്തിന്റെ ഭരണം ഉപേക്ഷിക്കാം, എന്നാൽ അദ്ദേഹത്തിന്റെ അധികാരങ്ങൾ മററവർക്കു വിട്ടുകൊടുക്കാൻ പാടില്ല, എന്നാകുന്നു.

അദ്ധ്യക്ഷൻ: അതു ൯-ാം വകുപ്പിനെസംബന്ധിച്ചാണ്. മിസ്റ്റർ ജാതവേദൻനമ്പൂതിരിപ്പാട്, ൯-ാം ൧൦-ാം വകുപ്പുകളെ ഒന്നിച്ചുചേർത്തിരിക്കയാകുന്നു. എന്നാൽ ൯-ാം വകുപ്പ് പാസ്സായിപ്പോയിരിക്കുന്നു. ഇപ്പോൾ ശേഷിച്ചിരിക്കുന്നതു പ്രത്യേക കമ്മിററിയാൽ പുതുക്കപ്പെട്ട ബില്ലിലെ ൧൦-ാം വകുപ്പിനെ സംബന്ധിച്ച നിബന്ധനകൾ മാത്രമാകുന്നു.

മി: കല്ല്യാണപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ആ ക്രമത്തിനു ഭേദഗതി ഇപ്രകാരം ഇരിക്കും:—

കാരണവനു തന്റെ അധികാരത്തെ ഇല്ലത്തിലെ വല്ല അംഗത്തിന്റെപേർക്കും വിട്ടുകൊടുക്കാൻ പാടില്ല.

ഇപ്പോഴത്തെ ൧൦-ാം വകുപ്പു ഇപ്രകാരമാകുന്നു.

"കാരണവനു അദ്ദേഹത്തിന്റെ അധികാരങ്ങളെ ഒരു രജിസ്റ്റർ പ്രമാണപ്രകാരമെ മറെറാരാളെ ഏല്പിക്കാൻ പാടുള്ളു.''

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വാദപ്രതിവാദങ്ങൾ തുടങ്ങുന്നതിനു മുമ്പായി ഈ വകുപ്പുകളെ ഏതുപ്രകാരമാണ് വോട്ടിനിടേണ്ടതു എന്നു അറിയുന്നതു നന്നായിരിക്കും.

അദ്ധ്യക്ഷൻ: നമുക്കു ചേർന്ന ഒരു നിരൂപണം നടത്താവുന്നതാണ്. എന്നാൽ ൧൦-ാം വകുപ്പിനെയും ഭേദഗതിയേയും പ്രത്യേകം പ്രത്യേകം തന്നെ വോട്ടിനു ഇടാം.

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): മിസ്റ്റർ ദാമോദരൻ ആശാൻ പറയുന്നതു, മെമ്പർമാർ ഒന്നോ അധികമോ ക്ലാസ്സുകളെ അനുകൂലിക്കാമെന്നും എന്നാൽ എല്ലാത്തിനേയും അനുകൂലിക്കയില്ലെന്നും ആണ്. അങ്ങിനെ വരുന്നപക്ഷം ഓരോ ക്ലാസ്സിനേയും പ്രത്യേകം പ്രത്യേകം വോട്ടിനിടേണ്ടതായിവരും.

അദ്ധ്യക്ഷൻ: മിസ്റ്റർ കേശവൻ നമ്പൂരിപ്പാടെ നിങ്ങൾ എന്തു പറയുന്നു?

മി: കെ. എൻ. കേശവൻനമ്പൂരിപ്പാട് (ജന്മി): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഭേദഗതി വകുപ്പിനെ വിശദമാക്കുന്നില്ല. നേരെമറിച്ചു അതു കാര്യങ്ങളിൽ കുഴപ്പം ഉണ്ടാക്കുകയാണ് ചെയ്യുന്നതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇല്ലത്തിലെ കാര്യഭരണം ഉപേക്ഷിക്കുന്ന കാരണവന് തന്റെ യുക്തംപോലെ തന്റെ അധികാരത്തെ ഏതെങ്കിലും ഒരു അംഗത്തെ ഏല്പിക്കുന്നതിനു സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണോ മെംബറിന്റെ അഭിപ്രായം.

മി: കേശവൻ നംപൂതിരിപ്പാട് (ജന്മി): അദ്ദേഹത്തിന്റെ അടുത്ത അവകാശിയുടെ പേക്കായിട്ടല്ലാതെ വേറെ ആൾക്കായിട്ടു അദ്ദേഹത്തിന്റെ അധികാരം ഉപേക്ഷിക്കാൻപാടില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഒരു കാരണവനു ഭരണാധികാരം ഉപേക്ഷിക്കുവാൻ കഴിയുമെങ്കിൽ അടുത്തമൂപ്പുകാരൻ അദ്ദേഹത്തിന്റെ പിൻഗാമിയായി വരുന്നു.

മി: കെ. എൻ. കേശവൻനംപൂരി (ജന്മി): അതു ഒരു രജിസ്റ്റർ പ്രമാണപ്രകാരമേ ചെയ്യാൻ പാടുള്ളു.

അദ്ധ്യക്ഷൻ: അതുപ്രകാരം ൯-ാം വകുപ്പിൽ നിബന്ധനചെയ്തിട്ടുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ൯-ാം വകുപ്പു കാരണവസ്ഥാനം ഉപേക്ഷിക്കുന്നതിനു കാരണവനു അധികാരം കൊടുക്കുന്നു. ആ സ്ഥിതിക്കു പത്താംവകുപ്പു ഉണ്ടായിരിക്കുന്നതിന്റെ ഉദ്ദേശം എന്താണ്

മി: എ. താണുപിള്ള (തിരുവനന്തപുരം): ൯-ാം വകുപ്പിനെപ്പറ്റി നമ്മൾ പ്രതിവാദിച്ചുകഴിഞ്ഞിരിക്കുന്നു. നാം ഇപ്പോൾ ൧൦-ാം വകുപ്പിനെപ്പററിപ്രതിവാദിക്കയാകുന്നു.

അദ്ധ്യക്ഷൻ: ൯, ൧൦ എന്നീവകുപ്പുകളെ രണ്ടിനേയും സംബന്ധിച്ചാണു മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാടു ഭേദഗതിയെ അവതരിപ്പിച്ചതെന്നു ചൂണ്ടിക്കാണിക്കാനാണ് ൯-ാം വകുപ്പിനെപ്പററി പറകയുണ്ടായതു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വേറെ ഏതെങ്കിലും മെംബർക്കു ഭരണാധികാരം കൊടുക്കുന്നതിനുള്ള കാരണവന്റെ അധികാരം എടുത്തുകളയുന്നതിനു മി: കേശവൻനംപൂതിരിപ്പാടിനു വല്ല തടസ്ഥവും ഉണ്ടോ?

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മി): ആ അധികാരം എടുത്തുകളഞ്ഞുകൂടാ.

അദ്ധ്യക്ഷൻ: പിന്നെ ആരെയാണു അധികാരം ഏല്പിക്കേണ്ടത്?

മി: കെ. എൻ. കേശവൻനംപൂരിപ്പാട് (ജന്മി): അതു അടുത്ത വയസ്സുമൂപ്പുള്ള അംഗത്തിനെ ഏല്പിക്കണം.

അദ്ധ്യക്ഷൻ: അതു വകുപ്പിൽ എവിടെ പറഞ്ഞിരിക്കുന്നു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാരണവനു ഒരു മാനേജരെ നിയമിക്കുന്ന സംഗതിയിൽ മെംബർക്കു വല്ല തടസ്ഥവും ഉണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മി): എനിക്കു ഒരു തടസ്ഥവും ഇല്ല.

അദ്ധ്യക്ഷൻ: ൧൦-ാംവകുപ്പു എടുത്തുകളയുന്നതിനു നിങ്ങൾ തയ്യാറാണോ?

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മി): അതേ, സർ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം അതിനെ അനുകൂലിക്കുന്നോ, അതല്ലപ്രതികൂലിക്കുന്നോ? അദ്ദേഹത്തിന്റെ നില എന്താണെന്നു എനിക്കറിയണം.

അദ്ധ്യക്ഷൻ: ചില മെമ്പർമാർ തീരെപതുക്കെ സംസാരിക്കുന്നതുകൊണ്ടു സഭയിലുള്ള എല്ലാ അംഗങ്ങൾക്കും അവർ പറയുന്നതിനെ കേൾക്കാൻപാടില്ല എന്നുകാണുന്നതിൽ ഞാൻ വ്യസനിക്കുന്നു. അപ്രകാരം ഇരിക്കുന്നതിൽ എനിക്കു മനസ്താപമുണ്ട്. ഉറക്കെ സംസാരിക്കാൻ അവർക്കു ദേഹപ്രകൃതികൊണ്ടുതന്നെ പാടില്ലാതെ വന്നതായിരിക്കാം. അപ്രകാരം പ്രകൃത്യാലുള്ള ന്യൂനതയെ നാം ബഹുമാനിക്കേണ്ടതു ആവശ്യമാകുന്നു. ൧൦-ാംവകുപ്പിനെ എടുത്തുകളയണമെന്നു മിസ്റ്റർ കെ. എൻ. കേശവൻനംപൂതിരിപ്പാടു പറയുന്നു. എന്നു മാത്രമല്ല, അതു മി. ജാതവേദൻ നംപൂതിരിപ്പാടു അവതരിപ്പിച്ച പ്രമേയത്തിന്റെ ഒരു ഭാഗവും ആകുന്നു. എന്നാൽ മിസ്റ്റർ ജാതവേദൻനംപൂതിരിപ്പാടിനു വേറെ ചില ക്ലാസുകൾ അതിനുപകരം ചേർക്കണമെന്നു ആശയുണ്ടെന്നുള്ളതു സംശയമില്ലാത്തതാണ്. അദ്ദേഹം ആദ്യമായി ആവശ്യപ്പെടുന്നതു ൧൦-ാം വകുപ്പിനെ എടുത്തുകളയണമെന്നാണു. അതിനെ എടുത്തുകളയുന്നതിനു മിസ്റ്റർ കേശവൻനംപൂതിരിപ്പാടു തയ്യാറാണ്. അതാണു ഇപ്പോഴത്തെനില.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു മലയാളത്തിൽ സംസാരിക്കാമോ?

അദ്ധ്യക്ഷൻ: ആവാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാടിന്റെ ഭേദഗതി കാരണവൻ തന്റെ അധികാരം വേറെ ഒരാൾക്കു കൊടുത്തുകൂടാ എന്നാണല്ലോ. ആ സ്ഥിതിക്കു ഈ ക്ലാസു വേണം എന്നുവെച്ചാൽ ആ ഉദ്ദേശം സാധിക്കുമോ?

അദ്ധ്യക്ഷൻ: ൧൦-ാം വകുപ്പു എടുത്തുകളഞ്ഞാൽ ആ ഉദ്ദേശം സാധിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ നിയമംകൊണ്ടുതന്നെ കാരണവനു തന്റെ അധികാരം മറ്റൊരാൾക്കു കൊടുക്കാമെന്നാണെങ്കിൽ ഈ ഉദ്ദേശം സാധിക്കയില്ലല്ലോ?

അദ്ധ്യക്ഷൻ: ഇപ്പോഴത്തെ വകുപ്പു ഇപ്പോൾ ഇരിക്കുന്ന നിലയിലുള്ളതിനെ എടുത്തുകളയാമെന്നുള്ളതാണ്. ൧൦-ാം വകുപ്പിനു പകരം ഇടുന്നതിനു മി: ജാതവേദൻ നംപൂരിപ്പാടിനു വേറെ ക്ലാസുകളും ഉണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹത്തിന്റെ അഭിപ്രായം ഇന്നതാണെന്നു കേൾക്കാൻ സാധിച്ചിട്ടില്ലാ. ഈക്ലാസു നീക്കുകയും ഭേദഗതി ചേർക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു.

അദ്ധ്യക്ഷൻ: ഈ ഭേദഗതി ഞാൻ വോട്ടിനു ഇടുന്നില്ല. അദ്ദേഹം സംസാരിക്കുന്നതു നിങ്ങൾക്കു കേൾക്കാൻ പാടില്ല എന്നു പറഞ്ഞതുകൊണ്ടു അദ്ദേഹത്തിന്റെ നില ഞാൻ വിശദമാക്കുകമാത്രമേ ചെയ്തിട്ടുള്ളൂ. മി: ജാതവേദൻ നമ്പൂതിരിപ്പാടിലെ ഭേദഗതിയിൽ പല ഭാഗങ്ങളും ഉണ്ട്. അതിൽ ഒന്നാമത്തേത് ൧൦-ാം വകുപ്പു ഇപ്പോൾ ഉള്ളതിനെ എടുത്തുകളയണമെന്നും അതിനു പകരം [illegible] ചേർക്കണമെന്നുമാണ്. ഇവിടെ ഉത്ഭവിച്ചിരിക്കുന്ന വാദമുഖങ്ങൾ ൧൦-ാം വകുപ്പു എടുത്തുകളയുന്നതിനു സഭ സമ്മതിക്കുന്നോ എന്നും അതിനു പകരം കൊണ്ടുവരാൻ പോകുന്ന ക്ലാസ്സുകൾ ആവശ്യമാണോ എന്നുമാണ്. ഇതെല്ലാം ഒന്നായി എടുത്തു വാദപ്രതിവാദം നടത്താം. വോട്ടിനു [illegible] വാദപ്രതിവാദത്തിനുശേഷം എടുക്കേണ്ടുന്ന ന്യായമായ [illegible] വോട്ടിനുള്ള പ്രശ്നം ഇപ്പോൾ വന്നിട്ടില്ല. അദ്ദേഹം ഞാൻ പറയുന്നതു ബില്ലിന്റെ അവതാരകന്റെ നില ഇന്നതാണെന്നു കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ലെന്നു നിങ്ങൾ പറഞ്ഞതുകൊണ്ടാണ്. വാദപ്രതിവാദത്തിനു ശേഷം ഇപ്പോഴത്തെ നില എന്താണെന്നു അറിയാൻ [illegible] സാധിക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതിനെ സംബന്ധിച്ചു എനിക്കു പറവാനുള്ളത്, ഈ ക്ലാസ്സ് നീക്കുക എന്നുള്ളതു പ്രത്യേകമായിട്ടും വേറെ ഒന്നു ചേർക്കുക എന്നുള്ളതു പ്രത്യേകമായിട്ടും ആലോചിക്കുക എന്നുള്ളതു ശരിയാകുകയില്ല എന്നുമാത്രമാണ്. അതിനാൽ ഇതു രണ്ടും കൂടി ചേർത്തുതന്നെ വാദപ്രതിവാദം നടത്തിയാൽ കൊള്ളാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: മി: കേശവൻ നമ്പൂതിരിപ്പാടു താഴെ പറയുന്നവിധം വകുപ്പു ചേർക്കുന്നതിനു നിങ്ങൾ തയ്യാറുണ്ടോ എന്നു ഞാൻ പറയട്ടെയോ? "ഒരു കാരണവനു അദ്ദേഹത്തിന്റെ അധികാരങ്ങളെ ഇളയതായ ഒരു മെമ്പർ ആയാലും അല്ലെങ്കിലും മറ്റൊരാളെ ഏല്പിക്കാൻ പാടുള്ളതല്ല." അതു മതിയാകുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): വകുപ്പിന്റെ സാരം ഇപ്രകാരം ഇടാം. അതായതു "ഒരു കാരണവനു തന്റെ കാര്യാധികാരമോ കാരണവസ്ഥാനമോ മറ്റൊരാളെ ഏല്പിക്കാൻ പാടില്ല." എന്നതാണ്.

മി: കോയിത്തമ്പുരാൻ രാമവർമ്മരാജാ (ഇടവക): ഡെലിഗേഷൻ എന്നുപറഞ്ഞാൽ എന്താണെന്നു മനസ്സിലാകുന്നില്ല. കാരണവനായിരിക്കുന്ന ആളിനു തന്റെ അവകാശം മറ്റൊരാൾക്കു ഏല്പിക്കാൻ പാടില്ല എന്നാണോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): രജിസ്ത്രർപ്രമാണത്തിന്മേൽ അല്ലാതെ ഏല്പിക്കാൻ പാടില്ല. കാരണവന്റെ പേരിൽ [illegible] വെച്ചു നടത്താം.

മി: കോയിത്തമ്പുരാൻ രാമവർമ്മരാജാ (ഇടവക): അനന്തിരവനോ മറ്റോ നടത്താമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): അനന്തിരവന്മാരെക്കൊണ്ടും [illegible] നിലയിൽ നടത്താം.

അദ്ധ്യക്ഷൻ: അല്ലെങ്കിൽ ഇപ്രകാരമാക്കിയാൽ എന്താ? അതായതു "കാരണവസ്ഥാനം ആരെയും ഏല്പിക്കാം" എന്നു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ആവാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാരണവസ്ഥാനം എന്ന വാക്കിൽ കാര്യാധികാരം കൂടി ഉൾപ്പെടുമോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി: മാത്യു മുരിക്കൻ (വൈക്കം): ഈ ക്ലാസിന്റെ ആവശ്യമെന്താണെന്നു മെമ്പർ സമ്മതിക്കുമോ?

മി: എ. സി. മേനോൻ (പറവൂർ): കാരണവൻ അദ്ദേഹത്തിന്റെ കാര്യാധികാരത്തെ ചിലപ്പോൾ അന്യന്മാരെ ഏല്പിക്കും.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇതിനു സമമായി നായർ റെഗുലേഷനിലുള്ള വകുപ്പിനെപ്പറ്റി ഞാൻ ഇവിടെ പറയാം. അതായതു കാരണവനു അദ്ദേഹത്തിന്റെ അധികാരത്തെ ഒരു രജിസ്ത്രർപ്രമാണപ്രകാരം അന്യനെ ഏല്പിക്കാവുന്നതാണെന്നാകുന്നു. കാരണവന്റെ അധികാരത്തെ വേറെ ആരെയും ഏല്പിക്കാൻ പാടില്ല എന്നാണു മി: ജാതവേദൻ നമ്പൂതിരിപ്പാടു ആവശ്യപ്പെടുന്നതു.

അദ്ധ്യക്ഷൻ: അധികാരം ഏല്പിക്കപ്പെടുന്ന ആളിനെപ്പറ്റി ഒരു നിബന്ധനയും ഇല്ലയോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): ഇല്ല. നായർ റെഗുലേഷനിലെ വകുപ്പു ഇപ്രകാരമാണ്. "ഒരു കാരണവനു അദ്ദേഹത്തിന്റെ അധികാരത്തെ ഒരു രജിസ്ത്രർപ്രമാണപ്രകാരമേ അന്യനെ ഏല്പിക്കാൻ പാടുള്ളൂ." ഈ അധികാരം എടുത്തുകളയണമെന്നാണു മി: ജാതവേദൻനമ്പൂതിരിപ്പാടു ആവശ്യപ്പെടുന്നതു.

മി: സി. എൻ. ഇട്ടുണ്ണിനമ്പൂതിരിപ്പാടു (സംയുക്തൻ): കാരണവനു കാര്യാധികാരം ഒഴിയുന്നതിനുള്ള അധികാരം ൯-ാം വകുപ്പു അനുസരിച്ചു സിദ്ധിക്കുന്നുണ്ട്. എന്നാൽ സാധാരണ മരണപര്യന്തം കാരണവനുള്ള ഏതാനും അധികാരം മാനേജർക്കു കൊടുക്കാതെ സാധിക്കയില്ല. അതായതു പിരിവു മുതലായതു നടത്തുക, കോടതികാര്യങ്ങൾ വിചാരിക്കുക, മുതലായവക്കുള്ള അധികാരം മാനേജർക്കു കൊടുക്കണം. ഇതു സാധാരണ ഇങ്ങനെ ഒരു കാര്യസ്ഥനെ വയ്ക്കുന്നതു രജിസ്ത്രർ ഉടമ്പടി പ്രകാരമല്ല. കാരണവനു കാരണവസ്ഥാനം ഒഴിഞ്ഞാൽ ഉടനെ അടുത്തുള്ള മുറക്കാരനാണു കുടുംബഭരണം നടത്തുക. എന്നാൽ ഇന്നു രജിസ്ത്രർ ഉടമ്പടി പ്രകാരമല്ലാതെ മാനേജർമാരെ നിയമിക്കുന്നതുകൊണ്ടു പല നഷ്ടങ്ങളും വന്നു കാണുന്നുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മാനേജർ കാരണവന്റെ ഒരു സിൽബന്തി എന്നല്ലാതെ കാരണവസ്ഥാനം മാനേജർക്കുണ്ടോ?

മി: സി. എൻ. ഇട്ടുണ്ണിനമ്പൂതിരിപ്പാടു (സംയുക്തൻ): കാരണവസ്ഥാനം മാനേജർക്കില്ല.

സ്വയമേവ ഒരു കാരണവനു കാരണവസ്ഥാനം വേണ്ടെന്നുവയ്ക്കുന്നതിനുള്ള അവകാശം ൯-ാം വകുപ്പനുസരിച്ചു ലഭിക്കുന്നുണ്ട്. അതു കഴിഞ്ഞാൽ അടുത്തസ്ഥാനം അടുത്തുള്ളമുറക്കാരനാണ്.

മി: ഏ. സി. കയ്യാക്കോസു (മീനച്ചിൽ-ദേവികുളം): ൧൦-ാം വകുപ്പിൽ ഒരു കാരണവനു തന്റെ അധികാരം മറ്റൊരാൾക്കു കൊടുക്കാൻ പാടില്ല എന്നു പറയുന്നു. കാരണവന്റെ അധികാരം എന്നു പറയുന്നതു മാനേജരെ നിയമിക്കുന്നതുമാണോ?

മി: സി. എൻ. ഇപ്പൻനംപൂരിപ്പാട് (സംയുക്തൻ): കാരണവന്റെ ഭരണം നടത്താനുള്ള അധികാരങ്ങളിൽ ചിലതാണ് അത്.

മി: ഏ. സി. കുര്യാക്കോസ് (മീനച്ചിൽ-ദേവികുളം): "൨൦-ാം വകുപ്പു രജിസ്റ്റർ ചെയ്ത ഒരു പ്രമാണത്തിന് പടിയല്ലാതെ, ഒരു കാരണവന് തന്റെ അധികാരങ്ങളെ മറെറാരാൾക്കു ഏല്പിച്ചു കൊടുത്തുകൂടുന്നതല്ല" എന്നാണ്; ഇപ്പോൾ രജിസ്റ്റർ ചെയ്ത ഉടമ്പടിപ്രകാരം മറെറാരാൾക്കു കൊടുക്കാൻ കാരണവനു അധികാരമുണ്ടെന്നു വരുന്നില്ലേ?

മി: സി. എൻ. ഇപ്പൻനംപൂരിപ്പാട് (സംയുക്തൻ): അതല്ല, രജിസ്റ്റർ പ്രമാണപ്രകാരമായിരുന്നാൽ ഇന്നയിന്ന അധികാരം ഇന്നാൾക്കു കൊടുത്തു എന്നു രേഖാമൂലം തെളിയിക്കാൻ സാധിക്കും.

അദ്ധ്യക്ഷൻ: കാരണവന്റെ സകല അധികാരവും ഏതെങ്കിലും ഒരാൾക്കു രജിസ്റ്റർ പ്രമാണമൂലം എഴുതികൊടുക്കാമോ?

മി: സി. എൻ. ഇപ്പൻനംപൂരിപ്പാട് (സംയുക്തൻ): അങ്ങനെ വരുമ്പോൾ കാരണവസ്ഥാനം ഒഴിയുക എന്ന നിലയിൽ വരുന്നതാണ്. എന്നാൽ ഇപ്പോൾ ഞാൻ പറയുന്നതു കുടുംബഭരണത്തിനു ഏതാനും ചില അധികാരങ്ങൾ മറെറാരാൾക്കു വിട്ടുകൊടുക്കുക എന്നുള്ളതാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): കാരണവൻ ജീവിച്ചിരിക്കുന്ന സമയത്തു അടുത്ത അനന്തിരവൻ കാര്യങ്ങൾ അന്വേഷിക്കാൻ ഇടയാകാതിരിക്കാൻ വേണ്ടി സകല അധികാരവും വേറൊരാൾക്കു കൊടുക്കാൻ പാടില്ലെന്നാണ് മി. ജാതവേദൻ നംപൂതിരിപ്പാട് പറയുന്നതു എന്നു തോന്നുന്നു. ആ ഭാഗം ഇതിൽ നിന്നും വ്യക്തമാകുന്നുണ്ടോ?

മി: സി. എൻ. ഇപ്പൻനംപൂരിപ്പാട് (സംയുക്തൻ): അതിനു വ്യക്തതപോരാ എങ്കിൽ അതുള്ളപ്പെട്ടതാണല്ലോ കാരണവർ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ആ കാരണവന്റെ അധികാരം നടത്താൻ ഒരു കാര്യസ്ഥനെ വയ്ക്കുന്നതിനു തടസ്ഥമുണ്ടാകരുതെന്നു മാത്രമേ അർത്ഥമുള്ളു.

മി. രേവതിനാൾ രാമവർമ്മരാജ (ഇടവക): കാരണവന്റെ അധികാരം മുഴുവനും ഒരാൾക്കു ഒഴിഞ്ഞുകൊടുക്കാമെന്നു പറയുന്നുണ്ട്. ആ സ്ഥിതിക്കു ഒരു മാനേജരെ ആക്കേണ്ട സംഗതിപ്രത്യേകിച്ചു പറയേണ്ട ആവശ്യമില്ല.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): പത്താംവകുപ്പു ആവശ്യമാണെന്നാണ് എനിക്കു തോന്നുന്നതു്. അതുകൊണ്ടുദ്ദേശിക്കുന്നതു കാരണവന്റെ സകല അവകാശങ്ങളും ഒഴിഞ്ഞു കൊടുക്കുക എന്നുള്ളതല്ല. അതിന്റെ പ്പററിൻ-ാംമത്തെ ക്ലാസിൽ പറഞ്ഞിട്ടുണ്ട്. ഒരിക്കൽ കാരണവസ്ഥാനം ഒഴിഞ്ഞു കൊടുത്തുകഴിഞ്ഞാൽ പിന്നീടു തിരിച്ചു കാരണവനാകുന്ന കാര്യം വളരെ പ്രയാസമാണ്. ആ സ്ഥിതിക്കു കാരണവനായിരിക്കുന്ന ഒരാളിനു ഭരണം നടത്തുന്നതിനെ സംബന്ധിച്ചുള്ള തന്റെ അധികാരങ്ങളെ വേറൊരു കുടുംബാംഗത്തെ ഏല്പിക്കുന്നതിനെ സംബന്ധിച്ചാണ് നോക്കേണ്ടതു്. സാധാരണ നംപൂരികുടുംബങ്ങളിലെ കാരണവന്മാർ ക്ഷേത്രസംബന്ധമായും മററും ദൂരദേശങ്ങളിൽ പോയി താമസിക്കേണ്ടിവന്നേയ്ക്കാം. അപ്പോൾ ശരിയായ വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ കുടുംബഭരണം നടത്തുന്നതിൽ കഷ്ടങ്ങളുണ്ടാകും. അങ്ങിനെ വരുന്ന സന്ദർഭത്തിൽ കാരണവസ്ഥാനം ഒഴിഞ്ഞുപോകണമെന്നു പറയുന്നതു ഒരിക്കലും ന്യായമായിരിക്കയില്ല. ഒരു കുടുംബാംഗത്തെ തന്റെ അധികാരങ്ങൾ ഏല്പിച്ചു പോകാവുന്നതാകുന്നു. അതുകൂടാതെ ഒരു കുടുംബത്തിലേക്കു തന്നെ പല സ്ഥലങ്ങളിലും വസ്തുക്കളുണ്ടായി എന്നു വരാം. ഓരോ സ്ഥലത്തേയും കാര്യാദികൾ അന്വേഷിക്കുന്നതിനായിട്ടും മറെറാരംഗത്തെ ചുമതലപ്പെടുത്തേണ്ടതായിവരാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): കാരണവൻ അഞ്ചോ ആറോ ദിവസം കുടുംബത്തിൽ ഇല്ലാതിരിക്കുമ്പോഴാണോ കുടുംബഭരണത്തിലേക്കു വ്യവസ്ഥ ചെയ്യേണ്ടതു്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അഞ്ചോ ആറോ ദിവസമല്ല. അഞ്ചോ ആറോ മാസംതന്നെ ആയേക്കാം. ചിലപ്പോൾ അത്രയും കൊല്ലംതന്നെ കാരണവനു വെളിയിൽ താമസിക്കേണ്ടതായിവന്നു എന്നും വന്നേയ്ക്കാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര, കുന്നത്തൂർ): അങ്ങനെ വരുമ്പോൾ കാരണവസ്ഥാനം പോകുമോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം) സ്ഥാനം പോകയില്ലാ അതിലേക്കു വേറെ ഒരാളിനെ ചുമതലപ്പെടുത്തേണ്ടിവരും.

മി. ഏ. സി. കുര്യാക്കോസ (മീനച്ചിൽ ദേവികുളം): മാനേജരെവച്ചിട്ടുള്ള ഒരു കാരണവൻ അഞ്ചോ ആറോ മാസം ഇല്ലം വിട്ടുവെളിയിൽ താമസിച്ചാലും, ഇല്ലകാര്യങ്ങൾ അന്വേഷിക്കുന്ന ആ മാനേജർ പോരാ എന്നുണ്ടോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കാരണവൻ തന്റെ ചുമതലയോടുകൂടിതന്നെ ഭരണം നടത്തുന്നതിനു കുടുംബാംഗങ്ങളിൽ ഒരാകരാളെ ചുമതലപ്പെടുത്തുന്നതിനാണ് ഈ ക്ലാസുകൊണ്ടു ഉദ്ദേശിച്ചിരിക്കുന്നതു് എന്നു തോന്നുന്നു.

മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര, കാർത്തികപ്പള്ളി): കുടുംബാംഗങ്ങളിൽ ഒരാളെ ചുമതലപ്പെടുത്തുന്നതിനു രജിസ്റ്റർ ഉടമ്പടി എന്തിനാണ്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): സാധാരണ ഒരു പ്രമാണം എഴുതി ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യുന്നുവോ ആ ഉദ്ദേശം തന്നെയാണ് ഇതിനുള്ളതു്. രജിസ്റ്റർ ചെയ്തു അധികാരംകൊടുത്തു കഴിഞ്ഞാൽ മററുള്ളവർക്കു ധൈര്യമായിട്ടു ഈ ആളുമായി ഇടപാടുകൾ നടത്താൻ കഴിയും.

മി: ഏ. എസ്. ദാമോദരനാശാൻ (മാവേലിക്കര- കാർത്തികപ്പള്ളി): കാരണവന്റെ ഏതധികാരവും വേറെ ഒരിളാനെ ഏല്പിക്കാൻ രജിസ്റ്റർ ഉടമ്പടിവേണമെന്നാണ് മെമ്പരുടെ അഭിപ്രായം. എന്നാൽ

കുടുംബത്തിന്റെ ആവശ്യമുള്ള അധികാരം ഒരു കുടുംബാംഗത്തെത്തന്നെ ഏല്പിക്കുന്നതിന് രജിസ്റ്റർ ഉടമ്പടി വേണമെന്നു പറയുന്നതെന്തിനാണ്.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കാരണവന്റെ നിലക്ക് ഉപയോഗിക്കപ്പെടേണ്ട അധികാരമാണെങ്കിൽ രജിസ്റ്റർ ഉടമ്പടി ഉണ്ടായിരിക്കേണ്ടതാണ്. ഇതു് ആവശ്യമാണോ എന്നു് ചോദിക്കുന്നപക്ഷം ഇന്ന് രജിസ്റ്റർ ചെയ്യുന്ന പല പ്രമാണങ്ങളും രജിസ്റ്റർ ചെയ്യാനുള്ള ആവശ്യം ഇല്ലാത്തതാണ്.

പി. എൽ. ആർ. രാജരാജവർമ്മ വലിയതമ്പുരാൻ (ചങ്ങനാശ്ശേരി ചിറയിൻകീഴ്): പന്ത്രണ്ടാമത്തെ ക്ലാസ്സ് വേണ്ടെന്ന വസ്തുതയിൽ വല്ല തർക്കവുമുണ്ടോ.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): പന്ത്രണ്ടാമത്തെ ക്ലാസ്സ് ഇല്ലെങ്കിൽ രജിസ്റ്റർ ചെയ്യുന്ന വക്കീൽ ... [illegible]

മി: കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): കുടുംബത്തിന്റെ ... [illegible] ... യത്തിൽ പെട്ട ഒരാളിനെ ഏല്പിക്കാമോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം) പാടില്ല. ... [illegible] ... അന്യസമുദായക്കാരൻ ഭരണം നടത്തുന്നത് ശരിയല്ല ... [illegible] ... ഏജൻസിയാണ്.

മി. കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അങ്ങനെ ഒരു ഏജൻസി അധികാരം കൊടുത്താൽ പോരേ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴും നടപ്പിൽ ഇരിക്കുന്ന ചട്ടത്തെ ... [illegible] ... ചെയ്യുന്നില്ല ഇങ്ങനെ ഒരു ഏജൻസി അധികാരപ്പെടുത്തുന്നതിനു് ഒരു രജിസ്റ്റർ ... [illegible] ... വേണമെന്നാണ് പറയുന്നതു്.

മി: രാമവർമ്മ ... [illegible] ... (ഇടവ ...): ഈ ഏജൻസി ... [illegible] ... എന്താണോ പറയുന്നതു്?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അല്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അന്യകുടുംബത്തിൽ പെട്ട ആളെക്കൊണ്ടും ... [illegible] ... കൊണ്ടു വരുന്നില്ലേ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): വരുന്നില്ല.

മി: കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അപ്പോൾ കാരണവൻ അന്യദേശത്തു് പോയിട്ടുണ്ടെങ്കിൽ അധികാരം മറ്റൊരാൾക്ക ഏല്പിച്ചുകൊടുക്കാമല്ലോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ചെയ്യാം.

മി: കല്യാണംപരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): അപ്പോഴും മി. ജാതവേദൻ നമ്പൂരിപ്പാടിന്റെ സംശയത്തിന് സമാധാനമാകുന്നില്ല. കാരണവൻ കുടുംബാംഗങ്ങളെ ദ്രോഹിക്കാൻ ... [illegible] ... അധികാരം വേറൊരാൾക്കു് കൊടുത്തു എന്നും വരാമല്ലോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കുടുംബാംഗങ്ങളെ ദ്രോഹിക്കാൻ കാരണവന് ... [illegible] ... സാധിക്കും. കാരണവന്റെ സൗകര്യത്തിന് വേണ്ടിയുള്ള ഈ ക്ലാസ്സിൽ ഏല്പിച്ചുകൊടുക്കാൻ പാടില്ല എന്നുള്ള ഭേദഗതി സ്വീകരിക്കത്തക്കതല്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ക്ലാസ്സ് ഇരിക്കുന്നനിലയിൽ കാരണവൻ കാരണവസ്ഥാനം ഉപേക്ഷിച്ചാൽ ഉടനേതന്നെ കാരണവന്റെ ഇഷ്ടംപോലെ വേറെ ഒരാൾക്ക് — [illegible] കൊടുക്കാൻ സാധിക്കയില്ലല്ലോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഉപേക്ഷിച്ചാൽ ഇഷ്ടംപോലെ വേറെ ഒരാൾക്ക് കൊടുക്കാൻ പാടില്ല.

മി: ഏ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): ഒൻപതാമത്തെ വകുപ്പിൽ കാരണവൻ തന്നെത്തന്നെ ഒരു രജിസ്റ്റർ ഉടമ്പടി പ്രകാരം കാരണവസ്ഥാനം ഒഴിയാം എന്ന് പറഞ്ഞിട്ടില്ലേ? വേറൊരാൾക്ക് കൊടുത്തുകൂടാ എന്നുള്ളതിൽ പറഞ്ഞിട്ടുണ്ടോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴും ഇരിക്കുന്ന നിയമം കൊണ്ടു തന്നെ കാരണവസ്ഥാനം വേറെ ഒരാൾക്കു് കൊടുക്കാൻ കാരണവന് അധികാരമില്ല.

മി: ഏ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): പത്താം വകുപ്പിലുന്നാൽ അങ്ങനെ കൊടുക്കാമെന്ന് ഊഹിക്കരുതോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഊഹിക്കാൻ പാടില്ല.

മി: കല്യാണം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): ഡെലിഗേഷൻ കൊടുത്താൽ കൊടുത്തിരിക്കുന്ന ആളും കാരണവരോ, അത് വാങ്ങിക്കുന്ന ആളും കാരണവനോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കാരണവൻ ഡെലിഗേഷൻ കൊടുത്തിരിക്കുന്ന ആളും ആയിട്ട് വേണം വിചാരിക്കാൻ. അതുകൊണ്ടു ഈ ക്ലാസ്സിൽ ഒന്നും ഭേദഗതി ചെയ്യേണ്ടതില്ല എന്നാണ് എന്റെ അഭിപ്രായം.

മി: റി. സി. കേശവപിള്ള (കൽക്കുളം വിളവൻകോട്): ക്ലാസ്സ് പത്തു് ആവശ്യമില്ല. അതു് പിൻവലിച്ചു് കളയാമെന്ന് ബിൽ പ്രയോക്താവു തന്നെ സമ്മതിച്ചു കഴിഞ്ഞു എന്നാൽ മി. ജാതവേദൻ നമ്പൂരിപ്പാട്ടിലെ ഭേദഗതി ൻ-ം ഫ ൦—ം ക്ലാസ്സുകൾക്കാണ്. കാരണവന്റെ അക്രമപ്രവൃത്തികൾ കണ്ടപ്പോൾ ... [illegible] ... ട്ടിലുള്ള മറ്റംഗങ്ങൾക്ക് കാരണവനെ മാറ്റാനുള്ള അധികാരംകൂടി ആവശ്യമായതുകൊണ്ടു് ഈ ഭേദഗതി അംഗീകരിച്ചു പാസ്സാക്കണം എന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): പത്താമത്തെ വകുപ്പ് അതേമാതിരി ഇരുന്നാൽ മിസ്റ്റർ ജാതവേദൻ നമ്പൂരിയുടെ ഭേദഗതി അനുകൂലിക്കണം എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ ആ ബിൽ

പ്രയോക്താവു തന്നെ പത്താമത്തെ വകുപ്പിനെ പിൻവലിച്ചിരിക്കുന്നസ്ഥിതിക്ക ഭേദഗതിയേ അനുകൂലിക്കണം എന്നു വിചാരിക്കുന്നില്ല. ഇപ്രകാരം പിൻവലിക്കപ്പെട്ട ഒരു ക്ലാസ്സിനെപ്പററിയാണ് ഇപ്പോൾ ഇവിടെ വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുന്നതു്.

അദ്ധ്യക്ഷൻ.— ബില്ല് സഭമുമ്പിൽ ഇരിക്കുന്നുണ്ട്. സഭയുടെ ഇഷ്ടംപോലെ അതിനെ വിനിയോഗിക്കാവുന്നതാണ്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഏതായാലും ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നില്ല. ഒൻപതാമത്തെവകുപ്പ് പാസ്സായികഴിഞ്ഞു. അതനുസരിച്ച കാരണവനെ കാരണസ്ഥാനം ഒഴികയുംചെയ്യാം. പിന്നാൽ ഇന്നാക്കൊണ്ടുണ്ടാകുമെന്നു അതിൽപറഞ്ഞിട്ടില്ല. പത്താമത്തെ ക്ലാസ്സ് അനുസരിച്ചുനോക്കുന്നപക്ഷം വേറെ ഒരു ന്യൂനതകൂടിയുണ്ട്. അതായതു, ഒരുനായർകുട്ടി ബന്ധിൽ വിവാഹംചെയ്തിട്ടുള്ള ഒരാൾ കാരണവനായിവന്നു എന്നുവരട്ടെ, ഏതെങ്കിലും ഒരു ഇളമുറയായ ആ കുടുംബത്തിൽതന്നെ ബന്ധവും ഉണ്ടായിരിക്കും. ആ ഇളമുറക്കാരനെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കാരണവൻ തന്റെസ്ഥാനം അയാൾക്കുകൊടുത്തു എന്നുവരുത്താൻ എളുപ്പമുണ്ട്. അതുകൊണ്ടു കാരണവനു അങ്ങിനെഅധികാരം കൊടുപ്പാൻപാടില്ല. ഇങ്ങിനെ ആവശ്യമില്ലാത്ത ഒരു കുഴപ്പം ഇവിടെ കാണുവാനുള്ളതുകൊണ്ടാണ് ഒരുഭേദഗതിയുടെ ആവശ്യം ഉണ്ടായതു. കുടുംബത്തിലെ മററംഗങ്ങൾക്ക ഉപദ്രവവും മനസ്സിനു വേദനയും ഉണ്ടാക്കത്തക്കവണ്ണം കാരണവസ്ഥാനം കുടുംബത്തിൽ ആർക്കും കൊടുക്കാമെന്നുവെയ്ക്കുന്നതു വളരെ കഠിനമായ ഒന്നാകുന്നു.

അദ്ധ്യക്ഷൻ:—സഭ ഇപ്പോൾ പിരിയുകയും പിന്നീട ൨–൪–൩ ന വീണ്ടും കൂടുകയും ചെയ്യും.

സഭ ഉച്ചക്കുശേഷം രണ്ടുമണിക്ക പിരിയുകയും ൨–൪ ന വീണ്ടും കൂടുകയുംചെയ്തു.

അദ്ധ്യക്ഷൻ: ൫൦-ാം വകുപ്പിനുള്ള ഭേദഗതിയെ സംബന്ധിച്ച ഇനി സഭയിൽനിന്നും വാദപ്രതിവാദം തുടരുന്നതാണ്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട് (ജന്മി). ഇപ്പോൾ വലിയ വാദപ്രതിവാദത്തിനുണ്ടായായതു ൫൦-ാംവകുപ്പാണ്. അതിനെ ഇങ്ങിനെ ഭേദപ്പെടുത്തിയാൽ നന്നായിരിക്കുമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

"ഒരുശരിയായി രജിസ്റ്റർചെയ്ത ആധാരത്തിന്മേൽ അല്ലാതെ യാതൊരുകാരണവനും തറവാട്ടുവസ്തുവിന്റെ ഭരണത്തിനു ഒരുകാര്യസ്ഥനെ (ഏജന്റിനെ) നിയമിക്കാൻപാടില്ല. യാതൊരുകാരണവനും തന്റെ കാരണവസ്ഥാനത്തെ അന്യനു വിട്ടുകൊടുപ്പാൻ പാടില്ല."

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): ഇരുകക്ഷികളും ആവശ്യപ്പെടുന്നതു ഇതാണെന്നുതോന്നുന്നു:—

"യാതൊരുകാരണവനും അദ്ദേഹത്തിന്റെ കാരണവസ്ഥാനം തറവാട്ടിലെ ഒരു ഇളമുറക്കാരനെ ഏല്പിക്കാൻ പാടില്ല"

ഇതിൽ അവർഎല്ലാവരും ഏകാഭിപ്രായം ഉള്ളവരാണ്. ഇതോടുകൂടി വേറൊരുസംഗതിയുംകൂടി മി: ജാതവേദൻ നമ്പൂതിരിപ്പാട്ട ആവശ്യപ്പെടുന്നുണ്ട്. ഇതിലേക്കും മി: ജാതവേദൻനമ്പൂതിരിപ്പാട്ടിലെ സമ്മതം ഉണ്ടെന്നുതോന്നുന്നു. അതായതു ശരിയായി രജിസ്റ്റർചെയ്ത ആധാരത്തിന്മേൽ അല്ലാതെ യാതൊരു കാരണവനും ഒരു കാര്യസ്ഥനെയോ വിചാരിപ്പുകാരനെയോ നിയമിക്കാൻ പാടില്ലാ എന്നുള്ളതാകുന്നു.

അദ്ധ്യക്ഷൻ:—ഇതിനെ പ്രയോഗ്യമാക്കുന്നതിനു വേണ്ട വ്യവസ്ഥ ചെയ്യുമോ?

൫൦-ാം വകുപ്പിനെസംബന്ധിച്ച മി: കേശവൻനമ്പൂതിരിപ്പാടിനു ഏതാണുവേണ്ടതു എന്നു വ്യക്തമായി അറിഞ്ഞാൽ കൊള്ളാം.

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): യാതൊരുകാരണവനും ഒരു ശരിയായ രജിസ്റ്റർചെയ്ത പ്രമാണപ്രകാരമല്ലാതെ ഒരു കാര്യസ്ഥനെയോ വിചാരിപ്പുകാരനെയോ നിയമിച്ചുകൂടാ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ; മി: ജാതവേദൻനമ്പൂതിരിപ്പാട്ടിലെ ഭേദഗതിയെപ്പററി എന്തുചെയ്യുന്നു.

൫൦-ാം വകുപ്പിനു അദ്ദേഹം നിർദ്ദേശിച്ച ഭേദഗതിയെ അദ്ദേഹം പിൻവലിക്കുന്നോ?

മി: കല്ലാലംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി: കേശവൻനമ്പൂതിരിപ്പാട്ട നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെ അദ്ദേഹവും അനുകൂലിക്കുന്നു.

മി: കേശവൻനമ്പൂതിരിപ്പാട്ട (ജന്മി): അതിനദ്ദേഹം അനുകൂലിയാണ്.

അദ്ധ്യക്ഷൻ:—അങ്ങിനെയാണെങ്കിൽ അതിനെ ശരിയായരൂപത്തിൽ ഇടാം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മി): യാതൊരുകാരണവനും ഒരു ശരിയായി രജിസ്റ്റർചെയ്ത ഒരു ആധാരപ്രകാരമല്ലാതെ ഇല്ലംവക വസ്തുവിന്റെ ഭരണത്തിനായി ഒരുകാര്യസ്ഥനെ നിയമിക്കാൻ പാടുള്ളതല്ല. യാതൊരു കാരണവനും തന്റെ കാരണവസ്ഥാനത്തെ സീനിയർ അനന്തരവനെയല്ലാതെ മററു യാതൊരാളെയും ഏല്പിക്കാനും പാടില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സീനിയർഅനന്തരവൻ അയോഗ്യനായി ഭവിക്കുന്നു എങ്കിലോ.

അദ്ധ്യക്ഷൻ: ഒടുവിൽപറഞ്ഞ വാക്കുകൾ ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു.

മി: എൽ. ആർ. രാജരാജവർമ്മകോയിൽതമ്പുരാൻ (ചങ്ങനാശേരി- പീരുമേട്ട): അതു എനിക്ക ഒന്നുകൂടി കേൾക്കണമെന്നു ആശയുണ്ട്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മി): യാതൊരു കാരണവനും ഒരുശരിയായി രജിസ്റ്റർ ചെയ്ത പ്രമാണപ്രകാരമല്ലാതെ ഇല്ലംവക വസ്തുവിന്റെ ഭരണത്തിനായി ഒരു കാര്യസ്ഥനെ നിയമിച്ചുകൂടാത്തതാകുന്നു. യാതൊരു കാരണവനും തന്റെ കാരണവസ്ഥാനത്തെ ആർക്കും ഏല്പിച്ചുകൊടുത്തുകൂടാത്തതും ആകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): [illegible] യാതൊരുത്തരനെയും ത ന്റെ കാരണവസ്ഥാനത്തെ ഏല്പിച്ചുകൂടാ എന്നാണോ അദ്ദേഹം പറയുന്നതിന്റെ അർത്ഥം?

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു [illegible] വകുപ്പിൻ പ്രകാരം ഇട്ടിരിക്കുന്നതാണ്.

അദ്ധ്യക്ഷൻ:—മി: കേശവൻനമ്പൂതിരിപ്പാട്ട് അദ്ദേഹത്തിന്റെ ഭേദഗതിയെ [illegible] അതിലെ വാചകഘടന ശരിയാണോ എന്നു മി: പരമേശ്വരൻപിള്ള [illegible].

മി: എ. പി. മേനോൻ (പറവൂർ): ഇപ്പോഴത്തെ വകുപ്പിൽ [illegible] നിയമപ്രകാരവും കാരണവസ്ഥാനത്തെ വല്ലവരെയും ഏല്പിക്കാൻ [illegible]?

അദ്ധ്യക്ഷൻ: [illegible] വകുപ്പിന്റെ [illegible] മി: [illegible] നമ്പൂതിരിപ്പാട്ട് നിർദ്ദേശിച്ചിട്ടുള്ള ഭേദഗതിയെപ്പറ്റിയും എന്തോ [illegible] വ്യക്തമാകുന്നതിനായി ഈ [illegible] സ്വീകരിക്കപ്പെടേണ്ടതാകുന്നു. എന്തെന്നാൽ [illegible] വകുപ്പിന്റെ [illegible] ബന്ധിച്ചും ഇതു [illegible] യോജിപ്പിൽ എത്തിയിട്ടുണ്ടെന്നു കാണപ്പെടുന്നുണ്ട്. [illegible] ഒരു ശരിയായ രജിസ്റ്റർ പ്രകാരം [illegible] കാരണവസ്ഥാനം അന്യനെ ഏല്പിക്കുന്നതിനു [illegible] അധികാരമില്ലെന്നും ഉദ്ദേശമാകുന്നു. ഈ രണ്ടു [illegible] സംബന്ധിച്ചും [illegible] യോജിച്ചിരിക്കുന്നതായി തോന്നുന്നു. [illegible] ഈ സംഗതികൾ [illegible] ഈ നിബന്ധനയിലെ വാചകഘടന [illegible] എന്നു [illegible].

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] ഈ ഉദ്ദേശം സാദ്ധ്യമാകത്തക്ക വണ്ണമാണ്. [illegible] തോന്നുന്നില്ല.

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): [illegible] രജിസ്റ്റർ പ്രമാണം [illegible].

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] അഭിപ്രായ [illegible].

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): [illegible] രജിസ്റ്റർപ്രമാണംമൂലമായി [illegible] ചെയ്യാവുന്നതാണ്. [illegible] പറയുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] വാചകഘടന [illegible] ന്നില്ല.

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): 'ഇല്ലാ' [illegible] രജിസ്റ്റർപ്രമാണംമൂലമായി എന്നിരിക്കുന്നു. അതു വ്യക്തമാണെന്നു തോന്നുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): [illegible] വകുപ്പു മുഴുവൻ എടുത്തുകളഞ്ഞാലോ? അപ്പോൾ കാരണവസ്ഥാനം അന്യനെ ഏല്പിക്കാമോ എന്നു ചോദ്യമുണ്ടാം.

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ.

അദ്ധ്യക്ഷൻ: ഞാൻ മുമ്പു പറഞ്ഞതുപോലെ [illegible] മുഴുവൻ [illegible] ചെയ്യേണ്ടതിനെപ്പറ്റി ആലോചിക്കാം. [illegible] നമ്പൂതിരിപ്പാട്ടു [illegible] ഭേദഗതിയിൽ അർത്ഥമാക്കുന്ന കൂടിയുള്ളതിനെപ്പറ്റി സഭയിൽനിന്നും ഇനി [illegible].

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി: [illegible] നമ്പൂതിരിപ്പാട്ട [illegible] വകുപ്പിന്റെ [illegible] ഉപവകുപ്പായിരിക്കുന്നതാണ്.

അദ്ധ്യക്ഷൻ. അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ഇതുതന്നെ [illegible] വകുപ്പു [illegible] ആയിരിക്കും. ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സഭയിൽനിന്നു അവയെ ഇപ്പോൾ [illegible] ചെയ്യും. മ [illegible] ഭേദഗതിയും [illegible] പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. ഇനി ചെയ്യേണ്ടതു ഭേദഗതിയുടെ [illegible] ഭാഗങ്ങളെ അതായതു [illegible] ഭാഗങ്ങളെപ്പറ്റി വാദപ്രതിവാദം നടത്തുകയാണ്.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട്ട് (സാമാജികൻ): കാരണവൻ ശരിയായിരുന്നില്ലെങ്കിൽ ഒഴിപ്പിക്കേണ്ട അധികാരം ഉള്ളതായി ബില്ലിൽ കാണുന്നില്ല.

മി: കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു മി: [illegible]പിള്ള സെക്കൻഡ് ചെയ്തു ഇപ്പോൾ വാദത്തിലിരിക്കയാണ്.

അദ്ധ്യക്ഷൻ: വാദമായിട്ടു വല്ലതും ഉണ്ടെങ്കിൽ പറയുക.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട്ട് (സാമാജികൻ). ആ ഭാഗം [illegible] എനിക്കു പറയാനുള്ളത്.

അദ്ധ്യക്ഷൻ: മി: നമ്പൂതിരിപ്പാട്ടിലെ ഭേദഗതിയുടെ [illegible] ഭാഗങ്ങളെപ്പറ്റിയുള്ള നിങ്ങളുടെ നില എന്താണ് നിങ്ങൾക്കു അവയെ ഓരോന്നായി പ്രതിവാദിക്കാം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട് (ജന്മി): രണ്ടാമത്തെ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾതന്നെ കാരണവനെ മാറ്റുന്നതിനു അധികാരം ഉള്ളതുകൊണ്ടു അതു കൂടിയേതീരൂ എന്നില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ നടപ്പിലിരിക്കുന്ന നിയമംകൊണ്ട് ഇതിൽ [illegible] യുന്ന കാരണങ്ങളാൽ കാരണവനെ മാറ്റുന്നതിനു കുടുംബാംഗങ്ങൾക്കു അവകാശമില്ലേ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട (ജന്മി): ഉണ്ട്. മൂന്നാമത്തെ ഉപവകുപ്പിലുള്ള [illegible] പ്രത്യേകം എടുത്തുപറയാതെതന്നെ സ്വാഭാവികമായി അധികാരം അടുത്ത അനന്തിരവനു ചെന്നുചേരുന്നതു. അതുകൊണ്ടു അതിന്റെ ആവശ്യമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഭേദഗതിയുടെ ൨-ാംവകുപ്പിനെപ്പറ്റി മാത്രം വാദപ്രതിവാദം നടത്താമോ?

അദ്ധ്യക്ഷൻ: ൨-ം ൩-ം ൪-ം ഭാഗങ്ങളെസംബന്ധിച്ചു അദ്ദേഹത്തിന്റെ യുക്തംപോലെ നിരൂപണം ചെയ്യാമെന്നു ഞാൻ പറഞ്ഞു നാം വാദപ്രതിവാദം നടത്തുകമാത്രമേ ചെയ്യുന്നുള്ളു. ആ വാദപ്രതിവാദം ൩ ഭാഗങ്ങളെയും സംബന്ധിച്ച് എന്നുവരാം. ൪-ാമത് ക്ലാസിനെപ്പറ്റി നിങ്ങൾ എന്തുപറയുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട് (ജന്മി): ൪-ാമത്തെ വകുപ്പു സ്വീകരിക്കുന്നതിൽ വിരോധംഉണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു ഞാൻ അതു സ്വീകരിക്കുന്നു.

മി. ആർ. രാമൻപിള്ള (കോട്ടയം): ഔട്ട്കാസ്റ്റ് എന്നൊരുപദം ഉപയോഗിച്ചുകാണുന്നു, അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. ഔട്ട്കാസ്റ്റ് ആരെന്നു നിശ്ചയിക്കുന്നത് ആരാണ്?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ) ൨-ാമത്തെ ക്ലാസിൽ പറഞ്ഞിട്ടുള്ള കാരണങ്ങളാൽ ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടപ്രകാരം ഒരു കാരണവനെ നീക്കുന്നതിനു അധികാരമുണ്ട്. അതിന്റെ അർത്ഥം ഏകദേശം അതിൽ പൂർത്തിയായിട്ടു വന്നിട്ടുണ്ട്. അതുകൊണ്ടു ഈ വകുപ്പു വേണമോ എന്നു സംശയമാണ്. കാരണവസ്ഥാനത്തു ആക്കേണ്ട സംഗതിയെപ്പറ്റിപറയുന്നതിൽ പുരുഷന്മാരെ സംബന്ധിച്ചേടത്തോളം ഇപ്പോൾ ഇരിക്കുന്നപോലെയാണ്. സ്ത്രീകളെ സംബന്ധിച്ചിടത്തോളം വിവാഹംചെയ്തു കുടുംബത്തിൽ കയറിയ തീയതിമുതല്ക്കാണ് മൂപ്പുനിശ്ചയിക്കേണ്ടത് എന്നാണ് പറയുന്നത്. അത് സമ നിശ്ചയിക്കേണ്ടതാണ്.

അദ്ധ്യക്ഷൻ: അത് ൩-ാം ഭാഗത്തിൽ നിങ്ങൾക്കു കാണാം. നിങ്ങൾ ൨-ാംഭാഗത്തെപ്പറ്റി പറഞ്ഞു അവസാനിപ്പിച്ചില്ല.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ സാർ.

അദ്ധ്യക്ഷൻ: നാം ഇപ്പോൾ രണ്ടാംഭാഗത്തിലാണ്.

മി: ജാതവേദൻനമ്പൂതിരിപ്പാട്ട് (സംയുക്തൻ): ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടപ്രകാരം അതു വന്നിട്ടുള്ളതുകൊണ്ടു അത് ക്ലിപ്തയതിനു എന്നില്ല. ഭേദഗതിയിൽ രണ്ടാംഭാഗം വേണ്ട എന്നു വച്ചേക്കാം.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): വിവാഹം കഴിഞ്ഞു മുറയ്ക്കാണോ മൂപ്പുകിട്ടേണ്ടത് എന്നു പറയുന്നത്?

മി. വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട്ട് (സംയുക്തൻ): അതെ.

മി: ആർ. രാമൻപിള്ള (കോട്ടയം): വിവാഹം കഴിയാത്ത ഒരു സ്ത്രീ കുടുംബത്തിൽ ഇരിപ്പുണ്ട്. അവൾക്കു ൯൦ വയസ്സും ആയി. ആ സ്ത്രീക്കു വല്ല അവകാശവും ആ കുടുംബത്തിൽ ഉണ്ടോ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ) ഒരു വയസ്സിനുമുമ്പുവിവാഹം ചെയ്തുകൊടുക്കണം എന്നു ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടു അങ്ങിനെ വരികയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അങ്ങിനെ വിവാഹം ചെയ്തുകൊടുത്തില്ലെങ്കിൽ?

മി: ജാതവേദൻനമ്പൂതിരിപ്പാട്ട് (സംയുക്തൻ): വിവാഹം കഴിക്കാതിരിക്കുന്നിടത്തോളം മെമ്പറായിട്ടു ഗണിക്കാനെ തരമുള്ളു.

അദ്ധ്യക്ഷൻ നിർവചനത്തിൽ അപ്രകാരം പറഞ്ഞിട്ടുണ്ട്. ൩-ാംവകുപ്പിൽ സ്ത്രീകളുടെ മൂപ്പിനെപ്പറ്റി ൩-ാമുപവകുപ്പിന്റെ വിവരണം ഉണ്ട്. ആ വകുപ്പിനെപ്പറ്റി നിരൂപണം ചെയ്യുമ്പോൾ നിർദ്ദിഷ്ടനിയമം വീണ്ടും നിരൂപണത്തിനു പാത്രമാകും. ൪-ാംവകുപ്പിനുശേഷം ആ വകുപ്പു മുഴുവനും പര്യാലോചിക്കേണ്ടതുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൨-ാംവകുപ്പിനെ സംബന്ധിച്ചു പല ഭേദഗതികളുണ്ട്. ആ ഭേദഗതികളെപ്പറ്റി തീരുമാനിക്കുമ്പോൾ ഈ ക്ലാസ് ആവശ്യമില്ലെന്നു വരാവുന്നതാണ്.

അദ്ധ്യക്ഷൻ: മി: പരമേശ്വരൻപിള്ള ഭേദഗതിയുടെ ൪-ാംഭാഗത്തെപ്പറ്റി നിങ്ങൾക്കു വല്ലതുംപറയാനുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ ഭാഗം ചേർക്കുന്നതുകൊണ്ടു വിരോധമില്ല മൈനർ മാത്രമുള്ളപ്പോഴാണ് കോർട്ടിൽ അപേക്ഷിക്കണമെന്നു പറയുന്നത്.

അദ്ധ്യക്ഷൻ: അതെ, അതാണ് അദ്ദേഹം പറയുന്നത്. അതിനെ പററിസ്വീകരിക്കുന്നതിൽ വിരോധമില്ലെന്നു മി: കേശവൻ നമ്പൂതിരിപ്പാട്ട പറഞ്ഞിട്ടുണ്ട്.

മി: കല്ലാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഗാർഡിയനും വാർഡ്സും (രക്ഷകനും രക്ഷിതനും) റെഗുലേഷൻപ്രകാരം ഒരു മൈനർമെമ്പർ ഉണ്ടെങ്കിൽ അതു അദ്ദേഹത്തിനു ലഭിക്കും ന്യായമെന്നാണ് എനിക്കു പറയാനുള്ളതു. എന്നാൽ കുറെ അധികം മൈനർമാർ ഉണ്ടെങ്കിൽ കുറെ വിഷമമുണ്ട്. അവർക്ക് ആവശ്യമുണ്ടെങ്കിൽ ഈ വകുപ്പു വച്ചുകൊണ്ടിരിക്കുന്നതു കൊള്ളാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ക്ലാസ് മൂന്നിനെ സംബന്ധിച്ചേടത്തോളം പറയുന്നതു "കാരണവൻ ഭരണം ഉപേക്ഷിക്കയോ അല്ലെങ്കിൽ ഭരണത്തിൽ നിന്നും നീക്കപ്പെടുകയോ ചെയ്യുന്നവിഷയത്തിൽ, ഇല്ലത്തിലെ രണ്ടാം പ്രായം ചെന്ന പുരുഷമെമ്പർമാരിലും അപ്രകാരമുള്ള പുരുഷമെമ്പർമാർ ഇല്ലാതെ വരുമ്പോൾ ഇല്ലത്തെ പ്രായം ചെന്ന സ്ത്രീ മെമ്പർമാരിൽ മൂപ്പുമുറക്കു നിക്ഷിപ്തമാകുന്നതും അതിനെ അവർ കയ്യേൽക്കേണ്ടതും ആകുന്നു" എന്നാണ്. അപ്പോൾ പ്രായം ചെന്ന പുരുഷമെമ്പർമാർ എന്നാണു വരുന്നതു.

അദ്ധ്യക്ഷൻ: അതു ശരിയായ് വാചകത്തിലല്ല ഇട്ടിട്ടുള്ളതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതു പുരുഷമെമ്പർമാർക്കും അവരുടെ അഭാവത്തിൽ സ്ത്രീ മെമ്പർമാർക്കും മൂപ്പുമുറയ്ക്കു പോകേണ്ടതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മരണം മൂലം കാരണവസ്ഥാനത്തിനു ഒഴിവു വന്നാലും ഇതല്ലയോ നിയമം.

മി: കല്ല്യാട്ടം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): അതെ.

അദ്ധ്യക്ഷൻ: അങ്ങിനെയാണെങ്കിൽ ഒരു വിഷമവും ഇല്ലല്ലോ. ഒരാൾ മരിക്കുമ്പോൾ അടുത്ത മൂപ്പുറക്കാരൻ കാരണവനായി ഭവിക്കുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വിവാഹം കഴിപ്പിച്ചിട്ടില്ലാത്ത സ്ത്രീകൾക്കു എത്ര വയസ്സായാലും അവരെ മൈനരായിട്ടു ഗണിക്കാമോ, പാടുണ്ടോ?

മി: കല്ല്യാട്ടം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): രണ്ടാം വകുപ്പിലേക്കു നാം പ്രവേശിക്കുമ്പോൾ അതിനെ പറ്റിയുള്ള ചോദ്യങ്ങൾ എടുക്കാവുന്നതാണ്.

അദ്ധ്യക്ഷൻ: ഈ വിവരണം ഇപ്പോൾ എടുക്കേണ്ട ആവശ്യമില്ലെന്നും അതു ൨-ാം വകുപ്പിൽ വരുന്നതുകൊണ്ടു അതിനെ തിരെ എടുത്തുകളയാമെന്നും ആണ് ബഹുമെമ്പർ പറഞ്ഞത്.

മി: കല്ല്യാട്ടം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ൨-ം നം-ം ഭാഗങ്ങൾ എടുത്തുകളയാം. ൨-ാം ഭാഗം വാദപ്രതിവാദത്തിനു വിഷയമായിരിക്കും.

അദ്ധ്യക്ഷൻ: ൨-ാം ഭാഗം കൂടി എടുത്തുകളയുന്നതിനു അദ്ദേഹം തയ്യാറുണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതും എടുത്തുകളഞ്ഞാൽ മതി.

മി: കല്ല്യാട്ടം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): മൂന്നാമത്തെ ക്ലാസിൽ പറയുന്നതു കാരണവസ്ഥാനം വയസ്സുമുറയ്ക്കു കിട്ടണമെന്നാണ്. എന്നാൽ സ്ത്രീകൾ വിവാഹം കഴിഞ്ഞ മുറയ്ക്കു കിട്ടണം എന്നും പറയുന്നുണ്ട്. ൨-ാമത്തെ ക്ലാസിൽ കാരണവന്റെ വിവരണം പറഞ്ഞിട്ടുണ്ട്. അതിനെക്കൊണ്ടു കാരണവന്മാരെപ്പറ്റി എന്തെങ്കിലും അഭിപ്രായം ഉണ്ടെങ്കിൽ അതു അവിടെ ചേർത്താൽ മതി.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): രണ്ടും മൂന്നും ഭാഗം ഞാൻ പിൻവലിക്കാം.

അദ്ധ്യക്ഷൻ: ൨-ാം ഭാഗം മി: ജാതവേദൻനമ്പൂതിരിപ്പാടു സമ്മതിക്കുന്നുണ്ട്.

മി: ജാതവേദൻനമ്പൂതിരിപ്പാട് അദ്ദേഹത്തിന്റെ ഭേദഗതിയെ പിൻവലിച്ചു കൊള്ളുന്നതിനു സഭ സമ്മതിക്കുന്നുണ്ടോ?

(സഭയുടെ അനുവാദപ്രകാരം ഭേദഗതിയെ പിൻവലിച്ചു).

ഇനി വോട്ടിനിടാൻ രണ്ടു സംഗതികളേ മാത്രമേയുള്ളു. അവ ൧൦-ാം വകുപ്പു അവതാരകൻ തന്നെ ഭേദപ്പെടുത്തിയ നിലയിൽ ഉള്ളതും ജാതവേദൻനമ്പൂതിരിപ്പാടിനാൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതിയുടെ ൨-ാം ഭാഗവും ആകുന്നു.

ഭേദപ്പെടുത്തിയ ക്രമത്തിനു ൧൦-ാം വകുപ്പു ഈ വിധം വായിക്കപ്പെടും:—

ഫ (എ) യാതൊരു കാരണവനും ഒരു ശരിയായി രജിസ്റ്റർ ചെയ്യപ്പെട്ട ആധാരം മൂലം അല്ലാതെ ഇല്ലം വക വസ്തുക്കളുടെ ഭരണത്തിനായിട്ടു ഒരു കാര്യസ്ഥനെ നിയമിച്ചുകൂടാത്തതാകുന്നു.

(ബി) യാതൊരു കാരണവനും തന്റെ കാരണവസ്ഥാനത്തെ അന്യനെ ഏല്പിക്കുവാൻ പാടില്ല.

(ഡ) "ഒരു ഇല്ലത്തിൽ ഭരണം നടത്തുന്നതിനു പ്രാപ്തിയുള്ള പുരുഷനോ സ്ത്രീയോ ഇല്ലാതെ വരുന്ന വിഷയത്തിൽ ഇല്ലത്തിലോ ഇല്ലത്തിലെ മെമ്പർ മാരിലോ താൽപ്പര്യമുള്ള ...

ആ ഇല്ലം ആ വ്യവഹാരം എടുക്കുന്നതിനധികാരമുള്ള ഏതെങ്കിലും സിവിൽ കോടതിയുടെ അധികാരാതിർത്തിയിൽ സ്ഥിതിചെയ്യുമ്പോൾ ആ കോടതിയിൽ അപേക്ഷിച്ചു കോടതിയിലും കോടതിയുടെ ഉത്തരവിൻ പ്രകാരവും നിയമിക്കപ്പെടുന്ന ഒരു മാനേജർ (കാര്യസ്ഥൻ) മുഖേന കാര്യങ്ങൾ നടത്തിക്കാവുന്നതാണ്".

ഇപ്രകാരം ഭേദപ്പെടുത്തപ്പെട്ട പ്രസ്തുത വകുപ്പു ബില്ലിന്റെ ഭാഗമായിനിൽക്കട്ടെയോ എന്നാണ് ചോദ്യം?

ചോദ്യം അനുവദിക്കപ്പെടുകയും വകുപ്പു ബില്ലിനോടു ചേർക്കപ്പെടുകയും ചെയ്തു.

അദ്ധ്യക്ഷൻ: അടുത്ത ഭേദഗതി മി: ജാതവേദൻനമ്പൂതിരിപ്പാടിനാൽ നിർദ്ദിഷ്ടമായ പുതിയ ക്ലാസാണ്.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): ബില്ലിൽ ചേർക്കേണ്ടതായ വകുപ്പു ഞാൻ ഇവിടെ അവതരിപ്പിക്കാം.

(ഫ) ഇല്ലത്തിലെ ഒരു കന്യകയ്ക്കു ൩൫ വയസ്സു തികഞ്ഞതിന്റെ ശേഷവും വിവാഹം കഴിപ്പിച്ചുകൊടുപ്പാൻ കാരണവൻ ഉദാസീനത കാണിക്കുന്നുവെങ്കിൽ ഇല്ലത്തിലെ മറ്റേതെങ്കിലും അംഗത്തിനു ആ കന്യകയെ വിവാഹം കഴിപ്പിച്ചു കൊടുപ്പാൻ അധികാരമുള്ളതും ആ വകയ്ക്കു ചിലവിനു വേണ്ടിവരുന്ന സംഖ്യ ഇല്ലസ്വത്തിൽ നിന്നും വസൂലാക്കിയെടുപ്പാൻ അയാൾക്കു അവകാശം ഉള്ളതും ആകുന്നു.

എന്നാൽ വിവാഹത്തിനു സ്ത്രീധനം കൊടുക്കേണ്ട സംഖ്യ ഇല്ലസ്വത്തു ആളോഹരി ഭാഗിച്ചാൽ ആ കന്യകയ്ക്കു കിട്ടാവുന്ന സ്വത്തിന്റെ വിലയായിരിക്കേണ്ടതും അങ്ങിനെയുള്ള സംഖ്യ ഒരിക്കലും ൧൦,൦൦൦ രൂപയിൽ കവിയാൻ പാടില്ലാത്തതും ആകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോൾ നിലവിലിരിക്കുന്ന ചട്ടം അനുസരിച്ചു വിവാഹം ചെയ്തു കൊടുക്കാതെ മനഃപൂർവം പ്രവർത്തിക്കുന്ന കാരണവന്മാർ ഉണ്ടോ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): മനഃപൂർവം പ്രവർത്തിക്കുന്നു എന്നു അർത്ഥമില്ല. കാരണവരുടെ ഉദാസീനതകൊണ്ടു നടത്താതിരിക്കുന്നു എങ്കിൽ അതു മറ്റുള്ളവർക്കു നടത്താവുന്നതാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ ചട്ടം അനുസരിച്ചു സ്ത്രീധനം വാങ്ങിക്കുന്ന പണം ഇല്ലത്തിലേക്കുതന്നെയാണോ ചേരുന്നതു്?

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): അങ്ങിനെയാണ്.

അദ്ധ്യക്ഷൻ: ഈ ഭേദഗതിയെ ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

മി: വി. ചെല്ലംപിള്ള (തോവാള): ഉണ്ട്. സാർ, ഞാൻ പിൻതാങ്ങുന്നുണ്ട്.

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (സംയുക്തൻ): ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഒരു ഇല്ലത്തിൽ [illegible] വയസ്സു കഴിഞ്ഞശേഷം വിവാഹം കഴിച്ചു കൊടുക്കാത്ത ഒരു പെൺകുട്ടി ഇരുന്നാൽ ആ കുടുംബത്തിലെ മററതെങ്കിലും അംഗങ്ങൾക്ക ആ പെൺകുട്ടിയെ വിവാഹം കഴിച്ചു കൊടുക്കാമെന്നാണ് ഭേദഗതി. അതു കൊണ്ടു പല ദോഷവും സംഭവിക്കുന്നതാണ്. ഒരു പെൺകുട്ടിയുടെ അപ്പൻ ഉണ്ടായിരിക്കും അദ്ദേഹത്തിന്റെ പുത്രിയെ നല്ല സ്ഥിതിയിലുള്ള ഒരാളിന് വിവാഹം കഴിച്ചുകൊടുക്കണമെന്ന വിചാരമുണ്ടായിരിക്കും. അതിലേക്ക വരനെ അന്വേഷിച്ചു തിരഞ്ഞു നടക്കുന്നതിനു കുറെ സമയം വേണം. ഈ വകുപ്പ് പാസായി കഴിഞ്ഞാൽ കാരണവനോടു ദ്വേഷമുള്ള മററു അംഗങ്ങൾ [illegible] വയസ്സു തികയുന്നതു നോക്കിക്കൊണ്ടിരിക്കും. പെട്ടെന്നു ൭൦ വയസ്സായ ആളിനു അവർ ആ കുട്ടിയെ കല്യാണം കഴിച്ചു കൊടുത്തേക്കാം. അഛൻ പുത്രിയെ ചെറുപ്പക്കാരനായ ഒരാളിന് കൊടുക്കണമെന്നു ആഗ്രഹിക്കുന്ന അവസരത്തിലാണ് യാതൊരു യോഗ്യതയും ഇല്ലാത്ത ആളുകൾക്ക പണത്തിന്റെ ലാഭത്തെ ഉദ്ദേശിച്ചു കൊടുക്കാൻ ഇടവരുന്നതു്. ഇങ്ങിനെ ൭൦-ഉം ൮൦-ഉം ൯൦-ഉം വയസ്സായ ആളുകൾക്ക യാതൊരു മടിയും കൂടാതെ കന്യകകളെ ഇപ്പോൾ കൊടുക്കേണ്ടിയിരിക്കുന്നു. ഈ ഭേദഗതി അതിനു ഒന്നു കൂടി സഹായമായിത്തീരുന്നതാണ്. പിതാവിനു സ്നേഹമില്ലാതെ വരികയില്ല. ഈ പ്രവൃത്തി സ്നേഹംവിട്ടു ധനത്തിന്റെ ലാഭം മാത്രം കരുതി ചെയ്യുന്നതാണ്. അതു ഒരിക്കലും നല്ലതല്ല.

മി: ഇട്ടപ്പ ഇട്ടീച്ചൻ (കുന്നത്തുനാട്ട്): അച്ഛൻ ഇല്ലാത്ത കന്യകയാണെങ്കിൽ കാരണവർക്ക വിവാഹത്തെ നീട്ടിക്കൊണ്ടു പോകാൻ സാധിക്കയില്ലയോ?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട (സംയുക്തൻ): ഈ സമുദായത്തിലുള്ള പെൺകുട്ടികളെ വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനു കുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും സ്വാതന്ത്ര്യം ഉണ്ട്. സ്ത്രീകളെ വിവാഹം കഴിപ്പിച്ചു കൊടുക്കുന്നതിനു തന്നെയാണ് അവർ ശ്രമം ചെയ്തു കൊണ്ടിരിക്കുന്നതു്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): നമ്പൂതിരി സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ധാരാളമായിട്ടുണ്ടോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): ഇപ്പോൾ ൫൦-ഉം ൫൫-ഉം വയസ്സുവരെ വിവാഹം കഴിക്കാത്തതായി ഇരിക്കുന്നുണ്ട്.

മി. എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): അങ്ങിനെ അവിവാഹിതകളായ സ്ത്രീകൾ ധാരാളം ഉള്ള സ്ഥിതിക്ക അവരെ വിവാഹം കഴിപ്പിക്കാതെ വച്ചു കൊണ്ടിരിക്കുന്നതിനു കാരണം എന്തു്?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): വിവാഹം കഴിച്ചിട്ടുള്ള സ്ത്രീകളുടെ കഥ ആലോചിച്ചാൽ അതിലും കഷ്ടമാണ്. ഇപ്പോൾ ൭൦-ഉം ൮൦-ഉം വയസ്സായ പുരുഷന്മാർക്ക വിവാഹം ചെയ്തു കൊടുക്കുന്നുണ്ട്.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ ദേവികുളം): അങ്ങിനെ അവിവാഹിതകളായിരിക്കുന്നതു നല്ലതാണോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): നല്ലതല്ല. അവരെ വിവാഹം കഴിച്ചു കൊടുക്കുന്നതിനു സമുദായം സശ്രമം ചെയ്തു കൊണ്ടിരിക്കയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): കുടുംബത്തിലെ കാരണവന്റെ പിഴകൊണ്ടാണോ സ്ത്രീകൾ അവിവാഹിതകളായിരിക്കുന്നതു?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട (സംയുക്തൻ): അതല്ല. സാധാരണ പുരുഷന്മാരെ വിവാഹം കഴിക്കുന്നതിനു കിട്ടുന്നില്ലായ്കയാലാണ്. ഒരു കന്യക ഒരു കുടുംബത്തിൽ ഉണ്ടെങ്കിൽ അഞ്ചും എട്ടും വയസ്സാകുന്നതു മുതൽ കുടുംബത്തിലുള്ള എല്ലാ അംഗങ്ങളും കന്യകയെ വിവാഹം കഴിച്ചു കൊടുക്കുന്നതിനു ശ്രമം ചെയ്തു കൊണ്ടാണ് ഇരിക്കുന്നതു്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): കാരണവൻ ഉദാസീനത കാണിച്ചാൽ മാത്രമേ മററുള്ളവർക്ക വിവാഹം കഴിച്ചു കൊടുപ്പാൻ അവകാശമുള്ളു എന്നല്ലേ പറയുന്നതു? കാരണവൻ ഉദാസീനൻ അല്ലാതിരിക്കുമ്പോൾ മററുള്ളവർക്ക ഇതിലേക്ക ഈ അവകാശം കിട്ടുന്നില്ല. അതുകൊണ്ടു കാരണവൻ ഉദാസീനൻ ആയിരിക്കുമ്പോൾ മററുള്ളവർക്ക ഇതിലേക്ക അവകാശം കൊടുക്കുന്നതു കൊണ്ടു ദോഷം ഉണ്ടോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): അതു കൊണ്ടു ദോഷമില്ല. പക്ഷെ മററുള്ളവർ വിവാഹം കഴിച്ചു കൊടുക്കുന്നതു ധനത്തെ മാത്രം ആഗ്രഹിച്ചു കൊണ്ടാണ്. അതു കൊണ്ടു ഒരു തരത്തിലും യോജിപ്പില്ലാത്ത നിലയിൽ വിവാഹം കഴിച്ചു കൊടുക്കാൻ ഇടവന്നേക്കും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി) സാധാരണയായി അച്ഛനോ കാരണവരോ ഉണ്ടായിരുന്നാൽ വിവാഹകാര്യത്തെപ്പററി ശ്രമിച്ചു കൊണ്ടിരിക്കും. സ്ത്രീയുടെ അച്ഛൻ മരിച്ചു പോകുന്നു? അമ്മാവൻ ഇരിക്കുന്നുണ്ട്. ആ അമ്മാവനു ഇതിൽ താല്പര്യം ഇല്ല. എന്നാൽ അതിലേക്ക പ്രാപ്തിയുള്ള സഹോദരന്മാർ ഉണ്ട്. അവർക്ക ഈ വിവാഹം നടത്താൻ അധികാരം കൊടുക്കണമെന്നു മാത്രമേ ഈ വകുപ്പിൽ പറയുന്നുള്ളു.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): കല്യാണം കഴിക്കുന്നതു കന്യകയുടെ സമ്മതത്തോടുകൂടി മാത്രമേ പാടുള്ളു എന്നും ചേർത്താൽ ആക്ഷേപമുണ്ടോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): യാതൊരു ആക്ഷേപവുമില്ല.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അങ്ങിനെയാണെങ്കിൽ മി. ജാതവേദൻ നമ്പൂതിരിപ്പാട്ട പറഞ്ഞിട്ടുള്ള [illegible] വയസ്സ് എന്നുള്ളതിനെ [illegible] എന്നാക്കി സ്ത്രീയുടെ സമ്മതത്തോടുകൂടി എന്നാക്കിയാൽ മതിയോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട (സംയുക്തൻ): അതിനു വിരോധമില്ല.

അദ്ധ്യക്ഷൻ: മി: പരമേശ്വരൻപിള്ള, അവർ തമ്മിൽ യോജിച്ചിരിക്കുന്ന സംഗതി എന്താണെന്നു നിങ്ങൾ സ്വയം വിശദമാക്കുമോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): ഇല്ലത്തുള്ള ഒരു കന്യകയെ ഋതു വയസ്സു തികയും മുമ്പ് കല്യാണം കഴിച്ചു കൊടുക്കാൻ കാരണവൻ ഉപേക്ഷ കാണിക്കുന്നപക്ഷം ആ കന്യകയെ കല്യാണം കഴിച്ചു കൊടുക്കുന്നതിനും അതിലേക്ക് ആവശ്യമുള്ള പണം ഇല്ലം സ്വത്തിൽ നിന്നും വസൂലാക്കി എടുക്കുന്നതിനും ഇല്ലത്തെ മറ്റേതു അംഗത്തിനും അധികാരം ഉണ്ട് എന്നുള്ള ഒരു ഭേദഗതി മി: ജാതവേദൻ നമ്പൂതിരിപ്പാട് അവതരിപ്പിച്ചു. ഈ നിബന്ധനയെ ദുർവ്യാഖ്യാനമോ മറ്റു വല്ല ഉദ്ദേശത്തോടുകൂടിയോ സ്വാർത്ഥലാഭത്തിനായി വിനിയോഗിക്കാൻ ഇടയുണ്ടെന്നുള്ള കാരണത്തിന്മേൽ മിസ്റ്റർ ഇപ്പൻ നമ്പൂതിരിപ്പാട് ഭേദഗതിയെ എതിർത്തു. അതിനാൽ ഋതു വയസ്സു എന്നതിനെ 16 വയസ്സു എന്നു ആക്കണമെന്നും അതു കൂടാതെ കന്യകയുടെ സമ്മതംകൂടി വേണമെന്നും ഞാൻ നിർദ്ദേശിച്ചു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവ്യവസായം, വടക്ക്): ഈ സമ്മതം എന്നു പറയുന്നതു രേഖാമൂലമായ സമ്മതമോ വാക്കാലുള്ള സമ്മതമോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ ഉദ്ദേശിച്ചു പറഞ്ഞതു വാക്കാലുള്ള സമ്മതമാകുന്നു.

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംസ്കൃതൻ): ആ സമ്മതം കിട്ടിയിട്ട് നിശ്ചയിച്ചാൽ കൊള്ളാം.

മി: ടി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്): അവരുടെ സമ്മതം ചോദിക്കുന്നതു ആരാണ്? വല്ല വർത്തമാനപ്പത്രങ്ങൾവഴിയായിട്ടും മതിയോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): സ്ത്രീയുടെ സമ്മതം കിട്ടിയാൽ മതി.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം നെടുമങ്ങാട്): സ്ത്രീക്കു അറിയാതിരുന്നതിൽ പലതും കൊള്ളേണ്ടതുണ്ട്. വിവാഹത്തിനു തനിക്കു മനസ്സില്ലെങ്കിൽ അവർ അതുപ്രകാരം ചെയ്യുകയില്ല. സ്ത്രീ പ്രായപൂർത്തിവന്നവളാകയാൽ ആ സ്ത്രീ കൊടുക്കുന്ന സമ്മതം സാധുവായ സമ്മതം ആയിരിക്കും.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതെ.

അദ്ധ്യക്ഷൻ: അതിനെ വാചകമാക്കുന്നതു എങ്ങിനെ മിസ്റ്റർ പരമേശ്വരൻപിള്ള, അതിനു സമയം എടുക്കുമായിരിക്കണം.

മി: എ. സി. കുഞ്ഞാക്കോസ് (മീനച്ചൽ ദേവികുളം): സ്ത്രീധനസംഖ്യ ഇല്ലം വകസ്വത്തായി പരിഗണിക്കുമോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ സംഗതി വരുന്നതേയുള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഇപ്പോൾ ചേർത്തിരിക്കുന്ന ചട്ടപ്രകാരം തന്നെയും ... ...

അദ്ധ്യക്ഷൻ: നിങ്ങൾ കുറച്ചു കാത്തിരിക്കണം മി: കേശവപിള്ള,

ഒന്നാമതായി അതിനെ എഴുതട്ടെ.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്റെ അതിനെ ഈ വാചകത്തിൽ ഇടുന്നു.—

"ഇല്ലത്തിലെ ഒരു കന്യകയ്ക്കു 16 വയസ്സു കഴിഞ്ഞതിനുശേഷവും കാരണവൻ ആ കന്യകയെ വിവാഹം ചെയ്യിച്ചു കൊടുക്കാതിരിക്കുന്ന പക്ഷം, ആ സ്ത്രീയുടെ സമ്മതത്തോടുകൂടി അവളെ വിവാഹംചെയ്യു കൊടുക്കുന്നതിനു ഇല്ലത്തിലെ വേറെ ഏതെങ്കിലും അംഗത്തിനു അധികാരം ഉള്ളതും ആ വകക്കു ആവശ്യപ്പെടുന്ന പണം ഇല്ലം വക മുതലിൽ നിന്നും ഈടാക്കുന്നതിനു അയാൾക്കു അവകാശം ഉള്ളതും ആകുന്നു."

മി: എ. താണുപിള്ള (തിരുവനന്തപുരം): നായർ റഗുലേഷനിൽ കക്ഷികൾക്കു തമ്മിൽ സമ്മതം വേണമെന്നുവച്ചിട്ടുള്ളതു ഏതു വയസ്സു കഴിഞ്ഞതായാണ്?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): 16 എന്നാണെന്നു തോന്നുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ വയസ്സ് ഇവിടെയും പോരില്ലയോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഈ നിബന്ധനയെ സ്വാർത്ഥലാഭത്തിനായി ദുർവിനിയോഗം ചെയ്യാൻ ഇടയുണ്ടെന്നു മി: ഇപ്പൻ നമ്പൂതിരിപ്പാടു പ്രസ്താവിച്ച അഭിപ്രായത്തെ പരിചിന്തിച്ചിട്ടാണു 16 വയസ്സ് എന്നു വച്ചത്.

മി: എൻ. ആർ. കൃഷ്ണൻ (നിയമിതൻ): മി: ഇപ്പൻ നമ്പൂതിരിപ്പാട്, അഫ്ഫനല്ലാതെ വേറെ ആരെങ്കിലും കല്യാണം കഴിച്ചുകൊടുത്താൽ സങ്കടമുണ്ടെന്നാണു പറയുന്നത്. അഫ്ഫനല്ലാതെ വേറെ ഏതെങ്കിലും കാരണവൻ ഉപേക്ഷ കാണിക്കുന്നപക്ഷം എന്നു ചേർത്താൽ സങ്കടം വരുന്നതല്ലല്ലോ.

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതുകൊണ്ടു എല്ലാം ഭേദവും സാധിക്കയില്ല. 16 വയസ്സായ സ്ത്രീയുടെ സമ്മതംകൂടി വാങ്ങിക്കണമെന്നുവച്ചാൽ കാര്യംകൂടി നേരെയാവും ആണല്ലോ. അഫ്ഫൻ ഉണ്ടെങ്കിൽ അഫ്ഫൻതന്നെ ശരിയായി ആലോചിച്ചു ചെയ്യുകയും ചെയ്യും.

മി: ടി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്): അവരുടെയും സമ്മതംകൂടാതെ ഒരു സ്ത്രീയെ ചട്ടത്തിൽ ഉൾപ്പെടാത്ത ഒരു കല്യാണം കഴിപ്പിച്ചാൽ അതു സാധു ആണോ?

മി: കണ്ണാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): അതു ഒരു സാങ്കല്പിക ചോദ്യമാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): സമ്മതം വേണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പ്രായംചെന്ന ഒരു ആളിനുവേണ്ടി വേറൊരാൾ പ്രവർത്തിക്കണമെന്നു പറയുന്നതിൽ സാംഗത്യം ഒട്ടുംതന്നെ ഇല്ലയോ?

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): പ്രധാനമായ സംഗതി ഇല്ലത്തെ മുതലിൽനിന്നു വിവാഹത്തിനു ആവശ്യമുള്ള പണം വസൂലാക്കണം എന്നുള്ളതാകുന്നു.

മി: പി. താണുപിള്ള (തിരുവനന്തപുരം): എങ്കിലും പ്രായപൂർത്തിവന്ന ഒരാളിനുവേണ്ടി മൂന്നാമതൊരു ആൾ പ്രവർത്തിക്കേണ്ടതാണെന്നും ആ വഴി പണം വസൂലാക്കണമെന്നും ഒരു നിയമം നിബന്ധന ചെയ്യുന്നതിൽ സ്വല്പം ഭേദഗതി ഇല്ലയോ? പ്രായപൂർത്തിവന്ന സ്ത്രീതന്നെ അപ്രകാരം പ്രവർത്തിച്ചുകൊള്ളുന്നതിനു നിയമേന അധികാരപ്പെടുത്തുന്നതല്ലേ കാര്യം യുക്തം? ഈ സ്ത്രീക്കു അവരുടെ ഇഷ്ടംപോലെ ആ വകക്കായി വച്ചുകൊള്ളാമെന്നതിനു വിരോധമില്ല.

ആദ്ധ്യക്ഷൻ: മി: താണുപിള്ള! ഹിന്ദുധർമ്മപ്രകാരം സ്ത്രീയെ വല്ല കാരണവരും വിവാഹംചെയ്തു കൊടുക്കേണ്ടതുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഈ വകുപ്പിനെ എതിർക്കുന്നു. പല കാരണങ്ങളാലും ഈ വകുപ്പിനെ സ്വീകരിക്കുന്നതിനു ന്യായമിരിക്കുന്നില്ല.

ഒന്നാമതായി നമ്പൂരി ഇല്ലങ്ങൾക്കു ചില പാരമ്പര്യ നടപ്പുകളുണ്ട്. അവയെ എല്ലാം പെട്ടെന്നു വിസ്മരിച്ചു ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഒരു നിയമം ഉണ്ടാക്കാൻ പാടില്ല. നിർദ്ദിഷ്ട നിയമപ്രകാരം ഒരു പെൺകുട്ടിയെ [illegible] വയസ്സുവരെ വിവാഹംചെയ്തുകൊടുക്കാത്തപക്ഷം, അപ്രകാരം വിവാഹംചെയ്തു കൊടുക്കുന്നതിനു ഇല്ലത്തിലെ ഏതെങ്കിലും ഒരു അംഗത്തിനു അധികാരം ലഭിക്കുന്നു.

മി: കല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിനെ ഭേദപ്പെടുത്തി ൨൧ വയസ്സു ക്ലിപ്തംചെയ്തിട്ടുണ്ട്. അതിനുപുറമേ പെൺകുട്ടിയുടെ സമ്മതംകൂടി വേണമെന്നു ഒരു വ്യവസ്ഥയുംകൂടി ചേർത്തിട്ടുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഏതായാലും ഒരു പുരുഷമെമ്പർ തന്നെവേണം സ്ത്രീയെ കല്യാണംകഴിച്ചു കൊടുപ്പാൻ. ക്ലിപ്തവയസ്സുവരെ വിവാഹംകഴിച്ചുകൊടുത്തില്ലെങ്കിൽ സ്ത്രീയെ വിവാഹം കഴിച്ചുകൊടുപ്പാൻ അധികാരസ്ഥനായ കുടുംബത്തിലെ പുരുഷമെമ്പർ ആരാണെന്നു പറഞ്ഞിട്ടില്ല. ൧൦ പുരുഷമെമ്പർമാരുള്ള ഒരു കുടുംബത്തെ നമുക്കു എടുക്കാം. ൯ പേരും ഒരു വശത്തുനിന്നുകൊണ്ടു ഈ ഒരു പുരുഷൻ സ്ത്രീയെ വിവാഹം കഴിച്ചുകൊടുപ്പാൻ പാടില്ലെന്നു നിർബന്ധിക്കുന്നു. നിർദ്ദിഷ്ടനിബന്ധനയെ സ്വീകരിക്കുന്നപക്ഷം കുടുംബത്തിലെ ൯ അംഗങ്ങളുടെ ഹിതത്തിനു വിപരീതമായി ഈ സ്ത്രീയെ യുക്തമല്ലാത്ത മനുഷ്യനു വിവാഹംചെയ്തുകൊടുക്കുന്നതിനു ൧൦-ാമത്തെ അംഗത്തിനു അധികാരം ലഭിക്കും. സ്ത്രീക്കു ൨൧ വയസ്സ് തികഞ്ഞതുകൊണ്ടു അവർ മേജരായി എന്നും ആ സ്ഥിതിക്കു വിവാഹത്തിനു സമ്മതംകൊടുപ്പാൻ അവൾക്കു പ്രാപ്തി ഉണ്ടായി എന്നും പറയാൻ വളരെ എളുപ്പമുണ്ട്. നമ്പൂരി ഇല്ലത്തിലെ പാരമ്പര്യമുറകളെ നാം ഓർക്കേണ്ടതുണ്ട്. അറുപ്പുകൂടാത്ത പെൺകുട്ടിയുടെ സമ്മതം വാങ്ങിക്കുന്നതിനോ അല്ലെങ്കിൽ പെൺകുട്ടി വാസ്തവത്തിൽ അവളുടെ സമ്മതം കൊടുത്തതാണോ അതല്ല ഇപ്പോൾ പര്യാലോചനയിൽ ഇരിക്കുന്ന നിബന്ധനയുടെ ആനുകൂല്യത്തെ വിചാരിച്ചു സ്വാർത്ഥപരനായ ഇല്ലത്തിലെ വല്ല മെമ്പറും കപടവാദം കൊണ്ടുവന്നിരിക്കയാണോ എന്നു അറിയുന്നതിനോ ഇല്ലത്തിലെ അകങ്ങളിൽ പ്രവേശിക്കുന്നതിനുള്ള പ്രയാസത്തെയും നാം ധരിച്ചിരിക്കേണ്ടതാണ്. നമ്പൂരിസമുദായത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെയും അവർക്കു ഉണ്ടായിട്ടുള്ള പുരോഗതിയെയും ആലോചിക്കുമ്പോൾ സ്ത്രീ വിവാഹത്തിനു സമ്മതംകൊടുത്തു എന്നുള്ള ഉറപ്പിന്മേൽ നമുക്കു പ്രവൃത്തിക്കാൻ പാടുള്ളതായി എനിക്കു തോന്നുന്നില്ല.

ഇതിനുംപുറമേ, ഇല്ലത്തിലെ എല്ലാ മേജർ മെമ്പർമാർക്കും പിഴവിനുകൊടുപ്പാൻ കാരണവരെ നിർബന്ധിതനാക്കുന്ന ചില ഭേദഗതികളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ നിർദ്ദേശിക്കുന്ന നിബന്ധനയെ സ്വീകരിക്കുന്നപക്ഷം, പെൺകുട്ടിയെ വിവാഹം കഴിച്ചുകൊടുക്കാതെ ഇല്ലത്തിൽ വച്ചുകൊണ്ടിരിക്കുന്നതു മരണം ചെയ്യുന്ന മെമ്പറിനു ഗുണകരമല്ലാതെ വരാം. ശരിയായ വരന്മാരെ കിട്ടുമ്പോൾ സ്ത്രീകളെ വിവാഹംകഴിച്ചു കൊടുക്കുന്നതിനു മരണം നടത്തുന്ന ആൾക്കു തീർച്ചയായും താല്പര്യമായിരിക്കും. ആ സ്ഥിതിക്കു നമ്പൂരിപ്പെൺകുട്ടികളുടെ വിവാഹത്തെ സംബന്ധിച്ചു ഭാവിയിൽ ഒരു വിഷമവും ഉണ്ടാകാൻ ഇടയുണ്ടെന്നു തോന്നുന്നില്ല. ഈ സംഗതിയിൽ മി: മൂപ്പൻ നമ്പൂതിരിപ്പാട്ടു കൊണ്ടുവന്നിട്ടുള്ള വാദങ്ങളെപ്പറ്റി സൂക്ഷ്മമായി ചിന്തിക്കേണ്ടതുണ്ട്.

മി: പിറവിപ്പെരുമാൾപിള്ള (വാണിജ്യവ്യവസായം ദക്ഷിണം): ൧൦ പുരുഷാംഗങ്ങൾ ഉള്ള ഒരു കുടുംബത്തെപ്പറ്റി മി: കെ. പി. നീലകണ്ഠപ്പിള്ള കൊടുത്തിട്ടുള്ള ഉദാഹരണത്തെപ്പറ്റി ഞാൻ ഒന്നു ചോദിച്ചുകൊള്ളുന്നു. ഒരു പ്രത്യേകപുരുഷനെ വിവാഹം കഴിക്കണമെന്നു സ്ത്രീക്കു മനസ്സുണ്ട്. എന്നാൽ ൧൦ പുരുഷമെമ്പർമാരിൽ ഒരാൾ മാത്രമേ ആ ആലോചനക്കു അനുകൂലമായിരിക്കുന്നുള്ളു. ഈ അവസ്ഥയിൽ സ്ത്രീയെ സഹായിക്കേണ്ടതു് ആശാസ്യമല്ലയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൦-ാമത്തെ അംഗം അവന്റെ സ്വാർത്ഥലാഭത്തിനായി പെൺകുട്ടിയുടെ സമ്മതം സമ്പാദിച്ചശേഷം പെട്ടെന്നു വിവാഹം നടത്തിക്കൊടുക്കുകയാകുന്നു എന്നും വരാമല്ലോ.

മി: പിറവിപ്പെരുമാൾപിള്ള (വാണിജ്യവും-വ്യവസായവും, തെക്ക്): നമ്പൂതിരിസമുദായത്തിൽ ഒട്ടനവധി അവിവാഹിതകളായ പെൺകുട്ടികൾ ഉണ്ടെന്നുള്ള വസ്തുതയെ പരിചിന്തിക്കുമ്പോൾ ഇപ്പോൾ പര്യാലോചനയിൽ ഇരിക്കുന്നപ്രകാരമുള്ള ഒരു നിബന്ധന ആശാസ്യമാണെന്നു മെമ്പർ വിചാരിക്കുന്നില്ലയോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴത്തെ ബില്ലിന്റെ ഉദ്ദേശംതന്നെ നമ്പൂതിരിപ്പെൺകുട്ടികളുടെ വിവാഹത്തിനു ഒരു പ്രോത്സാഹനം നൽകുന്നതിനാണ്. ഭാവിയിൽ യാതൊരു നമ്പൂരിപ്പെൺകിടാവും അവിവാഹിതയായിട്ടിരിക്കരുതു എന്നുള്ളതിനെ സാധിക്കാൻവേണ്ടിയാണ് ബില്ലിലെ വിവിധനിബന്ധനകളും രൂപീകൃതമായിട്ടുള്ളതു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഈ ഭേദഗതിയിൽ അല്പം ചില ദൂഷ്യങ്ങൾ ഉണ്ടെങ്കിലും അതുകൊണ്ടു സമുദായത്തിനു കൂടുതൽ ഗുണം സിദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. കൊച്ചിനിയമസഭയിൽ ഹാജരാക്കിയ ബില്ലിൽ ഉൾപ്പെട്ടവകുപ്പാണ്. അവിടെ എല്ലാ ആളുകളുടെയും പരിപൂർണ്ണമായ ആനുകൂല്യം ഈ ബില്ലിനു സിദ്ധിച്ചിട്ടുണ്ടായിരുന്നു.

മി: സി. എൻ. കുഞ്ചൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഒരു സ്ത്രീയെ [illegible] തിൽ കാരണവർ [illegible] വിചാരിക്കുക. [illegible] സ്ത്രീയുടെ സഹോദരനോ സഹോദരൻ അല്ലാത്തആളോ ഉണ്ടെന്ന വിചാരിക്കുക. [illegible] [illegible] ഈ അവസരത്തിൽ ആ സഹോദരനെയോ [illegible] കിൽ മറ്റുള്ളവർ വിചാരിച്ചാൽ കല്യാണം കഴിച്ചുകൊടുക്കാൻ അധികാരമില്ലേ?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): അങ്ങിനെ സ്ത്രീ [illegible]

മി: സി. എൻ. കുഞ്ചൻനമ്പൂതിരിപ്പാട് (സംയുക്തൻ): [illegible] അനുവാദംകൂടാതെ വിവാഹത്തിന്ന് [illegible]

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): [illegible]

മി: സി. എൻ. കുഞ്ചൻനമ്പൂതിരിപ്പാട് (സംയുക്തൻ): [illegible]

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഇന്നത്തെ ആചാരപ്രകാരം അച്ഛനോ സഹോദരനോ ആണ്.

മി: വി. വേലുപ്പിള്ള (മാവേലിക്കര): സമ്മതപൂർവം ചെയ്യുന്ന [illegible] തിന്ന ആരും ഉണ്ടാകുമോ?

മി: സി. എൻ. കുഞ്ചൻനമ്പൂതിരിപ്പാട് (സംയുക്തൻ): അത് [illegible] യമായിരിക്കയില്ല.

മി: പിറവിപ്പെരുമാൾപിള്ള (വാണിജ്യവും—വ്യവസായവും, തെക്ക്): അച്ഛനോ സഹോദരനോ ഇല്ലാത്തഅവസരത്തിൽ എങ്ങനെയാണ കല്യാണം നടത്തുന്നത്?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): അച്ഛനോ സഹോദരനോ ഇല്ലെങ്കിൽ അടുത്തുമുറക്കാരൻ.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): ഈ സമ്മതപൂർവം അല്ലാതെ വേറെ വിവാഹങ്ങളും നടത്തുന്നതിന്ന ആചാരം അനുവദിക്കുന്നുണ്ടോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഇല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): [illegible] വിവാഹം നടപ്പുണ്ടോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഇല്ല.

മി: എം. സി. കസ്തൂരിരാൻ (മീനച്ചൽ-ദേവികുളം): പ്രായപൂർത്തിയായ ഒരു സ്ത്രീയുടെ സമ്മതപ്രകാരം ഒരു പുരുഷൻ അവരെ വിവാഹം ചെയ്തുകൊടുക്കുന്നതിൽ പിതാവു പ്രതിബന്ധമായി നിൽക്കുന്ന സംശയിക്കാൻ കാരണം വല്ലതും ഉണ്ടോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഇല്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു പ്രായപൂർത്തിവന്ന സ്ത്രീയെ അവളുടെ സമ്മതം കൂടാതെ പിതാവോ സഹോദരനോ വിവാഹം ചെയ്തുകൊടുത്താൽ അതു സാധുവാകുമോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): നിയമപ്രകാരം സാധുവാകും.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—ജനറൽ): അച്ഛനോ സഹോദരനോ ഇല്ലെങ്കിൽ ശരിയായ ചടങ്ങു പൂർത്തിയാകുമോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): പൂർത്തിയാകയില്ല. അങ്ങനെയുള്ള ഒരു വകുപ്പു ഉണ്ടായികഴിഞ്ഞാൽ ഇന്ന സമുദായത്തിൽ അവിവാഹിതകളായിരിക്കുന്ന അനേകം കന്യകളുടെ വിവാഹത്തിന്ന ഇതു ഒരു പ്രേരകമായിത്തീരുമെന്നാണ് എന്റെ വിശ്വാസം. പ്രായപൂർത്തിയായ സ്ത്രീയുടെ സമ്മതം കൂടി വേണമെന്ന ഒരു ഭേദഗതിവന്നിട്ടുള്ളതുകൊണ്ട അതു സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വകുപ്പിനെ എതിർക്കണമെന്നാണ് എനിക്കുതോന്നുന്നത്. അതിനുള്ളകാരണം ഇതാണ്. ഒരു കുടുംബത്തിലെ കാരണവൻ വിവാഹം ചെയ്യിക്കുന്നസ്ത്രീയുടെ അച്ഛനോ നേരെ സഹോദരനോ ആണെങ്കിൽ ആ അച്ഛനോ സഹോദരനോ ആ സ്ത്രീയുടെ വിവാഹത്തിന്ന തടസ്സമായിനിൽക്കുമെന്നുള്ളതു സംഭവ്യമല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും—കാർത്തികപ്പള്ളിയും): അങ്ങനെയാണെങ്കിലോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ അതു പറഞ്ഞില്ലല്ലോ. അഥവാ അങ്ങനെ തടസ്സം വരുന്നപക്ഷം ആ തടസമുള്ള സന്ദർഭം വളരെ ചുരുക്കമായിരിക്കയുള്ളൂ. അങ്ങനെ അപൂർവമായി വരുന്ന ഒരു സംഗതിയെ കരുതി സാധാരണ നിയമത്തിൽ കേറി കൈ കടത്തണമെന്ന പറയുന്നതു ശരിയല്ല.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും—വ്യവസായവും, തെക്ക്): പ്രത്യേകകമ്മിററിയുടെ മുമ്പാകെ ആദ്യം നിവേശിപ്പിച്ചിരുന്ന ബില്ലിൽ വിവാഹത്തെ സംബന്ധിച്ചു ഒരു നിബന്ധനയും ഇല്ലായിരുന്നു. ആ സ്ഥിതിക്കു ഇപ്പോഴത്തെ ഈ വാദം ക്രമമായതാണോ എന്ന ചോദിക്കുന്നതിനാണ് ഞാൻ എഴുന്നേൽക്കുന്നതു.

അദ്ധ്യക്ഷൻ: ഈ സംഗതിയെപ്പററി വാദപ്രതിവാദം ചെയ്വാൻ അനുവദിക്കപ്പെട്ടിരിക്കയാണല്ലോ. വാദപ്രതിവാദം തുടങ്ങുന്നതിനുമുമ്പായി ഈ ചോദ്യം ചോദിക്കേണ്ടതായിരുന്നു.

മി: എസ്. പിറവിപ്പെരുമാൾപിള്ള (വാണിജ്യവും—വ്യവസായവും, തെക്ക): ചട്ടം വായിച്ചുനോക്കുന്നതിന്ന എനിക്ക ഇപ്പോഴെ സാധിച്ചുള്ളൂ.

അദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ വാദത്തെ അദ്ദേഹം പറഞ്ഞു അവസാനിപ്പിക്കട്ടെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): പിന്നെ രക്തബന്ധം നോക്കുന്നതായാൽ അകന്ന ആളുകൾ ആരെങ്കിലും കാരണവനായിരിക്കുന്നകാലങ്ങളിലാണ് ഇങ്ങനെയുള്ള വ്യവസ്ഥ ആവശ്യമായിട്ടുള്ളതു. ഈ സംഗതിയിൽ സമുദായത്തിന്റെ തന്നെ അഭിപ്രായം എന്താണെന്ന അറിയുന്നതിന്ന നമുക്ക ഇപ്പോഴും ശരിയായ മാ

ധ്യം ഇല്ലാതെയാണിരിക്കുന്നത്. ഇവിടെ ഏതു സമുദായത്തെ ഉദ്ദേശിച്ചു നാം ഈ ബില്‍ ആലോചയ്ക്കു എടുത്തിരിക്കുന്നുവോ ആ സമുദായത്തിലെ അംഗങ്ങളില്‍ ഇവിടെ ഹാജരുള്ള ഏതാനംപേരുടെ അഭിപ്രായംതന്നെ ഒരുപോലെ ഇരിക്കുന്നില്ല. ആ സ്ഥിതിക്കു ആ സമുദായത്തിന്റെ അഭിപ്രായംതന്നെ എന്താണെന്നു മുഴുക്കെ അറിയേണ്ടിയിരിക്കുന്നു. ഈ ഭേദഗതി നടപ്പില്‍ വരുത്തിയാല്‍ തന്നെയും സമുദായം അതു എങ്ങനെ സ്വീകരിക്കുമെന്നും ഊഹിക്കാന്‍ നിവൃത്തിയില്ല. ആ സമുദായത്തെ എങ്ങനെ ബാധിക്കാന്‍ പോകുന്നു എന്നു അറിയാന്‍ പാടില്ലാതിരിക്കുന്നതിനാല്‍ അങ്ങനെയുള്ള മാററത്തിനു നാം മുതിരാതിരിക്കുന്നതു നല്ലതാണെന്നാണ് എന്റെ അഭിപ്രായം. ഒരു സ്ത്രീ പ്രായപൂര്‍ത്തിവന്നുകഴിഞ്ഞാല്‍ ഹിതംപോലെ വിവാഹംചെയ്യുന്നതിനു അധികാരംകൊടുക്കയും അതുസംബന്ധമായ ചിലവിനങ്ങളും സ്ത്രീധനവും കിട്ടാതിരുന്നാല്‍ കുടുംബത്തില്‍നിന്നും ഈടാക്കാന്‍ അവകാശംകൊടുക്കയും ചെയ്യുന്ന ഒരു വ്യവസ്ഥ ഇതില്‍ ചേര്‍ക്കണമെന്നു പറയുകയാണെങ്കില്‍ അതില്‍ യാതൊരുവിരോധവും ഇല്ല. അങ്ങിനെ ചെയ്യുന്നതു മതത്തിനും ഇടപ്പാളത്തെ നടപ്പിനും വിരുദ്ധം ആയതുകൊണ്ടു അതുചെയ്യാന്‍ പാടില്ലാ എന്നു തര്‍ക്കിക്കുന്നു. പ്രായപൂര്‍ത്തിവന്ന സ്ത്രീകള്‍ ഹിതംപോലെ ഭര്‍ത്താവിനെ വരിക്കാനുള്ള അവകാശംകൊടുക്കാതെ ആ കുടുംബത്തിലുള്ള ഏതെങ്കിലും അംഗങ്ങളുടെ ഇഷ്ടംപോലെ ചെയ്യേണ്ടതാണെന്നും അതിന്റെ ചിലവു ആ അംഗം വാങ്ങിക്കൊള്ളണമെന്നും ഉള്ള ഭേദഗതി ഈ അവസരത്തില്‍ ചെയ്യാതിരിക്കുന്നതാണ് ഉത്തമം. അങ്ങിനെ ഒരു വ്യവസ്ഥചെയ്യുന്നപക്ഷം [?] പലകുടുംബങ്ങളിലും വലിയ കുഴപ്പം ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഗുണംചെയ്യാന്‍ ഉദ്ദേശിച്ചുചെയ്യുന്ന പ്രവൃത്തിനിമിത്തം ദോഷംവരുത്തുന്നതു ശരിയല്ല. മി: കുഞ്ഞന്‍നമ്പൂതിരിപ്പാടു പ്രസ്താവിച്ചതുപോലെ അച്ഛന്‍, കൊള്ളാവുന്ന ഒരു ഭര്‍ത്താവുവരട്ടെ എന്നു വിചാരിച്ചുനോക്കിയിരുന്നു എന്നു വരാം. അപ്പോള്‍ കന്യകയ്ക്കു പതിനാറോ പതിനേഴോ വയസ്സു തികഞ്ഞ തരംനോക്കി അവളെ എങ്ങിനെയെങ്കിലും പറഞ്ഞു വശത്താക്കി കുടുംബത്തിലെ അടുത്ത ഒരംഗം തനിക്കിഷ്ടമുള്ള ഒരാളിനു വിവാഹംചെയ്തുകൊടുക്കാന്‍ ഉത്സാഹിക്കയും അതു ചിലപ്പോള്‍ സാധിക്കയും ചെയ്തു എന്നു വന്നേക്കാം. അല്ലെങ്കില്‍ അച്ഛനു ആദ്യത്തെ ഭാര്യയില്‍ ഒരു മകളുണ്ടെന്നു വിചാരിക്കുക. അച്ഛന്‍ രണ്ടാമതും ഒരു വിവാഹംചെയ്തു. ആ അച്ഛന്‍ മകളോടു വലിയ സ്നേഹമായിട്ടു വര്‍ത്തിക്കയാണ്. ശരിയായ ഒരു വരനെകിട്ടുന്നതിനു അല്പം കാലതാമസം നേരിടുന്നു. അങ്ങിനെവരുന്നസന്ദര്‍ഭത്തില്‍ അച്ഛനുസ്നേഹമില്ലാ എന്നു കന്യക തെററായിധരിക്കുന്നതിനും മററുള്ളവരുടെ പ്രേരണകള്‍ക്കു വശംവദയായി വേറെഒരാളിനെ വിവാഹംകഴിക്കാന്‍ ഇടവരികയുംചെയ്തു എന്നുവരാന്‍ എളുപ്പമുണ്ട്. ഇങ്ങിനെയുള്ള കുഴപ്പങ്ങള്‍ക്കു ഇടവരുത്തരുത്. സമുദായത്തിന്റെ അഭിപ്രായം എന്തെന്നും അതു എങ്ങിനെ സമുദായത്തെ ബാധിക്കുമെന്നും നമുക്കറിയാന്‍പാടില്ലാത്തതുകൊണ്ടും ഇതിനെ ഈ അവസരത്തില്‍ ഉള്‍പ്പെടുത്താതിരിക്കണമെന്നാണ് എന്റെ അഭിപ്രായം.

മി: വി. ചെല്ലംപിള്ള (തോവാള): ഒരു സ്ത്രീയെ ഏതു വയസ്സിനുമുന്‍പേ കല്യാണംകഴിച്ചുകൊടുക്കാനുള്ള അധികാരം ഇല്ലത്തിലെ കാരണവന്മാര്‍ക്കുമാത്രമേയുള്ളോ വേറെ ആര്‍ക്കെങ്കിലും ഉണ്ടോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കുടുംബത്തിലെ ചുമതലയും ചിലവും വഹിക്കുന്നതു കാരണവനായതുകൊണ്ടു ആ അധികാരം കാരണവനാണുള്ളത്.

മി: വി. ചെല്ലംപിള്ള (തോവാള): കാരണവസ്ഥാനം അനന്തരവന്റെമേല്‍ ആണെന്നു വയ്ക്കുക. അയാള്‍ നല്ല ഭര്‍ത്താവിനെ കൊണ്ടുവരുന്നില്ലെങ്കില്‍ എന്തുചെയ്യും?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): കാരണവന്‍ മനഃപൂര്‍വമായി ദോഷംചെയ്യുന്നുവെങ്കില്‍ കാരണവനെ കുടുംബത്തില്‍നിന്നു നീക്കാന്‍ കുടുംബാംഗങ്ങള്‍ക്കു അധികാരമുണ്ട്.

മി: വി. ചെല്ലംപിള്ള (തോവാള): കാരണവസ്ഥാനം നീക്കാന്‍ ഹൈക്കോടതിവരെ പോകണമല്ലോ. അതിനുമുമ്പു കല്യാണം കഴിച്ചുകൊടുക്കുന്ന സംഗതിയെപ്പററിയാണ് ചോദിക്കുന്നതു.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ആ സംഗതിക്കു ഈ കുടുംബഏര്‍പ്പാടുതന്നെ മാറണം. ഓരോ വ്യക്തിക്കും സ്വാതന്ത്ര്യത്തിനുള്ള നിയമം ഉണ്ടാക്കണം. അതൊന്നും ഇല്ലാതെ കൂട്ടുകുടുംബ ഏര്‍പ്പാടു ഇരിക്കയുംവേണം, ദോഷങ്ങളൊന്നും ഉണ്ടാകയുംഅരുതു എന്നുവിചാരിച്ചാല്‍ സാധിക്കയില്ല. കൂട്ടുകുടുംബത്തെ വച്ചുകൊണ്ടു ഒരു നിയമംവേണമെന്നുസമുദായാംഗങ്ങള്‍ ആവശ്യപ്പെടുന്നുഎങ്കില്‍ ഇത്രത്തോളമേസാധിക്കയുള്ളൂ.

മി: സി. എന്‍. കുഞ്ഞന്‍നമ്പൂതിരിപ്പാട് (സംയുക്തന്‍): ഇന്നു ഇങ്ങനെ ആര്‍ക്കെങ്കിലും വിവാഹംകഴിച്ചുകൊടുക്കാമെന്നുള്ള വ്യവസ്ഥകളുണ്ടായാലും അച്ഛന്‍ ഇരിപ്പുണ്ടെങ്കില്‍ അച്ഛന്റെ സമ്മതംകൂടാതെ ആ വിവാഹം നടക്കുന്നതിനു ഇടയായില്ലെന്നു മെമ്പര്‍ക്കു അറിയാമോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതിനെപ്പററി ചോദിക്കുന്ന ആള്‍ക്കുതന്നെയാണ് കൂടുതല്‍ അറിയാന്‍ സൌകര്യമുള്ളതു.

മി: സി. എന്‍. കുഞ്ഞന്‍നമ്പൂതിരിപ്പാട് (സംയുക്തന്‍): അതുകൊണ്ടു അതിനു ഒരു അധികാരംകൊടുക്കുന്ന ഈ വകുപ്പുവച്ചാലും അതു പ്രയോജനത്തില്‍ വരികയില്ലെന്നാണ് എന്റെ അഭിപ്രായം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതുകൊണ്ടു വലിയ തകരാറിനു ഇടയാകും. അതു മലയാളബ്രാഹ്മണകുടുംബത്തിനുമാത്രമല്ല ഏതുകുടുംബത്തിനും ഉണ്ടാകും. ഈ വക എല്ലാകഷ്ടങ്ങള്‍ക്കും ശരിയായ ഒരു പരിഹാരമാര്‍ഗ്ഗം ഈ കൂട്ടുകുടുംബ ഏര്‍പ്പാട് വേണ്ടെന്നു വയ്ക്കുകയാണ്.

മി: ടി. സി. കേശവപിള്ള (കല്‍ക്കുളവും-വിളവങ്കോടും): കല്യാണംസംബന്ധിച്ച വ്യവസ്ഥകള്‍ ഭേദഗതിയില്‍ ഉള്‍പ്പെടുത്തണമെന്നു ഒരു പക്ഷക്കാരും അതു വേണ്ടെന്നു ചില ആളുകളും പറയുന്നുണ്ട്. പരമാര്‍ത്ഥത്തില്‍ ഒരു സ്ത്രീയുടെ വിവാഹത്തെ സംബന്ധിച്ചു നിയമത്തില്‍ ഒരു ക്ലാസ്സ ചേര്‍ക്കണമെന്നു പറയുന്നതു അവസാനത്തിലെങ്കിലും ചേര്‍ക്കാതിരിക്കുന്നതു വലുതായ അപവാദമാണ്. അപ്രകാരം ഒരു വകുപ്പു ചേര്‍ക്കുന്നതു ശരിയല്ലെന്നു പറയുന്നവരുണ്ടെങ്കില്‍ ഏഴാമത്തെ വകുപ്പിനു ഒരു ഭേദഗതി ഹാജരാക്കിയിട്ടുണ്ട്. അതില്‍ ഏതു അംഗങ്ങള്‍ക്കും മെയിന്റനന്‍സിനു അവകാശമുണ്ടെന്നു പറയുന്നുണ്ട്. അങ്ങിനെ പലസംഗതികള്‍കൊണ്ടാണ് മി: നീലകണ്ഠപ്പിള്ളയും മററുള്ളവരും എതിര്‍ക്കുന്നതു. അങ്ങനെ വിഷമിച്ചിരിക്കുന്ന ഘട്ടത്തില്‍ ഈ സംഗതിയെപ്പററി ലേഡിമെംബറിന്റെ അഭിപ്രായം അനുസരിച്ചു പ്രവര്‍ത്തിക്കുന്നതു നന്നായിരിക്കുമെന്നു ഞാന്‍ വിചാരിക്കുന്നു.

മി: എ. എസ്. ദാമോദരനാശാന്‍ (മാവേലിക്കരയും- കാര്‍ത്തികപ്പള്ളിയും): നമ്പൂതിരിസമുദായത്തെ ബാധിക്കുന്ന ഈ ബില്ലിനെക്കുറിച്ചു ആ സമുദായത്തിന്റെ അഭിപ്രായം അറിയാതെ കന്യകാദാനത്തെപ്പററി

ഒരു വകുപ്പു ചേർക്കുന്നതു യുക്തമായിരിക്കയില്ലെന്നും ആ സമുദായത്തിന്റെ അഭിപ്രായം അറിഞ്ഞിട്ടില്ലാത്തതു കൊണ്ടു ഈ വകുപ്പു ചേർക്കുന്നതു നല്ലതല്ലെന്നും മി: താണുപിള്ള അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ നമ്പൂതിരി സമുദായത്തിന്റെ അഭിപ്രായങ്ങൾ [illegible] കൊച്ചിയിൽ [illegible] നമ്പൂതിരിബില്ലിൽ, [illegible] ഈ വകുപ്പു ചേർക്കാൻ നമ്പൂതിരിമെമ്പർമാർ പറഞ്ഞതെന്ന് [illegible] മനസ്സിലാകാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): കൊച്ചിയിൽ എത്ര നമ്പൂതിരിമെമ്പർമാർ [illegible] എന്നു മനസ്സിലായോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): [illegible] അഭിപ്രായമറിഞ്ഞതിന്റെ ശേഷമാണ് ആ ബില്ല് [illegible] എന്നാണ് എന്റെ വിചാരം.

മി: [illegible] (ചങ്ങനാശ്ശേരി): ആ ബില്ല് പാസ്സായിക്കഴിഞ്ഞോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പാസ്സാക്കിക്കഴിഞ്ഞിട്ടു അതിലെ വകുപ്പുകൾ അവിടെ [illegible]. കൊച്ചിയിൽ [illegible] എന്തുകൊണ്ടോ നടപ്പിൽ വരുത്തിയിട്ടില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): ഈ ദശമായ ചില വകുപ്പുകൾ ഉള്ളതുകൊണ്ടാണ് അതു നടപ്പിൽ വരുത്താത്തതെന്നു മനസ്സിലാക്കിയിട്ടുണ്ടോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കൊച്ചിയിലെ നിയമങ്ങളെ നടപ്പിലാക്കുന്നതിനുള്ള കാരണങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നതു ശരിയല്ല. കൊച്ചിയിലെ നിയമസഭയിൽ പാസാക്കിയ ബില്ലിനെ നടപ്പിൽ വരുത്തുന്നതു ഗവൺമെന്റു ചെയ്യേണ്ട ഒരു സംഗതിയാണെന്നു മാത്രമേ ഇവിടെ പറയുന്നുള്ളു.

അദ്ധ്യക്ഷൻ: അതിനെപ്പറ്റി പറയുന്നതു ശരിയല്ലെന്ന വിഷയം പറഞ്ഞശേഷം പിന്നീടു അതിനെപ്പറ്റി പറയുകയും ചെയ്യുന്നു.

മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): ബില്ലിനെ എതിർക്കുന്നവർ വിവാഹത്തെപ്പറ്റിയുള്ള അദ്ധ്യായത്തെ മനഃപൂർവം വിട്ടുകളഞ്ഞതാകുന്നു എന്നാണോ മെമ്പർ പറയുന്നത്?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എതിർത്തവരിൽ [illegible] സ്ഥിതി നോക്കുകയാണെങ്കിൽ ഈ നിയമസഭയിൽ രണ്ടു നമ്പൂതിരിമെമ്പർമാർ ഉണ്ട്. അവരിൽ ഒരാൾ അവതരിപ്പിച്ചതു പ്രായംകൂടിയ ആളും [illegible] ആണ്. അതിനെ മെമ്പർമാർ സ്വീകരിക്കുന്നുമുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ രണ്ടുപേരുടെ അഭിപ്രായവും മദ്ധ്യവയസ്കനായി ഇടക്കുള്ള സമുദായത്തിന്റെ അഭിപ്രായവും തുല്യശക്തിയുള്ളതായി വിചാരിക്കാമല്ലോ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഇവിടെയുള്ള നമ്പൂതിരിമാരുടെ ഭൂരിപക്ഷാഭിപ്രായം ഇതു സ്വീകരിക്കാമെന്നാണ്. പിന്നീടു അവർ ഒരു തടസ്സം പറയുന്നതു അച്ഛനാണ്. ഈ അടിയന്തിരം സാധാരണ നടത്തേണ്ടത് അദ്ദേഹം മക്കളുടെ ഗുണത്തെ ഉദ്ദേശിച്ചു ന്യായമായിട്ടു പ്രവർത്തിക്കയുള്ളു. അതുകൊണ്ടു ന്യായമായിട്ടു പ്രവർത്തിക്കുന്നതിനു നിയമം ഒന്നും വേണ്ടാ എന്നാണ്. നിയമരഹിതമായി പ്രവർത്തിക്കുന്നതിനെ തടയുന്നതിനാണു നിയമം ആവശ്യമുള്ളത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വിഷയത്തിൽ അനീതി പ്രവർത്തിക്കുന്നതു വളരെ അപൂർവമായിട്ടു വരികയുള്ളു. ആസ്തിയില്ലാത്ത കന്യകയെ വിവാഹം ചെയ്തുകൊടുക്കുന്നതിനു കാരണവനല്ലാത്ത മറ്റംഗങ്ങൾക്കു അധികാരമുണ്ടെന്നു ചേർക്കണമെന്നോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എത്ര അപൂർവമായാലും അനീതി തന്നെയാണ്. പക്ഷെ അതു ഒരാളെയോ രണ്ടാളെയോ മാത്രമേ ബാധിക്കയുള്ളു എന്നു വിചാരിച്ചു അതിനെ അവഗണിക്കാൻ പാടില്ല. ഉദാസീനതമൂലം കാരണവൻ ഒരു സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കാതിരുന്നാൽ തീർച്ചയായിട്ടും ആ കുടുംബത്തിലെ മറ്റൊരംഗത്തിനു ആ സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കാൻ അവകാശം വേണമെന്നാണു പറയുന്നതു. അച്ഛൻ യോഗ്യനായ ഒരു ഭർത്താവിനെ അന്വേഷിക്കുന്നതുകൊണ്ടു [illegible] വയസ്സുകഴിഞ്ഞുപോയി എന്നുവരാം. അങ്ങനെ യോഗ്യനായ ഒരു ഭർത്താവിനോടുകൂടി അയയ്ക്കുന്നതിനു ബുദ്ധിമുട്ടില്ലെങ്കിൽ എന്നേ പറയുന്നുള്ളു. ഞാൻ ഇംഗ്ലീഷും മലയാളവും വായിച്ചുനോക്കി. കാരണവൻ ഉദാസീനത കാണിച്ചാൽ [illegible] വയസ്സ് പൂർത്തിയായതിനുശേഷം വേറൊരാളിനു വിവാഹം ചെയ്യിക്കുന്നതിനുള്ള അവകാശം വേണമെന്നേയുള്ളു. അങ്ങനെ വരുമ്പോൾ കാരണവന്റെ ഉദാസീനതയെ തെളിയിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹം കഴിഞ്ഞശേഷമല്ലേ ഉദാസീനത ഉണ്ടോ ഇല്ലയോ എന്നു തീർച്ചപ്പെടുത്തുന്നതു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അങ്ങനെയല്ല. യോഗ്യൻ അല്ലാത്ത ഒരാളിനു വിവാഹം കഴിച്ചുകൊടുക്കാൻ ഒരംഗം ഇനിയുന്നുവെങ്കിൽ നല്ല മനസ്സുള്ള അച്ഛനു ഉടനെ ഒരു കേസുകൊടുത്തു ഇൻജങ്ക്ഷൻ കൊടുക്കാൻ പ്രയാസമില്ലല്ലോ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം [illegible]): [illegible] വയസ്സുകഴിഞ്ഞാൽ ഇൻജങ്ക്ഷന്റെ ആവശ്യം എന്താണ്? ഇഷ്ടംപോലെ ആകാമല്ലോ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതിനെപ്പറ്റി പറകയാണെങ്കിൽ അവരുടെ ആചാരപ്രകാരം ഇന്നാരൊക്കെ ചേർന്നിട്ടേ വിവാഹം നടക്കുകയുള്ളു എന്നുണ്ട്. ആ സ്ഥിതിക്ക് ഈ നിയമം പാസാക്കിയാലും അതിനു ഉറപ്പുണ്ടോ എന്ന സംശയമാണ്. ആചാരത്തിനു വിപരീതമായി സാധിക്കയില്ല അതുതന്നെ കോടതിയിലും വരും. അച്ഛൻ ചേർന്നു നടത്തിയാലും ആരു ചേർന്നു നടത്തിയാലും കാരണവന്റെ ഉദാസീനതകൊണ്ടു വിവാഹം നടക്കാതിരിക്കുന്നുഎങ്കിൽ അടുത്തുള്ള മുറക്കാരനു വിവാഹം നടത്താവുന്നതാണ്. അതിനു അച്ഛൻ വന്നില്ല എന്നു വിചാരിച്ചു അസാധുവാകയില്ല. അങ്ങിനെയുള്ള വിവാഹത്തിനു നിയമസാധുത്വം ഉണ്ട്. അവിവാഹിതകളും പ്രായപൂർത്തിവന്നവരുമായ സ്ത്രീകളെ സ്നേഹവും ഉത്തരവാദിത്വവും ഇല്ലാത്ത കാരണവന്റെ അധീനതയിൽ വിടുന്നതു ശരിയാണോ എന്നാണു ഓർക്കേണ്ടതു?

മി: നീലകണ്ഠപ്പിള്ള പ്രായപൂർത്തിയായ എല്ലാവർക്കും ചിലവിനുകൊടുക്കാൻ വേറെ ഒരു വ്യവസ്ഥയുണ്ടെന്നു പറകളുണ്ടായി. അതുകൊണ്ട് അവരെ ഉടനെതന്നെ വിവാഹം കഴിപ്പിച്ചുകൊടുപ്പാൻ എളുപ്പമുണ്ട്. ഇപ്പോഴത്തെ പതിവനുസരിച്ചു അവിവാഹിതയായ ഒരു സ്ത്രീ ൧൮ വയസാകുമ്പോഴും ചെറുതാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): പ്രായപൂർത്തിവന്നശേഷം അധികാരമുള്ള അച്ഛനോ കാരണവനോ ഒരു സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കാതിരുന്നാൽ വേറെ ചിലർക്കു ആ സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കാമെന്നു നിയമം പാസ്സാക്കിയാൽ ആ സ്ത്രീക്ക് സ്വാതന്ത്ര്യമായി വിവാഹംകഴിക്കാൻ പാടില്ലെന്നു വരുന്നില്ലെ.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): സ്ത്രീയുടെ സമ്മതത്തോടുകൂടി എന്നുപറയുന്നുണ്ട്. സമ്മതം ഉണ്ടെങ്കിലേ ഉള്ളൂ.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): സമ്മതം ഉണ്ടെങ്കിലും ഇല്ലെങ്കിലും വേറൊരാളിന്റെ ഇഷ്ടം വേണമെന്നു വരുന്നുണ്ടല്ലോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എന്നുണ്ട്. ഈ വകുപ്പിൽപറയുന്നതു് ഒരു കുടുംബത്തിൽ ൧൦ പേരുണ്ടെങ്കിൽ ൧൦-ൽ ഒരാൾ വിചാരിച്ചാൽ ഒരു സ്ത്രീയെ അവരുടെ സമ്മതത്തോടുകൂടി വിവാഹം കഴിച്ചുകൊടുക്കാമെന്നാണ്.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): വേറെ ഒരാൾ വേണമെന്നു പറയുന്നതു മതസംബന്ധമായ കാര്യങ്ങൾക്കാണു അല്ലെ?

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഒരു കുടുംബത്തിൽ ൧൦ പേരുണ്ടെങ്കിൽ ൯ പേരും വിസമ്മതിച്ചാലും ഒരാൾ വിചാരിച്ചാൽ കാര്യം സാധിക്കുമെന്നുപറഞ്ഞു ഈ ൧൦ പേരിൽ അച്ഛൻ വിസമ്മതിച്ചാൽ ഇന്നത്തെ സമുദായാചാരം മാറുന്നതുവരെ ആ വിവാഹം നടക്കുമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഈ നിയമം വന്നാൽ നടക്കും. അതു സാധുവുമാണ്. ഈ വകുപ്പിൽ പറയുന്നതു കാരണവന്റെ ഉദാസീനതമൂലം വിവാഹംകഴിക്കാതെയിരുന്നാൽ വേറെ ആരെങ്കിലും നടത്താമെന്നാണ്.

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (സംയുക്തൻ): വിവാഹം കഴിക്കാൻ വരുന്ന പുരുഷനും സ്ത്രീയ്ക്കുംമാത്രം സമ്മതമുണ്ടെങ്കിൽ ഇന്നത്തെ ആചാരപ്രകാരം വിവാഹം നടക്കുമെന്നു വിചാരിക്കുന്നുണ്ടോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഈ നിയമം നടപ്പിൽവന്നാൽ അങ്ങിനെ നടക്കുമെന്നു തന്നെയാണ് എന്റെ വിശ്വാസം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇപ്പോഴിരിക്കുന്ന ആചാരപ്രകാരം ഒരു ഇളയതമ്പുരാന്റെ സ്ത്രീയെ വിവാഹംകഴിപ്പിച്ചു കൊടുത്തു ചിലവു വസൂലാക്കാൻ സാധിക്കുമൊ എന്നു മെമ്പർ സദയം പറയുമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): ഇന്നത്തെ നടപടി എന്തുതന്നെ ആയിരുന്നാലും ഈ നിയമം വരുന്നതുവരെയുള്ള നിയമമോ ചട്ടമോ ഭേദപ്പെടുത്താൻ നിയമസഭയ്ക്കു അധികാരം ഉണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വ്യവസ്ഥ ഇല്ലാതെതന്നെ, ഒരു ഇളമുറക്കാരനു ഒരു പെൺകുട്ടിയെ വിവാഹം കഴിപ്പിച്ചു കൊടുത്തു അതിലുള്ള ചിലവിനെ വസൂലാക്കാൻ അധികാരമുണ്ടെന്നു ഞാൻ മെമ്പറെ അറിയിച്ചുകൊള്ളട്ടെയോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എനിക്കു അറിഞ്ഞുകൂടാ. ആ ഭാഗത്തിനു മറുപടി പറയാനുള്ള അവകാശം മി: ജാതവേദൻ നമ്പൂതിരിപ്പാടിനുതന്നെ വിട്ടുകൊടുക്കുന്നു. എന്റെ അഭിപ്രായത്തിൽ കുടുംബത്തിലുള്ള വേറെ ഏതെങ്കിലും അംഗത്തിനു സ്ത്രീയുടെ സമ്മതത്തോടുകൂടി വിവാഹം ചെയ്തുകൊടുക്കാമെന്നുള്ളതിന് പകരം ൧൮ വയസ്സു പൂർത്തിയായിട്ടും കാരണവൻ വിവാഹം നടത്താതിരുന്നാൽ സ്ത്രീയുടെ ഇഷ്ടംപോലെ നടത്താമെന്നുള്ള ഭേദഗതിതന്നെയാണ് നല്ലതു എന്നാണ്. അതിനു നിവൃത്തിയില്ലെന്നു ഭൂരിപക്ഷവും വിധിക്കുന്നപക്ഷം അതുപോലെ ചെയ്യുന്നതിനു എനിക്കു വിരോധമില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): നമ്പൂതിരിമാരുടെ ഇടയിൽ കല്യാണം വെറും ആചാരമായ ഒരു സംഗതിയാണോ അതല്ല മതസംബന്ധമായ സംഗതിയാണോ?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആചാരമെന്നും മതസംബന്ധമെന്നും പറയുന്നതിന്റെ വ്യത്യാസം മനസ്സിലാകുന്നില്ല.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): മതത്തിന്റെ അർത്ഥം എന്താണ്?

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എനിക്കു അറിഞ്ഞുകൂടാ. അതു വിവാഹം കഴിക്കുന്നവരുടെ മനഃസ്ഥിതി അനുസരിച്ചിരിക്കും. നമ്പൂതിരി സമുദായത്തിന്റെ ഇടയിൽ നടക്കുന്ന വിവാഹങ്ങളിൽ ചിലതു വൈദികമായിട്ടു നടക്കുന്നു. ലൌകികമായ സംഗതികളെ മാത്രം ആശ്രയിച്ചു വിവാഹം കഴിക്കുന്നവരും കാണുമായിരിക്കാം.

മി: സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഇങ്ങനെയുള്ള ഭേദഗതി ഉണ്ടായിരുന്നാലും നമ്പൂതിരിമാരുടെ ഇടയിൽ അച്ഛന്റെ സമ്മതംകൂടാതെ വിവാഹം നടത്താൻ സാധിക്കുമോ എന്നു അറിഞ്ഞാൽ കൊള്ളാം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അമൻഡ്മെന്റിലെ ഭേദഗതിയിൽ മി: ആശാന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു കാരണം മനുസ്മൃതിപ്രകാരം ൧൨ വയസ്സു കഴിഞ്ഞാൽ ഒരു സ്ത്രീയെ ഒരു ന്യായമായ ഭർത്താവിനു കൊടുക്കുന്നതിനു അവരുടെ രക്ഷകർത്താക്കന്മാർ അന്വേഷിക്കുന്നില്ലെങ്കിൽ ആ സ്ത്രീ സ്വയമായി ഒരു ഭർത്താവിനെ വരിക്കാമെന്നുണ്ട്. ആയുർവേദപ്രകാരം ൧൬ വയസ്സിലാണ് ഒരു സ്ത്രീയുടെ വിവാഹകാലം

വച്ചിരിക്കുന്നത്. ഈ നമ്പൂതിരിമാരുടെ ഇല്ലങ്ങളിൽ രണ്ടുതരം വിവാഹമാണ് നടന്നുവരുന്നത്. ഒന്നു സ്ത്രീധനം കൊടുത്തു ചെയ്യുന്നതും മറ്റൊന്നു സ്ത്രീധനമില്ലാതെ ഒരു സ്ത്രീയെ അങ്ങോട്ടും മറ്റൊരു സ്ത്രീയെ ഇങ്ങോട്ടും കല്യാണം കഴിക്കുന്നതുമാണ്. ഇങ്ങിനെ നടക്കുന്ന കല്യാണങ്ങളിൽ ചിലതു ഒരു ഭാഗത്തുനിന്നുമുള്ള വിസമ്മതം കൊണ്ടു കല്യാണം മാററിവച്ചതും പിന്നീട്ട് അവർ യോജിച്ചു കല്യാണം നടത്തുകയും ചെയ്തതായിട്ടു എനിക്കു അറിയാം. ഇങ്ങിനെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്ന കല്യാണമായതുകൊണ്ടു കാരണവന്മാരുടെ തൃപ്തിക്കുറവുകൊണ്ടാണ് നടത്തുന്നതെന്നുള്ള വിചാരം എനിക്കില്ല. അതുകൊണ്ടു ഒരു വയസ്സു കഴിഞ്ഞാൽ ഒരു സ്ത്രീയെ ന്യായമായിട്ടു തന്റെ അച്ഛനോ സഹോദരനോ വിവാഹം ചെയ്തുകൊടുക്കുന്നതിനു പ്രതിബന്ധമായിരിക്കയാണെങ്കിൽ മറെറാരെങ്കിലും അംഗം ആ സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കണമെന്നു ഉദ്ദേശിക്കുന്ന എതിൽ അതു ഏററവും ഉചിതമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇവിടെ ഇപ്പോൾ നടന്ന നമ്പൂതിരി ബിൽ സംബന്ധമായി—

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഓണറബിൾ മെമ്പർ, തമിഴ് മനസ്സിലാകാത്തതായ ഒരു ഘട്ടത്തിൽ മലയാളത്തിൽ മാത്രം സംസാരിക്കേണമെന്നാണ് അനുവാദം. അല്ലാതെ തമിഴിൽ സംസാരിക്കാമല്ലോ. (ചിരി)

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഇപ്പോൾ ഇവിടെ പറഞ്ഞ വിഷയത്തിൽ ഭേദഗതി വേണ്ട എന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: മുരവേലി പാച്ചുപിള്ള (ചേർത്തല): ഈ ബില്ലു ഇവിടെ ആദ്യമായിട്ടു അവതരിപ്പിച്ചപ്പോൾ തന്നെ ഈ വിവാഹത്തെ സംബന്ധിച്ചു ഒരു വ്യവസ്ഥ കൂടി ചേർക്കണമെന്നു അന്നത്തെ നിയമസഭയിലെ മെമ്പറന്മാർ വാദിച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിന്റെ പ്രയോക്താവു തന്നെ ഈ വിവാഹത്തെ സംബന്ധിച്ചു ഒരു വ്യവസ്ഥകൂടി ബില്ലിൽ ചേർക്കണമെന്നു വിചാരിച്ചില്ല. അതിനെ സംബന്ധിച്ചു സിലക്ട് കമ്മിററിയിൽവച്ചു ചേർക്കാമെന്നാണ് അന്നു തീരുമാനിച്ചതു. എന്നാൽ ഈ ബില്ലു സിലക്ട് കമ്മിററിയിൽ പോയ ശേഷവും വിവാഹത്തെ സംബന്ധിച്ചുള്ള സംഗതികൾ ഒന്നും തന്നെ അവിടെ ആലോചിച്ചതായിട്ടു കാണുന്നില്ല. അതിനു ശേഷം സിലക്ട് കമ്മിററിയുടെ ആലോചനയും കഴിഞ്ഞു ഈ സഭയുടെ ആലോചനക്കായിട്ടു ഈ ബിൽ വന്നിരിക്കുന്ന അവസരത്തിലാണ് വിവാഹത്തെ സംബന്ധിച്ചിടത്തോളം ഒരു ഭേദഗതികൊണ്ടുവന്നു ബില്ലിൽ ഉൾപ്പെടുത്തണമെന്നു വാദിക്കുന്നതു. ഇതിൽ പറയുന്നതു കാരണവന്റെ ഉദാസീനതമൂലം ഒരു സ്ത്രീയെ വിവാഹം കഴിക്കാതെ ഇരിക്കുന്നതിനു ഇടവരുന്നു എങ്കിൽ കുടുംബത്തിലെ മറെറതെങ്കിലും അംഗത്തിനു ആ സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നാണ്. ഇപ്പോൾ നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾ തക്കസമയത്തു വിവാഹം കഴിയാതെ വളരെ വയസ്സുവരെ ഇരിക്കുന്നു എന്നു പറയുന്നതു കാരണവന്റെ ഉദാസീനത കൊണ്ടു മാത്രമാണെന്നു തോന്നുന്നില്ല. വേറെ മററു പല പ്രതിബന്ധങ്ങളും വരാം, പിന്നെ ഏകയോഗക്ഷേമമായി കഴിഞ്ഞുപോരുന്ന കുടുംബങ്ങളിലെ ഏതെങ്കിലും ഒരംഗം ഒരു സ്ത്രീയുടെ വിവാഹത്തിനു പ്രതിബന്ധമായി പുറപ്പെടുമെന്നു വിചാരിക്കാനും പാടില്ല. ഒരു കാരണവൻ—അങ്ങിനെ വല്ല ഒരു കാരണവൻ—ഉണ്ടെങ്കിൽ ഇതുവരെ പ്രായമാകുന്നതുവരെ തന്റെ ഇല്ലത്തിൽ സ്ത്രീകൾ വിവാഹം കഴിക്കാതിരിക്കുന്നതു തനിക്കു അഭിമാനക്ഷയമാണെന്നും കുടുംബത്തിനു പോരായ്മയാണെന്നും വിചാരിച്ചു കഴിയുന്നതും ജാഗ്രതയോടുകൂടി തക്കസമയത്തു തക്കതായ ആളുകളെ കണ്ടുപിടിച്ചു വിവാഹം കഴിപ്പിച്ചു കൊടുക്കാനാണു ന്യായമുള്ളതു. അതുകൊണ്ടു കാരണവന്റെ ഉദാസീനതകൊണ്ടാണു വിവാഹം നടക്കാതിരിക്കുന്നതു എന്നു സംശയിക്കാൻ ന്യായം ഇല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കാരണവന്റെ ഉദാസീനതകൊണ്ടും വരാമല്ലോ.

മി: മുരവേലി പാച്ചുപിള്ള (ചേർത്തല): ഒരു കാരണവന്റെ ഉദാസീനത ഒരുപക്ഷേ ഒരു ഇല്ലത്തിലെ പെൺകുട്ടിയെ ബാധിച്ചു എന്നു വരാം. അതല്ലാതെ ഇല്ലങ്ങളിലുമുള്ള എല്ലാ പെൺകുട്ടികളെയും ബാധിക്കുന്നതല്ല. ഒരു വ്യക്തിയെ ഉദ്ദേശിച്ചുമാത്രം കൊണ്ടുവന്ന ഒരു ബില്ലല്ലല്ലോ ഇതു. സമുദായത്തെ പൊതുവെ ഉദ്ദേശിച്ചു കൊണ്ടുവന്നിട്ടുള്ളതാണ്. അതുകൊണ്ടു ഒരു വ്യക്തിയെ മാത്രം ഉദ്ദേശിച്ചു ഒരു കാരണവൻ പ്രവർത്തിച്ചാൽ തന്നെയും അതു ഫലപ്പെടുവാൻ എളുപ്പമില്ല. നമ്പൂതിരിസമുദായത്തിലെ പല ഇല്ലങ്ങളിലും ഉള്ള യോഗ്യന്മാർ ചേർന്നു തക്കസമയത്തുതന്നെ വിവാഹം കഴിച്ചു കൊടുക്കുന്നതിനു കാരണവൻ ഉദാസീനത കാണിച്ചാൽ തന്നെയും കാരണവനെ പ്രേരിപ്പിക്കാനും ഇടയുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഇല്ലത്തിൽ നിന്നും വെളിയിൽ പോയി വിവാഹം ചെയ്യുന്ന നമ്പൂതിരി പുരുഷന്മാർ ധാരാളമുണ്ടോ; കുറവാണോ?

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ധാരാളം ഉണ്ട്. തന്നിമിത്തം പുരുഷന്മാരെ കിട്ടുന്നതിനും വിഷമമുണ്ട്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): നായർ കുടുംബങ്ങളിൽ സംബന്ധത്തിനു പോകുന്നില്ലേ?

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): ഈ ബില്ലനുസരിച്ചു അവർ തമ്മിൽ വിവാഹം ചെയ്യാൻ വിരോധമില്ല. അതിനെയും കൂടി പരിഹരിക്കാൻ ഇടയാകുന്നുവെങ്കിൽ നമ്പൂതിരി സമുദായത്തിൽ ആളുകളില്ലാതെ വരുമെന്നു സംശയിക്കാനില്ല.

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട് (സംയുക്തൻ): വിവാഹത്തിനു പ്രായപൂർത്തിയായശേഷം അവിവാഹിതകളായിട്ടിരിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ള ഈ ഭേദഗതിയെക്കാൾ നല്ലതായ ഒരു മാർഗ്ഗം സജാതീയ വിവാഹം നിർബന്ധിതമാകയാണെന്നു മെമ്പർക്കു വിശ്വാസമുണ്ടോ?

മി: മുരവേലിൽ പാച്ചുപിള്ള (ചേർത്തല): നിശ്ചയമായിട്ടും നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നു. ഒരു സ്ത്രീയെ ഇത്ര വയസ്സിനുമേലുള്ള പുരുഷനു വിവാഹം കഴിച്ചുകൊടുക്കുന്നതു ശിക്ഷാർഹമാണെന്നുകൂടി വ്യവസ്ഥവയ്ക്കണം. കാരണവനെ ശിക്ഷിപ്പിക്കണമെന്നാണെങ്കിൽ അതിൽ ഭേദം ഇത്രവയസ്സിനുമേൽ ഒരു

സ്ത്രീ വിവാഹം കഴിയാതെ ഇരിക്കയാണെങ്കിൽ കാരണവൻ ശിക്ഷാർഹനാണെന്നു വ്യവസ്ഥചെയ്യുകയാണു വേണ്ടതു്. അതുകൊണ്ടു തക്ക സമയത്തു വിവാഹം കഴിച്ചുകൊടുക്കാതിരിക്കുന്നതു ശിക്ഷാർഹമാണെന്നുവെയ്ക്കുന്നതു തക്കസമയത്തുതന്നെ വിവാഹംകഴിച്ചുകൊടുക്കാൻ ഇടയാകുന്നതാണ്. ഇതിൽ അഭിപ്രായവ്യത്യാസം ഉണ്ടാകാം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആ വകുപ്പ് ഇതിനു ബാധകമാണോ?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അല്ല. എന്നാൽ അഭിമാനം ഉള്ള ഒരു കാരണവൻ തക്കസമയത്തുതന്നെ ഒരു സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കാൻ ഒട്ടും അജാഗ്രത വിചാരിക്കയില്ലെന്നാണ് എന്റെ വിശ്വാസം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അഭിമാനം ഇല്ലാത്ത ഒരു കാരണവന്റെ ഉദാസീനതനിമിത്തം അങ്ങനെവന്നാലോ?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): അങ്ങിനെ കാരണവൻ അഭിമാനമില്ലാത്തവനായി കാണുകയില്ല.

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഇന്നു ഈ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ഇരിക്കുന്നതു് കാരണവന്റെ ഉദാസീനതകൊണ്ടല്ലെന്നു മെമ്പർക്കു അഭിപ്രായം ഉണ്ടോ?

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): എനിക്കു അങ്ങിനെ അഭിപ്രായമില്ല. ഒരു കാരണവൻ ആ ആളിന്റെ സ്ഥിതി അനുസരിച്ചുള്ള ഒരാളെ കണ്ടുപിടിക്കുന്നതിനു പ്രയത്നം നേരിടാം.

മി: സി. എൻ. ഇപ്പൻ നമ്പൂതിരിപ്പാട് (സംയുക്തൻ): അപ്പോൾ അതല്ല പരിഹരിക്കേണ്ടതു്.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): തന്നെ. അതിലേക്കു ഒരു വ്യവസ്ഥ ഈ ബില്ലിൽ ചേർക്കണം. അതിനു എളുപ്പമായ ഒരു മാർഗ്ഗമുണ്ട്. ഇന്നു വിവാഹം ചെയ്തിട്ടില്ലാത്ത നമ്പൂതിരിമാർ വിചാരിച്ചാൽ ഒരു സ്ത്രീയും അവിവാഹിതകളായിട്ടു ഒരു നിമിഷവും ഇല്ലത്തു ഇരിക്കാൻ സാധിക്കയില്ല. വിവാഹം ചെയ്യുന്നതിനുള്ള തക്ക സമയത്തിനു മുൻപുതന്നെ വേണ്ടിവരുന്നാൽ വിവാഹം ചെയ്യാൻസാധിക്കും. ഇപ്പോൾ ക്ഷത്രിയ സമുദായത്തിൽ തിരുമുല്പാടന്മാരും തമ്പാന്മാരും അന്യോന്യം വിവാഹം നടത്താമെന്നു തീരുമാനിച്ചിരിക്കുന്നു. ഇതിനുമുമ്പു ഈ സമുദായങ്ങൾ തമ്മിൽ ഇപ്രകാരം വിവാഹം നടപ്പില്ലായിരുന്നു. ഇപ്പോൾ ഇങ്ങനെ ഒരു തീരുമാനം വന്നശേഷം ഈ സമുദായങ്ങളിലുള്ളവർക്കു തക്ക സമയത്തു പുരുഷന്മാരെ ധാരാളമായി ലഭിക്കുന്നുണ്ടു. അതുപോലെ നമ്പൂതിരി സമുദായത്തിലുള്ള അവിവാഹിതരായ യുവാക്കന്മാർ തീർച്ചപ്പെടുത്തുകയാണെങ്കിൽ ഒരു സ്ത്രീക്കും തക്ക സമയത്തു വിവാഹം കഴിക്കാതിരിക്കാൻ ഇടവരികയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട് അവതരിപ്പിച്ച ഭേദഗതിയെ ഞാൻ എതിർക്കുന്നു. മിസ്റ്റർ ആശാൻ പറഞ്ഞതുപോലെ മലയാളബ്രാഹ്മണർ ഏററവും പ്രായംകൂടിയ ഒരാൾ ഈ ഭേദഗതിയെ കൊണ്ടുവരികയും പ്രായം കുറഞ്ഞയാൾ അതിനെസ്വീകരിക്കുകയും ചെയ്തു. പണ്ഡിതനായ ആ മെമ്പരുടെ ഉപദേശത്തിൽ കുടുങ്ങിയിട്ടോ എന്തോ മിസ്റ്റർ ഇപ്പൻ നമ്പൂതിരിപ്പാടും ഏറെക്കുറെ സമ്മതിച്ചു എന്നാണ് എനിക്കുതോന്നുന്നതു. വയസ്സു എത്ര എന്നും സ്ത്രീയുടെ സമ്മതം വേണമെന്നും ചേർത്തപ്പോൾ ഏറെക്കുറെ മിസ്റ്റർ ഇപ്പൻ നമ്പൂതിരിപ്പാടും സമ്മതിച്ചതായിട്ടുതോന്നുന്നുണ്ടു.

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): ഈ വകുപ്പുകൊണ്ടും പ്രയോജനമില്ലെന്നാണ് ഞാൻ പറഞ്ഞതു എന്നു മെമ്പർക്കു അറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ഏറെക്കുറെസമ്മതിച്ചു എന്നാണ് പറഞ്ഞതു. അതല്ലാതെ പരിപൂർണ്ണമായി സമ്മതിച്ചു എന്നു പറഞ്ഞില്ല. നമ്പൂതിരിസമുദായം കേരളത്തിൽ യാഥാസ്ഥിതികന്മാരായി ജീവിക്കുന്നവരാണ്. അതിലെ ഉൽപ്പതിഷ്ണുകൾക്കു മുന്നോട്ടുപോയാൽ കൊള്ളാമെന്നുകരുതി കുതിച്ചുചാടുകയാണെങ്കിൽ ആപത്തുണ്ടാകും. എഴു വയസ്സായ ഒരു അന്തർജ്ജനത്തിന്റെ ഒരു സമ്മതം എങ്ങിനെയാണ് വാങ്ങിക്കുന്നതു എന്നു വളരെ സംശയമായിരിക്കുന്നു. അച്ഛൻ തന്നെ ഒരു സ്ത്രീയോടു സംസാരിക്കുമോ എന്നു സംശയമാണ്. സഹോദരനാണെങ്കിൽ അതിലും അധികം സംശയമാണ്. അഫന്റെ കാര്യവും അങ്ങിനെ തന്നെ. പിന്നെ കൂടെയുള്ള സ്ത്രീകൾ മുഖേനയാണ് സമ്മതം വാങ്ങിക്കേണ്ടിയിരിക്കുന്നതു. യാതൊരുപുരുഷനും തന്റെ കുടുംബത്തിലുള്ള സ്ത്രീയെ മംഗല്യസൂത്രം ധരിപ്പിക്കാതെ വച്ചുകൊണ്ടിരിക്കണമെന്നു ഒരിക്കലും വിചാരിക്കയില്ല. അഭിമാനമുള്ളവരാരും അങ്ങിനെ ചെയ്യുമെന്നു തോന്നുന്നില്ല. അഭിമാനഹീനന്മാരും മലയാളബ്രാഹ്മണരുടെ ഇടയിൽ ഉണ്ടെന്നുതോന്നുന്നില്ല. ഉണ്ടെങ്കിൽ അതിനെ അനുഭവിക്കുകയും വേണം. അങ്ങിനെ വല്ല വിഷമവും ഉണ്ടായിരിക്കാം എന്നു വിചാരിച്ചു നമ്പൂതിരിസമുദായത്തെ പാടെ ഇളക്കിമറിക്കുന്ന ഒരു വകുപ്പ് ചേർക്കുന്നതു നീതിയല്ല. ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചിട്ടു നാലുവർഷത്തോളമായി. പണ്ഡിതന്മാരായ നിയമസഭാസാമാജികന്മാരുൾപ്പെട്ട ഒരു സിലക്ട് കമ്മററി ഉണ്ടായിട്ടുണ്ടു. അതിൽ ഈ വകുപ്പിനെപ്പററി ഒന്നും ആലോചിച്ചുകാണുന്നില്ല. പെട്ടെന്നു ഇന്നലെയോ മിനിഞ്ഞാന്നോ ഈ വിവാഹവിഷയത്തെപ്പററി നമ്പൂതിരി സമുദായം കേവലം അറിയാത്ത ഒരു വലിയ ഭേദഗതി സമുദായത്തിനിടയിൽ വരുത്തിക്കൂട്ടുന്നതു വളരെ അക്രമം ആണ്. അതിനാൽ മിസ്റ്റർ താണുപിള്ള പറഞ്ഞതുവളരെ പരമാർത്ഥം ആണു.

മി: ഇട്ടുപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ബ്രിട്ടീഷ് ഇൻഡ്യയിൽ ശാരദാബിൽ പാസ്സാക്കിയതായിട്ടു അറിയാമോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ബ്രിട്ടീഷ് ഇൻഡ്യയിൽ പാസ്സായതായിട്ടു അറിയാം. കൊച്ചിയിൽ പാസായതും അറിയാം. പക്ഷേ ഇതൊന്നും തിരുവിതാംകൂറിനെ ബാധിക്കേണ്ട ആവശ്യമില്ല. ശാരദാബിൽ ഇത്ര വയസ്സു കഴിഞ്ഞേ വിവാഹം പാടുള്ളു എന്നാണ്. അതിനും ഒരു വെറും മൈനാറിറ്റി മാത്ര

സമ്മതിക്കാതെയുള്ള. തിരുവിതാംകൂറിലെ ബ്രാഹ്മണരിൽ തന്നെ ഭൂരിപക്ഷം ആളുകൾ ഈ നിയമത്തിനു വിപരീതമായി നിൽക്കുന്നു എന്നറിയാം. ചെറുപ്പക്കാരായ ഉൽപ്പതിഷ്ണുകൾ ഏറെക്കുറെ അംഗീകരിച്ചു സഹായിക്കുന്നുണ്ട്. സമുദായത്തിന്റെ അഭ്യുന്നതിക്കു വളർച്ചക്കും ഇതു പലതരെ അത്യാവശ്യമാണെങ്കിലും ഇപ്പോഴത്തെ യഥാസ്ഥിതികന്മാരായ വൃദ്ധന്മാരുടെ അഭിപ്രായത്തോടെ അവഗണിച്ചുകൊണ്ടു ഒരു നിയമം പാസ്സാക്കിക്കളയാമെന്നു വിചാരിക്കുന്നതു സമുദായത്തിനു വളരെ ദോഷം ചെയ്യുന്നതാണെന്നു എല്ലാവരും മനസ്സിലാക്കണം. വിവാഹകാര്യം എല്ലാവർക്കും അത്യാവശ്യമാണ്. എങ്കിലും സമുദായത്തിലെ മററുള്ളവരുടെ അഭിപ്രായം അറിയാതെ പെട്ടെന്നു കൊണ്ടുവന്നിരിക്കുന്ന ഈ ഭേദഗതി ഭേദഗതി എന്നല്ല പറയേണ്ടതു. അതിനു ശരിയായിട്ടുള്ള പേരു വാക്കുകിട്ടുന്നില്ല. 'കൂട്ടിച്ചേർപ്പു' (interpolation കൊണ്ടുവന്നിരിക്കുന്നതിനെ) അതു വളരെ ഭയങ്കരമാണ്. ഒരിക്കലും അനുകൂലിക്കരുതെന്നാണ് എന്റെ പ്രത്യേകമായ അപേക്ഷ. ബ്രാഹ്മണ സമുദായം പുരാതനത്വത്തിൽ ജീവിക്കുന്നവരാണ്. അവരുടെ ഇടയിലുള്ള വിവാഹം മുതലായ സംഗതികളിൽ അന്തഃഛിദ്രം ഉണ്ടാക്കുകയോ സ്വാഭാവികമായി നടന്നുവരുന്നതിനു തടസ്ഥം ഉണ്ടാക്കുകയോ ചെയ്യുന്നതിനു ഇടകൊടുക്കരുത്. സ്ത്രീകൾ വിവാഹം ചെയ്യാതിരിക്കുന്നതും വൃദ്ധന്മാർക്കു വിവാഹംചെയ്തുകൊടുക്കുന്നതും കാരണവന്മാരുടെ മനസ്സില്ലായ്മകൊണ്ടും മററുമല്ല. മലയാളബ്രാഹ്മണരിലുള്ള സജാതീയ വിവാഹം കഴിക്കാൻ പാടില്ലാത്ത പുത്രന്മാരുടെ വിവാഹം ഇതരസമുദായത്തിൽ ഉറപ്പിച്ചു വച്ചിരിക്കുന്നതു കൊണ്ടാണ്. അതായതു മൂത്ത സ്ത്രീകളെ വിവാഹം ചെയ്യുന്നതിനു ആളുകിട്ടാത്തതു. അതു വേണ്ടുന്ന തരത്തിൽ സമുദായം തീർച്ചപ്പെടുത്തികഴിഞ്ഞാൽ അവരുടെ സ്ത്രീകളുടെ തക്കസമയത്തുള്ള വിവാഹത്തിനു ധാരാളം ആളുകൾ കിട്ടുന്നതാണ്. അതുചെയ്യാതെ സ്വത്തു ഭിന്നിച്ചുപോകുമെന്നു വിചാരിച്ചോ സ്വത്തു ഒന്നായിരിക്കണം ഇതിങ്ങനെ വേണമെന്നു വിചാരിച്ചോ കാലംകഴിച്ചു കൂട്ടുന്നതു ശരിയല്ല. അതിനാൽ മിസ്റ്റർ താണുപിള്ളയുടെ അഭിപ്രായത്തെ അനുകൂലിക്കുന്നു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ബ്രാഹ്മണ സമുദായത്തിന്റെ ഭാവി ശ്രേയസ്സിനെ ഉദ്ദേശിച്ചു ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുമ്പോൾ ആ സമുദായത്തിലെ പ്രതിനിധികളിൽ മൂന്നുമെമ്പറന്മാർ ഈ സഭയിൽ ഉണ്ട്. ആ മെമ്പർമാരെ സംബന്ധിച്ചു, ആ മെമ്പർമാരുമായിട്ടു ഇവിടെ വന്നതിൽപിന്നീടുള്ള പരിചയംകൊണ്ടു അതിൽ ഒരാൾ കുറെപ്രായം കൂടിയ ആളും ഒരു മുഴുവൻ യഥാസ്ഥിതികനുമാണെന്നാണ് എന്റെ അഭിപ്രായം. രണ്ടാമത്തെയാൾ മധ്യവയസ്കനും ഉൽപ്പതിഷ്ണുമനസ്ഥിതിയുള്ളവനും മൂന്നാമത്തെയാൾ ഒരു യുവാവും ഉൽപ്പതിഷ്ണുവും ആണ്. ഈ മൂന്നുപേരും യോജിച്ചുള്ള സമുദായത്തിന്റെ ഭൂരിപക്ഷമായ അഭിപ്രായത്തോടു ബാക്കിയുള്ള മതം യോജിച്ചു ഈ ബില്ലിന്റെ തത്വം സംബന്ധിച്ചിടത്തോളം പ്രവർത്തിക്കണമെന്നാണ് എന്റെ അഭിപ്രായം. ചാത്തൻ മാസ്റ്റർ "പ്രായം" "വയസ്സ്" എന്നുള്ളതു മാററണമെന്നു അഭിപ്രായപ്പെടുക ഉണ്ടായി. ഏതു വയസ്സുവരെ ഒരു പെൺകുട്ടിയെ വിവാഹം കഴിക്കാതെ ഇരിക്കുന്നപക്ഷം ആ പെൺകുട്ടിക്കു തനിക്കു ഇഷ്ടമുള്ള ഭർത്താവിനെ സ്വീകരിക്കാനുള്ള അവകാശം ഉണ്ടായിരിക്കണം എന്നു എന്റെ സ്നേഹിതൻ മി: ചാത്തൻ അഭിപ്രായപ്പെട്ടു.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇതു വൈദികാചാരങ്ങൾക്കു തടസ്ഥമായിട്ടു നിൽക്കുമെന്നു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അതു എനിക്കു നല്ല പരിജ്ഞാനമില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അതുകൂടി പരിഗണിച്ചിട്ടുവേണം ഒരു അഭിപ്രായം പറയാൻ.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ആ സമുദായത്തിലെ മൂന്നു പ്രതിനിധികളുംകൂടി പരിഗണിച്ചാണല്ലോ ഈ അഭിപ്രായം ഇവിടെ പുറപ്പെടുവിച്ചതു.

മി: ആർ. രാമൻപിള്ള (കോട്ടയം): മതസംബന്ധമായ കാര്യങ്ങളിൽ ഈ മൂന്നു സമാജികന്മാരല്ല കേരളത്തിലെ വിധികർത്താക്കളായിട്ടുള്ളതു എന്നു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അങ്ങനെയാണെങ്കിൽ ഈ ബില്ലിനെ പാടെ തള്ളുകയാണു നല്ലതു.

മി: ആർ. രാമൻപിള്ള (കോട്ടയം): വൈദികാചാരപ്രകാരമല്ലാതെ ഒരു കന്യക അന്യകുടുംബത്തിൽവന്നു ചേർന്നാൽ ആ സ്ത്രീക്കു ആ കുടുംബത്തിന്മേൽ അവകാശം കിട്ടുകയില്ലെന്നു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അറിഞ്ഞുകൂടാ.

മി: ആർ. രാമൻപിള്ള (കോട്ടയം): അന്യകുടുംബത്തിലാണ് സ്ത്രീയുടെ സ്വത്തവകാശമെന്നും ആ സ്ത്രീ എത്ര വയസ്സായാലും അവിവാഹിതയായിരുന്നാൽ കന്യകയായിട്ടു ഗണിക്കപ്പെടുകയുള്ളു എന്നും ബ്രാഹ്മണ മെമ്പർതന്നെ പ്രസ്താവിച്ചതായി ഓർക്കുന്നുണ്ടോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ഞാൻ ഓർക്കുന്നില്ല.

മി: ഇട്ടൂപ്പ് മാത്തച്ചൻ (കുന്നത്തുനാട്): പ്രായം ചെന്ന ഒരു മെമ്പർ അല്ലെ ഈ അമെൻഡ്മെന്റു അവതരിപ്പിച്ചിട്ടുള്ളതു.

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അത്രപ്രായം ചെന്നആളല്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഈ മൂന്നു മെമ്പറന്മാരും പറഞ്ഞ അഭിപ്രായം വ്യക്തിപരമായതാണോ അതല്ല സമുദായത്തിന്റേതാണോ എന്നു മെമ്പർ ചോദിച്ചു അറിഞ്ഞിട്ടുണ്ടോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): നിയമസഭാമെമ്പറന്മാർ ഇവിടെ വ്യക്തിപരമായ അഭിപ്രായമല്ല പറയേണ്ടതു. അതുകൊണ്ടു ഈ ചോദ്യംതന്നെ അസ്ഥാനത്തിലാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): നിയമസഭാമെമ്പറന്മാർക്കു വ്യക്തിപരമായ അഭിപ്രായവും പുറപ്പെടുവിക്കാൻ അവകാശമുണ്ടെന്നു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): നിയമസഭാമെമ്പറന്മാർ പറയുന്നതു അവർ പ്രതിനിധീകരിക്കുന്ന സമുദായത്തിന്റെയോ നിയോജകമണ്ഡലത്തിന്റെയോ അഭിപ്രായമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): മെമ്പർ ഇപ്പോൾ പറയുന്നതു ആരുടെ അഭിപ്രായമാണ്?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിന്റെ അഭിപ്രായമാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നംപൂതിരി സമുദായത്തിൽനിന്നും ഈ ബില്ലിന്റെ കാര്യത്തിനായി തിരഞ്ഞെടുത്തിട്ടുള്ള രണ്ടു മെമ്പറന്മാരും അവരുടെ അഭിപ്രായത്തിൽ ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഒന്നുപോലെ ഭിന്നിച്ചിരിക്കുന്നു എന്നുള്ള വസ്തുത മെമ്പർക്കു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ഇരിക്കാം. എനിക്കു നല്ല നിശ്ചയം ഇല്ല. അതുകൊണ്ടു എന്റെ സ്നേഹിതൻ മി. രാമൻപിള്ള പറഞ്ഞതുപോലെ നംപൂതിരിസമുദായത്തിൽ പുരുഷന്മാർ മാത്രമേ കന്യകമാരെ വിവാഹം ചെയ്തുകൊടുക്കുന്നതിൽ വിമുഖന്മാരായിട്ടു കാണുന്നുള്ളു. വല്ല നിവൃത്തിയും ഉണ്ടെങ്കിൽ വിവാഹം ചെയ്തുകൊടുക്കും.

മി: ആർ. രാമൻപിള്ള (കോട്ടയം): നംപൂതിരി സമുദായത്തിൽ വിവാഹത്തിനു തക്കതായ പുരുഷന്മാരെ കിട്ടുന്നതു പ്രയാസമാണെന്നു അറിയാമോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): അങ്ങനെയുള്ള പ്രതിബന്ധം നീക്കുകയാണ് ആദ്യമായിട്ടു വേണ്ടതു.

മി: ആർ. രാമൻപിള്ള (കോട്ടയം): അതിലേക്കു വല്ല മാർഗ്ഗവും ഈ ബില്ലിൽ ചേർത്തിട്ടുണ്ടോ?

മി: വി. ജെ. ഉമ്മൻ (വാണിജ്യവും-വ്യവസായവും, വടക്ക്): ചേർത്തിട്ടില്ലെങ്കിൽ ചേർക്കണമെന്നു മെമ്പർ അഭിപ്രായപ്പെടണം (ചിരി). അതിനാൽ ഞാൻ മി. ദാമോദരൻ ആശാന്റെ അഭിപ്രായത്തോടു പൂർണ്ണമായി യോജിച്ചുകൊള്ളുന്നു.

മി: പി. എസ്. മഹമ്മദ് (നിയമിതൻ): ഈ ബില്ലിനെ പലപ്രാവശ്യവും ഞാൻ വായിച്ചുനോക്കിയതിൽ ഒരു ഭാഗത്തും ഈ വിവാഹത്തിനെ കുറിച്ചുള്ള ഡെഫനിഷൻ കാണുന്നില്ല. ആ സ്ഥിതിക്കു ഇന്നു സമുദായത്തിൽ നടന്നുകൊണ്ടിരിക്കുന്ന ആചാരമനുസരിച്ചു ഉള്ള വിവാഹസമ്പ്രദായമാണ് യഥാർത്ഥത്തിൽ ഈ സമുദായം സ്വീകരിച്ചിരിക്കുന്നതു എന്നു വേണം ഉദ്ദേശിക്കാൻ. അങ്ങനെ വിവാഹത്തെ സംബന്ധിച്ചു പ്രത്യേകം ഒരു ഡെഫനിഷൻ ഇല്ലാതിരിക്കയും സമുദായാചാരം മാത്രം വച്ചുകൊണ്ടു വിവാഹം നടത്തുകയും ചെയ്തുവരുന്നതിനാൽ വിവാഹത്തെ സംബന്ധിച്ചു ഒരു ഭേദഗതി ഈ ബില്ലിൽ പ്രത്യേകമായികൊണ്ടു വരണമെന്നു പറയുന്നതു ഒരിക്കലും ശരിയല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): വിവാഹത്തിനുകൂടി ഇതിൽ ഡെഫനിഷൻ കൊടുപ്പാൻ സാധിക്കുമെന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതൻ): ഇതുവരെ കൊടുത്തിട്ടില്ല. ഇനികൊടുത്തതുകൊണ്ടു ഉപയോഗവുമില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ രണ്ടാമത്തെ വകുപ്പ് ഇനിമേലാണ് ആലോചനക്കു എടുക്കാൻ പോകുന്നതു എന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതൻ): അറിയാം. എന്നാൽ വിവാഹത്തിനെപ്പററി ഒരു ഡെഫനിഷൻ കൊടുക്കണമെങ്കിൽ ഈ സമുദായത്തിലുള്ള വൈദികാചാരമായ പല സംഗതികളും ആലോചിച്ചുവേണ്ട തെളിവുകൾ എടുത്തു ചെയ്യേണ്ടതാണെന്നാണ് എന്റെ അഭിപ്രായം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിവാഹത്തെപ്പററി പറയുന്നതായ മെമ്പർമാർ ആരും അതിനെപ്പററിയാതൊരു അമൻഡ്മെൻറും കൊണ്ടുവന്നിട്ടില്ല എന്നു അറിയാമോ?

മി: പി. എസ്. മഹമ്മദ് (നിയമിതൻ): അറിയാം. അതുകൊണ്ടു ഈ വിവാഹത്തെ സംബന്ധിച്ചു ഒരു ഡെഫനിഷൻ ഒരു മിനിട്ടുകൊണ്ടു ഉണ്ടാക്കികളയാമെന്നു വല്ല മെമ്പരും വിചാരിക്കുന്നു എങ്കിൽ അവർ നംപൂതിരിസമുദായത്തിന്റെ അഭിവൃദ്ധിയെ കാംക്ഷിക്കുന്നവരല്ല. വൈദിക വിഷയമായി ന്യൂനതവരുന്ന നിബന്ധനകൾ ഈ ബില്ലിൽ വരുത്തുന്നതു ശരിയല്ല. അതിനാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): സർ, മലയാള ബ്രാഹ്മണർ സമുദായത്തിൽ അവിവാഹിതരായ സ്ത്രീകൾ വളരെ കുറവാണ്. അഛനും സഹോദരനും എപ്പോഴും സ്ത്രീയെ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ ബദ്ധശ്രദ്ധരായികണ്ടുവരുന്നുണ്ട്. ചെങ്ങന്നൂരിൽതന്നെ "അകത്തു മുപ്പായിരം പുറത്തു മുപ്പായിരം" എന്നു ഒരു കഥകേട്ടിട്ടുണ്ട്. ൧൮൯൧-ലെ സെൻസസ്സിൽ ജനസംഖ്യ പതിനായിരമായിരുന്ന മലയാളബ്രാഹ്മണർ ൧൯൦൧-ൽ പതിനൊന്നായിരം ആയി വർദ്ധിച്ചിട്ടുണ്ടെന്നു കാണുന്നുണ്ട്. ഇങ്ങനെ ഒരു സമുദായത്തിലും പത്തു കൊല്ലത്തിനിടക്കു ജനസംഖ്യ ഇത്രവർദ്ധിച്ചുകാണുന്നില്ല.

മി: ഇട്ടൂപ്പ് ഇട്ടീയച്ചൻ (കുന്നത്തുനാട്) നമ്പൂതിരികുടുംബത്തിലെ എല്ലാപുരുഷന്മാരും വിവാഹം ചെയ്തുവരുന്നുണ്ടോ

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട) ഇല്ല. കുടുംബഭരണം ചെയ്യുന്ന ഇല്ലത്തിലെ മൂപ്പൻ മാത്രമേ സജാതീയ വിവാഹം ചെയ്യുന്നുള്ളു.

മലയാളബ്രാഹ്മണർ മററുസമുദായത്തേക്കാൾ ഏററവും മുന്നണിയിൽ നിൽക്കുന്നുഎന്നുള്ളതു ജനസംഖ്യകാണിക്കുന്നുണ്ട്. ഇപ്പോൾ മി: ജാതവേദൻനമ്പൂതിരിപ്പാട് കൊണ്ടുവന്നിരിക്കുന്നഭേദഗതി ഇവിടെ ആവശ്യമുള്ളതല്ല. വിവാഹത്തെ സംബന്ധിച്ചു ബിൽ ഹാജരാക്കിയകാലത്തു ഒന്നും ചേർത്തിട്ടില്ലായിരുന്നു. സിലക്ട്കമ്മിററിയിൽ അതിനെപ്പററി വാദപ്രതിവാദവും നടത്തിയിട്ടില്ല. ഈ സന്ദർഭത്തിൽ ഈ ഭേദഗതി അംഗീകരിക്കപ്പെടാവുന്നതാണെങ്കിൽ അംഗീകരിക്കേണ്ടതാണ്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല) ഇവിടെ വാദത്തിലിരിക്കുന്ന ഭേദഗതി അനാവശ്യമാണെന്നു തെളിയിക്കുന്നതിനു അധികം ആലോചിക്കണമെന്നു തോന്നുന്നില്ല. നമ്പൂതിരി സമുദായത്തിന്റെ പ്രാതിനിധ്യം വഹിക്കുന്നവരും ഈ വിഷയത്തെപ്പററി നല്ലപോലെ ആലോചിക്കുന്നവരും ആലോചിച്ചിട്ടുള്ളവരും യോഗ്യ

ന്നാമം ആയ പല അംഗങ്ങളും ആദ്യം വാദത്തിനു കൊണ്ടുവന്ന അവസരത്തിൽ ഈ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകൾ ധാരാളം ഉണ്ടെന്നും ൩൦-ം ൪൦-ം ൫൦-ം വയസ്സു ചെന്ന വൃദ്ധകൾപോലും അവിവാഹിതകളായിട്ടു ധാരാളം ഇരിക്കുന്നുണ്ടെന്നും ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. വാസ്തവത്തിൽ ഇതു കേൾക്കുമ്പോൾ അനുകമ്പതോന്നാത്ത മനുഷ്യഹൃദയം ഉണ്ടെന്നുതോന്നുന്നില്ല. നമ്പൂതിരി സമുദായത്തിലെ ഒരു ഇല്ലത്തിലെ കാരണവർ ഇവിടെ ഉണ്ടായിരുന്നു എങ്കിൽ ഈ വകുപ്പുകൊണ്ടുവന്നവരോടു ഒരു ചോദ്യം ചോദിക്കുമായിരുന്നു. കാരണവന്റെ ദുഷ്ടതകൊണ്ടുമാത്രമാണോ ഈ അധികം ഇല്ലങ്ങളിലും അവിവാഹിതകളായി പ്രായം അധികമുള്ള സ്ത്രീജനങ്ങൾ ഇരിക്കുന്നതു എന്നു ചോദിക്കുമായിരുന്നു. എന്നാൽ അവരുടെ ഉത്തരം [illegible] ക്കും. ഒരു കാലത്തും കാരണവന്റെ ദുഷ്ടതകൊണ്ടും ഉപേക്ഷകൊണ്ടും ആണെന്നു വിചാരിക്കാൻ ന്യായമില്ല. എത്രമാത്രം ലോഭിയായ ഒരു കാരണവൻ ആയാലും അനന്തിരവളുടെ ഇല്ലത്തിൽ നിർത്തുന്നതിനു [illegible] വം അനുവദിച്ചു ഏതു പ്രകാരത്തിലെങ്കിലും വിവാഹം നടത്തിക്കൊണ്ടു പോകണമെന്നു വിചാരിക്കും. [illegible] യായ ഒരു സ്ത്രീയെ ഒരു ഇല്ലത്തിൽ വച്ചുകൊണ്ടിരിക്കുന്നതു ശരിയാണെന്നു കരുതാത്ത [illegible] കാരണവനും—ലോഭിയായകാരണവനും,—ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഇങ്ങനെ ഇരിക്കുന്ന ഈ വിഷയത്തിൽ കാരണവന്റെ ദുഷ്ടതകൊണ്ടു വിവാഹം ചെയ്യിക്കാതെ ഇരുന്നാൽ ഇളയവരായവരുടെ [illegible] ക്കു വിവാഹം നടത്താമെന്നു ഒരു വകുപ്പു കൊണ്ടുവന്നിരിക്കുന്നതു പൊതുവെ കാരണവസ്ഥാനത്തിനു അധഃപതനമാണെന്നു തന്നെ വിചാരിക്കേണ്ടിയിരിക്കുന്നു. അവിവാഹിതകളായ സ്ത്രീജനങ്ങൾ [illegible] എന്റെ സ്നേഹിതൻ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ നമ്പൂതിരികുടുംബത്തിലുള്ള ഇളയവർ സജാതീയ വിവാഹം ചെയ്യുന്നതിൽ കാണിക്കുന്ന ഉപേക്ഷയായിരിക്കണം പ്രധാനമായ കാരണം. അല്ലാതെ കാരണവന്റെ അതൃപ്തിയാണെന്നു ഒരിക്കലും വിചാരിച്ചുകൂടാ.

മി: എ. ജി. മേനോൻ (പറവൂർ) ഉത്തമകൻ അല്ലാതെ അനന്തിരവൻ ആണെങ്കിൽ അല്ലയോ കാരണവൻ വിവാഹം നടത്താൻ സമ്മതിക്കായിരുന്നു അറിയാമോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അങ്ങനെ സമ്മതിക്കാതിരിക്കുന്നതിന്റെ ഫലമാണ് ജലവും നാശവും വന്നാലും വിവാഹം ചെയ്യാതിരിക്കുന്നതിനു ഇടയായിട്ടുള്ളതു. അതുകൊണ്ടു അങ്ങിനെയുള്ള ഒരു നിയമമോ ഭേദഗതിയോ ഉണ്ടായിരിക്കേണ്ടതു വളരെ ആവശ്യമായിരിക്കും. അതുകൊണ്ടു കാരണവന്റെ ഉദാസീനതകൊണ്ടുമാത്രമല്ല അവിവാഹിതകളായിട്ടിരിക്കുന്നതു.

മി: എ. ജി. മേനോൻ (പറവൂർ) അതിനു സമുദായത്തിനുള്ള [illegible] ട്ടില്ല കെട്ടുകയെങ്കിലും ചെയ്യണം പിന്നെ നടത്താം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അതു സ്ഥിതിക്കു കാരണവന്റെ ദുഷ്ടതകൊണ്ടാണ് വിവാഹം കഴിക്കാത്തതായ പ്രായാധിക്യം ഉള്ള സ്ത്രീജനങ്ങൾ ഇരിക്കുന്നതു എന്നു വിചാരിക്കാൻ എന്റെ ന്യായമെങ്ങനെയെന്നു സ്നേഹിതന്മാർ ആലോചിച്ചുനോക്കണം. ഒരു കാലത്തും കാരണവന്റെ ദുഷ്ടതയല്ലായിരിക്കയില്ല. എത്ര ദുർബ്ബുദ്ധിയായ ഒരു കാരണവൻ ആയിരുന്നാലും അവിവാഹിതകളായ സ്ത്രീകളെ വിവാഹം ചെയ്തു കൊടുക്കുന്നതു ഇല്ലം പരിശുദ്ധമാക്കണമെന്നു വിചാരിക്കുന്നതിനാൽ ആകുന്നു. അങ്ങിനെ വിചാരിക്കാത്ത ഒരു വ്യക്തിയും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. ജി. മേനോൻ (പറവൂർ) പണമുള്ള ഇല്ലങ്ങളിൽപോലും കേവലം പണം കൊടുക്കാൻ മടിച്ചിട്ടു മരിക്കാറായി കിടക്കുന്ന വൃദ്ധന്മാരെക്കൊണ്ടു ചിലപ്പോൾ വിവാഹം കഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അതു ഞാൻ മുമ്പു പറഞ്ഞതുപോലെയാണ്. പതിനഞ്ചോ പതിനെട്ടോ വയസ്സായി വിവാഹത്തിനു പ്രായം വന്നിട്ടുള്ള സ്ത്രീകളെ ൬൦-ം ൭൦-ം വയസ്സായ വൃദ്ധന്മാർക്കു വിവാഹം കഴിച്ചുകൊടുക്കുന്നതുകൊണ്ടു തന്നെ കാരണവന്മാർ വിവാഹം കഴിച്ചുകൊടുക്കുന്നതിൽ ഉപേക്ഷ ചെയ്യുന്നില്ലെന്നു തെളിയുന്നു. അനുരൂപനായ ഒരു ഭർത്താവിനെ കിട്ടാത്ത അവസരത്തിൽപോലും വൃദ്ധന്മാർക്കു വിവാഹം കഴിച്ചുകൊടുത്തെങ്കിലും വിവാഹം നടത്തിക്കളയാമെന്നു കാരണവൻ വിചാരിക്കുന്നു.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്) കാരണവൻ എങ്ങിനെയെങ്കിലും ഉപേക്ഷ കാണിക്കുന്നു എങ്കിൽ അതു അനന്തിരവരെ ആയിരിക്കാവുന്നതാണല്ലോ ബോദ്ധ്യപ്പെടുത്തുന്നതു.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല) അങ്ങിനെ ഉപേക്ഷ വരികയില്ല.

മി: വി. ചെല്ലംപിള്ള (തോവാള) സ്ത്രീകളെ കല്യാണം കഴിച്ചുകൊടുക്കുമ്പോൾ സ്ത്രീധനം കൊടുക്കാറുണ്ടോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) കൊടുക്കുന്നുണ്ടു.

മി: വി. ചെല്ലംപിള്ള (തോവാള) എത്രയാണു കൊടുക്കുക?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അതുവരുന്ന ഭർത്താവിന്റെ അപ്പോഴത്തെ സന്ദർഭവും യുക്തവും പോലെയാണ് സ്ത്രീധനത്തിന്റെ കാര്യം നിശ്ചയിക്കുന്നതു. വളരെ ക്ലേശിച്ചു എങ്ങിനെ എങ്കിലും ഭർത്താവിനെ കിട്ടിയാൽ മതിയെന്നു വിചാരിക്കുന്നു എങ്കിൽ അതിനു അനുയോജ്യമായി നടക്കും. സമുദായത്തിൽ ശ്രേഷ്ഠരായവരുടെ ഇടയിലും അന്യസമുദായത്തിനിടയിലും ആക്ഷേപം വരാതിരിക്കത്തക്കവിധത്തിൽ കാര്യം നിർവഹിക്കണം. കുടുംബക്കാരനും ബുദ്ധിമാനുമായ ഒരാളാണെങ്കിൽ അതിനനുസരണമായിട്ടു ചെയ്യണം.

മി: വി. ചെല്ലംപിള്ള (തോവാള) ഭർത്താക്കന്മാരെ കിട്ടാൻ പ്രയാസമാണെന്നിരിക്കെ വയസ്സായവരെ കിട്ടുമ്പോഴും വല്ലതും കൊടുക്കേണ്ടിവരികയില്ലയോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അതു രണ്ടുവിധത്തിലും വരാം. വയസ്സായ ഒരാളിനു ചെറുപ്പക്കാരിയായ ഭാര്യയെ കിട്ടുന്നതുകൊണ്ടു സ്ത്രീധനമില്ലാതെതന്നെ വിവാഹം നടത്തിയെന്നുവരാം.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാടു) പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും വിവാഹം ചെയ്യുന്നില്ലേ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ലാ) അതു നമ്പൂതിരിസമുദായത്തെപ്പോലെ മററല്ലാസമുദായങ്ങളിലും നടക്കുന്നുണ്ടെന്നാണ് എനിക്കുതോന്നുന്നതു. അതിനെപ്പററി ഇവിടെ പ്രതിവദിക്കേണ്ടയാവശ്യമില്ല.

മി: വി. ചെല്ലംപിള്ള (തോവാള) നമ്പൂരിയില്ലത്തിലെ കാരണവനും അനന്തിരവനും ആയിട്ടു രസക്കേടുവരാറില്ലേ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല) യാതൊന്നും ഞാൻ അന്വേഷിക്കാറില്ല. അതിനാൽ ഈ ഭേദഗതി അനാവശ്യമാണെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

ഈ സമുദായത്തിന്റെ ആചാരങ്ങളെപ്പററിയും മററും നംപൂതിരിസ്നേഹിതന്മാർതന്നെ പലപ്രകാരത്തിലും വിസ്തരിച്ചു പറഞ്ഞു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ടു ഈ ഭേദഗതിനിമിത്തം ഗുണമോ ദോഷമോ എന്നുള്ളതിനെപ്പററി ധാരാളം തെളിയിച്ചിട്ടുണ്ട്. അവിവാഹിതകളായ നംപൂതിരി അന്തർജ്ജനങ്ങളുടെ ശോച്യാവസ്ഥയെ പരിഹരിക്കുന്നതിനു ഏതുപ്രകാരത്തിലുള്ള ഒരു വകുപ്പു ഗുണമാണെന്നു വിചാരിക്കുന്നുവോ അതിനു നംപൂതിരിസ്നേഹിതന്മാരും അവരോടു അനുകമ്പയുള്ള മററു സ്നേഹിതന്മാരുംചേർന്നു ഗാഢമായി ആലോചിച്ചു ചെയ്യുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നു വിചാരിക്കുന്നു. ഇതു കേവലം നിസ്സാരമായ വിഷയമല്ല. കാരണവൻ ലോഭിയാണോ അവിവാഹിതകളെ വിവാഹിതകളാക്കിക്കൂടാൻ ഏതെങ്കിലും അനന്തരവൻ വിചാരിച്ചാൽ മതിയോ അതിന്റെ പ്രതിഫലവും ഭാര്യയന്തിരച്ചിലവും എല്ലാം കുഡുംബത്തിൽനിന്നും ഈടാക്കാമോ എന്നിങ്ങനെയുള്ള കാര്യങ്ങളെപ്പററി ആലോചിക്കാതെ തീർച്ചപ്പെടുത്തുന്നതു ശരിയല്ല. അതിനാൽ ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മി): ഈ ചോദ്യം ഇനി വോട്ടിനു ഇടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: അദ്ദേഹം പറഞ്ഞുനിറുത്തട്ടെ.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഈ കാരണങ്ങളാൽ ഞാൻ ഭേദഗതിയെ എതിർക്കുന്നു.

മിസ്സിസ് എലിസബത്ത് കുരുവിള (നിയമിത): ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കണമെന്നു ആഗ്രഹിക്കുന്നു. നമ്പൂതിരിബില്ലിൽ കൊണ്ടുവന്നിരിക്കുന്നതു നമ്പൂതിരിസമുദായത്തിന്റെ ക്ഷേമത്തെ വർദ്ധിപ്പിക്കുന്നതിനും, ആ സമുദായത്തിൽ കുറെയെല്ലാം പുരോഗതി ഉണ്ടാകുന്നതിനും ആയിട്ടാണെന്നാണ് എനിക്കു തോന്നുന്നതു. ആ സമുദായത്തിന്റെ പുരോഗതിക്കുവേണ്ടിയുള്ള ഓരോ വകുപ്പിനേയും ഈ സഭയിലെ മെമ്പറന്മാർ അനുകൂലിക്കേണ്ടതാണെന്നു ഞാൻ വിചാരിക്കുന്നു. ഈ ഭേദഗതിയെ എതിർത്തിട്ടുള്ള മെമ്പറന്മാർ അപ്രകാരം ചെയ്യുന്നതു സഭ മുമ്പാകെ ഈ വകുപ്പു കൊണ്ടുവന്നിരിക്കുന്നതു മൂലം സമുദായത്തിന്റെ ഇടയിൽ ഒരു ഇളക്കം ഉണ്ടാകുമെന്നുള്ള കാരണത്തിന്മേലാണ്. ഏതൊരു സമുദായത്തിന്റെയും പുരോഗതിക്കായിട്ടു കൊണ്ടുവരപ്പെടുന്ന ഏതൊരു വ്യവസ്ഥയും ആ സമുദായത്തിലെ ചില ആളുകളുടെ ഇടയിൽ ഇളക്കം ഉണ്ടാക്കുമെന്നു ഞാൻ വിചാരിക്കുന്നു. ആ സംഗതിയിന്മേൽ മാത്രം ആവക വകുപ്പുകളെ തടയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

ഇപ്രകാരമുള്ള കാര്യങ്ങളിൽ നാം മുഖ്യമായി നോക്കേണ്ടതു ആ സമുദായത്തിലെ സ്ത്രീപുരുഷന്മാർക്കു സ്വാതന്ത്ര്യത്തിൽ സഹായമാകുമോ എന്നുള്ളതാണ്. പ്രായപൂർത്തി തികഞ്ഞശേഷം സ്ത്രീയുടെ സമ്മതത്തോടുകൂടി വിവാഹം ചെയ്തുകൊടുപ്പാൻ അധികാരമുണ്ടെന്ന വിധത്തിൽ ഭേദഗതിചെയ്തിട്ടുള്ള വകുപ്പു ഇപ്പോഴുള്ള കീഴ്നടപ്പിനെക്കാൾ സ്ത്രീകളുടെ പുരോഗതിക്കു ദോഷമായി വരികയില്ലെന്നാണ് എനിക്കു തോന്നുന്നതു. നേരെമറിച്ചു അതു സമുദായത്തിന്റെ പുരോഗതിക്കു സഹായമായി വരികയേയുള്ളു. ഈ ഭേദഗതി സ്വീകരിക്കപ്പെടുന്നപക്ഷം ഉണ്ടാകുന്ന എല്ലാ വിഷമതകളേയും നിവാരണം ചെയ്യാൻ സാധ്യമായിരിക്കയില്ലെന്നുള്ളതു വാസ്തവംതന്നെ. ഈ വകുപ്പു സ്വീകരിക്കപ്പെട്ടാൽതന്നെയും, ഇല്ലത്തിലെ മററു സ്ത്രീകൾ മുഖേന ഒരു പെൺകുട്ടിയുടെ സമ്മതം സമ്പാദിച്ചു അവളെക്കാൾ പ്രായംകൂടുതലുള്ള ഒരു പുരുഷനു വിവാഹം ചെയ്തുകൊടുക്കാൻ കഴിയുമെന്നു ഒരു മെമ്പർ പ്രസ്താവിക്കയുണ്ടായി. മററു സ്ത്രീകൾ മുഖേന കിട്ടുന്ന അഭിപ്രായത്തെപ്പററി കുററം പറയേണ്ട ആവശ്യം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല. എന്നുമാത്രമല്ല അങ്ങിനെ നിർബന്ധിച്ചു സമ്മതിക്കപ്പെടുന്ന ഒരു സ്ത്രീക്കു വിവാഹസമയത്തു അതിനെക്കുറിച്ചു വിസമ്മതിക്കാവുന്നതാണ്. ആ വിഷമതയെ ഈ മാതിരിയിൽ പരിഹരിക്കാമെന്നു ഞാൻ വിചാരിക്കുന്നു. ഇപ്പോൾ രൂപീകരിച്ചിരിക്കുന്ന പ്രകാരം ഈ വകുപ്പു നംപൂതിരിസമുദായത്തിലെ സ്ത്രീകൾക്കു സഹായമായിമാത്രമേ നില്ക്കുന്നുള്ളു. ഈ വകുപ്പിനെ കുറെക്കൂടി വ്യാപകമാക്കിയാൽ കൊള്ളാമെന്നു എനിക്കു ആഗ്രഹം ഉണ്ട്. എന്നാൽ അതു ഇപ്പോൾ സാദ്ധ്യമല്ലാത്തതുകൊണ്ടു ഞാൻ കൂടുതലായി ഒന്നും നിർദ്ദേശിക്കുന്നില്ല. ഈ വകുപ്പു നംപൂതിരിസമുദായത്തിന്റെ പുരോഗതിക്കും അഭിവൃദ്ധിക്കും ഉതകുന്നതാകയാൽ അതിനെ ഈ സഭയിലെ എല്ലാ മെമ്പറന്മാരും അനുകൂലിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം (മി: എ. എസ്. ദാമോദരൻ ആശാൻ: കേൾപ്പിൻ! കേൾപ്പിൻ!)

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ) ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഒരു ക്ലിപ്തകാലത്തിനു മുമ്പു മലയാളബ്രാഹ്മണകുടുംബത്തിലെ ഒരു സ്ത്രീയെ ആ കുടുംബത്തിലെ ഗൃഹനായകൻ വിവാഹം ചെയ്തുകൊടുത്തില്ലെങ്കിൽ ആ കുടുംബത്തിലെ മറെറതെങ്കിലും അംഗത്തിനു ആ കൃത്യം നിർവഹിക്കുന്നതിനു ഈ അധികാരം നൽകുന്ന ഭേദഗതി ഏററവും കാലോചിതവും ആവശ്യവും ആണെന്നാണ് ഞാൻ വിചാരിക്കുന്നതു. ഇതു ഗൃഹനായകനു ലഘുത്വം അല്ല. അദ്ദേഹത്തിന്റെ ഉദാസീനതയോ അപ്രാപ്തിയോ കൊണ്ടു ഒരു വിവാഹം നടക്കുന്നില്ലെങ്കിൽ ആ അധികാരം കുടുംബത്തിലെ മറെറതെങ്കിലും അംഗം നടത്തുന്ന എങ്കിൽ ആ ഗൃഹത്തിനു അതുകൊണ്ടു യാതൊരപേരായ്മയും വരാനില്ല. അതിന്റെ ചിലവു കുഡുംബം വഹിക്കേണമെന്നേയുള്ളു. അതുകൊണ്ടു കാര്യം കുറെക്കൂടി നടക്കാനാണ് എളുപ്പം.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): താൻ നടത്തേണ്ടതുമുതല വേറൊരാൾ നടത്തുന്നതു കൊണ്ടു കാരണവൻ അപ്രാപ്തനാണെന്നോ അല്ലെന്നോ അഭിപ്രായം?

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): പ്രവൃത്തികൊണ്ടു അപ്രാപ്തനോ, പ്രാപ്തനോ ഉദാസീനനോ എന്നു വെളിപ്പെടുന്നില്ലേ? വിവാഹം നടത്തിയില്ലെങ്കിൽ അതു കാരണവന്റെ അപ്രാപ്തികൊണ്ടല്ല അല്ലെങ്കിൽ മനസ്സില്ലായ്മകൊണ്ടാണെന്നു വേണം വിചാരിക്കുവാൻ. ഓരോ വടക്കൻ തകാര്യത്തെ മറെറാരാൾ നോക്കുകയാണു ചെയ്യുന്നതു, അതുകൊണ്ടു കുഡുംബത്തിനു അപമാനമല്ലാതാകുന്നതു് നേരെമറിച്ചു ബഹുമാനവും കാരണവനു കാര്യശേഷിയും ഉണ്ടാകുകയാണ് ചെയ്യുന്നതു്.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): കൊള്ളരുതായ്മകൊണ്ടു ബഹുമാനമാണോ ഉണ്ടാകുന്നതു.

മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): രോഗംകൊണ്ടുള്ള അപ്രാപ്തിയാലോ മനസ്സില്ലായ്മയാലോ കാര്യം നടത്താതെ ഇരിക്കുന്ന എങ്കിൽ അതു കുഡുംബത്തിനു അപമാനമാണ്. അതിനെ പരി

ഹരിക്കേണ്ടതു കുടുംബത്തിലെ എല്ലാ അംഗങ്ങളുടെയും കടമയാണ്. ആ കടമ നടത്തുന്നതിനു ഒരു നിയമം മൂലം സൌകര്യം ലഭിക്കുന്നതു മലയാളബ്രാഹ്മണസമുദായത്തിനു അഭിമാനകരമല്ല ഒരു സംഗതിയാണ്. ഒരു ക്ലിപ്തകാലത്തിനുമുമ്പ വിവാഹം നടത്തിയില്ലെങ്കിൽ അതു ഇളമുറക്കാരൻ നടത്താമെന്നു ഒരു നിയമംമൂലം അനുമതിനൽകുന്നേയുള്ളു.

മി: സി. എൻ. ഉപ്പൻ നമ്പൂതിരിപ്പാട് (സംശയക്കൻ): അങ്ങിനെയാണെങ്കിൽ [illegible] വിവാഹം കഴിച്ചുകൊടുക്കുന്നതിനുള്ള കാരണവന്റെ [illegible] [illegible] [illegible] മെമ്പർക്കു വിശ്വാസമുണ്ടോ?

മി: തയ്യിൽ [illegible] (മൂവാററുപുഴ-[illegible]): [illegible] [illegible] സ്വന്തം കൃത്യം ചെയ്യാതിരുന്നാൽ അതു മററൊരാൾ ചെയ്യുന്നതു [illegible] [illegible]ില്ല. അവനവൻ ചെയ്യേണ്ടതു അവനവൻതന്നെ ചെയ്യും, അപ്രാപ്തിയുണ്ടെങ്കിൽ [illegible] ചെയ്യാതിരുന്നെങ്കിൽ മാത്രമെ മറെറാരാൾ ചെയ്യുകയുള്ളു.

മി: എ. എസ്. ദാമോദരൻ ആശാൻ ([illegible]): [illegible] കാരണവൻ അപ്രാപ്തനാണെന്നു ഒരു പ്രഖ്യാപനം കൂടി ഉണ്ടാകുമല്ലോ [illegible].

മി: തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴ-[illegible]): അങ്ങിനെ [illegible] [illegible]. [illegible] മറെറാരാൾ ആ കാര്യം നിർവഹിക്കുന്നു [illegible] [illegible] [illegible]

മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അവിവാഹിതകളുടെ [illegible] സ്ത്രീ [illegible] ഉണ്ടായിരിക്കുന്നതു കാരണവന്റെ ഉദാസീനതകൊണ്ടാണോ?

മി: തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴ-[illegible]): [illegible] [illegible] പറഞ്ഞില്ല. [illegible] [illegible]മായാലും കാരണവൻ നടത്താത്ത ഒരു കാര്യമാണ [illegible] [illegible] [illegible] സൌകര്യം നൽകാൻ പാടില്ലാഎന്നു പറയുന്നതിനു [illegible] [illegible]. [illegible] [illegible] [illegible] വിവാഹം നടക്കേണ്ടതാണ്. അതു നടത്തുന്നില്ല. അതു നടത്തുന്നതിനു മററാരാളെ [illegible] [illegible] [illegible]നാൽ അവർ ശ്രമിച്ചുനടത്തി എന്നു വരാം. [illegible] [illegible] [illegible] [illegible]ില്ലെങ്കിൽ അതിനു മററൊരാളിനധികാരമില്ലെങ്കിൽ അതു നടക്കുകില്ല.

മി: മുരവെവിചാച്ചപിള്ള ([illegible]): ഉദാസീനതകൊണ്ടാണ് കാരണവൻ [illegible] വിവാഹം ചെയ്തുകൊടുക്കാതിരിക്കുന്നതു എന്നുപറയുന്ന, അതിനെ [illegible] [illegible] [illegible] [illegible]പ്പെടുത്തുന്ന ഈ പുതിയവ്യവസ്ഥ [illegible] [illegible] [illegible] [illegible] സഹായിക്കുകയല്ലേ ചെയ്യുന്നതു?

മി: തയ്യിൽ കുഞ്ഞിരാമൻ (മൂവാററുപുഴ-[illegible]): അങ്ങിനെ ഉദാസീനനായിരിക്കുന്നതിനു എന്റെ സ്നേഹിതൻ മി: പാച്ചുപിള്ള പറഞ്ഞതുപോലെ [illegible] [illegible] എന്നു ഞാൻ പറയുന്നില്ല. ഈ വ്യവസ്ഥ ആക്കം നിർദ്ദയം [illegible]. [illegible] ഉദാസീനതകൊണ്ടു വിവാഹം നടക്കാതിരിക്കുന്നു എങ്കിൽ അതിനു [illegible] ശിക്ഷിക്കണമെന്നു പറയുന്ന [illegible] അഭിപ്രായം എനിക്കില്ല. അതിനെ പരിഹരിക്കുന്നതിനു കാരണവൻ ഇളമുറക്കാരനു വിവാഹംനടത്തുന്നതിനുള്ള അധികാരം കൊടുത്താൽ സാധിക്കുന്നതാണ്. അതിനാൽ ഈ ഭേദഗതിയെ ഞാൻ പൂർണ്ണമായി അനുകൂലിക്കുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഭേദഗതിയെപ്പററി [illegible] [illegible] [illegible] നിരിക്കുന്നു [illegible] [illegible] [illegible] ഞാൻ [illegible].

മി: എ. ജി. മേനോൻ (പറവൂർ): ഈ ബില്ലിനെ [illegible] [illegible] [illegible] പറയാനുണ്ട്. ഈവക വല്ല വ്യവസ്ഥകളും [illegible] [illegible] [illegible] [illegible] [illegible] മനഃസ്ഥിതിയെ കവിഞ്ഞിരിക്കുന്നതായി വിചാരിക്കപ്പെടുന്നുണ്ട്. സംഗതിയുടെ ഗൌരവത്തെ [illegible] [illegible] [illegible] വാശിപിടിച്ചു വഴക്കുപറയുന്നതു [illegible] പതിവാണ്. [illegible] വിവാഹത്തെപ്പററിയുള്ള ഒരു സംഗതിയെക്കുറിച്ചാണ് [illegible] പ്രതിപാദിക്കുന്നതു [illegible] [illegible] സ്നേഹിതന്മാർ വീണ്ടും വീണ്ടും പറഞ്ഞുകഴിഞ്ഞു. വിവാഹത്തെപ്പററിയുള്ള അദ്ധ്യായം ബില്ലിൽ ഇല്ല. വിവാഹത്തെപ്പററിപ്പ്രത്യേകമായി [illegible] ഒന്നും പറകയുണ്ടായില്ല. ഈ വാദപ്രതിവാദം എങ്ങിനെ വരുമെന്നു അവർ പറഞ്ഞില്ല. [illegible] കാരണവന്റെ അധികാരങ്ങളെപ്പററി ഇതിൽ ഒരു വ്യവസ്ഥയുണ്ട്. [illegible], ഈ അധികാരങ്ങളെ മററൊരാളെ ഏല്പിക്കുന്നതു എങ്ങിനെയാണെന്നു നമ്മൾ നോക്കേണ്ടതുണ്ട്. കാരണവന്റെ അധികാരങ്ങളെപ്പററിയുള്ള വാദപ്രതിവാദമദ്ധ്യേ [illegible] ഈ സംഗതിയും കൂടി [illegible] [illegible]. നാം [illegible] തുടരേണ്ട ക്രമത്തെ അനുസരിച്ചു സ്വാഭാവികമായി ഉണ്ടായിട്ടുള്ള ഒരു സംഗതിയാണിതു. ഇളമുറക്കാരണവന്റെ കൃത്യങ്ങളിൽ ഒന്നാണ്. അദ്ദേഹം ഈകൃത്യം നടത്താതിരിക്കുന്നു എന്നിരിക്കട്ടെ. അങ്ങിനെയുള്ള സംഗതിയിൽ കാരണവന്റെ ഏററവും പ്രധാനകൃത്യങ്ങളിൽ ഒന്നായിഗണിക്കപ്പെടുന്ന ഈ കൃത്യം നിർവഹിക്കുന്നതിനു വേണ്ടവ്യവസ്ഥ ചെയ്യേണ്ട [illegible] [illegible]. അതായതു ആകൃത്യം ചെയ്യുന്നതിനു മനസ്സുള്ളതും [illegible] പ്രാപ്തിയുള്ളതുമായ കുടുംബത്തിലെ ഒരു അംഗത്തിനെക്കൊണ്ടു നടത്തിക്കണം. ഈ ഭേദഗതിയിൽ കാരണവനു അപമാനകരമായ കാര്യം ഉണ്ടാകുന്നതായി ഒന്നുംഇല്ലെന്നാണ് എനിക്കു തോന്നുന്നതു. പലകാരണങ്ങൾ കൊണ്ടു ഒരു പെൺകുട്ടിയെ വിവാഹംചെയ്തുകൊടുക്കുന്നതിനു കാരണവനു സാധിച്ചില്ലെന്നു വരാം. ഈ ഭേദഗതിയെ ഈ [illegible] കൂടി എതിർക്കുന്ന എന്റെ ചില സ്നേഹിതന്മാർ സമുദായത്തിലെ സ്ത്രീകളുടെ നിജസ്ഥിതിയെപ്പററിയും ചിലപ്പോൾ അവർക്കു അനുഭവിക്കേണ്ടതായി വരുന്ന വിവാഹസംപ്രദായങ്ങളെപ്പററിയും അറിഞ്ഞിരുന്നാൽകൊള്ളാം. ഉദാഹരണമായി പെൺകുട്ടിയെ വിവാഹം കഴിപ്പിക്കണമെന്നുമാത്രം കരുതി മരണകിടക്കയിൽ കിടക്കുന്ന ആളിനുപോലും ചിലപ്പോൾ വിവാഹം ചെയ്തുകൊടുക്കാറുണ്ട്. അങ്ങിനെകിടക്കുന്ന ആൾ മരിച്ചുപോകുമെന്നു അറിഞ്ഞുകൊണ്ടുപോലും ഇങ്ങിനെ ചെയ്യുന്നു. ഈ വക ഉദാഹരണങ്ങളെപ്പററി ചിന്തിക്കുമ്പോൾ തന്നെ മനം ഉരുകിപ്പോകുന്നുണ്ട്. ഇതു എപ്പോഴും കാരണവന്റെ ഉദാസീനതമൂലം വരുന്നതല്ല. നമ്പൂതിരിസമുദായത്തിന്റെ ഇടയിൽ പ്രകൃതിവിരോധമായ ഈ അവസ്ഥ വന്നുചേരുന്നതിനു പലകാരണങ്ങളും ഉണ്ട്. അവയെക്കുറിച്ചു ദീർഘമായ ഒരു വർണ്ണനകൊടുക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എന്നാൽ സമുദായം പുരോഗതിയിൽ വരുന്നതിനുവേണ്ട ഭേദഗതികൾ ചെയ്യേണ്ടതു നമ്മുടെ ഏവരുടെയും ധർമ്മമാണെന്നും ആ വിചാരമുള്ളവർ എല്ലാവരും ഈ ഭേദഗതിയെ അനുകൂലിച്ചു അവരുടെ പൂർണ്ണവും സ്വതന്ത്രവും ആയ സമ്മതി അതിനു നൽകണമെന്നും ആണത്രെ ഞാൻ പറഞ്ഞുകൊള്ളുന്നതു.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): മി: ജാതവേദൻ നമ്പൂതിരിപ്പാട്ടിന്റെ ഭേദഗതിയോടു അനുകൂലിക്കാൻ നിവൃത്തിയില്ല. അതു ഇപ്പോൾ ഇരിക്കുന്നസ്ഥിതിക്കു പലവിധകുഴപ്പങ്ങളും ഉണ്ടാകാനിടയുള്ളതുകൊണ്ടു സ്വല്പം വ്യത്യാസത്തോടുകൂടി ഒരു അഭിപ്രായം ഞാൻ പറയാമെന്നു വിചാരിക്കുന്നു. അതിനെ അവർ സമ്മതിക്കുന്നതായാൽ നന്നായിരിക്കും. എന്റെ ചില നമ്പൂതിരിസ്നേഹിതന്മാരും ഈ അഭിപ്രായത്തോടു യോജിക്കുന്നു എന്നു പറകയാലാണ് ഞാൻ അതിനെ ഇവിടെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നതു.

“ഇല്ലത്തിലെ വല്ല അംഗവും” എന്നുള്ളതിനുപകരം അച്ഛനോ സഹോദരനോ അവർ ഇല്ലാത്തപക്ഷം ഉദകപൂർവം കന്യകാദാനം ചെയ്തുകൊടുക്കുന്നതിനു അവകാശമുള്ള ആളോ അതായതു ‘ഏററവും അടുത്ത ബന്ധു’ എന്നു ചേർത്താൽ കുറെക്കൂടി നന്നായിരിക്കുമെന്നു എനിക്കു തോന്നുന്നതുകൊണ്ടു ഈ അഭിപ്രായത്തെ ഇവിടെ പറഞ്ഞുകൊള്ളുന്നു.

മി: സി. എൻ. ഉപ്പൻ നമ്പൂതിരിപ്പാടു (സംയുക്തൻ): മി: രേവതിനാൾ രാമവർമ്മരാജാവിന്റെ ഭേദഗതിയോടു ഞാൻ യോജിക്കുന്നു.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (സംയുക്തൻ): ഞാൻ ഈ ഭേദഗതിയെ സ്വീകരിക്കാൻ തയ്യാറാണ്.

അദ്ധ്യക്ഷൻ: ഇന്നേദിവസം ഈ സംഗതിയെപ്പററി നടത്തിയ വാദപ്രതിവാദത്തെ സംബന്ധിച്ചിടത്തോളം സഭയിലുള്ളവർക്കു ചാരിതാർത്ഥ്യത്തിനു വകയുണ്ടെന്നു ഞാൻ വിചാരിക്കുന്നു. പ്രസ്തുതവിഷയത്തിൽ മിക്ക മെംബറന്മാരും താൽപര്യം പ്രദർശിപ്പിക്കുകയുണ്ടായി. കഴിവുള്ളിടത്തോളമുള്ള എല്ലാമാർഗ്ഗങ്ങളിലുംകൂടി ഈ സംഗതിയെപ്പററി നിരൂപണം ചെയ്തു. ഒടുവിൽ ഇരുകൂട്ടരും തമ്മിൽ യോജിച്ചുതീരുമെന്നുള്ള ഒരു മാർഗ്ഗം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതും അതു സ്വീകരിക്കുന്നതിന് രണ്ടുകക്ഷികളും തയ്യാറുള്ളതായി തോന്നുന്നതും ആകുന്നു. ഇന്നു സമയം അവസാനിക്കാറായിരിക്കുന്നു. ഇപ്പോൾ വാദപ്രതിവാദം തീർന്നതായി പരിഗണിക്കപ്പെടാം. നാളെ നാം വീണ്ടും കൂടുമ്പോൾ വാദപ്രതിവാദം ഉണ്ടായിരിക്കയില്ല. എന്നാൽ നാളെ ഉച്ചക്കു മുമ്പു സഭ കൂടുമ്പോൾ നമ്പൂതിരി മെംബറന്മാർ തമ്മിൽ ഒരു രാജി ഉണ്ടാവുകയും ആ രാജി അനുസരിച്ചു രൂപീകരിക്കപ്പെട്ടിട്ടുള്ള ഒരു ഭേദഗതിയെ പ്രദാനം ചെയ്കയും ചെയ്യുന്നതായാൽ ഈ സംഗതിയിന്മേൽ ഒരു തീരുമാനം ഉണ്ടാക്കുന്നതിനു സഭക്കു അതു വലിയ സഹായമായിരിക്കും. അതിനാൽ ഇതിനെപ്പററിയുള്ള വാദപ്രതിവാദം അവസാനിപ്പിച്ചിരിക്കുന്നു, നാളെ വോട്ടു എടുക്കുകമാത്രമേയുള്ളു.

സഭ ഇപ്പോൾ പിരിയുകയും വീണ്ടും നാളെ പകൽ ൧൧-മണിക്കു കൂടുകയും ചെയ്യും.

സഭ ഉച്ചക്കുശേഷം ൪-മണിക്കു പിരിഞ്ഞു നാളെ ഉച്ചക്കുമുമ്പു ൧൧-മണിക്ക് വീണ്ടും കൂടുന്നതാണ്.

പി. എം. കുഞ്ഞുപിള്ള,
നിയമസഭാസിക്രട്ടറി.

(A True Translation.)

T. Ramalingam Pillai,
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൭-ലെ ഒന്നാമത്തെ സമ്മേളനം.

൧൧൦൮ ഇടവമാസം ൪-ാംതി ശനിയാഴ്ച.

൧൯൩൨ മേ മാസം ൧൭-ാംനു

ഔദ്യോഗിക റിപ്പോർട്ട്.

ദിവാൻജി അവർകളുടെ ആദ്ധ്യക്ഷത്തിൽ തിരുവനന്തപുരം മ്യൂണിസിപ്പൽ ടൌൺ ഹാളിൽ ൧൧-൩൦ നു സഭയിണ്ടും കൂടി.

താഴെപ്പറയുന്ന സാമാജികന്മാർ ഹാജരില്ലായിരുന്നു.

൧. മിസ്റ്റർ. എൽ. എ. പാംപാർഡ്.
൨. മിസ്റ്റർ. എൻ. ആർ. കൃഷ്ണൻ.
൩. മിസ്റ്റർ. ജി. പി. നീലകണ്ഠപ്പിള്ള.

ചോദ്യോത്തരങ്ങൾ.

നാട്ടുഭാഷാപള്ളിക്കൂടങ്ങളിലെ എസ്സ്. എസ്സ്. എൽ. സി.

അദ്ധ്യാപകന്മാർ.

൨൪൦. മി: ററി. സി. കേശവപിള്ള (കൽകുളം-വിളവങ്കോട്): ഗവണ്മെന്റിൽ നിന്ന് ദയവായി താഴെ ആവശ്യപ്പെടുന്ന സംഗതികൾ പറയുമോ?

(എ) നാട്ടുഭാഷാ പള്ളിക്കൂടത്തിൽ ഉള്ള എസ്സ്. എസ്സ്. എൽ. സി. അദ്ധ്യാപകന്മാരുടെ എണ്ണം

(ബി) ഈ അദ്ധ്യാപകന്മാരെ ഇംഗ്ലീഷ് പള്ളിക്കൂടത്തിലേക്ക് സ്ഥലം മാറുന്നതിന് സർക്കാർ ആലോചിക്കുന്നോ എന്ന്:

മി: ററി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ചീഫ് സെക്രട്ടറി):

	സ്ഥിരം	പകരം നോക്കുന്നവർ
(എ) ആൺ പള്ളിക്കൂടത്തിൽ.	൧൪൩	൩൨
പെൺ പള്ളിക്കൂടത്തിൽ.	൨൬	൧൪

(ബി) കുറച്ചു നാളത്തേക്ക് ഇതു സാധിക്കുകയില്ല.

ഗ്രാൻറ് ആശുപത്രികളും വൈദ്യശാലകളും.

൨൪൧. മി: ടി. സി. കേശവപിള്ള (കല്കുളം വിളവങ്കോട്): ഗവണ്മെന്റിൽ നിന്നും ദയവായി താഴെ ആവശ്യപ്പെടുന്ന സംഗതികൾ പറയുമോ?

(എ) ക്രിസ്ത്യാനികളുടെവക ഗ്രാൻറ് ആശുപത്രികളും വൈദ്യശാലകളും.

(ബി) ഗ്രാൻറുകിട്ടുന്ന ഹിന്ദുക്കളുടെ ആശുപത്രികൾ.

മി: ററി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) എൺപതിൽ ൧൪ മിഷ്യനറിമാരും ൧ തോട്ടക്കാരും നടത്തിവരുന്നു.

(ബി) ഒന്നുമില്ല.

മി: ടി. സി. കേശവപിള്ള (കൽകുളം-വിളവങ്കോട്): ബി, ഭാഗത്തിന് "ഒന്നുമില്ല" എന്ന് മറുപടി പറഞ്ഞുകാണുന്നു. ആശുപത്രി ഉണ്ടായിരുന്നാൽ ഗ്രാൻറു കൊടുക്കുന്നതിൽ വിരോധമുണ്ടോ?

മി: ററി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ആശുപത്രിസ്ഥാപിച്ച് ഗ്രാൻറു വേണം എന്നു അപേക്ഷിച്ചാൽ അതിനെപ്പറ്റി ആലോചിക്കാം.

൧൦൯൯-൧൧൦൪ കാലങ്ങളിലെ മോട്ടോർ അപകടങ്ങൾ.

൨൪൨. മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): (എ)ഗവണ്മെന്റിൽ നിന്നും ദയവായി താഴെപ്പറയുന്ന സംഗതികൾ പറയുമോ?

(൧) കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിലായി (൧൦൯൯-നും ൧൧൦൪-നും ഇടക്ക്) ഈ രാജ്യത്തു സംഭവിച്ച മോട്ടോർ അപകടങ്ങൾ.

(൨) ഇവയിൽ എത്ര എണ്ണം നിമിത്തം മരണം സംഭവിച്ചിട്ടുണ്ട്.

(൩) അങ്ങിനെയുള്ള മരണങ്ങളുടെ എണ്ണം.

(൪) ഈ അപകടങ്ങൾക്ക് കാരണക്കാരായവരുടെ പേരിൽ ഗവണ്മെന്റിൽ നിന്നും എത്ര കേസുകൾ എടുത്തിട്ടുണ്ട്.

(൫) അങ്ങിനെയുള്ള എത്ര കേസുകളിൽ കുററം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

(ബി) താഴെ പറയുന്ന സംഗതികൾ കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റിൽ നിന്നു ദയവായി മേശമേൽ വയ്ക്കുമോ?

(൧) മുൻപറഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടുള്ള മോട്ടോർ അപകടങ്ങളുടെ എണ്ണം

(൨) ഈ അപകടങ്ങൾ കൊണ്ട് ദേഹോപദ്രവം നേരിട്ടിട്ടുള്ള ആളുകളുടെ ആകെയുള്ള എണ്ണം

(൩) മനുഷ്യർക്ക് നേരിട്ട ദേഹോപദ്രവങ്ങളുടെ സ്വഭാവം

(൪) ഏതു് ലയിനിൽ അല്ലെങ്കിൽ വഴിയിൽ വച്ചാണ് ഈ അപകടങ്ങൾ ഉണ്ടായതെന്ന്

മി: ററി. കെ. മാധവൻനായർ (ആക്റ്റിംഗ് സെക്രട്ടറി):

(എ.) (൧) ൬൪൨ (൪) ൬൩
(൨) ൨൩ (൫) ൨൨
(൩) ൨൭

G. P. T. 517. 150. 19-2-108.

ബി (൧) ഉരവു

(൨) ന്യൂമോണിയ

(൩) വെറും മുറിവ്.

(൪) കല്ലിന്റെയും കമ്പിയുടെയും അസ്ഥി ഒടിവുകൾ തലയിലും നെറ്റിയിലും മുറിവ്.

തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ

(൧) [illegible] മെയിൻ റോഡ്
(൨) കെം പ്യർ റോഡ്
(൩) പടിഞ്ഞാറെ തെരുവ്
(൪) മെയിൻ സെൻട്രൽ റോഡ്
(൫) തിരുവനന്തപുരം നെടുമങ്ങാട് റോഡ്
(൬) ഭഗലി റോഡ്
(൭) ജനറൽ ഹോസ്പിറ്റൽ റോഡ്
(൮) തിരുവനന്തപുരം പാലോട് റോഡ്
(൯) തിരുവനന്തപുരം കൊല്ലം റോഡ്
(൧൦) നെടുമങ്ങാട് പാലോട് റോഡ്
(൧൧) ചിറയിൻകീഴ് ഏഴുമുതൽ റോഡ്
(൧൨) ആറ്റിങ്ങൽ കിളിമാനൂർ റോഡ്
(൧൩) [illegible] റോഡ്
(൧൪) വർക്കല [illegible] റോഡ്
(൧൫) നാഗർകോവിൽ [illegible] റോഡ്
(൧൬) ഇരണിയൽ [illegible] റോഡ്
(൧൭) [illegible] കുളച്ചൽ റോഡ്
(൧൮) കുളച്ചൽ ഇരണിയൽ റോഡ്
(൧൯) കൊട്ടവള്ളി [illegible] റോഡ്
(൨൦) നാഗർകോവിൽ [illegible] കുളച്ചൽ റോഡ്

കൊല്ലം ഡിസ്ട്രിക്റ്റ്.

(൧) കൊല്ലം കൊട്ടാരക്കര റോഡ്
(൨) കൊല്ലം തിരുവനന്തപുരം റോഡ്
(൩) കൊല്ലം ചെങ്കോട്ട റോഡ്
(൪) കൊല്ലം ആലപ്പുഴ റോഡ്
(൫) കൊട്ടാരക്കര കോട്ടയം റോഡ്
(൬) പത്തനംതിട്ട പന്തളം റോഡ്
(൭) ചെങ്ങന്നൂർ ആറന്മുള റോഡ്
(൮) മാവേലിക്കര പന്തളം റോഡ്
(൯) [illegible] റോഡ്
(൧൦) ആലപ്പി ചേർത്തല റോഡ്
(൧൧) [illegible] പത്തനംതിട്ട റോഡ്
(൧൨) [illegible] പത്തനംതിട്ട റോഡ്
(൧൩) [illegible] റോഡ്

കോട്ടയം ഡിസ്ട്രിക്റ്റ്.

(൧) മെയിൻ സെൻട്രൽ റോഡ്
(൨) കോട്ടയം കുമിളി റോഡ്
(൩) പിറവം കൂത്താട്ടുകുളം റോഡ്
(൪) ആലപ്പുഴ അരൂർ റോഡ്
(൫) മൂവാറ്റുപുഴ തൊടുപുഴ റോഡ്

അധഃകൃതവർഗ്ഗക്കാർക്ക് പതിച്ചുകൊടുക്കുന്നതിനുള്ള ഭൂമികൾ.

൨൩. മി: കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെന്റിൽ നിന്നും താഴെ പറയുന്ന സംഗതികൾക്കുത്തരം പറയുമോ?

(എ) താഴ്ന്ന ജാതിക്കാർക്ക് പതിച്ചുകൊടുക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള ഭൂമികൾ ആ ആവശ്യത്തിനുതകുമോ എന്ന്.

(ബി) താഴ്ന്നജാതിക്കാരുടെ ഉപയോഗത്തിനായി എടുത്തിട്ടുള്ള ഭൂമികളെ ഗവണ്മെന്റുദ്യോഗസ്ഥന്മാർ പരിശോധിച്ചിട്ടുണ്ടോ എന്നും അവ യോഗ്യമായിക്കാണപ്പെട്ടോ എന്നും.

(സി) താഴ്ന്ന ജാതിക്കാർക്ക് പതിച്ചു കൊടുക്കുന്നതിനായി എടുക്കപ്പെട്ട സ്ഥലങ്ങളിൽ കരിങ്കൽ ഭൂമികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന്.

മി: റി. പി. രാമസുബ്ബർ (ആക്റ്റിംഗ് ഗവണ്മെന്റ് ചീഫ് സെക്രട്ടറി): (എ) താഴ്ന്ന ജാതിക്കാർക്ക് പതിച്ചുകൊടുക്കുന്നതിനു തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭൂമികളിൽ മിക്കവാറും വീട് പണിയിക്കുന്നതിനോ കൃഷിചെയ്യുന്നതിനോ ഉപയോഗമുള്ളവയാകുന്നു. ഈ കാര്യങ്ങൾക്കു ഉപകരിക്കാത്ത സ്ഥലങ്ങളിൽ ലിസ്റ്റിൽ നിന്നും പിന്നീട് മാററിയിട്ടിട്ടുണ്ട്.

(ബി) ഈ സ്ഥലങ്ങളെ ഗവണ്മെന്റുദ്യോഗസ്ഥന്മാർ പരിശോധിക്കുകയും ആവശ്യത്തിനുപകരിക്കുന്നതായി കാണുകയും ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

ചേരമാൻ തുരുത്തിയിലെ പാലം.

൨൪. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെന്റിനു താഴെ പറയുന്ന സംഗതികൾ അറിയാമോ?

(എ) ചേരമാൻ തുരുത്തിയുടെ നാലുവശവും വെള്ളമാണെന്ന്

(ബി) ഈ സ്ഥലത്തെ അയൽ സ്ഥലങ്ങളോട് സംഘടിപ്പിക്കുന്നതിന് പാലം ഇല്ല എന്നുള്ളത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എയും ബിയും അറിയാം.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): അങ്ങിനെ ഒരു പാലം ആവശ്യമുണ്ടോ എന്ന് ഗവണ്മെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടില്ല. ബോദ്ധ്യപ്പെടുന്ന പക്ഷം അതിനെപ്പററി ആലോചിക്കുന്നതാണ്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി അന്വേഷണം നടത്തിയിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): വിശേഷാൽ അന്വേഷണം നടത്തിയിട്ടില്ല.

പള്ളികൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകൾ.

൨൯൭. മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): ഗവണ്മെൻറിൽ നിന്നും താഴെപ്പറയുന്ന സംഗതികൾക്ക് മറുപടി പറയുമോ?

(എ) ക്രിസ്ത്യാനികളുടെ പള്ളികൾ സ്ഥാപിക്കുന്നതിനായി ഓരോ ഡിവിഷനിൽ നിന്നും ൧൧൨൫-ാം വർഷത്തിൽ കിട്ടിയിട്ടുള്ള അപേക്ഷകൾ

(ബി) ഓരോ താലൂക്കിലും അവ സ്ഥാപിക്കുന്നതിന് ഈ കൊല്ലത്തിൽ കൊടുത്തിട്ടുള്ള അനുവാദങ്ങളുടെ എണ്ണം.

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെടുന്ന സംഗതികൾ ഉള്ള ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അനേകം അപേക്ഷകൾ അനുവദിക്കാതിരുന്നതിനുള്ള കാരണം എന്താണെന്നു പറയാമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അനുവാദം കൊടുത്തിട്ടില്ലാ എന്ന് ഉത്തരത്തിൽ ഇല്ല.

മി: ഡി. സി. ജോസഫ് (അഗസ്തീശ്വരം): അനവധി അപേക്ഷകൾ തീർച്ചചെയ്തിട്ടില്ലാത്തത് എന്താണെന്ന് അറിയാമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അവയെപ്പററിയുള്ള ആലോചനകൾ പല അവസ്ഥയിൽ ഇരിക്കുന്നു—അതായത് തള്ളപ്പെട്ടവയോ വേറെ വിധത്തിൽ തീർച്ചപ്പെടാത്തവയോ ആയവ—൧൧൨൫-ാം വർഷത്തിൽ കിട്ടിയിട്ടുള്ളവയും അനുവാദം കൊടുത്തിട്ടുള്ളവയും ആയ അപേക്ഷകൾ മാത്രമെ പട്ടികയിൽ കാണുകയൊള്ളൂ. വേറെയാതൊന്നും അതിൽ നിന്നും അറിഞ്ഞുകൂടാ.

ആലപ്പുഴ ആശുപത്രിയും സാധുക്കൾക്കുള്ള ചികിത്സയും.

൨൯൮. മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെൻറ് ആശുപത്രിയിൽ നിന്നും മരുന്നു വാങ്ങിക്കുന്നതിൽ ജനങ്ങൾക്ക് വളരെ ബുദ്ധിമുട്ടു നേരിടുന്നു എന്ന് ഗവണ്മെൻറിന് അറിയാമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): അറിഞ്ഞുകൂടാ.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ആശുപത്രിവേണമെന്നുള്ള ജനങ്ങളുടെ സങ്കടങ്ങൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനുള്ള മാർഗ്ഗങ്ങൾ എന്താണെന്ന് പറയുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ജനങ്ങൾതന്നെ ആശുപത്രിയുടെ ആവശ്യകതയെപ്പററി പരാതി കൊടുക്കാം. മെഡിക്കൽ ഉദ്യോഗസ്ഥന്മാർ പരിശോധിക്കുന്ന അവസരങ്ങളിൽ അന്വേഷിച്ച് ഗവണ്മെൻറിനെ അറിയിക്കാം. നിയമസഭയിൽ ചോദ്യംചോദിക്കുന്നതുതന്നെ അതിനൊരു മാർഗ്ഗമാണ്. ഇങ്ങനെ പല പ്രകാരത്തിലും മാർഗ്ഗങ്ങളുണ്ട്.

മി: പി. എസ്. മഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): കഴിഞ്ഞ പ്രജാസഭയിൽ അമ്പലപ്പുഴ താലൂക്ക് മെമ്പർ മി. റെഡിയാർ ഇതിനെപ്പററി പ്രതിവാദിച്ചിട്ടുണ്ടോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): സൂക്ഷ്മമായിട്ടറിഞ്ഞുകൂടാ. അങ്ങിനെ പ്രതിപാദിച്ചിരിക്കാം. മെമ്പർ ഇപ്പോൾ പറയുന്നതിനെ വിശ്വസിച്ച് നോട്ട് ചെയ്തിരിക്കുന്നു.

ആലപ്പുഴ കടൽ ചുങ്കം ഇൻസ്പെക്ടർ.

൨൯൯. മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ആലപ്പുഴ കടൽ ചുങ്കം ഇൻസ്പെക്ടരെപ്പററി ഗവണ്മെൻറിൽ നിന്നും താഴെ പറയുന്ന സംഗതികൾ അറിയിക്കുമോ?

(എ) ഇപ്പോഴത്തെ ആ ഉദ്യോഗസ്ഥനെ നിയമിച്ചിട്ട് എത്ര നാളായി എന്ന്

(ബി) ശമ്പളത്തിനും അലവൻസിനും പുറമെ കൂടുതൽ ജോലിചെയ്തതിന് ഓരോ മാസത്തിലും അദ്ദേഹം ഗവണ്മെൻറിൽ നിന്നും വാങ്ങിച്ചിട്ടുള്ള തുക ഏതെല്ലാം ഇനത്തിലായിട്ടാണ് ഈ തുക വാങ്ങിച്ചിരിക്കുന്നത് എന്നും.

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): (എ) ൧൧൨൦ മിഥുനം ൧൦-ാം നു മുതൽ.

(ബി) കൂടുതൽ ജോലിമുതലായത് ചെയ്തതിന് ഗവണ്മെൻറിൽ നിന്നും യാതൊരു തുകയും കൊടുത്തിട്ടില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ബിഭാഗത്തിൻെറ ഉത്തരം "കൂടുതൽ ജോലി മുതലായതിന് യാതൊരു തുകയും കൊടുത്തിട്ടില്ലാ" എന്നാകുന്നു. ഉദ്യോഗസ്ഥൻെറ ശമ്പളത്തിന് പുറമെ എന്തെങ്കിലും തുക കൊടുത്തിട്ടുണ്ടോ എന്ന് പറയുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി): ശമ്പളത്തിന് പുറമെ ആ ഉദ്യോഗസ്ഥന് ഒന്നും കൊടുത്തിട്ടില്ല. എന്നാൽ ആഫീസ് സമയങ്ങൾ അല്ലാത്തപ്പോൾ ജോലിചെയ്യുന്നതിന് കപ്പലിൻെറ ഉടമസ്ഥന്മാർ ഫീസ് കൊടുക്കാറുണ്ടെന്നു സാമാജികൻെറ അറിവിനായി ഇവിടെ പറയാം.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗവണ്മെൻറിൽ നിന്നും കണക്ക് സൂക്ഷിക്കുന്നുണ്ടോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ് ചീഫ് സെക്രട്ടറി) ഒഴിവു ദിവസങ്ങളിലും, ആഫീസ് സമയത്തിന് പുറമെയും ജോലി ചെയ്യുന്നതിന് കപ്പലിൻെറ ഉടമസ്ഥന്മാർ അവർക്ക് ക്ലിപ്തരീതിയിൽ പ്രതിഫലം കൊടുക്കുന്നുണ്ട്. അതിൻെറ രീതി യിതാകുന്നു. ജോലിയുള്ള ദിവസം ആഫീസ് സമയങ്ങൾക്ക് പുറമെയാ

ണെങ്കിൽ ഒരു ദിവസത്തെ ശമ്പളം ഒഴിവ് ദിവസങ്ങളിലാണെങ്കിൽ ൨ ദിവസത്തെ ശമ്പളം രാത്രിയിൽ ഒരു മണിക്കൂറിന് അര രൂപാവീതം. ആഫീസ് സമയങ്ങൾക്ക് പുറമെ ജോലിചെയ്യുന്നതിന് കമ്പനിക്കാരുടെ ഏജൻറ് കൊടുക്കുന്ന ആദായത്തിനെപ്പറ്റി ഗവണ്മെൻറു കണക്കു കൂട്ടുന്നില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗവണ്മെൻറിൽനിന്നും ശമ്പളം കൊടുക്കുന്ന ഒരു ഉദ്യോഗസ്ഥന് കമ്പനിക്കാർ കൊടുക്കുന്ന ഈ ശമ്പളത്തെ അവർ കണക്കുകൂട്ടുന്നില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്?

മി: ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): ഈ രീതിയിൽ അവർക്കു ആദായം കിട്ടുന്നുണ്ടെന്ന ഗവണ്മെൻറിനു അറിയാം. ഗവണ്മെൻറു പണം ഇടപ്പെട്ടിട്ടുള്ള ഒരു സംഗതിയല്ലാത്തതിനാൽ ഗവണ്മെൻറിൽനിന്നും ഇതിനെപ്പററി കണക്കുകളൊ രജിസ്റ്ററുകളൊ സൂക്ഷിക്കുന്നില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഗവണ്മെൻറിൽനിന്നും ഇവർക്കു ശമ്പളംകൊടുക്കുന്ന ഇവരുടെ സമയം ഇതിൽ ഉപയോഗിക്കുന്നില്ലേ?

മി: ററി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): അവർക്ക് ആഫീസ് സമയങ്ങളിൽ ജോലി ചെയ്യുവാൻ പാടില്ല. ആഫീസ്സമയത്തിനപ്പുറമുള്ള ജോലിയെ അവർക്കു ചെയ്യാവൂ.

നെയ്യാററിൻകര ഡിസ്ത്രിക്ട് ആശുപത്രി.

൨൩൫. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): നെയ്യാററിൻകര ഡിസ്ത്രിക്ട് ആശുപത്രിയെപ്പററി ഗവണ്മെൻറിൽനിന്നും താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) ൧൧൨൦ മുതൽ ഇന്നുവരെ (൧൧൨൦ ധനുമാസം ൨൨-നു വരെ) ചികിത്സിക്കപ്പെട്ടിട്ടുള്ള പുറമെയും താമസക്കാരുമായ രോഗികളുടെ എണ്ണം.

(ബി) ഗർഭിണികളുടെ ഉപയോഗത്തിന് ഒരു മുറിയുടെ ആവശ്യം വളരെയുണ്ടെന്നും കൂടുതൽ സ്ഥലത്തിൻെറ ആവശ്യമുണ്ടെന്നും അവർക്ക് അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) മേശമേൽ ഒരു പട്ടിക വയ്ക്കുന്നു.

(ബി) അറിഞ്ഞുകൂടാ.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): (ബി) ഭാഗത്തിൻെറ ഉത്തരം ഇല്ലെന്നാകുന്നു. ഈ ഉത്തരം ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസരുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ളതാണോ എന്ന് ചോദിക്കട്ടെയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ് സെക്രട്ടറി): അതെ

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): ഇപ്പോൾ ആശുപത്രിയിൽ ധാരാളം സ്ഥലമുണ്ടോ എന്നാണ് അദ്ദേഹം പറയുന്നതെന്നു ചോദിക്കട്ടെയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): സ്ഥലത്തിനെപ്പററി സംബന്ധിച്ചിടത്തോളം സാമാജികന് കൊടുത്തിട്ടുള്ള പത്രികയിൽനിന്നും ആകെ ൨൧ ശയനോപകരണങ്ങൾ ഉള്ളതിൽ ഈകൊല്ലം ആദ്യം അഞ്ചുമാസത്തിൽ ശരാശരിക്ക് ൧൭.൧൭ മാത്രമെ ഉപയോഗിച്ചിട്ടുള്ളു എന്നും മനസ്സിലാക്കാം. സ്ഥലദൌർല്ലഭ്യം ഇല്ലെന്നാകുന്നു അദ്ദേഹം പറയുന്നത്. ഗർഭിണികൾക്കുള്ള മുറിയെ സംബന്ധിച്ചിടത്തോളം പ്രസവിക്കുന്നതിനായി ഇപ്പോൾ ഒരു മുറിയുള്ളസ്ഥിതിക്കു അതിൻെറ ആവശ്യം ഇല്ലെന്നാകുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): കഴിഞ്ഞ പ്രജാസഭയിൽ ഈ വിഷയം ഗവണ്മെൻറിനെ അറിയിച്ചോ എന്നു ചോദിക്കട്ടെയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറു ചീഫ്സെക്രട്ടറി): സാമാജികനിൽനിന്ന് തന്നെ ഈ സംഗതി ഞാൻ മനസ്സിലാക്കേണ്ടിയിരിക്കുന്നു. റിപ്പോർട്ട ഇവിടെ ഇല്ല.

മി: ജാർജ്ജ്ഫിലിപ്പിൻെറ സമാധാനം.

൨൩൬. മി: എ. താണുപിള്ള (തിരുവനന്തപുരം): സഭാനടപടികളിൽ ൧൫-ാം വാല്യം ൨൭൫ മുതൽ ൨൭൭ വരെ വശങ്ങളിൽ ഉള്ളതും ൧൧൦൮ കർക്കടകമാസത്തിലെ സഭയിൽചോദിച്ചതും ഗവണ്മെൻറു അന്വേഷണം വേണ്ടിയിരിക്കുന്നതുമായ പൊതുമരാമത്തുവകുപ്പിലെ ചിലവിനെപ്പററി ചോദിച്ച ൧൫൭-ാമതു ചോദ്യത്തിനുള്ള ഉത്തരത്തിനെ സംബന്ധിച്ച് ഗവണ്മെൻറിൽനിന്നും താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) മി: ജാർജ് ഫിലിപ്പ് അദ്ദേഹത്തിൻെറ സമാധാനം തന്നിട്ടുണ്ടോ എന്നു.

(ബി) ആ സമാധാനത്തിൻെറ സ്വഭാവം

(സി) ഈ സംഗതിയിൽ എന്ത് ഉത്തരമാണ് പാസ്സാക്കിയിട്ടുള്ളത് എന്ന്

(ഡി) ഈ ചോദ്യത്തിൽ പ്രസ്താവിച്ചതായ ചിലവ് വഹിച്ചതായ ചീഫ് എൻജിനീയരുടെ കൈവശമുള്ള നിക്ഷിപ്തമുതലിൻെറ തുക.

(ഇ) ൧൧൦൫-ാമാണ്ട് ചീഫ് എൻജിനീയരുടെ കൈവശമുള്ള നിക്ഷിപ്തമുതൽ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): (എ) ഉണ്ട്

(ബി) ഉദ്യോഗസ്ഥന്മാർ തരുന്ന സമാധാനങ്ങൾ രഹസ്യമായിട്ടുള്ളവയാകുന്നു. അവയെ പുറത്താക്കുവാൻ നിവൃത്തിയില്ലാ.

(സി) ഗവണ്മെൻറിൽനിന്നും ഈ സംഗതിയെപ്പററി ആലോചിക്കുന്നു.

(ഡി) ൧൧൦൮ ലെ ആയവ്യയ കണക്കിൽ ചീഫ്എൻജിനീയരുടെവശം നിക്ഷിപ്തമുതൽ ൧൫,൦൦൦ രൂപായാകുന്നു. മുൻപറഞ്ഞചിലവു ഈ തുകയിൽനിന്നും അല്ല വഹിച്ചത്.

(ഇ) ൧൫,൦൦൦ രൂപാ

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: ജാർജ്ഫിലിപ്പ് എപ്പോഴാണ് സമാധാനം തന്നതെന്നു അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ൧൧൦൭ ഏപ്രിൽ മാസത്തിൽ

മി: എ. താണുപിള്ള (തിരുവനന്തപുരം): എപ്പോഴാണ് സമാധാനം ആവശ്യപ്പെട്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): സഭയുടെ കഴിഞ്ഞ സമ്മേളനത്തിനു മുമ്പ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു തീയതി അറിഞ്ഞാൽ കൊള്ളാം. സഭയുടെ കഴിഞ്ഞ സമ്മേളനത്തിനു മുമ്പ് എന്നുള്ളതു് ഒരു നീണ്ട സമയമാകുന്നു.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഇപ്പോൾ എനിക്കു തീയതി പറയുന്നതിനു നിവൃത്തിയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): അദ്ദേഹം സമാധാനം തരുന്നതിന് എത്ര സമയമെടുത്തെന്നുള്ളതിനെപ്പററി ഒരു ജ്ഞാനം കിട്ടിയാൽ കൊള്ളാം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): സമാധാനം ചോദിച്ച തീയതി അറിയാതെങ്ങും പറയുന്നതിനു് നിവൃത്തിയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചീഫ് എൻജിനീയരുടെ കൈവശമുള്ള റിസർവ്വ് ഫണ്ടിൽനിന്നു ഈ ചിലവ് വഹിക്കുമെന്ന് മുൻ ഒരവസരത്തിൽ സാമാജികൻ എന്നോടു പറഞ്ഞു. ഇപ്പോൾ ആ ഫണ്ടിൽ നിന്നുമല്ല ആ ചെലവു വഹിച്ചതെന്ന് എന്നോടു പറകയുണ്ടായി. ഏതു് ഉത്തരമാണ് ശരിയെന്നു അറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ. അതുപോലെയുള്ള വാക്കുകൾ ഉപയോഗിക്കാതെ കൂടുതൽ ഭംഗിയായി അതിനെ നിങ്ങൾക്കു പറയാം. സംഗതികൾ പറയുന്നതിന് രണ്ടുവിധമുണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): കഴിഞ്ഞപ്രാവശ്യംതന്നെ ഉത്തരം എന്താണെന്നു പൂർണ്ണമായി അറിയാതെ അതിനെക്കുറിച്ച് വിസ്തരിച്ചു പറയുന്നതിനു എനിക്കു നിവൃത്തിയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ എന്റെ ചോദ്യത്തിന് ഉത്തരം തയ്യാറാക്കിയപ്പോൾ മുമ്പുതന്ന ഉത്തരങ്ങൾ നോക്കിയില്ലെന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്. ഞാൻ ഈ ചോദ്യം—സഭാനടപടികളിൽ ൧൫-ാം വാല്യം ൧൨൭-മുതൽ ൧൨൯ വരെ വശങ്ങളിൽ ഉള്ളതും ൧൧൦൪ കർക്കടക മാസത്തിലെ സഭയിൽ ചോദിച്ചതും ഗവണ്മെന്റ് അനുവാദം വേണ്ടിയിരിക്കുന്നതുമായ പൊതുമരാമത്തു വകുപ്പിലെ ചിലവിനെപ്പററി ചോദിച്ച ൧൬൨-ാമതു ചോദ്യത്തിനുള്ള ഉത്തരവിനെ സംബന്ധിച്ച്—ചോദിച്ചപ്പോൾ മുമ്പ് തന്നെ ഉത്തരം തയാറാക്കിയിരിക്കണം. ഇപ്പോൾ തന്ന ഉത്തരം തയ്യാറാക്കിയതു് അതു് നോക്കാതെയാകുന്നു എന്നാണോ സാമാജികൻ ഇപ്പോൾ പറയുന്നതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): എന്നാൽ അതു് എന്റെ കൈവശം ഇല്ല. ഇപ്പോൾ തന്ന ഉത്തരം ചീഫ് ഇൻജനീയരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ സാമാജികൻ പറയുന്നതു് കേൾക്കുന്നില്ല.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഏതെങ്കിലും ശരിയാണെങ്കിൽ ഏതു ഉത്തരമാണ് ശരിയായിട്ടുള്ളതെന്ന് എനിക്കറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ; മി: താണുപിള്ള മുൻപു തന്നിട്ടുള്ള ഉത്തരം നിങ്ങളുടെ കയ്യുവശം ഉണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഉണ്ട്. എന്റെ കൈവശം ഉണ്ട്.

അദ്ധ്യക്ഷൻ: ദയവായി അതിനെ വായിക്കുക.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഏതു ഇനത്തിൽ ഈ ചിലവ് കൊള്ളിക്കുമെന്ന് ഞാൻ ചോദിക്കട്ടയോ?

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റ് സെക്രട്ടറി): ചീഫ് ഇൻജിനീയർക്ക് ഒരു റിസർവ്വ് ഫണ്ട് ഉണ്ട്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതു് ഒരു അഭിപ്രായം മാത്രമാകുന്നു. ഇപ്പോൾ തന്ന ഉത്തരമാകുന്നു ശരിയായിട്ടുള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നാൽ ആ ഉത്തരം എന്തിനാണ് എനിക്കു തന്നതു് എന്ന്, ചോദിക്കട്ടയോ? അപ്പോൾ ഉത്തരം തന്ന ഉദ്യോഗസ്ഥന് ചീഫ് എൻജനീയരുടെ കൈവശം നീക്കിയിരിപ്പു് തുകയുണ്ടായിരുന്ന സംഗതി അറിഞ്ഞുകൂടായിരുന്നോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതെ, അദ്ദേഹം ഫണ്ടിനെക്കുറിച്ച് എന്തറിഞ്ഞിരിക്കണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അപ്പോൾ മിസ്റ്റർ ജാക്സ്ഫിലിപ്പ് അധികാരം കൂടാതെ ചിലവാക്കിയ രൂപാ ൫,൦൦൦ മായിരിക്കുമ്പോഴും ചീഫ് ഇൻജനീയരുടെ വശമുള്ള രൂപാ ൨൫,൦൦൦ രൂപായായിരിക്കുമ്പോഴും ഈ ചിലവ് റിസർവ്വുഫണ്ടിൽ നിന്നും വഹിച്ചുകൊള്ളുമെന്ന് അദ്ദേഹം എന്നോട് എങ്ങിനെയാണു പറഞ്ഞതു്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതു് റിസർവ്വുഫണ്ടിൽ നിന്ന് മാത്രമല്ല മററു് ഫണ്ടിൽ നിന്നും ഈടാക്കും.

മി: എ. താണുപിള്ള (തിരുവനന്തപുരം): സാധാരണയാളുകൾക്ക് മനസ്സിലാകുന്ന ഭാഷ ഗവണ്മെന്റ് സാമാജികന്മാർക്കു മനസ്സിലാകുന്നോ? സർ, ഞാൻ ഈ സംഗതി വിശദമാക്കണമെന്ന് വിചാരിക്കുന്നു. എന്തുകൊണ്ടെന്നാൽ ചില ഗവണ്മെന്റു സാമാജികന്മാർ അവക്കു അനുദ്യോഗസ്ഥന്മാർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് എന്തു മറുപടിയും പറയാമെന്ന് വിചാരിക്കുന്നു. ഉത്തരം തന്നതു് തെററാണെന്ന് പറഞ്ഞ ചോദ്യത്തിനെയാണ് ഞാൻ നിർദ്ദേശിക്കുന്നതു്.

അദ്ധ്യക്ഷൻ; വളരെ ശരിതന്നെ. സാമാജികന്മാർ, ഉദ്യോഗസ്ഥന്മാരായാലും അനുദ്യോഗസ്ഥന്മാരായാലും അന്യോന്യം ധർമ്മബുദ്ധിയോടും മര്യാദയോടും കൂടിവർത്തിക്കണമെന്ന് ഈ സഭ മനസ്സിലാക്കണം.

ഉദ്യോഗസ്ഥസാമാജികന്മാർമാത്രമല്ല സഭയിലെ എല്ലാ അംഗങ്ങളും മററുള്ള അംഗങ്ങളോട് എല്ലായ്പ്പോഴും മര്യാദയോടും ധർമ്മബുദ്ധിയോടും പെരുമാറണമെന്ന് ഓർക്കണം. മി: താണുപിള്ള ആദ്യത്തെ ഉത്തരം വായിച്ചു കേറപ്പിച്ചു. ഗവമ്മെൻറുസാമാജികൻ പറഞ്ഞതുപോലെ ആ ഉത്തരം ഒരു അഭിപ്രായം മാത്രമായിട്ടാണ് കൊടുത്തത്. ചോദ്യം ഇതായിരുന്നു. ഏതു ഇനത്തിൽ നിന്നാണ് ഈ ചിലവ് വഹിക്കുന്നതു? അപ്പോൾ ചീഫ് എൻജിനീയർക്ക് ഒരു നീക്കിയിരിപ്പ് ഫണ്ട് ഉണ്ടെന്നും ഒരു കൊല്ലത്തിലൊ മറെറാ ചിലവാകാതെയാ ആ ഫണ്ടിൽ നിന്നും അതു വഹിക്കുമെന്നും അപ്പോൾ അഭിപ്രായപ്പെട്ടു. അധികാരപ്പെടുത്താത്ത ചിലവായിരുന്നതുകൊണ്ട് അതിനെ എങ്ങിനെയെങ്കിലും വഹിക്കേണ്ടിയിരുന്നു. വാസ്തവത്തിൽ മറെറാരു വിധത്തിൽ ചിലവായിരുന്നതുകൊണ്ട് ആ വിധത്തിൽ അതിനെ വഹിക്കുന്നതിനായി ഗവമ്മെൻറിന്റെ അനുവാദം കിട്ടേണ്ടതായിരുന്നു. ഇപ്പോളത്തെ ഉത്തരമെന്തെന്നാൽ വാസ്തവത്തിൽ ഈ പ്രത്യേകരീതിയിൽ ചെലവു വഹിച്ചു എന്നാകുന്നു. മി: താണുപിള്ള പുറപ്പെടുവിച്ച പൊതുവായുള്ള പരാതിക്ക് എന്തെങ്കിലും കാരണമുണ്ടെന്ന് ഞാൻവിചാരിക്കുന്നില്ല.

തിരുവനന്തപുരം പട്ടണത്തിൽ തമിഴിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ.

൩൦൦. മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവമ്മെൻറിൽ നിന്നും ദയവായി താഴെ കാണിക്കുന്നവർക്കു സമാധാനം പറയുമോ?

(എ) തിരുവനന്തപുരം പട്ടണത്തിൽ തമിഴിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങളുടെ പോരായ്മയുണ്ടെന്നുള്ളതു്.

(ബി) അങ്ങനെയുണ്ടെങ്കിൽ എന്താണ് അതിൽ പ്രവൃത്തിക്കാൻ പോകുന്നതു് എന്ന്.

മി: ടി. പി. രാമസുബ്ബയ്യർ (ഗവമ്മെൻറു സെക്രട്ടറി): ഇപ്പോഴുള്ള സൌകര്യങ്ങൾ കുറച്ചുകൂടിക്കൂട്ടാനുണ്ടെന്ന് അവർക്കു അറിയാം

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കുന്നു.

താഴ്ന്നജാതിക്കാർക്ക് വീട്ടുപണിയുന്നതിനു സ്ഥലം പതിച്ചു കൊടുക്കൽ

൩൦൧. മി: കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): ൧൧൦൦-ാം ൧൧൦൪-ാം മുഖ്യ ദാനമായി എത്ര ഏക്കർ ഭൂമികൾ താഴ്ന്നജാതിക്കാർക്കു വീടു പണിയാൻ പതിച്ചുകൊടുത്തിട്ടുണ്ട് എന്നും അങ്ങിനെ എത്ര വീടുകൾക്ക് പതിച്ചുകൊടുത്തിട്ടുണ്ട് എന്നും പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറു ചീഫ് സെക്രട്ടറി): വീടില്ലാത്ത താഴ്ന്നജാതിക്കാർക്കു ദാനമായി വീടുപണിയുന്നതിന് എത്ര സ്ഥലം പതിച്ചു കൊടുത്തിട്ടുള്ളതു് എന്നു സൂക്ഷ്മമായി അറിയുന്നതിനു് നിവൃത്തിയില്ല.

വാഴക്കുളം ചന്തയിൽ നിന്നും വഴിത്തലച്ചന്തയിലേക്കുള്ള റോഡ്

൩൦൨. മി: തരിയതു് കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ഗവമ്മെൻറിൽ നിന്നും താഴെ പറയുന്ന സംഗതികൾ ദയവായി പറയുമോ?

(എ) വാഴക്കുളം ചന്തയിൽ നിന്നും വഴിത്തലച്ചന്തയിലേക്കു ഒരു ചന്തറോഡുണ്ടാക്കുന്നതിനു ആയവ്യയക്കണക്കിൽ കൊള്ളിച്ചിട്ട് എത്രനാളായി എന്ന്

(ബി) കഴിഞ്ഞ ചിങ്ങമാസത്തിൽ പിന്നീട് എത്ര മൈൽ റോഡു തീർത്തു എന്ന്.

(സി) ഇപ്പോൾ ഈ പണി നടക്കുന്നുണ്ടൊ എന്ന്.

(൧൧൦൪ ധനു ൨൨-ാംനു) ഇല്ലെങ്കിൽ ഇതു് നിറുത്തിയതീയതി.

മി. പി. എൻ. കൃഷ്ണപിള്ള (ഗവമ്മെൻറുസെക്രട്ടറി):

(എ) ൧൧൦൧ മുതൽ.

(ബി) ഒന്നാമത്തെ മൈൽ മിക്കവാറും പൂർത്തിയാക്കികഴിഞ്ഞു.

(സി) അടുത്തുള്ള സ്ഥലങ്ങളിൽ മസൂരി ബാധിക്കുകയാൽ പണിനടത്താൻ നിവൃത്തിയില്ലെന്നും കല്ലിന്റെ പണിക്ക് സാമാനങ്ങൾ ശേഖരിച്ചുവരുന്നു എന്നും റിപ്പോർട്ടുചെയ്യുന്നു.

തൊടുപുഴതാലൂക്കിൽ കൂടുതലായി രണ്ടു് പുതിയ ആശുപത്രികളുടെ ആവശ്യം.

൩൦൩. മി. തരിയതു കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): തൊടുപുഴതാലൂക്കിലുള്ള അറക്കുളം കരിമണ്ണൂർ എന്ന സ്ഥലങ്ങളിൽ പുതിയതായി ആശുപത്രി സ്ഥാപിക്കേണ്ട ആവശ്യത്തെപ്പററി മെഡിക്കൽ ബോർഡിലെ ആരെങ്കിലും അംഗങ്ങൾ അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് ഗവമ്മെൻറിൽനിന്നും ദയവായി പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവമ്മെൻറു ചീഫ്സെക്രട്ടറി): പുതിയതായി ആശുപത്രി തുടങ്ങുന്നതിനുള്ള ആവശ്യങ്ങളെ റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഈ രണ്ടു സ്ഥലത്തിന്റെയും അവകാശങ്ങളെക്കുറിച്ച് ഗണിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

൧൧൦൩-ൽ പ്ലേഗ്സംബന്ധിച്ച സ്പെഷ്യൽ ഡ്യൂട്ടിയിൽ പോകുന്നതിനു വിസമ്മതിച്ച മെഡിക്കൽ ഉദ്യോഗസ്ഥന്മാർ.

൩൦൪. മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): ഗവമ്മെൻറിൽനിന്നും ദയവായി താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) ൧൧൦൩-ലുണ്ടായ പ്ലേഗ്സമയത്തു് സ്പെഷ്യൽഡ്യൂട്ടിയിൽ പോകുന്നതിന് വിസമ്മതിച്ചവരായി ഇപ്പോൾ (൧൧൦൪ ധനു ൫-ാംനു) സർവീസിൽ ഇരിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരുവിവരം.

(ബി) പ്ലേഗ്സംബന്ധിച്ച് സ്പെഷ്യൽഡ്യൂട്ടിയിൽ ഗവമ്മെൻറിന്റെ ഉത്തരവനുസരിച്ചു ഡ്യൂട്ടിയിൽ ഇരുന്നവരും പിന്നീട് പിരിച്ചയക്കപ്പെട്ടവരുമായ ഉദ്യോഗസ്ഥന്മാരുടെ പേരു് എന്തുകാരണത്താലാണ് പിരിച്ചയച്ചതെന്ന്.

മി. റി. കെ. മാധവൻനായർ (ആക്ടിംഗ് ഗവമ്മെൻറു സെക്രട്ടറി):

(എ) ആരുമില്ല.

(ബി) മി. എം. മാമ്മൻ എം. ബി. ബി. എസ്സ്. അദ്ദേഹം ചില പിശകുകൾക്കു കാരണക്കാരനായി കാണപ്പെട്ടു.

മോഹമ്മ എന്ന സ്ഥലത്തുള്ള മഹമ്മദീയരുടെ പള്ളിയുടെ മുൻവശത്തുള്ള കുളം.

നം ൦൮. മി. പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെന്റിൽനിന്നും ദയവായി താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) ചേർത്തലതാലൂക്കിൽ മോഹമ്മ എന്ന സ്ഥലത്തിന് മുൻവശത്ത് ഒരു കുളമുണ്ടോ എന്ന്.

(ബി) ഇതു് പള്ളിവക കാര്യങ്ങൾക്ക ഉപയോഗിച്ചിട്ട എത്രകൊല്ലമായി എന്ന്.

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി):

(എ) ഉണ്ട്.

(ബി) സൂക്ഷ്മമായി അറിവില്ല.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): പാർട്ട ബി. ഈ കുളം പള്ളി ഉപയോഗത്തിൽ എത്രവർഷമായിരിക്കുന്നു എന്നറിവാൻ പാടില്ലേ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): എത്രകൊല്ലമായി ഉപയോഗത്തിലിരിക്കുന്നു എന്നു തീർച്ചയായി പറവാൻ നിവൃത്തിയില്ല.

മൂവാററുപുഴ പള്ളിയുടെഅടുത്തു് താമസിക്കുന്ന മഹമ്മദീയരല്ലാത്തവർ.

നം ൦൯. മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ഗവണ്മെന്റിൽനിന്നും ദയവായി താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) പുതുതായി പണികഴിപ്പിച്ച മൂവാററുപുഴപള്ളിയുടെ അടുത്തു് മുഹമ്മദീയരല്ലാത്ത അനേകം മഹമ്മദീയരുണ്ടോ? എന്ന്.

(ബി) പള്ളിയുടെ അടുക്കലുള്ള മുഹമ്മദീയരല്ലാത്തവരുടെ ഭവനങ്ങളുടെ എണ്ണം.

മി. റ്റി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ ബി) മൂവാററുപുഴതാലൂക്കിൽ മൂലമറ്റൂർ പകുതിയിൽ വൃന്നു വൃന്ന / ന്യ എന്യ സർവെ നമ്പരുകളിൽ പുതിയതായി പണിയിച്ചിട്ടുള്ള പള്ളിയാണ് സാമാജികൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിചാരിക്കുന്നു. പള്ളിക്ക അരമൈൽ ചുററുമായി ഉദ്ദേശം ൭൦ ല്ലാത്ത മുഹമ്മദീയരുടെ വീടുണ്ട്.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ആ മുകളിലത്തെ വിവരം എത്ര വീടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ആ വിവരം അറിഞ്ഞുകൂടാ.

ഒരു ശ്മശാനസ്ഥലമില്ലാത്തതുകൊണ്ടു മൂവാററുപുഴയിലെ മുഹമ്മദീയർ അനുഭവിക്കുന്ന കഷ്ടതകൾ.

നം ൧൦. മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): മൂവാററുപുഴയുള്ള മുഹമ്മദീയർ അവരുടെ മരിച്ച ആളുകളെ അടക്കുന്നതിനു ഒരു സ്ഥലമില്ലാത്തതിനാൽ വളരെ കഷ്ടപ്പെടുന്നുണ്ടെന്നു ഗവണ്മെന്റിന് അറിയാമോ?

(ബി) ഇതിനെപ്പററിയുള്ള റിപ്പോർട്ടു വന്നതിനെനോക്കി ഇവരുടെ സങ്കടത്തെ മാററുന്നതിന് ദയവുണ്ടാകുമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): (എ) ഇല്ല എന്നാണ്. മൂവാററുപുഴ പട്ടണത്തിലുള്ള മുഹമ്മദീയർക്കുപയോഗിക്കുന്നതിനുള്ള മൂന്നു ശ്മശാനങ്ങൾ ഉണ്ടെന്ന് റിപ്പോർട്ടിൽനിന്നും കാണുന്നു. പേട്ടയിൽ പട്ടണത്തിന്റെ മദ്ധ്യത്തിലായി ഒന്ന്, മററു രണ്ടെണ്ണം പട്ടണത്തിൽനിന്നും അധികം ദൂരത്തിലല്ലാതെ പട്ടണത്തിന്റെ പരിധിക്ക് വെളിയിലായിട്ട്.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): പേട്ടയിലുള്ള പള്ളി ഹനീഫ് സമുദായക്കാരുടേതാണെന്നറിയാമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ടൌണിലുള്ളവർ മുഴുവനും ഷാഫികൾ ആണെന്നറിയാമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): അറിഞ്ഞുകൂടാ.

പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ). പേട്ടയിലുള്ള പള്ളിയിൽ ടൌണിലുള്ളവർ ശവശരീരം കൊണ്ടുപോകയില്ലെന്നറിയാമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റ ചീഫ്സെക്രട്ടറി): ടൌണിനപ്പുറമേയും രണ്ടുപള്ളികൾ ഉണ്ട്.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): പേട്ടയിലുള്ളവയിൽ ടൌണിലുള്ള ആളുകൾ ശവശരീരം കൊണ്ടുപോകാറില്ലെന്നറിയാമോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): പേഷ്കാരുടെ റിപ്പോർട്ടുകൊണ്ട് അങ്ങിനെ കൊണ്ടുപോകുവാൻ പാടില്ലെന്ന് മനസ്സിലാക്കുവാൻ നിവൃത്തിയില്ല.

മി. പി. എസ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): വേറെ രണ്ടു പള്ളികൾ ഉണ്ടെന്നു പറഞ്ഞല്ലോ. അതു ആററിന്റെ മറുകരയിലാണോ?

മി. റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): അതു് നിശ്ചയമില്ല. ടൌണിന് വെളിയിൽ രണ്ടു പള്ളികൾ ഉണ്ട്.

ജുഡിഷ്യൽഡിപ്പാർട്ടുമെന്റിലെ മുഹമ്മദീയർ.

നം ൧൧. മി. പി. എസ്. മുഹമ്മദ്. (നിയമിക്കപ്പെട്ട സാമാജികൻ): ശിപായിമാരുടെ മുകളിലും മുൻസിപ്പന്മാരുടെ താഴെയും ഉള്ള ജുഡിഷ്യൽവകുപ്പിലെ ഉദ്യോഗങ്ങളെയും അതിലുള്ള മുഹമ്മദീയരുടെ എണ്ണത്തേയും കാണിക്കുന്ന ഒരു പട്ടിക ദയവായി മേശമേൽ വയ്ക്കുമോ?

മി. റ്റി. കെ. മാധവൻനായർ (ആക്ടിംഗ് സെക്രട്ടറി): ആവശ്യപ്പെട്ടപട്ടിക മേശമേൽവച്ചിരിക്കുന്നു.

മാവേലിക്കര നിന്നും ആലപ്പുഴയ്ക്കു കൊണ്ടുപോകപ്പെട്ട മസൂരി ബാധിതനും വിസ്താരത്തിൽ ഇരിക്കുന്നവനും ആയ ഒരു തടവുകാരൻ.

൩൯൦. മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): ൧൧൨൭ മീനം ൧-ാം- കേസ് വിസ്താരത്തിലിരുന്നപ്പോൾ മസൂരി പിടിപെട്ട ഒരു തടവുകാരനെ ആലപ്പുഴ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ട് ആലപ്പുഴെ നിന്നും മാവേലിക്കരയ്ക്കു അയച്ചതായി ഗവർമ്മെന്റിനു അറിയാമോ?

(a) ഈ ഭാഗത്തിന്റെ ഉത്തരം അറിയാം എന്നാണെങ്കിൽ, ആലപ്പുഴ ഒരു ഡിസ്ട്രിക്ട് ആശുപത്രിയുള്ളപ്പോൾ ആ രോഗിയെ അവിടെ കൊണ്ടുപോകാത്തതു് എന്തുകൊണ്ടെന്നു്, ആ രോഗിയെ കൊണ്ടുപോകുന്നതിനു ഉപയോഗിച്ച വാഹനത്തിന്റെ സ്വഭാവം.

മി: റ്റി. കെ. മാധവൻനായർ (ആക്ടിംഗ് സെക്രട്ടറി): (a) അറിയാം എന്നുതന്നെ.

(b) (എ-യും ബി-യും) തടവുകാരെ സൂക്ഷിക്കുന്നതിനു ആലപ്പുഴ ഡിസ്ട്രിക്ട് ആശുപത്രിയിൽ സൌകര്യമില്ല. അതുകൊണ്ടു തടവുകാരെ സൂക്ഷിക്കുന്നതിനു സൌകര്യമുള്ള മാവേലിക്കര ആശുപത്രിയിലേക്കു ഒരു സ്പെഷ്യൽ കാറിൽ തടവുകാരനെ മാറ്റി.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): ആലപ്പുഴ ആശുപത്രിയിൽ സൌകര്യമില്ല എന്നും മാവേലിക്കര ആശുപത്രിയിൽ സൌകര്യമുള്ളതുകൊണ്ടു മാവേലിക്കരയ്ക്കു രോഗിയെ കൊണ്ടുപോയതാണെന്നും മറുപടി പറഞ്ഞുവല്ലോ. ഈ മാവേലിക്കര ആശുപത്രിയുടെ ഏതു ഭാഗത്താണു സ്ഥാപിച്ചിരിക്കുന്നതെന്നു ഗവർമ്മെന്റിനു അറിയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി അറിഞ്ഞുകൂടാ.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): ആ ആശുപത്രി ഒരു കെട്ടിടത്തിന്റെ നടുവിലാണെന്നും അവിടെ വന്നു ഈ പകർച്ചവ്യാധി പിടിപെട്ട ആളിനെ കിടത്തിയിരുന്നതെന്നും അറിയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അതു ഒരു സാങ്കേതികവിഷയത്തെക്കുറിച്ചുള്ള പ്രശ്നമാകുന്നു. ഡിപ്പാർട്ടുമെന്റിന്റെ മേധാവികൾ തീരുമാനിക്കേണ്ടതായ ഒരു സാങ്കേതിക വിഷയത്തെക്കുറിച്ചുള്ള പ്രശ്നമാകുന്നു.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): മേപ്പടി ആശുപത്രി ഈ രോഗിക്കു പറ്റിയതാണെന്നു ഞാൻ പറയുന്നതു് അവിടുന്നു വിശ്വസിക്കുമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): വിശ്വസിക്കുന്നതിനു തരമില്ല.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): അങ്ങിനെ ആശുപത്രിയുടെ നടുക്ക പകർച്ചവ്യാധി പിടിപെട്ട രോഗിയെ കൊണ്ടു കിടത്തുന്നതിൽ തരക്കേടില്ലേ?

മി: റ്റി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അതു് മെഡിക്കൽ ആഫീസറന്മാരോടു ചോദിച്ചറിയണം.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): സാധാരണ ആശുപത്രികളിൽ മസൂരി രോഗം പിടിപെട്ടവരെ കിടത്തി ചികിത്സിക്കുന്നതിനു പ്രധാന കെട്ടിടത്തിൽ നിന്നും അകലെയായി പ്രത്യേകം ഷെഡ്ഡുകൾ ഉണ്ടെന്നറിയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അറിയാം.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ആലപ്പുഴ അതുപോലെ കെട്ടിയിട്ടുണ്ടോ എന്നറിയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അറിഞ്ഞുകൂടാ.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ആ കാലത്തു വളരെ കലശലായിട്ടു ആലപ്പുഴ മസൂരിരോഗം ബാധിച്ചിരുന്നു എന്നറിയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സിക്രട്ടറി); അറിഞ്ഞുകൂടാ.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): ഇങ്ങനെ ഒരു ടൌണിൽ നിന്നും മറ്റൊരു ടൌണിലേക്കു മസൂരി രോഗമുള്ളവരെ മാറ്റാമെന്നു ഗവർമ്മെന്റു സമ്മതം കൊടുത്താൽ വളരെ ആളുകൾക്കു കഷ്ടവും സങ്കടവും വരുന്നതാണ്. അതുകൊണ്ടു മേലാലെങ്കിലും അങ്ങിനെ മാറ്റാൻ പാടില്ലെന്നു ഗവർമ്മെന്റു ഒരു ആർഡർ ചെയ്യുമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): രോഗിയെ ഒരു സ്പെഷ്യൽകാറിൽ കൊണ്ടുവന്നു എന്നു പറഞ്ഞു. അതു Four seater ആണോ Eight seater ആണോ? അതു സാധാരണ വാടകയ്ക്കു വിടുന്ന കാറാണോ? ഏതാണെന്നു പറയാമോ?

മി: റ്റി. കെ. മാധവൻ നായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അതു അറിഞ്ഞുകൂടാ.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ആ കാർ ശരിയായി ഡിസ് ഇൻഫെക്റ്റു ചെയ്തോ എന്നറിയാമോ?

മി: റ്റി. കെ. മാധവൻനായർ (ആക്ടിംഗ് ഗവർമ്മെന്റ് സെക്രട്ടറി): അവർക്കു അതു ചെയ്യേണ്ടതായിരുന്നു. അതു തീർച്ചയായി പറയാൻ പാടില്ല.

തലവടിയിൽ പകുതിയിലെ ചിറയിൽ മുട്ട്.

൩൯൧. മി: കെ. പത്മനാഭപണിക്കർ (അമ്പലപ്പുഴ): ഗവർമ്മെന്റിൽ നിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(a) അമ്പലപ്പുഴ താലൂക്കിലെ തലവടി പകുതിയിലുള്ള ചിറയിൽ മുട്ടു മുറിക്കുന്നതു ആവശ്യമാണെന്നു അവർക്കു തോന്നിയിട്ടുണ്ടോ എന്ന്,

(ബി) കോട്ടയം ഡിവിഷൻ ആഫീസർ ആ സ്ഥലം ചെന്നു നോക്കിയിട്ടുണ്ടോ എന്നും,

(സി) ബി ഭാഗത്തിന്റെ ഉത്തരം 'അതേ' എന്നാകുന്നു എങ്കിൽ ആ പരിശോധനയുടെ ഉദ്ദേശമെന്താകുന്നു എന്നും,

മി: പി. എൻ. കൃഷ്ണപിള്ള (ആക്ടിംഗ് സെക്രട്ടറി) (എ) ചിറയിടിക്കുന്നുണ്ട് എന്നു ഗവൺമെന്റു കരുതിരിക്കുന്നു.

(ബി) ഉണ്ട്.

(സി) ചിറ ആവശ്യമാണോ അതോ മുറിക്കാമോ എന്നറിയുന്നതിനായിട്ട്.

കുളക്കട ആറിലെ ആറാട്ടു കടവിലുള്ള പാലം.

൩൧൧. മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): മാവേലിക്കര തൃക്കുന്നപ്പുഴ റോഡിൽ ഒന്നാം മൈലുകൽ കുളക്കട ആറിലെ ആറാട്ടു കടവിൽ ഒരു പാലം പണിയിക്കുന്നതിനു ൧൦,൦൦൦ രൂപാ നീക്കിവച്ചിരുന്നതു ചിലവാക്കാതെയിരുന്നതും ഈ കൊല്ലത്തിൽ (൧൧൦൫)ൽ പണം ചിലവാക്കാതെയിരുന്നതും എന്തു കൊണ്ടാണെന്നു ഗവൺമെന്റിൽ നിന്നും ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): കൌൺസിൽ നടപടികളിലെ ൧൦൩-ാം വാല്യം നമ്പർ ൩, ൧൦൪-ം ൧൦൫-ം വശങ്ങളിൽ ചോദ്യം ൩൩-നുള്ള ഉത്തരം നോക്കുക.

ഗവൺമെന്റ് ഉദ്യോഗങ്ങൾക്കുള്ള ജാതി അനുസരിച്ചുള്ള അപേക്ഷകൾ.

൩൧൨. മി: എച്ച്. ബി. മഹമ്മത് റാവുത്തർ (പത്തനാപുരം ചെങ്കോട്ട): ൧൧൦൪ ചിങ്ങം ൧-ാംനു- മുതൽ ൧൧൦൫ മീനം ൩൧-ാംനു- വരെ ഉദ്യോഗത്തിൽ നിയമിക്കാൻ അധികാരമുള്ള ഗവൺമെന്റുദ്യോഗസ്ഥന്മാർക്കു കിട്ടിയിട്ടുള്ള അപേക്ഷകളെ കാണിക്കുന്ന ഒരു ജാതി അനുസരിച്ചുള്ള പട്ടിക മേശമേൽ വയ്ക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ഈ പട്ടിക തയ്യാറാക്കുന്നതിനു വേണ്ട സംഗതികൾ ശേഖരിക്കുന്നതിനു വേണ്ടി വരുന്ന സമയവും ബുദ്ധിമുട്ടും അതിനുണ്ടായേക്കാവുന്ന ഉപയോഗത്തേക്കാൾ വളരെ കൂടുതലാകുന്നതാകയാൽ ഈ വിവരങ്ങൾ ശേഖരിക്കുന്നതിനു ഗവർമെന്റു ആലോചിക്കുന്നില്ല.

൩൧൩. മി: എച്ച്. ബി. മുഹമ്മദ് റാവുത്തർ (പത്തനാപുരം ചെങ്കോട്ട): ൧൯൩൦ ഏപ്രിൽ ൧൦-നു ചെങ്കോട്ടയിലും പത്തനാപുരത്തും ജോലിയിലിരിക്കുന്ന ഗവൺമെന്റുദ്യോഗസ്ഥന്മാരെ ആ താലൂക്കുകളിലേക്കു എന്നാണ് സ്ഥലം മാററിയതെന്നു കാണിക്കുന്ന ജാതി അനുസരിച്ചു തയ്യാറാക്കിയ ഒരു പട്ടിക ഗവൺമെന്റിൽ നിന്നും മേശമേൽ വയ്ക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ഈ വിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിവരുന്ന സമയവും ബുദ്ധിമുട്ടും ഇതിൽ നിന്നുണ്ടായേക്കാവുന്ന ഉപയോഗത്തേക്കാൾ എത്രയോ കൂടുതലാകയാൽ ഇതിനെ ശേഖരിക്കണമെന്ന് ഗവൺമെന്റിൽ നിന്നും വിചാരിക്കുന്നില്ല.

പുളിയറയിലെ ഗ്രാമ്യവാസികളുടെ കന്നുകാലികളെ പൌണ്ടിലാക്കുന്നതു.

൩൧൪. മി: എച്ച്. ബി. മഹമ്മത് റാവുത്തർ (പത്തനാപുരം ചെങ്കോട്ട): ചെങ്കോട്ട താലൂക്കിലുള്ള പുളിയറ പകുതിയിലെ നിവാസികളുടെ അപ്പത്തു നടക്കുന്ന വള്ളുകന്നുകാലികളെയും വനംവക ഡിപ്പാർട്ടുമെന്റിലുള്ള ശിപായിമാർ അടുത്തകാടുകളിൽ പിടിച്ച് തെന്മല പൌണ്ടിലാക്കിയിട്ടുണ്ടോ എന്ന് ഗവൺമെന്റിൽനിന്നും ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ഉണ്ട് എന്നുത്തരം.

മി: എച്ച്. ബി. മഹമ്മത് റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): പുളിയറ നിന്നും തെന്മലക്ക് ഗവൺമെന്റു റോട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ഉണ്ടെന്നാണ് അറിവ്

മി: എച്ച്. ബി. മുഹമ്മദ് റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): തെന്മലയിൽ നിന്നും പുളിയറക്കു എത്ര മൈൽ ദൂരമുണ്ട്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ൧൨ മൈൽ കാണുമെന്നു തോന്നുന്നു.

മി: എച്ച്. ബി. മഹമ്മത് റാവുത്തർ (പത്തനാപുരം ചെങ്കോട്ട): ൧൫ മൈൽ ഉണ്ട് ഈ പതിനഞ്ച് മൈൽ ദൂരത്തിൽ കന്നുകാലികളെക്കൊണ്ടു പോകാൻ വിഷമമില്ലേ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റുസെക്രട്ടറി): അങ്ങിനെ കൊണ്ടുപോയ ആളുകളുടെ നടപടിയെപ്പററി ശരിയായി തീർച്ച ചെയ്തിട്ടുണ്ടെന്ന് കാൺസർവേറ്റർ അവർകൾ പറയുന്നുണ്ട്.

വാമനാപുരം പാലത്തിന്റെ വീണ്ടും പണി.

൩൧൫. മി: കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്): എം. സി. റോഡിലുള്ള വാമനാപുരം പാലത്തിനെ വീണ്ടും പണിചെയ്യുന്നതിന് ൧൧൦൫ലെ ആയവ്യയ കണക്കിൽ വല്ലതുകയും കൊള്ളിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആ ജോലി എത്രത്തോളം ആയെന്നും ഇതേവരെ (൧൧൦൫ മേടമാസം ൫-നു) വരെ എത്ര തുക ചിലവാക്കിയിട്ടുണ്ടെന്നും ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെന്റു സെക്രട്ടറി): ഈ കൊല്ലത്തിലെ ആയവ്യയകണക്കിൽ ഇതിനായി ൧൦,൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ൧൧൦൬-ൽ അനുവദിച്ച കണക്കിനെ ഒന്നുകൂടി ആലോചിക്കാനുള്ളതു കൊണ്ട് ഇതുവരെ ജോലി തുടങ്ങിയില്ല. പാലത്തിന്റെ ഒരു സൂക്ഷ്മമായ പരിശോധന പൂർത്തിയായി കഴിഞ്ഞു. പരിഷ്കരിച്ച കണക്ക തയ്യാറാകുന്നു.

കൃഷ്ണപുരത്തെ ടോൾഗേററ്.

൩൧൬. മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): (൧) നീണ്ടകര പാലത്തിൽ നികുതിപിരിക്കാൻ തുടങ്ങുമ്പോൾ കൃഷ്ണപുരത്തെ ടോൾഗേററ് നിറുത്തുന്നതിനു വല്ല ആലോചനയുമുണ്ടോ എന്നു ഗവൺമെന്റിൽ നിന്നും ദയവായി പറയുമോ?

(സി) ൧-ാം ഭാഗത്തിന്റെ ഉത്തരം ഇല്ല എന്നാകുന്നു എങ്കിൽ അത് നിവൃത്തിക്കാനുള്ള വിഷയത്തെക്കുറിച്ച് ആലോചിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): (എ-സി) ഈ സംഗതി ആലോചനയിൽ ഇരിക്കുന്നു.

മുൻസിപ്പാലിറ്റി സഭയിൽ സ്ത്രീകളെയും അംഗങ്ങളാക്കുന്നതിനെപ്പറ്റി.

ന. ൧൭. മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): ഗവണ്മെന്റിൽനിന്ന് ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) രാജ്യത്തുള്ള മുൻസിപ്പൽ സഭകളിൽ ഇപ്പോൾ ൧൧൦൮-ാം ഏപ്രിൽ മാസം ൨൦-നു-യിൽ വല്ല സ്ത്രീകളും അംഗങ്ങളായുണ്ടോ എന്ന്.

(ബി) ഇതിനുള്ള ഉത്തരം ഇല്ലെന്നാകുന്നു എങ്കിൽ ഇപ്പോൾ ഈ വിഷയത്തിൽ വല്ല നിബന്ധനകളുമുള്ളത് സ്ത്രീകൾ അംഗങ്ങളാകത്തക്കവണ്ണം പരിഷ്കരിക്കേണ്ട ആവശ്യകതയെപ്പറ്റി ഗവണ്മെന്റിൽനിന്നും ആലോചിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (ബി) ആലോചിക്കാം.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): മുൻസിപ്പാലിറ്റിയിൽ ഒഴിവ് വരുമ്പോൾ സ്ത്രീകളെ നിയമിക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ഒഴിവ് ഇപ്പോൾ അനുവദിക്കുന്നില്ലെങ്കിലും അതിനെപ്പറ്റി ആലോചിക്കാമെന്ന് മറുപടി പറഞ്ഞിട്ടുണ്ട്.

പുനലൂർ ഒരു കുളിക്കാനുള്ള കടവുകെട്ടുന്നതിനെപ്പറ്റി.

ന. ൧൮. മി: എച്ച് ബി. മഹമ്മദ് റാവുത്തർ (പത്തനാപുരം-ചെങ്കോട്ട): ഗവണ്മെന്റിൽനിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) പുനലൂർ മുസാവരിക്കും കൊട്ടാരത്തിനും മുൻവശത്ത് ആറ്റിന്റെ വക്കത്ത് ഒരു കുളിസ്ഥലം കെട്ടുന്നതിനു വിസ്തരിച്ചുള്ള കണക്ക് തയാറാക്കിക്കഴിഞ്ഞിട്ടുണ്ടോ.

(ബി) ഉണ്ടെങ്കിൽ എപ്പോഴാണ് ജോലി തുടങ്ങാൻ പോകുന്നത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ) ഇല്ല. അതു തയ്യാറാക്കുന്നേയുള്ളു.

(ബി) 'എ' ഭാഗത്തിന്റെ ഉത്തരം കൊണ്ട് ഇതിന് ഉത്തരം പറയേണ്ട ആവശ്യമില്ല.

ചേർത്തലയിൽ ഇംഗ്ലീഷ് പെൺപള്ളിക്കൂടം.

ന. ൧൯. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): (എ) ചേർത്തലയിലെ ഇംഗ്ലീഷ് ഹൈസ്കൂളും മലയാളം മിഡിൽ സ്കൂളും ൧൧൦൭ സെപ്റ്റംബർ ൨൯-ാംനു- വിദ്യാഭ്യാസ മേലധ്യക്ഷൻ പരിശോധിച്ചോ.

(ബി) ചേർത്തലയിൽ ഒരു സർക്കാർ ഇംഗ്ലീഷ് പെൺപള്ളിക്കൂടം തുടങ്ങുന്നതിനുള്ള അപേക്ഷയെപ്പറ്റി അദ്ദേഹത്തിന്റെ സന്ദർശനകാലത്ത് അന്വേഷണം ചെയ്തോ എന്ന്.

(സി) മേൽപറഞ്ഞ പള്ളിക്കൂടം പരിശോധിച്ചതിന്റെ കുറിപ്പുകൾ ഗവണ്മെന്റിലേക്ക് അദ്ദേഹം അയച്ചിട്ടുണ്ടോ

(ഡി) ഈ കുറിപ്പുകളിൽ ചേർത്തല ഒരു സർക്കാർ ഇംഗ്ലീഷ് സ്കൂൾ തുറക്കുന്നതിന് എന്തെങ്കിലും അഭിപ്രായം അദ്ദേഹം പുറപ്പെടുവിച്ചിട്ടുണ്ടോ?

(ഇ) 'ഡി' ഭാഗത്തിന്റെ ഉത്തരം 'ഉണ്ട്' എന്നാകുന്നു എങ്കിൽ ആ അഭിപ്രായങ്ങൾ എന്തെല്ലാമാകുന്നു,

(എഫ്) ഗവണ്മെന്റിൽ നിന്നും എന്തെങ്കിലും ഇതിൽ പ്രവർത്തിച്ചിട്ടുണ്ടോ.

(ജി) വിദ്യാഭ്യാസമേലധ്യക്ഷൻ ആ സ്കൂളിനെ പരിശോധിച്ചപ്പോൾ സ്കൂളിലുണ്ടായിരുന്ന പെൺകുട്ടികളുടെ എണ്ണം

(എച്ച്) ഈ കുട്ടികളുടെ എണ്ണത്തെ കാണിക്കുന്ന ജാതി അനുസരിച്ചുള്ള ഒരു പട്ടിക ദയവായി ഗവണ്മെന്റിൽ നിന്ന് മേശമേൽ വയ്ക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): (എ-ബി-സി) 'ഉണ്ട്' എന്നുത്തരം.

(ഡി) ഇല്ല എന്നുത്തരം

(ഇ-എഫ്) സി ഭാഗത്തെപ്പറ്റിയുള്ള ഉത്തരം കൊണ്ട് ഇതിന്റെ ഉത്തരം പറയേണ്ട ആവശ്യമില്ല

ജി. ൫൭

എച്ച്. ൩൨ നായന്മാർ, ൨ ഈഴവർ, ൯ ബ്രാഹ്മണർ, ൨ അമ്പലവാസികൾ ൧൦ ക്രിസ്ത്യാനികൾ.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ൧൧൦൭ സെപ്റ്റംബർ മാസം ൨൯-ാംനു-ലെ ഇൻസ്പെക്ഷൻ കുറിപ്പു മേശമേൽ വയ്ക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): എന്റെ കയ്യിലുണ്ട്. വേണമെങ്കിൽ മെമ്പറെ കാണിക്കാം.

ചേർത്തലയിലെ സർക്കാർ മിഡിൽസ്കൂൾ.

ന. ൨൦. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെന്റിൽനിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) ൧൧൦൭ സെപ്റ്റംബർമാസം ൨൯-ാംനു- ചേർത്തല സർക്കാർ മിഡിൽസ്കൂൾ വിദ്യാഭ്യാസമേലധ്യക്ഷൻ പരിശോധിച്ചപ്പോൾ ആ പള്ളിക്കൂടത്തിൽ എത്ര കുട്ടികൾ ഉണ്ടായിരുന്നു എന്ന്.

(ബി) എഡ്യൂക്കേഷൻ കോട്ട് അനുസരിച്ച് എത്ര കുട്ടികൾക്ക് ആ പള്ളിക്കൂടത്തിൽ പഠിക്കാൻസാധിക്കുമെന്ന്;

(സി) ഈ സ്കൂളിലെ സ്ഥലദൌർല്ലഭ്യത്തെ നീക്കുന്നതിനു ഡയറക്ടരുടെ കുറിപ്പിൽ വല്ല അഭിപ്രായങ്ങളും ചെയ്തിട്ടുണ്ടോ എന്ന്

(ഡി) ഉണ്ടെങ്കിൽ ആ അഭിപ്രായങ്ങൾ എന്താണ്

(ഇ) അവർ അതനുസരിച്ച് എന്തു പ്രവൃത്തി ചെയ്തിട്ടുണ്ട് എന്ന്

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി):

(എ) ൩൬൭

(ബി) ൨൬൦

(സി) ഉണ്ട്

(ഡി) (൧) പ്രധാന കെട്ടിടത്തിനെ നന്നാക്കുക.

(൨) കാലക്രമേണ ഒരു പുതിയ കെട്ടിടം ഉണ്ടാക്കുക

(൩) ഇംഗ്ലീഷ് സ്കൂളിനു വേണ്ട സൌകര്യം ഉണ്ടാക്കിയതിൻെറശേഷം പഴയ ഇംഗ്ലീഷ് സ്കൂൾ കെട്ടിടം ഉപയോഗിക്കുക.

(ഇ) ഗവണ്മെൻറിൽനിന്നും യാതൊരു നടപടിയും നടത്തിയിട്ടില്ല; എന്നാൽ വർണാക്യുലർ സ്കൂൾ ഇൻസ്പെക്ടർ ഡയറക്ടർ തൻെറ നോട്ടിൻെറ ഒരു പകർപ്പു ൧൧൨൧ സെപ്റ്റംബർ ൨൪-ാം‌ അയച്ചുകൊടുത്തു. ൧൧൨൧ നവംബർ ൧൯-ാം ഇൻസ്പെക്ടർ സ്കൂളിൻെറ പ്രധാന കെട്ടിടത്തിനെ നന്നാക്കുന്നതിനായിട്ടുള്ള കണക്ക് അയച്ചു. ഈ കണക്കു ഡയറക്ടർ പാസ്സാക്കുകയും നവംബർമാസം ൨൭-ാം‌ അയച്ചുകൊടുക്കുകയും ചെയ്തു.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): എഡ്യൂക്കേഷൻകോഡുപ്രകാരം ൨൬൦ കുട്ടികൾക്കു മാത്രം ഇരുന്നു പഠിക്കാൻ സ്ഥലമുള്ള സ്കൂളിൽ ൩൬൭ കുട്ടികളെവച്ചു പഠിപ്പിക്കുന്നതായി കാണുന്നു. അങ്ങിനെ എത്രനാളായി നടന്നുവരുന്നു എന്നറിയാമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ക്ലിപ്തമായി പറയാൻ സാധിക്കയില്ല. ഇതിനെ പരിഹരിക്കുന്നതിനുള്ള നടപടികൾ വളരെ വേഗത്തിൽ നടന്നുവരുകയാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): കൂടുതൽ കെട്ടിടം കെട്ടാൻ ബഡ്ജറ്റിൽ പണം ചേർക്കാനാണോ നടപടി നടത്തിവരുന്നതു്

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): തീർച്ച പറയാൻ നിവൃത്തിയില്ല. അതിനെ പരിഹരിക്കാൻ ഡയറക്ടർ വേണ്ട നടപടി ധൃതഗതിയിൽ നടത്തിവരികയാണ്.

ചേർത്തല ഒരു ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടുകോടതി തുറക്കുന്നതിനെക്കുറിച്ച്.

൩൨൧. മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ഗവണ്മെൻറിൽനിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) ൩൬-ാമത്തെ ശ്രീമൂലം പ്രജാസഭയിൽ ചേർത്തലയിൽ ഒരു ഒന്നാംക്ലാസ് മജിസ്ട്രേട്ടുകോടതി സ്ഥാപിക്കുന്നതിനെക്കുറിച്ചു രണ്ടു സാമാജികന്മാർ നിവേദനം ബോധിപ്പിച്ചിട്ടുണ്ടോ?

(ബി) അവർ ഇതിന്മേൽ വല്ലതും ഇതേവരെ (൧൧൨൧ മിഥുനം ൨൫-ാം‌) പ്രവൃത്തിച്ചിട്ടുണ്ടോ

മി: റ്റി. കെ. മാധവൻ നായർ (ആക്റ്റിംഗ് ഗവണ്മെൻറ സെക്രട്ടറി):

(എ) ഉണ്ട് എന്നുത്തരം

(ബി) ഇല്ല എന്നുത്തരം.

കോതയാർ അണയിൽ വെള്ളം ശേഖരിക്കുന്നതിനെക്കുറിച്ച്.

൩൨൨. മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്): കോതയാർ അണയിൽ മഴപെയ്തുണ്ടാകുന്ന വെള്ളമോ ഊററുവെള്ളമോ രണ്ടുംകൂടിയോ ശേഖരിക്കുന്നതെന്നു ഗവണ്മെൻറിൽനിന്ന് ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): രണ്ടും.

മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്): ഊററുവെള്ളവും മഴവെള്ളവുംകൂടിയാണു അണയിൽ കെട്ടിനില്ക്കുന്നതു് എന്നു മറുപടിയിൽ കാണുന്നു. അതിൻെറ ക്യാച്ച്മെൻറ ഏറിയായിലുള്ള വൃക്ഷങ്ങൾ ഫാറസ്ററു ഡിപ്പാർട്ടുമെൻറുകാർ മുറിച്ചു വരുന്നുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): ഇപ്പോൾ എനിക്ക് ഇതിനെക്കുറിച്ച് ഒരു അറിവും ഇല്ല.

മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്): ഇങ്ങനെ വൃക്ഷം മുറിച്ചാൽ ഊററു വരാതെയാകയും തന്നിമിത്തം അണയിൽ വെള്ളം കുറയുകയും ചെയ്യും. അതുകൊണ്ടു വൃക്ഷങ്ങൾ മുറിക്കാൻ പാടില്ലെന്നു പ്രത്യേകം നിഷ്കർഷ ചെയ്യുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): അതു് നോട്ടുചെയ്തു ആലോചിക്കാം.

കോതയാർ കാച്ച്മെൻറ ഏറിയായിലെ വൃഷ്ടിമാപനയന്ത്രം

൩൨൩. മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്): (എ) പേച്ചിപ്പാറ സ്റ്റേഷനിൽ വച്ചിട്ടുള്ളതുകൂടാതെ വേറെ വൃഷ്ടിമാപനയന്ത്രം കോതയാർ ക്യാച്ച്മെൻറ് ഏറിയായിൽ അവർ സൂക്ഷിക്കുന്നുണ്ടോ എന്നു ഗവണ്മെൻറിൽനിന്നും ദയവായി പറയുമോ?

(ബി) എ-ാംഭാഗത്തിനെപ്പററിയുള്ള ഉത്തരം അതെ എന്നാണെങ്കിൽ കഴിഞ്ഞ ഇടപ്പാതി കൊല്ലത്തെ പേച്ചിപ്പാറയിലെ മഴയെക്കുറിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ അവർ മേശമേൽവയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി):

(എ) ഇല്ല.

(൨) ആവശ്യമുള്ള കാര്യങ്ങളുടങ്ങിയ ഒരു പട്ടിക മേശമേൽ വച്ചിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കല്ലൂളം-വിളവങ്കോട്ട്): കഴിഞ്ഞ ൨൦ വർഷത്തെ പേച്ചിപ്പാറയിലുള്ള മഴക്കണക്ക് കൊടുത്തിരിക്കുന്നു. ഈ കണക്ക് എവിടെനിന്നും കിട്ടി എന്നറിയാമോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ചീഫ് എൻജിനീയർ എടുത്തിട്ടുള്ള കണക്കാണ് ഇവിടെ കൊടുത്തിട്ടുള്ളത്.

മി: ടി. സി. കേശവപിള്ള (കല്ലൂളം-വിളവങ്കോട്): പേച്ചിപ്പാറ അണയിൽ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതിനെപ്പറ്റി ചീഫ് എൻജിനീയരോടു ചോദിക്കാം.

മി: ടി. സി. കേശവപിള്ള (കല്ലൂളം-വിളവങ്കോട്ട്): ഡാം സൈറ്റിൽ ഒരു റെയിൻഗേജ് (വൃഷ്ടിമാപനയന്ത്രം) ഇല്ലാത്തതിനാൽ അവിടെ ഒരു റെയിൻഗേജ് വയ്ക്കുന്ന ഗവണ്മെന്റിനു ഭാവമുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): അതിനെപ്പറ്റി ആലോചിക്കാം.

ചില ഡിപ്പാർട്ടുമെന്റിലെ ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിനെക്കുറിച്ച്.

൩൨൭. മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്) ഗവണ്മെന്റിൽനിന്നും ദയവായി താഴെ പറയുന്നവയ്ക്കു ഉത്തരം പറയുമോ?

എ. ൧൧൨൦ മേടം ൧-ാംതീയതി താഴെ പറയുന്ന ഡിപ്പാർട്ടുമെന്റുകളിൽ ഉണ്ടായിരുന്ന ഒഴിവുകൾ

൧. എക്സൈസ് ഡിപ്പാർട്ടുമെന്റ്

൨. വില്ലേജസ് ഡിപ്പാർട്ടുമെന്റ്

൩. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ്

൪. അഞ്ചൽ ഡിപ്പാർട്ടുമെന്റ്

൫. അക്കൗണ്ടാഫീസ്

൬. പൊലീസ് ഡിപ്പാർട്ടുമെന്റ്

ബി. ആ ഒഴിവിന്റെ ഏറ്റവും നീണ്ട കാലാവധി

സി. അവയ്ക്കു ആളിനെ നിയമിക്കാതിരുന്നതിനുള്ള കാരണം

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി) എ. ബി. സി. ഈ വിവരം അറിയാനുള്ള ബുദ്ധിമുട്ടും സമയവും ഇതിൽനിന്നും ഉണ്ടാകേണ്ടാവുന്ന ഉപയോഗത്തിനെക്കാൾ വളരെ കൂടുതലാകയാൽ ഇവ ശേഖരിക്കണമെന്ന് ഗവണ്മെന്റിൽനിന്നും വിചാരിക്കുന്നില്ല

കഴിഞ്ഞകൊല്ലം നടത്തിയ നിയമനങ്ങൾ

൩൨൮. മി: റ്റി. സി. കേശവപിള്ള (കല്ക്കുളം-വിളവങ്കോട്ട്) ഓരോ ഡിപ്പാർട്ടുമെന്റ് അദ്ധ്യക്ഷന്മാരും ഗവണ്മെന്റും കഴിഞ്ഞകൊല്ലത്തിൽ നടത്തിയ നിയമനത്തിന്റെ ജാതിഅനുസരിച്ചുള്ള ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി) ഈ വിവരം അറിയാനുള്ള ബുദ്ധിമുട്ടും സമയവും ഇതിൽനിന്നും വന്നേക്കാവുന്ന ഉപയോഗത്തിനേക്കാൾ എത്രയോ കൂടുതലാണെന്നു ഗവണ്മെന്റു വിചാരിക്കുന്നതിനാൽ ഇവ ശേഖരിക്കണമെന്ന് വിചാരിക്കുന്നില്ല.

ബാങ്കിങ്ങ് അന്വേഷണകമ്മിറ്റിയുടെ ചിലവുകൾ.

൩൨൯. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി).

൧. ൧൧൨൦ മകരം ൩൧-ാംവരെ ബാങ്കിങ്ങ് അന്വേഷണകമ്മിറ്റിക്ക് വേണ്ടിവന്നിട്ടുള്ള ചിലവിനെപ്പറ്റി പൂർണ്ണവിവരം അടങ്ങിയ ഒരു കണക്ക് മേശമേൽ വയ്ക്കുന്നതിന് ഗവണ്മെന്റിന് ദയവുണ്ടാകുമോ

൨. ആ തീയതി കഴിഞ്ഞതിൽപിന്നെ (എ) എന്തെങ്കിലും ചിലവാക്കിയിട്ടുണ്ടോ ? എന്നു.

ബി. കഴിഞ്ഞ നിയമസഭയിൽ ഈകാര്യത്തിൽ കൂടുതൽ ഗ്രാന്റ് ആവശ്യപ്പെടാഞ്ഞത് എന്താണെന്നും പറയുന്നതിന് അവർക്ക് ദയവുതോന്നുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആ-ചീഫ്സെക്രട്ടറി). ൧. ൧൧൨൦ മകരം ൩൧-ാംവരെ ഈ കാര്യത്തിൽ ഒന്നും ചിലവുചെയ്തിട്ടില്ല.

൨. (എ) ഉണ്ട്.

(ബി) ൧൯൩൦ ജനുവരി ൨൧-ാംതീയതി ഫിനാൻഷ്യൽ സെക്രട്ടറി മേശമേൽവച്ച പട്ടികയിൽ ഈ സംഗതി പറഞ്ഞിട്ടുണ്ട്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി),

൧൯൩൦ ജനുവരി ൨൧-ാംതീയതി മേശമേൽവച്ച പട്ടികയിൽ കാണിച്ചിട്ടുള്ള തുക ആ തീയതി കഴിഞ്ഞതിൽ പിന്നീട് ചിലവുചെയ്തോ എന്ന് സാമാജികൻ ദയവായി പറയുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി) ദയവായി ഏതുതീയതി കഴിഞ്ഞതിൽ പിന്നീട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) എനിക്കു തന്ന ഉത്തരത്തിൽ പറയുന്ന "൧൯൩൦ ജനുവരിമാസം ൨൧-ാംതീയതി നടത്തിയ സഭയിൽ ഫിനാൻഷ്യൽ സെക്രട്ടറി മേശമേൽ വച്ച് പട്ടികകണ്ടവർ നോക്കുക" സാമാജികൻ ഇപ്പോൾ പറയേണ്ടതു ആ തീയതി അതായതു ൧൯൩൦ ജനുവരി ൨൧-ാംതീയതി കഴിഞ്ഞതിൽപിന്നീട് ആ തുക ചിലവാക്കിയോ എന്നാണ്.

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി). അതിന്നിവൃത്തിയില്ല.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി). ൧൯൩൦ ജനുവരി ൨൧-ാംതീയതി ൧൧൦൫ മകരം ൭-ാംതീയും ഒന്നാണെന്ന് സാമാജികന് അറിയാമോ? കൗൺസിൽ നടപടികളിൽനിന്നും അത് തെളിവാകുന്നു.

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): അറിയാം. ഗവൺമെൻറ് അനുവാദം നൽകിയിട്ടുള്ള തുകയാണ് പത്രികയിൽ കാണിച്ചിരിക്കുന്നത്. നിയമസഭയിൽ അങ്ങിനെയുള്ള ചിലവിനെപ്പറ്റി കൊണ്ടുവരുന്നതിന് സമയമില്ലാത്തപ്പോൾ ഗവൺമെൻറിൽനിന്നും അതിനെ അനുവദിക്കുന്നു. ഇപ്പോൾ പ്രതിവാദ്യവിഷയമായ ചിലവ്, അതിൻെറ ഒരു ഭാഗമെങ്കിലും അത് അത്യാവശ്യമായിരുന്നതിനാൽ ആ തീയതിക്ക് മുമ്പ് വഹിച്ചു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ൧൧൨൭ മകരം ൮-ാംനുക്കു മുമ്പ് ബാങ്കിങ് അന്വേഷണകമ്മററിക്ക് യാതൊരു തുകയും ചിലവാക്കിയിട്ടില്ലെന്ന് പറഞ്ഞിരിക്കുന്നത് എന്തുകൊണ്ടാണെന്ന് അറിയാമോ?

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): ഞാൻ പറഞ്ഞതുപോലെ ചിലവ് അത്യാവശ്യമായിരുന്നതുകൊണ്ടും അത് ഉടനെ ചിലവാക്കേണ്ടിയിരുന്നതുകൊണ്ടും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര- കാർത്തികപ്പള്ളി) എൻെറചോദ്യം ഇതായിരുന്നു ൧൧൨൭ മകരം ൮-ാംനുവരെ ബാങ്കിങ് അന്വേഷണകമ്മററിക്ക് ചിലവായ തുകയെപ്പററി പൂർണ്ണമായ വിവരണം അടങ്ങിയ ഒരു പട്ടിക മേശമേൽ വയ്ക്കുന്നതിന് ഗവൺമെൻറിന് ദയവുണ്ടാകുമോ? അതിനുള്ള ഉത്തരം "ഇല്ല" എന്നാകുന്നു.

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): യാതൊരു ചെലവുംകൂടാതെ കഴിക്കാമായിരുന്നെങ്കിലും അത് അത്യാവശ്യമായിരുന്നതുകൊണ്ട് അനുവാദംകൊടുത്തു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മേശമേൽ വച്ചിരിക്കുന്നപട്ടിക സഭക്കുവേണ്ടി ചിലവാക്കിയിട്ടുള്ള തുകയെ കാണിക്കുന്നില്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടത്.

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി) അല്ല, പട്ടികയുടെ തലക്കെട്ടുകൊണ്ടുതന്നെ അതും ൧൧൨൭-ലെ രണ്ടാം റഗുലേഷൻ ൧൭ (൪) വകുപ്പനുസരിച്ച് ഗവൺമെൻറിൽനിന്നും അനുവദിച്ചിട്ടുള്ളതാണെന്ന് മനസ്സിലാകും.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ൧൭-ാം ചട്ടം അത് അനുവദിക്കുന്നു, ൧൭ (൪) ചട്ടം അതിന് അധികാരം നല്കുന്നു, ൧൭-ാം ചട്ടം ഇതാകുന്നു.

"നിയമസഭാ റഗുലേഷൻ ൧൭ (൪): വകുപ്പനുസരിച്ച് ഗവൺമെൻറിൽ നിന്നും ഏതെങ്കിലും ചിലവു ചെയ്താൽ കഴിയുന്ന വേഗത്തിൽ ഫിനാൻഷ്യൽ സെക്രട്ടറി അതിൻെറ ആവശ്യത്തെ കാണിച്ചിട്ടുള്ള ഒരു പട്ടിക മേശമേൽ വയ്ക്കണം.

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ൧൭ (൪) വകുപ്പ് ഇതാണു പറയുന്നത്:—

"ഏതെങ്കിലും ഒരു തുറയുടെ നിർവഹണത്തിനോ ഭരണവിഷയത്തിനോ ആവശ്യമാണെന്ന് ഗവൺമെൻറിനു തോന്നുന്ന ചിലവ് അത്യാവശ്യ സമയങ്ങളിൽ ചെയ്യുന്നതിന് ഗവൺമെൻറിന് അധികാരമുണ്ടായിരിക്കുന്നതാണ്"

ചിലവ് മുഴുവനും ചെയ്തിരിക്കണമെന്ന് ഇതു കൊണ്ട് അർത്ഥമില്ല. ചിലവ് അത്യാവശ്യവും ജോലി ഉടനടി ചെയ്തു തീർക്കേണ്ടതും ആയിവരുമ്പോൾ ഇത് അനുവദിച്ചിരിക്കുന്നു. ൧൭ (൪) പ്രകാരമുള്ളത് അധികാരപ്പെടുത്തിയിട്ടുള്ള ചിലവിൻെറ ഒരു പട്ടികയാകുന്നു. അതിന്റെ ഒരു ഭാഗം ചിലവ് ചെയ്തിരിക്കാം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ആ തീയതിവരെ ചിലവാക്കിയിട്ടുള്ള തുകയുടെ ഒരു പട്ടിക കാണണമെന്നാണല്ലോ ൧൭-ാമത് ചട്ടം പറയുന്നത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ്സെക്രട്ടറി): ആയിരിക്കാം

അദ്ധ്യക്ഷൻ: ഇത് നടപടിക്രമത്തെ സംബന്ധിച്ച ഒരു കാര്യമോ അതോ ഒരു ഉപപ്രശ്നമോ?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ൧൧൨൭ മകരമാസം ൮-ാംനുക്ക് മുമ്പ് ചിലവു ചെയ്തിട്ടുള്ള തുകയെപ്പററിയുള്ള പട്ടികയാണോ ഇപ്പോൾ മേശമേൽ വച്ചിട്ടുള്ളത്. അതിനെപ്പററിയുള്ള സംഗതി തെളിവാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: ഇതിനുള്ള ഉത്തരം ഒരു ഭാഗം മുമ്പേയും ഒരു ഭാഗം അതിനുശേഷവും ചിലവാക്കിയിരിക്കാം എന്നായിരുന്നു. അതു ഒരു നടപടി പിശകാണെങ്കിൽ ഇപ്പോഴാണോ ഇതിനെപ്പററി പറയേണ്ടത്?

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എൻെറ ആദ്യത്തെ ചോദ്യത്തിൻെറ ഉത്തരം ചിലവ് ചെയ്തിട്ടില്ല എന്നാകുന്നു. എന്നാൽ ഉപപ്രശ്നത്തിൻെറ ഉത്തരമൊരുഭാഗം ചിലവ് ചെയ്തിരിക്കാം എന്നാകുന്നു. ഈ രണ്ടു സംഗതികളേയും രഞ്ജിപ്പിക്കുന്നതിന് എനിക്കു പ്രയാസമായിരിക്കുന്നു.

മി: റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): "ചിലവ് ചെയ്തിരിക്കാം" എന്നാണ് ഞാൻ പറഞ്ഞത്. ഏതെങ്കിലും തുക ചിലവു ചെയ്തോ എന്ന് എനിക്ക് നിശ്ചയമില്ല. ചിലവ് ചെയ്തിട്ടില്ലാ എന്നു പറയുന്നിടത്തോളം അത് വാസ്തവമാണെന്ന് വിചാരിക്കണം. ഞാൻ പറയുന്നത് എന്തെന്നാൽ അനുവാദം കിട്ടിയ ചിലവിൻെറ കാര്യത്തിൽ അതിൻെറ ഒരു ഭാഗംഅതിൻെറ ചിലവ് ചെയ്തില്ലെങ്കിലും ഗവൺമെൻറിന് അത് അനുവദിക്കാമെന്നാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ നടപടിക്രമത്തെ സംബന്ധിച്ച ഒരു കാര്യം ചോദിക്കുന്നു. വാസ്തവത്തിൽ ചിലവ് ചെയ്തിട്ടില്ലാത്ത തുക സഭാനിയമത്തിൻെറ ൧൭ (൪) വകുപ്പിൻ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെടുത്താമോ?

അദ്ധ്യക്ഷൻ: അത് ഒരു ഉപപ്രശ്നമായിട്ടോ നടപടി സംബന്ധമായ ഒരു കാര്യമായിട്ടോ ഇപ്പോൾ ചോദിക്കാൻ പാടില്ല.

കായംകുളം കാർത്തികപ്പള്ളിറോഡ്.

നം. ൭. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഗവൺമെൻറിൽ നിന്നും ൧൧൨൭ മേടം ൮-ാംനു വരെ ഈ ആണ്ടത്തെ ആയവ്യയ കണക്കിൽ ഉൾക്കൊള്ളിച്ചിട്ടുള്ള കായംകുളംകാ

ത്തികപ്പള്ളി റോഡിന്റെ ആദ്യത്തെ സെക്ഷനെ നന്നാക്കുന്നതിന് എന്തെല്ലാം നടപടികൾ നടത്തിയിട്ടുണ്ടെന്ന് ഗവമ്മെന്റിൽ നിന്നും ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റ സെക്രിട്ടറി) : ചീഫ് എഞ്ചിനിയർ സൂക്ഷ്മമായ അന്വേഷണം നടത്തുകയും എസ്റ്റിമെയ്റ്റ് അടങ്കൽ തയ്യാറാക്കുകയും ചെയ്തു. അടങ്കൽ ഗവമ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ചീഫ് എൻജിനിയരുടെ ഉദ്ദേശ അടങ്കൽ എന്ത് തുകയാണെന്ന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റ സെക്രിട്ടറി) : ഉദ്ദേശം ൩൫,൦൦൦ രൂപ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ഈ ചിലവ് ആവശ്യപ്പെടുന്ന റോഡിന്റെ നീളമെന്തെന്ന് അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റ സെക്രിട്ടറി) : ഇത് ഇപ്പോൾ അറിഞ്ഞുകൂടാ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ആ വ്യയത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് കായംകുളം കാർത്തികപ്പള്ളി റോഡിലേക്കാണോ? റോഡിന്റെ ആദ്യത്തെ സെക്ഷന് വേണ്ട തുകയാണോ അത് എന്നാണ് ഞാൻ ചോദിക്കുന്നത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റ് സെക്രിട്ടറി) : ഒരു പക്ഷേ റോഡിന്റെ ആകെയുള്ള ഒരു അടങ്കൽ ആയിരിക്കാം അത്. ആ റോഡിൽ ചെയ്യാനുള്ള ജോലിയുടെ ഒരു ഉദ്ദേശ അടങ്കൽ മാത്രമേ ആകുന്നുള്ളൂ അത്.

അദ്ധ്യക്ഷൻ: കായംകുളം-കാർത്തികപ്പള്ളി റോഡിന്റെ ആദ്യത്തെ സെക്ഷൻ നന്നാക്കുന്നതിനുള്ളതാണോ ഇപ്പോൾ തയാറാക്കിയിട്ടുള്ള അടങ്കൽ എന്നാണ് മി. എ. എസ്. ദാമോദരനാശാനറിയേണ്ടത്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റ സെക്രിട്ടറി) : റോഡിനു മുഴുവനുമുള്ള അടങ്കലാകുന്നു ഇത്. എനിക്ക് ഇത്ര മാത്രമേ ഇപ്പോൾ പറവാൻ സാധിക്കൂ.

പകരം ജോലി നോക്കുന്ന അദ്ധ്യാപകന്മാരെ പിരിച്ചു വിടുന്നതു.

൩൨൭. മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : ഗവമ്മെന്റിൽ നിന്നും ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) സ്ഥിരമൊഴിവിൽ പകരം നോക്കിയിരുന്ന അദ്ധ്യാപകന്മാരെ മെയ്മാസത്തിന് മുമ്പ് പിരിച്ചു വിട്ടു എന്നുള്ളത് വാസ്തവം തന്നെയോ?

(ബി) 'എ' ഭാഗത്തിന്റെ ഉത്തരം അതെ എന്നാകുന്നു എങ്കിൽ അവരിൽ മിക്കപേരെയും പിരിച്ചയക്കുന്നതിന് കാശ്ചാല്ക്കളെ വച്ചുകൊണ്ടിരിക്കുന്നതിനും ഉള്ള തത്വമെന്താണ്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ചീഫ് സെക്രിട്ടറി) : (എ-ബി) വെർണാക്യുലർ സ്കൂളിലെ ഇൻസ്പെക്റ്റർ സ്ഥിരമായിട്ടോ ദീർഘമായിട്ടോ അല്ലാത്ത ഒഴിവുകളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ പതിവുപോലെ പിരിച്ചയച്ചിട്ടുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) : വർണാക്യുലർ സ്കൂൾ ഡിപ്പാർട്ടുമെന്റ് ചാർജ്ജുവഹിക്കുന്ന ഉദ്യോഗസ്ഥൻ സ്ഥിരമായിട്ടും ദീർഘമായിട്ടും ഉള്ള ഒഴിവിൽ ൧൧൨൮-ാം മതിൽ വല്ല നിയമനവും ചെയ്തോ എന്ന് ചോദിക്കട്ടയോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്റ്റിംഗ് ചീഫ്സെക്രിട്ടറി) : സാമാജികൻ ഇപ്പോൾ ചോദിക്കുന്നത് ഒരു പുതിയ ചോദ്യമാകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എനിക്കു തന്നിട്ടുള്ള ഉത്തരം ഇതാകുന്നു. "വർണാക്യുലർസ്കൂളിലെ ഇൻസ്പെക്ടർ സ്ഥിരമായിട്ടോ, ദീർഘമായിട്ടോ അല്ലാത്ത ഒഴിവുകളിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ പതിവുപോലെ പിരിച്ചയച്ചിട്ടുണ്ട്". ഞാൻ ചോദിക്കുന്നത് സ്ഥിരമായോ ദീർഘമായൊ ഉള്ള ഒഴിവുകളിലേക്കു വർണാക്കുലർസ്കൂൾ ഇൻസ്പെക്ടർ വല്ലനിയമനവും നടത്തിയൊ എന്നാകുന്നു.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ചീഫ്സിക്രട്ടറി): നിയമിച്ചു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അവരെ പറഞ്ഞയച്ചില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ചീഫ്സിക്രട്ടറി): ഇല്ല. ഉത്തരത്തിൽ അതുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എത്രപേരെ പറഞ്ഞയച്ചു?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ചീഫ്സിക്രട്ടറി): അതു എനിക്കു തീർച്ചപറയാൻ പാടില്ല.

അനന്തപ്പള്ളി-കൈപ്പറമ്പർറോഡിന് വേണ്ടസ്ഥലങ്ങൾ.

൩൨൮. മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): അനന്തപ്പള്ളി കൈപ്പറമ്പർ റോഡിനെ സംബന്ധിച്ചു ഗവമ്മെന്റിൽനിന്നും താഴെപറയുന്ന സംഗതികൾ പറയുമോ?

(എ) ചീഫ്എൻജിനീയർ അദ്ദേഹത്തിന്റെ ൧൧൦൪ ഡിസംബർ ൩൧-ാംനു-യിലെ പരിശോധനക്കുറിയിൽ ആവശ്യമുള്ള ഭൂമി അടയാളപ്പെടുത്തി ഭൂമിയുടെ ഒരു പ്ലാനും ചുററളവുവിസ്റ്ററും തയ്യാറാക്കുന്നതിനെക്കുറിച്ചും ഉടമസ്ഥന്മാരിൽനിന്നു നിസ്സാരമായ പൊന്നുംവിലകൊണ്ടു തൃപ്തിപ്പെടാൻ അവർ തയ്യാറാണെന്നു സമ്മതിപത്രംവാങ്ങിക്കുകയും ചെയ്തോ എന്നു.

(ബി) ബി ഭാഗത്തിനുള്ള ഉത്തരം അനുസരണരൂപത്തിലാണെങ്കിൽ ൧൧൨൭ മേടം ൧-ാംവരെയുള്ള ൧൧ മാസങ്ങളിൽ അതിൽ എന്തുനടപടി നടത്തിട്ടുണ്ടെന്നും.

മി: പി. എൻ. കൃഷ്ണപിള്ള (ഗവമ്മെന്റസിക്രട്ടറി): (എ) ഉണ്ട്.

(ബി) ഭൂമിയുടെ പ്ലാനും ചുററളവുവിസ്റ്ററും തയ്യാറാക്കികഴിഞ്ഞു. പൂർണ്ണവിവരങ്ങൾ അറിയുന്നതിനായി സബ് ഡിവിഷൻ ആഫിസർ ഇത്രസമയം എടുത്തതെന്തിനാണെന്നറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി): മി: വെപ്പൻ പരിശോധനനടത്തിയപ്പോൾ മി. ആശാനും ഉണ്ടായിരുന്നു. ഭൂമി പ്രതിഫലംകൂടാതെ കൊടുക്കുന്നതിനു ജനങ്ങൾ സമ്മതിച്ചിട്ടുണ്ട്. ഡിവിഷൻ ആഫീസർ ഇവരുടെ മൊഴി വാങ്ങാനുണ്ടായിരുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): കുടിയാനവന്മാരിൽനിന്നു നേരിട്ടു മൊഴിവാങ്ങിച്ചു എന്നു ഞാൻ മനസ്സിലാക്കട്ടെയോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി): അതെ, മൊഴി വാങ്ങിച്ചിരിക്കണം.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സാമാജികനു നിശ്ചയമില്ലെന്നു തോന്നുന്നു.

മിസ്റ്റർ വെങ്കിട്ടരമണയ്യർ നടത്തിയ ഉദ്യോഗത്തിൻെറ ജാതി അനുസരിച്ചുള്ള പട്ടിക.

൩൩൦. മി: വി. ജെ. ഉമ്മൻ (കച്ചവടം): ഗവണ്മെൻറിൽനിന്നു ദയവായി താഴെ പറയുന്ന സംഗതികൾ പറയുമോ?

(എ) അക്കൌണ്ടാഫീസർ മി: വെങ്കിട്ടരമണയ്യർ അദ്ദേഹം ഉദ്യോഗത്തിലിരുന്നപ്പോൾ സ്ഥിരമായോ പകരമായോ നിയമിച്ച ഉദ്യോഗങ്ങളുടെ ജാതി അനുസരിച്ചുള്ള ഒരു പട്ടിക.

(ബി) ആ കാലത്തു് അദ്ദേഹത്തിനു കിട്ടിട്ടുള്ള അപേക്ഷകളുടെ ജാതി അനുസരിച്ചുള്ള ഒരു പട്ടിക,

(സി) ബി ഭാഗത്തിൽ പറഞ്ഞിരിക്കുന്ന അപേക്ഷകരിൽനിന്നും ഉദ്യോഗത്തിനു നിയമിച്ചിട്ടുള്ളവരുടെ ഒരു പട്ടിക.

മി: സി. എസ്. കൃഷ്ണസ്വാമി അയ്യർ (ആ. ഫിനാൻഷ്യൽസിക്രട്ടറി): ക്ലാർക്കന്മാരെ സംബന്ധിച്ചുള്ള ഒരു പട്ടിക മേശമേൽവച്ചിരിക്കുന്നു.

എറപ്പുങ്കൽ തോട്ടിൽ ഒരു അണകെട്ടുന്നതിനെപ്പററി.

൩൩൧. മി: തൊമ്മൻകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ തൊടുപുഴ): മൂവാററുപുഴ തട്ടക്കാട്ടുറോഡിൽ എറപ്പുങ്കൽ പാലത്തിനടുത്തുള്ള എറപ്പുങ്കൽതോട്ടിൽ കൃഷിക്കായി ഒരു അണകെട്ടുന്നതിനു ഗവണ്മെൻറിൽനിന്നും എന്തെങ്കിലും നടപടികൾ നടത്തീട്ടുണ്ടോ എന്നു അവർ ദയവായി പറയുമോ

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): ഗവണ്മെൻറിൻെറ ആലോചനയിൽ ഈ വിഷയം ഇരിക്കുന്നു.

നീണ്ടകര ടോൾ ഏർപ്പെടുത്തുന്നതിനെപ്പററി.

൩൩൨. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): കൊല്ലം-ആലപ്പുഴ ബസ്സർവീസുകാർ കൃഷ്ണപുരത്തുള്ള ടോൾകൂടാതെ നീണ്ടകരയും ടോൾകൊടുക്കണമെന്നുള്ളതിനെപ്പററി ബോധിപ്പിച്ചിരുന്ന ഹർജി സംബന്ധിച്ചു ഗവണ്മെൻറിൽനിന്നും എന്തുനടപടികൾ നടത്തീട്ടുണ്ടെന്നു ഗവണ്മെൻറിൽനിന്നു ദയവായിപറയുമോ.

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസിക്രട്ടറി): വിഷയം ആലോചനയിൽ ഇരിക്കുന്നു.

തിരുവിതാംകൂറിലുള്ള ടോളുകളുടെ ഒരു ലിസ്റ്റ്.

൩൩൩. മി: കെ. ജി. പരമേശ്വരൻപിള്ള (കൊല്ലം): ൩൦ മൈലിന് പുറമുള്ള സ്ഥലങ്ങളിലുള്ള പി. ഡബ്ളിയു ടോളിൻെറ ഒരു ലിസ്റ്റ് മേശമേൽ വയ്ക്കുന്നതിനു ദയവുണ്ടാകുമൊ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സിക്രട്ടറി): ആവശ്യമുള്ള പട്ടിക മേശമേൽ വച്ചിരിക്കുന്നു.

അധഃകൃതവർഗ്ഗത്തിലുൾപ്പെട്ട ആളുകളിൽനിന്നും സർക്കാർസർവീസിൽ ആളുകളെ നിയമിക്കുന്നതിനെപ്പററി.

൩൩൪. മി: കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): താഴെപ്പറയുന്ന ഡിപ്പാർട്ടുമെൻറിൽ ൧൧൦൩, ൧൧൦൪, ൧൧൦൫ ഈ കൊല്ലങ്ങളിൽ താഴ്ന്നജാതിക്കാരിൽനിന്നും ഉദ്യോഗത്തിനു കിട്ടീട്ടുള്ള അപേക്ഷകളുടേയും ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവരുടേയും എണ്ണത്തിനെക്കുറിച്ചു പറയുന്നതിനു ഗവണ്മെൻറിന് ദയവുണ്ടാകുമോ

(എ) വിദ്യാഭ്യാസം.
(ബി) എക്സൈസ്
(സി) പി. ഡബ്ളിയു. ഡി.
(ഡി) റവന്യൂ.
(ഇ) റജിസ്ട്രേഷൻ,
(എഫ്) ജുഡിഷ്യൽ.

മി: ററി. പി. രാമസുബ്ബയ്യർ (ആ. ചീഫ്സിക്രട്ടറി): ഇതിനായി ആവശ്യമുള്ള ബുദ്ധിമുട്ടും സമയച്ചിലവും ഇതിൽനിന്നുണ്ടാകാവുന്ന പ്രയോജനത്തേക്കാൾ വളരെ കൂടുതലാണെന്നു തോന്നുന്നതിനാൽ ഗവണ്മെൻറിൽനിന്ന് ഇതു് ശേഖരിക്കണമെന്നു വിചാരിക്കുന്നില്ല.

മി. കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): ൧൧൦൦-ാമാണ്ടു മുതൽ ൧൧൦൫-ാമാണ്ടുവരെ വിദ്യാഭ്യാസം, എക്സൈസ്, ഡി. പി. ഡബ്ളിയു., റവന്യൂ, റജിസ്ട്രേഷൻ, ജുഡിഷ്യൽ മുതലായ ഡിപ്പാർട്ടുമെൻറുകളിൽ ഏതെങ്കിലും നിയമനങ്ങൾ കൊടുത്തിട്ടുണ്ടോ എന്ന് ചോദ്യത്തിനു ഗവണ്മെൻറ അതിനെക്കുറിച്ച് മറുപടിപറയുന്നതുകൊണ്ട് പ്രയോജനമില്ലെന്ന്—

മി: ടി. പി. രാമസുബ്ബയ്യർ (ഗവണ്മെൻറ ആക്ടിംഗ് ചീഫ് സെക്രട്ടറി): പ്രയോജനമില്ല എന്നല്ല അർത്ഥമാക്കിയതു്. ആ കണക്കുകളെ തയ്യാറാക്കുന്നതിൽ വളരെ ശ്രമം ഉള്ളതുകൊണ്ടു കണക്കു കൊടുത്തിട്ടില്ല.

മി: കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): ഇപ്പോഴുള്ള കാര്യങ്ങളിൽ ശ്രമം എന്നു പറയാമോ അങ്ങിനെ പറഞ്ഞാൽ നിയമനങ്ങൾ ഉണ്ടോ ഇല്ലയോ എന്നു എങ്ങനെ അറിയാം.

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റിൽ ഒരു വർഷത്തേക്കുള്ള കണക്കു ചോദിച്ചാൽ മറുപടി കൊടുക്കാവുന്നതാണ്. അതല്ലാതെ കഴിഞ്ഞ മൂന്നുകൊല്ലത്തിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ജോലികൾ കൊടുത്തിട്ടുള്ള കണക്കു ചോദിച്ചാൽ അതു വലിയ പ്രയാസമായിരിക്കും.

മി: കെ. മാധവൻ (നിയമിക്കപ്പെട്ട സാമാജികൻ): ഈ വിധം പറയുന്നതു ന്യായമല്ല. അങ്ങിനെ പറയുന്ന പക്ഷം ഉണ്ടോ ഇല്ലയോ എന്നു എങ്ങനെ അറിയാം.

മി: റ്റി. പി. രാമസുബ്ബയ്യർ (ഗവണ്മെന്റു ആക്ടിംഗ് ചീഫ് സെക്രട്ടറി): നിങ്ങൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും കഴിഞ്ഞ മൂന്നുകൊല്ലങ്ങളായിട്ട് നിയമനങ്ങൾ ചെയ്തിട്ടുള്ള കണക്കുകൾ ചോദിച്ചിരിക്കുന്നു. അതാതു ഡിപ്പാർട്ടുമെന്റിലുള്ള ക്ലാർക്കുമാർക്ക് ഈ കണക്കുമാത്രം നോക്കിക്കൊണ്ടിരുന്നാൽ മതിയോ? മററു ജോലികളെ ഉപേക്ഷിക്കയോ? ചുരുങ്ങിയ സമയത്തേക്കുള്ള കണക്കു ചോദിച്ചാൽ തരാം.

കമ്മിററികൾക്കുവേണ്ടി വന്നിട്ടുള്ള ചിലവുകൾ.

൩൩൮. മി: തയ്യിൽ കുഞ്ഞിത്തൊമ്മൻ (മൂവാററുപുഴ-തൊടുപുഴ): ൧൦൯൨ മുതൽ ൧൧൦൪ വരെ ഏഴുകൊല്ലങ്ങളിലായി ഗവണ്മെന്റിൽനിന്നു കമ്മററികൾക്കായി ആകെപ്പാടെ വന്നിട്ടുള്ള ചിലവ് എന്താണെന്ന് ദയവായി പറയുമോ?

മി: സി. എസ്. കൃഷ്ണസ്വാമിഅയ്യർ (ആക്ടിംഗ് അക്കൌണ്ട്സ് ആഫീസർ): അക്കൌണ്ട്സ് ആഫീസിലുള്ള പുസ്തകങ്ങളിൽ എഴുതിയിരിക്കുന്നതനുസരിച്ച് ൧൦൯൨ മുതൽ ൧൧൦൪ വരെയുള്ള ചിലവ് ൩൩,൮൦൦ രൂപയാകുന്നു. ഇതു ഈ വകയിലുള്ള മുഴുവൻ ചിലവ് ഉൾപ്പെടുന്നില്ല. ചില കമ്മിട്ടികളുടെ യാത്രപ്പടി നിയമസഭ ആയവ്യയകണക്കിലോ ഡിപ്പാർട്ടുമെന്റിൽ ബഡ്ജററിലോ ചേർത്തിട്ടുണ്ട്.

മി: കെ. വി. നടേശയ്യരുടെ പിൻഗാമിയായി തിരുവിതാംകൂർകാരനല്ലാത്ത ഒരാളെ നിയമിച്ചതിനെപ്പററി.

൩൩൯. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): മി: കെ. വി. നടേശയ്യർ ഉദ്യോഗമൊഴിഞ്ഞപ്പോൾ ആ സ്ഥാനത്ത് തിരുവിതാംകൂർകാരനല്ലാത്ത ഒരാളെ നിയമിച്ചതിനുള്ള കാരണം എന്താണെന്നു ഗവണ്മെന്റിൽനിന്നും പറയുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): പബ്ലിക്ക് സർവീസിന്റെ ആവശ്യകത നിമിത്തം ഈ നിയമനം നടത്തേണ്ടിവന്നു.

തിരുവിതാംകൂർ സർവീസിൽനിന്നും ചീഫ് ഇൻജിനിയർ ഉദ്യോഗമൊഴിയുന്നതിനെപ്പററി.

൩൪൦. മി: ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): ഇപ്പോഴത്തെ (൧൧൦൪ മേടമാസം ൩൧-ാംനു-) ചീഫ് ഇൻജിനിയർ ഉദ്യോഗത്തിൽനിന്നും ഒഴിയുന്നതായി കേൾക്കുന്നതു ശരി പരമാർത്ഥമാണോ എന്നു ഗവണ്മെന്റിൽനിന്നും ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): അതെ. അദ്ദേഹം ൧൯൩൦ ഏപ്രിൽ ൨൪-ാംനു ബ്രിട്ടീഷ് സർവീസിലേക്കു തിരിച്ചുപോയി.

അനുബന്ധം ൩൩.

൨൯൭-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

൧൯൨൯-ാം വർഷത്തിൽ പള്ളി പണിയിക്കുന്നതിന് കിട്ടിയിട്ടുള്ള അപേക്ഷകളെക്കുറിക്കുന്ന പട്ടിക.

	തിരുവനന്തപുരം	കൊല്ലം	കോട്ടയം	ദേവികുളം
(എ) ൧൯൨൯-ാം വർഷത്തിൽ ക്രൈസ്തവാരാധനക്ക് പള്ളി പണിയിക്കുന്നതിന് ഓരോ ഡിവിഷനിൽനിന്നും ആകെ കിട്ടിയ അപേക്ഷകൾ	൧൭	൩൭	൩൦	൧
(ബി) ഈ കൊല്ലത്തിൽ അതിന് അനുവാദം നൽകിയിട്ടുള്ളത്	൯	൧൩	൨൨	ഒന്നുമില്ല

അനുബന്ധം നം. ൭.

നെയ്യാറ്റിൻകരയിലുള്ള ഡിസ്ട്രിക്ട് ആശുപത്രിയിലെ താമസക്കാരായവരും

വെളിക്കുനിന്നു മരുന്നു വാങ്ങിയവരും ആയ രോഗികളുടെ കണക്ക്.

൨൯൮-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

കൊല്ലം	താമസക്കാരായ രോഗികൾ	വെളിക്കുള്ള രോഗികൾ		താമസക്കാരായ രോഗികളുടെ ശരാശരി കണക്ക്	വെളിക്കുള്ള രോഗികളുടെ ശരാശരി കണക്ക്	ആകെയുള്ള ശരാശരി കണക്ക്
		പഴയവർ	പുതിയവർ			
൧൧൦൦	൩൯൫	൧൪,൬൬൨	൧൪,൫൭൬	൧൨·൬൨	൮൦·൧൦	൯൨·൭൨
൧൧൦൧	൩൯൮	൧൭,൨൬൩	൧൬,൩൨൦	൧൨·൬൫	൯൧·൯൪	൧൦൪·൫൯
൧൧൦൨	൭൯൪	൨൬,൧൪൭	൨൮,൮൩൨	൧൯·൯൭	൧൫൦·൬൩	൧൭൦·൬൦
൧൧൦൩	൯൭൮	൩൭,൯൦൭	൩൫,൧൩൦	൨൩·൪൨	൨൨൭·൫൦	൨൫൦·൯൨
൧൧൦൪	൮൭൯	൩൨,൫൯൧	൩൪,൪൯൨	൨൪·൯൧	൧൮൩·൭൯	൨൦൮·൭൦
൧൧൦൫	൪൦൩	൧൨,൬൭൪	൧൫,൮൨൬	൩൨·൩൧	൧൯൦·൭൯	൨൨൩·൧൦

ഇപ്പോൾ ഉള്ള ശയനോപകരണങ്ങൾ.

൪൬

അനുബന്ധം നം. ൮.

൩൫൮-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

മുൻസിഫിന്റെ താഴെയും ശിപായിമാരുടെയും ഡഫേദാരന്മാരുടെയും മുകളിലായും

ജുഡിഷ്യൽ ഡിപ്പാർട്ടുമെന്റിലുള്ള ഉദ്യോഗങ്ങളുടെ സംഖ്യയും അതിൽ
മുഹമ്മദീയർക്കുള്ള എണ്ണവും.

ഡിസ്ട്രിക്ട്	മുൻസിഫിന് താഴെയും ശിപായിമാർക്കും ഡഫേദാർക്കും മുകളിലും ഉള്ള ഉദ്യോഗങ്ങൾ	ഇവയിൽ മുഹമ്മദീയരുടെ എണ്ണം
തിരുവനന്തപുരം	൨൨൬	...
നാഗർകോവിൽ	൧൭൧	൩
കൊല്ലം	൨൫൫	൭
ആലപ്പുഴ	൧൭൭	...
കോട്ടയം	൧൮൦	൩
പറവൂർ	൧൨൯	൧
ഹൈക്കോടതി	൬൯	൪
ആകെ	൧൨൦൭	൧൮

അനുബന്ധം ൩൯.

൩൨൩-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

൧൯൧൦ മുതൽ ൧൯൨൯ വരെ പേച്ചിപ്പാറയിലെ മഴമാനത്തിന്റെ കണക്ക്.

കൊല്ലം.	മഴ.	കൊല്ലം.	മഴ.
൧൯൧൦	൬൭·൯൨	൧൯൨൧	൬൯·൧൨
൧൯൧൧	൫൭·൮൦	൧൯൨൨	൮൮·൫൪
൧൯൧൨	൭൯·൩൦	൧൯൨൩	൧൦൨·൧൨
൧൯൧൩	൮൬·൭൦	൧൯൨൪	൧൧൧·൨൯
൧൯൧൪	൯൪·൬൮	൧൯൨൫	൯൯·൧൭
൧൯൧൫	൯൭·൩൪	൧൯൨൬	൯൧·൬൯
൧൯൧൬	൭൭·൧൭	൧൯൨൭	൭൨·൦൩
൧൯൧൭	൬൮·൭൮	൧൯൨൮	൮൧·൭൧
൧൯൧൮	൭൫·൮൦	൧൯൨൯	൮൮·൧൪
൧൯൧൯	൯൨·൪൯	൧൯൩൦	൭·൮൩
൧൯൨൦	൧൦൦·൪൧		മാർച്ച് അവസാനംവരെ

അനുബന്ധം ൪൦.

൩൩൦-ാം നമ്പർ ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

അക്കൗണ്ടാഫീസിൽ ചെയ്ത നിയമനങ്ങളെ കാണിക്കുന്ന

പട്ടിക.

(എ) സ്ഥിരമായ നിയമനങ്ങൾ.

ബ്രാഹ്മണർ	൨	നായന്മാർ	൧
പകരം നിയമനങ്ങൾ		മറ്റുള്ള ഹിന്ദുക്കൾ	൧
ബ്രാഹ്മണർ	൪	മഹമ്മദീയർ	൧
ഈഴവന്മാർ	൧	റോമൻകത്തോലിക്കർ	൧
കമ്മാളർ	൧	പ്രൊട്ടസ്റ്റന്റു	൧

(ബി) കിട്ടിയിട്ടുള്ള അപേക്ഷകൾ.

മലയാള ബ്രാഹ്മണർ	൧	മുസൽമാന്മാർ	൫
മറ്റുള്ള ബ്രാഹ്മണർ	൩൫	ക്രിസ്ത്യാനികൾ	
ഈഴവർ	൮	പ്രൊട്ടസ്റ്റന്റു	൧൦
കമ്മാളർ	൮	റോമാക്കർ ലാറ്റിൻ	൨
നാടാർ	൫	റോമാക്കർ സിറിയൻ	൩
വെള്ളാളർ	൧൦	സിറിയൻ യാക്കോബായിറ്റ്	൮
നായന്മാർ	൨൭	മാർത്തോമ്മാ	൭
മറ്റുള്ള ഹിന്ദുക്കൾ	൧൩		

(ബി) ടി ഗണത്തിൽ നിന്നുള്ള അപേക്ഷകരിൽ നിന്നും നിയമിക്കപ്പെട്ടവർ.

ബ്രാഹ്മണർ	൨	മറ്റുള്ള ഹിന്ദുക്കൾ	൧
ഈഴവർ	൧	മുഹമ്മദീയർ	൧
കമ്മാളർ	൧	റോമാക്കാർ (ലാറ്റിൻ)	൧
വെള്ളാളർ	൧	പ്രൊട്ടസ്റ്റാന്റു	൧
നായന്മാർ	൧		

അനുബന്ധം ൪൧.

൩൩൩-ാം പ്രശ്നത്തിനുള്ള ഉത്തരം നോക്കുക.

തിരുവിതാംകൂറിലുള്ള ടോളുകളുടെ പട്ടിക.

(൧) ആറന്മുള
(൨) കഴിത്തുറ
(൩) കൃഷ്ണപുരം
(൪) അടൂർ
(൫) കെ. കെ. റോഡിൽ ൧൪-ാമത്തെ മയിൽ
(൬) കെ. കെ. റോഡിൽ ൨൮-ാമത്തെ മയിൽ
(൭) കുട്ടിക്കാനം
(൮) കെ. കെ. റോഡിൽ ൬൦-ാമത്തെ മയിൽ
(൯) ഏറ്റുമാനൂർ
(൧൦) മൂവാറ്റുപുഴ
(൧൧) പെരുമ്പാവൂർ.

തിരുവിതാംകൂർ നമ്പൂതിരി ബിൽ.

അദ്ധ്യക്ഷൻ: നമ്പൂതിരി ബില്ലിനെക്കുറിച്ചുള്ള ആലോചന ഇനിയും തുടരാം. മി: കേശവൻ നമ്പൂതിരിപ്പാട്ടു, നിങ്ങളും മി. ജാതവേദൻ നമ്പൂരിപ്പാട്ടും മി. കുപ്പൻ നമ്പൂരിപ്പാട്ടും തമ്മിൽ പുതിയതായി മി. ജാതവേദൻ നമ്പൂരിപ്പാട്ടു ചെയ്യുന്നതിനെപ്പറ്റി ക്ലാസിനെപ്പററി വല്ല രാജിയും സ്വീകരിച്ചിട്ടുണ്ടോ ?

മി. കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മിസ്); സർ, ഇന്നലെ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാട്ട അവതരിപ്പിച്ച പുതിയ ക്ലാസിനെപ്പററി വലിയ വാദപ്രതിവാദം ഇവിടെ നടക്കുകയുണ്ടായി. അതിനെപ്പററി അനുകൂലമായും പ്രതികൂലമായും പല സാമാജികന്മാരും അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയൊരു പുതിയ ക്ലാസു ചേർക്കുകയാണെങ്കിൽ അവിവാഹിതകളായിരിക്കുന്ന കന്യകമാരുടെ വിവാഹത്തിനു അതൊരു അനുകൂലമായിത്തീരും എന്ന നിലയിൽ അതിനെ അനുകൂലിച്ചവരും, കുടുംബത്തിലെ ഏതൊരാംഗ

ത്തിനും ഒരു സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാനുള്ള സ്വാതന്ത്ര്യത്തെ പ്രദാനം ചെയ്യുന്ന ഈ വകുപ്പ് സ്വീകരിക്കയാണെങ്കിൽ അതു ഇന്നത്തെ മത വിശ്വാസത്തിനും ആചാരത്തിനും പ്രതികൂലമാകും എന്നുള്ളതുകൊണ്ടു അതിനു തയ്യാറില്ലാത്ത ഒരു സമുദായത്തിലെ ഭൂരിപക്ഷത്തിനു ഇങ്ങനെയൊരു വകുപ്പ് ആവശ്യമില്ലാ എന്ന നിലയിൽ പ്രതിഷേധിച്ചു പലരും അഭിപ്രായപ്രകടനം നടത്തുകയുണ്ടായി. ഈ രണ്ടു കൂട്ടരുടേയും അഭിപ്രായത്തിൽ പലതര പരമാർത്ഥമുണ്ട്. ഈ ക്ലാസിന്റെ ഉദ്ദേശം സാധൂകരിക്കുന്നതിനും എന്നാൽ ആചാരത്തിനും മത വിശ്വാസത്തിനും പ്രതിബന്ധമാകാത്ത തരത്തിലും ഒരു പുതിയ ക്ലാസ് ഞാൻ ഇവിടെ ഹാജരാക്കാം.

ഭേദഗതി ഇതാണ്. "ഒരു കന്യകയ്ക്കു പ്രായപൂർത്തിയായിട്ടും കാരണവൻ അവളെ വിവാഹം ചെയ്തു കൊടുക്കുന്നതിൽ ഉപേക്ഷ വിചാരിക്കുന്ന എങ്കിൽ ആ ഇല്ലത്തെ അച്ഛനോ ഉദകപൂർവ്വം ചെയ്യുന്നതിനു അവകാശമുള്ള ഏതു അംഗത്തിനോ അപ്രകാരം വിവാഹം കഴിച്ചു കൊടുക്കാവുന്നതും അയാൾക്കു അതിനു ആവശ്യമുള്ള ചിലവ് കുടുംബത്തിൽ നിന്നും ഈടാക്കാവുന്നതും ആകുന്നു".

കന്യകമാരുടെ സമ്മതത്തെ സംബന്ധിച്ചേടത്തോളം വളരെ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. ഞങ്ങളുടെ സമുദായത്തിലെ സ്ത്രീകളുടെ സമ്മതം വാങ്ങിക്കുക എന്നുള്ളതു അത്ര സാദ്ധ്യവുമല്ല. അതുകൊണ്ടാണ് സമ്മതത്തെ സംബന്ധിച്ചുള്ള വകുപ്പു ഇതിൽ ചേർക്കാത്തതു.

മി: ടി. താണുപിള്ള (തിരുവനന്തപുരം): ഇന്നലെ ഇതിനെ സംബന്ധിച്ച വാദപ്രതിവാദം നടന്നപ്പോൾ സ്ത്രീയുടെ സമ്മതം വാങ്ങിക്കുന്നതിൽ ഒരു വൈഷമ്യവും കാണാത്ത മെമ്പർക്കു ഇന്നു ഈ അഭിപ്രായം എങ്ങിനെയുണ്ടായി?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): ഞങ്ങൾ ചില്ലറപേരും കൂടി ആലോചിച്ചതിന്മേൽ ഇങ്ങിനെ ഒരു ഭാഗം വേണ്ട എന്നു വച്ചതാണ്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): സ്ത്രീയുടെ സമ്മതം ആവശ്യമില്ലെങ്കിൽ ൧൮ വയസ്സു പൂർത്തിയാകണം എന്നു വച്ചിരിക്കുന്നതെന്തിനാണ്?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മിസ്): കഴിയുന്നിടത്തോളം വിവാഹം പ്രായമായ ശേഷം നടത്തുന്നതു കൊള്ളാമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് അങ്ങിനെ ചേർത്തിരിക്കുന്നതു.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ൧൬ വയസ്സു കഴിഞ്ഞാൽ വിവാഹത്തിനു പ്രായമാകയില്ലാ എന്നാണോ പറയുന്നതു?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മി): ൧൬ വയസ്സുവരെ വിവാഹം കഴിച്ചു കൊടുക്കാനുള്ള സ്വാതന്ത്ര്യം കാരണവനുണ്ട്.

മി: മുറിവേലിൽ പാച്ചുപിള്ള (ചേർത്തല): ൧൮ വയസ്സു കഴിഞ്ഞാൽ മാത്രമേ വിവാഹം ചെയ്തു കൊടുക്കാൻ മററുള്ളവർക്കു അധികാരമുള്ളു എന്നാണോ ഈ ഭേദഗതി കൊണ്ടു സാധിക്കേണ്ടതു?

മി: കെ. എൻ. കേശവൻനമ്പൂരിപ്പാട് (ജന്മി): അതെ.

മി: പി. എസ്സ് മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ൧൮ വയസ്സായ കന്യക വിവാഹസമയത്തു തന്നെ വിവാഹം ചെയ്തു കൊടുക്കാൻ പോകയാണെന്നുള്ള സംഗതി അറിയാതെയിരിക്കുമോ?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): അറിയാം.

മി: പി. എസ്സ്. മുഹമ്മദ് (നിയമിക്കപ്പെട്ട സാമാജികൻ): ആ സ്ഥിതിക്കു അവരുടെ സമ്മതമുണ്ടോ ഇല്ലയോ എന്നുകൂടി അറിയേണ്ടതല്ലേ? സമ്മതമില്ലാത്തപക്ഷം അവരുടെ ഹിതത്തിനു വിപരീതമായ ഒരു വിവാഹം നടത്തുന്നതു ശരിയാണോ?

മി. കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): ഞങ്ങളുടെ സമുദായത്തിന്റെ സ്ഥിതിക്കു അതറിയാൻ വളരെ വിഷമമുണ്ട്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഇല്ലത്തിലെ അംഗങ്ങൾക്കു അവരുടെ അഭിപ്രായം ചോദിച്ചറിയാൻ വിഷമമുണ്ടോ?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): അതു പ്രയാസമില്ല. അതുകൊണ്ടു സമ്മതം വാങ്ങിക്കണമെന്നു നിർബന്ധമില്ല. സാധാരണ സ്ത്രീയുടെ സമ്മതത്തോടുകൂടിത്തന്നെയാണ് വിവാഹം കഴിക്കുന്നതു.

മി: ററി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്): സ്ത്രീ തന്നെ ഒരു ഭർത്താവിനെ തിരഞ്ഞെടുക്കരുതോ?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): അങ്ങിനെ ഒരു സമുദായത്തിലുമില്ല.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): വയസ്സായ ആളുകളെക്കൊണ്ടു പെൺകുട്ടികളെ കെട്ടിച്ചുകളയുമെന്നുള്ള ഭയം കൊണ്ടാണ് മി. കുപ്പൻ നമ്പൂതിരി ഇതു സമ്മതിക്കാൻ പാടില്ലാ എന്നു പറഞ്ഞതു. അതുകൊണ്ടാണ് സ്ത്രീയുടെ സമ്മതം കൂടി വാങ്ങിക്കണമെന്നു വച്ചിരിക്കുന്നതു. അതിനാൽ ഈ ഭാഗം ഇരുന്നതുകൊണ്ടു എന്തു തരക്കേടാണുള്ളതു?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട് (ജന്മി): അങ്ങിനെ ചേർക്കുന്നതു കൊണ്ടു വിരോധമുണ്ടായിട്ടല്ല ചേർക്കാതെയിരുന്നതു. നേരെ മറിച്ചു അതിന്റെ ആവശ്യകതയില്ലാത്തതു കൊണ്ടും അതു നടപ്പിൽ വരുത്താനുള്ള വിഷമത കൊണ്ടുമാണ്.

മി. രേവതി നാൾ രാമവർമ്മരാജ (ഇടവക). ഇന്നലെ കൊണ്ടുവന്ന ഭേദഗതി ഇന്നു വോട്ടിനു മാത്രമേ വരികയുള്ളു എന്നു പ്രസിഡന്റവർകൾ പറഞ്ഞതായിട്ടാണ് ധരിച്ചിരുന്നതു. ഇങ്ങനെ പുത്തനായ ഒരു ഭേദഗതികൂടി വരുമെന്നു വിചാരിച്ചിരുന്നില്ല.

അദ്ധ്യക്ഷൻ. നിങ്ങൾ പറയുന്നതു അത്ര ശരിയല്ല. ഇന്നലെ പറഞ്ഞതു അതല്ല. ഇന്നലെ യോഗം തീർന്നപ്പോൾ ഞാൻ പറഞ്ഞതു എന്തെന്നാൽ ഇതിനു വോട്ടിനിടണമെന്നാണെങ്കിൽ അങ്ങിനെ ചെയ്യണമെന്നാണ്. എന്നാൽ രണ്ടു വശത്തും ഉള്ള നമ്പൂതിരി അംഗങ്ങൾ തമ്മിൽ സമ്മതിച്ചു ഒരു രാജിയുണ്ടാകണമെന്നും അതുകൊണ്ടു അതുവരെ താമസിക്കണമെന്നും അഭിപ്രായപ്പെട്ടു. അതു അങ്ങിനെ നിൽക്കുമ്പോൾ വോട്ടിനിടണമെന്നുള്ളതു മാത്രമല്ല.

മി: സി. എൻ. ഇപ്പൻ നമ്പൂരിപ്പാട് (സംയുക്തൻ) ഇന്ന മി. കേശവൻ നമ്പൂതിരിപ്പാട് കൊണ്ടുവന്നിട്ടുള്ള ഭേദഗതിയോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതിനെപ്പററി വീണ്ടും ഞങ്ങൾ ആലോചിച്ചതിന്റെ ശേഷമാണ് ഈ ഭേദഗതി ഇവിടെ ഹാജരാക്കിട്ടുള്ളത്. പെൺകിടാങ്ങളെ എന്തു വയസ്സിനുമുമ്പു, അല്ലെങ്കിൽ ഒരു ക്ലിപ്തകാലത്തിനകം വിവാഹം ചെയ്തുകൊടുക്കണമെന്നുള്ള വിചാരം ഞങ്ങളുടെ സമുദായത്തിൽ തന്നെയുണ്ട്. എന്നാൽ ഇവിടെ ആലോചിക്കാനുള്ളത് അതിനു വിഘാതം വരാതിരിക്കുന്നതിനും, സമുദായത്തിൽ ഇന്നു നടപ്പിലിരിക്കുന്ന സമുദായാചാരങ്ങൾക്കു ഹാനി തട്ടാതിരിക്കുന്നതിനും ഉള്ള മാർഗ്ഗങ്ങളെപ്പററിയാണ്. അതിലേക്ക് എന്താണു മാർഗ്ഗം എന്നാലോചിച്ചാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടു ഈ ഭേദഗതിയെ എല്ലാവരും അനുകൂലിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അന്തർജ്ജനങ്ങളുടെ അനുവാദം വാങ്ങിക്കുന്നതു പ്രയാസമാണെന്നോ?

മി: സി. എൻ. ഇപ്പൻനമ്പൂരിപ്പാട് (സംയുക്തൻ): സമ്മതം വാങ്ങിക്കണമെന്നു ബില്ലിൽ ചേർത്താൽ തന്നെയും അതുകൊണ്ടു പ്രയോജനമില്ല. രേഖാമൂലമായ അനുവാദം വാങ്ങിക്ക എന്നുള്ളത് അസാദ്ധ്യമാണല്ലോ പിന്നെ വാക്കാൽ വേണം സ്ത്രീകളുടെ സമ്മതം വാങ്ങിക്കാൻ. സ്ത്രീകൾക്കു സാധാരണ ഭർത്താവിനെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടു. എന്നാൽ ഞങ്ങളുടെ സമുദായത്തിൽ ഇന്നു നടപ്പിലിരിക്കുന്ന ആചാരം നിലനിൽക്കുന്നിടത്തോളം കാലം അതിനു നിവൃത്തിയില്ല. സാമുദായികാചാരങ്ങളെ മാററാനുള്ള അധികാരം ഞങ്ങൾക്കില്ല. അതിലേക്കു മതകർത്താക്കൾ വേറെയുണ്ട്. നായർ അനുകൂലിക്കുന്നപക്ഷം ഞങ്ങൾക്കു യാതൊരു വിരോധവുമില്ല. ഞങ്ങളുടെ വിവാഹത്തിനു തന്നെ അവരും മററും വന്നില്ലെങ്കിൽ വിവാഹം മുടക്കുകയില്ല. കൂടാതെ "എന്റെ സമ്മതമില്ലാതെയാണു വിവാഹം നടത്തിയത്", അതുകൊണ്ടു ഈ ഭർത്താവു ആവശ്യമില്ലെന്നു ഇതുവരെ ഒരു നമ്പൂതിരിസ്ത്രീയും കേസു കൊടുത്തതായിട്ടുമില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സ്ത്രീക്കു വിരോധമില്ലെങ്കിൽ വിവാഹക്രിയ നടത്താൻ ആ സ്ത്രീ വരുമോ?

മി: സി. എൻ. ഇപ്പൻ നമ്പൂരിപ്പാട് (സംയുക്തൻ): സ്ത്രീക്ക് ഇഷ്ടമില്ലെങ്കിൽ ആ വിവാഹം നടക്കയില്ല, സ്ത്രീ വിവാഹത്തിനു തയ്യാറായിവരുന്നതുതന്നെ സമ്മതത്തെ കാണിക്കുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹത്തിനു ഹാജരാകുന്ന ദൃക്ക ഈടാകുന്നതു വിവാഹത്തിനുമുമ്പോ അതിനുശേഷമോ?

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തൻ): അതിനുമുമ്പും ആകാം; പിൻപും ആകാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു എങ്ങനെ വ്യക്തപ്പെടുത്താം?

മി: സി. എൻ. ഇപ്പൻനമ്പൂരിപ്പാട് (സംയുക്തൻ): മുമ്പിൽ തന്നെ വേണമെന്നുണ്ടായിരുന്നാൽ അങ്ങിനെയും ആകാം. അതു വ്യക്തപ്പെടുത്തേണ്ടതാണ്.

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ) നമ്പൂതിരികന്യകമാരുടെ വിവാഹത്തിന് അവരുടെ സമ്മതം വാങ്ങിക്കയെന്നുള്ളത് അസാദ്ധ്യമാണ്. നമ്പൂതിരികന്യകകൾ വിവാഹത്തിനു മുമ്പു വരനേ കാണുകതന്നെ വയ്യാ. വരനായി നിശ്ചയിച്ചിരിക്കുന്ന പുരുഷന്റെ ആകൃതിയോ സൌന്ദര്യമോ യാതൊന്നും അറിയാൻ നിവൃത്തിയില്ലാത്ത സന്ദർഭത്തിൽ സ്ത്രീയുടെ സമ്മതം വാങ്ങിക്കയെന്നുള്ളതു വെറും പ്രയാസവും അർത്ഥമില്ലാത്തതുമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം). ആ സ്ഥിതിക്കു വിവാഹം ചെയ്യണമെന്നു ആഗ്രഹമില്ലാത്ത സ്ത്രീകളെപോലും നിർബന്ധിച്ചു വിവാഹം ചെയ്യിച്ചു കളയുമല്ലോ.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട് (സംയുക്തൻ): അച്ഛൻ, സഹോദരൻ ഇങ്ങിനെ ഉദകപൂർവം ചെയ്യാൻ അധികാരമുള്ളവർ ആലോചിച്ചു നിശ്ചയിക്കുന്ന പുരുഷൻ നല്ലതല്ലാതെ കണ്ടുവരികയില്ല എന്നുള്ള വിശ്വാസത്തോടുകൂടി കന്യക സമ്മതിക്കുന്നതാണ് ഇപ്പോൾ ഉള്ള നടപ്പ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹം വേണ്ടാ എന്നു ഒരു സ്ത്രീ നിശ്ചയിച്ചു. കാരണവൻ അതു സമ്മതിക്കയും ചെയ്തു, ആ സന്ദർഭത്തിൽ ഇല്ലത്തിലുള്ള മററുള്ളവർക്ക് ആ സ്ത്രീയെ നിർബന്ധിച്ചു വിവാഹം ചെയ്യിക്കരുതോ?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): അങ്ങിനെ വിവാഹം ചെയ്യണോ എന്നുള്ള വിചാരം നമ്പൂതിരി സമുദായത്തിലെ സ്ത്രീകൾക്കുള്ളതായി ഇതുവരെ കേട്ടിട്ടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്പ്യൂട്ടി അദ്ധ്യക്ഷൻ): വിവാഹകർമ്മത്തിനു കന്യകസംബന്ധിക്ക എന്നൊരു ഏർപ്പാടുണ്ടോ?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): കർമ്മം ചെയ്യാൻ കന്യകവേണമല്ലോ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്പ്യൂട്ടി അദ്ധ്യക്ഷൻ): കന്യക വിവാഹകർമ്മത്തിനു സംബന്ധിക്കയാണെങ്കിൽ ആ വിവാഹം ആ കന്യക സമ്മതിച്ചു എന്നല്ലേ വിചാരിക്കേണ്ടത്?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): അങ്ങിനെവേണം വിചാരിക്കാൻ.

ഡെപ്യൂട്ടി പ്രസിഡന്റ്: റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ അപ്പോൾ കന്യകക്കു സമ്മതമില്ലെങ്കിൽ ആ വിവാഹത്തിൽ സംബന്ധിക്കാതെയിരുന്നാൽ പോരേ?

മി. വി. എൻ. ജാതവേദൻനമ്പൂരിപ്പാട് (സംയുക്തൻ): സ്ത്രീക്കു സമ്മതമില്ലെങ്കിൽ ആ വിവാഹം ഒരിക്കലും നടത്താൻ സാധിക്കയില്ല, അതുകൊണ്ടു സ്ത്രീ വിവാഹകർമ്മത്തിൽ സംബന്ധിച്ചു കഴിഞ്ഞാൽ സമ്മതമുണ്ടെന്നു വേണം വിചാരിക്കാൻ.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): സ്ത്രീയുടെ സമ്മതംകൂടി ചേർക്കണമെന്നു ബില്ലിൽ ഇരിക്കുന്നതുകൊണ്ട് എന്തുദോഷമാണുള്ളത്?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (സംയുക്തൻ): ആ പദം കൊണ്ടു പ്രയോജനമില്ല. അതുകൊണ്ടു പ്രയോജനമില്ലാത്ത ഒരു പദം ചേർക്കേണ്ട ആവശ്യമില്ല.

മി: സി. എൻ. ഇട്ടൻനമ്പൂരിപ്പാട്ട് (സംയുക്തൻ): കന്യക വിവാഹം ചെയ്യുന്ന ദിവസമോ അല്ലെങ്കിൽ വിവാഹത്തിനു കുറെ മുമ്പേയോ വ്രതം അനുഷ്ഠിക്ക എന്നു് ഒന്നില്ലേ?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട്ട് (സംയുക്തൻ): ഉണ്ട്.

മി: സി. എൻ. ഇട്ടൻനമ്പൂരിപ്പാട്ട് (സംയുക്തൻ): അതു കന്യകയുടെ സമ്മതത്തെ തെളിയിക്കുന്നില്ലേ?

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട്ട് (സംയുക്തൻ): അതേ.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) മി. ഇട്ടൻനമ്പൂരിപ്പാട്ട് പറയുന്ന ൧൦ വയസ്സായ കുട്ടിയും വിവാഹസമയത്ത് അനുഷ്ഠിക്കണോ?

മി. വി. എൻ. ജാതവേദൻനമ്പൂരിപ്പാട്ട് (സംയുക്തൻ): വേണം.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): വിവാഹത്തിനു എല്ലാം വട്ടം കൂട്ടി കന്യകയെ വിളിച്ചാൽ ആ കന്യകയ്ക്കു അതിൽ പങ്കുകൊള്ളാതിരിക്കാൻ സാധിക്കുമോ?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (സംയുക്തൻ): സമ്മതമില്ലെങ്കിൽ വരാതെയിരിക്കാം.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്ട്): ൧൮ വയസ്സായ സ്ത്രീയെ ൩൦ വയസിൽ കവിയാത്ത ഒരു പുരുഷനെ കൊണ്ടേ വിവാഹം കഴിപ്പിക്കാവൂ എന്നു ഒരു നിർബന്ധം വയ്ക്കുന്നതിൽ വിരോധമുണ്ടോ?

മി: വി. ജാതവേദൻനമ്പൂരിപ്പാട്ട് (സംയുക്തൻ): ഇത്ര വയസ്സായ ഒരു പുരുഷനെക്കൊണ്ടേ വിവാഹം കഴിപ്പിക്കാവൂ എന്നു ഖണ്ഡിക്കാൻ സാധിക്കയില്ല.

അദ്ധ്യക്ഷൻ. ഭേദഗതിയുടെ രൂപം നിങ്ങളുടെ പക്കൽ ഉണ്ടോ? മി. പരമേശ്വരൻപിള്ളേ?

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽഹെഡ് സർക്കാർ വക്കീൽ): ഞാൻ അതു് വായിച്ചുകേട്ടതേ ഉള്ളു.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട് (ജന്മി): ഞാൻ എന്റെ ഭേദഗതി വായിച്ചുകേൾപ്പിക്കാം. അതു് ഇങ്ങനെ ആകുന്നു.

"ഒരു കന്യകക്ക് ൧൮ വയസ്സായിട്ടും കാരണവൻ അവളെ വിവാഹം ചെയ്തു കൊടുക്കുന്നതിൽ ഉപേക്ഷ വിചാരിക്കുന്നു എങ്കിൽ അവളുടെ അച്ഛനോ ഉദകപൂർവം ചെയ്യുന്നതിനു് അവകാശമുള്ള ഏതു് അംഗത്തിനോ അവളെ വിവാഹംകഴിച്ചു കൊടുക്കാവുന്നതും അയാൾക്കു് അതിനു ആവശ്യമുള്ള ചിലവുകുടുംബത്തിൽ നിന്നും ഈടാക്കാവുന്നതും ആകുന്നു."

മി: വി. ജെ. ഉമ്മൻ (കച്ചവടം-വടക്ക്): അവളുടെ സമ്മതത്തോടുകൂടി എന്നു കൂടി ചേർക്കുന്നതിൽ വിരോധമുണ്ടോ?

അദ്ധ്യക്ഷൻ: അതായിരുന്നു ഇതുവരെ തർക്കിച്ചുകൊണ്ടിരുന്നതു്.

മി. രേവതിനാൾ രാമവർമ്മരാജാ (ഇടവക): നമ്പൂതിരികന്യകമാരെ വൃദ്ധന്മാരെക്കൊണ്ടു് വിവാഹം ചെയ്യിച്ചു കളഞ്ഞാലോ എന്നു ഭയന്നാണ് അവളുടെ സമ്മതത്തോടുകൂടി എന്നുകൂടി ചേർക്കണമെന്നു വിചാരിച്ചതു്. അവർതന്നെ അതു് വേണ്ട എന്നു പറയുന്നു. ആ സ്ഥിതിക്കു അതിനെ വിട്ടാലും തരക്കേടില്ല.

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങനെ അവളുടെ സമ്മതത്തോടുകൂടി എന്നുകൂടി ചേർക്കാതെയിരുന്നാൽ വലിയ അപകടം ഉണ്ടെന്നാണ് എനിക്കു തോന്നുന്നതു്. വിവാഹം എന്നു പറയുന്നതു് ഒരു ആളിന്റെ ജീവിതത്തെ മുഴുവൻ ബാധിക്കുന്ന ഒരു കാര്യമാണ്. ഇവിടെ ഈ വകുപ്പുകൊണ്ടു് അധികാരം ഇല്ലാത്ത ഒരാളെ നാം അധികാരപ്പെടുത്തുകയാണ് ചെയ്യുന്നതു്.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സ്ത്രീയ്ക്കു സമ്മതം ഇല്ലാതെ വിവാഹം നടക്കയില്ലല്ലോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): ആ സ്ഥിതിയ്ക്കു സമ്മതംകൂടി വേണം എന്നു ചേർക്കുന്നതുകൊണ്ടു് എന്താണ് ദോഷമുള്ളതു്? അതുകൊണ്ടു് ആ സമുദായത്തിലെ പ്രതിനിധികൾ തന്നെ ഇതിനെപ്പറ്റി ഒന്നുകൂടി ആലോചിക്കണമെന്നാണ് എനിക്കു് പറയുവാനുള്ളതു്.

കെ. എൻ. കേശവൻനമ്പൂതിരിപ്പാട്ട് (ജന്മി): ഈ ഭേദഗതിയനുസരിച്ചും അധികാരമില്ലാത്തയാളിനെയല്ലാ അധികാരപ്പെടുത്തുന്നതെന്നറിയാമോ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): അതു ചെയ്യിക്കാനുള്ള അധികാരം കാരണവനാണുള്ളതു് എന്നാണ് ഞാൻ ഊഹിക്കുന്നതു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): സ്ത്രീകളുടെ അനുവാദം വാങ്ങി വിവാഹം നടത്തുക എന്നൊരു പതിവു ഇപ്പോൾ നമ്പൂതിരി സമുദായത്തിൽ ഇല്ലാ എന്നറിയാമോ?

മി: എ. എസ് ദാമോദരൻആശാൻ(മാവേലിക്കര-കാർത്തികപ്പള്ളി): നിയമപ്രകാരം സമ്മതം വാങ്ങിക്കുന്നുവെങ്കിൽ അതിലേക്കു റിക്കാർഡും നാലഞ്ചുസാക്ഷികളുമൊക്കെവേണ്ടേ?

മി: ഏ. താണുപിള്ള (തിരുവനന്തപുരം): സമ്മതം വാങ്ങിക്കാൻ സാക്ഷികളൊന്നുംവേണ്ട.

മി. വി. ചെല്ലംപിള്ള (തോവാള): സമ്മതം വാങ്ങിക്കണമെന്നുവച്ചാൽതന്നെയും സ്ത്രീയുടെ സമ്മതംവാങ്ങിക്കാതെ വിവാഹം കഴിച്ചുകൊടുക്കാൻ ശ്രമിച്ചാൽ അതിനു എന്താണ് നിവൃത്തി?

മി ഏ. താണുപിള്ള (തിരുവനന്തപുരം) വിവാഹത്തിനു വേണ്ട ചടങ്ങുകൾ എല്ലാം ഒ.ാക്കി സ്ത്രീയെ നിർബന്ധിച്ചാൽ നിവൃത്തി ഒന്നുമില്ല.

മി: വി. ചെല്ലംപിള്ള (തോവാള) സമ്മതം വാക്കാകൊണ്ടുമതിയോ?

മി ഏ. താണുപിള്ള (തിരുവനന്തപുരം); സമ്മതം വേണോ വേണ്ടയോ എന്നുള്ളതു തീ.ച്ചപ്പെടുത്തിയിട്ടു വേണം ആ കാര്യം ആലോചിക്കാൻ.

മി: വി. ചെല്ലംപിള്ള (തോവാള): ഒരു സ്ത്രീക്കു വിവാഹത്തിനു സമ്മതമില്ല. മററുള്ളവരെല്ലാം നിർബന്ധിച്ചു വിവാഹം നടത്തുന്നു. അതിനു എന്താണ് നിവൃത്തി?

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്ത്രീയെ നിർബന്ധിച്ചു ആ സ്ത്രീയുടെ സമ്മതമില്ലാതെ നടത്തുന്ന പക്ഷം അതു വിവാഹമാകയില്ല. അതുകൊണ്ടു സ്ത്രീയുടെ സമ്മതത്തോടുകൂടിയേ വിവാഹം നടത്താൻ പാടുള്ളു.

മി: എ. ജി. മേനോൻ (പറവൂർ): എന്റെ സ്നേഹിതൻ മി. താണുപിള്ള പറഞ്ഞതു അനുസരിച്ചു ഇപ്രകാരം ഒരു നിയമമുണ്ടാകുന്നതായാൽ ഒരു സ്ത്രീ ഏതു ജാതിയിലുള്ളതായാലും അവർക്കു സമ്മതം കൊടുക്കാതിരിക്കാം. അവർക്കു പ്രത്യേകമായി വിവാഹം ചെയ്യുന്നതിനു ഇങ്ങനെ ഒരു വ്യവസ്ഥ ചെയ്യുന്നതു? സമ്മതം ആവശ്യമാണെന്നു പറയുമ്പോൾ മററുള്ള സമുദായങ്ങളിലെ പ്രായപൂർത്തിവന്ന സ്ത്രീകളിൽ താഴ്ന്നതായ ഒരു സ്ഥാനം അവർക്കു കൊടുക്കുകയല്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ ഏർപ്പാടിനെപ്പററി പറയുന്നു. "അവരുടെ അച്ഛനോ ഉദകപൂർവം കഴിക്കുന്നതിന് അവകാശമുള്ള ആൾ അംഗീകരിച്ച് അവരെ വിവാഹം കഴിച്ചുകൊടുക്കാവുന്നതും അതിന് ആവശ്യമുള്ള ചിലവു കുടുംബത്തിൽ നിന്നും ഈടാക്കാവുന്നതും ആകുന്നു" മി. എ. ജി. മേനോൻ വ്യാഖ്യാനിച്ചതുപോലെ മാത്രമല്ല അതിനെ വ്യാഖ്യാനിക്കാവുന്നതു.

മി: എസ്. പി. പത്മനാഭപിള്ള (കല്ക്കുളം-തോവാള): സമ്മതത്തിനെക്കുറിച്ച് നായർ റഗുലേഷനിൽ ഇതുപോലെയുള്ള വല്ല വ്യവസ്ഥയും ഉണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിന് ആവശ്യമില്ല.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): നായർ റഗുലേഷൻ അനുസരിച്ചു പെൺകുട്ടികൾക്കു മൈനരായിരുന്നകാലത്തു നടത്തുന്ന വിവാഹം മേജരായശേഷം നിഷേധിക്കാൻ അധികാരമില്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സംശയമാണ്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): സ്ത്രീകൾ മേജരായശേഷമാണ് വിവാഹം നടത്തുന്നതു എന്നുള്ളതുകൊണ്ട് പിന്നീട് അതു നിഷേധിക്കാൻ നിവൃത്തിയില്ലാത്തതിനാൽ സ്ത്രീയുടെ സമ്മതം വാങ്ങിയിരിക്കേണ്ടതാവശ്യമല്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതാണ് ഞാൻ ഇതുവരെ പറഞ്ഞതു.

മി: എ. ജി. മേനോൻ (പറവൂർ): മേജരായശേഷമാണ് അവരുടെ സമ്മതം ആവശ്യമാണെന്നു പറഞ്ഞാൽ മററുള്ള സമുദായങ്ങളെ അപേക്ഷിച്ചു ഒരു താഴ്ന്ന സ്ഥാനം അവർക്കു കൊടുക്കുക ആകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്തിനാണു ഇതു കോടതിക്കു വിട്ടുകൊടുക്കുന്നതു, നിയമം തന്നെ ഉണ്ടാക്കുകയല്ലേ നല്ലതു.

അതിനാൽ സ്ത്രീയുടെ സമ്മതത്തോടുകൂടി എന്നില്ലാതിരുന്നാൽ തന്നെയും സമ്മതത്തോടുകൂടി മാത്രമേ വിവാഹം നടക്കയുള്ളു എന്നു നംപൂതിരി മെംബർമാർ തന്നെ അഭിപ്രായപ്പെടുന്ന സ്ഥിതിക്കു ആ പദം കൂടി ഇതിൽ ചേർക്കുന്നതിൽ അവർക്കു എന്തു വൈഷമ്യമാണുള്ളതെന്നു മനസ്സിലാകുന്നില്ല. അതുകൊണ്ടു സ്ത്രീയുടെ സമ്മതംകൂടി വാങ്ങിക്കണമെന്നുകൂടി ചേർക്കണമെന്നാണ് എന്റെ അഭിപ്രായം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): എല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു ഭേദഗതിയാണ് ഇപ്പോൾ ആലോചനയ്ക്കെടുത്തിട്ടുള്ളതു.

മി: കെ. മാധവൻ പിള്ള (നെയ്യാററിൻകര-തിരുവനന്തപുരം): അദ്ധ്യക്ഷൻ മലയാളത്തിൽ സംസാരിക്കണമെന്നു പറഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): അങ്ങുന്നു സമ്മതിക്കുന്നെങ്കിൽ ഞാൻ മലയാളത്തിൽ സംസാരിക്കാം. നമ്മുടെ നംപൂതിരി സ്നേഹിതൻമാർക്കു മനസ്സിലാകുമല്ലോ?

അദ്ധ്യക്ഷൻ: നിങ്ങൾക്കു മലയാളത്തിൽ സംസാരിക്കാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ഈ വിഷയത്തെ സംബന്ധിച്ചു ഇന്നലെ വളരെ വാദപ്രതിവാദം നടക്കയും അവസാനത്തിൽ രണ്ടു കക്ഷികളും യോജിച്ചു തർക്കവിഷയത്തിനു പ്രത്യേകമായ ഒരു മാററം ചെയ്തു കൗൺസിലിൽ ഹാജരാക്കുകയുമാണ് ചെയ്തിട്ടുള്ളതു. തർക്കവിഷയമായ സംഗതിയെപ്പററി ഇന്നലെ ഓരോ കക്ഷികളും എന്തെല്ലാം അഭിപ്രായങ്ങൾ പറഞ്ഞിരുന്നാലും തമ്മിലുള്ള സമാധാനരക്ഷയെ വിചാരിച്ചും പൊതുവെ സമുദായത്തിനു വരാവുന്ന ആപത്തിനെ തടുക്കുന്നതിനും ആയി യോജിച്ചുവന്നിട്ടുള്ള ഒരു ഭേദഗതിയാണ് ഈ സഭാമുമ്പാകെയിരിക്കുന്നതു എന്നു നാം പ്രത്യേകം ഓർക്കേണ്ടതാണ്. എന്നാൽ ഒരു കക്ഷി സമ്മതിച്ചു. ആ സമ്മതം അബദ്ധമാണ്; അതു നിമിത്തം സമുദായത്തിൽ വലിയ ആപത്തു വരാവുന്നതാണ് എന്നുള്ള അവസരത്തിൽ അതിനെ തടുക്കേണ്ട മാർഗ്ഗം നിയമം മൂലമായിട്ടു അത്യാവശ്യമാണ്. അവരവരുടെ കഴുത്തു കണ്ടിക്കുന്നതിനു അവരവർക്കു സ്വാതന്ത്ര്യമുണ്ടെങ്കിലും അതു പാടില്ലെന്നു നിർബന്ധമായി നിയമം തടുക്കുന്നുണ്ട്. അതുപോലെ ചില അവസരങ്ങളിൽ സ്വാതന്ത്ര്യം കൊണ്ടു അവനവൻ വരുത്തിക്കൂട്ടുന്ന ആപത്തിൽ നിന്നു രക്ഷിക്കേണ്ടതും അത്യാവശ്യമാണ് എന്ന ഭാഗം ഞാൻ സമ്മതിക്കാൻ തയ്യാറാണ്. അത്ര വലുതായ ഒരാപത്താണോ ഈ ഭേദഗതിയെ സ്വീകരിക്കുന്നതുകൊണ്ടു നംപൂതിരി സമുദായത്തിനുണ്ടാകാൻ പോകുന്നതു? പൊതുവെ ഇന്നയിന്ന വിധത്തിൽ വിവാഹം നടത്തപ്പെടണമെന്നൊക്കെയുണ്ട്. അതിന്റെ യോഗ്യതയോഗ്യതകളെ നമുക്കു ചിന്തിക്കേണ്ട ആവശ്യമില്ല. ഓരോരുത്തരുടേയും മനഃസ്ഥിതിപോലെ അതിൽ ഭേദഗതികൾ ചെയ്തു പോരുന്നുമുണ്ട്. ഏറ്റ വയസ്സുകഴിഞ്ഞതിൽ പിന്നീടു നടക്കുന്ന ഒരു വിവാഹം ആ കന്യകയുടെ സമ്മതം കൂടാതെ നടത്തുകയാകുന്നു ആദ്യമായിട്ടു സങ്കല്പിക്കണമെന്നാണ് എന്റെ സ്നേഹിതന്മാർ പറയുന്നതു. നംപൂതിരി സമുദായത്തിലെ ഒരു കന്യക—ഏറ്റ വയസ്സായാലും, അല്ലെങ്കിൽ വളരെ വയസ്സായാലും ബി. എ. പാസ്സായിരുന്നാലും (അങ്ങിനെ വരുന്നുണ്ടോ എന്നു വിചാരിക്കേണ്ടാ) പതി

ഷ്കാരകാലം അടുത്തിരിക്കയാണ്. അവരും ബി. എ. പാസ്സാകും,) ബി. എൽ. പാസ്സായി സന്നതും എടുത്തു പ്രാചീനമായ തടസ്ഥങ്ങളൊക്കെ അവഗണിച്ചു കോടതിയിൽ വ്യവഹരിച്ചു വന്നാലും, ആ സ്ത്രീയും മാതാപിതാക്കന്മാരുടെ ഇഷ്ടമനുസരിച്ചു വിവാഹം നടത്തുകയാണോ. അങ്ങിനെയുള്ള ഒരു സ്ത്രീയും വിവാഹത്തിൽ അന്തർഭവിച്ചിരിക്കുന്ന തടസ്ഥങ്ങളെ അറിയാതെ ചെയ്തതാണെന്നു വിചാരിക്കയും ആ സ്ത്രീയുടെയും സമ്മതം രേഖപ്പെടുത്തി വാങ്ങിക്കണമെന്നു പറയുകയും ചെയ്യുന്നതിന്റെ അർത്ഥമെന്താണ്? ചില സമുദായക്കാരുടെയിടയിൽ വിവാഹം ഒരു സിവിൽ കാൺട്രാക്ടാണ്. അതായത് ആവശ്യംപോലെ ഇരുകക്ഷികളുടേയും സമ്മതപ്രകാരം അവസാനിപ്പിക്കാവുന്ന ഒരു സിവിൽ കാൺട്രാക്ടാണ് വിവാഹം,

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്): നംപൂതിരി സമുദായത്തിലെ സ്ത്രീകൾ ബി. എ-യും, ബി. എല്ലും പാസ്സാകുന്നകാലത്തു വിവാഹം സിവിൽ കാൺട്രാക്ടായിട്ടു തീരാൻ പാടില്ലെന്നുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ(ഡിപ്യൂട്ടി അദ്ധ്യക്ഷൻനിയമിക്കപ്പെട്ടസാമാജികൻ): നമുക്കു മാത്രമേ വിദ്യാഭ്യാസം കൊണ്ടു നമ്മുടെ മനസ്ഥിതി അറിയാൻ ശക്തിയുള്ളു; നംപൂതിരി സമുദായത്തിലെ സ്ത്രീകൾക്കു വിദ്യാഭ്യാസം ഉണ്ടായിരുന്നാലും അവരുടെ മനസ്ഥിതി അവർക്കറിഞ്ഞുകൂടാ എന്നു നടിക്കുന്നതു പുരുഷസഹജമായിട്ടു തോന്നാവുന്ന ഒരു അഹംഭാവബുദ്ധിയുടെ ലക്ഷണമാണെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. (ചിരി.) ഇതു ഭരണാധികാരിയിലോ മറ്റോ ചെന്നു വാങ്ങിക്കാവുന്ന ഒരു കാര്യമല്ല.

മി: എസ്. പിറവിപ്പെരുമാൾ പിള്ള (വാണിജ്യവും-വ്യവസായവും-തൊഴിൽ): ഇവർക്കു മാത്രമാണോ അല്ല അവരുടെ രക്ഷിതാക്കൾക്കു കൂടിയാണോ ഈ നിയമം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് ഞാൻ ചോദിക്കട്ടെയോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ നിയമിക്കപ്പെട്ട സാമാജികൻ): ഞാൻ സാമാജികനോട് ഇംഗ്ലീഷിൽ ഉത്തരം പറയാം. പ്രായപൂർത്തിവന്ന ഒരു സ്ത്രീയുമായിട്ടുള്ള ഒരു ഇടപാടിൽ നിന്നു സാധാരണ മനസ്സിലാക്കേണ്ടതു് അവർ അതിന് അവളുടെ സമ്മതം കൊടുത്തു എന്നാകുന്നു. പെൺകുട്ടി ഒരു മൈനർ ആയിരിക്കുമ്പോൾ മാത്രമേ അവളുടെ വിവാഹത്തിന് രക്ഷാകർത്താവിന്റെ സമ്മതം വേണമെന്നു നാം നിർബന്ധിക്കുന്നുള്ളു. ഈ ഏർപ്പാടിലും അവർക്കു പ്രായപൂർത്തി വരുമ്പോൾ വിവാഹത്തിൽ നിന്നു ഒഴിയുന്നതിനുള്ള അവകാശം ഉണ്ടെന്ന് വിശേഷിച്ചു പറയേണ്ടല്ലോ. എന്നാൽ വിവാഹം ഒരു ലൗകിക കരാറു മാത്രമായി, കരുതുന്ന സമുദായങ്ങളിലെ ഈ മാതിരി തൃപ്തികരമായ ഏർപ്പാടായി വിചാരിച്ചിട്ടുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ബില്ലിൽ ഇങ്ങിനെ ഒരു പുതിയ ഭാഗം ചേർക്കേണ്ട ആവശ്യമുള്ളതായി അദ്ദേഹം വിചാരിക്കുന്നോ എന്ന് ഡിപ്യൂട്ടി അദ്ധ്യക്ഷനിൽ നിന്നും അറിഞ്ഞാൽ കൊള്ളാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ നിയമിക്കപ്പെട്ട സാമാജികൻ): പല പെൺകുട്ടികളെയും സമയത്തിന് വിവാഹം ചെയ്തു കൊടുക്കാത്തതിനാലാണ് വാസ്തവത്തിൽ പ്രയാസം വന്നുകൂടുന്നത്; എന്തുകൊണ്ടെന്നാൽ ഇല്ലം വകസ്വത്ത് യാതൊരു ഭയവുമില്ലാത്ത ഒരു കാരണവന്റെ കയ്യിലായിരിക്കാം. അതിനാൽ പെൺകുട്ടിയുടെ സന്മാർഗ്ഗികമായും സാമ്പത്തികമായും ഉള്ള ജീവിതത്തിൽ താല്പര്യമുള്ള ഇല്ലത്തിലെ അംഗങ്ങൾക്ക് അവർ ഇല്ലത്തിലെ പ്രതിനിധികളല്ലെങ്കിലും അവളുടെ വിവാഹം കഴിക്കുന്നതിനും അവരുടെ ആ പ്രവൃത്തി കൂടാതെ ബാധിക്കുന്നതായും ഇരിക്കുന്നതിന് ഒരു വ്യവസ്ഥ ചെയ്യേണ്ടതു ഈ സാധ്യതയ്ക്ക് ന്യായമായ പരിഹാരം മാത്രമായിരിക്കും. സമുദായത്തിന്റെ പൊതുവെയുള്ള നന്മക്ക് ഏകവിവാഹത്വം സ്ത്രീകൾക്ക് മാത്രമുള്ള ഒരു ആദർശമാണെന്ന് എന്റെ സ്നേഹിതൻ വിചാരിക്കുന്നോ? അങ്ങിനെയുള്ള ഒരു അഭിപ്രായം പുറപ്പെടുവിക്കുന്നതു പ്രകൃതിവിരോധമായിരിക്കുന്നതാണ്.

മി: മാത്യുമുറിക്കൻ (വൈക്കം): നംപൂരി വനിതകളുടെ പ്രധാനകാര്യങ്ങളെല്ലാം ഈ വകുപ്പുകൊണ്ടു രക്ഷിക്കപ്പെടുമെന്ന് ഡിപ്യൂട്ടി അദ്ധ്യക്ഷൻ വിചാരിക്കുന്നോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ നിയമിക്കപ്പെട്ട സാമാജികൻ): വ്യത്യാസങ്ങൾ ഉണ്ടായേക്കാം. മറ്റുള്ള സമുദായങ്ങളിലെന്നപോലെ നമ്പൂരിസമുദായങ്ങളിലും ഉത്കൃഷ്ടമായ വിവാഹം നടന്നേക്കാം. ഏതെങ്കിലും ഒരാളുടെ മരണംവരെ എന്നെന്നേക്കും നിലനിൽക്കത്തക്കവിധം ഉള്ള അനുഗ്രഹിക്കപ്പെട്ട ഒരു ബന്ധമായിട്ടു വിവാഹമിരിക്കണമെന്നുള്ള സംഗതിയെ ആരും നിഷേധിക്കുന്നില്ല. എന്നാൽ രണ്ടു കൂട്ടരും വിവാഹത്തിനു സമ്മതിക്കുകയും വിവാഹത്തിന്റെ ചടങ്ങുകൾ നടത്തുകയും ചെയ്യുമ്പോൾ വന്നുകൂടുന്ന ഒരു വിചാരമാകുന്നു ഇത്. സബ്‌രജിസ്ത്രാരുടെ ആഫീസിൽ ചെല്ലുകയും കക്ഷികൾ അവരുടെ ഒപ്പിടുകയും ചെയ്യുന്ന ഒരു ഏർപ്പാടുമാത്രമല്ല അത് ഒരു മതപരമായ കാര്യമാകുന്നു. അതുകൊണ്ടു കന്യകാവിവാഹത്തിന് സമ്മതിച്ചിട്ടും, സമുദായത്തിന്റെ സമ്പ്രദായങ്ങളും കുലമഹിമയെയും മുൻനിറുത്തി അവളുടെ സ്ഥിതിക്കനുസരിച്ച് അവളെ വിവാഹം ചെയ്തുകൊടുക്കുന്ന പിതാവിൽ നിന്നോ മറ്റുള്ള ബന്ധുക്കളിൽ നിന്നോ അവളെ രക്ഷിക്കുന്നതിനായി മറ്റേതെങ്കിലും തരത്തിലുള്ള ഒരു സമ്മതം ആവശ്യമാണെന്നു വിചാരിക്കുന്നതുകൊണ്ടു വലിയ പ്രയോജനമില്ല.

ഞാൻ പ്രധാന സംഗതിയെ വിട്ടുപോയില്ല. ഇങ്ങിനെയുള്ള സംഗതികളിൽ ഇടപെടുന്നതിനു ഒരു അഭിപ്രായം പറയുന്നതിനു നമുക്കെല്ലാവർക്കും അവകാശമുണ്ട്. ഒരു സമുദായത്തെ മാത്രമാണ് ഇതു് ബാധിക്കാൻ പോകുന്നതു് എന്നുള്ളതുകൊണ്ടു അവർ പറയുന്നതു് എല്ലാം നാം അനുസരിക്കണമെന്നില്ല എന്നിരിക്കിലും ആ സമുദായത്തിലെ പ്രതിനിധികളുടെ ഒത്തുള്ള അഭിപ്രായത്തെ ത്യജിക്കുന്നതിനു മുമ്പായി അതിനു വേണ്ടതായ ഒരു പ്രാധാന്യം കൊടുക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നതു്. സർ, ഇങ്ങിനെ നോക്കുന്നതായാലും ഒരു കാര്യനടപ്പിനെ ഉദ്ദേശിച്ചും ആലോചിച്ചും പ്രവർത്തിക്കുന്നതായാലും 'സമ്മതം' എന്നവാക്ക് ഇവിടെ ചേർക്കുന്നതു് പെൺകുട്ടിയുടെ വിവാഹത്തിനു ചിലവു ചെയ്യാൻ തയ്യാറായിരിക്കുന്ന അച്ഛനെയും മറ്റുള്ളവരെയും ഇതു് പിൻവലിക്കാനിടയാക്കുമെന്നുള്ളതിൽ സംശയമില്ല.

മി: മാത്യുമുറിക്കൻ (വൈക്കം): ഈ വ്യവസ്ഥ ആദ്യത്തെ ബില്ലിൽ ഇല്ലായിരുന്നു എന്നും, സെലക്ട് കമ്മിറ്റി ഇതിനെ ആലോചിച്ചില്ലെന്നും ഈ കൌൺസിലിൽ ഇതിനെപ്പറ്റി ആലോചിക്കുന്നതിന് ഭാവി

ച്ചിട്ടുണ്ടെന്ന് തിരുവിതാംകൂറിലെ നംപൂരിസമുദായത്തിന് അറിഞ്ഞുകൂടാ എന്നും ഡിപ്യൂട്ടിഅദ്ധ്യക്ഷന് അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡെപ്യൂട്ടിപ്രസിഡണ്ട): ഈ വ്യത്യാസം കുറെ വാദപ്രതിവാദത്തിനിടയാക്കിയിട്ടുണ്ടെങ്കിലും ഇത് എല്ലാ സാമാജികന്മാരുടെ ശ്രദ്ധയേയും അർഹിക്കണമെന്നും അതിനെ തീരെ ഉപേക്ഷിക്കാൻ പാടില്ല എന്നും സാമാജികർ വിചാരിക്കുന്നില്ലയോ? ഏകാഭിപ്രായത്തോടു കൂടി ഹാജരാകുന്ന എല്ലാ വ്യത്യാസങ്ങളും ഗവർമെണ്ട് പരസ്യംചെയ്യണമെന്നും സമുദായാംഗങ്ങൾക്കും സമുദായത്തിന്റെ ഉത്തമതയ്ക്ക് ഏതായിരിക്കും നല്ലതെന്നു ഈ സഭയിൽ പറയുന്നതിനുള്ള സൗകര്യം നൽകുകയില്ലെങ്കിൽ നിയമനിർമ്മാണത്തിൽ ഈ സഭക്കുള്ള ശക്തിയിൽ എനിക്കുള്ള വിശ്വാസം ഏതാണ്ട് അസ്തമിച്ചുപോകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നംപൂതിരിസമുദായത്തിന്റെ പ്രതിനിധികൾക്ക് ഇതിനെപ്പറ്റി ഇന്നലെ എന്തെങ്കിലും പറയുന്നതിനു ഇല്ലായിരുന്നു എന്നു ഡിപ്യൂട്ടി അദ്ധ്യക്ഷൻ അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിപ്രസിഡണ്ട): നമുക്കു ആവശ്യമുള്ളതിൽ കൂടുതൽ സമയം അവർക്കുവേണ്ടിവന്നേക്കാം. അവർ ഇതിനെക്കുറിച്ചു ഇന്നലെ രാത്രിമുഴുവനും ഇന്നു രാവിലെ ആറുമണിക്കൂറും നല്ലപോലെ ആലോചിച്ചെന്നും വരാം. എന്നാൽ അവർ എല്ലാപേരും കൂടി സമ്മതിച്ച ഒരു വ്യത്യാസമാണു ഇതെന്നു അവർ ഇന്നു പറയുന്നു. അവരുടെ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലാതാക്കാൻ കഴിയാതെ വരുമ്പോഴും ഈ സഭയിൽ അവർ സമ്മതിച്ച ഒരു നിർദ്ദേശം ഹാജരാക്കാൻ കഴിയാതെ വരുമ്പോഴും നമുക്കു കഴിയുന്ന എല്ലാവിധത്തിലും അവരെ സഹായിക്കേണ്ടതു നമ്മുടെ കടമയാകുന്നു. ഈ വകുപ്പിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ അവരുടെ ശ്രദ്ധയെ ഇതിലേക്കു ക്ഷണിക്കേണ്ടതും നമ്മുടെ കടമയാകുന്നു. ഇതു ചെയ്തതിന്റെ ശേഷവും അവർ അവതരിപ്പിച്ചിരുന്ന രൂപത്തിൽ തന്നെയാണ് അവർക്കു ആവശ്യമെന്നു അവർ പറയുന്നപക്ഷം അതു സ്വീകരിക്കുന്നതായിരിക്കും ഉത്തമം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ നിയമംകൊണ്ടു ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സംഗതികളിൽ പെൺകുട്ടിയുടെ സമ്മതം കിട്ടണമോ വേണ്ടയോ എന്താണ് ഡിപ്യൂട്ടി അദ്ധ്യക്ഷന്റെ അഭിപ്രായം?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡെപ്യൂട്ടി അദ്ധ്യക്ഷൻ): ഇതുപോലെയുള്ള ഒരു കാര്യത്തിൽ സമ്മതമുണ്ടെന്നുള്ള ധാരണയോടുകൂടി ഇരിക്കുന്നതിനാണ് ഞാൻ ഈ സഭയിലെ സാമാജികന്മാരോടു പറയുന്നതു. എന്റെ സ്നേഹിതന്മാരുടെ വാദം പെൺകുട്ടി പതിനൊന്ന് പന്ത്രണ്ട് വയസ്സുള്ളവളായിരുന്നാൽ പലതരം സുരക്ഷിതമാണെന്നു വിശേഷാൽ പറയേണ്ടല്ലോ. എന്നാൽ പ്രായ വയസ്സു പൂർത്തിവന്നിട്ടുള്ള പെൺകുട്ടികളുടെ കാര്യമാണ് ഇതിനാൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു. ഈ സമുദായത്തിലെ സ്ത്രീവർഗ്ഗങ്ങളുടെ ആലോചനാശക്തിയെ തീരെ ആക്ഷേപിക്കുന്ന ഒരു സംഗതിയായിരിക്കും ഈ വ്യവസ്ഥ പാസ്സാക്കിയാൽ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ വകുപ്പിൽ പറയുന്ന സംഗതികളനുസരിച്ച് ഒരു പെൺകുട്ടിയുടെ സമ്മതം ആവശ്യമുണ്ടോ ഇല്ലയോ എന്നാണ് ഞാൻ ഡിപ്യൂട്ടി അദ്ധ്യക്ഷനോടു ചോദിക്കുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): മറ്റെല്ലാം വിവാഹത്തിലെന്നപോലെ ഈ വിവാഹത്തിലും സമ്മതം ഉണ്ടെന്നു ഊഹിക്കണം. സമ്മതം രേഖയിൽ വേണമെന്നില്ല. നടത്തകൊണ്ടും അതു സൂചിപ്പിക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): രേഖയിൽ വേണമെന്നു ആരും പറഞ്ഞില്ല. അതു വാസ്തവത്തിൽ, വാങ്ങിക്കണമോ വേണ്ടയോ എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായമെന്ന് ഞാൻ ചോദിക്കുന്നേയുള്ളു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): പ്രായ വയസ്സു പൂർത്തിയായ ഒരു പെൺകുട്ടിക്കു വിവാഹത്തിൽ ഒടുവിൽ അവസാനിക്കുന്നതായ ചടങ്ങുകളിൽ വേണ്ട ഭാഗം വഹിക്കാനുള്ള സംഗതിയിലേക്കു ഈ സഭയുടെ പ്രത്യേകശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു.

മി: മാത്യുമുരിക്കൻ (വൈക്കം): ഈ നംപൂതിരിപെൺകുട്ടികളെ കേവലം സാമാനം എന്ന നിലയിൽ വിവാഹംചെയ്തുകൊടുക്കണമെന്നാണോ ഡിപ്യൂട്ടിഅദ്ധ്യക്ഷൻ നമ്മോടു പറയുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): തമിഴർ സമുദായത്തിലെപ്പോലെയും റോമൻ കത്തോലിക്കാ സമുദായത്തിലെപ്പോലെയും മറ്റുള്ളസമുദായങ്ങളിലെപ്പോലെയും പെൺകുട്ടികളെപ്പോലെ ബുദ്ധിയുള്ളവരാണ് നംപൂതിരിസമുദായത്തിലെയും പെൺകുട്ടികളെന്ന ധാരണയോടുകൂടി നമുക്കു പുറപ്പെടാം.

അവർ മാത്രം ഒരു സാധുവായ വിവാഹം കഴിക്കുന്നതിന് അശക്തയാണെന്ന് നാം എന്തിനാണ് വിചാരിക്കുന്നതു? നായർ പെൺകുട്ടികളുടേയോ മറ്റേതെങ്കിലും പെൺകുട്ടികളുടെയോ കാര്യത്തിൽ പ്രായ വയസ്സു കഴിഞ്ഞാൽ സമ്മതം വാങ്ങിക്കണമെന്നു നിങ്ങൾ നിയമം ഉണ്ടാക്കിയിട്ടുണ്ടോ? നിങ്ങൾ നായർ റഗുലേഷൻ, ഈഴവറഗുലേഷൻ, നാഞ്ചിനാട്ടു വെള്ളാളറഗുലേഷൻ ക്രിസ്ത്യൻ റഗുലേഷൻ ഇവ പാസ്സാക്കി. ഇതിലേതെങ്കിലും നിയമങ്ങളിൽ ഒരു വിവാഹത്തിന്റെയും അതിൽനിന്നുളവാകുന്ന അവകാശങ്ങളുടേയും നിയമസാധുത്വം സമ്മതംസൂചിപ്പിച്ചുകൊണ്ട് മുമ്പിൽക്കൂട്ടി ചെയ്യുന്ന എന്തെങ്കിലും സമ്പ്രദായത്തെ അനുസരിച്ചിരിക്കുമെന്നു വിധിച്ചിട്ടുണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നായർറഗുലേഷനിലെ പ്രയോഗം ഇതുപോലെതന്നെയല്ലെന്നു ഇവിടെ പറഞ്ഞുകൊള്ളട്ടെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): കുറച്ചുമാറ്റം ഭാഷയിൽ അത്യാവശ്യമായിരുന്നു. എന്തെന്നാൽ നായന്മാരുടെ കാര്യത്തിൽ അതു ഒരു കരാറു മാത്രമാകുന്നു. എന്നാൽ നംപൂതിരിമാരുടെ കാര്യത്തിൽ മരിച്ചുകഴിഞ്ഞാലും നശിക്കാത്ത ഒരു ബന്ധമാകുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): നായർ റഗുലേഷനും ഈഴവറഗുലേഷനും അനുസരിച്ച് സ്ത്രീകൾക്ക് ചിലപ്പോൾ രണ്ടാമതു വിവാഹം കഴിക്കുവാൻ സാധിക്കുമെന്നറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ഒന്നിലധികം ഭർത്താവ് ആവശ്യമാണോ? അത് ഉചിതമാണോ? ഈ കാലത്തെ സ്ഥിതിക്ക് അത് നിയമത്താൽ അനുവദിച്ചുകൊടുക്കേണ്ടതാണോ? എന്നുള്ളതും പ്രായപൂർത്തി വയസ്സായ സ്ത്രീകളുടെ വിവാഹത്തിനും സമ്മതം വാങ്ങിക്കണമെന്നുള്ളതിനും തമ്മിൽ ഒരു സംബന്ധവുമില്ല. നായന്മാർക്കും ഈഴവർക്കും റോമൻകത്തോലിക്കരൊഴിച്ചുള്ള സ്ത്രീകൾക്കും ഒരുവിവാഹം വേണ്ടെന്നുവെയ്ക്കുന്നതിനുള്ള സൌകര്യം (fesility) ഉണ്ട്.

പോപ്പ് ഉദ്ഘോഷിക്കപ്പെടുത്തുന്ന മതനിയമമനുസരിച്ച് അത് പാടില്ല. മററുള്ള എല്ലാസംഗതികളിലും കൃസ്ത്യാനികളെ സംബന്ധിച്ചുടത്തോളം അത് അനുവദിച്ചിട്ടുണ്ട്.

മി. താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): റോമൻ കത്തോലിക്കർ ഒഴിച്ചുള്ള കൃസ്ത്യാനികൾക്ക് ഏതെങ്കിലും അവസരത്തിൽ വിവാഹം ഒഴിയാൻ അനുവദിക്കുന്ന നിയമമുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): അങ്ങിനെ ഉണ്ടെന്നാണ് എന്റെ അഭിപ്രായം. തെററാണെങ്കിൽ തിരുത്തിത്തന്നാൽ ഞാൻ വളരെ നന്ദിയുള്ളവനായിരിക്കും.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): അങ്ങിനെനിയമമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): അത് ഞാൻ സ്വീകരിച്ചുകൊള്ളാം. ഈ സംഗതി എന്റെ വാദത്തിനു കുറെക്കൂടി അനുകൂലമായിട്ടാണ് ഇരിക്കുന്നത്.

മി: എസ്സ്. പിറവിപ്പെരുമാൾ പിള്ള (കച്ചുവടം തെക്ക): ആദ്യത്തെബില്ലിൽ ഇങ്ങനെ ഒരു വ്യവസ്ഥ ഇല്ലാതിരുന്നു എന്നും, സെലക്ട് കമ്മിററി ഇതിനെപ്പററി ആലോചിച്ചു എന്നും ഒരുപക്ഷേ ഇതു ആവശ്യമെന്നു തോന്നിക്കകയാൽ അവർ ഇതിനെ ചേർത്തില്ല. എന്നും ഡപ്യൂട്ടി അദ്ധ്യക്ഷനു അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടിഅദ്ധ്യക്ഷൻ): അതുകൊണ്ടു ഇപ്പോൾ അവർ സമ്മതിച്ചു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആരു് സമ്മതിച്ചിട്ടുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടിഅദ്ധ്യക്ഷൻ): സമുദായത്തിലെ രണ്ടു ഭാഗത്തിലെ പ്രതിനിധികൾ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ സഭയിലുള്ള മററുസാമാജികന്മാർക്ക ഈ കാര്യത്തിൽ ചുമതലയില്ലെന്നാണോ ഡിപ്യൂട്ടിഅദ്ധ്യക്ഷൻ വിചാരിക്കുന്നത് ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): എന്നെ ശരിയായിമനസ്സിലാക്കിയില്ലെന്നുള്ളതു് തീരെ കഷ്ടംതന്നെ. അവരെ രക്ഷിക്കുന്നതിന് നമുക്കുഅവകാശമില്ലെന്ന് ഞാൻ ഒരിക്കലും പറയുന്നില്ല. ആത്മഹത്യചെയ്യുവാൻ ശ്രമിക്കുന്ന ആളിനെപ്പോലും രക്ഷിക്കുന്നതിനു നമുക്ക് അവകാശമുണ്ടു. ആ വിധത്തിൽതന്നെ അഭിവൃദ്ധിയുടെ അഭാവത്തിൽ നിന്ന് നമ്പൂരിസമുദായത്തെ രക്ഷിക്കുന്നതിനു നമുക്കു അവകാശമുണ്ടു. ഞാൻ പറയുന്നതെന്തെന്നാൽ സമുദായാംഗങ്ങളുടെയിടയിൽ ഇതിനെപ്പററി വളരെ വാദപ്രതിവാദമുണ്ടായിട്ടുണ്ടെന്നും അതു കഴിഞ്ഞശേഷം ഇതിനെപ്പററി അവർ ഒരു രാജിസ്വീകരിച്ചിട്ടുണ്ടെന്നും ആകുന്നു. സംഗതിയെ ഈ വിധത്തിൽ ആലോചിച്ചു നമ്മുടെ അഭിപ്രായത്തെ അവരിൽ തള്ളിച്ചെലുത്തരുത്. മററവിധത്തിലുള്ള അഭിപ്രായം തെററാണെന്ന് ഞാൻ വിചാരിക്കുന്നതായി മനസ്സിലാക്കരുത്. അതിനെക്കുറിച്ച് സമുദായാംഗങ്ങൾ വളരെ നിർബന്ധമുള്ളവരായി തോന്നുന്നു; എന്തെന്നാൽ അവരുടെ ഇഷ്ടംപോലെ അനുവദിക്കുന്നതായാൽ വലിയകുഴപ്പം നേരിടുന്നതിനു ഇടയില്ല, അതു നമുക്ക് ഇപ്പോൾ അനുവദിക്കരുതോ? സമുദായത്തിലെ അഫ്ഫന്മാരുടെ ഗുണത്തെ ഉദ്ദേശിച്ചു നിയമസഭ പ്രവേശിക്കേണ്ട ആവശ്യമുണ്ടോ എന്നു കുറച്ചു കഴിഞ്ഞശേഷം ആലോചിച്ചാൽ പോരയോ?

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അവരെ വിവാഹം ചെയ്തുകൊടുക്കുന്നതിനു അധികാരമുണ്ടായിരിക്കും അപ്പോൾ അതു ശരിയായ ഒരു വിവാഹമാകുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ) ഹിന്ദുലാപ്രകാരം അങ്ങിനെയാണ്.

മി: രേവതിനാൾ രാമവർമ്മ രാജ (ഇടവക): അപ്പോൾ സമ്മതമില്ലെങ്കിലും വിവാഹം നടത്താമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): നിർബന്ധിക്കാൻ പാടില്ല. കയ്യിൽറിവാൾവാറാ മററും വച്ചുകൊണ്ടു പെണ്ണിനെ സമ്മതിച്ചില്ലെങ്കിൽ ഇപ്പോൾ വെടിവെച്ചുകളയും എന്നുഭയപ്പെടുത്തി നിർബന്ധിച്ചു ഒരുവിവാഹം നടത്തുകയാണെങ്കിൽ അത് സാധാരണ ലാ അനുസരിച്ചായാലും മതധർമ്മശാസ്ത്രപ്രകാരമായാലും ഒരു വിവാഹമായിട്ട് വിചാരിക്കാൻ പാടില്ല,

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഈ ബില്ലിൽ അനുസരിച്ചു പതിനായിരം രൂപാവരെ വിവാഹത്തിന് കുടുംബത്തിൽ നിന്നും കൊടുക്കേണ്ടതാണെന്നുപറഞ്ഞിട്ടില്ലേ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ) : അതു അതാതുകുടുംബത്തിലെ സ്ഥിതി അനുസരിച്ചിരിക്കും. ചില കുടുംബത്തിലെ വിവാഹത്തിന് ൧൦,൦൦൦ രൂപാ ചിലവായി എന്നു വരാം വേറെ ചില കുടുംബത്തിൽ അഞ്ചുരൂപാ ചിലവാകയുള്ളു എന്നു വരാം.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അങ്ങനെ വരുമ്പോൾ ഒരു സ്ത്രീയെ നിർബന്ധിച്ചുവിവാഹം ചെയ്യിക്കുവാൻ ഇടയില്ലേ? ആ സ്ഥിതിക്കു ഇങ്ങിനെ ഒരുഭാഗം കൂടി ബില്ലിൽചേർക്കേണ്ടതില്ലേ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): അതിലേക്കു പൊതുവെ ഒരു നിയമമുണ്ട്. നമ്പൂതിരി സമുദായത്തിലെ പ്രതിനിധികൾക്ക സമ്മതമുണ്ടെങ്കിൽ എനിക്കതിൽ യാതൊരാക്ഷേപവുമില്ല. ഈ സംഗതിയിൽ എന്തെങ്കിലും പറയണമെന്നുള്ള വിചാരത്തിൽ വന്നവനല്ല ഞാൻ. ഈ ചെറിയ കാര്യത്തിൽ അവർ വളരെ ബുദ്ധിമുട്ടുന്നു എന്നു അവരുടെ മുഖം കണ്ടിട്ടു തോന്നിയതിനാൽ ഞാൻ ഇത്രയും പറഞ്ഞതാണ്. നമ്പൂതിരിബില്ലു അത്യാവശ്യമായിട്ടാണ് വരുന്നത്. അവരെ നിർബന്ധിച്ചു നിങ്ങൾ നന്നായിരിക്കണം എന്നു നമുക്കു പറയാം. അതു സ്വീകരിക്കുന്നതിനു അവർ നല്ല മനസ്സുള്ളവരായിട്ടു കാണുന്നില്ല.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും): ഏതായാലും പേർ പറയത്തക്ക പാടില്ലാത്ത വിവാഹമാണെന്ന സംശയമില്ലാത്ത സ്ഥിതിക്ക് ജുഡിഷ്യലായിട്ട് ഒരു സേഫ് ഗാർഡുകൂടി ഇരിക്കുന്നതുകൊണ്ട് എന്താണ് ദോഷം?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടിഅദ്ധ്യക്ഷൻ): അതു പ്രയാസമാണ്. അന്തർജ്ജനങ്ങൾക്കു അത്ര വിവരമില്ല എന്നു പറയണ്ട. അവർ ഒട്ടേറെ വിവരമുള്ളവരാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. എന്റെ സുഹൃത്തായ മിസ്റ്റർ കേശവൻ നമ്പൂതിരിപ്പാട്ടുതന്നെ അന്തർജ്ജനങ്ങളുടെ മറവും അങ്ങനെയെന്നു പ്രസംഗിച്ചതായിട്ടും ഞാൻ കേട്ടിട്ടുണ്ട്. ഇതിൽ നിന്നൊക്കെ അവർ പരിഷ്കൃതരാണെന്ന് എനിക്കു തോന്നുന്നു വെളിപ്പെടുന്നുണ്ട്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം-നെടുമങ്ങാട്): നമ്പൂതിരിസ്ത്രീകളുടെ പ്രതിനിധികൾ ഇവിടെയില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടിഅദ്ധ്യക്ഷൻ): അവരെ സംബന്ധിച്ചിടത്തോളം നമ്മളാണ് പ്രതിനിധികൾ. മാനവശാസ്ത്രമനുസരിച്ചും പുരുഷന്മാർ തന്നെയാണ് സ്ത്രീകളുടെ പ്രതിനിധികൾ.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരി-തിരുവല്ല). അങ്ങനെയാണെങ്കിൽ അവർ പരിഷ്കൃതമായ ഒരു നിലയിൽ എത്തിയിട്ടുണ്ടെങ്കിൽ "She shall" എന്നുകൂടി ചേർക്കുന്നതിനു വല്ല വിരോധമുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഹിന്ദുലാ പ്രകാരം വിവാഹം എന്നു വച്ചാൽ കന്യകാദാനം കൊടുക്കുക എന്നാണ് അർത്ഥം. വരനെ ക്ഷണിച്ചുവരുത്തി അലങ്കരിച്ചു അവളുടെ കൈ പിടിച്ച് സകലവിധമായ ആഭരണത്തോടുകൂടി സ്ത്രീയെ ദാനം ചെയ്യുന്നതാണ് വിവാഹം. ആ സ്ഥിതിക്കു തന്നെയാണ് ദാനം കൊടുക്കുക എന്നുള്ളതു കണ്ടിട്ടില്ല. അതിനാൽ അവരുടെ സ്ത്രീയെ സംബന്ധിച്ച് അതിനനുരൂപമായ ഒരു വകുപ്പു ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നേയുള്ളു. "To give her in marriage" എന്നു ചേർത്തിരിക്കുന്നതുകൊണ്ടു സ്ത്രീയുടെ സമ്മതമില്ലെങ്കിലും നിർബന്ധിച്ചു നടത്തിക്കൊള്ളണമെന്നു പറയുന്ന യാതൊരു നിയമവും അനുവദിക്കുന്നതല്ല.

അതിനാൽ അവർ യോജിച്ചു ഒരു ഭേദഗതി സ്വീകരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ അവരുടെ അഭിപ്രായത്തെ പിൻതാങ്ങിക്കൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ വകുപ്പിനെ സംബന്ധിച്ചു നടന്ന വാദപ്രതിവാദത്തെപ്പറ്റി എനിക്കു പറയാനുള്ളത് സമുദായപ്രതിനിധികൾ ഒരു അസത്യാഭാസത്തിനു (ഇതിനെ അങ്ങനെ പറയാമെങ്കിൽ) നിവൃത്തിവരുത്തിയെന്നാണ് പറവാൻ. എന്നാൽ ഇവിടെ എല്ലാവശത്തുനിന്നും ഈ വകുപ്പ് സമുദായത്തിന്റെ സ്ഥിതിയെ മുന്നോട്ടും പിന്നോട്ടും അയക്കുന്നു എന്ന് പറയുകയുണ്ടായി. ഞാൻ ഡിപ്യൂട്ടിഅദ്ധ്യക്ഷനോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു് കുട്ടികളെ വിവാഹം ചെയ്തുകൊടുക്കുന്നതിന് മനസ്സില്ലാത്ത ചില അനുകമ്പാശൂന്യന്മാരായ കാരണവന്മാരുണ്ടായിരിക്കുമെന്നും ഇതിനു വേണ്ടിയാണ് ഇതിനെ ചേർത്തിരിക്കുന്നതു് എന്നുമാണ് പറഞ്ഞതു്. വകുപ്പിന്റെ ഭാഷയെസംബന്ധിടത്തോളം ഇതു് നമ്മുടെ ഉദ്ദേശത്തെ സാധിക്കുന്നതായില്ലെന്ന് പറയണം. അതിങ്ങനെയാണ് "ഒരുകന്യകക്കു പതിനാറു വയസ്സു കഴിഞ്ഞിട്ടും അവളെ വിവാഹം ചെയ്തുകൊടുക്കുന്നതിന് ആ കാരണവൻ വിസമ്മതിക്കുന്നു എങ്കിൽ ഇല്ലത്തിലെ ഏതെങ്കിലും അംഗത്തിന് അവളെ വിവാഹം ചെയ്തുകൊടുക്കാം." ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ബില്ല് പറയുന്നതു് കാരണവനുണ്ടായിരുന്നാൽ മാത്രമേ—

അദ്ധ്യക്ഷൻ: അച്ഛന്റെ അഭാവത്തിൽ കാരണവൻ എന്നല്ല, കാരണവനും അച്ഛനും ഒന്നല്ല.

മി. കെ. പി. നീലകണ്ഠപിള്ള (ചിറയിൻകീഴ്). ചിലപ്പോൾ കാരണവൻ അച്ഛനായിരുന്നേക്കാം.

അദ്ധ്യക്ഷൻ. അതു് അങ്ങിനെയല്ലാത്ത അവസരങ്ങളിലും ഉൾപ്പെടണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് തോന്നുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള. (ചിറയിൻകീഴ്) എന്നാൽ കുഴപ്പം നേരിടുന്നതു് കാരണവൻ അച്ഛനായിരിക്കുന്നഅവസരങ്ങളിലും ഇതു് വരുമെന്നുള്ളതാണ്. നമ്പൂതിരിമാർ മക്കത്തായികളാകുന്നു. അതിനാൽ മിക്കവാറും സംഗതികളിലും കാരണവൻ അച്ഛനായിതന്നെയിരിക്കും.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര കാർത്തികപ്പള്ളി): എന്തു നിബന്ധനയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതുകൊണ്ട് ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന വ്യവസ്ഥ അച്ഛനോ കാരണവനോ ഇല്ലാതിരിക്കുമ്പോൾ മാത്രം ഇല്ലത്തിലെ വേറെ ആരെയെങ്കിലും പെൺകുട്ടിയെ വിവാഹംചെയ്തുകൊടുക്കുന്നതിനു അനുവദിക്കുന്നു" സമുദായത്തിന്റെ പ്രതിനിധികൾ പറഞ്ഞുകേൾപ്പിച്ച ഉദ്ദേശം ഇതുകൊണ്ടു സാധിക്കയില്ല, കാരണവൻ അനുഭാവം ഇല്ലാത്തവനായിരിക്കുന്ന സന്ദർഭങ്ങളിലേക്ക് ഒരു വ്യവസ്ഥ ആണ് അവർ ആവശ്യപ്പെടുന്നതു്. ഇപ്പോൾ നാം ആലോചിക്കുന്ന ബില്ലിൽ കാരണവനോ അച്ഛനോ ഇല്ലാതിരുന്നാലുള്ള ഒരു സ്ഥിതിയെപ്പറ്റി വ്യവസ്ഥചെയ്യുന്നു. ഇതാണ് എന്റെ വാദം.

നമ്പൂതിരിപെൺകുട്ടികളെ അവരുടെ ഇംഗിതമറിയാതെ വളരെ വയസ്സായവർക്ക് വിവാഹം ചെയ്തുകൊടുക്കുന്നു എന്ന് ഇവിടെ ഇന്നലെ പറയുകയുണ്ടായി. ഇങ്ങനെയുള്ള ദോഷങ്ങളെ മാറ്റുന്നതിനാണ് ഈ വ്യവസ്ഥചേർത്തിരിക്കുന്നതു്. സമുദായ പ്രതിനിധികൾതന്നെ ഇതിനെ പിൻതാങ്ങുന്നു. ഇപ്പോൾ അവർ പറയുന്നു. നമ്പൂതിരിപെൺകുട്ടികളുടെ സമ്മതത്തിന് അർത്ഥം ഒന്നുമില്ലാത്തതിനാൽ സമ്മതം കാര്യമായിട്ടുള്ളതല്ല എന്നു. അതിനാൽ സമ്മതത്തെപ്പറ്റിയുള്ള ഭേദം ചേർത്തിരിക്കുന്നതുകൊണ്ട് നമ്പൂതിരി വനിതകളുടെ സ്ഥിതിക്കു മാറ്റം വരികയില്ല. അതുകൊണ്ട് ഇപ്പോഴത്തെ സംഗതികൾ നിൽക്കുന്നതു നോക്കിയാൽ സമുദായപ്രതിനിധികളുടെ അഭിപ്രായം അവസാനമായ ഒരു നിലയിൽ എത്തിയിട്ടില്ലെന്നാണ് തോന്നുന്നതു്. ഈ സംഗതിയുടെ സാരാംശങ്ങളെപ്പറ്റി സമുദായ പ്രതിനിധികളുടെ അഭിപ്രായത്തെ വകവയ്ക്കാതെ ആലോചിക്കണമെന്നാണ് ഞാൻ പറയുന്നതു്. എന്തെന്നാൽ സമുദായ പ്രതിനിധികളുടെ അഭിപ്രായം വ്യത്യാസപ്പെട്ടിരിക്കുന്നു.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട് (ജന്മി): ഇപ്പോഴത്തെ വ്യവസ്ഥ രൂപപ്പെടുത്തിയിരിക്കുന്നതു് സമുദായത്തിലെ പ്രമാണികളെല്ലാം ആലോചിച്ചതിന്റെ ശേഷമാണെന്ന് സാമാജികന് അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). കഴിഞ്ഞ ഏ.. മണിക്കൂറിനുള്ളിൽ എന്തെല്ലാമാണു സംഭവിച്ചിട്ടുള്ളതെന്ന് എനിക്ക് അറിഞ്ഞുകൂടാ. എന്റെ സ്നേഹിതൻ പറയുന്നതു് എന്തെന്നാൽ സമുദായം സമ്മതത്തെ പ്രാവർത്തികപ്പെടുന്നില്ലെന്നും അതുകൊണ്ട് അതിനെ വിട്ടുകളയണമെന്നുമാകുന്നു. സമുദായത്തിലുള്ള അംഗങ്ങളുടെ അഭിപ്രായമെല്ലാം ഒരു രാത്രികൊണ്ട് എന്റെ സ്നേഹിതൻ എങ്ങനെയാണ് അറിഞ്ഞതെന്ന് എനിക്കറിഞ്ഞുകൂടാ. ഈ അഭിപ്രായത്തിന് ഒരു പ്രാധാന്യവും കൊടുക്കാൻ ഞാൻ തയ്യാറില്ല.

സെലക്റ്റ് കമ്മിറ്റിയിൽ നടന്നതിനെക്കുറിച്ച് നാം പ്രസ്താവിച്ചിട്ടുണ്ട്. വിവാഹത്തിന്റെ സ്പറ്റിയുള്ള അദ്ധ്യായം സെലക്റ്റ് കമ്മിറ്റി മനഃപൂർവ്വമായി ഒഴിഞ്ഞുകളഞ്ഞു. ഈ സഭയിലെ [illegible] കൊണ്ടുള്ള ഉപയോഗം എന്താണെന്ന് അവർ വിചാരിച്ചില്ല. ഈ ബില്ലിൽ [illegible] വിവാഹത്തിനെക്കുറിച്ചുള്ള അദ്ധ്യായത്തിന്റെ അഭാവംകൊണ്ട്, ഇതു പൂർണ്ണമായിരിക്കുന്നില്ല [illegible] ഞാൻ [illegible]ടെ പറഞ്ഞു. സെലക്റ്റ്കമ്മിറ്റി മുമ്പാകെയും ഇതിനെപ്പറ്റി വാദിച്ചു. അവർ ഇതിനെപ്പറ്റി ആലോചിച്ചു. എന്നാൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നതിനാൽ അവസാനം ഇതിനെ ഉപേക്ഷിച്ചു. എന്നാൽ ഇപ്പോൾ സമുദായത്തിലെ ഒരംഗം ഇതിനെ പരോക്ഷമായി ചേർക്കാൻ ഉദ്ദേശിക്കുന്നു.

മി: സി. എൻ. കുപ്പൻനമ്പൂതിരിപ്പാട് (നാമനിർദ്ദേശിതസാമാജികൻ): പ്രായപൂർത്തിയായ ഒരു കന്യകയുടെ വിവാഹസമയത്തു ആ കന്യകയുടെ സമ്മതം വാങ്ങിക്കേണ്ടതു എങ്ങനെയാണ്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ മുഴുവൻ വകുപ്പിനേയും നമുക്ക് വിട്ടുകളയാമായിരുന്നു. എന്റെ നിർദ്ദേശമനുസരിച്ച് പ്രായപൂർത്തിയായ ഒരു കുട്ടിയുടെ സമ്മതം വാങ്ങിക്കുന്നതിന് ഒരു നിവൃത്തിയുമില്ലെന്നാണ് സാമാജികന്റെ അഭിപ്രായമെങ്കിൽ ഇപ്പോൾ നാം ആലോചിക്കുന്ന വകുപ്പിൽ അതിന് വ്യവസ്ഥയില്ല. ഞാൻ ഇങ്ങനെ പറയുമ്പോൾ, വേണമെന്നുള്ള വാദംകൊണ്ട് ബലപ്പെടുത്തിയിട്ടുള്ള ഒരു പുതിയ വകുപ്പിനെ കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു എങ്കിൽ "പെൺകുട്ടി എത്ര വയസ്സ് പ്രായമായിരുന്നാൽമാത്രമേ കാരണവനല്ലാത്ത ഇല്ലത്തിലെ വല്ല അംഗത്തിനും വിവാഹംചെയ്തുകൊടുക്കാവു എന്നുള്ള" ഒരു വകുപ്പ് എന്തിനാണ് അഭിപ്രായപ്പെട്ടിട്ടുള്ളതെന്ന ഞാൻ ചോദിക്കും.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): മി: താണുപിള്ളയുടെ ഭേദഗതി സ്ത്രീയുടെ സമ്മതംകൂടി ഉണ്ടായിരിക്കണമെന്നാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വകുപ്പു ചേർക്കുന്നു എങ്കിൽ അതു അത്യാവശ്യമാകുന്നു.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര—കാർത്തികപ്പള്ളി): അതിനെപ്പറ്റി മെമ്പറുടെ അഭിപ്രായം എന്താകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ ഈ വകുപ്പിനെ എതിർക്കുന്നു. ഞാൻ പറയുന്നതു് എന്തെന്നാൽ 'അവളുടെ സമ്മതത്തോടുകൂടി' എന്നു ചേർത്തതുകൊണ്ട് അവകളുടെ സമുദായത്തിനു ഹാനികരമല്ലെങ്കിൽ, നമ്പൂരിസമുദായത്തെസംബന്ധിച്ചിടത്തോളം അതിനു ഒരു വിലയുമില്ലെങ്കിൽ 'അവളുടെ സമ്മതത്തോടുകൂടി എന്നതിൽ' എന്തു് തരക്കേടാണുള്ളതെന്നാണ് ഞാൻ ചോദിക്കുന്നതു്? അതു നിങ്ങൾക്ക് ഒരു ദോഷവും ചെയ്യുകയില്ല.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): സ്ത്രീയുടെ സമ്മതംകൂടാതെ വിവാഹം നടത്താൻ സാധിക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതു ധാരാളം സാധിക്കും.

മി: എ. എസ്സ്. ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അതെങ്ങനെയാണ്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈഴവ നായർ സമുദായങ്ങളുടേയും നമ്പൂരിസമുദായത്തിന്റേയും അഭിവൃദ്ധിയെപ്പറ്റി ഒരു താരതമ്യവും ചെയ്യുവാൻ പാടില്ല. അതുകൊണ്ട് നായർറെഗുലേഷനിലോ ഈഴവറെഗുലേഷനിലോ ചേർത്തിട്ടുള്ള നിബന്ധനകളൊന്നും നമ്പൂതിരിസമുദായത്തിന്റെ വിവാഹത്തെ സംബന്ധിച്ചിടത്തോളം ഉപയോഗിച്ചുകൂടാ.

മി: എ. ജി. മേനോൻ (പറവൂർ): നമ്പൂതിരിസ്ത്രീകൾ ചിലവിഷയങ്ങളിൽ നായർസ്ത്രീകളെക്കാളും മററുള്ളസമുദായങ്ങളിലുള്ള സ്ത്രീകളേക്കാളും അഭ്യുന്നതയെ പ്രാപിച്ചവരാണെന്ന് എന്റെ സ്നേഹിതന് അറിയാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വിശേഷപ്പെട്ട സാമാജികൻ നമ്മളോട് ഇന്നലെ പറഞ്ഞ മരണക്കിടക്കയിൽ കിടക്കുന്ന ഭർത്താക്കന്മാർക്ക് സ്ത്രീകളെ വിവാഹംചെയ്തുകൊടുത്തിട്ടുള്ളതായി അദ്ദേഹത്തിന് അറിയാമെന്ന് ഒരേസംഗതിയിൽ പരസ്പരവിരുദ്ധമായ അഭിപ്രായമുള്ള ഒരു സാമാജികന്റെ അഭിപ്രായത്തിനു ഒരു വിലയും കല്പിക്കാൻ ഞാൻ തയ്യാറില്ല.

അദ്ധ്യക്ഷൻ: മി. നീലകണ്ഠപ്പിള്ളേ, ഈ സഭയിലെ ഒരു സാമാജികനെ 'വിശേഷപ്പെട്ട സാമാജികനെന്ന്' പറഞ്ഞതു് ദയവായി പിൻവലിക്കുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഞാൻ ഒരു ചീത്തഅർത്ഥത്തിലല്ല അതു ഉപയോഗിച്ചതു്. ഞാൻ ഈ വാക്കു പിൻവലിക്കുന്നു. അതു് ഒരു സ്ഥാനാന്തരവിശേഷണം മാത്രമേ ആയിരുന്നുള്ളു. അതു സാമാജികനെ ഉദ്ദേശിച്ചല്ല. അഭിപ്രായത്തിനെ ഉദ്ദേശിച്ചായിരുന്നു. അദ്ദേഹം പറഞ്ഞ അത്ഭുതകഥയെക്കുറിച്ചായിരുന്നു വാക്ക് ഉപയോഗിച്ചതു്.

അദ്ധ്യക്ഷൻ: സ്ഥാനാന്തരവിശേഷണങ്ങളായാലും അല്ലെങ്കിലും നമുക്ക് അവയെ ഉപേക്ഷിക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ വാക്ക് അദ്ദേഹത്തിനെക്കുറിച്ചല്ല അദ്ദേഹത്തിന്റെ അഭിപ്രായത്തെക്കുറിച്ചാണ്.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരം—തെക്കേമണ്ഡലം?): മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ നില ഇതാണെന്ന് ഞാൻ മനസ്സിലാക്കട്ടെ. ഈ സഭ കാരണവന്മാർക്ക് അവർക്ക് ഇപ്പോൾ ഇല്ലാത്ത അധികാരം കൊടുക്കുന്നതിനുദ്ദേശിക്കുന്നു. എന്നാൽ അങ്ങിനെ ചെയ്യുമ്പോൾ പ്രകൃതിക്കനുസരിച്ച ന്യായതത്വങ്ങളെ നാം പ്രമാണം ചെയ്യുന്നമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ.

മി: എ. എസ്സ് ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): 'അവളുടെ സമ്മതത്തോടുകൂടി' എന്നുള്ള വാക്കുകൾ ചേർത്താൽ പ്രകൃതിയനുസരിച്ചുള്ള ന്യായതത്വങ്ങളെ പ്രമാണംചെയ്യുകയായിക്കുമോ? -

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നിശ്ചയമായിട്ടും ഇപ്പോഴത്തെ സാധാരണനിയമം അനുസരിച്ച് പെൺകുട്ടികളെ വിവാഹംചെയ്തുകൊടുക്കാനുള്ള അധികാരം ഒരാളിന്റേതാകുന്നു. ഇപ്പോൾ ഇവിടെ ചെയ്യാൻ ആലോചിക്കുന്നതെന്തെന്നാൽ ഇപ്പോൾ ആ അധികാരം ഇല്ലാത്ത ആളുകൾക്ക് അതിനെ കൊടുക്കാൻ ഉദ്ദേശിക്കുകയാകുന്നു.

മി: എം. എസ്സ്, ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): "അവളുടെ സമ്മതത്തോടുകൂടി" എന്നുള്ള വാക്കുകളില്ലാതിരുന്നാൽ ഇപ്പോൾ അധികാരം ഉള്ള ആളുകളിൽനിന്നും അത് എടുക്കപ്പെടുകയില്ലെന്നാണോ സാമാജികൻ പറയുന്നത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അങ്ങിനെ പറയുന്നില്ല.

മി: എ. എസ്സ് ദാമോദരനാശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): അന്യായമായ ശക്തിപ്രയോഗം അതുകൊണ്ട് ഉണ്ടാകുമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഡിപ്യൂട്ടിപ്രസിഡന്റ് അഭിപ്രായപ്പെട്ടത് അന്യായമോ പ്രകൃതിവിരുദ്ധമായോ ഒന്നും നടക്കുകയില്ലെന്നാകുന്നു. അതായത്, നിർബന്ധമോ ന്യായമായ ശക്തി അവളിൽ പ്രയോഗിക്കയോ ചെയ്യുകയില്ലെന്നത്രെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിപ്രസിഡന്റ്): ഞാൻ അതു പറഞ്ഞില്ല നംപൂതിരി വനിതകൾ അത്ര വിദ്യാഭ്യാസമില്ലാത്തവരോ പിന്നോക്കം നില്ക്കുന്നവരോ ആണെന്നു വിചാരിക്കുന്നതിനു കാരണമില്ലെന്നാകുന്നു ഞാൻ പറഞ്ഞത്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്നാൽ അന്യായമായ ശക്തിപ്രയോഗങ്ങൾ ഉണ്ടാകുമെന്ന് വിചാരിക്കരുതോ?

സാമുദായികമായി വേണ്ട വിധത്തിൽ അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെന്നും പ്രായം ചെന്ന ആളുകൾക്ക പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്ന എന്നുള്ള ഭയം ഉണ്ടെന്നും ഉള്ള സ്ഥിതിക്ക പെൺകുട്ടികളുടെ വിവാഹകാര്യത്തിൽ ഏതാണ്ട് നിർബന്ധവും അന്യായമായ ശക്തിയും പ്രയോഗിക്കുന്ന അവസരങ്ങളില്ലയോ എന്നുള്ളതിൽ സംശയം തോന്നിപ്പോകുന്നു. അതു സംഭവ്യമാണ്. അതിനാൽ, ഞാൻ പറയുന്നതെന്തെന്നാൽ ഒരു പെൺകുട്ടി ഏഴു വയസ്സു കഴിഞ്ഞാൽ ആ ഇല്ലത്തിലെ ആർക്കും അവളെ വിവാഹം ചെയ്തു കൊടുക്കാമെന്നു നിങ്ങൾ ഒരു നിശ്ചയം ചെയ്യുമ്പോൾ 'അവളുടെ സമ്മതത്തോടുകൂടി' എന്നുള്ള വാക്കുകളും കൂടി ചേർക്കുന്നതിൽ എന്താണ് വിരോധം. ഈ വാക്കുകൾ നിങ്ങളുടെ സമുദായത്തിനു ഒരു വിധത്തിലും ദോഷം ചെയ്യുകയില്ലെന്നു നിങ്ങൾ പറയുന്ന സ്ഥിതിക്ക വിശേഷിച്ചും അപ്രകാരം ചെയ്യേണ്ടതാണ്.

മി: കെ. എൻ. കേശവൻ നംപൂരിപ്പാട (ജന്മി). സമ്മതവും നിർബന്ധിച്ചു വാങ്ങിച്ചു എന്നും വരരുതെ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). വരാം, അതല്ലായിരുന്നെങ്കിൽ ഈ വിഷയങ്ങളിൽ സിവിൽ കോടതികളിൽ കേസ് ഉണ്ടാകുകയില്ലായിരുന്നു. 'അവളുടെ സമ്മതത്തോടുകൂടി' എന്നുള്ള നിബന്ധന ചേർക്കുന്ന പക്ഷം ന്യായമായ അധികാരിയുടെ അടുക്കൽ ചെന്നു വേണ്ട വിധത്തിലുള്ള സമ്മതം കൊടുച്ചിരിക്കുന്നതെന്നു പറയുന്നതിനു അവൾക്ക കഴിയുന്നതാണ്.

മി. എ. ജി, മേനോൻ (പറവൂർ) ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ഭേദഗതി കൊണ്ടു ഇല്ലത്തിലെ ചില അംഗങ്ങൾക്ക ഒരു പെൺകുട്ടിയുടെ സമ്മതം കൂടാതെ ആ കുട്ടിയെ അവർക്ക ഇഷ്ടം പോലെ ആർക്കെങ്കിലും വിവാഹം ചെയ്തു കൊടുക്കുന്നതിനു അവർക്ക അധികാരം ഉണ്ടെന്നു അദ്ദേഹം മനസ്സിലാക്കുന്നുണ്ടോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). അദ്ദേഹത്തിന്റെ സ്വന്തം ദൃഷ്ടിയിൽ കൂടിയാണ് അദ്ദേഹം ഇതിനെ നോക്കുന്നത്. എനിക്ക എന്റെ ദൃഷ്ടിയിൽ കൂടി ഇതിനെ നോക്കാം.

മി. എ, ജി. മേനോൻ (പറവൂർ): എനിക്ക അറിയേണ്ടിയതു ഇതാണ്. ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഒരു പെൺകുട്ടിയെ കവരും കന്നുകാലികളെപ്പോലെ ആർക്കെങ്കിലും കൊടുക്കുന്നതിനു ഇല്ലത്തെ അംഗങ്ങൾക്ക് അവകാശമുണ്ടെന്നു എന്റെ സ്നേഹിതൻ വിശ്വസിക്കുന്നോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഉണ്ടാകും. ഈ വകുപ്പിന്റെ അർത്ഥം സാമാജികൻ മനസ്സിലാക്കണം. ഇന്നവരെ വിവാഹം ഒരു വൈദികവൃത്തിയായിരുന്നിരിക്കാം. സാമാജികന്മാർക്ക പ്രത്യേകാഭിപ്രായം ഉള്ള സംഗതികൾ ഉണ്ടാകുന്ന സംഗതികൾ ഉണ്ടാകാം എന്ന് സാമാജികൻ മനസ്സിലാക്കണം. ഈ ചില സ്ഥലങ്ങളിൽ വിശേഷിച്ച് സ്വത്തുള്ള ഇല്ലങ്ങളിൽ നിന്നും പുരുഷനു ഒരു നല്ല തുക സ്ത്രീധനമായി കിട്ടേണ്ടതാകുമ്പോൾ മററുള്ള ഇല്ലത്തിലെ അംഗങ്ങൾ എല്ലാ തരത്തിലുള്ള നിർബന്ധങ്ങളും ആ സ്ത്രീയിൽ പ്രയോഗിക്കുന്നു. കാരണവന്റെ ഹിതത്തിനു വിപരീതമായി അവരുടെ ഇഷ്ടം പോലുള്ള ആളുകൾക്ക അവർ വിവാഹം ചെയ്തു കൊടുത്തു എന്നു വരാം. ഈ വിധത്തിൽ പല കുഴപ്പങ്ങൾ ഉണ്ടാകാം.

മി. എ. ജി. മേനോൻ (പറവൂർ). അതിനാൽ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). എന്റെ പ്രസംഗത്തിൽ നിന്നും അതായിരിക്കണം നിങ്ങൾക്ക മനസ്സിലാക്കാൻ കഴിഞ്ഞത്.

അദ്ധ്യക്ഷൻ. സാമാജികന്മാർ അദ്ധ്യക്ഷനോടുവേണം അന്യോന്യം അല്ല സംസാരിക്കേണ്ടതു.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഈ ക്ലാസിനെപ്പററി എനിക്ക പറയുവാനുള്ളതു ഇത്ര മാത്രമാകുന്നു.

മി. കെ. എൻ. കേശവൻ നംപൂരിപ്പാട്ട് (ജന്മി). ഭേദഗതി വോട്ടിനിടണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ. ഈ പ്രധാന സംഗതിയിലുള്ള വാദപ്രതിവാദം കുറയ്ക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. വാസ്തവത്തിൽ അത്യാവശ്യമല്ലാത്ത അനേകം സംഗതികളെക്കൊണ്ടു മറച്ചിരിക്കുന്ന ഈ സംഗതിയെക്കുറിച്ചു ഒന്നു രണ്ടു വാക്കു പറഞ്ഞു അതിനെ കുറച്ചു വിശദമാക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നു. നംപൂതിരി സമുദായത്തിന്റെ വിവാഹത്തിനു ഇപ്പോൾ നിയമമല്ല. ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു കൊടുക്കുന്നതിനു കാരണവനല്ലാതെ മററാൎക്കും അധികാരമില്ല. അതിന്റെ ഒരു ഫലമായി ഇവിടെ പറഞ്ഞു. ഇതിനെ സഭാംഗങ്ങൾ എല്ലാപേരും സ്വീകരിച്ചതായി എനിക്കു തോന്നി—നംപൂതിരി ഇല്ലങ്ങളിൽ കന്യകകൾ പ്രായം ചെന്നിട്ടും വിവാഹം കഴിക്കാതെയിരിക്കുന്ന എന്ന അങ്ങിനെയുള്ള സംഭവം ഇല്ലാതിരിക്കുന്നതിനുംകഴിവുള്ളടത്തോളം അവയെ കുറയ്ക്കുന്നതിനും അത്യാവശ്യമായ എന്തെങ്കിലും ഒരു നിശ്ചയം വേണമെന്നു ഈ സഭ വിചാരിച്ചു ഈ ഉദ്ദേശത്തോടുകൂടിയാകുന്നു ഈ വകുപ്പു ബില്ലിൽ ചേൎക്കാൻ ജാതവേദൻ നംപൂരിപ്പാടു ഉദ്യമിച്ചതു. നമുക്കു ഇവിടെ ആലോചിക്കേണ്ടതു ഈ ഭേദഗതി വരുത്തുന്ന പക്ഷം നമ്മുടെ നില എല്ലാം യാതൊരു കുററവും കൂടാതെ ശരിയാകുമോ എന്നല്ല. പിന്നെയോ, ഇങ്ങനെയൊരു വ്യത്യാസം ചെയ്യുന്ന പക്ഷം അതു എന്തെങ്കിലും ഫലം ചെയ്യുമോ എന്നും, ഈ സഭയ്ക്കു ഈ വാദത്തിനു ഇതിനെ കൊണ്ടു വന്നതിൽ ഉള്ള ഉദ്ദേശത്തെ നിൎവഹിക്കുമോ എന്നുമാണ്. ഇപ്പോഴത്തെ നില എന്തെന്നാൽ കാരണവൻ ഒരു പെൺകുട്ടിയെ വിവാഹം ചെയ്തു കൊടുക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ അതിനു ഉപേക്ഷ വിചാരിക്കുന്നു എങ്കിൽ ആ പെൺകുട്ടി വിവാഹം ചെയ്യാതെയിരിക്കുന്നു. ഇപ്പോൾ ഈ സഭയ്ക്കു ആലോചിക്കേണ്ടതു ഇങ്ങനെയുള്ള വഴക്കാളികളായ കാരണവന്മാരുടെ എണ്ണം കുറയ്ക്കുന്നതിനു ഇപ്പോൾ സഭയുടെ ആലോചനയിൽ ഇരിക്കുന്ന ഭേദഗതി ഉപയോഗമായിരിക്കുമോ എന്നാണ്. പത്തു ശതമാനത്തിലെങ്കിലും ഇതു ഉപയോഗപ്പെട്ടുവെങ്കിൽ ഇതു ഉപയോഗപ്രദമായി ഗണിക്കാം. അതു കൊണ്ടു നാം ആലോചിക്കുന്ന എല്ലാ കാലവിളംബമുള്ള വിവാഹങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടില്ലാ എന്നുള്ള കാരണം കൊണ്ടു ഈ വ്യത്യാസത്തിനെ ഒന്നാകെ ഉപേക്ഷിക്കരുതെന്നാണ് എനിക്കു തോന്നുന്നതു. ഒരു കാൎയ്യം പറയുകയാണെങ്കിൽ എല്ലാപേരും വിചാരിക്കുന്ന പോലെ പ്രായപൂൎത്തിവന്നതോ കുറവയസ്സു തികഞ്ഞതോ ആയ ഒരു പെൺ കുട്ടിയെ വിവാഹം ചെയ്തു കൊടുക്കുന്നതിനു എളുപ്പമില്ലെന്നു വരുന്ന പക്ഷം "അവളുടെ അനുവാദത്തോടുകൂടി" എന്നുള്ള വാചകം ഭേദഗതിയിൽ തന്നെ ചേൎത്തുവെന്നുന്നത്. ഒരു സമുദായത്തിന്റെ അവസ്ഥയും ഇന്നേവരെയുണ്ടായിരുന്ന ജാത്യാചാരങ്ങളും മാററുന്ന ഒരു വാക്കിനെ അനുഷ്ഠിയോടുകൂടി അതിലെ ഭൂരിപക്ഷമാളുകളും കരുതുമെന്നും നാം ഓൎക്കണം. ആചാരവും നടപ്പും—സ്മൃതിയനുസരിച്ചു് എന്നു കൂടി പറയട്ടെ—പെൺകുട്ടിയുടെ സമ്മതം വിവാഹത്തിനു് വേണമെന്നു് പറയുന്നതു് ബ്രാഹ്മണർ വിശേഷിച്ചു നംപൂതിരി ബ്രാഹ്മണർ സ്വീകരിച്ചിരുന്നതു വിവാഹത്തിനെക്കുറിച്ചുള്ള അഭിപ്രായത്തിനു് അനുസരിച്ചുള്ളതല്ല എന്നു് ഈ സഭക്കു് അറിയാം. അതിനാൽ ചിരകാലം നില്ക്കുന്ന ആചാരങ്ങൾക്കു് വിരുദ്ധമായി ഈ ബില്ലിൽ എന്തെങ്കിലും ചെൎത്താൽ ബില്ലിന്റെ ഉദ്ദേശത്തെ തെററിക്കുന്നതിനും ഈ ബില്ലിനെ അതൃപ്തിയോടുകൂടി സമുദായം ഗണിക്കുന്നതിനും ഇടയാകും. ഈ കാരണങ്ങളാൽ അവളുടെ സമ്മതത്തോടുകൂടി എന്ന വാക്കുകൾ അതിനെപ്പററി ആലോചിച്ചു് തീൎച്ചയാക്കുന്നതിനു് മുമ്പു് ഈ ബില്ലിൽ ചേൎക്കുന്നതു് അത്യാവശ്യമാണോ എന്നു് ഞാൻ ഈ സഭയുടെ ആലോചനക്കു് വിടുന്നു. നമുക്കു ഇവിടെ പ്രധാനമായി ആലോചിക്കേണ്ടതു് ഇതു് കുറവയസ്സു് കഴിഞ്ഞാലും സ്ത്രീകൾ വിവാഹം ചെയ്യാതെ നില്ക്കുന്ന എന്നുള്ള അനാശാസ്യമായ നിലയെ മാററുന്നതിനു് എന്തെങ്കിലും സഹായിക്കുമോ എന്നുള്ളതാണ്. ഇതു് എത്രയെങ്കിലും സഹായിക്കുമെന്നാണെങ്കിൽ നമ്മുടെ ആലോചനയിൽ ഇരിക്കുന്ന ഭേദഗതിയെ സഭ ഒന്നാകെ തള്ളിക്കളയരുതെന്നാണ് എനിക്കു് തോന്നുന്നതു്. ഈ വിഷയത്തെക്കുറിച്ചു് ഇനിയും ആരും സംസാരിക്കാനില്ലെങ്കിൽ ഇതു് വോട്ടിനിടാൻ ഞാൻ ഭാവിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരുസംഗതി തെളിയക്കണമെന്നു് ഞാൻ ആഗ്രഹിക്കുന്നു.

അദ്ധ്യക്ഷൻ: മി: താണുപിള്ളേ! ഞാൻ ഒരുവാക്കു പറയട്ടെ. "അവളെ വിവാഹം ചെയ്തു കൊടുക്കണ"മെന്നുള്ള വാക്കുകൾ കുറച്ചു വിഷമം വരുത്തിയിട്ടുള്ളതായി കാണുന്നു. "വിവാഹം നടത്തണമെന്നോ ഘോഷിക്കണമെന്നോ" കുറച്ചുകൂടി ശക്തി കുറഞ്ഞ വാക്കുകൾ വല്ലതും ഇതിനു് പകരം ഉപയോഗിക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്കു് തോന്നുന്നതു് "വിവാഹം ചെയ്തു കൊടുക്കണ"മെന്നുള്ള വാക്കുകൾ ഉപദ്രവം വരുത്തിവച്ചിരിക്കുന്നു. വിവാഹം ഘോഷിക്കണം അല്ലെങ്കിൽ നടത്തണം എന്നുള്ളതു് നന്നായിരിക്കുമെന്നാണ് എനിക്കു് തോന്നുന്നതു്. മി: കയ്യാലം പരമേശ്വരൻപിള്ളേ? ഈ മാററം എത്രകണ്ടു് ഫലിക്കുമെന്നു നിങ്ങൾ പര്യാലോചനം ചെയ്യുക.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സൎക്കാർ വക്കീൽ): വിവാഹം ഘോഷിക്കണം അല്ലെങ്കിൽ നടത്തണം എന്നു് ഉപയോഗിക്കാം "ഘോഷിക്കണം" എന്നുള്ളതായിരിക്കും നല്ലതു്.

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മി): "വിവാഹിതയാക്കിതീൎക്കണം" എന്നായാൽ കൊള്ളാമെന്നു് എനിക്കു് തോന്നുന്നു—

അദ്ധ്യക്ഷൻ: "വിവാഹം ഘോഷിക്കണം അല്ലെങ്കിൽ നടത്തണം എന്നുള്ളതായിരിക്കും കുറച്ചുകൂടി നിരുപദ്രവകരമെന്നു് എനിക്കു് തോന്നുന്നു—"

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്പ്യൂട്ടി അദ്ധ്യക്ഷൻ): കുടുംബത്തിലെ ഒരു പുരുഷൻ അവിടത്തെ സ്ത്രീയെ വിവാഹിതയാക്കണമെന്നുള്ള ഹിന്ദുക്കളുടെ ആശയത്തെ കുറിക്കുന്നതിനായിട്ടായിരിക്കണം "വിവാഹം ചെയ്തു കൊടുക്കണമെന്നുള്ളതു" ഉപയോഗിച്ചിരിക്കുന്നതു്.

അദ്ധ്യക്ഷൻ: ഈ ശക്തിയായ വാക്കുകൂടാതെതന്നെ ആ ആശയം നമുക്കു് മനസ്സിലാക്കാം. കുറച്ചുകൂടി ശക്തി കുറഞ്ഞവാക്കാണെങ്കിലും അതു് ഉണ്ടു് എന്നു് നമുക്കു് സമ്മതിക്കാം. "വിവാഹം നടത്തികൊടുക്കണം" എന്നുള്ളതു് നന്നായിരിക്കുമെന്നു് എനിക്കു് തോന്നുന്നു. മി: കേശവൻനംപൂരിപ്പാടു് ഭാഷയിൽ ചെയ്ത ഈ ഭേദഗതി സ്വീകരിക്കുന്നതിനു് നിങ്ങൾക്കു് സമ്മതമാണോ?

മി: കെ. എൻ. കേശവൻ നംപൂരിപ്പാട്ട് (ജന്മി): സർ, അതെ.

അദ്ധ്യക്ഷൻ: മററുള്ള രണ്ടു നംപൂതിരി അംഗങ്ങളും യോജിക്കുന്നോ?

മി: വി. എൻ. ജാതവേദൻ നംപൂരിപ്പാട്ട് സമ്മതമാണ്.

അദ്ധ്യക്ഷൻ: മി: താണുപിള്ളേ നിങ്ങൾക്കു് എന്തെങ്കിലും പറയുവാനുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒടുവിൽ പറഞ്ഞ പദ പ്രയോഗം എന്താണെന്ന് അറിഞ്ഞാൽ കൊള്ളാം.

അദ്ധ്യക്ഷൻ: 'അവളുടെ വിവാഹം നടത്തികൊടുക്കണ'മെന്ന്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിൽ വിരോധം ഇല്ല.

ഞാൻ വെളിവാക്കാനുദ്ദേശിച്ച സംഗതി വിവാഹത്തിന് ആവശ്യമുള്ള തുക ആവശ്യപ്പെടുന്നത് വിവാഹം കഴിഞ്ഞിട്ടോ മുമ്പോ എന്നുള്ളതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): "ചിലവാക്കണം" എന്നുള്ള വാക്കുകൊണ്ട് ഇത് വിവാഹം കഴിഞ്ഞശേഷമാണെന്ന മനസ്സിലാക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ സ്വീകരിച്ച വ്യവസ്ഥകൊണ്ട് ന്യായമായ ചിലവാക്കിയതുക അനുസരിച്ചു കൊടുക്കുന്നതാണ്. ഒരാൾ വിവാഹത്തിന് ൧൦,൦൦൦ രൂപാ ചിലവാക്കിയെന്ന് പറഞ്ഞ് ആ തുക ആവശ്യപ്പെടാം.

അദ്ധ്യക്ഷൻ: അയാൾ പണത്തിന് അവകാശപ്പെടുമ്പോൾ അനുവദിച്ചു കൊടുക്കുന്ന കോടതി അത് ന്യായമോ അന്യായമോ എന്ന് നോക്കുകയില്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനെ ഒന്ന് വെളിപ്പെടുത്തുക അല്ലയോ നല്ലത്?

അദ്ധ്യക്ഷൻ: "ന്യായമായി ചിലവാക്കിയതുക എന്നാക്കിയാൽ പോരേ"?

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹം ഘോഷിക്കുന്നതോതിനേയും വരനേയും നോക്കുമ്പോൾ അത് ന്യായമായിട്ട നോക്കാം. ഇല്ലത്തിന്റെ കോശാവസ്ഥ നോക്കുമ്പോൾ അത് വഹിക്കത്തക്കതായിരിക്കണം.

മി: എ. എസ്സ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ വിഷയത്തെക്കുറിച്ച് പ്രത്യേകിച്ചുള്ള ക്ലിപ്തത്തിനെപ്പററി നമുക്ക് ആലോചിക്കേണ്ടതായിട്ടില്ലയോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ ക്ലിപ്തം വാദപ്രതിവാദത്തിന് ഏറ്റവുമുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ): ആ ക്ലിപ്തം സ്ത്രീധനത്തെക്കുറിച്ച് മാത്രം ഉള്ളതാണ്.

അദ്ധ്യക്ഷൻ: മി: കല്ലാലം പരമേശ്വരൻ പിള്ളേ! ഭേദഗതി ചെയ്തത് അനുസരിച്ച് വകുപ്പ് എങ്ങനെയാണ്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർ വക്കീൽ): "ഒരു ഇല്ലത്തെ പെൺകുട്ടിക്ക് ൧൮ വയസ്സ് തികഞ്ഞതിന്റെ ശേഷവും ആ കുട്ടിയുടെ കാരണവൻ അവളെ വിവാഹം ചെയ്തു കൊടുക്കാതെയിരിക്കുന്നു എങ്കിൽ അവളുടെ അച്ഛനോ ഉടെപ്പെടുവാൻ-കഴിയുന്ന അവകാശമുള്ള ഇല്ലത്തിലെ മററതെങ്കിലും അംഗങ്ങൾക്കോ അവളെ വിവാഹം ചെയ്തുകൊടുക്കാവുന്നതും അടിയന്തിരത്തിന് ചിലവായതുക ഇല്ലത്തിൽ നിന്നും ഈടാക്കാവുന്നതും ആകുന്നു".

"ഈ വിധത്തിൽ ന്യായമായി ചിലവാക്കിട്ടുള്ള ഏതു തുകയും" എന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: ഇത് ഭാഷയുടെ ഒരുവ്യത്യാസം മാത്രമല്ല. വ്യവസ്ഥ സംഗതികളെയാണ് അതുകൊണ്ട് ധ്വനിക്കുന്നത്. "ആവശ്യമുള്ള"തെന്ന് പറയുകയാണെങ്കിൽ തുക വിവാഹത്തിന് മുമ്പ് ഈടാക്കാമെന്ന് അർത്ഥം വന്നേക്കാം. ചിലവാക്കിയതെന്ന് നാം പറയുന്നു എങ്കിൽ വിവാഹം കഴിഞ്ഞതിന്റെ ശേഷമേ അത് ഈടാക്കാവു എന്ന് അർത്ഥം ഉണ്ട്.

മി: കെ. എൻ. കേശവൻനമ്പൂതിപ്പാട് (ജന്മി): നമ്പൂരിപ്പാട് "ന്യായമായ വിധത്തിൽ ചിലവാക്കിയതെന്ന്" ഞാൻ അഭിപ്രായപ്പെടുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി പ്രസിഡൻറ്): ഒരു കാരണവന്റെ വകയിൽ പ്രായമാകാത്ത പെൺകുട്ടികളുടെ വിവാഹത്തിന്റെ ചിലവ് ഈടാക്കുന്നതിനു കൊടുക്കുന്ന അന്യായങ്ങൾ ഉണ്ട്, ആദ്യം കല്ല്യാണം ചിലവാക്കിയശേഷം പിന്നീട് ഈടാക്കാവുന്ന തരങ്ങളും ഉണ്ട്. കുട്ടിയെ വിവാഹം ചെയ്തുകൊടുക്കണമെന്ന താല്പര്യമുള്ള ആളുകൾക്ക് ആവശ്യമുള്ള പണം ഇല്ലാതെയിരിക്കാം. വിവാഹത്തിനു മുമ്പു പണം ആവശ്യപ്പെട്ടേക്കാം. ഓരോന്നിന്റേയും വസ്തുസ്ഥിതികൾ അനുസരിച്ചു വിവാഹത്തിനു ആദ്യമോ അവസാനമോ ഈടാക്കുന്നതിനു വിടുകയല്ലയോ നല്ലത്?"

മി: മാത്യുമുറിക്കൻ (വൈക്കം): ഒരു അന്യായംകൊടുത്തു കോർട്ടിന്റെ സഹായത്താലുടക്കൂടിവേണം ഈടാക്കുകയെന്നാണെങ്കിൽ കുട്ടിക്ക് ൧൮-൧൯ വയസ്സാകുകയില്ലയോ?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി പ്രസിഡൻറ്): അതിനെന്താണ്? വയസ്സ് ൧൮-ൽ കൂടരുതെന്നു വകുപ്പ് ഉണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കാരണവൻ പെൺകുട്ടിയെ വിവാഹംചെയ്തു കൊടുക്കുന്നതിൽ ഉദാസീനനാകുകയോ ഉപേക്ഷ വിചാരിക്കുകയോ ചെയ്യുമ്പോൾ അയാളിൽനിന്നും പണം കിട്ടുന്നതിനു സാധിക്കുമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): നാം 'ആദ്യം' എന്നോ 'അനന്തരം' എന്നോ ഇപ്പോൾ തീർച്ചയാക്കണ്ട എന്നാണു ഞാൻ പറയുന്നത്. അന്യായം കൊടുക്കുന്നതിനുമുമ്പിൽ പണം ചിലവാക്കിയതായി പറയുന്നു എങ്കിൽ ചിലവാക്കിയ ആളിനു പണം കിട്ടുകയില്ലെന്നു എന്തുകൊണ്ട് പറയുന്നതു പോലെ ആകുന്നു. ഓരോന്നിന്റേയും സ്ഥിതികളനുസരിച്ചു ഇല്ലംവക വസ്തുക്കളിൽനിന്നും ന്യായമായി ചിലവാക്കിയിട്ടുള്ള പണം ഈടാക്കാമെന്നു പറയുന്നതായിരിക്കും നല്ലതെന്നു എനിക്കു തോന്നുന്നു.

മി: മാത്യുമുറിക്കൻ (വൈക്കം): വസ്തുക്കൾ ഒന്നും ഇല്ലാത്ത ഒരു ജൂനിയർ വിവാഹത്തിനു മുമ്പു പണം ഈടാക്കിയശേഷം അടിയന്തിരം നടത്താതെ മാറ്റിപ്പോവുകയാണെങ്കിൽ നാം എന്തു ചെയ്യും?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ആ സംഗതി നമുക്കു കോടതികൾക്കു വിട്ടുകൊടുക്കാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): പണം വാസ്തവത്തിൽ ചിലവാക്കിയതിന്റെശേഷം മാത്രം ഈടാക്കുന്നതാണു നല്ലതു് എന്നാണു സമുദായത്തിന്റെ അഭിപ്രായം.

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): അതാണ് അവരുടെ അഭിപ്രായമെങ്കിൽ എനിക്കു യാതൊരു എതിരഭിപ്രായവും ഇല്ല.

അദ്ധ്യക്ഷൻ: മി. കേശവൻ നമ്പൂരിപ്പാടേ, പണം ചിലവാക്കിയതിന്റെ ശേഷം ഈടാക്കിയാൽ മതിയെന്നാണോ നിങ്ങളുടെ അഭിപ്രായം?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മി): അതെ.

അദ്ധ്യക്ഷൻ: തന്റെ സഹോദരിയെ വിവാഹംചെയ്തുകൊടുക്കാൻ ആഗ്രഹിക്കുന്ന നിർദ്ധനനായ ഒരു സഹോദരൻ ഉണ്ടെന്നും കാരണവൻ പണം കൊടുക്കുന്നില്ലെന്നും വിചാരിക്കുക. വിവാഹത്തിനുമുമ്പായി പണം ആവശ്യപ്പെടുകയല്ലേ ഇങ്ങനെയിരിക്കുമ്പോൾ നല്ലതു്?

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മി): അയാൾക്കു പണം കടം വാങ്ങിക്കാം. പിന്നെ അന്യായപ്പെടാം.

അദ്ധ്യക്ഷൻ: ആരും ഒരു കാശുപോലും അയാൾക്കു കൊടുത്തില്ലെന്നു വരാം. വിവാഹം താമസിച്ചുപോയേക്കാം. "ന്യായമായി ആവശ്യമുള്ള" ചിലവു് എന്നു ഉപയോഗിച്ചാൽ സ്വന്തം കയ്യിൽനിന്നും പണം ചിലവാക്കിയശേഷം അതിനെ ഈടാക്കുന്നതിനു അന്യായപ്പെടുന്ന കേസും അതിൽ ഉൾപ്പെടുമോ?

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഇല്ലത്തിന്റെ സ്വത്തു് അനുസരിച്ചു ന്യായമായി ആവശ്യമെന്നു തോന്നുന്ന തുകകളെ ഇല്ലംവക വസ്തുക്കളിൽനിന്നു് ഈടാക്കാവു—

മി: കെ. എൻ. കേശവൻ നമ്പൂരിപ്പാട്ട് (ജന്മി): ന്യായമായി ആവശ്യപ്പെടുന്നതു് എന്നാക്കാം.

അദ്ധ്യക്ഷൻ: അതുകൊണ്ടു് 'ചിലവാക്കിയതു്' എന്നുള്ളതിനുപകരം, ന്യായമായി ചിലവാക്കിയതു് എന്നു് ആക്കാമോ?

മി: ജാതവേദൻനമ്പൂരിപ്പാട്ട്, ഭേദഗതിയുടെ മററു ഭാഗങ്ങളെക്കുറിച്ചു്—അതായതു് ഭേദഗതിയും പാരാഗ്രാഫും ഇനിയും പ്രസ്താവിക്കാം.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (കൂട്ടത്തലായി ചേർത്ത സാമാജികൻ): സ്ത്രീധനം കൊടുക്കേണ്ടതിനെ സംബന്ധിച്ചു ചേർക്കേണ്ട വകുപ്പു് ഞാൻ ഇവിടെ ഹാജരാക്കുന്നു,

"എന്നാൽ വിവാഹത്തിനു സ്ത്രീധനം കൊടുക്കേണ്ട സംഖ്യ ഇല്ലസ്വത്തു് ആളോഹരി ഭാഗിച്ചാൽ ആ കന്യകക്കു കിട്ടാവുന്ന സ്വത്തിന്റെ വിലയായിരിക്കേണ്ടതും അങ്ങിനെയുള്ള സംഖ്യ ഒരിക്കലും 10,000 രൂപായിൽ കവിയാൻ പാടില്ലാത്തതും ആകുന്നു."

അദ്ധ്യക്ഷൻ: അങ്ങിനെയാണോ ഇപ്പോൾ കൊടുത്തുവരുന്നതു്?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (കൂട്ടത്തലായി ചേർത്ത സാമാജികൻ): ഇപ്പോൾ അതിനു ഒരു ക്ലിപ്തമില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്): സ്ത്രീധനം കൊടുക്കുന്ന തുക ആളോഹരിയോളംതന്നെ വന്നാൽ കല്യാണത്തിനു വേറെ ചിലവില്ലയോ?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (കൂട്ടത്തലായി ചേർക്കപ്പെട്ട സാമാജികൻ): അതു വിശേഷാൽ വേണ്ടിവരും.

മി: എൽ. ആർ. രാജരാജവർമ്മ കോയിതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്ട്) ആ ചിലവു് മററുള്ളവരെല്ലാം സഹിക്കണമെന്നാണോ ഉദ്ദേശം?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (കൂട്ടത്തൽ ചേർത്ത സാമാജികൻ) അതെ.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) ഭേദഗതി ആരും പിൻവാങ്ങിയിട്ടില്ല.

അദ്ധ്യക്ഷൻ അതു് മുഴുവനും പിൻവാങ്ങിയിട്ടുണ്ടു്. അതു് ഓരോഭാഗമായി അതിനെ പററുമനസ്സിലാക്കുന്നതിനു് ഞാൻ ജാതവേദൻനമ്പൂരിപ്പാടിനോടു് പറയുകയാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഒരു ഭേദഗതി മുറനുസരിച്ചാണോ എന്നു് എനിക്കു് അറിയേണ്ടിയിരിക്കുന്നു. ഇപ്പോൾ നമ്മുടെ ആലോചനയിൽ ഇരിക്കുന്ന ഭേദഗതിയായി മാററേണ്ടവണ്ണം ഒരു വകുപ്പു് ആദ്യത്തെ ബില്ലിൽ ഇല്ല. ഇപ്പോൾ ഒരു ഭേദഗതിയായി ഹാജരാക്കീട്ടുള്ളതു് തീരെ ഒരു പുതിയ ഖണ്ഡം ആകുന്നു. ഇപ്പോൾമാത്രം ഇതു് ഹാജരാക്കിയിരിക്കുന്നതുകൊണ്ടു് നാം ഇതിനെപ്പററി ആലോചിച്ചിട്ടാവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ, എന്തുകൊണ്ടു്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ) ഇതു് ഒരു പുതിയ ഖണ്ഡം ആകുന്നു; ഇതു് ഒരു ഭേദഗതിയല്ല. ഇപ്പോൾ കെ. ആവന്നിട്ടുള്ള ഈ ഭേദഗതി സെലക്ട്കമ്മററി ബില്ലിനെ ആലോചിച്ചശേഷം ഉള്ള ഒരു പുതിയ വകുപ്പാകുന്നു. അതുകൊണ്ടു് ഇതു നടപടിക്രമം അനുസരിച്ചല്ല.

മി: കണ്ണാടം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്സർക്കാർവക്കീൽ) ആദ്യത്തെ ബില്ലിൽ ഒരു ഖണ്ഡം ഇല്ലായിരുന്നു എന്നു വിചാരിച്ചു് വേറൊരു സന്ദർഭത്തിൽ ഇതുകൊണ്ടു വരരുതെന്നു് ഒരു നിയമം ഇല്ല. പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്ന ഖണ്ഡം ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടിരിക്കണം എന്നേയുള്ളു.

ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ഈ ഭേദഗതിയസംബന്ധിച്ചിടത്തോളം കുടുംബത്തിൽനിന്നു് സ്ത്രീധനം എന്നനിലയിൽ ഈടാക്കാവുന്നതിനെപ്പററി ഒരു വ്യവസ്ഥ ചേർക്കുകയാണു് ചെയ്യുന്നതെന്നു് എനിക്കു് തോന്നുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) കരടു് ബില്ലിലോ അതിനെ സിലക്ട്കമ്മററി പരിഷ്കരിച്ച ശേഷമോ വിവാഹത്തിനെപ്പററി എന്തെങ്കിലും ഉണ്ടോ?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) സിലക്ട്കമ്മററി പരിഷ്കരിച്ചതിൽ പിന്നിട്ട് വിവാഹത്തിനെപ്പററി ഒന്നുമില്ല. ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ഭേദഗതികൂട്ട ബ ഭരണത്തെപ്പററി സംബന്ധിച്ചതാണെന്ന് വിചാരിച്ചുകൊള്ളാം. അതായത് കുടുംബത്തിലെ മാനേജർ എന്നുള്ള നിലയിൽ കാരണവൻ എന്താണ് ചെയ്യേണ്ടിയിരുന്നത് എന്ന്. കാരണവൻ എന്താണോ ചെയ്യേണ്ടിയിരുന്നത് അത് കുടുംബത്തിലെ മററുള്ള അംഗങ്ങൾക്ക് ചെയ്യുവാൻ അധികാരം കൊടുക്കുക ആകുന്നു ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത് കുടുംബത്തിലെ തരുണികൾ എന്ന നിലയിൽ കന്യകകളെ വിവാഹം ചെയ്തുകൊടുക്കുവാൻ ചുമതലയുള്ള കാരണവൻ അങ്ങിനെ ചെയ്യുന്നതിൽ ഉപേക്ഷ വിചാരിക്കുന്നുവെങ്കിൽ കുടുംബത്തിലെ ഏതെങ്കിലും അംഗത്തിന് കന്യകകളെ വിവാഹം ചെയ്തുകൊടുക്കുവാനും അതിനാവശ്യമുള്ള പണം കുടുംബത്തിൽനിന്നും ഈടാക്കുന്നതിനും ഇതും അധികാരം നൽകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) 'ഭേദഗതി' എന്നുള്ളതിന്റെ അർത്ഥം എന്താണ്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) അത് ഒരു സാധാരണ വാക്കാകുന്നു.

മി: ആർ. കേശവപിള്ള (കുന്നത്തൂർ-കൊട്ടാരക്കര) ഭേദഗതി എന്നുള്ള പേരിൽ പുതിയ ഒരു വകുപ്പ് ചേർക്കാമോ എന്ന് എനിക്ക് അറിഞ്ഞാൽ കൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) ചെയ്യാം. അത് ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടിരിക്കണം എന്നു മാത്രമേയുള്ളു. ഇതാണ് മിസ്റ്റർ കേശവപിള്ള എന്നോട് ചോദിച്ചപ്പോൾ ഉദ്ദേശിച്ചതെങ്കിൽ അദ്ദേഹം ഉദ്ദേശിച്ച അർത്ഥം എനിക്ക് മനസ്സിലായാത്തതിൽ ഞാൻ വ്യസനിക്കുന്നു. ഒരു വ്യവസ്ഥ ആദ്യത്തെ ബില്ലിൽ ഇല്ലായിരുന്നു എന്നുള്ള കാരണത്താൽ മാത്രം അതു നടപടിക്രമം അനുസരിച്ചല്ല എന്നു വരുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) സ്ത്രീധനത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും ഉള്ള ഒരു വ്യവസ്ഥ ബില്ലിന്റെ പരിധിയിൽ ഉൾപ്പെട്ടതാണോ എന്ന് എനിക്കു അറിഞ്ഞാൽ കൊള്ളാം.

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) മലയാളബ്രാഹ്മണരുടെ കുടുംബത്തിലെ വിവാഹത്തിനുംകൂടി നിയമം ഉണ്ടാക്കാനുള്ള ഉദ്ദേശത്തോടുകൂടി എന്നു ബില്ലിന്റെ പീഠികയിൽ പറയുന്നില്ല, അത് പറയുന്നത് എന്തെന്നാൽ

"മലയാളബ്രാഹ്മണരുടെ കുടുംബഭരണത്തെപ്പററിയും തായ്‌വഴിക്രമത്തെപ്പററിയും ഉള്ള നിയമം നിർവഹിച്ച് പരിഷ്കരിക്കേണ്ടത് അത്യാവശ്യമാകയാൽ"

ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന വകുപ്പ് കുടുംബഭരണം എന്ന വിഷയത്തിൽ ഉൾപ്പെട്ടമെന്നാണ് തോന്നുന്നത്, ഏതെങ്കിലും ഒരു അംഗത്തിനു ചെയ്യാവുന്ന ഒരു സംഗതി കാരണവൻ ചെയ്തില്ലെങ്കിൽ ഒരു നിയമം ആയിട്ട് സ്ത്രീധനത്തിന്റെ തുകയും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. മററുള്ള ഖണ്ഡം സമ്മതിച്ചസ്ഥിതിക്ക് ഇതു തികച്ചുമായിട്ടും ക്രമമനുസരിച്ചുള്ളതാണെന്നാണ് തോന്നുന്നത്. എന്തെന്നാൽ വിവാഹം ചെയ്യണമെന്നുണ്ടെങ്കിൽ സ്ത്രീധനം കൊടുക്കേണ്ടതായിട്ടുണ്ട്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) സ്ത്രീധനത്തിനെപ്പററിമാത്രം പ്രസ്താവിക്കുന്ന ൫-ാമത്തെ ഖണ്ഡം ഉള്ളപ്പോൾ ഇത് എങ്ങനെയാണ് ക്രമമനുസരിച്ചല്ലാത്തത്?

മി: കയ്യാലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ് സർക്കാർവക്കീൽ) അതല്ലാത്തപക്ഷവും, മററുള്ളവ വസ്തു സ്വീകരിച്ചിരിക്കുന്നസ്ഥിതിക്ക് ഇത് ക്രമമല്ലെന്ന് ഞാൻ വിചാരിക്കുന്നില്ല,

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ,

അദ്ധ്യക്ഷൻ: നടപടിക്രമത്തെപ്പററി നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടോ മി: താണുപിള്ള?

മി: എ. താണുപിള്ള (തിരുവനന്തപുരം) സർ, ഇല്ല.

അദ്ധ്യക്ഷൻ—നടപടിക്രമത്തെപ്പററിയുള്ള എന്റെ ഉത്തരവ് പറയാം, കൂട്ടത്തിലായി ചേർക്കാൻ ഉദ്ദേശിച്ച ഈ ഖണ്ഡം വിവാഹവിഷയത്തെക്കുറിച്ചാണ് എന്നു വിചാരിച്ചാണ് മി: കേശവപിള്ള നടപടിക്രമത്തെ സംബന്ധിച്ച് തർക്കം പുറപ്പെടുവിച്ചിട്ടുള്ളത്. വിവാഹം എന്നാൽ എന്താണെന്നും, ഒരു സാധുവായ വിവാഹത്തിന് എന്തെല്ലാം സംഗതികളാണ് വേണ്ടതെന്നും, ഒരു സാധുവായ വിവാഹത്തിന്റെ ഫലങ്ങളെന്താണെന്നും മററും ഈ ഖണ്ഡം പറഞ്ഞിരുന്നു എങ്കിൽ അങ്ങിനെ ഇരിക്കുമായിരുന്നു. എന്നാൽ ഇപ്പോഴത്തെ വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഇല്ലത്തിലെ ഭരണകൃത്യങ്ങളുടെ ഒരു ഭാഗമായ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കുക എന്നുള്ള കാര്യത്തിൽ മാനേജർ എന്ന നിലയിൽ കാരണവൻ ചെയ്യാവുന്നതു ആ കാര്യം ജൂനിയർ അംഗങ്ങൾക്കു ചെയ്യാം എന്നുള്ളതാണ് ഈ വ്യവസ്ഥയില്ലത്തെ ഒരു ഭരണകൃത്യംമാത്രം സംബന്ധിക്കുന്നതാകുന്നു. ഇതിനോട് ബന്ധിക്കപ്പെട്ടിട്ടുള്ളത് മാത്രമാണ് മററുള്ള ഭേദഗതികൾ എന്നുള്ളതുകൊണ്ട് ഭേദഗതികൾ നടപടിക്രമം അനുസരിച്ചാണെന്ന് ഞാൻ ഉത്തരവുചെയ്യുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി സിലക്ട് കമ്മിട്ടിയിൽ ചെയ്യേണ്ടതായിരുന്നു. മിസ്റ്റർ ജാതവേദൻ നമ്പൂരിപ്പാടിനോട് തന്നെ ഇതിനെ സംബന്ധിച്ച് ചില സംഗതികൾ ചോദിച്ചറിഞ്ഞാൽ കൊള്ളാമെന്നുണ്ട്, ഈ ഭേദഗതിയനുസരിച്ച് കുടുംബസ്വത്തു മുഴുവനും ആളോഹരി ആയി ഭാഗിച്ചാൽ ആ സ്ത്രീക്ക് എന്തു കിട്ടുമോ അതായിരിക്കണം സ്ത്രീധനം കൊടുക്കുന്ന സംഖ്യ എന്നാണ് വരുന്നത്, ഇതിൽനിന്നും ഞാൻ വിചാരിക്കുന്നത് നിർബന്ധമില്ലെങ്കിലും സ്ത്രീധനം കൊടുക്കാതെ തീരു എന്നു വരുന്നുണ്ട്. സ്ത്രീധനസംഖ്യ ആളോഹരിവീതത്തിൽ കവിയരുത് എന്നു മാത്രമേ ഉള്ളോ അതല്ല അത്രയും തന്നെ കൊടുക്കണമെന്ന് നിർബന്ധമുണ്ടോ, എന്നറിഞ്ഞാൽ കൊള്ളാം.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂട്ടത്തിലായി ചേർത്ത സാമാജികൻ): ആ തുക തന്നെ കൊടുക്കണമെന്ന നിർബന്ധമില്ല. അതിൽ കവിയരുത് എന്നു മാത്രമേയുള്ളു. എന്നാൽ ആ സംഖ്യ ഒരിക്കലും ൧൦,൦൦൦ രൂപായിൽ അധികം ആകാനും പാടില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): പത്തുലക്ഷം രൂപാ സ്വത്തുള്ള ഒരു കുടുംബത്തിൽ രണ്ടു വിധവയും വിവാഹം കഴിയാത്ത ഒരു കന്യകയും മാത്രമെയുള്ളു. ആ കന്യകയുടെ വിവാഹം നടത്തുമ്പോഴും സ്ത്രീധനസംഖ്യ ൫൦,൦൦൦ രൂപായിൽ കവിയരുത്, എന്നാണോ അഭിപ്രായം.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട്: അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹത്തിനുള്ള ചിലവ് മററു കുടുംബാംഗങ്ങളും സഹിക്കണമെന്നൊ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): വിവാഹച്ചിലവ് കുടുംബത്തിൽ നിന്നും എടുത്തു നടത്തണം. ഈ ഭേദഗതി കൂട്ടുകുടുംബത്തെ ആശ്രയിച്ചാണ് കൊണ്ടുവന്നിട്ടുള്ളത്. അതുകൊണ്ടു വിവാഹച്ചിലവ് പൊതുസ്വത്തിൽ നിന്ന് എടുത്തു കാരണവൻ നടത്തണം.

മി: എ. താണുപിള്ള (തിരുവനന്തപുരം): സ്ത്രീധനം നീക്കിയാൽ വിവാഹത്തിന് എന്തു ചിലവു വേണ്ടിവരും.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട്: വളരെച്ചുരുക്കമായിട്ടേ വരികയൊള്ളു. വിവാഹം കഴിച്ചുകൊടുക്കുന്നവർക്കല്ല ചിലവ് വിവാഹം കഴിച്ച് കൊണ്ടുപോകുന്ന ആളിനാണ് ചിലവ്.

അദ്ധ്യക്ഷൻ: വിവാഹം കഴിക്കുന്നതിന് ആവശ്യമുള്ള തുക എന്നു പറഞ്ഞാൽ സ്ത്രീധനവും അതിൽ ഉൾപ്പെടുകയില്ലെ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട്: ഉൾപ്പെടും.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൫൦,൦൦൦ രൂപാ സ്ത്രീധനം കൊടുക്കുന്നതായ കുടുംബത്തിൽ വിവാഹത്തിന് എന്തു ചിലവാകും.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് പതിനായിരം രൂപാ സ്ത്രീധനം കൊടുക്കുന്ന ഒരു കുടുംബത്തിൽ വിവാഹച്ചിലവ് ഉദ്ദേശം അഞ്ഞൂറോ ആയിരമോ രൂപയാകും.

മി: എ. താണുപിള്ള (തിരുവനന്തപുരം): കാരണവൻതന്നെ വിവാഹം ചെയ്തുകൊടുക്കുന്ന പക്ഷം സ്ത്രീധനം എന്തു കൊടുക്കണമെന്നുദ്ദേശിക്കുന്നുണ്ടൊ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): ആരു വിവാഹം ചെയ്തു കൊടുത്താലും സ്ത്രീധനം അത്രെ പാടുള്ളു.

മി: സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട് (സംയുക്തൻ) ഈ ഭേദഗതിയോടു ഞാൻയോജിക്കുന്നില്ല. ഇതിനുള്ള പ്രധാനകാരണം ഇത് സമുദായത്തിന് വലിയ ദോഷത്തെയുണ്ടാക്കുമെന്നുള്ളതാണ്. സ്ത്രീധനസംഖ്യ ക്ലിപ്തം ചെയ്യുക എന്നുള്ളതാണ് ഈ വകുപ്പിന്റെ ഉദ്ദേശം സാധാരണ വലിയ സ്വത്തില്ലാത്ത കുടുംബങ്ങളിലാണെങ്കിൽ മാതാപിതാക്കന്മാർ പ്രയത്നിച്ച് വേറെയും പണമുണ്ടാക്കി സ്ത്രീധനം കൊടുത്തുവരുന്നുണ്ട്. ആ സ്ഥിതിക്ക് സ്ത്രീധനസംഖ്യ ക്ലിപ്തം ചെയ്യുന്നപക്ഷം ഈ സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകളുടെ സംഖ്യ കൂടിവരാനെ നിവൃത്തിയൊള്ളു. ഇന്ന വിവാഹത്തിനുള്ള വിഷമം വരനെ കിട്ടുന്നതിലാണ്. ഈ വകുപ്പ് പാസ്സാകുന്നപക്ഷം സ്ത്രീധനം കൊടുക്കുന്നവിഷയത്തിലും വിഷമത നേരിടും. ഇന്ന് നമ്പൂതിരി സമുദായത്തിൽ പതിനായിരവും പതിനയ്യായിരവും രൂപാ സ്ത്രീധനംകൊടുക്കുന്നവരും ഒട്ടും ദുർല്ലഭമല്ല. അതുകൊണ്ട് ഈ സ്ത്രീധനസംഖ്യ ഒരിക്കലും ക്ലിപ്തം ചെയ്യാൻപാടുള്ളതല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും) കാരണവൻ വിവാഹം ചെയ്തുകൊടുക്കാതെയിരിക്കുമ്പോൾ വേറൊരാൾ വിവാഹം ചെയ്തുകൊടുക്കുന്നു. ആ സന്ദർഭത്തിൽ അയാൾക്ക് ഇല്ലത്തിൽ നിന്നും ഇന്ന തുക ഈടാക്കാമെന്നുള്ളതിന് ഒരു വ്യവസ്ഥ വേണ്ടേ?

മി: സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട്: നാട്ടുനടപ്പും പതിവും അനുസരിച്ചു ഈടാക്കാം.

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): ഇല്ലത്തിലെ സ്വത്തിൽ നിന്നും ഇത്ര അംശം ആവശ്യപ്പെടാം എന്നു വേണ്ടേ?

മി: സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട് (സംയുക്തൻ) സ്വത്തിന്റെ അംശമല്ല സ്ത്രീധനസംഖ്യ

മി: എ. സി. കുര്യാക്കോസ് (മീനച്ചൽ-ദേവികുളം): ഒരു വിവാഹത്തിന്, ൨൦,൦൦൦ രൂപാ ധനം കൊടുക്കുന്നു എന്നു വിചാരിക്ക

മി: സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട്, (സംയുക്തൻ): ഞങ്ങളുടെ വിവാഹം ഒരാളോ രണ്ടാളോ മാത്രമായിട്ടു നടത്താവുന്ന ഒന്നല്ല. പല ബന്ധുക്കളും സ്നേഹിതന്മാരും സംബന്ധിക്കും. ഇന്നതാണ് സ്ത്രീധനംകൊടുത്തത് എന്നു മററുള്ള ആളുകൾക്കെല്ലാം ബോദ്ധ്യംവരുത്തും. അതുകൊണ്ടു അതിനെപ്പററി വലിയതർക്കം ഉണ്ടാകയില്ല. അഥവാ അങ്ങനെ ഒരു തർക്കം ഉണ്ടാകുന്നപക്ഷം അതു കോടതിയിൽ പോയെ തീരുമാനിക്കാൻ നിവൃത്തിയൊള്ളു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര കുന്നത്തൂർ): ഒരു കുടുംബത്തിൽനിന്നു കൂടുതലായിട്ടു സ്ത്രീധനം കൊടുക്കുന്ന സംഖ്യ എത്രയാണ്?

മി: സി. എൻ. ഇട്ടുണ്ണൻനമ്പൂതിരിപ്പാട് (സംയുക്തൻ): പന്തീരായിരവും അതിൽകൂടുതലും കൊടുക്കാറുണ്ട്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഞാനും ഈ ഭേദഗതിയെ പ്രതികൂലിക്കുന്നു: നമ്പൂതിരിസമുദായത്തിൽ സ്ത്രീധനം കൊടുക്കുക എന്നുള്ളത് അത്ര നിർബന്ധമായ ഒന്നല്ല. അതാതു കുടുംബത്തിന്റെ സ്വത്തനുസരിച്ചു സ്ത്രീധനം കൊടുക്കുന്നു എന്നേയുള്ളു. സ്ത്രീധനം കൂടാതെ ഉള്ള വിവാഹവും സാധാരണയാണ്. മി: ജാതവേദൻ നമ്പൂതിരിപ്പാടിലെ അഭിപ്രായം അനുസരിച്ചു സ്ത്രീധനം കൊടുക്ക എന്നുള്ളത് നിർബന്ധമായിട്ടു തീരുന്നു എന്നുമാത്രമല്ല സ്ത്രീധനം പതിനായിരം രൂപയിൽ കവിയാൻ പാടില്ലെന്നും പറയുന്നു. അതാതു കുടുംബത്തിലെ സ്ഥിതിക്കനുസരിച്ചു കൂടുതലോ കുറവൊ കൊടുക്കാൻ ഇപ്പോഴത്തെ നിയമപ്രകാരം അധികാരവും അവകാശവും ഉണ്ടായിരിക്കെ ഇങ്ങനെ ഒരു ക്ലിപ്തം ചെയ്യേണ്ട ആവശ്യം തീരെയില്ല.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): ഇപ്പോഴത്തെ നടപ്പനുസരിച്ച് ആറുവീതം ഭാഗിച്ചാൽ ആ സ്ത്രീക്ക് എന്തു കിട്ടുമോ അതിൽ കൂടുതലായിട്ടോ കുറവായിട്ടോ സ്ത്രീധനം കൊടുത്തുവരുന്നത്?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): രണ്ടുതരത്തിലും കൊടുത്തു വരുന്നുണ്ട്.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിങ്കര): അതിൽ കൂടുതൽ ഏതാണ്?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): അതിനു കണക്കെടുത്തു നോക്കിട്ടില്ല.

മി: വി. ചെല്ലൻപിള്ള (തോവാള): ഓഹരിതുകയിൽ കവിഞ്ഞതുക കൊടുക്കാൻ പാടില്ല എന്നു വ്യവസ്ഥപ്പെടുത്താമോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഞാൻ പറയുന്നത് ഈ വകുപ്പു ആവശ്യമില്ലെന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ബില്ലിനെപ്പററിയുള്ള കൂടുതൽ വാദം മാററിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ: എന്തുകൊണ്ടാണ്?

മി: എ. താണുപിള്ള (തിരുവനന്തപുരം): പുതിയ ക്ലാസുകൾ ചേർക്കുന്നതായി നാം കാണുന്നു. സമുദായപ്രതിനിധികൾ തമ്മിൽ അഭിപ്രായവ്യത്യാസം ഉള്ളതായി കാണുന്നു. അതുകൊണ്ടു ഈ വിഷയത്തെപ്പററി തൃപ്തിയായിട്ടു ആലോചിക്കുന്നതിന് നമുക്കു നിവൃത്തിയില്ലാതെയാണ് ഇരിക്കുന്നത്. ഇന്നലത്തെയും ഇന്നത്തേയും നമ്മുടെ അനുഭവം——

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (സംയുക്തൻ): മലയാളത്തിൽ പറയണം എന്നു മനസിലാകുന്നില്ല;

അദ്ധ്യക്ഷൻ. ദയവായി മലയാളത്തിൽ സംസാരിക്കുക മി: താണുപിള്ള

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ പുതുതായ ഒരു വകുപ്പുചേർത്തുകൊണ്ട് ഈ ബില്ലിനെപ്പററിയുള്ള പര്യാലോചന മാററിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇത് നൂതനമായി ബില്ലിൽ ചേർക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ള ഒരു വകുപ്പാണ്. ഇതിനെപ്പററി ആലോചിച്ച് ഒരഭിപ്രായം രൂപീകരിക്കുന്നതിനു ഞങ്ങളിൽ പലർക്കും സാധിച്ചിട്ടില്ല ഈ ബിൽ ഏതു സമുദായത്തെ ഉദ്ദേശിച്ചു നടപ്പിൽവരുത്തണമെന്നു നാം ഉദ്ദേശിക്കുന്നുവോ ആ സമുദായത്തിലുൾപ്പെട്ട ഇവിടെയുള്ള ഏതാനും അംഗങ്ങൾ തമ്മിൽത്തന്നെ വലുതായ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഇന്നലെത്തന്നെ ഒരു വകുപ്പിനെപ്പററി രണ്ടുമൂന്നുമണിക്കൂർ വാദപ്രതിവാദം നടത്തിയതിന് ശേഷവും ഒരു തീരുമാനവും ഉണ്ടാകാതിരിക്കുകയും അവസാനത്തിൽ ആ സമുദായത്തിലെ അംഗമല്ലാത്ത വേറൊരു മാന്യസാമാജികന്റെ അഭിപ്രായപ്രകാരം ഒരു വിധത്തിൽ രാജിയായി, ഒരു ഭേദഗതി ഇന്നു ഹാജരാക്കണമെന്നുള്ള ഉദ്ദേശത്തിന്മേൽ നമ്പൂതിരിസമുദായത്തിലെ അംഗങ്ങൾ പോകയും ഇന്ന് അവർ വേറെ ഒരു ഭേദഗതികൊണ്ടുവരികയും അതു് ദീർഘമായ വാദപ്രതിവാദത്തിനു കാരണമായി തീരുകയും ചെയ്തു. ഈ സ്ഥിതിക്ക് ഈ നൂതനമായ വകുപ്പിനെപ്പററി ആലോചിക്കുന്നതിനു നമ്പൂതിരി സമുദായത്തിലെ അഭിപ്രായംകൂടി അറിഞ്ഞു വരുത്തുകവേണ്ടും സൌകര്യം കൊടുത്തു് ഇതു മാററിവയ്ക്കണമെന്നാണ് ഞാൻ അഭിപ്രായപ്പെടുന്നത്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കര കാർത്തികപ്പള്ളി): വേറെ ഒരു അവസരത്തിൽ മാററിവച്ചാലും ഈ അഭിപ്രായവ്യത്യാസം ഉണ്ടാകയില്ലെന്നാണോ മെമ്പർ വിചാരിക്കുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): അഭിപ്രായവ്യത്യാസം ഉണ്ടാകയില്ല എന്നു ഞാൻ പറയുന്നില്ല. മാററിവച്ചാൽ അതിനെപ്പററിയുള്ള സംഗതികൾ വിവരമായിട്ടു ഗ്രഹിക്കുന്നതിനും ബില്ല് ശരിയായ വിധത്തിൽ രൂപീകരിക്കുന്നതിനു സാധിക്കുമെന്നുള്ള വിചാരത്തിലാണ് ഞാൻ ഈപ്രകാരം അഭിപ്രായപ്പെടുന്നത്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഈ ബിൽ കഴിഞ്ഞ തവണ ആലോചനയ്ക്കു വന്നിട്ടുള്ളതാണെന്നു അറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അന്ന് ഈ സംഗതികൾ ഒന്നുമില്ലായിരുന്നു. ഇന്നു കേട്ടുവന്നിട്ടുള്ള സംഗതികളെല്ലാം നൂതനമായിട്ടുള്ളതാണെന്നു എന്റെ സ്നേഹിതനും അറിഞ്ഞിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് ഈ ബില്ലിന്റെ പര്യാലോചന മാററിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): എത്ര നാളത്തേക്കു മാററിവയ്ക്കണമെന്നാണു പറയുന്നത്? മെമ്പർ ഇവിടെ അഭിപ്രായപ്പെട്ടത് ഈ ബില്ലിന്റെ പര്യാലോചന ഇതിനെ അവസരത്തിലേക്കു മാററിവയ്ക്കണമെന്നാണ്. അതിനേക്കാൾ കുറെക്കൂടി നല്ലത് ഇതിനെ ഇനിയും ഒരു സിലക്ട് കമ്മിററിക്കയച്ചു തെളിവു വാങ്ങി ആലോചനയ്ക്കു എടുക്കുന്നതല്ലേ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അത് ആലോചിക്കേണ്ട സന്ദർഭം ഇതല്ല.

വ.-ഒ.-ന സഭ ലഘുഭക്ഷണത്തിനായിപ്പിരിഞ്ഞു വ.-ഒ ൦.-ന വീണ്ടും കൂടി.

മി: എ. താണുപിള്ള (തിരുവനന്തപുരം): ലഘുഭക്ഷണത്തിനായി സഭ പിരിഞ്ഞതിന്റെ ശേഷം നമ്പൂതിരി സാമാജികന്മാരുമായിട്ടു ഞാൻ സംസാരിക്കുകയും അവർക്കു ബിൽ തുടരണമെന്നു ആഗ്രഹമുള്ളതായി കാണുകയുംചെയ്തു. അതുകൊണ്ടു ഞാൻ ഒരു പ്രതിബന്ധമായി നില്ക്കുന്നില്ല. ഞാൻ എന്റെ ഉപക്ഷേപം പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ: കൂടുതൽ ഉള്ള ക്ലാസുകളെപ്പററിയുള്ള വാദപ്രതിവാദത്തിനുമുമ്പു മി. ജാതവേദൻ നമ്പൂതിരിപ്പാടു സംസാരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ഇതിനുമുമ്പിലത്തെ വകുപ്പു കല്യാണത്തിനു ന്യായമായിട്ടാവശ്യപ്പെടുന്ന എല്ലാ തുകയും ഇല്ലത്തിൽനിന്നും കൊടുക്കുന്നതിനു അവകാശമുണ്ടായിരിക്കുമെന്നാണ്. ന്യായമായ ചിലവ് എന്നു പറയുന്നതിൽ ആ സമുദായ

ത്തിലെ ആചാരമനുസരിച്ചു കൊടുക്കേണ്ടതായ സ്ത്രീധനവും ഉൾപ്പെടുന്നതാണ്. ആ സ്ഥിതിക്കു തക്കം വരുമ്പോൾ കോടതിയിൽനിന്നും വിവാഹത്തിൻെറ ചിലവും സ്ത്രീധനവും കൊടുക്കേണ്ട സംഖ്യയും തീർച്ചപ്പെടുത്താവുന്നതാണ്. അങ്ങനെ ചെയ്താൽ പോരേ?

മി: വി. എൻ. ജാതവേദൻ നംപൂരിപ്പാട്: ന്യായമായ ചിലവ് എന്നു ചേർത്താൽ മതി.

മി: സി. എൻ. ഇട്ടൻനംപൂരിപ്പാട്: ഞാൻ അതിനെ അനുകൂലിക്കുന്നു.

അദ്ധ്യക്ഷൻ: സ്ത്രീധനവും ഉൾപ്പെടുന്ന ന്യായമായ ചിലവ് എന്നുള്ളതിനെക്കുറിച്ചു ഒരു സംഗതി പറയാനുണ്ട്. സ്ത്രീധനം കൊടുക്കാതെ കല്യാണങ്ങൾ നടത്തുന്നതായി ഒരു സമാജാംഗം ഇവിടെ പറയുകയുണ്ടായി. സ്ത്രീധനം കൊടുക്കണമെന്നു നാം പറയുകയാണെങ്കിൽ അതു് എല്ലാ വിവാഹത്തിൻേറയും ഒരു സ്വഭാവമായിത്തീരുന്നു. എല്ലാ കാര്യത്തിലും സ്ത്രീധനം ആവശ്യപ്പെടുന്നതിനു വരന്മാരെ ഇതു പ്രോത്സാഹിപ്പിക്കും. ഇതു ഈ യുക്തി എല്ലായ്പോഴും സാധുവായി എന്നു വരില്ലായിരിക്കാം. എന്നാൽ ഈ മനഃസ്ഥിതിയുണ്ടാക്കും. വിവാഹത്തിനു സ്ത്രീധനം സാധാരണമാകയാൽ ന്യായമായ ചിലവ് എന്നു പറയുന്നതിൽ സ്ത്രീധനവും ഉൾപ്പെടും.

മി: വി. എൻ. ജാതവേദൻ നംപൂരിപ്പാട്: കുടുംബവസ്തുക്കളെ ആളോഹരി ഭാഗിച്ചാൽ കിട്ടുന്ന സംഖ്യ സ്ത്രീധനമായിരിക്കുമെന്ന ഭാഗത്തെ ഞാൻ പിൻവലിക്കുന്നു.

അദ്ധ്യക്ഷൻ: ഭേദഗതിയുടെ ഈ ഭാഗത്തെ പിൻവലിക്കുന്നതിന് സഭ അദ്ദേഹത്തെ അനുവദിക്കുന്നോ?

അനുവാദത്തോടുകൂടി ആ ഭാഗം പിൻവലിച്ചു.

അദ്ധ്യക്ഷൻ: അങ്ങിനെയാണെങ്കിൽ മി. ജാതവേദൻ നംപൂരിപ്പാട്ടു ചേർക്കാൻ ഉദ്ദേശിക്കുന്ന കൂടുതൽ ഖണ്ഡം ഇതുപോലെ ആയിരിക്കും. ൧൦-ാമത്തെ ഖണ്ഡം കഴിഞ്ഞു ഇതൊരു പുതിയ ഖണ്ഡമായിരിക്കും.

"ഒരു കന്യകക്കു ൧൬ വയസ്സ് കഴിഞ്ഞശേഷവും അവളെ വിവാഹംചെയ്തുകൊടുക്കുന്നതിൽ കാരണവൻ ഉപേക്ഷ കാണിക്കുന്നു എങ്കിൽ അവളുടെ അച്ഛനോ അല്ലാത്തപക്ഷം ഉടകൂറ് കഴിക്കാൻ അവകാശമുള്ള ഏതു അംഗത്തിനോ അവളുടെ വിവാഹം കഴിക്കുന്നതിനു അവകാശമുള്ളതും അയാൾക്ക് അതിനു ന്യായമായ ചിലവു ഇല്ലത്തുനിന്നും ഈടാക്കാവുന്നതും ആകുന്നു."

സമുദായത്തിലെ അംഗങ്ങളായി ഇവിടെയുള്ള സാമാജികന്മാർ എല്ലാപേരും ഇതിൽ യോജിച്ചു കഴ [illegible]

പുതിയ ഖണ്ഡം ഭേദഗതിചെയ്ത രൂപത്തിൽ അവതരിപ്പിക്കുകയും പാസ്സാക്കുകയുംചെയ്തു. അതുപോലെതന്നെ പുതിയ ക്ലാസ് ബില്ലിൻെറ ഭാഗമായിരിക്കുന്നതാണെന്നുള്ള ഭാഗവും പാസ്സായി.

പുതിയ ക്ലാസ് ബില്ലിൻെറ ഒരു ഭാഗമായിച്ചേർത്തു.

ഖണ്ഡം ൧൧.

അദ്ധ്യക്ഷൻ: ൧൧-ാം ക്ലാസിനു ഒരു ഭേദഗതിയും അഭിപ്രായപ്പെട്ടിട്ടില്ല.

൧൧-ാംക്ലാസ് ബില്ലിൻെറ ഒരു ഭാഗമായിരിക്കുമോ?

ഉപക്ഷേപം പാസാക്കുകയും ഖണ്ഡം ബില്ലിൻെറ ഒരു ഭാഗമായി ചേർക്കുകയുംചെയ്തു.

൧൨-ാംഖണ്ഡം.

അദ്ധ്യക്ഷൻ: ൧൨-ാംക്ലാസിനെപ്പററി ജാതവേദൻ നംപൂരിപ്പാടിൻെറ ഭേദഗതിയാണ് ഇനി വരുന്നതു്.

മി: വി. എൻ. ജാതവേദൻ നംപൂരിപ്പാട് (സംയുക്തസാമാജികൻ): ബില്ലിൽ ൧൨-ാംവകുപ്പു മാററി ആ സ്ഥാനത്തു താഴെ പറയുന്നതു് ചേർക്കണമെന്നാണ് എൻെറ ഭേദഗതി.

൧൨-ാംവകുപ്പിൽ ഗൃഹസ്ഥനും സന്താനങ്ങളും ചിലവിനു ആവശ്യപ്പെട്ടാൽ അതിലേക്കു വസ്തു തിരിച്ചു കൊടുക്കാമെന്നാണ് ബില്ലിൽ ഇരിക്കുന്നതു്. എന്നാൽ ചിലവിനു കൊടുക്കേണ്ട സംഗതി താഴെ പറയുംപ്രകാരം ഭേദപ്പെടുത്തണം.

ബില്ലിലെ ൧൨-ാംവകുപ്പിനെ എടുത്തുകളഞ്ഞു ആ സ്ഥാനത്തു താഴെ വിവരിക്കുന്ന വിഷയങ്ങളെ വ്യക്തമായി ചേർക്കേണ്ടതാകുന്നു.

(൧) ഇല്ലംവക വസ്തുക്കളുടെ ആദായത്തിൽനിന്നും ഇല്ലത്തിലെ എല്ലാ അംഗങ്ങൾക്കും പതിവ് ചിലവിനു കിട്ടാൻ അവകാശമുണ്ട്.

(൨) ഇല്ലത്തുതന്നെ താമസിക്കുന്ന അംഗങ്ങളുടെ പതിവു ചിലവ് ഇല്ലത്തുനിന്നും തന്നെ നടത്തിക്കൊള്ളുന്നതാണ്.

(൩) ഇല്ലംവിട്ടു പ്രത്യേകമായി താമസിക്കുന്ന അംഗത്തിനും പതിവുചിലവുകിട്ടാൻ അവകാശമുള്ളതും, പതിവുചിലവ് സംഖ്യ ഈ വസ്തുക്കളുടെ അസ്സൽ ആദായത്തിൻെറ ൬ ശതമാനത്തിൽ ഒരു അംഗത്തിന് വീതിച്ചാൽകിട്ടുന്ന ഓഹരിയാകുന്നു.

(൪) ഇല്ലത്തുതന്നെ താമസിക്കുന്ന അംഗങ്ങൾക്ക് മേൽചിലവിനും കൂടി കിട്ടുവാൻ അവകാശമുള്ളതും മേൽചിലവു സംഖ്യ അസ്സൽ ആദായത്തിൽനിന്നും പതിവുചിലവുകഴിച്ചു ശേഷമുള്ളസംഖ്യയുടെ ൬ ശതമാനത്തിൽ ഇല്ലത്തിൽ താമസിക്കുന്ന അംഗങ്ങളുടെ ഒരു ഓഹരിയാകുന്നു.

എന്നാൽ പതിവ്ചിലവ് മേൽചിലവും സംഖ്യകൾ കൊല്ലം ഒന്നുക്ക് ഒരംഗത്തിനു ൧൨൦൦ രൂപായിൽ അധികരിച്ചുകിട്ടുവാൻ അവകാശമില്ലാത്തതും ആകുന്നു.

ഇല്ലത്തെ അംഗങ്ങളുടെ ചിലവിനുള്ള ഓഹരി കണക്കാക്കുന്നതിൽ രണ്ട് മൈനരെ ഒരു മേജരായി വിചാരിക്കേണ്ടതാണ്.

(൫) ഇല്ലത്തിൽ ഭരണംനടത്തുന്ന കാരണവനോ മററംഗത്തിനോ പതിവുചിലവും മേൽചിലവും കിട്ടാൻ അവകാശമുള്ളതിനുപുറമെ കൊല്ലാവസാനത്തിൽ ഭരണത്തിൻെറ പ്രതിഫലമായി അസ്സൽ ആദായത്തിൻെറ ൫ ശതമാനംവീതം ചിലവെഴുതി എടുക്കാൻ അവകാശമുള്ളതും ഈ പ്രതിഫലം ഒരിക്കലും ആവശ്യക്ക

൨,൫൦൦ രൂപായിൽ കവിയാൻ പാടില്ലെന്നതും ഇങ്ങനെകിട്ടുന്ന പ്രതിഫലസംഖ്യ ഭരണക്കാരന്റെ സ്വകാര്യ സ്വത്തായി വിചാരിക്കേണ്ടതും ആണ്.

എന്നാൽ ഇല്ലത്തിലെ കാരണവൻ ഒഴികെ മറ്റേതെങ്കിലും അംഗം ഭരണം നടത്തുന്നതായാൽ അയാൾക്ക് മേൽപ്രകാരമുള്ള പ്രതിഫലം കിട്ടാനവകാശമുള്ളതും ഈ വിഷയത്തിൽ കാരണവൻ മനസ്സാലെ ഭരണം ഒഴിഞ്ഞതാണെങ്കിൽ നിത്യചിലവിനും മേൽചിലവിനും പുറമെ ഭരണക്കാരനുള്ള പ്രതിഫലത്തിൽ ആറിൽ ഒന്നിൽ ഒരു അംശം വീതം കാരണവനു കിട്ടാൻ അവകാശമുള്ളതും ആകുന്നു.

മി: ടി. സി. ജോസഫ് (അഗസ്തീശ്വരം): ഞാൻ അതിനെ പിന്താങ്ങുന്നു:—

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നില്ല. കുടുംബത്തിലെ മറ്റംഗങ്ങൾക്ക് ചിലവിനു കൊടുക്കാൻ പാടില്ല എന്നുള്ള വ്യവസ്ഥ അനുകൂലിക്കാത്തത്. കാരണവനു ഇല്ലത്തിലുള്ളതായ അസ്സൽ ആദായം ഒരു കൊല്ലത്തിൽ ആയിരംരൂപായോ പതിനായിരംരൂപായോ കിട്ടുന്നതായിരിക്കും. അത് ജനപുസ്തകങ്ങളിൽനിന്നായിരിക്കും കിട്ടുന്നതു്. ആ ഇനത്തിലുള്ള അസ്സൽ ആദായംമുഴുവനും കാരണവൻ ഒരു കൊല്ലത്തെ പിരിച്ചു മറ്റുള്ളവർക്കും കുട്ടികൾക്കും ശതമാനവീതം വീതിച്ചുകൊടുക്കുക എന്നുള്ളത് ഒരിക്കലും സാദ്ധ്യമായിട്ടുള്ളതല്ല. ഒന്നാമതിൽ കിട്ടേണ്ടതായ ആദായം ആ ആണ്ടിൽ പിരിഞ്ഞുകിട്ടുന്നില്ലെന്നുമാത്രമല്ല ൫, ൬ കൊല്ലംകഴിഞ്ഞല്ലാതെ കിട്ടുന്നതല്ല. സിവിൽകോർട്ടിൽപോയി പിന്നെ മേൽക്കോടതിയിൽനിന്നും വിധികിട്ടി വളരെക്കാലംകഴിഞ്ഞിട്ടല്ലാതെ ഈ ആദായംവാങ്ങിക്കാൻ പറ്റുകയില്ല. എന്നാൽ ഈ അവകാശങ്ങൾക്ക് ഈ സംഖ്യകൾ ട്രസ്റ്റിന്റെ അധികാരവർഷത്തിൽതന്നെ കൊടുക്കേണ്ടിവരുന്നു. നൂറു ശതമാനം പതിവ് ചിലവിനും ൨൫ ശതമാനം മേൽചിലവിനും ഇപ്രകാരം കൊടുക്കണമെങ്കിൽ കാരണവൻ കടംമേടിക്കാതെ തരമില്ല. മേൽപറഞ്ഞ അസ്സൽ ആദായംകൊണ്ടുമാത്രം കൊടുക്കുന്നതിനു സാധിക്കുകയില്ല. മറ്റുള്ളവരുടെ ചെലവ് കൊടുക്കാനും കുടുംബത്തിലെ ചിലവ് നടത്താനും വേണ്ടി ഇങ്ങനെ കടംവാങ്ങിക്കുമ്പോൾ കുടുംബത്തിൽ കടം വർദ്ധിക്കയും തന്നിമിത്തം കുടുംബം നശിച്ചുപോകുന്നതുമാണ്. ഈ നിയമപ്രകാരം ശമ്പളംപോലെ ഒരു തുക വ്യവസ്ഥപ്പെടുത്തുകയും കുടുംബത്തിലെ കാരണവൻ എന്നനിലയിൽ ഭരണംനടത്തുകയും കുടുംബസ്വത്തുക്കളെ സംരക്ഷിക്കയും ചെയ്യുന്നതായിട്ട് ഒരു കാരണവനു സാദ്ധ്യമായി വരുമെന്നു ഞാൻ വിചാരിക്കുന്നില്ല. അതു സമുദായത്തിനു വളരെ ദോഷകരമാണ് എന്ന് ബോധമുള്ളതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അതാതു ആണ്ടിൽ പിരിഞ്ഞുകിട്ടുന്നതിന്റെ ശതമാനം എന്ന് വച്ചുകൂടേ,

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): പിരിഞ്ഞുകിട്ടിയതായാലും ശതമാനകണക്കുവച്ചു ഒരു കാരണവൻ അംഗങ്ങൾക്ക് ചിലവിനുകൊടുക്കണമെന്നു ഒരു ക്ലിപ്തം ചെയ്യാവുന്നതല്ല. അതുകൊണ്ടു ഈ വകുപ്പു സാധാരണ നടപ്പിൽവരുത്താൻ വളരെ പ്രയാസവും വളരെ കുഴപ്പവുമുള്ളതുകൊണ്ട് ഞാൻ ഇതിനെ എതിർക്കുന്നു,

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ). ഇളമുറക്കാരന് ചിലവിനുകൊടുക്കണ്ടാ, എന്നാണോ പറയുന്നതു്

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): ഇപ്പോൾ ഞാൻ ആദ്യംപറഞ്ഞുകഴിഞ്ഞു എല്ലാഅംഗങ്ങൾക്കും കൊടുക്കേണ്ടാ എന്നല്ല വാദം. കൊടുക്കേണ്ടതുതന്നെ,

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ശതമാനം കൊടുക്കണമെന്ന മെമ്പരുടെ അഭിപ്രായം.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അതു കുടുംബത്തിന്റെ സ്ഥിതി അനുസരിച്ചു വീതിച്ചുകൊടുക്കണം. പിന്നീട് ഭേദഗതിയിൽ ൨,൫൦൦ രൂപായിൽ അധികരിക്കാൻപാടില്ല എന്നു പറയുന്നു. ചില കുടുംബങ്ങളിൽ അംഗങ്ങൾക്ക് മാസത്തിൽതന്നെ ൫൦൦ രൂപായും കൂടുതലും കൊടുത്തുവരുന്നുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അതാതു ആണ്ടിൽ പിരിഞ്ഞുകിട്ടുന്നതിന്റെ ശതമാനം കൊടുക്കുന്നതിനും സങ്കടമെന്നാണോ പറയുന്നതു്.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): സങ്കടമല്ല. ആ തുകയെ ക്ലിപ്തപ്പെടുത്തുന്നതു വിഷമമെന്നാണ് ഞാൻ പറയുന്നതു്.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അതിനെന്തുവിഷമം, ആകെ പിരിഞ്ഞുകിട്ടുന്ന തുകയുടെ നൂറു ശതമാനം ഭാഗിച്ചു അംഗങ്ങൾ എത്രയുണ്ടോ അത്രമാത്രം ഭാഗിച്ചുകൊടുക്കണമെന്നല്ലേ പറയുന്നതു്.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അംഗങ്ങൾക്ക് കുടുംബത്തിലെ സ്ഥിതി അനുസരിച്ചു വീതിച്ചുകിട്ടുമ്പോൾ പിരിഞ്ഞുകിട്ടുന്നതു പോരാതെവരുന്നു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): പിരിഞ്ഞുകിട്ടുന്ന തുകമതി.

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): പിരിഞ്ഞുകിട്ടുന്നതുകയിൽ കുടുംബച്ചിലവുകഴിഞ്ഞാൽ ബാക്കി ഒന്നും കാണുകയില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): മറ്റു ചിലസമുദായങ്ങളുടെയിടയിൽ കോടതി വിധിപ്രകാരം ക്ലിപ്തമായ ഒരു സംഖ്യ ആണ്ടുതോറും ചിലവിനു ഈടാക്കിവരുന്നതു് അറിയാമോ?

മി: സി. എൻ. ഉപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അങ്ങനെ ഈടാക്കിവരുന്നുണ്ട്. ഇന്നു ഈ സമുദായത്തിൽതന്നെയും പലക്ക് ചിലവിനുകിട്ടായ്കയും വരുന്നുണ്ട്. ചിലവിനു കിട്ടുന്നതിനു കോടതിയിൽ വ്യവഹാരത്തിനു പോകുന്നവരും ധാരാളമുണ്ട്.

മി: ആർ. കേശവപിള്ള (കൊല്ലാരക്കരയും—കുന്നത്തൂരും): അംഗങ്ങൾക്ക് ചിലവിനുകൊടുക്കേണ്ടതു കുടുംബഭരണം ചെയ്യുന്നകാരണവന്റെ കർത്തവ്യമല്ലേ?

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അതെ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ശരിയായി സംരക്ഷണംചെയ്യുന്നവരുടെ കാരണവന്റെ കുടുംബത്തിലെ ആദായംഎടുത്തു ചിലവിടുകയല്ലേ.

മി: സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): ആ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു എന്ന് ഞാൻ ആദ്യമേ പറഞ്ഞുകഴിഞ്ഞു. ശതമാനം വീതിച്ച് ഇന്നതു കൊടുത്തുകൊള്ളണമെന്ന് നിയമം ആവശ്യമില്ല. അസൽ ആദായം ഉണ്ടെങ്കിൽ പിരിച്ചുകൊടുക്കാം. കാരണവന് പിരിഞ്ഞുകിട്ടിയില്ലെങ്കിൽ ചിലവിനു കൊടുക്കുന്നതിനു കടംവാങ്ങിക്കാതെ സാധിക്കയില്ല.

മി. എ. സി. കയ്യാലക്കാസ് (മീനച്ചിൽ-ദേവികുളം): കിട്ടുന്നസംഖ്യയുടെ വീതം കൊടുക്കുന്നതുകൊണ്ട് വിരോധമുണ്ടോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അതിനു യാതൊരു തടസ്സവുമില്ല.

മി. എ. സി. കയ്യാലക്കാസ് (മീനച്ചിൽ-ദേവികുളം): അപ്പോൾ അതു ഭേദപ്പെടുത്താമല്ലോ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കുടുംബത്തിലെ ആദായം ഒരാണ്ടിൽ കിട്ടാതെ വരുന്നു എങ്കിൽ അടുത്ത ആണ്ടിലെ കിട്ടി എന്നുവരാം. അങ്ങിനെ ആദായക്രമമില്ലാതിരുന്നാൽ ആദായം എങ്ങിനെ ആണു വീതിച്ചുകൊടുക്കുന്നതു്.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): കുടുംബത്തിലെ അസ്സൽആദായം വീതിച്ചു കൊടുക്കുക എന്നു വരുമ്പോൾ കാരണവൻ കടംവാങ്ങിച്ചു കൊടുക്കേണ്ടിവരും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കുടുംബത്തിലെ ആദായം ശരിയായി കിട്ടുന്നു എന്നല്ല വരുന്നത്.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അതെ. എന്നാൽ തുക പിരിഞ്ഞുകിട്ടുമ്പോൾ മതിയോ.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): അതിലേക്ക് ഒരു സ്റ്റാൻറാഡു നിശ്ചയിച്ചാചല്ലാതെ ചിലവിന് ആവശ്യപ്പെടുന്നതു് എങ്ങിനെയാണ്?

മി. സി. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): പിരിഞ്ഞുകിട്ടുന്ന അവസരത്തിൽ ചിലവിനുകൊടുത്താൽ മതിയെങ്കിൽ എനിക്ക് വിസമ്മതം ഒന്നുമില്ല. അങ്ങിനെ ചെയ്തില്ലെങ്കിൽ കുടുംബത്തിൽ കടംവരും.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽത്തമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): കിട്ടുന്ന ആദായത്തിന്റെ ഓഹരിയെടുക്കാമെന്ന് പറയുമ്പോൾ കുടുംബത്തിലെ പൊതുചിലവുകൾക്ക് ഒരു ഓഹരി നീക്കിവച്ചിട്ട് ബാക്കിയുള്ളതല്ലാതെ അംഗങ്ങൾക്ക് കൊടുക്കാൻ സാധിക്കുമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): അത്രേയുള്ളൂ.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): കുടുംബത്തിലെ ചിലവുകഴിച്ച് ബാക്കിയായാനുമില്ലെങ്കിൽ അംഗങ്ങൾക്ക് ചിലവിനുകൊടുക്കേണ്ടാ എന്നാണോ പറയുന്നതു്.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ) പിന്നെ എന്തുചെയ്യണം.

മി. വി. എസ്. മഹമ്മത് (നിയമിക്കപ്പെട്ട സാമാജികൻ): നായർറഗുലേഷനിൽ ഇങ്ങനെയുള്ള ശതമാനം വല്ലതും വച്ചിട്ടുണ്ടോ എന്ന് അറിയാമോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): ഉണ്ട്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): വരവിനും ചിലവിനും കണക്കില്ലയോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): ഉണ്ട്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): വരവിൽകുറഞ്ഞചിലവാണെങ്കിൽ ബാക്കിവരുന്നതു് ആദായമല്ലേ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): ബാക്കിയുണ്ടെങ്കിൽ ആദായംതന്നെയാണ്.

മി. ഇട്ടൂപ്പ് ഇട്ടിച്ചൻ (കുന്നത്തുനാട്): അപ്പോൾ ആ ശതമാനം അനുസരിച്ച് കൊടുക്കാൻ എന്താണ് വിഷമം.

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): വരവിൽനിന്നും കൊടുക്കുന്നതിൽ എനിക്ക് സങ്കടമില്ല. പതിനായിരപ്പറനെല്ല് മിച്ചവാരത്തിൽ കിട്ടാനുണ്ട്. അതു് ഏതുകൊല്ലത്തിലാണ് പിരിഞ്ഞുകിട്ടുന്നതു്. മുഴുവൻ വ്യവഹാരത്തിൽ കിടക്കുകയാണ്. അല്ലെങ്കിൽ കടപ്പത്രപ്രകാരം പലിശകിട്ടാനുണ്ട്. അതു് കുടുംബത്തിൽ ആദായമായി വരുന്നതുവരെ കടംവാങ്ങുകയല്ലാതെ വേറെ നിവൃത്തിയുണ്ടോ. ഇങ്ങനെ കടംവാങ്ങിക്കുമ്പോൾ അതിന് വലിയ പലിശയും വന്നുകയറും. അതുകൊണ്ട് പിരിഞ്ഞുകിട്ടുന്ന സംഖ്യയുടെ വീതമായാൽ തരക്കേടില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ പിരിഞ്ഞുകിട്ടുന്ന കാലംവരെ കുടുംബത്തിലെ അംഗങ്ങൾ പട്ടിണികിടക്കണമെന്നാണോ പറയുന്നതു്?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തമെമ്പർ): പട്ടിണികിടക്കാതിരിക്കാനാണ് ഞാൻപറയുന്നതു്. കടംവന്നാൽ കുടുംബം നശിച്ചുപോകും.

മി. മുതുവേലിൽ പാച്ചുപിള്ള (ചേർത്തല): ആദായം പിരിച്ചുകൊടുക്കുന്നതിനു വിഷമമാണെന്ന് തോന്നുന്നു എങ്കിൽ ആ ആദായത്തിന്റെ കണക്കിനുള്ള വസ്തു വിട്ടുകൊടുക്കാൻ വിരോധമുണ്ടോ?

മി. സി. എൻ. ഇപ്പൻനമ്പൂതിരിപ്പാട് (സംയുക്തസാമാജികൻ): അതിൽ യാതൊരുവിരോധവും എനിക്കില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): സർ, ഇപ്പോൾ ഹാജരാക്കപ്പെട്ട ക്ലാസിൽ അഞ്ചു് സബ്ക്ലാസുകൾ ഉണ്ട്. ഈ ക്ലാസുകളുടെ വിവാദവിഷയങ്ങളെ ഉദ്ദേശിച്ച് ഇവയെ മുറയ്ക്കു് ആലോചനക്ക് എടുന്നതാണ് നല്ലതെന്നു തോന്നുന്നു.

അദ്ധ്യക്ഷൻ: വാദം എല്ലാക്ലാസുകളേയും സംബന്ധിക്കുന്നതാകയാൽ അവയെ എല്ലാം ഒരുമിച്ച് ആലോചനയ്ക്കെടുക്കാം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഒന്നാമത്തെ സബ്ക്ലാസ് ഇതാകുന്നു.

"ഇല്ലംവകവസ്തുക്കളിൽനിന്നും ഓരോ അംഗങ്ങൾക്കും സാധാരണചിലവിന് ആവശ്യമുള്ള തുക കിട്ടുന്നതിന് അവകാശമുണ്ട്."

അദ്ധ്യക്ഷൻ. പ്രത്യേകിച്ച് എന്ന് അതുകൊണ്ട് അർത്ഥമുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ) നിശ്ചയമായിട്ടും, വാദം കഴിഞ്ഞശേഷം ആവശ്യമെന്നുതോന്നുന്ന വ്യത്യാസങ്ങൾ ചെയ്യുന്നതു അനുസരിച്ചു.

രണ്ടാമത്തെക്ലാസ് ഇതാകുന്നു. "ഇല്ലത്തുതാമസിക്കുന്ന അംഗങ്ങളുടെ സാധാരണചിലവ് ഇല്ലത്തുനിന്നുതന്നെ ചിലവാക്കണം."

മൂന്നാമത്തെക്ലാസ്—വേറെ താമസിക്കുന്ന ഒരു അംഗത്തിനും അയാളുടെ സാധാരണചിലവിന് അവകാശമുണ്ട്. ഈ തുക ഇല്ലംവക അനുഭവയുള്ള ആദായത്തിന്റെ സമമാനത്തിനെ ഭാഗിക്കുമ്പോൾ അയാൾക്കു കിട്ടാൻ അവകാശമുള്ള ഒരു ഭാഗമായിരിക്കും."

ഭേദഗതിയുടെ ഒടുവിലത്തെ ഭാഗം വസ്തുക്കളുടെ ആദായത്തിൽനിന്നും ഓരോ അംഗങ്ങൾക്ക് കിട്ടാവുന്ന തുകയെപ്പറ്റിയുള്ളതാകുന്നു അതിന്റെശേഷം അസാധാരണമായുള്ള ചിലവ്, ഒരാൾക്ക് ചിലവിനായി അവകാശപ്പെടാവുന്ന ഏററവും കൂടുതലായസംഖ്യ ഒടുവിലായി മാനേജർക്കുള്ള പ്രതിഫലം. വാദം ഈ അഞ്ചു ക്ലാസിലും ഒരുമിച്ചാകുന്നു എങ്കിൽ കുറച്ചു ഉപദ്രവം നേരിടും. എന്തായാലും ഇതു വോട്ടിനിടുമ്പോൾ ഓരോക്ലാസിലും പ്രത്യേകമായി വോട്ടുചെയ്യേണ്ടിവരും. അതുകൊണ്ട് ഭേദഗതിയാക്കിയ ആറു ഓരോക്ലാസായി അവതരിപ്പിക്കുകയും വാദിക്കുകയും ചെയ്താൽ കുറച്ചുകൂടി ഉപയോഗപ്രദമായിരിക്കുമെന്ന് എനിക്കുതോന്നുന്നു.

അദ്ധ്യക്ഷൻ. ഏതെങ്കിലും വിഷമം നേരിടുമെന്ന് ഞാൻ വിചാരിക്കുന്നില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ) ഇവ തമ്മിൽ രണ്ടാട്ടം ഇരണ്ടാട്ടം മാറിപ്പോകുന്നതുവളരെ കുറക്കാം.

അദ്ധ്യക്ഷൻ. ഒന്നും രണ്ടും ക്ലാസിനെ സംബന്ധിച്ചിടത്തോളം വാദത്തിന് എന്തെങ്കിലും ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അവയെ നമുക്ക സ്വീകരിക്കാം. ഇപ്പോഴത്തെരൂപത്തിൽ ചില ഭേദഗതികൾ ഉണ്ട്. അവയെഎല്ലാം ഒരുമിച്ചു പര്യാലോചിക്കാം. വോട്ടിനിടുമ്പോൾ ഓരോന്നായി എടുക്കാം. എല്ലാഭേദഗതികളേയും ഒരുമിച്ചു വാദിക്കാം.

മി: കെ. എൻ. കേശവൻനമ്പൂരിപ്പാട് (ജന്മി): ഇതിനെപ്പററി കൂടുതലായി ആലോചിക്കുന്നതിനു മുമ്പ് എനിക്ക് ഒരു ഭേദഗതി ആലോചിക്കാനുണ്ട്.

അദ്ധ്യക്ഷൻ: ഇതിനെക്കുറിച്ചു ഒന്നാമത്തെ വകുപ്പിനെ സംബന്ധിച്ചു ഒരു അമെൻഡമെൻറും ഹാജരാക്കാനുണ്ട്. അതു രണ്ടുംതമ്മിൽ യോജിച്ചതാണ്.

അദ്ധ്യക്ഷൻ: ഈ ഭേദഗതി ഇപ്പോൾ നാം ആലോചിക്കുന്ന ഭേദഗതിയെ എങ്ങനെ ബാധിക്കും?

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ); ഈ ഭേദഗതിയെ സ്വീകരിക്കുകയാണെങ്കിൽ ഇതിന്റെ ആവശ്യം വരികയില്ല.

അദ്ധ്യക്ഷൻ: മി: ജാതവേദൻനമ്പൂരിപ്പാട് അതു സ്വീകരിച്ചിട്ടുണ്ടോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മി): ഞാൻ അതു വായിക്കാം. സജാതീയവിവാഹം കഴിച്ചിട്ടുള്ള ഏതൊരാളിനും അയാളുടെ മക്കൾക്കും ഭാര്യക്കും കുടുംബത്തിൽനിന്നു വേറിട്ടു താമസിച്ചാൽ ചിലവിനു കുടുംബത്തിലെ വസ്തു തിരിച്ചു കിട്ടാൻ അവകാശമുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): സജാതീയവിവാഹം ചെയ്തിട്ടുള്ള ഏതൊരംഗത്തിനും കുടുംബത്തിൽനിന്നും വേറെ താമസിക്കുന്നതായാൽ ആ ആളിന്റെ ഭാര്യക്കും മക്കൾക്കും ചിലവിനു വസ്തുവക പ്രത്യേകമായി തിരിച്ചുകിട്ടുവാൻ അവകാശമുള്ളതാകുന്നു. ബി കുടുംബത്തിലെ എല്ലാ അംഗത്തിനും പ്രത്യേകം പ്രത്യേകമായി താമസിക്കയാണെങ്കിൽ പ്രത്യേകം പ്രത്യേകം ചിലവിനു കിട്ടാൻ അവകാശമില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (ഇടവക): ഇത് ഈ കടലാസിൽ കാണുന്നില്ല.

അദ്ധ്യക്ഷൻ: അതു കടലാസിൽ ഉള്ളതല്ല, മി: കേശവൻനമ്പൂരിപ്പാട് പുതുതായി അവതരിപ്പിക്കയാണ്.

അദ്ധ്യക്ഷൻ: ഞാൻ ഇപ്പോഴത്തെ നില വെളിവാക്കാം ഈ ബില്ലിന്റെ പര്യാലോചനക്കിടയിൽ നമുക്ക പലപ്രാവശ്യം പ്രത്യക്ഷമായതുപോലെ നാം സാമാജികന്മാരുടെ അഭിപ്രായമറിയുന്നതിനു ശ്രമിക്കുകയാകുന്നു. ഒന്നാമത്തെ ക്ലാസിനെ സംബന്ധിച്ചിടത്തോളം എല്ലാ സാമാജികന്മാരുംകൂടി ബില്ലിന്റെ അതുത്ത പരിപ്രയോഗത്തെ ഒരു പ്രത്യേകരീതിയിൽ മാററാൻ സമ്മതിച്ചിട്ടുണ്ടെന്നു ഇപ്പോൾ മി: കേശവൻനമ്പൂരിപ്പാട് പറയുകയുണ്ടായി. ഈ ഭേദഗതിയെ സ്വീകരിച്ചാൽ മററുള്ള ഭേദഗതികളുടെ ആവശ്യം ഉണ്ടാകയില്ല. കുറെ നേരമായും ക്ലേശാവഹവുമായ ഈ വാദത്തിൽനിന്നു രക്ഷപ്പെടുന്നതിനു ഇതു ഒരു സുഗമമായ മാർഗ്ഗമായി തോന്നിയതുകൊണ്ടു അദ്ദേഹത്തിന്റെ ഭേദഗതിയെന്താണെന്നു മി. കേശവൻനമ്പൂരിപ്പാടിനോടു ചോദിച്ചു അതു സ്വീകരിക്കുന്നപക്ഷം അതിനെ അടിസ്ഥാനമാക്കി നമുക്ക മുന്നോട്ടുപോകാം.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇങ്ങനെ രാജിയായി കൊണ്ടുവരുന്ന ഭേദഗതിക്കും ഭേദഗതി കൊണ്ടുവരണമെന്ന് പറയാൻ എനിക്കു അവകാശമുണ്ടോ?

അദ്ധ്യക്ഷൻ: ഭേദഗതി കൊണ്ടുവന്നാൽ അപ്പോൾ പറയാം.

മി: എ. എസ്. പറവിപെരുമാൾപിള്ള (കല്ക്കുളം തെക്ക്): നല്ല ശതമാനത്തിനു മി: ഇപ്പൻനമ്പൂരിപ്പാടിനു വിരോധമില്ല. "ആദായമുള്ള ആദായം ഏതാണ്ടുതിനെക്കുറിച്ചുള്ള പ്രയാസം മാത്രമാണ് ഞാൻ കാണുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഇതു അധികം സമയമെടുക്കുമെങ്കിൽ അടുത്ത ഭേദഗതിയിലേക്കു നമുക്ക കടക്കാം.

അദ്ധ്യക്ഷൻ: അതുകൂടാതെ നമുക്ക് സാധിക്കുകയില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പര്യാലോചന ഏതുവിധത്തിലാണ് നടത്താൻ പോകുന്നത് എന്നറിയുന്നതിനു പ്രയാസമായിരിക്കുന്നു. എല്ലാ മെമ്പർമാരും കൂടി യോജിച്ച ഒരു ഭേദഗതിയെ മി: കേശവൻനമ്പൂരിപ്പാട്ടു ഹാജരാക്കുന്നുണ്ടെങ്കിൽ അതിനെ എന്താണ് ഇവിടെ ആലോചിക്കാനെടുക്കാൻ പാടില്ലാത്തത് എന്നു നമുക്ക് മനസ്സിലാക്കാൻ പ്രയാസം. നടപ്പനുസരിച്ചു പുതിയ ക്ലാസുകൾക്കു ഭേദഗതി അയക്കാൻ നമുക്കു അവകാശമില്ല. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഈ ഭാഗത്തുള്ളവർ വളരെ കുഴങ്ങുന്നു. ഇവിടത്തെ നടപ്പു സാമാജികന്മാരെല്ലാവരും മറന്നിരിക്കുന്നു.

അദ്ധ്യക്ഷൻ: ഒരു സാമാജികൻ എന്നോട്ട് അതാണ് ചോദിച്ചത്. ഞാൻ അദ്ദേഹത്തിനു ഉത്തരം പറഞ്ഞു. അതു നിങ്ങളേയും ബാധിക്കും.

മി: കേശവൻനമ്പൂരിപ്പാടു അതിനെപ്പറ്റി വല്ല ഭേദഗതിയും ഉണ്ടോ ഇല്ലെങ്കിൽ ഇപ്പോഴുള്ള ഭേദഗതിയോടുകൂടിത്തന്നെ നമുക്കു മുന്നോട്ടുപോകാം.

മി: കേശവൻനമ്പൂരിപ്പാട്ട് (ജന്മി): അതു കുറച്ചുസമയം എടുക്കുമെന്നു എനിക്കുതോന്നുന്നു.

അദ്ധ്യക്ഷൻ: സാരമില്ല, യോജിപ്പില്ലെന്നു നമുക്കു കരുതാം. മിസ്റ്റർ ജാതവേദൻനമ്പൂരിപ്പാടിന്റെ ഭേദഗതിയെ നമുക്കു ആലോചിക്കാം.

മി: റ്റി. സി കേശവപിള്ള (കൽക്കുളം വിളവങ്കോട്ട): പതിമൂന്നാമത്തെ വകുപ്പിനെ സംബന്ധിച്ചിടത്തോളം സിലക്ട്കമ്മിറ്റിക്കാർ ഹാജരാക്കിട്ടുള്ള വകുപ്പിൽ ഏതാനംഭാഗം ഇല്ലാത്തതുകൊണ്ടു അതിനെ സംബന്ധിച്ചു ഗാഢമായി ആലോചിച്ചു ചേർക്കേണ്ടതായതെ കൂടി ചേർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏതാനും മാന്യസാമാജികന്മാർ ചില ഭേദഗതികൾ അയച്ചിട്ടുണ്ട്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോൾ ഏതു ക്ലാസാണ് ആലോചനയിൽ ഇരിക്കുന്നതെന്ന് അറിയാമോ?

അദ്ധ്യക്ഷൻ: മിസ്റ്റർ ജാതവേദൻ നമ്പൂരിപ്പാട്ടു ഹാജരാക്കിയതും പിൻവാങ്ങിയതുമായ ഭേദഗതി.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം വിളവങ്കോട്ട്): അപ്രകാരം അയച്ചിട്ടുള്ളതു മെസ്സേർസ് ജാതവേദൻനമ്പൂരിപ്പാട്ട് ആർ. കേശവപിള്ള എ. ജി. മേനോൻ എ. താണുപിള്ള കെ. പി. നീലകണ്ഠപ്പിള്ള എന്നിവരാണ്. പതിമൂന്നാമത്തെ വകുപ്പിനെ പ്രത്യേകിച്ചു നോക്കുന്നപക്ഷം എല്ലാപേർക്കും മെയിന്റനൻസിനു പ്രത്യേകം വസ്തുവോ പണമോ കൊടുക്കാമെന്നു വ്യവസ്ഥചെയ്യുകാണാത്തതുകൊണ്ടു തീർച്ചയായിട്ടും ഈ കൌൺസിലിന്റെ കൃത്യനിർവഹണത്തിനായി ഒരു പ്രത്യേകവ്യവസ്ഥ ചെയ്യേണ്ടതു അത്യാവശ്യമാണ്. രണ്ടാമത് പന്ത്രണ്ടാമത്തെ വകുപ്പിൽത്തന്നെ മെയിന്റനൻസ്‌വസ്തു കൊടുക്കണമെന്നു പറഞ്ഞു. അപ്രകാരം കൊടുക്കുന്നവസ്തു എത്രയാണ്. ആളോഹരിവീതമോ അല്ലെങ്കിൽ ഏതാനും അംശമോ എന്നു പ്രത്യേകം വ്യവസ്ഥചെയ്യേണ്ടതാണ്. മൂന്നാമതു ഭാര്യക്കും കുഞ്ഞുങ്ങൾക്കും കൂടി ചിലവിനു വാങ്ങിക്കാൻ അവകാശമുണ്ടെന്നു പറയുന്നു. നമ്പൂരിസമുദായത്തെ സംബന്ധിച്ചിടത്തോളം ഭാര്യയും കുഞ്ഞുങ്ങളും എന്നു പറയുന്നതിൽ പലവിധ അർത്ഥവും എടുക്കാമെന്നുള്ളതുകൊണ്ടു ഭാര്യ ഏതു കുഞ്ഞുങ്ങളേതു എന്നു വ്യവസ്ഥപ്പെടുത്തി അതിനെപ്പറ്റി ഒരു വ്യവസ്ഥ ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. അതുകൊണ്ടു ഗൃഹസ്ഥൻ എന്നുള്ള പദം ഉൾപ്പെട്ടു വരുന്നു.

അദ്ധ്യക്ഷൻ: നാം അതിനെക്കുറിച്ചല്ല ഇപ്പോൾ ആലോചിക്കുന്നതു. മിസ്റ്റർ ജാതവേദൻനമ്പൂരിപ്പാട്ടു ഹാജരാക്കിട്ടുള്ള അച്ചടിക്കപ്പെടാത്ത പതിമൂന്നാമത്തെ ഭേദഗതിയാണ് നാം ഇപ്പോൾ ആലോചിക്കുന്നത്. ആ ഭേദഗതിക്കു വെളിക്കു പോകരുത്.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്ട്): പന്ത്രണ്ടാമത്തെ വകുപ്പ് എടുത്തിട്ടുണ്ട്. അതിന്റെ അമൻഡ്മെന്റാണ് നാം കൺസിഡർ ചെയ്യുന്നത്.

അദ്ധ്യക്ഷൻ: ദയവായി ഞാൻ പറയുന്നതു കേൾക്കുക. ആ ക്ലാസിനെക്കുറിച്ചുള്ള എല്ലാ ഭേദഗതികളും നാം ഇപ്പോൾ ആലോചിക്കുന്നില്ല. ഒരു ഭേദഗതിയെ ഇപ്പോൾ ഇവിടെ ആലോചിക്കുന്നില്ല. അതായതു പതിമൂന്നാമത്തതായി അച്ചടിച്ചിരിക്കുന്ന മി. ജാതവേദൻ നമ്പൂരിപ്പാടിന്റെ ഭേദഗതി മറ്റുള്ള ഭേദഗതികൾ കുറച്ചു കഴിഞ്ഞു ആലോചനക്ക് എടുക്കുന്നതാണ്.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്ട്): പതിമൂന്നാമത്തെ ഭേദഗതിയെ വരുന്നപക്ഷം എല്ലാം ഒന്നായിട്ടു ആലോചിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം.

അദ്ധ്യക്ഷൻ. നാം ഇപ്പോൾ ഇതാണ് ആലോചിക്കുന്നത്.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്ട്); മൂന്നു ഭേദഗതികൾ കൂടി ഒന്നായിട്ട് ആലോചിക്കണമെന്ന് അഭിപ്രായപ്പെട്ടതുകൊണ്ടാണ് പറഞ്ഞത്.

അദ്ധ്യക്ഷൻ: അങ്ങിനെ പറഞ്ഞില്ല.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്ട്): പതിനഞ്ചാമത്തെ ഭേദഗതിയെ ഞാൻ എടുക്കുന്നു.

അദ്ധ്യക്ഷൻ: മിസ്റ്റർ ആർ. കേശവപിള്ള, നിങ്ങളുടെ ഭേദഗതിയെ നിങ്ങൾ ഹാജരാക്കുമോ? ഞാൻ മുമ്പേ പറഞ്ഞതുപോലെ ഈ എല്ലാ ഭേദഗതികളും ഒരുമിച്ച് ആലോചിക്കുന്നതായിരിക്കും നല്ലത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): കുടുംബത്തിലുള്ള എല്ലാ അംഗങ്ങൾക്കും തക്കകാരണത്താൽ വെളിയിൽ താമസിക്കുന്നവർക്കും ചിലവിനായിട്ട് വസ്തു വിഭജിച്ച് കൊടുക്കേണ്ടതാണെന്നാണ് എന്റെ ഭേദഗതി പതിമൂന്നാമത്തെ വകുപ്പിൻപ്രകാരം ഒരു ഗൃഹസ്ഥനും അദ്ദേഹത്തിന്റെ ഭാര്യക്കും കുട്ടികൾക്കും മാത്രമേ ചിലവിനായിട്ട് പ്രത്യേകം വസ്തുവിഭജിച്ച് കിട്ടാൻ അവകാശമുള്ളു. അങ്ങിനെ ഒരു നിയമം പാസ്സാക്കുകയാണെങ്കിൽ കുടുംബത്തിലുള്ള മറ്റംഗങ്ങൾ ഏതെങ്കിലും ശരിയായ കാരണത്താൽ പ്രത്യേകം താമസിക്കേണ്ടതായി വരികയാണെങ്കിൽ അവർക്ക് ചിലവിന് കിട്ടാൻ അർഹതയില്ലാതെവരും. ഉദാഹരണമായിട്ട് കുടുംബത്തിലെ അല്ലെങ്കിൽ ഇല്ലത്തിലെ ഒരംഗം വിദ്യാഭ്യാസത്തിനായിട്ട് ദൂരദിക്കിൽ പോകുകയാണെങ്കിൽ നിയമപ്രകാരം ആ അംഗത്തിന് ചിലവിന് കിട്ടാൻ അർഹതയില്ല. വേറെ ഒരു ഉദാഹരണം പറയാം. കു

ടുംബത്തിലെ ഒരംഗം വിജാതീയ വിവാഹം ചെയ്താൽ ഇപ്പോഴത്തെ വകുപ്പിൻപ്രകാരം ആ അംഗത്തിനു ചിലവിന് കിട്ടാൻ അർഹതയില്ല. ഇങ്ങനെയുള്ള തടസ്ഥങ്ങൾ ഈ വകുപ്പിൽ ഉള്ളതിനാൽ എന്റെ ഭേദഗതി സ്വീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം തക്കതായ കാരണമെന്ന് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശം താഴെ പറയുന്നവയാണ്. കുടുംബത്തിലെ ഏതെങ്കിലും അംഗം കാരണമില്ലാതെ കുടുംബത്തെ ഉപദ്രവിക്കുന്നതിനായിട്ട് പ്രത്യേകം മാറി താമസിച്ചു എന്ന് വന്നേക്കാം. അല്ലെങ്കിൽ കുടുംബത്തിലുള്ള മെമ്പർ തന്നെ വേറെ ആളിന്റെ പ്രേരണയിന്മേൽ കാരണവനെ ഉപദ്രവിക്കുന്നതിന് കുടുംബത്തിൽനിന്ന് മാറിതാമസിച്ചു എന്നും വരും. ഈ വക സംഗതികളുണ്ടായാൽ കാരണവന് ഉപദ്രവം നേരിട്ടാൽ കുടുംബഭരണം ശരിയായി നടത്തുന്നതിന് സാധിക്കുകയില്ല. അതിനാൽ എന്റെ ഈ ഭേദഗതി സഭ ദയവായി അംഗീകരിപ്പിച്ചു കൊള്ളുന്നു.

അദ്ധ്യക്ഷൻ: ഈ ഭേദഗതിയെ പിൻതാങ്ങിയിട്ടുണ്ടോ?

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടംതെക്ക്): ഞാൻ പിൻതാങ്ങുന്നു.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംസ്കൃത സാമാജികൻ): വസ്തു വിഭജിച്ച് കൊടുക്കണമെന്നുള്ള ഭാഗത്തെ ഞാൻ എതിർക്കുന്നു.

അദ്ധ്യക്ഷൻ: വസ്തു വിഭജിച്ച് കൊടുക്കണമെന്ന് പറഞ്ഞിട്ടില്ലല്ലോ?

മി. വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംസ്കൃതൻ): വസ്തുവിട്ടുകൊടുക്കണമെന്ന് പറഞ്ഞു.

അദ്ധ്യക്ഷൻ: അതു ചിലവിനായിട്ട് മാത്രമാണ്.

മി. വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംസ്കൃതൻ): കാരണവൻ ആദായമെടുത്ത് എല്ലാപേർക്കും ഒരുപോലെ കൊടുക്കയാണ് വേണ്ടത്. വസ്തുവിട്ടു കൊടുത്താൽ അതു കൂട്ടുകുടുംബക്കാർക്ക് വിപരീതമായിട്ട് വരും.

അദ്ധ്യക്ഷൻ: മി. മേനോൻ, നിങ്ങൾക്ക് ഒരു ഭേദഗതിയുണ്ട്. അതു നിങ്ങൾ ദയവായി ഹാജരാക്കുമോ?

മി. എ. ജി മേനോൻ (പറവൂർ): ഞാൻ അതു ഹാജരാക്കുന്നില്ല.

മി. എ. താണുപിള്ള (തിരുവനന്തപുരം): എനിക്ക് ഒരു ഭേദഗതിയുണ്ട്. മാറുള്ള ഭേദഗതികൾ അതു വിപുലമാകയാൽ,

അദ്ധ്യക്ഷൻ: നിങ്ങൾ അതിനെ ഹാജരാക്കുന്നതിന് വിചാരിക്കുന്നില്ലയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). ഞാൻ അതു ഹാജരാക്കണമെന്ന് വിചാരിക്കുന്നു—എന്നാൽ മററുള്ള ഭേദഗതികൾ ഹാജരാക്കി കഴിഞ്ഞിട്ട് ഹാജരാക്കണമെന്നാണ് ഞാൻ ആലോചിക്കുന്നതു. എന്റെ ഭേദഗതിവല്ല വ്യത്യാസം ഒന്നും വരുത്തുന്നില്ല. മററുള്ളവ വിപുലമായിട്ടുള്ളവയാകുന്നു.

അദ്ധ്യക്ഷൻ. അതെ നിങ്ങളുടെ ഭേദഗതി ഒന്നു ചുരുക്കുന്നതിനെപ്പററിയാകുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു ഒരു ചെറിയവ്യവസ്ഥമാത്രമാകുന്നു ഞാൻ അതു ഹാജരാക്കുന്നില്ല എന്നല്ല പറഞ്ഞതു; പിന്നെയോ, മററുള്ളവ എല്ലാം തള്ളപ്പെട്ടുപോയാൽ ഞാൻ അതു ഹാജരാക്കാം.

അദ്ധ്യക്ഷൻ. എല്ലാഭേദഗതിയും വോട്ടിനിടണമെന്ന് ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അന്യോന്യം ബന്ധിക്കപ്പെട്ടിരിക്കുന്നടത്തോളം ആലോചിക്കുന്നതിനായിട്ടുള്ള ഭേദഗതിയെ എടുക്കണമെന്ന് വിചാരിക്കുന്നു അവയെ ഓരോന്നായിവോട്ട് ചെയ്യാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഭേദഗതി ഹാജരാക്കുന്നില്ല,

അദ്ധ്യക്ഷൻ. അതു അങ്ങിനെ തീർന്നു. മി. കെ. പി. നീലകണ്ഠപ്പിള്ളേ! നിങ്ങൾക്ക് ഒരു ഭേദഗതിയുണ്ട്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്), ഞാൻ താഴെപറയുന്ന ഭേദഗതി ഹാജരാക്കുന്നു.

"വേറെ താമസിക്കുന്ന പ്രായപൂർത്തിവന്ന ഏതു അംഗത്തിനും പ്രത്യേകിച്ച് ചിലവിന് അവകാശമുണ്ടായിരിക്കുന്നതാണ്."

ഇതു ഇവിടെ ഹാജരാക്കുമ്പോൾ ബില്ലിന് ചുമതലവഹിക്കുന്ന ആളുകളുടെയിടയിൽ ഇതിന്റെ ആവശ്യത്തെപ്പററി ഒരു ഐകകണ്ഠ്യമായ അഭിപ്രായമുണ്ടെന്ന് മാത്രം പറയാനെ ഉള്ളു. അതുകൊണ്ട് സഭയുടെ സ്വീകരണത്തിനായി ഇതിനെ ശുപാർശചെയ്യുമ്പോൾ ദീർഘമായി ഒരുവാദം പുറപ്പെടുവിക്കണമെന്നില്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഫ-ാമത്തെ ക്ലാസ് അത്യാവശ്യമാണെന്ന് അദ്ദേഹം വിചാരിക്കുന്നുണ്ടോ? വേറൊന്നിന് പകരമായിട്ടോ അതോ കൂട്ടലായിട്ടോ എന്തു കാരണമാണ് ഈ ഖണ്ഡം വേണമെന്ന് അദ്ദേഹം ആവശ്യപ്പെടുന്നത്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കൂട്ടലായിട്ട് ഫ-ാമത്തെ ക്ലാസിനെ സംബന്ധിച്ചിടത്തോളം എനിക്കു യാതൊരു ഭേദഗതിയും ഇല്ല; എന്തെന്നാൽ പ്രത്യേകിച്ച് ചിലവിന് വ്യവസ്ഥകൾ ഇല്ല. ഇതു പ്രത്യേകിച്ചുള്ള ഒരു ക്ലാസായിട്ട് ഇതിനെ ചേർക്കണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു. ഇതിനെ ൧൩-ാം ക്ലാസായിട്ട് സ്വീകരിക്കണം. ഫ-ാമത്തെ ക്ലാസിന് ഒരു ഭേദഗതിയും എതിരില്ല അതു അതിനെതന്നെയിരിക്കുന്നു.

ഫ-ാമത്തെ ക്ലാസ് ബില്ലിൽ കാണുന്നതുപോലെ വായിക്കാം:—"ഒരു ഗൃഹസ്ഥന് അയാൾക്കും, ഭാര്യക്കും കുഞ്ഞുങ്ങൾക്കും ചിലവിന് വാങ്ങിക്കുന്നതിന് അവകാശമുണ്ട്".

മി: എസ്സ്. പിറവിപ്പെരുമാൾപിള്ള (കച്ചവടംതെക്ക്): മി: ആർ. കേശവപിള്ളയുടെ ഭേദഗതിയെ കുറിച്ചുള്ള വാദത്തിനുശേഷമെ മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതി വാദത്തിനു എടുക്കാൻ സാധിക്കയുള്ളു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയും ഫ-ാമത്തെ ക്ലാസ് ഒന്നിച്ചുപോകുന്നു,

അദ്ധ്യക്ഷൻ: അതെ, അവ ഒരു വിഷയത്തെക്കുറിച്ചുള്ളവയാകുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൧൨-ാമത്തെ വകുപ്പിൽ ഗൃഹസ്ഥനമാത്രം പ്രത്യേകമായിട്ട് ചിലവിനകിട്ടാൻ അവകാശമുണ്ടെന്നാണ് കാണുന്നത്. ഗൃഹസ്ഥൻ എന്ന പദത്തെ വ്യാഖ്യാനിച്ചപ്പോൾ സ്വന്തജാതിയിൽപെട്ട സ്ത്രീയെ വിവാഹംചെയ്തിട്ടുള്ള ആൾ മാത്രമേ ഗൃഹസ്ഥൻ ആകുകയുള്ളു എന്നതിന്ന അർത്ഥം വരുന്നതുകൊണ്ട് ഗൃഹസ്ഥൻ അല്ലാത്ത ഒരാളിന് പ്രത്യേകമായിട്ട് ചിലവിനകിട്ടാൻ അവകാശമുണ്ടോ എന്നൊരു ചോദ്യംവരുന്നു. അതിന് ഈ ബില്ലിൽ യാതൊരു വകുപ്പും ഇല്ലാത്തതുകൊണ്ട് ൧൨-ാമത്തെ വകുപ്പിൽ ഗൃഹസ്ഥന് അവകാശമുണ്ടെന്ന് സമ്മതിച്ചതുകൊണ്ടും മററുള്ളവർക്കും അവകാശമുണ്ടെന്ന കൊണ്ടുവരാൻവേണ്ടിയാണ് ൧൩-ാമതായിട്ട് ഈ വകുപ്പ് കൊണ്ടുവന്നത്. ൧൩-ാമത്തെ വകുപ്പിനെ സ്വീകരിച്ചതുകൊണ്ട് എന്റെ ക്ലാസ്സ് ചേർക്കണമെന്നാണ് ഭേദഗതി. ഇല്ലത്തിലുള്ള എല്ലാ പ്രായപൂർത്തിവന്ന അംഗങ്ങൾക്കും പ്രത്യേകമായിട്ട് താമസിക്കുന്നപക്ഷം അവർക്കും പ്രത്യേകം ചിലവിനകിട്ടാൻ അധികാരമുണ്ടായിരിക്കണം എന്നാണ് എന്റെ ഭേദഗതി.

മി: എ. ജി. മേനോൻ (പറവൂർ): ഞാൻ അതിനെ പിൻതാങ്ങുന്നു.

മി: സി. എൻ. ഇട്ടൻനമ്പൂരിപ്പാട് (സംയുക്തസാമാജികൻ): മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയോട് ഞാൻ യോജിക്കുന്നു.

അദ്ധ്യക്ഷൻ: ഈ ഭേദഗതികളെ എല്ലാം ഒരുമിച്ച് ഹാജരാക്കിയതുകൊണ്ട് കുറച്ചു കുഴപ്പത്തിന് ഇടയായിതീർന്നിട്ടുണ്ട്. ഈ ക്ലാസ്സുകൊണ്ടും ഭേദഗതിയിൽനിന്നും ഉണ്ടായിട്ടുള്ള ചോദ്യങ്ങൾ ഇവയാണ്. ഒന്നാമതായി ഇല്ലത്തിലെ ഏതെല്ലാം അംഗങ്ങൾക്കാണ് ചിലവിനകിട്ടാൻ അവകാശമുള്ളത്? ചിലവിന എത്രതുകയാണ കൊടുക്കേണ്ടത്? ഇതു പണമായിട്ടോ വസ്തു ആയിട്ടോ ആണ് കൊടുക്കേണ്ടത്? ഒരു ഗൃഹസ്ഥൻ എന്നുള്ളതിന്റെ അർത്ഥമെന്താണ? വേറെ താമസിക്കുന്ന എന്നുള്ള കാരണംകൂടാതെ ഓരോ അംഗത്തിനും പ്രത്യേകചിലവിന അവകാശമുണ്ടോ? അതോ തക്കതായ കാരണത്താൽമാത്രം വേറെ താമസിക്കുന്നവർക്ക മാത്രമെ ഇതിന അവകാശമുള്ളോ? ഈ ക്ലാസ്സുകൊണ്ടും ഭേദഗതികൊണ്ടും വന്നിട്ടുള്ള വിഷയങ്ങൾ ഇതൊക്കെയാണെന്നാണ് എനിക്ക തോന്നുന്നത്. ഇതെല്ലാം ഒരുമിച്ച് ആലോചനക്ക എടുത്താൽ കൊള്ളാമെന്ന് ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ വോട്ടസമയത്തു ഇവയെല്ലാം വേർതിരിക്കുന്നതിന് വളരെ പ്രയാസമാകുന്നു. എന്നാൽ വോട്ടിനിടുമ്പോൾ അവയെല്ലാം പ്രത്യേകിച്ച് വോട്ടുചെയ്യും.

മി: റി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): ൧൩-ാംവകുപ്പിനെ സംബന്ധിച്ച് ഹാജരാക്കിയിട്ടുള്ള ഭേദഗതികൾ മൂന്നും ഒന്നായിട്ട് ആലോചിക്കണമെന്നുള്ള അഭിപ്രായം അനുസരിച്ച് എനിക്കും രണ്ടുവാക്ക് പറയാനുണ്ട്. ഇല്ലംവക സ്വത്ത് എല്ലാ അംഗത്തിനും അനുഭവിക്കുന്നതിനുള്ളതാകകൊണ്ട് എല്ലാ അംഗങ്ങൾക്കും അതിൽ ഒരു അംശം കൊടുക്കേണ്ടതു അത്യാവശ്യമാണ്. അതിനെ എതിർവാദമുണ്ടാകുമെന്നും തോന്നുന്നില്ല. സ്വന്ത ജാതിയിൽ കല്യാണംകഴിച്ച ആളുകൾക്കും പ്രത്യേകമായി താമസിക്കുന്നവർക്കും പ്രത്യേകമായിട്ടും ഏർപ്പാടുവേണോ? വസ്തുവായിട്ട കൊടുക്കണോ? ഇപ്രകാരമുള്ള ചോദ്യങ്ങളെപ്പററിയാണ് നാം ആലോചിക്കേണ്ടത്. മി: ജാതവേദൻനമ്പൂരിപ്പാട് അവതരിപ്പിച്ച ഭേദഗതിയിൽ ഏതാനുംഭാഗം സ്വീകാര്യയോഗ്യമായിട്ടുണ്ട്. അതായത് ഒന്നാമത്തെ വകുപ്പിൽ ആർഡിനറി എന്ന വാക്കുകൊണ്ട് "സാധാരണചിലവു" എന്നു ചേർത്തിട്ടുണ്ട്. ഇതിൽ വലുതായ കുഴപ്പംവരും. അതുകൊണ്ട് മി: ആർ. കേശവപിള്ളയുടെ ഭേദഗതി "ഇല്ലത്തിലെ ഒരു സ്ത്രീക്കോ പുരുഷനോ ന്യായമായും തക്കതായും ഉള്ള കാരണത്താൽ പ്രത്യേകിച്ച് വസ്തുക്കൾ ആവശ്യപ്പെടാം" ഇങ്ങനെയാണ് ഇതിൽ "ന്യായമായും തക്കതായും ഉള്ളകാരണം" ഇന്നതാണെന്ന് പറഞ്ഞിട്ടില്ല. ഇതുകൊണ്ട് ഇല്ലത്തിൽനിന്ന് മാറിതാമസിക്കുന്ന ഒർന്നടത്തക്കാരായ സ്ത്രീക്കോ പുരുഷനോ ചിലവിനകിട്ടാൻ അർഹതയില്ലെന്നുവരുന്നു. അതുകൊണ്ട് മി: ആർ. കേശവപിള്ള അവതരിപ്പിച്ച ഭേദഗതിയിൽ മററുള്ള ഭാഗങ്ങളെല്ലാം വന്നിരിക്കുന്ന സ്ഥിതിക്ക് ൧൩-ാമത്തെ വകുപ്പിനെ എടുത്തുകളഞ്ഞിട്ട് അതു ചേർത്താൽമതിയാകും. മി: കെ. പി. നീലകണ്ഠപ്പിള്ള ൧൩-ാമത്തെ വകുപ്പായിട്ടു ചേർക്കണമെന്നു പറഞ്ഞ ഭേദഗതിയുടെ തത്വംകൂടി ഇതിൽ അടങ്ങിയിരിക്കുന്നതിനാൽ ഇതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

പിന്നീട ൨,൫൦൦ രൂപാവരെ കാരണവന്റെ അംശവും ൧,൨൦൦ രൂപാവരെ മററംഗങ്ങൾക്ക തന്നാണ്ടത്തെ ആദായത്തിൽനിന്നും കൊടുക്കേണ്ടതാണെന്ന് പറഞ്ഞിട്ടുണ്ട്. കുറച്ചുകൂടി വിവരമായിട്ടല്ലാതിരുന്നാൽ വലിയ കുഴപ്പമുണ്ടാകുമെന്നുള്ളതിൽ ഒരു ഭേദഗതിമാത്രം ചെയ്തു ൧൩-ാമത്തെ വകുപ്പിനെ ഭേദഗതി ചെയ്യണമെന്ന് ഞാൻ അഭിപ്രായപ്പെടുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരി-പീരുമേട്): ഈ ഭേദഗതിയെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ വേണ്ടതു എന്നുള്ളതിൽ ഒരു സംശയമുണ്ട്. നായർ റഗുലേഷനിൽ ഇതിന് കറസ്പാണ്ടിംഗ് ആയിട്ട ഒരു സെക്ഷൻ ഉണ്ടെന്നു തോന്നുന്നു അതായതു "തറവാട്ടുവകവീട്ടിലോ വെളിക്കോ താമസിക്കുന്ന ഏതു് അംഗത്തിനും ചിലവിനു അവകാശമുണ്ട്" എന്നാണെന്നു തോന്നുന്നു. അതുകൊണ്ട് ഇപ്പോഴത്തെ ക്ലാസ്സ് അനുസരിച്ച് കുടുംബത്തിൽ താമസിച്ചാൽ ചിലവിനകിട്ടാൻ അവകാശമില്ലെന്നു തോന്നിപ്പോകുന്നു കുടുംബത്തിനുവെളിയിൽ താമസിച്ചാൽ ചിലവിനകിട്ടാൻ അവകാശമുണ്ടെന്നേ മാത്രം പറയുന്നുള്ളു.

അദ്ധ്യക്ഷൻ: നായർറഗുലേഷനിൽ ഇതിനോടു യോജിച്ചുള്ള വ്യവസ്ഥ ഏതാകുന്നു.

മി: കണ്ടാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): ഈ വ്യവസ്ഥ അതായത് ൪൦-ാമത്തെ വകുപ്പാണോ ഇതു? ൪-ാമത്തെ വകുപ്പ ഇതാണ്?

"ഭാര്യക്കും ഭർത്താവിന്റെ രക്ഷാധികാരത്വത്തിൽ താമസിക്കാത്ത കുട്ടികൾക്കും അവരുടെ ഭർത്താവിൽനിന്നോ അച്ഛനിൽ നിന്നോ ഓരോ സ്ഥിതി അനുസരിച്ച് ചിലവിന ആവശ്യപ്പെടാവുന്നതാണ്.

എന്നാൽ ഭാര്യ മതം മാററുകയോ തക്കതായ കാരണം കൂടാതെ ഭർത്താവിന്റെ കൂടെ താമസിക്കാതിരിക്കുകയോ ചെയ്യുന്നതായാൽ അവർക്ക് ചിലവിന് അവകാശമുണ്ടായിരിക്കുന്നതല്ല.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): നായർറഗുലേഷന്റെ 4-ാമത്തെ വകുപ്പാകുന്ന യോജിച്ചു.

റാവുബഹദൂർ കെ. എ കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): ഈ ഭേദഗതിയെ ആക്ഷേപിക്കണമെന്ന വിചാരിക്കുന്നു. ഒന്നാമതായി സെലക്റ്റ്കമ്മറ്റിയുടെ ആലോചന കഴിഞ്ഞു പുറത്തിറങ്ങിയിട്ടുള്ള ബില്ലിന്റെ ഭേദഗതികളെന്ന് പറയാൻ നിവൃത്തിയില്ല. രണ്ടാമതായി 4-ാമത്തെ ക്ലാസു മാറിയിട്ട് ഇതിന്ന് യാതൊരു ബന്ധവുമില്ല.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (സംയുക്തൻ): മലയാളത്തിൽ പറയണം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): പറയാം. ഓർമ്മപ്പിശകു വന്നപ്പോൾ മുതൽക്കാണ് ഇംഗ്ലീഷിൽ സംസാരിച്ചതു്. 4-ാം വകുപ്പിനെ സംബന്ധിച്ച് കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെ മുഴുവനും ഞാൻ എതിർക്കുന്നു. അതിലേക്ക ആദ്യമായ കാരണം നിയമാനുസാരം ഉദ്ദേശിച്ചിട്ടുള്ള ഭേദഗതി അല്ല ഇത് എന്നുള്ളതാണ്. 4-ാമത്തെ വകുപ്പ് സിലക്റ്റ്കമ്മിറ്റിയിൽ വച്ച് തീർച്ചപ്പെടുത്തിയിരിക്കുന്നതിൽ അടങ്ങിയമേദം ഇതാണ്.

"ഒരു ഗൃഹസ്ഥനും അയാളുടെ ഭാര്യക്കും കുട്ടികൾക്കും ചിലവിനുള്ള പ്രത്യേകം വസ്തുക്കൾക്ക് അർഹതയ്ക്ക് അവകാശമുണ്ട്".

ഇതിൽ അടങ്ങിയിട്ടുള്ള ഗൃഹസ്ഥനും അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും ചിലവിനുള്ള വസ്തുക്കൾ കുടുംബത്തിൽനിന്നും പ്രത്യേകം തിരിച്ചുകിട്ടുന്നതിനുള്ള അവകാശം ഉണ്ടെന്നുള്ള ഒരു തത്വമാണ് 4-ാമത്തെ വകുപ്പിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതു. അതും ഇവിടെ ചെയ്തിട്ടുള്ള ഭേദഗതിയുമായി യാതൊരു സംബന്ധവുമില്ല. അതുകൊണ്ട് ഇതു് 4-ാം വകുപ്പിന്റെ ഭേദഗതിയാണെന്ന് പറയാൻ ന്യായമില്ല. പിന്നീട് ഈ ഭേദഗതിയുടെയിട്ട കൊണ്ടുവന്നിട്ടുള്ളതിൽ മുഖ്യമായി ആശയം ചിന്തയെത്തു് ഇപ്പോഴത്തെനിയമത്തിൽ വ്യവസ്ഥപ്പെടുത്തി കൂടുതലായ അവകാശം അംഗങ്ങൾക്ക് കിട്ടണമെന്നുള്ള ആഗ്രഹം ഉണ്ടായിരുന്നാൽ ആ ഭാഗം മാത്രം ചേർത്താൽമതിയോ എന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഭാഗം ആദ്യത്തെബില്ലിൽ ഉണ്ടായിരുന്നുഎന്ന് അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): സിലക്റ്റ്കമ്മിറ്റി പുതുക്കിയ ബില്ലിൽ ഉണ്ടോ എന്ന് നോക്കിയാൽ മതി. ഭേദഗതിവരുത്തേണ്ടതു് സിലക്റ്റ്കമ്മിറ്റി സ്ഥിരപ്പെടുത്തിയിട്ടുള്ള ബില്ലിനാണ്. ഭേദഗതി എന്നുവച്ചാൽ ഏതൊന്നിനെ ഭേദപ്പെടുത്തുന്നുവോ അതിനും ഭേദഗതിക്കുമായിട്ട് താത്പര്യമുണ്ടെന്നനിലയിൽ കൊണ്ടുവരുന്നതാണ്. അങ്ങിനെ വരാതിരുന്നപക്ഷം അതും ഇതുമായിട്ട് യാതൊരു ബന്ധവുമില്ല. ഗൃഹസ്ഥന്ന് വസ്തു പ്രത്യേകം തിരിച്ചുകിട്ടണം. അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും ചിലവിന്ന് വസ്തുതിരിച്ചുകിട്ടണം. ഇപ്പോഴത്തെനടപ്പനുസരിച്ച് ഈ അവകാശമില്ല. ഇങ്ങനെ നൂതനമായി ഒരു അവകാശം സ്ഥാപിച്ചു കിട്ടണമെന്നുള്ളതാണ് ഈ വകുപ്പിൽ അടങ്ങിയിട്ടുള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഭാഗം ആദ്യം അവതരിപ്പിച്ചബില്ലിൽ ഉണ്ടായിരിക്കുകയും സെലക്റ്റ്കമ്മിറ്റി അതിനെ ഭേദപ്പെടുത്തി ഇങ്ങനെ ചേർക്കുകയും ചെയ്തത് ആണെന്ന് അറിയാമൊ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): ശരി സമ്മതിച്ചുകൊള്ളാം. അതുകൊണ്ടു ഈ സന്ദർഭത്തിൽ കൌൺസിലിൽ ആലോചിക്കേണ്ടതു് സിലക്റ്റ്കമ്മിറ്റി സ്ഥിരപ്പെടുത്തിയിട്ടുള്ള ബില്ലിനെ സംബന്ധിച്ച ഭേദഗതിയാണോ ഇതു് എന്നാണ്. ആദ്യത്തെ ബില്ലിൽ എന്തെങ്കിലും ഇരിക്കട്ടെ ആദ്യത്തെ ബില്ലിനെ ഭേദപ്പെടുത്തിയാണ 4-ാമത്തെ വകുപ്പ ചേർത്തതു്. അതിൽ വല്ല അപാകതയും ഉണ്ടെങ്കിൽ 4-ാമത്തെ വകുപ്പിനെ എടുത്തുകളയണം. പിന്നീട പ്രത്യേകം ഒരു വകുപ്പായിട്ട് അവതരിപ്പിക്കുന്നതിന്ന് അവിടുന്ന അനുവാദം കൊടുക്കേണ്ടതാണ്. 4-ാമത്തെ വകുപ്പിനെ എടുത്തുകളയണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി) 4-ാമത്തെ വകുപ്പിന് പകരം വേറെ ഒരു വകുപ്പ് പാടില്ല എന്ന് പറയാമെന്നാണോ പറയുന്നതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ): ഭേദഗതിയാണെങ്കിൽ പറയാമെന്നാണ് എന്റെ അഭിപ്രായം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): ഇപ്പോൾ നടപടിക്രമത്തെപ്പറ്റി സംസാരിക്കുകയാണോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ); ആ ഉദ്ദേശവും കൂടിയുണ്ട്. സംശയഗ്രസ്തമായപത്രത്തിൽവച്ച് യാതൊരുഭേദവും ആലോചിക്കാൻ പാടില്ലെന്നാണ് ഞാൻ പറയാൻ ഭാവിക്കുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): എന്റെഭേദഗതിയാൽ ആദ്യം 4-ാമത്തെ ക്ലാസിനെ മാററണം. എന്നാണ് എഴുതിയിരിക്കുന്നതു് എന്ന് അറിയാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): 4-ാമത്തെ ക്ലാസ് മാററിയശേഷം ഈ ക്ലാസുകളെ പ്രത്യേകിച്ച് ഓരോന്നായി വോട്ടിനിടണമെന്നുള്ള നില എനിക്ക് മനസ്സിലാകാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): 4-ാമത്തെ ക്ലാസു മാററുന്നതിനും അതിനു പകരം വേറൊരു ക്ലാസ് ചേർക്കുന്നതിനും ഞാൻ ഒരു ഭേദഗതി ഹാജരാക്കിട്ടുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): എന്നാൽ അതുശരിതന്നെ. അങ്ങിനെയിരിക്കുന്ന സ്ഥിതിക്ക് വേറെഭേദഗതികൾ ഹാജരാക്കിട്ടുള്ളവർക്ക ആ ഭേദഗതികൾ സെലക്റ്റ് കമ്മിറ്റിയിൽ ഭേദഗതിചെയ്തിട്ടുള്ള ബില്ലിന്റെ ഭേദഗതികളല്ല എന്നുള്ളകാരണത്തിന്മേൽ അവയെപ്പററിപ്പറയുന്നതിന് അവകാശമില്ല. 4-ാമത്തെ ക്ലാസ് കൌൺസിലിന്റെ വോട്ടിനിടുകയും അതിനെതള്ളിക്കളയുകയും ആദ്യമായിചെയ്യേണ്ടിയിരിക്കുന്നു.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കര-കാർത്തികപ്പള്ളി): പകരം ചേർക്കുന്നതു് ഒരു മാതിരിഭേദഗതിയല്ലയൊ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): ചിലപ്പോൾമാത്രം ഒരോന്നിന്റെയും സാരാംശമനുസരിച്ചു് തീർച്ചയാക്കേണ്ട ഒരു വിഷയമാണു് അതു്. എന്റെ അഭിപ്രായത്തിൽ മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ ഒരു ഭേദഗതിയെങ്കിലും ൧൨-ാമത്തെ ക്ലാസിൽ അടങ്ങിയിരിക്കുന്ന സംഗതിയെ സംബന്ധിച്ചതല്ല. പ്രത്യേകിച്ചു വസ്തു കൊടുക്കുക എന്നുള്ളതു് വേറൊരു വിഷയമാകുന്നു. ഗൃഹസ്ഥന്റെ ആവശ്യമായി ചില അവകാശങ്ങൾ ആവശ്യപ്പെട്ടിട്ടും സെലക്ട് കമ്മറ്റി അനുവദിച്ചതും വേറൊരു വിഷയം. ജൂനിയർ അംഗങ്ങളുടെ ചിലവിനെപ്പററിയും, സാധാരണചിലവും, വസ്തു വീതിച്ചു കൊടുക്കുന്നതിനെപ്പററിയും, മാനേജർക്കു എന്തു പ്രതിഫലം കൊടുക്കുന്നു എന്നുള്ളതിനെപ്പററിയും ഇവയെല്ലാം ഒരു വിധത്തിലും ഈ ക്ലാസിനു ഒരു ഭേദഗതിയായി വരികയില്ല. എന്നു തെററിദ്ധരിക്കരുതു്. ഈ ഭേദഗതികൾ കൗൺസിലിന്റെ ആലോചനയ്ക്കായി എടുക്കുകയോ വോട്ടിനിടുകയോ ചെയ്യരുതെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല. ഞാൻ പറയുന്നതു് എന്തെന്നാൽ വാസ്തവത്തിൽ ഉള്ള ഭേദഗതികളല്ല അവയെന്നു മാത്രമാണു്.

കൂടാതെ, തിരുവിതാംകൂറിലുള്ള നമ്പൂതിരിമാരുടെ അവകാശങ്ങളേയും കടമകളേയും വിസ്തരിക്കുന്ന ഏക നിയമമായി ഇതു ഉദ്ദേശിച്ചിട്ടില്ല. ഇപ്പോൾ ഉള്ള പൊതുവായ നിയമത്തെ വ്യത്യാസപ്പെടുത്തിയിട്ടില്ല. ൧൨-ാമത്തെ ക്ലാസിൽ ഇതു വ്യക്തമാക്കിയിട്ടുണ്ടു്. "ഇപ്പോഴുള്ള നിയമത്തേയോ, ആചാരത്തേയോ മാററിയോ ഇവിടെ തുറന്നു പറഞ്ഞിട്ടുള്ളതിനു പുറമെ ഇതുകൊണ്ടു വ്യത്യാസപ്പെടുകയില്ല.

ഇപ്പോഴത്തെ നിയമമനുസരിച്ചു അവർക്കുള്ള അവകാശം ഈ നിയമത്താൽ ഭേദപ്പെടുത്താത്ത കാലത്തോളം സാധുവായിട്ടിരിക്കുന്നതാകുന്നു എന്നു പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ പുത്തനായിട്ടു വല്ല അവകാശവും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എങ്കിൽ അതിലേക്കുമാത്രം നമ്മുടെ ശ്രദ്ധ ഉപയോഗപ്പെടുത്തിയാൽ മതി എന്നാണു് എനിക്കു തോന്നുന്നതു്. കുടുംബത്തിലെ എല്ലാ ആളുകൾക്കും ചിലവിനു കിട്ടണമെന്നുള്ളതിൽ തർക്കമില്ല. അതു നിയമത്താൽ പ്രത്യക്ഷപ്പെടുത്തി സ്ഥാപിക്കേണ്ടതില്ല. പിന്നെ ചിലവിനു കിട്ടണമെന്നുള്ളതിൽ തർക്കമുള്ളതു ഇല്ലത്തിൽ താമസിക്കുന്നവർക്കു ചിലവിനു കൊടുക്കാൻ പാടുള്ളതല്ല ഇല്ലത്തിൽനിന്നും വിട്ടു് എവിടെ താമസിക്കുന്നവർക്കും ചിലവിനു കൊടുക്കണോ എന്നാണു്. ഇല്ലത്തിൽ താമസിച്ചാലും നായർ [illegible] ഭേഷനെപ്പോലെ ഇല്ലത്തിൽനിന്നും അന്യസ്ഥലത്തിൽ താമസിച്ചാലും അതിന്റെ കാരണങ്ങൾ ഒന്നും പര്യാലോചിക്കാതെ ഇല്ലത്തിൽനിന്നും ഒരാൾ ഇംഗ്ലീഷ് പഠിക്കാൻ പോവുകയാണെങ്കിലും അതു ധർമ്മത്തിനു യോജിച്ചതല്ല. അതുകൊണ്ടു് ചിലവിനു കൊടുക്കുകയില്ല എന്നു കാരണവനു പറയാൻ അവസരംകൊടുക്കാതെ എല്ലാ അവസരങ്ങളിലും ചിലവിനു കൊടുക്കേണ്ടതാണെന്നുള്ള തത്വത്തെ സ്ഥാപിക്കാനാണു് ഈ ഭേദഗതികൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. പുത്തനായിട്ടു ഇപ്പോൾ ഇല്ലാത്ത വല്ലഅവകാശവും സ്ഥാപിച്ചുകിട്ടാനായിട്ടു ഉണ്ടോ എന്നാണു നോക്കേണ്ടതു്.

സാധാരണച്ചിലവനുസരിച്ചു വസ്തുവിന്റെ ആദായത്തിൽനിന്നും കിട്ടണമെന്നു പറയുന്നു. ചിലവിനു കൊടുക്കുക എന്നുപറഞ്ഞാൽ അതിനെ രണ്ടായിട്ടു വ്യാഖ്യാനിക്കുന്നു. സാധാരണ ചിലവു് അസാധാരണചിലവു് ഏതാണു സാധാരണ ചിലവു് ഏതാണു് അസാധാരണ ചിലവു് എന്നുള്ളതു് ഈ വകുപ്പുകൊണ്ടു് ഒന്നും പ്രത്യക്ഷമായി കാണുന്നില്ല. ഇങ്ങനെ ഒരു വകുപ്പു ചേർക്കുന്നതുകൊണ്ടു് ഈ സമുദായത്തിനു എന്തു സൌകര്യമാണു കിട്ടാൻ പോകുന്നതു്.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ടു് (സംയുക്തസാമാജികൻ): സാധാരണ ചിലവു് എന്താണു് അസാധാരണ ചിലവു് എന്താണു് എന്നു രണ്ടാംവകുപ്പിൽ വ്യാഖ്യാനംചെയ്തിട്ടുണ്ടു്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ); വേറെ താമസിക്കുന്ന ഒരു അംഗത്തിനും അയാളുടെ സാധാരണ ചിലവിനുള്ള തുകക്കു അവകാശമുണ്ടു്. അങ്ങനെയുള്ള തുക തറവാട്ടുവക ആദായത്തിന്റെ ചിലവു കഴിഞ്ഞശേഷമുള്ള തുകയുടെ ൩൦ ശതമാനത്തിന്റെ ഒരു ഭാഗമായിരിക്കുന്നതാണു്."

ഞാൻ പറയുന്നതു് എന്തെന്നാൽ സാധാരണ ചിലവു് അസാധാരണ ചിലവു് ഇന്നതാണെന്നു അതു് വിവരിക്കുന്നില്ല എന്നാകുന്നു.

രണ്ടു പദം ഉപയോഗിച്ചിരിക്കുന്നതിനു ഏതാണു് സാധാരണ ചിലവു് ഏതാണു് അസാധാരണചിലവു് എന്നു എങ്ങനെ ഉദ്ദേശിക്കാം.

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ചീഫ് സെക്രട്ടറി): ൩-ാം ഭേദഗതിയുടെ ൧൦-ാമത്തെയും ൧൧-ാമത്തെയും സബ് ക്ലാസുകളിൽ ഈ വാക്കുകളെ വിവരിച്ചിട്ടുണ്ടു്.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): എന്നാൽ ൧൨-ാമത്തെ ക്ലാസിനുശേഷം അവയെ ആലോചിക്കുന്നതാണു ഉദ്ദേശിക്കുന്നതെന്നു ഞാൻ മനസിലാക്കുന്നു.

"കുടുംബത്തിനു ആകെയുള്ള ആദായത്തിൽ സാധാരണ ചിലവു കഴിഞ്ഞുള്ള ബാക്കിയിൽ ൬൦ ശതമാനം ഇല്ലത്തു താമസിച്ചുകൊണ്ടിരിക്കുന്ന ആകെയുള്ള അംഗങ്ങൾക്കു സമമായി ഭാഗിച്ചാൽ വരുന്ന ഒരു ശരാശരിയാകുന്നു ഈ തുക."

ഏതു സാധാരണ ചിലവു് എന്നു ഏകദേശം മനസ്സിലാക്കാം. സാധാരണയല്ലാത്തതൊക്കെ അസാധാരണ എന്നു ഉദ്ദേശിക്കാം. കൂട്ടുകുടുംബഭരണത്തെയും അവയെ മേലാൽ സംരക്ഷിച്ചുകൊണ്ടുപോകുന്നതിനെയും സംബന്ധിക്കുന്ന ചില മൂലതത്വങ്ങൾ ഉണ്ടു്. അതു മുഴുവനും ഇതുകൊണ്ടു മാറുന്നതാണു്. ഒരാണ്ടിൽ കിട്ടുന്നതു മുഴുവൻ ചിലവിടാമെന്നാണു ഇതുകൊണ്ടു കാണുന്നതു്.

മി: ഏ. തങ്കച്ചിഅമ്മ (തിരുവനന്തപുരം): സാധാരണ ചിലവു് ൩൦ ശതമാനമാണു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): അതെ സാധാരണചിലവു് ൩൦ ശതമാനവും അസാധാരണചിലവു് ൬൦ ശതമാനവും മുഴുവനും ചിലവാക്കാമെന്നും പറഞ്ഞിരിക്കുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം): സാധാരണ ചിലവെന്നും മേൽചിലവെന്നുമാണ് പറഞ്ഞിരിക്കുന്നതു്. തജ്ജിമനിമിത്തമാണു മേൽചിലവിനു അസാധാരണ ചിലവെന്നു കാണുന്നതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ൧൫ന്റെ ൧൫-ാം എന്നാണോ അതല്ല ൧൬ന്റെ ൧൬-ാം എന്നാണോ ചിലവാക്കാൻ ഉദ്ദേശിക്കുന്നതു്.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (സംയുക്തസാമാജികൻ): ൧൬ പതിവു ചിലവുകൾക്കാണ്. അതു ഒക്കണം തേച്ചുകുളി മുതലായവയ്ക്കാകുന്നു. അസാധാരണ ചിലവ് ൧൫-ാം വീട്ടിൽ താമസിക്കുന്നവർക്കേയുള്ളു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ആണ്ടിൽ കിട്ടുന്നതു മുഴുവൻ ചിലവാക്കാമെന്നാണോ വിചാരിക്കേണ്ടതു്?

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (സംയുക്തസാമാജികൻ): എല്ലാത്തിനും കണക്ക് ഉണ്ടാക്കിനോക്കിയിട്ടാണ് ഇതു എഴുതിയിരിക്കുന്നതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): എനിക്ക് ഒരു മറുപടി തരാൻ അനുവദിക്കണം. ൧൬-ാം ൧൫-ാം ശതമാനമുള്ളതിൽ ഒന്നു സാധാരണചിലവും മറ്റൊന്നു വിശേഷചിലവുമാണ്. രണ്ടുംകൂടി ൩൧ ശതമാനമായി. അപ്പോൾ മുഴുവനും തീർന്നു.

മി: വി. എൻ. ജാതവേദൻ നമ്പൂരിപ്പാട്ട് (സംയുക്തസാമാജികൻ): അങ്ങനെ വരികയില്ല.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഇപ്പോൾ ൧൫-ന്റെ ൧൫ എന്നാണ് പറയുന്നതു്. ൧൬ സാധാരണ ചിലവിനു കൊടുത്തുകഴിഞ്ഞു. പിന്നെ ൧൫-ന്റെ ൧൫ ശതമാനമാണോ അസാധാരണ ചിലവിനു ഉപയോഗിക്കേണ്ടതു്?

അദ്ധ്യക്ഷൻ: അദ്ദേഹത്തിന്റെ ആശയം ബാക്കിയുള്ള ൧൫ ശതമാനം ഇല്ലത്തിൽ ആകെയുള്ള അംഗങ്ങൾ, വേളികഴിച്ചു താമസിക്കുന്ന വരും ഉൾപ്പെടെ, ഭാഗിക്കപ്പെടേണമെന്നാകുന്നു. ഇല്ലത്തിൽ താമസിക്കുന്നവർക്കു മാത്രമേ ഈ ഓഹരിക്ക് അവകാശമുള്ളു. അതുകൊണ്ട് ഇല്ലത്തിൽതാമസിക്കാത്തവരുടെ അംശങ്ങളുടെ ഈ ൧൫ ശതമാനത്തിലുള്ള ഓഹരി തറവാട്ടിൽതന്നെ കിടക്കും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ഇതിൽ കുറെക്കൂടി പ്രയാസം കാണുന്നുണ്ട്. എല്ലാം അംഗങ്ങൾക്കും ചിലവിന് കൊടുക്കണമെന്നുള്ളതു് ഇപ്പോഴും നടപ്പിലുള്ളതാണ്. അതു് ആദായമായിട്ട് കൊടുക്കണോ വസ്തുവായിട്ട് കൊടുക്കണോ എന്നുള്ളതാണ് തർക്കവിഷയം. രണ്ടാമതു്, ഇല്ലത്തിൽനിന്നും പുറത്തു് താമസിക്കുന്നവർക്കും ചിലവിനു കൊടുക്കണം ഇതു് രണ്ടേയുള്ളു. മൂന്നാമതു് പറയുന്നതു കാരണവൻ ഭരണം നടത്തുന്നതിനു പ്രതിഫലം കൊടുക്കണമെന്നാണ്.

മി: വി. എൻ. ജാതവേദൻനമ്പൂരിപ്പാട്ട്(സംയുക്തസാമാജികൻ) എല്ലാത്തിനും കണക്ക്നോക്കിയിട്ടുണ്ട് ഒരു കുടുംബത്തിൽ ൪൦൦൦ പറനെല്ലു പിരിക്കുന്നു. ഇല്ലത്തിൽ പത്തുപേരും ഉണ്ട്. ൧൬ ശതമാനം വീതം ഒരുപേർക്കു സാധാരണ ചിലവിന് കൊടുക്കുന്നു. കുടുംബത്തിൽ താമസിക്കുന്ന ഒരുപേർക്കു ൧൫ ശതമാനം മേൽ ചിലവിന് കൊടുക്കുന്നു. അതു് കഴിച്ചു കുടുംബഭരണക്കാരന് ൩ ശതമാനം കൊടുത്താൽ പിന്നെയും ൨൦൦-ൽ ചില്വാനം പറ നെല്ല് ബാക്കിഉണ്ടെന്ന് കണക്കു ഉണ്ടാക്കീട്ടുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): എനിക്ക് ഇതിനെ സംബന്ധിച്ച് പ്രധാനമായിട്ടു ഒരപേക്ഷയുണ്ട്. ഈ ബില്ലിന്റെ മൂലതത്വം കൌൺസിലിൽ ആദ്യകാലത്തു് സ്ഥിരപ്പെടുത്തിയപ്പോൾ ഇതുപോലെയുള്ള ഒരു പദ്ധതികൂടി കൊണ്ടുവരണോയിട്ടുണ്ട് സെലക്റ്റു കമ്മിറ്റിക്കയക്കുന്നതു് വിചാരിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. അങ്ങിനെയിരിക്കെ ബില്ലിൽതന്നെ വളരെ ഭേദഗതിചെയ്യാനുണ്ട്. അതൊക്കെ ഭേദഗതിയായിട്ടാണ് കൊണ്ടുവന്നിരിക്കുന്നതു്. വിശേഷാലായിട്ട് ചോദിക്കുന്ന അവകാശം അനുവദിച്ചു കൊടുക്കണോ വസ്തു ചിലവിനായിട്ടു വിട്ടുകൊടുക്കണോ എല്ലാവർക്കും കൊടുക്കണോ എന്നുള്ളതിനെപ്പറ്റി ആലോചിക്കാൻ ഇപ്പോൾ സാദ്ധ്യമല്ല.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം-വിളവംകോട്ട്): ൧൧-ാമത്തെ വകുപ്പിൽ ഒരു വകുപ്പിനെ ഭേദഗതിചെയ്യാൻ അധികാരമുണ്ടോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): മുഴുവനും അധികാരമുണ്ട്. വേണമെങ്കിൽ മുഴുവടെ തള്ളാം.

മി: റ്റി. സി. കേശവപിള്ള (കൽക്കുളം വിളവംകോട്ട്): 'ഗൃഹസ്ഥൻ' എന്ന പദത്തിന് പകരം 'ഏതെങ്കിലും അംഗം'' എന്നാക്കാമോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡപ്യൂട്ടി അദ്ധ്യക്ഷൻ): ആകാം അങ്ങനെവന്നാൽ ഏർപ്പാടമുണ്ടെന്ന് തോന്നുന്നു. സാധാരണ ചിലവന് ൧൬-ാം അസാധാരണ ചിലവിന് ൧൫-ാം ശതമാനവും കാരണവന് മൂന്നു് ൩ ശതമാനംവെച്ച് ൨,൫൦൦ രൂപയിൽ കവിയാതെയും കൊടുക്കണമെന്നു ഭേദഗതികൾ ഒഴിക്കയുണ്ട്. ഈ പത്രത്തിൽ ഇതൊക്കെ വകവച്ചു കൊടുക്കേണ്ടതാണോ എന്നു മാത്രമേ ആലോചിക്കാനുള്ളു. നായർ റഗുലേഷൻ ഒരു ഭാഗം കാരണവനു ഭാഗകാലത്തു കൊടുക്കണമെന്നു ഒരു തത്വം സ്വീകരിച്ചിട്ടുണ്ട് ആ തത്വത്തെ സ്വീകരിച്ചു കൌൺസിലിൽ നിന്നും നമ്പൂതിരികുടുംബങ്ങളിലെ കാരണവന്മാർക്ക് ൩ ശതമാനം ഭരണക്കാരന് കൊടുക്കാൻ പാടില്ലെന്ന് പറയുന്നതു മര്യാദയല്ല. ഉള്ളതു് കള്ളയാതിരിക്കുന്നതിനാണ് ഇങ്ങിനെ വച്ചിട്ടുള്ളതു് അതിൽ ആദ്യം ഇവിടെ പറഞ്ഞതുപോലെ അവരുടെ സമുദായത്തിൽ എല്ലാവർക്കും സമ്മതമാണെങ്കിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. അവർ തമ്മിൽ യോജിപ്പില്ലാതെ ഇരിക്കുന്നടത്തോളം കാലം ഈ കൊണ്ടുവന്നിട്ടുള്ള ഭേദഗതി ശരിയായിട്ടുള്ളതാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂര്): ബില്ലിലെ രണ്ടാം അദ്ധ്യായത്തിൽ ഇല്ലവും അതിന്റെ ഭരണകർത്തൃത്വവും എന്നുമാത്രമേ പറഞ്ഞിട്ടുള്ളു. ഭരണകർത്തൃത്വം ഇല്ലാത്ത അംഗങ്ങൾക്ക് ചില.

വിന്' കൊടുക്കുന്നകാര്യത്തെപ്പററിപറയാം. അംഗങ്ങൾക്ക് ചിലവിനു കൊടുക്കുന്നതിൽ ഗൃഹസ്ഥനുമാത്രമെ ചിലവിനു കിട്ടാൻ അധികാരമുള്ളു എന്നാണ് വന്നിരിക്കുന്നത്. കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ചിലവിനു കിട്ടത്തക്കവണ്ണം കുടുംബഭരണം മാനേജർമാർ നടത്തുന്നമെന്നാണ് ഉദ്ദേശം. ഇതിന്റെ വ്യാപ്തിയിൽ നിന്നും വല്ലതും കുറഞ്ഞരീതിയിലാണ് ൧൨, ൧൦ ാം വകുപ്പുകൾ ചേർത്തിരിക്കുന്നത്. അതിന്റെ ഉദ്ദേശസാദൃശ്യത്തിന് ഭംഗം വരുത്തുന്നതു കൊണ്ട് ഡിപ്യൂട്ടി പ്രസിഡണ്ട് ഇവിടെ അഭിപ്രായപ്പെട്ടതുപോലെ ഗൃഹസ്ഥനുമാത്രമെ ൧൨-ം വകുപ്പിൻ പ്രകാരം ചിലവിനു അവകാശമുള്ളു എന്നു വരുന്നില്ല. മാത്രം ഈ കൌൺസിലിൽ അവതരിപ്പിച്ച ബില്ലിൽ വേണ്ടതായ ഭേദഗതികൾ ചെയ്തു സ്വീകാര്യയോഗ്യമായ ഒരു ബിൽ കൊണ്ടുവരണമെന്നുള്ളതാണ്. സിലക്ട് കമ്മററിയുടെ തന്നെ സിലക്ട് കമ്മററിയുടെ ഭേദഗതികളെല്ലാം കൌൺസിലെ അംഗങ്ങൾ അതാതു രീതിയിൽ സ്വീകരിക്കണമെന്ന് നിയമമില്ല. കൌൺസിലിന് ആദ്യം അവതരിപ്പിച്ച ബില്ലിൽ തന്നെ സാരമായിട്ടുള്ള ഭേദഗതികൊണ്ടുവന്നു എല്ലാപേർക്കും സ്വീകാര്യയോഗ്യമായ ഒരു നിയമം ഉണ്ടാക്കാനുള്ള അധികാരം ഉണ്ട്. ആ സ്ഥിതിക്ക് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ള നിയമം സാധുവാകണമെന്നാണ് എന്റെ അഭിപ്രായം.

മി: താമരപ്പള്ളിൽ കൊച്ചുതൊമ്മൻ (പത്തനംതിട്ട): ൧൨-ാമത്തെ വകുപ്പിനോടു ചേർപ്പെടുത്തുന്നതിന് മി. കേശവപിള്ള അവതരിപ്പിച്ച ഭേദഗതിയോട് കൂടി ഞാൻ യോജിക്കുന്നു. ഇല്ലത്തിലെ അംഗങ്ങൾ ചിലവിന് ആവശ്യപ്പെടുന്നതായാൽ വസ്തു തിരിച്ചുകൊടുക്കാമെന്ന് വിവരിച്ച് ഹാജരാക്കിയിരിക്കുന്നതു കുടുംബത്തിന് വലിയരക്ഷയാണ്. ചിലവിന് വേണ്ടി വസ്തുതിരിച്ചുകൊടുത്താൽ മറ്റൊരാളോ പേരെങ്കിലും കുടുംബത്തെസ്നേഹിച്ച് വസ്തുവിനെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ശ്രദ്ധപ്പെടും. അതുകൊണ്ട് അവരുടെ ചിലവിനു വിട്ടുകൊടുത്തഭൂമി മേന്മേൽ അഭിവൃദ്ധിപ്പെടാൻ സൌകര്യമുണ്ട്. സ്വ ജാതിയിൽതന്നെ വിവാഹം ചെയ്യുമെങ്കിൽ വസ്തുവിനെ വേണ്ടവിധത്തിൽ അഭിവൃദ്ധിപ്പെടുത്താൻ ഉത്സാഹം ജനിക്കുന്നതാണ്. എന്നാൽ ഗൃഹസ്ഥന് തന്റെ വസ്തു അന്യകുടുംബത്തിൽ പോകരുത് എന്നു വിചാരം മാത്രമേ കാണുന്നുള്ളു. ഏതായാലും നമ്പൂതിരിമാർ മററു ജാതിയിൽ സംബന്ധം ചെയ്യാതെയിരിക്കത്തക്കവണ്ണമുള്ള ഒരു വ്യവസ്ഥകൂടി ചേർക്കേണ്ടതാണ്. സ്വത്തിനെ മാത്രം സംരക്ഷിക്കാതെ അവരുടെ സമുദായത്തെക്കൂടി സംരക്ഷിക്കേണ്ടതാണ്. മി. കേശവപിള്ളയുടെ ഭേദഗതിയോട് ഞാൻ യോജിക്കുന്നു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): എന്റെ അഭിപ്രായം ൧൨-ാമത്തെ വകുപ്പിൽ കെ. പി. നീലകണ്ഠപിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതികൂടി ചേർക്കണമെന്നുള്ളതാണ് ഇപ്പോൾ മി. ജാതവേദൻ നമ്പൂതിരിപ്പാട് കൊടുത്തിരിക്കുന്ന ഭേദഗതിയിലെയും കേരളം മുൻനായർ കൂട്ടത്തിന് ഭേദഗതിയിലെയും കാര്യം ഇതിൽ അടങ്ങിയിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം. മി: ജാതവേദൻ നമ്പൂതിരിപ്പാട് കൊടുത്തിരിക്കുന്ന ഭേദഗതിയിൽ ഒരു വ്യത്യാസമുള്ളതു ഇന്നയിന്നതുമാനം കൊടുക്കണമെന്നുള്ള നിർബന്ധം വച്ചിരിക്കുന്നതാണ്. അല്ലാതെ വേറെ ഇതിൽകൂടുതലായി ഒന്നും പറയാനില്ല. മി. കെ. പി. നീലകണ്ഠപിള്ളയുടെ ഭേദഗതിയിൽ ൧൨-ാം ക്ലാസ്സ്കൂടെ ചേരുമ്പോൾ ഇല്ലത്തിലുള്ള എല്ലാ അംഗങ്ങൾക്കും ചിലവിനു കിട്ടണമെന്നുള്ള വകുപ്പു ഇതിൽ ഉണ്ടാകുന്നു. ഇതിൽ മി. എൽ. ആർ: രാജരാജവർമ്മ പറഞ്ഞതു ഇല്ലത്തിൽ താമസിക്കുന്ന ആളുകൾക്കും ചിലവിന് കിട്ടാതെ വരുമോ എന്നൊരു സംശയമാണ്. അതിൽ മാത്രം ഒരു വ്യത്യാസം. പ്രായപൂർത്തിവന്ന മെമ്പർ എന്നുകൂടി ചേർത്താൽ എല്ലാവർക്കും അവകാശം ഉണ്ടെന്ന് വരികയില്ലയോ എന്ന് നിയമജ്ഞന്മാരായുള്ളവർ തീർച്ചയാക്കേണ്ടതാണ്. അതുകൊണ്ട് നിസ്സാരമായ ഒരു കാര്യത്തെപ്പററി വാദപ്രതിവാദം ചെയ്തു സമയം കളയാതെ യോജിച്ചു ചെയ്യു ഒരഭിപ്രായം വരുത്തണമെന്നു എല്ലാമെമ്പറന്മാരോടും ഞാൻ സവിനയം അപേക്ഷിക്കുന്നു.

അദ്ധ്യക്ഷൻ: ഇല്ലത്തിൽ താമസിക്കുന്ന ആളിനും പ്രത്യേകിച്ചു ചിലവിനു വേണമെന്നാണോ ഉദ്ദേശം.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അവരുടെ ചിലവിനു കിട്ടണം ൧൨-ാമത്തെ വകുപ്പുകൊണ്ടു ഇല്ലത്തിലുള്ള ഗൃഹസ്ഥനു മാത്രമേ കിട്ടാൻ അവകാശമുള്ളു.

അദ്ധ്യക്ഷൻ: വസ്തുക്കൾ തിരിച്ചുകിട്ടുന്നതിനുള്ള അവകാശമാണ് ഗൃഹസ്ഥനുമാത്രം ഉള്ളതു.

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): മേജർ മെമ്പർ എന്നാക്കിയാൽ ഇല്ലത്തിൽ താമസിക്കുന്ന എല്ലാവർക്കും ചിലവിനുകിട്ടും.

മി: പി. എസ്. മഹമ്മത് (നിയമിക്കപ്പെട്ട മെമ്പർ) ഇപ്പോൾ കിട്ടുന്നുണ്ടോ

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): ഇപ്പോൾ കിട്ടുന്നുണ്ട്, ചിലർക്ക് കിട്ടാതെയും വരുന്നുണ്ട്.

മി: ടി. സി. കേശവപിള്ള (കുന്നത്തൂരും വിളവങ്കോട്ടും): മദ്രാസിലോമററോ പഠിത്തത്തിനായി പോയിതാമസിക്കുന്ന മെമ്പർക്ക് ഇപ്രകാരം ചിലവിന് കിട്ടാൻ അവകാശമുണ്ടോ?

മി: രേവതിനാൾ രാമവർമ്മരാജ (ഇടവക): അത് അടുത്ത ഭേദഗതിയിൽ വരുന്നുണ്ട്. ആ സമയത്ത് മുൻപറഞ്ഞതു കൂടി ആലോചിച്ചുകൊള്ളാം.

മി: വി. എൻ: ജാതവേദൻനമ്പൂതിരിപ്പാട (സംയുക്ത സാമാജികൻ): കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കും ചിലവിനു കൊടുക്കണമെന്നുള്ളതു ക്ലിപ്തപ്പെടുത്തേണ്ടതു അത്യാവശ്യമാണെന്ന് എന്റെ ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്. അതിൽ മാനം എന്നു ക്ലിപ്തപ്പെടുത്താൻ പാടില്ലെന്ന മി: നീലകണ്ഠപിള്ളയും മി: കേശവപിള്ളയും ഇവിടെ അഭിപ്രായപ്പെട്ടു. എന്നാൽ വസ്തു തിരിച്ചുകൊടുക്കാൻ പാടില്ലെന്നു നിർബന്ധമാണ് എന്റെ ഭേദഗതിയിൽ ഉള്ളതു. വസ്തു തിരിച്ചുകൊടുക്കണോ എന്നാണെങ്കിൽ മാനം എന്നുള്ളതു വേണമെന്നുവയ്ക്കാം. എല്ലാ അംഗങ്ങൾക്കും ചിലവിനു വിട്ടുകൊടുക്കണമെന്ന് ഞാൻ സമ്മതിക്കുന്നു.

അദ്ധ്യക്ഷൻ: അത് ഇപ്പോൾ പ്രത്യേകം പറയാതെതന്നെ ഇല്ലേ. ഇല്ലത്തിലുള്ള എല്ലാ അംഗങ്ങൾക്കും ആളിന്റെ സ്ഥിതിപോലെ ചിലവിനു കൊടുക്കണമെന്നുള്ളതു ഇപ്പോഴും ഉണ്ടല്ലോ. പ്രത്യേകമായിട്ടു ചിലവിനു തിരിച്ചുകൊടുക്കണമെന്നാണു ഇവിടെപറയുന്നതു. ആ സ്ഥിതിക്കു എല്ലാം കാരണങ്ങളുംകൊണ്ട് പുറത്തുതാമസിക്കുന്ന ആളിനു കൊടുക്കേണ്ടതു എന്നുള്ള ഭാഗമാണു നാം ആലോചിക്കുന്നതു.

മി: വി. എൻ. ജാതവേദൻ നംപൂതിരിപ്പാട് (സംയുക്തസാമാജികൻ) ഇല്ലത്തിൽനിന്നും ഇപ്പോഴും പുറത്തു താമസിക്കുന്നവൎക്കു ചിലവിനു കൊടുക്കുന്നതു എനിക്കു സമ്മതമാണു. വിദ്യാഭ്യാസം മുതലായവയ്ക്കായിട്ടു പുറത്തു താമസിക്കേണ്ടിവരും. അവൎക്കുംകൂടി ചിലവിനു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

മി: സി. എൻ. ത്രുപ്പൻ നംപൂതിരിപ്പാട് (സംയുക്തൻ): കുടുംബത്തിലെ എല്ലാഅംഗങ്ങൾക്കും എവിടെ താമസിക്കുമ്പോഴും തുല്യ ഓഹരിയായിട്ടു വീതിച്ചു കൊടുക്കാൻ മെമ്പൎക്കു സമ്മതമാണോ?

മി: വി. എൻ. ജാതവേദൻനംപൂതിരിപ്പാട് (സംയുക്തസാമാജികൻ): സ്വത്തു തിരിച്ചുകൊടുക്കുന്നതിനു സമ്മതമില്ല. ആസ്വത്തുകൊണ്ടു ഒരു ആദായം നിശ്ചയിച്ചു ആ ആദായം കുടുംബത്തിൽനിന്നും വാങ്ങിച്ചു കൊടുക്കുന്നതു സമ്മതമാണ്. അങ്ങിനെ ചിലവിനു കൊടുക്കുന്നതിൽ തരവുംമറ്റും ഒരു മെജാറിട്ടി കണ്ടു കൊടുക്കണമെന്നു ഭേദഗതിയിൽ പറഞ്ഞിട്ടുണ്ട്.

അദ്ധ്യക്ഷൻ; ഇതേവരെയുള്ള വാദത്തിൽനിന്നും ക്ലാസിനെപ്പററിത്തന്നെ ഐകമത്യാഭിപ്രായമില്ലെന്നു പ്രത്യക്ഷമാകുന്നു. ഇപ്പോൾ വെളിക്കു താമസിക്കുന്ന ഗ്രഹസ്ഥന്മാരല്ലാത്ത മെമ്പൎമാൎക്കു പ്രത്യേകിച്ചു ചിലവിനു കൊടുക്കണമോ എന്നുള്ളവിഷയത്തെക്കുറിച്ചു തക്കതായ കാരണത്തിന്മേൽ തറവാട്ടിൽ താമസിക്കാതിരുന്നാൽ അവൎക്ക് അവകാശപ്പെടാമെന്നുള്ളതിനെ ഭേദഗതിയാക്കിയ ആൾ സമ്മതിക്കുന്നു. അതുകൊണ്ടു ക്ലാസിനെ ഈവിധത്തിൽ വ്യത്യാസപ്പെടുത്തുകയും തക്കതായ ഉദ്ദേശത്തിന്മേൽ വേറെ താമസിക്കുന്ന അംഗങ്ങൾക്കു പ്രത്യേകിച്ചു ചിലവിനു അവകാശപ്പെടാമെന്നുള്ള നമ്മുടെ മെമ്പൎമാരുടെ വിധികളും ചേൎക്കുകയാണെങ്കിൽ നമ്മുടെ ആവശ്യം സാധിക്കുമെന്നു തോന്നുന്നു.

മി: ആർ. രാമൻപിള്ള (കോട്ടയം) 'തക്കതായ ഉദ്ദേശത്തിന്മേൽ' എന്നുള്ളതു വ്യവഹാരത്തിനു വഴിയുണ്ടാക്കുന്നതാണ്; അതുകൊണ്ടു "ഏതെങ്കിലും കാരണത്താൽ" എന്നാക്കേണ്ടിയിരിക്കുന്നതാണെന്നാണ് എന്റെ അഭിപ്രായം. എന്തുകാരണവശാലും വെളിയിൽപോയി താമസിച്ചാൽ അവൎക്കും ചിലവിനു കൊടുക്കണം. പുറമെ പോയി താമസിക്കുന്നവരെ അപേക്ഷിച്ചു പത്തു ശതമാനം ഇല്ലത്തിൽ താമസിക്കുന്നവൎക്കു കൂടുതൽ കൊടുക്കണമെന്നു പറയുന്നതു ന്യായമല്ല.

അദ്ധ്യക്ഷൻ അതു പിൻവലിച്ചെന്നു അദ്ദേഹംതന്നെ പറയുന്നു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ) സർ, അവിടത്തെ അനുവാദത്തോടുകൂടി ഈവാദം വരുന്ന തിങ്കളാഴ്ചത്തേക്കു മാററണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സർ, സ്റ്റാൻറിങ്ങ് ആർഡേഴ്സ് ഭേദഗതിചെയ്യുന്നതിനു നിയമിച്ചിട്ടുള്ള സെലക്ട് കമ്മിട്ടിയിലെ രണ്ട് അംഗങ്ങൾ ഇപ്പോൾ ആകമ്മിട്ടിയിൽ ഇല്ല. മി: ജാർജു അവധിയിലാണ്. വെങ്കിട്ടരമണയ്യർ സൎവീസിൽനിന്നും പിരിഞ്ഞു. ഇവൎക്കു പകരം ആളുകളെ നിയമിച്ചു സെലക്ട്കമ്മിട്ടി കൂടി ആവിഷയത്തെപ്പററി തീൎച്ചയാക്കേണ്ടിയിരിക്കുന്നു. വാദം മാററിവയ്ക്കണമെന്നുള്ള അഭിപ്രായത്തെ അനുവദിച്ചാൽ ഞങ്ങൾ സമ്മേളനം നടത്തി രണ്ടു സാമാജികന്മാരെ തിരഞ്ഞെടുക്കണമെന്നു വിചാരിക്കുന്നു. അങ്ങിനെയാണെങ്കിൽ അടുത്ത സെഷൻസിനു മുമ്പായി റിപ്പോൎട്ടു ഹാജരാക്കാം. അതുകൊണ്ടു ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ക്ലാസിനെ ഇന്നു പാസ്സാക്കാൻ നിവൃത്തിയില്ലെങ്കിൽ ഈ ബില്ലിനെപ്പററിയുള്ള ആലോചന വരുന്നതിങ്കളാഴ്ചക്കു മാററിവയ്ക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ എനിക്കു നിങ്ങൾ പറയുന്നതു നല്ലവണ്ണം മനസ്സിലാകുന്നില്ല. ഇനിയുള്ളസമയം സ്റ്റാൻറിങ്ങ് കമ്മിട്ടിയിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനുപയോഗിക്കണമെന്നാണോ നിങ്ങൾ പറയുന്നതു.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ) അതെ സർ 5 മണിക്കുശേഷം തിരഞ്ഞെടുപ്പു നടത്തിയാലും എനിക്കു വിരോധമില്ല സെലക്ട്കമ്മിട്ടിയിൽ രണ്ടു ഒഴിവു വന്നിട്ടുണ്ടെന്നുള്ള വിവരം അദ്ധ്യക്ഷനെ അറിയിക്കണമെന്നാണ് എന്റെ ആഗ്രഹം.

മി: ററി. സി കേശവപിള്ള (കൽക്കുളം-വിളവങ്കോട്) ഞാൻ ഈ അഭിപ്രായത്തെ എതിൎക്കുന്നു.

അദ്ധ്യക്ഷൻ, ദയവായി കുറച്ചുതാമസിക്കണം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ) എന്റെ അപേക്ഷ എന്തെന്നാൽ ഇന്നത്തെ ജോലിതീൎന്നശേഷം സെലക്ട്കമ്മിട്ടിയിലേക്കു രണ്ടു സാമാജികന്മാരെ തിരഞ്ഞെടുക്കണമെന്നു സഭയോടു ആവശ്യപ്പെടുകമാത്രം ചെയ്യുന്നുവെന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം) ഡിപ്യൂട്ടിഅദ്ധ്യക്ഷൻ പറഞ്ഞതു ഞാൻ കേട്ടില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടി അദ്ധ്യക്ഷൻ) ചില സ്റ്റാൻറിങ്ങ് ആർഡേഴ്സിനെ പരിഷ്കരിക്കുന്നതിനു കുറച്ചുമാസങ്ങൾക്കുമുമ്പു ഒരു സെലക്ട് കമ്മററിയെ നിയമിച്ചു. ഡിസംബർ ഈ സഭയെ വിളിച്ചുകൂട്ടുമെന്നു ഞാൻ വിചാരിച്ചിരുന്നു. ഇതിനെപ്പററി ഞാൻ അദ്ദേഹവുമായി ആലോചിച്ചശേഷം കമ്മിട്ടി കഴിഞ്ഞസെഷൻ കഴിഞ്ഞാൽ ഉടനെ കൂടണമെന്നു അഭിപ്രായപ്പെട്ടു, അതു കഴിഞ്ഞശേഷം മീററിങ്ങു വിളിച്ചുകൂട്ടേണ്ട ആൾ കൌൺസിലിന്റെ ഡിപ്യൂട്ടിപ്രസിഡണ്ടാണെന്നു ഞാൻ കേട്ടു. ഈ വിവരം ഞാൻ അറിഞ്ഞതു കഴിഞ്ഞആഴ്ചയാകുന്നു. അതുകഴിഞ്ഞു ലാമെമ്പരുമായി ഞാൻ സംസാരിച്ചു. തലസ്ഥാനനഗരിയെ വിടുന്നതിനു മുമ്പായി ഇതിനെപ്പററി ആലോചിച്ചു അടുത്തസഭ കൂടുമ്പോൾ റിപ്പോർട്ടു സമർപ്പിക്കണമെന്നു ഞാൻ അഭിപ്രായപ്പെട്ടു. ഇതു ചെയ്യുന്നതിൽ സാധിക്കണമെങ്കിൽ മി: ജാർജിനും വെങ്കിട്ടരമണയ്യൎക്കും പകരം ആളുകളെ നിയമിക്കേണ്ടിയിരിക്കുന്നു. ഈ സംഗതി സഭയുടെ ശ്രദ്ധക്കു ഞാൻ ഇപ്പോൾ കൊണ്ടുവരികയാണ്.

അദ്ധ്യക്ഷൻ, നമ്പൂതിരിബില്ലിനെപ്പററിയുള്ള വാദം 6 അടിക്കുന്നതിനു 5 മിനിട്ടുവരെ തുടൎന്നുകൊണ്ടുപോകുന്നതാണ്. അതുകഴിഞ്ഞു ഡിപ്യൂട്ടി അദ്ധ്യക്ഷൻ പറഞ്ഞതുപോലെ സ്റ്റാൻറിങ്ങ് ആർഡേഴ്സിനെ പരിഷ്കരിക്കുന്നതിനായിട്ടുള്ള കമ്മിട്ടിയിൽ രണ്ടു സാമാജികന്മാരെ തെരഞ്ഞെടുക്കുന്നതിനായി നിങ്ങൾ കൂടണമെന്നു ഞാൻ അപേക്ഷിക്കുന്നു.

മി: താണുപിള്ള, ബില്ലിനെപ്പറ്റിയുള്ള വാദമൊന്നുമല്ല ഇത്. ഡെപ്യൂട്ടിപ്രസിഡന്റ് എന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു കാര്യംമാത്രമാകുന്നു ഇത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): സർ, ഇപ്പോൾ അതു് എനിക്ക് മനസ്സിലായി. ഡെപ്യൂട്ടി പ്രസിഡന്റ് കുറച്ചു ഉറക്കെ സംസാരിച്ചിരുന്നെങ്കിൽ ഞങ്ങൾ ഒന്നും പറയുകയില്ലായിരുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഡെപ്യൂട്ടിപ്രസിഡന്റ് അവർകൾ പറഞ്ഞതുപോലെ ചെലവിനു കിട്ടുന്നതിനുള്ള അവകാശം എല്ലാ അംഗങ്ങൾക്കും ഉണ്ടെന്നുള്ളതിൽ തർക്കമില്ല. ഇല്ലത്തിൽനിന്നും വെളിയിൽ താമസിക്കുന്ന ആളിന് അയാളുടെ ആവശ്യം അനുസരിച്ചു പ്രത്യേകം ചിലവിന് കൊടുക്കണമെന്നാണ് ഇപ്പോഴത്തെ ഭേദഗതി.

മി: ററി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): വെള്ളാളബില്പ്രകാരം അങ്ങിനെ അവകാശമുണ്ടോ?

മി: വി. ചെല്ലംപിള്ള (തോവാള) കരട്ബില്ലിൽ പറയുന്നതും ആർക്കുംഹരി ഭാഗംതന്നെയല്ലോ.

മി: ററി. സി. കേശവപിള്ള (കൽക്കുളം-വിളവങ്കോട്): എല്ലാവർക്കും ഉണ്ടോ?

മി: ചെല്ലംപിള്ള (തോവാള). എല്ലാവർക്കും ഉണ്ട്.

മി: ആർ. രാമൻപിള്ള (കോട്ടയം): ഇല്ലത്തിൽനിന്നും മാറിതാമസിച്ചാൽ——

അദ്ധ്യക്ഷൻ: മി: രാമൻപിള്ള! അദ്ദേഹം എന്തെങ്കിലും പറയുന്നതുവരെ ക്ഷമയായി ക്ഷമിക്കുക. ഒരുപക്ഷേ നിങ്ങൾക്ക് പറയാനുള്ളതിനെപ്പറ്റി ആയിരിക്കും അദ്ദേഹം പറയാൻ പോകുന്നത്. നിങ്ങൾ ഇതു ധൃതിപ്പെട്ടിട്ട് കാര്യമെന്തെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

മി. വി. ചെല്ലംപിള്ള (തോവാള): കാരണവൻ ബാദ്ധ്യതയനുസരിച്ച് ഒരുത്തനും ഗണിതം ചെലവിനു കിട്ടാൻ അവകാശമുണ്ട് എന്നാണ് ഡെപ്യൂട്ടിപ്രസിഡന്റ് അവർകൾ പറഞ്ഞത്. അത് വാസ്തവമാണെങ്കിൽ അതിനെപ്പറ്റിയാക്ഷേപം ആവശ്യമില്ല. പിന്നെ ഗൃഹസ്ഥനും വെളിയിൽ താമസിക്കുന്നവനും കൊടുക്കേണ്ടതാണോ അല്ലയോ എന്നാണ് ആലോചിക്കേണ്ടത്. വെളിയിൽ താമസിക്കുന്നതിനാൽ ചെലവിനു കിട്ടാൻ അവകാശമുണ്ട്. പിന്നീട് വസ്തു ഭാഗിച്ച് കൊടുക്കേണ്ടതാണോ അല്ലയോ എന്നാണ് നമുക്ക് നോക്കേണ്ടത്. അതിൽ മിസ്റ്റർ കേശവപിള്ള പറഞ്ഞിരിക്കുന്ന ഗൃഹസ്ഥന്മാത്രം കൊടുത്താൽപോരാ. എല്ലാ മെമ്പർമാർക്കും ആവശ്യപ്പെടുന്നതായാൽ അവരുടെ ഓഹരിക്ക് വരുന്ന വസ്തു വീതിച്ച് കൊടുക്കണമെന്നാണ്. ചെലവിനു കിട്ടാൻ വെളിയിൽ താമസിക്കുന്നവർക്കും ഇല്ലത്തിൽ താമസിക്കുന്നവർക്കും അവകാശമുള്ള സ്ഥിതിക്ക് വസ്തു ഗൃഹസ്ഥന് മാത്രം കൊടുക്കണമോ എല്ലാവർക്കും കൊടുക്കണമോ എന്നാണ് ഇവിടത്തെ തർക്കം.

മി. ആർ. രാമൻപിള്ള (കോട്ടയം): ഇല്ലത്തിൽനിന്നും മാറിതാമസിക്കുന്ന മെമ്പർ തക്കതായ കാരണത്തിന്മേൽ മാറിതാമസിച്ചാലല്ലാതെ കൊടുക്കാൻ സാധിക്കയില്ലെന്ന് ഹൈക്കോടതി വിധിയുള്ളതായിട്ട് അറിയാമോ?

മി. വി. ചെല്ലംപിള്ള (തോവാള): അറിഞ്ഞുകൂടാ.

മി. ആർ. രാമൻപിള്ള (കോട്ടയം): അതിനുംകൂടി പരിഹാരം ഉണ്ടാക്കാനായിട്ടാണ് എല്ലാവർക്കും ചിലവിന് കിട്ടണമെന്ന് പറയുന്നത്.

മി. വി. ചെല്ലംപിള്ള (തോവാള): ഓരോ അംഗങ്ങൾക്കും വെളിയിൽ പോയി താമസിക്കുന്നവർക്കും ചെലവിന് കിട്ടാൻ കാരണവർ ബാദ്ധ്യതയനുസരിച്ച് അവകാശമുണ്ടെന്ന് ഡെപ്യൂട്ടിപ്രസിഡന്റ് പറഞ്ഞു.

മി. ആർ. രാമൻപിള്ള (കോട്ടയം): തക്കതായകാരണം ഉണ്ടെങ്കിലേ അവകാശം കിട്ടുകയുള്ളു എന്ന് കോർട്ടുവിധിയുള്ളതായി അറിയാമോ?

മി. വി. ചെല്ലംപിള്ള (തോവാള): തക്കതായകാരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും അവർക്ക ചെലവിനു കൊടുക്കണമെന്ന് അഭിപ്രായക്കാരനാണ് ഞാൻ. ഗൃഹസ്ഥനും വെളിയിൽ താമസിക്കുന്നവർക്കും ചെലവിന് വസ്തു ഭാഗിച്ച് കൊടുക്കണമെന്നാണ് മി. ആർ. കേശവപിള്ള പറയുന്നത്. ഗൃഹസ്ഥന് മാത്രം കൊടുത്താൽപോരാ.

"പ്രത്യേകം വസ്തുകിട്ടണമെന്ന് ന്യായമായ കാരണത്തിന്മേൽ അവകാശപ്പെടുന്ന പക്ഷം ഒരു സ്ത്രീക്കോ പുരുഷനോ അവകാശപ്പെടാവുന്നതാണ്. എന്നുള്ളതുകൊണ്ട ചെലവിന് കിട്ടുന്നതിന് വളരെ പ്രയാസംവരും. അതിനെ ഒഴിക്കണമെന്നായിരിക്കും മി. കേശവപിള്ളയുടെ ഉദ്ദേശം. അതാകട്ടെ വസ്തുതിരിച്ച്കിട്ടാൻ തരക്കേടില്ലല്ലോ എന്നായിരിക്കും. അതിൽ ഞാൻ പൂർണ്ണമായി യോജിക്കുന്നു. ഒരു ഇല്ലത്തിലെ അംഗം വീട്ടിലിരിക്കുമ്പോൾ ചെലവിനുകിട്ടുന്നതിന് പ്രയാസമുള്ള സ്ഥിതിക്ക് വസ്തു തിരിച്ച് കിട്ടിയാൽ സൗകര്യമുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മൈനർ ആയാലോ?

മി. വി. ചെല്ലംപിള്ള (തോവാള): അവർ തനിച്ച് താമസിക്കയില്ലല്ലോ. അവർക്കും ചെലവിനു കൊടുക്കണം.

മി. ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ന്യായവും തക്കതും ആയ കാരണം എന്നുകൂടി ഭേദഗതിയിൽ ഇല്ലേ?

മി. വി. ചെല്ലംപിള്ള (തോവാള): അതു് വേറെവരുന്നു. ഇപ്പോൾ തക്കകാരണമില്ലെങ്കിൽ ചെലവിനു കിട്ടാൻ അവകാശമില്ലെന്ന് ഹൈക്കോടതി വിധിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ അതിന് ഒരു വ്യവസ്ഥവേണം.

"ഇല്ലത്തിലെ ഏതെങ്കിലും ഒരു അംഗം എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട് ചെലവിനായി വസ്തു തിരിച്ച്കൊടുക്കണമെന്നു വരുന്നു. എല്ലാ മെമ്പർമാരും വീട്ടിലിരിക്കുമ്പോൾ അവകാശം ഉണ്ടെന്നു വരുന്നു. എന്നാൽ ചെലവിനു കൊടുക്കുക അല്ലെങ്കിൽ വസ്തുതിരിച്ചുകൊടുക്കുക എന്നുള്ളതിൽ തരക്കേടില്ല. ചില ക്ലിഷ്ടതകളുള്ള ഭാഗങ്ങളോടു ഞാൻ യോജിക്കുന്നില്ല. തക്കതായ കാരണത്തിന്മേൽ എന്നുള്ളതിൽ എനിക്ക് ആക്ഷേപമില്ല. എന്നാൽ അതു് എടുത്തുകളഞ്ഞാൽ കുറച്ചുകൂടി നല്ലത്. അതുകൊണ്ട് മി. ആർ കേശവപിള്ളയുടെ ആ ഭേദഗതിയോടു ഞാൻ പൂർണ്ണമായി യോജിക്കുന്നു.

അദ്ധ്യക്ഷൻ: ഞാൻ ഈ ഭേദഗതി വോട്ടിനിടുന്നു. ആദ്യമായി അച്ചടിച്ചിട്ടുള്ളതിൽ ഒന്നാം നമ്പരായ മി. ജാതവേദൻ നമ്പൂരിപ്പാടിന്റെ ഭേദഗതി വോട്ടിനിടുന്നു. പിന്നീട് മി. ആർ. കേശവപിള്ളയുടെ ഭേദഗതി പിന്നീട് വേണ്ടിവന്നാൽ ക്ലിപ്തമായും ഞാൻ ആദ്യമായി വോട്ടിനിടണമെന്നുദ്ദേശിക്കുന്ന മി: ജാതവേദൻ നമ്പൂരിപ്പാടിന്റെ ഭേദഗതിയിൽ അഞ്ച് ഉപപിരിവുകൾ ഉണ്ട്.

ഭേദഗതി വോട്ടിനിടുകയും തള്ളപ്പെടുകയും ചെയ്തു.

അദ്ധ്യക്ഷൻ: അച്ചടിച്ചിട്ടുള്ളതിൽ രണ്ടാം നമ്പരായ മി. ആർ. കേശവപിള്ളയുടെ ഭേദഗതി ഇനി ഞാൻ വോട്ടിനിടാം. അതായത് ഒരു ഇല്ലത്തിലെ സ്ത്രീയോ പുരുഷനോ ഏതെങ്കിലും പ്രത്യേക ... സ്ഥലത്തിൽ പ്രത്യേകിച്ച് ചിലവിന് കിട്ടുന്നതിന് അങ്ങനെ ആവശ്യപ്പെടുന്നതിന് തക്കതായ കാരണങ്ങളുണ്ടെങ്കിൽ അവകാശമുണ്ട്.

ഭേദഗതി വോട്ടിനിടുകയും പാസ്സാക്കുകയും ചെയ്തു.

അദ്ധ്യക്ഷൻ: ഒന്നാമത്തെ ക്ലാസിനിക്കി ഇപ്പോൾ പാസ്സാക്കപ്പെട്ട ഭേദഗതി അതിന്റെ സ്ഥാനത്തു ചേർക്കുന്നതായിരിക്കും.

ഇനിയും മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയുണ്ട്. ഇപ്പോൾ പാസ്സാക്കപ്പെട്ട ഭേദഗതിനിമിത്തം ഇതിന് ആവശ്യമില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): അല്ല സാർ, ഇപ്പോൾ പാസ്സാക്കപ്പെട്ട ഭേദഗതിപ്രകാരം തക്കതായ കാരണമുണ്ടെങ്കിൽ ചെലവിനായി പ്രത്യേകം വസ്തു കിട്ടുന്നതിന് അവകാശപ്പെടാമെന്നാണ്. മി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി എന്തെന്നാൽ തക്കതായ കാരണങ്ങളുടാതെയും ഒരു അംഗത്തിന് അവകാശപ്പെടാമെന്നാകുന്നു. അതുകൊണ്ടു രണ്ടും തമ്മിൽ വ്യത്യാസമുണ്ട്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): വേറെ വ്യത്യാസം കൂടി ഉണ്ട്. മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി പ്രായപൂർത്തിവന്ന അംഗങ്ങൾക്കു മാത്രമേ ബാധിക്കയുള്ളു. എന്നാൽ മി. കേശവപിള്ളയുടെ ഭേദഗതി പ്രായപൂർത്തിവന്നവരെയും അല്ലാത്തവരെയും ബാധിക്കുന്നതാകുന്നു.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിപ്രകാരം, തക്കതായ കാരണങ്ങളുടാതെ പ്രായപൂർത്തിവന്ന എല്ലാ അംഗങ്ങൾക്കും ചിലവിനു അവകാശമുണ്ട്; പ്രത്യേകിച്ചു വസ്തു കിട്ടണമെന്നില്ല.

അദ്ധ്യക്ഷൻ:—മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയും നാം ഇപ്പോൾ പാസ്സാക്കിയ ഭേദഗതിയും തമ്മിൽ വ്യത്യാസമുണ്ടെന്നു കാണുന്നു. അതുകൊണ്ടു സഭ അഭിപ്രായപ്പെടുന്നപക്ഷം ഞാൻ അതും വോട്ടിനിടാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: നീലകണ്ഠപിള്ളയുടെ ഭേദഗതി നാം ഇപ്പോൾ പാസ്സാക്കിയ ഭേദഗതിയോട് യോജിച്ച് മാററണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

അദ്ധ്യക്ഷൻ:—അതിനെപ്പററി ആലോചിക്കാം.

മി: എ. എസ് ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി: താണുപിള്ള പറഞ്ഞതു ഞാൻ കേട്ടില്ല.

അദ്ധ്യക്ഷൻ:—അദ്ദേഹം പറയുന്നതു എന്തെന്നാൽ മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതി വോട്ടിനിടുന്നതിനുമുൻപ് അത് ഇപ്പോൾ നാം പാസ്സാക്കിയ ഭേദഗതിയോട് വ്യത്യാസപ്പെട്ടതാണോ എന്നു ആലോചിക്കുന്നതിനു സഭക്കു ഒരു അവസരവും കൊടുക്കണമെന്നാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഏതാണ് ... അഭിപ്രായപ്പെട്ടതു വേറെ താമസിക്കുന്നവരും പ്രത്യേകിച്ചു വസ്തു വീതിച്ചുകിട്ടിയിട്ടില്ലാത്തവരുമായ പ്രായപൂർത്തിവന്ന ഏതു് അംഗത്തിനും,

മി: വി. ചെല്ലംപിള്ള (തോവാള): ഇല്ലത്തിലെ ഏതംഗത്തിനും പ്രത്യേകിച്ചു വസ്തു കിട്ടുന്നതിനു അവകാശമുണ്ട് എന്നുപോരെ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ന്യായവും തക്കതും ആയ കാരണങ്ങളുടാതെ ഒരംഗത്തിനു പ്രത്യേകിച്ചു വസ്തു കിട്ടുന്നതല്ല. എന്നാൽ പ്രത്യേകിച്ചു താമസിക്കുന്നതിനു തക്കതായ കാരണം ഒന്നും ഇല്ലെങ്കിലും ചിലവിനു അവകാശമുണ്ട്.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി: കേശവപിള്ളയുടേയും മി: നീലകണ്ഠപ്പിള്ളയുടേയും ഭേദഗതികൾ അതിവ്യാപകങ്ങളാണെന്നു എന്റെ സ്നേഹിതൻ മി: താണുപിള്ള അഭിപ്രായപ്പെടുന്നോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ അഭിപ്രായപ്പെടുന്ന വാക്കുകൾ ചേർത്താൽ അർത്ഥം ഒന്നുകൂടി വിശദമാകും.

മി: എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എങ്ങിനെ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ ഭേദഗതി സൂക്ഷ്മമായി വായിച്ചാൽ ഇതാകുന്നു അർത്ഥം. ഒരാളിനു പ്രത്യേകം വസ്തുക്കൾ കൊടുത്തിട്ടുണ്ടെങ്കിലും ഇല്ലത്തിനു വെളിക്കാണു താമസമെങ്കിലും ഈ ഭേദഗതി കാരണവരിൽനിന്നും ചിലവിനു അവകാശപ്പെടുന്നതിനു അയാളെ തടയുകയില്ല. ഈ അർത്ഥത്തെ വെളിപ്പെടുത്തണമെന്നാണു എന്റെ ഉദ്ദേശം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): സർ, ഇപ്പോൾ നാം സ്വീകരിച്ചതായ ഭേദഗതിയും എന്റെ ഭേദഗതിയുംതമ്മിൽ സംശയത്തിനു വല്ലകാരണവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മി: താണുപിള്ളയുടെ ഭയം പ്രത്യേകിച്ചു വസ്തുകിട്ടിയിട്ടുള്ള ഒരാൾ ചിലവിനു ആവശ്യപ്പെട്ടേക്കാമോ എന്നാകുന്നു. ഇതിനു വല്ലകാരണവുമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഒരാളിനു പ്രത്യേകിച്ചു വസ്തുകിട്ടിയ സ്ഥിതിക്കു അയാൾ ചിലവിനായി വസ്തു വീണ്ടും അവകാശപ്പെടുമെന്നുള്ളതു അത്ര എളുപ്പമല്ല. അങ്ങിനെ ആവശ്യപ്പെട്ടാൽതന്നെയും ആരും അതിനെ വകവയ്ക്കുകയില്ല. അതുകൊണ്ടു എന്റെ ഭേദഗതി സ്വീകരിക്കുന്നതിനോ അഥവാ അതു അവതരിപ്പിച്ചനിലയിൽ അതിനെ ആലോചിക്കുന്നതിനോ തരക്കേടില്ല.

മി: വി. ചെല്ലംപിള്ള (തോവാള): എന്നാൽ അതു് മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയിൽ പ്രായപൂർത്തിവന്നവരെമാത്രമെ ബാധിക്കുകയുള്ളുവല്ലോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നാം ഇപ്പോൾ സ്വീകരിച്ചഭേദഗതികൊണ്ടു "പ്രായപൂർത്തി" എന്നു അവിടെ വേണമെന്നാണ് എനിക്കു തോന്നുന്നതു്.

മി: വി. ചെല്ലംപിള്ള (തോവാള): മൈനർമാർ വേണ്ടന്നാണോ പറയുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇതു ആരാണ് അവകാശപ്പെടേണ്ടതു്?

മി: വി. ചെല്ലംപിള്ള (തോവാള): രക്ഷകർത്താവു് ഇപ്പോൾ ചില സന്ദർഭങ്ങളിൽ ഇല്ലത്തിലെ ഒരു ജൂനിയർമെമ്പറായിരുന്നേക്കാം.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): 'പ്രായപൂർത്തിവന്ന' എന്നുള്ളവാക്കു് എടുത്തുകളയുന്നതിനു എനിക്കു വിരോധമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ:—സർ, നംപൂതിരിസമുദായത്തോടു യോജിക്കുന്നതിനു അല്പസ്വല്പവ്യത്യാസങ്ങളോടുകൂടി നായർറഗുലേഷന്റെ ൩-ാമത്തെ വകുപ്പിനെ ചേർക്കുന്നപക്ഷം എല്ലാറ്റേക്കും മതിയാകുമെന്നു തോന്നുന്നു.

അപ്പോൾ ഇതു് ഇങ്ങനെ ആയിരിക്കും.

ഇല്ലത്തിലുള്ള എല്ലാഅംഗങ്ങളും അവർ ഇല്ലത്തിലെ വെളിക്കു താമസിച്ചാലും അവർക്കു ചിലവു കിട്ടുന്നതാകുന്നു. പിന്നീട്——

ഇല്ലത്തിലുള്ള ഏതു് പുരുഷനോ സ്ത്രീക്കോ തക്കതായ കാരണത്തിന്മേൽ ചിലവിനായി വസ്തു തിരിച്ചുകിട്ടുന്നതിൽ അവകാശപ്പെടാം.

അതുകൊണ്ടു നായർറഗുലേഷനിലെ ൩-ാമത്തെ വകുപ്പിനെ സ്വീകരിച്ചു തറവാടും എന്നുള്ളതിനുപകരം ഇല്ലം എന്നാക്കുകയും സഭ സ്വീകരിച്ചതായി മി: കേശവപിള്ളയുടെ ഭേദഗതിയെ കൂട്ടിച്ചേർക്കുകയും ചെയ്താൽ മി: കേശവപിള്ളയേയും മി: നീലകണ്ഠപ്പിള്ളയേയും തൃപ്തിപ്പെടുത്തും. മററുള്ളഭേദഗതികൾ പിൻവലിക്കുകയും ചെയ്യാം.

അദ്ധ്യക്ഷൻ:- മി: കൃഷ്ണയ്യങ്കാർ നിങ്ങളുടെ പ്രസംഗം കഴിഞ്ഞോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഡിപ്യൂട്ടിഅദ്ധ്യക്ഷൻ): ഇതു് സമ്മതിക്കുന്നപക്ഷം ഞാൻ അവിടത്തെ അനുവാദത്തോടുകൂടി ഇതിനെ ഒരു നിശ്ചയത്തിന്റെ രൂപത്തിൽ അവതരിപ്പിക്കാം.

അദ്ധ്യക്ഷൻ:- അതിനുമുമ്പു് ഞാൻ ഒരുവാക്കു് പറയട്ടെ.

തക്കതായ കാരണം ഉണ്ടെങ്കിലും ഇല്ലെങ്കിലും ഇല്ലത്തിനു് വെളിക്കു അയാളുടെ സ്വന്തമനസ്സാലെ താമസിക്കുന്ന ഓരോഅംഗത്തിനും ചിലവിനു് അവകാശമുണ്ടെന്നിരുന്നാൽ ഡിപ്യൂട്ടി അദ്ധ്യക്ഷൻ കൊണ്ടുവന്നിട്ടുള്ള അഭിപ്രായം ഏററവും യുക്തമാണെന്നു എനിക്കുതോന്നുന്നു. നമുക്കു അതിനെ സ്വീകരിക്കാനുണ്ടു്. വകുപ്പിൽ ക്രോഡീകരിക്കേണ്ട ആശയം അതാണോ എന്നാണ് പിന്നെ ആലോചിക്കേണ്ടതു്. മി: കേശവപിള്ളയുടെ ഭേദഗതിയിൽനിന്നും തക്കതായ കാരണം ഉള്ളപ്പോൾ മാത്രമേ ഒരു അംഗം പ്രത്യേകിച്ചു താമസിക്കുന്നതായി ഗണിക്കാവൂ എന്നു്, അതു സ്പഷ്ടമായി പറയുന്നില്ലെങ്കിലും അതിൽനിന്നു വന്നുകൂടുന്നുണ്ടു്. ഞാൻ പറഞ്ഞതുപോലെ ആ ഭേദഗതി കൊണ്ടു നേരിട്ടു അതിനെ പറയുന്നില്ലെങ്കിലും പ്രത്യേകിച്ചു വസ്തു കിട്ടണമെന്നു ആഗ്രഹിക്കുന്നവൻ അങ്ങിനെ ആവശ്യപ്പെടുന്നതിനു് തക്കതായ കാരണം കാണിക്കണമെന്നു അതിൽ അന്തർഭവിച്ചിട്ടുണ്ടു്. നംപൂതിരിയില്ലങ്ങളുടെ ഇന്നത്തെസ്ഥിതിക്കു ഇതുപോലെയുള്ള ഒരു വ്യവസ്ഥ ഒരു അംഗത്തിനു് എപ്പോഴെങ്കിലും ഇല്ലത്തിൽനിന്നുപോയി അയാളുടെ ചിലവിനു് പ്രത്യേകം പ്രത്യേകിച്ചു സ്വത്തു് എന്നു് ഞാൻ പറയുന്നില്ല. ആവശ്യപ്പെടാമെന്നു വന്നുകൂടുന്നു. ഈ വിഷയത്തിനെ തീരുമാനിക്കുമ്പോൾ ഈ സംഗതി മനസ്സിൽ ഓർക്കണമെന്നു സാമാജികന്മാരോടു ഞാൻ അപേക്ഷിക്കുന്നു.

ഇപ്പോൾ സഭ പിരിയുകയും തിങ്കളാഴ്ച ൧൧ മണിക്കു് വീണ്ടുംകൂടുകയും ചെയ്യുന്നതാണ്. സ്റ്റാൻഡിങ്ങ് ഉത്തരവുകളെ പുതുക്കുന്നതിനായിട്ടു നിയമിച്ചിട്ടുള്ള കമ്മററിയിലേക്കു് രണ്ടു് സാമാജികന്മാരെ തിരഞ്ഞെടുക്കുന്നതിനായി ഡിപ്യൂട്ടിഅദ്ധ്യക്ഷന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടുന്നതാണ്.

സഭ ൪-൩൦-ന് പിരിഞ്ഞു.

അതിന്റെശേഷം സ്റ്റാൻഡിങ്ങ് ആർഡേഴ്സിനെ പുതുക്കുന്നതിനായി നിയമിച്ചിട്ടുള്ള കമ്മററിയിൽ മെസ്സേഴ്സ് കെ. ജോർജ്ജ് എസ്. വെങ്കിട്ടരമണയ്യർ എന്നിവരുടെസ്ഥാനങ്ങളിൽ മെസ്സേഴ്സ് മി: ടി. പി. രാമസുബ്ബയ്യർ സി. എസ്. കൃഷ്ണസ്വാമിഅയ്യർ എന്നിവരെ ഐകകണ്ഠ്യേന തിരഞ്ഞെടുത്തു.

സഭ ൫ മണിക്കു പിരിയുകയും തിങ്കളാഴ്ച ൧൧ മണിക്കു് വീണ്ടും കൂടുന്നതിനായി ൫ മണിക്കു പിരിയുകയും ചെയ്തു.

പി. എൻ. കൃഷ്ണപിള്ള
നിയമസഭാസെക്രട്ടറി,

(A true translation)
T. Ramalingam Pillai
Head Translator to Government.

തിരുവിതാംകൂർ നിയമസഭ.

മൂന്നാമത്തെ സഭ.

൧൧൦൮-ലെ ഒന്നാമത്തെ യോഗം.

൧൯൩൩ മെയ് ൧൫-ാംനു-ക്കു ൧൧൦൮ ഇടവം ൨-ാംനു തിങ്കളാഴ്ച.

സഭ ൧൧-൩൦-ന് മണിക്ക് വിക്ടോറിയ ജൂബിലി ടൌൺ ഹാളിൽ കൂടി. ഡിപ്യൂട്ടി പ്രസിഡന്റ് അഗ്രാസനാധിപത്യം വഹിച്ചു.

താഴെ പറയുന്ന മെമ്പർമാർ ഹാജരുണ്ടായിരുന്നില്ല.

൧. മിസ്റ്റർ ഏൽ. എ. ബാമ്പാർഡ്

൨. „ എൻ. ആർ. കൃഷ്ണൻ

ചോദ്യങ്ങളും ഉത്തരങ്ങളും.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ൨൦ രൂപയും അതിലധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരപ്പട്ടിക.

൩൩൬. മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ഇരുപതും അതിലധികവും രൂപാ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ പേരും ജാതിയും കാണിക്കുന്ന ഒരു പട്ടിക ഗവണ്മെന്റ ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): ആവശ്യപ്പെട്ട വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക* മേശപ്പുറത്തു വച്ചിരിക്കുന്നു.

മലയാളം ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു ക്യൂറേറ്റരായി മിസ്റ്റർ സാംബശിവശാസ്ത്രിയുടെ നിയമനം.

൩൩൭. മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): സംസ്കൃതഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു ക്യൂറേറ്ററായ മിസ്റ്റർ സാംബശിവശാസ്ത്രിയെ മലയാളഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണജോലിയുംകൂടി ഏല്പിച്ചതിനു വല്ല പ്രത്യേകകാരണങ്ങളും ഉണ്ടായിരുന്നോ എന്നു ഗവണ്മെന്റ ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ സെക്രട്ടറി): സംസ്കൃതപുസ്തകങ്ങളോടു ബന്ധമുള്ള മലയാള ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണജോലി സംസ്കൃതഗ്രന്ഥങ്ങൾ പ്രസിദ്ധീകരണംചെയ്യുന്ന ഡിപ്പാർട്ടുമെന്റിനെ ഏല്പിക്കുന്നതു അഭിലഷണീയമായിരിക്കുമെന്നു സംസ്കൃതഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനുള്ള ഉപദേശകസംഘം ആദ്യം ശുപാർശചെയ്തു. അതിന്റെശേഷം താഴെപ്പറയുന്ന കാരണങ്ങളാൽ രണ്ടു ഡിപ്പാർട്ടുമെന്റുകളും യോജിപ്പിക്കുന്നതു നന്നായിരിക്കുമെന്നു ആ സംഘം അഭിപ്രായപ്പെട്ടു.

(൧) രണ്ടു പ്രസിദ്ധീകരണഡിപ്പാർട്ടുമെന്റുകൾ ഉള്ളതു് അനാവശ്യച്ചെലവാകുന്നു.

(൨) മലയാളഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യുന്നതിനു സംസ്കൃതസാഹിത്യത്തിന്റെയും ഭാഷയുടെയും പരിജ്ഞാനം അത്യന്താപേക്ഷിതമാകുന്നു.

(൩) മലയാളഗ്രന്ഥങ്ങളുടെയും സംസ്കൃതഗ്രന്ഥങ്ങളുടെയും സംബന്ധംനിമിത്തം രണ്ടും ഒരു ഡിപ്പാർട്ടുമെന്റുതന്നെ പ്രസിദ്ധംചെയ്യുന്നതു ഉചിതമായിരിക്കും.

(൪) ഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനു രണ്ടുകൂട്ടർ ഇല്ലാതെ കഴിക്കാം.

(൫) ഇപ്പോഴത്തെ സംസ്കൃതക്യൂറേറ്റർക്കു മലയാളത്തിലും നല്ല പരിജ്ഞാനമുണ്ടു്.

ബോർഡിന്റെ ശിപാർശ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുമ്പോൾ ഡാക്ടർ ശങ്കരമേനോൻ നാലുമാസത്തെ അവധി എടുത്തുപോയി. അപ്പോൾ സംസ്കൃതക്യൂറേറ്ററുടെ ജോലിയോടുകൂടെ മലയാളംക്യൂറേറ്ററുടെ ജോലിയും നിർവഹിച്ചുകൊള്ളണമെന്നു മി: സാംബശിവശാസ്ത്രിയോടു ആജ്ഞാപിച്ചു.

മീനച്ചൽ താലൂക്കിലെ പുറമ്പോക്കുഭൂമികളിൽനിന്നു വൃക്ഷങ്ങൾ വെട്ടിക്കൊണ്ടുപോകുക.

൩൪൦. മി: എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും). താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) മീനച്ചൽ തഹസിൽദാർ ഗവണ്മെന്റ വൃക്ഷങ്ങൾ വെട്ടിച്ചു വിററതിനെ സംബന്ധിച്ചുള്ള പരാതിയെപ്പററി ശരിയായ അന്വേഷണം നടത്തിയോ?

(ബി) മി: എസ്. സി. എച്ച്. റോബിൻസൺ മീനച്ചിൽ പോകുകയും അവിടെ ചില തോടു പുറമ്പോക്കുകളിൽനിന്നു വൃക്ഷങ്ങളുടെ കുററികൾ കാണുകയുംചെയ്തോ?

(സി) മി: എസ്. സി. എച്ച്. റോബിൻസൺ പരിശോധിച്ച തോടു പുറമ്പോക്കിന്റെ ദൈർഘ്യം എത്ര?

(ഡി) പരിശോധിച്ച സ്ഥലത്തുകണ്ട വൃക്ഷക്കുററികളുടെ എണ്ണം;

(ഇ) വൃക്ഷങ്ങൾ വെട്ടി വിററ പകുതികളുടെ പേരു്;

(എഫ്) മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ സന്ദർശിച്ച പകുതിയുടെയോ പകുതികളുടെയോ പേരു്;

(ജി) മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ എല്ലാ പകുതികളും പരിശോധിക്കാത്തതിനുള്ള കാരണങ്ങൾ;

(എച്ച്) മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ ഇക്കാര്യത്തിൽ നടത്തിയ അന്വേഷണത്തിന്റെ സ്വഭാവം;

(ഐ) മിസ്റ്റർ എസ്. സി. എച്ച്. റോബിൻസൺ ഗവണ്മെന്റിലേക്കു വല്ല റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ)-യും (ബി)-യും മറുപടി ഉണ്ടെന്നാണ്.

---

*അനുബന്ധം ൪൨ നോക്കുക

(സി) ഏകദേശം രണ്ടു നാഴിക.

(ഡി) ഹർജിക്കാരൻ പരാതിപ്പെട്ട കുററികൾ ലാൻറ് റവന്യൂ കമ്മീഷണരെ കാണിച്ചു.

(ഇ) ഗവണ്മെൻറിനു കിട്ടിയ ഹർജികളിൽ മൂലം, രാമപുരം, എളങ്കാട്ട, പുലിയന്നൂർ, മീനച്ചിൽ, കൊണ്ടൂർ എന്നീ പകുതികളിൽനിന്നു വൃക്ഷങ്ങൾ മുറിച്ചുകൊണ്ടുപോയതായി പ്രസ്താവിച്ചിരുന്നു.

(എഫ്) മൂലം.

(ജി) പരിശോധനസമയം മൂലം പകുതിമാത്രം പരിശോധിച്ചാൽ മതിയെന്നു ഹർജിക്കാരൻ തൊമ്മൻ ഔസേപ്പ് പറഞ്ഞു എന്നും ലാൻറ് റവന്യൂ കമ്മീഷണർ മറെറല്ലാ കുററികളും ഉണ്ടോ എന്നു പരിശോധിക്കണമോ എന്നു ചോദിച്ചപ്പോൾ വേണ്ട എന്നു അയാൾ പറഞ്ഞു എന്നും ലാൻറ് റവന്യൂ കമ്മീഷണർ പറയുന്നു.

(എച്ച്) സ്ഥലപരിശോധനനടത്തുകയും ഹർജിക്കാരൻെറ പ്രസ്താവനകൾ ശരിയാണോ എന്നു നോക്കുകയും ചെയ്തു.

(ഐ) ഒരു പടി ഉണ്ടെന്നാണ്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (ജി) മൂലം മൂലം പകുതി ഒഴിച്ചു മററു പകുതികൾ പരിശോധിക്കാൻ തൊമ്മൻ ഔസേപ്പ് ആവശ്യപ്പെട്ടില്ല. അതുകൊണ്ടു പരിശോധിച്ചില്ല. എന്നു പറയുന്നു. ഹർജിക്കാരായി തൊമ്മൻ ഔസേപ്പ് മാത്രമേ ഉണ്ടായിരുന്നുള്ളോ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): കൂടുതൽ ഉണ്ടായിരിക്കാം. സ്ഥലത്തുപോയപ്പോൾ തൊമ്മൻ ഔസേപ്പ് മാത്രമാണ് ഉണ്ടായിരുന്നത്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): അതു മൂലം പകുതിയെ സംബന്ധിച്ചതാണ്. മററു പകുതികൾ പരിശോധിക്കുന്നതിനെ സംബന്ധിച്ചു അപേക്ഷകന്മാർ ഉണ്ടായിരുന്നില്ലേ?

മി: ടി. പി. രാമസ്വാമയ്യർ (ആ. ഗവണ്മെൻറ ചീഫ്സെക്രട്ടറി) അപേക്ഷകന്മാർ വേറെ ഉണ്ടായിരിക്കാം. സ്ഥലത്തു തൊമ്മൻ ഔസേപ്പുമാത്രമേ ഉണ്ടായിരുന്നുള്ളു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും) മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ട കൊണ്ടൂർ, മൂലം, രാമപുരം, ഇടക്കാട്ട, പുലിയന്നൂർ, മീനച്ചിൽ മുതലായ പകുതികളിൽനിന്നും തടിമുറിച്ചിരിക്കുന്നു എന്നു പരാതി ഉണ്ടായിട്ടുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ് സെക്രട്ടറി): പരാതിഹർജി ഉണ്ടായിരുന്നു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അപേക്ഷകന്മാർ പലർ ഉണ്ടായിരിക്കെ, തൊമ്മൻ ഔസേപ്പിൻെറ അഭിപ്രായംമാത്രം ചോദിച്ചതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): ആദ്യത്തെ അപേക്ഷ തൊമ്മൻ ഔസേപ്പിൻെറതായിരുന്നു. മൂലംപകുതിയിൽ പരിശോധിച്ചാൽ മതിയോ എന്നു ചോദിച്ചപ്പോൾ മതി എന്ന് ഔസേപ്പ് പറഞ്ഞു.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും-ദേവികുളവും): മററുള്ള പകുതികളെപ്പററി അന്വേഷിച്ചോ?

മി: ടി. പി. രാമസ്വാമയ്യർ ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): അന്വേഷിച്ചില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): അതിനു കാരണമെന്താണ്?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): സംക്ഷിപ്ത മതിപ്പൽമാത്രമേ നടത്തിയുള്ളു. അപ്പോൾ മൂലംപകുതിമാത്രമേ പരിശോധിച്ചുള്ളു. കാരണം മുമ്പു പറഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ദേഹപരിശോധന.

൩൪൧. മി: രേവതിനാൾ രാമവർമ്മരാജാ (എടവക): താഴെപ്പറയുന്ന വിവരങ്ങൾ ഗവണ്മെൻറ ദയവായി പറയുമോ?

എ. കഴിഞ്ഞ മൂന്നുവർഷക്കാലത്തു (൧൯൬൨-൧൯൬൪) മെഡിക്കൽ പരിശോധന കഴിഞ്ഞ വിദ്യാർത്ഥികളുടെ എണ്ണം;

ബി അങ്ങനെയുള്ള പരിശോധന പെൺപള്ളിക്കൂടങ്ങളിൽ നടത്താറുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട്;

സി. ഇക്കാര്യത്തിൽ ചെലവായ യഥാർത്ഥസംഖ്യ;

ഡി. എ. വിദ്യാർത്ഥികളുടെ ഇടയിലും ബി. വിദ്യാർത്ഥിനികളുടെ ഇടയിലും സാധാരണയുള്ളതായി കണ്ടിട്ടുള്ള രോഗങ്ങൾ എന്താണ്.

ഇ. മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ ഉപദേശങ്ങൾ ഫലപ്പെടുത്തുന്നതിന് അധികാരസ്ഥന്മാർ എന്തു മാർഗ്ഗമാണു സ്വീകരിച്ചിരിക്കുന്നത്

എഫ്. ഗ്രാൻറസ്കൂളുകളിലെ വിദ്യാർത്ഥികളെയും ഇങ്ങനെ പരിശോധിക്കാറുണ്ടോ?

മി: ടി. പി. രാമസ്വാമയ്യർ (ആക്റ്റിംഗ് ഗവണ്മെൻറ ചീഫ്സെക്രട്ടറി): (എ) എഴുപത്തിനാല്

ബി. ഇല്ല. വിദ്യാർത്ഥികളുടെ മെഡിക്കൽ പരിശോധന ഒരു പരീക്ഷണനിലയിലാണിരിക്കുന്നതു. ആൺകുട്ടികളുടെ സ്കൂളുകളിൽ അതിൻെറ വിജയം കണ്ടതിനുശേഷം പെൺപള്ളിക്കൂടങ്ങളിൽ അതു് ആരംഭിച്ചാൽ മതിയെന്നാണ് അഭിപ്രായം.

സി. [illegible] കാശ്.

ഡി. എ. വിദ്യാർത്ഥികളുടെ ഇടയിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ തൊണ്ടവേദന, ദന്തവ്യാധി, കാഴ്ചക്കുറവു, തൊണ്ടവീക്കം, ത്വക്‌രോഗം, ശ്വാസരസ്‌രോഗം, ചൊറി, വിളർച്ച, നാസികാരോഗം, ശ്വാസകോശരോഗം മുതലായവയാണ്.

ഡി. ഇംഗ്ലീഷ് സ്കൂളുകളിൽ വിദ്യാർത്ഥികളോടുകൂടെ പഠിക്കുന്നവിദ്യാർത്ഥിനികളെയും പരിശോധിച്ചു. അവരുടെ സാധാരണരോഗങ്ങൾ വിളർച്ച, കണ്ണുകേട്, തൊണ്ടവേദന, ദന്തവ്യാധി, തൊണ്ടവീക്കം, ഉദരരോഗം, ശ്വാസരന്ധ്രരോഗം, ചൊറി, പോഷണക്കുറവു എന്നിത്യാദിയാണ്.

ഇ. ഓരോ വിദ്യാർത്ഥിയെയും സംബന്ധിച്ചു മെഡിക്കൽ ഉദ്യോഗസ്ഥൻെറ ഉപദേശങ്ങളുടങ്ങിയ കാർഡുകൾ അവരുടെ രക്ഷകർത്താക്കന്മാർക്ക് അവരുടെ അറിവിനും അനുസരണത്തിനുമായി അയച്ചുകൊടുക്കും.

എഫ്. ഉണ്ട്. എന്നാൽ എല്ലാ ഗ്രാൻറു സ്കൂളുകളും ആവ്യവസ്ഥയെ പ്രയോജനപ്പെടുത്തീട്ടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഭാഗം ഇ. സംബന്ധിച്ചു ഇന്നതാണെന്ന് ഗാർഡിയൻ നിനു കാർഡുകൊടുക്കുന്ന ഗ്നോണ്ട് ഇതിൽ പറഞ്ഞിരിക്കുന്നു്, അതനുസരിച്ചു് വല്ല ചികിത്സയും രക്ഷകർത്താക്കൾ നടത്തുന്നുണ്ടോ എന്ന് ഹെഡ്മാസ്റ്ററോ ടീച്ചേഴ്സൊ അന്വേഷിക്കുന്നുണ്ടോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): ബലമായ വ്യാധിയാണെങ്കിൽ ആ വിഷയത്തിൽ എന്താണ് പ്രവൃത്തിക്കേണ്ടതെന്ന് ആ ഇൻസ്ട്രക്ഷനിൽ പറയുന്നുണ്ട്. അതായതു് അടുത്തുള്ള മെഡിക്കലാഫീസർക്കു അയക്കും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): അതുപോലെ ചെയ്യുന്നുണ്ടോ എന്നു ഹെഡ്മാസ്റ്റർ നോക്കുന്നുണ്ടോ? ചിരങ്ങ്ചൊറി മുതലായരോഗങ്ങൾ പകരുന്നതാണ്. അങ്ങിനെയുള്ള രോഗങ്ങളെ ഭേദമാക്കിയതിനശേഷം വേണം പള്ളിക്കൂടത്തിൽ വരാൻ. അങ്ങിനെവരുമ്പോൾ ഹെഡ്മാസ്റ്റർ ചെയ്യുന്നതുകൂടിവേണ്ടും എന്തെങ്കിലും ഇൻസ്ട്രക്ഷനിൽ പറഞ്ഞിട്ടുണ്ടോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): ഇൻസ്ട്രക്ഷനിൽ ഇതിൽ ക്ലിപ്തമായിട്ടു കൊടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഗവർമ്മെൻറു ഗൗനിച്ചു ഈ വിഷയത്തിൽ നിഷ്കർഷ ചെയ്യേണ്ട ഏർപ്പാടുകൾ ചെയ്യുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതിനെപ്പററി ആലോചിക്കാം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പ്രൈവററു സ്കൂളുകൾ എല്ലാം ഈ അഡ്വാൻടേജു എടുക്കുന്നില്ലെന്നു പറയുന്നുണ്ട്. അതിനുകാരണമെന്താണ്?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതിനു പലകാരണങ്ങളും പറയുന്നുണ്ട്. പ്രധാനമായ കാരണം പണത്തിനു വഴിയില്ല എന്നുള്ളതാണ്, എന്നാണ് ചിലസ്കൂളുകൾ പറയുന്നതു. മെഡിക്കൽ ആഫീസർ സ്വാധീനത്തു ഇല്ലാത്തതു വേറെ ഒരു കാരണം. രക്ഷകർത്താക്കന്മാർക്ക് ഇതിലേക്കുള്ള ചിലവിൻെറ ഓരോഹരി വഹിക്കാൻ സമ്മതമില്ലെന്നുള്ളതു വേറെ ഒരു കാരണം. എല്ലാററിനും പുറമെ ഈ സ്കീം തന്നെ പ്രൈവററു സ്കൂളുകളിൽ നിർബന്ധമാക്കീട്ടില്ല.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പ്രൈവററു സ്കൂളുകൾ എല്ലാം ഗവർമ്മെൻറു എയിഡഡ് സ്കൂളുകളല്ലേ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവർമ്മെൻറു ചീഫ സെക്രട്ടറി): അതെ.

മി: രേവതിനാൾ രാമവർമ്മരാജ (എടവക) ആരോഗ്യത്തിനു കുട്ടികളുടെ ദേഹസ്ഥിതിയെ അടിസ്ഥാനമാക്കി ഇതു നിർബന്ധമായിട്ടും ചെയ്യുന്നതെന്ത വയ്യുന്നതുകൊണ്ടു എന്താണു ദോഷം?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവർമ്മെൻറു ചീഫ സെക്രട്ടറി) ഡിപ്പാർട്ടുമെൻറൽ സ്കൂളിനെസംബന്ധിച്ചിടത്തോളം ഗവർമ്മെൻറു അങ്ങിനെ നിർബന്ധമാക്കിയിട്ടുണ്ട്. അതിലേക്കുള്ള ചിലവു ഗവർമ്മെൻറു തന്നെ വഹിച്ചുകൊള്ളാമെന്നല്ല ഉദ്ദേശമാണ്. അതുപോലെ ഈ സ്കീമിൽതന്നെ കൂടുതലായ ചിലവു് പ്രൈവററു സ്കൂൾ മാനേജർമാരുടെ തലയിൽ ചുമത്തണോ എന്നു വിചാരിച്ചു് അതു ഒരു ഐച്ഛികമായിട്ടു വിട്ടിരിക്കയാണ്. ക്രമേണ അവിടെയും വന്നുകൊള്ളും.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): അതിനെപ്പററി ഗവർമ്മെൻറു ആലോചിക്കുന്നുണ്ടോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ സെക്രട്ടറി): അന്വേഷണം നടത്തി റിപ്പോർട്ടു വരുത്തിയിരിക്കയാണ്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): കുട്ടികളെ വിചാരിച്ചെങ്കിലും ഇതു നിർബന്ധമാക്കാൻ ഗവർമ്മെൻറിനു സാധിക്കുമോ?

മി: റ്റി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതിനെപ്പററി വേണ്ട അന്വേഷണം ചെയ്യാം

പത്തനാപുരം താലൂക്കിലെ കുടിവക ഭൂമികളിലെ രാജകീയ വൃക്ഷങ്ങൾ വെട്ടി മാററുക.

നമ്പ്ര ൨. മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): താഴെപ്പറയുന്നസംഗതികൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) പത്തനാപുരം താലൂക്കിൽ ൧൧൦൪-ൽ രാജകീയ വൃക്ഷങ്ങൾ വെട്ടിക്കൊടുത്തിട്ടുള്ള പുരയിടങ്ങളുടെ സർവ്വേ നമ്പരുകൾ;

(ബി) വെട്ടിയ വൃക്ഷങ്ങളുടെ എണ്ണവും ഓരോന്നിൻെറയും നീളവും വണ്ണവും

(സി) വൃക്ഷങ്ങൾ വെട്ടുന്നതിനു മുമ്പു പുരയിടത്തിൻെറ ഉടമസ്ഥന്മാർക്ക് അറിവു കൊടുക്കാറുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): (എ) ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) വെട്ടിയ വൃക്ഷങ്ങളുടെ എണ്ണം ൩൩൫൩-ം അളവുഏകദേശം ൩൩,൮൦൦ ഘനഅടിയും ആകുന്നു. ഓരോ വൃക്ഷത്തിൻെറയും വിവരമായ അളവിൻെറ കണക്കു എടുക്കുന്നതിനു വേണ്ടുന്ന സമയവും അദ്ധ്വാനവും അതുകൊണ്ടുള്ള ഉപയോഗത്തിനനുരൂപമല്ലായ്കയാൽ അതു തയ്യാറാക്കീട്ടില്ല.

---

* അനുബന്ധം ൩ നോക്കുക.

(സി) ഇല്ല. എന്നാൽ വെട്ടാൻ ആലോചിക്കുന്ന വൃക്ഷങ്ങളെപ്പറ്റി ക്ലൂട്ടമഹസർ തയ്യാറാക്കുമ്പോൾ ഉടമസ്ഥന്മാർക്ക് വിവരം കിട്ടും.

പുനലൂർ ആൺകുട്ടികൾക്കായുള്ള നാട്ടുഭാഷാ മിഡിൽസ്കൂൾ.

൩൭൩. മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെണ്ടു ദയവായി പറയുമോ?

(എ) പുനലൂർ ആൺകുട്ടികളുടെ നാട്ടുഭാഷാ മിഡിൽ സ്കൂൾകെട്ടിടത്തിന്റെ നീളവും വീതിയും ഉയരവും;

(ബി) ഓരോ ക്ലാസിലുമുള്ള വിദ്യാർത്ഥികളുടെ എണ്ണം;

(സി) വിദ്യാർത്ഥികളുടെ ആകെസംഖ്യ.

(ഡി) സ്കൂൾകെട്ടിടം ശരിയായ വായു സഞ്ചാരം ഉള്ളതാണോ;

(ഇ) സ്കൂൾ വളപ്പിൽ കളിസ്ഥലം ഉണ്ടോ;

(എഫ്) വിദ്യാർത്ഥികളുടെ ഉപയോഗത്തിന് മൂത്രപ്പുര ഉണ്ടോ;

(ജി) കുടിക്കാൻ നല്ലവെള്ളമുള്ള കിണറുണ്ടോ;

(എച്ച്) കെട്ടിടം ഓടുമേഞ്ഞതാണോ;

(ഐ) സ്കൂൾ വളപ്പിന്റെ വിസ്തീർണ്ണം;

(ജെ.) വിദ്യാഭ്യാസകോഡിൻ പ്രകാരം ആവശ്യമുള്ള സാമഗ്രികളെല്ലാമുണ്ടോ;

(കെ) സ്കൂൾ അതിന്റെ ഇപ്പോഴത്തെ സ്ഥാനത്തുനിന്ന് മാറണമെന്ന് പ്രദേശവാസികളിൽ വല്ല നിവേദനവും ഉണ്ടായിട്ടുണ്ടോ;

(എൽ) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച് വല്ലനടപടിയും നടത്തിട്ടുണ്ടോ;

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): (എ)യും (ബി)യും ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ പട്ടികകൾ * മേശപ്പുറത്തുവെച്ചിരിക്കുന്നു.

(സി) ൩൨൭.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

(എഫ്) ഇല്ല.

(ജി) ഒരു കിണറുണ്ട്, എന്നാൽ അതിലെ വെള്ളം കുടിക്കാൻ കൊള്ളുകയില്ല. അതു നന്നാക്കേണ്ടിയിരിക്കുന്നു.

(എച്ച്) പ്രധാനകെട്ടിടം ഓടിട്ടതാണ്. ബാക്കിയുള്ളവ ഓലമേഞ്ഞതാണ്.

ഐ. ൧൭ സെന്റ.

ജെ. ഉണ്ട്.

കെ ഉണ്ട്.

(എൽ) ഒരു പുതിയ സ്ഥാനവും കെട്ടിടവും ഉണ്ടാക്കുന്ന കാര്യത്തെപ്പറ്റി ഗവർമ്മെണ്ട് ആലോചിച്ചുവരുന്നു.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): (ജി) യിലെ കിണർ ഉപയോഗശൂന്യമായിട്ടാണിരിക്കുന്നതെന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ പള്ളിക്കൂടത്തിലുള്ള കുട്ടികൾക്കു വെള്ളം കുടിക്കാൻ എവിടെയാണ് ഏർപ്പാടുചെയ്തിട്ടുള്ളത്?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): ആ കിണറ് നന്നാക്കാനായിട്ട് ആലോചിക്കുന്നുണ്ട്.

മി: എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): ഇപ്പോൾ എവിടെ നിന്നാണ് വെള്ളം കുടിക്കുന്നത്

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): അടുത്തസ്ഥലത്തുള്ള കിണറുകളിൽ നിന്നും കോരി കുടിക്കണം.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): അതു ഗവർമ്മെണ്ടുവക സ്ഥലമാണോ

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): കുടികളുടെവകയായിരിക്കും

മി: എച്ച്. ബി. മഹമ്മദ്റാവുത്തർ (പത്തനാപുരവും ചെങ്കോട്ടയും): കുട്ടികൾക്കു വെള്ളംകൊടുക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): കുട്ടികളിപ്പോൾ അടുത്തുള്ള സ്ഥലത്തു പോയി വെള്ളം കുടിച്ചുകൊണ്ടുവരുന്നുണ്ട്.

മി. എച്ച്. ബി. മഹമ്മദ് റാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): അങ്ങിനെതന്നെയാണോ നടക്കണമെന്നാണോ ഗവർമ്മെണ്ടു ഉദ്ദേശിക്കുന്നത്?

മി. ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ ഗവർമ്മെണ്ടുചീഫ് സെക്രട്ടറി): അവിടെ ഒരു കിണർ ഇപ്പോൾ തന്നെയുണ്ട്. ആ കിണറിനെ ഗവർമ്മെണ്ടു നന്നാക്കണമെന്നും ഉദ്ദേശിക്കുന്നുണ്ട്.

വിദ്യാഭ്യാസവിഭാഗത്തിന്റെ നാട്ടുഭാഷാശാഖയിലെ നിയമനങ്ങൾ.

൩൭൪. മി. പി. എസ്. മഹമ്മദ് (ഗവർമ്മെണ്ടുനിയമനം): താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെണ്ടു ദയവായി പറയുമോ?

---

* അനുബന്ധങ്ങൾ ൨൨-ം ൨൨ A-യും നോക്കുക.

(എ) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൻെറ നാട്ടുഭാഷ വകുപ്പിൽനിന്ന ൧൧൦൪-ലും ൧൧൦൭ (൧൧-൭-൧൧൦൭ വരെ) തയ്യാറാക്കിയനിയമനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടുള്ള ആളുകളുടെ എണ്ണം

(ബി) ആ ലിസ്റ്റിൽഉള്ളമുസ്ലീമങ്ങളുടെഎണ്ണം;

(സി) മുമ്പുഅപേക്ഷചെയ്തിട്ടുണ്ടെങ്കിലും തങ്ങളുടെ പേരുകൾ — ലിസ്റ്റിൽ ഉൾപ്പെടുത്തീട്ടില്ലെന്ന ചീഫ ഇൻസ്പെക്ടരോടോ വിദ്യാഭ്യാസഡയറക്ടരോടോ പരാതി പറഞ്ഞിട്ടുള്ള മുസ്ലീം അപേക്ഷകന്മാരുടെഎണ്ണം

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെൻറ ചീഫസെക്രട്ടറി):

(എ)	൧൧൦൪ൽ	൧൦൨൮
	൧൧൦൭ൽ (൧൧-൭-൧൧൦൭ വരെ)	൧൨൬൯
(ബി)	൧൧൦൪ൽ	൨൧
	൧൧൦൭ൽ (൧൧-൭-൧൧൦൭ വരെ)	൨൧
(സി)	൨.	

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ൧൧൦൪-ൽ ൧൦൨൮-ം ൧൧൦൭ ലെ ൧൧-൭-വരെ ൧൨൬൯-ം ലിസ്റ്റിൽ ഉണ്ടെന്ന കാണുന്നു. ഇത്രയും ഉദ്യോഗത്തിന നിയമിച്ചിട്ടുള്ള വരാണോ അതല്ലാ നിയമിക്കാനുള്ള വരാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): മെമ്പറുടെചോദ്യത്തിനുത്തരമാണ് പറഞ്ഞത്.

(ഈസമയം പ്രസിഡൻറ ഹാജരായി അഗ്രാസനാധിപത്യംവഹിച്ചു.)

മി. പി. എസ്. മഹമ്മദ് (ഗവണ്മെൻറനിയമനം): ഈലിസ്റ്റിൽ ൨൧ പേർ മാത്രമേ മുസ്‌ലിമീങ്ങളായിട്ടുള്ളല്ലോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അതെ.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): അപ്പോൾ ഏകദേശം ൧൦൦ ൽ ഒന്നുവീതമാകും. ഈ ൧൦൨൮ പേരേയും ഉദ്യോഗത്തിൽ നിയമിക്കുന്നതുവരെ വേറെ മഹമ്മദീയരെ നിയമിക്കാൻ വിചാരിക്കുന്നില്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): ആ ചോദ്യം ചോദിച്ചിട്ടില്ലാത്തതുകൊണ്ട് അതിന മറുപടി പറഞ്ഞിട്ടില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ഇപ്പോഴത്തെ നിശ്ചയം എങ്ങിനെയാണെന്ന പറയാമോ? മഹമ്മദന്മാർ കൂടുതൽ അപേക്ഷിക്കാത്തതെന്തുകൊണ്ടാണെന്ന പറയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അപേക്ഷകന്മാരുടെ ലിസ്റ്റാണെല്ലാ മുമ്പ് പറഞ്ഞിട്ടുള്ളത്. മഹമ്മദന്മാർ പരീക്ഷ ജയിക്കാത്തവരായിരിക്കാം അപേക്ഷിച്ചിട്ടുള്ളത്. അല്ലെങ്കിൽ പരീക്ഷജയിച്ചവർ അപേക്ഷിച്ചിട്ടില്ലായിരിക്കാം.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ഇപ്പോഴുംധാരാളം അപേക്ഷകന്മാരുണ്ടെന്ന് അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അങ്ങിനെയുണ്ടെങ്കിൽ ഈ ലിസ്റ്റിൽ ചേർക്കുമായിരുന്നു.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ലിസ്റ്റിലുള്ളത് അപ്ലൈ ചെയ്തിട്ടുള്ള വരുടെ പേരല്ലേ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): അപ്ലൈ ചെയ്തിട്ടുള്ളവർ എന്ന പറഞ്ഞിട്ടും ഇല്ല. അതു ചോദിച്ചിട്ടും ഇല്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെൻറ നിയമനം): ആകെ ൨൧ മഹമ്മദീയ അപേക്ഷകന്മാരേ ഉള്ളോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെൻറ ചീഫ് സെക്രട്ടറി): എന്നാണ് ഇതിൽ കാണുന്നത്.

മുനിസിപ്പൽ റെഗുലേഷൻ ഭേദപ്പെടുത്തേണ്ടതിൻെറ ആവശ്യകത.

൩൪൭. മി: രേവതിനാൾ രാമവർമ്മരാജാ (ഏടവക): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറ ദയവായി പറയുമോ?

(എ) (൧) ഇപ്പോഴത്തെ മുനിസിപ്പൽ റെഗുലേഷൻെറ പ്രയോഗത്തിൽ വളരെ വിഷമതകൾ ഉണ്ടെന്നും.

(൨) ആ റെഗുലേഷൻ ഭേദപ്പെടുത്തുന്നതിന് പ്രക്ഷോഭണം നടത്തിയിട്ടുണ്ടെന്നും ഗവണ്മെൻറിന അറിവുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിനെ ഭേദപ്പെടുത്തുവാൻ ഒരു ബിൽ അവതരിപ്പിക്കാൻ താമസിക്കുന്നതിന കാരണമെന്ത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ സെക്രട്ടറി): (എ) (൧) ഇപ്പോഴത്തെ മുനിസിപ്പൽ റെഗുലേഷൻെറ പ്രയോഗത്തിൽ കാര്യമായ വിഷമതകൾ ഇല്ല.

(എ) (൨) (ബി) യും— ൧൧൦൪ ചിങ്ങത്തിൽ കൊല്ലത്തു കൂടിയ സമസ്ത തിരുവിതാംകൂർ മുനിസിപ്പൽ യോഗത്തിൽ വച്ചു മുനിസിപ്പൽ റെഗുലേഷൻ ഭേദപ്പെടുത്തണമെന്ന് ഒരു നിശ്ചയം പാസ്സാക്കിഅയച്ചു. ഭേദഗതികൾ തയ്യാറാക്കുന്നതിന ഗവണ്മെൻറ് അഡിഷണൽ ഹെഡ് സർക്കാർ വക്കീലിനോട് ആജ്ഞാപിച്ചിട്ടും ഉണ്ട്.

പുത്തൂപ്പള്ളി പകുതിയിൽ ൩൩൨/൧൭-ാം സർവ്വെനമ്പരിൽ നിന്നു രാജകീയ വൃക്ഷങ്ങൾ വെട്ടിയതിനു അതിന്റെ ഉടമസ്ഥനു രസീതുകൊടുത്തകാര്യം.

൩൭൩ മി: ടി. കെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക) : താഴെ പറയുന്ന സംഗതി ഗവന്മെന്റു ദയവായി പറയുമോ?

(എ) പുത്തൂപ്പള്ളി പകുതിയിൽ ൩൩൨/൧൭-ാം സർവ്വെനമ്പരിൽ നിന്നും വെട്ടിയ തേക്കു വൃക്ഷങ്ങളെ സംബന്ധിച്ച് അതിന്റെ ഉടമസ്ഥനു ഗവന്മെന്റോ കണ്ട്രാക്കരോ രസീതു കൊടുത്തിട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ രസീതുകൊടുത്ത തിയ്യതി.

മി: പി. എൻ. കൃഷ്ണപിള്ള (ഗവന്മെന്റു സെക്രട്ടറി) : (എ) ഏററുമാനൂർ റേഞ്ചാഫീസർ രസീതുകൊടുത്തു. (ബി) ൧൧൨൪ മീനം ൨൮-ാംനു.

പുനലൂർ, തെന്മല, ചേങ്കോട്ട ഈ ഡിപ്പോകളിൽ ഉള്ള തടികളുടെ പരിശോധനാളവു്.

൩൭൬. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : (എ) റേഞ്ചർമാർ ഡിപ്പോകളിലേക്കയക്കുന്ന തടികളുടെ അളവു് ആ തടികൾ ഡിപ്പോവിൽ എത്തുമ്പോൾ ഡിവിഷൻ ആഫീസർമാർ പരിശോധിക്കാറുണ്ടോ?

(ബി) ഉണ്ടെങ്കിൽ, പുനലൂർ, തെന്മല, ചേങ്കോട്ട എന്നീ ഡിപ്പോവുകളിൽ ൧൧൨൨-ാമാണ്ടും ൧൧൨൪-ാമാണ്ടും നടത്തിയ പരിശോധനാളവുകളുടെ എണ്ണം എന്തു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവന്മെന്റു സെക്രട്ടറി) : തടികൾ ഡിപ്പോവിൽ എത്തുമ്പോൾ ഡിവിഷനൽ ഫാറസ്റ്റാഫീസർ അവയുടെ അളവു പരിശോധിക്കാറില്ല.

(ബി) (എ) ഭാഗത്തിന്റെ മറുപടി കൊണ്ടു് ഈ ചോദ്യത്തിനു കാരണമില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : അളവുകളെടുത്തു ഡിപ്പോവിലേക്കയക്കുന്നതു ശരിയാണെന്നു ഡിവിഷനൽ ഫാറസ്റ്റാഫീസർ സമ്മതിക്കയാണോ ചെയ്യുന്നതെന്നു ഗവന്മെന്റ് പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവന്മെന്റു സെക്രട്ടറി) : തടികൾ വിൽക്കുമ്പോഴാണ് ഡിവിഷനൽ ഫാറസ്റ്റാഫീസർ അളവുകൾ പരിശോധിക്കുന്നതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : തടികൾ ഡിപ്പോവിൽ എത്തിയശേഷം എപ്പോഴെങ്കിലും അളവുകൾ പരിശോധിക്കാറുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവന്മെന്റു സെക്രട്ടറി) : ഉണ്ടു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : അളവിൽ കാണുന്ന വ്യത്യാസങ്ങൾ രേഖപ്പെടുത്താറുണ്ടോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവന്മെന്റു സെക്രട്ടറി) : ആ വിവരം ഇപ്പോൾ എന്റെ പക്കൽ ഇല്ല.

മാതൃശുശ്രൂഷയും ശിശുപരിപാലനവും.

൩൭൭. മിസ്സസ്. എലിസബത്ത് കുരുവിള (ഗവന്മെന്റു നിയമനം) : താഴെപറയുന്ന സംഗതികൾ ഗവന്മെന്റു ദയവായി പറയുമോ?

(എ) സ്ത്രീകളുടെ ആസ്പത്രിക്കു പുറമെ ഇപ്പോൾ (൧-൧-൧൧൨൫) മാതൃത്വവും ശിശുപരിപാലനവും സംബന്ധിച്ചുവല്ല പദ്ധതിയും ഗവന്മെന്റു നടപ്പിൽ വരുത്തിയിട്ടുണ്ടോ?

(ബി) അങ്ങിനെവല്ല പദ്ധതിയും അടുത്തഭാവിയിൽ നടപ്പിൽ വരുത്താൻ ഗവന്മെന്റു നടപടികൾ നടത്താൻ വിചാരിക്കുന്നുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ് സെക്രട്ടറി) : (എ) ഇല്ല.

(ബി) ഈ വിഷയം പൊതുജനാരോഗ്യഡിപ്പാർട്ടുമെന്റിന്റെ ൧൧൨൫-ാമാണ്ടത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തീട്ടുണ്ട്.

മിസ്സസ്. എലിസബത്ത് കുരുവിള (ഗവന്മെന്റു നിയമനം) : ഈ വിഷയം പൊതുജനാരോഗ്യഡിപ്പാർട്ടുമെന്റിന്റെ ൧൧൨൫-ാമാണ്ടത്തെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തീട്ടുണ്ടെന്നു പറയുന്നു. അതെത്രത്തോളമായി എന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ് സെക്രട്ടറി) : കാര്യവിവരങ്ങൾ ഇപ്പോൾ തയ്യാറാക്കിവരുന്നു.

മിസ്സസ് എലിസബത്ത് കുരുവിള (ഗവന്മെന്റുനിയമനം): കാര്യവിവരങ്ങൾ എന്താണെന്നു പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്സിക്രട്ടറി): അതു പറയാൻ സാധിക്കയില്ല. കാര്യവിവരം തയ്യാറാക്കാൻ ഏല്പിച്ച മെഡിക്കൽ സർവീസ് അഡ്മിനിസ്ട്രേറ്റിവ് ബോർഡിന്റെ ആലോചനയിൽ ഇരിക്കുന്നു.

ആലപ്പുഴ സ്ത്രീകളുടെ ആശുപത്രി.

൩൭൮. മി: പി. എസ്. മുഹമ്മദ് (ഗവന്മെന്റുനിയമനം): ആലപ്പുഴെ സ്ത്രീകൾക്കു ഒരാശുപത്രി സ്ഥാപിക്കുന്നകാര്യത്തിൽ മെഡിക്കൽഡിപ്പാർട്ടുമെന്റ് ഇന്നുവരെ (൨൦-൧-൧൧൨൫) എത്രത്തോളം അഭിവൃദ്ധിയോടുകൂടി പ്രവർത്തിച്ചിട്ടുണ്ടെന്നു ഗവന്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവന്മെന്റു ചീഫ്സിക്രട്ടറി): ആലപ്പുഴെ സ്ത്രീകളുടെ ഒരാശുപത്രിസ്ഥാപിക്കുന്നതിനു ഇൻസ്പെക്ടിങ്ങ് മെഡിക്കൽ ആഫീസർ മൂന്നുസ്ഥലങ്ങൾ പരിശോധിച്ചു അതിനുയോഗ്യമായ ഒരു സ്ഥലം തിരഞ്ഞെടുത്തിട്ടുണ്ട്. ആ സ്ഥലങ്ങളെക്കുറിച്ചു [illegible] എഴുതിച്ചോദിച്ചിട്ടുണ്ട്.

തിരുവനന്തപുരം മൈനർ ഇറിഗേഷൻ കമ്മിററിയുടെ റിപ്പോർട്ട്.

നം ൩൦. മി: കെ. മാധവൻ പിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെ പറയുന്നസംഗതികൾ ഗവൺമെൻറുവകയായിപറയുമോ?

(എ) തിരുവനന്തപുരം മൈനർ ഇറിഗേഷൻ കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറിനുകിട്ടിയതുഎപ്പോൾ?

(ബി) പുനരുദ്ധാരണമോ അററകുററം തീർക്കലോ സംബന്ധിച്ച "അത്യാവശ്യം", "വളരെആവശ്യം", "ആവശ്യം" ഇങ്ങനെ അതിൽ വിഭജനം ചെയ്തിട്ടുള്ള കുളങ്ങളുടെ എണ്ണം.

(സി) ഇന്നുവരെ (൨൮-൩-൧൧൨൬) പുനരുദ്ധാരണം ചെയ്കയോ അററകുററം തീർക്കയോ ചെയ്തിട്ടുള്ള കുളങ്ങളുടെ എണ്ണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): (എ) റിപ്പോർട്ട് ൧൧൨൦ ചിങ്ങത്തിൽ കിട്ടി.

(ബി) തിരുവനന്തപുരം താലൂക്കിലെ മൈനർ ഇറിഗേഷൻ പണികളെസംബന്ധിച്ച റിപ്പോർട്ടിൻറ ബി. അനുബന്ധം മെമ്പർ വായിച്ചുനോക്കണം. അതിൻറ ഒരു പ്രതി നിയമസഭാലൈബ്രറിയിൽ വായിക്കാൻ കിട്ടുന്നതാണ്.

(സി) ൨൭.

ശ്മശാനങ്ങൾ.

നം ൩൧. മി: എ. സി. കുഞ്ചാക്കോസ് (മീനച്ചിലും ദേവികുളവും): (൧) താഴെപറയുന്ന സംഗതികൾ ഗവൺമെൻറ വകയായിപറയുമോ?

(എ) മുനിസിപ്പൽ അതിർത്തികൾക്കു പുറമെ എവിടെ എങ്കിലും ശ്മശാനങ്ങൾ ഉണ്ടാക്കുന്നതിനു അനുവാദം വേണമെന്നു വല്ലനിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

(ബി) പള്ളികൾ വെക്കാൻ അനുവാദം ചോദിക്കുമ്പോൾ അതോടുതൊട്ട ശ്മശാനങ്ങൾ ഉണ്ടാക്കുകയില്ലെന്നു അപേക്ഷകന്മാരോട് ഉടമ്പടിവാങ്ങാറുണ്ടെന്നുള്ളതു വാസ്തവമാണോ?

(സി) അങ്ങനെ ഉടമ്പടി വാങ്ങണമെന്നു വല്ല സർക്കുലറും ഉണ്ടോ?

(ഡി) ഉണ്ടെന്നാണെങ്കിൽ, ആ സർക്കുലറിൻറ ഒരു പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ?

(൨) താഴെ പറയുന്ന സംഗതികളും വകയായിപറയുമോ?

(എ) അങ്ങനെ ഒരു സർക്കുലർ അയച്ചത് എന്തധികാരത്തിന്മേൽ?

(ബി) അക്രൈസ്തവശ്മശാനങ്ങളുടെ കാര്യത്തിൽ മുൻപ് അനുവാദം വാങ്ങണമെന്നുനിർബന്ധിക്കാറുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറ ചീഫ്സിക്രട്ടറി): ൧ (എ) മുനിസിപ്പൽ അതിർത്തികൾക്കു പുറമെ ശ്മശാനങ്ങൾ മാത്രം ഉണ്ടാക്കുന്നതിനു ഗവൺമെൻറനുവാദം വേണ്ട. എന്നാൽ അവ ആരാധനാസ്ഥലങ്ങളോടു സംബന്ധിച്ചാണെങ്കിൽ ടി. പി. സി. ൧൪൮-ാം വകുപ്പുപ്രകാരവും ൧൯൨൦ മാർച്ച് ൧൭-ാംനു-യിലെ ൨൭൨൯/൨൦-ാം നമ്പർ ഗവൺമെൻറ പരസ്യപ്രകാരവും ഗവൺമെൻറനുവാദം ആവശ്യമാകുന്നു. ഈ പരസ്യം ൧൯൨൦ മാർച്ച് ൨൩-ാംനു-യിലെ ഗവൺമെൻറ ഗസററ ഒന്നാം ഭാഗം ൭൭൨-ാം പുറത്തു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഗവൺമെൻറനുവാദം മുൻകൂട്ടി വാങ്ങാതെ ആരാധനാസ്ഥലങ്ങളോടു ചേർത്തു ശ്മശാനങ്ങൾ ഉണ്ടാക്കുകയില്ലെന്നു അപേക്ഷകന്മാരോടു ഉടമ്പടിവാങ്ങിക്കൊള്ളണമെന്നു ഗവൺമെൻറ ഡിവിഷൻപേഷ്കാരന്മാരോടും ദേവികുളം കമ്മീഷണരോടും ആജ്ഞാപിച്ചിട്ടുണ്ട്.

(ഡി) എഴുത്തിൻറ ഒരു പകർപ്പ്* മേശപ്പുറത്തുവെച്ചിരിക്കുന്നു.

(൨) (എ) ൧൦൭൭ വൃശ്ചികം ൧൯-ാംനു-യിലെ രാജകീയ വിളംബരവും ടി. പി. സി. ൧൪൮-ാം വകുപ്പും.

(ബി) ഉണ്ട്.

മൂവാററുപുഴയും തൊടുപുഴയും താലൂക്കുകളിലെ കുളങ്ങളുടെ ആഴംകൂട്ടുക.

നം ൩൨. മി: തയ്യിലുകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): മൂവാററുപുഴയുംതൊടുപുഴയും താലൂക്കുകളിൽ മുമ്പുകൃഷിസേചനത്തിന് ഉപയോഗിച്ചിരുന്നതും ഇപ്പോൾ മണ്ണുവീണുനികന്നുപോയതുമായ കുളങ്ങളെ കുഴിക്കുന്നകാര്യത്തിൽ തങ്ങളുടെ ശ്രദ്ധപതിഞ്ഞിട്ടുണ്ടോഎന്നു ഗവൺമെൻറുവകയായിപറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറ സെക്രട്ടറി): ഉണ്ട്.

മൂവാററുപുഴ പള്ളിപ്പറമ്പിൽ മൃതശരീരം സംസ്കരിക്കുന്നകാര്യം.

നം ൩൩. മി: പി. എസ്. മഹമ്മദ (ഗവൺമെൻറ നിയമനം): താഴെപറയുന്ന സംഗതികൾ ഗവൺമെൻറ വകയായി പറയുമോ?

(എ) മൂവാററുപുഴനഗരത്തിൽ ഒരു ഹനഫീയപ്പള്ളി പണിവാൻ അനുവാദത്തിനപേക്ഷിച്ചവർ പള്ളിപ്പറമ്പുകളിൽ മൃതശരീരം മറവുചെയ്യുകയില്ലെന്നു എഴുതിക്കൊടുക്കണമെന്നു ഗവൺമെൻറ ആജ്ഞാപിച്ചിട്ടുണ്ടോ?

(ബി) അവർ അങ്ങനെയൊരു ഉടമ്പടി എഴുതിക്കൊടുക്കാത്തതിനാൽ അനുവാദത്തിനുള്ള അവരുടെ അപേക്ഷ തള്ളിക്കളഞ്ഞിട്ടുണ്ടോ

(സി) ഈ കാര്യം പിന്നീടും അന്നു ദിവാനായിരുന്ന മിസ്റ്റർ വാട്സിൻറ മുമ്പിൽ ബോധിപ്പിച്ചിട്ടുണ്ടോ?

(ഡി) അദ്ദേഹംതന്നെ പള്ളിപ്പറമ്പുസന്ദർശിച്ചിട്ടുണ്ടോ?

(ഇ) അനന്തരം പള്ളിപ്പറമ്പിൽ മൃതശരീരം അടക്കുകയില്ലെന്നു ഹർജിക്കാർ ഉടമ്പടിഎഴുതികൊടുക്കാതെ തന്നെ പള്ളിപണിയുവാൻ അനുവാദം കൊടുത്തു എന്നുപറയുന്നതുശരിയാണോ?

(എഫ്) ആ സ്ഥലത്തുള്ള മുസ്ലീമങ്ങൾ ആ പള്ളിപ്പറമ്പിൽ മൃതശരീരം മറവുചെയ്യുന്നതിനെ അവരെവിരോധിച്ചു എന്നു പറയുന്നതുശരിയാണോ?

---

*അനുബന്ധം ൮ നോക്കുക.

(ജി) സ്ഥലത്തുള്ള മുസ്ലീമങ്ങൾക്ക നഗരാതൃത്തിക്കള്ളിയാകട്ടെ അതിർത്തിക്ക സമീപമാകട്ടെ ഒരു ശ്മശാനസ്ഥലം ഇല്ലെന്നു പറയുന്നതു ശരിയാണോ?

(എച്ച്) നഗരത്തിന്റെ മദ്ധ്യത്തിൽ ക്രിസ്ത്യാനികൾക്ക ഒന്നിലധികം ശ്മശാനസ്ഥലങ്ങൾ ഉണ്ടെന്നുള്ളതു സത്യമാണോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവൺമെന്റ ചീഫ് സെക്രട്ടറി): സ്ഥലത്തുള്ള മുസ്ലീമങ്ങളല്ലാത്ത സമുദായങ്ങളുടെ കഠിന വിരോധം നിമിത്തം അപേക്ഷകന്മാരോ അവരുടെ പിൻഗാമികളോ ഗവൺമെന്റനുവാദം കൂടാതെ പള്ളിസംബന്ധിച്ച ഒരു ശ്മശാനം ഉണ്ടാക്കുകയില്ലെന്നു അപേക്ഷകർ ഒരുടമ്പടി എഴുതി കൊടുക്കണമെന്നും പള്ളിയുടെ മുമ്പിൽകൂടി മഹമ്മദീയരല്ലാത്ത ജനങ്ങളുടെ മതസംബന്ധമായ ഘോഷയാത്രകൾ പോകുന്നതിനു അവരും അവരുടെ പിൻഗാമികളും യാതൊരു വിഘ്നവും ഉണ്ടാക്കുകയില്ലെന്നു ഉടമ്പടി ചെയ്യണമെന്നും ഗവൺമെന്റ ആ അപേക്ഷകന്മാരോടു ആവശ്യപ്പെട്ടു.

(ബി) അങ്ങനെ ഉടമ്പടി ചെയ്യാഞ്ഞതിനാൽ അവരുടെ അപേക്ഷ തള്ളിക്കളഞ്ഞു.

(സി) ഉണ്ട്. ൧൯൩൦-മത്തെ പ്രജാസഭയിലെ ഏഴു മുസ്ലീം മെമ്പർമാർ അടങ്ങിയ ഒരു ഡിപ്പ്യൂട്ടേഷൻ ദിവാനെ ചെന്നു കാണുകയും ഒരു പുതിയ അപേക്ഷ കൊടുക്കുകയും ചെയ്തു.

(ഡി) ഉണ്ട്.

(ഇ) ഡിപ്പ്യൂട്ടേഷനായി പോയവർ അവിടെ ഒരു ശ്മശാനം ഉണ്ടാക്കുകയില്ലെന്നു സമ്മതിക്കയും അവരുടെ നായകനായി പോയ മിസ്റ്റർ ഹബീബ് മഹമ്മദ് ശ്മശാനം കൂടാതെ ഒരു പള്ളി അനുവദിച്ചാൽ മതിയെന്നു പ്രത്യേകമായി അപേക്ഷിക്കയും ചെയ്തു. ഇങ്ങനെ മുളവൂർ പകുതിയിൽ ൧൩൫/൩-ം ൧൩൫/൪-ം സർവെ നമ്പരുകളിൽ ഒരേക്കർ ൪൯ സെന്റ സ്ഥലത്തു ശ്മശാനമില്ലാത്ത ഒരു പള്ളി കെട്ടുവാൻ അനുവാദവും കൊടുത്തു.

(എഫ്) അതേ. പള്ളിപ്പറമ്പിൽ ശവമടക്കിക്കൂടാ എന്നു ക്രിമിനൽ നടപടി നിയമം ൧൨൭-ാം വകുപ്പു പ്രകാരം ഡിസ്ത്രിക്ട് മജിസ്ത്രേട്ടു ഉത്തരവിടുകയും ആ ഉത്തരവിനെ ഗവൺമെന്റ അവരുടെ ൧൯൩൦ മാർച്ച ൨൫-ാം-യിലെ ൯൫൬/൨൩-ാം നമ്പർ പരസ്യം കൊണ്ടു സ്ഥിരപ്പെടുത്തുകയും ചെയ്തു.

(ജി) അല്ല. മൂവാററുപുഴ പട്ടണത്തിൽ പെട്ട ഭാഗത്തു ശ്മശാനത്തോടുകൂടിയ ഒരു മുസ്ലീം പള്ളി ഉണ്ട്. പ്രസ്തുത പള്ളിയിൽ നിന്നു ഒന്നര നാഴിക ദൂരത്തു പെരുമററം എന്ന സ്ഥലത്തു ശ്മശാനമുള്ള വേറൊരു പള്ളിയും നഗരത്തിൽ നിന്ന് അതേ ദൂരത്തു തന്നെ രണ്ടാറുകര എന്ന സ്ഥലത്തു വേറൊരു പള്ളിയും ഉണ്ട്.

(എച്ച്) മറുപടി നിഷേധരൂപത്തിലാണ്.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമനം): വിരോധം പറഞ്ഞ സമുദായങ്ങൾ എന്നു പറയുന്നുണ്ട്. അങ്ങനെ ഏതു സമുദായങ്ങൾ ആണ് വിരോധം പറഞ്ഞിട്ടുള്ളത്?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവൺമെന്റ ചീഫ് സെക്രട്ടറി): ക്രിസ്ത്യാനികളും ഹിന്ദുക്കളും.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമനം): ഹിന്ദുക്കൾ എത്രപേർ അങ്ങനെ വിരോധം പറഞ്ഞു.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവൺമെന്റ ചീഫ് സെക്രട്ടറി): കുറെ പേർ അങ്ങനെ വിരോധം പറഞ്ഞു.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമനം): അവിടെ ഹിന്ദുക്കൾ ഉള്ളതിൽ ബി. എൽ. പാസ്സായി നല്ല വിദ്യാഭ്യാസയോഗ്യതയുള്ള ഒരു ബ്രാഹ്മണനാണ് ഈ സ്ഥലം എഴുതിക്കൊടുത്തതെന്നറിയാമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവൺമെന്റ ചീഫ് സെക്രട്ടറി): അങ്ങനെ ഒരു "Objection" (വിരോധം) വന്നു എന്നല്ലാതെ വിദ്യാഭ്യാസ യോഗ്യതയുള്ള ആളാണോ സ്ഥലം എഴുതിക്കൊടുത്തതെന്നും മററും ഗവൺമെന്റ നോക്കീട്ടില്ല.

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമനം). ഇങ്ങനെ വിരോധം പറഞ്ഞിട്ടുള്ള റിക്കാർഡു വല്ലതുമുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റ ചീഫ് സെക്രട്ടറി): ഡെപ്യൂട്ടേഷൻ വന്നു ദിവാൻജിയെ സന്ദർശിച്ച അവസരത്തിൽ നടന്നിട്ടുള്ള നോട്ടു റിക്കാർഡു ചെയ്തിട്ടുണ്ട്.

ആലപ്പുഴ നഗരത്തിൽ വസൂരി ബാധിക്കുക.

൩൭൮. മി. പി. എസ്. മഹമ്മദ് (ഗവൺമെന്റ നിയമനം), (൧) താഴെ പറയുന്ന സംഗതികൾ ഗവൺമെന്റിനു അറിവുണ്ടോ എന്നു ദയവായി പറയുമോ?

(എ) ആലപ്പുഴ നഗരത്തിൽ പരക്കെ വസൂരി രോഗം പടർന്നു പിടിച്ചിട്ടുണ്ടെന്നു.

(ബി) അവിടെ ഗോവസൂരി പ്രയോഗം നടത്തേണ്ടവരായി അനവധിയാളുകൾ ഉണ്ടെന്നു.

(൨) ജനങ്ങൾക്ക രോഗം ബാധിക്കാതെ അവരെ സംരക്ഷിക്കാൻ സാനിട്ടറി ഡിപ്പാർട്ടുമെന്റ അവിടെ വല്ലതും ചെയ്തിട്ടുണ്ടോ എന്നു ഗവൺമെന്റ ദയവായി പറയുമോ?

(൩) വസൂരി രോഗികൾക്കായുള്ള ആസ്പത്രിയിലെ രോഗികളെ ഡോക്ടർമാരാരും ചെന്നു നോക്കാറില്ലെന്നു അവർക്ക അറിവുണ്ടോ?

(൪) രോഗം അവിടെ ശമിക്കുന്നതു വരെ ആ രോഗം സംബന്ധിച്ച ഒരു പ്രത്യേക മെഡിക്കൽ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിന്റെ ആവശ്യകതയെപ്പററി ഗവൺമെന്റ ദയവായി ആലോചിക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെന്റ ചീഫ് സെക്രട്ടറി). (൧) (എ) കടപ്പുറവും പനങ്ങാടിയും വാർഡുകളിൽ രോഗം സാധാരണയായിട്ടുണ്ട്, മററു വാർഡുകളിൽ അങ്ങുമിങ്ങുമേയുള്ളു.

(ബി) വളരെ അധികം ഇല്ല.

(൨) നഗരത്തിൽ രോഗം ബാധിച്ചിട്ടുള്ള സ്ഥലങ്ങളും മുനിസിപ്പാലിററി ഏർപ്പെടുത്തിയ പകർച്ച

വ്യാധി ആശുപത്രിയും സാനിറ്ററി കമ്മീഷണർ സന്ദർശിച്ചിട്ടുണ്ട്. മുനിസിപ്പൽ സഭ ചെയ്തിട്ടുള്ള ഏർപ്പാടുകൾ അദ്ദേഹം അനുമോദിക്കയും മററു നടപടികൾ നടത്തേണ്ടതിനെപ്പററി ഉപദേശം കൊടുക്കയും ചെയ്തിട്ടുണ്ട്.

(സി) ഡിസ്ട്രിക്ട് ആസ്പത്രിയിൽ നിന്നു ഒരു ഡോക്ടർ വസൂരി രോഗികളുടെ സമീപത്തിൽ പോയി നോക്കുന്നുണ്ട്.

(ഡി) രോഗം ശമിച്ചു വരുന്നെന്നും ഈ വിഷയത്തെപ്പററി ഇപ്പോൾ ആലോചിച്ചിട്ടാവശ്യം ഇല്ലെന്നും ആലപ്പുഴ മുനിസിപ്പൽ സഭാ പ്രസിഡന്റു റിപ്പോർട്ടു ചെയ്തിരിക്കുന്നു.

അതുകൊണ്ടു ഒരു പ്രത്യേക മെഡിക്കൽ ഉദ്യോഗസ്ഥനെ ആലപ്പുഴയ്ക്കയക്കണമെന്നു ഗവണ്മെന്റു വിചാരിക്കുന്നില്ല.

ആലപ്പുഴയുള്ള വസൂരിരോഗികൾക്ക ഖദ്‌റുൽ മഹമ്മദൻ സഭയുടെ ശുശ്രൂഷാദാനം

ന. ൭൭. മി. പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): താഴെ പറയുന്ന സംഗതികളെപ്പററി ഗവണ്മെന്റിനറിവുണ്ടോ?

(എ) ആസ്പത്രിയിൽ കിടക്കുന്ന വസൂരിദീനക്കാരുടെ മേൽ കരുണ തോന്നി ഖദ്‌റുൽ മഹമ്മദൻസഭ തങ്ങളുടെ ചെലവിന്മേൽ രണ്ടു പേരെ ഏർപ്പെടുത്തി ആ രോഗികളെ ശുശ്രൂഷിക്കുന്നതിനു ആലപ്പുഴ മെഡിക്കൽ ഉദ്യോഗസ്ഥനോടു അനുവാദം ചോദിച്ചു എന്നും;

(ബി) ആ രോഗികളെ അങ്ങനെ ശുശ്രൂഷിക്കുന്നതിനു മെഡിക്കൽ ഉദ്യോഗസ്ഥൻ ആ സഭയ്ക്കു അനുവാദം കൊടുത്തില്ലെന്നും;

മി. ടി. പി രാമസ്വാമയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ഉണ്ട്.

(ബി) വസൂരിരോഗികളുടെ ശുശ്രൂഷയ്ക്കു രണ്ടുപേരെ അയച്ചുകൊടുക്കാമെന്നു ഖദ്‌റുൽമഹമ്മദൻ സഭ പറഞ്ഞു. എന്നാൽ വാളന്റിയർമാരെ ആസ്പത്രികളിൽ ജോലിചെയ്‌വാൻ അനുവദിച്ചുകൂടാ എന്നു ബോർഡിന്റെ സർക്കുലർ ഉള്ളതുകൊണ്ട് അദ്ദേഹം അവരെ ആദ്യം അനുവദിച്ചില്ല. പിന്നീടു മുനിസിപ്പൽ പ്രസിഡന്റിന്റെ ഉത്തരവാദിത്വത്തിന്മേൽ അദ്ദേഹം അവരെ ആ സ്ഥാപനത്തിൽ ജോലിചെയ്‌വാൻ അനുവദിച്ചു.

തിരുവനന്തപുരം വൈദ്യുതശക്തി വിതരണപദ്ധതി.

ന. ൭൮. മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിരുവനന്തപുരം വൈദ്യുതശക്തിവിതരണപദ്ധതിയെ സംബന്ധിച്ചു ഗവണ്മെന്റു താഴെപറയുന്ന സംഗതികൾ ദയവായി പറയുമോ?

(എ) ഈ പദ്ധതിയെ സംബന്ധിച്ച ജോലികൾ ആരംഭിച്ചതും അവസാനിച്ചതും എന്ന്;

(ബി) ഭൂമികൾക്ക പൊന്നുംവില കെട്ടിടങ്ങൾ ഉൾപ്പെടെ ആ പദ്ധതിസംബന്ധിച്ചുള്ള ആകെ ചെലവു;

(സി) ൧൧൨൪-ാമാണ്ടു ആ പദ്ധതിമൂലം ഉണ്ടായ ചെലവുകഴിച്ചുള്ള ആദായം;

(ഡി) ൧൧൨൫-ാമാണ്ടത്തെ ആദ്യ അർദ്ധവർഷത്തിൽ അങ്ങനെ ഉണ്ടായ ചെലവുകഴിച്ചുള്ള ആദായവും രണ്ടാമത്തെ അർദ്ധവർഷത്തിൽ പ്രതീക്ഷിച്ചിട്ടുള്ള ലാഭവും;

(ഇ) ഈ പദ്ധതിക്കു ചെലവാക്കിയ സംഖ്യ ലാഭകരമാണെന്നു ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ?

(എഫ്) പൊതുമരാമത്തിന്റെ വൈദ്യുതവകുപ്പിന്റെ പ്രവൃത്തി നിയന്ത്രണത്തിനു വല്ല പ്രത്യേക ഏർപ്പാടും ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്?

(ജി) സംസ്ഥാനത്തുള്ള മററു നഗരങ്ങളിൽ ഇങ്ങനെയുള്ള പദ്ധതികൾ നടപ്പിൽവരുത്തുന്നതിനു ലൈസൻസുകൾ കിട്ടണമെന്നുള്ളതിനെപ്പററി അപേക്ഷകൾ വന്നിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര ലൈസൻസുകൾ കൊടുത്തിട്ടുണ്ട്; ഏതു സ്ഥലങ്ങളിലേക്ക?

(എച്ച്) സംസ്ഥാനത്തിന്റെ മററുഭാഗങ്ങളിൽ ഇങ്ങനെയുള്ള വൈദ്യുതശക്തിവിതരണപദ്ധതികൾ നടപ്പാക്കാൻ ലൈസൻസുകൊടുക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തു്?

(ഐ) സ്വകാര്യ ആളുകൾക്ക ലൈസൻസുകൊടുക്കുന്നതിനുമുമ്പായി ഇലക്ട്രിക്കൽ എൻജിനീയരോട് ആലോചിച്ചിട്ടുണ്ടോ? ആലോചിച്ചെങ്കിൽ അങ്ങനെ കൊടുക്കുന്നതിനെ സംബന്ധിച്ച് അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരുന്നു?

(ജെ) തിരുവനന്തപുരം വൈദ്യുതവകുപ്പിൽ ഉള്ള ജോലിക്കാരുടെ എണ്ണം;

(കെ) ഗവണ്മെന്റിലേക്ക ൧൧൨൫-ാമാണ്ടവസാനത്തിൽ ഉണ്ടാകാവുന്ന രൊക്കം ബാക്കി;

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ). ജോലി ആരംഭിച്ചതു ൧൧൨൨ മാർച്ച് ൧൭-ാംനു-യും ഒരു വ്യാപാരനിലയിൽ ശക്തിവിതരണം ചെയ്തുതുടങ്ങിയതു ൧൧൨൨ മാർച്ച് ൨൧-നു-യും ആകുന്നു.

(ബി) ഭൂമികളുടെ പൊന്നുംവില ഉൾപ്പെടെ ൧൧൨൫ മീനം അവസാനംവരെയുള്ള ആകെ ചെലവു ൪൯,൩൦,൭൭൨ രൂപ ആയിരുന്നു.

(സി) ൧൧൨൪-ൽ (മീനംമുതൽ കർക്കടകംവരെ) ചെലവുകഴിച്ചുള്ള ആദായം ൧൧,൯൦൦ രൂപ ആയിരുന്നു. ആറുമാസവും പദ്ധതിസംബന്ധിച്ചു ജോലി നടന്നുകൊണ്ടിരുന്നതിനാൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഇതിൽ ഉൾപ്പെടുത്താതെ മൂലധനത്തിലാണു കണക്കാക്കിട്ടുള്ളതു.

(ഡി) ൧൧൨൫-ൽ ആദ്യ അർദ്ധവർഷത്തിലെ ചെലവുകഴിച്ചുള്ള ആദായം ൨൧,൯൦൦ രൂപയും രണ്ടാം അർദ്ധവർഷത്തിൽ പ്രതീക്ഷിച്ചിട്ടുള്ള സംഖ്യ ഉദ്ദേശം ൧൭,൦൦൦ രൂപയും ആകുന്നു. ഇതിൽ സാമാനങ്ങൾ ബാക്കിവന്നതിന്റെ വില (ഉദ്ദേശം ൫,൦൦൦ രൂപ)-യും മൂലധനത്തിലും പൊതുമരാമത്തിലും ചേർക്കുന്ന സിൽബന്തിച്ചെലവും ഉൾപ്പെടുത്തിട്ടില്ല.

(ഇ) പദ്ധതി ലാഭകരമാണെന്നു വിചാരിക്കാവുന്നതാണ്.

(എഫ്) പൊതുമരാമത്തിന്റെ ഈ വകുപ്പിന്റെ നിയന്ത്രണത്തിനായി ഒരു വൈദ്യുത ഡിവിഷൻ താല്ക്കാലികമായി രൂപീകരിച്ചിട്ടുണ്ട്.

(ജി) കോട്ടയത്തു വൈദ്യുതശക്തിവിതരണം ഏർപ്പെടുത്തുന്നതിനു അനുവാദത്തിനായി അപേക്ഷ കിട്ടുകയും അപേക്ഷകനു ലൈസൻസു കൊടുക്കുകയും ചെയ്തിട്ടുണ്ട്. നാഗമ്പടം കോവിലിലും ഈ ഏർപ്പാടു നടപ്പിൽവരുത്തുന്നതിനു വേറൊരപേക്ഷയും കിട്ടി. അക്കാര്യം ഇപ്പോൾ ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു.

(എച്ച്) കഴിവുകളുടെടത്തോളം ജനങ്ങളുടെ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നാണു ഗവണ്മെന്റിന്റെ നയം.

(ഐ) കോട്ടയം ലൈസൻസിനെപ്പററി ഇലക്ട്രിക്കൽ എൻജിനീയരോടു അഭിപ്രായം ചോദിച്ചു. ലൈസൻസുകൊടുത്തു രണ്ടുവർഷത്തിനുള്ളിൽ പണികൾ പൂർത്തിയാക്കി വിതരണം ആരംഭിക്കാത്തപക്ഷം ലൈസൻസ് ദുർബ്ബലപ്പെടുത്തുമെന്നുള്ള നിർബന്ധവ്യവസ്ഥയോടുകൂടി ലൈസൻസ് കൊടുക്കുന്നതിന് അദ്ദേഹം അനുകൂലിച്ചു.

(ജെ) എൻജിനീയർമാർ, എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാർ, ആഫീസു താണതരം സിൽബന്തികൾ ഉൾപ്പെടെ ആകെ എണ്ണം ൩൭ ആകുന്നു. ഇതിൽ വേലക്കാർ ഉൾപ്പെടുകയില്ല.

(കെ) കണക്കുകൾ അവസാനിപ്പിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ ശരിയായ സംഖ്യ പറവാൻ സാധിക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ജി) ഭാഗത്തിന്റെ മറുപടിസംബന്ധിച്ചു അപേക്ഷകനു ലൈസൻസു കൊടുത്ത തിയ്യതി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ആ വിവരം എന്റെപക്കൽ ഇല്ല. ഈയിടയാണു ലൈസൻസു കൊടുത്തതു്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തിയ്യതി ഇപ്പോൾ പറവാൻ കഴികയില്ലയോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ഇപ്പോൾ സാധിക്കയില്ല.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): (ഐ) ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ചു കോട്ടയത്തെ പദ്ധതി നടപ്പിൽവരുത്താൻ തനിക്കു കഴിയുമോ എന്നു ഇലക്ട്രിക്കൽ എൻജിനീയരോടു് ചോദിച്ചിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): ആ പദ്ധതിയെപ്പററി അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചതല്ലാതെ ആ ജോലി തനിക്കു നടത്താമോ എന്നു അദ്ദേഹത്തോടു ചോദിച്ചില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ പദ്ധതി താൻ ഭരമേററു നടത്തിക്കൊള്ളാമെന്നു അദ്ദേഹത്തിന്നഭിപ്രായം ഉണ്ടായിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറ് സെക്രട്ടറി): ചീഫ്എൻജിനീയർ മിക്കവാറും അങ്ങിനെ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ എഞ്ജിനീയർ അക്കാര്യത്തിൽ ഒരു അഭിപ്രായവും പറഞ്ഞില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): തനിക്കു ആ ജോലി ഭരമേററു നിർവഹിക്കാൻ സാധിക്കയില്ലെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അദ്ദേഹം അങ്ങനെയും പറഞ്ഞില്ല. അക്കാര്യത്തിൽ അദ്ദേഹത്തോടു അഭിപ്രായം ചോദിച്ചുമില്ല.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഇക്കാര്യം ഇറെറക്കിൽ എഞ്ജിനീയരുടെ അധികൃതഭാഗത്തിലില്ലെന്നാണോ ഞാൻ ഗ്രഹിക്കേണ്ടതു്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അദ്ദേഹത്തിന്റെ അഭിപ്രായംമാത്രമേ ചോദിക്കയുണ്ടായുള്ളു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കമ്പിവകയായ ജോലിക്കു ഇങ്ങനെ ഒരു പദ്ധതി ആരംഭിക്കാൻ അനുവാദം നൽകിയതു സ്വകാര്യ പരിശ്രമങ്ങളെ പ്രോത്സാഹിപ്പിക്കാനാണോ എന്നു പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മറുപടിയിൽ അതു പറഞ്ഞിട്ടുണ്ട്.

ചെങ്കോട്ടതാലൂക്കിൽ ഹരിഹരനദിയിൽ ചപ്പൻചെട്ടിപ്പാലം പൊളിച്ചു പണിയിച്ചതു്.

നം. ൭ മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): താഴെപ്പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ചെങ്കോട്ടതാലൂക്കിലെ ഹരിഹരനദിയിൽ സാധാരണയായി ചപ്പൻചെട്ടിപ്പാലം എന്നുപറഞ്ഞുവരുന്ന പഴയപാലം അടുത്തകാലത്തു പൊതുമരാമത്തു ഡിപ്പാർട്ടുമെൻറുകാർ പൊളിച്ചുകളഞ്ഞിട്ടു വേറൊരു പാലം പുതിയതായി പണിയിച്ചിട്ടുണ്ടോ?

(ബി) എന്തെല്ലാംകാര്യത്തിലാണ് പുതിയപാലം പഴയതിനെ അപേക്ഷിച്ചു മെച്ചമായിട്ടുള്ളതു്?

(സി) പുതിയ പാലംപണിക്കു ആകെ ചിലവായസംഖ്യ എത്ര്?

(ഡി) ആ പാലത്തിന്റെ പഴയതേതു് പൊതുമരാമത്തുഡിപ്പാർട്ടുമെൻറാ ഗവണ്മെൻറാ എങ്ങിനെയെങ്കിലും ഭേദപ്പെടുത്തീട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) ഉണ്ട്.

(ബി) പുതിയപാലം റോഡിനുള്ള കയററമുള്ളതും വീതികൂടിയതും മുമ്പ് വടക്കുഭാഗം റോഡ് പലപ്പോഴും പൊളിച്ചുവന്ന വെള്ളംപോകാനുംവേണ്ടി വീതിയുള്ള കണ്ണറയുള്ളതും ആകുന്നു.

(സി) ഏകദേശം ൫൦൦൦ രൂപാ. കണക്കു പൂർത്തിയായിട്ടില്ല.

(ഡി) ഇല്ല.

അഞ്ചൽ-മീങ്കുളം റോഡ്.

൩൯൮. മി: എച്ച്. ബി. മഹമ്മദ് രാവുത്തർ (പത്തനാപുരവും-ചെങ്കോട്ടയും): ആലഞ്ചേരി മീൻകുളംറോഡെന്നുപേരുള്ള അഞ്ചൽ-മീൻകുളംറോഡ് സംരക്ഷണത്തിനായി പൊതുമരാമത്തുഡിപ്പാർട്ടുമെന്റു എപ്പോൾ ഏറ്റുവാങ്ങുമെന്നു ഗവണ്മെന്റു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): റോഡുപോകുന്ന സ്ഥലങ്ങൾ സർക്കാരിലേക്കു വിട്ടുകൊടുത്തു പൊതുമരാമത്തു വകുപ്പിന് കൈവശം കിട്ടിയാലുടനെ ആ റോഡ് സംരക്ഷണത്തിനു ഏറ്റുവാങ്ങും.

പള്ളിക്കാച്ച്മെൻറ് ഏറിയായിലെ വെള്ളം കൃഷിക്കു
ഉപയോഗിക്കുന്ന കാര്യം.

൩൯൯. മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): (എ) താഴെപ്പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായിപറയുമോ?

(എ) പറളികാച്ച്മെൻറിലുള്ള വെള്ളംമുഴുവനും കൃഷിക്കുപയോഗിക്കുന്നുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി നിഷേധാത്മകമാണെങ്കിൽ, ആ വെള്ളത്തിൽ എത്രശതമാനം ഇപ്പോൾ (൧൯൨൬-൨൭) കൃഷിക്കായി ഉപയോഗിച്ചുവരുന്നു;

(സി) പൊതുമരാമത്തിലെ മുമ്പുണ്ടായിരുന്നതോ ഇപ്പോഴുള്ളതോ ആയ ഏതെങ്കിലും ഉദ്യോഗസ്ഥൻ ആ വെള്ളം ദക്ഷിണതിരുവിതാംകൂറിലെ കുടിയാന്മാരുടെ ഉപയോഗത്തിനായി ശേഖരിച്ചുവയ്ക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടിട്ടുണ്ടോ എന്നു പറയുമോ?

(ഡി) (സി)-ാം ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ, ആ അഭിപ്രായങ്ങളുടെ ഒരു സംഗ്രഹം ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): (എ) (എ) ഇല്ല.

(ബി) ഏകദേശം ൭൫ ശതമാനം.

(സി) ഉണ്ട്.

(ഡി) ഒരു സംഗ്രഹം * മേശപ്പുറത്തു വച്ചിരിക്കുന്നു.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): പറളികാച്ച്മെൻറിനു നൂറിനു ൭൫ ശതമാനവും വെള്ളം ഇപ്പോൾ ഇറിഗേഷനു (കൃഷിക്ക്) ഉപയോഗിക്കുന്നതായിട്ടാണ കാണുന്നത്. ഇത് ൪൦ ചതുരശ്രമൈൽസിനകത്തുള്ള മഴവെള്ളം ഉൾപ്പെടെയോ അതല്ല കെട്ടിനിൽക്കുന്ന വെള്ളം മാത്രമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): മഴവെള്ളവും കെട്ടിനില്ക്കുന്നവെള്ളവും കൂടിച്ചേർന്നാണ്——

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ൧൮൯൯-ൽ റിപ്പോർട്ടുവന്നതായിട്ടു കാണുന്നുണ്ട്. സമീപകാലത്തു ഡിവിഷൻ ആഫീസർ ഏതെങ്കിലും റിപ്പോർട്ടു അയച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ഈയിടെ അയച്ചിട്ടുള്ളതായി റിക്കാർഡിൽ കാണുന്നില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഇതിനെ സംബന്ധിച്ചു അന്വേഷണം നടത്താൻ ഡിവിഷൻ ആഫീസരോടു ആവശ്യപ്പെട്ടിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ഒരിക്കൽ ആലോചിച്ചുവേണോ എന്നു ഗവണ്മെന്റു തീർച്ചപ്പെടുത്തു. അതിനുശേഷം ചീഫ്എഞ്ചിനീയരുടെ അഭിപ്രായം അനുസരിച്ചാണ് അന്വേഷണം നടത്തിയത്.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവംകോടും): ഇതു പേച്ചിപ്പാറ അണകെട്ടുന്നതിനു മുൻപായിട്ടോ പിൻപായിട്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): മുമ്പായിട്ടാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും-വിളവംകോടും): അത് വേണ്ട എന്നു വയ്ക്കാനുള്ള കാരണമെന്ത്?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ചിലവിനൊത്തവിധം ഗുണം ഇല്ലെന്നും പേച്ചിപ്പാറ അണകെട്ടിയതിനുശേഷം ഇതു ഉപയോഗശൂന്യമാണ് എന്നും കണ്ടതുകൊണ്ടാണ് വേണ്ടാ എന്നുവച്ചത്.

കൽക്കുളവും വിളവങ്കോടും താലൂക്കുകളിൽ കിണറുകൾ കുഴിക്കുന്നകാര്യം.

൪൦൦. മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): കഴിഞ്ഞ ഏഴുവർഷങ്ങളിലായി (൧൦൯൬ മുതൽ ൧൧൦൨ വരെ) കൽക്കുളവും വിളവങ്കോടും താലൂക്കുകളിൽ കുടിക്കാൻ വെള്ളത്തിനു കുഴിച്ചിട്ടുള്ള കിണറുകളുടെ എണ്ണം ഗവണ്മെന്റു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ൨൭ കിണറുകൾ പുതുതായി കുഴിക്കയും ൭ പഴയ കിണറുകൾ നന്നാക്കുകയും ചെയ്തിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): (Tube wells) കുഴൽ കിണറുകൾ എവിടെയെങ്കിലും ഉണ്ടാക്കീട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി) കുഴൽകിണറുകളെപ്പറ്റിയല്ല പറഞ്ഞത്

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): (Tube wells) എവിടെയെങ്കിലും അനുവദിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റുസെക്രട്ടറി): ഇവിടെ മറുപടിയിൽ പറഞ്ഞിട്ടുള്ളതിൽ Tube wells ആയിട്ടു ഒന്നുമില്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അങ്ങനെ എവിടെയെങ്കിലും അനുവദിച്ചിട്ടുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റു സെക്രട്ടറി): ഉണ്ട്.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഏതെങ്കിലും നടപ്പിൽ വരുത്തീട്ടുണ്ടോ?

---

* അനുബന്ധം ൪ നോക്കുക.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ഇപ്പോൾ അതിനെപ്പററി തീർച്ചപറയാൻ നിവൃത്തിയില്ല.

മി: ജി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): അതവും നടപ്പിൽ വന്നിട്ടില്ലെങ്കിൽ അതു വേഗം നടപ്പിൽ വരുത്താൻ ഗവർമ്മെൻറിൽനിന്നും ഏർപ്പാടുചെയ്യാൻ ദയവുണ്ടാകുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): അതിനെപ്പററി ആലോചിക്കാം.

തേർക്കുളത്തിൽ അധികവെള്ളം നില്ക്കാൻ സ്ഥലം ഉണ്ടാക്കുന്നതിനെപ്പററി.

൩൬൫. മി: ജി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): (എ) തേരൂർകുറിച്ചിയിൽ തേർക്കുളത്തിൽ അധികവെള്ളം വരുന്നതു കെട്ടിനില്ക്കാൻ സ്ഥലമുണ്ടാക്കുന്നതിനെപ്പററി നാഗർകോവിൽ എക്സിക്യൂട്ടീവ് എൻജിനീയരും ചീഫ് എൻജിനീയരും തമ്മിൽ നടന്ന എഴുത്തുകുത്തുകളും മുമ്പു അനുവദിച്ച എസ്റ്റിമേററും പ്ലാനുകളുംപ്രകാരം അനുവദിച്ച പണികളും ചെയ്ത പണികളും കാണിക്കുന്ന ഒരു പട്ടികയും ഗവർമ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(ബി) ആ തേർക്കുളത്തിലെ അധികവെള്ളത്തിനുള്ള സ്ഥലം അനുവദിച്ചതിൽനിന്നു രണ്ടടി ആഴം എക്സിക്യൂട്ടീവ് എൻജിനീയർ മിസ്റ്റർ എസ്. എസ്. കൃഷ്ണയ്യർ കുറച്ചുകളഞ്ഞു എന്നും ഇങ്ങനെ കുളത്തിൽ വെള്ളം നില്ക്കാനുള്ള വിസ്തീർണ്ണം സാധുക്കളായ കുടിയാന്മാർക്ക് ഉപദ്രവമാകത്തക്കവണ്ണം കുറഞ്ഞുപോയി എന്നും ഗവർമ്മെൻറിനു അറിവുണ്ടോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): (എ) ചോദ്യത്തിൽ പ്രസ്താവിച്ച എഴുത്തുകുത്തു മേശപ്പുറത്തു വയ്ക്കുന്നതു യുക്തമാണെന്നു ഗവർമ്മെൻറു വിചാരിക്കുന്നില്ല.

(ബി) ഇല്ല. ആ സ്ഥലത്തു സ്ക്രൂ വാതിലുകൾ വെച്ചിട്ടുള്ളതുകൊണ്ടു കുളത്തിൽ വെള്ളത്തിൻെറ നിരപ്പു വേണ്ടിടത്തോളം ഉയർത്താം.

പൂയംകുടിഎന്ന സ്ഥലം വനത്തിൽനിന്നു വിട്ടുതിരിച്ചു പതിച്ചുകൊടുക്കുന്നകാര്യം.

൩൬൬. മി: തൊമ്മൻകുഞ്ഞിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെ പറയുന്ന സംഗതികൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) തട്ടേക്കാട്ടുവഴിയായി പോകുന്ന കഫറോഡ് റോഡിൻെറ വടക്കു കിടക്കുന്ന പൂയംകുടി എന്ന ഭൂമി വനത്തിൽനിന്നു വിട്ടുതിരിച്ചു കൃഷിക്കായി പതിച്ചുകൊടുക്കാൻ ഗവർമ്മെൻറു നിശ്ചയിച്ചിട്ടു എത്ര വർഷമായി?

(ബി) ഈ ഭൂമി ഇതുവരെ ൧൧൦൭-ലെ ലേലംചെയ്തുപതിച്ചുകൊടുക്കാത്തതിനുകാരണമെന്തു?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): (എ) ആ ഭൂമി ൧൧൦൪-ൽ വനത്തിൽനിന്നു വിട്ടുതിരിച്ചു ൧൧൦൫-ൽ ലാൻഡ്റവന്യൂ ഡിപ്പാർട്ടുമെൻറിനു ഏല്പിച്ചുകൊടുത്തു. അനന്തരം അവിടെ സർവേജോലി ആരംഭിച്ചു. ൧൧൦൬-ൽ സർവേരിക്കാർഡുകൾ കിട്ടി.

(ബി) സർവേരിക്കാർഡുകൾ കിട്ടിയതിനുശേഷം വില്പന പരസ്യത്തോടുകൂടി ആ ഭൂമിയുടെ പ്ലാനുകൾകൂടി പ്രസിദ്ധംചെയ്യുകയും ലേലത്തിനുമുമ്പു പ്ലാനുകളുടെ ഇടയ്ക്കുള്ള പാതകൾ തെളിയിക്കുകയും ചെയ്യണമെന്നു നിശ്ചയിച്ചു ഈ ജോലികൾ ചെയ്തുകഴിഞ്ഞു. ഈ ജോലികൾക്കുണ്ടായ താമസത്തിനു കാരണം മഴക്കാലം കഴിഞ്ഞു ൧൧൦൭ ധനുമാസത്തിൽ മാത്രമേ അവയെ ആരംഭിക്കാൻ കഴിഞ്ഞുള്ളു എന്നുള്ളതാണ്. ഈ സമയത്തിനുള്ളിൽ യുദ്ധത്തിനു പോയി വന്നവർക്കു പതിച്ചുകൊടുക്കാൻ ൧൦൦ ഏക്കർ ഭൂമിയും അധകൃതവർഗ്ഗക്കാർക്കു പതിച്ചുകൊടുക്കാൻ ൨൦൦ ഏക്കർ ഭൂമിയും തിരിച്ചു ഒഴിച്ചിടേണ്ടതായിരുന്നു. ബാക്കിയുള്ള ൩൦൦൦ ഏക്കർ സ്ഥലത്തിൻെറ ലേലം ൨൪-൪-൧൧൦൭-ൽ നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടു. ൩-൯-൧൧൦൭-ലെ ഗസററിൽ പ്രസിദ്ധം ചെയ്തിട്ടുള്ള പരസ്യം നോക്കുക.

പൊതുമരാമത്തു സീനിയർ ഓവർസീയർമാരെ മരാമത്തു സക്കിൾ ഉദ്യോഗസ്ഥന്മാരായി നിയമിക്കുന്ന കാര്യം.

൩൬൭. മി: ജി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) അന്നു മരാമത്തു എൻജിനീയർ ആയിരുന്ന മിസ്റ്റർ നടേശയ്യർ പൊതുമരാമത്തിലെ സീനിയർ ഓവർസീയർമാരെ മരാമത്തു സക്കിൾ ഉദ്യോഗസ്ഥന്മാരായി നിയമിച്ചതിൻെറ ഉദ്ദേശം,

(ബി) അതു കാര്യക്ഷമതയ്ക്കുവേണ്ടി ആയിരുന്നെങ്കിൽ ആ തത്വം ഉപേക്ഷിച്ചതു എന്തുകൊണ്ടു എപ്പോൾ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): (എ) പൊതുമരാമത്തിലെ സീനിയർ ഓവർസീയർമാരെ മാത്രമേ മരാമത്തു സക്കിൾ ഉദ്യോഗസ്ഥന്മാരായി നിയമിച്ചുള്ളു എന്നു റിക്കാർഡുകളിൽകാണുന്നില്ല. മരാമത്തു ഡിപ്പാർട്ടുമെൻറിൽ യോഗ്യന്മാരായ ആളുകൾ ഇല്ലാത്തപ്പോൾ പൊതുമരാമത്തിലുള്ള ഉദ്യോഗസ്ഥന്മാരെ മിസ്റ്റർ നടേശയ്യർ നിയമിച്ചുവന്നു.

(ബി) മേൽപറഞ്ഞ തത്വം ഉപേക്ഷിച്ചിട്ടില്ല.

സീനിയർ എക്സിക്യൂട്ടീവ് എൻജിനീയർ.

൩൬൮. മി: ജോസഫ് ഇട്ടീച്ചൻ (കുന്നത്തുനാടു): ഇപ്പോഴത്തെ സീനിയർ എക്സിക്യൂട്ടീവ് എഞ്ചിനീയരെ ആ ഉദ്യോഗത്തിൽ നിയമിച്ചിട്ടു എത്രനാളായി എന്നു ഗവർമ്മെൻറു ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറുസെക്രട്ടറി): ൧൧൦൭ കുംഭം ൧-ാംനു-വരെ തിരുത്തിയ ഉദ്യോഗവിവരം പട്ടിക ൨-ാംഭാഗം ൨൯൩-ാംപുറം മെമ്പർ വായിച്ചുനോക്കണം.

തിരുവനന്തപുരം മുൻസിപ്പൽസഭ പ്രെസിഡൻറ്.

൩൬൯. മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): താഴെപ്പറയുന്ന സംഗതികൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) ഇപ്പോഴത്തെ തിരുവനന്തപുരം മുൻസിപ്പാലിററി പ്രസിഡണ്ടിനെ ആ ഉദ്യോഗത്തിൽ നിയമിച്ചത് എപ്പോഴാണ്?

(ബി) എത്രകാലത്തേക്കാണ് നിയമിച്ചത്?

(സി) പ്രസിഡണ്ടിന്റെ നിയമനത്തെപ്പററി വല്ല ഗവണ്മെൻറുത്തരവുകളും ഉണ്ടോ ഉണ്ടെങ്കിൽ അതു മേശപ്പുറത്തുവയ്ക്കുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): (എ) ൧൧൦൯ നവമ്പർ ൨൭-ാംനു:

(ബി) കാലം നിർണ്ണയിച്ചിട്ടില്ല.

(സി) ഉണ്ട്. അതിനെപ്പററിയുണ്ടായ ൧൧൦൯ നവമ്പർ ൨൭-ാംനുയിലെ ൧൫൦൧/൧൯-ാം നമ്പർ ഗവണ്മെൻറുത്തരവിന്റെ ഒരു പകർപ്പ് * മേശപ്പുറത്തു വച്ചിരിക്കുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഇപ്പോഴത്തെ പ്രസിഡൻറിനെക്കാൾ കഴിവുള്ള ഏതെങ്കിലും ആളുതിരുവനന്തപുരം മുനിസിപ്പാലിററിപ്രസിഡെൻറായി ഉദ്യോഗത്തിൽ വെച്ചിരുന്നിട്ടുണ്ടോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതിനു മുന്നറിയിപ്പു കിട്ടണം.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഇപ്പോഴത്തെ പ്രസിഡൻറിനു മുനിസിപ്പൽ ഭരണത്തിൽ വല്ല പ്രത്യേക യോഗ്യതയും ഉണ്ടായിരുന്നതുകൊണ്ടാണോ അദ്ദേഹത്തിനെ പ്രസിഡൻറായി നിയമിച്ചത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മുനിസിപ്പാലിററിവക കണക്കുകളെല്ലാം കുഴപ്പത്തിലാണെന്നു കണ്ടതിനാൽ അവയെ പരിഷ്കരിച്ചു ശരിയാക്കുന്നതിനു ഒരു അക്കൗണ്ടാഫീസർ ആയിരിക്കും യോഗ്യൻ എന്നു ഗവണ്മെൻറു വിചാരിച്ചു. ആ ഉദ്ദേശത്തിന്മേലാണു ഇപ്പോഴത്തെ പ്രസിഡൻറിനെ അന്നു നിയമിച്ചത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): മുനിസിപ്പൽ ഭരണത്തിൽ വല്ല പ്രത്യേക യോഗ്യതയും ഉണ്ടായിരുന്നിട്ടാണോ ഇപ്പോഴത്തെ ആളിനെ നിയമിച്ചത് എന്നാണ് ഞാൻ ചോദിക്കുന്നത്?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അദ്ദേഹത്തിനു കണക്കുകളുടെ കാര്യത്തിൽ പരിചയം ഉണ്ട്. മുനിസിപ്പാലിററിയിൽ കണക്കുകൾ വയ്ക്കുന്നതിൽ കണ്ടകുഴപ്പങ്ങളും ന്യൂനതകളും പരിഹരിക്കുന്നതിനും വരവു ചെലവുകൾ പരിശോധിക്കുന്നതിനും ഒരു അക്കൗണ്ടാഫീസരെ നിയമിക്കുന്നതു ഉത്തമമായിരിക്കുമെന്നു അന്നു ഗവണ്മെൻറു വിചാരിച്ചു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): അങ്ങനെയാണോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറുസെക്രട്ടറി): അതെ.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): കണക്കുകാര്യങ്ങളിൽ പരിജ്ഞാനം ഉള്ളതുകൊണ്ടു മുനിസിപ്പൽ ഭരണത്തിൽ ഒരാൾ വിദഗ്ദ്ധനാകുമോ എന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): വിദഗ്ദ്ധനാകുന്നതിനു അതുമൊരു യോഗ്യതയാണ്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): തിരുവനന്തപുരം മുനിസിപ്പാലിററി പ്രെസിഡൻറായി റെവന്യൂഡിപ്പാർട്ടുമെൻറിൽ നിന്നു ഉദ്യോഗസ്ഥനെ നിയമിക്കയല്ലേ പണ്ടത്തെ പതിവു?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): റെവന്യൂഡിപ്പാർട്ടുമെൻറിൽനിന്നു നിയമിക്കപ്പെട്ട ചില പ്രെസിഡെൻറുമാർ ഉണ്ടായിരുന്നു.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): തിരുവനന്തപുരം മുനിസിപ്പാലിററിപ്രസിഡൻറായി റെവന്യൂഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാരെയല്ലയോ മുമ്പ് എല്ലായ്പോഴും ഗവണ്മെൻറു നിയമിച്ചിരുന്നതെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): മുൻകാലങ്ങളിൽ അങ്ങനെയായിരുന്നു ചെയ്തുവന്നത്.

മി. എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിങ്കര): ഗവണ്മെൻറു ആ പതിവിൽനിന്നു വ്യതിചലിച്ചത് എന്തുകൊണ്ടാണെന്നു പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവണ്മെൻറു സെക്രട്ടറി): അതുതന്നെയാണു ഞാൻ പറഞ്ഞത്.

മീനച്ചൽ താലൂക്ക തഹശീൽദാരുടെ മേലുള്ള പരാതികൾ.

ബ്രഹ്മശ്രീ. പി. എ. സി. കുര്യാക്കോസ് (മീനച്ചലും-ദേവികുളവും): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) മീനച്ചൽ താലൂക്ക തഹശീൽദാർ മി. എൻ. എസ്. രാമൻപിള്ളയുടെ പേരിലോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരുടെ പേരിലോ ഇരുകൂട്ടരുടേയും പേരിലോ ഗവണ്മെൻറിനു വല്ല പരാതിയും കിട്ടീട്ടുണ്ടോ?

(ബി) (എ) ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ അങ്ങനെയുള്ള പരാതിഹർജികളുടെ എണ്ണവും, സ്വഭാവവും, തിയതികളും.

(സി) ഫാറസ്ററ്റവന്യൂവും ആധായനികുതിയും കമ്മീഷണരുടെ നിലയിൽ മി. എസ്. സി. എച്ച്. റോബിൻസനു മി. എൻ. എസ്. രാമൻപിള്ളയുടെയോ അദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥന്മാരുടെയോ ഇരുകൂട്ടരുടെയുമോ പേരിൽ വല്ല പരാതിഹർജികളും കിട്ടീട്ടുണ്ടോ?

(ഡി) (സി) ഭാഗത്തിന്റെ മറുപടി ഉണ്ടു എന്നാണെങ്കിൽ ആ വക പരാതി-ഹർജികളുടെ എണ്ണവും, സ്വഭാവവും, തീയതികളും.

(ഇ) മീനച്ചൽ താലൂക്കുതഹശീൽദാർ മി. എൻ. എസ്. രാമൻപിള്ളയുടെ പേരിൽ മീനച്ചിൽക്കാരൻ തൊമ്മൻ ഔസേപ്പ് മുതൽപേരുടെ പക്കൽനിന്നു ഗവണ്മെൻറിനോ മി. എസ്. സി. എച്ച്. റോബിൻസനോ വല്ല പരാതി ഹർജിയോ ഹർജികളോ കിട്ടീട്ടുണ്ടോ എന്നു ഗവണ്മെൻറു ദയവായിപറയുമോ?

മി. ടി. പി. രാമസ്വാമിഅയ്യർ (ആ. ഗവണ്മെൻറു ചീഫ് സെക്രട്ടറി): (ഏ) (എ) മറുപടി ഉണ്ടെന്നാണു.

* അനുബന്ധം ൧൭ നോക്കുക......

(ബി) ഉണ്ട്.

(൧) മീനച്ചൽ തഹശീൽദാർ മി. എൻ. എസ്. രാമൻപിള്ളയുടെയും അദ്ദേഹത്തിന്റെ ഒരു ഗുമസ്തൻ കെ. പി. നാരായണപിള്ളയുടെയും നടത്തയെ ആക്ഷേപിച്ചും മീനച്ചലിൽനിന്ന് അവരെ സ്ഥലം മാററണമെന്ന് അപേക്ഷിച്ചും മുട്ടുചിറ അറക്കൽതൊമ്മൻ ഔസേപ്പും മീനച്ചൽ മറവചിലരും കൂടി ൧൧൨൬ മിഥുനം ൫-ാംനു- ബോധിപ്പിച്ച ഹർജി.

(൨) തഹശീൽദാർ മി. എൻ. എസ്. രാമൻപിള്ള പുറമ്പോക്കു ഭൂമികളിൽനിന്നു വൃക്ഷങ്ങൾ മുറിച്ചു നാമമാത്രമായ വിലയ്ക്കു വിൽക്കുന്നു എന്നു കാണിച്ചു നിയമസഭാമെമ്പർ മി. എ. സി. കുര്യാക്കോസ് ൧൯൫൧-ൽ മാർച്ച് ൯-ാംനു- ബോധിപ്പിച്ച ഹർജി.

(൩) അതേവിഷയത്തെപ്പററിത്തന്നെ നിയമസഭാമെമ്പർ മി. എ. സി. കുര്യാക്കോസ് ൧൯൫൧-ൽ മാർച്ച് ൧൪-ാംനു- ബോധിപ്പിച്ച ഹർജി.

(൪) തഹശീൽദാർ മി. എൻ. എസ്. രാമൻപിള്ളയെയും ഗുമസ്തൻ കെ. പി. നാരായണപിള്ളയെയും മീനച്ചൽ നിന്നു ഉടനടിസ്ഥലം മാററണമെന്നപേക്ഷിച്ചും അവരുടെ പേരിലുള്ള പരാതികളെപ്പററി ക്രിസ്ത്യാനിയോ നായരോ അല്ലാത്ത നിഷ്പക്ഷവാദിയായ ഒരു മാന്യനെക്കൊണ്ടു പൂർണ്ണമായ ഒരന്വേഷണം നടത്തിക്കണമെന്നു ബോധിപ്പിച്ചും കൊണ്ടു നിയമസഭാമെമ്പർ മി. എ. സി. കുര്യാക്കോസ് ൧൯൫൧ൽ മെ ൧൫-ാംനു- ബോധിപ്പിച്ച രണ്ടു ഹർജികൾ.

(൫) റവന്യൂഡിപ്പാർട്ടുമെന്റിലെ അഴിമതികളെപ്പററിയുള്ള ലേഖനങ്ങളടങ്ങിയ ൧൧൨൪ മേടം ൨൨-ാംനു- യിലെ "കോട്ടയം പത്രിക"യുടെ പ്രതി അയക്കുന്നു എന്നു കാണിച്ചു നിയമസഭാമെമ്പർ മി. എ. സി. കുര്യാക്കോസ് ൧൯൫൧ൽ മേയി ൧൫-ാംനു- ബോധിപ്പിച്ച രണ്ടു ഹർജികൾ.

(സി) നടപടി ഉണ്ടെന്നാണ്.

(ഡി) (൧) മി. എൻ. എസ്. രാമൻപിള്ളയുടെയും ഗുമസ്തൻ കെ. പി. നാരായണപിള്ളയുടെയും നടപ്പിനെ ആക്ഷേപിച്ചു മീനച്ചൽ അറയ്ക്കൽ തൊമ്മൻ മുതൽപേർ അയച്ച ഹർജി ൧൯൫൦ ജൂലയി ൪-ാംനു- കിട്ടി.

(൨) മേൽപറഞ്ഞ ഉദ്യോഗസ്ഥന്മാരെപ്പററി മുട്ടുചിറ അറക്കൽ തൊമ്മൻ ഔസേഫ് അയച്ച ഹർജി ൧൯൫൦ നവംബർ ൪-ാംനു- കിട്ടി.

(൩) മീനച്ചിൽ ഗുമസ്തൻ കെ. പി. നാരായണപിള്ളയെപ്പററി കേളൻ ഇട്ടൻ മുതൽപേർ ൧൧൨൪ കന്നി ൨൭-ാംനു- അയച്ചഹർജി.

(൪) മീനച്ചിൽ തഹശീൽദാരും ഗുമസ്തൻ കെ. പി. നാരായണപിള്ളയും കൂടി വില പുല്ലുവയും പുറമ്പോക്കാറിക്കാട്ടുകൾ നശിപ്പിക്കുന്നു എന്നു കാണിച്ചു പി. കെ. ഗോപാലൻ നായർ ൧൯൫൧ൽ ജനുവരി ൫-ാംനു- ബോധിപ്പിച്ച ഹർജി.

(൫) മി: എൻ. എസ്. രാമൻപിള്ളയുടെയും ഗുമസ്തൻ കെ. പി. നാരായണപിള്ളയുടെയും പേരിൽ പരാതി പറഞ്ഞും പുറമ്പോക്കുഭൂമികളിൽ നിന്നും ഒന്നരം ൧൦,൦൦൦ രൂപാ വിലയുള്ള വൃക്ഷങ്ങൾ മുറിച്ചു നിക്കം ചെയ്തിരിക്കുന്നു എന്നും കാണിച്ചും അറക്കൽ തൊമ്മൻ ഔസേപ്പ് ൧൧൨൪ ധനു ൨൯-ാംനു- ബോധിപ്പിച്ച ഹർജി.

(൬) മീനച്ചിൽ തൊമ്മൻ ഔസേപ്പ് തഹസിൽദാരുടെയും ഗുമസ്തൻ കെ. പി. നാരായണപിള്ളയുടെയും പേരിൽ ൧൧൨൭ മകരം ൧൩-ാംനു- ബോധിപ്പിച്ച പരാതി ഹർജി.

(൭) ഗവണ്മെന്റു ഭൂമികളിൽ നിന്നു വൃക്ഷങ്ങൾ മുറിച്ചതായി തഹശീൽദാർ തന്റെ മേൽ ഒരു കേസു എടുത്തിരിക്കുന്നു എന്നു കാണിച്ചു തൊമ്മൻ ഔസേപ്പ് ൧൧൨൪ മേടം ൧൭-ാംനു- ബോധിപ്പിച്ച ഹർജി.

(൨) മെമ്പർ (൧) (ബി) യും (ഡി) യും ഭാഗങ്ങളുടെ മറുപടി വായിച്ചു നോക്കണം.

അട്ടൂർ ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ.

൩൩൭. മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): താഴെ പറയുന്ന സംഗതികൾ ഗവണ്മെന്റു ദയവായി പറയുമോ?

(എ) അട്ടൂർ ഇംഗ്ലീഷ് ഹൈസ്കൂളിലെ ഇപ്പോഴത്തെ (൨൭-൫-൨൭) ഹെഡ്മാസ്റ്ററെ ആസ്ഥലത്തേക്കു മാററിയ കൊല്ലം, മാസം, തീയതി,

(ബി) അട്ടൂരെ പൊതുജനങ്ങൾ അദ്ദേഹത്തെപ്പററി വല്ല ആക്ഷേപവും ബോധിപ്പിച്ചിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ അതിനെ സംബന്ധിച്ച എന്തു നടപടി നടത്തിയിട്ടുണ്ട്?

മി: ടി. പി. രാമസുബ്ബയ്യർ (അ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): (എ) ൧൦ൻൻ ഇടവം ൭.

(ബി) യും (സി) യും അട്ടൂർ ഇംഗ്ലീഷ് ഹൈസ്കൂളിലെ ഇപ്പോഴത്തെ ഹെഡ് മാസ്റ്ററെപ്പററി ഗവണ്മെന്റിൽ രണ്ടു പരാതി ഹർജികൾ കിട്ടി. ഒന്നാമത്തേതു ൧൧൨൧ മീനത്തിലാണുകിട്ടിയതു. ആ നിവേദനത്തിൽ ഹെഡ്മാസ്റ്ററുടെ ഭരണം അതൃപ്തികരമാണെന്നും അസിസ്റ്റന്റുമാസ്റ്റർമാരും അദ്ദേഹവും തമ്മൈക്യമില്ലെന്നും പ്രസ്താവിച്ചിരുന്നു. വിദ്യാഭ്യാസ ഡയറക്ടർ അന്വേഷണം കഴിച്ചു പ്രസ്താവനകൾ അവ്യക്തവും അസ്പഷ്ടവും ആണെന്നു തീർച്ചയാക്കി ആ ഹർജി റിക്കാഡുചെയ്തു. രണ്ടാമത്തേതു ൧൯൫൦ ജൂലയ് മാസത്തിൽ കിട്ടി. ആ ഹർജിയിൽ ഹർജിക്കാരനു അട്ടൂർ ആർ. കൊച്ചുകുഞ്ഞു കുറുപ്പ് എന്നയാൾ ആ സ്കൂളിൽ വിദ്യാർത്ഥിയായ തന്റെ മകനെ ഹെഡ്മാസ്റ്റർ ന്യായമായ കാരണം കൂടാതെ സസ്പെണ്ടു ചെയ്തു എന്നും സമാധാനം പറവാൻ താൻ ഹെഡ്മാസ്റ്ററുടെ അടുക്കൽ പോയപ്പോൾ അദ്ദേഹം തന്നോട്ട് അപമര്യാദയായിപെരുമാറിച്ചുഎന്നും പരാതിപ്പെട്ടിരുന്നു. അതുകൊണ്ടു തന്റെ മകനെ മാവേലിക്കര ഇംഗ്ലീഷ് ഹൈസ്കൂളിലേക്കു ഒരു ട്രാൻസ്ഫർ സർട്ടിഫിക്കേറ്റു കൊടുക്കണമെന്നും അയാൾ അപേക്ഷിച്ചു. ഈ ഹർജിയെപ്പററിയും ഡയറക്ടർ അന്വേഷണം നടത്തി വിദ്യാർത്ഥിക്കു ട്രാൻസ്ഫർ സർട്ടിഫിക്കേറ്റു കൊടുക്കാൻ ഉത്തരവിടുകയും വിദ്യാർത്ഥിയുടെ പെരുമാററത്തെപ്പററി ഹർജിക്കാരനെ ശാസിക്കുകയും ചെയ്തു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒന്നാമത്തെ പരാതി അട്ടൂരെ പൊതുജനങ്ങളുടെ തല്ലായിരുന്നോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതേ ഒരു പൊതു യോഗത്തിൽ പാസ്സാക്കിയ ഒരു നിശ്ചയമാണു ഗവണ്മെന്റിനു കിട്ടിയതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വിദ്യാർത്ഥികളുടെ കാര്യത്തിൽ ഹെഡ് മാസ്റ്റർ ചെയ്യുന്ന പെരുമാററത്തെപ്പററി അവരുടെ രക്ഷകർത്താക്കന്മാരാണോ പരാതിപ്പെട്ടതു്?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഒന്നാമത്തെ പരാതിയുടെ വിഷയം അതല്ലായിരുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഹെഡ്മാസ്റ്ററുടെ പൊതുവേയുള്ള സ്കൂൾ ഭരണം തൃപ്തികരമായിരുന്നോ എന്നു പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതായിരുന്നു ഒന്നാമത്തെ പരാതിയുടെ വിഷയം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): പൊതുജനങ്ങളുടെ അതൃപ്തിയുടെ സ്വഭാവം എന്തായിരുന്നു എന്നു പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): പൊതുയോഗത്തിൽ പാസ്സാക്കിയ നിശ്ചയം താഴെപ്പറയുന്ന ഞാൻ വായിച്ചു കേൾപ്പിക്കാം.

"ഹെഡ്മാസ്റ്ററുടെ സ്കൂൾ ഭരണം അതൃപ്തികരവും അദ്ദേഹം അസിസ്റ്റന്റ് മാസ്റ്റർമാരോടു സ്നേഹമില്ലാതെ വർത്തിക്കുകയും ചെയ്യുന്നു എന്നും"—

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ കൊല്ലത്തിലും കഴിഞ്ഞ കൊല്ലത്തിലും അടൂർ സ്കൂളിൽ നിന്നു കുട്ടികൾ പാസ്സായതിന്റെ ശതമാനം എത്രയായിരുന്നു എന്നു പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതൊരു പുതിയ ചോദ്യമാണ്. അതിനു നോട്ടീസു കിട്ടണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ആ സ്കൂളിൽ നിന്നു അടുത്തുള്ള സ്കൂളുകളിലേക്കു ട്രാൻസ്ഫർസർട്ടിഫിക്കേറ്റു വാങ്ങിയ വിദ്യാർത്ഥികളുടെ എണ്ണം പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതിനു നോട്ടീസു കിട്ടണം

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അടൂർ സ്കൂളിലെ രണ്ടു വിദ്യാർത്ഥികളുടെ ട്രാൻസ്ഫർ സർട്ടിഫിക്കേറ്റുകൾ പോലീസ് ആഫീസർ മിസ്റ്റർ കേശവനു കിട്ടിയിരുന്നോ എന്നു മെമ്പർ പറയുമോ?

പ്രസിഡെന്റ്: ഇവ പുതിയ ചോദ്യങ്ങളാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഈ ഉപദ്രവങ്ങളെല്ലാം ഉണ്ടായതു ഹെഡ്മാസ്റ്ററുടെ സ്കൂൾ ഭരണം ശരിയല്ലാതിരുന്നതിനാലാണ്.

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): അതൊരുപുതിയ ചോദ്യമാണ്, അതിന് നോട്ടീസ് കിട്ടണം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഒരു രക്ഷകർത്താവിന്റെ പരാതി സത്യമാണെന്നു കണ്ടപ്പോൾ ഗവണ്മെന്റോ ഡിപ്പാർട്ടുമെന്റോ വല്ല നടപടിയും നടത്തിയോ എന്നു പറയുമോ?

മി: ടി. പി. രാമസ്വാമി അയ്യർ (ആ. ഗവണ്മെന്റ് ചീഫ് സെക്രട്ടറി): ഉണ്ട്. ഒരു റിപ്പോർട്ടുവരുത്തി വേണ്ട നടപടികൾ നടത്തി.

കല്ക്കുളവും വിളവങ്കോടും താലൂക്കുകളിൽ ചില റോഡുകൾ നന്നാക്കുന്ന കാര്യം.

൩൬൨. മി: ടി. സി. കേശവപിള്ള (കല്ക്കുളവും-വിളവങ്കോടും): കളിയൽ ചെച്ചിപ്പാറപ്പാതയും വിളവങ്കോടു താലൂക്കിൽ ആഴംഞ്ചോല പകുതി കാണി റോഡുകളും നന്നാക്കാൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ എന്നു ഗവണ്മെന്റു മെമ്പർ ദയവായി പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): കളിയൽ-ചെച്ചിപ്പാറ പാതയെ സംബന്ധിച്ച്, അതു നന്നാക്കാൻ ആലോചനയില്ല. ഒരു മരാമത്തു് ഫണ്ടു ഉപയോഗിച്ചു അതു സംരക്ഷിച്ചുവരുന്നു.

ആഴംഞ്ചോല പകുതി കാണിറോഡുകളുടെ കാര്യത്തിൽ ഇപ്പോഴുള്ള പാത മരത്തടികൾ കൂപ്പിലെ തടികൾ കൊണ്ടുപോകുന്നതിനു ഒരു വണ്ടിപ്പാതയാക്കുന്നതിനു ആലോചനയുണ്ട്. ഈ പാതയുടെ വീതി കൂട്ടുന്നതിനാവശ്യമുള്ള ഭൂമി എടുത്തിട്ടുണ്ട്. ആ ഭൂമികൾ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ ഏല്പിച്ചുകൊടുക്കുന്നതിനു ഉത്തരവുകൾ അയക്കുകയും ചെയ്തിട്ടുണ്ട്.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ആഴംഞ്ചോലപകുതി കാണി റോഡിനെ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലേക്കു ഏല്പിക്കുന്നതായി മറുപടിയിൽ കാണുന്നുണ്ട്. അതു ഫാറസ്റ്റായിട്ടു ഇടുന്നതിനോ അതല്ല റോഡായിട്ടു ഇടുന്നതിനോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): അതു കാർട്ടു റോഡാക്കി (വണ്ടിപ്പാത) ഇടാനാണു ആവശ്യപ്പെട്ടിട്ടുള്ളതു്, അല്ലാതെ കാടായിട്ടു ഇടുന്നതിനല്ല.

മി: ടി. സി. കേശവപിള്ള (കല്ക്കുളവും വിളവങ്കോടും): ഈ റോഡു കാട്ടിൽ പോകുന്നവർ മാത്രമേ ഉപയോഗിക്കാമോ അതല്ല നാട്ടിൻപുറത്തുള്ളവർക്കുംകൂടി ഉപയോഗിക്കാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവണ്മെന്റ് സെക്രട്ടറി): പൊതുജനങ്ങൾ ഉപയോഗിക്കുന്നതിൽ തടസ്ഥമില്ല.

കണ്ടെഴുത്തുകാലത്തു തിരുവനന്തപുരം താലൂക്കിലുള്ള വയലുകളുടെ വിസ്തീർണ്ണം.

൩൬൩. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റുമെമ്പർ ദയവായി പറയുമോ?

(എ) കഴിഞ്ഞ കണ്ടെഴുത്തു റിക്കാർഡുകൾപ്രകാരം തിരുവനന്തപുരം താലൂക്കിൽ നെൽകൃഷി ചെയ്യുന്ന വയലുകളുടെ വിസ്തീർണ്ണം.

(ബി) (എ) ഭാഗത്തിലെ വിസ്തീർണ്ണത്തിൽ പിന്നീട നികത്തിയതോ തോട്ടമാക്കിയതോ ആയ ഭൂമിയുടെ വിസ്തീർണ്ണം.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറ സെക്രട്ടറി): (എ) ൧൦൯൯ ഏക്കർ ൭൨ സെൻറ.

(ബി) മേൽപ്പടി വിസ്തീർണ്ണത്തിൽ ഏകദേശം ൫൦൦ ഏക്കർ സ്ഥലം തോട്ടമാക്കിട്ടുണ്ടെന്ന റിപ്പോർട്ടു കിട്ടിട്ടുണ്ട്.

നിലങ്ങൾ പുരയിടമാക്കിയത്.

൩൧൦. മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ) ഈ സഭയുടെ ൧൧൨൫ കർക്കടകം ൨൯-ാംതീയതിയിലെ യോഗത്തിൽ ചോദിച്ച ൨൭൨-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയെ സംബന്ധിച്ച്, (തിരുസഭാ നടപടികൾ ൧൯-ാംവാല്യം ൭൨൦-ാംപുറം) നിലങ്ങൾ യാതൊരു ക്ലിപ്തവുമില്ലാതെ പുരയിടങ്ങളാക്കുന്ന കാര്യത്തിൽ ഗവർമ്മെൻറ വല്ല തീർച്ചയും ഉണ്ടാക്കിയോ എന്ന പറയുമോ?

(ബി) ഇങ്ങനെ നിലങ്ങൾ തോട്ടമാക്കുന്നതിനുള്ള പ്രധാനകാരണം കൃഷിക്കുള്ള കുളങ്ങൾ പതിച്ചുകൊടുത്തിട്ട നികത്തിക്കളയുന്നതിനാൽ കൃഷിസൗകര്യത്തിനുണ്ടാകുന്ന അസൗകര്യങ്ങളാണെന്ന ഗവർമ്മെൻറിന അറിയാമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറ സെക്രട്ടറി): (എ) കാര്യം അന്വേഷണത്തിലിരിക്കുന്നു.

(ബി) വിവരം നോട്ടുചെയ്തിരിക്കുന്നു.

മി: കെ. മാധവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): (എ)-ാം ഭാഗത്തിന്റെ മറുപടിയെ സംബന്ധിച്ച് നിലങ്ങൾ ക്ലിപ്തമില്ലാതെ പുരയിടങ്ങളാക്കുന്ന വിഷയത്തിൽ പുതുതായി നിർമ്മിച്ച ഇറിഗേഷൻ ബോർഡുകളുടെ അഭിപ്രായം എന്താണെന്ന് അവരോട ചോദിക്കുന്നതിന വല്ല വിരോധവും ഉണ്ടോ എന്ന മെമ്പർ പറയുമോ?

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറ സെക്രട്ടറി): ആലോചിക്കാം.

തിരുവിതാംകൂറിൽ ക്ഷയരോഗം.

൩൧൧. മി: എ. താണുപിള്ള (തിരുവനന്തപുരം): (എ) (ഏ) ഈ സംസ്ഥാനത്തു ക്ഷയരോഗം എത്രത്തോളം വ്യാപിച്ചിട്ടുണ്ടെന്നും,

(ബി) മദനപ്പള്ളി ക്ഷയരോഗാശുപത്രിയിൽ തിരുവിതാംകൂറിൽനിന്ന പോകുന്ന രോഗികളുടെ എണ്ണവും,

ഗവർമ്മെൻറിനറിയാമോ?

(ബി) ഈ സംസ്ഥാനത്തു ഒരു ക്ഷയരോഗാശുപത്രി സ്ഥാപിക്കുന്നതിന വല്ല പദ്ധതിയും തങ്ങളുടെ ആലോചനയിൽ ഉണ്ടോ എന്ന ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെൻറ ചീഫ് സെക്രട്ടറി): (എ) (ഏ) ഈ സംസ്ഥാനത്തു ക്ഷയരോഗം വളരെ വ്യാപിച്ചിട്ടുണ്ടെന്ന മെഡിക്കൽ സർവീസസ് അഡ്മിനിസ്ട്രേറ്റീവ് ബോർഡ് പറയുന്നു.

(ബി) ആ ആശുപത്രി ൧൯൧൫-ൽ സ്ഥാപിച്ചതിനുശേഷം തിരുവിതാംകൂറിൽനിന്ന പോയിട്ടുള്ള ൧൬൨൦-ൽ കുറയാതെയുള്ള ക്ഷയരോഗികളെ അവിടെ ചികിത്സിച്ചിട്ടുണ്ടെന്ന ആ ആശുപത്രി പ്രസിദ്ധപ്പെടുത്തിയ ഒരു എഴുത്തിൽ കാണുന്നു.

(സി) ഉണ്ട്. ആ വിഷയം ആലോചനയിൽ ഇരിക്കുന്നു—

മി: എ. താണുപിള്ള (തിരുവനന്തപുരം): അങ്ങനെ ഒരു സ്ഥാപനം അടിയന്തിരമായി ഉണ്ടാക്കേണ്ടതാണെന്ന ഗവർമ്മെൻറിന ബോദ്ധ്യമായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെൻറ ചീഫ്സെക്രട്ടറി): അതിന്റെ ആവശ്യം ഗവർമ്മെൻറ ഗ്രഹിച്ചിട്ടുണ്ടെന്ന മറുപടികൊണ്ടു കാണാം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ സ്ഥാപനം ഉടനെതന്നെ ഉണ്ടാക്കേണ്ടതാണെന്ന ഗവർമ്മെൻറിന ബോദ്ധ്യമായിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെൻറ ചീഫ് സെക്രട്ടറി): എനിക്കതു പറയുവാൻ കഴിയുകയില്ല. അതാവശ്യമാണെന്ന ഗവർമ്മെൻറിന അറിയാം; അതിന വേണ്ടുന്ന നടപടിയും നടത്തിവരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഗവർമ്മെൻറ അക്കാര്യത്തിൽ വല്ലതും കാര്യമായി പ്രവർത്തിച്ചുവരുന്നുണ്ടോ എന്ന പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവർമ്മെൻറ ചീഫ്സെക്രട്ടറി): ആ പദ്ധതി പരിശോധിച്ചുവരുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ പദ്ധതി ഇപ്പോൾ ഏതു നിലയിൽ ഇരിക്കുന്നു എന്ന പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറ ചീഫ് സെക്രട്ടറി): പദ്ധതിയുടെ യോഗ്യതായോഗ്യതകളെ പരിശോധിച്ചുവരുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ പദ്ധതിയുടെ ഏകദേശമായ ഒരു രൂപം മെമ്പർ മനസ്സിലാക്കിയിട്ടുണ്ടോ, അല്ലെങ്കിൽ ആലോചന ഇപ്പോൾ ഏതുനില പ്രാപിച്ചിട്ടുണ്ടെന്ന പറയുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറ ചീഫ് സെക്രട്ടറി): മെഡിക്കൽ സെർവിസെസ് അഡ്മിനിസ്ട്രേഷൻ ബോർഡ് അതിനെപ്പററി ഒരു നിശ്ചയം പാസ്സാക്കി അയച്ചിട്ടുണ്ട്. അതിപ്പോൾ ഗവർമ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇക്കാര്യം ഗവർമ്മെൻറ ആലോചനയിലുൾപ്പെട്ടിട്ട് എത്രകാലമായി?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഉദ്ദേശം അറുമാസം.

മധ്യവർജനപദ്ധതി.

നം. ൭൨. മി. ജി. പി. നീലകണ്ഠപ്പിള്ള (കരുനാഗപ്പള്ളി): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) മധ്യവർജനമാർഗ്ഗങ്ങളെപ്പററി കരുനാഗപ്പള്ളി നിവാസികളുടെ വല്ല നിവേദനവും ഗവണ്മെന്റിനു കിട്ടിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവർ അക്കാര്യത്തിൽ എന്തെങ്കിലും പ്രവർത്തിച്ചിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി). (എ) ഉണ്ട്.

(ബി) അക്കാര്യം എക്സൈസ് കമ്മീഷണരോടു ചോദിച്ചു. നിവേദനത്തിൽ പ്രസ്താവിച്ചപ്രകാരം കരുനാഗപ്പള്ളി താലൂക്ക ചന്ദ്രശേഖരപുരവും പെരിനാട്ടും പകുതികളിൽ കള്ളും ചാരായവും ഷാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതു് ആ പക്ഷമായിരിക്കുമെന്നും ആ പ്രദേശങ്ങളിൽ വ്യാജം നടക്കുന്നുണ്ടെന്നു നിവേദനത്തിൽ പറയുന്നതു അവാസ്തവമാണെന്നും അദ്ദേഹം റിപ്പോർട്ടു ചെയ്തിരിക്കുന്നു. ആ റിപ്പോർട്ടു പരിശോധനയിൽ ഇരിക്കുന്നു.

തിരുവനന്തപുരം ക്രൈസ്തവ യുവതീ സംഘത്തിനു ഭൂമികൾ എടുത്തകാര്യം

നം. ൭൩. മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): താഴെപറയുന്ന സംഗതികൾ ഗവണ്മെന്റ ദയവായി പറയുമോ?

(എ) തിരുവനന്തപുരം ക്രൈസ്തവ യുവതീജനസംഘത്തിന്റെ ആവശ്യത്തിനു ഗവണ്മെന്റ വല്ല ഭൂമിയും എടുത്തിട്ടുണ്ടോ?

(ബി) ക്രൈസ്തവ യുവതീസംഘം ഒരു പൊതുസ്ഥാപനമോ ധർമ്മസ്ഥാപനമോ ആണോ?

(സി) അക്രൈസ്തവർക്ക് ആ സമാജത്തിന്റെ അംഗങ്ങളായിരിക്കാമോ?

(ഡി) ഏതെങ്കിലും കത്തോലിക്കർ ഏതെങ്കിലും ക്രിസ്തവ യുവസ്ത്രീസമാജത്തിന്റെ അംഗമായിരിക്കുന്നുണ്ടോ?

(ഇ) ക്രിസ്തവ യുവസ്ത്രീ സമാജത്തെപോലെയുള്ള സ്ഥാപനങ്ങൾക്ക റെഗുലേഷന്റെ ഏതു വകുപ്പോ ചട്ടമോ പ്രകാരമാണ് ഗവണ്മെന്റിനു അധികാരമുള്ളത്?

(എഫ്) ഭൂമി എടുത്തതിനെപ്പററിയുള്ള പ്രഖ്യാപനത്തിന്റെയും ക്രിസ്തവയുവസ്ത്രീ സമാജത്തിന്റെ ഉൽഘാടനത്തിന്റെയും തീയതികൾ.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റ ചീഫ് സെക്രട്ടറി): (എ) ഇല്ല.

(ബി) ക്രിസ്തവ യുവസ്ത്രീസമാജം പരോപകാരാർത്ഥം നടത്തപ്പെടുന്ന ഒരു സംഘമാകുന്നു, മാത്രമല്ല,

(സി) ഉണ്ട്.

(ഡി) ആകാം. തിരുവനന്തപുരം ശാഖയിൽ ഇപ്പോൾ കാത്തോലിക്ക് മെമ്പർമാർ ഇല്ല.

(ഇ) [illegible]

(എഫ്) [illegible]

യുവസ്ത്രീ സമാജം [illegible]

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): പാർട്ടു (എ) സ്ഥലം എടുത്തതായിട്ടല്ലെ ഇതിൽനിന്നും അർത്ഥമാക്കേണ്ടതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): പൊന്നുംവിലകൊടുത്തു സ്ഥലം എടുത്തുകഴിഞ്ഞിട്ടില്ല.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): (ഇ)യും (എഫും) ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും എന്താണ് മനസ്സിലാക്കേണ്ടതു?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റ ചീഫ് സെക്രട്ടറി): ഇതുമാതിരി സ്ഥാപനങ്ങൾക്ക പൊന്നുംവിലകൊടുത്തു സ്ഥലം എടുക്കുന്നതിനു ഗവണ്മെന്റിനെ അധികാരപ്പെടുത്തുന്നതു ഏതു റെഗുലേഷനിലെ ഏതു വകുപ്പാണ് എന്നുള്ള ചോദ്യത്തിനാണ് മറുപടി പറഞ്ഞിട്ടുള്ളതു്.

മി: എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): വിഭാഗം (എഫ്) അങ്ങനെയല്ലല്ലൊ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതിനും ഇതിനും സംബന്ധമില്ല. പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തികഴിഞ്ഞാൽ സ്ഥലമെടുത്തതായി വിചാരിക്കാൻ പാടില്ല, ഡിക്ലറേഷൻകൊണ്ടു അങ്ങനെ സ്ഥലം എടുക്കാനായിട്ടു ഉദ്ദേശിക്കുന്നു എന്നുമാത്രമെ വരികയുള്ളു.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): ഡിസമ്പർ ൻ-ാം-ക്ക ഉൽഘാടനം ചെയ്യാൻപോകുന്നു എന്നു പറഞ്ഞതു എവിടെയാണ്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതു വേറെ ഒരു സ്ഥലത്താണ്.

മി. എ. സി. കുര്യാക്കോസ് (മീനച്ചിലും ദേവികുളവും): പാർട്ട് ബി ഇതു ധർമ്മസ്ഥാപനമാണോ അതല്ല പൊതുസ്ഥാപനമാണോ എന്നുചോദിച്ചതിനു ഇതു രണ്ടുമല്ല മൂന്നാമതൊന്നാണ് എന്നു പറയുന്നു.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റ ചീഫ് സെക്രട്ടറി): അതെ ചോദ്യത്തിനാണ് മറുപടി പറഞ്ഞിട്ടുള്ളതു

എക്സൈസ് ഡിപ്പാർട്ടുമെന്റിലെ നിയമനങ്ങളുടെ പട്ടിക

നം. ൭൪. മി. തയ്യിലുകാത്തിത്തൊമ്മൻ (മൂവാററുപുഴയും തൊടുപുഴയും): താഴെപറയുന്ന വിവരങ്ങൾ പ്രത്യേകം പ്രത്യേകം കാണിക്കുന്ന ഒരു ജാതിവിവരം പട്ടിക ഗവണ്മെന്റ ദയവായി മേശപ്പുറത്തു വയ്ക്കുമോ?

(എ) ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ആ ഉദ്യോഗത്തിൽ പ്രവേശിച്ചതുമുതൽ ൧൧൨൭ ധനു ൧൫-നുവരെ ചെയ്തിട്ടുള്ള ൫൦ രൂപായും അതിലധികവും ശമ്പളത്തിൽ സ്ഥിരവും താൽക്കാലികവും ആയ നിയമനങ്ങളുടെ പട്ടിക

(ബി) എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ൫൦ രൂപായും അതിലധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ പട്ടിക

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) യും (ബി) യും ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ പട്ടികകൾ * മേശപ്പുറത്തു വെച്ചിരിക്കുന്നു.

൧൧൨൭-ലെ പ്ലേഗുബാധ സംബന്ധിച്ചു ചെയ്തിട്ടുള്ള മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ നിയമനങ്ങൾ

൩൭൫. മി. ഇട്ടൂപ്പ് കുട്ടിച്ചൻ (കുന്നത്തുനാട്): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ൧൧൨൭-ൽ പ്ലേഗു സംബന്ധിച്ച പ്രത്യേകജോലിക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന, ആ ജോലിയിൽ പ്രവേശിക്കാതിരുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പേരുകൾ

(ബി) അവരിൽ ആരെയെങ്കിലും പുറമെ നിന്നു നിയമിച്ചതാണെങ്കിൽ അവരെ പിന്നീട് മെഡിക്കൽ ഡിപ്പാർട്ടുമെൻറിൽ ഉദ്യോഗം കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ പേരും ജാതിയും കാണിക്കുന്ന ഒരു പട്ടിക ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) സബ് അസിസ്റ്റൻറ് സർജൻ എൻ. കൃഷ്ണപിള്ളയോടു പോകാൻ ആജ്ഞാപിച്ചു എന്നാൽ വഴിയിൽ വെച്ചു അദ്ദേഹത്തിനു സുഖക്കേടു പിടിക്കയാൽ അങ്ങോട്ടു പോകാൻ കഴിഞ്ഞില്ല.

(ബി) ആരുമില്ല

ആലപ്പുഴ വിദേശമദ്യങ്ങൾ വിൽക്കാൻ ലൈസൻസ്

൩൭൬. മി. കെ. പത്മനാഭപ്പണിക്കർ (അമ്പലപ്പുഴ): താഴെപറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) ആലപ്പുഴ നഗരത്തിൽ വിദേശമദ്യങ്ങൾ മൊത്തമായി വിൽക്കാൻ കൊടുത്തിട്ടുള്ള ലൈസൻസുകളുടെ എണ്ണവും ചില്ലറയായി വിൽക്കാൻ കൊടുത്തിട്ടുള്ള ലൈസൻസുകളുടെ എണ്ണവും

(ബി) ആണ്ടുതോറും അതേ ആളുകൾക്കാണോ ഈ ലൈസൻസുകൾ കൊടുക്കുന്നതു

(സി) അങ്ങനെയാണെങ്കിൽ, ഈ വിധം ലൈസൻസ് കൊടുക്കുന്നതിനാൽ ഒരു വിധം കുത്തകാവകാശം ഉണ്ടായി പോകുമെന്നു ഗവണ്മെൻറിനു അറിവുണ്ടോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെൻറു ചീഫ് സെക്രട്ടറി): (എ) ൧൧൨൭-ൽ യഥാക്രമം ൩-ം ൨-ം ലൈസൻസുകൾ.

(ബി) ഉണ്ട്. എന്നാൽ അഞ്ചു ലൈസൻസുകാരും പ്രത്യേകം പ്രത്യേകം ആളുകളാണ്.

(സി) ലൈസൻസുകർ പ്രത്യേകം ആളുകൾ ആകയാൽ ഒരു കുത്തകാവകാശസ്ഥാപനത്തിനു ഇടയില്ല.

പോലീസ് കമ്മീഷണർ ഗുമസ്തന്മാരെ ആക്ടിങ്ങായി നിയമിച്ചിട്ടുള്ളത്.

൩൭൭. മി. മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): താഴെ പറയുന്ന സംഗതികൾ ഗവണ്മെൻറു ദയവായി പറയുമോ?

(എ) തൻെറ മുൻഗാമിയുടെ കാലത്തു ആക്ട് ചെയ്തിട്ടുള്ളവരും ഇപ്പോൾ (൨൯-൬-൧൧൨൭) ഉദ്യോഗമില്ലാതിരിക്കുന്നവരുമായ അപേക്ഷകന്മാരുടെ അവകാശങ്ങളെ അവഗണിച്ച്, ആരെയെങ്കിലും ആക്ടിംഗ് ഗുമസ്തനായി പോലീസ് കമ്മീഷണർ നിയമിച്ചിട്ടുണ്ടോ?

(ബി) അങ്ങനെ വല്ലവരെയും നിയമിച്ചിട്ടുണ്ടെങ്കിൽ, അവരുടെ പേരുകൾ, ജാതി, അവർ പാസ്സായിട്ടുള്ള പരീക്ഷകൾ.

(സി) കൂടുതൽ യോഗ്യതയുള്ളവർ ആക്ട് ചെയ്ത ശേഷം ജോലിയില്ലാതെ അപേക്ഷകൾ കൊടുത്തതിനു ശേഷം, കാത്തിരിക്കുന്നവർ ഉണ്ടായിരിക്കെ, പരീക്ഷായോഗ്യത കുറവായ വല്ലവരെയും ഇപ്പോഴത്തെ കമ്മീഷണർ അദ്ദേഹത്തിൻെറ ആഫീസിൽ ഗുമസ്തനായി നിയമിച്ചിട്ടുണ്ടോ?

(ഡി) അങ്ങനെ നിയമിച്ചിട്ടുണ്ടെങ്കിൽ അങ്ങനെ നിയമിക്കപ്പെട്ടവരുടെ പേരുകൾ.

മി. ടി. കെ. മാധവൻ നായർ (ആ: ഗവണ്മെൻറു സെക്രട്ടറി): (എ) മറുപടി നിഷേധത്തിലാണ്.

(ബി) (എ) ക്കു മറുപടി കൊണ്ടു ഈ ചോദ്യത്തിനു സംഗതിയില്ല.

(സി) യും (ഡി) യും അങ്ങനെയൊരാളെ നിയമിച്ചിട്ടുള്ളതു സ്കൂൾ ഫൈനൽ ക്ലാസ്സുവരെ പഠിച്ചിട്ടുള്ള സിൽവെസ്റ്റർ എന്നയാളാണ്, അയാളെ തിരഞ്ഞെടുത്തതു അയാൾ യുദ്ധസർവീസിനു പോയി മടങ്ങിവന്നിട്ടുള്ള ആളായതു കൊണ്ടാണ്.

മി. മുരുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): മുമ്പിലത്തെ കമ്മീഷണർ നിയമിച്ചു ജോലി നോക്കിവന്നിട്ടുള്ളവരും ഇപ്പോൾ ജോലി ഇല്ലാതെയിരിക്കുന്നവരുമായ ക്ലാർക്കന്മാരുടെ അവകാശങ്ങളെ ഗൌനിക്കാതെ പുതിയ ആളുകളെ ആരെ എങ്കിലും കമ്മീഷണർ ആഫീസിൽ ക്ലാർക്കായിട്ടു നിയമിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു നിഷേധരൂപത്തിലാണ് മറുപടി എന്നാൽ ൩-ാം വെള്ളിയാഴ്ച എനിക്കു ൩൦-ാമത്തെ ചോദ്യത്തിനു തന്നിരിക്കുന്ന ലിസ്റ്റിൽ ഇപ്പോൾ ജോലി നോക്കി വരുന്നവരുടെയും മുമ്പു ജോലി നോക്കിയിരുന്നവരിൽ ജോലി വിട്ടു നിൽക്കുന്നവരുടെയും പേരു വിവരം കാണിച്ചിട്ടുണ്ട്. മുമ്പു ജോലി വിട്ടവർ ആയ മെസ്സേഴ്സ് കെ. സുകുമാരനും, കെ. ഒ. ജോസഫും ആദ്യമായി ജോലിയിൽ പ്രവേശിച്ചപ്പോൾ ഇപ്പോൾ ജോലിയിൽ ഇരിക്കുന്ന മി. ഡി. ജെ. തോമസിനും മി. ആർ. ശേഖരനു ജോലി ഉണ്ടായിരുന്നില്ലെന്നും കാണുന്നു. ഇപ്പോൾ ജോലിയിൽ ഇരിക്കുന്നവർ എന്നു മുതൽക്കാണ് ആക്ട് ചെയ്‌വാൻ തുടങ്ങിയതെന്നു പറയാമോ?

* അനുബന്ധങ്ങൾ ൪ വ്വ-ം ൪ വ്വ എ-ം നോക്കുക

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സെക്രട്ടറി): എന്നു മുതൽ ആക്ട് ചെയ്‌വാൻ തുടങ്ങി എന്നുള്ള വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മെസേഴ്സ് സി. ജെ. തോമസ്സും കെ. ഒ. ജോസപ്പും ആർ. ശേഷനും കെ. സുകുമാരനും എല്ലാം ഒരേ ക്വാളിഫിക്കേഷൻ ഉള്ളവരല്ലേ?

മി. ടി. കെ. മാധവൻ നായർ (ആ. ഗവണ്മെന്റു സെക്രട്ടറി): അതേ.

മി. മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മി. കെ. ഒ. ജോസപ്പും മി. സി. ജെ. തോമസ്സും ആക്ട് ചെയ്യാൻ തുടങ്ങിയ തിയതികൾ ഓരോന്നും പറയാമോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സെക്രട്ടറി): കെ. ഒ. ജോസഫ് ആക്ട് ചെയ്യാൻ തുടങ്ങിയതു ൨൫-൧൦-൨൫-ഉം സി. ജെ. തോമസ്സ് ൨൦-൪-൨൭-ഉം ആണ്.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): അപ്പോൾ മുമ്പിൽ കൂടി ജോലിയിൽ പ്രവേശിച്ച മി: കെ. ഒ. ജോസഫ് ജോലി വിട്ടു നിൽക്കുന്നതിനും അതിനു ശേഷം ആക്ട് ചെയ്യാൻ തുടങ്ങിയ മി: സി. ജെ. തോമസ്സിനെ ജോലിയിൽ വച്ചു കൊണ്ടിരിക്കുന്നതിനും കാരണമെന്തു്?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സെക്രട്ടറി): അതു കമ്മീഷണരോടു ചോദിച്ചേ പറയാൻ തരമുള്ളു.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): സിൽവെസ്റ്റർ എന്നൊരാളിനെ നിയമിച്ചതായി കാണുന്നുണ്ടു്. അയാൾ സ്കൂൾ ഫൈനൽ സ്റ്റാന്റേർഡുവരെ മാത്രമേ പഠിച്ചിട്ടുള്ളൂ എന്നു പറയുന്നുള്ളൂ. അയാളെ ജോലിയിൽ നിയമിക്കാനുള്ള കാരണം അയാൾ വാർസാർവീസിൽ ഇരുന്നിട്ടുള്ള ആളാണെന്നും പറയുന്നു. അങ്ങനെ അയാൾ എത്ര കൊല്ലം വാർ സർവീസിൽ ഇരുന്നു എന്നറിയാമോ?

മി: ടി. കെ. മാധവൻ നായർ (ആ: ഗവണ്മെന്റു സെക്രട്ടറി): അറിഞ്ഞുകൂടാ.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): വാർ സർവീസിൽ ഇരുന്നിരുന്ന ഇതേ (Qualification) (യോഗ്യത) ഉള്ള മറ്റാരെങ്കിലും അപേക്ഷിച്ചിട്ടുണ്ടായിരുന്നോ?

മി: ടി. കെ. മാധവൻനായർ (ആ: ഗവണ്മെന്റു സെക്രട്ടറി): അതിനെപ്പററിയുള്ള വിവരം ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മി: മുറവേലിൽ പാച്ചുപിള്ള (ചേർത്തല): മുൻപെ ആക്ട് ചെയ്തിട്ടുള്ള ആളിനെ നിയമിക്കാതെ അതിനു ശേഷം വന്ന ആളിനെ നിയമിച്ചതിനുള്ള കാരണം എന്താണെന്നു ചോദിച്ചപ്പോൾ എന്തോ നോക്കിപ്പറയാം എന്നു പറഞ്ഞല്ലോ? എന്തു നോക്കി പറയാമെന്നാണ് പറഞ്ഞതു?

പ്രസിഡെന്റു: അങ്ങനെയല്ല പറഞ്ഞതു, കമ്മീഷണരോടു ചോദിച്ചേ പറയാൻ തരമുള്ളു എന്നാണ് പറഞ്ഞതു്.

നാട്ടുഭാഷാസ്കൂൾ അദ്ധ്യാപകന്മാരായി നിയമിക്കാനുള്ളവരുടെ ലിസ്റ്റിൽ മുസ്ലീമിങ്ങൾ.

൩൭൮. മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ആക്ടിംഗ് വിദ്യാഭ്യാസ ഡയറക്ടരുടെ ആജ്ഞാനുസരണം നാട്ടുഭാഷാ സ്കൂൾ അദ്ധ്യാപകന്മാരായി നിയമിക്കാനുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കിയതിൽ എത്ര ആളുകളുടെ പേരുകളെന്നും ആ ലിസ്റ്റിൽ മുസ്ലീമങ്ങളുടെ എണ്ണം എത്രയാണെന്നും ഗവണ്മെന്റു ദയവായി പറയുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): അങ്ങനെയൊരു ലിസ്റ്റു തയ്യാറാക്കിട്ടില്ല.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): വെർണാക്കുലർ സ്കൂൾ വാദ്ധ്യാന്മാരുടെ നിയമനവിഷയത്തിൽ യാതൊരു ലിസ്റ്റും ഇല്ല എന്നാണോ ഞാൻ മനസ്സിലാക്കേണ്ടതു്?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): മെമ്പരുടെ ചോദ്യത്തിനാണ് മറുപടി തന്നിരിക്കുന്നതു. ഡയറക്ടരുടെ ഉത്തരവിൻപ്രകാരം ലിസ്റ്റു തയ്യാറാക്കി വെച്ചിട്ടുണ്ടോ എന്നാണ് മെമ്പരുടെ ചോദ്യം. അങ്ങനെ ലിസ്റ്റു തയ്യാറാക്കിട്ടില്ല എന്നാണ് മറുപടി.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): ഡയറക്ടരുടെ ഉത്തരവനുസരിച്ചല്ലാതെ വേറെ ആരുടെയെങ്കിലും അഭിപ്രായമനുസരിച്ച ലിസ്റ്റു തയ്യാറാക്കിട്ടുണ്ടോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഇൻസ്പെക്ടർ ആഫീസിൽ അവരുടെ സ്വന്ത ഉപയോഗത്തിനായിട്ടു ഒരു ലിസ്റ്റ് തയ്യാറാക്കിവച്ചിരിക്കാം.

മി: പി. എസ്. മഹമ്മദ് (ഗവണ്മെന്റു നിയമനം): അങ്ങനെ ഒരു ലിസ്റ്റിരിക്കുന്നിടത്തോളം കാലം ആ ലിസ്റ്റിലുള്ള ആളുകളെയല്ലാതെ വേറെ ഒരാളിനെ നിയമിക്കയില്ല എന്ന് നിയമനാധികാരമുള്ള ഉദ്യോഗസ്ഥന്മാർ പറയുന്നതായിട്ട് അറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ്സെക്രട്ടറി) ആ ചോദ്യത്തിനു നോട്ടീസ് വേണം.

വിദ്യാർത്ഥികളോടു പണംപിരിക്കുന്നതിനെപ്പററി വിദ്യാഭ്യാസഡയറക്ടർ അയച്ചിട്ടുള്ള സർക്കുലർ ഉത്തരവു്.

൩൭൯. മി: രേവതിനാൾ രാമവർമ്മരാജാ (എടവക): എ. സ്കൂൾദിവസാഘോഷങ്ങൾ, കളികൾ മുതലായവയ്ക്കും പരീക്ഷകൾക്കു ഫീസ് മുതലായവ വാങ്ങുന്നതിനും വിദ്യാർത്ഥികളോടു പണം പിരിക്കുന്നതിനെ വിരോധിച്ചു തിരുവിതാംകൂറിലെ എല്ലാവിദ്യാഭ്യാസസ്ഥാപനങ്ങൾക്കും വിദ്യാഭ്യാസഡയറക്ടർ ഒരു സർക്കുലർ ഉത്തരവു അയച്ചിട്ടുണ്ടോ എന്നു ഗവണ്മെന്റു ദയവായി പറയുമോ?

ബി. എ-ഠം ഭാഗത്തിന്റെ മറുപടി ഉണ്ടെന്നാണെങ്കിൽ, ആ ഉത്തരവിന്റെ ഒരു പകർപ്പും ആ ഉത്തരവിനു വിപരീതമായി ഹെഡ്മാസ്റ്റർമാർ പണംപിരിവു നടത്തിട്ടുള്ള സ്ക്കൂളുകളുടെ പേരുകൾ കാണിക്കുന്ന ഒരു പട്ടികയും ഗവണ്മെന്റു ദയവായി മേശപ്പുറത്തു വെക്കുമോ?

സി. താഴെ പറയുന്ന സംഗതികൾ അവർ ദയവായി പറയുമോ?

എ. ഏതെങ്കിലും സ്കൂളിനു ഡയറക്ടർ പ്രത്യേക അനുവാദം കൊടുത്തിട്ടുണ്ടോ?

ബി. ഏതെങ്കിലും സ്കൂളിനു അനുവാദം നിഷേധിച്ചിട്ടുണ്ടോ?

സി. ചിലക്ക് പ്രത്യേക അനുവാദം കൊടുത്തതിനും ചിലക്ക് അനുവാദം നിഷേധിച്ചതിനും ഉള്ള കാരണങ്ങൾ.

മി: ടി. പി. രാമസുബ്ബയ്യർ (ആ. ഗവണ്മെന്റു ചീഫ് സെക്രട്ടറി): എ. പ്രസ്താവത്തിലെ വിഷയങ്ങളെ സംബന്ധിച്ച സർക്കുലറുകൾ അയച്ചിട്ടുണ്ട്.

ഒരു സർക്കുലർ സ്കൂൾ ഫീസ് ലിഷയത്തെപ്പററിയാണ്. വിദ്യാർത്ഥികളോടു പണം പിരിക്കുന്നത് അതു വിരോധിക്കുന്നില്ല. എന്നാൽ വിദ്യാർത്ഥികൾ പണം കൊടുക്കുന്നതു സ്വമനസ്സാലെ ആയിരിക്കണമെന്നും പണം കൊടുക്കാൻ ആരേയും നിർബന്ധിക്കരുതെന്നും അതിൽ പറഞ്ഞിട്ടുണ്ട്.

വേറൊരു സർക്കുലർ കളികൾ, ശരീരാഭ്യാസങ്ങൾ, പുസ്തകശാല മുതലായവയ്ക്കു പ്രത്യേക ഫീസു വസൂലാക്കാൻ പാടില്ലെന്നു വിദ്യാഭ്യാസ കോഡു ...-ാം ചട്ടം വിരോധിച്ചിട്ടുള്ളതിലേക്ക് എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കമാത്രമേ ചെയ്യുന്നുള്ളു.

പരീക്ഷയ്ക്കുള്ള കടലാസു വിഷയത്തിനെ സംബന്ധിച്ച് ഡയറക്ടർ തീരിട്ട ഉത്തരവുകൾ അയച്ചിട്ടില്ല. എന്നാൽ ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാർ തങ്ങളുടെ കീഴിലുള്ള സ്കൂളുകൾക്കു ഉത്തരവുകൾ അയക്കണമെന്നു ഡയറക്ടർ അവരോടു ഉപദേശിച്ചിട്ടുണ്ട്. പരീക്ഷയെ സംബന്ധിച്ചുള്ള പണപ്പിരിവു കേവലം വിരോധിക്കണമെന്നു വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടരോടു വശ്യപ്പെട്ട അങ്ങനെയുള്ള പണപ്പിരിവു വിരോധിക്കണമെന്നും വല്ല കാര്യത്തിലും അനുവാദം കൊടുക്കണമെന്നു അവർക്കു തോന്നുന്നപക്ഷം ഡയറക്ടരുടെ പ്രത്യേകാനുവാദം വാങ്ങേണ്ടതാണെന്നും ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർക്കും പെൺപള്ളിക്കൂടം ഇൻസ്പെക്ട്രസ്സിനും ട്രെയിനിങ്ങ് കാളേജ് പ്രിൻസിപ്പാളിനും ഉപദേശം കൊടുക്കപ്പെട്ടിരുന്നു.

ഡി. ഒന്നാംഭാഗം മറുപടിയിൽ പറഞ്ഞിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ മേശപ്പുറത്തു വെച്ചിരിക്കുന്നു.* മേൽപറഞ്ഞ ഉത്തരവുകൾ അയച്ചതിനുശേഷം അവയ്ക്കു വിപരീതമായി പണപ്പിരിവു നടത്തിയതിന്റെ ഒരു ഉദാഹരണം മാത്രമേ ഡയറക്ടരുടെ ദൃഷ്ടിയിൽ പെട്ടിട്ടുള്ളൂ. അതു കൊല്ലം വെർണാക്കുലർ ഹൈസ്കൂളിലായിരുന്നു.

സി. എ. ലൈബ്രറി, കളികൾ, പരീക്ഷകൾ മുതലായവയ്ക്കു പ്രൈവററ് ഇംഗ്ലീഷ് സ്കൂളുകളിൽ പണപ്പിരിവു നടത്താമെന്നു ഗവണ്മെന്റു നിശ്ചയിച്ചിട്ടുള്ള പ്രകാരം പ്രൈവററ് ഇംഗ്ലീഷ് സ്കൂളുകൾക്ക് ഓരോരോ സമയം ഡയറക്ടർ അങ്ങനെ പണപ്പിരിവു നടത്താൻ പ്രത്യേക അനുവാദം കൊടുത്തിട്ടുണ്ട്.

ബി. ഉണ്ട്.

സി. ഓരോ കാര്യവും അതാതിന്റെ യോഗ്യതയെ ഗണിച്ചിട്ടാകുന്നു. എന്നാൽ സി. എ. ഭാഗം മറുപടിയിൽ പ്രസ്താവിച്ച ഗവണ്മെന്റുത്തരവിനെ അനുസരിച്ച് സാധാരണയായി പ്രൈവററ് ഇംഗ്ലീഷ് സ്കൂളുകളുടെ കാര്യത്തിൽ അനുവാദം കൊടുക്കയും ഡിപ്പാർട്ടുമെന്റുവക ഇംഗ്ലീഷ് സ്കൂളുകളുടെ കാര്യത്തിൽ അനുവാദം നിഷേധിക്കയും ചെയ്യുകയുമാകുന്നു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): പേർഷ്യ ..., ഹെഡ്മാസ്റ്റർമാർ ഏ...സ്പെഷ്യൽ ഫീസു വാങ്ങിക്കാൻ ചക്രം പിരിക്കുന്നുണ്ട്. അങ്ങനെ പിരിക്കുന്നതിൽ അത്യാവശ്യം കഴിഞ്ഞു ബാക്കി വരുന്നതു എന്തിനു ഉപയോഗിക്കുന്നു എന്നറിയാമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർക്കുലർ മെമ്പർ വായിച്ചുകാണുമല്ലോ?

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): വായിച്ചിട്ടുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഡയറക്ടരുടെ ഉത്തരവിൻപ്രകാരം ഇൻസ്പെക്ടർ അയച്ച സർക്കുലറിൽ ഇങ്ങനെ ചക്രം പിരിക്കാൻ പാടില്ല, എന്നു പറഞ്ഞിട്ടുണ്ട്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇപ്പോൾ പിരിക്കുന്നുണ്ട്. അതിനെപ്പററിയാണു ഞാൻ പറയുന്നത്.

മി: ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു ചട്ടത്തിനു വിപരീതമാണു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇങ്ങനെ ചക്രം പിരിക്കാൻ പാടില്ല എന്നു ഗവണ്മെന്റു കർശനമായ ഒരു ഉത്തരവു അയക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): ഏതു സ്കൂളിൽ അതു പിരിച്ചു എന്നു പറഞ്ഞാൽ അതിനെപ്പററി അന്വേഷിക്കാം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക) മാവേലിക്കര ഹൈസ്കൂളിൽ ചോദ്യക്കടലാസ് അച്ചടിച്ചു കൊടുക്കാനായി ചക്രം പിരിക്കയുണ്ടായി അല്ലാതെ, കുട്ടികൾക്കു ഉത്തരം എഴുതുന്നതിലേക്കല്ല.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതിനെപ്പററി അന്വേഷിക്കാം.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇതു ന്യായ വിരുദ്ധമായ പ്രവൃത്തിയാണ്. ഇങ്ങനെ പിരിച്ചുകൂടാ എന്നു ഗവണ്മെന്റു നിഷ്കർഷയായി ഉത്തരവാക്കുമോ?

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): സർക്കുലറിന്റെ ഉദ്ദേശം അതാണു.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇങ്ങനെ പിരിക്കുന്ന സംഗതിയിൽ ഓരോ കേസിന്റെയും മെരിട്ടു അനുസരിച്ചു അനുവദിക്കുന്നതാണെന്നു മറുപടിയിൽ കാണുന്നുണ്ട്.

മി: ടി. പി. രാമസുബ്ബയ്യർ (ആ: ഗവണ്മെന്റു ചീഫ് സെക്രട്ടറി): അതു പ്രൈവററു സ്കൂളിനെ സംബന്ധിച്ചാണു.

---

*അനുബന്ധം ... നോക്കുക.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഡിപ്പാർട്ടുമെൻറുസ്റ്റോറുകളിലും ഈ പതിവുണ്ട്. ഇതിന്റെ നിശ്ശേഷം നിവാരണത്തിനായിട്ട് ഗവർമ്മെൻറു ഏതെങ്കിലും ഏർപ്പാടു ചെയ്യുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതിനെപ്പററി ആലോചിക്കാം.

പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിൽ ൧൫ രൂപയും അതിൽ കൂടുതലും
ശമ്പളമുള്ള ക്രിസ്ത്യാനി ഉദ്യോഗസ്ഥന്മാരുടെ പട്ടിക.

൩൪൦. മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): പരസ്പരസഹായസംഘം ഡിപ്പാർട്ടുമെൻറിൽ ൧-൧-൧൧൦൯-ാം തീയതി ൧൫ രൂപയും അതിനുമേലും ശമ്പളമുണ്ടായിരുന്ന ക്രിസ്ത്യാനി ഉദ്യോഗസ്ഥന്മാരുടെ പേരുകളുടങ്ങിയ ഒരു പട്ടിക ഗവർമ്മെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറു ചീഫ്സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട പട്ടിക ഇതോടു ചേർത്തിരിക്കുന്നു.

(എ) ഇൻസ്പെക്ടർമാർ ൭൦-൫/൨-൯൦ രൂപ.

- (൧) വി. എസ്. ഡാനിയൽ
- (൨) കെ. ഐ. തദേവൂസ്
- (൩) കെ. വി. പുന്നൻ
- (൪) പി. കെ. മാത്യു
- (൫) ജി. ചെല്ലയ്യാ

ബി. ക്ലാർക്കുമാർ ൨൦-൨/൩-൩൦

എ. ജോർജ്.

ഹൈക്കോടതിജഡ്ജിമാരുടെ സീനിയാറിററി.

൩൪൧. മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): താഴെപറയുന്ന വിവരങ്ങൾ ഗവർമ്മെൻറു ദയവായി പറയുമോ?

(എ) താഴെപ്പറയുന്ന ഉദ്യോഗസ്ഥന്മാരെ ഹൈക്കോടതിയിൽ നിയമിച്ച തീയതികൾ.

- (൧) മി. എ. വെങ്കിട്ടരാവു.
- (൨) മി. പി. കെ. നാരായണപിള്ള
- (൩) മി. കെ. കെ. ചാക്കോ

(ബി) മി: വെങ്കിട്ടരാവു ഗവർമ്മെൻറു സർവീസിൽ പ്രവേശിച്ചതീയതി.

(സി) അദ്ദേഹത്തിന്റെ ആരംഭശമ്പളം.

(ഡി) മി. കെ. കെ. ചാക്കോ ഗവർമ്മെൻറു സർവീസിൽ പ്രവേശിച്ച തീയതി.

(ഇ) അദ്ദേഹത്തിന്റെ ആരംഭശമ്പളം.

(എഫ്) മി. കെ. കെ. ചാക്കോയെ ഡിസ്ത്രിക്ട്ജഡ്ജിയായി നിയമിച്ച തീയതി.

(ജി) ആ ഉദ്യോഗത്തിന്റെ അന്നത്തെ ശമ്പളം.

(എച്ച്) മി. ചാക്കോയെ ഡിസ്ത്രിക്ട്ജഡ്ജിയായി നിയമിച്ചതീയതി മി. വെങ്കിട്ടരാവുവിനു കിട്ടിയിരുന്ന ശമ്പളം.

(ഐ) മി. ചാക്കോ ഹൈക്കോടതിയിൽ എത്രപ്രാവശ്യം ആക്ട്ചെയ്തിട്ടുണ്ട്.

(ജെ) ഡിസ്ത്രിക്ട്കോടതിയിലേക്കു എത്രപ്രാവശ്യം മടങ്ങിപ്പോയിട്ടുണ്ട്.

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറു ചീഫ്സെക്രട്ടറി).

(എ) (൧) ൧൦-൧൧-൧൧൦൮.

(൨) ൧൦-൧൧-൧൧൦൮.

(൩) ൧൦-൧൧-൧൧൦൮.

(ബി) ൨൪-൩-൧൦൭൫.

(സി) ൧൦൦-൨൫/൨-൧൫൦ രൂപാ സ്കെയിലിൽ ൧൦൦ രൂപ.

(ഡി) ൭-൧-൧൦൮൨.

(ഇ) ൧൫൦-൨൫-൨൫൦ രൂപ സ്കെയിലിൽ ൨൦൦ രൂപ.

(എഫ്) ൨൭-൭-൧൧൦൦.

(ജി) ൫൦൦-൫൦/൨-൬൦൦ രൂപ.

(എച്ച്) ൨൫൦ രൂപയും ഹെഡ്സർക്കാർവക്കീലിന്റെയും അഡീഷണൽ ഹെഡ്സർക്കാർവക്കീലിന്റെയും ജോലികൾ ചാർജ്‌വഹിച്ചതിനു ൧൦൦ രൂപാ ചാർജ്അലവൻസും.

(ഐ) മൂന്നുപ്രാവശ്യം.

(ജെ) മൂന്നുപ്രാവശ്യം.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): ൫൦൦ രൂപാ മുതൽ ൬൦൦ രൂപാവരെ സ്കെയിലിൽ ശമ്പളം വാങ്ങിക്കുന്ന സീനിയർ ഡിസ്ത്രിക്‌റ്റ് ജഡ്ജിയുണ്ടായിരിക്കെ അവരുടെ അവകാശത്തെ അവഗണിച്ച ഹെഡ്സർക്കാർവക്കീൽ ചാർജുവഹിക്കുന്ന ആളിനെ ഹൈക്കോർട്ടു സീനിയർ ജഡ്ജിയാക്കാനുള്ള കാരണം എന്തു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറു ചീഫ്സെക്രട്ടറി): അതു രണ്ടു താരതമ്യപ്പെടുത്തിനോക്കാൻ സാധിക്കുന്നതല്ല. ഹെഡ്സർക്കാർവക്കീൽ ഏതാണ്ടു സമയം മാത്രമേ സർക്കാർ ജോലിക്കു ഉപയോഗപ്പെടുത്തുന്നുള്ളു. അതിനുതക്കവണ്ണമുള്ള ശമ്പളമാണ് കൊടുക്കുന്നതു്. എന്നാൽ നേരെമറിച്ച ഡിസ്ത്രിക്റ്റ്ജഡ്ജിമാർ മുഴുവൻസമയം സർക്കാർജോലിക്കു ഉപയോഗപ്പെടുത്തുന്നവരാണ്. അതിലേക്കാണു് അവർക്കു ശമ്പളം. ശമ്പളം കൊണ്ടു ശമ്പളക്കൂടുതൽ ഉള്ള ആൾ സീനിയറാണെന്നു നിശ്ചയിക്കാൻ പാടില്ല.

മി. വി. ജെ. ഉമ്മൻ (വ്യാപാരവും വ്യവസായവും, വടക്ക): ഏതു തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് അങ്ങിനെ നിശ്ചയിച്ചതു്?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെൻറു ചീഫ്സെക്രട്ടറി). തത്വമാണ് ഞാൻ ഇപ്പോൾ പറ

ണയ്. ഹെഡ്സർക്കാർവക്കീലിനു സർക്കാർകേസ്സുകൾ നോക്കുന്നതിനുമാത്രമാണ് ശമ്പളം കൊടുക്കുന്നത്. അദ്ദേഹം മുഴുവൻ സമയവും ജോലിചെയ്യുന്ന ആഫീസരല്ല. പ്രൈവറ്റുകേസ്സുകളും നോക്കാം. ഡിസ്ത്രിക്ട് ജഡ്ജി മുഴുവൻ സമയവും ഗവർമ്മെന്റുജോലിക്കു ഉപയോഗിക്കേണ്ട ഒരു ആഫീസറാണ്. അതുകൊണ്ട് അവർ തമ്മിൽ താരതമ്യപ്പെടുത്താൻ പാടില്ല.

മിസ്സസ് വീയറുക്കുകൊടുത്ത വ്യവസായവായ്പ.

൩൨൧. മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മിഎർ): താഴെപറയുന്ന സംഗതികൾ ഗവർമ്മെന്റ മയവായി പറയുമോ?

(എ) മിസ്സസ് വീയറുക്കു വല്ല വ്യവസായവായ്പയും അനുവദിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ വായ്പയുടെ സംഖ്യ എന്തു?

(സി) വായ്പയുടെ ഉദ്ദേശം.

(ഡി) വായ്പകൊടുത്ത തീയതി.

(ഇ) മടക്കികൊടുത്ത സംഖ്യകളും തീയതികളും.

(എഫ്) ജാമ്യംകൊടുത്ത വസ്തുവിന്റെ വില എന്തു്?

(ജി) ഈ വസ്തുവിന്മേൽ വല്ല മുൻകടവും ഉണ്ടായിരുന്നോ? ഉണ്ടായിരുന്നെങ്കിൽ അതിന്റെ സംഖ്യ.

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റുസെക്രട്ടറി) (എ) ഉണ്ടു്.

(ബി) ൨൫൦൦ രൂപ.

(സി) റൊട്ടിയും പലഹാരവും ഉണ്ടാക്കുന്നതിനു.

(ഡി) ൨൭-൩-൧൧൦൨.

(ഇ) കടത്തിന്റെ പലിശവകയിൽ ൭൧ രൂപ ൨൫ ചക്രം ൧൧൦൨ മകരം ൩൧-൧൧൦൩-ാമാണ്ടു വരെ തീയതി കൊടുത്തു. തവണപ്രകാരം കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല.

(എഫ്) ൧൨,൫൩൪ രൂപ ൮ ചക്രം.

(ജി) ഉണ്ടു്. ൧൦,൦൦൦ രൂപ.

സെക്രട്ടറിയേറ്റിലെ ആക്ടിംഗ് ഗ്രാഡ്വേറ്റ് ഗുമസ്തന്മാരെ സ്ഥിരപ്പെടുത്തൽ.

൩൨൨. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്നസംഗതികൾ ഗവർമ്മെന്റ മയവായി പറയുമോ?

(എ) കഴിഞ്ഞ നിയമസഭായോഗത്തിന്റെശേഷം സ്ഥിരപ്പെടുത്തപ്പെട്ട ആക്ടിംഗ് ഗ്രാഡ്വേറ്റുഗുമസ്ഥന്മാരുടെ എണ്ണം.

(ബി) ഈ സഭയിലെ ഒരു ചോദ്യത്തിന്നു മറുപടിയായി പ്രസ്താവംചെയ്ത സിദ്ധാന്തമനുസരിച്ചാണോ സ്ഥിരപ്പെടുത്തിയതു?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവർമ്മെന്റ ചീഫ് സെക്രട്ടറി): (എ) ൨.

(ബി) അതേ.

തിരുവനന്തപുരം ഡിവിഷൻ താലൂക്കാഫീസുകളിൽ ജോലിചെയ്യുന്ന ആക്ടിംഗ് അണ്ടർ ഗ്രാഡ്വേറ്റ് ഗുമസ്ഥന്മാരെപ്പറ്റിയുള്ള വിവരങ്ങൾ.

൩൨൩. മി. ഡി. സി. ജോസഫ് (അഗസ്തീശ്വരം): താഴെപറയുന്ന വിവരങ്ങൾ ഗവർമ്മെന്റു മയവായി പറയുമോ?

(എ) തിരുവനന്തപുരം ഡിവിഷനിലെ എല്ലാതാലൂക്കുകളിലും ആക്ട്ചെയ്യുന്ന അണ്ടർഗ്രാഡ്വേറ്റുഗുമസ്ഥന്മാരുടെ എണ്ണം.

(ബി) അവരെ ആദ്യം നിയമിച്ച തീയതികൾ.

(സി) അവരുടെ ഇപ്പോഴത്തെ (൧൧-൮-൧൧൦൩) സ്ഥാനം.

(ഡി) അവർ ഓരോരുത്തരും ഏതു സമുദായത്തിൽ പെട്ടവരാണ്.

മി: പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി); (എ) മുതൽ (ഡി) വരെ, ആവശ്യപ്പെട്ട വിവരങ്ങളടങ്ങിയ ഒരു പട്ടിക * മേശപ്പുറത്തു വെച്ചിരിക്കുന്നു.

കൊല്ലം-ആലപ്പുഴ റോഡു നീട്ടുക.

൩൨൪. മി: ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോട്ടും), കൊല്ലം ആലപ്പുഴ റോഡിൽ ഹരിപ്പാട്ട മുതൽ അമ്പലപ്പുഴവരെയുള്ള രണ്ടാം സെക്ഷനിൽ കരുവാറ്റയും തോട്ടപ്പള്ളിയും ഇടയ്ക്കു സെക്ഷൻ ആഫീസർ മി. കെ. ആർ. സുബ്രഹ്മണ്യയ്യർ പണിയൽ ഏറ്റെടുത്തു നടത്തിയപ്പോൾ ആവശ്യപ്പെട്ട മണ്ണും എസ്റ്റിമേറ്റു ചെയ്ത ചെലവും തമ്മിൽ ഗൗരവമായ വ്യത്യാസങ്ങൾ വന്നതിനെ സംബന്ധിച്ച ചീഫ്എഞ്ചിനീയർ എന്തു നടപടി നടത്തി എന്നു ഗവർമ്മെന്റു മയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി), ചീഫ് എൻജിനീയർ സൂപ്പർവയിസറെ താക്കീതുചെയ്തു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോട്ടും): വഴിയമ്പലം പതിച്ചു...

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെന്റ സെക്രട്ടറി): ൩൨൫-ാമത്തെ ചോദ്യമാണ് ഇപ്പോൾ വായിക്കുന്നതു.

കഴിഞ്ഞ ഏഴുവർഷക്കാലം പതിച്ചു കൊടുക്കുകയോ പതിച്ചു കൊടുക്കാൻ അപേക്ഷിച്ചതോ ആയ കാവും അമ്പലവും പുറമ്പോക്കുകൾ.

* അനുബന്ധം ൭൦ നോക്കുക.

൯൪൬. മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കഴിഞ്ഞ ഏഴു വർഷങ്ങളിൽ (൧൦൯൪-൧൧൦൧) ഓരോരോ താലൂക്കിലും രജിസ്റ്റർ ചെയ്തു കൊടുത്തതോ രജിസ്റ്റർ ചെയ്തു കൊടുക്കാൻ അപേക്ഷിച്ചതോ ആയ കാവുപുറമ്പോക്കുകളുടെയും അമ്പലം പുറമ്പോക്കുകളുടെയും എണ്ണം ഗവൺമെൻറു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ടുന്നവിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടിവരുന്ന സമയവും അദ്ധ്വാനവും അതു കൊണ്ടുള്ള ഉപയോഗത്തിനു അനുരൂപമല്ലായ്കയാൽ അങ്ങനെയൊരു പട്ടിക തയ്യാറാക്കാൻ ഗവൺമെൻറു വിചാരിക്കുന്നില്ല.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കാവു പുറമ്പോക്ക്, വഴിയമ്പലം പുറമ്പോക്ക് ഇവ പതിച്ചു കൊടുത്തതോ, അല്ലെങ്കിൽ പതിച്ചു കൊടുക്കുന്നതിനു അപേക്ഷിച്ചിട്ടുള്ളവയോ ആയിട്ടുള്ളതിന്റെ എണ്ണം ഞാൻ ആവശ്യപ്പെട്ടതിന്, അതിനു വേണ്ടി സമയം ചിലവാക്കുന്നതു ഉചിതമല്ലെന്ന മറുപടിയിൽ കാണുന്നു. അങ്ങിനെ പതിച്ചു കൊടുത്തിട്ടുണ്ടെന്നു ഗവൺമെൻറിനറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): പതിച്ചു കൊടുത്തിരിക്കാം, അതിനെപ്പറ്റി അന്വേഷിച്ചു തിട്ടം കണക്കെടുക്കാൻ പ്രയാസമാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അതു പതിച്ചു കൊടുക്കത്തക്കതല്ല എന്നു ഗവർമ്മെൻറിനറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): കാവും, വഴിയമ്പലവും ഗവൺമെൻറിന്റെ അധീനതയിലാണ്, അതിൽ പ്രവേശിച്ചാൽ ഗവൺമെൻറു വേണ്ട നടപടി നടത്തി ഒഴിപ്പിക്കയാണ് ചെയ്യുന്നതു.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): കാവിന്റെയും വഴിയമ്പലത്തിന്റെയും ഉടമസ്ഥാവകാശം ഗവൺമെൻറിനില്ലെന്നറിയാമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): പുറമ്പോക്കാണെങ്കിൽ ഗവൺമെൻറിന്റെ അധീനത്തിലാണ്.

മി. ടി. സി. കേശവപിള്ള (കൽക്കുളവും വിളവങ്കോടും): അവകളെ മേലാൽ പതിച്ചു കൊടുക്കാതിരിക്കാൻ ദയവുണ്ടാകുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവൺമെൻറു സെക്രട്ടറി): ഇപ്പോൾ പറയാൻ നിവൃത്തിയില്ല. അതിനെപ്പറ്റി ആലോചിക്കാം.

വിത്തുകാളകളുടെ പട്ടിക.

൯൪൭. മി. വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): ഗവൺമെൻറിൽ നിന്നു ഗ്രാൻറു അനുവദിച്ചിട്ടുള്ളതായ വിത്തുകാളകളുടെ ഒരു പട്ടിക ഗവൺമെൻറു ദയവായി മേശപ്പുറത്തു വയ്ക്കുമോ?

മി. ടി. പി. രാമസുബ്ബയ്യർ (ആ. ഗവൺമെൻറു ചീഫ് സെക്രട്ടറി): മെമ്പർ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഒരു പട്ടിക ‡ മേശപ്പുറത്തു വച്ചിരിക്കുന്നു.

റിസർവ് വനങ്ങളായി നീക്കിവച്ചിട്ടുള്ള ഭൂമിയുടെ ശതമാനം.

൯൪൮. മി. ഡി. ശങ്കരനാരായണയ്യർ (ചെങ്ങന്നൂരും തിരുവല്ലയും): ഈ സംസ്ഥാനത്തെ ഭൂമികളിൽ എത്ര ശതമാനം ഇപ്പോൾ (൩-൯-൧൧൦൭) റിസർവ് വനങ്ങളായി നീക്കി വച്ചിട്ടുണ്ടെന്നു ഗവൺമെൻറു ദയവായി പറയുമോ?

മി. പി. എൻ. കൃഷ്ണപിള്ള (ഗവർമ്മെൻറു സെക്രട്ടറി): ഉദ്ദേശം ൩൧ ശതമാനം.

---

‡ അനുബന്ധം ൭൧ നോക്കുക.

അനുബന്ധം ൪൨.

൩൩൮-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

അഞ്ചൽ ഡിപ്പാർട്ടുമെന്റിൽ ൨൦ രൂപയും അതിലധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതി തിരിച്ചുള്ള പട്ടിക.

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപ	ജാതി
൧	സി. കെ. നാഗൻപിള്ള	അഞ്ചൽസൂപ്രണ്ട്		൩൦൦ പി. എ. ൪൦	നായർ
൨	പി. പരമേശ്വരയ്യർ	അഞ്ചൽഇൻസ്പെക്ടർ	ഹെഡാഫീസ്	൧൨൫ പി. എ. ൩൦	ബ്രാഹ്മണൻ
൩	എച്ച്. ശിവരാമയ്യർ	ടി	പത്മനാഭപുരം	൧൧൫	ടി
൪	കെ. എസ്. പത്മനാഭയ്യർ	ടി	മാവേലിക്കര	൯൫	ടി
൫	മാമ്മൻമത്തായി	ടി	മൂവാററുപുഴ	൯൧	മാർത്തോമ്മ
൬	കെ. ജി. നാണുപിള്ള	ടി	കൊല്ലം	൮൫	നായർ
൭	വി. സുബ്രഹ്മണ്യയ്യർ	ടി	തിരുവനന്തപുരം	൯൫	ബ്രാഹ്മണൻ
൮	കെ. വൈ. ശങ്കരയ്യർ	ടി	ആലപ്പുഴ	൯൪	ടി
൯	കെ. നാരായണയ്യർ	ടി	കോട്ടയം	൯൧	ടി
൧൦	ആർ. അനന്തകൃഷ്ണയ്യർ	ടി	അഞ്ചൽസൂപ്രണ്ടാഫീസ്	൮൭ എൽ. എ. ൨൦	ടി
൧൧	കെ. കുഞ്ഞുകൃഷ്ണൻചെട്ടിയാർ	ഹെഡ് അക്കൌണ്ടന്റ	ടി	൭൦	മററു ഹിന്ദു
൧൨	പി. എൻ. പരമേശ്വരൻപിള്ള	ഹെഡ് ഗുമസ്തൻ	ടി	൭൦	നായർ
൧൩	ആർ. ചെമ്പകരാമൻപിള്ള	ഗുമസ്തൻ	ടി	൫൦	വെള്ളാളൻ
൧൪	ടി. കെ. നാരായണപിള്ള	ടി	ടി	൫൦	നായർ
൧൫	എം. വിശ്വനാഥപിള്ള	ടി	ടി	൪൦	വെള്ളാളൻ
൧൬	വി. കൃഷ്ണപിള്ള	ടി	ടി	൪൦	നായർ
൧൭	എസ്. വെങ്കിട്ടരാമയ്യങ്കാർ	ടി	ടി	൪൦	ബ്രാഹ്മണൻ [ക്രി
൧൮	കെ. വി. വർക്കി	ടി	ടി	൪൦	യാക്കോബായക്രിസ്ത്യാ
൧൯	പി. ദേവലം	ടി	ടി	൪൦	പ്രൊട്ടെസ്റ്റന്റ് ക്രിസ്ത്യ
൨൦	എച്ച് വെങ്കിട്ടസുബ്ബയ്യർ	ടി	ടി	൪൦	ബ്രാഹ്മണൻ [ൻ
൨൧	എസ്. മഹാലിംഗംപിള്ള	ടി	ടി	൪൦	വെള്ളാളൻ
൨൨	പി. വെങ്കടാചലമയ്യർ	ടി	ടി	൪൦	ബ്രാഹ്മണൻ
൨൩	കെ. രാമചന്ദ്രറാവു	ടി	ടി	൪൦	ടി
൨൪	കെ. കെ. നീലകണ്ഠപിള്ള	ടി	ടി	൪൦	വെള്ളാളൻ
൨൫	എ. ഭഗവതീശ്വരയ്യർ	ടി	ടി	൪൦	ബ്രാഹ്മണൻ
൨൬	സി. ആർ. സുബ്രഹ്മണ്യയ്യർ	ടി	ടി	൪൦	ടി
൨൭	എൻ. എസ്. ഫെർണാണ്ടസ്	ടി	ടി	൩൫	റോമൻ കത്തോലിക്ക്
൨൮	പി. അനന്തൻപിള്ള	ടി	ടി	൩൫	നായർ [ബാററിൻ
൨൯	എം. ശങ്കരനാരായണയ്യർ	ടി	ടി	൩൫	ബ്രാഹ്മണൻ
൩൦	എ. പത്മനാഭപിള്ള	ടി	ടി	൩൫	വെള്ളാളൻ
൩൧	എസ്. രാമലിംഗയ്യർ	ടി	ടി	൩൦	ബ്രാഹ്മണൻ
൩൨	എച്ച്. മാധവയ്യർ	ടി	ടി	൩൦	ടി
൩൩	ആർ. സുബ്രഹ്മണ്യയ്യർ	ടി	ടി	൩൦	ടി
൩൪	വി. മുഹമ്മദ്യൂസഫ്സാഹിബ്	ടി	ടി	൩൦	മുസൽമാൻ
൩൫	എസ്. നാരായണയ്യർ	ടി	ടി	൩൦	ബ്രാഹ്മണൻ
൩൬	പി. സുബ്രഹ്മണ്യപിള്ള	ടി	ടി	൩൦	വെള്ളാളൻ
൩൭	ഇ. അനന്തസുബ്രഹ്മണ്യയ്യർ	ടി	ടി	൩൦	ബ്രാഹ്മണൻ
൩൮	എസ്. പരമേശ്വരൻപിള്ള	ടി	ടി	൨൫	വെള്ളാളൻ
൩൯	എസ്. ജെ. റൊഡ്രിഗസ്	ടി	ടി	൨൫	റോമൻ കത്തോലിക്ക്
൪൦	ടി. ആർ. കൃഷ്ണസ്വാമിഅയ്യങ്കാർ	ടി	ടി	൨൫	ബ്രാഹ്മണൻ [ബാററിൻ
൪൧	കെ. നാരായണസിംഗ്	ടി	ടി	൨൫	ക്ഷത്രിയൻ(മറഹാത്ത
൪൨	ആർ. ഗോപാലപിള്ള	ടി	ടി	൨൫	നായർ
൪൩	എൻ. പി. ചെല്ലപ്പൻനായർ	ടി	ടി	൨൫	ടി
൪൪	ജി. സ്ഥാണുനായർ	ടി	ടി	൨൫	ടി
൪൫	കെ. ടി. ചക്കി	ടി	ടി	൨൫	യാക്കോബായിററ്
൪൬	എൻ. എസ്. ഗോപാലപിള്ള	ടി	ടി	൨൦	നായർ
൪൭	കെ. എ. വർഗ്ഗീസ്	ടി	ടി	൨൦	യാക്കോബായിററ്
൪൮	ടി. ആർ. ശങ്കരനാരായണയ്യർ	ടി	ടി	൨൦	ബ്രാഹ്മണൻ
൪൯	കെ. കേശവപിള്ള	ടി	ടി	൨൦	നായർ
൫൦	ജി. രാമചന്ദ്രകമ്മത്തി	അഞ്ചൽമാസ്റ്റർ	തിരുവനന്തപുരം	൭൦ എൽ. എ. ൧൦	മററുഹിന്ദു
൫൧	എസ്. വേലായുധൻപിള്ള	ടി	കോട്ടയം	൬൦	വെള്ളാളൻ

അഞ്ചൽഡിപ്പാർട്ടുമെന്റ (തുടൎച്ച)

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപ	ജാതി
൫൨	പി. ഇ. ജോൺ	അഞ്ചൽമാസ്റ്റർ	കൊല്ലം	൬൦	പ്രൊട്ടെസ്റ്റന്റ്
൫൩	എം. സി. ജോൺ	ടി	നാഗരുകോവിൽ	൬൦	യാക്കോബബാവ (ശീൎഷകാലാവധിയിൽ)
൫൪	എൻ. സുബ്രഹ്മണ്യപിള്ള	ടി	ചാല	൬൦	വെള്ളാളൻ
൫൫	എസ്. വാപ്പുകണ്ണു	ടി	ആലപ്പുഴ	൬൦	മുസൽമാൻ
൫൬	ആർ. ചന്ദ്രശേഖരയ്യർ	ടി	ചേത്തൂർ	൫൦	ബ്രാഹ്മണൻ
൫൭	ജി. ശ്രീനിവാസയ്യങ്കാർ	ടി	ആററിങ്ങൽ	൫൦	ടി
൫൮	എം. പി. തോമസ്	ടി	കൊട്ടാരക്കര	൫൦	യാക്കോബബാവ
൫൯	വി. പത്മനാഭപിള്ള	ടി	ഇരണിയൽ	൫൦	വെള്ളാളൻ
൬൦	എസ്. ചിദംബരയ്യർ	ടി	മാവേലിക്കര	൫൦	ബ്രാഹ്മണൻ
൬൧	വി. ഒ. ജേക്കബ്	ടി	തിരുവല്ല	൫൦	മാർത്തോമാ
൬൨	കെ. രാമകൃഷ്ണപിള്ള	ടി	വൈക്കം	൫൦	നായർ
൬൩	പി. ജെ. ചെറുമാറം	ടി	ചങ്ങനാശ്ശേരി	൫൦	പ്രൊട്ടെസ്റ്റന്റ
൬൪	കെ. എൻ. വേലുപ്പിള്ള	ഡി. അഞ്ചൽമാസ്റ്റർ	തിരുവനന്തപുരം	൫൦	നായർ
൬൫	എം. തോമസ്	അഞ്ചൽമാസ്റ്റർ	ചെങ്ങന്നൂർ	൫൦	മാർത്തോമാ
൬൬	കെ. ശിവപ്പിള്ള	,,	മൂവാററുപുഴ	൪൦	വെള്ളാളൻ
൬൭	എസ്. ശിവരാമകൃഷ്ണയ്യർ	,,	പത്മനാഭപുരം	൪൦	ബ്രാഹ്മണൻ
൬൮	പി. സുബ്രഹ്മണ്യപിള്ള	,,	കുഴിത്തുറ	൪൦	വെള്ളാളൻ
൬൯	സി. പി. ജോസഫ്	,,	കായങ്കുളം	൪൦	റോമൻ കത്തോലിക്ക് (സിറിയാക്ക)
൭൦	പി. ജെ. എബ്രഹാം	,,	ആലുവാ	൪൦	യാക്കോബബാവ
൭൧	പി. ഒ. ജോർജ്	,,	പത്തനംതിട്ട	൪൦	മാർത്തോമ
൭൨	സി. ഐ. വറുഗീസ്	,,	പടനായർകുളങ്ങര	൪൦	യാക്കോബബാവ
൭൩	കെ. രാമകൃഷ്ണപിള്ള	,,	പീരുമേട്	൪൦	നായർ
൭൪	എം. കെ. വേലുപ്പിള്ള	,,	പാലാ	൪൦	ടി
൭൫	എസ്. സുബ്രഹ്മണ്യയ്യർ	,,	ഹരിപ്പാട്	൪൦	ബ്രാഹ്മണൻ
൭൬	പി. എസ്. നാരായണപിള്ള	,,	ചേർത്തല	൪൦	നായർ
൭൭	എസ്. ശിവരാമയ്യർ	,,	തൊടുപുഴ	൪൦	ബ്രാഹ്മണൻ
൭൮	കെ. തോമസ്	,,	മാന്നാനം	൪൦	മാർത്തോമ
൭൯	സി. പത്മനാഭപിള്ള	,,	നെയ്യാററിൻകര	൪൦	വെള്ളാളൻ
൮൦	കെ. നാരായണപിള്ള	,,	കോഴഞ്ചേരി	൪൦	നായർ
൮൧	എസ്. തിരുമലപ്പപിള്ള	,,	കളക്കാട്	൪൦	വെള്ളാളൻ
൮൨	ജി. പാപ്പുദേവൻ	,,	കൊല്ലംപിറവക	൪൦	ഈഴവൻ
൮൩	എസ്. നാരായണറാവു	,,	പേട്ട	൪൦	ബ്രാഹ്മണൻ
൮൪	കെ. രാമകൃഷ്ണയ്യർ	,,	ചിറയിൻകീഴ്	൩൫	ബ്രാഹ്മണൻ
൮൫	കെ. രംഗസ്വാമി അയ്യർ	ഗുമസ്തൻ	ആലപ്പുഴ	൩൫	ടി
൮൬	സി. സുബ്രഹ്മണ്യപിള്ള	ടി	കോട്ടയം	൩൫	വെള്ളാളൻ
൮൭	ഇ. വേലായുധ [illegible]	അഞ്ചൽമാസ്റ്റർ	ബാലരാമപുരം	൩൫	ഈഴവൻ
൮൮	എം. ശിവസുബ്രഹ്മണ്യപിള്ള	ഗുമസ്തൻ	തിരുവനന്തപുരം	൩൫	വെള്ളാളൻ
൮൯	സി. പി. ചിദംബരനാരായണപിള്ള	അഞ്ചൽമാസ്റ്റർ	തിരുവട്ടാർ	൩൫	മറവഹിന്ദു
൯൦	പി. വി. ഗോപാലകൃഷ്ണപിള്ള	,,	തൈക്കാട്ട്	൩൫	വെള്ളാളൻ
൯൧	ആർ. ഗോപാലപിള്ള	ഗുമസ്തൻ	കൊല്ലം	൩൫	നായർ
൯൨	വി. സുബ്രഹ്മണ്യയ്യർ	,,	ചാല	൩൫	ബ്രാഹ്മണൻ
൯൩	പി. കെ. കോശി	അഞ്ചൽമാസ്റ്റർ	വേലിക്കളം	൩൫	മാർത്തോമ
൯൪	പി. പരമേശ്വരൻപിള്ള	ഗുമസ്തൻ	തിരുവനന്തപുരം	൩൫	നായർ
൯൫	എൻ. അപ്പാവുപിള്ള	അഞ്ചൽമാസ്റ്റർ	പൊൻകുന്നം	൩൫	വെള്ളാളൻ
൯൬	ഇ. ശങ്കരനാരായണയ്യർ	,,	നെടുമങ്ങാട്	൩൫	ബ്രാഹ്മണൻ
൯൭	വേലുപ്പൻ തമ്പി	,,	കൊളച്ചൽ	൩൫	നായർ
൯൮	എസ്. നാരായണപിള്ള	,,	കോതമംഗലം	൩൫	ടി
൯൯	എൻ. ഗോവിന്ദപ്പിള്ള	,,	കഴക്കൂട്ടം	൩൫	ടി
൧൦൦	റി. രാമലിംഗംപിള്ള	,,	പുനലൂർ	൩൫	വെള്ളാളൻ
൧൦൧	ജി. പരമേശ്വരയ്യർ	,,	അടൂർ	൩൫	ബ്രാഹ്മണൻ
൧൦൨	എസ്. കൃഷ്ണയ്യർ	,,	ശുചീന്ദ്രം	൩൫	ടി

അഞ്ചൽഡിപ്പാർട്ടുമെന്റ് —(തുടർച്ച).

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപ	ജാതി
൧൦൩	ആർ. സീതാറാം	അഞ്ചൽമാസ്റ്റർ	അമ്പലപ്പുഴ	൩൫	ക്ഷത്രിയൻ (മറാഷ്ഠി)
൧൦൪	ജെ. ഒ. തോമസ്	ടി	ഇരവിപേരൂർ	൩൫	മാർത്തോമാ
൧൦൫	ആർ. ശങ്കരപ്പിള്ള	ടി	പറവൂർ	൩൫	നായർ
൧൦൬	ററി. മാധവൻ	ടി	പെരിനാട്	൩൫	ഈഴവൻ
൧൦൭	കെ. കെ. ചെറിയാൻ	ടി	പെരുമ്പാവൂർ	൩൫	മാർത്തോമാ
൧൦൮	കെ. കെ. കുര്യൻ	ടി	കാഞ്ഞിരപ്പള്ളി	൩൫	യാക്കോബൈറ്റ്
൧൦൯	വി. അനന്തസുബ്രഹ്മണ്യയ്യർ	ഗുമസ്തൻ	ചാല	൩൫	ബ്രാഹ്മണൻ
൧൧൦	എം. ശങ്കരപ്പിള്ള	അഞ്ചൽമാസ്റ്റർ	കായിക്കര	൩൫	നായർ
൧൧൧	ജി. സുബ്രഹ്മണ്യയ്യർ	ഗുമസ്തൻ	തിരുവനന്തപുരം	൩൫	ബ്രാഹ്മണൻ
൧൧൨	കെ. ഒ. മത്തായി	അഞ്ചൽമാസ്റ്റർ	ഏററുമാനൂർ	൩൫	യാക്കോബൈറ്റ്
൧൧൩	എം. ചാക്കി	ഗുമസ്തൻ	തിരുവല്ല	൩൫	മാർത്തോമാ
൧൧൪	എൻ. രാമയ്യർ	അഞ്ചൽമാസ്റ്റർ	അരൂക്കുററി	൩൫	ബ്രാഹ്മണൻ
൧൧൫	കെ. എൻ. കേശവപിള്ള	ടി	കോട്ടയം	൩൫	നായർ
൧൧൬	കെ. സി. വർഗ്ഗീസ്	ഗുമസ്തൻ	ആലപ്പുഴ	൩൫	യാക്കോബൈറ്റ്
൧൧൭	ററി. എം. മത്തായി	ടി	കൊല്ലം	൩൫	മാർത്തോമാ
൧൧൮	കെ. എസ്. നാരായണപിള്ള	അഞ്ചൽമാസ്റ്റർ	വടശ്ശേരിക്കര	൩൫	നായർ
൧൧൯	രാമൻ നമ്പൂതിരിപ്പാട്	ടി	ചവറ	൩൫	മലയാളബ്രാഹ്മണൻ
൧൨൦	പരമേശ്വരൻ ഇളയടം	ടി	ഇടപ്പള്ളി	൩൫	നായർ
൧൨൧	എം. സുബ്രഹ്മണ്യപിള്ള	ഗുമസ്തൻ	കൊട്ടാരക്കര	൩൫	വെള്ളാളൻ
൧൨൨	എസ്. കൃഷ്ണപിള്ള	ടി	തിരുവനന്തപുരം	൩൫	നായർ
൧൨൩	ജി. ശങ്കരപ്പിള്ള	അഞ്ചൽമാസ്റ്റർ	മുണ്ടക്കയം	൩൫	ടി
൧൨൪	ആർ. നീലകണ്ഠപ്പിള്ള	ടി	പേരൂർക്കട	൩൫	ടി
൧൨൫	സി. അഴകപ്പാപിള്ള	ഗുമസ്തൻ	നാഗർകോവിൽ	൩൫	വെള്ളാളൻ
൧൩൬	വി. ററി. തോമസ്	ടി	കോട്ടയം	൩൫	പ്രൊട്ടസ്റ്റന്റ്
൧൨൭	ആർ. രാമനാഥയ്യൻ	ടി	കൊല്ലം	൩൫	ബ്രാഹ്മണൻ
൧൨൮	എൻ. അച്യുതൻപിള്ള	അഞ്ചൽമാസ്റ്റർ	വർക്കല	൩൫	നായർ
൧൨൯	കെ. കൃഷ്ണയ്യർ	ഗുമസ്തൻ	ചങ്ങനാശ്ശേരി	൩൫	ബ്രാഹ്മണൻ
൧൩൦	എസ്. ചിദംബരംപിള്ള	ടി	കൊല്ലം	൩൦	വെള്ളാളൻ
൧൩൧	എസ്. ധർമ്മരാജയ്യൻ	ടി	അഞ്ചൽ ഇൻസ്പെക്ടറാപ്പീസ് തിരുവനന്തപുരം ഡിവിഷൻ	൩൦	ബ്രാഹ്മണൻ
൧൩൨	എം. രാമൻപിള്ള	ടി	ടി കോട്ടയം	൩൦	നായർ
൧൩൩	കെ. ഇ. ഈപ്പൻ	ടി	ടി മൂവാററുപുഴ	൩൦	മാർത്തോമാ
൧൩൪	ററി. ചൊക്കലിംഗംപിള്ള	ടി	ടി പത്മനാഭപുരം	൩൦	വെള്ളാളൻ
൧൩൫	പി. രാമകൃഷ്ണയ്യർ	ടി	ടി മാവേലിക്കര	൩൦	ബ്രാഹ്മണൻ
൧൩൬	ആർ. ചിദംബരയ്യർ	ടി	ടി ആലപ്പുഴ	൩൦	ടി
൧൩൭	എൻ. കൃഷ്ണശർമ്മാ	ടി	തിരുവനന്തപുരം	൩൦	ടി
൧൩൮	കെ. വെങ്കിടാചലയ്യർ	ടി	പരൂർ	൩൦	ടി
൧൩൯	എസ്. അപ്പാവു അയ്യർ	ടി	തിരുവനന്തപുരം	൩൦	ടി
൧൪൦	പി. എ. കൃഷ്ണപിള്ള	ടി	കോട്ടയം	൩൦	നായർ
൧൪൧	എം. തോമസ്	അഞ്ചൽമാസ്റ്റർ	മല്ലപ്പള്ളി	൩൦	യാക്കോബൈറ്റ്
൧൪൨	കെ. ശങ്കരക്കുറുപ്പ്	ഗുമസ്തൻ	ചേർത്തല	൩൦	നായർ
൧൪൩	പി. താണുപിള്ള	അഞ്ചൽമാസ്റ്റർ	കോട്ടാർ	൩൦	വെള്ളാളൻ
൧൪	എം. താണുപിള്ള	ടി	കുണ്ടറ	൩൦	നായർ
൧൪൫	ററി. ആർ. ഗോവിന്ദപ്പിള്ള	ടി	എടത്വാ	൩൦	ടി
൧൪൬	കെ. എൻ. നാരായണൻ	ഗുമസ്തൻ	ഹരിപ്പാട്	൩൦	ഈഴവൻ
൧൪൭	ആർ. എം. ചാണ്ടി	അഞ്ചൽമാസ്റ്റർ	കിളിമാനൂർ	൩൦	യാക്കോബൈറ്റ്
൧൪൮	കെ. സി. ജാൺ	ഗുമസ്തൻ	ചെങ്ങന്നൂർ	൩൦	മാർത്തോമാ
൧൪൯	എ. സുബ്രഹ്മണ്യപിള്ള	അഞ്ചൽമാസ്റ്റർ	പുനക്കട	൩൦	വെള്ളാളൻ
൧൫൦	എം. പത്മനാഭപിള്ള	ടി	ചാത്തന്നൂർ	൩൦	നായർ
൧൫൧	പി. വേലുപ്പിള്ള	ഗുമസ്തൻ	നെയ്യാററിൻകര	൩൦	ടി
൧൫൨	എ. നരസിംഗറാവു	ടി	ചങ്ങനാശ്ശേരി	൩൦	മറാഷ്ഠി
൧൫൩	തൊമ്മൻ ഇട്ടൻ	അഞ്ചൽമാസ്റ്റർ	താഴത്തങ്ങാടി	൩൦	യാക്കോബൈറ്റ്
൧൫൪	ആർ. നാരായണപിള്ള	ടി	കുന്നത്തുകളം	൩൦	നായർ

അഞ്ചൽഡിപ്പാർട്ടുമെൻറു-(തുടർച്ച)

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപാ	ജാതി
൧൫൫	സി. ഏ. വറുഗീസ്	അഞ്ചൽമാസ്റ്റർ	നിരണം	൩൦	യാക്കോബൈറ്റ്
൧൫൬	സി. വർഗ്ഗീസ്	ഗുമസ്തൻ	കൊട്ടാരക്കര	൩൦	ടി
൧൫൭	സി. പി. ജോസഫ്	അഞ്ചൽമാസ്റ്റർ	ചെറുകച്ചാൽ	൩൦	ടി
൧൫൮	എ. എം. ജോൺ	ഗുമസ്തൻ	കായംകുളം	൩൦	പ്രോട്ടസ്റ്റൻറ്
൧൫൯	ടി. കെ. മാത്തു	അഞ്ചൽമാസ്റ്റർ	കുറവിലങ്ങാട്	൩൦	ടി
൧൬൦	കെ. ജെ. ജോൺ	ഗുമസ്തൻ	തിരുവനന്തപുരം	൩൦	ടി
൧൬൧	പി. മാണിക്കവാസകംപിള്ള	ടി	കുഴിത്തുറ	൩൦	വെള്ളാളൻ
൧൬൨	കെ. വി. കൃഷ്ണപിള്ള	അഞ്ചൽമാസ്റ്റർ	ബോണാമി	൩൦	നായർ
൧൬൩	പി. എസ്. നാരായണപിള്ള	ടി	ഈരാററുപേട്ട	൩൦	ടി
൧൬൪	എം. ഷംസുദ്ദീൻ	ടി	കാഞ്ഞിരപ്പള്ളി	൩൦	റോമൻസിറിയ
൧൬൫	വി. ഗോപാലപ്പണിക്കർ	ഗുമസ്തൻ	ആററങ്ങൽ	൩൦	ഈഴവൻ ക്രിസ്ത്യൻ
൧൬൬	ടി. ജി. നാരായണമേനോൻ	അഞ്ചൽമാസ്റ്റർ	മാന്നാനം	൩൦	നായർ
൧൬൭	പി. നീലകണ്ഠൻ	ടി	വെള്ളനാട്	൩൦	ഈഴവൻ
൧൬൮	ശങ്കരപ്പിള്ള	ഗുമസ്തൻ	ആയൂർ	൩൦	നായർ
൧൬൯	തിരുവഴിമാർപിള്ള	അഞ്ചൽമാസ്റ്റർ	ഭൂതപ്പാണ്ടി	൩൦	വെള്ളാളൻ
൧൭൦	ആർ. രഘുപതിഅയ്യർ	ടി	കരമന	൩൦	ബ്രാഹ്മണൻ
൧൭൧	എൻ. ഗുരുസ്വാമിഅയ്യർ	ഗുമസ്തൻ	അഞ്ചൽഇൻസ്പെക്ടരാഫീസ് ഹൈറേഞ്ച്	൩൦	ടി
൧൭൨	കെ. പി. ഗണപതിഅയ്യർ	അഞ്ചൽമാസ്റ്റർ	ചൂളേക്കട	൩൦	ടി
൧൭൩	എസ്. പത്മനാഭൻനായർ	ടി	ചേരം	൩൦	നായർ
൧൭൪	എസ്. പത്മനാഭപിള്ള	ഗുമസ്തൻ	ഇരണിയൽ	൩൦	വെള്ളാളൻ
൧൭൫	എം. സുബ്ബുപിള്ള	അഞ്ചൽമാസ്റ്റർ	പാറശ്ശാല	൩൦	ടി
൧൭൬	ആർ. [illegible]പിള്ള	ഗുമസ്തൻ	പത്മനാഭപുരം	൩൦	മറവഹിന്ദു
൧൭൭	കെ. പി. ജോസഫ്	ടി	കൊല്ലം	൩൦	മാർത്തോമാ
൧൭൮	എം. സി. തോമസ്	ടി	തിരുവനന്തപുരം	൩൦	ആംഗ്ലിക്കൻസിറിയൻ
൧൭൯	എസ്. ശങ്കരനാരായണയ്യർ	അഞ്ചൽമാസ്റ്റർ	തലവടി	൩൦	ബ്രാഹ്മണൻ
൧൮൦	ഈശോവർഗ്ഗീസ്	ഗുമസ്തൻ	തിരുവനന്തപുരം	൩൦	യാക്കോബൈറ്റ്
൧൮൧	മീരാപിള്ളറാവുത്തർ	ടി	ടി	൩൦	മഹമ്മദീയൻ
൧൮൨	എസ്. ശേഷയ്യർ	അഞ്ചൽമാസ്റ്റർ	തെക്കാട്ടുവല്ലയി	൩൦	ബ്രാഹ്മണൻ
൧൮൩	ഗോപാലകൈമൾ	ടി	കിടങ്ങൂർ	൩൦	നായർ
൧൮൪	പി. ഐ. മാത്തൻ	ടി	ആലപ്പുഴചിറവക	൩൦	മാർത്തോമ
൧൮൫	എൻ. കൃഷ്ണപിള്ള	ഗുമസ്തൻ	മാവേലിക്കര	൩൦	നായർ
൧൮൬	സി. ഐ. ജോസഫ്	ടി	കോട്ടയം	൩൦	യാക്കോബൈറ്റ്
൧൮൭	ഡി. ഹരിഹരയ്യർ	അഞ്ചൽമാസ്റ്റർ	അഞ്ചൽ	൩൦	ബ്രാഹ്മണൻ
൧൮൮	കേശവൻനമ്പൂരിപ്പാട്	ഗുമസ്തൻ	ആലപ്പുഴ	൩൦	മലയാളബ്രാഹ്മണൻ
൧൮൯	കെ. വി. പൊന്നംപിള്ള	അഞ്ചൽമാസ്റ്റർ	കോന്നി	൩൦	വെള്ളാളൻ
൧൯൦	പി. ടി. ചെറിയാൻ	ഗുമസ്തൻ	തിരുവല്ല	൩൦	മാർത്തോമ
൧൯൧	കെ. സി. മത്തായി	അഞ്ചൽമാസ്റ്റർ	മാന്നാർ	൩൦	പ്രോട്ടസ്റ്റൻറ്
൧൯൨	പി. മാധവൻപിള്ള	ടി	ഓച്ചിറ	൩൦	നായർ
൧൯൩	എ. ആറുമുഖംപിള്ള	ഗുമസ്തൻ	നാഗർകോവിൽ	൩൦	വെള്ളാളൻ
൧൯൪	എ. കെ. മാത്തൻ	ടി	മൂവാററുപുഴ	൩൦	യാക്കോബൈറ്റ്
൧൯൫	കെ. എൻ. ഗോപാലപിള്ള	ടി	ആലപ്പുഴ	൩൦	നായർ
൧൯൬	പി. ഒ. ഉമ്മൻ	അഞ്ചൽമാസ്റ്റർ	പന്തളം	൩൦	മാർത്തോമ
൧൯൭	കെ. കുഞ്ഞുപ്പണിക്കർ	ഗുമസ്തൻ	വൈക്കം	൩൦	നായർ
൧൯൮	കെ. അയ്യപ്പൻപിള്ള	ടി	ചാല	൩൦	ടി
൧൯൯	ആർ. നാരായണപ്പണിക്കർ	അഞ്ചൽമാസ്റ്റർ	[illegible]	൩൦	ടി
൨൦൦	ഒ. എപ്പ് പാറക്കടവിൽ	ഗുമസ്തൻ	തിരുവനന്തപുരം	൩൦	യാക്കോബൈറ്റ്
൨൦൧	ശേഖരപിള്ള	ടി	അഞ്ചൽഇൻസ്പെക്ടരാഫീസ് കൊല്ലംഡിവിഷൻ	൩൦	നായർ
൨൦൨	ഒ. എം. മത്തായി	അഞ്ചൽമാസ്റ്റർ	കുത്തിയതോട്ട	൩൦	മാർത്തോമ
൨൦൩	എൻ. രാമൻപിള്ള	ടി	പുളിങ്കുന്നു	൨൫	നായർ
൨൦൪	കെ. എൻ. പോത്തൻ	ഗുമസ്തൻ	കൊട്ടാരക്കര	൨൫	റോമൻകത്തോലിക്ക
൨൦൫	ജനാർദ്ദനൻപിള്ള	അഞ്ചൽമാസ്റ്റർ	പിരപ്പൻകോട്	൨൫	നായർ [ക്രിസ്ത്യൻ
൨൦൬	എൻ. പത്മനാഭയ്യൻ	ടി	ആറന്മുള	൨൫	ബ്രാഹ്മണൻ

അഞ്ചൽഡിപ്പാർട്ടുമെന്റ:— (തുടർച്ച)

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപാ	ജാതി
൨൦൭	ആർ. പരമുപിള്ള	ഗുമസ്തൻ	ആറ്റിങ്ങൽ	൨൫	നായർ
൨൦൮	കെ. നീലകണ്ഠപ്പിള്ള	അഞ്ചൽമാസ്റ്റർ	കുമളി	൨൫	ടി
൨൦൯	എം. പി. ഫിലിപ്പ്	ഗുമസ്തൻ	ആലപ്പുഴ	൨൫	മാർത്തോമാ
൨൧൦	എൻ. കൃഷ്ണപ്പണിക്കർ	ടി	തിരുവനന്തപുരം	൨൫	നായർ
൨൧൧	കത്താലചിംതപിള്ള	ടി	ടി	൨൫	വെള്ളാളൻ
൨൧൨	കെ. കൃഷ്ണപിള്ള	അഞ്ചൽമാസ്റ്റർ	[illegible]	൨൫	നായർ
൨൧൩	എച്ച്. പത്മനാഭയ്യർ	,,	അങ്കമാലി	൨൫	ബ്രാഹ്മണൻ
൨൧൪	എച്ച്. കൃഷ്ണയ്യർ	ഗുമസ്തൻ	അടൂർ	൨൫	ടി
൨൧൫	ആർ. ഈശ്വരപിള്ള	ടി	കോട്ടയം	൨൫	നായർ
൨൧൬	പി. എ. ഗോപാലപിള്ള	അഞ്ചൽമാസ്റ്റർ	വഞ്ചിപ്പുരിയാർ	൨൫	നായർ
൨൧൭	എം. ശിവതാണുപിള്ള	ടി	ഇടമാക്കരി	൨൫	വെള്ളാളൻ
൨൧൮	എം. സി. താണുപിള്ള	ഗുമസ്തൻ	തിരുവനന്തപുരം	൨൫	ടി
൨൧൯	എം. മുത്തുസ്വാമിപിള്ള	അഞ്ചൽമാസ്റ്റർ	നെല്ലിയാക്കുഴി	൨൫	ടി
൨൨൦	ശിവകാമിനാഥപിള്ള	,,	കുലശേഖരം	൨൫	ടി
൨൨൧	പി. ജി. മൈക്കൾ	,,	കടുത്തുരുത്തി	൨൫	റോമൻകത്തോലിക്ക മതത്തിൽചേർന്നു
൨൨൨	രാമസ്വാമിപിള്ള	ഗുമസ്തൻ	തിരുവനന്തപുരം	൨൫	വെള്ളാളൻ
൨൨൩	കെ. കൊച്ചുരാമൻ	അഞ്ചൽമാസ്റ്റർ	[illegible]	൨൫	ഈഴവൻ
൨൨൪	ജെ. കൃഷ്ണയ്യർ	,,	പൂഞ്ഞാർ	൨൫	ബ്രാഹ്മണൻ
൨൨൫	പി. കെ. കൃഷ്ണപിള്ള	,,	കല്ലാലക്കടവ്	൨൫	നായർ
൨൨൬	കരുണാകരൻപിള്ള	ഗുമസ്തൻ	ആലുവാ	൨൫	ടി
൨൨൭	എസ്. മുത്തുസ്വാമിപിള്ള	അഞ്ചൽമാസ്റ്റർ	കുളത്തൂപ്പുഴ	൨൫	വെള്ളാളൻ
൨൨൮	എ. താണുപിള്ള	ഗുമസ്തൻ	നാഗരുകോവിൽ	൨൫	ടി
൨൨൯	എൻ. നാരായണപിള്ള	അഞ്ചൽമാസ്റ്റർ	പള്ളിക്കൽ	൨൫	നായർ
൨൩൦	എൻ. കൃഷ്ണപിള്ള	,,	പിളര	൨൫	വെള്ളാളൻ
൨൩൧	ഇ. രാമകൃഷ്ണയ്യർ	,,	രാമപുരം	൨൫	ബ്രാഹ്മണൻ
൨൩൨	മുത്തുസ്വാമിനായിഡു	,,	കല്ലയൂർ	൨൫	മറവഹിന്ദു
൨൩൩	കെ. ആർ. രാമൻപിള്ള	ഗുമസ്തൻ	പാല	൨൫	നായർ
൨൩൪	കെ. കേശവപിള്ള	അഞ്ചൽമാസ്റ്റർ	ഉദയംപേരൂർ	൨൫	
൨൩൫	കെ. മാത്യൂ	,,	ചെറുകോൽ	൨൫	പ്രോട്ടസ്റ്റന്റ്
൨൩൬	പി. കെ. പത്മനാഭപിള്ള	,,	[illegible]	൨൫	നായർ
൨൩൭	പി. രാമൻപിള്ള	ഗുമസ്തൻ	തൊടുപുഴ	൨൫	ടി
൨൩൮	ആർ. നാരായണപിള്ള	അഞ്ചൽമാസ്റ്റർ	കരിങ്ങൽ	൨൫	ടി
൨൩൯	പി. പത്മനാഭപിള്ള	,,	മുഹമ്മ	൨൫	ടി
൨൪൦	എസ്. മാധവൻപിള്ള	,,	തേവലക്കര	൨൫	വെള്ളാളൻ
൨൪൧	കെ. പരമേശ്വരൻപിള്ള	,,	ശാന്തൻപാറ	൨൫	നായർ
൨൪൨	ആർ. സുബ്ബയ്യൻപിള്ള	,,	മറയൂർ	൨൫	വെള്ളാളൻ
൨൪൩	കെ. നീലകണ്ഠപിള്ള	ഗുമസ്തൻ	കൊല്ലം	൨൫	നായർ
൨൪൪	ആർ. നാരായണപിള്ള	അഞ്ചൽമാസ്റ്റർ	തുമ്പമൺ	൨൫	ടി
൨൪൫	എം. ചന്ദ്രശേഖരപിള്ള	,,	കുമരകം	൨൫	ടി
൨൪൬	കെ. ആർ. കൃഷ്ണപിള്ള	,,	ഉടുമ്പൻചോല	൨൫	ടി
൨൪൭	എ. വീരമണിഅയ്യർ	,,	[illegible]	൨൫	ബ്രാഹ്മണൻ
൨൪൮	ബാലകൃഷ്ണപിള്ള	ഗുമസ്തൻ	തിരുവനന്തപുരം	൨൫	നായർ
൨൪൯	ഇട്ടിനൈനാൻ	അഞ്ചൽമാസ്റ്റർ	വെണ്ണിക്കുളം	൨൫	പ്രോട്ടസ്റ്റന്റ്
൨൫൦	നാരായണപ്പണിക്കർ	,,	വാമനപുരം	൨൫	നായർ
൨൫൧	ആർ. രാഘവൻപിള്ള	,,	ചമ്പക്കുളം	൨൫	ടി
൨൫൨	പി. കുറുപ്പപിള്ള	,,	തിരുവിതാംകോട്	൨൫	വെള്ളാളൻ
൨൫൩	എം. സി. ഫിലിപ്പ്	,,	പിറവം	൨൫	മാർത്തോമാ
൨൫൪	യു. പി. വേലായുധൻ	,,	പുതുപ്പള്ളി	൨൫	ഈഴവൻ
൨൫൫	പി. പരമേശ്വരൻപിള്ള	,,	അമരവിള	൨൫	നായർ
൨൫൬	എം. രാമകൃഷ്ണപിള്ള	,,	നെടുമങ്ങാട്	൨൫	ടി
൨൫൭	എസ്. കുമാരപിള്ള	ഗുമസ്തൻ	വൈക്കം	൨൫	വെള്ളാളൻ
൨൫൮	സെയിദ് അഹമ്മദ് കാദരി	,,	തിരുവനന്തപുരം	൨൫	മുഹമ്മദീയൻ
൨൫൯	കുഞ്ഞൻആശാരി	അഞ്ചൽമാസ്റ്റർ	റാന്നി	൨൫	കമ്മാളൻ

അഞ്ചൽഡിപ്പാർട്ടുമെൻറ (തുടർച്ച).

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപ	ജാതി
൨൬൦	ഉമ്മൻതോമസ്	ഗുമസ്തൻ	കായംകുളം	൨൫	മാർതോമ
൨൬൧	പി. ശങ്കരപണിക്കർ	അഞ്ചൽമാസ്റ്റർ	അയിരൂർ	൨൫	നായർ
൨൬൨	നീലകണ്ഠപ്പിള്ള	,,	കീരിക്കാട	൨൫	ടി
൨൬൩	റി. കെ. നാരായണയ്യർ	,,	മെകപ്പ്	൨൫	ബ്രാഹ്മണൻ
൨൬൪	പി. കെ. പപ്പു	,,	മൂന്നാർ	൨൫	ഈഴവൻ
൨൬൫	ആർ. കേശവൻ	,,	വരാപ്പുഴ	൨൫	ടി
൨൬൬	കെ. ആർ. ശങ്കരപ്പിള്ള	ഗുമസ്തൻ	കൊല്ലംപിറവക	൨൫	നായർ
൨൬൭	രഘുപതിഅയ്യർ	അഞ്ചൽമാസ്റ്റർ	മാർത്താണ്ഡം	൨൫	ബ്രാഹ്മണൻ
൨൬൮	പി. കൃഷ്ണൻ	,,	പള്ളം	൨൫	ഈഴവൻ
൨൬൯	എം. പി. ചെറിയാൻ	ഗുമസ്തൻ	പെരുമ്പാവൂർ	൨൫	മാർതോമാ
൨൭൦	എസ്. ഗോപാലപിള്ള	,,	ചാല	൨൫	വെള്ളാളൻ
൨൭൧	കൃഷ്ണൻ എമ്പ്രാൻ	,,	കുഴിത്തുറ	൨൫	മററു ഹിന്ദു
൨൭൨	പി. നാരായണപിള്ള	അഞ്ചൽമാസ്റ്റർ	ശാസ്താംകോട്ട	൨൫	നായർ
൨൭൩	എ. ജനാർദ്ദനഅയ്യർ	,,	പട്ടണക്കാട്	൨൫	ബ്രാഹ്മണൻ
൨൭൪	വി. കൃഷ്ണൻ നംപൂതിരി	,,	മേപ്രാൽ	൨൫	മലയാളബ്രാഹ്മണൻ
൨൭൫	വി. കൊച്ചുതമ്പി	,,	മണ്ഡപം	൨൦	മുഹമ്മദിയൻ
൨൭൬	ചന്ദ്രശേഖരൻപിള്ള	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടരാഫീസ് തിരുവനന്തപുരം ഡിവിഷൻ	൨൦	നായർ
൨൭൭	കെ. കേശവൻ ചെട്ടിയാർ	അഞ്ചൽമാസ്റ്റർ	മുള്ളൂട്	൨൦	മററുഹിന്ദു
൨൭൮	പി. വി. ജോസഫ്	,,	പുത്തൻചിറ	൨൦	റോമൻ കത്തോലിക്ക് സിറിയൻ റീത്തു
൨൭൯	ജെ. സുബ്രഹ്മണ്യഅയ്യ	ഗുമസ്തൻ	അമ്പലപ്പുഴ	൨൦	ബ്രാഹ്മണൻ
൨൮൦	കെ. ഗോവിന്ദപ്പിള്ള	അഞ്ചൽമാസ്റ്റർ	അരുമന	൨൦	നായർ
൨൮൧	ഇ. എം. സക്കറിയ	,,	കളവൂർ	൨൦	യാക്കോബൈററ്
൨൮൨	കെ. പി. സക്കറിയ	,,	കുഴിക്കാല	൨൦	മാർതോമ
൨൮൩	പി. രാമകൃഷ്ണപിള്ള	,,	കിഴല്ലട	൨൦	നായർ
൨൮൪	വി. കെ. ഉമ്മൻ	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടരാഫീസ് മാവേലിക്കര ഡിവിഷൻ	൨൦	മാർതോമ
൨൮൫	എം. കെ. ഗോവിന്ദപ്പിള്ള	,,	പുനലൂർ	൨൦	നായർ
൨൮൬	അരവതനായകംപിള്ള	അഞ്ചൽമാസ്റ്റർ	ആര്യനാട്	൨൦	വെള്ളാളൻ
൨൮൭	എൻ. കെ. കുഞ്ഞുണ്ണിക്കുറുപ്പ്	,,	തേർനാട	൨൦	നായർ
൨൮൮	കെ. കേശവപിള്ള	,,	കോയിപ്പുറം	൨൦	ടി
൨൮൯	റി. സി. മാത്തു	,,	കയിപ്പട്ടൂർ	൨൦	യാക്കോബൈററ്
൨൯൦	എം. സി. ഏബ്രഹാം	,,	വാഴക്കുളം	൨൦	ടി
൨൯൧	ജി. കുഞ്ഞുപിള്ള	,,	കടക്കൽ	൨൦	നായർ
൨൯൨	കുട്ടപ്പൻപിള്ള	,,	ആലമ്മപുരം	൨൦	ടി
൨൯൩	സി. എം. ഈശോ	ഗുമസ്തൻ	തിരുവല്ല	൨൦	മാർതോമാ
൨൯൪	വി. കെ. ഈപ്പൻ	അഞ്ചൽമാസ്റ്റർ	മണിമല	൨൦	ചർച്ച് ഓഫ് ഇംഗ്ലണ്ട്
൨൯൫	പി. കെ. നാരായണപിള്ള	,,	കാലിയിക്കവിള	൨൦	നായർ
൨൯൬	കെ. എൻ. വാസുദേവൻപിള്ള	,,	തലയോലപറമ്പു	൨൦	ടി
൨൯൭	കെ. ദാമോദരൻ	,,	നാവായിക്കുളം	൨൦	ഈഴവൻ
൨൯൮	വി. സി. ഇട്ടിച്ചെറിയ	,,	പാമ്പാക്കുട	൨൦	യാക്കോബൈററ്
൨൯൯	വെങ്കിടസുബ്രഹ്മണ്യയ്യർ	ഗുമസ്തൻ	പത്മനാഭപുരം	൨൦	ബ്രാഹ്മണൻ
൩൦൦	ബാലകൃഷ്ണപിള്ള	,,	പീരുമേട്	൨൦	നായർ
൩൦൧	വാസുദേവൻ നംപൂതിരി	അഞ്ചൽമാസ്റ്റർ	തൃക്കാരിയൂർ	൨൦	മലയാളബ്രാഹ്മണൻ
൩൦൨	ആർ. സുബ്രഹ്മണ്യയ്യർ	,,	മുത്തോലി	൨൦	ബ്രാഹ്മണൻ
൩൦൩	കെ. കെ. നാരായണപിള്ള	,,	പള്ളിയാടി	൨൦	നായർ
൩൦൪	എൻ. ഇ. മത്തായി	,,	താഴക്കര	൨൦	മാർതോമാ
൩൦൫	കൊച്ചുപിള്ള	,,	കന്നിക്കോട്ട്	൨൦	നായർ
൩൦൬	വി. ശങ്കരൻപോററി	ഗുമസ്തൻ	തൈക്കാട്ട്	൨൦	ബ്രാഹ്മണൻ
൩൦൭	എൻ. കേശവപിള്ള	അഞ്ചൽമാസ്റ്റർ	ഓലക്കെട്ടിയമ്പലം	൨൦	നായർ

അഞ്ചൽഡിപ്പാർട്ടുമെൻറു (തുടർച്ച).

നമ്പർ	പേര്	ഉദ്യോഗം	സ്ഥലം	ശമ്പളം രൂപാ	ജാതി
൩൦൮	എ. കെ. മാത്തുണ്ണി	ഗുമസ്തൻ	കോഴഞ്ചേരി	൨൦	മാർത്തോമാ
൩൦൯	വി. എസ്. ജനാർദ്ദനയ്യർ	അഞ്ചൽമാസ്റ്റർ	അഴകിയപാണ്ടിപുരം	൨൦	ബ്രാഹ്മണൻ
൩൧൦	കെ. അനന്തറാവു	ഗുമസ്തൻ	പത്തനംതിട്ട	൨൦	മറ്റു ഹിന്ദു
൩൧൧	എസ്. ശങ്കരപ്പിള്ള	,,	കോട്ടയം പിറവം	൨൦	നായർ
൩൧൨	കെ. റ്റി. വർഗ്ഗീസ്	അഞ്ചൽമാസ്റ്റർ	കപ്പക്കയം	൨൦	യാക്കോബൈറ്റ്
൩൧൩	കെ. റ്റി. തോമസ്	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടറാഫീസ് ആലപ്പുഴ ഡിവിഷൻ	൨൦	മാർത്തോമാ
൩൧൪	എ. രാമകൃഷ്ണഅയ്യർ	അഞ്ചൽമാസ്റ്റർ	പച്ച	൨൦	ബ്രാഹ്മണൻ
൩൧൫	കെ. എൻ. രാമകൃഷ്ണൻ നായർ	,,	വണ്ടന്മേട്	൨൦	നായർ
൩൧൬	റ്റി. എൻ. വേലായുധൻപിള്ള	,,	കാലടി	൨൦	ടി
൩൧൭	പി. ശിവരാമകൃഷ്ണയ്യർ	ഗുമസ്തൻ	ഏറ്റുമാനൂർ	൨൦	ബ്രാഹ്മണൻ
൩൧൮	എം. റ്റി. വർഗ്ഗീസ്	അഞ്ചൽമാസ്റ്റർ	ആയംകുടി	൨൦	മാർത്തോമാ
൩൧൯	നീലകണ്ഠ അയ്യർ	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടറാഫീസ്, [illegible] ഡിവിഷൻ	൨൦	ബ്രാഹ്മണൻ
൩൨൦	എം. ഉണ്ണുണ്ണി	അഞ്ചൽമാസ്റ്റർ	ആളൂർ	൨൦	മുഹമ്മദീയൻ
൩൨൧	കെ. ശിവരാമപിള്ള	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടറാഫീസ്, കൊല്ലം ഡിവിഷൻ	൨൦	നായർ
൩൨൨	എസ്. പരമേശ്വരഅയ്യർ	ഗുമസ്തൻ	ചങ്ങനാശേരി	൨൦	ബ്രാഹ്മണൻ
൩൨൩	സി. വി. വറീത്	അഞ്ചൽമാസ്റ്റർ	പുത്തൻകുരിശു	൨൦	റോമൻകത്തോലിക്ക് ലാറ്റിൻ
൩൨൪	വി. ശങ്കരനാരായണ അയ്യർ	ഗുമസ്തൻ	ചങ്ങനാശേരി	൨൦	ബ്രാഹ്മണൻ
൩൨൫	എ. ആർ. പരമേശ്വരൻപിള്ള	അഞ്ചൽ മാസ്റ്റർ	ഉരുട്ടമ്പലം	൨൦	നായർ
൩൨൬	കുമാരൻ കർത്താ	ഗുമസ്തൻ	കോട്ടയം	൨൦	ടി
൩൨൭	പൊന്നപ്പപിള്ള	,,	അഞ്ചൽ ഇൻസ്പെക്ടറാഫീസ് മൂവാറ്റുപുഴ	൨൦	വെള്ളാളൻ
൩൨൮	പി. ശങ്കരനാരായണഅയ്യർ	,,	ടി പത്മനാഭപുരം	൨൦	ബ്രാഹ്മണൻ
൩൨൯	പി. ആർ. ഗോപാലൻ ഉണ്ണിത്താൻ	,,	പടനായർകുളങ്ങര	൨൦	നായർ
൩൩൦	പി. ഗോപാലൻ	അഞ്ചൽ മാസ്റ്റർ	ആരുവാമൊഴി	൨൦	ഈഴവൻ
൩൩൧	കെ. എം. വർഗ്ഗീസ്	,,	കൊട്ടാരം	൨൦	യാക്കോബൈറ്റ്
൩൩൨	ഒഴിവ്	ഗുമസ്തൻ	അഞ്ചൽ ഇൻസ്പെക്ടറാഫീസ്, കോട്ടയം ഡിവിഷൻ	൨൦	
	രാമവർമ്മത്തമ്പാൻ	,, (ആക്റ്റിംഗ്)	,,	൨൦	ക്ഷത്രിയൻ (മലയാളം)

അനുബന്ധം [illegible]

[illegible]-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

പത്തനാപുരം താലൂക്കിൽ [illegible]-ാമാണ്ടു രാജകീയവൃക്ഷങ്ങളെ കുറിച്ചിട്ടുള്ള പുരയിടങ്ങളുടെ സർവെ നമ്പരുകൾ കാണിക്കുന്ന പട്ടിക.

പകുതി	സർവെനമ്പരുകൾ
പുനലൂർ	[illegible]
പത്തനാപുരം	[illegible]
പട്ടാഴി	[illegible]
പുനലൂർ (യേരൂർമുറി)	[illegible]

അനുബന്ധം ൪൩ (തുടർച്ച).

പകുതി	സർവേനമ്പരുകൾ
പുനലൂർ (തുടർച്ച)	൪൩/൨-൭, ൨൨/൧-൨൯, ൩൭൬/൭എ, ബി, ൩൭൬/൧സി, ൩൭൨/൬എ, ൩൭൨/൬ബി, ൨൦/൫൩, ൨൦/൪൭, ൨൦/൪൮, ൨൦/൧-൪൭, ൨൦/൧-൮, ൨൦/൧൮൩, ൨൨/൧-൧൪൨, ൨൦/൧-൫൩, ൫൪-൭൨൫/൧-൧൦, ൨൨/൬൩, ൭൨൫/൧-൨൦, ൨൨/൧-൪൨, ൨൨/൭൮-൧൫൬, ൨൨/൧൪൬, ൩൧/൧൬൦, ൩൫/൧൩, ൩൪/൩, ൯൭/൧-൩൩൬, ൧൦൩/൧-൨൦-൧൯-൨൧, ൧൭൭/൧-൨൨, ൨൨/൬ബി, ൭൨൫/൧-൨൦, ൧൮൩/൧൩.
വിളക്കുടി	൨൯൧/൧, ൩൦൨/൧-൨൧, ൩൦൨/൧-൪൩൦-൮൮, ൨൩൭/൬, ൨൯൧/൭൯, ൨൯൧/൯൧, ൨൩൭/൭, ൨൬൫/൨-൩, ൨൬൯/൧-൨,

അനുബന്ധം ൪൪.

൩൪൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

പുനലൂർ നാട്ടുഭാഷാ ആൺമിഡിൽസ്കൂളിനെ സംബന്ധിച്ചിട്ടുള്ള പട്ടിക.

കെട്ടിടത്തിന്റെ വിവരണം	നീളം അടി	വീതി അടി	ഉയരം അടി
ഒരു പ്രധാന കെട്ടിടവും രണ്ടു ഷെഡ്ഡും ഇങ്ങനെ മൂന്നു കെട്ടിടങ്ങൾ ഉണ്ട്			
(൧) പ്രധാനകെട്ടിടം	൭൫	൨൫	൧൨
(൨) ഷെഡ്ഡ് നമ്പർ ൧	൩൮	൧൮	൧൦
(൩) ടി ൨	൩൬	൧൭	൧൦

അനുബന്ധം ൪൪ എ.

൩൪൩-ാംനമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

പുനലൂർ നാട്ടുഭാഷാ ആൺ മിഡിൽസ്കൂളിലെ വിദ്യാർത്ഥികളുടെ സംഖ്യ

ക്ലാസുകൾ		വിദ്യാർത്ഥികളുടെ എണ്ണം.
ക്ലാസ്സ്	൧	൪൬
	൨	൫൮
	൩	൯൫
	൪	൧൨൪
	൫	൭൯
	൬	൩൮
	൭	൩൪

അനുബന്ധം ൪൫.

൩൫൧-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

ഗവണ്മെന്റ ചീഫ്സെക്രട്ടറി കോട്ടയം ദിവാൻപേഷ്കാർക്ക് ൧൦൨൮ മാർച്ച് ൧൭-ാംനു- അയച്ച ൪൫൩൫/൨൭ ജി. എ. നമ്പർ എഴുത്തിന്റെ പകർപ്പ്.

ചില പള്ളിഉടമസ്ഥന്മാരും മറ്റുചില ആളുകളും ഗവണ്മെന്റുത്തരവുകൾക്കു വിപരീതമായി ശ്മശാനങ്ങൾ ഉണ്ടാക്കാൻ ശ്രമിച്ചിട്ടുള്ള ചില ഉദാഹരണങ്ങൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപെട്ടിരിക്കയാൽ മേലാൽ ശ്മശാനങ്ങളോടുകൂടിയോ കൂടാതെയോ ആരാധനാസ്ഥലങ്ങൾ പണിവാൻ അനുവാദത്തിനുള്ള അപേക്ഷകൾ ദിവാൻപേഷ്കാരന്മാർക്കോ ദേവികുളം കമ്മീഷണർക്കോ കിട്ടിയാൽ ശ്മശാനം കൂടാതെ ആരാധനാസ്ഥലങ്ങൾ ഉണ്ടാക്കാൻ മാത്രമാണ ഗവണ്മെന്റ അനുവദിക്കുന്നതെങ്കിൽ ആ പള്ളിയുടമസ്ഥന്മാരോ അവരുടെ പിൻഗാമികളോ ഗവണ്മെന്റനുവാദംകൂടാതെ ആ പള്ളിയോടു സംബന്ധിച്ച ശ്മശാനങ്ങൾ ഉണ്ടാക്കുകയില്ലെന്നു ആ അപേക്ഷകന്മാരോടു ഒരു ഉടമ്പടി എഴുതി വാങ്ങേണ്ടതാകുന്നു. അതുകൊണ്ടു മേലാൽ ദിവാൻപേഷ്കാരന്മാരോ ദേവികുളം കമ്മീഷണരോ ഏതെങ്കിലും അപേക്ഷകൾ അപേക്ഷപ്രകാരം അനുവദിക്കണമെന്നുള്ള ശിപാർശയോടുകൂടെ ഗവണ്മെന്റിലേക്കു അയക്കുമ്പോൾ ആ അപേക്ഷയോടുകൂടി അപേക്ഷകനോടെടാ അപേക്ഷകന്മാരോടൊ മേൽ വിവരിച്ചപ്രകാരം വാങ്ങിയ ഉടമ്പടിയും വിട്ടുകൂടാതെ അയക്കണമെന്നു ഗവണ്മെന്റ ആജ്ഞാപിക്കുന്നു. മേൽപ്രകാരമുള്ള അപേക്ഷകൾ അവർക്കു കിട്ടിയ തീയതിമുതൽ ൪൫ ദിവസത്തിനകം വീഴ്ചകൂടാതെ ഗവണ്മെന്റിലേക്കു അയക്കണമെന്നും ആജ്ഞാപിക്കുന്നു.

ഇപ്രകാരംതന്നെ മറ്റു ദിവാൻപേഷ്കാരന്മാർക്കും ദേവികുളം കമ്മീഷണർക്കും.

അനുബന്ധം ൪൬.

൩൫൯-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

പറളികാച്ച്മെൻറിൻകീഴിലുള്ള വെള്ളം കൃഷിആവശ്യങ്ങൾക്കായി സംഭരിക്കുന്നതിനെ സംബന്ധിച്ചുള്ള ആലോചനകളുടെ സംക്ഷേപം.

പെരിഞ്ചാണി തടാകപദ്ധതി ചീഫ്എൻജിനീയർ മിസ്റ്റർ ബാർട്ടൺ ൧൮൫൮-ൽ സമർപ്പിച്ച പദ്ധതികളിൽ ഒന്നായിരുന്നു. പാണ്ടിയൻ അണയ്ക്കു ൭ മൈൽ മുകളിൽ പുത്തനണയിൽക്കൂടി വ്യർത്ഥമായൊഴുകിപ്പോകുന്ന വെള്ളം സംഭരിക്കുന്നതിനു ൪൦ ചതുരശ്രമൈൽ സ്ഥലത്തുള്ള വെള്ളം സംഭരിക്കത്തക്കവണ്ണം ഒരു വലിയ കൃത്രിമതടാകം പറളിയാററിൽ ഉണ്ടാക്കണമെന്നായിരുന്നു ആ പദ്ധതി. ൧൮൭൨ ജനവരിമാസത്തിൽ പ്രാരംഭാന്വേഷണങ്ങൾക്കായി ൨൦൦൦൦ രൂപാ അനുവദിച്ചു. ഈ ജോലിക്കു കുറെ വർഷങ്ങളോളം ഈ അന്വേഷണം നടത്തി എന്നാൽ ചെലവു അനുവദിച്ച സംഖ്യയിൽ വളരെക്കൂടുതലായിപ്പോയി ൧൮൭൨-ൽ ഈ ജോലി നിറുത്തൽചെയ്തു. ൧൮൮൮-ൽ "ദക്ഷിണതിരുവിതാംകൂറിലെ കൃഷിസേചനത്തെപ്പററിയും അതു നന്നാക്കുന്നതിനെപ്പററിയും" മേജർ മീഡ് സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശപ്രകാരം ആ പദ്ധതി വേണ്ടെന്ന് അവസാനമായി തീർച്ചയാക്കുകയുംചെയ്തു.

അനുബന്ധം ൪൭.

൩൬൫-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക.

നമ്പർ ൧൨൦൧/൨൬ എൽ. ജി.

ഹജൂർകച്ചേരി

തിരുവനന്തപുരം ൧൯൨൬ നവംബർ ൨൫,

ഗവർമ്മെന്റു ചീഫ്സിക്രട്ടറിയിൽനിന്നു,

തിരുവനന്തപുരം മുനിസിപ്പൽ കൌൺസിൽ പ്രസിഡെൻറിനു.

സർ,

൧൯൨൬ നവംബർ ൧൬-ാം൹യിലെ ഈ ആഫീസുവക ൧൨൦൧/൨൬ എൽ. ജി. നമ്പർ എഴുത്തിനു തുടർച്ചയായി തന്റെ സ്വന്തം ജോലിക്കു തിരിച്ചുപോയ മിസ്റ്റർ കെ. പത്മനാഭൻതമ്പിക്കു പകരം തിരുവനന്തപുരം മുനിസിപ്പൽ കൌൺസിൽ പ്രസിഡൻറായി രണ്ടാമതൊരുത്തരവുവരെ, ഡിവിഷനൽട്രഷറി ആഫീസരും ഇപ്പോൾ അക്കൌണ്ട് അസിസ്റ്റൻറു അക്കൌണ്ടാഫീസരുമായ മിസ്റ്റർ എം. രാമചന്ദ്രറാവുവിനെ ഗവർമ്മെൻറിൽനിന്നും നിയമിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു. അദ്ദേഹത്തെ ഉടൻതന്നെ ജോലിയിൽനിന്നു വിടുർത്തി അയക്കണമെന്ന് അക്കൌണ്ടാഫീസരോടു ആജ്ഞാപിച്ചിട്ടുണ്ടു.

താങ്കളുടെ ഇത്യാദി

(ഒപ്പു) കെ. ജാണ്ണ്

ഗവർമ്മെൻറു ചീഫ്സെക്രട്ടറി

അനുബന്ധം ൪൮

൩൭൪-ാംനമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക

ഇപ്പോഴത്തെ എക്സൈസ് കമ്മീഷണർ ആ ഉദ്യോഗത്തിൽ പ്രവേശിച്ചതുമുതൽ ൧൧൦൫ ധനു ൧-ാംനു-വരെ ൧൫ രൂപായും അതിലധികവും ശമ്പളത്തിൽ താല്ക്കാലികമായും സ്ഥിരമായും ചെയ്തിട്ടുള്ള നിയമനങ്ങളുടെ ജാതിവിവരത്തോടുകൂടിയ പട്ടിക.

	സ്ഥിരം	ആക്ടിങ്ങ്
ബ്രാഹ്മണർ (മററു)	൨	൫
നായന്മാർ	൭	൨൧
ഈഴവർ	൨	൨
നാടാന്മാർ	൦	൧
മററുഹിന്ദുക്കൾ	൦	൧
വെള്ളാളർ	൨	൦
മഹമ്മദീയർ	൨	൩
പ്രൊട്ടസ്റ്റൻറുകാർ	൦	൨
ലാററിൻ കത്തോലിക്കർ	൧	൨
സിറിയൻ കത്തോലിക്കർ	൦	൦
യാക്കോബായക്കാർ	൦	൨
മാർത്തോമാക്കാർ	൧	൩
ആകെ	൧൭	൪൨

അനുബന്ധം ൪൮ എ.

൩൭൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടിനോക്കുക

എക്സൈസ് ഡിപ്പാർട്ടുമെൻറിൽ ൧൫ രൂപായും അതിലധികവും ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ജാതിവിവരപ്പട്ടിക,

(൧) ഹിന്ദുക്കൾ

൧	ബ്രാഹ്മണർ	(മലയാള)	ഇല്ല
൨	ടി	(മററു)	൭൧
൩	ഈഴവർ		൨൧
൪	കമ്മാളർ		ഇല്ല
൫	ക്ഷത്രിയർ	(മലയാള)	ഇല്ല
൬	നാടാന്മാർ		൩
൭	നായന്മാർ		൨൫൨

൮	പുലയർ	൧
൯	വെള്ളാളർ	൩൩
൧൦	മറ്റു അധഃകൃതർ	൭
൧൧	മറ്റു ഹിന്ദുക്കൾ	൧൨
(൨)	മുസ്ലീമാന്മാർ	൨൧
(൩)	ക്രിസ്ത്യാനികൾ	
൧	പ്രൊട്ടെസ്റ്റന്റുകാർ	൧൦
൨	റോമൻകത്തോലിക്കർ	
	(എ) ലാററിൻറൈററ്	൩൦
	(ബി) സിറിയൻറൈററ്	൬൬
൩	സിറിയൻ	
	(എ) യാക്കോബൈററ്	൧൪
	(ബി) മാർത്തോമ്മ	൨൦
൪	ചർച്ച് ഓഫ് ഇംഗ്ലണ്ട്	൯

അനുബന്ധം ൪൯

൩൭൯-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയോടുകൂടെ

വിദ്യാഭ്യാസ ഡയറക്ടർ അയച്ചചില സർക്കുലർകളുടേയും എഴുത്തുകളുടേയും പകർപ്പുകൾ

൧൦൨൯-ലെ ൨-ാംനമ്പർ സർക്കുലർ.

നാട്ടുഭാഷാ സ്കൂളുകളിലാകട്ടെ ഇംഗ്ലീഷ് സ്കൂളുകളിലാകട്ടെ കളികൾ, പുസ്തകശാലകൾ മുതലായവയ്ക്കു വിദ്യാർത്ഥികളോടു പ്രത്യേകഫീസു വസൂലാക്കാൻപാടില്ലെന്നു വിദ്യാഭ്യാസകോഡിന്റെ ൧൧൮-ാം വകുപ്പുവിരോധിച്ചിരിക്കുന്നു. അതുകൊണ്ടു ആഘോഷങ്ങൾക്കും വിദ്യാഭ്യാസനത്തിലല്ലാതെ മററാവശ്യങ്ങൾക്കും ഹെഡ്മാസ്റ്റർമാരോ അദ്ധ്യാപകന്മാരോ വിദ്യാർത്ഥികളിൽനിന്നു പണം പിരിക്കുന്നതു ക്രമവിരുദ്ധവും അധികാരവിഹീനവുമായ ഒരു പ്രവൃത്തിയും ആകുന്നു.

എന്നാൽ പ്രൈവററ് ഇംഗ്ലീഷ സ്ക്കൂളുകളുടെ കാര്യത്തിൽ, ലൈബ്രറി, കളികൾ മുതലായവകൾക്ക അടുത്തുള്ള സ്ക്കൂളുകളുമായി മത്സരമുണ്ടാകാത്തവിധത്തിലും വിദ്യാഭ്യാസ ഡയറക്ടർ അനുവദിച്ചിട്ടുള്ള നിരക്കനുസരിച്ചുഫീസു വസൂലാക്കിക്കൊള്ളുന്നതിനു മാനേജർമാർക്കു അനുവാദമുണ്ടു.

൨. എല്ലാസ്ക്കൂളുകളിലും ദിവസംതോറും അഞ്ചുമണിക്കൂറിൽ കുറയാതെ സാധാരണ വിദ്യാഭ്യാസം നടത്തണമെന്നുകോഡിന്റെ ൯൭-ാം വകുപ്പിൽ നിബന്ധനചെയ്തിട്ടുണ്ടു. അതുകൊണ്ടു വിദ്യാഭ്യാസ സമയത്തു വല്ല ആഘോഷമോ യോഗമോ നടത്തുന്നതു മേല്പടിവകുപ്പിനു വിപരീതമാകുന്നു.

൩. വിദ്യാലയങ്ങളിലെ സാധാരണജോലിയോടു സംബന്ധമില്ലാത്ത യോഗങ്ങൾക്കു സ്കൂൾകെട്ടിടങ്ങളും അവയോടു ചേർന്നസ്ഥലങ്ങളും ഉപയോഗിക്കാൻ അനുവദിക്കുന്നകാര്യത്തിൽ എല്ലാവിദ്യാലയങ്ങളുടെയും മാനേജർമാരും ഹെഡ്മാസ്റ്റർമാരും അതി സൂക്ഷ്മതയുള്ളവരായിരിക്കേണ്ടതാകുന്നു എന്നു കോഡിന്റെ ൧൪൮-ാം വകുപ്പിൽ പ്രസ്താവിച്ചിരിക്കുന്നു. അതുകൊണ്ടു സ്കൂളിന്റെ സാധാരണജോലിയോടു സംബന്ധമില്ലാത്ത ഏതു ആവശ്യത്തിനും വിദ്യാലയങ്ങൾ ഉപയോഗിക്കാൻ അനുവദിക്കുന്നതു ഈ ചട്ടത്തിന്റെ ലംഘനമാകുന്നു.

൪. മേല്പടിചട്ടങ്ങൾക്കു വിപരീതമായി പണപ്പിരിവു നടത്തുകയും വിദ്യാലയങ്ങൾ ഉപയോഗിക്കാൻ അനുവദിക്കയും ചെയ്യുന്നതായി ഈയിടെ തരമേപ്പെട്ടിരിക്കുന്ന ആഫീസിന്റെ ദൃഷ്ടിയിൽ പെട്ടിരിക്കുന്നു.

അതുകൊണ്ടു വിദ്യാഭ്യാസകോഡിലെ മേൽപറഞ്ഞ ചട്ടങ്ങളും ആ വിഷയങ്ങളെ സംബന്ധിച്ചുള്ള മററു ഉത്തരവുകളും അശേഷം ലംഘിക്കാതെ നോക്കുകയും ആരെങ്കിലും അവയെ ലംഘിച്ചാൽ തൽക്ഷണം ഈ ആഫീസിലേക്കു ഉടനെ റിപ്പോർട്ടുചെയ്കയും ചെയ്യണമെന്നു ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാരോട് ഇതിനാൽ ആവശ്യപ്പെടുന്നു.

(ഒപ്പു) കെ. വി. രങ്കസ്വാമിഅയ്യങ്കാർ

ആക്ടിംഗ് വിദ്യാഭ്യാസഡയറക്ടർ

വിദ്യാഭ്യാസഡയറക്ടരാപ്പീസ്
തിരുവനന്തപുരം, ൧൦൨൯ ഫെബ്രുവരി ൨൦-നു-

പകർപ്പുകൾ.

൧. ട്രെയിനിങ്ങ് കോളജ് പ്രിൻസിപ്പാലിനു
൨. ഇംഗ്ലീഷ് സ്കൂൾ ഇൻസ്പെക്ടർക്കു
൩. വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്കു
൪. ഗേൾസ് സ്കൂൾ ഇൻസ്പെക്ട്രസ്സിനു
൫. തിരുവനന്തപുരം ഇംഗ്ലീഷ് സ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ടർക്കു
൬. കോട്ടയം ഇംഗ്ലീഷ് സ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ടർക്കു
൭. ൧മുതൽ ൨൧വരെ ഡിസ്ത്രിക്ട് വെർണാക്കുലർസ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ടർമാർക്കു.
൮. ൧മുതൽ ൩വരെ ഡിസ്ത്രിക്ട് ഗേൾസ്സ്കൂൾ അസിസ്റ്റൻറ് ഇൻസ്പെക്ട്രസ്മാർക്കു

അനുബന്ധം ൪൯ (തുടർച്ച)

൧൦൩൦-ലെ ൪-ാം നമ്പർ സർക്കുലർ.

ഗവർമ്മെൻറു സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കും വിദ്യാർത്ഥികൾക്കും "സ്കൂൾദിനങ്ങൾ" എന്നപേരിൽ ഒരു ആഘോഷണം നടത്തണമെന്നു പൊതുവെ ഒരാഗ്രഹം ഉള്ളതായും എന്നാൽ ഡിപ്പാർട്ടുമെൻറു വക സ്കൂളുകളിലും അങ്ങനെയൊരു സ്കൂൾദിനാഘോഷം ആണ്ടുതോറും നടത്താമോഎന്നു ചിലർക്കു സംശയം ഉള്ളതായും

ഈ ആഫീസിൽ അറിവു കിട്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ആഘോഷങ്ങൾ സ്കൂൾസംഘങ്ങളുടെ വർഷാന്തരോത്സവങ്ങളുമായി നടത്താറുണ്ടെന്നും അറിയുന്നു. അങ്ങനെയുള്ള ആഘോഷങ്ങളുടെ നടപടിയെ ക്രമപ്പെടുത്തുന്നതു യുക്തമാണെന്നു തോന്നുന്നു.

൨. സ്കൂൾദിനം പോലെയുള്ള ഒരു വാർഷികോത്സവം അദ്ധ്യാപകന്മാരുടെ മേൽനോട്ടത്തിലും വിദ്യാർത്ഥികളുടെ സഹകരണത്തോടുകൂടിയും നടത്തുന്നതിനാൽ വിദ്യാലയത്തെയും ഭരണക്കാരെയും യോജിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ലഭിക്കുന്നതാണ്. വിദ്യാലയത്തോടു ഭക്തിയും വിദ്യാർത്ഥികൾതമ്മിൽ സ്നേഹവും സഹതാപവും താൽപ്പര്യം ഉണ്ടാകുന്നതാണ്. അതുകൊണ്ട് ഡിപ്പാർട്ടുമെൻറുവക സ്കൂളുകളിൽ അങ്ങനെയുള്ള വാർഷികോത്സവങ്ങൾ നടത്തുന്നതു് അഭിലഷണീയമാണെന്നുള്ള തത്വം ഡയറക്ടർ സ്വീകരിക്കുന്നു. അങ്ങനെയുള്ള ഉത്സവങ്ങളെ സ്കൂൾദിനാഘോഷങ്ങൾ എന്നു നാമകരണം ചെയ്യുന്നതിനു ഡയറക്ടർക്കു വിരോധമില്ല. അതുകൊണ്ടു "സ്കൂൾദിനാഘോഷങ്ങൾ" എന്ന പേരിൽ താഴെ പറയുന്ന വ്യവസ്ഥകൾ അനുസരണമായും മേലാൽ അറിയിക്കുന്ന ഉപദേശങ്ങൾ പ്രകാരവും വാർഷികാഘോഷങ്ങൾ നടത്തുന്നതിനു പ്രൈമറിസ്കൂളുകൾ ഒഴിച്ചുള്ള എല്ലാ ഡിപ്പാർട്ടുമെൻറുവക സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർക്കും ഹെഡ്മിസ്ട്രസ്മാർക്കും പൊതുവായി ഇതിനാൽ അനുവാദം കൊടുത്തിരിക്കുന്നു.

൩. സ്കൂൾദിനങ്ങൾ ആഘോഷിക്കുന്നതിനുള്ള ഉദ്ദേശത്തോടുകൂടി അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും അടങ്ങിയ കമ്മിററികൾ രൂപീകരിക്കണം. പള്ളിക്കൂടം ഹെഡ്മാസ്റ്ററോ ഹെഡ്മിസ്ട്രസോ ഉദ്യോഗവശാൽ കമ്മിററിയിലെ പ്രസിഡൻറായിരിക്കണം. പണം പിരിക്കയും കണക്കുകൾ വയ്ക്കയും ചെയ്യുന്ന ഖജാൻജി ഹെഡ്മാസ്റ്ററുടെ അനുമതിയോടുകൂടി അദ്ധ്യാപകന്മാരിൽ നിന്നു തിരഞ്ഞെടുക്കപ്പെടുന്ന ഒരു അദ്ധ്യാപകൻ ആയിരിക്കണം.

൪. വിദ്യാർത്ഥികളായിട്ടോ അദ്ധ്യാപകന്മാരായിട്ടോ സ്കൂളിനോടു ബന്ധമില്ലാത്ത യാതൊരാളോടും പണംപിരിക്കുവാൻ പാടില്ല.

൫. പണംപിരിക്കുന്നതു ദാതാക്കൾ സ്വമനസ്സാലെ കൊടുക്കുന്നതായിരിക്കണം. അദ്ധ്യാപകന്മാരോടോ വിദ്യാർത്ഥികളോടോ നിർബന്ധിച്ചു പണംപിരിക്കുന്നില്ലെന്നു നോക്കേണ്ടതു ഹെഡ്മാസ്റ്ററുടെയും ഹെഡ്മിസ്ട്രസിൻെറയും ചുമതലയാകുന്നു.

൬. പിരിവിനും ചെലവിനും ശരിയായ കണക്കുകൾ വയ്ക്കണം. അവ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ പരിശോധനയ്ക്കു തയ്യാറായിരിക്കേണ്ടതുമാകുന്നു.

൭. കണക്കുകൾ കമ്മിററി മുമ്പാകെ വച്ചു അവരുടെ അനുമതി സിദ്ധിക്കേണ്ടതും ആഘോഷങ്ങൾ കഴിഞ്ഞാലുടനെ അവയുടെ ഒരു സംക്ഷേപം സ്കൂൾ നോട്ടീസ്ബോർഡിൽ പതിക്കേണ്ടതുമാകുന്നു.

൮. രാഷ്ട്രീയസംബന്ധമായോ, മതസംബന്ധമായോ, ഏതെങ്കിലും വർഗ്ഗക്കാർക്ക് വിരോധം വരത്തക്ക സാമുദായികകാര്യങ്ങളെ സംബന്ധിച്ചോ ഉള്ള പ്രസംഗങ്ങൾ ആ അവസരങ്ങളിൽ ചെയ്യാൻ പാടില്ല. ആ അവസരങ്ങളിൽ പ്രസംഗിക്കാൻ ക്ഷണിക്കപ്പെടുന്നവരുടെ പേരുകൾ ഹെഡ്മാസ്റ്ററുടെയോ ഹെഡ്മിസ്ട്രസിൻെറയോ അനുമതി ലഭിച്ചിരിക്കേണ്ടതാകുന്നു. അനുമതി കൊടുക്കാനുള്ള അവകാശം ന്യായമായി ഉപയോഗിക്കുന്നതിന് അവർ ഉത്തരവാദികളാകുന്നു.

(൯) സ്കൂൾദിനം ഒരു അദ്ധ്യയനദിവസം ആഘോഷിക്കുന്നതിനു വിരോധമില്ല. ഒരു അദ്ധ്യയനദിവസമാണു നിശ്ചയിക്കുന്നതെങ്കിൽ ഒരു സംഗതി ആ സ്കൂളിൻെറ മേൽനോട്ടമുള്ള ഇൻസ്പെക്ടിങ്ങ് ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതാകുന്നു. ഇൻസ്പെക്ടിങ്ങ് ഉദ്യോഗസ്ഥൻെറ അനുമതിയോടുകൂടി ആഘോഷത്തിനുപയോഗിച്ച അദ്ധ്യയനദിവസത്തിനുപകരം ഒരു ശനിയാഴ്ച അദ്ധ്യയന ദിവസമായി തിരഞ്ഞെടുക്കുകയും വേണം.

(൰) സ്കൂൾദിനാഘോഷങ്ങളുടെ ഒരു വിവരണം ഹെഡ്മാസ്റ്റർമാരും ഹെഡ്മിസ്ട്രസ്സുമാരും എഴുതി റിക്കാർഡിൽ സൂക്ഷിക്കണം. അതിൻെറ വിവരങ്ങൾ സ്കൂൾലാഗ്ബുക്കിലും എഴുതിവയ്ക്കേണ്ടതാകുന്നു.

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസ്,
തിരുവനന്തപുരം ൧൧൨൦ മേർച്ച് ൨൨.

കെ. വി. രംഗസ്വാമി അയ്യങ്കാർ,
ആക്ടിങ്ങ് വിദ്യാഭ്യാസഡയറക്ടർ.

അനുബന്ധം ൩൯, (അവസാനം).

നമ്പർ ൨൦൦൭/൨൪ ൩൭

വിദ്യാഭ്യാസഡയറക്ടരുടെ ആഫീസ്,
തിരുവനന്തപുരം ൧൧൨൦ ജനുവരി ൩൦.

തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടറിൽനിന്നു ഇംഗ്ലീഷ്സ്കൂൾ ഇൻസ്പെക്ടർക്ക്.

വിഷയം:—പരീക്ഷകൾ സംബന്ധിച്ച പണപ്പിരിവു.

സർ, പരീക്ഷകൾക്കു ചോദ്യക്കടലാസ്സുകൾ തയ്യാറാക്കുന്നതിനും പരീക്ഷ്യന്മാർക്കു ഉത്തരമെഴുതാൻ കടലാസ്സുകൾ കൊടുക്കുന്നതിനും പള്ളിക്കൂടങ്ങളിൽ പലപ്പോഴും പണപ്പിരിവു നടത്താറുണ്ടെന്നും ഈ ആഫീസിൽ അറിവുകിട്ടിയ വിവരം നിങ്ങളെ അറിയിക്കണമെന്നു എന്നോടു ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ പിരിക്കുന്ന പണത്തിൻെറ കണക്കു വയ്ക്കയൊ പരിശോധിക്കയോ ചെയ്യുന്നില്ല. ചിലപ്പോൾ ഈ പതിവു ദുരുപയോഗം ചെയ്തിരിക്കുന്നു എന്നു സ്പഷ്ടമായ തെളിവുണ്ട്. അതിനെപ്പററി ഇവിടെ കുട്ടികളുടെ പരാതികളും കിട്ടാറുണ്ട്. അതുകൊണ്ടു നിങ്ങളുടെ അധീനത്തിലുള്ള എല്ലാസ്കൂളുകളിലും ഈ പതിവു നിറുത്തലാക്കണമെന്നും വല്ല സംഗതിയിലും അങ്ങനെയുള്ള പണപ്പിരിവ് അനുവദിക്കണമെന്നു നിങ്ങൾക്കു തോന്നുന്നപക്ഷം അനുവാദം ദുരുപയോഗം ചെയ്കയോ ദുരാരോപണത്തിനു പാത്രമാക്കിത്തീർക്കയോ ചെയ്യാതിരിക്കാനുള്ള നിർദ്ദേശങ്ങളോടുകൂടി പ്രത്യേകഅനുവാദം വാങ്ങേണ്ടതാണെന്നും അറിയിച്ചുകൊള്ളുന്നു.

എന്നു ഇത്യാദി
(ഒപ്പു) ആർ. ശിവരാമകൃഷ്ണയ്യർ,
ഡയറക്ടരുടെ പേർസണൽ അസിസ്റ്റൻറ്.

ഈ പ്രകാരംതന്നെ

തിരുവനന്തപുരം ട്രെയിനിങ്ങ് കാളേജ് പ്രിൻസിപ്പാളിന്.
തിരുവനന്തപുരം ഗേൾസ്സ്കൂൾ ഇൻസ്പെക്ട്രസ്സിന്.—

നമ്പർ ൧൦൦൮/൨൪൫൬

വിദ്യാഭ്യാസഡയറക്ടർ ആഫീസ്,
തിരുവനന്തപുരം ൧൯൩൦ ഫെബ്രുവരി ൩-ാംനു.

തിരുവിതാംകൂർ വിദ്യാഭ്യാസഡയറക്ടരിൽനിന്നു തിരുവിതാംകൂർ വെർണാക്കുലർ സ്കൂൾ ഇൻസ്പെക്ടർക്കു.

വിഷയം:—പരീക്ഷകൾ സംബന്ധിച്ച പണപ്പിരിപ്പു.

സൂചകം:—നിങ്ങളുടെ ൧൪-൧-൧൯൩൦-നു-ലെ ൮൫/൧൭-ാം നമ്പർ എഴുത്ത്.

സർ, മേൽകാണിച്ച നിങ്ങളുടെ എഴുത്തിനെ സംബന്ധിച്ച്, ഡിപ്പാർട്ടുമെൻറിലെ സർക്കുലറിനു വിപരീതമായി കൊല്ലം വെർണാക്കുലർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തന്റെ സ്വന്ത ഉത്തരവാദിത്വത്തിന്മേൽ പണപ്പിരിവുനടത്തിയതും ചെലവുചെയ്തതും ക്രമക്കേടാകുന്നു. അദ്ദേഹത്തെ ഇതിനാൽ താക്കീതുചെയ്തിരിക്കുന്നു. ഡിപ്പാർട്ടുമെൻറിലെ സ്പഷ്ടമായ ആജ്ഞകൾക്കു വിപരീതമായി പ്രവർത്തിച്ചിട്ടു പതിവിങ്ങനെയാണെന്നു സമാധാനം പറഞ്ഞാൽ സാധുവായിരിക്കയില്ലെന്നു അദ്ദേഹത്തെ അറിയിക്കണം. നിങ്ങളുടെ എല്ലാസ്കൂളുകളിലും സർക്കുലർ ഉത്തരവുകൾ അയച്ചു ഈ പതിവു നിറുത്തലാക്കണം. നാട്ടുഭാഷാവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ദരിദ്രന്മാരാകയാൽ അവരെ ഇങ്ങനെയൊരു നിർബന്ധവ്യവസ്ഥയിൽ ഉൾപ്പെടുത്താൻ പാടില്ല. ചോദ്യക്കടലാസ്സുകൾ സ്റ്റെൻസിലിൽ ചെയ്തുകൊടുക്കുന്നതിനു പകരം ചോദ്യങ്ങൾ പറഞ്ഞുകൊടുക്കയോ ബ്ലാക്ക്ബോർഡിൽ എഴുതിക്കാണിക്കയോ ചെയ്യുന്നതിനു പ്രയാസമില്ല. ഇങ്ങനെ പണപ്പിരിവുകൾ നടത്താൻ കിട്ടുന്ന അവസരങ്ങൾ ദുരുപയോഗം ചെയ്‌വാൻ ഇടയുണ്ട്. നിങ്ങൾ വാങ്ങി നിങ്ങളുടെ നിരൂപണത്തോടുകൂടി അയച്ച ഹർജിയിൽ വിവരിച്ച പ്രകാരമുള്ള പരാതികൾക്കു സംഗതിയുണ്ടാകുന്നതാണ്.

എന്നു ഇത്യാദി
(ഒപ്പ്) ആർ. ശിവരാമകൃഷ്ണയ്യർ,
ഡയറക്ടരുടെ പെർസണൽ അസിസ്റ്റൻറ്.

അനുബന്ധം ൫൦.

൩൮൪-ാം നമ്പർ ചോദ്യത്തിന്റെ മറുപടി നോക്കുക.

തിരുവനന്തപുരം ഡിവിഷനിലെ താലൂക്കുകളിൽ ജോലിചെയ്യുന്ന ആക്ടിങ്ങ് അണ്ടർഗ്രാഡ്വേറ്റ് ഹെഡ്മാസ്റ്റന്മാരുടെ വിവരങ്ങൾ.

നമ്പർ	പേര്	ആദ്യംനിയമിച്ചതീയതി	ഇപ്പോഴത്തെശമ്പളം രൂപ	സമുദായമേത്
൧	എസ്. രാമനാരായണയ്യർ	൧൦൯൬ മിഥുനം	൨൦ ൩൦	ബ്രാഹ്മണൻ
൨	എൻ. കുട്ടൻപിള്ള	൨൨-൮-൧൦൯൮	ടി	നായർ
൩	ആർ. ഗേവതീശ്വരയ്യൻ	൧൬-൧൧-൧൦൯൮	ടി	ബ്രാഹ്മണൻ
൪	എസ്. കൃഷ്ണപിള്ള	൧൬-൭-൧൦൯൯	ടി	നായർ
൫	ബി. എസ്. സുബ്രഹ്മണ്യപിള്ള	൧൧-൨-൧൧൦൦	ടി	വെള്ളാളൻ
൬	മഹമ്മത്റഹിമത്തുള്ള	൨൧-൨-൧൧൦൧	ടി	മഹമ്മദൻ
൭	ഷാഹുൽഹമീദ്	൧൬-൪-൧൧൦൧	ടി	ടി
൮	എം. താണുപിള്ള	൧൯-൬-൧൧൦൧	ടി	നാഞ്ചിനാട്ടുവെള്ളാളൻ
൯	പി. കേശവപിള്ള	൯-൭-൧൧൦൨	ടി	നായർ
൧൦	കെ. രാമസ്വാമിഅയ്യർ	൧൭-൯-൧൧൦൨	ടി	ബ്രാഹ്മണൻ
൧൧	ഡബ്ളിയു. ഹാരിസ്സ്	൧൧-൨-൧൧൦൩	ടി	ക്രിസ്ത്യൻ
൧൨	എൻ. ശ്രീധരൻതമ്പി	൧൬-൯-൧൧൦൩	ടി	നായർ

അനുബന്ധം 5 [

൩൮൭-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയുടെ കൂടെ.

ഗവണ്മെന്റു ഗ്രാന്റു അനുവദിച്ചിട്ടുള്ള വിത്തുകാളകളുടെ ലിസ്റ്റ്.

നമ്പർ	ഉടമസ്ഥന്റെ പേരും മേൽവിലാസവും	താലൂക്ക്
൧	മി. ഹരിഹരയ്യർ, ബ്രാഹ്മണ ഗ്രാമം, [illegible]	തോവാള
൨	മി. കെ. മാധവൻപിള്ള, വലിയവീട്, നൊച്ചിയൂർ ചെങ്കൽ അമരവിള	വിളവങ്കോട്
൩	മി. ബി. രാമൻപിള്ള, പുതുശേരിവീട് കള്ളിയൂർ, പൂവാർ	ടി
൪	മി. ജെ. യേശുദാസ്, റെവ. എം. സി. എ. സെക്രട്ടറി മാർത്താണ്ഡം	ടി
൫	മി. എം. പത്മനാഭപിള്ള, വാണിയക്കോട്ട്, വാണിയക്കോണം, അണ്ടൂർ, ആറാമട	തിരുവനന്തപുരം
൬	മി. കെ. രാമൻനായർ, മഠത്തിൽ, മലയിൻകീഴ്, [illegible], പറയവീട്	നെയ്യാറ്റിൻകര
൭	മി. കെ. ഗോപാലപിള്ള, ഉടയൻപുരത്തുവീട്, മേവർക്കൽ, ആറ്റിങ്ങൽ	ചിറയിൻകീഴ്
൮	മി. നിത്യാനന്ദസ്വാമി, സദാനന്ദപുരം, കൊട്ടാരക്കര	കൊട്ടാരക്കര
൯	മി. വി. നീലകണ്ഠയ്യർ, മങ്കൊമ്പ്	അമ്പലപ്പുഴ
൧൦	മി. ചാക്കോ ജോസഫ്, കുന്നപ്പറമ്പുവീട്, തലവടി	ടി
൧൧	മി. കെ. പത്മനാഭമേനോൻ, കൈനകരി	ടി
൧൨	മി. കെ. പി. ഗോപാലമേനോൻ, ഇടപ്പള്ളി	പറവൂർ
൧൩	മി. പി. കെ. കുഞ്ഞൻ, വെച്ചൂർ	കോട്ടയം
൧൪	മി. എൻ. പരമേശ്വരൻപിള്ള, [illegible]	ടി
൧൫	മി. സി. കെ. അച്യുതവാര്യർ, കുന്നത്തുവാരിയം	ടി
൧൬	മി. അപ്പുമാമ്മൻ, മണ്ണാട്ടുവീട്, അമ്മല്ലൂർ	തിരുവല്ല
൧൭	മി. കെ. ജെ. [illegible] ബി. എസ്. സി. ചങ്ങനാശേരി	ചങ്ങനാശേരി
൧൮	മി. വി. എ. സക്കറിയാ, വാകത്താനം	ടി
൧൯	മി. കെ. ഗോവിന്ദൻനായർ, പ്രസിഡണ്ട്, കോഓപ്പറേറ്റീവ്ബാങ്ക് നമ്പർ ൧൭൦ ഓമല്ലൂർ	പത്തനംതിട്ട
൨൦	പ്രസിഡണ്ട്, വടക്കേക്കര കോഓപ്പറേറ്റീവ് സംഘം നമ്പർ ൧൦൩, പടനായർകുളങ്ങര	കരുനാഗപ്പള്ളി

നിയമനിർമ്മാണം

[illegible] നമ്പൂതിരി ബിൽ

൧൮-ാം വകുപ്പ്

പ്രസിഡണ്ട്: ഇപ്പോൾ നമ്പൂതിരിബില്ലിനെപ്പറ്റിയുള്ള ആലോചന തുടരുന്നതാണ്. ലിസ്റ്റിൽ ൧൮ ആയി ചേർത്തിരിക്കുന്ന ഭേദഗതിക്കു ഒരു പുതിയ ഭേദഗതി ഉണ്ടാക്കണമെന്നു മി: കൃഷ്ണയ്യങ്കാർ പറഞ്ഞ അവസരത്തിലാണ് ഇന്നലെ യോഗം പിരിഞ്ഞതു്.

റാവുബഹദൂർ ടി. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രസിഡണ്ട്): സാധാരണ നിയമപ്രകാരം ഇല്ലംവിട്ടു പുറമെ താമസിക്കുന്ന അംഗങ്ങൾക്കു ചെലവിനുകൊടുക്കുക പതിവില്ല. സമുദായ പ്രതിനിധികളുടെ ആഗ്രഹം.——

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂട്ടത്തിലെടുത്ത മെമ്പർ): മലയാളത്തിൽ സംസാരിച്ചാൽകൊള്ളാം.

റാവുബഹദൂർ ടി. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം ഡിപ്യൂട്ടിപ്രസിഡണ്ട്): ഇപ്പോൾ നിലവിലിരിക്കുന്ന നിയമമനുസരിച്ചു ഇല്ലത്തിൽ താമസിക്കാത്ത ഇല്ലക്കാർക്കു കുടുംബത്തിൽനിന്നും ചിലവിനു കൊടുക്കണമെന്നുള്ള ഒരു നിർബന്ധം കാണുന്നില്ല. പരിഷ്കരിക്കേണ്ടതു അങ്ങിനെയുള്ള ഒരു തടസ്ഥം വേണം. ഏതു മുറക്കാരൻ ഇല്ലത്തു താമസിച്ചാലും പുറത്തു താമസിച്ചാലും ചിലവിനു കൊടുക്കാമെന്നു ആ സമുദായത്തിലെ പ്രതിനിധികൾക്കു അഭിപ്രായമുണ്ടെങ്കിൽ, സ്വല്പം ഭേദഗതിയോടുകൂടി നായർ റെഗുലേഷനിലെ ൩൮-ാം വകുപ്പു ഇവിടെ ചേർക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. ഇപ്പോൾ മി: നീലകണ്ഠപിള്ള അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയാണ് ഇവിടെ ആലോചനയിൽ ഇരിക്കുന്നതു്. അതായതു് പ്രത്യേകം താമസിക്കുന്ന ഇല്ലത്തെ ഓരോ മെമ്പർക്കും പ്രത്യേകം ചിലവിനു കിട്ടുന്നതിനു അവകാശമുണ്ട്, ഇതാണ് കുടുംബത്തിൽനിന്നും വെളിയിൽ താമസിക്കുന്ന പ്രായപൂർത്തിയായ എല്ലാ അംഗങ്ങൾക്കും കുടുംബത്തിൽനിന്നും ചിലവിനു കൊടുക്കണമെന്നുള്ള മി: നീലകണ്ഠപ്പിള്ളയുടെ ഭേദഗതി. അതിനെക്കാൾ കുറെക്കൂടി ഉത്തമമായ ഒരു ഭേദഗതിയാണ് ഞാൻ ഇവിടെ ഹാജരാക്കാമെന്നു വിചാരിക്കുന്നതു. അതു അവർക്കു സമ്മതമാണെങ്കിൽ ഇവിടെ അവതരിപ്പിക്കാം. ഞാൻ മുമ്പു പറഞ്ഞതുപോലെ നായർ റെഗുലേഷനിലെ ൩൮-ാം വകുപ്പു ഇതാണ്——തറവാട്ടിൽ താമസിക്കുന്നതായാലും അല്ലെങ്കിലും ഒരു തറവാട്ടിലെ ഓരോ അംഗത്തിനെയും തറവാട്ടിൽനിന്നും രക്ഷിക്കേണ്ടതാകുന്നു. "അതായതു തറവാട്ടിലുള്ള എല്ലാ അംഗങ്ങൾക്കും അവർ തറവാട്ടി

ൽ തന്നെ താമസിച്ചാലും പുറത്തുതാമസിച്ചാലും ചിലവിനു കിട്ടാനുള്ള അവകാശമുണ്ട് എന്നാണ്. അതി ൽ നമുക്കു വരുത്തേണ്ട ഭേദഗതി "തറവാട്" എന്നുള്ളതിനെ ഇല്ലം എന്നാക്കണം അത്രേയുള്ളൂ.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട്ട (കൂട്ടത്തിൽചേർത്ത മെമ്പർ): തറവാട്ടിലെ അംഗങ്ങൾക്കു ചിലവിനു കൊടുക്കേണ്ടുന്നതിനെപ്പററി മി: കൃഷ്ണയ്യങ്കാർ കൊണ്ടുവന്നിട്ടുള്ള ഭേദഗതിയെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

മി: സി. എൻ. [illegible] നമ്പൂതിരിപ്പാട്ട (കൂട്ടത്തിൽ ചേർത്ത മെമ്പർ): [illegible] പിൻതാങ്ങുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): [illegible] കൊണ്ടുവന്ന ഭേദഗതി നമ്പൂതിരിമെമ്പർമാർക്കു സ്വീകാര്യമായി കാണുന്നതിനാൽ [illegible] ഭേദഗതി പിൻവലിക്കുവാൻ [illegible] ചോദിച്ചുകൊള്ളുന്നു.

ഭേദഗതി അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.—

പ്രസിഡന്റ: മി. കൃഷ്ണയ്യങ്കാർ, നിങ്ങളുടെ ഭേദഗതി [illegible] എന്താണ്.

റാവുബഹദൂർ കെ. [illegible]. കൃഷ്ണയ്യങ്കാർ (ഗവർമെന്റു നിയമനം ഡിപ്യൂട്ടിപ്രസിഡന്റ). ക്ലോസുകൾ ഉപേക്ഷിച്ചുകഴിഞ്ഞു. മിസ്റ്റർ കേശവപിള്ള അവതരിപ്പിച്ച ഭേദഗതി സഭ സ്വീകരിക്കുകയും ചെയ്തു. അതു എ-ാം വകുപ്പിന്റെ എ-ാം ഉപവകുപ്പായിരിക്കും, ഞാൻ താഴെ കാണിക്കുംപ്രകാരം അവതരിപ്പിക്കുന്ന ഭേദഗതി എ-ാം വകുപ്പിന്റെ എ-ാം ഉപവകുപ്പായി വിചാരിക്കുന്നതു സ്വീകരിച്ചു ഭേദഗതി എ-ാം വകുപ്പിന്റെ എ-ാം ഉപവകുപ്പായി നമ്പരിടേണ്ടതുമാകുന്നു.

"ഇല്ലത്തുള്ള എല്ലാ അംഗങ്ങൾക്കും അവർ ഇല്ലംവക വീട്ടിൽതന്നെ താമസിച്ചാലും പുറത്തു താമസിച്ചാലും ചെലവിനു കിട്ടാനുള്ള അവകാശമുണ്ട്".

മി. ഏ. ജി. മേനോൻ (പറവൂർ): ഇല്ലം വീടു [illegible] എന്നു പറഞ്ഞാൽ തന്നെ വീടെന്നാണല്ലോ അർത്ഥം.

പ്രെസിഡെന്റ: ഇല്ലം വീടു എന്നു പറയുന്നതിനു എന്താണു വിരോധം?

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (ഗവർമെന്റ നിയമനം ഡിപ്യൂട്ടിപ്രസിഡന്റ): ശരിയാണ ഇല്ലം എല്ലാ അംഗങ്ങൾക്കും പാർക്കാൻ വലിപ്പമുള്ളതല്ലായിരിക്കാം. ഒരാൾ ഇല്ലം വീട്ടിൽ താമസിച്ചില്ലെങ്കിലും ഇല്ലത്തുതന്നെയായിരിക്കാം താമസിക്കുന്നതു.

മി. ഏ. ജി. മേനോൻ (പറവൂർ) ഇല്ലം "വീടു" എന്നുവരാൻ പാടില്ല.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (ഗവർമെന്റ നിയമനം-ഡിപ്യൂട്ടിപ്രസിഡന്റ): [illegible] ദേഷണനോട്ട് അനുകൂലപ്പെടുത്താൻമാത്രമാണ് "വീടു" എന്നുള്ള പദംകൂടി ഞാൻ ചേർത്തതു. എന്റെ സ്നേഹിതന്നു അതിനെപ്പററി വിരോധമുണ്ടെങ്കിൽ ആ പദം ഞാൻ വിട്ടുകളയാം.

പ്രസിഡന്റ്:—ഇല്ലം എന്നു പറഞ്ഞാൽ എന്താണ് അർത്ഥം.

മി: ഏ. ജി. മേനോൻ (പറവൂർ): ഇല്ലം എന്ന പദത്തിന്റെ അർത്ഥം ഇല്ലംപറമ്പിൽ ഉള്ള വീടുകളോ കെട്ടിടങ്ങളോ എന്നാണ്.

പ്രസിഡന്റ്:—അതുമാത്രമല്ല അർത്ഥം. കുടുംബത്തിനും പേര് ഇല്ലം എന്നാകുന്നു. അതുകൊണ്ടു ഇല്ലം എന്നുപറഞ്ഞാൽ വീടുമാത്രം എന്ന് അർത്ഥമില്ല. "തറവാട്" എന്നുപോലെ ഇല്ലം എന്നതിനും കുടുംബം എന്നാണ് അർത്ഥം. അതുകൊണ്ട് ഇല്ലം വീട് എന്നുപറഞ്ഞാൽ എന്താണ്?

മി: ഏ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): "ഇല്ലം" എന്ന പദത്തിന്റെ അർത്ഥം ഇതിനുമുമ്പുതന്നെ ഇപ്രകാരം വിവരിച്ചിട്ടുണ്ട്.

"ഇല്ലം എന്നു വച്ചാൽ വസ്തുസംബന്ധമുള്ള ഒരു അവിഭക്ത മലയാള ബ്രാഹ്മണകുടുംബത്തിലെ എല്ലാ അംഗങ്ങളും ഉൾപ്പെടും."

പ്രസിഡെന്റ്: — അതുകൊണ്ട് ഇല്ലം വീടു ശരിയല്ല. ഇല്ലത്തിന്റെ അർത്ഥം കുടുംബം എന്നാകുന്നു.

ഭേദഗതി ആരെങ്കിലും പിൻതാങ്ങുന്നുണ്ടോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡന്റ്:—ഇക്കാര്യത്തെപ്പററിയുള്ള വാദപ്രതിവാദം കഴിഞ്ഞിരിക്കയാൽ ഞാൻ അതിനെ സഭയുടെ വോട്ടിനു വയ്ക്കുന്നു.

ഭേദഗതി വോട്ടിനിട്ടതിൽ അതു സഭ സ്വീകരിച്ചു.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട് (ജന്മികൾ): ഇതിൽ ഒരു എക്സ്പ്ലനേഷൻ ക്ലാസുകൂടി ചേർക്കേണ്ട ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നു. മി: കേശവപിള്ള ഇവിടെ ഹാജരാക്കിയതും പാസായതുമായ ഭേദഗതി ഏതെങ്കിലും ഒരു അംഗം ഇല്ലത്തിനു വെളിയിൽ മതിയായ കാരണത്തോടുകൂടി താമസിക്കുന്നതായെങ്കിൽ അയാൾക്കു ചിലവിനു വസ്തു തിരിച്ചുകിട്ടാൻ അവകാശമുണ്ടെന്നാണ്; ഈ സ്ഥിതിക്കു 'മതിയായ കാരണം' എന്താണെന്നു കോടതിയിൽ പോയി തീരുമാനിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു സ്വജാതിയ വിവാഹം കഴിച്ചിട്ടുള്ള ആൾ എവിടെ താമസിച്ചാലും ചിലവിനു വസ്തു കിട്ടാൻ അവകാശമുണ്ട് എന്നുകൂടി ചേർക്കണം.

പ്രസിഡന്റ്:—അതു് വേറൊരു ഭേദഗതിയാണല്ലോ?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട്ട് (ജന്മികൾ): സർ, അതെ.

പ്രസിഡന്റ്:— മി: കേശവൻനമ്പൂതിരിപ്പാട്ട്, ഇതാണു നിങ്ങളുടെ അഭിപ്രായമെങ്കിൽ, അതു് സഭ തള്ളിക്കളഞ്ഞതാണ്, അതായിരുന്നു എ-ാംവകുപ്പു; ആ വകുപ്പിനെ വാദപ്രതിവാദശേഷം സഭ തള്ളി

കളഞ്ഞു; അതിനുപകരം ഷൂട്ട് ചെയ്തു. നിങ്ങൾ വീണ്ടും പഴയ 4-ാംവകുപ്പിലേക്കാണ് പോകുന്നതു. അതു അനുവദിക്കാൻ പാടില്ല.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): ഭേദപ്പെടുത്തിയ 4-ാം വകുപ്പിനു ഒരു വിവരണം ചേർക്കുകമാത്രമാണ് ഞാൻ ചെയ്യുന്നതു.

പ്രസിഡന്റ്:—നിങ്ങളുടെ വിവരണം ഈ സഭ ഉപേക്ഷിച്ച 4-ാം വകുപ്പുതന്നെയാണ്. ആ 4-ാംവകുപ്പു ഒരു വിവരണരൂപത്തിൽ വീണ്ടും കൊണ്ടുവരാൻ പാടില്ല. വിവരണത്തിന്റെ ഉദ്ദേശം അങ്ങനെയല്ലാ എന്നാണെങ്കിൽ, നിങ്ങൾ ആവശ്യപ്പെടുന്ന ഭേദഗതി പ്രസ്താവിക്കാം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): കുടുംബാംഗങ്ങൾ സജാതീയഭാര്യയോടും മക്കളോടുംകൂടി പ്രത്യേകമായി താമസിച്ചാൽ അതു മതിയായ കാരണമാണ് എന്നുവിചാരിക്കേണ്ടതാണ്.

മി: എൻ. കെ. കൃഷ്ണപിള്ള ([illegible]): പ്രത്യേകമായി ഒരില്ലത്തു താമസിച്ചാൽ എന്താണ്?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): പ്രത്യേകമായിട്ടു താമസിച്ചാൽ എന്താണ്. സജാതീയ ഭാര്യയോടും മക്കളോടുംകൂടി വേറെ താമസിക്കുന്നതു ന്യായമായകാരണമാണോ അല്ലയോ എന്നുള്ളതിനെപ്പറ്റി മദ്രാസ് ഹൈക്കോടതിയിൽ ഒരു വിധി ഉണ്ടായിട്ടുണ്ട് ([illegible] മദ്രാസ് [illegible]) ഭാര്യാമക്കളോടുകൂടി വേറെ താമസിക്കുന്ന അവകാശവും ചിലവിനുകിട്ടാൻ അവകാശമുണ്ടെന്നു അതിൽ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെതന്നെ ([illegible] മദ്രാസ് [illegible]) ലും പ്രസ്താവിച്ചിട്ടുണ്ട്. ഈ വിധികൾ എല്ലാം നായന്മാരെസംബന്ധിച്ചാണെങ്കിലും കുടുംബത്തിൽനിന്നു മാറിത്താമസിക്കുന്നതിൽ ന്യായമായ കാരണം ഇതാണെന്നു ഇതിൽനിന്നു വ്യക്തമാകുന്നുണ്ട്.

ഈ വകുപ്പിന്റെ ഉദ്ദേശംതന്നെ സജാതീയവിവാഹം ചെയ്തിട്ടുള്ള ആരും എവിടെ താമസിച്ചാലും കുടുംബത്തിൽനിന്നും ചിലവിനു വസ്തുക്കൾ തിരിച്ചുകിട്ടുന്നതിനു അവകാശം ഉണ്ടായിരിക്കണമെന്നുള്ളതാണ്. കൂടാതെ ഈ ബില്ലിന്റെ ഉദ്ദേശങ്ങളിൽ ഒന്നു സജാതീയവിവാഹത്തെ പ്രോത്സാഹിപ്പിക്കണമെന്നുള്ളതായതുകൊണ്ടും ഈ ഭേദഗതി ഉൾപ്പെടുത്തിയില്ലെങ്കിൽ, ആ ഉദ്ദേശത്തിനു വിപരീതമായ വ്യാഖ്യാനങ്ങൾ ഉണ്ടാകുവാനും കോടതിയിൽനിന്നു വിധികൾ വിപരീതമായിത്തീരുവാനും ഉണ്ടാകുന്നതിനു കാരണമായേക്കാവുന്നതുകൊണ്ടും ഇങ്ങിനെ ഒരു വിവരണംകൂടി ചേർക്കേണ്ടതു ആവശ്യമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രസിഡന്റ്: നിങ്ങൾ ഇപ്പോൾ എന്താണു പറയുന്നതു? അതൊരു ഭേദഗതിയാണോ? ആണെങ്കിൽ, ഇതിന്റെ അഭിപ്രായം അങ്ങനെ തന്നെ ഒരു പ്രമേയമാക്കി അവതരിപ്പിക്കുക. അതൊരു ഭേദഗതിയാക്കിക്കൊണ്ടുവരണമെങ്കിൽ ക്രമപ്രകാരം അവതരിപ്പിക്കുക.

മി. കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): ഈ ഭേദഗതിയെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

മി: വി. എൻ. നാരായണൻ നമ്പൂതിരിപ്പാട (കൂട്ടത്തിൽചേർന്ന മെംബർ): അങ്ങിനെ ഒരു വിവരണം ചേർക്കേണ്ടതില്ലെന്നാണ് എന്റെ അഭിപ്രായം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇപ്പോൾ ആവശ്യപ്പെട്ട ഭേദഗതിയുടെ ഇംഗ്ലീഷ് തർജ്ജമ വായിച്ചുകേട്ടാൽ കൊള്ളാം.

പ്രസിഡന്റ:— മി: കേശവൻ നമ്പൂതിരിപ്പാട ഇംഗ്ലീഷ് തർജ്ജമ വായിക്കുക.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): തന്റെ ഭാര്യയോടുംകുട്ടികളോടുംകൂടി പ്രത്യേകം ഒരു ഇല്ലത്തു തറവാട്ടിലെ ഒരംഗം താമസിക്കുന്നുഎന്നതു ന്യായവും മതിയായതും ആയ ഒരു കാരണമാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ): ഇതിൽനിന്നും 'സജാതീയ വിവാഹം' എന്ന അർത്ഥം കിട്ടുമോ?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട (ജന്മികൾ): 'ഇല്ലം' എന്നു ചേർത്തിട്ടുള്ളതുകൊണ്ടു ആ അർത്ഥം കിട്ടും. തന്റെ ഭാര്യയോടും കുട്ടികളോടുംകൂടി പ്രത്യേകം ഒരു ഇല്ലത്തു തറവാട്ടിലെ ഒരംഗം താമസിക്കുന്നു എന്നതു ന്യായവും മതിയായതും ആയ ഒരു കാരണമായി ഗണിക്കേണ്ടതാകുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഹൈക്കോടതി വിധികളെപ്പറ്റി ഇവിടെ സൂചിപ്പിച്ചതു നമ്പൂതിരിമാരെ സംബന്ധിച്ചുള്ളതാണോ?

പ്രസിഡന്റ — മി. കേശവൻനമ്പൂതിരിപ്പാടേ, നിങ്ങൾ പറഞ്ഞ വിധി ഒരു നമ്പൂതിരികുടുംബത്തെ സംബന്ധിച്ചായിരുന്നോ, അതല്ല, വേറെ വല്ലകുടുംബത്തെയും സംബന്ധിച്ചായിരുന്നോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): നമ്പൂതിരിമാരെ സംബന്ധിച്ചതല്ല. നായന്മാരെസംബന്ധിച്ചതാണ്. ഭാര്യ മക്കളോടുകൂടി പ്രത്യേകം താമസിക്കുന്നതു Just and sufficient cause ആകും എന്നു അതിൽനിന്നും വ്യക്തമാകുന്നു എന്നു കാണിക്കാനാണ് ഈ കാര്യം ഇവിടെ പറഞ്ഞതു.

റാവുബഹദൂർ കെ. പി. [illegible] (ഗവണ്മെന്റുനിയമനം-ഡിപ്യൂട്ടിപ്രസിഡന്റ): വേറെതാമസിക്കുന്ന ആൾക്കു ചെലവിനു കിട്ടാനുള്ള അവകാശത്തെപ്പറ്റി മാത്രമായിരുന്നോ ആ വിധി എന്നുപറയാമോ? അങ്ങനെയാണെങ്കിൽ ആ അവകാശം സഭ ഇപ്പോൾതന്നെ സ്ഥാപിച്ചിട്ടുണ്ട്. ചിലവിനുകിട്ടാനുള്ള അവകാശത്തെപ്പറ്റിയല്ലാതെ വസ്തുക്കൾ പ്രത്യേകം തിരിച്ചുകിട്ടാനുള്ളതിനെപ്പറ്റി നമുക്കിപ്പോൾ ആലോചിച്ചിട്ടാവശ്യം ഇല്ല.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികൾ): "അതൊരു മതിയായ കാരണം" അല്ലെന്നു കോടതി തീർച്ചയാക്കിയേക്കാം.

പ്രസിഡന്റ്:—കോടതി എന്തു തീർച്ചയാക്കിയേക്കാം?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): വേറെ താമസിക്കുന്നതു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): അതിനെ ഉദാഹരണമായിട്ടു ചേർക്കണമെന്നാണൊ മെമ്പറിന്റെ ഉദ്ദേശം?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): ഉദാഹരണമായിട്ടോ വിവരണമായിട്ടോ ചേർക്കണം.

പ്രസിഡന്റ്: ൧൮-ാം വകുപ്പിന്റെ ൧-ാം ഉപവകുപ്പായി ഇപ്പോൾ ചേർത്ത വ്യവസ്ഥ, വല്ല കാര്യത്തിലും ഉപയോഗിക്കാമെങ്കിൽ അതു നിങ്ങൾ ഇപ്രകാരം പറഞ്ഞ സംഗതിയിലാണ്. അങ്ങനെ ഒരു വ്യവസ്ഥ ഉണ്ടായിരിക്കേ നിങ്ങൾ പറയുന്ന കാരണം [illegible] തിരിച്ചുകൊടുക്കാൻ മതിയായ കാരണം അല്ലെന്നു ഏതെങ്കിലും കോടതിയിൽ വിചാരിക്കുമെന്നോ അങ്ങനെ തീരുമാനിക്കാൻ അതിനെക്കാൾ മതിയായ കാരണം ഏതെങ്കിലും കാര്യത്തിൽ ഉണ്ടാകുമെന്നോ എനിക്കു തോന്നുന്നില്ല. നിങ്ങൾ പറയുന്ന കാര്യത്തെക്കാൾ മതിയായ കാരണമുള്ള ഒരു കേസു സാദ്ധ്യമല്ല.

അതിനാൽ ഒരു പ്രത്യേക വിവരണത്തിനു ആവശ്യമുണ്ടോ?

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): അങ്ങനെയുള്ള കാര്യങ്ങൾ ൧൮-ാം വകുപ്പിൽ ഉൾപ്പെടുമെങ്കിൽ ഞാൻ എന്റെ [illegible] പിൻവലിച്ചുകൊള്ളുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഭേദഗതി ഞാൻ [illegible] പിൻവലിച്ചിട്ടില്ല.

പ്രസിഡന്റ്: അതു പിൻവലിച്ചു എന്നല്ലോ [illegible] വിചാരിക്കുന്നില്ല.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൨-ാം വകുപ്പിന്റെ ൭-ാം ഉപവകുപ്പിനെ പറ്റി ൧൮-ാം വകുപ്പിന്റെ [illegible] ആലോചിക്കാമെന്നു കഴിഞ്ഞ ദിവസം [illegible] തീരുമാനമാണല്ലോ. ഇപ്രകാരം ൧൮-ാം വകുപ്പിനെ സംബന്ധിച്ചു [illegible] ആലോചന തീർന്നു.

പ്രസിഡന്റ്: ഇപ്രകാരം സഭ ആലോചിക്കുന്നതിനു മിസ്റ്റർ കേശവപിള്ള അനുവദിപ്പിച്ചതും ന്യായസമ്മതിയോടും അച്ചടിച്ചുകൊടുത്തിട്ടില്ലാത്ത [illegible] ചേർത്തിട്ടില്ലാത്ത ഭേദഗതി ൧൮-ാം വകുപ്പിന്റെ ൨-ാം ഉപവകുപ്പായി ചേർക്കണമെന്നും മിസ്റ്റർ [illegible] ഭേദഗതി ൧൮-ാം വകുപ്പിന്റെ ൨-ാം ഉപവകുപ്പായി ചേർക്കണമെന്നും [illegible] കുന്നു.

ഇപ്രകാരം സഭ അനുവദിച്ചു വകുപ്പ് [illegible].

വകുപ്പ് ൨.

പ്രസിഡന്റ്: [illegible] വകുപ്പിനെ [illegible] ആലോചിക്കാം. ഈ വകുപ്പിന്റെ ആലോചന [illegible] എന്നതിനെ [illegible] നിർത്തിവെച്ചതാണെന്നു സഭ ഓർക്കുന്നുണ്ടല്ലോ.

മിസ്റ്റർ താണുപിള്ള, [illegible] വകുപ്പിന്റെ [illegible] ഭേദഗതി [illegible] അവതരിപ്പിക്കുന്നുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): [illegible] ആലോചിക്കുന്നതിനാൽ [illegible] എന്റെ ഭേദഗതിക്കു [illegible] ആവശ്യമില്ല.

പ്രസിഡന്റ്: [illegible] ഇപ്പോൾ [illegible] വകുപ്പിനെപ്പറ്റി [illegible]; മിസ്റ്റർ [illegible] പിള്ള അതിനു നിങ്ങൾ [illegible] ഭേദഗതി [illegible] ഒരു ഭേദഗതിഹാജരാക്കി ഉണ്ടെന്നു തോന്നുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): [illegible] അവതരിപ്പിക്കുന്നില്ല.

പ്രസിഡന്റ്: മിസ്റ്റർ നീലകണ്ഠപ്പിള്ള, നിങ്ങൾ [illegible] വകുപ്പിനെ [illegible] ഭേദഗതി വല്ലതുമുണ്ടല്ലൊ.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ൨-ാം വകുപ്പിന്റെ [illegible] ഉപവകുപ്പിൽ "വിവാഹം മൂലം ഇല്ലാത്ത അംഗങ്ങളായിത്തീർന്നിട്ടുള്ള" എന്ന വാക്കുകൾക്കു പകരം [illegible] വിവാഹം ചെയ്യു ഇല്ലത്തു വരികയൊ ചെയ്തിട്ടുള്ള" എന്ന വാക്കുകളും അവസാനത്തിൽ "വിവാഹം" എന്ന പദത്തിനു പകരം "അവരുടെ ജനനം" എന്ന പദങ്ങളും ചേർക്കണം.

ഭേദപ്പെടുത്തിയ വകുപ്പു ഇങ്ങനെയായിരിക്കും.

"ജനനത്താലൊ വിവാഹത്താലൊ ഇല്ലത്തെ അംഗങ്ങളായിട്ടുള്ള സ്ത്രീകളും [illegible] അവരുടെ വയസ്സുനോക്കി.—

പ്രസിഡന്റ്: അവരുടെ വയസ്സിനുപകരം അവരുടെ ജനനതീയതി നോക്കി എന്നല്ലേ മിസ്റ്റർ നീലകണ്ഠപ്പിള്ള പറയുന്നതു?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അവരുടെ ജനനത്തീയതിനോക്കി തീർച്ചപ്പെടുത്തുന്നതാകുന്നു. ൧൮-ാം വകുപ്പിനു ഹാജരാക്കിട്ടുള്ള ഭേദഗതികളെപ്പറ്റി ചിന്തിക്കുമ്പോൾ സന്ദർഭവശാൽ ഇതിനെപ്പറ്റിയും ആലോചിക്കയുണ്ടായി. മരിച്ചുപോയ പ്രായംകൂടിയ അവിവാഹിതയായ ഒരു സ്ത്രീയും വിവാഹംചെയ്തുകൊണ്ടുവന്ന പ്രായം കുറഞ്ഞ ഒരു സ്ത്രീയും ഉണ്ടെന്നിരിക്കട്ടെ ഈ വകുപ്പിന്റെ ഇപ്പോഴത്തെ നിലയിൽ പ്രായം കുറഞ്ഞ സ്ത്രീക്കു പ്രായമേറും. കൂടാതെ ഇങ്ങനെ സംഭവിക്കാതെ അവരുടെ പ്രായം അനുസരിച്ചു മൂപ്പുനിശ്ചയിക്കുന്നതിനാകുന്നു ഞാൻ ഈ ഭേദഗതികൊണ്ടുവന്നിട്ടുള്ളതു്.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവിവാഹിതയായ ഒരു സ്ത്രീക്കു ഇല്ലത്തെ കാരണവനാകാമോ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുരുഷന്മാരില്ലെങ്കിൽ.

മി: എ. താണുപിള്ള (തിരുവനന്തപുരം): അതെ, പുരുഷന്മാരില്ലെങ്കിൽ അവിവാഹിതയായ ഒരു സ്ത്രീക്കു ഇല്ലത്തെ കാരണവൻ ആകാമോ എന്നാണു ഞാൻ ചോദിക്കുന്നതു്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): പുരുഷന്മാരില്ലെങ്കിൽ വിവാഹം ചെയ്ത ഒരു സ്ത്രീക്കു കാരണവനാകാമെങ്കിൽ അവിവാഹിതയായ ഒരു സ്ത്രീക്കു കുടുംബത്തിലെ വിവാഹിതകളായ സ്ത്രീകളെക്കാൾ

പ്രായക്കൂടുതലുണ്ടെങ്കിൽ കാരണവനായാലെന്താണ്? ഒരു കുഡുംബത്തിൽ അവിവാഹിതയായ ഒരു സ്ത്രീയും വിവാഹംചെയ്തു കൊണ്ടുവരപ്പെട്ട ഒരു സ്ത്രീയും ഉണ്ടായിരുന്നാൽ വിവാഹത്തെപ്പററി ആലോചിക്കാതെ പ്രായംകൊണ്ടു മൂത്ത ആളിനു കാരണവൻ ആകാൻ അവകാശമുണ്ടായിരിക്കണമെന്നാണ് എന്റെ ഭേദഗതിയുടെ സാരം.

മി: എ. താണുപിള്ള (തിരുവനന്തപുരം): അവിവാഹിതകളായ സ്ത്രീകൾ ഇപ്പോൾ കാരണവന്മാരാകാറില്ലെന്നാണ് മലയാളബ്രാഹ്മണമെമ്പർമാർ ഇവിടെ പറഞ്ഞതെന്ന് എനിക്കുതോന്നി. അതാണ് നാട്ടുനടപ്പെന്നു ഞാൻ വിചാരിച്ചു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): കാരണവസ്ഥാനത്തിനു ഇല്ലത്തെ സ്ത്രീകൾക്കുള്ള അവകാശം വയസ്സ് അനുസരിച്ചു ജനനദിവസം നോക്കി തീർച്ചയാക്കണമെന്നാകുന്നു എന്റെ ഭേദഗതിയിൽ പറയുന്നതു. ഒരു ഇല്ലത്തു പുരുഷന്മാർ ഇല്ലാതെവരികയും രണ്ടു സ്ത്രീകൾ ഒരാൾ ഇല്ലത്തു ജനിച്ചവളും പ്രായക്കൂടുതൽ ഉള്ളവളും മററവൾ വിവാഹംമൂലം ഇല്ലത്തു വന്നവളും പ്രായം കുറഞ്ഞവളും മാത്രം ഉണ്ടായിരിക്കയും ചെയ്താൽ പ്രായക്കൂടുതൽ ഉള്ളവർ അവിവാഹിത ആയിരുന്നാലും കാരണവസ്ഥാനത്തിനു അവകാശിയായിരിക്കണമെന്നാകുന്നു എന്റെ ഭേദഗതികൊണ്ടു സാധിക്കാനുള്ളതു്.

മി: രേവതിനാൾ രാമവർമ്മരാജാ (എടവക): ഇപ്പോഴത്തെ നടപ്പു അങ്ങനെയല്ല എന്നറിയാമൊ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അങ്ങനെയായിരിക്കാം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികൾ): മൂപ്പു തീർച്ചയാക്കേണ്ടതു വിവാഹത്തീയതി നോക്കിവേണമെന്നു ഫുൾബെഞ്ച് ഹൈക്കോർട്ടിന്റെ ഒരു വിധി ഉള്ളതായി മെമ്പറിനു അറിയാമൊ?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ സ്നേഹിതൻ പ്രസ്താവിച്ച ആ വിധി ഞാൻ വായിച്ചിട്ടില്ല.

എങ്കിലും എന്റെ ഭേദഗതിക്കു അന്യായമായ വിരോധം പറയാനുണ്ടെങ്കിൽ ഞാൻ അതു പിൻവലിക്കാൻ തയ്യാറാണ്. ന്യായമായ കാരണങ്ങൾ ഞാൻ സമ്മതിക്കാൻ ഒരുക്കമാണ്. ഈ ഭേദഗതിയെപ്പററി ആലോചിക്കണമെന്നപേക്ഷിക്കുന്നു.

മി. കെ. രാഘവൻപിള്ള (തിരുവനന്തപുരവും നെടുമങ്ങാടും): വിവാഹം മൂലമാത്രമെ ഒരു സ്ത്രീ ഒരു ഇല്ലത്തെ അംഗമായിത്തീരുന്നുള്ളു എന്നാണൊ മെമ്പർ പറയുന്നതു്?

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): വിവാഹംമൂലം കുടുംബാംഗങ്ങളായിത്തീർന്ന രണ്ടുസ്ത്രീകളുടെ കാര്യമല്ല ഞാൻ പറയുന്നതു്. കുടുംബത്തിൽ ജനിച്ച അവിവാഹിതയായിരിക്കുന്ന ഒരു സ്ത്രീയുടെയും വിവാഹംചെയ്തു കുടുംബാംഗമായിത്തീർന്ന സ്ത്രീയുടെയും കാര്യമാണു എന്റെ ഭേദഗതിയിൽ പറഞ്ഞതു്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെന്റുനിയമനം ഡിപ്പ്യൂട്ടിപ്രെസിഡെന്റ്): ഇല്ലത്തു ജനിച്ച ഒരു സ്ത്രീ വിവാഹം ചെയ്യുന്നതുവരെ ആ ഇല്ലത്തെ അംഗമായിത്തന്നെ ഇരിക്കുന്നു എന്നു സമ്മതിക്കുന്നുണ്ടൊ

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉണ്ട്

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെന്റുനിയമനം ഡിപ്പ്യൂട്ടിപ്രെസിഡെന്റ്): യാതൊരവസരത്തിലും അവിവാഹിതയായ ഒരു സ്ത്രീക്കു കുടുംബഭരണത്തിന്നവകാശമില്ല എന്നു എന്റെ സ്നേഹിതൻ പറയുന്നു എന്നാണൊ മനസ്സിലാക്കേണ്ടതു്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ, ഇപ്പോഴത്തെ നിയമപ്രകാരം.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമ്മെന്റുനിയമനം ഡിപ്പ്യൂട്ടിപ്രെസിഡെന്റ്): അങ്ങനെ ആണൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ.

എങ്ങനെയായാലും, സർ, എന്റെ ഭേദഗതിയെപ്പററി സഭ ആലോചിക്കണമെന്നപേക്ഷിക്കുന്നു. എന്നോടു പലരും ചോദിച്ച ചോദ്യങ്ങൾകൊണ്ടു മെമ്പർമാർക്കു എന്റെ ഭേദഗതിയുടെ ഉദ്ദേശം മനസ്സിലായിട്ടില്ലെന്നു തോന്നുന്നു. വിവാഹംമൂലം കുടുംബാംഗങ്ങളായിത്തീർന്നിട്ടുള്ള രണ്ടു സ്ത്രീകളുടെ കാര്യമല്ല ഞാൻ പറയുന്നതു്. ഇല്ലത്തു ജനിച്ചു അവിവാഹിതയായിരിക്കുന്ന ഒരു സ്ത്രീയുടെയും വിവാഹംചെയ്തു കുടുംബത്തിൽ കൊണ്ടുവരപ്പെട്ട ഒരു സ്ത്രീയുടെയും കാര്യമാകുന്നു എന്റെ ഭേദഗതിക്കു അടിസ്ഥാനമായ വിഷയം. രണ്ടാമതു പറഞ്ഞ സ്ത്രീക്കു ഇല്ലത്തിലുള്ള അവകാശം ആരംഭിക്കുന്നതു് അവളുടെ വിവാഹത്തീയതിമുതല്ക്കാണ്. അങ്ങനെയുള്ള രണ്ടു സ്ത്രീകളുടെ കാര്യത്തിൽ മൂപ്പു തീർച്ചയാക്കേണ്ടതു അവരുടെ ജനനദിവസംനോക്കിവേണം വിവാഹത്തെപ്പററി ആലോചിക്കേണ്ടതില്ലെന്നുള്ളതാണ് എന്റെ ഭേദഗതിപ്രമേയം.

മി. എ. താണുപിള്ള (തിരുവനന്തപുരം): രണ്ടുസ്ത്രീകളും വിവാഹംമൂലം കുടുംബാംഗങ്ങളായിത്തീർന്നതാണെങ്കിൽ അവരുടെ മൂപ്പു നിശ്ചയിക്കേണ്ടതു് എങ്ങനെയാണ്?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ജനനത്തീയതിനോക്കി.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇപ്പോഴത്തെ നിയമം വ്യത്യസ്തമാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): അതെ, അതിൽ വ്യത്യാസം വരുത്തണമെന്നതാണ് എന്റെ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്.

മി. വി. ചെല്ലംപിള്ള (തോവാള): വിവരണം എടുത്തുകളയുമ്പോൾ മെമ്പർ തൃപ്തിപ്പെടുമൊ എന്നു പറയുമൊ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഉവ്വ് തൃപ്തിപ്പെടും.

മി. രേവതിനാൾ രാമവർമ്മരാജാ (എടവക): ഇല്ലത്തിലെ മൂത്ത അംഗം കല്യാണം കഴിച്ചുകൊണ്ടുവരുന്നതു ഫ൦ വയസ്സുള്ള ഒരു സ്ത്രീയെയാണ്. അനന്തരവൻ കല്യാണം കഴിച്ചുകൊണ്ടുവരുന്നതു ന൦ വയസ്സു പ്രായമുള്ള ഒരു സ്ത്രീയെയാണ്. കല്യാണം കഴിച്ച പുരുഷന്മാർ രണ്ടുപേരും മരിച്ചുപോയി അപ്പോൾ മൂപ്പ് ആർക്കാണ്.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എന്റെ ഭേദഗതി സ്പഷ്ടമാണ്. അവരുടെ മുപ്പ്നിണ്ണയിക്കേണ്ടതു ജനനത്തീയതിനോക്കിയാണ്. ഭേദഗതി സ്വീകരിക്കണമൊ വേണ്ടയൊ എന്ന പ്രശ്നവശത്തു നിന്നും ഈ സഭക്ക ആലോചിക്കാവുന്നതാണ്.

മി. രവിനാഥ രാമവർമ്മരാജാ (ഇടവക): വയസ്സുകൂടിയ ആളെക്ക കൊടുക്കുന്ന പക്ഷം ഇപ്പോൾ നടപ്പിലിരിക്കുന്ന ആചാരത്തിന വിപരീതമായിട്ടു വരികയില്ലേ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): നമ്പൂതിരി ഇല്ലത്തെ ഇപ്പോഴത്തെ ആചാരത്തിന വിപരീതമായി അനേകം വ്യവസ്ഥകൾ നാം സ്വീകരിച്ചുവല്ലോ?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട് (കൂട്ടതൽചേത്തമെമ്പർ): ഈ വയസ്സിന്റെ ക്രമം അനുസരിച്ചു എന്നുവച്ചാൽ മറ്റ സാധുതായികരമായി നടത്തുന്ന പത്തവുകൾ ഏർപ്പെടുമെന്നും അതു ഒഴിപ്പാതാൻ പാടില്ലെന്നും അറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): എനിക്ക് അതു നിശ്ചയമില്ല.

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽ ചേത്തമെമ്പർ): വയസ്സിന്റെ ക്രമമനുസരിച്ചു ചില കർമ്മങ്ങൾ നടത്താനുണ്ടായിരിക്കുമെന്നറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്). ഉണ്ടായിരിക്കാം.

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽ ചേത്തമെമ്പർ): അതിന ഇതു ബാധകമാണെന്നറിയാമോ?

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്) ആ കാരണംകൊണ്ടു ഇതിനെ എതിക്കേൻ തയ്യാറുണ്ടെങ്കിൽ അങ്ങിനെ ചെയ്യണം. അതിനെ ശരിയായി ബോദ്ധ്യപ്പെടുത്തുന്നപക്ഷം ഞാൻ ഈ ഭേദഗതി പിൻവലിക്കാം.

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽ ചേത്തമെമ്പർ): മിസ്റ്റർ നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ ഞാൻ എതിക്കുന്നു. ഒരു സ്ത്രീ ജനിച്ച തീയതിയെ കണക്കാക്കി മൂപ്പുനിശ്ചയിക്കണമൊ അതല്ല വിവാഹം കഴിഞ്ഞ തീയതിയെ അടിസ്ഥാനമാക്കി മൂപ്പുനിശ്ചയിക്കണമോ എന്നുള്ളതാണ് ഇവിടത്തെ വിവാദവിഷയം. ബില്ലിൽ പറഞ്ഞിരിക്കുന്നതു വിവാഹതീയതിയെ അടിസ്ഥാനമാക്കിവേണം മൂപ്പു നിശ്ചയിക്കേണ്ടത് എന്നാണ്. ഞങ്ങളുടെ സമുദായത്തിൽ വളരെ പുരാതനമായിട്ടു നടന്നുവരുന്ന നടപ്പനുസരിച്ചും ആചാരസംബന്ധമായിട്ടും ക്രിയസംബന്ധമായിട്ടും ഉള്ള അധികാരത്തിൽ മറെറാരു കുടുംബത്തിലെ സ്ത്രീ അവകാശിയായി തീരുന്നതു വിവാഹംമുതൽക്കാണ്. അതുകൊണ്ടാണ് അതിനെ അടിസ്ഥാനപ്പെടുത്തി മൂപ്പുനിശ്ചയിക്കണമെന്ന ബില്ലിൽ ചെത്തിട്ടുള്ളതു. ഇതു ഞങ്ങളുടെയിടയിൽ മാത്രമല്ല നടപ്പുള്ളതു. സന്യാസിമഠങ്ങളിലും ഉണ്ടെന്നാണ്. ഒന്നു വയസ്സായ ഒരാൾ സന്യസിച്ചു ഒരു സന്യാസിമഠത്തിൽ താമസിക്കുന്നു എന്നു വിചാരിക്ക. അതിൽപിന്നീടു വൃദ്ധ വയസ്സായ ഒരാളും സന്യസിച്ചു മഠത്തിൽ താമസിക്കുന്നു, ഇതിൽ ആദ്യം സന്യസിച്ചയാളിനാണ് മഠത്തിൽ മൂപ്പുസ്ഥാനമുള്ളതു. ഇതിന്റെ താല്പര്യം ആരു ആദ്യം അവകാശിയായിതീരുന്നുവോ അവക്കു മൂപ്പു സ്ഥാനം കൊടുക്കണമെന്നുള്ളതാണ്. അതുപോലെ നമ്പൂതിരിസമുദായത്തിൽ ഒരു സ്ത്രീ മറെറാരുകുടുംബത്തിലെ അവകാശിയായിതീരുന്നതു വിവാഹംമുതൽക്കാണ്. വിവാഹാനന്തരം കർമ്മവസ്സ് എന്നൊരു ക്രിയകൂടി ഞങ്ങളുടെയിടയിലുണ്ട്. ഇതും ഞാൻ മുമ്പു പറഞ്ഞ അഭിപ്രായത്തെ തെളിയിക്കുന്നുണ്ട്. അതിനാൽ വിവാഹം കഴിഞ്ഞശേഷമാണ് ആശൗചം മുതലായവ അനുഷ്ഠിക്കുന്നതു.

ഇപ്രകാരം മറ്റ കർമ്മങ്ങൾക്ക ഇല്ലത്തിൽ ആദ്യം പ്രവേശിച്ചതായ സ്ത്രീയാണ് ഇപ്പോൾ അവകാശമെന്നിരിക്കെ ഈ ഭേദഗതി പാസാക്കുന്നപക്ഷം അതും മാറുന്നതായിട്ടാണ വരുന്നതു. ഈ സംഗതിയിൽ വലിയ കുഴപ്പത്തിന് ഇടവരുത്തും.

മി. കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ഈ ഭേദഗതി ഇന്നു അവിവാഹിതകളായിരിക്കുന്ന സ്ത്രീകളുടെ വിവാഹത്തിന പ്രേരകമായിതീരുമെന്നറിയാമോ?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽചേത്തമെമ്പർ): അങ്ങിനെ വരികയില്ല

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവമ്മെൻറുനിയമനം ഡിപ്പ്യൂട്ടിപ്രസിഡൻറ): വിവാഹം കഴിയാത്ത ഒരു കന്യകമാത്രമേ ഒരു കുടുംബത്തിലുള്ളു എന്നു വിചാരിക്ക; അപ്പോൾ ആ കന്യകയ്ക്കു കുടുംബസ്വത്തിൽ അവകാശമില്ലെന്നാണോ മനസ്സിലാക്കേണ്ടതു?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽ ചേത്തമെമ്പർ): കന്യകമാത്രമേ ഉള്ളുവെങ്കിൽ യാതൊരവകാശവുമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവമ്മെൻറുനിയമനം ഡെപ്പ്യൂട്ടിപ്രെസിഡൻറ) ഒരു കുടുംബത്തിൽ ഒരു കന്യകമാത്രമേ ശേഷിക്കുന്നുള്ളു. വേറെ പുരുഷന്മാരൊ അന്തർജ്ജനങ്ങളൊ ഇല്ല. നിങ്ങളുടെ നടപ്പനുസരിച്ചു സ്വത്തിന ആ കന്യകയ്ക്കവകാശമുണ്ടോ? ആ സ്വത്തു ദായാദിവഗ്ഗക്കാർ കൊണ്ടുപോകയാണൊ; എങ്ങിനെയാണു പതിവ്?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽചേത്തമെമ്പർ): ആ കന്യകയ്ക്കു യാതൊരവകാശവുമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവമ്മെൻറുനിയമനം ഡെപ്പ്യൂട്ടിപ്രെസിഡൻറ): അപ്പോൾ ആ സ്വത്തു അന്യന്മ പോകണമെന്നാണോ പറയുന്നതു?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽ ചേത്തമെമ്പർ): അങ്ങനെവരുമ്പോൾ അവരുടെ സ്വജനങ്ങളായ ആളുകൾ അതിൽ പങ്കുവെക്കും.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അങ്ങിനെയുള്ള ഒരു കന്യകയെ വിവാഹം ചെയ്യാൻ ആരുമില്ലെങ്കിലോ?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽചേത്തമെമ്പർ): അങ്ങിനെ ഇതുവരെ സംഭവിച്ചിട്ടില്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അങ്ങിനെ സംഭവിക്കയില്ലെന്നുണ്ടോ?

മി. സി. എൻ. ഇട്ടൻനമ്പൂതിരിപ്പാട (കൂട്ടതൽചേത്തമെമ്പർ): അങ്ങിനെവന്നാൽസങ്കടമുള്ള കക്ഷി കോടതിമുഖാന്തിരം പരിഹാരമുണ്ടാക്കേണ്ടതാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വിവാഹംകഴിക്കാത്ത ഒരു സ്ത്രീയെ കുടുംബത്തിലെ അംഗമായിട്ടു ഗണിക്കപ്പെടുമൊ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): കുടുംബത്തിലെ ഒരു മൈനർ എന്ന നിലയിൽ ഗണിക്കും.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നും മൈനറായിട്ടോ?

മി. സി. എൻ. ഇപ്പൻ നംപൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): എന്നും മൈനറായിട്ടല്ല ഗണിക്കുന്നത്. വിവാഹം കഴിയുന്നതുവരെ മാത്രമെ അങ്ങിനെ ഗണിക്കപ്പെടുകയുള്ളു.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ഇപ്പോഠം സമുദായത്തിൽ അവിവാഹിതകളായ സ്ത്രീകഠം ധാരാളമുണ്ടെന്നു പറഞ്ഞില്ലെ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): വിവാഹംകഴിയാതെയിരുന്ന സ്ത്രീകഠം മരിച്ചുപോയതായി കേട്ടിട്ടുണ്ടോ?

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ഒരു സ്ത്രീ വിവാഹംകഴിച്ചുകഴിഞ്ഞാൽ എണ്ണത്തിൽ ചേർക്കാറുണ്ടോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): ചേർക്കാറില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): കുടുംബത്തിലെ അംഗമല്ലെ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): കുടുംബത്തിലെ അംഗമാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം-ഡെപ്യൂട്ടിപ്രസിഡെന്റ): വിവാഹംകഴിയാത്ത കന്യകയ്ക്കു ചിലവിനുകിട്ടുവാൻ അവകാശമുണ്ടോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽചേർത്ത മെമ്പർ): വിവാഹംകഴിച്ചുകൊടുക്കുന്നതുവരെ ചിലവിനുകിട്ടുവാൻ അവകാശമുണ്ട്. സ്ത്രീധനം കിട്ടുവാനും അവകാശമുണ്ട്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡെപ്യൂട്ടിപ്രസിഡെന്റ): ഒരു കുടുംബത്തിൽ ഒരു വിവാഹം കഴിയാത്ത ഒരു കന്യകമാത്രംശേഷിച്ചാൽ ആ കന്യകയ്ക്കു ചിലവിനുകൊടുക്കുന്നതാരാണ്? കുടുംബസ്വത്തിൽ അവഠംക്കവകാശമില്ലല്ലോ.

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): അങ്ങിനെ വരുന്ന സന്ദർഭത്തിൽ ഒരു മൈനർ എന്ന നിലയിൽ എങ്ങിനെ നടത്തുമോ അതുപോലെ കോടതിയിൽ അപേക്ഷിച്ചു രക്ഷകർത്താവിനെ നിയമിച്ചു നടത്തും.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡെപ്യൂട്ടിപ്രസിഡെന്റ): ആ കന്യകയുടെ ജീവിതാവസാനംവരെ ആ സ്വത്തിന്റെ ആദായം എടുത്തു ഉപയോഗിക്കുന്നതിൽ ആക്ഷേപമുണ്ടോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): ആദായം എടുത്തു ഉപയോഗിക്കുന്നതിൽ യാതൊരാക്ഷേപവുമില്ല.

എന്നാൽ അങ്ങിനെ ഉപയോഗിക്കുന്നതിനു കോടതിമുഖാന്തിരം ഒരു രക്ഷാകർത്താവിനെക്കൂടിനിയമിക്കണം.

മി. കെ. മാധവൻപിള്ള (തിരുവനന്തപുരവും-നെടുമങ്ങാടും) നംപൂതിരിസ്ത്രീകഠംക്കു പെങ്കോറിട്ടി ഒരിക്കലും ഉണ്ടാവുകയില്ലെന്നാണോ പറയുന്നത്.

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): വിവാഹം കഴിയുന്നതുവരെ മൈനറാണ്.

മി. റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡെപ്യൂട്ടിപ്രസിഡെന്റ): ഒരു കുടുംബത്തിൽ തനിച്ചു ശേഷിക്കുന്ന മൈനറെ വിവാഹംകഴിച്ചുകൊടുക്കുന്നതാര്? അതിന്റെ ചിലവുനടത്തുന്നതും സ്ത്രീധനം കൊടുക്കുന്നതും ആര്? അവർ ആരുടെ അടുത്തു ചോദിക്കണം? അവർ ഇല്ലത്തുതന്നെ താമസിക്കുന്നുണ്ട്, വസ്തുവും കൈവശമുണ്ട്. ഈ സംഗതികഠംക്കെല്ലാം കോടതിയിൽ പോകണമെന്നാണോ പറയുന്നത്?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): ഇപ്പോഴത്തെ നടപ്പ് അങ്ങിനെയാണ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡെപ്യൂട്ടിപ്രസിഡെന്റ): മേലും അബലയായ ഒരു നംപൂതിരികന്യക അന്യനെ ആശ്രയിച്ചുതന്നെ ജീവിതം കഴിച്ചുകൂട്ടണമെന്നു നിങ്ങളുടെ സമുദായത്തിൽ നിർബന്ധമുണ്ടോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): അങ്ങിനെയാണ് നടപ്പ്.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റുനിയമനം ഡെപ്യൂട്ടിപ്രസിഡെന്റ) ഇന്നത്തെ നിയമമനുസരിച്ചു പ്രായവയസ്സു തികയുന്നതുവരെ മാത്രമേ രക്ഷകർത്താവിനെ നിയമിക്കാൻ കോടതിക്കധികാരമുള്ളു. പ്രായവയസ്സുകഴിഞ്ഞാലും രക്ഷകർത്താവിനെ നിയമിക്കാൻ കോടതിയിൽ ഹർജികൊടുക്കണമെന്നാണോ പറയുന്നത്?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): അതേ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): പ്രായവയസ്സായ ഒരു അവിവാഹിതയായ സ്ത്രീക്കു രക്ഷകർത്താവിനെ നിയമിക്കാൻ കോടതിയിൽ അപേക്ഷിക്കുന്നതിനു ആ സ്ത്രീക്കധികാരമുണ്ടോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): ആ സ്ത്രീയുടെ മററു ബന്ധുകളിലുള്ള പുരുഷന്മാർക്ക് അപേക്ഷിക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇങ്ങനെ വിവാഹംകഴിയാതെ പ്രായവയസ്സിനുമേലായ സ്ത്രീ മാത്രമുള്ള ഏതെങ്കിലും നംപൂതിരി കുടുംബത്തെപ്പററി അറിയാമോ?

മി. സി. എൻ. ഇപ്പൻനംപൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): അങ്ങനെയുള്ള രണ്ടു കുടുംബത്തെപ്പററി എനിക്കറിയാം. ഒന്ന് ഞങ്ങളുടെ ദേശത്തുതന്നെയുണ്ട്. ആ കുടുംബത്തിലെ ഏകാംഗമായ സ്ത്രീ വളരെ വയസ്സു കഴിഞ്ഞശേഷമാണ് വിവാഹം ചെയ്തത്. അതുവരെ അവിടത്തെ ഭരണം നടത്തിക്കൊണ്ടിരുന്നത് ആ സ്ത്രീയുടെ അമ്മാവനാണ്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കര-കുന്നത്തൂർ) ഈ അമ്മാവനെ കോടതിയിൽ നിന്നുമാണോ നിയമിച്ചത്?

മി: സി. എൻ. ഇട്ടുപ്പൻ നംപൂതിരിപ്പാട് (കൂട്ടുതൽ ചേർത്ത മെമ്പർ): അതെ.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ നിയമനം ഡെപ്യൂട്ടി പ്രെസിഡെന്റ): ഈ സ്ത്രീക്കു പ്രായപൂർത്തി വരുന്നതിനു മുമ്പായിട്ടാണോ രക്ഷകർത്താവിനെ നിയമിക്കേണമെന്ന കോടതിയിൽ അപേക്ഷിച്ചത്?

മി: സി. എൻ. ഇട്ടുപ്പൻ നംപൂതിരിപ്പാട് (കൂട്ടുതൽ ചേർത്ത മെമ്പർ): അതിനെ ഇപ്പോൾ മറുപടി പറവാൻ തരമില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ നിയമനം ഡെപ്യൂട്ടി പ്രെസിഡെന്റ): പ്രായപൂർത്തിവന്ന ഒരാളിനു രക്ഷകർത്താവിനെ നിയമിക്കാൻ ഇപ്പോൾ നിയമമില്ലെന്ന ഞാൻ പറയുന്നതു വിശ്വസിക്കുക.

മി: സി. എൻ. ഇട്ടുപ്പൻ നംപൂതിരിപ്പാട് (കൂട്ടുതൽ ചേർത്ത മെമ്പർ): എന്നാൽ പ്രായവയസ്സ് തികയുന്നതിനുമുമ്പായിരിക്കാം അപേക്ഷിച്ചത്. പ്രായവയസ്സു കഴിഞ്ഞശേഷവും അതു തുടർന്നുകൊണ്ടുതന്നെയിരുന്നു.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): മുപ്പതുവയസ്സുള്ള ഒരു സ്ത്രീ ഇല്ലത്തു ശേഷിച്ചു എന്നു വിചാരിക്ക. ആ സ്ത്രീയുടെ വിവാഹത്തിനു സ്ത്രീധനം കൊടുക്കാൻ പണമില്ല. അങ്ങിനെ വരുന്നസന്ദർഭത്തിൽ ആ ഇല്ലത്തിലെ സ്വത്തുക്കൾ എഴുതിക്കൊടുത്തു പണം വാങ്ങിക്കാൻ ആ സ്ത്രീക്കു അധികാരമുണ്ടോ?

മി: സി. എൻ. ഇട്ടുപ്പൻ നംപൂതിരിപ്പാട് (കൂട്ടുതൽ ചേർത്ത മെമ്പർ): ആ സ്ത്രീക്കധികാരമില്ല. രക്ഷകർത്താവിന് അധികാരമുണ്ട്.

മി: കെ. പി. നീലകണ്ഠപ്പിള്ള (ചിറയിൻകീഴ്): ആ സ്ത്രീ [illegible] അതു സാധ്യമാകുമോ?

മി: സി. എൻ. ഇട്ടുപ്പൻ നംപൂതിരിപ്പാട് (കൂട്ടുതൽ ചേർത്ത മെമ്പർ): [illegible] ഇല്ലാത്തതുകൊണ്ടു അതു സാധ്യമാകയില്ല.

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ നിയമനം ഡെപ്യൂട്ടി പ്രെസിഡെന്റ): അങ്ങിനെയുള്ള ആചാരം ഇനിയും തുടർന്നുകൊണ്ടു പോകുന്നതിനു ഈ ബെഞ്ച് [illegible] അവശ്യമാണോഎന്നു ഒരു പൊതുനയത്തിന്റെ നിലയിൽ ഈ സഭ ആലോചിക്കണം.

പ്രസിഡന്റ്: മി: പരമേശ്വരൻപിള്ള, നംപൂതിരി കുടുംബത്തെപ്പറ്റി [illegible] ഒരു വിധിയില്ലേ?

മി: കല്ലുമ്പം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ആ വിധി [illegible] സംബന്ധിച്ചുള്ളതാണ്.

പ്രസിഡന്റ്: ആ വിധി ഇക്കാര്യത്തിലും യോജിക്കുന്നതായിരിക്കും.

മി: കല്ലുമ്പം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ). എന്നാൽ നംപൂതിരിമെമ്പർമാർ പറയുന്നതു വെറും ഊഹത്തിന്മേലാണെന്ന തോന്നുന്നു. എന്തെന്നാൽ ഒരു യഥാർത്ഥസംഭവം അവർക്കു ഉദാഹരണമായി പറയാൻ കഴിയുന്നില്ല. അതിന്റെ ഉല്ലേഖം നിമിത്തം അതു സംഭവിക്കാനിടയില്ലെന്നുതന്നെ പറയാം. മെമ്പർമാരുടെ അറിവിൽ പെട്ടിടത്തോളം മിസ്റ്റർ ഇട്ടുപ്പൻനംപൂതിരിപ്പാട് പറഞ്ഞ ഒരു സംഭവം അല്ലാതെ ഉണ്ടായിട്ടില്ല. സ്ത്രീ മൈനർ ആയിരുന്നപ്പോൾ ഒരു രക്ഷകർത്താവിനെ നിയമിച്ചിരുന്നിരിക്കാം എന്നു മാത്രമേ അദ്ദേഹവും പറയുന്നുള്ളു. അതുകൊണ്ടു പൂർണ്ണമായ പ്രയോജനം ഉണ്ടാകുന്നില്ല. അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു ഇതുകൊണ്ടു പ്രത്യക്ഷമാകുന്നു. അതുകൊണ്ടു മുൻനടപടിയും ആചാരവും പ്രമാണമായിരുന്നു എന്നു നമുക്കു പറയാൻ കഴികയില്ല. എന്നാൽ സാധാരണ തത്വങ്ങളെ അനുസരിച്ചു നാം പ്രവർത്തിക്കണം. ഇല്ലത്തു ജനിച്ച ഒരു സ്ത്രീക്കു, അവൾക്കു പ്രായപൂർത്തിവന്നാലും ഇല്ലംവക സ്വത്തുക്കളിന്മേൽ കർത്തവ്യം ഇല്ലെന്നും ഇല്ലത്തു ഭരണയോഗ്യത ഇല്ലെങ്കിൽ അവർ ഒരു രക്ഷകർത്താവിനെ തിരഞ്ഞു പോകണമെന്നും പറയുന്നതു ഒരു അസാമാന്യ സ്ഥിതിയാകുന്നു. നംപൂതിരിമെമ്പർമാർ തന്നെയും, അതിനെക്കുറിച്ചു ചിന്തിച്ചാൽ, അങ്ങനെയുള്ള സ്ഥിതിക്ക് അവർ അനുകൂലമായിരിക്കയില്ല. വിവാഹംമൂലം കുടുംബാംഗമായ ഒരു അന്തർജ്ജനത്തിന്റെ കാര്യത്തിൽ അങ്ങനെയുള്ള സ്ഥിതിക്ക് അവർ അനുകൂലമായിരുന്നേക്കാം. എന്നാൽ കുടുംബത്തിലെ ഒരു അംഗമായ സ്ത്രീക്കു പതിനെട്ടു വയസ്സു തികഞ്ഞാലും ഇല്ലത്തെ വസ്തുക്കളിൽ നിന്നു വല്ലതും കിട്ടണമെങ്കിൽ ഒരു അന്യൻ മുഖാന്തരം വേണമെന്ന പറയുന്നതു കേവലം അക്രമമാകുന്നു. നംപൂതിരിമെമ്പർമാർ വിഷയത്തിന്റെ ഈ വശം ആലോചിച്ചു തങ്ങൾക്കു എന്തുതോന്നുന്നു എന്നു പറയുമെങ്കിൽ [illegible] വലിയ സഹായമായിരിക്കും.

ഇപ്പോൾ രണ്ടു സംഗതികളാകുന്നു ആലോചിക്കുവാനുള്ളത്. ഒന്നു വിവാഹം ചെയ്ത സ്ത്രീയെ സംബന്ധിച്ചുള്ളത്, മറ്റേതു വിവാഹം മൂലം കുടുംബത്തിൽ വന്ന ഒരു സ്ത്രീയുടേയും ഇല്ലത്തു ജനിച്ച ഒരു സ്ത്രീയുടേയും മൂപ്പു നിർണ്ണയിക്കുക എന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒരു വിഷമതയുള്ളതു സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്നുകൊള്ളട്ടെ. കാരണവൻ എന്ന പദത്തിന്റെ വിവരണത്തിൽ വിവാഹിതയായ സ്ത്രീയെന്നോ അവിവാഹിതയായ സ്ത്രീ എന്നോ ഒരു സൂചനയും ഇല്ല. ഈ സംഗതി സ്പഷ്ടമാക്കേണ്ടതാണ്. "വിവാഹത്താൽ ഇല്ലത്തെ അംഗങ്ങളായിത്തീർന്നിട്ടുള്ള സ്ത്രീകളുടെ മൂപ്പു വിവാഹത്തീയതി നോക്കി തീർച്ചപ്പെടുത്തേണ്ടതാകുന്നു" എന്നുമാത്രമാണു വിവരണത്തിൽ പറഞ്ഞിട്ടുള്ളതു. അതുകൊണ്ടു ചില സംഗതികളിൽ അവിവാഹിതയായ സ്ത്രീക്കു വിവാഹിതയായ സ്ത്രീയെക്കാൾ പ്രാധാന്യം കൂടുമോ ഇല്ലയോ എന്നാണു വാദവിഷയം. വിവരണത്തിൽ അതിനെപ്പറ്റി ഒന്നുമില്ല. വിവരണപ്രകാരം അവിവാഹിതയായ സ്ത്രീകൾക്കു, അവരുടെ പ്രായം കൂടിയതാണെങ്കിൽ കാരണവരായിരിക്കാം. ഈ കാര്യം സ്പഷ്ടമാക്കണം.

പ്രസിഡന്റ്: ആ കാര്യം സ്പഷ്ടമാക്കിയാൽ സ്വീകരിക്കുന്ന അഭിപ്രായമനുസരിച്ചു നമുക്കു [illegible] ഭേദപ്പെടുത്താം.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): നംപൂതിരി മെമ്പർമാർക്ക് ഈ സംഗതിയെപ്പററി തമ്മിൽ ആലോചിക്കുന്നതിന അവസരം കൊടുക്കാൻ വേണ്ടി ഈ കാര്യത്തിന്റെ ആലോചന ലഘുഭക്ഷണത്തിന ശേഷം ആക്കാമെന്ന ഞാൻ അഭിപ്രായപ്പെടുന്നു. അവർ ഇതിനെപ്പററിവല്ല തീർച്ചയും ഉണ്ടാക്കുകയോ അതിനെപ്പററി ചിന്തിക്കയോ ചെയ്തിട്ടുണ്ടെന്ന എനിക്ക തോന്നുന്നില്ല.

മി: കപ്പൂരം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഞാൻ ഒരു വാക്ക പറവാൻ ആഗ്രഹിക്കുന്നു. ഞാൻ മി: ..പ്പൻ നംപൂതിരിപ്പാട്ട പറഞ്ഞ നടപ്പിനെ എതിർക്കുകയല്ല ചെയ്യുന്നത്. ഈ എക്സ്പ്ലനേഷൻ (വിവരണം) കൊണ്ട് ഞാൻ മനസ്സിലാക്കിയിരുന്നത് കന്യകയായ സ്ത്രീക്ക് വയസ്സിൽ അധികാരമുണ്ടെന്നാണ്. എന്നാൽ ആ കന്യകയും വിവാഹം കഴിച്ചിട്ടുള്ള സ്ത്രീയും തമ്മിൽ മൂപ്പുനോക്കുമ്പോൾ കന്യകയ്ക്കു ജനിച്ച തീയതിയെ അടിസ്ഥാനമാക്കിയും മററസ്ത്രീക്ക വിവാഹം കഴിച്ച തീയതിയെ അടിസ്ഥാനമാക്കിയും മൂപ്പു നിർണ്ണയിക്കണമെന്നാണ് മിസ്റ്റർ ശീലകണ്ഠപ്പിള്ളയുടെ ഭേദഗതി. കുടുംബത്തിലെ ഒരു സ്ത്രീ ജനിച്ചത് ൧൦൮൦-മാണ്ടിലായിരിക്കയും വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയുടെ വിവാഹം ൧൦൭൫-മാണ്ടിലായിരിക്കയും ചെയ്താൽ കുടുംബത്തിൽ ജനിച്ച സ്ത്രീയ്ക്കാണ് മൂപ്പവകാശം. അതുപോലെ വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയുടെ വിവാഹം ൧൦൮൫-മാണ്ടിലായിരുന്നാൽ ആ വിവാഹം കഴിച്ചുകൊണ്ടുവന്ന സ്ത്രീയ്ക്കാണ് മൂപ്പവകാശം. കൊച്ചിനംപൂതിരി ബില്ലിലുള്ള എക്സ്പ്ലനേഷൻ ഇങ്ങിനെയാണ്. "ഇല്ലത്തെ മൂപ്പവകാശമനുസരിച്ച് സ്ത്രീകളുടെ മൂപ്പവകാശം നിർണ്ണയിക്കപ്പെടുന്നതാകുന്നു."

അതായതു കുടുംബത്തിൽ അംഗമായ തീയതി മുതല്ക്ക സീനിയോറിട്ടി (മൂപ്പവകാശം) നിശ്ചയിക്കണം എന്നാണ് കൊച്ചിയിലെ നംപൂതിരി ബില്ലിൽ ഉള്ളത്. ആ ബിൽ നടപ്പിൽ വന്നോ ഇല്ലയോ എന്ന ഞാൻ പറയുന്നില്ല. അതിന്റെ ഉള്ളടക്കത്തെപ്പററി മാത്രമേ പറയുന്നുള്ളു.

റാവുബഹദൂർ കെ. എം. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റ നിയമനം ഡിപ്പൂട്ടി പ്രസിഡണ്ട): അതു ന്യായമാകുന്നു.

പ്രസിഡണ്ട: ഈ വിഷയത്തെപ്പററി ആലോചിക്കുന്നതിന കുറെ സമയം കിട്ടണമെന്നും അതുകൊണ്ട ഈ ഉപവകുപ്പിന്റെ ആലോചന ലഘുഭക്ഷണം കഴിഞ്ഞാകാമെന്നും നംപൂതിരി മെമ്പർമാർ ആവശ്യപ്പെടുന്നു. അതുകൊണ്ട ആ വകുപ്പു വിട്ടിട്ട പിന്നത്തെ ഉപവകുപ്പിനെപ്പററി ചിന്തിക്കാം.

ഉപവകുപ്പ ൭.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൭-ാം ഉപവകുപ്പ എടുത്തു കളയണമെന്ന ഞാൻ അഭിപ്രായപ്പെടുന്നു. ൧൮-ാം വകുപ്പ സ്വീകരിച്ച സ്ഥിതിയ്ക്ക ബില്ലിൽ ഈ ഉപവകുപ്പ ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി. എ. ജി. മേനോൻ (പറവൂർ): ഞാൻ അനുകൂലിക്കുന്നു.

പ്രസിഡണ്ട: ഈ ഭേദഗതി വാദപ്രതിവാദം കൂടാതെ സ്വീകരിക്കാമെന്ന തോന്നുന്നു. ഈ ഉപവകുപ്പ മുമ്പ് ആലോചനയ്ക്കു വന്നപ്പോൾ തന്നെയും ഗൃഹസ്ഥൻ എന്ന പദം ബില്ലിൽ ഉപയോഗിച്ചിട്ടുള്ളതു ഒരിക്കൽ മാത്രമേയുള്ളു എന്നും അതു ൧൮-ാം വകുപ്പിലാണെന്നും എല്ലാവരും സമ്മതിച്ചു. ആ വകുപ്പു ഇപ്പോൾ എടുത്തു കളഞ്ഞിരിക്കയാൽ ആ പദം ഇപ്പോൾ ബില്ലിൽ ഒരിടത്തും ഉപയോഗിച്ചിട്ടില്ല. അതിനാൽ ആ പദത്തിന്റെ ഒരു വിവരണം കൊടുക്കുന്നതിന്നാവശ്യം ഇല്ല. ഈ ഭേദഗതി സഭ സ്വീകരിക്കുന്നു എന്ന വിചാരിക്കാമോ?

ഭേദഗതി സഭ സ്വീകരിച്ചു.

പ്രസിഡണ്ട: മി. എ. ജി. മേനോന്റെ ഭേദഗതിയും മി. ജാതവേദൻ നംപൂതിരിപ്പാട്ടിലെ ഭേദഗതിയും ഇപ്പോൾ തീർച്ചപ്പെട്ടു തന്നെയാകുന്നു.

മി. വി. എൻ. ജാതവേദൻ നംപൂതിരിപ്പാട (കൂടുതൽ ചേർത്ത മെമ്പർ): കൂട്ടമായി ചില ഭാഗങ്ങൾ ഈ ക്ലാസിൽ ചേർക്കണമെന്നുള്ള എന്റെ ഭേദഗതി ആവശ്യമില്ലാത്തതിനാൽ അവതരിപ്പിക്കുന്നില്ല.

പ്രസിഡണ്ട. മി. ജാതവേദൻ നംപൂതിരിപ്പാട്ട ഹാജരാക്കീട്ടുള്ള ൯-ാം നമ്പർ ഭേദഗതി ഇപ്പോൾ ആവശ്യമില്ലാതെ വന്നിരിക്കുന്നു. ൧൮-ാം വകുപ്പിനെ സംബന്ധിച്ച ഭേദഗതി പ്രമേയങ്ങളിൽ കാണിച്ച പദങ്ങളും ആ വകുപ്പു തന്നെ തള്ളികളഞ്ഞതിനാൽ ആവശ്യമില്ലാതെ വന്നിരിക്കുന്നു.

ഇനി സഭ ൧൯-ാം വകുപ്പിനെപ്പററി ആലോചിക്കാം.

വകുപ്പു ൧൯.

പ്രസിഡണ്ട: മി. ജാതവേദൻ നംപൂതിരിപ്പാടേ നിങ്ങളുടെ ഭേദഗതി പ്രമേയം അവതരിപ്പിക്ക;

മി. ജാതവേദൻ നംപൂതിരിപ്പാട (കൂടുതൽ ചേർത്ത മെമ്പർ): ൧൯-ാം വകുപ്പിനുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നില്ല, പിൻവലിക്കുന്നു.

പ്രസിഡണ്ട: ഈ വകുപ്പിനെ സംബന്ധിച്ചു കൊണ്ടു വന്നിട്ടുള്ള ഏക ഭേദഗതി പ്രമേയം പിൻവലിച്ചതിനാൽ സഭ തീർച്ചയാക്കേണ്ടതു—

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട (ജന്മികരം): ആ വകുപ്പിന ഒരു ഭേദഗതി കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു.

പ്രസിഡണ്ട: ഭേദഗതി ഉണ്ടെന്നു നിങ്ങൾ നോട്ടീസ് കൊടുത്തിട്ടില്ലല്ലോ.

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട (ജന്മികരം): ഇല്ല. ഈ ഭേദഗതി അവതരിപ്പിക്കാൻ ഞാൻ അനുവാദം ചോദിച്ചുകൊള്ളുന്നു. "ഏകോദര സഹോദരന്മാർ" എന്ന പദത്തിന്റെ ശേഷം "രക്തസംബന്ധ സഹോദരന്മാർ" എന്ന പദം ചേർക്കണം.

പ്രസിഡണ്ട: "ഏകോദരസഹോദരന്മാർ" എന്നതിന്റെ അർത്ഥമെന്താണ്?

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട (ജന്മികരം) അമ്മ ഒന്നും അച്ഛൻ വെവ്വേറെയും ആയിട്ടുള്ളവർ,

പ്രസിഡണ്ട: അങ്ങിനെ നിങ്ങളുടെ സമുദായത്തിൽ അനുവദിക്കുമോ?

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട്ട് (ജന്മികം): ഇല്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും), "ജ്യേഷ്ഠൻ" എന്ന പദം തെററിധാരണയ്ക്കു ഇടയാക്കും. "പൂർണ്ണസഹോദരന്മാരും രക്തസംബന്ധ സഹോദരന്മാരും" എന്ന പദങ്ങൾ യോജിക്കുമായിരിക്കും.

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട്ട് (ജന്മികം): എന്നാൽ ഞാൻ ആ വാക്കുകൾ പകരം ചേർക്കാം.

പ്രസിഡൻറ്: ഈ ഭേദഗതികൾ ഉണ്ടാക്കിയ ശേഷം വായിക്കുമോ?

മി. കെ. എൻ. കേശവൻ നംപൂതിരിപ്പാട്ട് (ജന്മികം): വകുപ്പ് താഴെ ആയിത്തീരും...

"ഗാർഡിയൻസ് ആൻഡ് വാർഡ്സ് റഗുലേഷനിലെ വ്യവസ്ഥകളനുസരിച്ച് മൈനർമാരുടെയും അവരുടെ പ്രത്യേക സ്വത്തുക്കളുടേയും ന്യായമായ രക്ഷാകർത്താക്കന്മാർ യഥാക്രമം താഴെ കാണിച്ച ആളുകൾ അതായതു അച്ഛൻ, അമ്മ, പിതാമഹൻ, പൂർണ്ണസഹോദരന്മാർ, രക്തസംബന്ധസഹോദരന്മാർ, പിതൃസഹോദരൻ എന്നിവർ ആയിരിക്കും"

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): "ജ്യേഷ്ഠന്മാർ" എന്ന പദത്തിൽ ലയിച്ചു കിടക്കുന്ന അർത്ഥം ഒരു അമ്മയിൽ വേറെ വേറെ പിതാക്കന്മാരാൽ മക്കൾ എന്നാകുന്നു. അതു കൊണ്ടു പൂർണ്ണ സഹോദരന്മാർ എന്ന പദമാകുന്നു നല്ലതു.

പ്രസിഡൻറ്: "പൂർണ്ണസഹോദരന്മാർ" എന്ന പദം ഉപയോഗിക്കുന്നെങ്കിൽ "പിതൃസഹോദരൻ" എന്ന പദത്തിനു പകരം "പിതൃസഹോദരന്മാർ" എന്ന പദം ഉപയോഗിക്കണം. പിതാവിനു ഒന്നിലധികം സഹോദരന്മാർ ഉണ്ടായിരിക്കാമല്ലോ.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): ബഹുവചനത്തിനു പകരം ഏകവചനം ഉപയോഗിക്കയല്ലേ നല്ലതു? അല്ലെങ്കിൽ അനേകർ രക്ഷാകർത്താക്കളായി വരുമല്ലോ.

പ്രസിഡൻറ്: ഒരേ സ്ഥാനത്തു അനേകം പേരുണ്ടായിരിക്കെ അപ്പോൾ ആരാണ് രക്ഷാകർത്താവ്?

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും കാർത്തികപ്പള്ളിയും): പ്രായം പ്രകാരം ആകാം.

പ്രസിഡൻറ്. അങ്ങനെ സ്പഷ്ടമായി പറഞ്ഞില്ലെങ്കിൽ ആ അർത്ഥം ഉണ്ടാകുവില്ല.

മി: ആശാൻ ഒരു പ്രയാസം ചൂണ്ടിക്കാണിച്ചിരിക്കുന്നു, "പൂർണ്ണസഹോദരന്മാർ" എന്നു പറഞ്ഞാൽ അവരെല്ലാവരും കൂടെ ഒരേ സമയം രക്ഷാകർത്താക്കൾ ആകുമെന്നോ അല്ല അവരുടെ വയസ്സുക്രമപ്രകാരം ഓരോരുത്തനും രക്ഷാകർത്താവാകുമെന്നോ അർത്ഥം? പ്രായം കൂടുതലുള്ളവരാണ് രക്ഷാകർത്താവാകേണ്ടതെന്നു മിസ്റ്റർ ആശാൻ പറഞ്ഞു.

മി: കല്ലാലം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): എന്നാൽ രണ്ടാമത്തേതു കാര്യത്തിലും "വയസ്സുക്രമപ്രകാരം" എന്നു കൂടി ചേർക്കണം.

പ്രസിഡൻറ്: മി. കേശവൻനംപൂതിരിപ്പാടേ, ഈ അഭിപ്രായവും ഉൾപ്പെടുത്തി ഭേദഗതി പ്രമേയം വായിക്കുമോ?

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട്ട് (ജന്മികം): വകുപ്പു ഭേദപ്പെടുത്തിയാൽ എപ്രകാരമായിരിക്കും:—

"ഗാർഡിയൻസ് ആൻഡ് വാർഡ്സ് റഗുലേഷനിലെ വ്യവസ്ഥകളനുസരിച്ച് മൈനർമാരുടെയും അവരുടെ പ്രത്യേകസ്വത്തുക്കളുടേയും ന്യായമായ രക്ഷാകർത്താക്കന്മാർ യഥാക്രമം താഴെ കാണിച്ച ആളുകൾ, അതായതു അച്ഛൻ, അമ്മ, പിതാമഹൻ, വയസ്സുക്രമപ്രകാരം പൂർണ്ണ സഹോദരന്മാർ, വയസ്സുക്രമപ്രകാരം രക്തസംബന്ധസഹോദരന്മാർ വയസ്സുക്രമപ്രകാരം പിതൃസഹോദരന്മാർ എന്നിവർ ആയിരിക്കും"

മി: സി. എൻ. ഇട്ടപ്പൻ നംപൂതിരിപ്പാട്ട (കൂടുതൽ ചേർന്ന മെമ്പർ): ഞാൻ ഇതിനെ അനുകൂലിക്കുന്നു.

പ്രസിഡൻറ്: വകുപ്പുകൾ പ്രകാരം ഭേദപ്പെടുത്തുന്നതിനു സമ്മതിക്കുന്നുണ്ടോ?

ഭേദഗതി സഭ സ്വീകരിച്ചു.

പ്രസിഡൻറ്: ഭേദപ്പെടുത്തിയപ്രകാരം വകുപ്പ് ബില്ലിനോടു ചേർക്കാമോ എന്നാണ് ചോദ്യം

പ്രമേയം സ്വീകരിക്കയും പത്താംവകുപ്പു ഭേദപ്പെടുത്തിയ പ്രകാരം ബില്ലോടു ചേർക്കയും ചെയ്തു.

വകുപ്പുകൾ ൧൧ മുതൽ ൧൭ വരെ.

പ്രസിഡൻറ്: മിസ്റ്റർ ജാതവേദൻ നംപൂതിരിപ്പാട്ട ൧൧ മുതൽ ൧൭ വരെ വകുപ്പുകൾക്കു പൊതുവായി കൊണ്ടുവന്നിട്ടുള്ള ഭേദഗതി ആലോചിക്കുന്നതിൽ അദ്ദേഹത്തിൻെറ ഭേദഗതിയുടെ ഒന്നാംഭാഗത്തെ പ്രത്യേകമായി എടുത്തു ആലോചിക്കുന്നതു നന്നായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു. എന്തെന്നാൽ ആ വകുപ്പുകൾ ഇപ്പോൾ ഉള്ളപ്രകാരം അവയോടു സംബന്ധമില്ലാത്തതും കേവലം ഒരു പുതിയ വ്യവസ്ഥയും ആകുന്നു. അദ്ദേഹത്തിൻെറ ഭേദഗതിയുടെ രണ്ടാം ഭാഗം ൧൧-ം ൧൨-ം വകുപ്പുകളെ സംബന്ധിച്ചതാകുന്നു. അതും ൧൧-ം വകുപ്പിനുള്ള മററു ഭേദഗതികളും ഒന്നിച്ചു ആലോചിക്കാം. ഭേദഗതിയുടെ ശേഷം ഭാഗങ്ങൾ ൧൩-ം ൧൭-ം വകുപ്പുകളെസംബന്ധിക്കുന്നവയും മററുഭേദഗതികളോടു കൂടി ആലോചിക്കാവുന്നവയും ആകുന്നു. അതുകൊണ്ടു മരണപത്രം എഴുതാനുള്ള അധികാരത്തെ സംബന്ധിച്ചുള്ള അദ്ദേഹത്തിൻെറ ഭേദഗതിയുടെ ഒന്നാംഭാഗത്തെ ആദ്യമായിസഭയുടെ ആലോചനക്കു വയ്ക്കാം.

ഇങ്ങനെ ഒരു പ്രത്യേകവ്യവസ്ഥയ്ക്കു ആവശ്യമുള്ളതായി തോന്നുന്നില്ല. ഈ സംഗതിയും ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു, എന്തെന്നാൽ എല്ലാഹിന്ദുക്കൾക്കും മരണപത്രം എഴുതാനുള്ള അധികാരത്തെപ്പററി നായർ റെഗുലേഷനിൽ വ്യവസ്ഥചെയ്തിട്ടുള്ളതായി കാണുന്നു.

മി: ജാതവേദൻ നംപൂതിരിപ്പാട്ട ഇവിടെ കൊണ്ടുവന്നിട്ടുള്ളതായ ഭേദഗതിയിൽ ഒന്നാമത്തെ ഭാഗം സ്വയാർജിതസ്വത്തുക്കൾക്ക് വിൽ എഴുതാൻ അധികാരമുണ്ടായിരിക്കണമെന്നാണ്. അതിൻെറ ആവശ്യമുണ്ടോ എന്നുസംശയമാണ്. ഹിന്ദുവായ ഒരാളിനു വിൽ എഴുതാൻ അധികാരമുണ്ട് എന്നു നായർ റഗുലേഷൻ ഒരു സെക്ഷനിൽ പറഞ്ഞിട്ടുണ്ട്.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (കൂടുതൽ ചേർത്തമെമ്പർ): ആ ഭാഗം ഞാൻ പിൻവലിക്കാം.

മി: എ. ൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും പീരിമേടും): നായർ റഗുലേഷൻ മുന്നാരെയല്ലാമോ ബാധിക്കുകയുള്ളു എന്ന് അതിൽതന്നെ പറഞ്ഞിട്ടുണ്ട്. അതൊഴിച്ചുള്ളവരെ ബാധിക്കുമോ എന്നു സംശയമാണ്.

മി: കല്ല്യാണം പരമേശ്വരൻ പിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): നായർ റഗുലേഷനിലെ വകുപ്പ് മുന്നാരെയെല്ലാം ബാധിക്കുമെന്നുള്ളത് ഒന്നാമത്തെ വകുപ്പാണ്. അതായത് നായന്മാരെയും നായന്മാരോടു വിവാഹബന്ധമുള്ള മററ സമുദായക്കാരെയും ബാധിക്കും. എന്നാൽ സെക്ഷൻ ഒന്നിൽ എന്തുതന്നെ പറഞ്ഞിരുന്നാലും ഏതൊരു ഹിന്ദുവിനും വിൽ എഴുതാൻ അധികാരമുണ്ടെന്നു പിന്നീട്ടു പറഞ്ഞിട്ടുണ്ട്. ആ വകുപ്പു ഞാൻ വായിച്ചുകേൾപ്പിക്കാം.

റഗുലേഷൻ ൨൧-ാം വകുപ്പിൽ എന്തുതന്നെ ഉണ്ടായിരുന്നാലും ഇത്യാദി

പ്രസിഡന്റ: അതുകൊണ്ടു ഭേദഗതിയുടെ രണ്ടാമത്തെ ഭാഗത്തെപ്പററി മാത്രം പറയുക.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): ഞാൻ താഴെ പറയുന്ന ഭേദഗതിയെ അവതരിപ്പിക്കുന്നു.

"ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയോ, വിധവമാരോ സന്താനങ്ങളോ, രണ്ടുകൂട്ടരുമോ, ജീവിച്ചിരിക്കുന്നുവെങ്കിൽ മരണശാസനത്താൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായുള്ള സ്വത്തുക്കളുടെ പകുതിഓഹരി ഇല്ലത്തേക്കും; മറേറഓഹരി വിധവമാർക്കും പുത്രന്മാർക്കും വിവാഹം കഴിയാത്ത പുത്രിക്കും തുല്യ ഓഹരികളായി ലഭിക്കുന്നതാകുന്നു.

മേൽ പറഞ്ഞവർ ആരും ഇല്ലെങ്കിൽ ആ പകുതിഓഹരി അച്ഛനോ, അമ്മയ്ക്കോ, സഹോദരനോ, അഫ്ഫനോ യഥാക്രമം ലഭിക്കുന്നതാണ്."

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികം): ഇതു നായർ റഗുലേഷനിലെ ൨൧-ാംവകുപ്പിനു നേരെ വിപരീതമാണെന്ന് അറിയാമോ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): എനിക്കറിഞ്ഞുകൂടാ.

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മി: ജാതവേദൻനമ്പൂതിരിപ്പാടിന്റെ ഭേദഗതിയിൽ നായർറഗുലേഷൻ ൨൧-ാംവകുപ്പിൽ പറഞ്ഞിട്ടുള്ള ഒരു ഭാഗം കൂടിച്ചേർക്കണം. സിലക്ട് കമ്മിററി പുതുക്കിയ ബില്ലിൽ പുത്രനാണ് അവകാശമുള്ളത്. ഈ ഭേദഗതികൊണ്ടു വരുന്നത് വിധവകൂടി അവകാശപ്പെടണമെന്നാണ്. അതും ഒന്നുപകുതിഅവകാശമെ ഇവർക്കുള്ളു. ബാക്കിഒന്നുപകുതി ഇല്ലത്തേക്കു കൊടുക്കണമെന്നാണ് ഭേദഗതി. ഇങ്ങനെ ബില്ലിനും ഈ ഭേദഗതിക്കും തമ്മിൽ വളരെ അന്തരമുണ്ട്. അതുകൊണ്ടു "Subject to the provisions of Section 21 of the Nayar Regulation" എന്നു ഭേദഗതിയിൽ ചേർക്കണമെന്ന് അഭിപ്രായപ്പെടുന്നു. അതു മി: ജാതവേദൻനമ്പൂതിരിപ്പാടിനു വിട്ടുപോയതാണെന്നു ഞാൻ വിചാരിക്കുന്നു.

പ്രസിഡന്റ: മി: പരമേശ്വരൻപിള്ള "നായർറഗുലേഷനിലെ ൨൧-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായി" എന്നു മലയാളത്തിൽ തർജ്ജമ ചെയ്തു മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ ൫-ാം നമ്പർ ഭേദഗതി പ്രമേയത്തിൽ ഉൾപ്പെടുത്തി വായിക്കുക.

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർ വക്കീൽ): "ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയോ വിധവമാരോ, സന്താനങ്ങളോ, രണ്ടുകൂട്ടരുമോ, ജീവിച്ചിരിക്കുന്നുവെങ്കിൽ മരണശാസനത്താൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായുള്ള സ്വത്തുക്കളുടെ പകുതിഓഹരി നായർ റെഗുലേഷൻ ൨൧-ാം വകുപ്പിലെ നിബന്ധനകൾക്കു കീഴ്പ്പെട്ട് ഇല്ലത്തേക്കും, മറേറഓഹരി വിധവമാർക്കും പുത്രന്മാർക്കും വിവാഹംകഴിയാത്ത പുത്രിമാർക്കും തുല്യഓഹരികളായി ലഭിക്കുന്നതാകുന്നു." ഇങ്ങനെ പറയുമ്പോൾ നമ്പൂതിരിമാർക്കു നായർഭാര്യയും മക്കളുമുണ്ടെങ്കിൽ അവർക്കും കൊടുക്കേണ്ടിവരും.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട (കൂടുതൽചേർത്തമെമ്പർ): അതു സമ്മതമാണ്.

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അപ്പോൾ ഭേദഗതി ഇപ്രകാരമായിരിക്കും.

"ഒരു മലയാളബ്രാഹ്മണ പുരുഷൻ മരിക്കുമ്പോൾ അയാളുടെ വിധവയോ, വിധവമാരോ, സന്താനങ്ങളോ, രണ്ടുകൂട്ടരുമോ, ജീവിച്ചിരിക്കുന്നുവെങ്കിൽ മരണശാസനത്താൽ വിനിയോഗിക്കപ്പെടാത്ത അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായുള്ള സ്വത്തുക്കളുടെ പകുതി ഓഹരി നായർറെഗുലേഷൻ ൨൧-ാം വകുപ്പിലെ നിബന്ധനകൾക്കു കീഴ്പ്പെട്ട് ഇല്ലത്തേക്കും, മറേറഓഹരി വിധവമാർക്കും പുത്രന്മാർക്കും വിവാഹംകഴിയാത്ത പുത്രിമാർക്കും തുല്യഓഹരികളായി ലഭിക്കുന്നതാകുന്നു"

പ്രസിഡന്റ: നായർറെഗുലേഷനിലെ വ്യവസ്ഥകൾ മി: ജാതവേദൻ നമ്പൂതിരിപ്പാടിന്റെ ഭേദഗതിപ്രകാരം ഇല്ലത്തേക്കു ചെല്ലുന്ന പാതിഓഹരിയെമാത്രമെ ബാധിക്കയുള്ളു എന്നാണോ അതിന്റെ അർത്ഥം?

മി: കല്ല്യാണം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): മി: ജാതവേദൻ നമ്പൂതിരിപ്പാട പറഞ്ഞതിൽനിന്നു അതു സ്പഷ്ടമാകുന്നില്ല.

പ്രസിഡന്റ്: ഈ വ്യവസ്ഥമുഴുവനും നായർറെഗുലേഷനിലെ വ്യവസ്ഥകൾക്കു കീഴ്പ്പെട്ടതാണ്. അതുകൊണ്ടു സ്വത്തുക്കളിൽ ഒരുഭാഗം നായർ റെഗുലേഷൻപ്രകാരം നായർഭാര്യക്കും മക്കൾക്കും പോകയാണെങ്കിൽ ബാക്കിയുള്ളതുമാത്രമേ ഓഹരിചെയ്യാൻ കഴികയുള്ളു.

മി: എ. എസ്. ദാമോദരൻആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മി: ജാതവേദൻ നമ്പൂതിരിപ്പാട് അങ്ങനെ പറയുന്നില്ല. പകുതിസ്വത്തു ഇല്ലത്തേക്കും മറേറപകുതിസ്വത്തു സ്വജാതീയ ഭാര്യക്കും കൊടുക്കണമെന്നാണ അദ്ദേഹം പറയുന്നതു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): അതു നായർറെഗുലേഷനിലെ വ്യവസ്ഥകൾക്കു വിപരീതമായിരിക്കും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): എന്നാൽ അതാണ് അദ്ദേഹം പറയുന്നതു.

പ്രസിഡണ്ട്: മി: ജാതവേദൻ നമ്പൂതിരിപ്പാടു പറഞ്ഞതു പകുതി ഇല്ലത്തേക്കു പോകണം, മറെറപകുതി ഭാര്യക്കും മക്കൾക്കും കൊടുക്കണം, സജാതീയ ഭാര്യയും മക്കളും, മററുജാതി ഭാര്യയും എന്നു നോക്കേണ്ടാവശ്യമില്ല" എന്നാകുന്നു ഞാൻ മനസ്സിലാക്കുന്നതു. ഒന്നുപകുതിസ്വത്തു എല്ലാപ്രകാരവും ഇല്ലത്തേക്കു ലഭിക്കണമെന്നാണു അദ്ദേഹം വിചാരിക്കുന്നതു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മി: ജാതവേദൻനമ്പൂതിരിപ്പാട്ടിലെ അഭിപ്രായം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം.

പ്രസിഡണ്ട്: മി: ജാതവേദൻ നമ്പൂതിരിപ്പാടേ നിങ്ങളുടെ ഉദ്ദേശം പൂർണ്ണമായും വെളിവായിട്ടില്ല. എന്നു ചില സാമാജികന്മാർ പറയുന്നുണ്ട്. ഒരാൾ വിൽ എഴുതിവയ്ക്കാതെ മരിച്ചുപോകുന്നു. അയാൾക്കു ആൺമക്കളും വിധവയുമുണ്ട്, അയാളുടെ സ്വത്തിൽ ഒന്നുപകുതി എങ്ങനെയായാലും ഇല്ലത്തേയ്ക്കു കിട്ടണം. ബാക്കി ഒന്നുപകുതി സജാതീയഭാര്യയും സന്താനങ്ങളും വിജാതീയഭാര്യയും സന്താനങ്ങളും ഉണ്ടെങ്കിൽ അവരും വീതിച്ചു എടുത്തുകൊള്ളണമെന്നാണോ നിങ്ങളുടെ അഭിപ്രായം?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂടുതൽചേർത്തമെമ്പർ): അതെ.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒരു നായർ ഭാര്യ ഉണ്ടായിരുന്നാൽ ആ നമ്പൂതിരിയുടെ സ്വത്തിൽ ഒന്നുപകുതി ആ നായർഭാര്യക്കുപോകും. നായർ റെഗുലേഷൻ പാസാകുന്നതിനു മുമ്പു നായർ സ്ത്രീയെ വിവാഹം കഴിച്ചിരുന്നാൽ നാലിൽഒന്നു നായർ ഭാര്യക്കുപോകും. ശേഷമേ ആ നമ്പൂതിരിയുടെ അവകാശികൾക്കു കിട്ടുകയുള്ളൂ.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്തമെമ്പർ): അവകാശികൾ എന്നല്ല ഞാൻ പറഞ്ഞതു്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതുകൊണ്ടു് ഒന്നുപകുതിയെപ്പററി ചട്ടം ഉണ്ടാക്കാൻ നിവൃത്തിയില്ല. ശേഷമുള്ള ഒന്നുപകുതിയെ സംബന്ധിച്ചാണ് ഭേദഗതിയുള്ളതു്.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂടുതൽചേർത്തമെമ്പർ): ഒന്നുപകുതി ഇല്ലത്തേയ്ക്കു കൊടുക്കണമെന്നാണ് പറയുന്നതു്.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അപ്പോൾ സജാതീയഭാര്യക്കും മക്കൾക്കും ഒന്നും കിട്ടുകയില്ല.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂടുതൽചേർത്തമെമ്പർ): സജാതീയഭാര്യയും വിജാതീയഭാര്യയും ഉണ്ടെങ്കിൽ വിജാതീയഭാര്യക്കു എത്ര കൊടുക്കണം?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഒന്നുപകുതികൊടുക്കണം, നായർ റെഗുലേഷനുമുമ്പുള്ള വിവാഹമാണെങ്കിൽ കാൽഭാഗം കൊടുക്കണം.

പ്രസിഡണ്ട്: അദ്ദേഹത്തെ കുഴപ്പത്തിലാക്കാതെ ഇപ്പോഴത്തെ നിയമപ്രകാരം പകുതിയാണെന്നു പറഞ്ഞുകൊടുക്കു.

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): അതെ, ഒന്നുപകുതി നായർ ഭാര്യക്കും കൊടുക്കണം, എന്നുവച്ചുകൊണ്ടാൽ മതി, ശേഷമുള്ളതിനാണ് നാം ചട്ടമുണ്ടാക്കേണ്ടതു്, ആ ഭാഗം സജാതീയമക്കൾ വീതിച്ചു എടുത്തുകൊള്ളണമെന്നാണു ബിൽ, അപ്പോൾ ഇല്ലത്തേക്കു ഒന്നും കിട്ടുകയില്ല. ആൺമക്കളില്ലെങ്കിൽ പെൺമക്കളും വിധവയുംകൂടി വീതിച്ചെടുത്തുകൊള്ളണമെന്നാണ് അതിൽ പറയുന്നതു്, അപ്പോഴും ഇല്ലത്തിലേക്കു ഒന്നും കിട്ടുകയില്ല.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂടുതൽചേർത്ത മെമ്പർ): നായർ ഭാര്യക്കു നാലിൽ ഒന്നല്ലെ, കൊടുക്കേണ്ടതു്

പ്രസിഡണ്ട്: നായർ ഭാര്യയെ ൧൧൦൦-ാമാണ്ടിനുമുമ്പു വിവാഹം ചെയ്തിരുന്നാൽ നാലിൽഒന്നു കൊടുത്താൽമതി, ഇവിടെ ഇപ്പോഴുള്ള നിയമം പറയുകയാണ്, മുമ്പുള്ളതിനെ നോക്കേണ്ട ആവശ്യമില്ല.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാടു (കൂടുതൽചേർത്തമെമ്പർ): രണ്ടുഭാര്യയുണ്ടെങ്കിലല്ലേ.

പ്രസിഡണ്ട്: നായർറെഗുലേഷൻപ്രകാരം രണ്ടു ഭാര്യമാരുണ്ടാകാൻ പാടുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): രണ്ടു സംബന്ധമുണ്ടാകാൻ പാടുണ്ട്. ഒരു നമ്പൂതിരി ഒരു നായർ സ്ത്രീയെ വിവാഹംചെയ്തിട്ടു ആ ഭാര്യമരിച്ചുപോയി എന്നിരിക്കട്ടെ, ആ നമ്പൂതിരിക്കു വേറൊരു സ്ത്രീയെ, സജാതി സ്ത്രീയെപോലും, പിന്നീടു വിവാഹംചെയ്യാം. രണ്ടു സ്ത്രീയിലും മക്കൾ ഉണ്ടെന്നു വയ്ക്കുക. അപ്പോൾ ഒന്നുപകുതി അവകാശം നായർബില്ലിൽ അനുസരിച്ചു നായർമക്കൾക്കാകും. ശേഷമുള്ള ഒന്നുപകുതി ഇല്ലത്തേക്കുതന്നെ കിട്ടണം; സജാതീയമക്കൾക്കു വേണ്ട എന്നാണോ മി. ജാതവേദൻ നമ്പൂതിരിയുടെ അഭിപ്രായം?

മി. വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂടുതൽചേർത്തമെമ്പർ): അങ്ങനെ വരുമ്പോൾ ഇല്ലത്തേക്കുള്ള ഓഹരി വേണ്ടെന്നും വയ്ക്കാം. ഒരു ഭാര്യയേയുള്ളുവെങ്കിൽ ഒന്നുപകുതി ഇല്ലത്തേക്കു കൊടുക്കാമല്ലോ.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർ വക്കീൽ): കൊടുക്കാം, പക്ഷേ രണ്ടുഭാര്യയുണ്ടായിരുന്നാൽ?

മി. വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്തമെമ്പർ): അപ്പോൾ ഇല്ലത്തേക്കു വേണ്ട.

മി. [illegible] (തിരുവനന്തപുരം): സജാതീയഭാര്യ ഒന്നിൽ കൂടുതൽ ഉണ്ടായിരുന്നാൽ എങ്ങനെയാണ് വിഭജിച്ചുകൊടുക്കേണ്ടത്?

മി. പി. എൻ. [illegible] നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്തമെമ്പർ): ഒരു പകുതിരണ്ടുപേരും വീതിച്ചു എടുക്കണം.

മി. എൽ. ആർ. [illegible] കോയിൽ തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നില്ല.

[illegible]: മി. [illegible] നമ്പൂതിരിപ്പാട് ആദ്യം ഉദ്ദേശിച്ചത് എങ്ങനെയായാലും ഒരുപകുതി സജാതീയഭാര്യക്കും മക്കൾക്കും കിട്ടണമെന്നാണ്. [illegible] ഏതുവിധമായാലും സജാതീയഭാര്യക്കും മക്കൾക്കും [illegible] കിട്ടണമെന്ന തന്റെ ഉദ്ദേശം ഇപ്പോഴും വിചാരിക്കുന്നു. പകുതിയിലധികം [illegible]. നായർ റെഗുലേഷനിലെ വ്യവസ്ഥപ്രകാരം ഒരുപകുതി ബാക്കിയുണ്ടെങ്കിൽ [illegible]. നായർഭാര്യക്കും മക്കൾക്കും കിട്ടുന്നതിൽ മിസ്റ്റർ [illegible] നമ്പൂതിരിയുടെ അഭിപ്രായപ്രകാരം ബാക്കിയുള്ള പകുതി സജാതീയഭാര്യക്കും മക്കൾക്കും കിട്ടണം. അപ്പോൾ എങ്ങനെയായാലും വസ്തുവിന്റെ ഒരോഹരി കിട്ടണമല്ലോ.

മി. എൽ. ആർ. രാജരാജവർമ്മകോയിൽ തമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): നായർ റെഗുലേഷൻ [illegible] പ്രസംഗിച്ച ഒരു നമ്പൂതിരിയുടെ പകുതിസ്വത്ത് നായർ ഭാര്യക്കും പകുതി സജാതീയഭാര്യക്കും [illegible]. നായർ റെഗുലേഷനനുസരിച്ചുള്ള വിവാഹം [illegible] നായർ സ്ത്രീക്കു [illegible] പകുതി സജാതീയഭാര്യക്കും കിട്ടും. പിന്നീട് [illegible] നമ്പൂതിരിമാർക്ക് സജാതീയഭാര്യയും നായർ ഭാര്യയും [illegible]. അവരെക്കൂടി ഉൾപ്പെടുത്തണമോ?

മി. പി. എൻ. [illegible] നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്തമെമ്പർ): ഏതു ജാതിയായാലും സജാതീയഭാര്യക്ക് [illegible]. നമ്പൂതിരിമാർ നായർ സ്ത്രീകളെ മാത്രമല്ല മറ്റു പല ജാതിയിലും വിവാഹം ചെയ്യാറുണ്ട്.

പ്രസിഡന്റ്: അതു ഏതു ജാതിയായാലും ഒരേ വ്യവസ്ഥ തന്നെ?

മി. [illegible] നമ്പൂതിരിപ്പാട് ([illegible]): ക്ഷത്രിയജാതിയിൽ വിവാഹം ചെയ്താലും കൊടുക്കണമോ?

പ്രസിഡന്റ്: ആദ്യം പറഞ്ഞവർക്ക് ആദ്യം കൊടുക്കണം. ഇങ്ങനെ ഒരു ക്ഷത്രിയസ്ത്രീയിൽ പാസ്സാക്കിയാൽ ഒരു [illegible] ബ്രാഹ്മണന്റെ ക്ഷത്രിയഭാര്യക്ക് കൊടുക്കാനൊന്നും കാണുകയില്ലേ?

മി. പി. എൻ. [illegible] നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്തമെമ്പർ): കൊടുക്കണം.

മി. കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): നായരൊഴിച്ച് അന്യജാതിയിലുള്ള വിവാഹത്തെപ്പറ്റി ഈ ബില്ലിൽ ചിന്തിച്ചിട്ടില്ല. വിവാഹത്തെപ്പറ്റിയും ഒരുവിവരണം ഈ ബില്ലിൽ കൊടുത്തിട്ടില്ല.

അതുകൊണ്ട് ഈ അഭിപ്രായങ്ങളാകുന്ന ബില്ലിൽ ഉൾപ്പെടുത്തേണ്ടത്.

ഒന്നു നായർ റെഗുലേഷൻപ്രകാരം ഒരു പകുതി [illegible] നായർ ഭാര്യക്കും മക്കൾക്കും കിട്ടണം. ബാക്കിവല്ലതും ഉണ്ടെങ്കിൽ ഇല്ലത്തെക്ക പകുതി നമ്പൂതിരിഭാര്യമാർക്കും വിധവമാർക്കും അവശ്യം കിട്ടണം.

[illegible] സജാതീയഭാര്യക്കും മക്കൾക്കും ഒന്നുപകുതി കിട്ടണമെന്നു മി. [illegible] നമ്പൂതിരിപ്പാട് പറയുന്നു.

പ്രസിഡന്റ്: സജാതീയഭാര്യക്കും മക്കൾക്കും ഒന്നുപകുതി കിട്ടുകയാണെങ്കിൽ, നായർ റെഗുലേഷൻപ്രകാരം നായർ ഭാര്യക്കും മക്കൾക്കും ഒന്നുപകുതി കിട്ടുന്നില്ലെങ്കിൽ ഇല്ലത്തെ [illegible] കിട്ടുകയില്ല. നായർ റെഗുലേഷൻപ്രകാരം നായർ ഭാര്യക്ക് കാൽഭാഗമേ കിട്ടുന്നുള്ളുവെങ്കിൽ കാൽഭാഗം ഇല്ലത്തേക്ക കിട്ടും.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): സജാതീയഭാര്യ എന്ന വാക്കിനെ വെക്കുന്നതിനെ സംബന്ധിച്ച് എനിക്കും ചിലതു പറയാനുണ്ട്. പ്രസിഡന്റ അനുവദിക്കയാണെങ്കിൽ ഞാൻ ഒരു ഭേദഗതി ഹാജരാക്കാം.

പ്രസിഡന്റ: പുതിയ ഭേദഗതി പ്രമേയത്തെ ആരും പിൻതാങ്ങീട്ടില്ല.

മി. എൽ. ആർ. രാജരാജവർമ്മ കോയിൽതമ്പുരാൻ (ചങ്ങനാശേരിയും-പീരുമേടും): ആ ഭേദഗതി സമയമുമ്പാകെ ഇല്ല. അതു എഴുതിവരുന്നേയുള്ളൂ.

പ്രസിഡന്റ്. എന്നാൽ അല്പം ക്ഷമിക്കുക.

മി. കല്ലായം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ) ഇവിടെ പ്രസ്താവിച്ച അഭിപ്രായങ്ങളെല്ലാം ചേർത്താൽ വകുപ്പ് ഇപ്രകാരമായിരിക്കും.

ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ വിധവയോ വിധവമാരോ മക്കളോ രണ്ടുകൂട്ടരുമോ ഉണ്ടെങ്കിൽ അയാളുടെ സ്വയാർജിതവും പ്രത്യേകവുമായ സ്വത്തുക്കൾ മരണശാസനത്താൽ വിനിയോഗിച്ചിട്ടില്ലെങ്കിൽ അവയിൽ ഒന്നുപകുതി അയാളുടെ വിധവമാർക്കും പുത്രന്മാർക്കും വിവാഹം കഴിയാത്ത പുത്രിമാർക്കും സമമായി ചേരുന്നതാകുന്നു. ഇങ്ങനെയുള്ള അവകാശികൾ ഇല്ലെങ്കിൽ ആ ഒന്നുപകുതി അയാളുടെ അച്ഛനോ അച്ഛനില്ലെങ്കിൽ അമ്മയ്ക്കോ അമ്മയില്ലെങ്കിൽ സഹോദരനോ സഹോദരനില്ലെങ്കിൽ അച്ഛന്റെ സഹോദരന്മാർക്കോ ചേരേണ്ടതാണ്. [illegible] നമ്പർ നായർറെഗുലേഷൻ [illegible] കല്പിച്ചിട്ടുള്ള [illegible] കൊടുക്കാനുള്ള അവകാശങ്ങൾ കൊടുത്തുതീർത്തതിനുശേഷം വല്ല ബാക്കിയും ഉണ്ടെങ്കിൽ ആ ബാക്കി മരിച്ചയാളിന്റെ ഇല്ലത്തിൽ ചേരുന്നതാകുന്നു.

വിവരണം ഈ വകുപ്പിൽ വിധവ, പുത്രൻ, പുത്രി എന്ന വാക്കുകൾക്ക മലയാളബ്രാഹ്മണജാതിയിലുള്ള വിധവ, പുത്രൻ, പുത്രി എന്നർത്ഥമാകുന്നു.

പ്രസിഡന്റ: സഭ ഇപ്പോൾ ലഘുഭക്ഷണത്തിന്നായി പിരിഞ്ഞു [illegible] മണിക്കു വീണ്ടും കൂടും.

സഭ [illegible] ലഘുഭക്ഷണത്തിന്നായി പിരിയുകയും ലഘുഭക്ഷണം കഴിഞ്ഞു [illegible] മണിക്കു വീണ്ടും കൂടുകയും ചെയ്തു.

o

പ്രസിഡൻറ്: മി: പരമേശ്വരൻപിള്ള, ഭേദഗതി നിങ്ങൾ ശരിയായ രൂപത്തിൽ വച്ചിട്ടുണ്ടോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ). സർ, വച്ചിട്ടുണ്ട്. ഞാൻ അതു വായിക്കാം.

"ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ വിധവയോ വിധവമാരോ കുട്ടികളോ രണ്ടുകൂട്ടരുമോ ഉണ്ടെങ്കിൽ അയാളുടെ സ്വയാർജ്ജിതവും പ്രത്യേകവും മരണശാസനപ്രകാരം വിനിയോഗിച്ചിട്ടില്ലാത്തതുമായ സ്വത്തിൽ ഒന്നൊപ്പകതി വിധവമാർക്കും പുത്രിമാർക്കും വിവാഹം കഴിയാത്ത പുത്രിമാർക്കും ഒന്നുപോലെ വീതിച്ചു കിട്ടുന്നതാകുന്നു. എന്നാൽ ഈ അവകാശികൾ ഇല്ലെങ്കിൽ ആ ഒന്നൊപ്പകതി മരിച്ച ആളിന്റെ അച്ഛനോ അച്ഛനില്ലെങ്കിൽ അമ്മയ്ക്കോ അമ്മയില്ലെങ്കിൽ സഹോദരനോ ഇവരാരുമില്ലെങ്കിൽ അച്ഛന്റെ സഹോദരനോ ലഭിക്കുന്നതാകുന്നു. ബാക്കിപ്പകുതിയിൽ .... നമ്പർ .... വകുപ്പു പ്രകാരമുള്ള അവകാശം കൊടുത്തുതീർത്തശേഷം വല്ലതും ബാക്കിയുണ്ടെങ്കിൽ ആ ബാക്കി അയാളുടെ ഇല്ലത്തിൽ ലയിക്കുന്നതാകുന്നു.

വിവരണം.—ഈ വകുപ്പിൽ വിധവ, പുത്രൻ, പുത്രി എന്ന പദങ്ങൾക്കു മലയാളബ്രാഹ്മണജാതിയിലുള്ള വിധവ, പുത്രൻ, പുത്രി എന്നർത്ഥമാകുന്നു.

ഒരു നമ്പൂതിരി മരിക്കുമ്പോൾ സജാതീയവിധവയും കുട്ടികളുമുണ്ടെങ്കിൽ ഒന്നൊപ്പകതി സ്വത്തു മക്കൾക്കും വിധവയ്ക്കും കല്യാണംകഴിക്കാത്ത പുത്രിമാർക്കും ഒന്നുപോലെ വിഭജിച്ചുകൊടുക്കണം. എന്നാൽ വിധവയോ സന്താനങ്ങളോ ഇല്ലെങ്കിൽ ആ സ്വത്തു പോകുന്നതു മരിച്ച ആളിന്റെ അച്ഛനോ, അച്ഛനില്ലെങ്കിൽ അമ്മയ്ക്കോ അമ്മയില്ലെങ്കിൽ സഹോദരനോ, ഇവരാരുമില്ലെങ്കിൽ അച്ഛന്റെ സഹോദരനോ ആണ്. ശേഷമുള്ള ഒന്നൊപ്പകതി ഇല്ലത്തേക്കു ലയിക്കണം. ഇതിൽ മക്കൾ എന്നും വിധവ എന്നും ഉദ്ദേശിച്ചിരിക്കുന്നതു നമ്പൂതിരിവിധവയും മക്കളുമാണ്. ക്ഷത്രിയകുടുംബത്തിലുള്ള കാര്യത്തെപ്പറ്റി ഇതിൽ പറഞ്ഞിട്ടില്ല.

മി. വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്ത മെമ്പർ): മക്കൾ സന്താനങ്ങൾ എന്നു പറയുന്നതു സജാതീയരേയും വിജാതീയരേയുംകൂടി ചേർത്തിട്ടാണോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): ആ പദമാകെ ഇതിൽ ഉൾപ്പെടുത്തിയിട്ടാവശ്യമില്ല. സജാതീയരായിട്ടും മക്കളെന്നാണ് നോട്ടീസിൽ വെച്ചിട്ടുള്ള അമെൻഡുമെൻറുകൊണ്ടു തോന്നുന്നതു്.

മി. വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്ത മെമ്പർ): അങ്ങിനെയല്ല ഉദ്ദേശിച്ചിട്ടുള്ളതു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): അങ്ങിനെ ഇതിൽ പറഞ്ഞിട്ടില്ല. എന്നാൽ നമ്പൂതിരിമാർ സാധാരണ ക്ഷത്രിയകുടുംബങ്ങളിൽനിന്നും വിവാഹം ചെയ്യാറുണ്ട്. അതു വിവാഹമല്ലെന്നു പറയുന്നില്ല. അവർക്കുകൂടി ബാധിക്കുന്ന ഒരു നിയമമെന്നാണെന്നു നമ്പൂതിരിബില്ലിൽ ഉദ്ദേശിച്ചിട്ടില്ല. ആ സ്ഥിതിക്കു സജാതീയ കാര്യവും മക്കളും എന്ന അർത്ഥമാകയാലും, മറ്റു സംബന്ധങ്ങളും ഈ ബില്ലിൽ ഉൾപ്പെടുത്തുകയാണെങ്കിൽ ആ ബില്ലിന്റെ വ്യാപ്തിയിൽ കവിഞ്ഞു പോകയില്ലയോ എന്നു സംശയിക്കുന്നു. നായന്മാരെ സംബന്ധിച്ച ഉദ്ദേശ്യംതന്നെ കൂട്ടിച്ചേർക്കുന്നതിനെ അതിനെപ്പറ്റി ആലോചിക്കാനില്ല. ഇനി ഈ അമെൻഡുമെൻറിനെപ്പറ്റി മി. ജാതവേദൻനമ്പൂതിരിപ്പാട് അഭിപ്രായപ്പെടട്ടെ.

മി. എ. സി. കുരിയാക്കോസ് (മീനച്ചിൽ—തെരഞ്ഞെടുക്കപ്പെട്ട): ഇതിൽ ഒരു സംശയംകൂടി ഉണ്ട്. സന്താനമില്ലാതെ ഒരു വിധവ മാത്രം ശേഷിക്കുന്നുവെങ്കിൽ അവൾ മാത്രമാണോ അവകാശി?

മി. വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്ത മെമ്പർ): മി. പരമേശ്വരൻപിള്ള ഇവിടെ വായിച്ച ഭേദഗതിയെ ഞാൻ അവതരിപ്പിക്കുന്നു.

പ്രസിഡൻറ്: ആരെങ്കിലും ആ ഭേദഗതിയെ അനുകൂലിക്കുന്നോ?

റാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെൻറു നാമനിർദ്ദേശം ചെയ്ത ഡിപ്പ്യൂട്ടിപ്രസിഡൻറ്): ഞാൻ അനുകൂലിക്കുന്നു.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): സർ, ഞാൻ ഈ അമെൻഡുമെൻറിനെ പ്രതികൂലിക്കുന്നു. എന്റെ പ്രധാന ഉദ്ദേശം ഈ സഭ മുമ്പാകെ ഒരു സംഗതി ചൂണ്ടിക്കാണിക്കയാണ്. ക്ഷത്രിയർ, നായന്മാർ മുതലായ മറ്റു ജാതിക്കാർ, ഇവരുമായിട്ടു നമ്പൂതിരിമാർ ധാരാളം സംബന്ധം നടത്താറുണ്ട്. ക്ഷത്രിയരെ സംബന്ധിച്ചിടത്തോളം, നായർബിൽ പാസായ അവസരത്തിൽ ആ ബില്ലിൽനിന്നും അവരെ ഒഴിവാക്കുന്നതിനു ഞാൻ ഒരു അമെൻഡുമെൻറ് അയച്ചിരുന്നു. അതായതു് നായർബില്ലിന്റെ വ്യാപ്തിയിൽ ക്ഷത്രിയരെക്കൂടി ഉൾപ്പെടുത്തണമെന്നായിരുന്നു. ക്ഷത്രിയർക്കു ഒരു പ്രത്യേക ബിൽ പാസാക്കുന്നതിനു ഗവണ്മെൻറിനോടു അപേക്ഷിക്കയും ക്ഷത്രിയസഭ മുഖേന ഗവണ്മെൻറുകൾ നിവേദനം ചെയ്തിട്ടുണ്ട്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): നായർ ബില്ലിൽ ചേർക്കണമെന്നു ഒരു അമെൻഡുമെൻറ് അയച്ചതായി പറഞ്ഞല്ലോ. അതു് ഒടുവിൽ എന്തായി?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഞാൻ അതു അവതരിപ്പിച്ചില്ല. ക്ഷത്രിയർക്കു മാത്രമായി ഒരു ബിൽ പാസാക്കുന്നതാണു് നല്ലതു്. ബിൽ വേഗം പാസാക്കി കിട്ടണമെന്നുള്ള വിചാരത്താൽ എന്റെ നായർ സ്നേഹിതന്മാർ പലരും എന്നോടു നിർബന്ധിച്ചതുകൊണ്ടാണു് അതു ഞാൻ പിൻവലിച്ചതു്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ് സർക്കാർവക്കീൽ): നായർബില്ലിൽ ക്ഷത്രിയരെ ഉൾപ്പെടുത്തണമെന്നു വല്ല സംശയവും ഉണ്ടായിരുന്നുവോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അങ്ങനെയുള്ള സംശയമായി ആരും അന്നു പ്രസ്താവിച്ചില്ല. ഈ സംശയം ഗവണ്മെൻറിനുണ്ടായിരുന്നുവെങ്കിൽ ആ അമെൻഡുമെൻറു

ടേബിൾ ഔട്ട്ചെയ്യുകയില്ലായിരുന്നു. വേറെ ഉറച്ചു അതിനെ തള്ളിക്കളയുമായിരുന്നു. അങ്ങിനെ ചെയ്തില്ലെന്നു ഒരു ക്ഷത്രിയബില്ലിൽ ഉണ്ടായിരുന്നുവെങ്കിൽ "നായർറഗുലേഷനിലെ ..-ാം വകുപ്പിലെ വ്യവസ്ഥക്കുൾപ്പെട്ട" എന്നു ഇപ്പോൾ ചേർത്തതുപോലെ Subject to the provisions of so and so എന്നുകൂടെ ഈ ബില്ലിൽ കാണാമായിരുന്നു. അതിനിടയാകാതെ വന്നതു ഞങ്ങളുടെ കഷ്ടകാലമെന്നേ പറയുന്നുള്ളു.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികരം): ക്ഷത്രിയരുടെ അവകാശക്രമങ്ങളെല്ലാം നമ്പൂതിരി ബില്ലിൽ ചേർക്കണമെന്നാണോ പറയുന്നതു്?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): നായർബില്ലിൽ മററു ജാതിക്കാരെ ഉൾപ്പെടുത്താമെങ്കിൽ നമ്പൂതിരി ബില്ലിൽ ക്ഷത്രിയരേയും ഉൾപ്പെടുത്താം. ഈ സഭ തന്നെ ഒരിക്കൽ ആ തത്വം സ്വീകരിച്ചുകൊണ്ടു് നമ്പൂതിരിബില്ലിൽ ക്ഷത്രിയരെ ചേർക്കുന്നതിനു് അവകാശമില്ലെന്നു ഞാൻ വിചാരിക്കുന്നില്ല. പിന്നീടു പ്രസിഡൻറവർകൾ മുമ്പേ വന്നവർ മുമ്പേ വാങ്ങിച്ചുകൊണ്ടുപോയി എന്നു സൂചിപ്പിച്ചതുപോലെ ക്ഷത്രിയരുടെ കാര്യവും ആയിത്തീർന്നു.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): നമ്പൂതിരിമാർ മററു ജാതിയിലും വിവാഹം നടത്താറുണ്ടെന്നു പറഞ്ഞതല്ലോ. അതു് ഏതെല്ലാം ജാതിയാണെന്നു പറയാമോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ക്ഷത്രിയർ, വാര്യർ, നമ്പ്യാർ പണ്ടാല തുടങ്ങിയുള്ള ചില്ലറ മരുമക്കത്തായം അനുഷ്ഠിക്കുന്ന ജാതിക്കാരുടെ ഇടയിൽ നമ്പൂതിരിമാർ സംബന്ധം നടത്താറുണ്ടു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): അവരെ എല്ലാവരേയുംകൂടി ഉൾപ്പെടുത്തണമെന്നു വിചാരിക്കുന്നുണ്ടോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അവർക്കു് എല്ലാവർക്കുംകൂടി അവകാശമുണ്ടായിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതിയെ പ്രതിഷേധിക്കുന്നതു്.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ഈ വിവാഹങ്ങളെല്ലാം ശാസ്ത്രപ്രകാരം ഉദകപൂർവ്വം ചെയ്യുന്നതാണോ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): അതിനെപ്പററി നമ്പൂതിരി സ്നേഹിതന്മാർക്കുമാത്രമേ പറയാൻ സാധിക്കയുള്ളു. മന്ത്രങ്ങളുടെ അർത്ഥം എനിക്കറിഞ്ഞുകൂട. മററു ജാതിക്കാരെ സംബന്ധിച്ചു് എനിക്കു നിശ്ചയമില്ല. ക്ഷത്രിയരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അവരുടെ ഇടയ്ക്കു ചില മന്ത്രങ്ങളെല്ലാം നമ്പൂതിരിമാർ ചൊല്ലാറുണ്ടു്. അതിന്റെ അർത്ഥം അവർക്കേ അറിയാവൂ.

മി. കയ്യാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): മന്ത്രങ്ങളുണ്ടോ ?

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): മന്ത്രങ്ങളുണ്ടു്. പൂ[illegible] സകല ക്രിയകളും നടത്താറുണ്ടു്. അതു് ഉദകപൂർവ്വമാണോ അല്ലയോ എന്നു നമ്പൂതിരിസ്നേഹിതന്മാർക്കേ പറവാൻ.

അതിനാൽ ഈ സഭ ഈ ചെറിയ സമുദായക്കാരുടെ സ്ഥിതികൂടി ശരിയായിട്ടു പരിഗണിച്ചില്ലെങ്കിൽ ഞാൻ ഈ അമെൻഡ്മെൻറു സ്വീകരിക്കയോ തള്ളുകയോ ചെയ്യേണ്ടതു്. ഞങ്ങൾക്കു ബില്ല് ഇതുവരെ അവതരിപ്പിക്കാൻ സാധിച്ചിട്ടില്ലെന്നുള്ള ഏക കാരണത്താൽമാത്രം നായർസ്ത്രീക്കു കിട്ടുന്ന അവകാശം ഒരു ക്ഷത്രിയസ്ത്രീക്കോ അല്ലെങ്കിൽ മററു ജാതിക്കാർക്കോ ഇല്ലെന്നു പറയുന്നതു് ഈ സഭയുടെ അഭിമാനത്തിനു യോജിച്ചതല്ല.

അതുകൊണ്ടു് ഓരോ മെമ്പർമാരും ഇതിനെപ്പററി ശരിയായി ആലോചിച്ചു വോട്ടുചെയ്താൽ കൊള്ളാമെന്നാണു് എന്റെ അഭിപ്രായം.

മി: പി. എസ്. മഹമ്മദ് (ഗവർമ്മെൻറു നിയമനം): സർ, ഞാനും ഈ ഭേദഗതിയെ എതിർക്കുന്നു. മററുള്ള പല ഭാര്യമാർ ഉള്ളപ്പോൾ അയാളുടെ സ്വത്തിൽ ഒന്നോരണ്ടോ ഭാര്യമാർക്കും അവരുടെ സന്താനങ്ങൾക്കും അവകാശം കൊടുക്കയും ശേഷമുള്ളവർക്കു് അവകാശം കൊടുക്കാതിരിക്കയും ചെയ്യുന്ന ഒരു നിയമം ഇവിടെ പാസാക്കുന്നതു ഒരിക്കലും ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. നായർറഗുലേഷൻ അനുസരിച്ചു നായന്മാർക്കു കിട്ടേണ്ടതു കിട്ടിയിട്ടുണ്ടു്. മററുള്ളതു മുഴുവൻ നമ്പൂതിരിമക്കൾക്കുതന്നെ കിട്ടണമെന്നു പറയുകയാണെങ്കിൽ അവർ മററു ജാതിയിൽ വിവാഹം ചെയ്യുന്നതുതന്നെ കൂടി ക്ലിപ്തപ്പെടുത്തേണ്ടതുണ്ടു്. അങ്ങിനെ ക്ലിപ്തപ്പെടുത്തുന്നില്ലെങ്കിൽ മററു ജാതിയിലുള്ള ഭാര്യമാർക്കും സന്താനങ്ങൾക്കും അവകാശം കൊടുക്കുകതന്നെ വേണം.

ഈ ഭേദഗതിയിൽ വിഷമം വരുത്തിയിരിക്കുന്നതു് (വിവരണം) ആണു്. മലയാളബ്രാഹ്മണവിധവാ [illegible] എന്നു പറഞ്ഞിട്ടുണ്ടു്. അതിൽ നായന്മാരുടെ കാര്യം പ്രത്യേകം പറയേണ്ട ആവശ്യമില്ല; (നായരല്ലാത്ത ഭാര്യയും പുത്രനും പുത്രിയും) എന്നുകൂടി ഉൾപ്പെടുത്തുന്നതു നന്നായിരിക്കും.

മി: സി. എൻ. തുപ്പൻ നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): മററു ജാതിക്കാരെ സംബന്ധിച്ചു വേറെ ഒരു റഗുലേഷൻ [illegible] അവരെ ഒക്കെ അതിൽ ഉൾപ്പെടുത്തിയാൽ പോരേ എന്നാണു് ?

മി: പി. എസ്. മഹമ്മദ് (ഗവർമ്മെൻറുനിയമനം): വേറെ ഒരു റഗുലേഷനിൽ ഉൾപ്പെടുത്തിയാൽ പോരാ. നായർ റഗുലേഷനിൽ പകുതി കൊണ്ടുപോയി. ഇനി പകുതി നമ്പൂതിരിബില്ലിൽ [illegible] കൊണ്ടുപോകും. പിന്നെ ബാക്കി എന്തുണ്ടു്? അതുകൊണ്ടു് അതു പോരാ. ഈ ബില്ലിൽ തന്നെ ചേർക്കണമെന്നാണു് എന്റെ അഭിപ്രായം.

മി: ആർ. രാമൻപിള്ള (കൊല്ലം): ഞാനും ഈ ഭേദഗതിയെ പ്രതികൂലിക്കുന്നു. നമ്പൂതിരിമാരുടെ കുടുംബ കാര്യാന്തരത്തിൽ [illegible] കുടുംബംപോലെ ആയിത്തീരുമെന്നു് [illegible] ഉണ്ടു്. എന്തുകൊണ്ടെന്നാൽ ഈ ബില്ലിൽ തന്നെ സജാതീയവിവാഹം ചെയ്തിട്ടുള്ള ആളുകൾക്ക് [illegible] വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ സ്ഥിതിക്കു് മററും സമ്പാദിച്ചു [illegible] അയാളുടെ മക്കൾക്കുതന്നെ സ്ഥി

രമായിരിക്കണമെങ്കിൽ വേണ്ട വ്യവസ്ഥകൂടി ചെയ്യണം. തന്റെ സ്വത്തു തന്റെ മക്കൾക്കു കിട്ടാതെ അന്യർക്കു പോകുക എന്നുവരുന്നതു വലിയ കഷ്ടമാണ്. എന്നാൽ പകുതി ഇല്ലത്തേക്കു പോകണമെന്നു പറയുന്നതു ഒരു മനുഷ്യന്റെ സ്വയാർജ്ജിതസ്വത്തു ആക്കാനല്ല, പ്രേരകശക്തിയെ നശിപ്പിക്കയാണ് ചെയ്യുന്നത്. അതിനാൽ ഒരാളിന്റെ സ്വത്ത് അയാളുടെ ഭാര്യക്കും മക്കൾക്കും തന്നെ കൊടുക്കേണ്ടതാണ്. ഭാര്യയും മക്കളും ഇല്ലെങ്കിൽ കാമൺലാ അനുസരിച്ചു രക്തസംബന്ധമുള്ള അടുത്ത ആളിനു പോകുന്നതിനു എനിക്കു വിരോധമില്ല.

നായർസ്ത്രീകളെ നമ്പൂതിരിമാർ വിവാഹം ചെയ്യാറുണ്ട്. നായർ റെഗുലേഷൻകൊണ്ടു നായർസ്ത്രീക്കും ഒരു അവകാശം കിട്ടി. നമ്പൂതിരിറെഗുലേഷൻ പ്രകാരം അവർക്കും അവകാശം കിട്ടുമെന്നായി. എന്നാൽ നായന്മാരിൽനിന്നും ഒട്ടും താഴെ അല്ലെന്ന് ആരും പറയാത്ത ക്ഷത്രിയരുടെ സംഗതിയെന്താണ്? അതു ബില്ലിൽ ചേർക്കാൻ പാടില്ലെന്നും പറയുന്നു. നായർഭാര്യക്കും, നമ്പൂതിരിഭാര്യക്കും, ഒരു നമ്പൂതിരിയുടെ സ്വയാർജ്ജിതസ്വത്തു കിട്ടാൻ അവകാശമുണ്ടെങ്കിൽ, ക്ഷത്രിയഭാര്യക്കും, നമ്പ്യാർഭാര്യക്കും എന്തുകൊണ്ടു കിട്ടാൻ അവകാശമില്ല. അതുകൊണ്ട് ഒരു നമ്പൂതിരിബ്രാഹ്മണന്റെ സ്വയാർജ്ജിതസ്വത്ത് അദ്ദേഹത്തിന്റെ ഭാര്യക്കും മക്കൾക്കും ഏതു ജാതിയിലായാലും ഒന്നുപോലെ കിട്ടേണ്ടതാണ്.

മി: കല്ലായംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഈ ഭേദഗതി സ്വീകരിച്ചാൽ ഈ ഉദ്ദേശം സാധിക്കയില്ലല്ലോ?

മി: ആർ. രാമൻപിള്ള (കോട്ടയം): ആ സെക്ഷൻ തന്നെ തള്ളണം.

മി: കല്ലായം പരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): സെക്ഷൻ തന്നെ തള്ളിയാലും സാധിക്കയില്ല.

മി: ആർ. രാമൻപിള്ള (കോട്ടയം): അതു ഏതുവിധത്തിലാണ് വേണ്ടതെന്ന് ഈ കൌൺസിലിൽ തന്നെ ആലോചിച്ചു ഒരു പരിഹാരമുണ്ടാക്കണം.

തിരുവിതാംകൂറിലെ പ്രബലന്മാരായിരിക്കുന്ന ക്ഷത്രിയവർഗ്ഗത്തിന് ഈ നിയമത്തിൽ ഒരു അവകാശം ഇല്ലാതെ വരുന്നതു ഈ കൌൺസിലിനും, ഗവർമ്മെന്റിനും, നമ്പൂതിരിസമുദായത്തിനും കുറവാണ്. അതുകൊണ്ട് ഒരു നമ്പൂതിരിയുടെ സ്വത്തുമുഴുവനും അയാളുടെ എല്ലാ ഭാര്യമാർക്കും മക്കൾക്കും ഒന്നുപോലെ വീതിച്ചു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. എന്നാൽ സജാതീയഭാര്യയും മക്കളും മാത്രമേയുള്ളു എങ്കിൽ മുഴുവൻസ്വത്തും അവർക്കു തന്നെ കൊടുക്കേണ്ടതാണ്. അതുകൊണ്ടു ഞാൻ ഈ ഭേദഗതിയെ പിന്താങ്ങുന്നു.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (തൃശ്ശിവപേരൂർ): ഞാനും ഈ ഭേദഗതിയെ എതിർക്കുന്നു. സ്വയാർജ്ജിതവും സ്വകാര്യവുമായ സ്വത്തിനെപ്പറ്റി ഇങ്ങനെ ഒരു ഭേദഗതി കൊണ്ടുവരേണ്ട ആവശ്യമില്ല. കാമൺലാ അനുസരിച്ചു സ്വയാർജ്ജിതവും സ്വകാര്യവുമായ സ്വത്തു അയാളുടെ ഭാര്യക്കും മക്കൾക്കും കൊടുക്കേണ്ടതാണ്. നമ്പൂതിരിമാരുടെ ഇടയിൽ അതിനെ സംബന്ധിച്ചു ക്ലിപ്തമായ ഒരു നിയമം ഉണ്ടായിട്ടില്ലെങ്കിലും ഇതിനെ സംബന്ധിച്ചു കൊച്ചിയിൽ നമ്പൂതിരിമാരുടെ സ്വയാർജ്ജിതസ്വത്തു സജാതീയഭാര്യക്കും മക്കൾക്കും കൊടുക്കേണ്ടതാണെന്ന് ഒന്നു രണ്ടു കേസ്സുകളിൽ വിധിച്ചിട്ടുണ്ട്. കുന്നത്തൂർ മൂത്തതിരി കേസ് ഇതിലേക്ക് ഉദാഹരണമാണ്. കൂടാതെ സ്വയാർജ്ജിതത്തിൽ പകുതിസ്വത്തു കുടുംബത്തേക്കു പോകേണ്ടതാണെന്നു പറയുന്നതിലും യാതൊരു ന്യായവും കാണുന്നില്ല. അതുകൊണ്ടു ഭേദഗതിയെ ഞാൻ എതിർക്കുന്നു.

സർ, ചോദ്യം ഇപ്പോൾ ചോദിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

പ്രെസിഡന്റ്: വേണ്ട, വേണ്ടുവോളം വാദപ്രതിവാദം നടന്നിട്ടില്ല.

മി: എ. ജി. മേനോൻ (പറവൂർ): ഈ ഭേദഗതിയെ എന്റെ ബഹുമാന്യസ്നേഹിതന്റെ മുഖ്യമായ വാദം ഓരോ സമുദായത്തിലുള്ള ഭാര്യക്കും മക്കൾക്കും കൂടി സ്വയാർജ്ജിതസ്വത്തു വീതിച്ചു കൊടുക്കണമെന്നാണ്. എന്നാൽ ഇതിൽ ഒരു തകരാറുമുണ്ട്. വിവാഹം ഓരോ സമുദായത്തിലും ഓരോ വിധത്തിലാണ് ഇരിക്കുന്നത്. ആ സ്ഥിതിക്കു എങ്ങിനെയാണ് ഒരു വിവാഹം നടത്തേണ്ടതെന്നതിനെ സംബന്ധിച്ച് ഒരു ചട്ടമോ നിയമമോ ഇല്ലാതിരിക്കുന്നിടത്തോളം യഥാർത്ഥ ഭാര്യയാണോ പുത്രനാണോ എന്നു തീർച്ചപ്പെടുത്തുന്നതിനു കോടതിക്കു വിഷമമുണ്ട്. എന്നാൽ ക്ഷത്രിയരെ സംബന്ധിച്ചിടത്തോളം ഈ വക സംഗതികൾ തീർച്ചപ്പെടുത്തുന്നതിനും മറ്റുമായി പലരും ശ്രമിച്ചിട്ടുള്ളതിൽ ഞാനും ശ്രമിച്ചിട്ടുണ്ടെങ്കിലും അതു സഫലമായിട്ടില്ല. ആ ഒരു കാരണംകൊണ്ടു ഈ ബിൽ പാസാക്കാതെയിരിക്കയോ അല്ലെങ്കിൽ ഈ ബില്ലിനെ എതിർക്കയോ ചെയ്യുന്നതു ന്യായമല്ല. ഒരു സമുദായത്തിലെ വിവാഹം എന്നുള്ള പദത്തിന് എന്താണ് അർത്ഥം എന്നു പരിഗണിക്കാതെ ഭാര്യാപുത്രസംബന്ധം നിശ്ചയിക്കാൻ പ്രയാസമാണ്.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഭാര്യ എന്നു വച്ചാൽ എന്താണ്.

മി: എ. ജി. മേനോൻ (പറവൂർ): വിവാഹം ചെയ്ത സ്ത്രീയാണു ഭാര്യ. വിവാഹം തന്നെ എന്താണെന്നറിയാതെ ഭാര്യ എന്താണെന്നു എങ്ങിനെ അറിയാൻ സാധിക്കും. ഭാര്യയാണ്, പുത്രനാണ്, എന്നൊക്കെ പറയാമെങ്കിലും കോടതിയിൽ വരുമ്പോൾ അതു തോറ്റുപോകും.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാറ്റിൻകര): ഒരു നമ്പൂതിരിയും നായർസ്ത്രീയുമായിട്ടുള്ള വിവാഹം എങ്ങിനെയാണ്? അതിൽ അഭിപ്രായവ്യത്യാസത്തിനവകാശമുണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ): അതിനെപ്പറ്റി നായർ റെഗുലേഷനിൽ പറഞ്ഞിട്ടുണ്ട്. ഇന്ന മാതിരി ചെയ്താൽ മാത്രമേ വിവാഹമാകയുള്ളു. അല്ലെങ്കിൽ അതു അസാധുവാണ് എന്നൊക്കെ അതിൽ വിവരിച്ചിട്ടുണ്ട്. ഞാൻ മററുള്ള സമുദായത്തെ സംബന്ധിച്ചു പറകയാണ്. അവർക്കും ഈ അവകാശം കൊടുക്കേണ്ടതാണ് എന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. അതിലേക്കു വേണ്ടി ഒരു പ്രത്യേക സമുദായത്തെ ഉദ്ദേശിച്ചു ഞാൻ ഒരു ബിൽ അയച്ചിട്ടുണ്ട്. പക്ഷെ അനുവാദം കിട്ടിയില്ല.

മി: പി. എസ് മുഹമ്മദ് (ഗവർണ്മെന്റുനിയമനം): ഇപ്പോൾ ഏതെങ്കിലും ഒരു വിവാഹ സമ്പ്രദായമില്ലേ?

മി: എ. ജി. മേനോൻ (പറവൂർ): ഉണ്ട്. അതിന് ഒരു ലീഗൽ ഡെഫിനിഷൻ വേണമെന്നാണ് ഞാൻ പറയുന്നത്?

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമനം): ലീഗൽ ഡെഫിനിഷൻ കസ്റ്റം കൊണ്ടല്ലേ വരുന്നത്?

മി: എ. ജി. മേനോൻ (പറവൂർ): ആയിരിക്കാം. പക്ഷേ കോടതിയിൽ പോകുമ്പോൾ വിവാഹം ചെയ്തിട്ടില്ലെന്നു പറയും. അതിനും ഒരു നിവൃത്തിവേണ്ടേ?

മി: പി. എസ്. മഹമ്മദ് (ഗവൺമെന്റു നിയമനം): അങ്ങിനെ വരുമ്പോൾ സമുദായത്തിലെ നടപ്പു തെളിയിക്കാൻ പാടില്ലെന്നുണ്ടോ?

മി: എ. ജി. മേനോൻ (പറവൂർ): പാടില്ലായ്കയല്ല. ഇങ്ങനെ പല തരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകുമെന്നാണ് ഞാൻ പറയുന്നത്.

മി. ആർ. രാമൻപിള്ള (കോട്ടയം): മാരിയേജ് എന്ന പദത്തിന് ഇവിടെ ഒരു ഡെഫിനിഷൻ കൊടുത്താൽ മതിയാകയില്ലേ?

മി: എ. ജി. മേനോൻ (പറവൂർ): ഓരോ സമുദായക്കാരുടെ ഇടയിൽ വിവാഹചടങ്ങ് ഓരോ വിധമാണല്ലോ.

മി: ആർ. രാമൻപിള്ള (കോട്ടയം): നമ്പൂതിരി ബ്രാഹ്മണന്റെ വിവാഹം ഇന്നതരത്തിലായിരിക്കണം എന്നു വ്യവസ്ഥ ചെയ്താൽ പോരേ?

മി: എ. ജി. മേനോൻ (പറവൂർ): അതു എനിക്കറിഞ്ഞുകൂടാ.

മി: ആർ. രാമൻപിള്ള (കോട്ടയം): ഉദകപൂർവമുള്ള വിവാഹം, പുടവ കൊട കൊണ്ടുള്ള വിവാഹം ഇങ്ങനെ വ്യവസ്ഥ ചെയ്താൽ പോരേ?

മി: എ. ജി. മേനോൻ (പറവൂർ) എന്റെ അഭിപ്രായത്തിൽ വിവാഹത്തിന് ഒരു ഡെഫിനിഷൻ കൊടുക്കാൻ തക്കവണ്ണം അവകാശം ഇവിടെയില്ല എന്നാണ് തോന്നുന്നത്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും). സ്വയാർജ്ജിത സ്വത്തിൽ ഒരു ഭാഗം കുട്ടികൾക്കു ലഭിക്കണമെന്നുള്ള തത്വത്തെ ഞാൻ എതിർക്കുന്നു. അങ്ങിനെ ഒരു വ്യവസ്ഥ ചെയ്താൽ ഒരാളിന്റെ സമ്പാദിക്കണമെന്നുള്ള പ്രേരകശക്തി ഇല്ലാതെയാകും. നായർ തറവാട്ടിലെ ഒരു കാരണവൻ സമ്പാദിച്ചാൽ തറവാട്ടിലേക്കു ലഭിക്കണമെന്നു മുമ്പു ചട്ടമുണ്ടായിരുന്നു. ഇപ്പോഴത്തെ രീതിയനുസരിച്ച് അയാളുടെ സമ്പാദ്യം ഭാര്യാപുത്രാദികൾക്കാണു പോകുന്നത്. കൊച്ചിയിലെ നിയമനിർമ്മാണസഭയിൽ മിസ്റ്റർ. കേശവൻ നമ്പൂതിരിപ്പാട് പറയുകയുണ്ടായി, അവിടെ ഒരു മലയാള ബ്രാഹ്മണന്റെ സ്വത്ത് അയാളുടെ ഭാര്യക്കും പിതാവിനും കിട്ടാൻ അവകാശമുണ്ടെന്നാണ്. ആ രീതിയനുസരിച്ച് ഇവിടെയും നിയമം പാസാക്കണമെന്നാണ് എന്റെ അഭിപ്രായം. അതല്ലാതെ ഈ ബിൽ പാസാക്കിയാൽ നാം അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നു പറയാൻ നിവൃത്തിയില്ല. മദിരാശി ഹൈക്കോടതിയിലെ വിധികളും ഇപ്രകാരമാണെന്ന് ഈ ബിൽ പ്രയോക്താവുതന്നെ ഇവിടെ പറഞ്ഞുകഴിഞ്ഞു. അതുകൊണ്ട് സ്വയാർജ്ജിതസ്വത്തു കുടുംബത്തിൽ ലയിക്കണമെന്നുള്ള ഭാഗം അനുവദിക്കത്തക്കതല്ല.

മൈസൂർ രാജരാജവർമ്മ കോയിത്തമ്പുരാന്റെ അഭിപ്രായത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ആ ഉദ്ദേശത്തെ അനുകൂലിക്കുന്നതിനോ, പ്രതികൂലിക്കുന്നതിനോ, നിവൃത്തിയില്ലാത്ത ഒരു നിലയാണ് ഇപ്പോഴുള്ളത്. ഒരു നമ്പൂതിരി ഒരു പരിഷ്കാരിയെ വിവാഹം ചെയ്യുന്ന അവസരത്തിൽ അയാളുടെ സ്വയാർജ്ജിത സ്വത്തു പരിഷ്കാരിയെ ഭാര്യക്കും മക്കൾക്കും കൊടുക്കണമെന്ന് ഒരിക്കലും ആലോചിച്ചു കാണുകയില്ല. നായർ റെഗുലേഷൻ പാസായശേഷമാണ് അവർ ഇതിന്റെ ബുദ്ധിമുട്ട് അറിഞ്ഞത്. ഇത്രയുമല്ല ഈ സംഗതി അറിഞ്ഞിരുന്നുവെങ്കിൽ ഈ വിഷമഘട്ടത്തിൽ കൂടി കടന്നു പോകുന്നതിന് അവർ ഒരിക്കലും തയ്യാറാവുകയില്ലായിരുന്നു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): നായർ റെഗുലേഷൻ പാസായശേഷം നമ്പൂതിരിമാരും നായർ സ്ത്രീകളും തമ്മിൽ വിവാഹമില്ലെന്നാണോ മനസ്സിലാക്കേണ്ടത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അധികം ഉണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല.

മി: എ. ജി. മേനോൻ (പറവൂർ): നായർ റെഗുലേഷനു ശേഷം നമ്പൂതിരിമാർ നായർ സ്ത്രീക്ക് ഒന്നും കൊടുത്തു കാണുകയില്ലെന്നാണോ പറയുന്നത്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അതു ഓരോരുത്തരുടെ മനസ്ഥിതിപോലെയിരിക്കും.

മി: മുരുവേലിൽ പാച്ചുപ്പിള്ള (ചേർത്തല): ക്ഷത്രിയസമുദായം എന്നപേരിൽ അറിയപ്പെടുന്നവർ ആരെല്ലാമാണ്?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ക്ഷത്രിയസമുദായത്തെ സംബന്ധിച്ചിടത്തോളം വേണ്ട പരിജ്ഞാനം എനിക്കില്ല.

മി: മുരുവേലിൽ പാച്ചുപിള്ള (ചേർത്തല): ക്ഷത്രിയരിൽ ആരെല്ലാം ഉൾപ്പെട്ടിട്ടുണ്ടെന്നറിയാമോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): എനിക്കറിഞ്ഞുകൂടാ. എന്റെ സമുദായത്തെ സംബന്ധിച്ചിടത്തോളം കിട്ടാനുള്ള മുഴുവനും കിട്ടിക്കഴിഞ്ഞു എന്നുള്ള സ്വാർത്ഥതയോടു കൂടിയല്ല ഞാൻ പറയുന്നത്. നായർ ബിൽ പാസാകുന്നതിനു മുമ്പ് എന്റെ അഭിപ്രായം ചോദിച്ചിരുന്നുവെങ്കിൽ എന്റെ വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം ഞാൻ പറയുകയില്ലായിരുന്നു.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): ഓരോ അംഗത്തിന്റെയും സ്വയാർജ്ജിതസ്വത്തു ഭാര്യയ്ക്കും മക്കൾക്കും കൊടുത്താൽ ഇല്ലം വകസ്വത്തിന് എങ്ങിനെ അഭിവൃദ്ധിയുണ്ടാകും?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇല്ലം വക സ്വത്തു ഭരിക്കേണ്ടതു കാരണവനാണ്. അതുകൊണ്ട് അതു അഭിവൃദ്ധിയിൽകൊണ്ടു വരേണ്ട ചുമതലയും കാരണവന്റേതാണുള്ളത്. കാരണവൻ അതിലേക്കു ശ്രമിച്ചാൽ ഇല്ലത്തിലെ സ്വത്തു വർദ്ധിക്കും.

മി: ഇട്ടൂപ്പ് ഇട്ടിയച്ചൻ (കുന്നത്തുനാട്): കാരണവരുടെ സ്വത്തു എങ്ങിനെയുണ്ടാകും?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): ഇല്ലത്തിലെ ആദായത്തിലെ മിച്ചം കൊണ്ടുണ്ടാക്കാം.

മി: ആർ. രാമൻപിള്ള (കോട്ടയം): സജാതീയ വിവാഹം ചെയ്ത നംപൂതിരിമാർ പ്രത്യേകം ഇല്ലമായിട്ടു വരുമ്പോൾ അതു ഇല്ലത്തേക്കു അഭിവൃദ്ധിയല്ലേ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): അങ്ങിനെ വരുമ്പോൾ അഭിവൃദ്ധിയായിട്ടു തന്നെവരും.

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): സജാതീയവിവാഹവും വിജാതീയ വിവാഹവും എന്ന തക്കം വരുന്നു എങ്കിൽ അതിൽ അതിശയിക്കാനില്ല. നായർ സമുദായത്തിന് ആ റഗുലേഷനെപ്പററി വാദപ്രതിവാദം ചെയ്യേണ്ടിവന്നപ്പോൾ ഈ ഒരു ഘട്ടം വരികയും അതിൽ ഇതുപോലെയുള്ള ഒരു പൂർവ്വാപരസ്ഥാനം കടന്നുപോകുന്നതു ഏതുപ്രകാരത്തിലാണെന്നു നല്ലതുപോലെ ആലോചിക്കയും ചെയ്തിരുന്നു. ആ ഘട്ടത്തെ നായർസമുദായം കടന്നുകൂടി ഇപ്പോൾ ആലോചിക്കുന്ന വിഷയത്തിൽ ചെയ്യുന്ന വ്യവസ്ഥ പ്രസ്തുതമായിട്ടിരിക്കയാണ്. കമ്മിറ്റിയിൽ വരുന്നവരെപ്പററി വേണ്ടപോലെ പര്യാലോചിച്ചു ചെയ്തില്ലെങ്കിൽ അത് ന്യായമായ ഒരു തീരുമാനമായിട്ടു വരുമെന്നു തോന്നുന്നില്ല. സജാതീയവിവാഹം ചെയ്ത വിധവയ്ക്കും കുട്ടികൾക്കും ഒരു പകുതി പോകണമെന്നും മറെറ പകുതി നായർഭാര്യയ്ക്കും സന്താനങ്ങൾക്കും പോകണമെന്നും വ്യവസ്ഥ ചെയ്യുന്നതിൽ വൈഷമ്യം നിയമദൃഷ്ട്യാ ഇല്ലെന്നു ഇവിടെ തെളിയിച്ചിട്ടുണ്ട്. എന്നാൽ നംപൂതിരി സമുദായം നായർ സമുദായത്തിൽനിന്നും ഒട്ടും താണതല്ലാത്ത മററനേകം സമുദായങ്ങളിൽ നിന്നും വിവാഹം ചെയ്യുകയും അവരിലും ഇതുപോലെതന്നെ വിധവയും സന്താനങ്ങളും ശേഷിക്കയും ചെയ്യുന്നുണ്ട്. അതിനാൽ അവരുടെ കാര്യം കൂടി ആലോചിക്കാതെ ഈ നംപൂതിരിബില്ലിലെ ഒരു വകുപ്പു ഏതുപ്രകാരത്തിലെങ്കിലും നടക്കട്ടെ എന്നു വയ്ക്കുന്നതു ഒരു കാര്യത്തിലും നല്ലതല്ല. ഇവിടെ ചില സ്നേഹിതന്മാർ പറഞ്ഞതു് മററ ജാതിയിലുള്ള കുട്ടികൾക്കു സ്വത്തു കൊടുക്കാതിരിക്കുന്നു എന്നാണ്. അങ്ങിനെ ഒരു നിയമം രൂപീകരിക്കുന്ന അവസരത്തിൽ അവർക്ക് എന്തെല്ലാം അവകാശം സ്ഥാപിച്ചു കൊടുക്കാൻ സാധിക്കുമോ അതുകൂടി വേണ്ടപോലെ പര്യാലോചിച്ചു് അവർക്ക് കിട്ടാനുള്ള അവകാശത്തെ കൊടുക്കുകതന്നെ വേണം. ധാർമ്മികം ചെയ്യുന്ന സംഗതി വരെ. അതിനാൽ ഈ ഒരു വകുപ്പുകൂടി വയ്ക്കാതെ നംപൂതിരി സമുദായ ഇന്നത്തെ രൂപത്തിൽ ഈ ബില്ല് പാസാകുന്നു എങ്കിൽ അതു് അവർക്ക് ഒരിക്കലും അഭിമാനകരമാണെന്നു തോന്നുന്നില്ല. നായർസമുദായത്തിൽ ഈ വക വിഷയങ്ങളെപ്പററി ആ സമുദായത്തിലെ അംഗങ്ങൾക്ക് ഏതു പ്രകാരത്തിൽ ധർമ്മസങ്കടം തോന്നിയിരുന്നുവോ അതുപോലെ ഉള്ള ധർമ്മസങ്കടം ഈ നംപൂതിരിസമുദായത്തോടു വിവാഹബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന മററ സമുദായക്കാർക്കും തോന്നുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. അവരുടെ വിശ്വാസത്തെ കേവലം അവഗണിച്ചു് ഈ ഭേദഗതിയെ അനുകൂലിക്കുന്നതിന് എനിക്കു വളരെ മടി തോന്നുന്നുണ്ട്. ഈ വകുപ്പിനു നിയമദൃഷ്ട്യാ ഏതെല്ലാം പ്രകാരത്തിൽ വിഷമമുണ്ടെന്നു എനിക്കു നല്ല നിശ്ചയമില്ലാത്തതുകൊണ്ട് അതിനെപ്പററി പറയുന്നില്ല. ഏതുപ്രകാരത്തിൽ വിഷമം കൂടാതെ സജാതീയ വിവാഹത്തിലുള്ള വിധവയ്ക്കും കുട്ടികൾക്കും ഒരു ഭാഗം കൊടുക്കുമോ അതുപോലെ മറെറാരു ജാതിയിൽ പെട്ടവരായാലും ഒരു നംപൂതിരിയുടെ വിധവയോ സന്താനമോ ആണെങ്കിൽ ജാതിയും മതവും നോക്കാതെ അവർക്കും തൽതുല്യമായ ഭാഗം കൊടുക്കേണ്ടതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ചില അവസരങ്ങളിൽ നായർ ഭാര്യയുടെ സ്വത്തിന് നായർ അല്ലാത്ത ഭർത്താവു അവകാശിയാകുമെന്ന് അറിയാമോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അങ്ങിനെ ആകും.

മി: എൻ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): നായർ റഗുലേഷനിലെ ക്ലാസ്സ് മുതൽ ക്ലാസ്സ് വരെ ക്ലാസ്സുകൾ കൊണ്ട് എത്രമാത്രം ഇതിന്റെ വ്യാപ്തി കുറച്ചിട്ടുണ്ടെന്ന് അറിയാമോ?

മി: വി. എസ്. കൃഷ്ണപിള്ള (തിരുവല്ല): അതു ഞാൻ വായിച്ചു നോക്കിപ്പറയാം. മററ ജാതികളുടെ ഭാഗത്തെപ്പററി ഞാൻ ഓർമ്മയിൽ വച്ചിട്ടില്ല. നായർ സമുദായത്തിൽപ്പെട്ട മക്കൾക്കും വിധവയ്ക്കും ഓഹരികിട്ടാൻ അവകാശമുണ്ടെന്നു ഞാൻ മനസ്സിലാക്കിവച്ചിട്ടുണ്ട്. മററ ഭാഗങ്ങൾക്ക് വലിയ ആവശ്യം വരാത്തതിനാൽ നോക്കിയിട്ടില്ല. അതിനെക്കുറിച്ചു ഒരവസരം വന്നിരിക്കുന്നതു ഇപ്പോൾ മാത്രമാണ്. അതുകൊണ്ടാണ് ഇത്രയും പ്രസ്താവിച്ചതു്. ഞാൻ ഈ ഭേദഗതിയെ പ്രതികൂലിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): മുന്നറിവു കൂടാതെ വളരെ പ്രധാനമായ ഒരു വിഷയം ഇപ്പോൾ ആലോചനയ്ക്കു വന്നിരിക്കയാണ്. അതുകൊണ്ടുവന്നിരിക്കുന്നവിധവും നിയമപ്രകാരം ശരിയാണെന്നു തോന്നുന്നില്ല. നായർസ്ത്രീയോ നംപൂതിരിസ്ത്രീയോ അല്ലാത്ത ഒരു മലയാളബ്രാഹ്മണന്റെ ഭാര്യക്കു സ്വത്തവകാശം കിട്ടുന്നതിനു വേണ്ട വ്യവസ്ഥ നിയമത്തിൽ ഉണ്ടായിരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പററി അല്പമെങ്കിലും വിരുദ്ധമായ അഭിപ്രായം എനിക്കുള്ളതായി ആരും തെററിദ്ധരിക്കരുതെന്നു അത്യന്തം അപേക്ഷയുണ്ട്. ഇതിൽ ഒരു മററ സംഗതി ചൂണ്ടിക്കാണിക്കണമെന്നുള്ള വിചാരം മാത്രമേ എനിക്കുള്ളു. സിലക്റ്റ് കമ്മിററിയിൽ നിശ്ചയിച്ചപ്രകാരമുള്ള ബില്ലനുസരിച്ചു നോക്കിയാൽ നായർ ഭാര്യക്കും സജാതീയഭാര്യക്കുമല്ലാതെ മററ ജാതിയിലുള്ള ഭാര്യക്കു യാതൊരവകാശവും ഇല്ല. അങ്ങിനെയാണ ഞാൻ ആ ക്ലാസ്സിനെ വ്യാഖ്യാനിക്കുന്നതു്. അതിനെ ബന്ധിക്കുന്ന ഒരു അമെൻറ്മെൻറു മാത്രമാണ് മിസ്റ്റർ ഭാരതയേശൻ നംപൂതിരിപ്പാട് കൊണ്ടുവന്നിരിക്കുന്നതു്. അതായതു് ഒരാളിന്റെ പ്രത്യേകസ്വത്തിൽ ഒരംശം സജാതീയഭാര്യക്കും ഒരംശം ഇല്ലത്തേക്കും പോകണമെന്നു മാത്രമാണ്. ആ സ്ഥിതിക്കു അമെൻറ്മെൻറിനു തടസ്സമായി ഈ സംഗതി കൊണ്ടു വരുന്നതു ശരിയാണെന്നു സംശയമാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ എന്നെ മററുള്ളവർ തെററിദ്ധരിക്കരുതെന്നു വീണ്ടും അപേക്ഷിക്കുന്നു. നായർഭാര്യയോ നംപൂതിരിഭാര്യയോ അല്ലാത്ത ഭാര്യക്കും മക്കൾക്കും അവകാശം കൊടുക്കേണ്ടതുണ്ട്. ആ സ്ഥിതിക്കു ഈ അമെൻറ്മെൻറ് ശരിയല്ല എന്നുള്ള വാദം പിശകാണ്. ഈ സംഗതിക്കു ശരിയായ ഒരു അമെൻറ്മെൻറ് ഈ ക്ലാസ്സിനുതന്നെ ഹാജരാക്കി പാസ്സാക്കി തീർച്ചചെയ്യുകയാണു വേണ്ടതു്. അല്ലാതെ ഈ തടസ്സംകൊണ്ടുവന്ന്—വേണ്ടുംവണ്ണം നില്ക്കാത്ത ഈ വാദംകൊണ്ടുവന്ന്—വാദിക്കുന്നതുകൊണ്ടു ഫലമുണ്ടാകുകയില്ല.

മി: ആർ. രാമൻപിള്ള (കൊല്ലയം): സജാതീയഭാര്യയും മക്കളും ആണെങ്കിൽ സ്വയാർജ്ജിതസ്വത്തു മുഴുവൻ അവർക്കു കിട്ടേണ്ടതാണ് എന്നു കൂടി പറഞ്ഞാണ് ഈ ഭേദഗതിയെ പ്രതികൂലിച്ചതെന്ന് അറിയാമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അറിയാം. ഞാൻ പറയുന്നത് ഇതരവാളരെ സംബന്ധിച്ചാണ്. അങ്ങിനെ വാദിക്കുന്നതുകൊണ്ടു ഫലമുണ്ടാകുമോ എന്നു സംശയമാണ്.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മററു ജാതിയിലുള്ള ഭാര്യക്കും കുട്ടികൾക്കും കിട്ടുകയില്ലയോ? നായർഭാര്യക്കും നമ്പൂതിരിഭാര്യക്കും മാത്രമേ കിട്ടുകയുള്ളോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): സിലക്ട് കമ്മിററിയിൽനിന്നു ഹാജരാക്കിയിരിക്കുന്ന ബിൽ പ്രകാരമാണെങ്കിൽ മററുള്ളവർക്കു കിട്ടുമെന്നുതോന്നില്ല.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വിഡൊ എന്നല്ലാതെ സജാതീയ വിഡൊ എന്നു പറഞ്ഞതിന്റെ ഉദ്ദേശം അതല്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം) ഉദ്ദേശം അതായിരിക്കുമോ എന്നു സംശയമാണ്.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): വാക്കുകൊണ്ടല്ലേ ഉദ്ദേശം അറിയുന്നത്?

മി. എ. താണുപിള്ള (തിരുവനന്തപുരം) വാക്കുകൊണ്ടുതന്നെ. എന്നാൽ അങ്ങിനെ ഉദ്ദേശിച്ചിട്ടുള്ളതായി ഇവിടെ കാണുന്നില്ല. സൂക്ഷ്മമായി കാണുന്ന വ്യാഖ്യാനത്തിൽ ഇതൊഴിച്ചുവെന്ന് കാണുന്നത്.

മി. പി. എസ്. മഹമ്മദ് (ഗവർണ്മെന്റ നിയമനം): സ്പഷ്ടമായിട്ട് കാസ്റ്റ്‌വിഡൊ എന്നു മാത്രമേ പറയുന്നുള്ളോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഏതായിരുന്നാലും മററു ജാതിയിലുള്ള ഭാര്യക്കും സ്വത്തവകാശം കൊടുക്കണമെന്നു ഇതിൽ ഉദ്ദേശിച്ചിട്ടുണ്ട്. എന്നു പറയുന്നവരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അതു ഉദ്ദേശിച്ചിട്ടില്ലെന്നാണ് എനിക്കു തോന്നുന്നത്. അങ്ങിനെ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് സ്പഷ്ടമാക്കണം.

മി. എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും); അതു സ്പഷ്ടമായിട്ടില്ലെന്നാണോ മെമ്പറിന്റെ അഭിപ്രായം?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതെ. എനിക്കു അതു സ്പഷ്ടമല്ല. സ്പഷ്ടമാണെങ്കിൽ ഞാൻ ഉദ്ദേശിക്കുന്ന അർത്ഥമാണുള്ളത്. ആ അർത്ഥമില്ല എന്നു ഉദ്ദേശമുണ്ടെങ്കിൽ അതു സ്പഷ്ടമാക്കണമെന്നാണ് ഞാൻ പറയുന്നത്. മക്കൾ എന്നും ഭാര്യ എന്നും പറയുന്നതിൽ നിയമപ്രകാരം അവരെയെല്ലാം ഉൾപ്പെടുത്താം. ഏതെല്ലാം തരത്തിലുള്ള വിവാഹത്തിലുൾപ്പെട്ട സ്ത്രീ ഭാര്യയാകും എന്നും മററുമുള്ള വിവരണങ്ങൾ യാതൊന്നും കൂടാതെ ഇരിക്കുന്ന സ്ഥിതിക്ക് എല്ലാം ഉൾപ്പെട്ടതാകുമെന്ന് ഊഹിച്ചാൽ അത് ഒരു വ്യാമോഹമായിട്ടു തീരും. കോടതിയിൽ പോകുന്നകാലത്തു ഇതൊന്നും ഉദ്ദേശിച്ചതായി കരുതുകയില്ല. അതുകൊണ്ട് ഇതിനെപ്പററി കാര്യമായി ആലോചിക്കണമെന്നുണ്ടെങ്കിൽ അതിനുതക്കിയായ ഒരു അമൻഡ്മെന്റ ഹാജരാക്കി വേണ്ട വ്യവസ്ഥകളും ചെയ്യണം.

മി. പി. എസ്. മഹമ്മദ് (ഗവർണ്മെന്റ നിയമനം): കാസ്റ്റ് വിഡൊ എന്നുള്ളതിൽ 'കാസ്റ്റ്' എന്നുള്ളതിനെ എടുത്തുകളഞ്ഞാൽ മതിയാകുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): വിഡൊ ആരാണെന്നു വ്യവസ്ഥയില്ലാതെ ഇവരെല്ലാം ഉൾപ്പെട്ടതാണെന്നു വിചാരിച്ചാൽ അതും വ്യാമോഹമായിട്ടു വരും. ഒരു ശരിയായ ഭേദഗതി ഹാജരാക്കി വേണ്ടതായ വ്യവസ്ഥ ചെയ്യണം.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): മലയാളബ്രാഹ്മണർക്ക് ഇപ്പോഴത്തെ നിയമപ്രകാരം മററു ജാതിയിൽ മക്കൾ ഉണ്ടായിക്കൂട എന്നാണോ പറയുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): മററു ജാതിയിൽ മക്കൾ ഉണ്ടായിക്കൂടാ എന്നു ഞാൻ പറയുന്നില്ല. ഒരു നിയമത്തിനു അധീനമാകത്തക്ക ഭാര്യയും മക്കളും എന്നു കൂട്ടത്തിലായി വ്യവസ്ഥചെയ്യണം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർണ്മെന്റ നിയമനം ഡപ്യൂട്ടി പ്രസിഡന്റ്): അങ്ങിനെ ഒരു വ്യവസ്ഥ ചെയ്യാതിരിക്കുന്ന കാലത്തോളം ഈ അമൻഡ്മെന്റിനേയും സെക്ഷനേയും കളയണമെന്നാണോ പറയുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്നു ഞാൻ പറഞ്ഞതായിട്ടു മനസ്സിലാക്കിയതിൽ വ്യസനിക്കുന്നു. അങ്ങിനെ അർത്ഥമാക്കിയെങ്കിൽ ഞാൻ ഒട്ടും ഉദ്ദേശിക്കാത്ത അർത്ഥമാണ് അത്. അതിനു പ്രത്യേകം അമൻഡ്മെന്റ ഹാജരാക്കി അതിനെപ്പററി ആലോചിച്ചു തീർച്ചചെയ്യേണ്ടതാണ്. ഇതിൽ ഇരിക്കുന്ന ക്ലാസിനെ തള്ളിക്കളയണമെന്നു അർത്ഥം വരത്തക്കതായി യാതൊന്നും പറഞ്ഞില്ല.

മി: കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇങ്ങിനെ ഒരു അമൻഡ്മെന്റ സെക്കൻഡ് റീഡിംഗിൽ കൊണ്ടുവരുന്നതു ന്യായമാണെന്നു തോന്നുന്നുണ്ടോ? പൊതുജനങ്ങൾ ഇങ്ങനെ ഒരു സംഗതി ആലോചിക്കാൻ പോകുന്നു എന്നറിഞ്ഞിട്ടില്ല. ആ സ്ഥിതിക്കു സെക്കൻഡ് റീഡിംഗിൽ ഈ ഭേദഗതി കൊണ്ടുവരിക ശരിയാണോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതു പ്രസിഡന്റ് അവർകൾ തീർച്ചയാക്കേണ്ടതാണ്.

മി: കല്ലാവം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): ഇപ്പോഴത്തെ നായർ റഗുലേഷൻപ്രകാരം നായർ ഭാര്യക്കും മക്കൾക്കും ഒന്നുപകുതി കിട്ടുമല്ലോ. പിന്നീട് ഒരു നമ്പൂതിരിഭാര്യയും ഒരു വാശ്ശർ ഭാര്യയുംകൂടി ഉണ്ടായിരുന്നാൽ അവർക്കു നാലിൽ ഒന്നു വീതമാണോ കിട്ടുന്നത്?

മി: എ. താണുപിള്ള (തിരുവനന്തപുരം): അതിനെപ്പററി ആലോചിക്കണം എന്നു പറഞ്ഞാൽ അതിനു ഞാൻ തയ്യാറാണ്. അന്നു നായർ റഗുലേഷൻ ആലോചനയിൽ ഇരുന്നപ്പോൾ എന്തെല്ലാം വൈഷമ്യങ്ങളുണ്ടായിരുന്നുവോ അതെല്ലാം ഒന്നുകൂടി ഉണ്ടായി എന്നുവരാം. എത്ര ഭാര്യമാരുണ്ടായിരുന്നാലും അവർക്കു

ക്കൂടി പ്രകൃതി മതിയെന്നു വയ്ക്കണമെന്നു ഞാൻ പറയുന്നില്ല. അതിനെപ്പററി ഗാഢമായിട്ടു ആലോചിക്കേണ്ടതാണ്. അതിനെപ്പററി ആലോചിക്കുന്നതിൽ എനിക്കു യാതൊരു വിരോധവുമില്ല. എന്നാൽ അതിലേക്കു സാങ്കേതികമായ ചില തടസ്ഥങ്ങൾ ഉണ്ടെന്നാണ് എന്റെ അഭിപ്രായം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): അങ്ങിനെ ഒരു സ്കീമുണ്ടെന്നു വിചാരിച്ചു ഡിപ്യൂട്ടി പ്രസിഡന്റു അവർകൾ പറഞ്ഞതുപോലെ സെക്ഷനും അമെന്റുമെന്റും തള്ളിക്കളയുന്നതു ന്യായമായിരിക്കുമോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ആ സമുദായത്തിന്റെ ലോക്കൽ ഗവണ്മെന്റിൽ ഒരു പ്രമേയത്തിലും സ്വീകരിക്കത്തക്കതല്ല. ഞാൻ ഇതു പറയുന്നതുകൊണ്ടു എതിർക്കുന്നുവെന്നു തെറ്റിദ്ധരിക്കരുതെന്നു അപേക്ഷിക്കുന്നു. ഈ ക്ലാസ് ഇതുപോലെ മററു ജാതിക്കാരെ ഗണിക്കാതെ പ്രത്യേകമായിട്ടു, മററു ജാതിയിൽപെട്ട ഭർത്താക്കന്മാരുടെയും കുട്ടികളുടെയും അവകാശത്തെ സംബന്ധിച്ച ഈ സമുദായാംഗങ്ങളെ ബന്ധിക്കത്തക്കവണ്ണം ഒരു നിയമം കൊണ്ടുവന്നു ഈ ക്ലാസും നായർ റഗുലേഷനിലെ സെക്ഷനുമായി വേണ്ടവിധം ആലോചിച്ചു അപ്പോൾ വേണ്ടതു ചെയ്യുകയാണെന്നു വച്ചാൽ എങ്കിൽ നമ്പൂതിരിബിൽ വേഗം പാസാക്കുവാൻ സാധിക്കും. മി. എ. ജി. മേനവൻ പറഞ്ഞതുപോലെ ക്ഷത്രിയരിൽ പലരെയും ഈ സെക്ഷനും നായർ റഗുലേഷനിലെ സെക്ഷനുംകൂടി ആലോചിച്ചു ഉത്തമമായ ഒരു വ്യവസ്ഥ ചെയ്യുന്നതായിരിക്കും നല്ലത്.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): തല്ക്കാലം ഈ സെക്ഷൻ പാസാക്കരുതെന്നാണോ പറയുന്നതു? അതായതു പ്രകൃതി നായർ ഭാര്യക്കും മക്കൾക്കും പോകുന്നതു കഴിച്ചു ബാക്കി ഇല്ലത്തിൽ പോകണമോ; അതല്ല സജാതീയ ഭാര്യക്കും മക്കൾക്കുംതന്നെ പോകണമോ എന്നു തീർച്ച ചെയ്യുകയാണോ വേണ്ടതു?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതായിരിക്കും ഉത്തമമായ കാര്യം.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവണ്മെന്റു നിയമനം ഡെപ്യൂട്ടി പ്രസിഡന്റ്): ഒരു നിയമത്താൽ സ്ഥാപിക്കപ്പെട്ടതിനെയുള്ള അവകാശത്തെ പിന്നീടു ഒരവസരത്തിൽ മാററിക്കളയുന്നതു വളരെ പ്രയാസമാണെന്നു ഓർക്കുന്നില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അതു പ്രയാസമാണ് എന്നു എനിക്കറിയാം. എന്നാൽ വല്ല കാരണവശാലും ഭേദപ്പെടുത്തേണ്ടതായിട്ടു വന്നാൽ ഏതൊരു നിയമവും ആ ആവശ്യത്തിനു അധീനമായിട്ടുതന്നെ ഇരിക്കണം.

മി. ആർ. രാമൻപിള്ള (കോട്ടയം): മുന്നറിവില്ലാതെ കഴിഞ്ഞ ദിവസം ചില ഭേദഗതികൾ കൊണ്ടുവരികയും അതിനെ കൗൺസിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ ഈ സെക്ഷനെ എടുത്തിട്ടു അപ്രാവശ്യം ഒഴിച്ചുകൂടാത്ത ഒരു ഭേദഗതിയോടുകൂടി പാസാക്കിയാൽ പോരായോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): അങ്ങിനെ ചെയ്യാൻ പാടില്ലാത്തവിധത്തിൽ തടസ്ഥങ്ങൾ ഉണ്ടെന്നു എനിക്കു തോന്നുന്നില്ല.

മി. ആർ. രാമൻപിള്ള (കോട്ടയം): അവകാശം ഒരാളിനു സ്ഥിരപ്പെടുത്തി കൊടുത്തിട്ടു പിന്നീടു ഭേദപ്പെടുത്തണമെന്നു പറയുന്നതു ആനയുടെ വായിൽ കരിമ്പു കൊടുത്തിട്ടു തിരിയെ എടുക്കുന്നതുപോലെ വിഷമമായിരിക്കയില്ലേ?

മി. എ. താണുപിള്ള (തിരുവനന്തപുരം): ഇതു് ഇന്നു മററുള്ള ജാതിക്കാർക്കു ഇല്ലാത്ത ഒരു അവകാശമാണ്. അതുപോലെ മരുമക്കത്തായ സമുദായത്തിനു ഉചിതമായ ഒരു ഭേദഗതിയാണ്. അതിനെ ഒന്നു രണ്ടുകൊല്ലം കഴിഞ്ഞാലും ഭേദപ്പെടുത്തുന്ന പക്ഷമുള്ള. അതായതു ഇന്നു സ്വത്തു ഇല്ലത്തിൽ ചേരുന്നു എന്നുള്ളതിനുപകരം ഭാര്യക്കും മക്കൾക്കും ആകും എന്നൊരു വ്യവസ്ഥചെയ്യുന്ന പക്ഷമായുള്ള അതിനെ ഭേദപ്പെടുത്താൻ സാധിക്കാത്ത ഒരു കാര്യമാണെന്നു എനിക്കു തോന്നുന്നില്ല. ഈ നമ്പൂതിരിബില്ലിനെപ്പററി കുറെക്കൂടി ആലോചിച്ചു ചെയ്താൽ മതി എന്നുണ്ടെങ്കിൽ അങ്ങിനെ ചെയ്യാം. ഈ അമെൻറുമെൻറു കൊണ്ടുവരുന്നതോടു ഈ സംഗതി തിരുത്തിക്കളയാം എന്നു വിചാരിക്കുന്നതു ശരിയല്ല, അതിലേക്കു ഒരു അമെൻറുമെൻറു കൊണ്ടുവരുന്ന പക്ഷം അതിനെപ്പററി ആലോചിച്ചു ചെയ്യേണ്ടതാണ്.

മി. സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): മി. ജാതവേദൻ നമ്പൂതിരിപ്പാടിന്റെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നില്ല. എന്റെ സ്വയാർജ്ജിതസ്വത്തു എന്റെ ഭാര്യക്കും കുട്ടികൾക്കും കിട്ടണമെന്നുള്ളതാണ് എന്റെ അഭിപ്രായം. പിന്നെ ഇതോടുകൂടി സംബന്ധിക്കുന്നതിനു യാതൊരു വസ്തുതയുമില്ലാത്തതായ ഒരു അഭിപ്രായംകൂടി ഇവിടെ വാദവിഷയമായി വന്നിട്ടുണ്ട്. ആദ്യം നമ്പൂതിരിബിൽ കൗൺസിലിൽ അവതരിപ്പിച്ച കാലത്തു ഈ വകുപ്പിനെപ്പററി പറഞ്ഞിരുന്നതു എന്തെന്നാൽ ഒരാളിന്റെ സ്വയാർജ്ജിതസ്വത്തു മുഴുവനും അയാളുടെ ഭാര്യക്കും കുട്ടികൾക്കും വരുന്നു എന്നാണ്. ഈ വിഷയം സിലക്ട് കമ്മിററിയിൽ വന്നപ്പോൾ ഒരു വാദമുണ്ടായി. ആ വാദം, അങ്ങിനെ മുഴുവനും പാടില്ല, ഭാര്യയും കുട്ടികളും എന്നുള്ളതു വ്യക്തമാക്കണം, നായർ റഗുലേഷനിൽ പകുതിവകുപ്പനുസരിച്ചു ഒരു അവകാശം കിട്ടിയിട്ടുണ്ട്, അതിനെക്കൂടി സമ്മതിച്ചില്ലാതെകണ്ടു നിവൃത്തിയില്ലെന്നു അവിടെ പറയുകയും ആ നിയമം നിലവിലിരിക്കുന്നിടത്തോളം അതിനു കീഴ്പ്പെടുകയല്ലാതെ നിവൃത്തിയില്ലെന്നു വരികയും ചെയ്തു. ഇങ്ങനെ ആ വകുപ്പിന്റെ അർത്ഥം കീഴടങ്ങി. ഇനി വരാൻപോകുന്ന സംഗതികൾക്കുകൂടി ഒരു ഫണ്ടു മാററിവച്ചിട്ടുവേണം ഈ ബിൽ പാസാക്കേണ്ടതു എന്നു പറയുന്നതു ധർമ്മമല്ല. ഭാര്യക്കും മക്കൾക്കും ചിലവിനുകൊടുക്കാൻ പാടില്ലെന്നു പറയുന്നില്ല. ഏതെല്ലാം സമുദായങ്ങളിൽ വിവാഹംചെയ്തിട്ടുണ്ടോ ആ സമുദായങ്ങളിലുള്ള ഭാര്യക്കും മക്കൾക്കും വേണ്ടിടത്തോളം ചിലവിനു കൊടുക്കണം. സംരക്ഷണംചെയ്യണമെന്നു മാത്രമാണ് പറയുന്നതു. അതു ഈ അവസരത്തിൽ വേണമെന്നു അപേക്ഷിക്കുന്നതു ശരിയല്ല. ഉള്ളപ്പോൾ ചോദിച്ചാലെ ഉതകി കിട്ടുകയൊള്ളു എന്നു പറയുന്നതുപോലെ ഞങ്ങൾ ഈ നിയമം എളുപ്പത്തിൽ പാസാക്കികിട്ടാൻ ആഗ്രഹിക്കയാണ്.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും). ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചതു് ആരാണെന്നു അറിയാമോ?

മി. സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽ ചേർത്ത മെമ്പർ): മിസ്റ്റർ കേശവൻനമ്പൂതിരിപ്പാടാണ്.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): ഈ സഭയിലല്ല, അതിനുമുമ്പ് അവതരിപ്പിച്ചതാരാണ്?

മി. സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽചേർത്ത മെമ്പർ): അതു ഞാനാണ്.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും-പീരുമേടും): അന്നു ഈ ഭാഗം ഓർമ്മയുണ്ടായിരുന്നു എങ്കിൽ ചേർക്കാൻ പാടില്ലായിരുന്നോ?

മി. സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽ ചേർത്ത മെമ്പർ): അന്നു് ആവശ്യക്കാർ ഇല്ലാതിരുന്നു. ആവശ്യക്കാരുണ്ടായിരുന്നു എങ്കിൽ അതു ചേർക്കുമായിരുന്നു. നായർ റെഗുലേഷനെ സംബന്ധിച്ചിടത്തോളം അതിലെ ഒരു വകുപ്പു ഞങ്ങളെ തടഞ്ഞുകൊണ്ടാണു് ആ ഭാഗത്തിനു കീഴടങ്ങിയതു്. ഇനി ഒരു നിയമം വരുന്നുണ്ടു്; അതിനും ഞങ്ങൾ ഏതാനും ചിലതു മാററിവയ്ക്കണമെന്നു പറയുന്നതു് വലിയ സങ്കടമാണു് എന്ന അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): നായർറെഗുലേഷനിലെ ൨൨-ാമത്തെ വകുപ്പിനു നിങ്ങൾ കീഴടങ്ങി എന്നു പറഞ്ഞു. അതിനു കീഴടങ്ങിയതു എന്തിനാണ്?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽചേർത്തമെമ്പർ) ഒരു നിയമം നിലവിലിരിക്കുമ്പോൾ അതിനോടു യോജിച്ചല്ലാതെ മറെറാന്നു പാസാക്കാൻ നിവൃത്തിയില്ല എന്നുള്ളതുകൊണ്ടാണ്.

മി: എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും): ഈ നായർ റെഗുലേഷനിൽതന്നെ ഇപ്പോഴത്തെ ൨൨-ാംവകുപ്പു ഉണ്ടാക്കാനുള്ള കാരണമെന്തെന്നു അറിയാമോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽ ചേർത്തമെമ്പർ): നായർ റെഗുലേഷൻ നമ്പൂതിരി റെഗുലേഷനുമുമ്പു പാസായ ഒരു നിയമമാണ്. അതിൽ ഇന്നതു ചെയ്യണമെന്നു ക്ളിപ്തപ്പെടുത്തിയിട്ടുണ്ട്. ഒരു വിജാതീയ ഭർത്താവു് ഇന്നതു ചെയ്യണമെന്നു് ആ നിയമത്തിൽ ഉണ്ട്. അതിനനുസരണമായ ഒരു ഭേദഗതി ചെയ്യാതിരുന്നാൽ ഭേദഗതിക്കു വിധിക്കാൻ നിവൃത്തിയില്ല.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരുമേടും), ചോദ്യം അതല്ല, നായർറെഗുലേഷൻ ഉണ്ടാക്കിയപ്പോൾ വിജാതീയന്മാർ ഭർത്താക്കന്മാരിൽ പലരും ഈ വകുപ്പിനെ സംബന്ധിച്ചു് നാട്ടു് മുഴുക്കെ പ്രതിഷേധം പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. അതിൽ ഒരു നമ്പൂതിരിമെമ്പർതന്നെയും ഉണ്ടായിരുന്നു. അന്നു് വിജാതീയ ഭർത്താക്കന്മാരിൽ ഉൾപ്പെട്ട എല്ലാ മെമ്പറന്മാരും ആ വകുപ്പിനു കീഴടങ്ങിയതു എന്തു കാരണത്താലാണെന്നു അറിയാമോ?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽ ചേർത്തമെമ്പർ): അതു എനിക്കറിഞ്ഞുകൂടാ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ബിൽ ഉദ്ദേശ്യത്തിൽ വന്നശേഷം വിജാതീയ വിവാഹം ചെയ്യുന്നവർക്കു ചിലവിനു കൊടുക്കാൻ വല്ല വ്യവസ്ഥയുമുണ്ടോ?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽചേർത്തമെമ്പർ): അതു നായർ റെഗുലേഷനിൽ വ്യവസ്ഥ ചെയ്യേണ്ടതല്ലേ.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മേലാൽ വിജാതീയവിവാഹം ചെയ്യുന്നവർക്കു അവർക്കു ചിലവിനു കൊടുക്കുന്നതു സമ്മതമാണോ?

മി: സി. എൻ. ഇട്ടപ്പൻ നമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽ ചേർത്തമെമ്പർ): അതു് ഓരോസമുദായത്തെപ്പററിയും വരുന്ന അവസരത്തിൽ ആലോചിച്ചാൽ മതിയല്ലോ. ഓരോസമുദായത്തിലേയും ബിൽവരുമ്പോൾ അവർക്കു ഇഷ്ടമായ ഭാഗം മുഴുവനും ഉൾപ്പെടുത്തിക്കൊള്ളട്ടെ.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): ഏതെല്ലാംസമുദായത്തിൽ നിന്നുമാണു നമ്പൂതിരിമാർ വിവാഹം ചെയ്യുന്നതു്?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽചേർത്തമെമ്പർ): അതു നിശ്ചയമില്ല.

മി: ടി. സി. കേശവപിള്ള (കൽക്കുളവും-വിളവങ്കോടും): നമ്പൂതിരിമാർ വിവാഹത്തിനു അംഗീകരിച്ചിട്ടുള്ള സമുദായം ഏതെല്ലാമാണെന്നു അറിവിൽപെട്ടിടത്തോളം പറയാമോ?

പ്രെസിഡെന്റ്: ആ ചോദ്യം എന്തിനു്? സമയം വെറുതെ കളയണമോ?

മി: എ. സി. കയ്യാലക്കോസ് (മീനച്ചിലും ദേവികുളവും) സജാതീയവിവാഹം ചെയ്യാതെയും നായരോ മററു ജാതിയിൽനിന്നോ വിവാഹംചെയ്യുന്ന ഒരു നമ്പൂതിരിയുടെ സ്വയാർജ്ജിതസ്വത്തു ആർക്കു പോകണമെന്നാണു് ഈ വകുപ്പു കൊണ്ടുവരുന്നതു്?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട (കൂട്ടത്തിൽചേർത്തമെമ്പർ) അതു കുടുംബത്തിൽ ചേരണമെന്നാണ് ഈ വകുപ്പുകൊണ്ടു വിവക്ഷിക്കുന്നതു്. വേറെ ഒരു വിജാതീയവിവാഹത്തിൽ വല്ലതും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതു് അവിടെ ചേരും.

റാവുബഹദൂർ കെ. ഏ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറുനിയമവും ഡെപ്യൂട്ടിപ്രെസിഡൻറ): നായർ റെഗുലേഷൻപ്രകാരം പകുതി നായർക്കു പോകണമെന്നാണ്. ശേഷംപകുതി സജാതീയർക്കു പോകണമെന്നാണ് ഇപ്പോൾ പാസാക്കുന്നതു്. അതുരണ്ടും കഴിച്ചാൽ മിച്ചം ഒന്നും മററുള്ള സ്ത്രീക്കില്ലല്ലോ. അപ്പോൾ ഇവർക്കു രണ്ടുപേർക്കും കിട്ടിയിട്ടുള്ള ഓഹരിയിൽനിന്നും കുറെ എടുത്തു മററുള്ള പക്ഷം കൊടുക്കണമെന്നാണോ ഉദ്ദേശം?

മി: സി. എൻ. ഇട്ടപ്പൻനമ്പൂതിരിപ്പാട്ട് (കൂട്ടത്തിൽചേർത്ത മെമ്പർ): ആയിരം രൂപാ ഒരാൾക്കു കിട്ടാനുണ്ടു്. അതിലധികം കടവുമുണ്ട്. അയാൾ പാപ്പരായിട്ടു തീരുന്നു, ആ സന്ദർഭത്തിൽ മുമ്പേ കിട്ടനവ

ൾ എടുത്തുകൊള്ളുക എന്നുമാത്രമെയുള്ളു. മുമ്പ നായർറഗുലേഷൻ വന്നതുകൊണ്ട് അവർക്ക കൊടുത്തു മറവുള്ളവർക്ക പാപ്പരടിച്ചുപോയി എന്നു വിചാരിക്കാനേതരമുള്ളു. മുമ്പ നിയമം ആരുണ്ടാക്കിയൊ അവർക്കാണ് ഇപ്പോഴും ഇരിക്കുന്നതു്.

മി: പി, എസ്, മഹമ്മദ് (ഗവൺമെൻറനിയമനം): ആദ്യം നായർറഗുലേഷൻ ഉണ്ടാക്കി [illegible] വർ പകുതികൊണ്ടുപോയി എന്നുപറയുന്നതുപോലെ രണ്ടാമത നംപൂതിരിറഗുലേഷൻ പാസ്സാക്കി ബാക്കി അവരും കൊണ്ടുപോയി, ഇനി ആർക്കും കൊടുക്കയില്ല എന്നു പറയുകയാണൊ ചെയ്യുന്നതു്?

പ്രെസിഡണ്ട്: ഈ ഭേദഗതി പ്രമേയം വോട്ടിനിടുന്നതിനു മുമ്പ് ഒന്നുരണ്ടു വാക്കുകൾ പറവാൻ ഞാൻ ആഗ്രഹിക്കുന്നു. വാദപ്രതിവാദത്തിന്റെ മദ്ധ്യെ ഞാൻ ഒന്നുരണ്ടു സംഗതികൾ സൂചിപ്പിച്ചു. അതിനെസംബന്ധിച്ചാണ് പറയാനുള്ളതു്. നായർറഗുലേഷൻ ഈ സഭയുടെ ആലോചനയിൽ വന്നപ്പോൾ ഒരു ഭാര്യയോടു വേറൊരു ഭാര്യക്ക ദോഷകരമായി വല്ല പ്രത്യേകാവകാശവും കാണിക്കണമെന്നു സഭക്ക വിചാരമില്ലായിരുന്നു. ആ സമയം രണ്ടുതരം ഭാര്യമാരും മക്കളും ഉണ്ടായിരുന്നില്ല [illegible]. മരിച്ചയാളിന്റെ സ്വത്തു ഈ രണ്ടു തരക്കാർക്കും സമമായി ഭാഗിച്ചുകൊടുക്കണമെന്നു സഭ തീർച്ചയാക്കുകയും ചെയ്തു. എന്നാൽ മിസ്റ്റർ താണുപിള്ള ന്യായമായി പ്രസ്താവിച്ച പ്രകാരം ഏതെങ്കിലും ഒരു കാരണവശാൽ [illegible] ആയി ഭാര്യമാരും ഉണ്ടായാൽ അപ്പോൾ സ്വത്തിന്റെ ന്യായമായ ഒരു വിഭജനം ഉണ്ടാക്കേണ്ടതു് സഭയുടെ ധർമ്മമാകുന്നു. പണ്ടു നിശ്ചയിച്ച വിഭജനം എങ്ങനെയായിരുന്നാലും സ്വത്തുക്കൾ അവകാശമുള്ള എല്ലാവർക്കും ലഭിക്കത്തക്കവണ്ണം വിഭജനക്രമം പുതുക്കേണ്ടതു് ആവശ്യമാകുന്നു. ഇപ്പോൾ നാം സ്മരിക്കേണ്ട സംഗതി ഇതാണ്, നായർറഗുലേഷൻ [illegible] വകുപ്പു സൂക്ഷ്മമായി വായിച്ചുനോക്കിയാൽ കാണുന്നതു സ്വത്തിൽ പകുതി നായർവിധവക്കും മക്കൾക്കും കിട്ടുമെന്നും മറ്റെ പകുതി [illegible] സമുദായത്തിലെ ദായക്രമമനുസരിച്ചു സ്വയാർജ്ജിതവസ്തുവിനു അവകാശമുള്ളവർക്കും കിട്ടുമെന്നുമാകുന്നു. [illegible] ഇപ്പോഴത്തെ നിയമപ്രകാരമുള്ള സ്ഥിതി. നംപൂതിരിമാരുടെ ഇപ്പോഴത്തെ ദായക്രമപ്രകാരം വസ്തുവിനുള്ള വേറെ അവകാശികൾ ഇല്ലമൊ സജാതീയ ഭാര്യയും മക്കളുമൊ ആകുന്നു. ഈ ആചാരം സ്പഷ്ടമാക്കുന്നതിനു നംപൂതിരിബില്ലിൽ ചില ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നു, സ്വത്തു് ഇല്ലത്തു ലയിക്കണമൊ സജാതീയഭാര്യക്കും മക്കൾക്കും കിട്ടണമൊ എന്നതിനെപ്പററി ഇപ്പോൾ ചില പരസ്പരവിരുദ്ധാഭിപ്രായങ്ങളാണുള്ളതു്, സ്വത്തു സജാതീയഭാര്യക്കും മക്കൾക്കും മാത്രം ലഭിക്കണമൊ ഇല്ലത്തേക്കും ലഭിക്കണമൊ അതൊ ഇല്ലവും സജാതീയഭാര്യമക്കളും ഭാഗം ചെയ്തെടുക്കണമൊ എന്നു സ്പഷ്ടമാക്കുന്നതിനു ആണ് മിസ്റ്റർ ജാതവേദൻനംപൂരിപ്പാട് ഈ ഭേദഗതിപ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. പ്രമേയകർത്താവിനു ഈ ഒരു ഉദ്ദേശമെ ഉള്ളു എന്നു തോന്നുന്നു. സഭക്ക് ഇപ്പോൾ ന്യായമായി ആലോചനക്കെടുക്കാവുന്നതും ആ കാര്യം മാത്രമാണ്. മിസ്റ്റർ താണുപിള്ള പ്രസ്താവിച്ച പ്രകാരം ആവശ്യമെന്നുതോന്നുന്ന ഒരു ഭേദഗതി ആലോചനക്കെടുത്തു തീരുമാനിക്കുന്നതിനു് ഈ സഭക്ക അധികാരമില്ലായിരിക്കില്ല. എന്നാൽനിയമമനുസരണം സഭക്ക് ഇപ്പോൾ ചെയ്യാവുന്നതു പ്രമേയത്തെ ഉപേക്ഷിക്കുകയൊ—അങ്ങനെ ചെയ്താൽ സമുദായത്തിന്റെ സ്ഥിതി ഏതുവിധത്തിലും ഇപ്പോഴത്തേതുതന്നെ ആയിരിക്കും—സമുദായം ആവശ്യപ്പെടുന്ന നിലസ്ഥിതി ഭേദഗതികൾ വരുത്താൻ അവർക്ക വിട്ടുകൊടുക്കയൊ ആയിരിക്കും—എന്നാൽ ആ വിഷയം ഞാൻ ഇപ്പോൾ സഭമുമ്പാകെ [illegible] കാൻ പോകുന്ന ഭേദഗതിയെ ഒരുവിധത്തിലും ബാധിക്കുന്നില്ല, ഭേദഗതി ചെയ്യപ്പെട്ടിട്ടു വകുപ്പു ഇപ്പോഴത്തെ സ്ഥിതിയിൽ തന്നെ ഇരുന്നാൽ കുടുംബവും സജാതീയഭാര്യയും മക്കളും തമ്മിലുള്ള വിധാനത്തിൽ വിസ്തൃതമായ വ്യത്യാസമേ വരുത്തുകയുള്ളു.

അതു കൊണ്ടിപ്പോൾ ഭേദഗതിപ്രമേയത്തെ സഭയുടെ വോട്ടിനിടുകയാകുന്നു.

മി: എ. താണുപിള്ള(തിരുവനന്തപുരം) : സർ, വേറെയും ഭേദഗതികൾ ഉണ്ട്.

പ്രസിഡൻറ് : മി. താണുപിള്ള ഒരു വകുപ്പിനു പകരം മറെറാരു വകുപ്പു ചേർക്കുകയാണ ചെയ്തിട്ടുള്ളതു്. മി. ജാതവേദൻ നംപൂരിപ്പാടിന്റെ ഭേദഗതിപ്രമേയം വകുപ്പു എടുത്തുകളഞ്ഞിട്ടു അതിനു പകരം വേറൊരു വകുപ്പു ചേർക്കണമെന്നാണ്, അതുമാത്രമേ, അതായതു അച്ചടിച്ച ഭേദഗതിയിലെ രണ്ടാം ഭാഗം, ഞാൻ ഇപ്പോൾ വോട്ടിനു വയ്ക്കുന്നുള്ളു, രണ്ടാം ഭാഗം മാത്രമേ അവതരിപ്പിച്ചിട്ടുള്ളുവല്ലൊ?

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം-ഡിപ്പുട്ടിപ്രസിഡൻറ) : ഇപ്പോൾ വോട്ടിനു വയ്ക്കുന്നതു ഭേദഗതി മുഴുവനുമൊ, ഭാഗം മാത്രമായിട്ടോ?

പ്രസിഡൻറ് : ഒരു ഭാഗമേ അവതരിപ്പിച്ചിട്ടുള്ളു. ഭേദഗതിയുടെ ഒന്നാം ഭാഗം അദ്ദേഹംതന്നെ പിൻവലിച്ചു. രണ്ടാംഭാഗമെ അവതരിപ്പിച്ചിട്ടുള്ളു. ഭേദഗതിഞാൻ വിഭജനം ചെയ്തു മി. കൃഷ്ണയ്യങ്കാരെ വാദം ആരംഭിച്ചപ്പോൾ തന്നെ ഇതു രണ്ടു ഭാഗമായി എടുക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്, ഒന്നാം ഭാഗം ഞാൻ പ്രസ്താവിച്ച പ്രകാരം അദ്ദേഹം പിൻവലിച്ചിരിക്കുന്നു.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം-ഡിപ്പുട്ടിപ്രസിഡൻറ) : ഒരു മലയാള ബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ—

പ്രസിഡൻറ് : അച്ചടിച്ചഭേദഗതിയാണോ നിങ്ങൾ വായിക്കുന്നതു്?

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം-ഡിപ്പുട്ടിപ്രസിഡൻറ) : അല്ല ടൈപ്പു ചെയ്തതാണ്.

"ഒരു മലയാള ബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ വിധവയോ വിധവമാരൊ മക്കളോ ഇതുകൂട്ടരുമോ ഉണ്ടായിരുന്നാൽ അയാളുടെ മരണശാസനത്താൽ വിനിയോഗിച്ചിട്ടില്ലാത്ത സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തിൽ പകുതി അയാളുടെ വിധവമാർക്കും പുത്രന്മാർക്കും വിവാഹം കഴിയാത്ത പുത്രിമാർക്കും ലഭിക്കുന്നതാണ്" ഇതാകുന്നു ഒരു ഭാഗം.

പ്രസിഡൻറ് : അതുമുഴുവനും ഒരു വകുപ്പാകുന്നു.

രാവുബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം-ഡിപ്പുട്ടിപ്രസിഡൻറ) : അതിന്റെ [illegible].

"൧൦. അവകാശികൾ ഇല്ലാത്തപക്ഷം ആ ഒന്നു പകുതി അച്ഛനോ അച്ഛനില്ലാഞ്ഞാൽ അമ്മയ്ക്കോ അമ്മയില്ലാഞ്ഞാൽ സഹോദരനോ സഹോദരനില്ലാഞ്ഞാൽ അച്ഛന്റെ സഹോദരനോ ലഭിക്കുന്നതാകുന്നു. മറെറ പകുതിയിൽ ൧൧൦൦-ൽ ൨-ാം നമ്പർ നായർ റെഗുലേഷൻ ൨൧-ാം വകുപ്പു പ്രകാരം കൊടുക്കേണ്ടതു കൊടുത്തശേഷം വല്ലതും ബാക്കിയുണ്ടെങ്കിൽ അതു ഇല്ലത്തിൽ ചേരുന്നതാകുന്നു.

വിവരണം ഈ വകുപ്പിൽ വിധവ, പുത്രൻ, പുത്രി എന്നു പറയുന്നതു മലയാളബ്രാഹ്മണജാതിയിലുള്ള വിധവ, പുത്രൻ, പുത്രി എന്നിവരാകുന്നു.

പ്രസിഡന്റ് : അതുമുഴുവനും ഒരു വകുപ്പാകുന്നു. ഭേദഗതികളുടെ അച്ചടിച്ചലിസ്റ്റിലെ വകുപ്പുകളെ സംബന്ധിച്ചാണ് നിങ്ങൾ പറഞ്ഞതെന്നു ഞാൻ വിചാരിച്ചു.

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരിമേടും) : ഭേദഗതി വോട്ടിനു വയ്ക്കുന്നതിനു മുമ്പു, ഈ ചട്ടമനുസരിച്ചു തന്നെ വേറൊരു ഭേദഗതി അവതരിപ്പിക്കാൻ അനുവാദം തരണമെന്നു അപേക്ഷിക്കുന്നു. ഈ വിഷയം ഏതെങ്കിലും ഒരു വിധത്തിൽ തീർച്ചയാക്കുന്നതിനു മുമ്പേ അതും ഈ സഭ ആലോചിക്കേണ്ടതു ആവശ്യമാകുന്നു. ഇപ്പോൾ ആലോചനയിൽ ഇരിക്കുന്ന ഭേദഗതി പ്രമേയം വോട്ടിനു വച്ചിട്ടു തള്ളിപ്പോയാൽ എന്റെ ഭേദഗതി അവതരിപ്പിക്കാൻ സാധിക്കയില്ല.

പ്രസിഡന്റ് : നിങ്ങളുടെ ഭേദഗതി ഏതാണ്?

മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശ്ശേരിയും പീരിമേടും) : അനുവദിച്ചാൽ ഞാൻ അതു ഹാജരാക്കാം.

പ്രസിഡന്റ് : നിങ്ങൾ അതു ഹാജരാക്കുക.

(മി: എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ അദ്ദേഹത്തിന്റെ ഭേദഗതി * പ്രസിഡന്റിന്റെ കയ്യിൽ കൊടുത്തു.)

പ്രസിഡന്റ് : ഈ ഭേദഗതിയെപ്പററിയുള്ള വാദം കഴിഞ്ഞതിനാൽ ഞാൻ അതു സഭയുടെ വോട്ടിനു വയ്ക്കുന്നു. മി. തമ്പുരാൻ നിങ്ങളുടെ അപേക്ഷയെപ്പററി പിന്നീടാലോചിക്കാം.

ബഹുമെമ്പർ അല്പം മുൻപു മി. കൃഷ്ണയ്യങ്കാർ ഇപ്പോഴും വായിച്ചു കേൾപ്പിച്ച ഭേദഗതിയാകുന്നു ഇപ്പോൾ സഭമുമ്പാകെ ഹാജരാക്കിട്ടുള്ള ഭേദഗതി.

ഭേദഗതി വോട്ടിനുവച്ചതിൽ തള്ളപ്പെട്ടുപോയി.

പ്രസിഡന്റ് : മി. താണുപിള്ളേ, ൧൧-ാം വകുപ്പിനു നിങ്ങൾക്കൊരു ഭേദഗതിയുണ്ടല്ലോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) : "പുത്രന്മാരും" "അവരും" എന്ന വാക്കുകളുടെ മദ്ധ്യേ "പുത്രിമാരും സജാതീയ വിധവയും" എന്ന വാക്കുകൾ ചേർക്കയും "ഇല്ലാഞ്ഞാൽ സമ ഓഹരികളായി" എന്നവാക്കുകൾ വിട്ടുകളകയും ചെയ്യണമെന്നൊരു ഭേദഗതി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ഇതു പ്രധാനവകുപ്പിനെ സംബന്ധിച്ചാണ്. ഇപ്പോഴുള്ള വിവരണത്തിനു പകരം താഴെ പറയുന്ന വിവരണം ചേർക്കണം.

"ഒരു പുത്രനോ പുത്രിയോ മരിച്ചയാളിനു മുമ്പു മരിച്ചുപോയിട്ടുണ്ടെങ്കിൽ അവർ ജീവിച്ചിരുന്നു എങ്കിൽ എന്തോഹരി കിട്ടുമായിരുന്നോ ആ ഓഹരി ആ പുത്രന്റെയോ പുത്രിയുടെയോ സന്താനങ്ങൾക്കു കിട്ടേണ്ടതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും) : ഭേദപ്പെടുത്തിയ പ്രകാരം മെമ്പർ വകുപ്പു വായിച്ചു കേൾപ്പിക്കുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം) : "ഒരു മലയാള ബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ അയാൾക്കു പുത്രന്മാരും പുത്രിമാരും സജാതീയവിധവയും ജീവനോടുകൂടി ഉണ്ടായിരുന്നാൽ അയാളുടെ മരണശാസനപ്രകാരം വിനിയോഗിക്കാത്ത സ്വാർജ്ജിതവും പ്രത്യേകവുമായ സ്വത്തുക്കൾ മുഴുവനും, ൧൧൦൦-ൽ ൨-ാം നമ്പർ നായർ റെഗുലേഷൻ ൨൧-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴ്പെട്ടു, അവർക്കു സമ ഓഹരികളായി ലഭിക്കുന്നതാകുന്നു"

മറെറ ഭാഗം വിട്ടുകളഞ്ഞു. അതിനു പകരം ഈ വ്യവസ്ഥ ചേർക്കണമെന്നാകുന്നു എന്റെ അഭിപ്രായം.

" ഒരു പുത്രനോ പുത്രിയോ മരിച്ചയാളിനു മുമ്പു മരിച്ചു പോയിട്ടുണ്ടെങ്കിൽ അവർ ജീവിച്ചിരുന്നു എങ്കിൽ എന്തോഹരി അവർക്ക് കിട്ടുമായിരുന്നോ; ആ ഓഹരി ആ പുത്രന്റെയോ പുത്രിയുടെയോ സന്താനങ്ങൾക്കു കിട്ടേണ്ടതാകുന്നു.

നായർ റെഗുലേഷനിലെ ൨൧-ാം വകുപ്പിലെ വ്യവസ്ഥയ്ക്കു കീഴ്പെട്ടു, ഒരു മലയാള ബ്രാഹ്മണൻ മരിക്കുമ്പോൾ അയാളുടെ സ്വത്തു ആൺ മക്കൾ, പെൺ മക്കൾ, സജാതീയ ഭാര്യ ഇവർ ഉണ്ടായിരുന്നാൽ തുല്യമായി വീതിച്ചു എടുത്തു കൊള്ളണം. ഇതിൽ മകനോ മകളോ മുൻ കൂട്ടി മരിച്ചിരുന്നാൽ ആ മകന്റെയൊ മകളുടെയൊ സന്താനങ്ങൾക്കു ആ വീതം കിട്ടുന്നതാണ്.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): പുത്രി എന്ന പദത്തിനു മുമ്പു "വിവാഹം കഴിയാത്ത, എന്നു ചേർക്കുന്നതിനു മെമ്പർക്കു വിരോധമുണ്ടോ?

---

* ഭേദഗതി ഇപ്രകാരമായിരുന്നു.

വകുപ്പിന്റെ ഏഴാം വരിയിൽ "സജാതീയ" എന്ന വാക്കു വിട്ടുകളഞ്ഞിട്ടു താഴെകാണിച്ച വിവരണം ചേർക്കണം.

വിവരണം— "പുത്രന്മാർ, പുത്രിമാർ വിധവ" എന്ന പദങ്ങളിൽ ആചാരത്താലും മര്യാദകളാലും ഒരു നമ്പൂതിരിക്കു വിവാഹം അനുവദിക്കപ്പെട്ടിട്ടുള്ള ഏതു ജാതിയിലെയും മേല്പറഞ്ഞ മരിച്ച മലയാള ബ്രാഹ്മണന്റെ പുത്രന്മാരും, പുത്രിമാരും, വിധവയും അല്ലെങ്കിൽ വിധവകളും ഉൾപ്പെടും.

മി. എ. താണുപിള്ള (തിരുവനന്തപുരം). അതിനെപ്പററി ഞാൻ പറയാം. ഇപ്പോൾ ചോദിച്ചു വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നു ചേർക്കുന്നതിൽ വിരോധമുണ്ടോ എന്നാണ് ഞാൻ അമെൻഡുമെൻറ ചെയ്തതു. ആദ്യത്തെ ബില്ലും സിലക്ട കമ്മിററി റിപ്പോർട്ടും നോക്കിയിട്ടാണ്. ഇതെന്തായാലും സമുദായത്തിലെ അഭിപ്രായത്തിൽ നിന്നു ഭിന്നമല്ലാത്ത ഒന്നാണെന്നു ഊഹിക്കേണ്ടിയിരിക്കുന്നു. സിലക്ട കമ്മിററിയുടെ അഭിപ്രായം ഒരാളിൻെറ സ്വയാർജ്ജിതസ്വത്തു ആദ്യം ആൺമക്കൾക്കും ആൺമക്കൾ ഇല്ലാതെ വന്നാൽ വിധവകൾക്കും പെൺമക്കൾക്കും വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നു പറയുന്നില്ല കിട്ടണമെന്നാണ്. ബിൽ പ്രയോക്താവിൻെറ അഭിപ്രായം വിവാഹം കഴിക്കാത്ത പെൺമക്കൾ എന്നു ചേർക്കണമെന്നാണ്. എന്നാൽ ഈ വ്യത്യാസം കൂടാതെ എല്ലാവർക്കും കൊടുക്കുന്നതു സ്വാഭാവിക നീതിക്കു യോജിച്ചതാണല്ലോ എന്നു വിചാരിച്ചാണ് ഞാൻ ഈ ഭേദഗതി ഹാജരാക്കുന്നതു. ആ സമുദായത്തിലെ അംഗങ്ങൾക്കു ഇഷ്ടമില്ലെന്നു പറയുന്ന പക്ഷം പിൻവലിക്കാൻ തയ്യാറാണു. ഇത്രയും പറഞ്ഞു ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം ഡെപ്യൂട്ടി പ്രെസിഡെൻറ). മക്കൾ എന്നു പറയുന്നതു സജാതീയ ഭാര്യയിൽ ഉണ്ടായ മക്കളാണ്. 'Sons and daughters by the caste wife and cast widow" (സജാതീയ ഭാര്യയിലും സജാതീയ വിധവയിലും ഉള്ള പുത്രന്മാരും പുത്രിമാരും) എന്നാണ് സെലക്ട കമ്മിററി റിപ്പോർട്ടിൽ കാണുന്നതു.

മി. എ. താണുപിള്ള (തിരുവനന്തപുരം). സെലക്ട കമ്മിററിയിൽ തന്നെ ഉണ്ടായിരുന്ന മെമ്പർ പറഞ്ഞതും സജാതീയ ഭാര്യയും മക്കളും എന്നു ഉദ്ദേശമാണെന്നാണ് ഞാൻ ധരിച്ചതു. സെലക്ട കമ്മിററി റിപ്പോർട്ടും ബില്ലും ഞാൻ വായിച്ചു നോക്കിയതിൽ എനിക്കു തോന്നിയതും അങ്ങനെയാണ്.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ). കാസ്ററ വിഡോ എന്നു പറഞ്ഞിട്ടുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). ഞാൻ വായിച്ചു നോക്കിയതിൽ എനിക്കു അങ്ങനെയാണ് തോന്നുന്നതു.

മി. കല്ലൂലം പരമേശ്വരൻപിള്ള (അഡിഷനൽ ഹെഡ്ഡ് സർക്കാർ വക്കീൽ). Caste widow (സജാതീയ വിധവ) എന്നു പറയുമ്പോൾ ഒരു സംശയം ജനിക്കുകയില്ലയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). എനിക്കു ആ സംശയം ജനിച്ചിട്ടില്ല. പിന്നെ സെലക്ട കമ്മിററിയുടെ ഉദ്ദേശം ഇന്നതാണ് എന്നു മെമ്പർ പറയുകയും ചെയ്തു.

മി. എ. എസ്. ദാമോദരൻ ആശാൻ (ഈഴവ പ്രതിനിധി, കാർത്തികപ്പള്ളി). സെലക്ട കമ്മിററി റിപ്പോർട്ടിൽ "widow" എന്നതിനു പകരമായിട്ടു "Caste" (സജാതീയ) കൂടി ചേർത്തതിൽ ആ കമ്മിററിയുടെ ഉദ്ദേശം എന്തായിരിക്കും എന്നു സ്പഷ്ടമാകുന്നില്ലയോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). വിവാഹം ചെയ്ത പെൺമക്കൾ എന്നും വിവാഹം ചെയ്യാത്ത പെൺമക്കൾ എന്നും പറഞ്ഞാൽ സജാതീയ പെൺമക്കൾ എന്നേ വിചാരിക്കാനുള്ളു. ബില്ലിലെ വാക്കു മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു എന്നാണ് ഞാൻ അർത്ഥമാക്കുന്നതു.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം ഡെപ്യൂട്ടിപ്രസിഡെൻറ). "Sons and daughters by the caste wife and caste widow" (സജാതീയ ഭാര്യയിലും സജാതീയ വിധവയിലും ഉള്ള പുത്രന്മാരും പുത്രിമാരും) എന്നു മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിയിൽ ചേർക്കാൻ വിരോധമുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം). അതു കൊണ്ടു അർത്ഥം പൂർത്തിയാകുമെങ്കിൽ സന്തോഷം. ഉദ്ദേശിച്ചിരിക്കുന്നതു ഇപ്രകാരമാണെന്നു കാണുന്ന പക്ഷം അതു സ്വീകരിക്കുവാൻ ഞാൻ തയ്യാറാണ്.

മി. വി. ചെല്ലംപിള്ള (തോവാള): "Caste widow" (സജാതീയ വിധവ) എന്നു ചേർത്തിരിക്കുന്നതിൽ "Caste" (സജാതീയ) എടുക്കുന്നതു സമ്മതമാണോ?

മി. എ. താണുപിള്ള (തിരുവനന്തപുരം): എൻെറ സമ്മതം ചോദിച്ചാൽ ഞാൻ എന്താണ് പറയുക.

പ്രസിഡെൻറ: നിങ്ങളുടെ ഉദ്ദേശം എന്താണ് മിസ്റ്റർ ചെല്ലംപിള്ള? നിങ്ങൾ ആ വാക്ക എടുത്തു കളഞ്ഞാൽ എന്താണു സംഭവിക്കുക!

മി. വി. ചെല്ലംപിള്ള (തോവാള): അപ്പോൾ എല്ലാ ജാതിയിലുമുള്ള വിധവകൾക്കും അവകാശം കിട്ടും. അതു സമ്മതമുണ്ടോ?

മി. എ. താണുപിള്ള (തിരുവനന്തപുരം); "Provisions" (ഷെഡ്യൂൾ റെഗുലേഷൻ വകുപ്പിലെ വ്യവസ്ഥകൾക്കു കീഴ്പെട്ടു) എന്നു കൂടി ഉള്ളതു കൊണ്ടു ഈ അർത്ഥമെ കിട്ടാൻ അവകാശമുള്ളു. അതായതു കാസ്ററവിഡോ, സൺസ്, ഡാട്ടേർസ് എന്നൊക്കെയും, എൻെറ ഉത്തരം കൊണ്ടു ഒററ സമുദായത്തിലെ അംഗങ്ങൾ എന്നു തെററിദ്ധരിക്കരുതെന്നാണു അപേക്ഷയുള്ളതു. മററു സമുദായക്കാർക്കും അവകാശം കിട്ടണമെന്നു എന്നെക്കാൾ ആഗ്രഹിക്കുന്നവരായി മററാരും കാണുകയില്ല എന്നാണ് എനിക്കു തോന്നുന്നതു. സാങ്കേതികമായ തടസ്ഥങ്ങളെപ്പററിയാണ് ഞാൻ ഇവിടെ പറയുന്നതു.

പ്രസിഡെൻറ: നിശ്ചയമായിട്ടും മി. താണുപിള്ള പറഞ്ഞപ്രകാരം അവർ സജാതീയ പുത്രന്മാരെയും സജാതീയ പുത്രിമാരെയും ഉദ്ദേശിച്ചിരിക്കണം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം ഡിപ്യൂട്ടിപ്രസിഡെൻറ), അതായിരുന്നു ഉദ്ദേശമെങ്കിലോ?

പ്രസിഡെൻറ: എന്നാൽ അതു വ്യക്തമാക്കരുതോ?

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെൻറ നിയമനം ഡിപ്യൂട്ടിപ്രെസിഡെൻറ), "സജാതീയ ഭാര്യയിലും സജാതീയ വിധവയിലും ഉള്ള പുത്രന്മാരും പുത്രിമാരും" എന്ന വാക്കുകൾ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. കോടതിയിൽ തർക്കം പറയാൻ ഇടയാകരുതല്ലോ.

പ്രസിഡെൻറ: മിസ്റ്റർ താണുപിള്ളേ, മി. കൃഷ്ണയ്യങ്കാർ അഭിപ്രായപ്പെട്ട പ്രകാരം വിഷയം വ്യക്തമാക്കുന്നതിനു പുത്രന്മാരും പുത്രിമാരും എന്നു മാത്രം പറയുന്നതിനു പകരം സജാതീയ വിധവമാരായ "സജാതീയ വിധവമാരിൽ ഉള്ള പുത്രന്മാരും പുത്രിമാരും" എന്നു പറയുന്നതു നന്നായിരിക്കും.

മി. കല്ലാഴം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്ഡ് സർക്കാർ വക്കീൽ): സെലെക്ട് കമ്മിററിയുടെ റിപ്പോർട്ടിൻ പ്രകാരം പോലും വകുപ്പ് യഥാർത്ഥമുള്ളതാകുന്നു എന്ന പറഞ്ഞു കൊള്ളുന്നു. വകുപ്പിൽ തന്നെയാണു യഥാർത്ഥം. അനുവാദമുണ്ടെങ്കിൽ ഞാനൊരു ഭേദഗതി ക്രമപ്രകാരം അവതരിപ്പിക്കാം.

പ്രസിഡൻറ്: അതു കൊണ്ടാണു മി. താണുപിള്ള തന്റെ ഭേദഗതിയെ പ്രസ്താവിച്ച പ്രകാരം ഭേദപ്പെടുത്തുകയും പിന്നീട് ആ ഭേദഗതി പാസ്സാക്കുകയും ചെയ്താൽ വകുപ്പ് തന്നെ വേണ്ടുംപ്രകാരം ഭേദപ്പെടുന്നതാണെന്നു ഞാൻ പറഞ്ഞിട്ടുള്ളതു.

രാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവർമെൻറു നിയമനം ഡിപ്യൂട്ടി പ്രെസിഡെൻറ്): അതെ, തനിയെ തന്നെ.

മി. എ. താണുപിള്ള (തിരുവനന്തപുരം): ഈ മെമ്പർ തന്നെ അതു ചെയ്താൽ കൊള്ളാം.

മി. എൽ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (ചങ്ങനാശേരിയും മീനച്ചിലും): ഞാൻ തന്നിട്ടുള്ള അമെൻഡ്മെൻറ് (ഭേദഗതി) Caste (സജാതീയ) എന്നുള്ളതു എടുത്തു കളയണമെന്നാണ്. എന്നാൽ മിസ്റ്റർ താണുപിള്ളയുടെ അമെൻഡ്മെൻറ് പാസായിക്കഴിഞ്ഞാൽ എനിക്ക ഇതു അവതരിപ്പിക്കുന്നതിനു അവകാശമില്ലാതെ ആയിപ്പോകും. അതു കൊണ്ടു എന്റെ അമെൻഡ്മെൻറുകൾ വാദപ്രതിവാദം നടത്തിയ ശേഷം വേണം Caste widow (സജാതീയവിധവ) എന്നുള്ള പദം ചേർക്കാൻ അല്ലെങ്കിൽ അമെൻഡ്മെൻറു ഇപ്പോൾ ഇരിക്കുന്നതു പോലെ ഇരിക്കാൻ അനുവദിക്കണം.

പ്രസിഡൻറ്: മിസ്റ്റർ താണുപിള്ളയുടെ അമെൻഡ്മെൻറു ആരെങ്കിലും പിൻതാങ്ങിയോ?

മി. എം. സി. മേനോൻ (പറവൂർ): ഞാൻ ആ അമെൻഡ്മെൻറു പിൻതാങ്ങുന്നു.

പ്രസിഡൻറ്: സഭയുടെ ഈ മൂന്നു ദിവസത്തെ നടപടികളിൽ സാങ്കേതികമായ ചില ക്രമക്കേടുകൾ ഉണ്ടായിരുന്നു എന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇതിനുള്ള കാരണം ഞാൻ വാദപ്രതിവാദം ആരംഭിച്ചപ്പോൾ തന്നെ പറഞ്ഞപ്രകാരം ഈ ബില്ലിനെസംബന്ധിച്ചു കൂടുതലായി ചേർത്ത മെമ്പറിനു ഭേദഗതികൾ നിയമരൂപത്തിൽ അവതരിപ്പിക്കാൻ പരിചയമില്ലാത്തതിനാൽ അവ ഏതെങ്കിലും രൂപത്തിൽ അവതരിപ്പിക്കുകയോ സഭാമുമ്പാകെ ഹാജരാക്കുകയോ ചെയ്തിട്ടുള്ളതാകുന്നു. അതിന്റെ ഫലമായി ഈ സഭ ബില്ലിനെപ്പററി ആലോചിക്കുന്നതു ഒരു കമ്മററിയായി രൂപാന്തരപ്പെട്ടു. ഇതു നിമിത്തം ചട്ടപ്രകാരം ഞാൻ തള്ളിക്കളയേണ്ടതായ പല ഭേദഗതികളും അവതരിപ്പിക്കാനും അവയെപ്പററി വാദപ്രതിവാദം നടത്താനും പാസ്സാക്കാനും പോലും ഞാൻ അനുവാദം നൽകേണ്ടിവന്നു. എന്നാൽ അതുകൊണ്ടു മാത്രം ബില്ലിനെ അതിന്റെ ഉദ്ദേശത്തിനപ്പുറം വ്യാപിക്കുമാറാക്കുന്ന ഭേദഗതികളും അങ്ങനെ വ്യാപിക്കുമാറാക്കുന്ന ഭേദഗതികളും തമ്മിലുള്ള വ്യത്യാസം വിസ്മരിക്കാൻപാടില്ല. മിസ്റ്റർ തമ്പുരാൻ ഹാജരാക്കിയ ഭേദഗതി രണ്ടാമത്തെ വ്യാപ്തിവർദ്ധിപ്പിക്കുന്ന തരത്തിലുള്ളതാണ്. നമ്പൂതിരിസമുദായത്തിലെ വിവാഹാചാരങ്ങളെപ്പററിയോ വിവാഹം എന്താണെന്നു വിചാരിക്കുകയോ ചെയ്യുന്ന വ്യവസ്ഥകളൊന്നും ഈ ബില്ലിൽ ഇല്ല. മിസ്റ്റർ തമ്പുരാന്റെ ഭേദഗതി ആ സമുദായത്തിലെ വിവാഹക്രമത്തെ ബാധിക്കുന്ന ഒരു വ്യവസ്ഥയാകുന്നു. അങ്ങനെയുള്ള ഒരു വ്യവസ്ഥ ബില്ലിന്റെ വ്യാപ്തിയിൽ അടങ്ങിയും ഉൾപ്പെട്ടതല്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മിസ്റ്റർ തമ്പുരാനേ നിങ്ങൾ എന്റെ പക്ഷത്തിൽ തന്നെ ഭേദഗതിപ്രമേയം, ബില്ലിന്റെ വ്യാപ്തിയെപ്പററി ആലോചിച്ചാൽ ഇപ്പോൾ സ്വീകരിക്കാൻ പാടുള്ളതല്ല.

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): മിസ്റ്റർ താണുപിള്ള ഇവിടെ അവതരിപ്പിച്ച ഭേദഗതിയിൽ ഒരു അംശം മാത്രം ഞാൻ എതിർക്കുന്നു. മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിപ്രകാരം പുനർവിവാഹം ചെയ്യാത്ത ഒരു നമ്പൂതിരിയുടെ പ്രത്യേകസ്വത്തിന് അയാളുടെ ഭാര്യക്കും സന്താനങ്ങൾക്കും അവകാശം സിദ്ധിക്കുന്നുണ്ട്. എന്നാൽ ഇപ്പോഴത്തെ നിയമപ്രകാരം ഒരു സ്ത്രീ വിവാഹം കഴിച്ചു മറെറാരു ഇല്ലത്തിലേക്ക പോകുന്ന അവസരത്തിൽ അവർക്ക് സ്വന്തം കുടുംബത്തിലെ സ്വത്തിന്മേലുള്ള അവകാശം നശിച്ചു പോകുന്നു. മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിയനുസരിച്ചു അങ്ങിനെയുള്ള ഒരു സ്ത്രീക്കും കുട്ടികൾക്കും സ്വന്തം കുടുംബത്തിലെ അവകാശം സിദ്ധിക്കുന്നതാണ്. അതു ഇപ്പോഴത്തെ നിയമത്തിന് വിപരീതമാകയാൽ ഞാൻ അതിനെ പ്രതിഷേധിക്കുന്നു. "വിവാഹം ചെയ്ത പുത്രി" എന്നതിന് പകരം "അവിവാഹിതയായ പുത്രി" എന്നു ചേർക്കുന്നതാണു കുറെക്കൂടി യോജിച്ചതു എന്നാണ് എന്റെ അഭിപ്രായം.

മി. സി. എൻ. നമ്പൻ നമ്പൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): വിവാഹം കഴിച്ച സ്ത്രീകൾക്ക് സ്വന്തം കുടുംബത്തിലെ സ്വത്തിന് അവകാശം ഉണ്ടു എന്നു വരികയാണെങ്കിൽ അതിനെപ്പററി അനേകം കുടുംബങ്ങളിൽ നഷ്ടം ഉണ്ടായി വ്യവഹാരം വർദ്ധിക്കും എന്നു മെമ്പർക്ക് അറിയാമോ?

മി. ആർ. കേശവപിള്ള (കൊട്ടാരക്കരയും-കുന്നത്തൂരും): വർദ്ധിച്ചേക്കാം.

മി. മൂത്തിനാട്ടു രാമവർമ്മ (എടവക): മിസ്റ്റർ എൽ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ ഇവിടെ ഒരു അമെൻഡ്മെൻറു ഹാജരാക്കി എന്നു പറയുന്നതുകേട്ടു. അതു എന്താണെന്നറിയാൻ ഞങ്ങൾക്ക ഇതുവരെ യാതൊരു നോട്ടീസും കിട്ടിയില്ല. അതു സഭയ്ക്ക് വിപരീതമല്ലെങ്കിൽ വായിച്ചുകേൾപ്പിച്ചാൽ കൊള്ളാം.

പ്രസിഡൻറ്: അതു ഞാൻ നിഷേധിച്ചു. നിങ്ങൾക്ക കാണണമെങ്കിൽ നിങ്ങളുടെ അറിവിനായി കാണിക്കാം.

മി. താമരപ്പള്ളിൽ കൊച്ചുകൃഷ്ണമേനോൻ (പത്തനംതിട്ട): ഇപ്പോഴത്തെ ഭേദഗതിയനുസരിച്ചു വിവാഹം കഴിഞ്ഞ ഒരു സ്ത്രീക്ക് അവളുടെ ഭർത്താവിന്റെ സ്വത്തിൽ പകുതിയും അച്ഛന്റെ സ്വത്തിൽ ഒരു ഭാഗവും കിട്ടുന്നതാണ്.

മി. എ. എസ്. ദാമോദരനാശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): ആൺമക്കൾ ഉണ്ടായിരുന്നാലും ഇതുതന്നെയാണല്ലോ ഫലം. അച്ഛന്റെ സ്വത്തും കിട്ടും ഭർത്തു കുടുംബത്തിലെ സ്വത്തും കിട്ടും.

പ്രെസിഡൻറ്: എങ്ങനെയായാലും ആവശ്യം ശരിയായിക്കൊള്ളും.

മി. എ. താണുപിള്ള (തിരുവനന്തപുരം): നമ്പൂതിരി മെമ്പർമാരുടെ അഭിപ്രായം അറിഞ്ഞാൽ കൊള്ളാം.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): മിസ്റ്റർ താണുപിള്ള അവതരിപ്പിച്ച ഭേദഗതി സ്വീകരിക്കാൻ എനിക്ക നിവൃത്തിയില്ല. അവിവാഹിതയായ കന്യക എന്ന ചേർക്കുന്നതിൽ വിരോധമുണ്ടോ എന്ന് ചോദിച്ചതിൽ വിവാഹം ചെയ്ത സ്ത്രീകൾക്കും സ്വത്തവകാശം കൊടുക്കണം എന്നാണ് മറുപടി. വിവാഹം കൊണ്ട് സ്വന്തം കുടുംബത്തിലെ അവകാശം മുഴുവനും നശിച്ചിരിക്കെ അച്ഛന്റെ സ്വത്തിന്ന് അവകാശം കൊടുക്കുന്നത് വലിയകുഴപ്പത്തിന്ന് ഇടവരുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ നമ്പൂതിരിപ്പാട് സിലക്ട് കമ്മിററിയുടെ റിപ്പോർട്ടു വായിച്ചിട്ടുണ്ടോ? മകൻ മുൻകൂട്ടിമരിച്ചിരുന്നാൽ സന്താനങ്ങൾക്ക് കിട്ടണമെന്നാണ് അതിൽ പറയുന്നത്. (സന്താനം) എന്നുള്ളതിൽ പെൺമക്കളുംകൂടി ഉൾപ്പെടുമല്ലൊ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികം): ഈ ബില്ലിലെ പലഭാഗത്തും (പുത്രിമാർ) എന്നു പറഞ്ഞിട്ടുള്ളതിന് (വിവാഹം കഴിയാത്തപുത്രിമാർ) എന്നുള്ള ഭേദഗതി വരുത്തണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഇവിടേയും "വിവാഹംകഴിയാത്തപുത്രിമാർ" എന്നാണ് ചേർക്കേണ്ടത്.

മി: ഇട്ടൂപ്പ് ഇട്ടീച്ചൻ (കുന്നത്തുനാട്): അവിവാഹിതകളായ സ്ത്രീകൾക്ക സ്വത്തവകാശം കിട്ടിയാൽ വിവാഹം ചെയ്യാതിരിക്കയില്ലയോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികം): വിവാഹം ചെയ്യാതെ ഇരിക്കുമ്പോൾ സ്വത്തുകിട്ടിയാൽ അതനുസരിച്ച് വിവാഹം ചെയ്തു കൊള്ളും.

മി: എ. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും–കാർത്തികപ്പള്ളിയും): അച്ഛൻ മരിക്കുന്നതുവരയും വിവാഹം കഴിക്കാതിരിക്കുമെന്നൊ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട (ജന്മികം): അങ്ങിനെ അർത്ഥമില്ല. ആ നിലക്ക് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

മി: വി. ചെല്ലംപിള്ള (തോവാള): ഒരു നമ്പൂതിരി മരിക്കുമ്പോൾ അയാൾക്ക വിവാഹം കഴിയാത്ത കന്യകയുണ്ടെന്നു വിചാരിക്കുക. അയാൾ മരിച്ചു ഒരു കൊല്ലം കഴിയുമ്പോൾ ആ കന്യകയെ വിവാഹം ചെയ്തുകൊടുക്കുന്നു. അപ്പോൾ ആ സ്ത്രീക്ക് ഭാഗത്തിന് ആവശ്യപ്പെടുകയും ചെയ്യാം. ആ സ്ഥിതിക്ക് വ്യവഹാരം വർദ്ധിക്കയല്ലേ ചെയ്യുന്നത്?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): അതുകൊണ്ട് "വിവാഹംകഴിയാത്ത" എന്നു ചേർക്കയാണെങ്കിൽ ഞാൻ അമെൻഡുമെന്റ സ്വീകരിക്കാൻ തയ്യാറാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഈ മാററത്തിന്ന് വല്ലകാരണവും ഉണ്ടെങ്കിൽ നമ്പൂതിരി മെമ്പറൊ ലാമെമ്പറൊ പറഞ്ഞാൽകൊള്ളാം.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികം): മറെറാരു കുടുംബത്തിലെ അംഗമായി തീർന്നിട്ടുള്ള ഒരു സ്ത്രീക്ക് സ്വത്ത് കിട്ടുന്നതിന് അവകാശം ഉണ്ടാക്കിത്തീർക്കുന്നത് നല്ലതല്ല എന്നുള്ള വിചാരം മാത്രമാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): മിസ്റ്റർ ചെല്ലംപിള്ള സൂചിപ്പിച്ചതുപോലെ "വിവാഹം കഴിയാത്തപുത്രിമാർക്ക"സ്വത്തവകാശം ഉണ്ടെന്നു വയ്ക്കുമ്പോൾ അവർ അച്ഛന്റെ മരണശേഷം വിവാഹിതകളായിട്ടു തീരുന്നു. ആ സ്ഥിതിക്ക മുമ്പേ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകൾക്കും കൊടുക്കുന്നതിൽ എന്താണ് വിരോധം?

പ്രസിഡന്റ: സാങ്കേതികമായിട്ടുമാത്രം, ന്യായമായിട്ടില്ല. ന്യായമായ കാരണം വല്ലതുമുണ്ടൊ അതൊ സാങ്കേതിക കാരണമേയുള്ളോ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): അനാവശ്യമായി തർക്കങ്ങളാകരുതെന്നാണ് എന്റെ ഉദ്ദേശം.

മി: കല്ലൂരംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പുത്രന്മാരില്ലെങ്കിൽ അവിവാഹിതകളായ പുത്രിമാർക്കും കിട്ടുമൊ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): കിട്ടും.

മി: കല്ലൂരംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): പുത്രന്മാരില്ലെങ്കിൽ വിവാഹിതകളായ പുത്രിമാർക്കും കൊടുക്കാമല്ലൊ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): ഞാൻ അതിനെ അനുകൂലിക്കുന്നില്ല

മി: കല്ലൂരംപരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ്സർക്കാർവക്കീൽ): ഇപ്പോഴത്തെ വകുപ്പിൽ അങ്ങനെയാണ്.

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): ആ വകുപ്പിനെയാണ് "വിവാഹം കഴിയാത്ത" എന്നു ഭേദഗതിചെയ്യണമെന്നു ഞാൻ വിചാരിക്കുന്നത്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആ അമെൻഡുമെന്റിന് നോട്ടീസ് ഇല്ലല്ലൊ?

മി: കെ. എൻ. കേശവൻനമ്പൂതിരിപ്പാട് (ജന്മികം): നോട്ടീസ് ഇല്ലാതെ ഏതുസമയത്തും പ്രമേയക്കാരന് അമെൻഡുമെന്റ കൊണ്ടുവരാം.

മി: വി. എൻ. ജാതവേദൻനമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്തമെമ്പർ): വിവാഹം കഴിയാത്ത പുത്രിമാർക്കു മാത്രമേ അച്ഛന്റെസ്വത്തിന് അവകാശം ഉണ്ടാകയുള്ളു. വിവാഹം കഴിച്ചുകൊടുത്താൽ ആ സ്ത്രീ ഏതു കുടുംബത്തിൽ പോകുന്നുവോ അവിടെ അവകാശമുണ്ടാവുകയും ചെയ്യും.

മി: എ. താണുപിള്ള (തിരുവനന്തപുരം): വിവാഹം കഴിയാത്ത പെൺമക്കൾക്കും ആൺമക്കൾക്കും വീതിക്കുന്നതിൽ വിരോധമുണ്ടോ?

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂട്ടത്തിൽചേർത്തമെമ്പർ): തുല്യമായിട്ടു വിതിക്കാം.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും–കുന്നത്തൂരും): ഇപ്പോഴത്തെ നിയമപ്രകാരം വിവാഹം ചെയ്തപെൺമക്കൾക്ക സ്വത്തവകാശം ഇല്ലെന്നു അറിയാമൊ?

മി. വി. എൻ. ജാതവേദൻ നംപൂതിരിപ്പാട് (കൂട്ടിച്ചേർത്തമെമ്പർ): സ്വത്തവകാശമില്ലായിരിക്കാം.

മി. എ. താണുപിള്ള (തിരുവനന്തപുരം): അച്ഛന്റെ സ്വത്തിന് അവകാശം പെൺമക്കൾക്കുകൂടി കൊടുക്കാമെന്നു സമ്മതിക്കുന്ന സ്ഥിതിക്കു വിവാഹംകൊണ്ട് എന്തു തടസ്ഥമാണ് വരുന്നത്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): അന്യകുടുംബത്തിൽ പോയതുകൊണ്ടായിരിക്കാം.

മി: എം. എസ്. ദാമോദരൻ ആശാൻ (മാവേലിക്കരയും-കാർത്തികപ്പള്ളിയും): സമുദായത്തിലെ അംഗങ്ങൾക്ക് അങ്ങനെ അഭിപ്രായമാണെങ്കിൽ നമുക്കു അതു സ്വീകരിക്കുന്നതുകൊണ്ടു എന്താണ് വിരോധം?

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കുവിരോധമില്ല.

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): പുത്രിമാർ എന്ന ദിക്കിലൊക്കെ "വിവാഹം കഴിയാത്ത പുത്രിമാർ" എന്നാക്കണമെന്നാണ് എന്റെ അഭിപ്രായം.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആദ്യം ആൺമക്കൾക്കു കിട്ടണമെന്നും ആൺമക്കൾ ഇല്ലെങ്കിൽ വിധവയ്ക്കും "വിവാഹം കഴിയാത്തപുത്രിമാർക്കും" കിട്ടണം എന്നുമാണൊ പറയുന്നത്?

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): അതെ.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആൺമക്കൾ ഉള്ളപ്പോൾ വിധവയ്ക്കുകൂടി ഒരംശം കൊടുക്കുകയില്ല എന്നു പറയുന്നതു വലിയകഷ്ടമല്ലേ? മിതാക്ഷരലായിലുള്ളന്യൂനതകൾ ഈ ബില്ലിലും കൂടിയെതീരവേ? എന്ന് മിസ്റ്റർ കേശവൻ നംപൂതിരിപ്പാട് ആലോചിച്ചുനോക്കിയാൽകൊള്ളാം.

മി: സി. എൻ. ഇപ്പൻനംപൂതിരിപ്പാട് (കൂട്ടിച്ചേർത്തമെമ്പർ): വിവാഹംചെയ്തിട്ടുള്ളവർക്കും ചെയ്യാത്തവർക്കും കൊടുക്കണമെന്നുള്ള അഭിപ്രായത്തിന് വിരോധമില്ല.

മി: എ. താണുപിള്ള (തിരുവനന്തപുരം): ആൺമക്കളും പെൺമക്കളും വിധവയും ഉണ്ട് അവർക്കെല്ലാവർക്കും തുല്യമായിട്ട് വീതിച്ചുകൊടുക്കുന്നതു സമ്മതമാണോ?

മി: സി. എൻ. ഇപ്പൻ നംപൂതിരിപ്പാട് (കൂട്ടിച്ചേർത്തമെമ്പർ): എല്ലാവർക്കും വീതിച്ചുകൊടുക്കുന്നതു സമ്മതമാണ്.

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഒരു മകനും ഒരു മകളും വിധവയും ഉണ്ടെങ്കിൽ മൂന്നുപേർക്കും ഒന്നുപോലെ കൊടുക്കുന്നതു സമ്മതമാകുമോ?

മി: സി. എൻ. ഇപ്പൻനംപൂതിരിപ്പാട് (കൂട്ടിച്ചേർത്തമെമ്പർ): സമ്മതമാണ്.

പ്രസിഡന്റ്: മിസ്റ്റർ ജാതവേദൻനംപൂതിരിപ്പാടിന്റെ അഭിപ്രായമെന്താണ്?

മി: വി. എൻ. ജാതവേദൻ നംപൂതിരിപ്പാട് (കൂട്ടിച്ചേർത്തമെമ്പർ): ഭാര്യക്കും പുരുഷസന്താനങ്ങൾക്കും വിവാഹം കഴിയാത്ത പെൺമക്കൾക്കും ഒരുപോലെ കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം.

പ്രസിഡന്റ്: ഭേദഗതിയിൽ എങ്ങനെയാണ് ആ വാചകം രചിച്ചിരിക്കുന്നത്?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽഹെഡ്സർക്കാർവക്കീൽ): ഇതേവരെ ആയിട്ടും ഒരു ഭേദഗതിയും കൊണ്ടുവന്നിട്ടില്ല. പുത്രന്മാരും വിവാഹം കഴിയാത്ത പുത്രിമാരും സമമായിഭാഗിച്ചെടുക്കുന്നതിനു ഒരു ഭേദഗതിഹാജരാക്കണമെന്നാണ് കേശവൻനംപൂതിരിപ്പാട് ആവശ്യപ്പെടുന്നത്. അതിനെപ്പററി ഒരുനോട്ടീസും തന്നിട്ടില്ലെങ്കിലും അങ്ങിനെയുള്ളൊരു ഭേദഗതി ഉണ്ടാക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): വ്യവസ്ഥ ഭേദപ്പെടുത്തുന്നതിനും വിവാഹംകഴിഞ്ഞ പുത്രിമാരും വിവാഹം കഴിയാത്തപുത്രിമാരും തമ്മിൽ വ്യത്യാസം കല്പിക്കുന്നതിനും ഞാൻ യാതൊരു കാരണവും കാണുന്നില്ല. എന്നാൽ മി: കേശവൻനംപൂതിരിപ്പാട് അങ്ങനെ ഒരുവ്യത്യാസം വേണമെന്നുവിചാരിക്കുന്നതുപോലെതോന്നുന്നു. സഭയിൽ ഹാജരാക്കിയ ആദ്യത്തെ ബില്ലിൽ അങ്ങനെയൊരു വ്യത്യാസം വച്ചിരുന്നു എന്നാൽ സിലക്ട് കമ്മററിയിൽ ആ വ്യത്യാസം എടുത്തുകളഞ്ഞു.

പ്രസിഡന്റ്: പുത്രന്മാർക്കും പുത്രിമാർക്കും തുല്യഓഹരികിട്ടണമെന്നാണ് സമുദായത്തിന്റെ അഭിപ്രായമെങ്കിൽ വിവാഹംകഴിയാത്ത പുത്രിമാർക്കു വിവാഹംകഴിഞ്ഞ പുത്രിമാരുടെ മേൽ ഒരു പ്രത്യേകത കൊടുക്കുന്നതിനു കാരണമൊന്നും കാണുന്നില്ല. പുത്രന്മാരും പുത്രിമാരും ഒരേസമയംതന്നെ തുല്യമായി ഓഹരിചെയ്യുന്നതിനു സമുദായം സന്തോഷത്തോടു സമ്മതിക്കുമോ എന്നു ആലോചിക്കേണ്ടതു അവരുടെ ധർമ്മമാകുന്നു. മിസ്റ്റർ കേശവൻനംപൂതിരിപ്പാടേ—നിങ്ങളുടെ അഭിപ്രായവും അതാണെന്നു വിശ്വസിക്കുന്നു.

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): ഞാൻ എന്റെ സ്നേഹിതൻ മിസ്റ്റർ ഇപ്പൻ നംപൂതിരിപ്പാടിനോട് ആലോചിച്ചു. മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിപ്രമേയത്തോടുള്ള എന്റെ എതിർപ്പു ഞാൻ പിൻവലിച്ചുകൊള്ളുന്നു.

മി: എൻ. കെ. കൃഷ്ണപിള്ള (നെയ്യാററിൻകര): വിവാഹം ചെയ്ത മക്കൾക്കും വിവാഹം ചെയ്യാത്ത മക്കൾക്കും തുല്യമായിട്ടുകൊടുക്കാം എന്നാണൊ പറയുന്നത്?

മി: കെ. എൻ. കേശവൻനംപൂതിരിപ്പാട് (ജന്മികൾ): അതേ.

പ്രസിഡന്റ്: ഈ ഭേദഗതിയെപ്പററി ആരെങ്കിലും സംസാരിക്കാനുണ്ടോ?

(സംസാരിക്കാൻ ആരും എഴുന്നേററില്ല.)

പ്രസിഡന്റ്: മിസ്റ്റർ പരമേശ്വരൻപിള്ളേ, മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിപ്രമേയം വായിക്കാമോ?

മി: കയ്യാലംപരമേശ്വരൻപിള്ള (അഡീഷണൽ ഹെഡ്സർക്കാർവക്കീൽ): മിസ്റ്റർ താണുപിള്ളയുടെ ഭേദഗതിപ്രകാരം വകുപ്പ് ഇപ്രകാരമായിരിക്കും:—

"ഒരു മലയാളബ്രാഹ്മണപുരുഷൻ മരിക്കുമ്പോൾ അയാൾക്കു സജാതീയ വിധവമാരും സജാതീയഭാര്യമാരിൽ ഉണ്ടായപുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ അയാളുടെ മരണശാസനത്താൽ വിനിയോഗിക്കപ്പെടാത്ത സ്വയാജ്ജിതവും പ്രത്യേകവുമായ സ്വത്തുക്കൾ മുഴുവനും ൧൧൦൦-ലെ ൨-ാം നമ്പർ നായർ റെഗുലേഷൻ ൨൧-ാം വകുപ്പിലെ വ്യവസ്ഥകൾക്കു കീഴ്പ്പെട്ടു, മേൽപ്പറഞ്ഞ വിധവമാർക്കും പുത്രീപുത്രന്മാർക്കും സമഓഹരികളായി ലഭിക്കുന്നതാകുന്നു.

എന്നാൽ ഒരു പുത്രനോ പുത്രിയോ അയാൾ മരിക്കുന്നതിനു മുമ്പായി മരിച്ചുപോയിട്ടുണ്ടെങ്കിൽ അയാളുടെ സ്വത്തിൽ എന്തോഹരി ആ പുത്രനോ പുത്രിയോ ജീവനോടുകൂടി ഇരുന്നെങ്കിൽ കിട്ടുമായിരുന്നോ ആ ഓഹരി ആ പുത്രൻ്റെയോ പുത്രിയുടെയോ സന്താനങ്ങൾക്കു ലഭിക്കേണ്ടതാകുന്നു.

പ്രസിഡൻ്റ്: ഇതാകുന്നു സഭാമുമ്പാകെ ഇപ്പോഴുള്ള ഭേദഗതി.

പ്രമേയം വോട്ടിനു ഇട്ടതിൽ ൨൭ പേർ അനുകൂലമായും ആരും പ്രതികൂലമായിട്ടല്ലാതെയും ഇരുന്നതിനാൽ പാസ്സാക്കപ്പെട്ടു.

പ്രസിഡൻ്റ്: ഭേദപ്പെടുത്തിയപ്രകാരമുള്ള ൧൪-ാംവകുപ്പും അതിൻ്റെ വിവരണവും ബില്ലിൻ്റെ ഭാഗമാക്കണമെന്നാണ് ചോദ്യം.

പ്രമേയം അനുവദിക്കയും വകുപ്പു ബില്ലിനോടുചേർക്കുകയുംചെയ്തു.

വകുപ്പ് ൧൫.

പ്രസിഡൻ്റ്: ൧൫-ാം വകുപ്പിനെ സംബന്ധിച്ചു ഭേദഗതിപ്രമേയങ്ങൾ ഇല്ല.

മിസ്റ്റർ പരമേശ്വരൻപിള്ള, ൧൪-ാം വകുപ്പു ഭേദപ്പെടുത്തിയനുസരിച്ചു ൧൫-ാംവകുപ്പു ഭേദപ്പെടുത്താനുണ്ടോ എന്നുനോക്കി പറയുമോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർവക്കീൽ): ൧൫-ാം വകുപ്പുഭേദപ്പെടുത്തേണ്ട ആവശ്യമില്ല.

പ്രസിഡൻ്റ്: ൧൫-ാംവകുപ്പു ബില്ലിനോടുചേർക്കാമോ എന്നാണു ചോദ്യം.

ചോദ്യം അനുവദിക്കയും വകുപ്പു ബില്ലിനോടു ചേർക്കുകയും ചെയ്തു.

വകുപ്പ് ൧൬.

പ്രസിഡൻ്റ്: നാം അടുത്തതായി ൧൬-ാം വകുപ്പിനെപ്പറ്റി ചിന്തിക്കുന്നതാണ്.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇതിനോടു യോജിച്ച്.—

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ്സർക്കാർവക്കീൽ): അതു അവതരിപ്പിക്കുന്നതിനു മുമ്പായി ഈ വകുപ്പിന് ഒരു ഭേദഗതി മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടു നോട്ടീസ് കൊടുത്തിട്ടുണ്ട്.

പ്രസിഡൻ്റ്: മിസ്റ്റർ ജാതവേദൻനമ്പൂതിരിപ്പാടേ, നിങ്ങളുടെ അമെൻ്റ്മെൻ്റിൽ ഒന്നാമത്തെ ഭാഗം പിൻവലിക്കയും രണ്ടാമത്തെ ഭാഗം വാദപ്രതിവാദം നടത്തുകയും ചെയ്തുകഴിഞ്ഞു. ഇനി മൂന്നും നാലും ഭാഗങ്ങളെപ്പറ്റിപ്പറയാം.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാട് (കൂട്ടിച്ചേർത്ത മെമ്പർ): ഞാൻ താഴെ പറയുന്ന ഭേദഗതിയെ അവതരിപ്പിക്കുന്നു.

" ൩. ഭർത്താവോ, സന്താനങ്ങളോ, രണ്ടുകൂട്ടരുമോ, ജീവിച്ചിരിക്കുമ്പോൾ ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ, അവളുടെ സ്വയാജ്ജിതവും പ്രത്യേകവുമായ സ്വത്തിൽ പകുതി ഓഹരി ഭർത്താവിൻ്റെ ഇല്ലത്തേക്കും, പകുതി അവളുടെ ഭർത്താവിനും, പുത്രന്മാർക്കും, വിവാഹം ചെയ്യാത്ത പുത്രിമാർക്കും സമവീതം ലഭിക്കുന്നതാകുന്നു"

മുൻ വിവരിച്ച അവകാശികൾ ആരും ഇല്ലെങ്കിൽ ആ സ്വത്തുക്കൾ മുഴുവനും ഭർത്താവിൻ്റെ ഇല്ലത്തേക്കു ലയിക്കുന്നതാണ്

പ്രസിഡൻ്റ്: ഭേദഗതിയുടെ ൩-ാം ഭാഗത്തിൽ ൧൬-ാം വകുപ്പിൽ വ്യവസ്ഥചെയ്തിട്ടുള്ള വല്ല സംഗതികളും ഉൾപ്പെട്ടിട്ടുണ്ടോ?

മി: കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽഹെഡ് സർക്കാർവക്കീൽ): അതു അല്പം വ്യത്യസ്തമായിട്ടുള്ളതാണ്.

പ്രസിഡൻ്റ്: ആരെങ്കിലും ആ ഭേദഗതിയെ പിൻതാങ്ങുന്നുണ്ടോ?

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ അതിനെ പിൻതാങ്ങികൊള്ളുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ൩-ാം ഭാഗംവേറെ ആലോചിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. എന്തെന്നാൽ അതു വിവാഹം കഴിയാത്ത സ്ത്രീകളെ സംബന്ധിച്ചുള്ളതാകുന്നു.

പ്രസിഡൻ്റ്: ബില്ലിൻ്റെ ഇപ്പോഴത്തെ സ്ഥിതിയിൽ അതിനെ സംബന്ധിച്ച് എന്തെങ്കിലും വ്യവസ്ഥ അതിൽ ചെയ്തിട്ടുണ്ടോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഒന്നുമില്ല. ൩-ാംഭാഗം ഒരു പുതിയവകുപ്പായി എടുത്തു ആലോചിക്കേണ്ടതാണ്. അതിനെ സംബന്ധിച്ച് ഒരു വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതാണെങ്കിലും, സിലക്ട് കമ്മിറ്റി ഒരു വ്യവസ്ഥയും ഉണ്ടാക്കിട്ടില്ല.

പ്രസിഡൻ്റ്: അതു ൧൬-ാം വകുപ്പിൽ ഉൾപ്പെടുമോ?

മി: എ. താണുപിള്ള (തിരുവനന്തപുരം): ഇല്ല. സിലെക്ട്കമ്മറ്റി പരിഷ്കരിച്ച പ്രകാരം ൧൬-ാം വകുപ്പു വിവാഹം കഴിഞ്ഞ സ്ത്രീകളെ സംബന്ധിച്ചാണെന്നു കാണുന്നു. എന്തെന്നാൽ വസ്തുവിൽ ഒരംശം അവളുടെ ഭർത്താവിൻ്റെ ഇല്ലത്തിലേക്കു ചെല്ലേണ്ടതാണെന്നു അതിൽ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. ൩-ാം ഭാഗം ഒരു പുതിയ സംഗതിയെ സംബന്ധിച്ചാണ്, അതിനാൽ അതു പ്രത്യേകമായി എടുത്തു ആലോചിക്കണം

പ്രസിഡെന്റ്: ഭേദഗതിയുടെ ൨-ാം ഭാഗം ബില്ലിന്റെ ൧൨-ാം വകുപ്പിനെ സംബന്ധിച്ചതായി പ്രത്യേകം ആലോചിക്കേണ്ടതാകുന്നു.

അതുകൊണ്ടു സഭയുടെ മുമ്പാകെ ഇപ്പോൾ ആലോചനയിലിരിക്കുന്ന ഭാഗം അച്ചടിച്ച ഭേദഗതിയുടെ ൧-ാം ഭാഗമാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ൪-ാം ഭാഗം പിൻതാങ്ങണമെന്നു മാത്രമെ ഞാൻ വിചാരിച്ചിട്ടുള്ളു.

പ്രസിഡെന്റ്: നിങ്ങൾ ൧-ം ൪-ം ഭാഗങ്ങൾ ഒരുമിച്ചാണല്ലൊ പിൻതാങ്ങിയതു്.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഈ ഭാഗങ്ങൾ വെവ്വേറായി ആലോചന ചെയ്യപ്പെടുമെന്നു ഞാൻ വിചാരിച്ചില്ല, ൧-ാം ഭാഗത്തെ ഞാൻ അനുകൂലിക്കുന്നില്ല.

മി ടി. പി. രാമസുബ്ബയ്യർ (ആക്ടിംഗ് ഗവൺമെന്റ് ചീഫ് സെക്രട്ടറി): മൂന്നാംഭാഗം ഞാൻ പിൻതാങ്ങുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഒരു പുരുഷൻ സമ്പാദിച്ച സ്വത്തു അയാളുടെ ഇല്ലത്തേക്കു ചേരുകയില്ല. എന്നു നിശ്ചയിച്ചിരിക്കുന്ന സ്ഥിതിക്കു്, ഒരു വിവാഹിതയായ സ്ത്രീയുടെ സ്വത്തിൽ പകുതി ഭർത്താവിന്റെ ഇല്ലത്തേക്കു ചേരണം എന്നു പറയുന്നതു ഒട്ടും ശരിയല്ല. ആ ഒരു കാരണം കൊണ്ടുതന്നെ ഇതിനെ സ്വീകരിക്കാവുന്നതല്ല, സിലക്ട കമ്മിറ്റി റിപ്പോർട്ടിലുള്ളതു്—

൧൨. (൧) ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുമ്പോൾ പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നാൽ അവൾ മരണശാസന പ്രകാരം വിനിയോഗിച്ചിട്ടില്ലാത്ത അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തുക്കൾ മുഴുവനും മേൽ പറഞ്ഞ പുത്രന്മാരും പുത്രിമാരും സമഭാഗികളായി എടുക്കേണ്ടതാകുന്നു.

എന്നാൽ ഒരു പുത്രൻ അവൾക്കുമുമ്പായി മരിച്ചുപോയിട്ടുണ്ടെങ്കിൽ അവൾ മരിക്കുമ്പോൾ അവൻ ജീവനോടുകൂടി ഉണ്ടായിരുന്നെങ്കിൽ അവനു എന്തോഹരി കിട്ടുമായിരുന്നോ ആ ഓഹരി ആ പുത്രന്റെ സന്താനങ്ങൾക്കു ലഭിക്കുന്നതാകുന്നു.

(൨) മക്കളില്ലാത്ത പക്ഷം ൧-ാം ഉപവകുപ്പിൽ പറഞ്ഞ സ്വത്തുക്കൾ അവളുടെ ഭർത്താവിനു ചെല്ലുന്നതാകുന്നു.

എന്നാണു. അടുത്ത ക്ലാസ്സിൽ ഭർത്താവില്ല എന്നു വരികിൽ ഭർത്താവിന്റെ ഇല്ലത്തിലേക്കു ചേരണം എന്നും ഉണ്ടു്. ഭർത്താവിന്റെ സ്വത്തു ഭാര്യയ്ക്കു കിട്ടുന്നതു പോലെയല്ല, ഭാര്യയുടെ സ്വത്തു ഭർത്താവിനു കിട്ടുന്നതു്.

പ്രസിഡെന്റ്: എന്തു ചെയ്യണമെന്നാണു നിങ്ങളുടെ അഭിപ്രായം.

മി എ. താണുപിള്ള (തിരുവനന്തപുരം): അതിനെപ്പറ്റി ഞാൻ ഹാജരാക്കുന്ന പ്രൊവൈസോവിൽ പറയുന്നുണ്ടു്.

"മരണശാസനം എഴുതാതെ മരിച്ചയാൾ മരിക്കുന്നതിനു മുമ്പായി ഒരു പുത്രനൊ പുത്രിയോ മരിച്ചുപോയിട്ടുണ്ടെങ്കിൽ, ആ ആൾ മരിക്കുമ്പോൾ ആ പുത്രനോ പുത്രിയോ ജീവനോടുകൂടി ഉണ്ടായിരുന്നെങ്കിൽ ആ ആളിന്റെ സ്വത്തിൽ എന്തോഹരി ആ പുത്രനൊ പുത്രിക്കോ കിട്ടുമായിരുന്നോ ആ ഓഹരി ആ മരിച്ചുപോയ പുത്രന്റെയൊ പുത്രിയുടെയോ സന്താനങ്ങൾക്കു ലഭിക്കുന്നതാകുന്നു" ഇങ്ങനെയാണു ൧൪-ാമത്തെ ക്ലാസ്സിൽ സ്വീകരിച്ചിരിക്കുന്നതു്.

പ്രസിഡെന്റ്: പതിന്നാലാമത്തെ വകുപ്പുവന്നപ്പോൾ ഒരാളിന്റെ സ്വത്തു ആൺമക്കൾക്കും പെൺമക്കൾക്കും ഒരുപോലെ കൊടുക്കണമെന്നു സമ്മതിച്ചു. ആ സ്ഥിതിക്കു്, ഒരു അന്തർജ്ജനത്തിന്റെ സമ്പാദ്യമായാലും ഒരുപോലെ കൊടുക്കേണ്ടതാണു്. ആ തത്വം സ്വീകരിക്കുന്നപക്ഷം മിസ്റ്റർ ജാതവേദൻ നമ്പൂതിരിപ്പാടിന്റെ അമെൻഡ്മെന്റു ആവശ്യമില്ലാത്തതാണു. പുരുഷന്റെ സമ്പാദ്യം പെൺമക്കൾക്കും അവകാശപ്പെട്ടതെങ്കിൽ സ്ത്രീയുടെ സമ്പാദ്യം പെൺമക്കൾക്കു എന്തുകൊണ്ടു കൊടുക്കാൻ പാടില്ല, അതുകൊണ്ടു ഈ ഭേദഗതി ആവശ്യമില്ല എന്നാണു തോന്നുന്നതു്.

മി: വി. എൻ. ജാതവേദൻ നമ്പൂതിരിപ്പാടു (കൂട്ടത്തിൽ ചേർത്ത മെമ്പർ): മുമ്പിലത്തെ വകുപ്പു അനുസരിച്ചുതന്നെ ഇതും വേണം എന്നുള്ളതിനാൽ ഞാൻ എന്റെ ഭേദഗതിയെ പിൻവലിക്കുന്നു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എനിക്കു ഒരു ഭേദഗതിയുണ്ടു്.

പ്രസിഡെന്റ്: മി: താണുപിള്ളയുടെ ഭേദഗതി ഇപ്പോഴും നിലവിലുണ്ടു്. അതിനെപ്പറ്റി ഉടനെ ആലോചിക്കാം. മി: ജാതവേദൻ നമ്പൂതിരിപ്പാടു ഹാജരാക്കിയ ഭേദഗതി പിൻവലിക്കാൻ അദ്ദേഹം തയ്യാറാണു്.

ആ ഭേദഗതി പിൻവലിക്കാൻ സഭ അനുമതി നൽകുന്നുണ്ടോ?

ഭേദഗതി അനുവാദപ്രകാരം പിൻവലിക്കപ്പെട്ടു.

മി: എ. താണുപിള്ള (തിരുവനന്തപുരം): എന്റെ ഭേദഗതിയെ ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു. ൧൨-ാമതു വകുപ്പിലേക്കുള്ള പ്രൊവൈസോ താഴെ പറയുന്ന പ്രകാരം ചെയ്യണം,

"മരണശാസനം എഴുതാതെ മരിച്ചയാൾ മരിക്കുന്നതിനു മുമ്പായി ഒരു പുത്രനോ പുത്രിയോ മരിച്ചുപോയിട്ടുണ്ടെങ്കിൽ ആ ആൾ മരിക്കുമ്പോൾ ആ പുത്രനോ പുത്രിയോ ജീവിച്ചിരുന്നെങ്കിൽ ആ ആളിന്റെ സ്വത്തിൽ എന്തോഹരി ആ പുത്രനോ പുത്രിക്കോ കിട്ടുമായിരുന്നോ ആ ഓഹരി ആ മരിച്ചുപോയ പുത്രന്റെയോ പുത്രിയുടെയോ സന്താനങ്ങൾക്കു ലഭിക്കുന്നതാകുന്നു.

സിലക്ട കമ്മിറ്റി ചേർത്തിട്ടുള്ള പ്രൊവൈസോവിനു പകരം ഇതു ചെയ്യണം.

റാവു ബഹദൂർ കെ. എ. കൃഷ്ണയ്യങ്കാർ (ഗവൺമെന്റു നിയമനം ഡിപ്യൂട്ടി പ്രസിഡെന്റ്): ഞാൻ അനുകൂലിക്കുന്നു.

മി: കെ. എൻ. കേശവൻ നമ്പൂതിരിപ്പാടു (ജന്മികൾ): ഭേദഗതി ഞാൻ സ്വീകരിക്കുന്നു

പ്രസിഡൻറ: ഈ ഭേദഗതി പ്രൊഫസർ സഭ സ്വീകരിച്ചു കഴിഞ്ഞ ൧൭-ാം വകുപ്പിന്റെ പ്രൊവൈസോവിനോട് തുല്യമാണ്.

മി: ഏ. ജെ. മേനോൻ (പറവൂർ): എന്റെ ഭേദഗതിയും മി. താണുപിള്ളയുടെ ഭേദഗതിയും ഒന്നു തന്നെയാണ്.

പ്രസിഡൻറ: സഭ ഭേദഗതി പാസ്സാക്കുന്നുവോ?

ഭേദഗതി പാസ്സാക്കപ്പെട്ടു.

പ്രസിഡൻറ: ഭേദഗതി പ്രമേയങ്ങൾ തീർച്ചയായിട്ടുള്ളതിനാൽ ൧൭-ാം വകുപ്പ് ഭേദപ്പെടുത്തിയ പ്രകാരമുള്ള ൧-ാം ക്ലിപ്തത്തോട് കൂടിയും ൨-ാം ക്ലിപ്തത്തോട് കൂടിയും ബില്ലിന്റെ ഭാഗമായി ചേർക്കാമോ എന്നാണ് ചോദ്യം.

ചോദ്യം അനുവദിക്കയും, വകുപ്പും ഭേദപ്പെടുത്തിയ ക്ലിപ്തവും ബില്ലിനോട് ചേർക്കയും ചെയ്തു.

വകുപ്പ് ൧൮.

പ്രസിഡൻറ്. ഇനി നമുക്ക് ൧൮-ാം വകുപ്പിനെപ്പറ്റി ആലോചിക്കാം. ആ വകുപ്പിനു ഭേദഗതികൾ ഒന്നുമില്ല.

൧൮-ാം വകുപ്പ് ബില്ലിനോട് ചേർക്കാമോ എന്നാണ് ചോദ്യം.

പ്രമേയം പാസാക്കുകയും വകുപ്പ് ബില്ലിനോട് ചേർക്കുകയും ചെയ്തു.

പുതിയ വകുപ്പ്.

മി: വി. എൻ. ജാതവേദൻ നംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): വിവാഹം കഴിയാത്ത ഒരു മലയാളബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തിൽ നേർ പകുതി അവളുടെ ഇല്ലത്തേക്കും ബാക്കി പകുതി അവളുടെ മാതാപിതാക്കന്മാർക്കും സമമായി ചേരുന്നതാണ്.

മാതാപിതാക്കന്മാരില്ലെങ്കിൽ ആ ഓഹരി അവളുടെ സഹോദരന്മാർക്കും അവിവാഹിതയായ സഹോദരിമാർക്കും സമമായി ലഭിക്കുന്നതും ഇവർ ആരും തന്നെ ഇല്ലാതിരുന്നാൽ ആ സ്വത്തു മുഴുവനും അവളുടെ ഇല്ലത്തേക്കു ലഭിക്കുന്നതുമാകുന്നു.

ഈ ഭേദഗതിയെ ഞാൻ അവതരിപ്പിച്ചു കൊള്ളുന്നു.

പ്രസിഡൻറ. അവിവാഹിത എന്ന പദം വേണ്ട എന്നു സ്വീകരിച്ചു. കൊണ്ടു ആ പദം എടുത്തുകളയാം.

മി. പരമേശ്വരൻ പിള്ളേ, അതു ഇംഗ്ലീഷിൽ വായിക്കാമോ?

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അതിങ്ങനെയാണ്...

അവിവാഹിതയായ ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ അവളുടെ സ്വയാർജ്ജിതവും പ്രത്യേകവും ആയ സ്വത്തിന്റെ ഒന്നു പകുതി ഇല്ലത്തേക്കു ചേരുന്നതും ശേഷം പകുതി അവളുടെ മാതാപിതാക്കന്മാർക്ക് തുല്യ ഓഹരികളായി ലഭിക്കുന്നതും ആകുന്നു.

മാതാപിതാക്കന്മാർ ഇല്ലാതിരുന്നാൽ അവരുടെ ഭാഗം അവളുടെ സഹോദരന്മാർക്കും അവിവാഹിതകളായ സഹോദരിമാർക്കും തുല്യ ഓഹരികളായി ലഭിക്കുന്നതും, അവർ ഇല്ലാതിരിക്കുന്ന പക്ഷം, അപ്രകാരമുള്ള സ്വത്തു മുഴുവനും അവളുടെ ഇല്ലത്തേക്കു ചെല്ലേണ്ടതും ആകുന്നു.

മി. ഏ. താണുപിള്ള (തിരുവനന്തപുരം): വേറെ ഒരു സംഗതികൂടി ആലോചിക്കാനുണ്ട്. വിവാഹം ചെയ്യാത്ത ഒരു സ്ത്രീയുടെ സ്വത്തു അച്ഛനോ അമ്മയ്ക്കോ അല്ലെങ്കിൽ സഹോദരന്മാർ മുഴുവൻ ചേരേണ്ടതും അവർ ആരും ഇല്ലെങ്കിൽ ഇല്ലത്തേക്കു പോകേണ്ടതും എന്നാക്കിയാൽ ഇപ്പോഴത്തെ പ്രശ്നം പരിഹൃതമാകുമെന്നു യോജിച്ചിരിക്കും.

മി. വി. എൻ. ജാതവേദൻ നംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ): മിസ്റ്റർ താണുപിള്ളയുടെ അഭിപ്രായത്തോടുകൂടി ഞാനും യോജിക്കുന്നു.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): അപ്പോഴത് ഇങ്ങനെയായിരിക്കും...

"വിവാഹം കഴിയാത്ത ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും അവളുടെ മാതാപിതാക്കന്മാർക്ക് ചെല്ലുന്നതാകുന്നു. മാതാപിതാക്കന്മാർ ഇല്ലാതിരുന്നാൽ അവളുടെ സഹോദരന്മാർക്കും സഹോദരിമാർക്കും സമവീതമായി ചെല്ലുന്നതാകുന്നു. ഇവർ ആരും ഇല്ലാതിരുന്നാൽ അതു അവളുടെ ഇല്ലത്തേക്കു ലഭിക്കുന്നതാകുന്നു.

മി: ആർ. കേശവപിള്ള (കൊട്ടാരക്കരയും കുന്നത്തൂരും): ഞാൻ പിൻതാങ്ങുന്നു.

പ്രസിഡൻറ. ബിൽ രചിക്കപ്പെട്ട രൂപത്തിൽ ഇങ്ങനെയൊരു വ്യവസ്ഥ അതിൽ ഉണ്ടായിരുന്നില്ല എന്നുള്ളതു നിങ്ങൾ ഓർക്കുമല്ലോ.

മി: കെ. എൻ. കേശവൻ നംപൂതിരിപ്പാട് (ജന്മികൾ): ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

മി: സി. എൻ. കുപ്പൻനംപൂതിരിപ്പാട് (കൂടുതൽ ചേർത്ത മെമ്പർ). ഞാനും അനുകൂലിക്കുന്നു.

പ്രസിഡൻറ: മിസ്റ്റർ പരമേശ്വരൻപിള്ളേ, ഭേദഗതി ഒരിക്കൽകൂടി വായിക്കുക.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): "വിവാഹം കഴിയാത്ത ഒരു മലയാള ബ്രാഹ്മണസ്ത്രീ മരിക്കുന്നതായാൽ അവളുടെ സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തു മുഴുവനും".

പ്രസിഡൻറ; "മരണശാസനത്താൽ വിനിയോഗിക്കാത്ത" എന്നു കൂടി ചേർക്കണം.

മി. കല്ലാലം പരമേശ്വരൻപിള്ള (അഡിഷണൽ ഹെഡ് സർക്കാർ വക്കീൽ): മരണശാസനത്താൽ വിനിയോഗിക്കാത്ത സ്വയാർജ്ജിതവും പ്രത്യേകവുമായ സ്വത്തുമുഴുവനും അവളുടെ മാതാപിതാക്കന്മാർക്കു ചെല്ലുന്നതാകുന്നു. മാതാപിതാക്കന്മാർ ഇല്ലാതിരുന്നാൽ അവളുടെ സഹോദരന്മാർക്കും തുല്യവീതമായി ചെല്ലുന്നതാകുന്നു. ഇവർ ആരും ഇല്ലാതിരുന്നാൽ അതു അവളുടെ ഇല്ലത്തേക്കു ചേരുന്നതാകുന്നു."

ഭേദഗതി വോട്ടിനിട്ടതിൽ സഭ അനുവദിച്ചു.

പുതിയവകുപ്പു ബില്ലിനോടു ചേർക്കണമെന്നുള്ള പ്രമേയവും അനുവദിച്ചു.

പ്രസിഡന്റ്. സഭയുടെ ഈ യോഗം അവസാനിക്കുന്നു.

മി. കെ. എൻ. കേശവൻ നമ്പൂതിരിപ്പാട് (ജന്മികൾ): ഈ യോഗം അല്പസമയത്തേക്കുകൂടി നീട്ടിക്കിട്ടണമെന്ന് അപേക്ഷിക്കുന്നു. ഭേദഗതികളിൽ മിക്കവയും ഞങ്ങൾ പിൻവലിച്ചുകൊള്ളാം.

പ്രസിഡന്റ്: "മിക്കവയും" എന്നാണല്ലോ നിങ്ങൾ പറയുന്നത്. "എല്ലാം" എന്നു പറഞ്ഞിരുന്നെങ്കിൽ ശരിയായിരുന്നേനെ. ഇനിയും ൨-ാം വകുപ്പിന്റെ ൨-ാം ഉപവകുപ്പു നിർത്തിവെച്ചിരിക്കയാണ്. അതു പാസ്സായിട്ടില്ല. അതുകൊണ്ടു യോഗസമയം ദീർഘിപ്പിക്കാൻ ഞാൻ വിചാരിക്കുന്നില്ല. അതുകൊണ്ടു ഫലമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. സഭയുടെ ഈ യോഗം അവസാനിച്ചിരിക്കുന്നതും സഭ നിറുത്തിവച്ചിരിക്കുന്നതും ആകുന്നു.

വൈകുന്നേരം മണി ൫ അടിച്ചു ൫ മിനിട്ടായപ്പോൾ സഭ പിരിഞ്ഞു.

പി. എൻ. കൃഷ്ണപിള്ള,
നിയമസഭാസെക്രട്ടറി.

(A true translation.)

T. RAMALINGAM PILLAI,
Head Translator to Government.

1	മകരം 8, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
1	മകരം 8, 1105-പുതിയ മെമ്പർമാർ
1	മകരം 8, 1105-വിശ്രുതസന്ദർശകൻമാർ
9	മകരം 8, 1105-കൂടുതൽ തുകകൾക്കു വേണ്ടിയുള്ള അഭ്യർത്ഥനകൾ
13	മകരം 8, 1105-നിയമനിർമ്മാണ ജോലി
14	മകരം 8, 1105-ദ്രുസംരക്ഷണ റെഗുലേഷൻ ഭേദഗതി ബിൽ
48	അനുബന്ധം
2-1	അനുബന്ധം
2-1	മകരം 9, 1105-സാംബശിവശാസ്ത്രിയുടെ നാട്ടുഭാഷാ ഗ്രന്ഥപ്രസിദ്ധീകരണം
2-1	മകരം 9, 1105-എസ് പരമേശ്വരയ്യരും പഴയ മലയാള ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണവും
2-33	മകരം 9, 1105-തിരുവിതാംകോട്ട രജിസ്ട്രേഷൻ റെഗുലേഷൻ ഭേദഗതി ബിൽ
3-1	മകരം 10, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
3-1	മകരം 10, 1105-ശ്രീമൂലം പ്രജാസഭയിലേക്ക് സ്ത്രീ മെമ്പർ
3-11	അനുബന്ധം
3-12	മകരം 10, 1105-തിരുവിതാംകൂർ നമ്പൂതിരി ബിൽ
3-55	മകരം 10, 1105-മൈനർമാരുടെ രക്ഷാധികാരം
3-56	മകരം 10, 1105-ബില്ലിന്റെ അനുകൂല ഹർജികൾ
3-58	മകരം 10, 1105-കേരളവർമ്മ കോയിതമ്പുരാന്റെ വിസമ്മതകുറിപ്പ്
3-9	മകരം 10, 1105-സർക്കാർ രക്ഷാഭോഗ പദ്ധതി
4-1	മകരം 11, 1105-പീരിമേട്ടു തഹസീൽദാരെപ്പറ്റിയുള്ള ആവലാതി
4-15	അനുബന്ധം
4-18	മകരം 11, 1105-ജനസാമാന്യത്തെ സംബന്ധിക്കുന്ന പൊതുകാര്യ പ്രമേയങ്ങൾ
4-2	മകരം 11, 1105-ഗ്രാമപഞ്ചായത്തു റഗുലേഷൻ ചട്ടങ്ങൾ
4-42	മകരം 11, 1105-ജലസേചനാവശ്യങ്ങളെ പറ്റിയുള്ള അടിയന്തിര പ്രമേയം
5-1	മകരം 12, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
5-17	മകരം 12, 1105-അധഃകൃത സമുദായംഗങ്ങളെ പി ഡബ്ലിയു ഡിപ്പാർട്ടുമെന്റിൽ നിയമിക്കുക
5-19	മകരം 12, 1105-ആദായനികുതി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനം
5-22	അനുബന്ധം
5-31	മകരം 12, 1105-പൊതുജനക്ഷേമകാര്യങ്ങളെ സംബന്ധിച്ചുള്ള പ്രമേയങ്ങൾ
5-59	മകരം 12, 1105-സർക്കാർ ജീവനത്തിൽ ഒഴിവുകളെ പരസ്യപ്പെടുത്തുകയും സർക്കാർ ജീവനത്തിൽ സമുദായപ്രാതിനിധ്യം സ്വീകരിക്കുകയും ചെയ്യുക
6-1	ഇടവം 1, 1105-ചോദ്യോത്തരങ്ങൾ
6-1	ഇടവം 1, 1105-പുതിയ അംഗങ്ങൾ
6-13	അനുബന്ധം
6-17	ഇടവം 1, 1105-അടിയന്തിര പ്രമേയങ്ങൾ
6-25	ഇടവം 1, 1105-വ്യവസായം-ധനാഭ്യർത്ഥനകൾ
6-33	ഇടവം 1, 1105-നിയമനിർമ്മാണം
6-34	ഇടവം 1, 1105-തിരുവിതാംകൂർ സെൻസസ് ബിൽ
6-54	അനുബന്ധം
6-67	ഇടവം 1, 1105-ഹയർ പർച്ചേസ് ഏർപ്പാടിൻമേൽ യന്ത്രസാമഗ്രികൾ നൽകുന്നതിനുള്ള നിബന്ധകൾ
7-1	ഇടവം 2, 1105-ജലസേചനമാർഗ്ഗങ്ങളും ജലനികുതിയും
7-11	ഇടവം 1, 1105-തിരുവനന്തപുരത്തെ ജലവിതരണ പദ്ധതി
7-17	ഇടവം 1, 1105-നിയമ നിർമ്മാണ സെൻസസ് ബില്ലിന്റെ അവസാനവായന
7-36	ഇടവം 1, 1105-ആദായനികുതി റഗുലേഷൻ ഭേദഗതി ബിൽ
8-1	ഇടവം 3, 1105-ചോദ്യോത്തരങ്ങൾ
8-15	അനുബന്ധം
9-1	ഇടവം 4, 1105-അദ്ധ്യാപകൻമാർ
9-1	ഇടവം 4, 1105-ചോദ്യോത്തരങ്ങൾ
9-16	അനുബന്ധം
9-18	ഇടവം 4, 1105-തിരുവിതാംകൂർ നമ്പൂതിരി ബിൽ
10-1	ഇടവം 6, 1105-ചോദ്യങ്ങളും ഉത്തരങ്ങളും
10-21	ഇടവം 6, 1105-ഹൈക്കോടതി ജഡ്ജിമാരുടെ സീനിയോറിറ്റി
10-24	അനുബന്ധം
10-37	ഇടവം 6, 1105-നിയമനിർമ്മിതി